വാല്യം
1

സാമ്പത്തിക അവലോകനം 2025

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2025

വാല്യം 1

ജനുവരി 2026
കേരള സംസ്ഥാന ആസൂത്രണ ബോർഡ്

കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2025

കേരള സംസ്ഥാന ആസൂത്രണ ബോർഡ്,
തിരുവനന്തപുരം, കേരളം, ഇന്ത്യ
ജനുവരി 2026

**വാല്യം 1**

GPM 4-15-26

**സാമ്പത്തിക അവലോകനം 2025**
കേരള സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം, കേരളം, ഇന്ത്യ

ഡിസൈൻ & ലേഔട്ട്: സി-ഡിറ്റ്, www.cdit.org

# മുഖവുര

ഇന്ത്യയുടെ യഥാർത്ഥത്തിലുള്ള മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2023-24 ലെ 9.2 ശതമാനത്തിൽ നിന്ന് 2024-25 ൽ 6.5 ശതമാന മായി കുറഞ്ഞു. കേരളത്തിന്റെ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജിഎസ്ഡിപി) 2023-24 ലെ 6.73 ശതമാനത്തിൽ നിന്ന് 2024-25ൽ 6.19 ത്വരിത കണക്ക പ്രകാരം ശതമാനമായി വളർച്ച രേഖപ്പെടുത്തി. 2024-25ൽ കേരളത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി 5.67 ശതമാനം ഉയർന്ന് 1,90,149 രൂപയായി, ഇത് അഖിലേന്ത്യാ പ്രതിശീർഷ ജിഡിപിയായ 1,33,501 രൂപയേക്കാൾ ഉയർന്നു നിൽക്കുന്നു.

ആസൂത്രിത വികസന പ്രക്രിയയോടുള്ള പ്രതിബദ്ധത തുടരുന്ന ഏക സംസ്ഥാനമാണ് കേരളം. ഇത് ജനാനുകൂല സാമ്പത്തിക വികസനതന്ത്രത്തെ അടിസ്ഥാനമാക്കിയുള്ള വികസന പാത നിലനിർത്താൻ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നു. എന്നിരുന്നാലും ഉൽപ്പാദനപരമായ നിക്ഷേപത്തിന് ധനസഹായം നൽകാനുള്ള സംസ്ഥാനത്തിന്റെ ശേഷി വളരെ അസന്തുലിതമായ ഫെഡറൽ ധനഘടനയാൽ പരിമിതപ്പെടുത്തിയി രിക്കുന്നു. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക പരിമിതികൾക്കിടയിലും കേരള സർക്കാർ സാമ്പത്തിക വികസനത്തിൽ പുതിയ ലക്ഷ്യങ്ങൾ വെക്കുകയും ജനാനുകൂല വികസനത്തിലും വളർച്ചയിലും കൂടുതൽ പുരോഗതി കൈവരിക്കുകയും ചെയ്തു.

പതിന്നാലാം പഞ്ചവത്സര പദ്ധതി സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനമായി മാന വവികസനത്തിലെ നേട്ടങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് സാമൂഹിക ചെലവഴിക്കലുകൾ കൂടുതൽ ആഴത്തിലാക്കുകയും വിപുലീകരിക്കുകയും ചെയ്യുന്നു. ഉൽപ്പാ ദന മേഖലകൾ, ഉയർന്ന നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, വരുമാനം സൃഷ്ടിക്കുന്ന സേവനങ്ങളായ ടൂറിസം, വിവരസാങ്കേതികവിദ്യ, ചെറുകിട, ഇടത്തരം സംരം ഭങ്ങൾ, പ്രാദേശിക സർക്കാരുകൾ എന്നിവയിലെ നിക്ഷേപം വർദ്ധിച്ചു. അധ്വാനിക്കു ന്നവർക്കും ആവശ്യമുള്ളവർക്കുമുള്ള ആധുനിക തൊഴിലവസരങ്ങളിലും സാമൂഹിക സേവനങ്ങളിലും സംസ്ഥാനം നിക്ഷേപിക്കുന്നത് തുടർന്നു.

കഴിഞ്ഞ ഒൻപത് വർഷമായി, സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുപ്പെടുത്തുകയും എല്ലാ തലങ്ങളിലും ആധുനികവും ശാസ്ത്രീയവുമായ പാഠ്യപദ്ധതി കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിലും സർവകലാശാലാ വിദ്യാ ഭ്യാസത്തിലും ശാസ്ത്രീയ മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. ഈ കാലയളവിൽ, ആരോഗ്യ, ജനസംഖ്യാ സൂചകങ്ങളിൽ കേരളം സുസ്ഥിരമായ പുരോഗതി കൈവരിച്ചു, ഈ നടപടികളിൽ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളേക്കാൾ വളരെ മുന്നിലാണ് സംസ്ഥാനം.

2025 നവംബർ 1 ന് അതിദാരിദ്ര്യം അവസാനിപ്പിക്കുന്നതിനുള്ള പ്രചാരണം സംസ്ഥാനം പൂർത്തിയാക്കിയതായി കേരള മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഇത് മാനവ വികസനം, സാമൂഹിക നയം എന്നീ മേഖലകളിലെ നിരവധി വർഷത്തെ സർക്കാർ ഇടപെടലിന്റെ പര്യവസാ നമായി അടയാളപ്പെടുത്തുന്നു. ഈ വർഷത്തെ സാമ്പത്തിക അവലോകനത്തിന്റെ പ്രമേയ അധ്യായം കേരളത്തിന്റെ അതിദാരിദ്ര്യ നിർമാർജന പദ്ധതി (ഇപിഇപി) കേന്ദ്രീകരി ച്ചുള്ളതാണ്.



വി കെ രാമചന്ദ്രൻ
വൈസ് ചെയർപേഴ്സൺ
ജനുവരി 2026

# ഉള്ളടക്കം


| | | |
|---|---|---|
| | കേരളം ഒറ്റനോട്ടത്തിൽ | vii |
| | കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സൂചികകൾ – ദ്രുതവീക്ഷണം | xiii |
| | ജില്ലകൾ – അവലോകനം | xvii |
| | പട്ടികകൾ | xix |
| | ചിത്രങ്ങൾ | xxvii |
| | ബോക്സുകൾ | xxxiii |
| അദ്ധ്യായം 1 | കേരള സമ്പദ് വ്യവസ്ഥ | 01 |
| 1.1 | സ്ഥൂല സാമ്പത്തിക രംഗത്തെ സമീപകാല പ്രവണതകൾ | 03 |
| 1.2 | ജനസംഖ്യ വിവരണം | 13 |
| 1.3 | ദാരിദ്ര്യത്തിന്റെ സൂചകങ്ങൾ | 23 |
| 1.4 | വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക് | 27 |
| 1.5 | സംസ്ഥാനത്തിന്റെ ധനസ്ഥിതി | 35 |
| 1.6 | വാർഷിക പദ്ധതി 2025-26 | 47 |
| അദ്ധ്യായം 2 | അതിദാരിദ്ര്യ നിർമ്മാർജ്ജനം-കേരളത്തിൽ | 51 |
| അദ്ധ്യായം 3 | കൃഷിയും അനുബന്ധ മേഖലകളും | 67 |
| 3.1 | കാർഷികമേഖല | 69 |
| 3.2 | കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ | 95 |
| 3.3 | കന്നുകാലി മേഖല | 105 |
| 3.4 | മത്സ്യ വികസനം | 127 |
| 3.5 | ജലവിഭവങ്ങൾ | 137 |
| 3.6 | വനവും വന്യജീവികളും | 149 |
| 3.7 | പരിസ്ഥിതി | 161 |
| 3.8 | ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സമ്പ്രദായവും | 177 |
| അദ്ധ്യായം 4 | ഉല്പന്ന നിർമ്മാണ മേഖല | 189 |
| 4.1 | കേരളത്തിന്റെ വ്യാവസായിക മേഖല | 191 |
| 4.2 | ഉല്പന്ന നിർമ്മാണ മേഖല | 197 |
| 4.3 | പൊതുമേഖലാ സ്ഥാപനങ്ങൾ | 201 |
| 4.4 | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ) | 217 |
| 4.5 | ഭക്ഷ്യ സംസ്കരണം | 229 |
| 4.6 | പരമ്പരാഗത വ്യവസായങ്ങൾ | 235 |
| അദ്ധ്യായം 5 | സേവന മേഖല | 267 |
| 5.1 | വിവരസാങ്കേതിക വിദ്യ | 269 |

| | | |
|---|---|---|
| 5.2 | ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 285 |
| 5.3 | വിനോദ സഞ്ചാരം | 297 |
| 5.4 | വിദേശ വ്യാപാരം | 309 |
| 5.5 | പൊതു സേവനങ്ങൾ | 319 |
| 5.6 | ജനങ്ങളിലേക്ക് | 337 |
| **അദ്ധ്യായം 6** | **മാനവ വികസനം** | **341** |
| 6.1 | വിദ്യാഭ്യാസം | 343 |
| 6.2 | വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | 375 |
| 6.3 | ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ | 411 |
| **അദ്ധ്യായം 7** | **തൊഴിലും സാധ്യതകളും** | **419** |
| 7.1 | തൊഴിലും തൊഴിലാളിക്ഷേമവും | 421 |
| 7.2 | ആഗോള തൊഴിൽ വീക്ഷണം | 431 |
| 7.3 | നൈപുണ്യ വികസനം | 441 |
| **അദ്ധ്യായം 8** | **സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ** | **451** |
| 8.1 | ലിംഗ പദവിയും വികസനവും | 453 |
| 8.2 | സാമൂഹിക – സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ | 473 |
| 8.3 | സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ | 503 |
| **അദ്ധ്യായം 9** | **കല, സംസ്കാരം, കായികരംഗം** | **517** |
| 9.1 | കലയും സംസ്കാരവും | 519 |
| 9.2 | കായികവും യുവജനകാര്യവും | 533 |
| **അദ്ധ്യായം 10** | **പ്രവാസി മലയാളികൾ** | **547** |
| **അദ്ധ്യായം 11** | **പശ്ചാത്തല സൗകര്യം** | **555** |
| 11.1 | ഗതാഗതം | 557 |
| 11.2 | ഊർജ്ജം | 591 |
| 11.3 | വാർത്താവിനിമയം | 601 |
| 11.4 | കുടിവെള്ളം | 607 |
| 11.5 | ഭവനനിർമാണം | 619 |
| 11.6 | റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം | 629 |
| 11.7 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 635 |
| 11.8 | പ്രാദേശിക വികസന പാക്കേജുകൾ | 641 |
| **അദ്ധ്യായം 12** | **പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും** | **651** |
| | ശബ്ദാവലി | 693 |
| | ചുരുക്കെഴുത്തുകൾ | 695 |

# കേരളം ഒറ്റനോട്ടത്തിൽ

കേരളത്തിന്റെ സമ്പദ് വ്യവസ്ഥ 2024-25 ൽ ഉയർന്ന വളർച്ച കൈവരിച്ചു. മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനം (ജി. എസ്. ഡി. പി). 2023-24 ലെ പ്രൊവിഷണൽ കണക്കു പ്രകാരം 6,45,31,002 ലക്ഷം രൂപയിൽ നിന്നും 2024-25ൽ ത്വരിത കണക്കു പ്രകാരം 6,85,28,316 ലക്ഷം രൂപയായി (6.19 ശതമാനം) ഉയർന്നു. 2011-12 ലെ വിലയനുസരിച്ച് മൊത്തം സംസ്ഥാന മൂല്യവർദ്ധനവ് (ജി. എസ്. വി. എ) 2023-24 ലെ 6.34 ശതമാനത്തിൽ നിന്ന് 2024-25 ൽ 6.59 ശതമാനമായി ഉയർന്നു. നിലവിലെ വിലയിൽ ജിഎസ്ഡിപി 2023-24 ലെ 9.3 ശതമാനത്തിൽ നിന്ന് 2024-25 ൽ 9.97 ശതമാനമായി വളർന്നു. അതുപോലെ നിലവിലെ വിലയിൽ ജി.എസ്.വി.എ 2023-24 ലെ 9.19 ശതമാനത്തിൽ നിന്ന് 2024-25 ൽ 10.08 ശതമാനമായി വർധിച്ചു. ഉയർന്ന പ്രതിശീർഷ ജി.എസ്.ഡി.പി. ഉള്ള ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറി. പ്രതിശീർഷ ജിഎസ്ഡിപി സ്ഥിരവിലയിൽ 2023-24 ലെ 1,79,953 രൂപയിൽ നിന്ന് 2024-25 ലെ ത്വരിത കണക്കു പ്രകാരം 1,90,149 രൂപയായി ഉയർന്നു. ഇതിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 5.67 ശതമാനം വളർച്ച രേഖപ്പെടുത്തി. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

ജി.എസ്.ഡി.പിയുടെ മേഖലാതിരിച്ചുള്ള കണക്കുകളിൽ സേവനമേഖലയുടെ ആധിപത്യം വെളിപ്പെടുത്തുന്നു. വിവിധ മേഖലകളിലുടനീളമുള്ള ജിഎസ്ഡിപിയുടെ വളർച്ച 2023-24 ലെപ്പോലെ 2024-25 ലും പോസിറ്റീവ് വളർച്ചയാണ് കാണിക്കുന്നത്. പ്രാഥമിക മേഖലയുടെ വളർച്ച 2023-24 ൽ രേഖപ്പെടുത്തിയ 0.24 ശതമാനത്തിൽ നിന്ന് 2024-25 ൽ 2.36 ശതമാനമായി വർധിച്ചു. ദ്വിതീയ മേഖല 2024-25 ൽ 7.87 ശതമാനം വളർച്ച കൈവരിച്ചു, 2023-24 ൽ ഇത് 9.74 ശതമാനമായിരുന്നു. ക്രിയാത്മക നയസമീപനങ്ങൾ വിവിധ മേഖലകളിലുടനീളമുള്ള വളർച്ചയെ ശക്തിപ്പെടുത്തി.

കേരളം വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെയും ചെലവ് യുക്തിസഹമാക്കുന്നതിലൂടെയും വിവേകപൂർണ്ണമായ ധന ദൃഢീകരണ സമീപനമാണ് പിന്തുടരുന്നത്. ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ ധനക്കമ്മി 2023-24 ൽ 3.02 ശതമാനമായിരുന്നു, 2024-25 ൽ 3.86 ശതമാനമായി നേരിയ തോതിൽ ഉയർന്നു, 2025-26 ൽ 3.16 ശതമാനമായിരിക്കുമെന്ന് കണക്കാക്കുന്നു. അതുപോലെ റവന്യൂ കമ്മി 2024-25 ൽ ജിഎസ്ഡിപിയുടെ 2.49 ശതമാനമാണ്, ഇത് 2023-24 ൽ 1.6 ശതമാനമായിരുന്നു. 2025-26 ൽ റവന്യൂ കമ്മി ജിഎസ്ഡിപിയുടെ 1.9 ശതമാനമായിരിക്കുമെന്ന് കണക്കാക്കുന്നു.

സംസ്ഥാനത്തിന്റെ മൊത്തം വരുമാനം 2023-24 ലെ 1,24,486 കോടി രൂപയിൽ നിന്ന് 2024-25 ൽ 1,24,861.07 കോടി രൂപയായി ഉയർന്നു, മുൻ വർഷങ്ങളെ അപേക്ഷിച്ച് 0.3 ശതമാനം വളർച്ച രേഖപ്പെടുത്തി. എന്നിരുന്നാലും കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2024-25 ൽ 6.15 ശതമാനം കണ്ട് ഗണ്യമായി കുറഞ്ഞു. കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് 2020-21 ൽ രേഖപ്പെടുത്തിയ നെഗറ്റീവ് വളർച്ച ഒഴിച്ചുനിർത്തിയാൽ സംസ്ഥാനത്തിന്റെ തനതു റവന്യൂ വരുമാനം വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2023-24 നെ അപേക്ഷിച്ച് 2024-25 ൽ സംസ്ഥാനത്തിന്റെ തനതു വരുമാന വരുമാനം 2.7 ശതമാനം വർദ്ധിച്ചു. ഇതേ കാലയളവിൽ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 3.1 ശതമാനവും നികുതിയേതര വരുമാനം 0.9 ശതമാനവും വർദ്ധിച്ചു.

മൊത്തം ചെലവിന്റെ വളർച്ച 2023-24 ലെ 0.5 ശതമാനത്തിൽ നിന്ന് 2024-25 ൽ 9.0 ശതമാനമായി രേഖപ്പെടുത്തി. മൊത്തം റവന്യൂ ചെലവ് 2023-24 ലെ 0.5 ശതമാനത്തിൽ നിന്ന് 2024-25 ൽ 9.3 ശതമാനമായി ഉയർന്നു. മൊത്തം മൂലധനച്ചെലവ് 2023-24 ലെ 0.48 ശതമാനത്തെ അപേക്ഷിച്ച് 2024-25 ൽ 8.96 ശതമാനം വർദ്ധിച്ചു.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (എൻഎസ്ഒ) പുറത്തുവിട്ട കണക്കുകൾ പ്രകാരം 2025 സെപ്റ്റംബറിൽ ഇന്ത്യയിലും കേരളത്തിലും ഉപഭോക്തൃ വില സൂചിക (സിപിഐ)- സംയോജിത പണപ്പെരുപ്പം യഥാക്രമം 1.54 ശതമാനവും 9.05 ശതമാനവുമായിരുന്നു. കേരളത്തിൽ ഗ്രാമീണ പണപ്പെരുപ്പം 2025 സെപ്റ്റംബറിലെ നഗര പണപ്പെരുപ്പത്തേക്കാൾ കൂടുതലാണ്.

പ്രാഥമിക മേഖല 2023-24 ൽ 0.24 ശതമാനത്തിൽ നിന്ന് 2024-25 ൽ 2.36 ശതമാനം ഉയർന്ന വളർച്ച രേഖപ്പെടുത്തി. പ്രാഥമിക മേഖലയിൽ, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും 2024-25 ൽ 2.14 ശതമാനം വളർച്ച കൈവരിച്ചു, 2023-24 ൽ ഇത് 1.25 ശതമാനമായിരുന്നു. മത്സ്യബന്ധനവും മത്സ്യക്കൃഷിയും 2023-24 ലെ 3.58 ശതമാനം നെഗറ്റീവ് വളർച്ചയെ അപേക്ഷിച്ച് 10.55 ശതമാനം വളർച്ച നേടി. 2024-25 ൽ പ്രാഥമിക മേഖല മൊത്തം ജി.എസ്.വി.എയുടെ 8.06 ശതമാനം സംഭാവന ചെയ്തതിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും 7.64 ശതമാനം സംഭാവന ചെയ്യുന്നു.

ഭൂമി ഉപയോഗ ഡാറ്റ അനുസരിച്ച്, 2024-25 ൽ മൊത്തം ഭൂവിസ്തീർണ്ണമായ 38.86 ലക്ഷം ഹെക്ടറിൽ, ആകെ കൃഷിചെയ്യുന്ന പ്രദേശം 25.15 ലക്ഷം ഹെക്ടറും (64.71 ശതമാനം) വനമേഖല 10.82 ലക്ഷം ഹെക്ടറും (27.8 ശതമാനം) ആയിരുന്നു. മൊത്തം കൃഷിഭൂമിയുടെ 30.44 ശതമാനം നാളികേരവും 21.78 ശതമാനം റബ്ബറും 28.22 ശതമാനം തോട്ടവിളകളും ആണ്. 2024-25 ൽ നെൽക്കൃഷി മൊത്തം കൃഷിഭൂമിയുടെ 7.01 ശതമാനമായിരുന്നു.

നെൽകൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ യഥാക്രമം 1.76 ലക്ഷം ഹെക്ടർ, 5.30 ലക്ഷം ടൺ, 3,006 കിലോഗ്രാം എന്നിങ്ങനെയായിരുന്നു. 2023-24 ലെ നെല്ലിന്റെ ഉൽപ്പാദനക്ഷമതയുമായി താരതമ്യപ്പെടുത്തുമ്പോൾ 2024-25 ൽ ഇത് ഹെക്ടറിന് 43 കിലോഗ്രാം വീതം വർദ്ധിച്ചു. 2024-25 ൽ പച്ചക്കറി ഉൽപ്പാദനം (ഏത്തപ്പഴവും വാഴപ്പഴവും ഉൾപ്പെടെ) മൊത്തം 1.22 ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ നിന്ന് 17.21 ലക്ഷം മെട്രിക് ടണ്ണായിരുന്ന ഉല്പാദനം 19.11 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.

വർഷങ്ങളായി ആകെ ജലസേചിത പ്രദേശം വർദ്ധിച്ചുവരുന്നു. ജലസേചിത മേഖല 2023-24 ലെ 4.19 ലക്ഷം ഹെക്ടറിൽ നിന്ന് 2024-25 ൽ 4.38 ലക്ഷം ഹെക്ടറായി ഉയർന്നു. മൊത്തം ജലസേചിത പ്രദേശത്തിൽ കൃഷി ചെയ്യുന്ന പ്രദേശ വിസ്തൃതി 21.28 (2023-24) ശതമാനത്തിൽ നിന്ന് 22.28 (2024-25) ശതമാനമായി ഉയർന്നു. സർക്കാർ കനാലുകളിലൂടെയുള്ള ജലസേചനത്തിന്റെ വിസ്തീർണ്ണം 0.77 ലക്ഷം ഹെക്ടറിൽ നിന്ന് (2023-24) 0.78 ലക്ഷം ഹെക്ടറായി (2024-25) ഉയർന്നു.

2024-25 ൽ മൊത്തം മത്സ്യ ഉൽപാദനം 9.28 ലക്ഷം മെട്രിക് ടണ്ണായിരുന്നു, അതിൽ ഉൾനാടൻ മത്സ്യം 2.81 ലക്ഷം ടണ്ണും ബാക്കി 6.47 ലക്ഷം ടൺ സമുദ്ര മത്സ്യവുമാണ്. അളവിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സമുദ്രവിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന മൂന്നാമത്തെ സംസ്ഥാനവും മൂല്യത്തിന്റെ കാര്യത്തിൽ രണ്ടാമതുമാണ് കേരളം. കേരളത്തിൽ നിന്നുള്ള സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി വർഷങ്ങളായി വർദ്ധിച്ചുവരുന്നു, 2024-25 ൽ 6,941.29 കോടി രൂപ വിലമതിക്കുന്ന മൊത്തം 1.80 ലക്ഷം മെട്രിക് ടൺ സമുദ്രവിഭവങ്ങൾ കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്തു.

അംഗങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിഭവങ്ങൾ സമാഹരിക്കുന്നതിലും സ്വരുക്കൂട്ടുന്നതിലും പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ, സഹകരണസംഘങ്ങൾ നിർണായക പങ്കുവഹിക്കുന്നു. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ 16,429 സഹകരണ സംഘങ്ങളുണ്ട്, അതിൽ 12,278 എണ്ണം സക്രിയമാണ്. ഏറ്റവും കൂടുതൽ ഉപഭോക്തൃ സഹകരണ സംഘങ്ങളാണ് (4,609). 2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, സഹകരണ സംഘങ്ങളുടെ രജിസ്ട്രാറിന് (ആർസിഎസ്) കീഴിൽ 3,756 വായ്പാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 3,370 സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഇവയ്ക്ക് പുറമേ, വിപണനം, ഭവനനിർമ്മാണം, സംസ്കരണം, ആരോഗ്യം, പട്ടികജാതി, പട്ടികവർഗ സഹകരണ സംഘങ്ങൾ എന്നിവയുണ്ട്. യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം.

മൊത്തത്തിലുള്ള വളർച്ച നിർണ്ണയിക്കുന്നതിൽ വ്യവസായം നിർണായക പങ്കുവഹിക്കുന്നു. ത്വരിത കണക്ക് അനുസരിച്ച് 2024-25 ൽ സ്ഥിരവിലയിൽ ദ്വിതീയ മേഖല ജി.എസ്.വി.എയുടെ 28.49 ശതമാനം സംഭാവന ചെയ്തു. 2024-25 ൽ ദ്വിതീയ മേഖല 7.87 ശതമാനം വളർച്ച കൈവരിച്ചു. ദ്വിതീയ മേഖലയിൽ നിർമ്മാണവും മാനുഫാക്ചറിംഗും 2024-25 ൽ യഥാക്രമം 8.12 ശതമാനവും 7.42 ശതമാനവും വളർച്ച കൈവരിച്ചു. 2024-25 ൽ മൊത്ത സംസ്ഥാന മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) നിർമ്മാണ, മാനുഫാക്ചറിംഗ് മേഖലകളുടെ വിഹിതം യഥാക്രമം 14.05 ശതമാനവും 13.08 ശതമാനവുമായിരുന്നു.

കേരള സർക്കാർ "എന്റെ സംരംഭം, രാജ്യത്തിന്റെ അഭിമാനം" എന്ന മുദ്രാവാക്യത്തോടെ 2022-23 നെ "സംരംഭങ്ങളുടെ വർഷമായി" പ്രഖ്യാപിച്ചു. 2022-23 ലെ "സംരംഭങ്ങളുടെ വർഷം 1.0" കാമ്പെയ്നിന് കീഴിൽ, മൊത്തം 1.39 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചു, ഇത് 8,421.6 കോടി രൂപയുടെ നിക്ഷേപവും 3 ലക്ഷം പേർക്ക് പുതിയ തൊഴിലവസരങ്ങളും സൃഷ്ടിച്ചു. "സംരംഭങ്ങളുടെ വർഷം 2.0" എന്ന് പേരിട്ട രണ്ടാമത്തെ പതിപ്പ് 2023-24 ലാണ് ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 7,048.66 കോടി

രൂപയുടെ നിക്ഷേപത്തോടെ മൊത്തം 1.03 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചു, 2.18 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. "സംരംഭങ്ങളുടെ വർഷം 3.0" കാമ്പെയ്ൻ 2024-25 ൽ ആയിരുന്നു. ഇതിന്റെ ഭാഗമായി, മൊത്തം 1.17 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചു, ഇത് 7798.55 കോടി രൂപയുടെ നിക്ഷേപവും 2025 നവംബർ വരെ 2.49 ലക്ഷം പേർക്ക് തൊഴിലവസരങ്ങളും സൃഷ്ടിച്ചു. പുതുതായി രൂപീകരിച്ച ഈ സംരംഭങ്ങളിൽ മൂന്നിലൊന്ന് വനിതാ സംരംഭകരാണ് നടത്തിക്കൊണ്ടുപോകുന്നത്. "മിഷൻ 1000" എന്ന പേരിൽ ഒരു നൂതന പരിപാടി നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വീതം വിറ്റുവരവുള്ള 1000 എംഎസ്എംഇകളെ സംരംഭങ്ങളാക്കി മാറ്റുന്നതിനായി ആരംഭിച്ചു.

കേരള സമ്പദ് വ്യവസ്ഥയുടെ ഒരു സവിശേഷത ജി.എസ്.വി.എയിൽ ഏറ്റവും ഉയർന്ന വിഹിതം സേവന മേഖലയ്ക്കാണ് എന്നതാണ്. ഇത് ത്വരിത കണക്കു പ്രകാരം 2024-25 ൽ 63.45 ശതമാനമാണ്. ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, വാർത്താവിനിമയം, വ്യാപാരം, റോഡ് ഗതാഗതം ഒഴികെയുള്ള ഗതാഗതം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ നല്ല വളർച്ച രേഖപ്പെടുത്തി.

വിവരസാങ്കേതികവിദ്യ വളരുന്ന ഒരു മേഖലയാണ്. ടെക്നോപാർക്കുകൾ, ഇൻഫോപാർക്കുകൾ, സൈബർ പാർക്കുകൾ, ടെക്നോസിറ്റികൾ എന്നിവയുടെ ഒരു ശൃംഖല സംസ്ഥാനത്തുണ്ട്. മൂന്നാം ഘട്ടം ആരംഭിച്ചതോടെ 768.63 ഏക്കർ സ്ഥലവും 12.72 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ്പ് ഏരിയയുമുള്ള ടെക്നോ പാർക്ക് ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിലൊന്നായി മാറി. കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിലെ മൊത്തം ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം 2023-24 ലെ 4,681 ൽ നിന്ന് 2024-25 ൽ 6,227 ആയി ഉയർന്നു. ഇന്റർനെറ്റിനെ സാർവത്രിക അവകാശമാക്കുകയെന്ന സംസ്ഥാനത്തിന്റെ ദൗത്യം കൈവരിക്കുന്നതിനായി ആരംഭിച്ച കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്കിന് (കെ. എഫ്. ഒ. എൻ) 1.13 ലക്ഷം സജീവ കണക്ഷനുകളുണ്ട് (2025 ഓഗസ്റ്റ് 31 വരെ). സ്വന്തം ഒടിടി പ്ലാറ്റ്ഫോമിലൂടെയാണ് കെഫോൺ ഈ മേഖലയിലേക്ക് പ്രവേശിച്ചത്. ഈ പ്ലാറ്റ്ഫോം 29 ഡിജിറ്റൽ സേവനങ്ങളും 350 ലധികം ടിവി ചാനലുകളും പ്രദാനം ചെയ്യുന്നു. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 2,986 അക്ഷയ കേന്ദ്രങ്ങൾ പൊതുജനങ്ങൾക്ക് ഇ-സേവനങ്ങൾ നൽകുകയും 10,518 പേർക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു. 500 ലധികം സേവനങ്ങളും 50 ലധികം വകുപ്പുകളിലുമായി 2021 ൽ ഇ-സേവനങ്ങളും എം-സേവനങ്ങളും ആരംഭിച്ചു. നിലവിൽ ഒരു പ്ലാറ്റ്ഫോമിൽ 81 വകുപ്പുകളിലായി 917 സേവനങ്ങളാണ് നൽകുന്നത്.

സംസ്ഥാനത്തുടനീളം വ്യാപിച്ചുകിടക്കുന്ന ന്യായവില കടകളുടെ ശൃംഖലയുള്ള ശക്തമായ പൊതു വിതരണ സംവിധാനമാണ് കേരളത്തിനുള്ളത്. 2025 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിൽ എൻ.എഫ്.എസ്.എ, എൻ.എഫ്.എസ്.എ ഇതര വിഭാഗങ്ങൾ ഉൾപ്പെടെ 94.92 ലക്ഷം റേഷൻ കാർഡുകളുണ്ട്. എൻഎഫ്എസ്എ വിഭാഗത്തിൽ 5.92 ലക്ഷം എഎവൈ കാർഡുകളും 36.31 ലക്ഷം മുൻഗണനാ കാർഡുകളും ഉൾപ്പെടുന്നു. 22.31 ലക്ഷം മുൻഗണനാ രഹിത സബ്സിഡി കാർഡുകളും 30.08 ലക്ഷം മുൻഗണനാ രഹിത സബ്സിഡി രഹിത കാർഡുകളും എൻഎഫ്എസ്എ ഇതര വിഭാഗത്തിൽ ഉൾപ്പെടുന്നു. 2025 ഒക്ടോബറിലെ കണക്കനുസരിച്ച് കേരളത്തിൽ 13,858 ന്യായവില കടകളുണ്ട്. 2024-25 ലെ പൊതു വിതരണ സംവിധാനത്തിലൂടെയുള്ള മൊത്തം ഭക്ഷ്യധാന്യ വിതരണം 13.69 ലക്ഷം മെട്രിക് ടൺ ആണ്, ഇതിൽ എഎവൈ കാർഡ് ഉടമകൾക്ക് 2.41 ലക്ഷം മെട്രിക് ടൺ ധാന്യങ്ങളും പിഎച്ച് കാർഡ് ഉടമകൾക്ക് 7.53 ലക്ഷം മെട്രിക് ടൺ ധാന്യങ്ങളും മുൻഗണനയില്ലാത്ത കാർഡ് ഉടമകൾക്ക് 37,025 മെട്രിക് ടൺ ധാന്യങ്ങളും വിതരണം ചെയ്തു.

മികച്ച കണക്റ്റിവിറ്റി ഉള്ളതുകൊണ്ട് ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ഗ്രാമ-നഗര അന്തരം കേരളത്തിലാണ്. സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമാ റോഡുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. ദേശീയ, സംസ്ഥാന ഹൈവേകൾ, പ്രധാന ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ, നഗര റോഡുകൾ, വിവിധ വകുപ്പുകൾ നിർമ്മിച്ച മറ്റ് റോഡുകൾ എന്നിവ ഉൾപ്പെടുന്ന മൊത്തം റോഡ് ദൈർഘ്യം 2025 ഓഗസ്റ്റിലെ കണക്കനുസരിച്ച് 1.97 ലക്ഷം കിലോമീറ്ററാണ്. 2025 ൽ 29,573 കിലോമീറ്റർ (15.5 ശതമാനം) റോഡുകൾ പിഡബ്ല്യുഡി നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തു, അതിൽ 4,128 കിലോമീറ്റർ (13.96 ശതമാനം) സംസ്ഥാന ഹൈവേകളും ബാക്കി 25,445 കിലോമീറ്റർ (86.04 ശതമാനം) പ്രധാന ജില്ലാ റോഡുകളു (എംഡിആർ)മാണ്. സംസ്ഥാന ഹൈവേ വിഭാഗത്തിൽ 898 കിലോമീറ്റർ നാലുവരിപ്പാതയും 3,193 കിലോമീറ്റർ രണ്ടുവരിപ്പാതയും ബാക്കിവരുന്ന 37 കിലോമീറ്റർ ഒറ്റവരിപ്പാതയുമാണ്. എംഡിആറുകളിൽ 25,445 കിലോമീറ്റർ ഉൾക്കൊള്ളുന്നു, അതിൽ 52 കിലോമീറ്റർ നാലുവരി പാതകളും 10,593 കിലോമീറ്റർ രണ്ടുവരി പാതകളും 14,800 കിലോമീറ്റർ ഒറ്റവരി പാതയുമാണ്. 1.582 ലക്ഷം കിലോമീറ്റർ (80.06 ശതമാനം) റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പരിപാലിച്ചുപോരുന്നു. കൂടാതെ, 11 ദേശീയ പാതകൾ (എൻഎച്ച്) കേരളത്തിലൂടെ കടന്നുപോകുന്നു (മൊത്തം നീളം 1,858 കിലോമീറ്റർ). മലയോര ഹൈവേയും തീരദേശ ഹൈവേയും റോഡ് മേഖലയിലെ രണ്ട് സുപ്രധാന പദ്ധതികളാണ്. മലയോര ഹൈവേയുടെ നാല് ഭാഗങ്ങളുടെ പണി പൂർത്തിയായി, ബാക്കിയുള്ള ഭാഗങ്ങളുടെ പണി പുരോഗമിക്കുകയാണ്. മലയോര

ഹൈവേയുടെ ആദ്യഘട്ടം, അതായത് കോടഞ്ചേരി–കാക്കാഡംപൊയിൽ റോഡ് 2025 ഫെബ്രുവരി 25നാണ് ഗതാഗതത്തിനായി തുറന്നുകൊടുത്തത്. തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുകയാണ്.

അടിസ്ഥാന സൗകര്യ വികസനത്തിൽ, ദേശീയപാതകൾ (എൻഎച്ച്-66)ക്കുള്ള ഭൂമി ഏറ്റെടുക്കൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, വാട്ടർ മെട്രോ, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നിവ ശ്രദ്ധേയമായ നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

പൂർണ്ണമായും വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമാണ് കേരളം, പവർകട്ടോ, ലോഡ് ഷെഡിംഗോ ഇല്ലാതെ 24x7x365 ഉം വൈദ്യുതി നൽകുന്നു. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിലെ മൊത്തം സ്ഥാപിത ശേഷി 4,412.14 മെഗാവാട്ടാണ്, ഇതിൽ ജലവൈദ്യുതി 2,284.42 മെഗാവാട്ട് (51.8 ശതമാനം), സൗരോർജ്ജം 1,519.66 മെഗാവാട്ട് (34.4 ശതമാനം), താപവൈദ്യുതി 536.54 മെഗാവാട്ട് (12.2 ശതമാനം), കാറ്റ് 71.53 മെഗാവാട്ട് (1.6 ശതമാനം) എന്നിവയാണ്. വൈദ്യുതോർജ്ജ ഉപഭോഗം 2024–25 ൽ 29,311.76 എംയു (ഓപ്പൺ ആക്സസ് ഉപഭോക്താക്കളും ക്യാപ്റ്റിവ് ജനറേഷനെതിരായ ഉപഭോഗം ഉൾപ്പെടെ) ആയി ഉയർന്നു, 2023–24 ൽ 28,360.25 എംയു വിൽ നിന്നും 3.6 ശതമാനം വളർച്ച രേഖപ്പെടുത്തി. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് മൊത്തം ഉപഭോക്താക്കളുടെ എണ്ണം 140.7 ലക്ഷമായിരുന്നു. കെഎസ്ഇബി 28,544.05 എംയു വൈദ്യുതി വിറ്റു, അതിൽ സംസ്ഥാനത്തെ ഉപഭോക്താക്കൾക്കും സംസ്ഥാനത്തിന് പുറത്തുള്ള വിൽപ്പനയും മറ്റ് ബൾക്ക് ലൈസൻസികൾക്കുള്ള വിൽപ്പനയും ഉൾപ്പെടുന്നു.

കേരളത്തിന്റെ വികസന അജണ്ടയിൽ ശക്തമായ വികേന്ദ്രീകരണമാണ് പിന്തുടർന്നു വരുന്നത്. പ്രാദേശിക സർക്കാരുകൾ കഴിഞ്ഞ ദശകത്തിൽ ഏറ്റവും പ്രധാന്യം നൽകിയ പ്രവർത്തനം മാലിന്യ സംസ്കരണത്തിനായിരുന്നു. നവകേരളം വൃത്തിയുള്ള കേരള സംസ്ഥാന കർമപദ്ധതി (2022) വാർഷിക മൺസൂൺ മഴയ്ക്കു മുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങളിലൂടെയും അനുബന്ധ നടപടികളിലൂടെയും 2025 ഓടെ കേരളത്തെ മാലിന്യമുക്തമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. മാലിന്യമുക്ത നവകേരളം കാമ്പയിൻ മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കിയിട്ടുണ്ട്. 2025 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തുടനീളം 1350 എംസിഎഫുകളും 20051 മിനി എംസിഎഫുകളും 205 ആർആർഎഫുകളും പ്രവർത്തിക്കുന്നുണ്ട്. 50,042 ബിന്നുകളും കുപ്പികൾ നിക്ഷേപിക്കാനുള്ള 26,967 ബൂത്തുകളും പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി പ്രാദേശിക സർക്കാരുകളിലൂടെ നടപ്പാക്കിയിട്ടുണ്ട്. 2025 നവംബർ ഒന്നിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളം അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമായ സംസ്ഥാനമായി ഔദ്യോഗിക പ്രഖ്യാപനം നടത്തി. പ്രാദേശിക വികസനത്തിൽ, പ്രത്യേകിച്ച് സ്ത്രീ ശാക്തീകരണത്തിൽ കുടുംബശ്രീ ഒരു മുൻനിര പങ്കുവഹിച്ചിട്ടുണ്ട്.

ലൈഫ് (ഉപജീവനം, ഉൾച്ചേർക്കലും ധനപരമായ ശാക്തീകരണവും) മിഷനു കീഴിൽ, ലൈഫ് ടവർ യൂണിറ്റുകൾ ഉൾപ്പെടെ മൊത്തം 4,71,442 വീടുകൾ 2025 ഒക്ടോബർ 31 നകം നിർമ്മിച്ചു. ഇതിൽ പട്ടികജാതി ഗുണഭോക്താക്കൾക്കായി 1,25,360 വീടുകളും പട്ടികവർഗ ഗുണഭോക്താക്കൾക്കായി 45,976 വീടുകളും നിർമ്മിച്ചത് ഉൾപ്പെടുന്നു. ഇപിഇപി ഭവനരഹിതരുടെ വിഭാഗത്തിൽ 4,005 വീടുകളുടെയും ഇപിഇപി ഭൂരഹിതരുടെയും വീടില്ലാത്തവരുടെയും വിഭാഗത്തിൽ 1,417 വീടുകളുടെയും നിർമ്മാണം പൂർത്തിയായി.

2025 ൽ സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന 12.6 ലക്ഷം പേരിൽ 5.6 ലക്ഷം (44.4 ശതമാനം) പേർ പൊതുമേഖലയിലും 7.0 ലക്ഷം (55.5 ശതമാനം) പേർ സ്വകാര്യമേഖലയിലുമാണ്. 2024–25 ൽ പൊതുമേഖലയിൽ 46.6 ശതമാനം പേർ സംസ്ഥാന സർക്കാരിലും 10.8 ശതമാനം പേർ കേന്ദ്ര സർക്കാരിലും 23.6 ശതമാനം പേർ സംസ്ഥാന ക്വാസി സ്ഥാപനങ്ങളിലും 4.5 ശതമാനം പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 14.5 ശതമാനം പേർ കേന്ദ്ര ക്വാസി സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നുണ്ട്.

ജനങ്ങളുടെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായവരുടെ, ക്ഷേമത്തിന് സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. 2016 ൽ ഒരു ഗുണഭോക്താവിന് പ്രതിമാസം ലഭിച്ചിരുന്ന 600 രൂപയിൽ നിന്ന് 2021 ൽ ക്ഷേമ പെൻഷനുകൾ 1,600 രൂപയായി ഉയർത്തി. സർക്കാർ അടുത്തിടെ ക്ഷേമ പെൻഷൻ 2,000 രൂപയായി ഉയർത്തി, അത് 2025 നവംബർ മുതൽ പ്രാബല്യത്തിൽ വന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ എണ്ണം 2015–16 ൽ 34 ലക്ഷമായിരുന്നു, അത് 2025 ഒക്ടോബറിൽ 49.74 ലക്ഷമായി ഉയർന്നു, ഇതിൽ ക്ഷേമനിധി ബോർഡുകളുടെ പെൻഷനുകൾ ഉൾപ്പെടുന്നില്ല. 49.74 ലക്ഷം പെൻഷൻകാർ ഉള്ളതിൽ 31.08 ലക്ഷം പേർ (62.49 ശതമാനം) വനിതകളാണ്. അമ്പത്തിയെട്ട് ശതമാനം ഗുണഭോക്താക്കളും വാർദ്ധക്യകാല പെൻഷൻ വിഭാഗത്തിൽ പെടുന്നു.

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കംനിൽക്കുന്നവരുടെ ഉന്നമനമാണ് സർക്കാരിന്റെ പ്രധാന താല്പര്യം. നിലവിൽ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ 9.81 ശതമാനം പട്ടികജാതി ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗ ക്ഷേമത്തിനുമായി നീക്കിവച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി ഭൂരഹിത കുടുംബങ്ങൾക്കുള്ള ഭൂമി പദ്ധതിക്ക് കീഴിൽ 2024–25 ൽ 1,756 കുടുംബങ്ങൾക്കും 2025–26 ൽ 1060 കുടുംബങ്ങൾക്കും (2025 ഓഗസ്റ്റ് 31 വരെ) സഹായം നൽകി. 2025 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്കായി 1,25,360 വീടുകൾ നിർമ്മിച്ചു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി 6,622 പഠന മുറികളുടെ നിർമ്മാണം 2024–25 ൽ പൂർത്തിയായി. അതുപോലെ, 2025–26 ൽ (2025 ഓഗസ്റ്റ് 31 വരെ) 334 പഠന മുറികൾ നിർമ്മിച്ചു. 2024–25 ൽ, ഉന്നതി വിദേശ സ്കോളർഷിപ്പ് പദ്ധതിയിലൂടെ 211 പട്ടികജാതി വിദ്യാർത്ഥികളെ വിദേശത്തുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് സർക്കാർ സഹായിച്ചു, ഇത് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പായി നൽകുന്നു. 2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് മൊത്തം 4223 പേർക്ക് ചികിത്സാ സഹായം ലഭിച്ചു. 2024–25 ൽ 806 പേർ വിവിധ നൈപുണ്യ വികസന പരിപാടികളിലൂടെ പരിശീലനം നേടുകയും 273 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സബ്സിഡി ലഭിക്കുകയും ചെയ്തു.

സംസ്ഥാനത്തെ പട്ടികവർഗ വികസന വകുപ്പ് (എസ്.ടി.ഡി.ഡി) പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പരിപാടികൾ നടപ്പാക്കുന്നു. ഗോത്ര ഉപപദ്ധതിക്ക് (ടി. എസ്. പി) സംസ്ഥാനം സ്ഥിരമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2024–25 ൽ ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്മെന്റ് മിഷൻ (ടിആർഡിഎം) 191 കുടുംബങ്ങൾക്ക് 187.62 ഏക്കർ ഭൂമി വിതരണം ചെയ്തു. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം കാസർകോട് ജില്ലയിലെ 19 കുടുംബങ്ങൾക്ക് 5.81 ഏക്കർ ഭൂമി വിതരണം ചെയ്തു. വനാവകാശ നിയമപ്രകാരം അട്ടപ്പാടിയിലെയും വയനാട്ടിലെയും 172 ഗോത്രവർഗ കുടുംബങ്ങൾക്ക് 181.81 ഏക്കർ ഭൂമി വിതരണം ചെയ്തു. ലൈഫ് മിഷൻ 45,976 പട്ടികവർഗ കുടുംബങ്ങൾക്ക് സുരക്ഷിതവും കെട്ടുറപ്പുള്ളതുമായ വീടുകൾ വെച്ചുനൽകി. 2025 ഓഗസ്റ്റ് 31 വരെയുള്ള കണക്കനുസരിച്ച് മൊത്തം 1,647 വിദ്യാർത്ഥികൾക്ക് 2025–26 ൽ മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ നൽകി. വിദേശത്തും സംസ്ഥാനത്തിന് പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ 2024–25 ൽ 56 വിദ്യാർത്ഥികൾക്കും 2025–26 ൽ 75 വിദ്യാർത്ഥികൾക്കും (2025 ഓഗസ്റ്റ് 31 വരെ) നൽകി. 2024–25 ൽ 34,843 പട്ടികവർഗ കുടുംബങ്ങളുടെ പങ്കാളിത്തത്തോടെ മൊത്തം 12,41,429 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു, അതിൽ 3,513 കുടുംബങ്ങൾക്ക് 200 ദിവസത്തെ തൊഴിൽ ലഭിച്ചു.

കേരളത്തിന് അഭിമാനകരമായ പാരമ്പര്യമുള്ള രണ്ട് മേഖലകളാണ് വിദ്യാഭ്യാസ രംഗവും ആരോഗ്യരംഗവും. എല്ലാവരെയും ഉൾക്കൊണ്ടുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്, സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം, യാത്രാ ചെലവുകൾക്കുള്ള സാമ്പത്തിക സഹായം, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിനോദയാത്രകൾ എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുന്നു. 2024–25 ൽ ആകെ 12,945 സ്കൂളുകളുള്ളതിൽ 4,700 (36.3 ശതമാനം) സർക്കാർ സ്കൂളുകളും 7,202 (55.6 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,043 (8 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. കിഫ്ബി (KIIFB) യുടെ കീഴിൽ 141, 386, 446 എണ്ണം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി യഥാക്രമം ₹5 കോടി, ₹3 കോടി, ₹1 കോടി എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. 5 കോടി രൂപ ചെലവിടുന്ന വിഭാഗത്തിൽ 139 സ്കൂളുകളുടെ കെട്ടിട നിർമ്മാണം പൂർത്തിയായി. 3 കോടി രൂപ ചെലവാക്കുന്ന വിഭാഗത്തിൽ 213 സ്കൂളുകളുടെ കെട്ടിട നിർമ്മാണവും ഒരു കോടി രൂപ ചെലവഴിക്കുന്ന വിഭാഗത്തിൽ 246 സ്കൂളുകളുടെ കെട്ടിട നിർമ്മാണവും പൂർത്തിയായി. നബാർഡിന്റെ സഹായത്തോടെ 52 സ്കൂളുകളുടെ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി. സർക്കാർ സ്കൂളുകളിൽ 99.1 ശതമാനം പേർക്കും കുടിവെള്ളം ലഭ്യമാണ്. എല്ലാ സർക്കാർ സ്കൂളുകളിലും മൂത്രപ്പുര/ലാട്രിൻ സൗകര്യങ്ങളുണ്ട്. എല്ലാവരേയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2024–25 ൽ 45 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ മൊത്തം 2,805 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ട്.

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധകേന്ദ്രീകരിച്ച് ഉന്നതവിദ്യാഭ്യാസത്തിൽ കേരളം സുപ്രധാന നയപരമായ മാറ്റങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. എഐഎസ്എച്ച്ഇ (AISHE) റിപ്പോർട്ട് 2021–2022 അനുസരിച്ച്, ഉന്നതവിദ്യാഭ്യാസത്തിൽ കേരളത്തിൽ മൊത്തം പ്രവേശനാനുപാതം (GER) 41.3 ആണ്, ഇത് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വെച്ച് രാജ്യത്ത് ഏഴാം സ്ഥാനത്താണ്, കൂടാതെ മൊത്തത്തിലുള്ള ലിംഗ തുല്യത സൂചിക (GPI) 1.44 ആണ് (പുരുഷന്മാരെ അപേക്ഷിച്ച് കൂടുതൽ സ്ത്രീ പ്രവേശനം). ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൂതന ഉദ്യമങ്ങളിൽ നാല് വർഷത്തെ ബിരുദ പ്രോഗ്രാം (FYUP), ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കൽ, പ്രമുഖ സ്ഥാപനങ്ങളുമായുള്ള സഹകരണം തുടങ്ങിയ ഉൾപ്പെടുന്നു. വിശപ്പു രഹിത കാമ്പസ്, കാമ്പസിലേക്ക് കരിയർ ബന്ധിപ്പിക്കുക, മുഖ്യമന്ത്രിയുടെ പ്രതിഭാ സ്കോളർഷിപ്പ് അവാർഡ്, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്, ജീവനി കോളേജ് മാനസിക ബോധവൽക്കരണ പരിപാടി എന്നിവയാണ് ഉന്നത വിദ്യാഭ്യാസത്തിലെ മറ്റ് പ്രധാന പ്രോത്സാഹന പരിപാടികൾ.

കേരളത്തിൽ 14 സംസ്ഥാന സർവകലാശാലകളുണ്ട്, അതിൽ നാലെണ്ണം (കേരളം, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ സർവകലാശാലകൾ) ജനറൽ സർവകലാശാലകളാണ്. 2024–25 ൽ കേരളത്തിൽ 230 ആർട്സ് ആന്റ് സയൻസ് കോളേജുകളുണ്ട്, അതിൽ 164 എണ്ണം സർക്കാർ എയ്ഡഡ് കോളേജുകളും 66 എണ്ണം സർക്കാർ കോളേജുകളുമാണ്. കൂടാതെ, സർവകലാശാലകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺഎയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് ആർട്സ് ആന്റ് സയൻസ് കോളേജുകളും ഉണ്ട്. എൻ. ഐ. ആർ. എഫ് റാങ്കിംഗ് 2025 ൽ കേരളത്തിൽ നിന്നുള്ള 18 കോളേജുകൾ രാജ്യത്തെ മികച്ച 100 കോളേജുകളിൽ ഇടം നേടിയപ്പോൾ അവയിൽ മൂന്നെണ്ണം മികച്ച 50 കോളേജുകളിൽ ഉൾപ്പെടുന്നു. 35,000 വിദ്യാർത്ഥികളുള്ള പ്രധാന സർവകലാശാലകളിൽ നടപ്പാക്കുന്ന ഒരു നൂതന പരിപാടിയാണ് കെ–റീപ്.

കേരളത്തിന് ഉന്നത നിലവാരവും എളുപ്പത്തിൽ ലഭ്യമാവുന്നതും വിവേചനമില്ലാത്തതും സാധാരണക്കാർക്ക് താങ്ങാനാവുന്നതുമായ കരുത്തുറ്റ പൊതുജനാരോഗ്യ പരിരക്ഷാ സംവിധാനമാണുള്ളത്. കേരളത്തിലെ ആയുർദൈർഘ്യം (ജനനസമയത്ത്) 75.1 വർഷമാണ്, ഇത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്നതും അഖിലേന്ത്യാ ശരാശരിയേക്കാൾ (70.3 വർഷം) കൂടിയതുമാണ്. കേരളത്തിലെ മാതൃമരണനിരക്ക് (എംഎംആർ) 30 ആണ്, ഇത് സംസ്ഥാനങ്ങളിൽ ഏറ്റവും താഴ്ന്നതും അഖിലേന്ത്യാ ശരാശരിയായ 88 നേക്കാൾ വളരെ കുറഞ്ഞതുമാണ്. നവകേരള കർമ്മപദ്ധതി– II ന് കീഴിൽ 2022 ലാണ് ആർദ്രം മിഷൻ–2 ആരംഭിച്ചത്. മിഷന്റെ ഭാഗമായി, 885 ൽ 740 പിഎച്ച്സികൾ എഫ്എച്ച്സികളായും 105 സിഎച്ച്സികൾ ബ്ലോക്ക് എഫ്എച്ച്സികളായും മാറി. 17 ൽ 14 ജില്ല/ജനറൽ ആശുപത്രികളിലെയും 43 ൽ 24 താലൂക്ക് ആശുപത്രികളിലെയും ഔട്ട് പേഷ്യന്റ് (ഒപി) വിഭാഗം രോഗീസൗഹൃദമാക്കി. 8 മെഡിക്കൽ കോളേജുകളിലെയും ഒ. പി. കൾ രോഗിസൗഹൃദമോ പരിഷ്ക്കരിച്ചതോ ആക്കി. ആർദ്രം മിഷനു കീഴിലുള്ള പുതിയ സംരംഭങ്ങളിൽ 'ആശ്വാസം' ഡിപ്രഷൻ മാനേജ്മെന്റ് ക്ലിനിക്കുകൾ, 'ശ്വാസ്' ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമോണറി ഡിസീസ് (സിഒപിഡി) നിയന്ത്രണ പരിപാടി, 4,261 ഗ്രാമീണ ഉപകേന്ദ്രങ്ങളെ ആരോഗ്യ–ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുക, എല്ലാ എഫ്എച്ച്സികളിലും എല്ലാ ദിവസവും വൈകുന്നേരം 6:00 വരെ ഔട്ട്പേഷ്യന്റ് സൌകര്യങ്ങൾ, കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലെ (എഫ്എച്ച്സികൾ) ലബോററ്ററി സൗകര്യങ്ങൾ, എല്ലാ ദിവസവും എല്ലാ എഫ്എച്ച്സികളിലും ജീവിത ശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകൾ, എഫ്എച്ച്സികളിലെ സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി (എസ്എംഎപി) എന്നിവ ഉൾപ്പെടുന്നു. കേരളത്തിലെ ഇ–ഹെൽത്ത് പദ്ധതിയിൽ 2,59,55,998 ആളുകളുടെ ആരോഗ്യ വിശദാംശങ്ങൾ ശേഖരിക്കുകയും ഇലക്ട്രോണിക് രീതിയിൽ സംഭരിക്കുകയും ചെയ്ത ഏറ്റവും വലിയ ഡാറ്റാബേസ് ഉണ്ട്. ഇതിനുപുറമെ, വയോജനങ്ങളുടെ പാലിയേറ്റീവ് കെയർ, നിർണയ ലാബ് നെറ്റ് വർക്ക്, ആരോഗ്യകരമായ ജീവിത ബോധവത്കരണം, ജനകീയ ആരോഗ്യ കേന്ദ്രം, വൺ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവ ആരംഭിച്ചു.

കേരള സർക്കാർ ബിസിനസ്സ് സൗഹൃദവും കാര്യക്ഷമവുമായ സാമ്പത്തിക അന്തരീക്ഷം വളർത്തിയെടുക്കുന്നതിനൊപ്പം ജനങ്ങളുടെ മൊത്തത്തിലുള്ള ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഒരു "നവകേരളം" സൃഷ്ടിക്കാൻ വിഭാവനം ചെയ്യുന്നു. ഫലപ്രദമായ പൊതുസേവന വിതരണത്തിലൂടെയും സ്ഥാപനപരമായ പരിഷ്കാരങ്ങളിലൂടെയും ജീവിതം സുഗമമാക്കുകയും ബിസിനസ്സ് എളുപ്പമാക്കുകയും ചെയ്യുക എന്നതാണ് ഈ കാഴ്ചപ്പാടിന്റെ കേന്ദ്രബിന്ദു. ഈ സമീപനം ശക്തമായ പൊതു സ്ഥാപനങ്ങളുടെ സൃഷ്ടി, വിശ്വാസ്യവും സുതാര്യവുമായ ഭരണനിർവഹണം, സുസ്ഥിര വികസനത്തിനായി സ്വകാര്യമേഖലയുമായുള്ള സജീവ സഹകരണം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. അതേസമയം, കേരളത്തിന്റെ ദീർഘകാല സാമൂഹികക്ഷേമ പ്രതിബദ്ധതകളും എല്ലാവരെയും ചേർത്തുപിടിച്ചുള്ള വികസന മാതൃകയും സംരക്ഷിക്കുന്നതിനൊപ്പം കാർഷിക, വ്യാവസായിക ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും ഈ ഉദ്യമം ശ്രമിക്കുന്നു.

# കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സൂചികകൾ: ദ്രുതവീക്ഷണം

| ക്രമ നമ്പർ | ഇനം | യൂണിറ്റ് | 1980-81 | 1990-91 | 2000-01 | 2010-11 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭ്രുവിസ്തൃതി | ചതുരശ്ര കി.മി | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 | 38863 |
| ഭരണ രംഗം | | | | | | | | | | | | | |
| 2 | റവന്യൂ ഡിവിഷനുകൾ | എണ്ണം. | | | | 21 | 27 | 27 | 27 | 27 | 27 | 27 | 27 |
| 3 | ജില്ലകൾ | എണ്ണം. | 12 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 4 | താലൂക്കുകൾ | എണ്ണം. | 58 | 61 | 63 | 63 | 75 | 77 | 77 | 77 | 77 | 78 | 78 |
| 5 | വില്ലേജുകൾ | എണ്ണം. | 1331 | 1364 | 1452 | 1532 | 1664 | 1664 | 1664 | 1664 | 1664 | 1666 | 1664 |
| 6 | ടൗണുകൾ | എണ്ണം. | 106 | 197 | 159 | 520 | 520 | 520 | 520 | 520 | 520 | 520 | 520 |
| സെൻസസ് പ്രകാരമുള്ള ജനസംഖ്യ | | | 1961 | 1971 | 1981 | 1991 | 2001 | 2011 | | | | | |
| 7 | ആകെ | (ആയിരത്തിൽ) | 16904 | 21347 | 25454 | 29099 | 31844 | 33406 | | | | | |
| 8 | പുരുഷന്മാർ | | 8362 | 10588 | 12609 | 14289 | 15469 | 16027 | | | | | |
| 9 | സ്ത്രീകൾ | | 8542 | 10760 | 12885 | 14810 | 16373 | 17379 | | | | | |
| 10 | ഗ്രാമം | | 14351 | 17880 | 20682 | 21618 | 23574 | 17471 | | | | | |
| 11 | നഗരം | | 2552 | 3467 | 4771 | 7018 | 8267 | 15935 | | | | | |
| 12 | പട്ടിക ജാതിക്കാർ | | 1422 | 2002 | 2549 | 2887 | 3124 | 3040 | | | | | |
| 13 | പട്ടികവർഗ്ഗക്കാർ | | 208 | 193 | 261 | 321 | 364 | 485 | | | | | |
| 14 | ജനസാന്ദ്രത | "ആളുകളുടെ എണ്ണം സ്ക്വയർ കി.മി.ന് | 435 | 549 | 655 | 749 | 819 | 860 | | | | | |
| 15 | സാക്ഷരതാ നിരക്ക് | ശതമാനം | 55 | 60 | 70 | 90 | 90 | 94 | | | | | |
| 16 | സ്ത്രീപുരുഷാ-നുപാതം | 1000 പുരുഷ-ന്മാർക്ക്/ സ്ത്രീകൾ | 1022 | 1016 | 1032 | 1036 | 1058 | 1084 | | | | | |
| 17 | നഗര ജനസംഖ്യ | ശതമാനം | 15 | 16 | 19 | 24 | 26 | 48 | | | | | |
| GSDP – സ്ഥിരമായ വിലയിൽ (2011-12) | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2009-10 | 2020-21 | 2021-22 | 2022-23 | 2023-24 (P) | 2024-25(Q) |
| 18 | ജില്ലാതല മൊത്തം ആഭ്യന്തര ഉൽപ്പന്നം (ജി എസ് ഡി പി) | രൂപ കോടിയിൽ | 462 | 1255 | 3,823 | 12,195 | 63,715 | 180,812 | 511,703 | 571,983 | 604,633 | 645,310 | 685283 |
| 19 | പ്രാഥമിക മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 241 | 653 | 1,682 | 4,756 | 14,017 | 15,966 | 44,986 | 47,022 | 47,600 | 47,713 | 48838 |
| 20 | ദ്വിതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 68 | 163 | 841 | 3,171 | 14,017 | 38,249 | 130,955 | 142,093 | 145,746 | 159,939 | 172534 |
| 21 | തൃതീയ മേഖല (ജി.എസ്.വി.എ) | രൂപ കോടിയിൽ | 153 | 439 | 1,300 | 4,268 | 35,680 | 126,597 | 269,040 | 311,879 | 340,975 | 360,555 | 384294 |
| 22 | പ്രതിശീർഷ വരുമാനം (ജി എസ് ഡി പി) | രൂപ | 276 | 594 | 1,508 | 4,207 | 19,951 | 47,360 | 146,139 | 160,791 | 169,289 | 179,953 | 190149 |
| കൃഷി | | | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11 | 2020-21 | 2021-22 | 2022-23 | 2023-24 | | 2024-25 |
| 23 | യഥാർത്ഥ കൃഷി വിസ്തൃതി | 1000 ഹെക്ടർ | 2171 | 2180 | 2247 | 2206 | 2072 | 2035 | 2029 | 1991 | 1973 | | 1967 |
| 24 | മൊത്തം കൃഷി ഭൂമി | 1000 ഹെക്ടർ | 2933 | 2885 | 3020 | 3022 | 2662 | 2568 | 2523 | 2516 | 2536 | | 2515 |
| 25 | മൊത്തം ജലസേചന മേഖല | 1000 ഹെക്ടർ | | 381 | 385 | 460 | 466 | 521 | 561 | 514 | 532 | | 530 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 26 | മൊത്തം വിളവിറക്കിയ ഭൂവിസ്തൃതിയിൽ മൊത്തം ജലസേചനം നടത്തിയതിന്റെ ഭൂവിസ്തൃതി | ശതമാനം | | 13 | 13 | 15 | 18 | 20 | 22 | 20 | 21 | 21 | |
| പ്രധാന വിളകളുടെ ഉത്പാദനം | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11- | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
| 27 | നെൽ വയൽ കൃഷി (തണ്ണീർത്തടം) | 1000 ഹെക്ടർ | 779 | 875 | 802 | 559 | 347 | 213.2 | 201.87 | 193.95 | 190.17 | 178.95 | 176.36 |
| 28 | പയറുവർഗ്ഗങ്ങൾ | 1000 ഹെക്ടർ | 44 | 40 | 34 | 23 | | 3.8 | 2.01 | 1.44 | 1.55 | 1.59 | 1.28 |
| 29 | കരിമ്പ് (വിളവെടുത്ത പ്രദേശം) | 1000 ഹെക്ടർ | 9 | 8 | 8 | 8 | 3 | 2.8 | 0.92 | 0.92 | 0.93 | 0.65 | 0.25 |
| 30 | റബ്ബർ | 1000 ഹെക്ടർ | 133 | 188 | 238 | 384 | 474 | 534.2 | 550.65 | 550 | 549.78 | 548.3 | 547.74 |
| 31 | തേയില | 1000 ഹെക്ടർ | 40 | 37 | 36 | 35 | 37 | 37 | 35.87 | 35.87 | 35.65 | 35.68 | 35.7 |
| 32 | തെങ്ങ് | 1000 ഹെക്ടർ | 501 | 719 | 651 | 870 | 926 | 770.5 | 768.8 | 765.4 | 760.35 | 765.84 | 765.62 |
| 33 | കവുങ്ങ് | 1000 ഹെക്ടർ | 54 | 86 | 61 | 65 | | 99.8 | 96.57 | 93.97 | 94.55 | 96.11 | 96.05 |
| 34 | നിലക്കടല | 1000 ഹെക്ടർ | 16 | 15 | 9 | 13 | | 1.5 | 0.11 | 0.12 | 0.126 | 0.1 | 0.08 |
| 35 | കുരുമുളക് | 1000 ഹെക്ടർ | 100 | 12 | 108 | 169 | 202 | 172.2 | 82.12 | 76.35 | 73.731 | 72.67 | 69.89 |
| 36 | ഏലം | 1000 ഹെക്ടർ | 29 | 47 | 56 | 67 | 41 | 41.2 | 39.14 | 39.14 | 40.35 | 40.35 | 40.35 |
| 37 | ഇഞ്ചി | 1000 ഹെക്ടർ | 12 | 12 | 13 | 14 | 12 | 6.1 | 2.7 | 2.92 | 2.581 | 2.24 | 2.42 |
| പ്രധാന വിളകളുടെ ഉത്പാദനം | | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11- | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
| 38 | നെല്ല് | 1000 ടണ്ണിൽ | 1068 | 1298 | 1272 | 1087 | 751 | 522.7 | 626.9 | 559.3 | 592.68 | 530.28 | 530.22 |
| 39 | പയറുവർഗ്ഗങ്ങൾ | 1000 ടണ്ണിൽ | 18 | 13 | 22 | 17 | | 2.91 | 1.92 | 1.47 | 1.61 | 1.88 | 1.02 |
| 40 | കരിമ്പ് | 1000 ടണ്ണിൽ | 38 | 38 | 48 | 52 | 28 | 27.2 | 10.7 | 10.4 | 10.12 | 7.59 | 2.11 |
| 41 | റബ്ബർ | 1000 ടണ്ണിൽ | 24 | 88 | 140 | 308 | 560 | 770.6 | 519.5 | 556.6 | 599.38 | 609.6 | 625.12 |
| 42 | തേയില | 1000 ടണ്ണിൽ | 39 | 43 | 48 | 63 | 69 | 573 | 66.85 | 60.36 | 65.98 | 65.09 | 57.29 |
| 43 | നാളികേരം | നാളികേരം ദശലക്ഷത്തിൽ | 3220 | 3981 | 3008 | 4232 | 5536 | 5287 | 4788 | 5535 | 5641 | 5523 | 5612 |
| 44 | അടയ്ക്ക | 1000 ടണ്ണിൽ | 8 | 13 | 11 | 13 | | 99.9 | 103.2 | 103.5 | 98.53 | 103.99 | 85.89 |
| 45 | നിലക്കടല | 1000 ടണ്ണിൽ | 14 | 16 | 8 | 10 | 10 | 1.9 | 0.14 | 0.16 | 0.19 | 0.15 | 0.12 |
| 46 | കുരുമുളക് | 1000 ടണ്ണിൽ | 27 | 25 | 29 | 47 | 61 | 45.3 | 33.59 | 32.52 | 27.65 | 30.8 | 29.5 |
| 47 | ഏലം | 1000 ടണ്ണിൽ | 1 | 1 | 3 | 3 | | 7.9 | 20.57 | 21.27 | 22.17 | 22.87 | 18.31 |
| 48 | ഇഞ്ചി | 1000 ടണ്ണിൽ | 11 | 20 | 32 | 46 | 42 | 33.2 | 12.09 | 12.87 | 11.01 | 9.77 | 11.26 |
| | കന്നുകാലി സെൻസസ് | | 1977 | 1982 | 1987 | 1996 | 2003 | 2007 | 2012 | | 2019 | | |
| 49 | ആകെ കന്നുകാലികൾ | ലക്ഷത്തിൽ | 53 | 56 | 55 | 56 | 35 | 36 | 39 | | 29 | | |
| 50 | ആകെ പൗൾട്രി | ലക്ഷത്തിൽ | | 152 | 185 | 308 | 139 | 127 | 238 | | 298 | | |
| | വനം | | 1960-61 | 1970-71 | 1980-81 | 1990-91 | 2000-01 | 2010-11- | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
| 51 | വനവിസ്തൃ | 1000 ha. | 1056 | 1056 | 1123 | 1122 | 1115 | 1130.94 | 1152 | 1153.11 | 1153.19 | 1153.19 | 1153.62 |
| | ഫാക്ടറികൾ | | 1991 | 2001 | 2011 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 | 2025 |
| 52 | പ്രവർത്തി ക്കുന്ന ഫാക്ടറികൾ | എണ്ണം | 13255 | 18554 | 19676 | 23335 | 24254 | 24468 | 24453 | 24271 | 22601 | 22385 | 22938 |
| 53 | ജീവനക്കാർ | എണ്ണം | 368738 | 436410 | 644606 | 698679 | 726195 | 702901 | 652875 | 678586 | 602493 | 590432 | 645911 |
| 54 | ലക്ഷം ജനസംഖ്യയിൽ ജീവനക്കാരുടെ നിരക്ക് | എണ്ണം | 1267 | 1370 | 1930 | 2091 | 2174 | 2104 | 1954 | 2031 | 1804 | 1767 | 1934 |
| വൈദ്യുതി | | | 1990-91 | 2000-01 | 2009-10 | 2011-12 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
| 55 | ആകെ ഉല്പാദനം | ദശലക്ഷം യൂണിറ്റ് | 5491 | 7656 | 6495 | 8351 | 7626.37 | 5781.23 | 7109.09 | 9858.27 | 8659.38 | 5716.4 | 7393.77 |
| 56 | ആകെ ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 5282 | 10319 | 12878 | 16182 | 22361.45 | 22948.82 | 22151.6 | 23499.54 | 25248.21 | 28105.07 | 29311.76* |
| 57 | വ്യാവസായിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 2697 | 3784 | 4002 | 4926 | 5820.49 | 5683.3 | 3826.99 | 4481.02 | 4920.33 | 5107.92 | 4998.55 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 58 | കാർഷിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 288 | 350 | 225 | 286 | 337.65 | 348.48 | 412.22 | 382.73 | 391.52 | 459.20 | 432.94 |
| 59 | ഗാർഹിക ഉപഭോഗം | ദശലക്ഷം യൂണിറ്റ് | 1621 | 4688 | 5931 | 7706 | 10864.34 | 11898.13 | 12716.47 | 12679.39 | 12400.1 | 13757.25 | 13897.26 |
| വിദ്യാഭ്യാസം | | | **1990-91** | **2000-01** | **2009-10** | **2012-13** | **2018-19** | **2019-20** | **2020-21** | **2021-22#** | **2022-23#** | **2023-24** | **2024-25** |
| 60 | പ്രൈമറി സ്കൂളുകൾ | എണ്ണം | 9682 | 9714 | 9828 | 9737 | 9841 | 9833 | 9858 | 9847 | 9834 | 9817 | 9810 |
| 61 | പ്രൈമറി സ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | 4402 | 3637 | 3015 | 2545 | 2428 | 2450 | 2491.9 | 2593.6 | 2559.1 | 2478 | 2381.04 |
| 62 | ഹൈസ്കൂളുകൾ | എണ്ണം | 2451 | 2596 | 2814 | 2890 | 3120 | 3118 | 3128 | 3125 | 3125 | 3131 | 3135 |
| 63 | ഹൈസ്കൂളിലെ എൻറോൾമെന്റ് | ആയിരത്തിൽ | 1498 | 1611 | 1443 | 1426 | 1276 | 1267 | 1265.83 | 1274.51 | 1273.3 | 1269 | 1262.61 |
| ആരോഗ്യം | | | 1990-91 | 2000-01 | 2009-10 | 2011-12 | 2018-19# | 2019-20# | 2020-21# | 2021-22# | 2022-23# | 2023-24# | 2024-25 |
| 64 | ആശുപത്രികൾ | എണ്ണം | 1199 | 1319 | 1254 | 1255 | 1470 | 1471+RCC | 1473+RCC | 1477+RCC | 1477+RCC | 1477+RCC | 1480 |
| 65 | കിടക്കകളുടെ എണ്ണം | എണ്ണം | 38726 | 38242 | 37021 | 37388 | 56596 | 57713 | 58021 | 59684 +298RCC | 59692+ 298RCC | 59847+ 298RCC | 60987 |
| സുപ്രധാന സ്ഥിതിവിവരക്ക ണക്കുകൾ (ജനസംഖ്യാസ്ഥിതി) | | | **1990-91** | **2001** | **2009** | **2010** | **2017##** | **2018##** | **2019##** | **2020##** | **2021##** | **2022##** | **2023##** |
| 66 | ജനനനിരക്ക് | ആയിരം ജനങ്ങളിൽ | 20 | 16 | 15 | 15 | 15 | 13.9 | 13.5 | 13.2 | 12.9 | 12.4 | 12.3 |
| 67 | മരണനിരക്ക് | ആയിരം ജനങ്ങളിൽ | 6 | 7 | 7 | 7 | 7 | 6.9 | 7.1 | 7 | 9 | 7.6 | 7.2 |
| 68 | ശിശുമരണനിരക്ക് | ആയിരം ജനങ്ങളിൽ | 21 | 11 | 12 | 14 | 10 | 7 | 6 | 6 | 6 | 7 | 5 |
| ഗതാഗതം | | | **1990-91** | **2000-01** | **2010-11** | **2011-12** | **2018-19** | **2019-20** | **2020-21** | **2021-22** | **2022-23** | **2023-24** | **2024-25** |
| 69 | റെയിൽപാതകളുടെ ദൈർഘ്യം | കി.മി | 988 | 1148 | 1257 | 1257 | 1257 | 1257 | 1745### | 1745### | 2106### | - | _ |
| 70 | ആകെ റോഡുകളുടെ ദൈർഘ്യം | കി.മി | 128403 | 125835 | 151652 | 244373 | 273113.3 | 331904.11 | 238773.02 | 230934.18 | 235634.36 | 191292 | 197448.34 |
| 71 | മോട്ടോർ വാഹനങ്ങൾ | എണ്ണം | 648000 | 2111885 | 6072019 | 8048673 | 13334984 | 14184184 | 14847163 | 15565149 | 16352224 | 17408542 | 18197585 |
| തദ്ദേശ സ്ഥാപനങ്ങൾ | | | **2006-07** | **2007-08** | **2008-09** | **2010-11** | **2018-19** | **2019-20** | **2020-21** | **2021-22** | **2022-23** | **2023-24** | **2024-25** |
| 72 | ജില്ലാ പഞ്ചായത്ത് | എണ്ണം | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 | 14 |
| 73 | ബ്ലോക്ക് പഞ്ചായത്ത് | എണ്ണം | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 | 152 |
| 74 | ഗ്രാമപഞ്ചായത്ത് | എണ്ണം | 999 | 999 | 999 | 978 | 941 | 941 | 941 | 941 | 941 | 941 | 941 |
| 75 | മുനിസിപ്പാലിറ്റികൾ | എണ്ണം | 53 | 53 | 53 | 60 | 87 | 87 | 87 | 87 | 87 | 87 | 87 |
| 76 | കോർപ്പറേഷനുകൾ | എണ്ണം | 5 | 5 | 5 | 5 | 6 | 6 | 6 | 6 | 6 | 6 | 6 |

#അലോപ്പതിയും ആയുഷും ഉൾപ്പെടെ
##സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകൾ 2019 മുതൽ 2023 വരെ
###റൂട്ടിന്റെ നീളവും റണ്ണിംഗ് ട്രാക്കും ഉൾപ്പെടെ
പി) പ്രൊവിഷണൽ എസ്റ്റിമേറ്റ്
(ക്യൂ) ക്വിക്ക് എസ്റ്റിമേറ്റ്
ha (ഹെക്ടർ)
Mu (മില്യൺ യൂണിറ്റ് )
* മൊത്തം ഉപഭോഗത്തിൽ ഓപ്പൺ ആക്സസ് ഉപഭോക്താക്കളും ക്യാപ്റ്റീവ് ജനറേഷനെതിരായ ഉപഭോഗവും ഉൾപ്പെടുന്നു.

# ജില്ലകൾ: അവലോകനം-2025

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭൂവിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ) | 2192 | 2491 | 2637 | 1414 | 2208 | 4358 | 3068 | 3032 | 4480 | 3550 | 2344 | 2131 | 2966 | 1992 | 38863 |
| 2 | വനഭൂമി (ചതുരശ്ര കിലോമീറ്ററിൽ)* | 1394 | 1197 | 1356 | 141 | 1344 | 3211 | 1469 | 1290 | 2047 | 2165 | 1882 | 1593 | 1832 | 1138 | 22059 |
| 3 | ജനസംഖ്യ 2011 (ലക്ഷത്തിൽ) | 33.01 | 26.35 | 11.97 | 21.28 | 19.75 | 11.1 | 32.82 | 31.21 | 28.11 | 41.13 | 30.86 | 8.17 | 25.23 | 13.07 | 334.06 |
| | ഗ്രാമം | 15.3 | 14.48 | 10.65 | 9.79 | 14.09 | 10.57 | 10.48 | 10.25 | 21.33 | 22.96 | 10.13 | 7.88 | 8.82 | 7.98 | 174.71 |
| | പുരുഷൻമാർ | 7.25 | 6.81 | 5 | 4.65 | 6.93 | 5.27 | 5.18 | 4.88 | 10.31 | 10.95 | 4.85 | 3.86 | 4.26 | 3.88 | 84.08 |
| | സ്ത്രീകൾ | 8.05 | 7.67 | 5.66 | 5.15 | 7.16 | 5.29 | 5.29 | 5.36 | 11.01 | 12 | 5.29 | 4 | 4.56 | 4.11 | 90.6 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011) | | | | | | | | | | | | | | | |
| | നഗരം | 17.72 | 11.87 | 1.32 | 11.48 | 5.65 | 0.52 | 22.34 | 20.96 | 6.77 | 18.17 | 20.73 | 0.32 | 16.41 | 5.09 | 159.35 |
| | പുരുഷൻമാർ | 8.57 | 5.66 | 0.62 | 5.48 | 2.76 | 0.25 | 11.01 | 9.92 | 3.28 | 8.65 | 9.86 | 0.15 | 7.56 | 2.41 | 76.19 |
| | സ്ത്രീകൾ | 9.15 | 6.21 | 0.7 | 6 | 2.9 | 0.26 | 11.33 | 11.04 | 3.49 | 9.52 | 10.86 | 0.16 | 8.85 | 2.68 | 83.16 |
| | പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011) | 62.3 | 154.8 | 6.3 | 84.8 | 88.6 | -9.6 | 51.3 | 149.7 | 89.8 | 410.2 | 88.2 | 6.6 | 35.3 | 117.8 | 92.8 |
| | ജനസാന്ദ്രത | 1508 | 1061 | 452 | 1504 | 895 | 255 | 1072 | 1031 | 627 | 1157 | 1316 | 384 | 852 | 657 | 860 |
| | മത്സ്യത്തൊഴിലാളികൾ (എണ്ണം) | 177905 | 133234 | 2217 | 199155 | 26076 | 735 | 142597 | 79229 | 2700 | 98425 | 115592 | 238 | 46204 | 46379 | 1070686 |
| | ആകെ ജനസംഖ്യയിൽ പട്ടികജാതിക്കാരുടെ ജനസംഖ്യ ശതമാനത്തിൽ | 11.3 | 12.46 | 13.74 | 9.46 | 7.79 | 13.12 | 8.18 | 10.39 | 14.37 | 7.5 | 6.45 | 3.99 | 3.3 | 4.08 | 9.1 |
| | ആകെ ജനസംഖ്യയിൽ പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ശതമാനത്തിൽ | 0.81 | 0.41 | 0.68 | 0.31 | 1.11 | 5.03 | 0.5 | 0.3 | 1.74 | 0.56 | 0.49 | 18.53 | 1.64 | 3.74 | 1.45 |
| 4 | സാക്ഷരതാ നിരക്ക് | | | | | | | | | | | | | | | |
| | പുരുഷൻ | 95.06 | 96.09 | 97.36 | 97.36 | 97.97 | 94.56 | 97.36 | 96.78 | 93.1 | 95.76 | 97.42 | 92.51 | 97.19 | 94.05 | 96.11 |
| | സ്ത്രീ | 91.17 | 92.31 | 95.83 | 94.24 | 96.48 | 89.45 | 94.46 | 93.56 | 85.79 | 91.62 | 92.99 | 85.7 | 93.29 | 86.49 | 92.07 |
| 5 | കൊഴിഞ്ഞു പോയവരുടെ ശതമാനം | 0.04 | 0.04 | 0.07 | 0.04 | 0.06 | 0.26 | 0.21 | 0.05 | 0.09 | 0.05 | 0.06 | 0.43 | 0.05 | 0.03 | 0.08 |
| | ലോവർ പ്രൈമറി | 0.04 | 0.03 | 0.08 | 0.06 | 0.06 | 0.25 | 0.3 | 0.04 | 0.06 | 0.07 | 0.08 | 0.12 | 0.04 | 0.03 | 0.08 |
| | അപ്പർ പ്രൈമറി | 0.02 | 0.01 | 0.05 | 0.01 | 0.01 | 0.2 | 0.18 | 0.01 | 0.06 | 0.04 | 0.04 | 0.14 | 0.02 | 0.02 | 0.05 |
| | ഹൈസ്കൂൾ | 0.05 | 0.06 | 0.07 | 0.03 | 0.09 | 0.31 | 0.16 | 0.11 | 0.14 | 0.03 | 0.05 | 1.04 | 0.1 | 0.04 | 0.11 |

| ക്രമ നമ്പർ | ഇനം | തിരുവനന്തപുരം | കൊല്ലം | പത്തനംതിട്ട | ആലപ്പുഴ | കോട്ടയം | ഇടുക്കി | എറണാകുളം | തൃശ്ശൂർ | പാലക്കാട് | മലപ്പുറം | കോഴിക്കോട് | വയനാട് | കണ്ണൂർ | കാസറഗോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **ജി.ഡി.വി.എ (2024-25) (ത്വരിതം) (സ്ഥിര വിലയിൽ)** | | | | | | | | | | | | | | | |
| 6 | ജി.ഡി.വി.എ (ത്വരിതം) (സ്ഥിര വിലയിൽ) | 5956787 | 5729641 | 1588558 | 4975317 | 4091033 | 1979311 | 8284241 | 6331137 | 4207041 | 5163681 | 5066269 | 996513 | 4235414 | 1961598 | 60566541 |
| | വിഹിതം (ശതമാനത്തിൽ) | | | | | | | | | | | | | | | |
| | പ്രാഥമികം | 5.34 | 8 | 20 | 4 | 11 | 26 | 6 | 5 | 9 | 9 | 7 | 18 | 7 | 13 | 8 |
| | ദ്വിതീയം | 18.98 | 29 | 16 | 41 | 25 | 20 | 30 | 29 | 33 | 22 | 33 | 10 | 36 | 32 | 28 |
| | തൃതീയം | 75.67 | 63 | 65 | 55 | 64 | 54 | 64 | 66 | 57 | 70 | 60 | 72 | 57 | 55 | 63 |
| 7 | കേരളത്തിലെ നെൽ ഉത്പാദനം മെട്രിക് ടണ്ണിൽ | 3333.7 | 3122.54 | 8254.67 | 102331.51 | 49023.89 | 803.85 | 8309.59 | 74346.7 | 215140.87 | 29506.46 | 1888.54 | 21818.5 | 7792.71 | 4550.32 | 530223.86 |
| 8 | യഥാർത്ഥ ജലസേചിത ഭൂവിസ്തൃതി (ഹെക്ടറിൽ) | 6973.91 | 5103.53 | 6193.13 | 33735.04 | 19028.98 | 68164.43 | 26129.03 | 68021.93 | 81174.22 | 31202.42 | 4632.21 | 16574.21 | 13027.60 | 58316.91 | 438277.52 |
| 9 | വാണിജ്യ ബാങ്കുകളുടെ എണ്ണം (മാർച്ച് 2025) | 824 | 449 | 408 | 401 | 554 | 211 | 1078 | 793 | 535 | 545 | 520 | 161 | 420 | 237 | 7136 |
| 10 | CD അനുപാതം | 71.92 | 62.91 | 26.64 | 52.97 | 52.73 | 103.99 | 97.83 | 53.26 | 67.42 | 63.13 | 80.04 | 119.69 | 56.05 | 84.82 | 68.79 |
| 11 | രജിസ്റ്റർ ചെയ്ത എസ്എസ്ഐ/ എംഎസ്എംഇ | 10513 | 9382 | 3897 | 9120 | 6744 | 3619 | 11165 | 10130 | 9521 | 10773 | 9403 | 2856 | 8107 | 4462 | 109692 |
| 12 | PWD റോഡുകളുടെ നീളം (കി.മീ.) | 2380.51 | 1925.49 | 1406.82 | 1994.67 | 3311.84 | 2662.68 | 2965.89 | 1933.74 | 2103.24 | 2376.67 | 1953.62 | 877 | 2235.24 | 1445.74 | 29573.15 |
| 13 | മോട്ടോർ വാഹനങ്ങളുടെ എണ്ണം | 2169298 | 1420737 | 672820 | 1195107 | 1061662 | 473346 | 2372118 | 1803712 | 1343754 | 1979382 | 1710894 | 337432 | 1137952 | 519371 | 18197585 |
| 14 | എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾ | | | | | | | | | | | | | | | |
| | വിദേശ സഞ്ചാരികൾ (എണ്ണത്തിൽ ) | 171095 | 9048 | 735 | 46470 | 49318 | 136883 | 268614 | 18700 | 1459 | 11449 | 14224 | 3955 | 2649 | 3775 | 738374 |
| | ആഭ്യന്തര സഞ്ചാരികൾ (എണ്ണത്തിൽ ) | 3921054 | 488167 | 386300 | 705993 | 609752 | 3830186 | 4329536 | 2775175 | 613025 | 823026 | 1334089 | 1288135 | 857686 | 284865 | 22246989 |

*തുറന്ന വനം ഉൾപ്പെടെ

# പട്ടികകൾ


| നമ്പർ | ഇനം | പേജ് |
|---|---|---|
| 1.1.1 | ജിഡിപിയുടെ വളർച്ച, ഏജൻസി തിരിച്ചുള്ള കണക്ക് | 3 |
| 1.1.2 | 2022–23 മുതൽ 2024–25 വരെയുള്ള കാലയളവിലെ ദേശീയ വരുമാന കണക്കുകൾ. (രൂപ കോടിയിൽ) | 4 |
| 1.1.3 | 2021–22 മുതൽ 2024–25 വരെയുള്ള കേരള സംസ്ഥാനത്തിന്റെ വരുമാന സ്ഥിതിവിവരക്കണക്കുകൾ (രൂപ ലക്ഷത്തിൽ) | 5 |
| 1.1.4 | സമീപ വർഷങ്ങളിലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ മേഖലാ വിതരണം സ്ഥിര വിലയിൽ (രൂപ ലക്ഷത്തിൽ) | 6 |
| 1.1.5 | 2024–25 വർഷത്തിൽ , ഇന്ത്യയിലും കേരളത്തിലുമുള്ള തൊഴിലിലും മൊത്ത സംയോജിത മൂല്യത്തിലുമുള്ള വിവിധ മേഖലകളുടെ വിഹിതം (സ്ഥിര വിലയിൽ) | 8 |
| 1.1.6 | കേരളത്തിലെ ജില്ലകളുടെ മൊത്തം ജില്ലാ സംയോജിത മൂല്യം (നടപ്പ് വിലയിലും സ്ഥിര വിലയിലും) | 8 |
| 1.1.7 | പ്രതിശീർഷ മൊത്തം ജില്ല സംയോജിത മൂല്യം സ്ഥിര വിലയിൽ | 9 |
| 1.1.8 | 2025 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ(ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ | 9 |
| 1.2.1 | ഇന്ത്യയിലെയും കേരളത്തിലെയും ജനസംഖ്യയുടെ ഗ്രാമ–നഗര ഘടന – താരതമ്യം | 14 |
| 1.2.2 | ജനസംഖ്യാ പ്രൊജക്ഷൻ–ഇന്ത്യയും കേരളവും (1000–ൽ) | 14 |
| 1.2.3 | രോഗങ്ങൾ/ശീലങ്ങൾ അനുസരിച്ചുള്ള മരണങ്ങളുടെ എണ്ണം | 16 |
| 1.2.4 | വ്യത്യസ്ത പ്രായത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള ജനസംഖ്യാ വിതരണം – 2011 | 17 |
| 1.2.5 | കേരളത്തിലെ നഗരവൽക്കരണം 1901–2036 | 19 |
| 1.2.6 | ലോകത്തിലെ നഗരവൽക്കരണത്തിന്റെ വേഗത: ഒരു താരതമ്യം | 20 |
| 1.2.7 | മാസ്റ്റർ പ്ലാൻ കവറേജ് പുരോഗതി (2016 ഉം 2025 ഉം) | 21 |
| 1.4.1 | 2025 മാർച്ചിൽ കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല | 28 |
| 1.4.2 | പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2024 മാർച്ചിലും 2025 മാർച്ചിലും കേരളത്തിലെ വിവിധ ബാങ്കുകൾ നൽകിയ വായ്പകളുടെ താരതമ്യവിശകലനം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ) | 31 |
| 1.4.3 | കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2025 (രൂപ കോടിയിൽ) | 33 |
| 1.4.4 | കെ.എസ്.എഫ്.ഇയുടെ 2024 – 25 വർഷത്തെ ബിസിനസ് | 33 |
| 1.5.1 | 2013–14 മുതൽ 2024–25 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ പ്രധാന കമ്മി സൂചകങ്ങൾ കോടിയിൽ | 38 |
| 1.5.2 | 13, 14, 15 ധനകമ്മീഷൻ റിപ്പോർട്ടുകളിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡം ശതമാനത്തിൽ. | 41 |
| 1.5.3 | കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപകോടിയിൽ) | 42 |
| 1.5.4 | റവന്യൂ ചെലവിലെ പ്രവണത | 43 |
| 1.6.1 | 2024–25, 2025–26 വാർഷിക പദ്ധതിയുടെ മേഖല തിരിച്ചുള്ള വിഹിതം (കോടിയിൽ | 47 |
| 1.6.2 | വാർഷിക പദ്ധതിയിൽ മേഖല തിരിച്ചുള്ള ചെലവ് (കോടി രൂപ) | 48 |
| 2.1 | അതിദരിദ്രരെ കണ്ടെത്തുന്നതിന് അവലംബിച്ച പൊതു ഘടകങ്ങളും ഉപഘടകങ്ങളും | 57 |
| 2.2 | വികസന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്ക് നൽകിയ പ്രത്യേക പരിഗണന | 58 |
| 2.3 | സാമൂഹികമായി ഒറ്റപ്പെടൽ അനുഭവിക്കുന്ന ദരിദ്രർക്കായുള്ള പ്രത്യേക ഘടകങ്ങൾ | 58 |
| 2.4 | ഭക്ഷ്യസുരക്ഷയും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നതിന് വളരെ ദരിദ്രരായ കുടുംബങ്ങൾക്ക് നൽകുന്ന സേവനങ്ങൾ | 63 |

| | | |
|---|---|---|
| 3.1.1 | മൊത്തം മൂല്യവർദ്ധനവിൽ ജി.വി.എ/ജി.എസ്.വി.എ, കാർഷിക അനുബന്ധ മേഖലകളുടെ പങ്ക്, ദേശീയ തലത്തിലും സംസ്ഥാന തലത്തിലും (സ്ഥിരവില, അടിസ്ഥാന വർഷം 2011-12) | 70 |
| 3.1.2 | കേരളത്തിലെ കാർഷിക അനുബന്ധ മേഖലയിലെ മൊത്തം മൂല്യവർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക്, 2015-16 മുതൽ 2024-25 വരെ | 70 |
| 3.1.3 | നാളികേര വികസന കൗൺസിലിന്റെ ഭാഗമായി വിതരണം ചെയ്ത തെങ്ങിൻതൈകളുടെ എണ്ണം (2020-21 മുതൽ 2024-25 വരെ) | 74 |
| 3.1.4 | വിള തിരിച്ചുള്ള രാസജൈവകീടനാശിനികളുടെ ഉപഭോഗം, ടെക്നിക്കൽ ഗ്രേഡ്, മെട്രിക് ടണ്ണിൽ | 76 |
| 3.1.5 | സംസ്ഥാനത്തെ വളങ്ങളുടെ (എൻ.പി.കെ) ഉപഭോഗം 2019-20 മുതൽ 2024-25 വരെ, മെട്രിക് ടണ്ണിൽ | 77 |
| 3.1.6 | എം.ഐ.ഡി.എച്ച് പദ്ധതിയുടെ വിള വിസ്തൃതി വർദ്ധന പരിപാടിയ്ക്ക് കീഴിലുള്ള 2024-25 ലെ നേട്ടങ്ങൾ | 85 |
| 3.3.1 | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ മൂന്ന് വർഷങ്ങളിലെ വകുപ്പ്/ ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും (ലക്ഷത്തിലും ശതമാനത്തിലും) | 109 |
| 3.3.2 | ഉൽപ്പാദന വളർച്ചയും തന്ത്രപരമായ വിപണി സംരംഭങ്ങളും | 113 |
| 3.3.3 | കേരളത്തിലെ കാലിത്തീറ്റ ഫാമുകൾക്ക് കീഴിലുള്ള പ്രദേശം - 2018-19 മുതൽ 2024-25 വരെ | 114 |
| 3.3.4 | കന്നുകാലികളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി | 118 |
| 3.3.5 | കേരളത്തിലെ പാൽ ഉൽപ്പാദനം 2015-16 to 2024-25 | 122 |
| 3.3.6 | പതിനാലാം പഞ്ചവൽസരപദ്ധതി കാലയളവിലെ ക്ഷീര മേഖലയിലെ സാമ്പത്തിക പ്രകടനം | 123 |
| 3.6.1 | കേരളത്തിലെ വനങ്ങളുടെ തരം (വിസ്തീർണ്ണം ചതുരശ്ര കിലോമീറ്റർ) | 150 |
| 3.6.2 | വനം വകുപ്പ് പരിപാലിക്കുന്ന റോഡുകളുടെ ദൈർഘ്യം (കി.മി) | 152 |
| 3.6.3 | 2024-25 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യജീവി സമ്പർക്കത്തിന്റെ പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും | 152 |
| 3.6.4 | 2024-25 ലെ മനുഷ്യ-വന്യ സംഘർഷങ്ങൾമൂലമുള്ള മനുഷ്യ മരണങ്ങൾ | 153 |
| 3.6.5 | കേരളത്തിൽ കത്തിനശിച്ച വനത്തിന്റെ വിസ്തൃതി (ഹെക്ടറിൽ) | 158 |
| 3.6.6 | പ്രസക്തമായ വിദേശ ഇനം വനത്തോട്ടങ്ങളുടെ വിസ്തൃതിയിലെ പ്രവണതകൾ (ഹെക്ടറിൽ) | 158 |
| 3.6.7 | പ്രധാന വരുമാന സ്രോതസ്സുകൾ (തുക ലക്ഷത്തിൽ) | 160 |
| 3.7.1 | ജൈവവൈവിധ്യ സ്ഥിതിവിവരക്കണക്കുകൾ | 165 |
| 3.7.2 | സ്റ്റേഷൻ തരങ്ങളും സ്റ്റേഷനുകളുടെ എണ്ണവും | 168 |
| 3.7.3 | രജിസ്ട്രേഷൻ സ്റ്റാറ്റസ് | 171 |
| 3.8.1 | കേരളത്തിലെ കാർഡ് ഉടമകൾക്ക് അർഹതയുള്ള ഭക്ഷ്യധാന്യങ്ങൾ | 179 |
| 3.8.2 | 2025 മാർച്ച് വരെ കേരളത്തിലെ കാറ്റഗറി തിരിച്ചുള്ള കാർഡ് ഉടമകൾ | 180 |
| 3.8.3 | വിവിധ വിഭാഗത്തിലുള്ള കാർഡ് ഉടമകൾക്കായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ | 181 |
| 3.8.4 | ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ | 183 |
| 3.8.5 | 2025-ൽ സുജലം പദ്ധതിയിൽ നിന്നുള്ള വിൽപ്പന വരുമാനം (രൂപ) | 184 |
| 3.8.6 | 2024-25-ൽ ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുന്നതിനുള്ള ഗതാഗത കൈകാര്യം ചെയ്യൽ ചെലവുകൾ (രൂപ കോടിയിൽ) | 187 |
| 3.8.7 | 2024-25 ലെ റേഷൻ കട ഡീലർമാർക്കുള്ള കമ്മീഷൻ (രൂപ കോടിയിൽ) | 187 |
| 4.1.1 | ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യ വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഫാക്ടറി മേഖലയെപറ്റി ഒരു താരതമ്യം 2023-24 | 193 |
| 4.1.2 | തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, കേരളം, ഇന്ത്യ, 2023-24 | 194 |
| 4.2.1 | ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം (കോടിയിൽ) | 199 |
| 4.2.2 | ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 200 |

| | | |
|---|---|---|
| 4.3.1 | കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (കോടി രൂപയിൽ) | 206 |
| 4.3.2 | കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2017-18 മുതൽ 2025-26 വരെ (രൂപ കോടിയിൽ) | 207 |
| 4.3.3 | കിൻഫ്രയുടെ ഭൗതിക നേട്ടങ്ങൾ | 210 |
| 4.3.4 | കിൻഫ്രയുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ (രൂപ കോടിയിൽ) | 210 |
| 4.3.5 | കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ) | 210 |
| 4.3.6 | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുരോഗതി (രൂപ ലക്ഷത്തിൽ ) | 211 |
| 4.3.7 | മേഖല തിരിച്ചുള്ള വായ്പകളുടെയും മുൻകൂറുകളുടെയും വർഗീകരണം രൂപ ലക്ഷത്തിൽ | 212 |
| 4.4.1 | എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം | 217 |
| 4.4.2 | 2020-21 മുതൽ 2024-25 വരെയുള്ള MSME മേഖലയിലെ നേട്ടം (2025 മാർച്ച് 31 വരെ | 220 |
| 4.4.3 | കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ | 221 |
| 4.4.4 | സംസ്ഥാന പദ്ധതികൾ | 222 |
| 4.4.5 | ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ തൊഴിൽ | 223 |
| 4.4.6 | വൻകിട, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, 2025 മാർച്ച് 31 വരെ | 224 |
| 4.5.1 | ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ തൊഴിൽ | 229 |
| 4.6.1 | ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതവും ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ) | 240 |
| 4.6.2 | ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിലാളികൾ 2020-21 - 2024-25 | 246 |
| 4.6.3 | 2023-24, 2024-25 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിലാളികളുടെ എണ്ണം | 247 |
| 4.6.4 | കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 247 |
| 4.6.5 | 2023-24,2024-25 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും | 247 |
| 4.6.6 | കയർ മേഖലയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതവും ചെലവും | 250 |
| 4.6.7 | 2024-25 ൽ കശുവണ്ടി ഉൽപ്പാദനത്തിലെ മുൻനിര രാജ്യങ്ങൾ (മെട്രിക് ടണ്ണിൽ) | 256 |
| 4.6.8 | കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം - 2014-15 മുതൽ 2024-25 വരെ, ഹെക്ടറിലും, മെട്രിക് ടണ്ണിലും. | 260 |
| 4.6.9 | കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും, പതിമൂന്നാം പഞ്ചവത്സര പദ്ധതി, 2024-25, 2025-26 വാർഷിക പദ്ധതി | 261 |
| 4.6.10 | കെ.എസ്.സി..ഡി.സി യുടെ വിൽപ്പന വിറ്റുവരവ്, രൂപ കോടിയിൽ | 261 |
| 4.6.11 | കാപെക്സിന്റെ വിൽപ്പന വിറ്റുവരവ്, (രൂപ കോടിയിൽ) | 263 |
| 4.6.12 | വിവിധ രാജ്യങ്ങളിൽ നിന്നുള്ള അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതി, ലക്ഷം രൂപയിൽ | 264 |
| 5.1.1 | പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ) | 271 |
| 5.1.2 | സംസ്ഥാന സമ്പദ്ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന | 275 |
| 5.1.3 | ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി | 275 |
| 5.1.4 | ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി(ഏക്കറിൽ) | 276 |
| 5.1.5 | ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങളുടെ സൂചകങ്ങൾ | 277 |
| 5.1.6 | സൈബർപാർക്കിന്റെ പ്രവർത്തന നേട്ടങ്ങൾ | 278 |
| 5.1.7 | KFON പദ്ധതിയുടെ നിലവിലെ സ്ഥിതി | 279 |
| 5.1.8 | 2022-23 മുതലുള്ള കെഎസ്യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ | 281 |
| 5.1.9 | പ്രധാന ഭൗതിക നേട്ടങ്ങൾ | |

| | | |
|---|---|---|
| 5.2.1 | ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ 2021–22 മുതൽ 2025–26 വരെയുള്ള വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ) | 288 |
| 5.2.2 | 2023–24 & 2024–25–ലെ കേന്ദ്ര – സംസ്ഥാന സർക്കാർ പദ്ധതികൾ | 296 |
| 5.3.1 | വിനോദസഞ്ചാരം –അടിസ്ഥാന വിവരങ്ങൾ | 298 |
| 5.3.2 | 2023 ലും 2024 ലും വിദേശ വിനോദ സഞ്ചാരികളുടെ ഇന്ത്യയിലേക്കുള്ള വരവിന്റെയും കേരളത്തിലേക്കുള്ള സന്ദർശനത്തിന്റെയും എണ്ണം മാസാടിസ്ഥാനത്തിൽ | 299 |
| 5.3.3 | കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ – മാസം തിരിച്ച് | 301 |
| 5.3.4 | 2015 മുതൽ 2024 വരെ കേരളത്തിന് വിനോദസഞ്ചാരത്തിൽ നിന്നു ലഭിച്ച ആകെ വരുമാനം (പ്രത്യക്ഷവും പരോക്ഷവുമായത്) | 303 |
| 5.4.1 | ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതിയും ഇറക്കുമതിയും: 2018–19 മുതൽ 2024–25 വരെ, മൂല്യം ബില്യൺ യുഎസ് ഡോളറിൽ | 309 |
| 5.4.2 | കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക്, 2022–23 മുതൽ 2024–25 വരെ, അളവ് ലക്ഷം മെട്രിക് ടണ്ണിൽ | 310 |
| 5.4.3 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി, 2020–21 മുതൽ 2024–25 വരെ (അളവ് മെട്രിക് ടണ്ണിൽ, മൂല്യം രൂപ കോടിയിൽ) | 311 |
| 5.4.4 | 2017–18 മുതൽ 2024–25 വരെയുള്ള കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി, കോടി രൂപയിൽ | 314 |
| 5.4.5 | 2023–24 , 2024–25 വർഷങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള പ്രധാന കശുവണ്ടി ഇനങ്ങളുടെ കയറ്റുമതിയുടെ ഘടന അളവ് കിലോഗ്രാമിലും മൂല്യം ലക്ഷം രൂപയിലും. | 314 |
| 5.4.6 | 2023–24, 2024–25 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടി, അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും. | 315 |
| 5.4.7 | കേരളത്തിൽ നിന്നും ഇന്ത്യയിൽ നിന്നുമുള്ള തേയില കയറ്റുമതി 2020–21 മുതൽ 2024–25 വരെ, അളവ് മെട്രിക് ടൺ, രൂപ ലക്ഷത്തിൽ | 316 |
| 5.4.8 | 2018–19 മുതൽ 2024–25 വരെയുള്ള ഇന്ത്യയിലും കേരളത്തിലും നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി, അളവ് മെട്രിക് ടൺ, മൂല്യം ലക്ഷം രൂപയിൽ | 316 |
| 5.5.1 | 2016 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ തടവുകാരുടെ എണ്ണം | 333 |
| 5.5.2 | 2024–25 ൽ കേരളത്തിലെ ജുഡീഷ്യൽ, എക്സിക്യൂട്ടീവ് പ്രൊബേഷണർമാരുടെ എണ്ണം | 335 |
| 5.5.3 | 2024–25 ലെ ആഫ്റ്റർകെയർ സേവനങ്ങളുടെയും പുനരധിവാസത്തിന്റെയും നേട്ടങ്ങൾ | 336 |
| 6.1.1 | 2024ലും 2025 ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം | 346 |
| 6.1.2 | 2019–20 മുതൽ 2025–26 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ | 349 |
| 6.1.3 | 2025–26 ൽ (താൽക്കാലികം) കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 349 |
| 6.1.4 | സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക് | 350 |
| 6.1.5 | ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2024–25 | 351 |
| 6.1.6 | 2024–25 ൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും ശതമാനവും | 358 |
| 6.1.7 | 2024–25 ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ | 359 |
| 6.1.8 | ബി.ടെക് ഫലം, 2025 | 368 |
| 6.1.9 | എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2025 | 368 |
| 6.1.10 | പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം | 370 |
| 6.2.1 | ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം | 376 |
| 6.2.2 | ഇന്ത്യയുമായി താരതമ്യം ചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ | 377 |

| | | |
|---|---|---|
| 6.2.3 | പ്രധാന പ്രത്യുല്പാദന സൂചകങ്ങൾ, കേരളവും ഇന്ത്യയും | 378 |
| 6.2.4 | ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി | 379 |
| 6.2.5 | 2016-ലെയും 2025-ലെയും ആരോഗ്യ സംവിധാനങ്ങളുടെ സ്ഥിതി | 380 |
| 6.2.6 | 2016-ലെയും 2025-ലെയും മനുഷ്യവിഭവശേഷി (എണ്ണം) സംബന്ധിച്ച വിശദാംശങ്ങൾ | 382 |
| 6.2.7 | 2016-21 ലും 2021-2025 ലും സൃഷ്ടിച്ച പോസ്റ്റുകൾ | 383 |
| 6.2.8 | ഇ-ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ | 384 |
| 6.2.9 | 2017-22 ലെ 13-ാം പദ്ധതിയുടെ അവസാന വർഷത്തെ വകുപ്പടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും, 2025 ഒക്ടോബർ വരെയുള്ള 14-ാം പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിലെ മൊത്തം അടങ്കലും ചെലവും (രൂപ കോടിയിൽ). | 384 |
| 6.2.10 | ആരോഗ്യ കുടുംബക്ഷേമത്തിനുള്ള  നിക്ഷേപം (രൂപ കോടിയിൽ) | 385 |
| 6.2.11 | ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ | 388 |
| 6.2.12 | ആരോഗ്യം ആനന്ദത്തിൽ കാൻസർ പരിശോധന നടത്തിയ വിവരങ്ങൾ | 388 |
| 6.2.13 | ജില്ലാ കാൻസർ കെയർ റിപ്പോർട്ട് 2024-25 (ഒക്ടോബർ 31 വരെ) | 390 |
| 6.2.14 | NFHS 4 മായി താരതമ്യം ചെയ്ത് NFHS 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ | 393 |
| 6.2.15 | കേരളത്തിലെ സാംക്രമിക രോഗങ്ങളുടെ വ്യാപനം | 395 |
| 6.2.16 | കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം | 396 |
| 6.2.17 | 2012-13 മുതൽ കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ | 398 |
| 6.2.18 | 2020-21 മുതൽ 2025-26 (2025 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ പി.എം.-ജെ.എ.വൈ./ കെഎഎസ്പി യുടെ പുരോഗതി | 400 |
| 6.2.19 | ശ്രുതിതരംഗം പദ്ധതി പ്രകാരം നൽകുന്ന സഹായത്തിന്റെ വിശദാംശങ്ങൾ (2025 ഒക്ടോബർ 31 വരെ) | 400 |
| 6.2.20 | 2019-20 to 2025-26 വരെ (ഓഗസ്റ്റ് 31 വരെ) എൻ.എച്ച്.എം.-നുള്ള കേന്ദ്രസഹായം (രൂപ കോടിയിൽ) | 401 |
| 6.2.21 | 2024-25-ലെ ഇ എസ് ഐ ഡിസ്പെൻസറികൾ, ആശുപത്രികൾ, കിടക്കകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള എണ്ണം | 402 |
| 6.2.22 | 2024-25-ലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ | 403 |
| 6.2.23 | 2024-25 ലെയും 2025-26 ലെയും ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ | 403 |
| 6.2.24 | 2022-23 മുതൽ 2024-25 വരെ കെമിക്കൽ എക്സാമിനറുടെ ലബോറട്ടറിയിൽ ലഭിച്ച, വിശകലനം ചെയ്ത, തീർപ്പാക്കാത്ത കേസുകളുടെ വിശദാംശങ്ങൾ | 404 |
| 6.2.25 | വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2025 ലെ എണ്ണം) | 405 |
| 6.2.26 | ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ,  പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2025 മാർച്ച് | 406 |
| 6.2.27 | ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം (തുക ലക്ഷത്തിൽ) | 407 |
| 6.2.28 | കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വകാര്യ കോളേജുകളിലെ ഐ.എസ്.എം. വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം | 408 |
| 6.2.29 | ഹോമിയോപ്പതി വകുപ്പിലെ സ്പെഷ്യാലിറ്റി പദ്ധതികൾ | 409 |
| 6.3.1 | പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശ ഭരണ സ്ഥാപനം തിരിച്ച്) | 414 |
| 6.3.2 | 2016-17 മുതൽ 2024-25 വരെയുള്ള കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം | 414 |
| 6.3.3 | 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ | 416 |
| 7.1.1 | 2017-18,   2023-24 എന്നീ വർഷങ്ങളിലെ സാധാരണ നിലയിലുള്ള കണക്കുകൾ പ്രകാരമുള്ള ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽ പങ്കാളിത്ത നിരക്ക് (LFPR) | 422 |

| | | |
|---|---|---|
| 7.1.2 | തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) സാധാരണ നില (ps+ss) അനുസരിച്ച് | 423 |
| 7.1.3 (എ) | ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ – കാർഷികേതര തൊഴിലാളികൾ) | 423 |
| 7.1.3 (ബി) | ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ – കാർഷിക തൊഴിലാളികൾ) | 424 |
| 7.1.4 | ODEPC നടത്തുന്ന റിക്രൂട്ട്മെന്റുകളുടെ വിശദാംശങ്ങൾ | 425 |
| 7.1.5 | ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം (31.08.2025വരെ) | 427 |
| 7.1.6 | കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ – 2016 മുതൽ 2025 വരെ (എണ്ണത്തിൽ) | 428 |
| 7.2.1 | സംഘടിത പൊതുമേഖലയിലെ പുരുഷ/സ്ത്രീ തൊഴിൽ സേനയുടെ പങ്കാളിത്തത്തിന്റെ വിഹിതം (%) | 434 |
| 7.3.1 | പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ | 445 |
| 7.3.2 | 2024–25, 2025–26 കാലയളവിൽ സ്വയം തൊഴിൽ പദ്ധതിയിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം | 445 |
| 7.3.3 | കേരളത്തിലെ DDU GKY നില | 446 |
| 7.3.4 | കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) നേട്ടങ്ങൾ | 447 |
| 8.1.1 | ഇന്ത്യയിലും കേരളത്തിലും വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം(വയസ്സ് 15–49) | 454 |
| 8.1.2 | വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ പ്രവേശനം, കേരളം 2024–25 | 454 |
| 8.1.3 | ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനം (സർക്കാരും എയ്ഡഡും) 2024–25 | 455 |
| 8.1.4 | 2024–25 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ അനുപാതം (2025 ആഗസ്റ്റ് പ്രകാരം) | 455 |
| 8.1.5 | ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി | 456 |
| 8.1.6 | മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ | 456 |
| 8.1.7 | പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്നുള്ള ശരാശരി ദിവസ വേതനം/ശമ്പളം/ വരുമാനം എന്നിവയിലെ ലിംഗപദവിപദവി വ്യത്യാസം | 459 |
| 8.1.8 | കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്) | 460 |
| 8.1.9 | സംഘടിത മേഖലയിലെ തൊഴിൽ എണ്ണത്തിലും ശതമാനത്തിലും | 460 |
| 8.1.10 | സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം | 461 |
| 8.1.11 | കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ | 462 |
| 8.1.12 | അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ | 462 |
| 8.1.13 | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും | 463 |
| 8.1.14 | കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ. ആർ. ഇ. ജി. എ തൊഴിൽ നില, 2019–20 മുതൽ 2024–25 വരെ | 464 |
| 8.1.15 | തീരുമാനമെടുക്കുന്നതിലെ വനിതാ പങ്കാളിത്തം–ഇന്ത്യയിലും കേരളത്തിലും | 464 |
| 8.2.1 | 2017–18 മുതൽ 2025–26 വരെ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം | 474 |
| 8.2.2 | ലൈഫ് മിഷന് കീഴിൽ പട്ടികജാതി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം (എല്ലാ ഘട്ടങ്ങളും ചേർത്ത്) | 476 |
| 8.2.3 | വായ്പാ വിതരണത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ | 501 |
| 8.3.1 | സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ | 504 |
| 8.3.2 | വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെയും വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം | 504 |

| | | |
|---|---|---|
| 8.3.3 | നിപ്മർ (NIPMR) സേവന വിതരണ സ്ഥിതിവിവരക്കണക്കുകൾ (ഏപ്രിൽ 2024 - മാർച്ച് 2025) | 507 |
| 8.3.4 | സാമൂഹ്യനീതി വകുപ്പിന്റെ 2024-25 ലെ പ്രധാന പരിപാടികൾ | 508 |
| 8.3.5 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന ഇടപെടലിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളുടെ എണ്ണം | 509 |
| 9.2.1 | ഉപയോഗവും ഇരിപ്പിട ശേഷിയും അനുസരിച്ച് കേരളത്തിലെ പത്ത് പ്രധാന സ്റ്റേഡിയങ്ങൾ | 535 |
| 9.2.2 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിവിധ കായിക അവാർഡുകൾ | 539 |
| 9.2.3 | വിവിധ ക്ലബ്ബുകൾ | 542 |
| 10.1.1 | ഇന്ത്യയിലേക്കുള്ള പണമയക്കലിന്റെ രാജ്യാടിസ്ഥാനത്തിലുള്ള വിഹിതം (ബാങ്കുകൾ വഴി) | 548 |
| 10.1.2 | 2023-24 ലെ ഇന്ത്യയുടെ ഇൻവേർഡ് റെമിറ്റൻസ് സംസ്ഥാനം / കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള വിഹിതം | 549 |
| 10.1.3 | കേരളത്തിൽ നിന്നുള്ള വനിതാ പ്രവാസികളുടെ താമസ രാജ്യാടിസ്ഥാനത്തിൽ (ശതമാനം) | 550 |
| 10.1.4 | വനിതാ പ്രവാസികളുടെ വിശദാംശങ്ങൾ 2018, 2023 എന്നീ വർഷങ്ങളിൽ ശതമാനത്തിൽ | 551 |
| 10.1.5 | സ്ത്രീ കുടിയേറ്റക്കാരുടെ പ്രധാന തൊഴിലുകൾ | 551 |
| 10.1.6 | കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെ.എൻ.ആർ.കെ.ഡബ്ല്യു.ബി) 2021-22, മുതൽ 2025-26 (2025 ഒക്ടോബർ 15 വരെ) വരെ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (2025 ഒക്ടോബർ 15 വരെ) | 554 |
| 11.1.1 | ഇന്ത്യയിലെ റോഡ് ശൃംഖല | 557 |
| 11.1.2 | ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം നടത്തിയ സർവ്വെയുടെ വിശദാംശങ്ങൾ | 558 |
| 11.1.3 | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ (കിലോമീറ്ററിൽ) | 559 |
| 11.1.4 | സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം | 573 |
| 11.1.5 | ഐവി നിയമം നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ | 580 |
| 11.1.6 | കേരളത്തിൽ രജിസ്റ്റർ ചെയ്ത വെസ്സലുകളുടെ എണ്ണം | 580 |
| 11.1.7 | കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ 2020-21 മുതൽ 2024-25 വരെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം (അളവ് ടണ്ണിൽ) | 581 |
| 11.1.8 | കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിലൂടെ ലഭിച്ച വരുമാനം (2020-21 മുതൽ 2024-25 വരെ) (തരം തിരിച്ച്) | 581 |
| 11.1.9 | കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം (വർഷം തിരിച്ച്) (ആയിരം ടണ്ണിൽ) | 582 |
| 11.1.10 | ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം നടത്തിയ സർവ്വെയുടെ വിശദാംശങ്ങൾ | 585 |
| 11.1.11 | കേരളത്തിലെ ദേശീയ ജലപാതകൾ | 587 |
| 11.1.12 | കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത-3 ലെ (കൊല്ലം - കോട്ടപ്പുറം ഭാഗം) ചരക്ക് നീക്കം - മെട്രിക് മില്യൺ ടണ്ണിൽ (എം എം ടി) | 587 |
| 11.2.1 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 31.12.2024 പ്രകാരം | 591 |
| 11.2.2 | ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി(മെഗാവാട്ട്) 31.12.2024 പ്രകാരം, മേഖല തിരിച്ച് | 591 |
| 11.2.3 | 2024-25 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും | 592 |
| 11.2.4 | കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി | 595 |
| 11.2.5 | 2024-25 ൽ വൈദ്യുത അപകടങ്ങൾ സംഭവിച്ച മനുഷ്യർ/മൃഗങ്ങളുടെ എണ്ണം | 599 |
| 11.3.1 | 2025, ആഗസ്റ്റ് മാസം വരെയുള്ള കണക്കനുസരിച്ച് കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം | 604 |
| 11.3.2 | കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ. | 605 |
| 11.4.1 | 2025 ഒക്ടോബർ 31 വരെയുള്ള ജൽ ജീവൻ മിഷന്റെ (ജെ.ജെ.എം) സാമ്പത്തിക പുരോഗതി (രൂപ കോടിയിൽ) | 615 |
| 11.4.2 | 2025 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ | 616 |

| | | |
|---|---|---|
| 11.5.1 | ലൈഫ് മിഷൻ പുരോഗതി ഒറ്റനോട്ടത്തിൽ - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൂർത്തീകരിച്ച വീടുകൾ (2017 മുതൽ 31.10.2025 വരെ) | 621 |
| 11.5.2 | ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (2025 ഒക്ടോബർ 31 വരെ) | 622 |
| 11.6.1 | ആർകെഐക്ക് കീഴിലുള്ള പദ്ധതികളുടെ വിഹിതവും ചെലവും, 2025-26, രൂപ ലക്ഷത്തിൽ | 630 |
| 11.7.1 | 2025 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയിൽ കിഫ്ബി അംഗീകാരം നല്കിയ പ്രൊജക്ടുകൾ (രൂപ കോടിയിൽ) | 636 |
| 11.7.2 | 2025 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയിൽ കിഫ്ബി അംഗീകാരം നല്കിയ പ്രൊജക്ടുകൾ (രൂപ കോടിയിൽ) | 636 |
| 11.7.3 | അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്വസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ (2016 -17 മുതൽ 2024 -25 വരെ) (രൂപ കോടിയിൽ) | 638 |
| 12.1.1 | 2024-25 ലെ പ്രത്യേക മേഖലാ പദ്ധതിക്കുള്ള ചെലവ് (രൂപ ലക്ഷത്തിൽ) | 662 |
| 12.1.2 | പി.എം.എ.വൈ അർബൻ പദ്ധതി പ്രകാരം ജില്ല തിരിച്ച് അംഗീകാരം നൽകി പൂർത്തിയാക്കിയ വീടുകൾ (30.11.2025 വരെ) എണ്ണത്തിൽ | 666 |
| 12.1.3 | മാലിന്യ സംസ്കരണത്തിലെ ഭൗതിക നേട്ടങ്ങൾ, 2016-17 മുതൽ 2025-26 വരെ | 667 |
| 12.1.4 | 2016-2025 കാലയളവിൽ റോഡ് നിർമ്മാണത്തിനുപയോഗിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിശദാംശങ്ങൾ | 669 |
| 12.1.5 | സംസ്ഥാനത്ത് 2019-20മുതൽ 2023-24 വരെ ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ് | 670 |
| 12.1.6 | എസ്.ബി.എം ഗ്രാമങ്ങളുടെ ODF പ്ലസ് ,ഖര, ദ്രവ മാലിന്യ സംസ്കരണ വിശദാംശങ്ങൾ (2025 ഡിസംബർ 1 ലെ കണക്കുകൾ പ്രകാരം) | 671 |
| 12.1.7 | കെ.എസ്.ഡബ്ല്യു.എം.പി പദ്ധതിയുടെ സാമ്പത്തിക പുരോഗതി (രൂപ ലക്ഷത്തിൽ) | 673 |
| 12.1.8 | സ്വച്ഛ് സർവേക്ഷൻ 2024-25 ൽ കേരളത്തിൽ നിന്നും തിരഞ്ഞെടുത്ത നഗര തദ്ദേശ സ്ഥാപനങ്ങളുടെ പ്രകടനം | 673 |
| 12.1.9 | അമൃത് 2.0 പ്രകാരമുള്ള ഭൗതിക പുരോഗതി | 676 |
| 12.1.10 | എംജിഎൻആർഇജിഎസ് - 2024-25 ലെ ദേശീയ തലവുമായി താരതമ്യപ്പെടുത്തിയുള്ള കേരളത്തിന്റെ സ്ഥിതി | 680 |
| 12.1.11 | തൊഴിൽ സൃഷ്ടിക്കലിന്റെയും പ്രകടനത്തിന്റെയും അവലോകനം | 681 |
| 12.1.12 | 2024-25, 2025-26 (അഗസ്റ്റ് 31) വരെയുമുള്ള സാമ്പത്തിക പുരോഗതി (തുക കോടികളിൽ) | 682 |
| 12.1.13 | 2024-25 സാമ്പത്തിക വർഷത്തിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രായവിഭാഗം അനുസരിച്ചുള്ള വിഭജനം | 684 |

# ചിത്രങ്ങൾ


| Figure No. | Figure Title | Page No. |
|---|---|---|
| 1.1.1 | പ്രതിശീർഷ അറ്റ ആഭ്യന്തര ഉൽപ്പാദനവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും 2011-12 ലെ സ്ഥിര വിലയിൽ | 5 |
| 1.1.2 | 2020-21 മുതൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ മൂന്ന് അടിസ്ഥാന മേഖലകളുടെ വളർച്ചാ നിരക്ക് (മൊത്ത സംസ്ഥാന സംയോജിത മൂല്യം സ്ഥിര വിലയിൽ) | 7 |
| 1.1.3 | ഇന്ത്യയിലെ പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥാനവർഷം 2012) 2025 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇന്റക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ | 10 |
| 1.1.4 | കേരളത്തിലെ പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥാനവർഷം 2012) 2025 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇന്റക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ | 10 |
| 1.2.1 | 2001, 2011 കാലഘട്ടത്തിലെ കേരളത്തിലെ ജനസംഖ്യ | 13 |
| 1.2.2 | ഇന്ത്യയിലെയും കേരളത്തിലെയും ഗ്രാമീണ – നഗര ജനസംഖ്യ – താരതമ്യം (ശതമാനത്തിൽ) | 14 |
| 1.2.3 | 2001, 2011 സെൻസസിലെ കേരളത്തിന്റെ ജില്ല തിരിച്ചുള്ള ജനസംഖ്യ | 17 |
| 1.2.4 | ഇന്ത്യയിലെ നഗരവൽക്കരണ പ്രവണത | 18 |
| 1.3 | ബഹുമുഖ ദാരിദ്ര്യം കുറയ്ക്കുന്നതിൽ സംസ്ഥാനങ്ങളുടെ പ്രകടനം 2021 & 2023 | 24 |
| 1.4.1 | കേരളത്തിലെ ആഭ്യന്തര, പ്രവാസി, ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച – 2015 മുതൽ 2025 വരെ | 28 |
| 1.4.2 | പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിന്റെ വിഹിതം, മാർച്ച് 2025 | 29 |
| 1.4.3 | 2025 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം | 30 |
| 1.4.4 | കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും മാർച്ച് 2025 വരെയുള്ള ജില്ല തിരിച്ചുള്ള വിതരണം | 32 |
| 1.5.1 | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഉറവിടാടിസ്ഥാനത്തിലുള്ള വാർഷിക വളർച്ച, ശതമാനത്തിൽ | 39 |
| 1.5.2 | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ വിവിധ സ്രോതസ്സുകളുടെ വിഹിതം, ശതമാനത്തിൽ | 39 |
| 1.5.3 | 2020-21 മുതൽ 2024-25 വരെയുള്ള സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനം | 40 |
| 1.5.4 | വിവിധ ധനകാര്യ കമ്മീഷനുകളിൽ നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതം | 41 |
| 2.1 | അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ– ഘട്ടങ്ങൾ | 59 |
| 3.1.1 | തെക്ക് – പടിഞ്ഞാറൻ കാലവർഷത്തിൽ 2025 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ | 71 |
| 3.1.2 | 2024-25 ൽ കേരളത്തിലെ ഭൂവിനിയോഗരീതി | 71 |
| 3.1.3 | 2024-25 ലെ പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിന്റെ വിഹിതം | 88 |
| 3.1.4 | 2022 മാർച്ച് മുതൽ 2025 മാർച്ച് വരെയുള്ള കാർഷിക മേഖലയിലെ വായ്പാ വളർച്ച (രൂപ കോടിയിൽ) | 89 |
| 3.1.5 | 2024-25 ലെ ഏജൻസി തിരിച്ചുള്ള ദീർഘകാല കാർഷിക വായ്പാ ലഭ്യത | 90 |
| 3.1.6 | 2017-18 മുതൽ 2024-25 വരെയുള്ള മൊത്തം കാർഷിക വായ്പയിൽ ഉല്പാദന നിക്ഷേപ വായ്പകളുടെ വിഹിതം | 91 |

| | | |
|---|---|---|
| 3.2.1 | കേരളത്തിലെ നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ 2018-19 മുതൽ 2024-25 വരെയുള്ള പുരോഗതി | 102 |
| 3.3.1 | 2020-21 മുതൽ 2024-25 വരെ പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം | 109 |
| 3.3.2 | കേരളത്തിലെ ഇനം തിരിച്ചുള്ള പാൽ ഉല്പാദനം, 2024-25 | 110 |
| 3.3.3 | മുട്ട ഉല്പാദനവും വരുമാനവും | 111 |
| 3.3.4 | കേരളത്തിലെ ഇനം തിരിച്ചുള്ള മാംസോത്പാദനം | 112 |
| 3.3.5 | 2018-19 മുതൽ 2024-25 വരെ കന്നുകാലി ഉൽപ്പന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത | 118 |
| 3.3.6 | കേരളത്തിലെ പ്രവർത്തന ക്ഷമമായ ആപ്കോസ് നോൺ ആപ്കോസ് സംഘങ്ങളുടെ വിവരം | 124 |
| 3.4.1. | ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം - സമുദ്ര, ഉൾനാടൻ മത്സ്യബന്ധനത്തിന്റെ പങ്ക് | 128 |
| 3.4.2 | കഴിഞ്ഞ പത്ത് വർഷങ്ങളിലെ കേരളത്തിലെ മത്സ്യോല്പാദനം | 129 |
| 3.4.3 | അക്വാക്കൾച്ചറിന്റേയും കാപ്ച്ചറിന്റേയും പങ്ക് (ലക്ഷം മെട്രിക് ടൺ) | 130 |
| 3.4.4 | 2016-17 മുതൽ 2024-25 വരെയുള്ള മത്സ്യവിത്ത് ഉല്പാദനം (ലക്ഷത്തിൽ) | 131 |
| 3.5.1 | ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളിലെ 2024, 2025 ലെ സംഭരണ നില | 139 |
| 3.6.1 | വനമേഖലയുടെ വളർച്ച (ച. കി.മീറ്ററിൽ) കേരളത്തിൽ - 2011 മുതൽ 2023 | 151 |
| 3.6.2 | ജില്ല തിരിച്ചുള്ള വനവനവിസ്തൃതി (ച. കി.മീറ്ററിൽ) | 151 |
| 3.6.3 | കഴിഞ്ഞ ദശകത്തിൽ വനത്തിൽ നിന്നുള്ള വരുമാനം (കോടിയിൽ) | 154 |
| 3.6.4 | വന വരുമാനത്തിലെ പ്രവണതകളും 2019-20 മുതൽ 2024-25 വരെയുള്ള തടി വരുമാനവും (കോടിയിൽ) | 155 |
| 3.7.1 | കേരളത്തിലെ റെസിഡൻഷ്യൽ ഏരിയകളിലെ പ്രധാന മോണിറ്ററിംഗ് സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2024 | 169 |
| 3.7.2 | കേരളത്തിലെ സെൻസിറ്റീവ് മേഖലകളിലെ 3 പ്രധാന നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2024 | 169 |
| 3.7.3 | കേരളത്തിലെ വ്യാവസായിക മേഖലകളിലെ 11 നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2024 | 169 |
| 3.7.4 | 2023 ലും 2024 ലും തെരഞ്ഞെടുത്ത നദീതടങ്ങളിലെ ബി.ഒ.ഡി അളവ് | 172 |
| 3.8.1 | 2025-ൽ എഎവൈ ഗുണഭോക്താക്കൾക്കുള്ള ഓണം ഭക്ഷ്യ കിറ്റുകളുടെ ജില്ല തിരിച്ചുള്ള വിതരണം, എണ്ണത്തിൽ | 181 |
| 3.8.2 | ഉച്ചഭക്ഷണ പരിപാടി 2016-17 മുതൽ 2025-26 വരെ | 185 |
| 4.2.1 | ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ മൊത്ത മൂല്യ വർദ്ധനവിലെ വാർഷിക വളർച്ച, സ്ഥിര വിലയിൽ (ശതമാനത്തിൽ). | 197 |
| 4.2.2 | കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൊത്തം മൂല്യ വർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക് (2011-12 സ്ഥിരവിലയിൽ), ശതമാനത്തിൽ | 198 |
| 4.2.3 | കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യ വർദ്ധനവ് (GSVA) സ്ഥിരവിലയിൽ (ലക്ഷത്തിൽ) | 199 |
| 4.3.1 | കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഗ്രോസ് ബ്ലോക്കും കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപ വിഹിതവും, ശതമാനത്തിൽ | 202 |
| 4.4.1 | എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം | 219 |
| 4.4.2 | കേരളത്തിൽ 2023-24, 2024-25 വർഷങ്ങളിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകൾ (ജില്ലാ അടിസ്ഥാനത്തിൽ) | 220 |

| | | |
|---|---|---|
| 4.6.1 | കേരളത്തിൽ 2023-24, 2024-25 വർഷങ്ങളിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകൾ (ജില്ലാ അടിസ്ഥാനത്തിൽ) | 248 |
| 4.6.2 | കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി | 250 |
| 4.6.3 | ഇന്ത്യയിലെ പ്രധാന ഉത്പാദക സംസ്ഥാനങ്ങളിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനവും വിസ്തൃതിയും (2024-25) | 257 |
| 4.6.4 | 2024-25-ൽ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ മൊത്തം കയറ്റുമതി | 257 |
| 4.6.5 | ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി (2019-20 മുതൽ) | 258 |
| 4.6.6 | ഇന്ത്യയിൽ നിന്ന് വറുത്തതും ഉപ്പുചേർത്തതുമായ കശുവണ്ടി പരിപ്പ് കയറ്റുമതി (2019-20 മുതൽ) | 258 |
| 4.6.7 | ഇന്ത്യയിലേക്കുള്ള കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി (2019-20 മുതൽ) | 259 |
| 5.2.1 | 2015-16 മുതൽ 2024-25 വരെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ | 294 |
| 5.2.2 | 2024-25 ൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ സ്പെഷ്യാലിറ്റി ക്ലിനിക്ക് തിരിച്ചുള്ള എണ്ണം | 294 |
| 5.2.3 | 2024-25 ൽ രജിസ്റ്റർ ചെയ്ത പ്രായവും ലിംഗഭേദവും തിരിച്ചുള്ള പുതിയ കേസുകൾ | 295 |
| 5.3.1 | ഇന്ത്യയിലും കേരളത്തിലും സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ വാർഷിക വളർച്ചാ നിരക്ക് (2015 മുതൽ 2024 വരെ), ശതമാനത്തിൽ | 298 |
| 5.3.2 | 2023 ലും 2024 ലും വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം4 | 299 |
| 5.3.3 | 2024-ൽ കേരളത്തിലെ വിദേശ വിനോദസഞ്ചാരികളുടെ മേഖല തിരിച്ചുള്ള സന്ദർശനങ്ങൾ, ശതമാനത്തിൽ | 300 |
| 5.3.4 | 2015 മുതൽ 2024 വരെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിലെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ | 301 |
| 5.3.5 | 2023 ലും 2024 ലും ആദ്യ പത്ത് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്, ശതമാനത്തിൽ | 302 |
| 5.3.6 | 2024 - ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ പ്രാദേശികാടിസ്ഥാനത്തിലുള്ള സന്ദർശനങ്ങൾ, ശതമാനത്തിൽ | 302 |
| 5.4.1 | ഇന്ത്യയിലെയും കേരളത്തിലെയും സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി അളവിലെ പ്രവണത, 2023-24, 2024-25 വർഷങ്ങളിൽ | 312 |
| 5.4.2 | 2024-25 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം, ശതമാനത്തിൽ | 312 |
| 5.4.3 | 2024-25 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി വിപണി യുടെ വിഹിതം ശതമാനത്തിൽ | 313 |
| 5.4.4 | 2024-25 ൽ ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി വിപണി തിരിച്ച്, ശതമാനത്തിൽ | 313 |
| 5.4.5 | 2024-25 ലെ കേരളത്തിന്റെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ | 313 |
| 5.4.6 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള (കൊച്ചി തുറമുഖം വഴി) കയർ കയറുൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവണത, 2018-19 മുതൽ 2024-25 വരെ, (അളവ് ലക്ഷം മെട്രിക് ടൺ) | 315 |
| 5.4.7 | ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയിലെ വളർച്ചാ പ്രവണത, 2019-20 മുതൽ 2024-25 വരെ (അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും) | 317 |

| | | |
|---|---|---|
| 5.5.1 | 2024–ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീ–സർവേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം | 320 |
| 5.5.2 | 2018–19 മുതൽ 2023–24 വരെ സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം | 328 |
| 6.1.1 | മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2024–25 | 347 |
| 6.1.2 | 2025–26 ൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം | 348 |
| 6.1.3 | സംസ്ഥാനത്തെ കരിക്കുലം (പാഠ്യപദ്ധതി) തിരിച്ചുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെ അനുപാതം | 348 |
| 6.1.4 | 2024–25 ൽ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം | 359 |
| 6.1.5 | 2024–25 ലെ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി–പട്ടിക വർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ | 360 |
| 6.2.1 | കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം | 399 |
| 6.2.2 | കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം | 405 |
| 7.2.1 | കഴിഞ്ഞ ഏഴ് വർഷമായി കേരളത്തിലെ തൊഴിലില്ലായ്മയുടെ പ്രവണത | 432 |
| 7.2.2 | കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ (ലക്ഷത്തിൽ) | 433 |
| 7.2.3 | 2025–ൽ പൊതുമേഖലയിലെ വിവിധ ശാഖകളിലെ തൊഴിൽ വിതരണം | 434 |
| 7.2.4 | 2025 മാർച്ചിൽ കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിലിന്റെ പ്രധാന മേഖലാ വിതരണം, (ശതമാനത്തിൽ) | 435 |
| 7.2.5 | കേരളത്തിലെ തൊഴിലന്വേഷകർ, (ലക്ഷത്തിൽ) | 436 |
| 7.2.6 | വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകരുടെ വിതരണം (2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്) | 436 |
| 7.2.7 | കേരളത്തിലെ തൊഴിലന്വേഷകർ, 2025–ൽ പുരുഷന്മാരും സ്ത്രീകളും (ലക്ഷത്തിൽ) | 437 |
| 7.2.8 | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം | 439 |
| 8.1.1 | കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം (എല്ലാ പ്രായക്കാർക്കും) | 458 |
| 8.1.2 | ഡബ്ല്യൂ പി ആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം | 458 |
| 8.1.3 | ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം | 459 |
| 8.1.4 | സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ | 461 |
| 8.2.1 | 2017–18 മുതൽ 2024–25 വരെ ഭൂമി ലഭ്യമാക്കിയ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 475 |
| 8.2.2 | വിവാഹ ധനസഹായ പദ്ധതിയിലൂടെ പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 480 |
| 8.2.3 | കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും പിന്നാക്ക വിഭാഗങ്ങൾക്കിടയിലെ സാക്ഷരതാ നിരക്ക് | 495 |
| 8.2.4 | മതം അനുസരിച്ച് കേരളത്തിലെ കുടിയേറ്റ ജനസംഖ്യ | 499 |
| 10.1.1 | കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർ, 1998, 2013, 2023 | 549 |
| 11.1.1 | 2015 മുതലുള്ള മോട്ടോർ വാഹനങ്ങളുടെ എണ്ണം | 561 |
| 11.1.2 | 2025 കേരളത്തിൽ 2025 ജനുവരി മുതൽ ഓഗസ്റ്റ് വരെ നടന്ന വാഹന അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള ശതമാനം | 562 |

| | | |
|---|---|---|
| 11.1.3 | 2019 മുതൽ 2024 വരെയുള്ള കേരളത്തിൽ മോട്ടോർ വാഹന അപകടങ്ങൾ, മരണങ്ങൾ, പരിക്കേറ്റവരുടെ എണ്ണം എന്നിയുടെ പ്രവണത | 563 |
| 11.1.4 | കൊച്ചി മെട്രോ വർഷം തിരിച്ചുള്ള മൊത്ത വരുമാന വരുമാനവും ചെലവും (കോടി രൂപയിൽ) | 567 |
| 11.1.5 | കൊച്ചി മെട്രോയുടെ വർഷം തിരിച്ചുള്ള യാത്രക്കാരുടെ എണ്ണം (2017 മുതൽ) (ലക്ഷങ്ങളിൽ) | 568 |
| 11.1.6 | കേരളത്തിലെ വിമാനത്താവളങ്ങളിലെ യാത്രക്കാരുടെ എണ്ണം | 569 |
| 11.1.7 | കേരളത്തിലെ വിമാനത്താവളങ്ങളിലെ വിമാന ഗതാഗതം (എണ്ണത്തിൽ) | 570 |
| 11.1.8 | കേരളത്തിലെ വിമാനത്താവളങ്ങളിലെ ചരക്ക് നീക്കം (മില്യൻ ടണ്ണിൽ) | 570 |
| 11.1.9 | 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ നിരക്ക് | 574 |
| 11.1.10 | 2024-25 കാലയളവിൽ വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതങ്ങളുടെ തുറമുഖം തിരിച്ചുള്ള ശതമാന വിഹിതം | 575 |
| 11.1.11 | 2023-24 ലും 2024-25 ലും കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ) | 576 |
| 11.1.12 | 2023-24 ലും 2024-25 ലും കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ) | 576 |
| 11.1.13 | 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ നോൺ- മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ പ്രവണത | 577 |
| 11.1.14 | 2024-25 ൽ നോൺ- മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതത്തിന്റെ എസ്എംബി/ഡിഒപി തിരിച്ചുള്ള ശതമാനം വിഹിതം | 578 |
| 11.1.15 | 2023-24 ലും 2024-25 ലും എസ്എംബി/ഡിഒപി വഴി കൈകാര്യം ചെയ്ത വിദേശ ചരക്കിന്റെ വിഹിതം (ടണ്ണിൽ) | 578 |
| 11.1.16 | 2023-24 ലും 2024-25 ലും എസ്എംബി/ഡിഒപി വഴി കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം (ടണ്ണിൽ) | 579 |
| 11.2.1 | 2020-21 മുതൽ 2024-25 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം | 593 |
| 11.2.2 | പ്രസരണ വിതരണ (റ്റി & ഡി )നഷ്ടം (2020-21 മുതൽ 2024-25 വരെ ), ശതമാനത്തിൽ | 594 |
| 11.2.3 | 2024-25 ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ) | 594 |
| 11.2.4 | കേരളത്തിലെ മൊത്തം സ്ഥാപിത ശേഷി 2024-25 (മെഗാ വാട്ട്), മേഖല തിരിച്ചുള്ള സംഭാവന (ശതമാനത്തിൽ) | 595 |
| 11.3.1 | 31.03.2025 ലെ കണക്കനുസരിച്ച്, വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം | 602 |
| 11.3.2 | 31.03.2025 ലെ കണക്കനുസരിച്ച്, വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം | 602 |
| 11.4.1 | ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2025 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം | 609 |
| 11.4.2 | 2025 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത | 609 |
| 11.7.1 | മേഖല തിരിച്ചുള്ള അംഗീകൃത പ്രോജക്ടുകൾക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ | 637 |
| 11.7.2 | 2025 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം, രൂപ കോടിയിൽ | 639 |
| 12.1.1 | 2024-25 ലെ ബജറ്റ് തുകയ്ക്കെതിരായ വികസന ഫണ്ട്-തലം തിരിച്ചുള്ള ചെലവ് (ശതമാനം) | 659 |
| 12.1.2 | 2024-25 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലം തിരിച്ചുള്ള ചെലവ് (ശതമാനത്തിൽ) | 659 |

| | | |
|---|---|---|
| 12.1.3 | 2024–25 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ മൊത്തം ചെലവിന്റെ മേഖലാ വിഹിതം | 660 |
| 12.1.4 | 2024–25 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഉപമേഖല തിരിച്ചുള്ള ഉൽപ്പാദന മേഖല ചെലവ് (ശതമാനത്തിൽ) | 661 |
| 12.1.5 | 2024–25 ൽ സേവന മേഖലയുടെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (ശതമാനം) | 661 |
| 12.1.6 | 2024–25 ലെ അടിസ്ഥാന സൗകര്യ മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (ശതമാനം) | 661 |
| 12.1.7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകടനം–ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളുടെതാരതമ്യം (2024–25) | 681 |
| 12.1.8 | 2024–25 വർഷത്തിൽ ആരംഭിച്ച ജില്ലാടിസ്ഥാനത്തിലുള്ള സൂക്ഷ്മ സംരംഭങ്ങളുടെ വിശദാംശങ്ങൾ (2024–25) | 688 |

# ബോക്സുകൾ


| Box No. | Box Title | Page No. |
|---|---|---|
| 1.5.1 | ആസൂത്രണ കമ്മീഷൻ അനന്തര കാലഘട്ടത്തിൽ ആസൂത്രണം നിലനിർത്തുന്നതിന്റെ പ്രാധാന്യം: കേരളത്തിൽ നിന്നുള്ള തെളിവുകൾ | 43 |
| 2.1 | വിജയകഥകൾ | 66 |
| 3.1.1 | കേരള ക്ലൈമറ്റ് റെസീലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡണൈസേഷൻ പ്രോജക്റ്റ് (കേര പ്രോജക്റ്റ്) | 78 |
| 3.1.2 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഡിജിറ്റൽ സംരംഭങ്ങൾ | 82 |
| 3.3.2 | ഡിജിറ്റൽ ഹെർഡ് ബുക്ക് സിസ്റ്റം | 115 |
| 3.4.1 | മത്സ്യമേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ | 134 |
| 3.5.1 | സംയോജിത ജലവിഭവ മാനേജ്മെന്റ് (ഐ.ഡബ്ല്യൂ.ആർ.എം) | 138 |
| 3.6.1 | പ്രത്യേക പ്രവർത്തനങ്ങൾ | 159 |
| 3.7.1 | പ്രത്യേക പ്രവർത്തനങ്ങൾ | 163 |
| 3.7.2 | പ്രത്യേക പ്രവർത്തനങ്ങൾ | 167 |
| 3.7.3 | പ്രത്യേക പ്രവർത്തനങ്ങൾ | 172 |
| 4.3.1 | ദേശീയ തലത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ | 203 |
| 4.3.2 | ആഗോള നിക്ഷേപക സംഗമം 2025 | 205 |
| 4.3.3 | കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ | 209 |
| 4.4.1 | മിഷൻ 1000 – സ്കെയിൽ അപ്പ് | 218 |
| 4.4.2 | കേരള ബ്രാൻഡ് ( മെയ്ഡ് ഇൻ കേരള) | 222 |
| 4.4.3 | മിഷൻ 1000–സ്കെയിൽ അപ്പ് | 224 |
| 5.1.1 | വിവര സാങ്കേതികവിദ്യ മേഖലയിലെ പ്രധാന നേട്ടങ്ങൾ | 270 |
| 5.2.1 | 2024–25 ലെ ആശുപത്രി സ്ഥിതിവിവരക്കണക്കുകൾ | 293 |
| 5.3.1 | വിനോദസഞ്ചാരം–അടിസ്ഥാന വിവരങ്ങൾ | 297 |
| 5.3.2 | കേരള ഡിസൈൻ നയം | 304 |
| 5.5.1 | എക്സൈസ് വകുപ്പിന്റെ പുതിയ സംരംഭങ്ങൾ, വിജയകഥകൾ, നവീന പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ | 325 |
| 6.1.1 | പരഖ് രാഷ്ട്രീയ സർവേക്ഷൻ 2024–ലെ കേരളത്തിന്റെ പ്രകടനം | 352 |
| 6.1.2 | സ്കൂളുകൾക്കായി കൈറ്റ് (KITE) നടപ്പിലാക്കുന്ന 'സമഗ്ര പ്ലസ്' അക്കാദമിക് മോണിറ്ററിംഗ് | 353 |
| 6.1.3 | ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾ | 362 |
| 6.1.4 | "സ്റ്റഡി ഇൻ കേരള" | 364 |
| 6.2.1 | ആരോഗ്യ മേഖലയുടെ പ്രധാന നേട്ടങ്ങൾ | 379 |
| 7.2.1 | കേരളത്തിലെ തൊഴിലില്ലായ്മയുടെ പ്രവണത | 432 |
| 8.2.1 | പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭൂമി | 475 |
| 8.2.2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് 2024–25–ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ | 477 |
| 8.2.3 | സമൃദ്ധി കേരളം–പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംരംഭകത്വ വികസന പരിപാടി | 479 |
| 8.2.4 | അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾപ രിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (ഐശ്വര്യ ഗ്രാമം) | 480 |
| 8.2.5 | സ്മാർട്ട് സ്റ്റഡി റൂം | 486 |

| | | |
|---|---|---|
| 8.2.6 | ത്രൈവ് പ്രോജക്റ്റ് (പട്ടികവർഗ്ഗ ഉന്നത വിദ്യാഭ്യാസവും മികവിനായുള്ള സംവേദനാത്മക സംരംഭങ്ങളും) | 486 |
| 8.2.7 | 2024-25 ൽ ആരോഗ്യ മേഖലയിൽ നൽകിയ സഹായം | 487 |
| 8.2.8 | പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന ദൗത്യവും പട്ടികവർഗ്ഗ ഉന്നതികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജും | 488 |
| 8.2.9 | 2024-25 ൽ കിർത്താഡ്സ് നടത്തിയ പ്രധാന പദ്ധതികൾ/പരിപാടികളും പഠനങ്ങളും | 492 |
| 8.2.10 | മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി | 496 |
| 9.1.1 | കേരള ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ (ITFOK 2025) | 525 |
| 9.2.1 | കായിക സമ്പദ്‌വ്യവസ്ഥ | 536 |
| 9.2.2 | അന്താരാഷ്ട്ര സഹകരണം | 537 |
| 11.1.1 | വിഷൻ സീറോ: 2030-ഓടെ റോഡ് അപകടങ്ങൾ ഇല്ലാതാക്കൽ | 564 |
| 11.1.2 | പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കെ.എസ്.ആർ.ടി.സിയുടെ പദ്ധതികൾ | 564 |
| 11.1.3 | കെ.എസ്.ആർ.ടി.സി.യിലെ സ്ഥാപനപരമായ പുനഃക്രമീകരണം: വാഹനശൃംഖലയുടെ നവീകരണവും ഡിജിറ്റലൈസേഷനും | 566 |
| 11.2.1 | "വെഹിക്കിൾ-ടു-ഗ്രിഡ് (V2G)" സംരംഭം | 596 |
| 11.7.1 | കിഫ്ബി @ 25: കേരളത്തിന്റെ ഭാവിയിലേക്കുള്ള കവാടം | 638 |
| 12.1.1 | വൃത്തി 2025 – ക്ലീൻ കേരള കോൺക്ലേവ് | 670 |

അദ്ധ്യായം

# 01

# കേരള സമ്പദ്‌വ്യവസ്ഥ

# കേരള സമ്പദ് വ്യവസ്ഥ

## 1.1 സ്ഥൂല സാമ്പത്തിക മേഖലയിലെ സമീപകാല പ്രവണതകളുടെ സംഗ്രഹം

**ആഗോള സാമ്പത്തിക സാഹചര്യവും ദേശീയ വീക്ഷണവും**
അന്താരാഷ്ട്ര നാണയ നിധിയുടെ ഒക്ടോബർ 2025 ലെ വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക് പ്രകാരം, ആഗോള സമ്പദ്‌വ്യവസ്ഥ 2025 ൽ 3.2 ശതമാനവും അടുത്ത വർഷം 3.1 ശതമാനവും വളർച്ച കൈവരിക്കുമെന്ന് പ്രവചിക്കുന്നു, ഇത് 2024 ലെ 3.3 ശതമാനത്തെക്കാൾ അല്പം കുറവാണ്. വളർന്നു വരുന്ന വിപണികളുടെയും വികസ്വര സമ്പദ്‌വ്യവസ്ഥകളുടെയും വളർച്ച 2024–ൽ 4.3 ശതമാനത്തിൽ നിന്ന് 2025–ൽ 4.2 ശതമാനമായും 2026–ൽ 4.0 ശതമാനമായും കുറയുമെന്ന് പ്രതീക്ഷിക്കുന്നു. വികസിത സമ്പദ്‌വ്യവസ്ഥകളിലെ വളർച്ച 2024 ലെ 1.8 ശതമാനത്തിൽ നിന്ന് 2025 ലും 2026 ലും 1.6 ശതമാനമായി കുറയുമെന്ന് കണക്കാക്കപ്പെടുന്നു. ഈ കുറയുന്ന പ്രവണത മറ്റ് അന്താരാഷ്ട്ര ഏജൻസികളായ ലോക ബാങ്ക്, ഒഇസിഡി എന്നിവ കൂടി സ്ഥിതീകരിച്ചിട്ടുണ്ട്. നയ അനിശ്ചിതത്വങ്ങൾ, ഉയർന്ന വ്യാപാര തടസ്സങ്ങൾ, വർദ്ധിച്ച ഭൂരാഷ്ട്രീയ സംഘർഷങ്ങൾ, നിയന്ത്രിത കുടിയേറ്റ നയങ്ങൾ, തൊഴിൽ ശക്തിയിലും തൊഴിലിലുമുള്ള കുറഞ്ഞ വളർച്ച എന്നിവയാണ് നിരക്ക് കുറയുന്നതിന് നിമിത്തമാകുന്നത്. ലോകബാങ്ക്, ഐഎംഎഫ്, ഒഇസിഡി എന്നിവയുടെ പ്രവചനങ്ങൾ പ്രകാരമുള്ള ആഗോള വളർച്ചാ പ്രവണത **പട്ടിക 1.1.1** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.1.1** ജിഡിപിയുടെ വളർച്ച, ഏജൻസി തിരിച്ചുള്ള കണക്ക്

| ഏജൻസി/വർഷം | 2024 | 2025* | 2026* |
|---|---|---|---|
| | **ലോകം** | | |
| ലോക ബാങ്ക് | 2.8 | 2.3 | 2.4 |
| ഐ.എം.എഫ് | 3.3 | 3.2 | 3.1 |
| ഒ.ഇ.സി.ഡി | 3.3 | 3.2 | 2.9 |
| | **ഇന്ത്യ** | | |
| ലോക ബാങ്ക് | 6.5 | 6.3 | 6.5 |
| ഐ.എം.എഫ് | 6.5 | 6.6 | 6.2 |
| ഒ.ഇ.സി.ഡി | 6.5 | 6.7 | 6.2 |

**ഉറവിടം**: ലോക ബാങ്കിന്റെ ഗ്ലോബൽ ഇക്കണോമിക് പ്രോസ്പെക്ട്സ്, ജൂൺ 2025, ഇൻറർനാഷണൽ മോണിറ്ററി ഫണ്ടിന്റെ വേൾഡ് എക്കണോമിക് ഔട്ട് ലുക്ക്, ഒക്ടോബർ 2025, ഒഇസിഡി ഇക്കണോമിക് ഔട്ട്‌ലുക്ക്, ഇടക്കാല റിപ്പോർട്ട്, സെപ്റ്റംബർ,2025 . *-പ്രൊജക്ഷനുകൾ

**ഇന്ത്യ– സ്ഥൂല സാമ്പത്തിക അവലോകനം**
എൻഎസ്ഒയുടെ വാർഷിക മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ (ജിഡിപി) താൽക്കാലിക കണക്കുകൾ പ്രകാരം, 2024–25 ൽ ഇന്ത്യയുടെ യഥാർത്ഥ മൊത്ത ആഭ്യന്തര ഉൽപാദനം (ജിഡിപി) 2023–24 ൽ രേഖപ്പെടുത്തിയ 9.2 ശതമാനത്തിൽ നിന്ന് 6.5 ശതമാനം വളർച്ച രേഖപ്പെടുത്തി 187.97 ലക്ഷം കോടി രൂപയായതായി കണക്കാക്കപ്പെടുന്നു. യഥാർത്ഥ മൊത്ത സംയോജിത മൂല്യം (ജിവിഎ) 2023–24 ലെ 8.6 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 6.4 ശതമാനം വളർച്ച രേഖപ്പെടുത്തി 171.87 ലക്ഷം കോടി രൂപയായി കണക്കാക്കപ്പെടുന്നു.

യഥാർത്ഥ പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനം 2024–25 ൽ 1,33,501 രൂപയാണ്, ഇത് 2023–24 ലെ വാർഷിക വളർച്ചാ നിരക്കായ 8.2 ശതമാനത്തിൽ നിന്ന് 2024–25 ൽ 5.5 ശതമാനമായി കുറഞ്ഞു. ദേശീയ വരുമാന കണക്കുകളുടെ വിശദാംശങ്ങൾ **പട്ടിക 1.1.2** ൽ അവതരിപ്പിച്ചിരിക്കുന്നു. 2014–15 മുതൽ 2024–25 വരെയുള്ള നടപ്പ് വിലയിലും സ്ഥിര വിലയിലും (2011–12) ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപ്പാദനം, അറ്റ ആഭ്യന്തര ഉൽപ്പാദനം, മൊത്ത ദേശീയ വരുമാനം, അറ്റ ദേശീയ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 1.1.1, 1.1.2, 1.1.3, 1.1.4** എന്നിവയിൽ അവതരിപ്പിച്ചിരിക്കുന്നു. സ്ഥിര വിലയിലും നടപ്പ് വിലയിലുമുള്ള മൊത്ത സംയോജിത മൂല്യത്തിന്റെ മേഖലാ വിതരണത്തിന്റെ ഘടന **അനുബന്ധം 1.1.5, അനുബന്ധം 1.1.6** എന്നിവയിൽ അവതരിപ്പിച്ചിരിക്കുന്നു.

**പട്ടിക 1.1.2.** 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ ദേശീയ വരുമാന കണക്കുകൾ. (രൂപ കോടിയിൽ)

| ഇനം | 2022-23 | 2023-24 (1st RE) | 2024-25 (PE) | മുൻ വർഷത്തെ അപേക്ഷിച്ച് ശതമാനത്തിലെ മാറ്റം | |
|---|---|---|---|---|---|
| | | | | 2023-24 | 2024-25 |
| **ആഭ്യന്തര ഉൽപ്പാദനം** | | | | | |
| മൊത്ത സംയോജിത മൂല്യം സ്ഥിര വിലയിൽ | 14878028 | 16151477 | 17187446 | 8.6 | 6.4 |
| മൊത്ത സംയോജിത മൂല്യം നടപ്പ വിലയിൽ | 24646698 | 27412888 | 30022033 | 11.2 | 9.5 |
| മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) സ്ഥിര വിലയിൽ | 16164913 | 17650591 | 18796955 | 9.2 | 6.5 |
| മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജിഡിപി) നടപ്പ വിലയിൽ | 26890473 | 30122956 | 33068145 | 12.0 | 9.8 |
| അറ്റ ആഭ്യന്തര ഉൽപ്പാദനം (എൻഡിപി) സ്ഥിര വിലയിൽ | 14076950 | 15421624 | 16425021 | 9.6 | 6.5 |
| അറ്റ ആഭ്യന്തര ഉൽപ്പാദനം (എൻഡിപി) നടപ്പ വിലയിൽ | 23761232 | 26762544 | 29387892 | 12.6 | 9.8 |
| **ദേശീയ ഉൽപ്പാദനം** | | | | | |
| മൊത്ത ദേശീയ വരുമാനം (ജിഎൻഐ) സ്ഥിര വിലയിൽ | 15939376 | 17404638 | 18523133 | 9.2 | 6.4 |
| മൊത്ത ദേശീയ വരുമാനം (ജിഎൻഐ) നടപ്പ വിലയിൽ | 26520166 | 29710786 | 32589848 | 12.0 | 9.7 |
| അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) സ്ഥിര വിലയിൽ | 13851412 | 15175671 | 16151199 | 9.6 | 6.4 |
| അറ്റ ദേശീയ വരുമാനം (എൻ.എൻ.ഐ) നടപ്പ വിലയിൽ | 23390925 | 26350374 | 28909595 | 12.7 | 9.7 |
| **പ്രതി ശീർഷ വരുമാനം** | | | | | |
| പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനം സ്ഥിര വിലയിൽ (രൂപ) | 116892 | 126528 | 133501 | 8.2 | 5.5 |
| പ്രതിശീർഷ മൊത്ത ആഭ്യന്തര ഉൽപ്പാദനം നടപ്പ വിലയിൽ (രൂപ) | 194451 | 215935 | 234859 | 11.0 | 8.8 |
| പ്രതിശീർഷ മൊത്ത ദേശീയ വരുമാനം സ്ഥിര വിലയിൽ (രൂപ) | 115261 | 124764 | 131556 | 8.2 | 5.4 |
| പ്രതിശീർഷ മൊത്ത ദേശീയ വരുമാനം നടപ്പ വിലയിൽ (രൂപ) | 191773 | 212981 | 231462 | 11.1 | 8.7 |
| പ്രതിശീർഷ അറ്റ ദേശീയ വരുമാനം സ്ഥിര വിലയിൽ (രൂപ) | 100163 | 108786 | 114710 | 8.6 | 5.4 |
| പ്രതിശീർഷ അറ്റ ദേശീയ വരുമാനം നടപ്പ വിലയിൽ (രൂപ) | 169145 | 188892 | 205324 | 11.7 | 8.7 |

**ഉറവിടം**: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെൻറേഷൻ, ഇന്ത്യാ ഗവൺമെൻറ് RE: പുതുക്കിയ എസ്റ്റിമേറ്റ്, PE: പ്രൊവിഷണൽ എസ്റ്റിമേറ്റ്

**മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും സംസ്ഥാന വരുമാനവും**

ഉയർന്ന പ്രതിശീർഷ വരുമാനവും മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും (ജിഎസ്ഡി പി) ഉള്ള ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2023-2024 ലെ 6.73 ശതമാനത്തിൽ നിന്ന് 2024-25 ൽ 6.19 ശതമാനം കുറഞ്ഞ വളർച്ച രേഖപ്പെടുത്തി യഥാർത്ഥ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം 2023-24 (താൽക്കാലികം) ലെ 6,45,31,002 ലക്ഷം രൂപയിൽ നിന്നും 2024-25 (ത്വരിതം) ൽ 6,85,28,316 ലക്ഷം രൂപയായി വർദ്ധിച്ചു. യഥാർത്ഥ മൊത്ത സംസ്ഥാന സംയോജിത മൂല്യം (2011-12 വിലയിൽ) 2023-24 ലെ 6.34 ശതമാനത്തിൽ നിന്ന് 2024-25 ൽ 6.59 ശതമാനമായി വർദ്ധിച്ചു. 2023-24 ലെ 9.30 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2024-25 ൽ 9.97 ശതമാനം വളർച്ച കൈവരിച്ച് മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം നടപ്പ് വിലയിൽ 12,48,53,301 ലക്ഷം രൂപയായി. 2021-22 മുതൽ 2024-25 വരെയുള്ള കേരള സംസ്ഥാനത്തിന്റെ വരുമാന സ്ഥിതിവിവരക്കണക്കുകൾ **പട്ടിക 1.1.3**-ൽ നൽകിയിരിക്കുന്നു.

**പ്രതിശീർഷ സംസ്ഥാന വരുമാനം**

കേരളത്തിന്റെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉത്പാദനം സ്ഥിരവിലയിൽ 2023-24 ലെ 1,79,953 രൂപയിൽ നിന്ന് 2024-25 (ത്വരിതം) ൽ 1,90,149

**പട്ടിക 1.1.3** 2021–22 മുതൽ 2024–25 വരെയുള്ള കേരള സംസ്ഥാനത്തിന്റെ വരുമാന സ്ഥിതിവിവരക്കണക്കുകൾ (രൂപ ലക്ഷത്തിൽ )

| ഇനം | 2021–22 | 2022–23 | 2023–24(P) | 2024–25 (Q) | മുൻ വർഷത്തേ അപേക്ഷിച്ച് ശതമാനത്തിലെ മാറ്റം | | |
|---|---|---|---|---|---|---|---|
| | | | | | 2022–23 | 2023–24 (P) | 2024–25 (Q) |
| **മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011–12) | 57198296 | 60463274 | 64531002 | 68528316 | 5.71 | 6.73 | 6.19 |
| ബി) നടപ്പ് വിലയിൽ | 92446542 | 103873406 | 113537156 | 124853301 | 12.36 | 9.30 | 9.97 |
| **അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011–12) | 52425887 | 55466501 | 59379642 | 62642629 | 5.80 | 7.05 | 5.50 |
| ബി) നടപ്പ് വിലയിൽ | 81917594 | 91899746 | 100863183 | 111122940 | 12.19 | 9.75 | 10.17 |
| **മൊത്തം സംസ്ഥാന സംയോജിത മൂല്യം (ജി എസ് വി എ)** | | | | | | | |
| എ) സ്ഥിര വിലയിൽ (2011–12) | 50099348 | 53432131 | 56820665 | 60566541 | 6.65 | 6.34 | 6.59 |
| ബി) നടപ്പ് വിലയിൽ | 82303202 | 92846959 | 101379261 | 111595026 | 12.81 | 9.19 | 10.08 |
| **പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011–12) | 160791 | 169289 | 179953 | 190149 | 5.28 | 6.30 | 5.67 |
| ബി) നടപ്പ് വിലയിൽ | 259878 | 290832 | 316612 | 346437 | 11.91 | 8.86 | 9.42 |
| **പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തരോൽപ്പാദനം** | | | | | | | |
| എ) സ്ഥിര വിലയിൽ (2011–12) | 147376 | 155299 | 165587 | 173818 | 5.38 | 6.62 | 4.97 |
| ബി) നടപ്പ് വിലയിൽ | 230280 | 257307 | 281269 | 308338 | 11.74 | 9.31 | 9.62 |

**ഉറവിടം**: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ     പി - താത്കാലികം, ക്യൂ - ത്വരിതം

**ചിത്രം 1.1.1** പ്രതിശീർഷ അറ്റ ആഭ്യന്തര ഉൽപ്പാദനവും പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും 2011–12 ലെ സ്ഥിര വിലയിൽ




**ഉറവിടം**: സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്, ഇന്ത്യ ഗവൺമെന്റ് , ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, കേരള ഗവൺമെന്റ്

രൂപയായി വർദ്ധിച്ചു. 2024-25 ലെ കേരളത്തിന്റെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉത്പാദനം ദേശീയ ശരാശരിയേക്കാൾ (1,33,501 രൂപ) കൂടുതലാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 2024-25 ലെ കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയെക്കാൾ 1.4 മടങ്ങ് കൂടുതലാണ്. കേരളത്തിന്റെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പാദനം നടപ്പ് വിലയിൽ 2023-24 ലെ 3,16,612 രൂപയിൽ നിന്ന് 2024-25 ൽ 3,46,437 രൂപയായി വർദ്ധിച്ചു.

കേരളത്തിന്റെ പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം സ്ഥിര വിലയിൽ 2023-24 ലെ 1,65,587 രൂപയിൽ നിന്ന് 2024-25 ൽ 1,73,818 രൂപയായി വർദ്ധിച്ചു. അതുപോലെ, പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം നടപ്പ വിലയിൽ 2023-24 ലെ 2,81,269 രൂപയിൽ നിന്ന് 2024-25 ൽ 3,08,338 രൂപയായി വർദ്ധിച്ചു. 2023-24 ലെ (താൽക്കാലികം) പ്രതിശീർഷ അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചാ നിരക്ക് സ്ഥിര വിലയിൽ 6.62 ശതമാനത്തിൽ നിന്ന് 2024-25 (ത്വരിതം) ൽ 4.97 ശതമാനമായി കുറഞ്ഞു, നടപ്പ വിലയിൽ ഇത് 2023-24 (താൽക്കാലികം)-ൽ 9.31 ശതമാനത്തിൽ നിന്ന് 2024-25 (ത്വരിതം)-ൽ 9.62 ശതമാനമായി വർദ്ധിച്ചു. **ചിത്രം 1.1.1** - 2014-15 മുതൽ 2024-25 വരെയുള്ള കാലയളവിലെ പ്രതിശീർഷ അറ്റ ആഭ്യന്തര ഉൽപ്പാദനവും (ഇന്ത്യ) അറ്റ സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും (കേരളം) സ്ഥിര വിലയിൽ ചിത്രീകരിച്ചിരിക്കുന്നു.

**മേഖലതല ഘടന**

മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ 63.45 ശതമാനം വിഹിതമുള്ള സേവന മേഖല സമ്പദ്‌വ്യവസ്ഥയിൽ പ്രബലമായ സ്ഥാനം വഹിക്കുന്നുവെന്ന് മേഖലാ വിഹിതം വ്യക്തമാക്കുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 2024-25 ൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ ദ്വിതീയ മേഖലയുടെ വിഹിതത്തിൽ നേരിയ വർധനവുണ്ട്. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ മേഖല വിഭജനത്തിൽ ദ്വിതീയ മേഖലയിലുടനീളം 2024-25 ൽ നിർമ്മാണ മേഖല (കൺസ്ട്രക്ഷൻ) ഏറ്റവും വലിയ വിഹിതം (14.09 ശതമാനം) ഉൾക്കൊള്ളുന്നതായും തുടർന്ന് (ഉൽപ്പന്ന നിർമ്മാണ മേഖല) മാനുഫാക്ചറിങ് (13.08 ശതമാനം) ഉൾപ്പെടുന്നതായും വ്യക്തമാകുന്നു. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ 19.09 ശതമാനവുമായി "വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകളും റസ്റ്റോറൻറ്കളും" എന്നിവ തൃതീയ മേഖലയിൽ ഏറ്റവും വലിയ വിഹിതം ഉൾക്കൊള്ളുന്നു. 2024-25 ൽ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ ഉയർന്ന പങ്കാളിത്തമുള്ള മറ്റ് പ്രധാന ഉപമേഖലകളിൽ റിയൽ എസ്റ്റേറ്റ്, വാസസ്ഥലത്തിന്റെയും പ്രൊഫഷണൽ സേവനങ്ങളുടെയും ഉടമസ്ഥാവകാശം, മറ്റ് സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു. മേഖല തിരിച്ചുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യ വിതരണത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.1.4**ൽ അവതരിപ്പിച്ചിരിക്കുന്നു.

പ്രാഥമിക മേഖല 2023-24 ൽ രേഖപ്പെടുത്തിയ 0.24 ശതമാനത്തിൽ നിന്ന് 2.36 ശതമാനം ശക്തിമത്തായ

പട്ടിക 1.1.4 സമീപ വർഷങ്ങളിലെ മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലെ മേഖലാ വിതരണം സ്ഥിര വിലയിൽ (രൂപ ലക്ഷത്തിൽ)

| മേഖല | 2021-22 | 2022-23 | 2023-24 | 2024-25(Q) |
|---|---|---|---|---|
| | വിഹിതം % | വിഹിതം % | (താൽക്കാലികം) | 2024-25( ത്വരിതം) |
| കൃഷി, വനം, മത്സ്യബന്ധനം | 8.92 | 8.37 | 7.97 | 7.64 |
| ഖനനവും ക്വാറിയും | 0.47 | 0.54 | 0.43 | 0.43 |
| **പ്രാഥമിക മേഖല** | **9.39** | **8.91** | **8.4** | **8.06** |
| ഉൽപ്പന്ന നിർമ്മാണ മേഖല (മാനുഫാക്ചറിങ്) | 12.37 | 11.95 | 12.97 | 13.08 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.55 | 1.28 | 1.29 | 1.32 |
| നിർമ്മാണം (കൺസ്ട്രക്ഷൻ ) | 14.44 | 14.05 | 13.89 | 14.09 |
| **ദ്വിതീയ മേഖല** | **28.36** | **27.28** | **28.15** | **28.49** |
| കച്ചവടം, റിപ്പയർ, ഹോട്ടലുകളും റസ്റ്റോറൻറ്കളും | 16.66 | 18.57 | 18.18 | 19.09 |
| ഗതാഗതം, സംഭരണം, പ്രക്ഷേപണവുമായി ബന്ധപ്പെട്ടവ ആശയവിനിമയ സേവനങ്ങൾ | 7.53 | 7.36 | 7.18 | 7.36 |
| സാമ്പത്തിക സേവനങ്ങൾ | 5.69 | 5.41 | 5.53 | 5.43 |
| റിയൽ എസ്റ്റേറ്റ്, വാസസ്ഥലത്തിന്റെ ഉടമസ്ഥാവകാശം, പ്രൊഫഷണൽ സേവനങ്ങൾ | 17.63 | 17.37 | 17.79 | 17.44 |
| പൊതു ഭരണം | 4.31 | 4.35 | 4.00 | 3.73 |
| മറ്റ് സേവനങ്ങൾ | 10.43 | 10.75 | 10.77 | 10.40 |
| **തൃതീയ മേഖല** | **62.25** | **63.81** | **63.45** | **63.45** |
| ആകെ മൊത്ത സംസ്ഥാന സംയോജിത മൂല്യം അടിസ്ഥാന വിലയിൽ | 100 | 100 | 100 | 100 |

**ഉറവിടം**: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ

**ചിത്രം 1.1.2** 2020-21 മുതൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ മൂന്ന് അടിസ്ഥാന മേഖലകളുടെ വളർച്ചാ നിരക്ക് (മൊത്ത സംസ്ഥാന സംയോജിത മൂല്യം സ്ഥിര വിലയിൽ)




**ഉറവിടം:** സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള ഗവൺമെൻറ്

വളർച്ചയാണ് 2024-25 ൽ കൈവരിച്ചത്. 2023-24 ൽ 9.74 ശതമാനമായിരുന്ന ദ്വിതീയ മേഖലയുടെ വളർച്ചാ നിരക്ക് 2024-25 ൽ 7.87 ശതമാനമായി കുറഞ്ഞു. സേവന മേഖല 2023-24 ലെ 5.74 ശതമാനത്തിൽ നിന്ന് 2024-25 ൽ 6.58 ശതമാനം പോസിറ്റീവ് വളർച്ച കൈവരിച്ചു. മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിൽ 63.45 ശതമാനം സംഭാവന ചെയ്തുകൊണ്ട് സേവന മേഖല കേരള സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് നയിക്കുന്നത് തുടരുന്നുവെന്നും തുടർന്ന് ദ്വിതീയ മേഖല (28.49 ശതമാനം), പ്രാഥമിക മേഖല (8.06 ശതമാനം) എന്നിവ സംഭാവന ചെയ്യുന്നുവെന്നും 2024-25 ലെ ദ്രുത കണക്കുകൾ വ്യക്തമാക്കുന്നു. മേഖലാ ഘടനയുടെ വളർച്ച (മൊത്ത സംസ്ഥാന സംയോജിത മൂല്യം സ്ഥിര വിലയിൽ) **ചിത്രം 1.1.2** ൽ നൽകിയിരിക്കുന്നു.

മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിന്റെ മേഖലാ വിതരണത്തിന്റെ വിശദാംശങ്ങൾ നടപ്പ് വിലയിലും സ്ഥിര വിലയിലും **അനുബന്ധം 1.1.7, അനുബന്ധം 1.1.8** എന്നിവയിൽ നൽകിയിരിക്കുന്നു. 2021-22 മുതലുള്ള മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനം വാർഷിക വളർച്ചാ നിരക്ക് നടപ്പ് വിലയിലും സ്ഥിര വിലയിലും **അനുബന്ധം 1.1.9**-ൽ നൽകിയിരിക്കുന്നു. 2014-15 മുതൽ 2024-25 വരെയുള്ള മൊത്ത സംസ്ഥാന സംയോജിത മൂല്യവും അറ്റ സംസ്ഥാന സംയോജിത മൂല്യവും നടപ്പ് വിലയിലും സ്ഥിര വിലയിലും ഉള്ള വിശദാംശങ്ങൾ **അനുബന്ധം1.1.10, 1.1.11, 1.1.12, 1.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

### മേഖലാ തിരിച്ചുള്ള മൂല്യവർദ്ധനവ്, തൊഴിൽ എന്നിവയുടെ വിതരണം

കേരളത്തിലെ സമ്പദ്ഘടനയുടെ ഘടനയും തൊഴിൽ പങ്കാളിത്തവും ഇന്ത്യയുടേതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. 2024-25 ൽ ഇന്ത്യയിലെ തൊഴിലാളികളുടെ 46.3 ശതമാനവും പ്രാഥമികമേഖലയിൽ ജോലിചെയ്യുമ്പോൾ, കേരളത്തിൽ ഇത് 27.30 ശതമാനമാണ്. ഇന്ത്യയുടെ മൊത്ത സംയോജിത മൂല്യത്തിലേക്ക് പ്രാഥമിക മേഖലയിൽ ജോലി ചെയ്യുന്ന 46.3 ശതമാനം തൊഴിലാളികൾ 16.38 ശതമാനം സംഭാവന ചെയ്യുന്നു. ദേശീയ-സംസ്ഥാന തലങ്ങളിൽ മൊത്ത സംയോജിത മൂല്യത്തിലേക്ക് ദ്വിതീയ മേഖലയുടെ വിഹിതം ഏകദേശം 28.49 മുതൽ 28.69 ശതമാനം വരെയാണ്. തൊഴിലിൽ ദ്വിതീയ മേഖലയുടെ വിഹിതവും ഏതാണ്ട് 24 ശതമാനമാണ്. തൃതീയ മേഖലയുടെ പങ്ക് മൊത്ത സംസ്ഥാന സംയോജിത മൂല്യത്തിലും തൊഴിലിലും ഇന്ത്യയെ അപേക്ഷിച്ച് കേരളത്തിൽ വളരെ കൂടുതലാണ്. വിശദാംശങ്ങൾ **പട്ടിക 1.1.5** ൽ നൽകിയിരിക്കുന്നു.

### ജില്ല തിരിച്ചുള്ള മൊത്ത സംയോജിത മൂല്യം

നടപ്പ് വിലയനുസരിച്ച് 2023-24 ലെ 1,34,82,300 ലക്ഷം രൂപയിൽ നിന്ന് 2024-25 ൽ 1,49,85,775 ലക്ഷം രൂപയായി 11.15 ശതമാനം വളർച്ച രേഖപ്പെടുത്തിയ എറണാകുളമാണ് ഏറ്റവും ഉയർന്ന വരുമാനം ഉള്ള ജില്ല. തൃശ്ശൂർ ജില്ലയും തിരുവനന്തപുരം ജില്ലയും തൊട്ടടുത്ത സ്ഥാനങ്ങളിൽ നില നിൽക്കുന്നു. മൊത്ത ആഭ്യന്തര സംയോജിത മൂല്യം നടപ്പ് വിലയനുസരിച്ച് പത്തനംതിട്ട ജില്ലയാണ് ഏറ്റവും ഉയർന്ന വളർച്ച (13.91 ശതമാനം) രേഖപ്പെടുത്തിയ ജില്ല. എല്ലാ ജില്ലകളുടെയും മൊത്തം ജില്ല സംയോജിത മൂല്യം **പട്ടിക 1.1.6** ൽ നൽകിയിരിക്കുന്നു.

### ജില്ല തിരിച്ചുള്ള പ്രതിശീർഷ വരുമാനം

2023-24 ലെ 2,45,372 രൂപയിൽ നിന്ന് 2024-25 ൽ 2,61,319 രൂപ സ്ഥിര വിലയിൽ പ്രതിശീർഷ വരുമാനമുള്ള എറണാകുളം ജില്ലയാണ് ജില്ലകളിൽ ഏറ്റവും ഉയർന്ന വരുമാനമുള്ള ജില്ല. പ്രതിശീർഷ വരുമാനം ഏറ്റവും കുറഞ്ഞ ജില്ലകൾ മലപ്പുറം ജില്ലയും വയനാട് ജില്ലയുമാണ്. മുൻ

**പട്ടിക 1.1.5** 2024–25 വർഷത്തിൽ , ഇന്ത്യയിലും കേരളത്തിലുമുള്ള തൊഴിലിലും മൊത്ത സംയോജിത മൂല്യത്തിലുമുള്ള വിവിധ മേഖലകളുടെ വിഹിതം (സ്ഥിര വിലയിൽ)

| മേഖല | 2024 –25 വർഷത്തിൽ മൊത്ത സംയോജിത മൂല്യത്തിലുള്ള വിഹിതം | | തൊഴിൽ വിഹിതം* | |
|---|---|---|---|---|
| | കേരളം (മൊത്ത സംസ്ഥാന സംയോജിത മൂല്യം) | ഇന്ത്യ (മൊത്ത സംയോജിത മൂല്യം) ) | കേരളം | ഇന്ത്യ |
| കൃഷി, കന്നുകാലികൾ, വനം, മത്സ്യബന്ധനം | 7.64 | 14.41 | 26.97 | 46.07 |
| ഖനനവും ക്വാറിയും | 0.42 | 1.97 | 0.33 | 0.23 |
| **പ്രാഥമിക മേഖല** | **8.06** | **16.38** | **27.30** | **46.30** |
| ഉൽപ്പന്ന നിർമ്മാണ മേഖല (മാനുഫാക്ചറിങ്) | 13.08 | 17.18 | 9.94 | 11.44 |
| വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 1.32 | 2.36 | 0.84 | 0.54 |
| നിർമ്മാണം ( കൺസ്ട്രക്ഷൻ ) | 14.09 | 9.15 | 13.39 | 11.98 |
| **ദ്വിതീയ മേഖല** | **28.49** | **28.69** | **24.17** | **23.96** |
| വ്യാപാരം, അറ്റകുറ്റപ്പണികൾ, ഹോട്ടലുകളും റസ്റ്റോറൻറുകളും | 19.09 | | 19.46 | 12.2 |
| ഗതാഗതം, സംഭരണം, പ്രക്ഷേപണവുമായി ബന്ധപ്പെട്ടവ ആശയവിനിമയ സേവനങ്ങൾ | 7.36 | 18.48 | 8.14 | 5.6 |
| സാമ്പത്തിക, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ സേവനങ്ങൾ | 22.87 | 23.79 | 4.4 | 11.9 |
| പബ്ലിക് അഡ്മിനിസ്ട്രേഷനും മറ്റ് സേവനങ്ങളും | 14.12 | 12.66 | 16.53 | |
| **തൃതീയ മേഖല** | **63.45** | **54.93** | **48.53** | **29.73** |
| **ആകെ** | **100** | **100.00** | **100** | **100** |

**ഉറവിടം**: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് (കേരളത്തിന്റെ ജിഎസ് വിഎ യ്ക്കായി), നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് (ഇന്ത്യയുടെ ജിവിഎയ്ക്ക്)
*കുറിപ്പ്: തൊഴിലിന്റെ വിഹിതത്തിനായി ഇന്ത്യയുടെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് 2023-24 ൽ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവേയുടെ (PLFS) ഡാറ്റ പരിഗണിച്ചിരിക്കുന്നു.

**പട്ടിക 1.1.6** കേരളത്തിലെ ജില്ലകളുടെ മൊത്തം ജില്ലാ സംയോജിത മൂല്യം (നടപ്പ് വിലയിലും സ്ഥിര വിലയിലും)

| ക്രമ നമ്പർ | ജില്ല | മൊത്തം ജില്ലാ സംയോജിത മൂല്യം (ലക്ഷം രൂപയിൽ) | | | | | |
|---|---|---|---|---|---|---|---|
| | | നടപ്പ് വിലയിൽ | | | സ്ഥിര വിലയിൽ | | |
| | | 2023-24 (താൽക്കാലികം) | 2024-25 (ത്വരിതം) | വളർച്ചാ നിരക്ക് (%) | 2023-24 (താൽക്കാലികം) | 2024-25 (ത്വരിതം) | വളർച്ചാ നിരക്ക് (%) |
| 1 | തിരുവനന്തപുരം | 10110907 | 11113829 | 9.92 | 5581245 | 5956787 | 6.73 |
| 2 | കൊല്ലം | 9656702 | 10655793 | 10.35 | 5353086 | 5729641 | 7.03 |
| 3 | പത്തനംതിട്ട | 2631563 | 2997560 | 13.91 | 1441853 | 1588558 | 10.17 |
| 4 | ആലപ്പുഴ | 8075708 | 8968545 | 11.06 | 4620934 | 4975317 | 7.67 |
| 5 | കോട്ടയം | 6521839 | 7304696 | 12.00 | 3783010 | 4091033 | 8.14 |
| 6 | ഇടുക്കി | 3503914 | 3945377 | 12.60 | 1851264 | 1979311 | 6.92 |
| 7 | എറണാകുളം | 13482300 | 14985775 | 11.15 | 7705539 | 8284241 | 7.51 |
| 8 | തൃശ്ശൂർ | 10549845 | 11628820 | 10.23 | 5955276 | 6331137 | 6.31 |
| 9 | പാലക്കാട് | 7097088 | 7719317 | 8.77 | 3981176 | 4207041 | 5.67 |
| 10 | മലപ്പുറം | 9110633 | 9697191 | 6.44 | 4996109 | 5163681 | 3.35 |
| 11 | കോഴിക്കോട് | 8520314 | 9338482 | 9.60 | 4763401 | 5066269 | 6.36 |
| 12 | വയനാട് | 1843462 | 2030696 | 10.16 | 941429 | 996513 | 5.85 |
| 13 | കണ്ണൂർ | 6974681 | 7644764 | 9.61 | 3986484 | 4235414 | 6.24 |
| 14 | കാസർകോട് | 3300305 | 3564184 | 8.00 | 1859861 | 1961598 | 5.47 |
| | ജി.എസ്.വി.എ | 101379262 | 111595026 | 10.08 | 56820666 | 60566541 | 6.59 |

**ഉറവിടം**: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

**പട്ടിക 1.1.7** പ്രതിശീർഷ മൊത്തം ജില്ല സംയോജിത മൂല്യം സ്ഥിര വിലയിൽ

| ക്രമനമ്പർ | ജില്ല | 2023-24 (താൽക്കാലികം) (രൂപ) | റാങ്ക് | 2024-25 (ത്വരിതം) (രൂപ) | റാങ്ക് | വളർച്ച നിരക്ക് (ശതമാനത്തിൽ) |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 185800 | 7 | 197210 | 7 | 6.14 |
| 2 | കൊല്ലം | 225569 | 3 | 240198 | 3 | 6.49 |
| 3 | പത്തനംതിട്ട | 141702 | 12 | 156064 | 10 | 10.14 |
| 4 | ആലപ്പുഴ | 241851 | 2 | 259190 | 2 | 7.17 |
| 5 | കോട്ടയം | 214853 | 4 | 231382 | 4 | 7.69 |
| 6 | ഇടുക്കി | 192677 | 6 | 205416 | 6 | 6.61 |
| 7 | എറണാകുളം | 245372 | 1 | 261319 | 1 | 6.50 |
| 8 | തൃശ്ശൂർ | 201166 | 5 | 211972 | 5 | 5.37 |
| 9 | പാലക്കാട് | 146333 | 10 | 153028 | 11 | 4.58 |
| 10 | മലപ്പുറം | 116748 | 14 | 118760 | 14 | 1.72 |
| 11 | കോഴിക്കോട് | 158603 | 9 | 166835 | 9 | 5.19 |
| 12 | വയനാട് | 122258 | 13 | 128359 | 13 | 4.99 |
| 13 | കണ്ണൂർ | 167420 | 8 | 176390 | 8 | 5.36 |
| 14 | കാസർകോട് | 143803 | 11 | 149880 | 12 | 4.23 |
| സംസ്ഥാനം | | 179953 | | 190149 | | 5.67 |

**ഉറവിടം**: സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള ഗവൺമെൻറ്

വർഷമായ 2023-24 നെ അപേക്ഷിച്ച് പത്തനംതിട്ട ജില്ലയുടെ പ്രതിശീർഷ വരുമാന റാങ്കുകൾ ഉയർന്ന തലത്തിലേക്ക് മാറിയപ്പോൾ പാലക്കാട്, കാസർകോട് ജില്ലകളുടെ റാങ്ക് താഴ്ന്ന സ്ഥാനത്തേക്ക് മാറി. ബാക്കിയുള്ള ജില്ലകളുടെ പ്രതിശീർഷ വരുമാന റാങ്കുകൾ 2023-24 ലെ പോലെ തന്നെ 2024-25 ലും തുടർന്നു. ഏഴ് ജില്ലകളുടെ പ്രതിശീർഷ വരുമാനം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. പ്രതിശീർഷ മൊത്ത ജില്ലാ സംയോജിത മൂല്യവുമായി (സ്ഥിര വിലയിൽ) ബന്ധപ്പെട്ട അനുബന്ധ റാങ്കും വളർച്ചാ നിരക്കും **പട്ടിക 1.1.7** ൽ നൽകിയിരിക്കുന്നു.

2024-25 ൽ പ്രതിശീർഷ മൊത്ത ജില്ല ആഭ്യന്തര സംയോജിത മൂല്യത്തിൽ ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തിയത് പത്തനംതിട്ട (10.14 ശതമാനം) ജില്ലയാണ്. എന്നാൽ, മലപ്പുറം ജില്ല (1.72 ശതമാനം) ഏറ്റവും കുറഞ്ഞ വളർച്ച രേഖപ്പെടുത്തി. 2022-23 മുതൽ 2024-25 വരെയുള്ള നടപ്പു വിലയിലും സ്ഥിര വിലയിലുമുള്ള ജില്ല തിരിച്ചുള്ളതും മേഖലാ വിതരണവുമായി ബന്ധപ്പെട്ട മൊത്ത ജില്ലാ സംയോജിത മൂല്യം **അനുബന്ധം 1.1.14, 1.1.15, 1.1.16, 1.1.17, 1.1.18, 1.1.19** എന്നിവയിൽ നൽകിയിരിക്കുന്നു.

**വിലക്കയറ്റം-സമീപകാല പ്രവണതകൾ**

ആഗോള പണപ്പെരുപ്പനിരക്ക് 2025-ൽ 4.2 ശതമാനമായും 2026-ൽ 4.2 ശതമാനമായും കുറയുമെന്ന് പ്രതീക്ഷിക്കുന്നതായി ഇന്റർനാഷണൽ മോണിട്ടറി ഫണ്ട് പ്രസിദ്ധീകരിക്കുന്ന വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കിന്റെ ഒക്ടോബർ 2025 അപ്ഡേറ്റ് പറയുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം പണപ്പെരുപ്പ നിരക്ക് വിവിധ രാജ്യങ്ങളിലും പ്രദേശങ്ങളിലും ഗണ്യമായ വ്യത്യാസം കാണിക്കുന്നുണ്ട്. ഇന്ത്യയിൽ പണപ്പെരുപ്പം 2025-ൽ 2.8 ശതമാനവും 2026-ൽ 4 ശതമാനവുമായിരിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു. ഭാരതീയ റിസേർവ് ബാങ്കിന്റെ മോണിറ്ററി പോളിസി കമ്മിറ്റി (എംപിസി) 2025 ഒക്ടോബറിൽ നടന്ന ദ്വൈമാസ യോഗത്തിൽ ബെഞ്ച്മാർക്ക് റിപ്പോ നിരക്ക് 'ന്യൂട്രൽ' നിലപാടിലൂന്നി 5.5 ശതമാനമായി തന്നെ നിലനിർത്താൻ തീരുമാനിച്ചു.

ഭാരതീയ റിസേർവ് ബാങ്കിന്റെ 2025 ഒക്ടോബറിലെ മോണിറ്ററി പോളിസി റിപ്പോർട്ട് അനുസരിച്ച്, ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള ( സിപി ഐ) ഇന്ത്യയിലെ പണപ്പെരുപ്പം 2025-26-ൽ ശരാശരി 2.6 ശതമാനവും, സാമ്പത്തിക വർഷത്തിന്റെ രണ്ടും മൂന്നും

**പട്ടിക 1.1.8.** 2025 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ(ജനറൽ) അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം, ശതമാനത്തിൽ

| ഉപഭോക്തൃ വില സൂചിക | സെപ്റ്റംബർ 2025 | | | ആഗസ്റ്റ് 2025 | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | സംയോജിതം | ഗ്രാമം | നഗരം | സംയോജിതം |
| ഇന്ത്യ | 1.07 | 2.04 | 1.54 | 1.69 | 2.47 | 2.07 |
| കേരളം | 9.94 | 7.39 | 9.05 | 10.05 | 7.19 | 9.04 |

**ഉറവിടം**: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ

പാദങ്ങളിൽ 1.8 ശതമാനവും , നാലാം പാദത്തിൽ 4 ശതമാനവും ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2026–27 കാലയളവിൽ, സാധാരണ ഗതിയിലുള്ള കാലവർഷമായിരിക്കുകയും ബാഹ്യമായോ നയപരമായോ കൂടുതൽ ആഘാതങ്ങൾ ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ, ആർബിഐ എസ്റ്റിമേറ്റുകൾ പ്രകാരം ഇന്ത്യയിലെ പണപ്പെരുപ്പം ശരാശരി 4.5 ശതമാനവും, സാമ്പത്തിക വർഷത്തിന്റെ ഒന്നും രണ്ടും പാദങ്ങളിൽ 4.5 ശതമാനവും, മൂന്നാം പാദത്തിൽ 5.1 ശതമാനവും നാലാം പാദത്തിൽ 3.9 ശതമാനവും ആയിരിക്കും.

ഭാരത സർക്കാരിന്റെ സ്ഥിതി വിവര പദ്ധതി നിർവഹണ മന്ത്രാലയത്തിനു കീഴില്ലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ (എൻഎസ്ഒ ), കണക്കനുസരിച്ച് 2025

**ചിത്രം 1.1.3** ഇന്ത്യയിലെ പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2025 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇൻഡക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ




**ഉറവിടം**: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ

**ചിത്രം 1.1.4.** കേരളത്തിലെ പണപ്പെരുപ്പ നിരക്ക്,കറന്റ് സീരീസ് (അടിസ്ഥനവർഷം 2012) 2025 ജനുവരി മുതൽ സെപ്റ്റംബർ വരെ,ജനറൽ ഇൻഡക്സ് (എല്ലാ ഗ്രൂപ്പുകളും), ശതമാനത്തിൽ




**ഉറവിടം**: നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ

സെപ്റ്റംബറിൽ ഇന്ത്യയിൽ ഉപഭോക്തൃ വില സൂചിക 1.54 ശതമാനമായിരുന്നു. 2025 സെപ്റ്റംബറിലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ ഗ്രാമീണ മേഖലകളിലെ പണപ്പെരുപ്പ നിരക്ക് (1.07 ശതമാനം) നഗരപ്രദേശങ്ങളെ അപേക്ഷിച്ച് (2.04 ശതമാനം) കുറവാണ്. കേരളത്തിൽ സിപിഐ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം 9.05 ശതമാനമാണ്. കേരളത്തിലെ ഗ്രാമീണ മേഖലകളിലെ പണപ്പെരുപ്പ നിരക്ക് 9.94 ശതമാനമാണ്. ഇത് നഗരപ്രദേശങ്ങളെ അപേക്ഷിച്ച് (7.39 ശതമാനം) കൂടുതലാണ്. 2025 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഇന്ത്യയുടെയും കേരളത്തിന്റെയും സിപിഐ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിലവാരം **പട്ടിക 1.1.8**–ൽ നൽകിയിരിക്കുന്നു. 2025 ജനുവരി മുതൽ 2025സെപ്റ്റംബർ വരെയുള്ള ഇന്ത്യയിലെ പണപ്പെരുപ്പ നിരക്ക് **ചിത്രം 1.1.3**–ലും കേരളത്തിലെ പണപ്പെരുപ്പ നിരക്ക് **ചിത്രം 1.1.4**– ലും നൽകിയിരിക്കുന്നു.

### കേരളത്തിലെ വിലനിലവാരം

#### കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക (WPI)

കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക (ഡബ്ല്യുപിഐ) പ്രകാരം , എല്ലാ വിളകളുടെയും സൂചിക 2023–ലെ 146.43–ൽ നിന്ന് 2024–ൽ 167.41 ആയും 2025 ൽ (ജൂൺ വരെ) 190.48 ആയും ഉയർന്നു, (അടിസ്ഥാന വർഷം: 2015–16). ഭക്ഷ്യവിളകളുടെയും ഭക്ഷ്യേതരവിളകളുടെയും വിലനിലവാരത്തിൽ പ്രകടമായ വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ട്. ഭക്ഷ്യവിളകളുടെ സൂചിക 2023–ലെ 151.29–ൽ നിന്നും 2024–ൽ 166.49 ആയി ഉയർന്നു. ഇത് 10.05 ശതമാനത്തിന്റെ വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. പയറുവർഗ്ഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവ് ഈ കാലയളവിൽ ഭക്ഷ്യവിളകളുടെ വർധനവിന് കാരണമായി. ധാന്യവർഗ്ഗങ്ങളുടെ വിലയിൽ നേരിയ വർദ്ധനവ് മാത്രമേ ഉണ്ടായുള്ളൂ, ഇത് വിപണിയിൽ ഈ മേഖല താരതമ്യേന സ്ഥിരതയുള്ളതാണെന്ന് സൂചിപ്പിക്കുന്നു. ഭക്ഷ്യേതര വിളകളുടെ വിലയിൽ ഈ കാലഘട്ടത്തിൽ 27.09 ശതമാനം വർധനയുണ്ടായി. ഭക്ഷ്യേതര വിളകളുടെ വിഭാഗത്തിൽ പാനീയങ്ങൾ, വാണിജ്യ വിളകൾ, എണ്ണക്കുരുക്കൾ, മറ്റ് ഭക്ഷ്യേതര വസ്തുക്കൾ എന്നിവയുടെ വിലയിലും വർധനയുണ്ടായിട്ടുണ്ട്. 2022 മുതൽ 2024 വരെയുള്ള കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ ഡബ്ല്യുപിഐയും 2025 ജൂൺ വരെയുള്ള ശരാശരി പ്രതിമാസ സൂചികകളും (അടിസ്ഥാനം: 2015–16=100) **അനുബന്ധം 1.1.20**–ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ കാർഷികോത്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക കാണിക്കുന്നത് എല്ലാ വിളകളുടെയും സൂചിക 2024 ജനുവരിയിലെ 151–ൽ നിന്ന് 2024 ഡിസംബറിൽ 190.27 ആയി ഉയർന്നു എന്നാണ്. ഈ കാലയളവിൽ ഭക്ഷ്യവിളകളുടെ സൂചിക 2024 ജനുവരിയിലെ 153.05–ൽ നിന്ന് 188.68 ആയി ഉയരുകയും ഭക്ഷ്യേതര വിളകളുടെ സൂചിക 146.1–ൽ നിന്ന് 2024–ൽ 191.26 ആയി ഉയരുകയും ചെയ്തു. എല്ലാ വിളകളുടെയും ഡബ്ല്യുപിഐ സൂചിക ജനുവരിയിലെ 193.54–ൽ നിന്ന് ജൂണിൽ 188.68 ആയി കുറഞ്ഞു . ഈ കാലയളവിൽ, ഭക്ഷ്യവിളകളുടെ സൂചിക 2025 ജനുവരിയിലെ 193.3–ൽ നിന്ന് 2025 ജൂണിൽ 176.46ആയി കുറയുകയും ഭക്ഷ്യേതര ഇനങ്ങളുടെ സൂചികയിൽ 194.12–ൽ നിന്ന് 217.92 ആയി വർദ്ധിക്കുകയും ചെയ്തു കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ 2024 ജനുവരി മുതൽ 2024 ഡിസംബർ വരെയുള്ള പ്രതിമാസ മൊത്തവില സൂചിക (അടിസ്ഥാനം 2015–16=100) **അനുബന്ധം 1.1.21**–ലും, 2025 ജനുവരി മുതൽ 2025 ജൂൺ വരെയുള്ള കേരളത്തിലെ കാർഷികോത്പന്നങ്ങളുടെ പ്രതിമാസ മൊത്തവില സൂചിക (അടിസ്ഥാനം 2015–16=100) **അനുബന്ധം 1.1.21(i)**–ലും നൽകിയിരിക്കുന്നു.

#### കേരളത്തിലെ ഉപഭോക്തൃ വില സൂചിക (സിപിഐ)

കേരളത്തിലെ വാർഷിക ശരാശരി സിപിഐ (അടിസ്ഥാന വർഷം 2011–12) 2023–ലെ 199–ൽ നിന്ന് ഉയർന്ന് 2024–ൽ 209 ആയി. 2025 ജൂലൈ വരെയുള്ള കാലയളവിൽ ഉപഭോക്തൃ വില സൂചിക 215 ആയി ഉയർന്നു; ഉപഭോക്തൃ വിപണിയിൽ വിലക്കയറ്റത്തിന്റെ സമ്മർദ്ദം തുടരുന്നതായാണ് ഇത് സൂചിപ്പിക്കുന്നത്. 2024–ൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഏറ്റവും ഉയർന്ന പണപ്പെരുപ്പ നിരക്ക് രേഖപ്പെടുത്തിയത് കാസർകോടാണ് (6.76 ശതമാനം), മുണ്ടക്കയം (6.63 ശതമാനം), മലപ്പുറം(6.15 ശതമാനം) എന്നിവിടങ്ങളിലാണ്. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പ നിരക്ക് ചാലക്കുടി രേഖപ്പെടുത്തി. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിലെ വാർഷിക ശരാശരി സിപിഐയും വ്യതിയാനശതമാനവും **അനുബന്ധം 1.1.22**–ൽ കാണിച്ചിരിക്കുന്നു. അവശ്യസാധനങ്ങളുടെ 2025 ജനുവരി മുതൽ 2025സെപ്റ്റംബർ വരെയുള്ള പ്രതിമാസ ചില്ലറ വിലകൾ **അനുബന്ധം 1.1.23**–ൽ നൽകിയിരിക്കുന്നു.

#### പാരിറ്റി സൂചിക

കർഷകർക്ക് ലഭിക്കുന്ന വിലയും അവർ ചെലവാക്കുന്ന തുകയും തമ്മിലുള്ള അനുപാതത്തെ സൂചിപ്പിക്കുന്ന പാരിറ്റി ഇൻഡക്സിൽ ഈ കാലയളവിൽ വർദ്ധനവ് രേഖപ്പെടുത്തി. 2024–ലെ പാരിറ്റി സൂചികയായ 59, 2023–ലെ 54–നേക്കാൾ കൂടുതലാണ്. 2023ൽ കർഷകർ നൽകിയ വില സൂചിക 18135.07 ഉം കർഷകർക്ക് ലഭിച്ച വില സൂചിക 9794 ഉം ആയിരുന്നു. 2024ലെ ഇതേ സൂചികകൾ യഥാക്രമം 18548.75 ഉം 10936.16 ഉം ആണ്. വർദ്ധിച്ചുവരുന്ന കാർഷിക ഉത്പാദനച്ചെലവ്, ഗതാഗതച്ചെലവ്, കൂലിച്ചെലവ് എന്നിവയാണ് ഈ അവസ്ഥയുടെ പ്രധാന കാരണങ്ങൾ. 2010 മുതൽ 2024 വരെ കർഷകർക്ക് ലഭിച്ചതും നൽകിയതുമായ വാർഷിക ശരാശരി വില സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.1.24** ൽ കാണിച്ചിരിക്കുന്നു .

#### കൂലി

കേരളത്തിലെ കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതന നിരക്ക് വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മരപ്പണിക്കാരുടെ ദിവസ വേതന നിരക്ക് 2023–24–ലെ 1,082.14 രൂപയിൽ നിന്ന് 2024–25–ൽ 1130.52 രൂപയായി ഉയർന്നു കൽപ്പണിപ്പണിക്കാരുടെ ദിവസ വേതന നിരക്കും 2023–24–ലെ 1,081.52 രൂപയിൽ നിന്ന് 2024–25–ൽ 1097.47 രൂപയായി ഉയർന്നു. ഇതേ കാലയളവിൽ മരപ്പണിക്കാരന്റെ ദിവസ വേതനം 4.47 ശതമാനവും കൽപ്പണിക്കാരുടെ ദിവസ വേതനം 1.47

ശതമാനവും വർദ്ധിച്ചു . കാർഷിക മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ 2011-12 മുതൽ 2024-25 വരെയുള്ള ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.25**-ൽ നൽകിയിരിക്കുന്നു.

2023-24 ലെ കാർഷിക മേഖലയിലെ പുരുഷ അവിദഗ്ധ തൊഴിലാളികളുടെ (നെൽവയൽ തൊഴിലാളികൾ) ശരാശരി ദിവസ വേതന നിരക്ക് 829.22 രൂപയും, വനിതാ അവിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് 652.50 രൂപയുമാണ്. 2024-25-ൽ പുരുഷ തൊഴിലാളികളുടെ ദിവസ വേതന നിരക്ക് 3.57 ശതമാനം വർധിച്ച് 858.79 രൂപയിലെത്തി. വനിതാ തൊഴിലാളികളുടെ വേതന നിരക്കും 8.67 ശതമാനം ഉയർന്ന് 2024-25-ൽ 709.1 രൂപയിലെത്തി. 2011-12 മുതൽ 2024-25 വരെ കാർഷിക മേഖലയിലെ അവിദഗ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വേതന നിരക്ക് **അനുബന്ധം 1.1.26** ൽ നൽകിയിരിക്കുന്നു.

ഗ്രാമീണ ഇന്ത്യയിലെ കാർഷികേതര തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള ശരാശരി ദിവസ വേതന നിരക്ക് സാമ്പത്തിക അവലോകനത്തിന്റെ ഏഴാം അധ്യായത്തിൽ **പട്ടിക 7.1.3(A)**-ൽ വിവരിച്ചിരിക്കുന്നു.

**സംസ്ഥാന ഇടപെടലുകൾ**

അവശ്യവസ്തുക്കളിലെ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനും പൊതു വിതരണ സംവിധാനം (പി. ഡി. എസ്) ശക്തിപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥാപിതമായ സമീപനമാണ് കേരളത്തിന്റെ ഇടപെടലുകളിൽ പ്രതിഫലിക്കുന്നത്. വിപണിവില നിയന്ത്രണങ്ങളെ ആശ്രയിക്കുന്നതിനുപകരം, ഭക്ഷ്യവില സമ്മർദ്ദങ്ങൾ കുറയ്ക്കുന്നതിന് സബ്സിഡി ഭക്ഷ്യധാന്യങ്ങളുടെ വലിയ തോതിലുള്ള വിതരണവും വിതരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം ഊന്നൽ നൽകുന്നു. കുറഞ്ഞ വിലയുള്ള മുഖ്യാഹാരങ്ങൾ ലഭ്യമാക്കുന്നതിലൂടെയും വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ കുറയ്ക്കുന്നതിലൂടെയും അവശ്യ ധാന്യങ്ങളുടെ ഉപഭോക്തൃ വില സ്ഥിരപ്പെടുത്തുന്നതിനും പാവപ്പെട്ട കുടുംബങ്ങളിൽ പണപ്പെരുപ്പത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനും സഹായിക്കുന്നു.

പൊതുവിതരണ സമ്പ്രദായത്തിലൂടെ (TPDS) ദേശീയ ഭക്ഷ്യഭദ്രതാ നിയമം (NFSA) നടപ്പിലാക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വിപണിയിലെ വിലക്കയറ്റത്തിൽ നിന്നും വലിയൊരു വിഭാഗം കുടുംബങ്ങളെ സംരക്ഷിക്കുന്നതിനായി, മിതമായ നിരക്കിൽ ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കി രാജ്യത്ത് ഭക്ഷ്യ-പോഷക സുരക്ഷ ഉറപ്പുവരുത്തുക എൻ എഫ് എസ് എ ലക്ഷ്യമിടുന്നത്. വിതരണ ശൃംഖലയുടെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, ഇ-പോസ് (e-PoS) മെഷീനുകളുടെ ഉപയോഗം, ആധാർ അധിഷ്ഠിത തിരിച്ചറിയൽ സംവിധാനം തുടങ്ങിയ ഭരണപരവും സാങ്കേതികവുമായ പരിഷ്കാരങ്ങളിലൂടെ കേരളം ഈ നിയമപരമായ അവകാശത്തെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. സബ്സിഡികൾ അർഹരായവരിലേക്ക് കൃത്യമായി എത്തുന്നുവെന്ന് ഉറപ്പാക്കാനും, കുറഞ്ഞ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ഫലപ്രദമായി ലഭ്യമാക്കാനും ഇത്തരം നടപടികൾ സഹായിക്കുന്നു. കൂടാതെ, റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ, തട്ടിപ്പുകൾ, അനർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റൽ എന്നിവ തടയാനും ഇതിലൂടെ സാധിക്കുന്നു. കാലഹരണപ്പെട്ട റേഷൻ കടകളെ ആധുനികവും ഊർജ്ജസ്വലവുമായ സേവന കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് കെ-സ്റ്റോർ (K-Store) പദ്ധതി പൊതുവിതരണ രംഗത്ത് വലിയ വിപ്ലവമാണ് സൃഷ്ടിച്ചിരിക്കുന്നത്. പുത്തൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ സബ്സിഡി നിരക്കിലുള്ള അവശ്യസാധനങ്ങൾ ദശലക്ഷക്കണക്കിന് ആളുകളിലേക്ക് എത്തിക്കുന്നതോടൊപ്പം, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ കൂടി ലഭ്യമാക്കുന്ന വൈവിധ്യമാർന്ന വിപണന കേന്ദ്രങ്ങളായി ഇവ ഇന്ന് മാറിയിരിക്കുന്നു.

വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ ഭരണപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. റേഷൻ സാധനങ്ങൾ കരിഞ്ചന്തയിലേക്ക് മറിച്ചുവിൽക്കുന്നത് തടയുന്നതിലൂടെ വിലക്കയറ്റം നിയന്ത്രിക്കാനും ഇത്തരം നടപടികൾ സഹായിക്കുന്നു. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വെച്ചിട്ടുള്ളവരെ കണ്ടെത്തി ഒഴിവാക്കുന്നതിനും അവരിൽ നിന്ന് പിഴ ഈടാക്കുന്നതിനുമായി നടപ്പിലാക്കിയ 'ഓപ്പറേഷൻ യെല്ലോ' പോലുള്ള പദ്ധതികൾ ഈ രംഗത്തെ സബ്സിഡി ഭാരം കുറയ്ക്കാൻ സഹായിച്ചു. ഇതുവഴി അർഹരായ കുടുംബങ്ങളിലേക്ക് ആനുകൂല്യങ്ങൾ കൃത്യമായി എത്തിക്കാൻ സർക്കാരിന് സാധിച്ചു. കൂടാതെ, സംസ്ഥാനം മുതൽ റേഷൻ കടകൾ വരെയുള്ള വിവിധ തലങ്ങളിലെ വിജിലൻസ് സമിതികൾ, സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ മേൽനോട്ടം, കൃത്യമായ ഇടവേളകളിലുള്ള ബാഹ്യ പരിശോധനകൾ എന്നിവ വഴി പൊതുവിതരണ സംവിധാനത്തിൽ കൂടുതൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

# 1.2 ജനസംഖ്യാ വിവരണം

ഇന്ത്യയുടെ സെൻസസ് പ്രകാരം, 2001 ൽ ഇന്ത്യയിലെ ആകെ ജനസംഖ്യ 102.86 കോടിയും 2011 ൽ 121.09 കോടിയുമായിരുന്നു. 2011 ലെ സെൻസസ് പ്രകാരം, 2011 ൽ രാജ്യത്ത് 62.32 കോടി പുരുഷന്മാരും 58.75 കോടി സ്ത്രീകളുമുണ്ടായിരുന്നു. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 382 ആളുകളും ലിംഗാനുപാതം 1,000 പുരുഷന്മാർക്ക് 943 സ്ത്രീകളുമാണ്. ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ലിംഗാനുപാതം 1,000 പുരുഷന്മാർക്ക് യഥാക്രമം 949 ഉം 929 ഉം സ്ത്രീകളാണ്. 0–6 വയസ്സിനിടയിലുള്ള കുട്ടികളുടെ ജനസംഖ്യ 16.45 കോടിയും 0–6 വയസ്സിനിടയിലുള്ള കുട്ടികളുടെ ലിംഗാനുപാതം 1,000 ആൺകുട്ടികൾക്ക് 918 പെൺകുട്ടികളുമാണ്.

**സംസ്ഥാന ജനസംഖ്യയുടെ പ്രവണതകൾ**

ഇന്ത്യയുടെ സെൻസസ് പ്രകാരം, കേരളത്തിലെ ആകെ ജനസംഖ്യ 2001 ൽ 3.18 കോടിയും 2011 ൽ 3.34 കോടിയും ആയിരുന്നു, ഒരു ദശകത്തിനിടെ 4.91 ശതമാനം മാറ്റം. പുരുഷ സ്ത്രീ ജനസംഖ്യാ വിവരങ്ങൾ **ചിത്രം 1.2.1** ലും ഗ്രാമ–നഗര ജനസംഖ്യാ വിവരങ്ങൾ **പട്ടിക 1.2.1** ലും നൽകിയിരിക്കുന്നു, **ചിത്രം 1.2.2** ലും കാണിച്ചിരിക്കുന്നു.

**ചിത്രം 1.2.1** 2001, 2011 കാലഘട്ടത്തിലെ കേരളത്തിലെ ജനസംഖ്യ




**അവലംബം :** 2001-ലെയും 2011-ലെയും സെൻസസ്

**പട്ടിക 1.2.1** ഇന്ത്യയിലെയും കേരളത്തിലെയും ജനസംഖ്യയുടെ ഗ്രാമ-നഗര ഘടന – താരതമ്യം

| 2001 | | | | 2011 | | |
|---|---|---|---|---|---|---|
| | **ആകെ** | **ഗ്രാമീണം (%)** | **നഗരം (%)** | **ആകെ** | **ഗ്രാമീണം (%)** | **നഗരം (%)** |
| ഇന്ത്യ | 1,02,86,10,378 | 74,24,90,639 (72%) | 28,61,19,689 (28%) | 1,21,08,54,977 | 83,37,48,852 (69%) | 37,71,06,125 (31.14%) |
| കേരളം | 3,18,41,374 | 2,35,74,449 (74%) | 82,66,925 (26%) | 3,34,06,061 | 174,71,135 (52%) | 159,34,926 (47.70%) |

**അവലംബം** : സെൻസസ് 2001 & 2011, censusindia.gov.in/census website/data

**ചിത്രം 1.2.2** ഇന്ത്യയിലെയും കേരളത്തിലെയും ഗ്രാമീണ – നഗര ജനസംഖ്യ – താരതമ്യം (ശതമാനത്തിൽ)




**അവലംബം**: സെൻസസ് 2001 &2011

## 2036 വരെയുള്ള ജനസംഖ്യാ പ്രവചനം

2011 ലെ 121.09 കോടിയായിരുന്ന മൊത്തം ജനസംഖ്യ 2036 ആകുമ്പോഴേക്കും 151.83 കോടിയായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്, 2011 ലെ സെൻസസിനെ അപേക്ഷിച്ച് 25 ശതമാനം വർധനവാണിത്. അതുപോലെ, കേരളത്തിലെ ജനസംഖ്യ 2036 ൽ 3.34 കോടിയിൽ നിന്ന് 3.69 കോടിയായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു, ഇത് 2011 ലെ സെൻസസിനേക്കാൾ 10.6 ശതമാനം വർദ്ധനവാണ്. **(പട്ടിക 1.2.2)**

**പട്ടിക 1.2.2** ജനസംഖ്യാ പ്രൊജക്ഷൻ-ഇന്ത്യയും കേരളവും (1000-ൽ)

| **ക്രമ നമ്പർ** | **വർഷം** | **വിഭാഗം** | **ഇന്ത്യ** | **കേരളം** |
|---|---|---|---|---|
| 1 | 2011 | വ്യക്തി | 1210855 | 33406 |
| | | പുരുഷൻ | 623271 | 16027 |
| | | സ്ത്രീ | 587585 | 17379 |
| 2 | 2016 | വ്യക്തി | 1290235 | 34578 |
| | | പുരുഷൻ | 663346 | 16594 |
| | | സ്ത്രീ | 626889 | 17984 |
| 3 | 2021 | വ്യക്തി | 1361343 | 35489 |
| | | പുരുഷൻ | 698959 | 17043 |
| | | സ്ത്രീ | 662384 | 18447 |

| | | | | |
|---|---|---|---|---|
| 4 | 2026 | വ്യക്തി | 1423435 | 36207 |
| | | പുരുഷൻ | 729604 | 17395 |
| | | സ്ത്രീ | 693831 | 18812 |
| 5 | 2031 | വ്യക്തി | 1475519 | 36695 |
| | | പുരുഷൻ | 754893 | 17638 |
| | | സ്ത്രീ | 720626 | 19057 |
| 6 | 2036 | വ്യക്തി | 1518288 | 36949 |
| | | പുരുഷൻ | 775702 | 17775 |
| | | സ്ത്രീ | 742586 | 19174 |

**അവലംബം** : സെൻസസ് 2011

### ജനസംഖ്യാ വളർച്ച

2001 മുതൽ 2011 വരെ 4.9 ശതമാനം ജനസംഖ്യാ വളർച്ചാ നിരക്കുള്ള കേരളം, ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദശാബ്ദ വളർച്ചാ നിരക്കുള്ള സംസ്ഥാനമാണ്. ജില്ലകളിൽ വച്ച് മലപ്പുറത്തിനാണ് ഏറ്റവും ഉയർന്ന ദശാബ്ദ വളർച്ചാ നിരക്ക് (13.4 ശതമാനം) ഉള്ളത്, പത്തനംതിട്ടയിലാണ് ഏറ്റവും കുറവ് -3 ശതമാനം. വടക്കൻ കേരളത്തിലെ ജില്ലകളെ അപേക്ഷിച്ച് ആറ് തെക്കൻ ജില്ലകൾ (ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം) ജനസംഖ്യാ വളർച്ചാ നിരക്ക് കുറവാണ്. (**അനുബന്ധം 1.2.1**).

### ജനസാന്ദ്രത

2011 ലെ സെൻസസ് പ്രകാരം, കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 860 ആളുകളാണ്, ഇത് അഖിലേന്ത്യാ ജനസാന്ദ്രതയുടെ (382) ഇരട്ടിയിലധികം വരും. ഏറ്റവും ജനസാന്ദ്രതയുള്ള ജില്ല തിരുവനന്തപുരമാണ് (1,508), ഏറ്റവും കുറവ് ജനസാന്ദ്രതയുള്ള ജില്ല ഇടുക്കിയാണ് (255). 2011 ലെ ജനസംഖ്യാ സെൻസസ് പ്രകാരം, 2001 നെ അപേക്ഷിച്ച് പത്തനംതിട്ട (2001 ൽ 468 ൽ നിന്ന് 2011 ൽ 452 ആയും), ഇടുക്കി (2001 ൽ 259 ൽ നിന്ന് 2011 ൽ 255 ആയും) ഒഴികെയുള്ള എല്ലാ ജില്ലകളിലും ജനസാന്ദ്രത വർദ്ധിച്ചിട്ടുണ്ട്. (**അനുബന്ധം 1.2.1**)

### ജനന നിരക്ക്

ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്തെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ 1000 പേർക്ക് എത്ര ജനനങ്ങൾ സംഭവിക്കുന്നു എന്നതാണ് ക്രൂഡ് ജനന നിരക്ക്. കേരള സർക്കാരിന്റെ 2023 -ാം വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം, 2010-ൽ ജനനനിരക്ക് 15.75 ആയിരുന്നു, ഇത് 2020-ൽ 12.77 ആയും 2021-ൽ 11.94 ആയും കുറഞ്ഞു, 2022-ൽ ഇത് 12.53 ആയി നേരിയ തോതിൽ വർദ്ധിച്ചു. 2023-ൽ റിപ്പോർട്ട് ചെയ്ത ജനനനിരക്ക് 11.06 ആണ്. വിശദാംശങ്ങൾ അനുബന്ധം 1.2.3 ൽ നൽകിയിരിക്കുന്നു.

### മരണനിരക്ക്

ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്തെ ജനസംഖ്യയിൽ ഒരു നിശ്ചിത വർഷത്തിൽ 1000 പേർക്ക് എത്ര പേർ മരിക്കുന്നു എന്നതാണ് ക്രൂഡ് ഡെത്ത് റേറ്റ്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2023 ലെ വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അനുസരിച്ച്, ക്രൂഡ് മരണനിരക്ക് 2010 ൽ 6.88 ഉം 2021 ൽ 9.66 ഉം 2022 ൽ 9.16 ഉം 2023 ൽ 8.56 ഉം ആയിരുന്നു.

ഒരു നിശ്ചിത ഭൂമിശാസ്ത്രപരമായ പ്രദേശത്ത് ഒരു വർഷം 1000 ജനനങ്ങളിൽ സംഭവിക്കുന്ന ഒരു വയസ്സിന് താഴെയുള്ള മരണങ്ങളുടെ എണ്ണമാണ് ശിശുമരണ നിരക്ക് (IMR). കേരളത്തിലെ ശിശു മരണ നിരക്ക് 2010-ൽ 7.42 ഉം 2021-ൽ 5.05 ഉം ആയിരുന്നത് 2022-ൽ 5.13 ഉം , 2023-ൽ 5.26 ഉം ആയി ഉയർന്നു.2025 സെപ്റ്റംബറിലെ SRS (സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം) ബുള്ളറ്റിൻ പ്രകാരം, അഖിലേന്ത്യാ ശരാശരിയായ 25 ആയിരിക്കുമ്പോൾ , കേരളത്തിലെ ശിശു മരണ നിരക്ക് 5 ആണ്. ഗർഭധാരണം മൂലമോ ഗർഭം അലസൽ മൂലമോ 1,00,000 ജീവനുള്ള ജനനങ്ങളിൽ എത്ര മാതൃമരണങ്ങൾ സംഭവിക്കുന്നു എന്നതാണ് മാതൃമരണ നിരക്ക് (MMR). സ്ത്രീകൾക്കിടയിലെ ഗർഭധാരണവുമായി ബന്ധപ്പെട്ട അപകടസാധ്യതയെ പ്രതിനിധീകരിക്കാൻ MMR ഉപയോഗിക്കുന്നു. കേരളത്തിലെ MMR 2010-ൽ 30 ആയിരുന്നത് 2021-ൽ 19 ആയും 2022-ൽ 22 ആയും 2023-ൽ 25 ആയും രേഖപ്പെടുത്തിയിട്ടുണ്ട്. (**അനുബന്ധം 1.2.3**)

### കേരളത്തിലെ മരണകാരണങ്ങൾ

2023-ൽ രോഗങ്ങൾ/ശീലങ്ങൾ മൂലമുണ്ടായ മരണങ്ങളുടെ എണ്ണം പട്ടിക 1.2.3-ൽ നൽകിയിരിക്കുന്നു. 2023 ലെ വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അനുസരിച്ച്, ആകെ 146696 ജനസംഖ്യ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. ആകെ മരണങ്ങളിൽ 59.92% പുരുഷന്മാരും 40.06% സ്ത്രീകളുമാണ്. കേരളത്തിലെ ജനനനിരക്ക് പതിറ്റാണ്ടുകളായി കുറയുന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും, വിവിധ രോഗങ്ങൾ മൂലമുള്ള മരണനിരക്ക് വർദ്ധിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2023 ലെ വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് കാണിക്കുന്നത് കേരളത്തിലെ മരണങ്ങളുടെ പ്രധാന കാരണം ഹൃദയാഘാതം (45.82%), തുടർന്ന് കാൻസർ (16.28%), ആസ്ത്മ (12.9%) എന്നിവയാണ്.

### സാക്ഷരത

കേരളത്തിലെ ഫലപ്രദമായ സാക്ഷരതാ നിരക്ക് 2001 ൽ 91 ശതമാനവും 2011 ൽ 94 ശതമാനവുമായിരുന്നു. 2011-ൽ കേരളത്തിലെ പുരുഷന്മാരിൽ 96.1 ശതമാനവും സ്ത്രീകളിൽ 92.1 ശതമാനവും സാക്ഷരരായിരുന്നു. അഖിലേന്ത്യാ തലത്തിൽ ഈ അനുപാതങ്ങൾ യഥാക്രമം 82.1 ഉം 65.5 ഉം ആയിരുന്നു. കേരളത്തിലെ ജില്ലകളിൽ ഏറ്റവും

പട്ടിക 1.2.3 രോഗങ്ങൾ/ശീലങ്ങൾ അനുസരിച്ചുള്ള മരണങ്ങളുടെ എണ്ണം

| ക്രമ നമ്പർ | മരണത്തിന് കാരണമാകുന്ന രോഗങ്ങൾ/ ശീലങ്ങൾ | എണ്ണങ്ങൾ | | | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | വെളിപ്പെടുത്താത്തവർ | ആകെ (ശതമാനം) |
| 1 | ക്ഷയം | 332 | 110 | | 442 (0.30%) |
| 2 | വില്ലൻ ചുമ | 65 | 87 | | 152 (0.10%) |
| 3 | കാൻസർ | 13867 | 10029 | | 23896 (16.28%) |
| 4 | പ്രമേഹം | 1551 | 1686 | | 3237 (2.20%) |
| 5 | ഹൃദയാഘാതം/ഹൃദയരോഗങ്ങൾ | 40565 | 26656 | 2 | 67223 (45.82%) |
| 6 | ന്യൂമോണിയ | 3447 | 2599 | | 6046 (4.12%) |
| 7 | ആസ്ത്മ | 10218 | 8746 | 1 | 18965 (12.9%) |
| 8 | മഞ്ഞപ്പിത്തം | 177 | 90 | | 267 (0.18%) |
| 9 | കരൾ രോഗങ്ങൾ | 2933 | 1247 | | 4180 (2.8%) |
| 10 | അൾസർ | 211 | 146 | | 357 (0.24%) |
| 11 | പക്ഷാഘാതം | 3514 | 3119 | | 6633 (4.52%) |
| 12 | അപകടങ്ങൾ (ട്രാഫിക് വാഹനങ്ങൾ കാരണം ഉണ്ടാവുന്നത്) | 2679 | 471 | 2 | 3152 (2.1%) |
| 13 | ആത്മഹത്യ | 6339 | 1527 | 2 | 7868 (5.3%) |
| 14 | രക്തസമ്മർദ്ദം | 2012 | 2266 | | 4278 (2.91%) |
| | **മൊത്തം** | 87910 (59.92%) | 58779 (40.06%) | 7 (0.0004%) | 146696 |

**അവലംബം** : വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരള സർക്കാർ, 2023

ഉയർന്ന സാക്ഷരതാ നിലവാരം കോട്ടയത്തിനാണ് (97.2 ശതമാനം), തൊട്ടുപിന്നിൽ പത്തനംതിട്ടയാണ് (96.5 ശതമാനം). (**അനുബന്ധം 1.2.1**).

### ലിംഗാനുപാതം

2011 ലെ സെൻസസ് പ്രകാരം, കേരളത്തിലെ എല്ലാ ജില്ലകളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ലിംഗാനുപാതം 1,084 ആണ്.കേരളത്തിലെ ലിംഗാനുപാതം 1981–ൽ 1,032 ആയിരുന്നത് 1991–ൽ 1,036 ആയും 2001–ൽ 1,058 ആയും വർദ്ധിച്ചുവരികയാണ്. 2011–ൽ അഖിലേന്ത്യാതലത്തിൽ ഇത് 943 ആയിരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതൽ ആണ. കേരളത്തിൽ ഏറ്റവും ഉയർന്ന ലിംഗാനുപാതം കണ്ണൂരിലാണ് (1,136), തൊട്ടുപിന്നിൽ പത്തനംതിട്ടയും (1,132) ആണ്. ഏറ്റവും കുറഞ്ഞ ലിംഗാനുപാതം ഇടുക്കിയിലുമാണ് (1,006). (**അനുബന്ധം 1.2.2**)

### കുട്ടികളുടെ ലിംഗാനുപാതം (0–6 വയസ്സ്)

2011 ലെ സെൻസസ് പ്രകാരം, കേരളത്തിലെ കുട്ടികളുടെ ആൺ–പെൺ അനുപാതം (0–6 വയസ്സ് പ്രായമുള്ള 1000 ആൺകുട്ടികൾക്ക് പെൺകുട്ടികളുടെ എണ്ണം) 964 ആയിരുന്നു. 2001–ൽ ഇത് 960 ആയിരുന്നു. കേരളത്തിലെ ജില്ലകളിൽ ശിശുക്കളുടെ ആൺ–പെൺ അനുപാതം ഏറ്റവും ഉയർന്നത് പത്തനംതിട്ടയിലാണ് (976). തൊട്ടുപിന്നിൽ കൊല്ലവും (973) കണ്ണൂരും (971) ഉണ്ട്. ഏറ്റവും കുറഞ്ഞ അനുപാതം തൃശ്ശൂരിലാണ് (950). ഏറ്റവും ഉയർന്ന ദശാബ്ദ വർദ്ധനവ് കൊല്ലത്താണ് (13), തൊട്ടുപിന്നിൽ കോഴിക്കോടും (10). ജില്ലകളായ തൃശ്ശൂർ (–8), ഇടുക്കി (–5), ആലപ്പുഴ (–5) എന്നിവിടങ്ങളിലെ കുട്ടികളുടെ ആൺ–പെൺ അനുപാതതിന്റെ ദശാബ്ധ വളർച്ച പൂജ്യത്തിനു താഴെ ആണ്. (**അനുബന്ധം 1.2.2**)

### പ്രായവിഭാഗ അനുപാതം

കഴിഞ്ഞ അമ്പത് വർഷത്തിനിടയിലെ കേരളത്തിന്റെ ജനസംഖ്യാപരമായ മാറ്റം ശ്രദ്ധേയമാണ്. 0–14 വയസ്സ് പ്രായമുള്ളവരുടെ ജനസംഖ്യാ അനുപാതം 1961–ൽ 43 ശതമാനത്തിൽ നിന്ന് 2011–ൽ 23.4 ശതമാനമായി കുറഞ്ഞു. വർദ്ധിച്ചുവരുന്ന ആയുർദൈർഘ്യവും മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങളും കാരണം, വൃദ്ധരുടെ (60 വയസ്സും അതിൽ കൂടുതലുമുള്ള) അനുപാതം 1961–ൽ 5 ശതമാനത്തിൽ നിന്ന് 2011–ൽ 12.7 ശതമാനമായി വർദ്ധിച്ചു. "ഇന്ത്യ ഏജിംഗ് റിപ്പോർട്ട് 2023, UNFPA പ്രകാരം, ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ വയോജന ജനസംഖ്യ ആയ 16.5%, കേരളത്തിലാണ്, കൂടാതെ 2031 ൽ കേരളത്തിലെ വയോജന ജനസംഖ്യ 20.9% ആയി ഉയരുമെന്ന് MOSPI പ്രവചിക്കുന്നു. ദേശീയ തലത്തിൽ, ജനസംഖ്യയുടെ 29.5 ശതമാനം 0–14 വയസ്സ് പ്രായമുള്ളവരിലും, 62.5 ശതമാനം 15–59 വയസ്സ് പ്രായമുള്ളവരിലും, 8.0 ശതമാനം 60 വയസ്സിനു മുകളിലുള്ളവരിലുമാണ് (സെൻസസ് 2011). മൊത്തം ജനസംഖ്യയിൽ 0–14 വയസ്സ് പ്രായമുള്ളവരുടെ അനുപാതം

കുറയുന്നതിനാൽ, ജോലി ചെയ്യുന്ന പ്രായത്തിലുള്ളവരുടെ (15–59) അനുപാതം സമീപഭാവിയിൽ കുറയും. മറുവശത്ത്, മൊത്തം ജനസംഖ്യയിൽ വൃദ്ധരുടെ (60 വയസ്സിനു മുകളിലുള്ളവർ) അനുപാതം വർദ്ധിക്കുന്നത് സർക്കാരിന് കൂടുതൽ സാമൂഹിക കടമ വരുത്തും.

**പ്രായവിഭാഗം – ജില്ലാതല അനുപാതം**

കേരളത്തിൽ, മൊത്തം ജനസംഖ്യയുടെ 63.9 ശതമാനം പേർ 15–59 വയസ്സിനിടയിലുള്ള ജോലി ചെയ്യുന്ന പ്രായക്കാരാണ്, തൊട്ടുപിന്നാലെ 23.4 ശതമാനം പേർ 0–14 വയസ്സിനിടയിലുള്ളവരും, 12.55 ശതമാനം പേർ 60 വയസ്സിനു മുകളിലുള്ളവരുമാണ്. ജില്ലകളിൽ, തൊഴിൽ ചെയ്യുന്ന ജനസംഖ്യയുടെ ഏറ്റവും ഉയർന്ന ശതമാനം ഇടുക്കിയിലാണ് (66 ശതമാനം), ഏറ്റവും കുറവ് മലപ്പുറത്താണ് (61.4 ശതമാനം). 60 വയസ്സിനു മുകളിലുള്ളവരിൽ പത്തനംതിട്ടയിലാണ് ഏറ്റവും കൂടുതൽ ശതമാനം (17.9 ശതമാനം), മലപ്പുറത്താണ് ഏറ്റവും കുറവ് (8.4 ശതമാനം). അതേസമയം, 0–14

**പട്ടിക 1.2.4** വ്യത്യസ്ത പ്രായത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള ജനസംഖ്യാ വിതരണം – 2011

| ക്രമ നമ്പർ | ജില്ല | ജില്ലയിലെ ആകെ ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗത്തിലുള്ളവരുടെ എണ്ണം | | | ജില്ലയിലെ ആകെ ജനസംഖ്യയിൽ വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ ശതമാനം | | |
|---|---|---|---|---|---|---|---|
| | | 0–14 | 15–59 | 60+ | 0–14 | 15–59 | 60+ |
| 1 | കാസർകോട് | 3,42,696 | 8,35,111 | 1,29,568 | 26.2 | 63.9 | 9.9 |
| 2 | കണ്ണൂർ | 5,94,411 | 16,06,593 | 3,21,999 | 23.6 | 63.7 | 12.8 |
| 3 | വയനാട് | 2,12,246 | 5,26,414 | 78,760 | 26.0 | 64.4 | 9.6 |
| 4 | കോഴിക്കോട് | 7,49,692 | 19,72,762 | 3,63,839 | 24.3 | 63.9 | 11.8 |
| 5 | മലപ്പുറം | 12,41,491 | 25,26,407 | 3,45,022 | 30.2 | 61.4 | 8.4 |
| 6 | പാലക്കാട് | 6,78,192 | 17,95,096 | 3,36,646 | 24.1 | 63.9 | 12.0 |
| 7 | തൃശ്ശൂർ | 6,88,592 | 20,01,050 | 4,31,558 | 22.1 | 64.1 | 13.8 |
| 8 | എറണാകുളം | 6,93,215 | 21,35,689 | 4,53,484 | 21.1 | 65.1 | 13.8 |
| 9 | ഇടുക്കി | 2,47,338 | 7,32,193 | 1,29,443 | 22.3 | 66.0 | 11.7 |
| 10 | കോട്ടയം | 4,13,849 | 12,47,065 | 3,13,637 | 21.0 | 63.2 | 15.9 |
| 11 | ആലപ്പുഴ | 4,46,279 | 13,57,100 | 3,24,410 | 21.0 | 63.8 | 15.2 |
| 12 | പത്തനംതിട്ട | 2,32,670 | 7,50,202 | 2,14,540 | 19.4 | 62.7 | 17.9 |
| 13 | കൊല്ലം | 5,83,023 | 17,00,534 | 3,51,818 | 22.1 | 64.5 | 13.3 |
| 14 | തിരുവനന്തപുരം | 7,07,280 | 21,60,992 | 4,33,155 | 21.4 | 65.5 | 13.1 |
| | കേരളം | 78,30,974 | 2,13,47,208 | 4193393 # | 23.4 | 63.9 | 12.55 |

**അവലംബം:** censusindia.gov.in,സെൻസസ് 2011, # ഇതിൽ പ്രായം വ്യക്തമാക്കാത്ത വിഭാഗത്തെ (34486 പേർ) ഉൾപ്പെടുത്തിയിട്ടില്ല.

**ചിത്രം 1.2.3** 2001, 2011 സെൻസസിലെ കേരളത്തിന്റെ ജില്ല തിരിച്ചുള്ള ജനസംഖ്യ




**അവലംബം:** സെൻസസ് 2001 ഉം 2011 ഉം

ഗ്രൂപ്പിലെ ജനസംഖ്യയുടെ ഏറ്റവും ഉയർന്ന അനുപാതം മലപ്പുറത്താണ് (30.2 ശതമാനം), അതേസമയം ഏറ്റവും കുറവ് പത്തനംതിട്ടയിലാണ് (19.4 ശതമാനം). യഥാർത്ഥ എണ്ണം എടുക്കുകയാണെങ്കിൽ, 0–14 ഗ്രൂപ്പിലും 15–59 ഗ്രൂപ്പിലും (12.4 ലക്ഷം, 25.2 ലക്ഷം) ഏറ്റവും ഉയർന്ന അനുപാതം മലപ്പുറത്താണ്. 60 വയസ്സിനു മുകളിലുള്ളവർ ഏറ്റവും കൂടുതൽ ഉള്ളത് എറണാകുളം ജില്ലയിലാണ്. 2011 ലെ സെൻസസ് പ്രകാരം വ്യത്യസ്ത പ്രായക്കാർക്കിടയിലെ ജനസംഖ്യയുടെ ജില്ല തിരിച്ചുള്ള വിതരണം **പട്ടിക 1.2.4** ൽ നൽകിയിരിക്കുന്നു.

**മുന്നിലുള്ള വെല്ലുവിളികൾ**

ഉയർന്ന ജനസാന്ദ്രത, വാർദ്ധക്യ ജനസംഖ്യാശാസ്ത്രം, ജനനനിരക്ക് കുറയൽ, നഗരവൽക്കരണം, ജനസംഖ്യാ വർധനവ് മൂലമുള്ള വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, വിഭവങ്ങളുടെ മേലുള്ള സമ്മർദ്ദം, കുടിയേറ്റം, മാറിക്കൊണ്ടിരിക്കുന്ന ജനസംഖ്യാ അസന്തുലിതാവസ്ഥ എന്നിവയുൾപ്പെടെ കേരളത്തിലെ ജനസംഖ്യാ വളർച്ച നിരവധി വെല്ലുവിളികൾ ഉയർത്തുന്നു. ഈ വെല്ലുവിളികളെ നേരിടുന്നതിനായി, സുസ്ഥിര വികസനം, കുടുംബാസൂത്രണം, പ്രത്യുൽപാദന ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം, സാമൂഹിക ക്ഷേമ പരിപാടികൾ, സാമ്പത്തിക വളർച്ച, തൊഴിൽ സൃഷ്ടി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ വിവിധ നയങ്ങളും സംരംഭങ്ങളും അവതരിപ്പിച്ചിട്ടുണ്ട്.

### നഗരവൽക്കരണം

ആഗോളതലത്തിൽ, നഗരവൽക്കരണം സമീപ ദശകങ്ങളിൽ ഒരു പ്രധാന പ്രവണതയായി മാറിയിട്ടുണ്ട്. കൂടാതെ, ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ തുടർച്ചയായി ദ്രുതഗതിയിലുള്ള നഗരവളർച്ചയെ പ്രവചിക്കുന്നു. ജനസംഖ്യാവർദ്ധനയും നഗരങ്ങളിലേക്കുള്ള കുടിയേറ്റവും മൂലം 2050 ഓടെ ലോകജനസംഖ്യയുടെ 68 ശതമാനം നഗരപ്രദേശങ്ങളിൽ ജീവിക്കുമെന്നാണ് കണക്കാക്കുന്നത്. ഇന്ത്യയിൽ മാത്രം 416 ദശലക്ഷം പേർ കൂടി 2018 മുതൽ 2050 വരെ നഗരവാസികളാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടെ രാജ്യത്തിന്റെ നഗരജനസംഖ്യ ഏകദേശം ഇരട്ടിയാകും. അനവധി വ്യതിരിക്തമായ സവിശേഷതകളോടെ കേരളത്തിലും നഗരവൽക്കരണം വർദ്ധിക്കുന്ന പ്രവണതയാണ് കാണുന്നത്.

ഇന്ത്യയിൽ നഗരവൽക്കരണത്തെ രണ്ട് വ്യത്യസ്ത നിർവചനങ്ങളിലൂടെയാണ് നിർണയിക്കുന്നത്. ഭരണപരമായും സെൻസസ് അടിസ്ഥാനത്തിലും. ഭരണപരമായി, ഒരു പ്രദേശം നഗരമായി കണക്കാക്കുന്നത് അത് ഒരു നഗര പ്രാദേശിക സർക്കാരിന്റെ (എൽ.എസ്.ജി) അധികാരപരിധിയിൽ വരുമ്പോഴാണ്. കൂടാതെ, ജനസംഖ്യ, ജനസാന്ദ്രത, സാമ്പത്തികപ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിർദിഷ്ട പരിധികൾ പ്രാപ്തമാക്കുകയാണെങ്കിൽ പ്രദേശങ്ങളെ നഗരമായി തരംതിരിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. ഇന്ത്യയിലെ നഗരവൽക്കരണം അതിന്റെ ജനസംഖ്യാപരവും സാമൂഹികവുമായ രീതികളിൽ ഗണ്യമായ മാറ്റങ്ങൾ പ്രതിഫലിപ്പിക്കുന്നു. സെൻസസ് കണക്കുകളനുസരിച്ച്, ഇന്ത്യയിൽ ആകെ 7,933 നഗര അധിവാസകേന്ദ്രങ്ങളിലായി (സ്റ്റാറ്റ്യൂട്ടറിപട്ടണങ്ങളും സെൻസസ് പട്ടണങ്ങളും) 377.1 ദശലക്ഷം ജനങ്ങൾ അധിവസിക്കുന്നു (സെൻസസ് 2011). ഇത് ഇന്ത്യയെ ലോകത്തിലെ രണ്ടാമത്തെ വലിയ നഗരവ്യവസ്ഥയാക്കി മാറ്റുന്നു. 2018 ലെ വേൾഡ് അർബനൈസേഷൻ പ്രോസ്പെക്റ്റ്സ് (പുതുക്കിയത്) പ്രകാരം ഇന്ത്യയിലെ നഗര ജനസംഖ്യ 2030 ആകുമ്പോഴേക്കും 60.73 കോടിയും 2050 ആകുമ്പോഴേക്കും 87.66 കോടിയും ആകും. 2050 ആകുമ്പോഴേക്കും നഗരവൽക്കരണ നിരക്ക് 53 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു (**ചിത്രം 1.2.4**).

**ചിത്രം 1.2.4** ഇന്ത്യയിലെ നഗരവൽക്കരണ പ്രവണത




**അവലംബം** : സെൻസസ് ഓഫ് ഇന്ത്യ (1971 മുതൽ 2011 വരെ), യുഎൻ വേൾഡ് അർബനൈസേഷൻ പ്രോസ്പെക്ട്സ്, 2018 (വർഷങ്ങൾ 2020 മുതൽ 2050 വരെ)

ഇന്ത്യയിൽ വളരെ വ്യതിരിക്തമായ നഗരവൽക്കരണ പാതയാണ് കേരളം പിന്തുടരുന്നത്. 1901 ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളുടെ സംയുക്ത ജനസംഖ്യ 6.4 ദശലക്ഷം ആയിരുന്നു. അതിൽ 92.9 ശതമാനം ഗ്രാമപ്രദേശങ്ങളിലും 10 ശതമാനത്തിൽ താഴെ നഗരപ്രദേശങ്ങളിലും ജീവിച്ചിരുന്നു. കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ, ഗ്രാമീണ ജനസംഖ്യ ക്രമേണ കുറയുകയും 2001 ആയപ്പോഴേക്കും ജനസംഖ്യയുടെ 74 ശതമാനം ആയിത്തീരുകയും ചെയ്തു. 2011 ലെ സെൻസസ് കാണിക്കുന്നത് കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യ ഏതാണ്ട് തുല്യമായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നാണ്. നഗരപ്രദേശങ്ങളിൽ ജനസംഖ്യ 15.9 ദശലക്ഷവും (47.7 ശതമാനം) ഉം ഗ്രാമപ്രദേശങ്ങളിൽ 17.4 ദശലക്ഷവുമാണ് (52.3 ശതമാനം).

കേരളത്തിന്റെ നഗരവൽക്കരണം മിതമായ തോതിലാണ് വളർന്നത്. സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള ആദ്യ സെൻസസ് ആയ 1961 ൽ നഗരവൽക്കരണത്തിന്റെ തോത് 15.11 ശതമാനമായി രേഖപ്പെടുത്തി. ഈ പുരോഗതിയിൽ മാറ്റങ്ങളുണ്ടായി. നഗരവത്ക്കരണത്തിന്റെ തോത് 1991–ൽ 26.39 ശതമാനമായിരുന്നത് 2001–ൽ 25.96 ശതമാനമായി കുറഞ്ഞു. 2001 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ നഗരവളർച്ചയിൽ അഭൂതപൂർവമായ പുരോഗതിയുണ്ടായി. സെൻസസ് 2011 കണക്കുകൾ പ്രകാരം കേരള ജനസംഖ്യയുടെ 47.7 ശതമാനം പേർ നഗരപ്രദേശങ്ങളിലാണ് താമസിക്കുന്നത്. പ്രൊജക്റ്റഡ് കണക്കുകൾ പ്രകാരം 2036 ആകുമ്പോഴേക്കും കേരളത്തിലെ ജനസംഖ്യയുടെ 96 ശതമാനവും നഗരവാസികളായിരിക്കുമെന്ന് സൂചിപ്പിക്കുന്നു. ഇത് ദ്രുതഗതിയിലുള്ള നഗരവൽക്കരണത്തെ പ്രതിഫലിപ്പിക്കുന്നു. ഇതോടൊപ്പം നഗര സഞ്ചയങ്ങളുടെ എണ്ണവും വർദ്ധിച്ചു, 1981–ൽ ഒൻപതിൽ നിന്നും 2011 – ൽ പത്തൊൻപതായി വർദ്ധിച്ചു.

കേരളം ദ്രുതഗതിയിൽ നഗരവൽക്കരിക്കപ്പെടുന്ന സംസ്ഥാനമായി കണക്കാക്കപ്പെടുന്നു. നഗര ജനസംഖ്യയുടെ ഏറ്റവും ഉയർന്ന അനുപാതം എറണാകുളത്താണ് (68.1 ശതമാനം), അതേസമയം ഏറ്റവും കുറവ് വയനാട്ടിലാണ് (3.8 ശതമാനം). സെൻസസ് 2011 പ്രകാരം, സെൻസസ് പട്ടണങ്ങളുടെ എണ്ണത്തിൽ നിന്ന് നഗരവൽക്കരണത്തിലെ വർദ്ധനവ് വ്യക്തമാണ്. ഒരു സെൻസസ് ടൗൺ എന്നത് നിയമപരമായി ഒരു പട്ടണമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലെങ്കിലും നഗര സവിശേഷതകൾ പ്രകടിപ്പിക്കുന്നു. അതിൽ ജനസംഖ്യ 5,000 ൽ അധികവും ജനസാന്ദ്രത ചുരുങ്ങിയത് ചതുരശ്ര കിലോമീറ്ററിന് 400 വ്യക്തികളും, കാർഷിക മേഖലയ്ക്ക് പുറത്ത് ചുരുങ്ങിയത് 75 ശതമാനം പുരുഷന്മാരും തൊഴിലെടുക്കുന്നു. കേരളത്തിൽ 2001–ൽ 99 സെൻസസ് പട്ടണങ്ങളും അതിൽ 60 സ്റ്റാറ്റ്യൂട്ടറി ടൗണുകളും ഉണ്ടായിരുന്നു. ഇത് 2011 – ഓടെ 461 സെൻസസ് പട്ടണങ്ങളും 59 സ്റ്റാറ്റ്യൂട്ടറി ടൗണുകളും ആയി, സെൻസസ് പട്ടണങ്ങളിൽ 366 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2011–ൽ വയനാട്ടിലും ഇടുക്കിയിലും സെൻസസ് ടൗണുകൾ ഉണ്ടായിരുന്നില്ല, എന്നാൽ ഓരോന്നിനും ഒരു സ്റ്റാറ്റ്യൂട്ടറി നഗരം ഉണ്ടായിരുന്നു.

2001, 2011 വർഷങ്ങളിലെ സെൻസസുകളിൽ നഗര ജനസംഖ്യയുടെ ദശാബ്ദ ജനസംഖ്യാ വളർച്ചാനിരക്ക് 3.90 ശതമാനമായിരുന്നു. ഇത് സംസ്ഥാന ശരാശരി വളർച്ചാനിരക്കായ 4.9 ശതമാനത്തേക്കാൾ കുറവുമാണ്.

**പട്ടിക 1.2.5** കേരളത്തിലെ നഗരവൽക്കരണം 1901–2036

| വർഷം | നഗര ജനസംഖ്യ (ലക്ഷത്തിൽ) | നഗരവത്ക്കരണത്തിന്റെ തോത് |
|---|---|---|
| 1901 | 4.5 | 7.11 |
| 1911 | 5.3 | 7.34 |
| 1921 | 6.8 | 8.73 |
| 1931 | 9 | 9.64 |
| 1941 | 12 | 10.84 |
| 1951 | 18.3 | 13.48 |
| 1961 | 25.5 | 15.11 |
| 1971 | 34.7 | 16.24 |
| 1981 | 47.7 | 18.78 |
| 1991 | 76.8 | 26.39 |
| 2001 | 82.7 | 25.96 |
| 2011 | 159.3 | 47.7 |
| **പ്രൊജക്റ്റ് ചെയ്ത കണക്കുകൾ** | | |
| 2016 | 206.02 | 59.58 |
| 2021 | 252 | 71.01 |
| 2026 | 294.65 | 81.38 |
| 2031 | 330.51 | 90.07 |
| 2036 | 356.03 | 96.43 |

**അവലംബം**: 1901-2011 വരെയുള്ള സെൻസസ് റിപ്പോർട്ടുകളും 2016-2036 ലെ ജനസംഖ്യാ പ്രൊജക്ഷൻസ് സംബന്ധിച്ച സാങ്കേതിക ഗ്രൂപ്പിന്റെ റിപ്പോർട്ട് (2020), ദേശീയ ജനസംഖ്യാ കമ്മീഷൻ, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം എന്നിവയിൽ നിന്നുള്ള പ്രൊജക്റ്റ് ചെയ്ത കണക്കുകളും.

ഇത് സൂചിപ്പിക്കുന്നത് നഗരജനസംഖ്യാ വളർച്ചയുടെ കാരണം നഗരങ്ങളിലേക്കുള്ള കുടിയേറ്റമല്ലെന്ന് തന്നെയാണ്. മറിച്ച് രാജ്യത്തെ മറ്റ് ഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി നഗര ജനസംഖ്യയിലെ വളർച്ച മുഖ്യമായും സെൻസസ് ടൗണുകളുടെ വർദ്ധനവ് മൂലമാണെന്ന് കാണാവുന്നതാണ്. ഉയർന്ന ജനസാന്ദ്രതയും ഉപജീവനമാർഗ്ഗങ്ങളിലെ മാറ്റങ്ങളും കാരണം ഗ്രാമപ്രദേശങ്ങൾ പലപ്പോഴും നഗരപ്രദേശങ്ങളായി മാറുന്നു.

**ജില്ലകളിലെ നഗര ജനസംഖ്യാ വിതരണവും ദശാബ്ദ വേഗതയും**

സ്റ്റാറ്റ്യൂട്ടറി, സെൻസസ് ടൗണുകൾ ചേർന്ന് 135 പട്ടണങ്ങളുള്ള തൃശ്ശൂർ ജില്ലയിലാണ് സംസ്ഥാനത്തെ ഏറ്റവും കൂടുതൽ പട്ടണങ്ങളുള്ളത്. ഇത് സംസ്ഥാനത്തെ ആകെ പട്ടണങ്ങളുടെ 25 ശതമാനത്തിലധികം വരും. ഏകദേശം 60 ശതമാനം പട്ടണങ്ങളും തൃശ്ശൂർ, കണ്ണൂർ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ്. എട്ട് ജില്ലകളിലായി നഗര ജനസംഖ്യ പത്ത് ലക്ഷം കവിഞ്ഞു. ഇതിൽ എറണാകുളം മുന്നിലും തുടർന്ന് തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളുമാണ്. ഈ നാല് ജില്ലകളിലാണ് സംസ്ഥാനത്തെ ആകെ നഗരജനസംഖ്യയുടെ 50 ശതമാനത്തിലധികം വസിക്കുന്നത്. 2001–2011 കാലയളവിൽ ദശക നഗരജനസംഖ്യാ വളർച്ചയുടെ കണക്കെടുത്താൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും നഗര ജനസംഖ്യയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ശ്രദ്ധേയമായി, 2015–20 കാലയളവിൽ ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന 15 നഗരപ്രദേശങ്ങളിൽ മൂന്നെണ്ണം കേരളത്തിലായിരുന്നു. ഇത് സംസ്ഥാനത്തിന്റെ ചലനാത്മകമായ നഗര ഭൂപ്രകൃതിയെ പ്രതിഫലിപ്പിക്കുന്നു (**പട്ടിക 1.2.6** കാണുക).

2011 സെൻസസ് പ്രകാരം, മലപ്പുറം ജില്ലയിലാണ് ഏറ്റവും ഉയർന്ന നഗര ജനസംഖ്യാ വളർച്ചയുണ്ടായത്. തുടർന്ന് കൊല്ലം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് മേൽ സൂചിപ്പിച്ച വളർച്ചയുണ്ടായത്. എന്നാൽ കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ഗ്രാമീണ ജനസംഖ്യ നഗര ജനസംഖ്യയെക്കാൾ കൂടുതലാണ്. ഇടുക്കിയിലും വയനാട്ടിലും 95 ശതമാനത്തിലധികം ജനസംഖ്യ ഗ്രാമീണമാണ്.

പതിമൂന്ന്, പതിന്നാല് പഞ്ചവത്സര പദ്ധതി കാലയളവിൽ, നഗരവൽക്കരണത്തിനും ആസൂത്രണത്തിനും കേരള സർക്കാർ വ്യക്തമായ ഒരു സമീപനം സ്വീകരിച്ചു. പതിമൂന്നാം പദ്ധതിയിൽ നഗരവൽക്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമഗ്രമായ ഒരു കർമ്മ പദ്ധതി വികസിപ്പിക്കുന്നതിനും മുൻഗണന നൽകി. പതിനാലാം പദ്ധതിയിൽ, ദ്രുതഗതിയിലുള്ള നഗരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ, അടിസ്ഥാന സൗകര്യങ്ങൾ, പൗരസേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര പദ്ധതികളും വിദേശ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളും പ്രാദേശിക വികസന പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ദൗത്യമായി അംഗീകരിച്ചു. കേരളത്തിലെ ഗ്രാമ-നഗര തുടർച്ചയ്ക്കുള്ളിൽ നഗരവൽക്കരണം കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തമായ ഒരു സമീപനം സ്വീകരിക്കേണ്ടതിന് സർക്കാർ ഊന്നൽ നൽകി. സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ സ്ഥലപര ആസൂത്രണം ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. ഗ്രാമ-നഗര അതിർത്തികൾ വേർതിരിച്ചറിയാൻ കഴിയാത്ത കേരളത്തിൽ, പ്രാദേശിക വികസനം ഉറപ്പുവരുത്തുന്നതിനു മേഖലാതലത്തിൽ സമതുലിതവും സമന്വയപരവുമായ വികസനം ഉറപ്പാക്കുന്നതിനായി മാസ്റ്റർ പ്ലാനുകൾ അനിവാര്യമാണെന്ന് പദ്ധതികൾ ചൂണ്ടിക്കാട്ടി.

**പട്ടിക 1.2.6** ലോകത്തിലെ നഗരവൽക്കരണത്തിന്റെ വേഗത: ഒരു താരതമ്യം

| ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന നഗര സഞ്ചയങ്ങൾ (2015–2020) | | | ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വളരുന്ന നഗര സഞ്ചയങ്ങൾ (2015–2020) | |
|---|---|---|---|---|
| **നഗരങ്ങൾ** | **രാജ്യം** | **2015 മുതൽ 2020 വരെയുള്ള വളർച്ചാ നിരക്ക് (ശതമാനത്തിൽ)** | **നഗരം** | **2015 മുതൽ 2020 വരെയുള്ള വളർച്ചാ നിരക്ക് (ശതമാനത്തിൽ)** |
| **മലപ്പുറം** | ഇന്ത്യ | 44.05 | മലപ്പുറം | 44.05 |
| **കാൻ തോ** | വിയറ്റ്നാം | 36.7 | കോഴിക്കോട് | 34.5 |
| **സുക്വാൻ** | ചൈന | 36.6 | കൊല്ലം | 31.1 |
| **കോഴിക്കോട്** | ഇന്ത്യ | 34.5 | തൃശ്ശൂർ | 30.22 |
| **അബൂജ** | നൈജീരിയ | 34.2 | സൂറത്ത് | 26.69 |
| **സുഷു** | ചൈന | 32.5 | തിരുപ്പൂർ | 26.21 |
| **ഷാർജ** | യു.എ.ഇ | 32.2 | തിരുവനന്തപുരം | 25.57 |
| **പുട്ടിയാൻ** | ചൈന | 32.2 | റായ്പ്പൂർ | 22.21 |
| **മസ്കറ്റ്** | ഒമാൻ | 31.4 | കൊച്ചി | 21.87 |
| **കൊല്ലം** | ഇന്ത്യ | 31.1 | ബാംഗ്ലൂർ | 21.55 |

**അവലംബം**: ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന നഗരങ്ങൾ. വേൾഡ് പോപ്പുലേഷൻ റിവ്യൂ, 2024 മുതൽ https://worldpopulationreview.com/world-city-rankings/fastest-growing-cities-in-the-world

### സ്ഥലപര ആസൂത്രണ പ്രവർത്തനങ്ങൾ

ഗ്രാമ നഗരപ്രദേശങ്ങൾക്ക് ഇടയിലുള്ള അതിരുകൾ കുറവായതു കൊണ്ടും ജനസാന്ദ്രത കൂടിയതും പരസ്പരബന്ധിതവുമായ ജനവാസ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ സവിശേഷതയായതിനാലും, സൗകര്യങ്ങളും സേവനങ്ങളും താരതമ്യേന തുല്യമായി ലഭ്യമാണ്. ഗ്രാമപ്രദേശങ്ങളെയും നഗരപ്രദേശങ്ങളെയും വ്യത്യസ്ത മേഖലകളായി കാണുന്ന പരമ്പരാഗത ആസൂത്രണ സമീപനങ്ങൾക്കെതിരാണിത്. അതിനാൽ, കേരളം ആവശ്യപ്പെടുന്നത് അതിന്റെ ഹൈബ്രിഡ് ജനവാസ ഘടനയോട് സംവേദനക്ഷമതയുള്ളതും പരസ്പരബന്ധിതമായ അത്തരം ഭൂപ്രകൃതികളുടെ സങ്കീർണ്ണതകളെ അഭിസംബോധന ചെയ്യാൻ കഴിവുള്ളതുമായ ഒരു സ്പേഷ്യൽ പ്ലാനിങ്ങ് ചട്ടക്കൂടാണ്.

2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് (കെ.ടി.സി.പി) നടപ്പിലാക്കിയതാണ് കേരളത്തിലെ സ്ഥലപര ആസൂത്രണത്തിലെ ഒരു സുപ്രധാന വഴിത്തിരിവ്. ഈ നിയമം ചുവടെ പറയുന്ന കാര്യങ്ങൾ തയ്യാറാക്കാൻ നിർബന്ധിതമാക്കുന്നു: 1) സംസ്ഥാന, ജില്ലാ, മെട്രോപൊളിറ്റൻ പ്രദേശങ്ങളിലെ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കൽ. 2) പ്രാദേശിക ആസൂത്രണ മേഖലയ്ക്കും (അതായത്, ഒരു മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, ടൗൺ പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് എന്നിവയുടെ പരിധിയിലുള്ള പ്രദേശം) കൂടാതെ സംയുക്ത ആസൂത്രണ മേഖലയ്ക്കുമുള്ള (സർക്കാർ പ്രഖ്യാപിച്ചതും ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധി ഉൾക്കൊള്ളുന്നതുമായ) മാസ്റ്റർ പ്ലാനുകൾ തയാറാക്കൽ 3) വിശദമായ നഗരാസൂത്രണ പദ്ധതികൾ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള ഒരു പ്രദേശത്തിന്റെ വികസനം ഏറ്റെടുക്കാൻ കഴിയുന്ന).

2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് (കെ.ടി.സി.പി) ആക്റ്റ് (2021-ൽ ഭേദഗതി ചെയ്തത്), സംസ്ഥാനത്തിന്റെ ദീർഘകാല സ്ഥല വികസനത്തിന് വഴികാട്ടുന്നതിനായി 20 വർഷത്തെ കാലയളവിൽ ഒരു സ്ഥലമാന പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കാൻ നിർബന്ധിതമാക്കുന്നു. ഡാറ്റ ശേഖരണം, രീതിശാസ്ത്ര രൂപീകരണം എന്നിവയുൾപ്പെടെയുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളോടെയാണ് എസ്.പി.പിയുടെ പ്രവർത്തനം ആരംഭിച്ചത്. 2024-ൽ, സംസ്ഥാന നഗര-ഗ്രാമ ആസൂത്രണ സമിതി (എസ്.ടി.സി.പി) ഔപചാരികമായി രൂപീകരിക്കപ്പെട്ടു. പദ്ധതി തയ്യാറാക്കലിന്റെ സജീവ ഘട്ടത്തിലേക്കുള്ള മാറ്റത്തെ അടയാളപ്പെടുത്തുന്നു.

എല്ലാ സ്റ്റാറ്റ്യൂട്ടറി പട്ടണങ്ങൾക്കും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ ഈ നിയമം അനുശാസിക്കുന്നു. അമൃത് 2.0 പ്രകാരം, 49 പട്ടണങ്ങൾക്കായുള്ള (2021 ൽ 50,000 ൽ കൂടുതൽ ജനസംഖ്യയുള്ള) മാസ്റ്റർ പ്ലാനുകൾ ആരംഭിച്ചു, അതിൽ 28 എണ്ണം പരിഷ്കരിക്കുകയും 4 എണ്ണം പുതുക്കുകയും, 17 പുതിയ പദ്ധതികളും ഉൾപ്പെടുത്തുകയും ചെയ്തു. ഇതിനായി ഉയർന്ന റെസല്യൂഷനുള്ള ഉപഗ്രഹ ചിത്രങ്ങളും യുഎവി (അൺമാൻഡ് ഏരിയൽ വെഹിക്കിൾ) സാങ്കേതികവിദ്യയും ഉപയോഗിക്കുന്നു. കൂടാതെ, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്കായുള്ള മാസ്റ്റർ പ്ലാനുകൾ മുൻഗണനയായി വികസിപ്പിച്ചെടുക്കുന്നു. കൂടാതെ, സംസ്ഥാനത്തെ അഞ്ച് നഗരങ്ങൾക്കായി ഫോം-ബേസ്ഡ് കോഡുകൾ, വാല്യൂ ക്യാപ്ചർ ഫിനാൻസിംഗ് തുടങ്ങിയ സവിശേഷതകളുള്ള ലോക്കൽ ഏരിയ പ്ലാനുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. 2016 മുതൽ 2025 വരെയുള്ള സംസ്ഥാനത്തെ നിയമാനുസൃത നഗരപ്രദേശങ്ങൾക്കായുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി താഴെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു (**പട്ടിക 1.2.7 കാണുക**).

കേരളത്തിന്റെ നഗര വളർച്ചാ പ്രവണതകളും, നഗര ജനസംഖ്യയുടെ വർധിച്ചുവരുന്ന ആവശ്യങ്ങളും അഭിലാഷങ്ങളും, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനത്തിന്റെ ശ്രദ്ധായും ഒരു പോലെ അവസരങ്ങളും വെല്ലുവിളികളും ഉയർത്തുന്നു. മാനവ-സാമ്പത്തിക വികസനത്തിന് നഗരപ്രദേശങ്ങൾ നിർണായക കേന്ദ്രങ്ങളാണ്, എന്നാൽ ദ്രുതഗതിയിലുള്ള നഗരവൽക്കരണവുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ കൈകാര്യം ചെയ്യുന്നതിന് സുസ്ഥിര നഗര വിപുലീകരണം അത്യാവശ്യമാണ്. കേരളത്തിന്റെ തനതായ സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകം സംരക്ഷിക്കുന്നതിനൊപ്പം നഗരവൽക്കരണത്തിന്റെ പൂർണ്ണശേഷി സാക്ഷാത്കരിക്കുന്നതിന്, അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി സംരക്ഷണം, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയിൽ നിക്ഷേപം നടത്തുന്നതിന് സംസ്ഥാനം തുടർന്നും മുൻഗണന നൽകണം, അതുവഴി എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു നഗര സമൂഹത്തെ വളർത്തിയെടുക്കണം. സംസ്ഥാനത്തിന്റെ നഗരനയം വികസിപ്പിക്കുന്നതിനായി ഒരു നഗര കമ്മീഷൻ രൂപീകരിച്ചത് ഈ ദിശയിലുള്ള ഒരു ശ്രദ്ധേയമായ ഇടപെടലാണ്.

### നഗര നയ കമ്മീഷൻ

2023-ലാണ് കേരള അർബൻ പോളിസി കമ്മീഷൻ (കെ.യു.പി.സി) രൂപീകൃതമായത്. ഇന്ത്യയിൽ ആദ്യമായി സ്ഥാപിതമായ നഗര കമ്മീഷനായ കേരള അർബൻ പോളിസി കമ്മീഷൻ (കെ.യു.പി.സി) സ്ഥലപര ആസൂത്രണവും

**പട്ടിക 1.2.7** മാസ്റ്റർ പ്ലാൻ കവറേജ് പുരോഗതി (2016 ഉം 2025 ഉം)

| വർഷം | നിയമപ്രകാരമുള്ള പട്ടണങ്ങൾ | അംഗീകരിച്ച മാസ്റ്റർ പ്ലാനുകൾ | തയ്യാറാക്കിക്കൊണ്ടിരിക്കുന്ന മാസ്റ്റർ പ്ലാനുകൾ | ആകെ കവറേജ് (അനുവദിച്ചത് + പുരോഗമിക്കുന്നു) | കവറേജ് (ശതമാനത്തിൽ) |
|---|---|---|---|---|---|
| 2016 | 93 | 15 | 47 | 62 | 67% |
| 2025 | 93 | 48 | 37 | 85 | 91.39% |

**അവലംബം**: തദ്ദേശ സ്വയംഭരണ വകുപ്പ്

കാലാവസ്ഥാ-പ്രതിരോധ നയങ്ങൾ വിന്യസിക്കുന്നതിനും, പ്രധാന വളർച്ചാ ചാലകങ്ങളെ തിരിച്ചറിഞ്ഞ്, പ്രാദേശിക സാമ്പത്തിക വികസനത്തിൽ നിക്ഷേപിക്കുന്നതിനും, തദ്ദേശ ഭരണത്തിലും സുസ്ഥിര നഗര ധനകാര്യ മാനേജ്മെന്റിൽ നൂതനമായ ഇടപെടലുകൾ അവതരിപ്പിക്കുന്നതിനുമുള്ള സമഗ്രവും പഠനങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു ചട്ടക്കൂട് നൽകിയിട്ടുണ്ട്. കേരളത്തിന്റെ തനതായ സംസ്കാരവും പൈതൃകവും പ്രോത്സാഹിപ്പിച്ചുകൊണ്ട് ആരോഗ്യം, ക്ഷേമം, ആവാസവ്യവസ്ഥ, നിർമ്മാണങ്ങൾ എന്നിവയിലെ വെല്ലുവിളികളെയും അവസരങ്ങളെയും അഭിസംബോധന ചെയ്യാൻ കമ്മീഷൻ ശ്രമിച്ചു. സംസ്ഥാനത്തെ നഗരവൽക്കരണത്തിന്റെ ദ്രുതഗതിയിലുള്ള വേഗതയെ അഭിസംബോധന ചെയ്യുന്നതിനുള്ള സമഗ്രമായ ഒരു ചട്ടക്കൂട് കമ്മീഷൻ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നു.

2050 ആകുമ്പോഴേക്കും 80.70 ശതമാനം നിവാസികളും നഗരവാസികളായി മാറുമെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ചലനാത്മകവും കൂടുതൽ കാര്യക്ഷമവുമായ നഗര ആസൂത്രണ സംവിധാനം, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ മെച്ചപ്പെട്ട പ്രതിരോധം, നഗര അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും മികച്ച സംയോജനം, ചില നഗര കേന്ദ്രങ്ങൾക്കപ്പുറം ശക്തമായ സാമ്പത്തിക വൈവിധ്യവൽക്കരണം എന്നിവയുടെ ആവശ്യകത എടുത്തുകാണിക്കുന്നതാണ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ.

എല്ലാവരെയും ഉൾക്കൊള്ളുന്ന നഗരവൽക്കരണം എന്നാൽ സമൂഹത്തെ കേന്ദ്രബിന്ദുവായി സ്ഥാപിക്കുന്നതും, ഉപജീവനമാർഗങ്ങൾ, നൈപുണ്യ പരിശീലനം, സൂക്ഷ്മ സംരംഭങ്ങൾ, വായ്പാ ലഭ്യത എന്നിവയിലെ സുസ്ഥിരമായ നിക്ഷേപങ്ങളിലൂടെ സ്ത്രീകൾ, പ്രായമായവർ, അഥിതി തൊഴിലാളികൾ, അനൗപചാരിക തൊഴിലാളികൾ എന്നിവരെ പിന്തുണയ്ക്കുന്നതും ആയിരിക്കണം.

**നഗര അടിസ്ഥാന സൗകര്യങ്ങൾ, ശുചിത്വം, ഉപജീവനമാർഗ്ഗങ്ങൾ എന്നിവ മെച്ചപ്പെടുത്തൽ**

നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും നഗര മേഖലകളിലെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി നടത്തിയ ഇടപെടലുകൾ അനുകൂല ഫലങ്ങൾ നൽകിയിട്ടുണ്ട്. സർക്കാരിന്റെ "മാലിന്യ മുക്ത കേരളം" കാമ്പയിൻ മൂലം നഗര കേന്ദ്രങ്ങളിലുടനീളം മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങളിലും സ്ഥാപന തലത്തിലുള്ള സജ്ജീകരണങ്ങളിലും വലിയ മുന്നേറ്റം കൊണ്ടുവരാൻ കഴിഞ്ഞു. 14-ാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആധുനിക നിലവാരത്തിലുള്ള പൗര സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ നഗര കേന്ദ്രങ്ങളിലും ഡംപ് സൈറ്റുകൾ വൃത്തിയാക്കുന്നതിനും മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള ബൃഹത്തായ ശ്രമങ്ങൾ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് കാരണമായി. നഗരത്തിലെ ദരിദ്രർക്ക് തൊഴിൽ നൽകുന്നതിനായി രൂപകൽപ്പന ചെയ്ത അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ശ്രദ്ധേയമായ ചുവടുവെപ്പായി വേറിട്ടുനിൽക്കുന്നു. നഗരതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും പ്രാദേശിക വികസന പരിപാടികളെ വിവിധ കേന്ദ്രാവിഷ്കൃത പരിപാടികളുമായി സംയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത കാലങ്ങളിലായി നഗര കേന്ദ്രങ്ങളിലെ പൗരൻമാർക്കുള്ള സൗകര്യങ്ങളിലും വളരെ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്.

കേരളം ഒരു വലിയ നഗര പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. വളർച്ചാഭിമുഖമായതും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, കാലാവസ്ഥ പ്രതിരോധ ശേഷിയുള്ളതും, പൗര കേന്ദ്രിതവുമായ നഗര വികസനത്തിൽ തന്ത്രപരമായ ശ്രദ്ധ വേണ്ടിവരും എന്നാണ് ഈ മാറ്റം ആവശ്യപ്പെടുന്നത്. ആധുനികവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും പുറമേ, സംസ്ഥാനത്തിന്റെ ശക്തമായ വികേന്ദ്രീകൃത ഭരണ സംവിധാനത്തെയും മാനവവികസന നേട്ടങ്ങളെയും അടിത്തറയാക്കി സാമ്പത്തിക വളർച്ച, സമത്വം, പങ്കാളിത്തം, സ്ഥിരത എന്നിവ ഉറപ്പാക്കുന്ന ദീർഘകാല നടപടികൾക്കായിരിക്കണം നഗര വികസനത്തിൽ ഊന്നൽ നൽകേണ്ടത്.

## 1.3 ദാരിദ്ര്യത്തിന്റെ സൂചികകൾ

*2022 ലെ ലോകബാങ്ക് റിപ്പോർട്ട് പോവർടി ആൻഡ് ഷെയെർഡ പ്രോസ്പെരിടി-കറെകടിംഗ് കോഴ്സ്* പ്രകാരം, 2020 ൽ മാത്രം, ലോകമെമ്പാടുമുള്ള അതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം 70 ദശലക്ഷത്തിലധികം വർദ്ധിച്ചു, അതിൽ 56 ദശലക്ഷവും ഇന്ത്യയിലാണ്. ഇന്ത്യയിലെ ദാരിദ്ര്യം 1973-74 ലെ 54.9 ശതമാനത്തിൽ നിന്ന് 2011-12 ൽ 29.5 ശതമാനമായി കുറഞ്ഞു(ആസൂത്രണ കമ്മീഷൻ 2014, കേന്ദ്ര സർകാർ.) 2009-ലെ ടെൻ്ടുല്കർ കമ്മിറ്റിയുടെ കണക്ക് പ്രകാരമാണ് കേന്ദ്ര സർകാർ നിലവിലുള്ള ഔദ്യോഗിക ദാരിദ്ര്യ പരിധി നിജപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച്, നഗരപ്രദേശങ്ങളിൽ പ്രതിദിന വരുമാനം 33 രൂപയിൽ താഴെയുള്ള വ്യക്തിയോ , ഗ്രാമങ്ങളിൽ പ്രതിദിനം 27 രൂപയോ അതിൽ കുറവോ വരുമാനമുള്ള വ്യക്തിയോ ദരിദ്രനായി കണക്കാക്കപ്പെടുന്നു. പർച്ചേസിംഗ് പവർ പാരിറ്റി നിരക്കുകൾക്കായി ക്രമീകരിച്ചാൽ, ഇത് ലോകബാങ്കിന്റെ അതി ദാരിദ്ര്യം നിർണ്ണയിക്കുന്ന അളവായ ഒരാൾക്ക് പ്രതിദിനം $2.15 (മുമ്പ് $1.90) എന്നതിന് അടുത്ത് വരുന്നു.

എന്നിരുന്നാലും, ഇന്ത്യയെപ്പോലെ വളർച്ച കൈവരിക്കുന്ന സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ടെൻ്ടുല്കർ കമ്മിറ്റിയുടെ വളരെ കുറവാണെന്നതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേഷൻ നിരക്കുകൾ രീതി പുനഃപരിശോധിക്കാൻ ഡോ സി രംഗരാജന്റെ നേതൃത്വത്തിൽ സർക്കാർ ഒരു വിദഗ്ധ സംഘത്തിന് രൂപം നൽകി. തുടർന്ന്, 2014-ൽ രംഗരാജൻ കമ്മിറ്റി, നഗരപ്രദേശങ്ങളിൽ പ്രതിദിനം 47 രൂപയായും ഗ്രാമപ്രദേശങ്ങളിൽ പ്രതിദിനം 33 രൂപയായും പ്രതിദിന പരിധി ഉയർത്താൻ നിർദ്ദേശിച്ചു. എന്നാൽ ഇത് അംഗീകരിക്കപ്പെട്ടില്ല, ആയതിനാൽ 2009-ൽ സ്വീകരിച്ച ടെൻ്ടുല്കർ കമ്മിറ്റി നിർദേശിച്ച് ദാരിദ്ര്യരേഖ തുടർന്നും ഉപയോഗിക്കുന്നു. തുടർന്നുള്ള ദശാബ്ദത്തിലെ ഡാറ്റയുടെ അഭാവം (2017-18 എൻഎസ്എസ് റൗണ്ട് ഡാറ്റാ ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കകൾ കാരണം ഗവൺമെന്റ് പുറത്തിറക്കിയില്ല) രാജ്യത്തെ ദാരിദ്ര്യത്തിന്റെ തോത് സംബന്ധിച്ച്, പ്രത്യേകിച്ച് ലോകമെമ്പാടുമുള്ള ദാരിദ്ര്യത്തിന്മേൽ കോവിഡ് -19 പാൻഡെമിക്കിൽ വരുത്തിയ വലിയ ആഘാതത്തിന്റെ അടിസ്ഥാനത്തിൽ, ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തിയിരുന്നു.

സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റെഷൻ മന്ത്രാലയം (MoSPI) 2022-23 ലെ ഗാർഹിക ഉപഭോഗ ചെലവ് സർവേ (HCES) പുറത്തിറക്കിയിട്ടുണ്ട്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത്, കഴിഞ്ഞ സർവേയ്ക്ക് ശേഷം നഗര-ഗ്രാമീണ കുടുംബങ്ങളുടെ വരുമാന നിലവാരം ഉയർന്നിട്ടുണ്ടെന്നും ഗ്രാമീണ കുടുംബങ്ങളുടെ ചെലവുകളിൽ കുത്തനെയുള്ള വർദ്ധനവുണ്ടായിട്ടുണ്ടെന്നുമാണ്. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതായും ഡാറ്റ സൂചിപ്പിക്കുന്നു. HCES ഡാറ്റ അനുസരിച്ച്, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും കുടുംബങ്ങളുടെ ശരാശരി പ്രതിശീർഷ ഉപഭോഗച്ചെലവ് (MPCE) 11 വർഷത്തിനുള്ളിൽ ഇരട്ടിയായി. ഗ്രാമീണ കുടുംബങ്ങൾക്കുള്ള എംപിസിഇ (വിവിധ സാമൂഹിക ക്ഷേമ പരിപാടികളിലൂടെ സൗജന്യമായി ലഭിച്ച വസ്തുക്കളുടെ കണക്കാക്കിയ മൂല്യങ്ങൾ പരിഗണിക്കാതെ) 2011-12 ലെ ₹ 1,430 ൽ നിന്ന് 2022-23 ൽ 3,773 രൂപയായി ഉയർന്നു. അതുപോലെ, നഗരങ്ങളിലെ കുടുംബങ്ങൾക്കുള്ള എംപിസിഇ മുൻ റൗണ്ടിലെ 2,630 രൂപയിൽ നിന്ന് 2022-23ൽ 6,459 രൂപയായി ഉയർന്നു. ഏറ്റവും പുതിയ ഉപഭോഗച്ചെലവ് കുടുംബങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ചെലവ് പാറ്റേണുകളെ കൂടുതൽ സ്ഥിരീകരിക്കുന്നു. നിലവിലുള്ള തീവ്ര ദാരിദ്ര്യ നിരക്കിൽ നിന്ന് (ഒരാൾക്ക് പ്രതിദിനം 2.15 ഡോളർ) എന്നതിൽ നിന്ന് കുറഞ്ഞ മദ്ധ്യ ദാരിദ്ര്യ വരുമാനമായ 3.65 ഡോളർ എന്ന ദാരിദ്ര്യ നിരക്കിലേക്ക് മാറേണ്ടതിന്റെ ആവശ്യകത ശക്തിപ്പെടുത്തുന്നു.

സംസ്ഥാനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ പ്രതിശീർഷ ഉപഭോഗ ചെലവ് (എംപിസിഇ) ഉള്ളതും(₹ 5,924), നഗരപ്രദേശങ്ങളിൽ നാലാമത്തെ ഏറ്റവും ഉയർന്ന ഉപഭോഗ ചെലവുമുള്ള (₹ 7,078) സംസ്ഥാനം കേരളമാണ്. ശരാശരി എംപിസിഇയിൽ) നഗര-ഗ്രാമ വ്യത്യാസം ഏറ്റവും കുറഞ്ഞതും കേരളത്തിലാണ് ((19 ശതമാനം). ഗ്രാമപ്രദേശങ്ങളിൽ, മൊത്തം ഉപഭോഗച്ചെലവിൽ

ഭക്ഷണത്തിന്റെ പങ്ക് ഏറ്റവും കുറവ് കേരളത്തിലാണ് (36 ശതമാനം). നഗരപ്രദേശങ്ങളിൽ, കേരളം ഏറ്റവും കുറഞ്ഞ രണ്ടാമത്തെ സംസ്ഥാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഭക്ഷണം ഒരു പ്രാഥമിക ചെലവിൽ ഉൾപ്പെടുന്ന ഇനമല്ലെന്ന് സൂചിപ്പിക്കുന്നു. 2022-23 ലെ മൊത്തം ഭക്ഷ്യേതര ചെലവിൽ ഭക്ഷ്യേതര ഇനങ്ങളുടെ ചെലവിന്റെ വിഹിതം കൂടുതലും ഗതാഗതത്തിനും സ്ഥിരതയുള്ള കേടാകാത്ത സാധനങ്ങൾക്കുമാണ് ചെലവഴിക്കുന്നത്..

**കേരളത്തിലെ ദാരിദ്ര്യം**

ദാരിദ്രവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു വികസന പാതയാണ് കേരളം പിന്തുടര്ന്ന് പോരുന്നത്. ഭൂപരിഷ്ക്കരണം, എല്ലാവർക്കും വിദ്യാഭ്യാസ ആരോഗ്യ സംരക്ഷണം, അധികാര വികേന്ദ്രീകരണം, വിപുലമായ സാമൂഹിക സുരക്ഷാ പദ്ധതികൾ ,പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ പോലുള്ള സ്ത്രീ ശാക്തീകരണ പരിപാടികൾ, തുടങ്ങിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ-നഗര ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഔദ്യോഗിക കണക്കുകൾ പ്രകാരം കഴിഞ്ഞ 40 വർഷത്തിനിടയിൽ കേരളത്തിലെ കേവല ദാരിദ്ര്യ നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേരളത്തിലെ ദാരിദ്ര്യം 1973-74-ൽ 59.79 ശതമാനത്തിൽ നിന്ന് 2011-12-ൽ 11.3 ശതമാനമായി കുറഞ്ഞു, അതേസമയം അഖിലേന്ത്യാ തലത്തിലുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് ഇന്ത്യയിൽ ദാരിദ്ര്യത്തിൽ താരതമ്യേന കുറഞ്ഞ ഇടിവാണ് ഉണ്ടായത് എന്നാണ്.

നീതി ആയോഗിന്റെ പ്രഥമ ബഹുമുഖ ദാരിദ്ര്യ സൂചക (എംപിഐ) റിപ്പോർട്ട് (2021) പ്രകാരം, ഇന്ത്യയിലെ ഏറ്റവും കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട് കേരളത്തിന് (0.71 ശതമാനം), പിന്നിലായി ഗോവ (3.76 ശതമാനം), സിക്കിം (3.82 ശതമാനം), തമിഴ് നാട് (4.89 ശതമാനം) പഞ്ചാബ് (5.59ശതമാനം) എന്നീ സംസ്ഥാനങ്ങളാണ്. കുട്ടികളുടെയും കൗമാരക്കാരുടെയും

**ചിത്രം 1.3** ബഹുമുഖ ദാരിദ്ര്യം കുറയ്ക്കുന്നതിൽ സംസ്ഥാനങ്ങളുടെ പ്രകടനം 2021 & 2023




**ഉറവിടം** : എം.പി.ഐ റിപ്പോർട്ട് നീതി ആയോഗ്

മരണനിരക്ക് (0.19 ശതമാനം), മാതൃ ആരോഗ്യം (1.73 ശതമാനം), സ്കൂൾ വിദ്യാഭ്യാസം (1.78 ശതമാനം), സ്കൂൾ ഹാജർ നില (0.3 ശതമാനം), ശുചിത്വം (1.86 ശതമാനം) തുടങ്ങി ദാരിദ്ര്യത്തിനെ നിർവചിക്കുന്ന ഒട്ടുമിക്ക മാനദണ്ഡങ്ങളിലും കേരളം കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിട്ടുളളത്. പോഷകാഹാരം, പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നീ മാനദണ്ഡങ്ങളിൽ വളരെക്കുറച്ച് കുടുംബങ്ങൾ മാത്രമേ ഇല്ലായ്മ നേരിടുന്നുള്ളൂ. ജില്ലകളിൽ ഒരു അതിദരിദ്ര കുടുംബം പോലുമില്ലാതെ കോട്ടയം മുന്നിൽ നില്ക്കുന്നു(0 ശതമാനം). 3.48 ശതമാനമുള്ള വയനാടാണ് ബഹുമുഖ ദാരിദ്ര്യത്തിൽ ഏറ്റവും ഉയർന്ന ശതമാനം കാണിക്കുന്നത്.

ഇപ്പോൾ, നീതി ആയോഗിന്റെ 2023ലെ(നാഷണൽ മൾട്ടി-ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ്-എ പ്രോഗ്രസീവ് റിവ്യൂ) ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, 2015-16 മുതൽ 2019-21 വരെ കേരളത്തിലെ ബഹുമുഖ ദരിദ്രരുടെ എണ്ണം 0.71 ശതമാനത്തിൽ നിന്ന് 0.55 ശതമാനമായി കുറഞ്ഞു. ദരിദ്രരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായുള്ള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത സംസ്ഥാനത്തെ കുറഞ്ഞ എംപിഐ സൂചികയിൽ പ്രകടമാണ്.

ദാരിദ്ര്യത്തിന്റെ ശരാശരി കണക്കുകൾ നോക്കിയാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഒറ്റപ്പെട്ട ഭാഗങ്ങളിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ഇപ്പോഴും കാണപെടുന്നുണ്ട്. സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗം മത്സ്യതൊഴിലാളികൾ, മൺപാത്രതൊഴിലാളികൾ കരകൗശലത്തൊഴി ലാളികൾ തുടങ്ങിയ പാർശ്വവ ത്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങൾക്കിടയിലും ദാരിദ്ര്യം കാണുന്നുണ്ട്. സർക്കാർ പല പദ്ധതികളിലൂടെ ഈ പ്രശ്നങ്ങളെ നേരിടുന്നുണ്ട്. സംസ്ഥാന പ്രാദേശിക സർക്കാർ പദ്ധതികളിൽ പുതിയ ഉപജീവന പദ്ധതികൾ രൂപകല്പനചെയ്ത് ഇവർക്കിടയിൽ നടപ്പിലാക്കുന്നതുവഴി മാത്രമേ ദാരിദ്ര്യം കുറയ്ക്കുവാൻ സാധിക്കുകയുള്ളു എന്ന വസ്തുതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ ഒട്ടനവധി ദാരിദ്ര്യ നിർമ്മാർജ്ജന/ഉപജീവനമാർഗ്ഗ പദ്ധതികൾ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. എന്നിരുന്നാലും, കടുത്ത ദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിന് എല്ലാ വികസന ഏജൻസികളുടെയും ശ്രമങ്ങളെ സമന്വയിപ്പിച്ച് ദാരിദ്ര്യത്തിന്റെ പ്രത്യേക കാരണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സമഗ്രമായ സമീപനം ആവശ്യമാണെന്ന് തോന്നിയ സാഹചര്യത്തിൽ ഈ ലക്ഷ്യം മനസ്സിൽ വെച്ചുകൊണ്ട്, വികസന വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ലക്ഷ്യബോധമുള്ള ഇടപെടലുകളിലൂടെ അതി ദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള ഒരു ബൃഹത്തായ പരിപാടി സർക്കാർ ആരംഭിച്ചു. തദ്ദേശ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടെയും ഇടപെടലുകൾ വഴി ദാരിദ്ര്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിനായി സർക്കാർ ഒരു സമഗ്ര പരിപാടിക്ക് രൂപം നല്കിയിട്ടുണ്ട്.

**അതിദാരിദ്ര്യ നിർമാർജ്ജന പരിപാടി**

അതിദാരിദ്ര്യം തുടച്ചുനീക്കുക എന്ന യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അതിദാരിദ്ര്യ സർവെയ്ക്ക് തുടക്കമിടുകയുണ്ടായി. ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ 4 ഘടകങ്ങളിലെ ഇല്ലായ്മയെ അടിസ്ഥാനമാക്കിയായിരുന്നു അതിദാരിദ്ര നിർണ്ണയ പ്രക്രിയ. വിശദാംശങ്ങൾ -അതിദാരിദ്ര്യ നിർമാർജ്ജനം എന്ന അദ്ധ്യായത്തിൽ നൽകിയിരിക്കുന്നു.

## 1.4 വികസന ഉദ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങളുടെ പങ്ക്

സാമ്പത്തിക വളർച്ചയുടെയും സ്ഥിരതയുടെയും പ്രധാന ചാലകശക്തികളാണ് ധനകാര്യ സ്ഥാപനങ്ങൾ. ധനകാര്യ സ്ഥാപനങ്ങൾ സമ്പാദിക്കുന്നവർക്കും കടം വാങ്ങുന്നവർക്കും ഇടയിൽ ഇടനിലക്കാരായി പ്രവർത്തിക്കുകയും സമ്പദ്‌വ്യവസ്ഥയിൽ മൂലധന നിക്ഷേപം സുഗമമാക്കുകയും ചെയ്യുന്നു. ധനകാര്യ സ്ഥാപനങ്ങൾ പണമിടപാടുകൾ, വായ്പ, നിക്ഷേപം, റിസ്ക് മാനേജ്മെന്റ് എന്നിവയ്ക്ക് സഹായിയ്ക്കുകയും ചെയ്യുന്നു.ജനങ്ങൾക്ക് താങ്ങാനാവുന്ന രീതിയിൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലൂടെ,സാമ്പത്തിക ഉൾച്ചേർക്കലിന്റെ പ്രധാന ഉപകരണമായി ബാങ്കുകൾ പ്രവർത്തിക്കുന്നു.

**ദേശീയതലത്തിലും സംസ്ഥാന തലത്തിലും ബാങ്കുകളുടെ വളർച്ച**

ആർബിഐയുടെ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, 2025 മാർച്ച് അവസാനത്തോടെ 1,63,721 ബാങ്ക് ശാഖകൾ മുഖേന 135 ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ (എസ്‌സിബി) ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 55,990 ശാഖകൾ ഗ്രാമപ്രദേശത്തും, 46,315 എണ്ണം അർദ്ധ നഗരപ്രദേശത്തും 30,014 എണ്ണം നഗരപ്രദേശത്തും ബാക്കി 31,402 ശാഖകൾ മെട്രോപൊളിറ്റൻ നഗരങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് (18,993), തുടർന്ന് മഹാരാഷ്ട്രയും (14,331), തമിഴ്നാടും (12,893). കേരളത്തിൽ 7,136 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകളുണ്ട്, ഇത് ഇന്ത്യയിലെ മൊത്തം ബാങ്ക് ശാഖകളുടെ 4.36 ശതമാനമാണ്. ആർബിഐ കണക്കുകൾ പ്രകാരം രാജ്യത്തെ അർദ്ധ നഗര പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ ബാങ്ക് ശാഖകളുള്ളത് കേരളത്തിലാണ് (5,168). ആർബിഐ കണക്കുകൾ പ്രകാരം, മുൻവർഷത്തെ അപേക്ഷിച്ച് 2025 മാർച്ചിൽ കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണത്തിൽ 3.2 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ആർബിഐ കണക്കുകൾ പ്രകാരം 2025 മാർച്ച് വരെയുള്ള രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ശാഖകളെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.4.1** ൽ കൊടുത്തിരിക്കുന്നു.

സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) കണക്കുകൾ പ്രകാരം, 2025 മാർച്ചിൽ കേരളത്തിൽ 8,085 ബാങ്ക് ശാഖകളുണ്ട്. ഇതിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്നു. കേരളത്തിൽ ആകെയുള്ള 8,085 ബാങ്ക് ശാഖകളിൽ 10.19 ശതമാനം ശാഖകൾ ഗ്രാമപ്രദേശത്തും 67.19 ശതമാനം ശാഖകൾ അർദ്ധ നഗരപ്രദേശത്തും 22.62 ശതമാനം ശാഖകൾ നഗരപ്രദേശത്തുമാണ്. എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ, 2024 മാർച്ചിൽ 6,612 ഷെഡ്യൂൾഡ് വാണിജ്യ ബാങ്ക് ശാഖകൾ ഉണ്ടായിരുന്നത് 154 എണ്ണത്തിന്റെ വർദ്ധനവോടെ 2025 മാർച്ചിൽ 6,766 ശാഖകളായി ഉയർന്നു. (ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്നു). 2025 മാർച്ചിൽ കേരള ഗ്രാമീണ ബാങ്കിന്റെ ആകെ ശാഖകളുടെ എണ്ണം 635 ആണ്, 2024ൽ ഇത് 634 ആയിരുന്നു. 2025 മാർച്ച് വരെ കേരളത്തിൽ 337 ചെറുകിട ധനകാര്യ ബാങ്കുകളുമുണ്ട്. 2025 മാർച്ച് വരെ സംസ്ഥാനത്ത് 982 കോ-ഓപ്പറേറ്റീവ് ബാങ്കുകളും ഉണ്ട്. മുൻ വർഷം അത് 978 ആയിരുന്നു. എസ്എൽബിസി റിപ്പോർട്ട് അനുസരിച്ച് 2025 മാർച്ച് വരെ കേരളത്തിലെ ബാങ്കുകളുടെ ഗ്രൂപ്പ് തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല **പട്ടിക 1.4.1**-ൽ കാണിച്ചിരിക്കുന്നു.

**നിക്ഷേപങ്ങൾ**

ആർബിഐ കണക്കുകൾ പ്രകാരം, രാജ്യത്തെ മൊത്തം നിക്ഷേപങ്ങളിൽ 2025 മാർച്ച് അവസാനത്തോടെ മുൻ വർഷത്തേക്കാൾ 10.34 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. രാജ്യത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2024 മാർച്ചിൽ 2,12,53,358 കോടി രൂപയായിരുന്നത് 2025 മാർച്ചിലെ കണക്കനുസരിച്ച്

**പട്ടിക 1.4.1** 2025 മാർച്ചിൽ കേരളത്തിലെ ബാങ്കുകളുടെ ഇനം തിരിച്ചുള്ള ബ്രാഞ്ച് ശൃംഖല

| ക്രമ നമ്പർ | ബാങ്കുകളുടെ ഇനം | ബ്രാഞ്ചുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ഗ്രാമം | അർദ്ധനഗരം | നഗരം | മൊത്തം |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 145 | 2400 | 829 | 3374 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ– കേരള ഗ്രാമീൺ ബാങ്ക് | 54 | 542 | 39 | 635 |
| 3 | സ്വകാര്യ വാണിജ്യ ബാങ്കുകൾ | 128 | 1957 | 672 | 2757 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 44 | 250 | 43 | 337 |
| 5 | സഹകരണ ബാങ്കുകൾ * | 453 | 283 | 246 | 982 |
| | മൊത്തം | 824 | 5432 | 1829 | 8085 |

* കേരള ബാങ്ക് ശാഖകൾ ഉൾപ്പെടെ
**അവലംബം**: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2025

2,34,51,838 കോടി രൂപയായി. കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിൽ 2024 മാർച്ചിനെ ആപേക്ഷിച്ച് 2025 മാർച്ചിൽ 11.38 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2025 മാർച്ചിൽ രാജ്യത്തെ മൊത്തം നിക്ഷേപത്തിന്റെ 3.82 ശതമാനമാണ് കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിക്ഷേപത്തിന്റെ വിഹിതം. 2025 മാർച്ചിൽ 52,33,966 കോടി രൂപ നിക്ഷേപത്തോടെ മഹാരാഷ്ട്രയാണ് രാജ്യത്ത് ഏറ്റവും ഉയർന്ന നിക്ഷേപ വിഹിതമുള്ളത് (22.32 ശതമാനം). 2021 മാർച്ച് മുതൽ 2025 മാർച്ച് വരെയുള്ള രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ നിഷേപത്തെ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 1.4.2** ൽ കൊടുത്തിരിക്കുന്നു. മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2024 മാർച്ചിൽ 14.6 ശതമാനമായിരുന്നത് 2025 മാർച്ചിൽ 11.2 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഇത് 2024 മാർച്ചിൽ 12.6 ശതമാനമായിരുന്നത് 2025 മാർച്ചിൽ 10.4 ശതമാനമായി കുറഞ്ഞിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2024 മാർച്ചിൽ 11.3 ശതമാനമായിരുന്നത് 2025 മാർച്ചിൽ 9.3 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അർദ്ധ നഗര പ്രദേശങ്ങളിൽ വളർച്ചാ നിരക്ക് 2024 മാർച്ചിൽ 12.8 ശതമാനമായിരുന്നത് 2025 മാർച്ചിൽ 8.7 ശതമാനമായി കുറഞ്ഞിട്ടുണ്ട്.പൊതുമേഖലാ ബാങ്കുകളിൽ, മൊത്തം നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2024 മാർച്ചിലെ 9.4 ശതമാനത്തിൽ നിന്നും 2025 മാർച്ചിൽ 9.3 ശതമാനമായി കുറഞ്ഞു. സ്വകാര്യ മേഖല ബാങ്കുകളിൽ നിക്ഷേപങ്ങളുടെ വളർച്ചാ നിരക്ക് 2024 മാർച്ചിലെ 20.1 ശതമാനത്തിൽ നിന്നും 2025 മാർച്ചിൽ 12.0 ശതമാനമായി കുറഞ്ഞു. ചെറുകിട ധനകാര്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 2024 മാർച്ചിലെ 31.3 ശതമാനത്തിൽ നിന്ന് 2025 മാർച്ചിൽ 25.4 ശതമാനമായി കുറഞ്ഞതായാണ് ആർബിഐ റിപ്പോർട്ട് കാണിക്കുന്നത്. പ്രാദേശിക ഗ്രാമീണ ബാങ്കുകളിൽ നിക്ഷേപം 2024 മാർച്ചിലെ 7.5 ശതമാനത്തിൽ നിന്നും 2025 മാർച്ചിൽ 7.6 ശതമാനമായി നേരിയതോതിൽ വർദ്ധിച്ചതായിട്ടാണ് കാണുന്നത്.

**ചിത്രം 1.4.1** കേരളത്തിലെ ആഭ്യന്തര, പ്രവാസി ബാങ്ക് നിക്ഷേപത്തിന്റെ വളർച്ച – 2015 മുതൽ 2025 വരെ (രൂപ കോടിയിൽ)




**അവലംബം** : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2025

എസ്എൽബിസി കണക്കുകൾ പ്രകാരം, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപം (വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ നിക്ഷേപം ഉൾപ്പെടെ) 2024 മാർച്ചിലെ 7,96,982.29 കോടി രൂപയിൽ നിന്ന് 2025 മാർച്ചിൽ 8,81,451.66 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എസ്എൽബിസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മൊത്തം നിക്ഷേപങ്ങളുടെ വാർഷിക വളർച്ചാ നിരക്ക് 2024 മാർച്ചിലെ 10.79 ശതമാനത്തിൽ നിന്ന് 2025 മാർച്ചിൽ 10.59 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2005-2025 കാലയളവിൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച **അനുബന്ധം 1.4.3** ൽ കൊടുത്തിരിക്കുന്നു.

**ആഭ്യന്തര നിക്ഷേപവും പ്രവാസി നിക്ഷേപവും**

എസ്എൽബിസി കണക്കുകൾ പ്രകാരം 2024 മാർച്ചിൽ, കേരളത്തിലെ മൊത്തം ബാങ്ക് നിക്ഷേപത്തിൽ 6,54,627.23 കോടി രൂപ ആഭ്യന്തര നിക്ഷേപവും (മൊത്തം നിക്ഷേപത്തിന്റെ 69.04 ശതമാനം), 2,93, 622.13 കോടി രൂപ (30.96 ശതമാനം) പ്രവാസി നിക്ഷേപവുമാണ്. 2024 മാർച്ചിൽ ഇത് യഥാക്രമം 5,25,723.32 കോടി രൂപയും 2,71, 258.97 കോടി രൂപയുമായിരുന്നു. 2025 മാർച്ചിൽ മൊത്തം ആഭ്യന്തര നിക്ഷേപത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 10.95 ശതമാനമാണ്. ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ്. 2025 മാർച്ചിൽ സംസ്ഥാനത്തെ മൊത്തം പ്രവാസി നിക്ഷേപങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് (8.24 ശതമാനം). 2015-2025 കാലയളവിൽ കേരളത്തിലെ ബാങ്ക് നിക്ഷേപങ്ങളുടെ വളർച്ച (ആഭ്യന്തരവും, പ്രവാസിയും) **ചിത്രം 1.4.1** ൽ കാണിച്ചിരിക്കുന്നു.

എസ്എൽബിസി കണക്ക് പ്രകാരം, പൊതുമേഖലാ ബാങ്കുകളുടെ 2025 മാർച്ച് വരെയുള്ള മൊത്തം പ്രവാസി നിക്ഷേപം 1,23,455.89 കോടി രൂപയാണ്, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 42.05 ശതമാനമാണ്. എന്നാൽ സ്വകാര്യമേഖലാ ബാങ്കുകൾക്ക് 1,63,218.01 കോടി രൂപയുടെ പ്രവാസി നിക്ഷേപമുണ്ട്, അതായത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 55.59 ശതമാനം. മുൻവർഷം ഇത് യഥാക്രമം 42.72 ശതമാനവും 55.08 ശതമാനവുമായിരുന്നു. ചെറുകിട ധനകാര്യ ബാങ്കുൾക്ക് 2025 മാർച്ചിൽ പ്രവാസി നിക്ഷേപമായി 5029.87 കോടി രൂപ ലഭിച്ചു, ഇത് മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 1.71 ശതമാനമാണ്. അതുപോലെ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾക്ക് പ്രവാസി നിക്ഷേപമായി ലഭിച്ചത് 1918.37 കോടി രൂപയാണ്. സഹകരണ മേഖലയിലെ ബാങ്കുകളിൽ പ്രവാസി നിക്ഷേപം ഇല്ല. കേരളത്തിലെ പ്രമുഖ ബാങ്കുകളുടെ 2025 മാർച്ച് വരെയുള്ള പ്രവാസി നിക്ഷേപങ്ങളുടെയും വായ്പാ നിക്ഷേപ അനുപാതത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 1.4.4** ൽ നൽകിയിരിക്കുന്നു.

**വായ്പകൾ**

2025 മാർച്ചിലെ എസ്എൽബിസി കണക്കുകൾ പ്രകാരം, വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും സംസ്ഥാനത്ത് വായ്പയായി 6,83,512.50 കോടി രൂപ വിതരണം ചെയ്തു. 2024 മാർച്ചിൽ വായ്പയായി നൽകിയ 6,30,559.13 കോടി രൂപയേക്കാൾ 8.39 ശതമാനം കൂടുതലാണിത്. പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ (എസ്എഫ്ബി) എന്നിവയുൾപ്പെടെ എല്ലാ വാണിജ്യ ബാങ്കുകളും ചേർന്ന് 2025 മാർച്ച് അവസാനത്തോടെ 6,28,247.70 കോടി രൂപ വിതരണം ചെയ്തു. 2024 മാർച്ചിൽ ഇത് 5,77,092.34 കോടി രൂപയായിരുന്നു. ഇതിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകൾ, സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുടെ വിഹിതം യഥാക്രമം 3,35,394.08 കോടി രൂപ, 2,58,091.81 കോടി രൂപ, 27,562.39 കോടി രൂപ, 7,199.42 കോടി രൂപ എന്നിങ്ങനെയാണ്. മുൻവർഷത്തെ അപേക്ഷിച്ച് മുൻഗണനാ മേഖലകളിൽ നൽകിയ വായ്പയിൽ (പിഎസ്എ) 6.79 ശതമാനത്തിന്റെ വർദ്ധനവുണ്ട്. പൊതുമേഖലാ വാണിജ്യബാങ്കുകൾ അവരുടെ വായ്പയുടെ 52.04 ശതമാനം പ്രാഥമികമേഖലയിൽ വിതരണം ചെയ്തു,

**ചിത്രം 1.4.2** പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിന്റെ വിഹിതം, മാർച്ച് 2025




**അവലംബം** : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2025

**ചിത്രം 1.4.3** 2025 മാർച്ച് വരെയുള്ള കാർഷിക വായ്പ വിഹിതം




**അവലംബം** : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2025

ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ് (49.34 ശതമാനം); സഹകരണ ബാങ്കുകൾ അവരുടെ വായ്പയുടെ 5.44 ശതമാനം മാത്രമാണ് പ്രാഥമികമേഖലയ്ക്ക് നൽകിയത്. മുൻ വർഷം ഇത് 8.01 ശതമാനമായിരുന്നു. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിൽ കേരള ഗ്രാമീൺ ബാങ്കിന്റെ വിഹിതം 12.54 ശതമാനമാണ്. പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിലെ വിഹിതം **ചിത്രം 1.4.2** ൽ കാണിച്ചിരിക്കുന്നു. ആർബിഐയുടെ വാർഷിക റിപ്പോർട്ട് പ്രകാരം പ്രമുഖ സംസ്ഥാനങ്ങളിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ നൽകിയ വായ്പാധനസഹായങ്ങളുടെ പട്ടിക **അനുബന്ധം 1.4.5**–ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

### കാർഷിക വായ്പകൾ

2025 മാർച്ചിൽ വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ മുഖേനയുള്ള ആകെ കാർഷിക വായ്പ, 2024 മാർച്ചിലെ 1,46,183.46 കോടി രൂപയിൽ നിന്നും 6.56 ശതമാനം വർദ്ധിച്ച് 1,55,774.75 കോടി രൂപയായി. 2025 മാർച്ചിൽ മൊത്തം വായ്പയുടെ 22.79 ശതമാനമാണ് കാർഷിക വായ്പയായി നൽകിയത്. 2025 മാർച്ച് വരെ കാർഷിക വായ്പയിൽ വിവിധ ബാങ്കുകളുടെ വിഹിതം **ചിത്രം 1.4.3**–ൽ കാണിച്ചിരിക്കുന്നു.

### പട്ടിക ജാതി/പട്ടിക വർഗ്ഗ, ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ

2025 മാർച്ചിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് വിവിധ ബാങ്കുകൾ വഴി പട്ടികജാതി (എസ്സി), പട്ടിക വർഗ്ഗ (എസ്ടി) വിഭാഗക്കാർക്ക് യഥാക്രമം 2853.20 കോടി രൂപയും 722.06 കോടി രൂപയും വായ്പയായി വിതരണം ചെയ്തു. 2024 മാർച്ചിൽ ഇത് യഥാക്രമം 2580.60 കോടി രൂപയും, 727.94 കോടി രൂപയുമായിരുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം മുൻവർഷത്തെ അപേക്ഷിച്ച് പട്ടിക ജാതി മേഖലയിൽ ബാങ്കുകൾ നൽകിയ വായ്പയിൽ 10.56 ശതമാനത്തിന്റെ വർദ്ധനവും പട്ടിക വർഗ്ഗ മേഖലയിൽ 0.81 ശതമാനത്തിന്റെ കുറവും ഉണ്ടായതായാണ് കാണുന്നത്.

സംസ്ഥാനത്തെ ദുർബല വിഭാഗങ്ങൾക്ക് നൽകിയ വായ്പാ തുക മുൻവർഷത്തെ അപേക്ഷിച്ച് 7.45 ശതമാനം വർദ്ധിച്ചു. അതായത് ദുർബല വിഭാഗങ്ങൾക്ക് 2025 മാർച്ചിൽ വായ്പയായി നൽകിയ തുക 1,71,814.46 കോടി രൂപയും 2024 മാർച്ചിൽ ഇത് 1,59,901.48 കോടി രൂപയുമായിരുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 2025 മാർച്ച് വരെ നൽകിയ വായ്പകളുടെ വിവരം ഇനം തിരിച്ച് **പട്ടിക 1.4.2**ൽ നൽകിയിട്ടുണ്ട്.

### ഭവനവായ്പ

എസ്എൽബിസി കണക്കുകൾ പ്രകാരം വാണിജ്യ ബാങ്കുകളും സഹകരണ ബാങ്കുകളും ഉൾപ്പെടെ കേരളത്തിലെ ബാങ്കുകൾ 2025 മാർച്ചിൽ 6.09,010 ഉപഭോക്താക്കൾക്ക് ഭവനവായ്പയായി 43,359.44 കോടി രൂപ അനുവദിച്ചു. 2024 മാർച്ചിൽ ഇത് 6,44,726 ഉപഭോക്താക്കൾക്ക് 43,042.96 കോടി രൂപയായിരുന്നു. 2024 മാർച്ചിനെ അപേക്ഷിച്ച് 2025 മാർച്ചിൽ അനുവദിച്ച മൊത്തം ഭവന വായ്പയിൽ 0.74 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ഈ അവലോകന കാലയളവിൽ പൊതുമേഖലാ ബാങ്കുകൾ 2,76,889 ഉപഭോക്താക്കൾക്ക് 24,639.88 കോടി രൂപയും, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 65,165 ഉപഭോക്താക്കൾക്ക് 3,417.91 കോടി രൂപയും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ 73,606 ഉപഭോക്താക്കൾക്ക് 6243.70 കോടി രൂപയും, ചെറുകിട ധനകാര്യ ബാങ്കുകൾ 6,844 ഉപഭോക്താക്കൾക്ക് 301.39 കോടി രൂപയും, സഹകരണ ബാങ്കുകൾ 1,86,506 ഉപഭോക്താക്കൾക്ക് 8756.56 കോടി രൂപയും ഭവന വായ്പയായി വിതരണം ചെയ്തു. ഭവന വായ്പയുടെ ഭൂരിഭാഗവും (56.83 ശതമാനം) വിതരണം ചെയ്തത് പൊതു മേഖല വാണിജ്യ ബാങ്കുകളാണ്. രണ്ടാം സ്ഥാനത്ത് സഹകരണ ബാങ്കുകളാണ് (20.19 ശതമാനം).

### വിദ്യാഭ്യാസ വായ്പ

എസ്എൽബിസി കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 2025 മാർച്ച് വരെ 3,02,337 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയായി 16,785.73 കോടി രൂപ അനുവദിച്ചു. ആകെ

**പട്ടിക 1.4.2** പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2024 മാർച്ചിലും 2025 മാർച്ചിലും കേരളത്തിലെ വിവിധ ബാങ്കുകൾ നൽകിയ വായ്പകളുടെ താരതമ്യവിശകലനം ബാങ്ക് ഇനം തിരിച്ച് (രൂപ കോടിയിൽ)

| ക്രമ നമ്പർ | ബാങ്ക് | പട്ടികജാതിക്കാർക്കുള്ള വായ്പ 2024 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2024 | | പട്ടികജാതിക്കാർക്കുള്ള വായ്പ 2025 | | പട്ടികവർഗ്ഗക്കാർക്കുള്ള വായ്പ 2025 | | എസ്.സി വായ്പയിൽ ഉണ്ടായ മാറ്റം ശതമാനത്തിൽ | എസ്.ടി വായ്പയിൽ ഉണ്ടായ മാറ്റം ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|
| | | **എണ്ണം** | **തുക** | **എണ്ണം** | **തുക** | **എണ്ണം** | **തുക** | **എണ്ണം** | **തുക** | | |
| 1 | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | 71585 | 1259.99 | 22461 | 392.59 | 63759 | 1356.99 | 18415 | 371.46 | 7.69 | –5.38 |
| 2 | പ്രാദേശിക ഗ്രാമീണ ബാങ്കുകൾ | 63253 | 529.07 | 15095 | 97.05 | 67230 | 606.39 | 16632 | 117.31 | 14.61 | 20.88 |
| 3 | സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | 163333 | 510.70 | 39950 | 99.00 | 114841 | 345.67 | 37628 | 92.41 | –32.31 | –6.66 |
| 4 | ചെറുകിട ധനകാര്യ ബാങ്കുകൾ | 49340 | 194.87 | 24317 | 87.02 | 38992 | 144.92 | 15350 | 55.87 | –25.63 | –35.79 |
| 5 | സഹകരണ ബാങ്കുകൾ | 4526 | 85.95 | 6111 | 52.27 | 74514 | 399.24 | 11760 | 85.01 | 364.50 | 62.64 |
| | **മൊത്തം ബാങ്കിംഗ് മേഖല** | **352037** | **2580.60** | **107934** | **727.94** | **359336** | **2853.20** | **99785** | **722.06** | **10.56** | **–0.81** |

**അവലംബം** : സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട് മാർച്ച് 2025

അനുവദിച്ച തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് 12.48 ശതമാനം വർദ്ധനവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ 4.59 ശതമാനം വർദ്ധനവുമുണ്ടായിട്ടുണ്ട്. മൊത്തം വിദ്യാഭ്യാസ വായ്പയുടെ 90.26 ശതമാനവും പൊതുമേഖലാ വാണിജ്യ ബാങ്കുകളാണ് വിതരണം ചെയ്തത്. അതായത് 2,63,394 വിദ്യാർത്ഥികൾക്ക് 15,151.60 കോടി രൂപ. പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 13,802 വിദ്യാർത്ഥികൾക്ക് 419.52 കോടി രൂപയും, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ 23,140 വിദ്യാർത്ഥികൾക്ക് 1079.22 കോടി രൂപയും വിതരണം ചെയ്തു. ചെറുകിട ധനകാര്യ ബാങ്കുകൾ 50 വിദ്യാർത്ഥികൾക്ക് 1.32 കോടി രൂപ വിതരണം ചെയ്തു. സഹകരണ ബാങ്കുകൾ 2025 മാർച്ചിൽ 1951 വിദ്യാർത്ഥികൾക്കായി 134.07 കോടി രൂപയും വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തു.

**വനിതാ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക സഹായം**

സംസ്ഥാനത്ത് 2025 മാർച്ച് വരെ 77,08,150 വനിതാ ഗുണഭോക്താക്കൾക്ക് വായ്പയായി 1,55,284 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ച തുകയിൽ മുൻവർഷത്തെ അപേക്ഷിച്ച് 13.96 ശതമാനം വർദ്ധനവും വനിതാ ഗുണഭോക്താക്കളുടെ എണ്ണത്തിൽ 7.45 ശതമാനം കുറവുമുണ്ടായിട്ടുണ്ട്. 2024–25 ൽ പൊതുമേഖലാ ബാങ്കുകൾ 30,95,300 ഗുണഭോക്താക്കൾക്ക് 81,444.06 കോടി രൂപയും, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ 8,56,715 ഗുണഭോക്താക്കൾക്ക് 11,627.97 കോടി രൂപയും, സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകൾ 17,95,730 ഗുണഭോക്താക്കൾക്ക് 44,830.87 കോടി രൂപയും, ചെറുകിട ധനകാര്യ ബാങ്കുകൾ 8,58,997 ഗുണഭോക്താക്കൾക്ക് 3163.93 കോടി രൂപയും, സഹകരണ ബാങ്കുകൾ 11.01,408 ഗുണഭോക്താക്കൾക്ക് 14,217.23 കോടി രൂപയും വായ്പയായി വിതരണം ചെയ്തു.

**വായ്പാ നിക്ഷേപ അനുപാതം**

ആർബിഐയുടെ ത്രൈമാസ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് ഇന്ത്യയിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2024 മാർച്ചിലെ 79.0 ശതമാനത്തിൽ നിന്ന് 2025 മാർച്ച് അവസാനത്തോടെ 79.5 ശതമാനമായി വർദ്ധിച്ചുവെന്നാണ്. ആന്ധ്രാപ്രദേശ് ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതമുള്ള സംസ്ഥാനമെന്ന സ്ഥാനം തുടർച്ചയായ കഴിഞ്ഞ 4 വർഷങ്ങളിൽ നിലനിർത്തിയിട്ടുണ്ട്. ആന്ധ്രാപ്രദേശിന് 2025 മാർച്ചിൽ ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതമായ 151.08 ശതമാനം ഉണ്ട്. ആന്ധ്രാപ്രദേശ് കഴിഞ്ഞാൽ തമിഴ്നാട് (115.16 ശതമാനം).

ആർബിഐ റിപ്പോർട്ട് പ്രകാരം, 2025 മാർച്ച് വരെ കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 68.79 ശതമാനമാണ്. കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപം 11.38 ശതമാനം വർദ്ധിച്ചു, അതായത് 2024 മാർച്ചിലെ 8,03,411 കോടി രൂപയിൽ നിന്ന് 2025 മാർച്ചിൽ 8,94,855 കോടി രൂപയായി. ആകെ വായ്പ 2024 മാർച്ചിലെ 5,64,934 കോടി രൂപയിൽ നിന്നും 8.97 ശതമാനം വർദ്ധിച്ച് 6,15,612 കോടി രൂപയായി (**അനുബന്ധം**

1.4.6). എസ്എൽബിസി കണക്കുകൾ പ്രകാരം, സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ എല്ലാ ബാങ്കുകളുടെയും, 2025 മാർച്ച് വരെയുള്ള വായ്പാ നിക്ഷേപ അനുപാതം 72.08 ശതമാനമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2024 മാർച്ചിലെ 71.72 ശതമാനത്തിൽ നിന്ന് 2025 മാർച്ചിൽ 73.47 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. പൊതുമേഖലാ ബാങ്കുകളിൽ ഏറ്റവും ഉയർന്ന വായ്പാ നിക്ഷേപ അനുപാതം ആന്ധ്രാപ്രദേശിനാണ് (155.95 ശതമാനം) രണ്ടാം സ്ഥാനം തെലുങ്കാനയ്ക്കാണ് (120.25 ശതമാനം). തമിഴ്നാടിന്റെ വായ്പാ നിക്ഷേപ അനുപാതം 119.95 ശതമാനമാണ്. കേരളത്തിലെ പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 2024 മാർച്ചിലെ 76.20 ശതമാനത്തിൽ നിന്ന് 2025 മാർച്ചിൽ 75.99 ശതമാനമായി കുറഞ്ഞു. (**അനുബന്ധം 1.4.7**). എസ്എൽബിസി കണക്കുകൾ പ്രകാരം, 2025 മാർച്ചിൽ കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽ, നിക്ഷേപങ്ങളുടെ പ്രധാന പങ്കം (58.06 ശതമാനം) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്കാണ്, എന്നിരുന്നാലും അവരുടെ വായ്പാ നിക്ഷേപ അനുപാതം 57.51 ശതമാനമാണ്.

### ബാങ്കിംഗ് സ്ഥിതി വിവര കണക്കിന്റെ ജില്ല തിരിച്ചുള്ള വിശകലനം

ആർബിഐ സ്ഥിതിവിവരക്കണക്കുകളുടെ ജില്ല തിരിച്ചുള്ള വിശകലനത്തിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ഏറ്റവും കൂടുതൽ ശാഖകൾ പ്രവർത്തിക്കുന്ന ജില്ല എറണാകുളമാണ്. ബാങ്ക് ശാഖകളുടെ എണ്ണം 2025 മാർച്ചിൽ 1078 ആണ് (2024 മാർച്ചിൽ 1054). തിരുവനന്തപുരം രണ്ടാം സ്ഥാനത്താണ് (824 ശാഖകൾ) തൃശ്ശൂർ മൂന്നാം സ്ഥാനത്താണ് (793 ശാഖകൾ), വയനാട്ടിലാണ് ഏറ്റവും കുറവ് ബാങ്ക് ശാഖകളുള്ളത്, എന്നിരുന്നാലും ശാഖകളുടെ എണ്ണം മാർച്ച് 2024 ലെ 154 ൽ നിന്ന് 2025 മാർച്ചിൽ 161 ആയി വർദ്ധിച്ചിട്ടുണ്ട്. (**അനുബന്ധം 1.4.8**). 2025 മാർച്ച് വരെയുള്ള കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും ജില്ല തിരിച്ചുള്ള വിതരണം **ചിത്രം 1.4.4**–ൽ കാണിച്ചിരിക്കുന്നു.

### കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖല

എസ്എൽബിസി റിപ്പോർട്ട് പ്രകാരം 2025 മാർച്ചിൽ കേരളത്തിൽ 982 സഹകരണ ബാങ്ക് ശാഖകളുണ്ട്, അത് സംസ്ഥാനത്തെ മൊത്തം ബാങ്ക് ശാഖകളുടെ 12.15 ശതമാനമാണ്. ആകെയുള്ള 982 ശാഖകളിൽ 453 എണ്ണം ഗ്രാമപ്രദേശത്തും, 283 എണ്ണം അർദ്ധ നഗരപ്രദേശത്തും, നഗരപ്രദേശത്തെ ശാഖകളുടെ എണ്ണം 2024 തുപോലെ 246 ആണ്.

വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ മൊത്തം നിക്ഷേപം 2025 മാർച്ച് വരെ 9,48,249.36 കോടി രൂപയാണ്, ഇതിൽ സഹകരണ മേഖലയുടെ വിഹിതം 66,797.69 കോടി രൂപയാണ് (7.04 ശതമാനം). 2025 മാർച്ചിൽ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള മൊത്തം വായ്പ 6,83,512.50 കോടി രൂപയായിരുന്നു, ഇതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 55,264.80 കോടി രൂപയാണ്. മൊത്തം ബിസിനസിൽ (നിക്ഷേപങ്ങളും, വായ്പകളും ഒരുമിച്ച്) സഹകരണ ബാങ്കുകളുടെ വിഹിതം 7.48 ശതമാനമാണ്. 2025 മാർച്ച് വരെ സംസ്ഥാനത്തെ വാണിജ്യ, സഹകരണ ബാങ്കുകളിൽ

**ചിത്രം 1.4.4** കേരളത്തിലെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും മാർച്ച് 2025 വരെയുള്ള ജില്ല തിരിച്ചുള്ള വിതരണം




**അവലംബം:** ഭാരതീയ റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ട്, മാർച്ച് 2025

**പട്ടിക 1.4.3** കേരളത്തിലെ സഹകരണ മേഖലയുടെ പ്രകടനം, മാർച്ച് 2025 (രൂപ കോടിയിൽ)

| ക്രമ നമ്പർ | ഘടകം | മാർച്ച് 2025 സഹകരണ മേഖല | വാണിജ്യ ബാങ്കുകൾ + പ്രാദേശിക ഗ്രാമീണ ബാങ്കുകൾ + ചെറുകിട ധനകാര്യ സ്ഥാപനങ്ങൾ | ആകെ ബാങ്കിംഗ് മേഖല | സഹകരണ മേഖലയുടെ വിഹിതം (%) |
|---|---|---|---|---|---|
| 1 | ശാഖകൾ | 982 | 7103 | 8085 | 12.15 |
| 2 | ആകെ നിക്ഷേപങ്ങൾ | 66797.69 | 881451.66 | 948249.36 | 7.04 |
| 3 | ആകെ വായ്പകൾ | 55264.80 | 628247.70 | 683512.50 | 8.09 |
| 4 | ആകെ ബിസിനസ്സ് | 122062.5 | 1509699 | 1631762 | 7.48 |
| 5 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ | 33448.57 | 275184.51 | 308633.08 | 10.83 |
| 6 | മുൻഗണനാ മേഖലയ്ക്കുള്ള വായ്പകൾ (ശതമാനം) | 60.52 | 43.80 | 45.15 | – |
| 7 | കാർഷിക വായ്പകൾ | 15885.08 | 139889.67 | 155774.75 | 10.19 |
| 8 | കാർഷിക വായ്പകൾ (ശതമാനം) | 28.74 | 22.27 | 22.79 | – |
| 9 | എം.എസ്.എം.ഇ വായ്പകൾ | 6809.96 | 88308.11 | 95118.07 | 7.16 |
| 10 | എം.എസ്.എം.ഇ വായ്പകൾ (ശതമാനം) | 12.32 | 14.06 | 13.92 | – |
| 11 | വായ്പാനിക്ഷേപ അനുപാതം | 82.73 | 71.27 | 72.08 | – |

**അവലംബം**: സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി റിപ്പോർട്ട്, മാർച്ച് 2025

നിന്നുള്ള മൊത്തം കാർഷിക വായ്പ 1,55,774.75 കോടി രൂപയും അതിൽ സഹകരണ സംഘങ്ങളുടെ വിഹിതം 15,885.08 കോടി രൂപയുമാണ്. കാർഷിക വായ്പയിൽ സഹകരണ സംഘങ്ങളുടെ വിഹിതം 2024 മാർച്ചിലെ 10.13 ശതമാനത്തിൽ നിന്ന് 2025 മാർച്ചിൽ 10.19 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ 2024–25 ൽ അവരുടെ വായ്പയുടെ 60.52 ശതമാനം മുൻഗണനാ മേഖലയ്ക്കും 12.32 ശതമാനം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയ്ക്കും നൽകിയിട്ടുണ്ട്. ബാങ്കിംഗ് മേഖലയിലെ സഹകരണ മേഖലയുടെ പ്രകടനം **പട്ടിക 1.4.3** ൽ കാണിച്ചിരിക്കുന്നു.

## ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ

### കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ)

1969–ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമാണ് (എംഎൻബിസി). കെഎസ്എഫ്ഇയുടെ പ്രധാന ബിസിനസ് വിഭാഗങ്ങൾ ചിട്ടികൾ, ലോണുകളും അഡ്വാൻസുകളും, നിക്ഷേപങ്ങൾ എന്നിവയാണ്. 2025 മാർച്ച് വരെയുള്ള മൊത്തം വിറ്റുവരവ് 94,553 കോടി രൂപയാണ്. കെ.എസ്.എഫ്.ഇയുടെ 2024–25 ലെ ബിസിനസ്സ് സംബന്ധിച്ച വിവരങ്ങൾ **പട്ടിക 1.4.4**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.4.4** കെ.എസ്.എഫ്.ഇയുടെ 2024 – 25 വർഷത്തെ ബിസിനസ്

| ക്രമ നമ്പർ | വിശദാംശങ്ങൾ | രൂപ (കോടിയിൽ) |
|---|---|---|
| 1 | ചിട്ടി (വാർഷിക സലാ ) | 44,287 |
| 2 | വായ്പകൾ | 31,193 |
| 3 | നിക്ഷേപങ്ങൾ | 19,073 |
| | **മൊത്തം വിറ്റുവരവ്** | **94,553** |

**അവലംബം**: കെ.എസ്.എഫ്.ഇ ലിമിറ്റഡ്

### കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി)

1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റിന് കീഴിൽ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) കേരളത്തിന്റെ വികസനത്തിലും വ്യവസായവൽക്കരണത്തിലും മൈക്രോ,ചെറുകിട ,ഇടത്തരം സംരംഭകർക്ക് വ്യവസായ സേവന മേഖലയിൽ സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഒരു പ്രധാന പങ്ക് വഹിക്കുന്നു. കെഎഫ്സിയുടെ അറ്റലാഭം 2023–24 ലെ 74.04 കോടി രൂപയിൽ നിന്ന് 2024–25 ൽ 98.15 കോടി രൂപയായി ഉയർന്നു.

വനിതാ സംരംഭകർക്കായി കെഎഫ്സി പിങ്ക് കാർഡ് ആരംഭിച്ചതും കെഎഫ്സിയുടെ ഒരു സംരംഭമാണ്. വനിതാ സംരംഭകർക്ക് കുറഞ്ഞനിരക്കിൽ പ്രോസസ്സിംഗ് ഫീസ്, പലിശ ഇളവുകൾ, ഇളവ് വ്യവസ്ഥകളിൽ അധിക ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി സ്ത്രീകൾ

നയിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഇത് ലക്ഷ്യമിടുന്നത്. കൂടാതെ, സംസ്ഥാനത്തെ എംഎസ്എംഇകൾക്ക് സാമ്പത്തിക സഹായം നൽകി അവരെ പിന്തുണയ്ക്കുന്നതിനായി, സ്ഥാപിതമായതും ലാഭകരവുമായ ബാങ്കിംഗ് ഇതര ഫിനാൻഷ്യൽ കമ്പനികൾക്കായി ഒരു പുതിയ റീഫിനാൻസിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ട്, പരമാവധി നൽകുന്ന വായ്പ തുക 50 കോടി രൂപയാണ് . കെഎഫ്സിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1.5 സംസ്ഥാനത്തിന്റെ ധനസ്ഥിതി

ദേശീയ അന്തർദേശീയ സാമ്പത്തിക രംഗത്ത് നിരവധി ആഘാതങ്ങളും മാറ്റങ്ങളും ഉണ്ടായിട്ടും സമീപ വർഷങ്ങളിൽ കേരള സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച രേഖപ്പെടുത്തി. മുൻവർഷത്തെ അപേക്ഷിച്ച് 2024-25 ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം 9.97 ശതമാനം വർദ്ധിച്ചു, ഇത് ദേശീയ വളർച്ചാ നിരക്കായ 9.78 ശതമാനത്തേക്കാൾ കൂടുതലാണ്. കേരള സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന സവിശേഷത മൊത്ത സംസ്ഥാന മൂല്യവർദ്ധിത സേവനങ്ങളുടെ ഉയർന്ന വിഹിതമാണ്. തൃതീയ മേഖലയുടെ വിഹിതം 2016-17ൽ 62 ശതമാനത്തിൽ നിന്ന് 2024-25ൽ 67.28 ശതമാനമായി ഉയർന്നു.

അസാധാരണമായ വെല്ലുവിളികൾ തുടർച്ചയായി സംസ്ഥാനം നേരിടേണ്ടി വന്നു. 2016-17ലെ നോട്ട് നിരോധനം, 2017-18 ൽ ജിഎസ്ടി ഏർപ്പെടുത്തിയത്, 2018-19ൽ ഓഖി ചുഴലിക്കാറ്റും രൂക്ഷമായ വെള്ളപ്പൊക്കവും, 2019-20ൽ പ്രകൃതി ദുരന്തങ്ങളും വെള്ളപ്പൊക്കവും, 2020-21ലെ കോവിഡ് 19 മഹാമാരിയും, 2021-22 ൽ അതിന്റെ പ്രത്യാഘാതങ്ങളും ഇതിൽ ഉൾപ്പെടുന്നു. 2022-23 മുതൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ കടമെടുപ്പിന്മേൽ ഏർപ്പെടുത്തിയ മുൻകാല പ്രാബല്യമുള്ള നിയന്ത്രണങ്ങൾ, റഷ്യ-യുക്രെയ്ൻ യുദ്ധവും, 2023-24 കാലയളവിൽ മിഡിൽ ഈസ്റ്റിലെ സംഘർഷങ്ങളും ഉണ്ടാക്കിയ ആഗോള സാമ്പത്തിക ആഘാതങ്ങൾ, 2024-25-ലെ മുണ്ടക്കൈ-ചൂരൽമല ദുരന്തം, 2025 സെപ്റ്റംബർ 22 മുതൽ നിലവിൽ വന്ന രണ്ട് സ്ലാബുകളുള്ള ജി.എസ്.ടി നിരക്ക് ഏകീകരണം എന്നിവ കാരണം കൂടുതൽ പ്രതിസന്ധികൾ ഉടലെടുത്തു. ഈ ഘടകങ്ങൾ സംസ്ഥാനത്തിന്റെ വരുമാന ഉൽപ്പാദന ശേഷിയെ കൂടുതൽ പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും, മെച്ചപ്പെട്ട നികുതി ശേഖരണത്തിലൂടെയും തന്ത്രപരമായ ചെലവുകൾ യുക്തിസഹമാക്കുന്നതിലൂടെയും സാമ്പത്തിക കുതിപ്പ് നിലനിർത്താൻ ശ്രമിക്കുന്നതിനോടൊപ്പം, അതേസമയം അവശ്യ ക്ഷേമ വികസന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതും കേരളം തുടരുന്നു. സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കുന്നതിനുള്ള സർക്കാരിന്റെ സാമ്പത്തികശേഷി വരുമാന സമാഹരണത്തെയും കടമെടുക്കൽ ശേഷിയെയും ആശ്രയിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിച്ചപ്പോൾ കേന്ദ്ര കൈമാറ്റം മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞു. 2024-25 വർഷത്തിലൊഴികെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ധനകമ്മി കേരള ധന ഉത്തരവാദിത്ത നിയമത്തിന്റെ ലക്ഷ്യങ്ങൾക്കുള്ളിൽ തന്നെയായിരുന്നു. 2024-25ൽ പൊതുകടം ജിഎസ്ഡിപി അനുപാതത്തിന്റെ 24.83 ശതമാനമായിരുന്നു. 2020-21 ലെ മഹാമാരി കാലയളവിൽ 38.47 ശതമാനമായി വർദ്ധിച്ച ജിഎസ്ഡിപി പൊതുകടം അനുപാതം കടം ക്രമാനുഗതമായി കുറഞ്ഞ് 2023-24 ൽ 34.52 ശതമാനത്തിലെത്തുകയും 2024-25 ൽ 34.87 ശതമാനമായി നിലകൊള്ളുകയും ചെയ്തു. കോവിഡാനന്തര കാലഘട്ടത്തിൽ കേരളം ധനകാര്യ ഏകീകരണ പാതയിൽ തുടരുകയാണ്. മുൻവർഷത്തെ അപേക്ഷിച്ച് 2024-25ൽ ആകെ ചെലവ് 14,301.06 കോടി രൂപ വർദ്ധിച്ചു.

2017-18 മുതൽ 2020-21 വരെയുള്ള 4 വർഷക്കാലയളവുമായി താരതമ്യ ചെയ്യുമ്പോൾ, 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ മൊത്തം തനത് വരുമാനത്തിൽ 42.93 ശതമാനം വളർച്ച പ്രതിഫലിക്കുന്നു. അതായത് 102030 കോടി രൂപയുടെ വർദ്ധനവ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 44.18 ശതമാനം വളർച്ചയോടെ 86,192 കോടി രൂപയുടെ വർദ്ധനവുണ്ടായി. കൂടാതെ, നികുതിയേതര വരുമാനത്തിൽ 37.20 ശതമാനം വളർച്ചയോടെ 15,838 കോടി രൂപയുടെ വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവ് ശക്തമാക്കാൻ സ്വീകരിച്ച നടപടികൾ കാരണം, 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2,313.19 കോടി രൂപയുടെ വർദ്ധനവുണ്ടായി. എന്നാൽ ഇതേ കാലയളവിൽ നികുതിയേതര വരുമാനത്തിൽ 140.66 കോടി രൂപയുടെ നാമമാത്രമായ വർദ്ധനവ്വാണ് രേഖപ്പെടുത്തിയത്. കേന്ദ്ര

സർക്കാരിൽ നിന്ന് ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് ഇൻ എയിഡ് കുത്തനെ കുറഞ്ഞതാണ് ഈ സാമ്പത്തിക വർഷം സംസ്ഥാനം നേരിട്ട പ്രധാന വെല്ലുവിളി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 5,108.39 കോടി രൂപയുടെ (42.33 ശതമാനം) കുറവാണ് ഈ ഇനത്തിൽ ഉണ്ടായത്. കേരളത്തിന്റെ തനതായ വികസന മാതൃക നിലനിർത്തുന്നതിന്, വിഭവങ്ങളുടെ യുക്തിസഹമായ വിഹിതം ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനം ശക്തമായ വിഭവ അടിത്തറ നിലനിർത്തുന്നത് തുടരണം. ഇത് ക്ഷേമ പ്രതിബദ്ധതകൾ ഉയർത്തിപ്പിടിക്കുന്നതിന് മാത്രമല്ല, നിർണായകമായ ഭൗതിക അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപിക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്.

മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ഉയർന്ന വേതനവും പ്രതീക്ഷിച്ച് അവിദഗ്ധരും, ഭാഗികമായി പ്രാവീണ്യം നേടിയവരും ഉൾപ്പെടെയുള്ള നിർമ്മാണ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കുടിയേറുന്നുണ്ട്. അതേസമയം, കൂടുതൽ നല്ല തൊഴിലവസരങ്ങളും ഉയർന്ന ജീവിതനിലവാരവും തേടി ഡോക്ടർമാർ, എഞ്ചിനീയർമാർ, നഴ്സുമാർ തുടങ്ങിയ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകൾ കേരളം വിട്ട് വിദേശരാജ്യങ്ങളിലേക്ക് പോകുകയും ചെയ്യുന്നു. കൂടാതെ, വിദേശത്തേക്ക് പോകുന്ന ഈ പ്രൊഫഷണലുകളിൽ ഭൂരിഭാഗവും അതാത് രാജ്യങ്ങളിൽ സ്ഥിരതാമസമാക്കുകയും ചെയ്യുന്നു. കൂടാതെ, ഇന്ത്യയുടെയും മറ്റ് രാജ്യങ്ങളുടെയും കയറ്റുമതി-ഇറക്കുമതി (Exim) നയങ്ങൾ കേരളത്തിലെ തോട്ടവിളകളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വിലയിടിവിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ സമീപകാല നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ പ്രതികൂലമായി ബാധിച്ചു. 2022 ജൂണിൽ GST നഷ്ടപരിഹാരം നിർത്തലാക്കിയത് കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി, ഏകദേശം 12,000 കോടി രൂപയുടെ വാർഷിക നഷ്ടം കണക്കാക്കുന്നു. കേന്ദ്ര നികുതി വിഭജനത്തിൽ കേരളത്തിന്റെ വിഹിതം ഓരോ ധനകാര്യ കമ്മീഷൻ കാലയളവിലും ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷൻ കാലയളവിലെ 3.875 ശതമാനത്തിൽ നിന്ന് സംസ്ഥാനത്തിന്റെ തിരശ്ചീന വിഭജനം ഡിവിസിബിൾ പൂളിന്റെ 1.925 ശതമാനമായി 15-ാം ധനകാര്യ കമ്മീഷൻ, കുറച്ചു. 11-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ ഇത് 3.057 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മിഷന്റെ സമയത്ത് 2.50 ശതമാനമായി കുറഞ്ഞു. മാത്രമല്ല, സംസ്ഥാനങ്ങളുമായി ആലോചിക്കാതെയും അവരുമായി പങ്കുവയ്ക്കാതെയും ഈടാക്കുന്ന സെസ്സുകളും സർചാർജുകളും കേന്ദ്രസർക്കാർ കൂടുതലായി ആശ്രയിക്കുന്നു. വിഭജിക്കാത്ത ലെവികളുടെ വിഹിതം വർദ്ധിക്കുന്നത് വിഭജിക്കാവുന്ന നികുതി പൂളിന്റെ തോത് ചുരുങ്ങുന്നതിനും ഇടയാക്കി, ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടുതൽ പരിമിതമാക്കുകയും ചെയ്യുന്നു.

പൊതു കടം-ജിഡിപി അനുപാതം സംസ്ഥാനം സുസ്ഥിരമായി നിലനിർത്തുന്നതിനാൽ കടമെടുക്കൽ പരിധിയിൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണം അനാവശ്യമാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി കുറയ്ക്കുന്നതിനുള്ള നീക്കം 2017 മുതൽ നിലവിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള കടമെടുപ്പും പബ്ലിക് അക്കൗണ്ടിന്റെ ശേഖരണവും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിനുള്ളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വായ്പാ പരിധി കേന്ദ്രസർക്കാർ കുറച്ചു. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം, പൊതുജനങ്ങളുടെ ട്രഷറി സേവിംഗ്സ് നിക്ഷേപങ്ങൾ, പൊതുമരാമത്ത് പണികൾക്കായുള്ള സർക്കാർ വകുപ്പുകളിൽ നിന്നുള്ള സിവിൽ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ സർപ്ലസ് സംസ്ഥാനത്തിന്റെ വായ്പാ പരിധി കുറയ്ക്കുന്നതിനുള്ള ഒരു മാർഗമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു. കേന്ദ്ര കൈമാറ്റങ്ങൾ ക്രമേണ ചുരുക്കുന്നതും പൊതു വിപണിയിലെ കടമെടുപ്പ് വെട്ടിക്കുറച്ചതുമാണ് സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണങ്ങൾ.

15-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റുകൾക്കുള്ള കാലാവധി 2023-24ൽ അവസാനിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര ഗവൺമെന്റ് അടുത്തിടെ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കിയിട്ടുണ്ട്. വർഷങ്ങളായി, 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന സ്കീമുകളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. നിലവിൽ ഭൂരിഭാഗം പദ്ധതികളും ഇപ്പോൾ 'കോർ' വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ, അവിടെ സംസ്ഥാനം ചെലവിന്റെ 40 ശതമാനം വഹിക്കേണ്ടതുണ്ട്. ഇത് സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. സിംഗിൾ നോഡൽ അക്കൗണ്ടും (എസ്എൻഎ) സ്പർശും ആരംഭിച്ചത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചു. എസ്എൻഎ അക്കൗണ്ട് ചട്ടക്കൂടിന് കീഴിൽ, കേന്ദ്ര ഗവൺമെന്റിന്റെ റിലീസ് കഴിഞ്ഞ് 21 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര റിലീസും അനുബന്ധ സംസ്ഥാന വിഹിതവും ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. സ്പർശിന് കീഴിൽ, കേന്ദ്ര സർക്കാർ തുക മുൻകൂട്ടി റിലീസ് ചെയ്യില്ല. സ്പർശിന് കീഴിൽ, കേന്ദ്ര മന്ത്രാലയം റിലീസ് സാംഗ്ഷൻ മാത്രമാണ് പുറപ്പെടുവിക്കുന്നത്. തൽഫലമായി, പേയ്മെന്റ് ഫയലുകൾ എല്ലാം PFMS-ലെ മന്ത്രാലയം മുഖേന ക്ലിയർ ചെയ്യുന്നതിനാൽ, ഇത് പ്രവർത്തന കാലതാമസത്തിലേക്ക് നയിക്കുന്നു. മാത്രമല്ല ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലും ഈ റിലീസ് തുകകൾ കാലഹരണപ്പെടുന്നതിനാൽ, ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കാൻ കഴിയില്ല. ഇത് കൂടാതെ, ദേശീയ പാത വികസനം പോലെ കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ്. മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളം ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും നിലവിലുള്ള പ്രദേശമായതിനാൽ, ഇത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, സുസ്ഥിര സാമ്പത്തിക വികസനം കൈവരിക്കുന്നതിനായി കേരളം നിരന്തരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

വെള്ളപ്പൊക്കം സൃഷ്ടിച്ച ആഘാതങ്ങൾ, കോവിഡ് -19 മഹാമാരി, ഗണ്യമായ വരുമാന നഷ്ടം എന്നിവയ്ക്കിടയിലും, സംസ്ഥാന സർക്കാർ അതിന്റെ വികസന-ക്ഷേമ ഉത്തരവാദിത്തങ്ങളിൽ പ്രതിജ്ഞാബദ്ധമാണ്. നിതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) - ഇന്ത്യ സൂചിക പ്രകാരം, ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ കേരളം മികച്ച പുരോഗതി കൈവരിച്ചു. ആരോഗ്യം, വിദ്യാഭ്യാസം പോലുള്ള സുപ്രധാന സാമൂഹിക സേവനങ്ങൾക്കായി തുക വകയിരുത്തി കാര്യക്ഷമമായി വിനിയോഗിക്കുന്നത് ഇത് പ്രതിഫലിപ്പിക്കുന്നു. ആരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ദേശീയ അന്തർദേശീയ പ്രശംസ നേടിയിട്ടുണ്ട്. കോവിഡ്-19, നിപ്പ വൈറസ് ബാധ, വയനാട് ദുരന്തം തുടങ്ങിയ കഠിന പ്രതിസന്ധികളിൽ ദ്രുതഗതിയിലുള്ള ശാസ്ത്രീയമായ പ്രവർത്തനങ്ങൾ സർക്കാർ നടത്തിയതിലൂടെ പതിനായിരക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചു.

വിവിധ ക്ഷേമനിധി ബോർഡുകളിൽ എൻറോൾ ചെയ്തിട്ടുള്ള 11 ലക്ഷത്തോളം അംഗങ്ങൾ ഉൾപ്പെടെ 62 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് പ്രതിമാസം 2,000 രൂപ നിരക്കിൽ കേരള സംസ്ഥാനം സാമൂഹിക സുരക്ഷാ പെൻഷനുകൾ നൽകുന്നു. സമ്പദ്‌വ്യവസ്ഥയോടുള്ള കേരള സർക്കാരിന്റെ സമീപനം ക്ഷേമാധിഷ്ഠിതമാണ്. സംസ്ഥാനം 2021-22 ൽ സാമൂഹിക സുരക്ഷാ പെൻഷനായി 7504 കോടി രൂപയും 2024-25 ൽ 10,760 കോടി രൂപയും വിതരണം ചെയ്തു. കൂടാതെ, 35 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ട്രാൻസ്‌സ്ത്രീകൾ ഉൾപ്പെടെയുള്ള സ്ത്രീകൾക്കായി സംസ്ഥാന സർക്കാർ 'സ്ത്രീ സുരക്ഷ' എന്ന പുതിയ പദ്ധതി പ്രഖ്യാപിച്ചു. പ്രതിമാസം 1,000 രൂപ നിരക്കിൽ 31 ലക്ഷം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. 42 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) കേരളത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. രാജ്യത്ത് വിലക്കയറ്റം അതിരൂക്ഷമായിരുന്ന സാഹചര്യത്തിൽ പണപ്പെരുപ്പത്തിന്റെ ആഘാതം ലഘൂകരിക്കുകയും ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്തതിലൂടെ പൊതു വിതരണ സംവിധാനം ഫലപ്രദമായി ഉപയോഗിക്കാൻ കേരളത്തിനു സാധിച്ചു. ദേശീയപാത പദ്ധതികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 2026 ഓടെ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ട്കൊണ്ട് നടപ്പാക്കി വരുന്നു.

ലൈഫ് മിഷൻ, കെ-ഫോൺ പ്രോജക്ട്, സ്മാർട്ട് ക്ലാസ് റൂമുകൾ, എല്ലാവർക്കും ഭൂമി, പെട്രോകെമിക്കൽ പാർക്ക്, കൊച്ചി, കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി, ഗിഫ്റ്റ് സിറ്റി, ഓങ്കോളജി ഫാർമ പാർക്ക് ആലപ്പുഴ, സ്‌പൈസസ് പാർക്ക് തൊടുപുഴ, ഇന്റർനാഷണൽ എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ കാക്കനാട്, കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് മട്ടന്നൂർ, MEDS പാർക്ക് തിരുവനന്തപുരം, വയനാട് കോഫി പാർക്ക് ഗ്ലോബൽ ആയുർവേദ വില്ലേജ് തുടങ്ങിയ അഭിമാനകാരവും വിപ്ലവകരവുമായ വികസന പദ്ധതികളിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയിൽ കേരളത്തിന്റെ പ്രതിബദ്ധത തെളിയിക്കപ്പെടുന്നു. ആരോഗ്യ സേവന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അനേകം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. തുടർച്ചയായ സാമ്പത്തിക പരിമിതികൾക്കിടയിലും, സംസ്ഥാന സർക്കാർ, BHEL-EML, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് തുടങ്ങി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്തുകൊണ്ട് തന്ത്രപരമായ ദീർഘവീക്ഷണം പ്രകടിപ്പിക്കുന്നു. തൊഴിൽ സംരക്ഷണവും, വ്യാവസായിക സാധ്യതകളുടെ പുനരുജ്ജീവനവും, പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ എന്നിവയോടുള്ള കേരളത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത ഇതിലൂടെ പ്രതിഫലിപ്പിക്കുന്നു.

സുസ്ഥിരമായ സാമ്പത്തിക വളർച്ചക്കായി കേരള സർക്കാർ അടിസ്ഥാന സൗകര്യ വികസനത്തിലുള്ള കേരള സർക്കാർ നിക്ഷേപം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിരവധി പ്രധാന സംരംഭങ്ങൾ പൂർത്തിയാവുകയോ, അല്ലെങ്കിൽ ക്രമാനുഗതമായി പുരോഗമിക്കുകയോ ചെയ്യുന്നുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം വടക്കൻ കേരളത്തിലെ ഒരു പ്രധാന വ്യോമയാന കേന്ദ്രമായി പ്രവർത്തിച്ച് വരുന്നു. സംസ്ഥാനത്തിന്റെ ഊർജ്ജ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗെയിൽ പൈപ്പ്‌ലൈൻ കമ്മീഷൻ ചെയ്തു. തന്ത്രപ്രധാന പദ്ധതിയായ വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, ഒന്നാം ഘട്ടം പൂർത്തീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം തന്നെ നടത്തി കൊണ്ട് ഗണ്യമായ പുരോഗതി കൈവരിച്ചു. ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി, ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി തിരുവനന്തപുരം, കൊച്ചിയിലെ ആദ്യത്തെ സൂപ്പർ ഫാബ് ലാബ് ആൻഡ് ഗ്രാഫീൻ സെന്റർ തുടങ്ങിയവ സ്ഥാപിതമാവുകയോ വികസനത്തിന്റെ പാതയിലോ ആണ്. തിരുവനന്തപുരത്തെ ഡിജിറ്റൽ സയൻസ് പാർക്ക്, കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ പുനരുജ്ജീവനം, ചെല്ലാനം കടൽഭിത്തി പദ്ധതി, ചെറു വൈപ്പിനിലെ എൽപിജി ടെർമിനൽ, പുഴക്കലിലെ ഇൻഡസ്ട്രിയൽ പാർക്ക് (തൃശ്ശൂർ), കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ (സിയാൽ) പുതിയ ടെർമിനൽ എന്നിവയാണ് മറ്റ് പ്രധാന പദ്ധതികൾ ഭാഗികമായി പ്രവർത്തനം ആരംഭിച്ചു. സംയോജിത ജലഗതാഗത സംവിധാനം (കൊച്ചി വാട്ടർ മെട്രോ) കൂടുതൽ വിപുലീകരിക്കുകയാണ്. അതുപോലെ കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ടവും പുരോഗമിക്കുകയാണ്. ഇവ കൂടാതെ, താമരശ്ശേരി ചുരം റോഡിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്ന വയനാട് ടണൽ പദ്ധതി കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേ തിരുവനന്തപുരം മുട്ടത്തറയിലെ മലിനജല ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി തുടങ്ങി അനേകം പദ്ധതികൾ പൂർത്തീകരിച്ചു. ഈ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ദീർഘകാല വളർച്ചക്ക് അടിത്തറയിടുമ്പോൾ തന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനായി സർക്കാരിന്റെ ചെലവുകൾക്കൊപ്പം നികുതി വരുമാനവും നികുതിയേതര വരുമാനവും സമാഹരിക്കുന്നതിനുള്ള ശക്തമായ പരിശ്രമങ്ങൾ കൂടി അനിവാര്യമാണ്.

**പട്ടിക 1.5.1** 2013–14 മുതൽ 2024–25 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ പ്രധാന കമ്മി സൂചകങ്ങൾ കോടിയിൽ

| വർഷം | റവന്യൂ കമ്മി | | ധന കമ്മി | | പ്രാഥമിക കമ്മി | | ജി.എസ്. ഡി.പി |
|---|---|---|---|---|---|---|---|
| | തുക | ജി.എസ്. ഡി.പിയുടെ ശതമാനം | തുക | ജി.എസ്. ഡി.പിയുടെ ശതമാനം | തുക | ജി.എസ്. ഡി.പിയുടെ ശതമാനം | |
| 2013-14 | 11308.55 | 2.43 | 16944.12 | 3.64 | 8678.74 | 1.87 | 465041.21 |
| 2014-15 | 13795.96 | 2.69 | 18641.73 | 3.64 | 8872.14 | 1.73 | 512564.05 |
| 2015-16 | 9656.81 | 1.72 | 17818.39 | 3.17 | 6707.77 | 1.19 | 561993.61 |
| 2016-17 | 15484.59 | 2.44 | 26448.35 | 4.17 | 14331.85 | 2.26 | 634886.40 |
| 2017-18 | 16928.21 | 2.41 | 26837.41 | 3.83 | 11717.48 | 1.67 | 701588.26 |
| 2018-19 | 17461.92 | 2.22 | 26958.30 | 3.42 | 10210.39 | 1.30 | 788285.58 |
| 2019-20 | 14495.25 | 1.78 | 23837.48 | 2.93 | 4622.78 | 0.57 | 812934.63 |
| 2020-21* | 20063.50 | 2.60 | 35203.69 | 4.56 | 14228.33 | 1.84 | 771723.89 |
| 2021-22* | 20799.96 | 2.25 | 37306.47 | 4.04 | 14003.65 | 1.51 | 924465.42 |
| 2022-23 | 9226.29 | 0.89 | 25554.54 | 2.46 | 378.18 | 0.04 | 1038734.06 |
| 2023-24 | 18140.19 | 1.60 | 34258.05 | 3.02 | 7271.56 | 0.64 | 1135371.56 |
| 2024-25 | 31059.72 | 2.49 | 48248.14 | 3.86 | 19109.90 | 1.53 | 1248533.01 |
| 2025-26 BE | 27124.52 | 1.90 | 45038.52 | 3.16 | 13214.80 | 0.93 | 1427145.23 |

**അവലംബം**: ധനകാര്യ വകുപ്പ്, കേരള സർക്കാർ
*2020-21, 2021-22 വർഷങ്ങളിൽ യഥാക്രമം ₹5766 കോടി, ₹8739.31 കോടി ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി ലഭിച്ച വായ്പ, സാമ്പത്തിക സൂചകങ്ങൾ കണക്കാക്കുന്നതിനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ഗ്രാന്റായി കണക്കാക്കുന്നു, കാരണം ഈ വായ്പയുടെ തിരിച്ചടവ് ബാധ്യത സംസ്ഥാന സർക്കാരിന്റെ വിഭവങ്ങളിൽ നിന്ന് നിറവേറ്റപ്പെടില്ല.

**പ്രധാന കമ്മി സൂചകങ്ങൾ**

സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2024–25 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.യുടെ (GSDP) 2.49 ശതമാനമാണ്. 2023–24 സാമ്പത്തിക വർഷത്തിൽ ഇത് 1.60 ശതമാനമായിരുന്നു. എന്നാൽ 2025–26 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ കമ്മി 1.90 ശതമാനമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2023–24 ൽ 3.02 ശതമാനമായിരുന്ന ധനക്കമ്മി 2024–25ൽ ജിഎസ്ഡിപിയുടെ 3.86 ശതമാനമായി ഉയർന്നു. 2025–26 ൽ 3.16 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2013–14 മുതൽ 2024–25 വരെയുള്ള കാലയളവിലെ പ്രധാന കമ്മി സൂചകങ്ങൾ **പട്ടിക 1.5.1** ൽ കാണിച്ചിരിക്കുന്നു.

**വരുമാനം**

സംസ്ഥാന സർക്കാരിന്റെ വരുമാനത്തെ റവന്യൂ വരുമാനമെന്നും മൂലധന വരുമാനമെന്നും രണ്ടായി തിരിച്ചിരിക്കുന്നു. റവന്യൂ വരുമാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി–നികുതിയേതര വരുമാനവും കേന്ദ്ര നികുതി കൈമാറ്റത്തിന്റെ വിഹിതവും കേന്ദ ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റ്–ഇൻ–എയ്ഡും ഉൾപ്പെടുന്നു. അതേസമയം മൂലധന വരുമാനത്തിൽ പ്രധാനമായും ഉൾപ്പെടുന്നത് ഓഹരി വിറ്റഴിക്കൽ വരുമാനം, വായപകളുടെയും, മുൻകൂറുകളുടെയും തിരിച്ചടവ്, ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള കടമെടുക്കൽ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായപകളും, മുൻകൂറുകളും, പബ്ലിക് അക്കൗണ്ടിലെ അറ്റാദായം എന്നിവയാണ്.

**റവന്യൂ വരുമാനം**

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 2015–16 കാലയളവിലെ 69032.66 കോടി രൂപയിൽ നിന്നും 2024–25–ൽ 124861.07 കോടി രൂപയായി ഉയർന്നു. 7.00 ശതമാനം വാർഷിക വളർച്ചാ നിരക്കാണ് (CAGR) ഈ കാലയളവിൽ രേഖപ്പെടുത്തിയത്. എങ്കിലും, 2023–24–നെ അപേക്ഷിച്ച് 2024–25 വർഷത്തിൽ വരുമാനത്തിൽ 374.92 കോടി രൂപയുടെ നേരിയ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റ് ഗണ്യമായി കുറഞ്ഞതാണ് ഇതിന് പ്രധാന കാരണം.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ സിംഹഭാഗവും വരുന്നത് തനത് നികുതി വരുമാനത്തിൽ (SOTR) നിന്നാണ്. 2024–25 കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വിഹിതം 76642.20 കോടി രൂപയാണ്; അതായത് ആകെ വരുമാനത്തിന്റെ 61.38 ശതമാനം. കേന്ദ്ര നികുതിവിഹിതമായി ലഭിച്ചത് 24772.38 കോടി രൂപയാണ് (19.84 ശതമാനം). 2024–25 വർഷത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം 16486.62 കോടി രൂപയും (13.20 ശതമാനം), കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റ്–ഇൻ–എയ്ഡ് 6959.87 കോടി രൂപയുമാണ് (5.57 ശതമാനം). കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഈ ഗ്രാന്റിൽ 2531.85 കോടി രൂപ ഫിനാൻസ് കമ്മീഷൻ അവാർഡ് ആയി ലഭിച്ച തുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ സ്രോതസ്സ് തിരിച്ചുള്ള വാർഷിക വളർച്ച **ചിത്രം 1.5.1**–ൽ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ **അനുബന്ധം 1.5.1**–ൽ ചേർത്തിരിക്കുന്നു.

2015–16ൽ മൊത്തം റവന്യൂ വരുമാനത്തിലേക്കുള്ള കേന്ദ്രവിഹിതത്തിന്റെ അനുപാതം 31.31 ശതമാനമായിരുന്നു. 2014–15 ന് ശേഷം മൊത്തം റവന്യൂ വരുമാനത്തിൽ കേന്ദ്ര വിഹിതം വർധിച്ചതിന് കാരണം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾക്ക് നേരിട്ട് നൽകുന്ന രീതി ഒഴിവാക്കി സംസ്ഥാന ബജറ്റ് വഴി നൽകുന്നതുകൊണ്ടാണ്.

**ചിത്രം.1.5.1** സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഉറവിടാടിസ്ഥാനത്തിലുള്ള വാർഷിക വളർച്ച, ശതമാനത്തിൽ




**അവലംബം** : ധനകാര്യ വകുപ്പ്, കേരള സർക്കാർ

**ചിത്രം 1.5.2** സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ വിവിധ സ്രോതസ്സുകളുടെ വിഹിതം, ശതമാനത്തിൽ




**അവലംബം** : ധനകാര്യ വകുപ്പ്, കേരള സർക്കാർ

2020-21ൽ 43.67 ശതമാനം എന്ന ഏറ്റവും ഉയർന്ന നിലയിലെത്തിയ ശേഷം, തുടർന്നുള്ള ഓരോ വർഷവും കേന്ദ്ര സഹായത്തിന്റെ വിഹിതം കുറയുകയും 2024-25ൽ 25.41 ശതമാനത്തിലെത്തുകയും ചെയ്തു. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തിയതും റവന്യൂ കമ്മി ഗ്രാന്റുകൾ നിർത്തലാക്കുന്നതിലൂടെയും ഉണ്ടാകുന്ന നഷ്ടം തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ വഷളാക്കും. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സംസ്ഥാന റവന്യൂ വരുമാനം **ചിത്രം 1.5.2** ൽ കൊടുത്തിരിക്കുന്നു.

**i) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം**

സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസ് സംസ്ഥാന ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വില്പനനികുതി, സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാന എക്സൈസ് ഡ്യൂട്ടി, വാഹന നികുതി, ഭൂനികുതി തുടങ്ങിയവയാണ്. 2015-16 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 56.49 ശതമാനമായിരുന്നു സ്വന്തം നികുതി വരുമാനം (SOTR). സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലല്ലാത്ത

**ചിത്രം 1.5.3** 2020-21 മുതൽ 2024-25 വരെയുള്ള സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനം




**അവലംബം**: ധനകാര്യ വകുപ്പ്, കേരള സർക്കാർ

ആഭ്യന്തരവും ബാഹ്യവുമായ നിരവധി സാമ്പത്തിക പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടും, 2024-25-ൽ ഇത് 61.38 ശതമാനമായി വർദ്ധിച്ചു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ (**അനുബന്ധം 1.5.2**) ൽ നൽകിയിരിക്കുന്നു.

2024-25ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ നിന്നുള്ള വരവ് 76642.20 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വിഭവങ്ങളുടെ പ്രധാന പങ്ക് സംസ്ഥാന ചരക്ക് സേവന നികുതിയാണ്. 2024-25ൽ സംസ്ഥാന ചരക്ക് സേവന നികുതിയിൽ നിന്നുള്ള വരുമാനം (₹32314.70 കോടി) മൊത്തം സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 42.16 ശതമാനമാണ്. വിൽപ്പന നികുതിയിൽ നിന്ന് 36.13 ശതമാനം (₹27693.86 കോടി രൂപ), വാഹനങ്ങളുടെ നികുതിയിൽ നിന്ന് 8.66 ശതമാനം (₹6634.98 കോടി രൂപ), സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും 8.00 ശതമാനം, രജിസ്ട്രേഷൻ ഫീസിൽ നിന്നും 8.00 ശതമാനം (₹6127.56 കോടി), സംസ്ഥാന എക്സൈസ് തീരുവയിൽ നിന്ന് 3.75 ശതമാനം (2871.63 കോടി രൂപ), ഭൂനികുതിയിൽ നിന്നും 0.79 ശതമാനം (608.73 കോടി രൂപ) എന്നിങ്ങനെയാണ്.

**(ii) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം**

സംസ്ഥന നികുതിയേതര വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നുള്ള വരുമാനമാണ്. പലിശ, ഡിവിഡന്റ്, വനവിഭവങ്ങളിൽ നിന്നുള്ള വരുമാനം, സാമൂഹ്യ സേവന മേഖലകളിൽ നിന്നും ലഭിക്കുന്ന ഫീസ്, പിഴ എന്നിവയാണ് മറ്റ് പ്രധാന സ്രോതസ്സുകൾ. 2024-25 കാലയളവിൽ സംസ്ഥാനത്തിന്റെ സ്വന്തം നികുതിയേതര വരുമാനമായി (SONTR) ലഭിച്ചത് 16486.62 കോടി രൂപയാണ്. 2024-25-ൽ സംസ്ഥാന ലോട്ടറികളിൽ നിന്നുള്ള വരുമാനം 12711.18 കോടി രൂപയാണ്. ഇത് 2023-24 (12530.91 കോടി രൂപയുമായി) താരതമ്യം ചെയ്യുമ്പോൾ 1.44 ശതമാനത്തിന്റെ വളർച്ചയാണ് ഈ മേഖലയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ മൊത്തം നികുതിയേതര വരുമാനത്തിന്റെ 77.10 ശതമാനമാണ്. യഥാക്രമം സാമൂഹിക സേവനങ്ങളിൽ (Social Services) നിന്ന് 1655.76 കോടി (10.04 ശതമാനം), പലിശയിനത്തിലും ഡിവിഡന്റായും 351.44 കോടി (2.13 ശതമാനം) ലഭിച്ചു. വനവിഭവങ്ങളുടെ വിൽപനയിലൂടെ 255.79 കോടി (1.55 ശതമാനം), മറ്റ് സ്രോതസ്സുകളിൽ നിന്ന് 1512.45 കോടി (9.17 ശതമാനം) എന്നിങ്ങനെയാണ്. സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.5.3**-ൽ നൽകിയിരിക്കുന്നു.

**(iii) കേന്ദ്ര വിഹിത കൈമാറ്റം**

ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് സുപ്രധാന ഘടകങ്ങൾ. ഭരണഘടനയുടെ ആർട്ടിക്കിൾ 270 പ്രകാരമാണ് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി കൈമാറ്റം ധനകാര്യ കമ്മീഷൻ നിർണ്ണയിച്ചിരിക്കുന്നത്. നികുതി കൈമാറ്റത്തിനു ശേഷമുള്ള റവന്യൂ കമ്മി കുറയ്ക്കുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം, സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള

**ചിത്രം 1.5.4** വിവിധ ധനകാര്യ കമ്മീഷനുകളിൽ നികുതി വരുമാനത്തിന്റെ പങ്കുവയ്ക്കാൻ പറ്റുന്ന അറ്റവിഹിതം




**ഉറവിടം:** വിവിധ ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ, ഗവൺമെന്റ് ഓഫ് ഇന്ത്യ

ഗ്രാന്റുകൾ, ദുരന്ത നിവാരണ ഗ്രാന്റുകൾ, മേഖല തിരിച്ചുള്ള ഗ്രാന്റുകൾ, സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ഗ്രാന്റുകൾ എന്നിവയും ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു. എങ്കിലും പതിനഞ്ചാം ധനകാര്യ കമ്മീഷൻ മേഖല തിരിച്ചുള്ള ഗ്രാന്റുകളും സംസ്ഥാനങ്ങൾക്കായി പ്രത്യേകമായുള്ള ഗ്രാന്റുകളും ശുപാർശ ചെയ്തിരുന്നെങ്കിലും കേന്ദ്ര സർക്കാർ ഇവ അംഗീകരിച്ചില്ല. കേന്ദ്ര വിഹിത കൈമാറ്റത്തിലെ ഉപാധി രഹിത ഘടകങ്ങളാണ് നികുതി വിഹിതവും റവന്യൂ കമ്മി ഗ്രാന്റുകളും. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം നിശ്ചിത ലക്ഷ്യങ്ങൾക്കായി മാറ്റിവച്ചവയാണ്. ഇവ ചെലവഴിക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് പരിമിതമായ സ്വാതന്ത്ര്യം മാത്രമേയുള്ളൂ. ധനകാര്യ കമ്മീഷനുകളെ അടിസ്ഥാനമാക്കിയുള്ള മൊത്തം പങ്കിടാവുന്ന നികുതി വരുമാനത്തിന്റെ പ്രവണത **ചിത്രം 1.5.4** ൽ കാണിച്ചിരിക്കുന്നു. പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 2.5 ശതമാനം കേരളത്തിന് അർഹമായിരുന്നത്. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു.

കേന്ദ്ര നികുതിയിൽ ഓരോ സംസ്ഥാനത്തിന്റെയും വിഹിതം നിർണ്ണയിക്കാൻ 13, 14, 15 കമ്മീഷനുകൾ ഉപയോഗിക്കുന്ന മാനദണ്ഡങ്ങളും ഓരോ മാനദണ്ഡത്തിനും നിശ്ചയിച്ചിട്ടുള്ള

**പട്ടിക 1.5.2.** 13, 14, 15 ധനകമ്മീഷൻ റിപ്പോർട്ടുകളിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡം ശതമാനത്തിൽ

| മാനദണ്ഡം | 13 – ധനകാര്യ കമ്മിഷൻ | 14– ധനകാര്യ കമ്മിഷൻ | 15 – ധനകാര്യ കമ്മിഷൻ |
|---|---|---|---|
| ജനസംഖ്യ (1971) | 25 | 17.5 | – |
| ജനസംഖ്യ ( 2011 ) | – | 10 | 15 |
| പ്രദേശം | 47.5 | 50 | 45 |
| വനവും പരിസ്ഥിതിയും | 10 | 15 | 15 |
| വരുമാന വിടവ് | – | 7.5 | – |
| ജനസംഖ്യസ്വഭാവത്തിലെ പ്രകടനം | – | – | 10 |
| നികുതി പരിശ്രമ (tax efforts) | – | – | 12.5 |
| സാമ്പത്തീക കഴിവിന്റെ വിടവ് | – | – | 2.5 |
| സാമ്പത്തിക അച്ചടക്കം | 17.5 | – | – |

അവലംബം: വിവിധ ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ

**പട്ടിക 1.5.3** കേന്ദ്ര വിഹിതത്തിന്റെ കൈമാറ്റം (രൂപകോടിയിൽ)

**(രൂപകോടിയിൽ)**

| വർഷം | കേന്ദ്ര നികുതികളുടെ വിഹിതം | വാർഷിക വളർച്ചാ നിരക്ക് (%) | ഗ്രാന്റ് ഇൻ എയ്ഡ് | വാർഷിക വളർച്ചാ നിരക്ക് (%) | മൊത്തം കേന്ദ്ര ഗവ. കൈമാറ്റങ്ങൾ | വാർഷിക വളർച്ചാ നിരക്ക് (%) |
|---|---|---|---|---|---|---|
| 2015-16 | 12690.67 | 60.11 | 8921.34 | 18.82 | 21612.01 | 40.03 |
| 2016-17 | 15225.02 | 19.97 | 8510.35 | -4.61 | 23735.37 | 9.82 |
| 2017-18 | 16833.08 | 10.56 | 8527.84 | 0.21 | 25360.92 | 6.85 |
| 2018-19 | 19038.17 | 13.10 | 11388.96 | 33.55 | 30427.13 | 19.98 |
| 2019-20 | 16401.05 | -13.85 | 11235.26 | -1.35 | 27636.31 | -9.17 |
| 2020-21 | 11560.4 | -29.51 | 31068.28 | 176.52 | 42628.68 | 54.25 |
| 2021-22 | 17820.09 | 54.15 | 30017.12 | -3.38 | 47837.21 | 12.22 |
| 2022-23 | 18260.68 | 2.47 | 27377.86 | -8.79 | 45638.54 | -4.60 |
| 2023-24 | 21742.92 | 19.07 | 12068.26 | -55.92 | 33811.18 | -25.92 |
| 2024-25 | 24772.38 | 13.93 | 6959.87 | -42.33 | 31732.25 | -6.15 |
| 2025-26 BE | 28616.5 | 15.52 | 13074.9 | 87.86 | 41691.4 | 31.38 |

**അവലംബം**: ധനകാര്യ വകുപ്പ്, കേരള സർക്കാർ

വെയിറ്റും **പട്ടിക 1.5.2**-ൽ നൽകിയിരിക്കുന്നു. ആദായനികുതി, കോർപ്പറേറ്റ് നികുതി നിരക്കുകൾ കേന്ദ്രസർക്കാർ കുറയ്ക്കുന്നത് കേന്ദ്രസർക്കാരിന്റെ പരോക്ഷനികുതിയിൽ കുറവുവരുത്തുന്നതിനേക്കാൾ സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യേണ്ട നികുതി വിഹിതം കുറയുന്നതിനാണ് കാരണമാകുന്നത്. 2023-24 ലെ 33811.18 കോടി രൂപയിൽ നിന്ന് 2024-25 ൽ സംസ്ഥാനത്തിലേക്കുള്ള മൊത്തം കേന്ദ്ര കൈമാറ്റം 31732.25 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ, കേന്ദ്ര നികുതിയുടെ വിഹിതം 24772.38 കോടി രൂപയായിരുന്നു, 2023-24 ലെ 21742.92 കോടി രൂപയിൽ നിന്ന് മുൻവർഷത്തെ അപേക്ഷിച്ച് 13.93 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 ൽ കേന്ദ്രത്തിൽ നിന്ന് 6959.87 കോടി രൂപ ഗ്രാന്റായി സംസ്ഥാനത്തിന് ലഭിച്ചു, ഇത് 2023-24 ലെ (12068.26 കോടി രൂപ) അപേക്ഷിച്ച് 42.33 ശതമാനം കുറവാണ് കാണിക്കുന്നത്. കേന്ദ്ര വിഹിത കൈമാറ്റങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 1.5.3** ൽ കാണിച്ചിരിക്കുന്നു.

### ചെലവ്

റവന്യൂ ചെലവ്, മൂലധന ചെലവ്, വായ്പാ തിരിച്ചടവിൽ ഉണ്ടാകുന്ന ചെലവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങളാണ് സംസ്ഥാനത്തിന്റെ ചെലവിൽ ഉൾപ്പെട്ടിരിക്കുന്നത്. 2015-16 നും 2024-25 നും ഇടയിൽ, മൊത്തം ചെലവ് നോമിനൽ നിരക്കിൽ 87031.76 കോടി രൂപയിൽ നിന്നും 173807.57 കോടി രൂപയായി വർദ്ധിച്ചു. ഇത് 8.01 ശതമാനം സംയോജിത വാർഷിക വളർച്ചാ നിരക്ക് രേഖപ്പെടുത്തി. 2024-25 ലെ മൊത്തം ചെലവായ 173807.57 കോടിയിൽ, പദ്ധതിയേതര, പദ്ധതി ചെലവുകൾ യഥാക്രമം 140701.82 കോടി രൂപ (80.95 ശതമാനം), 33105.74 കോടി രൂപ (19.05 ശതമാനം) എന്നിങ്ങനെയാണ്. സംസ്ഥാന ബജറ്റിന് പുറത്ത് നിന്ന് കിഫ്ബി വഴിയും വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സമാഹരിക്കുന്നു. ഇതുവരെ, കിഫ്ബി 69941 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്, അതിൽ 37,026.50 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് സംസ്ഥാനത്തിന്റെ സഞ്ചിത നിധിക്ക് കീഴിൽ പ്രതിഫലിച്ചിട്ടില്ല.

### റവന്യൂ ചെലവുകൾ

വികസന ചെലവുകളും വികസനേതര ചെലവുകളുമാണ് റവന്യൂ ചെലവിൽ ഉൾപ്പെടുന്നത്. വികസനച്ചെലവിൽ വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, വ്യവസായം, തൊഴിലും തൊഴിലവസരങ്ങളും എന്നിവയുള്ള ചെലവ് ഉൾപ്പെടുന്നു. വികസനേതര ചെലവുകളിൽ പലിശ അടവ്, പെൻഷൻ വിതരണം, കടബാധ്യതകൾ, ഭരണപരമായ സേവനങ്ങൾ, മറ്റുള്ളവ എന്നിവ ഉൾപ്പെടുന്നു. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 1.5.4** ൽ നൽകിയിരിക്കുന്നു.

പൂർത്തിയാക്കിയ പദ്ധതികളുടെയും പരിപാടികളുടെയും പ്രവർത്തന, പരിപാലന ചെലവുകൾ റവന്യൂ അക്കൗണ്ടിന് കീഴിലാണ് തരം തിരിച്ചിരിക്കുന്നത്. സർവകലാശാലകളിലെയും സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ശമ്പളവും പെൻഷൻ ബാധ്യതകളും നിറവേറ്റുന്നതിനായി സംസ്ഥാനം നൽകുന്ന ഗ്രാന്റുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ബാധ്യതകൾ എന്നിവ റവന്യൂ ചെലവായാണ് കണക്കാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന റവന്യൂ ചെലവിന്റെ വലിയൊരു ഭാഗം പ്രാദേശിക സർക്കാർ തലത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനായാണ് വിനിയോഗിക്കുന്നത്.

റവന്യൂ ചെലവ് 2023-24ൽ 142626.34 കോടി രൂപയിൽ നിന്നും 2024-25ൽ 155920.79 കോടി രൂപയായി ഉയർന്നു. 2024-25 ലെ മൊത്തം റവന്യൂ ചെലവിൽ, പദ്ധതിച്ചെലവ് 16471.90 കോടി രൂപയും പദ്ധതിയേതര ചെലവ് 139448.89 കോടി രൂപയുമാണ്. സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദവുമായുള്ള (ജി.എസ്.ഡി.പി) റവന്യൂ ചെലവിന്റെ അനുപാതം 2023-24 ലെ 12.56 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2024-25ൽ 12.49 ശതമാനമായി കുറഞ്ഞു.

2024-25ൽ റവന്യൂ ചെലവിലെ പ്രതിബദ്ധതയുള്ള ചെലവിന്റെ

**പട്ടിക 1.5.4** റവന്യൂ ചെലവിലെ പ്രവണത

(രൂപകോടിയിൽ)

| വർഷം | മൊത്തം റവന്യൂ ചെലവ് | | വികസന ചെലവ് | | വികസനേതര ചെലവ് | |
|---|---|---|---|---|---|---|
| | തുക | വാർഷിക വളർച്ചാ നിരക്ക് ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം | തുക | ആകെ റവന്യൂ ചെലവിന്റെ ശതമാനം |
| 2013-14 | 60485.50 | 13.08% | 32921.1 | 54.43% | 27564.4 | 45.57% |
| 2014-15 | 71746.43 | 18.62% | 39182.19 | 54.61% | 32564.24 | 45.39% |
| 2015-16 | 78689.47 | 9.68% | 41762.67 | 53.07% | 36926.8 | 46.93% |
| 2016-17 | 91096.31 | 15.77% | 48602.63 | 53.35% | 42493.68 | 46.65% |
| 2017-18 | 99948.35 | 9.72% | 52979.53 | 53.01% | 46968.82 | 46.99% |
| 2018-19 | 110316.39 | 10.37% | 56787.99 | 51.48% | 53528.4 | 48.52% |
| 2019-20 | 104719.92 | -5.07% | 47550.18 | 45.41% | 57169.74 | 54.59% |
| 2020-21 | 123446.33 | 17.88% | 71223.99 | 57.70% | 52222.34 | 42.30% |
| 2021-22 | 146179.51 | 18.42% | 74026.85 | 50.64% | 72152.66 | 49.36% |
| 2022-23 | 141950.94 | -2.89% | 70133.18 | 49.41% | 71817.75 | 50.59% |
| 2023-24 | 142626.34 | 0.48% | 62657.34 | 43.93% | 79969 | 56.07% |
| 2024-25 | 155920.79 | 9.32% | 75992.04 | 48.74% | 79928.75 | 51.26% |
| 2025-26 BE | 179476.20 | 15.11% | 89808.77 | 50.04% | 89667.43 | 49.96% |

കുറിപ്പ്: 2006-07 മുതൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധന സഹായം "ഗ്രാന്റ് ഇൻ എയ്ഡും സംഭാവനകളും" എന്ന പട്ടികയിലാണ് ഉൾപ്പെടുത്തിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വികസന ചെലവും ഈ ഇനത്തിൽ കണക്കാക്കുന്നു.

**അവലംബം:** ധനകാര്യ വകുപ്പ്, കേരള സർക്കാർ

വിഹിതം മുൻവർഷത്തെ 71.45 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 72.34 ശതമാനമായി നാമമാത്ര വർദ്ധനവ് രേഖപ്പെടുത്തി. ശമ്പളം, പെൻഷൻ, പലിശ പേയ്മെന്റുകൾ, സബ്സിഡികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഭജനം എന്നിവയിലെ പ്രതിബദ്ധതയുള്ള ബാധ്യതകളുടെ ചെലവ് റവന്യൂ ചെലവിന്റെ 72.34 ശതമാനമാണ്. മൊത്തം റവന്യൂ ചെലവിന്റെ ശതമാനം കണക്കാക്കുമ്പോൾ ശമ്പളവും പെൻഷനും 2023-24 ലെ 45.00 ശതമാനത്തിൽ നിന്ന് 2024-25 ൽ 43.47 ശതമാനമായി കുറഞ്ഞു. മൊത്തം റവന്യൂ ചെലവിന്റെ ശതമാനമെന്ന നിലയിൽ പലിശ തിരിച്ചടവ് 2023-24 ലെ 18.92 ശതമാനത്തിൽ നിന്ന് 2024-25 ൽ 18.69 ശതമാനമായി കുറഞ്ഞു. റവന്യൂ ചെലവുകളുടെ വിശദാംശങ്ങൾ **അനുബന്ധം 1.5.4, അനുബന്ധം 1.5.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**മൂലധന ചെലവ്**

മാനവ ശേഷി വികസനത്തിനുള്ള സംസ്ഥാന ചെലവിന്റെ ഭൂരിഭാഗവും റവന്യൂ ചെലവുകളായി തരംതിരിച്ചിരിക്കുന്നതിനാൽ, മൂലധനച്ചെലവിലെ ചെലവ് വിഹിതം എല്ലായ്പ്പോഴും കുറവായിരിക്കുന്നു. എന്നിരുന്നാലും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്, കൂടാതെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനായുള്ള പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളെ പിന്തുണയ്ക്കുന്നതിനായി നൂതന ധനസഹായ മാതൃകകൾ ആരംഭിച്ചിട്ടുണ്ട്. മൂലധന പദ്ധതികളിൽ ദീർഘകാല നിക്ഷേപം ആകർഷിക്കുന്നതിലൂടെ ഈ മാതൃകകൾ ഇതിനോടകം നല്ല ഫലങ്ങൾ കാണിക്കാൻ തുടങ്ങിയിട്ടുണ്ട്. മൂലധനച്ചെലവിന്റെയും മൊത്തം

**ബോക്സ് 1.5.1** ആസൂത്രണ കമ്മീഷൻ അനന്തര കാലഘട്ടത്തിൽ ആസൂത്രണം നിലനിർത്തുന്നതിന്റെ പ്രാധാന്യം: കേരളത്തിൽ നിന്നുള്ള തെളിവുകൾ

2015-ൽ, ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ യാതൊരു രാഷ്ട്രീയ കൂടിയാലോചനകളും കൂടാതെ, ബിജെപി സർക്കാർ ആസൂത്രണ കമ്മീഷനെ നിർത്തലാക്കി. ഇങ്ങനെ ചെയ്യപ്പോൾ അതുവരെ നിലവിലുണ്ടായിരുന്ന പദ്ധതി-പദ്ധതിയേതര വ്യത്യാസവും കേന്ദ്ര ബജറ്റുകളിൽ ഇല്ലാതായി. ബജറ്റ് ചെലവിന്റെ എല്ലാ തീരുമാനങ്ങളും തികച്ചും രാഷ്ട്രീയപരമായി കേന്ദ്ര ധനമന്ത്രാലയം തീരുമാനിക്കുന്ന സ്ഥിതി വന്നു. കേന്ദ്രത്തിന് ചുവടുപിടിച്ച് ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും അവരുടെ ആസൂത്രണ ബോർഡുകൾ പിരിച്ചുവിടുകയും സംസ്ഥാന ബജറ്റുകളിൽ പദ്ധതി-പദ്ധതിയേതര വ്യത്യാസങ്ങൾ അവസാനിപ്പിക്കുകയും ചെയ്തു. ഇതുമൂലം മൊത്തം ചിലവുകളിൽ മൂലധന ചെലവിന്റെ വിഹിതം വർദ്ധിക്കും എന്നും റവന്യൂ ചെലവിന്റെ വിഹിതം കുറയുമെന്നും ഒരു വാദവും സർക്കാർ മുൻപോട്ട് വയ്ക്കുകയുണ്ടായി.

എന്നാൽ കേരളം ഇത് ചെയ്തില്ല. ആസൂത്രണ പ്രക്രിയ തുടരും എന്ന ഒരു രാഷ്ട്രീയ തീരുമാനം കേരളം സ്വീകരിച്ചു. ബജറ്റുകളിൽ പദ്ധതി-പദ്ധതിയേതര വ്യത്യാസങ്ങൾ നിലനിർത്തുകയും ചെയ്തു. ഇതുമൂലം മൂലധന ചെലവുകൾ ഉയരാത്ത സ്ഥിതി വരും എന്നും റവന്യൂ ചെലവുകൾ ഉയരുന്ന സ്ഥിതി വരും എന്നും പലരും വിമർശനം ഉന്നയിക്കുകയുണ്ടായി.

എന്നാൽ ഇപ്പോൾ ഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയുടെ ഒരു പഠനം ഈ വിഷയത്തിൽ നല്ല വ്യക്തത കൊണ്ടുവന്നിട്ടുണ്ട്. ആസൂത്രണ ബോർഡുകൾ പിരിച്ചുവിട്ടപ്പോൾ (അതായത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലഘട്ടം; 2012–13 മുതൽ 2016–17 വരെ) ഇന്ത്യയിലെ പ്രധാനപ്പെട്ട 18 സംസ്ഥാനങ്ങളുടെ ശരാശരി എടുത്താൽ മൊത്തം ചെലവിന്റെ 12.8% ആയിരുന്നു മൂലധന ചെലവിന്റെ വിഹിതം. എന്നാൽ 2017–18 മുതൽ 2011–22 വരെയുള്ള അടുത്ത അഞ്ചു വർഷങ്ങളിൽ ഇത് 12.8 ശതമാനത്തിൽ നിന്ന് 11.3% ആയി കുറഞ്ഞു. അതിനുശേഷം ഉള്ള രണ്ടു വർഷങ്ങളിൽ (2022–23, 2023–24 വർഷങ്ങൾ) ഇത് 12.2% ആയിരുന്നു. ചുരുക്കത്തിൽ ആസൂത്രണം ബോർഡുകൾ പിരിച്ചുവിട്ടതിനുശേഷം പ്രധാനപ്പെട്ട സംസ്ഥാനങ്ങളിൽ എല്ലാം മൂലധന ചെലവിന്റെ വിഹിതം കുറയുകയാണ് ഉണ്ടായത്. കൂടുകയല്ല.

എന്നാൽ ഇതേ പഠനം കേരളത്തിൻറെ വ്യത്യസ്തമായ സ്ഥിതിയും അടിവരയിട്ട് കാണിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് കേരളത്തിലെ ബജറ്റ് ചെലവിന്റെ 6.3% ആയിരുന്നു മൂലധന ചെലവിന്റെ വിഹിതം. എന്നാൽ 2017–18 മുതൽ 2011–22 വരെയുള്ള അടുത്ത അഞ്ചു വർഷങ്ങളിൽ മൂലധന ചെലവിന്റെ വിഹിതം വർദ്ധിച്ച് 7.5% ആയും അതിനുശേഷം ഉള്ള രണ്ടു വർഷങ്ങളിൽ (2022–23, 2023–24 വർഷങ്ങൾ) വീണ്ടും വർദ്ധിച്ച് 8.2% ആയും മാറി. അതായത് ആസൂത്രണ ബോർഡ് നിലനിർത്തി, പദ്ധതി–പദ്ധതിയേതര വ്യത്യാസങ്ങൾ നിലനിർത്തി ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തിയ കേരളത്തിന് 2017 മുതൽ മൂലധന ചെലവുകൾ വലിയതോതിൽ വർദ്ധിപ്പിക്കാനായി. ഈ കണക്കുകളിൽ കിഫ്ബിയുടെ മൂലധന നിക്ഷേപങ്ങൾ ഉൾപ്പെട്ടിട്ടില്ല. കാരണം അഖിലേന്ത്യാതലത്തിലെ ബജറ്റ് കണക്കുകളിൽ സംസ്ഥാന സർക്കാർ കിഫ്ബിക്ക് നൽകുന്ന പണം റവന്യൂ ചെലവായിട്ടാണ് വർഗീകരിച്ചിരിക്കുന്നത്. ഇതും കൂടി കൂട്ടിയാൽ കേരളത്തിൽ മൂലധന ചെലവ് ഈ പഠനം കാണിക്കുന്നതിനേക്കാൾ കൂടുതൽ ആയിട്ടുണ്ടാവും. ആസൂത്രണ പ്രക്രിയ വഴി തന്നെ റവന്യൂ ചെലവുകളിലെ അനാവശ്യമായ വർദ്ധനവ് നിയന്ത്രിക്കാനും അതുവഴി കൃത്യമായ ധനകാര്യ മാനേജ്മെൻറ് നടപ്പിലാക്കാനും കേരളത്തിന് കഴിഞ്ഞതും ഇതിനൊരു കാരണമായിട്ടുണ്ട്.

ആസൂത്രണത്തിന് നൽകുന്ന പ്രാധാന്യം ഇനിയും ശക്തിപ്പെടുത്തി മുന്നോട്ട് പോകാൻ തന്നെയാണ് ഈ സർക്കാരിൻറെ തീരുമാനം.

ചെലവിന്റെയും വിശദാംശങ്ങൾ **അനുബന്ധം 1.5.6**–ൽ നൽകിയിരിക്കുന്നു. ആസൂത്രണ കമ്മീഷൻ അനന്തര കാലഘട്ടത്തിൽ ആസൂത്രണം നിലനിർത്തുന്നതിന്റെ വിശദാംശങ്ങൾ **ബോക്സ് 1.5.1** ചിത്രീകരിക്കുന്നു.

വിവിധ മേഖലകളിലെ മൂലധന പദ്ധതികൾക്കായുള്ള സർക്കാർ ചെലവുകളുടെ വിഹിതം കഴിഞ്ഞ വർഷം വർദ്ധിച്ചിട്ടുണ്ട്. 2024–25ൽ സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് 17886.77 കോടി രൂപയാണ്. 2024–25 ലെ മൊത്തം മൂലധന വിഹിതത്തിന്റെ 14.18 ശതമാനവുമായി പൊതുമരാമത്ത് മൂലധന വിഹിതത്തിന്റെ പ്രധാന വിഭാഗമായി തുടരുന്നു, തുടർന്ന് വ്യവസായങ്ങളും തൊഴിലും (3.55 ശതമാനം) കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും (3.05 ശതമാനം), ജലസേചനവുമാണ് (2.78 ശതമാനം). 2024–25 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് അക്കൗണ്ടിംഗ് നടപടിക്രമം അനുസരിച്ച് 17886.78 കോടി രൂപയാണെങ്കിലും, മൂലധന സ്വഭാവത്തിലുള്ള റവന്യൂ ചെലവ് ഉൾപ്പെടെ 24151.58 കോടി രൂപയാണ് സംസ്ഥാനത്തിന്റെ ഫലപ്രദമായ മൂലധനച്ചെലവ്. KIIFB ചെലവഴിക്കുന്ന തുക ഉൾപ്പെടെ മൂലധനച്ചെലവിന്റെ ആകെ തുക ഇനിയും വർദ്ധിക്കും. മൂലധന ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1.5.7–ൽ നൽകിയിരിക്കുന്നു.

**കട ബാധ്യത**

വിപണിയിൽ നിന്നുള്ള വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെയുള്ള ആഭ്യന്തര കടം, കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് നിക്ഷേപം എന്നിവയിൽ നിന്നുള്ള വായ്പയും ഉൾപ്പെടുന്നതാണ് സംസ്ഥാനത്തിന്റെ കടബാധ്യത. 2024–25 അവസാനത്തിൽ സംസ്ഥാനത്തിന്റെ പൊതുകടം 310015.86 കോടി രൂപയാണ്. പൊതുകടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2023–24ലെ 12.60 ശതമാനത്തിൽ നിന്ന് 2024–25ൽ 15.68 ശതമാനമായി ഉയർന്നു. പൊതുകട–ജിഎസ്ഡിപി അനുപാതം 2023–24, 2024–25 വർഷങ്ങളിൽ യഥാക്രമം 23.60 ശതമാനവും 24.83 ശതമാനവുമാണ്. 2022–23 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്ത് 2025 സെപ്റ്റംബർ 4–ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ, 25 ശതമാനത്തിലധികം പൊതുകട–ജിഎസ്ഡിപി അനുപാതം ഉള്ള 14 സംസ്ഥാനങ്ങളുണ്ട്. കേരളത്തിന്റെ പൊതു കട ശതമാനം ഇതിനേക്കാൾ കുറവാണ്. 2022–23ലെ അന്തിമ ജിഎസ്ഡിപി പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 22.91 ശതമാനമാണ്.

സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ആഭ്യന്തര കടത്തിന്റെ വിഹിതം 2024–25ൽ 95.71 ശതമാനമായിരുന്നു. ആഭ്യന്തര കടം 2023–24 ലെ 257157.92 കോടി രൂപയിൽ നിന്ന് 2024–25 ൽ 296717.59 കോടി രൂപയായി ഉയർന്നു. 2024–25ൽ ആഭ്യന്തര കടത്തിന്റെ വളർച്ചാ നിരക്ക് 15.38 ശതമാനമായിരുന്നു. സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറമെ മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക സഹായമായി (SASCI) ലഭിച്ച പലിശരഹിത വായ്പകൾ കാരണം, കേന്ദ്രത്തിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും വഴിയുള്ള ബാധ്യത 2023–24 ലെ 10,832.07 കോടി രൂപയിൽ നിന്ന് 2024–25 ൽ 13,298.28 കോടി രൂപയായി

വർദ്ധിച്ചു. സംസ്ഥാനത്തിന്റെ ആകെ പൊതുകടത്തിൽ കേന്ദ്ര വായ്പയുടെ വിഹിതം 2024–25 ൽ 4.29 ശതമാനം മാത്രമാണ്. ചെറുകിട സമ്പാദ്യങ്ങൾ, പ്രൊവിഡന്റ് ഫണ്ട് തുടങ്ങിയ ഇനങ്ങളിലെ ബാധ്യതകൾ 2023–24 ലെ 1,23,944.24 കോടി രൂപയിൽ നിന്നും 2024–25 അവസാനത്തോടെ 1,25,297.78 കോടി രൂപയായി ഉയർന്നു. 2024–25 കാലയളവിലെ മൊത്തം കടം നിലനിർത്തൽ (Gross retention of debt) 43,379.42 കോടി രൂപയും അറ്റ കടം നിലനിർത്തൽ (Net retention of debt) 14,300.63 കോടി രൂപയുമാണ്.

നികുതി, നികുതിയേതര മാർഗങ്ങളിലൂടെയുള്ള വരുമാന വർദ്ധനവിന് മുൻഗണന നൽകിക്കൊണ്ട്, സുസ്ഥിരവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ സാമ്പത്തിക ഭദ്രത കൈവരിക്കാനുള്ള ശ്രമങ്ങളിൽ കേരളം ഉറച്ചുനിൽക്കുന്നു. ചെലവുകൾ യുക്തിസഹമായി ക്രമീകരിക്കുക, കേന്ദ്ര വിഹിതം കൃത്യമായി ഉറപ്പാക്കുക, സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള വിഭവങ്ങൾ പരമാവധി കാര്യക്ഷമമായി വിനിയോഗിച്ച് മികച്ച നേട്ടമുണ്ടാക്കുക എന്നിവയാണ് ഈ തന്ത്രപരമായ കാഴ്ചപ്പാടിന്റെ ലക്ഷ്യം. നിലവിലെ സാമ്പത്തിക വെല്ലുവിളികളെ അതിജീവിക്കാൻ ക്രിയാത്മകവും ദീർഘവീക്ഷണമുള്ളതുമായ ധനകാര്യ തന്ത്രങ്ങൾ സംസ്ഥാനം അവലംബിക്കേണ്ടതുണ്ട്. കേരളത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും സാമ്പത്തിക വീണ്ടെടുപ്പിനും കേന്ദ്ര സർക്കാരുമായുള്ള സഹകരണവും ലഭ്യമായ വിഭവങ്ങളുടെ വിവേകപൂർണ്ണമായ വിനിയോഗവും അത്യന്താപേക്ഷിതമാണ്.

# 1.6 2025–26 വാർഷിക പദ്ധതി

**2025–26 വാർഷിക പദ്ധതി**
പ്രകൃതിദുരന്തങ്ങളും സാമ്പത്തിക പരിമിതികളും ഉയർത്തുന്ന നിരന്തരമായ വെല്ലുവിളികൾക്കിടയിലും, നവകേരളം എന്ന ലക്ഷ്യത്തിലേക്ക് വാർഷിക പദ്ധതി 2025-26 സംസ്ഥാനത്തെ നയിക്കുന്നു. കൃഷിയിലും അനുബന്ധ മേഖലകളിലും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾക്കാണ് പദ്ധതി ശക്തമായ ഊന്നൽ നൽകിയത്. കൂടാതെ മിഷൻ 1000 വഴി വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, എംഎസ്എംഇ-കൾ വർദ്ധിപ്പിക്കുക എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിനോദസഞ്ചാരത്തിലും വിവരസാങ്കേതികവിദ്യയിലും പുതിയ ഉദ്യമങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി.

അധ്യാപക പരിശീലനം പോലുള്ള ലക്ഷ്യബോധമുള്ള ഇടപെടലുകളിലൂടെ എല്ലാ തലങ്ങളിലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാര മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളെ പദ്ധതി പിന്തുണയ്ക്കുന്നു. പട്ടിക ജാതി, പട്ടിക വർഗ്ഗം, ഒബിസി, ന്യൂനപക്ഷം, ലിംഗ പദവി വികസനം എന്നിവയ്ക്കുള്ള വിഹിതം വർദ്ധിപ്പിച്ചതിലൂടെ എല്ലാവരെയും ഉൾക്കൊള്ളിക്കുക എന്ന സംസ്ഥാനത്തിന്റെ പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നു. ആരോഗ്യ മേഖലയുടെ ശക്തിപ്പെടുത്തൽ പ്രധാന മുൻഗണനയായി തുടരുകയാണ്, എല്ലാ ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിലും ഡയാലിസിസ് യൂണിറ്റുകളും എല്ലാ ജില്ലാ ആശുപത്രികളിലും ആധുനിക സ്ട്രോക്ക് യൂണിറ്റുകളും ഉള്ള ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. പാലിയേറ്റീവ് കെയർ ശൃംഖലയുടെ വിപുലീകരണവും വയോജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ ശക്തി പ്പെടുത്തുകയും ചെയ്യുന്നതിലൂടെ, സംസ്ഥാനത്തിന്റെ മാറിവരുന്ന ജനസംഖ്യാ ഘടനയെ ഈ വാർഷിക പദ്ധതി ഫലപ്രദമായി അഭിസംബോധന ചെയ്യുന്നു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം മൊത്തം പദ്ധതി വിഹിതത്തിന്റെ 28 ശതമാനമായി വർദ്ധിപ്പിച്ചുകൊണ്ട്

**പട്ടിക 1.6.1** 2024–25, 2025–26 വാർഷിക പദ്ധതിയുടെ മേഖല തിരിച്ചുള്ള വിഹിതം (കോടിയിൽ)

| ക്രമ നം. | മേഖല/ഉപമേഖല | 2024–25 സംസ്ഥാന പദ്ധതി വിഹിതം | 2024–25 കേന്ദ്ര സഹായം | 2024–25 മൊത്തം പദ്ധതി വിഹിതം | 2025–26 സംസ്ഥാന പദ്ധതി വിഹിതം | 2025–26 കേന്ദ്ര സഹായം | 2025–26 മൊത്തം പദ്ധതി വിഹിതം | 2024–25നെ അപേക്ഷിച്ച് 2025–26ലെ ആകെ വിഹിതത്തിലുണ്ടായ വർദ്ധനവ്/ കുറവ് (ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 1698.30 | 227.98 | 1926.28 | 1767.53 | 234.73 | 2002.26 | 3.94 |
| II | ഗ്രാമ വികസനം | 2157.90 | 5032.22 | 7190.12 | 2368 | 5470.87 | 7838.87 | 9.02 |
| III | സഹകരണം | 134.42 | 34.91 | 169.33 | 139.42 | 34.91 | 174.33 | 2.95 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 588.85 | 7.00 | 595.85 | 609.85 | 7.00 | 616.85 | 3.52 |
| V | ഊർജ്ജം | 1150.76 | 0.00 | 1150.76 | 1156.76 | 0.00 | 1156.76 | 0.52 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| VI | വ്യവസായവും, ധാതുക്കളും | 1729.13 | 12.00 | 1741.13 | 1819.36 | 12.00 | 1831.36 | 5.18 |
| VII | ഗതാഗതവും വാർത്താവിനിമയവും | 2327.46 | 0.00 | 2327.46 | 2450.03 | 0.00 | 2450.03 | 5.27 |
| VIII | ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 235.55 | 0.90 | 236.45 | 251.15 | 0.90 | 252.05 | 6.60 |
| IX | സാമൂഹ്യ സേവനങ്ങൾ | 9844.47 | 3076.53 | 12921.00 | 10475.52 | 3270.29 | 13745.81 | 6.38 |
| X | പൊതു സാമ്പത്തിക സേവനങ്ങൾ | 828.21 | 96.89 | 925.10 | 1084.43 | 94.43 | 1178.86 | 27.43 |
| XI | പൊതു സേവനങ്ങൾ | 142.95 | 28.48 | 171.43 | 162.95 | 28.58 | 191.53 | 11.72 |
| | ആകെ (I മുതൽ XI വരെ ) | 20838 | 8516.91 | 29354.91 | 22285.00 | 9153.71 | 31438.71 | 7.10 |
| XII | എൽ.എസ്.ജി.ഡി | 8532.00 | 0.00 | 8532.00 | 9215.00 | 0.00 | 9215.00 | 8.01 |
| XIII | ആർ.കെ .ഐ | 1000.00 | 0.00 | 1000.00 | 1000 | 0.00 | 1000 | 0.00 |
| | **ആകെ മൊത്തം** | **30370.00** | **8516.91** | **38886.91** | **32500.00** | **9153.71** | **41653.71** | **7.11** |

വികേന്ദ്രീകരണത്തോടുള്ള കേരളത്തിന്റെ പ്രതിബദ്ധത ഈ പദ്ധതി ഉയർത്തിപ്പിടിക്കുന്നു.

2024-25, 2025-26 വാർഷിക പദ്ധതികളുടെ മേഖല തിരിച്ചുള്ള വിഹിതം **പട്ടിക 1.6.1**ൽ നൽകിയിരിക്കുന്നു.

32,500 കോടി രൂപയുടെ സംസ്ഥാന പദ്ധതിയും 9,153.71 കോടി രൂപയുടെ കേന്ദ്രസഹായവും ഉൾപ്പെടെ 2025-26 ലെ വാർഷിക പദ്ധതിയുടെ മൊത്തം പദ്ധതി വിഹിതം 41,653.71 കോടി രൂപയായിരുന്നു. 2025-26 കാലയളവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക 9,100 കോടി രൂപയായിരുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ 28 ശതമാനമാണ്. ഇതിനുപുറമെ, മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമുള്ള "കേരള ഖരമാലിന്യ സംസ്കരണ പദ്ധതി" എന്ന വിദേശ സഹായ പദ്ധതിക്കായി 115.00

**പട്ടിക 1.6.2** വാർഷിക പദ്ധതിയിൽ മേഖല തിരിച്ചുള്ള ചെലവ് (കോടി രൂപ)

| ക്രമ നം | മേഖല/ഉപമേഖല | 2024-25 | | |
|---|---|---|---|---|
| | | സംസ്ഥാന പദ്ധതി വിഹിതം | ചെലവ് (പ്ലാൻസ്പേസ് ട്രഷറി) | ചെലവ് (%) |
| 1 | 2 | 3 | 4 | 5 |
| I | കൃഷിയും അനുബന്ധ സേവനങ്ങളും | 1698.30 | 1223.93 | 72.07 |
| II | ഗ്രാമ വികസനം | 2157.90 | 1436.32 | 66.56 |
| III | സഹകരണം | 134.42 | 35.83 | 26.66 |
| IV | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 588.85 | 363.76 | 61.77 |
| V | ഊർജ്ജം | 1150.76 | 25.24 | 2.19 |
| VI | വ്യവസായവും, ധാതുക്കളും | 1729.13 | 913.44 | 52.83 |
| VII | ഗതാഗതവും വാർത്താവിനിമയവും | 2327.46 | 3804.13 | 163.45 |
| VIII | ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും | 235.55 | 112.03 | 47.56 |
| IX | സാമൂഹ്യ സേവനങ്ങൾ | 9844.47 | 9755.35 | 99.09 |
| X | പൊതു സാമ്പത്തിക സേവനങ്ങൾ | 828.21 | 420.95 | 50.83 |
| XI | പൊതുസേവനങ്ങൾ | 142.95 | 662.49 | 463.44 |
| | **ആകെ (I മുതൽ XI വരെ )** | **20838.00** | **18753.50** | **90.00** |
| XII | എൽ.എസ്.ജി.ഡി | 8532.00 | 9452.72 | 110.79 |
| XIII | ആർ.കെ .ഐ | 1000.00 | 1030.30 | 103.03 |
| | **ആകെ മൊത്തം** | **30370.00** | **29236.5** | **96.27** |

കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്, ഇത് സംസ്ഥാന പദ്ധതി വിഹിതത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം വിഹിതം 28.35 ശതമാനമായി ഉയർത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം വിഹിതത്തിൽ, പൊതുമേഖലയ്ക്ക് 7449.01 കോടി രൂപയും, പട്ടികജാതി ഉപപദ്ധതിക്ക് (എസ്.സി.എസ്.പി) 1435.25 കോടി രൂപയും, പട്ടികവർഗ ഉപപദ്ധതിക്ക് (ടി.എസ്.പി) 215.74 കോടി രൂപയും അനുവദിച്ചിരുന്നു.

2025-26 ലെ ജെൻഡർ ബജറ്റിന്റെ വിഹിതം 4840.12 കോടി രൂപയാണ്, അതായത് മൊത്തം പദ്ധതി വിഹിതമായാ 23,285 കോടി രൂപയുടെ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഒഴികെ) 20.79 ശതമാനം . 2025-26 ലെ വിവിധ പദ്ധതികൾ പ്രകാരം ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി വകയിരുത്തിയിരിക്കുന്നത് 6.93 കോടി രൂപയാണ്. 2025-26 ലെ നിർദ്ദിഷ്ട ശിശു ബജറ്റ് 1713.26 കോടി രൂപയാണ്, അതായത് മൊത്തം പദ്ധതി വിഹിതത്തിന്റെ 7.36 ശതമാനം.

2024-25, വാർഷിക പദ്ധതിയുടെ മേഖല തിരിച്ചുള്ള ചെലവ് **പട്ടിക 1.6.2** ൽ നൽകിയിരിക്കുന്നു.

അദ്ധ്യായം

# 02

# അതിദാരിദ്ര്യ നിർമ്മാർജ്ജനം – കേരളത്തിൽ

# അതിദാരിദ്ര്യ നിർമ്മാർജ്ജനം – കേരളത്തിൽ

കേരളത്തിലെ അതിദാരിദ്ര്യ നിർമ്മാർജ്ജനം അന്താരാഷ്ട്ര ശ്രദ്ധ നേടിയിരിക്കുകയാണ്. സംസ്ഥാനം രൂപീകരിച്ചതിനുശേഷം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഇതുവരെ നടത്തിയ ചരിത്രപരമായ ശ്രമങ്ങളിൽ ഇത് ഒരു സുപ്രധാന നാഴികക്കല്ലായി അടയാളപ്പെടുത്തുന്നു. ദരിദ്ര ജനവിഭാഗത്തിന് അനുകൂലമായ നിലപാടുകൾ എടുത്തുകൊണ്ട് ദൃഢനിശ്ചയത്തോടെ മുൻഗണന നൽകുക വഴി ഈ ദേശീയ ലക്ഷ്യം കൈവരിക്കാൻ ബദലായതും വേഗത്തിലുള്ളതുമായ മാർഗങ്ങൾ സാധ്യമാണെന്ന് കേരളത്തിന്റെ ഈ പരീക്ഷണം ലോകത്തിന് തെളിയിച്ചു. ദീർഘകാലമായി ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്ന ഒരു രാജ്യമാണ് നമ്മുടേത് എന്നിരിക്കെ, സംസ്ഥാനം കൈവരിച്ച ഈ നേട്ടം ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യാ ഗവൺമെന്റിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന സംരംഭങ്ങളെ നാലായി തരംതിരിക്കാം: സ്വയം തൊഴിൽ, വേതന തൊഴിൽ, ഭക്ഷ്യസുരക്ഷ, സാമൂഹിക സുരക്ഷാ പദ്ധതികൾ. ഇത്തരം ധാരാളം പരിപാടികളും അവയുടെ ഭാഗമായി വലിയ തോതിൽ വിഭവങ്ങൾ വകയിരുത്തിയിട്ടും ഇവയുടെ ലക്ഷ്യപ്രാപ്തി പരിമിതമാണ്. ടാർഗറ്റ് ഗ്രൂപ്പുകളെ തിരിച്ചറിയുന്നതിലെ വീഴ്ചയും ഏകോപനമില്ലാത്ത നിർവ്വഹണ രീതിയും ദാരിദ്ര്യ നിർമാർജ്ജന പരിപാടിയുടെ സുഗമമായ നടത്തിപ്പിന് ഭംഗം വരുത്തിയതായും അടിസ്ഥാന പ്രശ്നങ്ങളെ കൃത്യമായി അഭിസംബോധന ചെയ്യാൻ കഴിയാതെ വന്നുവെന്നും പല എഴുത്തുകാരും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. 2013–14-ൽ ഇന്ത്യയിലെ ദാരിദ്ര്യം 29.17 ശതമാനമായിരുന്നത് 2022–23 ആയപ്പോഴേക്കും 11.28 ശതമാനമായി കുറഞ്ഞുവെന്ന് നീതി ആയോഗിന്റെ സമീപകാല ദേശീയ കണക്കുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും, ഈ കണക്കുകൾ ഗൗരവമായി പരിശോധിക്കപ്പെടേണ്ടതുണ്ട്. കോവിഡ്-19 മഹാമാരി സമയത്ത് ശേഖരിച്ച 2020–21 ലെ NFHS ഡാറ്റയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ കണക്കുകൾ എന്നും അതിനാൽ രാജ്യത്തെ യഥാർത്ഥ ദാരിദ്ര്യ സ്ഥിതി കൃത്യമായി പ്രതിഫലിപ്പിച്ചേക്കില്ലെന്നും പല എഴുത്തുകാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രാജ്യത്ത് നിലനിൽക്കുന്ന തുല്യത ഇല്ലാത്തതും അസമത്വപരമായ മാതൃകയ്ക്ക് പകരം ദാരിദ്ര്യം കൃത്യമായി വിലയിരുത്തിക്കൊണ്ട് സമയബന്ധിതമായി അത് ലഘൂകരിക്കുന്നതിന് രാജ്യം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ് എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ആഗോളതലത്തിൽ 1990 മുതൽ അതിദാരിദ്ര്യം അതിവേഗം കുറഞ്ഞു വരികയാണെന്നും 100 കോടി ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചതായും ലോക ബാങ്കിന്റെ 'പോവർട്ടി പ്രോസ്പെർട്ടി ആൻഡ് പ്ലാനെറ്റ് റിപ്പോർട്ടിൽ (2024)' അവകാശപ്പെടുന്നു. അതിനാൽ 2019-ഓടെ, അതിദാരിദ്ര്യം അവസാനിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ലോകം ഇതുവരെ ഉണ്ടായതിനെക്കാൾ അടുത്തെത്തിയിരുന്നു എന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ COVID-19 മഹാമാരിയെ തുടർന്നുള്ള സാമ്പത്തിക ആഘാതങ്ങൾ ഈ പുരോഗതിയെ തിരിച്ചടിച്ചു. പതിറ്റാണ്ടുകളിൽ ആദ്യമായി അതിദാരിദ്ര്യം വീണ്ടും ഉയർന്നു. 2024 ൽ, ലോകജനസംഖ്യയുടെ ഏകദേശം 8.5% – 692 ദശലക്ഷം ആളുകൾ – ഇപ്പോഴും പ്രതിദിനം 2.15 ഡോളറിൽ താഴെ വരുമാനത്തിൽ ജീവിക്കുന്നു എന്ന് കണക്കാക്കപ്പെടുന്നു. മന്ദഗതിയിലുള്ള വളർച്ച, പണപ്പെരുപ്പം, സംഘർഷം, ദുർബലാവസ്ഥ എന്നിവയാണ് അടുത്ത കാലത്തെ ഇടിവ് മന്ദഗതിയിലാക്കാൻ കാരണമായത്. മഹാമാരി ഇരുകൂട്ടരെയും ഗണ്യമായി ബാധിച്ചു. ഈ തടസ്സങ്ങൾ ഇന്ത്യയും അതിനനുസരിച്ച് കേരളത്തിലെയും ദാരിദ്ര്യ നിലകളെ സ്വാധീനിച്ചിട്ടുണ്ടാകാം എന്നത് വ്യക്തമാണ്.

ഈ സാഹചര്യത്തിലാണ് ദാരിദ്ര്യ ലഘൂകരണവുമായി ബന്ധപ്പെട്ട കേരളത്തിന്റെ അനുഭവം ശ്രദ്ധേയമാകുന്നത്. വാസ്തവത്തിൽ, ജനങ്ങളുടെ ക്ഷേമത്തിനായുള്ള സംസ്ഥാനത്തിന്റെ തുടർച്ചയായ പ്രതിബദ്ധതയെയാണ് ഇത് സൂചിപ്പിക്കുന്നത്. കേരളത്തിൽ 1957-ൽ ആദ്യത്തെ മന്ത്രിസഭ രൂപീകരിച്ചത് മുതൽ, ദാരിദ്ര്യ ലഘൂകരണം സാമ്പത്തിക നയത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് പൊതുവായി അറിയപ്പെടുന്നു. ഭൂപരിഷ്കരണങ്ങൾ, ശക്തമായ പൊതുവിതരണ സംവിധാനം, സാർവത്രിക വിദ്യാഭ്യാസം, സാമൂഹിക സുരക്ഷാ പദ്ധതികൾ, പൊതു ആരോഗ്യ സേവനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ആദ്യകാല സർക്കാർ ഇടപെടലുകൾ ദരിദ്രരുടെ ജീവിതനില മെച്ചപ്പെടുത്തുന്നതിനുള്ള ശക്തമായ അടിത്തറ സൃഷ്ടിച്ചു. ഈ അടിത്തറയുടെ ബലത്തിലാണ് പിൽക്കാലത്ത് സമഗ്ര സാക്ഷരതാ ക്യാമ്പയിൻ, ജനാധിപത്യ വികേന്ദ്രീകരണം, വിവിധ ക്ഷേമ പദ്ധതികൾ തുടങ്ങിയ ഇടപെടലുകൾക്ക് ഉറച്ച വേരുന്നാനും സാമൂഹിക മേഖലയിൽ ഗൗരവമായ പരിവർത്തനങ്ങൾ സൃഷ്ടിക്കാനും സാധിച്ചത്. ഈ ദൗത്യം മുന്നോട്ട് കൊണ്ടുപോകുന്നതിൽ വൈവിധ്യമാർന്ന സാമൂഹിക ക്ഷേമ പരിപാടികൾ സ്വതന്ത്രമായി നടപ്പിലാക്കുന്നതിനോടൊപ്പം, സൂക്ഷ്മമായി രൂപകൽപ്പന ചെയ്ത വിവിധ സംസ്ഥാന പദ്ധതികളും ചില കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കുന്നതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി നിർണ്ണായക പങ്ക് വഹിച്ചു. തുടർച്ചയായ സർക്കാരുകൾ സ്വീകരിച്ച ഈ ബഹുമുഖ സമീപനമാണ് സംസ്ഥാനത്തെ ദാരിദ്ര്യ നിലവാരം ഗണ്യമായി കുറയ്ക്കാനും 2025 നവംബർ 1 ന് അതി ദാരിദ്ര്യ നിർമ്മാർജ്ജന പ്രഖ്യാപനത്തിൽ എത്തിക്കാൻ സഹായിച്ചതും.

**മുൻകാലങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള പ്രധാന സംരംഭങ്ങൾ**

മുകളിൽ പറഞ്ഞതുപോലെ, സംസ്ഥാന സർക്കാർ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി വ്യത്യസ്ത ഫലങ്ങളോടെ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്യുന്ന വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും കാലാകാലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ ശ്രമങ്ങളിൽ, കുടുംബശ്രീ കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞത്തിൽ ഒരു പ്രധാന പ്രേരക ഘടകമായിരുന്നു. ഇത് സമൂഹാടിസ്ഥാനത്തിലുള്ള ഇടപെടലുകളെ ഗണ്യമായി ശക്തിപ്പെടുത്തി. കേരളത്തിന്റെ വികസന മാതൃകയെ പുനഃനിർവ്വചിച്ച ചരിത്ര പ്രസിദ്ധമായ ജനകീയാസൂത്രണ കാമ്പെയ്നിന്റെ വ്യാപനത്തോടെയാണ് കുടുംബശ്രീ ഉത്ഭവിച്ചത്. ജനകീയാസൂത്രണ പദ്ധതികളും കുടുംബശ്രീയുടെ ശ്രമങ്ങളും ദരിദ്ര കുടുംബങ്ങൾക്ക് ഉപജീവനത്തിനുള്ള അവസരങ്ങൾ നൽകുക വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കുടുംബശ്രീ ശൃംഖലയുടെ സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ നൂതനമായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ ഒന്നാണ് ആശ്രയ. ഇത് മുഖ്യധാരാ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ നിന്ന് പലപ്പോഴും ഒഴിവാക്കപ്പെട്ടവരും അവരുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള അവബോധമോ കഴിവോ ഇല്ലാത്തവരുമായ ദരിദ്രരും ഏറ്റവും ദുർബലരുമായ – ദരിദ്ര കുടുംബങ്ങളുടെയും ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ളവരുടെയും ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ആരംഭിച്ചതാണ്. 2015 ആയപ്പോഴേക്കും ആശ്രയ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 72,000-ത്തിലധികം കുടുംബങ്ങളിൽ എത്തി, 4,107.6 ദശലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. എന്നിരുന്നാലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തബോധം കുറവായത്, സമഗ്രമായ ദാരിദ്ര്യ നിവാരണ പ്രവർത്തനങ്ങളെക്കാൾ താമസവും ഭക്ഷണവും കേന്ദ്രീകരിച്ചുള്ള പരിമിതമായ ശ്രദ്ധ, കൂടാതെ, സമൂഹ പങ്കാളിത്തം അപ്രാപ്തമായിരുന്നത് എന്നീ കാരണങ്ങളാൽ ഈ പദ്ധതി ചില പരിമിതികൾ നേരിട്ടു. 2017-ൽ, ആശ്രയയുടെ വ്യാപ്തി വികസിപ്പിക്കുന്നതിനും ലക്ഷ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ടാർഗെറ്റിംഗിനുമായി അഗതി രഹിത കേരളം എന്ന പേരിൽ പുനഃക്രമീകരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങൾക്കൊപ്പം മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തുക, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് വികസന വകുപ്പുകൾ എന്നിവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുക എന്നിവ ഉൾപ്പെടുത്തി മാനദണ്ഡങ്ങളെ വിപുലീകരിച്ച് ചട്ടക്കൂട് പരിഷ്കരിച്ചു. ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുന്ന ഈ പദ്ധതിക്ക് കുടുംബശ്രീ ചലഞ്ച് ഫണ്ടായി (മൊത്തം പദ്ധതി വിഹിതത്തിന്റെ 40% – പൊതു പദ്ധതികൾക്ക് 40.00 ലക്ഷം വരെയും, പട്ടികവർഗ്ഗ പദ്ധതികൾക്ക് 50.00 ലക്ഷം വരെയും) നൽകുന്നുണ്ട്. ശേഷിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന ചെയ്യുന്നു. ഓരോ കുടുംബത്തിന്റെയും പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി തയ്യാറാക്കിയ പദ്ധതികളിലൂടെയാണ് സഹായം നൽകുന്നത്. മുൻ പതിപ്പിൽ നിന്ന് വ്യത്യസ്തമായി, കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃ തിരിച്ചറിയലിനും പദ്ധതി തയ്യാറാക്കലിനുമുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉപകരണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ സുസ്ഥിരമായ ശ്രമങ്ങൾ കേരളത്തിൽ ദാരിദ്ര്യം കുറയ്ക്കുന്നതിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളത്തിലെ തീവ്രദാരിദ്ര്യ അനുപാതം 1973-74 ൽ 59.9% ൽ നിന്ന് 1993-94 ൽ 25.43% ആയും 2011-12 ൽ 11.3% ആയും കുറഞ്ഞു. 2011-12 ലെ കണക്കനുസരിച്ച്, ഗ്രാമീണ ദാരിദ്ര്യം 7.3 ശതമാനമായി കുറയുകയും നഗര ദാരിദ്ര്യം 15.3 ശതമാനമായി നിലനിൽക്കുകയും ചെയ്തു. ബഹുമുഖ ദാരിദ്ര്യ സൂചകങ്ങളിലും സംസ്ഥാനം സ്ഥിരമായി മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. നീതി ആയോഗിന്റെ 2021 ലെ മൾട്ടിഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് (എം.പി.ഐ) പ്രകാരം, രാജ്യത്തെ ഏറ്റവും കുറഞ്ഞ ബഹുമുഖ ദാരിദ്ര്യ നിലവാരം കേരളം രേഖപ്പെടുത്തി. കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക് (0.19%), മാതൃ ആരോഗ്യം (1.73%), സ്കൂൾ വിദ്യാഭ്യാസത്തിന്റെ വർഷങ്ങൾ (1.78%), സ്കൂൾ ഹാജർ (0.3%), ശുചിത്വം (1.86%) തുടങ്ങിയ സൂചകങ്ങളിൽ ഏറ്റവും കുറഞ്ഞ അനുപാതം അനുഭവപ്പെട്ടു. പോഷകാഹാരം, പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, ആസ്തികൾ അല്ലെങ്കിൽ ബാങ്കിംഗ് ലഭ്യത എന്നിവയുടെ അഭാവം ഒരു ചെറിയ വിഭാഗം കുടുംബങ്ങൾക്ക് മാത്രമേ അനുഭവപ്പെട്ടിട്ടുള്ളൂ.

തുടർന്നുള്ള വർഷങ്ങളിലും പുരോഗതി തുടർന്നു. നീതി ആയോഗിന്റെ ഏറ്റവും പുതിയ റിപ്പോർട്ടായ നാഷണൽ മൾട്ടിഡൈമൻഷണൽ പോവർട്ടി ഇൻഡക്സ്: എ പ്രോഗ്രസീവ് റിവ്യൂ 2023 പ്രകാരം, 2015-16 നും 2019-21 നും ഇടയിൽ കേരളത്തിലെ ബഹുമുഖ ദാരിദ്ര്യ ജനസംഖ്യ 0.71% ൽ നിന്ന് 0.55% ആയി കുറഞ്ഞു. ദേശീയതലത്തിൽ, ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് ഒന്നാം സ്ഥാനത്ത് സംസ്ഥാനത്തെ വീണ്ടും ഉറപ്പിക്കുന്നതിൽ ഇത് നിർണ്ണായകമായി.

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി എന്ത് കൊണ്ട്?**

ശരാശരി ദാരിദ്ര്യ നിരക്ക് കുറയ്ക്കുന്നതിൽ കേരളം സ്ഥിരമായി മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ടെങ്കിലും, ജനസംഖ്യയിലെ ഒരു ചെറിയ വിഭാഗം തീവ്ര ദാരിദ്ര്യം അനുഭവിക്കുന്നു. അത് മറികടക്കാൻ ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ ആവശ്യമാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള വിശാലമായ ആഗോള ശ്രമത്തിന്റെ പശ്ചാത്തലത്തിൽ, അതിദാരിദ്ര്യം ഉൻമൂലനം ചെയ്യാൻ കേരളം പ്രതിബദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതിദാരിദ്ര്യം ഇല്ലാതാക്കാനുള്ള ആഗോള ശ്രമത്തിന്റെ വിപുലമായ പശ്ചാത്തലത്തിൽ നോക്കുമ്പോൾ കേരളത്തിൽ താരതമ്യേന ശക്തമായ സാമൂഹിക സൂചികകൾ ഉണ്ടായിട്ടും ഈ നിലതുടർന്ന് നിൽക്കുന്നത് വികസനത്തിന്റെ നേട്ടങ്ങൾ, ഏറ്റവും ദുർബലരായി തുടരുന്നവരിലേയ്ക്ക് എത്തിക്കുന്നതിന് കേന്ദ്രീകൃത നയങ്ങൾ അവശ്യമാണെന്നത് വ്യക്തമാക്കുന്നു. ഇത് തിരിച്ചറിഞ്ഞുകൊണ്ട്, തുടർന്നും അധികാരത്തിൽ വന്ന സർക്കാർ, 2021 മെയ് 20 ന് നടന്ന ആദ്യ മന്ത്രിസഭാ യോഗത്തിൽ തന്നെ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള അഞ്ച് വർഷത്തെ കർമ്മ പരിപാടി നടപ്പിലാക്കാൻ തീരുമാനിച്ചു. ഇത് പിന്നീട് കേരളത്തിന്റെ വികസന പാതയിലെ ഒരു നാഴികക്കല്ലായി കണക്കാക്കപ്പെട്ടു. അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി (ഇ.പി.ഇ.പി) അതിദരിദ്രരായ കുടുംബങ്ങളെയും ദാരിദ്ര്യത്തിന്റെ മൂലകാരണങ്ങളെയും തിരിച്ചറിയാനും, സാമൂഹികക്ഷേമ പരിപാടികൾ, ഉപജീവനോപാധി വികസന പദ്ധതികൾ, അവശ്യ സേവനങ്ങൾ എന്നിവ സംയോജിപ്പിച്ച് ഓരോ വീട്ടിലെയും പ്രത്യേക കാരണങ്ങൾ പരിഹരിക്കാനും ലക്ഷ്യമിടുന്നു.

**കേരളത്തിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയുടെ സവിശേഷതകൾ**

കേരളത്തിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയുടെ സമീപനം (നിരവധി മുഖ്യ സവിശേഷതകളാൽ) വേറിട്ടുനിർത്തുന്നു. ഒന്നാമതായി, ചരിത്രപരമായും സാമൂഹികമായും അങ്ങേയറ്റം പിന്നാക്കം നിൽക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും ഈ പരിപാടി അഭിസംബോധന ചെയ്യുന്നു. രണ്ടാമതായി, ഏറ്റവും ദുർബലരും നിശബ്ദരുമായ കുടുംബങ്ങളുടെപോലും വിശദാംശങ്ങൾ ശേഖരിക്കുന്നതിന് സമൂഹതല പങ്കാളിത്തവും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും സാധാരണ പൗരൻമാരുടെയും പങ്കാളിത്തവും ആശ്രയിക്കുന്ന ഒരു പങ്കാളിത്തപരമായ തിരിച്ചറിയൽ പ്രക്രിയയാണ് പദ്ധതി പിന്തുടരുന്നത്. മൂന്നാമതായി, ഈ പ്രക്രിയ ബഹുമുഖമാണ്, നാല് നിർണായക സൂചകങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു – ഭക്ഷ്യ അരക്ഷിതാവസ്ഥ, സുരക്ഷിതമല്ലാത്ത പാർപ്പിടം, അടിസ്ഥാന വരുമാനത്തിന്റെ അഭാവം, ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ – അതുവഴി യഥാർത്ഥത്തിൽ കടുത്ത ഇല്ലായ്മ അനുഭവിക്കുന്നവരെ കൃത്യമായി തിരിച്ചറിയുകയും ലക്ഷ്യമിടുകയും ചെയ്യുമെന്ന് ഉറപ്പാക്കുന്നു.

മറ്റൊരു നിർണായകമായ സവിശേഷത ഗുരുതരമായ ദുരിതാവസ്ഥ നേരിടുന്ന കുടുംബങ്ങളെ — ദീർഘകാല രോഗങ്ങൾ, വൈകല്യങ്ങൾ, അതീവ ദാരിദ്ര്യം എന്നിവ ബാധിച്ചവരെ — സ്വയമേവ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു എന്നതാണ്. സഹായം തേടാനോ സ്വന്തം ആവശ്യങ്ങൾ വ്യക്തമാക്കാനോ കഴിയാത്ത വ്യക്തികൾ ഒഴിവാക്കപ്പെടുന്നത് തടയുന്ന ഒരു സുരക്ഷാ കവചമായി പ്രവർത്തിക്കുന്നു. നാലാമതായി, വിവിധ മേഖലകളിലും വകുപ്പുകളിലും സംയോജനത്തിന് ഈ പരിപാടി മുൻഗണന നൽകുന്നു. പ്രത്യേകിച്ച് ആരോഗ്യം, സാമൂഹിക ക്ഷേമം, ഭവന നിർമ്മാണം, തദ്ദേശ ഭരണം, ഉപജീവനമാർഗ്ഗം എന്നിവയിൽ നിന്നുള്ള ഇടപെടലുകൾ സംയോജിപ്പിച്ച്. കുടുംബങ്ങൾ നേരിടുന്ന ഒന്നിലധികം ഇല്ലായ്മകളെ അഭിസംബോധന ചെയ്യുന്നതിലൂടെ, വിഘടിച്ച, പദ്ധതി അടിസ്ഥാനമാക്കിയുള്ള പിന്തുണ നൽകുന്നതിനുപകരം, ഏകീകൃത പ്രതികരണം സാധ്യമാക്കുന്നു.

അഞ്ചാമതായി, പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, നിരീക്ഷണം എന്നിവ വികേന്ദ്രീകൃതമായി നടപ്പാക്കുന്നതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു. അതിദരിദ്രരായി തിരിച്ചറിഞ്ഞ ഓരോ കുടുംബത്തിനും അവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി ഭക്ഷ്യ പിന്തുണ, ആരോഗ്യ സംരക്ഷണം, ഭവന സഹായം, ഉപജീവനമാർഗ്ഗം, ദീർഘകാല പരിചരണ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി മുൻനിര പ്രവർത്തകരുടെ കൃത്യമായ അനന്തര നടപടികളും (ഫോളോ അപ്പും) സമയബന്ധിതമായ ഇടപെടലുകളും കുടുംബങ്ങൾ വീണ്ടും കടുത്ത ദാരിദ്ര്യത്തിലേക്ക് വഴുതിവീഴുന്നത് തടയുകയും ചെയ്യുന്നു.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ചയ്ക്കുള്ള കേരളത്തിന്റെ പ്രതിബദ്ധത ഈ സമീപനത്തിലൂടെ സുവ്യക്തമാകുന്നു. പൊതുവായ ദാരിദ്ര്യ നിർമാർജ്ജന നടപടികളിൽ നിന്ന് വ്യത്യസ്തമായി കൃത്യമായ ലക്ഷ്യം വെച്ചുള്ള ഇടപെടലുകളിലേക്കുള്ള ഒരു മാറ്റത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിലൂടെ സ്വന്തമായി ശബ്ദം ഉയർത്താൻ കഴിയാത്തതിനാൽ ഒരാളും പുറംതള്ളപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നു. കൂടാതെ ദാരിദ്ര്യത്തേയും അതിദാരിദ്ര്യത്തേയും വ്യത്യസ്തമായി തന്നെ കാണുന്നതിന് ഈ പരിപാടി ശ്രമിച്ചിട്ടുണ്ട്. ഇതുമൂലം ഇടപെടലുകളുടെ രീതികളിൽ വ്യക്തതയുണ്ടാവുകയും തീവ്രദാരിദ്ര്യം പരിഹരിക്കുന്നതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത ലക്ഷ്യാധിഷ്ഠിത ഇടപെടലുകൾ നടപ്പിലാക്കാൻ സാധ്യമാകുകയും ചെയ്തു. സർക്കാർ-സാമൂഹിക പിന്തുണയില്ലാതെ കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് ജീവിതത്തിൽ പുരോഗതി കൈവരിക്കാനോ ദാരിദ്ര്യത്തെ മറികടക്കാനോ കഴിയില്ലായെന്ന് ഫീൽഡ് നിരീക്ഷണങ്ങളിൽ നിന്നും സൂക്ഷ്മ അവലോകനങ്ങളിൽ

നിന്നും നിഗമനത്തിലെത്തി. അത്തരം കുടുംബങ്ങളെ കടുത്ത ദാരിദ്ര്യ ഭീഷണിയിൽ നിന്ന് മോചിപ്പിക്കുന്നതിനാണ് ഈ പദ്ധതി ആരംഭിച്ചത്.

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

സംസ്ഥാനത്തിന്റെ മൂന്ന് വ്യത്യസ്ത കോണുകളിൽ – വടക്കാഞ്ചേരി മുനിസിപ്പാലിറ്റി (തൃശ്ശൂർ), അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം), തിരുനെല്ലി ഗ്രാമപഞ്ചായത്ത് (വയനാട്) എന്നിവിടങ്ങളിലാണ് ആദ്യമായി പൈലറ്റ് അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. അങ്ങനെ, ഭക്ഷണക്കുറവ്, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ നാല് പ്രധാന ദാരിദ്ര്യ ഘടകങ്ങളെ അടിസ്ഥാനമാക്കി അതിദരിദ്ര കുടുംബങ്ങളെ തിരിച്ചറിയുന്നതിനായി സംസ്ഥാന വ്യാപകമായി ഒരു സർവേ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പായിരുന്നു സർവേ നടത്തിയ നോഡൽ വകുപ്പ്. 1.57 ലക്ഷം ഗുണഭോക്താക്കളുള്ള, ദരിദ്രരെ തിരിച്ചറിയുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രധാന പദ്ധതിയായ ആശ്രയ പരിപാടിയിൽ മുമ്പ് ഉൾപ്പെട്ടിട്ടില്ലാത്ത കുടുംബങ്ങളെയാണ് സർവേ ലക്ഷ്യമിട്ടത്.

**അതിദരിദ്രരെ തിരിച്ചറിയുന്നതിനുള്ള അടിസ്ഥാന സമീപനങ്ങൾ**

അതിദാരിദ്ര്യം സാമ്പത്തിക–സാമൂഹിക ഇല്ലായ്മകളുടെ ഏറ്റവും ഗുരുതരമായ രൂപമാണ്. വ്യക്തികൾക്കോ കുടുംബങ്ങൾക്കോ മതിയായ ഭക്ഷണം ഉറപ്പാക്കുന്നതിനും ആരോഗ്യ സംരക്ഷണം ലഭ്യമാക്കുന്നതിനും, സുരക്ഷിതമായ പാർപ്പിടം നേടുന്നതിനും, അടിസ്ഥാന വരുമാനം സമ്പാദിക്കാനും കഴിയാത്ത സാഹചര്യമായി ഇതിനെ കണക്കാക്കാം. ഭക്ഷ്യ അരക്ഷിതാവസ്ഥ ദാരിദ്രത്തിന്റെ ഒരു നിർണ്ണായക ഘടകമാണ്. മതിയായ ഭക്ഷണം വാങ്ങാൻ കഴിയാത്ത സാഹചര്യത്തിലും പ്രത്യേകിച്ചും, പൊതുവിതരണ സംവിധാനത്തിലൂടെയുള്ള ഭക്ഷ്യസാധനങ്ങൾ ലഭ്യമല്ലാത്തപ്പോൾ അല്ലെങ്കിൽ പാചകം ചെയ്യാനും കഴിക്കാനുമുള്ള സൗകര്യങ്ങളോ ശാരീരിക ശേഷിയോ ഇല്ലാത്തപ്പോൾ കുടുംബങ്ങൾ പട്ടിണിയിലേക്ക് വഴുതിവീഴാം. ആരോഗ്യപരമായ ദുരിതാവസ്ഥയാണ് മറ്റൊരു പ്രധാന ഘടകം. ഉയർന്ന രോഗബാധാനിരക്കും വൃക്ക, കരൾ, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ ദീർഘകാല രോഗങ്ങളും കഠിനമായ മാനസികാരോഗ്യ പ്രശ്നങ്ങളും പലപ്പോഴും വ്യക്തികളുടെ തൊഴിൽ ചെയ്യാനുള്ള കഴിവ് കുറയ്ക്കുന്നു. ഗുരുതരമായ വൈകല്യമുള്ള വ്യക്തികൾക്ക്, ഉപജീവനമാർഗം നേടുന്നതിൽ കാര്യമായ തടസ്സങ്ങൾ നേരിടുന്നു. തൽഫലമായി, ആരോഗ്യ പ്രശ്നങ്ങൾ പലപ്പോഴും കുടുംബങ്ങളെ കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു. ജോലി ചെയ്യാനുള്ള ശേഷി കുറയുന്നത് മൂലം വരുമാനനഷ്ടം, അല്ലെങ്കിൽ അമിതമായ കടം എന്നിവ പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കും. ഭവനത്തിന്റെ അഭാവം മറ്റൊരു ഗുരുതരമായ ആശങ്കയാണ്. സുരക്ഷിതമായ താമസസ്ഥലം വാങ്ങാൻ കഴിയാത്ത കുടുംബങ്ങൾ അപകടകരമോ താൽക്കാലികമോ പൊതു ഇടങ്ങളിലോ താമസിക്കാൻ നിർബന്ധിതരാകുന്നു. ചുരുക്കത്തിൽ, അതിദാരിദ്ര്യത്തിലേക്ക് നയിക്കുന്ന ഏറ്റവും നിർണായക ഘടകങ്ങൾ ഭക്ഷ്യ അരക്ഷിതാവസ്ഥ, സുരക്ഷിതമല്ലാത്ത പാർപ്പിടം, അപര്യാപ്തമായ വരുമാനം, മോശം ആരോഗ്യ സ്ഥിതി എന്നിവയാണ്. അതിനാൽ ഈ നാല് നിർണ്ണായക ഘടകങ്ങളും അതിദാരിദ്ര്യത്തിന്റെ പ്രധാന സൂചകങ്ങളായി അംഗീകരിക്കപ്പെട്ടു. കൂടാതെ ചരിത്രപരമായ സാമൂഹിക സാമ്പത്തിക ലിംഗ സംബന്ധിതമായ ഘടകങ്ങൾ മൂലമുണ്ടാകുന്ന സാമൂഹിക വിവേചനത്തിന്റെ തോതും പരിഗണിച്ചു.

**അതിദരിദ്രരെ തിരിച്ചറിയാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ**

വ്യക്തമായി നിർവ്വചിക്കപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ തിരഞ്ഞെടുത്തത്. തുടക്കത്തിൽ, അതിദാരിദ്ര്യത്തിന് കാരണമാകുന്ന നാല് പൊതു ഘടകങ്ങളെ ഓരോന്നും ഉപഘടകങ്ങളായി വിഭജിച്ചു. തുടർന്ന് ഈ ഘടകങ്ങളെ, രണ്ടായി തരം തിരിച്ചിരിക്കുന്ന തീവ്ര ക്ലേശ ഘടകങ്ങളും, അതിതീവ്ര ക്ലേശ ഘടകങ്ങളും. അതി ദാരിദ്ര്യമുള്ള കുടുംബങ്ങളെ തിരിച്ചറിയാൻ ഉപയോഗിച്ച പ്രാഥമിക മാനദണ്ഡം അതി തീവ്ര ക്ലേശ ഘടകങ്ങളായിരുന്നു. മറുവശത്ത്, തീവ്ര ക്ലേശ ഘടകങ്ങൾക്ക് അടുത്ത മുൻഗണന നൽകി. അതി തീവ്ര ഘടകങ്ങൾക്കും തീവ്ര ഘടകങ്ങൾക്കും അതനുസരിച്ച് വ്യത്യസ്ത വെയ്റ്റേജുകൾ നൽകി. അതിതീവ്ര ക്ലേശ ഘടകങ്ങളുടെയും തീവ്ര ക്ലേശ ഘടകങ്ങളുടെയും ഒരു സംക്ഷിപ്ത വിവരണം **പട്ടിക 2.1**–ൽ നൽകിയിരിക്കുന്നു.

അതിനു പുറമെ അതിദാരിദ്ര്യം പരിഹരിക്കുന്നതിനായി സാമൂഹികവും പിന്നാക്കവും അരികുവത്ക്കരിക്കപ്പെട്ടതുമായ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി, ഇത്തരം പ്രത്യേക സാമൂഹിക വിഭാഗങ്ങൾക്കായി മറ്റ് ചില സൂചികകളും ഉൾപ്പെടുത്തി. **(പട്ടിക 2.1)**

എന്നിരുന്നാലും, **പട്ടിക 2.2**–ൽ വിവരിച്ചിരിക്കുന്ന ക്ലേശ ഘടകങ്ങൾക്ക് പുറമേ, **പട്ടിക 2.1**–ൽ പരാമർശിച്ചിരിക്കുന്ന തീവ്ര ക്ലേശ ഘടകങ്ങൾക്കും അവർ അർഹരായിരിക്കും.

കൂടാതെ, സാമൂഹികമായും വിവിധ കാരണങ്ങളാൽ ദുർബലരായ വ്യക്തികൾക്കായി മറ്റ് ചില മാനദണ്ഡങ്ങളും പരിഗണിച്ചു. ഈ പട്ടികയിൽ എച്ച്.ഐ.വി പോസിറ്റീവ് വ്യക്തികളിലുള്ള ദരിദ്ര കുടുംബങ്ങൾ, അനാഥ കുട്ടികളുള്ള കുടുബങ്ങൾ, എൽ.ജി.ബി.റ്റി.ക്യു.ഐ.ഇ.എ പ്ലസ് ആളുകളുള്ള കുടുംബങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരുന്നു. എച്ച്.ഐ.വി പോലുള്ള രോഗബാധകൾ മൂലം സാമൂഹിക ഒറ്റപ്പെടൽ നേരിടുന്നവർക്കും ലിംഗവിവേചനം അനുഭവിക്കുന്നവർക്കും ഈ പരിപാടിയുടെ ഭാഗമായി പ്രത്യേക പരിഗണന നൽകുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു.

ഇതിന് പുറമേ നഗര ദാരിദ്യത്തെ ഒരു പ്രത്യേക വിഭാഗം എന്ന നിലയിൽ കണക്കാക്കി, 150 ചതുരശ്ര അടിക്കു കിഴിലുള്ള വീട്ടിൽ എട്ടോ അതിലധികമോ ആളുകൾ ഒന്നിച്ച് താമസിക്കേണ്ടി വരുന്ന അവസ്ഥയെ അതിദാരിദ്ര്യത്തിന്റെ തീവ്ര രൂപമായി കണക്കാക്കി പ്രത്യേക പരിഗണന നൽകി.

**പട്ടിക 2.1** അതിദരിദ്രരെ കണ്ടെത്തുന്നതിന് അവലംബിച്ച പൊതു ഘടകങ്ങളും ഉപഘടകങ്ങളും

| അതിതീവ്ര ക്ലേശഘടകങ്ങൾ | തീവ്ര ക്ലേശ ഘടകങ്ങൾ |
|---|---|
| **ഭക്ഷണ ലഭ്യത** | |
| അതിവാർദ്ധക്യം മൂലമോ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ ഉള്ളതിനാലോ സ്വന്തമായി ഭക്ഷണം പാകം ചെയ്യുന്നതിനോ, പാകം ചെയ്ത ഭക്ഷണം വാങ്ങുന്നതിനോ, പണം നൽകി ആളെവെച്ച് പാചകം ചെയ്യുന്നതിനോ ശേഷി ഇല്ലാത്ത കുടുംബങ്ങൾ. | അംഗണവാടി രേഖകൾ പ്രകാരം തീവ്ര പോഷണ കുറവുള്ള (SAM) ആറോ അതിൽ താഴെയോ വയസുള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ. |
| **ആരോഗ്യം** | |
| ഗുരുതരമായ രോഗം ബാധിച്ചത് കൊണ്ടും മുകളിൽപറഞ്ഞ കാരണങ്ങൾ ഒഴികെ മറ്റു കാരണങ്ങളാൽ കിടപ്പ് രോഗിയായതിനാലും, അപകടം മൂലം വരുമാന ശേഷി പൂർണ്ണമായും (തൊഴിലിൽ/ ആസ്തിയിൽ/നിക്ഷേപങ്ങളിൽ) നഷ്ടപ്പെട്ട കുടുംബങ്ങൾ. | രോഗം, അപകടം എന്നിവ കാരണം കട ബാധ്യത വന്ന് ആസ്തികളും ജീപനോപാധികളും നഷ്ടപ്പെട്ട കുടുംബം. |
| ബൗദ്ധിക-മാനസിക വെല്ലുവിളികളും, 80% ശാരീരിക വെല്ലുവിളികളും നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം തൊഴിൽ നിക്ഷേപങ്ങൾ, ആസ്തികൾ എന്നിവയിൽ നിന്നും വരുമാനം നഷ്ടപ്പെട്ട കുടുംബം | |
| **വരുമാനം** | |
| തൊഴിൽ ശേഷി ഉള്ളവർ ഇല്ലാത്തതും, ആസ്തികൾ, നിക്ഷേപങ്ങൾ എന്നിവയിൽ നിന്നും വരുമാനമില്ലാത്തതുമായ കുടുംബം. | മുഖ്യ വരുമാനദായകൻ മരിച്ച പോയി അല്ലെങ്കിൽ ഉപേക്ഷിച്ചുപോയ കുടുംബം. |
| ശാരീരിക അവശതകൾ ഉണ്ടായിട്ടും, 60 വയസ്സിന് മുകളിലുള്ളവർ മാത്രം തൊഴിൽ എടുക്കുന്ന, മറ്റു വരുമാനദായക അംഗങ്ങളും മാർഗ്ഗങ്ങളും ഇല്ലാത്ത ദരിദ്ര കുടുംബം. | വിവിധ ദുരന്തങ്ങളിൽ തൊഴിൽ ഉപകരണങ്ങൾ, ജീവനോപാധികൾ പൂർണ്ണമായി നഷ്ടപ്പെട്ട, മറ്റ് വരുമാന സാധ്യതകൾ ഇല്ലാത്ത കുടുംബം. |
| 70 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമുള്ള, വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബം. | |
| വാസസ്ഥലം | |
| വാസസ്ഥലം ഇല്ലാതെ അലയുന്നവർ (തദ്ദേശ സ്ഥാപന പ്രദേശത്ത് കഴിഞ്ഞ ഒരു വർഷമായി കാണുന്നവർ) | അപകടകരവും, ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ (റെയിൽവേ/റോഡ്/ പുഴ/ പുറംമ്പോക്ക്/ചതുപ്പ്/വയൽ വരമ്പ്/മാലിന്യ കൂമ്പാര പരിസരം/അഴുക്ക് ചാലുകളുടെ ഓടകൾ/ബസ്സ്റ്റാൻഡ്/മാർക്കറ്റ് എന്നിവിടങ്ങളിൽ കഴിയുന്നവർ. കടലാക്രമണം ഒഴികെയുള്ള സാഹചര്യങ്ങൾ) |
| | കടബാധ്യതകൾ, പ്രകൃതി ദുരന്തങ്ങൾ മൂലം വാസസ്ഥലം നഷ്ടമായ ദരിദ്ര കുടുംബങ്ങൾ. |

### അതി ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന ഘടകങ്ങൾക്കുള്ള വെയ്റ്റേജ്

ദാരിദ്ര്യ സൂചകങ്ങൾക്ക് മുൻഗണന നൽകിയിരിക്കുന്നത് ഇപ്രകാരമാണ്, അതിതീവ്ര ക്ലേശ ഘടകങ്ങൾക്ക് 10 മാർക്ക് വീതവും തീവ്ര ഘടകങ്ങൾക്ക് 5 മാർക്ക് വീതവും **പട്ടിക 2.2** ലും 2.3 ലും ഉള്ളവയ്ക്ക് 5 മാർക്ക് വീതവുമാണ്. ഒരു കുടുംബം അങ്ങേയറ്റം ദരിദ്രരായി കണക്കാക്കപ്പെടുന്നതിന് കുറഞ്ഞത് 10 മാർക്ക് നേടണം. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, ഒരു അതിതീവ്ര ക്ലേശ ഘടകം അനുഭവിക്കുന്ന ഒരു കുടുംബത്തെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുത്തും. അതുപോലെ, രണ്ട് തീവ്ര ക്ലേശ ഘടകങ്ങൾ ഉള്ള ഒരു കുടുംബവും പട്ടികയിൽ ഉൾപ്പെടുത്താൻ അർഹതയുള്ളതായിരിക്കും. കൂടാതെ, സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ഗ്രൂപ്പുകൾക്ക് പരിഗണിക്കുന്ന **പട്ടിക 2.2**–ൽ വിവരിച്ചിരിക്കുന്ന ഘടകങ്ങളും സാമൂഹികമായി ദുർബല ഗ്രൂപ്പുകൾക്ക് പരിഗണിക്കുന്ന **പട്ടിക 2.3**–ൽ വിവരിച്ചിരിക്കുന്ന ഘടകങ്ങളും ദുരിത ഘടകങ്ങളായി കണക്കാക്കപ്പെടുന്നു. **പട്ടിക 2.2**–ലും **2.3**–ലും വിവരിച്ചിരിക്കുന്ന ഈ ഘടകങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം ഉള്ള കുടുംബങ്ങളും അതിദരിദ്രരായി കണക്കാക്കപ്പെടുന്നു. ഒരു തീവ്ര ദാരിദ്ര്യ ഘടകം കൂടുതലായി ബാധിക്കുന്ന ഓരോ കുടുംബത്തിനും ഒരു സഞ്ചിത മുൻഗണന ലഭിക്കുന്നു. സമൂഹത്തിലെ ഏറ്റവും ദുർബലരായ, അതിദാരിദ്ര്യം അനുഭവിക്കുന്നവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഈ രീതി ഉറപ്പാക്കിയിട്ടുണ്ട്.

### സ്ഥാപനപരമായ സജ്ജീകരണം

#### സ്ഥാപന ഘടന

അതിദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയ സംസ്ഥാനതലത്തിൽ ഇതിനായുള്ള രീതിശാസ്ത്രവും മാർഗ്ഗനിർദേശങ്ങളും രൂപപ്പെടുത്തുന്നതോടെയാണ് ആരംഭിച്ചത്. തുടർന്ന്, സംസ്ഥാനതലത്തിൽ ഭരണ വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഘട്ടംഘട്ടമായ പരിശീലനം നൽകിയതിലൂടെ ഈ പ്രക്രിയ നടപ്പിലാക്കി.

അതിദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയയുടെ ആരംഭം സംസ്ഥാന തലത്തിൽ ഇതിനായുള്ള രീതിശാസ്ത്രം രൂപപ്പെടുത്തുന്നതിനോ ഒപ്പം അതിന്റെ സൂക്ഷ്മപരിശോധനയും അതോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായിരുന്നു. ആദ്യഘട്ട പ്രവർത്തനങ്ങളിൽ അതിദാരിദ്ര്യത്തിലായ കുടുംബങ്ങളെ തിരിച്ചറിയുന്നതിനും മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നേതൃത്വം നൽകിയത്. സംസ്ഥാനത്തുടനീളം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും 'ജനകീയ സമിതികൾ'

**പട്ടിക 2.2** വികസന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്ക് നൽകിയ പ്രത്യേക പരിഗണന

| | |
|---|---|
| | **പട്ടികവർഗ്ഗ കുടുംബങ്ങൾ** |
| 1. | പൊതു ഗതാഗത സൗകര്യം/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/സ്കൂളുകൾ, റേഷൻ കട തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ വനത്തിനുള്ളിൽ താമസിക്കുന്നവരും 25 സെന്റിൽ താഴെ ഭൂമി കൈവശമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളെ പരിഗണിച്ചു. പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്ക് (പി.വി.റ്റി.ജി – കാടർ, ചോലനായ്ക്കർ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ) പ്രത്യേക പരിഗണന നൽകി. |
| 2. | മറ്റു വരുമാന സാധ്യതകളില്ലാത്തതും വനവിഭവശേഖരത്തെ മാത്രം ആശ്രയിച്ച് കഴിയുന്നതുമായ കുടുംബങ്ങൾക്കും പ്രത്യേക പരിഗണന നൽകി. |
| 3. | പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ. |
| 4. | അവിദഗ്ധ കാർഷിക തൊഴിലിനായി പുറം സംസ്ഥാനങ്ങളിൽ പോകേണ്ടി വരുന്ന വ്യക്തിയുള്ളതും 25 സെന്റിൽ താഴെ കൃഷി ഭൂമിയുള്ളതും, തൊഴിൽ ശേഷി ഉള്ള ആരും തന്നെ ഇല്ലാത്തതുമായ കുടുംബം. |
| 5. | ഉയര തൂക്ക അനുപാതം (BMI) 16 നു താഴെയോ ക്രോണിക് എനർജി ഡെഫിഷ്യൻസി (CED) ഉള്ളതോ ആയ വ്യക്തിയുള്ള കുടുംബം. |
| 6. | വസിക്കാൻ ഭൂമിയില്ലാത്ത അഥവാ, 150 ചതുരശ്ര അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബം. |
| | **പട്ടികജാതി കുടുംബങ്ങൾ** |
| 1. | ദുരന്തങ്ങൾ മൂലം വാസസ്ഥലം നഷ്ടമായവർ. |
| 2. | 500 മീറ്ററിനുള്ളിൽ ഗതാഗത സൗകര്യമില്ലാത്ത, കുടിവെള്ള സൗകര്യം 100 മീറ്ററിനുള്ളിൽ പ്രാപ്യമല്ലാത്ത, വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബം. |
| 3. | പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ. |
| | തീരദേശ വാസികൾ |
| 1. | കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവർ/കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ടവർ. |
| 2. | പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ. |

**പട്ടിക 2.3** സാമൂഹികമായി ഒറ്റപ്പെടൽ അനുഭവിക്കുന്ന ദരിദ്രർക്കായുള്ള പ്രത്യേക ഘടകങ്ങൾ

| | |
|---|---|
| 1. | എച്ച്.ഐ.വി ബാധിതർ ഉള്ള ദരിദ്ര കുടുംബങ്ങൾ (NPNS, NPS, NPI എന്നീ റേഷൻ കാർഡ് ഉള്ളവർ ഒഴികെ, റേഷൻ കാർഡ് ഇല്ലാത്തവരെ ദരിദ്ര കുടുംബമായി പരിഗണിക്കുക). |
| 2. | അനാഥരായ കുട്ടികൾ ഉള്ള ദരിദ്ര കുടുംബങ്ങൾ. |
| 3. | LGBTQIA+വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബങ്ങൾ. |

രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, സി.ഡി.എസ് ചെയർപേഴ്സൺ, ജനപ്രതിനിധികൾ, റസിഡൻസ് അസ്സോസിയേഷൻ പ്രതിനിധികൾ, VEO, SC/ST പ്രമോട്ടർമാർ, യൂത്ത് കോ–ഓർഡിനേറ്റർമാർ തുടങ്ങിയവർ ഉൾപ്പെട്ട ഈ സമിതികൾക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അതിദാരിദ്ര്യത്തിലുള്ളവരുടെ കരട് പട്ടിക തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന ചുമതലയായിരുന്നു. ഈ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരേസമയം നടത്തേണ്ടതായതിനാൽ, ഓരോ വാർഡ്/ഡിവിഷൻ തലത്തിലും പ്രത്യേക ജനകീയ സമിതികൾ രൂപീകരിച്ചു. ബന്ധപ്പെട്ട വാർഡ് മെമ്പർ/കൗൺസിലറുടെ നേതൃത്വത്തിൽ ആശാ പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ പ്രമോട്ടർമാർ, റസിഡൻസ് അസ്സോസിയേഷൻ, ബി.എൽ.ഒ മാർ തുടങ്ങിയവർ ഈ സമിതികളിൽ അംഗങ്ങളായി. ഈ സമിതികളുടെ യോഗങ്ങളിലൂടെയും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെയും അതിദാരിദ്ര്യത്തിലായിരിക്കാമെന്നു കരുതപ്പെട്ട കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി. വ്യക്തമായി പറഞ്ഞാൽ, വാർഡ്/ഡിവിഷൻ തല സമിതികൾ അതത് പ്രദേശങ്ങളിലെ അതിദാരിദ്ര്യത്തിലുള്ള വ്യക്തികളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി. ഈ പട്ടിക സാമൂഹിക സംഘടനകൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവരുമായി നടത്തിയ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ വിപുലീകരിച്ചു. ഇങ്ങനെ തയ്യാറാക്കിയ പട്ടികകൾ അന്ത്യോദയ അന്നയോജന, ഭിന്നശേഷിക്കാർ, പാലിയേറ്റീവ് കെയർ ഗുണഭോക്താക്കൾ തുടങ്ങിയ വിവിധ ഡാറ്റാസെറ്റുകളുമായി താരതമ്യം ചെയ്യുകയും പ്രസ്തുത പട്ടികയിൽ നിന്ന് സംസ്ഥാന സർക്കാർ നിശ്ചയിച്ച അതിദാരിദ്ര്യ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ളവരെ ഫോകസ് ഗ്രൂപ്പ് ചർച്ചകളിലും വാർഡ് തല പട്ടികകളിലും ഉൾപ്പെടുത്തി. ഈ പട്ടികകൾ വീണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനതല സമിതികൾ പരിശോധിച്ചു. ഈ തികച്ചും പങ്കാളിത്തപരമായ പ്രക്രിയയിലൂടെ 1,18,309 ദരിദ്ര കുടുംബങ്ങളെ നാമനിർദ്ദേശം ചെയ്തു. (**ചിത്രം2.1**) തുടർന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉപസമിതികൾ നടത്തിയ വിശദമായ പരിശോധനയിൽ 87,158 കുടുംബങ്ങളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി. ഈ വിവരങ്ങൾ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (MIS) രേഖപ്പെടുത്തി. തുടർന്ന് 87,158 കുടുംബങ്ങളെ നേരിൽകണ്ട് അഭിമുഖം നടത്തി. എല്ലാ വാർഡുകളിലും പ്രീ–എന്യുമറേഷൻ, എന്യുമറേഷൻ ടീമുകൾ രൂപീകരിച്ചു. ഓരോ ടീമിലും ഒരു വാർഡ് ഓഫീസർ, ഒരു ഫസിലിറ്റേറ്റർ, ഒരു സന്നദ്ധ പ്രവർത്തകൻ എന്നിങ്ങനെ മൂന്ന് പേർ ഉൾപ്പെട്ടിരുന്നു. ഡാറ്റാ പ്രീ എന്യുമറേഷൻ നടത്തി മൊബൈൽ ആപ്പിൽ രേഖപ്പെടുത്തി, പിന്നീട് വാർഡ്/ഡിവിഷൻ തല സമിതികൾ അത് പരിശോധിച്ചു. തുടർന്ന് ഭവനസന്ദർശനം വഴിയും ഫീൽഡ് വിസിറ്റുകളിലൂടെയും അധിക വിവരങ്ങൾ ശേഖരിച്ച് ആപ്പിൽ രേഖപ്പെടുത്തി ഇവയും സമിതികൾ സ്ഥിരീകരിച്ചു.

എന്യുമറേറ്റ് ചെയ്ത കുടുംബങ്ങളുടെ ഡാറ്റയുടെ 20 ശതമാനം (17,265 കുടുംബങ്ങൾ) ബ്ലോക്ക് തല സൂപ്പർ–ചെക്കിംഗ് ടീമുകൾ പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 73,747 കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി. ഈ പട്ടിക ഗ്രാമ/വാർഡ് സഭകളിൽ അവതരിപ്പിക്കുകയും, തുടർന്ന്

**ചിത്രം 2.1** അതിദാരിദ്ര്യം തിരിച്ചറിയൽ പ്രക്രിയ– ഘട്ടങ്ങൾ




തദ്ദേശ സ്വയംഭരണ സ്ഥാപനതല കരട് പട്ടികകൾ പരാതികൾ നൽകുന്നതിനുള്ള അവസരമൊരുക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. പൊതുജനങ്ങളിൽ നിന്ന് ലഭിച്ച പരാതികൾ പരിഹരിച്ച ശേഷം അർഹരായ എല്ലാ കുടുംബങ്ങളുടെയും അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു.

ഇങ്ങനെ, കർശനവും വിവിധഘട്ടങ്ങളടങ്ങിയതുമായ ഈ തിരിച്ചറിയൽ പ്രക്രിയയിലൂടെ സംസ്ഥാനത്ത് 64,006 അതിദാരിദ്ര്യ കുടുംബങ്ങളെയും, 1,03,099 വ്യക്തികളെയും തിരിച്ചറിഞ്ഞു. ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, എൻജിഒ അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന 13 ലക്ഷത്തിലധികം പേരുടെ തീവ്രമായ പരിശ്രമത്തിലൂടെയാണ് ഈ പ്രക്രിയ വിജയകരമായി പൂർത്തിയാക്കപ്പെട്ടത്. ഈ പരിപാടിയുടെ മേൽനോട്ടത്തിനായി കൃത്യമായ ചുമതലകളും ഉത്തരവാദിത്വങ്ങളും ഓരോ തലത്തിലും നിർവ്വചിച്ചുകൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും എന്നിങ്ങനെ ത്രിതല സമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിച്ചു. തദ്ദേശഭരണ സ്ഥാപന തലത്തിൽ ജനകീയ സമിതികൾ അപക്സ് ബോഡികൾ ആയി പ്രവർത്തിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഭരണ സമിതി ഒരു നോഡൽ ഓഫീസറെ നിയമിച്ചു. ഈ സമിതികളുടെ ചുമതലകൾ വാർഡ് തല സമിതികളുടെ മേൽനോട്ടം വഹിക്കുക, സന്നദ്ധ പ്രവർത്തകരെ കണ്ടെത്തുക, സാമൂഹിക–രാഷ്ട്രീയ, ചാരിറ്റി സംഘടനകളുമായി മാർഗ്ഗനിർദ്ദേശങ്ങൾ പങ്കുവെക്കുക, അതേസമയം നിലവിലുള്ള പരിപാടികളിൽ (ഉദാ: അശ്രയ, അഗതി രഹിത കേരളം) ഉൾപ്പെടാത്ത അതിദരിദ്രരുടെ പ്രാഥമിക പട്ടിക തയ്യാറാക്കുക എന്നിവയായിരുന്നു. ഈ സമിതികൾ വാർഡ് സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുകയും, ഡാറ്റ ശേഖരണത്തിന് മേൽനോട്ടം വഹിക്കുകയും, എന്യൂമറേഷൻ ടീമുകൾക്ക് മാർഗനിർദ്ദേശം നൽകുകയും, വാർഡ്/ഗ്രാമ സഭകളിൽ ചർച്ച ചെയ്യാനുള്ള തദ്ദേശഭരണസ്ഥാപന തലത്തിലുള്ള സമാഹിത പട്ടിക തയ്യാറാക്കുകയും, കൂടാതെ ദൈനംദിന പ്രവർത്തന റിപ്പോർട്ടുകൾക്കൊപ്പം ഭരണ സമിതിക്ക് അന്തിമ പട്ടികകൾ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

ജില്ലാതല സമിതികൾ അതാത് ജില്ലകളിലുടനീളം അതിദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയ നടപ്പിലാക്കുന്നതിൽ നിർണ്ണായകമായ ഏകോപനത്തിന് പങ്ക് വഹിച്ചു. ഇവയുടെ ചുമതലകൾ ജില്ലാ തല പരിശീലന പരിപാടികളുടെ ഏകോപനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല സമിതികളുടെ മേൽനോട്ടം, ഡാറ്റ ശേഖരണവും സൂപ്പർ–ചെക്കിംഗ് പ്രവർത്തനങ്ങളും, തദ്ദേശഭരണ തലത്തിൽ നിന്നുള്ള സംശയങ്ങൾ പരിഹരിക്കൽ, തദ്ദേശഭരണസ്ഥാപന തലവന്മാരുടെ യോഗം വിളിച്ച് ചേർക്കൽ, പ്രക്രിയയുടെ ശരിയായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി വിലയിരുത്തലും നിരീക്ഷണവും നടത്തുക എന്നിവ ഉൾപ്പെടുന്നു. ഈ മദ്ധ്യതല ഏകോപനം ഓരോ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പ്രക്രിയയുടെ ഏകോപനവും ഗുണനിലവാരവും ഉറപ്പാക്കി.

സംസ്ഥാന തലത്തിൽ നോഡൽ ഓഫീസറിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ തലവന്മാർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, ഇൻഫർമേഷൻ കേരള മിഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെട്ടിരുന്നു. ഇവരുടെ ചുമതലകൾ ഡാറ്റ ശേഖരണ ഫോർമാറ്റുകൾ, പരിശീലന മാന്വലുകൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) എന്നിവ വികസിപ്പിക്കൽ, ജില്ലാ സമിതികളുടെ

ഏകോപനം, പരിശീലന മോഡ്യൂളുകൾ തയ്യാറാക്കൽ, ഹെൽപ്ഡെസ്കുകളും ഡാഷ്ബോർഡുകളും സ്ഥാപിക്കൽ, സൂപ്പർ-ചെക്കിംഗ് മാർഗനിർദ്ദേശങ്ങൾ നൽകൽ, മാനദണ്ഡങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനതലത്തിലുള്ള നിർദ്ദേശങ്ങളെക്കുറിച്ച് തീരുമാനമെടുക്കൽ, പട്ടികകളെ സംബന്ധിച്ച് പരാതി പരിശോധന, ഗ്രൂപ്പ് ചർച്ചകൾക്കുള്ള ആവശ്യമായ ചാർട്ടുകളും ഫോമുകളും നൽകുക, തദ്ദേശഭരണ ചെയർപേഴ്സണ്മാരുമായി യോഗങ്ങൾ വിളിക്കുക, ഡാറ്റ ശേഖരണത്തെ അവലോകനം ചെയ്യുക എന്നിവയായിരുന്നു.

**കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനസാമഗ്രികൾ തയ്യാറാക്കലും**

അതിദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയ എല്ലാ തലങ്ങളിലും ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പരിശീലന സാമഗ്രികൾ തയ്യാറാക്കലും, വിപുലമായ ഡോക്യുമെന്റേഷനും ആവശ്യമായിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പും കിലയും (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ചേർന്ന് അതിദരിദ്രരായ കുടുംബങ്ങളെ തിരിച്ചറിയുക എന്ന ഒരു സമഗ്രമായ കൈപ്പുസ്തകം തയ്യാറാക്കി. ഈ കൈപുസ്തകം ദരിദ്രരേയും അതിദരിദ്രരേയും വേർതിരിച്ചറിച്ചറിയുക എന്ന വെല്ലുവിളി ഏറെയുള്ള പ്രവർത്തനത്തിന് വ്യക്തമായ നിർദ്ദേശങ്ങൾ മുൻനിര പ്രവർത്തകർക്ക് നൽകി. വൈരുദ്ധ്യങ്ങൾ എന്തെങ്കിലും ഇല്ലാതാക്കുന്നതിനായി റിസോഴ്സ് പേഴ്സന്റെ പരിശീലനത്തിൽ നിന്നുള്ള പ്രതികരണങ്ങളും പൈലറ്റ് പഠനങ്ങളിൽ നിന്നുമുള്ള ഉൾക്കാഴ്ചകളെയും അടിസ്ഥാനമാക്കിയും രേഖയെ ഒന്നിലധികം ഭേദഗതികൾക്ക് വിധേയമാക്കി. കൂടാതെ, രണ്ട് വീഡിയോകൾ, 20-ലധികം പോസ്റ്ററുകൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്കായുള്ള 10 ലക്ഷം ലഘുലേഖകൾ എന്നിവയുൾപ്പെടെയുള്ള ആശയവിനിമയ സാമഗ്രികൾ വാട്ട്സ്ആപ്പ്, ഫേസ്ബുക്ക്, യൂട്യൂബ് പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ അവബോധം പ്രചരിപ്പിക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും അതിദരിദ്രരായ കുടുംബങ്ങളെ തിരിച്ചറിയുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. പരിശീലനത്തിന്റെ രൂപകൽപന സമഗ്രവും, സംസ്ഥാനതലം മുതൽ താഴെത്തട്ടിലേക്ക് വരെ വ്യാപിക്കുന്നതുമായിരുന്നു. സംസ്ഥാന തലത്തിൽ മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം, ജില്ലാ തലത്തിൽ കോർ ടീം, റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനം തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള ഓറിയന്റേഷൻ എന്നിവ ഇതിൽ ഉൾപ്പെട്ടു. കേരളത്തിലുടനീളമുള്ള മുഴുവൻ തദ്ദേശ സ്വയംഭരണ സംവിധാനവും പരിശീലന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സഹകരിച്ചു. ആകെ 240,187 പരിശീലന സെഷനുകൾ നടത്തി.

**അതിദരിദ്ര കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

അതിദാരിദ്ര്യ സർവെ വഴി കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 75 ശതമാനം മറ്റു വിഭാഗത്തിലും, 20 ശതമാനം പട്ടികജാതി വിഭാഗത്തിലും, 5 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നറിയാത്ത വളരെ ചെറിയ ശതമാനം കുടുംബങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. സർവ്വെ പ്രകാരം അതിദരിദ്രരുടെ വലിയൊരു വിഭാഗം ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. 81 ശതമാനം അതിദരിദ്രർ ഗ്രാമ പഞ്ചായത്തുകളിലും, 15 ശതമാനം മുൻസിപ്പാലിറ്റികളിലും, 4 ശതമാനം കോർപ്പറേഷനുകളിലും വസിക്കുന്നു. ജില്ല തിരിച്ച് വിശകലനം ചെയ്യുമ്പോൾ 8553 അതിദരിദ്ര്യ കുടുംബങ്ങളുള്ള മലപ്പുറം ജില്ലയാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് (13.4 ശതമാനം). തൊട്ടുപിന്നാലെ തിരുവനന്തപുരം ജില്ലയാണ് (11.4 ശതമാനം). സംസ്ഥാനത്ത് ഏറ്റവും കുറവ് ദരിദ്രർ വസിക്കുന്നത് കോട്ടയം ജില്ലയിലാണ് (1071 കുടുംബങ്ങൾ). നേരത്തെ സൂചിപ്പിച്ചതുപോലെ, ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ നാല് പ്രധാന ക്ലേശ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് സർവ്വേ വഴി സംസ്ഥാനത്തെ അതി ദരിദ്രരെ കണ്ടെത്തിയത്. കണ്ടെത്തിയ മൊത്തം കുടുംബങ്ങളിൽ 58,273 കുടുംബങ്ങൾക്ക് വരുമാനക്കുറവും 40,917 കുടുംബങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളും 34,523 കുടുംബങ്ങൾക്ക് ഭക്ഷണക്കുറവും, 15,091 പേർക്ക് പാർപ്പിടവും ഇല്ലായിരുന്നു. ഒരു കുടുംബത്തിൽ തന്നെ ഒന്നിലധികം ക്ലേശ ഘടകങ്ങളുടെ സാന്നിധ്യം ഉണ്ടാകുമെന്നതും പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യമാണ്.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിർവ്വഹണം പരിപാടിയുടെ അടുത്ത ഘട്ടം, വ്യത്യസ്ത തരത്തിലുള്ള ക്ലേശങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉൾക്കൊള്ളുന്ന ഒരു അതിദാരിദ്ര്യ ഉപപദ്ധതി തയ്യാറാക്കുക എന്നതായിരുന്നു. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ അതായത് കുടുംബശ്രീയുടെ പിന്തുണയോടെ തദ്ദേശഭരണസ്ഥാപനങ്ങൾ ഈ പരിപാടി നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. ആദ്യഘട്ടത്തിൽ തിരിച്ചറിയൽ പ്രക്രിയയുടെ ഉത്തരവാദിത്വം വഹിച്ച വാർഡ്തല സമിതികൾ പിന്നീട് തിരിച്ചറിഞ്ഞ അതിദരിദ്രരുടെ ആവശ്യങ്ങൾ മാപ്പ് ചെയ്യുന്നതിനും മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനും ഏർപ്പെട്ടു. ഇവയെല്ലാം സംയോജിപ്പിച്ച് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കേണ്ട അതിദാരിദ്ര്യ ഉപപദ്ധതിയായി സമാഹരിക്കുന്നു.

ആയതിനാൽ ഓരോ ഉപപദ്ധതിയും ഓരോ കുടുംബത്തിനും കാണുന്ന ക്ലേശഘടകങ്ങളെ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഉൾക്കൊള്ളുന്ന മൈക്രോ പ്ലാനുകളുടെ ഒരു സമാഹാരമാണ്. കുടുംബങ്ങളുടെ മൈക്രോ തലത്തിലുള്ള വിശദാംശങ്ങൾ ശേഖരിക്കുന്നതിനോടൊപ്പം ഇ.പി.ഐ.പി സർവ്വേയും മുൻപ് ശേഖരിച്ച വിവരങ്ങളും ഉൾപ്പെടുത്തി ഇവ തയ്യാറാക്കുന്നു. ഈ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഉൾപ്പെടുത്തുകയും നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പരിശോധനയ്ക്ക് വിധേയമാക്കുകയും ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുകയും ചെയ്യുന്നു. അംഗീകാരം ലഭിച്ച ശേഷം പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരവധി ഇടപെടലുകൾ മേഖല തിരിച്ച് തദ്ദേശ സർക്കാർ തലത്തിൽ ഏകോപിപ്പിക്കുന്നു. അത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവഹണം നടത്തുകയും ചെയ്യുന്നു.

മൈക്രോ പ്ലാനുകളെ മൂന്നായി തരം തിരിച്ചിരിക്കുന്നു

1. അടിയന്തരമായി ഇടപെടലിനുള്ള പദ്ധതി
2. ഹ്രസ്വകാല പദ്ധതി
3. ദീർഘകാല സമഗ്ര പദ്ധതി

അടിയന്തിരമായി ലഭ്യമാക്കേണ്ട സേവനങ്ങൾ അടിയന്തരമായി ഇടപെടലിനുള്ള പ്ലാനിൽ ഉൾപ്പെടുന്നു. 3 മാസം മുതൽ 2 വർഷം വരെ ദൈർഘ്യമുള്ള സേവനങ്ങൾ ഉറപ്പുവരുത്താനാണ് ഹ്രസ്വകാല പ്ലാൻ. ഇവ രണ്ടും മതിയാവാത്ത സാഹചര്യത്തിൽ അതിദരിദ്രർക്കായി ദീർഘകാല സമഗ്ര പ്ലാനുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

77,557 അടിയന്തര പ്രോജെക്റ്റുകളും 36,433 ഹ്രസ്വകാല പ്രോജെക്ട്ടുകളും 30,696 ദീർഘകാല പ്രോജെക്റ്റുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടനീളമുള്ള സൂക്ഷ്മ പദ്ധതികളുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. തിരിച്ചറിയൽ കാർഡുകൾ, ഭക്ഷണം, വൈദ്യസഹായം തുടങ്ങിയ ഉടനടി നൽകാൻ കഴിയുന്ന സേവനങ്ങൾ വീട്ടുകാർക്ക് ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകി. തുടർന്ന് മറ്റു പ്രധാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻഗണന അനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സി.എസ്.ആർ എന്നിവ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ സംയോജിപ്പിച്ചാണ് ഈ മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ നേതൃത്വം വഹിക്കുന്ന വിവിധ വകുപ്പുകൾ ഉൾപ്പെടെ ഈ പരിപാടിയിൽ പങ്കാളികളായി. സംസ്ഥാനതല നിരീക്ഷണ കമ്മിറ്റി നിശ്ചയിച്ച പ്രകാരം, ഈ വകുപ്പുകൾ അതിദരിദ്രരായ കുടുംബങ്ങൾക്ക് ഏകോപിതമായ രീതിയിൽ വിവിധ തരത്തിലുള്ള പിന്തുണ നൽകി. ഉദാഹരണത്തിന്, കാർഡുകളില്ലാത്ത അതിദരിദ്രരായ കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ നൽകുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ഒരു ക്യാമ്പയിൻ ആരംഭിച്ചപ്പോൾ, ആരോഗ്യ വകുപ്പ് മരുന്നുകളും മറ്റ് സാധനങ്ങളും നൽകുകയും മുൻഗണനാടിസ്ഥാനത്തിൽ പാലിയേറ്റീവ് കെയർ ഉറപ്പാക്കുകയും ചെയ്തു. മറ്റ് വകുപ്പുകളും അവരുടേതായ രീതിയിൽ ദൗത്യത്തിന് സംഭാവന നൽകി, അതുവഴി സമയബന്ധിതമായി അദിദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തിലേക്ക് വികസന ഏജൻസികളുടെ അഭൂതപൂർവമായ ഏകോപനം സൃഷ്ടിക്കപ്പെട്ടു.

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നേട്ടങ്ങൾ**

അതിദാരിദ്ര്യ നിർമാർജന പദ്ധതി (EPEP) രാജ്യത്തെ ഏറ്റവും നൂതനമായ ഇടപെടലുകളിൽ ഒന്നായി പ്രശംസിക്കപ്പെട്ടിട്ടുണ്ട്. അങ്ങേയറ്റം ദരിദ്രരായി തിരിച്ചറിഞ്ഞ കുടുംബങ്ങളുടെ ദാരിദ്ര്യത്തിന് കാരണമാകുന്ന എല്ലാ ഘടകങ്ങളെയും കൂട്ടായി പരിഹരിക്കുന്നതിന് വികസന വകുപ്പുകൾക്കിടയിലുള്ള ഏകോപനം പ്രസ്തുത പദ്ധതിക്ക് ഉറപ്പിക്കാൻ കഴിഞ്ഞു. ഈ പരിപാടി ഘട്ടം ഘട്ടമായാണ് വികസിച്ചത്. അതിന്റെ വിശദാംശങ്ങൾ ചുവടെ വിവരിക്കുന്നു.
അവകാശം അതിവേഗം കാമ്പെയ്ൻ: വിപുലമായ ഡാറ്റാ ശേഖരണത്തിനിടെ, പല കുടുംബങ്ങൾക്കും അടിസ്ഥാന പൗര രേഖകളും അവശ്യ സേവനങ്ങളും ലഭ്യമല്ലെന്ന് വെളിപ്പെട്ടു. റേഷൻ കാർഡുകൾ, ആധാർ കാർഡുകൾ, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡുകൾ തുടങ്ങിയ നിർണ്ണായക രേഖകൾ അവർക്ക് ലഭ്യമല്ലായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, വീടുകളിൽ അവശ്യ സേവനങ്ങളും അവരുടെ അവകാശങ്ങളുടെ രേഖകളും നൽകുന്നതിനായി 'അവകാശം അതിവേഗം' കാമ്പെയ്ൻ ആരംഭിച്ചു. 21,263 അവശ്യ സേവനങ്ങളും അടിസ്ഥാന പൗര രേഖകളും യുദ്ധകാലാടിസ്ഥാനത്തിൽ നൽകിയിട്ടുണ്ടെന്ന് ക്യാമ്പെയിൻ ഉറപ്പാക്കി. അന്തിമ കണക്കുകൾ പ്രകാരം സർക്കാർ ഇനിപ്പറയുന്ന സേവനങ്ങൾ നൽകിയതായി കാണാം.

വോട്ടർ ഐഡികൾ – 3836, ആരോഗ്യ ഇൻഷുറൻസ് – 3615, ആധാർ കാർഡുകൾ – 3529, റേഷൻ കാർഡുകൾ (പരിവർത്തനം ഉൾപ്പെടെ) – 5132, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡുകൾ – 1455, സാമൂഹിക സുരക്ഷാ പെൻഷനുകൾ – 1378, ബാങ്ക് അക്കൗണ്ടുകൾ – 1043, കുടുംബശ്രീ അംഗത്വം – 584, ഭിന്നശേഷിക്കാർക്കുള്ള ഐഡികൾ – 345, ഗ്യാസ് കണക്ഷനുകൾ – 256, ഹൗസ് വയറിംഗ് – 57, പ്രോപ്പർട്ടി സർട്ടിഫിക്കറ്റ് – 22, ട്രാൻസ്ജെൻഡർമാർക്കുള്ള ഐഡികൾ – 11.

2023 ഏപ്രിൽ 24 ന് പത്തനംതിട്ടയിലെ ജില്ലാ സ്റ്റേഡിയത്തിൽ വെച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 'അവകാശം അതിവേഗം' ക്യാമ്പെയിനിന്റെ പൂർത്തീകരണം പ്രഖ്യാപിച്ചു. ഇത് ദാരിദ്ര്യ നിർമാർജന പദ്ധതിയുടെ നടത്തിപ്പിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്.

**ഭക്ഷ്യസുരക്ഷയും ആരോഗ്യ കേന്ദ്രീകൃത ഇടപെടലുകളും**

പ്രാഥമിക തലത്തിൽ, മറ്റൊരു പ്രധാന ഇടപെടൽ ഭക്ഷണത്തിന്റെയും ആരോഗ്യത്തിന്റെയും ദൗർലഭ്യങ്ങൾ പരിഹരിക്കുക എന്നതായിരുന്നു. അത് അതിദരിദ്ര കുടുംബങ്ങളുടെ നിലനിൽപ്പിനും അന്തസ്സിനും ഒരു ജീവനാഡിയായി പ്രവർത്തിച്ചു. ഈ രണ്ട് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നത് വിശപ്പ്, പോഷകാഹാരക്കുറവ്, അനുബന്ധ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ലഘൂകരിക്കാൻ സഹായിക്കുകയും ആകെ ക്ഷേമം മെച്ചപ്പെടുത്തുകയും ചെയ്തു. വിവിധ ബുദ്ധിമുട്ടുകൾ കാരണം സ്വന്തമായി ഭക്ഷണം തയ്യാറാക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പാകം ചെയ്ത ഭക്ഷണവും ഭക്ഷണ കിറ്റുകളും ഉൾപ്പെടെയുള്ള സഹായം നൽകി. പാകം ചെയ്ത ഭക്ഷണവും ഭക്ഷണ കിറ്റുകളും ഉൾപ്പെടെയുള്ള ഭക്ഷണ വിതരണം കുടുംബങ്ങൾക്ക് സ്വതന്ത്രമായി ലഭ്യമാക്കാൻ' കഴിയുന്നതുവരെ തടസ്സമില്ലാതെ തുടരുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ട്.

2022 ഏപ്രിൽ 1 മുതൽ എല്ലാ കുടുംബങ്ങൾക്കും തടസ്സമില്ലാത്ത ഭക്ഷണ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. 18,438 കുടുംബങ്ങൾക്ക് പൊതുവിതരണ സംവിധാനം വഴി ഭക്ഷണ കിറ്റുകൾ നൽകുന്നു, കൂടാതെ 2,210 കുടുംബങ്ങൾക്ക് കമ്മ്യൂണിറ്റി അടുക്കളകൾ, കുടുംബശ്രീ മിഷന്റെ 'ജനകീയ ഹോട്ടലുകൾ' എന്നിവ വഴി പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നു. കുടുംബശ്രീ വളണ്ടിയർമാരുടെ പിന്തുണയോടെ ഭക്ഷണ വിതരണം ദിനംപ്രതി നിരീക്ഷിക്കുന്നു. കഴിഞ്ഞ നാല് വർഷത്തിലേറെയായി ഒരു അതിദരിദ്ര വ്യക്തി

പോലും പട്ടിണി കിടക്കുന്നില്ലഎന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഉത്സവ വേളയിൽ എല്ലാ അതി ദരിദ്ര കുടുംബങ്ങൾക്കും പൊതുവിതരണ സംവിധാനം വഴി പ്രത്യേക ഓണം കിറ്റുകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവർക്ക് പ്രധാന സഹായമായി വീടുകൾ സന്ദർശിച്ച് പ്രാഥമിക ആരോഗ്യ ആവശ്യങ്ങൾ വിലയിരുത്തൽ, മരുന്നുകൾ വാങ്ങൽ, സൗജന്യ രോഗനിർണ്ണയം, ലബോറട്ടറി സേവനങ്ങൾ, വീട്ടുപടിക്കൽ ചികിത്സ, പാലിയേറ്റീവ് കെയർ, എന്നിവ ഉൾപ്പെടുന്നു. ആവശ്യാനുസരണം എല്ലാ വ്യക്തികളും ഇ–ഹെൽത്ത്, കെ.എ.എസ്.പി (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി), ഹൃദ്യം, ആരോഗ്യകിരണം തുടങ്ങിയ മറ്റ് പ്രത്യേക പദ്ധതികൾക്കായുള്ള പ്രത്യേക രജിസ്ട്രേഷനുകൾ എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചു. 29,427 കുടുംബങ്ങളിൽ നിന്നുള്ള 85,721 വ്യക്തികൾക്ക് വൈദ്യചികിത്സയും മരുന്നും നൽകിയിട്ടുണ്ട്. കൂടാതെ ദ്വൈമാസ ഭവന സന്ദർശനങ്ങളിൽ മെഡിക്കൽ സ്റ്റാഫ് പതിവായി പരിശോധനകൾ നടത്തുന്നു. മൊത്തത്തിൽ, 14,862 ഏകാംഗ കുടുംബങ്ങൾക്ക് ആരോഗ്യ സഹായം ലഭിക്കുന്നു, 35,955 വ്യക്തികൾക്ക് തടസ്സമില്ലാതെ മരുന്നുകൾ ലഭിക്കുന്നു. ഏകദേശം 12,712 വ്യക്തികൾക്ക് അവരുടെ രോഗങ്ങൾക്ക് ചികിത്സ നൽകി, 219 വ്യക്തികളെ ചികിത്സയ്ക്കായി ആശുപത്രികളിലേക്ക് മാറ്റി. 12 കുട്ടികൾക്ക് വാക്സിനേഷനും നൽകി. ചികിത്സയ്ക്കായി കൂട്ടിരിപ്പുകാരുടെ പിന്തുണ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ ഏകദേശം 173 വ്യക്തികൾക്ക് ആവശ്യമായ പിന്തുണ നൽകി. കൂടാതെ, 1,279 വ്യക്തികൾക്ക് ചികിത്സയ്ക്കായി ഗതാഗത സഹായം നൽകിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ ആവശ്യങ്ങളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, കുടുംബങ്ങളുടെ ആരോഗ്യ ആവശ്യങ്ങളിലെ വിടവുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചു. അവയിൽ ഇവ ഉൾപ്പെടുന്നു, എന്നാൽ ഇവയിൽ മാത്രം ഒതുങ്ങുന്നില്ല: എ) സ്ക്രീനിംഗ്, ഡയഗ്നോസ്റ്റിക് പരിശോധനകൾ ബി) ചികിത്സ: മരുന്നുകളും മറ്റ് ഉപഭോഗവസ്തുക്കളും സി) പുനരധിവാസം: വ്യക്തിയെ സ്വയംപര്യാപ്തനാക്കുന്നതിനുള്ള പിന്തുണാ ഉപകരണങ്ങൾ, സഹായങ്ങൾ, പുനരധിവാസ നടപടികൾ ഡി) ഗതാഗതം – ആംബുലൻസ് സേവനങ്ങൾ ഉൾപ്പെടെ. മെഡിക്കൽ കോളേജുകൾ, കാൻസർ കെയർ സെന്ററുകൾ തുടങ്ങിയ ഉയർന്ന തലത്തിലുള്ള സ്ഥാപനങ്ങളിൽ നിന്ന് പരിചരണം തേടുന്ന ഗുണഭോക്താക്കൾക്ക് സൗജന്യ സേവനങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മറ്റ് വ്യക്തിഗത സഹായങ്ങളെ സംബന്ധിച്ചിടത്തോളം, 5,777 വ്യക്തികൾക്ക് പാലിയേറ്റീവ് കെയർ നൽകിയിട്ടുണ്ട്, 579 രോഗികൾക്ക് ആരോഗ്യ സംരക്ഷണ സഹായ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്, കൂടാതെ ഏഴ് വ്യക്തികൾക്ക് അവയവം മാറ്റിവയ്ക്കൽ സഹായം നൽകിയിട്ടുണ്ട്. പോഷക സമൃദ്ധമായ ഭക്ഷണവും ഗുണനിലവാരമുള്ള ആരോഗ്യ പരിചരണവും അവരെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ സഹായിച്ചു. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ആരോഗ്യ ജീവനക്കാരും അതി ദരിദ്രർക്ക് മതിയായ മരുന്നുകൾ, പാലിയേറ്റീവ് കെയർ, പതിവ് മെഡിക്കൽ പരിശോധനകൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

അവയവം മാറ്റിവയ്ക്കലിനെ പിന്തുണയ്ക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മതിയായ ഫണ്ട് ലഭ്യമല്ലെങ്കിൽ, ഇതിനായി രൂപീകരിച്ച സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി ശേഷിക്കുന്ന തുക സംസ്ഥാന തലത്തിൽ ഉയർന്ന ആശുപത്രി ചെലവുള്ള കേസുകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്നും വഹിക്കും. ഭക്ഷണവും ആരോഗ്യ സംരക്ഷണവും സംബന്ധിച്ച് വീടുകൾക്ക് നൽകുന്ന സേവനങ്ങളുടെ സംഗ്രഹം **പട്ടിക 2.4** ൽ നൽകിയിരിക്കുന്നു.

വീൽചെയറുകൾ, കിടക്കകൾ, വാക്കിംഗ് സ്റ്റിക്കുകൾ എന്നിവയാണ് സാധാരണയായി നൽകുന്ന ഉപകരണങ്ങൾ. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ട്രൈ–സ്കൂട്ടറുകൾ നൽകിയിട്ടുണ്ട്, ഇത് ആരോഗ്യ സഹായ ഉപകരണമായും വരുമാനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗമായും അതിദരിദ്രർക്ക് വളരെ സഹായകരമായി, ഉദാഹരണത്തിന്, ഗുണഭോക്താക്കൾക്ക് അവരുടെ ലോട്ടറി വിൽപനയ്ക്കായി സ്കൂട്ടറുകൾ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**അതിദരിദ്ര്യ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം നൽകുക**

പദ്ധതി നിർവ്വഹണത്തിന്റെ ആദ്യ വർഷം ഭക്ഷണം, ആരോഗ്യ സഹായങ്ങൾ നൽകുക എന്നതിനായിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചതെങ്കിലും, അതി ദരിദ്ര കുടുംബങ്ങൾക്ക് സ്ഥിരവും മതിയായതുമായ വരുമാനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പിന്നീട് സർക്കാർ ശ്രദ്ധ തിരിച്ചു.

2023 ഒക്ടോബറിൽ കുടുംബശ്രീ സംസ്ഥാന മിഷന്റെ പിന്തുണയോടെ ആരംഭിച്ച 'ഉജ്ജീവനം' ക്യാമ്പയിൻ, വരുമാന സ്രോതസ്സുകളില്ലാത്ത കുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആരംഭിച്ചത്. തൊഴിൽ പരിശീലനം, മൈക്രോഫിനാൻസ്, സംരംഭകത്വ പിന്തുണ, തൊഴിൽ സേവനങ്ങൾ എന്നിവ നൽകുന്നതിലൂടെ, അതിദരിദ്രരായവരെയോ അവരുടെ കുടുംബാംഗങ്ങളെയോ നൈപുണ്യം നേടാനും ആസ്തികൾ സൃഷ്ടിക്കാനും അവരുടെ വരുമാന സാധ്യത വർദ്ധിപ്പിക്കാനും ഈ ക്യാമ്പയിൻ പ്രാപ്തമാക്കി. ഇത് അവരുടെ പൊതുവായ ക്ഷേമം മെച്ചപ്പെടുത്തി, അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനും, കുട്ടികളുടെ വിദ്യാഭ്യാസത്തിലും ആരോഗ്യ സംരക്ഷണത്തിലും നിക്ഷേപിക്കാനും, സാമ്പത്തിക ആഘാതങ്ങളെ നേരിടാനുള്ള പ്രതിരോധശേഷി വർദ്ധിപ്പിക്കാനും അവരെ പ്രാപ്തരാക്കി. വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ യോഗ്യരായി തിരിച്ചറിഞ്ഞ ഏകദേശം 4,394 ദരിദ്ര കുടുംബങ്ങൾക്ക് സർക്കാർ പിന്തുണ നൽകി, ഇവർ എല്ലാവരും തന്നെ ഉപജീവനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇതിൽ 3820 കുടുംബങ്ങൾക്ക് ഉജ്ജീവനത്തിന് കീഴിൽ കുടുംബശ്രീ സഹായം നൽകിയപ്പോൾ, 272 കുടുംബങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, 212

**പട്ടിക 2.4** ഭക്ഷ്യസുരക്ഷയും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നതിന് വളരെ ദരിദ്രരായ കുടുംബങ്ങൾക്ക് നൽകുന്ന സേവനങ്ങൾ

| പ്രത്യേക പിന്തുണ നൽകി | കവറേജ്/ഗുണഭോക്താക്കൾ |
|---|---|
| 2022 ഏപ്രിൽ 1 മുതൽ തുടർച്ചയായ ഭക്ഷണ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. | എല്ലാ അതിദരിദ്ര്യ കുടുംബങ്ങൾക്കും |
| പി.ഡി.എസ് വഴിയുള്ള ഭക്ഷണ കിറ്റുകൾ | 18,438 കുടുംബങ്ങൾ |
| കമ്മ്യൂണിറ്റി കിച്ചണുകളും ജനകീയ ഹോട്ടലുകളും വഴി പാകം ചെയ്ത ഭക്ഷണം | 2,210 കുടുംബങ്ങൾ |
| പ്രത്യേക ഓണം കിറ്റുകൾ | എല്ലാ അതിദാരിദ്ര കുടുംബങ്ങൾക്കും |
| വൈദ്യചികിത്സയും മരുന്നുകളും ലഭിച്ച വ്യക്തികൾ | 8,5721 വ്യക്തികൾ |
| പതിവായി ദ്വൈമാസ ആരോഗ്യ പരിശോധനകൾ | പ്രോഗ്രാം കുടുംബങ്ങൾ |
| ആരോഗ്യ സഹായം ലഭിക്കുന്ന ഏകാംഗ കുടുംബങ്ങൾ | 14,862 കുടുംബങ്ങൾ |
| തടസ്സമില്ലാതെ മരുന്നുകൾ ലഭിക്കുന്ന വ്യക്തികൾ | 35,955 വ്യക്തികൾ |
| അസുഖങ്ങൾക്ക് ചികിത്സ നേടുന്ന വ്യക്തികൾ | 12,712 വ്യക്തികൾ |
| ആശുപത്രികളിലേക്ക് മാറ്റിയ വ്യക്തികൾ | 219 വ്യക്തികൾ |
| പ്രതിരോധ കുത്തിവയ്പ്പുകൾ | 12 കുട്ടികൾ |
| ചികിത്സയ്ക്കായി ബൈസ്റ്റാൻഡർ പിന്തുണ | 173 വ്യക്തികൾ |
| ചികിത്സയ്ക്കുള്ള ഗതാഗത പിന്തുണ | 1,279 വ്യക്തികൾ |
| പാലിയേറ്റീവ് കെയർ സേവനങ്ങൾ | 5,777 വ്യക്തികൾ |
| ആരോഗ്യ സഹായ ഉപകരണങ്ങൾ | 579 രോഗികൾ |
| അവയവം മാറ്റിവയ്ക്കുന്നതിനുള്ള സഹായം | 7 വ്യക്തികൾ |
| ചെലവേറിയ ചികിത്സയ്ക്കുള്ള അധിക ധനസഹായം | അംഗീകാരത്തിനനുസരിച്ച് |

കുടുംബങ്ങൾക്ക് മറ്റ് വകുപ്പുകളിൽ നിന്നും, 88 കുടുംബങ്ങൾക്ക് സ്വകാര്യ ഏജൻസികളിൽ നിന്നും ഉപജീവന സഹായം ലഭിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം, 34,672 അതിദരിദ്ര കുടുംബങ്ങൾക്ക് അവിദഗ്ധ തൊഴിൽ ലഭിക്കുന്നതിനായി ജോബ് കാർഡുകൾ നൽകി.

**ഭൂമിയും വീടുകളും നൽകൽ**

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി ഭൂരഹിതർക്കും ഭവനരഹിതർക്കും ഭൂമി കണ്ടെത്തുക എന്നതായിരുന്നു. അതിനാൽ, അതി ദരിദ്രർക്ക് ഭൂമി/പാട്ടം നൽകുന്നതിന് പരമാവധി മുൻഗണന നൽകാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഉടമസ്ഥതയിലുള്ള മിച്ചഭൂമി/റവന്യൂ ഭൂമി അനുവദിക്കുമ്പോൾ അതി ദരിദ്രരായ വ്യക്തികൾക്ക് മുൻഗണന നൽകുന്നതിനായി റവന്യൂ വകുപ്പ് ഒരു സർക്കുലർ പുറപ്പെടുവിച്ചു.

ഇതിനുപുറമെ, നിലവിൽ ഉപയോഗത്തിലില്ലാത്തതും ഭാവിയിൽ ഉപയോഗിക്കാൻ സാധ്യതയില്ലാത്തതുമായ ഭൂമി ഭവന നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് വകുപ്പുകളിൽ നിന്ന് എൻഒസി നേടാനും, ഭൂമി പാട്ടവുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതിദരിദ്രർക്ക് പാട്ടത്തിനും അനുമതി നൽകാനും ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തുന്ന ഒരു സർക്കാർ ഉത്തരവും റവന്യൂ വകുപ്പ് പുറപ്പെടുവിച്ചു.

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടും, നിലവിൽ ആൾ താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന ഫ്ലാറ്റുകൾ, ഭൂമിയും വീടും ആവശ്യമുള്ള അതി ദരിദ്രർക്ക് അനുവദിക്കാനും തീരുമാനിച്ചു. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഈ ഏകോപിത ശ്രമത്തിലൂടെ, സംസ്ഥാനത്തുടനീളം 439 കുടുംബങ്ങൾക്കായി 2,832.645 സെന്റ് ഭൂമി കണ്ടെത്തി. അതിദരിദ്രന്റെ ജീവിതപങ്കാളി ഉപേക്ഷിച്ചു പോയിട്ടുണ്ടെങ്കിലും, നിയമപരമായി വിവാഹമോചനം നേടിയിട്ടുണ്ടെങ്കിലും, സഹോദരങ്ങൾ ഒരുമിച്ച് താമസിക്കുന്നുണ്ടെങ്കിലും, സംയുക്ത ഉടമസ്ഥാവകാശം പരിഗണിക്കാതെ തന്നെ, അതിദരിദ്രർക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നിർദ്ദേശങ്ങളും ലാൻഡ് ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സ്ഥിരതാമസ സൗകര്യം നൽകുന്നതുവരെ വാടക വീടുകളിൽ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. ഇതുവരെ 829 കുടുംബങ്ങളെ വാടക വീടുകളിലേക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ നിർണായകമായ സാമ്പത്തിക ഞെരുക്കം സുരക്ഷിതമായ പാർപ്പിടം നൽകാനുള്ള ശ്രമങ്ങൾക്ക് തടസ്സമായി. മതിയായ ഫണ്ടിന്റെ അപര്യാപ്തതമൂലം പല ഗ്രാമപഞ്ചായത്തുകൾക്കും ഭവന സൗകര്യത്തിനുള്ള വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വിടവ് നികത്തുന്നതിനായി, ബ്ലോക്ക് പഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തുകളെയും പദ്ധതികൾ നടപ്പിലാക്കാൻ പ്രാപ്തമാക്കുന്നവിധത്തിൽ സർക്കാർ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചു. ഇപിഇപി പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി ഫണ്ട് നീക്കിവയ്ക്കാൻ അനുമതി നൽകി (പ്രത്യേകിച്ച് ഭൂമി വാങ്ങുന്നതിനുള്ള വിധത്തിൽ). കൂടാതെ, അതിദാർദ്രർക്ക് സ്വത്ത് വാങ്ങുന്നതിനും ഭൂമി ദാനം ചെയ്യുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുകയും ചെയ്തു.

ഇതിനുപുറമെ, ഭൂമിയും വീടും ആവശ്യമുള്ള താൽപര്യമുള്ള കുടുംബങ്ങൾക്ക് 10 വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത വീടുകളുള്ള ഭൂമി നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. നഗര സ്വഭാവമുള്ള മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും വീട് നിർമ്മാണത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമിയുടെ വിസ്തീർണ്ണം 3 സെന്റിൽ നിന്ന് 2 സെന്റായി കുറച്ചു, കൂടാതെ റവന്യൂ ഭൂമിയോ മറ്റ് തരത്തിലുള്ള ഭൂമിയോ ആ പ്രദേശത്ത് ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് അനുവദനീയമായ സബ്സിഡി നിരക്കിനേക്കാൾ പരമാവധി 2.00 ലക്ഷം രൂപ വരെ അധിക തുക നൽകാനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ ശ്രമങ്ങൾക്കൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മിച്ചഭൂമി കണ്ടെത്തുന്നതിലൂടെയും 'മനസോടിത്തിരി മണ്ണ്' എന്ന ക്യാമ്പെയിന്റെ ഭാഗമായി ഭൂമിദാനത്തിലൂടെയും ക്ഷാമം പരിഹരിക്കുന്നതിന് ഗൗരവമുള്ള നടപടികളും സ്വീകരിച്ചു. സന്നദ്ധരായ പൗരന്മാരും മനുഷ്യ സ്നേഹികളും 'ഒരു ചെറിയ തുണ്ട് ഭൂമി സ്വമേധയാ സംഭാവന ചെയ്യുക' എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ഈ ക്യാമ്പെയിൻ സംഘടിപ്പിച്ചത്. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി അത് വളരെ ദരിദ്രർക്കും, നേരിട്ട് ഭൂമി വാങ്ങുന്ന വ്യക്തിഗത കുടുംബങ്ങൾക്കും നൽകുന്നതിനുള്ള സാധ്യതകളും പരിശോധിച്ചു. 'മനസോടിത്തിരി മണ്ണ്' ക്യാമ്പെയ്നിന് പ്രതികരണമായി, മനുഷ്യ സ്നേഹികൾ 203 സെന്റ് ഭൂമി സംഭാവന ചെയ്തു. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ, അതിദരിദ്രർക്ക് ഭൂമി നൽകിക്കൊണ്ട് പദ്ധതി സഹായം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഫൗണ്ടേഷനിൽ നിന്നുള്ള സഹായത്തിനായി ആകെ 271 അപേക്ഷകൾ ലഭിച്ചു. അതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവുകയും ചെയ്തു. കൂടാതെ, ശേഷിച്ച കുടുംബങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി പിന്തുണ നൽകി.

അതേസമയം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ലൈഫ് മിഷന്റെയും സമർപ്പിത പരിശ്രമത്തിന്റെ ഫലമായി വീട് മാത്രം ആവശ്യമുള്ളവർ എന്ന വിഭാഗത്തിൽ പുതിയ വീടുകൾ ആവശ്യമുള്ള 4,677 കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചു. ഇതിൽ 4005 വീടുകളുടെ നിർമ്മാണം പൂർത്തിയായി, 672 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ വീടുകൾ പൂർത്തിയാകാത്ത 672 കുടുംബങ്ങൾ നിലവിൽ വാടക വീടുകളിലോ ബന്ധുക്കളോടൊപ്പമോ താമസിക്കുന്നു.

ഭൂമിയും വീടും ഒരുപോലെ ആവശ്യമുള്ള 2713 കുടുംബങ്ങൾക്ക് ആദ്യം ഭൂമി നൽകി, തുടർന്ന് വീട് നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി. 1,417 കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 1,296 എണ്ണം പുരോഗമിക്കുന്നു. വീടുകളുടെ നിർമ്മാണം പുരോഗമിക്കുമ്പോൾ ഈ കുടുംബങ്ങളെ വാടക വീടുകളിലോ ബന്ധുക്കളുടെ കൂടെയോ സുരക്ഷിതമായ സാഹചര്യത്തിൽ താമസിപ്പിക്കുന്നു. സുരക്ഷിതമായ താമസസൗകര്യമില്ലാത്ത ഏകാംഗ കുടുംബങ്ങൾക്ക് എന്ത് ബദൽ സംവിധാനം വേണമെന്ന് തിരഞ്ഞെടുക്കാൻ അവസരം നൽകി. അവരുടെ ദുർബലാവസ്ഥ തിരിച്ചറിഞ്ഞ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് അവരെ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റി പാർപ്പിച്ച് സ്ഥിരമായതും പിന്തുണയും നൽകുന്ന അന്തരീക്ഷം ഒരുക്കുകയും അല്ലെങ്കിൽ അവരുടെ ഇഷ്ടാനുസരണം ബന്ധുക്കളോടൊപ്പം സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുകയും ചെയ്തു. ആകെ കുടുംബങ്ങളിൽ, 428 ഏകാംഗ കുടുംബങ്ങളെയും 520 മറ്റ് കുടുംബങ്ങളെയും സാമൂഹിക നീതി, വനിതാ-ശിശു വകുപ്പുകളുടെ പിന്തുണയോടെ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റി പാർപ്പിച്ചു.

അതിദരിദ്ര്യ കുടുംബങ്ങളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ ഒരു പ്രധാന ആശങ്കയാണ്, പ്രത്യേകിച്ച് മുമ്പ് സർക്കാർ അനുവദിച്ച തുക പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ തിരിച്ചറിഞ്ഞ് എല്ലാ അതിദരിദ്ര കുടുംബങ്ങൾക്കും മതിയായ ഭവന സൗകര്യം ഉറപ്പാക്കേണ്ടതുണ്ട് എന്നുള്ളതിനാൽ 10.09.2024 ലെ ജി.ഒ (ആർ.ടി) നമ്പർ 1677/2024/എൽ.എസ്.ജി.ഡി വഴി സർക്കാർ അറ്റകുറ്റപ്പണിക്കുള്ള തുക വർദ്ധിപ്പിച്ചു. ഇത് സെക്യുർ അക്കോമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ് സ്കീം (സേഫ്) പ്രകാരം എസ്.സി/എസ്.ടി വകുപ്പുകൾ നിശ്ചയിച്ച നിരക്കുകൾക്ക് തുല്യമായി അറ്റകുറ്റപ്പണികൾക്ക് ഗണ്യമായ തുക 2.00 ലക്ഷം അനുവദിച്ചു. ഈ വർദ്ധിപ്പിച്ച നിരക്ക് പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മാത്രമല്ല, അതിദാരിദ്ര്യം നേരിടുന്ന സാധാരണ കുടുംബങ്ങൾക്കുമുള്ള ആനുകൂല്യമായി വ്യാപിപ്പിച്ചു. ഇത് അറ്റകുറ്റപ്പണി ആവശ്യമുള്ള 5,646 വീടുകളുടെ നവീകരണം ത്വരിതപ്പെടുത്തി. ഇതിൽ 5,522 വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയായി.

വിവിധ വകുപ്പുകൾ അതിദരിദ്രർക്ക് നൽകുന്ന പിന്തുണ മുൻപ് സൂചിപ്പിച്ചതുപോലെ, എല്ലാ ലൈൻ ഡിപ്പാർട്ട്മെന്റുകളുടെയും സംയോജനവും സഹകരണവും അടിയന്തര ലക്ഷ്യങ്ങൾ വിജയകരമായി പൂർത്തീകരിക്കുന്നതിൽ നിർണ്ണായകമായതായി തെളിഞ്ഞു, പ്രത്യേകിച്ച് അതിദരിദ്ര കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യകതകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച ആദ്യ ഘട്ടത്തിന്റെ നടത്തിപ്പിൽ കൂടുതൽ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വിവിധ വികസന ഏജൻസികൾക്കിടയിൽ ഏകോപനവും കൂട്ടായ പ്രവർത്തനവും ഉണ്ടായിട്ടുണ്ട് എന്ന് പ്രകടമാക്കി. EPEP-യിൽ വിവിധ വികസന വകുപ്പുകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണം ചുവടെ നൽകിയിരിക്കുന്നു.

ആരോഗ്യ വകുപ്പ് എല്ലാ ആവശ്യക്കാർക്കും സൗജന്യ ചികിത്സയും മരുന്നുകളും തുടർന്ന് പരിചരണവും ലഭിക്കുന്നുവെന്ന് ഉറപ്പാക്കി. ഗൃഹസന്ദർശനങ്ങൾ, പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, വാതിൽപ്പടി സേവനം എന്നീ പരിപാടികൾ എന്നിവ ആവശ്യക്കാർക്ക് ജീവൻരക്ഷാ മാർഗ്ഗമായി തീർന്നു. ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ, വികലാംഗ സർട്ടിഫിക്കറ്റുകൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ നൽകുന്നതിലൂടെയും വകുപ്പ് പിന്തുണ നൽകി. കൂടുതൽ സൗകര്യപ്രദമായി മരുന്നുകൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ട്, ഇ.പി.ഇ.പി പദ്ധതികളിൽ

ഉൾപ്പെട്ട എല്ലാ വ്യക്തികൾക്കും മരുന്നുകൾ വീട്ടുപടിക്കൽ എത്തിക്കുന്ന സംവിധാനം ഒരുക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചർച്ചകൾ ആരംഭിച്ചു. ഇത് കുടുംബങ്ങളുടെ ഭാരം ലഘൂകരിക്കുന്നതിനും പ്രതിമാസ ആശുപത്രി സന്ദർശനങ്ങളുടെ അധിക ബുദ്ധിമുട്ടുകളില്ലാതെ, അത്യാവശ്യ മരുന്നുകൾ ഏറ്റവും ആവശ്യമുള്ളവരിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമുള്ള ഒരു നിർണായക ചുവടുവയ്പ്പായിരുന്നു.

സിവിൽ സപ്ലൈസ് വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ 5,132 കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്തു. കൂടാതെ, അവരുടെ നൂതന പദ്ധതിയായ 'ഒപ്പം' തൃശ്ശൂർ ജില്ലയിൽ ഏറെ ജനപ്രിയത നേടിയതിനെ തുടർന്ന് സംസ്ഥാനത്തുടനീളമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് ആവർത്തിക്കുകയും ചെയ്തു. ഒപ്പം പദ്ധതിയിലൂടെ പിന്തുണ നൽകുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരുടെ സഹായത്തോടെ, അതിദരിദ്രരായവരുടെ വീട്ടുപടിക്കൽ ഭക്ഷ്യവസ്തുക്കളും കിറ്റുകളും എത്തിച്ചു. പാകം ചെയ്ത ഭക്ഷണം പ്രത്യേകമായി ആവശ്യപ്പെടുന്നവർ ഒഴികെ, സഹായം ആവശ്യമുള്ളവർക്ക് അവശ്യ ഭക്ഷ്യവസ്തുക്കൾ വാതിൽപടി സേവനം വോളണ്ടിയർമാരിലൂടെ നൽകി. അതിദരിദ്രരുടെ പ്രത്യേക ആവശ്യങ്ങളും മുൻഗണനകളും പരിഗണിച്ച്, ഭക്ഷ്യസുരക്ഷഫലപ്രദമായി ഉറപ്പാക്കുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ തേടി വകുപ്പ് സജീവമായി പ്രവർത്തിച്ചുവരുന്നു.

വിദ്യാഭ്യാസ പിന്നാക്കാവസ്ഥ അനുഭവിക്കുന്നതായി തിരിച്ചറിഞ്ഞവർക്ക് വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസ അവസരങ്ങളും വിദ്യാഭ്യാസ വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച്, തിരിച്ചറിഞ്ഞ അതി ദരിദ്ര കുടുംബങ്ങളിലെ കുട്ടികൾക്ക് പുസ്തകങ്ങൾ, സ്കൂൾ ബാഗുകൾ, പേനകൾ, പെൻസിലുകൾ, യൂണിഫോമുകൾ തുടങ്ങിയ പഠനസാമഗ്രികൾ വിതരണം ചെയ്തു. കൗൺസിലിങ് സെക്ഷനുകളും തൊഴിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചു. 2023-24, 2024-25 വർഷങ്ങളിൽ എസ്എസ്എൽസി പാസായ വിദ്യാർത്ഥികൾക്ക് അടുത്തുള്ള സ്കൂളുകളിൽ പ്രവേശനം ലഭിച്ചുവെന്ന് വിദ്യാഭ്യാസ വകുപ്പ് ഉറപ്പുവരുത്തി. വിദ്യാർത്ഥികൾക്ക് സഹായം നൽകാൻ കഴിയുന്ന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി 5583 വിദ്യാർത്ഥികളുടെ പട്ടിക പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

വളരെ ദരിദ്ര കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് ഗതാഗത വകുപ്പ് ഇ.പി.ഇ.പി.യെ പിന്തുണച്ചിട്ടുണ്ട്. 2323 വിദ്യാർത്ഥികൾക്ക് യാത്രാ പാസുകൾ വിതരണം ചെയ്തിട്ടുണ്ട്. വനിതാ-ശിശുവികസന വകുപ്പും കേരള സാമൂഹിക സുരക്ഷാ മിഷനും (കെ.എസ്.എസ്.എം) തങ്ങളുടെ വകുപ്പുതല പദ്ധതികൾക്ക് കീഴിൽ 437 അനാഥ വിദ്യാർത്ഥികൾക്ക് സഹായം നൽകി വരുന്നു. അതനുസരിച്ച്, സ്കോളർഷിപ്പുകൾ/ സ്റ്റൈപ്പൻഡുകൾ, മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനായി കെ.എസ്.എസ്.എമ്മിന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ 322 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കുടുംബശ്രീ സംസ്ഥാന മിഷൻ ജനകീയ ഹോട്ടലുകൾ വഴി ഭക്ഷ്യ വിതരണം ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. പാചക സൗകര്യമില്ലാത്ത കുടുംബങ്ങൾക്ക് പാകം ചെയ്ത ഭക്ഷണവും, സ്വന്തമായി ഭക്ഷണം തയ്യാറാക്കാൻ കഴിയുന്നവർക്ക് ഭക്ഷണ കിറ്റുകളും വിതരണം ചെയ്തു. വിവിധ സംഘടനകളുമായി സഹകരിച്ച് കുടുംബശ്രീ വോളണ്ടിയർമാർ ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. നേരത്തെ സൂചിപ്പിച്ചതുപോലെ, 100 ദിവസം നീണ്ടുനിൽക്കുന്ന ഒരു ക്യാമ്പെയിനിലൂടെ വരുമാനക്കുറവ് മൂലം ദുരിതമനുഭവിക്കുന്ന അതിദരിദ്ര കുടുംബങ്ങളെ സഹായിക്കുന്നതിനായി 'ഉജ്ജീവനം' പദ്ധതിയും ആരംഭിച്ചു. കൂടാതെ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം ഓരോ അതിദരിദ്ര കുടുംബത്തെയും സന്ദർശിക്കുകയും അവരുടെ വരുമാന ആവശ്യങ്ങൾ കണ്ടെത്തുകയും വരുമാനദായക പ്രവർത്തനങ്ങളിലൂടെ അവരെ ഉയർത്തുന്നതിനായി ആവശ്യാനുസൃത പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. ആവശ്യക്കാർക്ക് നൈപുണ്യ അധിഷ്ഠിത പരിശീലനവും നൽകുന്നു. ആട് വളർത്തൽ, ഉപജീവന പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളും ഏറ്റെടുത്തു.

പിന്തുണ വിപുലീകരിക്കാൻ മറ്റ് നിരവധി വകുപ്പുകളും കൈകോർത്ത് പ്രവർത്തിച്ചു. സഹകരണ വകുപ്പ് സൊസൈറ്റികളിലൂടെയും ബാങ്കുകളിലൂടെയും അതിദരിദ്രരെ സഹായിക്കുവാൻ ഗ്രാന്റുകളും വായ്പകളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. രജിസ്ട്രേഷൻ, മത്സ്യബന്ധനം, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളും സഹകരിച്ചുകൊണ്ട് തങ്ങളുടെ വൈദഗ്ധ്യവും വിഭവങ്ങളും പദ്ധതിയ്ക്കായി നൽകി. കൂടാതെ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും അതിദരിദ്ര കുടുംബങ്ങൾക്ക് മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

### സർക്കാരിൽ നിന്നുള്ള അധിക പിന്തുണ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ ങ്ങൾ ഉപയോഗിച്ചാണ് മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്. എന്നിരുന്നാലും, ഉണ്ടായിരിക്കുന്ന വിടവ് നികത്തുന്നതിനായി, പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 2023-24 മുതൽ 2025-26 വരെ സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ ഗ്യാപ്പ് ഫണ്ടായി സ്ഥാപനങ്ങൾക്ക് 160.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

### മുന്നോട്ടുള്ള വഴി: കേരളത്തിന്റെ അതിദാരിദ്ര്യ രഹിത പദവി നിലനിർത്തൽ– EPEP 2.0

അതിതീവ്ര ദാരിദ്ര്യ നിർമ്മാർജ്ജനത്തിലെ കേരളത്തിന്റെ നേട്ടം ഒരു ചരിത്ര നാഴികക്കല്ലാണ്, ഇത് ഏകോപിത ഭരണ നിർവ്വഹണം, കാരുണ്യ പൂർവ്വമായ നയങ്ങൾ, മനുഷ്യ അന്തസ്സിനോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവയുടെ സാക്ഷ്യം കൂടിയാണ്. എന്നിരുന്നാലും, ഈ വിജയം ആത്യന്തിക ലക്ഷ്യസ്ഥാനമല്ല, മറിച്ച് സമ്പൂർണ്ണ ദാരിദ്ര്യ നിർമാർജനത്തിലേക്കുള്ള ഒരു തുടക്കം മാത്രമാണ്. കഠിനാധ്വാനത്തിലൂടെ കൈവരിച്ച ഈ പദവി

**ബോക്സ് 2.1** വിജയകഥകൾ

ലക്ഷ്യബോധമുള്ള ജീവിതം കെട്ടിപ്പടുക്കുന്ന രാജുവും കുടുംബവും: ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പല്ലനയ്ക്കടുത്തുള്ള വേലന്റെ പറമ്പിൽ താമസിക്കുന്ന രാജു, ജീവിതമാകെ നിരവധി വെല്ലുവിളികൾ നേരിട്ട ഒരു ദൃഢനിശ്ചയമുള്ള വ്യക്തിയാണ്. ചലനശേഷി പരിമിതപ്പെടുത്തുന്ന ഒരു വൈകല്യം അദ്ദേഹത്തിനുണ്ട്, ഭാര്യ അജിതയ്ക്ക് ശ്രവണവൈകല്യവും (കേൾവിക്കുറവ്) ഉണ്ട്. കേരള സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ (ഇ.പി.ഇ.പി) പിന്തുണയോടെ, ഈ വെല്ലുവിളികളെ അതിജീവിച്ച് രാജുവിന്റെ മൂന്ന് അംഗങ്ങൾ അടങ്ങിയ കുടുംബം, (ചെറിയ കുട്ടി അടക്കം) ജീവിതത്തിൽ നല്ല മാറ്റം കൈവരിക്കാൻ സാധിച്ചു. ചലനശേഷി കുറവായതിനാൽ പ്രാരംഭ വെല്ലുവിളികൾ നേരിട്ടെങ്കിലും, ഒരു തയ്യൽ മെഷീൻ ഉപയോഗിച്ച് രാജു തന്റെ തയ്യൽ കഴിവുകൾ മെച്ചപ്പെടുത്താൻ തുടങ്ങി. കേൾവിക്കുറവുണ്ടായിരുന്നിട്ടും അജിത സംരംഭം നന്നായി കൈകാര്യം ചെയ്തു, അവരുടെ കഠിനാധ്വാനം താമസിയാതെ ഫലം കണ്ടു. അവരുടെ ചെറുകിട സംരംഭം പ്രാദേശിക സമൂഹത്തിൽ നിന്ന് സ്ഥിരമായ ഒരു കൂട്ടം ഉപഭോക്താക്കളെ ആകർഷിക്കാൻ തുടങ്ങി, ഇത് മെച്ചപ്പെട്ട സാമ്പത്തിക സ്ഥിരതയ്ക്കും കുടുംബത്തിന് അഭിമാനബോധത്തിനും ലക്ഷ്യബോധത്തിനും കാരണമായി. രാജുവിന്റെയും അജിതയുടെയും വിജയഗാഥ അവരുടെ സമൂഹത്തിലെ മറ്റുള്ളവരെ സമാനമായ വെല്ലുവിളികളെ പ്രതിരോധശേഷിയോടും ദൃഢനിശ്ചയത്തോടും കൂടി നേരിടാൻ പ്രേരിപ്പിച്ചു, പലപ്പോഴും അവരുടെ പ്രയാണം പങ്കുവെക്കുകയും EPEP പോലുള്ള പദ്ധതികളിൽ നിന്ന് സഹായം തേടാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

നിലനിർത്തുന്നതിനായി, തദ്ദേശ സ്വയംഭരണത്തിന്റെ സ്ഥിരമായ സ്ഥാപന ചട്ടക്കൂടിൽ ദാരിദ്ര്യ നിർമ്മാർജനവും കുടുംബക്ഷേമവും ഉൾപ്പെടുത്തുന്ന ബോധപൂർവവും ബഹുമുഖവുമായ ഒരു തന്ത്രം ആവശ്യമാണ്. കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറിയ കുടുംബങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിന് സ്ഥിരമായ വരുമാനം, തുടർച്ചയായ സാമൂഹിക സംരക്ഷണം, പ്രാപ്യമായ ആരോഗ്യ പരിരക്ഷ, സുരക്ഷിതമായ പാർപ്പിടം, തുടർച്ചയായ നിരീക്ഷണം എന്നിവ ആവശ്യമാണ്. ഇപിഇപി പദ്ധതിയുടെ തുടർച്ചയായ ഇ.പി.ഇ.പി 2.0, മുൻകരുതൽ നടപടികൾ (പ്രോ ആക്റ്റീവ് പ്രിവൻഷൻ), ദാരിദ്ര്യത്തിലേയ്ക്ക് വീണ്ടും വീഴുന്നത് ഒഴിവാക്കുക (സീറോ റിവേർഷൻ) എന്നിവ അതിന്റെ ലക്ഷ്യങ്ങളായി കൈവരിക്കാൻ ലക്ഷ്യമിടുന്നു. അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിൽ നാം വിജയിച്ചിട്ടുണ്ടെങ്കിലും, പെട്ടെന്നുള്ള പ്രതിസന്ധികൾ പലപ്പോഴും ആളുകളെ അതിദാരിദ്ര്യത്തിലേക്ക് വഴുതിവീഴാൻ ഇടയാക്കും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തങ്ങളുടെ അധികാരപരിധിയിലുള്ള ദുർബല കുടുംബങ്ങളെ തിരിച്ചറിയുന്നതിലൂടെയും, സമർപ്പിത ബജറ്റ് വിഭവങ്ങൾ അനുവദിക്കുന്നതിലൂടെയും, ഉയർന്ന തലത്തിലുള്ള ഇടപെടലിന് കാത്തിരിക്കാതെ അവശ്യ സേവനങ്ങൾ മുൻകൈയെടുത്ത് ഉടൻ നൽകുന്നതിലൂടെയും, അതിദാരിദ്ര്യ പ്രതിരോധത്തെ അതിന്റെ പ്രധാന ഉത്തരവാദിത്തമായി സംയോജിപ്പിക്കണം. പ്രതിപ്രവർത്തന രീതിയിൽ നിന്ന് പിന്തുണയിലേക്കുള്ള ഈ മാറ്റം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ സ്ഥിരം സംരക്ഷകരാക്കി മാറ്റുന്നു. നിലവിൽ അതിദാരിദ്ര്യത്തിൽ നിന്ന് കരകയറിയവർക്ക് സുസ്ഥിരമായ ജീവിത സാഹചര്യങ്ങൾ ഇത് ഉറപ്പാക്കുന്നു, കൂടാതെ അതിദാരിദ്ര്യത്തിന് തൊട്ടുമുകളിലുള്ളവരെ അതിദാരിദ്ര്യത്തിലേക്ക് വീഴുന്നത് തടയുന്നതിനുള്ള ഒരു സുരക്ഷാ വല സൃഷ്ടിക്കുന്നു.

അദ്ധ്യായം

# 03

# കൃഷിയും അനുബന്ധ മേഖലകളും

# കൃഷിയും അനുബന്ധ മേഖലകളും

## 3.1 കാർഷിക മേഖല

ഭക്ഷ്യസുരക്ഷ, ധനസമാഹാരം, മൊത്തത്തിലുള്ള സാമൂഹിക-സാമ്പത്തിക വികസനം എന്നിവയ്ക്ക് പ്രധാനമായും സംഭാവന നൽകുന്ന കാർഷിക മേഖല സമ്പദ്‌വ്യവസ്ഥയിലെ നിർണ്ണായക വിഭാഗമാണ്. ലോകജനസംഖ്യയുടെ ഏതാണ്ട് പകുതിയും കുടുംബങ്ങൾ കാർഷിക ഭക്ഷ്യ സംവിധാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മൃഗസംരക്ഷണം, ക്ഷീരവികസനം, ജലസേചനം, മത്സ്യബന്ധനം, വ്യവസായം, കാർഷിക സംസ്കരണ മേഖല, വ്യാപാരം എന്നിവയുൾപ്പെടെയുള്ള വിവിധ മേഖലകളുമായി കാർഷിക മേഖലയ്ക്കുള്ള ശക്തമായ ബന്ധങ്ങൾ, സമഗ്രവും സുസ്ഥിരവുമായ സാമ്പത്തിക വികസനത്തിന് സഹായിക്കുന്നു.

വിവിധ തരം തോട്ടവിളകൾ, നാണ്യവിളകൾ, സുഗന്ധ വ്യഞ്ജനങ്ങൾ, ഭക്ഷ്യവിളകൾ എന്നിവയുടെ കൃഷിയ്ക്ക് അനുകൂലമായ വൈവിദ്ധ്യമാർന്ന കാർഷിക കാലാവസ്ഥാ സാഹചര്യങ്ങളും ചെറിയ കൃഷിയിടങ്ങളും കേരളത്തിന്റെ കാർഷിക മേഖലയുടെ സവിശേഷതകളാണ്. കാലാവസ്ഥാ വ്യതിയാനം, വിഭവ പരിമിതികൾ, വിപണിയിലെ ഏറ്റക്കുറച്ചിലുകൾ എന്നിവ ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും, വൈവിധ്യവൽക്കരണം, സാങ്കേതിക വിദ്യകളുടെ ഉൾപ്പെടുത്തൽ, സ്ഥാപനപരമായ പിന്തുണ എന്നിവയിലൂടെ ഈ മേഖല ചെറുത്തുനിൽപ്പ് തെളിയിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനം വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ കാർഷിക വളർച്ചയുടെ പുനരുജ്ജീവനത്തിനും ഊന്നൽ നൽകുന്നു. കാർഷിക മേഖലയിൽ നേരിടുന്ന വെല്ലുവിളികൾ അഭിമുഖീകരിക്കുന്നതിനും ഉല്പാദനത്തിലെ കുറവ് മൂലമുള്ള പ്രതിസന്ധികൾ ലഘൂകരിക്കുന്നതിനുമായി, സംസ്ഥാനത്തിന്റെ കാർഷിക വികസന പരിപാടികൾ സംയോജിത കൃഷി സമ്പ്രദായങ്ങൾക്ക് മുൻഗണന നൽകുന്ന കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

### കാർഷിക മേഖലയിലെ മൊത്തം മൂല്യവർദ്ധനവ്

രാജ്യത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (2011-12 ലെ സ്ഥിര വിലയിൽ) കൃഷിയുടെയും അനുബന്ധ മേഖലകളുടെയും വിഹിതം 2023-24 ലെ 14.7 ശതമാനത്തിൽ നിന്ന്, 2024-25 ൽ 14.4 ശതമാനമായി (താൽക്കാലികം) നേരിയ തോതിൽ കുറഞ്ഞു. സംസ്ഥാനത്തിന്റെ മൊത്തം ജി.എസ്.വി.എ യിലും (2011-12 ലെ സ്ഥിരവിലയിൽ) കൃഷിയും അനുബന്ധ മേഖലകളുടെയും വിഹിതം 2023-24 ലെ 7.97 ശതമാനത്തിൽ നിന്ന് (താൽക്കാലികം) 2024-25 ൽ 7.64 ശതമാനമായി (ദ്രുതകണക്കെടുപ്പ്) കുറവ് രേഖപ്പെടുത്തി **(പട്ടിക 3.1.1)**.

### വളർച്ചാ നിരക്കിലെ പ്രവണതകൾ

കൃഷിയുടെയും അനുബന്ധ മേഖലകളുടെയും (വിളകൾ, കന്നുകാലികൾ, വനം, മത്സ്യബന്ധനം എന്നിവയുൾപ്പെടെ) 2011-12 ലെ സ്ഥിരവിലയിലുള്ള ജി.എസ്.വി.എ യുടെ വാർഷിക വളർച്ചാ നിരക്ക് ഏറിയും കുറഞ്ഞുമിരിക്കുന്നു. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്കു വകുപ്പിന്റെ കണക്കുകൾ പ്രകാരം 2023-24 ൽ, കൃഷിയുടെയും അനുബന്ധ മേഖലകളുടെയും വാർഷിക വളർച്ചാ നിരക്ക് 1.25 ശതമാനമായിരുന്നു (താൽക്കാലികം). 2024-25 ൽ ഇത് 2.14 ശതമാനമായി (ദ്രുതകണക്കെടുപ്പ്) വർദ്ധിച്ചു **(പട്ടിക 3.1.2)**. 2024-25 ൽ വിള മേഖലയുടെ വാർഷിക വളർച്ചാ നിരക്ക് 2.43 ശതമാനമായിരുന്നു (ദ്രുതകണക്കെടുപ്പ്).

**മൺസൂൺ 2025**

2025 മാർച്ച് 1 മുതൽ മെയ് 31 വരെ സംസ്ഥാനത്ത് ലഭിച്ച കാലവർഷ പൂർവ്വ മഴ 'വലിയ അധികം' വിഭാഗത്തിൽ ഉൾപ്പെടുന്നു. സാധാരണ മഴയായ 359 മില്ലിമീറ്ററിൽ നിന്ന് (+) 116 ശതമാനം വ്യതിയാനത്തോടെ 776.6 മില്ലിമീറ്റർ മഴ ലഭിച്ചു. ആലപ്പുഴ ഒഴികെ, സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളിലും ഈ കാലയളവിൽ 'വളരെ അധികം' തോതിലുള്ള മഴ ലഭിച്ചു. ആലപ്പുഴ ജില്ലയിൽ ലഭിച്ചത് 'അധികം' തോതിലുള്ള മഴയായിരുന്നു.

**പട്ടിക 3.1.1** മൊത്തം മൂല്യവർദ്ധനവിൽ ജി.വി.എ/ ജി.എസ്.വി.എ, കാർഷിക അനുബന്ധ മേഖലകളുടെ പങ്ക്, ദേശീയ തലത്തിലും സംസ്ഥാന തലത്തിലും (സ്ഥിരവില, അടിസ്ഥാന വർഷം 2011-12)

| വർഷം | മൊത്തം മൂല്യവർദ്ധനവിൽ (ജി.വി.എ) കൃഷി അനുബന്ധ മേഖലകളുടെ പങ്ക് (ഇന്ത്യ) (ശതമാനത്തിൽ) | സംസ്ഥാനത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) കൃഷി അനുബന്ധ മേഖലകളുടെ പങ്ക് (കേരളം) (ശതമാനത്തിൽ) |
|---|---|---|
| 2015-16 | 15.4 | 10.74 |
| 2016-17 | 15.2 | 9.96 |
| 2017-18 | 15.3 | 9.61 |
| 2018-19 | 14.8 | 9.03 |
| 2019-20 | 15.1 | 8.55 |
| 2020-21 | 16.3 | 9.64 |
| 2021-22 | 15.6 | 8.92 |
| 2022-23 | 15.5 | 8.37 |
| 2023-24 | 14.7 | 7.97 (പി) |
| 2024-25 | 14.4(പി) | 7.64 (ക്യൂ) |

കുറിപ്പ്: (പി) താൽക്കാലികം, (ക്യൂ) ദ്രുത കണക്കെടുപ്പ്
**അവലംബം:** നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ് 2025, കേന്ദ്ര സർക്കാർ; സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കേരള സർക്കാർ

2025 ൽ, തെക്കുപടിഞ്ഞാറൻ മൺസൂൺ സാധാരണ ആരംഭിക്കുന്ന ജൂൺ 1 ന മുൻപായി മെയ് 24 ന് കേരളത്തിലെത്തി. തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് (2025 ജൂൺ 1 മുതൽ 2025 സെപ്റ്റംബർ 30 വരെ) സംസ്ഥാനത്ത് ലഭിച്ച യഥാർത്ഥ മഴയായ 1752.70 മില്ലിമീറ്റർ, സാധാരണ മഴയായ 2018.6 മില്ലീമീറ്ററിൽ നിന്ന് (-) 13 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തി. ഈ കാലയളവിൽ ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ മഴയുടെ കുറവ് യഥാക്രമം (-) 35 ശതമാനം, (-) 27 ശതമാനം, (-) 36 ശതമാനം എന്നിങ്ങനെയാണ് (**ചിത്രം 3.1.1**). സെപ്റ്റംബർ 17 ന് വിട വാങ്ങേണ്ടിയിരുന്ന തെക്കുപടിഞ്ഞാറൻ കാലവർഷം, 2025 സെപ്റ്റംബർ 14 ന് പിൻവലിയാൻ തുടങ്ങി. 2025 ജനുവരി 1 മുതൽ 2025 ഫെബ്രുവരി 28 വരെ സംസ്ഥാനത്ത് ലഭിച്ച ശൈത്യകാല മഴ 'വലിയ കുറവ്' എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. 2025 ലെ ശൈത്യകാല മഴ, കാലവർഷ പൂർവ്വ മഴ, തെക്ക്-പടിഞ്ഞാറൻ മൺസൂൺ, വടക്ക്-കിഴക്കൻ മൺസൂൺ എന്നീ സീസണുകളിലെ ജില്ല തിരിച്ചുള്ള ലഭ്യമായ മഴ, സാധാരണ മഴ, മഴയുടെ വ്യതിയാനം എന്നിവ **അനുബന്ധം 3.1.1** ൽ നൽകിയിരിക്കുന്നു.

**ഭൂവിനിയോഗ ക്രമം**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ 2024-25 കാലയളവിലെ ഭൂവിനിയോഗ കണക്ക് പ്രകാരം, മൊത്തം ഭൂവിസ്തൃതിയായ 38.86 ലക്ഷം ഹെക്ടറിൽ, മൊത്തം കൃഷി വിസ്തൃതി 25.15 ലക്ഷം ഹെക്ടറും (64.71 ശതമാനം) യഥാർത്ഥ കൃഷി വിസ്തൃതി 19.67 ലക്ഷം ഹെക്ടറുമാണ് (50.61 ശതമാനം). കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി 6.18 ലക്ഷം ഹെക്ടറും (15.89 ശതമാനം) വനമേഖല 10.82 ലക്ഷം ഹെക്ടറുമാണ് (27.83 ശതമാനം). 2024-25 ൽ കാർഷികേതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമി, കൃഷിയിടത്തിൽ ഉൾപ്പെടാത്ത മറ്റ് വൃക്ഷ വിളകളുടെ ഭൂമി, കൃഷിയോഗ്യമായ തരിശുഭൂമി, ഇപ്പോൾ ഉള്ള തരിശുഭൂമിയിൽ ഉൾപ്പെടാത്ത തരിശുഭൂമി എന്നിവയിൽ യഥാക്രമം 1.33, 4.99, 1.44, 0.34 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2023-24 നെ അപേക്ഷിച്ച് കൃഷിയ്ക്ക് ഉപയോഗിക്കാനാവാത്തതും സ്ഥിരം തരിശുമായ ഭൂമി, നിലവിൽ തരിശായി കിടക്കുന്ന ഭൂമി എന്നിവയിൽ യഥാക്രമം 1.33 ശതമാനം, 6.57 ശതമാനം കുറവ് രേഖപ്പെടുത്തി. 2023-24, 2024-25 വർഷങ്ങളിലെ ഭൂവിനിയോഗ ക്രമത്തിന്റെ വിശദവിവരങ്ങൾ **അനുബന്ധം 3.1.2** ൽ നൽകിയിരിക്കുന്നു. 2024-25 ൽ കേരളത്തിലെ ഭൂവിനിയോഗരീതി **ചിത്രം 3.1.2** ൽ കാണിക്കുന്നു.

**പട്ടിക 3.1.2** കേരളത്തിലെ കാർഷിക അനുബന്ധ മേഖലയിലെ മൊത്തം മൂല്യവർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക്, 2015-16 മുതൽ 2024-25 വരെ

| വർഷം | കേരളത്തിലെ വാർഷിക വളർച്ചാ നിരക്ക് (ശതമാനത്തിൽ) |
|---|---|
| 2015-16 | -5.1 |
| 2016-17 | -0.65 |
| 2017-18 | 2.11 |
| 2018-19 | -2.09 |
| 2019-20 | -2.56 |
| 2020-21 | 1.58 |
| 2021-22 | 4.12 |
| 2022-23 | 0.15 |
| 2023-24 | 1.25 (പി) |
| 2024-25 | 2.14 (ക്യൂ) |

കുറിപ്പ്: (പി) താൽക്കാലികം, (ക്യൂ) ദ്രുതകണക്കെടുപ്പ്
**അവലംബം:** സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കേരള സർക്കാർ

സംസ്ഥാനത്തെ കൃഷിയിടങ്ങളുടെ എണ്ണം 2010-11 ൽ 68.31 ലക്ഷമായിരുന്നത് 2015-16 ആയപ്പോൾ 11 ശതമാനം വർദ്ധിച്ച് 75.8 ലക്ഷമായി. കൃഷിയിടങ്ങളുടെ ശരാശരി വലിപ്പം 2010-11 ൽ 0.22 ഹെക്ടർ ആയിരുന്നത് 2015-16 ൽ 0.18 ഹെക്ടറായി കുറഞ്ഞു (**അനുബന്ധം 3.1.3**). 2019 ലെ നാഷണൽ സാമ്പിൾ സർവ്വേയുടെ 77-ാം റൗണ്ട്

**ചിത്രം 3.1.1** തെക്ക്– പടിഞ്ഞാറൻ കാലവർഷത്തിൽ 2025 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ലഭിച്ച മഴ




**അവലംബം:** ഇന്ത്യ കാലാവസ്ഥാ വകുപ്പ് 2025

കാർഷിക കുടുംബങ്ങളുടെ സ്ഥിതി വിലയിരുത്തൽ കണക്ക് പ്രകാരം സംസ്ഥാനത്തെ 33.2 ശതമാനം ഗ്രാമീണ കുടുംബങ്ങളും കാർഷിക കുടുംബങ്ങളുമാണ്. ദേശീയ–തലത്തിൽ ഇത് 54 ശതമാനമാണ്. സംസ്ഥാനത്തെ കാർഷിക കുടുംബങ്ങളിൽ 34.4 ശതമാനവും വിള മേഖലയിൽ സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ദേശീയ തലത്തിൽ ഇത് 68.9 ശതമാനമാണ്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കേരള സർക്കാർ നടത്തിയ കേരളത്തിലെ കാർഷിക കുടുംബങ്ങളുടെ സാഹചര്യ വിലയിരുത്തൽ സർവ്വേ (2024–25) പ്രകാരം, സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ 19.47 ലക്ഷം കാർഷിക കുടുംബങ്ങളും 26.75 ലക്ഷം കാർഷികേതര കുടുംബങ്ങളുമുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കാർഷിക കുടുംബങ്ങളുടെ ശരാശരി പ്രതിമാസ വരുമാനം (നിലവിലെ വിലയിൽ) 28,984 രൂപയാണ്. 2026 ആകുമ്പോഴേക്കും ശരാശരി കാർഷിക കുടുംബ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനോ മറികടക്കുന്നതിനോ ഉള്ള പാതയിലാണ് സംസ്ഥാനമെന്ന് സർവ്വേയിൽ നിന്നുള്ള കണ്ടെത്തലുകൾ സൂചിപ്പിക്കുന്നു.

### വിളക്രമം

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രകാരം 2024–25 ലെ സംസ്ഥാനത്തെ വിള തീവ്രത 127.86 ശതമാനമാണ്. സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 30.44 ശതമാനം തെങ്ങ് കൃഷിയും തുടർന്ന് 21.78 ശതമാനം റബ്ബർ കൃഷിയുമാണ്. 2024–25 ൽ മൊത്തം കൃഷി വിസ്തൃതിയുടെ 7.01 ശതമാനമാണ് നെൽകൃഷി ചെയ്തത്. തോട്ടവിളകളായ തേയില, കാപ്പി, റബ്ബർ, ഏലം എന്നിവ മൊത്തം കൃഷി വിസ്തൃതിയുടെ 28.22 ശതമാനം വരുന്നു. 2023–24 നെ അപേക്ഷിച്ച് ഇഞ്ചി, മഞ്ഞൾ, കശുവണ്ടി, മധുരക്കിഴങ്ങ് എന്നിവയുടെ വിസ്തൃതിയിൽ 2024–25 ൽ യഥാക്രമം 7.85 ശതമാനം, 7.50 ശതമാനം, 2.05 ശതമാനം, 0.82 ശതമാനം എന്നിങ്ങനെ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.1.4** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ചിത്രം 3.1.2** 2024–25 ൽ കേരളത്തിലെ ഭൂവിനിയോഗരീതി




**അവലംബം:** സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, കേരള സർക്കാർ

**വിള തിരിച്ചുള്ള വിശകലനം**

**നെല്ല്**

ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യ–കാർഷിക സംഘടന (എഫ്.എ.ഒ) റിപ്പോർട്ട് പ്രകാരം 2024–25 ൽ ലോകത്തെ നെല്ലുല്പാദനം 546.6 ദശലക്ഷം ടണ്ണായിരുന്നു. ആഗോള നെല്ലുല്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്തും ചൈന രണ്ടാം സ്ഥാനത്തുമാണ്. 2025–26 ലെ മുൻകൂർ ആഗോള നെല്ലുല്പാദനം 551.5 ദശലക്ഷം ടണ്ണാണ് (മില്ലിംഗ് അടിസ്ഥാനം). കാർഷിക കർഷകക്ഷേമ മന്ത്രാലയത്തിന്റെ ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ മൂന്നാം അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം 2024–25 ൽ ഇന്ത്യയിലെ നെല്ലുല്പാദനം 1,490.74 ലക്ഷം ടണ്ണായി കണക്കാക്കപ്പെടുന്നു. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 8.16 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.

2024–25 ൽ സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 7.01 ശതമാനം നെൽകൃഷിയായിരുന്നു. നെൽകൃഷിയുടെ (നെൽവയൽ) വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ യഥാക്രമം 1.76 ലക്ഷം ഹെക്ടർ, 5.30 ലക്ഷം ടൺ, ഹെക്ടറിന് 3006 കിലോഗ്രാം എന്നിങ്ങനെ ആയിരുന്നു. 2023–24 ലെ നെല്ലിന്റെ ഉല്പാദനക്ഷമതയുമായി താരതമ്യപ്പെടുത്തുമ്പോൾ, 2024–25 ലെ ഉല്പാദനക്ഷമതയിൽ ഹെക്ടറിന് 43 കിലോഗ്രാമിന്റെ വർദ്ധനവുണ്ടായി. 2024–25 ൽ നെൽകൃഷി വിസ്തൃതിയിൽ (നെൽവയൽ) 1.45 ശതമാനം നേരിയ കുറവ് രേഖപ്പെടുത്തി, ഉല്പാദനം സ്ഥിരമായി തുടർന്നു. കഴിഞ്ഞ ദശാബ്ദകാലത്തെ നെൽകൃഷി വിസ്തൃതി വിശകലനം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ നെൽകൃഷി വിസ്തൃതി രേഖപ്പെടുത്തിയിട്ടുള്ളത് 2020–21 ലാണെന്ന് കാണാം. അതായത് നെൽകൃഷി വിസ്തൃതി 2.02 ലക്ഷം ഹെക്ടറും ഉല്പാദനം 6.27 ലക്ഷം ടണ്ണുമായിരുന്നു (**അനുബന്ധം 3.1.5**). 2023–24 നെ അപേക്ഷിച്ച് 2024–25 ൽ പുഞ്ച (വേനൽക്കാലം) കൃഷിയുടെ വിസ്തൃതി 5.43 ശതമാനം വർദ്ധിച്ചു, മുണ്ടകൻ (ശീതകാലം), വിരിപ്പ് (ശരത്കാലം) കൃഷികളുടെ വിസ്തൃതിയിൽ യഥാക്രമം 4.06 ശതമാനവും 6.99 ശതമാനവും കുറവുണ്ടായി. സീസൺ തിരിച്ചുള്ള ഉല്പാദനത്തിന്റെ കാര്യത്തിൽ, 2024–25 ലെ മുണ്ടകൻ, വിരിപ്പ് കൃഷികളുടെ ഉല്പാദനം നേരിയ തോതിൽ കുറഞ്ഞു. അതേ കാലയളവിൽ പുഞ്ച കൃഷിയുടെ ഉല്പാദനം 1,916.32 മെട്രിക് ടൺ വർദ്ധിച്ചു. മൂന്ന് സീസണുകളിൽ, പുഞ്ച ഹെക്ടറിന് 3,100 കിലോഗ്രാം എന്ന ഉയർന്ന ഉല്പാദനക്ഷമത രേഖപ്പെടുത്തി, തൊട്ടുപിന്നാലെ മുണ്ടകൻ കൃഷി ഹെക്ടറിന് 3,046 കിലോഗ്രാമും വിരിപ്പ് ഹെക്ടറിന് 2,790 കിലോഗ്രാമും ഉല്പാദനക്ഷമത രേഖപ്പെടുത്തി (**അനുബന്ധം 3.1.6**).

2024–25 ൽ സംസ്ഥാനത്തെ ആകെ നെൽകൃഷി വിസ്തൃതിയുടെ (നെൽവയൽ) 38.93 ശതമാനം മുണ്ടകൻ കൃഷിയാണ്, ഇതിൽ ഏറ്റവും കൂടുതൽ വിസ്തൃതിയായ 19,475.03 ഹെക്ടർ പാലക്കാട് ജില്ലയിലാണ്. വിരിപ്പ് കൃഷിയുടെ വിസ്തൃതിയിലും മുൻപന്തിയിലുള്ളത് പാലക്കാട് ജില്ലയാണ് (28,689.30 ഹെക്ടർ). സംസ്ഥാനത്തെ മൊത്തം വിരിപ്പ് കൃഷി ഉല്പാദനത്തിന്റെ 69.92 ശതമാനവും പാലക്കാട് ജില്ലയിൽ നിന്നാണ്. 2024–25 ൽ 57,389.91 മെട്രിക് ടൺ ഉല്പാദനത്തോടെ പുഞ്ച കൃഷിയിൽ മുന്നിട്ട് നിന്നത് (23,329.62 ഹെക്ടർ) ആലപ്പുഴ ജില്ലയാണ് (**അനുബന്ധം 3.1.7**).

2024–25 ൽ, സംസ്ഥാനത്തെ ആകെയുള്ള നെൽകൃഷി വിസ്തൃതിയുടെ 81.53 ശതമാനം പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ നിന്നാണ്, ഈ ജില്ലകൾ മൊത്തം നെല്ലുല്പാദനത്തിന്റെ 83.14 ശതമാനവും സംഭാവന ചെയ്തു. നെല്ലിന്റെ വിസ്തൃതിയിലും ഉല്പാദനത്തിലും പാലക്കാട് ജില്ല ഒന്നാം സ്ഥാനം നേടി, തൊട്ടുപിന്നിൽ ആലപ്പുഴ ജില്ലയാണ്. ഉല്പാദനക്ഷമതയുടെ കാര്യത്തിൽ, പാലക്കാട് ജില്ല (ഹെക്ടറിന് 3,281 കിലോഗ്രാം) ഒന്നാം സ്ഥാനത്തും, തുടർന്ന് മലപ്പുറം ജില്ലയുമാണ് (ഹെക്ടറിന് 3,220 കിലോഗ്രാം). 2024–25 ൽ നെല്ലിന്റെ വിസ്തൃതിയിലും ഉല്പാദനത്തിലും ഏറ്റവും ഉയർന്ന വളർച്ച പാലക്കാട് ജില്ല രേഖപ്പെടുത്തി, വിസ്തൃതിയിൽ മുൻ വർഷത്തേക്കാൾ 1.82 ശതമാനം വർദ്ധനവും ഉല്പാദനത്തിൽ 18 ശതമാനം ഗണ്യമായ വർദ്ധനവും രേഖപ്പെടുത്തി. 2024–25 ൽ നെൽവയൽ കൃഷിയ്ക്ക് പുറമേ, 163.05 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്തു. കരനെൽ കൃഷിയിൽ നിന്നും ഉല്പാദനം 221.38 മെട്രിക് ടണ്ണും, ഉല്പാദനക്ഷമത ഹെക്ടറിന് 1,358 കിലോഗ്രാമും രേഖപ്പെടുത്തി (**അനുബന്ധം 3.1.8**).

2024–25 ൽ, നെൽകൃഷി വിസ്തൃതിയിൽ 98.43 ശതമാനവും അതായത് 1.74 ലക്ഷം ഹെക്ടറിലും അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങളാണ് കൃഷി ചെയ്തത്. പ്രാദേശിക ഇനങ്ങൾ കൃഷി ചെയ്തത് 2,760.98 ഹെക്ടറിലാണ്. അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങളുടേയും പ്രാദേശിക നെല്ലിനങ്ങളുടെയും കൃഷി വിസ്തൃതി ജില്ലാടിസ്ഥാനത്തിൽ **അനുബന്ധം 3.1.9** ലും **അനുബന്ധം 3.1.10** ലും നൽകിയിരിക്കുന്നു.

'നെല്ല് വികസന' പദ്ധതിയിലൂടെ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംസ്ഥാനത്തെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കുട്ടനാട്, ഓണാട്ടുകര, പൊക്കാളി, കോൾ, പാലക്കാട്, വയനാട്, കൈപ്പാട് തുടങ്ങിയ തിരഞ്ഞെടുത്ത മേഖലകളിലെ നെൽകൃഷി പ്രോത്സാഹനത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. വിസ്തൃതി വികസനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന പിന്തുണ, തരിശുഭൂമിയിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം, സവിശേഷ നെല്ലിനങ്ങളുടെ കൃഷി, സൂക്ഷ്മ പോഷകങ്ങളുടെ പ്രയോഗം, രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം, നെൽ വികസന ഏജൻസികൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവ ഈ പദ്ധതി മുഖാന്തിരം നടപ്പിലാക്കി. സുസ്ഥിര നെല്ല് വികസനത്തിന്റെ ഭാഗമായി, ഹെക്ടറിന് 5,500 രൂപ എന്ന നിരക്കിൽ ഇൻപുട്ട് സബ്സിഡി നൽകി വരുന്നുണ്ട്.

**പച്ചക്കറികൾ**

2024–25 ൽ, സംസ്ഥാനത്ത് 1.22 ലക്ഷം ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുകയും ഉല്പാദനം (വാഴയും പ്ലാന്റെയിനുകളും ഉൾപ്പെടെ) 17.21 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 19.11 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തു. ഈ മേഖലയിൽ സ്വയംപര്യാപ്തതയും പോഷകാഹാര സുരക്ഷയും കൈവരിക്കുന്നതിനായി പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനം 'പച്ചക്കറി വികസന' പദ്ധതി നടപ്പിലാക്കി വരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്

പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം), പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്), കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ കൾ), കേരള കാർഷിക സർവ്വകലാശാല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തി മിഷൻ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നു. 2024–25 ൽ കൃഷി വകുപ്പിന്റെ പ്രധാന പരിപാടികൾ അത്യുല്പാദനശേഷിയുള്ളതും/സങ്കരയിനങ്ങളുമായ പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, വീട്ടുവളപ്പുകളിലും നഗരപ്രദേശങ്ങളിലും സ്ഥാപനങ്ങളിലും പച്ചക്കറി കൃഷിയ്ക്കുള്ള പിന്തുണ, തുറസ്സായ സ്ഥലങ്ങളിലെ കൃത്യത കൃഷി പ്രോത്സാഹിപ്പിക്കൽ, ഇടുക്കി, വയനാട് ജില്ലകളിലെ ശൈത്യകാല പച്ചക്കറി കൃഷി, പച്ചക്കറി ക്ലസ്റ്ററുകൾക്കുള്ള സഹായം, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്നിവയായിരുന്നു. 2024–25 ൽ വീട്ടുവളപ്പുകളിൽ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കൽ ആരംഭിക്കുകയും സംസ്ഥാനത്ത് ആകെ 87,000 പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. മഴമറകളിലുള്ള പച്ചക്കറി കൃഷിക്കു 100 ചതുരശ്ര മീറ്ററിന് 50,000 രൂപ എന്ന നിരക്കിൽ സഹായം നൽകി. 2024–25 ൽ 25,724 ചതുരശ്ര മീറ്റർ പ്രദേശത്ത് മഴമറകൾക്ക് കീഴിലുള്ള പച്ചക്കറി കൃഷിയ്ക്ക് പിന്തുണ നല്കി. കൂടാതെ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ ഗുണനിലവാരവും അളവും പരിശോധിക്കുന്നതിനായി കാർഷിക കോളേജ്, വെള്ളായണിയിലെ പെസ്റ്റിസൈഡ് റെസിഡ്യൂ റിസർച്ച് ആന്റ് അനലിറ്റിക്കൽ ലബോറട്ടറിയിൽ 'കെ.എ.യു സേഫ് ടു ഈറ്റ്' എന്ന പ്രോജക്ട് നടപ്പിലാക്കുന്നു.

കർഷക സമൂഹത്തിന്റെ ഉന്നമനത്തിനായി പച്ചക്കറി, പഴം മേഖലയിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ വി.എഫ്.പി.സി.കെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2024–25 ൽ കൗൺസിലിലെ കർഷകർ 17,212 ഹെക്ടറിൽ നിന്ന് മൊത്തം 81,521 മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിച്ചു.

**തെങ്ങ്**

നാളികേര വികസന ബോർഡ് റിപ്പോർട്ട് ചെയ്യതനുസരിച്ച്, ഇന്റർനാഷണൽ കോക്കനട്ട് കമ്മ്യൂണിറ്റി (ഐ.സി.സി, 2023) കണക്കുകൾ പ്രകാരം, 2023 ൽ ആഗോള നാളികേര ഉല്പാദനം 67,617 ദശലക്ഷം നാളികേരമായിരുന്നു. 2022 ൽ ഇത് 67,122 ദശലക്ഷം നാളികേരമായിരുന്നു. തെങ്ങ് കൃഷി ചെയ്യുന്ന മൂന്ന് പ്രധാന രാജ്യങ്ങളായ ഇന്ത്യ, ഇന്തോനേഷ്യ, ഫിലിപ്പീൻസ് എന്നിവ ആഗോള തെങ്ങ് കൃഷിയിൽ വിസ്തൃതിയുടെ 75 ശതമാനവും ഉല്പാദനത്തിന്റെ 74 ശതമാനത്തിലധികവും സംഭാവന ചെയ്യുന്നു.

കൃഷി കർഷകക്ഷേമ മന്ത്രാലയം 2024–25 ൽ പുറത്തിറക്കിയ രണ്ടാമത്തെ മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം, രാജ്യത്തെ തെങ്ങ് കൃഷി വിസ്തൃതി 22.16 ലക്ഷം ഹെക്ടറും ഉല്പാദനം 20,397.68 ദശലക്ഷം നാളികേരവും ഉല്പാദനക്ഷമത ഹെക്ടറിന് 9,206 നാളികേരവുമായിരുന്നു. മൊത്തം തെങ്ങ് കൃഷിയുടെ 89.36 ശതമാനവും ഉല്പാദനത്തിന്റെ 90.13 ശതമാനവും നാളികേര കൃഷിയ്ക്ക് പ്രാധാന്യമുള്ള തെക്കൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കേരളം, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവയുടെ സംഭാവനയായിരുന്നു. രാജ്യത്തെ പ്രധാന നാളികേര കൃഷി മേഖലകളിലെ ഉല്പാദനത്തെ ബാധിക്കുന്ന ഘടകങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള പരിപാടികൾ നാളികേര വികസന ബോർഡ് നടപ്പിലാക്കി വരുന്നു. കാറ്റ് വീഴ്ച ബാധിച്ച പ്രദേശങ്ങൾക്കായുള്ള പദ്ധതികൾ, കാർഷിക സർവ്വകലാശാലകളുമായും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിച്ച് ഗവേഷണ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പ്രത്യേകമായി ആവിഷ്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നാളികേര വികസന ബോർഡ് നടത്തുന്നു.

സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ 30.44 ശതമാനം വരുന്ന 7.66 ലക്ഷം ഹെക്ടർ പ്രദേശത്ത് 2024–25 കാലയളവിൽ നാളികേരകൃഷി ചെയ്തു. 2023–24 നെ അപേക്ഷിച്ച് 222 ഹെക്ടറിന്റെ നേരിയ കുറവ് ഈ വിസ്തൃതിയിൽ രേഖപ്പെടുത്തി. 2024–25 ൽ സംസ്ഥാനത്തെ നാളികേര ഉല്പാദനം 5,612 ദശലക്ഷം നാളികേരമായിരുന്നു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 1.62 ശതമാനം നേരിയ വർദ്ധനവാണ് കാണിക്കുന്നത്. 2023–24 ൽ ഹെക്ടറിന് 7,211 നാളികേരമായിരുന്ന ഉല്പാദനക്ഷമത 2024–25 ൽ ഹെക്ടറിന് 7,330 നാളികേരമായി വർദ്ധിച്ചു. സംസ്ഥാന നാളികേര മേഖലയുടെ പ്രകടനം കഴിഞ്ഞ അഞ്ച് വർഷമായി ഏറിയും കുറഞ്ഞുമായിരുന്നു (**അനുബന്ധം 3.1.11**)

സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖേന ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനുമുള്ള പരിപാടികൾ നാളികേര മേഖലയിലെ കർഷകർക്ക് അടിസ്ഥാന തലങ്ങളിൽ നൽകി. നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ക്ലസ്റ്റർ അധിഷ്ഠിത–കേരഗ്രാമം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കി. തെങ്ങിന്റെ തടം തുറക്കൽ, പുതയിടൽ, സംയോജിത പോഷക പരിപാലനം (ഐ.എൻ.എം), സംയോജിത കീടരോഗ പരിപാലനം (ഐ.പി.ഡി.എം), ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, ജൈവ വള ഉല്പാദനം, ക്ലൈംബിംഗ് മെഷീനുകളുടെ വിതരണം, നാളികേര അധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കൽ എന്നിവയുൾപ്പെടെയുള്ള സംയോജിത നാളികേര പരിപാലനം കേരഗ്രാമം പരിപാടിയിലൂടെ നടത്തിയ പ്രധാന പ്രവർത്തനങ്ങളായിരുന്നു. കൂടാതെ, തെങ്ങ് കൃഷിയിൽ ശാസ്ത്രീയ പരിപാലന രീതികളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തുടനീളം കേര രക്ഷാവാരം ക്യാമ്പയിൻ സംഘടിപ്പിച്ചു. ഈ സംരംഭങ്ങളിലൂടെ ഭാവിയിൽ മികച്ച വിളവും ഉല്പാദനവും കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നാളികേര വികസന കൗൺസിലിന്റെ കീഴിലുള്ള തെങ്ങിൻ തൈ വിതരണ പരിപാടിയുടെ ഭാഗമായി, നെടിയ ഇനം (ഡബ്ല്യൂ.സി.റ്റി), കുള്ളൻ ഇനം, ഹൈബ്രിഡ് ഇനം എന്നിവ ഉൾപ്പെടുന്ന ആകെ 56.44 ലക്ഷം തെങ്ങിൻ തൈകൾ 2020–21 മുതൽ 2024–25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു (**പട്ടിക 3.1.3**).

**പട്ടിക 3.1.3** നാളികേര വികസന കൗൺസിലിന്റെ ഭാഗമായി വിതരണം ചെയ്ത തെങ്ങിൻതൈകളുടെ എണ്ണം (2020-21 മുതൽ 2024-25 വരെ)

| വർഷം | നെടിയ ഇനം | കുള്ളൻ ഇനം | സങ്കരയിനം | ആകെ |
|---|---|---|---|---|
| 2020-21 | 606967 | 29217 | 120986 | 757170 |
| 2021-22 | 898647 | 31293 | 130052 | 1059992 |
| 2022-23 | 1123790 | 40965 | 98812 | 1263567 |
| 2023-24 | 1173095 | 69509 | 144827 | 1387431 |
| 2024-25 | 975428 | 76962 | 123613 | 1176003 |
| **ആകെ** | **4777927** | **247946** | **618290** | **5644163** |

**അവലംബം:** കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള സർക്കാർ

**കുരുമുളക്**

അന്താരാഷ്ട്ര കുരുമുളക് കമ്മ്യൂണിറ്റിയുടെ എസ്റ്റിമേറ്റ്സ് പ്രകാരം, 2024 ൽ കുരുമുളക് ഉല്പാദനത്തിലും കയറ്റുമതിയിലും വിയറ്റ്നാം ഒന്നാം സ്ഥാനം നിലനിർത്തുകയും ആഗോള കുരുമുളക് ഉല്പാദനത്തിന്റെ 31.90 ശതമാനവും കയറ്റുമതിയുടെ 52.30 ശതമാനവും സംഭാവന ചെയ്തു. ആഗോള ഉല്പാദനത്തിന്റെ 19.70 ശതമാനം വിഹിതവുമായി ബ്രസീൽ രണ്ടാം സ്ഥാനത്താണ്. ആഗോള കുരുമുളക് ഉല്പാദന വിഹിതത്തിന്റെ 16.50 ശതമാനം സംഭാവന ചെയ്യുന്ന ഇന്ത്യ, മൂന്നാമത്തെ വലിയ കുരുമുളക് ഉല്പാദക രാജ്യമാണ് (യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട്, 2025).

സുഗന്ധവ്യഞ്ജന ബോർഡിന്റെ ആദ്യ മുൻകൂർ കണക്കുകൾ പ്രകാരം, 2024-25 ൽ ഇന്ത്യയിലെ കുരുമുളകിന്റെ വിസ്തൃതിയും ഉല്പാദനവും യഥാക്രമം 18.63 ശതമാനത്തിന്റെയും 38.48 ശതമാനത്തിന്റെയും കുറവ് രേഖപ്പെടുത്തി. മുൻനിര കുരുമുളക് ഉല്പാദന സംസ്ഥാനങ്ങളായ കർണാടക, കേരളം എന്നിവിടങ്ങളിൽ ഉല്പാദനത്തിൽ കുത്തനെ കുറവുണ്ടായി. 2024-25 ൽ കർണാടകയിൽ നിന്നുള്ള കുരുമുളക് കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും യഥാക്രമം 1.64 ലക്ഷം ഹെക്ടറും 47,891 മെട്രിക് ടണ്ണും ആയി കണക്കാക്കപ്പെടുന്നു. ഇത് 2023-24 നെ അപേക്ഷിച്ച് വിസ്തൃതിയിൽ 26.41 ശതമാനത്തിന്റെയും ഉല്പാദനത്തിൽ 44.31 ശതമാനത്തിന്റെയും കുറവ് രേഖപ്പെടുത്തുന്നു. 2024 ഒക്ടോബറിൽ ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട് ആന്റ് സ്പൈസസ് ഡെവലപ്മെന്റ് (ഡി.എ.എസ്.ഡി) നടത്തിയ കുരുമുളക് സർവ്വേ പ്രകാരം, കുരുമുളക് കൃഷി ചെയ്യുന്ന പ്രധാന സംസ്ഥാനങ്ങളിൽ ഉല്പാദനത്തിൽ കുറവുണ്ടായതായി റിപ്പോർട്ട് ചെയ്തു. കുരുമുളക് തിരിയിടുന്ന സമയത്തുണ്ടായ നീണ്ടുനിൽക്കുന്ന വരൾച്ചയും തുടർന്ന് ലഭിച്ച കനത്തതും തുടർച്ചയായ കനത്ത മഴയുമാണ് ഈ കുറവിന് പ്രധാന കാരണങ്ങളായി സർവ്വേയിൽ പ്രതിപാദിക്കുന്നത്.

ദേശീയ തലത്തിൽ കുരുമുളകിന്റെ വിസ്തൃതിയിലും ഉല്പാദനത്തിലുമുണ്ടായ കുറവിന്റെ പ്രവണത കേരളത്തിലും പ്രതിഫലിച്ചു. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ കണക്കനുസരിച്ച് കുരുമുളക് കൃഷിയുടെ വിസ്തൃതി 2023-24 ലെ 72,669.27 ഹെക്ടറിൽ നിന്ന് 2024-25 ൽ 69,891.07 ഹെക്ടറായി കുറഞ്ഞു, ഏകദേശം 3.82 ശതമാനത്തിന്റെ കുറവ്. കുരുമുളകിന്റെ ഉല്പാദനവും (ഉണങ്ങിയത്) 2023-24 ലെ 30,798.21 ടണ്ണിൽ നിന്ന് 2024-25 ൽ 29,503.42 ടണ്ണായി കുറഞ്ഞു. ഇത് 4.20 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. എന്നാൽ, ഉല്പാദനക്ഷമതയുടെ കാര്യത്തിൽ നേരിയ വ്യതിയാനം മാത്രമാണുണ്ടായത്, ഉല്പാദനക്ഷമത ഹെക്ടറിന് 424 കിലോഗ്രാം എന്നതിൽ നിന്ന് കുറഞ്ഞ് ഹെക്ടറിന് 422 കിലോഗ്രാം രേഖപ്പെടുത്തി (**അനുബന്ധം 3.1.4**).

സുഗന്ധവ്യഞ്ജന ബോർഡിന്റെ കണക്കനുസരിച്ച്, 2024-25 ൽ ഇന്ത്യയിൽ നിന്നുള്ള കുരുമുളകിന്റെ കയറ്റുമതി 20,830 ടണ്ണായിരുന്നു, 2023-24 നെ അപേക്ഷിച്ച് 16.43 ശതമാനം വർദ്ധനവ് കയറ്റുമതിയിൽ രേഖപ്പെടുത്തി. കുരുമുളകിന്റെ കയറ്റുമതി മൂല്യം 2023-24 ലെ 736.49 കോടി രൂപയിൽ നിന്ന് 2024-25 ൽ 1055.00 കോടി രൂപയായി, 43.25 ശതമാനത്തിന്റെ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തി.

**കശുവണ്ടി**

2023 ലെ ഭക്ഷ്യകാർഷിക സംഘടനയുടെ സ്ഥിതി വിവര കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ കശുവണ്ടി ഉല്പാദിപ്പിക്കുന്നത് ഐവറി കോസ്റ്റും തുടർന്ന് ഇന്ത്യയും വിയറ്റ്നാമുമാണ്.

കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റിന്റെ (ഡി.സി.സി.ഡി) മൂന്നാം മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം 2024-25 കാലയളവിൽ രാജ്യത്തെ അസംസ്കൃത കശുവണ്ടിയുടെ ഉല്പാദനം 8.02 ലക്ഷം മെട്രിക് ടണ്ണായിരുന്നു. 2023-24 നെ അപേക്ഷിച്ച് അസംസ്കൃത കശുവണ്ടി ഉല്പാദനത്തിൽ 0.94 ശതമാനത്തിന്റെ നേരിയ വർദ്ധനവുണ്ടായി. കശുവണ്ടി കൃഷി വിസ്തൃതി 2023-24 ലെ 11.99 ലക്ഷം ഹെക്ടറിൽ നിന്നും വർദ്ധിച്ച് 2024-25 ൽ 12.05 ലക്ഷം ഹെക്ടർ രേഖപ്പെടുത്തി (**അനുബന്ധം 3.1.12**). 2024-25 ൽ കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനത്തിന്റെ 23.98 ശതമാനം സംഭാവന ചെയ്യുന്ന മഹാരാഷ്ട്രയാണ് ഇന്ത്യയിൽ കശുവണ്ടി കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിൽ മുന്നിലുള്ളത്. തൊട്ടുപുറകിൽ 17.43 ശതമാനം സംഭാവന ചെയ്യുന്നത് ആന്ധ്രാപ്രദേശാണ്. ആഭ്യന്തര ഉല്പാദനത്തിന്റെ 9.30 ശതമാനം വിഹിതവുമായി കേരളം ആറാം സ്ഥാനത്തായിരുന്നു.

ക്യാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ (സി.ഇ.പി.സി.ഐ) റിപ്പോർട്ട് പ്രകാരം, 2024-25 ൽ ഇന്ത്യ 2,473 കോടി രൂപ വില വരുന്ന 37,084 മെട്രിക് ടൺ കശുവണ്ടി കയറ്റുമതി ചെയ്തു. യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യു.എ.ഇ) ആയിരുന്നു ഇന്ത്യൻ കശുവണ്ടിയുടെ ഏറ്റവും വലിയ കയറ്റുമതി വിപണി,

തൊട്ടുപിന്നിൽ ജപ്പാനാണ്. മുൻ വർഷത്തെ അപേക്ഷിച്ച് 2024-25 ൽ കശുവണ്ടി കയറ്റുമതിയിൽ 19.79 ശതമാനം കുറവ് രേഖപ്പെടുത്തി.

ഡി.സി.സി.ഡി യുടെ മൂന്നാമത്തെ മുൻകൂർ എസ്റ്റിമേറ്റ് പ്രകാരം, 2024-25 ൽ സംസ്ഥാനത്തെ കശുമാവ് കൃഷിയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും യഥാക്രമം 1.13 ലക്ഷം ഹെക്ടറും, ഹെക്ടറിന് 888 കിലോഗ്രാമും ആയി വർദ്ധിച്ചു. 2024-25 ൽ സംസ്ഥാനത്ത് നിന്നുള്ള കശുമാവിന്റെ ഉല്പാദനം 74,658 മെട്രിക് ടണ്ണായിരുന്നു (സി.ഇ.പി.സി.ഐ).

**തോട്ടവിളകൾ**

കയറ്റുമതി, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ സാധ്യതകൾ കണക്കിലെടുക്കുമ്പോൾ തോട്ടവിളകൾ ദേശീയ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാന പങ്ക് വഹിക്കുന്നു. റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാല് തോട്ടവിളകളുടെ കൃഷിയിൽ കേരളം ഗണ്യമായ പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് 7.1 ലക്ഷം ഹെക്ടർ പ്രദേശത്ത് ഈ നാല് വിളകൾ കൃഷി ചെയ്യുന്നു. സംസ്ഥാനത്തിന്റെ മൊത്തം കൃഷി വിസ്തൃതിയുടെ 28 ശതമാനം തോട്ടവിളകളാണ് (**അനുബന്ധം 3.1.13**).

**റബ്ബർ**

യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട് 2025 പ്രകാരം, 2024 ൽ ആഗോള പ്രകൃതിദത്ത റബ്ബർ (എൻ.ആർ) ഉല്പാദനം 14.54 ദശലക്ഷം ടണ്ണായിരുന്നു. ഇത് 2023 നെ അപേക്ഷിച്ച് 1.8 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. പ്രകൃതിദത്ത റബ്ബർ ഉല്പാദിപ്പിക്കുന്ന പ്രധാന രാജ്യങ്ങളിൽ, തായ്‌ലന്റാണ് ഏറ്റവും കൂടുതൽ ഉല്പാദനം രേഖപ്പെടുത്തിയത് – 47.89 ലക്ഷം ടൺ, തൊട്ടുപുറകിൽ 22.62 ലക്ഷം ടൺ ഉല്പാദനവുമായി ഇന്തോനേഷ്യയാണുള്ളത്. ആഗോള പ്രകൃതിദത്ത റബ്ബർ ഉല്പാദനത്തിന്റെ ആറ് ശതമാനം വിഹിതമുള്ള ആറാമത്തെ വലിയ ഉല്പാദക രാജ്യമായിരുന്നു ഇന്ത്യ. 2024 ൽ പ്രകൃതിദത്ത റബ്ബറിന്റെ ആഗോള ഉപഭോഗവും മുൻ വർഷത്തെ അപേക്ഷിച്ച് 7.10 ശതമാനം വർദ്ധിച്ചു. 2024 ലെ പ്രകൃതിദത്ത റബ്ബർ ഉപഭോഗത്തിന്റെ കാര്യത്തിൽ ചൈനയ്ക്ക് തൊട്ടു പുറകിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്.

റബ്ബർ ബോർഡിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം, 2024-25 ൽ രാജ്യത്തെ സ്വാഭാവിക റബ്ബർ ഉല്പാദനം മുൻ വർഷത്തേക്കാൾ 2.10 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. റബ്ബറിന്റെ ഉല്പാദനക്ഷമത 2023-24 ൽ ഹെക്ടറിന് 1,485 കിലോഗ്രാമായിരുന്നത് 2024-25 ൽ ഹെക്ടറിന് 1,500 കിലോഗ്രാമായി വർദ്ധിച്ചു. രാജ്യത്ത് സ്വാഭാവിക റബ്ബർ കൃഷി ചെയ്യുന്ന വിസ്തൃതി 2023-24 ലെ 8.88 ലക്ഷം ഹെക്ടറിൽ നിന്ന് 2024-25 ൽ 9.39 ലക്ഷം ഹെക്ടറായി.

പ്രധാന വിളകളിൽ, തെങ്ങിന് ശേഷം സംസ്ഥാനത്തെ രണ്ടാമത്തെ വലിയ വിസ്തൃതി റബ്ബറിനുണ്ട്, മൊത്തം കൃഷി വിസ്തൃതിയുടെ 21.78 ശതമാനം. റബ്ബർ ബോർഡിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം, 2024-25 ൽ, സംസ്ഥാനത്തെ റബ്ബർ ഉല്പാദനം 2023-24 നെ അപേക്ഷിച്ച് 2.55 ശതമാനം വർദ്ധിച്ച് 6.25 ലക്ഷം ടണ്ണായി. 2024-25 ൽ റബ്ബറിന്റെ വിസ്തൃതി 5.48 ലക്ഷം ഹെക്ടറായിരുന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് മാറ്റമില്ലാതെ തുടരുന്നു. റബ്ബറിന്റെ ഉല്പാദനക്ഷമത 2023-24 ൽ ഹെക്ടറിന് 1,573 കിലോഗ്രാമായിരുന്നത് 2024-25 ൽ ഹെക്ടറിന് 1,586 കിലോഗ്രാമായി വർദ്ധിച്ചു (**അനുബന്ധം 3.1.13**).

2024-25 ൽ ഇന്ത്യയുടെ ആഭ്യന്തര റബ്ബർ ഉപഭോഗം 0.06 ലക്ഷം ടൺ കുറഞ്ഞ് 14.10 ലക്ഷം ടണ്ണിലെത്തി. 2024-25 ൽ ഇന്ത്യ മൊത്തം 4,800 ടൺ റബ്ബർ കയറ്റുമതി ചെയ്തു, ഇത് മുൻ വർഷത്തെ കയറ്റുമതി അളവിനേക്കാൾ 600 ടൺ വർദ്ധനവ് രേഖപ്പെടുത്തി (യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട്, 2025). റബ്ബർ ഇറക്കുമതി, 2023-24 ലെ 4.93 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2024-25 ൽ 5.51 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു (**അനുബന്ധം 3.1.14**). ആർ.എസ്.എസ് 4 ഗ്രേഡ് റബ്ബറിന്റെ വാർഷിക ശരാശരി ആഭ്യന്തര വില 2023-24 ലെ 100 കിലോയ്ക്ക് 15,572 എന്ന രൂപയിൽ നിന്ന് വർദ്ധിച്ച് 2024-25 ൽ 100 കിലോയ്ക്ക് 19,985 രൂപയായി. 2025 ലെ ആദ്യ മൂന്ന് മാസങ്ങളിൽ ആഭ്യന്തര വിപണിയിൽ പ്രകൃതിദത്ത റബ്ബറിന്റെ വിലയിൽ വർദ്ധനവുണ്ടായി (**അനുബന്ധം 3.1.15 ഉം 3.1.16 ഉം**).

**കാപ്പി**

യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട് 2025 പ്രകാരം, അന്താരാഷ്ട്ര കോഫി ഓർഗനൈസേഷൻ 2024 ൽ ആഗോള കാപ്പി ഉല്പാദനം 174.41 ദശലക്ഷം ബാഗുകൾ (60 കിലോ ബാഗുകൾ) ആയി കണക്കാക്കുന്നു. ആഗോള കാപ്പി ഉല്പാദനത്തിന്റെ 38.30 ശതമാനം വിഹിതവുമായി ബ്രസീൽ ഒന്നാം സ്ഥാനത്തും, 16.4 ശതമാനം വിഹിതവുമായി വിയറ്റ്നാം രണ്ടാം സ്ഥാനത്തും എത്തി. ആഗോള കാപ്പി ഉല്പാദനത്തിൽ 3.5 ശതമാനം വിഹിതവുമായി ഇന്ത്യ ഏഴാം സ്ഥാനത്താണ്.

2024-25 ൽ ആഭ്യന്തര കാപ്പി ഉല്പാദനം 3.64 ലക്ഷം മെട്രിക് ടണ്ണായി കോഫി ബോർഡ് കണക്കാക്കുന്നു, ഇതിൽ റോബസ്റ്റ കാപ്പി ഉല്പാദനം 2.58 ലക്ഷം മെട്രിക് ടണ്ണും അറബിക്ക കാപ്പി ഉല്പാദനം 1.06 ലക്ഷം മെട്രിക് ടണ്ണുമാണ്. പ്രധാനമായും കാപ്പി ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ, 2.56 ലക്ഷം മെട്രിക് ടൺ ഉല്പാദനവുമായി കർണാടക ഒന്നാം സ്ഥാനം നിലനിർത്തി, തൊട്ടുപിന്നിൽ കേരളമാണ്.

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് റിപ്പോർട്ട് അനുസരിച്ച്, 2024-25 ൽ സംസ്ഥാനത്ത് കോഫി ബോർഡ് കണക്കാക്കിയ കാപ്പി ഉല്പാദനം 3.82 ശതമാനം കുറവോടെ 70,933 മെട്രിക് ടണ്ണാണ്. സംസ്ഥാനത്ത് 2024-25 ൽ കാപ്പി കൃഷിയുടെ വിസ്തൃതി 85,957 ഹെക്ടറും (**അനുബന്ധം 3.1.13**), ഉല്പാദനക്ഷമത ഹെക്ടറിന് 834 കിലോഗ്രാമുമായിരുന്നു.

**തേയില**

അന്താരാഷ്ട്ര തേയില കമ്മിറ്റിയുടെ കണക്കനുസരിച്ച്, ആഗോള തേയില ഉല്പാദനം 7,052.60 ദശലക്ഷം കിലോഗ്രാമായി കണക്കാക്കപ്പെടുന്നു. 2024 ൽ ആഗോള തേയില ഉല്പാദനത്തിന്റെ 53 ശതമാനം സംഭാവന ചെയ്യുന്ന ചൈനയാണ് ഒന്നാം സ്ഥാനത്തുള്ളത്. ഇന്ത്യയും കെനിയയും

**പട്ടിക 3.1.4** വിള തിരിച്ചുള്ള രാസജൈവകീടനാശിനികളുടെ ഉപഭോഗം, ടെക്നിക്കൽ ഗ്രേഡ്, മെട്രിക് ടണ്ണിൽ

| ഉല്പന്നം | രാസ കീടനാശിനികൾ | | ജൈവകീടനാശിനികൾ | | ആകെ | |
|---|---|---|---|---|---|---|
| | 2023-24 | 2024-25 | 2023-24 | 2024-25 | 2023-24 | 2024-25 |
| നെല്ല് | 116.58 | 147.04 | 128.74 | 114.67 | 245.32 | 261.71 |
| പച്ചക്കറികൾ | 78.91 | 73.53 | 88.86 | 86.14 | 167.77 | 159.67 |
| സുഗന്ധവ്യഞ്ജനങ്ങൾ | 67.46 | 76.87 | 67.62 | 69.24 | 135.08 | 146.11 |
| തേങ്ങ | 70.21 | 67.66 | 92.58 | 68.05 | 162.79 | 135.72 |
| അടയ്ക്ക | 34.9 | 47.56 | 37.06 | 35.67 | 71.96 | 83.23 |
| വാഴ | 101.56 | 91.80 | 118.15 | 114.55 | 219.71 | 206.35 |
| **ആകെ** | **469.62** | **504.47** | **533.01** | **488.32** | **1002.63** | **992.79** |

കുറിപ്പ്: ഖാരിഫ്, റാബി സീസണുകളുടെ സംയോജിത ഡാറ്റ
**അവലംബം:** കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള സർക്കാർ

യഥാക്രമം 18.5 ശതമാനവും 8.5 ശതമാനവും വിഹിതത്തോടെ രണ്ടും മൂന്നും സ്ഥാനത്താണ് (യു.പി.എ.എസ്.ഐ വാർഷിക റിപ്പോർട്ട്, 2025)

തേയില ബോർഡിന്റെ കണക്കനുസരിച്ച്, 2024-25 ൽ ആഭ്യന്തര തേയില ഉല്പാദനം 1,315.77 ദശലക്ഷം കിലോഗ്രാമാണ്. ആസാം രാജ്യത്തെ ഏറ്റവും കൂടുതൽ തേയില ഉല്പാദിപ്പിക്കുന്ന സംസ്ഥാനമായിരുന്നു (666.82 ദശലക്ഷം കിലോഗ്രാം), തൊട്ടുപിന്നിൽ പശ്ചിമ ബംഗാളാണ് (387.51 ദശലക്ഷം കിലോഗ്രാം). 2024-25 ൽ ഇന്ത്യയിൽ നിന്നുള്ള തേയിലയുടെ കയറ്റുമതി അളവ് 257.88 ദശലക്ഷം കിലോഗ്രാം രേഖപ്പെടുത്തി. കൊച്ചിയിലെ തേയിലയുടെ ലേല വില കിലോഗ്രാമിന് 162.18 രൂപയായിരുന്നു (**അനുബന്ധം 3.1.17**).

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് റിപ്പോർട്ട് അനുസരിച്ച്, കേരളത്തിൽ തേയിലത്തോട്ടങ്ങളുടെ വിസ്തീർണ്ണം 2024-25 ൽ 35,697.16 ഹെക്ടറും 2023-24 ൽ 35,679.82 ഹെക്ടറുമായിരുന്നു. കൃഷിയുടെ വ്യാപ്തി രണ്ട് വർഷത്തിനിടയിൽ ഏതാണ്ട് മാറ്റമില്ലാതെ തുടർന്നതായി ഇത് സൂചിപ്പിക്കുന്നു. 2024-25 ൽ സംസ്ഥാനത്ത് തേയിലയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും യഥാക്രമം 57,290 മെട്രിക് ടണ്ണും ഹെക്ടറിന് 1,605 കിലോഗ്രാമും രേഖപ്പെടുത്തി (**അനുബന്ധം 3.1.13**).

### ഏലം

ഗ്വാട്ടിമാല കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ ചെറിയ ഏലം ഉല്പാദിപ്പിക്കുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ, കാലാവസ്ഥാ വ്യതിയാനവും കീട രോഗ ബാധയും ആഗോളതലത്തിൽ ഏലം ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചു. 2024-25 ലെ സുഗന്ധവ്യഞ്ജന ബോർഡിന്റെ അഡ്വാൻസ് എസ്റ്റിമേറ്റ് അനുസരിച്ച്, ഇന്ത്യയിലെ ചെറിയ ഏലം ഉല്പാദനം 20,696 മെട്രിക് ടണ്ണായി കണക്കാക്കപ്പെടുന്നു. ഇത് 2023-24 നെ അപേക്ഷിച്ച് 18 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. 2024-25 ൽ കേരളത്തിലെ ഏലം ഉല്പാദനം 20 ശതമാനം കുറഞ്ഞ് 18,310 മെട്രിക് ടണ്ണായി. 2023-24 ലും 2024-25 ലും ചെറിയ ഏലം കൃഷി വിസ്തൃതി 40,345 ഹെക്ടറായി തുടർന്നു. പ്രതികൂല കാലാവസ്ഥയും കീടബാധയും കാരണം മൊത്തത്തിലുള്ള ഉല്പാദനത്തിൽ ഇടിവുണ്ടായെങ്കിലും, ഉല്പാദനക്ഷമത 2023-24 ൽ ഹെക്ടറിന് 567 കിലോഗ്രാമായിരുന്നത് 2024-25 ൽ 608.41 കിലോഗ്രാമായി വർദ്ധിച്ചു (**അനുബന്ധം 3.1.13**). സുഗന്ധവ്യഞ്ജന ബോർഡിന്റെ 2024-25 ലെ കയറ്റുമതി വിവര പ്രകാരം, ഇന്ത്യ 1,56,682 ലക്ഷം രൂപ വിലമതിക്കുന്ന 6,728 ടൺ ചെറിയ ഏലം കയറ്റുമതി ചെയ്തു. 2023-24 ൽ കയറ്റുമതി ചെയ്ത 99,959.85 ലക്ഷം രൂപ വിലമതിക്കുന്ന 6,168 ടണ്ണുമായി താരതമ്യപ്പെടുത്തുമ്പോൾ, കയറ്റുമതി അളവിൽ 9 ശതമാനത്തിന്റെയും മൂല്യത്തിൽ 57 ശതമാനത്തിന്റെയും (രൂപ) വർദ്ധനവ് രേഖപ്പെടുത്തി, ഇത് ആഗോള തലത്തിൽ ഇന്ത്യൻ ചെറിയ ഏലത്തിന്റെ ഉയർന്ന ആവശ്യകതയും കയറ്റുമതി വിലയും സൂചിപ്പിക്കുന്നു.

### വളങ്ങളുടെയും കീടനാശിനികളുടെയും ഉപഭോഗം

**പട്ടിക 3.1.4** ൽ സൂചിപ്പിക്കുന്നതുപോലെ 2024-25 ൽ ഏറ്റവുമധികം കീടനാശിനി ഉപഭോഗം നടന്നത് നെൽകൃഷിയിലും തുടർന്ന് വാഴ കൃഷിയിലും സുഗന്ധവ്യഞ്ജന കൃഷിയിലുമായിരുന്നു. 2024-25 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കീടനാശിനികളുടെ ആകെ ഉപഭോഗം 992.79 മെട്രിക് ടണ്ണാണ്. ഇതിൽ 504.47 മെട്രിക് ടൺ രാസ കീടനാശിനികളും 488.32 മെട്രിക് ടൺ ജൈവ കീടനാശിനികളുമാണ്.

2023-24 നെ അപേക്ഷിച്ച്, നൈട്രജൻ, പൊട്ടാസ്യം വളങ്ങളുടെ ആകെ ഉപഭോഗം 2024-25 ൽ വർദ്ധിച്ചു. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ ഉപഭോഗം യഥാക്രമം 75,636 മെട്രിക് ടൺ, 32,569 മെട്രിക് ടൺ, 59,676 മെട്രിക് ടൺ എന്നിങ്ങനെയായിരുന്നു (**പട്ടിക 3.1.5**). നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങളുടെ ഒരു ഹെക്ടറിന്റെ ഉപഭോഗം യഥാക്രമം 28 കിലോഗ്രാം, 12 കിലോഗ്രാം, 22 കിലോഗ്രാം എന്നിങ്ങനെയാണ് (**അനുബന്ധം 3.1.18**).

### കുടുംബശ്രീ മുഖേനയുള്ള കാർഷിക പ്രവർത്തനങ്ങൾ

ദാരിദ്ര്യ നിർമാർജ്ജനവും സ്ത്രീ ശാക്തീകരണവും പ്രധാന ദൗത്യങ്ങളായി ഏറ്റെടുത്തിരിക്കുന്ന കുടുംബശ്രീ, സംസ്ഥാനത്തെ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലേക്ക് (ജെ.എൽ.ജി) സ്ത്രീകളെ

അണിനിരത്തിയും കൂട്ടു കൃഷി പ്രോത്സാഹിപ്പിച്ചും, ഉപജീവന മാർഗ്ഗങ്ങളും ഭക്ഷ്യസുരക്ഷയും വർദ്ധിപ്പിക്കുന്നതിൽ കുടുംബശ്രീ നിർണായക പങ്ക് വഹിക്കുന്നു. വനിതാ ജെ.എൽ.ജി കളുടെ നേതൃത്വത്തിലുള്ള പാട്ട കൃഷി ഉൾപ്പെടെ സംസ്ഥാനത്തുടനീളമുള്ള നിരവധി കാർഷിക പ്രവർത്തനങ്ങളിൽ കുടുംബശ്രീ സജീവമായി ഇടപെട്ടു. 2024-25 വരെ വിവിധ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആകെ 94,594 ജെ.എൽ.ജി കൾ രൂപീകരിച്ചു. 2024-25 ൽ നെല്ല്, പച്ചക്കറികൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ യഥാക്രമം 6,802.63 ഹെക്ടർ, 6,555.66 ഹെക്ടർ, 894.57 ഹെക്ടർ, 4835.78 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. മറ്റ് വിളകൾ കൃഷി ചെയ്തത് 1,558.38 ഹെക്ടറിലാണ്. 2024-25 ൽ ആകെ 61,216 ജെ.എൽ.ജി കൾ ഈ വിളകളുടെ കൃഷിയിൽ ഏർപ്പെട്ടിരുന്നു. ജെ.എൽ.ജി കൾക്ക് ഏരിയ ഇൻസെന്റീവായും പലിശ സബ്സിഡിയായും ആകെ 10.50 കോടി രൂപ നൽകി. 2024-25 ൽ കൂട്ടു കൃഷി ചെയ്ത പ്രദേശത്തിന്റെ വിശദാംശങ്ങൾ (**അനുബന്ധം 3.1.19**) ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.5** സംസ്ഥാനത്തെ വളങ്ങളുടെ (എൻ.പി.കെ) ഉപഭോഗം 2019-20 മുതൽ 2024-25 വരെ, മെട്രിക് ടണ്ണിൽ

| വർഷം | നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാസ്യം |
|---|---|---|---|
| 2019-20 | 75292 | 36797 | 55866 |
| 2020-21 | 89238 | 42613 | 75085 |
| 2021-22 | 76682 | 36327 | 50072 |
| 2022-23 | 83594 | 39819 | 64751 |
| 2023-24 | 69794 | 32740 | 57263 |
| 2024-25 | 75636 | 32569 | 59676 |

**അവലംബം:** കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരളം

ജെ.എൽ.ജി കളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കുടുംബശ്രീ, 'നാട്ടുചന്ത' എന്ന പേരിൽ ആഴ്ചതോറുമുള്ള വിപണികൾ നടത്തുകയും ആകെ 31,376 നാട്ടുചന്തകൾ സംഘടിപ്പിച്ച്, 16.48 കോടി രൂപയുടെ വരുമാനം നേടുകയും ചെയ്തു. കുടുംബശ്രീ ഓണക്കാലത്ത് നടത്തിയ 'ഓണക്കനി', 'നിറപൊലിമ' തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ, പച്ചക്കറി വിപണിയിൽ നിന്ന് 7.79 കോടി രൂപയുടെയും പൂക്കളിൽ നിന്ന് 3 കോടി രൂപയുടെയും വിറ്റുവരവ് നേടി. 'വേനൽ മധുരം' പദ്ധതിയുടെ കീഴിൽ, 987 ജെ.എൽ.ജി കൾ 756 ഏക്കറിൽ തണ്ണിമത്തൻ കൃഷിയിൽ ഏർപ്പെട്ടിരുന്നു. സംസ്ഥാനത്തുടനീളം 3.32 ലക്ഷം കാർഷിക പോഷക തോട്ടങ്ങൾ, 855 ജൈവിക സസ്യ നഴ്സറികൾ, 250 ബഡ്സ്/ബി.ആർ.സി സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, 264 ഇടത്തരം മൂല്യവർദ്ധന യൂണിറ്റുകൾ, 1,126 ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ എന്നിവ കുടുംബശ്രീയുടെ മറ്റ് പ്രധാന നേട്ടങ്ങളാണ്.

സംസ്കരണം, സ്മാർട്ട് ഫാമിംഗ്, ജൈവകൃഷി, പാക്കേജിംഗ്, ലൈസൻസിംഗ്, ബ്രാൻഡിംഗ് തുടങ്ങിയ മേഖലകളിലെ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സ്ത്രീകൾ നയിക്കുന്ന സ്വയം സഹായ സംഘങ്ങൾ, ഉല്പാദനകഗ്രൂപ്പുകൾ, കർഷക ഉല്പാദന കമ്പനികൾ എന്നിവയെ സജ്ജമാക്കുന്നതിനുള്ള ഒരു പുതിയ ഇടപെടലാണ് കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം (കെ.റ്റി.എ.പി). കെ.റ്റി.എ.പി യുടെ കീഴിൽ ഒരു ടെക്നോളജി ബാങ്ക് സൃഷ്ടിക്കുന്നതിലൂടെ, വനിതാ അംഗങ്ങൾക്ക് സാങ്കേതിക വിദ്യകൾ ലഭ്യമാക്കുവാനും ഉപയോഗിക്കുവാനും സാധിക്കും. ഈ പരിപാടിയുടെ കീഴിൽ, സാങ്കേതിക കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുമായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് കുടുംബശ്രീ 180 സാങ്കേതികവിദ്യകൾ ലഭ്യമാക്കി.

### മണ്ണ് സംരക്ഷണം

സംസ്ഥാനത്തെ സുസ്ഥിര മണ്ണ് വിഭവ പരിപാലനത്തിന്റെയും കാർഷിക വികസനത്തിന്റെയും സുപ്രധാന ഘടകമാണ് മണ്ണ് സംരക്ഷണം. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, സുസ്ഥിരമായ ഭൂവിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭൂനശീകരണത്തിനെതിരായ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനുമുള്ള വിപുലമായ സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംരംഭങ്ങളിൽ മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠത നിലനിർത്തലും, മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ, നീരൊഴുക്ക് നിയന്ത്രിക്കുക, മണ്ണിന്റെ ഈർപ്പം സംരക്ഷിക്കൽ, പ്രളയ നിയന്ത്രണ നടപടികൾ, സമഗ്രമായ നീർത്തട മാനേജ്മെന്റ് സമീപനത്തിലൂടെ ഉപ്പുവെള്ളം കയറുന്നത് ലഘൂകരിക്കൽ എന്നിവ ഉൾപ്പെടുന്നു. മണ്ണിന്റെയും ഭൂവിഭവങ്ങളുടെയും ശാസ്ത്രീയ ഡാറ്റാബേസ് വകുപ്പ് വികസിപ്പിക്കുകയും കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുള്ള പിന്തുണ നൽകുകയും ചെയ്യുന്നു.

2024-25ൽ 30,000 മണ്ണ് സാമ്പിളുകൾ പരിശോധിക്കുക എന്ന വാർഷിക ലക്ഷ്യം മറികടന്ന് മൊത്തം 46,857 മണ്ണ് പരിശോധനകൾ നടത്തുകയും 30,336 സോയിൽ ഹെൽത്ത് കാർഡുകൾ (എസ്.എച്ച്.സി കൾ) കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ ലബോറട്ടറികളും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നേടിയതിലൂടെ ഉയർന്ന നിലവാരമുള്ള അനലിറ്റിക്കൽ സേവനങ്ങൾ ഉറപ്പാക്കി. മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറി വയനാട് ജില്ലയിൽ 26 ഫീൽഡ് ക്യാമ്പയിനുകൾ നടത്തി, 712 മണ്ണ് സാമ്പിളുകൾ വിശകലനം ചെയ്യുകയും തുല്യ എണ്ണം എസ്.എച്ച്.സി കൾ വിതരണം ചെയ്യുകയും ചെയ്തു. മണ്ണിന്റെ ഫലഭൂയിഷ്ഠത പരിശോധിച്ച് കർഷകർക്ക് വേണ്ട നിർദേശങ്ങൾ നൽകുന്നതിന് 'മണ്ണ്' മൊബൈൽ ആപ്ലിക്കേഷൻ പരിഷ്കരിച്ചു. മറ്റ് സ്ഥാപനങ്ങൾക്ക് അനലിറ്റിക്കൽ ലബോറട്ടറി സേവനങ്ങൾ നൽകിയതിലൂടെ 5.52 ലക്ഷം രൂപ നികുതിയേതര വരുമാനം നേടി. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, മൊത്തം 1.20 ലക്ഷം മണ്ണ് സാമ്പിളുകൾ പരിശോധിക്കുകയും 80,000 ൽ അധികം എസ്.എച്ച്.സി.കൾ വിതരണം ചെയ്യുകയും ചെയ്തു.

2024-25 കാലയളവിൽ സോയിൽ ഇൻഫർമാറ്റിക്സ് സെൽ 36,497 ഹെക്ടർ പ്രദേശത്തെ മണ്ണ് സർവേ പൂർത്തിയാക്കി. പഞ്ചായത്തുകളുടെ ഡിജിറ്റൽ സോയിൽ

**ബോക്സ് 3.1.1** കേരള ക്ലൈമറ്റ് റെസീലിയന്റ് അഗ്രി–വാല്യൂ ചെയിൻ മോഡണൈസേഷൻ പ്രോജക്ട് (കേര പ്രോജക്ട്)

ലോകബാങ്ക് ധനസഹായത്തോടെ പ്രവർത്തിക്കുന്ന കേരള ക്ലൈമറ്റ് റെസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പ്രോജക്ട് 2024–25 ൽ ആരംഭിച്ചു. കേരയുടെ ആകെ പദ്ധതി ചെലവ് 285 ദശലക്ഷം യു.എസ് ഡോളറാണ്. 200 ദശലക്ഷം യു.എസ് ഡോളറിന്റെ ലോകബാങ്ക് സഹായത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്. കേരളത്തിന്റെ ഭക്ഷ്യ–കാർഷിക മേഖലയുടെ പ്രതിരോധശേഷിയും വാണിജ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് കേര പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2024 ഒക്ടോബർ 31 ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു കീഴിൽ ഇത് അംഗീകരിക്കപ്പെട്ടു. അഞ്ച് വർഷം നീണ്ടു നിൽക്കുന്ന ഈ പ്രോജക്ട് 2029 നവംബർ 30 ന് അവസാനിക്കും. കാർഷിക മേഖലയിലെ കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കൽ, മൂല്യവർദ്ധനയിലൂടെ ചെറുകിട കർഷകരുടെ വാണിജ്യവൽക്കരണം ശക്തിപ്പെടുത്തൽ, കാർഷിക ബിസിനസും ഭക്ഷ്യ സംവിധാനവും ശക്തിപ്പെടുത്തൽ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, ആകസ്മിക അടിയന്തിര പ്രതികരണം എന്നിങ്ങനെ അഞ്ച് പ്രധാന ഘടകങ്ങളെ ആസ്പദമാക്കിയാണ് കേര പ്രോജക്ട് രൂപകല്പന ചെയ്തിരിക്കുന്നത്. 2024–25, 2025–26 ബജറ്റുകളിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ 100 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

നിലവിൽ പദ്ധതിയ്ക്ക് മൂന്ന് റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുണ്ട് (ആർ.പി.എം.യു – കൾ), അതായത് ആർ.പി.എം.യു നോർത്ത്, ആർ.പി.എം.യു സെൻട്രൽ, ആർ.പി.എം.യു സൗത്ത്, അവയുടെ ആസ്ഥാനം യഥാക്രമം കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലാണ്. കൂടാതെ, വ്യവസായ വാണിജ്യ വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, കേരള സ്റ്റാർട്ടപ്പ് മിഷൻ, കിൻഫ്ര എന്നീ നാല് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളും (പി.ഐ.യു കൾ) പദ്ധതിയിൽ ചേർന്നു. 2025 മാർച്ച് 31 വരെ നീണ്ടുനിന്ന പദ്ധതി തയ്യാറെടുപ്പ് ഘട്ടത്തിൽ 6.16 കോടി രൂപ ചെലവഴിച്ചു. കൂടാതെ, എല്ലാ പ്രോജക്ട് ഘടകങ്ങൾക്കുമായി കൺസൾട്ടൻസി പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവർത്തനങ്ങൾ പുരോഗമിക്കുക.

സർവേ(ഡി.എസ്.എസ്) നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 35,111 ഹെക്ടർ പ്രദേശം ഉൾപ്പെടുത്തി, 230 പഞ്ചായത്തുകളുടെ സോയിൽ മാപ്പുകൾ ഡിജിറ്റൈസ് ചെയ്യുകയും 27 റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഭൂവർഗ്ഗീകരണത്തിനുള്ള ഡാറ്റാ ബാങ്ക് സൃഷ്ടിക്കുക എന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 62 പഞ്ചായത്തുകളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയാക്കി.

ആർ.ഐ.ഡി.എഫ് സഹായത്തോടെയുള്ള നീർത്തട പദ്ധതിയുടെ കീഴിൽ 13.02 കോടി രൂപ ചെലവിൽ 7,680 ഹെക്ടറിലധികം പ്രദേശത്ത് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും 1.75 കോടി രൂപ ചെലവിൽ പ്രധാന മലയോര ജില്ലകളിലെ 562 ഹെക്ടറിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുകയും ചെയ്തു. അരുവിക്കര, ശാസ്താംകോട്ട, പെരുവണ്ണാമൂഴി ജലസംഭരണികളിൽ 32 ലക്ഷം രൂപ ചെലവിൽ 104 ഹെക്ടറിലധികമുള്ള വൃഷ്ടി പ്രദേശത്ത് സംരക്ഷണ പ്രവർത്തനങ്ങളും തൃത്താല, കുറ്റ്യാടി മണ്ഡലങ്ങളിലെ മൈക്രോ വാട്ടർഷെഡ് പദ്ധതികൾ മുഖേന 1.42 കോടി രൂപ ചെലവിൽ 605 ഹെക്ടർ പ്രദേശം സംരക്ഷിക്കുകയും ചെയ്തു. നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻഐഡിഎ) യുടെ സുസ്ഥിര മൈക്രോ നീർത്തട പദ്ധതികൾക്ക് കീഴിൽ തളിപ്പറമ്പിലെ 380 ഹെക്ടർ പ്രദേശത്ത് മൊത്തം 4.26 കോടി രൂപ ചെലവഴിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ആലപ്പുഴ, പാലക്കാട് ജില്ലകളിലെ കുളങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത ജലാശയങ്ങളുടെ പുനരുജ്ജീവനവും ഭൂഗർഭജല റീചാർജ് സംരംഭങ്ങളും 80 ലക്ഷം രൂപ ചെലവിൽ 43 ഹെക്ടറിൽ ഏറ്റെടുത്ത് നടപ്പിലാക്കി.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ 42.82 കോടി രൂപ ചെലവിൽ 15,532 ഹെക്ടറിലധികം പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയപ്പോൾ 9.37 കോടി രൂപയുടെ മണ്ണ്, ജലസംരക്ഷണ പദ്ധതികൾ ജില്ലാ പഞ്ചായത്ത് ഫണ്ടുകളിലൂടെ നടപ്പാക്കി. കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (എസ്.ഡബ്ല്യു.എ.കെ) യുടെ കീഴിലുള്ള തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ 57.9 ലക്ഷം രൂപ ചെലവിൽ ഏറ്റെടുത്തു. കൂടാതെ, ഇടുക്കി, കാസറഗോഡ് പാക്കേജുകളിൽ ഉൾപ്പെടുന്ന മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി.

### കാർഷിക വിപണനം

സംസ്ഥാനത്തെ ഗ്രാമ, നഗര പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന മൊത്ത, ചില്ലറ വിപണികളുടെ ഒരു ശൃംഖല കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തെ പിന്തുണയ്ക്കുന്നു. ഈ വിപണന കേന്ദ്രങ്ങൾ വിവിധ തലങ്ങളിൽ പ്രവർത്തിച്ച്, കർഷകരിൽ നിന്ന് നേരിട്ടുള്ള ശേഖരണം അല്ലെങ്കിൽ ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ്സ് മോഡലുകൾ പോലുള്ള വിവിധ സമാഹരണ രീതികളിലൂടെ കാർഷിക ഉല്പന്നങ്ങളുടെ വില്പന സംസ്ഥാനത്ത് സാധ്യമാക്കുന്നു.

കർഷകർ, എഫ്.പി.ഒ കൾ, കർഷക കൂട്ടായ്മകൾ, മറ്റ് കർഷക സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിവിധ കാർഷിക ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ന്യായവിലയ്ക്ക് കാർഷിക ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുമായി കൃഷി വകുപ്പ് 'കേരളാഗ്രോ' എന്ന ഏകീകൃത ബ്രാന്റിൽ കാർഷിക ഉല്പന്നങ്ങളുടെ വിപണനം ആരംഭിച്ചു. സംസ്ഥാനത്തുടനീളം 'കേരളാഗ്രോ' സ്ഥാപനങ്ങളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആകെ 15 കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ ആരംഭിച്ചു. ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി, ഓരോ ജില്ലയിലും ഒരു കേരളാഗ്രോ ഔട്ട്ലറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ വഴി ഏകദേശം 200 കേരളാഗ്രോ ബ്രാൻഡഡ് ഉല്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. ഇതുവരെ 144 സംരംഭകർ

വികസിപ്പിച്ചെടുത്ത 853 ഉല്പന്നങ്ങൾ കേരളാഗ്രോയ്ക്ക് കീഴിൽ ബ്രാൻഡിംഗിനായി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (കെയ്കോ) 13 ഉല്പന്നങ്ങൾ, ഹോർട്ടികോർപ്പിന്റെ 48 ഉല്പന്നങ്ങൾ, ഓണാട്ടുകര വികസന ഏജൻസിയുടെ ഒരു ഉല്പന്നം, ഓയിൽ പാം ഇന്ത്യയിൽ നിന്നുള്ള ഏഴ് ഉല്പന്നങ്ങൾ, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള 39 പ്രസിദ്ധീകരണങ്ങൾ എന്നിവ ബ്രാൻഡിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമീണ കർഷക വിപണികൾ ശക്തിപ്പെടുത്തൽ, പുതിയ ബൽക്കിംഗ് പോയിന്റുകളും ശേഖരണ കേന്ദ്രങ്ങളും രൂപീകരിക്കൽ, നിലവിലുള്ള കർഷക വിപണികൾക്ക് അടിസ്ഥാന സൗകര്യങ്ങളും പരിപാലന പിന്തുണയും നൽകൽ എന്നിവയുൾപ്പെടെ വിവിധ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ കാർഷിക വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിന് 2024-25 ൽ വി.എഫ്.പി.സി.കെ സംഭാവന നൽകി. വി.എഫ്.പി.സി.കെ രൂപീകരിച്ച 296 സ്വാശ്രയ കർഷക സമിതികളിലൂടെ 295 കോടി രൂപയുടെ, 86,283 മെട്രിക് ടൺ പച്ചക്കറികളുടെയും പഴങ്ങളുടെയും വ്യാപാരം നടന്നു. കൂടാതെ, സംസ്ഥാനത്ത് ആകെ 110 റീട്ടെയിൽ ഔട്ട്ലറ്റുകൾ (തളിർ, സസ്യ ബ്രാൻഡുകൾ), 219 വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക വിപണികളിൽ അഗ്മാർക്ക് നെറ്റ് നോഡുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു.

കർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുന്നതിനൊപ്പം ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ താങ്ങാനാവുന്ന വിലയ്ക്ക് വിതരണം ചെയ്യുന്നതിനായി, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച്, ഉത്സവ സീസണിൽ കൃഷി വകുപ്പ് 'ഓണസമൃദ്ധി' പഴം, പച്ചക്കറി വിപണികൾ സംഘടിപ്പിച്ചു. 2024-25 ൽ ആകെ 1,956 ഓണം വിപണികൾ നടത്തി. ഇതിൽ കൃഷി വകുപ്പിന്റെ 1,076 വിപണികളും, ഹോർട്ടികോർപ്പിന്റെ 720 വിപണികളും, വി.എഫ്.പി.സി.കെ യുടെ 160 വിപണികളും ഉൾപ്പെടുന്നു.

പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിൽ സ്ഥാപിതമായ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ), സംസ്ഥാനത്ത് ഒരു സുസ്ഥിരതയുള്ളതും വിപണിയെ അടിസ്ഥാനമാക്കിയുള്ളതുമായ കാർഷിക സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പാണ്. അസംഘടിതമായ വിതരണ ശൃംഖലകൾ, പരിമിതമായ വിപണി, മൂല്യവർദ്ധനവ്, മന്ദഗതിയിലുള്ള കാർഷിക വരുമാനം തുടങ്ങിയ പ്രധാന വെല്ലുവിളികളെ നേരിടുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2023 ആഗസ്റ്റ് 2 ന് കാബ്കോ സ്ഥാപിക്കുന്നതിന് കേരള സർക്കാർ ഔദ്യോഗികമായി അംഗീകാരം നൽകി. അഗ്രി ടവർ, എക്സ്പോ സെന്ററുകൾ, മേഖലാ കേന്ദ്രീകൃത അഗ്രോ പാർക്കുകൾ എന്നിവയുൾപ്പെടെ കേരളത്തിലുടനീളം ലോകോത്തര കാർഷിക ബിസിനസ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി 695 കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾ കാബ്കോ നിർദ്ദേശിച്ചിട്ടുണ്ട്.

**വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും**

കാർഷിക മേഖലയുടെ കാര്യക്ഷമതയും ലാഭക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും ഒരു പ്രധാന പങ്ക് വഹിക്കുന്നു. വിളവെടുപ്പിനു ശേഷമുള്ള ഫലപ്രദമായ പരിപാലനം നഷ്ടം കുറയ്ക്കുകയും, ഗുണനിലവാരം നിലനിർത്തുകയും, കൃഷിയിടത്തിൽ നിന്ന് വിപണിയിലേയ്ക്കുള്ള ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു. മൂല്യവർദ്ധനവ്, സംസ്കരണം, ഉല്പന്ന വൈവിധ്യവല്ക്കരണം എന്നിവ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, കാർഷികാധിഷ്ഠിത ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കർഷകർക്കും സംരംഭകർക്കും പ്രയോജനം ചെയ്യുന്ന അഗ്രിബിസിനസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിജയകരമായ അഗ്രിബിസിനസ് സംരംഭങ്ങൾ സ്ഥാപിക്കാനും പ്രവർത്തിപ്പിക്കുവാനും ആവശ്യമായ പിന്തുണ നൽകുന്നതിനായി, കേരള സർക്കാരിന്റെ കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനമാണ് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി). കർഷക ഉല്പാദക സംഘടനകളുടെ (എഫ്.പി.ഒ കൾ) രൂപീകരണവും പ്രോത്സാഹനവും, വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും, സൂക്ഷ്മ, ചെറുകിട, ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവയാണ് കേരളത്തിൽ എസ്.എഫ്.എ.സി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. 2024-25 ൽ, ആകെ 11 എം.എസ്.എം.ഇ യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി മുഖാന്തിരം പിന്തുണ ലഭിച്ചു. കൂടാതെ, എഫ്.പി.ഒ കളുടെ പ്രോത്സാഹനത്തിനായി ആർ.കെ.വി.വൈ സ്കീമിന് കീഴിൽ 50 പുതിയ എഫ്.പി.ഒ കളുടെ രൂപീകരണവും നിലവിലുള്ള 50 എഫ്.പി.ഒ കളുടെ ശാക്തീകരണ പ്രവർത്തനങ്ങളും 2024-25 ൽ തുടർന്നു.

കേന്ദ്ര എസ്.എഫ്.എ.സി യുടെ കീഴിൽ എഫ്.പി.ഒ കൾ രൂപീകരിക്കുന്നതിനുള്ള ക്ലസ്റ്റർ അധിഷ്ഠിത ബിസിനസ് ഓർഗനൈസേഷനാണ് (സി.ബി.ബി.ഒ) വി.എഫ്.പി.സി.കെ. അതനുസരിച്ച്, സംസ്ഥാനത്തെ അഞ്ച് ബ്ലോക്കുകളിലായി 5 എഫ്.പി.ഒ കൾ രൂപീകരിച്ചു. പ്രാഥമിക സംസ്കരണം, ജൈവകൃഷി, കയറ്റുമതി, പഴങ്ങൾ, പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, തേൻ എന്നിവയുടെ മൂല്യവർദ്ധനവ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന 41 കർഷക ഉല്പാദക കമ്പനികൾ വി.എഫ്.പി.സി.കെ യുടെ കീഴിൽ രൂപീകരിച്ചു. ഏഴ് പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ (പി.പി.സി കൾ) മുഖാന്തിരം, വി.എഫ്.പി.സി.കെ സൂപ്പർമാർക്കറ്റുകളിലേയ്ക്ക് തളിർ ബ്രാൻഡഡ് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നു. ആർ.കെ.ഐ യുടെ കീഴിൽ ജൈവവും സുരക്ഷിതവുമായ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, 63 തളിർ ഗ്രീൻ ഇക്കോഷോപ്പ് ഔട്ട്ലറ്റുകളുടെ ഒരു ശൃംഖല സ്ഥാപിച്ചു. 2025 ജൂണിൽ കാക്കനാട് തളിർ ബ്രാൻഡിന് കീഴിലുള്ള ഒരു മാതൃകാ റീട്ടെയിൽ ഔട്ട്ലറ്റും കമ്മീഷൻ ചെയ്തു.

കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ (കെ.എസ്.ഡബ്ല്യൂ.സി) 1962 ലെ വെയർഹൗസിംഗ് ആക്ട് പ്രകാരം സ്ഥാപിതമായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ്. കേരള സർക്കാരിന്റെയും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെയും തുല്യ ഓഹരി പങ്കാളിത്തത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. കാർഷികോല്പന്നങ്ങൾക്ക് ശാസ്ത്രീയ സംഭരണം ഉറപ്പാക്കുക എന്നതാണ് വെയർഹൗസിംഗ് പദ്ധതിയുടെ പിന്നിലെ ആശയം. കെ.എസ്.ഡബ്ല്യൂ.സി യ്ക്ക് സംസ്ഥാനത്തുടനീളം 55 വെയർഹൗസുകളുണ്ട്, ആകെ സംഭരണ ശേഷി 2.36 ലക്ഷം മെട്രിക് ടണ്ണും, ശരാശരി സംഭരണ ശേഷി യൂണിറ്റിനു 4,282 മെട്രിക് ടണ്ണുമാണ്. സംസ്ഥാനത്തെ തുറമുഖങ്ങൾ വഴി നടക്കുന്ന ചരക്കുകളുടെ ഇറക്കുമതിയും കയറ്റുമതിയും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന വിധത്തിൽ, എറണാകുളം ജില്ലയിൽ കെ.എസ്.ഡബ്ല്യൂ.സി ഒരു കണ്ടെയ്നർ ചരക്ക് കൈകാര്യ കേന്ദ്രവും കസ്റ്റംസ് ബോണ്ടഡ് വെയർഹൗസും നടത്തിവരുന്നു. നബാർഡ് വെയർഹൗസ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന്റെ പിന്തുണയോടെ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ കൊഴിഞ്ഞാമ്പാറയിൽ 2,345 മെട്രിക് ടൺ, മാവേലിക്കരയിൽ 1,393 മെട്രിക് ടൺ, മുതലമടയിൽ 3,433 മെട്രിക് ടൺ, നോർത്ത് പറവൂരിൽ 672 മെട്രിക് ടൺ, തലശ്ശേരിയിൽ 1,217 മെട്രിക് ടൺ എന്നിങ്ങനെ സംഭരണ ശേഷിയുള്ള പുതിയ വെയർഹൗസുകൾ നിർമ്മിച്ചു. കൂടാതെ, പുനലൂരിലും (2,606 മെട്രിക് ടൺ ശേഷി) ശാസ്താംകോട്ടയിലും (1,840 മെട്രിക് ടൺ ശേഷി) വെയർഹൗസുകളുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. മാറിക്കൊണ്ടിരിക്കുന്ന സംഭരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, ശീതീകരണ സൗകര്യങ്ങളുള്ള ആധുനിക വെയർഹൗസുകളുടെ നിർമ്മാണം കോർപ്പറേഷൻ ആരംഭിച്ചു. വണ്ടൻമേട് വെയർഹൗസിൽ ഒരു പുതിയ ശീതീകരണ സംഭരണ സൗകര്യം ഇതിനകം തന്നെ നടപ്പാക്കി. പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി, വിവിധ സർക്കാർ, സ്വകാര്യ, പൊതു സ്ഥാപനങ്ങൾക്കായി കീട നിയന്ത്രണ പ്രവർത്തനങ്ങളും കോർപ്പറേഷൻ ഏറ്റെടുക്കുന്നു.

**യന്ത്രവൽക്കരണം**

സംസ്ഥാനത്ത് നിലവിലുള്ള കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി, കഴിഞ്ഞ വർഷങ്ങളിൽ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏകജാലക സംവിധാനങ്ങളിലൂടെ എല്ലാ സേവനങ്ങളും നൽകുന്നതിനായി കാർഷിക സേവന കേന്ദ്രങ്ങൾ (എ.എസ്.സി കൾ), കാർഷിക കർമ്മ സേനകൾ (കെ.കെ.എസ് കൾ), കസ്റ്റം ഹയറിംഗ് സെന്ററുകൾ (സി.എച്ച്.സി കൾ) എന്നിവ സംയോജിപ്പിച്ച് കൃഷിശ്രീ കേന്ദ്രങ്ങൾ (കെ.എസ്.സി കൾ) സ്ഥാപിച്ചു. 2018 ൽ സംസ്ഥാനത്ത് രൂപീകരിച്ച കേരള സംസ്ഥാന കാർഷിക യന്ത്ര വൽക്കരണ മിഷൻ (കെ.എസ്.എ.എം.എം), എ.എസ്.സി കൾ, കെ.കെ.എസ് കൾ, സി.എച്ച്.സി കൾ, സമാന സേവന ദാതാക്കൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവൃത്തിക്കുന്നു. മിഷൻ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, സംസ്ഥാനത്ത് 99 എ.എസ്.സി കളും 365 കെ.കെ.എസ് കളും 28 കെ.എസ്.സി കളും സ്ഥാപിച്ചു. 2024-25 ൽ, 472 സ്ത്രീകളും 290 പുരുഷന്മാരും ഒരു ട്രാൻസ്ജെൻഡറും ഉൾപ്പെടെ ആകെ 763 വ്യക്തികൾ എ.എസ്.സി കൾ വഴി സേവന ദാതാക്കളായി പ്രവൃത്തിക്കുന്നു. കൂടാതെ 1,596 സ്ത്രീകളും 1,131 പുരുഷന്മാരും ഉൾപ്പെടെ 2,727 കാർഷിക സാങ്കേതിക വിദഗ്ധരും കെ.കെ.എസ് കളിൽ ഏർപ്പെട്ടിരുന്നു.

ആവശ്യകതയനുസരിച്ച് വിവിധ ജില്ലകളിലെ എല്ലാ കാർഷിക യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിനായി മിഷൻ, സംസ്ഥാനതല പരിപാടിയായ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' സംഘടിപ്പിച്ചു. 2024-25 ൽ, 33.23 ലക്ഷം രൂപയുടെ 48 കാർഷിക യന്ത്രങ്ങൾ ഈ പരിപാടിയുടെ കീഴിൽ അറ്റകുറ്റപ്പണി ചെയ്തു. കൂടാതെ, 'കാർഷിക യന്ത്രം സർവ്വം ചലിതം കേരളം' എന്ന ടാഗിൽ സംസ്ഥാനത്തുടനീളം കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളും സേവന കാമ്പെയ്നും മിഷൻ നടത്തി. യന്ത്ര വൽക്കരണ സേവനങ്ങൾ നൽകുന്നതിനു പുറമേ, ആർ.കെ.ഐ പ്രോജക്ടിന്റെ ഭാഗമായി കോൾ നിലങ്ങൾക്കായി അഗ്രോ മെഷിനറി കെയർ സെന്റർ (എ.എം.സി.സി) സംഘടിപ്പിക്കുന്നതിനും, കുട്ടനാട്ടിലെ ഏജന്റുമാർ മുഖേന കൊയ്ത്ത് യന്ത്രങ്ങളുടെ നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി കമ്പൈൻ ഹാർവെസ്റ്റർ എഫിഷ്യൻസി മോണിറ്ററിംഗ് ആൻഡ് ഇൻസ്പെക്ഷൻ മൊബൈൽ യൂണിറ്റ് (സി.എച്ച്.ഇ.എം.ഐ.എം.യു) സംഘടിപ്പിക്കുന്നതിനുമുള്ള ചുമതല കെ.എസ്.എ.എം.എം നെ ഏൽപ്പിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്-മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ.എം), ചെറുകിട, നാമമാത്ര കർഷകർക്ക്, പ്രത്യേകിച്ച് യന്ത്രവൽക്കരണ സൗകര്യങ്ങൾ നിലവിൽ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ, കാർഷിക യന്ത്രവൽക്കരണത്തിന്റെ ലഭ്യത ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം, കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും, കസ്റ്റം ഹയറിംഗ് സെന്ററുകളും (സി.എച്ച്.സി കൾ) കാർഷിക യന്ത്ര ബാങ്കുകളും സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം നൽകി. 2024-25 ൽ, മൊത്തം 26,849 വ്യക്തികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും 56.23 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ, സംസ്ഥനത്ത് 145 കാർഷിക യന്ത്ര ബാങ്കുകൾ സ്ഥാപിക്കപ്പെട്ടു.

'കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം' എന്ന പദ്ധതി പ്രകാരം ഡ്രെയിനേജ് സംവിധാനത്തിനായി പരമ്പരാഗത പെട്ടി-പറ സംവിധാനങ്ങൾക്ക് പകരമായി ഊർജ്ജക്ഷമതയുള്ള വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുന്നത് നടപ്പിലാക്കുന്നു. കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, 2024-25 ൽ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പാടശേഖരങ്ങളിൽ ആകെ 52 വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിച്ചു.

### 2024-25 ലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കാർഷിക മേഖലയുടെ

സമഗ്ര വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി. 2022-23 ൽ ആരംഭിച്ച കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പരിപാടിയുടെ വിപുലീകരണം, വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ, വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി, കർഷിക ഗ്രൂപ്പുകളുടെ ശാക്തീകരണം, വിളവെടുപ്പിനു ശേഷമുള്ള പരിപാലനം, മൂല്യവർദ്ധനവ് സംരംഭങ്ങൾ എന്നിവയിൽ വകുപ്പ് ഊന്നൽ നൽകി. കർഷകർക്ക് കാര്യക്ഷമമായ വിപണനവും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും എഫ്.പി.ഒ രൂപീകരണവും, കൃഷിയിടങ്ങളുടെ കൂട്ടായ്മയിലൂടെയുള്ള വികസനവും എന്ന ആശയങ്ങൾ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിന് കീഴിൽ പ്രോത്സാഹിപ്പിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് വിഭാവനം ചെയ്തതുപോലെ, കർഷകരെ എഫ്.പി.ഒ കൾ, മാർക്കറ്റിംഗ് ഹബ്ബുകൾ, റീട്ടെയിൽ ഔട്ട്‌ലറ്റുകൾ, ഉപഭോക്താക്കൾ എന്നിവയുമായി ബന്ധപ്പിക്കുന്ന ഒരു വിതരണ ശൃംഖല വികസിപ്പിക്കുന്നതിനും കർഷകർക്ക് വേഗത്തിൽ പണം ലഭ്യമാക്കുന്നതിനും ഈ സമീപനം ലക്ഷ്യമിടുന്നു.

വിള ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തെങ്ങ്, നെല്ല്, പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ പ്രധാന വിളകളെ പിന്തുണയ്ക്കുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കി. പ്രവചനാതീതമായ കാലാവസ്ഥാ സംഭവ വികാസങ്ങൾ പ്രകൃതിദുരന്തങ്ങൾ, കീട-രോഗ ബാധ എന്നിവ കണക്കിലെടുത്ത്, സംസ്ഥാന വിള ഇൻഷുറൻസ്, പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി, വിളകളുടെ ആരോഗ്യ പരിപാലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. വിള വൈവിദ്ധ്യവൽക്കരണം, വിള തീവ്രത, അവതരണം എന്ന പദ്ധതിയിലൂടെ പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നിവയിലൂടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകി. വിപണി വികസനം, വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും, ജൈവകൃഷിയും സുരക്ഷിതമായ ഭക്ഷ്യ ഉല്പാദനവും, മണ്ണ് ആരോഗ്യ പരിപാലനം, കാർഷിക യന്ത്രവൽക്കരണം, കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്നിവയായിരുന്നു വകുപ്പ് പിന്തുണയ്ക്കുന്ന മറ്റ് പ്രധാന കർഷക ക്ഷേമ പരിപാടികൾ. 2024-25 കാലയളവിലെ പ്രധാന നേട്ടങ്ങൾ ഇവയാണ്:

- കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് ആകെ 10,977 മാതൃക കൃഷിയിടങ്ങൾ സ്ഥാപിച്ചു. ഈ സമീപനത്തിന് കീഴിൽ നിലവിൽ രൂപീകരിച്ച 46 എഫ്.പി.ഒ കളെ ശക്തിപ്പെടുത്തുന്നതിന് സഹായം നൽകി, ഇതിനായി 2024-25 ൽ 92.59 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, ഈ പദ്ധതി പ്രകാരം ഇതിനകം സ്ഥാപിച്ച പത്ത് ഹബ്ബുകൾ ശക്തിപ്പെടുത്തുന്നതിനും 14 പുതിയ റീട്ടെയിൽ ഔട്ട്‌ലറ്റുകൾ സ്ഥാപിക്കുന്നതിനും സഹായം നൽകി.
- സുസ്ഥിര നെല്ല് വികസനത്തിന്റെ ഭാഗമായി, 40,189.49 ഹെക്ടർ പ്രദേശത്തെ നെൽകൃഷിയ്ക്ക് ഹെക്ടറിന് 5,500 രൂപ എന്ന നിരക്കിൽ ഇൻപുട്ട് സബ്സിഡി നൽകി. 42,740.33 ഹെക്ടറിൽ മണ്ണ് മെച്ചപ്പെടുത്തുന്ന വസ്തുക്കളുടെ പ്രയോഗം, 154.68 ഹെക്ടർ പ്രദേശത്തെ സവിശേഷ നെൽകൃഷി, 605.99 ഹെക്ടറിൽ തരിശുനിലത്തിലെ കൃഷി, 5969.84 ഹെക്ടർ പ്രദേശത്തെ നെൽകൃഷിയ്ക്ക് ഡ്രോൺ ഉപയോഗിച്ച് സൂക്ഷ്മാണു വളങ്ങളുടെയും/ജൈവ കീടനാശിനികളുടെയും സൂക്ഷ്മ പോഷകങ്ങളുടെയും സ്പ്രേയിംഗ് എന്നിവയ്ക്കും സഹായം നൽകി. ഉയർന്ന നിലവാരമുള്ള നെൽ വിത്തുകളുടെ ഉല്പാദനത്തെ പിന്തുണയ്ക്കുന്നതിനായി രജിസ്റ്റേർഡ് സീഡ്ഗ്രോവേഴ്സ് പ്രോഗ്രാം 941.48 ഹെക്ടറിൽ നടപ്പിലാക്കി.
- 'പച്ചക്കറി വികസനം' പദ്ധതിയ്ക്ക് കീഴിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചറൽ റിസർച്ച്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെജിറ്റബിൾ റിസർച്ച്, കാർഷിക സർവ്വകലാശാലകൾ, വി.എഫ്.പി.സി. കെ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയ സങ്കരയിനം/അത്യുല്പാദനശേഷിയുള്ള ഇനം പച്ചക്കറി വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു, ഇതിന് 81.75 ലക്ഷം രൂപ ചെലവഴിച്ചു.
- വീട്ടുവളപ്പുകളിൽ സുരക്ഷിതമായി കഴിക്കാവുന്ന പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, വിദ്യാർത്ഥികൾ, കർഷകർ, എൻ. ജി.ഒ കൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുൾപ്പെടെ വിവിധ ഗുണഭോക്താക്കൾക്ക് മൊത്തം 25 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 40 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. ഇതിനുപുറമേ, 87,000 പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുകയും, 25 കളിമൺ/എച്ച്.ഡി.പി.ഇ പോട്ടുകൾ അടങ്ങുന്ന 7,953 മേൽക്കൂര കൃഷി യൂണിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.
- 'പച്ചക്കറി വികസനം' എന്ന പദ്ധതിയ്ക്ക് കീഴിൽ ക്ലസ്റ്റർ അധിഷ്ഠിത പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിച്ചു, 774 ക്ലസ്റ്ററുകൾക്ക് ഒരു ക്ലസ്റ്ററിന് പരമാവധി 1.25 ലക്ഷം രൂപ വരെ സബ്സിഡി സഹായം നൽകി. ആകെ 3,870 ഹെക്ടർ പ്രദേശം കൃഷിയോഗ്യമാക്കി.
- ക്ലസ്റ്റർ അധിഷ്ഠിത നാളികേര വികസനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 100 ഹെക്ടർ വീതമുള്ള 23 പുതിയ കേരഗ്രാമങ്ങൾ സ്ഥാപിച്ചു. സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കേര രക്ഷാവാരം ക്യാമ്പെയിൻ നടത്തി. ക്യാമ്പെയിനിൽ 8 ലക്ഷം തെങ്ങുകൾക്ക് പച്ചിലവള വിത്ത് വിതരണം, 4.25 ലക്ഷം തെങ്ങുകൾക്ക് തെങ്ങിൻമണ്ട വൃത്തിയാക്കൽ, സസ്യസംരക്ഷണ രാസവസ്തുക്കൾ തളിക്കൽ എന്നിവ ഉൾപ്പെടുത്തി. നാളികേര വികസന കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ആകെ 9.75 ലക്ഷം നെടിയ ഇനം (ഡബ്ല്യൂ.സി.റ്റി), 76,962 കുള്ളൻ ഇനം 1.24 ലക്ഷം സങ്കരയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്തു.
- പഴവർഗ്ഗ വികസന പദ്ധതി പ്രകാരം ഉയർന്ന നിലവാരമുള്ള ഗ്രാഫ്റ്റുകൾ, ലെയറുകൾ, ടിഷ്യുകൾച്ചർ വാഴ തൈകൾ, ഫലവർഗ്ഗ തൈകൾ എന്നിവ ഉൾപ്പെടെ 13.19 ലക്ഷം ഫലവൃക്ഷ നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്തു. പുഷ്പ വികസനത്തിന്റെ ഭാഗമായി 18.57 ഹെക്ടർ സ്ഥലത്ത് കട്ട് ഫ്ലവേഴ്സും, 54.6 ഹെക്ടറിൽ ലൂസ് ഫ്ലൗവേഴ്സും, 3.5 ഹെക്ടറിൽ ഇലച്ചെടികളും നട്ടുപിടിപ്പിച്ചു. ആകെ 1,381 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- 2024-25 ൽ, വകുപ്പുതല ഫാമുകളിൽ നിന്ന് ആകെ 10.72 ലക്ഷം ഔഷധ സസ്യ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുകയും 38 ഹെക്ടർ സ്ഥലത്ത് ക്ലസ്റ്റർ അധിഷ്ഠിത ഔഷധ സസ്യ കൃഷി ഏറ്റെടുക്കുകയും ചെയ്തു, ഇത് 325 കർഷകർക്ക് പ്രയോജനം ചെയ്തു.
- 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' എന്ന പദ്ധതി പ്രകാരം, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നിവയുടെ വിസ്തൃതി വികസനത്തിലെ നേട്ടം യഥാക്രമം 451.12 ഹെക്ടർ, 380.13 ഹെക്ടർ, 267.35

**ബോക്സ് 3.1.2** കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഡിജിറ്റൽ സംരംഭങ്ങൾ

ഇ-ഗവേണൻസ് മുഖാന്തിരം സേവന വിതരണം, കാര്യക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നതിനായി കാർഷിക വികസന കർഷിക ക്ഷേമ വകുപ്പ് സമഗ്രമായ ഒരു ഡിജിറ്റൽ പരിവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ട്. വകുപ്പ് ഏറ്റെടുക്കുന്ന പ്രധാന ഐ.ടി സംരംഭങ്ങളിൽ ഇവ ഉൾപ്പെടുന്നു.

**1. കേരള അഗ്രിക്കൾച്ചർ ടെക്നോളജി ഹബ്ബ് ആന്റ് ഇൻഫർമേഷൻ റെപ്പോസിറ്ററി (കതിർ)**

എല്ലാ കാർഷിക പ്രവർത്തനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകീകരിക്കുന്നതിനായി വകുപ്പ് നടത്തുന്ന ഒരു പ്രധാന നൂതന ഡിജിറ്റൽ സംരംഭമാണ് കതിർ. ഇത് ഒരു സംയോജിത കാർഷിക ഡാറ്റാ ഹബ്ബും ഡിജിറ്റൽ കർഷക സേവന പ്ലാറ്റ്ഫോമുകളും ആയി വിഭാവനം ചെയ്തിരിക്കുന്നു. സംസ്ഥാന, കേന്ദ്ര സർക്കാർ ഡാറ്റാബേസിൽ നിന്നുള്ള നിലവിലുള്ള വിവരങ്ങളും ഉപഗ്രഹ, എ.ഐ സാങ്കേതികവിദ്യകളുടെ വ്യാപ്തിയും സംയോജിപ്പിക്കാൻ ഇത് സഹായിക്കും. കാർഷിക ഉപദേശക സേവനങ്ങൾ, മണ്ണ് വിവര സംവിധാനം, പ്ലാന്റ് ഡോക്ടർ സംവിധാനം, കാർഷിക പദ്ധതി വിവരങ്ങൾ, ഭൂമി വിവരങ്ങൾ, ഇ-മാർക്കറ്റ് സംവിധാനം, നടീൽ വസ്തുക്കളുടെയും കാർഷിക ഉപകരണങ്ങളുടെയും ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ പ്രധാന സേവനങ്ങളിൽ ഉൾപ്പെടുന്നു.

**2. അഗ്രി സ്റ്റാക്ക്, കർഷക രജിസ്ട്രി**

കർഷക രജിസ്ട്രി, ജിയോ-റെഫറൻസ് ചെയ്ത ഗ്രാമ ഭൂപടങ്ങൾ, വിള കൃഷി രജിസ്ട്രി എന്നിങ്ങനെ മൂന്ന് അടിസ്ഥാന രജിസ്ട്രികളിലാണ് അഗ്രി സ്റ്റാക്ക് വിഭാവനം ചെയ്തിരിക്കുന്നത്. 2024 സെപ്റ്റംബർ 28 ന് ഭരണാനുമതിയോടെ കേരള സർക്കാർ കർഷക രജിസ്ട്രി ആരംഭിക്കുകയും 2024 ഒക്ടോബർ 15 ന് ഒരു സംസ്ഥാന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തു. 2025 മെയ് 8 ന് സംസ്ഥാന വ്യാപക കർഷക രജിസ്ട്രേഷൻ ആരംഭിച്ചു. 2025 ആഗസ്റ്റ് 22 വരെ രജിസ്റ്റർ ചെയ്ത ആകെ കർഷകരുടെ എണ്ണം 23.89 ലക്ഷമാണ്.

**3. ഡിജിറ്റൽ ക്രോപ്പ് സർവ്വേ (ഡി.സി.എസ്)**

2023-24 വർഷത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഡി.സി.എസ് നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനങ്ങളിലൊന്നായി ഭാരത സർക്കാർ കേരളത്തെ തിരഞ്ഞെടുത്തു. കൂടാതെ, സർവ്വേ നടത്തുന്നതിനുള്ള നോഡൽ വകുപ്പായി കൃഷി വകുപ്പിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. സംസ്ഥാനത്തിനായി ഏകീകൃതവും സ്ഥിരീകരിച്ചതുമായ വിള കൃഷി വിവരങ്ങൾ ലഭ്യമാക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി, 2023-24 ൽ ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളിൽ ഒരു പൈലറ്റ് സർവ്വേ നടത്തി. 2025 ലെ ഖാരിഫ് സീസണിൽ, സംസ്ഥാനത്തെ 749 ഗ്രാമങ്ങളിൽ സർവ്വേ നടത്തുന്നതിനുള്ള സൗകര്യങ്ങൾ വിന്യസിച്ചിട്ടുണ്ട്. 2024-25 ൽ, ഖാരിഫ് സീസണിൽ 196 ഗ്രാമങ്ങളിലും റാബി സീസണിൽ 199 ഗ്രാമങ്ങളിലും സർവ്വേ നടത്തി.

**4. അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എയിംസ്)**

കേരളത്തിലെ എൻ.ഐ.സി യുമായി സഹകരിച്ച് വകുപ്പ് വികസിപ്പിച്ചെടുത്ത സമഗ്രവും കർഷക കേന്ദ്രീകൃതവും സംയോജിതവുമായ സേവന വിതരണ പ്ലാറ്റ്ഫോമാണ് എയിംസ്. കൃഷിയിടതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറച്ചുകൊണ്ട് സംയബന്ധിതവും കാര്യക്ഷമവും സുതാര്യവുമായ സേവന വിതരണം നൽകുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ കർഷകർക്ക് വിവിധ സേവനങ്ങൾ രജിസ്റ്റർ ചെയ്യാനും അപേക്ഷിക്കാനുമുള്ള ഏകജാലക സൗകര്യം ഇത് നൽകുന്നു. നേരിട്ടുള്ള കേന്ദ്രീകൃത ആനുകൂല്യ കൈമാറ്റം (സി.ഡി.ബി.ടി) എന്ന സംവിധാനത്തിലെ വിവിധ മൊഡ്യൂളുകൾ മുഖേന അപേക്ഷ സമർപ്പിക്കുന്നത് മുതൽ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് സഹായം നേരിട്ട് കൈമാറുന്നതുവരെയുള്ള വിവിധ പദ്ധതികൾക്കായുള്ള ഓൺലൈൻ അപേക്ഷകൾ എയിംസ് പ്ലാറ്റ്ഫോം സുഗമമാക്കുന്നു. എയിംസ് മുഖാന്തിരം പ്രകൃതിദുരന്ത ദുരിതാശ്വാസത്തിനായി 3.7 ലക്ഷം കർഷകർക്ക് ഇതിനകം 182 കോടിയിലധികം രൂപ കൈമാറി. നിലവിൽ എയിംസിന് 42.59 ലക്ഷം വ്യക്തിഗത കർഷക രജിസ്ട്രേഷനുകളുണ്ട്.

ഹെക്ടർ എന്നിങ്ങനെയായിരുന്നു. അതുപോലെ, 'സുഗന്ധവ്യഞ്ജന വികസനം' എന്ന പദ്ധതി പ്രകാരം, കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നിവയുടെ വിസ്തൃതി വികസനത്തിലെ നേട്ടം യഥാക്രമം 1332.59 ഹെക്ടർ, 79.25 ഹെക്ടർ, 110.17 ഹെക്ടർ എന്നിങ്ങനെയായിരുന്നു.

- 2024-25 ൽ സംസ്ഥാനത്തുടനീളം ആകെ 985 മണ്ണ് പരിശോധനാ കാമ്പെയിനുകൾ നടത്തുകയും പത്ത് പുതിയ സസ്യ ആരോഗ്യ ക്ലിനിക്കുകൾ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ, 601 കർഷകർ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (എൻ.പി.ഒ.പി) സർട്ടിഫിക്കേഷൻ പ്രക്രിയ നടപ്പിലാക്കി.
- 595.80 ടൺ നെൽവിത്ത്, 4.17 ലക്ഷം ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ, 29.73 ലക്ഷം വേരു പിടിപ്പിച്ച കുരുമുളക് തൈകൾ, 40.60 ലക്ഷം പച്ചക്കറി തൈകൾ, 22.77 ടൺ പച്ചക്കറി വിത്തുകൾ, 7.51 ലക്ഷം പഴവർഗ്ഗ നടീൽ വസ്തുക്കൾ, 50.60 ടൺ കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കൾ, 1.98 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ, 6.39 ടൺ ഇഞ്ചി, 25.73 ടൺ മഞ്ഞൾ, മറ്റ് നടീൽ വസ്തുക്കൾ, വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവയുൾപ്പെടെ ഉയർന്ന ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ സംസ്ഥാനത്തുടനീളമുള്ള വകുപ്പുതല ഫാമുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു.
- സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വളങ്ങൾ, കീടനാശിനികൾ, ജൈവവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ ഗുണനിലവാര നിയന്ത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഔട്ട്ലെറ്റുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് വകുപ്പുതല ലബോറട്ടറികളിൽ പരിശോധിച്ചു. അതനുസരിച്ച് 2,130 കീടനാശിനി സാമ്പിളുകൾ, 3,830 വളം സാമ്പിളുകൾ, 55 ജൈവവള ജീവാണുവള സാമ്പിളുകൾ എന്നിവ പരിശോധിച്ചു.
- പച്ചത്തേങ്ങയുടെ സംഭരണ വില 2023 ഏപ്രിൽ 1 മുതൽ കിലോഗ്രാമിന് 32 രൂപയിൽ നിന്നും 34 രൂപയായി ഉയർത്തി. 2024-25 ൽ, 2,748 കർഷകരിൽ നിന്ന് 1254.03 മെട്രിക് പച്ചത്തേങ്ങ സംഭരിച്ചു.
- 2024-25 കാർഷിക വിജ്ഞാന വ്യാപന പരിപാടി കളുടെ ഭാഗമായി സംസ്ഥാനത്ത് കർഷക സഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിച്ചു. കൃഷി

ദർശനത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ 'കരപ്പുറം കാർഷിക കാഴ്ചകൾ' പരിപാടി നടത്തി.

- 60 വയസ്സ് തികഞ്ഞ കർഷകർക്ക് പിന്തുണയായി സംസ്ഥാനത്ത് ചെറുകിട, നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുന്നു. കൃഷി വകുപ്പിന്റെ റിപ്പോർട്ടുകൾ പ്രകാരം, 2024–25 സാമ്പത്തിക വർഷത്തിൽ 1.95 ലക്ഷം ഗുണഭോക്താക്കൾക്ക് 370.73 കോടി രൂപ പെൻഷനായി നൽകി.
- ദേശീയ തലത്തിൽ പി.എം.-കിസാൻ പദ്ധതി നടപ്പിലാക്കുന്നതിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2018 ഡിസംബർ മുതൽ 2025 ജൂലൈ വരെ ഈ പദ്ധതി പ്രകാരം 38 ലക്ഷം കർഷകർക്ക് ആകെ 11,508 കോടി രൂപ വിതരണം ചെയ്തു.
- സംസ്ഥാനത്തെ ഉപയോഗിക്കാത്തതും തരിശായതുമായ ഭൂമി വിഭവങ്ങൾ വാണിജ്യ വൽക്കരിക്കുന്നതിനായി നവോ-ധൻ പദ്ധതി ആരംഭിച്ചു. കാർഷിക വികസന, കർഷകക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ, ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കാബ്കോയെ നിയമിച്ചു.

**വിള ഇൻഷുറൻസ് പദ്ധതികൾ**

സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതികൾ, പുനഃക്രമീകരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും പുനഃക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുമാണ് (ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്).

പുനഃക്രമീകരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കു പരിരക്ഷ നൽകുന്നു. കൂടാതെ തെങ്ങ്, കവുങ്ങ്, റബ്ബർ, കശുവണ്ടി, വാഴ, മരച്ചീനി, പൈനാപ്പിൾ, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറികൾ, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, ജാതി, മാവ്, ചെറുധാന്യങ്ങൾ എന്നിങ്ങനെ ആകെ 27 പ്രധാന കാർഷിക വിളകളെ ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2024–25 ൽ ആകെ 16,959 കർഷകർക്ക് വിള ഇൻഷുറൻസായി 33.14 കോടി രൂപ വിതരണം ചെയ്തു. കൂടാതെ, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തിര പദ്ധതി 2024–25 ന്റെ ഭാഗമായി, ആകെ 5.25 കോടി രൂപ എയിംസ് പോർട്ടൽ മുഖാന്തിരം പ്രകൃതിദുരന്ത ദുരിതാശ്വാസ സഹായമായി ചെലവഴിച്ചു. ഈ പദ്ധതി പ്രകാരം ആകെ 4,422 കർഷകർക്ക് പ്രയോജനം ലഭിച്ചു.

പുനക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്) നടപ്പിലാക്കുന്നത് അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (എ.ഐ.സി) ആണ്. ഈ പദ്ധതി പ്രകാരം, വിജ്ഞാപനം ചെയ്യപ്പെട്ട ഓരോ പഞ്ചായത്തിനെയും ഒരു ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുമായോ (എ.ഡബ്ല്യൂ.എസ്) റഫറൻസ് വെതർ സ്റ്റേഷനുമായോ ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഓരോ വിജ്ഞാപനം ചെയ്യപ്പെട്ട വിളയും അതത് വെതർ സ്റ്റേഷനുകളിൽ നിന്നുള്ള കാലാവസ്ഥാ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങൾക്കുള്ള ക്ലെയിമുകൾ തീർപ്പാക്കി നൽകി വരുന്നു. ഈ പദ്ധതിയ്ക്കായി ആകെ 172 എ.ഡബ്ല്യൂ.എസ് കൾ സ്ഥാപിച്ചു. ഖാരിഫ്, റാബി സീസണുകളിൽ നെല്ല്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ, ഏലം, കവുങ്ങ്, ജാതി, കരിമ്പ്, കശുമാവ്, തെങ്ങ്, മാവ്, ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, ശീതകാല പച്ചക്കറികൾ ഉൾപ്പെടെയുള്ള പച്ചക്കറികൾ, റബ്ബർ, മരച്ചീനി, വെറ്റില, എള്ള്, കിഴങ്ങുവർഗ്ഗങ്ങൾ, കാപ്പി, തേയില എന്നിവയായിരുന്നു പദ്ധതിയ്ക്കു കീഴിൽ വിജ്ഞാപനം ചെയ്ത വിളകൾ. എ.ഐ.സി റിപ്പോർട്ട് ചെയ്തതനുസരിച്ച്, 2024 ഖാരിഫ് സീസണിൽ, 33,657.67 ഹെക്ടർ പ്രദേശം ഇൻഷുറൻസ് ചെയ്യുകയും, 92,743 കർഷകർ ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ് ന് കീഴിൽ ഉൾപ്പെടുകയും ചെയ്തു. 2024–25 റാബി സീസണിൽ, ഇൻഷ്വർ ചെയ്തത് 46,319.31 ഹെക്ടറും, ആകെ ഉൾപ്പെട്ടത് 1,26,906 കർഷകരുമാണ്.

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (വി.എഫ്.പി.സി.കെ)**

1956 ലെ ഇന്ത്യൻ കമ്പനി നിയമപ്രകാരം രൂപീകരിച്ച ഒരു കമ്പനിയാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (വി.എഫ്.പി.സി.കെ). വിത്ത് മുതൽ വിപണനം വരെയുള്ള വിവിധ കാർഷിക പ്രവർത്തനങ്ങളിൽ കേരളത്തിലെ പഴം, പച്ചക്കറി കർഷകരെ സുസ്ഥിരമായ രീതിയിൽ പിന്തുണയ്ക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വിള പരിപാലനം, കാർഷിക വിജ്ഞാന വ്യാപനം, ഗ്രാമീണ വായ്പ, സംഘടിത വിപണനം, മൂല്യവർദ്ധനവ് തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളിലും, സ്വയം സഹായ സംഘമാതൃക വി.എഫ്.പി.സി.കെ പ്രധാന ആശയമായി സ്വീകരിച്ചിട്ടുണ്ട്. 2024–25 ൽ, കൗൺസിലിനു കീഴിലെ കർഷകർ 17,212 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും 16,134 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ വാഴ കൃഷിയും ചെയ്തു. മൊത്തം 81,521 മെട്രിക് ടൺ പച്ചക്കറികളും 95,328 മെട്രിക് ടൺ വാഴപ്പഴവും ഉല്പാദിപ്പിച്ചു. കൂടാതെ, 2025 മാർച്ച് മാസത്തോടെ, വി.എഫ്.പി.സി.കെ, 2,699 പുതിയ കർഷകരെ ഉൾപ്പെടുത്തുകയും 61 പുതിയ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു, അതുവഴി കർഷകരുടെ ഡാറ്റാബേസ് 2,16,891 ആയും സ്വയം സഹായ സംഘങ്ങളുടെ എണ്ണം 10,445 ആയും വർദ്ധിപ്പിച്ചു.

2024–25 ൽ, കൗൺസിൽ അവരുടെ തൈ ഉല്പാദന യൂണിറ്റുകളായ കൃഷി ബിസിനസ് കേന്ദ്രങ്ങൾ, വിത്ത് സംസ്കരണ പ്ലാന്റ്, ഹൈടെക് പ്ലഗ് നഴ്സറി എന്നിവയിലൂടെ 57.56 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്തു. കൂടാതെ, വിവിധ സർക്കാർ പദ്ധതികൾക്കായി വി.എഫ്.പി.സി.കെ 21.82 ലക്ഷം വിത്ത് കിറ്റുകൾ വിതരണം ചെയ്തു. 2024–25 ലെ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി, വി.എഫ്.പി.സി.കെ 39,800 സങ്കരയിനം പച്ചക്കറി വിത്ത് കിറ്റുകൾ വിതരണം ചെയ്തു. സങ്കരയിനം പച്ചക്കറികളുടെ വിത്തുല്പാദനം വി.എഫ്.പി.സി.കെ ഏറ്റെടുക്കുകയും കേരളത്തിലെ സാഹചര്യങ്ങളോടുള്ള ഇവയുടെ അനുയോജ്യത വിലയിരുത്തുന്നതിനായി തിരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങളിൽ പരീക്ഷണ പ്ലോട്ടുകൾ സംഘടിപ്പിക്കുകയും ചെയ്തു. ഉയർന്ന നിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനത്തിന്റെ ഭാഗമായി, ആലത്തൂരിലെ വിത്ത് സംസ്കരണ പ്ലാന്റ് 28.5 മെട്രിക് ടൺ വിത്തുകൾ ഉല്പാദിപ്പിച്ചു. കാക്കനാട്ടുള്ള ക്ലോൺ വിത്തുല്പാദന യൂണിറ്റ്

മുഖാന്തിരം വി.എഫ്.പി.സി.കെ 3,881 പാക്കറ്റ് കുൺ വിത്തുകൾ കൃഷിയ്ക്കായി വിതരണം ചെയ്തു. 2024-25 ൽ മലപ്പുറം, ആലപ്പുഴ ജില്ലകളിലെ വി.എഫ്.പി.സി.കെ യുടെ മണ്ണ് പരിശോധനാ ലാബുകൾ വഴി ആകെ 2,940 മണ്ണ് സാമ്പിളുകൾ പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വി.എഫ്.പി.സി.കെ യുടെ ബയോകൺട്രോൾ ലാബിൽ 26 മെട്രിക് ടൺ സ്യൂഡോമോണാസും 596 കിലോഗ്രാം ട്രൈക്കോഡെർമയും ഉല്പാദിപ്പിച്ചു.

സംസ്ഥാനത്ത് പച്ചക്കറികളുടെയും പഴങ്ങളുടെയും കയറ്റുമതി പ്രോത്സാഹനത്തിലും വി.എഫ്.പി.സി.കെ പങ്ക് വഹിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ കർഷകരിൽ നിന്ന് സംഭരിച്ച നേന്ത്രൻ, ഞാലിപ്പൂവൻ, ചക്ക, വാഴത്തണ്ട്, വാഴ പൂവ് എന്നിവയുൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ കയറ്റുമതി കൗൺസിൽ മുഖാന്തിരം നടത്തി. വി.എഫ്.പി.സി.കെ വാഴപ്പഴത്തിന്റെ കയറ്റുമതി പ്രോട്ടോക്കോൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും വിവിധ ഗുണഭോക്താക്കൾക്കായി നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്തു. ഇടുക്കി, വയനാട് ജില്ലകളിൽ ചക്ക സംസ്കരണ കേന്ദ്രങ്ങൾ ആരംഭിച്ചു. 2024-25 ൽ ആകെ 4,35,072 കിലോഗ്രാം ചക്ക സംഭരിച്ചു. 803 കർഷകർക്ക് സഹായം നൽകി. കേര ഫെഡിനായുള്ള പച്ചത്തേങ്ങ സംഭരണത്തിന്റെ ചുമതല വി.എഫ്.പി.സി.കെ യെ ഏൽപ്പിച്ചു. 2024-25 ൽ, ആകെ 2,949.80 മെട്രിക് ടൺ പച്ച തേങ്ങ സംഭരിച്ചതിന്, വി.എഫ്.പി.സി.കെ 1.38 കോടി രൂപ സാമ്പത്തിക സഹായം നൽകുകയും ഇതിലൂടെ 5,854 കർഷകർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു.

**സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ (എസ്.എച്ച്.എം)**

1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്ര-ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 2005 ഒക്ടോബറിൽ രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം). 2014-15 മുതൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചറിന്റെ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേന്ദ്രീകൃത പദ്ധതിയായ നാഷണൽ ഹോർട്ടികൾച്ചർ മിഷൻ (എൻ.എച്ച്.എം) നടപ്പിലാക്കുന്നതിനായാണ് ഇത് സ്ഥാപിതമായത്. സംസ്ഥാനത്തെ ഹോർട്ടികൾച്ചർ മേഖലയുടെ വികസനത്തിന് സബ്സിഡികൾ, സാങ്കേതിക മാർഗ്ഗനിർദ്ദേശം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ എസ്.എച്ച്.എം പിന്തുണ നൽകുന്നു. എം.ഐ.ഡി.എച്ച് കൂടാതെ, ആർ,കെ.വി.വൈ, ആർ.ഐ.ഡി.എഫ്, ആർ.കെ.ഐ എന്നിവയിലൂടെ എസ്.എച്ച്.എം മറ്റ് ഹോർട്ടികൾച്ചർ വികസന പരിപാടികളും നടപ്പിലാക്കി.

ഉല്പാദനവും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്തൽ, വിളവെടുപ്പിനു ശേഷമുള്ള പരിപാലനം, വിപണനം എന്നിവയിലെ സംരംഭങ്ങൾ എം.ഐ.ഡി.എച്ച് പദ്ധതിയിൽ ഉൾപ്പെടുന്നു. 2024-25 ൽ, എം.ഐ.ഡി.എച്ച് പദ്ധതിയുടെ കീഴിൽ ആകെ 78,108 കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിച്ചു. എം.ഐ.ഡി.എച്ച് ന്റെ വിസ്തീർണ്ണ വികസന പദ്ധതിയുടെ കീഴിൽ 2,105 ഹെക്ടറിൽ പുതിയ പഴത്തോട്ടങ്ങൾ സ്ഥാപിക്കൽ, 1,263 ഹെക്ടറിലെ സങ്കരയിനം പച്ചക്കറി കൃഷി, 898.2 ഹെക്ടറിലെ പുഷ്പകൃഷി, 1,983.2 ഹെക്ടറിലെ സുഗന്ധവ്യഞ്ജന കൃഷി എന്നിവയ്ക്കു പിന്തുണ ലഭിച്ചു. മിഷൻ മുഖാന്തിരമുള്ള വിളകളുടെ വിസ്തീർണ്ണ വികസനത്തിലെ നേട്ടം **പട്ടിക 3.1.6** ൽ നൽകിയിരിക്കുന്നു. കൂടാതെ, മൊത്തം 146.7 ഹെക്ടർ പ്രദേശം സംരക്ഷിത കൃഷിയ്ക്ക് കീഴിൽ കൊണ്ടുവന്നു.

ആർ.കെ.വി.വൈ യുടെ കീഴിലുള്ള 2024-25 ലെ പ്രധാന നേട്ടങ്ങളിൽ, 80 അർക്ക ലംബ ഉദ്യാന ഘടനകൾ സ്ഥാപിക്കൽ, 10.4 ഹെക്ടർ വാഴ കൃഷിയിലും 92 ഹെക്ടർ പച്ചക്കറി കൃഷിയിലും തുറന്ന കൃത്യതാ കൃഷി നടപ്പിലാക്കൽ, 20 നിയുക്ത ഗ്രാമങ്ങളിലായി 601 ചെറുകിട, 26 വൻകിട കൂൺ ഉല്പാദന യൂണിറ്റുകൾക്കുള്ള പിന്തുണ, മൊത്തം 404.7 ഹെക്ടർ വിസ്തൃതിയുള്ള പോഷക ഫലവൃക്ഷത്തോട്ടങ്ങൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

വയനാട് ജില്ലയിലെ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ (ആർ.എ.ആർ.എസ്) പച്ചക്കറികൾക്കും പൂക്കൾക്കുമായി എസ്.എച്ച്.എം മികവിന്റെ കേന്ദ്രം സ്ഥാപിച്ചു. ഉയർന്ന നിലവാരമുള്ള പച്ചക്കറികളുടെയും പൂക്കളുടെയും നടീൽ വസ്തുക്കൾ നൽകുന്നതിനൊപ്പം, പൂക്കളുടെയും പച്ചക്കറികളുടെയും ഹൈടെക് കൃഷിയിൽ ആവശ്യമായ വൈദഗ്ദ്ധ്യം, അറിവ്, പരിശീലനം എന്നിവ നൽകുക എന്നതാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. സ്ഥാപിതമായതുമുതൽ 2025 ആഗസ്റ്റ് വരെ, ആകെ 14.14 ലക്ഷം പച്ചക്കറി തൈകളും, 7.35 ലക്ഷം പുഷ്പ തൈകളും, 22.67 മെട്രിക് ടൺ പച്ചക്കറികളും, 1.53 മെട്രിക് ടൺ പൂക്കളും കേന്ദ്രം ഉല്പാദിപ്പിച്ചു. കൂടാതെ, 1,110 ട്രെയിനികൾ ഉൾപ്പെടുന്ന 27 പരിശീലന പരിപാടികളും നടത്തി.

കാർഷികോല്പന്നങ്ങളുടെ വില, കാർഷിക ഉല്പാദനോപാധികൾ, വികസന സൂചകങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ **അനുബന്ധം 3.1.20, 3.1.21, 3.1.23, 3.1.24** എന്നിവയിൽ നൽകിയിരിക്കുന്നു.

**കാർഷിക ഗവേഷണം, വിജ്ഞാന വ്യാപനം, വിദ്യാഭ്യാസം**

കാർഷിക വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നിവയിൽ മികവ് പുലർത്തികൊണ്ട് കർഷകരുടെ സുസ്ഥിര കാർഷിക വികസനം, ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തൽ എന്നീ ദൗത്യങ്ങളുമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പ്രമുഖ കാർഷിക സ്ഥാപനമാണ് കേരള കാർഷിക സർവ്വകലാശാല (കെ.എ.യു). 2001 മുതൽ ന്യൂഡൽഹി ആസ്ഥാനമായ ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ (ഐ.സി.എ.ആർ) നാഷണൽ അഗ്രിക്കൾച്ചറൽ എഡ്യൂക്കേഷൻ അക്രഡിറ്റേഷൻ ബോർഡ് (എൻ.എ.ഇ.എ.ബി) കെ.എ.യു വിന് അംഗീകാരം നൽകിയിട്ടുണ്ട്. സർവ്വകലാശാലയുടെ കോളേജുകൾക്കും കോഴ്സുകൾക്കും 'എ' ഗ്രേഡോടെ അഞ്ച് വർഷത്തേയ്ക്ക് കൂടി (2024-2029) ഐ.സി.എ.ആർ അക്രഡിറ്റേഷൻ ലഭിച്ചു. 2025 ൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്) പ്രകാരം കൃഷി, അനുബന്ധ മേഖലകളുടെ വിഭാഗത്തിൽ കെ.എ.യു പന്ത്രണ്ടാം സ്ഥാനത്തെത്തി. എട്ട് കോളേജുകൾ, ആറ് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ (ആർ.എ.ആർ.

**പട്ടിക 3.1.6 എം.ഐ.ഡി.എച്ച് പദ്ധതിയുടെ വിള വിസ്തൃതി വർദ്ധന പരിപാടിയ്ക്ക് കീഴിലുള്ള 2024-25 ലെ നേട്ടങ്ങൾ**

| ക്രമ നമ്പർ | വിളകൾ | വിസ്തൃതി വ്യാപനം ഹെക്ടറിൽ |
|---|---|---|
| 1 | ഡ്രാഗൺ ഫ്രൂട്ട് - ഇന്റഗ്രേഷൻ ഇല്ലാതെ | 45.00 |
| 2 | സ്ട്രോബറി - ഇന്റഗ്രേഷൻ ഉൾപ്പെടെ | 5.00 |
| 3 | സ്ട്രോബറി - ഇന്റഗ്രേഷൻ ഇല്ലാതെ | 35.00 |
| 4 | വാഴപ്പഴം | 750.00 |
| 5 | പൈനാപ്പിൾ | 628.40 |
| 6 | ടിഷ്യൂകൾച്ചർ വാഴ | 96.00 |
| 7 | പപ്പായ - ഇന്റഗ്രേഷൻ ഉൾപ്പെടെ | 13.73 |
| 8 | പപ്പായ - ഇന്റഗ്രേഷൻ ഇല്ലാതെ | 30.92 |
| 9 | പഴ വർഗ്ഗ വിളകൾ - ഉയർന്ന സാന്ദ്രതാ നടീൽ | 22.53 |
| 10 | മാവ് | 77.93 |
| 11 | പ്ലാവ് | 137.74 |
| 12 | അവക്കാഡോ | 46.82 |
| 13 | റംബൂട്ടാൻ | 172.33 |
| 14 | പാഷൻ ഫ്രൂട്ട് | 15.88 |
| 15 | മാംഗോസ്റ്റീൻ | 23.96 |
| 16 | കുടംപുളി | 3.75 |
| 17 | സങ്കരയിനം പച്ചക്കറികൾ | 1262.96 |
| 18 | കട്ട് ഫ്ലവേഴ്സ് | 210.26 |
| 19 | ലൂസ് ഫ്ലവേഴ്സ് | 687.96 |
| 20 | വിത്ത്/റൈസോമാറ്റിക് സുഗന്ധവ്യഞ്ജനങ്ങൾ - ഇഞ്ചി, മഞ്ഞൾ | 500.00 |
| 21 | ദീർഘകാല സുഗന്ധവ്യഞ്ജന വിളകൾ - കുരുമുളക്, ജാതി, ഗ്രാമ്പൂ, കറുവപ്പട്ട മുതലായവ | 1483.20 |
| 22 | സുഗന്ധ വിളകൾ - വെറ്റില, രാമച്ചം മുതലായവ | 567.47 |
| 23 | തോട്ടവിളകൾ - കശുവണ്ടി, കൊക്കോ | 494.71 |
| | **ആകെ** | **7311.58** |

**അവലംബം:** സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ

എസ്), 16 ഗവേഷണ കേന്ദ്രങ്ങൾ, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്മ്യൂണിക്കേഷൻ സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ ടെക്നോളജി (പട്ടാമ്പി), വിജ്ഞാന വ്യാപന പരിശീലന കേന്ദ്രം (മഞ്ചേശ്വരം), ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ (കെ.വി.കെ) എന്നിവയടങ്ങുന്ന സ്ഥാപന ശൃംഖല കെ.എ.യു വിനുണ്ട്.

കൃഷി, വനശാസ്ത്രം, കാർഷിക എഞ്ചിനീയറിംഗ് & സാങ്കേതികവിദ്യ, അടിസ്ഥാന ശാസ്ത്രം & ഹ്യുമാനിറ്റീസ് എന്നീ നാല് ഫാക്കൽറ്റികൾക്ക് കീഴിൽ, കൃഷി, കാർഷിക എഞ്ചിനീയറിംഗ്, സഹകരണം, ബാങ്കിംഗ്, ഹോർട്ടികൾച്ചർ, വന ശാസ്ത്രം എന്നിവയിൽ ബിരുദ, ബിരുദാനന്തര, ഡോക്ടറൽ പ്രോഗ്രാമുകൾ കെ.എ.യു വാഗ്ദാനം ചെയ്യുന്നു. 32 വിഷയങ്ങളിലായി, സർവ്വകലാശാല ബിരുദാനന്തര (പി.ജി) പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നു. കൃഷിയിലെ 10 വിഷയങ്ങളിലും, ഹോർട്ടികൾച്ചറിലും വാനശാസ്ത്രത്തിലും 5 വിഷയങ്ങളിലും, മൂന്ന് കാർഷിക എഞ്ചിനീയറിംഗ് വിഷയങ്ങളിലും, കമ്മ്യൂണിറ്റി സയൻസിലും സഹകരണ-ബാങ്കിംഗിലും ഓരോ വിഷയങ്ങളിലും ഡോക്ടറൽ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്തു. ആകെ 3,164 യു.ജി വിദ്യാർത്ഥികളും 948 പി.ജി/പി.എച്ച്.ഡി വിദ്യാർത്ഥികളും സർവ്വകലാശാലയിൽ വിദ്യാഭ്യാസം നടത്തുന്നു.

## 2024-25 ലെ സർവ്വകലാശാലയുടെ ചില പ്രധാന നേട്ടങ്ങൾ ഇപ്രകാരമാണ്

- നെല്ല്, തെങ്ങ്, പയർ, പച്ചക്കറികൾ എന്നിവയുടെ രണ്ടിനങ്ങൾ വീതവും, തീറ്റപ്പുല്ലിന്റെ ഒരിനവും, കൊക്കോയുടെ ആറിനങ്ങളും, കൂണിന്റെ ഒരിനവും ഉൾപ്പെടെ 16 പുതിയ വിള ഇനങ്ങൾ കെ.എ.യു പുറത്തിറക്കി. കൂടാതെ, 2024-25 ൽ ആകെ 33 സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തു.
- തവനൂരിലെ കേളപ്പാജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ഫുഡ് ടെക്നോളജി വികസിപ്പിച്ചെടുത്ത കൊക്കോ പോഡ് ക്രഷിംഗ് ഡിവൈസിന് പേറ്റന്റ് ലഭിച്ചു.
- നാസയുടെ ആക്സിയോം 4 ദൗത്യത്തിന്റെ ഭാഗമായി, വിത്തുകളിൽ സൂക്ഷ്മ ഗുരുത്വാകർഷണത്തിന്റെ സ്വാധീനം പഠിക്കുന്നതിനായി, കാർഷിക സർവ്വകലാശാല (കെ.എ.യു), തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയുമായി സഹകരിച്ചു. ഉമ, ജ്യോതി എന്നീ രണ്ട് നെല്ല് ഇനങ്ങളുടെയും, കനകമണി എന്ന പയർ ഇനത്തിന്റെയും, തിലതാര എന്ന എള്ള്

ഇനത്തിന്റെയും, സൂര്യ എന്ന വഴുതന ഇനത്തിന്റെയും, വെള്ളായണി വിജയ് എന്ന തക്കാളി ഇനത്തിന്റെയും വിത്തുകൾ ആക്സിയോം 4 ദൗത്യത്തിലെ ബഹിരാകാശ യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേയ്ക്ക് കൊണ്ടു പോയി. ഈ വിത്തുകളുടെ വിലയിരുത്തൽ നിലവിൽ പുരോഗമിക്കുന്നു.

- മാസ്റ്റർ ട്രെയിനർമാരുടെ വികസനം, സാങ്കേതിക മൊഡ്യൂളുകളുടെ രൂപീകരണം, നിർവ്വഹണം, പതിവ് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഫാം പ്ലാൻ അധിഷ്ഠിത വികസന പരിപാടിക്ക് സാങ്കേതിക പിന്തുണ നൽകുന്നതിന് കെ.എ.യു വിനെ ചുമതലപ്പെടുത്തി.
- 152 ബ്ലോക്കുകളിലായുള്ള ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾക്ക് (ബി.എൽ.എ.കെ.സി കൾ) കെ.എ.യു ശാസ്ത്രജ്ഞർ നേതൃത്വം നൽകി. 152 ബി.എൽ.എ.കെ.സി കളിലും കെ.എ.യു ടെക്നോളജി ദിനത്തിന്റ ഭാഗമായി സംസ്ഥാന വ്യാപകമായി പരിപാടികൾ സംഘടിപ്പിച്ചു.
- 2024-25 ൽ, വിജ്ഞാനവ്യാപന ഡയറക്ടറുടെ (ഡി.ഇ) നിയന്ത്രണത്തിലുള്ള വിവിധ കെ.വി.കെ കൾ മുഖാന്തിരം 150 ലധികം മുൻനിര പ്രദർശനങ്ങളും (എഫ്.എൽ.ഡി കൾ) 60 ലധികം കൃഷിയിട പരീക്ഷണങ്ങളും (ഒ.എഫ്.റ്റി കൾ), വിവിധ കാർഷിക വിഷയങ്ങളിൽ 1000 ലധികം പരിശീലന പരിപാടികളും നടത്തി.
- കർഷകർക്ക് വിവിധ വിഷയങ്ങളിൽ ശാസ്ത്രജ്ഞരുടെ സംഘങ്ങളുമായി നേരിട്ട് സംവദിക്കാനായി ഒരു നൂതന പ്ലാറ്റ്ഫോമായ മുഖാമുഖം (അഗ്രോ ക്ലിനിക് ആന്റ് ഫാം അഡ്വൈസറി കോൺക്ലേവ്) അവതരിപ്പിച്ചു. അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി യുമായി (ആത്മ) സഹകരിച്ചാണ് ഇത് നടപ്പിലാക്കിയത്.
- കമ്മ്യൂണിക്കേഷൻ സെന്റർ, എ.ടി.ഐ.സി, കെ.വി.കെ കൾ എന്നിവ വഴി ഗുണനിലവാരമുള്ള വിത്തുകൾ, തൈകൾ, ഉല്പാദനോപാധികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവയുടെ വിതരണം നടത്തി. ഈ കാലയളവിൽ 3 കോടിയിലധികം രൂപയുടെ നടീൽ വസ്തുക്കളുടെ വിറ്റു വരവ് നടത്തി.
- തൃശ്ശൂർ, കണ്ണൂർ കെ.വി.കെ കളുടെ പങ്കാളിത്തത്തോടെ, ആകെ അഞ്ച് കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ) സ്ഥാപിക്കപ്പെട്ടു. 'മാനേജ്', 'ആത്മ' എന്നിവയുമായി സഹകരിച്ച്, ഡി.ഇ, അഗ്രി-ഇൻപുട്ട് ഡീലർമാർക്കുള്ള ഡിപ്ലോമ പ്രോഗ്രാം (ഡി.എ.ഇ.എസ്.ഐ) നടപ്പിലാക്കി.
- ഡി.ഇ യുടെ കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സി.ഇ.എൽ, കെ.എ.യു) വിവിധ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ (എം.ഒ.ഒ.സി) നടത്തി. കൂൺ കൃഷി, തേനീച്ച വളർത്തൽ, ജൈവ വളങ്ങളും ജീവാണു വളങ്ങളും, ജൈവിക കീട-രോഗ നിയന്ത്രണം, ഹൈടെക് കൃഷി, വാണിജ്യ പുഷ്പകൃഷി, എന്നീ വിഷയങ്ങളിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ വാഗ്ദാനം ചെയ്തു.
- കാർഷിക മേഖലയിലെ സംരംഭകത്വം വളർത്തുന്നതിനായി കെ.എ.യു ആർ.കെ.വി.വൈ-രഫ്താർ-അഗ്രിബിസിനസ്സ് ഇൻകുബേറ്റർ (കെ.എ.യു റാബി), ആറാമത്തെ കൃഷി സംരംഭകത്വ പരിപാടി 'കോഹോർട്ട് VI' ആരംഭിക്കുകയും 15 ദിവസം നീണ്ടുനിൽക്കുന്ന വർക്ക്ഷോപ്പ് നടത്തുകയും ചെയ്തു.
- കിഴങ്ങുവർഗ്ഗ വിളകളുടെ പ്രാദേശികവും മൂല്യ ശൃംഖലയുമായി ബന്ധപ്പെട്ടതുമായ പ്രശ്നങ്ങൾ സംരംഭകത്വത്തിലൂടെ പരിഹരിക്കുന്നതിനായി, ശ്രീകാര്യം ഐ.സി.എ.ആർ-സി.ടി.സി.ആർ.ഐ യുമായി സഹകരിച്ച്, പട്ടാമ്പിയിലെ ആർ.എ.ആർ.എസ് ൽ സാറ്റലൈറ്റ് ഇൻകുബേഷൻ സെന്റർ (എസ്.ഐ.സി) എന്ന പ്രൊജക്ട് ഡി.ഇ നടപ്പിലാക്കി.

**മുന്നോട്ടുള്ള വഴി**

ആഗോളതലത്തിൽ കാർഷിക മേഖലയിലെ സമീപകാല പുരോഗതിക്കൊപ്പം മുന്നേറുന്നതിന്, കേരളത്തിലെ കാർഷിക മേഖല പുതിയ സാങ്കേതികവിദ്യകൾ, പ്രത്യേകിച്ച് ബയോടെക്നോളജി, നാനോ ടെക്നോളജി എന്നിവ സ്വീകരിക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, കേരളത്തിലെ കാർഷിക മേഖലയിൽ കാലാവസ്ഥാ പ്രതിരോധ രീതികൾ അവലംബിക്കേണ്ടത് ആവശ്യമാണ്. കൃഷിയെ സാമ്പത്തികമായി ഫലപ്രദവും ഭൗതികമായി ഉത്തേജിപ്പിക്കുന്നതുമാക്കി മാറ്റുന്നതിലൂടെ യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാനാകും. ആധുനിക കാർഷിക സാങ്കേതിക വിദ്യകൾ, സംരംഭകത്വം, മൂല്യവർദ്ധിത കൃഷി രീതികൾ എന്നിവയിൽ പരിശീലനം നൽകുന്നതിലൂടെ കർഷകരിൽ നൈപുണ്യവികസനം ശാക്തീകരിക്കാനാകും. കാര്യക്ഷമമായ ഭൂവിനിയോഗ സംവിധാനങ്ങൾക്ക് വിഭവ കാര്യക്ഷമത മെച്ചപ്പെടുത്താനും വലിയ തോതിലുള്ള സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്താനും സാധിക്കും. സംസ്ഥാനത്തെ സഹകരണ മേഖലയുടെ ശക്തി ഉപയോഗപ്പെടുത്തിക്കൊണ്ടായിരിക്കണം ഉല്പാദന, വിപണന ഇടപെടലുകൾ നടത്തേണ്ടത്. കൃഷിയിലൂടെ കർഷകരുടെ വരുമാനം ശക്തിപ്പെടുത്തുന്നതിന് വിള നിർദ്ദിഷ്ട മൂല്യ ശൃംഖലകൾ വികസിപ്പിക്കേണ്ടതുണ്ട്. കൂടാതെ, ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും ദീർഘകാല വിഭവ ലഭ്യത ഉറപ്പാക്കുന്നതിനും ഈ മേഖലയിലെ സുസ്ഥിര കാർഷിക രീതികൾ നിർണായകമാണ്.

**കൃഷിയും അനുബന്ധ മേഖലകൾക്കുമുള്ള ധനസഹായം**

ചെറുകിട നാമമാത്ര കൃഷിയിടങ്ങളും വൈവിധ്യമാർന്ന കാർഷിക-കാലാവസ്ഥാ സാഹചര്യങ്ങളും നിറഞ്ഞ കേരളത്തിലെ കാർഷിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ കാർഷിക ധനസഹായം ഒരു പ്രധാന പങ്ക് വഹിക്കുന്നു. പരമ്പരാഗത വിള വായ്പകൾക്ക് പുറമേ ക്ഷീര വികസനം, മത്സ്യബന്ധനം, തോട്ടവിളകൾ, വളർന്നുവരുന്ന കാർഷിക സംരംഭങ്ങൾ തുടങ്ങിയ അനുബന്ധമേഖലകളിലേയ്ക്ക് കാർഷിക ധനസഹായം വ്യാപകമായിട്ടുണ്ട്. ഈ വിശാലമായ സമീപനം മൊത്തത്തിലുള്ള കാർഷിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹായിക്കുകയും കാർഷിക മേഖലയിലെ സുസ്ഥിര വളർച്ചയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും മൂലധന നിക്ഷേപത്തിന് ഉയർന്ന ആവശ്യകതയുണ്ട്, ഇത് കർഷകരെയും കാർഷിക സംരംഭകരെയും ആധുനിക സാങ്കേതിക വിദ്യകൾ, അടിസ്ഥാന സൗകര്യങ്ങൾ, മൂല്യവർദ്ധനവ് എന്നിവയിലെ നിക്ഷേപത്തിന് സഹായിക്കുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കർഷകർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ചെറുകിട നിക്ഷേപങ്ങൾ നിർണായകമാണ്. സ്ഥാപനപരമായ പിന്തുണയും നൂതന സാമ്പത്തിക ഉല്പന്നങ്ങളും ചേർന്ന് ഫലപ്രദമായ വായ്പാ ലഭ്യത സംസ്ഥാനത്ത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കർഷക വരുമാനം മെച്ചപ്പെടുത്തുന്നതിനും, സമഗ്രമായ ഗ്രാമീണവികസനം ഉറപ്പാക്കുന്നതിനും അത്യാവശ്യമാണ്. കൂടാതെ, കാലാവസ്ഥാ സംബന്ധമായ ധനസഹായത്തിന്റെ സമീപനവും പ്രാധാന്യമർഹിക്കുന്നു.

കാർഷിക മേഖലയിലെ വായ്പാ ലഭ്യതയ്ക്ക് കേരളത്തിൽ ഗണ്യമായ സാധ്യതകളുണ്ട്. നബാർഡിന്റെ 2025-26 ലെ സ്റ്റേറ്റ് ഫോക്കസ് പേപ്പർ പ്രകാരം, കേരളത്തിലെ മൊത്തം മുൻഗണനാ മേഖലയ്ക്കുള്ള വായ്പാ പ്രൊജക്ഷൻ 2,78,509.45 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ കാർഷിക മേഖലയ്ക്കുള്ള 1,41,541.56 കോടി രൂപയും ഉൾപ്പെടുന്നു. 2024-25 ലെ കാർഷിക വായ്പാ പ്രൊജക്ഷനായ 1,23,757.70 കോടി രൂപയുമായി താരതമ്യപ്പെടുത്തുമ്പോൾ, 2025-26 ലെ പ്രൊജക്ഷൻ 14.37 ശതമാനം വളർച്ച പ്രതിഫലിപ്പിക്കുന്നു.

### കാർഷിക വായ്പാ നയം

ഔദ്യോഗിക/ഔപചാരിക വായ്പാ സ്രോതസ്സുകളിലേയ്ക്കുള്ള കർഷകരുടെ പ്രാപ്യത മെച്ചപ്പെടുത്തു ന്നതിനുള്ള നയപരമായ നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. എല്ലാ കർഷകർക്കും സമയബന്ധിതവും മതിയായതുമായ വായ്പാ സഹായം നൽകുന്നതിനായി പുരോഗമനപരമായ സ്ഥാപനവൽക്കരണത്തിലാണ് ഈ നയങ്ങളുടെ ഊന്നൽ. കാർഷിക ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയും മെച്ചപ്പെട്ട കാർഷിക രീതികളും സ്വീകരിക്കാൻ പ്രാപ്തരാക്കുന്നതിനായി ചെറുകിട, നാമമാത്ര കർഷകർക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകി വരുന്നു. വായ്പാ ആസൂത്രണം, മേഖലാധിഷ്ഠിത തന്ത്രങ്ങൾ സ്വീകരിക്കൽ, വായ്പാ നയങ്ങളും നടപടിക്രമങ്ങളും യുക്തിസഹമാക്കൽ എന്നിവയിലൂടെ അടിസ്ഥാനതലത്തിൽ വായ്പാ ലഭ്യത വർദ്ധിപ്പിക്കുന്നതിനാണ് നയം ഊന്നൽ നൽകുന്നത്. ഭാരത സർക്കാർ എല്ലാ വർഷവും ബാങ്കിംഗ് മേഖലയ്ക്കായി കാർഷിക വായ്പാ വിതരണ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നു. ബാങ്കുകൾ ഈ ലക്ഷ്യങ്ങൾ സ്ഥിരമായി മറികടന്നിട്ടുണ്ട്. 2024 സാമ്പത്തിക വർഷത്തിലെ ലക്ഷ്യത്തിൽ മൊത്തം മുൻഗണനാ മേഖല വായ്പയുടെ നേട്ടം 105 ശതമാനമായിരുന്നു. 2024-25 കാലയളവിൽ കാർഷിക മേഖലയിലേയ്ക്കുള്ള വായ്പാ ലഭ്യതയുടെ നേട്ടം 116 ശതമാനമാണ്. ഇത് 2023-24 ലെ നേട്ടത്തേക്കാൾ 20.83 ശതമാനം വളർച്ച രേഖപ്പെടുത്തി (**അനുബന്ധം 3.1.27**).

### സ്ഥാപനപരമായ ക്രമീകരണങ്ങൾ

കാർഷിക മേഖലയിലെയും അനുബന്ധ പ്രവർത്തന ങ്ങളിലെയും മുഴുവൻ വിതരണ ശൃംഖലയ്ക്കും വായ്പ നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിക്കുന്നു. വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു ബൃഹത്തായ ഏജൻസി ശൃംഖലയിലൂടെയാണ് കാർഷിക വായ്പാ വിതരണം ചെയ്യുന്നത്. സാമ്പത്തിക പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ഈ സ്ഥാപനങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ശാക്തീകരിക്കുകയും സംരംഭകത്വം വളർത്തുകയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സംഭാവന നൽകുകയും ചെയ്യുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിൽ അവയെ നിർണായകമാക്കുന്നു.

വിപുലമായ സാമ്പത്തിക പങ്കാളിത്തം, സുസ്ഥാപിതമായ ബാങ്ക് ശാഖകളുടെ ശൃംഖല, ബാങ്കിംഗ് സേവനങ്ങളുടെ വ്യാപകമായ ലഭ്യത എന്നിവയിലൂടെ കേരളം ബാങ്കിംഗ് മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. 2023 ജനുവരി 7 ന് പൂർണ്ണമായും ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. സാങ്കേതിക പുരോഗതി ബാങ്കിംഗ് മേഖലയെ മാറ്റിമറിച്ചു. ഉപഭോക്താക്കൾക്ക് സ്മാർട്ട് ഫോണുകൾ വഴി മിക്കവാറും എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കാൻ ഇത് സഹായിച്ചു. ഈ ഡിജിറ്റൽ നവീകരണം ഭൗതിക പണത്തെ ആശ്രയിക്കുന്നത് ഗണ്യമായി കുറയ്ക്കുകയും തൽക്ഷണ ഇടപാടുകൾ സുഗമമാക്കുകയും ചെയ്തു. 2025 മാർച്ചിൽ, വാണിജ്യ ബാങ്കുകളുടെ മൊത്തം ബിസിനസ്സ് മുൻ വർഷത്തേക്കാൾ അപേക്ഷിച്ച് ഒമ്പത് ശതമാനം വളർച്ച നേടി, നിക്ഷേപങ്ങളിലെ പത്ത് ശതമാനം വർദ്ധനവും വായ്പകളിലെ എട്ട് ശതമാനം വർദ്ധനവും ഈ വളർച്ചയ്ക്ക് കാരണമായി. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) ഡാറ്റ പ്രകാരം, 2025 മാർച്ച് വരെ കേരളത്തിലെ ആകെ ബാങ്ക് ശാഖകളുടെ എണ്ണം 8,085 ആയിരുന്നു. ആകെ ബാങ്ക് ശാഖകളിൽ 1,829 ശാഖകൾ നഗരപ്രദേശങ്ങളിലും 5,432 ശാഖകൾ അർദ്ധനഗര പ്രദേശങ്ങളിലും 824 ശാഖകൾ ഗ്രാമപ്രദേശങ്ങളിലുമാണ്. ബാങ്കുകളുടെ ഈ ശക്തമായ സാന്നിദ്ധ്യം പ്രാഥമിക മേഖലയിലേയ്ക്കുള്ള വായ്പാ ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഗണ്യമായി സഹായിച്ചു. 2024-25 ലെ മൊത്തം പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിന്റെ 52.04 ശതമാനം പൊതുമേഖലാ വാണിജ്യ ബാങ്കുകളും 26.13 ശതമാനം സ്വാകര്യമേഖലാ വാണിജ്യ ബാങ്കുകളും ബാക്കി 21.83 ശതമാനം ആർ.ആർ.ബി – കേരള ഗ്രാമീൺ ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ, ചെറുകിട ധനകാര്യ ബാങ്കുകൾ എന്നിവയുമാണ് വിതരണം ചെയ്തത് (**ചിത്രം 3.1.3**).

സംസ്ഥാനത്തിന്റെ സാമൂഹിക – സാമ്പത്തിക വികസനം ലക്ഷ്യമിട്ടുള്ള നിരവധി ബാങ്കിംഗ് നയങ്ങളും സംരംഭങ്ങളും ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് മുഖ്യമായും സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) ആണ്. ആർ.ബി.ഐ നിയമങ്ങൾ അനുസരിച്ച്, ലീഡ് ബാങ്ക് സ്കീമിന് കീഴിലാണ് എസ്.എൽ.ബി.സി സ്ഥാപിതമായത്. ഒരു ഉന്നതതല അന്തർ-സ്ഥാപന ഫോറം എന്ന നിലയിൽ, ബാങ്കിംഗ് വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബാങ്കുകളും സർക്കാരും തമ്മിലുള്ള ഏകോപനം ഇത് സാധ്യമാക്കുന്നു. കേരളത്തിനായുള്ള സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർ കാനറാ ബാങ്കാണ്. പരിശീലനം, സാമ്പത്തിക സാക്ഷരത, തൊഴിലില്ലാത്തവർക്ക് തൊഴിൽ, ബാങ്കുകളില്ലാത്ത പ്രദേശങ്ങളിൽ ബാങ്കിംഗ് സേവനങ്ങൾ നൽകൽ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ ഫലപ്രദമായ വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് എസ്.എൽ.ബി.സി സഹായിക്കുന്നു. നിരവധി സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്, പ്രത്യേകിച്ച് സാമ്പത്തിക ഉൾപ്പെടുത്തലും പ്രാഥമിക മേഖലയിലേയ്ക്കുള്ള വായ്പയും സംബന്ധിച്ചവയിൽ, എസ്.എൽ.ബി.സി സംസ്ഥാന സർക്കാരുമായി സഹകരിക്കുന്നു.

**ചിത്രം 3.1.3** 2024-25 ലെ പ്രാഥമിക മേഖലയിലെ വായ്പാ വിതരണത്തിന്റെ വിഹിതം




**അവലംബം:** എസ്.എൽ.ബി.സി

സംസ്ഥാനത്തെ സാമ്പത്തിക മേഖലയിൽ സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും (പി.എ.സി.എസ്) വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമീണരായ, കുറഞ്ഞ വരുമാനക്കാരെ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിൽ പി.എ.സി.എസ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ, ഗ്രാമീണ വായ്പാ സംവിധാനത്തിന്റെ നട്ടെല്ലായും ഇവ പ്രവർത്തിക്കുന്നു. 2025 മാർച്ച് വരെ, 1,636 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ ശക്തവും വിപുലവുമായ പ്രാദേശിക സാന്നിദ്ധ്യം നിലനിർത്താനായി. ഗ്രാമീണ സമൂഹങ്ങളുമായി ആഴത്തിൽ ബന്ധം നിലനിർത്താനും, സാമ്പത്തിക സേവനങ്ങൾ ഫലപ്രദമായി എത്തിക്കാനും സംസ്ഥാനത്തുടനീളമുള്ള കർഷകരെയും മറ്റ് പ്രാഥമിക മേഖലയിലെ പ്രവർത്തനങ്ങളെയും പിന്തുണയ്ക്കുന്നതിൽ നിർണായക പങ്ക് വഹിക്കാനും ഈ ബൃഹത്തായ ശൃംഖല പിന്തുണച്ചു.

## കാർഷിക വായ്പാ വിതരണത്തിലെ വളർച്ച

കാർഷിക നിക്ഷേപം, ആധുനികവൽക്കരണം, പ്രതിസന്ധി ലഘൂകരണം എന്നിവയെ പിന്തുണയ്ക്കുന്നതിലൂടെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിൽ വായ്പ ലഭ്യത ഒരു പ്രധാന ഘടകമായി തുടരുന്നു. എസ്.എൽ.ബി.സി ഡാറ്റ പ്രകാരം, പ്രാഥമിക മേഖലയിലേയ്ക്കുള്ള, പ്രത്യേകിച്ച് കൃഷിയിലേയ്ക്കുള്ള വായ്പാ ലഭ്യത 2024-25 ൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തി. 2024-25 ൽ നിശ്ചയിച്ച ലക്ഷ്യത്തിൽ, കേരളത്തിലെ പ്രാഥമിക മേഖല വായ്പാ വിതരണം 2025 മാർച്ചിൽ 116 ശതമാനം നേട്ടം കൈവരിച്ചു. ഇത് മുൻ വർഷം കൈവരിച്ച നേട്ടമായ 87 ശതമാനത്തേക്കാൾ പുരോഗതി പ്രതിഫലിപ്പിക്കുന്നു. സംസ്ഥാനത്തെ മൊത്തം കാർഷിക വായ്പകൾ (സഹകരണ ബാങ്കുകൾ ഉൾപ്പെടെ) 2024 മാർച്ചിലെ 1,46,183 കോടി രൂപയിൽ നിന്ന് 2025 മാർച്ചിൽ 1,55,775 കോടി രൂപയായി വർദ്ധിച്ചു. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 6.56 ശതമാനം വളർച്ച രേഖപ്പെടുത്തി (**ചിത്രം 3.1.4**). സംസ്ഥാനത്തെ മൊത്തം വായ്പകളുടെ 22.79 ശതമാനവും കാർഷിക വായ്പകളാണ്, ഇത് മൊത്തം വായ്പ വിഹിതത്തിൽ കാർഷിക മേഖലയ്ക്ക് നൽകുന്ന തുടർച്ചയായ മുൻഗണനയെ സൂചിപ്പിക്കുന്നു. 2024-25 ൽ, 50.3 ശതമാനം വിഹിതവുമായി കാർഷിക വായ്പകളുടെ പ്രധാന പങ്ക് പൊതുമേഖലാ വാണിജ്യ ബാങ്കുകളിൽ നിന്നാണ്. തൊട്ടു പുറകിൽ 24.3 ശതമാനം വിഹിതവുമായി സ്വകാര്യമേഖലാ വാണിജ്യ ബാങ്കുകളാണ്.

## കാർഷിക മേഖലയിലേയ്ക്കുള്ള വായ്പാ ലഭ്യത

സംസ്ഥാനത്തെ മൊത്തം കാർഷിക വായ്പാ വിതരണത്തിൽ വിള വായ്പകളും ദീർഘകാല വായ്പകളും ഉൾപ്പെടുന്നു. സംസ്ഥാനത്തെ കാർഷിക വായ്പാ ലഭ്യത, 2023-24 ലെ 1,38,490 കോടി രൂപയിൽ നിന്ന് 2024-25 ൽ 1,67,336 കോടി രൂപയായി ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തി (**അനുബന്ധം 3.1.25**). 2024-25 ലെ മൊത്തം കാർഷിക വായ്പാ വിതരണത്തിൽ 1,30,803.45 കോടി രൂപ പൊതുമേഖല, സ്വകാര്യമേഖല വാണിജ്യ ബാങ്കുകളിൽ നിന്നും 9,106.92 കോടി രൂപ സഹകരണ ബാങ്കുകളിൽ നിന്നും 20,991.23 കോടി രൂപ ആർ.ആർ. ബി കളിൽ നിന്നും 6,434.71 കോടി രൂപ മറ്റ് ബാങ്കുകളിൽ

**ചിത്രം 3.1.4** 2022 മാർച്ച് മുതൽ 2025 മാർച്ച് വരെയുള്ള കാർഷിക മേഖലയിലെ വായ്പാ വളർച്ച (രൂപ കോടിയിൽ)




**അവലംബം:** എസ്.എൽ.ബി.സി

നിന്നുമാണ്. സംസ്ഥാനത്തെ മൊത്തം വിള വായ്പകൾ 1,17,484.37 കോടി രൂപയായിരുന്നു. ഇതിൽ പൊതുമേഖല, സ്വകാര്യ വാണിജ്യ ബാങ്കുകളുടേത് 91,663.3 കോടി രൂപയും സഹകരണ ബാങ്കുകളുടേത് 5,642.73 കോടി രൂപയും ആർ.ആർ.ബി കളുടേത് 20,175 കോടി രൂപയും മറ്റ് ബാങ്കുകളുടേത് 3.34 കോടി രൂപയുമാണ് (**അനുബന്ധം 3.1.27**). മൊത്തം കാർഷിക ദീർഘകാല വായ്പകളുടെ നേട്ടത്തിന്റെ 78.51 ശതമാനമാണ് വാണിജ്യ ബാങ്കുകളുടെ വിഹിതം. കൂടാതെ, ദീർഘകാല കാർഷിക വായ്പാ ലക്ഷ്യത്തിൽ 114.8 ശതമാനം നേട്ടം ഇവ കൈവരിച്ചു. അതേ സമയം സഹകരണ ബാങ്കുകളുടെയും ആർ.ആർ.ബി കളുടെയും വിഹിതം യഥാക്രമം 6.95 ശതമാനവും 1.64 ശതമാനവുമാണ്. 2024-25 ലെ ഏജൻസി തിരിച്ചുള്ള ദീർഘകാല കാർഷിക വായ്പാ ലഭ്യത **ചിത്രം 3.1.5** ൽ നൽകിയിരിക്കുന്നു. മൊത്തം കാർഷിക വായ്പാ നേട്ടം 2024-25 ൽ നിശ്ചയിച്ച ലക്ഷ്യത്തിന്റെ 116.07 ശതമാനമാണ്. മുൻഗണനാ മേഖലയുടെ മൊത്തം ക്രെഡിറ്റ് 2,55,685.54 കോടി രൂപയായിരുന്നു. ഇത് നിശ്ചയിച്ച ലക്ഷ്യത്തിന്റെ 105.02 ശതമാനം നേട്ടം കൈവരിച്ചു. മുൻഗണനാ മേഖലയിലേയ്ക്ക് നൽകിയ വായ്പയുടെ ഭൂരിഭാഗവും, അതായത് 82.69 ശതമാനം വിഹിതവും, വാണിജ്യ ബാങ്കുകളുടേതാണ്.

**ഉല്പാദന വായ്പയും നിക്ഷേപ വായ്പയും**

കാർഷിക പുരോഗതിക്കായി ഉല്പാദന, നിക്ഷേപ വായ്പകളെ ആശ്രയിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട ദൈനംദിന പ്രവർത്തനങ്ങൾ നിറവേറ്റാൻ ഉല്പാദന വായ്പ സഹായിക്കുന്നു. ഇത് വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ, തീറ്റ, ഇന്ധനം തുടങ്ങിയ ഉല്പാദനോപാധികൾ വാങ്ങുന്നതിനും വിള സീസണിൽ കൂലി ചെലവുകൾ കണ്ടെത്തുന്നതിനും ആവശ്യമായ പ്രവർത്തന മൂലധനം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നു. കാർഷിക പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്ന ദീർഘകാല മെച്ചപ്പെടുത്തലുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ നിക്ഷേപ വായ്പകളും കാർഷിക മേഖലയിൽ പ്രാധാന്യമർഹിക്കുന്നവയാണ്. ഈ നിക്ഷേപങ്ങൾ കാർഷിക കാര്യക്ഷമത ശാശ്വതമായ പുരോഗതിയിലേയ്ക്ക് നയിക്കുന്നു, കാലക്രമേണ ഉപാധികൾക്കുള്ള ചെലവ് കുറയ്ക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ, പരമ്പരാഗത കാർഷിക രീതികളെ ആധുനികവും സുസ്ഥിരവും വാണിജ്യപരമായി ലാഭകരവുമായ സംരംഭങ്ങളാക്കി മാറ്റുന്നതിന് നിക്ഷേപ വായ്പ നിർണായകമാണ്. സുസ്ഥിര കാർഷിക വളർച്ചയെ പിന്തുണയ്ക്കുന്നതിന് ഉല്പാദന, നിക്ഷേപ വായ്പകൾ തമ്മിലുള്ള സന്തുലിതാവസ്ഥ ഉറപ്പാക്കണം. 2024-25 ൽ, കാർഷിക മേഖലയിലേയ്ക്കുള്ള മൊത്തം ഗ്രൗണ്ട് ലെവൽ ക്രെഡിറ്റിന്റെ (ജി.എൽ.സി) 70 ശതമാനവും 30 ശതമാനവും യഥാക്രമം ഉല്പാദന (ഹ്രസ്വകാല) വായ്പയും നിക്ഷേപ (ദീർഘകാല) വായ്പയുമാണ്. ഉല്പാദന വായ്പയായി ആകെ 1,17,484 കോടി രൂപയും നിക്ഷേപ വായ്പയ്ക്ക് കീഴിൽ 49,852 കോടി രൂപയും വിതരണം ചെയ്തു. ഉല്പാദന വായ്പയിലെ വളർച്ച നിക്ഷേപ വായ്പയേക്കാൾ കൂടുതലായിരുന്നു. ഇത് ഹ്രസ്വകാല കാർഷിക വായ്പയിലെ പുരോഗതി വ്യക്തമാക്കുന്നു. ഉല്പാദന, നിക്ഷേപ വായ്പകളുടെ വിഭജനം **അനുബന്ധം 3.1.25** ലും **ചിത്രം 3.1.6** ലും നൽകിയിരിക്കുന്നു.

2024-25 ൽ വിള വായ്പകൾ, ചെറുകിട ജലസേചനം, ഭൂവികസനം, കാർഷിക യന്ത്രവൽക്കരണം, തോട്ട വിളകൾ, ഹോർട്ടിക്കൾച്ചർ, ക്ഷീരവികസനം, കോഴി വളർത്തൽ,

**ചിത്രം 3.1.5** 2024–25 ലെ ഏജൻസി തിരിച്ചുള്ള ദീർഘകാല കാർഷിക വായ്പാ ലഭ്യത




**അവലംബം:** നബാർഡ്

മത്സ്യബന്ധനം, വനം/തരിശുഭൂമി വികസനം, സംഭരണം തുടങ്ങിയ വിവിധ ഉപമേഖലകളിലാണ് കാർഷിക വായ്പ വിനിയോഗിച്ചത്. മൊത്തം കാർഷിക വായ്പയായ 1,67,336 കോടി രൂപയിൽ 70.21 ശതമാനം വിള വായ്പകൾക്കും 9.55 ശതമാനം ക്ഷീരവികസനത്തിനുമാണ് ഉപയോഗിച്ചത്. ഉപമേഖല തിരിച്ചുള്ള കാർഷിക വായ്പാ ലഭ്യത **അനുബന്ധം 3.1.26** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തിന്റെ ക്രെഡിറ്റ്–ഡെപ്പോസിറ്റ് (സി.ഡി) അനുപാതം കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗണ്യമായ പുരോഗതി കൈവരിച്ചു. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) യുടെ കണക്കുകൾ പ്രകാരം, 2025 മാർച്ചിൽ സംസ്ഥാനത്തിന്റെ സി.ഡി അനുപാതം 72.08 ശതമാനമായിരുന്നു. ഇത് 2020 മാർച്ചിലെ 66 ശതമാനത്തിൽ നിന്ന് വർദ്ധനവ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തുടനീളം നിക്ഷേപങ്ങൾ വായ്പയിലേയ്ക്ക് സമാഹരിക്കുന്നതിലുണ്ടായ മെച്ചപ്പെട്ട മാറ്റമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. ജില്ലകളിൽ ഏറ്റവും ഉയർന്ന സി.ഡി അനുപാതം വയനാട് ജില്ലയ്ക്കാണ് 131.87 ശതമാനം, തൊട്ടുപിന്നിൽ 123.54 ശതമാനം സി.ഡി അനുപാതവുമായി ഇടുക്കി ജില്ലയാണുള്ളത്. ആസ്തി ഗുണനിലവാരത്തിന്റെ കാര്യത്തിൽ, മുൻഗണനാ മേഖലയിലെ നിഷ്ക്രിയ ആസ്തികൾ (എൻ.പി.എ) 2024–25 ൽ 5.35 ശതമാനമായിരുന്നു. മുൻഗണനാ മേഖലയിലെ പ്രധാന ഘടകമായ കാർഷിക മേഖലയിൽ എൻ.പി.എ ഇതിലും കുറവായി 3.82 ശതമാനം മാത്രമാണ് രേഖപ്പെടുത്തിയത്.

**കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി)**

കർഷകർക്ക് സമയബന്ധിതവും മതിയായതുമായ വായ്പ നൽകുന്നതിനായി 1998–99 ൽ കെ.സി.സി പദ്ധതി ആരംഭിച്ചു. കാർഷിക പ്രവർത്തനങ്ങൾക്കുള്ള വായ്പ ലഭ്യമാക്കുന്ന പ്രക്രിയ ലളിതമാക്കുക, വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ, വിള ഉല്പാദനത്തിന് ആവശ്യമായ മറ്റ് ഉപാധികൾ എന്നിവ വാങ്ങുന്നതിനുള്ള പണം കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. ക്ഷീരവികസനം, കോഴി വളർത്തൽ, മത്സ്യബന്ധനം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളും കെ.സി.സി പദ്ധതിയിൽ ഉൾക്കൊള്ളുന്നു. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, കിസാൻ ക്രെഡിറ്റ് കാർഡിന് കീഴിലുള്ള സംസ്ഥാനത്തെ തുക 38,526.66 കോടി രൂപയായിരുന്നു. 2024–25 വർഷത്തിൽ കെ.സി.സി യുടെ കീഴിലുള്ള മൊത്തം വിതരണം 28,522.79 കോടി രൂപയായിരുന്നു. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം സംസ്ഥാനത്തുടനീളം കർഷകർക്ക് ആകെ 11,36,614 കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകി. വിവിധ ഏജൻസികൾ മുഖേനയുള്ള കെ.സി.സി വിതരണത്തിലെ പുരോഗതി **അനുബന്ധം 3.1.28** ൽ നൽകിയിരിക്കുന്നു. ക്രെഡിറ്റ് ലഭിക്കുന്നതിനുള്ള ഒരു മികച്ചതും കാര്യക്ഷമവുമായ ഉപാധിയായിട്ടാണ് കർഷകർക്ക് റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകുന്നത്. ഈ കാർഡ് ഒരു ഡെബിറ്റ് അഥവാ ക്രെഡിറ്റ് കാർഡിന് സമാനമായി പ്രവർത്തിക്കുന്നു. കൂടാതെ, കെ.സി.സി അക്കൗണ്ടുമായും ഇത് ബന്ധിപ്പിച്ചിരിക്കുന്നു. ഇത് കർഷകർക്ക് സൗകര്യപ്രദമായി പണം പിൻവലിക്കാനും, ഇടപാടുകൾ നടത്താനും, കാർഷിക ഉപാധികൾക്കു നേരിട്ട് പോയിന്റ്–ഓഫ്–സെയിൽ (പി.ഒ.എസ്) ടെർമിനലുകളിൽ നിന്ന് പണമടയ്ക്കാനും സൗകര്യമൊരുക്കുന്നു. കൂടാതെ, അപകട മരണമോ അംഗവൈകല്യമോ സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി (പി.എ.ഐ.എസ്) കെ.സി.സി യുമായി സംയോജിപ്പിച്ചിട്ടുണ്ട്. 2025 മാർച്ചിലെ എസ്.എൽ.ബി.സി റിപ്പോർട്ട് അനുസരിച്ച്, ആകെ 6,36,409 പേർ പി.എ.ഐ.എസ് പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുന്നു. 2020 ഏപ്രിൽ മുതൽ വിതരണം ചെയ്ത ഹ്രസ്വകാല വായ്പകളിൽ പലിശ ആനുകൂല്യം ലഭിക്കുന്നതിന് (ഐ.എസ്.എസ്) കെ.സി.സി നിർബന്ധമാക്കിയിട്ടുണ്ട്.

**അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (എ.ഐ.എഫ്)**

ലാഭകരമായ പദ്ധതികളിലെ നിക്ഷേപത്തിനായി ഇടത്തരം, ദീർഘകാല വായ്പാ ധനസഹായം സമാഹരിക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ 2020 ൽ ഭാരത സർക്കാർ

**ചിത്രം 3.1.6** 2017–18 മുതൽ 2024–25 വരെയുള്ള മൊത്തം കാർഷിക വായ്പയിൽ ഉല്പാദന നിക്ഷേപ വായ്പകളുടെ വിഹിതം




**അവലംബം:** എസ്.എൽ.ബി.സി

എ.ഐ.എഫ് പദ്ധതി ആരംഭിച്ചു. വിളവെടുപ്പിനു ശേഷമുള്ള പരിപാലന അടിസ്ഥാന സൗകര്യങ്ങളും കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തികളുമായി ബന്ധപ്പെട്ട പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. രാജ്യത്തുടനീളമുള്ള കാർഷിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ പദ്ധതി പ്രോത്സാഹനങ്ങളും സാമ്പത്തിക പിന്തുണയും നൽകുന്നു. ഈ പദ്ധതി പ്രകാരം, 2.00 കോടി രൂപ വരെയുള്ള വായ്പകൾക്ക് പ്രതിവർഷം 3 ശതമാനം പലിശ ഇളവ് ലഭ്യമാണ്. ഈ ആനുകൂല്യം പരമാവധി ഏഴ് വർഷത്തേയ്ക്ക് ലഭ്യമാകും. എസ്.എൽ.ബി.സി ഡാറ്റ പ്രകാരം, 2025 മെയ് 20 വരെയുള്ള കണക്കനുസരിച്ച്, എ.ഐ.എഫ് പദ്ധതിയിൽ ആകെ 3,368 വായ്പാ അപേക്ഷകൾ സംസ്ഥാനത്ത് അനുവദിച്ചു. ഇതിൽ, പദ്ധതി ആരംഭിച്ചതിനുശേഷം 795.45 കോടി രൂപ വിതരണം ചെയ്തു.

**നബാർഡ്**

കൃഷിയും ഗ്രാമീണ വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രാമീണ മേഖലയുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇന്ത്യയിലെ ഉന്നത സ്ഥാപനമാണ് നബാർഡ് (നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്). ഗ്രാമ വികസന നയങ്ങളുടെ സുഗമമായ ഏകോപനവും നടപ്പാക്കലും ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും മറ്റ് സ്ഥാപനങ്ങളും തമ്മിലുള്ള ഒരു കണ്ണിയായി നബാർഡ് പ്രവർത്തിക്കുന്നു. സംസ്ഥാനങ്ങൾക്ക് വായ്പ/പുനർവായ്പ രൂപത്തിലും ഗ്രാന്റ് ആയും നബാർഡ് പിന്തുണ നൽകി വരുന്നു. കൃഷിയും അനുബന്ധ മേഖലകളിലേയ്ക്കും താഴെ തട്ടിൽ നിന്നുള്ള വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി വായ്പ/പുനർവായ്പ നൽകുന്നു. കാർഷിക മേഖലയിലെ നവീകരണ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുക, കർഷക ഉല്പാദക സംഘടനകളുടെ (എഫ്.പി.ഒ) പ്രോത്സാഹനം, നൈപുണ്യ വികസനം, സാമ്പത്തിക ഉൾപ്പെടുത്തലിനുള്ള പിന്തുണ, ബാങ്കിംഗ് ഇടപാടുകൾ ഡിജിറ്റൈസ് ചെയ്യുക, സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി)/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി) വഴി ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുക, പരിശീലനത്തിലൂടെ നൈപുണ്യ വികസനം തുടങ്ങിയ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഗ്രാന്റുകളുടെ രൂപത്തിൽ സാമ്പത്തിക സഹായം നൽകുന്നു.

സഹകരണ ബാങ്കുകൾക്കും ആർ.ആർ.ബി കൾക്കും ഉല്പാദന വായ്പാ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനായി നബാർഡ് ഹ്രസ്വകാല പുനർ വായ്പ നൽകുന്നു. കാർഷിക മേഖലയിലെ മൂലധന രൂപീകരണം ലക്ഷ്യമിട്ടുള്ള നിക്ഷേപ വായ്പകൾക്കായി, ഇത് ഇടത്തരം, ദീർഘകാല പുനർ വായ്പകൾ നൽകുന്നു. നബാർഡ് പ്രത്യേക പുനർ വായ്പാ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുകയും വിവിധ കേന്ദ്ര സർക്കാർ പദ്ധതികൾക്കായി സബ്സിഡി വിതരണം നടത്തുന്ന ഏജൻസിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. 2024–25 ൽ, നബാർഡ്, കേരള മേഖല 15,678 കോടി രൂപയുടെ മൊത്തം പുനർ വായ്പാ വിതരണം ചെയ്തു. ഇതിൽ 3,927 കോടി രൂപയുടെ ദീർഘകാല പുനർവായ്പയും 11,751 കോടി രൂപയുടെ ഹ്രസ്വകാല പുനർ വായ്പയും ഉൾപ്പെടുന്നു. 2024–25 ൽ, പുനർ വായ്പാ നേട്ടം 101

ശതമാനമായിരുന്നു. ഹ്രസ്വകാല പുനർ വായ്പയ്ക്ക് കീഴിൽ വിതരണം ചെയ്ത മൊത്തം തുകയുടെ 65 ശതമാനം സംസ്ഥാന സഹകരണ ബാങ്ക് വഴിയും, 32 ശതമാനം കേരള ഗ്രാമീൺ ബാങ്ക് വഴിയും, ബാക്കി മൂന്ന് ശതമാനം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി) വഴിയുമാണ് വിതരണം ചെയ്തത്. ദീർഘകാല പുനർ വായ്പയുടെ കാര്യത്തിൽ, 38 ശതമാനം സംസ്ഥാന സഹകരണ ബാങ്ക് മുഖാന്തിരവും, 15 ശതമാനം വീതം കേരള ഗ്രാമീൺ ബാങ്ക്, നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ/ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ (എൻ.ബി.എഫ്.സി/ എം.എഫ്.ഐ) മുഖാന്തിരവും, 32 ശതമാനം കെ.എസ്.സി.എ.ആർ.ഡി.ബി യിലൂടെയും വിതരണം ചെയ്തു.

നബാർഡ് സംസ്ഥാന സഹകരണ ബാങ്കുകൾക്ക് മൂന്ന് ശതമാനം പലിശ നിരക്കിൽ ഇളവുള്ള പുനർ വായ്പ നൽകി വരുന്നു. പിന്നീട് ഇത് ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പി.എ.സി.എസ് നെ എം.എസ്.സി കളായുള്ള (മൾട്ടി-സർവ്വീസ് സെന്ററുകൾ) പുനരുദ്ധാരണത്തിനുമായി പി.എ.സി.എസ് ന് നാല് ശതമാനം പലിശ നിരക്കിൽ വായ്പയായി നൽകുന്നു. സംസ്ഥാനത്ത് ആകെ 231 പി.എ.സി.എസ് കൾക്ക് പിന്തുണ നൽകിയിട്ടുണ്ട്. പ്രത്യേക പുനർവായ്പാ പദ്ധതിയ്ക്ക് കീഴിൽ പി.എ.സി.എസ് കളെ എം.എസ്.സി കളായി മാറ്റുന്നതിനു നബാർഡ് ആകെ 481.66 കോടി രൂപ അനുവദിച്ചു. നബാർഡിന്റെ പുനർവായ്പ സഹായത്തിന്റെ ഏജൻസി തിരിച്ചുള്ള വിതരണം **അനുബന്ധം 3.1.29** ൽ നൽകിയിരിക്കുന്നു.

**2024-25 ലെ നബാർഡിന്റെ മറ്റ് പ്രധാന നേട്ടങ്ങൾ**

കേന്ദ്ര സർക്കാർ, നബാർഡ് മുഖേനയുള്ള ഫണ്ടുകൾ മുഖാന്തിരം കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഗ്രാമീണ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് പിന്തുണ നൽകി വരുന്നു. നബാർഡ് മുഖേനയുള്ള കേരളത്തിലെ പ്രധാന അടിസ്ഥാന സൗകര്യ ഉദ്യമങ്ങളിൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്), നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റന്റ് (എൻ.ഐ.ഡി.എ), ഫിഷറീസ് ആന്റ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്), വെയർഹൗസ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (ഡബ്ല്യൂ.ഐ.എഫ്), ഡയറി പ്രോസ്സസ്സിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ണ്ട് (ഡിഐ.ഡി.എഫ്), ഫുഡ് പ്രോസസ്സിംഗ് ഫണ്ട് (എഫ്.പി.എഫ്) എന്നിവ ഉൾപ്പെടുന്നു.

- കാർഷിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങളെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്) പിന്തുണയ്ക്കുന്നു. 2024-25 ൽ ആർ.ഐ.ഡി.എഫ് ന് കീഴിൽ ആകെ 28 പദ്ധതികൾക്ക് അനുമതി ലഭിച്ചു. ഇത് മൊത്തം 762.16 കോടി രൂപയുടെ വായ്പാ തുകയായിരുന്നു. കോട്ടയത്തെ ആധുനിക അരി മിൽ, കണ്ണൂരിലെ പിണറായിയിലെ സ്പെഷ്യാലിറ്റി ആശുപത്രിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ (രണ്ടാം ഘട്ടം), പി.എം- കെ.യു.എസ്.യു.എം സ്കീമിന് കീഴിൽ 3,393 ഗ്രിഡ് ബന്ധിപ്പിച്ച കാർഷിക പമ്പുകളുടെ സോളറൈസേഷൻ തുടങ്ങിയ പ്രധാന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ആർ.ഐ.ഡി.എഫ് പ്രകാരമുള്ള ട്രാഞ്ചെ തിരിച്ചുള്ള അനുമതിയും വിതരണവും അനുബന്ധം 3.1.30 ൽ നൽകിയിരിക്കുന്നു.
- എൻ.ഐ.ഡി.എ, സംസ്ഥാന സർക്കാരുകൾക്കുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ സഹായം (ആർ.ഐ.എ.എസ്), നേരിട്ടുള്ള പുനർ ധനസഹായ പിന്തുണ (ഡി.ആർ.എ) തുടങ്ങിയ വിവിധ ഉല്പന്നങ്ങളിലൂടെ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, കേരള ക്ലൈമറ്റ് റസീലിയന്റ് ആഗ്രി-വാല്യു ചെയിൻ മോഡണൈസേഷൻ (കേര പദ്ധതി), കേരള ഇൻഫ്രസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി) എന്നിവയ്ക്ക് നബാർഡ് പദ്ധതികൾ അനുവദിച്ചു. കൂടാതെ കേരള ബാങ്കിന് പുനർവായ്പ സഹായവും നൽകി.
- 'കെ.എ.യു-ഡബ്ല്യൂ.എസ്.യു ലോഞ്ച്പാഡ് ഫോർ എ.ജി-ടെക് ഫോർവേഡ് ട്രാൻസ്ഫോർമേഷൻ' എന്ന പേരിൽ റൂറൽ ബിസിനസ് ഇൻകുബേഷൻ സെന്റർ (ആർ.ബി.ഐ.സി) സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് നബാർഡ് കേരള മേഖല അനുമതി നൽകി. ഗ്രാമീണ സംരംഭകരെ ശാക്തീകരിക്കുന്നതിനും കേരളത്തിലെ കാർഷിക മേഖലയിൽ സുസ്ഥിര വികസനം നയിക്കുന്നതിനുമുള്ള ഒരു പ്രവർത്തന സജീവമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അത്യാധുനിക ഉപകരണങ്ങൾ, ലംബ കൃഷി, കൃത്യതാ കൃഷി, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകൾ ഹബ്ബിൽ ഉൾപ്പെടുന്നു.
- കേരളത്തിലെ ഒമ്പത് ജില്ലകളിലായി നടപ്പിലാക്കുന്ന 11 ട്രൈബൽ റസീലിയൻസ് ഇനിഷ്യേറ്റീവ് ഫോർ ബിൽഡിംഗ് എൻവയോൺമെന്റലി സസ്റ്റൈനബിൾ ലൈവിലിഹുഡ്സ് (ട്രൈബ്സ്) പദ്ധതികൾക്കായി നബാർഡ് 492.10 ലക്ഷം രൂപ വിതരണം ചെയ്തു.
- ഊർജ്ജ കാര്യക്ഷമത, പരിസ്ഥിതി സൗഹാർദ്ദ ഉല്പാദനം, സുസ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളെ പിന്തുണച്ചുകൊണ്ട് ഗ്രാമീണ ഇന്ത്യയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നബാർഡ് ഗ്രീൻ ലെൻഡിംഗ് ഫെസിലിറ്റി (എൻ.ജി.എൽ.എഫ്) ആരംഭിച്ചു. ഗ്രാമപ്രദേശങ്ങളിൽ പരിസ്ഥിതിയ്ക്ക് ദോഷം ചെയ്യാത്തതോ, ദീർഘകാല സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്നതോ ആയ എല്ലാ പ്രവർത്തനങ്ങളെയും ഈ ഫെസിലിറ്റി പിന്തുണയ്ക്കുന്നു. കൂടാതെ, വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തങ്ങൾക്കുള്ള കമ്മ്യൂണിറ്റി അധിഷ്ഠിത മുൻകൂർ മുന്നറിയിപ്പ് തയ്യാറെടുപ്പ് പരിപാടിക്ക് കാലാവസ്ഥാ വ്യതിയാന സംരംഭങ്ങളുടെ ഭാഗമായി 16.59 ലക്ഷം രൂപയുടെ ഗ്രാന്റ് അനുവദിച്ചു.
- ഫാം സെക്ടർ പ്രൊമോഷൻ ഫണ്ടിന് കീഴിൽ, ഗ്രാമീണ കർഷകർക്കിടയിൽ ഔഷധ സസ്യ കൃഷി പ്രചരിപ്പിക്കൽ, ഇടുക്കി ജില്ലയിലെ ചെറുധാന്യങ്ങളുടെ മൂല്യശൃംഖല പ്രോത്സാഹിപ്പിക്കൽ, പാലക്കാട് ജില്ലയിലെ പയർവർഗ്ഗങ്ങളുടെ മൂല്യ ശൃംഖല വികസനം തുടങ്ങിയ വിവിധ പരിപാടികൾ/പൈലറ്റ് പദ്ധതികൾ നബാർഡ് അനുവദിച്ചു.
- സംസ്ഥാനത്ത് മൈക്രോഫിനാൻസും സാമ്പത്തിക പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്ന വിവിധ സംരംഭങ്ങൾക്ക് നബാർഡ് പിന്തുണ നൽകി. സാമ്പത്തിക സാക്ഷരതയ്ക്കായി 28 കേന്ദ്രങ്ങൾ സ്ഥാപിക്കൽ, കേരള സംസ്ഥാന സഹകരണ ബാങ്കിന് 824 മൈക്രോ എ.ടി.എം കൾ വിന്യസിക്കൽ, കേരള ഗ്രാമീൺ ബാങ്കിന് (കെ.ജി.ബി) 300 പി.ഒ.എസ് മെഷീനുകൾ നൽകൽ എന്നീ

ഇടപെടലുകൾ ഈ പിന്തുണയിൽ ഉൾപ്പെടുന്നു. കൂടാതെ, കെ.ജി.ബി യുടെ ഗ്രാമീണ ശാഖകളിൽ വി.എസ്.എ.ടി വിന്യാസത്തിന് പിന്തുണയും ലഭിച്ചു.

- സ്വയംസഹായ സംഘങ്ങളുടെ തത്സമയ ഇടപാടുകൾക്കായി കേരള സംസ്ഥാന സഹകരണ ബാങ്കുമായി സഹകരിച്ച് 'മണി പേഴ്സ് ആപ്പ്' എന്ന പൈലറ്റ് പദ്ധതി നബാർഡ് ആരംഭിച്ചു.

**മുന്നോട്ടുള്ള വഴി**

കേരളത്തിലെ കാർഷിക ധനസഹായം ശക്തിപ്പെടുത്തുന്നതിന് സമഗ്രമായ ഒരു സമീപനം അത്യാവശ്യമാണ്. സംയോജിത ശ്രമങ്ങളിലൂടെ കർഷകർക്ക് സാമ്പത്തിക സ്രോതസ്സുകളുടെ ലഭ്യത, താങ്ങാനാവുന്ന വില, സുസ്ഥിരത എന്നിവ വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകണം. ഡിജിറ്റൽ ധനകാര്യ സേവനങ്ങൾ വികസിപ്പിക്കുകയും സാമ്പത്തിക പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ഉപഭോക്തൃ സൗഹൃദ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ചെറുകിട, നാമമാത്ര കർഷകർക്ക് ഔപചാരിക വായ്പ എളുപ്പത്തിൽ ലഭ്യമാകുമെന്ന് ഉറപ്പാക്കും. സഹകരണ ബാങ്കിംഗ് ശൃംഖലയും മൈക്രോഫിനാൻസ് സ്ഥാപനങ്ങളും ശക്തിപ്പെടുത്തുന്നത് ഗ്രാമപ്രദേശങ്ങളിലെ വായ്പാ ലഭ്യതയിലെ കുറവ് നികത്താൻ സഹായിക്കും. ആധുനിക കാർഷിക സാങ്കേതികവിദ്യകൾ, ലോജിസ്റ്റിക്സ്, വിതരണ ശൃംഖല വികസനം, സംസ്കരണം, മൂല്യവർദ്ധന എന്നിവയിലെ നിക്ഷേപങ്ങൾ ഇളവ് ധനസഹായത്തിലൂടെയും ക്രെഡിറ്റ് ഗ്യാരണ്ടികളിലൂടെയും പ്രോത്സാഹിപ്പിക്കുന്നത് മേഖലയിലെ മൂലധന രൂപീകരണത്തെ ത്വരിതപ്പെടുത്തും. പൊതു-സ്വകാര്യ പങ്കാളിത്തങ്ങൾക്ക് കാർഷിക സംസ്കരണം, കാർഷിക ബിസിനസ് ഇൻകുബേഷൻ പോലുള്ള നൂതനവും മൂല്യവർദ്ധിതവുമായ കാർഷിക സംരംഭങ്ങൾക്കുള്ള ധനസഹായം കൂടുതൽ ഉത്തേജിപ്പിക്കാൻ കഴിയും. പുനരുപയോഗ ഊർജ്ജം, ഹരിത സാങ്കേതികവിദ്യകൾ, കാലാവസ്ഥാ-പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെ നിക്ഷേപങ്ങളെ പിന്തുണയ്ക്കുന്നതിന് കാലാവസ്ഥാ-സ്മാർട്ട് ധനസഹായ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് അത്യന്താപേക്ഷിതമാണ്. അത്തരം നടപടികൾ കാർബൺ ബഹിർഗമനം കുറയ്ക്കാൻ സഹായിക്കുക മാത്രമല്ല, സുസ്ഥിരവും പ്രതിരോധശേഷിയുള്ളതും വരുമാനം വർദ്ധിപ്പിക്കുന്നതുമായ കാർഷിക രീതികൾ സ്വീകരിക്കാൻ ചെറുകിട കർഷകരെയും ഗ്രാമീണ സമൂഹങ്ങളെയും പ്രാപ്തരാക്കുകയും ചെയ്യും.

# 3.2 കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ

സംസ്ഥാനത്തെ ഗ്രാമീണ സമൂഹങ്ങളിലും ഉപജീവന മാർഗ്ഗങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ച് കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ നിർണ്ണായകമായ പങ്ക് സഹകരണമേഖല വഹിക്കുന്നു. പൊതുവായ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപീകരിച്ച അംഗങ്ങളുടെ ഉടമസ്ഥതയിലുള്ളതും അംഗങ്ങൾ നിയന്ത്രിക്കുന്നതുമായ സംരംഭങ്ങളാണ് സഹകരണ സ്ഥാപനങ്ങൾ. ഐക്യദാർഢ്യം, ജനാധിപത്യം, സമത്വം എന്നീ മൂല്യങ്ങളാൽ അവ നയിക്കപ്പെടുന്നു. ലോകമെമ്പാടും സഹകരണ പ്രസ്ഥാനം പ്രവർത്തിക്കുകയും വൈവിധ്യമാർന്ന സാമ്പത്തിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു. "സഹകരണ പ്രസ്ഥാനങ്ങൾ ഒരു മികച്ച ലോകം നിർമ്മിക്കുന്നു" എന്ന പ്രമേയത്തോടെ ഐക്യരാഷ്ട്രസഭ 2025 അന്താരാഷ്ട്ര സഹകരണ വർഷമായി പ്രഖ്യാപിച്ചു. സമഗ്രവും സുസ്ഥിരവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിലും ദാരിദ്ര്യ നിർമ്മാർജ്ജനം, ലിംഗസമത്വം, സുസ്ഥിര സാമ്പത്തിക വളർച്ച എന്നിവയുൾപ്പെടെയുള്ള ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിലും സഹകരണ സ്ഥാപനങ്ങളുടെ പങ്ക് എടുത്തു പറയേണ്ടതാണ്.

കേരളത്തിലെ സഹകരണ സംഘങ്ങൾ വിവിധ ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളുടെ സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംഭാവന നൽകിയിട്ടുണ്ട്. കാർഷിക വായ്പ, പൊതുവിതരണ സംവിധാനത്തിനുള്ള പിന്തുണ, കാർഷിക വിപണനം, ആരോഗ്യ സംരക്ഷണം, പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, ഭവന നിർമ്മാണം, കാർഷിക സംസ്കരണം, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ, സ്ത്രീകൾ, മത്സ്യബന്ധനം എന്നീ വികസന പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ വിപുലമായ ശൃംഖല സംസ്ഥാനത്തിനുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനം സമൂഹ വികസനത്തിനും സാമൂഹിക ക്ഷേമത്തിനും മികച്ച സംഭാവനയാണ് നൽകുന്നത്.

പ്രവർത്തന മേഖല, ജോലിയുടെ സ്വഭാവം, അധികാരികൾ, പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി സഹകരണ സംഘങ്ങളെ തരംതിരിച്ചിരിക്കുന്നു. നിലവിൽ 2025 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിൽ 16,429 സഹകരണ സംഘങ്ങൾ ഉണ്ട്. ഇതിൽ 12,278 സംഘങ്ങൾ സജീവവും, ശേഷിക്കുന്നവ നിഷ്ക്രിയവുമാണ്. രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളിൽ ഭൂരിഭാഗവും ഉപഭോക്തൃ സഹകരണ സംഘങ്ങളാണ്. ആകെ 4,609 ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ 3,736 എണ്ണം പ്രവർത്തനക്ഷമമാണ്. കേരളത്തിലെ വിവിധ വിഭാഗങ്ങളിലുള്ള സഹകരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.2.1** ൽ നൽകിയിട്ടുണ്ട്.

**വായ്പ സഹകരണ സംഘങ്ങൾ**

സംസ്ഥാനത്തിന്റെ അടിസ്ഥാന സാമ്പത്തിക സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൽ വായ്പ സഹകരണ സംഘങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. കേരളത്തിലെ സഹകരണ വായ്പ ഘടനയിൽ കേരള ബാങ്ക്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്), ഫാർമേഴ്സ് സർവീസ് സൊസൈറ്റികൾ (എഫ്.എസ്.എസ്), കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമവികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി), പ്രാഥമിക സഹകരണ കാർഷിക-ഗ്രാമവികസന ബാങ്കുകൾ (പി.സി.എ.ആർ.ഡി.ബി) എന്നിവ ഉൾപ്പെടുന്നു. ഇവ പ്രാഥമിക മേഖലയിലേക്കുള്ള വായ്പാ വിതരണം നടത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഹ്രസ്വകാല

വായ്പാ ഘടനയിൽ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വലിയ വിപണി സ്വാധീനമുണ്ട്. ഇവ വൻതോതിൽ നിക്ഷേപങ്ങൾ സമാഹരിക്കുകയും അംഗങ്ങളുമായി അടുത്ത ബന്ധം നിലനിർത്തുകയും ചെയ്യുന്നു. പി.എ.സി.എസ് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനമൊട്ടാകെ വ്യാപിച്ചുകിടക്കുന്ന ശാഖകളുണ്ട്.സംസ്ഥാനത്തെ സഹകരണ കാർഷിക വായ്പ മേഖലയിലെ ഘടനാപരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് സർക്കാർ നിരവധി പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ത്രിതല വായ്പ ഘടനയെ ദ്വിതല ഘടനയാക്കി മാറ്റുന്നതിനുള്ള നയപരമായ തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ (ആർ.സി.എസ്) കീഴിൽ 3,756 വായ്പ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3,370 സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ മൊത്തം സഹകരണ സംഘങ്ങളുടെ എണ്ണത്തിൽ 22.86 ശതമാനം വായ്പ സഹകരണ സംഘങ്ങളാണ്. വായ്പ സഹകരണ സംഘങ്ങളുടെ തിരഞ്ഞെടുത്ത വായ്പ പ്രവർത്തനങ്ങളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 3.2.2** ൽ നൽകിയിരിക്കുന്നു.

**പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്)**

ഇന്ത്യയിലെ സഹകരണ വായ്പ സംവിധാനത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ് പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്). ഗ്രാമതലത്തിലും താഴെത്തട്ടിലും പ്രവർത്തിക്കുന്ന ഇവ, കാർഷികവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനായി ഹ്രസ്വകാല ഇടത്തരം വായ്പകൾ നൽകി ഗ്രാമീണ സമൂഹങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നു.വായ്പാ വിതരണം മാത്രമല്ല, കൃഷിക്ക് ആവശ്യമായ സാധന സാമഗ്രികൾ വിതരണം, സഹകരണ മെഡിക്കൽ സ്റ്റോറുകളുടെ നടത്തിപ്പ്, കാർഷിക ഉൽപ്പന്നങ്ങളുടെ ശേഖരണവും വിപണനവും, മൂല്യവർധിത ഉൽപ്പന്നങ്ങൾ, ഗ്രേഡിംഗ്, ബ്രാൻഡിംഗ്, പാക്കിംഗ് തുടങ്ങിയ വിവിധ സേവനങ്ങളും പി.എ.സി.എസ് നിർവഹിക്കുന്നു.2025 മാർച്ച് 31 വരെ സംസ്ഥാനത്ത്1,636 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു. ഇതിൽ 1,588 സംഘങ്ങൾ പ്രവത്തനക്ഷമമാണ്. തെരഞ്ഞെടുത്ത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ വായ്പ പ്രവർത്തനങ്ങളും പ്രവർത്തനമികവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.2.3** ലും **അനുബന്ധം 3.2.4** ലും നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)**

2019 നവംബർ മാസത്തിൽ സ്ഥാപിതമായ കേരള സംസ്ഥാന സഹകരണ ബാങ്ക്(കേരള ബാങ്ക്), സഹകരണ ചട്ടക്കൂടിനുള്ളിൽ ലോകമെമ്പാടുമുള്ളബാങ്കായി മാറുക എന്ന കാഴ്ചപ്പാടോടെ സംസ്ഥാനത്തിനകത്തും വിദേശത്തുമായി വിപുലമായ ശൃംഖല വികസിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്. പ്രൊഫഷണലിസവും ശക്തമായ സാമൂഹിക പ്രതിബദ്ധതയും ഒരുമിപ്പിച്ച്, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരു കുട കീഴിൽ കൊണ്ടുവന്ന് സമഗ്രമായ സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ബാങ്കിന്റെ ലക്ഷ്യം. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും നിക്ഷേപങ്ങളും നിക്ഷേപ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ കേരള ബാങ്ക് സജീവ പങ്ക് വഹിക്കുന്നു. വ്യക്തിഗത ഉപഭോക്താക്കൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ, വ്യവസായ മേഖലകൾ, സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) എന്നിവയ്ക്ക് വൈവിധ്യമാർന്ന വായ്പാ വിതരണത്തിനും മറ്റ് സാമ്പത്തിക സേവനങ്ങൾക്കും കേരള ബാങ്ക് മുൻഗണന നൽകുന്നു.കേരള ബാങ്കിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. കൂടാതെ സംസ്ഥാനത്തുടനീളം ഏഴ് പ്രാദേശിക ഓഫീസുകൾ, എറണാകുളത്ത് കോർപ്പറേറ്റ് ബിസിനസ് ഓഫീസ്, 13 ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്ററുകൾ, 845 ശാഖകൾ എന്നിവ ബാങ്കിനുണ്ട്. ബാങ്കിന്റെ അംഗസംഖ്യ 1,688 ആണ്. ഇതിൽ കേരള സർക്കാർ ഉൾപ്പെടെ 1,687 സഹകരണ സംഘങ്ങൾ 'എ' ക്ലാസ് അംഗങ്ങളാണ്. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരള സർക്കാരിന്റെയും സഹകരണ സംഘങ്ങളുടെയും വ്യക്തികളുടെയും ഓഹരികൾ ഉൾപ്പെടെ ബാങ്കിന്റെ ആകെ ഓഹരി മൂലധനം 2,157.60 കോടി രൂപയായിരുന്നു. സഹകരണ സംഘങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ നിക്ഷേപങ്ങൾ ഉൾപ്പെടെ ബാങ്കിന്റെ ആകെ നിക്ഷേപം 707.63 കോടി രൂപയായിരുന്നു. ബാങ്കിന്റെ മൊത്തം കടം 10,856.73 കോടി രൂപയാണ്. ഇതിൽ നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലെപ്മെന്റ് (നബാർഡ്), കേരള സർക്കാർ, ദീർഘകാല നിക്ഷേപങ്ങൾ എന്നിവയിൽ നിന്നുള്ള കടങ്ങൾ ഉൾപ്പെടുന്നു.2024-25 സാമ്പത്തിക വർഷത്തെ കേരള ബാങ്കിന്റെ ധനകാര്യ വിശദാംശങ്ങൾ **അനുബന്ധം 3.2.5** ൽ നൽകിയിരിക്കുന്നു.കേരള ബാങ്കിന്റെ ഉടമസ്ഥതയിലുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് (പി.എ.സി.എസ്) കേരള ബാങ്ക് നിരവധി സേവനങ്ങൾ നൽകിവരുന്നു. സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായ പി.എ.സി.എസ് കളെ ശക്തിപ്പെടുത്തുന്നതിനായി ബാങ്ക് പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കിയതോടൊപ്പം, സംസ്ഥാനത്തെ 14 ജില്ലകളിലായി പി.എ.സി.എസ് ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്.കാർഷിക മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയാണ് കേരള ബാങ്ക് പ്രവർത്തനം നടത്തുന്നത്. ബാങ്കിന്റെ ആകെ നിലവിലുള്ള വായ്പകളിൽ 27 ശതമാനം കാർഷിക പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ 1,32,162 കർഷകർക്ക് 4,552.00 കോടി രൂപയുടെ വായ്പ ബാങ്ക് വിതരണം ചെയ്തു. എ.ഐ.എഫ്/പി.എ.സി.എസ് നെ ബഹുസേവന കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി, കാർഷികവും കാർഷിക അനുബന്ധ മേഖലകളിലുമുള്ള വിവിധ പദ്ധതികൾക്കായി മൊത്തം 467.00 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.കേരള ബാങ്കിന്റെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ 15 പുതിയ സവിശേഷതകൾ ഉൾപ്പെടുത്തി പുതുക്കി വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ സ്ഥിരനിക്ഷേപം, ആവർത്ത നിക്ഷേപം തുടങ്ങിയ സൗകര്യങ്ങളും ഉൾപ്പെടുന്നു. നിലവിൽ 2,62,273 റീട്ടെയിൽ ഉപഭോക്താക്കൾ മൊബൈൽ ബാങ്കിംഗ് സേവനത്തിനും,

2,03,000 ഉപഭോക്താക്കൾ യു.പി.ഐ സേവനത്തിനും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2025 ഓഗസ്റ്റ് 24 ന്, സ്വർണ്ണ വായ്പ നിക്ഷേപ സമാഹാരത്തിൽ 1,500.00 കോടി രൂപയുടെ വർധന ലക്ഷ്യമിട്ട് പ്രത്യേക 100 ദിവസത്തെ സ്വർണവായ്പ ക്യാമ്പെയ്ൻ കേരള ബാങ്ക് ആരംഭിച്ചു. എല്ലാ മലയാളികളുടെയും പ്രഥമ ബാങ്കായി കേരള ബാങ്കിനെ മാറ്റുക എന്ന ദീർഘകാല ലക്ഷ്യത്തിന്റെ ഭാഗമായാണ് ഈ ക്യാമ്പെയ്ൻ സംഘടിപ്പിച്ചത്. ഈ പശ്ചാത്തലത്തിൽ, 'മലയാളികളുടെ സ്വന്തം ബാങ്ക്' എന്ന തലക്കെട്ടോടെ സംസ്ഥാനവ്യാപകമായി തീവ്ര പ്രചാരണ പരിപാടി സംഘടിപ്പിച്ചു. സ്വർണവായ്പ പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ ഈ സംരംഭത്തിന് സമൂഹത്തിന്റെ താഴെത്തട്ടിൽ നല്ല പിന്തുണ ലഭിച്ചു. ആയതിന്റെ ഫലമായി, 100 ദിവസത്തെ ക്യാമ്പെയ്നിന്റെ ആദ്യ 57 ദിവസത്തിനുള്ളിൽ തന്നെ 1,250.00 കോടി രൂപയുടെ വർധന സ്വർണവായ്പ നിക്ഷേപ സമാഹാരത്തിലുണ്ടായി. കൂടാതെ, എറണാകുളം ജില്ലയിൽ കേരള ഇൻനൊവേഷൻ ഹബ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി കേരള ബാങ്ക് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. രാജ്യത്തിനകത്തെ പാൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും മിൽമ ഫ്രാഞ്ചൈസികൾക്ക് വായ്പാ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി മിൽമയും കേരള ബാങ്കുമായി സഹകരിച്ച പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ) രൂപീകരിക്കുന്ന പദ്ധതിയുടെ ഭാഗമായി, 2027 ഓടെ 200 എഫ്.പി.ഒ കൾ സ്ഥാപിക്കാനാണ് കേരള ബാങ്ക് ലക്ഷ്യമിടുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ, 18 എഫ്.പി.ഒ കൾക്ക് ഓരോന്നിനും 3,00,000 രൂപ വീതം സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.ലയനത്തിന് ശേഷം കേരള ബാങ്ക് കാഴ്ചവെച്ച മികച്ച പ്രവർത്തനമികവിന് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ (എൻ.എ.എഫ്.എസ്.സി.ഒ.ബി) നൽകുന്ന മികച്ച സംസ്ഥാന സഹകരണ ബാങ്ക് അവാർഡ് തുടർച്ചയായി മൂന്ന് വർഷം നേടാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

**കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.എ.ആർ.ഡി.ബി)**

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.എ.ആർ.ഡി.ബി) ദീർഘകാല വായ്പ നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന സ്ഥപനമാണ്. കാർഷിക പ്രവർത്തനങ്ങൾ, കാർഷികേതര മേഖല, ഗ്രാമീണ മേഖലയിലെ ഭവനനിർമ്മാണം എന്നിവയ്ക്കായി വായ്പ നൽകുകയും അതിലൂടെ സമഗ്രമായ വികസനമാണ് ബാങ്കിന്റെ പ്രധാന ദൗത്യം. ബാങ്കിൽ നിന്ന് ലഭിക്കുന്ന പുനർധനസഹായമാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന ധനസഹായം പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ (പി.സി.എ.ആർ.ഡി.ബി) വഴി അന്തിമ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കെ.എസ്.സി.എ.ആർ.ഡി.ബി യുടെ ആസ്ഥാനം തിരുവനന്തപുരവും കൂടാതെ പി.സി.എ.ആർ.ഡി.ബി കളുടെ ശാഖകൾ സംസ്ഥാനത്തെ ഓരോ താലൂക്കിലും സ്ഥിതിചെയ്യുന്നു. ഗ്രാമീണ ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ബാങ്കിന്റെ പ്രധാന ലക്ഷ്യം. കെ.എസ്.സി.എ.ആർ.ഡി.ബി യുടെ വായ്പാ ഗുണഭോക്താക്കളിൽ ഏകദേശം 80 ശതമാനവും ചെറുകിടവും നാമമാത്ര കർഷകരാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ബാങ്ക് വിതരണം ചെയ്ത മൊത്തം ദീർഘകാല വായ്പ 854.78 കോടി രൂപയാണ്. ഇതിൽ 16.21 കോടി രൂപ സാധാരണ വായ്പകളായും ബാക്കി തുക കിണറുകളും കുളങ്ങളും നിർമ്മാണം, നവീകരണം, പമ്പ് സെറ്റുകളും കാർഷിക യന്ത്രങ്ങളും വാങ്ങൽ, തോട്ടവൽക്കരണം, മൃഗസംരക്ഷണം, ഭൂവികസനം, ഗോഡൗണുകളും കന്നുകാലി ഷെഡുകളും നിർമ്മിക്കൽ, വേലികൾ സ്ഥാപിക്കൽ, ഡ്രെയിനേജ് ചാനലുകളുടെ നിർമ്മാണം തുടങ്ങിയവയ്ക്കാണ് വായ്പയായ് അനുവദിച്ചത്. കൂടാതെ വിവിധ പദ്ധതികളിലൂടെ 839.00 കോടി രൂപയുടെ വായ്പകളും വിതരണം ചെയ്തു. ചെറുകിട ജലസേചന പദ്ധതികൾ, തോട്ടവത്കരണം, പച്ചക്കറി കൃഷി, കാർഷിക യന്ത്രവൽക്കരണം, ക്ഷീരവികസനം, മൃഗസംരക്ഷണം, ഭൂവികസനം, കോഴിവളർത്തൽ, മത്സ്യബന്ധനം, ഭൂമി വാങ്ങൽ തുടങ്ങിയ മേഖലകളിലും വായ്പ അനുവദിച്ചിട്ടുണ്ട്. ൾ. കെ എസ് സി എ ആർ ഡി ബി വിതരണം ചെയ്ത ദീർഘകാല വായ്പകളുടെ വർഗ്ഗീകരണം **അനുബന്ധം 3.2.6** ൽ വിശദമായി നൽകിയിട്ടുണ്ട്.

**നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.സി.ഡി.സി) സഹായം**

നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും അവയെ ശക്തിപ്പെടുത്തുന്നതിനുമായി ധനസഹായം നൽകിവരുന്നു. ഈ സഹായം സംസ്ഥാന സർക്കാരിലൂടെ അല്ലെങ്കിൽ നേരിട്ട് സഹകരണ സ്ഥാപനങ്ങളിലേക്കാണ് നൽകുന്നത്. ക്രെഡിറ്റ്, മാർക്കറ്റിംഗ്, ഗ്രാമവികസനം, സേവന മേഖലകൾ എന്നിവയിൽ സഹകരണ സ്ഥാപനങ്ങളുടെ ബിസിനസ് വികസനത്തിനും അടിസ്ഥാന സൗകര്യ സൃഷ്ടിക്കും എൻ.സി.ഡി.സി യുടെ സഹായം പ്രധാന പങ്ക് വഹിക്കുന്നു.

സഹകരണ ശൃംഖലകളിലൂടെ തിരഞ്ഞെടുത്ത ജില്ലകളുടെ സമഗ്രവും സംയോജിതവുമായ വികസനത്തിനായി എൻ.സി.ഡി.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഒരു സവിശേഷ പദ്ധതിയാണ് ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്റ്റ് (ഐ.സി.ഡി.പി). പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ (പി.എ.സി.എസ്) കൂടുതൽ മൂല്യവും വ്യാപ്തിയും ഉള്ള ബിസിനസ് പ്രവർത്തനങ്ങളിലൂടെ സാമ്പത്തികമായി പ്രാപ്തിയുള്ള ബഹുമുഖ സ്ഥാപനങ്ങളായി വികസിപ്പിക്കൽ, നിലവിലുള്ള സഹകരണ ഘടനയെ ലംബവും തിരശ്ചീനവുമായ ബന്ധങ്ങൾ നൽകികൊണ്ട് ശക്തിപ്പെടുത്തൽ, ചെറുകിടവും നാമമാത്ര കർഷകരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കാർഷിക മേഖലയെയും വായ്പ മേഖലയെയും നവീകരിക്കൽ എന്നിവ ഉൾപ്പെടുന്നു. 2025 ഓഗസ്റ്റ് 31 വരെ, കേരളത്തിലെ വിവിധ സഹകരണ വികസന പദ്ധതികൾക്കായി എൻസിഡിസി 11,311.13 കോടി രൂപയുടെ സഞ്ചിത സാമ്പത്തിക സഹായം വിതരണം

ചെയ്തു. ഇതിൽ 2,662.00 കോടി രൂപ സംസ്ഥാന സർക്കാർ വഴിയും 8,649 കോടി രൂപ നേരിട്ടുള്ള ധനസഹായമായും വിതരണം ചെയ്തു. നേരിട്ടുള്ള ധനസഹായത്തിൽ, ദീർഘകാല വായ്പ ഘടകം 3.12 കോടി രൂപയും സബ്സിഡി ഘടകമായി 20.19 കോടി രൂപയും പ്രവർത്തന മൂലധന സഹായമായി 8,626.13 കോടി രൂപയും വിതരണം ചെയ്തു.

എൻ.സി.ഡി.സി സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.2.8** ൽ കാണിച്ചിരിക്കുന്നു. കേരളത്തിലെ എൻ.സി.ഡി.സി ഫണ്ടുകളുടെ അനുവദിച്ചതും വിതരണവും **അനുബന്ധം 3.2.9** ൽ കാണിച്ചിരിക്കുന്നു. വായ്പകളുടെ വാർഷിക വിതരണവും പലിശ നിരക്കുകളും **അനുബന്ധം 3.2.10** ൽ കാണിച്ചിരിക്കുന്നു.

**ഉപഭോക്തൃ സഹകരണ സംഘങ്ങൾ**

കേരളത്തിൽ, പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കളും ഉപഭോക്തൃ വസ്തുക്കളും ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിലൂടെ പൊതുവിതരണ സംവിധാനത്തിലെ പ്രധാന ഏജൻസികളായി ഉപഭോക്തൃ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. 2025 മാർച്ച് 31 വരെ സംസ്ഥാനത്ത് ആകെ 4,609 ഉപഭോക്തൃ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 3,736 എണ്ണം പ്രവർത്തനക്ഷമമാണ്. ഉപഭോക്തൃ സഹകരണ ശൃംഖലയിൽ സംസ്ഥാന തലത്തിൽ കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ ലിമിറ്റഡ് (കൺസ്യൂമർഫെഡ്) ഉൾപ്പെടുന്നു, ഇതിൽ 11 മേഖലാ ഓഫീസുകളിലൂടേയും 6 ബിസിനസ് ഡിവിഷനുകളി ലൂടെയുമാണ് കൺസ്യൂമർഫെഡ് പ്രവർത്തിക്കുന്നത്.

**പ്രധാന ബിസിനസ് വിഭാഗങ്ങൾ താഴെ വിശദീകരിച്ചിരിക്കുന്നു**

**എ. ത്രിവേണി ഡിവിഷൻ**

ത്രിവേണി സൂപ്പർമാർക്കറ്റുകളും മൊബൈൽ ത്രിവേണി യൂണിറ്റുകളും ജില്ലാതല റീജിയണൽ ഓഫീസുകൾക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ കേരളത്തിലുടനീളം 164 ത്രിവേണി യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ത്രിവേണി വിഭാഗത്തിലെ ആകെ വിൽപ്പന വരുമാനം 320.51 കോടി രൂപയാണ്. അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് കേരള സർക്കാരിന്റെ നിർദേശാനുസരണം കൺസ്യൂമർഫെഡ് സബ്സിഡി ഔട്ട്ലറ്റുകളും മറ്റ് വിപണി ഇടപെടൽ പരിപാടികളും സംഘടിപ്പിച്ചു. 2024-ൽ റംസാൻ, വിഷു, ഓണം തുടങ്ങിയ ഉത്സവകാലങ്ങളിൽ 1,860 ഉത്സവ വിപണികൾ നടത്തികൊണ്ട് 116.70 കോടി രൂപയുടെ സബ്സിഡി വിൽപ്പന കൈവരിക്കാൻ ഫെഡറേഷനു സാധിച്ചു. 2025 ഓണക്കാലത്ത്, സബ്സിഡി, സബ്സിഡി ഇതര വസ്തുക്കൾ ഉൾപ്പെടെ 157 കോടി രൂപയുടെ വിൽപ്പന വിറ്റുവരവ് നേടാൻ കൺസ്യൂമർഫെഡിന് കഴിഞ്ഞു.

**സി. ബിവറേജസ് ഡിവിഷൻ**

കേരളത്തിലുടനീളം കൺസ്യൂമർഫെഡിന് 45 വിദേശ മദ്യക്കടകളും 3 ബിയർ കടകളും സ്വന്തമായുണ്ട്. 2024-25 ൽ വിൽപ്പന വിറ്റുവരവ് 1,047.28 കോടി രൂപയിലെത്തി. ഈ സാമ്പത്തിക വർഷത്തിൽ 2025 ഓഗസ്റ്റ് വരെയുള്ള വിദേശ മദ്യശാലകളുടെ വിൽപ്പന 1,017.9 കോടി രൂപയായിരുന്നു. വിൽപ്പന വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, വിദേശ മദ്യക്കടകൾ സ്വയം സേവന കൗണ്ടറുകൾ, പ്രീമിയം കൗണ്ടറുകൾ, ഡെലിവറി കൗണ്ടറുകൾ എന്നിവ ആരംഭിച്ചു.

**ഡി. നോട്ട്ബുക്ക് ഡിവിഷൻ**

ഗുണനിലവാരമുള്ള നോട്ട്ബുക്കുകൾ നിർമ്മിക്കുന്ന ഒരു നോട്ട്ബുക്ക് പ്രൊഡക്ഷൻ യൂണിറ്റ് കൺസ്യൂമർഫെഡിന് കീഴിൽ തൃശ്ശൂരിൽ നിലവിലുണ്ട്. 2024-25 ൽ യൂണിറ്റ് 7.06 കോടി രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്, 2025 ഏപ്രിൽ 1 മുതൽ 2025 ഓഗസ്റ്റ് 31 വരെയുള്ള മൊത്തം വിൽപ്പന വിറ്റുവരവ് 4.48 കോടി രൂപയായിരുന്നു. ത്രിവേണി നോട്ട്ബുക്കിന് 'കോപ്പ്-മാർക്ക്' സർട്ടിഫിക്കേഷനും ലഭിച്ചു.

**ഇ. നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ്**

പാലക്കാട് മൂങ്ങിൽമടക്കലിൽ കൺസ്യൂമർഫെഡിന് സ്വന്തമായി ഒരു ഗ്യാസ് പ്ലാന്റുണ്ട്. ഇതിലൂടെ നീതി ഗ്യാസ് എന്ന ഗാർഹിക വാതകം കേരളത്തിലുടനീളം നിറച്ച് വിതരണം ചെയ്യുന്നു. 2024-25 ൽ ആകെ 109.41 ലക്ഷം രൂപയുടെ വിൽപ്പന നടന്നു. 2025 ഏപ്രിൽ മുതൽ 2025 ഓഗസ്റ്റ് വരെ 49.97 ലക്ഷം രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്.

**എഫ്. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി (ടി.ഐ.പി)**

കൺസ്യൂമർഫെഡ് നടത്തുന്ന 'ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ 2018 മുതൽ ബി. ഫാം കോഴ്സ് നിലവിലുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിൽ ആകെ 213 വിദ്യാർത്ഥികളാണ് ബി.ഫാം കോഴ്സിൽ ചേർന്നിരിക്കുന്നത്, കൂടാതെ 103 വിദ്യാർത്ഥികളും ഡി.ഫാം കോഴ്സിൽ പഠിക്കുന്നു. 2024-25 അധ്യയന വർഷത്തിൽ, ടി.ഐ.പി 100 ശതമാനം വിജയവും പ്ലേസ്മെന്റും നേടാനായിട്ടുണ്ട്, ഇത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സുപ്രധാന നാഴികക്കല്ലായാണ് കണക്കാക്കുന്നത്.

**ജി. ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ**

സംസ്ഥാന സർക്കാരും പ്രാഥമിക ഭവന സഹകരണ സംഘങ്ങളും അംഗങ്ങളായി പ്രവർത്തിക്കുന്ന ഭവന സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ ലിമിറ്റഡ് (ഹൗസ്ഫെഡ്). നിലവിൽ 2025 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെ 390 പ്രാഥമിക ഭവന സഹകരണ സംഘങ്ങളാണുള്ളത്. ഇതിൽ 281 എണ്ണം സജീവങ്ങളാണ്.

**എച്ച്. പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾ**

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനാണ് പട്ടികജാതി/ പട്ടികവർഗ സഹകരണ സംഘങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളുടെ വരുമാനവും ഉപജീവനമാർഗ്ഗവും വർധിപ്പിക്കുന്നതിന് പട്ടികജാതി/ പട്ടികവർഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം അത്യന്താപേക്ഷിതമാണ്. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് 849 പട്ടികജാതി/ പട്ടികവർഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്,

അതിൽ 431 എണ്ണം പ്രവർത്തനക്ഷമമാണ്. 2024-25 ൽ, 30 പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് ആകെ 350 ലക്ഷം രൂപയുടെ സഹായം നൽകി. പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ് കോ-ഓപ്പറേറ്റീവ് എന്നറിയപ്പെടുന്ന പ്രാഥമിക പട്ടികജാതി/പട്ടികവർഗ സഹകരണ സംഘങ്ങളുടെ ഒരു പരമോന്നത സ്ഥാപനവും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഫെഡറേഷനിൽ ആകെ 704 അംഗങ്ങളാണുള്ളത്, അതിൽ സംസ്ഥാന സർക്കാർ, 567 പട്ടികജാതി സഹകരണ സംഘങ്ങൾ, 103 പട്ടികവർഗ സഹകരണ സംഘങ്ങൾ, 33 പട്ടികജാതി, പട്ടികവർഗ സഹകരണ സംഘങ്ങൾ എന്നിവ ഉൾപ്പെടുന്നു.

**ഐ. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്) എന്നറിയപ്പെടുന്ന പ്രാഥമിക മാർക്കറ്റിംഗ് സംഘങ്ങളുടെ പരമോന്നത സ്ഥാപനവും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർ മാർക്ക്) എന്നറിയപ്പെടുന്ന പ്രാഥമിക റബ്ബർ മാർക്കറ്റിംഗ് സംഘങ്ങളുടെ പരമോന്നത സ്ഥാപനവുമാണ് മാർക്കറ്റിംഗിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, ആകെ 626 പ്രാഥമിക മാർക്കറ്റിംഗ്, പ്രോസസ്സിംഗ് സംഘങ്ങളാണുള്ളത്. അതിൽ 252 സംഘങ്ങൾ പ്രവർത്തനക്ഷമമാണ്.

**ജെ. ഹെൽത്ത് കോ-ഓപ്പറേറ്റീവ്സ്**

2025 മാർച്ച് 31 വരെ സംസ്ഥാനത്ത് ആകെ 188 ആരോഗ്യ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 92 സംഘങ്ങൾ സജീവമാണ്. ആരോഗ്യ സഹകരണ സംഘങ്ങളുടെ ഒരു പരമോന്നത സ്ഥാപനം കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ ഫെഡറേഷൻ ലിമിറ്റഡ് (ഹോസ്പിറ്റൽ ഫെഡ്) എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്നു.

**കെ. പലവക സഹകരണ സംഘങ്ങൾ**

2025 മാർച്ച് 31 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 4,693 രജിസ്റ്റർ ചെയ്ത പലവക സഹകരണ സംഘങ്ങൾ ഉണ്ട്. അതിൽ 3,136 എണ്ണം സജീവമാണ്. ലേബർ കോൺട്രാക്റ്റ്, ട്രാൻസ്പോർട്ട്, റബ്ബർ പ്ലാന്റേഷൻ, കോഴി വളർത്തൽ, കുട്ടകൃഷി, ടൂറിസം എന്നീ സൊസൈറ്റികൾ പലവക സഹകരണ സംഘങ്ങളിൽ ഉൾപ്പെടുന്നു.

**വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം**

**കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്)**

കേരള സർക്കാരിന്റെ സഹകരണ വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്). പ്രൊഫഷണൽ മേഖലകളിൽ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും അവസരങ്ങൾ നല്കുന്നതിനുമാണ് ഇത് സ്ഥാപിച്ചത്. 2024-25 ൽ 605 ലക്ഷം രൂപ അനുവദിക്കുകയും, അതിൽ 367.41 ലക്ഷം രൂപ കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുകയും ചെയ്തു.

**സംസ്ഥാന സഹകരണ യൂണിയൻ (എസ്.സി.യു)**

സഹകരണ തത്വങ്ങളെയും രീതികളെയും കുറിച്ചുള്ള അറിവ് നൽകുന്നതിനും അനുബന്ധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും 1969 ലെ കേരള സഹകരണ സംഘ നിയമത്തിലെ സെക്ഷൻ 89 പ്രകാരം സ്ഥാപിതമായ നിയമാനുസൃത സ്ഥാപനമാണ് സംസ്ഥാന സഹകരണ യൂണിയൻ (എസ്.സി.യു). കൊട്ടാരക്കര, ചേർത്തല, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന പരിശീലന കേന്ദ്രങ്ങൾ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മാത്രമായാണ് പ്രവർത്തിക്കുന്നത്. അംഗങ്ങളുടെ വിദ്യാഭ്യാസ പരിപാടികളും പട്ടികജാതി/പട്ടികവർഗ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു. നെയ്യാർ ഡാമിൽ സ്ഥിതി ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കെ ഐ സി എം എ) എസ്‌സിയുവിന്റെ അനുബന്ധ സ്ഥാപനമാണ്. സഹകരണ മേഖലയിലെ വ്യക്തികളുടെ കഴിവുകളും കരിയർ വികസനവും വർദ്ധിപ്പിക്കുന്നതിന് ഈ സംരംഭങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ സി എം)**

നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്തും കണ്ണൂരിലും സ്ഥാപിച്ച പരിശീലന കേന്ദ്രമാണ് ഐ സി എം. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും, സഹകരണ മേഖലയിലെ ഉദ്യോഗസ്ഥർക്കും, അനൗദ്യോഗികർക്കും ഇൻസ്റ്റിറ്റ്യൂട്ട് വിപുലമായ പരിശീലന കോഴ്സുകൾ സ്ഥാപനം നൽകുന്നു. ബജറ്റ് വിഹിത പ്രകാരം എല്ലാ വർഷവും സംസ്ഥാന സർക്കാർ ഈ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നു. 2024-25 കാലയളവിൽ കണ്ണൂർ കാമ്പസിൽ മൂന്ന് പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്.

**കാർഷിക സഹകരണ സ്റ്റാഫ് പരിശീലന സ്ഥാപനം (എ സി എസ് ടി ഐ)**

ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ സി ഡി സി) ന്റെ സ്പോൺസർഷിപ്പോടെ 1992-ൽ സ്ഥാപിച്ച പരിശീലന സ്ഥാപനമാണ് കാർഷിക സഹകരണ സ്റ്റാഫ് പരിശീലന സ്ഥാപനം (എ.സി.എസ്.ടി ഐ). 2024-25-ൽ, ഈ സ്ഥാപനം സംഘടിപ്പിച്ച 27 പരിശീലന പരിപാടികളിൽ 1419 പേർ പങ്കെടുത്തു.

**മികവ്-2024**

സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനായി *'മികവ്-2024'* എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സംരംഭത്തിന്റെ ഭാഗമായി, സി-ഡിറ്റ് നടപ്പിലാക്കുന്ന എച്ച്.ആർ.എം.എസ് സോഫ്റ്റ്‌വെയറിൽ പരിശീലന മൊഡ്യൂൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2025 ഏപ്രിൽ 21 ന് മൺവിളയിലെ എ.സി.എസ്.റ്റി.ഐ യിൽ പരിശീലന പരിപാടികൾ ഉദ്ഘാടനം ചെയ്യപ്പെടുകയും എ.സി.എ.എസ്.റ്റി.ഐ, മൺവിള, ഐ.സി.എം കണ്ണൂർ

എന്നിവിടങ്ങളിലായി 8 ബാച്ചുകളിലായി 240 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തു.

### സാങ്കേതിക വിദ്യ അധിഷ്ഠിത കൃഷിയിലെ സഹകരണ സംരംഭം (സി.ഐ.റ്റി.എ)

സാങ്കേതിക വിദ്യയെ സഹകരണ മേഖലയുമായി ഏകോപിപ്പിച്ച് കാർഷിക പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് രൂപകൽപ്പന ചെയ്ത പദ്ധതിയാണ് (സി.ഐ.റ്റി.എ). കേരളത്തിലെ ചെറുകിടയും നാമമാത്ര കർഷകർ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിനായി, അവരുടെ ഉൽപ്പന്നങ്ങളുടെ സംസ്കരിക്കുന്നതിലും വിപണനത്തിനും സഹകരണ സംഘങ്ങളുടെ പിന്തുണ ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്നങ്ങൾ നേരിട്ട് വിപണിയിലെത്തിക്കുന്നതിലൂടെയോ മൂല്യവർധനവിലൂടെയോ കർഷകർക്ക് കൂടുതൽ വരുമാനം നേടാൻ പദ്ധതി സഹായിക്കുന്നു. കേരള സംസ്ഥാന ആസൂത്രണ ബോർഡും സഹകരണ വകുപ്പും ചേർന്നാണ് ഈ പദ്ധതി രൂപീകരിച്ചത്. ഉത്പാദനത്തിലും വിപണനത്തിലും കാര്യക്ഷമമായ ഇടപെടൽ ഉറപ്പാക്കുന്നതിനൊപ്പം, തുറസ്സായ സ്ഥലങ്ങളിലെ കൃഷി, സൂക്ഷ്മ കൃഷി, അടുക്കളത്തോട്ടങ്ങൾ, ടെറസ് ഫാമുകൾ തുടങ്ങിയ കൃഷി രീതികളിലൂടെ ഉത്പാദനം വർധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. ഇതോടൊപ്പം മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ കാർഷിക മേഖലയുമായി സംയോജിപ്പിച്ച് ഉൽപ്പാദനം കാര്യക്ഷമമായി വർദ്ധിപ്പിക്കൽ എന്നിവ ഈ പദ്ധതി വഴി ഉറപ്പാക്കുന്നു പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (പി.എ.സി.എസ്) സഹായത്തോടെ പ്രദേശത്തെ ചെറുകിട കർഷകരെ ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2024-25 ൽ, കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 546.82 ലക്ഷം രൂപ അനുവദിച്ചു. സി.ഐ.റ്റി.എ പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 3.2.11** ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും മാർക്കറ്റിംഗും

സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ബ്രാൻഡ് പ്രചാരം വർധിപ്പിക്കുകയും വിൽപ്പന മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനായി സഹകരണ വകുപ്പ് "സഹകരണ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗും മാർക്കറ്റിംഗും" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, ഏകീകൃത ബ്രാൻഡ്, വിപണന ശൃംഖല വികസിപ്പിക്കുക, ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയിൽ ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദേശീയ, അന്തർദേശീയ വിപണികളിലേക്ക് വ്യാപിപ്പിക്കുക, തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ തുറക്കുക, ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുക, ഒരു ഓൺലൈൻ വിപണി സൃഷ്ടിക്കുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഗുണനിലവാരവും വിപണന ചട്ടക്കൂട്ടും ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, സഹകരണ ഉൽപ്പന്നങ്ങൾക്കായുള്ള ഒരു വ്യാപാരമുദ്രയായ 'കോപ്പ് കേരള' 2020-21 ൽ ആരംഭിച്ചു. നിർദ്ദിഷ്ട മാനദണ്ഡങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്ന സഹകരണ ഉൽപ്പന്നങ്ങൾക്ക് കോപ്പ് കേരള സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന് ആറ് അംഗ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു. നിലവിൽ, 75 സഹകരണ സംഘങ്ങൾ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ട്, ഏകദേശം 400 ഉൽപ്പന്നങ്ങൾ നിർമ്മിച്ചിട്ടുണ്ട്. 1999 ലെ ട്രേഡ്മാർക്ക് ആക്ട് പ്രകാരം കോപ്പ് കേരള എന്ന ബ്രാൻഡ് നാമം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി, കോപ്പ് കേരള സർട്ടിഫിക്കേഷൻ മാർക്ക് ലഭിച്ച ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി അങ്ങാടി കേരള മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

### പാലക്കാട് നെല്ല് സംഭരണ സംസ്കരണ & വിപണന സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി 1449 (പാപ്കോസ്)

പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമെന്ന നിലയിൽ, പാലക്കാട് ജില്ലയിൽ ഒരു സഹകരണ സംഘം സ്ഥാപിക്കാനും കർഷകർ ഉൽപ്പാദിപ്പിക്കുന്ന അരി സംസ്കരിക്കുന്നതിനും സംഭരിക്കുന്നതിനുമുള്ള സൗകര്യമുള്ള ഒരു ആധുനിക റൈസ് മിൽ സ്ഥാപിക്കാനും സഹകരണ വകുപ്പ് തീരുമാനിച്ചു. നെല്ല് സംഭരിക്കുകയും സംസ്കരിക്കുകയും അരി, പൊടിഅരി, തവിട്, അരിപ്പൊടി, തൊണ്ട് തുടങ്ങിയ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുക എന്നതാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. റൈസ് മിൽ നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര ഗ്രാമത്തിൽ 27.66 ഏക്കർ ഭൂമി സംഘം വാങ്ങിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി എ സി എസ്) ഈ സഹകരണ സംഘത്തിന്റെ അംഗ സംഘങ്ങളായി പ്രവർത്തിക്കുന്നു.

### കേരള നെല്ല് സംഭരണ സംസ്കരണ & മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) ലിമിറ്റഡ് നമ്പർ 4505

2021 ഓഗസ്റ്റ് 28-ന് 3.10 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനത്തോടെ കേരള നെല്ല് സംഭരണ സംസ്കരണ & മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) ലിമിറ്റഡ് നമ്പർ 4505 രജിസ്റ്റർ ചെയ്തു. നിലവിൽ, കോട്ടയം ജില്ലയിൽ 43 പിഎസിഎസുകൾ അംഗ സംഘങ്ങളായി സൊസൈറ്റിയിലുണ്ട്. പാലക്കാട് ജില്ല ഒഴികെയുള്ള കേരളത്തിലെ മുഴുവൻ ജില്ലകളിലും സൊസൈറ്റിയുടെ പ്രവർത്തന മേഖലയുണ്ട്. കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമത്തിൽ റൈസ് മിൽ നിർമ്മിക്കുന്നതിനായി സൊസൈറ്റി 9.62 ഏക്കർ ഭൂമി വാങ്ങി. സംസ്ഥാനത്തെ നെല്ല് കർഷകർ അരി സംഭരണത്തിലും വിപണനത്തിലും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് സൊസൈറ്റി രൂപകൽപ്പന ചെയ്തിരിക്കുന്നത്. കർഷകരിൽ നിന്ന് ന്യായവിലയ്ക്ക് നെല്ല് സംഭരിക്കുകയും അരി സംസ്കരിച്ച ശേഷം, സർക്കാർ, അർദ്ധസർക്കാർ, സഹകരണ, സ്വകാര്യ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ വഴി ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ വഴിയും അവരുടെ സ്വന്തം മാർക്കറ്റിംഗ് കേന്ദ്രങ്ങൾ വഴിയും അരി വിപണനം ചെയ്യുകയും ചെയ്യും.

**സഹകരണ വീഥി**
സഹകരണ മേഖലയിലെ പ്രധാന നയങ്ങളും പ്രധാന പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന സഹകരണ വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് സഹകരണ വീഥി. 2023-24, 2024-25 സാമ്പത്തിക വർഷത്തിലും (2025 ജൂലൈ 31 വരെ) 1,48,164 ലധികം പകർപ്പുകൾ സഹകരണ വീഥി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കെയർ ഹോം**
2018-ലെ കേരള പ്രളയത്തിൽ ബാധിതരായവരുടെ പൂർണമായും അതീവ ഗുരുതരമായും കേടുപാടുകൾ സംഭവിച്ച വീട്ടുകൾ പുനർനിർമ്മിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കെയർ ഹോം. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനമൊട്ടാകെ 2,000 വീട്ടുകൾ നിർമ്മിക്കാൻ കേരള സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്ന് വീട്ടുകൾ നിർമിക്കുന്നതിനുള്ള എണ്ണം 2,094 ആയി വർദ്ധിപ്പിച്ചു. എല്ലാ വീട്ടുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറി. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ, കണ്ണൂർ, തൃശൂർ, പാലക്കാട് ജില്ലകളിൽ ഒരു കൂട്ടായ വാസസ്ഥലം (ഫ്ലാറ്റ്) നിർമ്മിക്കാൻ തീരുമാനിച്ചു, 2018 ലും 2019 ലും വെള്ളപ്പൊക്കത്തിലും പ്രകൃതിദുരന്തങ്ങളിലും ഭൂമിയും വീട്ടും നഷ്ടപ്പെട്ട 86 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. കെയർ ഹോം പദ്ധതിക്ക് പുറമേ, കെയർ ഗ്രേസ്, കെയർ വായ്പാ പദ്ധതികളും വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

**നവകേരളീയം കുടിശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)**
സഹകരണ മേഖലയിലെ നിഷ്ക്രിയ ആസ്തികൾ (എൻ.പി.എ) കുറയ്ക്കുന്നതിനും കുടിശ്ശിക വായ്പകളുടെ കാര്യക്ഷമമായ പരിഹാരം ഉറപ്പാക്കുന്നതിനുമായി സഹകരണ വകുപ്പ് "നവകേരളീയം കുടിശ്ശിക നിവാരണം" എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വായ്പകൾ തീർപ്പാക്കുന്നതിന് വായ്പക്കാർക്ക് പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കുടിശ്ശികയായ വായ്പത്തുകയ്ക്ക് കുറഞ്ഞപലിശ മാത്രം ഈടാക്കുകയും കൂട്ടുപലിശയും പിഴപലിശയും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി വായ്പക്കാർക്ക് വലിയ സാമ്പത്തിക ഇളവുകൾ ലഭ്യമാക്കാൻ സാധിച്ചു.മരണമടഞ്ഞവരുടെ വായ്പകൾ, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾ ബാധിച്ചവർ, പ്രളയം, കോവിഡ്-19 മഹാമാരി എന്നിവയാൽ ബാധിതരായവർ, ലോക്ക്ഡൗൺ മൂലമുള്ള തൊഴിൽ നഷ്ടം അനുഭവിച്ചവർ തുടങ്ങിയവർക്ക് ഈ പദ്ധതിയുടെ ഭാഗമായി പരമാവധി ഇളവുകൾ ലഭിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ, ഈ പദ്ധതിയുടെ ഭാഗമായി 1,60,594 കുടിശ്ശിക അക്കൗണ്ടുകൾക്ക് ആകെ 573.00 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട്

**പി.എ.സി.എസ് വഴിയുള്ള സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം**
സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം സുഗമവും കാര്യക്ഷമവുമാക്കുന്നതിനായി, കമ്പനീസ് ആക്ട് പ്രകാരം സർക്കാർ തലത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്), ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, മറ്റ് പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു സഹകരണ സംഘങ്ങളുടെ കോൺസോർഷ്യം രൂപീകരിച്ച്, പെൻഷൻ വിതരണത്തിന് ആവശ്യമായ ധനസ്രോതസ്സുകൾ സമാഹരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾ അനുസരിച്ച് പെൻഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നതിനാണ് ഈ തുക ഉപയോഗിക്കുന്നത്. 2025 മാർച്ച് മാസത്തിൽ, കോൺസോർഷ്യം പൂളിംഗ് അക്കൗണ്ടിലെ വാർഷികാവസാനബാലൻസ് 4,605.01 കോടി രൂപ ആയിരുന്നു. ഈ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്ന് 9.1 ശതമാനം പലിശ നിരക്കിലാണ് സമാഹരിച്ചത്.

**മുറ്റത്തെ മുല്ല പദ്ധതി**
സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്ന് പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനായി 2018 ൽ സംസ്ഥാന സർക്കാർ "മുറ്റത്തെ മുല്ല പദ്ധതി" ആരംഭിച്ചു. പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കിവരുന്നു. 2025 മാർച്ച് 31 വരെ, ഈ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് വായ്പയായി 4,478 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്

**100 ദിന കർമ്മപരിപാടി – 2024-25**
2024-25 സാമ്പത്തിക വർഷത്തെ നാലാമത് 100 ദിന പരിപാടിയുടെ ഭാഗമായി, സംസ്ഥാനത്തുടനീളം സഹകരണ മേഖല വിവിധ വികസന പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി. ഡ്രീംസ് പദ്ധതിയുടെ ഭാഗമായി കൊല്ലത്ത് ഒരു സഹകരണ മാൾ നിർമ്മിക്കുന്നതും, കോട്ടയത്ത് സാഹിത്യ പ്രവർത്തകരുടെ സഹകരണ സംഘം മുഖേന അക്ഷരങ്ങൾ, എഴുത്ത് രൂപങ്ങൾ, ഭാഷാ സംവാദങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനായി അക്ഷര മ്യൂസിയം ഹബ് സ്ഥാപിക്കുന്നതും പ്രധാനപെട്ട പദ്ധതികളാണ്. കൂടാതെ, മട്ടന്നൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഔഷധസസ്യങ്ങൾക്ക് അർദ്ധസംസ്കരണ സൗകര്യങ്ങളോടുകൂടിയ ഔഷധവനം വിപുലീകരണം കേപ്പിന്റെ കീഴിൽ പുന്നപ്രയിൽ നഴ്സിംഗ് കോളേജ്, ലബോറട്ടറി, ലൈബ്രറി എന്നിവയുടെ ഉദ്ഘാടനം, കരാർ തൊഴിലാളികളുടെ സഹകരണ സംഘം മുഖേന കൊല്ലത്ത് ഭക്ഷ്യ സംസ്കരണ യൂണിറ്റ് വിശ്രമകേന്ദ്രം നിർമാണം, നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനും ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന ലേബർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ കീഴിൽ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതും 100 ദിന

ചിത്രം 3.2.1 കേരളത്തിലെ നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ 2018-19 മുതൽ 2024-25 വരെയുള്ള പുരോഗതി




**അവലംബം:** രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, കേരളം

പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി. പ്രളയബാധിത കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി കണ്ണൂരിൽ സഹകരണ ആശ്വാസ കെയർ ഹോം പദ്ധതി പ്രകാരം വാസസ്ഥല നിർമ്മാണവും, ടൂറിസം മേഖലയിൽ സഹകരണ സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കുമളിയിൽ ഒരു സഹകരണ റിസോർട്ട് വികസിപ്പിക്കുന്നതും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**നിക്ഷേപ സമാഹരണ യജ്ഞം**

2024-25 സാമ്പത്തിക വർഷത്തിൽ, യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ നിക്ഷേപകരെ സഹകരണ മേഖലയിലേക്കാകർഷിക്കുന്നതിനായി സഹകരണ വകുപ്പ് നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ചു. പ്രചാരണം വിജയകരമായി നടപ്പിലാക്കപ്പെടുകയും, ലക്ഷ്യമിട്ട 9,000 കോടി രൂപയ്ക്കെതിരെ സഹകരണ മേഖല 6,657 കോടി രൂപ നിക്ഷേപമായി സമാഹരിക്കുകയും ചെയ്തു. ഇതിലൂടെ 73.97 ശതമാനം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.2.7** ഉം **ചിത്രം 3.2.1** ഉം ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സഹകരണ എക്സ്പോ**

'ഒരുമയുടെ പൂരം' എന്ന തലക്കെട്ടോടെ സഹകരണ വകുപ്പ് 2025 ഏപ്രിൽ 21 മുതൽ ഏപ്രിൽ 30 വരെ തിരുവനന്തപുരത്തെ കനകക്കുന്ന് കൊട്ടാരത്തിൽ 'സഹകരണ എക്സ്പോ' 2025 സംഘടിപ്പിച്ചു. എക്സ്പോയിൽ, അപെക്സ് സഹകരണ സ്ഥാപനങ്ങൾ, സഹകരണ ബോർഡുകൾ, ആരോഗ്യ സഹകരണ സ്ഥാപനങ്ങൾ, ഉൽപാദക സഹകരണ സംഘങ്ങൾ, മറ്റ് പ്രധാന സഹകരണ സംഘങ്ങൾ, സഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, പ്രവർത്തന രജിസ്ട്രാറുകളുടെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ, ദേശീയതല സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 180-ലധികം സ്റ്റാളുകൾ ഉണ്ടായിരുന്നു. എക്സ്പോ അവരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വ്യാപാരത്തിനും വേദിയായി, കൂടാതെ അവരുടെ നേട്ടങ്ങൾ, നേരിടുന്ന വെല്ലുവിളികൾ, സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിലെ ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ലഭിച്ചു. കൂടാതെ, സഹകരണ മേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ, ചർച്ചകൾ, വിവിധ സാംസ്കാരിക പരിപാടികൾ, ബിസിനസ് മീറ്റുകൾ എന്നിവയുടെ അറിവ് പങ്കിടൽ ഇതിന്റെ ഭാഗമായി നടന്നു.

**വകുപ്പിന്റെ ആധുനികവൽക്കരണം**

**കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (സി.ഐ.എം.എ)**

പതിനയ്യായിരത്തിലധികം സഹകരണ സംഘങ്ങളെ നിയന്ത്രിക്കുകയും പരിശോധിക്കുകയും ചെയ്യുന്ന സഹകരണ വകുപ്പ്, ആധുനിക കാലവുമായി പൊരുത്തപ്പെടുന്നതിനായി ഒരു പുതിയതും സമഗ്രവുമായ ഓൺലൈൻ സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (സി.ഐ.എം.എ) പതിപ്പ് 1.0 നിലവിൽ 275 ഇൻസ്പെക്ടർമാർ മാത്രമുള്ളതിനാൽ, വകുപ്പിന്റെ കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് ഈ ഡിജിറ്റൽ പരിവർത്തനം

അത്യാവശ്യമാണ്. കേരളത്തിലുടനീളമുള്ള സഹകരണ സംഘങ്ങളിലെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമായിട്ടാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ (എച്ച്.ആർ.എം.എസ്)**

ഭരണപരമായ കാര്യക്ഷമതയും സുതാര്യതയും മെച്ചപ്പെടുത്തുന്നതിനായി, വകുപ്പ് ഒരു പുതിയ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം (എച്ച്.ആർ.എം.എസ്) വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജീവനക്കാരുടെ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലനാർത്ഥികളെ തിരഞ്ഞെടുക്കൽ എന്നിവ പോലുള്ള സേവനങ്ങൾ കൈകാര്യം ചെയ്യുന്നു. ഒരേ പരിശീലനാർത്ഥിയെ ഒന്നിലധികം തവണ പരിശീലനത്തിന് നിയോഗിക്കുന്നത് ഒഴിവാക്കുന്നതിനായി, മികവ് 2024 പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും, പങ്കെടുത്ത പരിശീലനാർത്ഥികളുടെ പേരുകൾ ഉൾപ്പെടെ, എച്ച്.ആർ.എം.എസ് ൽ സൂക്ഷിച്ചിരിക്കുന്നു. എസ്.എസ്.എൽ പരിരക്ഷണം, ഡാറ്റ എൻക്രിപ്ഷൻ, സെൻസിറ്റീവ് വിവരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയന്ത്രിത ആക്സസ് തുടങ്ങിയ സുരക്ഷാ സവിശേഷതകളും സിസ്റ്റത്തിൽ ഉൾപ്പെടുന്നു

**ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം (ഐ.സി.ഡി.എം.എസ്)**

സഹകരണ സംഘങ്ങളുടെ ബൈലോകളുടെയും ബൈലോ ഭേദഗതികളുടെയും രജിസ്ട്രേഷൻ കൂടുതൽ സൗകര്യപ്രദവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനാണ് ഐസിഡിഎംഎസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിരിക്കുന്നത്. നിലവിൽ, സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷനും ബൈലോ ഭേദഗതി പ്രക്രിയകളും ഐസിഡിഎംഎസ് സോഫ്റ്റ്‌വെയർ വഴിയാണ് നടത്തുന്നത്. ഇത് ബൈലോകളുടെ രജിസ്ട്രേഷനും ഭേദഗതിയും കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് സാധിക്കും

കേരളത്തിലെ സഹകരണ മേഖലയിൽ 16,429 സൊസൈറ്റികൾ ഉൾപ്പെടുന്നു, അതിൽ 12,278 എണ്ണം ക്രെഡിറ്റ്, ഉപഭോക്തൃവസ്തുക്കൾ, ഹൗസിംഗ്, ഹെൽത്ത്കെയർ, വിദ്യാഭ്യാസം, മാർക്കറ്റിംഗ്, അഗ്രോ-പ്രോസസ്സിംഗ് തുടങ്ങിയ മേഖലകളിലായി സജീവമാണ്. കേരള ബാങ്ക്, പ്രാഥമിക കാർഷിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ (പി.എ.സി.എസ്), കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി) തുടങ്ങിയ വായ്പ സഹകരണ സ്ഥാപനങ്ങൾ കർഷകർക്കും ഗ്രാമീണ സമൂഹങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നു, അതേസമയം ഭവന നിർമ്മാണം, എസ്‌സി/എസ്ടി, വനിതാ സഹകരണ സ്ഥാപനങ്ങൾ സാമൂഹികവും സാമ്പത്തികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നു. കെയർ ഹോം, മുറ്റത്തെ മുല്ല, നവകേരളീയം കുടിശിക നിവാരണം തുടങ്ങിയ പരിപാടികൾ ദുരന്തബാധിത കുടുംബങ്ങളെ പിന്തുണയ്ക്കുകയും നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുകയും ചെയ്യുന്നു. കേപ്പ്, എസ്.സി.യു, ഐ.സി.എം, എ.സി.എസ്.ടി.ഐ, മികവ് 2024, സി.ഐ.റ്റി.എ എന്നിവയുൾപ്പെടെയുള്ള മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കൽ സംരംഭങ്ങൾ ഈ മേഖലയിലെ കഴിവുകളും അറിവും ശക്തിപ്പെടുത്തുന്നു. കോപ്പ് കേരള, പാപ്കോസ്, കാപ്കോസ് തുടങ്ങിയ ബ്രാൻഡിംഗ്, മാർക്കറ്റിംഗ് പദ്ധതികൾ സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, വ്യാപ്തി എന്നിവ മെച്ചപ്പെടുത്തുന്നു. സി.ഐ.എം.എ, എച്ച്.ആർ.എം.എസ്, ഐ.സി.ഡി.എം.എസ് എന്നിവയുൾപ്പെടെയുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഭരണപരമായ കാര്യക്ഷമത, സുതാര്യത, ഭരണം എന്നിവ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഈ സംരംഭങ്ങൾ ഒരുമിച്ച് സംസ്ഥാനത്തുടനീളമുള്ള സമൂഹങ്ങളുടെ സമഗ്ര സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും പിന്തുണ നൽകുന്നു.

ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും, ഭരണം ശക്തിപ്പെടുത്തുന്നതിലൂടെയും, സാമ്പത്തിക പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിലൂടെയും, ജീവനക്കാരെ ശാക്തീകരിക്കുന്നതിലൂടെയും, നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, വിപണി വികസിപ്പിക്കുന്നതിലൂടെയും സഹകരണ വകുപ്പിനെ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കും. ഇവ മേഖലയെ കൂടുതൽ സുതാര്യവും, അംഗങ്ങളെ മാത്രം ആശ്രയിക്കുന്നതും, പ്രതിരോധശേഷിയുള്ളതുമാക്കി മാറ്റുന്നതാണ്.

# 3.3 കന്നുകാലിമേഖല

ആഗോള ഭക്ഷ്യവ്യവസ്ഥയുടെയും സമ്പദ്‌വ്യവസ്ഥയുടെയും ഒരു പ്രധാന മേഖലയാണ് കന്നുകാലി മേഖല, കൂടാതെ,, ഇത് നിരവധി ആളുകളുടെ ഉപജീവനമാർഗ്ഗത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷ, പോഷകാഹാരം, ദാരിദ്ര്യ നിർമാർജനം, തൊഴിൽ, സാമ്പത്തിക വളർച്ച എന്നിവയ്ക്ക് മുഖ്യ സംഭാവന ചെയ്യുന്ന ഈ മേഖല കാർഷിക മേഖലയുടെ ഒരു അവിഭാജ്യ ഘടകമാണ്. പാവപ്പെട്ടവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുറഞ്ഞ വരുമാനക്കാർ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കും, പ്രധാന സമ്പത്തും, സുരക്ഷാ വലയവും, കോടിക്കണക്കിന് ഗ്രാമീണ, നഗര കുടുംബങ്ങളുടെ പോഷണ സ്രോതസ്സുമാണ്. ഇന്ത്യയിലെ കന്നുകാലി മേഖലയെ മിശ്രിത കൃഷി സമ്പ്രദായത്തിന്റെ അവിഭാജ്യ ഘടകമായി കണക്കാക്കുന്നു, വിളാവശിഷ്ടങ്ങളും ഉപോൽപ്പന്നങ്ങളും ഊർജ്ജാവശ്യങ്ങൾക്കായി ഉപയുക്തമാക്കുന്നു, കൂടാതെ, വിള ഉൽപാദനത്തിനായി ഉഴൽ, ചാണക വളം പോലുള്ള ആവശ്യങ്ങൾ നിറവേറ്റുന്നു, അതോടൊപ്പം മനുഷ്യ ഉപഭോഗത്തിനായുള്ള പാൽ, മാംസം, മുട്ടകൾ, വ്യാവസായികാവശ്യങ്ങൾക്കുള്ള തോൽ, എല്ല്, രോമം എന്നിവയുടെ ലഭ്യത ഉറപ്പാക്കാനാകുന്നു. വായ്പ, ഇൻഷുറൻസ് എന്നിങ്ങനെയുള്ള ധനകാര്യ ക്രയവിക്രയങ്ങൾക്ക് ഉപാധിയാകുന്ന ഒരു പ്രധാന മേഖലയുമാകുന്നു കന്നുകാലി മേഖല. കന്നുകാലികളുടെ അതിജീവനവും ഉപജീവനവും പ്രദേശങ്ങളുടെ പ്രത്യേകതകളുമായി ബന്ധപ്പെട്ടിരിക്കുന്നു.ആയതിനാൽ, മെച്ചപ്പെട്ട ഉൽപാദനക്ഷമത, രോഗ നിയന്ത്രണ സംവിധാനങ്ങൾ, കാലിത്തീറ്റ ഉൽപാദനം, മൂല്യവർദ്ധനവ്, ശാസ്ത്രീയ പ്രജനന രീതികൾ എന്നീ മേഖലകളിലെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ആവശ്യമായ വിഹിതം ഉറപ്പ് വരുത്തുന്നു.

ലോകത്തിലെ ഏറ്റവും വലിയ മേഖലകളിൽ ഒന്നാണ് ഇന്ത്യയിലെ കന്നുകാലി മേഖല. ഇരുപതാമത് കന്നുകാലി സെൻസസ് (2019) പ്രകാരം, രാജ്യത്തെ മൊത്തം കന്നുകാലി ജനസംഖ്യ നിലവിൽ 536.76 ദശലക്ഷമായി തുടരുന്നു, ഇത് 2012 ലെ കന്നുകാലി സെൻസസിനേക്കാൾ 4.8 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു. ഏകദേശം 514.11 ദശലക്ഷം കന്നുകാലികൾ (മൊത്തം ജനസംഖ്യയുടെ 95.78 ശതമാനം) ഗ്രാമപ്രദേശങ്ങളിലും 22.65 ദശലക്ഷം (4.22 ശതമാനം) നഗരപ്രദേശങ്ങളിലുമാണ് കണ്ടെത്തിയത്. ഗ്രാമപ്രദേശങ്ങളിലെ മൊത്തം കന്നുകാലികളുടെ എണ്ണം 4.56 ശതമാനവും നഗരപ്രദേശങ്ങളിൽ 11.19 ശതമാനവും വർദ്ധിച്ചു.

ഇരുപതാമത് കന്നുകാലി സെൻസസ് (2019) പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 29.1 ലക്ഷമാണ് (5.4 ശതമാനം). രാജ്യത്തെ ആകെ കോഴികളുടെ എണ്ണത്തിൻറെ 3.5 ശതമാനം വരുന്ന സംസ്ഥാനത്തെ കോഴികളുടെ എണ്ണം, 297.7 ലക്ഷമാണ്. മുൻകാല കന്നുകാലി സെൻസസിനേ അപേക്ഷിച്ച് (2012) 16.8 ശതമാനം വളർച്ചയാണ് കോഴികളുടെ എണ്ണത്തിൽ രേഖപ്പടുത്തിയിട്ടുള്ളത്. ദേശീയ തലത്തിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടുതലാണ് കേരളത്തിലെ കോഴി വളർച്ചാ നിരക്ക് (22.6 ശതമാനം).

**ദേശീയ, സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കുള്ള സംഭാവന**
നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് (എൻ എ എസ്) 2024 ന്റെ കണക്കുകൾ പ്രകാരം, മൊത്തം കാർഷിക, അനുബന്ധ മേഖലയിലെ കന്നുകാലി വളർത്തൽ മേഖലയിലെ സംഭാവന, സ്ഥിരമായ വിലയിൽ (2011–12),സാമ്പത്തിക

പ്രവർത്തനങ്ങളുടെ മൊത്തം മൂല്യവർദ്ധനവ് (ജിവിഎ) എന്നിവയുടെ അടിസ്ഥാനത്തിൽ, 2022–23 ലെ 29.93 ശതമാനത്തിൽ നിന്ന് 2023–24 ൽ 30.73 ശതമാനമായി വർദ്ധിച്ചു. 2022–23 ൽ അടിസ്ഥാന വിലയിൽ മൊത്ത മൂല്യവർദ്ധനയുടെ (ജിവിഎ) 5.5 ശതമാനമായിരുന്നു കന്നുകാലി വളർത്തൽ മേഖലയുടെ സംഭാവന. (വാർഷിക റിപ്പോർട്ട് 2024–25, മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ).

കേന്ദ്ര സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ (2011–12 മുതൽ 2023–24 വരെ) കാർഷിക, അനുബന്ധ മേഖലകളിൽ നിന്നുള്ള മൊത്ത ഉൽപ്പാദന മൂല്യം (ജി.വി.ഒ) സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് പ്രകാരം, കഴിഞ്ഞ ദശകത്തിൽ കന്നുകാലി മേഖല ഗണ്യമായ വളർച്ച കൈവരിച്ചു, കന്നുകാലി ഉൽപ്പന്നങ്ങളുടെ മൊത്തം മൂല്യം 487.8 ആയിരം കോടി രൂപയിൽ നിന്ന് 919.3 ആയിരം കോടി രൂപയായി. കന്നുകാലി ജി.വി.ഒ (ഗ്രോസ് വാല്യൂ ഔട്ട്പുട്ട്) ഏതാണ്ട് ഇരട്ടിയായി, ഇത് മേഖലയിലെ ഏറ്റവും വേഗത്തിൽ വളരുന്ന ഘടകങ്ങളിലൊന്നായി മാറി. ക്ഷീര പ്രവർത്തനം എന്നത് കന്നുകാലി മേഖലയുടെ നട്ടെല്ലായി തുടരുന്നു, ഏകദേശം 66 ശതമാനം, അതിന്റെ ഏറ്റവും ഉയർന്ന വിഹിതം, അതിന്റെ വിഹിതം അല്പം കുറഞ്ഞെങ്കിലും, മറ്റ് ഘടകങ്ങളിൽ വേഗത്തിലുള്ള വളർച്ചയെ സൂചിപ്പിക്കുന്നു. മാംസം ഏറ്റവും വേഗത്തിൽ വളരുന്ന ഘടകമാണ്, അതിന്റെ വിഹിതം 19.7 ശതമാനത്തിൽ നിന്ന് 24.1 ശതമാനമായും ജി.വി.ഒ 130 ശതമാനമായും വർദ്ധിച്ചു. അതിന്റെ വിഹിതം താരതമ്യേന സ്ഥിരമായി തുടരുന്നതിനാൽ, പരിഗണനയിലുള്ള കാലയളവിൽ മുട്ടകളുടെ മൂല്യം മിതമായി വളർന്നു. മറ്റ് കന്നുകാലി ഉൽപ്പന്നങ്ങൾ (കമ്പിളി, തോൽ, പട്ട് മുതലായവ) ആപേക്ഷിക ഇടിവ് കണ്ടു, ഇത് സാമ്പത്തിക പ്രാധാന്യത്തിലെ മാറ്റത്തെ സൂചിപ്പിക്കുന്നു. കന്നുകാലി മേഖല നിരവധി വിള വിഭാഗങ്ങളെ മറികടന്ന് അതിവേഗ നിരക്കിൽ വളർന്നു. 2011–12 മുതൽ 2023–24 വരെ കന്നുകാലികളുടെ മൂല്യം 4,88,000 കോടിയിൽ നിന്ന് (25.6 ശതമാനം) 9,19,000 കോടിയായി (31.2 ശതമാനം) ഇരട്ടിയായി. കൃഷി, അനുബന്ധ മേഖലകളിൽ നിന്നുള്ള ഉൽപ്പാദനത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് (2011–12 മുതൽ 2023–24 വരെ) എം.ഒ.എസ്.പി.ഐ പ്രകാരം, കഴിഞ്ഞ ദശകത്തിൽ കന്നുകാലി മേഖലയുടെ ജി.വി.ഒ യിലേക്കുള്ള സംസ്ഥാനം തിരിച്ചുള്ള സംഭാവനകളുടെ ഘടന സമാനമായി തുടരുന്നു. എന്നിരുന്നാലും, കേവല മൂല്യത്തിലെ മാറ്റം ഉൽപാദന ചലനാത്മകതയിലും പ്രാദേശിക വളർച്ചയിലും വന്ന മാറ്റങ്ങളെ സൂചിപ്പിക്കുന്നു. കേവല മൂല്യത്തിൽ ഇപ്പോഴും ഏറ്റവും മികച്ച ഉൽപാദനമാണെങ്കിലും ഉത്തർപ്രദേശിന് 14.9 ശതമാനത്തിൽ നിന്ന് 12.7 ശതമാനമായി വിഹിതം നഷ്ടപ്പെട്ടു. ജി.വി.ഒ യിൽ ഏകദേശം 2.5 മടങ്ങ് വർധനയും വിഹിതത്തിൽ 2.2 ശതമാനം പോയിന്റ് വർധനവുമുള്ള തമിഴ്നാട് പ്രധാന സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന ആപേക്ഷിക വളർച്ച കാണിച്ചു. 2011–12 നെ അപേക്ഷിച്ച് കന്നുകാലി ഉൽപന്നങ്ങളുടെ മൊത്തം മൂല്യത്തിൽ ഏകദേശം 200 ബേസിസ് പോയിന്റ് വർദ്ധനവ് രാജസ്ഥാൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആന്ധ്രാപ്രദേശും മഹാരാഷ്ട്രയും മിതമായ വളർച്ചയോടെ സ്ഥിരത നിലനിർത്തി. സംസ്ഥാനാടിസ്ഥാനത്തിലുള്ള ഉൽപ്പാദന മൂല്യം (2011–12 വിലയിൽ) അനുസരിച്ച്, കേരളത്തിലെ കന്നുകാലികളുടെ വർദ്ധനവ് 2022–23 ൽ 3,994 ലക്ഷം രൂപയിൽ നിന്ന് 2023–24 ൽ 4,244 ലക്ഷം രൂപയായി. സംസ്ഥാനത്തെ കന്നുകാലികളുടെ ഉൽപ്പാദന മൂല്യം (2011–12 വിലയിൽ) 2022–23 ൽ 13,21,632 രൂപയിൽ നിന്ന് 2023–24 ൽ 13,68,817 രൂപയായി വർദ്ധിച്ചു.

കേരളത്തിൽ, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ അതിവേഗം വളരുന്ന മേഖലകളിലൊന്നാണ് കന്നുകാലി മേഖല. മൊത്തം കാർഷിക, അനുബന്ധ മേഖലകളിൽ കന്നുകാലി മേഖലയുടെ സംഭാവന നിലവിലെ 2011–12 വിലയിലെ മൊത്ത സംസ്ഥാന മൂല്യവർദ്ധന (ജി. എസ്. വി. എ) 24.18 ശതമാനമായിരുന്നു (ദ്രുത കണക്കുകൾ) (സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, 2024–25). 2023–24 (പ്രൊവിഷണൽ) കാലയളവിൽ 2.6 ശതമാനവും, 2024–25 (ദ്രുത കണക്ക്) കാലയളവിൽ 2.4 ശതമാനവുമാണ് സംസ്ഥാനത്തിന്റെ നിലവിലെ വിലകളിൽ മൊത്തം സംസ്ഥാന മൂല്യവർദ്ധനയുടെ (ജി.എസ്.വി.എ) വിഹിതം. യഥാർത്ഥത്തിൽ, കന്നുകാലി മേഖലയിലെ ജി.എസ്.വി.എ (2011–12) സ്ഥിരവിലയിൽ, 2023–24 ൽ (പ്രൊവിഷണൽ)26,74,820 ലക്ഷം രൂപയായിരുന്നു. 2024–25 ൽ ഇത് 27,00,766 ലക്ഷമായി (ദ്രുത കണക്ക്) ഉയർന്നു (സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, 2023–24). 2011–12 ൽ സ്ഥിരവിലയിൽ കന്നുകാലി മേഖലയിലെ ജി.എസ്.വി.എ 2023–24 (പ്രതീക്ഷ) ൽ 11,30,619 രൂപയായിരുന്നു, 2024–25 ൽ (പ്രതീക്ഷ) ഇത് 11,18,862 രൂപയായി കുറഞ്ഞു (ഡി.ഇ.എസ്, 2024–25).

**കന്നുകാലി മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പുകളും ഏജൻസികളും**

മൃഗസംരക്ഷണ വകുപ്പ്, കേരള ഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ), കേരള കന്നുകാലി വികസന ബോർഡ് (കെ.എൽ.ഡി.ബി), കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി), കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു), മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ), ക്ഷീര വികസന വകുപ്പ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കെ.സി.എം.എം.എഫ്–മിൽമ) എന്നിവയാണ് കേരളത്തിലെ കന്നുകാലി മേഖലയ്ക്ക് കീഴിലുള്ള പ്രധാന വകുപ്പുകളും ഏജൻസികളും. കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ്, ഈ ഉപമേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വെറ്റിനറി സേവനങ്ങൾ, മൃഗങ്ങളുടെ ആരോഗ്യ സംരക്ഷണം, രോഗ നിർമാർജനം, കന്നുകാലികൾ, ആടുകൾ, പന്നികൾ, കോഴികൾ എന്നിവയുടെ അഭിവൃദ്ധി, ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണം, കർഷകർക്കും, മൃഗഡോക്ടർമാർക്കുമായി വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക, ജൈവവസ്തുക്കളുടെ ഉത്പാദനം എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കുക എന്നതാണ് വകുപ്പിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ. പാൽ, മാംസം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം കന്നുകാലി വികസന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവയിൽ ഏറ്റവും പ്രധാനം ക്രോസ് ബ്രീഡിംഗാണ്. കൂടാതെ, കോഴിവളർത്തൽ, പന്നികളുടെയും മുയലുകളുടെയും പ്രജനനം, ആടുകളെയും പോത്തുകളെയും വളർത്തൽ എന്നിവയുള്ള പദ്ധതികളും വകുപ്പ് ആവിഷ്ക്കരിക്കുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ ഉൽപ്പാദന യൂണിറ്റ് മാനേജ്മെന്റിനെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുന്നു. സ്ത്രീകൾക്ക് അവരുടെ കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി, കൈകാര്യം ചെയ്യാവുന്ന വലുപ്പത്തിലുള്ള, കന്നുകാലികളും കോഴികളും വളർത്തുവാനുള്ള പരിശീലനപരിപാടികൾ നൽകി വരുന്നു. ക്ഷീരോത്പാദനം, ആട് വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ, ബ്രോയിലർ ഉൽപ്പാദനം, കോഴി പരിപാലനം, വീട്ടുമുറ്റത്തെ കോഴി വളർത്തൽ, കാട വളർത്തൽ, കോഴി വളർത്തൽ എന്നിവ വകുപ്പ് നൽകുന്ന പരിശീലനങ്ങളിൽ ചിലതാണ്. പ്രധാന കന്നുകാലി ഉൽപ്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം പ്രതിവർഷം കണക്കാക്കുന്നതിനായി വകുപ്പ് ക്വിൻക്വെന്നിയൽ അനിമൽ സെൻസസും, സംയോജിത സാമ്പിൾ സർവേയും നടത്തുന്നു (മൃഗസംരക്ഷണ വകുപ്പ്). 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 214 വെറ്റിനറി ആശുപത്രികൾ, 50 പോളി ക്ലിനിക്കുകൾ, 870 വെറ്റിനറി ഡിസ്പെൻസറികൾ, 38 പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ, 1327 വെറ്റിനറി സബ് സെന്ററുകൾ, 5 മൊബൈൽ വെറ്റിനറി ആശുപത്രികൾ, 4 മൊബൈൽ വെറ്ററിനറി ഡിസ്പെൻസറികൾ, 5 മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകൾ, 10 കന്നുകാലി പരിപാലന പരിശീലന കേന്ദ്രങ്ങൾ, ഒരു മോട്ടോർ ബോട്ട് വെറ്റിനറി ആശുപത്രി എന്നിവയിലൂടെയാണ് മൃഗസംരക്ഷണ വകുപ്പ് പ്രധാനമായും മൃഗസംരക്ഷണ പരിചരണം നൽകുന്നത്. നിലവിലുള്ള സ്ഥാപനങ്ങളുടെ (വെറ്റിനറി ഡിസ്പെൻസറികൾ/ വെറ്റിനറി ആശുപത്രികൾ) ഭാഗമായി ഇപ്പോൾ 76 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പകർച്ചവ്യാധികൾ ഉന്മൂലനം ചെയ്യുന്നതിനായി മൃഗസംരക്ഷണ വകുപ്പ് പ്രാദേശിക സർക്കാരുകളുമായി ചേർന്ന് ഫലപ്രദവും സമയബന്ധിതവുമായ നടപടികൾ സ്വീകരിച്ചു വരുന്നു. കുളമ്പുരോഗ നിയന്ത്രണ പരിപാടി, റാബിസ് രഹിത കേരള' പ്രതിരോധ കുത്തിവയ്പ്പ് പരിപാടി, മൃഗങ്ങളുടെ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംസ്ഥാനങ്ങൾക്കുള്ള സഹായം (എ.എസ്.സി.എ.ഡി), കോഴികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ തുടങ്ങിയ വൻതോതിലുള്ള പ്രതിരോധ കുത്തിവയ്പ്പ് കാമ്പെയ്നുകൾ നടത്തുന്നുണ്ട്.

**തെരുവ് നായ നിയന്ത്രണ പരിപാടി**

20-ാമത് കന്നുകാലി സെൻസസ് (2019) പ്രകാരം, കേരളത്തിൽ ഏകദേശം 8,36,275 വളർത്തു നായ്ക്കളും 2,89,986 തെരുവ് നായ്ക്കളും എന്ന കണക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും സ്വതന്ത്രമായി അലഞ്ഞുനടക്കുന്ന നായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നത് പൊതുജനാരോഗ്യ സംവിധാനങ്ങളിൽ ആശങ്കകൾക്ക് കാരണമായിട്ടുണ്ട്, പ്രത്യേകിച്ച് മാരകമായ ഒരു മൃഗരോഗമായ റാബിസിനെ സംബന്ധിച്ചിടത്തോളം. വന്ധ്യംകരണത്തിലൂടെ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിയാണ് കേരളത്തിന്റെ മൃഗജന്യ നിയന്ത്രണ പരിപാടി. എബിസി സെന്ററുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപന സംയോജന പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നായ്ക്കളെ പിടികൂടുക, വന്ധ്യംകരിക്കുക, സ്വതന്ത്രമാക്കുക എന്നിവയാണ് പരിപാടിയിൽ ഉൾപ്പെടുന്നത്. എബിസി-ആന്റി-റാബിസ് പ്രോഗ്രാമിന്റെ ഫലപ്രാപ്തിയെ പരിമിതപ്പെടുത്തുന്ന അടിസ്ഥാന സൗകര്യങ്ങളും സാമൂഹിക തടസ്സങ്ങളും പരിഹരിക്കുന്നതിന്, തെരഞ്ഞെടുത്ത ജില്ലകളിൽ പോർട്ടബിൾ അനിമൽ ബർത്ത് കൺട്രോൾ (എബിസി) യൂണിറ്റുകൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 2025-26 വാർഷിക പദ്ധതിയിൽ പോർട്ടബിൾ എബിസി പ്രോഗ്രാമിനായി 200 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ വാക്സിനേഷൻ നൽകിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം 5,34,01 ആണ് (ഉറവിടം: മൃഗസംരക്ഷണ വകുപ്പ്, ഗവ.ഓഫ് കേരള).

2016-17 മുതൽ 2024-25 വരെ കേരളത്തിലുണ്ടായ പ്രധാന പകർച്ചവ്യാധികളുടെ വ്യാപനത്താലുണ്ടായ കന്നുകാലികളുടെ മരണം, ആക്രമണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.3.1** ൽ നൽകിയിരിക്കുന്നു.

കേരള സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ഫീഡ്സ് ലിമിറ്റഡ്(കെ.എഫ്.എൽ). ക്ഷീരകർഷകർക്ക് താങ്ങാനാവുന്ന നിരക്കിൽ നല്ല നിലവാരമുള്ള സംയോജിത കന്നുകാലി തീറ്റയും, തീറ്റ സപ്ലിമെന്റുകളും ഉൽപ്പാദിപ്പിക്കാനും, വിൽക്കാനും കമ്പനി പ്രതിജ്ഞാബദ്ധമാണ്. കൂടാതെ,സ്വകാര്യ ഡീലർമാരുടേയും, സൊസൈറ്റികളുടേയും ശക്തവും, സ്ഥാപിതവുമായ ശൃംഖലയിലൂടെ തീറ്റകളും അനുബന്ധ പോഷകങ്ങളും സമയബന്ധിതമായി വിതരണം ചെയ്തു കൊണ്ട് സംസ്ഥാനത്തെ കന്നുകാലി തീറ്റ ആവശ്യകതയുടെ പ്രധാന ഭാഗം നിറവേറ്റുന്നു.

കേരള കന്നുകാലി വികസന ബോർഡ് (കെ.എൽ.ഡി.ബി) സംസ്ഥാനത്തിന്റെ കന്നുകാലി പ്രജനന നയത്തിന് അനുസൃതമായി കന്നുകാലി പ്രജനനത്തിന് ആവശ്യമായ വിവരങ്ങൾ നൽകുകയും, ലാഭകരമായ പാൽ ഉൽപാദനത്തെ പിന്തുണയ്ക്കുന്നതിനായി സാഹചര്യകൾക്കനുസരിച്ച് കാലിത്തീറ്റ ഉൽപാദനം പ്രോത്സാഹിപ്പിക്കുകയും, മൃഗസംരക്ഷണത്തിലും, കാലിത്തീറ്റ ഉൽപാദനത്തിലും, പരിശീലന കോഴ്സുകൾ വിഭാവനം ചെയ്യുകയും ചെയ്യുന്നു. തിരഞ്ഞെടുത്ത ബ്രീഡിംഗ് സ്റ്റോക്കിന്റെ ഉൽപാദനത്തിലൂടെയും വിതരണത്തിലൂടെയും മലബാറി ആടുകളെ വികസിപ്പിക്കുകയും, പ്രജനനത്തിനും കൊഴുപ്പിനും നല്ല നിലവാരമുള്ള പന്നികളെ ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി)**

കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ്. പ്രാഥമികമായി, സംസ്ഥാനത്തെ പൗൾട്രി വ്യവസായത്തെ മുന്നോട്ട് നയിക്കുന്നതിന് കൂടുതൽ വേഗതയും, ഊന്നലും നൽകുന്നു. കേരളത്തിലെ കോഴി വളർത്തൽ മേഖലയുടെ ഉന്നമനത്തിനും, വികസനത്തിനും കോർപ്പറേഷൻ ഊന്നൽ നൽകുന്നുണ്ട്.

അറവുശാലകൾ, മൃഗങ്ങൾ, പക്ഷി വളർത്തൽ ഫാമുകൾ, റെൻഡറിംഗ് പ്ലാന്റുകൾ, ഫീഡ് മിക്സിംഗ് പ്ലാന്റുകൾ, സെയിൽസ് ഔട്ട്ലറ്റുകൾ, കോൾഡ് സ്റ്റോറേജുകൾ, മൂല്യവർദ്ധിത മാംസോത്പന്നങ്ങൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള പ്ലാന്റുകൾ മുതലായവ, എല്ലാ ഭക്ഷ്യ സുരക്ഷാ നിയമങ്ങളും, മൃഗക്ഷേമ നിയന്ത്രണങ്ങളും പാലിച്ചുകൊണ്ട് സുരക്ഷിതവും, ആരോഗ്യകരവുമായ മാംസം, മാംസോത്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക, പ്രോസസ്സ് ചെയ്യുക, വിപണനം ചെയ്യുക എന്ന പ്രധാന ലക്ഷ്യത്തോടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ച കമ്പനിയാണ് മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ).

2010 ജൂൺ 14 ന് നിലവിൽ വന്ന കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു) മൃഗങ്ങളുടെ ഉൽപ്പാദന മേഖലയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിനും, മൃഗങ്ങളുടെ ആരോഗ്യം, ഉൽപ്പാദനം, അനുബന്ധ വിഷയങ്ങൾ എന്നീ മേഖലകളിൽ അക്കാദമിക അവസരങ്ങൾ, പ്രായോഗിക ഗവേഷണം, സംരംഭകത്വം എന്നിവയുടെ മേഖല വിപുലീകരിക്കുന്നതിനുള്ള അംഗീകാരത്തിന്റെ ഫലമാണ്.

ക്ഷീരവികസന വകുപ്പിന്റെ പ്രഥമ ഊന്നൽ, സംസ്ഥാനത്തെ ഏതാനും പ്രധാന കേന്ദ്രങ്ങളിൽ സംസ്കരണ സൗകര്യകൾ സ്ഥാപിക്കുക എന്നതായിരുന്നു. കാലിത്തീറ്റ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി കൂടിയായ ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സംസ്ഥാനത്തെ ക്ഷീരമേഖലയുടെ സമഗ്രവികസനത്തിലാണ്. സംഭരണ തലത്തിൽ ശുദ്ധവും, സുരക്ഷിതവും, ഗുണനിലവാരമുള്ളതുമായ പാൽ ഉറപ്പാക്കുന്നതിലും, സംസ്ഥാനത്തെ ഉപഭോക്താക്കൾക്കും അതേ ഗുണമേന്മ ഉറപ്പാക്കുന്നതിലുമാണ് വകുപ്പിന്റെ ഗുണനിലവാര നിയന്ത്രണ പ്രവർത്തനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

നാഷണൽ ഡയറി പ്രോഗ്രാം 'ഓപ്പറേഷൻ ഫ്ലഡിന്റെ' സംസ്ഥാന അനുബന്ധമായി 1980 ൽ രൂപീകരിച്ച കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ്-മിൽമ) ഒരു ത്രിതല സംഘടനയാണ്. തിരുവനന്തപുരം മേഖലയ്ക്ക് കീഴിൽ ടി.ആർ.സി.എം.പി.യു, എറണാകുളം മേഖലയ്ക്ക് കീഴിൽ ഇ.ആർ.സി.എം.പി.യു, മലബാർ മേഖലയ്ക്ക് കീഴിൽ എം.ആർ.സി.എം.പി.യു എന്നീ മൂന്ന് മേഖലാ സഹകരണ പാൽ ഉല്പാദന യൂണിറ്റുകളുടെ കീഴിലാണ് പ്രാഥമിക സംഘങ്ങൾ പ്രവർത്തിക്കുന്നത്. മൃഗസംരക്ഷണ മേഖലയുടെ സാമ്പത്തിക പ്രകടനം **പട്ടിക 3.3.1** ൽ കാണിച്ചിരിക്കുന്നു.

2024-25-ൽ കന്നുകാലി മേഖലയുടെ മൊത്തം അടങ്കൽ 38639 ലക്ഷം രൂപയും, മൊത്തം ചെലവ് 19693.22 ലക്ഷം രൂപയും (50.97 ശതമാനം) ആയിരുന്നു. 2025 ആഗസ്റ്റ് 31 ലെ കണക്കനുസരിച്ച് 2024-25 ലെ മൊത്തം അടങ്കൽ 43450.00 ലക്ഷം രൂപയും, മൊത്തം ചെലവ് 8189.21 ലക്ഷം രൂപയുമാണ് (18.84 ശതമാനം).

**കേരളത്തിലെ പ്രധാന കന്നുകാലി ഉൽപ്പന്നങ്ങൾ**

പാൽ, മാംസം, മുട്ട എന്നിവയാണ് സംസ്ഥാനത്തെ പ്രധാന കന്നുകാലി ഉൽപ്പന്നങ്ങൾ. 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ ഈ മൂന്ന് കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം **ചിത്രം 3.3.1** ൽ കാണിച്ചിരിക്കുന്നു.

2023-24 നെ അപേക്ഷിച്ച് 2024-25 ൽ പാലിന്റെ ഉല്പാദനം നേരിയ തോതിൽ കുറയുകയും മാംസം, മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ കൂടുതൽ പശുക്കളും ഹൈബ്രിഡ് ഇനങ്ങളാണ്. കാലിത്തീറ്റയുടെ ലഭ്യതയിലെ കുറവും, കാലിത്തീറ്റയുടെ ഉയർന്ന വിലയുമാണ്, പശുക്കൾക്ക് തീറ്റ ലഭിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ. അതിന്റെ ഫലമായി പാൽ ഉൽപാദനം കുറഞ്ഞു (ക്ഷീര വികസന വകുപ്പ്, കേരളം സർക്കാർ). വലിയ കോഴി ഫാമുകൾ ആരംഭിക്കാൻ മതിയായ ഭൂമിയുടെ അഭാവം, ഉയർന്ന വേതനവും തീറ്റച്ചെലവും, കോഴികളുടെ എണ്ണത്തിലെ കുറവും, ഗുണനിലവാരമുള്ള വീട്ടുമുറ്റത്തെ കോഴിവളർത്തലിലൂടെയുള്ള ഉത്പാദനം, കുറഞ്ഞ വിലയ്ക്ക് മുട്ടകളുടെ വരവ്, ഗുണനിലവാരമുള്ള തീറ്റയുടെ അഭാവം, അനുയോജ്യമായ വിലയ്ക്ക് ബ്രോയിലർ ഡേ-ഓൾഡ്-കുഞ്ഞുങ്ങളെ ലഭ്യമാകാത്തത്, വാണിജ്യ മുട്ട ഉൽപാദനത്തിന്റെ അഭാവം എന്നിവയാണ് സംസ്ഥാനത്തെ മുട്ട ഉൽപാദനം കുറയ്ക്കുന്നതിന് കാരണമായത് (കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ).

കേരളത്തിലെ പാലുൽപ്പാദനത്തിൽ 2012-13 ന് ശേഷമുള്ള ദീർഘകാല ഇടിവിനെക്കുറിച്ചുള്ള വിശദമായ വിശകലനം കേരള വികസന റിപ്പോർട്ട് 2021 ൽ നടത്തിയിരുന്നു. പതിമൂന്നാം പദ്ധതി കാലയളവിൽ ഈ ഇടിവ് തടയാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. എന്നിരുന്നാലും, 2018, 2019 വർഷങ്ങളിലെ രണ്ട് വെള്ളപ്പൊക്കങ്ങളും 2020, 2021 വർഷങ്ങളിലെ കോവിഡ്-19 പകർച്ചവ്യാധിയും ഈ ശ്രമങ്ങൾക്ക് തിരിച്ചടിയായി. ദീർഘകാലയളവിൽ നീണ്ടുനിന്ന ഈ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും, പതിനാലാം പദ്ധതി പ്രവർത്തന സമയത്ത്, പാലുൽപ്പാദനം 2020-21 ൽ 25.3 ലക്ഷം ടണ്ണിൽ നിന്ന് 2024-25 ൽ 25.61 ലക്ഷമായി ഉയർന്നു. വിവിധ രോഗങ്ങളുടെ കാരണങ്ങൾ കൊണ്ടും 2018, 2019 വർഷങ്ങളിലെ രണ്ട് വെള്ളപ്പൊക്കങ്ങളും കാരണം മുട്ട ഉൽപാദനത്തിലും സമാനമായ കുറവുണ്ടായി. എന്നാൽ പതിനാലാം പദ്ധതി കാലയളവിൽ മുട്ട ഉൽപാദനം 2020-21 ൽ 221 കോടിയിൽ നിന്ന് 2024-25 ൽ 251 കോടിയായി ഉയർന്നു. മാംസത്തിന്റെ കാര്യത്തിൽ, മൊത്തം ഉൽപ്പാദനം വളരെക്കാലം സ്തംഭനാവസ്ഥയിലായിരുന്നു, പക്ഷേ 2020-21 ൽ 4.6 ലക്ഷം ടണ്ണിൽ നിന്ന് 2024-25 ൽ 5.2 ലക്ഷം ടണ്ണായി വർദ്ധിച്ചു.

**പട്ടിക 3.3.1** പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ മൂന്ന് വർഷങ്ങളിലെ വകുപ്പ്/ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും (ലക്ഷത്തിലും ശതമാനത്തിലും)

| ക്രമ നമ്പർ | വകുപ്പ് / പി.എസ്.യു | 2023–24 | | | 2024–25 | | | 2025–26 as on 31.8.2025 | | |
|---|---|---|---|---|---|---|---|---|---|---|
| | | വിഹിതം | ചെലവ് | ചെലവ് (%) | വിഹിതം | ചെലവ് | ചെലവ് (%) | വിഹിതം | ചെലവ് | ചെലവ് (%) |
| 1 | മൃഗസംരക്ഷണ വകുപ്പ് | 16805.00 | 9148.96 | 54.44 | 13763.44 | 7836.83 | 56.94 | 15936.44 | 4229.65 | 26.65 |
| 2 | കേരള ഫീഡ്സ് ലിമിറ്റഡ് (കെഎഫ്എൽ) | 2000.00 | 618.26 | 30.91 | 1620.00 | 560.00 | 34.57 | 1620 | 392 | 24.2 |
| 3 | കേരള കന്നുകാലി വികസന ബോർഡ് (കെഎൽഡിബി) | 2968.00 | 1798.34 | 60.59 | 3146.56 | 1390.78 | 44.2 | 3246.56 | 1066.30 | 32.84 |
| 4 | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർ പ്പറേഷൻ (കെഎസ്പിഡിസി) | 700.00 | 371.00 | 53.00 | 900.00 | 340.00 | 37.78 | 1000 | 140.00 | 14.00 |
| 5 | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെവാസു) | 6500.00 | 2930.89 | 45.09 | 5700.00 | 3095.26 | 54.3 | 6100 | 1998.26 | 32.76 |
| 6 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എംപിഐ) | 1350.00 | 450.00 | 33.33 | 1714.00 | 1199.00 | 69.95 | 1714 | 190 | 11.09 |
| 7 | ക്ഷീരവികസന വകുപ്പ് | 11476.00 | 5444.67 | 47.44 | 11795 | 5271.35 | 44.69 | 12963 | 15.4.98 | 11.61 |
| 8 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ്) | 750.00 | 487.49 | 65.00 | 870 | 391.67 | 45.02 | 870.00 | 173 | 19.89 |
| | **ആകെ** | **42549.00** | **21249.61** | **49.94** | **38639.00** | **19693.22** | **50.97** | **43450** | **8189.21** | **18.84** |

**അവലംബം:** പ്ലാൻ സ്പേസ്, കേരള സർക്കാർ

**ചിത്രം: 3.3.1** 2020-21 മുതൽ 2024-25 വരെ പാൽ, മുട്ട, മാസം എന്നിവയുടെ ഉല്പാദനം




**അവലംബം:** കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ, 2024

**പാലുല്പാദനം**

ആഗോള പാൽ ഉൽപാദനത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഇന്ത്യ ഒന്നാം സ്ഥാനത്താണ്, ലോകത്തിന്റെ പാലുൽപാദനത്തിന്റെ ഏകദേശം നാലിലൊന്ന് ഇന്ത്യയിൽ നിന്നുള്ള സംഭാവന ആകുന്നു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും ശക്തമായ സ്തംഭങ്ങളിലൊന്നായി ക്ഷീരമേഖല വളർന്നു, ഭക്ഷ്യ-പോഷകാഹാര സുരക്ഷയുടെ കേന്ദ്രമായി മാറിയിരിക്കുന്നു. നിലവിൽ, ഇന്ത്യയിലെ ഏറ്റവും വലിയ കാർഷിക ഉൽപന്നമാണ് ക്ഷീരോൽപ്പന്നം, ദേശീയ സമ്പദ്‌വ്യവസ്ഥയിലേക്ക് 5 ശതമാനം സംഭാവന ചെയ്യുന്നു, 2024 ലെ നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 8 കോടിയിലധികം ഗ്രാമീണ കുടുംബങ്ങൾ ഉൾപ്പെടുന്ന ചെറുകിട, നാമമാത്ര കർഷകർ തൊഴിൽ ചെയ്യുന്നു. പാൽ ഉൽപാദനത്തിലും ശേഖരണത്തിലും ഉൾപ്പടെ സ്ത്രീകൾ പ്രധാന പങ്ക് വഹിക്കുന്ന ക്ഷീരമേഖലയെ സമഗ്രവളർച്ചയുടെ ചാലക ശക്തിയാക്കി മാറ്റുന്നു.

കഴിഞ്ഞ ദശകത്തിൽ, ഇന്ത്യയുടെ ക്ഷീരമേഖല ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. 2014-15ൽ 146.30 ദശലക്ഷം ടണ്ണായിരുന്ന പാൽ ഉൽപാദനം 2024-25 ൽ 69.43 ശതമാനം വർധിച്ച് 247.87 ദശലക്ഷം ടണ്ണായി. കഴിഞ്ഞ വർഷങ്ങളായി പാലുൽപ്പാദനത്തിൽ സ്ഥിരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്, 3.58 ശതമാനം വളർച്ച. ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ 2025 ലെ കണക്കുകൾ സ്ഥിരീകരിക്കുന്നത് ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ പാൽ ഉൽപ്പാദക രാജ്യമായി തുടരുന്നു എന്നാണ്, അമേരിക്ക, പാകിസ്ഥാൻ, ചൈന, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളെക്കാൾ വളരെ മുന്നിലാണ്.

ഇന്ത്യയിൽ പാലിന്റെ പ്രതിശീർഷ ലഭ്യത വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്, 2024-25 ൽ ഇത് പ്രതിദിനം 485 ഗ്രാമായി ഉയർന്നു, (BAHS 2025) ഇത് ആഗോള ശരാശരിയായ 322 ഗ്രാമിനേക്കാൾ വളരെ കൂടുതലാണ്. (ഫുഡ് ഔട്ട്‌ലുക്ക് നവംബർ 2024). ഏറ്റവും കൂടുതൽ ആളോഹരി ലഭ്യത പഞ്ചാബിലാണ് (പ്രതിദിനം 1318 ഗ്രാം), തൊട്ടുപിന്നിൽ രാജസ്ഥാനും (പ്രതിദിനം 1229 ഗ്രാം). രാജ്യത്തെ മൊത്തം പാൽ ഉൽപാദനത്തിന്റെ 31.18 ശതമാനം ലഭിക്കുന്നത് നാടൻ എരുമകൾ, 31.11 ശതമാനം സങ്കരയിനം കന്നുകാലികൾ എന്നിവയിലൂടെയാണ്. രാജ്യത്തെ മൊത്തം പാൽ ഉൽപാദനത്തിന്റെ 11.20 ശതമാനവും നാടൻ കന്നുകാലികളിൽ നിന്നും ലഭ്യമാകുന്നു. മൊത്തം പാൽ ഉൽപാദനത്തിന്റെ 3.32 ശതമാനം ആട്ടിൻ പാലാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2025).

കേരളത്തിലെ ആളോഹരി ലഭ്യത പ്രതിദിനം 197 ഗ്രാമാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2024) 2024-25 ൽ കേരളത്തിന്റെ മൊത്തം പാലിന്റെ ആവശ്യം 33.85 ലക്ഷം മെട്രിക് ടൺ ആയിരുന്നു. എന്നാൽ വാർഷിക ഉത്പാദനം 25.61 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നു. ഈ മേഖലയിലെ സ്വയംപര്യാപ്തതയുടെ കാര്യത്തിൽ സംസ്ഥാനത്തിന് 24.34 ശതമാനം കുറവുണ്ട്. അതിനാൽ പ്രതിവർഷം ഏകദേശം 8.24 ലക്ഷം മെട്രിക് ടൺ വിടവുണ്ട് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 25.61 മെട്രിക് ടൺ പാലിൽ (മൃഗസംരക്ഷണ വകുപ്പ്), 23.71 മെട്രിക് ടൺ ഉൽപ്പാദിപ്പിക്കുന്നത് സങ്കരയിനം കന്നുകാലികളാണ് (92.6 ശതമാനം). നാടൻ കന്നുകാലികൾ 0.84 മെട്രിക് ടൺ പാൽ മാത്രമാണ് ഉത്പാദിപ്പിച്ചത് (0.33 ശതമാനം). സങ്കരയിനം കന്നുകാലികളുടെ സംഭാവന 3.35 മെട്രിക് ടൺ (1.31 ശതമാനം) ആയിരുന്നു. ആടുകളിൽ നിന്നുള്ള പാൽ ഉൽപാദനം 1.34 എൽ.എം.ടി (5.22 ശതമാനം) ആയിരുന്നു. നാടനും സങ്കരയിനം എരുമകളും ബാക്കിയുള്ളവ സംഭാവന ചെയ്യുന്നു. (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2025).

2024-25 ലെ കേരളത്തിലെ ഗണം തിരിച്ചുള്ള പാൽ ഉൽപാദനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.3.2** ൽ നൽകിയിരിക്കുന്നു.

**ചിത്രം 3.3.2** കേരളത്തിലെ ഇനം തിരിച്ചുള്ള പാൽ ഉല്പാദനം, 2024-25




**അവലംബം:** അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2025

**മുട്ടയുല്പാദനം**

ഇന്ത്യയിലെ മുട്ട, മാംസ ഉൽപ്പാദനം കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി വൻ കുതിച്ചുചാട്ടം നടത്തിയിട്ടുണ്ട്, അശാസ്ത്രീയമായ കൃഷി രീതികളിൽ നിന്ന് അത്യാധുനിക സാങ്കേതിക ഇടപെടലുകളുള്ള വാണിജ്യ ഉൽപ്പാദന സംവിധാനങ്ങളിലേക്ക് ഉയർന്നുവന്നിട്ടുണ്ട്. ഇന്ത്യ ആഗോളതലത്തിൽ ഒരു മുൻനിര മുട്ട ഉൽപ്പാദക രാജ്യമാണ്, ചൈനയ്ക്ക് ശേഷം രണ്ടാം സ്ഥാനത്താണ്. 2024-25 ൽ, ഇന്ത്യയുടെ മൊത്തം മുട്ട ഉൽപ്പാദനം 149.11 ബില്യൺ ആയിരുന്നു, മുൻ വർഷത്തേക്കാൾ 4.44 ശതമാനം വാർഷിക വളർച്ച കാണിക്കുന്നു. (എഫ്.എ.ഒ 2025) മുട്ട ഉല്പാദനത്തിൽ മുൻ നിര സ്ഥാനമുള്ള അഞ്ച് സംസ്ഥാനങ്ങൾ

**ചിത്രം 3.3.3** മുട്ട ഉല്പാദനവും വരുമാനവും




**അവലംബം:** കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ

ആന്ധ്രാപ്രദേശ് (18.37 ശതമാനം), തമിഴ്നാട് (15.63 ശതമാനം), തെലങ്കാന (12.98 ശതമാനം), പശ്ചിമ ബംഗാൾ (10.72 ശതമാനം), കർണാടക(6.67 ശതമാനം) എന്നിവയാണ്, രാജ്യത്തെ മൊത്തം ഉൽപ്പാദനത്തിന്റെ 64 ശതമാനത്തിലധികം സംഭാവന ചെയ്യുന്നത്. മൊത്തം മുട്ട ഉൽപ്പാദിപ്പിക്കുന്നതിൽ, വാണിജ്യ കോഴി വളർത്തലിൽ നിന്ന് 125.98 ബില്യൺ മുട്ടകൾ ലഭിച്ചു, ഇത് ദേശീയ ഉൽപാദനത്തിന്റെ 84.49 ശതമാനമാണ്. അതോടൊപ്പം, പിൻമുറ്റത്തെ കോഴി വളർത്തൽ 23.13 ബില്യൺ മുട്ടകൾ ഉത്പാദിപ്പിച്ചു, ഇത് മൊത്തം ഉൽപാദനത്തിന്റെ 15.51 ശതമാനമാണ്. പ്രതിശീർഷ മുട്ട ലഭ്യത പ്രതിവർഷം 106 മുട്ടകളാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2025). കുറഞ്ഞ ഉൽപ്പാദനച്ചെലവും മിച്ച ശേഷിയും ഉള്ളതിനാൽ, അന്താരാഷ്ട്ര വിപണിയിലേക്ക് മത്സരാധിഷ്ഠിതമായി വിതരണം ചെയ്യുന്നതിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്.

കേരളം മുട്ട ഉൽപ്പാദനത്തിൽ പതിനാലാം സ്ഥാനത്താണ്. മുട്ട ഉൽപ്പാദനം 2023–24 ലെ 24.05 കോടിയിൽ നിന്ന് 2024–25 ൽ 25.14 കോടിയായി ഉയർന്നു (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2025). നമ്മുടെ സംസ്ഥാനത്ത് ആളോഹരി മുട്ടകളുടെ ലഭ്യത 2024–25 ൽ പ്രതിവർഷം 70 എണ്ണമായിരുന്നു. ഇത് രാജ്യ ശരാശരിയായ പ്രതിവർഷം 103 മുട്ടകളേക്കാൾ കുറവാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2025). കേരളത്തിൽ പ്രതിശീർഷ മുട്ട ഉപഭോഗം കൂടുതലാണെങ്കിലും, ആഭ്യന്തര ഉൽപ്പാദനം ആവശ്യകതയേക്കാൾ വളരെ കുറവാണ്. എന്നിരുന്നാലും, സംസ്ഥാനം ഗണ്യമായ വളർച്ച കൈവരിക്കുകയും 4.52 ശതമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്, ഇത് 2024–25 ലെ ദേശീയ വളർച്ചാ നിരക്കായ 4.44 ശതമാനത്തേക്കാൾ കൂടുതലാണ് (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്ക്, 2025).

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെഎസ്പിഡിസി) 2025–26–ൽ വിവിധ പദ്ധതികൾ വഴി പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന മുട്ടകളുടെ എണ്ണം (ഒരു പക്ഷിക്ക് @ 180 മുട്ടകൾ) (ഒരു പക്ഷിക്ക് @ 300 മുട്ടകൾ) 2025 ഓഗസ്റ്റ് 31 വരെ 81,56,700 ആയിരുന്നു. 2024–25 ൽ ഇത് 1,27,77,120 ഉം 2023–24 ൽ 1,77,84,855 ഉം ആയിരുന്നു.

2025–26 ൽ, 2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്, മുട്ട വിൽപ്പനയിൽ നിന്നുള്ള ഏകദേശ വരുമാനം (ഒരു മുട്ടയ്ക്ക് 8 രൂപയ്ക്ക്) 6,52,53,600 രൂപയായിരുന്നു. 2024–25–ൽ ഇത് 10,22,16,960 രൂപയും 2023–24 ൽ 14,22,78,840 രൂപയുമായിരുന്നു (കെ.എസ്.പി.ഡി.സി, 2025). സ്ഥിതി വിവര കണക്ക് പ്രകാരം, 2024–25 വർഷത്തിൽ കേരള പൗൾട്രി വികസന കോർപറേഷൻ വഴിയുള്ള മുട്ട ഉൽപാദനത്തിലും മുട്ട വിൽപ്പനയിൽ നിന്നുള്ള ഏകദേശ വരുമാനത്തിലും കുറവുണ്ടായതായി കാണിക്കുന്നു. 2023–24 ൽ വിതരണം ചെയ്യപ്പെട്ട പക്ഷികളുടെ എണ്ണം 1,08,570 ൽ നിന്ന് 2024–25 ൽ 74,720 ആയി കുറഞ്ഞിട്ടുള്ളതായാണ് കാണിക്കുന്നത്.അത് മൊത്തം ഉത്പാദനത്തിലും വരുമാറ്റത്തിലും മാറ്റം രേഖപ്പെടുത്തിയിട്ടുണ്ട്. (അവലംബം: കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ) മുട്ട ഉത്പാദനത്തിന്റെയും വരുമാനത്തിന്റെയും വിശദാംശങ്ങൾ **ചിത്രം 3.3.3** ൽ കാണിച്ചിരിക്കുന്നു.

**മാംസോത്പാദനം**

2024 ൽ പ്രസിദ്ധീകരിച്ച മാംസ മാർക്കറ്റ് റിവ്യൂ 2023–24 പ്രകാരം ആഗോള മാംസോത്പാദനം 2023 ൽ 1.7 ശതമാനം വർദ്ധിച്ച് 379 ദശലക്ഷം ടണ്ണായി (ജന്തുക്കളുടെ ശവഭാരത്തിന് തുല്യമായ). നമ്മുടെ രാജ്യത്ത് കഴിഞ്ഞ പത്ത് വർഷമായി മാംസോത്പാദനം ക്രമാതീതമായ വർദ്ധനവിന് സാക്ഷ്യം വഹിക്കുന്നു. ലോകത്തിൽ മാംസം ഉൽപ്പാദിപ്പിക്കുന്നതിൽ ഇന്ത്യ നാലാം സ്ഥാനത്താണ്. രാജ്യത്തെ മാംസോത്പാദനം 2023–24 ലെ 10.25 ദശലക്ഷം ടണ്ണിൽ നിന്നും 2024–25 ൽ 10.50 ദശലക്ഷം ടണ്ണായി (2.46 ശതമാനം) വർദ്ധിച്ചു. 2024–25–ൽ രാജ്യത്ത് ഏറ്റവും കൂടുതൽ മാംസം ഉൽപ്പാദിപ്പിച്ചത് പശ്ചിമ ബംഗാളാണ്, മൊത്തം മാംസോത്പാദനത്തിന്റെ 12.46 ശതമാനം. തുടർന്ന് ഉത്തർപ്രദേശ് (12.20 ശതമാനം), മഹാരാഷ്ട്ര (11.57 ശതമാനം), തെലങ്കാന (10.49 ശതമാനം), ആന്ധ്രാപ്രദേശ് (10.84 ശതമാനം) എന്നിങ്ങനെയാണ്. ഈ കാലയളവിൽ രാജ്യത്തെ മൊത്തം ഇറച്ചി ഉൽപാദനത്തിന്റെ 57.55 ശതമാനവും സംഭാവന ചെയ്തത് ഈ സംസ്ഥാനങ്ങളാണ്. 2018–19 ൽ പ്രതിശീർഷ ലഭ്യത 6.15 കിലോഗ്രാം/പ്രതിവർഷം ആയിരുന്നത് 2024–25 ൽ 7.5 കിലോഗ്രാം/പ്രതിവർഷം ആയി വർദ്ധിച്ചു. രാജ്യത്തെ മാംസ ഉൽപാദനത്തിൽ കോഴി വളർത്തൽ 49.27 ശതമാനവും എരുമ, ആട്, ചെമ്മരിയാട്,

പന്നി, കന്നുകാലികൾ എന്നിവ യഥാക്രമം 18.42 ശതമാനം, 15.06 ശതമാനം, 11.29 ശതമാനം, 3.65 ശതമാനം, 2.30 ശതമാനം ആകെ മാംസ ഉൽപാദനത്തിൽ സംഭാവന ചെയ്യുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു (അടിസ്ഥാന മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കുകൾ, 2025).

രാജ്യത്തെ മൊത്തം മാംസ ഉൽപാദനത്തിൽ 2024-25 ൽ കേരളത്തിന്റെ സംഭാവന 4.98 ശതമാനമായിരുന്നു. 2024-25 ൽ മാംസ ഉൽപാദനത്തിൽ കേരളം എട്ടാം സ്ഥാനത്താണ്. 2024-25 ൽ സംസ്ഥാനത്തെ മാംസ ഉൽപാദനത്തിന്റെ 45.45 ശതമാനവും കോഴിയിറച്ചി ഉല്പാദനത്തിൽ നിന്നാണെന്ന് ഇനം തിരിച്ചുള്ള സ്ഥിതിവിവര കണക്ക് വ്യക്തമാക്കുന്നു (മൃഗസംരക്ഷണ വകുപ്പ്, 2025). പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിൽ കേരളത്തിൽ ഇറച്ചി ഉൽപ്പാദനം 14.54 മെട്രിക് ടൺ ആയിരുന്നു. 2024-25 ൽ സംസ്ഥാനത്തെ മൊത്തം ഇറച്ചി ഉൽപ്പാദനം 522.76 മെട്രിക് ടണ്ണും മൊത്തം ഇറച്ചിയുടെ ആവശ്യം 880.33 മെട്രിക് ടണ്ണുമായിരുന്നു (അവലംബം:മൃഗ സംരക്ഷണ വകുപ്പ്, കേരളം). കേരളത്തിലെ മാംസോത്പാദനം ഇനം തിരിച്ച് **ചിത്രം 3.3.4** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 3.3.4** കേരളത്തിലെ ഇനം തിരിച്ചുള്ള മാംസോത്പാദനം




**അവലംബം:** മൃഗ സംരക്ഷണ വകുപ്പ്, കേരളം

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന 522.76 മെട്രിക് ടൺ മാംസത്തിൽ, ഒരു പ്രധാന പങ്ക് കോഴി വളർത്തലിൽ നിന്നാണ് 237.41 മെട്രിക് ടൺ (45.45 ശതമാനം), തുടർന്ന് എരുമയിൽ നിന്ന് 158.96 മെട്രിക് ടൺ (30.41 ശതമാനം), കന്നുകാലികളിൽ നിന്ന് 101.30 മെട്രിക് ടൺ (19 ശതമാനം), ആടുകളിൽ നിന്ന് 15.80 മെട്രിക് ടൺ (3 ശതമാനം), പന്നികളിൽ നിന്ന് 9.27 മെട്രിക് ടൺ (2 ശതമാനം), ചെമ്മരിയാടുകളിൽ നിന്ന് 0.04 മെട്രിക് ടൺ (0.08 ശതമാനം). കേരളത്തിലെ മാംസ മേഖലയുടെ യഥാർത്ഥ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല.

സുരക്ഷിതവും ആരോഗ്യകരവുമായ മാംസം ഉൽപ്പാദിപ്പിക്കുന്നതിന്, കശാപ്പ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആധുനിക ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക, മൂല്യവർദ്ധന ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക, മാനവ വിഭവശേഷി വികസനം ശക്തിപ്പെടുത്തുക തുടങ്ങിയവക്ക് ഈ മേഖലയിൽ പരിശീലനം ലഭിച്ച മനുഷ്യവിഭവശേഷി നിർണ്ണായകമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ, സർക്കാർ പിപിപി മോഡിൽ 40 റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുകയും, പകർച്ചവ്യാധികളുടെയും ജന്തുജന്യ രോഗങ്ങളുടെയും വ്യാപനം തടയുകയും, ഉപോൽപ്പന്നങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും സാമ്പത്തിക വരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു.

സംസ്ഥാന പൊതുമേഖലാസ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എംപിഐ) 2023-24 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2024-25 ൽ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിച്ചു. ഈ ദൗത്യത്തിന്റെ പ്രാഥമിക ലക്ഷ്യം കൈവരിക്കുന്നതിനായി, ആധുനിക കശാപ്പ്ശാലകൾ, മൃഗ-കോഴി വളർത്തൽ ഫാമുകൾ, റെൻഡറിംഗ് പ്ലാന്റുകൾ, തീറ്റ മിശ്രിത യൂണിറ്റുകൾ, കോൾഡ് സ്റ്റോറേജുകൾ, വിൽപ്പന ഔട്ട്ലെറ്റുകൾ, മൂല്യവർദ്ധിത മാംസ സൗകര്യങ്ങൾ എന്നിവയുൾപ്പെടെ സമഗ്രമായ ഒരു അടിസ്ഥാന സൗകര്യം എംപിഐ സ്ഥാപിച്ചിട്ടുണ്ട്. ഉൽപ്പാദനവും വിൽപ്പന വിറ്റുവരവ് എന്നിവ **പട്ടിക 3.3.2** ൽ കാണിച്ചിരിക്കുന്നു

**2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ ഉൽപ്പാദന, വിൽപ്പന വരുമാനത്തിൽ വർദ്ധനവ് മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.**
സംസ്ഥാനത്തെ ഇറച്ചിയുടെ ആവശ്യം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 'കേരള ചിക്കൻ' പദ്ധതി വിപുലീകരിക്കേണ്ടത് പ്രധാനമാണ്. കേരള ചിക്കൻ എന്ന ബ്രാൻഡ് നാമത്തിൽ കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഗുണനിലവാരമുള്ള ബ്രോയിലർ ചിക്കൻ മാംസം ലഭ്യമാക്കുന്നതിനായി കേരള സർക്കാർ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണിത്. മൃഗസംരക്ഷണ വകുപ്പ്, കേരള സംസ്ഥാന കോഴി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി), മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (എം.പി.ഐ), കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെയാണ് 2017 നവംബറിൽ ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിക്ക് കീഴിൽ, കേരളത്തിലുടനീളം ബ്രോയിലർ ചിക്കൻ ഫാമുകൾ സ്ഥാപിക്കുക, ബ്രീഡർ യൂണിറ്റുകൾ, ഹാച്ചറികൾ, തീറ്റ വിതരണ യൂണിറ്റുകൾ, അറവുശാലകൾ, ബ്ലാസ്റ്റ് ഫ്രീസറുകൾ, റെൻഡറിംഗ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ തുടങ്ങിയ അടിസ്ഥാന സ്വകര്യങ്ങൾ സ്ഥാപിക്കുക,

**പട്ടിക 3.3.2** ഉൽപ്പാദന വളർച്ചയും തന്ത്രപരമായ വിപണി സംരംഭങ്ങളും

| വിവരണം | 2022-23 | 2023-24 | 2024-25 |
|---|---|---|---|
| മാംസം, ഉപോൽപ്പന്നങ്ങൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉത്പാദനം (മെട്രിക് ടണ്ണിൽ ) | 240.884 | 276.375 | 351.86 |
| വിൽപ്പന വരുമാനം (രൂപയിൽ) | 7,36,36,556 | 7,06,32,030 | 8,11,16,129 |

**അവലംബം:** മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

"കേരള ചിക്കൻ" എന്ന ബ്രാൻഡ് നാമത്തിൽ വിപണനം, കുടുംബശ്രീ ഉൾപ്പെടെയുള്ള ഔട്ട്‌ലറ്റുകൾ വഴി വിൽപ്പന എന്നിവയാണ് കേരള സർക്കാർ വിഭാവനം ചെയ്യുന്നത്. കന്നുകുട്ടികളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഇക്കാര്യത്തിൽ വിഭാവനം ചെയ്യേണ്ടതുണ്ട്.

**തീറ്റയും അടിസ്ഥാന കാലിത്തീറ്റയും**

കന്നുകാലി മേഖലയുടെ വികസനത്തെ പിന്തുണയ്ക്കുന്നതിന്, നിർണായക തീറ്റ ലഭ്യതയിലെ വ്യാപകമായ വിടവ് കണക്കിലെടുത്ത് കാലിത്തീറ്റയ്ക്കും, തീറ്റ ഉൽപാദനത്തിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പാണ് സംസ്ഥാനത്തെ കാലിത്തീറ്റ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി. പദ്ധതിക്ക് കീഴിൽ, കർഷകരുടെ വയലുകളിലും ക്ഷീര സഹകരണ സ്ഥാപനങ്ങളിലും കാലിത്തീറ്റയുടെ ഉൽപാദനവും, സംരക്ഷണവും, തരിശുനിലങ്ങളിലും, പാഴ്ഭൂമികളിലും വാണിജ്യപരവും വൻതോതിലുള്ളതുമായ കാലിത്തീറ്റ ഉൽപാദനം എന്നിവ ആരംഭിച്ചു. കർഷകർ, മറ്റ് വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗശൂന്യമായി തുടരുന്ന ഫലഭൂയിഷ്ഠമായ ഭൂമി തിരഞ്ഞെടുത്ത് വൻതോതിൽ തീറ്റപ്പുൽ കൃഷി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്തു വരുന്നു. കെഎൽഡി ബോർഡിന്റെ കാലിത്തീറ്റ വിത്തുകളുടെ ഉൽപാദനവും വിൽപനയും **അനുബന്ധം 3.3.2** ൽ കാണിച്ചിരിക്കുന്നു.

സർക്കാർ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച്, കേരളത്തിൽ കന്നുകാലികൾക്ക് ആവശ്യമായ നാരടങ്ങിയ ഭക്ഷണ പാദാർഥങ്ങളുടെ 60 ശതമാനം മാത്രമാണ് കേരളം ഉത്പാദിപ്പിക്കുന്നത്. 2023-24 ൽ മൊത്തം കന്നുകാലി തീറ്റ ഉൽപ്പാദനം 2.95 ലക്ഷം മെട്രിക് ടണ്ണും 2024-25 ൽ 2.50 ലക്ഷം മെട്രിക് ടണ്ണും ആണ് (**അനുബന്ധം 3.3.3**). 2024-25 ൽ 1213.06 ഹെക്ടർ സ്ഥലത്ത് കാലിത്തീറ്റ കൃഷി ഏറ്റെടുക്കുകയും 320.5 ലക്ഷം കാലിത്തീറ്റ വേരുകൾ/ തണ്ട് മുറിക്കൽ എന്നിവ വിതരണം ചെയ്യുകയും ചെയ്തു (**അനുബന്ധം 3.3.4**).

2022-23 വർഷം മുതൽ കാലിത്തീറ്റ കൃഷി ചെയ്യുന്ന വിസ്തൃതിയിൽ കുറവുണ്ടായതായി പട്ടിക സൂചിപ്പിക്കുന്നു. എന്നാൽ 2024-25 വർഷത്തിൽ കൃഷി ചെയ്യുന്ന വിസ്തൃതിയിൽ 2023-24 വർഷത്തെ അപേക്ഷിച്ച് 1213.06 ആയി നേരിയ വർധനയുണ്ട്. സംസ്ഥാനത്തെ കറവപ്പശുക്കൾക്ക് പ്രതിദിനം ആവശ്യമായ ആകെ കാലിത്തീറ്റ 335.5 ലക്ഷം കിലോഗ്രാം ആണ്. സംസ്ഥാനത്ത് കാലിത്തീറ്റ ഉൽപ്പാദനം ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ, ജില്ലാ സഹകരണ സംഘങ്ങൾ, സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനോടകം തന്നെ കാലിത്തീറ്റ കൃഷി നടക്കുന്ന പ്രദേശങ്ങളിൽ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, മേച്ചിൽപ്പുറങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വയൽ ബണ്ടുകളിലും അതിർത്തികളിലും കാലിത്തീറ്റ വിളകൾ വളർത്തുക, നഗരപ്രദേശങ്ങൾ, ഉപയോഗിക്കാത്തതും, മതിയായ രീതിയിൽ ഉപയോഗപ്പെടാത്തതുമായ കാലിത്തീറ്റ വിളകൾ പ്രയോജനപ്പെടുത്തുക എന്നിവയും കാലിത്തീറ്റ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള ചില മാർഗ്ഗങ്ങളാണ് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ)

2025 മാർച്ച് 31 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 6975 കാലിത്തീറ്റ പ്ലോട്ടുകളുണ്ട്, അതിൽ 5266 പ്ലോട്ടുകൾ (75.49 ശതമാനം) ഒരു ഏക്കറിനും 2.5 ഏക്കറിനും ഇടയിലാണ്. 2.5 ഏക്കർ മുതൽ 5 ഏക്കർ വരെ വിസ്തീർണ്ണമുള്ള 1399 പ്ലോട്ടുകളും (20.06 ശതമാനം) ഉണ്ട്. അഞ്ച് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള 310 പ്ലോട്ടുകൾ (4.44 ശതമാനം) മാത്രമേ ഉള്ളൂ. എന്നാൽ 2023-24 വർഷത്തിൽ ഇത് 203 പ്ലോട്ടുകൾ ആയിരുന്നു (2.7 ശതമാനം). ഇത് സൂചിപ്പിക്കുന്നത് അഞ്ചേക്കറിൽ കൂടുതലുള്ള പ്ലോട്ടുകൾ 2024-25 ൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന നാമമാത്ര, ചെറുകിട കന്നുകാലി കർഷക ഉടമകൾക്ക്, കാലിത്തീറ്റ കൃഷി വികസനത്തിന് പരിമിതമായ ഇടമേയുള്ളൂ. കാലിത്തീറ്റക്ക് നേരിട്ട് നേട്ടവും നൽകാത്തതിനാൽ കാലിത്തീറ്റ കൃഷി പിന്നിലാണ് (ക്ഷീര വികസന വകുപ്പ്, കേരള സർക്കാർ). പ്രധാനമായും വർദ്ധിച്ചുവരുന്ന തീറ്റച്ചെലവും, കൂലിച്ചെലവും കാരണം കേരളത്തിലെ ക്ഷീരോല്പാദന രംഗം ലാഭകരമല്ലാത്ത ഒരു പ്രവർത്തനമായി മാറിയിരിക്കുന്നു. സംസ്ഥാനത്തെ കാർഷിക-കാലാവസ്ഥാ മേഖലകൾക്ക് അനുയോജ്യമായ

പുതിയ ഇനം കാലിത്തീറ്റകൾ കണ്ടെത്തുന്നതിനും അവതരിപ്പിക്കുന്നതിനുമായി സ്ക്രീനിംഗ് പരീക്ഷണങ്ങളും, മാനേജ്മെന്റ് പരീക്ഷണങ്ങളും ഉൾപ്പെടെയുള്ള പ്രായോഗിക ഗവേഷണങ്ങൾ നടത്തും (കെ.എൽ.ഡി.ബി).

**പട്ടിക 3.3.3** കേരളത്തിലെ കാലിത്തീറ്റ ഫാമുകൾക്ക് കീഴിലുള്ള പ്രദേശം – 2018–19 മുതൽ 2024–25 വരെ

| വർഷം | തീറ്റപ്പുൽ കൃഷിയുടെ ആകെ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| 2018–19 | 2750.00 |
| 2019–20 | 2865.00 |
| 2020–21 | 2363.00 |
| 2021–22 | 2397.00 |
| 2022–23 | 2277.00 |
| 2023–24 | 1131.6 |
| 2024–25 | 1213.06 |

**അവലംബം:** ക്ഷീരവികസന വകുപ്പ്, കേരള സർക്കാർ

കൂടാതെ, അസോള കൃഷി, കാലിത്തീറ്റ കൃഷി യന്ത്രവൽക്കരണം, വിളവെടുപ്പ്, ജലസേചന സൗകര്യങ്ങൾ എന്നിവയ്ക്കായി കർഷകർക്ക് സഹായം നൽകി. തീറ്റ ചേരുവകളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ചും എണ്ണമയമില്ലാത്ത അരി, തവിട്, ചോളം, അരി പോളിഷ് എന്നിവയ്ക്ക്. ഇത് മിശ്രിത ചെലവിന്റെ 70–75 ശതമാനമാണ്. ഈ സാമഗ്രികളുടെ സംഭരണ നിരക്കുകൾ കൂടാതെ എണ്ണമയമില്ലാത്ത തേങ്ങ കേക്ക്, എണ്ണമയമില്ലാത്ത പരുത്തി വിത്ത് വേർതിരിച്ചെടുക്കൽ എന്നിവയുടെ വിലയും വർഷത്തിൽ കുത്തനെ വർദ്ധിച്ചു (കേരള ഫീഡ്സ് ലിമിറ്റഡ്).

**പ്രജനന പിന്തുണ**

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മൃഗങ്ങളിൽ ദീർഘകാല അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിൽ ജനിതക പുരോഗതി വരുത്തുന്നതിനുമുള്ള പ്രധാന ഉപകരണങ്ങളിലൊന്നാണ് പ്രജനനം. നമ്മുടെ സംസ്ഥാനത്ത്, കന്നുകാലി വളർത്തൽ വ്യവസ്ഥാപിതമായി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി ആസൂത്രണം ചെയ്ത ഒരു പ്രജനന നയമുണ്ട്. സംസ്ഥാനത്തിന്റെ പ്രജനന നയം അനുസരിച്ച്, കേരള കന്നുകാലി വികസന ബോർഡ് നൽകുന്ന ബീജപ്ലാസം മാത്രമാണ് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് നടത്തിവരുന്നത്.

കന്നുകാലി പ്രജനന നയം വ്യവസ്ഥാപിതമായും ആസൂത്രിതമായും പ്രഖ്യാപിച്ച ഒരു സംസ്ഥനമാണ് കേരളം. സംസ്ഥാനത്തിന്റെ പ്രജനന നയം അനുസരിച്ച് കേരള കന്നുകാലി വികസന ബോർഡ് ലഭ്യമാക്കുന്ന ജെം പ്ലാസം മാത്രമാണ് മൃഗസംരക്ഷണ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് ഉപയോഗിക്കുന്നത്. പുതിയ ആർട്ടിഫിഷ്യൽ ഇൻസെമനേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് അനുസൃതമായി പ്രതിവർഷം ഏകദേശം 25 പുതിയ സാങ്കേതിക വിദഗ്ധർക്ക് "കൃത്രിമ ബീജസങ്കലനത്തിൽ അടിസ്ഥാന പരിശീലനം" നൽകുന്നു. 2025 മാർച്ച് 31 വരെ, 1367 പേർക്ക് എ.എച്ച്. പ്രവർത്തനങ്ങളിൽ കഴിഞ്ഞ വർഷം പരിശീലനം നൽകിയിട്ടുണ്ട്. കന്നുകാലികൾ, ആടുകൾ, പോത്തുകൾ, പന്നികൾ എന്നിവയുടെ ബ്രീഡിംഗ് മാനേജ്മെന്റ് ഇൻപുട്ടുകൾ വിതരണം ചെയ്യുന്നതും സംസ്ഥാനത്തെ കാലിത്തീറ്റ ഉൽപാദനവും കേരള കന്നുകാലി വികസന ബോർഡിന്റെ ഉത്തരവാദിത്തമാണ്. മൃഗസംരക്ഷണ വകുപ്പ് എല്ലാ പഞ്ചായത്തുകളിലും വെറ്ററിനറി ആശുപത്രികൾ വഴി കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ ഉറപ്പാക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വഴി കൃത്രിമ ബീജസങ്കലന സേവനങ്ങളുടെ വാതിൽപ്പടി സേവനവും വകുപ്പ് നൽകുന്നുണ്ട്.

നിലവിലുള്ള പ്രജനന നയം അനുസരിച്ച്, എക്സോട്ടിക് ഇൻഹെറിറ്റൻസ് നിലവാരം ചെറുവിഭാഗത്തിന് 50 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ മികച്ച വരുമാനമുള്ള ചെറുകിട കർഷകർക്ക്, വാണിജ്യപരവും അർദ്ധ വാണിജ്യപരവുമായ ക്ഷീരോത്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെയും, കേരള കന്നുകാലി വികസന ബോർഡന്റെയും സൂക്ഷ്മ നിരീക്ഷണത്തിലൂടെ ഉയർന്ന മൂല്യമുള്ള ശുദ്ധമായ ഇനം ഹോൾസ്റ്റീൻ ഫ്രീസിയൻ കാളകളുടെ (ഇറക്കുമതി ചെയ്ത/ ഇറക്കുമതി ചെയ്ത ലിംഗഭേദമുള്ള /സംസ്ഥാനത്തിന് പുറത്ത് നിന്ന് സംഭരിച്ച കാളകൾ) ബീജം നൽകുന്നു. സംസ്ഥാനത്തെ തദ്ദേശീയ ഇനങ്ങൾക്കായുള്ള (വെച്ചൂർ പോലുള്ളവ) സംരക്ഷണ പരിപാടിയും ഏറ്റെടുക്കുന്നു. വെച്ചൂർ, ഗിർ, കാസർഗോഡ് കുള്ളൻ, ചുവന്ന സിന്ധി, കംഗയം, കാൻക്രേജ് തുടങ്ങിയ തദ്ദേശീയ ഇനങ്ങളുടെ ബീജമാണ് കെ. എൽ. ഡി ബോർഡ് വിതരണം ചെയ്യുന്നത്. വന്ധ്യത ക്യാമ്പുകൾ നടത്തുന്നതിനായി വകുപ്പ് പദ്ധതി ഫണ്ടുകൾ ചെലവഴിക്കുന്നുണ്ട്, കൂടാതെ നമ്മുടെ സംസ്ഥാനത്തെ കന്നുകാലികളിലെ വന്ധ്യത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫെർട്ടിലിറ്റി മാനേജ്മെന്റ് എന്ന പേരിൽ ഒരു പ്രത്യേക സ്ഥാപനവുമുണ്ട്.

കെ.എൽ.ഡി.ബി ക്ക് മൂന്ന് ബുൾ സ്റ്റേഷനുകൾ, നാല് ബുൾ മദർ ഫാമുകൾ, തദ്ദേശീയ കന്നുകാലികൾ, ആടുകൾ, പന്നികൾ എന്നിവയുടെ ഓരോ ഫാമുകളും, വാഗമണിൽ ഒരു പിഗ് ബ്രീഡിംഗ് യൂണിറ്റും ഉണ്ട്. രണ്ട് ജില്ലകൾക്ക് വീതം സേവനങ്ങൾ നൽകുന്ന ഏഴ് പ്രാദേശിക ബീജ ബാങ്കുകൾ ഉണ്ട്. ഇതിലൂടെ 2024–25 ൽ 3 ബുൾ സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും, 3 മോഡേൺ ബുൾ മദർ ഫാമുകളും, 352 ബുൾ മദറുകളെ പരിപാലിക്കുകയും, 147 കാളക്കുട്ടികളെയും 136 പശു കിടാരികളേയും ഉത്പാദിപ്പിക്കുകയും ചെയ്തു. ശീതീകരിച്ച ശുക്ലത്തിന്റെ ഉൽപാദനത്തിനായി സർക്കാർ നിർദ്ദേശിക്കുന്ന മിനിമം സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ അനുസരിച്ച് പകർച്ചവ്യാധികൾക്കും ജനിതക രോഗങ്ങൾക്കുമെതിരായി ശുക്ല ഉൽപാദനത്തിനായി ഉപയോഗിക്കുന്ന കാളകളെ പരിശോധിക്കുന്നു. കെ. എൽ. ഡി. ബിയുടെ കീഴിലുള്ള മൂന്ന് സെമെൻ സ്റ്റേഷനുകളും ഐ.എസ്.ഒ 9001 : 2015 സർട്ടിഫൈഡ് ആണ്, കൂടാതെ ജൈവ സുരക്ഷാ നടപടികളുള്ള ഹസാർഡ് അനാലിസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്.എസി.സി.പി) സർട്ടിഫിക്കേഷനും ഉണ്ട്. മൃഗസംരക്ഷണ വകുപ്പ് വഴി സംസ്ഥാന കന്നുകാലി ഉടമകൾക്ക് ആടുകളുടെ ശുക്ലത്തിന്റെ ഉൽപാദനവും വിതരണവും കെ. എൽ. ഡി. ബി ആരംഭിച്ചു. 55,425 ഫ്രോസൺ ബക്ക് സെമെൻ ഡോസുകൾ കെ.എൽ.ഡി.ബി നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു

**ബോക്സ് 3.3.2** ഡിജിറ്റൽ ഹെർഡ് ബുക്ക് സിസ്റ്റം

മാതാപിതാക്കളെക്കുറിച്ച് അറിവുള്ള ഒരു പ്രത്യേക ഇനത്തിലെ മൃഗങ്ങളുടെ ഔദ്യോഗിക പട്ടികയാണ് ഹെർഡ് ബുക്ക്, സ്റ്റഡ്ബുക്ക് അല്ലെങ്കിൽ രജിസ്റ്റർ എന്ന് അറിയപ്പെടുന്ന ബ്രീഡ് രജിസ്ട്രി. മൃഗങ്ങളെ സാധാരണയായി ചെറുപ്പത്തിൽ തന്നെ അവയുടെ ബ്രീഡർമാർ രജിസ്റ്റർ ചെയ്യുന്നു. അത്തരം രജിസ്ട്രികൾ, സാധാരണയായി രേഖപ്പെടുത്തപ്പെട്ട ഓരോ മൃഗത്തിന്റെയും വംശാവലി, മൃഗങ്ങളുടെ വംശാവലി ഡോക്യുമെന്റേഷൻ അല്ലെങ്കിൽ സാധാരണയായി മൃഗങ്ങളുടെ "പേപ്പറുകൾ" എന്ന് വിളിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നു. രജിസ്ട്രേഷൻ പേപ്പറുകളിൽ ഒരു ലളിതമായ സർട്ടിഫിക്കറ്റോ, മൃഗത്തിന്റെ പശ്ചാത്തലത്തിൽ പൂർവ്വികരുടെ വിവരണം അടങ്ങിയിരിക്കാം, ചിലപ്പോൾ വംശാവലി കാണിക്കുന്ന ഒരു ചാർട്ട് ഉണ്ടായിരിക്കാം. ക്രോസ് ബ്രീഡിന്റെ ഉയർന്ന അനുപാതം ലഭ്യമായതിനാൽ സന്തതി പരിശോധനയുടെ അതേ മേഖലയിലാണ് പ്രോഗ്രാം നടപ്പിലാക്കുന്നത്. 83 എ.ഐ കേന്ദ്രങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 60,000 ത്തോളം ക്രോസ് ബ്രെഡ് മൃഗങ്ങളുടെ പ്രജനനയോഗ്യ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

1970 കളിൽ തന്നെ കേരളം കൃത്രിമ ബീജസങ്കലന സാങ്കേതികവിദ്യ ആരംഭിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തെ ഏറ്റവും മികച്ച പശുക്കളെ കണ്ടെത്തുന്നതിനോ, അല്ലെങ്കിൽ മികച്ച വിളവ് നൽകുന്ന പെൺകിടാങ്ങളുള്ള കാളകളെ കണ്ടെത്തുന്നതിനോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച പശുക്കളുടെ (ലൈൻ) തലമുറ കണ്ടെത്തുന്നതിനോ അല്ലെങ്കിൽ മികച്ച സന്തതികൾ ഉൽപാദിപ്പിക്കുന്നതിനായി ഒരു പ്രത്യേക പശുവിനെ ബീജസങ്കലനം ചെയ്യുന്നതിനുള്ള മികച്ച ബീജം നിർദ്ദേശിക്കുന്നതിനോ നമ്മുടെ പശുക്കളുടെ വംശാവലി രേഖകൾ വിരൽത്തുമ്പിൽ ലഭ്യമായിരുന്നില്ല. ആരോഗ്യ, പരിപാലന വിശദാംശങ്ങൾ, ഉൽപ്പാദനം – കാലാവസ്ഥാ പരസ്പരബന്ധം എന്നിവയ്ക്കൊപ്പം ഒരു ബ്രീഡിംഗ് ഹിസ്റ്ററി (ഡിജിറ്റൽ ഹെർഡ് രജിസ്റ്റർ) ഡിജിറ്റലൈസ് ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യുന്നതിലൂടെ, കേരളത്തിന് അനുയോജ്യമായ ഏറ്റവും മികച്ച പശു/കാള/ഇനം കണ്ടെത്താൻ സംസ്ഥാനത്തിന് കഴിയുകയും, ഭാവിയിൽ സംസ്ഥാനത്തിന് അനുയോജ്യമായ ഇനങ്ങൾ വികസിപ്പിക്കുന്നതിനുള്ള മൂല്യവത്തായ ഡാറ്റാ ശേഖരവും, ഡാറ്റാ വെയർഹൗസുമായി ഇത് മാറുകയും ചെയ്യും.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ചതു പ്രകാരം ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി. ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ 2024–25 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ആധുനികവൽക്കരണ, ഇ-ഗവേണൻസ് പദ്ധതിക്ക് കീഴിൽ ഡിജിറ്റൽ ഹെർഡ് ബുക്ക് ഡെസിഷൻ സപ്പോർട്ട് സിസ്റ്റമായി (ഡി.എസ്.എസ്) വികസിപ്പിക്കുന്നതിന് 60.00 ലക്ഷം രൂപ സർക്കാർ നീക്കിവെച്ചിരുന്നു. 2025–26 സാമ്പത്തിക വർഷം 72.00 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 2025 ആഗസ്റ്റ് 31 വരെ 47.25 ലക്ഷം രൂപ വിനിയോഗിച്ചു. ആരോഗ്യം, പ്രജനനം, വംശാവലി, തിരഞ്ഞെടുക്കൽ, ഭക്ഷണം, പാൽ ഉൽപ്പാദനം, പ്രതിരോധ കുത്തിവയ്പ്പുകൾ, ജനിതക ശേഷിയുടെ പ്രകടനത്തിലെ കാർഷിക–കാലാവസ്ഥാ പരസ്പരബന്ധം, മൃഗ ഉൽപ്പന്നത്തിന്റെ കണ്ടെത്തൽ തുടങ്ങിയ ക്ഷീര മൃഗങ്ങളുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ വിശദാംശങ്ങളും ഈ തീരുമാന പിന്തുണാ സംവിധാനം (ഡി എസ് എസ്) ശേഖരിക്കും. ഇത് ഭാവിയിലെ എല്ലാ മൃഗസംരക്ഷണ വികസന പ്രവർത്തനങ്ങളുടെയും അടിസ്ഥാനമായി മാറും.

ജനനം, ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, മരണം എന്നിവയുടെ വിശദാംശങ്ങൾ ഉചിതമായ ഡാഷ്ബോർഡുകൾ ഉപയോഗിച്ച് രേഖപ്പെടുത്തുന്നതിനും, കെ. എൽ. ഡി. ബി, എൻ. ഡി. ഡി. ബി മുതലായവ പരിപാലിക്കുന്ന മറ്റ് സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിക്കുന്നതിനുമുള്ള ഒരു മൃഗ ഡാറ്റാബേസ് വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. മൃഗങ്ങളുടെ ദൈനംദിന ഉൽപാദന വിശദാംശങ്ങൾ നൽകുന്നതിനായി കർഷകർക്ക് അവരുടെ മൃഗങ്ങളുടെ ചികിത്സ, പ്രജനനം എന്നിവയുൾപ്പെടെ എല്ലാ വിശദാംശങ്ങളും കാണിക്കുന്ന സംവിധാനമുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തിട്ടുണ്ട്. എല്ലാ കന്നുകാലി പരിപാലന പ്രവർത്തനങ്ങളും രേഖപ്പെടുത്തുകയും, മൃഗങ്ങളുടെ ആധാർ ഡാറ്റാബേസ് പോലെ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു കേന്ദ്ര ശേഖരമായി ഈ ഡാറ്റാബേസ് മാറും. 2025 മാർച്ച് 31 വരെ 4,229 പെൺ കിടാരികളെ കണ്ടെത്തി രജിസ്റ്റർ ചെയ്തു, 1,77,197 ഹെർഡ് ബുക്കുകൾ പരിപാലിക്കുകയും, 4,229 ഹെർഡ് ബുക്കുകൾ ആരംഭിക്കുകയും, 1,00,77 ഹാർട്ട് ഗിർത്ത് അളക്കുകയും ചെയ്തു.

(31.03.2025 വരെ). സംസ്ഥാനത്തിനകത്തും പുറത്തും സർക്കാർ ഏജൻസികൾക്ക് പന്നികളുടെ പ്രജനന സ്റ്റോക്ക് വിതരണം ചെയ്യുന്നതും, സംസ്ഥാനത്തെ പന്നി കർഷകർക്ക് പ്രജനനവും മൃഗകൊഴുപ്പും നൽകുന്നതും ബോർഡ് ഏറ്റെടുക്കുന്നു. 41 ആൺ പന്നികൾ, 180 പെൺ പന്നികൾ, 258 വളർത്തുമൃഗങ്ങൾ (2025 മാർച്ച് 31 വരെ) എന്നിവയെ കെ.എൽ.ഡി.ബി പരിപാലിക്കുന്നുണ്ട്. ഈ കാലയളവിൽ യഥാക്രമം 2126 പന്നികളെ ഉത്പാദിപ്പിക്കുകയും 1670 എണ്ണം വിൽക്കുകയും ചെയ്തു.

കേരളത്തിൽ, 2024–25 ൽ ശീതീകരിച്ച ബീജ ഉൽപാദനം 24.30 ലക്ഷം ഡോസായിരുന്നു. സംസ്ഥാനത്തിനകത്ത് 10.23 ലക്ഷം ഡോസ് ഫ്രോസൺ ബീജം വിതരണം ചെയ്തു. സംസ്ഥാനത്തിന് പുറത്ത് ഫ്രോസൺ ബീജം വിതരണം ചെയ്തത് 7.13 ലക്ഷം ഡോസുകളാണ്. കേരളത്തിൽ ശീതീകരിച്ച ബീജത്തിന്റെ ഉൽപാദനവും വിതരണവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.3.5** ൽ കാണിച്ചിരിക്കുന്നു. 2024–25 ൽ, 7.76 ലക്ഷം കൃത്രിമ ബീജസങ്കലനങ്ങൾ (എ.ഐ), 3064 ബീജസങ്കലന കേന്ദ്രങ്ങളിൽ നടത്തി, 2.08 ലക്ഷം പ്രസവം രേഖപ്പെടുത്തി. ഒരു കാളക്കുട്ടിയെ ഉത്പാദിപ്പിക്കാൻ ആവശ്യമായ ശരാശരി ബീജസങ്കലനങ്ങളുടെ എണ്ണം നാലാണ്. കൃത്രിമ ബീജസങ്കലനങ്ങൾ നടത്തുകയും രേഖപ്പെടുത്തുകയും ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.3.6** ൽ കാണിച്ചിരിക്കുന്നു. കെ. എൽ. ഡി. ബിയുടെ പ്രധാന പ്രവർത്തനങ്ങൾ **അനുബന്ധം 3.3.7** ൽ നൽകിയിരിക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി (ഐ.ഐ.ഐ.ടി.എം.കെ) സഹകരിച്ച് ഇലക്ട്രോണിക് രീതിയിൽ ഹെർഡ് ബുക്ക് രജിസ്ട്രേഷനായി കെ.എൽ.ഡി.ബി ഒരു പുതിയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വികസിപ്പിച്ചു. മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പുകളുടെ സമാനമായ ആപ്ലിക്കേഷനുകളുമായി ഇതിലെ ഡാറ്റ സമന്വയിപ്പിക്കാൻ ഇതിലൂടെ കഴിയും. കുടുംബശ്രീയുമായി ബന്ധപ്പെട്ട കാലിത്തീറ്റ പരിപാടികളും, കാലിത്തീറ്റ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതും, തദ്ദേശീയ കന്നുകാലി ബീജ പ്ലാസത്തിന്റെ സംരക്ഷണവും, വ്യാപനവും ബോർഡ് ഏറ്റെടുക്കുന്നു. ഫീൽഡ് പെർഫോമൻസ് റെക്കോർഡിംഗ് പ്രോഗ്രാമിലൂടെ കന്നുകാലികളുടെ ജനിതക നവീകരണം ഏറ്റെടുക്കുകയും, ജീനോമിക് തിരഞ്ഞെടുപ്പിലൂടെ കാളകളെ തിരഞ്ഞെടുക്കാൻ സഹായിക്കുകയും ചെയ്തു.

കന്നുകാലി മേഖലയിലെ പുറമേ നിന്നുള്ള ബീജ പ്ലാസം അടിസ്ഥാനമാക്കിയുള്ള ക്രോസ് ബ്രീഡിംഗിൽ തുടർന്നും ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ, മെച്ചപ്പെട്ട അഡാപ്റ്റബിലിറ്റി, രോഗ-പ്രതിരോധം, തീറ്റ, കാര്യക്ഷമത അനുപാതം എന്നിവയുള്ള തദ്ദേശീയ ഇനങ്ങളുടെ എണ്ണം കുറയുന്നു. അതിനാൽ, ഇന്ത്യൻ തദ്ദേശീയ ഇനങ്ങളുടെ ഉൽപ്പാദനക്ഷമത സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. നൂതനമായ പ്രത്യുൽപാദന സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിനൊപ്പം സമ്പൂർണ്ണമായ കൃത്രിമ ബീജസങ്കലന പരിരക്ഷയിൽ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

1976 മുതൽ നടപ്പാക്കിവരുന്ന ആരോഗ്യ പരിരക്ഷയും ഇൻഷുറൻസും സഹിതം 32 മാസം വരെ കന്നുകാലികളെ വളർത്തുന്നതിന് കന്നുകാലി തീറ്റയ്ക്ക് സബ്സിഡി നൽകുന്ന പദ്ധതിയാണ് സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (എസ് എൽ ബി പി). പോത്തുകളുടെ എണ്ണം ഗണ്യമായി കുറയുന്നത് തടയുന്നതിനായി 2006–07 ൽ ഈ പദ്ധതി കാളക്കുട്ടികളിലേക്കും വ്യാപിപ്പിച്ചു. 2024–25 ൽ പദ്ധതിക്ക് കീഴിൽ ചേർത്ത പുതിയ കാളക്കുട്ടികളുടെ എണ്ണം 37610 ആയിരുന്നു. 2012–13 മുതൽ സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാമിൽ ചേർത്ത കാളക്കുട്ടികളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3.3.8 ൽ കാണിച്ചിരിക്കുന്നു.

### പാലോഡിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസിൽ വാക്സിൻ ഉത്പാദനം

പാലോഡിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ് ആണ് കേരളത്തിൽ മൃഗങ്ങൾക്കുള്ള വാക്സിനുകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ഏക ഏജൻസി. ഇൻസ്റ്റിറ്റ്യൂട്ടിൽ നിർമ്മിക്കുന്ന വാക്സിനുകളുടെ ഉൽപാദന വിശദാംശങ്ങൾ **അനുബന്ധം 3.3.9** ൽ കാണിച്ചിരിക്കുന്നു. 2024–25 ൽ, കോഴി വാക്സിൻ ഉൽപ്പാദനം 51.16 ലക്ഷം ഡോസുകളും, കന്നുകാലി വാക്സിൻ 4.29 ലക്ഷം ഡോസുകളുമായിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കോഴി വാക്സിൻ ഉൽപാദനം 73.20 ശതമാനം കുറയുകയും കന്നുകാലി വാക്സിൻ ഉൽപാദനം 4.42 ശതമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. 2024–25 ൽ നടത്തിയ വാക്സിനേഷന്റെ എണ്ണം കന്നുകാലികൾക്ക് 28.91 ലക്ഷവും, കോഴികൾക്ക് 62.16 ലക്ഷവുമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കന്നുകാലികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് 4.5 ശതമാനവും, കോഴി പ്രതിരോധ കുത്തിവയ്പ്പ് 35.4 ശതമാനവും കുറഞ്ഞു. നായ്ക്കൾക്കുള്ള ആന്റി റാബിസ് പ്രതിരോധ കുത്തിവയ്പ്പുകൾ 2023–24 ൽ 4.77 ലക്ഷത്തിൽ നിന്ന് 2024–25 ൽ 3.75 ലക്ഷമായി കുറഞ്ഞു. വിശദവിവരങ്ങൾ **അനുബന്ധം 3.3.10** ൽ നൽകിയിരിക്കുന്നു.

### ഭൂമിക–അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിനുള്ള ഒരു ഉപകരണമായി ജി ഐ എസ് അടിസ്ഥാനമാക്കിയുള്ള മാപ്പിംഗ്

ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, അപകടസാധ്യത, ദുരന്തം, മാനവ വിഭവശേഷി എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും നിരീക്ഷണത്തിനുമായി മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ജിയോസ്പേഷ്യൽ ഡാറ്റാബേസ് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് കർഷകരുടെ ജി ഐ എസ് അധിഷ്ഠിത മാപ്പിംഗ് "ഭൂമിക" വികസിപ്പിച്ചെടുത്തിട്ടുണ്ട്. വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളെ ജിയോ മാപ്പിംഗ് സംവിധാനത്തിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം കുടുംബങ്ങൾ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി കണക്കാക്കപ്പെടുന്നു. 2025 സെപ്റ്റംബർ 10 വരെ 5,49,642 കർഷകരുടെയും, 9,42,061 മൃഗങ്ങളുടെയും മൊത്തം ജിയോസ്പേഷ്യൽ വിവരങ്ങൾ പോർട്ടലിൽ മാപ്പ് ചെയ്തിട്ടുണ്ട്. ആരോഗ്യം, പ്രജനനം, ഉൽപ്പാദനം, അപകടസാധ്യത, ദുരന്തം, മാനവ

വിഭവശേഷി എന്നിവയുടെ ഫലപ്രദമായ മാനേജ്മെന്റിനും നിരീക്ഷണത്തിനുമായി മൃഗപരിപാലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം മാപ്പ് ചെയ്യുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചാണ് ഇത് വികസിപ്പിച്ചെടുത്തത്.

**വിലകൾ**

കഴിഞ്ഞ ഏഴ് വർഷത്തെ കന്നുകാലി മേഖലയിലെ പ്രധാന ഇൻപുട്ടുകളുടെയും ഉൽപ്പന്നങ്ങളുടെയും ശരാശരി വില **അനുബന്ധം 3.3.11** ൽ അവതരിപ്പിക്കുന്നു. 2011-12 മുതൽ 2024-25 വരെയുള്ള കാലയളവിൽ എല്ലാ ഉൽപ്പന്നങ്ങളുടെയും വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി. മൃഗസംരക്ഷണ വകുപ്പിന്റെ കണക്കനുസരിച്ച്, 2024-25 ൽ ചിക്കൻ ബ്രോയിലർ, ചിക്കൻ ദേശി, മട്ടൺ, ബീഫ്, പന്നിയിറച്ചി എന്നിവയുടെ വില മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 78.92 ശതമാനം, 105.5 ശതമാനം, 162.25 ശതമാനം, 143.79 ശതമാനം, 134.62 ശതമാനം വർദ്ധിച്ചു. 2023-24 നെ അപേക്ഷിച്ച് 2024-25 ൽ വെളുത്ത മുട്ടയുടെ വില 101.33 ശതമാനവും, തവിട്ട് മുട്ടയുടെ വില 111.37 ശതമാനവും, താറാവ് മുട്ടയുടെ വില 132.61 ശതമാനവും വർദ്ധിച്ചു. ഈ കാലയളവിൽ പശുവിൻ പാലിൻറെ വില 104.36 ശതമാനവും, എരുമ പാലിൻറെ വില 152.55 ശതമാനവും ഉയർന്നു.

2024-25 ൽ വൈക്കോൽ വില 165.12 ശതമാനവും, പുല്ല് 363.78 ശതമാനവും, നിലക്കടല കേക്ക് 120.27 ശതമാനവും, ജിഞ്ചർലി ഓയിൽ കേക്ക് 154.96 ശതമാനവും, നാളികേര കേക്ക് 126.91 ശതമാനവും വ്യതിയാനം രേഖപ്പെടുത്തി. ഇൻപുട്ടുകളുടെ വിലയിലെ വർദ്ധനവ് ക്ഷീരകർഷകർക്ക് ഗുരുതരമായ ഭീഷണിയാണ്, അതിനാൽ തദ്ദേശീയ തീറ്റയുടെ ഉറവിടത്തിനുള്ള സാധ്യത പരിശോധിക്കേണ്ടതുണ്ട്. 2018-19 മുതൽ 2023-24 വരെയുള്ള കന്നുകാലി ഉൽപ്പന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത **ചിത്രം 3.3.5** ൽ കാണിച്ചിരിക്കുന്നു.

**കന്നുകാലികളുടെയും ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി**

കേരളത്തിന്റെ കന്നുകാലി മേഖലയിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതി ഒരു പ്രധാന ഘടകമാണ്, പ്രധാനമായും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെയും തീറ്റയെയും ഇറക്കുമതി ചെയ്യുന്നതിലൂടെയാണ് ഇത് സംഭവിക്കുന്നത്. സംസ്ഥാനത്തിന്റെ കന്നുകാലി ഉൽപ്പന്നങ്ങൾ, പ്രത്യേകിച്ച് കാലിത്തീറ്റ, ചിലയിനം കന്നുകാലികൾ, ചരിത്രപരമായി ഉപഭോഗ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല, ഇത് ബാഹ്യ സ്രോതസ്സുകളെ ആശ്രയിക്കുന്നതിലേക്ക് നയിക്കുന്നു. പാൽ, മാംസം, മുട്ട എന്നിവയുടെ ഉയർന്ന ആളോഹരി ഉപഭോഗവും സംസ്ഥാനത്തിനുള്ളിൽ വലിയ തോതിലുള്ള കന്നുകാലി വളർത്തലിനുള്ള പരിമിതമായ ഭൂമി ലഭ്യതയുമാണ് ഇതിന് കാരണം. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന കന്നുകാലികളിൽ (പ്രത്യേകിച്ച് പാൽ ഉൽപാദനത്തിനായി സങ്കരയിനം), ആട്, പന്നികൾ, കോഴി എന്നിവ ഉൾപ്പെടുന്നു. 2024-25 ൽ വിവിധ ചെക്ക് പോസ്റ്റുകൾ വഴി കന്നുകാലികളുടെയും മറ്റുള്ളവയുടെയും ഇറക്കുമതി സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 3.3.4** ൽ കാണിച്ചിരിക്കുന്നു.

**2024-25 കാലയളവിൽ മൃഗസംരക്ഷണ മേഖലയുടെ ഭൗതിക നേട്ടങ്ങൾ**

- മൃഗസംരക്ഷണ ഡയറക്ടറേറ്റ് നൽകിയ കണക്കുകൾ പ്രകാരം അടിയന്തര രാത്രി മൃഗസംരക്ഷണ സേവനം 228 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചു.
- മൊബൈൽ വെറ്ററിനറി യൂണിറ്റുകളിൽ കർഷകർക്ക് ഏകീകൃതവും താങ്ങാനാവുന്നതുമായ സേവന നിരക്കിൽ മരുന്നുകൾ ലഭിക്കുന്നു. 2024-25 ൽ ആകെ 59 മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു. കൂടാതെ, വൈകുന്നേരം 6 മുതൽ പിറ്റേന്ന് രാവിലെ 6 വരെ കർഷകരുടെ വീട്ടുവാതിൽക്കൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനങ്ങൾ ലഭ്യമായി.
- രോഗനിർണയ ശേഷി വർദ്ധിപ്പിക്കുന്നതിനായി ലബോറട്ടറി അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി നവീകരിച്ചു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (എസ്.ഐ.എ.ഡി), തിരുവല്ലയിലെ ഏവിയൻ ഡിസീസ് ലാബ്, പാലക്കാട്ടെ ജില്ലാ ലാബ്, മരടിലെ ലൈവ്സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി-പ്രൊഡക്ട്സ് ലാബ് തുടങ്ങിയ പ്രധാന ലബോറട്ടറികൾ ഇപ്പോൾ എൻ.എ.ബി.എൽ അക്രഡിറ്റേഷനോടെ പ്രവർത്തിക്കുന്നു.
- മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ 45.36 ലക്ഷം മുട്ടകളും 22.75 ലക്ഷം കോഴിക്കുഞ്ഞുങ്ങളും ഉത്പാദിപ്പിക്കപ്പെട്ടു.
- ഇൻഷുറൻസിന് കീഴിൽ വരാത്ത മൃഗങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് നഷ്ടപരിഹാരമായി 1.31 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടിൽ (എസ്.ഡി.ആർ.എഫ്) നിന്ന് 1.57 കോടി രൂപയും കർഷകർക്ക് വിതരണം ചെയ്തു.
- 2024-25 സാമ്പത്തിക വർഷത്തിൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ ആകെ കന്നുകാലിത്തീറ്റ വിൽപ്പന 1,63,424.644 മെട്രിക് ടൺ ആയിരുന്നു. വിവിധ പരിപാടികളിലൂടെ സബ്സിഡി നിരക്കിൽ 29,658.872 മെട്രിക് ടൺ നല്ല നിലവാരമുള്ള കാലിത്തീറ്റയും, സബ്സിഡി നിരക്കിൽ 53,755.5 മെട്രിക് ടൺ കാലിത്തീറ്റയും കെ.എഫ്.എൽ വിതരണം ചെയ്തിട്ടുണ്ട്. കോഴിക്കോട്ടും കരുനാഗപ്പള്ളി യൂണിറ്റുകളിലും രണ്ട് നിയർ-ഇൻഫ്രാറെഡ് (എൻ.ഐ.ആർ) സ്പെക്ട്രോഫോട്ടോമീറ്ററുകൾ വാങ്ങി.
- വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഹൈദരാബാദ് ആസ്ഥാനമായുള്ള ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡുമായി (IIL) കേരള ഫീഡ്സ് ഒരു കരാറിൽ ഒപ്പുവച്ചു, 2024-25 സാമ്പത്തിക വർഷത്തിൽ അതിന്റെ പ്രാരംഭ ഉൽപ്പന്നങ്ങളായ ഗൗധര ശക്തി, കൽസാഗർ, വെറ്റ്ഫെൻ എന്നിവ കേരള വിപണിയിൽ പുറത്തിറക്കി.
- കന്നുകാലികൾ, ആട്, എരുമകൾ, പന്നികൾ എന്നിവയ്ക്കുള്ള പ്രജനന പരിപാലന വസ്തുക്കൾ വിതരണം ചെയ്യുന്നതിനും കാലിത്തീറ്റ ഉൽപാദനത്തിനും കെഎൽഡിബി ഉത്തരവാദിയാണ്. 1063 കന്നുകാലികളെയും എരുമകളെയും, 689 ആടുകളെയും 645 പന്നികളെയും ഇത് പരിപാലിച്ചു. 363 കന്നുകുട്ടികളെയും 2140 പന്നിക്കുട്ടികളെയും ഉൽപാദിപ്പിച്ചു; 430 കന്നുകുട്ടികളെയും 2140 പന്നിക്കുട്ടികളെയും വിതരണം ചെയ്തു. പാൽ ഉല്പാദന റെക്കോർഡിംഗ് പ്രകാരം രജിസ്റ്റർ ചെയ്ത പശുക്കളുടെ എണ്ണം 4813 ആണ്.

**ചിത്രം 3.3.5** 2018–19 മുതൽ 2024–25 വരെ കന്നുകാലി ഉൽപ്പന്നങ്ങളുടെ ശരാശരി വിലയിലെ പ്രവണത




**അവലംബം:** മൃഗസംരക്ഷണ വകുപ്പ്, കേരള സർക്കാർ 2024

**പട്ടിക 3.3.4** കന്നുകാലികളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി

| ഇനം | | | | ആകെ |
|---|---|---|---|---|
| കന്നുകാലി | കന്നുകാലി (എണ്ണം) | പ്രായപൂർത്തിയായവ | ആൺ | 181664 |
| | | | പെൺ | 47442 |
| | | പ്രായപൂർത്തിയാകാത്തവ | | 11449 |
| | എരുമ (എണ്ണം) | പ്രായപൂർത്തിയായവ | ആൺ | 82547 |
| | | | പെൺ | 12564 |
| | | പ്രായപൂർത്തിയാകാത്തവ | | 20441 |
| | ആട് (എണ്ണം) | പ്രായപൂർത്തിയായവ | ആൺ | 983 |
| | | | പെൺ | 1635 |
| | | പ്രായപൂർത്തിയാകാത്തവ | | 15 |

| | | | | |
|---|---|---|---|---|
| കോഴിയിറച്ചി | ദേശി (എണ്ണം) | | പ്രായപൂർത്തിയായവ | 135916 |
| | ബ്രോയിലർ (എണ്ണം) | | | 3889236 |
| | | | കോഴികുഞ്ഞുങ്ങൾ | 210854 |
| | | | താറാവ് (എണ്ണം ) | 94140 |
| വളർത്തുമൃഗങ്ങൾ | | | വളർത്തു പക്ഷികൾ (എണ്ണം) | 116 |
| വളർത്തുമൃഗങ്ങൾ | | | പാൽ (കി.ഗ്രാം) | 234612316 |
| | | | തൈര് (ലി.) | 5102834 |
| | | | വെണ്ണ (കി.ഗ്രാം) | 37509 |
| | | | നെയ്യ് (കി.ഗ്രാം) | 192 |
| | | | ഐസ്ക്രീം (കി.ഗ്രാം) | 762678.5 |
| | | | പാൽപ്പൊടി (കി.ഗ്രാം) | 1089061 |
| | | | പാൽ ക്രീം (കി.ഗ്രാം) | 15300 |
| | | | പനീർ (കി.ഗ്രാം) | 792 |
| | | | തൈര് (യോഗേർട്ട്) | 460 |
| കന്നുകാലി ഉൽപന്നങ്ങൾ | മാംസം (കി.ഗ്രാം) | | കോഴി | 259390 |
| | | | സംസ്കരിച്ച ചിക്കൻ | 6877976 |
| | | | ചിക്കൻ/ഫ്രോസൺ | 9051895 |
| | | | മറ്റ മാംസം | 4873 |
| | മുട്ട (എണ്ണം ) | | കോഴിമുട്ട (എണ്ണം) | 210932602 |
| | | | താറാവ് (എണ്ണം) | 19286750 |
| | | | ഹാച്ചിങ് (എണ്ണം) | 10599359 |
| | | മറ്റുള്ളവ | ഫെർട്ടിലൈസ്ഡ് | 3874310 |
| | മൃഗത്തോൽ (കി.ഗ്രാം | | കന്നുകാലി | 116000 |
| തീറ്റ | കി.ഗ്രാം | | കാലിത്തീറ്റ | 13473781 |
| | | | കോഴിത്തീറ്റ | 4147456 |
| | | | വയ്ക്കോൽ | 19230321 |
| | | | പന്നി തീറ്റ | 286720 |
| | | | തീറ്റപ്പുൽ | 24282505 |
| | | | പച്ചപ്പുൽ | 1071848 |
| | | | ചോളം | 19268000 |
| | | | തവിട് | 1041000 |
| | | | പിണ്ണാക്ക് | 155024 |
| | | | സൈലേജ് | 1365000 |
| വളം | കി.ഗ്രാം | | ചാണകം (ഉണങ്ങിയത്) | 24582989 |
| | | | ചാണകം (പച്ച) | 756100 |
| | | | കോഴി വളം | 1268758 |
| | | | എല്ല് | 865000 |
| | | | ജൈവ വളം | 39000 |
| | | | അട് ചാണകം | 2289000 |

**അവലംബം:** മൃഗസംരക്ഷണ വകുപ്പ്, കേരളം

- 2024-25 ൽ 3064 കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിലേക്ക് ശീതീകരിച്ച ബീജം വിതരണം ചെയ്തു. 24,29,515 ഡോസ് കന്നുകാലികളുടെയും എരുമകളുടെയും ശീതീകരിച്ച ബീജം ഉൽപ്പാദിപ്പിച്ച്, 10,23,198 ഡോസ് ശീതീകരിച്ച ബീജം കേരളത്തിൽ വിറ്റു, 7,12,507 ഡോസ് ശീതീകരിച്ച ബീജം സംസ്ഥാനത്തിന് പുറത്ത് വിതരണം ചെയ്തു. ശീതീകരിച്ച ആട് ബീജത്തിന്റെ കാര്യത്തിൽ, ഉത്പാദനം 60,866 ഡോസ് ആയിരുന്നു. 32,851 ഡോസ് ശീതീകരിച്ച ആട് ബീജം കേരളത്തിന് അകത്തും 2,022 ഡോസ് കേരളത്തിന് പുറത്തും വിറ്റു.
- അഡാപ്റ്റ് (പ്രൊജെനി ടെസ്റ്റിംഗ് പ്രോഗ്രാമിലെ ഡാറ്റാ അനാലിസിസ് അപേക്ഷ) : കേരളത്തിലെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കെ.എൽ.ഡി.ബി ഒരു സോഫ്റ്റ്‌വെയർ എ.ഡി.എ.പി.റ്റി (പ്രൊജെനി ടെസ്റ്റിംഗ് പ്രോഗ്രാമിലെ ഡാറ്റാ അനാലിസിസ് അപേക്ഷ) വികസിപ്പിച്ചെടുത്തിട്ടുണ്ട്, ഇത് കൃഷിയിടത്തിൽ ലഭ്യമായ പശുക്കളുടെ ഡാറ്റ വിശ്വസനീയമായി വിശകലനം ചെയ്യാനും കർഷക വീടുകളിൽ നിന്നും കർഷകരുടെ കമ്പ്യൂട്ടർ/മൊബൈൽ ആപ്ലിക്കേഷൻ വഴി ഫീൽഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കഴിയും. ഈ അത്യാധുനിക ഡിജിറ്റൽ സാങ്കേതികവിദ്യ, ജനിതക സവിശേഷതകളാൽ പിന്തുണയ്ക്കപ്പെടുന്ന ഒരു പുതിയ തലമുറ പശുക്കളെ സൃഷ്ടിക്കുന്നതിലൂടെ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭാവിയിലെ ക്ഷീരമേഖലയെ ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കഴിയും. ഇതിന്റെ കീഴിൽ, ബോർഡ് 4,229 പെൺ കന്നുകുട്ടികളെ രജിസ്റ്റർ ചെയ്യുകയും 2,645 പശുക്കളെ പാൽ റെക്കോർഡിംഗിനായി ചേർക്കുകയും 2,038 ലാക്ടേഷൻ പൂർത്തിയാക്കുകയും ചെയ്തു.
- ഓസ്‌ട്രേലിയയിലെ അഡലെയ്ഡ് സർവകലാശാലയുമായുള്ള ഗവേഷണ സഹകരണത്തിന്റെ ഭാഗമായി കേരളത്തിലെ എ.ഐ ആവശ്യത്തിനായി തിരഞ്ഞെടുത്ത കാളകളുടെ ജീനോമിക് പ്രജനന മൂല്യത്തിന്റെ എസ്റ്റിമേഷൻ കെ.എൽ.ഡി.ബി പൂർത്തിയാക്കി. തിരുവനന്തപുരത്തെ ഐഐഎസ്ഇആറുമായി സഹകരിച്ച് വെച്ചൂർ മൃഗങ്ങളുടെ മുഴുവൻ ജീനോം സീക്വൻസിംഗും പൂർത്തിയാക്കി.
- 20253 ഗുണഭോക്താക്കൾക്ക് വിവിധ ക്ഷേമ പദ്ധതികൾ വഴി കെ.എസ്.പി.ഡി.സി സഹായം നൽകിയിട്ടുണ്ട്. 8.62 ലക്ഷം ലെയർ പക്ഷികൾ, 39.12 ടൺ കോഴിത്തീറ്റ, 10 റെഡിമെയ്ഡ് ഹൈടെക് കോഴിക്കൂടുകൾ എന്നിവ വിതരണം ചെയ്തു. സംസ്ഥാനത്ത് 1791.23 ടൺ കോഴിയിറച്ചിയും 54.97 കോടി മുട്ടകളും അധികമായി ഉൽപ്പാദിപ്പിച്ചു. മുട്ടയുടെയും മാംസത്തിന്റെയും വിൽപ്പനയിൽ നിന്ന് യഥാക്രമം 190.53 കോടി രൂപയും 27.71 കോടി രൂപയും വരുമാനം ലഭിച്ചു.
- മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് ശീതീകരിച്ച മാംസ ഉൽപ്പന്നങ്ങൾ മാത്രം ഉൽപാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരുന്നു, എന്നാൽ പുതിയതും ശീതീകരിച്ചതുമായ മാംസ ഉൽപ്പന്നങ്ങളിലേക്ക് കടന്നിട്ടുണ്ട്. എരുമ മാംസത്തിന്റെയും പന്നിയിറച്ചിയുടെയും കയറ്റുമതിക്കായി കമ്പനിക്ക് HACCP ISO 22000:2018 FSMS സർട്ടിഫിക്കേഷൻ ലഭിച്ചു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് കൊല്ലം ജില്ലയിലെ യെരൂരിൽ ഒരു മൂല്യവർദ്ധിത മാംസ ഉൽപാദന-സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു. പ്രതിദിനം ഒരു ഷിഫ്റ്റിൽ 2000 കിലോഗ്രാം ഉൽപാദന ശേഷിയുള്ള പ്ലാന്റ്, 2024 മെയ് 14 മുതൽ ഉൽപാദനം ആരംഭിച്ചു. 2024-25 ൽ മാംസം, ഉപോൽപ്പന്നങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉത്പാദനം 351.86 മെട്രിക് ടൺ ആയിരുന്നു, 2024-25 ൽ വിൽപ്പന വരുമാനം 8,11,16,129 രൂപയായിരുന്നു.
- "ഒപ്പം" - ആവശ്യാധിഷ്ഠിത പാക്കേജ് ഓഫ് ഇൻപുട്ടുകളിലൂടെ വയനാട് ആദിവാസി കോളനികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ എന്നത് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു)യുടെ ഒരു നൂതന പദ്ധതിയാണ്. ഇത് ആദിവാസി സമൂഹങ്ങളുടെ പോഷകാഹാര, ഉപജീവന ആവശ്യങ്ങൾക്ക് പിന്തുണ നൽകുന്നു.
- താറാവുകളിലെ റീമെറല്ലയ്ക്കുള്ള വാക്സിൻ കെവിഎഎസ്‌യു വികസിപ്പിച്ചെടുക്കുകയും പേറ്റന്റ് നേടുകയും ചെയ്തു. ആടുകളിലെ വിവിധ ഘട്ടങ്ങളിലെ വിളർച്ച എളുപ്പത്തിൽ കണ്ടെത്തുന്നതിനും ഘട്ടം ഘട്ടമായി കാണുന്നതിനുമായി കെവിഎഎസ്‌യു ഒരു കർഷക സൗഹൃദ "അനീമിയ കാർഡ്" അവതരിപ്പിച്ചു. കോലാഹലമേട്ടിലെ ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജിൽ കെവിഎഎസ്‌യു ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ (ടിബിഐസി) സ്ഥാപിച്ചു,

**ക്ഷീര വികസനം**

ആഗോള പോഷകാഹാരത്തിന്റെയും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെയും ഒരു അടിത്തറയാണ് ക്ഷീര മേഖല. ഇത് ദശലക്ഷക്കണക്കിന് ആളുകൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുകയും, സാമ്പത്തിക സ്ഥിരത ഉറപ്പാക്കുകയും, കാർഷിക വളർച്ചയും ഭക്ഷ്യസുരക്ഷയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.ഡയറി മാർക്കറ്റ് റിവ്യൂ 2024 പ്രകാരം, 2024 ൽ ആഗോള പാൽ ഉത്പാദനം 1.4 ശതമാനം വർധിച്ച് 982 മില്യൺ ടണ്ണിലെത്തി. ഇത് 2023 ൽ കൈവരിച്ച 1.9 ശതമാനത്തെ വളർച്ചാനിരക്കിനേക്കാൾ അല്പം കുറവാണ്. ഫുഡ് ഔട്ട്ലുക്ക് 2025 അനുസരിച്ച്, 2025 ൽ ആഗോള പാൽ ഉൽപാദനം ഏകദേശം 992.7 ദശലക്ഷം ടണ്ണിലെത്തുമെന്ന് കണക്കാക്കപ്പെടുന്നു. ഇത് ഒരു ശതമാനം വാർഷിക വർദ്ധനവാണ് കാണിക്കുന്നത്. ആഗോള പാൽ ഉൽപാദനത്തിൽ, പശുവിൻ പാൽ 81 ശതമാനവും എരുമപ്പാൽ 15 ശതമാനവും ശേഷിക്കുന്ന 4 ശതമാനം ആട്, ചെമ്മരിയാട്, ഒട്ടകപ്പാൽ എന്നിവയും സംഭാവന ചെയ്യുന്നു. പാലുൽപ്പാദന വളർച്ച എന്നത് ആകെ മൃഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉപരിയായി ഓരോ മൃഗത്തിൽ നിന്നും ലഭിക്കുന്ന പാലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലാണ്. ഇന്ത്യയും പാകിസ്ഥാനും, ആഗോള പാലുത്പാദനത്തിന്റെ പകുതിയിലധികം സംഭാവന ചെയ്യുമെന്ന് കണക്കാക്കുന്നു. എന്നാൽ, ലോകത്തിലെ രണ്ടാമത്തെ വലിയ പാലുൽപ്പാദകരായ യൂറോപ്യൻ യൂണിയനിൽ പാൽ ഉൽപ്പാദനം നേരിയ തോതിൽ കുറയാൻ സാധ്യതയുണ്ട്. ആഗോളതലത്തിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ പ്രധാനമായും മൃഗാരോഗ്യസംരക്ഷണം, മെച്ചപ്പെട്ട ആഹാരക്രമങ്ങൾ, മികച്ച ജനിതക ഗുണനിലവാരം എന്നിവയാണ്. ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം, ലോകമെമ്പാടുമായി 150 ദശലക്ഷം കുടുംബങ്ങൾ പാലുൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ചെറുകിട കർഷക കുടുംബങ്ങളുടെ ഉപജീവന മാർഗങ്ങളും ഭക്ഷ്യസുരക്ഷയും മതിയായ പോഷണവും ഉറപ്പാക്കുന്നതിലും നിർണായകമായ സംഭാവന നൽകുന്നു.

പാൽ ഉത്പാദനത്തിൽ ആഗോളതലത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഭൂഖണ്ഡമാണ് ഏഷ്യ. കൂടാതെ ഏഷ്യയിലെ പാൽ ഉൽപ്പാദനം വരും വർഷങ്ങളിലും വളർച്ചയുടെ പ്രവണത തുടരുമെന്ന് പ്രതീക്ഷിക്കുന്നു. 2024 ൽ ഏഷ്യയിലെ പാൽ ഉൽപ്പാദനം ഏകദേശം 460 ദശലക്ഷം ടണ്ണിലെത്തുകയും, മുൻവർഷത്തെ അപേക്ഷിച്ച് 2.4 ശതമാനം വർധനവ് രേഖപ്പെടുത്തുകയും ചെയ്തു. ഇത് പ്രധാനമായും ക്ഷീരമേഖലയിലെ ഏറ്റവും വലിയ ഉത്പാദകരാജ്യങ്ങളായ ഇന്ത്യയും പാക്കിസ്ഥാനും കൈവരിച്ച ഉത്പാദന വർദ്ധനവാണ്. ഡയറി മാർക്കറ്റ് റിവ്യൂ 2024 പ്രകാരം, ഇന്ത്യയിലെ പാൽ ഉൽപ്പാദനം 2023 നെ അപേക്ഷിച്ച് 2.8 ശതമാനം വർധിച്ചു. രാജ്യത്തുടനീളമുള്ള കന്നുകാലിസമ്പത്ത് വർധിപ്പിക്കുന്നതിനുള്ള സർക്കാർ പിന്തുണ, അനുയോജ്യമായ കാലാവസ്ഥ മൂലം തീറ്റപ്പുല്ലിന്റെ സ്ഥിരമായ ലഭ്യത, പ്രധാന രോഗങ്ങളുടെ കുറവ് എന്നിവയാണ് ഈ വളർച്ചയ്ക്ക് കാരണമായത്.

ഇന്ത്യയിലെ ഏറ്റവും വലിയ കാർഷികോൽപ്പന്നമാണ് പാലും പാലുല്പന്നങ്ങളും. പ്രത്യേകിച്ച് സ്ത്രീകൾ ഉൾപ്പെടെ, ഗ്രാമീണ കുടുംബങ്ങളിലെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിനോടൊപ്പം, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വരുമാന വർധനവിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ഈ മേഖല നിർണായക സംഭാവന നൽകുന്നു. വർദ്ധിച്ചുവരുന്ന ആവശ്യകത, ഉയർന്ന വാങ്ങൽ ശേഷി, പോഷകാഹാരത്തെക്കുറിച്ചുള്ള അവബോധം, ബ്രാൻഡഡ് പാലുൽപ്പന്നങ്ങളുടെ മുൻഗണന എന്നിവയുടെ പശ്ചാത്തലത്തിൽ 2047 ആകുമ്പോഴേക്കും ഇന്ത്യയുടെ പാൽ ഉൽപാദനം 628 മില്യൺ മെട്രിക് ടണ്ണിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. എസ്.ഡി.ജി 1, 3, 5, 8, 10 എന്നിവയുൾപ്പെടെയുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും ഈ മേഖല ഗണ്യമായ സംഭാവന നൽകുന്നു. ഇതിലൂടെ കർഷക ജനതയുടെ ഉപജീവനത്തിന് ഗണ്യമായ മാറ്റമുണ്ടാക്കാനും സാധിക്കുന്നു.

ബേസിക് അനിമൽ ഹസ്ബൻഡറി സ്റ്റാറ്റിസ്റ്റിക്സ് (ബിഎഎച്ച്എസ്) 2025 അനുസരിച്ച്, ആഗോള പാൽ ഉൽപാദനത്തിന്റെ 25 ശതമാനം സംഭാവന ചെയ്യുന്ന ലോകത്തിലെ ഏറ്റവും വലിയ പാൽ ഉൽപാദക രാജ്യമാണ് ഇന്ത്യ. 2023-24 ൽ ഇന്ത്യയുടെ പാൽ ഉത്പാദനം 239.30 ദശലക്ഷം ടൺ ആയിരുന്നു. 2024-25 ൽ 247.87 ദശലക്ഷം ടൺ ആയി വർധിച്ച് 3.58 ശതമാനം വളർച്ചാനിരക്ക് രേഖപ്പെടുത്തി. 2024 ൽ പാലിന്റെ പ്രതിശീർഷ ലഭ്യത പ്രതിദിനം 485 ഗ്രാമായി വർദ്ധിച്ച് ലോക ശരാശരിയായ 329 ഗ്രാമിനെ മറികടന്നു. ഉത്പാദനം പ്രധാനമായും ചെറുകിട, ഇടത്തരം കർഷകരുടേയും ഭൂരഹിതരായ തൊഴിലാളികളുടേയും സംഭാവനയാണ്. സഹകരണസംഘങ്ങളും സ്വകാര്യ മേഖലയും സമന്വയിപ്പിച്ചുള്ള സംവിധാനത്തിലൂടെ, പാലിന്റെ ശേഖരണവും വിതരണവും നീതിപൂർണ്ണമായും സുതാര്യമായും നടപ്പാക്കപ്പെടുന്നു. രാജ്യത്തെ പ്രമുഖ പാൽ ഉത്പാദക സംസ്ഥാനങ്ങൾ യഥാക്രമം: ഉത്തർപ്രദേശ് (15.66 ശതമാനം), രാജസ്ഥാൻ (14.82 ശതമാനം), മധ്യപ്രദേശ് (9.12 ശതമാനം), ഗുജറാത്ത് (7.78 ശതമാനം), മഹാരാഷ്ട്ര (6.71 ശതമാനം) എന്നിവയാണ്. രാജ്യത്തെ ആകെ പാലുല്പാദനത്തിലെ 54.09 ശതമാനം ഈ സംസ്ഥാനങ്ങളുടെ സംയുക്ത സംഭാവനയാണ്. സർക്കാർ സ്ഥാപനങ്ങൾ, സഹകരണസംഘങ്ങൾ, സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ എന്നിവരടങ്ങുന്ന സംഘടിത മേഖല പാലിന്റെ ശേഖരണം സുഗമമാക്കുന്നു. 2024 ൽ മൊത്തം ഇന്ത്യൻ ക്ഷീരവിപണിയുടെ മൂല്യം 18.98 ലക്ഷം കോടി രൂപയായിരുന്നു, 2033 ഓടെ ഇത് 57 ലക്ഷം കോടി രൂപയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു (ഐ.എം.എ.ആർ.സി 2025).

കേരളത്തിലെ ഗ്രാമീണ സാമ്പത്തിക വളർച്ചയുടെ ഏറ്റവും വേഗത്തിൽ വളരുന്ന ഘടകങ്ങളിൽ ഒന്നായി മൃഗസംരക്ഷണ മേഖല നിലകൊള്ളുന്നു. മൊത്തം കാർഷിക അനുബന്ധ മേഖലയിൽ മൃഗസംരക്ഷണ മേഖലയുടെ സംഭാവന 2011-12 ൽ 27.97 ശതമാനമായിരുന്നു (ദ്രുത കണക്കെടുപ്പ്). അതേസമയം, സംസ്ഥാനത്തെ മൊത്തം ജി.എസ്.വി.എ യിൽ മൃഗസംരക്ഷണ മേഖലയുടേത് 2024-25-ൽ (പി) 2.4 ശതമാനവും, 2023-24-ൽ (പി) 2.6 ശതമാനവുമാണ്. നിലവിലെ വിപണിവിലകളെ അടിസ്ഥാനമാക്കി കണക്കാക്കിയാൽ, മൃഗസംരക്ഷണ മേഖലയിലെ ജിഎസ്‌വിഎ 2023-24-ൽ 26,74,820(പി) ലക്ഷം രൂപ ആയിരുന്നത് 2024-25-ൽ 27,00,766(ക്യു) ലക്ഷം രൂപ ആയി വർദ്ധിച്ചിട്ടുണ്ട്.

2024-25 ൽ സംസ്ഥാനത്ത് ഉൽപാദിപ്പിച്ച 25.61 ലക്ഷം മെട്രിക് ടൺ (എൽ.എം.ടി) പാലിൽ, 23.71 ലക്ഷം മെട്രിക് ടൺ(92.58 ശതമാനം) പാലും സങ്കരയിനം കന്നുകാലികളിൽ നിന്നാണ് ലഭിച്ചത്. നാടൻ കന്നുകാലികൾ 0.08 ലക്ഷം മെട്രിക് ടൺ (0.31 ശതമാനം), ആടുകൾ 1.33 ലക്ഷം മെട്രിക് ടൺ (5.19 ശതമാനം) മറ്റു വിഭാഗങ്ങൾ ചേർന്ന് അവശേഷിക്കുന്ന പങ്ക് എന്നിങ്ങനെയാണ് സംഭാവന നൽകിയത്. 2024-25 ൽ സംസ്ഥാനത്ത് ആകെ 25.61 എൽ.എം.ടി പാൽ ഉൽപാദിപ്പിച്ചപ്പോൾ, ആവശ്യകത 33.86 എൽ.എം.ടി ആയിരുന്നു. ഇതിലൂടെ ഏകദേശം 31 ശതമാനം (അഥവാ ഏകദേശം 8.25 ലക്ഷം മെട്രിക് ടൺ) കുറവാണ് നിലനിൽക്കുന്നത്. പ്രധാന പാലുത്പാദക സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കന്നുകാലികളുടെ എണ്ണം കുറവാണെങ്കിലും, കേരളം ഉയർന്ന ഉൽപാദനക്ഷമത കൈവരിക്കുന്നുണ്ട്. ഓരോ മൃഗത്തിൽ നിന്നും ലഭിക്കുന്ന പാലിന്റെ ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ വിദേശഇനം/സങ്കരയിനം കന്നുകാലികൾക്ക് പ്രതിദിനം 11.02 കിലോഗ്രാം എന്ന ശരാശരി ഉത്പാദനമായിരുന്നപ്പോൾ, സ്വദേശീയ/വിവരണാത്മകമല്ലാത്ത കന്നുകാലികളുടെ ശരാശരി ഉത്പാദനം പ്രതിദിനം 3.48 കിലോഗ്രാമാണ്. പഞ്ചാബ് പ്രതിദിനം 14.10 കിലോഗ്രാം ഉം ചണ്ഡീഗഢ് പ്രതിദിനം 12.56 കിലോഗ്രാം കഴിഞ്ഞ് പ്രതിദിന ഉൽപ്പാദനക്ഷമതയിൽ കേരളം രാജ്യത്ത് മൂന്നാം സ്ഥാനത്താണ്. സംസ്ഥാനത്തെ ഈ ഉയർന്ന ഉൽപ്പാദനക്ഷമതയ്ക്ക് കാരണം വിദേശ/സങ്കരയിനം കന്നുകാലികളുടെ എണ്ണത്തിലുള്ള വലിയ അനുപാതമാണ്. കേരളത്തിൽ പ്രതിദിനം 195 ഗ്രാം ആണ് പാലിന്റെ പ്രതിശീർഷ ലഭ്യത. 2015-16 മുതൽ 2024-25 വരെയുള്ള കേരളത്തിലെ പാൽ ഉൽപ്പാദനം **പട്ടിക 3.3.5** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.3.5** കേരളത്തിലെ പാൽ ഉൽപ്പാദനം 2015-16 to 2024-25

| വർഷം | പാൽ ഉൽപ്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ) |
|---|---|
| 2015-16 | 26.49 |
| 2016-17 | 25.20 |
| 2017-18 | 25.76 |
| 2018-19 | 25.49 |
| 2019-20 | 25.42 |
| 2020-21 | 25.34 |
| 2021-22 | 25.32 |
| 2022-23 | 25.79 |
| 2023-24 | 25.79 |
| 2024-25 | 25.61 |

**അവലംബം:** ക്ഷീര വികസന വകുപ്പ്

**പരിപാടികളും സംരംഭങ്ങളും**

നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ഡയറി ഫെഡറേഷന്റെ (ഐ.ഡി.എഫ്) ആദ്യ ഏഷ്യാ പസഫിക് പ്രാദേശിക ക്ഷീര സമ്മേളനം 2024 (ഐ.ഡി.എഫ് ആർ.ഡി.സി.എ.പി 2024), 2024 ജൂൺ 26 മുതൽ ജൂൺ 28 വരെ കൊച്ചിയിൽ സംഘടിപ്പിച്ചു. ഉൽപ്പാദനക്ഷമത വർധിപ്പിക്കൽ, കന്നുകാലികളുടെ ആരോഗ്യം, സുരക്ഷ, സഹകരണ വികസനം, സുസ്ഥിര ക്ഷീരോൽപ്പാദന രീതികൾ പ്രോത്സാഹിപ്പിക്കൽ എന്നിവയായിരുന്നു സമ്മേളനത്തിന്റെ ലക്ഷ്യം. അനുബന്ധ മേഖലകൾക്കായുള്ള വായ്പാ ലഭ്യത വർധിപ്പിക്കുന്നതിനായി, കേന്ദ്രസർക്കാർ ദേശവ്യാപക കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) ക്യാമ്പയിൻ, 2024 സെപ്റ്റംബർ 15 മുതൽ 2025 മാർച്ച് 31 വരെ സംഘടിപ്പിച്ചു. അർഹരായ എല്ലാ കർഷകർക്കും കെ.സി.സി സൗകര്യങ്ങൾ വ്യാപിപ്പിക്കുക, അതുവഴി ഔപചാരിക ധനകാര്യ സംവിധാനത്തിലേക്കുള്ള പങ്കാളിത്തം ഉറപ്പാക്കുകയും, അനൗപചാരിക സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. രാജ്യത്തുടനീളം കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി) വിതരണം ചെയ്യുന്നതിനായി നടത്തിയ പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി, 2024 ഡിസംബർ 27 വരെ 51,59,049 അപേക്ഷകൾ ലഭിച്ചു. ഇതിൽ 50,77,511 അപേക്ഷകൾ സ്വീകരിക്കുകയും 35,44,752 അപേക്ഷകൾക്ക് അംഗീകാരം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി, മൃഗസംരക്ഷണ-ക്ഷീര മേഖലകളിലെ കർഷകർക്ക് 42.38 ലക്ഷത്തിലധികം പുതിയ കെ.സി.സി കൾ മൃഗസംരക്ഷണ-ക്ഷീരമേഖലയ്ക്കായി വിതരണം ചെയ്തു. വായ്പാ വർധനവ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷീരമേഖലയക്ക് മാത്രമായി 1,75,000 കോടിയുടെ വായ്പാലക്ഷ്യം ഉണ്ടായിരുന്നു. ഇതിൽ 64,750 കോടി രൂപ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കായും 1,10,250 കോടി രൂപ ടേം ലോണുകൾക്കായി നീക്കിവച്ചതായി മൃഗസംരക്ഷണ-ക്ഷീര വകുപ്പിന്റെ വാർഷിക റിപ്പോർട്ട് 2024-25, ഭാരത സർക്കാർ വ്യക്തമാക്കുന്നു.

തീറ്റപ്പുൽക്ഷാമം പരിഹരിക്കുന്നതിനും സുസ്ഥിരമായ കന്നുകാലി വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഫോഡർ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ഒരു നോഡൽ കോ-ഓർഡിനേറ്റിംഗ് സമിതിയായി പ്രവർത്തിക്കുന്ന ടാസ്ക് ഫോഴ്സ് പ്രധാന വകുപ്പുകളായ മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, വനം-വന്യജീവി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ തന്ത്രപ്രധാന നയരൂപീകരണ സ്ഥാപനമായ സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നുള്ള പ്രാതിനിധ്യവും സമിതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തുടനീളം തീറ്റപ്പുൽ ലഭ്യത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള തന്ത്രപരമായ ഇടപെടലുകൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും കൃഷിയോഗ്യമായ തരിശുഭൂമികളുടെ തിരിച്ചറിയലും അവയെ മികച്ച രീതിയിൽ വിനിയോഗിക്കുകയും, പൊതുവായ മേച്ചിൽപ്പുറങ്ങളുടെയും ശോഷിച്ച വനഭൂമികളുടെയും പുനരുജ്ജീവനം നൽകുകയും, സർക്കാർ സംരംഭങ്ങളിലൂടെയും സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിലൂടെയും തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവ ഇതിന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നു. ഫലപ്രദമായ അന്തർ-വകുപ്പുതല സഹകരണവും വിഭവ സമാഹരണവും ഉറപ്പാക്കുന്നതിലൂടെ, തീറ്റപ്പുല്ലിന്റെ ആവശ്യകതയും വിതരണവും തമ്മിലുള്ള ഗണ്യമായ കുറവ് നികത്താനും അതുവഴി കന്നുകാലി, ക്ഷീര മേഖലകളെ ശക്തിപ്പെടുത്താനും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കാർഷിക സുസ്ഥിരതയ്ക്ക് സംഭാവന നൽകാനും ഫോഡർ ടാസ്ക് ഫോഴ്സ് ശ്രമിക്കുന്നു.

ക്ഷീര വികസന വകുപ്പ്, കേരളത്തിലെ ഗ്രാമീണ ക്ഷീരവികസന സേവനങ്ങൾ, തീറ്റപ്പുല്ല് വിഭവങ്ങളുടെ നിയന്ത്രണവും, ഗ്രാമീണ പാൽവിപണന സൗകര്യങ്ങളും ഏകോപിപ്പിക്കുന്ന പ്രധാന നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. സംസ്ഥാന-കേന്ദ്ര സർക്കാരുകൾ നൽകുന്ന സാമ്പത്തിക പിന്തുണയോടെ, പാലുല്പാദനത്തിൽ സ്വയംപര്യാപ്തത, തീറ്റപ്പുൽ കൃഷി വികസനം, പാലിന്റെ ഉത്പാദന ചെലവ് കുറയ്ക്കൽ, ക്ഷീര സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തൽ, ഉപഭോക്താക്കൾക്ക് സുരക്ഷിതവും നിലവാരമുള്ള പാൽ ലഭ്യമാക്കൽ എന്നിവ ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു. ഈ ശ്രമങ്ങൾ ഉൽപാദകർക്ക് ന്യായവില ഉറപ്പാക്കാനും ക്ഷീരകർഷകരുടെ സാമൂഹ്യ- സാമ്പത്തിക ഉന്നമനം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. കർഷകരുടെയും ഉപഭോക്താക്കളുടെയും മറ്റ് പങ്കാളികളുടെയും ക്ഷേമം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം ക്ഷീരമേഖലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനമാണ് വകുപ്പിന്റെ പ്രധാന ചുമതല. കൂടാതെ, സംസ്ഥാനത്തുടനീളം തീറ്റപ്പുൽവികസന സംരംഭങ്ങളുടെ ആസൂത്രണത്തിനും നടപ്പാക്കലിനും വേണ്ടിയുള്ള നോഡൽ ഏജൻസിയായും ഈ വകുപ്പ് പ്രവർത്തിക്കുന്നു.

ക്ഷീരവികസന വകുപ്പിന് കീഴിൽ 162 ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റുകൾ, 14 ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, പാലും പാലുൽപ്പന്നങ്ങളും കാലിത്തീറ്റയും പരിശോധിക്കുന്നതിനായി ഒരു സംസ്ഥാന ഡയറി ലാബ് (എൻ.എ.ബി.എൽ അംഗീകൃതം), 3 റീജിയണൽ ഡയറി

**പട്ടിക 3.3.6** പതിനാലാം പഞ്ചവൽസരപദ്ധതി കാലയളവിലെ ക്ഷീര മേഖലയിലെ സാമ്പത്തിക പ്രകടനം

(തുക രൂപ ലക്ഷത്തിൽ)

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവായ തുക | ചെലവക്കലിന്റെ ശതമാനം (%) |
|---|---|---|---|
| 2022–23 | 10681 | 7462.86* | 70 |
| 2023–24 | 12226 | 6022.11* | 49 |
| 2024–25 | 11795 | 5271.35 | 45 |
| 2025–26 | 12963 | 904.71 | 7 |
| **ആകെ** | **47665** | **19661.03** | **41** |

കുറിപ്പ്: *2025-26 സാമ്പത്തിക വർഷത്തെ 31.08.2025 വരെയുള്ള ചെലവ്
**അവലംബം:** *വാർഷിക പദ്ധതി അക്കൗണ്ട്സ്;പ്ലാൻസ്പേസ്

ലാബുകൾ, 14 മൊബൈൽ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, 6 ഡയറി പരിശീലന കേന്ദ്രങ്ങൾ, സംസ്ഥാന തീറ്റപ്പുൽ ഫാം, സംസ്ഥാന ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ എന്നിവ ഉണ്ട്. പതിനാലാം പഞ്ചവൽസരപദ്ധതി കാലയളവിലെ ക്ഷീര മേഖലയിലെ സാമ്പത്തിക പ്രകടനം **പട്ടിക 3.3.6** ൽ നൽകിയിട്ടുണ്ട്.

**ക്ഷീര സഹകരണ സംഘങ്ങൾ**

ഇന്ത്യയിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും സ്വയംപര്യാപ്തത പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർണായക സംവിധാനമായി ക്ഷീര സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കർഷകരുടെ വരുമാനം പരമാവധി വർധിപ്പിക്കുക, കൂട്ടായ പ്രവർത്തനത്തിലൂടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തുക എന്നിവയാണ് ക്ഷീര സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനതത്വം. ഭാരത സർക്കാരിന്റെ വാർഷിക റിപ്പോർട്ട് 2024–25 പ്രകാരം, ഇന്ത്യയിലെ സഹകരണ ഡയറി ശൃംഖലയിൽ 22 മിൽക്ക് ഫെഡറേഷനുകൾ, 241 ജില്ലാ ക്ഷീര സഹകരണ യൂണിയനുകൾ, 28 മാർക്കറ്റിംഗ് ഡയറികൾ, 25 പാൽ ഉൽപാദക സംഘടനകൾ എന്നിവ ഉൾപ്പെടുന്നു. ഏകദേശം 2.35 ലക്ഷം ഗ്രാമങ്ങളിലായി 1.72 കോടി ക്ഷീരകർഷകരെ അംഗങ്ങളായി ഉൾക്കൊള്ളുന്ന ഈ മാതൃക, ഗ്രാമീണ ഉപജീവനം ശക്തിപ്പെടുത്തുന്നതിനൊപ്പം ലോകത്തിലെ ഏറ്റവും വലിയ പാൽ ഉൽപാദക രാജ്യമായി ഇന്ത്യയുടെ സ്ഥാനമുറപ്പിക്കുന്നതിലും നിർണായക പങ്ക് വഹിക്കുന്നു. ക്ഷീര വ്യവസായത്തിന്റെ നട്ടെല്ലായ ക്ഷീര സഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്ക് സ്ഥിരമായ വിപണിയും വിലയും പ്രദാനം ചെയ്യുന്നു. 2025 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച്, ആപ്കോസ് ഉം നോൺ–ആപ്കോസ് ഉൾപ്പെടെ 3,594 രജിസ്റ്റർ ചെയ്ത ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ട്, അതിൽ 3,325 എണ്ണം പ്രവർത്തനക്ഷമവും 269 എണ്ണം പ്രവർത്തനരഹിതവുമാണ്. 3,325 പ്രവർത്തനക്ഷമമായ സൊസൈറ്റികളിൽ, 3,045 എണ്ണം ആപ്കോസും, 280 എണ്ണം നോൺ–ആപ്കോസ് സൊസൈറ്റികളായി പ്രവർത്തിക്കുന്നു. ഈ സഹകരണ സംഘങ്ങൾ അംഗങ്ങളായ കർഷകരിൽ നിന്ന് ദിവസത്തിൽ രണ്ടുതവണ പാൽ ശേഖരിക്കുകയും കൊഴുപ്പ്, എസ്എൻഎഫ് തുടങ്ങിയ ഗുണനിലവാര മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പാലിന്റെ മൂല്യം നൽകുകയും ചെയ്യുന്നു. കേരളത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ ഉപജീവന മാർഗമായി ക്ഷീരമേഖലയെ ആശ്രയിച്ചിരിക്കുന്നു. ഇതിൽ ഏകദേശം 3.94 ലക്ഷം കർഷകർ സഹകരണ മേഖലയിലൂടെയാണ് ഉൾപ്പെട്ടിരിക്കുന്നത്. 2024–25 ൽ സംസ്ഥാനത്തെ വാർഷിക പാലുത്പാദനം 25.61 ലക്ഷം മെട്രിക് ടൺ ആണ്. അതിൽ 6.19 ലക്ഷം മെട്രിക് ടൺ അതായത് പ്രതിദിനം 16.95 ലക്ഷം ലിറ്റർ സഹകരണ സംഘങ്ങൾ വഴിയാണ് സംഭരിച്ചത്. കേരളത്തിലെ കന്നുകാലികളിലെ ഉൽപാദനക്ഷമത 11.20 ലിറ്ററാണ് എന്നാൽ ദേശീയ ശരാശരി 9.05 ലിറ്ററാണ്. സംസ്ഥാനത്തുടനീളം സുസ്ഥിരമായ വിപണന സൗകര്യം ഉറപ്പാക്കുകയും, കർഷകരുടെ വരുമാനം വർധിപ്പിക്കുകയും, ക്ഷീരവ്യവസായത്തിന്റെ വളർച്ചക്ക് പിന്തുണ നൽകുകയും ചെയ്തുകൊണ്ട് ക്ഷീരസഹകരണ സംഘങ്ങൾ കേരളത്തിലെ ക്ഷീരമേഖലയെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു.

**പാൽ വിപണനം**

ത്രിതല ക്ഷീര സഹകരണ സംഘങ്ങളുടെ പരമോന്നത സ്ഥാപനമായ കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെ.സി.എം.എം.എഫ്) സംസ്ഥാനത്ത് ഓപ്പറേഷൻ ഫ്ളഡ് പ്രോഗ്രാം നടപ്പിലാക്കുന്നതോടൊപ്പം സൊസൈറ്റികളുടെയും ഡയറികളുടെയും ശൃംഖലയിലൂടെ സംഘടിത പാൽ സംഭരണവും വിപണനവും ഉറപ്പാക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ കണക്കുകൾ പ്രകാരം 2024–25 ൽ കേരളത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ മൊത്തം 6,186.22 ലക്ഷം ലിറ്റർ പാൽ സംഭരിച്ചു, അതിൽ 4,029.93 ലക്ഷം ലിറ്റർ ഡയറികൾക്കും 2,035.51 ലക്ഷം ലിറ്റർ പ്രാദേശികമായും വിപണനം ചെയ്തു. മൊത്തം സംഭരണത്തിന്റെ 120.78 ലക്ഷം ലിറ്റർ മാത്രമാണ് വിവിധ പാൽ ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനായി ഉപയോഗിച്ചത്. മിൽമയുടെ കണക്കുകൾ പ്രകാരം, 2024 ലെ 4,258.72 ലക്ഷം ലിറ്ററുമായി താരതമ്യം ചെയ്യുമ്പോൾ, 2025 ൽ ഡയറികൾ സംഭരിക്കുന്ന മൊത്തം പാൽ പ്രതിവർഷം 3,160.33 ലക്ഷം ലിറ്ററാണ്. 2024–ലെ 5,954.87 ലക്ഷം ലിറ്ററിനെ അപേക്ഷിച്ച് 2025 ലെ വാർഷിക പാൽ വിൽപ്പന 4,552.80 ലക്ഷം ലിറ്ററായിരുന്നു. 2024–25 ൽ ആപ്കോസ് സൊസൈറ്റികൾ പ്രതിദിനം സംഭരിച്ച ശരാശരി പാൽ 1,111.917 മെട്രിക് ടൺ ആണ്. ഇത് മുൻ വർഷം 1,256.57 മെട്രിക് ടൺ ആയിരുന്നു. പ്രതിദിനം ഒരു സൊസൈറ്റിയുടെ ശരാശരി സംഭരണം 356.04 ലിറ്ററാണ്. പാലക്കാട്, വയനാട് ജില്ലകളൊഴികെ, 2024–ൽ പാൽ വിൽപ്പന സംഭരണത്തേക്കാൾ കൂടുതലായിരുന്നു. ഈ കുറവ് പ്രധാനമായും കർണാടക, തമിഴ്നാട്

**ചിത്രം 3.3.6** കേരളത്തിലെ പ്രവർത്തന ക്ഷമമായ ആപ്കോസ് നോൺ ആപ്കോസ് സംഘങ്ങളുടെ വിവരം




**അവലംബം:** ക്ഷീരവികസന വകുപ്പ് ,കേരള സർക്കാർ

സംസ്ഥാനങ്ങളിലെ മിൽക്ക് ഫെഡറേഷനുകളുമായി നടത്തിയ ക്രമീകരണങ്ങളിലൂടെയും സ്കിംഡ് മിൽക്ക് പൗഡർ വാങ്ങലിന്റെയും സഹായത്തോടെ നികത്തുകയായിരുന്നു.

പാലിനൊപ്പം, കെ.സി.എം.എം.എഫ് അതിന്റെ വിവിധ യൂണിറ്റുകൾ വഴി നെയ്യ്, വെണ്ണ, തൈര്, ഐസ്ക്രീം, പനീർ, ചോക്ലേറ്റ്, ഫ്ലേവേർഡ് മിൽക്ക്, ഗുലാബ് ജാമുൻ, ലസ്സി, പാലട മിക്സ്, പേട, ടെട്രാ പാക്ക് ഉൽപ്പന്നങ്ങൾ, ഡയറി വൈറ്റ്നർ, മാമ്പഴ ജ്യൂസ്, പാക്ക് ചെയ്ത കുടിവെള്ളം എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നു. കെ.സി.എം.എം.എഫിന്റെ വിവിധ ഡയറികളിലൂടെ നടന്ന പാൽ സമാഹരണവും വിൽപ്പനയും, കെ.സി.എം.എം. എഫിന്റെ മൊത്തത്തിലുള്ള പ്രവർത്തന നേട്ടങ്ങളും, ആപ്കോസ് സംഘങ്ങൾ വഴി സമാഹരിച്ച പാലിന്റെ വിവരങ്ങളും **അനുബന്ധം 3.3.12, 3.3.13, 3.3.14** ൽ കൊടുത്തിരിക്കുന്നു. 2011 മുതൽ നിലവിൽ വന്ന പാലിന്റെ പരിഷ്കരിച്ച വിലവിവര **പട്ടിക അനുബന്ധം 3.3.15, 3.3.16** ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**മിച്ചമുള്ള പാലും ഉൽപന്ന വൈവിധ്യവൽക്കരണവും**

കോവിഡ്–19 മഹാമാരി കേരളത്തിൽ, പ്രത്യേകിച്ച് ക്ഷീരമേഖലയിൽ, മൃഗോൽപന്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും സംസ്കരണത്തിലും കൂടുതൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുകാണിച്ചു. പാൽ ഉൽപാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തതയോടടുക്കുന്ന സാഹചര്യത്തിൽ ചീസ്, യോഗർട്ട് തുടങ്ങിയ വൈവിധ്യമാർന്ന മൂല്യവർധിത പാലുത്പന്നങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നിപറയുന്നു. ഇതിന്റെ ഭാഗമായി, നിലവിലുള്ള ഡയറി പ്ലാന്റുകളിൽ നൂതന ഉൽപ്പന്ന വൈവിധ്യവൽക്കരണ സൗകര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത പാൽ ഉൽപന്നങ്ങൾക്ക് പുറമെ പുതിയ ഉപഭോക്തൃ വിഭാഗങ്ങളെ ലക്ഷ്യമിട്ട് പുതിയ ഉൽപ്പന്ന വികസനത്തിലും വിപണന തന്ത്രങ്ങളിലും ക്ഷീര കമ്പനികൾ കൂടുതലായി നിക്ഷേപം നടത്തുന്നു. ഫാം തലത്തിൽ അസംസ്കൃത പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നത് ഒരു നിർണായക വെല്ലുവിളിയായി തുടരുന്നു. ബാക്ടീരിയയുടെ അളവ് കുറയ്ക്കുന്നതിന് കർഷകനിൽ നിന്ന് ഉപഭോക്താവിലേക്ക് എത്തുന്നത് വരെ ഫലപ്രദമായ കോൾഡ് ചെയിൻ മാനേജ്മെന്റ് ആവശ്യമാണ്. ശേഖരിച്ച പാൽ ഉടനടി തണുപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി കോൾഡ് ചെയിൻ ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിന് കൂടുതൽ സാമ്പത്തിക സഹായം ആവശ്യമാണ്. നിലവിൽ, സംസ്ഥാനത്ത് ആകെ 108 ബൾക്ക് മിൽക്ക് കൂളർ സെന്ററുകൾ (ബി.എം.സി.സി) പ്രവർത്തിക്കുന്നു. ഇതിന്റെ മൊത്തം സംഭരണ ശേഷി 392.50 കെഎൽ ആണ് (2024–25 വാർഷിക റിപ്പോർട്ട്, മൃഗസംരക്ഷണ–ക്ഷീരോൽപ്പാദന വകുപ്പ്, ഭാരത സർക്കാർ).

വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ഷീര വ്യവസായം പാൽ, യു.എച്ച്.ടി പാൽ, ഫ്ലേവേർഡ് മിൽക്ക്, ഫ്ലേവേർഡ് ഫ്രോസൺ യോഗർട്ടുകൾ, പ്രോബയോട്ടിക് പാലുൽപ്പന്നങ്ങൾ, ലസ്സി, ബട്ടർ മിൽക്ക്, ടേബിൾ ബട്ടർ, നെയ്യ്, പനീർ, ചീസ്, ഖോയ, ക്രീം, സ്കിംഡ് മിൽക്ക് പൗഡർ, ഡയറി വൈറ്റ്നർ, മധുരമുള്ള കണ്ടൻസ്ഡ് മിൽക്ക്, ഐസ്ക്രീം, വേയ്, എ2 പാൽ, ഓർഗാനിക് പാൽ, മിൽക്ക് ഷേക്കുകൾ, വിവിധതരം

മധുര പലഹാരങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. ഇവയിൽ, ആകെ വിപണി വിഹിതത്തിന്റെ ഭൂരിഭാഗവും പാലാണ്. അതേസമയം മൂല്യവർദ്ധിതവും വൈവിധ്യപൂർണ്ണവുമായ പാലുൽപ്പന്നങ്ങളുടെ ആവശ്യകത ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

**ക്ഷീരവികസന മേഖലയിലെ ഭൗതിക നേട്ടങ്ങൾ**

- സംസ്ഥാനത്തെ ക്ഷീരമേഖലയെ സുസ്ഥിരമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടിയെന്ന നിലയിൽ, 2024-25 ൽ സർക്കാർ നിരവധി പ്രധാന പരിപാടികൾ ആരംഭിച്ചു. വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനും ക്ഷീരമേഖലയിൽ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്ന തിനുമായി 10 മെട്രിക് ടൺ ശേഷിയുള്ള പാൽപ്പൊടി പ്ലാന്റ് മലപ്പുറം ജില്ലയിലെ മൂർക്കനാട്ടിൽ സ്ഥാപിച്ചു. 2024 ഡിസംബർ 24 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പ്ലാന്റ് കമ്മീഷൻ ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. ഇത് സംസ്ഥാനത്തിന്റെ ഡയറി സംസ്കരണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണത്തിലെ സുപ്രധാന നാഴികക്കല്ലാണ്.
- 2024-25 ൽ 1,165.46 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി നടത്തുകയും, അതിന്റെ ഫലമായി 2.04 ലക്ഷം മെട്രിക് ടൺ തീറ്റപ്പുല്ലിന്റെ അധിക ഉൽപാദനം ഉണ്ടാവുകയും ചെയ്തു. 50 ഹെക്ടറിലധികം വരുന്ന ഭൂമിയിൽ ചോളം കൃഷിയ്ക്കും ജലസേചന സൗകര്യങ്ങൾക്കും സ്വയംസഹായ സംഘങ്ങളുടെ നേതൃത്വത്തിലുള്ള തീറ്റപ്പുൽകൃഷി സംരംഭങ്ങൾക്കും കൂടാതെ പുരോഗമന കർഷകർക്ക് യന്ത്രവൽക്കരണ സഹായം എന്നിവയ്ക്കും പിന്തുണ നൽകി വരുന്നു. കൂടാതെ, തീറ്റപ്പുൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായ തീറ്റപ്പുൽ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2024-25 കാലയളവിൽ 65,150 കാലിത്തീറ്റയായി ഉപയോഗിക്കുന്ന വൃക്ഷങ്ങൾ സൗജന്യമായി വിതരണം ചെയ്തു.
- കുട്ടനാട് മേഖലയിലെ ആവർത്തിച്ചുള്ള വെള്ളപ്പൊക്കത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിന്, ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ സർക്കാർ രണ്ട് എലിവേറ്റഡ് കമ്മ്യൂണിറ്റി കന്നുകാലി ഷെഡുകൾ സ്ഥാപിച്ചു. വെള്ളപ്പൊക്കസമയത്ത് കന്നുകാലികളെ സംരക്ഷിക്കാനും കർഷകർക്ക് തടസ്സമില്ലാതെ അവരുടെ ഉപജീവന പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ സുരക്ഷിതമായ അന്തരീക്ഷം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ സൗകര്യങ്ങൾ. ചമ്പക്കുളം എലിവേറ്റഡ് കമ്മ്യൂണിറ്റി കന്നുകാലി ഷെഡിന്റെ നിർമ്മാണത്തിനായി 2024-25 വർഷത്തിൽ 52.64 ലക്ഷം രൂപ ധനസഹായം നൽകി.
- എല്ലാ മേഖലകളിലും ഡിജിറ്റൽ ഭരണം പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി, ക്ഷീര വികസന വകുപ്പിനു വേണ്ടി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ വികസിപ്പിച്ചെടുത്ത വെബ് അധിഷ്ഠിത ഇ-ഗവേണൻസ് പ്ലാറ്റ്ഫോമായ ക്ഷീരശ്രീ ആരംഭിച്ചു. ഈ സംരംഭം സേവന വിതരണത്തിൽ സുതാര്യത, കാര്യക്ഷമത, നീതി എന്നിവ ഉറപ്പാക്കുകയും എല്ലാ വകുപ്പുതല പ്രവർത്തനങ്ങളുടെയും ഡിജിറ്റലൈസേഷൻ സുഗമമാക്കുകയും ചെയ്യുന്നു. രാജ്യത്ത് ക്ഷീരമേഖലയിൽ നടപ്പിലാക്കുന്ന ആദ്യ സമഗ്ര ഡിജിറ്റൽ ഭരണസംവിധാനമാണ് ഇത്.
- സംസ്ഥാനത്തെ ക്ഷീരകർഷകരെയും കന്നുകാലികളെയും ഉൾപ്പെടുത്തി സർക്കാർ 'ക്ഷീര സാന്ത്വനം' എന്ന സമഗ്ര ക്ഷീര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി. ക്ഷീരകർഷകരുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിരത ഉറപ്പാക്കുന്നതിനുള്ള സമഗ്രമായ ഒരു നടപടിയായിട്ടാണ് ഈ പദ്ധതി കണക്കാക്കുന്നത്. ഇതുവരെ 60,792 കർഷകരെയും 18,278 കന്നുകാലികളെയും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇതിലൂടെ മേഖലയിൽ ഉണ്ടാകാമായിരുന്ന നഷ്ടങ്ങൾക്കും അനിശ്ചിതത്വങ്ങൾക്കും എതിരെ ഗണ്യമായ സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- സംസ്ഥാനത്ത് നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന കന്നുകാലി തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി രൂപകല്പന ചെയ്ത 'കേരള കന്നുകാലി തീറ്റ (നിയന്ത്രണം) നിയമം' നടപ്പിലാക്കുന്നതിനുള്ള അവസാന ഘട്ടത്തിലാണ് സർക്കാർ. ഗുണനിലവാരത്തെ അടിസ്ഥാനമാക്കി വിലനിർണ്ണയം പ്രോത്സാഹിപ്പിക്കുകയും ശാസ്ത്രീയമായി രൂപകല്പന ചെയ്ത തീറ്റ മാത്രമേ വിപണിയിലെത്തുന്നുവെന്ന് ഉറപ്പാക്കുന്നതിലൂടെ ക്ഷീരകർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം.
- ക്ഷീരകർഷകർക്ക് ഉണ്ടായ അപ്രതീക്ഷിത നഷ്ടങ്ങളിൽ നിന്ന് കരകയറുന്നതിനായി 1,751 കർഷകർക്ക് കണ്ടിജൻസി ഫണ്ട് അനുവദിച്ചു.

**മുന്നോട്ടുള്ള വഴി**

കേരളത്തിലെ മൃഗ സംരക്ഷണ-ക്ഷീര വികസന മേഖലയുടെ മുന്നോട്ടുള്ള വികസനം നിലവിലുള്ള സൂക്ഷ്മവും ഉല്പാദനപരമല്ലാത്തതും വിഘടിച്ചതുമായ സംവിധാനങ്ങളിൽ നിന്ന് മാറി ആധുനികവും സാങ്കേതിക വിദ്യയിലധിഷ്ഠിതവും കർഷകകേന്ദ്രീകൃതവുമായ ഒരു മേഖലയിലേക്ക് മാറ്റുന്നതിലാണ്. ശാസ്ത്രീയ പ്രജനനം, മികച്ച പരിപാലനം, സംസ്ഥാന കാലിത്തീറ്റ പദ്ധതി, വാണിജ്യ കാലിത്തീറ്റ യൂണിറ്റുകൾ, പൊതുഭൂമി ഉപയോഗക്ഷമമാക്കൽ എന്നീ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഗുണമേന്മയുള്ള കാലിത്തീറ്റ ഉത്പാദനം വർദ്ധിപ്പിച്ച് ഉൽപ്പാദനക്ഷമത ഉറപ്പാക്കേണ്ടതുണ്ട്. ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിനു ഏക ജാലക ലൈസൻസിംഗ്, സമയബന്ധിതമായുള്ള വായ്പ ലഭ്യതക്കായി ക്ഷീര കർഷകവൃത്തിയെ കാർഷിക പ്രവർത്തനമായി അംഗീകാരം നൽകുന്നതോടൊപ്പം വലിയ ഹൈടെക് ഫാമുകൾക്കുള്ള പ്രോത്സാഹനങ്ങളും നിക്ഷേപം ആകർഷിക്കുന്നതിന് സഹായിക്കുകയും ഉത്പാദനച്ചെലവ് കുറയ്ക്കുകയും ചെയ്യും. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതും, ജനിതക വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും, യന്ത്രവൽക്കരണം മെച്ചപ്പെടുത്തുന്നതിനും, വിപണനതന്ത്രങ്ങൾക്കുമായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ സംയോജിപ്പിക്കുന്നതും മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വിപണി വിടവ് പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. "ഭക്ഷണം മരുന്നായി" എന്ന ഉപഭോക്തൃ മനോഭാവത്തിലേക്കുള്ള വലിയ മാറ്റം കാരണം, ആരോഗ്യത്തിനും ദീർഘായുസ്സിനുമായി പ്രോട്ടീന് മുൻഗണന നൽകുന്നതിലൂടെ മൃഗസംരക്ഷണ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലേക്കുള്ള മാറ്റത്തിന് പ്രാധാന്യമേറുന്നത്. പാൽപൊടി ഉൽപാദന കേന്ദ്രം പോലുള്ള മൂല്യ വർദ്ധന സംസ്കരണ സാദ്ധ്യതകൾ കണ്ടെത്തി യൂണിറ്റ് സ്ഥാപിക്കുന്നത് പോലുള്ള സംരംഭങ്ങൾ മൃഗസംരക്ഷണ മേഖലയിലെ ഒരു പ്രധാനപ്പെട്ട മുതൽക്കൂട്ടാണ്. എളുപ്പത്തിൽ കേടാകുന്ന അസംസ്കൃത വസ്തുവിനെ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന, ഉയർന്ന ലാഭക്ഷമതയുള്ള ഒരു

ഉൽപ്പന്നമാക്കി മാറ്റുന്നത് വഴി സംസ്ഥാനത്ത് നില നിൽക്കുന്ന വിടവുകൾ പരിഹരിക്കുന്നതിന് ഒരു പരിധി വരെ സഹായകരമാകുന്നു. ഇത്തരത്തിലുള്ള പരിവർത്തനം ക്ഷീര വ്യവസായത്തിന്റെ പ്രാഥമിക വെല്ലുവിളിയെ നേരിട്ട് അഭിസംബോധന ചെയ്യുന്നു. അതായത്, കാലാനുസൃതമായ പാൽ ഉൽപാദനവും ഉപഭോക്താവിന്റെ നിരന്തരമായ ആവശ്യവും തമ്മിലുള്ള വെല്ലുവിളികളെ പരിഹരിക്കുന്നതിന് സാധ്യത കണ്ടെത്തനാകുന്നു

പ്രതിരോധശേഷിയും കാലാവസ്ഥാനുകൂലവുമായ കന്നുകാലി-ക്ഷീര വ്യവസ്ഥയ്ക്ക് രൂപം നൽകുന്നതിനായി മേഖലയിലെ കാലിത്തീറ്റ കൃഷി, പരിശീലനം, കിടാരി പാർക്കുകൾ, കോഴി വളർത്തൽ സംരംഭങ്ങൾ, വനിതകളുടെ സംരംഭക പ്രസ്ഥാനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനസാധ്യതകൾ കണ്ടെത്തി പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്.

# 3.4 മത്സ്യവികസനം

മത്സ്യബന്ധനവും മത്സ്യക്കൃഷിയും ദശലക്ഷക്കണക്കിന് ആളുകൾക്ക് ഭക്ഷണം, പോഷകാഹാരം, വരുമാനം, ഉപജീവനമാർഗ്ഗം എന്നിവ നൽകുന്നു. കുറഞ്ഞ ചിലവിൽ ലഭ്യമായതും സമ്പന്നമായ മാംസ പ്രോട്ടീനിന്റെ ഉറവിടവുമാകയാൽ, മത്സ്യം പട്ടിണിയും പോഷകാഹാരക്കുറവും കുറയ്ക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ മത്സ്യം ഉല്പാദിപ്പിക്കുന്ന രണ്ടാമത്തെ രാജ്യമായ ഇന്ത്യ, ആഗോള മത്സ്യ ഉല്പാദനത്തിന്റെ 8 ശതമാനം സംഭാവന ചെയ്യുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ മത്സ്യബന്ധന മേഖല ശരാശരി 6.30 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധന വകുപ്പിന്റെ 2024-25 ലെ വാർഷിക റിപ്പോർട്ട് പ്രകാരം ദേശീയ മൊത്ത മൂല്യവർദ്ധനവിന്റെ ഏകദേശം 1.12 ശതമാനവും കാർഷിക മേഖലയിൽ നിന്നുള്ള മൊത്ത മൂല്യവർദ്ധനവിന്റെ 7.26 ശതമാനവും ഈ മേഖലയാണ് സംഭാവന ചെയ്യുന്നത്. വിദേശനാണ്യ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സ് കൂടിയാണ് ഈ മേഖല, കൂടാതെ സമുദ്രോല്പന്ന കയറ്റുമതിയിൽ മുൻനിരയിലുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ജലകൃഷി മത്സ്യ ഉല്പാദനത്തിൽ ഇന്ത്യ ലോകത്തിൽ ചൈനയ്ക്ക് പിന്നിൽ രണ്ടാം സ്ഥാനത്താണ്.

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ മത്സ്യബന്ധന മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2024-25 ലെ മൊത്തം സംസ്ഥാന മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ സ്ഥിര വിലയിൽ) മത്സ്യബന്ധന മേഖലയുടെ പങ്ക് 0.89 ശതമാനവും, മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 0.78 ശതമാനവുമാണ്. 2024-25 ൽ കാർഷിക അനുബന്ധ മേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യവർദ്ധനവിൽ (സ്ഥിരവിലയിൽ) മത്സ്യബന്ധന, അക്വാകൾച്ചർ മേഖല 11.62 ശതമാനം സംഭാവന ചെയ്തിട്ടുണ്ട്. മൊത്തം സംസ്ഥാന മൂല്യ വർദ്ധനവിൽ മത്സ്യബന്ധന മേഖലയുടെ സംഭാവന സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 3.4.1** ൽ കൊടുത്തിരിക്കുന്നു.

**വളർച്ചാ നിരക്കുകൾ**

600 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരവും (തുറമുഖങ്ങൾ, ഷിപ്പിംഗ് & ജലപാത മന്ത്രാലയത്തിലെ ഗതാഗത ഗവേഷണ വിഭാഗത്തിന്റെ 29.04.2025 തീയതിയിലെ എം.ആർ-14011/1/2024-റ്റി.ആർ.ഡബ്ല്യൂ(എസ്) നം സർക്കുലർ) 2.18 ചതുരശ്ര കിലോമീറ്റർ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണും (ഇ.ഇ.ഇസഡ്) ഉള്ള കേരളത്തിന് ഗണ്യമായ സമുദ്ര മത്സ്യബന്ധന മേഖലയുണ്ട്. ഏകദേശം 13,000 ചതുരശ്ര കിലോമീറ്റർ പ്രാദശിക ജലാശയങ്ങളുള്ള സംസ്ഥാനത്ത് മത്സ്യബന്ധന പ്രവർത്തനങ്ങൾ സമ്പദ്‌വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കുന്നു. ഇന്ത്യയിലെ ഒരു സജീവ സമുദ്ര സംസ്ഥാനമാണിത്. 2023-24 ൽ ഇന്ത്യയുടെ മത്സ്യ ഉല്പാദനം 184.0 ലക്ഷം മെട്രിക് ടണ്ണായിരുന്നു. അതിൽ ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും 139.1 ലക്ഷം മെട്രിക് ടണ്ണും, സമുദ്രമേഖലയിൽ നിന്നും 44.9 ലക്ഷം മെട്രിക് ടണ്ണുമായിരുന്നു (വാർഷിക റിപ്പോർട്ട് 2024-25, മത്സ്യബന്ധന വകുപ്പ്, മത്സ്യബന്ധന, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രാലയം, ഭാരതസർക്കാർ). കേരളത്തിലെ മത്സ്യ ഉല്പാദനം 2024-25 കാലയളവിൽ 9.28 ലക്ഷം മെട്രിക് ടൺ ആയിരുന്നു. അതിൽ സമുദ്രമേഖലയിൽ നിന്നും 6.47 ലക്ഷം മെട്രിക് ടണ്ണും ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും 2.81 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു.

കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിന്റെ (കെ.എം.എഫ്.ആർ.എ) ഭേദഗതിയും, കെ.എം.

എഫ്.ആർ റൂൾ കൊണ്ടുവരികയും ചെയ്തത് സമുദ്ര മേഖലയിലെ മത്സ്യ ഉല്പാദനം വർദ്ധിക്കുവാൻ സഹായിച്ചു. 2024-25 ൽ സമുദ്ര മത്സ്യ ഉല്പാദനത്തിൽ 11.36 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് മേഖലയിലെ പുനരുജ്ജീവനത്തെ സൂചിപ്പിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉല്പാദനത്തിൽ 2024-25 ൽ ഏറ്റവും കൂടുതൽ സമുദ്ര മത്സ്യ ഉല്പാദനം എറണാകുളത്തും, തുടർന്ന് കൊല്ലം, കോഴിക്കോട് ജില്ലകളിലുമാണ് രേഖപ്പെടുത്തിയത്. ആകെ ലഭ്യമായ സമുദ്ര മത്സ്യ ഉല്പാദനത്തിന്റെ 67.08 ശതമാനവും ഈ മൂന്ന് ജില്ലകളുടെ സംഭാവനയാണ്. സ്രാവുകൾ, മത്തി, നെത്തോലി, മറ്റ് കാരക്കിട്ടുകൾ, സൗരിഡയും സാരസും, നെയ്മീൻ, സാധാരണ കൊഞ്ച് തുടങ്ങിയ സമുദ്ര മത്സ്യങ്ങളുടെ ഉല്പാദനം 2024-25 ൽ വർദ്ധിച്ചു. 2021-22 മുതൽ 2024-25 വരെ ഇനം തിരിച്ചുള്ള സമുദ്ര മത്സ്യലഭ്യത **അനുബന്ധം 3.4.2** ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തുടനീളം വൈവിദ്ധ്യമാർന്നതും നൂതനവുമായ മത്സ്യ കൃഷി രീതികൾ ആരംഭിച്ചതിനാൽ 2024-25 ൽ ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിച്ചു. 2024-25 ൽ ഉൾനാടൻ മത്സ്യ ഉല്പാദനം 2.81 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇത് മുൻവർഷത്തേക്കാൾ കൂടുതലാണ് (2.51 ലക്ഷം മെട്രിക് ടൺ). ഉൾനാടൻ മത്സ്യ ഉല്പാദനം ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് ആലപ്പുഴ ജില്ലയിലാണ്, തുടർന്ന് കോട്ടയം, കൊല്ലം ജില്ലകളിലുമാണ്. കഴിഞ്ഞ ആറ് വർഷത്തിനിടെ കേരളത്തിലെ ഉൾനാടൻ മത്സ്യ ഉല്പാദനം ക്രമാനുഗതമായി വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യയിലെയും കേരളത്തിലെയും മൊത്തം മത്സ്യ ഉല്പാദന മേഖലയിലെ വ്യത്യാസം **ചിത്രം 3.4.1** ലും **അനുബന്ധം 3.4.3** ലും കാണിച്ചിരിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള മത്സ്യ ഉല്പാദനത്തിന്റെ വിവരങ്ങൾ **അനുബന്ധം 3.4.4** ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 3.4.1** ഇന്ത്യയിലേയും കേരളത്തിലേയും മത്സ്യ ഉല്പാദനം – സമുദ്ര, ഉൾനാടൻ മത്സ്യബന്ധനത്തിന്റെ പങ്ക്




**അവലംബം:** വാർഷിക റിപ്പോർട്ട് 2024-25, മത്സ്യബന്ധന വകുപ്പ്, മത്സ്യബന്ധന, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രാലയം, (ഭാരത സർക്കാർ), മത്സ്യബന്ധന വകുപ്പ് (കേരള സർക്കാർ)

സമുദ്രോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സംസ്ഥാനങ്ങളിൽ അളവിന്റെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്തും കയറ്റുമതി മൂല്യത്തിൽ രണ്ടാം സ്ഥാനത്തുമാണ്. 2015-16 മുതൽ കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി ഗണ്യമായി വർദ്ധിച്ചു. 2024-25 ൽ 6,941.29 കോടി രൂപയുടെ 1.80 ലക്ഷം മെട്രിക് ടൺ സമുദ്രോല്പന്നങ്ങൾ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തു. ഇക്കാലയളവിൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി 62,408.45 കോടി രൂപ മൂല്യമുള്ള 16.98 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം 3.4.5** ൽ നൽകിയിരിക്കുന്നു.

**ഉൾനാടൻ മത്സ്യകൃഷിയും ജലകൃഷിയും**

ദശലക്ഷക്കണക്കിന് ആളുകളുടെ വരുമാനത്തെയും ഉപജീവനമാർഗ്ഗത്തെയും പിന്തുണയ്ക്കുന്നതിനൊപ്പം ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നതിൽ മത്സ്യബന്ധനവും മത്സ്യക്കൃഷിയും നിർണായക പങ്ക് വഹിക്കുന്നു. ഭൂമിയുടേയും ജലസ്രോതസ്സുകളുടേയും ശോഷണം, ജനസംഖ്യാ വർദ്ധനവ്, സമുദ്ര മത്സ്യബന്ധന സ്രോതസ്സുകളിൽ നിന്നുള്ള ഉല്പാദന മുരടിപ്പ് എന്നിവയുടെ പശ്ചാത്തലത്തിൽ സുസ്ഥിരമായ ഉപജീവനമാർഗ്ഗം കൈവരിക്കുന്നതിന് ഉൾനാടൻ മത്സ്യബന്ധനത്തിന്റേയും ജലകൃഷിയുടേയും പ്രാധാന്യം നിർണ്ണായകമാകുന്നു. ഉൾനാടൻ മത്സ്യമേഖല ഏകദേശം 2.46 ലക്ഷം ഉൾനാടൻ മത്സ്യകർഷകർക്ക് പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെ ഘടകം മാത്രമല്ല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, അതുവഴി സാമ്പത്തിക പുരോഗതി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. മത്സ്യക്കൃഷി വികസനത്തിന് ആവശ്യമായ സമൃദ്ധമായ ജലസ്രോതസ്സുകളാൽ അനുഗ്രഹീതമാണ് സംസ്ഥാനം. ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വളരെയധികം സാധ്യതയുണ്ട്. ഉൾനാടൻ മത്സ്യമേഖലയിൽ 2019-20 മുതൽ 2024-25 വരെയുള്ള സുസ്ഥിരമായ വളർച്ചാ നിരക്കാണ് **ചിത്രം 3.4.2** ൽ പ്രതിപാദിച്ചിട്ടുള്ളത്.

അയല, കരിമീൻ, കാരി, കട്ട്ല, രോഹു, ഭക്ഷ്യയോഗ്യമായ കക്ക, പരൽ, മുള്ളറ്റ്സ്, ഞണ്ട്, മൃഗാൽ, മസ്സൽസ് എന്നിവയ്ക്ക് കേരളത്തിൽ ഉയർന്ന ഉല്പാദനമൂല്യമുണ്ട്. കേരളത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021-22 മുതൽ 2024-25 വരെ കേരളത്തിലെ ഇനംതിരിച്ചുള്ള ഉൾനാടൻ മത്സ്യ ഉല്പാദനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.6** ൽ നൽകിയിരിക്കുന്നു. ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ശ്രദ്ധാപൂർവ്വമായ ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.

ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന മറ്റ് ഫാർമ്ഡ് പ്രോട്ടീനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഉൾനാടൻ ജലകൃഷിയിൽ നിന്ന് ലഭ്യമാകുന്ന പ്രോട്ടീനുകൾക്ക് സുസ്ഥിര ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കും. കടൽ വിഭവങ്ങൾ ഉയർന്ന വിഭവശേഷിയുള്ളതും ഏറ്റവും ഉയർന്ന പ്രോട്ടീൻ നിലനിർത്തുന്നതുമാണ്. മത്സ്യബന്ധന മേഖലയിൽ വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന

**ചിത്രം 3.4.2** കഴിഞ്ഞ പത്ത് വർഷങ്ങളിലെ കേരളത്തിലെ മത്സ്യോല്പാദനം




**അവലംബം:** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

ഒരു വിഭാഗമാണ് ജലകൃഷി. സമുദ്രത്തിൽ നിന്നും മറ്റ് പ്രകൃതി വിഭവങ്ങളിൽ നിന്നുമുള്ള മത്സ്യബന്ധനം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മനുഷ്യർക്ക് കടൽ വിഭവത്തിന് പകരം മറ്റ് ഉറവിടങ്ങൾ ആവശ്യമാണ്. മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ജനകീയ മത്സ്യകൃഷി നടപ്പാക്കി. 2024-25 ൽ 9,556 ഹെക്ടറിൽ ജനകീയ മത്സ്യകൃഷി പദ്ധതി പ്രാവർത്തികമാക്കി. അക്വാക്കൾച്ചർ വികസനത്തിന്റെ ഭാഗമായി 4,189 ഹെക്ടറിൽ ശാസ്ത്രീയ മത്സ്യകൃഷിയും, 5,367 ഹെക്ടറിൽ 'ഒരു നെല്ല് ഒരു മത്സ്യകൃഷി' യും, 1,225 യൂണിറ്റ് മുത്തുച്ചിപ്പി കൃഷി യൂണിറ്റുകളും ഏറ്റെടുത്ത് നടപ്പിലാക്കി. നൂതന കൃഷിരീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, 673 യൂണിറ്റ് ബയോ ഫ്ലോക് മത്സ്യകൃഷി സംവിധാനവും, 2,641 യൂണിറ്റ് പടുത മത്സ്യകൃഷിയും, 120 യൂണിറ്റ് ആർ.എ.എസ് സംവിധാനവും, 1018 കൂട്ട മത്സ്യകൃഷി യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചു. റിസർവോയർ മത്സ്യബന്ധന വികസന പരിപാടി 12 റിസർവോയറുകളിൽ നടപ്പിലാക്കി.

2023-24, 2024-25 വർഷങ്ങളിൽ സംസ്ഥാനത്തെ അക്വാക്കൾച്ചർ ഉല്പാദനം യഥാക്രമം 0.408 ലക്ഷം മെ.ടൺ, 0.412 ലക്ഷം മെ.ടൺ എന്നിങ്ങനെയായിരുന്നു. മത്സ്യകൃഷിയുടേയും ഉൾനാടൻ മത്സ്യബന്ധനത്തിന്റേയും വർഷം തിരിച്ചുള്ള ഉല്പാദനം **ചിത്രം 3.4.3** ൽ കാണിച്ചിരിക്കുന്നു.

കേരള ഉൾനാടൻ മത്സ്യബന്ധന നിയമം (കിഫ) 2021 ൽ ഭേദഗതി വരുത്തി. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യ സമ്പത്ത് സുസ്ഥിരമായി വികസിപ്പിക്കാനും നിയന്ത്രിക്കാനും സംരക്ഷിക്കാനും കിഫ ലക്ഷ്യമിടുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങളും പരമ്പരാഗത അവകാശങ്ങളും സംരക്ഷിക്കുകയും പോഷകസമൃദ്ധമായ മത്സ്യത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ പ്രദേശങ്ങളിൽ പട്രോളിംഗ് നടത്തുകയും നിയമ ലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത പത്ത് ജലജീവി ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ജലജീവി ആരോഗ്യ സർവ്വേയുടെ ഭാഗമായി 1,161 മത്സ്യവും ജലസാമ്പിളുകളും ശേഖരിച്ച് പരിശോധന നടത്തി.

ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ ലഭ്യതയാണ് മത്സ്യകൃഷി വളർച്ചയെ സ്വാധീനിക്കുന്ന പ്രധാന ഘടകം. വിപണന യോഗ്യമായ മത്സ്യത്തിന്റെ ഉല്പാദനത്തിന്, ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ വിളവെടുപ്പ് സാധ്യമാക്കുന്നതിനായി പരമാവധി വേഗത്തിൽ വളർച്ച ഉറപ്പു നൽകുന്ന ഒരു അനുയോജ്യ അന്തരീക്ഷത്തിലേയ്ക്ക് മത്സ്യകുഞ്ഞുങ്ങളെ സംഭരിക്കേണ്ടതാണ്. മത്സ്യവിത്തിന്റെ ലഭ്യതയാണ് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രധാന ഘടകം. മത്സ്യവിത്തുകളുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി 2024-25 ൽ 17.49 കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ചു. അതിൽ 6.7 കോടി മത്സ്യവിത്തുകൾ ഹാച്ചറിയിൽ നിന്നും ബാക്കിയുള്ളവ വീട്ടുമുറ്റത്തെ മത്സ്യവിത്ത് ഉല്പാദന യൂണിറ്റുകളിൽ നിന്നുള്ളവയാണ്. മത്സ്യവിത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2024-25 ൽ 238 വീട്ടുമുറ്റത്തെ വിത്ത് ഉല്പാദന യൂണിറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചു. മുൻപ്

**ചിത്രം 3.4.3** അക്വാക്കൾച്ചറിന്റേയും കാപ്ച്ചറിന്റേയും പങ്ക് (ലക്ഷം മെട്രിക് ടൺ)




**അവലംബം:** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

സ്ഥാപിച്ച 521 യൂണിറ്റുകൾക്ക് പിന്തുണ നൽകുകയും, 114 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഈ യൂണിറ്റുകളിൽ നിന്ന് ഉല്പാദിപ്പിക്കുകയും ചെയ്തു. മത്സ്യബന്ധന വകുപ്പും മറ്റ് ഏജൻസികളും കൈവരിച്ച മത്സ്യവിത്ത് ഉല്പാദനത്തിന്റെ വിശദാംശങ്ങൾ **ചിത്രം 3.4.4** ൽ നൽകിയിരിക്കുന്നു.

മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുവേണ്ടി കൊല്ലം തേവള്ളിയിൽ സ്ഥാപിച്ചിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം മുഖേന, സംസ്ഥാനത്തുടനീളമുള്ള ഹാച്ചറികൾക്കാവശ്യമായ വിത്ത് ഉല്പാദിപ്പിക്കുകയും, വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ, മത്സ്യവിത്തുല്പാദനകേന്ദ്രങ്ങൾ, ഹാച്ചറികൾ എന്നിവയ്ക്കുള്ള രജിസ്ട്രേഷൻ സൗകര്യങ്ങളും ലഭ്യമാക്കുന്നു. ഇതുവരെ 1,243 ഹാച്ചറികളും ഫാമുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഉപജീവനവും സാമൂഹിക സുരക്ഷയും**

മത്സ്യത്തൊഴിലാളി ജനസംഖ്യ ഏകദേശം 10.71 ലക്ഷമാണ്, ഇത് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ മൂന്ന് ശതമാനമാണ്. ആകെ മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ സമുദ്രമേഖലയിൽ നിന്നുള്ള 8.25 ലക്ഷവും ഉൾനാടൻ മേഖലയിൽ നിന്നും 2.46 ലക്ഷവും ഉൾപ്പെടുന്നു. സംസ്ഥാനത്തെ 222 സമുദ്ര മത്സ്യഗ്രാമങ്ങളിലും, 113 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലുമാണ് ഇവർ വസിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.4.7** ൽ നൽകിയിരിക്കുന്നു. ഉപജീവനത്തിനായി മത്സ്യബന്ധനത്തിൽ ഏർപ്പെടുകയും, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ (കെ.എഫ്.ഡബ്ല്യൂ.എഫ്.ബി) രജിസ്റ്റർ ചെയ്യുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളാണ് സജീവ മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. 2024 ൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2.26 ലക്ഷമാണ്. സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം ഏറ്റവും കൂടുതൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലും തുടർന്ന് ആലപ്പുഴയിലുമാണ്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും കെ.എഫ്.ഡബ്ല്യൂ.എഫ്.ബി യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം 2024 ൽ 77,431 ആണ്. ജില്ല തിരിച്ചുള്ള സജീവ മത്സ്യത്തൊഴിലാളികളുടേയും, അനുബന്ധ മത്സ്യത്തൊഴിലാളികളുടേയും വിശദാംശങ്ങൾ **അനുബന്ധം 3.4.8** ൽ നൽകിയിരിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും, ഉപജീവനവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഫിഷറീസ് വകുപ്പിന് പുറമേ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയും വിവിധ പെൻഷൻ പദ്ധതികൾ, ഇൻഷുറൻസ് പദ്ധതികൾ, പാർപ്പിട പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. 2024-25 കാലഘട്ടത്തിൽ 2.26 ലക്ഷം മത്സ്യത്തൊഴിലാളികൾക്കും, 77,431 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും, ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന 1.36 ലക്ഷം സജീവ മത്സ്യത്തൊഴിലാളികൾക്കും, 14,130 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും പ്രയോജനം

ചിത്രം 3.4.4 2016-17 മുതൽ 2024-25 വരെയുള്ള മത്സ്യവിത്ത് ഉല്പാദനം (ലക്ഷത്തിൽ)




**അവലംബം:** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

ലഭിച്ചു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.4.9, 3.4.10** എന്നിവയിൽ നൽകിയിരിക്കുന്നു.

കടലിൽ അടിയന്തിര വൈദ്യസഹായം നൽകുന്നതിനായി തിരുവനന്തപുരത്ത് വിഴിഞ്ഞം, എറണാകുളത്ത് വൈപ്പിൻ, കോഴിക്കോട്ട് ബേപ്പൂർ എന്നിങ്ങനെ മൂന്ന് സോണുകളിലായി മറൈൻ ആമ്പുലൻസുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കടലിൽ അപകടത്തിലാകുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് കേരളത്തിലെ 15 ഹാർബറുകളിലായി 100 രക്ഷാസേനകളെ വ്യനിസിച്ചിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പ്രധാന തുറമുഖങ്ങളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു. സമുദ്ര മത്സ്യബന്ധന നിയമങ്ങൾ നടപ്പിലാക്കുന്നതിനും കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുമായി കേരളത്തിലെ 9 തീരദേശ ജില്ലകളിൽ 74 ലൈഫ് ഗാർഡുകളെയും 11 റെസ്ക്യൂ ബോട്ടുകളെയും ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ 7 ആഴക്കടൽ യാനങ്ങളും, 6,969 മോട്ടോറൈസ്ഡ് യാനങ്ങളും, 34,961 യന്ത്രവൽകൃതമല്ലാത്ത യാനങ്ങളും, 3,950 നോൺ മോട്ടോറൈസ്ഡ് യാനങ്ങളും ഉൾപ്പെടെ 45,887 മത്സ്യബന്ധന യാനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യബന്ധന തൊഴിലാളികൾക്ക് കടലിലുണ്ടാകുന്ന അപകടങ്ങളിൽ സഹായം നൽകുന്നതിനായി 2,883 മത്സ്യബന്ധന യാനങ്ങൾക്ക് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേന പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

യഥാസമയം കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദനക്ഷമമായ മത്സ്യബന്ധന മേഖലയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനുമായി വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ ഹാർബറുകളിലും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകളിലും (പ്രാദേശിക കേന്ദ്രങ്ങൾ) കെൽട്രോൺ മുഖേന 3 എൽ.ഇ.ഡി ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധനത്തിലേയ്ക്ക് മാറ്റുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ പ്രകാരം 10 അംഗങ്ങൾ വീതമുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന 15.00 കോടി രൂപയുടെ പദ്ധതി സർക്കാർ നടപ്പിലാക്കി.

## മത്സ്യഫെഡ്

പ്രാഥമിക തലത്തിലുള്ള 674 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ ഒരു അപെക്സ് ഫെഡറേഷനാണ് മത്സ്യഫെഡ്. ഇതിൽ 350 സംഘങ്ങൾ സമുദ്ര മേഖലയിലും 200 സംഘങ്ങൾ ഉൾനാടൻ മേഖലയിലും 124 എണ്ണം വനിതാ സംഘങ്ങളുമാണ്. ഈ സൊസൈറ്റികളിലെ ആകെ അംഗസംഖ്യ 4.35 ലക്ഷമാണ്. ഫെഡറേഷന്റെ ആകെ ഓഹരി മൂലധനം 150 കോടി രൂപയാണ്. ഭരണപരമായ സൗകര്യത്തിനായി പ്രൈമറി സൊസൈറ്റികളെ ഭൂമി ശാസ്ത്രപരമായ പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ 52 ക്ലസ്റ്ററുകളായി തിരിച്ചിരിക്കുന്നു. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വികസനത്തിനായി മത്സ്യത്തിന്റെയും മത്സ്യബന്ധന ഉല്പന്നങ്ങളുടേയും ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് മത്സ്യഫെഡിന്റെ ലക്ഷ്യം.

മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയം സഹായ സംഘങ്ങൾ രൂപപ്പെടുത്തുവാനും അതുവഴി സമ്പാദ്യശീലം

വളർത്തുവാനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്. മൈക്രോഫിനാൻസും, പലിശരഹിത വായ്പകളും നൽകുക വഴി മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 ൽ മൈക്രോ ഫിനാൻസിന്റെ പുത്തുണയോടെ 43.38 കോടി രൂപയുടെ സഹായം 10,358 ഗുണഭോക്താക്കൾക്ക് ലഭിച്ചു. കൂടാതെ 2024-25 ൽ 6,546 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് 12.783 കോടി രൂപയുടെ പലിശരഹിത വായ്പ ലഭ്യമാക്കി. മത്സ്യഫെഡിന്റെ "അന്തിപ്പച്ച", മത്സ്യത്തൊഴിലാളികളിൽ നിന്ന് നേരിട്ട് മത്സ്യം ശേഖരിച്ച് താപനില ക്രമീകൃത വാനിൽ തിരുവനന്തപുരം നഗരത്തിലും പരിസരങ്ങളിലും കൊണ്ടുപോകുന്നു. വിഷരഹിതവും, പോഷകഗുണവുമുള്ള മത്സ്യം വിതരണം ചെയ്യുന്നതിന് 16 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2024-25 ലെ വില്പന വിറ്റുവരവ് 938.80 ലക്ഷം രൂപയായിരുന്നു. വിപണിയിൽ അഞ്ച് പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൊണ്ടുവരികയും നിലവിലുള്ള രണ്ട് ഉല്പന്നങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ്', 'മത്സ്യഫെഡ് ട്രീറ്റ്സ്', 'മത്സ്യഫെഡ് ഫ്രെഷ്' എന്നീ പേരുകളിൽ പുനരാരംഭിക്കുകയും ചെയ്തു. 2024-25 വർഷത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിറ്റുവരവ് 32.6 ലക്ഷം രൂപയായിരുന്നു.

മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാ എണ്ണക്കമ്പനികളുമായി മത്സ്യഫെഡ് കരാർ ഒപ്പിട്ടിട്ടുണ്ട്. 2024-25 ൽ 6,589 ഗുണഭോക്താക്കൾക്ക് 14.75 കോടി രൂപയുടെ മണ്ണെണ്ണ സബ്സിഡി നൽകി. എറണാകുളം, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 1200 ടൺ ശേഷിയുള്ള മൂന്ന് നെറ്റ് ഫാക്ടറികൾ മത്സ്യഫെഡ് സ്ഥാപിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ വെബ്ബിങ്ങുകളുടെ വില്പന 4,433.04 ലക്ഷം രൂപ വിലമതിക്കുന്ന 739.32 ടണ്ണാണ് രേഖപ്പെടുത്തിയത്. മത്സ്യഫെഡിന് മീൻ വേസ്റ്റിൽ നിന്ന് വളം ഉല്പാദിപ്പിക്കുന്ന 10,000 ടൺ ഉല്പാദനക്ഷമതയുള്ളതും, 250.01 ലക്ഷം രൂപ വിലമതിക്കുന്ന 1,335 ടൺ വില്പന കൈവരിച്ചതുമായ ഫാക്ടറികൾ അഴീക്കോട്ടും, കോഴിക്കോട്ടും പ്രവർത്തിക്കുന്നുണ്ട്.

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, മാലിപ്പുറം, കോട്ടയം ജില്ലയിലെ പാലയക്കാരി എന്നിവിടങ്ങളിൽ മത്സ്യഫെഡിന്റെ മൂന്ന് മത്സ്യഫാമുകൾ പ്രവർത്തിക്കുന്നു. വാണിജ്യ അടിസ്ഥാനത്തിൽ കരിമീൻ, മിൽക്ക് ഫിഷ്, മുള്ളറ്റുകൾ, കൊഞ്ച്, ഞണ്ട് എന്നിവ ഈ ഫാമുകളിൽ ഉല്പാദിപ്പിക്കുന്നുണ്ട്. കരിമീൻ കൂട് കൃഷി രീതികൾ ഞാറയ്ക്കൽ, പാലയക്കാരി മത്സ്യഫാമുകളിലും, ഗിഫ്റ്റ് കൃഷി രീതി പാലയക്കാരി മത്സ്യഫാമിലും പരിശീലിപ്പിക്കുന്നുണ്ട്. ഞാറയ്ക്കൽ, മാലിപ്പുറം, പാലയക്കാരി എന്നീ പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദ അക്വാട്ടൂറിസം സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഒരു വർഷം 120 ദശലക്ഷം കൊഞ്ച്/ചെമ്മീൻ വിത്തുകൾ ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള നാല് ഹാച്ചറികൾ കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂർ ജില്ലയിലെ മാപ്പിളബേ എന്നീ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു. വിവിധ പരിപാടികളിലൂടെ മത്സ്യഫെഡ് കൈവരിച്ച നേട്ടങ്ങൾ **അനുബന്ധം 3.4.11** ൽ നൽകിയിരിക്കുന്നു.

**കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല**

ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാലയായ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) 2011 ഏപ്രിൽ 1 മുതൽ പ്രവർത്തനമാരംഭിച്ചു. ഫിഷറീസ്, അക്വാകൾച്ചർ, ഫിഷ് പ്രോസസ്സിംഗ്, ഫിഷറീസ് എഞ്ചിനീയറിംഗ്, സമുദ്ര പഠനം, ഫിഷറീസ് ആന്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ്, കാലാവസ്ഥാ പഠനങ്ങളും ദുരന്തനിവാരണവും, ഭക്ഷ്യ സാങ്കേതികവിദ്യ, മാനേജ്മെന്റ് ആന്റ് മാരിടൈം നിയമം എന്നീ മേഖലകളിലെ വിദഗ്ദ്ധ പ്രൊഫഷണലുകളുടെ ആവശ്യം ഈ യൂണിവേഴ്സിറ്റി നിറവേറ്റുന്നു. സർവ്വകലാശാലയുടെ ആസ്ഥാനം കൊച്ചിയിലെ പനങ്ങാട് ആണ്. കൂടാതെ പുതുവൈപ്പിലും പയ്യന്നൂരിലും ഗവേഷണ കേന്ദ്രങ്ങളുണ്ട്. നവീകരണത്തിനും സംരംഭകത്വത്തിനുമുള്ള ഒരു കേന്ദ്രമായി കുഫോസ് പ്രവർത്തിക്കുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് തുടങ്ങിയ സംഘടനകളുമായുള്ള സഹകരണം സംരംഭക ശൃംഖലയെ മെച്ചപ്പെടുത്തുന്നു. അടൽ ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി നീതി ആയോഗ്, കുഫോസ് ഇൻകുബേഷൻ സെന്ററിനെ തിരഞ്ഞെടുത്തത് നവീകരണാധിഷ്ഠിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

കുഫോസിൽ രണ്ട് ബിരുദ കോഴ്സുകളും, 27 ബിരുദാനന്തര കോഴ്സുകളും ആണ് നിലവിലുള്ളത്. അതുവഴി പ്രൊഫഷണലുകളുടെയും വിദഗ്ദ്ധരുടെയും ഒരു കൂട്ടത്തെ വാർത്തെടുക്കാൻ സാധിച്ചിട്ടുണ്ട്. ഫുഡ് ടെക്നോളജിയിലും ജിയോ ഇൻഫോർമാറ്റിക്സിലും സർവ്വകലാശാല പുതിയ എം.ടെക് പ്രോഗ്രാമുകൾ ആരംഭിച്ചു. സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ എണ്ണം 2011 ൽ ഏകദേശം 200 ൽ നിന്ന് 2024 ൽ 1,500 ൽ അധികമായി വർദ്ധിച്ചു. 2021-22 കാലയളവിൽ യൂണിവേഴ്സിറ്റിയ്ക്ക് യു.ജി.സി യുടെ 12 ബി പദവി ലഭിച്ചു. കാർഷിക അനുബന്ധ മേഖലകളിലെ സർവ്വകലാശാലകളിൽ ഇന്ത്യയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (എൻ.ഐ.ആർ.എഫ്), 2025 പ്രകാരം മുപ്പത്തിയൊന്നാം സ്ഥാനത്തെത്തിയ കുഫോസ്, അതിന്റെ പ്രധാന പങ്കാളികളായ മത്സ്യത്തൊഴിലാളി സമൂഹത്തിനുൾപ്പെടെ എല്ലാവർക്കും തുല്യവും ഗുണനിലവാരവുമുള്ളതുമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നു. 2025 ൽ സർവ്വകലാശാല നാക് അക്രഡിറ്റേഷനിൽ 'എ' ഗ്രേഡും നേടി.

ഐ.എസ്.ആർ.ഒ, ഐ.എൻ.സി.ഒ.ഐ.എസ്, ഐ.സി.എസ്.എസ്.ആർ, ബോൺമൗത്ത്, പ്ലൈമൗത്ത് യൂണിവേഴ്സിറ്റികൾ (യു.കെ), നോഫിമ (നോർവേ) എന്നിവയുമായി സഹകരിച്ച് കുഫോസ് ശക്തമായ ഒരു ഗവേഷണ സംസ്കാരം കെട്ടിപ്പടുത്തിട്ടുണ്ട്. അറബിക്കടലിന്റെ ഉല്പാദനക്ഷമതാ മാതൃക, ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളുടെ ആരോഗ്യ വിലയിരുത്തൽ, കേരളത്തിലെ ഭക്ഷ്യസുരക്ഷയെയും പോഷകാഹാരക്കുറവിനെയും കുറിച്ചുള്ള

പഠനങ്ങൾ എന്നിവയാണ് പ്രധാന പദ്ധതികൾ. തീരദേശ സമൂഹങ്ങളുടെയും ആവാസവ്യവസ്ഥയുടെയും ക്ഷേമത്തിന് സംഭാവന നൽകുന്ന ഒരു മുൻനിര സ്ഥാപനമായി മാറാൻ കുഫോസ് ലക്ഷ്യമിടുകയാണ്. ശേഷി വർദ്ധിപ്പിക്കൽ, ഉപദേശങ്ങൾ, സാങ്കേതിക കൈമാറ്റം എന്നിവയിലൂടെ കുഫോസ് മത്സ്യത്തൊഴിലാളി സമൂഹങ്ങളുമായി സജീവമായി ഇടപഴകുന്നു. മത്സ്യത്തൊഴിലാളികൾക്കും സംരംഭകർക്കും വേണ്ടിയുള്ള മലയാള ജേണലായ 'നീരധം' സർവ്വകലാശാല പ്രസിദ്ധീകരിക്കുകയും കർഷക കേന്ദ്രീകൃത പരിശീലന പരിപാടികൾ നടത്തി വരികയും ചെയ്യുന്നു. കുഫോസിന്റെ സംരക്ഷണ, പുനരുദ്ധാരണ പദ്ധതികളുടെ ഭാഗമായി വംശനാശഭീഷണി നേരിടുന്ന മത്സ്യ ഇനങ്ങളായ ഡോക്കിൻസിയ എക്സ്ക്ലമാറ്റിയോ, മഞ്ഞക്കൂരി, ഓലീവ് ബാർബ് (കുറവ) എന്നിവ നദികളിലേയ്ക്കും ജലസംഭരണികളിലേയ്ക്കും തുറന്നു വിടുന്നത് ഉൾപ്പെടുന്നു.

**കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ)**

അലങ്കാര മത്സ്യകർഷകർക്കും ആഭ്യന്തര, അന്തർദേശീയ വിപണികൾക്കുമിടയിൽ ഒരു ശക്തമായ സംയോജനം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ അലങ്കാര മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'കാവിൽ'. അലങ്കാര മത്സ്യബന്ധന മേഖലയുടെ സമഗ്രമായ വിപുലീകരണത്തിനായി ഉല്പാദനം, വിപണനം, ശേഷി വികസനം, മനുഷ്യവിഭവശേഷി വികസനം എന്നിവയിൽ ഒരു സംയോജനം കാവിൽ വികസിപ്പിച്ചെടുത്തു. അതിലൂടെ സാമ്പത്തിക വരുമാനത്തിനും വിദേശ നാണ്യ വരുമാനത്തിനും വലിയ സാധ്യതകൾ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ 534 ഹോംസ്റ്റെഡ് യൂണിറ്റുകൾക്ക് അലങ്കാര മത്സ്യ ഉല്പാദനത്തിനും വളർത്തലിനുമുള്ള പരിശീലനം, സാങ്കേതിക, സാമ്പത്തിക സഹായം കാവിൽ നൽകുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മൊത്ത, ചില്ലറ വിതരണ ശൃംഖലകൾ വഴി ആഭ്യന്തര വിപണിയിൽ മത്സ്യം വിൽക്കുന്നതിനും കാവിൽ കർഷകരെ പിന്തുണയ്ക്കുന്നു. പുതിയ ഹോംസ്റ്റെഡ് യൂണിറ്റുകൾക്കും ഇടത്തരം യൂണിറ്റുകൾക്കും പി.എം.എം.എസ്.വൈ യുടെ കീഴിലുള്ള സംയോജിത യൂണിറ്റുകൾക്കും ഫിഷറീസ് വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. 2022 മുതൽ 2025 വരെ ആകെ 3.50 ലക്ഷം മത്സ്യ വിത്തുകൾ ഉല്പാദിപ്പിച്ചു. സുതാര്യവും കർഷക കേന്ദ്രീകൃതവുമായ വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർണായക വേദികളായി ഉയർന്നുവന്ന വാങ്ങുന്നവർ-വിൽപ്പനക്കാരുടെ മീറ്റുകളിലൂടെ നേരിട്ടുള്ള വിപണി ഇടപെടലുകൾക്കും കാവിൽ ശക്തമായ ഊന്നൽ നൽകി. അലങ്കാര മത്സ്യബന്ധനത്തിന്റെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒന്നും രണ്ടും മൂന്നും ഘട്ടം പദ്ധതികളുടെ നേട്ടങ്ങൾ 2022 മുതൽ 2025 വരെ വിവിധ മേഖലകളിൽ കാര്യമായ പുരോഗതി പ്രകടമാക്കുന്നു. ഈ കാലയളവിൽ ആകെ വില്പന 182.14 ലക്ഷത്തിലെത്തുകയും ചെയ്തു.

**സ്ത്രീ ശാക്തീകരണം**

സ്ത്രീകൾ ചെറുകിട മത്സ്യബന്ധന മേഖലയിലെ മൂല്യ ശൃംഖലയിലെ എല്ലാ കണ്ണികളിലും, പ്രത്യേകിച്ച് മത്സ്യങ്ങളുടെയും മറ്റ് മത്സ്യബന്ധന ഉല്പന്നങ്ങളുടെയും സംസ്കരണത്തിലും വിപണനത്തിലും നിർണായക പങ്ക് വഹിക്കുന്നു. മത്സ്യവില്പന, മത്സ്യം ഉണക്കൽ, ചെമ്മീൻ തൊലി കളയൽ, തരംതിരിക്കൽ, പായ്ക്കിംഗ്, വല നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. വിധവാ പെൻഷൻ, കുറഞ്ഞ പലിശ വായ്പ, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, ഭവന നിർമ്മാണം തുടങ്ങി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സാമൂഹിക സംരക്ഷണ നടപടികൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം മെച്ചപ്പെടുത്തുന്നതിൽ വളരെ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്തി, പ്രാദേശികതല വികസനത്തിന് വഴിയൊരുക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണ് സൊസൈറ്റി ഫോർ അസിസ്റ്റന്റ് ടു ഫിഷർ വുമൺ (സാഫ്). മത്സ്യത്തൊഴിലാളി സ്ത്രീകളെ മുഖ്യധാരാ സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് സംയോജിപ്പിക്കുന്നതിന്, അവരുടെ സംരംഭക കഴിവുകൾ വികസിപ്പിക്കുന്നതിലും പ്രാദേശിക വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നിരവധി സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിലും സാഫ് ശ്രദ്ധ കേന്ദ്രീകരിച്ചു. 2024-25 വർഷത്തിൽ, 856 മത്സ്യത്തൊഴിലാളി സ്ത്രീ ഗുണഭോക്താക്കൾ സംരംഭകരായി മാറി, 1,656 മത്സ്യത്തൊഴിലാളി സ്ത്രീ ഗുണഭോക്താക്കൾക്ക് വിവിധ കാര്യശേഷി വർദ്ധന പരിപാടികൾക്ക് കീഴിൽ പരിശീലനം നൽകി. കൂടാതെ, 1,027 ഗുണഭോക്താക്കളുടെ 377 ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത പ്രവർത്തന മൂലധന റിവോൾവിംഗ് ഫണ്ട് നൽകി. പഴയ യന്ത്രങ്ങൾ മാറ്റുന്നതിനും സാങ്കേതിക വിദ്യ നവീകരിക്കുന്നതിനും നിലവിലുള്ള ബിസിനസ്സ് നഷ്ടത്തിലാണെങ്കിൽ കൂടുതൽ ലാഭകരമായതിലേയ്ക്ക് മാറുന്നതിനുള്ള പിന്തുണയും നൽകുന്നു. 328 ഗുണഭോക്താക്കൾ അടങ്ങുന്ന 125 മൈക്രോ സംരംഭങ്ങൾക്ക് അവരുടെ മൈക്രോ സരംഭങ്ങളുടെ വികസനത്തിനായി ഏറ്റെടുത്ത വായ്പയുടെ 5 ശതമാനം പലിശ സബ്സിഡി നൽകി.

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് ജില്ലകളിലെ 5,260 മത്സ്യത്തൊഴിലാളി സ്ത്രീ ഗുണഭോക്താക്കൾക്കായി 1,052 ജെ.എൽ.ജി കൾക്ക് ഏഴാം ഘട്ടമായി ഒരു ലക്ഷം രൂപ/ജെ.എൽ.ജി പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. സംരംഭങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ബ്രാൻഡിംഗിലും വിപണനത്തിലും ഇത് സഹായിക്കുന്നു. 2024-25 വർഷത്തിൽ സാഫ് യൂണിറ്റുകൾക്ക് നിലവിലെ ഓൺലൈൻ വില്പന സമ്പ്രദായത്തിൽ നിന്നു മാത്രം 1,810.94 ലക്ഷം രൂപ വില്പന നേടാൻ സാധിച്ചു. വിവിധ മേളകളിലും പ്രദർശനങ്ങളിലും 732 സാഫ് ഗുണഭോക്താക്കൾ പങ്കെടുക്കുകയും 52.48 ലക്ഷം രൂപയുടെ വില്പന നടത്തുകയും ചെയ്തു.

തീരമൈത്രി മൈക്രോ എന്റർപ്രൈസ് യൂണിറ്റുകൾ 2024-25 കാലയളവിൽ 150.95 കോടി രൂപയുടെ വാർഷിക വില്പന കൈവരിച്ചു. സപ്ലൈകോ മാവേലി ഉല്പന്നങ്ങളുടെ ഒരു ഔട്ട്‌ലറ്റായി പ്രവർത്തിച്ചുകൊണ്ട് തീരമൈത്രി സൂപ്പർമാർക്കറ്റുകളുടെയും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകളുടെയും സുസ്ഥിരത ഉറപ്പാക്കുക എന്നതാണ് തീരമൈത്രി പദ്ധതി ലക്ഷ്യമിടുന്നത്. 2024-25 ൽ തീരമൈത്രി

**ബോക്സ് 3.4.1** മത്സ്യമേഖലയിൽ വനിത ചെറുകിട സംരംഭങ്ങൾ കൈവരിച്ച നേട്ടങ്ങൾ

എറണാകുളം ജില്ലയിലെ മൂന്ന് മത്സ്യത്തൊഴിലാളി സ്ത്രീകൾ ചേർന്ന് 2007 ൽ രൂപീകരിച്ച ഒരു മുൻനിര സംരംഭമാണ് മുത്ത് ആക്റ്റിവിറ്റി ഗ്രൂപ്പ്. ഉണക്കമത്സ്യ നിർമാണത്തോടെയാണ് ഇവർ പ്രവർത്തനം ആരംഭിച്ചത്. 2010 ൽ സാഫിന്റെ തീരമൈത്രി പദ്ധതിയിൽ ചേർന്നതിനുശേഷം അവർക്ക് സ്വന്തമായി ഒരു ഷോപ്പ് നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ നവീകരിക്കുന്നതിനുമുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായം ലഭിച്ചു. സാഫിന്റെ പരിശീലനവും സാങ്കേതിക സഹായവും ഉപയോഗിച്ച് സംഘം, മൂല്യവർധിത ഉത്പന്നങ്ങൾ, ആകർഷകമായ പാക്കേജിംഗ്, ഗാർഹിക ഡെലിവറിയോടുകൂടിയ ഓൺലൈൻ വില്പന, ഡിജിറ്റൽ പേയ്മെന്റ് സൗകര്യങ്ങൾ എന്നിവ സ്വീകരിച്ചു. 2024–25 ൽ വാർഷിക വിറ്റുവരവ് 1.74 കോടി രൂപയിലെത്തി. ന്യായമായ വിലയ്ക്ക് മത്സ്യം വാങ്ങുന്നതിലൂടെ അറുപതിലധികം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഇവർ പിന്തുണയ്ക്കുകയും ചെയ്യുന്നു. അവരുടെ നേട്ടങ്ങൾ 2017 ലും 2022 ലും സഫലം പരിപാടിയിൽ 'ബെസ്റ്റ് ആക്റ്റിവിറ്റി ഗ്രൂപ്പ്' അവാർഡുകൾ ലഭിക്കാൻ സഹായിച്ചു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിതോപാധി മെച്ചപ്പെടുത്തുകയും പ്രാദേശിക സമൂഹത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നതിൽ കൂട്ടായ ശ്രമം, നവീകരണം, സ്ഥാപനങ്ങളുടെ പിന്തുണ എന്നിവ എങ്ങനെ നിർണായകമാണെന്ന് തെളിയിക്കുന്ന മികച്ച ഉദാഹരണമായിട്ടാണ് മുത്ത് ആക്റ്റിവിറ്റി ഗ്രൂപ്പ് നിലകൊള്ളുന്നത്.

മൈലാഞ്ചി ആക്റ്റിവിറ്റി ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള മൈലാഞ്ചി ബ്യൂട്ടി പാർലർ, സാഫിന്റെ സാമ്പത്തിക സഹായത്തോടെ, 2015 ൽ കൈപ്പമംഗലത്തിൽ പ്രവർത്തനം ആരംഭിച്ചു. നാല് മത്സ്യത്തൊഴിലാളി സ്ത്രീകൾ ചേർന്ന് രൂപീകരിച്ച ഗ്രൂപ്പ് 1.98 ലക്ഷം രൂപയുടെ ചെലവിൽ യൂണിറ്റ് ആരംഭിച്ചു. ഇതിൽ ഭൂരിഭാഗം തുകയും സാഫ് സബ്സിഡിയായി നൽകി. അംഗങ്ങൾക്ക് സൗന്ദര്യ സംരക്ഷണ കഴിവുകൾ നേടിയെടുക്കുന്നതിന് ആവശ്യമായ വിവിധ പരിശീലന പരിപാടികളും സാഫ് ഒരുക്കി. 2020 ൽ സംഘം സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഒരു സ്റ്റുഡിയോ ആരംഭിച്ച് പ്രവർത്തനം വിപുലീകരിച്ചു. തുടർന്ന് 2023 ൽ, വലപ്പാടിലെ ഏടമുട്ടത്തിൽ രണ്ടാമത്തെ ശാഖയും പ്രവർത്തനം തുടങ്ങി. യൂണിറ്റിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി സാഫ് സാങ്കേതിക നവീകരണം, പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ, ബാങ്ക് വായ്പയുടെ പലിശ സബ്സിഡി, സ്ഥിരമായ മെന്ററിംഗ് എന്നിവയും നൽകി. 2024–25 സാമ്പത്തിക വർഷത്തിൽ 14.2 ലക്ഷം രൂപയുടെ മൊത്തം വില്പന കരസ്ഥമാക്കി.

**അവലംബം:** മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ

യൂണിറ്റുകൾ 1,493.36 ലക്ഷം രൂപയുടെ മൊത്തം വില്പന നടത്തി. തങ്ങളുടെ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മൈക്രോ എന്റർപ്രൈസ് (ഡി.എം.ഇ) യൂണിറ്റുകളുടെ വില്പന വർദ്ധിപ്പിക്കുന്നതിനുമായി സാഫ് എല്ലാ ജില്ലകളിലും പ്രതിമാസ വില്പന മീറ്റിംഗുകൾ സംഘടിപ്പിച്ചു. 467 വാണിജ്യ സ്റ്റാളുകളിലൂടെയും 45 ഭക്ഷണ സ്റ്റാളുകളിലൂടെയും 2,410 ഗുണഭോക്താക്കൾ പങ്കെടുത്ത 470 വില്പന മീറ്റിംഗുകൾ നടന്നു. ഇതിലൂടെ ആകെ 51.42 ലക്ഷം രൂപയുടെ വില്പന കരസ്ഥമാക്കി.

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ആസാപ്) – ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് മത്സ്യത്തൊഴിലാളി സമൂഹത്തിലെ വിദ്യാസമ്പന്നരായ 25 യുവതികൾക്ക് ഡിജിറ്റൽ മീഡിയ, മാർക്കറ്റിംഗ്, അഡ്വർടൈസിംഗ് ഡിസൈൻ എന്നിവയെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ് നൽകി. യൂണിറ്റുകളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി സാഫ് പ്രോജക്ട് ക്ലിനിക്കുകൾ നടത്തി. ഈ സംരംഭത്തിന് കീഴിൽ ആകെ 610 പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും പ്രോജക്ട് ക്ലിനിക്കിന് ശേഷം 104 യൂണിറ്റുകൾ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. സാഫ് നടപ്പിലാക്കിയ വിവിധ പരിപാടികളുടെ നേട്ടം **അനുബന്ധം 3.4.12** ൽ നൽകിയിരിക്കുന്നു.

### ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

മത്സ്യത്തൊഴിലാളികൾ, വ്യാപാരികൾ, സേവന ദാതാക്കൾ എന്നിവർ ഒത്തുചേർന്നു ഉല്പാദനത്തിൽ നിന്ന് വിപണിയിലേക്കുള്ള മത്സ്യങ്ങളുടെ സുഗമമായ ഒഴുക്ക് സാധ്യമാക്കുന്ന ഒരു സുപ്രധാന കേന്ദ്രമാണ് മത്സ്യബന്ധന തുറമുഖം. ഉത്തരവാദിത്തമുള്ളതും സുസ്ഥിരവുമായ മത്സ്യബന്ധനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു. ബ്രേക്ക് വാട്ടറുകൾ, വാർഫ്, ലേലഹാൾ, ലോഡിംഗ് ഏരിയ, പാർക്കിംഗ് സ്ഥലം, അനുബന്ധ റോഡുകൾ, ചുറ്റുമതിൽ, സാനിട്ടറി സൗകര്യങ്ങൾ, ജലവിതരണം, വൈദ്യുതീകരണ ക്രമീകരണങ്ങൾ എന്നിവയാണ് മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രധാന ഘടകങ്ങൾ. കടമുറികൾ, ലോക്കർ റൂമുകൾ, വിശ്രമ ഷെഡുകൾ, നെറ്റ് മെന്റിംഗ് ഷെഡുകൾ, വർക്ക്ഷോപ്പ് കെട്ടിടങ്ങൾ തുടങ്ങിയ മറ്റ് സൗകര്യങ്ങൾ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. മത്സ്യബന്ധന തുറമുഖങ്ങളുടേയും ഫിഷ്ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണം, പരിപാലനം, പ്രവർത്തനം, നിർവ്വഹണം എന്നിവയുടെ ഉത്തരവാദിത്തം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ്.

കേരളത്തിൽ 26 മത്സ്യബന്ധന തുറമുഖങ്ങളുണ്ട്. ഇതിൽ 23 തുറമുഖങ്ങൾ പ്രവർത്തനക്ഷമവും 3 ഹാർബറുകളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടുമിരിക്കുന്നു. കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥാനവും, നിലവിലെ അവസ്ഥാ റിപ്പോർട്ടും **അനുബന്ധം 3.4.13** ൽ നൽകിയിരിക്കുന്നു. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും, ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിൽ നിന്നും 2024–25 ൽ ലഭ്യമായ മൊത്തം വരുമാനം 11.24 കോടി രൂപയാണ്. ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചത് നീണ്ടകര തുറമുഖത്തു നിന്നും തുടർന്ന് ശക്തികുളങ്ങരയിൽ നിന്നുമാണ്. ആകെ ലഭ്യമായ വരുമാനത്തിന്റെ 60 ശതമാനവും നീണ്ടകര, ശക്തികുളങ്ങര, വെള്ളയിൽ, ബേപ്പൂർ, തങ്കശ്ശേരി എന്നീ തുറമുഖങ്ങളിൽ നിന്നുമാണ്. മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്ന് ലഭ്യമായ വരുമാനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.4.14** ൽ നൽകിയിരിക്കുന്നു.

പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന് പുറമേ, നിലവിലുള്ള ഹാർബറുകളുടെ നവീകരണം, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, റോഡുകൾ, പാലങ്ങൾ, ലോക്കർ റൂമുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നബാർഡ് – ആർ.ഐ.ഡി.എഫ് ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XXVI ന്റെ ഭാഗമായി തങ്കശ്ശേരി, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങളിൽ അധിക സൗകര്യങ്ങൾ, നീണ്ടകര മത്സ്യബന്ധന ഹാർബറിന്റെ (ശക്തികുളങ്ങര ഭാഗം) വിപുലീകരണവും നവീകരണവും, കായംകുളം മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ് സൗകര്യങ്ങൾ എന്നിവയ്ക്കുമായി 57.44 കോടി രൂപയുടെ നാല് പദ്ധതികൾ അനുവദിച്ചു. ഇതിൽ, നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നിലവിലുള്ള ഘടനകളുടെ അധിക സൗകര്യങ്ങളും പരിപാലനവും കായംകുളം മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ് സൗകര്യങ്ങളും പൂർത്തിയായി. ആർ.ഐ.ഡി. എഫ് XXVII ൽ താനൂർ, വെള്ളയിൽ, ചെല്ലാനം മത്സ്യബന്ധന ഹാർബറുകളിലും വലിയഴീക്കൽ ഫിഷ് ലാൻഡിംഗ് സെന്ററിലും അധിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 55.55 കോടി രൂപയുടെ നാല് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXVIII ൽ കരുനാഗപ്പള്ളിയിലെ ആലപ്പാട് അഴീക്കൽ, കണ്ണൂരിലെ അഴീക്കൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനുമായി 50.94 കോടി രൂപയുടെ രണ്ട് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXIX ൽ, മലപ്പുറത്തെ പൊന്നാനി ഫിഷിംഗ് ഹാർബറിനും കണ്ണൂരിലെ ചാലിൽ ഗോപാലപേട്ട ഫിഷ് ലാൻഡിംഗ് സെന്റർ വികസനത്തിനുമായി 28.09 കോടി രൂപയുടെ രണ്ട് പദ്ധതികൾ അനുവദിച്ചു. ആർ.ഐ.ഡി.എഫ് XXX ൽ തൃശ്ശൂരിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെയും കൊല്ലത്തെ തങ്കശ്ശേരി ഫിഷിംഗ് ഹാർബറിന്റെയും നവീകരണത്തിനും അനുബന്ധ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 58.30 കോടി രൂപയുടെ രണ്ട് പദ്ധതികൾ അനുവദിച്ചു.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

മത്സ്യത്തൊഴിലാളികൾക്കായി റോഡുകൾ, മാർക്കറ്റുകൾ, വീടുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി) മത്സ്യമേഖലയിൽ വ്യക്തമായ പുരോഗതി കൊണ്ടുവന്നു. നബാർഡിന്റെ പിന്തുണയോട് 500 കോടി രൂപയുടെ മൊത്തം അടങ്കലിൽ നടപ്പാക്കുന്ന 'കോസ്റ്റൽ പ്രോസ്പെരിറ്റി ഇനിഷ്യേറ്റീവ് ആന്റ് മാനേജ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.സി.എ.ഡി.സി യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 'സൗര പ്രോജക്ട്' ഉൾപ്പെടെയുള്ള സോളാർ പദ്ധതികളുടെ ദേശീയ കൺസൾട്ടന്റായി കെ.എസ്.സി.എ.ഡി.സി യെ എംപാനൽ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിന്, ആധുനിക മത്സ്യ മാർക്കറ്റുകൾ, ശീതീകരണ സൗകര്യങ്ങൾ, സംസ്കരണ യൂണിറ്റുകൾ എന്നിവയുൾപ്പെടെ അത്യാധുനിക മത്സ്യ വിപണന അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.സി.എ.ഡി.സി സജീവമായി വികസിപ്പിക്കുന്നു. മഞ്ചേശ്വരം, തലായി, ചേറ്റുവ, കൊല്ലം താന്നി എന്നിവിടങ്ങളിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായി. 'ഡ്രിഷ് കേരള' എന്ന പേരിൽ ബ്രാൻഡ് ചെയ്തിട്ടുള്ള വിവിധ ഉണക്കിയ മൂല്യവർധിത മത്സ്യ ഉല്പന്നങ്ങളുടെ വിപണനം കമ്പനിയുടെ വാണിജ്യ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കിഫ്ബി ഫണ്ടിൽ (19.57 കോടി രൂപ) നടപ്പാക്കിയ തിരുവനന്തപുരം പൂന്തുറയിലെ തീരസംരക്ഷണവും ബീച്ച് ലാൻഡിംഗ് സൗകര്യവും ഉൾപ്പെടുന്ന പൈലറ്റ് പദ്ധതി കേരളത്തിലെ തീരസംരക്ഷണ മേഖലയിലെ ഒരു വഴിത്തിരിവായ ഇടപെടലായി മാറിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 100 മീറ്റർ നീളമുള്ള രണ്ട് ജിയോട്യൂബ് സെഗ്മെന്റുകൾ വിജയകരമായി സ്ഥാപിച്ചു.

**2024-25 ൽ മത്സ്യബന്ധന മേഖലയിലെ പ്രധാന നേട്ടങ്ങൾ**

- 2024 ൽ രാജ്യത്തെ ഏറ്റവും മികച്ച സമുദ്ര മത്സ്യമേഖല സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിനും മികച്ച സമുദ്ര ജില്ലയ്ക്കുള്ള അവാർഡ് കൊല്ലത്തിനും ലഭിച്ചു.
- 2021, 2023, 2024 എന്നീ വർഷങ്ങളിൽ, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ മത്സ്യഫെഡിന് മികച്ച പ്രദർശകനുള്ള അവാർഡ് ലഭിച്ചു.
- റിസർവോയർ മത്സ്യ വികസന പരിപാടിയുടെ ഭാഗമായി പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിലെ 12 ജലസംഭരണികളിലായി 39.474 ലക്ഷം മത്സ്യവിത്തുകൾ സംഭരിച്ചു. ഈ പദ്ധതിയുടെ ഫലമായി 1,937.269 മെട്രിക് ടൺ മത്സ്യ ഉല്പാദനം നടന്നു.
- മലിനീകരണം കുറയ്ക്കുന്നതിന്റെയും മത്സ്യബന്ധന ബോട്ടുകളിൽ നിന്നുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന്റെയും ഭാഗമായി, 2024-25 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മത്സ്യബന്ധന ബോട്ടുകളിലെ 117 മണ്ണെണ്ണ ഒ.ബി.എം (ഔട്ട് ബോർഡ് മോട്ടോറുകൾ) എൽ.പി.ജി ഇന്ധനമാക്കി മാറ്റി.
- സമുദ്ര മത്സ്യ സംരക്ഷണവും മാനേജ്മെന്റും പദ്ധതിയുടെ ഭാഗമായി, 225 ഗുണഭോക്താക്കൾക്ക് ആകെ 439 സ്ക്വയർ മെഷ് കോഡെൻഡുകൾ വിതരണം ചെയ്തു.
- 'തീരമാവേലി' യൂണിറ്റുകൾ മുഖേന 1,493.36 ലക്ഷം രൂപയുടെ മൊത്തം വില്പന നേടി.
- കടലിലെ മത്സ്യബന്ധന അപകടങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന നഷ്ടത്തിൽ നിന്ന് സഹായിക്കുന്നതിനായി 2,883 മത്സ്യബന്ധന യാനങ്ങൾക്ക് ഓറിയന്റൽ ഇൻഷുറൻസ് കമ്പനി മുഖേന ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. 2024-25 ൽ, 511 രക്ഷാപ്രവർത്തനങ്ങളിലായി 511 മത്സ്യബന്ധന ബോട്ടുകളെയും 5,896 മത്സ്യത്തൊഴിലാളികളെയും രക്ഷപ്പെടുത്തി.
- ദത്തെടുക്കൽ പദ്ധതിയുടെ ഭാഗമായി അച്ഛനും അമ്മയും ഇല്ലാത്ത 45 മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളെ ദത്തെടുക്കുകയും അവരുടെ ബിരുദ പഠന പൂർത്തീകരണത്തിനായി 19.23 ലക്ഷം രൂപ ധനസഹായം നൽകുകയും ചെയ്തു.
- തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ ആരോഗ്യ സംരക്ഷണവും ലഹരിവിരുദ്ധ അവബോധവും പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ 175 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. മത്സ്യത്തൊഴിലാളികളെ ലഹരിയിൽ നിന്ന് രക്ഷിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ പങ്കാളിത്തത്തോടെ തീരദേശത്ത് 'ലഹരി വിമുക്തി' എന്ന പരിപാടി സംഘടിപ്പിച്ചു.
- 'പുനർഗേഹം' പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്കായി 738 ഫ്ലാറ്റുകൾ കൈമാറുകയും തിരുവനന്തപുരം, ആലപ്പുഴ,

മലപ്പുറം, കോഴിക്കോട്, കാസറഗോഡ് ജില്ലകളിലായി 788 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇതുവരെ, 2,625 വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി, 1,271 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

- 'സാന്ത്വനതീരം' പദ്ധതി പ്രകാരം, മാരകമായ രോഗങ്ങളുടെ തുടർ ചികിത്സക്കായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി സാമ്പത്തിക സഹായം അനുവദിച്ചു. 2024-25 ൽ ഇതിനായി 96.74 ലക്ഷം രൂപ വിനിയോഗിച്ചു.
- ആർ.ഐ.ഡി.എഫ് XXVI ന്റെ ഭാഗമായി നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നിലവിലുള്ള സംവിധാനങ്ങളിൽ അധിക സൗകര്യങ്ങളും പരിപാലനവും കായംകുളം മത്സ്യബന്ധന തുറമുഖത്ത് അധിക ബെർത്തിംഗ് സൗകര്യങ്ങളും പൂർത്തിയാക്കുകയും ചെയ്തു.
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 801 ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ വിതരണം ചെയ്തു.
- ലോ കാർബൺ സൊല്യൂഷനുമായി സഹകരിച്ച് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്), ഇന്ത്യയിലെ ആദ്യത്തെ മൈക്രോ ആൽഗകളെ അടിസ്ഥാനമാക്കിയുള്ള ബാഹ്യ 'ലിക്വിഡ് ട്രീ' പുറത്തിറക്കി, ഇത് നഗര വായു ഗുണനിലവാര മാനേജ്മെന്റിനായി രൂപകല്പന ചെയ്ത ഒരു പ്രോട്ടോടൈപ്പാണ്.
- സ്വയം-യുജിസി പ്ലാറ്റ്ഫോം മുഖേന "ആർട്ടിക് മനസ്സിലാക്കൽ; കാലാവസ്ഥയും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയും" എന്ന വിഷയത്തിൽ കുഫോസ് ഒരു മാസിവ് ഓൺലൈൻ കോഴ്സ് (എം.ഒ.ഒ.സി) ആരംഭിച്ചു. ആർട്ടിക്കിന്റെ കാലാവസ്ഥ, പാരിസ്ഥിതിക വെല്ലുവിളികൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള ആഘാതങ്ങൾ എന്നിവയിൽ ഈ കോഴ്സ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**മുന്നോട്ടുള്ള വഴി**

കേരളത്തിന്റെ പ്രാഥമിക സാമ്പത്തിക മേഖലയിൽ മത്സ്യബന്ധന മേഖല നിർണായക പങ്ക് വഹിച്ചു കൊണ്ടിരിക്കുകയാണ്. ഇത് ഒരു ദശലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കുകയും സംസ്ഥാനത്തിന്റെ ആഹാരവും പോഷക ആവശ്യങ്ങളും നിറവേറ്റുന്നതിൽ ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നു. പി.എം.എം.എസ്.വൈ, ജനകീയ മത്സ്യകൃഷി, കിഫ്ബി സഹായത്തോടെ നടപ്പാക്കിയ അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവയുടെ തന്ത്രപരമായ ഇടപെടലുകളുടെ പിന്തുണയോടെ 2024-25 ൽ, കേരളം 6.47 ലക്ഷം മെട്രിക് ടൺ സമുദ്ര മത്സ്യോല്പാദനം രേഖപ്പെടുത്തി. കൂട് കൃഷി, അലങ്കാര മത്സ്യകൃഷി, ഉപ്പുവെള്ള മത്സ്യകൃഷി തുടങ്ങിയ ജലകൃഷി വൈവിധ്യവൽക്കരണത്തിലെ കേന്ദ്രീകൃത ശ്രമങ്ങൾ, പ്രത്യേകിച്ച് സ്ത്രീകൾക്കും യുവാക്കൾക്കും, കൂടുതൽ ഉപജീവന അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും, കാലാവസ്ഥാ വ്യതിയാനവും ഉയർന്നുവരുന്ന ജല താപനിലയും ഉല്പാദനക്ഷമതയേയും പരിസ്ഥിതി സ്ഥിരതയേയും പ്രതികൂലമായി ബാധിക്കുന്ന പ്രധാന വെല്ലുവിളികളായി തുടരുന്നു. കോൾഡ് ചെയിൻ ശൃംഖലയുടെയും പ്രോസസ്സിംഗ് സൗകര്യങ്ങളുടെയും അപര്യാപ്തത മൂലം വിളവെടുപ്പിനുശേഷമുള്ള നഷ്ടങ്ങൾ ഇപ്പോഴും ഉയർന്ന നിലയിലാണ്.

മൂല്യവർദ്ധനവ് ശക്തിപ്പെടുത്തുന്നതിന് വളരെയധികം സാധ്യതകളുണ്ട്, കൂടാതെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി ഒരു കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കുന്നത് മേഖലയുടെ വളർച്ചാ സാധ്യതകളെ ഗണ്യമായി വർദ്ധിപ്പിക്കും. സാങ്കേതികവിദ്യ, പാരിസ്ഥിതിക സംരക്ഷണം, സമൂഹ പങ്കാളിത്തം എന്നിവ സംയോജിപ്പിക്കുന്ന ഒരു സന്തുലിത സമീപനം സുസ്ഥിര വികസനത്തിന് അത്യാവശ്യമാണ്. അതേസമയം, ആവാസ വ്യവസ്ഥ പുനസ്ഥാപനം, നിയന്ത്രിത മത്സ്യബന്ധനം, കാലാവസ്ഥാ-പ്രതിരോധശേഷിയുള്ള രീതികൾ എന്നിവയുൾപ്പെടെയുള്ള ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള രീതികൾ സമുദ്ര ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻ സഹായിക്കും. നിശ്ചിത മുൻഗണനകളെക്കുറിച്ചുള്ള മികച്ച ധാരണയെ അടിസ്ഥാനമാക്കിയുള്ള കൂടുതൽ വ്യവസ്ഥാപിത സമീപനം മേഖലയെ സമഗ്രമായ സമുദ്രാധിഷ്ഠിത സുസ്ഥിര വളർച്ചയിലേയ്ക്ക് നയിക്കാൻ സഹായിക്കും. നൈപുണ്യ വികസനവും സംരംഭകത്വ പിന്തുണയും പുതിയ അവസരങ്ങൾ സൃഷ്ടിക്കും. മാത്രമല്ല, ഗവേഷണ സംരക്ഷണ മേഖലയിലെ സഹകരണം ദീർഘകാല സുസ്ഥിരത ഉറപ്പാക്കും.

# 3.5 ജലവിഭവങ്ങൾ

സുസ്ഥിര വികസനത്തിന് ജലം അത്യന്താപേക്ഷിതമാണ്, സാമൂഹിക-സാമ്പത്തിക പുരോഗതി, ഊർജ്ജം, ഭക്ഷ്യോ ത്പാദനം, ആരോഗ്യകരമായ പരിസ്ഥിതി വ്യവസ്ഥകൾ എന്നിവയ്ക്കും മനുഷ്യന്റെ നിലനിൽപ്പിനുതന്നെയും ഇത് അത്യാവശ്യമാണ്. ജലസ്രോതസ്സുകൾ സമൂഹത്തെയും പരിസ്ഥിതിയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാൽ കാലാവസ്ഥാ മാറ്റങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ ജലം ഒരു നിർണായക പങ്ക് വഹിക്കുന്നു. ഇന്ത്യയുടെ സാമ്പത്തിക അഭിവൃദ്ധിക്കും പരിസ്ഥിതി സുസ്ഥിരതക്കും ശാസ്ത്രീയ ജല പരിപാലനം അത്യന്താപേക്ഷിതമാണ്. ഓരോ വർഷവും മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നത് ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ സുസ്ഥിര ഉപയോഗ ത്തെക്കുറിച്ചും അവബോധം വളർത്താനാണ്. 2025-ലെ ലോക ജനദിനത്തിന്റെ പ്രമേയം "ഹിമാനി സംരക്ഷണം" എന്നതാണ് ആശയം സുസ്ഥിര വികസന ലക്ഷ്യം 6-മായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു, കാലാവസ്ഥാ വ്യതിയാനം കാരണം ഹിമാനികൾ ഉരുകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുകയും ജലചക്രത്തിലെ പ്രവചനാതീത സ്വഭാവം വർദ്ധിക്കുകയും തീവ്രമായ കാലാവസ്ഥാ പ്രതിഭാസങ്ങളെ കൂടുതൽ ശക്തമാക്കുകയും ചെയ്യുന്നു. ഹിമാനികളുടെ പിൻവാങ്ങൽ പ്രളയങ്ങൾ, വരൾച്ചകൾ, ഉരുൾപൊട്ടലുകൾ, സമുദ്രനിരപ്പ് ഉയരൽ, ആവാസ വ്യവസ്ഥകൾക്കുണ്ടാകുന്ന നാശം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നു, ഇത് ദശലക്ഷക്കണക്കിന് ആളുകളുടെ ജീവനും ഉപജീവനത്തിനും ഭീഷണിയാകുന്നു.

**നദീതട ആസൂത്രണം**

കേരളത്തിൽ 90 ശതമാനം മഴയും ലഭിക്കുന്നത് ജൂൺ മുതൽ ഓഗസ്റ്റ് വരെയും ഒക്ടോബർ മുതൽ നവംബർ വരെയുള്ള മൺസൂൺ കാലത്താണ്, അതേസമയം ബാക്കി സമയം വരണ്ടതായിരിക്കും. നദീതടങ്ങൾ അല്ലെങ്കിൽ വൃഷ്ടിപ്രദേശങ്ങൾ (നദിയുടെ ഉത്ഭവത്തിനും നദീ മുഖത്തിനും ഇടയ്ക്കുള്ളതും, നദിയിലേക്ക് പ്രവേശിക്കുന്നതുമായ ഭൂപ്രദേശം) തീരദേശ, സമുദ്ര പ്രദേശങ്ങൾക്കൊപ്പം, തണ്ണീർത്തടങ്ങളുടെയും ജലസ്രോതസ്സുകളുടെയും ഭൂമിശാസ്ത്രപരമായ കേന്ദ്രങ്ങളാണ്. തണ്ണീർത്തടങ്ങൾ ഫലപ്രദമായ നദീതട പരിപാലനത്തിൽ നിർണായക പങ്ക് വഹിക്കുന്നു, മറുവശത്ത്, ഈ തടങ്ങളിലെ ഭൂമിയും ജലവുമായി ബന്ധപ്പെട്ട മനുഷ്യന്റെ പ്രവർത്തനങ്ങൾ ഈ പ്രദേശത്തെ തണ്ണീർത്തടങ്ങളുടെ പാരിസ്ഥിതിക സവിശേഷതകളെ ഗണ്യമായി സ്വാധീനിക്കും.

ഓരോ സ്ഥലത്തെയും ജലലഭ്യത വളരെ വ്യത്യസ്തമാണ്. മഴ, ഭൂപ്രകൃതി, മണ്ണിന്റെ ഘടന, ഒഴുക്കിന്റെ ഗതി, ഭൂവിനിയോഗം തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ, വിവിധ നദീതടങ്ങളുടെ ഉൽപാദനക്ഷമതയും വ്യത്യാസപ്പെടുന്നു. ഓരോ നദീതടത്തിന്റെയും വൃഷ്ടിപ്രദേശത്തിന്റെ വലുപ്പവും അതിൽ ലഭിക്കുന്ന മഴയുടെ അളവും സംസ്ഥാനത്തുടനീളം വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ, ഓരോ പ്രദേശത്തിന്റെയും ജനസംഖ്യയെയും ആവാസ വ്യവസ്ഥയെയും അടിസ്ഥാ നമാക്കി സാമൂഹികവും പാരിസ്ഥിതികവുമായ പ്രവർത്തനങ്ങൾ വ്യത്യാസപ്പെടുന്നു. കേരളം പോലുള്ള ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് ജല മാനേജ്മെന്റ് വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന്, ജലവിഭവ മാനേജ്മെന്റിനുള്ള ഒരു സംയോജിത സമീപനം (ഐ.ഡബ്ല്യൂ. ആർ.എം) അത്യാവശ്യമാണ്.

**കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം**

ജലവും കാലാവസ്ഥാ വ്യതിയാനവും അഭേദ്യമായി

**ബോക്സ് 3.5.1** സംയോജിത ജലവിഭവ മാനേജ്മെന്റ് (ഐ.ഡബ്ല്യൂ.ആർ.എം)

സംസ്ഥാന സർക്കാരിന്റെ 26.06.2025– തീയതിയിലെ ജി.ഒ(പി) നമ്പർ. 25/2025/ ഡബ്ല്യൂആർഡി പ്രകാരം, സംയോജിത നദീതട സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പ്രവർത്തന ചട്ടക്കൂടിന് അംഗീകാരം നൽകുകയും, നദീതട സമൂഹത്തിലെ വിവിധ മേഖലകളിലെ പങ്കാളിത്ത സമീപനത്തിലൂടെ, തദ്ദേശീയമായ വിവിധ താൽപ്പര്യങ്ങളെയും വ്യത്യസ്ത ലക്ഷ്യങ്ങളെയും (പാരിസ്ഥിതികം, സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, രാഷ്ട്രീയം) സമഗ്രമായ സംയോജനത്തിലൂടെ പ്രകൃതിവിഭവങ്ങൾ (ജലവിഭവങ്ങൾ) കൈകാര്യം ചെയ്യുക വഴി, സുസ്ഥിരമായ ദീർഘകാല വികസനവും ഭാവിയിലെ പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാനുള്ള ശേഷിയും ഉറപ്പാക്കുവാൻ സാധിക്കും.

കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഫലപ്രദമായ മാനേജ്മെന്റ് രീതികൾ സ്ഥാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ചട്ടക്കൂടിന്റെ ലക്ഷ്യം. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ കുറഞ്ഞുവരുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ തുടർച്ചയായ പ്രത്യാഘാതങ്ങൾക്കുമുള്ള പ്രതികരണമാണിത്. ഓരോ നദീതടത്തിനും സമഗ്രമായ സംസ്ഥാന ജല പദ്ധതികളോ മാസ്റ്റർ പ്ലാനുകളോ വികസിപ്പിച്ച് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ അവ നടപ്പിലാക്കുന്നതിലൂടെ കേരളത്തിലുടനീളം സംയോജിത നദീതട മാനേജ്മെന്റ് പ്ലാൻ (ഐ.ആർ.ബി.എം.പി) നടപ്പിലാക്കുക എന്നതാണ് ചട്ടക്കൂടിന്റെ ലക്ഷ്യം. കൂടാതെ, ഉപരിതല, ഭൂഗർഭജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും അവയുടെ ഗുണനിലവാരം നിലനിർത്തുന്നതിനും ഇത് വഴി ലക്ഷ്യം വെയ്ക്കുന്നു.

**അവലംബം:** ജലസേചന വകുപ്പ്, കേരള സർക്കാർ

ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവയ്ക്കുള്ള സാധ്യതയും ഇവയുടെ രൂക്ഷതയും വർദ്ധിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇന്റർ ഗവൺമെന്റൽ പാനൽ (ഐപിസിസി) പ്രസ്താവിച്ചതുപോലെ ആഗോളതാപനം വർദ്ധിക്കുന്നതിനനുസൃതമായി, വരൾച്ചയും വെള്ളപ്പൊക്കവും പോലുള്ള അനുബന്ധ നാശനഷ്ടങ്ങളും തുടർന്നും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് സാധാരണയിൽ നിന്നും വ്യത്യസ്തമായി 13 ശതമാനം കുറവ് മഴയാണ് 2025 ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ (ജൂൺ 1, 2025 മുതൽ സെപ്റ്റംബർ 30, 2025 വരെ) ലഭിച്ചത്. 'സാധാരണ' ലഭിക്കേണ്ട 2018.6 മില്ലിമീറ്റർ മഴയ്ക്ക് പകരം, യഥാർത്ഥത്തിൽ ലഭിച്ചത് 1752.7 മില്ലിമീറ്റർ മഴ മാത്രമാണ്. ഏറ്റവും കൂടുതൽ മഴ ലഭിച്ചത് കണ്ണൂർ ജില്ലയിൽ, 2987.9 മില്ലീമീറ്റർ, ഏറ്റവും കുറവ് തിരുവനന്തപുരം ജില്ലയിൽ, 849.5 മീറ്ററുമാണ്. ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ കുറവ് മഴ രേഖപ്പെടുത്തി, മറ്റെല്ലാ ജില്ലകളിലും സാധാരണ മഴയാണ് ലഭിച്ചത്.

ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളിലെ ജലസംഭരണനിലയുടെ (കാലവർഷത്തിനു മുൻപും പിൻപും – ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ) വിശദാംശങ്ങൾ **ചിത്രം 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു. വർഷകാലത്തിന് ശേഷമുള്ള സംഭരണ നില 2024 ലും 2025 ലും (2025 സെപ്റ്റംബർ 01 വരെ)യഥാക്രമം 1129 ദശലക്ഷം ക്യുബിക് മീറ്ററും, 1194 ദശലക്ഷം ക്യുബിക് മീറ്ററുമാണ്. 2024–ൽ കാലവർഷാരംഭത്തിൽ സംഭരണ ശേഷി 494.09 ക്യുബിക് മീറ്റർ ആയിരുന്നു. എന്നാൽ 2025–ൽ ഇത് 735.58 ക്യുബിക് മീറ്ററായി ഉയർന്നു (2025 ജൂൺ 01 വരെ). വർഷകാലത്തിന് ശേഷം സംഭരണ നിലയിലുണ്ടായ വർദ്ധനവ് പരിശോധിക്കുമ്പോൾ 2024 ലെ കണക്ക് പ്രകാരം 634.5 ദശലക്ഷം ക്യുബിക് മീറ്റർ ആയിരുന്നുവെങ്കിൽ, 2025 ൽ അത് 458.25 ദശലക്ഷം ക്യുബിക് മീറ്ററായി കുറഞ്ഞു. (2025 സെപ്റ്റംബർ 01 വരെ). ജലസംഭരണികളിലെ സംഭരണ നില 2024, 2025 കാലയളവിൽ (വർഷകാലത്തിന് മുൻപും ശേഷവും) **അനുബന്ധം 3.5.1** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ജലാശയ സെൻസസ്**

ഇന്ത്യയിലെ ആദ്യത്തെ ജലാശയ സെൻസസ് റിപ്പോർട്ട് ജലശക്തി മന്ത്രാലയം പ്രസിദ്ധീകരിച്ചു, ഈ റിപ്പോർട്ട് രാജ്യത്തുടനീളമുള്ള കുളങ്ങൾ, ടാങ്കുകൾ, തടാകങ്ങൾ, ജലസംഭരണികൾ എന്നിവയുടെ സമഗ്ര വിവരശേഖരണമാണ്. 2018–19 വർഷങ്ങളിൽ നടത്തിയ ഈ സെൻസസ് അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 2.4 ദശലക്ഷത്തിലധികം ജലശേഖരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സെൻസസ് പ്രകാരം കേരളത്തിൽ, 55,734 ജലാശയങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്, അതിൽ ഭൂരിഭാഗവും (49,725) ഗ്രാമപ്രദേശങ്ങളിലും, ബാക്കിയുള്ളവ (6,009) നഗരപ്രദേശങ്ങളിലുമാണ്. ആകെയുള്ള 55,734 ജലാശയങ്ങളിൽ, 'ജല വിസ്തൃതി' സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്തത് 55,725 ജലാശയങ്ങളുടെതാണ്. അതിൽ, 97 ശതമാനം ജലാശയങ്ങളുടെയും ജലവിസ്തൃതി 0.5 ഹെക്ടറിൽ താഴെയും, 1.9 ശതമാനം ജലാശയങ്ങളുടെ വിസ്തൃതി 0.5 മുതൽ 1.0 ഹെക്ടറിനും ഇടയിലാണ്. 50 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ജലാശയങ്ങൾ 0.1 ശതമാനം മാത്രമാണ്.

2023–24 വർഷം അടിസ്ഥാനമാക്കിയാണ് രണ്ടാം ജലാശയ സെൻസസ് ആരംഭിച്ചത്. ഇന്ത്യയിലുടനീളമുള്ള കുളങ്ങൾ, ടാങ്കുകൾ, ജലസംഭരണികൾ എന്നിവയുൾപ്പെടെയുള്ള ജലാശയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പ്രാദേശിക ആവാസ വ്യവസ്ഥ നിലനിർത്തുന്നതിലും ഭൂഗർഭജല റീചാർജ് സാധ്യമാക്കുന്നതിലും കൃഷി, മത്സ്യബന്ധനം, ജൈവവൈവിധ്യം എന്നിവയെ പിന്തുണയ്ക്കുന്നതിലും നിരവധി സമൂഹങ്ങൾക്ക് കുടിവെള്ളത്തിന്റെ ഒരു പ്രധാന സ്രോതസ്സായി വർത്തിക്കുന്നതിലും ഈ ജലാശയങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. കൂടാതെ, മലിനീകരണം, എക്കൽ അടിഞ്ഞുകൂടൽ, അമിത ചൂഷണം എന്നിവയുൾപ്പെടെ ജലസ്രോതസ്സുകളുടെ സുസ്ഥിരതയെ സ്വാധീനിക്കുന്ന ഘടകങ്ങളെ സെൻസസ് വിലയിരുത്തുന്നതാണ്. ഏഴാമത് ചെറുകിട ജലസേചന സെൻസസിനും രണ്ടാം ജലാശയ

**ചിത്രം 3.5.1** ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളിലെ 2024, 2025 ലെ സംഭരണ നില




**അവലംബം:** ജലസേചന വകുപ്പ് (ഐഡിആർബി), കേരള സർക്കാർ

സെൻസസിനും വേണ്ടിയുള്ള പ്രാദേശിക പരിശീലനം 2024 ഡിസംബറിൽ വിജയകരമായി പൂർത്തീകരിച്ചു. കൂടാതെ, സംസ്ഥാന, ജില്ലാ തലങ്ങളിൽ പരിശീലന സെഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ, വിവരശേഖരണവും ജിയോ-ടാഗിംഗും നടന്നു വരുന്നു, രണ്ടാമത്തെ ജലാശയ റിപ്പോർട്ട് 2026 ജനുവരിയിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാനത്തെ ജലസേചിത പ്രദേശത്തിന്റെ കണക്ക്**

മുൻവർഷത്തെ അപേക്ഷിച്ച് 2024-25 ൽ, സംസ്ഥാനത്തെ ജലസേചിത വിസ്തൃതി നേരിയ തോതിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായി ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്തെ ജലസേചിതവിസ്തൃതി (അറ്റ) റിപ്പോർട്ട് പ്രകാരം, 2023-24 ൽ 4.19 ലക്ഷം ഹെക്ടർ ആയിരുന്നത്, 2024-25 ൽ 4.38 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. അതായത്, 0.19 ലക്ഷം ഹെക്ടറിന്റെ നേരിയ വർദ്ധനവ് രേഖപ്പെടുത്തി. യഥാർത്ഥ കൃഷി വിസ്തൃതിയും, ജലസേചിത വിസ്തൃതിയും (അറ്റ) തമ്മിലുള്ള അനുപാതം 2023-24 ൽ 21.28 ശതമാനമായിരുന്നത് 2024-25 ൽ 22.28 ശതമാനമായി വർദ്ധിച്ചു.

വിവിധ ജലസേചന സ്രോതസ്സുകളിൽ, കിണറുകൾ വഴി (കുഴൽ കിണറുകൾ ഉൾപ്പെടെ) ജലസേചനം ചെയ്യുന്ന മൊത്തം വിസ്തീർണ്ണം അവലോകന കാലയളവിൽ 1.94 ലക്ഷം ഹെക്ടറായി വർദ്ധിച്ചു, അതേസമയം, 2023-24ൽ ഇതിന്റെ ഗുണം ലഭിച്ച പ്രദേശം 1.83 ലക്ഷം ഹെക്ടറായിരുന്നു. സർക്കാർ കനാലുകളിലൂടെ ജലസേചനം ചെയ്യുന്ന മൊത്തം വിസ്തീർണ്ണത്തിന്റെ വ്യാപ്തി 0.77 ലക്ഷം ഹെക്ടറിൽ (2023-24) നിന്ന് 0.78 ലക്ഷം ഹെക്ടറായി (2024-25) വർദ്ധിച്ചു. മൊത്തം ജലസേചന വിസ്തൃതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ (സ്രോതസ്സ് തിരിച്ചുള്ളതും ജില്ല തിരിച്ചുള്ളതും) **അനുബന്ധം 3.5.2, അനുബന്ധം 3.5.3** എന്നിവയിൽ നൽകിയിരിക്കുന്നു.

വിളകളിൽ, ഗ്രാമ്പു വെറ്റില എന്നിവയ്ക്കാണ് ജലസേചനത്തിലൂടെ ഏറ്റവും കൂടുതൽ പ്രയോജനം ലഭിച്ചത്. നെൽകൃഷിയുടെ മൊത്തം ജലസേചിത വിസ്തൃതി 1.60 ലക്ഷം ഹെക്ടറിൽ നിന്ന് (2023-24) 1.44 ലക്ഷം ഹെക്ടറായി (2024-25) ഗണ്യമായി കുറഞ്ഞു. മുൻ വർഷത്തെ അപേക്ഷിച്ച്, തെങ്ങിന്റെ ജലസേചിത വിസ്തൃതി 1.63 ലക്ഷം ഹെക്ടറിൽ തന്നെ തുടർന്നു. പച്ചക്കറിയുടെ ജലസേചിത വിസ്തൃതി 0.29 ലക്ഷം ഹെക്ടറിൽ നിന്ന് 0.30 ലക്ഷം ഹെക്ടറായി (2024-25) നേരിയ തോതിൽ വർദ്ധിച്ചു. എന്നാൽ വാഴയുടെ ജലസേചിത വിസ്തൃതി 0.42 ലക്ഷം ഹെക്ടറിൽ (2023-24) നിന്ന് 0.40 ലക്ഷം ഹെക്ടറായി (2024-25) നേരിയ തോതിൽ കുറഞ്ഞു. മൊത്തം ജലസേചിത വിസ്തൃതിയുടെയും, പ്രയോജനം ലഭിച്ച വിളകളുടെയും വിശദാംശങ്ങൾ **അനുബന്ധം 3.5.4, അനുബന്ധം 3.5.5** എന്നിവയിൽ നൽകിയിരിക്കുന്നു.

**വൻകിട ഇടത്തരം ജലസേചന പദ്ധതികൾ**

വിള ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും ജലസേചനം നിർണ്ണായക പങ്ക് വഹിക്കുന്നതിനാൽ കൃഷിയും ജലസേചനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വരൾച്ചയോ ക്രമരഹിതമായ മഴയോ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കാർഷിക ഉല്പാദനം മെച്ചപ്പെടുത്തുന്നതിന്, പ്രത്യേകിച്ച് ഉപജീവനമാർഗ്ഗം നിലനിർത്തുന്നതിനും സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, വൻകിട, ചെറുകിട ജലസേചന പദ്ധതികൾ അത്യന്താപേക്ഷിതമാണ്. വൻകിട, ചെറുകിട ജലസേചന പദ്ധതികളുടെ നിർവ്വഹണ പുരോഗതി താഴെ വിവരിച്ചിരിക്കുന്നു.

**ഇടമലയാർ**

ഇടമലയാർ ജലസേചന പദ്ധതി (ഐഐപി) പെരിയാർ നദിയിലെ ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ വലതു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു ഡൈവേർഷൻ പദ്ധതിയാണ്. എറണാകുളം ജില്ലയിലെ ആലുവ, പറവൂർ താലൂക്കുകളും, തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കും ഉൾപ്പെടുന്ന പെരിയാർ, ചാലക്കുടി നദീതടങ്ങളിലെ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിലേക്ക് ജലസേചനം നടത്താൻ പെരിയാർ നദിയിൽ നിന്നുള്ള വെള്ളം ഉപയോഗിക്കുക എന്നതാണ് പദ്ധതയുടെ ലക്ഷ്യം. പെരിയാർ, ചാലക്കുടി പുഴകളിലെ വെള്ളം ഉപയോഗിച്ച് ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ഏകദേശം 14,394 ഹെക്ടർ സ്ഥലം കൂടി അധികമായി ജലസേചന യോഗ്യമാകുന്നതാണ്. നിലവിലുള്ള ചാലക്കുടി സിആർഡിഎസിന്റെ ഇടത് കര മെയിൻ കനാലുമായി ബന്ധിപ്പിക്കുന്നതിന് 32.28 കിലോമീറ്റർ നീളത്തിൽ പ്രധാന കനാൽ, 14.86 കിലോമീറ്റർ ലോ–ലെവൽ കനാൽ (എൽഎൽസി),7.50 കിലോമീറ്റർ ലിങ്ക് കനാൽ എന്നിവയുടെ നിർമ്മാണമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ നിലവിലുള്ള ഇടത്, വലത് കര കനാലുകളുടെ പുനർനിർമ്മാണവും കൂടുതൽ ശാഖകളും കൈവഴികളും നിർമ്മിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. 1981–ൽ 17.00 കോടി രൂപ അടങ്കലിലാണ് പദ്ധതി ആരംഭിച്ചത്. ആരംഭം മുതൽ 2025 വരെയുള്ള പദ്ധതിയുടെ ആകെ ചിലവ് 590.93 കോടി രൂപയാണ്.

ഇടമലയാർ ജലസേചന പദ്ധതിയുടെ പ്രധാന കനാൽ 32.28 കി.മീറ്റർ നീളത്തിൽ 999 ഹെക്ടർ സ്ഥലത്ത് ആയക്കട്ട് പൂർത്തീകരിച്ചിട്ടുണ്ട്. 14.86 കി.മീറ്റർ നീളമുള്ള ലോ ലെവൽ കനാൽ (100 ശതമാനം) പൂർത്തിയാക്കുകയും 3377 ഹെക്ടർ പ്രദേശത്ത് ജലസേചനം സാധ്യമാകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രൂപകൽപ്പന അനുസരിച്ച്, ഐ.ഐ.പി മെയിൻ കനാൽ 32.28 കി.മീറ്റർ ദൂരം പിന്നിടുമ്പോൾ ലോ ലെവൽ കനാൽ (എൽഎൽസി), ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ (സിആർഡിഎസ്) ലെഫ്റ്റ് ബാങ്ക് മെയിൻ കനാലുമായി (എൽബിഎംസി) ബന്ധിപ്പിക്കുന്ന ലിങ്ക് കനാൽ എന്നിങ്ങനെ രണ്ടായി പിരിയുന്നു. പുതിയ സർവേ പ്രകാരം ലിങ്ക് കനാലിന്റെ ആകെ നീളം 7.50 കി.മീറ്ററാണ്, അതിൽ 2.04 കി.മീറ്റർ പൂർത്തീകരിച്ചു, ബാക്കിയുള്ളവ പൂർത്തിയാക്കേണ്ടതുണ്ട്.

**കാരാപ്പുഴ**

കബനി പദ്ധതിയുടെ ഭാഗമായ കാരാപ്പുഴ ഇടത്തരം ജലസേചന പദ്ധതി, നിലവിൽ അന്തർ സംസ്ഥാന നദിയായ കാവേരിയുടെ കബനി ഉപതടത്തിലാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി വയനാട് ജില്ലയിൽ സ്ഥിതി ചെയ്യുന്നു. കബനി തടത്തിൽ ഏറ്റെടുത്ത ആദ്യത്തെ ജലസേചന സംരംഭമാണിത് എന്നത് ശ്രദ്ധേയമാണ്. വാഴവറ്റയിൽ സ്ഥിതി ചെയ്യുന്ന കരാപ്പുഴ ഡാം, 76.50 ദശലക്ഷം ഘനമീറ്റർ സംഭരണ ശേഷിയുള്ള ഒരു റിസർവോയർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് കരാപ്പുഴ പുഴക്ക് കുറുകെ നിർമ്മിച്ചിരിക്കുന്നത്. ഈ റിസർവോയർ ഉപയോഗിച്ച് വയനാട് ജില്ലയിലെ വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി താലൂക്കുകളിലായി 5221 ഹെക്ടർ സ്ഥലത്ത് (5600 ഹെക്ടർ ഗ്രോസ് കമാൻഡ് ഏരിയയുള്ള) ഒരു വലിയ കനാൽ ശൃംഖല വഴി ജലസേചനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

തുടക്കത്തിൽ ജലസേചന പദ്ധതിയായി വിഭാവനം ചെയ്ത കാരാപ്പുഴ പദ്ധതി ഇപ്പോൾ കുടിവെള്ള വിതരണം, ടൂറിസം, വൈദ്യുതി ഉൽപാദനം, മത്സ്യബന്ധന പദ്ധതികൾ എന്നിവ ഉൾപ്പെടുന്ന ഒരു വിവിധോദ്ദേശ്യ പദ്ധതിയായി മാറിയിരിക്കുന്നു. പ്രധാന കനാൽ ശൃംഖലകൾ ലെഫ്റ്റ് ബാങ്ക് കനാൽ (എൽബിസി), റൈറ്റ് ബാങ്ക് കനാൽ (ആർബിസി) എന്നിവ ഉൾപ്പെടുന്നു. എൽബിസിക്ക് 16.74 കി.മീറ്റർ നീളമുണ്ട്, ഇത് ഏകദേശം 3,486 ഹെക്ടർ പ്രദേശത്തേക്ക് ജലസേചനം സാധ്യമാക്കുന്നു. ആർബിസിക്ക് 8.81 കി.മീറ്റർ നീളമുണ്ട്, ഇത് ഏകദേശം 2,114 ഹെക്ടർ പ്രദേശത്തേക്ക് ജലസേചനം സാധ്യമാക്കുന്നു. എൽബിസിക്ക് മൂന്ന് ശാഖാ കനാലുകളുണ്ട്, പടിഞ്ഞാറേവീട് ബ്രാഞ്ച് കനാൽ, തൊണ്ടിപ്പള്ളി ബ്രാഞ്ച് കനാൽ, കോട്ടൂർ ബ്രാഞ്ച് കനാൽ, ഇതിൽ പടിഞ്ഞാറേവീട് ബ്രാഞ്ച് കനാലിലെ 8.94 കിലോമീറ്റർ കനാലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. റൈറ്റ് ബാങ്ക് കനാലിന് കാര്യമ്പാടി ബ്രാഞ്ച് കനാൽ, കൊല്ലിവിൽ എന്നിങ്ങനെ രണ്ട് ബ്രാഞ്ച് കനാലുകളാണുള്ളത്. ഇതിൽ കാര്യമ്പാടി ബ്രാഞ്ച് കനാലിന്റെ 8.5 കിലോമീറ്റർ വരെയും കൊല്ലിവിൽ ബ്രാഞ്ച് കനാലിന്റെ 2.99 കിലോമീറ്റർ വരെയും പൂർത്തീകരിച്ചിട്ടുണ്ട്. എൽബിസി, ആർബിസി എന്നീ രണ്ട് ബ്രാഞ്ച് കനാലുകൾക്കും കൂടി ആകെ 60.15 കി.മീറ്റർ നീളത്തിൽ കൈവഴികൾ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ 2.12 കി.മീറ്റർ നീളമുള്ള അരിമുണ്ട കൈവഴിയുടെ നിർമ്മാണം പൂർത്തീരിച്ചു. റൈറ്റ് ബാങ്ക് കനാൽ ആരംഭിക്കുന്ന (1) പൊങ്ങിണിത്തൊടി –3.00 കി.മീ (2) അരിമുള 3.20 കി.മീ (3) വള്ളിപ്പറ്റ– 4.44 കി.മീ (4) ചീക്കല്ലൂർ 0.41 കി.മീ (5) മണിവയൽ 5.27 കി.മീ. എന്നീ കൈവഴികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2018–ലെ പ്രളയത്തിൽ എൽബിഎംസിയുടെ ചെയ്നേജ്:4800 മീറ്ററിൽ സംഭവിച്ച കനാൽ തകർച്ച ഉൾപ്പെടെയുള്ള പ്രധാന തടസ്സങ്ങൾ പരിഹരിച്ചതിനാൽ, 2023–24 മുതൽ മെയിൻ കനാൽ (ആർഇഎംസി, എൽബിഎംസി) വഴി റോഡ് അവസാനം വരെ വെള്ളം എത്തിക്കുവാൻ സാധിച്ചു. കാരാപ്പുഴ ജലസേചന പദ്ധതി പൂർണ്ണമായി കമ്മീഷനിംഗ് ചെയ്യുന്നതോടെ വയനാട് ജില്ലയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ട്രൈബൽ/ആദിവാസി വിഭാഗക്കാർ ഉൾപ്പെടെയുള്ള പ്രാദേശിക കർഷകർക്ക് ഇത് ഏറെ പ്രയോജനകരമാകും.

കരിയമ്പാടി ബ്രാഞ്ച് കനാലിന്റെ ചെയ്നേജ്:1800 മീറ്റർ ഭാഗത്തെ കേടുപാടുകൾ തീർക്കുന്ന പ്രവർത്തനങ്ങൾ അവലോകന കാലയളവിൽ പൂർത്തിയായിട്ടുണ്ട്. അതേസമയം പടിഞ്ഞാറെവീട് ബ്രാഞ്ച് കനാലിന്റെ ചെയ്നേജ്:710 മീറ്റർ മുതൽ 1410 മീറ്റർ വരെയുള്ള ഭാഗങ്ങളിലെ ജോലികൾ പൂർത്തിയാകാറായിട്ടുണ്ട്. ആർബിസി, എൽബിസി എന്നിവയുടെ പരിപാലനം, അതിൽ പരിശോധനാ റോഡുകളുടെ ചില ഭാഗങ്ങളുടെ കേടുപാടുകൾ ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. പാടശേഖര സമിതികളിൽ നിന്ന് ലഭിച്ച അഭ്യർത്ഥനകളനുസരിച്ച് ആർബിഎംസി, എൽബിഎംസി എന്നിവ വഴി ഈ സീസണിൽ ഉടനീളം ജലവിതരണം നടത്തുന്നുണ്ട്. റവന്യൂ അധികാരികളുടെ

മേൽനോട്ടത്തിൽ റിസർവോയർ ഏരിയക്കായി 6.12 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ബാണാസുരസാഗർ**

വയനാട് ജില്ലയിലെ ജലസേചന സൗകര്യങ്ങൾക്കായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ബാണാസുരസാഗർ. കബനി നദിയുടെ ഒരു പോഷകനദിയായ പനമരം നദിയുടെ പോഷകനദിയായ കരമാൻതോട് തടത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. വയനാട് ജില്ലയിൽ ജലസേചന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ബാണാസുരസാഗർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്, കാവേരി നദിയിലേക്ക് ഒഴുകിച്ചേരുന്ന കബനി നദിയുടെ പോഷകനദിയായ പനമരം പുഴയുടെ കൈവഴിയായ കരമന്തോട് തടത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് ഒടുവിൽ അന്തർസംസ്ഥാന നദിയായ കാവേരിയുമായി ചേരുന്നു. 2800 ഹെക്ടർ ആയക്കട്ടിൽ ജലസേചനം നടത്തുന്നതിനാണ് ഈ പദ്ധതി ആദ്യം ലക്ഷ്യം വെച്ചിരുന്നത്. ജലസംഭരണിയിലെ വാർഷിക ജലലഭ്യതയായ 6.7 ടിഎംസിയിൽ നിന്ന് 1.7 ടിഎംസി ജലം ജലസേചന ആവശ്യങ്ങൾക്കായി നൽകാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് അനുമതി നൽകിയിരുന്നു. എന്നാൽ കാവേരി വാട്ടർ ട്രിബ്യൂണൽ തീരുമാനത്തിലെ ഭേദഗതി പ്രകാരം, ബാണാസുരസാഗർ പദ്ധതിക്കുള്ള വിഹിതം 0.84 ടിഎംസിയായി പരിമിതപ്പെടുത്തിയിരിന്നു.

ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ ഒരു പ്രധാന പരിമിതി മെയിൻ കനാലിൽ ചെയ്നേജ്:1,130 മീറ്ററിനും ചെയ്നേജ്:1,500 മീറ്ററിനും ഇടയിൽ ഉണ്ടാകുന്ന തടസ്സമായിരുന്നു. ഈ തടസ്സം മറികടക്കുന്നതിന് വകുപ്പിന് സാധിക്കുകയും, 59 ശതമാനം ജോലികളും പൂർത്തീകരിക്കുകയും ചെയ്തു. മെയിൻ കനാലിന്റെ ചെയ്നേജ്:0 മീറ്റർ മുതൽ ചെയ്നേജ്:150 മീറ്റർ വരെ നീളുന്ന അക്വെഡക്റ്റ് വിഭാഗത്തിൽ ജലപരിശോധന പൂർത്തീകരിച്ചു. നിലവിൽ മണ്ണ് നീക്കം ചെയ്യലും അറ്റകുറ്റപ്പണികളും പുരോഗമിക്കുകയാണ്, 92 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചു. കപ്പുംകുന്ന് കൈവഴി (1235 മീറ്റർ), പേൾ കൈവഴി (1074 മീറ്റർ), വെണ്ണിയോട് ബ്രാഞ്ച് കനാൽ (2130 മീറ്റർ) എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചു. കപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറി പൂർത്തീകരിക്കുന്നതിന് 0.56 ഹെക്ടർ ഭൂമി കൂടി ആവശ്യമാണ്, കൂടാതെ പ്രാരംഭ ഭാഗത്തിന്റെ 0.47 ഹെക്ടർ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വീട്ടിക്കമൂല വിതരണ മേഖലയിലെ 0.06 ഹെക്ടറിലെ പെഗ് മാർക്കിംഗും കുപ്പാടിത്തറ വിതരണ മേഖലയിലെ 0.35 ഹെക്ടറിലെ പെഗ് മാർക്കിംഗും ഉൾപ്പെടുന്ന ഭൂമി ഏറ്റെടുക്കലിന്റെ പ്രാഥമിക പ്രക്രിയ വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

**പഴശ്ശി**

വടക്കൻ കേരളത്തിലെ ആദ്യ ജലസേചന സംരംഭമായി കണക്കാക്കപ്പെടുന്ന പഴശ്ശി ജലസേചന പദ്ധതി, കണ്ണൂർ ജില്ലയിലെ കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതിക്ക് വേണ്ടി വിഭാവനം ചെയ്തതാണ്. 1961-ൽ നിർമ്മാണം ആരംഭിക്കുകയും, 1998-ൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. ആദ്യ വർഷങ്ങളിൽ ഈ ജലസേചന സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ഏകദേശം 404 കിലോമീറ്റർ നീളത്തിൽ കനാൽ ശൃംഖല വ്യാപിച്ചു കിടക്കുന്നു, അതിൽ 46 കിലോമീറ്റർ പ്രധാന കനാലും, 75 കിലോമീറ്റർ 6 ബ്രാഞ്ച് കനാലുകളും (മാഹി, എടക്കാട് അഴീക്കൽ, കാട്ടാമ്പള്ളി, തളിപ്പറമ്പ്, മൊറാഴ), 165 കിലോമീറ്റർ വിതരണ കനാലുകളും, 118 കിലോമീറ്റർ ഫീൽഡ് ചാനലുകളും (ഫീൽഡ് ബൂത്തികൾ) ഉൾപ്പെടുന്നു. കണ്ണൂർ ജില്ലയിലെ ഇരിട്ടി, തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്ന 11,525 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളയ്ക്ക് ജലസേചനം നടത്തുന്നതിന് രൂപകൽപ്പന ചെയ്ത പദ്ധതിയാണിത്.

2024-25 സാമ്പത്തിക വർഷത്തിൽ, കനാൽ ശൃംഖലയിലൂടെയുള്ള ജലവിതരണം 2025 ജനുവരി 6 ന് ആരംഭിച്ചു. 2025 ജനുവരി 21 ആയപ്പോഴേക്കും പ്രധാന കനാലിന്റെ ചെയ്നേജ്:42/500 കിലോമീറ്റർ (പറശ്ശിനിക്കടവ്) വരെ വെള്ളം എത്തിക്കുവാൻ സാധിച്ചു. ഇത് മാമ്പ, കാവുംതാഴെ, മയ്യിൽ, പെരുമാച്ചേരി, നണിയൂർ, വേശാല, തരിയേരി, മണിയൂർ എന്നിവിടങ്ങളിലെ കാർഷിക മേഖലകൾക്ക് ഗുണം ചെയ്തു, 188.6 ഹെക്ടർ ഭൂമിയിൽ നേരിട്ടും ഏകദേശം 800 ഹെക്ടർ ഭൂമിയിൽ പരോക്ഷമായും ജലസേചനം നടത്തി. കൂടാതെ, ഏകദേശം 6,000 കിണറുകളും 200 കുളങ്ങളും റീചാർജ്ജിംഗ് സാധ്യമായി.

മാഹി ബ്രാഞ്ച് കനാൽ വഴിയുള്ള ജലവിതരണം 2025 ജനുവരിയിൽ ആരംഭിക്കുകയും 2025 ഫെബ്രുവരി 16 ഓടെ അവസാനം വരെ (ചെയ്നേജ്: 23/025 മീറ്റർ - എലങ്കോട്) എത്തിക്കുവാൻ സാധിച്ചു. വേങ്ങാട്, കുറുമ്പുക്കൽ, മാങ്ങാട്ടിടം തുടങ്ങിയ വയലുകളും പാട്യം, വല്ലായി, മൊകേരി തുടങ്ങിയ കൈവഴികളിലേക്കും ജല വിതരണം വിപുലീകരിച്ചു. ഈ സംരംഭം 300 ഹെക്ടറിൽ നേരിട്ടുള്ള ജലസേചനവും 500 ഹെക്ടറിൽ പരോക്ഷ ജലസേചനവും സാധ്യമാക്കി, ഏകദേശം 1,000 കിണറുകൾ റീചാർജ് ചെയ്യാനും സഹായിച്ചു. പുനഃസ്ഥാപിച്ച കനാൽ സംവിധാനം ഇപ്പോൾ ജില്ലയിലെ വരൾച്ചയ്ക്കും കുടിവെള്ള ക്ഷാമത്തിനും ശാശ്വത പരിഹാരമായി വർത്തിക്കുന്നു.

**വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രാഥമിക സെൻസസ്**

ഇന്ത്യയിലുടനീളമുള്ള പ്രധാന, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രവർത്തന നിലവാരത്തെയും പ്രകടനത്തെയും കുറിച്ച് കൃത്യമായി വിവരങ്ങൾ ശേഖരിക്കുക എന്നതാണ് പ്രധാന, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രാഥമിക സെൻസസിന്റെ ലക്ഷ്യം. കൃഷിയെ പിന്തുണയ്ക്കുന്നതിലും, കുടിവെള്ളത്തിനും വ്യാവസായിക ആവശ്യങ്ങൾക്ക് വെള്ളം നൽകുന്നതിലും, ജലസുരക്ഷ നിലനിർത്തുന്നതിലും നിർണായക പങ്ക് വഹിക്കുന്ന ഈ പദ്ധതികൾ, അടിസ്ഥാന സൗകര്യങ്ങളുടെ കാലപ്പഴക്കം, കാര്യക്ഷമതയില്ലാത്ത ജല മാനേജ്മെന്റ്, പാരിസ്ഥിതിക ആശങ്കകൾ തുടങ്ങിയ വെല്ലുവിളികളെ അഭിമുഖീകരിച്ചിട്ടുണ്ട്. ജലലഭ്യത, ജലസേചന ശേഷി, പദ്ധതികളുടെ തൽസ്ഥിതി, സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ സെൻസസിൽ ശേഖരിക്കും. ആധുനികവൽക്കരണത്തിലെ വെല്ലുവിളികളും സാധ്യതകളും

സെൻസസിലൂടെ വിലയിരുത്തുന്നതാണ്. മികച്ച ജലവിഭവ മാനേജ്മെന്റ്, മെച്ചപ്പെട്ട ജലസേചന കാര്യക്ഷമത, ജല അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിര വികസനം എന്നിവയ്ക്കായുള്ള തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും ജലവിഭവങ്ങളുടെ ശരിയായ ഉപയോഗം കാർഷിക ഉൽപ്പാദനക്ഷമത എന്നിവ ഉറപ്പാക്കുന്നതിനും ഈ വിവരങ്ങൾ സർക്കാരിനെ സഹായിക്കും. രാജ്യത്തെ ജലക്ഷാമ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ജല ഉപയോഗം മികവുറ്റതാക്കുന്നതിലും ഈ സെൻസസ് ഒരു സുപ്രധാന ചുവടുവയ്പ്പാണ്. ഇതിന്റെ ഭാഗമായി ഫീൽഡ് ഓഫീസർമാർക്കായി 2025 ഡിസംബറിൽ സോണൽ തലത്തിലും തുടർന്ന് 2025 ജനുവരിയിൽ സംസ്ഥാനതലത്തിലും പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. നിലവിൽ, ആദ്യ എംഎംഐഐ സെൻസസിനായുള്ള വിവര ശേഖരണവും പരിശോധനയും ഡിവിഷണൽ ഓഫീസ് തലത്തിൽ പുരോഗമിച്ചു വരുന്നു.

**ചെറുകിട ജലസേചനം**

സംസ്ഥാനത്തെ ജലസേചന ശേഷി വർദ്ധിപ്പിക്കുന്നതിൽ ചെറുകിട ജലസേചന പദ്ധതികൾ ഗണ്യമായി സംഭാവന ചെയ്തിട്ടുണ്ട്. മറ്റ് ജലസേചന രീതികളെ അപേക്ഷിച്ച് അതിന്റെ ഗുണവശങ്ങൾ കാരണം കേരളത്തിലെ ജലസേചന സംവിധാനത്തിൽ ചെറുകിട ജലസേചനത്തിന് ഒരു സുപ്രധാന സ്ഥാനമുണ്ട്. 2,000 ഹെക്ടർ വരെ കൃഷിയോഗ്യമായ ഭൂമി ഉൾപ്പെടുന്ന പദ്ധതികളെ ചെറുകിട ജലസേചന സംരംഭങ്ങളായി തരംതിരിച്ചിരിക്കുന്നു. 50 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള പ്രദേശങ്ങൾക്ക് ജലസേചനം നൽകുന്ന പദ്ധതികളെ മൈനർ ഇറിഗേഷൻ ക്ലാസ് II എന്നും, 50 ഹെക്ടറോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ളവയെ മൈനർ ഇറിഗേഷൻ ക്ലാസ് I എന്നും തരംതിരിച്ചിരിക്കുന്നു. കുറഞ്ഞ കാലാവധി, കുറഞ്ഞ നിക്ഷേപം, വേഗത്തിൽ നേട്ടങ്ങൾ ലഭിക്കുന്നു എന്നീ കാരണങ്ങളാൽ ചെറുകിട ജലസേചനത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. കേരളത്തിലെ കുന്നിൻ പ്രദേശങ്ങൾ വൻകിട ജലസേചന പദ്ധതികളുടെ ചെലവ് വർദ്ധിപ്പിക്കുകയും, വൻകിട ജലസേചന പദ്ധതിയേക്കാൾ ചെറുകിട ജലസേചന പദ്ധതികൾക്ക് വ്യക്തമായ മുൻതൂക്കം നൽകുകയും ചെയ്യുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ചെറുകിട ജലസേചനത്തിന് നൽകിയിരുന്ന പ്രാധാന്യം പതിനാലാം പദ്ധതിക്കാലത്തും തുടരുന്നു. ചില ചെറുകിട ജലസേചന പദ്ധതികളുടെ നിർവ്വഹണ പുരോഗതി താഴെ വിവരിച്ചിരിക്കുന്നു:

**പട്ടിശ്ശേരി**

കിഴക്കോട്ട് ഒഴുകുന്ന പാമ്പാർ നദി കാവേരി നദിയുടെ ഒരു പോഷക നദിയാണ്. കേരളത്തിലെ പാമ്പാർ പദ്ധതിയുടെ തട വിസ്തീർണ്ണം 384 ചതുരശ്ര കിലോമീറ്റർ ആണ്. ഇത് ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്നു. ഒരു അന്തർസംസ്ഥാന നദിയായ പാമ്പാർ നദി തമിഴ്നാട്ടിലെ അമരാവതി ജലസംഭരണിയുടെ മുകൾഭാഗത്തിലൂടെ ഒഴുകുന്നു. കാവേരി നദീജല ട്രൈബ്യൂണലിന്റെ അന്തിമ വിധി പ്രകാരം, കാവേരി തടത്തിൽ നിന്ന് 30 ടിഎംസി വെള്ളം ലഭിക്കുന്നതിന് കേരളത്തിന് അർഹതയുണ്ട്. ഇതിൽ 3 ടിഎംസി പാമ്പാർ തടത്തിന്റെ വിഹിതമാണ്. ഈ വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിന്, പാമ്പാർ തടത്തിൽ ചെങ്ങളാർ, തലയാർ, വട്ടവട, ചമ്പക്കാട് പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടു. ചെങ്ങളാർ പദ്ധതിക്കുള്ള സംസ്ഥാന വിഹിതം 0.80 ടിഎംസി ആണ്, ഈ പദ്ധതി പ്രകാരം പട്ടിശ്ശേരി അണക്കെട്ട്, കാന്തല്ലൂർ അണക്കെട്ട്, പുല്ലാർഡി അണക്കെട്ട് എന്നീ മൂന്ന് പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം, ചെങ്ങളാർ പദ്ധതിക്ക് അനുവദിച്ച 0.80 ടിഎംസിയിൽ 0.08 ടിഎംസി പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. പട്ടിശ്ശേരി അണക്കെട്ടും അനുബന്ധ പ്രവൃത്തികളും ചെങ്ങളാർ പദ്ധതിയുടെ ഭാഗമാണ്, ഇതിൽ ജലലഭ്യതയും ജലസംഭരണത്തിനുള്ള സ്ഥലവും ഉൾപ്പെടുന്നു. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കാന്തല്ലൂർ ഗ്രാമത്തിലാണ് പട്ടിശ്ശേരി സ്ഥിതി ചെയ്യുന്നത്. ഏകദേശം 70 വർഷം പഴക്കമുള്ള 5 മീറ്റർ ഉയരമുള്ള ഒരു ചെക്ക് ഡാമും ഇടത് വലത് കരകളിൽ ചെറിയ കനാലുകളും ഇവിടെ നിലവിലുണ്ടായിരുന്നു. കനാൽ വെള്ളം കാന്തല്ലൂർ, കീഴാന്തൂർ പ്രദേശങ്ങളിലെ കാർഷിക ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചിരുന്നത്. ആയക്കട്ട് പ്രദേശത്ത് പൂർണ്ണ തോതിലുള്ള കൃഷി നടത്താൻ ഇത് പര്യാപ്തമായിരുന്നില്ല. ഇതിനുള്ള പ്രായോഗിക പരിഹാരമായാണ് പട്ടിശ്ശേരി അണക്കെട്ടും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുന്ന പദ്ധതി വിഭാവനം ചെയ്തത്. 0.08 ക്യുബിക് മീറ്റർ സംഭരണ ശേഷിയുള്ള പട്ടിശ്ശേരി ഡാം നിർമ്മാണത്തിലൂടെ 240 ഹെക്ടർ സ്ഥലത്ത് ജലസേചിതമാക്കുവാൻ സാധിച്ചു. 140 മീറ്റർ നീളവും 33.2 മീറ്റർ ഉയരവുമുള്ള ഈ ഡാമിൽ 95.5 മീറ്റർ കോൺക്രീറ്റ് ഡാമും 44.5 മീറ്റർ പാറ നിറഞ്ഞ ഭാഗവും ഉൾപ്പെടുന്നു. കൂടാതെ 160 മീറ്റർ നീളമുള്ള സാഡിൽ ഡാമുമുണ്ട്. നിലവിൽ പട്ടിശ്ശേരി ഡാമിന്റെ സിവിൽ പ്രവൃത്തികൾ 80.40 ശതമാനവും, ഇൻസ്ട്രുമെന്റേഷൻ വർക്കുകൾ 48 ശതമാനവും, മെക്കാനിക്കൽ വർക്കുകൾ 52 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

**ഉപരിതല ജലം**

കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉപരിതല ജലത്തിനും ചെറുകിട ജലസേചനത്തിനും മുഖ്യ പ്രാധാന്യം നൽകിയിട്ടുണ്ട്, ഇതിൽ ചെക്ക് ഡാമുകൾ, ടാങ്കുകൾ, റെഗുലേറ്ററുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, പ്രാദേശിക ഭൂവിനിയോഗമനുസരിച്ചുള്ള നീർത്തടാസൂത്രണ പദ്ധതികളും ഉൾപ്പെടുന്നു. ചെറുകിട ജലസേചന പദ്ധതികളിലൂടെ (ഉപരിതല ജലം) 2024–25 ൽ, 4305.85 ഹെക്ടറിന് (അറ്റ) പ്രയോജനം ലഭിച്ചിരുന്നു. ചെറുകിട ജലസേചന പദ്ധതികളിലൂടെ (ഉപരിതല ജലം) 2022–23 മുതൽ 2024–25 വരെയുള്ള ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.6**–ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആർഐഡിഎഫിന്റെ വിവിധ ട്രാൻഷെകളിലായി പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.5.7**–ൽ നൽകിയിരിക്കുന്നു. ആർഐഡിഎഫ് XXIXൽ ഉൾപ്പെടെ വിവിധ ട്രാൻഷെകളിലായി, 1631 പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 1364 പദ്ധതികൾ പൂർത്തീകരിക്കുകയും, 17 എണ്ണം

പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന പദ്ധതികൾ പ്രായോഗികമല്ല എന്ന കാരണത്താൽ ഉപേക്ഷിച്ചു.

**മൈനർ ഇറിഗേഷൻ സെൻസസ്**

ഭാരത സർക്കാർ നടപ്പിലാക്കുന്ന ചെറുകിട ജലസേചന സെൻസസ് മുഖേന വിവിധ ജലസേചന സ്രോതസ്സുകൾ, സൃഷ്ടിക്കപ്പെട്ട ജലസേചന സാധ്യതകൾ (ഐ.പി.സി.), പ്രയോജനപ്പെടുത്തിയ ജലസേചന സാധ്യതകൾ (ഐ.പി.യു.), വിവിധ ഊർജ്ജ സ്രോതസ്സുകൾ, ജലം ഉയർത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭിക്കുന്നു.

ജലശക്തി മന്ത്രാലയം പ്രസിദ്ധീകരിച്ച 2017-18 വർഷാടിസ്ഥാനത്തിലുള്ള ആറാമത്തെ മൈനർ ഇറിഗേഷൻ (എംഐ) പദ്ധതികളുടെ സെൻസസ് പ്രകാരം, രാജ്യത്ത് 23.14 ദശലക്ഷം ചെറുകിട ജലസേചന (എംഐ) പദ്ധതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 21.93 ദശലക്ഷം (94.8 ശതമാനം) ഭൂഗർഭ ജലവും (ജിഡബ്ല്യു), 1.21 ദശലക്ഷം (5.2 ശതമാനം) ഉപരിതല ജല (എസ്ഡബ്ല്യു) പദ്ധതികളും ഉൾപ്പെടുന്നു. ചെറുകിട ജലസേചന പദ്ധതികളിൽ ഏറ്റവും കൂടുതൽ കുഴൽ കിണറുകളാണ് ഉള്ളത്, ഇവയിൽ ആഴമില്ലാത്ത കുഴൽ കിണർ, ഇടത്തരം കുഴൽ കിണർ, ആഴമേറിയ കുഴൽ കിണർ എന്നിവയും ഉൾപ്പെടുന്നു. ചെറുകിട ജലസേചന പദ്ധതികളുടെ ആറാമത് സെൻസസ് പ്രകാരം കേരളത്തിൽ 92,574 ചെറുകിട ജലസേചന പദ്ധതികളുണ്ട്. ഇതിൽ 67.5 ശതമാനം (62,453) ഭൂഗർഭജല പദ്ധതികളും, 32.5 ശതമാനം (30,121) ഉപരിതല ജല പദ്ധതികളും ഉൾപ്പെടുന്നു. അഞ്ചാമത് മൈനർ ഇറിഗേഷൻ സെൻസസ് പ്രകാരം 1,03,657 പദ്ധതികൾ ഉണ്ടായിരുന്നത്, ആറാമത് സെൻസസ് ആയപ്പോഴേക്കും 92,574 ആയി കുറഞ്ഞു. ഏകദേശം 10.7 ശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭൂഗർഭ ജലസേചന പദ്ധതികളിൽ (24.3 ശതമാനം) ഇടിവ് രേഖപ്പെടുത്തിയപ്പോൾ, ഉപരിതല ജലസേചന പദ്ധതികളിൽ (42.2 ശതമാനം) വളർച്ചയുണ്ടായതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ആറാമത് ചെറുകിട ജലസേചന സെൻസസ് പ്രകാരം ഭൂഗർഭ ജല (ജിഡബ്ല്യു) സ്കീമുകളിൽ നിന്നും സൃഷ്ടിക്കപ്പെട്ട ജലസേചന സാധ്യതയിലും (ഐപിസി), പ്രയോജനപ്പോടുത്തിയ ജലസേചന സാധ്യതയിലും (ഐപിയു) വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മറുവശത്ത്, ഉപരിതല ജലസേചന (എസ്ഡബ്ല്യു) സ്കീമുകളിൽ നിന്നുള്ള സൃഷ്ടിക്കപ്പെട്ട ജലസേചന സാധ്യതയിലും, പ്രയോജനപ്പോടുത്തിയ ജലസേചന സാധ്യതയിലും ആറാമത് ചെറുകിട ജലസേചന സെൻസസിൽ കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് കർഷകർക്ക് അവരുടെ ചെറിയ രീതിയിലുള്ള ജലസേചന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉപരിതല ജലസേചന പദ്ധതികളിലുള്ള ആശ്രയത്വം കുറയുകയും ഭൂഗർഭജല പദ്ധതികളിലുള്ള ആശ്രയത്വം വർദ്ധിച്ചു വരുന്നതായും സൂചിപ്പിക്കുന്നു.

ചെറുകിട ജലസേചന പദ്ധതികളുടെ അഞ്ചാമത് സെൻസസിനെ അപേക്ഷിച്ച്, ആറാമത് സെൻസസിൽ ചെറുകിട ജലസേചന നിർമ്മിതികളിലൂടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട ജലസേചന സാധ്യത 26.9 ശതമാനം കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. അഞ്ചാമത് സെൻസസിൽ ഐപിസി 2,48,300 ഹെക്ടറായിരുന്നുവെങ്കിൽ, ആറാമത് സെൻസസിൽ ഇത് 1,81,611 ഹെക്ടറായി കുറഞ്ഞു. അതുപോലെ, ആറാമത് സെൻസസ് രേഖകൾ പ്രകാരം പ്രയോജനപ്പെടുത്തിയ ജലസേചന സാധ്യതയിലും (ഐപിയു) 23.4 ശതമാനം കുറവു രേഖപ്പെടുത്തിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം അടിസ്ഥാനമാക്കി ആരംഭിച്ച ഏഴാമത് ചെറുകിട ജലസേചന സെൻസസ്, ഇന്ത്യയിലെ ചെറുകിട ജലസേചന രീതികളെക്കുറിച്ചുള്ള വിപുലമായ വിവര ശേഖരണത്തിന് ഊന്നൽ നൽകുന്നു. ഈ സെൻസസ് ജലസേചന സൗകര്യങ്ങളുടെ എണ്ണം, വർഗ്ഗീകരണം, നിലവിലെ അവസ്ഥയെക്കുറിച്ചുള്ള വിവരങ്ങളും ജലത്തിന്റെ ഉറവിടം, ഉപയോഗം, കാര്യക്ഷമത എന്നിവ സംബന്ധിച്ച വിശദാംശങ്ങളും രേഖപ്പെടുത്താൻ ലക്ഷ്യമിടുന്നു. ഏഴാമത് ചെറുകിട ജലസേചന സെൻസസും രണ്ടാമത് ജലാശയ സെൻസസും സംബന്ധിച്ച പ്രാദേശിക പരിശീലനം 2024, ഡിസംബറിൽ പൂർത്തീകരിച്ചു. സംസ്ഥാന, ജില്ലാതല പരിശീലനങ്ങളും പൂർത്തിയായി. സെൻസസിന്റെ വിവര ശേഖരണവും ജിയോ ടാഗിംഗും പുരോഗമിച്ചു വരുന്നു, 2026 ജനുവരിയിൽ ഏഴാമത് ചെറുകിട ജലസേചന റിപ്പോർട്ട് പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഭൂഗർഭ ജല വിഭവം**

ഇന്ത്യയിലെ വിവിധ മേഖലകളിലെ ശുദ്ധജല ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഭൂഗർഭജലം ഒരു പ്രധാന പ്രകൃതി സ്രോതസ്സായി വർത്തിക്കുന്നുണ്ട്. എന്നിരുന്നാലും, ഈ പരിമിതമായ വിഭവത്തിന്റെ സുസ്ഥിര വികസനവും കാര്യക്ഷമമായ മാനേജ്മെന്റും ഗണ്യമായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇന്ത്യയിലെ കാർഷിക മേഖലയുടെയും കുടിവെള്ള സുരക്ഷയുടെയും നട്ടെല്ലാണ് ഭൂഗർഭജലം. 2024-ലെ ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് അസസ്മെന്റ് റിപ്പോർട്ട് പ്രകാരം, രാജ്യത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 446.90 ബില്യൺ ക്യുബിക് മീറ്ററും (ബിസിഎം), വാർഷിക ഭൂഗർഭജല ലഭ്യത 406.19 ബില്യൺ ക്യുബിക് മീറ്ററുമാണ്, മൊത്തം പ്രകൃതിദത്ത ഡിസ്ചാർജ് 41.05 ബില്യൺ ക്യുബിക് മീറ്ററാണ്. കാലവർഷം മുഖേന ഏകദേശം 61 ശതമാനം വാർഷിക റീചാർജ്ജും ബാക്കി മറ്റ് വിവിധ മാർഗ്ഗങ്ങളിലൂടെയുമാണ് നടക്കുന്നത്. രാജ്യത്തെ ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 60.47 ശതമാനമാണ്.

സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5.67 ബില്യൺ ക്യുബിക് മീറ്ററും, വാർഷിക ഭൂഗർഭജല ലഭ്യത 5.13 ബില്യൺ ക്യുബിക് മീറ്ററുമാണ്. സംസ്ഥാനത്തെ ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 53.78 ശതമാനമാണ്. 2023 ലെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5.53 നിന്നും 5.67 ബിസിഎമ്മായും, വാർഷിക ഭൂഗർഭജല വിഭവ ലഭ്യത 5.01 ൽ നിന്ന് 5.13 ബിസിഎമ്മായും വർദ്ധിച്ചു.

ഓരോ വർഷത്തെയും ഭൂഗർഭ ജലത്തിന്റെ ഉപയോഗം 2.73-ബിസിഎംൽ നിന്നും 2.76 ബി.സി.എം ആയി വർദ്ധിച്ചു. ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് 54.55 ശതമാനത്തിൽ നിന്ന് 53.78 ശതമാനമായി കുറഞ്ഞു. ആകെയുള്ള 152 നിർണ്ണയ യൂണിറ്റുകളിൽ, 3 ബ്ലോക്കുകൾ (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളും കാസർകോട് ജില്ലയിലെ കാസർകോട് ബ്ലോക്കും) 'ക്രിട്ടിക്കൽ' വിഭാഗത്തിലും, 29 ബ്ലോക്കുകൾ 'സെമി ക്രിട്ടിക്കൽ' വിഭാഗത്തിലും, 120 ബ്ലോക്കുകൾ 'സേഫ് വിഭാഗങ്ങളിലുമായി തരംതിരിച്ചിട്ടുണ്ട്. സെമി ക്രിട്ടിക്കൽ ബ്ലോക്കുകളുടെ എണ്ണം 30 ൽ നിന്ന് 29 ആയി നേരിയ തോതിൽ കുറഞ്ഞിട്ടുണ്ട്. വർക്കല ബ്ലോക്ക് "സെമി-ക്രിട്ടിക്കൽ" വിഭാഗത്തിൽ നിന്ന് "സേഫ്" വിഭാഗത്തിലേക്ക് മാറിയിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ്, മൊത്തം വാർഷിക ഭൂഗർഭജല ലഭ്യത, ഭൂഗർഭജല ഉപയോഗത്തിന്റെ നിലവിലെ തോത് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.5.8** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഭൂഗർഭജല വികസനത്തിനും പരിപാലനത്തിനുമുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് സംസ്ഥാന ഭൂഗർഭജല വകുപ്പാണ്, സ്വകാര്യ വ്യക്തികൾക്കും സർക്കാർ ഏജൻസികൾക്കും ആവശ്യകത അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ വകുപ്പ് പ്രദാനം ചെയ്യുന്നു. ഭൂഗർഭജല ലഭ്യത നിലനിർത്തുന്നതിനായി വകുപ്പ് നടപ്പാക്കുന്ന പ്രധാന പ്രവർത്തനമാണ് ഭൂഗർഭജല സംരക്ഷണവും റീചാർജും. 2020-21 മുതൽ 2024-25 വരെയുള്ള ഭൂഗർഭജല വികസന പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 3.5.9** ൽ നൽകിയിരിക്കുന്നു.

ഭൂഗർഭജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു ഭൂഗർഭജല ഗുണനിലവാര പദ്ധതി സംസ്ഥാന വ്യാപകമായി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ മൊബൈൽ ലബോറട്ടറി സേവനം ഉപയോഗിച്ച് സംസ്ഥാനത്തുടനീളമുള്ള ദുർബല പ്രദേശങ്ങളിൽ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള ഒരു പദ്ധതിക്ക് വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി, ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങൾ കണ്ടെത്തിയ ഓരോ ജില്ലയിൽ നിന്നും 14 ബ്ലോക്കുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. 2024-ൽ ആദ്യ ഘട്ടം വിവര ശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്, വിവര മൂല്യനിർണയം പുരോഗമിച്ചു വരുന്നു. കൂടാതെ, ഈ കാലയളവിൽ ലഭ്യമായ ഭൂഗർഭ ജലത്തിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനായി കിണറുകളുടെ സെൻസസ് നടത്തുന്നതിനും വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. എൻഎച്ച്പി മൂന്നാം ഘട്ടത്തിൽ, എല്ലാ ഭൂഗർഭജല ഘടനകളുടെയും ഒരു സമഗ്രമായ മാപ്പിംഗ് നടത്തിയിട്ടുണ്ട്. ദേശീയ തലത്തിൽ തന്നെ ഒരു മുൻനിര സംരംഭവും കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് സംസ്ഥാനത്ത് നടത്തുന്ന ഒരു മുൻനിര പദ്ധതിയുമാണിത്, ഇതിനായി 93 ബ്ലോക്കുകൾ തിരഞ്ഞെടുക്കുകയും, ഏകദേശം 2.1 ദശലക്ഷം സ്ട്രക്ചറുകൾ മാപ്പിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കിണറുകളുടെ സെൻസസ് നടത്തുന്നതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസി "നീരറിവ്" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ഇത്, ശാസ്ത്രീയ വിലയിരുത്തലുകൾക്കും കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, ഭൂഗർഭജല വിഭവങ്ങളുടെ കൃത്യമായ ആസൂത്രണത്തിന് കൂടുതൽ മെച്ചപ്പെട്ട തരത്തിൽ പ്രയോജനപ്പെടുത്താൻ സഹായിക്കും. ഓരോ ബ്ലോക്കിലെയും ജലസ്രോതസ്സുകളുടെ കൃത്യമായ ബജറ്റിംഗിനായി സ്ഥിരീകരിക്കപ്പെട്ട വിവരങ്ങൾ ഉപയോഗിക്കുവാനും സാധിക്കും.

### സാമൂഹ്യ ജലസേചന പദ്ധതികൾ (സിഎംഐഐ പദ്ധതികൾ)

സൂക്ഷ്മ ജലസേചന രീതികൾ ഉപയോഗിച്ച് ഒരു കൂട്ടം കർഷകർക്ക് ഒരൊറ്റ ജലസ്രോതസ്സിനെ അടിസ്ഥാനമാക്കി വിവിധ വിളകളുടെ ആവശ്യങ്ങൾക്കുള്ള വെള്ളം ലഭ്യമാക്കുക എന്നതാണ് കമ്മ്യൂണിറ്റി സൂക്ഷ്മ ജലസേചന പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ കാർഷിക സമൂഹത്തിന് മികച്ച ജല ഉപയോഗക്ഷമതയും ഉയർന്ന വിളവും അതുപോലെ വർദ്ധിച്ച വരുമാനവും നേടാൻ സാധിക്കും. നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചറൽ ഇക്കണോമിക്സ് ആൻഡ് പോളിസി റിസർച്ച് (എൻസിഎപി) നടത്തിയ ഒരു പഠനം സൂചിപ്പിക്കുന്നത് കേരളത്തിൽ 2.7 ലക്ഷം ഹെക്ടർ ഭൂമിയിൽ സൂക്ഷ്മ ജലസേചനത്തിന് സാധ്യതയുണ്ടെന്നാണ്. സൂക്ഷ്മ ജലസേചന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓട്ടോമാറ്റിക് കൺട്രോൾ സിസ്റ്റം, ഫിൽട്ടർ യൂണിറ്റുകൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ സ്ഥാപിക്കുന്നതിന് ജലസേചന വകുപ്പിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം എന്നിവ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഐഐഡിസി) നൽകി വരുന്നുണ്ട്. സംസ്ഥാനത്തിന്റെ കാലാവസ്ഥയും ഭൂമിശാസ്ത്രപരമായ വെല്ലുവിളികളും കണക്കിലെടുക്കുമ്പോൾ സാമൂഹ്യ ജലസേചന പദ്ധതികൾ സ്വീകരിക്കുന്നതിന് ഗണ്യമായ സാധ്യതയുണ്ട്. ഇത് സംസ്ഥാനത്തെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും സഹായിക്കും. അതുകൊണ്ട്, സിഎംഐ പദ്ധതികൾ കേരളത്തിലെ ജലസേചന സൗകര്യ വികസന പദ്ധതികളിൽ പ്രധാന പരിഗണന നൽകേണ്ടവയാണ്. കെഐഐഡിസി ഇതിനോടകം തന്നെ പാലക്കാട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട് തുടങ്ങിയ വിവിധ ജില്ലകളിലായി പതിനാല് സാമൂഹിക സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പിലാക്കുകയും, 1986.45 ഏക്കറിൽ ജലലഭ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആറ് പദ്ധതികൾ പൂർത്തിയായി. കെഐഐഡിസിയുടെ കീഴിൽ, പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ 117 ഏക്കറിൽ ഒരു സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലൽ അഞ്ച് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളും പൂർത്തിയാക്കി. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ മൂങ്ങിൽമട, വലിയേരി, നവിതാൻകുളം, കന്നംകാട്ടുപതി എന്നിങ്ങനെ പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിലും വയനാട് ജില്ലയിലെ അത്തിച്ചാൽ മുണ്ടൻകൊല്ലിയിലുമായി 5 സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി തുക വിനിയോഗിച്ച് മൈനർ ഇറിഗേഷൻ ക്ലാസ് 1 ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെ.എം. മാണി സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതികൾ

നിർവ്വഹണം നടത്തുന്നതിന് കെഐഐഡിസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 33.44 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചു വരികയാണ്. ഇതിന്റെ ഫലമായി 748.45 ഏക്കർ ഭൂമി ജലസേചന യോഗ്യമാക്കുന്നതാണ്. കൂടാതെ, കെഐഐഎഫ്ബി ഫണ്ടുപയോഗിച്ച് ഇടുക്കി ജില്ലയിലെ ചിന്നാർ (120 ഏക്കർ), സെമിനാരിപടി (57 ഏക്കർ) എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന ചെക്ക് ഡാമുകളുടെ ഭാഗമായി 177 ഏക്കറിൽ സൂക്ഷ്മ ജലസേചനം നടപ്പിലാക്കുന്നുണ്ട്. ഇത് കൂടാതെ, പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശമായ ചിറ്റൂരിൽ മൂലത്തറ റൈറ്റ് ബാങ്ക് കനാൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 6219 ഏക്കറിൽ സൂക്ഷ്മ ജലസേചനം നടപ്പിലാക്കി വരുന്നു.

**വെള്ളപ്പൊക്ക നിവാരണം**

ദ്രുതഗതിയിലെ നഗരവൽക്കരണവും കാലാവസ്ഥാ വ്യതിയാനവും നിമിത്തം ഉണ്ടാകുന്ന നഗരപ്രദേശങ്ങളിലെ വെള്ളപ്പൊക്ക അപകട സാധ്യതകൾ വകുപ്പ് തിരിച്ചറിയുന്നു. വെള്ളപ്പൊക്ക ലഘൂകരണ നടപടികളുടെ ഭാഗമായി, വെള്ളപ്പൊക്ക ബണ്ടുകളുടെ നിർമ്മാണം, ഡ്രൈനേജ് സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, അധിക മഴവെള്ളം നിയന്ത്രിക്കുന്നതിന് ചെറുകിട ജലസംഭരണികളുടെ വികസനം എന്നിവ ഏറ്റെടുത്തിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി തുടങ്ങിയ നഗരങ്ങളിൽ, ദൈനംദിന ജീവിതത്തിലെ തടസ്സങ്ങൾ കുറയ്ക്കുന്നതിനൊപ്പം, കഠിനമായ കാലാവസ്ഥയെ അതിജീവിക്കാൻ കഴിയുന്ന ഒരു നഗര പരിസ്ഥിതി വളർത്തിയെടുക്കുന്നതിന് പ്രത്യേക തന്ത്രങ്ങൾ നടപ്പിലാക്കുന്നതാണ്.

പ്രളയാനന്തര നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് വേണ്ട അറ്റകുറ്റപ്പണികൾ, കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നീ ആഘാതങ്ങൾക്കെതിരെ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ, 'നദിക്കൊരിടം' (റൂം ഫോർ ദി റിവർ) പദ്ധതിയ്ക്കുള്ള സമഗ്ര പദ്ധതിരേഖ തയ്യാറാക്കൽ, കേരള ജലവിഭവ വിവര സംവിധാനത്തിന്റെ സമാരംഭം എന്നിങ്ങനെ പ്രളയവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ സഹായത്തോടെ ജലസേചന വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടാകാനിടയുള്ള വരൾച്ച, വെള്ളപ്പൊക്കം, ജലത്തിലുണ്ടാകുന്ന ലവണാംശം, വർദ്ധിച്ചു വരുന്ന സമുദ്രനിരപ്പ് എന്നിവ മുൻകൂട്ടി അറിയുകയെന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ഈ സാഹചര്യത്തിലാണ് വെള്ളപ്പൊക്ക സാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾക്ക് പ്രാധാന്യം അർഹിക്കുന്നത്.

**വെള്ളപ്പൊക്ക സാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനങ്ങൾ (എഫ്.എഫ്.ഇ.ഡബ്ല്യു.എസ്)**

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടി സമയബന്ധിതമായ മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള ഒരു സംവിധാനമായി വെള്ളപ്പൊക്ക സാധ്യതാ പ്രവചന മുന്നറിയിപ്പ് സംവിധാനം പ്രവർത്തിക്കുന്നു. വെള്ളപ്പൊക്കത്തിന് സാധ്യതയുള്ളതും, നാശനഷ്ടങ്ങൾ ഉണ്ടാകാനിടയുള്ളതുമായ പെരിയാർ, മണിമല, ചാലക്കുടി, പമ്പ, അച്ചൻകോവിൽ എന്നീ നദീതടങ്ങളാണ് ഈ സംവിധാനത്തിന്റെ പ്രാരംഭ വികസനത്തിനായി കണ്ടെത്തിയത്. ഇതിൽ, പെരിയാറിലെയും ചാലക്കുടിയിലെയും വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങൾ ദേശീയ ജലശാസ്ത്ര പദ്ധതിയുടെ കീഴിൽ കാര്യക്ഷമമായി സ്ഥാപിച്ചിട്ടുണ്ട്. പ്രവചന വിവരങ്ങളും ബുള്ളറ്റിംഗും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്കും, ഇന്റർ സ്റ്റേറ്റ് വാട്ടർ സെല്ലിനുമായി നൽകിവരുന്നു. വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി, നാല് ഓട്ടോമാറ്റിക് റെയിൻ ഗേജുകളും അഞ്ച് ഓട്ടോമാറ്റിക് വാട്ടർ ലെവൽ റെക്കോർഡറുകളും സ്ഥാപിച്ചിട്ടുണ്ട്, ഡാറ്റ ഐഡിആർബി സെർവറിലേക്ക് കൈമാറി വരുന്നുണ്ട്.

മീനച്ചിലാറ്റിലെ വെള്ളപ്പൊക്ക പ്രവചനത്തിനും നേരത്തെയുള്ള മുന്നറിയിപ്പ് സംവിധാനത്തിനുമായി സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യുആർഡിഎം) ഒരു സമർപ്പിത ശ്രമം ഏറ്റെടുത്തിട്ടുണ്ട്, ജലവുമായി ബന്ധപ്പെട്ട ദുരന്തങ്ങളിൽ പ്രധാന ശ്രദ്ധ നൽകുന്നത് അവരുടെ സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമാണ്.

കേരളത്തിലെ ജലവിഭവ വകുപ്പിന് കീഴിലുള്ള മിഷൻ ഡയറക്ടറേറ്റ്, ലോക ബാങ്ക് ധനസഹായം നൽകുന്ന റെസിലിയന്റ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (ആർകെഡിപി -2), ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എഡിബി) പോലുള്ള മറ്റ് ബാഹ്യ ധനസഹായം ലഭിക്കുന്ന പദ്ധതികളുടെ പ്രധാന മേൽനോട്ടം എന്നിവ നിർവഹിച്ചു വരുന്നു. റെസിലന്റ് കേരള പ്രോഗ്രാമിന്റെ ഡിഎൽഐ-7 അനുസരിച്ച്, പമ്പ നദീതടത്തിനായുള്ള സംയോജിത നദീതട പരിപാലനത്തിൽ സംസ്ഥാനം വലിയ നാഴികക്കല്ലുകൾ കൈവരിച്ചിട്ടുണ്ട്. കോട്ടയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസിന്റെ സഹായത്തോടെ പമ്പയ്ക്കായുള്ള സംയോജിത നദീതട മാനേജ്മെന്റ് പ്ലാൻ (ഐആർബിഎംപി) 2025 മെയ് മാസത്തിൽ അന്തിമമാക്കി, സർക്കാർ അംഗീകാരം ലഭ്യമാക്കിയിരുന്നു. ഇതോടൊപ്പം, 30 ഇന്റർവെൻഷനുകൾ കണ്ടെത്തുകയും, അതിൽ 25 എണ്ണം ഇതിനോടകം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. നിർണായകമായ നാല് ഇന്റർവെൻഷനുകൾക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡിപിആർഎസ്) ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. 2024-25 കാലയളവിൽ നദീതടത്തിനായി ഒരു സമഗ്രമായ ജല ഓഡിറ്റിംഗിന് തുടക്കം കുറിച്ചിട്ടുണ്ട്. ഉപരിതല ജല മാതൃകയും ഭൂഗർഭ ജല വിശകലനവും ഇതിൽ ഉൾപ്പെടുത്താനും 2026 ജൂണോടെ പൂർത്തിയാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

കേരളത്തിലെ രൂക്ഷമായ കടലാക്രമണ പ്രശ്നത്തിന് ഒരു ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ (എസ്എംപി) തയ്യാറാക്കുകയും, കടൽ ഭിത്തി നിർമ്മാണത്തിൽ പൈലറ്റ് നിക്ഷേപങ്ങൾ നടത്തുകയുമാണ് ഡിഎൽഐ-10ൽ തീരദേശ പരിപാലന പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2024-ൽ തീവ്ര മണ്ണൊലിപ്പ് ബാധിത പ്രദേശങ്ങൾ കണ്ടെത്തി ഒൻപത് തീരദേശ ജില്ലകളിലായി 30 കിലോമീറ്റർ ദൂരത്തിലുള്ള മണ്ണൊലിപ്പ് രൂക്ഷമായ 30 ഇടങ്ങൾ കണ്ടെത്തി മുൻഗണനാടിസ്ഥാനത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണം**

2018–ലെ പ്രളയത്തെത്തുടർന്ന് കുട്ടനാട്ടിലേക്ക് മണിമല, പമ്പ, അച്ചൻകോവിൽ നദികളിൽ നിന്നും വലിയ തോതിൽ എക്കൽ ഒഴുകിയെത്തി അടിഞ്ഞുകൂടി. പ്രധാന ചാനലിലെ തടസ്സങ്ങളും കൈയേറ്റങ്ങളും നീക്കം ചെയ്യുന്നതിലൂടെയും, പ്രധാന ചാനലിലെ ഇരുവശങ്ങളും സംരക്ഷിക്കുന്നതിലൂടെയും കുട്ടനാട്ടിലെ വെള്ളപ്പൊക്കം ഒരു പരിധി വരെ ലഘൂകരിക്കുവാനും അതുപോലെ പാടശേഖരങ്ങളിലും സമീപത്തെ കരഭൂമിയിലും വെള്ളം കയറുന്നത് തടയാനും സാധിക്കും. പമ്പ നദിയുടെ ഇടത്, വലത് തീരങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾ, വീയപുരം മുതൽ കുറിച്ചികൽ വരെയുള്ള തോട്ടപ്പള്ളി പൊഴിയിലേക്ക് നീളുന്ന, വീയപുരം, ചെറുതന, കരുവാറ്റ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പ്രധാന ചാനൽ, കുറിച്ചികൽ മുതൽ അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളി സ്പിൽവേയിലൂടെ പൊഴിമുഖത്തേക്കുമുള്ള പമ്പ നദീ സംരക്ഷണ പ്രവർത്തനങ്ങൾ (തോട്ടപ്പള്ളി സ്പിൽവേയിലേക്കുള്ള പ്രധാന ചാനൽ) എന്നീ രണ്ട് പ്രധാന പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്. ഈ സംരംഭങ്ങൾ പൂർത്തിയാകുന്നതോടെ കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കത്തിന്റെ ആഘാതം ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും.

കുട്ടനാട് പാക്കേജിന് കീഴിൽ 22.23 കോടി രൂപയുടെ 34 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ പദ്ധതികളും നിലവിൽ പുരോഗമിച്ചു വരികയാണ്. ഈ പദ്ധതികളിൽ പുറംബണ്ടുകളുടെ സംരക്ഷണം, കലുങ്കുകളുടെ നിർമ്മാണം, എക്കൽ നീക്കം ചെയ്യൽ, വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്തുന്നതിലൂടെ ഏകദേശം 4800 ഹെക്ടർ കൃഷിസ്ഥലം വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കാൻ സാധിക്കും. ഒരു കലുങ്ക് നിർമ്മാണം വിജയകരമായി സ്ഥാപിച്ചതിന് പുറമേ, ബണ്ടുകളുടെ നിർമ്മാണവും 3,235 മീറ്റർ നീളത്തിൽ ഒരു സംരക്ഷണ ഭിത്തിയുടെ പൂർത്തീകരണവും ഭൗതിക നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

വെള്ളപ്പൊക്ക നിയന്ത്രണ നടപടികളുടെ ഭാഗമായി, കുട്ടനാട്, അപ്പർ കുട്ടനാട്, ഓണാട്ടുകര മേഖലകളിലെ പാടശേഖരങ്ങളുടെ വികസനത്തിനായി പുറം ബണ്ടുകൾ ശക്തിപ്പെടുത്തൽ, മോട്ടോർ തറ (പ്ലാറ്റ്ഫോം), മോട്ടോർ ഷെഡ്, പൈപ്പ് കൾവെർട്ട്, ബോക്സ് കൾവെർട്ട്, നെൽവയലുകളിലൂടെയുള്ള വാച്ചൽതോട് (സാധാരണ ഡ്രെയിനേജ്) മാലിന്യ നിർമാർജനം തുടങ്ങിയ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 2024–25ൽ 34 പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്, അതിൽ എല്ലാ പ്രവർത്തികളും പുരോഗമിച്ചു വരുന്നു. ഈ പ്രവർത്തികളിൽ പുറം ബണ്ട് സംരക്ഷണം, കൾവർട്ടുകളുടെ നിർമ്മാണം, ഡീസിൽട്ടിങ്, വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയും ഉൾപ്പെടുന്നു.

**തീരദേശ സംരക്ഷണം**

കേരളത്തിന് ഏകദേശം 590 കിലോമീറ്റർ തീരപ്രദേശമുണ്ട്. ഇത് തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ കാസർഗോഡ് ജില്ലയിലെ തലപ്പാടി വരെ ഒമ്പത് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു. അതുകൊണ്ട് തന്നെ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലും ഓരോ സ്ഥലത്തിനും അനുയോജ്യമായ രീതിയിലും തീരദേശം സംരക്ഷിക്കാനുള്ള തന്ത്രങ്ങൾ ആവശ്യമാണ്. ശംഖുമുഖം, കൊല്ലംകോട്, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ 10 ഹോട്ട് സ്പോട്ടുകളിലായി പ്രദേശത്തിന് അനുസൃതമായ പഠനം നടത്തുന്നതിന് ദേശീയ തീര ഗവേഷണ കേന്ദ്രത്തെ (എൻസിസിആർ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

ടെട്രാപോഡ് ഉപയോഗിച്ച് ഗ്രോയ്നുകളും കടൽഭിത്തിയും അടങ്ങുന്ന ഹൈബ്രിഡ് സംരക്ഷണ സംവിധാനം ഉപയോഗപ്പെടുത്തി ചെല്ലാനത്തുള്ള തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ആദ്യ ഘട്ടത്തിൽ മുൻഗണന നൽകിയത്. പദ്ധതിയുടെ ആദ്യ ഘട്ടം 2025 ജനുവരിയിൽ പൂർത്തീകരിച്ചു. 2 ടൺ, 3.5 ടൺ, 5 ടൺ ഭാരമുള്ള ഷഡ്ഭുജാകൃതിയിലുള്ള ടെട്രാപോഡുകളും ഗ്രാനൈറ്റ് കല്ലുകളും ഉപയോഗിച്ചാണ് കടൽഭിത്തിയും ഗ്രോയിനുകളും നിർമ്മിച്ചിരിക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 6.64 കിലോമീറ്റർ കടൽഭിത്തി, നടപ്പാത, ബസാർ പ്രദേശത്ത് 660 മീറ്റർ നീളമുള്ള ആറ് ഗ്രോയിനുകൾ എന്നിവയുടെ വികസനവും ഉൾപ്പെടുന്നു. ചെല്ലാനം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 7.3 കിലോമീറ്ററിന് തീരദേശ സംരക്ഷണം നൽകുന്നു. കണ്ണമാലി ഉൾപ്പെടെയുള്ള ചെല്ലാനം തീരദേശ മേഖലയെ സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിന്റ ഭാഗമായി, ചെല്ലാനം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 358.00 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 6.1 കിലോമീറ്റർ കടൽഭിത്തി, കണ്ണമാലി പ്രദേശത്തിന് നടപ്പാത, ബസാർ ഏരിയയിലെ ഗ്രോയിനുകളുടെ ഉയരം കൂട്ടൽ എന്നിവ ഉൾപ്പെടുന്നു. പദ്ധതിക്ക് സർക്കാർ അനുമതി ലഭിച്ചാൽ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സാമ്പത്തിക സഹായത്തോടെ രണ്ടാം ഘട്ടം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. ചെല്ലാനം തീരദേശ സംരക്ഷണ പദ്ധതി പ്രദേശവാസികളുടെ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് തടയുമെന്ന് പ്രതീക്ഷിക്കുന്നു, ഇത് ഏകദേശം 500 കുടുംബങ്ങൾക്ക് നേരിട്ടും 2,000 ത്തിലധികം കുടുംബങ്ങൾക്ക് പരോക്ഷമായി പ്രയോജനപ്പെടുന്നതാണ്.

നിലവിലുള്ള തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വകുപ്പ് മുൻഗണന നൽകുന്നു. കടൽ ഭിത്തികളുടെയും ഗ്രോയിനുകളുടെയും ഘടനാപരമായ ഉറപ്പിനെ വിലയിരുത്തുകയും, മാത്രമല്ല കാലാവസ്ഥാ ആഘാതങ്ങളെ നേരിടാൻ ആവശ്യമായ അറ്റകുറ്റപ്പണികൾ, ശക്തിപ്പെടുത്തൽ എന്നിവയും ആസൂത്രണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. തീരദേശ സമൂഹത്തെയും അടിസ്ഥാന സൗകര്യങ്ങളെയും സംരക്ഷിക്കുന്നതിലൂടെ, മണ്ണൊലിപ്പ് വെള്ളപ്പൊക്കം എന്നിവയ്ക്കെതിരെ ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ ആവശ്യമായ തുക അനുവദിക്കുക എന്നതും വകുപ്പിന്റെ ലക്ഷ്യമാണ്.

**ഭാവിയിലേയ്ക്കുള്ള വീക്ഷണം**

കേരളത്തിലെ ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും ജലവിഭവ മാനേജ്മെന്റിന് സമഗ്രവും സംയോജിതവുമായ സമീപനത്തിന്റെ ഒരു നിർണായകമായ ആവശ്യകത വെളിപ്പെടുത്തുന്നു. കാലാവസ്ഥാ മാറ്റം കാരണമുണ്ടാകുന്ന തീവ്ര പ്രളയ സാധ്യതകൾ കുറയ്ക്കുന്നതോടൊപ്പം തന്നെ, വിവിധ ജലസേചന പദ്ധതികളിലൂടെ കൃഷിക്ക് ഉചിതമായ ജല ഉപയോഗം ഉറപ്പുവരുത്തുക എന്ന ഇരട്ട വെല്ലുവിളിയാണ് സംസ്ഥാനം നേരിടുന്നത്.

കടുത്ത കാലാവസ്ഥാ വ്യതിയാനങ്ങൾ നദികളുടെ ആവാസ വ്യവസ്ഥയെയും അവയുടെ പ്രവർത്തനങ്ങളെയും സാരമായി ബാധിച്ചേക്കാം. ഈ വെല്ലുവിളികൾ നേരിടാൻ, സംയോജിത ജലവിഭവ മാനേജ്മെന്റ് (ഐഡബ്ല്യൂആർഎം) തത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സുസ്ഥിര ജലവിഭവ മാനേജ്മെന്റിന് മുൻഗണന നൽകേണ്ടതുണ്ട്. കൂടാതെ, ജലവിഭവ പരിപാലന രീതികൾ നടപ്പാക്കുമ്പോൾ സംസ്ഥാനത്തെ അതുല്യമായ ജൈവ വൈവിധ്യം സംരക്ഷിക്കേണ്ടത് ആവശ്യമാണ്.

കേരളത്തിലെ ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും കൈകാര്യം ചെയ്യുക എന്നത് സമഗ്രവും സംയോജിത തന്ത്രവും ആവശ്യമുള്ള സങ്കീർണ്ണമായ വെല്ലുവിളിയാണ്. ചെറുകിട, സൂക്ഷ്മ ജലസേചന പദ്ധതികളുടെ വ്യാപക ഉപയോഗം ഇതിന് അത്യന്താപേക്ഷിതമാണ്, ഇതിനായി പ്രാദേശിക തലത്തിൽ ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുകയും വികേന്ദ്രീകൃത ജലമാനേജ്മെന്റ് ശാക്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഘടനാപരമായി കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുടെ പ്രധാന വിജയം, ശാസ്ത്രീയ ഭൂവിനിയോഗ ആസൂത്രണവും നീർത്തട മാനേജ്മെന്റും നടപ്പാക്കുന്ന ശക്തമായ ഐഡബ്ല്യുആർഎം ചട്ടക്കൂടുകളുമായി വളരെ അധികം ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലഘട്ടത്തിൽ, നൂതന കാലാവസ്ഥാ പ്രവചനത്തിന്റെയും മുൻകൂട്ടിയുള്ള മുന്നറിയിപ്പ് സംവിധാനങ്ങളുടെയും സംയോജനം, ഫലപ്രദമായ വെള്ളപ്പൊക്ക നിയന്ത്രണത്തിന് അത്യന്താപേക്ഷിതമാണ്. അന്തിമമായി, കേരളത്തിന്റെ സുസ്ഥിരവും ജലസുരക്ഷിതത്വവുമുള്ള ഭാവി, പരമ്പരാഗതവും ആധുനികവുമായ ജലസേചന രീതികൾ സംയോജിപ്പിച്ച്, തത്സമയ കാലാവസ്ഥാ വിവരങ്ങൾ ഉപയോഗിച്ച് വെള്ളപ്പൊക്കം ലഘൂകരിക്കുകയും, കർശനമായ പരിസ്ഥിതി നിയമങ്ങൾ നടപ്പിലാക്കുകയും, നദീതടത്തിൽ ജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും ചെയ്യുന്ന ഒരു സമഗ്ര നയ ചട്ടക്കൂടിനെ ആശ്രയിച്ചിരിക്കുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ മാത്രം ഇടപെടുന്ന രീതിയിൽ നിന്ന് മാറി, അപകടസാധ്യതകൾ മുൻകൂട്ടി കണ്ടറിഞ്ഞ് അവ കുറയ്ക്കുന്നതിനും സുസ്ഥിര വികസനം ലക്ഷ്യമിട്ടുള്ളതുമായ ഈ മാതൃകാപരമായ മാറ്റം മാത്രമാണ് മുന്നോട്ടേയ്ക്കുള്ള ഏക പോംവഴി.

## 3.6 വനവും വന്യജീവികളും

വനങ്ങൾ ഭൂമിയുടെ കരഭാഗത്തിന്റെ ഏകദേശം മൂന്നിലൊന്ന് വിസ്തീർണ്ണം ഉൾക്കൊള്ളുകയും ജീവൻ നിലനിർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. ഭൂമിയിലെ കരജീവികളിൽ പകുതിയിലധികവും വനങ്ങളെയാണ് ആശ്രയിക്കുന്നത്. കൂടാതെ ലോകത്ത് ശുദ്ധജലത്തിന്റെ ഏകദേശം 75 ശതമാനവും വനങ്ങളാണ് നൽകുന്നു. വന്യജീവികൾക്ക് ആവാസവ്യവസ്ഥ ഒരുക്കുക, ജലചക്രം നിയന്ത്രിക്കുക, വർഷംതോറും ഏകദേശം 2.6 ബില്യൺ ടൺ കാർബൺ ഡൈഓക്സൈഡ് ആഗിരണം ചെയ്യുന്ന പ്രധാന കാർബൺ സിങ്കുകളായി പ്രവർത്തിക്കുക എന്നിവയിലൂടെ വനങ്ങൾ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നു. തടി, ഔഷധ സസ്യങ്ങൾ, മറ്റ് മരം അല്ലാത്ത വനോൽപ്പന്നങ്ങൾ എന്നിവയിലൂടെ വനങ്ങൾ ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നൽകുന്നു. ഐക്യരാഷ്ട്രസഭയുടെ ഗ്ലോബൽ ഫോറസ്റ്റ് ഗോൾസ് റിപ്പോർട്ട് 2021 പ്രകാരം, ലോകമെമ്പാടുമുള്ള ഏകദേശം 1.6 ബില്യൺ ആളുകൾ തങ്ങളുടെ ഉപജീവനത്തിനായി വനങ്ങളെ ആശ്രയിക്കുന്നു. വനനശീകരണവും ഭൂക്ഷയവും പരിസ്ഥിതി സേവനങ്ങൾക്ക് ഭീഷണിയാവുകയും ലോകത്തിലെ കരഭൂമിയുടെ ഏകദേശം 23 ശതമാനത്തിൽ ഉൽപാദനക്ഷമത കുറയാൻ കാരണമാകുകയും ചെയ്യുന്നു. ആഗോള താപനില വർധന 1.5 ഡിഗ്രി സെൽഷ്യസ് ആയി പരിമിതപ്പെടുത്താൻ വനനശീകരണം തടയുക, വന പരിപാലനം മെച്ചപ്പെടുത്തുക, വനവൽക്കരണം വ്യാപിപ്പിക്കുക എന്നിവ അനിവാര്യമാണെന്ന് ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടി (യു.എൻ.ഇ.പി) ചൂണ്ടിക്കാട്ടുന്നു. ലോകബാങ്കിന്റെ 'സ്റ്റേറ്റ് ഓഫ് ദി വേൾഡ്സ് ഫോറസ്റ്റ്സ് 2022' വനസംരക്ഷണത്തിനുള്ള മൂന്ന് പ്രധാന മാർഗങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. നശിച്ചുപോയ ഭൂമി പുനഃസ്ഥാപിക്കുകയും കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുകയും, വനങ്ങളുടെ സുസ്ഥിര ഉപയോഗം ഉറപ്പാക്കുകയും, ഹരിത മൂല്യ ശൃംഖലകൾ വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ നടപടികൾ ഗ്രാമീണ ഉപജീവനങ്ങൾ മെച്ചപ്പെടുത്താനും, ആഗോള ഭൗതിക ആവശ്യങ്ങൾ നിറവേറ്റാനും, പരിസ്ഥിതി വെല്ലുവിളികളെ നേരിടാനും സഹായിക്കും.

**വനവിസ്തൃതി**

ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ) പുറത്തിറക്കിയ ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2023 (ISFR 2023) പ്രകാരം, ഇന്ത്യയുടെ മൊത്തം ഹരിതാവരണം 8,27,357 ച.കി.മീ ആണ്, ഇത് രാജ്യത്തിന്റെ ഭൂവിസ്തൃതിയുടെ 25.17 ശതമാനം ആണ്. വന വിസ്തീർണം 7,15,343 ചതുരശ്ര കിലോമീറ്റർ ആണ്, ഇത് ആകെ ഭൂവിസ്തീർണത്തിന്റെ 21.76 ശതമാനമാണ്. അതേസമയം, ട്രീ കവറേജ് 1,12,014 ചതുരശ്ര കിലോമീറ്റർ, (3.41 ശതമാനം) ആണ്. 2021 മുതൽ ഹരിതാവരണം 1,445 ചതുരശ്ര കിലോമീറ്റർ വർധിച്ചിട്ടുണ്ട്. 1988 ലെ ദേശീയ വനനയം രാജ്യത്തെ 33 ശതമാനം ഭൂമിയും വനത്തിനും വൃക്ഷാവരണത്തിനു കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിടുന്നു. ഇത് വനസംരക്ഷണത്തിന്റെയും സുസ്ഥിര മാനേജ്മെന്റ് രീതികളുടെയും തുടർച്ചയായ ആവശ്യകതയെ എടുത്തുകാട്ടുന്നു.

കേരളത്തിലെ രേഖപ്പെടുത്തിയിരിക്കുന്ന വനവിസ്തീർണം 11,536.25 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തീർണമായ 38,863 ചതുരശ്ര കിലോമീറ്ററിന്റെ ഏകദേശം 29.68 ശതമാനമാണ്. കേരളത്തിലെ വനങ്ങളുടെയും അവയുടെ തരങ്ങളുടെയും വിശദാംശങ്ങൾ **പട്ടിക 3.6.1** ൽ സൂചിപ്പിക്കുന്നു.

എന്നിരുന്നാലും, സംരക്ഷിത വനങ്ങൾക്ക് പുറത്തുള്ള പ്രദേശങ്ങളും വനങ്ങൾക്ക് പുറത്തുള്ള വ്യക്തിഗത

മരങ്ങളും ഉൾപ്പെടെ യഥാർത്ഥ വനവിസ്തൃതി വളരെ വലുതാണ്. 2023-ലെ ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ വിലയിരുത്തൽ പ്രകാരം, തോട്ടങ്ങൾ ഉൾപ്പെടെ മൊത്തം വനവിസ്തൃതി 22,059 ചതുരശ്ര കിലോമീറ്ററാണ്, ഇത് സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ 56.78 ശതമാനത്തെ പ്രതിനിധീകരിക്കുന്നു. മുൻ വർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വനവിസ്തൃതിയിൽ 0.28 ശതമാനം വർദ്ധനവ് ഇത് കാണിക്കുന്നു. ഇതിൽ, വളരെ ഇടതൂർന്ന വനങ്ങൾ 2,041 ചതുരശ്ര കിലോമീറ്റർ (മൊത്തം വനവിസ്തൃതിയുടെ 9.25 ശതമാനം), മിതമായ ഇടതൂർന്ന വനങ്ങൾ 9,322 ചതുരശ്ര കിലോമീറ്റർ (42.26 ശതമാനം), തുറന്ന വനങ്ങൾ 10,696 ചതുരശ്ര കിലോമീറ്റർ (48.49 ശതമാനം) എന്നിവയാണ്. 2021 ലെ വിലയിരുത്തലുമായി താരതമ്യപ്പെടുത്തുമ്പോൾ, വനവിസ്തൃതിയിൽ 133.42 ചതുരശ്ര കിലോമീറ്റർ നേരിയ വർധനവുണ്ടായിട്ടുണ്ട്. **ചിത്രം 3.6.1** കേരളത്തിലെ വനമേഖലയുടെ വളർച്ചയെ സൂചിപ്പിക്കുന്നു.

**പട്ടിക 3.6.1** കേരളത്തിലെ വനങ്ങളുടെ തരം (വിസ്തീർണ്ണം ചതുരശ്ര കിലോമീറ്റർ

| ക്ര. നമ്പർ | വനതരം | വിസ്തീർണ്ണം (ചതുരശ്ര കിലോമീറ്റർ) |
|---|---|---|
| 1 | ഉഷ്ണമേഖലാ വെറ്റ് നിത്യഹരിത & അർദ്ധ നിത്യഹരിത വനങ്ങൾ | 3877.440 |
| 2 | ഉഷ്ണമേഖലാ ഈർപ്പമുള്ള ഇലപൊഴിയും വനങ്ങൾ | 3615.980 |
| 3 | ഉഷ്ണമേഖലാ വരണ്ട ഇലപൊഴിയും വനങ്ങൾ | 391.360 |
| 4 | മൊണ്ടെയ്ൻ ഉപ ഉഷ്ണമേഖലാ മിതശീതോഷ്ണ ആഴക്കടലുകൾ | 386.420 |
| 5 | തോട്ടങ്ങൾ | 1457.460 |
| 6 | പുൽമേടുകൾ | 501.090 |
| 7 | മറ്റുള്ളവ | 1306.501 |
| | **ആകെ** | **11536.251** |

**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

സംസ്ഥാനത്തെ ജില്ലകളിൽ, ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ളത് ഇടുക്കിയിലാണ്, 3,211 ചതുരശ്ര കിലോമീറ്റർ. തൊട്ടുപിന്നിൽ മലപ്പുറം (2,165 ചതുരശ്ര കിലോമീറ്റർ), പാലക്കാട് (2,047 ചതുരശ്ര കിലോമീറ്റർ) എന്നിവയാണ്. മൊത്തം ഭൂവിസ്തൃതിയുടെ ഒരു ശതമാനമായി വനവിസ്തൃതി കണക്കാക്കുമ്പോൾ, 80.26 ശതമാനം വനവിസ്തൃതിയുമായി കോഴിക്കോട് ജില്ല ഒന്നാം സ്ഥാനത്തും, വയനാട്ടും (74.8 ശതമാനം) ഇടുക്കിയും (73.71 ശതമാനം) തൊട്ടുപിന്നിലും നിൽക്കുന്നു. **ചിത്രം 3.6.2** -ൽ ജില്ല തിരിച്ചുള്ള വനവിസ്തൃതി കാണിക്കുന്നു. വനമേഖലയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.6.1** -ൽ നൽകിയിരിക്കുന്നു.

വർദ്ധിച്ചുവരുന്ന ജലക്ഷാമത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും ഇടയിൽ, പാരിസ്ഥിതികവും സാമ്പത്തികവുമായ ദുർബലതകൾ കുറയ്ക്കുന്നതിൽ വനങ്ങളുടെ പ്രാധാന്യം കൂടുതൽ നിർണായകമാകുന്നു. ജലസുരക്ഷ, ജൈവവൈവിധ്യ സംരക്ഷണം, പ്രാദേശിക ഉപജീവനമാർഗ്ഗങ്ങളുടെ മെച്ചപ്പെടുത്തൽ, സാമൂഹിക ലക്ഷ്യങ്ങളുടെ നേടൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനം നൽകുന്നതിനായി വനപരിപാലനത്തിന് പതിനാലാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകിയിരുന്നു. 2024-25 ൽ ജലസുരക്ഷ വർദ്ധിപ്പിക്കൽ, മനുഷ്യ-മൃഗസംഘർഷങ്ങൾ കുറയ്ക്കൽ, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ജീവിതവും ഉപജീവനവും സംരക്ഷിക്കൽ, കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പ്രകൃതിദത്ത സംരക്ഷണ പാളിയായി വനങ്ങളെ ശക്തിപ്പെടുത്തൽ എന്നിവയ്ക്ക് മുഖ്യ പരിഗണന നൽകിയിരുന്നു.

### 2024-25 ലെ പ്രധാന നേട്ടങ്ങൾ

സ്വാഭാവിക വനങ്ങളുടെ പരിപാലനം

കേരളത്തിലെ പ്രകൃതിദത്ത വനങ്ങൾ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുകയും സംസ്ഥാനത്തിന്റെ സംസ്കാരം, പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ എന്നിവയ്ക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നു. ഈ വനങ്ങളെ ഫലപ്രദമായി പരിപാലിക്കുന്നതിനായി കൃത്യമായ സർവേയും അതിർത്തി നിർണ്ണയം നടത്തുക, കൈയേറ്റങ്ങളും നിയമവിരുദ്ധ പ്രവർത്തനങ്ങളും തടയുക, കാട്ടുതീ നിയന്ത്രിക്കുക, മണ്ണും ഈർപ്പവും സംരക്ഷിക്കുക, അപൂർവമായ ആവാസവ്യവസ്ഥകൾ സംരക്ഷിക്കുക തുടങ്ങിയ നടപടികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നു. വനവിഭാഗത്തിന്റെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളും (ആർ.ആർ.റ്റി) ആന ഡ്രൈവിംഗ് ടീമുകളും സജ്ജീകരിച്ചുവരുന്നു. വനങ്ങളെ കൈയേറ്റം, വേട്ടയാടൽ, മരംമുറിക്കൽ എന്നിവയിൽ നിന്ന് സംരക്ഷിക്കുക, ജൈവ ഇടപെടലുകളും തീപിടുത്ത സാധ്യതകളും ലഘൂകരിക്കുക, നദീതീരങ്ങൾ സംരക്ഷിക്കുക, നശിച്ച പ്രദേശങ്ങൾ പുനരധിവസിപ്പിക്കുക, ദുർബലമായ ആവാസവ്യവസ്ഥയെ സംരക്ഷിക്കുക, ആദിവാസി സമൂഹങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പങ്കാളിത്ത വനപരിപാലനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

2024-25 ൽ വനസംരക്ഷണം, പ്രത്യേക ആവാസ വ്യവസ്ഥയുടെ സംരക്ഷണം, അനധികൃത കഞ്ചാവ് കൃഷി തടയൽ, ചന്ദനമര പ്രദേശങ്ങൾ സംരക്ഷിക്കൽ എന്നിവയുൾപ്പെടെ നിരവധി പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് ഏറ്റെടുത്തു. കയ്യേറ്റം തടയുന്നതിനുള്ള അതിർത്തി ഏകീകരണ ശ്രമങ്ങളുടെ ഭാഗമായി, 463 സ്ഥിരം കെയ്‌ണുകൾ നിർമ്മിക്കുകയും, അഗ്നി സുരക്ഷയ്ക്കായി 567.58 കിലോമീറ്റർ ഫയർ ലൈനുകൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തു. വന സംരക്ഷണ സമിതികൾ (വിഎസ്എസ്), ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) വഴിയാണ് ഇത് നടപ്പിലാക്കിയത്.

സംഘടിത കയ്യേറ്റം, കള്ളക്കടത്ത് തുടങ്ങിയ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി, വടക്കൻ മേഖലയിലെ നിലമ്പൂരിൽ ഒരു ദ്രുത കർമ്മ സേന (ആർഎഎഫ്) യൂണിറ്റും തെക്കൻ മേഖലയിലെ കോന്നിയിൽ

**ചിത്രം 3.6.1** വനമേഖലയുടെ വളർച്ച (ച. കി.മീറ്ററിൽ) കേരളത്തിൽ – 2011 മുതൽ 2023




**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

മറ്റൊരു യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. വനപാതകളുടെ അറ്റകുറ്റപ്പണികൾ വനസംരക്ഷണത്തിന്റെ ഒരു പ്രധാന ഘടകമായി തുടരുന്നു. 2024-25 ൽ വനം വകുപ്പ് ഏകദേശം 5,189.35 കിലോമീറ്റർ റോഡുകൾ പരിപാലിക്കുന്നുണ്ട്. വനം വകുപ്പ് പരിപാലിക്കുന്ന റോഡുകളുടെ ദൈർഘ്യം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക: 3.6.2** ൽ നൽകിയിരിക്കുന്നു.

427 വന സംരക്ഷണ സമിതികൾ (വി.എസ്.എസ്), 213 ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) എന്നിവയിലൂടെ വന പരിപാലനത്തിൽ കമ്മ്യൂണിറ്റി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും സുസ്ഥിര വന സംരക്ഷണവും പ്രാദേശിക പങ്കാളിത്തവും വളർത്തുകയും ചെയ്യുന്നു.

**തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തൽ**
ഭാവിയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ തോട്ടങ്ങൾ സ്ഥാപിക്കുന്നതിൽ വനം വകുപ്പ് സജീവമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2024-25 ൽ, വിവിധ

**ചിത്രം 3.6.2** ജില്ല തിരിച്ചുള്ള വനവനവിസ്തൃതി (ച. കി.മീറ്ററിൽ)




**അവലംബം:** ഇന്ത്യ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2023 (ISFR 2023)

പദ്ധതികൾക്ക് കീഴിൽ ആകെ 825.10 ഹെക്ടർ സ്ഥലത്ത് പുതുതായി തോട്ടങ്ങൾ നട്ടുപിടിപ്പിക്കുകയും ശാസ്ത്രീയ പരിപാലന രീതികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണിന്റെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും പരമാവധി വിളവ് നേടുന്നതിനുമുള്ള തീവ്രമായ ഇടപെടലുകൾ ഉറപ്പാക്കിക്കൊണ്ട്, ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള മേഖലകൾക്ക് മുൻഗണന നൽകുന്നതിനായി വനത്തോട്ട പരിപാലനം ലളിതമാക്കി. വനത്തോട്ടങ്ങളുടെ വിസ്തൃതിയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 3.6.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.6.2** വനം വകുപ്പ് പരിപാലിക്കുന്ന റോഡുകളുടെ ദൈർഘ്യം (കി.മി)

| ക്രമ നമ്പർ | ഇനം | ദൈർഘ്യം (കി.മി) | |
|---|---|---|---|
| | | 2023-24 (അന്തിമം) | 2024-25 (പ്രോവി) |
| 1 | സിമന്റ് കോൺക്രീറ്റ് | 132.083 | 151.0371 |
| 2 | ടാർ റോഡ് | 591.773 | 597.9485 |
| 3 | മൺ റോഡ് | 3579.527 | 3674.061 |
| 4 | മെറ്റൽ റോഡ് | 779.895 | 766.303 |
| | **ആകെ** | **5083.278** | **5189.3496** |

**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

**മനുഷ്യ-വന്യജീവി സമ്പർക്ക പാലനം**

മനുഷ്യരും വന്യജീവികളും തമ്മിലുള്ള ഇടപെടലുകളെയാണ് മനുഷ്യ-വന്യജീവി സംഘർഷം എന്ന് പറയുന്നത്. ഇത് ദോഷകരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു, വന്യജീവികൾ മൂലം വിളകൾ നശിക്കുക, കന്നുകാലികളെ ആക്രമിക്കുക, ആളുകൾ മരിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുക, അല്ലെങ്കിൽ സ്വത്ത് നശിപ്പിക്കുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ആവാസവ്യവസ്ഥയുടെ നാശം, വന്യജീവി ആവാസവ്യവസ്ഥകളിലേക്കുള്ള മനുഷ്യവാസ കേന്ദ്രങ്ങളുടെ വ്യാപനം, കാർഷിക വളർച്ച, പ്രകൃതിവിഭവങ്ങളുടെ ചൂഷണം തുടങ്ങിയ ഘടകങ്ങളാണ് പലപ്പോഴും ഈ സംഘർഷങ്ങൾക്ക് കാരണമാകുന്നത്. കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം വളരെക്കാലമായി നിലനിൽക്കുന്ന പ്രശ്നമാണ്. ആവാസവ്യവസ്ഥയുടെ വിഘടനം, വന്യജീവി ഇടനാഴികളിലേക്കുള്ള ജനവാസകേന്ദ്രങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനം, അടിസ്ഥാന സൗകര്യ വികസനം, വനാന്തര പ്രദേശങ്ങളിലെ വിള രീതികളിലെ മാറ്റങ്ങൾ എന്നിവ കാരണം സമീപ വർഷങ്ങളിൽ അതിന്റെ തീവ്രത ഗണ്യമായി വർദ്ധിച്ചു. കേരളത്തിലെ വനങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ ജീവനും വിളകൾക്കും ഏറ്റവും കൂടുതൽ നാശം വരുത്തുന്ന വന്യജീവികൾ ആനകളാണ്. കടുവകൾ, പുള്ളിപ്പുലികൾ, കുരങ്ങുകൾ, കാട്ടുപന്നികൾ, മയിലുകൾ തുടങ്ങിയ മൃഗങ്ങളും മനുഷ്യ സമൂഹത്തിന് കാര്യമായ ഭീഷണി ഉയർത്തുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ പ്രാഥമിക ഇരകൾ കർഷകർ, ഗോത്ര സമൂഹങ്ങൾ, ഭൂമിയുമായും വനവുമായും അടുത്ത ബന്ധമുള്ളവർ എന്നിവരാണ്. 2024 ൽ കേരള സർക്കാർ മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന-നിർദ്ദിഷ്ട ദുരന്തം" ആയി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി, 2024-25 ൽ വിവിധ പ്രദേശങ്ങളിലായി ഒമ്പത് പുതിയ റാപ്പിഡ് റെസ്പോൺസ് ടീമുകൾ സ്ഥാപിച്ചു. ഇതോടെ, സംസ്ഥാനത്തെ ആകെ സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ എണ്ണം 28 ആയി ഉയർന്നു. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ, ആവശ്യാനുസരണം ഉപഗ്രഹ റാപ്പിഡ് റെസ്പോൺസ് ടീമുകളും വിന്യസിച്ചിട്ടുണ്ട്.

നിരവധി സംഘർഷ മേഖലകളിൽ ഭൗതിക തടസ്സങ്ങൾ സ്ഥാപിച്ചു. അവയിൽ 64.33 കിലോമീറ്റർ സൗരോർജ്ജ വേലി, 121.11 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി, 4.320 കിലോമീറ്റർ ആന പ്രതിരോധ കിടങ്ങുകൾ, 0.031 കിലോമീറ്റർ ആന പ്രതിരോധ മതിലുകൾ എന്നിവ ഉൾപ്പെടുന്നു.

മനുഷ്യ-വന്യജീവി സംഘർഷങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സമാഹരിക്കുന്നതിനും ദുരന്ത നിവാരണ അതോറിറ്റിയുമായും മറ്റ് പ്രധാനപ്പെട്ട വകുപ്പുകളുമായും ലഘൂകരണ ശ്രമങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ വന ഡിവിഷനുകളിലും ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ (ഡി.എഫ്.ഇ.ഒ.സികൾ) സ്ഥാപിച്ചിട്ടുണ്ട്.

**പട്ടിക 3.6.3** 2024-25 ൽ റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യജീവി സമ്പർക്കത്തിന്റെ പ്രതികൂല സംഭവങ്ങളുടെ വിശദാംശങ്ങളും നഷ്ടപരിഹാരവും

| സംഭവങ്ങൾ | മൊത്തം സംഭവങ്ങൾ (എണ്ണത്തിൽ) | നഷ്ടപരിഹാരം നൽകിയത് (ലക്ഷം രൂപയിൽ) |
|---|---|---|
| മനുഷ്യ ജീവഹാനി | 67 | 797.00 |
| മനുഷ്യർക്ക് ഉണ്ടാകുന്ന അപകടം | 1705 | 578.34 |
| കന്നുകാലി മരണം | 466 | 166.67 |
| വിളനാശവും വസ്തു നഷ്ടവും | 6295 | 538.56 |
| **ആകെ** | **8533** | **2080.57** |

**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

മനുഷ്യ ജീവഹാനികൾ, പരിക്കുകൾ, വിളകൾക്കും സ്വത്തുക്കൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട 8,533 ക്ലെയിമുകൾ പരിഹരിക്കുകയും ആകെ 20.81 കോടി രൂപ ദുരിതബാധിത വ്യക്തികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. വിശദാംശങ്ങൾ **പട്ടിക 3.6.3** ൽ നൽകിയിരിക്കുന്നു. 2024-25ൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം 33 ആളുകളും വനത്തിന് പുറത്ത് പാമ്പുകടിയേറ്റ് 34 ആളുകളും മരിച്ചു. മനുഷ്യ വന്യജീവി സംഘർഷങ്ങൾ മൂലമുള്ള മനുഷ്യ മരണങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 3.6.4** ൽ നൽകിയിരിക്കുന്നു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവും കിഫ്ബിയും ചേർന്ന് 2019-ൽ ആരംഭിച്ച നവകിരണം പദ്ധതി, വനമേഖലകളിൽ താമസിക്കുന്ന ആദിവാസി ഇതര സെറ്റിൽമെന്റുകളെ സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ഒരു പ്രധാന പദ്ധതിയാണ്. മനുഷ്യ-വന്യജീവി സംഘർഷം വർധിക്കുന്നത്,

ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, അടിസ്ഥാന സേവനങ്ങളിലേക്കുള്ള പരിമിതമായ പ്രവേശനം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 2024-25 കാലയളവിൽ, കെ.ഐ.ഐ.എഫ്.ബി, റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (ആർ.കെ.ഡി.പി) പദ്ധതികൾ പ്രകാരം, 913 കുടുംബങ്ങൾക്ക് സ്വമേധയാ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതി പ്രയോജനം ലഭിച്ചു. ഇതിനായി ആകെ 126.67 കോടി രൂപ ചെലവഴിക്കുകയും അർഹരായ കുടുംബങ്ങൾ 174.53 ഹെക്ടർ ഭൂമി കേരള വനം വകുപ്പിന് വിട്ടുകൊടുക്കുകയും ചെയ്തു.

**പട്ടിക 3.6.4** 2024-25 ലെ മനുഷ്യ-വന്യ സംഘർഷങ്ങൾമൂലമുള്ള മനുഷ്യ മരണങ്ങൾ

| മൃഗാക്രമണത്തിൽ ഉണ്ടായ മരണം | മരണസംഖ്യ |
|---|---|
| ആന | 19 |
| കാട്ടുപന്നി | 11 |
| കടുവ | 1 |
| കാട്ടുപോത്ത് | 1 |
| മറ്റുള്ളവ | 1 |
| ആകെ | 33 |
| വനത്തിന് പുറത്ത് പാമ്പു കടിയേറ്റുള്ള മരണം | 34 |

**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

വർദ്ധിച്ച മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന്റെ ഭാഗമായി 2024 നവംബറിൽ, പൊതുജന പങ്കാളിത്തത്തോടെ 1,148 കിലോമീറ്റർ പ്രവർത്തനരഹിതമായ വേലികൾ പുനഃസ്ഥാപിക്കുന്നതിനും, അവ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കുന്നതിന് പ്രാദേശിക സമൂഹത്തിന്റെ പിന്തുണ നേടുന്നതിനുമുള്ള ഒരു തീവ്രയജ്ഞമായി "മിഷൻ സോളാർ ഫെൻസിംഗ്" ആരംഭിച്ചു.

ജൈവവൈവിധ്യം സംരക്ഷിക്കുക, മനുഷ്യ- വന്യ ജീവി സംഘർഷങ്ങൾ കുറയ്ക്കുക, വനങ്ങൾക്കുള്ളിലെ വന്യജീവികൾക്ക് ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും ലഭ്യത ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് 2024-25 ൽ ഫുഡ്, ഫോഡർ & വാട്ടർ മിഷൻ ആരംഭിച്ചത്. ചെക്ക് ഡാമുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ മാപ്പിംഗ്, അവയുടെ പരിപാലന ആവശ്യങ്ങൾ വിലയിരുത്തൽ, ചെക്ക് ഡാമുകളുടെയും കുളങ്ങളുടെയും മണ്ണ് നീക്കം ചെയ്യൽ, ജലസ്രോതസ്സുകളിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നും അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ ദൗത്യത്തിന് കീഴിൽ, സസ്യങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ആകെ 5,06,487 വിത്ത് പന്തുകൾ പാകിയിട്ടുണ്ട്. 620.722 ഹെക്ടർ സ്ഥലത്ത് കള നീക്കം ചെയ്തു. 263.15 ഹെക്ടർ തുറസ്സായ സ്ഥലങ്ങൾ, 572.72 ഹെക്ടർ തണ്ണീർത്തടങ്ങൾ, 1,704.85 ഹെക്ടർ പുൽമേടുകൾ എന്നിവിടങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലക്ഷ്യമിട്ടു. ജലവിഭവ മാനേജ്മെന്റിന്റെ കാര്യത്തിൽ, 111 പ്രകൃതിദത്ത കുളങ്ങൾ പരിപാലിക്കുകയും 55 കൃത്രിമ കുളങ്ങൾ നിർമ്മിക്കുകയും, 112 കൃത്രിമ കുളങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. കൂടാതെ ജലസംരക്ഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളിൽ 2 കോൺക്രീറ്റ് ചെക്ക് ഡാമുകൾ, 21 കല്ല് ചെക്ക് ഡാമുകൾ, 15 മണ്ണ് കൊണ്ടുള്ള ചെക്ക് ഡാമുകൾ, 646 ബ്രഷ് വുഡ് ചെക്ക് ഡാമുകൾ എന്നിവയുടെ നിർമ്മാണവും 113 കോൺക്രീറ്റ് ചെക്ക് ഡാമുകളുടെയും 226 വാട്ടർഹോളുകളുടെയും അറ്റകുറ്റപ്പണികളും ഉൾപ്പെടുന്നു.

സർപ്പ ആപ്പ് (സ്നേക്ക് അവയർനെസ്, റെസ്ക്യൂ ആൻഡ് പ്രൊട്ടക്ഷൻ ആപ്പ്) ആരംഭിച്ചതിനുശേഷം, കേരളത്തിൽ പാമ്പുകടിയേറ്റ മരണങ്ങൾ പകുതിയിലധികം കുറഞ്ഞു. 2024-25 ൽ 19,304 പാമ്പുകളെയും മറ്റ് ചെറിയ വന്യജീവികളെയും രക്ഷപ്പെടുത്തി സുരക്ഷിത സ്ഥലങ്ങളിൽ തുറന്നുവിടുകയുണ്ടായി.

2024-25 ൽ, കാട്ടുതീ പടരുന്നത് തടയുന്നതിനും പരിസ്ഥിതി, വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രധാന പ്രതിരോധ നടപടിയായി അന്തർസംസ്ഥാന വന അതിർത്തികളിലും റോഡുകളിലും 1,408 കിലോമീറ്ററിലധികം വ്യാപിച്ചുകിടക്കുന്ന ഫയർബ്രേക്കുകൾ സ്ഥാപിച്ചു.

ജന ജാഗ്രതാ സമിതികൾ (ജെജെഎസ്), വന സംരക്ഷണ സമിതികൾ (വിഎസ്എസ്), പരിസ്ഥിതി വികസന സമിതികൾ (ഇഡിസി) എന്നിവയുടെ പിന്തുണയോടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , ലൈൻ വകുപ്പുകൾ എന്നിവയുമായി സഹകരിച്ച്, വനം വകുപ്പ് അതിർത്തി മേഖലകളിലെ സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. നിലവിൽ, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന 280 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജന ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നു.

### വനത്തിൽ നിന്നുള്ള വരുമാനം

സംസ്ഥാനത്തിന്റെ നികുതിയിതര വരുമാനത്തിൽ വനം വകുപ്പ് ഗണ്യമായ സംഭാവനയാണ് നൽകുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ, തടിയും മറ്റ് വന ഉൽപ്പന്നങ്ങളും വിൽപ്പന ചെയ്ത് വകുപ്പ് മൊത്തം 244.79 കോടി രൂപ സമാഹരിച്ചു. ഇതിൽ 223.98 കോടി രൂപ, അഥവാ മൊത്തം വന വരുമാനത്തിന്റെ 91.5 ശതമാനം, തടി വിൽപ്പനയിൽ നിന്നാണ് ലഭിച്ചത്. ചന്ദനത്തിന്റെ ഉത്പാദനം 38,586.55 കിലോഗ്രാം കുറഞ്ഞപ്പോൾ, തേക്കിന്റെ ഉത്പാദനം മുൻവർഷത്തേക്കാൾ 264.042 ഘനമീറ്റർ വർധിച്ചു. 2023-24 ലെയും 2024-25 ലെയും പ്രധാന വന ഉൽപ്പന്നങ്ങളുടെ ഉത്പാദന വിശദാംശങ്ങൾ **അനുബന്ധം 3.6.3** ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ ദശകത്തിൽ വനത്തിൽ നിന്നുള്ള വരുമാനം **ചിത്രം 3.6.3 ൽ** നൽകിയിരിക്കുന്നു.

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ തടിയിൽ നിന്നും മറ്റ് വന ഉൽപ്പന്നങ്ങളിൽ നിന്നുമുള്ള വരുമാനത്തിലെ പ്രവണതകൾ അനുബന്ധം 3.6.4 ൽ നൽകിയിരിക്കുന്നു. 2022-23 ൽ, വന ഉൽപ്പന്നങ്ങളിൽ നിന്നുള്ള അറ്റാദായം 288.62 കോടി രൂപയായിരുന്നു. 2023-24 ൽ ഇത് 261.04 കോടി രൂപയായി കുറഞ്ഞു. 2024-25

**ചിത്രം 3.6.3** കഴിഞ്ഞ ദശകത്തിൽ വനത്തിൽ നിന്നുള്ള വരുമാനം (കോടിയിൽ)




**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

ൽ, തടി വരുമാനത്തിലെ കുറവ് കാരണം അറ്റാദായം 244.79 കോടി രൂപയായി വീണ്ടും കുറയുകയുണ്ടായി.

2019–20 മുതൽ 2024–25 വരെയുള്ള കാലയളവിൽ മൊത്തം വനവരുമാനത്തിലും തടി വരുമാനത്തിലും ഉണ്ടായ പ്രവണതയാണ് **ചിത്രം 3.6.4** കാണിക്കുന്നത്. 2019–20 മുതൽ 2024–25 വരെ മൊത്തം വനവരുമാനവും തടി വരുമാനവും പൊതുവെ ഇടിവ് രേഖപ്പെടുത്തിയിരുന്നുവെങ്കിലും, 2022–23ൽ വർദ്ധനവ് ഉണ്ടായി. തുടർന്ന് 2023–24 ലെ വരുമാനത്തിൽ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്.

2024–25 ൽ അടിസ്ഥാന വിലയിൽ മൊത്തം ജി.എസ്.വി.എ–യിൽ വനവൽക്കരണത്തിന്റെയും ലോഗിംഗിന്റെയും പങ്ക് 0.77 ശതമാനമായിരുന്നു, അതേസമയം 2023–24 ൽ ഇത് 0.83 ശതമാനമായിരുന്നു. അതുപോലെ, 2023–24 ൽ ജി.എസ്.വി.എയിൽ പ്രാഥമിക മേഖലയുടെ പങ്ക് 8.40 ശതമാനമായിരുന്നെങ്കിൽ 2024–25 ൽ 8.06 ശതമാനമായി കുറഞ്ഞു. ജിഎസ്‌വിഎ–യിൽ വനമേഖലയുടെ സംഭാവന **അനുബന്ധം 3.6.5** ൽ കാണിച്ചിരിക്കുന്നു.

### ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനവും

ലോകത്തിലെ 32 ആഗോള ജൈവവൈവിധ്യ ഹോട്ട്‌സ്‌പോട്ടുകളിൽ ഒന്നാണ് കേരളത്തിലെ വനങ്ങൾ. ഇവ സുസ്ഥാപിതമായ സംരക്ഷണ മേഖലകളിലൂടെ സംരക്ഷിക്കപ്പെടുന്നു. 1985 ൽ സ്ഥാപിതമായ വനവകുപ്പിന്റെ വന്യജീവി വിഭാഗം, ഈ സംരക്ഷിത മേഖലകളെയും അവയ്ക്ക് പുറത്തുള്ള മറ്റ് പാരിസ്ഥിതിക പ്രാധാന്യമുള്ള മേഖലകളെയും സംരക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും നിർണായക പങ്ക് വഹിക്കുന്നു. നിലവിൽ, വന്യജീവി വിഭാഗം അതിന്റെ സംരക്ഷിത മേഖലാ ശൃംഖലയ്ക്ക് കീഴിൽ 3,360.327 ചതുരശ്ര കിലോമീറ്റർ വനം നിയന്ത്രിക്കുന്നു, അതിൽ ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, ഒരു കമ്മ്യൂണിറ്റി റിസർവ് എന്നിവ ഉൾപ്പെടുന്നു. കേരളത്തിൽ ആറ് ദേശീയ ഉദ്യാനങ്ങൾ, 18 വന്യജീവി സങ്കേതങ്ങൾ, രണ്ട് കടുവ സംരക്ഷണ കേന്ദ്രങ്ങൾ, ഒരു കമ്മ്യൂണിറ്റി റിസർവ് എന്നിവ ഉൾപ്പെടുന്നു. ഇത് സംസ്ഥാനത്തിന്റെ വനമേഖലയുടെ ഏകദേശം 29.14 ശതമാനവും ഉൾക്കൊള്ളുന്നു.

ഫലപ്രദമായ പരിപാലനം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തിന്റെ വന്യ ജീവി സംരക്ഷണ ചട്ടക്കൂടിനെ മൂന്ന് വന്യജീവി സർക്കിളുകളായും 11 വന്യജീവി ഡിവിഷനുകളായും ക്രമീകരിച്ചിരിക്കുന്നു. ജലസ്രോതസ്സുകളുടെ വികസനം, അധിനിവേശ ജീവിവർഗങ്ങളുടെ ഉന്മൂലനം, ട്രെക്കിംഗ് പാതകളുടെ പരിപാലനവും നിർമ്മാണവും, ആശയവിനിമയ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, അഗ്നി സുരക്ഷ നടപടികൾ നടപ്പിലാക്കൽ എന്നിവയാണ് പ്രധാന ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ. കേരളത്തിലെ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ, ബയോസ്ഫിയർ റിസർവുകൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.6.6**–ൽ നൽകിയിരിക്കുന്നു

2024–25 ൽ, പ്രോജക്ട് എലിഫന്റ് സ്കീമിന് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങളിൽ ആനകളുടെ സംരക്ഷണം ശക്തിപ്പെടുത്തൽ, അവയുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, നിർണായകമായ ആന ഇടനാഴികൾ (എലിഫന്റ് കോറിഡോഴ്സ്) ഏറ്റെടുക്കൽ, വേട്ടയാടൽ വിരുദ്ധ ക്യാമ്പുകൾ സ്ഥാപിക്കലും പരിപാലിക്കലും കൂടാതെ സംരക്ഷണ പാതകൾ വൃത്തിയാക്കി സജ്ജമാക്കലിലും ശ്രദ്ധ കേന്ദ്രീകരിച്ചു. പതിവ് ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തൽ, വന്യജീവി പരിപാലന പ്രവർത്തനങ്ങൾ എന്നിവയ്ക്ക്

**ചിത്രം 3.6.4** വന വരുമാനത്തിലെ പ്രവണതകളും 2019-20 മുതൽ 2024-25 വരെയുള്ള തടി വരുമാനവും (കോടിയിൽ)




**അവലംബം:** വനം വകുപ്പ് , കേരള സർക്കാർ

പുറമേ, ടൈഗർ റിസർവുകളിൽ നിർദ്ദേശിക്കപ്പെടുന്ന പ്രധാന പ്രവർത്തനങ്ങളിൽ പ്രത്യേക പരിസ്ഥിതി വികസന പരിപാടികളും കടുവ നിരീക്ഷണവും ഉൾപ്പെടുന്നു.

2024-25 ൽ വയനാട് വന്യജീവി സങ്കേതത്തിൽ നിന്ന് യോഗ്യരായ 32 കുടുംബങ്ങളെ സ്വമേധയാ മാറ്റി പാർപ്പിക്കുകയും, 472.50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തു.

**സുസ്ഥിര ഇക്കോടൂറിസം**

കഴിഞ്ഞ 26 വർഷമായി കേരള വനം വകുപ്പ് ഇക്കോടൂറിസം സേവനങ്ങൾ നൽകിവരുന്നു. നിലവിൽ 80 ഇക്കോടൂറിസം കേന്ദ്രങ്ങളാണ് വനം വകുപ്പിന് കീഴിൽ ഉള്ളത്. ട്രെക്കിംഗ്, താമസം, കാഴ്ചകൾ കാണൽ, ബോട്ടിംഗ്, സൈക്ലിംഗ് എന്നിവയുൾപ്പെടെ വിവിധ പാക്കേജുകൾ ഇക്കോടൂറിസം കേന്ദ്രങ്ങൾ നൽകുന്നു. വിഎസ്എസ്/ഇഡിസികൾ വഴി വന വികസന ഏജൻസികളാണ് ഇക്കോടൂറിസം കേന്ദ്രങ്ങൾ കൈകാര്യം ചെയ്യുന്നത്, കൂടാതെ പ്രാദേശിക സമൂഹങ്ങൾക്ക് പരോക്ഷമായി തൊഴിൽ നൽകുന്ന ഒരു പ്രധാന സ്രോതസ്സായി ഇവ പ്രവർത്തിക്കുകയും ചെയ്യുന്നു.

കേരളത്തിൽ വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന സമൂഹങ്ങൾക്ക് ഇക്കോടൂറിസം പ്രവർത്തനങ്ങൾ നിരവധി തൊഴിൽ അവസരങ്ങൾ നല്കുന്നതിനോടൊപ്പം ഗ്രാമവികസനത്തിനാവശ്യമായ വരുമാനവും നൽകുന്നു. നിലവിൽ, വനത്തെ ആശ്രയിച്ചുള്ള സമൂഹങ്ങളിൽ നിന്നും 2,172 പേർ വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളിലെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്, ഇതിൽ 505 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പുരുഷന്മാരും 226 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും 734 പട്ടികവർഗ്ഗ ഇതര വിഭാഗത്തിൽപ്പെട്ട പുരുഷന്മാരും 707 പട്ടികവർഗ്ഗ ഇതര വിഭാഗത്തിൽപ്പെട്ട സ്ത്രീകളും ഉൾപ്പെടുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ, ഈ പദ്ധതിയിലൂടെ ഏകദേശം 4,15,551 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും, ഇക്കോടൂറിസം പ്രവർത്തനങ്ങളിൽ നിന്ന് മൊത്തം 73.47 കോടി രൂപയുടെ വരുമാനം നേടുകയും ചെയ്തു.

**സാമൂഹിക വനവത്കരണവും നഗര വനവൽക്കരണവും**

പൊതു ഹരിത ഇടങ്ങളിലെ കുറവ് പരിഹരിക്കുന്നതിനായി, വനം വകുപ്പ് നഗരവനം (നഗര വനങ്ങൾ) പദ്ധതി ആരംഭിച്ചു. തദ്ദേശീയ മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധസസ്യങ്ങൾ, വള്ളിച്ചെടികൾ എന്നിവ ഉയർന്ന തോതിൽ നട്ടുപിടിപ്പിച്ച് നഗര, അർദ്ധ നഗര പ്രദേശങ്ങളിൽ ബഹുനില കാനോപ്പിയുള്ള മാതൃകാ ഹരിതമേഖലകൾ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റെസിഡൻഷ്യൽ അസോസിയേഷനുകൾ, ബിസിനസ് സ്ഥാപനങ്ങൾ, തദ്ദേശ സംഘടനകൾ എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഭാഗമായി 2024-25 കാലയളവിൽ സംസ്ഥാനത്തുടനീളം അഞ്ച് നഗരവനങ്ങൾ വിജയകരമായി സ്ഥാപിച്ചു.

"മിഷൻ ഫോറസ്ട്രി ക്ലബ്ബുകൾ" എന്ന പരിപാടിയുടെ കീഴിൽ, പരിസ്ഥിതി അവബോധം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള വനം വകുപ്പ് സ്കൂൾ, കോളേജ് കാമ്പസുകളിൽ വിദ്യാവനം - മിനിയേച്ചർ വിദ്യാവനങ്ങൾ - ആരംഭിച്ചു. 2024-25 ൽ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 14 വിദ്യാ വനങ്ങൾ സ്ഥാപിച്ചു.

വനസംരക്ഷണത്തെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിനും, പ്രകൃതിയുമായി ബന്ധപ്പെടാനുള്ള അവസരങ്ങൾ ഒരുക്കുന്നതിനും, പരിസ്ഥിതി ബോധമുള്ള ഭാവി പൗരന്മാരെ വളർത്തിയെടുക്കുന്നതിനുമായി

2024-25 ൽ സ്കൂളുകളിൽ 81 പുതിയ വനവൽക്കരണ ക്ലബ്ബുകൾ സ്ഥാപിച്ചു.

വനത്തിനു പുറത്ത് വൃക്ഷങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി വനം വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് 'വൃക്ഷസമൃദ്ധി' പരിപാടി ആരംഭിച്ചു, ഇതിന്റെ കീഴിൽ 12.56 ലക്ഷം തൈകൾ വളർത്തി പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്തു. നഗരപ്രദേശങ്ങളിൽ പച്ചപ്പ് സൃഷ്ടിക്കുന്നതിനായി സോഷ്യൽ ഫോറസ്ട്രി വിഭാഗം അഞ്ച് 'നഗര വനം' പ്ലോട്ടുകൾ സ്ഥാപിച്ചു. 2024-25 ൽ, നാല് കുട്ടിവനങ്ങൾ (സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ചെറിയ വനങ്ങൾ എന്ന ആശയം) സ്ഥാപിച്ചു.

2024-25-ൽ, സ്വകാര്യ വനവൽക്കരണ പ്രോത്സാഹന പദ്ധതി പ്രകാരം, കർഷകരെ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും സ്വകാര്യ ഭൂമിയിൽ തടി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും 7.54 ലക്ഷം രൂപ വിതരണം ചെയ്തു. 2024-25 ൽ സംസ്ഥാനത്തുടനീളമുള്ള 68 പുണ്യ വനങ്ങളുടെ സംരക്ഷണത്തിനായി സാമ്പത്തിക സഹായം അനുവദിച്ചു. ഈകാലയളവിൽ, ഇന്ത്യൻ തീരപ്രദേശങ്ങളിലെ കണ്ടൽക്കാടുകളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും കാർബൺ വേർതിരിക്കൽ, തീരദേശ സംരക്ഷണം തുടങ്ങിയ പ്രകൃതിദത്ത നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള മിസ്തി (മംഗ്രൂവ് ഇനിഷ്യേറ്റീവ് ഫോർ ഷോർലൈൻ ഹാബിറ്റാറ്റ്സ് & ടാൻജിബിൾ ഇൻകംസ്) പരിപാടിക്കായി 36.89 ലക്ഷം രൂപയും ചെലവഴിച്ചു.

2024-25 ൽ വൃക്ഷ സമൃദ്ധി പദ്ധതി പ്രകാരം ആകെ 12.56 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചു. വളർത്തലിനും നടീൽ പ്രവർത്തനങ്ങൾക്കും വനം വകുപ്പ് സാങ്കേതിക സഹായം നൽകുകയുണ്ടായി.

2024-25 സാമ്പത്തിക വർഷത്തിൽ ലോക പരിസ്ഥിതി ദിനം, വനമഹോത്സവം, വിവിധ സ്ഥാപനങ്ങളിലെ വൃക്ഷത്തൈ നടീൽ പരിപാടികൾ എന്നിവയുടെ ഭാഗമായി 7.37 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

2024-25 ൽ തിരുവനന്തപുരത്തെ വർക്കല എസ്. എസ്. കോളേജിലും, കുറിച്ചിത്താനത്തെ എസ്.കെ.വി. എച്ച്.എസ്./എസ്.എസിലും രണ്ട് ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിച്ചു. അതേ വർഷം തന്നെ, കോട്ടയം കുറിച്ചിത്താനത്തുള്ള കെ.ആർ. നാരായണൻ ലോവർ പ്രൈമറി സ്കൂളിൽ ഒരു ബട്ടർഫ്ലൈ പാർക്കും സ്ഥാപിച്ചു.

കടലാമ സംരക്ഷണത്തിന്റെ ഭാഗമായി 2024-25 കാലയളവിൽ മുട്ട വിരിയിക്കുന്നതിനായി 11,682 കടലാമ മുട്ടകൾ ശേഖരിച്ച് ഹാച്ചറികളിൽ സംരക്ഷിച്ചു.

2021-ലെ പരിസ്ഥിതി പുനഃസ്ഥാപന നയം അനുസരിച്ച്, 2024-25- ൽ 4,795.18 ഹെക്ടർ നശിച്ച വനപ്രദേശം വിജയകരമായി പുനഃസ്ഥാപിച്ചു.

**ഗാർഹിക തോട്ടങ്ങൾ**

വനങ്ങൾക്ക് പുറത്തുള്ള മൊത്തം വൃക്ഷങ്ങളുടെ വിസ്തീർണ്ണം ഏകദേശം 14,394 ചതുരശ്ര കിലോമീറ്ററായി കണക്കാക്കപ്പെടുന്നു, ഇത് സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതിയുടെ 37.04 ശതമാനമാണ്. വനവകുപ്പിന്റെ കണക്കുകൾ പ്രകാരം, സംസ്ഥാനത്തിലെ തടി വിതരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് വീട്ടുകളോടനുബന്ധിച്ചുള്ള തോട്ടങ്ങളും (ഹോം ഗാർഡൻ) റബർ തോട്ടങ്ങളും ആണെന്ന് വ്യക്തമാകുന്നു. ഇവ രണ്ടും ചേർന്ന് സംസ്ഥാനത്തിന്റെ മൊത്തം തടി വിതരണത്തിന്റെ 82 ശതമാനം സംഭാവന ചെയ്യുന്നു. ഇതിൽ 35.3 ശതമാനം ഹോം ഗാർഡനുകളിൽ നിന്നുമാണ്, 46.6 ശതമാനം റബർ തോട്ടങ്ങളിൽ നിന്നുമാണ്. അതേസമയം, വനങ്ങളിൽ നിന്ന് ലഭിക്കുന്ന തടിയുടെ പങ്ക് വെറും 1.6 ശതമാനം മാത്രമാണ്. ഇത്രയും സംഭാവനകൾ നൽകിയിട്ടും ഈ വിഭവങ്ങളുടെ മുഴുവൻ സാധ്യതകളും ഇപ്പോഴും വലിയ തോതിൽ ഉപയോഗപ്പെടുത്തുന്നില്ല. വീട്ടുതോട്ടങ്ങളിലെ തടി ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി, വനം വകുപ്പ് വിവിധ അനുബന്ധ സ്ഥാപനങ്ങളുടെ സാങ്കേതിക പിന്തുണയോടെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**വനാവകാശ നിയമത്തിന്റെ അംഗീകാരം**

2006-ലെ വനാവകാശ നിയമം പട്ടികവർഗക്കാരുടെ അവകാശങ്ങളെ അംഗീകരിക്കുകയും, വ്യക്തിഗതവും സമൂഹപരവുമായ അവകാശങ്ങളിലൂടെ അവരുടെ സമൂഹങ്ങൾക്കുള്ളിൽ പാരിസ്ഥിതിക സന്തുലിതാവസ്ഥ സുസ്ഥിരമായി ഉപയോഗിക്കാനും സംരക്ഷിക്കാനും നിലനിർത്താനുമുള്ള ഉത്തരവാദിത്തവും അധികാരവും അവർക്ക് നൽകുകയും ചെയ്യുന്നു. കേരളത്തിൽ, ഇത് നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പട്ടികവർഗ വികസന വകുപ്പ് പ്രവർത്തിക്കുന്നു, റവന്യൂ, വനം വകുപ്പുകൾ ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ, 38,754.98 ഏക്കർ ഭൂമിയെ ഉൾക്കൊള്ളിച്ചുകൊണ്ട് 29,199 വ്യക്തിഗത പാട്ടയങ്ങൾ (അവകാശ രേഖകൾ) നൽകുകയുണ്ടായി. കൂടാതെ 282 കമ്മ്യൂണിറ്റി റൈറ്റ്സ് അംഗീകരിക്കുകയും, 188.29 ഹെക്ടർ വിസ്തീർണ്ണ ഭൂമിയിൽ 542 വികസനാവകാശങ്ങൾ അനുവദിക്കുകയും ചെയ്തു.

**വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗം**

വനംവകുപ്പ്, മറ്റ് ഏജൻസികളുമായി സഹകരിച്ച്, വനവൽക്കരണത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തടി ഇതര വന ഉൽപന്നങ്ങളെ (എൻ.റ്റി.എഫ്.പി കൾ) പിന്തുണയ്ക്കുക, ബദൽ ഉപജീവനമാർഗ്ഗങ്ങൾ വികസിപ്പിക്കുക, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ അവശ്യ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നിവയിലൂടെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുന്നു. കേരളത്തിൽ, പട്ടികവർഗ്ഗ വിഭാഗക്കാർ ശേഖരിക്കുന്ന തടി ഇതര വന ഉൽപന്നങ്ങൾ "വനശ്രീ" എന്ന ബ്രാൻഡ് നാമത്തിൽ വിൽക്കുന്നു. ഇത് വനത്തെ ആശ്രയിക്കുന്ന ആളുകളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു. നിലവിൽ, 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ യൂണിറ്റുകൾ

സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. ഈ പദ്ധതിയിലൂടെ, വനംവകുപ്പ് ഏകദേശം 2,100 വനാശ്രിതർക്കായി പ്രതിവർഷം ഏകദേശം 1.5 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ വാനശ്രീ യൂണിറ്റുകളിൽ നിന്നുള്ള മൊത്തം വിൽപ്പന 841.00 ലക്ഷം രൂപയായിരുന്നു.

1988-ലെ ദേശീയ വനനയം വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുമായി, പ്രത്യേകിച്ച് പട്ടിക വർഗ ജനവിഭാഗങ്ങളുമായി സഹകരിച്ചുള്ള വന പരിപാലനത്തെ പ്രോത്സാഹിപ്പിക്കുന്നു. 1998-ൽ പങ്കാളിത്ത വനം മാനേജ്മെന്റ് നടപ്പിലാക്കുകയും ഇതിന്റെ ഭാഗമായി പ്രാദേശിക സ്ഥാപനങ്ങൾ രൂപീകരിച്ചു. ഭൂപ്രദേശ വനമേഖലകളിൽ വന സംരക്ഷണ സമിതികൾ (വി എസ്എസ്) രൂപീകരിക്കുകയും, വന്യജീവി മേഖലകളിൽ ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇഡിസി) സ്ഥാപിക്കുകയും ചെയ്തു. ഓരോ വിഎസ്എസിലും ഇഡിസിയിലും 200 മുതൽ 300 വരെ വനത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നു. വിഎസ്എസുകളും ഇഡിസികളും ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെ (എഫ്ഡിഎ) കീഴിലാണ് പ്രവർത്തിക്കുന്നത്. ഇവ വിവിധ പിഎഫ്എം പ്രോഗ്രാമുകളിലൂടെ ഈ ജനവിഭാഗങ്ങളെ പിന്തുണയ്ക്കുന്ന ഫോറസ്റ്റ് ഡിവിഷൻ തലത്തിലുള്ള ഫെഡറേഷനുകളാണ്. നിലവിൽ, സംസ്ഥാനത്തുടനീളം 427 വിഎസ്എസുകളും 213 ഇഡിസികളും 36 എഫ്ഡിഎകളുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും നിരവധി സർക്കാർ പദ്ധതികൾ ഈ എഫ്ഡിഎകൾ വഴിയാണ് നടപ്പിലാക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി ചെറുകിട വന ഉൽപ്പന്നങ്ങളുടെ (എംഎഫ്പി) വിപണനവും മൂല്യവർദ്ധനവും പ്രോത്സാഹിപ്പിക്കുന്നതിനായി മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സിന്റെ ഒരു പ്രധാന പദ്ധതിയായാണ് വൻ ധൻ വികാസ് കേന്ദ്രങ്ങൾ (വിഡിവികെ) പ്രവർത്തിക്കുന്നു. സംസ്ഥാനത്ത്, 20 എഫ്ഡിഎകൾക്ക് കീഴിലുള്ള 31 വിഡിവികെകൾ 64 ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു, ഇത് വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ വരുമാന വർദ്ധനവിനെ സഹായകരമാകുന്നു.

വനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിലൂടെയും, ജീവജാലങ്ങളെ സംരക്ഷിക്കുന്നതിലൂടെയും, വൃക്ഷങ്ങളുടെ വിസ്തൃതി വർദ്ധിപ്പിച്ചുകൊണ്ട് വനങ്ങളിലെ കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിൽ ഗ്രീൻ ഇന്ത്യ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇത് സമൂഹങ്ങൾക്ക് ഇന്ധനം, കാലിത്തീറ്റ, വരുമാനം എന്നി ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുകയും സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ നൽകുകയും ചെയ്യുന്നു. വനനശീകരണം കുറയ്ക്കുക, വനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, വനങ്ങളെ ആശ്രയിക്കുന്ന ജനങ്ങളുടെ ക്ഷേമത്തെ പിന്തുണയ്ക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം. 2024-25 വർഷത്തേക്ക്, 2025-26 കാലയളവിൽ നടപ്പിലാക്കുന്നതിനായി 5471.95 ലക്ഷം രൂപയുടെ വാർഷിക പദ്ധതി പ്രവർത്തനം (എ.പി.ഒ) മന്ത്രാലയം അംഗീകരിച്ചു. ഇതിൽ എസ്എഫ്ഡിഎ കേന്ദ്ര വിഹിതമായി 1641.00 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 1193.99 ലക്ഷം രൂപയും അനുവദിച്ചു.

സ്റ്റാൻഡേർഡ് സിൽവികൾച്ചർ രീതികൾ പിന്തുടർന്ന് ഉയർന്ന നിലവാരമുള്ള തൈകൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലാ സ്ഥിരം നഴ്സറികൾ സ്ഥാപിച്ചിരിക്കുന്നത്. പ്രധാനപ്പെട്ടതും, അപൂർവവും, വംശനാശഭീഷണി നേരിടുന്നതുമായ ജീവജാലങ്ങളുടെ തൈകൾ വളർത്തുന്നതിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അതോടൊപ്പം വിവിധ വൃക്ഷ ഇനങ്ങളെയും അവയുടെ പാരിസ്ഥിതിക പ്രാധാന്യത്തെയും കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നു. നിലവിൽ, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി എട്ട് ജില്ലാ സ്ഥിരം നഴ്സറികൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നു.

മാനവ വിഭവശേഷി വികസനത്തിന്റെ ഭാഗമായി, വിവിധ കേഡറുകളിലായി 978 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. 2024-25 കാലയളവിൽ, സംസ്ഥാനത്താകെ വനമിത്ര അവാർഡിനായി 14 അപേക്ഷകരെ തിരഞ്ഞെടുത്തു. മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി, 2024-25 ൽ 76 ചെക്ക് ഡാമുകളും 133 മറ്റ് ജലസ്രോതസ്സുകളും നവീകരിച്ചു.

**നബാർഡ് ധനസഹായം**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ, വന അടിസ്ഥാന സൗകര്യ വികസനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ആകെ 11 സംയോജിത വന ചെക്ക് പോസ്റ്റുകൾ, 17 ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയങ്ങൾ, 5 റേഞ്ച് ഓഫീസുകൾ, 6 റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി), വെറ്റിനറി, 6 ഫ്ലയിംഗ് സ്ക്വാഡ് റേഞ്ച് ഓഫീസുകൾ, 12 സ്റ്റാഫ് ബാരക്കുകൾ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിഞ്ഞു.

**കേരളത്തിലെ കാട്ടുതീ നിയന്ത്രണം**

കേരളത്തിലെ വന പരിപാലന തന്ത്രത്തിന്റെ സുപ്രധാന ഭാഗമായ കാട്ടുതീ നിയന്ത്രണം, തീപിടുത്ത ആഘാതങ്ങൾ കുറയ്ക്കുന്നതിൽ ശ്രദ്ധേയമായ വിജയം കൈവരിച്ചു. തീ പിടുത്ത ആഘാത പ്രദേശങ്ങൾ 2015-16 ലെ ശരാശരി 2,024 ഹെക്ടറിൽ നിന്ന് 2024-25 സീസണിൽ ഏകദേശം 363 ഹെക്ടറായി കുറഞ്ഞു. ആഗോള താപന വർധന, വനങ്ങളുടെ വിഘടനം, കൂടാതെ എഫ്.എസ്.ഐ ഫയർ അലർട്ട് സിസ്റ്റം വഴി നടത്തുന്ന സമഗ്രമായ റിപ്പോർട്ടിംഗ് തുടങ്ങിയ വർധിച്ചുവരുന്ന വെല്ലുവിളികളുള്ള സാഹചര്യത്തിലും കൈവരിച്ച നേട്ടമാണിത്. കഴിഞ്ഞ പത്ത് വർഷങ്ങളിലായി കേരളത്തിൽ കത്തിനശിച്ച വനപ്രദേശങ്ങളുടെ വിസ്തൃതി **പട്ടിക 3.6.5** ൽ കാണിച്ചിരിക്കുന്നു.

**കേരളത്തിലെ ആനകളുടെ ജനസംഖ്യാ കണക്കെടുപ്പ്**

പെരിയാർ ഫൗണ്ടേഷനുമായി സഹകരിച്ച് പറമ്പിക്കുളം ടൈഗർ റിസർവ് 2024 മെയ് മാസത്തിൽ സംസ്ഥാനതല ആന ജനസംഖ്യാ കണക്കെടുപ്പ് നടത്തുകയുണ്ടായി. കേരളത്തിലുടനീളം ആകെ 1,793 ആനകൾ (1,790 മുതൽ 1,795 വരെ) ഉണ്ടെന്നും, മൊത്തം സാന്ദ്രത

ഒരു കിലോമീറ്ററിന് 0.19 ആനകളാണെന്നും റിപ്പോർട്ട് വെളിപ്പെടുത്തി. ആന സംരക്ഷണ കേന്ദ്രം തിരിച്ചുള്ള ആന ജനസംഖ്യാ കണക്കുകൾ സൂചിപ്പിക്കുന്നത് പെരിയാറിലെയും നിലമ്പൂരിലെയും ആന സംരക്ഷണ കേന്ദ്രങ്ങളിലെ ജനസംഖ്യ ഏതാണ്ട് സ്ഥിരതയുള്ളതായി തുടരുന്നു, അതേസമയം വയനാട്, ആനമുടി ആന സംരക്ഷണ കേന്ദ്രങ്ങളിൽ യഥാക്രമം 29 ശതമാനത്തിന്റെയും 12 ശതമാനത്തിന്റെയും ഗണ്യമായ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.

**പട്ടിക 3.6.5** കേരളത്തിൽ കത്തിനശിച്ച വനത്തിന്റെ വിസ്തൃതി (ഹെക്ടറിൽ)

| വർഷം | തീപിടുത്തങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 2015-16 | 564 | 2024 |
| 2016-17 | 737 | 2994 |
| 2017-18 | 330 | 1279 |
| 2018-19 | 583 | 1789 |
| 2019-20 | 382 | 716.64 |
| 2020-21 | 166 | 448 |
| 2021-22 | 123 | 448 |
| 2022-23 | 457 | 901 |
| 2023-24 | 374 | 568 |
| 2024-25 | 209 | 363.548 |

**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

### സ്നേഹഹസ്തം പരിപാടി

സ്നേഹഹസ്തം പരിപാടി സംസ്ഥാനത്തുടനീളമുള്ള 100 ആദിവാസി ഗ്രാമങ്ങളിൽ നേരിട്ട് ആരോഗ്യ സേവനങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ ഏകദേശം 12 മെഡിക്കൽ ക്യാമ്പുകൾ നടത്തി, 296 ആദിവാസി ഗ്രാമങ്ങളിലെ 2,695 പേർക്ക് ചികിത്സ നൽകുകയും ചെയ്തു.

### വിദേശ തോട്ടങ്ങളിൽ നിന്ന് സ്വാഭാവിക വനത്തിലേക്കുള്ള മാറ്റം

2023-24 മുതൽ 2024-25 വരെയുള്ള കാലയളവിൽ വിദേശ സസ്യ ഇനങ്ങളുടെ വിസ്തൃതിയിൽ വ്യക്തമായ ഇടിവുണ്ടായതായി സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നു. യൂക്കാലിപ്റ്റസ്, അക്കേഷ്യ മാഞ്ചിയം, ഗ്രെവില്ല റോബസ്റ്റ, കാസുവാരിന, വാറ്റിൽ എന്നിവ ഉൾപ്പെടെ ഭൂരിഭാഗം വിദേശ ഇനങ്ങളുടെയും രേഖപ്പെടുത്തിയ പ്രദേശങ്ങളിൽ ശ്രദ്ധേയമായ കുറവാണ് ഉണ്ടായത്. ഇതിൽ കാസുവാരിനയ്ക്ക് 70 ശതമാനത്തിലധികം കുത്തനെയുള്ള ഇടിവ് രേഖപ്പെടുത്തി. അതേസമയം, ബാൽസയും പൈനും മാത്രമാണ് ഈ കാലയളവിൽ കാര്യമായ മാറ്റമില്ലാതെ സ്ഥിരത പുലർത്തിയത്. അക്കേഷ്യ ഓറിക്കുലിഫോർമിസിനും റബ്ബറിനും നേരിയ തോതിലുള്ള കുറവാണ് അനുഭവപ്പെട്ടത്. മൊത്തത്തിൽ, വിദേശ ഇനങ്ങളുടെ ആകെ വിസ്തൃതി ഏകദേശം 8.5 ശതമാനം കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് വിദേശ ഇനങ്ങളുടെ കൃഷിയിൽ നിന്ന് ക്രമേണ മാറുന്ന പ്രവണതയെ പ്രതിഫലിപ്പിക്കുന്നു. വനവൽക്കരണ നയങ്ങളിലെ മാറ്റങ്ങൾ, പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തനങ്ങൾ, കൂടാതെ തേക്ക് പോലുള്ള തദ്ദേശീയ ഇനങ്ങളോടുള്ള വർധിച്ചുവരുന്ന മുൻഗണന എന്നിവയാണ് ഈ മാറ്റങ്ങൾക്ക് കാരണമായേക്കുന്നത്. ഇതേ കാലയളവിൽ തേക്ക് പോലുള്ള തദ്ദേശീയ ഇനങ്ങളുടെ വിസ്തൃതിയിൽ നേരിയ വർധനവ് രേഖപ്പെടുത്തിയതും ഈ പ്രവണതയെ പിന്തുണയ്ക്കുന്നു. പ്രസക്തമായ വിദേശ ഇനം വനത്തോട്ടങ്ങളുടെ വിസ്തൃതിയിലെ പ്രവണതകൾ **പട്ടിക 3.6.6** ൽ കാണിക്കുന്നു.

സംസ്ഥാനം ഏകദേശം 14,184.23138 ഹെക്ടർ ഭൂമിയെ പരിസ്ഥിതി ദുർബല ഭൂമിയായി (EFL) വിജ്ഞാപനം ചെയ്തിട്ടുണ്ട്, അതിൽ ഏകദേശം 772.3072 ഹെക്ടർ ഭൂമിയെ EFL നിയമപ്രകാരം വിവിധ പരിഹാര സംവിധാനങ്ങൾ

**പട്ടിക: 3.6.6** പ്രസക്തമായ വിദേശ ഇനം വനത്തോട്ടങ്ങളുടെ വിസ്തൃതിയിലെ പ്രവണതകൾ (ഹെക്ടറിൽ)

| ക്രമ നമ്പർ | ഇനങ്ങൾ | 2023-24 | 2024-25 |
|---|---|---|---|
| 1 | തേക്ക് (കട്ടികൂടിയ തടി ) | 55994.301 | 57121.8764 |
| 2 | യൂക്കാലിപ്റ്റസ് | 6989.07 | 6554.651 |
| 3 | അക്കേഷ്യ മാഞ്ചിയം, | 2767.557 | 2228.495 |
| 4 | അക്കേഷ്യ ഓറിക്കുലിഫോർമിസ് | 7042.424 | 7019.346 |
| 5 | ഗ്രെവില്ല റോബസ്റ്റ | 948.68 | 611.240 |
| 6 | സുവാരിന | 118.87 | 32.630 |
| 7 | വാറ്റിൽ | 2123.13 | 1792.810 |
| 8 | റബ്ബർ | 42.10 | 42.000 |
| 9 | ബാൽസ | 21.04 | 21.040 |
| 10 | പൈൻ | 546.40 | 546.400 |

**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

**ബോക്സ് 3.6.1** പ്രത്യേക പ്രവർത്തനങ്ങൾ

**(1) ട്രീ ബാങ്കിംഗ്**

കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക തടി വിതരണം വർദ്ധിപ്പിക്കുന്നതിനുമായി സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മരങ്ങൾ നടുന്നതാണ് ട്രീ ബാങ്കിംഗ് പദ്ധതി. ബഹുമുഖ സമീപനത്തിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതി, ദീർഘകാല കാർബൺ ന്യൂട്രാലിറ്റിയിലേക്ക് പ്രവർത്തിക്കാനും, കർഷകരെ വൃക്ഷകൃഷിയിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെ തടി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും, കർഷകർക്ക് അധിക വരുമാനം നൽകാനും സംസ്ഥാനത്തെ പ്രാപ്തമാക്കുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൃക്ഷ ഇനങ്ങളിൽ ചന്ദനം, തേക്ക്, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കുമ്പിൾ, കരിമരുത്, തമ്പകം, വെന്തേക്ക്, വീട്ടി എന്നിവയാണ്.

**(ii) മനുഷ്യ-വന്യജീവി സംഘർഷം – പത്ത് തന്ത്രപരമായ ദൗത്യങ്ങൾ**

മനുഷ്യ–വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനം സമഗ്രമായ ദൗത്യങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- വനത്തിനുള്ളിൽ മതിയായ വിഭവങ്ങൾ ഉറപ്പാക്കുകയും, അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുകയും, എൻജിഒകളുടെയും പ്രാദേശിക സമൂഹങ്ങളുടെയും പിന്തുണയോടെ തദ്ദേശീയമായ ഫലം കായ്ക്കുന്ന മരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ, മനുഷ്യവാസ കേന്ദ്രങ്ങളിലേക്കുള്ള വന്യജീവികളുടെ കുടിയേറ്റം കുറയ്ക്കുക എന്നതാണ് "മിഷൻ ഫുഡ്, ഫോഡർ, വാട്ടർ "ലക്ഷ്യമിടുന്നത്.
- എല്ലാ വന ഡിവിഷനുകളിലുമുള്ള ആനകളുടെ സഞ്ചാരപാതകളും വന്യജീവികളുടെ സഞ്ചാരപാതകളും തുടർച്ചയായി നിരീക്ഷിച്ച്, മുൻകരുതൽ പ്രതിരോധ നടപടികൾ സാധ്യമാക്കുന്നതിലൂടെ സംഘർഷങ്ങൾ തടയുന്നതിൽ "മിഷൻ റിയൽ-ടൈം മോണിറ്ററിംഗ്" ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- "മിഷൻ പ്രൈമറി റെസ്പോൺസ് ടീമുകൾ" – റാപിഡ് റെസ്പോൺസ് ടീമുകൾ എത്തുന്നതിന് മുമ്പ് സംഘർഷ പ്രദേശങ്ങളിൽ അടിയന്തര ഇടപെടൽ നടത്തുന്നതിന് വോളണ്ടിയർ റെസ്പോൺസ് ഫോഴ്സ് (സ്വമേധയാ പ്രവർത്തിക്കുന്ന പ്രതികരണ സേന) രൂപീകരിക്കും.
- കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പട്ടികവർഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന "മിഷൻ ട്രൈബൽ നോളജ്" എന്ന പദ്ധതി, സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്ന സെമിനാറുകൾ മുഖേന സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള പരമ്പരാഗത ആദിവാസി തന്ത്രങ്ങൾ രേഖപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് ലക്ഷ്യമിടുന്നത്.
- "മിഷൻ ബോണറ്റ് മക്കാക്കും" "മിഷൻ വൈൽഡ് പിഗും" തദ്ദേശീയ കുരങ്ങുകളെ നിയന്ത്രിക്കുന്നതും കാട്ടുപന്നികളുടെ കടന്നുകയറ്റം ബാധിച്ച പഞ്ചായത്തുകൾക്ക് സാങ്കേതിക പിന്തുണ നൽകുന്നതും ഉൾപ്പെടെയുള്ള സ്പീഷീസ്-നിർദ്ദിഷ്ട വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നു.
- "മിഷൻ സർപ്പ" പാമ്പുകടിയാൽ ഉണ്ടാകുന്ന മരണങ്ങൾ ഇല്ലാതാക്കുന്നതിനായി ആന്റി-വെനം (വിഷനാശിനി) നിർമ്മാണവും വിതരണവും ശക്തിപ്പെടുത്തുന്നു. അതേസമയം "മിഷൻ നോളജ്" KFRI, TBGRI, വന്യജീവി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നിവരുമായി സഹകരിച്ച് കാലാവസ്ഥാ മാറ്റവും മറ്റ് ഘടകങ്ങളും മൂലം വന്യജീവികളുടെ പെരുമാറ്റത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളും പഠിക്കുന്നു.
- "മിഷൻ സോളാർ ഫെൻസിംഗ്" വന അതിരുകളിലായി പ്രവർത്തനരഹിതമായിരിക്കുന്ന സോളാർ വേലികൾ പുനഃസ്ഥാപിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. "മിഷൻ പബ്ലിക് സെൻസിറ്റൈസേഷൻ" ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് മനുഷ്യരും വന്യജീവികളും തമ്മിലുള്ള സഹവർത്തിത്വത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി അവബോധ പ്രചാരണങ്ങൾ നടത്തുന്നു.

**അവലംബം:** വനം വകുപ്പ്, കേരള സർക്കാർ

വഴി ഡീനോട്ടിഫൈ ചെയ്തിട്ടുണ്ട്. നിയമത്തിലെ പരാതി പരിഹാര വ്യവസ്ഥകൾ സെക്ഷൻ 10, 10A, 19(3)(b) പ്രകാരമാണ്. സെക്ഷൻ 10A പ്രകാരം ആകെ 1,175 അപേക്ഷകൾ ലഭിച്ചു (1,103 എണ്ണം തീർപ്പാക്കി) സെക്ഷൻ 19(3)(b) പ്രകാരം 314 അപേക്ഷകൾ ലഭിച്ചു (289 എണ്ണം തീർപ്പാക്കി), ബാക്കിയുള്ള കേസുകൾ പ്രോസസ്സിംഗിന്റെ വിവിധ ഘട്ടങ്ങളിലാണ്.

2024-25 ലെ വനം വന്യ ജീവി മേഖലയ്ക്ക് കീഴിലുള്ള പദ്ധതി ചെലവ് 184.75 കോടി രൂപയാണ്. ഇത് മൊത്തം പദ്ധതി വിഹിതത്തിന്റെ 79.43 ശതമാനത്തെ കാണിക്കുന്നു. 2020-21 മുതൽ 2024-25 വരെയുള്ള മേഖലയുടെ പദ്ധതി വിഹിതവും ചെലവ് വിശദാംശങ്ങളും **അനുബന്ധം 3.6.7** ൽ കാണിച്ചിരിക്കുന്നു.

**കേരള വന വികസന കോർപ്പറേഷൻ (കെ.എഫ്.ഡി.സി)**

1975 ജനുവരി 24-ന് കേന്ദ്രഗവൺമെന്റും സംസ്ഥാന സർക്കാരും ചേർന്നുള്ള സംയുക്ത സംരംഭമായി സ്ഥാപിതമായ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എഫ്.ഡി.സി) മനുഷ്യനിർമ്മിത വനങ്ങൾ വികസിപ്പിക്കുകയും, നശിച്ച ഭൂമികളെ പുനരുദ്ധാരിക്കുകയും, സുസ്ഥിര വനസംരക്ഷണം

**പട്ടിക 3.6.7** പ്രധാന വരുമാന സ്രോതസ്സുകൾ (തുക ലക്ഷത്തിൽ)

| വരുമാന സ്രോതസ്സുകൾ | 2021–22 | 2022–23 | 2023–24 | 2024–25 (താൽക്കാലികം) |
|---|---|---|---|---|
| വുഡ് ക്രോപ്പ് | 630.46 | 2022.87 | 1755.44 | 1865.80 |
| നാണ്യവിളകൾ | 281.4 | 208.16 | 308.62 | 551.50 |
| ഇക്കോടൂറിസം | 224.56 | 678.83 | 844.02 | 938.65 |
| മറ്റ് വിൽപ്പനകൾ | 158.13 | 143.36 | 171.62 | 207.44 |
| മറ്റ് വരുമാനങ്ങൾ | 27.16 | 13.86 | 107.69 | 36.15 |
| **ആകെ** | **1321.71** | **3067.08** | **3187.39** | **3599.54** |

**അവലംബം**: കേരള വന വികസന കോർപ്പറേഷൻ

പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തരവും വ്യവസായവുമായ വിഭവ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി ഇക്കോ-ടൂറിസം പ്രചരിപ്പിക്കുകയും ചെയ്യുന്നു.

2024-25 ൽ, കെഎഫ്ഡിസി അതിന്റെ എക്കാലത്തെയും ഉയർന്ന ഇക്കോടൂറിസം വിറ്റുവരവ് 9.39 കോടി രൂപ (നികുതികൾ ഒഴികെ) കൈവരിച്ചു. ഇത് കെ.എഫ്.ഡി.സി യുടെ പ്രധാന വരുമാന സ്രോതസായി മാറുകയും ചെയ്തു. **പട്ടിക 3.6.7**- ൽ കെ.എഫ്.ഡി.സി.യുടെ പ്രധാന വരുമാന സ്രോതസ്സുകൾ കാണിക്കുന്നു. 2021-22 മുതൽ 2024-25 വരെ വരുമാനം കുത്തനെ ഉയരുന്ന പ്രവണതയാണ് കാണാൻ സാധിക്കുന്നത്. വുഡ് ക്രോപ്പിൽ നിന്നുള്ള വരുമാനവും വേഗത്തിൽ വളരുന്ന ഇക്കോ-ടൂറിസവും ഈ പ്രവണതയ്ക്ക് ആക്കം കൂട്ടി. ഇത് വരുമാന സ്രോതസുകളുടെ ശക്തമായ വൈവിധ്യവൽക്കരണം പ്രകടമാകുന്നു.

2024-25 കാലയളവിൽ, മാനന്തവാടി ഡിവിഷനിലെ പഴയതും തകർന്നതുമായ ലേബർ ലെയ്നുകളുടെ പുനർനിർമ്മാണവും നവീകരണവും വിജയകരമായി പൂർത്തിയാക്കി, 40 കുടുംബങ്ങൾക്ക് താമസിക്കാൻ 10 ലേബർ ലെയ്നുകൾ (4 യൂണിറ്റുകൾ വീതം) വികസിപ്പിച്ചു. ഇതേ കാലയളവിൽ, 27.07 ഹെക്ടർ സ്ഥലത്ത് വിവിധ തദ്ദേശീയ ഇനങ്ങളുടെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു, മൂന്നാറിലെ 48 ഹെക്ടർ വനഭൂമിയിൽ വാറ്റിൽ മരങ്ങൾ നീക്കം ചെയ്തുകൊണ്ട് പരിസ്ഥിതിയെ പുനഃസ്ഥാപിച്ചു. വനപ്രദേശങ്ങൾക്ക് സമീപം തദ്ദേശീയരായ ആളുകളെ ഉൾപ്പെടുത്തി അഗ്നിസുരക്ഷാ പ്രവർത്തനങ്ങൾ വഴി 5,062 തൊഴിൽ ദിനങ്ങളും, ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ ഉൾപ്പെടെ എസ്റ്റേറ്റ് തൊഴിലാളികൾക്ക് ആകെ 1,87,200 തൊഴിൽ ദിനങ്ങളും സൃഷ്ടിക്കപ്പെട്ടു. 2024-25 കാലയളവിൽ, കെ.എഫ്.ഡി.സി മറയൂർ സാൻഡൽ ഓയിൽ ഫാക്ടറി 27.87 കിലോഗ്രാം ചന്ദനതൈലം ഉൽപാദിപ്പിച്ചു , അതിൽ 15.49 കിലോഗ്രാം ചില്ലറ വിൽപ്പനയിലൂടെയാണ് വിറ്റത്.

പതിനാലാം പഞ്ചവത്സരപദ്ധതി നീർത്തടങ്ങൾ, വനങ്ങൾ, കാർഷിക-ആവാസ വ്യവസ്ഥകൾ എന്നിവയ്ക്കായി സമഗ്രമായ കർമ്മപദ്ധതികൾ രൂപപ്പെടുത്തുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നു. വനത്തിനുള്ളിലെ മനുഷ്യ ഇടപെടലുകൾ കുറയ്ക്കുക, നശിച്ച ആവാസ വ്യവസ്ഥകൾ പുനഃസ്ഥാപിക്കുക, വന്യജീവികളെ ഫലപ്രദമായി സംരക്ഷിക്കുക എന്നിവയിലൂടെ ജൈവവൈവിധ്യം നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഈ സമീപനം എടുത്തുകാണിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ പരിഹരിക്കാൻ ആവാസവ്യവസ്ഥ സംരക്ഷണം, സമൂഹ പങ്കാളിത്തം, മനുഷ്യരും വന്യജീവികളും തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുന്ന നവീന പരിഹാരങ്ങൾ എന്നിവ സംയോജിപ്പിച്ച ഒരു ഏകീകൃത സമീപനം അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ വനങ്ങളും വന്യജീവികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ളവയാണ്. സമ്പന്നമായ ജൈവവൈവിധ്യത്തെ പിന്തുണയ്ക്കുന്നതിനൊപ്പം പരാഗണം, വിത്ത് വിതരണങ്ങൾ, കാർബൺ വേർതിരിക്കൽ എന്നിവ പോലുള്ള നിർണായക ആവാസവ്യവസ്ഥാ സേവനങ്ങൾ നൽകിക്കൊണ്ട് കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ അവ പ്രധാന പങ്ക് വഹിക്കുന്നു. അതിനാൽ കേരളത്തിൽ സുസ്ഥിര വനപരിപാലനവും ശക്തമായ വന്യജീവി സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നത് സ്വാഭാവിക പൈതൃകം സംരക്ഷിക്കുന്നതിന് മാത്രമല്ല, ആഗോള പാരിസ്ഥിതിക സ്ഥിരതയ്ക്ക് സംഭാവന നൽകുന്നതിനും ഭാവി തലമുറകൾക്കായി ഈ അമൂല്യമായ ആവാസവ്യവസ്ഥകൾ നിലനിർത്തുന്നതിനും അത്യന്താപേക്ഷിതമാണ്.

# 3.7 പരിസ്ഥിതി

കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതിക്കും മനുഷ്യ ക്ഷേമത്തിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ആരോഗ്യം, ഉപജീവനമാർഗ്ഗം, ഭക്ഷ്യസുരക്ഷ, ജലലഭ്യത എന്നിവയെ ബാധിക്കുകയും ചെയ്യുന്നു. ഫോസിൽ ഇന്ധന ഉപയോഗം, വനനശീകരണം, വ്യാവസായിക പ്രവർത്തനങ്ങൾ എന്നിവയാണ് ആഗോളതാപനത്തിനുള്ള പ്രധാന കാരണങ്ങൾ. ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കാൻ താപനില വർദ്ധനവ് 1.5 ഡിഗ്രി സെൽഷ്യസ് ആയി പരിമിതപ്പെടുത്തേണ്ടത് ആവശ്യമാണ്. ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ചും ലോകബാങ്കും ചൂണ്ടിക്കാണിക്കുന്നതുപോലെ, ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതും കാര്യക്ഷമത വിടവുകൾ കുറയ്ക്കുന്നതും ഏറ്റവും ഫലപ്രദമായ പ്രതികരണങ്ങളിൽ ഒന്നാണ്. അതിനാൽ സുസ്ഥിരമായ ഒരു ഭാവി ഉറപ്പാക്കാൻ ഏകോപിത ആഗോള പ്രവർത്തനം അനിവാര്യമാണ്.

ഈ ആഗോള സാഹചര്യത്തിൽ ഇന്ത്യ ഗുരുതരമായ കാലാവസ്ഥാ വെല്ലുവിളികൾ നേരിടുന്നു. ഭരണ ഘടനയിൽ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകിയിട്ടുണ്ടെങ്കിലും, മലിനീകരണം, വനനശീകരണം, മാലിന്യ സംസ്കരണ പ്രശ്നങ്ങൾ എന്നിവ ആരോഗ്യത്തിനും ജൈവവൈവിധ്യത്തിനും പ്രകൃതിവിഭവങ്ങൾക്കും ഭീഷണിയായി തുടരുന്നു. സമ്പന്നമായ വനങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, സമുദ്ര ആവാസവ്യവസ്ഥകൾ എന്നിവ ഉണ്ടായിരുന്നിട്ടും, ജനസംഖ്യാ വർധനവ്, നഗരവൽക്കരണം, വ്യവസായവൽക്കരണം എന്നിവ കാരണം ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾക്ക് കേരളം ഇരയാകുന്നു. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, സമുദ്രനിരപ്പ് ഉയരൽ എന്നിവയിൽ നിന്നുള്ള അപകടസാധ്യതകൾ വർദ്ധിച്ചുവരുന്നതിനാൽ കാലാവസ്ഥാ പ്രതിരോധത്തിന് മുൻഗണന നൽകേണ്ടതാണ്. കേരളത്തിലെ ഹരിതഗൃഹ വാതക ഉദ്‌വമനത്തിന്റെ 80 ശതമാനവും ഊർജ്ജ മേഖലയിൽ നിന്നാണ്. പുനരുപയോഗ ഊർജ്ജ ഉപയോഗം, മെച്ചപ്പെട്ട ഊർജ്ജ കാര്യക്ഷമത, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുത വാഹനങ്ങളുടെ പ്രോത്സാഹനം എന്നിവയിലൂടെ ഉദ്വമനം കുറയ്ക്കാൻ സാധിക്കും. പരിസ്ഥിതി സംരക്ഷിക്കുന്നതിനും സുസ്ഥിര വളർച്ചയെ പിന്തുണയ്ക്കുന്നതിനുമായി ഈ നടപടികൾ വികസന ആസൂത്രണത്തിൽ സംയോജിപ്പിക്കേണ്ടതാണ്.

**കാലാവസ്ഥാ വ്യതിയാനം**

കേരളത്തിന്റെ കാലാവസ്ഥാ വെല്ലുവിളികൾ അതിന്റെ സവിശേഷമായ ഭൂമിശാസ്ത്രം, ദ്രുതഗതിയിലുള്ള നഗരവൽക്കരണം, ഭൂവിനിയോഗ മാറ്റങ്ങൾ, വികസന പ്രവർത്തനങ്ങൾ, ജനസാന്ദ്രത എന്നിവയിൽ നിന്നാണ് ഉണ്ടാകുന്നത്. സമീപ കാലങ്ങളിൽ, ഈ ഘടകങ്ങൾ കനത്ത മഴ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, വരൾച്ച എന്നിവയുൾപ്പെടെയുള്ള തീവ്ര കാലാവസ്ഥാ കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് കാരണമായിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഈ വെല്ലുവിളികളെ നേരിടുന്നതിനായി, സംസ്ഥാനത്തെ എല്ലാ കാലാവസ്ഥാ വ്യതിയാന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ്, വിവിധ പങ്കാളികളുടെ പിന്തുണയോടെ കേരളത്തിലെ ആദ്യത്തെ സംസ്ഥാന കാലാവസ്ഥാ വ്യതിയാന പ്രവർത്തന പദ്ധതി (എസ്.എ.പി.സി.സി) വികസിപ്പിച്ചെടുത്തു. 2014 –ൽ ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകി.

പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ (എം.ഒ.ഇ.എഫ്.സി.സി) പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച്, കാലാവസ്ഥാ വ്യതിയാന

സെൽ (സി.സി.സി) എസ്എപിസിസി പുതുക്കുകയും, 2023 ജനുവരിയിൽ സംസ്ഥാന സർക്കാർ ഇതിന് അംഗീകാരം നൽകുകയും ചെയ്തു. പുതുക്കിയ എസ്എപിസിസി നിലവിൽ കേരളത്തിലെ കാലാവസ്ഥാ പ്രവർത്തനത്തിനുള്ള കേന്ദ്ര ചട്ടക്കൂടായി പ്രവർത്തിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ കാലാവസ്ഥ വ്യതിയാനം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളെ ദേശീയ, അന്തർദേശീയ കാലാവസ്ഥാ ലക്ഷ്യങ്ങളുമായി സംയോജിപ്പിക്കുന്നു. കൃഷി, കന്നുകാലികൾ, മത്സ്യബന്ധനം, ആരോഗ്യം, ജലസ്രോതസ്സുകൾ, വനങ്ങൾ, ജൈവവൈവിധ്യം തുടങ്ങിയ പ്രധാന മേഖലകളിലെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിലും കാലാവസ്ഥാ അപകടസാധ്യതകൾ പരിഹരിക്കുന്നതിലും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2023–2030 കാലയളവിലേക്കുള്ള പൊരുത്തപ്പെടുത്തൽ, ലഘൂകരണ തന്ത്രങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിൽ ഇത് പ്രധാന പങ്ക് വഹിക്കുന്നു.

കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നതിനായി, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് വികസിപ്പിച്ചെടുത്ത സംവേദനാത്മകവും കേന്ദ്രീകൃതവുമായ കാലാവസ്ഥാ വ്യതിയാന വിജ്ഞാന സ്രോതസ്സ് പ്ലാറ്റ്ഫോം, നയരൂപകർത്താക്കൾ, പ്രാക്ടീഷണർമാർ, സിവിൽ സമൂഹം എന്നിവർക്ക് കാലാവസ്ഥാ ഡാറ്റ, വിവരങ്ങൾ, ഉപകരണങ്ങൾ എന്നിവയിലേക്ക് ഏകീകൃത ഉപയോഗാനുമതി നൽകുന്നു. കേരളത്തിലെ ഭാവിയിലെ കാലാവസ്ഥ പ്രവണതകളെയും അപകടസാധ്യതകളെയും കുറിച്ച് ആഴത്തിലുള്ള ധാരണ വളർത്തുന്നതിനും തീരുമാനമെടുക്കുന്നതിനും ഈ പ്ലാറ്റ്ഫോം സഹായിക്കുന്നു.

**2024–25 ലെ പ്രധാന പ്രവർത്തനങ്ങൾ /നേട്ടങ്ങൾ**

പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന് കീഴിലുള്ള സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെൽ (എസ് സിസിസി), 2022–ൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പുതുക്കിയ സംസ്ഥാന ആക്ഷൻ പ്ലാൻ (എസ്.എ.പി. സി.സി 2.0) തയ്യാറാക്കുകയും, ഇത് കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ പ്രധാന കാലാവസ്ഥാ പ്രവർത്തന ചട്ടക്കൂടായി പ്രവർത്തിക്കുന്ന എസ്.എ.പി.സി.സി 2.0, വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുകയും ദേശീയ, അന്തർദേശീയ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം, ജൈവവൈവിധ്യം, ജലവിഭവങ്ങൾ, വനങ്ങൾ, എന്നി വിവിധ മേഖലകളിലെ കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും അപകടസാധ്യതകൾ കുറയ്ക്കുന്നതിനുമുള്ള പദ്ധതികൾ ഇതിലൂടെ നടപ്പിലാക്കുന്നു. കൃഷി, മൃഗസംരക്ഷണം എന്നിമേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനങ്ങൾ പൂർത്തിയാക്കുകയും, മറ്റ് മേഖലകളുടെ വിലയിരുത്തലുകൾ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പദ്ധതികളുടെ പുരോഗതി എസ് സി സി സി നിരന്തരം നിരീക്ഷിച്ചു വരുന്നു.

കാലാവസ്ഥാ വ്യതിയാന സെൽ (സി.സി.സി) സംസ്ഥാനത്തെ ഗ്രീൻ ഹൗസ് ഗ്യാസ് (ജി.എച്ച്.ജി) ഇൻവെന്ററി പൂർത്തിയാക്കുകയും, അനുബന്ധ വെബ് പോർട്ടലിനൊപ്പം സമഗ്ര റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ 2050 ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള കരട് കാർബൺ ന്യൂട്രൽ പാത്ത്‌വേയ്ക്ക് അന്തിമരൂപം നൽകുകയും ചെയ്തിട്ടുണ്ട്.

പരിസ്ഥിതി ഗവേഷണ വികസന പദ്ധതി പ്രകാരം 2024–2025 സാമ്പത്തിക വർഷത്തിൽ രണ്ട് പുതിയ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു: "കേരള തീരത്തെ തീരദേശ ആവാസവ്യവസ്ഥകൾക്കായുള്ള പാരിസ്ഥിതിക പ്രതിരോധ സൂചകങ്ങൾ", "ജല മലിനീകരണത്തിനായുള്ള ബയോ–ഉത്ഭവ ആന്റിബാക്ടീരിയൽ പോളിമെറിക് നാനോ ഫൈബർ." ഈ കാലയളവിൽ, 4 പഠനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്, അവ:

- സൂക്ഷ്മ പ്ലാസ്റ്റിക് മലിനീകരണം: ഉറവിട സ്വഭാവം, ഗതാഗത മോഡലിംഗ്, കടമ്പ്രയാർ നദിയിലെയും വേമ്പനാട് കായൽ മേഖലയിലെയും മത്സ്യങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന ആഘാതം വിലയിരുത്തൽ
- ചെറുകിട മാലിന്യ ജല ശുദ്ധീകരണത്തിനായി നൂതനവും, ചെലവ് കുറഞ്ഞതും, പരിസ്ഥിതി സൗഹൃദപരവുമായ സെല്ലുലോസ് നാനോ ഫൈബർ അടിസ്ഥാനമാക്കിയുള്ള പോളിഇലക്ട്രോലൈറ്റ് മൈക്രോഫിൽട്രേഷൻ ഫിൽട്ടർ.
- മാലിന്യങ്ങളെയും പ്രകൃതി വിഭവങ്ങളെയും അടിസ്ഥാനമാക്കിയുള്ള സുസ്ഥിര ഹരിത സംയുക്തങ്ങൾ
- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ ഗ്രാനൈറ്റ്, മറ്റ് ക്രിസ്റ്റലിൻ പാറ ക്വാറികളുടെ സ്ഥല വിതരണം, സ്ഥിതി, അടിസ്ഥാന സവിശേഷതകൾ എന്നിവയെക്കുറിച്ചുള്ള വിലയിരുത്തൽ, മാപ്പിംഗ്, ഡാറ്റാബേസ് തയ്യാറാക്കൽ.

ഭൂമിത്രസേന ക്ലബ്ബുകളുടെ നേതൃത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള ദിനങ്ങൾ ആഘോഷിക്കുന്നതിന്റ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 2024–25 സാമ്പത്തിക വർഷത്തിൽ നാല് പുതിയ പരിസ്ഥിതി പോഷിണി ഫെലോഷിപ്പുകൾ നൽകുകയുണ്ടായി. നിലവിൽ ഏഴ് ഫെലോഷിപ്പുകളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ, ഇതേ കാലയളവിൽ 19 വിദ്യാർത്ഥികൾക്ക് വിദ്യാപോഷിണി ഫെലോഷിപ്പ് നൽകുകയും ചെയ്തു.

കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കൃഷി പ്രവർത്തനങ്ങളിൽ ഈ കാലയളവിൽ നാല് പദ്ധതികൾ വിജയകരമായി പൂർത്തിയാക്കി. കേരളത്തിലെ കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കാർഷിക രീതികളുടെ സംരക്ഷണത്തിനും പുരോഗതിക്കും ഗണ്യമായ സംഭാവന നല്കാൻ ഇത് സഹായിച്ചു. കാലാവസ്ഥാ വ്യതിയാന പദ്ധതി പ്രകാരം രണ്ട് ഉജ്ജ്വൽ പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകുകയുണ്ടായി. ഈ കാലയളവിൽ പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന പഠനങ്ങൾ പൂർത്തിയാക്കി.

- കാലാവസ്ഥാ വ്യതിയാനം, വെള്ളപ്പൊക്കം, കുട്ടനാട്ടിലെ ഗ്രാമീണ കർഷക സമൂഹങ്ങൾ: ദുരന്തനിവാരണത്തിൽ നിന്ന് ദുരന്ത തയ്യാറെടുപ്പിലേക്കുള്ള മാറ്റം.
- കാലാവസ്ഥാ വ്യതിയാനത്തിനും നരവംശ

**ബോക്സ് 3.7.1** പ്രത്യേക പ്രവർത്തനങ്ങൾ

**(i) ഭൂ മിത്രസേന ക്ലബ്ബുകളുടെ മാലിന്യ സംസ്കരണ ഓഡിറ്റ്**

മാലിന്യ മുക്തം നവകേരളം കാമ്പെയ്നും ശുചിത്വ മിഷനുമായി സഹകരിച്ച്, 2024 ഡിസംബർ മുതൽ 2025 ജനുവരി വരെ 106 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടനീളമുള്ള (എൽ.എസ്.ജി കൾ) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റീസ് (എം.സി.എഫ് കൾ), മെറ്റീരിയൽ റിക്കവറി ഫെസിലിറ്റീസ് (എം.ആർ.എഫ് കൾ), റിസോഴ്സ് റിക്കവറി ഫെസിലിറ്റീസ് (ആർ.ആർ.എഫ് കൾ) എന്നിവയുൾപ്പെടെ 121 മാലിന്യ സംസ്കരണ സൗകര്യങ്ങളുടെ ഓഡിറ്റ് ഭൂമിത്രസേന ക്ലബ്ബുകൾ മുഖേനെ നടത്തുകയുണ്ടായി. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ സംസ്കരണം വിലയിരുത്തുന്നതിനൊപ്പം യുവാക്കളെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഓഡിറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ, കാര്യക്ഷമത, വിടവുകൾ എന്നിവ പരിശോധിക്കുകയും, മാലിന്യ രഹിത സംസ്ഥാനം എന്ന കേരളത്തിന്റെ ദർശനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു.

**(ii) തീരദേശ മേഖല മാനേജ്മെന്റ് പ്ലാനുകൾ (സി.ഇസഡ്.എം.പി കൾ)**

സംസ്ഥാനത്തെ പത്ത് തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയെ ഉൾപ്പെടുത്തി തയ്യാറാക്കിയ തീരദേശ പരിപാലന പദ്ധതി (സി.ഇസഡ്.എം.പി) 2019, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2024 ഒക്ടോബറിൽ അംഗീകരിച്ചു. 2019 ലെ തീരദേശ നിയന്ത്രണ മേഖല (സി.ആർ.ഇസഡ്) വിജ്ഞാപനം അനുസരിച്ച് തയ്യാറാക്കിയ ഈ പദ്ധതിയിൽ, ഉയർന്ന വേലിയേറ്റ രേഖയ്ക്കടുത്തുള്ള കടൽത്തീരത്ത് നിർമ്മാണം ഉൾപ്പെടെ തീരപ്രദേശങ്ങളിൽ കൂടുതൽ വികസനം അനുവദിക്കുന്നതിനുള്ള ഇളവുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തീരദേശ വികസനവും ആവാസവ്യവസ്ഥ സംരക്ഷണവും സന്തുലിതമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള സി.ഇസഡ്.എം.പി, പരമ്പരാഗത മത്സ്യബന്ധന അവകാശങ്ങളുടെയും തീരദേശ സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളുടെയും ശക്തമായ സംരക്ഷണത്തിനുള്ള ആവശ്യകത കൂടി എടുത്തുകാട്ടുന്നു.

**അവലംബം:** പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്, കേരള സർക്കാർ

സ്വാധീനത്തിനും പ്രത്യേക പ്രാധാന്യം നൽകികൊണ്ട് അച്ചൻകോവിൽ, പമ്പ എന്നിവിടങ്ങളിലെ പുണ്യനദികളിലും അനുബന്ധ ജലസംഭരണികളിലും ഹാനികരമായ ആൽഗൽ ബ്ലൂമുകളുടെ പര്യവേക്ഷണം.

കേരള സ്റ്റേറ്റ് വെറ്റ് ലാൻഡ് അതോറിറ്റി(എസ്.ഡബ്ല്യൂ.എ.കെ): സംസ്ഥാനത്തിന്റെ തണ്ണീർത്തട വിജ്ഞാപന പ്രക്രിയയുടെ ഭാഗമായി, തിരിച്ചറിഞ്ഞ 40 തണ്ണീർത്തടങ്ങളെ 20 വീതമുള്ള രണ്ട് ഘട്ടങ്ങളായി വിഭജിക്കുകയും ജില്ലാതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചനകൾ നടത്തി ആദ്യ ഘട്ട തണ്ണീർത്തടങ്ങൾക്കായുള്ള സംക്ഷിപ്ത രേഖകൾ തയ്യാറാക്കുകയും ചെയ്തു. 2017 ലെ തണ്ണീർത്തട (സംരക്ഷണവും പരിപാലനവും) നിയമങ്ങളെക്കുറിച്ച് എസ്.ഡബ്ല്യൂ.എ.കെ-കെ.എസ്.ആർ.ഇ.സി വെബ് പോർട്ടൽ വഴി നടപ്പാക്കൽ മാർഗ്ഗനിർദ്ദേശങ്ങളും തർക്ക പരിഹാരവും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് 2024 ഫെബ്രുവരിയിൽ രണ്ട്ഘട്ട പരിശീലനം നൽകുകയും ചെയ്തു.

വേമ്പനാട്-കോൾ വെറ്റ്ലാൻഡ് കോംപ്ലക്സിനും ശാസ്താംകോട്ട റാംസർ സൈറ്റിനുമുള്ള ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് കരട്പ്ലാനുകൾ ദേശീയ ജല പരിസ്ഥിതി സംരക്ഷണ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഷ്കരിച്ചു. ഫെറി ട്രസ്റ്റുമായി ചേർന്ന് അഷ്ടമുടി ബദൽ കയർ റീറ്റിംഗ് പദ്ധതിയിലൂടെ കയർ പൾപ്പ് ശുദ്ധീകരിക്കുകയും, ലിഗ്നിൻ വേർതിരിച്ചെടുക്കുകയും, മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയും, പുനരുപയോഗ രീതികൾ വികസിപ്പിക്കുകയും ചെയ്തു.

മൂന്ന് റാംസർ തണ്ണീർത്തടങ്ങളുടെയും നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് സർവേ, മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ വിജയകരമായി പുരോഗമിക്കുന്നു. സംസ്ഥാനത്തെ മൂന്ന് റാംസർ തണ്ണീർത്തടങ്ങളിലായി ആകെ 648 വെറ്റ്ലാൻഡ് മിത്രകൾ (രജിസ്റ്റർ ചെയ്ത പൗര വളണ്ടിയർമാർ) സജീവമായി സേവനമനുഷ്ഠിക്കുന്നു.

കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ മൂന്ന് റാംസർ സൈറ്റുകളിലായി നടത്തിയ വാർഷിക ജലപക്ഷി സെൻസസ് വിജയകരമായി പൂർത്തിയാക്കി. വെറ്റ്ലാൻഡ് ഇൻവെന്ററി അസസ്മെന്റ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം (ഡബ്ല്യൂ.ഐ.എ.എം.എസ്) പദ്ധതിയുടെ കീഴിൽ, ഏറ്റവും പുതിയ അംഗീകൃത മാനേജ്മെന്റ് ആക്ഷൻ പ്ലാനുകൾ പിന്തുടർന്ന്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യൂ.ആർ.ഡി.എം) അഷ്ടമുടി, ശാസ്താംകോട്ട, വേമ്പനാട്-കോൾ എന്നിവിടങ്ങളിൽ തുടർച്ചയായ ജല ഗുണനിലവാര നിരീക്ഷണം നടത്തുന്നു.

ആലപ്പുഴയിലെ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷനുമായി (കെഎച്ച്ബിഒഎ) സഹകരിച്ച് സ്വാക്, അംഗീകൃത മാനേജ്മെന്റ് ആക്ഷൻ പ്ലാൻ (എംഎപി) പ്രകാരം വേമ്പനാട്-കോൾ വെറ്റ്ലാൻഡ് കോംപ്ലക്സിലെ ഡീസൽ എഞ്ചിനുകളെ ഹൈബ്രിഡ് എഞ്ചിനുകളാക്കി മാറ്റുന്ന ഹൗസ് ബോട്ട് അപ്ഗ്രഡേഷൻ പദ്ധതി ഈ കാലയളവിൽ വിജയകരമായി പൂർത്തിയാക്കി.

കമ്മ്യൂണിറ്റി എൻവയോൺമെന്റൽ റിസോഴ്സ് സെന്റർ – അശോക ട്രസ്റ്റ് ഫോർ റിസർച്ച് ഇൻ ഇക്കോളജി ആൻഡ് ദി എൻവയോൺമെന്റ് (സി.ഇ.ആർ.സി–എ.ടി.ആർ.ഇ.ഇ) മുഖേനെ ഏറ്റെടുത്ത നടപ്പിലാക്കിയ വേമ്പനാട്–കോൾ വെറ്റ്ലാൻഡ് കോംപ്ലക്സിലെ സുസ്ഥിര കക്ക കൃഷിയും മെച്ചപ്പെട്ട ഉപജീവനമാർഗ്ഗവും പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. അഴിമുഖ അടിത്തട്ടിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗം ചെയ്യാനായതും, അതോടൊപ്പം പ്രാദേശിക ഉപജീവനമാർഗ്ഗങ്ങളിൽ ഗണ്യമായ പുരോഗതിയും ഉണ്ടാക്കാൻ സാധിച്ചതുമാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടം.

2024–25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റിക്ക് ഏകദേശം 436 അപേക്ഷകൾ ലഭിക്കുകയും, അതിൽ 296 എണ്ണത്തിന് പരിസ്ഥിതി അനുമതി നൽകുകയും ചെയ്തു.

കാലാവസ്ഥാ വ്യതിയാനം ലോകമെമ്പാടുമുള്ള ആവാസവ്യവസ്ഥകളിലും സമ്പദ്‌വ്യവസ്ഥകളിലും സമൂഹങ്ങളിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. കേരളവും അതിൽ നിന്ന് വ്യത്യസ്തമല്ല. സംസ്ഥാനത്ത് പരിസ്ഥിതിക്കും, സമ്പദ്‌വ്യവസ്ഥയ്ക്കും, ജീവിതരീതിക്കും ഗുരുതരമായ ഭീഷണികൾ കാലാവസ്ഥാ വ്യതിയാനം മൂലം നേരിടുന്നുണ്ട്. ഉയരുന്ന താപനില, പ്രവചനാതീതമായ മഴ, വെള്ളപ്പൊക്കം, തീരദേശമണ്ണൊലിപ്പ് എന്നിവയുൾപ്പെടെയുള്ള പരിസ്ഥിതിക ഭീഷണികൾ സംസ്ഥാനം നേരിടുന്നു. ഹരിതഗൃഹ വാതക ഉദ്‌വമനം കുറയ്ക്കുന്നതിനും സുസ്ഥിരമായ പൊരുത്തപ്പെടുത്തൽ തന്ത്രങ്ങൾ സ്വീകരിക്കുന്നതിനുമുള്ള അടിയന്തര നടപടി ഈ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും, പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. അതോടൊപ്പം ഭാവി തലമുറകൾക്കായി കേരളത്തിന്റെ സമ്പന്നമായ പ്രകൃതി പൈതൃകം സംരക്ഷിക്കുന്നതിനും കഴിയും.

**ജൈവവൈവിധ്യം**

ഭൂമിയിലെ ജീവജാലങ്ങളുടെ വൈവിധ്യമായ ജൈവ വൈവിധ്യം, ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും മനുഷ്യ ക്ഷേമത്തെ ഊട്ടി ഉറപ്പിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. സമ്പന്നമായ തദ്ദേശീയതയും പാരിസ്ഥിതിക സംവേദനക്ഷമതയുമുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്തിന്, ജൈവവൈവിധ്യ സംരക്ഷണം ഒരു പാരിസ്ഥിതിക മുൻഗണന മാത്രമല്ല, സുസ്ഥിര വികസനത്തിനുള്ള അടിത്തറ കൂടിയാണ്. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കൃഷി, ജലം, ആരോഗ്യം, കാലാവസ്ഥ, പോഷകാഹാരം, ഉപജീവനമാർഗ്ഗങ്ങൾ തുടങ്ങിയ എല്ലാ പ്രധാന മേഖലകളിലും ജൈവവൈവിധ്യത്തിന്റ പ്രാധാന്യം ഊട്ടി ഉറപ്പിക്കുന്നു. ആരോഗ്യമുള്ള മണ്ണ്, കരുത്തുറ്റ ഭൂപ്രകൃതി, തഴച്ചുവളരുന്ന ജലദൃശ്യങ്ങൾ എന്നിവ പ്രകൃതിക്ക് മാത്രമല്ല, മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിനും സ്ഥിരതയ്ക്കും അത്യന്താപേക്ഷിതമാണ്.

ഐ.പി.ബി.ഇ.എസ് നെക്സസ് അസസ്മെന്റ്, പ്ലാനറ്ററി ബൗണ്ടറീസ് മോഡൽ, കുൻമിംഗ്–മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (കെ.എം–ജി.ബി.എഫ്) തുടങ്ങിയ ആഗോള ചട്ടക്കൂടുകളാൽ നയിക്കപ്പെടുന്ന നമ്മുടെ സംസ്ഥാനം, കാലാവസ്ഥ, ജലം, ആരോഗ്യം, പോഷകാഹാര സംവിധാനങ്ങൾ എന്നിവയുമായുള്ള ജൈവവൈവിധ്യത്തിന്റെ പരസ്പരബന്ധിതത്വത്തിന് വളരെയധികം ഊന്നൽ നൽകുന്നു. പങ്കാളിത്ത ഭരണം, ജനകേന്ദ്രീകൃത പ്രവർത്തനങ്ങൾ എന്നിവയിലൂടെ 2035 ആകുമ്പോഴേക്കും ഇന്ത്യയിലെ ഏറ്റവും ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമായി കേരളത്തെ മുന്നിലെത്തിക്കുകയെന്നതാണ് കേരള ബയോ ഡിവേഴ്സിറ്റി ബോർഡ് ലക്ഷ്യമിടുന്നത്. സുസ്ഥിരവും പ്രതിരോധ ശേഷിയുള്ളതുമായ ഭാവിയിലേക്ക് നയിക്കുന്ന വികസന ആസൂത്രണത്തിൽ ജൈവവൈവിധ്യ സംരക്ഷണത്തിന്റ പ്രാധാന്യം ഉറപ്പുവരുത്തുന്നു. ഈ ആശയത്തിന് പുതുക്കിയ കേരള ജൈവവൈവിധ്യ തന്ത്രവും പ്രവർത്തന പദ്ധതിയും (കെ–എസ്.ബി.എസ്.എ.പി) 2025–2035 ൽ വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്.

കേരളത്തിന്റെ സമ്പന്നമായ ജൈവവൈവിധ്യവും അതിന്റെ വികേന്ദ്രീകൃത ഭരണസംവിധാനവും സംയോജിപ്പിച്ചുകൊണ്ട്, പരിസ്ഥിതി സംരക്ഷണത്തിനായി സർക്കാരും സമൂഹവും ഒരുമിച്ച് പ്രവർത്തിക്കണം എന്ന തത്വത്തിൽ അധിഷ്ഠിതമായി ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള കൂടുതൽ സമഗ്രവും, പ്രതിരോധശേഷിയുള്ളതും, സമൂഹാടിസ്ഥാനത്തിലുള്ളതുമായ ഒരു സമീപനമാണ് സംസ്ഥാനം വികസിപ്പിച്ചെടുത്തിട്ടുള്ളത്. ഇന്ത്യയുടെയും കേരളത്തിന്റെയും ജൈവവൈവിധ്യ സ്ഥിതിവിവരക്കണക്കുകൾ **പട്ടിക 3.7.1** ൽ സൂചിപ്പിച്ചിരുന്നു.

**2024–25 ലെ പ്രധാന പ്രവർത്തനങ്ങൾ/നേട്ടങ്ങൾ**

ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾക്ക് പരിശീലനം നൽകി ജനങ്ങളുടെ ജൈവവൈവിധ്യ രജിസ്റ്ററുകൾ പുതുക്കുകയും, അപൂർവ സസ്യങ്ങളെ സംരക്ഷിക്കുന്നതിനായി നഴ്സറികൾ സ്ഥാപിക്കുകയും, ആവാസവ്യവസ്ഥകൾ പുനഃസ്ഥാപിക്കുകയും, പുതിയ ജൈവവൈവിധ്യ പൈതൃക പ്രദേശങ്ങൾ പ്രഖ്യാപിക്കുകയും, ഉൾനാടൻ, തീരദേശ ജീവിവർഗങ്ങളെ രേഖപ്പെടുത്തുകയും, കൂടാതെ സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനായി ഭൂതവലകൾ (ഗോസ്റ്റ് നെറ്റ്) നീക്കം ചെയ്യുന്നതുപോലുള്ള പദ്ധതികളിൽ ഐസിഎആർ–സിഎംഎഫ്ആർഐയുമായും സഹകരിക്കുക എന്നിവയിലൂടെ സംസ്ഥാനം ജൈവവൈവിധ്യ ഭരണം മെച്ചപ്പെടുത്തിയിട്ടുണ്ട്.

**1.ജൈവ വൈവിധ്യ സംരക്ഷണം:–** 2024–25 സാമ്പത്തിക വർഷത്തിൽ, വിവിധ ജൈവവൈവിധ്യ, ആവാസവ്യവസ്ഥ സംരക്ഷണ പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. രണ്ട് പദ്ധതികളിലൂടെ 5.00 ലക്ഷം രൂപ ധനസഹായത്തോടെ മൂന്ന് പുണ്യവനങ്ങളുടെ പുനരുദ്ധാരണം നടത്തുകയുണ്ടായി. റെഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവജാലങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി, 11 സ്ഥാപനങ്ങൾ നടപ്പാക്കിയ 11 പദ്ധതികളിലൂടെ 84 ജീവജാലങ്ങൾ സംരക്ഷിക്കപ്പെട്ടു. ഇതിനായി 27.00 ലക്ഷം രൂപ ചെലവഴിച്ചു. പരിസ്ഥിതി സംരക്ഷണം വർദ്ധിപ്പിക്കുന്നതിനായി

**പട്ടിക: 3.7.1 ജൈവവൈവിധ്യ സ്ഥിതിവിവരക്കണക്കുകൾ**

| ഇന്ത്യ | | |
|---|---|---|
| **സ്പീഷീസ് വൈവിധ്യം** | | |
| സസ്യജാലങ്ങൾ | ഇന്ത്യ 47,000 ത്തിലധികം സസ്യ ഇനങ്ങളുടെ ആവാസ കേന്ദ്രമാണ്, അതിൽ 20,000 ത്തിലധികം പൂച്ചെടികളും ഉൾപ്പെടുന്നു, ഇത് ലോകത്തിലെ ആകെ സസ്യങ്ങളുടെ 6 ശതമാനം വരും. ഈ ഇനങ്ങളിൽ ഏകദേശം 33 ശതമാനം പ്രാദേശികമാണ്, കൂടാതെ 1,800 ലധികം ഇനങ്ങൾ നിലവിൽ വംശനാശഭീഷണി നേരിടുന്നവയാണ്. | |
| ജന്തുജാലം | ഇന്ത്യ 1,04,561 ജന്തുജാലങ്ങൾ ഉള്ളതായി കണക്കാക്കപ്പെടുന്നു | |
| | മണ്ണ് ഇനങ്ങൾ | 22404 |
| | ശുദ്ധജല ഇനങ്ങൾ | 9436 |
| | കണ്ടൽക്കാടുകളുമായി ബന്ധപ്പെട്ട ഇനങ്ങൾ | 5023 |
| ജന്തുജാലങ്ങളുടെ തദ്ദേശീയത | 28,900 ലധികം ഇനം തദ്ദേശീയമാണ്, ഇത് മൊത്തം ജന്തുജാലങ്ങളുടെ 28 ശതമാനം വരും | |
| ഭീഷണി നേരിടുന്ന ജീവികൾ | ഇന്ത്യയിലെ വന്യ സസ്യജന്തുജാലങ്ങളിൽ ഏകദേശം 10 ശതമാനം വംശനാശ ഭീഷണി നേരിടുന്നവയാണ്, നിരവധി ജീവിവർഗ്ഗങ്ങൾ ആസന്നമായ വംശനാശ ഭീഷണി നേരിടുന്നു. | |
| **ആവാസവ്യവസ്ഥ വൈവിധ്യം** | | |
| • വനങ്ങൾ, തണ്ണീർത്തടങ്ങൾ, പുൽമേടുകൾ, മരുഭൂമികൾ, തീരദേശ മേഖലകൾ, സമുദ്ര ആവാസ വ്യവസ്ഥകൾ.<br>• നാല് ആഗോള ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകൾ: പശ്ചിമഘട്ടം, ഹിമാലയം, വടക്കുകിഴക്കൻ ഇന്ത്യ, നിക്കോബാർ ദ്വീപുകൾ | | |
| **സംരക്ഷിത പ്രദേശത്തിന്റെ വ്യാപ്തി** | | |
| ദേശീയ പാർക്കുകൾ | 106 | |
| വന്യജീവി സങ്കേതങ്ങൾ | 564 | |
| സംരക്ഷിത സങ്കേതങ്ങൾ | 99 | |
| ബയോസ്ഫിയർ റിസർവ് | 18 | |
| റാംസാർ സൈറ്റുകൾ (2025 പ്രകാരം) | 80 | |
| **കേരളം** | | |
| ജന്തുജാലങ്ങൾ | 2024 ൽ, ലോകത്തിൽ പുതിയതായി കണ്ടെത്തിയ 80 ഇനങ്ങളും ഇന്ത്യയിൽ പുതിയതായി കണ്ടെത്തിയ 21 ഇനങ്ങളും ഉൾപ്പെടെ 101 പുതുതായി രേഖപ്പെടുത്തിയ ജന്തുജാല ഇനങ്ങളുമായി കേരളം ഇന്ത്യയിലെ മുൻനിര ജൈവവൈവിധ്യ കണ്ടെത്തൽ കേന്ദ്രമായി ഉയർന്നുവന്നു. | |
| വംശനാശ ഭീഷണി നേരിടുന്ന സസ്യ ജാലങ്ങൾ | ഏറ്റവും പുതിയ റെഡ് ഡാറ്റാ ബുക്ക് പരിഷ്കരണത്തിൽ 300 ലധികം വൃക്ഷ ഇനങ്ങൾ വംശനാശ ഭീഷണി നേരിടുന്നതായി തിരിച്ചറിഞ്ഞിട്ടുണ്ട്. | |
| ഇക്കോസിസ്റ്റം വ്യാപ്തി | ഉഷ്ണമേഖലാ മഴക്കാടുകൾ, പുണ്യവനങ്ങൾ (കാവുകൾ), തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാർഷിക ആവാസ വ്യവസ്ഥകൾ, തീരദേശ-സമുദ്ര ആവാസ വ്യവസ്ഥകൾ. | |

| ന്യൂട്രാസ്യൂട്ടിക്കൽ, ഫാർമസ്യൂട്ടിക്കൽ മേഖലകളിലെ വൈവിധ്യം | |
|---|---|
| **ഗ്രൂപ്പ്** | **ആകെ സ്പീഷീസ്** |
| ഔഷധ സസ്യങ്ങൾ | 520 |
| കാർഷിക ജൈവവൈവിധ്യം (നെൽച്ചെടികൾ) | 71 |
| കാർഷിക ജൈവവൈവിധ്യം (സുഗന്ധവ്യഞ്ജനങ്ങൾ) | 68 |
| കാർഷിക ജൈവവൈവിധ്യം (കിഴങ്ങുവർഗ്ഗങ്ങൾ) | 47 |
| കാർഷിക ജൈവവൈവിധ്യം (വാഴ ഇനങ്ങൾ) | 126 |
| നാളികേര ഇനങ്ങൾ | 33 |
| കാർഷിക ജൈവവൈവിധ്യം (ചെറിയ പഴങ്ങൾ) | 16 |
| മറ്റുള്ളവ | 88 |
| **ഭൗമ ജന്തുജാലങ്ങളുടെയും പുഷ്പങ്ങളുടെയും വൈവിധ്യം** | |
| കേരളത്തിലെ മരങ്ങൾ | 164 |
| കേരളത്തിലെ അധിനിവേശ ജീവിവർഗ്ഗങ്ങൾ | 82 |
| കേരളത്തിലെ കൂൺകൾ | 112 |
| കേരളത്തിലെ പക്ഷികൾ | 547 |
| കേരളത്തിലെ സസ്തനികൾ | 118 |
| കേരളത്തിലെ പാമ്പുകൾ | 112 |
| കേരളത്തിലെ ഉഭയജീവികൾ | 134 |
| കേരളത്തിലെ ചിത്രശലഭങ്ങൾ | 328 |

| ജല, സമുദ്ര വൈവിധ്യം | |
|---|---|
| കേരളത്തിലെ ശുദ്ധജല മത്സ്യങ്ങൾ | 213 |
| കേരളത്തിലെ ഗ്യാസ്ട്രോപോഡുകൾ (ചുരുളൻ ജീവികൾ) | 108 |
| കേരളത്തിലെ സമുദ്ര ജൈവവൈവിധ്യം | 830 |
| കണ്ടൽക്കാടുകളും തീരദേശ സസ്യജാലങ്ങളും | 72 |

**അവലംബം:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കേരള സർക്കാർ

ഒമ്പത് ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിച്ചു. മൂന്ന് ജില്ലകളിലെ ആറു ബി.എം.സി.കൾ മുഖേന ആറു പദ്ധതികളായി നടപ്പിലാക്കുന്ന മറൈൻ പാർട്ടിസിപ്പേറ്ററി ബയോഡൈവേഴ്സിറ്റി റെക്കോർഡ് പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 6.00 ലക്ഷം രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിലും ഈ വർഷം പ്രസിദ്ധീകരണങ്ങൾ ഒന്നും പുറത്തിറങ്ങിയിട്ടില്ല. അഞ്ച് സ്ഥാപനങ്ങൾ പങ്കാളികളായ നദീതീര സസ്യ വർധന പദ്ധതികളിൽ 48.00 ലക്ഷം രൂപ ധനസഹായത്തോടെ 25 ഇനങ്ങൾ കൃഷി ചെയ്യുകയും 2.5 ലക്ഷം തൈകൾ ഉത്പാദിപ്പിക്കുകയും ചെയ്തു. 40.00 ലക്ഷം രൂപയുടെ സാമ്പത്തികസഹായവും രണ്ടു ഏജൻസികളുടെ പിന്തുണയും ഉൾപ്പെടുത്തി പത്ത് ഇനങ്ങളെ കേന്ദ്രീകരിച്ചുള്ള ഉൾനാടൻ മത്സ്യപ്രജനന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 13 ജില്ലകളിലായി പ്രവർത്തിക്കുന്ന 13 ബി.എം.സി.കൾ ചേർന്ന് കുളങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനം നടത്തി. ഇതിന് 114.82 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിച്ചു. കൂടാതെ, മൂന്ന് സ്ഥാപനങ്ങൾക്ക് അഗ്രോ-ജൈവവൈവിധ്യ രേഖപ്പെടുത്തലിന് 5.85 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു.

**2.റിസർച്ച്/അക്സസ്സ് ആൻഡ് ബെനെഫിറ് ഷെയറിംഗ് (എ.ബി.എസ്) മെക്കാനിസം:** ജൈവ വിഭവങ്ങൾ സംരക്ഷിക്കുന്നതിലും, അവയുടെ സുസ്ഥിര ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലും, പ്രാദേശിക സമൂഹങ്ങളുടെ സാമ്പത്തിക വികസനത്തിന് സംഭാവന നൽകുന്നതിലും ആക്സസ് ആൻഡ് ബെനിഫിറ്റ് ഷെയറിംഗ് (എ.ബി.എസ്)നിർണായക പങ്ക് വഹിക്കാൻ കഴിയും.

- കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംസ്ഥാനത്തുടനീളം 1,200 പ്രാദേശിക ഭരണസ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ് സമിതികൾ (ബി.എം.സി കൾ) രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ല പഞ്ചായത്ത്, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്നു. ആകെ 1,034 പീപ്പിൾസ് ബയോഡൈവർസിറ്റി റജിസ്റ്ററുകൾ (പി.ബി.ആർ കൾ) തയ്യാറാക്കിയിട്ടുണ്ട്, ഇതിലൂടെ സംസ്ഥാനത്തെ ജൈവവൈവിധ്യത്തിന്റെ സമഗ്രമായ രേഖപ്പെടുത്തൽ ഉറപ്പാക്കിയിട്ടുണ്ട്.
- ഈ കാലയളവിൽ, 40 പിബിആറുകൾ പുതുക്കുകയുണ്ടായി. എല്ലാ ബിഎംസികളിലും പിബിആറുകളുടെ ഡിജിറ്റലൈസേഷൻ നടന്നുവരികയാണ്.
- ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ജൈവവൈവിധ്യ പ്രവർത്തന പദ്ധതികൾ പ്രാദേശിക വികസന ആസൂത്രണ പ്രക്രിയയിൽ സംയോജിപ്പിക്കുന്നതിനുമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 358 ബിഎംസി മീറ്റിംഗുകൾ ഈ കാലയളവിൽ നടത്തുകയുണ്ടായി .
- 2024-25 ൽ ആറു പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും പ്രാദേശിക ജൈവവൈവിധ്യ തന്ത്രവും പ്രവർത്തന പദ്ധതിയും (എൽ. ബി.എസ്.എ.പി) തയ്യാറാക്കുന്നതിനായി 28 ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളെ (ബി.എം.സി കൾ) തെരഞ്ഞെടുക്കുകയും ചെയ്തു. ഇതിൽ 23 എൽ.ബി.എസ്.എ.പി കൾ വിജയകരമായി പൂർത്തിയാക്കി. കൂടാതെ, 74 ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളിലെ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 120.00 ലക്ഷം രൂപയും അനുവദിച്ചു.
- ഏഴ് ജൈവവൈവിധ്യ പൈതൃക സ്ഥല (ബി.എച്ച്.എസ്) പ്രഖ്യാപനങ്ങൾക്ക് തുടക്കം കുറിക്കുകയും, അതിൽ ഒന്ന് ഔപചാരികമായി പ്രഖ്യാപിക്കുകയും ചെയ്തു.
- ഭക്ഷ്യയോഗ്യമായ കാട്ടുസസ്യ ഇനങ്ങളെ കേന്ദ്രീകരിച്ച 18 പദ്ധതികൾ നടപ്പിലാക്കുകയും ഇതിനായി 76.83 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.
- വെള്ളായണി തടാകത്തിന്റെ പുനരുദ്ധാരണത്തിനായി 50.00 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.
- അധിനിവേശ നിംഫിയ സ്പീഷീസുകളുടെ നിയന്ത്രണത്തിനായി ആകെ 26.62 ലക്ഷം ചെലവഴിച്ച് നാല് പദ്ധതികൾ നടപ്പിലാക്കി.
- വനം വകുപ്പ് നടത്തുന്ന ചന്ദന ലേലത്തിൽ നിന്നുള്ള വരുമാനത്തിന്റെ 5 ശതമാനം ശേഖരിച്ചുകൊണ്ട് എബിഎസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ജൈവവൈവിധ്യ ആനുകൂല്യങ്ങൾ ന്യായമായും തുല്യമായും പങ്കിടുന്നതിനുള്ള ഒരു പ്രധാന നീക്കമായി ഇതിനെ കണക്കാക്കുന്നു.

**3. ജൈവവൈവിധ്യ അവബോധവും വിദ്യാഭ്യാസവും:** 2024-25 ൽ, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏകദേശം 3,000 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി, മൊത്തം 600 സ്ഥാപനങ്ങൾ എസ്ബിസി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. വിദ്യാർത്ഥി ജൈവവൈവിധ്യ ക്ലബുകൾ (എസ്ബിസി) വഴി 2,123 വിദ്യാഭ്യാസ സ്ഥാപനങ്ങൾ 63,690 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി, സംസ്ഥാനത്താകമാനം ജൈവവൈവിധ്യ സംരക്ഷണത്തിനായുള്ള ബോധവൽക്കരണവും കൂട്ടായ പ്രവർത്തനവും നടത്തുകയുണ്ടായി. ഈ ക്ലബുകളുടെ കാര്യശേഷി ശക്തിപ്പെടുത്തുന്നതിനായി, 800 ക്ലബുകൾ പങ്കെടുത്ത ആറു ഓൺലൈൻ പരിശീലന കോഴ്സുകൾ ഈ കാലയളവിൽ സംഘടിപ്പിച്ചു.

**ബോക്സ്: 3.7.2** പ്രത്യേക പ്രവർത്തനങ്ങൾ

**(i) കേരള പരമ്പരാഗത വിജ്ഞാന ഡിജിറ്റൽ ലൈബ്രറി (കെ.റ്റി.കെ.ഡി.എൽ)**

കേരളത്തിന്റെ സമൃദ്ധമായ പരമ്പരാഗത പരിസ്ഥിതി വിജ്ഞാനം ഡിജിറ്റൽ രീതിയിൽ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജൈവവൈവിധ്യം, ആരോഗ്യ സംരക്ഷണം, കൃഷി എന്നീ മേഖലകളിലെ കേരളത്തിന്റെ സമ്പന്നമായ പരമ്പരാഗത പാരിസ്ഥിതിക അറിവുകൾ ഡിജിറ്റലായി രേഖപ്പെടുത്തുന്നതിനോടൊപ്പം, ബയോ-പൈറസി തടയുക, കൂടാതെ ന്യായമായ ആനുകൂല്യ പങ്കിടൽ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കും ഈ പദ്ധതി സഹായിക്കുന്നു. സമഗ്രമായ ഒരു ഡിജിറ്റൽ ശേഖരം സ്ഥാപിക്കുന്നതിലൂടെ, കേരള പരമ്പരാഗത വിജ്ഞാന ഡിജിറ്റൽ ലൈബ്രറി ഗവേഷണം, നയരൂപീകരണം, ബൗദ്ധിക സ്വത്തവകാശ സംരക്ഷണം എന്നീ മേഖലകളിൽ ഒരു പ്രധാന വിവരസ്രോതസായി മാറും. അതോടൊപ്പം, തദ്ദേശീയ വിജ്ഞാന സംവിധാനങ്ങളുടെ മേലുള്ള അവകാശങ്ങൾ സംരക്ഷിക്കാനും അവ സ്ഥാപിതമാക്കാനും പ്രാദേശിക സമൂഹങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഇത് സഹായിക്കും.

**(ii) കുടുംബശ്രീയുമായി സഹകരിച്ച് നടത്തുന്ന ഷീ ബയോ പദ്ധതി**

ജൈവവൈവിധ്യത്തെ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ ഉപജീവന മാർഗങ്ങൾ ഉറപ്പാക്കുന്നതിന്റ ഭാഗമായി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഷീ-ബയോ ഇനിഷ്യേറ്റീവ് ആരംഭിച്ചു. ജൈവവൈവിധ്യ സംരക്ഷണത്തെ സുസ്ഥിര വരുമാനസൃഷ്ടിയുമായി ബന്ധിപ്പിച്ച് വനിതകൾ നയിക്കുന്ന സംരംഭങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജനവും വനിത ശാക്തീകരണവും ലക്ഷ്യമാക്കിയ കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കുന്ന 'ഷീ-ബയോ' പദ്ധതി, പരമ്പരാഗത പരിസ്ഥിതി അറിവിനെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇതിൽ ഔഷധസസ്യകൃഷിയും മൂല്യവർധനവും, തടിയിതര വനവിഭവങ്ങളുടെ സംസ്കരണം, ജൈവവിഭവ അധിഷ്ഠിത വെൽനസ് ഉൽപ്പന്നങ്ങളുടെ ഉത്പാദനം എന്നിവ ഉൾപ്പെടുന്നു. സ്ത്രീകളുടെ കൂട്ടായ്മകൾക്ക് പ്രാദേശിക ജൈവവൈവിധ്യം സുസ്ഥിരമായി സംരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യാനുള്ള ശേഷി വളർത്തുന്നു. അതോടൊപ്പം അവരുടെ ഉപജീവന മാർഗങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഈ ശ്രമങ്ങൾ ലോക്കൽ ബയോഡൈവേഴ്സിറ്റി ഫണ്ടുകൾ എന്ന സംവിധാനവുമായി ഏകീകരിക്കുകയും കേരള സംസ്ഥാന ജൈവവൈവിധ്യ തന്ത്രവും പ്രവർത്തന പദ്ധതിയുമായ (കെ-എസ്.ബി.എസ്.എ.പി) ഒത്തുചേർക്കുകയും ചെയ്ത്, അധികാരവികേന്ദ്രീകൃതവും ലിംഗസമവായപരവുമായ സംരക്ഷണത്തിനായി ഒരു മാതൃക സൃഷ്ടിക്കുകയും ചെയ്യും. വയനാട്, ഇടുക്കി തുടങ്ങിയ ജൈവവൈവിധ്യ സമ്പന്നമായ പ്രദേശങ്ങളിലും തീരദേശ ഔഷധ മേഖലകളിലും ആദ്യകാല പദ്ധതികൾ തികച്ചും ഫലപ്രദമായിരുന്നു. നഴ്സറി വികസനം, ഔഷധത്തോട്ട പരിപാലനം, കമ്മ്യൂണിറ്റി അധിഷ്ഠിത ആക്സസ് ആൻഡ് ബെനിഫിറ്റ് ഷെയറിംഗ് (എ.ബി.എസ്) സൗകര്യങ്ങൾ എന്നിവയിൽ കുടുംബശ്രീ യൂണിറ്റുകൾ സജീവമായി ഏർപ്പെട്ടിട്ടുണ്ട്. സംരക്ഷണം, ഉപജീവനമാർഗ്ഗം, ശാക്തീകരണം എന്നിവ സംയോജിപ്പിച്ചുകൊണ്ട്, ഷീ-ബയോ പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുക മാത്രമല്ല, കേരളത്തിന്റെ സമ്പന്നമായ ജൈവ പൈതൃകത്തിന്റെ പ്രധാന സംരക്ഷകരായി സ്ത്രീകളെ മാറ്റുകയും ചെയ്യുന്നു.

**(iii) പീപ്പിൾസ് മറൈൻ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ (പി.എം.ബി.ആർ കൾ)**

2008-ലെ കേരള സംസ്ഥാന ജൈവവൈവിധ്യ നിയമങ്ങളിലെ ചട്ടം 20(15) ന്റെ ഭാഗമായി, ഒമ്പത് തീരദേശ ജില്ലകളിലും പീപ്പിൾസ് മറൈൻ ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ (പിഎംബിആർ) തയ്യാറാക്കുന്നതിനുള്ള പ്രവർത്തനത്തിന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നേതൃത്വം നൽകുന്നു. കേരളത്തിന്റെ തീരദേശ, സമുദ്ര മേഖലകളിൽ കാണപ്പെടുന്ന വൈവിധ്യമാർന്ന ജീവജാലങ്ങളെ – വ്യത്യസ്ത ജീവിവർഗങ്ങൾ, ആവാസ വ്യവസ്ഥകൾ, തീരദേശ സമൂഹങ്ങളുടെ പരമ്പരാഗത അറിവുകൾക്കൊപ്പം ഈ രജിസ്റ്ററുകൾ രേഖപ്പെടുത്തുന്നു. പ്രാദേശിക സംരക്ഷണ രീതികളും കടലുമായുള്ള സാംസ്കാരിക ബന്ധങ്ങളും ഇതിൽ രേഖപ്പെടുത്തും. ഇതിലൂടെ, പി.എം.ബി.ആർ കൾ പ്രാദേശിക ആസൂത്രണത്തിനും സമുദ്രനിരപ്പ് ഉയരൽ, ഉപ്പുവെള്ള കടന്നുകയറ്റം, സമുദ്രജീവികളിലെ മാറ്റങ്ങൾ തുടങ്ങിയ കാലാവസ്ഥാ വെല്ലുവിളികളുമായി പൊരുത്തപ്പെടുന്നതിനുമുള്ള വിലപ്പെട്ട രേഖകളായി മാറുന്നു. കൂടുതൽ ശക്തവും, സുസ്ഥിരവും, ജൈവവൈവിധ്യ സൗഹൃദപരവുമായ തീരദേശ വികസന പദ്ധതികൾ നിർമ്മിക്കുന്നതിന് ഇത് വളരെയധികം സഹായിക്കുന്നു.

**അവലംബം:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കേരള സർക്കാർ

21 ക്ലബ്ബുകൾ മുഖേനെ വൈൽഡ് എഡിബിൾ ലീഫി ഗാർഡൻ പദ്ധതി നടപ്പിലാക്കി. തദ്ദേശീയ ഭക്ഷ്യയോഗ്യമായ സസ്യ ഇനങ്ങൾ പ്രദർശിപ്പിക്കുന്ന തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 2.1 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ഈ ക്ലബ്ബുകൾക്ക് നൽകി. കൂടാതെ, ജൈവവൈവിധ്യ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 31 ക്ലബ്ബുകൾക്ക് നേരിട്ടുള്ള ധനസഹായമായി 1.6 ലക്ഷം രൂപ അനുവദിച്ചു.

ബയോഡൈവേഴ്സിറ്റി ഡോക്ടറൽ ഫെലോഷിപ്പ് പ്രോഗ്രാമിന് കീഴിൽ, 12 സ്ഥാപനങ്ങളിൽ നിന്നുള്ള 12 ഫെലോകൾക്ക് 24.00 ലക്ഷം രൂപയുടെ ഫെലോഷിപ്പുകൾ നൽകി. ഇത് വിപുലമായ ജൈവവൈവിധ്യ ഗവേഷണത്തെ പിന്തുണയ്ക്കുവാൻ സഹായിക്കും. 10 സ്ഥാപനങ്ങളിൽ നിന്നുള്ള 30 ഇന്റേണുകൾക്ക് ജൈവവൈവിധ്യ ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. ഒരു ലക്ഷം രൂപ ഇതിലേക്കായി വിനിയോഗിച്ചു.

യുവജന ഐഡിയേഷൻ ചലഞ്ച് എന്ന പദ്ധതിയുടെ ഭാഗമായി യുവാക്കളിൽ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട സൃഷ്ടിപരമായ പരിസ്ഥിതി ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മികച്ച പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനുമായി 1.3 ലക്ഷം രൂപയുടെ ഏഴ് അവാർഡുകൾ വിതരണം ചെയ്തു. കൂടാതെ, ജൈവവൈവിധ്യ സംരക്ഷണത്തിലും സുസ്ഥിര മാനേജ്മെന്റിലുമുള്ള മികച്ച സംഭാവനകൾ പരിഗണിച്ച

6.00 ലക്ഷം രൂപയുടെ 11 ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരങ്ങളും ഈ കാലയളവിൽ നൽകുകയുണ്ടായി. കാവുകൾ രേഖപ്പെടുത്തുന്നതിലും, അധിനിവേശ ജീവിവർഗങ്ങളെ നിയന്ത്രിക്കുന്നതിലും, പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലും, സമൂഹ പങ്കാളിത്തത്തിലൂടെ സാംസ്കാരിക ഭൂപ്രകൃതികളെ പുനരുജ്ജീവിപ്പിക്കുന്നതിലും ബിഎംസികളെയും ജൈവവൈവിധ്യ ക്ലബ്ബുകളെയും ഉൾപ്പെടുത്തി 14 ജില്ലകളിലും "കാവിനു കവലായി" ക്യാമ്പയിൻ പരിപാടി സംഘടിപ്പിച്ചു.

ചുരുക്കത്തിൽ, കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ ജൈവവൈവിധ്യത്തിൽ ചെലുത്തുന്ന പ്രതികൂല സ്വാധീനങ്ങൾ കുറയ്ക്കുന്നതിനായി ശാസ്ത്രം, നയം, സമൂഹ പങ്കാളിത്തം എന്നിവ സംയോജിപ്പിച്ച കൂട്ടായതും സുസ്ഥിരവുമായ ശ്രമങ്ങൾ അനിവാര്യമാണ്. സംസ്ഥാനത്തിന്റെ സമ്പന്നമായ പ്രകൃതി പൈതൃകം സംരക്ഷിക്കാൻ ആവാസവ്യവസ്ഥകളെ സംരക്ഷിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ കാലാവസ്ഥയെ പ്രതിരോധിക്കുന്ന ഉപജീവനമാർഗങ്ങൾ പ്രോത്സാഹിപ്പിക്കുകയും പരിസ്ഥിതി അവബോധം സമൂഹത്തിൽ വളർത്തുകയും വേണം. സുസ്ഥിരമായ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും സംരക്ഷണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്താൽ, കേരളത്തിന് പാരിസ്ഥിതിക പ്രതിരോധശേഷി വളർത്തിയെടുക്കാനും അതിന്റെ അതുല്യമായ സസ്യജന്തുജാലങ്ങളും ആവാസവ്യവസ്ഥകളും വരും തലമുറകൾക്കായി സംരക്ഷിക്കാനും കഴിയും.

### മലിനീകരണ നിയന്ത്രണം

കേന്ദ്ര ഗവൺമെൻറ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വായു, ജലം, പരിസ്ഥിതി എന്നിവ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നിയമപരമായ അതോറിറ്റിയായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തിക്കുന്നു. മാനുവൽ, ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ച് കേരളത്തിലുടനീളമുള്ള അന്തരീക്ഷ വായുവിന്റെയും ജലത്തിന്റെയും ഗുണനിലവാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷിക്കുന്നതിനോടൊപ്പം അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി നിരീക്ഷണവും മാനേജ്മെൻറും, പൊതുജന ബോധവൽക്കരണ പരിപാടികൾ, ശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും വാർഷിക പദ്ധതിയിൽ പ്രത്യേക ശ്രദ്ധ നൽകുന്നു.

### 2024-25 ലെ പ്രധാന പ്രവർത്തനങ്ങൾ/നേട്ടങ്ങൾ

2024-25 ൽ, വ്യവസായങ്ങൾ/സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും മതിയായ മലിനീകരണ നിയന്ത്രണ നടപടികൾ ഉറപ്പാക്കുന്നതിനും നിർദ്ദിഷ്ട എമിഷൻ, മാലിന്യ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുമായി പ്രത്യേക വ്യവസ്ഥകളോട കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 25,490 സമ്മതപത്രങ്ങൾ നൽകുകയുണ്ടായി.

സംസ്ഥാനത്തുടനീളമുള്ള 353 സ്റ്റേഷനുകൾ മുഖേനെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നു. ഇതിൽ 217 എണ്ണം ദേശീയ ജല ഗുണനിലവാര നിരീക്ഷണ പരിപാടിയുടെ ഭാഗമാണ്, 136 എണ്ണം സംസ്ഥാന ജല ഗുണനിലവാര നിരീക്ഷണ പരിപാടിയുടെ പരിധിയിൽ വരുന്നു. പ്രതിമാസ നിരീക്ഷണങ്ങൾക്കൊപ്പം വർഷത്തിൽ രണ്ടുതവണ ഘനലോഹങ്ങളുടെയും കീടനാശിനികളുടെയും അളവ് പരിശോധിക്കുകയും ചെയ്യുന്നു. ഈ തുടർച്ചയായ പ്രവർത്തനം സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ നിലനിൽപ്പും സംരക്ഷണവും ഉറപ്പാക്കുന്നു. നിരീക്ഷണസ്റ്റേഷൻ തരങ്ങളും അവയുടെ എണ്ണവും **പട്ടിക 3.7.2** കാണിച്ചിരിക്കുന്നു.

**പട്ടിക: 3.7.2** സ്റ്റേഷൻ തരങ്ങളും സ്റ്റേഷനുകളുടെ എണ്ണവും

| സ്റ്റേഷൻ തരം | സ്റ്റേഷനുകളുടെ എണ്ണം |
|---|---|
| നദി | 205 |
| കനാൽ | 3 |
| തീരദേശ ജലം | 16 |
| കായൽ | 29 |
| ശുദ്ധജല തടാകം | 19 |
| ഭൂഗർഭജലം | 33 |
| മറൈൻ ഔട്ട്ഫാൾ | 3 |
| കുളം | 7 |
| റിസർവോയർ | 16 |
| പോഷകനദി | 17 |
| ചെറിയ ജലധാര | 5 |
| ജല ഗുണനിലവാര നിരീക്ഷണ കേന്ദ്രങ്ങളുടെ ആകെ എണ്ണം | 353 |

**അവലംബം:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സർക്കാർ

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്തുടനീളമുള്ള 40 മാനുവൽ സ്റ്റേഷനുകൾ വഴി അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നു. ഇതിൽ 34 എണ്ണം ദേശീയ വായു ഗുണനിലവാര നിരീക്ഷണ പരിപാടിയുടെ കീഴിലും 6 എണ്ണം സംസ്ഥാന വായു ഗുണനിലവാര നിരീക്ഷണ പരിപാടിയുടെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, ബോർഡ് ഒമ്പത് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നു. എറണാകുളത്ത് മൂന്ന്, തിരുവനന്തപുരത്ത് രണ്ട്, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോന്ന് വീതവുമാണ്. ഈ സ്റ്റേഷനുകൾ സൾഫർ ഡൈ ഓക്സൈഡ് (എസ്.ഒ2), കാർബൺ മോണോക്സൈഡ് (സി.ഒ), കണികാ പദാർത്ഥം (പി.എം2.5, പി.എം10), അമോണിയ (എൻ.എച്ച്$_3$), നൈട്രജൻ ഓക്സൈഡുകൾ (എൻ.ഒ$_{എക്സ്}$, എൻ.ഒ, എൻ.ഒ$_2$) എന്നിവയുൾപ്പെടെയുള്ള പ്രധാന വായു മലിനീകരണ വസ്തുക്കളുടെ അളവ് അളക്കുന്നതിനോടൊപ്പം താപനില, ആപേക്ഷിക ആർദ്രത, കാറ്റിന്റെ വേഗതയും ദിശയും, സൗരവികിരണം, മഴ തുടങ്ങിയ പ്രധാന കാലാവസ്ഥാ പാരാമീറ്ററുകളും അളക്കുന്നു.

**ചിത്രം 3.7.1** കേരളത്തിലെ റെസിഡൻഷ്യൽ ഏരിയകളിലെ പ്രധാന മോണിറ്ററിംഗ് സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ, 2024




**അവലംബം:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2025

**ചിത്രം 3.7.2** കേരളത്തിലെ സെൻസിറ്റീവ് മേഖലകളിലെ 3 പ്രധാന നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2024




**അവലംബം:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2025

**ചിത്രം 3.7.3** കേരളത്തിലെ വ്യാവസായിക മേഖലകളിലെ 11 നിരീക്ഷണ കേന്ദ്രങ്ങളിലെ വായു മലിനീകരണത്തിന്റെ വാർഷിക ശരാശരി മൂല്യങ്ങൾ 2024




**അവലംബം:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2025

2024-ൽ കേരളത്തിലെ റെസിഡൻഷ്യൽ ഏരിയകളിലെയും സെൻസിറ്റീവ് ഏരിയകളിലെയും വ്യാവസായിക മേഖലകളിലെയും പ്രധാന മോണിറ്ററിംഗ് സ്റ്റേഷനുകളിലെ വായു മലിനീകരണത്തിന്റെ ശരാശരി മൂല്യങ്ങൾ യഥാക്രമം **ചിത്രങ്ങൾ 3.7.1, 3.7.2, 3.7.3** എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ശബരിമല തീർത്ഥാടനകാലത്ത്, സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിൽ ക്യാമ്പ് ഓഫീസുകൾ വഴി പതിവായി പരിശോധനകൾ നടത്തുന്നു. പരിസ്ഥിതി നിരീക്ഷണവും, പരിശോധനയും, നദീജലം, മലിനജലം, കുടിവെള്ളം എന്നിവയുടെ ദൈനംദിന സാമ്പിളുകൾ ശേഖരിക്കൽ, ഇൻസിനറേറ്ററുകൾ, എസ് ടി പി കൾ എന്നിവയുടെ നിരീക്ഷണം, പരിസ്ഥിതി സുരക്ഷയും പൊതുജനാരോഗ്യവും ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്ക് 'ഫീനിക്സ്' എന്ന കേന്ദ്രീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേന സേവനങ്ങൾ എളുപ്പത്തിൽ ഉപയോഗിക്കാം.

**മാലിന്യ സംസ്കരണം**

നിരവധി പ്രവർത്തനങ്ങളിലൂടെ കേരളം പ്ലാസ്റ്റിക് മാലിന്യ സംസ്കരണ നിയമങ്ങൾ സജീവമായി നടപ്പിലാക്കി വരുന്നു. 93 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 941 ഗ്രാമപഞ്ചായത്തുകളിലും ഹരിത കർമ്മ സേന മുഖേനെ ഉണങ്ങിയ മാലിന്യങ്ങൾ ശേഖരിക്കുന്നു. എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ) പ്രകാരം സംസ്ഥാനത്ത് 36 രജിസ്റ്റർ ചെയ്ത പ്ലാസ്റ്റിക് പുനരുപയോഗ യൂണിറ്റുകളുണ്ട്. പുനരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക്കുകൾ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (ആർ.ആർ.എഫ്) പൊടിച്ച് പൊതുമരാമത്ത് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. 2024-25 ൽ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സി.കെ.സി.എൽ) 5,541 മെട്രിക് ടൺ ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ ഉത്പാദിപ്പിച്ചു. ഇത് പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (എൽ.എസ്.ജി.ഐ) സിമന്റ് പ്ലാന്റുകൾക്കും റീസൈക്ലിംഗ് യൂണിറ്റുകൾക്കും വിതരണം ചെയ്യുകയും, 652.77 കിലോമീറ്റർ പോളിമറൈസ്ഡ് റോഡുകൾ നിർമ്മിക്കാൻ ഇത് സഹായിക്കുകയും ചെയ്തു. മാലിന്യ സംസ്കരണത്തിനായി, 1,233 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (എം.സി.എഫ്) ബെയ്‌ലിംഗ്, ഷ്രെഡിംഗ് മെഷീനുകളുള്ള 136 ആർആർഎഫുകളും സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്.

പാരമ്പര്യ മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ നവീകരിക്കുന്നതിലും/പുനഃസ്ഥാപിക്കുന്നതിലും സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കണ്ടെത്തിയ 44 സ്ഥലങ്ങളിൽ 18 എണ്ണത്തിൽ ബയോമൈനിംഗ് പൂർത്തിയായി, 2.46 ലക്ഷം ടൺ മാലിന്യം സംസ്കരിച്ചു. 12 സ്ഥലങ്ങളിൽ (3.94 ലക്ഷം ടൺ) പണികൾ പുരോഗമിക്കുന്നു, 14 സ്ഥലങ്ങളിൽ (1.63 ലക്ഷം ടൺ) കൂടി ഈ പ്രക്രിയ ആരംഭിച്ചു. വീണ്ടെടുത്ത മണ്ണ് ലാൻഡ്ഫില്ലിംഗിനായി പുനരുപയോഗിക്കുന്നു. ബ്രഹ്മപുരത്ത്, ബയോമൈനിംഗ് പുരോഗമിക്കുന്നു, കൊല്ലത്തെ കുരീപ്പുഴയിൽ, 92,874 ടൺ പാരമ്പര്യ മാലിന്യങ്ങൾ വിജയകരമായി സംസ്കരിച്ച് പ്രക്രിയ പൂർണ്ണമായും പൂർത്തിയാക്കി.

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ജൈവമെഡിക്കൽ മാലിന്യ നിയന്ത്രണത്തിനായി 10,210 പരിശോധനകൾ ഈ കാലയളവിൽ നടത്തുകയുണ്ടായി. എട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാനിറ്ററി നാപ്കിനുകളും ഒൻപത് സ്ഥാപനങ്ങൾ ഡയപ്പറുകളും ശേഖരിച്ച് പൊതുവായ ബയോമെഡിക്കൽ മാലിന്യ ശുദ്ധീകരണ കേന്ദ്രങ്ങളിൽ (സി.ബി.ഡബ്ല്യൂ.റ്റി.എഫ് കൾ) നിക്ഷേപിക്കുന്നു. കൂടാതെ, വർക്കല, പാലക്കാട്, തൃശ്ശൂർ, കൊച്ചി എന്നീ നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാനിറ്ററി മാലിന്യ സംസ്കരണത്തിനായി സ്വന്തമായി ഇൻസിനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നു. കേരളത്തിലെ തീരദേശ ശുചീകരണത്തിനായി ഓയിൽ സ്പിൽ കണ്ടിൻജൻസി പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആരംഭിച്ചു.

കേരള തീരത്ത് എംഎസ്‌സി എൽസ 3 എന്ന കപ്പൽ ഉൾപ്പെട്ട സമീപകാല കപ്പൽ അപകടത്തിനെ തുടർന്ന്, സാധ്യമായ പാരിസ്ഥിതിക ആഘാതങ്ങൾ വിലയിരുത്തുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടിയന്തര നടപടികൾ ആരംഭിച്ചു. പ്രാഥമിക നടപടികളുടെ ഭാഗമായി, തീരദേശ നിരീക്ഷണവും മലിനീകരണ നിരീക്ഷണ പ്രവർത്തനങ്ങളും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏറ്റെടുത്തു.

2025 ലെ ലോക പരിസ്ഥിതി ദിനത്തിൽ 'ആഗോളതലത്തിൽ പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക' എന്ന വിഷയവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിവിധ ജില്ലകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

**മാലിന്യ സംസ്കരണത്തിൽ വിപുലീകൃത ഉൽപ്പാദക ഉത്തരവാദിത്തം (ഇ.പി.ആർ)**

ഇ.പി.ആർ എന്നത് ഉല്പാദകരെയും ഇറക്കുമതിക്കാരെയും ബ്രാൻഡ് ഉടമകളെയും അവരുടെ ഉൽപ്പന്നങ്ങളിൽ നിന്ന് ഉണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിക്കാനും റീസൈക്കിൾ ചെയ്യാനും അല്ലെങ്കിൽ സുരക്ഷിതമായി നിർമാർജ്ജനം നടത്താനും ഉത്തരവാദികളാക്കുന്ന ഒരു പ്രക്രിയയാണ്. ഇതിലൂടെ മാലിന്യനിർമാർജ്ജന സംവിധാനങ്ങളിൽ ഉത്തരവാദിത്വവും ട്രെയ്സബിലിറ്റിയും (പിന്തുടർന്ന് പരിശോധിക്കാനുള്ള കഴിവും) മെച്ചപ്പെടുത്തുന്നു. ഇ.പി.ആർ രജിസ്ട്രേഷൻ വിവരങ്ങൾ **പട്ടിക 3.7.3** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.7.3** രജിസ്ട്രേഷൻ സ്റ്റാറ്റസ്

| ക്രമ നമ്പർ | ഇനങ്ങൾ | | ഇതുവരെയുള്ള രജിസ്ട്രേഷനുകൾ |
|---|---|---|---|
| | **പ്ലാസ്റ്റിക് മാലിന്യ സംസ്കരണം** | | |
| | രജിസ്റ്റർ ചെയ്ത നിർമ്മാതാക്കൾ | | 132 |
| 1 | രജിസ്റ്റർ ചെയ്ത ഇറക്കുമതിക്കാർ | | 217 |
| | രജിസ്റ്റർ ചെയ്ത ബ്രാൻഡ് ഉടമകൾ | | 35 |
| | രജിസ്റ്റർ ചെയ്ത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ കമ്പനികൾ | | 36 |
| | | **ആകെ** | **420** |
| 2 | **ഇ- മാലിന്യ സംസ്കരണം** | | |
| | രജിസ്റ്റർ ചെയ്ത റിസൈക്ലിംഗ് പ്രവർത്തകർ | | 1 |
| | | **ആകെ** | **1** |
| 3 | **ബാറ്ററി മാലിന്യ സംസ്കരണം** | | |
| | രജിസ്റ്റർ ചെയ്ത നിർമ്മാതാക്കൾ | | 38 |
| | രജിസ്റ്റർ ചെയ്ത റിസൈക്ലിംഗ് പ്രവർത്തകർ | | 1 |
| | | **ആകെ** | **39** |
| 4 | മാലിന്യ ടയർ സംസ്കരണം | | |
| | രജിസ്റ്റർ ചെയ്ത നിർമ്മാതാക്കൾ | | 4 |
| | രജിസ്റ്റർ ചെയ്ത റിസൈക്ലിംഗ് പ്രവർത്തകർ | | 10 |
| | | **ആകെ** | **14** |
| 5 | ഉപയോഗിച്ച എണ്ണ സംസ്കരണം | | ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ രജിസ്ട്രേഷൻ നടപടികളുമായി മുന്നോട്ട് പോകാൻ ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക്ഹോൾഡർമാരെയും അറിയിച്ചിട്ടുണ്ട്. |

**അവലംബം:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2025

**ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

വാപ്കോസ്, കിഫ്ബി, മറ്റ് വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് എസ്.ഇ.യു.എഫ് മുഖേന ആക്കുളം വേളി ശുചിത്വ സർവേ നടത്തിയതിന്റെ ഫലമായി ആക്കുളം വേളിയിലേക്ക് ഒഴുകുന്ന അഴുക്കുചാലുകളായ ആമഴഞ്ചേൻ തോട്, പട്ടം തോട്, ഉള്ളൂർ തോട് എന്നിവയുടെ പുനരുജ്ജീവനത്തിനായി കർമ്മ പദ്ധതി തയ്യാറാക്കി.

എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ, മണിച്ചിത്തോട്, ടിഎസ് കനാൽ, കൊല്ലം കനാൽ എന്നിവയുൾപ്പെടെ അഷ്ടമുടി കായലിലേക്ക് ഒഴുകുന്ന അഴുക്കുചാലുകളുടെ പൈലറ്റ് ശുചിത്വ സർവേ ഈ കാലയളവിൽ നടത്തുകയുണ്ടായി.
പെരിയാർ നദിയുടെ താഴ്ന്ന വൃഷ്ടിപ്രദേശങ്ങളിലെ മലിനീകരണ സ്രോതസ്സുകളെക്കുറിച്ചുള്ള വിലയിരുത്തൽ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ദുരന്ത പഠന കേന്ദ്രം നടത്തിവരികയാണ്. പദ്ധതിയുടെ പ്രാഥമിക ഘട്ടമായ ഉപഗ്രഹ സർവേ പൂർത്തിയായി.

കേരളത്തിലെ തെരഞ്ഞെടുത്ത നദീതടങ്ങളിലെ ബയോകെമിക്കൽ ഓക്സിജൻ ഡിമാൻഡ് (ബി.ഒ.ഡി) ലെവലുകൾ **ചിത്രം 3.7.4**ൽ കാണിച്ചിരിക്കുന്നു. ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഒരു പ്രധാന ഉപാധിയായ ബി.ഒ.ഡി, ജലജീവ വ്യവസ്ഥകളെയും മനുഷ്യാരോഗ്യത്തെയും സംരക്ഷിക്കാൻ സഹായിക്കുന്നു. 2023നെ അപേക്ഷിച്ച് 2024 ൽ കടലുണ്ടി, ഭാരതപ്പുഴ, പെരിയാർ ജലാശയങ്ങളിൽ ബി.ഒ.ഡി അളവുകൾ ഉയർന്നിട്ടുണ്ട്.

**കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ**

2023-ലാണ് കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ മിഷൻ രൂപീകരിച്ചത്. ഹരിതഗൃഹ വാതക ബഹിർഗമനം കുറയ്ക്കുക, സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുക, മനുഷ്യവാസ കേന്ദ്രങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനമാർഗ്ഗങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് ഫലപ്രദമായ പൊരുത്തപ്പെടുത്തൽ നടപടികളിലൂടെ പ്രതിരോധശേഷി ശക്തിപ്പെടുത്തുക, ഹരിത ജോലികളുടെ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുക, ധനസഹായം നൽകുക, കാലാവസ്ഥയും ദുരന്തസാധ്യതാ പരിഗണനകളും വികസനത്തിൽ സംയോജിപ്പിക്കുക, സുപ്രധാന ആവാസവ്യവസ്ഥ സേവനങ്ങൾ പുനഃസ്ഥാപിക്കുക എന്നിവയാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷന്റെ ഭാഗമായി 2024-25 ൽ മൂന്ന് വിഭാഗങ്ങളിലായി കാലാവസ്ഥാ വ്യതിയാന സംവാദ പരമ്പര നടത്തുകയുണ്ടായി. ആലപ്പുഴ കളക്ടറേറ്റുമായി സഹകരിച്ച് വേമ്പനാട് തടാക പുനരുദ്ധാരണം ലക്ഷ്യമിട്ട് 2024 ഒക്ടോബർ 28 ന് ആലപ്പുഴ കയർ കോർപ്പറേഷൻ കൺവെൻഷൻ സെന്ററിൽ ആദ്യ

**ബോക്സ്: 3.7.3** പ്രത്യേക പ്രവർത്തനങ്ങൾ

### ഇ-ട്രാക്ക് വെബ് സൈറ്റ്

മാലിന്യം കൊണ്ടുപോകുന്ന വാണിജ്യ ചരക്ക് വാഹനങ്ങളുടെ അന്തർസംസ്ഥാന ചലനം നിരീക്ഷിക്കുന്നതിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജി.പി.എസ് അധിഷ്ഠിത ഓൺലൈൻ വാഹന ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. etracks.kerala.gov.in എന്ന പോർട്ടൽ വഴിയും ട്രാൻസ്പോർട്ടർ ആപ്പ്, എൻഫോഴ്സ്മെന്റ് അതോറിറ്റി ആപ്പ് തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ വഴിയും ഈ സംവിധാനം പ്രയോജനപ്പെടുത്താൻ കഴിയും.

മാലിന്യ ഉത്പാദകൻ മുതൽ വാഹകൻ (ട്രാൻസ്പോർട്ടർ) വരെയും ഒടുവിൽ സ്വീകരിക്കുന്നയാൾ വരെയും (നിർമാർജന കേന്ദ്രം) മാലിന്യ സംസ്കരണ പ്രക്രിയയുടെ പൂർണ്ണമായ നിരീക്ഷണം ഉറപ്പാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഗതാഗത വാഹനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ജി.പി.എസ് ഉപകരണങ്ങൾ വഴിയാണ് ഇത് സാധ്യമാകുന്നത്. നിയമലംഘനങ്ങൾ കണ്ടെത്തുന്നതും മുന്നറിയിപ്പ് സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ഈ സംവിധാനം ഫലപ്രദമായ നടപ്പിലാക്കുന്നതിന് അയൽ സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണ ബോർഡുകളുടെയും മോട്ടോർ വാഹന വകുപ്പിന്റെയും പിന്തുണ അനിവാര്യമാണ്. കേരള മലിനീകരണ നിയന്ത്രണ ബോർഡ് ഇതിനോടകം തന്നെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് മാലിന്യ ഉല്പാദകർ/സംസ്കരണം നടത്തുന്നവർ/മാലിന്യം കൊണ്ടു പോകുന്ന വാഹനങ്ങൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലേയ്ക്ക് വേണ്ടിയാണ്. ഏകോപനവും നടപ്പാക്കലും ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഇടപെടൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

**അവലംബം:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2025

**ചിത്രം 3.7.4** 2023 ലും 2024 ലും തെരഞ്ഞെടുത്ത നദീതടങ്ങളിലെ ബി.ഒ.ഡി അളവ്




| | അച്ചൻകോവിൽ – തുമ്പമൺ | ഭാരതപ്പുഴ – പട്ടാമ്പി | ചാലക്കുടി – പുളിച്ചക്കടവ് | ചാലിയാർ – ചുങ്കപ്പള്ളി | ചന്ദ്രഗിരി – പടിയതഡ്ക | കടലുണ്ടി – തിരൂരങ്ങാടി | കല്ലട – പെരുംതോട്ടം കടവ് | പമ്പ – ചെങ്ങന്നൂർ | പെരിയാർ – ഏലൂർ |
|---|---|---|---|---|---|---|---|---|---|
| 2023(mg/l) | 1.3 | 2.5 | 1.6 | 0.7 | 1.2 | 1.6 | 1.4 | 0.7 | 1.9 |
| 2024(mg/l) | 1.5 | 2.5 | 1.5 | 0.8 | 1.5 | 3 | 1.4 | 1.5 | 2 |

**അവലംബം:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 2025

സംവാദം സംഘടിപ്പിച്ചു. വേമ്പനാട് തടാകത്തിന്റെ കാലാവസ്ഥാ അടിസ്ഥാനമാക്കിയുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. രണ്ടാമത്തെയും മൂന്നാമത്തെയും സംവാദങ്ങൾ 2025 ഫെബ്രുവരി 6, 7 തീയതികളിൽ മാതൃഭൂമി ദിനപത്രവുമായി ചേർന്ന് നടത്തുകയുണ്ടായി. ഈ സംവാദ പരമ്പരകളുടെ ഫലമായി കാലാവസ്ഥാ അപകടസാധ്യതകൾ കുറയ്ക്കുന്നതിനുള്ള തന്ത്രങ്ങളെ രൂപപ്പെടുത്തുന്നതിനും ദുർബലതാ വിലയിരുത്തലിൽ തിരിച്ചറിഞ്ഞ ദുർബല പ്രദേശങ്ങൾക്കായുള്ള പൊരുത്തപ്പെടുത്തൽ നടപടികൾ ആസൂത്രണം ചെയ്യുന്നതിനും സാധ്യമായി.

സംസ്ഥാനത്തെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും, കാർബൺ അക്കൗണ്ടിംഗ്, കാർബൺ ട്രേഡിംഗ് എന്നിവ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി ഏകീകൃത പ്രവർത്തന സാമ്പത്തിക ചട്ടക്കൂട് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുമായി (കുസാറ്റ്) സഹകരിച്ച് 2025 മാർച്ച് 24 മുതൽ 25 വരെ അന്താരാഷ്ട്ര കാലാവസ്ഥാ പൊരുത്തപ്പെടുത്തൽ, പ്രതിരോധശേഷി സമ്മേളനം (കെയർ 25) നടത്തുകയുണ്ടായി

ചുരുക്കത്തിൽ, കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവരിച്ചിരിക്കുന്ന പ്രവർത്തനങ്ങളും ശുപാർശകളും പരിസ്ഥിതി, ജൈവവൈവിധ്യ മാനേജ്മെന്റിനുള്ള സമഗ്രവും ഭാവിയിലേക്കുള്ളതുമായ സമീപനത്തെ പ്രതിഫലിപ്പിക്കുന്നതുമാണ്. ഇതു പ്രകാരം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാനത്തിന്റെ കർമ്മ പദ്ധതി, ഭൂ മിത്ര സേന ക്ലബ്ബുകളുടെ വിപുലീകരണം, കാർബൺ ന്യൂട്രൽ പാതയുടെ കരട് രൂപീകരണം തുടങ്ങിയ പ്രധാനപ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മെച്ചപ്പെട്ട നിരീക്ഷണ സംവിധാനങ്ങൾ, ലബോറട്ടറികൾ എൻ.എ.ബി.എൽ മാനദണ്ഡങ്ങളിലേക്ക് ഉയർത്തൽ, തത്സമയ നിരീക്ഷണ സ്റ്റേഷനുകൾ സ്ഥാപിക്കൽ, മെച്ചപ്പെട്ട മാലിന്യ സംസ്കരണ രീതികൾ എന്നിവയിലൂടെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിസ്ഥിതി സംരക്ഷണം കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. അതേസമയം, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ ശക്തിപ്പെടുത്തൽ, ആവാസവ്യവസ്ഥയുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കൽ, പൊതുജന അവബോധം വർദ്ധിപ്പിക്കൽ എന്നിവ സംസ്ഥാനത്തിന്റെ പ്രകൃതി പൈതൃകം സംരക്ഷിക്കുന്നതിനുള്ള സ്ഥിരമായ പ്രതിബദ്ധതയെ അടിവരയിടുന്നു. ഈ ശ്രമങ്ങൾ സാമൂഹിക പങ്കാളിത്തം, ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ, ദീർഘകാല പാരിസ്ഥിതിക പ്രതിരോധശേഷി എന്നിവ വളർത്തിയെടുക്കുകയും, സംയോജിതവും സുസ്ഥിരവുമായ പരിസ്ഥിതി മാനേജ്മെന്റിൽ കേരളത്തെ ഒന്നാം സ്ഥാനത്ത് നിലനിർത്തുകയും ചെയ്യുന്നു.

### ഹരിത കേരളം മിഷൻ

കേരള സർക്കാർ നേതൃത്വം നൽകുന്ന നാല് പ്രധാന വികസന പദ്ധതികളിൽ ഒന്നാണ് ഹരിത കേരള മിഷൻ. ഇത് 2016 ൽ ആരംഭിച്ചതും നവ കേരളം കർമ്മ പദ്ധതി II നടപ്പിലാക്കുകയും ചെയ്യുന്നു. കൃഷി, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന ദുരന്തനിവാരണം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ വളർച്ച പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം. സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ചേർന്നു നിൽക്കുന്ന മിഷന്റെ പ്രധാന മുദ്രാവാക്യമായ "വെള്ളം, വൃത്തി, വിളവ്" മിഷന്റെ പ്രധാന പ്രവർത്തന മണ്ഡലങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നു. ഹരിതകേരള മിഷനു മൂന്ന് മുഖ്യ ഉപദൗത്യങ്ങളുണ്ട് (i) ശുചിത്വവും മാലിന്യ സംസ്കരണവും (ii) ജലസംരക്ഷണം, (iii) കാർഷിക വികസനം. പ്രാദേശിക സർക്കാരുകളെയും വികസന വകുപ്പുകളെയും മറ്റ് ഏജൻസികളെയും ഏകോപിപ്പിച്ചും കേന്ദ്ര സംസ്ഥാന പദ്ധതികളെ സംയോജിപ്പിച്ചും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നതിനു ഹരിതകേരളം മിഷൻ ഊന്നൽ നൽകുന്നു. മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളെയും ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന ഒരു ഏകോപന സംവിധാനമായി ഇത് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ നദികൾ, അരുവികൾ, നീരൊഴുക്കുകൾ എന്നിവ വൃത്തിയാക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള, "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിൻ, കാർബൺ ന്യൂട്രൽ പദ്ധതി, 'പച്ചത്തുരുത്ത്' വനവൽക്കരണ പരിപാടി, നീർത്തട വികസനം എന്നിവയാണ് ഹരിത കേരളം മിഷന്റെ പ്രധാന പരിപാടികൾ. ജല ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾക്കൊപ്പം ജല ബജറ്റിംഗും മിഷൻ ഏറ്റെടുത്തു നടപ്പാക്കുന്നു. ഗ്രീൻ ക്യാമ്പസ്, ഗ്രീൻ ലീഗൽ ലിറ്ററസി എന്നിവയാണ് മറ്റ് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ, ഇവ രണ്ടും കേരളത്തിന്റെ ദീർഘകാല സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്നു. ഹരിത നിയമ അവബോധ ക്യാമ്പയിൻ പോലുള്ള പ്രവർത്തനങ്ങൾ പൊതുജന അവബോധവും പങ്കാളിത്തവും വർദ്ധിപ്പിച്ചിട്ടുണ്ട്.

#### ശുചിത്വവും മാലിന്യ സംസ്കരണവും

പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിൽ മിഷൻ ശ്രദ്ധേയമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തൽഫലമായി, സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 'ശുചിത്വ പദവി' നേടിയിട്ടുണ്ട്. മാലിന്യങ്ങൾ ശേഖരിക്കുന്നതിലും വേർതിരിക്കുന്നതിലും ഹരിതകർമ്മ സേന സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജികൾ) നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഹരിത നിയമ അവബോധ പ്രചാരണം പോലുള്ള പരിപാടികൾ പരിസ്ഥിതി സൗഹൃദ രീതികളെക്കുറിച്ച് പൊതുജന അവബോധം വളർത്താൻ സഹായിച്ചിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള സ്കൂളുകൾ, കോളേജുകൾ, ഓഫീസ് സമുച്ചയങ്ങൾ എന്നിവയെ മാതൃകാപരമായ ഹരിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മിഷൻ തുടർച്ചയായ മാലിന്യ സംസ്കരണ ശ്രമങ്ങൾ നടത്തിവരികയാണ്. മാലിന്യം തരംതിരിക്കലും മാലിന്യ

ശേഖരണവും കാര്യക്ഷമമാക്കിക്കൊണ്ട് സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കാനുള്ള ഗതിവേഗം മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം അടിസ്ഥാന സൗകര്യ ശൃംഖല സ്ഥാപിക്കപ്പെട്ടു. 2025 ഒക്ടോബർ 31 വരെയുള്ള കണക്കുകൾപ്രകാരം സംസ്ഥാനത്തുടനീളം 1,350 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എംസിഎഫ്) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, നിലവിൽ 20,051 മിനി എം.സി. എഫുകളും 205 പ്രവർത്തനക്ഷമമായ റിസോഴ്സ് റിക്കവറി സൗകര്യങ്ങളുണ്ട് (ആർ.ആർ.എഫ്). അജൈവമാലിന്യങ്ങൾ വീട്ടുപടിക്കൽ നിന്നും ശേഖരിക്കുന്നതിനായി 1,034 തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി മൊത്തം 37,765 ഹരിത കർമ്മ സേനകളെ വിന്യസിച്ചിട്ടുണ്ട്. വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള വീട്ടുതോറുമുള്ള മാലിന്യ ശേഖരണ സേവനങ്ങൾ ഹരിത കർമ്മ സേന കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നു.

റിപ്പോർട്ട് കാലയളവിൽ (2024–25) 1,029 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 19,356 വാർഡുകൾ ഹരിതപദവി നേടി. പ്രാദേശിക തലത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ വലിയ പുരോഗതിയാണ് ഇത് സൂചിപ്പിക്കുന്നത്. കൂടാതെ, 59,942 സ്ഥാപനങ്ങളും 2,97,483 അയൽക്കൂട്ടങ്ങളും (അയൽക്കൂട്ടങ്ങൾ) ഹരിത സർട്ടിഫിക്കറ്റ് നേടി, ശക്തമായ സമൂഹ പങ്കാളിത്തം പ്രകടമാക്കി. ഈ സംരംഭം വിദ്യാഭ്യാസ മേഖലയിലും ഗണ്യമായ മുന്നേറ്റം നടത്തി, 14,483 സ്കൂളുകളും 1,434 കോളേജുകളും ഹരിത പദവി നേടി. ഇതോടൊപ്പം 3,271 മാർക്കറ്റുകളെയും പൊതു ഇടങ്ങളെയും ഹരിത സർട്ടിഫിക്കേഷൻ ചട്ടക്കൂടിന് കീഴിൽ കൊണ്ടുവന്നു, ഇത് സുസ്ഥിര മാലിന്യ സംസ്കരണത്തിനായുള്ള സംസ്ഥാനത്തിന്റെ സമഗ്രവും ബഹുമുഖവുമായ ഇടപെടലിനെ അടയാളപ്പെടുത്തുന്നു.

ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഹരിത ടൂറിസം സംരംഭത്തിന് കീഴിൽ, 419 വിനോദസഞ്ചാര കേന്ദ്രങ്ങളെ മാതൃകാ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി കണ്ടെത്തുകയും 355 ടൂറിസം കേന്ദ്രങ്ങളെ ഇതിനകം ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തു. ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും, ഉപജീവന അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെയും, പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും പരിസ്ഥിതി മാനേജ്മെന്റിനെ പ്രാദേശിക സാമ്പത്തിക വികസനവുമായി സംയോജിപ്പിക്കുന്നതിനാണ് ഈ പരിപാടി.

### കാർഷിക വികസനം

കൃഷിവകുപ്പിന്റെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ഹരിത കേരളം മിഷൻ സംസ്ഥാനത്തെ കാർഷിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി സംരംഭങ്ങൾ നടപ്പിലാക്കി. തരിശുഭൂമികളിൽ കൃഷി പ്രോത്സാഹിപ്പിക്കുക, ഹരിത സമൃദ്ധി വാർഡുകൾ നിശ്ചയിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, നെൽകൃഷി, കരനെൽകൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ജൈവ പച്ചക്കറി ഉൽപാദനം പ്രോത്സാഹിപ്പിക്കുക, സ്കൂൾ ഗ്രൗണ്ടുകളിലും സ്ഥാപന പരിസരങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സംയോജിത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കാർഷിക ഉപമിഷന്റെ കീഴിൽ, കാർഷിക–പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതിനുള്ള സംരംഭങ്ങളിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. തരിശുഭൂമി ഉൾപ്പെടെ എല്ലാ കൃഷിഭൂമിയിലും അനുയോജ്യമായ വിള കൃഷി ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള തരിശു രഹിത ഗ്രാമം (തരിശു രഹിത ഗ്രാമം) പദ്ധതി 164 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു. 18,375 ഏക്കർ വിസ്തൃതിയിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതുവരെ 14 പഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഗാർഹിക തലത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ഹരിത സമൃദ്ധി വാർഡ് എന്ന സംരംഭം 2025 സെപ്റ്റംബർ വരെ 2,422 വാർഡുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 1875 വാർഡുകൾ ഹരിത സമൃദ്ധി പദവി കൈവരിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളുടെയും മറ്റ് ആരാധനാലയങ്ങളുടെയും ഒഴിഞ്ഞ സ്ഥലങ്ങളിൽ കൃഷിയും ഹരിതവൽക്കരണവും ലക്ഷ്യമിടുന്ന 'ദേവഹരിതം' പദ്ധതിയുടെ ഭാഗമായി 126 സ്ഥലങ്ങൾ കണ്ടെത്തി, 119 ഏക്കറിൽ കൃഷി നടത്തിവരുന്നു. മിഷന്റെ മറ്റൊരു പ്രധാന പ്രവർത്തനമായ ഇൻസ്റ്റിറ്റ്യൂഷണൽ ഫാമിങ്ങിനായി 62 വ്യവസായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുകയും 140 ഏക്കറിൽ പ്രവൃത്തി പുരോഗമിക്കുകയുമാണ്.

### പച്ചത്തുരുത്ത് പദ്ധതി

സംസ്ഥാനത്തുടനീളം ഹരിത തുരുത്തുകളുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പച്ചത്തുരുത്ത്" പ്രോജക്ട് ഹരിതകേരളം മിഷന്റെ നൂതന സംരംഭമെന്ന നിലയിൽ പ്രശംസിക്കപ്പെടുകയുണ്ടായി. പൊതു സ്ഥലങ്ങളിലും പൊതു സ്ഥാപനങ്ങളുടെ പരിസരങ്ങളിലും തിരഞ്ഞെടുത്ത ഭൂമിയിൽ നിർദ്ദിഷ്ട സാന്ദ്രതയിലും വൈവിധ്യത്തിലും തനത് മരങ്ങളും നാടൻ ചെടികളും നട്ടുപിടിപ്പിച്ച് പ്രകൃതിദത്ത ജൈവവൈവിധ്യം സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രതികൂല ഫലങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഒരു പ്രായോഗിക ഇടപെടൽ എന്ന നിലയിൽ ഈ പരിപാടി പൊതുജനശ്രദ്ധയും പിന്തുണയും ആകർഷിച്ചു.

പരിസ്ഥിതി സൗഹൃദ പാതകളുടെയും ജൈവവേലിക്കളുടെയും വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുള്ള കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം പരിപാടിയിൽ സംയോജിപ്പിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളുടെ പരിപാലനവും സംരക്ഷണവും പ്രാദേശവാസികളെ ഏൽപ്പിച്ചിരിക്കുന്നു, അവയുടെ പരിപാലനത്തിലും സംരക്ഷണ പ്രവർത്തനങ്ങളിലും പ്രാദേശിക പങ്കാളിത്തം ഈ സംരംഭത്തിന്റെ പ്രധാന ശക്തിയാണ്.

2019 ജൂണിനും 2025 സെപ്റ്റംബറിനും ഇടയിൽ, സംസ്ഥാനത്തുടനീളം 1,291.76 ഏക്കർ വിസ്തൃതിയിൽ ആകെ 4,107 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. 2024–25

കാലയളവിൽ മാത്രം, ആകെ 317.84 ഏക്കർ വിസ്തൃതിയിൽ 711 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. 2025-26 വർഷത്തിൽ 2025 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ, പരിസ്ഥിതി പുനഃസ്ഥാപനത്തിനായി 117.69 ഏക്കർ വിസ്തൃതിയിൽ 446 പച്ചത്തുരുത്തുകൾ കൂടി സ്ഥാപിച്ചു.

**മണ്ണ് ജല സംരക്ഷണം**

സമീപ വർഷങ്ങളിൽ, ഹരിത കേരളം മിഷൻ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലുടനീളം വിപുലമായ നദീ പുനരുജ്ജീവന പദ്ധതികളും കിണറുകളുടെയും കുളങ്ങളുടെയും കൃത്യമായ ഇടവേളകളിലെ പുനർനിർമാണവും ഇതിൽ ഉൾപ്പെടുന്നു. ഈ ജലസംരക്ഷണ പ്രവർത്തനങ്ങൾ കാർഷിക മേഖലയിൽ അനുകൂലമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ജലനിരപ്പ് അളക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ച് വിവിധ ജലാശയങ്ങളിലെ ജലനിരപ്പ് നിരീക്ഷിക്കുക, ജലനിലവാരം വിലയിരുത്തുന്നതിനായി ജല ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുക എന്നിവയാണ് ഈ മേഖലയിലെ മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

ഹരിത കേരളം മിഷൻ തദ്ദേശീയ സമൂഹങ്ങളുമായി സഹകരിച്ച് നടത്തിയ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ ദീർഘകാലമായി ഉപേക്ഷിക്കപ്പെട്ട കൃഷിഭൂമികളുടെ പുനരുജ്ജീവനത്തിന് സഹായകമായിട്ടുണ്ട്. ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ സ്ഥിതി ചെയ്യുന്ന കാട്ടുമുടി കുഞ്ചിപ്പെട്ടിക്കുടി നെൽവയൽ ഇതിനു ഒരു ശ്രദ്ധേയമായ ഉദാഹരണമാണ്. ഏകദേശം നാല് പതിറ്റാണ്ടുകളുടെ ഇടവേളയ്ക്ക് ശേഷം ഈ പ്രദേശത്തെ വീണ്ടും നെൽകൃഷിയിലേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു.

മണ്ണ്, ജല സംരക്ഷണ ഉപമിഷന്റെ കീഴിൽ, 2024-25 വർഷത്തിലും മുൻ വർഷങ്ങളിലേതു പോലെ മിഷന് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. 2024-25 വർഷത്തിൽ, 12,604.15 കിലോമീറ്റർ അരുവികളും 779 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 927 പുതിയ കുളങ്ങളുടെ നിർമ്മാണം നടത്തുകയും ചെയ്തു. റിപ്പോർട്ടിംഗ് കാലയളവിൽ, 1,491 കിണറുകൾ റീചാർജ് ചെയ്യുകയും, 2,507 പുതിയ കിണറുകൾ നിർമ്മിക്കുകയും ചെയ്തു. 284 സ്ഥിരം ബണ്ടുകളും 18,109 താൽക്കാലിക ബണ്ടുകളും നിർമ്മാണപരമായ ഇടപെടലുകളിൽ ഉൾപ്പെടുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ, 2025 സെപ്റ്റംബർ വരെ, 10,677.08 കിലോമീറ്റർ അരുവികളും 374 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു, 336 കുളങ്ങൾ നിർമ്മിച്ചു. കൂടാതെ, 668 കിണറുകൾ റീചാർജ് ചെയ്തു, 945 കിണറുകൾ നിർമ്മിച്ചു. ഇതേ കാലയളവിൽ 114 സ്ഥിരം ബണ്ടുകളും 8,492 താൽക്കാലിക ബണ്ടുകളും നിർമ്മിച്ചു

**ജല ഗുണനിലവാര പരിശോധനാ ലാബുകൾ**

കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കുന്നതിനായി, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ചുവരികയാണ്. സംസ്ഥാനത്തുടനീളം ഇപ്പോൾ ജല ഗുണനിലവാരം പരിശോധിക്കുന്ന 335 ലബോറട്ടറികളുണ്ട്. 2024-25 കാലയളവിൽ ഈ ലാബുകളിൽ 34,343 ജല സാമ്പിളുകൾ വിശകലനം ചെയ്തു. 2025-26 ൽ സെപ്റ്റംബർ 2025 വരെ, 11,219 സാമ്പിളുകളും പരിശോധിച്ചു.

**ജല ബജറ്റ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ജല ബജറ്റുകൾ രൂപീകരിക്കുന്നതിൽ ഹരിത കേരളം മിഷൻ പ്രധാന പങ്കുവഹിക്കുന്നു. പ്രദേശവാസികൾക്ക് ജല സുരക്ഷ ഉറപ്പാക്കുക എന്നതാണ് ജല ബജറ്റിന്റെ പ്രാഥമിക ലക്ഷ്യം. ശാസ്ത്രീയമായി കണക്കാക്കിയ പ്രാദേശിക ജലലഭ്യതയുടെയും ആവശ്യകതയുടെയും കണക്കുകളെ അടിസ്ഥാനമാക്കിയാണ് ഈ പ്രവർത്തനം. തുടർന്ന്, പങ്കാളിത്ത പ്രചാരണങ്ങളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രധാന വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തിലൂടെയും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ സംയോജിപ്പിച്ചും ജനങ്ങളെ വലിയ തോതിൽ അണിനിരത്തി ഇടപെടലുകൾക്കുള്ള സാധ്യതകൾ വികസിപ്പിക്കുന്നു.

നിലവിൽ 604 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ബജറ്റുകൾ പൂർത്തിയായി. 2024-25 ൽ 233 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ജല ബജറ്റുകൾ തയ്യാറാക്കി, 2025-26 ൽ (സെപ്റ്റംബർ വരെ) 165 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രക്രിയ പൂർത്തിയാക്കി. നിലവിൽ 102 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റിങ്ങ് നടപ്പാക്കുക എന്നതാണ് മിഷന്റെ ലക്ഷ്യം.

**ക്വാറി റീചാർജിംഗ് പദ്ധതി**

ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ നിന്നുള്ള വെള്ളം ഉപയോഗപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലാണ് ഈ പദ്ധതി പൂർണ തോതിൽ പ്രവർത്തനക്ഷമമാക്കിയിരിക്കുന്നത്. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന പമ്പുകൾ ഉപയോഗിച്ച് ക്വാറികളിൽ നിന്നുള്ള വെള്ളം അടുത്തുള്ള അരുവികളിലേക്ക് എത്തിക്കുന്നു. ഇതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനവ്യാപകമായി തിരിച്ചറിഞ്ഞ 286 ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ ഈ മാതൃക വിപുലീകരിക്കുന്നതിന് സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം വിപുലീകരിക്കാൻ ഹരിത കേരളം മിഷൻ 25 സ്ഥലങ്ങൾ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മറ്റ് പ്രധാന സംരംഭങ്ങൾ**

**1. നെറ്റ് സീറോ കാർബൺ ശ്രമങ്ങൾ**

നവകേരളം കർമ്മ പദ്ധതിക്ക് കീഴിൽ, 2050-ഓടെ കേരളത്തെ കാർബൺ-ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യത്തിൽ "നെറ്റ് സീറോ കാർബൺ കേരളം" എന്ന ക്യാമ്പയിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്നു. ഹരിതഗൃഹവാതക പ്രസരണം കുറയ്ക്കുന്നതിലും കാർബൺ ബാലൻസ് കൈവരിക്കുന്നതിലും ഈ പ്രവർത്തനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അനർട്ട്, വേൾഡ് റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ട് (WRI), ജിഡ (ജി.ഐ.ഡി.എ) തുടങ്ങിയ വിവിധ വകുപ്പുകളും ഏജൻസികളും ഹരിത കേരള മിഷന്റെ നെറ്റ് സീറോ കാർബൺ ശ്രമങ്ങളിൽ പങ്കാളികളാണ്. സാമൂഹ്യ ഇടപെടലിലൂടെ നെറ്റ് സീറോ കാർബൺ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്, എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് വിവിധ ഊർജ്ജ സംരക്ഷണ പദ്ധതികളും മിഷൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

"നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ" എന്ന ക്യാമ്പയിൻ നിലവിൽ 150 പഞ്ചായത്തുകളിലും രണ്ട് മുനിസിപ്പാലിറ്റികളിലുമായി പുരോഗമിക്കുന്നു. അംഗൻവാടികളിൽ ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന അംഗൻ ജ്യോതി പദ്ധതിയും ഈ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, വീടുകളിലും സർക്കാർ സ്ഥാപനങ്ങളിലും ഊർജ്ജ ഓഡിറ്റുകൾ നടത്തുക, ഇലക്ട്രിക് വാഹനങ്ങൾക്ക് സാങ്കേതിക സഹായം നൽകുക, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സന്നദ്ധപ്രവർത്തകർക്കും പരിശീലന പരിപാടികൾ നടത്തുക എന്നിവയും ഈ ക്യാമ്പയിനിൽ ഉൾപ്പെടുന്നു. ഏകദേശം 85 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 2,211 അംഗൻവാടികളിലാണ് അംഗൻ ജ്യോതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ തിരഞ്ഞെടുക്കപ്പെട്ട അംഗൻവാടികൾക്ക് എനർജി മാനേജ്മെന്റ് സെന്ററിൽ (EMC) നിന്ന് ഇലക്ട്രിക് ഇൻഡക്ഷൻ കുക്കറുകൾ, അനുബന്ധ പാചക പാത്രങ്ങൾ, എൽ.ഇ.ഡി ബൾബുകൾ, ബി.എൽ.ഡി.സി ഫാനുകൾ, ഇലക്ട്രിക് വാഹന ചാർജിംഗ് സംവിധാനങ്ങൾ എന്നിവ ലഭിക്കും. കൂടാതെ, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മൊബൈൽ ആപ്പ് ഉപയോഗിച്ച് 14 ജില്ലകളിലായി 54 സ്ഥാപനങ്ങളിൽ കാർബൺ എമിഷൻ സർവേകൾ നടത്തിയിട്ടുണ്ട്. നിലവിൽ, 11 സ്ഥാപനങ്ങൾ കാർബൺ-നെഗറ്റീവ് പദവി നേടിയിട്ടുണ്ട്. നെറ്റ്-സീറോ കാർബൺ പദവി 2050 ഓടെ നേടുക എന്ന നിശ്ചിത ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള രാജ്യത്തു തന്നെ ആദ്യത്തെ സംരംഭമാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ.

**2. പശ്ചിമഘട്ടത്തിന്റെ സംരക്ഷണം**

"ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പെയ്നിന്റെ രണ്ടാം ഘട്ടമായി പശ്ചിമഘട്ട മേഖലയിലെ മണ്ണൊലിപ്പും ഉരുൾപൊട്ടലും കുറയ്ക്കുന്നതിനായി, ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, ഹരിത കേരള മിഷൻ 'സുരക്ഷിതമാകാം പശ്ചിമഘട്ടം' എന്ന ക്യാമ്പയിൻ ആരംഭിച്ചു. "മാപ്പത്തോൺ" എന്നറിയപ്പെടുന്ന ഒരു പ്രക്രിയയിലൂടെയാണ് ജലസ്രോതസ്സുകളുടെ ശാസ്ത്രീയ മാപ്പിങ്ങ് നടത്തുന്നത്. ലക്ഷ്യം പൂർണ്ണമായി കൈവരിച്ച് 230 ഗ്രാമപഞ്ചായത്തുകളിൽ മാപ്പത്തോൺ പ്രവർത്തനങ്ങൾ പൂർത്തിയായി. ഒമ്പത് ജില്ലകളിലെ 158 പഞ്ചായത്തുകളിൽ മണ്ണിടിച്ചിൽ കുറയ്ക്കുന്നതിനുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**3. ഹരിത വിനോദസഞ്ചാരം**

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കിക്കൊണ്ട് കേരളത്തിന്റെ വിനോദസഞ്ചാര ഭൂപ്രദേശത്തെ മാറ്റിമറിക്കുന്ന ഒരു പ്രധാന പ്രവർത്തനമാണ് മിഷൻ ഏറ്റെടുത്തത്. അതനുസരിച്ച്, ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രവേശന പാതകളിലും ഹരിത പെരുമാറ്റച്ചട്ടം പാലിക്കണം. ഹരിത കേരള മിഷനുമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച്, പരിസ്ഥിതി സുസ്ഥിരതയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, കേരളത്തിലെ തിരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ മാതൃകാ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

ഈ മൂന്ന് ഉപമിഷനുകളുടെ കീഴിൽ നടപ്പിലാക്കിയ വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ, പ്രവർത്തനങ്ങൾ, പ്രചാരണങ്ങൾ എന്നിവയിലൂടെ, കൃഷി, അനുബന്ധ മേഖലകൾ, ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നിവയിൽ ഗുണപരവും സുസ്ഥിരവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് വികസന വകുപ്പുകളുമായും സ്ഥാപനങ്ങളുമായും സഹകരിച്ച് ജനങ്ങളുടെ പങ്കാളിത്തം ഉൾപ്പെടുന്ന പ്രായോഗിക രീതികളിലൂടെ നമ്മുടെ പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള പൊതുജന അവബോധം വിജയകരമായി വളർത്താൻ മിഷനു സാധിച്ചിട്ടുണ്ട്. അതിലും ഉപരിയായി, ഈ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താനും, കൂടുതൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംയോജിത വികസന ശ്രമങ്ങളുടെ ഒരു മാതൃക സൃഷ്ടിക്കാനും മിഷന് കഴിഞ്ഞു.

# 3.8 ഭക്ഷ്യസുരക്ഷയും പൊതുവിതരണ സമ്പ്രദായവും

സുസ്ഥിര വികസന ലക്ഷ്യത്തിന്റെ 2-ാമത്തെ ലക്ഷ്യമായ വിശപ്പ് രഹിതത്തിന്റെ പ്രധാന ഉദ്ദേശ്യം, 2030 ആകുമ്പോഴേക്കും വിശപ്പ് ഇല്ലാതാക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും പോഷകം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. പ്രത്യേകിച്ച് ദരിദ്രരും ദുർബല വിഭാഗങ്ങളുമുൾപ്പെടെയുള്ള എല്ലാ ആളുകൾക്കും വർഷം മുഴുവൻ സുരക്ഷിതവും പോഷക സമൃദ്ധവുമായ മതിയായ ഭക്ഷണം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2024-ൽ ലോകമെമ്പാടും 673 ദശലക്ഷം ആളുകളെ വിശപ്പ് ബാധിച്ചു, 2022 നെ അപേക്ഷിച്ച് 22 ദശലക്ഷത്തിന്റെയും മുൻ വർഷത്തേക്കാൾ ഏകദേശം 15 ദശലക്ഷത്തിന്റെയും കുറവ് ഇത് കാണിക്കുന്നു. 2024-ൽ ലോകത്തിലെ ഏകദേശം 2.3 ബില്യൺ ആളുകൾ (28.0 ശതമാനം) മിതമായതോ ഗുരുതരമായതോ ആയ ഭക്ഷ്യ അരക്ഷിതാവസ്ഥയിലായിരുന്നു. ലോകത്തിലെ മിക്കവാറും എല്ലാ മേഖലകളിലും, നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിലാണ് ഭക്ഷ്യ അരക്ഷിതാവസ്ഥ കൂടുതൽ രൂക്ഷമാകുന്നത്, പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളെയാണ് ഇത് ബാധിക്കുന്നത്.

2024-ലെ ലോക ഭക്ഷ്യസുരക്ഷാ പോഷകാഹാര സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, ആഗോളതലത്തിൽ യഥാക്രമം 23.2 ശതമാനം, 6.6 ശതമാനം കുട്ടികൾ വളർച്ച മുരടിപ്പ്, ക്ഷീണം തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നു. ആഗോളതലത്തിൽ 15 നും 49 നും ഇടയിൽ പ്രായമുള്ള സ്ത്രീകളിൽ 30.7 ശതമാനം പേർ വിളർച്ചയുടെ പ്രശ്നങ്ങൾ നേരിടുന്നു. ഏഷ്യയിലെ 6.7 ശതമാനം (323 ദശലക്ഷം ആളുകൾ) പോഷകാഹാരക്കുറവ് മൂലമുള്ള പ്രശ്നം നേരിടുന്നു.

2025 ലെ ആഗോള പട്ടിണി സൂചിക (GHI) റിപ്പോർട്ട് 123 രാജ്യങ്ങളെ അവരുടെ പട്ടിണിയുടെ തോത് അടിസ്ഥാനമാക്കി റാങ്ക് ചെയ്യുന്നു. 2025 ലെ ആഗോള പട്ടിണി സൂചികയിൽ 123 രാജ്യങ്ങളിൽ 25.8 സ്കോർ നേടിയ ഗുരുതരമായവയുടെ ഗണത്തിൽ ഉൾപ്പെടുന്ന ഇന്ത്യയുടെ സ്ഥാനം 102 ആണ്. ഇന്ത്യ ഇപ്പോഴും ഗുരുതരമായ വിശപ്പും പോഷകാഹാരക്കുറവും നേരിടുന്നുവെന്ന് ഈ റാങ്കിംഗ് സൂചിപ്പിക്കുന്നു. ഇന്ത്യയുടെ റാങ്കിംഗ് നിർണ്ണയിക്കുന്ന മറ്റ് ചില പ്രധാന സൂചികകൾ കുട്ടികളുടെ ശോഷണ നിരക്ക് (18.7 ശതമാനം), കുട്ടികളുടെ മുരടിപ്പ് നിരക്ക് (32.9 ശതമാനം), പോഷകാഹാരക്കുറവ് (12.0 ശതമാനം), അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (2.8 ശതമാനം) എന്നിവയാണ്.

പൊതുവിപണിയിൽ ഭക്ഷ്യധാന്യ വിതരണം നിയന്ത്രിക്കുന്നതിനും സമൂഹത്തിലെ ദുർബല വിഭാഗത്തിന് താങ്ങാവുന്ന വിലയിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള ഒരു സംവിധാനമായിട്ടാണ് ഇന്ത്യയിൽ പൊതുവിതരണ സമ്പ്രദായം ആരംഭിച്ചത്. ഇന്ത്യാ ഗവൺമെന്റിന്റെ 1955 ലെ അവശ്യവസ്തു നിയമപ്രകാരം, പൊതുവിതരണ സംവിധാനം 1965 ജൂലൈ 1 ന് ഔദ്യോഗികമായി നിലവിൽ വന്നു. സമൂഹത്തിലെ ഏറ്റവും ദരിദ്രരായ വിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി 1997 ൽ ടാർഗെറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (ടിപിഡിഎസ്) ആരംഭിച്ചു. ബിപിഎൽ, എപിഎൽ എന്നീ രണ്ട് വിഭാഗങ്ങളുടെ അടിസ്ഥാനത്തിലാണ് ടിപിഡിഎസ് കവറേജ് കണക്കാക്കിയത്. ഇന്ത്യയിൽ ടിപിഡിഎസ് പ്രവർത്തിക്കുന്നത് 2013 ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ (എൻഎഫ്എസ്എ) വ്യവസ്ഥകൾ അനുസരിച്ചാണ്. ജീവിത കാലയളവിൽ ഭക്ഷ്യസുരക്ഷയും പോഷകസുരക്ഷയും ഉറപ്പാക്കി ജനങ്ങൾക്ക് അന്തസ്സോടെ ജീവിക്കുന്നതിന് മതിയായ അളവിൽ ഗുണനിലവാരമുള്ള ഭക്ഷണം താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇന്ത്യയിലെ പൊതുവിതരണ സമ്പ്രദായം കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും

സംയുക്ത ഉത്തരവാദിത്തമാണ്. കേന്ദ്ര ഗവൺമെൻറ്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ് സി ഐ ) മുഖേന, സംസ്ഥാന സർക്കാരുകൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുകയും അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന സർക്കാറുകൾ അർഹരായ കുടുംബങ്ങളെ കണ്ടെത്തി റേഷൻ കാർഡുകൾ നൽകുന്നു, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ന്യായ വില കടകളുടെ (എഫ് പി എസ്) ശൃംഖലയിലൂടെ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുകയും അതാത് പ്രദേശത്തിനുള്ളിൽ പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രവർത്തനം നിർവഹിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

**സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം.**

ഇന്ത്യയിലെ ഏറ്റവും ഫലപ്രദവും മികച്ചതുമായ പൊതുവിതരണ സമ്പ്രദായങ്ങളിലൊന്നാണ് കേരളത്തിലുള്ളത് കൂടാതെ സാർവത്രിക റേഷനിംഗ് സംവിധാനം നടപ്പിലാക്കുന്നതിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 1997-ൽ ടാർഗറ്റഡ് പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിന് മുമ്പ്, കേരളം മാത്രമായിരുന്നു സാർവത്രിക പൊതുവിതരണ സമ്പ്രദായം ഉണ്ടായിരുന്ന ഇന്ത്യയിലെ ഒരു സംസ്ഥാനം. രണ്ടാം ലോക മഹായുദ്ധത്തിന്റെ കാലഘട്ടത്തിലാണ് കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ പൊതുവിതരണം ആരംഭം കുറിച്ചത്. പിന്നീട്, സംസ്ഥാന സർക്കാർ 1957-ൽ വരുമാനം കുറഞ്ഞവർക്ക് സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ആരംഭിച്ചു. ഇന്ത്യാ ഗവൺമെൻറ് വരുത്തിയ നയപരമായ മാറ്റങ്ങളെ അടിസ്ഥാനമാക്കി 1997-ൽ സംസ്ഥാനം ടാർഗറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (TPDS) ആരംഭിച്ചു. പൊതുവിതരണ സംവിധാന ഔട്ട്‌ലെറ്റുകളുടെ ശൃംഖലയിലൂടെ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുക, വിപണി അച്ചടക്കം നടപ്പാക്കുക, ഉപഭോക്തൃ അവബോധം പ്രോത്സാഹിപ്പിക്കുക, അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക തുടങ്ങിയ സുപ്രധാന ഉത്തരവാദിത്തങ്ങൾ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നിർവഹിക്കുന്നു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സംഭരണ ശാലകളിൽ നിന്നും കസ്റ്റം മിൽഡ് റൈസ് (സിഎംആർ) മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് ന്യായ വില കടകളിലേക്ക് എത്തിക്കുന്നതിന്റെ ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) നിർവഹിക്കുന്നു. സംസ്ഥാനത്തുടനീളമുള്ള ഇടനില ഭക്ഷ്യധാന്യ സംഭരണ കേന്ദ്രങ്ങളെ നിയന്ത്രിക്കുകയും അവയുടെ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.

2011-12 ലെ എൻ എസ് എസ് ഗാർഹിക ഉപഭോഗ സർവേ ഡാറ്റ ഉപയോഗിച്ച് മുൻ ആസൂത്രണ കമ്മീഷനാണ് ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ കീഴിലുള്ള പൊതുവിതരണ സംവിധാനത്തിന്റെ സാർവത്രികത നിർണ്ണയിക്കുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും യഥാക്രമം 75 ശതമാനവും 50 ശതമാനവും എന്ന അഖിലേന്ത്യ കവറേജിന് അനുസൃതമായി, കേരളത്തിലെ കവറേജ് ഗ്രാമങ്ങളിൽ 52.63 ശതമാനമായും നഗരങ്ങളിൽ 39.50 ശതമാനമായും പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച് കേരളത്തിൽ 1,54,80,040 പേർ പൊതുവിതരണ സംവിധാനത്തിലൂടെയുള്ള ഭക്ഷ്യ ധാന്യങ്ങൾക്ക് അർഹരാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളതുമായ വർഗ്ഗീകരണത്തിന്റെയും സാർവത്രിക കവറേജിൽ നിന്നും വ്യത്യസ്തമായി NFSA യുടെ നിയന്ത്രണ പരിധിക്ക് അപ്പുറത്തേക്ക് കേരളം കടന്നുവെന്നത് ശ്രദ്ധേയമാണ്. പൊതുവിതരണ സംവിധാനത്തിന് കീഴിൽ വിപുലീകൃത കവറേജ് ഉറപ്പാക്കുന്നതിനായി കേരളം "മുൻഗണനാ", "മുൻഗണനേതര" റേഷൻ കാർഡുകൾ ആരംഭിച്ചു.

പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെ ലഭ്യത, പ്രത്യേകിച്ച് ദുർബലരായ ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി കേരളം വിവിധ ഭക്ഷ്യഭദ്രത പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്നവ 1) പൊതുവിതരണ സംവിധാനം (പിഡിഎസ്); സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര, മണ്ണെണ്ണ, 2) അന്ത്യോദയ അന്ന യോജന (എഎവൈ) : ദരിദ്രരായ കുടുംബങ്ങൾക്ക് ഉയർന്ന സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾ, 3) അന്നപൂർണ പദ്ധതി: മുതിർന്ന പൗരന്മാർക്ക് സൗജന്യ ഭക്ഷ്യധാന്യങ്ങൾ (65 വയസ്സിനു മുകളിൽ), 4) പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (പിഎംജികെഎവൈ): കോവിഡ്-19 മഹാമാരി സമയത്ത് അധിക സൗജന്യ ഭക്ഷ്യധാന്യങ്ങൾ 5) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം (എൻഎഫ്എസ്എ): സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾക്കുള്ള നിയമപരമായ അവകാശം.

**റേഷൻ കാർഡ് വിതരണം**

ടിപിഡിഎസിന് കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡിക്ക് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്താനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ടിപിഡിഎസിന് കീഴിലുള്ള ന്യായവില കടകളിൽ നിന്ന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗിക രേഖകളായി പ്രയോജനപ്പെടുത്തുന്ന റേഷൻ കാർഡുകൾ അർഹരായ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നു.

ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ (എൻഎഫ്എസ്എ) വ്യവസ്ഥകൾ അനുസരിച്ച്, യോഗ്യരായ കുടുംബങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു:

അന്ത്യോദയ അന്ന യോജന (എഎവൈ) (മഞ്ഞ കാർഡ്): ഈ വിഭാഗത്തിൽ സമൂഹത്തിലെ ഏറ്റവും ദുർബലരായ ദരിദ്രരിൽ ഏറ്റവും പാവപ്പെട്ടവർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ടു രൂപകൽപ്പന ചെയ്തിരിക്കുന്നു.

മുൻഗണനാ കുടുംബങ്ങൾ (പിഎച്ച്എച്ച്) (പിങ്ക് കാർഡ്): ഈ ഗ്രൂപ്പിൽ അന്ത്യോദയ അന്ന യോജന വിഭാഗത്തിൽ പെടാത്ത മറ്റ് യോഗ്യരായ കുടുംബങ്ങൾ ഉൾപ്പെടുന്നു.

എൻഎഫ്എസ്എ നിർബന്ധിത വിഭാഗങ്ങൾക്ക് പുറമേ, സംസ്ഥാനം രണ്ട് തരം റേഷൻ കാർഡുകൾ അംഗീകരിച്ചിരിക്കുന്നു:

മുൻഗണനേതര സബ്സിഡി (എൻപിഎസ്) (നീല കാർഡ്): എൻഎഫ്എസ്എയുടെ പരിധിയിൽ വരാത്തതും എന്നാൽ ചില സബ്സിഡികൾക്ക് അർഹതയുള്ളതുമായ കുടുംബങ്ങൾ.

**പട്ടിക 3.8.1.** കേരളത്തിലെ കാർഡ് ഉടമകൾക്ക് അർഹതയുള്ള ഭക്ഷ്യധാന്യങ്ങൾ

| കാർഡ് തരം | കാർഡിന്റെ നിറം | സാധനങ്ങളുടെ അവകാശം | വിതരണം ചെയ്യുന്ന വില |
|---|---|---|---|
| എഎഐ | മഞ്ഞ | അരി – ഒരു കാർഡിന് 30 കിലോ | സൗജന്യം |
| | | ഗോതമ്പ് – ഒരു കാർഡിന് 2 കിലോ | |
| | | ആട്ട – ഒരു കാർഡിന് 3 കിലോ | പാക്കറ്റിന് 7.00 രൂപ |
| | | പഞ്ചസാര – ഒരു കാർഡിന് 1 കിലോ | കിലോയ്ക്ക് 27.00 രൂപ |
| പിഎച്ച്എച്ച് | പിങ്ക് | അരി – ഓരോ അംഗത്തിനും 4 കിലോ | സൗജന്യം |
| | | ഗോതമ്പ് – ഓരോ അംഗത്തിനും 1 കിലോ | സൗജന്യം |
| | | ആട്ട – പരമാവധി ഒരു കാർഡിന് 4 കിലോ (ഒറ്റ, ഇരട്ട, മൂന്നംഗങ്ങൾ ഉൾപ്പെടുന്ന കാർഡുകൾ ഒഴികെ; ഗോതമ്പ് അവകാശത്തിൽ നിന്ന് തുല്യ അളവ് കുറച്ച്) | പാക്കറ്റിന് 9.00 രൂപ |
| എൻപിഎസ് | നീല | അരി – ഓരോ അംഗത്തിനും 2 കിലോ | കിലോയ്ക്ക് 4.00 രൂപ |
| | | പ്രത്യേക അരി – ഒരു കാർഡിന് 5 കിലോ | കിലോയ്ക്ക് 10.90 രൂപ |
| എൻപിഎൻഎസ് | വെളുപ്പ് | അരി – ഒരു കാർഡിന് 10 കിലോ | കിലോയ്ക്ക് 10.90 രൂപ |
| എൻപിഐ | തവിട്ട് | അരി – ഒരു കാർഡിന് 2 കിലോ | കിലോയ്ക്ക് 10.90 രൂപ |

**ഉറവിടം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻപിഎൻ എസ്) (വെള്ള കാർഡ്): എൻഎഫ്എസ്എ പ്രകാരം അർഹതയില്ലാത്തതോ സബ്സിഡികൾക്ക് അർഹതയില്ലാത്തതോ ആയ കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നു.

മുൻഗണനയില്ലാത്ത സ്ഥാപനങ്ങൾ (എൻ പി ഐ) (ബ്രൗൺ കാർഡ്): ഈ ഗ്രൂപ്പിൽ അഗതിമന്ദിരങ്ങൾക്ക് കിലോഗ്രാമിന് 10.90 രൂപ നിരക്കിൽ 2 കിലോ അരി ലഭിക്കാൻ അർഹതയുണ്ട്.

2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് ആകെ 94,92,479 നിയമാനുസൃതമായ റേഷൻ കാർഡുകളുണ്ട്.

മാർക്ക് അധിഷ്ഠിത സംവിധാനം അവതരിപ്പിച്ചുകൊണ്ട് യോഗ്യരായ കുടുംബങ്ങളെ തിരിച്ചറിയാൻ കേരള സർക്കാർ പ്രൊഫഷണൽ നടപടികൾ സ്വീകരിച്ചു, അത് വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടു. 2025 മാർച്ച് വരെ സംസ്ഥാനത്ത് 5.92 ലക്ഷം എഎവൈ കാർഡ് ഗുണഭോക്താക്കളുമുണ്ട്. അവർക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും 1 കിലോ പഞ്ചസാരയും ഒരു കുടുംബത്തിന് അർഹതയുണ്ട്. മുമ്പ്, കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങൾ ഒരു കിലോ അരി 3 രൂപയ്ക്കും ഗോതമ്പ് 2 രൂപയ്ക്കും സബ്സിഡി നിരക്കിൽ സംസ്ഥാനത്തിന് നൽകിയിരുന്നു. സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യങ്ങൾക്ക് കൂടുതൽ സബ്സിഡി നൽകി ഗുണഭോക്താക്കൾക്ക് അവ സൗജന്യമായി ലഭ്യമാക്കുന്നു. 2023 മുതൽ, എഎവൈ കാർഡ് ഉടമകൾക്ക് ഇന്ത്യാ ഗവൺമെന്റ് സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.

മുൻഗണനാ കുടുംബങ്ങളായി കണക്കാക്കിയിട്ടുള്ളവരും എന്നാൽ എഎവൈയുടെ പരിധിയിൽ വരാത്തതുമായ കുടുംബങ്ങൾക്ക് പിഎച്ച്എച്ച് കാർഡു-കൾ അനുവദിക്കുന്നു. സംസ്ഥാനത്ത് 36.31 ലക്ഷം പിഎച്ച്എച്ച്കാർഡുകളുണ്ട്. ഓരോപിഎച്ച്എച്ച് കാർഡ് ഉടമകൾക്ക് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുണ്ട്.

മുൻഗണനേതര കാർഡുടമകൾക്ക് (എൻപിഎസ്, എൻപിഎൻഎസ്) ഒരു കിലോ അരി 8.30 രൂപ നിരക്കിലാണ് സർക്കാർ വിതരണം ചെയ്യുന്നത്. എന്നാൽ എൻപിഎസ് കാർഡ് ഉടമകൾക്ക് കേരള സർക്കാർ ഒരു കിലോ അരി 4 രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. കേരളത്തിലെ കാർഡ് ഉടമകൾക്ക് അർഹതയുള്ള ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ **പട്ടിക 3.8.1** ൽ നൽകിയിരിക്കുന്നു

**അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ കാർഡ് വിതരണം:** സംസ്ഥാനത്തിന്റെ ദാരിദ്ര്യ നിർമാർജന നടപടികൾക്ക് അനുസൃതമായി, തദ്ദേശ സ്വയംഭരണ വകുപ്പ് അതിദരിദ്രരായി കണ്ടെത്തിയ കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്തു. കണ്ടെത്തിയ 7316 കുടുംബങ്ങളിൽ 5132 പേർക്ക് പുതിയ റേഷൻ കാർഡ് നൽകി, അതിൽ 3940 എണ്ണം അന്ത്യോദയ അന്ന യോജന (എഎവൈ വിഭാഗം) വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാല് കാർഡുകൾക്ക് പുറമേ, അഗതിമന്ദിരങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്കായി വകുപ്പ് മുൻഗണനയില്ലാത്ത (എൻപിഐ) കാർഡുകളും നൽകുന്നു, 2025 മാർച്ച് 31 വരെ ക്ഷേമ സ്ഥാപനങ്ങൾക്ക് 28864 എൻപിഐ കാർഡുകൾ വിതരണം ചെയ്തു. 2024-25ൽ ട്രാൻസ്ജെൻഡറുകൾക്കും തെരുവിൽ താമസിക്കുന്നവർക്കുമായി യഥാക്രമം 11 ഉം 2430 ഉം പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. എഎവൈ, പിഎച്ച്എച്ച് കാർഡുകൾ ഉൾപ്പെടെ ആകെ മുൻഗണനാ കാർഡുകൾ സംസ്ഥാനത്തെ മൊത്തം കാർഡുകളുടെ 44.5 ശതമാനമാണ്. 2025 മാർച്ച് വരെയുള്ള കേരളത്തിലെ കാർഡ് ഉടമകളുടെ തരം തിരിച്ചുള്ള എണ്ണവും വിഹിതവും **പട്ടിക 3.8.2**-ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 3.8.2** 2025 മാർച്ച് വരെ കേരളത്തിലെ കാറ്റഗറി തിരിച്ചുള്ള കാർഡ് ഉടമകൾ

| ക്രമ.നം | വിഭാഗം/ഇനം | കാർഡ് ഉടമകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | അന്നപൂർണ്ണ | 44 | 0.0005 |
| 2 | അന്ത്യോദയ അന്ന യോജന (എഎവൈ) | 592233 | 6.24 |
| 3 | മുൻഗണന (പിഎച്ച്എച്ച്) | 3631769 | 38.26 |
| 4 | മുൻഗണനേതര (എൻപിഎസ്) | 2230867 | 23.50 |
| 5 | എൻപിഎൻഎസ് | 3008702 | 31.70 |
| 6 | എൻപിഐ | 28864 | 0.30 |
| **ആകെ** | | **9492479** | **100.00** |

**ഉറവിടം :** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

**പൊതുവിതരണ സമ്പ്രദായത്തിലൂടെയുള്ള സാധനങ്ങളുടെ വിതരണം**

ധാന്യങ്ങളും മറ്റ് സാധനങ്ങളും ന്യായവില കടകൾ വഴിയാണ് വിതരണം ചെയ്യുന്നത്. ടാർഗെറ്റഡ് പൊതുവിതരണ സമ്പ്രദായത്തിന് കീഴിലുള്ള റേഷൻ കാർഡ് ഉടമകൾക്ക്, 1955 ലെ അവശ്യസാധന നിയമപ്രകാരം പുറപ്പെടുവിച്ച ഉത്തരവിലൂടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യാൻ ലൈസൻസുള്ള കടകളാണ് ന്യായവില കടകൾ (എഫ് പി എസ്. എസ്). 2025 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 13858 ന്യായവില കടകളുണ്ട്. 2024-25 ൽ സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം വഴിയുള്ള ആകെ ഭക്ഷ്യധാന്യ വിതരണം 13,69,148 മെട്രിക് ടൺ ആണ്, ഇതിൽ എഎവൈ കാർഡ് ഉടമകൾക്ക് 241204.58 മെട്രിക് ടൺ ധാന്യങ്ങളും, പിഎച്ച്എച്ച് കാർഡ് ഉടമകൾക്ക് 752918.04 മെട്രിക് ടൺ ധാന്യങ്ങളും, മുൻഗണനേതര കാർഡ് ഉടമകൾക്ക് 37025.376 മെട്രിക് ടൺ ധാന്യങ്ങളും വിതരണം ചെയ്തതിൽ ഉൾപ്പെടുന്നു. 2024-25 ൽ മുൻഗണനേതര കാർഡ് ഉടമകൾക്ക് സബ്സിഡിയായി 11140.48 ലക്ഷം രൂപ ചെലവഴിച്ചു. ഭക്ഷ്യധാന്യ വിതരണത്തിനായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി തുകയും കാറ്റഗറി തിരിച്ചുള്ള കാർഡുടമകളുടെ വിവരങ്ങൾ **പട്ടിക 3.8.3**-ലും കൂടുതൽ വിവരങ്ങൾ **അനുബന്ധം 3.8.1**-ലും നൽകിയിരിക്കുന്നു.

മതിയായ ഉപജീവനമാർഗമില്ലാത്ത 65 വയസ്സിനു മുകളിൽ പ്രായമുള്ള നിരാലംബരായ വ്യക്തികൾക്ക് അന്നപൂർണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10 കിലോ ഭക്ഷ്യധാന്യം സൗജന്യമായി നൽകുന്നു. അന്നപൂർണ പദ്ധതിയിൽ ഉൾപ്പെടുന്ന 44 കാർഡ് ഉടമകളുണ്ട്.

അന്ത്യോദയ അന്ന യോജന (എഎവൈ) സ്കീമിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായം വഴി സബ്സിഡി നിരക്കിൽ പഞ്ചസാരയും സബ്സിഡിയില്ലാത്ത നിരക്കിൽ മണ്ണെണ്ണയും ലഭിക്കാൻ അർഹതയുണ്ട്. ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായി വരുന്ന അധിക ചെലവും നടപ്പാക്കാനുള്ള ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നു.

2006 മുതൽ ധാന്യങ്ങളുടെ വിതരണത്തിന് പുറമേ, നിശ്ചിത അളവിലുള്ള ഗോതമ്പ് ആട്ടയാക്കി മാറ്റി ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള (എപിഎൽ) കാർഡുടമകൾക്ക് ന്യായ വില കടകൾ വഴി വിതരണം ചെയ്യാൻ ഇന്ത്യാ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. 2020-ൽ എഎവൈ, പിഎച്ച്എച്ച് കാർഡുകളിലേക്കുമായി അത് വ്യാപിപ്പിച്ചു. 2015-16 മുതൽ 2024 ഓഗസ്റ്റ് വരെ പൊതുവിതരണ സംവിധാനത്തിലൂടെ സംസ്ഥാനത്ത് വിതരണം ചെയ്ത അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ വിവരങ്ങൾ **അനുബന്ധം 3.8.2**-ൽ നൽകിയിരിക്കുന്നു.

ഭക്ഷ്യധാന്യങ്ങളുടെ വിഹിതം ഏറ്റവും കൂടുതൽ തിരുവനന്തപുരത്തും ഏറ്റവും കുറവ് പത്തനംതിട്ടയിലുമാണ്. എഫ്പിഎസിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന ശരാശരി ഓഫ് ടേക്ക് 100.23 ശതമാനമാണ്, ഇത് ജില്ലകളിലായി 95 മുതൽ 104 ശതമാനം വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഓപ്പണിംഗ് ബാലൻസുകളിൽ ഓഫ്-ടേക്ക് കണക്കുകൾ ഉൾപ്പെടെ കണക്കാക്കിയിരിക്കുന്നു. എഎവൈ പദ്ധതിക്ക് കീഴിലുള്ള ഭക്ഷ്യധാന്യങ്ങളുടെ ജില്ല തിരിച്ചുള്ള വിതരണം **അനുബന്ധം 3.8.3, അനുബന്ധം 3.8.4** എന്നിവയിൽ നൽകിയിരിക്കുന്നു. കേരളത്തിലെ പൊതു വിതരണ സംവിധാനത്തിന് കീഴിൽ മുൻഗണന കാർഡ് ഉടമകൾക്കിടയിൽ ജില്ല തിരിച്ചുള്ള ഭക്ഷ്യധാന്യ വിതരണം **അനുബന്ധം 3.8.5, അനുബന്ധം 3.8.6** എന്നിവയിൽ നൽകിയിരിക്കുന്നു.

2024-ൽ കേരള സർക്കാർ എഎവൈ കാർഡ് ഉടമകൾക്ക് ന്യായവില കടകൾ വഴി ഓണം ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. 2024-25-ൽ വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശത്ത് 1207 ഓണം ഭക്ഷ്യ കിറ്റുകളും 1260 കുടുംബങ്ങൾക്ക് സൗജന്യ റേഷനും വിതരണം ചെയ്തു.

2025-ൽ എഎവൈ കാർഡ് ഉടമകൾക്കിടയിൽ ജില്ല തിരിച്ചുള്ള ഓണം ഭക്ഷ്യ കിറ്റുകളുടെ വിതരണം **ചിത്രം 3.8.1**-ൽ കാണിച്ചിരിക്കുന്നു. പയറുവർഗങ്ങൾ, തേയില, കറിപ്പൊടികൾ, ഉപ്പ്, കശുവണ്ടിപ്പരിപ്പ്, നെയ്യ്, സേമിയ പായസം മിശ്രിതം, ഭക്ഷ്യ എണ്ണ എന്നിവയുൾപ്പെടെ 13 അവശ്യവസ്തുക്കൾ അടങ്ങിയ ഓണം ഭക്ഷ്യ കിറ്റുകൾ എ.എ.വൈ കാർഡ് ഉടമകൾക്ക് വിതരണം ചെയ്തു.

**പട്ടിക 3.8.3.** വിവിധ വിഭാഗത്തിലുള്ള കാർഡ് ഉടമകൾക്കായി കേരള സർക്കാർ ചെലവഴിച്ച സബ്സിഡി, രൂപ ലക്ഷത്തിൽ

| ക്രമ. നം | വിഭാഗം | ധാന്യങ്ങളുടെ വിതരണം മെട്രിക് ടണ്ണിൽ | | കേരള സർക്കാർ ചെലവഴിച്ച സബ്സിഡി തുക (രൂപ ലക്ഷത്തിൽ) | |
|---|---|---|---|---|---|
| | | 2023-24 | 2024-25 | 2023-24 | 2024-25 |
| 1 | അന്ത്യോദയ അന്നയോജന (എഎവൈ) | 219770.02 | 241204.58 | - | - |
| 2 | മുൻഗണന (പിഎച്ച്എച്ച്) | 723107.92 | 752918.04 | - | - |
| 3 | മുൻഗണനേതര (എൻപി) | 399530.4 | 375025.37 | 9846.05 | 11140.48 |
| | **ആകെ** | **1342408.34** | **1369147.99** | **9846.05** | **11140.48** |

**ഉറവിടം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

2025-ൽ ജില്ല തിരിച്ചുള്ള ഓണം ഭക്ഷ്യ കിറ്റുകളുടെ വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.8.7**-ൽ നൽകിയിരിക്കുന്നു.

### വില സ്ഥിരതയും ചില്ലറ വിപണിയിലെ സംസ്ഥാന ഇടപെടലും

സപ്ലൈകോ എന്നറിയപ്പെടുന്ന കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവശ്യവസ്തുക്കളുടെ വില സ്ഥിരപ്പെടുത്തുന്നതിൽ ഫലപ്രദമായി ഇടപെടുന്നു. പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, അരി, ആട്ട, പഞ്ചസാര എന്നിവയുൾപ്പെടെ 13 അവശ്യവസ്തുക്കൾ സപ്ലൈകോ 30 ശതമാനം കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നു. പൊതുവിപണിയെ അപേക്ഷിച്ച് ശരാശരി 20 ശതമാനം കുറഞ്ഞ വിലയ്ക്ക് 6,000-ലധികം ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് ഇനങ്ങളുടെ ചില്ലറ വിൽപ്പനയിലും സപ്ലൈകോ ഏർപ്പെട്ടിരിക്കുന്നു. സപ്ലൈകോയുടെ ഉൽപ്പന്നങ്ങളായ കറിപ്പൊടി, വെളിച്ചെണ്ണ, തേയില, കാപ്പിപ്പൊടി എന്നിവ ചില്ലറ വിപണിയിൽ "ശബരി" എന്ന ബ്രാൻഡിൽ വില്ക്കുന്നു. 87 മെഡിക്കൽ സ്റ്റോറുകൾ വഴിയും 5 ഹോൾ സെയിൽ ഡിവിഷനുകൾ വഴിയും ശരാശരി 15 ശതമാനം കിഴിവിൽ മരുന്നുകൾ ചില്ലറ വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ, ഉത്സവ സീസണുകളിലെ ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സപ്ലൈകോ പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു. 13 പെട്രോൾ ബങ്കുകൾ, 3 എൽപിജി ഔട്ട് ലെറ്റുകൾ, 1 മണ്ണെണ്ണ മൊത്ത വിൽപ്പന ഡിപ്പോ എന്നിവയിലൂടെ മണ്ണെണ്ണ, പെട്രോൾ, ഡീസൽ, എൽപിജി തുടങ്ങിയ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഡീലറായി സപ്ലൈകോ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോയ്ക്ക് 793 മാവേലി സ്റ്റോറുകളും, 549 സൂപ്പർമാർക്കറ്റുകളും, 87 മെഡിക്കൽ സ്റ്റോറുകളുമുണ്ട്.

2025-ലെ ഓണക്കാലത്ത്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) സമീപ വർഷങ്ങളിലെ ഏറ്റവും സ്വാധീനം ചെലുത്തിയ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ

**ചിത്രം 3.8.1** 2025-ൽ എഎവൈ ഗുണഭോക്താക്കൾക്കുള്ള ഓണം ഭക്ഷ്യ കിറ്റുകളുടെ ജില്ല തിരിച്ചുള്ള വിതരണം, എണ്ണത്തിൽ




**ഉറവിടം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

നടത്തി. പൊതു വിപണിയിൽ അവശ്യവസ്തുക്കളുടെ, പ്രത്യേകിച്ച് വെളിച്ചെണ്ണയുടെ, കുത്തനെ ക്ഷാമവും വിലക്കയറ്റവും നേരിട്ടപ്പോൾ, ലിറ്ററിന് 500 രൂപ കടന്നപ്പോൾ സപ്ലൈകോ , സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ വിതരണം ചെയ്തുകൊണ്ട് വിപണിയിൽ ഫലപ്രദമായി ഇടപെട്ടു, ഇത് ലിറ്ററിന് 329 രൂപ മുതൽ 457 രൂപ വരെ വില കുറയുവാൻ ഇടയാക്കി. ഓണക്കാലത്ത് ഓണം ഗിഫ്റ്റ് കിറ്റും ഗിഫ്റ്റ് കാർഡും ആരംഭിച്ചു. സപ്ലൈകോയുടെ പ്രവർത്തനക്ഷമമായ ഔട്ട്‌ലെറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.8.8**-ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ വിജയപാതകൾ**

**പ്രോസ്സസ് അപ്ഗ്രേഡേഷനും സേവന വിതരണം മെച്ചപ്പെടുത്തലും**

ഏകീകൃത മാതൃകയിൽ റേഷൻ കടകളുടെ നവീകരണവും ഓട്ടോമേഷനും ഇ-റേഷൻ കാർഡ് പദ്ധതി നടപ്പാക്കലും എടിഎം വലുപ്പത്തിലുള്ള റേഷൻ കാർഡുകളുടെ വിതരണവും ഉൾപ്പെടെ പൊതുവിതരണ സമ്പ്രദായത്തിന്റെ സേവന വിതരണം നവീകരിക്കുന്നതിലും ഡിജിറ്റലൈസ് ചെയ്യുന്നതിലും സംസ്ഥാന സർക്കാർ വിജയിച്ചു. എവിടെനിന്നും എളുപ്പത്തിൽ റേഷൻ ലഭ്യമാക്കുന്നതിനായി ഒരു രാജ്യം ഒരു റേഷൻ കാർഡ് വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ന്യായവില കടകളിലുമായി 14,335 ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയും ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ അളവിലുള്ള വിതരണം ഉറപ്പാക്കാൻ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ മാസവും ഓരോ കാർഡിനും ലഭിക്കേണ്ട റേഷൻ സംബന്ധിച്ച് ഉപഭോക്താക്കൾക്ക് എസ്എംഎസ് വഴി അറിയിപ്പ് നൽകുന്നതാണ്.

**സഞ്ചരിക്കുന്ന റേഷൻ കട/എപ്പോൾ വേണമെങ്കിലും എവിടെയും റേഷൻ കട:**

ഒറ്റപ്പെട്ട പട്ടികവർഗ്ഗ മേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ വീടുകളിൽ നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള പദ്ധതിയാണ് മൊബൈൽ റേഷൻ ഷോപ്പ്. അതിനാൽ, ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗക്കാർക്ക് ദുർഘടമായ റോഡുകളിലൂടെ കിലോമീറ്ററുകളോളം യാത്ര ചെയ്ത് റേഷൻ കടകളിൽ എത്തി റേഷൻ വാങ്ങാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനും അവർക്ക് അർഹമായ റേഷൻ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും അതുവഴി ചൂഷണത്തിൽ നിന്നും ഇടനിലക്കാരിൽ നിന്നും അവരെ സംരക്ഷിക്കാനും കഴിയും. 2025 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ 10 ജില്ലകളിലെ 21 താലൂക്കുകളിൽ "മൊബൈൽ റേഷൻ ഷോപ്പുകൾ" പ്രവർത്തിക്കുന്നു, കൂടാതെ 64 മൊബൈൽ റേഷൻ ഔട്ട്‌ലെറ്റുകൾ വഴി 142 പട്ടികവർഗ്ഗ മേഖലയിലെ വാസസ്ഥലങ്ങളിൽ സേവനം നൽകുന്നു.

**എഫ് പി എസ് മൊബൈൽ ആപ്ലിക്കേഷൻ:** രാജ്യത്ത് ആദ്യമായി എഫ് പി എസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാനത്ത് ആരംഭിച്ചു, ഇത് എല്ലാ പരിശോധനകളും വേഗത്തിലും സുതാര്യമായും നടത്തുവാൻ സഹായകമായി. ഓരോ കടയിലെയും പരിശോധനാ വിവരങ്ങൾ തത്സമയം മേലുദ്യോഗസ്ഥർക്ക് ഈ ആപ്ലിക്കേഷനിലൂടെ ലഭിക്കും. ഇതിലൂടെ നിയമവിരുദ്ധമായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുകയോ പൂഴ്ത്തിവെക്കുകയോ വിപണിയിൽ വിൽക്കുകയോ ചെയ്യുന്നവർക്കെതിരെ ഉന്നത ഉദ്യോഗസ്ഥർക്ക് അടിയന്തര നടപടി സ്വീകരിക്കാനാകും.

**ദേശീയ ഭക്ഷ്യഭദ്രത നിയമം (എൻഎഫ്എസ്എ) നടപ്പിലാക്കുന്നതിലെ നാഴികക്കല്ലുകൾ**

2013 ലെ എൻഎഫ്എസ്എ നിയമം അനുസരിച്ച്, 75 ശതമാനം ഗ്രാമീണർക്കും 50 ശതമാനം നഗരവാസികൾക്കും സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുണ്ട്. എന്നാൽ കേരളത്തിലെ കവറേജ് ഗ്രാമപ്രദേശങ്ങളിൽ 52.6 ശതമാനമായും നഗരപ്രദേശങ്ങളിൽ 39.5 ശതമാനമായും പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ (NFSA) പരിധിക്ക് പുറത്തുള്ള കുടുംബങ്ങൾക്ക് പോലും റേഷൻ വിതരണത്തിന് കേരള സർക്കാർ സാർവത്രിക കവറേജ് നൽകിയിട്ടുണ്ട്. 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനിക്കുകയും ആയതനുസരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന വസ്തുക്കളുടെ വാതിൽപടി സേവനം ചെയ്യാനുള്ള ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ (സപ്ലൈകോ) ഏൽപ്പിച്ചിരിക്കുന്നു. എൻഎഫ്എസ്എ അനുസരിച്ച്, അർഹരായ കുടുംബങ്ങളെ തിരിച്ചറിയാൻ കേരള സർക്കാർ നടപടികൾ സ്വീകരിച്ചു. എൻഎഫ്എസ്എ-ൽ നിർബന്ധമാക്കിയതുപോലെ, യഥാക്രമം ബിപിഎൽ,എപിഎൽ കാർഡുകൾക്ക് പകരം "മുൻഗണനാ", "മുൻഗണനേതര" റേഷൻ കാർഡുകൾ നിലവിൽ വന്നു. സംസ്ഥാനതലത്തിലുള്ള ഗുണഭോക്താക്കളുടെ റാങ്കിംഗും നടത്തി.

വിദൂര പട്ടിക വർഗ ഊരുകളിലും പ്രകൃതിദുരന്ത സ്ഥലങ്ങളുടെയും വാതിൽപ്പടിയിൽ റേഷൻ എത്തിക്കുന്നു. റേഷൻ ആവശ്യത്തിനായി വീട്ടിലെ ഏറ്റവും മുതിർന്ന സ്ത്രീകളെയാണ് കുടുംബനാഥയായി പരിഗണിക്കുന്നത്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6-14 വയസ്സുള്ള കുട്ടികൾ എന്നിവർക്ക് പ്രത്യേക പോഷകസഹായം ലഭിക്കാൻ അർഹതയുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തും സംസ്ഥാന ഭക്ഷ്യ കമ്മീഷനിലും കാര്യക്ഷമമായ ഒരു പരാതി പരിഹാര സംവിധാനം നിലവിലുണ്ട്. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, പരാതി പരിഹാര പോർട്ടൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുതൽ അംഗീകൃത റേഷൻ ഡീലർമാരുടെ തലം വരെ സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ജിപിഎസ് ട്രാക്കിംഗ്, കാര്യക്ഷമവും സുതാര്യവുമായ സേവന വിതരണം ഉറപ്പാക്കുന്നതിനായി സിസിടിവി സ്ഥാപിക്കൽ, ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും കണക്റ്റിവിറ്റിയും, ന്യായവില കടകളുടെ സോഷ്യൽ ഓഡിറ്റിംഗ്, അറിയിപ്പുകൾ, വിദ്യാഭ്യാസവും ആശയവിനിമയ പ്രവർത്തനങ്ങളും, ഇടനില ഗോഡൗണുകളുടെ സജ്ജീകരണം എന്നിവയിലൂടെ ദേശീയ ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കി. മറ്റ്

സർക്കാർ വകുപ്പുകൾക്കൊപ്പം, സിവിൽ സപ്ലൈസ് വകുപ്പും ഇ-ഓഫീസ് ഫയൽ സംവിധാനത്തിലേക്ക് മാറി, ഇത് ഫയൽ നീക്കം വേഗത്തിലാക്കുകയും കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ സഹായകമാകുകയും ചെയ്യുന്നു. എൻഎഫ്എസ്എ നിയമം 2013 പൊതുവിതരണ ശൃംഖലയുടെ അന്തിമ പൊതു ജന സമ്പർക്ക ക്രേന്ദമായി ന്യായവില കടകളെ വിഭാവനം ചെയ്യുന്നു. മുഴുവൻ സംവിധാനത്തിന്റെ സുതാര്യതയും സാമൂഹിക നേട്ടവും അവരുടെ സേവനത്തിന്റെ ഗുണനിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, പ്രത്യേകിച്ച് വനിതകളും വനിതാ കൂട്ടായ്മകളും നടത്തുന്ന സ്വാശ്രയ സംഘങ്ങളും സഹകരണ സംഘങ്ങളും ഉൾപ്പെടെ പൊതു സ്ഥാപനങ്ങൾക്കോ പഞ്ചായത്തുകൾ പോലുള്ള പൊതു സ്ഥാപനങ്ങൾക്കോ മുൻഗണന നൽകിക്കൊണ്ട് പൊതുവിതരണ സമ്പ്രദായത്തിലെ ന്യായ വില കടകൾ തുറക്കുന്നതിൽ ദൂരവ്യാപകമായ പുരോഗമന പരിഷ്കാരങ്ങൾക്കായി ഈ നിയമം വാദിക്കുന്നു.

**വിശപ്പ് രഹിത കേരളം പദ്ധതി:** സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ രണ്ടാമത്തെ ലക്ഷ്യമായ 'വിശപ്പ് രഹിതം' എന്ന ലക്ഷ്യം കൈവരിക്കാൻ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരംഭിച്ച പദ്ധതിയാണ് വിശപ്പ് രഹിത കേരളം. നമ്മുടെ സംസ്ഥാനത്തെ പട്ടിണി ഇല്ലാതാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി, 30 രൂപയ്ക്ക് മിതമായ നിരക്കിൽ ഭക്ഷണം നൽകുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ഹോട്ടലുകളിൽ മറ്റ് ഭക്ഷണ സാധനങ്ങളും സബ്സിഡി നിരക്കിൽ വിൽക്കുന്നു. ഈ പദ്ധതിയിലേക്ക് സബ്സിഡിയായി കേരള സർക്കാർ ഒരു ഹോട്ടലിന് കിലോഗ്രാമിന് 10.90 രൂപ നിരക്കിൽ പ്രതിമാസം 600 കിലോ അരി അനുവദിക്കുന്നു. സംസ്ഥാനത്ത് നിലവിൽ 47 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാൻ കേരള സർക്കാർ പദ്ധതിയിടുന്നു. പ്രതിമാസം 3.5 ലക്ഷത്തിലധികം ആളുകൾക്ക് സുഭിക്ഷ ഹോട്ടലുകളിൽ നിന്ന് പ്രയോജനം ലഭിക്കുന്നു.

**കെ-സ്റ്റോർ:** പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ന്യായവില കടകൾ വഴി കൂടുതൽ പൊതു യൂട്ടിലിറ്റി സേവനങ്ങൾ നൽകുന്നതിനുമായി, സർക്കാർ കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കി. 2023 മെയ് 14-നാണ് ഇത് ആരംഭിച്ചത്. 2025 ഓഗസ്റ്റ് വരെ സംസ്ഥാനത്ത് 2142 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സിഎസ്സി സേവനങ്ങൾ, സപ്ലൈ കോയുടെ ശബരി ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ 5 കിലോ ചോട്ടു ഗ്യാസ്, ചെറുകിട വ്യവസായ യൂണിറ്റുകൾ (എംഎസ്എംഇ) നിർമിച്ച ദൈനംദിന ഉപഭോഗ വസ്തുക്കൾ എന്നിങ്ങനെ വൈവിധ്യമാർന്ന സേവനങ്ങൾ എന്നിവ കെ - സ്റ്റോറുകളിൽ നിന്നും ലഭ്യമാണ്.

**പ്രോജക്റ്റ് ഒപ്പം:** ഓട്ടോറിക്ഷ ഡ്രൈവർമാരുടെ പ്രതിഫലം കൂടാതെയുള്ള സ്വമേധയാ ഉള്ള സഹായത്തോടെ, കിടപ്പുരോഗികളും വൃദ്ധരുമായ കുടുംബങ്ങളുടെ വീട്ടുപടിക്കൽ റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതിയാണ് പ്രോജക്ട് ഒപ്പം. എല്ലാ മാസവും പത്താം തീയതിക്ക് മുമ്പ് ഓട്ടോറിക്ഷാ ഡ്രൈവർമാർ റേഷൻ സാധനങ്ങൾ സൗജന്യമായി കിടപ്പുരോഗികളും വൃദ്ധരുമായ കുടുംബങ്ങളുടെ വീടുകളിൽ എത്തിക്കും. 2023 ഫെബ്രുവരി 13 ന് തൃശ്ശൂരിൽ ആരംഭിച്ച ഒപ്പം പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി. റേഷൻ കടകളിൽ പോകാൻ കഴിയാത്ത പ്രായമായവർക്കും, കിടപ്പിലായവർക്കും, നിരാലംബരായ കുടുംബങ്ങൾക്കും റേഷൻ സാധനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നത് ഉറപ്പാക്കുന്നതിനായി ഒപ്പം പദ്ധതി സംസ്ഥാന വ്യാപകമായി വിപുലീകരിച്ചു. നിലവിൽ, ഒപ്പം പദ്ധതി പ്രകാരം 682 ഗുണഭോക്താക്കൾക്ക് അവരുടെ വീടുകളിൽ റേഷൻ സാധനങ്ങൾ ലഭിക്കുന്നു. ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 3.8.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.8.4** ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 90 |
| 3 | പത്തനംതിട്ട | 4 |
| 4 | ആലപ്പുഴ | 7 |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 21 |
| 7 | എറണാകുളം | 16 |
| 8 | തൃശ്ശൂർ | 379 |
| 9 | പാലക്കാട് | 54 |
| 10 | മലപ്പുറം | 48 |
| 11 | കോഴിക്കോട് | 5 |
| 12 | വയനാട് | 14 |
| 13 | കണ്ണൂർ | 15 |
| 14 | കാസറകോട് | 16 |
| | **ആകെ** | **682** |

**ഉറവിടം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

**പരാതി പരിഹാര കമ്മീഷനുകൾ:** ഒരു സംസ്ഥാനതല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 14 ജില്ലാതല ഉപഭോക്തൃ പരിഹാര കമ്മീഷനും ഉപഭോക്തൃ പരാതികൾ വേഗത്തിലും കുറഞ്ഞ ചെലവിലും പരിഹരിക്കുന്നതിന് ഉപഭോക്തൃ സംരക്ഷണ നിയമം വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ സസൂക്ഷ്മം പ്രവർത്തിക്കുന്നു.

**സ്മാർട്ട് പിഡിഎസ്:** എല്ലാ സംസ്ഥാനങ്ങളിലും/കേന്ദ്രഭരണ പ്രദേശങ്ങളിലും പൊതുവിതരണ സംവിധാനത്തിൽ (PDS) പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ അവതരിപ്പിച്ച സാങ്കേതികവിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നിലനിർത്താൻ ലക്ഷ്യമിടുന്ന ഒരു പദ്ധതിയാണ് സ്മാർട്ട് പിഡിഎസ്. നിലവിലുള്ള IMPDS സംവിധാനം മെച്ചപ്പെടുത്തുകയും ഭാവിയിൽ പിഡിഎസിന്റെ പ്രവർത്തനത്തിൽ പുതിയ പരിഷ്കാരങ്ങൾ അവതരിപ്പിക്കുകയും ഒരു രാജ്യം ഒരു റേഷൻ കാർഡ് (ONORC) സംവിധാനത്തിന് കീഴിൽ ദേശീയ പോർട്ടബിലിറ്റി ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

സ്റ്റാർട്ട് പിഡിഎസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റും സംസ്ഥാന സർക്കാരും തമ്മിൽ 2024 മെയ് മാസത്തിൽ ഒരു ധാരണാപത്രം (എംഒയു) ഒപ്പുവച്ചു.

**തെളിമ പദ്ധതി:** റേഷൻ കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ആർസിഎംഎസ് മുഖേന ഡാറ്റ എൻട്രി നടത്തുമ്പോൾ സംഭവിച്ച തെറ്റുകൾ തിരുത്താൻ റേഷൻ കാർഡ് ഉടമകൾക്ക് അവസരം നൽകുന്നതിനായി എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ നടത്തി വരുന്ന പദ്ധതിയാണ് തെളിമ പദ്ധതി. അനധികൃതമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്ന ഉടമകളുടെ വിശദാംശങ്ങൾ, ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച എതിർപ്പുകൾ, ലൈസൻസികളുടെ/വിൽപ്പനക്കാരുടെ പെരുമാറ്റം, റേഷൻ ഡിപ്പോകളുടെ നടത്തിപ്പ് സംബന്ധിച്ച അഭിപ്രായങ്ങൾ നിർദ്ദേശങ്ങൾ എന്നിവ പരാതികളിൽ ഉൾപ്പെടുന്നു. ഒരു ഉപഭോക്താവെന്ന നിലയിൽ റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൊതുജനാഭിപ്രായവും സ്വീകരിക്കുന്നു. 2024–ൽ തെളിമ പദ്ധതി പ്രകാരം 1039 അപേക്ഷകൾ ലഭിച്ചു.

**ഓപ്പറേഷൻ യെല്ലോ:** പൊതുജനങ്ങളുടെ സഹായത്തോടെ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനുമുള്ള ഒരു യോഗ്യതാനിർണയ പരിപാടിയാണ് ഓപ്പറേഷൻ യെല്ലോ. ഭക്ഷ്യ ഭദ്രത നിയമം 2013 പ്രകാരം കേരളത്തിൽ മുൻഗണനാ കാർഡിന് അർഹതയുള്ളത് 1,54,80,040 പേർക്കാണ്. അർഹതയില്ലാത്ത ഗുണഭോക്താക്കളെ കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അവരുടെ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യാൻ സർക്കാർ ആവശ്യപ്പെടുകയും ആയത് ഉറപ്പു വരുത്തുകയും ചെയ്യുന്നു. ഓപ്പറേഷൻ യെല്ലോയുടെ ഭാഗമായി, അനർഹരായ മുൻഗണനാ കാർഡ് ഉടമകളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിന് വകുപ്പിന്റെ 24x7 മൊബൈൽ നമ്പറിലും (9188527301) ടോൾ ഫ്രീ നമ്പറിലും (1967) വിളിക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ഈ ഓഫീസിൽ നിന്ന് ബന്ധപ്പെട്ട ജില്ലാ/താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസർമാർക്ക് കൈമാറുന്നു. പരാതികൾ ലഭിച്ച് 48 മണിക്കൂറിനുള്ളിൽ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. താലൂക്ക് സപ്ലൈ ഓഫീസുകളിലും/ സിറ്റി റേഷനിംഗ് ഓഫീസുകളിലും പരാതികൾ നേരിട്ട് സ്വീകരിക്കുന്നു.

**സുജലം പദ്ധതി:** കേരള ജലവിഭവ വകുപ്പിന്റെ കെഐഐഡിസിയുടെ ഒരു ഉൽപ്പന്നമാണ് ഹില്ലിഅക്വ കുടിവെള്ളം. 500 മില്ലി ലിറ്റർ, ഒരു ലിറ്റർ, 20 ലിറ്റർ എന്നിങ്ങനെ ഹില്ലി അക്വാ കുടിവെള്ള കുപ്പികൾ ലഭ്യമാണ്. ന്യായവില കടകൾ വഴിയുള്ള ഹില്ലി അക്വ കുടിവെള്ളം വിതരണം സുജലം പദ്ധതി എന്നാണ് അറിയപ്പെടുന്നത്. 10 രൂപയാണ് ഒരു ലിറ്റർ കുപ്പിവെള്ളത്തിന്റെ വില. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ഒഴികെയുള്ള ജില്ലകളിലേക്കും സുജലം പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2025 ൽ സുജലം പദ്ധതിയിലൂടെ 1,10,05,180 രൂപയുടെ വിൽപ്പന വരുമാനം ലഭിച്ചു. സുജലം പദ്ധതിയിൽ നിന്നുള്ള വിൽപ്പന വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 3.8.5**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.8.5** 2025–ൽ സുജലം പദ്ധതിയിൽ നിന്നുള്ള വിൽപ്പന വരുമാനം (രൂപ).

| ക്രമ നമ്പർ | ജില്ല | വിൽപ്പന വരുമാനം |
|---|---|---|
| 1 | തിരുവനന്തപുരം | 6267372 |
| 2 | കൊല്ലം | 288780 |
| 3 | പത്തനംതിട്ട | 291899 |
| 4 | ആലപ്പുഴ | 182764 |
| 5 | കോട്ടയം | 490319 |
| 6 | ഇടുക്കി | 2113810 |
| 7 | എറണാകുളം | 1060884 |
| 8 | തൃശ്ശൂർ | 148112 |
| 9 | പാലക്കാട് | 126240 |
| 10 | മലപ്പുറം | 35000 |
| | **ആകെ** | **11005180** |

**അവലംബം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

**പി എം പോഷൻ (ഉച്ചഭക്ഷണ പരിപാടി):** കേന്ദ്രസർക്കാർ ഉച്ചഭക്ഷണ പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പ് 1984–ൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. 1995–ൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി ഇന്ത്യാ ഗവൺമെന്റ് ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചതു മുതൽ കേന്ദ്ര –സംസ്ഥാന–സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനുള്ള ചുമതല സപ്ലൈകോ ആണ് നിർവഹിക്കുന്നത്. 2023–24 ൽ 10.35 ലക്ഷം വിദ്യാർഥികൾക്ക് 7.04 ലക്ഷം ക്വിൻറൽ അരി വിതരണം ചെയ്യതിൽ നിന്ന് 2024–25 ൽ എഫ്സിഐ 25.72 ലക്ഷം ക്വിൻറൽ അരി വിതരണം ചെയ്യുകയും അതുമൂലം 10.81 ലക്ഷം വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു.

2025–26 ൽ (2025 ഓഗസ്റ്റ് വരെ) 12,327 സ്കൂളുകളിലേക്ക് 22.17 ലക്ഷം ക്വിൻറൽ അരി വിതരണം ചെയ്തു. 2016–17 മുതൽ 2025–26 വരെ (31.8.2025 വരെ) ഉച്ചഭക്ഷണ പരിപാടിക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.8.9**–ൽ നൽകിയിരിക്കുന്നു. വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെയും ഉച്ചഭക്ഷണ പരിപാടിയിൽ നിന്ന് പ്രയോജനം നേടിയ വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ **ചിത്രം 3.8.2**–ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**ചിത്രം 3.8.2** ഉച്ചഭക്ഷണ പരിപാടി 2016-17 മുതൽ 2025-26 വരെ




**അവലംബം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

**സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള:** 2022 ൽ കേരള സർക്കാർ സെൻറർ ഫോർ പ്രൈസ് റിസർച്ച് കേരള സ്ഥാപിച്ചു. കേരള സംസ്ഥാനത്തിലെ 13 അവശ്യസാധനങ്ങളുടെ ഉൽപ്പാദന സ്രോതസ്സിലുള്ളതും വിലയിലുള്ളതുമായ ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കുകയാണ് സെന്ററിന്റെ പ്രധാന ലക്ഷ്യം. സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവ: അവശ്യവസ്തുക്കളുടെ വില നിരീക്ഷിക്കൽ പ്രവർത്തനത്തെ സംസ്ഥാന തലത്തിൽ ഫലപ്രദമായ രീതിയിൽ മേൽനോട്ടം വഹിക്കുക,വില നിയന്ത്രിക്കുന്നതിനുള്ള നയങ്ങൾ രൂപീകരിക്കുന്നതിലും വില നിയന്ത്രിക്കുന്നതിനും സർക്കാരിനെ സഹായിക്കുക, വിപണി വില നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളും നടപടികളും സ്ഥാപിക്കുന്നതിന് സർക്കാരിനും ബന്ധപ്പെട്ട ഏജൻസികൾക്കും ശുപാർശകൾ നൽകുകയും അതുവഴി ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.

2023 ജനുവരി മുതൽ സംസ്ഥാനത്തെ 70 ലധികം വിപണികളിലായി 15 അവശ്യസാധനങ്ങളുടെ മൊത്ത, ചില്ലറ വിലകൾ അടിസ്ഥാനമാക്കി പ്രതിവാര വില വിശകലന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ഈ വിലകൾ വിപണിയിൽ നിന്ന് ശേഖരിക്കുകയും അവ സെന്റർ വിശകലനം ചെയ്യുകയും ചെയ്യുന്നു. വില വ്യതിയാന വിശകലനം, സാധനങ്ങളുടെ ആഴ്ചതോറുമുള്ള പ്രവചനങ്ങൾ, വില പ്രവണതകളുടെ താരതമ്യ വിശകലനം എന്നിവ റിപ്പോർട്ടിൽ ഉൾപ്പെടുന്നു.

**വില നിരീക്ഷണ സെൽ:** അവശ്യസാധനങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കാൻ കേന്ദ്രസർക്കാർ പ്രൈസ് മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുണ്ട്. 2017 ൽ സിവിൽ സപ്ലൈസ് വകുപ്പാണ് ഇത് സ്ഥാപിച്ചത്. ഇരുപത്തിരണ്ട് അവശ്യസാധനങ്ങളുടെ ചില്ലറ, മൊത്തവ്യാപാര വിലകൾ, നിലവിലെ വില, ഭാവിയിലെ വില, എന്നിവ ദിവസ അടിസ്ഥാനത്തിൽ നിരീക്ഷിക്കുക എന്നതാണ് സെല്ലിന്റെ പ്രവർത്തനം.

**ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ (സിഎഫ്ആർഡി):** കേരള ഭക്ഷ്യവിഭവങ്ങളുടെ തനിമ ഉയർത്തിപ്പിടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കുന്നതിന് ഈ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2005-ൽ കോന്നി ആസ്ഥാനമാക്കി കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് (സിഎഫ്ആർഡി) രൂപീകരിച്ചത്. ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറി (എഫ് ക്യൂ എംഎൽ), ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെൻറർ (എഫ് പി ടിസി), കോളേജ് ഓഫ് ഇൻഡിജീനിയസ് ഫുഡ് ടെക്നോളജി (സിഎഫ് ടി -കെ) എന്നിവ സ്ഥാപിക്കുകയും ഫുഡ് ബിസിനസ് മാനേജ്മെൻറ് സ്കൂളിന് പഴങ്ങളും പച്ചക്കറികളും സൂക്ഷിക്കുന്നതിനായി കോൾഡ് സ്റ്റോറേജ് / ഡീഹൈഡ്രേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**നെല്ല് സംഭരണം:** കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ – (സപ്ലൈ കോ.) സംസ്ഥാനത്തിന് വേണ്ടി നെല്ല് സംഭരണം, സംസ്കരണം, വിതരണം എന്നിവയുള്ള

നിർവ്വഹണ ഏജൻസിയാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് സപ്ലൈകോ നേരിട്ട് നെല്ല് സംഭരിക്കുകയും അതിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നു. ഏജൻസി പിന്നീട് നെല്ല് അരിയാക്കി മാറ്റുകയും അത് സംസ്ഥാന പൊതുവിതരണ സംവിധാനം (പിഡിഎസ്) വഴി വിതരണം ചെയ്യുകയും ചെയ്യുന്നു. സംസ്ഥാനത്തിനകത്ത് ഇങ്ങനെ സംഭരിക്കുന്ന നെല്ല്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിന് (പിഡിഎസ്) നൽകുന്ന ഭക്ഷ്യധാന്യ സ്റ്റോക്കിന്റെ സംസ്ഥാനത്തിന്റെ വിഹിതത്തിൽ നിന്ന് കുറയ്ക്കുന്നു.

സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന നെല്ലിന്റെ സംഭരണ വിലയിൽ കാർഷിക ചെലവുകൾക്കും വിലകൾക്കും വേണ്ടിയുള്ള കമ്മീഷനിൽ നിന്നുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം താങ്ങുവിലയും (എം എസ് പി) സംസ്ഥാന സർക്കാർ നൽകുന്ന അധിക സംസ്ഥാന ഇൻസെൻറീവ് ബോണസും (എസ് ഐ ബി)ഉൾപ്പെടുന്നു.

രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് വകുപ്പ് നേരിട്ട് നെല്ല് സംഭരിക്കുന്നു. എന്നാൽ പൊതുവിതരണ സംവിധാനത്തിലൂടെ നെല്ല് അരിയാക്കി വിതരണം ചെയ്തതിന് ശേഷമാണ് കേന്ദ്രസർക്കാർ മിനിമം താങ്ങു വില കൈമാറുന്നത്. ഈ കാലതാമസത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കാൻ, സംഭരണ വേളയിൽ വകുപ്പ് കർഷകർക്ക് നെല്ല് രസീത് ഷീറ്റുകൾ (പിആർഎസ്) നൽകുന്നു, അത് ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാൻ ഉപയോഗിക്കാവുന്നതാണ്. ഇന്ത്യ ഗവൺമെന്റ് താങ്ങു വില നൽകുമ്പോൾ സംസ്ഥാന സർക്കാർ ഈ വായ്പ പലിശ സഹിതം തിരിച്ചടയ്ക്കുന്നു.

കർഷകർക്ക് അവരുടെ പണം ഉടനടി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്, ദ്വിതല സഹകരണ മാതൃകയിലേക്ക് മാറുന്നതിലൂടെയും പ്രത്യേക സാമ്പത്തിക വിഹിതം നൽകുന്നതിലൂടെയും നെല്ല് സംഭരണ സംവിധാനം നവീകരിക്കുന്നതിനുള്ള പ്രക്രിയയിലാണ് കേരള സർക്കാർ. നെല്ല് സംഭരിക്കുന്നതിന് 57 മോഡേൺ റൈസ് മില്ലുകളുമായി സപ്ലൈകോ കരാർ ഒപ്പിട്ടിട്ടുണ്ട്. 2024-25 ൽ ഒരു കിലോഗ്രാമിന് 28.20 രൂപയാണ് സംഭരണ നിരക്ക്, ഇതിൽ 23.00 രൂപ മിനിമം താങ്ങു വിലയും 5.20 രൂപ സംസ്ഥാന പ്രോത്സാഹന ബോണസുമാണ്.

സപ്ലൈകോ 2024-25ൽ 5.93 ലക്ഷം മെട്രിക് ടൺ നെല്ലും 2025-26 കാലയളവിൽ ജൂലൈ 2024 വരെ 3.00 ലക്ഷം മെട്രിക് ടൺ നെല്ലും സംഭരിച്ചു. അതിന്റെ ചെലവ് കൺസോർഷ്യം ലോൺ, പിആർഎസ് ലോൺ സ്കീം വഴിയാണ് തീർപ്പാക്കിയത്. നെല്ല് സംഭരണത്തിനായി 2024-25 ൽ സപ്ലൈകോ പിആർഎസ് ലോൺ വഴി 1667.39 കോടി രൂപ തീർപ്പാക്കിയിരുന്നു. 06.11.2025 ലെ കണക്കനുസരിച്ച്, നെല്ലിന്റെ സംഭരണ നിരക്ക് കിലോയ്ക്ക് 30.00 രൂപയായി ഉയർത്തി, ഇത് 23.69 രൂപ മിനിമം താങ്ങു വിലയും 6.31 രൂപ സംസ്ഥാന പ്രോത്സാഹന ബോണസുമാണ്.

**ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 പ്രകാരം സംസ്ഥാനത്തിനകത്തുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കത്തിനും എഫ് പി എസ് ഡീലർമാരുടെ മാർജിനും ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാന ഏജൻസികൾക്കുള്ള സഹായം**

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 പ്രകാരം, കേരള സർക്കാർ എഫ് സി ഐ ഗോഡൗണുകളിൽ നിന്നും നെല്ല് സംസ്കരണ മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിച്ച് എൻഎഫ്എസ്എയുടെ ഇടനില ഗോഡൗണുകളിൽ സൂക്ഷിക്കുന്നു. ഈ ഭക്ഷ്യധാന്യങ്ങൾ ന്യായവില കടകളിൽ എത്തിക്കുകയും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കത്തിനും ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും എഫ് പി എസ് ഡീലറുടെ മാർജിനുമായി ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 പ്രകാരം 50 ശതമാനം സാമ്പത്തിക സഹായം കേന്ദ്ര സർക്കാർ നൽകുന്നു. മുൻഗണനാ കാർഡ് ഉടമകളുടെ ചെലവ് മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്.

മുൻഗണനാ കാർഡുടമകൾക്ക് ഒരു ക്വിൻറൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ചെലവ് 65 രൂപയാണ്. ഈ ചെലവിന്റെ അൻപത് ശതമാനം 32.50 രൂപ കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.എന്നാൽ, കേരളത്തിൽ ഒരു ക്വിൻറൽ ഭക്ഷ്യധാന്യം വീടുകൾ തോറും വിതരണം ചെയ്യുന്നതിനുള്ള ശരാശരി ചെലവ് 185 രൂപയാണ്. വാഹന വാടക, ലോഡിംഗ്, അൺലോഡിംഗ് ചാർജ്ജുകൾ, ഗോഡൗൺ വാടക, ജീവനക്കാരുടെ ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. മുൻഗണനാ, മുൻഗണനേതര കാർഡ് ഉടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നു. ബാക്കി വരുന്ന തുക 152.50 രൂപ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാന സർക്കാർ പ്രതിമാസം ഭക്ഷ്യധാന്യങ്ങൾ ന്യായ വില കടകളുടെ വാതിക്കൽ എത്തിക്കുന്നതിനായി സപ്ലൈകോ വഴി പ്രതിമാസം ശരാശരി 21 കോടി രൂപ ചെലവഴിക്കുന്നു. 2024-25 വർഷങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വാതിൽ പടിയിൽ എത്തിക്കുന്നതിനുള്ള ഗതാഗത കൈകാര്യ ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക നമ്പർ 3.8.6**-ൽ നൽകിയിരിക്കുന്നു.

അംഗീകൃത റേഷൻ കട ഡീലർമാർ വഴിയാണ് ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത്. ഓരോ റേഷൻ കടയിലൂടെയും വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് അനുസരിച്ചാണ് റേഷൻ കട ഡീലർമാർക്കുള്ള കമ്മീഷൻ തുക കണക്കാക്കുന്നത്. എഫ്പിഎസ് ഡീലറുടെ മാർജിനിന്റെ 50 ശതമാനം കേന്ദ്ര സർക്കാർ നൽകുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഒരു ക്വിന്റൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള ചെലവ് 107 രൂപയാണ് (FPS ഡീലറുടെ അടിസ്ഥാന മാർജിൻ 90 രൂപയും FPS ഡീലറുടെ അധിക മാർജിൻ 17 രൂപയും). മുൻഗണനാ കാർഡ് ഉടമകളുടെ ചെലവിന് മാത്രമാണ് കേന്ദ്ര സർക്കാർ പണം നൽകുന്നത്.

**പട്ടിക 3.8.6** 2024–25–ൽ ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുന്നതിനുള്ള ഗതാഗത കൈകാര്യം ചെയ്യൽ ചെലവുകൾ (രൂപ കോടിയിൽ)

| വർഷം | സംസ്ഥാന സർക്കാർ ചെലവഴിച്ച തുക | കേന്ദ്ര സഹായം | സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക |
|---|---|---|---|
| 2024–25 | 223.6 | 32.08 | 255.68 |

**അവലംബം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

**പട്ടിക 3.8.7** 2024–25 ലെ റേഷൻ കട ഡീലർമാർക്കുള്ള കമ്മീഷൻ (രൂപ കോടിയിൽ)

| വർഷം | സംസ്ഥാന സർക്കാർ ചെലവഴിച്ച തുക | കേന്ദ്ര സഹായം | സംസ്ഥാനത്ത് ചെലവഴിച്ച ആകെ തുക |
|---|---|---|---|
| 2024–25 | 260.8 | 52.81 | 313.6 |

**അവലംബം:** സിവിൽ സപ്ലൈസ് വകുപ്പ്, കേരള സർക്കാർ

എന്നിരുന്നാലും, വാതിൽപ്പടി വിതരണത്തിനായി ഒരു ക്വിന്റൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള ശരാശരി ചെലവ് കേരളത്തിൽ 320 രൂപയാണ്. മുൻഗണനാ, മുൻഗണനേതര കാർഡ് ഉടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചെലവ് ഇതിൽ ഉൾപ്പെടുന്നു. കേന്ദ്ര സർക്കാർ 53.50 രൂപ നൽകുന്നു. ബാക്കി 266.50 രൂപ സംസ്ഥാന സർക്കാരാണ് ധനസഹായം നൽകുന്നത്. റേഷൻ കട ഡീലർമാർക്ക് പ്രതിമാസം ഏകദേശം 34 കോടി രൂപ കമ്മീഷനായി കേരള സർക്കാർ ചെലവഴിക്കുന്നു. 2024–25 വർഷത്തെ റേഷൻ കട ഡീലർമാരുടെ കമ്മീഷന്റെ വിശദാംശങ്ങൾ **പട്ടിക 3.8.7** ൽ നൽകിയിരിക്കുന്നു.

**സപ്ലൈകോയുടെ ആധുനികവൽക്കരണം:** ആധുനിക വൽക്കരണത്തിന്റെ ഭാഗമായി 2024–25 ൽ 12 സൂപ്പർമാർക്കറ്റുകളും 3 മാവേലി സ്റ്റോർ ഔട്ട്‌ലെറ്റുകളും അപ്ഗ്രേഡ് ചെയ്തു. ഭക്ഷ്യധാന്യങ്ങളുടെ ഭൗതിക വിശകലനം നടത്തുന്നതിന്, സംസ്ഥാനത്ത് ഭക്ഷ്യ പരിശോധനാ ലബോറട്ടറി സൗകര്യം ലഭ്യമാണ്. തിരുവനന്തപുരത്തും (വലിയതുറ) കൊല്ലത്തും (റെയിൽവേ സ്റ്റേഷന് സമീപം) ഓരോ ഗോഡൗണുകളുടെയും നിർമ്മാണം പൂർത്തിയായി.

### മുന്നോട്ട്

മനുഷ്യന്റെ എല്ലാ അടിസ്ഥാന ആവശ്യങ്ങളിലും വെച്ച് ഏറ്റവും പ്രധാനപ്പെട്ടത് ഭക്ഷണമാണ്. സംസ്ഥാനത്തെ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദന– ആവശ്യകത വിടവ് ഒരു പ്രധാന ആശങ്കയാണ്. ജനസംഖ്യയുടെ ഒരു പ്രധാന വിഭാഗം പൊതുവിതരണ സംവിധാനത്തെ ആശ്രയിക്കുന്നതിനാൽ, വിപണി ഇടപെടലിലൂടെ ഫലപ്രദമായ ഭക്ഷ്യധാന്യ വിതരണ സംവിധാനം അത്യാവശ്യമാണ്. കേരളത്തിലെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനു സാങ്കേതിക പുരോഗതിയിൽ അധിഷ്ഠിതമായ പ്രൊഫഷണൽ മാനേജ്മെന്റ് കാലഘട്ടത്തിന്റെ ആവശ്യമാണ്.

അദ്ധ്യായം

# 04

# ഉല്പന്ന നിർമ്മാണ മേഖല

# ഉല്പന്ന നിർമ്മാണ മേഖല

## 4.1 കേരളത്തിന്റെ വ്യാവസായിക മേഖല

സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിലും പരിവർത്തനം ചെയ്യുന്നതിലും നിലവിലെ കേരള സർക്കാർ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. നിരവധി എം.എസ്.എം.ഇ.കളുടെയും ആധുനിക വ്യവസായങ്ങളുടെയും വളർച്ച, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഉയർന്ന മൂല്യവർദ്ധനവ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തിലുണ്ടായ വലിയമാറ്റം, വൻ നിക്ഷേപങ്ങളിലെ വർദ്ധനവ്, പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണം എന്നിവയിലെല്ലാം ഈ പുരോഗതി പ്രതിഫലിക്കുന്നുണ്ട്. സർക്കാരിന്റെ സജീവമായ ഇടപെടലിലൂടെ, കേരളം വ്യാവസായിക നിക്ഷേപത്തിന് സൗഹൃദപരമല്ലാത്ത സ്ഥലമാണെന്ന മുൻകാല ധാരണയെ മാറ്റിയെടുത്തു. അനുകൂല ബിസിനസ് സമീപനം, നിക്ഷേപകരുടെ ഉയർന്ന ആത്മവിശ്വാസം, ജനങ്ങൾക്കിടയിലുള്ള സംരംഭകത്വ മനോഭാവം എന്നിവയാൽ സവിശേഷമാണ് നിലവിൽ കേരളത്തിലെ വ്യാവസായിക മേഖല. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷത്തെക്കുറിച്ച് വ്യക്തമായ ധാരണയോടെ, കേരളം അതിന്റെ ശക്തികൾ പ്രയോജനപ്പെടുത്തുന്നതിനും സാധ്യതകൾ തിരിച്ചറിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദ്വിതീയ മേഖലയിൽ ഉൽപ്പാദനം,,വൈദ്യുതി, ഗ്യാസ്, ജലവിതരണം, മറ്റ് അവശ്യ സേവനങ്ങൾ, നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (സിഎസ് ഒ) ന്റെ വാർഷിക ദേശീയ വരുമാനത്തിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2024-25 ൽ ഇന്ത്യയുടെ മൊത്തം മൂല്യവർദ്ധനവിൽ (അടിസ്ഥാന വിലയിൽ) ദ്വിതീയ മേഖലയുടെ പങ്ക് ഏകദേശം 28.6 ശതമാനമായിരുന്നു. ദ്വിതീയ മേഖലയുടെ വളർച്ചാ നിരക്ക് 2023-24 ലെ 11.4 ശതമാനത്തിൽ നിന്ന് 2024-25 ൽ 6.1 ശതമാനമായി കുറഞ്ഞു.

കേരള സമ്പദ്‌വ്യവസ്ഥയിൽ ദ്വിതീയ അല്ലെങ്കിൽ വ്യാവസായിക മേഖല ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. 2024-25 ൽ (ത്വരിത കണക്ക് - സ്ഥിരമായ വിലയിൽ) സംസ്ഥാനത്തിന്റെ സംയോജിത മൂല്യവർധനവിന്റെ 28.5 ശതമാനം വിഹിതം, വ്യവസായ മേഖലയുടേതാണ്. 2024-2025 ൽ (ത്വരിത കണക്ക് - സ്ഥിരമായ വിലയിൽ) സംസ്ഥാനത്തിന്റെ സംയോജിത മൂല്യവർധനവിൽ നിർമ്മാണ മേഖലയുടെ സംഭാവന 14.1 ശതമാനവും ഉൽപ്പന്ന നിർമ്മാണ മേഖലയുടെ പങ്ക് 13.0 ശതമാനവുമാണ്. 2021-22 മുതൽ 2024-25 വരെയുള്ള 4 വർഷത്തെ കാലയളവിൽ, ഉൽപ്പന്ന നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ സംയോജിത മൂല്യവർദ്ധനവ് (സ്ഥിര വിലയിൽ) 61,948 കോടി രൂപയിൽ നിന്ന് 79,204 കോടി രൂപയായി വർദ്ധിച്ചു. ഈ കാലയളവിൽ 28 ശതമാനത്തിന്റെ വളർച്ചയുണ്ടായതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഉൽപ്പന്ന നിർമ്മാണത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 2022-23 ൽ 3.10 ശതമാനത്തിൽ നിന്ന് 2023-24ൽ (താൽക്കാലികം) 15.33 ശതമാനമായി വർദ്ധിച്ചു. എന്നാൽ, 2024-25 ലെ ത്വരിത കണക്ക് പ്രകാരം ഇത് 7.53 ശതമാനമായിരുന്നു. ലോകമെമ്പാടുമുള്ള ഏതാണ്ട് മിക്ക സമ്പദ്‌വ്യവസ്ഥകളിലും ദ്വിതീയ, പ്രാഥമിക മേഖലകളുടെ വിഹിതത്തിൽ പൊതുവായുണ്ടായ കുറവിന്റെ പശ്ചാത്തലത്തിൽ വേണം ഇതിനെ വീക്ഷിക്കാൻ. സംരംഭകാടിസ്ഥാനത്തിലുള്ള വികസനത്തിന് കേരളം ഊന്നൽ നൽകുന്നതിനാൽ വ്യാപാര, സേവന പ്രവർത്തനങ്ങളിൽ ഗണ്യമായ വർദ്ധനവിന് കാരണ മായിട്ടുണ്ട്. എന്നാൽ ഇത് സേവനമേഖലയിൽ പ്രതിഫലിക്കുന്നില്ല, പകരം തൃതീയ മേഖലയിലാണ് പ്രതിഫലിക്കുന്നത്. തൽഫലമായി, മൂല്യവർദ്ധനവ് കണക്കാക്കപ്പെടുന്ന നിലവിലെ രീതിയിലൂടെ കേരള ത്തിന്റെ ഈ രംഗത്തെ നേട്ടങ്ങളുടെ യഥാർത്ഥ ചിത്രം പ്രതിഫലിക്കുന്നില്ല. 2023-24 പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) കണക്ക് പ്രകാരം, സംസ്ഥാനത്തെ മൊത്തം തൊഴിലാളികളിൽ 9.9 ശതമാനം പേരും ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

നയ രൂപികരണങ്ങളിലൂടെ ലഭിക്കുന്ന സുസ്ഥിര സഹായം, കാര്യക്ഷമമായ പ്രവർത്തനത്തിലുള്ള അനുകൂല സാഹചര്യം, നിക്ഷേപ സൗകര്യത്തിനും വ്യാവസായിക പ്രോത്സാഹനത്തിനുമുള്ള ഏകോപിത ശ്രമങ്ങൾ, എംഎസ്എംഇകൾക്കായുള്ള പ്രത്യേക പരിപാടികൾ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള മാസ്റ്റർ പ്ലാനും, ടേൺഅറൗണ്ട് സ്ട്രാറ്റജി നടപ്പിലാക്കൽ, വ്യവസായ പാർക്കുകൾ വഴി വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം, മെച്ചപ്പെട്ട വായ്പ സഹായം (പദ്ധതികൾ, കെഎസ്ഐഡിസി, കെ എഫ് സി, വാണിജ്യ ബാങ്കുകൾ എന്നിവയിലൂടെ), കാര്യക്ഷമമായ ഭരണ സംവിധാനം, സംയോജിത പ്രവർത്തനങ്ങളിലൂടെയുള്ള പദ്ധതി നിർവ്വഹണം എന്നിവയാണ് കേരളത്തിലുണ്ടായ വളർച്ചയ്ക്ക് സഹായകമായ പ്രധാന ഘടകങ്ങൾ. കേരളത്തിലെ സാമ്പത്തിക വളർച്ചയുടെ പ്രധാന ചാലകശക്തി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളാണ്. എംഎസ്എംഇകളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 ൽ കേരള സർക്കാർ "സംരംഭക വർഷം 1.0" ആരംഭിച്ചു. തുടർന്ന്, 'സംരംഭക വർഷം 2.0' 2023-24 ലും, 'സംരംഭക വർഷം 3.0' 2024-25 ലും 2025-26 ലുമായും നടപ്പിലാക്കിവരുന്നു. പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിലാണ് ആദ്യം ഊന്നൽ നൽകിയതെങ്കിലും, തുടർന്നുള്ള വർഷങ്ങളിൽ സംരംഭങ്ങളുടെ സുസ്ഥിരതയിലും അവയുടെ വിപുലീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു. സംരംഭക വർഷത്തിന്റെ ഭാഗമായി 2025 മാർച്ച് വരെ കേരളത്തിൽ 3.5 ലക്ഷത്തിലധികം യൂണിറ്റുകൾ ആരംഭിച്ചു. ഇതിലൂടെ 22,600 കോടിയിലധികം രൂപയുടെ നിക്ഷേപവും, ഏകദേശം 7.5 ലക്ഷം ആളുകൾക്ക് തൊഴിലവസരങ്ങളും സൃഷ്ടിച്ചു.

മൂലധന സഹായം, പലിശ സബ്സിഡി, വാടക ഇളവ്, ഭൂമി ഏറ്റെടുക്കുന്നതിനുള്ള പിന്തുണ, അടിസ്ഥാന സൗകര്യ വികസനം, സംരംഭക വികസനം, വിപണനസഹായം, സാങ്കേതിക പിന്തുണ, ഇൻഷുറൻസ് പിന്തുണ, ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പൊതുവായ ആവശ്യങ്ങൾക്ക് സഹായകമാകുന്ന നയങ്ങൾ രൂപകൽപ്പന ചെയ്യുന്നതിലും പദ്ധതികൾ നടപ്പിലാക്കുന്നതിലുമാണ് സംസ്ഥാന സർക്കാരിന്റെ വിജയം. സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സവിശേഷമായ ഇടപെടലുകളും സർക്കാർ രൂപകൽപ്പന ചെയ്തിട്ടുണ്ട്. നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപയുടെ വിറ്റുവരവുള്ള സംരംഭങ്ങളായി 1000 എംഎസ്എംഇകളെ വികസിപ്പിക്കുന്നതിനായി കേരളം "മിഷൻ 1,000" ആരംഭിച്ചു. ആഗോള വിപണിയിൽ കേരളത്തിന്റെ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ശക്തവും ആകർഷകവുമായ ഒരു പ്രതിച്ഛായ സൃഷ്ടിക്കുന്നതിനാണ് കേരള ബ്രാൻഡ് (മെയ്ഡ് ഇൻ കേരള) അവതരിപ്പിച്ചത്. 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം' (ഒ.എൽ.ഒ.പി) എന്നത് മറ്റൊരു നൂതന പദ്ധതിയാണ്, ഇതിലൂടെ 456 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരവരുടെ സവിശേഷമായ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ലൈസൻസിംഗ്, വിപണനം, ധനസഹായം, കയറ്റുമതി, ബാങ്കിംഗ്, ജിഎസ്ടി, സാങ്കേതികവിദ്യ എന്നിവയിൽ എംഎസ്എംഇകളെ സഹായിക്കുന്നതിനായി 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും എംഎസ്എംഇ ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ ആവിർഭാവം കേരളത്തിലെ ഉൽപ്പന്ന നിർമ്മാണമേഖലയിലെ ഒരു പുതിയ വികസനമാണ്, ഇതിന്റെ കീഴിൽ 38 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. 10 കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ വികസനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജീവമായി ഉൾപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ ഒരു സംരംഭമാണ് സംരംഭക സഭ. സംരംഭകർ, ഉദ്യോഗസ്ഥർ, മറ്റ് ബന്ധപ്പെട്ടവർ എന്നിവരെ ഏകോപിപ്പിച്ച് കൊണ്ട് 1,034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക സഭ വിജയകരമായി നടത്തിയിട്ടുണ്ട്. താഴെത്തട്ടിലുള്ള സംരംഭകത്വ വികസന പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി ഏകദേശം 1,200 എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെയും സർക്കാർ നിയമിച്ചിട്ടുണ്ട്.

**കേരളത്തിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ പുനരുജ്ജീവനം.**

കേരളത്തിലെ വ്യാവസായിക വികസനത്തിൽ ഉൽപ്പന്ന നിർമ്മാണമേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 2023-24 പ്രകാരം, ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ തൊഴിലിൽ കേരളത്തിന്റെ വിഹിതം 1.82 ശതമാനമാണ്. അതേസമയം ഫാക്ടറി മേഖലയിലെ മൊത്തം ഉൽപ്പാദനത്തിൽ കേരളത്തിന്റെ വിഹിതം 1.72 ശതമാനമാണ്. കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിലെ തൊഴിലാളികളിൽ പ്രധാന പങ്ക് വഹിക്കുന്നത് കയർ, കശുവണ്ടി, കൈത്തറി എന്നിവയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളാണ്. കേരളത്തിലെ ഫാക്ടറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ വലിയൊരു പങ്ക് ഭക്ഷ്യ ഉൽപന്നങ്ങളും പാനീയങ്ങളും (കശുവണ്ടി സംസ്കരണം ഉൾപ്പെടെ), ബീഡി നിർമ്മാണം, തുണിത്തരങ്ങൾ (കയർ സംസ്കരണം, കൈത്തറി എന്നിവ ഉൾപ്പെടെ) എന്നീ പ്രകൃതിവിഭവങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന വ്യവസായങ്ങളിലാണ് തൊഴിലെടുക്കുന്നത്. 2023-24ൽ ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യ വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഫാക്ടറി മേഖലയെപറ്റി ഒരു താരതമ്യ പഠനം **പട്ടിക 4.1.1** ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്, അതേസമയം ആധുനിക വ്യവസായങ്ങളിൽ അത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യ പാനീയങ്ങൾ, രാസവസ്തുക്കൾ, ഔഷധങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ലോഹേതര ധാതു ഉൽപ്പന്നങ്ങൾ എന്നിവ കൂടുതൽ തൊഴിൽ നൽകുന്ന മേഖലകളിൽ ഉൾപ്പെടുന്നു. ഭക്ഷ്യ പാനീയങ്ങൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ, ഔഷധങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ എന്നിവയാണ് ഉൽപ്പാദനത്തിൽ മുൻപന്തിയിൽ ഉള്ള വ്യവസായങ്ങൾ.

**പട്ടിക 4.1.1** ഇന്ത്യയിലെയും കേരളത്തിലെയും മുഖ്യ വ്യവസായങ്ങളെ അടിസ്ഥാനമാക്കി ഫാക്ടറി മേഖലയെപ്പറ്റി ഒരു താരതമ്യം 2023–24

| വ്യവസായങ്ങൾ | കേരളത്തിന്റെ മൊത്തം ഫാക്ടറി മേഖല | | കേരളത്തിലെ മൊത്തം ഫാക്ടറി മേഖലയിലെ വിഹിതം | | ഇന്ത്യയുടെ മൊത്തം ഫാക്ടറി മേഖല | | ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ വിഹിതം | |
|---|---|---|---|---|---|---|---|---|
| | തൊഴിൽ (എണ്ണത്തിൽ) | ഉൽപ്പാദനം (രൂപ ലക്ഷത്തിൽ) | തൊഴിൽ (ശതമാനത്തിൽ) | ഉൽപ്പാദനം (ശതമാനത്തിൽ) | തൊഴിൽ (എണ്ണത്തിൽ) | ഉൽപ്പാദനം (രൂപ ലക്ഷത്തിൽ) | തൊഴിൽ (ശതമാനത്തിൽ) | ഉൽപ്പാദനം (ശതമാനത്തിൽ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഭക്ഷ്യ ഉല്പന്നങ്ങളും പാനീയങ്ങളും (10, 11) | 105410 | 5926791 | 29.45 | 22.43 | 2381004 | 218503639 | 12.15 | 14.26 |
| പുകയില ഉല്പന്നങ്ങൾ (12) | 7753 | 5689 | 2.17 | 0.02 | 409362 | 5589357 | 2.09 | 0.36 |
| ടെക്സ്റ്റയിൽസ് (13) | 19624 | 446424 | 5.48 | 1.69 | 1714017 | 56081792 | 8.75 | 3.66 |
| വസ്ത്രങ്ങൾ (14) | 10606 | 121092 | 2.96 | 0.46 | 1338856 | 22067563 | 6.83 | 1.44 |
| പാദരക്ഷ (15) | 8521 | 200525 | 2.38 | 0.76 | 430409 | 7363062 | 2.20 | 0.48 |
| തടിയും തടി ഉല്പന്നങ്ങളും (16) | 14437 | 593246 | 4.03 | 2.25 | 121874 | 5184354 | 0.62 | 0.34 |
| പേപ്പറും പേപ്പർ ഉല്പന്നങ്ങളും (17) | 4481 | 104712 | 1.25 | 0.40 | 376574 | 22993576 | 1.92 | 1.50 |
| അച്ചടിയും റിക്കോർഡ് ചെയ്ത മാധ്യമങ്ങളുടെ പുനർനിർമ്മാണവും (18) | 5747 | 194199 | 1.61 | 0.74 | 153560 | 5000924 | 0.78 | 0.33 |
| ശുദ്ധീകരിച്ച പെട്രോളിയം ഉല്പന്നങ്ങൾ (19) | 3731 | 11032232 | 1.04 | 41.76 | 172438 | 186757666 | 0.88 | 12.18 |
| രാസവസ്തുക്കളും ഫാർമസ്യൂട്ടിക്കൽസും (20, 21) | 38856 | 1974665 | 10.86 | 7.47 | 2094843 | 175822085 | 10.69 | 11.47 |
| റബ്ബറും പ്ലാസ്റ്റിക് ഉല്പന്നങ്ങളും (22) | 26455 | 1314437 | 7.39 | 4.98 | 1036328 | 55554171 | 5.29 | 3.62 |
| മറ്റ് ലോഹേതര ധാതു ഉല്പന്നങ്ങൾ (23) | 22745 | 604620 | 6.35 | 2.29 | 1139897 | 52451179 | 5.82 | 3.42 |
| ബേസിക് ലോഹങ്ങൾ (24) | 8021 | 817873 | 2.24 | 3.10 | 1522861 | 222144598 | 7.77 | 14.49 |
| ഫാബ്രിക്കേറ്റഡ് ലോഹ ഉല്പന്നങ്ങൾ (25) | 5930 | 246577 | 1.66 | 0.93 | 831695 | 38348301 | 4.25 | 2.50 |
| ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ഒപ്റ്റിക്കൽ ഉല്പന്നങ്ങൾ (26) | 12164 | 332174 | 3.40 | 1.26 | 467693 | 52393750 | 2.39 | 3.42 |
| ഇലക്ട്രിക്കൽ ഉപകരണങ്ങൾ (27) | 5077 | 153904 | 1.42 | 0.58 | 852747 | 65676879 | 4.35 | 4.28 |
| യന്ത്രങ്ങളും ഉപകരണങ്ങളും (28) | 5634 | 192398 | 1.57 | 0.73 | 1252506 | 76789578 | 6.39 | 5.01 |
| മോട്ടോർ വാഹനങ്ങൾ (29) | 928 | 18229 | 0.26 | 0.07 | 1373580 | 129597915 | 7.01 | 8.46 |
| മറ്റ് ഗതാഗത ഉപകരണം (കപ്പലുകളും ബോട്ടുകളും)(30) | 7394 | 432905 | 2.07 | 1.64 | 413999 | 33102351 | 2.11 | 2.16 |
| ഫർണീച്ചർ, ജൂവലറി, മെഡിക്കൽ ആന്റ് ദന്തൽ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ (31, 32) | 13519 | 557587 | 3.78 | 2.11 | 736297 | 38589774 | 3.76 | 2.52 |
| യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണിയും ഇൻസ്റ്റാളേഷനും (33) | 803 | 13672 | 0.22 | 0.05 | 36654 | 1417131 | 0.19 | 0.09 |
| മാലിന്യ ശേഖരണം, സംസ്കരണം, നിർമാർജന പ്രവർത്തനങ്ങൾ; മെറ്റീരിയൽ വീണ്ടെടുക്കൽ (38) | 252 | 10479 | 0.07 | 0.04 | 33627 | 1910188 | 0.17 | 0.12 |
| പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ (58) | 2437 | 70253 | 0.68 | 0.27 | 23558 | 848134 | 0.12 | 0.06 |
| മറ്റുള്ളവ | 27389 | 1054213 | 7.65 | 3.99 | 674752 | 58528642 | 3.44 | 3.82 |
| **എല്ലാ വ്യവസായങ്ങളും കൂടി** | **357911** | **26418898** | **100** | **100** | **19589131** | **1532716609** | **100** | **100** |

കുറിപ്പ്: ഓരോ വ്യവസായങ്ങളും നാഷണൽ വ്യവസായ ക്ലാസിഫിക്കേഷൻ (NIC) - 2008 അനുസരിച്ച് ഏതിലാണ് ഉൾപ്പെടുന്നതെന്ന് സൂചിപ്പിക്കുന്നതാണ് ബ്രാക്കറ്റിലെ രണ്ടക്ക സംഖ്യകൾ.
**അവലംബം**: വാർഷിക വ്യാവസായിക സർവെ, ഇന്ത്യ 2023-24 , എം.ഒ.എസ്.പി.ഐ, ഭാരത സർക്കാർ

**പട്ടിക 4.1.2** തിരഞ്ഞെടുത്ത പ്രധാന വ്യവസായങ്ങളിലെ തൊഴിൽ, കേരളം, ഇന്ത്യ, 2023-24

| വ്യവസായങ്ങൾ | കേരളം (എണ്ണം) | ഇന്ത്യ (എണ്ണം) | ഇന്ത്യയിൽ കേരളത്തിന്റെ ശതമാനം (%) |
|---|---|---|---|
| റബ്ബർ ഉൽപ്പന്നങ്ങൾ (221) | 16142 | 270699 | 5.96 |
| ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ (192) | 3366 | 145168 | 2.32 |
| രാസ ഉൽപ്പന്നങ്ങൾ (201, 202) | 30336 | 1053981 | 2.88 |
| ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണം (261) | 9465 | 144812 | 6.54 |
| ഫാർമസ്യൂട്ടിക്കൽസ്, ഔഷധ രാസവസ്തുക്കൾ, സസ്യ ഉൽപ്പന്നങ്ങൾ (210) | 8520 | 954148 | 0.89 |
| പാദരക്ഷകൾ (152) | 8465 | 300474 | 2.82 |
| വസ്ത്രങ്ങൾ (141) | 9809 | 898734 | 1.09 |
| പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (222) | 10313 | 765628 | 1.35 |
| പ്രിന്റിംഗും അതുമായി ബന്ധപ്പെട്ട സേവനങ്ങളും (181) | 5747 | 152473 | 3.77 |
| കപ്പലുകളും ബോട്ടുകളും (301) | 6194 | 16012 | 38.68 |
| ഇലക്ട്രിക് മോട്ടോറുകൾ, ട്രാൻസ്ഫോർമറുകൾ, ജനറേറ്ററുകൾ (271) | 3961 | 299335 | 1.32 |
| മെഡിക്കൽ, ഡെന്റൽ ഉപകരണങ്ങളും സപ്ലൈകളും (325) | 8019 | 110254 | 7.27 |
| ഫർണിച്ചർ (310) | 2423 | 128458 | 1.89 |

**അവലംബം** - വാർഷിക ഇൻഡസ്ട്രീസ് സർവേ 2023-24, MOSPI, GoI
കുറിപ്പ്: ബ്രാക്കറ്റിലുള്ള അക്കങ്ങൾ ദേശീയ വ്യാവസായിക വർഗ്ഗീകരണം അനുസരിച്ച് ഈ വ്യവസായങ്ങൾ ഓരോന്നും ഉൾപ്പെടുന്ന ഡിവിഷനുകളെ (മൂന്ന് അക്കങ്ങളിൽ) സൂചിപ്പിക്കുന്നു. (NIC)-2008

**ആധുനിക വ്യവസായങ്ങളിലെ പുതിയ അവസരങ്ങൾ**

കേരളത്തിന്റെ വ്യാവസായിക മേഖലയിലെ മറ്റൊരു ഗുണപരമായ മാറ്റമാണ് ചില ആധുനിക വ്യവസായങ്ങളുടെ വളർച്ച. ഇലക്ട്രോണിക്സ്, മെഡിക്കൽ ഉപകരണങ്ങൾ & സപ്ലൈസ് തുടങ്ങിയ വ്യവസായങ്ങൾ അവയിൽ ചിലതാണ്. കേരളത്തിൽ ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012-13 ൽ 2930 ആയിരുന്നത് 2019-20 ൽ 7500 ആയും 2023-24 ൽ 9465 ആയും വർദ്ധിച്ചു. മെഡിക്കൽ, ഡെന്റൽ ഉപകരണങ്ങൾ & സപ്ലൈസ് എന്നിവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2012-13 ൽ 1023 ആയിരുന്നത് 2019-20 ൽ 5863 ആയും 2023-24 ൽ 8019 ആയും വർദ്ധിച്ചു. ചില പ്രധാന വ്യവസായങ്ങളിലെ തൊഴിലവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.1.2** ൽ നൽകിയിരിക്കുന്നു.

മരുന്നുകൾക്കും ആരോഗ്യ സംരക്ഷണ ഉൽപ്പന്നങ്ങൾക്കും സംസ്ഥാനത്ത് വർദ്ധിച്ച ആവശ്യകത ഉള്ളത് കാരണം ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, ലൈഫ് സയൻസസ്, മെഡിക്കൽ-ഉപകരണ നിർമ്മാണ വ്യവസായങ്ങൾ എന്നിവയ്ക്ക് കേരളത്തിൽ വലിയ വളർച്ചാ സാധ്യതകളുണ്ട്. കേരളത്തിൽ ധാരാളം ആശുപത്രികളും ഡോക്ടർമാരും നഴ്സുമാരും ഉള്ളത് ഈ വ്യവസായങ്ങൾക്ക് അനുകൂലമായ ഘടകങ്ങളാണ്.

ഐടി, ഇലക്ട്രോണിക്സ് മേഖലകളും സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ ഉൽപ്പാദനവും ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന സംയോജനത്തിന് സാക്ഷ്യം വഹിക്കുന്നു. ഐടി മേഖല അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നുപോകുന്നു, സംസ്ഥാനം ഈ ദിശയിൽ തയ്യാറെടുക്കേണ്ടതുണ്ട്. ഹാർഡ്‌വെയർ നിർമ്മാണം വൈവിധ്യവൽക്കരിക്കുന്നതിലൂടെ കേരളത്തിന് മുന്നേറ്റം നടത്താൻ കഴിയും. ഒരു വലിയ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ നിർമ്മാണ മേഖല കെട്ടിപ്പടുക്കാനുള്ള സാധ്യത നിലവിലുണ്ട്. സംസ്ഥാനത്തെ ഐടി മേഖലയുടെ സവിശേഷമായ നേട്ടങ്ങളെ പ്രയോജനപ്പെടുത്തുകയും പ്രൊഫഷണൽ യോഗ്യതയുള്ള തൊഴിലാളികളുടെ കഴിവുകൾ നന്നായി ഉപയോഗപ്പെടുത്തുകയും വേണം.

**പൊതുമേഖലാ യൂണിറ്റുകളുടെ തിരിച്ചുവരവ്**

ധാരാളം കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാന്നിധ്യവും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ശക്തമായ പിന്തുണയുമാണ് കേരളത്തിന്റെ വ്യാവസായിക ഭൂപ്രകൃതിയുടെ സവിശേഷതകളിലൊന്ന്. ഈ പൊതുമേഖലാസ്ഥാപനങ്ങൾ കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നിവയുൾപ്പെടെ വിവിധ ഉൽപ്പന്ന നിർമ്മാണ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നു. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (ടിസിസി), കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ ഉൽപ്പാദന മേഖലകളിൽ (യഥാക്രമം കാസ്റ്റിക് സോഡ, ഇലക്ട്രോണിക്സ്) രാജ്യത്ത് മുൻനിരയിൽ നിൽക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സജീവമായി സ്വീകരിച്ചുവരികയാണ്. 2016-17 മുതൽ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല കൈവരിച്ച പുരോഗതിയിൽ എടുത്തുപറയേണ്ടത് കെമിക്കൽസ്, ഇലക്ട്രിക്കൽ മെഷിനറി നിർമ്മാണ മേഖലകളിലെ ചില പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലുണ്ടായ മാറ്റമാണ്.

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ 51 പൊതുമേഖലാ യൂണിറ്റുകൾ ഒമ്പത് മേഖലകളിലായി വ്യാപിച്ചുകിടക്കുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 2024-

25 ൽ 5,135.89 കോടി രൂപയുടെ സംയോജിത വിറ്റുവരവും 306.24 കോടി രൂപയുടെ അറ്റനഷ്ടവും റിപ്പോർട്ട് ചെയ്തു. മുൻ വർഷത്തെ അപേക്ഷിച്ച് വിറ്റുവരവ് 15.14 ശതമാനം വർദ്ധിച്ചു. കേരളത്തിലെ ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം (അറ്റ ലാഭം) 2023-24 ൽ 12 ൽ നിന്ന് 2024-25 ൽ 14 ആയി വർദ്ധിച്ചു. പ്രവർത്തന ലാഭം നേടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2023-24 ൽ 18 ൽ നിന്ന് 2024-25 ൽ 22 ആയി വർദ്ധിച്ചു. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്.

### വ്യാവസായിക പ്രോത്സാഹന, നിക്ഷേപ സൗകര്യ പ്രവർത്തനങ്ങൾ

വ്യാവസായിക നിക്ഷേപം സുഗമമാക്കുന്നതിനും വ്യാപാരം എളുപ്പമാക്കുന്നതിനും കേരള സർക്കാർ നിരവധി പരിഷ്കാരങ്ങളും നൂതനമായ മാറ്റങ്ങളും കൊണ്ടുവന്നിട്ടുണ്ട്. ഇത് നിക്ഷേപകർക്ക് ബിസിനസ്സ് ആരംഭിക്കുന്നത് ലളിതമാക്കുകയും എളുപ്പമാക്കുകയും ചെയ്തു. 2023 ൽ സംസ്ഥാനം പുതിയ കേരള വ്യാവസായിക വാണിജ്യ നയം പുറത്തിറക്കി. സർക്കാരിന്റെ പുതിയ വ്യാവസായിക നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഹൈടെക് നിർമ്മാണത്തിനുള്ള ഒരു രൂപരേഖയും ആവിഷ്കരിച്ചു. കേരള ലോജിസ്റ്റിക്സ് നയവും ഇ.എസ്.ജി നയവും വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഗവൺമെന്റ്-ടു-ബിസിനസ് സേവനങ്ങൾ കാര്യക്ഷമമാക്കുക എന്നതാണ് സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) ലക്ഷ്യമിടുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡിന്റെ (DPIIT) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 2016 മുതൽ SBRAP പ്രാബല്യത്തിൽ വന്നു. Ease of Doing Business (EoDB) പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും റാങ്ക് ചെയ്യുന്നതിനുള്ള അടിത്തറയായി ഈ സംരംഭം പ്രവർത്തിക്കുന്നു. SBRAP 2024 ൽ 434 പരിഷ്കാരങ്ങൾ ഉൾപ്പെടുന്നു. 22 വകുപ്പുകളുമായും ഏജൻസികളുമായും പ്രവർത്തിച്ചുകൊണ്ട്, സംസ്ഥാനം 99.1 ശതമാനം പരിഷ്കാര നിർവ്വഹണം കൈവരിച്ചു, ഇത് മുൻപത്തേക്കാൾ ഗണ്യമായ പുരോഗതിയാണ് കാണിക്കുന്നത്. SBRAP 2024 വിലയിരുത്തലിൽ 'ഫാസ്റ്റ് മൂവർ' ആയി സംസ്ഥാനം അംഗീകരിക്കപ്പെടുകയും 'ഉദ്യോഗ് സമാഗം' പരിപാടിയിൽ ആദരിക്കപ്പെടുകയും ചെയ്തു. ബിസിനസ് എൻട്രി, ലേബർ റെഗുലേഷൻ എനെബ്ലേസ്, യൂട്ടിലിറ്റി പെർമിറ്റുകൾ നേടൽ, നിശ്ചിത സെക്ടർ പരിഷ്കാരങ്ങൾ - ആരോഗ്യ സംരക്ഷണം എന്നിങ്ങനെ 4 പരിഷ്കരണ മേഖലകൾക്ക് സംസ്ഥാനം 'ടോപ്പ് അച്ചീവർ' പദവി നേടി.

കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസ്) എന്ന ഏകജാലക സംവിധാനം, കെ-സ്വിഫ്റ്റിനെ നാഷണൽ സിംഗിൾ വിൻഡോ സിസ്റ്റവുമായി (NSWS) സംയോജിപ്പിക്കൽ, കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS), യുക്തിരഹിതമായ ബിസിനസ്സ് പരാതികൾ ഇല്ലാതാക്കൽ, ചില നിയമങ്ങളിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾ ക്രിമിനൽ കുറ്റം അല്ലാതെയാക്കൽ, കേരള റിപ്പീലിംഗ് ആൻഡ് സേവിംഗ് ആക്ട് (2022), കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് (2018), കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് (2019), കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (ഭേദഗതി) ആക്ട് (2021); 'കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (ഭേദഗതി) ആക്ട് (2022) (പരാതി പരിഹാര സംവിധാനം) എന്നിവയെല്ലാം കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ചയെ സഹായിച്ച ചില പ്രധാന മാറ്റങ്ങളാണ്.

### പരമ്പരാഗത മേഖലയുടെ ആധുനികവൽക്കരണം

ലോകമെമ്പാടുമുള്ള പരമ്പരാഗത വ്യവസായങ്ങൾ വെല്ലുവിളികൾ നേരിടുന്നു. എന്നിരുന്നാലും, തൊഴിലാളികളെ നിലനിർത്തുന്നതിനും മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനും ഈ വ്യവസായങ്ങളെ പിന്തുണയ്ക്കുക എന്ന നയപരമായ തീരുമാനം കേരള സർക്കാർ എടുത്തിട്ടുണ്ട്. തുടർച്ചയായ സർക്കാർ പിന്തുണ ഈ വ്യവസായങ്ങളെ ആശ്രയിക്കുന്ന ധാരാളം തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കിയിട്ടുണ്ട്. അത്തരം യൂണിറ്റുകളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായത്തിനു പുറമേ, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ (കയർ, കശുവണ്ടി, കൈത്തറി, കരകൗശല വസ്തുക്കൾ; ഖാദി, ഗ്രാമ വ്യവസായങ്ങൾ എന്നിവയുൾപ്പെടെ) ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തിൽ ഈ വ്യവസായങ്ങളിലെ ഉൽപാദന പ്രക്രിയകളുടെ യന്ത്രവൽക്കരണം ഉൾപ്പെടുന്നു (എന്നാൽ ഇതിൽ മാത്രം പരിമിതപ്പെടുത്തുന്നില്ല). ഈ വ്യവസായങ്ങളിലെ നിലവിലുള്ള തൊഴിലാളികളെ നിലനിർത്തിക്കൊണ്ടാണ് ഇത്തരം ആധുനികവൽക്കരണം നടത്തുന്നത്. പുതിയ ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരിക്കാനും, ഫലപ്രദമായ വിപണനവിതരണതന്ത്രങ്ങൾ ആവിഷ്കരിക്കാനും കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. പരമ്പരാഗത, ഭക്ഷ്യ, കാർഷിക അധിഷ്ഠിത വ്യവസായങ്ങൾക്കിടയിൽ കൂടുതൽ സഹകരണം വികസിപ്പിക്കുന്നതിനും, ഈ മേഖലകളിൽ സംസ്ഥാനത്തിന് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു ഇടം സൃഷ്ടിക്കുന്നതിനും പരസ്പരം പോഷിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിലെ വ്യാവസായിക മേഖലയിലെ സമീപകാല വികസനത്തിന്റെ ഒരു സവിശേഷത, പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും ഗുണഫലങ്ങളുടെ വിതരണത്തിലുമുള്ള ജനാധിപത്യ സ്വഭാവമാണ്. വ്യാവസായിക മേഖല സമീപകാലങ്ങളിൽ കൈവരിച്ച നേട്ടം ഏകീകരിക്കുന്നതിനും, കൂടുതൽ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ എടുക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ചു. കേരളത്തിലെ വ്യാവസായിക മേഖല സമീപഭാവിയിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കാം.

## 4.2 ഉൽപ്പന്ന നിർമ്മാണ മേഖല

**ഇന്ത്യയിലെ ഉൽപ്പന്ന നിർമ്മാണ മേഖല**

സാമ്പത്തിക വികസനത്തിന്റെ നട്ടെല്ലായി ഉൽപ്പന്ന നിർമ്മാണ മേഖലയെ പൊതുവെ കണക്കാക്കപ്പെടുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കയറ്റുമതി ശക്തിപ്പെടുത്തുന്നതിനും, ഇറക്കുമതി ആശ്രയത്വം കുറയ്ക്കുന്നതിനും ഇതിലൂടെ സാദ്ധ്യമാകുന്നു. ഇന്ത്യയുടെ മൊത്തം മൂല്യ വർദ്ധനവിൽ (ജിവിഎ) ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള ജിവിഎയുടെ വിഹിതം 2023-24 ൽ 17.5 ശതമാനമായിരുന്നു. താൽക്കാലിക ഡാറ്റ സൂചിപ്പിക്കുന്നത് 2024-25 ൽ ഇത് 17.2 ശതമാനമായി കുറയാനാണ് സാധ്യത എന്നാണ്. ഇന്ത്യയുടെ ജിഡിപിയിൽ ഉൽപ്പന്ന നിർമ്മാണത്തിന്റെ വിഹിതം 2023-24 ൽ 16.01 ശതമാനത്തിൽ നിന്ന് 2024-25 ൽ 15.71 ശതമാനമായി കുറഞ്ഞു (താൽക്കാലിക ഡാറ്റ) . സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിന്റെ താൽക്കാലിക കണക്കനുസരിച്ച്(CSO, മെയ് 2025), 2020-21 മുതൽ ഇന്ത്യയുടെ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ നിന്നുള്ള മൊത്തം മൂല്യവർദ്ധനവിന്റെ (സ്ഥിര വില) വളർച്ചാ നിരക്കിൽ ഏറ്റകുറച്ചിലുകൾ കാണുന്നു. 2021-22 ൽ ഇത് 10 ശതമാനത്തിൽ നിന്ന് 2023-24 ൽ 12.30 ശതമാനമായി വർദ്ധിച്ചു. എന്നിരുന്നാലും, പിന്നീട് 2024-25 ൽ ഇത് 4.52 ശതമാനമായി കുറഞ്ഞു (താൽക്കാലിക ഡാറ്റ). 2017-18 മുതൽ 2024-25 വരെ സ്ഥിര വിലയിൽ ഇന്ത്യയിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൊത്ത മൂല്യവർദ്ധനവിന്റെ (GVA) വാർഷിക വളർച്ചാ നിരക്ക് **ചിത്രം 4.2.1**ൽ കാണിക്കുന്നു.

ഉൽപ്പന്ന നിർമ്മാണത്തിൽ സംഘടിതവും അസംഘടിതവുമായ മേഖലകളും ഉൾപ്പെടുന്നു. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ (MoSPI-യുടെ) വാർഷിക വ്യവസായ സർവേ (ASI)

**ചിത്രം 4.2.1** ഇന്ത്യയിലെ ഉൽപന്ന നിർമ്മാണ മേഖലയുടെ മൊത്ത മൂല്യ വർദ്ധനവിലെ വാർഷിക വളർച്ച, സ്ഥിര വിലയിൽ (ശതമാനത്തിൽ).




**അവലംബം**: സി.എസ്.ഒ, (മോസ്പി)

2023-24 പ്രകാരം, രജിസ്റ്റർ ചെയ്ത ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൊത്തം മൂല്യവർദ്ധനവിൽ (GVA) സ്ഥിരമായി വർദ്ധനവാണ് (2019-20 മുതൽ 2023-24 വരെ) കാണിക്കുന്നത്. ലോഹങ്ങൾ, മോട്ടോർ വാഹനങ്ങൾ, കെമിക്കൽസ് ആൻഡ് കെമിക്കൽ ഉൽപ്പന്നങ്ങൾ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ ഉൽപ്പാദനമാണ് 2023-24 ലെ ഈ വളർച്ചയുടെ പ്രധാന ചാലകശക്തികൾ. രജിസ്റ്റർ ചെയ്ത ഉൽപ്പന്ന നിർമ്മാണ മേഖലയുടെ ഉൽപ്പാദനത്തിൽ 48 ശതമാനം ഇവ സംഭാവന ചെയ്യുന്നു. 2023-24 ലെ വ്യവസായങ്ങളുടെ വാർഷിക സർവേ പ്രകാരം, 2022-23 നെ അപേക്ഷിച്ച് 2023-24 ൽ മൊത്തം മൂല്യവർദ്ധനവ് 11.89 ശതമാനം വർദ്ധിച്ചു. 2023-24 ൽ വ്യാവസായിക ഉൽപ്പാദനം മുൻ വർഷത്തേക്കാൾ 5.80 ശതമാനം വർദ്ധിച്ചു. 2023-24 ലെ അൺഇൻകോർപ്പറേറ്റഡ് സെക്ടർ എന്റർപ്രൈസസിന്റെ വാർഷിക സർവേ പ്രകാരം, രാജ്യത്ത് 7.33 കോടിയിലധികം അൺഇൻകോർപ്പറേറ്റഡ് സ്ഥാപനങ്ങളുണ്ട്, ഏകദേശം 12.05 കോടി തൊഴിലാളികൾക്ക് തൊഴിൽ നൽകുകയും ഏകദേശം 17.97 ലക്ഷം കോടി രൂപയുടെ മൊത്തം മൂല്യവർദ്ധനവ് നൽകുകയും ചെയ്തു. 2022-23 നെ അപേക്ഷിച്ച് 2023-24 ലെ സ്ഥാപനങ്ങളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ജിവിഎ എന്നിവയുടെ വളർച്ചാ നിരക്ക് യഥാക്രമം 12.8 ശതമാനം, 10 ശതമാനം, 16.5 ശതമാനം എന്നിങ്ങനെയാണ്.

**കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖല**

സമീപ വർഷങ്ങളിൽ കേരളത്തിന്റെ ഉൽപ്പന്ന നിർമ്മാണ മേഖല സ്ഥായിയായ വളർച്ച രേഖ പ്പെടുത്തിയിട്ടുണ്ട്. വ്യാവസായിക മേഖലയെ ആധുനികവൽക്കരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും സംസ്ഥാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ GSVA constant price (സ്ഥിരവില) 2023-24 ൽ 15.33 ശതമാനം വർദ്ധിച്ച് 73,656.03 കോടി രൂപയിലെത്തി (താൽക്കാലികം). 2024-25 ലെ ദ്രുത എസ്റ്റിമേറ്റ് പ്രകാരം, സ്ഥിരവിലയിലുള്ള ഉൽപ്പന്ന നിർമ്മാണ മേഖലയുടെ GSVA 7.53 ശതമാനം വർദ്ധിച്ച് 79,203.73 കോടി രൂപയിലെത്തി . constant price ൽ (നിലവിലെ വില) 2023-24 ലും 2024-25 ലും ഉൽപ്പന്ന നിർമ്മാണ മേഖലയുടെ GSVA വളർച്ചാ നിരക്ക് യഥാക്രമം 18.07 ഉം 10.63 ഉം ആയിരുന്നു. 2014-15 മുതൽ 2024-25 വരെയുള്ള കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയുടെ വളർച്ച **അനുബന്ധം 4.2.1** ൽ കൊടുത്തിരിക്കുന്നു.

2014-15 മുതൽ 2024-25 വരെയുള്ള കാലയളവിലെ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണ മേഖലയിലെ ജി.എസ്.വി.എ വളർച്ചാ നിരക്കിന്റെ (സ്ഥിര വിലയിൽ) പ്രവണത **ചിത്രം 4.2.2** ൽ കാണിച്ചിരിക്കുന്നു.

2023-24 ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) പ്രകാരം, സംസ്ഥാനത്തെ മൊത്തം തൊഴിലാളികളിൽ ഏകദേശം 9.9 ശതമാനം പേർ ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇന്ത്യയുടെ വാർഷിക വ്യവസായ സർവേ 2023-24 പ്രകാരം, ഇന്ത്യയിലെ ഫാക്ടറി മേഖലയിലെ തൊഴിലിൽ കേരളത്തിന്റെ പങ്ക് 1.82 ശതമാനമാണ്, അതേസമയം ഫാക്ടറി മേഖലയിലെ മൊത്തം ഉൽപാദനത്തിൽ കേരളത്തിന്റെ പങ്ക് 1.72 ശതമാനമാണ്. ഗണ്യമായ തൊഴിൽ നൽകുന്ന മേഖലകളിൽ ഭക്ഷ്യ പാനീയങ്ങൾ,

**ചിത്രം 4.2.2** കേരളത്തിലെ, ഉൽപ്പന്ന നിർമ്മാണ മേഖലയുടെ മൊത്തം മൂല്യ വർദ്ധനവിലെ വാർഷിക വളർച്ചാ നിരക്ക് (2011-12 സ്ഥിരവിലയിൽ), ശതമാനത്തിൽ




**അവലംബം**: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

**ചിത്രം 4.2.3** കേരളത്തിലെ ഖനന ക്വാറി മേഖലയിൽ നിന്നുള്ള മൊത്തം സംസ്ഥാന മൂല്യ വർദ്ധനവ് (GSVA) സ്ഥിരവിലയിൽ (ലക്ഷത്തിൽ)




**അവലംബം**: സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

രാസവസ്തുക്കൾ, ഔഷധങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ലോഹേതര ധാതു ഉൽപ്പന്നങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഭക്ഷ്യ പാനീയങ്ങൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ, ഔഷധങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ എന്നിവയാണ് ഏറ്റവും കൂടുതൽ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വ്യവസായങ്ങൾ.

### കേരളത്തിലെ ഖനന മേഖല

കനത്ത ധാതുമണലുകൾ (ഇൽമനൈറ്റ്, റൂട്ടൈൽ സിർക്കോൺ, മോണസൈറ്റ്, സില്ലിമാനൈറ്റ്), ഇരുമ്പയിര്, ബോക്സൈറ്റ്, ഗ്രാഫൈറ്റ്, ചൈന കളിമണ്ണ്, ടൈൽ, ഇഷ്ടിക കളിമണ്ണ്, സിലിക്ക മണൽ, ലിഗ്നൈറ്റ്, ചുണ്ണാമ്പുകല്ല് തുടങ്ങിയ ധാതുക്കളുടെ ധാരാളം നിക്ഷേപങ്ങൾ കേരള സംസ്ഥാനത്തിനുണ്ട്. എന്നിരുന്നാലും, വലിയ തോതിലുള്ള ഖനന പ്രവർത്തനങ്ങൾ പ്രധാനമായും കനത്ത ധാതുമണലുകൾ, ചൈന കളിമണ്ണ്, ഒരു പരിധിവരെ ചുണ്ണാമ്പുകല്ല്/ഷെൽ, സിലിക്ക മണൽ, ഗ്രാനൈറ്റ് എന്നീ കുറച്ചു ധാതുക്കളിൽ മാത്രം ഒതുങ്ങുന്നു.

കേരളത്തിലെ GSVA യിൽ മൈനിംഗ് ആന്റ് ക്വാറിയിംഗ് മേഖലയുടെ സംഭാവന 2024-25 ൽ സ്ഥിര വിലയിൽ കണക്കാക്കിയിരിക്കുന്നത്, 2,57,598 ലക്ഷം (ദ്രുത എസ്റ്റിമേറ്റ്) രൂപയാണ്. 2024-25 (q) ൽ ഈ മേഖല സ്ഥിര വിലയിൽ 6.33 ശതമാനം വളർച്ച രേഖപ്പെടുത്തി. കേരളത്തിൽ മൈനിംഗ് ആന്റ് ക്വാറിയിംഗ് മേഖലയിൽ നിന്ന് 2020-21 മുതൽ 2024-25 വരെയുള്ള GSVA (സ്ഥിര വിലയിൽ) ചിത്രം 4.2.3 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

### ധാതു തിരിച്ചുള്ള ഉല്പാദനവും വരുമാനവും 2023-24

സർക്കാരിന് ധാതുക്കളിൽ നിന്നുള്ള വരുമാനം പ്രധാനമായും റോയൽറ്റിയിൽ നിന്നുമാണ് ലഭിക്കുന്നത്. ഏകദേശം 95 ശതമാനം വരുമാനവും മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭ്യമാകുന്നത്. 2024-25 ൽ ആകെ ലഭിച്ച വരുമാനം 556.08 കോടി രൂപയായിരുന്നു, ഇത് മുൻ വർഷത്തെ (530.46 കോടി) അപേക്ഷിച്ച് 4.83 ശതമാനമെന്ന വാർഷിക വളർച്ചയാണ് സൂചിപ്പിക്കുന്നത്. 2024-25 ൽ, മൊത്തം വരുമാനമായ 556.08 കോടി രൂപയിൽ 15.39 കോടി രൂപ മേജർ ധാതുക്കളിൽ നിന്നും , ബാക്കി 540.69 കോടി രൂപ മൈനർ ധാതുക്കളിൽ നിന്നുമാണ് ലഭിച്ചത്. 2019-20 മുതൽ 2024-25 വരെയുള്ള ധാതുക്കളിൽ നിന്നുള്ള വരുമാനം **പട്ടിക 4.2.1** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.2.1** ധാതുക്കളിൽ നിന്നും ലഭിച്ച വരുമാനം (കോടിയിൽ)

| ക്രമ നമ്പർ | വർഷം | മേജർ ധാതുക്കൾ | മൈനർ ധാതുക്കൾ | ആകെ |
|---|---|---|---|---|
| 1 | 2019-20 | 8.76 | 151.34 | 160.1 |
| 2 | 2020-21 | 8.38 | 183.74 | 192.12 |
| 3 | 2021-22 | 10.76 | 209.00 | 219.76 |
| 4 | 2022-23 | 17.32 | 322.91 | 340.23 |
| 5 | 2023-24 | 17.28 | 513.18 | 530.46 |
| 6 | 2024-25 | 15.39 | 540.69 | 556.08 |

**അവലംബം**: ഖനന, ജിയോളജി വകുപ്പ്

കേരളത്തിൽ 2024-25 ൽ മേജർ/മൈനർ ധാതുക്കളുടെ ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിരുന്നു. ഇത് 504.92 ലക്ഷം ടൺ ആയിരുന്നു. മേജർ ധാതുക്കളിൽ, ചുണ്ണാമ്പുകല്ലിന്റെ ഉൽപ്പാദനം 2.96 ലക്ഷം ടൺ, ഇൽമനൈറ്റ് 1.45 ലക്ഷം ടൺ എന്നിങ്ങനെ ആയിരുന്നു. മൈനർ ധാതുക്കളുടെ കാര്യത്തിൽ, ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ 363.61 ലക്ഷം ടൺ, ഓർഡിനറി എർത്ത് 120.11 ലക്ഷം ടൺ എന്നിങ്ങനെ ആയിരുന്നു. 2024-25 ൽ, മേജർ ധാതുക്കളിൽ ഇൽമനൈറ്റിനും സില്ലിമനൈറ്റിനും ആണ് റോയൽറ്റി ഇനത്തിൽ ഏറ്റവും ഉയർന്ന തുക ലഭിച്ചത്. ഇത് യഥാക്രമം 9.07 കോടി രൂപയും 3.00 കോടി രൂപയുമാണ്. 2024-25 ൽ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഓർഡിനറി എർത്ത് എന്നിവയാണ് മൈനർ ധാതുക്കളിൽ ഏറ്റവും

ഉയർന്ന റോയൽറ്റി സംഭാവന ചെയ്യുന്നത്. ഇത് യഥാക്രമം 174.53 കോടി രൂപയും 48.04 കോടി രൂപയും ആണ്. 2024-25 ലും 2025-26 ലും (2025 ഓഗസ്റ്റ് 31 വരെ) മേജർ, മൈനർ ധാതുക്കളിൽ നിന്ന് ലഭിച്ച ഉൽപാദനവും റോയൽറ്റിയും സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.2.2** ൽ ചേർത്തിരിക്കുന്നു.

**മേജർ/മൈനർ ധാതുക്കളിൽ നിന്ന് ലഭിച്ച ജില്ല തിരിച്ചുള്ള വരുമാനം സംബന്ധിച്ച വിശകലനം**

2024-25 ൽ കേരളത്തിന് ധാതുക്കളിൽ നിന്ന് 556.09 കോടി രൂപയുടെ വരുമാനം നേടാനായി . ജില്ല തിരിച്ചുള്ള വരുമാനം പരിശോധിക്കുമ്പോൾ, ഏറ്റവും കൂടുതൽ വരുമാനം നേടിയ ജില്ല മലപ്പുറമാണ് , 91.20 കോടി രൂപ, തുടർന്ന് എറണാകുളം 75.99 കോടി രൂപ, പത്തനംതിട്ട 52.44 കോടി രൂപ, പാലക്കാട് 48.90 കോടി രൂപ എന്നിങ്ങനെയാണ്. ഏറ്റവും കുറച്ച് വരുമാനം ലഭിച്ചത് ആലപ്പുഴ ജില്ലയിൽ നിന്നുമാണ്, 4.65 കോടി രൂപ. ധാതുക്കളിൽ (മേജർ/മൈനർ ധാതുക്കൾ) നിന്നുള്ള വരുമാനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 4.2.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2016-17 മുതൽ 2025-26 വരെയുള്ള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും **പട്ടിക 4.2.2** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.2.2** ഖനന വകുപ്പിന്റെ പദ്ധതി വിഹിതവും ചെലവും ( രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | വർഷം | വിഹിതം | ചെലവ് |
|---|---|---|---|
| 1 | 2016-17 | 84.00 | 48.82 |
| 2 | 2017-18 | 135.00 | 123.03 |
| 3 | 2018-19 | 149.00 | 61.46 |
| 4 | 2019-20 | 149.00 | 75.92 |
| 5 | 2020-21 | 132.00 | 117.73 |
| 6 | 2021-22 | 132.00 | 111.29 |
| 7 | 2022-23 | 405.00 | 229.3 |
| 8 | 2023-24 | 605.00 | 181.57 |
| 9 | 2024-25 | 557.00 | 217.68 |
| 10 | 2025-26 | 700.00 | 30.91* |

അവലംബം : ബജറ്റ് കണക്കുകൾ

*സെപ്റ്റംബർ 2025 വരെ

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നാഷണൽ ഇൻഫോർമേറ്റിക്സ് സെന്റർ മുഖേന എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനമായ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സെർവ്വീസസ് (KOMPAS) നെ ലെവൽ 2 ആയി അപ്ഗ്രേഡ് ചെയ്യുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി, ധാതു നിക്ഷേപങ്ങളുടെ അളവ് കണക്കാക്കുന്നതിൽ മികച്ച കൃത്യത നൽകുന്ന ഫീൽഡ് ഇൻവെസ്റ്റിഗേഷനുകൾ നടത്താൻ ലിഡാർ അധിഷ്ഠിത ഡ്രോൺ സർവേ ഇപ്പോൾ ഉപയോഗിക്കുന്നു.

**കേരളത്തിലെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ**

ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ്, മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, കുണ്ടറ സിറാമിക്സ് ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ്, കേരള ക്ലെയിസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവ മേജർ മിനറൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ ചിലതാണ്. സ്റ്റോൺ ക്രഷർ, സാന്റ് നിർമ്മാണ യൂണിറ്റ്, ബ്രിക്സ് ഫാക്ടറി, ടൈൽ ഫാക്ടറി, എന്നിവ മൈനർ മിനറൽ അടിസ്ഥാനമാക്കിയുള്ള പ്രധാന വ്യവസായങ്ങളാണ്. എണ്ണത്തിൽ പരിമിതമാണെങ്കിലും, ധാതു അധിഷ്ഠിത വ്യവസായങ്ങൾ കേരളത്തിന്റെ വ്യാവസായിക സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നു. സാമ്പത്തിക സംഭാവനയിൽ മാത്രമല്ല, സാങ്കേതിക നവീകരണം, തൊഴിൽ, പ്രാദേശിക സന്തുലിതാവസ്ഥ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും അവയുടെ പ്രസക്തിയുണ്ട്. മൂല്യവർദ്ധനവ്, സുസ്ഥിര ഖനനം, വൈവിധ്യവൽക്കരണം എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വർദ്ധിച്ച സംഭാവന സാധ്യമാകും.

മൈനിംഗും ക്വാറിയിംഗും പ്രധാനപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങളാണെങ്കിലും, ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണ്. ആയതിനാൽ ഖനന പ്രവർത്തനങ്ങളുടെ പ്രതികൂല ഫലങ്ങൾ ലഘൂകരിക്കുന്നതിന് ലിഡാർ അധിഷ്ഠിത ഡ്രോൺ സർവേ സ്വീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും സർക്കാർ ശ്രദ്ധ ചെലുത്തുന്നു. ആധുനിക സാങ്കേതികവിദ്യകളാലും രീതികളാലും ഖനനവും ക്വാറിയുമായി ബന്ധപ്പെട്ട് പരിസ്ഥിതിക്കും സമ്പദ്‌വ്യവസ്ഥയ്ക്കും ഉണ്ടാക്കുന്ന നഷ്ടം ഒരു പരിധിവരെ കുറച്ചിട്ടുണ്ട്.

# 4.3 പൊതു മേഖലാ സ്ഥാപനങ്ങൾ

പ്രൊഫഷണൽ മാനേജ്മെന്റും മെച്ചപ്പെട്ട ലാഭക്ഷമതയും ഉറപ്പാക്കിക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്താൻ കേരള സർക്കാർ ശ്രമിക്കുന്നു. പ്രത്യേകിച്ച് സമീപ വർഷങ്ങളിൽ, സംസ്ഥാന പൊതുമേഖലാ യൂണിറ്റുകൾ വ്യാവസായിക മേഖലയുടെ പ്രകടനത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് തുടങ്ങിയ നിർമ്മാണ മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകൾ കേരളത്തിലുണ്ട്. തിരുവിതാംകൂർ കൊച്ചിൻ കെമിക്കൽസ്, കെൽട്രോൺ എന്നിവയുൾപ്പെടെ സംസ്ഥാനത്തെ ചില പൊതുമേഖലാ സ്ഥാപനങ്ങൾ ദേശീയ തലത്തിൽ അവരുടെ മേഖലകളിൽ മുൻനിരക്കാരാണ്.

കൊച്ചിയിലെ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, എച്ച്എൽഎൽ ബയോടെക് ലിമിറ്റഡ്, എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് എന്നിവയുൾപ്പെടെ നിരവധി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരളം ആതിഥേയത്വം വഹിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ധാരണാപത്രങ്ങൾ നടപ്പിലാക്കുന്നതിനും, ബിസിനസ് പദ്ധതികൾ തയ്യാറാക്കുന്നതിനും, പ്രവർത്തന ലക്ഷ്യങ്ങൾ എന്നിവ നിശ്ചയിച്ചുകൊണ്ട് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിടി) മുഖേന സർക്കാർ നടപ്പിലാക്കി വരുന്നു.

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

പബ്ലിക് എന്റർപ്രൈസസ് സർവ്വേയിൽ ചില സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ കൂടാതെ 50 ശതമാനത്തിൽ കൂടുതൽ ഓഹരികൾ കേന്ദ്ര ഗവൺമെന്റിന്റെ പക്കൽ ഉള്ള ഗവൺമെന്റ് കമ്പനികളും ഉൾപ്പെടുന്നു. ഈ കമ്പനികളുടെ അനുബന്ധ കമ്പനികൾ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അവയിൽ 50 ശതമാനത്തിൽ കൂടുതൽ ഓഹരി പങ്കാളിത്തം ഉണ്ടെങ്കിൽ അങ്ങനെയുള്ളവയെ കേന്ദ്ര പൊതു മേഖലാ സ്ഥാപനം (സിപിഎസ്ഇ-സ്) എന്ന് വർഗീകരിക്കാം. എന്നാൽ പബ്ലിക് എന്റർപ്രൈസസ് സർവ്വേ 2024-25ൽ വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളോ, ബാങ്കിംഗ് സ്ഥാപനങ്ങളോ, ഇൻഷുറൻസ് കമ്പനികളോ ഉൾപ്പെടുന്നില്ല. സർവേ റിപ്പോർട്ടുകൾ പ്രകാരം, 2024-25 കാലയളവിൽ 291 കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാണ്.

**കേന്ദ്ര മേഖലാ നിക്ഷേപം**

ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ മൊത്തം സാമ്പത്തിക നിക്ഷേപം 2023-24 ലെ 27.74 ലക്ഷം കോടി രൂപയിൽ നിന്ന് 2024-25 ൽ 31.65 ലക്ഷം കോടി രൂപയായി വർദ്ധിച്ചു, മുൻ വർഷത്തേക്കാൾ 14.1 ശതമാനം വളർച്ച രേഖപ്പെടുത്തി (പബ്ലിക് എന്റർപ്രൈസസ് സർവ്വേ, 2024-25). എല്ലാ സിപിഎസ്ഇകളുടെയും മൊത്തം ഗ്രോസ് ബ്ലോക്ക് 2023-24 സാമ്പത്തിക വർഷത്തിലെ ₹33.33 ലക്ഷം കോടിയിൽ നിന്ന് 2024-25 ൽ ₹37.12 ലക്ഷം കോടിയായി വർദ്ധിച്ചു, മുൻ വർഷത്തേക്കാൾ 11.4 ശതമാനം വളർച്ച രേഖപ്പെടുത്തി. ഈ റിപ്പോർട്ട് പുതിയ രീതിയിലായതിനാൽ ഗ്രോസ് ബ്ലോക്ക് സംബന്ധിച്ച് സംസ്ഥാനം തിരിച്ചുള്ള വിശദാംശങ്ങൾ നിലവിൽ ഇതിൽ ലഭ്യമല്ല.

2023-24 ലെ പബ്ലിക് എന്റർപ്രൈസസ് സർവേ പ്രകാരം, കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം ഗ്രോസ് ബ്ലോക്ക് 2022-23 ൽ 73,599.36 കോടി രൂപയിൽ നിന്ന് 2023-24 ൽ 64,358.19 കോടി രൂപയായി കുറഞ്ഞു (കേരളത്തിന്റെ വിഹിതം 2.4 ശതമാനത്തിൽ നിന്ന് 1.9 ശതമാനമായി കുറഞ്ഞു). 2024 മാർച്ച് 31 ലെ കണക്കനുസരിച്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം ഏറ്റവും ഉയർന്നത് മഹാരാഷ്ട്രയിലാണ് (നിക്ഷേപത്തിന്റെ 7.67 ശതമാനം), തൊട്ടുപിന്നിൽ ഉത്തർപ്രദേശ് (നിക്ഷേപത്തിന്റെ 6.57 ശതമാനം),

**ചിത്രം 4.3.1** കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഗ്രോസ് ബ്ലോക്കും കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപ വിഹിതവും, ശതമാനത്തിൽ




**അവലംബം**: സി.എസ്.ഒ, (മോസ്പി)

തമിഴ്നാട് (നിക്ഷേപത്തിന്റെ 6.37 ശതമാനം). ഗ്രോസ് ബ്ലോക്കിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളം 18-ാം സ്ഥാനത്താണ് (പബ്ലിക് എന്റർപ്രൈസസ് സർവേ 2023-24). 2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ കേരളത്തിലെ സിപിഎസ്‌യു-കളിലെ Gross Block നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 4.3.1**-ലും തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം (2024 മാർച്ച് 31-ലെ കണക്കനുസരിച്ച്) **അനുബന്ധം 4.3.2**-ലും നൽകിയിരിക്കുന്നു.

2014-15 മുതൽ 2023-24 വരെയുള്ള കാലയളവിൽ കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഗ്രോസ് ബ്ലോക്ക് വിഹിതവും നിക്ഷേപത്തിന്റെ ശതമാന വിഹിതവും **ചിത്രം 4.3.1**-ൽ കാണിച്ചിരിക്കുന്നു.

**ജോയിന്റ് സ്റ്റോക്ക് കമ്പനികൾ**

2024 മാർച്ച് വരെയുള്ള കണക്കുപ്രകാരം കേരളത്തിൽ 61,741 ജോയിന്റ് സ്റ്റോക്ക് കമ്പനികളുണ്ട്. 2024-25 ൽ ആകെ 6,220 കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു. ഈ കാലയളവിൽ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് 22 കമ്പനികളും, മറ്റ് സംസ്ഥാനങ്ങളിലേക്ക് 20 കമ്പനികളും മാറി. കൂടാതെ 2024-25 ൽ പിരിച്ചുവിടപ്പെട്ട/പിരിച്ചുവിട്ട/സംയോജിപ്പിച്ച കമ്പനികളുടെ എണ്ണം 541 ആയിരുന്നു. ഇപ്രകാരം 2024-25 ൽ ആകെ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ എണ്ണം 67,422 ആയിരുന്നു. 2024 മാർച്ചിലെ മൊത്തം സർക്കാർ കമ്പനികളുടെ എണ്ണം 180 ആയിരുന്നു (രജിസ്ട്രാർ ഓഫ് കമ്പനീസ് കേരളയും ലക്ഷദ്വീപും). കേരളത്തിൽ പ്രവർത്തിക്കുന്ന ജോയിന്റ് സ്റ്റോക്ക് കമ്പനികളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.3** ൽ നൽകിയിരിക്കുന്നു.

**വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ**

ആകെ 9 മേഖലകളിലായി 8 സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ ആകെ 51 പൊതു മേഖലാ യൂണിറ്റുകൾ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ഉണ്ട്. ഇതിൽ രണ്ടു യൂണിറ്റുകൾ 2023-24 മുതൽ പ്രവർത്തനരഹിതമായിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ 5,135.89 കോടി രൂപയുടെ വിറ്റുവരവും 306.24 കോടി രൂപയുടെ നെറ്റ് ലോസ്സും രേഖപ്പെടുത്തി. വിറ്റുവരവ് മുൻവർഷത്തേക്കാൾ 15.14 ശതമാനം വർദ്ധിച്ചു. അറ്റാദായം രേഖപ്പെടുത്തിയ പൊതു മേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2023-24 ൽ 12 ആയിരുന്നത് 2024-25 ൽ 14 ആയി വർദ്ധിച്ചു. പ്രവർത്തന ലാഭം രേഖപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2023-24 ൽ 18 ൽനിന്നും 2024-25 ൽ 22 ആയി വർദ്ധിച്ചു. വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ 5 വർഷങ്ങളിലെ പ്രകടനം **അനുബന്ധം 4.3.4** ൽ നൽകിയിരിക്കുന്നു.

കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, കെൽട്രോൺ

**ബോക്സ് 4.3.1** ദേശീയ തലത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

ദേശീയ നയം സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും, അതേസമയം ഫാക്ടറികളുടെ വളർച്ചയെ പരിപോഷിപ്പിക്കുന്ന പുനർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാത്തതും, അവയുടെ അടച്ചുപൂട്ടലിനെ ത്വരിതപ്പെടുത്തുന്നതുമാണ്. എന്നാൽ ആ സ്ഥാനത്ത് കേരളം, സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികളുടെ ശ്രദ്ധേയമായ ശക്തികേന്ദ്രമായി നിലകൊള്ളുന്നു. 2023–24 ലെ വാർഷിക വ്യവസായ സർവേ പ്രകാരം ഏറ്റവും കൂടുതലും എന്നാൽ അയൽ സംസ്ഥാനമായ തമിഴ്നാടിന് തുല്യമായിതന്നെ കേരളത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികളുണ്ട്, അതായത് 163 യൂണിറ്റുകൾ, തൊട്ടുപിന്നിൽ ഗുജറാത്ത് (139), മഹാരാഷ്ട്ര (98) എന്നിവയാണ്. ഈ മേഖലയിൽ കേരളത്തിൽ ജോലി നോക്കി വരുന്ന 33,781 തൊഴിലാളികളാണ് ഉള്ളത്. അത് രാജ്യത്തെ മൊത്തം സർക്കാർ ഫാക്ടറി തൊഴിലാളികളുടെ 8.8 ശതമാനം വരും.

മൊത്തം മൂല്യവർദ്ധനവിന്റെ കാര്യത്തിൽ നോക്കുമ്പോൾ ദേശീയമായി മൊത്തം മൂല്യ വർദ്ധനവിന്റെ 11.3 ശതമാനം സംഭാവന ചെയ്യുന്ന കേരളം മഹാരാഷ്ട്രയ്ക്ക് തൊട്ടുപിന്നിലാണ്, അതേസമയം ഗുജറാത്ത് 2 ശതമാനവും തമിഴ്നാട് 5.9 ശതമാനവുമാണ്. കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ, കേരളം 15.2 ശതമാനം എന്ന മൊത്തം ജിവിഎ വളർച്ചാ നിരക്ക് കൈവരിച്ചുകൊണ്ട് ഒന്നാമതായി. അതെ സമയം ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ പ്രധാന വ്യാവസായിക സംസ്ഥാനങ്ങൾ നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2016 നും 2024 നും ഇടയിലുള്ള വാർഷിക വ്യവസായ സർവേ ഡാറ്റ പ്രകാരം, കേരളത്തിലെ എല്ലാ സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങളുമായി മറ്റ് പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാനം നൽകിയ അനുകൂല സാഹചര്യങ്ങൾ വ്യത്യസ്തവും വളരെ വ്യക്തമായി പ്രകടമാകുന്നതുമാണ്.

**സംസ്ഥാനം തിരിച്ചുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ (2016 – 2024 കാലയളവ്) GVAയുടെ വളർച്ച**

| സംസ്ഥാനം | 2016 | | | പൊതുമേഖലാ സ്ഥാപനങ്ങൾ | 2024 | | |
|---|---|---|---|---|---|---|---|
| | പൊതുമേഖലാ സ്ഥാപനങ്ങൾ | തൊഴിലാളികൾ | മൊത്തം മൂല്യ വർദ്ധനവ് (രൂപ കോടിയിൽ) | | തൊഴിലാളികൾ | മൊത്തം മൂല്യ വർദ്ധനവ് (രൂപ കോടിയിൽ ) | സാമഗ്ര വാർഷിക വളർച്ചാ നിരക്ക് % |
| കേരളം | 170 | 42786 | 5756 | 163 | 33781 | 17801 | 15.2 |
| തമിഴ്നാട് | 268 | 57523 | 5597 | 163 | 38876 | 9236 | 6.5 |
| ഗുജറാത്ത് | 406 | 63667 | 8354 | 139 | 20321 | 3189 | –11.3 |
| മഹാരാഷ്ട്ര | 343 | 57292 | 58237 | 98 | 26224 | 18863 | –13.1 |
| ഛത്തിസ്ഗർഗ്ഗ് | 90 | 31880 | 5173 | 86 | 36216 | 5203 | 0.1 |
| കർണാടക | 151 | 23447 | 4610 | 74 | 18705 | 10148 | 10.4 |
| പശ്ചിമ ബംഗാൾ | 152 | 48369 | 5061 | 63 | 37320 | 12437 | 11.9 |
| ഒഡീഷ | 51 | 57072 | 7834 | 60 | 42955 | 17009 | 10.2 |
| മധ്യപ്രദേശ് | 31 | 20723 | 5380 | 46 | 16842 | 15104 | 13.8 |
| ഉത്തർപ്രദേശ് | 117 | 27734 | 4525 | 46 | 21260 | 9675 | 10.0 |

**അവലംബം** : വാർഷിക വ്യവസായ സർവ്വേ 2015-16&2023-24

ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്നിവയാണ് ഈ വർഷം ലാഭമുണ്ടാക്കിയ (നെറ്റ് പ്രോഫിറ്റ്) പ്രധാന പൊതുമേഖലാ സ്ഥാപനങ്ങൾ. വ്യവസായവാണിജ്യ വകുപ്പിന് കീഴിലുള്ള 51 പൊതുമേഖലാ സ്ഥാപനങ്ങളെ 9 മേഖലകളായി തരം തിരിച്ചിരിക്കുന്നു. ഇലക്ട്രോണിക്സ് മേഖലയ്ക്കു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ 44.92 കോടി രൂപയുടെ net profit നേടി. അതേസമയം മറ്റെല്ലാ മേഖലയ്ക്കു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടം രേഖപ്പെടുത്തി. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും കേരളത്തിന്റെ വ്യവസായ മേഖലയുടെ സാങ്കേതിക

പരിവർത്തനത്തിന്റെ മുഖ്യ കണ്ണിയായി അവയെ ഉയർത്തികൊണ്ടു വരുന്നതിനും സർക്കാർ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ മേഖല തിരിച്ചുള്ള സാമ്പത്തിക പ്രകടനം **അനുബന്ധം 4.3.5** ൽ കാണിച്ചിരിക്കുന്നു. 2024-25, 2025-26 (ഓഗസ്റ്റ് 2025 വരെ) കാലയളവിലെ പൊതുമേഖല തിരിച്ചുള്ള വിറ്റുവരവിന്റെയും ലാഭനഷ്ടത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 4.3.6** ൽ കാണിച്ചിരിക്കുന്നു.

2025-26 ൽ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം 309.10 കോടി രൂപയാണ്, ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധന പിന്തുണയും ഉൾപ്പെടുന്നു. ഈ തുകയിൽ 58.06 കോടി രൂപ 2025 സെപ്റ്റംബർ വരെ ചെലവഴിച്ചു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങൾ**

- 2024-25 ൽ, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആകെ വിറ്റുവരവ് 5,135.89 കോടി രൂപയും മൊത്തം പ്രവർത്തന ലാഭം 55.86 കോടി രൂപയുമാണ്. ഈ കാലയളവിൽ 22 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന ലാഭം നേടി.
- മുൻ വർഷത്തെ അപേക്ഷിച്ച്, 32 കമ്പനികൾ അവരുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിൽ വിജയിച്ചു, 20 കമ്പനികൾ പ്രവർത്തന ലാഭം വർദ്ധിപ്പിച്ചു, 23 കമ്പനികൾ നഷ്ടം കുറച്ചു.
- കെൽട്രോൺ 1,057 കോടി രൂപയുടെ റെക്കോർഡ് വിറ്റുവരവും 50 കോടി രൂപയുടെ പ്രവർത്തന ലാഭവും നേടി.
- ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 75,440 മെട്രിക് ടൺ കാസ്റ്റിക് സോഡ ഉൽപ്പാദിപ്പിച്ച് സർവകാല റെക്കോർഡ് നേടി.
- ടെക്സ്റ്റൈൽ മില്ലുകൾക്കായി ഒരു "ഓൺലൈൻ വിൽപ്പന പ്ലാറ്റ്ഫോം" ആരംഭിച്ചു.
- കയർ നൂലിന്റെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കാൻ "കയർ ഫൈബർ ബാങ്ക്" രൂപീകരിച്ചു.
- കെൽട്രോൺ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്, ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, കാപെക്സ് എന്നിവയുൾപ്പെടെ 9 പൊതുമേഖലാ സ്ഥാപനങ്ങൾ 36 പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി.
- കെൽട്രോൺ അവരുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കുമായി സിംബാബ്‌വേയിൽ നിന്ന് ഓർഡറുകൾ നേടി, 3000 ലാപ്ടോപ്പുകൾ (കൊക്കോണിക്സ്)ക്കുള്ള ഓർഡറുകളും നേടി. ഇന്ത്യൻ നാവികസേനയുടെ ഏറ്റവും പുതിയ ഗൈഡഡ് മിസൈൽ യുദ്ധക്കപ്പലായ "ഐഎൻഎസ് തമൽ" നിർമ്മാണത്തിലും കെൽട്രോൺ നിർണായക പങ്ക് വഹിച്ചു.
- അപൂർവ-ഭൂമൂലകങ്ങൾ വേർതിരിച്ചെടുക്കുന്നതിനും സ്ഥിരമായ കാന്ത ഉൽപാദനത്തെ പിന്തുണയ്ക്കുന്നതിനുമായി മോണോസൈറ്റ് ക്രാക്കിംഗിനായി കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് സാങ്കേതികവിദ്യ സ്വായത്തമാക്കാൻ ആരംഭിച്ചു.
- അന്തർവാഹിനികളിൽ ട്രാൻസ്ഡ്യൂസറുകൾ നിർമ്മിക്കുന്നതിനുള്ള നിരവധി പ്രതിരോധ ഓർഡറുകൾ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് നേടി. അവരുടെ ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് സഹായിക്കുന്ന സെൻസറുകളുടെ അണ്ടർ വാട്ടർ ടെസ്റ്റിംഗിനായി ഒരു ടെസ്റ്റിംഗ് സൗകര്യവും വികസിപ്പിച്ചെടുത്തു.
- സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (SIFL) അമേരിക്കൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട് (API) സർട്ടിഫിക്കറ്റും യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ചിൽ നിന്ന് 3.6 കോടി രൂപയുടെ ഓർഡറുകളും നേടി.

**ഭാവി പദ്ധതികൾ**

കേരളത്തിന്റെ വ്യാവസായിക, തൊഴിൽ ആവാസവ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. അവയെ പുനരുജ്ജീവിപ്പിക്കുന്നത് പൂർണ്ണമായും സേവനാധിഷ്ഠിതമാകുന്നതിനു പകരം സംസ്ഥാനത്തിനുള്ളിൽ തൊഴിൽ സംരക്ഷണം, പ്രാദേശിക വ്യാവസായിക വികസനം, മൂല്യവർദ്ധനവ് എന്നിവയിലേക്ക് നയിക്കും. നന്നായി പ്രവർത്തിക്കുന്ന ഒരു പൊതുമേഖല സ്ഥാപനം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സഹായിക്കുന്നു.

വെറും ലാഭം ഉണ്ടാക്കുന്ന സംരംഭങ്ങൾ എന്നതിൽ നിന്നും ഉയർന്ന സാങ്കേതിക വിജ്ഞാനം ആവശ്യമായ സംരംഭങ്ങൾക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്ന തരത്തിലേക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിവർത്തനം ആവശ്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയും തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി, കഴിയുന്നത്ര അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്തിനകത്തു നിന്ന് തന്നെ സംഭരിക്കുകയും കൂടാതെ അനുബന്ധ വ്യവസായങ്ങളുടെ വികസനത്തിന് ആവശ്യമായ സഹായവും പിന്തുണയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. സംരംഭകത്വത്തിന്റെ പ്രോത്സാഹനത്തിന്, പ്രത്യേകിച്ച് ഉയർന്ന സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളവ വികസിപ്പിക്കുന്നതിന് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ആവശ്യമായ സൗകര്യങ്ങൾ /സഹായങ്ങൾ ചെയ്യുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനും പുനരുജ്ജീവനത്തിനും കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ പ്രൊഫഷണൽ

മാനേജർമാരെ നിയമിച്ചിട്ടുണ്ട്. സുതാര്യമായ രീതിയിൽ മികച്ച മാനേജർമാരെ തിരഞ്ഞെടുക്കുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് (കെപിഇഎസ്ആർബി) എന്ന ഒരു സ്ഥിരം സംവിധാനം രൂപീകരിച്ചിട്ടുണ്ട്. സമാന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജനവും ലയനവും അവയുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമത കൈവരിക്കുന്നതിനായി നടപ്പാക്കും.

**ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിറ്റി)**

പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് (റിയാബ്) ബോർഡിനെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (ബിപിറ്റി) എന്ന് പുനർ നാമകരണം ചെയ്യുകയും ഗവേണിംഗ് ബോർഡ് പുനഃസ്ഥാപിക്കുകയും ചെയ്തു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്കരണ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് ഉത്തരവാദിത്തമുള്ള ഏജൻസിയാണ് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബി.പി.റ്റി. വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന/ പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കുന്നതിൽ BPT ഒരു പ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന രീതികൾ ആസൂത്രണം ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുക, സ്ഥാപന പുനഃനിർമ്മാണം, പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഭരണപരമായ ഉപദേശക സഹായം നൽകുക എന്നിവയാണ് ഏജൻസിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ. പൊതു മേഖലാ സ്ഥാപനങ്ങളുടെ തിരിച്ചു വരവിനായി ബി.പി.റ്റി സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു .

- പൊതു മേഖലാ സ്ഥാപനങ്ങളിൽ പുതിയ മാനവ വിഭവ ശേഷി നയം / എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് എന്നിവ നടപ്പിലാക്കൽ.
- തൃപ്തികരമല്ലാത്ത പ്രവർത്തനം കാഴ്ച വയ്ക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുത്തവയെ തിരിച്ചു വരവിന്റെ പാതയിൽ കൊണ്ട് വരുന്നതിനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുക.
- സാങ്കേതിക വിദ്യാ പ്രാപ്യത, പ്രവർത്തന മികവ്, വിപണിയിൽ ഇടപെടൽ എന്നിവയ്ക്കായി സംയുക്ത സംരംഭങ്ങളെ (ജെ.വി) പ്രോത്സാഹിപ്പിക്കുക.
- യുക്തിസഹമായ ചെലവാക്കൽ, ആവശ്യ നിയന്ത്രണങ്ങൾ എന്നിവ ഏർപ്പെടുത്തിക്കൊണ്ട് സ്ഥാപനങ്ങളുടെ പാഴാക്കൽ,കാര്യക്ഷമയില്ലായ്മ എന്നിവ നിയന്ത്രിക്കുക .
- വിപണി ആവശ്യകതയ്ക്ക് അനുസൃതമായി ഉൽപ്പന്ന വൈവിധ്യവൽക്കരണം
- പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തൽ .

**വ്യാവസായിക പ്രോത്സാഹനവും നിക്ഷേപ സൗകര്യങ്ങളും**

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവയാണ് സംസ്ഥാനത്തെ പ്രധാന വ്യവസായ ധനസഹായ ഏജൻസികൾ. വ്യാവസായിക ധനസഹായത്തിനു പുറമെ വ്യാവസായിക വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് കിൻഫ്രയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)**

കേരളത്തിൽ ഇടത്തര–വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഉടമസ്ഥതയിൽ 1961 ൽ സ്ഥാപിച്ച കമ്പനിയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.

**ബോക്സ് 4.3.2.** ആഗോള നിക്ഷേപക സംഗമം 2025

സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപക സംഗമം കേരളത്തിൽ നടത്തിയ വലിയ പരിപാടികളിൽ ഒന്നായിരുന്നു. കേരളത്തെ ഒരു ആഗോള നിക്ഷേപ കേന്ദ്രമായി കണക്കാക്കുന്നതിന് ഇതിലൂടെ സാധ്യമായി. 449 താൽപ്പര്യ പത്രങ്ങളിലൂടെ (EOIs) ഈ നിക്ഷേപക സംഗമത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചത്, ഇതിലൂടെ ഏകദേശം 1.80 ലക്ഷം കോടി രൂപയുടെ പ്രതീക്ഷിത നിക്ഷേപവും, 5.81 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയുമുണ്ട്. 26 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ഏകദേശം 4,000 വ്യവസായ പ്രമുഖർ, സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ എന്നിവരുടെ പങ്കാളിത്തം, 115 പ്രദർശനങ്ങൾ, ആറ് ദേശീയ സെഷനുകൾ, ഒന്നിലധികം B2B മീറ്റിംഗുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നിക്ഷേപക സംഗമവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി ഒരു പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചു. വ്യാവസായിക ഭൂമിയുള്ള വ്യക്തികൾക്ക് അത് ലിസ്റ്റ് ചെയ്യാൻ ആപ്പിലൂടെ സാധിക്കുന്നു. താത്പര്യമുള്ള നിക്ഷേപകർക്ക് ഇവരുമായി സംവദിക്കാൻ ഇതിലൂടെ സാധ്യമാകും. കിൻഫ്ര, കെഎസ്ഐഡിസി, സർക്കാർ എസ്റ്റേറ്റുകൾ, അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങളും ഇത് നൽകുന്നു. നിക്ഷേപക സംഗമത്തിന്റെ ഭാഗമായി, maritime & ലോജിസ്റ്റിക്സ്, മാലിന്യ സംസ്കരണം & പുനരുപയോഗം, ആയുർവേദ & ഫാർമസ്യൂട്ടിക്കൽസ്, ടൂറിസം, ഭക്ഷ്യ സംസ്കരണം, റീട്ടെയിൽ തുടങ്ങിയ മേഖലകളിൽ മേഖലാധിഷ്ഠിത മീറ്റിംഗുകൾ നടന്നു. ദുബായ്, ഡൽഹി, മുംബൈ, ബെംഗളൂരു, കോയമ്പത്തൂർ, ചെന്നൈ എന്നിവിടങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു. നിക്ഷേപക സംഗമത്തിനു മുമ്പ് തിരുവനന്തപുരത്ത് വിഴിഞ്ഞം കോൺക്ലേവും കേരള ഓട്ടോമോട്ടീവ് കോൺക്ലേവും സംഘടിപ്പിച്ചു . ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഈ നിക്ഷേപ പ്രചോദനത്തിലൂടെ ഇതിനകം തന്നെ പദ്ധതികളുടെ പ്രാരംഭ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നത് ശ്രദ്ധേയമാണ്. 109 പദ്ധതികൾ (24.27%) നിർമ്മാണം ആരംഭിച്ചു, ഇതിലൂടെ ഏകദേശം 35,608.22 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കും .

**അവലംബം** : കെഎസ്ഐഡിസി

സി). കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് തന്ത്രപ്രധാനമായ പല വ്യവസായ പശ്ചാത്തല വികസന പദ്ധതികളും കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സിയ്ക്ക് 1174.5 ഏക്കർ സ്ഥലമുള്ള 11 വ്യവസായ പാർക്കുകളുണ്ട്. ഇതിൽ 707.34 ഏക്കർ ഭൂമി വികസിപ്പിക്കുകയും 566.11 ഏക്കർ ഭൂമി 360 യൂണിറ്റുകൾക്ക് അനുവദിക്കുകയും 12,950 പേർക്ക് ഈ യൂണിറ്റുകളിലൂടെ തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.3.7** ൽ കാണിച്ചിരിക്കുന്നു. സ്വകാര്യ വ്യാവസായിക പദ്ധതികൾക്ക് ധനസഹായം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, നിക്ഷേപ പ്രോത്സാഹന സംരംഭങ്ങൾക്ക് നേതൃത്വം നൽകുക, മേഖലാടിസ്ഥാനത്തിലുള്ള വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളും ആവാസവ്യവസ്ഥയും സൃഷ്ടിക്കുക, സംരംഭകത്വത്തെയും സ്റ്റാർട്ടപ്പുകളും പരിപോഷിപ്പിക്കുക എന്നിവയിലൂടെയും കെഎസ്ഐഡിസി സംസ്ഥാനത്ത് നിർണായക പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത്, ആഭ്യന്തരവും വിദേശീയവുമായ വ്യവസായ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് സമഗ്രമായ പിന്തുണയും സഹായവും നൽകി വരുന്നു. വിവിധ ആനുകൂല്യങ്ങളും പദ്ധതികളും പരിശോധിക്കുവാൻ വേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും, സർക്കാരും വ്യവസായ മേഖലയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് സംരംഭങ്ങൾ സ്ഥാപിക്കുവാൻ താൽപ്പര്യമുള്ള നിക്ഷേപകർക്കുള്ള ഏക പോയിന്റ് കോൺടാക്റ്റായി കെഎസ്ഐഡിസി പ്രവർത്തിക്കുന്നു. ബിസിനസ് ആശയങ്ങൾ പ്രായോഗിക പദ്ധതികളാക്കി വികസിപ്പിക്കുന്നതിനുള്ള പിന്തുണ, സാധ്യതാപഠനങ്ങൾ നടത്തുന്നതിനുള്ള സഹായം, വികസിപ്പിച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ,ആവശ്യമായ അനുമതികളും അംഗീകാരങ്ങളും വേഗത്തിലാക്കുക തുടങ്ങി പ്രോജക്ട് ആശയരൂപീകരണം മുതൽ കമ്മീഷൻ ചെയ്യുന്നത് വരെയുള്ള എല്ലാ സൗകര്യങ്ങളും കെഎസ്ഐഡിസി നൽകുന്നു. ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, മെന്ററിംഗ് സെഷനുകൾ നൽകുക, സ്റ്റാർട്ടപ്പിനായി സീഡ് ഫണ്ട് വർദ്ധിപ്പിക്കുക എന്നിവയിലൂടെ സ്റ്റാർട്ടപ്പുകൾക്കായി പ്രാപ്തമാക്കുന്ന ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കാൻ കെഎസ്ഐഡിസി പരിശ്രമിച്ചു.

കൊച്ചിൻ ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡ്,കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്,നിറ്റ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ്, ജിയോജിത് ബി.എൻ.പി പരിബാസ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, ലേക്ക് ഷോർ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ലിമിറ്റഡ്, കിംസ് ഹോസ്പിറ്റൽ, ലേ മെറിഡിയൻ ഹോട്ടൽ,ക്രൗൺ പ്ലാസ ഹോട്ടൽ , അപ്പോളോ ടയേഴ്സ് തുടങ്ങിയ മുൻ നിര സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.

### 2024-25 ലെ പ്രധാന പദ്ധതികളും അവയുടെ നേട്ടങ്ങളും

**നിക്ഷേപ പ്രോത്സാഹനം:** നിക്ഷേപ പ്രോത്സാഹനത്തിന്റെ ഭാഗമായി, കെഎസ്ഐഡിസി 40 ലധികം പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പരിപാടികളിലൂടെ കേരളത്തിൽ നിക്ഷേപം നടത്തിയ പ്രമുഖ വ്യവസായങ്ങളിൽ ഡി-സ്പേസ്, അതാച്ചി, ആർസിസി ന്യൂട്ര ഫിൽസ് (ഭാരത് ബയോ ടെക്നോളജി), അവിഗ്ന, വെൻഷ്വർ, സഫ്രാൻ, ടാസ്ന എന്നിവ ഉൾപ്പെടുന്നു. 2025 നവംബർ 11 മുതൽ 14 വരെ ജർമ്മനിയിൽ നടന്ന മെഡിക്ക ഉച്ചകോടി, മെഡിക്കൽ ടെക്നോളജി, ബയോ ടെക്നോളജി, ലൈഫ് സയൻസസ് എന്നീ മേഖലകളിലെ കേരളത്തിന്റെ വൈദഗ്ദ്ധ്യം ആഗോള സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയായി മാറി. ഈ മേഖലകളിലെ നിർമ്മാതാക്കൾ, വിതരണക്കാർ, സംരംഭകർ, ഗവേഷണ സ്ഥാപനങ്ങൾ, നയരൂപീകരണക്കാർ എന്നിവരുമായി ചർച്ചകൾ നടത്താനും ഇത് സൗകര്യമൊരുക്കി.

കേരളത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സൗഹൃദ അന്തരീക്ഷം പ്രദർശിപ്പിക്കുന്നതിനും ആഗോള നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനുമായി, 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ കെഎസ്ഐഡിസിയുടെ നേതൃത്വത്തിൽ കേരള സർക്കാർ ആഗോള നിക്ഷേപക സംഗമം 2025 സംഘടിപ്പിച്ചു.

- കേരള ലോജിസ്റ്റിക്സ് നയവും ഇഎസ്ജി നയവും മന്ത്രിസഭ അംഗീകരിച്ചു.
- കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെഎസ്ഐഡിസി) ആഭിമുഖ്യത്തിൽ കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് (കെഎൽഐപി) 2025 സെപ്റ്റംബറിൽ ഒരു അന്താരാഷ്ട്ര കോൺക്ലേവും എക്സ്പോയുമായ ബയോ കണക്ട് 2024 സംഘടിപ്പിച്ചു. 2024 ലെ ബയോ കണക്ട് 2.0 യുടെ വിഷയം "ഇന്നോവേഷൻ ടു ഇൻഡസ്ട്രി" (I2I) ആയിരുന്നു, ഇത് ജീവശാസ്ത്രത്തിലെ ഗവേഷണം/നവീകരണം മുതൽ വ്യാവസായിക

**പട്ടിക 4.3.1** കെ.എസ്.ഐ.ഡി.സി യുടെ പ്രധാന സാമ്പത്തിക പരാമീറ്ററുകൾ (കോടി രൂപയിൽ)

| വിശദാംശങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| മൊത്തം ആസ്തി | 643.2 | 809.8 | 869.12 | 945.23 | 1225.13 |
| ആകെ ചിലവുകൾ | 16.2 | 20.4 | 13.6 | 13.6 | 14.48 |
| ജീവനക്കാരുടെ ചിലവുകൾ | 10.7 | 10.7 | 9.02 | 9.71 | 10.02 |
| അറ്റലാഭം/നഷ്ടം (+/-) | 39.6 | 25.5 | 54.9 | 64.72 | 71.82 |
| ഓഡിറ്റ് നില | ഇതുവരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി | | | | താൽക്കാലികം |

**അവലംബം**: ബി.പി.ഇ അവലോകനം 2023-24

ഉൽപ്പാദനം വരെയുള്ള പരിവർത്തനത്തെ എടുത്തുകാണിക്കുന്നു. ഇത് സ്റ്റാർട്ടപ്പുകൾ, സുസ്ഥാപിതമായ വ്യവസായങ്ങൾ, അക്കാദമിക് മേഖലയിലുള്ളവർ, നിക്ഷേപകർ, ലൈഫ് സയൻസസ്/ബയോടെക്നോളജി/മെഡ്-ടെക്/ ഫാർമ മേഖലകളിലെ സർക്കാർ ഏജൻസികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്നതിന് ഇതിലൂടെ സഹായകമായി .

- ഇന്ത്യയിലെ ആദ്യത്തെ ഇന്റർനാഷണൽ Gen എഐ കോൺക്ലേവും ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസും സംഘടിപ്പിച്ചു.
- High-tech Manufacturing Policy തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു

**സാമ്പത്തിക സ്ഥിതി**

2023-24 ൽ കോർപറേഷൻ 71.82 കോടി രൂപ അറ്റാദായമായി നേടി. കഴിഞ്ഞ 5 വർഷങ്ങളിലെ കെ.എസ്.ഐ.ഡി.സി യുടെ ചില പ്രധാന സാമ്പത്തിക സൂചികകൾ **പട്ടിക 4.3.1** ൽ കൊടുത്തിരിക്കുന്നു.

**കെ.എസ്.ഐ.ഡി.സി യുടെ വ്യാവസായിക ധനസഹായ പ്രവർത്തനങ്ങൾ**

2024-25-ൽ, 454.99 കോടി രൂപയുടെ പദ്ധതികൾക്ക് കെ.എസ്.ഐ.ഡി.സി. അനുമതി നൽകി. അതിൽ 340.81 കോടി രൂപ വിതരണം ചെയ്തു. മുതലും പലിശയും അടക്കം മൊത്തം 284.19 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. 1,477.00 കോടി രൂപ മുതൽ മുടക്കിൽ 92 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ഇതിലൂടെ ഏകദേശം 4,731 പേർക്ക് തൊഴിൽ ലഭ്യമാകും. 2024-25, 2025-26 (2025 ഓഗസ്റ്റ് വരെ) വർഷങ്ങളിലെ കെഎസ്ഐഡിസിയുടെ ഭൗതികവും സാമ്പത്തികവുമായ പ്രവർത്തനങ്ങൾ അനുബന്ധം 4.3.8 ൽ നൽകിയിരിക്കുന്നു. 2017-18 മുതൽ 2025-26 വരെയുള്ള കെ.എസ്.ഐ.ഡി. സി.യുടെ പദ്ധതി വിഹിതവും ചെലവും **പട്ടിക 4.3.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.3.2** കെ.എസ്.ഐ.ഡി.സി യ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും 2017-18 മുതൽ 2025-26 വരെ (രൂപ കോടിയിൽ)

| ക്രമ നം | ക്രമ നം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2017-18 | 96.3 | 171.7 | 178.4 |
| 2 | 2018-19 | 134.4 | 77.5 | 57.7 |
| 3 | 2019-20 | 116.0 | 15.9 | 13.7 |
| 4 | 2020-21 | 109 | 84.32 | 77.36 |
| 5 | 2021-22 | 109 | 48.74 | 44.72 |
| 6 | 2022-23 | 113 | 50.53 | 44.73 |
| 7 | 2023-24 | 122.50 | 56.35 | 46.01 |
| 8 | 2024-25 | 127.50 | 89.26 | 70.01 |
| 9 | 2025-26* | 127.50 | 29.88* | 23.43 |

**അവലംബം**- ബജറ്റ് എസ്റ്റിമേറ്റ്

*2025 സെപ്റ്റംബർ വരെയുള്ള ചെലവുകൾ

**കെ.എസ്.ഐ.ഡി.സി യുടെ പ്രധാന പ്രവർത്തനങ്ങൾ**

**1.നിക്ഷേപ സൗകര്യവും വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളും**

- നിക്ഷേപ സൗകര്യ വിഭാഗം - വ്യവസായ, ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് (DPPIT) 434 പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്ന SBRAP 2024 പ്രസിദ്ധീകരിച്ചു. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ, തുടർച്ചയായ വകുപ്പുതല ഇടപെടൽ, നയപരമായ പിന്തുണ, ഡിജിറ്റൽ സംയോജനം എന്നിവയിലൂടെ KSIDC SBRAP 2024 നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിജയകരമായി ഏകോപിപ്പിച്ചു. 22 വകുപ്പുകളുമായും ഏജൻസികളുമായും അടുത്ത് പ്രവർത്തിച്ചുകൊണ്ട്, സംസ്ഥാനം 99.1 ശതമാനം പരിഷ്കരണ നിർവ്വഹണം കൈവരിച്ചുകൊണ്ട്, മുൻപത്തേതിൽ നിന്ന് ഗണ്യമായ പുരോഗതി കൈവരിച്ചു. കൂടാതെ സംസ്ഥാന ബിസിനസ് പരിഷ്കാര പ്രവർത്തന പദ്ധതി 2024 വിലയിരുത്തലിൽ 'ഫാസ്റ്റ് മൂവർ' ആയി അംഗീകരിക്കപ്പെടുകയും 'ഉദ്യോഗ് സമാഗം' പരിപാടിയിൽ ആദരിക്കപ്പെടുകയും ചെയ്തു. ബിസിനസ് എൻട്രി, ലേബർ റെഗുലേഷൻ പ്രാവർത്തികമാക്കൽ, യൂട്ടിലിറ്റി പെർമിറ്റുകൾ നേടൽ, സെക്ടർ സ്പെസിഫിക് - ഹെൽത്ത്കെയർ എന്നിങ്ങനെ 4 പരിഷ്കരണ മേഖലകൾക്ക് സംസ്ഥാനം 'ടോപ്പ് അച്ചീവർ' പദവി നേടി.
- വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള വ്യവസായ, ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് SBRAP പ്ലസ് റെഡ്യൂസിംഗ് കംപ്ലയൻസ് ബർഡൻ (RCB) പ്ലസ് 2024 പുറത്തിറക്കി, ഇതിൽ SBRAP 2024 ന്റെ ഭാഗമായി നടപ്പിലാക്കേണ്ട അധിക പരിഷ്കാരങ്ങൾ ഉൾപ്പെടുന്നു. SBRAP പ്ലസിൽ 70 പുതിയ പരിഷ്കാരങ്ങളും RCB പ്ലസിൽ 92 പരിഷ്കാരങ്ങളും ഉൾപ്പെടുന്നു. നിലവിൽ, 9 പരിഷ്കാരങ്ങൾ പൂർത്തിയായി, മറ്റ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് അതത് വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.
- KSWIFT- സംസ്ഥാന ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ 2024 ന്റെ ശുപാർശ പ്രകാരം, വിവിധ വകുപ്പുകളിൽ നിന്നുള്ള 83 സേവനങ്ങൾ KSWIFT പോർട്ടലിൽ ചേർക്കുകയോ പരിഷ്കരിക്കുകയോ ചെയ്യണം. ഈ സേവനങ്ങളിൽ 81 എണ്ണം സംയോജിപ്പിച്ചതിലൂടെ KSWIFT വഴി ലഭ്യമായ ആകെ സേവനങ്ങളുടെ എണ്ണം 113 ആണ്.
- കേരള -കേന്ദ്രീകൃത പരിശോധനാ സംവിധാനം (K-CIS)- കൂടുതൽ വകുപ്പുകളെ ഈ സംവിധാനത്തിലേക്ക് കൂട്ടിച്ചേർത്തുകൊണ്ട് K-CIS നവീകരണം പൂർത്തിയായി. ഫാക്ടറികളുടെയും ബോയിലറുകളുടെയും തൊഴിൽ വകുപ്പിന്റെയും പരിശോധനകൾ നിലവിൽ K-CIS വഴിയാണ് നടത്തുന്നത്. ലീഗൽ മെട്രോളജി വകുപ്പും മലിനീകരണ നിയന്ത്രണ ബോർഡും കെ-

സിസിൽ ചേർന്നിട്ടുണ്ട്. എസ്ബിആർഎപി പ്ലസ് ശുപാർശകൾ പ്രകാരം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കെ-സിസിൽ ചേരേണ്ടതുണ്ട്, ഇതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

**2. ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം:** ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീമിന് കീഴിൽ, 2024-25 കാലയളവിൽ വ്യാവസായിക യൂണിറ്റുകൾക്ക് വിവിധ തരത്തിലുള്ള സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തു. ഇതിൽ 3 യൂണിറ്റുകൾക്ക് സീഡ് ഫണ്ട് സഹായമായി 60 ലക്ഷം രൂപയും 3 യൂണിറ്റുകൾക്ക് 200 ലക്ഷം രൂപ സ്കെയിൽ അപ്പ് പിന്തുണയും അനുവദിച്ചു. സീഡ് ഫണ്ട് സഹായത്തോടെയുള്ള 7 യൂണിറ്റുകൾക്ക് 83.85 ലക്ഷം രൂപയും 5 സ്കെയിൽ-അപ്പ് യൂണിറ്റുകൾക്ക് 150 ലക്ഷം രൂപയും വിതരണം ചെയ്തു.

**3. വനിതാ സംരംഭകത്വം (WE) ദൗത്യം:** 2024-25 സാമ്പത്തിക വർഷത്തേക്കുള്ള WE മിഷൻ സാമ്പത്തിക സഹായ പദ്ധതി പ്രകാരം അഞ്ച് നിർദ്ദേശങ്ങൾ അംഗീകരിച്ചു. ഈ 5 യൂണിറ്റുകൾക്ക് സാമ്പത്തിക വർഷത്തിൽ 125 ലക്ഷം രൂപ വിതരണം ചെയ്തു.

**4. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി:** യൂണിറ്റുകൾക്ക് സാമ്പത്തിക സഹായമായി 894.95 ലക്ഷം രൂപ അനുവദിച്ചു.
5. കോവിഡ് സമാശ്വാസ പദ്ധതി: ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിൽ (ഐജിസി) ഭൂമി അനുവദിച്ചതിനുള്ള പലിശ ഇളവിനായി ഈ പദ്ധതിയിൽ നിന്നും 424.40 ലക്ഷം രൂപ ചെലവഴിച്ചു.

6. മെഡിക്കൽ ഡിവൈസസ് പാർക്ക് (മെഡ്സ്പാർക്ക്) & ലൈഫ് സയൻസ് പാർക്ക്: മെഡ്സ് പാർക്കിലെ പ്രോട്ടോടൈപ്പ് & ഇൻകുബേഷൻ സെന്ററിന്റെയും അനിമൽ ഹൗസിന്റെയും സിവിൽ ഘടന പൂർത്തിയായി. ലൈഫ് സയൻസസ് പാർക്കിന്റെ ആദ്യ ഘട്ടം പൂർത്തിയായി. 80,827 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്കും ബയോടെക് ലാബ് ബ്ലോക്കും രണ്ടാം ഘട്ടത്തിൽ പൂർത്തിയായി. ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ ഏകദേശം 95 ശതമാനം ജോലികളും പൂർത്തിയായി, ഫിനിഷിംഗ് ജോലികൾ പുരോഗമിക്കുന്നു.

### കേരള റബ്ബർ ലിമിറ്റഡ്

റബ്ബർ ഉൽപ്പന്നങ്ങളുടെ (intermediate product, final product) നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും എം.എസ്.എം.ഇ മേഖലയിൽ പ്രധാന ശ്രദ്ധ കേന്ദ്രീകരിച്ച് അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കേരള സർക്കാർ കെ.ആർ.എൽ രൂപീകരിച്ചു. കേരളത്തിൽ റബ്ബർ/റബ്ബർ തടി അധിഷ്ഠിത സി.എഫ്.സി കൾ വികസിപ്പിക്കുന്നതിനുള്ള സംസ്ഥാനതല നിർവ്വഹണ ഏജൻസിയായി കെ.ആർ.എൽ ഇപ്പോൾ നാമനിർദേശം ചെയ്യപ്പെട്ടിട്ടുണ്ട്.

- കോട്ടയം ജില്ലയിലെ വെള്ളൂർ ഗ്രാമത്തിലെ റബ്ബർ ഇൻഡസ്ട്രിയൽ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗവേഷണ വികസന കേന്ദ്രം, പരിശോധന, ഗുണനിലവാര നിയന്ത്രണ കേന്ദ്രം; ബിസിനസ് ഇൻകുബേഷൻ സെന്റർ തുടങ്ങിയ സൗകര്യങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
- ഭൂവികസന പ്രവർത്തനങ്ങൾ (83 ശതമാനം പൂർത്തിയായി), ഗവേഷണ വികസന കേന്ദ്രത്തിന്റെ നിർമ്മാണം, പരിശീലന, ഭരണ കെട്ടിടം (30 ശതമാനം പൂർത്തിയായി), വ്യവസായ സമുച്ചയത്തിന്റെ 110/11 കെവി സബ്സ്റ്റേഷന്റെ നിർമ്മാണം (60 ശതമാനം പൂർത്തിയായി) തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ ഭൂവികസന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.
- റബ്ബർ ബോർഡ്, കുസാറ്റ്, എംജിയു എന്നിവയുമായി സഹകരിച്ച് സ്ഥാപനം ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

### കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര)

സംസ്ഥാനത്തുടനീളം വ്യവസായ-അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, അതുവഴി സ്വകാര്യ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, ഭാവിയിലെ വ്യാവസായിക വളർച്ചയ്ക്ക് ഒരു ലാൻഡ് ബാങ്ക് രൂപീകരിക്കുക എന്നിവ ലക്ഷ്യമിട്ടാണ് 1993 ൽ കിൻഫ്ര ആരംഭിച്ചത്. സംരംഭകർക്ക് ഒരു വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ മിക്ക സൌകര്യങ്ങളും നൽകികൊണ്ട് വ്യവസായ പാർക്കുകൾ / ടൗൺഷിപ്പുകൾ / സോണുകൾ എന്നിവ സ്ഥാപിച്ച് സംസ്ഥാനത്തെ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളുടെ സാമ്പത്തിക വികസനത്തിന് കിൻഫ്ര പ്രോത്സാഹനം നൽകുന്നു. കിൻഫ്ര വികസിപ്പിച്ചെടുത്ത വ്യവസായ പാർക്കുകളിൽ ബിൽറ്റ് അപ് സ്ഥലത്ത് വികസിത ഭൂമിയും, വൈദ്യുതി വിതരണവും ജലവിതരണവും ആശയവിനിമയ സൗകര്യങ്ങളും ഉണ്ട്. കിൻഫ്ര സംരംഭകർക്കായി വ്യവസായ അടിസ്ഥാന സൗകര്യം ലഭ്യമായ ഒരു നിർമ്മാണ അന്തരീക്ഷം നൽകുന്നു, കൂടാതെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സമയവും ചെലവും കുറയ്ക്കാൻ അവരെ സഹായിക്കുന്നു. അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുക, ഭൂമി/സ്ഥലം ലഭ്യമാക്കി സംസ്ഥാനത്തേക്ക് നിക്ഷേപം കൊണ്ട് വരിക എന്നിവയാണ് കിൻഫ്രയുടെ പ്രാഥമികമായ ലക്ഷ്യം.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി, വസ്ത്ര നിർമ്മാണം, ഭക്ഷ്യ സംസ്കരണം, പ്രതിരോധ ഉപകരണങ്ങൾ, പെട്രോകെമിക്കൽസ്, ഐടി/ഐടിഇഎസ്, ആരോഗ്യ സംരക്ഷണം തുടങ്ങിയ വിവിധ മേഖലകളിലായി ഏകദേശം 1,400 യൂണിറ്റുകൾ ഉൾക്കൊള്ളുന്ന 34 വ്യാവസായിക പാർക്കുകൾ കിൻഫ്ര വികസിപ്പിച്ചെടുത്തിട്ടുണ്ട്. കിൻഫ്ര ഏകദേശം 74,158 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും 6,656.22 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും 1.5 ദശലക്ഷം ചതുരശ്ര അടി വ്യാവസായിക ഇടം നിർമ്മിക്കുകയും ചെയ്തു. 2025 ഓഗസ്റ്റ് 31 പ്രകാരമുള്ള കിൻഫ്ര വ്യാവസായിക പാർക്കുകളിലെ അലോട്ട്മെന്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.3.9** ൽ നൽകിയിരിക്കുന്നു.

ചെന്നൈ ബെംഗളൂരു വ്യാവസായിക ഇടനാഴിയുടെ

വിപുലീകരണമായാണ് കൊച്ചി ബെംഗളൂരു വ്യാവസായിക ഇടനാഴി (കെബിഐസി) പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും പങ്കാളിത്തത്തോടെ, നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (എൻഐസിഡിഐടി), കിൻഫ്ര എന്നിവ ചേർന്ന് 50:50 ഓഹരി പങ്കാളിത്തത്തോടെ രൂപീകരിച്ച ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) വഴിയാണ് ഇത് നടപ്പിലാക്കുന്നത്. രണ്ട് നോഡുകളായാണ് പദ്ധതി വികസിപ്പിക്കുന്നത്. നോഡ് 1 ൽ പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകളും (ഐഎംസി) നോഡ് 2 ൽ കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റിയും (ഗ്ലോബൽ സിറ്റി) ഉൾപ്പെടുന്നു. മുഴുവൻ ഭൂമി ഏറ്റെടുക്കലും കേരള സർക്കാരാണ് നടത്തുന്നത്. പദ്ധതിക്കായി 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ആകെ ചെലവ് 1844 കോടി രൂപയായി കണക്കാക്കപ്പെടുന്നു. ഇതിൽ, കേരള സർക്കാർ ഇതുവരെ 1489 കോടി രൂപ ചെലവഴിച്ചു. 2025 ഡിസംബർ വരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലും (പാലക്കാട്) ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു. ഏറ്റെടുത്ത ഈ ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ 1789.92 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കിൻഫ്ര സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുകയും പാർക്കുകളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു, ഇത് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകി.

- കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ ഐടി/ഐടിഇഎസ് കമ്പനികൾക്കായി അത്യാധുനിക ഐടി ഹൗസിന്റെ (എസ്ഡിഎഫ് ഫേസ് I) നിർമ്മാണം കിൻഫ്ര പൂർത്തിയാക്കി ടാറ്റ എൽക്സിക്ക് പൂർണ്ണമായും പാട്ടത്തിന് നൽകി.
- ഓട്ടോമേറ്റഡ് മാനുഫാക്ചറിംഗ്, ഇപിസി സേവനങ്ങൾക്കായി കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കിലെ 1,20,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള എസ്ഡിഎഫ് കെട്ടിടം ഹെയ്ൽസ്റ്റോൺ ഇന്നൊവേഷൻസ് (പ്രൈ) ലിമിറ്റഡിന് പാട്ടത്തിന് നൽകി.
- സംസ്ഥാനത്തെ സാങ്കേതികവിദ്യയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന അത്യാധുനിക സാങ്കേതിക പാർക്കിനായി കോഴിക്കോട് രാമനാട്ടുകരയിൽ 77 ഏക്കർ ഭൂമി നീക്കിവച്ചിട്ടുണ്ട്. ഐടി/ഐടിഇഎസ് സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടി 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു റെഡി-ടു-മൂവ് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തിയായി. അലോട്ട്മെന്റിന്റെ 90 ശതമാനം പൂർത്തിയായി.
- തൊടുപുഴയിലെ 15.43 ഏക്കർ സ്ഥലത്താണ് കിൻഫ്ര സ്പൈസസ് പാർക്കിന്റെ ആദ്യ ഘട്ടം വികസിപ്പിച്ചിരിക്കുന്നത്. നിലവിൽ, പാർക്കിനുള്ളിലെ അലോട്ട്മെന്റ് പ്രക്രിയയുടെ 85 ശതമാനവും പൂർത്തിയായി. സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക, കർഷകർക്ക് മികച്ച വില നേടാനും സ്ഥിരമായ ഒരു വിപണി ഉറപ്പാക്കുകയുമാണ് പാർക്കിന്റെ ലക്ഷ്യം.
- ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിംഗ് സൊല്യൂഷനുകളുടെ മുൻനിര ദാതാക്കളായ കെയ്ൻസ് ടെക്നോളജീസിന് പെരുമ്പാവൂരിലെ കിൻഫ്രയിൽ നിന്നുള്ള 30 ഏക്കർ ഭൂമി അവരുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.
- മംഗലാപുരം പഞ്ചായത്തിലെ വെയിലൂർ ഗ്രാമത്തിലെ തോന്നയ്ക്കലിൽ 7.48 ഏക്കറിൽ എംഎസ്എംഇ യൂണിറ്റുകൾക്കായി കിൻഫ്ര ഒരു മിനി ഇൻഡസ്ട്രിയൽ പാർക്ക് വികസിപ്പിച്ചെടുത്തിട്ടുണ്ട്. നിലവിൽ, ഈ പാർക്കിൽ 17 യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ ഏകദേശം 42 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 350 തൊഴിലവസരങ്ങളും ലഭിച്ചു.
- സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തിക്കൊണ്ട് കാക്കനാട്ടുള്ള ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന്റെ (ഐഇസിസി) നിർമ്മാണം കിൻഫ്ര പൂർത്തിയാക്കി.

കിൻഫ്രയിലെ നിലവിലുള്ള പ്രധാന പദ്ധതികൾ **ബോക്സ് 4.3.3** ൽ കാണിച്ചിരിക്കുന്നു.

കിൻഫ്രയുടെ ഭൗതിക നേട്ടങ്ങൾ **പട്ടിക 4.3.3**ൽ കാണിച്ചിരിക്കുന്നു.

### സാമ്പത്തിക സ്ഥിതി

കോർപ്പറേഷൻ 2023-24 ൽ 10.32 കോടി രൂപ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ അഞ്ച് വർഷത്തെ ചില

**ബോക്സ് 4.3.3** കിൻഫ്രയിലെ നിലവിലുള്ള പദ്ധതികൾ

- പെട്രോകെമിക്കൽ പാർക്ക്, കൊച്ചി
- കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര
- ആഗോള ആയുർവേദ ഗ്രാമം, തോന്നയ്ക്കൽ & വർക്കല, തിരുവനന്തപുരം
- നിലവിലുള്ള വ്യവസായ പാർക്കുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
- ഇലക്ട്രോണിക് മാന്യുഫാക്ചറിംഗ് ക്ലസ്റ്റർ ,കൊച്ചി.
- കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക് ,പെരുമ്പാവൂർ

**അവലംബം** :കിൻഫ്ര

**പട്ടിക 4.3.3** കിൻഫ്രയുടെ ഭൗതിക നേട്ടങ്ങൾ

| ക്രമ നമ്പർ | ഇനങ്ങൾ | 2023-24 | 2024-25 | 2025-26 (ആഗസ്റ്റ് 31 വരെ ) |
|---|---|---|---|---|
| 1 | ഭൂമി അനുവദിക്കൽ(ഏക്കറുകൾ ) | 36.94 | 111.75 | 65.5 |
| 2 | സ്ഥലം അനുവദിക്കൽ (ച.അടി ) | 1,63,702.26 | 1,55,577 | 50,584 |
| 3 | യൂണിറ്റുകളുടെ എണ്ണം (എണ്ണം ) | 103 | 47 | 57 |
| 4 | തൊഴിൽ (എണ്ണം) | 2,686 | 1,414 | 2,850 |
| 5 | നിക്ഷേപം (കോടി രൂപ ) | 460 | 1,124 | 670 |

**അവലംബം** : കിൻഫ്ര

**പട്ടിക 4.3.4** കിൻഫ്രയുടെ പ്രധാന സാമ്പത്തിക സൂചകങ്ങൾ (രൂപ കോടിയിൽ)

| വിശദാംശങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| മൊത്തം ആസ്തി | 1427.4 | 1548.7 | 1724.13 | 1845.01 | 2100.07 |
| ആകെ ചെലവ് | 506.9 | 38.66 | 52.65 | 125.94 | 57.58 |
| അറ്റ ലാഭം / നഷ്ടം(+/-) | 2.3 | 17.04 | 7.33 | 6.08 | 10.33 |
| ഓഡിറ്റ് നില | പൂർത്തിയായി | | | | |

**അവലംബം**- ബിപിഇ റിവ്യൂ 2023-24

**പട്ടിക 4.3.5** കിൻഫ്രയ്ക്ക് ലഭിച്ച പദ്ധതി തുകയും ചെലവ് വിവരങ്ങളും (രൂപ കോടിയിൽ)

| ക്രമ നം. | വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | 2018-19 | 96.0 | 47.0 | 49.0 |
| 2 | 2019-20 | 107.0 | 31.0 | 29.0 |
| 3 | 2020-21 | 92.53 | 85.14 | 92.0 |
| 4 | 2021-22 | 302.53 | 177.88 | 58.80 |
| 5 | 2022-23 | 332.53 | 62.92 | 18.92 |
| 6 | 2023-24 | 335.56 | 226.74 | 67.57 |
| 7 | 2024-25 | 324.31 | 154.40 | 47.61 |
| 8 | 2025-26* | 346.31 | 101.49 | 29.31 |

**അവലംബം**- ബജറ്റ് എസ്റ്റിമേറ്റ്

*2025 സെപ്റ്റംബർ വരെയുള്ള ചെലവ്

പ്രധാന സാമ്പത്തിക സൂചകങ്ങൾ **പട്ടിക 4.3.4** ൽ നല്കിയിരിക്കുന്നു.

കിൻഫ്രയുടെ 2018-19 മുതൽ 2025-26 വരെയുള്ള പദ്ധതി വിഹിതവും ചെലവ് വിവരങ്ങളും **പട്ടിക 4.3.5** ൽ കൊടുത്തിരിക്കുന്നു.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) (വ്യാവസായിക ധനസഹായം)**

നിർമ്മാണ, സേവന മേഖലകളിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) സാമ്പത്തിക സഹായം നൽകികൊണ്ട് സംസ്ഥാനത്തെ വ്യാവസായവൽക്കരണത്തിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഇന്ത്യയിലെ ഒരു പ്രമുഖ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷനാണ് 1951 ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്റ്റിന് കീഴിൽ സംയോജിപ്പിച്ച കെ.എഫ്.സി. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉൽപാദന, സേവന മേഖലകളിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം/നവീകരണം/ വൈവിധ്യവൽക്കരണം എന്നിവയ്ക്കും കോർപ്പറേഷൻ സാമ്പത്തിക സഹായം നൽകുന്നു.. നിശ്ചിത കാലാവധി വായ്പ്പകൾ , പ്രവർത്തന മൂലധന വായ്പകൾ, പ്രത്യേക പദ്ധതികൾ എന്നിവയുടെ രൂപത്തിലാണ് സാമ്പത്തിക സഹായം നൽകുന്നത്. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കായുള്ള ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിലെ അംഗമാണ് കെ.എഫ്.സി. കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഉൽപ്പന്ന നിർമ്മാണ സേവന മേഖലകളിൽ പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വായ്പ്പകൾ അനുവദിക്കുക
- നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ/ സേവന സ്ഥാപനങ്ങൾക്ക് വികസനത്തിനും, ആധുനിക വൽക്കരണത്തിനും/ വൈവിധ്യവൽക്കരണത്തിനും വേണ്ടിയുള്ള വായ്പ നൽകുക

- വ്യവസായ/സേവന മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികളിൽപ്പെടുത്തി പ്രവർത്തന മൂലധന വായ്പകൾ നല്കുക.
- സിവിൽ കോൺട്രാക്ടർമാർക്ക് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- ഫീച്ചർ ഫിലിമുകളും ടെലിവിഷൻ സീരിയലുകളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായത്തിനുള്ള പ്രത്യേക പദ്ധതികൾ
- നിലവിലുള്ള സിനിമ തീയേറ്ററുകളുടെ ആധുനികവൽക്കരണത്തിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും പുതിയ മൾട്ടിപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ
- ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും/മാലിന്യ സംസ്കരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ
- ഐ.റ്റി ഹാർഡ് വെയറിനും സോഫ്റ്റ് വെയർ സംരംഭങ്ങൾക്കുമുള്ള കടാശ്വാസത്തിനുള്ള ധനസഹായം
- പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുന്നതിനുള്ള സ്റ്റാർട്ട് അപ്പുകളുടെ പ്രവർത്തന മൂലധന ആവശ്യകതകൾക്ക് ധന സഹായം നൽകുന്നതിനുള്ള പദ്ധതി.

**പ്രധാന ബിസിനസ് സംരംഭങ്ങൾ**

ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ താഴെ കൊടുക്കുന്നു:

- 2024–25 കാലയളവിൽ, കെഎഫ്സിയുടെ വായ്പാ പോർട്ട്ഫോളിയോ ആദ്യമായി 8,000 കോടി രൂപ കവിഞ്ഞ് 8011.98 കോടി രൂപയിലെത്തി, അതിന്റെ അറ്റ മൂല്യം 1,000 കോടി രൂപ കടന്ന് 1,328 കോടി രൂപയിലെത്തി. പ്രധാന പ്രവർത്തന സൂചകങ്ങൾ ശ്രദ്ധേയമായ വളർച്ചയെ പ്രതിഫലിപ്പിക്കുന്നു. വായ്പ് അനുവദിക്കൽ 19.96 ശതമാനം വർദ്ധിച്ചപ്പോൾ വായ്പാ വിതരണങ്ങൾ 3.70 ശതമാനം കുറഞ്ഞു. പോർട്ട്ഫോളിയോ 8.73 ശതമാനം വികസിച്ചു, ലാഭം 32.57 ശതമാനം വർദ്ധിച്ചു. ഗ്രോസ് എൻപിഎ 7.29 ശതമാനം കുറഞ്ഞു, net എൻപിഎ 10.29 ശതമാനം കുറഞ്ഞു.
- മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഉപഭോക്താക്കൾക്ക് അംഗീകാരം നൽകൽ – കെഎഫ്സി പ്ലാറ്റിനം/സ്വർണ്ണം/സിൽവർ കാർഡുകൾ – മാതൃകാപരമായ തിരിച്ചടവും ബിസിനസ്സ് പെരുമാറ്റവും ഉള്ള വായ്പക്കാരെ അംഗീകരിക്കുന്നതിനായി കെഎഫ്സി പ്ലാറ്റിനം/ സ്വർണ്ണം, സിൽവർ കാർഡുകൾ അവതരിപ്പിച്ചു. വർഷം തോറും പുതുക്കാവുന്ന ഈ കാർഡുകൾ, ക്രെഡിറ്റ് അർഹതയുള്ള ഉപഭോക്താക്കളെ അംഗീകരിക്കുകയും ദീർഘകാല ഇടപാടുകൾ വളർത്താൻ സഹായിക്കുകയും ചെയ്യുന്നു.
- വനിതാ സംരംഭകർക്കായി കെഎഫ്സി പിങ്ക് കാർഡ് പുറത്തിറക്കി: – സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, കോർപ്പറേഷൻ കെഎഫ്സി പിങ്ക് കാർഡ് ആരംഭിച്ചു, യോഗ്യരായ വനിതാ സംരംഭകർക്ക് കുറഞ്ഞ പ്രോസസ്സിംഗ് ഫീസ്, പലിശ ഇളവുകൾ, ഇളവ് വ്യവസ്ഥകളിൽ അധിക ധനസഹായം എന്നിവ പോലുള്ള ആനുകൂല്യങ്ങൾ ഇത് വാഗ്ദാനം ചെയ്യുന്നു.
- വാണിജ്യ റിയൽ എസ്റ്റേറ്റിനായുള്ള പുതിയ പദ്ധതി – റെസിഡൻഷ്യൽ ഹൗസിംഗ്: – വാണിജ്യ റിയൽ എസ്റ്റേറ്റ് – റെസിഡൻഷ്യൽ ഹൗസിംഗ് വിഭാഗത്തിനായി ഒരു പ്രത്യേക ധനസഹായ പദ്ധതി അവതരിപ്പിച്ചു. കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ (കെ–റെറ) രജിസ്റ്റർ ചെയ്തിട്ടുള്ള പ്രോജക്റ്റുകൾക്ക്, ശക്തമായ ക്രെഡിറ്റ് പ്രൊഫൈലുകളുള്ള ബിൽഡർമാർക്ക്

**പട്ടിക 4.3.6** കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പുരോഗതി (രൂപ ലക്ഷത്തിൽ )

| ക്രമ നമ്പർ | മുഖ്യ സൂചകങ്ങൾ | 2023-24 | 2024-25 |
|---|---|---|---|
| 1 | പോർട്ട് ഫോളിയോ സൈസ് | 7,36,832.71 | 8,01,198.61 |
| 2 | അനുമതികൾ | 3,33666.41 | 4,00,257.07 |
| 3 | വിതരണങ്ങൾ | 4,06,855.43 | 3,91,839.91 |
| 4 | റിക്കവറി | 4,06,855.43 | 3,98,075.93 |
| 5 | പലിശ വരുമാനം | 68,185.01 | 71,745.29 |
| 6 | ആകെ വരുമാനം | 86,871.54 | 90,139.05 |
| 7 | ആകെ ചെലവ് | 76,082.46 | 80,011.48 |
| 8 | കിട്ടാക്കടം സാങ്കേതികമായി എഴുതിതള്ളുന്നതിന് മുൻപുള്ള ലാഭം | 24,098.66 | 23,815.28 |
| 9 | കിട്ടാക്കടം സാങ്കേതികമായി എഴുതിതള്ളിയതിന് ശേഷമുള്ള ലാഭം | 10,789.08 | 10,127.58 |
| 10 | നികുതിയ്ക്ക് ശേഷമുള്ള അറ്റാദായം | 7404.39 | 9,815.91 |
| 11 | മൊത്തം മൂല്യം | 1,06,352.78 | 1,32,834.64 |
| 12 | മൂലധന പര്യാപ്തതാ അനുപാതം (%) | 25.52 | 28.65 |
| 13 | മൊത്തം അഡ്വാൻസിന്റെ ശതമാനമായി മൊത്തം എൻ.പി.എ (%) | 2.88 | 2.67 |
| 14 | നെറ്റ് അഡ്വാൻസിന്റെ ശതമാനമായി അറ്റ എൻ.പി.എ (%) | 0.68 | 0.61 |

**അവലംബം** : കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

**പട്ടിക 4.3.7** മേഖല തിരിച്ചുള്ള വായ്പകളുടെയും മുൻകൂറുകളുടെയും വർഗീകരണം . രൂപ ലക്ഷത്തിൽ

| മേഖല | 2023-24 | | | 2024-25 | | |
|---|---|---|---|---|---|---|
| | എണ്ണം | തുക | ശതമാനം | എണ്ണം | തുക | ശതമാനം |
| ഉൽപ്പാദനം | 1639 | 102153.41 | 13.86 | 1577 | 113131.35 | 14.12 |
| സേവനം | 4941 | 602809.70 | 81.81 | 3867 | 653756.45 | 81.60 |
| വാണിജ്യവും റിയൽ എസ്റ്റേറ്റും | 120 | 31869.60 | 4.33 | 110 | 34310.80 | 4.28 |
| ആകെ | 6700 | 736832.71 | 100 | 5554 | 801198.6 | 100 |

അവലംബം : കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

റിവോൾവിംഗ് വർക്കിംഗ് ക്യാപിറ്റൽ സൗകര്യങ്ങൾ ഈ പദ്ധതി വാഗ്ദാനം ചെയ്യുന്നു.

- സംസ്ഥാന എൻബിഎഫ്സികൾക്കുള്ള റീഫിനാൻസിംഗ് സ്കീം എംഎസ്എംഇകളെ പിന്തുണയ്ക്കുന്നു:- കേരളത്തിലെ നന്നായി സ്ഥാപിതമായതും ലാഭകരവുമായ എൻബിഎഫ്സികൾക്കായി പരമാവധി 50 കോടി രൂപ വായ്പ തുകയോടെ, സംസ്ഥാനത്തെ എംഎസ്എംഇകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പിന്തുണയ്ക്കുന്നതിനായി ഒരു പുതിയ റീഫിനാൻസിംഗ് സ്കീം അവതരിപ്പിച്ചു.
- അവാർഡും അംഗീകാരവും: എംഎസ്എംഇകൾക്കായി സാമ്പത്തിക പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും കെഎഫ്സി നടത്തിയ അസാധാരണ പ്രകടനത്തിന് ഹ്യൂസ് ഓഫ് ലൈഫിൽ നിന്ന് 2024 ലെ എംഎസ്എംഇ എക്സലൻസ് അവാർഡ് കെഎഫ്സിക്ക് ലഭിച്ചു. കൂടാതെ, എംഎസ്എംഇ മേഖലയിലെ ഏറ്റവും മികച്ച സാമ്പത്തിക സേവന ദാതാവായി അംഗീകരിച്ചുകൊണ്ട് ഹ്യൂസ് ഓഫ് ലൈഫിൽ നിന്ന് 2024 ലെ എംഎസ്എംഇ എക്സലൻസ് അവാർഡ് കോർപ്പറേഷൻ നേടി.

കഴിഞ്ഞ അഞ്ച് വർഷത്തെ കെഎഫ്സിയുടെ പുരോഗതി **അനുബന്ധം 4.3.10** -ൽ കൊടുത്തിരിക്കുന്നു. KFCയുടെ 2024-25 ലെ ലോൺ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും വ്യവസായം തിരിച്ചുള്ള വായ്പകളുടെ വർഗ്ഗീകരണവും യഥാക്രമം **അനുബന്ധം.4.3.11, അനുബന്ധം 4.3.12** എന്നിവയിൽ കാണിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലെ കോർപ്പറേഷന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ **പട്ടിക 4.3.6** ൽ കാണിക്കുന്നു.

2025 മാർച്ച് 31 വരെയുള്ള മേഖല തിരിച്ചുള്ള വായ്പകളുടെയും മുൻകൂറുകളുടെയും വർഗീകരണം **പട്ടിക 4.3.7** ൽ കാണിച്ചിരിക്കുന്നു.

## വ്യാവസായിക വികസനത്തിനായുള്ള മറ്റ് സർക്കാർ ഏജൻസികൾ

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (കെബിപ്പ്) വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. 1991 ൽ സ്ഥാപിതമായ കെബിപ്പ്, തിരുവിതാംകൂർ കൊച്ചി ശാസ്ത്ര സാഹിത്യ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ്. കേരളത്തിലെ എംഎസ്എംഇ, ഇടത്തരം, വൻകിട സംരംഭങ്ങളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ എംഎസ്എംഇ മന്ത്രാലയം സംസ്ഥാനത്തിന് 17 പൊതു സൗകര്യ കേന്ദ്ര പദ്ധതികൾ അനുവദിച്ചു, അതിൽ 7,522.45 ലക്ഷം രൂപയുടെ 12 പദ്ധതികൾ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചു, 5,996.31 ലക്ഷം രൂപയുടെ 5 പൊതു സൗകര്യ കേന്ദ്ര പദ്ധതികൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

കെബിപ്പ് ഏറ്റെടുത്തു നടപ്പാക്കുന്ന വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

**വ്യാവസായിക ക്ലസ്റ്റർ വികസനം.** എംഎസ്ഇ-സിഡിപി പദ്ധതി പ്രകാരം പൊതു സൗകര്യ കേന്ദ്ര (സിഎഫ്സി)പദ്ധതി നടപ്പിലാക്കൽ, Raising and Accelerating MSME Performance (RAMP) പദ്ധതി, മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസിന്റെ പിഎം ഫോർമലൈസേഷൻ (പിഎം എഫ്എംഇ) പദ്ധതി, കേരള സംസ്ഥാന ബാംബൂ മിഷന്റെയും നാഷണൽ ബാംബൂ മിഷന്റെയും (എൻബിഎം) പദ്ധതി, നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ (എൻസിഎച്ച്സി) പ്രകാരം ഭക്ഷ്യ സംസ്കരണത്തിന്റെയും അനുബന്ധയൂണിറ്റുകളുടെയും സർട്ടിഫിക്കേഷൻ, പ്രാദേശിക, ദേശീയ, അന്തർദേശീയ പരിപാടികളിൽ എംഎസ്എംഇ പങ്കാളിത്തം സാധ്യമാക്കൽ, വ്യവസായ വാണിജ്യ വകുപ്പിന്റെ പേരിൽ പ്രാദേശിക പ്രദർശനങ്ങൾ, ബി2ബി മീറ്റിംഗുകൾ, സാങ്കേതിക വർക്ക്ഷോപ്പുകൾ, അവബോധ പരിപാടികൾ എന്നിവ സംഘടിപ്പിക്കൽ എന്നിവയാണ് കെ-ബിപ്പിന്റെ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളിൽപ്പെടുന്നത്.

**മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസിന്റെ പിഎം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് പദ്ധതി നടപ്പാക്കൽ** - കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് സ്കീമിന്റെ (PM FME സ്കീം) സംസ്ഥാന നോഡൽ ഏജൻസിയാണ് KBIP. നിലവിലുള്ള മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസിന്റെ അപ്ഗ്രഡേഷനായി സാമ്പത്തിക, സാങ്കേതിക, ബിസിനസ് പിന്തുണ ഈ പദ്ധതി നൽകുന്നു. സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് വ്യക്തിഗത അപേക്ഷകൾ പ്രകാരം 3,086 വായ്പകൾ

അനുവദിച്ചുകൊണ്ട് 2025 മാർച്ച് 31 വരെ കേരളം അതിന്റെ ലക്ഷ്യത്തിന്റെ 104 ശതമാനം കൈവരിച്ചു. കൂടാതെ, 2024-25 സാമ്പത്തിക വർഷത്തിൽ 40 ശതമാനം സംസ്ഥാന വിഹിതമായി 32.67 കോടി രൂപ കേരള സർക്കാർ അനുവദിച്ചു.

**ഭക്ഷ്യ സംസ്കരണത്തിന്റെയും അനുബന്ധ യൂണിറ്റുകളുടെയും ഓഡിറ്റും സർട്ടിഫിക്കേഷനും** – 2024–25 സാമ്പത്തിക വർഷത്തിൽ, കെ-ബിപ്പിൽ പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ ഹസാർഡ് അനാലിസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (HACCP) സർട്ടിഫിക്കേഷൻ (NCHC) സംസ്ഥാനത്തെ 4 ഫുഡ് പ്രോസസ്സിംഗ്, അനുബന്ധ യൂണിറ്റുകളിലേക്ക് ഹസാർഡ് അനാലിസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (HACCP) സർട്ടിഫിക്കേഷൻ നൽകുന്നതിനും പുതുക്കുന്നതിനുമുള്ള ഓഡിറ്റിംഗ് പ്രക്രിയ പൂർത്തിയാക്കി.
പ്രാദേശിക, ദേശീയ, അന്തർദേശീയ പരിപാടികളിലെ പങ്കാളിത്തം – വിവിധ മേഖലാ, ദേശീയ, അന്തർദേശീയ പരിപാടികളിലെ ഇറക്കുമതിക്കാർ, വിതരണക്കാർ, പ്രതിനിധികൾ എന്നിവർക്ക് കേരളത്തിലെ എംഎസ്എംഇ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിലൂടെ ദേശീയ, അന്തർദേശീയ വിപണികളിൽ നമ്മുടെ സംസ്ഥാനത്തിന്റെ ശക്തി സ്ഥാപിക്കാനുള്ള അവസരം കെബിപ്പ് നൽകുന്നു. കെബിപ്പ്, 2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ നിന്നുള്ള എംഎസ്എംഇകളുടെ പങ്കാളിത്തം സുഗമമാക്കിയ പ്രാദേശിക/ദേശീയ/അന്താരാഷ്ട്ര പരിപാടികളാണ്:

- ഇന്ത്യ ഹൊറേക്ക എക്സ്പോ 2024, കോയമ്പത്തൂർ (2024 ജൂലൈ 3 മുതൽ 5വരെ)
- ഫുഡ്പ്രോ 2024, ചെന്നൈ (2024 ഓഗസ്റ്റ് 9 മുതൽ 11, വരെ)
- പ്രോ ഫുഡ് പ്രോ പായ്ക്ക് എക്സിബിഷൻ 2024, ശ്രീലങ്ക (2024 ഓഗസ്റ്റ് 23 മുതൽ 25വരെ)
- വേൾഡ് ഫുഡ് ഇന്ത്യ 2024 എക്സിബിഷൻ, ന്യൂഡൽഹി (2024 സെപ്റ്റംബർ 19 മുതൽ 22, വരെ)
- ഇന്ത്യ ബോട്ട് & മറൈൻ ഷോ, കൊച്ചി (2025, ജനുവരി 22 മുതൽ 24വരെ) അഹാർ 2025 എക്സിബിഷൻ, ന്യൂഡൽഹി (2025 , മാർച്ച് 4 മുതൽ 8 വരെ)
- വേൾഡ് ഹോസ്പിറ്റാലിറ്റി എക്സ്പോ 2025, ബെംഗളൂരു (2025, ജൂൺ 22 മുതൽ 24 വരെ)
- ഇന്ത്യ ഹൊറേക്ക എക്സ്പോ 2025, കോയമ്പത്തൂർ (2025 ജൂലൈ 2 മുതൽ 4 വരെ)
- പ്രോ ഫുഡ് പ്രോ പായ്ക്ക് 2025 എക്സിബിഷൻ, ശ്രീലങ്ക (2025 ഓഗസ്റ്റ് 22 മുതൽ 24 വരെ).
- 2025 ഓഗസ്റ്റ് 10 ന് തിരുവനന്തപുരത്തെ കേരള നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ബിസിനസ് എളുപ്പമാക്കുന്നതിനെക്കുറിച്ചുള്ള യോഗം ചേർന്നു.
- 2024 നവംബർ 11 ന് കൊച്ചിയിലെ മറൈൻ ഡ്രൈവിലുള്ള ഹോട്ടൽ താജ് വിവാന്റയിൽ സംരംഭക വർഷ സംവേദനാത്മക വർക്ക്ഷോപ്പ് സംഘടിപ്പിച്ചു .
- ജൂലൈ 12 ന് എറണാകുളം, കൊച്ചി റെനൈ ഹോട്ടലിൽ സംരംഭക വർഷത്തിന്റെ പഠന റിപ്പോർട്ട് .
- 2024 നവംബർ 27 ന് തിരുവനന്തപുരത്തെ ഹോട്ടൽ ഹിൽട്ടൺ ഗാർഡനിൽ കേരളത്തിലെ തോട്ടം മേഖലയെക്കുറിച്ചുള്ള പഠന റിപ്പോർട്ടിന്റെ യോഗം.
- സംസ്ഥാനതല നിക്ഷേപക കോൺക്ലേവ്-മിഷൻ 1000, 2024 സെപ്റ്റംബർ 1 ന് എറണാകുളത്തെ ഐഎംഎ ഹൗസിൽ നടത്തി .
- 2025 മാർച്ച് 14 ന് തിരുവനന്തപുരത്തെ ഹോട്ടൽ ഹിൽട്ടൺ ഗാർഡനിൽ തോട്ടം തൊഴിലാളികൾക്കായി ലയങ്ങളുടെ നിർമ്മാണത്തിനും പുനരുജ്ജീവനത്തിനുമായി ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള യോഗം.
- 2025 ഏപ്രിൽ 10 ന് മാസ്കറ്റ് ഹോട്ടലിൽ തിരുവനന്തപുരത്തെ വികാസ് ഭവനിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള യോഗം.
- സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ എംഎസ്എംഇ മേഖലയുടെ പ്രാധാന്യവും പ്രസക്തിയും സംബന്ധിച്ച് സംസ്ഥാനത്തെ യുവ/വിദ്യാർത്ഥി തലമുറയെ ബോധവൽക്കരിക്കാൻ അന്താരാഷ്ട്ര എംഎസ്എംഇ ദിനാചരണത്തിന്റെ ഭാഗമായി 2025 ജൂൺ 27 ന് ഹോട്ടൽ റെസിഡൻസി ടവറിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി യുവ-വിദ്യാർത്ഥി സംരംഭകർക്കുള്ള അവബോധ പ്രതികരണം (ARYSE) എന്ന ശീർഷകത്തിൽ സംസ്ഥാനവ്യാപക ക്വിസ് മത്സരം നടത്തി.
- 2025 ഓഗസ്റ്റ് 7 ന് തിരുവനന്തപുരത്തെ ഹോട്ടൽ ഫോർട്ട് മാനറിൽ ദേശീയ കൈത്തറി ദിനാചരണം 2025 നടന്നു.
- 2025 ഓഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 6 വരെ തിരുവനന്തപുരത്തെ പാളയത്തുള്ള എൽഎംഎസ് സ്ക്വയർ ഗ്രൗണ്ടിൽ സംസ്ഥാന കൈത്തറി എക്സ്പോ 2025 നടന്നു.
- വ്യവസായ-വാണിജ്യ വകുപ്പിന്റെ സോഷ്യൽ മീഡിയ പ്രചാരണ പ്രവർത്തനങ്ങൾ കെബിപ്പ് ഏറ്റെടുക്കുന്നു. ഫേസ് ബുക്ക് (www. facebook. com/Industrieskerala), ഇൻസ്റ്റാഗ്രാം (www. instagram.com/Keralaindustries) എന്നിവയിൽ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്, കൂടാതെ ഇതിനായി മാത്രമായി ഒരു യൂട്യൂബ് ചാനൽ (കേരള ഇൻഡസ്ട്രീസ്) സൃഷ്ടിച്ചിട്ടുണ്ട്.
- വിവിധ പദ്ധതികൾ പ്രചരിപ്പിക്കുന്നതിനും സംസ്ഥാനത്തെ വ്യാവസായിക മേഖലയിലെ സമീപകാല സംഭവങ്ങളെക്കുറിച്ച് സംരംഭകരെ ബോധവാന്മാരാക്കുന്നതിനുമായി, 2021 സെപ്റ്റംബർ മുതൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനായി കെബിപ്പ് "വ്യവസായ കേരളം" എന്ന പേരിൽ ദ്വൈമാസ ഇ-ന്യൂസ് ലെറ്റർ രൂപകൽപ്പന ചെയ്ത് രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. 2025 മാർച്ച് 31 വരെ,

കെബിപ്പ് ഇ-ന്യൂസ് ലെറ്ററിന്റെ 80 പതിപ്പുകൾ പ്രസിദ്ധീകരിച്ചു.

**സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി)**
കേരള സർക്കാർ സ്പോൺസർ ചെയ്യുന്നതും വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ടതുമായ ഒരു സ്വയംഭരണ സ്ഥാപനമാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി). സംസ്ഥാനത്തെ പൊതു സംരംഭങ്ങൾക്ക് പ്രൊഫഷണൽ മാനേജ്മെന്റ് പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ 1979 ൽ ഒരു പ്രൊഫഷണൽ രജിസ്റ്റേർഡ് സൊസൈറ്റിയായാണ് ഈ കേന്ദ്രം സ്ഥാപിതമായത്. വർഷങ്ങളായി, സിഎംഡി അതിന്റെ പ്രവർത്തന മേഖല വിപുലീകരിച്ചിട്ടുണ്ട്, കൂടാതെ കൺസൾട്ടൻസി, പ്രോജക്ട് മാനേജ്മെന്റ്, മോണിറ്ററിംഗ് & ഇവാല്യുവേഷൻ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, പരിശീലനം, വിദ്യാഭ്യാസം & ഗവേഷണം, പൊതു സ്വകാര്യ പങ്കാളിത്തം (പിപിപി) എന്നിവയിലൂടെ ദേശീയ, സംസ്ഥാന തലങ്ങളിൽ വികസന ഏജൻസികൾ, കോർപ്പറേറ്റ് വിഭാഗം, ഗവൺമെന്റ് എന്നിവയ്ക്ക് പിന്തുണ നൽകുന്നു.

2024-25 ൽ സിഎംഡിയുടെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്

- സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ (എസ്‌വിഇപി) വിലയിരുത്തൽ: കുടുംബശ്രീയുടെ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ (എസ്‌വിഇപി) സംസ്ഥാനതല വിലയിരുത്തൽ സിഎംഡി നടത്തി. സർവേകൾ, ഫോക്കസ് ഗ്രൂപ്പ്, അഭിമുഖങ്ങൾ, ഡാറ്റ വിശകലനം എന്നിവ ഉപയോഗിച്ച്, എന്റർപ്രൈസ് പ്രകടനം, സാമ്പത്തിക ഫലങ്ങൾ, സാമൂഹിക ആഘാതം എന്നിവ പഠനം വിലയിരുത്തി. ശക്തമായ ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ, മൈക്രോ-ക്ലസ്റ്ററുകൾ, ഘടനാപരമായ പരിശീലനം എന്നിവയുടെ ആവശ്യകത പഠനം ശുപാർശ ചെയ്തു.
- RAMP സ്കീമിനായുള്ള മേഖലാ പ്രൊഫൈലിംഗ് പഠനം: 2024-25 ൽ, MSME-കളെ പുനരുജ്ജീവിപ്പിക്കുന്നതിനായി RAMP സ്കീമിന്റെ ഭാഗമായി KSIDC-ക്ക് വേണ്ടി CMD ഒരു പ്രധാന ചുമതല ഏറ്റെടുത്തു. പഠനം പത്ത് തന്ത്രപരമായ മേഖലകളെ വിശകലനം ചെയ്യുകയും കേരളത്തിന്റെ താരതമ്യ നേട്ടങ്ങൾ, ആവാസവ്യവസ്ഥയുടെ ശക്തികൾ, അടിസ്ഥാന സൗകര്യ സന്നദ്ധത, നിക്ഷേപ കാലാവസ്ഥ, കയറ്റുമതി, സുസ്ഥിര വളർച്ച എന്നിവ വിലയിരുത്തുകയും ചെയ്തു.
- പട്ടികവർഗ സമൂഹത്തിനായുള്ള സുസ്ഥിര ഉപജീവന മാർഗ്ഗനിർദ്ദേശ പരിപാടി (ഗോത്രജീവിക II): ഗോത്രജീവിക I വിജയകരമായി പൂർത്തിയാക്കിയതിനുശേഷം, ലക്ഷ്യമിട്ട നൈപുണ്യ വികസന സംരംഭങ്ങളിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിച്ചുകൊണ്ട് ആദിവാസി സമൂഹങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം സൃഷ്ടിക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പിന്റെ സ്പോൺസർഷിപ്പിൽ CMD ഗോത്രജീവിക II വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു. കൊത്തുപണി, അലങ്കാര പെയിന്റിംഗ്, ചണം തയ്യൽ, മൊബൈൽ ഫോൺ നന്നാക്കൽ തുടങ്ങിയ തൊഴിലുകളിൽ 840 ആദിവാസി ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പരിശീലനം നൽകി. ദീർഘകാല വരുമാന ഉൽപ്പാദനവും സ്വാശ്രയത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി 'ഗോത്ര ജീവിക എസ്ടി സ്വയം സഹായ സംഘം' എന്ന ബാനറിൽ 29 സ്വയം സഹായ ഗ്രൂപ്പുകൾ (എസ്എച്ച്ജികൾ) രൂപീകരിക്കുന്നതിനും ഇത് സഹായകമായി.
- കിഫ്ബിക്കായി പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് തയ്യാറാക്കൽ: 2024-25 ൽ, ഏകദേശം 415 കോടി രൂപയുടെ പാലം, എലിവേറ്റഡ് ഹൈവേ പദ്ധതികൾക്കായി പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റുകൾ തയ്യാറാക്കുന്നതിനായി കിഫ്ബി സിഎംഡിയെ ഏൽപ്പിച്ചു. വിശദമായ സാങ്കേതിക അവലോകനങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റുകൾ തയ്യാറാക്കലും ഇതിൽ ഉൾപ്പെട്ടിരുന്നു. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലായി 13 പാലം പദ്ധതികൾ സിഎംഡിയെ ഏൽപ്പിച്ചു. 11 പദ്ധതികൾക്കായി സൈറ്റ് സന്ദർശനങ്ങൾ പൂർത്തിയാക്കി സമഗ്രമായ സാങ്കേതിക അവലോകന റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചു.
- സാമൂഹിക ആഘാത വിലയിരുത്തൽ പഠനങ്ങൾ: 2024-25 കാലയളവിൽ, തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ സൈറ്റ് സന്ദർശനങ്ങൾ, കൺസൾട്ടേഷനുകൾ, പൊതുജനങ്ങൾക്കുള്ള ഹിയറിങ് എന്നിവ നടത്തി സിഎംഡി മൂന്ന് എസ്ഐഎ പഠനങ്ങൾ പൂർത്തിയാക്കി. തിരുവനന്തപുരത്തെ തീരദേശ ഹൈവേ (റീച്ച് IV), കോട്ടയത്തെ ചെമ്മലമറ്റത്തെ പിന്നക്കനാട് 33 കെവി സബ്സ്റ്റേഷൻ, പത്തനംതിട്ടയിലെ ഇറവോൺ പാലം എന്നിവയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ ഇതിൽ ഉൾപ്പെടുന്നു. ഈ പഠനം സാമൂഹിക ഉത്തരവാദിത്തത്തോടെ സന്തുലിത വികസനം കൈവരിക്കുന്നതിനുള്ള ശുപാർശകൾ നൽകി.

**ഭാവി വീക്ഷണം**
കേരളത്തിന്റെ ഉല്പന്ന നിർമ്മാണ മേഖലയുടെ വലിപ്പത്തിൽ ക്രമാനുഗതമായ വർദ്ധനവ് സമീപ വർഷങ്ങളിൽ ഉണ്ടായിട്ടുണ്ട്. വ്യവസായ മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ഗണ്യമായി പുരോഗതി കൈവരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടുതന്നെ സാമൂഹികമായും പാരിസ്ഥിതികമായും സുസ്ഥിരമായ വ്യാവസായിക പരിവർത്തനം കേരളത്തിൽ കൈവരിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപാട്. ആധുനിക വ്യവസായങ്ങൾ കേരളത്തിൽ ഉയർന്നുവരികയും വളരുകയും ചെയ്യുന്നുണ്ട്.

കേരളത്തിൽ പൂർണ്ണമായും അധ്വാനം ആവശ്യമുള്ള തൊഴിലാളികളെക്കാൾ ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നല്ല വിദ്യാഭ്യാസ നിലവാരം വേണ്ടി വരുന്ന മനുഷ്യ വിഭവ ശേഷി വേണ്ടുവോളം ഉണ്ട്. അങ്ങനെയുള്ള വിദ്യാസമ്പന്നരായ തൊഴിലാളികളെ ആർ & ഡി, ഡിസൈൻ, എഞ്ചിനീയറിംഗ് എന്നിങ്ങനെയുള്ള മേഖലകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഭക്ഷ്യ, കാർഷിക അധിഷ്ഠിത വ്യവസായങ്ങളിലും മെഡിക്കൽ ഉപകരണങ്ങൾ പോലുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്ന വ്യവസായങ്ങൽ എന്നിവ ആരംഭിക്കുന്നതിനുള്ള താൽപ്പര്യം വർദ്ധിച്ചുവരികയാണ്. അതോടൊപ്പം തന്നെ സംസ്ഥാനത്ത് ഉൽപ്പന്ന നിർമ്മാണ മേഖലയിലും വർദ്ധിച്ച് വരുന്ന താല്പര്യവും ഉണർവും കാണുന്നുണ്ട്.

വ്യാവസായിക നിക്ഷേപങ്ങൾക്ക്, പ്രത്യേകിച്ച് സ്വകാര്യ മേഖലയിൽ നിന്നുള്ള നിക്ഷേപത്തിന് വേണ്ട സൗകര്യം ഒരുക്കുക, പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുക, ഗവേഷണങ്ങൾ ഉപയോഗപ്രദമാക്കുക, തുടർച്ചയായ നൈപുണ്യ വികസനം, മനുഷ്യവിഭവശേഷി വികസനം, നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് വ്യാവസായിക പുരോഗതിയ്ക്കായി കേരളം സ്വീകരിച്ച നടപടികളുടെ പ്രധാന ഘടകങ്ങൾ. തുടർച്ചയായ സർക്കാർ പിന്തുണയും അനുകൂലമായ വ്യാവസായിക കാലാവസ്ഥയും ഉള്ളതിനാൽ വരും വർഷങ്ങളിലും ഉല്പന്ന നിർമ്മാണമേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സംസ്ഥാനം സജ്ജമാണ്.

## 4.4 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇകൾ)

സംരംഭകത്വവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഇവ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും ആഭ്യന്തര, അന്തർദേശീയ വിപണികളിൽ ലഭ്യമാക്കുന്നു. വൻകിട വ്യവസായങ്ങളെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ മൂലധന നിക്ഷേപത്തോടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ (എംഎസ്എംഇ) മേഖല ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. വൻകിട വ്യവസായങ്ങൾക്ക് അനുബന്ധ യൂണിറ്റുകൾ എന്ന നിലയിൽ അനുപൂരകമായ ഈ മേഖല രാജ്യത്തിന്റെ സമഗ്രമായ വ്യാവസായിക വികസനത്തിൽ സുപ്രധാന സംഭാവന നൽകുന്നു.

**ദേശീയ തലത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖല**

2024-25 ലെ ഭാരത സർക്കാരിന്റെ എംഎസ്എംഇ വാർഷിക റിപ്പോർട്ട് അനുസരിച്ച്, രാജ്യത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ ഏകദേശം 30 ശതമാനവും, കയറ്റുമതിയുടെ 45 ശതമാനവും എംഎസ്എംഇ മേഖലയിലാണ്. 2024-25 ലെ ഭാരത സർക്കാരിന്റെ സാമ്പത്തിക സർവ്വേ അനുസരിച്ച് ഇന്ത്യയിലെ ജനസംഖ്യയുടെ 23.24 കോടി ജനങ്ങൾക്ക് തൊഴിൽ നൽകിവരുന്നതും സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖലയാണ്. 2025 നവംബർ 13 വരെ, ഉദ്യം രജിസ്ട്രേഷൻ ഓൺലൈൻ പോർട്ടലിൽ ആകെ 7,12,70,211 എംഎസ്എംഇകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ 1,49,35,543 സംരംഭങ്ങൾ നിർമ്മാണ വിഭാഗത്തിലും 2,51,20,174 സംരംഭങ്ങൾ സേവന വിഭാഗത്തിലും 3,12,14,494 സംരംഭങ്ങൾ വ്യാപാര വിഭാഗത്തിലും ഉൾപ്പെടുന്നു. കൂടാതെ 31,21,00,555 തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും കണക്കാക്കപ്പെടുന്നു. (വെബ് പോർട്ടൽ എംഎസ്എംഇ മന്ത്രാലയം, ഭാരത സർക്കാർ). ഈ മേഖലയിലെ നിക്ഷേപത്തിന്റെ തോത്, ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ, ഉത്പന്നങ്ങൾ എന്നിവയാൽ വൈവിധ്യപൂർണ്ണമാണ് ഈ മേഖല. പ്ലാന്റ്/മെഷീനറി/ഉപകരണങ്ങളിലെ നിക്ഷേപം, വാർഷിക വിറ്റുവരവ് എന്നിവയെ അടിസ്ഥാനമാക്കിയുള്ള എംഎസ്എംഇ യൂണിറ്റുകളുടെ നിലവിലുള്ള വർഗ്ഗീകരണം **പട്ടിക 4.4.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.4.1** എം.എസ്.എം.ഇ കളുടെ വർഗ്ഗീകരണം

| സമ്മിശ്ര മാനദണ്ഡം: - പ്ലാന്റ്/യന്ത്രങ്ങൾ/ഉപകരണങ്ങൾ, വാർഷിക വിറ്റുവരവ് എന്നിവയിലുള്ള നിക്ഷേപം | | | |
|---|---|---|---|
| **മാനദണ്ഡം** | **സൂക്ഷ്മം** | **ചെറുകിടം** | **ഇടത്തരം** |
| നിക്ഷേപം | നിക്ഷേപം 2.5 കോടി രൂപയിൽ കുറവ് | നിക്ഷേപം 25 കോടി രൂപയിൽ കുറവ് | നിക്ഷേപം 125 കോടി രൂപയിൽ കുറവ് |
| വിറ്റുവരവ് | വിറ്റുവരവ് 10 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 100 കോടി രൂപയിൽ കുറവ് | വിറ്റുവരവ് 500 കോടി രൂപയിൽ കുറവ് |

**അവലംബം:**S O 1364(E) ഗസറ്റ് വിജ്ഞാപനം എംഎസ്.എം.ഇ മന്ത്രാലയം ഭാരത സർക്കാർ

**കേരളത്തിലെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖല**

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും താരതമ്യേന കുറഞ്ഞ നിക്ഷേപത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) മേഖല നിർണായക പങ്ക് വഹിക്കുന്നു. കേരളത്തിന്റെ സമഗ്രമായ വ്യാവസായിക വളർച്ചയ്ക്കുള്ള പാതയായി മാറാൻ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭക മേഖലയ്ക്ക് കഴിയും. ഗ്രാമീണ, പിന്നോക്ക മേഖലകളുടെ വ്യാവസായികവൽക്കരണത്തിന് സൂക്ഷ്മ, ചെറുകിട

ഇടത്തരം സംരംഭക മേഖല സഹായകമാകുന്നു. താരതമ്യേന എളുപ്പത്തിൽ ആരംഭിക്കുവാൻ കഴിയുന്നതും, മാറുന്ന വിപണി സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതുമായതിനാൽ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കും ശക്തമായ അടിത്തറ എംഎസ്എംഇ മേഖല ഒരുക്കുകയും ചെയ്യുന്നു. പ്രവർത്തനക്ഷമമായ സംരംഭങ്ങളുടെയും, തൊഴിൽ സാധ്യതയുടെയും കണക്ക് പരിശോധിച്ചാൽ, എംഎസ്എംഇ മേഖലയിൽ, 'സംരംഭക വർഷം' ഉദ്യമത്തിന്റെ സ്വാധീനം വ്യക്തമാക്കുംവിധം സൂക്ഷ്മ സംരംഭ മേഖല വികസിച്ചുകൊണ്ടിരിക്കുന്നു.

കരകൗശലം, കൈത്തറി, ഖാദി, ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, നെയ്ത്തു വ്യവസായം, കയർ/തടി/മുള/റബ്ബർ/തുകൽ/കളിമൺ ഉല്പന്നങ്ങൾ ഇവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ എന്നിവയാണ് ഈ മേഖലയുടെ കീഴിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ. പരമ്പരാഗത ഉൽപ്പന്നങ്ങൾ മുതൽ ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ വരെയുള്ള 8000 -ൽപരം ഉൽപ്പന്നങ്ങളാണ് വിവിധ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിലെ എംഎസ്എംഇ യൂണിറ്റുകളിൽ മൂന്നിലൊന്നും സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതാണ്.

കേരളത്തിൽ സർക്കാരും ബാങ്കുകളും എം എസ് എം ഇ കൾക്ക് സഹായവും പിന്തുണയും നൽകുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയുടെയും പരമ്പരാഗത വ്യവസായ മേഖലകളുടെയും വളർച്ചക്ക് സഹായിക്കുന്ന ഒരു ഫെസിലിറ്റേറ്റർ ആയി ജില്ലാ വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നു, സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭക വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തുന്നതിനും അവർക്കായി സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പ് സാമ്പത്തിക സഹായം നല്കുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സേവനങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നല്കുന്നു.

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ വിവിധ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ വ്യവസായ കേന്ദ്രം ,സംസ്ഥാനത്ത് കൈത്തറി, തുണി മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമായി നയങ്ങൾ ആവിഷ്ക്കരിക്കാൻ ലക്ഷ്യമിട്ടുള്ള കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, കയർ മേഖലയുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെ എല്ലാ നയപരമായ തീരുമാനങ്ങളും നടപ്പാക്കുന്ന ഏജൻസിയായ കയർ ഡവലപ്പ്മെന്റ് ഡയറക്ടറേറ്റ്, സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ചുമതലയുള്ള കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കൂടാതെ സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനത്തിനായി സ്ഥാപിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നിവയാണ് വിവിധ ഏജൻസികൾ.

**എം.എസ്.എം.ഇ.യും 14-ാം പഞ്ചവത്സര പദ്ധതിയും**

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിന്റെ വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി ഉദ്യമങ്ങൾ ആവിഷ്ക്കരിച്ചിരുന്നു. ഇതിലൂടെ നിലവിലുള്ള വ്യവസായങ്ങൾക്ക് ആവിശ്യമായ പിന്തുണ നൽകുക, അവയെ കൂടുതൽ പ്രവർത്തനശേഷിയുള്ളതാക്കുക, തൊഴിലവസരങ്ങൾ സംരക്ഷിക്കുക, പുതുതായി ആരംഭിക്കുന്ന എം.എസ്.എം.ഇ.കൾക്ക് പ്രത്യേക ശ്രദ്ധ നൽകുക എന്നിവയാണ് പ്രധാനമായും ലക്ഷ്യം വെച്ചിരുന്നത്. കൂടാതെ സംരംഭങ്ങളുടെ സുസ്ഥിരത പ്രോത്സാഹിപ്പിക്കുക, വ്യാവസായിക യൂണിറ്റുകൾ വികസിപ്പിക്കുകയും

**ബോക്സ് 4.4.1** സംരംഭങ്ങളുടെ വർഷം 1.0, 2.0 , 3.0

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ സംരംഭകർക്ക് ഉണർവേകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി, "എന്റെ സംരംഭം, രാഷ്ട്രത്തിന്റെ അഭിമാനം" എന്ന മുദ്രാവാക്യവുമായി കേരള സർക്കാർ 2022-23 സാമ്പത്തിക വർഷത്തെ "സംരംഭങ്ങളുടെ വർഷം" ആയി പ്രഖ്യാപിച്ചു. "2022-23 ൽ ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കുക" എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സിനെ ചുമതലപ്പെടുത്തി. വിവിധ വകുപ്പുകളുടെ സംയുക്ത പരിശ്രമത്തിലൂടെ 2022-23 ൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുവാനും മൂന്ന് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ആയിരുന്നു ലക്ഷ്യം. ഇയർ ഓഫ് എന്റർപ്രൈസസ് 1.0 എന്നാണ് 2022-23 വർഷം അറിയപ്പെട്ടത്.

ഈ ഉദ്യമത്തിന്റെ ഭാഗമായി കൈവരിക്കപ്പെട്ട പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എന്റർപ്രൈസസ് ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുകയും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിക്കുകയും ചെയ്തു.
- എല്ലാ ജില്ലകളിലും സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ ക്ലിനിക്കുകൾ രൂപീകരിച്ചു.
- പ്രൊഫഷണൽ റിസോഴ്സ് പേഴ്സൺമാരുടെ സേവനങ്ങളോടെ താലൂക്ക് തലത്തിൽ എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചു.
- സംരംഭത്തിന് കീഴിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയം ഭരണ സ്ഥാപന തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചു.
- ചെറുകിട സംരംഭങ്ങൾക്ക് പര്യാപ്തവും താങ്ങാനാവുന്നതുമായ സാമ്പത്തിക സഹായം ഉറപ്പാക്കുന്നതിന്, എല്ലാ സംരംഭക വായ്പകൾക്കും 4 ശതമാനം പലിശ ഇളവ് അനുവദിക്കും വിധം ഒരു പുതിയ വായ്പാ സബ്സിഡി ആരംഭിച്ചു.
- വ്യാവസായിക ഭൂമിയുടേയും അടിസ്ഥാന സൗകര്യങ്ങളുടേയും മതിയായ ലഭ്യത ഉറപ്പാക്കുവാൻ, സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകുന്നതിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി ആരംഭിച്ചു
- വ്യവസായ വകുപ്പിന്റെ സേവനങ്ങൾ സമയ ബന്ധിതമായി ഉറപ്പാക്കുന്നതിന് കാര്യക്ഷമവും ക്രിയാത്മകവുമായ ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചെടുത്തു.

• എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും നിലവിലുള്ള സംരംഭകർക്കായി പൊതു അവബോധ പരിശീലനം, സംരംഭകർക്കുള്ള വായ്പകൾ, ലൈസൻസ്, സബ്സിഡി മേള എന്നിവയെക്കുറിച്ചു അവബോധം സൃഷ്ടിക്കുന്നതിനായി തുടർച്ചയായ പ്രചാരണ പരിപാടികൾ, പുതുതായി രൂപീകരിച്ച സംരംഭങ്ങൾക്ക് വിപണന മാർഗങ്ങൾ ഉറപ്പാക്കുന്നതിനുള്ള മാർക്കറ്റിംഗ് മേളകൾ എന്നിവ സംഘടിപ്പിച്ചു.

'ഇയർ ഓഫ് എന്റർപ്രൈസസ് 1.0' ന്റെ ഭാഗമായി, 2022-23ൽ 8,421.64 കോടി രൂപയുടെ നിക്ഷേപത്തിലൂടെ 1,39,839 പുതിയ സംരംഭങ്ങൾ ആരംഭിച്ചതു വഴി സംസ്ഥാനത്ത് 3,00,049 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.

ഈ സംരംഭത്തിന്റെ രണ്ടാം പതിപ്പായിരുന്നു 2023-24 കാലയളവിലെ 'ഇയർ ഓഫ് എന്റർപ്രൈസസ് 2.0'. 2022-23ലെ പ്രവർത്തനങ്ങൾക്ക് പുറമേ, സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കും ഊന്നൽ നൽകി. സംസ്ഥാനത്ത് രൂപീകരിച്ച പുതിയ എംഎസ്എംഇകളിൽ 70 ശതമാനമെങ്കിലും വിജയകരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുകയായിരുന്നു ലക്ഷ്യം. പുതിയ എംഎസ്എംഇകളുടെ വിറ്റുവരവിൽ 5 ശതമാനം വളർച്ച ഉറപ്പാക്കാനും ശ്രമിച്ചു. 1000 എംഎസ്എംഇകളെ തിരഞ്ഞെടുത്ത് നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റാൻ ലക്ഷ്യമിട്ട 'മിഷൻ 1000' മറ്റൊരു പ്രധാന ഉദ്യമമാണ്. 'ഇയർ ഓഫ് എന്റർപ്രൈസസ് 2.0' കാമ്പെയ്നിന്റെ ഭാഗമായി, 2023-24ൽ, 7,048.65 കോടി രൂപയുടെ നിക്ഷേപത്തിലൂടെ ആകെ 1,03,596 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും 2,18,179 പുതിയ തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തു.

2024-25 വർഷത്തിലാണ് 'ഇയർ ഓഫ് എന്റർപ്രൈസസ് 3.0' ക്യാമ്പയിൻ ആരംഭിക്കുന്നത്. നവംബർ 20, 2025 വരെ, സംരംഭക വർഷം ഉദ്യമത്തിന് കീഴിൽ, ആകെ 1,17,442 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുകയും, അതുവഴി 7,798.55 കോടി രൂപയുടെ നിക്ഷേപത്തിലൂടെ ഏകദേശം 2,48,810 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു .പുതുതായി രൂപീകരിച്ച ഈ സംരംഭങ്ങളിൽ ഏകദേശം മൂന്നിലൊന്ന് സ്ത്രീ സംരംഭകരുടെ നേതൃത്വത്തിൽ ഉള്ളതാണ്. പുതുതായി സ്ഥാപിതമായ സംരംഭങ്ങളിൽ പ്രധാനമായും അഗ്രോ & ഫുഡ് പ്രോസസിംഗ്, ടെക്സ്റ്റൈൽസ്, ഗാർമെന്റ്സ്, സേവനം തുടങ്ങിയ മേഖലകളിലെ യൂണിറ്റുകൾ ഉൾപ്പെടുന്നു.

**അവലംബം**: വെബ് പോർട്ടൽ, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്, കേരള സർക്കാർ

നവീകരിക്കുകയും ചെയ്യുക, പ്രാദേശിക സംരംഭങ്ങളെ ദേശീയ, ആഗോള വിപണികളുമായി ബന്ധിപ്പിക്കുക, ആധുനിക വ്യാവസായിക പാർക്കുകൾ വികസിപ്പിക്കുക, ഭാവിയിലെ ഉപയോഗത്തിനായി ലാൻഡ് ബാങ്ക് രൂപീകരിക്കുക തുടങ്ങിയവയും ഈ ഉദ്യമത്തിന്റെ അനുബന്ധ ലക്ഷ്യങ്ങളാണ്. വലിയ വ്യവസായങ്ങളുടെ വളർച്ചയെ കേരളത്തിന്റെ പ്രാദേശിക സാഹചര്യങ്ങൾ പരിമിതപ്പെടുത്തുന്നുണ്ടെങ്കിലും, പല മേഖലകളിലും വൈവിധ്യമാർന്ന എം.എസ്.എം.ഇ.കൾ വികസിപ്പിക്കുന്നതിന് അനുകൂലമായ സാഹചര്യമാണുള്ളത്. പ്രസ്തുത സാഹചര്യം കൃത്യമായി മനസിലാക്കിക്കൊണ്ട്, എം.എസ്.എം.ഇ.കളെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ വിവിധ നയങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

### സംസ്ഥാനത്തെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യുഎഎം)

കേരളത്തിൽ 2015 സെപ്റ്റംബർ 18 മുതൽ, സംരംഭക മെമ്മോറാൻഡത്തിലെ (ഇഎം) ഭാഗം II സമർപ്പിക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും അതിനു പകരം

**ചിത്രം 4.4.1** 2025 മാർച്ച് 31 ലെ കണക്കുപ്രകാരം നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം




**അവലംബം** : വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റ്

ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമായ ഉദ്യോഗ് ആധാർ ആരംഭിക്കുകയും ചെയ്തു. 2025 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ഉദ്യോഗ് ആധാറിൽ അപേക്ഷ സമർപ്പിച്ചവരുടെ ആകെ എണ്ണം 8,44,168 ആണ്. ഇതിൽ ഉല്പന്ന നിർമ്മാണ മേഖലയിൽ 2,19,818 യൂണിറ്റുകളും, സേവനമേഖലയിൽ 6,24,350 യൂണിറ്റുകളും ഉണ്ട്. ഉല്പന്ന നിർമ്മാണ മേഖലയിൽ 2,13,453 സൂക്ഷ്മ യൂണിറ്റുകൾ, 5,753 ചെറുകിട യൂണിറ്റുകൾ, 612 ഇടത്തരം യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. യുഎഎം പ്രകാരം സേവന മേഖലയിലെ 6,24,350 യൂണിറ്റുകളിൽ; 6,09,841 സൂക്ഷ്മ യൂണിറ്റുകൾ, 13,642 ചെറുകിട യൂണിറ്റുകൾ, 867 ഇടത്തരം യൂണിറ്റുകൾ എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. 2024-25 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 4.4.1**-ൽ നൽകിയിരിക്കുന്നു. 2024-25 ൽ നിർമ്മാണ, സേവന മേഖലകളിൽ രജിസ്റ്റർ ചെയ്ത സൂക്ഷ്മ, ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണം **ചിത്രം 4.4.1**. -ൽ നൽകിയിരിക്കുന്നു.

**മേഖലയുടെ വിശകലനം**

2024-25 ൽ സ്ഥാപിതമായ പുതിയ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എണ്ണത്തിൽ സംസ്ഥാനം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. 2024-25 ൽ 7,217.83 കോടി രൂപ മുതൽമുടക്കിൽ 1,09,692 പുതിയ എംഎസ്എംഇ യൂണിറ്റുകൾ സ്ഥാപിച്ചു. ഈ യൂണിറ്റുകൾ 2,31,468 വ്യക്തികൾക്ക് തൊഴിലവസരങ്ങൾ നൽകി. ഇത് എംഎസ്എംഇ മേഖലയിലെ സുസ്ഥിരതയെ സൂചിപ്പിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ പുതിയ എംഎസ്എംഇ `യൂണിറ്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.4.2** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.4.2** 2020-21 മുതൽ 2024-25 വരെയുള്ള MSME മേഖലയിലെ നേട്ടം (2025 മാർച്ച് 31 വരെ))

| വർഷം | എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (കോടി രൂപ) | സൃഷ്ടിക്കപ്പെട്ട തൊഴില-വസരങ്ങൾ (എണ്ണം) |
|---|---|---|---|
| 2020-21 | 11,540 | 1,221.86 | 44,975 |
| 2021-22 | 15,285 | 1,535.09 | 56,233 |
| 2022-23 | 1,39,839 | 8,421.63 | 3,00,051 |
| 2023-24 | 1,03,596 | 7,048.65 | 2,18,179 |
| 2024-25 | 1,09,692 | 7,217.83 | 2,31,468 |
| **ആകെ** | **3,79,952** | **25,445.06** | **8,50,906** |

**അവലംബം**- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

2024-25 ൽ ഏറ്റവും കൂടുതൽ പുതിയ എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ച ജില്ല എറണാകുളമാണ് (11,165 യൂണിറ്റുകൾ), 1,027.05 കോടി രൂപ നിക്ഷേപത്തിലൂടെ 26,828 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. തൊട്ടുപിന്നാലെ മലപ്പുറം ജില്ല (10,773 യൂണിറ്റുകൾ), 689.54 കോടി രൂപയുടെ നിക്ഷേപത്തിലൂടെ 24,176 തൊഴിലവസരങ്ങളും, തിരുവനന്തപുരം ജില്ല (10,513 യൂണിറ്റുകൾ) 630.34 കോടി രൂപ നിക്ഷേപത്തിലൂടെ 21,399 പേർക്കും തൊഴിൽ നൽകി. വയനാട് ജില്ലയിലാണ് (2,856 യൂണിറ്റുകൾ) ഏറ്റവും കുറവ് പുതിയ സംരംഭങ്ങൾ ഉള്ളത്. 267.16 കോടി നിക്ഷേപത്തോടെ 6,207 പേർക്ക് തൊഴിൽ നൽകി. 2024-25ൽ കേരളത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.4.2** ൽ കൊടുത്തിരിക്കുന്നു. കേരളത്തിൽ 2023-24, 2024-25 വർഷങ്ങളിൽ ജില്ല തിരിച്ചുള്ള പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം **ചിത്രം 4.4.2** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 4.4.2** കേരളത്തിൽ 2023-24, 2024-25 വർഷങ്ങളിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകൾ (ജില്ലാ അടിസ്ഥാനത്തിൽ)




**അവലംബം**- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

**പട്ടിക 4.4.3** കേരളത്തിൽ ഓരോ ഉപമേഖലയ്ക്ക് കീഴിലും ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഉപമേഖല | 2022-23 | 2023-24 | 2024-25 | 2024-25 ൽ ഉപമേഖലയുടെ വിഹിതം ശതമാനത്തിൽ |
|---|---|---|---|---|---|
| | | ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം | | | |
| 1 | കാർഷിക, ഭക്ഷ്യ അധിഷ്ഠിതം | 23473 | 26304 | 29541 | 26.93 |
| 2 | ഓട്ടോമൊബൈൽ സർവീസ്/റിപ്പയർ | 4088 | 4785 | 5020 | 4.58 |
| 3 | ബയോടെക്നോളജി | 28 | 33 | 62 | 0.06 |
| 4 | കെട്ടിടവും നിർമ്മാണ സാമഗ്രികളും | 3830 | 4043 | 3885 | 3.54 |
| 5 | കെമിക്കൽ ഉൽപ്പന്നങ്ങൾ | 576 | 722 | 780 | 0.71 |
| 6 | മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും | 1847 | 1467 | 1618 | 1.48 |
| 7 | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് & ഐടി | 5316 | 4202 | 4147 | 3.78 |
| 8 | ഊർജ്ജവും പുനരുപയോഗ ഊർജ്ജവും | 155 | 283 | 333 | 0.30 |
| 9 | വസ്ത്രങ്ങളും തുണിത്തരങ്ങളും | 14702 | 13742 | 14065 | 12.82 |
| 10 | ജനറൽ എഞ്ചിനീയറിംഗ് | 1989 | 1773 | 1599 | 1.46 |
| 11 | ഗ്ലാസ് ഉൽപ്പന്നങ്ങൾ | 133 | 230 | 227 | 0.21 |
| 12 | കൈത്തറി, കയർ & കരകൗശല വസ്തുക്കൾ | 1252 | 649 | 933 | 0.85 |
| 13 | AI & റോബോട്ടിക്സ് | 775 | 755 | 684 | 0.62 |
| 14 | പരിശീലനങ്ങൾ/ പരിശീലന കേന്ദ്രങ്ങൾ | 2329 | 2068 | 2493 | 2.27 |
| 15 | തുകൽ ഉൽപ്പന്നങ്ങൾ | 252 | 480 | 448 | 0.41 |
| 16 | മെഡിക്കൽ സംബന്ധം | 2426 | 1843 | 1595 | 1.45 |
| 17 | ജൈവ / രാസ വളങ്ങൾ | 272 | 338 | 367 | 0.33 |
| 18 | മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ | 2427 | 1556 | 1822 | 1.66 |
| 19 | മറ്റ് സേവന പ്രവർത്തനങ്ങൾ | 11678 | 10040 | 11272 | 10.28 |
| 20 | പേപ്പർ ഉൽപ്പന്നങ്ങൾ | 659 | 846 | 900 | 0.82 |
| 21 | പേർസണൽ കെയർ ഉൽപ്പന്നങ്ങൾ | 4963 | 6608 | 7060 | 6.44 |
| 22 | പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ | 266 | 526 | 477 | 0.43 |
| 23 | മാലിന്യ സംസ്കരണം | 223 | 76 | 66 | 0.06 |
| 24 | റബ്ബർ ഉൽപ്പന്നങ്ങൾ | 247 | 363 | 394 | 0.36 |
| 25 | വ്യാപാര പ്രവർത്തനങ്ങൾ | 48948 | 13842 | 14130 | 12.88 |
| 26 | വിനോദസഞ്ചാരം | 1603 | 1661 | 1751 | 1.60 |
| 27 | മാധ്യമം & വിനോദം | 3795 | 2728 | 2392 | 2.18 |
| 28 | തടി ഉൽപ്പന്നങ്ങൾ | 1529 | 1633 | 1631 | 1.49 |
| | ഇനം തിരിക്കാത്തവ | 58 | 0 | 0 | 0.00 |
| | **ആകെ** | **139839** | **103596** | **109692** | **100.00** |

**അവലംബം**- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

2019-20 ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 13,695 ആയിരുന്നു, എന്നാൽ കോവിഡ്-19 കാരണം 2020-21 ൽ ഇവയുടെ എണ്ണം 11,540 ആയി കുറഞ്ഞെങ്കിലും 2021-22 ൽ 15,285 ആയി വർദ്ധിച്ചു. 2022-23 ൽ സംസ്ഥാന സർക്കാർ ആരംഭിച്ച "ഇയർ ഓഫ് എന്റർപ്രൈസ്" കാമ്പെയ്നിന്റെ ഫലമായി, തുടർന്നുള്ള വർഷങ്ങളിൽ പുതുതായി രജിസ്റ്റർ ചെയ്ത എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടായി. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ എംഎസ്എംഇ യൂണിറ്റുകളുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ പരിശോധിച്ചാൽ കൂടുതൽ യൂണിറ്റുകളും കാർഷിക, ഭക്ഷ്യ അധിഷ്ഠിത മേഖലയിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാകുന്നതാണ്. 2022-23 ൽ 23,473 ആയിരുന്ന കാർഷിക, ഭക്ഷ്യ അധിഷ്ഠിത യൂണിറ്റുകളുടെ എണ്ണത്തിൽ 2024-25 ആയപ്പോഴേക്കും 29,541 എണ്ണമായി വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, വ്യാപാര പ്രവർത്തനങ്ങൾ ഒഴികെയുള്ള എല്ലാ മേഖലകളിലും വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകളുടെ എണ്ണം 2022-23 ൽ 48,948 ൽ നിന്ന് 2023-24 ൽ 13,842 ആയി ഗണ്യമായി കുറഞ്ഞു, തുടർന്ന് 2024-25 ൽ 14,130 ആയി നേരിയ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ബയോടെക്നോളജി, മാലിന്യ സംസ്കരണം എന്നീ ഉപമേഖലകളിലാണ് ഏറ്റവും കുറഞ്ഞ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആരംഭിച്ച എംഎസ്എംഇ യൂണിറ്റുകളുടെ ഉപമേഖല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.4.3** ൽ നൽകിയിരിക്കുന്നു.

**ബോക്സ് 4.4.2** കേരള ബ്രാൻഡ് ( മെയ്ഡ് ഇൻ കേരള)

ആഗോള വിപണികളിൽ കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ശക്തവും ആകർഷകവുമായ ഒരു പ്രതിച്ഛായ ഉണ്ടാക്കിയെടുക്കുക എന്നതാണ് കേരള ബ്രാൻഡ് ലക്ഷ്യമിടുന്നത്. വ്യാവസായിക രംഗത്തെ ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്തം എന്നിവയോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത പ്രകടമാക്കുന്നതാണ് 'മെയ്ഡ് ഇൻ കേരള' എന്ന ആശയം. ഇതിലൂടെ പ്രാദേശിക സംരംഭങ്ങളെ അന്താരാഷ്ട്ര തലത്തിലുള്ള ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സഹായിക്കുകയും ചെയ്യും. പ്രാരംഭ ഘട്ടത്തിൽ, സംസ്ഥാനത്തെ വെളിച്ചെണ്ണ നിർമ്മാതാക്കൾക്കായി സർക്കാർ കേരള ബ്രാൻഡ് അവതരിപ്പിച്ചു. രണ്ടാം ഘട്ടത്തിൽ, 10 പുതിയ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. കാപ്പിപ്പൊടി, ചായപ്പൊടി, നെയ്യ്, തേൻ, പായ്ക്ക് ചെയ്ത കുടിവെള്ളം, പ്ലൈവുഡ്, പിവിസി പൈപ്പ്, സർജിക്കൽ റബ്ബർ ഗ്ലൗസുകൾ, പാദരക്ഷകൾ, കോമ്പൗണ്ടഡ് കാലിത്തീറ്റ എന്നിവയാണ് രണ്ടാം ഘട്ടത്തിൽ കേരള ബ്രാൻഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉൽപ്പന്നങ്ങൾ.

**അവലംബം**- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

2024–25ൽ രജിസ്റ്റർ ചെയ്ത ആകെ എംഎസ്എംഇ യൂണിറ്റുകളുടെ 69 ശതമാനത്തിലധികവും ഉൾപ്പെടുന്നത് പ്രധാനമായും 5 ഉപമേഖലകളിലാണ് കാർഷിക, ഭക്ഷ്യ അധിഷ്ഠിത (26.93 ശതമാനം) വ്യാപാര പ്രവർത്തനം (12.88 ശതമാനം), വസ്ത്രങ്ങളും തുണിത്തരങ്ങളും (12.82 ശതമാനം), മറ്റ് സേവന പ്രവർത്തനങ്ങൾ (10.27 ശതമാനം), പേർസണൽ കെയർ ഉൽപ്പന്നങ്ങൾ (6.43 ശതമാനം).

**സംസ്ഥാന പദ്ധതികൾ – അവലോകനം**

സംസ്ഥാനത്തെ സംരംഭകരുടെ അടിസ്ഥാനപരവും ഉയർന്നുവന്നതുമായ ആവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതികൾ വികസിപ്പിക്കാൻ വർഷങ്ങളായുള്ള പ്രവർത്തനങ്ങളാൽ കേരള സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിലവിൽ സംരംഭകരായിട്ടുള്ളവരിൽ നിന്നും സംരംഭകരാകാൻ താത്പര്യമുള്ളവരിൽ നിന്നും ലഭിച്ച ഫീഡ്ബാക്കിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള പദ്ധതി ആശയങ്ങൾ വികസിപ്പിച്ചത്. സംസ്ഥാനത്തെ സംരംഭങ്ങൾ, നിക്ഷേപം, തൊഴിൽ എന്നിവയുടെ വളർച്ചയ്ക്കുള്ള ഒരു പ്രധാന കാരണം, സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പദ്ധതികളുടെ കഴിവാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന വിവിധ തരം പ്രോത്സാഹനങ്ങളുടെയും അനുബന്ധ പദ്ധതികളുടെയും വിവരങ്ങൾ **പട്ടിക 4.4.4** ൽ നൽകിയിരിക്കുന്നു.

ചെറുകിട വ്യവസായരംഗം, വാണിജ്യം, കരകൗശലരംഗം എന്നീ ഉപമേഖലകലാണ് എംഎസ്എംഇ മേഖലയിൽ

**പട്ടിക 4.4.4** സംസ്ഥാന പദ്ധതികൾ

| ക്രമ നം. | സഹായം | പദ്ധതിയുടെ പേര് |
|---|---|---|
| I | പലിശ ഇളവ് | • വ്യവസായ പ്രദേശം/പാർക്കുകളിൽ സംരഭകർക്ക് ഭൂമി നിക്ഷേപ വില ഗഡുക്കളായി നല്കുന്നതിനുണ്ടാകുന്ന പലിശയിൽ ഇളവ്<br>• നാനോ ഗാർഹിക സംരംഭങ്ങൾക്ക് പലിശ ഇളവിനുള്ള പദ്ധതി<br>• സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് |
| II | മൂലധന സഹായം | • സംരംഭക സഹായ പദ്ധതി<br>• തകർച്ച നേരിടുന്ന/പ്രവർത്തനരഹിതമായ എം എസ് എം ഇ കളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും<br>• നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ്<br>• ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം<br>• നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾക്കുള്ള സഹായം<br>• സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് – ഒരു കുടുംബം ഒരു സംരംഭം<br>• സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്<br>• കരകൗശല മേഖലയിലെ അപെക്സ് സ്ഥാപനങ്ങൾക്ക് സഹായം<br>• സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം.<br>• പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും |
| III | വാടക ഇളവ് | • വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ സഹായ പദ്ധതി |
| IV | ഭൂമി സംബന്ധമായ ഇളവുകൾ | • വ്യവസായ പ്രദേശം/പാർക്കുകളിൽ സംരഭകർക്ക് ഭൂമി നിക്ഷേപ വില ഗഡുക്കളായി നല്കുന്നതിനുണ്ടാകുന്ന പലിശയിൽ ഇളവ്. |
| V | അടിസ്ഥാന സൗകര്യ വികസനം | • നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം<br>• നിലവിലുള്ള പൊതു സേവന കേന്ദ്രങ്ങളുടെ നവീകരണം<br>• ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം<br>• പൊതു സ്വകാര്യ പങ്കാളിത്തം(പിപിപി) രീതിയിൽ വ്യവസായ പാർക്കുകൾ/ പ്രദേശങ്ങൾ /എസ്റ്റേറ്റുകൾ എന്നിവ വികസിപ്പിക്കൽ<br>• അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും –ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം / ചെറുകിട വ്യവസായ ക്ലസ്ടർ വികസന പദ്ധതി ( എം എസ് ഇ –സി ഡി പി പരിഷ്കരിച്ച കേന്ദ്ര മേഖല പദ്ധതി )<br>• വിവിധോദ്ദേശ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ<br>• വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും ജില്ല വ്യവസായ കേന്ദ്രങ്ങളുടെയും സബ് ഓഫീസുകളുടെയും നവീകരണം |

| | | |
|---|---|---|
| VI | സംരംഭകത്വ വികസന പരിപാടി | • കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രേണർഷിപ് ഡെവലപ്മെന്റ് (കെ ഐ ഇ ഡി ) നെ സംരംഭക വികസനത്തിനുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റൽ<br>• സംരംഭക വികസന കേന്ദ്രങ്ങൾ<br>• സ്കൂളുകളിലും കോളേജുകളിലും സംരംഭത്വ വികസന ക്ലബ്ബുകൾ |
| VII | മാർക്കറ്റിംഗ് സഹായം | • വിവിധോദ്ദേശ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ<br>• സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്<br>• അടിസ്ഥാന സൗകര്യ വികസനവും ശേഷി വികസനവും -ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം / ചെറുകിട വ്യവസായ ക്ലസ്ടർ വികസന പദ്ധതി ( എം എസ് ഇ -സി ഡി പി പരിഷ്കരിച്ച കേന്ദ്ര മേഖല പദ്ധതി )<br>• കേന്ദ്ര എം എസ് എം ഇ മേഖല പദ്ധതികൾ ( ആനുപാതിക സംസ്ഥാന വിഹിതം)<br>• പി എം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ്( 40 ശതമാനം സംസ്ഥാന വിഹിതം) |
| VIII | ടെക്നോളജി സഹായം | • സംരംഭക സഹായ പദ്ധതി<br>• പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും<br>• വൈദഗ്ധ്യ വികസന പരിപാടി<br>• കേന്ദ്ര എം എസ് എം ഇ മേഖല പദ്ധതികൾ (അധിക സംസ്ഥാന വിഹിതം) |
| IX | ഇൻഷ്വറൻസ് സഹായം | • പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും |
| X | വൈദഗ്ധ്യ വികസനം | • വൈദഗ്ധ്യ വികസന പരിപാടി |
| XI | വാണിജ്യ വികസനം | • വാണിജ്യ വികസനം |
| XII | കരകൗശല വ്യവസായങ്ങൾ | • കരകൗശല മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് സഹായം<br>• കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ<br>• കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)<br>• വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള പുനരുജ്ജീവന പദ്ധതി<br>• ക്രാഫ്റ്റ് കോംപ്ലക്സ് - സുരഭി |
| XIII | മുള സംബന്ധ വ്യവസായങ്ങൾക്കുള്ള സഹായം | • മുള സംബന്ധ വ്യവസായങ്ങളുടെ വികസനം |
| XIV | തോട്ടം മേഖലയുടെ വികസനം | • പ്ലാന്റേഷൻ ഡയറക്ടറേറ്റ് |

**അവലംബം**: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

**പട്ടിക 4.4.5** 2023-24 മുതൽ 2024-25 വരെ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സിന്റെ പദ്ധതി വിഹിതവും ചെലവും, രൂപ ലക്ഷത്തിൽ

| മേഖല | 2023-24 | | | 2024-25 | | | 2025-26 | | |
|---|---|---|---|---|---|---|---|---|---|
| | **വിഹിതം** | **ചെലവ്** | **ശതമാനം** | **വിഹിതം** | **ചെലവ്** | **ശതമാനം** | **വിഹിതം** | **ചെലവ്*** | **ശതമാനം** |
| ചെറുകിട വ്യവസായം | 21,270.00 | 13458.25 | 63.27 | 20,494.00 | 11746.68 | 57.32 | 25493.00 | 10453.48 | 41.01 |
| വാണിജ്യം | 700.00 | 102.83 | 14.69 | 650.00 | 166.50 | 25.62 | 700.00 | 13.33 | 1.90 |
| കരകൗശലം | 420.00 | 141.26 | 33.63 | 420.00 | 157.21 | 37.43 | 411.00 | 18.88 | 4.59 |
| **ആകെ** | **22,390.00** | **13702.34** | **61.20** | **21,564.00** | **12070.39** | **55.97** | **26604.00** | **10485.69** | **39.41** |

**അവലംബം** പ്ലാൻസ്പേസ് കേരള * ചെലവ് 20/09/2025 വരെ

ഉൾപ്പെടുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ, മൊത്തം ബജറ്റ് വിഹിതമായ ₹22,390 ലക്ഷത്തിൽ ₹13,702.34 ലക്ഷം വിനിയോഗിച്ചുകൊണ്ട് എംഎസ്എംഇ മേഖല 61.20 ശതമാനം ചെലവ് കൈവരിച്ചിരുന്നു. എന്നിരുന്നാലും, വാണിജ്യ ഉപമേഖലയിലെ ചെലവിൽ ഉണ്ടായ ഗണ്യമായ കുറവ് (14.69 ശതമാനം) 2023-24 ൽ മേഖലയുടെ മൊത്തത്തിലുള്ള പ്രകടനത്തെ സാരമായി ബാധിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നിട്ടും, എംഎസ്എംഇ മേഖല 55.97 ശതമാനം ചെലവ് രേഖപ്പെടുത്തി. കൂടാതെ വാണിജ്യ, കരകൗശല ഉപമേഖലകൾ മുൻ വർഷത്തെ അപേക്ഷിച്ച് മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുകയും ചെയ്തു. 2025-26 സാമ്പത്തിക വർഷത്തിൽ, എംഎസ്എംഇ മേഖലയ്ക്കുള്ള മൊത്തം ബജറ്റ് വിഹിതം 23.67 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷത്തിന്റെ ആദ്യ അഞ്ച് മാസത്തിനുള്ളിൽ തന്നെ ഈ മേഖല 39.41 ശതമാനം ചെലവ് കൈവരിച്ചിട്ടുമുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.4.5** ൽ നൽകിയിരിക്കുന്നു.

### വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

2025 മാർച്ച് 31 ലെ കണക്കനുസരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ആകെ എണ്ണം 710 ആണ്, ഇതിൽ വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ എണ്ണം 147 ആണ്. കാസർഗോഡ് ജില്ലയിലാണ് ഏറ്റവും കൂടുതൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നത് (148 എണ്ണം). സംസ്ഥാനത്തെ വ്യാവസായിക സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.4.3** ൽ നൽകിയിരിക്കുന്നു.

**ബോക്സ് 4.4.3** മിഷൻ 1000 – സ്കെയിൽ അപ്പ്

വ്യവസായ വകുപ്പിന്റെ 2024-25 ൽ ആരംഭിച്ച 'മിഷൻ 1000' സംരംഭത്തിലൂടെ സംസ്ഥാനത്തെ 1000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം എസ് എം ഇ) നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി രൂപ വാർഷിക വിറ്റുവരവുള്ള ബിസിനസുകളാക്കി മാറ്റുക എന്നതാണ് ലക്ഷ്യമിടുന്നത്.കഴിഞ്ഞ നാല് വർഷത്തിനിടെ "MSME-കളുടെ സ്കെയിലിംഗ് അപ്പ്" എന്ന പദ്ധതിക്കായി 3500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2025 സെപ്റ്റംബർ വരെ 1,134 അപേക്ഷകൾ ലഭിച്ചു. 376 സംരംഭങ്ങൾ മിഷൻ 1000 സ്കീമിന് കീഴിൽ എൻറോൾ ചെയ്യുകയും അവ സ്കെയിലപ്പിനുള്ള ഡിപിആർ തയ്യാറാക്കുന്ന പ്രക്രിയയിലുമാണ്. 105 യൂണിറ്റുകൾ തയ്യാറാക്കിയ ഡിപിആറുകൾ അംഗീകരിച്ചും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിച്ച 58 സംരംഭകർക്ക് 73.4 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു.

**അവലംബം**: വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളം

**പട്ടിക 4.4.6** വൻകിട, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം, 2025 മാർച്ച് 31 വരെ

| ക്രമ നമ്പർ | ഏജൻസി | വ്യവസായ എസ്റ്റേറ്റ് എണ്ണം | | |
|---|---|---|---|---|
| | | മേജർ എസ്റ്റേറ്റ് | മിനി എസ്റ്റേറ്റ് | ഡിഎ/ഡി പി |
| 1 | ജില്ല വ്യവസായ കേന്ദ്രം | – | 92 | 41 |
| 2 | സിഡ്കോ | 17 | 36 | – |
| 3 | കിൻഫ്ര | 30 | – | – |
| 4 | കെഎസ്ഐഡിസി | 11 | – | – |
| | **ആകെ** | **58** | **128** | **41** |

**അവലംബം**- വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, സിഡ്കോ, കിൻഫ്ര, കെഎസ്ഐഡിസി

**നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/ഏരിയകളിലെ പശ്ചാത്തല സൗകര്യ വികസനം മെച്ചപ്പെടുത്തൽ**

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ വ്യവസായ സൗകര്യങ്ങൾ ഒരുക്കുന്നത് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റാണ്(ഡി.ഐ.സി). നിലവിൽ ഡി.ഐ.സിയുടെ കീഴിൽ 2,414.60 ഏക്കറിലായി 41 വികസന ഏരിയ/ വികസന പ്ലോട്ടുകൾ ഉണ്ട്. ഈ വികസന പ്രദേശം/പ്ലോട്ടുകളിലായി 2024-25 ൽ 2,724 യൂണിറ്റുകളിലൂടെ 33,101 പേർക്ക് തൊഴിൽ നൽകുകയും 13,18,146.5 ലക്ഷം രൂപ വരുമാനമുണ്ടാകുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.4.4** ൽ കൊടുത്തിരിക്കുന്നു.

**വ്യവസായ എസ്റ്റേറ്റുകൾ**

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കും അവ പ്രോത്സഹിപ്പിക്കുന്നതിനുമുള്ള ഒരു സുപ്രധാന മാർഗമാണ് വ്യവസായ എസ്റ്റേറ്റുകൾ. മാത്രമല്ല ഗ്രാമീണ പിന്നോക്ക മേഖലകളിലേക്ക് വ്യാവസായിക പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കുന്നതിനും വ്യവസായ എസ്റ്റേറ്റുകൾ വളരെ ഫലപ്രദമാണ്. വ്യവസായങ്ങളുടെ വളർച്ചക്ക് ആവശ്യമായ റോഡുകൾ, വൈദ്യുതി, മറ്റ് ആവശ്യസേവനങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന പ്രത്യേക സോണുകളാണ് വ്യാവസായിക എസ്റ്റേറ്റുകൾ. ഇവ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാതെ വികസനം സാധ്യമാക്കുന്നു. കേരളത്തിൽ 2025 മാർച്ച് 31 വരെയുള്ള വൻകിട, ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ എണ്ണം **പട്ടിക 4.4.6** ൽ കൊടുത്തിരിക്കുന്നു.

**ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ**

ജില്ലാതലത്തിലുള്ള ഒരു സ്ഥിരമായ ഒരു ഭരണസംവിധാനമാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സേവനങ്ങളും പിന്തുണാ സൗകര്യങ്ങളും അവ സംരംഭകർക്ക് പ്രദാനം ചെയ്യുന്നു. അനുയോജ്യമായ പ്രോജക്റ്റുകൾ കണ്ടെത്തുക, ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുക, വായ്പാ സൗകര്യം ഒരുക്കൽ, ഉപകരണങ്ങളും അസംസ്കൃതവസ്തുക്കളും ലഭ്യമാക്കൽ അതോടൊപ്പം യൂണിറ്റുകളെ വ്യവസായ ക്ലസ്റ്റുകളുമായി ബന്ധിപ്പിക്കൽ തുടങ്ങിയവ ഇതിലുൾപ്പെടുന്നു. വ്യവസായ സഹകരണ സംഘങ്ങൾ വികസിപ്പിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും ഈ കേന്ദ്രം സഹായിക്കുന്നു. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് 92 ചെറുകിട വ്യവസായിക എസ്റ്റേറ്റുകളിലായി 868 ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ട്. അതിൽ പ്രവർത്തനക്ഷമമായ 748 യൂണിറ്റുകളിലൂടെ 5,020 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. കൂടാതെ 11,209.75ലക്ഷം രൂപ വരുമാനവും ലഭിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.4.5** ൽ നൽകിയിരിക്കുന്നു.

**സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ**

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സിഡ്കോ പ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഭൂമി, വർക്ക് ഷെഡ്, ജലം, അസംസ്കൃതവസ്തുക്കളുടെ ലഭ്യത എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ ലഭ്യമാക്കുന്നുണ്ട്. 2025 മാർച്ച് 31 പ്രകാരം 235.83 ഏക്കറിലായി 17 മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വികസിപ്പിച്ചു. 195.75 ഏക്കർ അനുവദിച്ചതിൽ പ്രവർത്തനക്ഷമമായ 877 യൂണിറ്റുകളിലൂടെ 7,821 തൊഴിലവസരങ്ങൾ നല്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തൊട്ടാകെ സിഡ്കോയുടെ ഭരണനേതൃത്വത്തിൽ 36 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഉണ്ട്. 2024-25 കാലയളവിൽ സിഡ്കോയുടെ മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകളിലൂടെ സൃഷ്ടിച്ച ആകെ

വരുമാനം 19.83 ലക്ഷം രൂപയായിരുന്നു. 323 വർക്കിംഗ് യൂണിറ്റുകളിൽ 1,610 തൊഴിലാളികൾ ജോലി ചെയ്യുന്നു. 7,821 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് 2024-25ൽ മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ നിന്ന് 1,419.82 ലക്ഷം രൂപയായിരുന്നു വരുമാനം. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.4.6, 4.4.7, 4.4.8** എന്നിവയിൽ രേഖപ്പെടുത്തിരിക്കുന്നു.

### വ്യാവസായിക ക്ലസ്റ്റർ വികസനം

സാങ്കേതിക വിദ്യയുടെ ഉപയോഗം, മെച്ചപ്പെട്ട കാര്യക്ഷമത, പൊതു വിഭവങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് എം.എസ്.എം.ഇ സംരംഭങ്ങളുടെ വളർച്ചയിൽ വ്യവസായ ക്ലസ്റ്ററുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പ്രകടനത്തിനും കൂടാതെ ചെറുകിട സംരംഭങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ഫലപ്രദമായ മാർഗ്ഗമായിട്ടാണ് ക്ലസ്റ്റർ രീതിയെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയം ആസൂത്രണം ചെയ്തിരിക്കുന്നത്. ക്ലസ്റ്റർ വികസന പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ രാജ്യത്തെ മികച്ച 5 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഈ പദ്ധതി പ്രകാരം 16 ക്ലസ്റ്റർ വികസന പരിപാടികൾ ആരംഭിക്കുന്നതിന് അംഗീകാരം ലഭിച്ചു. അവയിൽ 7,522.45 ലക്ഷം രൂപ ചെലവഴിച്ച് 12 എണ്ണം പൂർത്തീകരിക്കുകയും നിലവിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. 4,997.30 ലക്ഷം രൂപ അടങ്കലുള്ള 4 പദ്ധതികളുടെ നിർമ്മാണം നിലവിൽ പുരോഗമിക്കുകയാണ്; വുഡ് ഫർണിച്ചർ ക്ലസ്റ്റർ (കോഴിക്കോട്), ട്രഡീഷണൽ ഫർണിച്ചർ ക്ലസ്റ്റർ (ചേവൂർ, തൃശ്ശൂർ), വെസ്റ്റ് മലബാർ പ്ലൈവുഡ് മാനുഫാക്ചറേഴ്സ് ക്ലസ്റ്റർ (മുവാറ്റുപുഴ, എറണാകുളം), പാപ്പാട് ക്ലസ്റ്റർ (തിരുവനന്തപുരം) എന്നിവയാണ് അവ.

### സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖല – ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ് (MSME-DFO), തൃശ്ശൂർ

MSME-ഡവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ്, തൃശ്ശൂർ, ഭാരത സർക്കാരിന്റെ എം എസ് എം ഇ മന്ത്രാലയത്തിന് കീഴിലുള്ള ഡെവലപ്മെന്റ് കമ്മീഷണറുടെ (സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭം) ഫീൽഡ് യൂണിറ്റാണ്. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖല ക്ലസ്റ്ററുകളുടെ പ്രോത്സാഹനത്തിലും വികസനത്തിലും ഇൻസ്റ്റിറ്റ്യൂട്ട് സജീവമായി പ്രവർത്തിച്ചുവരുന്നു. സാങ്കേതിക സാമ്പത്തിക, മാനേജീരിയൽ കൺസൾട്ടൻസി സേവനങ്ങൾ നൽകിക്കൊണ്ട് എംഎസ്എംഇ സംരംഭകർക്ക് ആവശ്യകത അടിസ്ഥാനമാക്കിയുള്ള പിന്തുണ ഡിഎഫ്ഒ നൽകുന്നു. കൂടാതെ സംരംഭക, സാങ്കേതിക, മാനേജീരിയൽ പരിശീലന പരിപാടികളും നടത്തുന്നു. എംഎസ്എംഇകൾക്ക് അവരുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് വേദിയൊരുക്കുന്നതിന്റെ ഭാഗമായി ഡിഎഫ്ഒ നിരവധി റീഇംബേഴ്സ്മെന്റ് സ്കീമുകൾ നടത്തുകയും വ്യവസായ പ്രദർശനങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്യുന്നു. 89,497 ഗുണഭോക്താക്കൾക്കായി വിവിധ ബോധവൽക്കരണ പരിപാടികളും തൃശ്ശൂരുള്ള സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ- ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസ് സംഘടിപ്പിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.4.9** ൽ നൽകിയിരിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ എംഎസ്എംഇ മന്ത്രാലയത്തിന് കീഴിലുള്ള എംഎസ്എംഇ വികസന കമ്മീഷണറുടെ സംസ്ഥാനതല ഓഫീസ് എന്ന നിലയിൽ, തൃശ്ശൂരിലെ എംഎസ്എംഇ-ഡിഎഫ്ഒ സംസ്ഥാനത്തെ എംഎസ്എംഇ മേഖലയുടെ വികസനത്തിന് സംഭാവന നൽകുന്നതിനായി നിരവധി പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്:

MSME-DFO, തൃശ്ശൂർ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ

- ക്രെഡിറ്റ് സംബന്ധമായ കാര്യങ്ങളിൽ എംഎസ്എംഇകൾക്കുള്ള മാർഗനിർദേശവും സഹായവും നൽകുക.
- കരകൗശല തൊഴിലാളികൾക്കായുള്ള ഇന്ത്യാ ഗവൺമെന്റിന്റെ പിഎം വിശ്വകർമ പോലുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണം.
- ലീൻ മാനുഫാക്ചറിംഗ് മുഖേന വേസ്റ്റേജ് കുറച്ചുകൊണ്ട് എംഎസ്എംഇകൾക്കിടയിൽ മത്സരക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനായി എംഎസ്എംഇ ചാമ്പ്യൻസ് സ്കീം നടപ്പിലാക്കുക, രൂപകൽപന മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണ നൽകുക, ബൗദ്ധിക സ്വത്തവകാശം, സീറോ ഡിഫെക്റ്റ് സീറോ ഇഫക്റ്റ് (ZED) സ്കീം എന്നിവയെ കുറിച്ചുള്ള അവബോധം വളർത്തൽ, തിരിച്ചറിയപ്പെടാത്ത വ്യക്തിഗത സർഗ്ഗാത്മകത കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക, ഉൽപ്പാദനത്തിൽ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും വിജ്ഞാനാധിഷ്ഠിത നവീകരണ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഇന്ത്യയിലുടനീളം വ്യാപിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുക മുതലായ പ്രവൃത്തികൾ.
- സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വിപണന, കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള വിവിധ സംരംഭങ്ങളായ വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, പ്രാദേശികമായി നടക്കുന്ന വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിന് റീഇംബേഴ്സ്മെന്റ് അനുവദിക്കുക, സംരംഭകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ഇടപെടലുകൾ സ്വീകരിക്കുക തുടങ്ങിയവ.
- സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനവും ക്ലസ്റ്റർ വികസന പ്രവർത്തനങ്ങളും.
- വിവിധ പരിപാടികളിലൂടെയും വൺ-ടു-വൺ കൺസൾട്ടൻസിയിലൂടെയും ആകെ 89,497 സംരംഭകർക്ക് സഹായം ലഭിച്ചു .
- 23 പരിശീലന പരിപാടികളിലൂടെ 1,745 സംരംഭകർക്ക് സംരംഭകത്വവും നൈപുണ്യ വികസന സഹായം നൽകുകയുണ്ടായി.
- പരാതിപരിഹാരം, പബ്ലിസിറ്റി, ഔട്ട് റീച്ച് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിച്ചു.

**മൈക്രോ ആൻഡ് സ്മോൾ എന്റർപ്രൈസ് ഫെസിലിറ്റേഷൻ കൗൺസിൽ (എംഎസ്ഇഎഫ്സി), കേരളം.**

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വികസന (എംഎസ്എംഇഡി) നിയമം, 2006 (സെക്ഷൻ 15–24) പ്രകാരം, കാലതാമസം നേരിടുന്ന പേയ്മെന്റുകളെക്കുറിച്ചുള്ള റഫറൻസുകൾ / ഫയൽ ചെയ്യൽ എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ മൈക്രോ, സ്മോൾ എന്റർപ്രൈസ് ഫെസിലിറ്റേഷൻ കൗൺസിലുകൾ (എംഎസ്ഇഎഫ്സി) രൂപീകരിച്ചു. (സെക്ഷൻ20, 21). 2006–ലെ എംഎസ്എംഇഡി ആക്ടിന്റെ സെക്ഷൻ 20 അനുശാസിക്കുന്ന അധികാരങ്ങൾ നടപ്പിലാക്കുന്നതിന്, സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സംസ്ഥാന എംഎസ്ഇഎഫ്സിയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ മൂന്ന് മേഖലാ തല സൂക്ഷ്മ, ചെറുകിട എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലുകളും കേരള സർക്കാർ സ്ഥാപിച്ചു.

**ഗ്രാമീണ വ്യവസായങ്ങൾക്കായുള്ള പാക്കേജ്– പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി(പി.എം.ഇ. ജി.പി )**

പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ, പദ്ധതികൾ, സൂക്ഷ്മ സംരംഭങ്ങൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ രാജ്യത്തെ ഗ്രാമങ്ങളിലും നഗരങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ, ഗ്രാമീണ യുവാക്കളുടെ നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയാൻ ലക്ഷ്യമിട്ടുകൊണ്ട് രാജ്യത്തെ എല്ലാ പരമ്പരാഗത കൈത്തൊഴിലാളികൾക്കും അതോടൊപ്പം ഭാവിയിൽ ഈ മേഖലയിലേക്ക് വരുവാൻ സാധ്യതയുള്ള ഗ്രാമ/ നഗരവാസികളായ തൊഴിൽ രഹിതരായ യുവാക്കൾക്കും തുടർച്ചയായതും സുസ്ഥിരവുമായ തൊഴിൽ നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. കൈത്തൊഴിലാളികളുടെ സമ്പാദനശേഷി വർധിപ്പിക്കുന്നതിനും ഗ്രാമ–നഗര തൊഴിലുകളുടെ വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു . ദേശീയ തലത്തിൽ നോഡൽ ഏജൻസിയായി ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെവിഐസി) ആണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന തലത്തിൽ, കെവിഐസി, സംസ്ഥാന ഖാദി, ഗ്രാമവ്യവസായ ബോർഡുകൾ (കെവിഐബി), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (ഡിഐസി), കയർ ബോർഡ് (കയർ അനുബന്ധ പ്രവർത്തനങ്ങൾക്ക്), ബാങ്കുകൾ എന്നിവയുടെ സംസ്ഥാന ഓഫീസുകൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. നിർമ്മാണ മേഖലയിൽ പദ്ധതിയ്ക്കോ യൂണിറ്റിനോ അനുവദനീയമായ പരമാവധി ചെലവ് 50 ലക്ഷം രൂപയും, ബിസിനസ് അല്ലെങ്കിൽ സേവന മേഖലയ്ക്ക് 20 ലക്ഷം രൂപയുമാണ് ഈ പദ്ധതി പ്രകാരം അനുവദനീയമായിട്ടുള്ളത്. പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പിഎംഇജിപി) ദേശീയ തലത്തിലുള്ള ഒരു ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമാണ്. 2024–25 ൽ സംസ്ഥാനത്തെ ബാങ്കുകൾ 4,371 പദ്ധതികൾക്ക് അനുമതി നൽകുകയും 4,272.7 ലക്ഷം രൂപ മാർജിൻ മണി അനുവദിക്കുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.4.10** ൽ നൽകിയിരിക്കുന്നു.

**സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ വ്യവസായ ധനസഹായം**

സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി (എസ്.എൽ.ബി.സി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) റിപ്പോർട്ട് അനുസരിച്ച്, പിഎംഇജിപിയുടെ കീഴിൽ കൈവരിച്ച നേട്ടം പോലുള്ള സുസ്ഥിരമായ നിരവധി ബാങ്കിംഗ് സംരംഭങ്ങൾ ബാങ്കുകൾ ആരംഭിച്ചിട്ടുണ്ട്, ഇത് സർക്കാർ സ്പോൺസേർഡ് സ്കീമുകൾക്ക് കീഴിൽ വായ്പ നൽകാനുള്ള ബാങ്കുകളുടെ താൽപ്പര്യത്തെ സൂചിപ്പിക്കുന്നു. എസ്എൽബിസി റിപ്പോർട്ട് പ്രകാരം, എംഎസ്എംഇ മേഖലയിലേക്കുള്ള വായ്പ വിതരണം 2023–24 ലെ 77,440.62 കോടി രൂപയിൽ നിന്ന് 2024–25ൽ 85,341.80 കോടി രൂപയായി ഉയർന്നു, ഇത് മുൻ കാലയളവിനെ അപേക്ഷിച്ച് 10.20% വർധന രേഖപ്പെടുത്തി. വിവിധ മേഖലകളിലേക്കുള്ള വായ്പ വിതരണ കണക്കുകൾ **അനുബന്ധം 4.4.11**–ൽ നൽകിയിരിക്കുന്നു.

**സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി)**

മുൻകാല ഇടപാടുകളെ അടിസ്ഥാനമാക്കി വായ്പയെടുക്കുന്നവർക്ക് ന്യായമായ പലിശ നിരക്കിൽ ഈടില്ലാത്ത വായ്പകൾ നൽകുന്ന ക്രെഡിറ്റ് സ്ഥാപനങ്ങൾക്ക് റീഫിനാൻസ് ചെയ്യാൻ സർക്കാർ സിഡ്ബിയെ പ്രോത്സാഹിപ്പിക്കുന്നു. സൂക്ഷ്മ , ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) വായ്പ ലഭ്യത മെച്ചപ്പെടുത്തുന്നതിനും , പ്രത്യേകിച്ച് മുൻപ് പരിമിതമായി മാത്രം ആനുകൂല്യം ലഭിച്ചിരുന്നവർക്ക് കൂടുതൽ പരിഗണന ലഭ്യമാകും വിധം 1,000 കോടി രൂപയുടെ പ്രത്യേക ഫണ്ട് സിഡ്ബി രൂപീകരിച്ചു. സ്മോൾ ആൻഡ് ലോവർ റേറ്റഡ് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ, നോൺ–ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ, ഫിനാൻഷ്യൽ ടെക്നോളജി കമ്പനികൾ എന്നിവയ്ക്കായി ഒരു ബോണ്ട് മാർക്കറ്റ് സ്ഥാപിക്കുക എന്നതായിരുന്നു ഈ ഫണ്ടിന്റെ ലക്ഷ്യം. 2023 സാമ്പത്തിക വർഷത്തിൽ, സിഡ്ബി എംഎസ്എംഇകൾക്കായുള്ള വായ്പാ പ്രക്രിയകൾ കൂടുതൽ ലളിതമാക്കുകയും ഡിജിറ്റൈസ് ചെയ്യുകയും ചെയ്തു. കാലഹരണപ്പെട്ട വിവരങ്ങളെ ആശ്രയിക്കുന്നത് കുറയുന്നതിനും, ചരക്ക് സേവന നികുതി, ആദായ നികുതി റിട്ടേണുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയ ഡാറ്റാബേസുകൾ തുടങ്ങിയ പൊതു ഡാറ്റാബേസുകളിൽ നിന്നുള്ള കാലികമായ വിവരങ്ങൾ ഉപയോഗിക്കുന്നതിനുള്ള മാറ്റത്തിനും കാരണമായി. ഉപജീവന പ്രവർത്തനങ്ങൾക്കായി മൈക്രോ എന്റർപ്രൈസസിന് 5 ലക്ഷം രൂപ വരെ മൈക്രോ ലോൺ നൽകുന്ന 'പ്രയാസ്' പദ്ധതിയും സിഡ്ബി വിപുലീകരിച്ചു. ഈ വിപുലീകരണം 2,94,000 ഗുണഭോക്താക്കളെ സഹായിച്ചു, ഗുണഭോക്താക്കളിൽ 85 ശതമാനത്തിലധികം സ്ത്രീ സംരംഭകരും 70 ശതമാനത്തിലധികം ഗുണഭോക്താക്കൾ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽ പെട്ടവരുമാണ്.

**എം.എസ്.എം.ഇ മേഖലയിലെ മറ്റ് നേട്ടങ്ങൾ**

- ഒരു ജില്ല ഒരു ഉൽപ്പന്നം (OLOP) പദ്ധതി പ്രകാരം 456 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്.
- **എം.എസ്.എം.ഇ ക്ലിനിക്ക്** – ലൈസൻസിംഗ്, മാർക്കറ്റിംഗ്, ഫിനാൻസ്, കയറ്റുമതി, ബാങ്കിംഗ്, ജി.എസ്.ടി, സാങ്കേതികവിദ്യ എന്നിവയിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന എം.എസ്.എം.ഇകളെ സഹായിക്കുന്നതിനായി സംസ്ഥാന വ്യാപകമായി എം.എസ്.എം.ഇ ക്ലിനിക്കുകൾ വിജയകരമായി പ്രവർത്തനം ആരംഭിച്ചു. സംരംഭകരുടെയോ സംരഭകരാകാൻ താത്പര്യമുള്ളവരുടേയോ സംശയങ്ങൾ ദൂരീകരിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായി നിയമം, മാർക്കറ്റിംഗ്, ഡി.പി.ആർ തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, സാങ്കേതികവിദ്യ, കൺസെന്റ്, ലൈസൻസുകൾ, ബാങ്കിംഗ് എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള ഏകദേശം 160 ൽ പരം വിഷയ വിദഗ്ധരെ എംപാനൽ ചെയ്തുകൊണ്ട് 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (ഡി.ഐ.സി) ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ട്.
- RAMP – പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എം.എസ്.എം.ഇ മന്ത്രാലയം ₹107.71 കോടി അനുവദിച്ചിരുന്നു, കൂടാതെ സംസ്ഥാന സർക്കാർ ₹37.07 കോടി കൂടി അനുവദിക്കുകയും ചെയ്തു. 24 ഘടകങ്ങൾ ഉൾപ്പെടുന്ന എട്ട് സുപ്രധാന മേഖലകൾ ഏകോപിപ്പിച്ചാണ് നോഡൽ ഏജൻസിയായ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പദ്ധതി നടപ്പിലാക്കുന്നത്. 2025 മാർച്ച് 31 വരെ, സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര വിഹിതത്തിൽ നിന്നും ₹2.91 കോടി ചെലവഴിച്ചിട്ടുണ്ട്.
- **38 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക്** അംഗീകാരം നൽകിയിട്ടുണ്ട്
- **10 കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക്** അംഗീകാരം നൽകി
- **സഹകരണ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.**
- പ്ലാന്റേഷൻ ഡയറക്ടറേറ്റിനായി ഒരു ഓഫീസ് (ഇന്ത്യയിൽ ആദ്യമായി പ്ലാന്റേഷൻ മേഖലയ്ക്ക് മാത്രമായി ഒരു പ്രത്യേക ഡയറക്ടറേറ്റ് 2023 ൽ പ്രവർത്തനം ആരംഭിച്ചു) 2025 ഏപ്രിൽ 10 ന് ഉദ്ഘാടനം ചെയ്തു
- **സംരംഭക സഭ** – സംരംഭക രംഗത്തെ അറിവ് പങ്കിടലിനും അതിലൂടെ വ്യവസായ മേഖലയുടെ വളർച്ചയും ലക്ഷ്യം വെച്ച് ആവിഷ്കരിച്ച "സംരംഭക സഭ" പരിപാടി 2024 ഡിസംബർ 11 ന് ഉദ്ഘാടനം ചെയ്തു. സംരംഭകരെയും ഉദ്യോഗസ്ഥരെയും മറ്റ് ബന്ധപ്പെട്ട വ്യക്തികളെയും ഒരുകുടക്കീഴിൽ കൊണ്ടുവരുന്ന ടി പദ്ധതി 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിജയകരമായി നടത്തി.
- **പ്ലാന്റേഷൻ മേഖലയിലെ ലയങ്ങളുടെ നിർമ്മാണം** – പ്ലാന്റേഷൻ മേഖലയിലെ ലയങ്ങളുടെ (തൊഴിലാളി ഭവനങ്ങളുടെ നിർമ്മാണവും നവീകരണവും) നിർമ്മാണത്തിനായി 2024–25 സാമ്പത്തിക വർഷത്തിൽ ₹80.81 ലക്ഷം ചെലവഴിച്ചു. പ്ലാന്റേഷൻ മേഖയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് ഈപദ്ധതിയുടെ ലക്ഷ്യം.
- **"പൊതുജന – പഞ്ചായത്ത് – പങ്കാളിത്ത പദ്ധതിയിലൂടെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസനം"**– പൊതുജന – പഞ്ചായത്ത് – പങ്കാളിത്ത പദ്ധതിയിലൂടെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പുതുക്കിയ നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നിലവിൽ സർക്കാരിന്റെ അംഗീകാരം ലഭ്യമാകാനുള്ള നടപടികളുടെ അന്തിമ ഘട്ടത്തിലാണ്.
- **ED ക്ലബ് രജിസ്ട്രേഷൻ** – ED (സംരംഭക വികസനം) ക്ലബ്ബുകൾക്കായുള്ള രജിസ്ട്രേഷൻ പ്രക്രിയ നിലവിൽ നടന്നുവരികയാണ്, ഇതിനോടകം 702 ED ക്ലബ്ബുകൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- **സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം,** പുനരുദ്ധാരണം പദ്ധതിക്കായി 2024–25 വർഷത്തിൽ അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്
- **കേരള വനിതാ സംരംഭകരുടെ കോൺക്ലേവ്** 2025 – കേരള വനിതാ സംരംഭകരുടെ കോൺക്ലേവ് 2025 ഒക്ടോബർ 13 ന് സംഘടിപ്പിച്ചു.

**മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും**

- സംരംഭക വർഷ ക്യാമ്പയിന്റെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുക എന്നത് വകുപ്പിന്റെ ഒരു പ്രധാന ആശങ്കയാണ്.
- സംസ്ഥാങ്ങൾക്കുള്ള നികുതി വരുമാന വിതരണത്തിൽ കേന്ദ്രം വരുത്തിയിട്ടുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.
- തീരപ്രദേശവും പശ്ചിമഘട്ടവും ഉൾപ്പെടുന്ന സവിശേഷ ഭൂപ്രകൃതി മൂലം സംസ്ഥാനത്ത് വ്യാവസായിക ആവിശ്യത്തിനുള്ള ഭൂമിയ്ക്ക് ക്ഷാമം നേരിടുന്നുണ്ട്.
- ബഹുരാഷ്ട്ര കമ്പനികൾ (എംഎൻസി) ഉൾപ്പെടെയുള്ള വലിയ വ്യവസായങ്ങളിൽ നിന്നും കുറഞ്ഞ വില വാഗ്ദാനം ചെയ്യുന്ന ഇ–കൊമേഴ്സ് ഭീമന്മാരിൽ നിന്നും എംഎസ്എംഇകൾ കടുത്ത മത്സരം നേരിടുന്നുണ്ട്.
- ബാങ്ക് വായ്പ വിതരണത്തിൽ വർദ്ധനവുണ്ടായിട്ടും, കൊളാറ്ററൽ അഭാവവും സങ്കീർണ്ണമായ അപേക്ഷാ പ്രക്രിയകളും കാരണം പല എംഎസ്എംഇകൾക്കും സമയബന്ധിതവും പലിശ കുറഞ്ഞതുമായ വായ്പ ലഭ്യമാക്കുന്നതിൽ വെല്ലുവിളികൾ നേരിടുന്നുണ്ട്.

**മുന്നോട്ടുള്ള വഴി**

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മെച്ചപ്പെട്ട വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. സർക്കാരിന്റെ സംരംഭക വർഷ കാമ്പെയ്നും, സ്കെയിൽ അപ്പ് കാമ്പെയ്നും, സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ ആവേശം ജനിപ്പിക്കുകയും ഒരു ചലനാത്മകതയ്ക്ക് കാരണമാവുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സംയോജിതപ്രവർത്തനങ്ങൾ, വിവിധ മേഖലകളിലെ ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതിക കൈമാറ്റം, ഗുണനിലവാര നിയന്ത്രണത്തിനായി കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ സ്ഥാപിക്കൽ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെ വരും ദിവസങ്ങളിൽ സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ പദ്ധതിയിടുന്നു. മുന്നോട്ടുപോകുമ്പോൾ, നമ്മുടെ നേട്ടങ്ങൾ ഏകീകരിക്കുകയും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യുകയും, ദേശീയ അന്തർദേശീയ തലങ്ങളിൽ വ്യാവസായിക ആവാസവ്യവസ്ഥയിലെ വിശാലമായ സംഭവവികാസങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. വ്യാവസായിക മേഖലയിൽ നിന്ന് ഉയർന്നുവരുന്ന അനുകൂലഘടകങ്ങൾ ഭാവിയിൽ ഈ മേഖലയിലെ മികച്ച നേട്ടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

# 4.5. ഭക്ഷ്യസംസ്കരണം

കാർഷിക വ്യവസായ മേഖലകളെ തമ്മിൽ ദൃഢമായി ബന്ധിപ്പിക്കുന്നതിൽ ഭക്ഷ്യ സംസ്കരണ മേഖല നിർണ്ണായക പങ്ക് വഹിക്കുന്നു. ഉയർന്ന സംസ്കരണശേഷിയുള്ള വികസിതമായ ഭക്ഷ്യ സംസ്കരണ മേഖല അസംസ്കൃത സാധനങ്ങളുടെ പാഴാക്കൽ കുറയ്ക്കുന്നതിനും, മൂല്യവർദ്ധന മെച്ചപ്പെടുത്തുന്നതിനും, വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനും, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കയറ്റുമതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായമാകുന്നു. കൃഷിയും വ്യവസായവും തമ്മിലുള്ള സംയോജനത്തെയും സഹകരണത്തെയും ഈ മേഖല പിന്തുണയ്ക്കുകയും കാർഷിക മൂല്യ ശൃംഖലയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷ, ഭക്ഷ്യവിലക്കയറ്റം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതോടൊപ്പം സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണ വിതരണത്തെയും ഈ മേഖല പിന്തുണയ്ക്കുന്നു.

ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ മേഖലയിൽ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, തോട്ടവിളകൾ, ധാന്യസംസ്കരണം, സുഗന്ധദ്രവ്യങ്ങൾ, പാലും പാലുൽപ്പന്നങ്ങളും, മാംസാഹാരം, കോഴിയിറച്ചി, മത്സ്യം, മദ്യം, ലഹരി ഇതര പാനീയങ്ങൾ, കൂടാതെ മറ്റു ഉപഭോഗ ഉൽപ്പന്നങ്ങളായ മിഠായികൾ, ചോക്ലേറ്റുകൾ, കൊക്കോഉൽപ്പന്നങ്ങൾ, സോയഉൽപ്പന്നങ്ങൾ, മിനറൽ വാട്ടർ, ഉയർന്ന പ്രോട്ടീൻ ആഹാര പദാർത്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ മേഖല സൂക്ഷ്മ വ്യവസായങ്ങൾ മുതൽ വൻകിട വ്യവസായങ്ങൾ വരെയുള്ള എല്ലാ വിഭാഗങ്ങളിലെയും സംരംഭങ്ങളെ ഉൾക്കൊള്ളുന്നു. ഒരു വിശകലന വീക്ഷണകോണിൽ നിന്ന്, പ്രാഥമിക, ദ്വിതീയ, തൃതീയ എന്നിങ്ങനെ ഭക്ഷ്യ സംസ്കരണത്തെ വിവിധ തലങ്ങളിലുള്ള പ്രവൃത്തിയായി കാണാൻ കഴിയും. അസംസ്കൃത കാർഷികോൽപ്പന്നങ്ങളെ മനുഷ്യ ഉപഭോഗത്തിന് അനുയോജ്യമായ ഒരു ഉല്പന്നമാക്കി മാറ്റുന്ന പ്രക്രിയയാണ് പ്രാഥമിക സംസ്കരണം. ക്ലീനിംഗ്, ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് തുടങ്ങിയ ഘട്ടങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ സാധാരണയായി ഉയർന്ന തലത്തിലുള്ള സംസ്കരണ രീതിയിലാണ് പ്രവർത്തിക്കുന്നത്, അതിലൂടെ പുതിയതോ ഉയർന്ന മൂല്യമുള്ളതോ ആയ ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു.

**ഇന്ത്യയിൽ ഭക്ഷ്യ സംസ്കരണം**

വർഷങ്ങളായി ഇന്ത്യയിൽ കാർഷികോൽപ്പാദനം

**പട്ടിക 4.5.1** ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ തൊഴിൽ

| തരം | ആകെ ഫാക്ടറികളുടെ എണ്ണം | ആകെ ഫാക്ടറികളിലെ എഫ്പിഐ ഫാക്ടറികളുടെ എണ്ണം | ആകെ ഫാക്ടറികളിലെ എഫ്പിഐ ഫാക്ടറികളുടെ ശതമാനം | ആകെ ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം (ലക്ഷത്തിൽ) | എഫ്പിഐ തൊഴിലാളികളുടെ എണ്ണം (ലക്ഷത്തിൽ) | മൊത്തം തൊഴിലാളികളിൽ എഫ്പിഐ തൊഴിലിന്റെ ശതമാനം | എഫ്പിഐ തൊഴിലിൽ വനിതാ തൊഴിലാളികളുടെ എണ്ണം (ലക്ഷത്തിൽ) | എഫ്പിഐ തൊഴിലിൽ വനിതാ തൊഴിലാളികളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| രജിസ്റ്റർ ചെയ്തവ | 2,53,334 | 42,801 | 16.89 | 184.95 | 22.96 | 12.41 | 2.17 | 9.45 |
| അൺ – ഇൻകോർപറേറ്റഡ് | 6,50,48,400 | 24,59,929 | 3.78 | 306.25 | 46.57 | 15.21 | 11.25 | 24.15 |

**അവലംബം** : വാർഷിക റിപ്പോർട്ട് 2024-25, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

വർധിച്ചുവരികയാണ്. ഇന്ത്യ 2021 ൽ ലോക കാർഷിക മേഖലയിൽ പയർവർഗ്ഗങ്ങൾ, പാൽ, ഉള്ളി എന്നിവയുടെ ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്തും, പച്ചക്കറികൾ , പഴങ്ങൾ ഗോതമ്പ്, അരി, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ രണ്ടാം സ്ഥാനത്തും, ധാന്യങ്ങളുടെ ഉല്പാദനത്തിൽ മൂന്നാം സ്ഥാനത്തും നിൽക്കുന്നു. അസംസ്കൃത വസ്തുക്കളുടെ സമൃദ്ധമായ ലഭ്യതയും ഭക്ഷ്യ ഉൽപന്നങ്ങളുടെ ആവശ്യകതയിലെ വർധനയും ഇന്ത്യാ ഗവൺമെന്റ് വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങളും ഭക്ഷ്യ സംസ്കരണ മേഖലയെ ഗുണപരമായി സ്വാധീനിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MoFPI) 2024-25 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, 2023-24 ൽ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളിൽ (FPI) നിന്നുള്ള ഇന്ത്യയുടെ മൊത്ത മൂല്യവർദ്ധനവ്(GVA) ഏകദേശം 2.24 ലക്ഷം കോടി രൂപ (സ്ഥിര വിലകൾ) ആയിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു, ഇത് ഇന്ത്യയുടെ മൊത്തം GVA യുടെ ഏകദേശം 1.39 ശതമാനമാണ്. 2023-24 ൽ FPI യിൽ നിന്നുള്ള GVA യുടെ വളർച്ചാ നിരക്ക് ഏകദേശം 7.55 ശതമാനമാണെന്ന് കണക്കാക്കപ്പെടുന്നു. ഉൽപ്പാദനത്തിൽ നിന്നുള്ള GVA യിൽ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളുടെ പങ്ക് ഏകദേശം 7.93 ശതമാനവും കൃഷി, വനം, മത്സ്യബന്ധനം എന്നിവയുടെ പങ്ക് 9.46 ശതമാനവുമാണ്. ഭക്ഷ്യ സംസ്കരണ മേഖലയിൽ, 2022-23 ൽ 42,801 രജിസ്റ്റർ ചെയ്ത ഫാക്ടറികളിലായി ഏകദേശം 22.96 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്നു, അതിൽ 2.17 ലക്ഷം തൊഴിലാളികളും സ്ത്രീകളാണ്. ഭക്ഷ്യ സംസ്കരണ മേഖലയിലെ 24.59 ലക്ഷം അൺ ഇൻകോർപ്പറേറ്റഡ് സംരംഭങ്ങളിലായി ഏകദേശം 46.57 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്നു, അതിൽ 11.25 ലക്ഷത്തിലധികം തൊഴിലാളികളും സ്ത്രീകളാണ്. ഇന്ത്യൻ ഭക്ഷ്യ സംസ്കരണ മേഖലയിലെ തൊഴിലിന്റെ വിശദാംശങ്ങൾ **പട്ടിക 4.5.1** ൽ നൽകിയിരിക്കുന്നു.

### ഇന്ത്യയുടെ ഭക്ഷ്യ കയറ്റുമതിയും ഇറക്കുമതിയും

കാർഷിക ഭക്ഷ്യ കയറ്റുമതിയുടെ (സംസ്കൃത ഭക്ഷ്യ കയറ്റുമതി ഉൾപ്പെടെ) 2023-24 ലെ മൂല്യം 46.43 ശതകോടി യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ (395.39 ശതകോടി യുഎസ് ഡോളർ) ഏകദേശം 11.70 ശതമാനമാണ്. സംസ്കരിച്ച ഭക്ഷ്യ കയറ്റുമതിയുടെ മൂല്യം 10.88 ശതകോടി യുഎസ് ഡോളറാണ്, ഇത് ഇന്ത്യയുടെ കാർഷിക ഭക്ഷ്യ കയറ്റുമതിയുടെ 23.4 ശതമാനമാണ്. 2023-24ൽ കാർഷിക ഭക്ഷ്യ വസ്തുക്കളുടെ (സംസ്കൃത ഭക്ഷണം ഉൾപ്പെടെ) ഇറക്കുമതി മൂല്യം 31.7 ശതകോടി യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ 4.7 ശതമാനമായിരുന്നു (678.21 ശതകോടി യുഎസ് ഡോളർ). 2023-24ൽ സംസ്കരിച്ച ഭക്ഷണത്തിന്റെ ഇറക്കുമതി മൂല്യം 5.34 ശതകോടി യുഎസ് ഡോളറായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം കാർഷിക ഭക്ഷ്യ ഇറക്കുമതിയുടെ 16.9 ശതമാനമായിരുന്നു. ലോകത്ത് ഇന്ത്യയുടെ കാർഷിക-ഭക്ഷ്യ കയറ്റുമതിയുടെ പങ്ക് 2023-ൽ 2.39 ശതമാനവും 2023-ൽ ലോകത്തിലെ ഇന്ത്യയുടെ കാർഷിക-ഭക്ഷ്യ ഇറക്കുമതിയുടെ വിഹിതം 1.53 ശതമാനവുമാണ്. ഇന്ത്യയിലെ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളിൽ ഓട്ടോമാറ്റിക് റൂട്ടിൽ നൂറ് ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) അനുവദനീയമാണ്. ഭക്ഷ്യ സംസ്കരണ മേഖലയിൽ 2014 ഏപ്രിൽ മുതൽ 2024 ഡിസംബർ വരെയുള്ള കാലയളവിൽ 7.22 ശതകോടി യുഎസ് ഡോളർ എഫ്ഡിഐ ഇക്വിറ്റി വരവ് രേഖപ്പെടുത്തി (വാർഷിക റിപ്പോർട്ട് 2024-25, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്).

### ഭക്ഷ്യ സംസ്കരണ മേഖല – കേന്ദ്ര സർക്കാർ ഇടപെടലുകൾ

"മേക്ക് ഇൻ ഇന്ത്യ" യുടെ കീഴിൽ മുൻഗണനാ മേഖലകളിൽ ഒന്നായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം വികസന ഉദ്യമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പി.എം. കിസാൻ സമ്പദ യോജന (പിഎംകെഎസ്‌വൈ), മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസിന്റെ ഔപചാരികവൽക്കരണം പദ്ധതി (പിഎം എഫ്എംഇ), ഭക്ഷ്യ സംസ്കരണ വ്യവസായത്തിനായുള്ള ഉൽപ്പാദന ലിങ്ക്ഡ് ഇൻസെന്റീവ് സ്കീം (പിഎൽഐഎസ്-എഫ് പിഐ) എന്നിവയാണ് ഇതിനായുള്ള മൂന്ന് പ്രധാന പദ്ധതികൾ. നേരിട്ടുള്ള വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതും ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രസക്ത വിവരങ്ങളും മന്ത്രാലയത്തിന്റെ വെബ്സൈറ്റിലൂടെയും നിക്ഷേപക പോർട്ടലായ "നിവേശ് ബന്ധു" വഴിയും പ്രചരിപ്പിക്കുന്നതും മറ്റ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

### കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായം

വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി 2023 ൽ കേരള സർക്കാർ ഒരു പുതിയ വ്യാവസായിക നയം രൂപീകരിച്ചു. 2018 ലെ മുൻ നയത്തെ അടിസ്ഥാനമാക്കി, പുതിയ കാലത്തിന് അനുയോജ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ വ്യാവസായിക നയം രൂപീകരിച്ചിട്ടുള്ളത്. 2023 ലെ പുതിയ വ്യാവസായിക നയത്തിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് സംസ്ഥാനം മുൻഗണനാ പദവി നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായം രാജ്യത്ത് നിന്നുള്ള ഭക്ഷ്യ കയറ്റുമതിയിൽ വലിയ സംഭാവനകൾ നൽകുന്നതിനുള്ള ലോഞ്ച് പാഡ് ആയി പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാർ ഭക്ഷ്യ സംസ്കരണമേഖലയ്ക്ക് മുൻഗണനാ മേഖലയുടെ പദവി നൽകിയിട്ടുണ്ട്. ലോക കയറ്റുമതി വിപണികൾ നേടിയെടുക്കുന്നതിനു മുഖ്യമായി ലോകമെമ്പാടുമുള്ള മലയാളികളായ പ്രവാസികളെ ലക്ഷ്യമിട്ടും നാടിന്റെ തനത് ഭക്ഷണ വിഭവങ്ങൾ വികസിപ്പിക്കുന്നതിൽ കേരളം വിജയിച്ചു. ഈ ഉൽപ്പന്നങ്ങൾ ഒരു പ്രധാന കയറ്റുമതി മേഖലയായി പരിണമിച്ചു. കൂടാതെ, സംസ്ഥാനത്തിന്റെ ഭക്ഷ്യ സംസ്കരണ മേഖലയിൽ ധാരാളം പ്രവാസികളും നിക്ഷേപം നടത്തിയിട്ടുണ്ട്. മുൻഗണനാ മേഖലയായതിനാൽ സംസ്ഥാന ഗവൺമെന്റ് അതിന്റെ 'സംരംഭക പിന്തുണാ പദ്ധതി' വഴി വ്യവസായം സ്ഥാപിക്കുന്നതിന് പ്രോത്സാഹനം വാഗ്ദാനം ചെയ്യുകയും ഭക്ഷ്യ സംസ്കരണത്തിന് പ്രത്യേക പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസ് 2021-22 (DES, Gok) പ്രകാരം, കേരളത്തിലെ ഫാക്ടറി മേഖലയിലെ മൊത്തം തൊഴിലവസരങ്ങളിൽ ഏറ്റവും വലിയ പങ്ക്(28.2 ശതമാനം)

"ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം" വിഭാഗത്തിലെ യൂണിറ്റുകൾക്കാണ് കൂടാതെ മൊത്തം ഫാക്ടറികളുടെ എണ്ണത്തിൽ ഏറ്റവും വലിയ പങ്കം (21.77 ശതമാനം) ഈ മേഖലയ്ക്കാണ്. കേരളത്തിലെ ഫാക്ടറി മേഖലയിലെ മൊത്തം ഉൽപ്പാദനത്തിൽ ഭക്ഷ്യ ഉൽപ്പന്ന മേഖലയുടെ പങ്ക് ഏകദേശം 19.09 ശതമാനവും സംസ്ഥാനത്തിന്റെ ജിവിഎയിൽ (GVA) 16.84 ശതമാനവുമാണ്.

**സംരംഭവർഷം ക്യാംപെയ്നും ഭക്ഷ്യ സംസ്കരണ മേഖലയും**

2025 നവംബർ വരെ കേരളത്തിലെ സംരംഭങ്ങളുടെ വർഷ പരിപാടിക്ക് കീഴിൽ മൊത്തം 3,59,875 യൂണിറ്റുകൾ ആരംഭിച്ചു. ഇതിൽ ഏകദേശം 50,077 യൂണിറ്റുകൾ നിർമ്മാണ മേഖലയിലും 1,51,544 യൂണിറ്റുകൾ സേവന മേഖലയിലും 1,58,253 യൂണിറ്റുകൾ വ്യാപാര മേഖലയിലും പ്രവർത്തിക്കുന്നു. സംരംഭ വർഷത്തിന്റെ ഭാഗമായി കാർഷിക ഭക്ഷ്യ, പാനീയ, മാംസ/മത്സ്യ ഉൽപ്പന്ന, സംസ്കരണ ഉപമേഖലകളിലായി ഏകദേശം 81,158 MSME യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 24,149 യൂണിറ്റുകൾ ഉൽപ്പാദന മേഖലയിലും 24,262 യൂണിറ്റുകൾ സേവന മേഖലയിലും 32,747 യൂണിറ്റുകൾ വ്യാപാര മേഖലയിലുമാണ്. കൂടാതെ ഉൽപ്പാദന മേഖലയിൽ ആരംഭിച്ച യൂണിറ്റുകളുടെ 48.22 ശതമാനവും സേവന മേഖലയിൽ ആരംഭിച്ച യൂണിറ്റുകളുടെ 16 ശതമാനവും വ്യാപാര മേഖലയിൽ ആരംഭിച്ച യൂണിറ്റുകളുടെ 20 ശതമാനവും ഭക്ഷ്യ സംസ്കരണ യൂണിറ്റുകളാണ് (YoE 1.0, YoE 2.0 & YoE 3.0 യുടെ ഭാഗമായി 18/11/2025 വരെ)

**പ്രധാന മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (PMFME) പദ്ധതി**

'ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI), സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നിലവിലുള്ള സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ നവീകരണത്തിന് സാമ്പത്തികവും സാങ്കേതികവും ബിസിനസ്സ് പിന്തുണയും നൽകുന്നതിനായി പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസിന്റെ (PMFME) ഔപചാരികമാക്കൽ പദ്ധതി ആരംഭിച്ചു. വ്യവസായ വാണിജ്യ വകുപ്പ് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിഐപി) മുഖേന പിഎംഎഫ്എംഇ പദ്ധതി നടപ്പിലാക്കുന്നു, മൈക്രോ ഫുഡ് പ്രോസസിംഗ് സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി വിപുലീകരണത്തിനും നവീകരണത്തിനുമായി പരമാവധി 10.00 ലക്ഷം രൂപയിൽ നിജപ്പെടുത്തി പ്രോജക്റ്റ് ചെലവിന്റെ 35 ശതമാനം വരെ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയായി പദ്ധതി മുഖാന്തരം നൽകിവരുന്നു. പ്രവർത്തന മൂലധനം, ചെറുകിട ഉപകരണങ്ങൾ, പിന്നാക്ക-മുന്നേറ്റ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ്, പശ്ചാത്തല സൗകര്യങ്ങൾ, പൊതു അടിസ്ഥാന സൗകര്യ പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണനം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഫിഷറീസ്, ഡയറി, പൗൾട്രി, മറ്റ് അനുബന്ധ വിഭാഗങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട കാർഷിക ക്ലസ്റ്ററുകളിൽ ഉൾപ്പെടുന്ന പെട്ടെന്ന് നശിച്ചുപോകുന്ന ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയാണ് പിഎംഎഫ്എംഇ പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. 2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് വർഷത്തിനിടെ പദ്ധതി നടപ്പിലാക്കുകയും 60:40 അനുപാതത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാനവും പദ്ധതി വിഹിതം വഹിക്കുകയും ചെയ്തു. പദ്ധതിയുടെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു

- നടപ്പ് സാമ്പത്തിക വർഷത്തിലെ പദ്ധതിയുടെ ലക്ഷ്യം 3,000 വായ്പകൾ എന്നിരിക്കെ, 2025 മാർച്ച് 31 വരെ 3,086 വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങൾക്ക് വായ്പ സഹായം നൽകി 104 ശതമാനം നേട്ടം കൈവരിക്കുകയും കൂടാതെ കർഷക ഉൽപാദക സംഘടനകൾ (FPO-കൾ), കർഷക ഉൽപാദക കമ്പനികൾ (FPC-കൾ), ഉൽപാദക സഹകരണ സംഘങ്ങൾ, ഗ്രൂപ്പ് സംരംഭങ്ങൾക്കായുള്ള സൊസൈറ്റികൾ എന്നിവയ്ക്ക് 30 വായ്പകൾ അനുവദിക്കുകയും ചെയ്തു. 2024-25 ലും 2025-26 ലും പദ്ധതിയുടെ 60 ശതമാനം സർക്കാർ വിഹിതമായി MoFPI-യിൽ നിന്ന് യഥാക്രമം 50.00 കോടി രൂപയും 80.00 കോടി രൂപയും ലഭിച്ചു. 2024-25 ലും 2025-26 ലും 40 ശതമാനം സംസ്ഥാന വിഹിതമായി കേരള സർക്കാർ യഥാക്രമം 32.67 കോടി രൂപയും 49.34 കോടി രൂപയും അനുവദിച്ചു.
- **PMFME ഫുഡ് ടെക് കേരള 2025 പ്രദർശനം** - 2025 മെയ് 22 മുതൽ 24 വരെ കൊച്ചിയിലെ കലൂരിലുള്ള ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ PMFME ഗുണഭോക്താക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിൽപ്പനയ്ക്കുമായി 104 സ്റ്റാളുകൾ നൽകികൊണ്ട് പ്രദർശനം സംഘടിപ്പിച്ചു.
- **കോമൺ ഇൻകുബേഷൻ ഫെസിലിറ്റി (CIF)** - PMFME യുടെ കീഴിലുള്ള - CIF 2025 ഓഗസ്റ്റ് 12 ന് തൃശ്ശൂരിലെ വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവകലാശാല കാമ്പസിലെ അഗ്രി ബിസിനസ് ഇൻകുബേറ്ററിൽ ഉദ്ഘാടനം ചെയ്തു. അരി, സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുൾപ്പെടെ മേഖലയിലെ ODOP (ഒരു ജില്ല ഒരു ഉൽപ്പന്നം) ഉൽപ്പന്നത്തിന്റെ സംസ്കരണ സംബന്ധമായ സഹായം നൽകുന്നു.

**കേരള പാർക്ക് മോഡൽ വികസനം - ഭക്ഷ്യ സംസ്കരണം**

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) സംസ്ഥാനത്തിനകത്തെ ഭക്ഷ്യ സംസ്കരണ മേഖലയുടെ പുരോഗതിയിൽ കിൻഫ്രാ സജീവമായ പങ്ക് വഹിക്കുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കിൻഫ്ര; വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ "കയറ്റുമതി അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ പ്രവർത്തനങ്ങളും വികസിപ്പിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള സഹായം" (ASIDE) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ നോഡൽ ഏജൻസി കൂടിയാണ് കിൻഫ്ര. സംസ്ഥാനത്തുടനീളം നിരവധി ഭക്ഷ്യ അധിഷ്ഠിത പാർക്കുകൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. കിൻഫ്ര പാർക്കുകളിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 4.5.1** ൽ നൽകിയിരിക്കുന്നു.

- **കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്**
  മെഗാ ഫുഡ് പാർക്ക് പദ്ധതിയ്ക്ക് (എംഎഫ്പിഎസ്)

അനുസൃതമായി പാലക്കാട് കഞ്ചിക്കോട് 79.42 ഏക്കറിൽ 41 വർക്കിംഗ് യൂണിറ്റുകളുള്ള ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കിൻഫ്രയുടെ നിർദ്ദേശത്തിന് ഭാരത സർക്കാർ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (എംഒഎഫ്പിഐ) അംഗീകാരം നൽകി. ഇതുവരെ 22,942.075 ലക്ഷം രൂപയുടെ നിക്ഷേപം സമാഹരിച്ച് പാർക്കിന് 50.22 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. 1,490 പേർക്ക് തൊഴിൽ പാർക്ക് നൽകുന്നു.

- **കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി (മലപ്പുറം)**

  മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലുള്ള കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്കിൽ 71.63 ഏക്കർ വിസ്തൃതിയിൽ 44 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുവരെ പാർക്ക് 15,675.94 ലക്ഷം രൂപയുടെ നിക്ഷേപം സമാഹരിക്കുകയും 36.95 ഏക്കർ സ്ഥലവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 1,835 പേർ പാർക്കിൽ ജോലി ചെയ്യുന്നു.

- **കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, അടൂർ (പത്തനംതിട്ട)**

  പത്തനംതിട്ട ജില്ലയിലെ അടൂരിൽ 15 ഏക്കറിൽ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി കിൻഫ്രയുടെ ഭക്ഷ്യ സംസ്കരണ പാർക്ക് സ്ഥാപിച്ചു. ഏകദേശം 12.312 ഏക്കർ സ്ഥലം അനുവദിച്ച് 16 യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഏകദേശം 6,936 ലക്ഷം രൂപയുടെ നിക്ഷേപമാണ് പാർക്ക് ഇതുവരെ സമാഹരിച്ചത്. ഏകദേശം 1,094 പേർ പാർക്കിൽ ജോലി ചെയ്യുന്നു.

- **ഫുഡ് ആൻഡ് സ്പൈസസ് പാർക്ക്, മുട്ടം, (തൊടുപുഴ, ഇടുക്കി)**

  ഇടുക്കി ജില്ലയിലെ തൊടുപുഴയിലെ മുട്ടത്ത് 33.20 ഏക്കർ സ്ഥലത്താണ് കിൻഫ്ര ഈ പാർക്ക് സ്ഥാപിക്കുന്നത്. പാർക്കിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ, 15.43 ഏക്കറിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 2023 ഒക്ടോബർ 14-ന് ഉദ്ഘാടനം ചെയ്തു. സുഗന്ധവ്യഞ്ജനങ്ങൾക്കും അവയുടെ മൂല്യവർധിത ഉൽപന്നങ്ങൾക്കും ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്ര ഒരുക്കിയിട്ടുണ്ട്. ഏകദേശം 6.79 ഏക്കർ സ്ഥലം 10 യൂണിറ്റുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ പാർക്ക് 11,880 ലക്ഷം രൂപയുടെ സ്വകാര്യ നിക്ഷേപം സമാഹരിക്കുകയും 433 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പാർക്കിന്റെ രണ്ടാം ഘട്ടത്തിന്റെ (21.17 ഏക്കർ) നിർമ്മാണപ്രവർത്തനങ്ങൾ 2024 സെപ്റ്റംബർ 19 ന് ആരംഭിക്കുകയും നിലവിൽ പുരോഗമിക്കുകയുമാണ്. രണ്ടാം ഘട്ടത്തിൽ ഒരു യൂണിറ്റിനായി 2.50 ഏക്കർ സ്ഥലം അനുവദിക്കുകയും ഏകദേശം 5,064 ലക്ഷം രൂപയുടെ സ്വകാര്യ നിക്ഷേപം സമാഹരിക്കുകയും ഏകദേശം 150 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**കെഎസ്ഐഡിസി മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ**

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഡിസി) കടൽ-ഭക്ഷ്യ സംസ്കരണ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ചേർത്തലയിലെ പള്ളിപ്പുറത്തെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരു മെഗാ ഫുഡ് പാർക്ക് വികസിപ്പിച്ചുവരുന്നു. പ്രസ്തുത മെഗാ ഫുഡ് പാർക്ക് പദ്ധതിയിലൂടെ കോൾഡ് സ്റ്റോറേജ്, ഡിബോണിംഗ്, ഡീപ് ഫ്രീസർ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (എസ്ഡിഎഫ്), കോമൺ ഫെസിലിറ്റി സെന്റർ (സിഎഫ്സി), ഇൻഡസ്ട്രിയൽ ഷെഡ് തുടങ്ങിയ പൊതു അടിസ്ഥാന സൗകര്യങ്ങൾ സമുദ്ര ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് ലഭ്യമാകും. ശക്തമായ ബാക്ക്‌വേർഡ് ഫോർവേഡ് ലിങ്കേജുകളോടെ പദ്ധതി ഡിമാൻഡ് ഡ്രൈവ്, ഹബ്, സ്പോക്ക് മോഡലിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഭക്ഷ്യ സംസ്കരണ വ്യവസായം സ്ഥാപിക്കുന്നതിന് ആധുനിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. അതിൽ മൂന്ന് സുപ്രധാന ഘടകങ്ങൾ അടങ്ങിയിരിക്കുന്നു – അതിന്റെ കേന്ദ്രത്തിലെ സെൻട്രൽ പ്രോസസ്സിംഗ് സെന്റർ (CPC) വിബ് ആയും, പ്രൈമറി പ്രോസസ്സിംഗ് സെന്ററുകളും (PPC), കളക്ഷൻ സെന്ററുകളും (CC) അഗ്രോ ലോജിസ്റ്റിക്സ് നെറ്റ്‌വർക്ക് വഴി ബന്ധിപ്പിച്ചിരിക്കുന്ന സ്പോക്കായും പ്രവർത്തിക്കുന്നു. 58.65 ഏക്കർ സ്ഥലം 43 യൂണിറ്റുകൾക്കായി അനുവദിക്കുകയും ഏകദേശം 41,245 ലക്ഷം രൂപയുടെ നിക്ഷേപം സമാഹരിക്കുകയും ഏകദേശം 3,049 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

**ഇന്റഗ്രേറ്റഡ് റൈസ് പാർക്ക് പാലക്കാട് ആലപ്പുഴ**

നെല്ല് കൊയ്ത്തിനു ശേഷമുള്ള പ്രവൃത്തികൾ ആധുനിക രീതിയിൽ കൈകാര്യം ചെയ്യുക, നഷ്ടം കുറയ്ക്കുക, കേരളത്തിലുടനീളമുള്ള നെൽകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പാലക്കാട്ടും ആലപ്പുഴയിലും സ്ഥാപിക്കുന്ന ഇന്റഗ്രേറ്റഡ് റൈസ് പാർക്കിന്റെ സ്ഥാപിതലക്ഷ്യം. കേരള റൈസ് ലിമിറ്റഡാണ് ഈ റൈസ് പാർക്കുകളുടെ നടത്തിപ്പ് ഏറ്റെടുത്തിരിക്കുന്നത്. നിലവിൽ, പാലക്കാട് 88 ശതമാനവും ആലപ്പുഴയിൽ 46 ശതമാനവും സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 2026-27 ഓടെ പദ്ധതികൾ പൂർത്തിയാകും.

**NCHC മുഖേന ഭക്ഷ്യസുരക്ഷാ സംവിധാനം നടപ്പിലാക്കുക**

നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ (എൻസിഎച്ച്സി) കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനുമായി (കെ-ബിഐപി) സഹകരിച്ച് കേരളത്തിലെ വിവിധ ഭക്ഷ്യ സംസ്കരണത്തിലും അനുബന്ധ യൂണിറ്റുകളിലും ഓഡിറ്റിംഗ്, സർട്ടിഫിക്കേഷൻ, റീസർട്ടിഫിക്കേഷൻ എന്നിവ നടത്തിവരുന്നു. നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ (എൻസിഎച്ച്സി) കേരള കമ്മീഷണറേറ്റ് ഓഫ് ഫുഡ് സേഫ്റ്റിയുമായി സഹകരിച്ച് സംസ്ഥാനത്തുടനീളം ഭക്ഷ്യ സുരക്ഷയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ, നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി സർട്ടിഫിക്കേഷൻ, കേരളത്തിൽ നിന്നുള്ള 4 ഫുഡ് പ്രോസസ്സിംഗ് ആൻഡ് അലൈഡ്

യൂണിറ്റുകളായ നിറ്റ ജെലാറ്റിൻ ഇന്ത്യ ലിമിറ്റഡ് തൃശ്ശൂർ, ദിനേശ് ഫുഡ്സ് കണ്ണൂർ, ഹോട്ടൽ അബാദ് ആട്രിയം എറണാകുളം, ഹോട്ടൽ അബാദ് പ്ലാസ എറണാകുളം എന്നിവയ്ക്ക് എച്ച്എസിസിപി സർട്ടിഫിക്കേഷൻ നൽകുന്നതിനും പുതുക്കുന്നതിനുമുള്ള ഓഡിറ്റിംഗ് പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്.

**വെല്ലുവിളികൾ**

ഭക്ഷ്യ സംസ്കരണ മേഖല അതിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്ന നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മേഖലയിലെ യൂണിറ്റുകൾക്ക് സാമ്പത്തിക പിന്തുണ കുറവായതിനാൽ അവയുടെ വിപുലീകരണത്തിനും നവീകരിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൂടാതെ മേഖലയിൽ ആവശ്യത്തിന് പ്രാഥമിക സംസ്കരണ കേന്ദ്രങ്ങളില്ല. സംഭരണ, വിതരണ സൗകര്യങ്ങളുടെ അപര്യാപ്തത, ഭക്ഷ്യ വസ്തുക്കൾ പാഴാകുന്നത് വർദ്ധിപ്പിക്കുകയും വിപണികളിലേക്കുള്ള പ്രവേശനം തടയുകയും ചെയ്യുന്നു. നൂതനാശയങ്ങളുടെയും പുതിയ ഉൽപ്പന്ന വികസനത്തിന്റെയും അഭാവം നിലനിൽക്കുന്നതിനാൽ മേഖലയുടെ മത്സരശേഷിയെ ഇവ കാര്യമായി ബാധിക്കുന്നുണ്ട്. ഉൽപ്പാദനവും സംസ്കരണവും തമ്മിലുള്ള ഏകോപനമില്ലായ്മ വിതരണ-ഡിമാൻഡ് അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. കൂടാതെ, ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം വളരെ കുറവായതിനാൽ ഉൽപ്പാദനക്ഷമതയിലും ഗുണനിലവാരത്തിലും ഉണ്ടാകേണ്ട നേട്ടങ്ങൾ പരിമിതപ്പെടുത്തുന്നു.

ഈ വെല്ലുവിളികളെ മറികടക്കുന്നതിനു ഭക്ഷ്യ സംസ്കരണ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളും സംസ്കരണ ശേഷിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി വിതരണ ശൃംഖല, സാങ്കേതികവിദ്യ ഉൾപ്പെടുത്തൽ, ഗ്രേഡിംഗ്, പാക്കിംഗ് കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ, അനുബന്ധ സൗകര്യങ്ങൾ, ഗതാഗതം, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയിലെ കോൾഡ് സ്റ്റോറേജ്, ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കൽ, കൂടാതെ ഗവേഷണം, നൈപുണ്യ പരിശീലനം, മാർക്കറ്റിംഗ് തുടങ്ങിയ മറ്റ് സേവനങ്ങൾ എന്നിങ്ങനെ മേഖലയുടെ വിവിധ അനുബന്ധ വിഭാഗങ്ങളിൽ വലിയ നിക്ഷേപം ആവശ്യമാണ്.

**മുന്നോട്ടുള്ള വഴി**

കേരളം വൈവിധ്യമാർന്ന പ്രകൃതിദത്ത ഭക്ഷ്യവസ്തുക്കളാൽ സമ്പന്നമാണ്. ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന പ്രവാസി മലയാളികളുടെ എണ്ണവും ആഭ്യന്തര വിപണിയിൽ സംസ്കരിച്ച ഭക്ഷണത്തിനുള്ള കാര്യമായ ഡിമാൻഡും കണക്കിലെടുക്കുമ്പോൾ, ഭക്ഷ്യ സംസ്കരണ വ്യവസായത്തിന് അതിന്റെ കയറ്റുമതി ഉൾപ്പെടെയുള്ള വലിയ സാധ്യതകളുണ്ട്. ഈ സാധ്യതകൾ പൂർണ്ണമായി സാക്ഷാത്കരിക്കുന്നതിനും , കർഷകരെയും പ്രോസസ്സർമാരെയും റീട്ടെയിലർമാരെയും ഒരുമിച്ച് കൊണ്ടുവന്ന് കാർഷിക ഉൽപാദനത്തെ വിപണിയുമായി ബന്ധിപ്പിക്കാനും അനുയോജ്യമായ ഒരു വേദി സർക്കാർ സൃഷ്ടിക്കേണ്ടതുണ്ട്. പിപിപി മോഡൽ നടപ്പിലാക്കുന്നതിനൊപ്പം AI സാങ്കേതികവിദ്യയുടെ ഉപയോഗവും ഗവൺമെന്റ് നൽകുന്ന പിന്തുണയും ചേരുമ്പോൾ ഉയർന്ന നിലവാരമുള്ള ഒരു ഭക്ഷ്യ സംസ്കരണ മേഖല വികസിപ്പിക്കുന്നതിനും വരും വർഷങ്ങളിൽ ആഗോള വിപണിയിൽ ശക്തമായ സ്ഥാനം നേടുന്നതിനും സഹായിക്കും.

# 4.6 പരമ്പരാഗത വ്യവസായങ്ങൾ

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ കയർ, കൈത്തറി, കശുവണ്ടി, ഖാദി ഗ്രാമ വ്യവസായങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ ഉൾപ്പെടുന്നു. ഈ വ്യവസായങ്ങൾ വലിയ തോതിൽ തൊഴിൽ സൃഷ്ടിക്കുന്നു, പ്രത്യേകിച്ച് താരതമ്യേന പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട സ്ത്രീ തൊഴിലാളികൾക്ക്. അസംസ്കൃത വസ്തുകൾകായിട്ടുള്ള വിതരണ ശൃംഖലകൾ മാറിയിട്ടുണ്ടെങ്കിലും, അവ സംസ്ഥാനത്തിന്റെ പ്രകൃതി വിഭവങ്ങളുമായി അടുത്ത ബന്ധപ്പെട്ടിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ മൂല്യം സൃഷ്ടിക്കുകയും കേരളത്തിന്റെ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിനിധീകരിക്കുകയും ചെയ്യുന്നു. സമഗ്ര വികസനം പ്രോത്സാഹിപ്പിക്കുന്നതിൽ അവ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിൽ ഉയർന്നുവന്ന ആദ്യകാല വ്യവസായങ്ങളിൽ ഒന്നാണ് കയർ വ്യവസായം. ഇപ്പോൾ ഈ വ്യവസായം പ്രധാനമായും ആലപ്പുഴ ജില്ലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്, ഏകദേശം ഒരു ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നു, അവരിൽ 80 ശതമാനവും സ്ത്രീകളാണ്. സംസ്ഥാനത്തെ കൈത്തറി വ്യവസായം പ്രധാനമായും തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും; കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ ചില ഭാഗങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്നു. സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന പ്രധാന ഇനങ്ങൾ മുണ്ട്, ഫർണിഷിംഗ് മെറ്റീരിയൽ, ബെഡ്ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ്. ലോകത്തിലെ കശുവണ്ടിയുടെ തലസ്ഥാനം എന്നറിയപ്പെടുന്ന കൊല്ലം ജില്ലയിൽ നിരവധി സംസ്കരണ യൂണിറ്റുകൾ ഉള്ള കശുവണ്ടി വ്യവസായം കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത കാർഷികാധിഷ്ഠിത വ്യവസായമാണ്. ചരിത്രപരമായ പ്രാധാന്യവും സാമൂഹിക, രാഷ്ട്രീയ പരമ്പര്യവും ഉള്ളതിനാൽ കേരളത്തിലെ ഖാദി മേഖലയ്ക്ക് ശക്തമായ ഒരു അടിത്തറയുണ്ട്. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ബോർഡ് എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം), ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന 14 സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ ഖാദി ഉൽപ്പാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിട്ടുണ്ട്. ആനക്കൊമ്പ്, മുള, പനയോല, കക്ക, മരം, ചിരട്ട, കളിമണ്ണ്, തുണി, കയർ, ലോഹങ്ങൾ, കല്ല്, ലാക്വർ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പാദനത്തിന്റെ ഒരു നീണ്ട പാരമ്പര്യവും കേരളത്തിനുണ്ട്. സംസ്ഥാനത്തുടനീളമുള്ള കൊട്ടാരങ്ങളിലും പൈതൃക ഭവനങ്ങളിലും മ്യൂസിയങ്ങളിലും നിരവധി പരമ്പരാഗത കരകൗശല വസ്തുക്കൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

### കരകൗശല മേഖല

ജി.എസ്.വി.എ.യിലേക്കുള്ള മൂല്യം സൃഷ്ടിക്കൽ, ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിലെ കരകൗശല തൊഴിലാളികളുടെ ഒരു വലിയ വിഭാഗത്തിന് തൊഴിൽ നൽകുകയും ഗണ്യമായ വിദേശനാണ്യം സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കരകൗശല മേഖല പ്രമുഖവും സുപ്രധാനവുമായ പങ്ക് വഹിക്കുന്നു. ഇന്ത്യൻ കരകൗശല വ്യവസായത്തിന്റെ നട്ടെല്ലായ ഏകദേശം 70 ലക്ഷം കരകൗശല വിദഗ്ദ്ധർക്ക് അന്തർലീനമായ വൈദഗ്ദ്ധ്യം, സാങ്കേതികത, പരമ്പരാഗത കരകൗശല വൈദഗ്ദ്ധ്യം തുടങ്ങിയ കഴിവുകൾ ഉണ്ട്. വിവിധ സർക്കാർ പദ്ധതികളിലൂടെ കരകൗശല വിദഗ്ദ്ധർക്കിടയിലുള്ള ആഭ്യന്തര, അന്തർദേശീയ ഇടപെടൽ വർദ്ധിച്ചു വരുന്നു, ഇത് കയറ്റുമതിയുടെ കാര്യത്തിൽ മേഖലയിൽ ഗണ്യമായ വളർച്ച കൈവരിക്കാൻ സഹായിച്ചു. 2024–25 വർഷത്തിൽ (2024 ഡിസംബർ വരെ) കരകൗശല വസ്തുക്കളുടെ കയറ്റുമതി ₹24595.97 കോടിയാണ് (വാർഷിക റിപ്പോർട്ട് 2024–25, ടെക്സ്റ്റൈൽസ് മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്). ദേശീയ കരകൗശല വികസന പദ്ധതി (NHDP), സമഗ്ര കരകൗശല ക്ലസ്റ്റർ വികസന പദ്ധതി (CHCDS) തുടങ്ങിയ ഉദ്യമങ്ങളിലൂടെ കരകൗശല മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനുമായി ഭാരത സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കേരളത്തിലെ കരകൗശല വ്യവസായം**

ആനക്കൊമ്പ്, മുള, പനയോല, കക്ക, തടി, തൊണ്ട്, കളിമണ്ണ്, തുണി, കയർ, ലോഹങ്ങൾ, കല്ല്, ലാക്വർ

വെയർ തുടങ്ങി വിവിധതരം വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച കരകൗശല വസ്തുക്കളാൽ സമ്പന്നമായ പാരമ്പര്യം കേരളത്തിനുണ്ട്. ആനകൊമ്പ് കൊണ്ടുള്ള കൊത്തുപണി, മരവും കൊമ്പും കൊണ്ടുള്ള കൊത്തുപണി, ബെൽ മെറ്റൽ കാസ്റ്റിംഗ്, ഹാൻഡ് എംബ്രോയ്ഡറി, ചിരട്ട കൊണ്ടുള്ള കൊത്തുപണി എന്നിവ ഉൾപ്പെടെ 32 തനത് കരകൗശല വസ്തുക്കൾ കേരളത്തിലുണ്ട്. കേരളത്തിലെ കരകൗശല വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രധാന ഏജൻസികളാണ് കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി), കരകൗശല വികസന കോർപ്പറേഷൻ ഓഫ് കേരള (എച്ച്ഡിസികെ), കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)എന്നിവ.

### കേരള സംസ്ഥാന കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി)

കരകൗശലത്തൊഴിലാളികളെ അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലൂടെയും, ഭാരത സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമ പദ്ധതികൾ വഴി പിന്തുണയ്ക്കുന്നതിലൂടെയും അവരെ ഉയർത്തികൊണ്ട് വരുക എന്ന ലക്ഷ്യത്തോടെയാണ് സുരഭി സ്ഥാപിതമായത്. സംസ്ഥാനത്തിനകത്തും പുറത്തുമായി സുരഭിയുടെ കീഴിൽ 38 സഹകരണ സംഘങ്ങളും 8 ഷോറൂമുകളുമുണ്ട്. എറണാകുളത്ത് ഒരു കരകൗശല വികസന കേന്ദ്രവും ഒരു പൊതു സൗകര്യ കേന്ദ്രവും പ്രവർത്തിക്കുന്നു. 2024-25ൽ 25,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ച ആകെ 44.80 ലക്ഷം രൂപയുടെ വരുമാനം സൊസൈറ്റി നേടുകയുണ്ടായി. 2023-24 ൽ 100.96 രൂപയായിരുന്ന ഏജൻസിയുടെ നഷ്ടം 2024-25 ൽ 46 ലക്ഷം രൂപയായി കുറഞ്ഞു. വിശദാംശങ്ങൾ അനുബന്ധം 4.6.1 ൽ നൽകിയിരിക്കുന്നു.

### കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എച്ച് ഡി സി കെ)

കരകൗശല ഉൽപന്നങ്ങൾ സംഭരിക്കുന്നതിലും വിപണനം ചെയ്യുന്നതിലും സർക്കാർ പിന്തുണയോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കരകൗശല വികസന കോർപ്പറേഷൻ (എച്ച്ഡിസികെ). കരകൗശല തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ ആദായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. തിരുവനന്തപുരത്തെ ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് (എസ്എംഎസ്എംഐ) ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ എച്ച്ഡിസികെ ഷോറൂമുകളും, സംസ്ഥാനത്തിനകത്തും പുറത്തുമായി പ്രവർത്തിക്കുന്ന 19 കൈരളി വിപണന ഔട്ട്ലെറ്റുകളും ഉണ്ട്. വിപണനത്തിനുപുറമെ, കേന്ദ്ര സർക്കാരിന്റെയും കേരള സർക്കാരിന്റെയും ക്ഷേമപദ്ധതികളിലൂടെ കരകൗശലത്തൊഴിലാളികളെ കരകൗശല വികസന കോർപ്പറേഷൻ പിന്തുണയ്ക്കുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) വായ്പാ പദ്ധതികൾക്ക് കീഴിൽ കരകൗശല തൊഴിലാളികൾക്ക് അവരുടെ മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോർപ്പറേഷൻ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ, ഭാരത സർക്കാരിന്റെ പിന്തുണയോടെ, കോർപ്പറേഷൻ കരകൗശലത്തൊഴിലാളികൾക്കായി ക്ഷേമപദ്ധതികളും പരിശീലന പരിപാടികളും നടത്തുകയും കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുകയും, ടൂൾ കിറ്റുകൾ വിതരണം ചെയ്യുകയും, പ്രധാന സ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും എക്സിബിഷനുകൾ/ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ച് കരകൗശല വസ്തുക്കൾക്ക് വിപണന സൗകര്യങ്ങൾ നൽകുകയും ചെയ്തുവരുന്നു. 2024-25 ൽ കോർപ്പറേഷന് വിൽപ്പനയിലൂടെ 906.30 ലക്ഷം രൂപ ലഭിച്ചു, മുൻ വർഷത്തേക്കാൾ 50.20 ലക്ഷം രൂപയുടെ വർദ്ധനവ്. 2024-25 ൽ ആകെ 68 പേർക്ക് എച്ച് ഡി സി കെയിൽ തൊഴിൽ ലഭിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.2** ൽ കൊടുത്തിരിക്കുന്നു.

### കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)

1981-ൽ സ്ഥാപിതമായതും 1956-ലെ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരു സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ് കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ). കേരളത്തിലെ തദ്ദേശീയ കരകൗശല വിദഗ്ധരായ ആശാരിമാർ, സ്വർണ്ണപ്പണിക്കാർ, കമ്മാരന്മാർ, കുശവന്മാർ, കല്പണിക്കാരൻ, ചെമ്പ്/വെങ്കലം, മറ്റ് കരകൗശല വസ്തുക്കളിൽ പ്രവർത്തിക്കുന്നവർ എന്നിവരുടെ ഉന്നമനമാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. വിവിധ തരത്തിലുള്ള കരകൗശല നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് നടവന്നൂരിലും കൊല്ലത്തെ ഉമയനല്ലൂരിലുമുള്ള കാഡ്കോയുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആശാരിപ്പണിക്കുള്ള കോമൺ ഫെസിലിറ്റി സെന്ററുകൾ വിജയകരമായി പ്രവർത്തിക്കുന്നു. ഗുണഭോക്താക്കൾക്ക് അവരുടെ ഉപജീവനത്തിനായി സൗകര്യമൊരുക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള ശ്രമത്തിന്റെ ഭാഗമായി, രജിസ്ട്രേഷൻ അടിസ്ഥനമാക്കിയുള്ള ഓൺലൈൻ ലേബർ ഡാറ്റ ബാങ്ക് കാഡ്കോ ആവിഷ്കരിച്ചു. കഴിവുകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുനനതിനും ഉപയോഗപ്പെടുത്തുന്നതിനും അതത് മേഖലകളിൽ ശരിയായ പരിശീലനം നൽകുന്നതിനും, വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഡാറ്റാ ബാങ്ക് സഹായകരമാകും. ഗുണഭോക്താക്കളെ ഏകോപിപ്പിക്കുന്നതിനും അവരുടെ വിജയത്തിന് ആവശ്യമായ പിന്തുണ അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമുള്ള ആദ്യപടിയാണ് ഈ സമീപനം. കാഡ്കോയുടെ 2024-25 ലെ കണക്കുകൾ പ്രകാരം, ആകെ ജോലി ചെയ്യുന്നവരുടെ എണ്ണം 1.82 ലക്ഷവും വിറ്റുവരവ് 5222.3 ലക്ഷം രൂപയുമാണ്. ഈ കാലയളവിൽ 92.1 ലക്ഷം രൂപ ലാഭം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.3** ൽ നൽകിയിരിക്കുന്നു

### മുള വ്യവസായം

വൈവിധ്യമാർന്ന ദൈനംദിന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഉതകുന്ന പ്രത്യേക ഗുണങ്ങളുള്ള മുളയെ സുസ്ഥിരവും, പരിസ്ഥിതി സൗഹൃദവും, പുനരുപയോഗിക്കാവുന്നതുമായ പ്രകൃതിവിഭവമായി കണക്കാക്കുന്നു. കേരളത്തിൽ ഏകദേശം 28 ഇനം മുളകൾ കാണപ്പെടുന്നു. കേരളത്തിലെ വനങ്ങളിൽ നിന്നുള്ള മുള

കുറഞ്ഞ നിരക്കിൽ പ്രാധാനമായും പൾപ്പ്, റയോൺ യൂണിറ്റുകളിലാണ് എത്തിച്ചേരുന്നത്. 67.3 ശതമാനം മുളയും വനങ്ങളിൽ നിന്നല്ല പ്രാദേശിക തോട്ടങ്ങളിൽ നിന്നാണ് ലഭിക്കുന്നത് എന്നതാണ് കേരളത്തിലെ മുള മേഖലയുടെ പ്രത്യേകത.

**കേരള സ്റ്റേറ്റ് ബാംബൂ മിഷൻ**

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 2003-ൽ രൂപീകരിച്ച മുള വികസന ഏജൻസിയാണ് കേരള സ്റ്റേറ്റ് ബാംബൂ മിഷൻ (KSBM). കേന്ദ്ര കൃഷി, കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിൽ കേന്ദ്രീകൃത ദേശീയ മുള മിഷൻ പദ്ധതി KSBM നടപ്പിലാക്കുന്നു. സംസ്ഥാനത്തെ വ്യാപിച്ചു കിടക്കുന്ന വിഭവങ്ങൾ ഏകീകരിക്കുക, മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുക, മേഖലയിലെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക, ദാരിദ്ര്യം ലഘൂകരിക്കുക എന്നിവയിലൂടെ മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് കേന്ദ്രീകൃത സമീപനം സ്വീകരിക്കുക എന്ന വിശാലമായ ലക്ഷ്യത്തോടെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ (K-BIP) പ്രവർത്തിക്കുന്നു. കെ-ബിഐപി മുഖേന കെ എസ് ബി എം ആരംഭിച്ച ഉദ്യമങ്ങളിൽ മുള അധിഷ്ഠിത സംരംഭകത്വത്തിന്റെ പ്രചാരണവും പ്രോത്സാഹനവും ഉൾപ്പെടുന്നു. കൂടാതെ ആവശ്യമായ പിന്തുണാ സേവനങ്ങൾ നൽകി, മുള വ്യവസായ മേഖലയിലെ നൂതന ഉൽപ്പന്നങ്ങൾക്ക് പുതിയ രൂപകൽപന, യന്ത്രവൽകൃതമാർഗങ്ങളിലൂടെ നിലവിലുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഉൽപ്പന്നങ്ങളെ മെച്ചപ്പെടുതൽ എന്നിവയും ഉൾപ്പെടുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ കെ എസ് ബി എം ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങളിൽ ഇവ ഉൾപ്പെടുന്നു. (ഉറവിടം: കെ-ബിഐപി)

- ശേഷി വികസന പരിപാടികളുടെ ഭാഗമായി, ദേശീയ മുള മിഷൻ പദ്ധതി പ്രകാരം തൃശ്ശൂർ, മലപ്പുറം, പത്തനംതിട്ട, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ എൻജിഒകൾ/ സൊസൈറ്റികൾ/മുള ഗ്രൂപ്പുകൾ മുഖാന്തിരം മുള കൊണ്ടുള്ള കരകൗശല നിർമ്മാണത്തിൽ 5 നൈപുണ്യ വികസന പരിശീലന പരിപാടികൾ കെഎസ്ബിഎം സംഘടിപ്പിച്ചു.
- സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന സമൂഹത്തിന്റെ ഉപജീവനമാർഗ്ഗം സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ, ദേശീയ മുള മിഷൻ പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ, എറണാകുളം ജില്ലയിലെ കോതമംഗലത്ത് കേരള സംസ്ഥാന മുള കോർപ്പറേഷൻ (കെ എസ് ബി സി) ഒരു ബാംബൂ ലൈവ് ലിഹുഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചു. ഈ സെന്ററിൽ ഒരു സംരംഭം പ്രവർത്തനം ആരംഭിച്ചു.
- 2024 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന കേരള പവലിയൻ ഓഫ് ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2024-ൽ കേരളത്തിൽ നിന്നുള്ള കരകൗശല വിദഗ്ധർക്കു അവരുടെ മുള ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് കേരള സംസ്ഥാന ബാംബൂ മിഷൻ സൗകര്യമൊരുക്കി.
- തിരുവനന്തപുരത്തെ പാലോടുള്ള ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ജെഎൻടിബിജിആർഐ) കാമ്പസിൽ 2024 നവംബർ 28 ന് ഒരു മുള മ്യൂസിയവും കരകൗശല കേന്ദ്രവും സ്ഥാപിതമായി
- 12 സംസ്ഥാനങ്ങളിൽ നിന്നുള്ള 281 മുള കരകൗശല വിദഗ്ധർക്കു പങ്കെടുക്കാൻ സൗകര്യമൊരുക്കിക്കൊണ്ട്, പങ്കാളികൾക്ക് വലിയ തോതിൽ വിപണന പിന്തുണ നൽകുന്നതിനായി കേരള സംസ്ഥാന ബാംബൂ മിഷൻ വാർഷിക മെഗാ ഇവന്റിന്റെ 21-ാമത് പതിപ്പ് 'കേരള ബാംബൂ ഫെസ്റ്റ്' കൊച്ചിയിൽസംഘടിപ്പിച്ചു.
- കേരളത്തിലെ മുള കരകൗശല വിദഗ്ധരുടെ രജിസ്ട്രേഷൻ: സംസ്ഥാനത്തെ അസംഘടിത മുള മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കേരളത്തിലെ കരകൗശല വിദഗ്ധരുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി, കേരള സംസ്ഥാന ബാംബൂ മിഷൻ ഒരു രജിസ്ട്രേഷൻ നടപടിക്രമം ആരംഭിച്ചു. രജിസ്റ്റർ ചെയ്ത കരകൗശല തൊഴിലാളികൾക്ക് കെ എസ് ബി എം ഒരു ഐഡി കാർഡ് നൽകുന്നു. ഇതുവരെ 400 കരകൗശല വിദഗ്ധർ ഈ പരിപാടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- 2025 ഫെബ്രുവരി 21 മുതൽ 22 വരെ കൊച്ചിയിലെ ബോൾഗാട്ടിയിലെ ഗ്രാൻഡ് ഹയാത്തിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ (ഐകെജിഎസ്) മുള കരകൗശല വിദഗ്ധർ / എൻജിഒകൾ എന്നിവരുടെ പങ്കാളിത്തത്തിന് കേരള സംസ്ഥാന ബാംബൂ മിഷൻ സൗകര്യമൊരുക്കി.
- 2025 മാർച്ച് 6 മുതൽ 9 വരെ ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ സംഘടിപ്പിച്ച 'വിവിധ്താ കാ അമൃത് മഹോത്സവ് 2025' ൽ കേരള സ്റ്റേറ്റ് ബാംബൂ മിഷൻ പങ്കെടുത്തു.
- 2025-26 ലെ കേരളത്തിന്റെ 936.62 ലക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതിക്ക് ഇന്ത്യാ ഗവൺമെന്റിന്റെ കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ബാംബൂ മിഷൻ (NBM) അംഗീകാരം നൽകി, ഇതിൽ കേന്ദ്ര വിഹിതം 562.15 ലക്ഷം രൂപയും സംസ്ഥാന വിഹിതം 374.77 ലക്ഷം രൂപയുമാണ്.

**കേരള സംസ്ഥാന മുള ഉത്സവത്തിന്റെ 21-ാമത് പതിപ്പ്**

മുള മേഖലയുടെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ (കെ എസ് ബി എം) നടത്തുന്ന പ്രധാന ഇടപെടലുകളിൽ ഒന്നാണ് കേരള ബാംബൂ ഫെസ്റ്റ്. ഗുണഭോക്താക്കൾക്ക് അവരുടെ വിപണി വിശാലമാക്കുന്നതിനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടുന്നതിനും പരസ്പരം വിവരങ്ങൾ പങ്കിടുന്നതിനുമുള്ള ഒരു വേദിയാണിത്. 'കേരള ബാംബൂ ഫെസ്റ്റിന്റെ' ആദ്യ പതിപ്പ് 2004 ൽ കൊച്ചിയിലെ ടൗൺ ഹാളിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തെ മുള കരകൗശല വിദഗ്ധർക്ക് രാജ്യമെമ്പാടുമുള്ള കരകൗശല വിദഗ്ധരുമായി സംവദിക്കാനും അറിവ് പങ്കിടാനുമുള്ള ഒരു വേദിയാണ് ഫെസ്റ്റ്. കേരള സംസ്ഥാന ബാംബൂ മിഷൻ (കെ എസ് ബി എം), കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിഐപി) എന്നിവയുമായി സഹകരിച്ച് കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച 'കേരള ബാംബൂ

ഫെസ്റ്റിന്റെ 21–ാമത് പതിപ്പ് 2024 ഡിസംബർ 7 മുതൽ 12 വരെ എറണാകുളത്ത് (കൊച്ചി) മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ നടന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള 375 കരകൗശല വിദഗ്ധർ/സർക്കാരിതര സംഘടനകൾ എന്നിവർ തങ്ങളുടെ ഉൽപ്പന്നങ്ങൾ ഫെസ്റ്റിൽ പ്രദർശിപ്പിച്ചു.

**കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ**

കേരളത്തിലെ പരമ്പരാഗത മുള തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും ഉന്നമനത്തിനും വേണ്ടി 1971–ൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. മുള, ഈറ്റ, ചൂരൽ, റാട്ടൻ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, മുളയധിഷ്ഠിത ഉൽപന്നങ്ങളുടെ നിർമ്മാണവും വ്യാപാരവും ഏറ്റെടുക്കുന്നതിനും പരമ്പരാഗത മുള തൊഴിലാളികൾക്ക് സാമ്പത്തികവും സാങ്കേതികവും മറ്റ് സഹായങ്ങളും നൽകുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ പതിനായിരത്തോളം മുള തൊഴിലാളികൾക്ക് കോർപ്പറേഷൻ സേവനം നൽകുന്നു, ഈ തൊഴിലാളികളിൽ ഭൂരിഭാഗവും സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ളവരാണ്.

സർക്കാർ വനഭൂമിയിൽ നിന്ന് ഗുണമേന്മയുള്ള ഈറ്റകൾ ശേഖരിക്കുക, പരമ്പരാഗത മുള നെയ്ത്തുകാർക്ക് സബ്സിഡി നിരക്കിൽ ഈറ്റകൾ വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യുക, നെയ്ത്തുകാരിൽ നിന്ന് നെയ്ത പായകൾ വാങ്ങുക എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ. മുളകൊണ്ടുള്ള പായ, മുളകൊണ്ടുള്ള പാളികൾ, മുളകൊണ്ടുള്ള പരന്ന ബോർഡുകൾ, മുളകൊണ്ടുള്ള ഫ്ലോറിങ് ടൈൽ, മുളകൊണ്ടുള്ള ഫർണിച്ചറുകൾ, കരകൗശല വസ്തുക്കൾ എന്നിവയാണ് കോർപ്പറേഷന്റെ പ്രധാന ഉൽപ്പന്നങ്ങൾ. പായ നെയ്യുന്നതിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മുളകൊണ്ടുള്ള പായകളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്തു.

മുളയിൽ നിന്നും വ്യത്യസ്ത ഘനത്തിലുള്ള പാളികൾ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് പാലക്കാട്, മാനന്തവാടി, നാദാപുരം എന്നിവിടങ്ങളിൽ മൂന്ന് ഫീഡർ/പ്രാഥമിക സംസ്കരണ യൂണിറ്റുകൾ ഉണ്ട്. പരന്ന ബാംബൂ ബോർഡ് നിർമ്മിക്കുന്നതിനായുള്ള മുള കർട്ടനുകളായി അവ നെയ്തെടുക്കുന്നു. സംസ്കരണത്തിൽ നിന്ന് 50 ശതമാനം മുതൽ 70 ശതമാനം വരെ പാഴായ മുള, ടൂത്ത്പിക്ക്, കർട്ടൻ ബ്ലൈൻഡ്സ്, മുള കർട്ടനുകൾ, ധൂപവർഗ്ഗങ്ങൾ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു. 2024 ഒക്ടോബർ മുതൽ ഈറ്റ മുറിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏജൻസി ഏറ്റെടുത്തു, ഏകദേശം 2370 കെട്ടുകൾ (47,400 എണ്ണം) ഈറ്റ ശേഖരിച്ചു.

2025ൽ സാമ്പത്തിക വർഷത്തിൽ പെരുമ്പാവൂർ പ്ലൈവുഡ് മാനുഫാക്ചേഴ്സ് കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് കോമൺ ഫെസിലിറ്റി സെന്ററിൽ ആകെ 2920 പ്ലൈവുഡ് ബോർഡുകൾ നിർമ്മിച്ചു. 2025 നവംബർ വരെ ആകെ 2985 ബോർഡുകൾ ഉത്പാദിപ്പിച്ചു, ആകെ മൂല്യം 42.64 ലക്ഷം രൂപ. 2025 ൽ (ജനുവരി മുതൽ സെപ്റ്റംബർ വരെ) മുള പായ നെയ്ത്തുകാർക്കും ഈറ്റ വെട്ടുന്നവർക്കും 14.17 ലക്ഷം രൂപ ഡിഎ ആയി നൽകി.

**മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും**

കേരളത്തിലെ പല പരമ്പരാഗത കൈത്തൊഴിലാളികളും സാമൂഹികവും സാമ്പത്തികവുമായ പരാധീനതകൾ അനുഭവിക്കുന്നതിനാൽ അവർക്ക് ഈ വ്യവസായത്തിൽ തുടരുന്നതിന് പ്രയാസം നേരിടുന്നു. പരിമിതമായ സംരംഭകത്വം, അപര്യാപ്തമായ നൈപുണ്യ വികസന പരിപാടികൾ, രൂപകല്പനയിലും ഉൽപന്നങ്ങളിലും നവീകരണത്തിന്റെ അഭാവം എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ. കരകൗശല വ്യവസായം കൈതൊഴിലാളികളെ കേന്ദ്രീകരിച്ചുള്ളതായതിനാൽ കരകൗശല വിദഗ്ധർ തങ്ങളുടെ തൊഴിലിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു. പുതിയ തലമുറയ്ക്ക് ഈ മേഖലയിലേക്ക് കടന്നുവരാനുള്ള താൽപര്യക്കുറവ് കരകൗശല മേഖല നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. ശരിയായ വിതരണ ശൃംഖലയുടെ അഭാവം, കൈത്തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള വിപണി ലഭ്യത തുടങ്ങി മൊത്തത്തിലുള്ള മേഖലയെ ബാധിക്കുന്ന തരത്തിലുള്ള വേറിട്ട വെല്ലുവിളികൾ മുളയെയും മറ്റ് അസംസ്കൃത വസ്തുക്കളെയും ആശ്രയിക്കുന്ന വ്യവസായങ്ങൾ അഭിമുഖീകരിക്കുന്നു. പ്രവർത്തന മൂലധനത്തിന്റെ ദൗർലഭ്യവും വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തതയും, എന്നിവ കരകൗശലത്തൊഴിലാളികളുടെയും, ഈ മേഖലയുടെയും വളർച്ചയെ തടസ്സപ്പെടുത്തുന്നു. യന്ത്രനിർമിത ഉൽപ്പന്നങ്ങളിൽ നിന്ന് കടുത്ത മത്സരം കരകൌശല മേഖല നേരിടുന്നു, ഇത് ഉത്പന്നങ്ങളുടെ ആവശ്യകതയും വിലനിർണ്ണയത്തെയും ബാധിക്കുന്നു. സാങ്കേതിക വിദ്യ, ഡിസൈനുകൾ വികസിപ്പിക്കുന്ന ഉപകരണങ്ങൾ, സ്റ്റാൻഡേർഡൈസേഷൻ, പാക്കേജിംഗ് എന്നിവയെ കുറിച്ചുള്ള അവബോധമില്ലായ്മ, ഫലപ്രദമായ വിലനിർണ്ണയ സംവിധാനത്തിന്റെ അഭാവം, ഇടനിലക്കാരുടെ ചൂഷണം, കരകൗശല വസ്തുക്കൾക്ക് പകരം വയ്ക്കാനുള്ള ഉല്പന്നങ്ങളുടെ വിലക്കുറവ് എന്നിവയും ഈ മേഖലയിൽ നിലനിൽക്കുന്ന വെല്ലുവിളികളാണ്. പ്രതികൂല തൊഴിൽ സാഹചര്യങ്ങൾ കാരണം കരകൗശല വിദഗ്ധർ പരമ്പരാഗത തൊഴിലിൽ ഏർപ്പെടാൻ വിമുഖത കാണിക്കുന്നു, ഇത് മുള പോലുള്ള വ്യവസായങ്ങളിൽ വിദഗ്ധ തൊഴിലാളികളുടെ ലഭ്യത കുറയുന്നതിന് കാരണമാകുന്നു.

**മുന്നോട്ടുള്ള വഴി**

വെല്ലുവിളികളെ നേരിടാൻ, കരകൗശലത്തൊഴിലാളികൾക്ക് വേണ്ട പിന്തുണ നല്കുന്നതിനും വിപണി ലഭ്യത വർധിപ്പിക്കുന്നതിനും കേരളത്തിലെ കരകൗശല വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും സഹകരണം

അനിവാര്യമാണ്. ഉൽപ്പാദിപ്പിക്കുന്ന കരകൗശല വസ്തുക്കളുടെ ആധികാരികത സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനമാണ് ജിഐ ടാഗ്. ജിഐ ടാഗ് ചെയ്ത ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സംഘടനകൾ വിജയകരമായ വിപണന തന്ത്രങ്ങൾ നടപ്പിലാക്കിവരുന്നു. സർക്കാർ തലത്തിലും അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കൈത്തറി, തുണിനെയ്ത്ത് വ്യവസായങ്ങൾ

**ടെക്സ്റ്റൈൽ ആൻഡ് ഗാർമെന്റ് വ്യവസായം**

ലോകത്തിലെ തന്നെ ഏറ്റവും വലിയ തുണിനെയ്ത്ത് വ്യവസായങ്ങളിലൊന്നാണ് ഇന്ത്യൻ തുണിനെയ്ത്ത് വ്യവസായം. മൂല്യശൃംഖലയിലുടനീളമുള്ള അസംസ്കൃത വസ്തുക്കളുടെ സുലഭമായ ലഭ്യതയും ഉൽപ്പാദന ശേഷിയും ഇന്ത്യൻ തുണിനെയ്ത്ത് വ്യവസായത്തിന്റെ പ്രത്യേകതയാണ്. ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ 2024-25 ലെ വാർഷിക റിപ്പോർട്ട് പ്രകാരം, 2023-ൽ വസ്ത്രങ്ങളുടെയും തുണിത്തരങ്ങളുടെയും കയറ്റുമതിയിൽ ലോകരാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം ആറാമതാണ്. ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ ഏകദേശം 8.2 ശതമാനം കരകൗശല വസ്തുക്കൾ ഉൾപ്പെടെയുള്ള തുണിത്തരങ്ങളുടെയും വസ്ത്രങ്ങളുടെയും കയറ്റുമതിയാണ്. 2023-24 ൽ വസ്ത്രങ്ങളുടെയും തുണിത്തരങ്ങളുടെയും ആഗോള വ്യാപാരത്തിന്റെ ഏകദേശം 3.9 ശതമാനം ഇന്ത്യയുടേതാണ്. കയറ്റുമതി ചെയ്യപ്പെടുന്ന പ്രധാന രാജ്യങ്ങൾ യുഎസ്എ, യൂറോപ്യൻ യൂണിയൻ, യുകെ എന്നിവയാണ്, ഇവ ഏകദേശം 47 ശതമാനം വരും. തുണി വ്യവസായത്തിലൂടെ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. കൂടാതെ ധാരാളം സ്ത്രീകളും, ഗ്രാമീണ ജനങ്ങളും ഉൾപ്പെട്ട ദശലക്ഷക്കണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗവുമാണ്.

**ഇന്ത്യയിലെ കൈത്തറി, യന്ത്രത്തറി വ്യവസായം**

സുസ്ഥിരവും ധാർമ്മികമായി ഉൽപ്പാദിപ്പിക്കപ്പെടുന്നതുമായ ഉൽപ്പന്നങ്ങൾക്കായുള്ള ആഗോള മുന്നേറ്റത്തിന്റെ ഫലമായി കൈത്തറി, തുണി വ്യവസായം വളർച്ച കൈവരിച്ചുകൊണ്ടിരിക്കുന്നു എന്നും ഇക്കാര്യത്തിൽ ഏഷ്യ-പസഫിക് മേഖല വിപണിയിൽ മുൻപന്തിയിലാണെന്നും അതിൽതന്നെ ഇന്ത്യൻ കൈത്തറി മേഖല പ്രത്യേക ശക്തി (നല്ല വളർച്ച) പ്രകടിപ്പിക്കുന്നുണ്ടെന്നും ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ റിപ്പോർട്ടിൽ പറയുന്നു. ഏകദേശം 28.23 ലക്ഷം തറികളുള്ള കൈത്തറി വ്യവസായമാണ് ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം. ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന്റെ 2024-25 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച്, കൈത്തറി മേഖല ഇന്ത്യയിലെ ഏറ്റവും വലിയ അസംഘടിത മേഖലകളിൽ ഒന്നാണ്, ഇത് 35 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകുന്നു, അതിൽ 25 ലക്ഷത്തിലധികം പേർ സ്ത്രീ നെയ്ത്തുകാരും അനുബന്ധ തൊഴിലാളികളുമാണ്, ഇത് സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിന്റെ ഒരു പ്രധാന ഉറവിടമായി മാറുന്നുണ്ട്. രാജ്യത്തെ തുണി ഉൽപാദനത്തിന്റെ ഏകദേശം 15 ശതമാനത്തോളം സംഭാവന ചെയ്യുന്നത് കൈത്തറി മേഖലയാണ്.

കൈത്തറി വ്യവസായം പ്രധാനമായും തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടേബിൾ ലിനൻ, ടോയ്ലറ്റ്-കിച്ചൺ ലിനനുകൾ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, ടേപ്പ്സ്ട്രികൾ, അപ്ഹോൾസ്റ്ററികൾ, പരവതാനികൾ, ഫ്ലോർ കവറുകൾ എന്നിവ കയറ്റുമതി ചെയ്യുന്നു. കരൂർ, പാനിപ്പത്ത്, വാരണാസി, കണ്ണൂർ എന്നിവയാണ് പ്രധാന കൈത്തറി കയറ്റുമതി കേന്ദ്രങ്ങൾ. യുഎസ്എ, യുഎഇ, സ്പെയിൻ, യുകെ, ഇറ്റലി, ഓസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, നെതർലാൻഡ്സ്, ഗ്രീസ് എന്നീ രാജ്യങ്ങളിലേക്കാണ് ഇന്ത്യയിൽ നിന്നും കൈത്തറി ഉൽപന്നങ്ങൾ പ്രധാനമയും കയറ്റുമതി ചെയ്യപ്പെടുന്നത്. കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലുള്ള നോഡൽ ഏജൻസിയാണ് കൈത്തറി എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (എച്ച്.ഇ.പി.സി). ഈ മേഖലയിലെ തറികളിൽ വിവിധ തലത്തിലുള്ള സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്, കൂടാതെ പുതിയ സാങ്കേതികവിദ്യയിലേക്കുള്ള തറികളുടെ മാറ്റവും നടന്നുകൊണ്ടിരിക്കുന്നു.

**കേരളത്തിലെ ടെക്സ്റ്റൈൽ മേഖല**

കേരളത്തിലെ തുണി വ്യവസായത്തിൽ സ്പിന്നിംഗ്, നെയ്ത്ത്, വസ്ത്ര നിർമ്മാണം, ഡൈയിംഗ്, പ്രോസസ്സിംഗ് യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. പൊതുമേഖലയിലും (കേന്ദ്ര, സംസ്ഥാന) സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും തുണി വ്യവസായങ്ങൾ ഉണ്ട്. നെയ്ത്ത് മേഖലയിൽ ഖാദി യൂണിറ്റുകൾ, കൈത്തറി യൂണിറ്റുകൾ, പവർ ലൂം യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. വസ്ത്ര വ്യവസായത്തിൽ, പ്രത്യേകിച്ച് സ്ത്രീകൾക്ക്, കൂടുതൽ തൊഴിൽ സാധ്യതകളുണ്ട്. ഡൈയിംഗ്-ഡിജിറ്റൽ പ്രിൻറിംഗ് എന്നീ ആവശ്യങ്ങൾക്കായി കേരളത്തിലെ ടെക്സ്റ്റൈൽസ് മേഖല മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചുവരുന്ന സ്ഥിതിയാണ് നിലവിലുള്ളത്, ആയതിനാൽ തന്നെ കണ്ണൂരിലെ നാടുകാണിയിലുള്ള കിൻഫ്ര ടെക്സ്റ്റൈൽ സെൻററിൽ ഡൈയിംഗ്, പരിസ്ഥിതി സൗഹൃദ പ്രിൻറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതോടെ ഇതിനൊരു പരിഹാരമാകും. ഇത് സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയുടെ പ്രാദേശികവൽക്കരണത്തിലേക്കുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായി മാറുകയും ചെയ്യും.

2024-25 വാർഷിക പദ്ധതിയിൽ ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള മൊത്തം സംസ്ഥാന പദ്ധതി വിഹിതം 5,189 ലക്ഷം രൂപയായിരുന്നു, ചെലവഴിച്ച തുക 10,314.46 ലക്ഷം രൂപ (198.77 ശതമാനം). കൂടാതെ, ഈ മേഖലയ്ക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബിപിടി വഴി ഫണ്ട് നൽകിവരുന്നു. കൂടാതെ, ഖാദി, ഗ്രാമ വ്യവസായ മേഖലയ്ക്ക് കീഴിലുള്ള ഖാദി സ്ഥാപനങ്ങൾക്ക് പ്രത്യേക ബജറ്റ് സഹായവുമുണ്ട്. 2025-26 വാർഷിക പദ്ധതിയിൽ ഈ മേഖലയ്ക്കുള്ള ആകെ പദ്ധതി വിഹിതം 5,189 ലക്ഷം രൂപയും 2025 ഒക്ടോബർ വരെ ചെലവഴിച്ച തുക 7,396.44 ലക്ഷം രൂപയുമാണ് (142.54 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.1** ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6.1** ടെക്സ്റ്റൈൽ മേഖലയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതവും ചെലവും (പൊതുമേഖലാ സ്ഥാപനങ്ങളും ഖാദിയും ഒഴികെ), ലക്ഷം രൂപയിൽ

| ഉപമേഖല | 2024-25 | | | 2025-26(ഒക്ടോബർ 2025 വരെ) | | |
|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം |
| കൈത്തറി | 3,189 | 2244.52 | 70.38 | 4,485.00 | 1428.48 | 31.85 |
| യന്ത്രത്തറി | 115 | 32.50 | 28.26 | 94.00 | 11.50 | 12.23 |
| സ്പിന്നിംഗ് മില്ലുകൾ | 985 | 1037.44 | 105.32 | 600.00 | 440.00 | 73.33 |
| തുണി സംസ്കരണ കേന്ദ്രം- നാട്ടകാണി | 900 | 0.00 | 0.00 | 10.00 | 0.00 | 0.00 |
| സഹകരണ സ്പിന്നിംഗ് മില്ലുകൾക്കായി കോട്ടൺ ബോർഡ് വഴി പരുത്തി മൊത്തമായി വാങ്ങൽ (എൻ.സി.ഡി.സി. സഹായം) | 0.00 | 7000.00 | 100.00 | 0.00 | 5516.46 | 100.00 |
| **ആകെ** | **5,189** | **10314.46** | **198.77** | **5,189** | **7396.44** | **142.54** |

**അവലംബം:** പ്ലാൻ സ്പേസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

**കേരളത്തിലെ കൈത്തറി മേഖല**

തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ ചില ഭാഗങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്ന കേരളത്തിലെ ഒരു പരമ്പരാഗത വ്യവസായമാണ് കൈത്തറി വ്യവസായം. ഈ വ്യവസായത്തിൽ കേരളത്തിലുള്ള മൊത്തം തറികളിൽ 84 ശതമാനവും സഹകരണ മേഖലയിലാണ് ആയതിനാൽ തന്നെ സഹകരണ മേഖലയ്ക്കാണ് ഈ പരമ്പരാഗത വ്യവസായത്തിൽ കൂടുതൽ പ്രാമുഖ്യം. ശേഷിക്കുന്ന 16 ശതമാനം കൈത്തറി തറികളും സ്വാകാര്യ വ്യവസായ സംരംഭകരുടെ ഉടമസ്ഥതയിലാണ്.

**സംസ്ഥാനത്തെ കൈത്തറി മേഖലയിലെ പ്രധാന** ഉൽപ്പന്നങ്ങൾ മുണ്ടുകൾ, ഫർണിഷിംഗ്, ബെഡ് ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ്. 2024-25 സാമ്പത്തിക വർഷത്തിൽ കൈത്തറി മേഖലയിലെ മൊത്തം ഉൽപ്പാദന മൂല്യം 198.49 കോടി രൂപയും മൊത്തം വിൽപ്പന വിറ്റുവരവ് 186.27 കോടി രൂപയുമാണ്. 2024-25 ൽ കൈത്തറി മേഖലയിൽ വ്യാപൃതരായിരുന്ന ആകെ നെയ്ത്തുകാരുടെ എണ്ണം 13,570 ആണ്, അതിൽ തന്നെ വനിതാ നെയ്ത്തുകാരുടെ എണ്ണം 10,415 ആണ് (മൊത്തം നെയ്ത്തുകാരുടെ 76.75 ശതമാനത്തോളം വരും ഇത്). 2024-25 ൽ സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിലവസരം 14.59 ലക്ഷം വ്യക്തിദിനങ്ങളാണ്. 2023-24 നെ അപേക്ഷിച്ച് 2024-25 ൽ ഉൽപാദന മൂല്യം, മൊത്തം വിറ്റുവരവ്, നെയ്ത്തുകാരുടെ എണ്ണം, തൊഴിൽ ദിനങ്ങൾ എന്നിവയിലെല്ലാം കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.4** -ൽ നൽകിയിരിക്കുന്നു

**കൈത്തറി മേഖലയിലെ ഏജൻസികൾ**

ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ്, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റെക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹാൻവീവ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (IIHT, കണ്ണൂർ) എന്നിവയാണ് സംസ്ഥാനത്തെ കൈത്തറി മേഖലയുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പങ്കാളിത്ത സ്ഥാപനങ്ങൾ.

**ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്ലൂംസ് ആൻഡ് ടെക്സ്റ്റൈൽസ്**

സംസ്ഥാനത്തെ കൈത്തറി, ടെക്സ്റ്റൈൽ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും വേണ്ടിയുള്ള നയങ്ങൾ രൂപീകരിക്കാൻ ലക്ഷ്യമിട്ട് വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമാണ് കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്. സംസ്ഥാനത്തെ കൈത്തറി, തുണി വ്യവസായ മേഖലകളിലെ ഉത്പാദനം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1979-ലാണ് ഡയറക്ടറേറ്റ് സ്ഥാപിതമായത്. അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, മാനവ വിഭവശേഷി വികസനം, പരമ്പരാഗത നൈപുണ്യങ്ങളുടെയും ഉൽപന്നങ്ങളുടെയും സംരക്ഷണം, ധനകാര്യം, ഡിസൈൻ തയ്യാറാക്കൽ, അസംസ്കൃത വസ്തുക്കളുടെ വിതരണം, കയറ്റുമതി, നവീകരണം, ക്ഷേമ പരിപാടികൾ, വില സ്ഥിരത എന്നിവ സംരക്ഷിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, പിന്തുണയ്ക്കുന്നതിനുമുള്ള ഉത്തരവാദിത്തം ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്ലൂംസ് ആൻഡ് ടെക്സ്റ്റൈൽസിൽ നിക്ഷിപ്തമാണ്. അതോടൊപ്പം തന്നെ ആഗോളവത്കൃത പരിതസ്ഥിതിയിൽ മത്സരക്ഷമത ഉയർത്തുന്നതിനായി ആഗോള വിപണിയിലുള്ള കേരളത്തിന്റെ പരമ്പരാഗത വൈദഗ്ധ്യം പ്രയോജനപ്പെടുത്തികൊണ്ട് ഉയർന്ന ഗുണനിലവാരമുള്ള മൂല്യവർധിത കൈത്തറി ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി നെയ്ത്തുകാരുടെ മൊത്തത്തിലുള്ള നൈപുണ്യവികസനവും നവീകരണവും കൈത്തറി ടെക്സ്റ്റൈൽ ഡയറക്ടറേറ്റ് ലക്ഷ്യം വയ്ക്കുന്നു.

കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു, അതോടൊപ്പം തന്നെ വായ്പയായും ഗ്രാന്റായും സഹായം നൽകിവരുന്നു. സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻസി.ഡി.സി), നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്), ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹഡ്കോ) തുടങ്ങിയ മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നുള്ള വായ്പകളും ഗ്രാന്റുകളും ഇതിൽ ഉൾപ്പെടുന്നു. പ്രത്യേക അവസരങ്ങളിൽ ഉത്പന്നങ്ങൾക്ക് കിഴിവ് നൽകികൊണ്ട് വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനുള്ള

സഹായവും സർക്കാർ നൽകിവരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.5**–ൽ നൽകിയിരിക്കുന്നു.
സർക്കാർ, എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം (കൈത്തറി തുണി) നൽകുന്ന നൂതന പദ്ധതികളിൽ ഒന്നാണ് കൈത്തറി യൂണിഫോം പദ്ധതി. ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്, ഇതിൽ ഹാൻവീവ്, ഹാന്റെക്സ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ പ്രധാന പങ്കാളികളായി ഉൾപ്പെടുന്നു. കൈത്തറി മേഖലയിൽ തൊഴിൽ, വേതനം, വ്യക്തിഗത തൊഴിൽ ദിനങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിൽ ഈ പദ്ധതി വിജയിച്ചിട്ടുണ്ട്.

അസംസ്കൃത വസ്തുക്കൾ, സംസ്കരണം, അലങ്കാരങ്ങൾ, നെയ്ത്ത് രൂപകല്പന, എന്നിവയുടെ തനത് പരമ്പരാഗത മേന്മ ഉറപ്പാക്കികൊണ്ട് ഉപഭോക്താക്കളുടെ വിശ്വാസം സമ്പാദിക്കുന്നതിന് പുറമെ സാമൂഹികവും പാരിസ്ഥിതികവുമായ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് നിർമ്മിക്കുന്ന കൈത്തറി ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനാണ് കേരള ഹാൻഡ്‌ലൂം മാർക്ക് ആരംഭിച്ചത്. ഇതിലൂടെ കൈത്തറിയിൽ നിർമ്മിച്ച ഉയർന്ന ഗുണനിലവാരമുള്ളതും ന്യൂനതകളില്ലാത്തതുമായ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ആത്യന്തികമായി ലഭ്യമാകും.

നിർദ്ദിഷ്ട ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടുള്ള ഉത്ഭവത്തിനാലും, അതുമൂലം ലഭ്യമായിട്ടുള്ള ഗുണമേന്മകളും ഖ്യാതിയും ഉള്ള ഉത്പന്നങ്ങളിൽ ഉപയോഗിക്കുന്ന ഒരു അടയാളമാണ് ഭൂമിശാസ്ത്രപരമായ സൂചിക (ജിഐ ടാഗ്). കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങളായ കണ്ണൂർ ഗ്രഹാലങ്കാര വസ്ത്രങ്ങൾ, ബാലരാമപുരം സാരികളും കോട്ടൺ വസ്ത്രങ്ങളും, കാസർകോട് സാരികൾ, കുത്താമ്പുള്ളി സാരികൾ, ചേന്ദമംഗലം മുണ്ടുകൾ, സെറ്റ് മുണ്ടുകൾ എന്നിവയ്ക്ക് ഭൂമിശാസ്ത്ര പരമായ സൂചിക (ജിഐ ടാഗ്) ലഭിച്ചു.

കൈത്തറി മേഖലയിലെ രണ്ട് വലിയ പദ്ധതികൾ നല്ല രീതിയിൽ പുരോഗമിക്കുകയാണ്, അതിൽ ഒന്ന് കണ്ണൂർ ജില്ലയിലെ നാട്ടുകാണി പ്രിൻറിംഗ് ആൻഡ് ഡൈയിംഗ് യൂണിറ്റും രണ്ടാമത്തേത് എറണാകുളം ജില്ലയിലെ ചേന്ദമഗലം കൈത്തറി ഗ്രാമവുമാണ്. ഈ പ്രവൃത്തികൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതാണ്; ആദ്യഘട്ടമായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

### കേരള സംസ്ഥാന കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘം (ഹാന്റെക്സ്)

കേരളത്തിലെ പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളുടെ അപെക്സ് ബോഡിയായ കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഹാന്റെക്സ്) 1961–ലാണ് സ്ഥാപിതമായത്. ഹാന്റെക്സിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. അംഗ സംഘങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യുകയും അതുവഴി കൈത്തറി നെയ്ത്തുകാരുടെ ഉപജീവനമാർഗത്തെ സഹായിക്കുകയുമാണ് ഹാന്റെക്സിന്റെ പ്രധാന ലക്ഷ്യം. നിലവിൽ 405 കൈത്തറി സംഘങ്ങൾ ഹാന്റെക്സിന് കീഴിൽ രജിസ്റ്റർ ചെയ്യുകയും ഏകദേശം 10,000 നെയ്ത്തുകാർ ഹാന്റെക്സുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. വിവിധ തലങ്ങളിലായി 340 സ്ഥിരം/താത്കാലിക ജീവനക്കാർ ഹാന്റെക്സിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിലുടനീളം സ്വന്തമായുള്ള 69 ഷോറൂമുകളിലൂടെ ഹാന്റെക്സ് ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു. ഹാന്റെക്സ് ആസ്ഥാനം കൂടാതെ, 4 പ്രാദേശിക ഓഫീസുകൾ, 5 ഉൽപ്പാദന കേന്ദ്രങ്ങൾ, 2 നെയ്ത്ത് യൂണിറ്റുകൾ, ഒരു സംസ്കരണ യൂണിറ്റ്, ഒരു അന്താരാഷ്ട്ര വസ്ത്ര യൂണിറ്റ് എന്നിവ ഹാന്റെക്സിന് കീഴിൽ പ്രവർത്തിക്കുന്നു.

2024–25 സാമ്പത്തിക വർഷത്തിൽ ഹാന്റെക്സ് 1,748.60 ലക്ഷം രൂപ തുണിത്തരങ്ങളുടെ വിൽപ്പനയിൽ നിന്ന് വരുമാനം നേടി, 2023–24 ൽ ഇത് 2286.03 ലക്ഷം രൂപയായിരുന്നു. 2023–24 വാർഷികാവസനത്തിലെ പെയിഡ് അപ് ക്യാപ്പിറ്റൽ 7199.74 ലക്ഷം രൂപയായിരുന്നു. (ഉറവിടം: ഹാന്റെക്സ്). റിപ്പോർട്ട് പ്രകാരം 2019–20 മുതൽ ഹാന്റെക്സ് നഷ്ടകണക്കാണ് റിപ്പോർട്ട് ചെയ്യുന്നത്. ഹാന്റെക്സിന്റെ സഞ്ചിത നഷ്ടം പ്രതിവർഷം വർധിക്കുകയും അത് 2024–25 അവസാനത്തോടെ ഏകദേശം 24,790.91 ലക്ഷം രൂപയിലെത്തുകയും ചെയ്തു. വിൽപ്പന വിറ്റുവരവ് 2020–21 മുതൽ 2023–24 വരെ വർധിച്ചിരുന്നു, എന്നിരുന്നാലും 2024–25 ൽ ഇതു കുറഞ്ഞതായി കാണാം. വിശദാംശങ്ങൾ **അനുബന്ധം 4.6.6** ൽ നൽകിയിരിക്കുന്നു.

കൈത്തറി തുണിത്തരങ്ങളുടെ ആധുനികവൽക്കരണത്തിൻറെയും മൂല്യവർദ്ധനയുടെയും ഭാഗമായി, അത്യാധുനിക സൗകര്യങ്ങളോടെ ഒരു സമ്പൂർണ ഗാർമെന്റ്സ് യൂണിറ്റ് ഹാന്റെക്സിന് കീഴിൽ പ്രവർത്തിക്കുന്നു. 'റോയൽ മിന്റ്', 'കമാൻഡോ' എന്നീ ബ്രാൻഡുകളിൽ ലിനൻ, കോട്ടൺ ഷർട്ടുകൾ, 'കെമി', 'ജൂനിയർ കമാൻഡോ' എന്നി ബ്രാൻഡുകളിൽ ലേഡീസ് ചുരിദാർ ടോപ്പുകളും കിഡ്സ് ഷർട്ടുകളും, 'താര', 'വാവോ' എന്നി ബ്രാൻഡ് നാമങ്ങളിൽ നവജാത ശിശുക്കൾക്കുള്ള ഉൽപ്പന്നങ്ങൾ എന്നിവ ഹാന്റെക്സ് പുറത്തിറക്കി. സർക്കാർ/ബാങ്കിംഗ് മേഖലയിലെ ജീവനക്കാരെ ഉപഭോക്താക്കളായി ആകർഷിക്കുന്നതിനായി 'ഇ-ക്രെഡിറ്റ് കാർഡ്' എന്ന പദ്ധതി ആരംഭിച്ചു.

2024–25 സാമ്പത്തിക വർഷത്തിൽ, കണ്ണൂർ എസ്പിഎസ്, പയ്യന്നൂർ ഷോറൂം, നോർത്ത് പറവൂർ ഷോറൂം എന്നിവ ഹാൻടെക്സ് വിജയകരമായി നവീകരിച്ചു, ഒരു ആധുനിക, ഉപഭോക്തൃ അധിഷ്ഠിത ഷോറൂമുകളായി ഇവ രൂപാന്തരപ്പെടുകയും അപ്ഗ്രേഡ് ചെയ്യപ്പെടുകയും ചെയ്തു.

### കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ് )

കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) 1968–ൽ സ്ഥാപിതമായി. ഈ സ്ഥാപനം കൈത്തറി ഉൽപന്നങ്ങളുടെ വിപുലമായ ശ്രേണിയുടെ ഉൽപ്പാദനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നു. നിലവിൽ, 1950 വ്യക്തിഗത നെയ്ത്തുകാർക്ക് ഹാൻവീവ് തൊഴിൽ നൽകുന്നു. സ്വന്തമായി 36 ഷോറൂമുകളും 32 ഉൽപ്പാദന കേന്ദ്രങ്ങളുമുണ്ട്. ഉത്സവ സീസണുകളിൽ പ്രദർശനങ്ങൾ നടത്തുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തുന്ന എക്സ്പോകളിൽ

ഹാൻവീവ് പങ്കെടുക്കുകയും ചെയ്യുന്നു. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ഏറ്റെടുത്തതിലൂടെ 2000-ത്തോളം വരുന്ന നെയ്ത്തുകാർക്ക് തടസ്സമില്ലാത്ത തൊഴിലും, വേതനവും പ്രദാനം ചെയ്യുന്നതിനും, അതോടൊപ്പം മറ്റുള്ളവർക്ക് പരോക്ഷമായ തൊഴിലവസരങ്ങൾ നൽകുന്നതിനും ഹൻവീവിന് സാധിച്ചു.

ഹാൻവീവ് ഉത്പന്നങ്ങളോടുള്ള ഉപഭോക്തക്കൾക്കുള്ള ആകർഷണം പുതുമനിറഞ്ഞതും നവീനവുമാക്കി നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി, "പ്രൗഡ്-ഇ" എന്ന പേരിൽ ആകർഷകമായ പാക്കേജിംഗിൽ മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗിഫ്റ്റ് ബോക്സ്, ഡബിൾ സൈഡ് കസവു മുണ്ട്-"ശ്രേഷ്ഠം" എന്നിവ ഹാൻവീവ് പുറത്തിറക്കി. പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയുള്ള ഉത്പന്നങ്ങൾ ഒരൊറ്റപായ്ക്കറ്റിൽ ഉൾപെടുത്തികൊണ്ട് ഒരു കോംബോ പായ്ക്ക് ഹാൻവീവ് വിജയകരമായി സമാരംഭിക്കുകയും, അത് വളരെ ജനപ്രിയമായി മാറുകയും ചെയ്തു. അതോടൊപ്പം തന്നെ ഹാൻവീവ് റെഡിമെയ്ഡ് ഷർട്ടുകളും കുട്ടികളുടെ വസ്ത്രങ്ങളും അവതരിപ്പിക്കുകയും, അത് ഉൽപ്പന്ന ശ്രേണി വിപുലീകരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്തു. കൈത്തറി ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, ബുധനാഴ്ചകളിൽ കൈത്തറി വസ്ത്രം ധരിക്കുന്നതിനായി സംസ്ഥാന സർക്കാർ ജീവനക്കാരെ പ്രോത്സാഹിപ്പിച്ചു വരുന്നു. സ്കൂൾ യൂണിഫോം പദ്ധതിക്ക് കീഴിൽ കാസർകോട് മുതൽ തൃശ്ശൂർ വരെയുള്ള വിദ്യാർത്ഥികൾക്ക് 27 ലക്ഷം മീറ്ററിലധികം യൂണിഫോം തുണിത്തരങ്ങൾ വിതരണം ചെയ്തു. വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായുള്ള കേന്ദ്രീകൃത നയമനുസരിച്ച്, ലക്ഷ്യം വച്ച സ്ഥാപന വിൽപ്പനയിലൂടെയും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലൂടെയും ഹാൻവീവ് ഇപ്പോൾ പ്രതിവർഷം 5 കോടി രൂപയുടെ സ്ഥാപനങ്ങളിൽ നിന്നുള്ള ഓർഡറുകൾ നേടുന്നുണ്ട്.

യന്ത്രത്തറി ഉൽപന്നങ്ങളിൽ നിന്നുള്ള മത്സരം, പരിമിതമായ ഉൽപ്പാദന ശേഷി, സമയക്ലിപ്തത പലിച്ചുള്ള ഓർഡറുകൾ നിറവേറ്റാനുള്ള അപര്യാപ്തത എന്നിവയാണ് ഹാൻവീവ് നേരിടുന്ന പ്രധാന വെല്ലുവിളികൾ. 2024-25 ൽ ഹാൻവീവിന്റെ വിൽപ്പന വിറ്റുവരവ് 1738.50 ലക്ഷം രൂപയായിരുന്നു. സംഭരിച്ച തുണിയുടെയും മറ്റ് വസ്തുക്കളുടെയും മൂല്യം 2023-24 ൽ 1201.81 ലക്ഷം രൂപയിൽ നിന്ന് 2024-25 ൽ 768.53 ലക്ഷം രൂപയായി കുറഞ്ഞു. വാങ്ങി വിതരണം ചെയ്ത നൂലിന്റെ മൂല്യം, 2023-24ൽ 275.15 ലക്ഷം രൂപയായിരുന്നു, 2024-25 ൽ ഇത് 462.43 ലക്ഷമായി കൂടിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.7** ൽ നൽകിയിരിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഹാൻവീവിന്റെ പെയിഡ് അപ് ക്യാപിറ്റൽ 5949 ലക്ഷം രൂപയായിരുന്നു. 2023-24 ലെ 1660.59 ലക്ഷം രൂപയെ അപേക്ഷിച്ച് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെയുള്ള വരുമാനം വർദ്ധിച്ചു, അത് 2024-25 ൽ 1738.50 ലക്ഷം രൂപയായി ഉയർന്നു. 2023-24 ൽ ഹാൻവീവിന്റെ അറ്റ നഷ്ടം 1144.96 ലക്ഷം രൂപയായിരുന്നു, 2024-25 ൽ ഇത് 551.41 ലക്ഷം രൂപയായി കുറഞ്ഞു. ഹാൻവീവിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.8** ൽ നൽകിയിരിക്കുന്നു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (IIHT, കണ്ണൂർ)

1987-ൽ കേരള സർക്കാരിന്റെ വ്യവസായ വകുപ്പിനു കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി ആരംഭിച്ച കണ്ണൂർ 'കൈത്തറി പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, 2011-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കൈത്തറി, തുണി വ്യവസായവുമായി ബന്ധപ്പെട്ട പരിശീലനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള കേരള സർക്കാരിൻറെ നോഡൽ ഏജൻസിയായിട്ടാണ് ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ നിയോഗിക്കപ്പെട്ടിരിക്കുന്നത്. 2020-ൽ ഇതിനെ കണ്ണൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യതിനോടൊപ്പം തന്നെ ബിഎസ്സ്സി കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ് എന്ന മൂന്ന് വർഷത്തെ ഡിഗ്രി കോഴ്സ് ആരംഭിച്ചു. ചേന്ദമംഗലത്ത് സംയോജിത കൈത്തറി ഗ്രാമം സ്ഥാപിക്കുന്നതിൽ ഈ സ്ഥാപനം പ്രധാന പങ്ക് വഹിക്കുന്നു. ഹാന്റെക്സ്, ഹാൻവീവ് എന്നി സ്ഥാപനങ്ങളുമായി ബന്ധപെട്ട് ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിൽ ഐ. ഐ. എച്ച്. ടി ഒരു പ്രധാന പങ്കുവഹിച്ചു വരുന്നു.

ഐ. ഐ. എച്ച്. ടി യുടെ നേതൃത്വത്തിൽ കണ്ണൂർ പുടവ, ചേന്ദമംഗലം കൈത്തറി ഗ്രാമം സ്ഥാപിക്കൽ, ബാലരാമപുരത്ത് ടെക്നോളജി സെന്റർ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും പുരോഗമിക്കുകയാണ്. 2024-25 കാലയളവിൽ, ഐ.ഐ.ഐ.എച്ച്ടി തിരഞ്ഞെടുത്ത 35 ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ (ക്യു.സി.ഐ) മാരെയും, 2025-26 സാമ്പത്തിക വർഷത്തിൽ തിരഞ്ഞെടുത്ത ക്യു.സി.ഐ മാരിൽ 38 പേരെയും കേരളത്തിലെ എല്ലാ ജില്ലകളിലേക്കും കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് നിയോഗിച്ചു. 2024-25 കാലയളവിൽ ഇൻറേൺഷിപ്പ് പ്രോഗ്രാമിന് കീഴിൽ 34 വിദ്യാർത്ഥികൾ IIHT യിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

### സഹകരണ മേഖല

സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയിലെ സാനിദ്ധ്യമായ സഹകരണ മേഖല നൂൽനൂൽക്കൽ, നെയ്ത്ത് പ്രവർത്തനങ്ങൾ (യന്ത്രത്തറി, കൈത്തറി) എന്നിവയിൽ പ്രധാനമായും ഏർപ്പെട്ടുവരുന്നു. കേരളത്തിൽ സഹകരണമേഖലയിൽ 8 സ്പിന്നിങ് മില്ലുകളാണുള്ളത്. സഹകരണ മേഖലയിലെ മൊത്തം യന്ത്രത്തറികളുടെ(നെയ്ത്ത്) എണ്ണം ഏകദേശം 692 ആണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ മൊത്തം യന്ത്രത്തറികളുടെ 40 ശതമാനവും സഹകരണ യൂണിറ്റുകളാണ്. സംസ്ഥാനത്ത് ആകെ 50 യന്ത്രത്തറി സഹകരണ സംഘങ്ങളുണ്ട്.

ഫാക്ടറി തരം, കോട്ടേജ് തരം എന്നിങ്ങനെ രണ്ടു തരം സൊസൈറ്റികൾ ഉൾകൊള്ളുന്നതാണ് കൈത്തറി (നെയ്ത്ത്) സഹകരണമേഖല. 2024-25 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 539 പ്രൈമറി

ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (പി. എച്ച്. ഡബ്ല്യു. സി. എസ്) ഉണ്ടായിരുന്നു, അതിൽ 198 എണ്ണം ഫാക്ടറി തരത്തിലും 341 എണ്ണം കോട്ടേജ് തരത്തിലുമുള്ള സൊസൈറ്റികളുമാണ്. രജിസ്റ്റർ ചെയ്ത 539 പ്രാഥമിക കൈത്തറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളിൽ 355 എണ്ണം പ്രവർത്തനക്ഷമമായിരുന്നു. ഫാക്ടറി മാതൃകയിലുള്ള കൈത്തറി സഹകരണ സംഘങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് 2024-25 ൽ ലാഭമുണ്ടാക്കുന്ന സംഘങ്ങളുടെ എണ്ണം വർധിക്കുകയും നഷ്ടത്തിലായ സംഘങ്ങളുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. 2024-25 ൽ പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ നേരിയ വർധനവ് കാണിക്കുന്നു, കൂടാതെ സംഘങ്ങളുടെ ലിക്വിഡേഷന്റെ എണ്ണത്തിൽ കുറവും കാണിക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2024-25 ൽ കോട്ടേജ് ഇനം കൈത്തറി സംഘങ്ങളിൽ ലാഭമുണ്ടാക്കുന്ന സൊസൈറ്റികളുടെ എണ്ണം വർദ്ധിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സൊസൈറ്റികളുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ സൊസൈറ്റികളുടെ എണ്ണവും കുറഞ്ഞുവരുന്നുണ്ട്. കോട്ടേജ് തരത്തിലുള്ള സംഘങ്ങളുടെ ലിക്വിഡേഷനും വർധിച്ചുവരുന്ന പ്രവണത കാണിക്കുന്നു. സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.9** -ൽ നൽകിയിരിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ 82.05 കോടി രൂപ മൂല്യമുള്ള 45.76 ദശലക്ഷം മീറ്റർ കൈത്തറി തുണിയാണ് സഹകരണ മേഖല ഉത്പാദിപ്പിച്ചത്. 2023-24 നെ അപേക്ഷിച്ച് 2024-25 ൽ തുണിയുടെ ഉത്പാദനവും ഉൽപാദന മൂല്യവും നേരിയ തോതിൽ കുറയുകയുണ്ടായി. 2023-24 ൽ 97.30 കോടി രൂപയായിരുന്ന മൊത്തം വിറ്റുവരവ് 2024-25 ൽ 19.47 ശതമാനം കുറഞ്ഞ് 78.35 ലക്ഷം രൂപയായി. തറികളുടെ എണ്ണം 2023-24 ൽ 14,064 ആയിരുന്നത് 2024-25ൽ 13,063 ആയി കുറഞ്ഞു. 2023-24 ൽ 12,805 ആയിരുന്ന നെയ്ത്തുകാരുടെ എണ്ണം 2024-25 ൽ 11,085 ആയി കുറഞ്ഞു. 2024-25 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയിൽ 13.57 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. 2020-21 മുതൽ 2023-24 വരെ ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ നെയ്ത്തുകാരുടെ എണ്ണം വർദ്ധിച്ചിരുന്നു, എന്നാൽ 2024-25 ൽ ഇത് കുറഞ്ഞിട്ടുള്ളതായി കാണാം. വിശദാംശങ്ങൾ അനുബന്ധം 4.6.4 ൽ നൽകിയിട്ടുണ്ട്.

### യന്ത്രത്തറി മേഖല

സംസ്ഥാനത്ത്1796 യന്ത്രത്തറികളുള്ളതിൽ 42 ശതമാനവും (750) സഹകരണ മേഖലയിലാണ്. ശേഷിക്കുന്ന 58 ശതമാനം (1,046) സ്വകാര്യ മേഖലയിലുമാണ്. യന്ത്രത്തറി മേഖലയിൽ 2024-25 ൽ 6269.7 ലക്ഷം രൂപ മൂല്യമുള്ള 102.13 ലക്ഷം മീറ്റർ തുണിയുടെ ഉത്പാദനം നടന്നു. ഉൽപ്പാദനക്ഷമത ഒരു തറിക്ക് 5686.5 മീറ്ററും ചരക്ക് വിൽപനയിലൂടെയുള്ള മൊത്തം വിറ്റുവരവ് 6972.4 ലക്ഷം രൂപയുമായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.10**-ൽ നൽകിയിരിക്കുന്നു.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന് (ടെക്സ്ഫെഡ്) കീഴിൽ 6 സഹകരണ സംഘങ്ങളുണ്ട്. ഇതിൽ 5 എണ്ണം യന്ത്രത്തറി/ഇന്റഗ്രേറ്റഡ് സൊസൈറ്റികളാണ് നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർ ലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്(നിപ്കോടെക്സ്), കോട്ടയം ഇന്റഗ്രേറ്റഡ് യന്ത്രത്തറി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കേരള ഹൈടെക് ടെക്സ്റ്റൈൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (കെൽടെക്സ്), കോഴിക്കോട് ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വയനാട് ഹാൻഡ്ലൂം, പവർലൂം, മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (WHIPCOS) എന്നിവ. ഈ സൊസൈറ്റികൾക്ക് കീഴിലുള്ള ആകെ തറികളുടെ എണ്ണം 565 ആണ്.

### സ്പിന്നിംഗ് മില്ലുകൾ

കേരളത്തിൽ തൊഴിലാളികൾ വളരെ കൂടുതൽ ജോലിചെയ്യുന്ന പരമ്പരാഗത മേഖലകളിലൊന്നായ സ്പിന്നിംഗ് മിൽ വ്യവസായം ഗ്രാമീണ അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലെ സ്പിന്നിംഗ് മേഖലയിൽ പൊതുമേഖലയും (സംസ്ഥാനവും കേന്ദ്രവും), സഹകരണ മേഖലയും, സ്വകാര്യമേഖലയും ഉൾപ്പെടുന്നു. എന്നാൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. കേരളത്തിലെ 7.03 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 26 സ്പിന്നിംഗ് മില്ലുകളിലെല്ലാമായി 7600-ലധികം ആളുകൾ ജോലി ചെയ്യുന്നു. കേരളത്തിലെ 3 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കീഴിലായി 9 സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്, അവ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (7 മില്ലുകൾ), സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണ്. കേരളത്തിൽ 8 സഹകരണ സ്പിന്നിംഗ് മില്ലുകളാണുള്ളത്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന്റെ (ടെക്സ്ഫെഡ്) ഭാഗമായ ഇവയ്ക്ക് 1.52 ലക്ഷം സ്പിൻഡിൽ ശേഷിയുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ എന്നിവയെല്ലാം ചേർത്ത് സംസ്ഥാനത്ത് ആകെ 17 സ്പിന്നിംഗ് മില്ലുകൾ ഉണ്ട്, ഇവയിലെല്ലാം കൂടി ആകെ 2.87 ലക്ഷം സ്പിൻഡിൽ ശേഷിയും 3500 ഓളം പേർ ജോലിചെയ്യുകയും ചെയ്യുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്(എൻടിസി) ന് കേരളത്തിൽ 1.99 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള 5 മില്ലുകൾ ഉണ്ട് (ഇന്ത്യയിലാകെ ആകെ 23 എണ്ണം), ഇതിൽ ഏകദേശം 1900-ത്തിലധികം ആളുകൾ ജോലി ചെയ്തിരുന്നു. ഇതിൽ നാലെണ്ണം 2020-21 വരെ പ്രവർത്തനക്ഷമമായിരുന്നു, എന്നാൽ അവ ഇപ്പോൾ പ്രവർത്തനക്ഷമമല്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കൂടാതെ, ആകെ 4 മില്ലുകളുള്ള രണ്ട് പ്രധാന സ്വകാര്യമേഖലാ സംരംഭങ്ങളുണ്ട്, ഏകദേശം 2.16 ലക്ഷം സ്പിൻഡിൽ ശേഷിയുള്ള അവയിലാകെ ഏകദേശം 2200-ലധികം പേർ ജോലി ചെയ്യുന്നു.

പ്രവർത്തന മൂലധനത്തിന്റെ അഭാവവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമാണ് സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ഈ മേഖലയ്ക്കുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി, വിള സീസണിൽ നല്ല നിലവാരമുള്ള പരുത്തി സംഭരണത്തിനായി കേരള സർക്കാർ ഒരു കോട്ടൺ ബോർഡ് രൂപീകരിച്ചു. ഇതിലൂടെ സംസ്ഥാനത്തെ സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ സ്പിന്നിംഗ് മില്ലുകൾക്കും മതിയായ പരുത്തി ഉറപ്പാക്കുകയും, അതുവഴി ഉത്പാദന ശൃംഖലയിലെ ഉപയോക്താക്കൾക്ക് നൂലിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്യും. ഈ മില്ലുകൾ ഉത്പാദിപ്പിക്കുന്ന നൂലിന്റെ വിൽപന ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള "ഡിപ്പോ" സംവിധാനത്തിലൂടെയാണ് നടത്തുന്നത്, തൽഫലമായി, അസംസ്കൃത വസ്തുക്കളുടെ വില കുറയുകയും മേഖലയുടെ പ്രകടനം മെച്ചപ്പെടുകയും ചെയ്യുന്നുണ്ട്.

**കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്)**

സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെയും, സംയോജിത പവർലൂം സഹകരണ സംഘങ്ങളുടെയും പരമോന്നത സ്ഥാപനമാണ് ടെക്സ്ഫെഡ്. കേരളത്തിലെ സഹകരണ ടെക്സ്റ്റൈൽ യൂണിറ്റുകളുടെ രൂപീകരണവും നടത്തിപ്പും ആസൂത്രണം ചെയ്യുന്നതിനും സഹായിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ഒരു സ്ഥാപനം എന്ന നിലയിലാണ് 1992-ൽ ടെക്സ്ഫെഡ് സ്ഥാപിതമായത്. സ്പിന്നിംഗ്, നെയ്ത്ത്, സംസ്കരണം, വസ്ത്രനിർമ്മാണം എന്നിവയുൾപ്പെടെ ടെക്സ്റ്റൈൽ വ്യവസായത്തിൻറെ എല്ലാ വിഭാഗങ്ങളെയും ഇത് സമന്വയിപ്പിക്കുന്നു. അപെക്സ് സ്ഥാപനമായ ടെക്സ്ഫെഡിന് കിഴിൽ എട്ട് സഹകരണ സ്പിന്നിംഗ് മില്ലുകളുണ്ട്. ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ -ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ലിമിറ്റഡ്, കെ. കരുണാകരൻ മെമ്മോറിയൽ കോ- ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നിവയാണവ.

1,51,920 സ്പിൻഡിൽ ശേഷിയുള്ള ഈ 8 സഹകരണ സ്പിന്നിംഗ് മില്ലുകളിലൂടെ 1,680 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നു. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെൻറ് കോർപ്പറേഷന്റെയും (എൻ.സി.ഡി.സി) കേരള സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ ടെക്സ്ഫെഡ് മില്ലുകൾ യന്ത്രങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ട്. ഉൽപ്പാദനക്ഷമതയും ഉൽപാദനത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടാൻ ഇതിലൂടെ സാധ്യമായി. സംസ്ഥാന സഹായത്തോടും മറ്റ് ഏജൻസികളുടെ സഹായത്തോടും കൂടി ഏറ്റെടുത്ത ആധുനികവൽക്കരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ മില്ലുകളെ "ബ്രേക്ക് ഇവൻ" ലേക്ക് എത്തിക്കാൻ കഴിയുമെന്നാണ് കേരള സർക്കാർ ഉദ്ദേശിക്കുന്നതും ലക്ഷ്യം വയ്ക്കുന്നതും.

**കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി)**

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി.സി) 1972 മാർച്ച് 9 ന് തിരുവനന്തപുരത്ത് നിലവിൽ വന്നു. സംസ്ഥാനത്ത് ടെക്സ്റ്റൈൽ മില്ലുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക, കേരളത്തിലെ ടെക്സ്റ്റൈൽ വ്യവസായത്തിലെ നഷ്ടത്തിലായ യൂണിറ്റുകളുടെ ഉന്നമനം എന്നിവയാണ് കെ.എസ്.ടി.സി യുടെ പ്രധാന ലക്ഷ്യങ്ങൾ. കോർപ്പറേഷന് ഏഴ് മില്ലുകളും ഒരു ഗവേഷണ-പരിശോധനാ കേന്ദ്രവുമുണ്ട്. പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഹൈടെക് വീവിംഗ് മിൽസ്, കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസ്, ഉദുമ ടെക്സ്റ്റൈൽസ് എന്നിവയാണ് കെ.എസ്.ടി.സി യുടെ കീഴിലുള്ള മില്ലുകൾ . സീതാറാം ടെക്സ്റ്റൈൽസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ രണ്ട് യൂണിറ്റുകൾ ഇപ്പോൾ കെ.എസ്.ടി.സി യുടെ ഭരണ നിയന്ത്രണത്തിലാണ്. കോമളപുരം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസിലും പിണറായി ഹൈടെക് വീവിംഗ് മില്ലുകളിലും എയർ ജെറ്റ് ലൂമുകൾ അവതരിപ്പിച്ചതിനുശേഷം, കെഎസ്ടിസിക്ക് വൈവിധ്യമാർന്ന തുണിത്തരങ്ങൾ ഉത്പാദിപ്പിക്കാനും പൂർണ്ണമായും നെയ്തെടുത്ത തുണിത്തരങ്ങൾ, യൂണിഫോം തുണിത്തരങ്ങൾ എന്നിവ വിതരണം ചെയ്യാനും റെഡിമെയ്ഡ് വസ്ത്രങ്ങളും ഫെയ്സ് മാസ്കുകളും വിതരണം ചെയ്യാനും കഴിയുന്നുണ്ട്. വിവിധ പോലീസ് കാന്റീനുകൾ വഴി കേരള പോലീസിന് കാക്കി യൂണിഫോമുകൾ വിതരണം ചെയ്യുന്നതിനായുള്ള ഒരു തിരഞ്ഞെടുത്ത വിതരണക്കാരനാണ് കെഎസ്ടിസി, കൂടാതെ 2023-24 & 2024-25 വർഷങ്ങളിൽ കെഎസ്ആർടിസി ജീവനക്കാർക്കും യൂണിഫോമുകൾ വിതരണം ചെയ്തു. മേൽപ്പറഞ്ഞതിനു പുറമേ, തിരുവനന്തപുരം ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ് (സിഎആർഡിടി) എന്ന ഗവേഷണ-പരിശോധന വിഭാഗവും കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നു. കണ്ണൂരിലെ നാടുകാണി കിൻഫ്ര പാർക്കിൽ ഏജൻസി ഒരു പുതിയ പ്രിന്റിംഗ് കം ഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു.

2024-25 ൽ കോർപ്പറേഷന്റെ ഉൽപ്പാദന മൂല്യം 78.04 കോടി രൂപയും വിൽപ്പനയിൽ നിന്നുള്ള വരുമാനം 77.52 കോടി രൂപയുമാണ്. കഴിഞ്ഞ 5 വർഷമായി കെ.എസ്.ടി.സി തുടർച്ചയായി അറ്റ നഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2024-25 അവസാനത്തിൽ കോർപ്പറേഷന്റെ സഞ്ചിത നഷ്ടം ഏകദേശം 706.29 കോടി രൂപയാണ്. കെ.എസ്.ടി.സി യുടെ ധനകാര്യ വിശകലന വിശദാംശങ്ങൾ **അനുബന്ധം 4.6.11** ൽ നൽകിയിരിക്കുന്നു.

1903-ലാണ് സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് ആരംഭിക്കുന്നത് പിന്നിട് 1972-ൽ അത് കേരള സർക്കാർ പൊതു ലേലത്തിലൂടെ ഏറ്റെടുത്തു. തുടർന്ന് വ്യവസായ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ കേരള സർക്കാറിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള യൂണിറ്റായി പ്രവർത്തിക്കുകയും 1975 ഫെബ്രുവരി 14-ന് ഔദ്യോഗികമായി

കോർപ്പറേഷനായി മാറുകയും ചെയ്തു. ആകെ തൊഴിലാളികളുടെ എണ്ണം 117 ആണ്. ഏകദേശം 25,000 സ്പിൻഡിൽ ശേഷിയുള്ള സ്പിന്നിംഗ് വിഭാഗം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വിൽപനയിൽ നിന്നുള്ള വരുമാനം 2023-24 ൽ 3.72 കോടിയിൽ നിന്ന് 2024-25 ൽ 2.42 കോടിയായി കുറഞ്ഞു. വർഷങ്ങളായി അറ്റ നഷ്ടമാണ് റിപ്പോർട്ട് ചെയ്യുന്നത്. സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.12**-ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഏറ്റവും വലിയ കൈത്തറി കേന്ദ്രങ്ങളിലൊന്നായ ബാലരാമപുരത്തുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് 1963 നവംബർ 01 ന് നിലവിൽ വന്ന ഒരു സംസ്ഥാന സർക്കാർ കമ്പനിയാണ്. 1998-ൽ ഇത് അടച്ചുപൂട്ടേണ്ടിവന്നിരുന്നു, എന്നാൽ കേരള സർക്കാരിന്റെ നേതൃത്വത്തിൽ അടച്ചുപൂട്ടികിടന്നിരുന്ന വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമത്തിൻറെ ഭാഗമായി, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിൻറെ സഹായത്തോടെ ഈ മില്ലിനെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ കൈക്കൊള്ളുകയും തുടർന്ന് എക്സ്പോർട്ട് പ്രമോഷൻ ക്യാപ്പിറ്റല് ഗുഡ്സ് സ്കീമിന് കീഴിൽ ചെക്ക് റിപ്പബ്ലിക്, ജർമ്മനി, ചൈന എന്നിവിടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത അത്യാധുനിക സാങ്കേതികവിദ്യയുള്ള ഓപ്പൺ എൻഡ് (ഒ.ഇ) സ്പിന്നിംഗ് മിൽ ആക്കി മാറ്റുകയും ചെയ്തു. തുടർന്ന് 2009 ൽ, 360 റോട്ടറുകളുടെ ശേഷിയോടെ കമ്പനി അതിന്റെ ഉത്പാദനം പുനരാരംഭിച്ചു. ഇപ്പോൾ കമ്പനിക്ക് 680 റോട്ടർ ശേഷിയുണ്ട്. 67 ജീവനക്കാരുള്ള യൂണിറ്റിന്റെ നിലവിലെ സഞ്ചിത നഷ്ടം 40.35 കോടി രൂപയാണ്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൻറെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.13**ൽ നൽകിയിരിക്കുന്നു.

**ടെക്സ്റ്റൈൽസ് മേഖലയിലെ നേട്ടങ്ങൾ 2023-24**

കേരള ഹാൻഡ്‌ലൂം സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം 9 ലക്ഷം വിദ്യാർത്ഥികൾക്കായി ഏകദേശം 40.00 ലക്ഷം മീറ്റർ സ്കൂൾ യൂണിഫോം തുണി വിതരണം ചെയ്തു. 2024-25 ൽ 9 പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് സർക്കാർ വിഹിത പങ്കാളിത്തം നൽകി. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നവീകരണത്തിനും പ്രോത്സാഹനത്തിനുമായി 74 പ്രാഥമിക സംഘങ്ങൾക്ക് സഹായം നൽകി, അതിൽ വർക്ക് ഷെഡ് നവീകരണം, ലൂം അനുബന്ധ സാധനങ്ങളുടെ വാങ്ങൽ, ലൂമുകളുടെ വിതരണം എന്നിവ ഉൾപ്പെടുന്നു. 2024-25 വർഷത്തിൽ 1912 നെയ്ത്തുകാരായ ഗുണഭോക്താക്കളെ കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. നെയ്ത്തുകാരുടെ/ അനുബന്ധതൊഴിലാളി പ്രോത്സാഹന പരിപാടിയുടെ കീഴിൽ ഏകദേശം 3,162 നെയ്ത്തുകാർക്ക് പ്രയോജനം ലഭിച്ചു. പുനരുജ്ജീവനത്തിനും ആധുനികവൽക്കരണത്തിനുമായി ഹാൻടെക്സിനും ഹാൻവീവിനും സർക്കാർ വിഹിത പങ്കാളിത്ത സഹായം നൽകി. 10 പ്രൊഫഷണൽ ഡിസൈനർമാരെ ഉൾപ്പെടുത്തി നെയ്ത്തുകാർക്ക് സ്റ്റൈപ്പൻഡോടെ നൈപുണ്യ നവീകരണ പരിശീലനം നൽകി. കോ-ഓപ്പ് സ്പിന്നിംഗ് മില്ലുകൾക്കായുള്ള സമഗ്ര പുനരുജ്ജീവന പദ്ധതിയിലൂടെ, ടെക്സ്ഫെഡിന് കീഴിലുള്ള 8 സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ 6.97 കോടി രൂപ സഹായമായി നൽകി. എറണാകുളത്തെ ചേന്ദമംഗലം കൈത്തറി ഗ്രാമം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി.

**പ്രശ്നങ്ങളും വെല്ലുവിളികളും**

അസംസ്കൃത വസ്തുക്കളുടെ ക്ഷാമവും വിലവർധനയും, ഉയരുന്ന ഉൽപ്പാദന ചെലവുകളും, അടിസ്ഥാന സൗകര്യങ്ങളിലെ പരിമിതികളും വസ്ത്രമേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. മന്ദഗതിയിലുള്ള ആധുനികവൽക്കരണം, കടുത്ത മത്സരം, കുറഞ്ഞ ഉൽപ്പാദനക്ഷമത, ഭരണച്ചെലവിലും ഉൽപ്പാദനച്ചെലവിലുമുള്ള വർദ്ധനവ്, ലാഭശതമാനത്തിലുള്ള കുറവ്, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവയും കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ ആശങ്കപ്പെടുത്തുന്ന വിഷയങ്ങളാണ്. കേരളത്തിൽ, നൂൽനൂൽപ്പ്, നെയ്ത്ത് എന്നിവ കൈകാര്യം ചെയ്യുന്ന മില്ലുകൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിലും, ഉത്പന്നങ്ങളുടെ വിതരണത്തിലും പ്രശ്നങ്ങൾ നേരിടുന്നു. തുണി സംസ്കരണ സൗകര്യങ്ങളുടെ അഭാവവും കേരളത്തിലെ തുണി വ്യവസായ മേഖല നേരിടുന്ന മറ്റൊരു ഒരു പ്രശ്നമാണ്. ഇത്തരം ഗൗരവതരമായ തടസ്സങ്ങൾ നിലനിൽക്കുമ്പോഴും, ഹാൻഡ്ലൂം മേഖലയ്ക്ക് ഭാവിയിൽ വൻ സാധ്യതകളാണ് കാണുന്നത്, പ്രത്യേകിച്ച് ആഗോള വിപണിയിലെ അതിന്റെ അതുല്യമായ സ്ഥാനം വളരെ വലുതാണ്. ഇന്ത്യയിലും കേരളത്തിലും, കേരള കസവ് പോലുള്ള ഉൽപ്പന്നങ്ങളുടെ ആഴത്തിലുള്ള സാംസ്കാരികവും പൈതൃകവുമായ മൂല്യം അതിന് ഒരു ഉയർന്ന സ്ഥാനം കല്പ്പിക്കപ്പെടുന്നു. പൊതുവെ, വ്യാവസായിക വസ്ത്ര ഉൽപ്പാദനത്തേക്കാൾ വളരെ കുറഞ്ഞ പരിസ്ഥിതി ആഘാതം മാത്രമേ കൈത്തറിക്കുള്ളൂ എന്നതുകൊണ്ടുതന്നെ, സുസ്ഥിരതയിലേക്കും പരിസ്ഥിതിക്ക് ദോഷം വരാതേയും, തൊഴിലാളികളുടെ അവകാശം സംരക്ഷിച്ചുകൊണ്ടുള്ളതും മൃഗക്ഷേമത്തിനു പ്രാധാന്യം നൽകുന്നതുമായ നൈതിക ഫാഷനിലേക്കുള്ള ആഗോള പ്രവണതയുമായി കൈത്തറി വസ്ത്രങ്ങൾ പൂർണ്ണമായും ഒത്തുചേർന്ന് പോകുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. കൈത്തറിയുടെ ഈ നൈതിക ഘടകം കൂടുതൽ വിവേചനബുദ്ധിയുള്ള അന്താരാഷ്ട്ര ഉപഭോക്താക്കളെ ആകർഷിക്കുന്ന തരത്തിലുള്ളതുമാണ്. ഗ്രാമീണ മേഖലകളിൽ വൻതോതിൽ തൊഴിൽ സൃഷ്ടിക്കാനുള്ള കഴിവും, ഇന്ത്യ ഹാൻഡ്ലൂം ബ്രാൻഡ് പോലുള്ള സർട്ടിഫിക്കേഷനുകൾ മുഖേന അതുല്യവും ഉയർന്ന ഗുണനിലവാരവും കലർപ്പില്ലാത്തതുമായ യഥാർത്ഥ ഉൽപ്പന്നങ്ങൾക്ക് ആവശ്യകതയുള്ള വിപണികളിലേക്കുള്ള കയറ്റുമതി അവസരങ്ങളുടെ വികസനവും, ഈ മേഖലയിലെ വളർച്ചാ സാധ്യതയെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

**മുന്നോട്ടുള്ള വഴി**

കേരളത്തിനകത്തു തന്നെ കൈത്തറി വസ്ത്രങ്ങൾക്ക് വലിയൊരു വിപണിയുണ്ട്. മൂല്യ ശൃംഖലയിലെ വിവിധ വിഭാഗങ്ങളിൽ (നൂൽ നൂൽക്കുന്നത് മുതൽ വസ്ത്രങ്ങൾ നെയ്യുന്നതു വരെ) ഒരു പ്രധാന ശക്തിയായി ഉയർന്നുവരാൻ സംസ്ഥാനത്തെ വസ്ത്ര നിർമ്മാണ

മേഖലയ്ക്ക് നല്ല സാധ്യതയുണ്ട്. തുണിത്തരങ്ങൾ, ബെഡ് ലിനൻ, ടോയ്ലറ്റ്, ആന്റ് കിച്ചൺ ലിനൻ, ടവലുകൾ, കർട്ടനുകൾ, തലയണകൾ, പാഡുകൾ, അപ്ഹോൾസ്റ്ററി, പരവതാനികൾ, ഫ്ലോർ കവറുകൾ, എംബ്രോയ്ഡറി ചെയ്ത തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ ഈ മേഖലയിൽ ധാരാളം അവസരങ്ങളുണ്ട്. കേരളത്തിലെ യുവാക്കളെയും വിദ്യാസമ്പന്നരെയും സംരംഭകരെന്ന നിലയിലോ തൊഴിലാളികളെന്ന നിലയിലോ ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള വഴികൾ ടെക്സ്റ്റൈൽ മേഖല കണ്ടെത്തേണ്ടതുണ്ട്. നൂതനമായ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിലൂടെ, കരവിരുതും, വിഭിന്നവും അതോടൊപ്പം സുസ്ഥിരതയുമുള്ള ഉത്പന്നങ്ങൾക്ക് വിലമതിക്കുന്ന യുവ ഉപഭോക്താക്കളെ ആകർഷിക്കാൻ ഈ മേഖലയ്ക്ക് കഴിയും. വിപണിയിൽ ഒരു പേര് സ്ഥാപിച്ചെടുക്കുന്നതിനും (ബ്രാൻഡിഗിനും) ധനകാര്യത്തിനുമുള്ള വഴികളും ഈ മേഖല ശ്രദ്ധ നല്കേണ്ടുന്ന വിഷയങ്ങളാണ്. കൈത്തറി ക്ലസ്റ്ററുകളുടെ രൂപീകരണത്തിൽ കൂടുതൽ മുൻഗണനയും പരിഗണനയും നൽകേണ്ടിവരും, അത് ഉൽപ്പാദനക്ഷമതയും വിപണിയും വർദ്ധിപ്പിക്കും. കൈത്തറി ഉൽപന്നങ്ങളുടെ ആധികാരികത സംരക്ഷിക്കുന്ന ഭൗമസൂചിക (ജി. ഐ ടാഗുകൾ) നൽകുന്നതിന് ശ്രദ്ധ നൽകേണ്ടത് ഈ മേഖലയിൽ അനിവാര്യമാണ്.

കൈത്തറി മേഖലയുടെ സാധ്യതയും യാഥാർത്ഥ്യവും തമ്മിലുള്ള വിടവ് നികത്തുന്നതിന്, ആധുനികവൽക്കരണത്തിലും ശാക്തീകരണത്തിലും ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് ഒരു തന്ത്രപരമായ മാർഗം ആവശ്യമാണ്. ഒന്നാമതായി, നെയ്ത്തുകാർക്ക് സാമ്പത്തിക സ്ഥിരത വളരെ നിർണായകമാണ്, ലളിതമായ വായ്പാ ലഭ്യത (വീവർ മുദ്ര പദ്ധതി പോലെയുള്ളവ), സ്ഥിരതയുള്ള വേതന സംവിധാനങ്ങൾ, തലമുറകളുടെ കഴിവുകൾ നിലനിർത്തുന്നതിനായുള്ള ശക്തമായ സാമൂഹിക സുരക്ഷാ പദ്ധതികൾ എന്നിവ ആവശ്യമാണ്. രണ്ടാമതായി, ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലേക്കുള്ള പൂർണ്ണമായ സംയോജനവും അനുകരണത്തെ ചെറുക്കുന്നതിന് ആധികാരിക സർട്ടിഫിക്കേഷനുകൾ നല്കുന്നതിലുള്ള ശക്തമായ ഊന്നൽ എന്നിവ ഉൾപ്പെടെ ശക്തമായ മാർക്കറ്റിംഗ്, ബ്രാൻഡിംഗ് മികവ് എന്നിവ ഈ മേഖലയിൽ ആവശ്യമാണ്. അവസാനമായി, സ്ഥാപന പരിഷ്കാരങ്ങൾ നൈപുണ്യ നവീകരണത്തെ പിന്തുണയ്ക്കുന്ന തരത്തിലുള്ളതായിരിക്കണം എന്ന് നിഷ്കർഷിച്ചുകൊണ്ടും, ഉൽപ്പന്നങ്ങൾ പ്രസക്തമായി തുടരുന്നുവെന്ന് ഉറപ്പാക്കുന്ന തരത്തിൽ സമകാലിക ഡിസൈനർമാരുമായി സഹകരണം വളർത്തിയെടുത്തുകൊണ്ടും, ശക്തിപ്പെടുത്തിയ ക്ലസ്റ്ററുകൾക്ക് ആവശ്യമായ പരസ്പരം ഉപയോഗിക്കത്തക്ക രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങളും സാങ്കേതികവിദ്യയും നൽകുന്നു എന്ന് ഉറപ്പാക്കികൊണ്ടും മാത്രമേ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പരമ്പരാഗത കരകൗശലത്തെ സാമ്പത്തികമായി ലാഭകരമാക്കുന്നതിന് സാധിക്കുകയുള്ളൂ.

## ഖാദി ഗ്രാമ വ്യവസായ മേഖല

### ഇന്ത്യയിലെ ഖാദി ഗ്രാമ വ്യവസായ മേഖല

വളരെ കുറഞ്ഞ മൂലധന നിക്ഷേപത്തിൽ ഗ്രാമീണ തൊഴിലാളികൾക്ക് തൊഴിൽ സൃഷ്ടിക്കാൻ ഖാദി, ഗ്രാമവ്യവസായങ്ങൾക്ക് സാധ്യമാണ്. നൈപുണ്യം മെച്ചപ്പെടുത്തൽ, സാങ്കേതികവിദ്യ സാർവത്രികമാക്കൽ, ഗവേഷണം, വികസനം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങൾ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെവിഐസി) ഏറ്റെടുക്കുന്നു. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെവിഐസി) ശൃംഖലയിൽ രാജ്യത്തുടനീളമുള്ള 2,981 ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടുന്നു, ഇവ 4.99 ലക്ഷം ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നു, അതിൽ 80 ശതമാനം ജീവനക്കാരും സ്ത്രീകളാണ്. ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലൂടെയുള്ള (പോളി വസ്ത്രവും സോളാർ വസ്ത്രവും ഉൾപ്പെടെ) ഉത്പാദനം 2023-24ൽ 1,08,297.91 കോടി രൂപയായിരുന്നത് 2024-25ൽ 1,17,542.78(എസ്റ്റിമേറ്റ് തുക) കോടി രൂപയായി വർദ്ധിച്ചു, അതിൽത്തന്നെ ഖാദി ഉത്പാദനം മാത്രം 3,686.90 കോടി രൂപയാണ്. അതുപോലെ, ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന 2023-24 ൽ 1,55,673.13 കോടി രൂപയിൽ നിന്ന് 2024-25 ൽ 1,67,602.77(എസ്റ്റിമേറ്റ് തുക) കോടി രൂപയായി ഉയർന്നു. ഖാദി, ഗ്രാമവ്യവസായ മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ 2023-24 ലെ 1.87 കോടിയിൽ നിന്ന് 2024-25ൽ 1.96 കോടിയായി ഉയർന്നു (അവലംബം : 2024-25 വാർഷിക റിപ്പോർട്ട്, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രാലയം, ഭാരത സർക്കാർ). ഇന്ത്യയിൽ കഴിഞ്ഞ അഞ്ച് വർഷമായിട്ടുള്ള ഖാദി, ഗ്രാമവ്യവസായങ്ങളിലൂടെയുള്ള ഉത്പാദനത്തിന്റേയും, വിൽപ്പനയുടെയും, തൊഴിലാളികളുടെയും വിശദാംശങ്ങൾ എന്നിവ **പട്ടിക 4.6.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.6.2** ഇന്ത്യയിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉൽപാദനം, വിൽപ്പന, തൊഴിലാളികൾ 2020-21 - 2024-25

| വർഷം | ഉൽപ്പാദനം (രൂപ കോടിയിൽ) | വിൽപ്പന (രൂപ കോടിയിൽ) | തൊഴിലാളികൾ (എണ്ണം കോടിയിൽ) |
|---|---|---|---|
| 2020-21 | 72,235.15 | 95,741.36 | 1.59 |
| 2021-22 | 84,289.93 | 1,15,415.23 | 1.67 |
| 2022-23 | 95,956.67 | 1,34,629.5 | 1.77 |
| 2023-24 | 1,08,297.68 | 1,55,673.1 | 1.87 |
| 2024-25 | 1,17,542.78 | 1,67,602.77 | 1.96 |

**അവലംബം:** വാർഷിക റിപ്പോർട്ട് 2024-25 എം.സ്.എം.ഇ മന്ത്രാലയം, ഭാരത സർക്കാർ

### കേരളത്തിലെ ഖാദിഗ്രാമ വ്യവസായ മേഖല

2024-25-ൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ (കെവിഐ) മേഖലയിലൂടെ 55,682 തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമായി. അതിൽ 12,201 പേർ ഖാദി മേഖലയിൽ നിന്നും 43,481 പേർ ഗ്രാമ വ്യവസായങ്ങളിൽ നിന്നുമാണ്. ഖാദി മേഖലയിൽ നിന്നുള്ള ഉത്പാദനം 3,251.90 ലക്ഷം

**പട്ടിക 4.6.3** 2023–24, 2024–25 വർഷങ്ങളിൽ കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായങ്ങളിലെ ഉത്പാദനം, വിൽപ്പന, തൊഴിലാളികളുടെ എണ്ണം

| മേഖല/ഉപമേഖല | ഉൽപ്പാദന മൂല്യം (രൂപ കോടിയിൽ ) | | വിൽപ്പന മൂല്യം (രൂപ കോടിയിൽ) | | തൊഴിൽ (എണ്ണത്തിൽ) | |
|---|---|---|---|---|---|---|
| | 2023-24 | 2024-25 | 2023-24 | 2024-25 | 2023-24 | 2024-25 |
| ഖാദി മേഖല | 30.75 | 32.52 | 74.59 | 82.02 | 12,201 | 12,201 |
| ഗ്രാമ വ്യവസായ മേഖല | 156.34 | 156.60 | 166.09 | 166.80 | 43,487 | 43,481 |
| **ആകെ** | **187.09** | **189.12** | **240.68** | **248.82** | **55,688** | **55682** |

**അവലംബം** :ഖാദി ഗ്രാമ വ്യവസായ ബോർഡ്

രൂപയും, ഗ്രാമ വ്യവസായങ്ങളിൽ നിന്നുള്ളത് 15,660 ലക്ഷം രൂപയുമാണ്. മൊത്തം ഖാദി വിൽപ്പന 8,201.5 ലക്ഷം രൂപയും, ഗ്രാമ വ്യവസായങ്ങളിൽ നിന്നുള്ള വിൽപ്പന 16,609 ലക്ഷം രൂപയുമാണ്. വിശദാംശങ്ങൾ **പട്ടിക 4.6.3**–ലും **അനുബന്ധം 4.6.14**–ലും നൽകിയിരിക്കുന്നു.

**പട്ടിക 4. 6.4.** കേരളത്തിലെ ഖാദി, ഗ്രാമവ്യവസായ മേഖലയുടെ പദ്ധതി വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | വിഹിതം | ചെലവ് | ചെലവ് (ശതമാനത്തിൽ) |
|---|---|---|---|
| 2022-23 | 1610 | 860.77 | 53.46 |
| 2023-24 | 1610 | 728.41 | 45.24 |
| 2024-25 | 1480 | 985.71 | 66.60 |

**അവലംബം** – പ്ലാൻ സ്പേസ് കേരള

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് (കെകെവിഐബി), കെകെവിഐബി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം), കെവിഐസി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം) എന്നിവ ഉൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ ഖാദി ഉൽപ്പാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിട്ടുണ്ട്. 2020–21 മുതൽ 2024–25 വരെയുള്ള കെ.കെ.വി.ഐ.ബി & കെ.വി.ഐ.സി.ക്ക് കീഴിലുള്ള ഈ സ്ഥാപനങ്ങളുടെ ഉത്പാദനം, വിൽപ്പന, തൊഴിൽ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 4.6.15**–ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ 3 വർഷത്തെ ഈ മേഖലയുടെ സംസ്ഥാന പദ്ധതി വിഹിതവും ചെലവും **പട്ടിക 4.6.4** ൽ നൽകിയിരിക്കുന്നു.

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി)**
വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഒരു നിയമാനുസൃത സ്ഥാപനമാണ് കെകെവിഐബി. കേരളത്തിൽ ഖാദി, ഗ്രാമ വ്യവസായങ്ങൾ സംഘടിപ്പിക്കുകയും വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് കെകെവിഐബിയുടെ പ്രധാന ചുമതല. പ്രത്യേക തൊഴിൽ ജനറേഷൻ പ്രോഗ്രാം (എസ്ഇജിപി) (എന്റെ ഗ്രാമം), കെവിഐസിയുടെ പ്രധാനമന്ത്രിയുടെ തൊഴിൽ ജനറേഷൻ പ്രോഗ്രാം (പിഎംഇജിപി), ഗ്രാമീണ തൊഴിൽ ജനറേഷൻ പ്രോഗ്രാം (ആർഇജിപി) എന്നിവ കെകെവിഐബി നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു. 2024–25 ൽ എസ്ഇജിപി & പിഎംഇജിപി ഗ്രാമ വ്യവസായ പരിപാടികൾ വഴി ഖാദി ഗ്രാമ വ്യവസായ ബോർഡ് 1,539 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.16** ലും **അനുബന്ധം 4.6.17** ലും നൽകിയിരിക്കുന്നു. ഖാദി ഗ്രാമ വ്യവസായ ബോർഡിന് 2023–24, 2024–25 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും **പട്ടിക 4.6.5**ൽ ചേർത്തിരിക്കുന്നു.

**പ്രത്യേക തൊഴിൽ ദാന പദ്ധതി**
പദ്ധതി വിലയിരുത്തലിന്റെയും വ്യവസായ വാണിജ്യ വകുപ്പിന്റെ അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബാങ്ക് ലിങ്ക്ഡ് പ്രോജക്ടുകൾ വഴി ചെറുകിട സംരംഭകർക്കും പരമ്പരാഗത ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്കും മാർജിൻ മണി സബ്സിഡി നൽകുന്ന പദ്ധതിയാണിത്. മാർജിൻ മണി ആയി നൽകുന്ന പരമാവധി സഹായം പദ്ധതി ചെലവിന്റെ 40 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പൊതുവിഭാഗത്തിന്

**പട്ടിക 4.6.5** 2023–24,2024–25 വർഷങ്ങളിൽ വിവിധ തലങ്ങളിൽ നിന്നു ലഭിച്ച വിഹിതവും അതിന്റെ ചെലവും (രൂപ ലക്ഷത്തിൽ)

| ഇനങ്ങൾ | 2023-24 | | 2024-25 | |
|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| **സംസ്ഥാന സർക്കാർ – പദ്ധതി**<br>1. പദ്ധതി (ബജറ്റ് വകയിരുത്തൽ) | 784.67 | 755.4 | 985.71 | 985.71 |
| 2. വരുമാന പിന്തുണ പദ്ധതി (ഡിഐസി മുഖേന ലഭിക്കുന്ന ഫണ്ട്) | 3,680.79 | 3,680.79 | 3,500 | 3,500 |
| **സംസ്ഥാന സർക്കാർ – പദ്ധതിയിതരം** | 4,800.20 | 4,853.06 | 5,996.20 | 5,827.48 |
| 1.പദ്ധതിയിതരം – പ്രത്യേക റിബേറ്റ് | 570 | 570 | 1500 | 1500 |
| **കെവിഐസി ഗ്രാന്റ്**<br>1.പിഎംഇജിപി – മാർജിൻ മണി | 1,336.31 | 1,336.31 | 1,058.34 | 1,058.34 |
| 2. പിഎംഇജിപിയുടെ ജില്ലാ അവബോധ ക്യാമ്പുകൾക്കും ജില്ലാ തല പ്രദർശനങ്ങൾക്കും അനുവദിക്കുന്ന ഗ്രാന്റ്. | 2.55 | 2.55 | 1.44 | 1.44 |

**ഉറവിടം:** ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ

പദ്ധതിച്ചെലവിന്റെ 25 ശതമാനം സബ്സിഡി ലഭിക്കും, വനിതകൾക്കും ഒബിസി വിഭാഗത്തിനും 30 ശതമാനവും എസ്‌സി/എസ്ടി/ കോവിഡ് 19 മഹാമാരി മൂലം തൊഴിൽനഷ്ടപ്പെട്ട പ്രവാസികൾ എന്നീ വിഭാഗങ്ങൾക്ക് 40 ശതമാനവും ലഭിക്കും. കൂടാതെ, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായവും മാർക്കറ്റിംഗ് സഹായവും നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഓരോ 3 ലക്ഷം രൂപയുടെ മൂലധന ചെലവിലും കുറഞ്ഞത് ഒരാൾക്ക് തൊഴിൽ ലഭ്യമാകണം. സംരംഭം ആരംഭിച്ച് 2 വർഷം വിജയകരമായി നടത്തുകയും പദ്ധതി വ്യവസ്ഥകൾ പാലിച്ച് ലോക്ക്-ഇൻ-പിരീഡ് പൂർത്തിയാക്കുകയും ചെയ്യുന്നവർക്ക് ഗ്രാമ-നഗര പ്രദേശങ്ങൾ എന്ന വ്യത്യാസമില്ലാതെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് 25% മുതൽ 40% വരെ സബ്സിഡി നൽകുന്നു. 2024-25 ൽ, SEGP-യിലൂടെ 416 ഗ്രാമ വ്യവസായങ്ങൾ സൃഷ്ടിച്ചു. ഇതിന്റെ മൊത്തം പദ്ധതി ചെലവ് 13.05 കോടി രൂപയായിരുന്നു, ഇതിലൂടെ 515 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 2024-25 ലെ SEGP പ്രകാരമുള്ള നേട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.16** ൽ നൽകിയിരിക്കുന്നു.

**പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി)**

ഗ്രാമീണ, നഗര മേഖലകളിൽ ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ലക്ഷ്യമിട്ടുകൊണ്ടുള്ള വായ്പാബന്ധിത സബ്സിഡി പരിപാടിയാണ് പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (പിഎംഇജിപി). രാജ്യത്തെ ഒരു വലിയ വിഭാഗം പാരമ്പര്യ ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾ, ഗ്രാമീണ, നഗര മേഖലയിലെ തൊഴിൽ രഹിതരായ യുവാക്കൾ എന്നിവർക്ക് സ്ഥിരമായ തൊഴിൽ പ്രദാനം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ചെറുകിട മേഖലകളിലേക്ക് കൂടുതലായി വായ്പകൾ അനുവദിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. ഇതിലൂടെ ചെറുകിട സംരംഭങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് സർക്കാർ സബ്സിഡി ലഭ്യമാക്കുന്നത്. ഖാദി, ഗ്രാമ വ്യവസായ ബോർഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ പദ്ധതിയിൽ അധിക വേതനമായും തുക വകയിരുത്തുന്നു. 2024-25 ൽ, പ്രധാനമന്ത്രിയുടെ തൊഴിൽ ജനറേഷൻ പ്രോഗ്രാം (PMEGP) വഴി, 34.78 കോടി രൂപയുടെ മൊത്തം പദ്ധതി ചെലവിൽ 294 യൂണിറ്റുകൾ സ്ഥാപിക്കുകയും 1024 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. മാർജിൻ മണിയായി 10.58 കോടി രൂപ അനുവദിച്ചു. വിശദാംശങ്ങൾ **അനുബന്ധം 4.6.17** ൽ നൽകിയിരിക്കുന്നു.

**വിപണനം**

2024-25 ൽ കെകെവിഐബിക്ക് ഖാദി, ഗ്രാമീണ ഉൽപ്പന്നങ്ങൾക്കായി 187 വകുപ്പുതല വിൽപ്പന ഔട്ട്‌ലെറ്റുകൾ ഉണ്ടായിരുന്നു. ഇതിലൂടെ 59.85 കോടി രൂപയുടെ വരുമാനം നേടി. 2023-24, 2024-25 വർഷങ്ങളിലെ കെകെവിഐ ബോർഡിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റൽ സെയിൽസ് ഔട്ട്‌ലെറ്റുകളുടെയും വിൽപ്പനയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.18**-ൽ നൽകിയിരിക്കുന്നു. 2024-25 ലെ ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളും സംബന്ധിക്കുന്ന വിശദാംശങ്ങൾ **ചിത്രം 4.6.1**-ൽ നൽകിയിരിക്കുന്നു.

**കെ.കെ.വി.ഐ.ബിയുടെ മറ്റ് പ്രവർത്തനങ്ങൾ**

- വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനായി ഖാദി ബോർഡിന്റെ വകുപ്പുതല സ്ഥാപനങ്ങൾക്കും ഖാദി സ്ഥാപനങ്ങൾക്കും 15 കോടി രൂപ റിബേറ്റ് നൽകി.
- വരുമാന പിന്തുണാ പദ്ധതി പ്രകാരം ഖാദി മേഖലയിലെ 12,500 നൂൽനൂൽപ്പുകാർക്കും നെയ്ത്തുകാർക്കും 35 കോടി രൂപ വിതരണം ചെയ്തു.
- ഖാദി തൊഴിലാളികൾക്ക് ഉത്സവബത്തയായി 5.60 കോടി രൂപ വിതരണം ചെയ്തു.

**ചിത്രം 4.6.1** 2024-25 ലെ ജില്ലതിരിച്ചുള്ള വില്പന ലക്ഷ്യങ്ങളും നേട്ടങ്ങളും സംബന്ധിക്കുന്ന വിശദാംശങ്ങൾ (തുക ലക്ഷം രൂപയിൽ)




**ഉറവിടം**: ഖാദി, ഗ്രാമവ്യവസായ ബോർഡ്, കേരള സർക്കാർ

### കേരളത്തിലെ ഖാദി, ഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

വിപണന രീതികളിലെയും ബ്രാൻഡിംഗിലെയും പോരായ്മകൾ കാരണം ഉപഭോക്താക്കളെ ആകർഷിക്കുന്നതിൽ ഖാദി ഉൽപ്പന്നങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു, ഓൺലൈനിലും ഓഫ്‌ലൈനിലും വിൽപ്പന കുറയാൻ ഇത് കാരണമാകുന്നു. കെവിഐസി നിന്ന് ഉൽപ്പാദകർക്ക് ഖാദി സർട്ടിഫിക്കേഷനും, ഉൽപ്പന്ന വിൽപ്പനയിൽ കിഴിവും ലഭിക്കുന്നതിന് ചില മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. കൂടുതൽ വിപണികളിലേയ്ക്ക് ഖാദി ഉൽപ്പന്നങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതയെ ഇത് പരിമിതപ്പെടുത്തുന്നു. മാറിക്കൊണ്ടിരിക്കുന്ന ഉപഭോക്തൃ താല്പര്യങ്ങൾക്കനുസരിച്ച് വിപണന പ്രവണതകളുടെ വ്യതിയാനങ്ങളോട് കിടപിടിക്കുവാൻ ഖാദി സ്ഥാപനങ്ങൾ (KIs) സജ്ജമല്ല, നൂതനാശയങ്ങളുടെ അഭാവമാണ് മറ്റൊരു വെല്ലുവിളി. ഖാദി ഉല്പന്നങ്ങളുടെ ആവശ്യകതയിൽ കാലോചിതമായ മാറ്റങ്ങളാണ് അനുഭവപ്പെടുന്നത്. കാലാവസ്ഥ, ആഘോഷവേളകൾ, ഫാഷൻ ട്രെൻഡുകൾ തുടങ്ങിയ വിവിധ ഘടകങ്ങൾ കാരണം വർഷത്തിലെ പ്രത്യേക സമയങ്ങളിൽ ചില ഉൽപ്പന്നങ്ങൾ കൂടുതൽ ജനപ്രിയമാകുന്നതിനാൽ, ഖാദി ഉൽപ്പന്നങ്ങൾക്ക് സീസണൽ ഡിമാൻഡിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നു. ഖാദി ഗ്രാമ വ്യവസായ തൊഴിലാളികൾക്ക് ലഭിക്കുന്ന കുറഞ്ഞ വേതനം ഒരു പ്രധാന പ്രശ്നമാണ്. ഈ മേഖല തിരഞ്ഞെടുക്കുവാനുള്ള യുവ തലമുറയുടെ വൈമനസ്യവും ഒരു വെല്ലുവിളിയാണ്.

### മുന്നോട്ടുള്ള വഴി

ഖാദി സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണാധികാരവും മത്സരക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണയും നല്കുന്നതിലൂടെ മേഖല നേരിടുന്ന ചില വെല്ലുവിളികളെ നേരിടാൻ സഹായിക്കും. കൂടാതെ, ഖാദി ഗ്രാമ വ്യവസായ തൊഴിലാളികളെ സഹകരണ സ്ഥാപനങ്ങളിലൂടെയോ ഉത്പാദക കമ്പനികളിലൂടെയോ ശാക്തീകരിക്കുന്നതിലൂടെ ന്യായമായ വേതനം ഉറപ്പുനൽകാനും അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വിപണി മൂല്യം ഉറപ്പാക്കുവാനും കഴിയും. ഉൽപന്ന വികസനത്തിലെ നൂതന ആശയങ്ങളും ഉൽപന്നങ്ങളുടെ മെച്ചപ്പെട്ട വിപണനവും ഏതൊരു വ്യവസായത്തിലും അനിവാര്യമാണ്. ഒരു പരമ്പരാഗത വ്യവസായമായതിനാൽ ഖാദി മേഖല പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ സഹായത്തെയാണ്. എന്നിരുന്നാലും, ഈ മേഖലയെ സ്വയം പര്യാപ്തമാക്കുകയും മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക അന്തരീക്ഷത്തിന് പൊരുത്തപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ മേഖലയിലെ വ്യവസായങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ, സുസ്ഥിര പരമ്പരാഗത വ്യവസായ മേഖലയിൽ സംസ്ഥാനത്തിന് ആഗോള തലത്തിൽ പ്രാമുഖ്യം നേടുവനാകും. നൂതനമായ ആശയങ്ങളിലൂടെയും സംരംഭങ്ങളിലൂടെയും കേരളത്തിലെ യുവാക്കൾക്ക് ഖാദിയുടെ വളർച്ചയ്ക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയുന്നതാണ്. സർക്കാരിന്റെയും ദേശീയ സ്ഥാപനങ്ങളുടെയും മികച്ച പിന്തുണയോടെ, ഈ മേഖലയിൽ സംരംഭകത്വത്തിനുള്ള സാദ്ധ്യതകൾ വളരെയേറെയാണ്. കേരളത്തിലെ ഖാദി മേഖലയ്ക്ക് വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും ഈ പരമ്പരാഗത വ്യവസായത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനുമുള്ള ബഹുമുഖ സമീപനത്തിന് കൂടുതൽ ആക്കം ആവശ്യമാണ്. ഇന്നത്തെ വെല്ലുവിളികളെ നേരിടാൻ, ഖാദി സ്ഥാപനങ്ങൾ അവരുടെ പ്രൊഫഷണൽ മാനേജ്മെന്റും കഴിവും വർദ്ധിപ്പിക്കേണ്ടതുണ്ട്. ജനങ്ങൾക്കിടയിൽ പ്രചാരണം സൃഷ്ടിക്കുന്നതിന് സോഷ്യൽ മീഡിയ പ്ലാറ്റ്‌ഫോം ഉപയോഗിക്കുന്നത് ഉൾപ്പെടെയുള്ള മാർക്കറ്റിംഗ് തന്ത്രങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് ഈ മേഖലയുടെ മുന്നോട്ടുള്ള പാതയ്ക്ക് തുടക്കം കുറിക്കാൻ കഴിയും.

## കയർ വ്യവസായം

### ഇന്ത്യയിലെ കയർ വ്യവസായം

മൊത്ത മൂല്യവർദ്ധനവിലും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, വിദേശവാണിജ്യവരുമാനം നേടുന്നതിനും കയർവ്യവസായം സുപ്രധാന പങ്കുവഹിച്ചുവരുന്നു. ഏകദേശം 7.4 ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്ന, ഈ വ്യവസായത്തിൽ 80 ശതമാനവും സ്ത്രീകളാണ്. (ഉറവിടം: എംഎസ്എംഇ–വാർഷിക റിപ്പോർട്ട്–2024–25). കേരളം, തമിഴ്‌നാട്, ആന്ധ്രാപ്രദേശ്, കർണാടക, മഹാരാഷ്ട്ര, ഗോവ, ഒഡീഷ, അസം, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ്, പുതുച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളിലാണ് കയർ വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. കയർ നാരുകളുടെ ഉത്പാദനം 2023–24 ലെ 7,96,300 എം.ടിയിൽ നിന്ന് 2024–25 ൽ 8,01,300 എം.ടിയായി വർദ്ധിച്ചു. ഇന്ത്യയിൽ നിന്നും 2024–25–ൽ (2025 മാർച്ച് വരെ) 4343.45 കോടി രൂപയുടെ കയർ–കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു. നൂറിലധികം രാജ്യങ്ങളിലേക്കാണ് ഇന്ത്യ കയർ കയറ്റുമതി ചെയ്യുന്നത്. ചകിരിച്ചോറ്, കയർ നാരുകൾ, ടഫ്റ്റഡ് മാറ്റുകൾ, കൈത്തറി മാറ്റുകൾ, ജിയോ ടെക്സ്റ്റൈൽസ്, കയർ, ചുരുണ്ട കയർ, കൈത്തറി മാറ്റിംഗ്, റബ്ബറൈസ്ഡ് കയർ എന്നിവ ഉൾപ്പെടുന്ന ഏകദേശം 14 കയർ ഉൽപ്പന്നങ്ങൾ ഇന്ത്യ നിലവിൽ കയറ്റുമതി ചെയ്യുന്നു (ഉറവിടം: കയർ ബോർഡ്).

### കേരളത്തിലെ കയർ വ്യവസായം

ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആസ്ഥാനമാണ് കേരളം, പ്രത്യേകിച്ച് വെളുത്ത ചകിരി നാരുകളുടെ (വൈറ്റ് ഫൈബർ) ഉൽപാദനത്തിൽ. നാളികേര ഉൽപാദനത്തിന്റെ 61 ശതമാനവും, കയർ ഉൽപന്നങ്ങളുടെ 85 ശതമാനവും കേരളത്തിലാണ് നടക്കുന്നത്. ഒരു ലക്ഷത്തോളം കയർ തൊഴിലാളികൾ നേരിട്ടും അല്ലാതെയും ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന കേരളത്തിലെ ഏറ്റവും പ്രമുഖമായ പരമ്പരാഗത വ്യവസായമാണ് കയർ മേഖല. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ (കെസിഡബ്ല്യുഡബ്ല്യുഎഫ്) ഏകദേശം 88,000 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്, ഇതിൽ 80 ശതമാനവും സ്ത്രീകളാണ്. കയർ വ്യവസായത്തിലെ പ്രക്രിയകളെ മൂന്ന് ഘട്ടങ്ങളായി തരം തിരിക്കാവുന്നതാണ്– നാരു വേർതിരിച്ചെടുക്കൽ, സ്പിന്നിംഗ്, ഉത്പാദനം. നാരു വേർതിരിച്ചെടുക്കൽ, സ്പിന്നിംഗ് എന്നീ വിഭാഗങ്ങൾ കൂടുതലും കേന്ദ്രീകരിച്ചിരിക്കുന്നത് സഹകരണ മേഖലയിലാണ്, അതേസമയം ഉൽപാദന വിഭാഗം ഫാക്ടറി മാതൃകയിൽ ആണ് പ്രവർത്തിക്കുന്നത്. ഇതിൽ നിരവധി കയറ്റുമതിക്കാരും ഉൾപ്പെടുന്നു

**ചിത്രം 4.6.2** കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയ കയർ, കയർ ഉൽപന്നങ്ങളുടെ കയറ്റുമതി, രൂപ ലക്ഷത്തിൽ




**അവലംബം** - കയർ വികസന ഡയറക്ടറേറ്റ്, കേരള സർക്കാർ

കയറ്റുമതി വരുമാനം ലഭ്യമാക്കുന്നതിൽ കേരളത്തിലെ കയർ മേഖലയുടെ പങ്ക് ശ്രദ്ധേയമാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും, സ്വകാര്യ സംരംഭകരും കേരളത്തിൽ കയർ, കയർ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്നു. കേരളത്തിൽ കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും കയർഫെഡിനൊപ്പം കയർ ഉൽപന്നങ്ങളുടെ കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നു. 2021–22ൽ 1731.66 ലക്ഷം രൂപയായിരുന്ന കയറ്റുമതി 2022–23ൽ 1640.00 ലക്ഷം രൂപയായും 2023–24ൽ 1,005.32 ലക്ഷം രൂപയായും കുറഞ്ഞു. എന്നിരുന്നാലും, 2024–25 ൽ കയറ്റുമതി 1,287.79 ലക്ഷം രൂപയായി വർദ്ധിച്ചു. ആഗോള സമ്പദ്‌വ്യവസ്ഥയിലുണ്ടായ അനുകൂല മാറ്റങ്ങളും ഈ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാർ ശ്രമങ്ങളും കാരണം 2024–25 ൽ കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടായി. വിശദാംശങ്ങൾ **ചിത്രം 4.6.2, അനുബന്ധം 4.6.19** എന്നിവയിൽ നൽകിയിരിക്കുന്നു.

### കയർ മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും നേട്ടങ്ങൾ

കേരളത്തിൽ, കയർ വ്യവസായത്തിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കയർ വികസന ഡയറക്ടറേറ്റാണ് (ഡിസിഡി). പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയ്ക്കായി വാർഷിക പദ്ധതികളിലൂടെ 636.19 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. 628.19 കോടി രൂപയായിരുന്നു ചെലവ് (98.74 ശതമാനം). കൂടാതെ, കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി നടക്കുന്നതിനായി, അവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ആധുനികവൽക്കരണത്തിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2024–25 ൽ ഈ മേഖലയുടെ പദ്ധതിവിഹിതം 107.64 കോടി രൂപയായിരുന്നു. ഇതിൽ ചെലവാക്കിയത് 71.55 കോടി രൂപയാണ് (66.5 ശതമാനം). വിശദാംശങ്ങൾ **പട്ടിക 4.6.6** ൽ നൽകിയിരിക്കുന്നു.

'കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന' കയർ മേഖലയിൽ സമഗ്രമായ പുനരുജ്ജീവനവും പരിവർത്തനപരമായ മാറ്റവുമാണ് ഈ പാക്കേജ് നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വച്ചത്. സമീപ വർഷങ്ങളിൽ കയർ മേഖലയിൽ ഉണ്ടായ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നാണിത്. സംസ്ഥാന, എൻ.സി.ഡി.സി ഫണ്ടുകൾ ഈ പാക്കേജിൽ ഒരേ സമയം കയർ മേഖലയെ യന്ത്രവൽക്കരിക്കാനും തൊഴിലാളികളുടെ വേതനം സംരക്ഷിക്കാനും ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നു. പാക്കേജിൽ 5 പ്രധാന മേഖലകൾക്ക് മുൻതൂക്കം

**പട്ടിക 4.6.6** കയർ മേഖലയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതവും ചെലവും, ലക്ഷം രൂപയിൽ

| വർഷം | പദ്ധതി വിഹിതം | ചെലവ് | ശതമാനം |
|---|---|---|---|
| 2017–18 | 12,812 | 9,872.89 | 77.06 |
| 2018–19 | 14,108 | 12,766.13 | 90.49 |
| 2019–20 | 14,151 | 8,247.06 | 58.28 |
| 2020–21 | 11,274 | 21,913.40 | 194.37 |
| 2021–22 | 11,274 | 10019.50 | 88.87 |
| പതിമൂന്നാം പഞ്ചവത്സര പദ്ധതി – ആകെ | 63,619 | 62818.98 | 98.74 |
| 2022–23 | 11,700 | 8,581.91 | 73.35 |
| 2023–24 | 11,700 | 6,857.93 | 58.61 |
| 2024–25 | 10,764 | 7,154.86 | 66.47 |
| 2025–26* | 10,764 | 3639.51 | 33.81 |

**അവലംബം**: ബജറ്റ് പ്രോഗ്രാം ബുക്ക് വിവിധ വർഷങ്ങളും പ്ലാൻ സ്പേസ് കേരളയും.
*30/11/2025 വരെയുള്ള ചെലവ്

നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. i) സാങ്കേതിക സഹായത്തോടെയുള്ള സംഭരണം, വികേന്ദ്രീകൃത രീതിയിലുള്ള നാര് വേർതിരിച്ചെടുക്കൽ, ii) പരമ്പരാഗത കയർ പിരിക്കൽ, നെയ്ത്ത് മേഖല എന്നിവയ്ക്കുള്ള പ്രത്യേക നയം iii) വ്യാവസായിക കയർ പിരിക്കൽ, നെയ്ത്ത് മേഖല എന്നിയുടെ നവീകരണം (കയർ ഭൂവസ്ത്ര നിർമാണത്തിൽ പ്രത്യേക ഊന്നൽ നൽകികൊണ്ട്), iv) നെയ്ത്തിതര മേഖലയിൽ പ്രത്യേക ഊന്നൽ നൽകി കൊണ്ടുള്ള വ്യവസായിക കയർ ഉൽപന്ന വൈവിധ്യവൽക്കരണം, v) കയർ മേഖലയ്ക്കുള്ള സ്ഥാപന പിന്തുണയും വിപണി വികസനവും. പുനഃസംഘടന പാക്കേജിന് കീഴിൽ നടപ്പിലാക്കുന്ന ആധുനികവൽക്കരണവും യന്ത്രവൽക്കരണവും ഈ മേഖലയ്ക്ക് ഗുണം ചെയ്യും.

**കയർ മേഖലയിൽ സംസ്ഥാനത്തുള്ള ഏജൻസികളും കയർ വികസന ഡയറക്ടറേറ്റും**

കേരളത്തിലെ കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനും സുസ്ഥിരതയ്ക്കും സഹായകമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കയർ വികസന ഡയറക്ടറേറ്റ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (കെ.എസ്.സി.സി), ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ), കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (കെ.എസ്.സി.എം.എം.സി) , കേരള സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികളാണ്. കയർ മേഖലയിൽ തൊണ്ട് ശേഖരിക്കൽ, നാരു വേർതിരിച്ചെടുക്കൽ, കയറും മറ്റ് ഉൽപന്നങ്ങളും ഉൽപാദിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ സഹകരണ മേഖലയ്ക്ക് കാര്യമായ പങ്കുണ്ട്.

പദ്ധതി അടിസ്ഥാനത്തിൽ ഈ മേഖല കൈവരിച്ച സുപ്രധാന നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

- 2024-25 സാമ്പത്തിക വർഷത്തിൽ 11,900 ടൺ കയറും 6,041.08 ടൺ ചകിരിയും ഉത്പാദിപ്പിക്കാൻ സാധിച്ചു.
- ഫൈബർ സൊസൈറ്റികളിലെ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന കയറിന്റെ വില കിലോഗ്രാമിന് 3.50 രൂപയിൽ നിന്ന് 6.50 രൂപയായി വർദ്ധിപ്പിച്ചു. പരമ്പരാഗത തൊഴിലാളികളുടെ ദിവസ വേതനം 350 രൂപയിൽ നിന്ന് 400 രൂപയായി ഉയർത്തി.
- 'വരുമാനം ഉറപ്പാക്കൽ പദ്ധതി' പ്രകാരം 14,061 പരമ്പരാഗത കയർ തൊഴിലാളികൾക്ക് 12.48 കോടി രൂപ വിതരണം ചെയ്യുകയും അതുവഴി 11,34,656 തൊഴിൽ ദിവസങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.
- പുതിയ ഡീഫൈബറിങ് യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് തൊണ്ട് വിനിയോഗം വർദ്ധിച്ചു. ചകിരിച്ചോറിനും ചെറിയ നാരും കൊണ്ടുള്ള പുതിയ ഉപയോഗ സാധ്യതകൾ വികസിപ്പിച്ചെടുത്തു. തൽഫലമായി, അസംസ്കൃത ചകിരിച്ചോറിന്റെ മൂല്യം വർദ്ധിച്ചു.
- 511-ലധികം സൊസൈറ്റികളിലായി 26,000-ലധികം നല്ല ഗുണനിലവാരമുള്ള ഇലക്ട്രോണിക് റാട്ടുകളും 1,493 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും (എഎസ്എം) സ്ഥാപിച്ചിട്ടുണ്ട്. യന്ത്രവൽക്കരണത്തിന്റെ ഫലമായി നൂൽ ഉൽപ്പാദനം 2016 ലെ 7,880 ടണ്ണിൽ നിന്ന് 2024-25 ൽ 26976.25 ടണ്ണായി ഉയർന്നു.
- 'കയർ ഭൂവസ്ത്ര വികസന പദ്ധതിക്ക്' കീഴിൽ 2024-25ൽ ഏകദേശം 51 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.
- 2024 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന 43-ാമത് ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ -2024ൽ (ഐ ഐ ടി എഫ് -2024) കയർഫെഡും കയർ കോർപ്പറേഷനും പങ്കെടുക്കുകയും ബെസ്റ്റ് എക്സിബിറ്റർ അവാർഡ് നേടുകയും ചെയ്തു.
- 2024-25 സാമ്പത്തിക വർഷത്തിൽ, നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) കയർ തുണിത്തരങ്ങളുടെ ഈടുനിൽപ്പ് വർദ്ധിപ്പിക്കുക, സുസ്ഥിരമായ കൺട്രോൾഡ് റിലീസ് വളങ്ങളായി ഉപയോഗിക്കുന്നതിനായി നാളികേരപ്പനയുടെ ജൈവതന്മാത്ര അവശിഷ്ടങ്ങളിൽ നിന്ന് കയർ അടിസ്ഥാനമാക്കിയുള്ള ബയോചാർ, ആക്ടിവേറ്റഡ് കാർബൺ എന്നിവ വികസിപ്പിക്കുക, റോഡ് നിർമ്മാണത്തിൽ കയർ ഉപയോഗത്തിന്റെ ഫലപ്രാപ്തി സംബന്ധിച്ച് പഠനങ്ങൾ എന്നീ ഗവേഷണ പദ്ധതികൾ ഏറ്റെടുത്തു.
- 'കയർ വ്യവസായത്തിലെ നിയന്ത്രിത യന്ത്രവൽക്കരണം' എന്ന പദ്ധതിയ്ക്ക് കീഴിൽ, എൻസിആർഎംഐ, ഫോമിൽ, കെ.എസ്.സി.സി, കയർഫെഡ്, കെഎസ്സിഎംഎംസി, 313 കയർ വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ (സിവിസിഎസ്) (ഇൻഫ്രാ), 5 ഡിഫൈബറിംഗ് യൂണിറ്റുകൾ (ഡി എഫ്) എന്നിവയ്ക്ക് നവീകരണത്തിനായി 7.66 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു.
- സഹകരണ സ്ഥാപനങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയറിന്റെയും, കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പന പ്രോത്സാഹിപ്പി ക്കുന്നതിനും അതുവഴി സുസ്ഥിരമായ ഉൽപാദ നവും തൊഴിലാളികൾക്ക് മികച്ച തൊഴിലും ലഭ്യമാക്കുന്നതിന് 'മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്' എന്ന പദ്ധതി ലക്ഷ്യമിടുന്നു. 2024-25 ൽ 21 മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സൊസൈറ്റികൾ, കയർഫെഡ്, ഫോമിൽ, കെഎസ്സിസി എന്നിവയ്ക്കായി 10.00 കോടി രൂപ വിതരണം ചെയ്തു.
- കയർ നാരുകൾ, കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വില സ്ഥിരപ്പെടുത്താൻ ഉദ്ദേശിച്ചുള്ള 'വില വ്യതിയാന ഫണ്ട്' എന്ന പദ്ധതിക്ക് കീഴിൽ കെ.എസ്.സി.സി, കയർഫെഡ് എന്നിവയ്ക്ക് 42.06 കോടി രൂപ ചെലവഴിച്ചു.

- കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്താനായുള്ള 'കയർ സഹകരണ സംഘങ്ങളിലെ സർക്കാർ ഓഹരി പങ്കാളിത്തം' എന്ന പദ്ധതിയിലൂടെ 3 സഹകരണ സ്ഥാപനങ്ങൾക്ക് സഹായം നൽകി.
- പ്രവർത്തന മൂലധനവും മാനേജ്മെന്റ് സഹായവും നൽകിക്കൊണ്ട് കയർ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് വേണ്ടിയാണ് 'കയർ ഉൽപ്പാദന സംഘങ്ങളുടെയും മാനേജീരിയൽ സബ്സിഡികളുടെയും പുനഃസംഘടന' എന്ന പദ്ധതി. 267 സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡിയായ 1.44 കോടി രൂപയും ഏകദേശം 109 സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 52.5 കോടി രൂപയും ആനുകൂല്യം അനുവദിച്ചു.
- കയർ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം നൽകുന്നതിനാണ് 'ഉല്പാദനവും വിപണന പ്രചോദനവും' (പിഎംഐ) എന്ന പദ്ധതി. 2024-25 ൽ 391 സിവിസിഎസുകൾക്ക് 6.40 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി.
- 350 പരമ്പരാഗത തൊഴിലാളികൾക്ക് കയർ കോർപ്പറേഷൻ പരിശീലനം നൽകി.
- കെ. എസ്. സി. എം. എം. സി അന്താരാഷ്ട്ര വിപണിയിൽ ശ്രദ്ധേയമായ പ്രവേശനം നടത്തുകയും 23 ലക്ഷം രൂപയുടെ ഡീഫൈബറിംഗ് യൂണിറ്റുകൾ വെനിസ്വേലയിലേക്ക് കയറ്റുമതി ചെയ്യുകയും ചെയ്തു.

**കയർ സഹകരണ സംഘങ്ങൾ**

കേരളത്തിലെ മൊത്തം കയർ സഹകരണ സംഘങ്ങളുടെ എണ്ണം 2023-24ൽ 1,099 ആയിരുന്നത് 2024-25ൽ 1,055 ആയി കുറഞ്ഞു. 2023-24 ൽ പ്രവർത്തനക്ഷമമായ സംഘങ്ങളുടെ എണ്ണം 511 ആയിരുന്നത് 2024-25 ൽ 492 ആയി കുറഞ്ഞു. ലാഭകരമായ സംഘങ്ങളുടെ എണ്ണം 2021-22 ൽ 290 ൽ നിന്ന് 2024-25 ൽ 209 ആയി കുറഞ്ഞപ്പോൾ, നഷ്ടത്തിലായ സംഘങ്ങളുടെ എണ്ണവും കുറഞ്ഞു. അതുപോലെ, പ്രവർത്തനരഹിതമായ സംഘങ്ങളുടെയും ലിക്വിഡേഷനിലുള്ള സംഘങ്ങളുടെയും എണ്ണം കുറഞ്ഞു. നിലവിൽ പ്രവർത്തിക്കുന്ന മൊത്തം സംഘങ്ങളിൽ ഏകദേശം 47 ശതമാനവും കയർ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളാണ്. കയറിതര മേഖലയിൽ നിർമ്മാണ സംഘങ്ങളും (മാറ്റ്സും മാറ്റിംഗ്സും) ചെറുകിട ഉൽപ്പാദകരുടെ സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. മൊത്തം നിർമ്മാണ സംഘങ്ങളുടെ എണ്ണവും (മാറ്റ്സും മാറ്റിംഗ്സും) ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളുടെ എണ്ണവും വലിയ വ്യത്യാസമില്ലാതെ തുടരുന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.20** ൽ നൽകിയിരിക്കുന്നു.

കയർ വ്യവസായത്തിലെ രണ്ട് പ്രധാന ഉപമേഖലകൾ നൂൽ മേഖലയും ഉൽപ്പന്ന മേഖലയുമാണ്. നൂൽ മേഖലയിലെ കയർ സഹകരണ സംഘങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണം 2023-24ൽ 17,257 ആയിരുന്നത് 2024-25ൽ 17,731,ആയി കൂടി. തൽഫലമായി, ഈ മേഖലയിൽ നൽകുന്ന കൂലി 2023-24ൽ 28.22 കോടി രൂപയായിരുന്നത് 2024-25ൽ 38.76 കോടിയായി ഉയർന്നു. 2023-24 നെ അപേക്ഷിച്ച്, 2024-25ൽ സംഭരിച്ച തൊണ്ടിന്റെ മൂല്യവും, വാങ്ങിയ നാരിന്റെ മൂല്യവും, ഉത്പാദിപ്പിക്കുന്ന നൂലിന്റെ മൂല്യവും കൂടി. സഹകരണ സംഘങ്ങളിലെ ഉൽപന്ന മേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് 2024-25ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 4.6.21** ൽ നൽകിയിരിക്കുന്നു.

**കയർഫെഡ്**

കേരളത്തിലെമ്പാടുമുള്ള പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനാണ് കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്). കയർഫെഡിന് വിവിധ കയർ അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 11 ഫാക്ടറികളുണ്ട്. കൂടാതെ രാജ്യത്തുടനീളം 50 ഓളം സിഗ്നേച്ചർ ഷോപ്പുകൾ നടത്തുന്നു. ഫെഡറേഷന്റെ പ്രധാന ലക്ഷ്യം സംഘാംഗങ്ങളുടെ ഉൽപന്നങ്ങൾ സംഭരിക്കുകയും കയർഫെഡിന്റെ ഔട്ട് ലെറ്റുകൾ വഴി സാധനങ്ങളുടെ വിപണനവുമാണ്. കേരളത്തിലെ കയർ തൊഴിലാളികൾക്ക് ന്യായമായ വേതനവും ഉപജീവനവും നൽകാൻ ഇത് സഹായിക്കുന്നു. മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് വേണ്ടി കയർഫെഡിന് രണ്ട് ഫാക്ടറികളുണ്ട്. ഒരു ഫാക്ടറി, റബ്ബറൈസ്ഡ് കയർ ഉൽപ്പന്നങ്ങളും മറ്റൊന്ന് റബ്ബർ ബേസ്ഡ് കയർ മാറ്റുകളും നിർമ്മിക്കുന്നു. കയർഫെഡിന് 4 ഡിഫൈബറിങ് യൂണിറ്റുകളുണ്ട്.

2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായി. എന്നിരുന്നാലും തുടർന്ന് വിൽപ്പനയിൽ നിന്നുള്ള വരുമാനം 2023-24 ൽ 87.99 കോടി രൂപയിൽ നിന്ന് 2024-25 ൽ 88.94 കോടി രൂപയായി വർദ്ധിച്ചു. മൊത്തത്തിൽ, 2020-21 മുതൽ ഏജൻസിയുടെ വാർഷിക അറ്റനഷ്ടം കുറഞ്ഞുവരികയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.22** ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (കെ.എസ്.സി.സി)**

ചെറുകിട കയർ നിർമ്മാതാക്കൾക്ക് നിർമ്മാണത്തിലും വിപണനത്തിലും സഹായം നൽകുന്നതിന് വേണ്ടി 1969-ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് സ്ഥാപിതമായി. ചെറുകിട നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ വർഷങ്ങളായി കോർപ്പറേഷൻ സംഭരിക്കുന്നതുവഴി ഇടനിലക്കാരെ ആശ്രയിക്കുന്നതിൽ കുറവുണ്ടായി. അവർ സംഭരിച്ച ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്കും മറ്റ് വിൽപ്പനക്കാർക്കും നൽകുന്നു. കെ.എസ്.സി.സിയ്ക്ക് കേരളത്തിൽ 8 ഉം കേരളത്തിന് പുറത്ത് 3 ഉം ആയി മൊത്തം 11 ഷോറൂമുകളും 3 ഉത്പാദന കേന്ദ്രങ്ങളും ഉണ്ട്. അട്ടൂരിൽ മറ്റൊരു യൂണിറ്റിന്റെ പണി പുരോഗമിച്ചു വരുന്നു. കോർപ്പറേഷൻ ഉൽപാദിപ്പിക്കുകയും വ്യാപാരം ചെയ്യുകയും ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ പിവിസി ടഫ്റ്റഡ് കയർ മാറ്റുകൾ/ മാറ്റിംഗുകൾ, ചകിരിച്ചോറ് , കയർ, ചകിരിനാര്, ചുരുണ്ട കയർ എന്നിവ ഉൾപ്പെടുന്നു. ഓസ്ട്രേലിയ, ബ്രസീൽ, യുഎസ്എ, പോളണ്ട്, ഫ്രാൻസ്, കുവൈറ്റ്, കസാക്കിസ്ഥാൻ,

ഗ്വാട്ടിമാല എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിലേക്ക് കെ.എസ്.സി.സി അവരുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു.

കയർ മേഖലയിൽ പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ സ്കീം (പിപിഎസ്എസ്) കോർപ്പറേഷൻ നടപ്പിലാക്കുന്നു. പിപിഎസ്എസിലൂടെയുള്ള സംഭരണത്തിന്റെ മൂല്യം 2020-21 മുതൽ 2022-23 വരെയുള്ള കാലയളവിൽ കുറവായിരുന്നു. എന്നാൽ, 2023-24ൽ 108.14 കോടിയായിരുന്നത് 2024-25ൽ 125.19 കോടിയായി ഉയർന്നു. കോർപ്പറേഷന്റെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 2023-24ൽ 147.50 കോടി രൂപയിൽ നിന്ന് 2024-25ൽ 165.33 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷങ്ങളിൽ ഈ പൊതുമേഖലാ സ്ഥാപനം തുടർച്ചയായി അറ്റാദായം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2020-21 ൽ 32.16 ലക്ഷം രൂപയായിരുന്ന അറ്റാദായം 2024-25 ൽ 105.02 ലക്ഷം രൂപയായി (താൽക്കാലികം) വർദ്ധിച്ചു. സമീപ വർഷങ്ങളിൽ ഈ സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടം കുറയ്ക്കാൻ സാധിച്ചു. 2024-25 ൽ സഞ്ചിത ലാഭം നേടുവാനായി. വിശദാംശങ്ങൾ **അനുബന്ധം 4.6.23** ൽ നൽകിയിരിക്കുന്നു.

### കെ.എസ്.സി.സി.യുടെ പ്രധാന നേട്ടങ്ങൾ

- തിരുവനന്തപുരം ലുലു മാളിൽ കമ്പനി ഒരു പുതിയ ഷോറൂം തുറന്നു. ഒരു പൊതുമേഖലാസ്ഥാപനം ആദ്യമായി ലുലു മാളിൽ ആരംഭിക്കുന്ന ഷോറൂമാണിത്.
- യുകെയിലേക്കും ദുബായിലേക്കും കയറ്റുമതി ആരംഭിച്ചു.
- തിരുവനന്തപുരം പാങ്ങോട് മിലിട്ടറി കാന്റീനിൽ ഒരു പുതിയ ഷോറൂം തുറന്നു.
- ആലപ്പുഴ ഓഫീസിൽ ഒരു പുതിയ പ്രീമിയം കയർ ക്രാഫ്റ്റ് ഔട്ട്ലെറ്റ് ഉദ്ഘാടനം ചെയ്തു.
- സംസ്ഥാന സർക്കാർ, 2024-25 ലെ പൊതുമേഖലാ സ്ഥാപനത്തിലെ മികച്ച മാനേജിംഗ് ഡയറക്ടറായി കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ ആദരിച്ചു.
- കേരള സംസ്ഥാന ഉൽപാദനക്ഷമത കൗൺസിലിന്റെ 'എംകെകെ നായർ പ്രോഡക്റ്റിവിറ്റി അവാർഡ് 2024' കെഎസ്സിസി നേടുകയുണ്ടായി. ഇടത്തരം വ്യവസായങ്ങളുടെ വിഭാഗത്തിൽ രണ്ടാമത്തെ മികച്ച പ്രകടനത്തിനുള്ള അവാർഡ് ആണ് ലഭിച്ചത്.
- ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിൽ നിന്ന് പൊതുമേഖലാ സ്ഥാപനങ്ങളിലെ മികച്ച പ്രകടനത്തിനുള്ള 'ദളം 2025' അവാർഡ് കെഎസ്സിസി നേടി.
- കയർ ഉൽപന്നങ്ങൾ യുഎസ് പ്ലാറ്റ്ഫോമിൽ വിൽക്കുന്നതിന് വാൾമാർട്ടുമായി കമ്പനി ഒരു കരാർ നടപ്പിലാക്കുകയും യുഎസ്എയിലേക്കുള്ള കയർ ഉൽപ്പന്നങ്ങളുടെ ആദ്യ കണ്ടെയ്നർ കയറ്റി അയയ്ക്കുകയും ചെയ്തു.
- ഇരുമ്പയിര് ഖനികളിൽ കയർ ഭൂവസ്ത്രം വിതരണവും വിതാനവും ചെയ്യുന്നതിന് ഒഡീഷ മൈനിംഗ് കോർപ്പറേഷനിൽ നിന്ന് കമ്പനിക്ക് ഓർഡർ ലഭിച്ചു.

### നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ)

കയർ മേഖലയിലെ ഗവേഷണ-വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ കുറഞ്ഞ ചിലവിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വൈവിധ്യമാർന്ന പുതിയ ഡിസൈനുകളും നിർമ്മിക്കാൻ ഈ വ്യവസായത്തെ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് എൻ.സി.ആർ.എം.ഐ (നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) സ്ഥാപിച്ചിരിക്കുന്നത്.

### 2024-25 ലെ ഗവേഷണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ താഴെപ്പറയുന്ന തലങ്ങളിൽ തരംതിരിക്കാം

i.കയർ ഭൂവസ്ത്രം പുതയിടൽ ആയി പ്രയോഗിക്കൽ, കയർ ജിയോസെല്ലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിന്റെ പ്രയോഗവും, കയർ റോഡ് ഡിവൈഡറിലെ ഫീൽഡ് ഫലപ്രാപ്തി പഠനങ്ങൾ, കയർ ഭൂവസ്ത്രങ്ങളുടെ ഈട് വർദ്ധിപ്പിക്കൽ, പട്ടികജാതി വനിതകൾക്കായുള്ള കയർ തുണിത്തരങ്ങളുടെ ഉത്പാദനവും പ്രദർശനവും സംബന്ധിച്ച പരിശീലന പരിപാടി, കയർപിത്ത് കമ്പോസിറ്റിംഗ്, കേരളത്തിലെ പട്ടികജാതി സമൂഹ ശാക്തീകരണത്തിനായുള്ള വിവിധ പരിശീലന പരിപാടികളും പ്രദർശന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

ii.പ്രത്യേക സൂക്ഷ്മജീവികളെ ഉപയോഗിച്ച് ചകിരിച്ചോറിൽ നിന്ന് ബയോ പ്ലാസ്റ്റിക് നിർമ്മിക്കുക, വീടുകളിലെ ജൈവമാലിന്യ സംസ്കരണത്തിനായി ചകിരിച്ചോർ ഉപയോഗിച്ചുള്ള പിത്ത് ആക്ടിവേറ്റർ മെച്ചപ്പെടുത്തുക, ചകിരിച്ചോർ കമ്പോസ്റ്റിംഗിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുക എന്നിവ ഉൾപ്പെടുന്നു. കൂടാതെ, ഗുണമേന്മയേറിയ ചകിരിച്ചോർ വളം നിർമ്മിക്കുന്നതിനുള്ള സംയുക്ത പദ്ധതികൾ, മലിനജല ശുദ്ധീകരണത്തിനായി കയർ അധിഷ്ഠിത ബയോഫിലിം വികസിപ്പിക്കുക, മലിനജലം ശുദ്ധീകരിക്കാൻ ബാക്ടീരിയൽ കൺസോർഷ്യം രൂപീകരിക്കുക, ചകിരിനാരിന്റെ നിറവും മൃദുത്വവും വർദ്ധിപ്പിക്കാൻ നൂതനമായ ജൈവ-രാസ സംസ്കരണ രീതികൾ അവലംബിക്കുക എന്നിവ സാങ്കേതികവിദ്യ വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ 'കൊക്കോഓറ' എന്ന ഉൽപ്പന്നത്തിന്റെ പേറ്റന്റ് നേടുകയും സാങ്കേതികവിദ്യ കൈമാറുകയും ചെയ്തു.

iii. പീറ്റ്കോൾ ഡോട്ട്സ്, ഇക്കോയർ ബാഗ്, ടൈക്കോപിത്ത് സ്റ്റോൺ ഉത്പാദനം, പിത്ത് ആക്ടിവേറ്റർ, ചകിരിച്ചോറ് കമ്പോസ്റ്റ് ചെയ്യുന്നതിനായുള്ള പുതിയ ടൈക്കോഡെർമ സ്ട്രെയിൻ, കോക്കോനർച്ചർ (ഒരു പുതിയ പോട്ടിംഗ് ഫില്ലർ) എന്നിവയുടെ നിർമ്മാണവും വിതരണവും വാണിജ്യ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, ഓട്ടോമേറ്റഡ് സംവിധാനങ്ങൾ ഉപയോഗിച്ച് ബാക്ടീരിയകളും ഫംഗസുകളും ഉൾപ്പെടെയുള്ള സൂക്ഷ്മജീവികളെ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുക, കേരള കൃഷി വകുപ്പിന് വേണ്ടി മദർ കൾച്ചർ വിതരണം ചെയ്യുക എന്നിവയും ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

iv.തെങ്ങിൽ നിന്നുള്ള ജൈവ അവശിഷ്ടങ്ങൾ ബയോചാർ ആക്കി മാറ്റാനുള്ള പൈറോളിസിസ് സംവിധാനം

നിർമ്മിക്കുക, പൂർണ്ണ ഓട്ടോമാറ്റിക് ക്രീൽ മാറ്റ് ലൂം വികസിപ്പിക്കുക, സങ്കരയിനം കയർ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ ഒരുക്കുക എന്നിവയാണ് യന്ത്ര അധിഷ്ഠിത പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്.

v. നൈപുണ്യ വികസന പരിശീലന പരിപാടികളുടെ നടത്തിപ്പ്

vi. പ്രദർശനങ്ങളിലും ശില്പശാലകളിലും പങ്കെടുക്കൽ

vii. ഏണസ്റ്റ് ആൻഡ് യങ്, വിശ്വശാന്തി ഡെവലപ്മെന്റ് ഫൗണ്ടേഷൻ എന്നിവരുയുമായി സഹകരിച്ച് തത്സമയ ശില്പശാല സ്പോൺസർ ചെയ്യുക.

viii. പരിശോധനാ സൗകര്യവും വിപുലീകരണ പ്രവർത്തനങ്ങളും.

**ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ)**

ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (ഫോമിൽ) 1979-ൽ സ്ഥാപിതമായ കേരള സർക്കാർ സംരംഭമാണ്. ഫോമിൽ എന്ന ബ്രാൻഡ് നാമത്തിൽ കയർ, ചണം, സിസൽ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, നിർമ്മാണം, വിപണനം എന്നിവയിൽ കമ്പനി ഏർപ്പെട്ടിരിക്കുന്നു. 800 ലക്ഷം രൂപ ആതറൈസ്ഡ് ക്യാപ്പിറ്റലും 666.73 ലക്ഷം രൂപ പെയ്ഡ് അപ്പ് ക്യാപ്പിറ്റലുമായാണ് ഇത് സ്ഥാപിതമായത്. മാറ്റുകൾ, ഡോർ മാറ്റുകൾ, പരവതാനികൾ, കയർ ടൈലുകൾ, കാർ മാറ്റുകൾ, കയർ ഭൂവസ്ത്രങ്ങൾ, കൂടാതെ മറ്റ് പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുമായി ആഭ്യന്തര, അന്തർദേശീയ വിപണികളുടെ ആവശ്യങ്ങൾ ഫോമിൽ നിറവേറ്റുന്നു. ചകിരിച്ചോറും ചണനാരും കൊണ്ട് നിർമ്മിച്ച ഫുട്ട് മാറ്റുകൾ, പരവതാനികൾ, തറ അലങ്കാരങ്ങൾ എന്നിവയുടെ പുതിയ ഗിഫ്റ്റ്പായ്ക്കുകൾ കമ്പനി പുറത്തിറക്കിയിട്ടുണ്ട്. ലാറ്റക്സ് ബാക്കിംഗ് പ്ലാന്റ്, മോഡേൺ ഡൈ ഹൗസ്, ഫുള്ളി ഓട്ടോമാറ്റിക് പവർലൂം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ കമ്പനിക്കുണ്ട്. കമ്പനിയുടെ സൗകര്യങ്ങൾ സ്വകാര്യകയറ്റുമതിക്കാർക്കും ഉപയോഗിക്കാനുള്ള സംവിധാനം നിലവിലുണ്ട്. കമ്പനിയുടെ പുതിയ ഉൽപന്നങ്ങളായ ചകിരിച്ചോറ്, കയർ ടൈലുകൾ എന്നിവയ്ക്ക് വിപണിയിൽ ഉയർന്ന ആവശ്യകതയുണ്ട്. ഡിജിറ്റൽ പ്രിന്റഡ് ജൂട്ട് മാറ്റിംഗ്സ് എന്ന ഒരു പുതിയ ഉൽപ്പന്നം ഫോമിൽ അവതരിപ്പിച്ചു. മെത്ത വിപണിയിൽ, 'ഫോമിൽ' എന്ന ബ്രാൻഡ് നാമം പ്രശസ്തി നേടുകയും വിപണിയുടെ നിശ്ചിത പങ്ക് വിൽപ്പന നേടുവാനും സാധിച്ചു.

ഫോമിൽ കഴിഞ്ഞ 5 വർഷമായി നഷ്ടത്തിലാണ്. 2024-25 അവസാനത്തോടെ സഞ്ചിത നഷ്ടം ഏകദേശം 17.35 കോടി രൂപയായാണെന്ന് കണക്കാക്കപ്പെടുന്നു. ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനം 2023-24ലെ 13.01 കോടി രൂപയിൽ നിന്ന് 2024-25ൽ 16.51 കോടി രൂപയായി ഉയർന്നു. വിശദാംശങ്ങൾ **അനുബന്ധം 4.6.24** ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി)**

കേരളത്തിലെ കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ 2014-ൽ ആലപ്പുഴയിൽ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (കെ.എസ്.സി.എം.എം.സി) സ്ഥാപിച്ചു. കമ്പനിക്ക് നന്നായി പ്രവത്തിക്കുന്ന ഒരു മെഷീൻ ഷോപ്പ്, ഗുണ നിലവാര ഉറപ്പാക്കൽ വകുപ്പ്, ഗവേഷണ വികസന വകുപ്പ്, മാർക്കറ്റിംഗ്-വിൽപ്പനാനന്തര സേവന വകുപ്പ് എന്നിവയുണ്ട്. കെഎസ്സിഎംഎംസി അതിന്റെ തുടക്കം മുതൽ ഇതുവരെ 174 ഡീഫൈബറിംഗ് മില്ലുകൾ നിർമ്മിക്കുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർ ഫൈബർ ഉൽപ്പാദനം 7,000 ടണ്ണിൽ നിന്ന് 30,000 ടണ്ണായി വർധിക്കുകയും ചെയ്തു. ഒറ്റ ഷിഫ്റ്റിൽ 15 മുതൽ 18 കിലോഗ്രാം വരെ നൂൽ ഉൽപ്പാദന ശേഷിയുള്ള 29,832 ഇലക്ട്രോണിക് റാട്ടുകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഒറ്റ ഷിഫ്റ്റിൽ 50-80 കിലോഗ്രാം ഉൽപ്പാദന ശേഷിയുള്ള 1500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും കേരളത്തിലെ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചു. കെ.എസ്.സി.എം.എം.സിയുടെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ വഴിയുള്ള കയറിന്റെ ഉത്പാദനം വർധിപ്പിച്ചത് സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കയർ മെഷീനുകൾക്ക് പുറമേ ബോട്ടിൽ ബൂത്ത്, മിനി എംസിഎഫ്, മെറ്റൽ ട്രോളി, സോർട്ടിംഗ് കൺവെയറുകൾ/സോർട്ടിംഗ് ടേബിളുകൾ, ഡീഡസ്റ്റർ, ഷ്രെഡർ, ഗ്ലാസ് ബോട്ടിൽ ക്രഷർ, ബെയിലിംഗ് മെഷീനുകൾ തുടങ്ങിയ മാലിന്യ സംസ്കരണ യന്ത്രങ്ങളും കെഎസ്സിഎംഎംസി നിർമ്മിക്കുന്നുണ്ട്. കെഎസ്സിഎംഎംസി പി എൽ സി കൺട്രോളും വിഎഫ്ഡി മോട്ടോറുകളും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു മാഗ്നറ്റിക് ലൂം (മാഗ് ലൂം) വികസിപ്പിച്ചെടുത്തു. കേരളത്തിലുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വിപുലമായ മാലിന്യ സംസ്കരണ യന്ത്രങ്ങൾ കമ്പനി നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ബിഎടിഎൽ, കാംകോ, എച്ച്എൽഎൽ തുടങ്ങിയ വിവിധ പ്രശസ്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഫാബ്രിക്കേഷൻ, മെഷീനിംഗ് ജോലികളും കമ്പനി നടത്തി.

കെഎസ്സിഎംഎംസിയുടെ വിൽപ്പനയിലൂടെയുള്ള വരുമാനം 2020-21ലെ 32.88 കോടി രൂപയിൽ നിന്ന് ഏറ്റക്കുറച്ചിലൂടെ 2024-25ൽ 3.70 കോടി രൂപയായി. 2022-23ൽ 81.49 ലക്ഷം രൂപ അറ്റാദായം ലഭിച്ച കമ്പനി, 2024-25ൽ ആയപ്പോൾ 71.43 ലക്ഷം രൂപയുടെ ആകെനഷ്ടമാണ് രേഖപ്പെടുത്തിയത്. സമീപ വർഷങ്ങളിൽ, കയർ യന്ത്രങ്ങളുടെ ആവശ്യം അതിന്റെ പാരമ്യതയിൽ എത്തി നിൽക്കുന്നു, ഇത് പുതിയ ഓർഡറുകളിൽ ഗണ്യമായ മാന്ദ്യത്തിന് കാരണമായി. തൽഫലമായി, കമ്പനി അവരുടെ ബിസിനസ്സ് മേഖലകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു, എന്നിരുന്നാലും ഈ ശ്രമങ്ങൾ ഇപ്പോഴും പ്രാരംഭ ഘട്ടത്തിലാണ്. തൽഫലമായി, കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിറ്റുവരവ് ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. വിശദാംശങ്ങൾ **അനുബന്ധം 4.6.25** ൽ നൽകിയിരിക്കുന്നു.

**കേന്ദ്ര സർക്കാർ പദ്ധതികൾ**

കയർ മേഖലയ്ക്കായി കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രൊമോഷണൽ ബോഡിയായ കയർബോർഡ് രാജ്യത്തുടനീളം കയർ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി

വരുന്നു. കയർ വികാസ് യോജന, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഫണ്ട് പദ്ധതി (സ്ഫൂർത്തി), പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപ്പാദന പരിപാടി (പി.എം.ഇ.ജി.പി), നൂതനാശയങ്ങൾ, ഗ്രാമീണ വ്യവസായങ്ങൾ, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (ആസ്പയർ) എന്നീ പദ്ധതികളുടെയെല്ലാം നിർവഹണ ഏജൻസിയാണ് കയർബോർഡ്. 17,332 കയർ യൂണിറ്റുകളും 2179 കയർ കയറ്റുമതിക്കാരും കയർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രധാന പദ്ധതിയായ കയർ വികാസ് യോജന (സിവിവൈ) പ്രകാരം കയർ മേഖലയിൽ ശാസ്ത്ര സാങ്കേതിക വിദ്യ, നൈപുണ്യ നവീകരണം, മഹിളാ കയർ യോജന, ആഭ്യന്തര, കയറ്റുമതി വിപണി പ്രോത്സാഹനം, വ്യാപാര വ്യവസായവുമായി സംബന്ധിച്ച പ്രവർത്തന പിന്തുണാ സേവനങ്ങൾ എന്നിവയുമായി കയർ ബോർഡ് വിവിധ ഉപഘടകങ്ങൾ നടപ്പാക്കിവരുന്നു. 2024-25ൽ ബോർഡിന്റെ വിവിധ പരിശീലന പരിപാടികൾക്ക് കീഴിൽ ആകെ 2121 പേർക്ക് പരിശീലനം നൽകി. കൂടാതെ, 22 സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി), 25 ബോധവൽക്കരണ പരിപാടികൾ, 7 ദേശീയ സെമിനാറുകൾ, 10 ശിൽപശാലകൾ, 5 എക്സ്പോഷർ ടൂറുകൾ എന്നിവ സംഘടിപ്പിച്ചു. വിദേശത്ത് നടന്ന 5 അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കാൻ 122 സംരംഭകർക്ക് പിന്തുണ നൽകി, ഇതിൽ 59 സംരംഭകരും കേരളത്തിൽ നിന്നുള്ളവരാണ്. ആഭ്യന്തര വിപണി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കയർ ബോർഡ് 30 പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. വിവിധ സംസ്ഥാന സർക്കാരുകൾക്കായി 36.97 ലക്ഷം രൂപയുടെ വിപണി വികസന സഹായം വിതരണം ചെയ്തു.

ഇന്ത്യാ ഗവൺമെന്റിന്റെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുള്ള ഫണ്ട് പദ്ധതിക്ക് (സ്ഫൂർത്തി) കീഴിൽ, നാളികേര ഉൽപ്പാദനം നടക്കുന്ന വിവിധ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും കയർ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നുണ്ട്. രാജ്യത്തെ കയർ വ്യവസായത്തിന്റെ വേഗത്തിലുള്ള വളർച്ചയ്ക്ക് വഴിയൊരുക്കുന്നതാണിത്. അംഗീകാരം ലഭിച്ച 40 ക്ലസ്റ്ററുകളിൽ 4 എണ്ണം കേരളത്തിലാണ്. പ്രധാനമന്ത്രിയുടെ തൊഴിൽ ഉൽപ്പാദന പരിപാടിയുടെ (പി.എം.ഇ.ജി.പി) പരിധിയിൽ അടുത്തിടെ കയർ വ്യവസായം ഉൾപ്പെടുത്തിയത് ഈ മേഖലയിൽ പ്രത്യേകിച്ച് യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നു. പി.എം.ഇ.ജി.പി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 29 യൂണിറ്റുകൾക്കാണ് സഹായം നൽകിയത്.

**കയർ വിദഗ്ദ്ധ സമിതിയും ശുപാർശകളും**

മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുന്നതിനായി 2022 ഓഗസ്റ്റിൽ സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. 01.01.2025 ന് റിപ്പോർട്ട് സമർപ്പിച്ചു. കമ്മിറ്റി റിപ്പോർട്ടിന്റെ ചില ശുപാർശകൾ താഴെ ചേർത്തിരിക്കുന്നു.

1. സംസ്ഥാനത്തെ കയർ വ്യവസായത്തിന് അസംസ്കൃത വസ്തുക്കളുടെ മികച്ച ലഭ്യത ഉറപ്പാക്കുന്നതിനുള്ള വഴികൾ കേരളം കണ്ടെത്തണം.
2. കയർ ഉൽപ്പാദിപ്പിക്കുന്ന യന്ത്രങ്ങൾ നവീകരിക്കുന്നതിന് കെ.എസ്.സി.എം.എം.സിയുടെയും എൻ.സി.ആർ.എം.ഐയുടെയും പങ്കാളിത്തം കൂടുതൽ ഉറപ്പാക്കുകയും പൂർണ്ണ ശേഷിയിൽ ഈ യന്ത്രങ്ങളുടെ ഉപയോഗം ഉറപ്പാക്കുകയും ചെയ്യുക. ഇത് കുറഞ്ഞ ഉൽപാദന ചെലവിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കാനും അതുവഴി വിപണിയിൽ മത്സരിക്കാനും സഹായിക്കും.
3. വിപണിയിൽ വർദ്ധിച്ച ആവശ്യക്കാരുള്ള ഉൽപ്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി വിപണന രീതികൾ മാറ്റുക.
4. എ എസ് എം മെഷീനുകളിൽ വ്യത്യസ്ത റണ്ണേജുകളുള്ള കയർ ശേഖരിക്കുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിക്കുന്നതിന് എൻ.സി.ആർ.എം.ഐയുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. ഉൽപ്പന്നങ്ങളും ഡിസൈനുകളും നവീകരിച്ച് അതുവഴി ചെറുകിട ഉൽപ്പാദകരെയും കയർ ഗ്രൂപ്പുകളെയും വൈവിധ്യവൽക്കരിക്കുന്നതിനുമായി എൻ.സി.ആർ.എം.ഐയുടെ കീഴിൽ ഒരു ഡിസൈൻ വകുപ്പ് വികസിപ്പിക്കണം.
5. ചകിരി ഉൽപാദനത്തിലും കയർ പിരി മേഖലകളിലും ഉൽപ്പന്നത്തിന്റെ ഗുണമേന്മ ഉറപ്പാക്കേണ്ടതുണ്ട്.
6. പ്രവർത്തനരഹിതമായ സൊസൈറ്റികളുടെ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിക്കുന്നതിന് ഒരു പിപിപി മോഡൽ സ്വീകരിക്കണം. ചെറുകിട ഉൽപ്പാദകർക്കും കയറ്റുമതിക്കാർക്കും കരാർ/പാട്ട അടിസ്ഥാനത്തിൽ ഭൂമി നൽകാം. ഈ സൊസൈറ്റികളിൽ നേരത്തെ ജോലി ചെയ്തിരുന്ന ജീവനക്കാരെ നിലനിർത്താവുന്നതാണ്.

**വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

താരതമ്യേന കുറഞ്ഞ വേതനം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ സംഭരണത്തിനുള്ള നൂതന മാതൃകകളുടെ അഭാവം, ഉൽപ്പാദനത്തിനും സംഘാടനത്തിലും ആധുനിക സാങ്കേതിക വിദ്യയുടെ അഭാവം എന്നിവ ഉൾപ്പെടെയുള്ള വെല്ലുവിളികൾ കയർ വ്യവസായം അഭിമുഖീകരിക്കുന്നു. കയർ മേഖലയുടെ ഉന്നമനത്തിനും വികസത്തിനും വേണ്ടി സർക്കാർ സമഗ്രമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക നവീകരണം, കമ്പോളത്തെ അടിസ്ഥാനമാക്കിയുള്ള വിലയിലെ ഏറ്റക്കുറച്ചിലുകൾ നിയന്ത്രിക്കൽ, സ്വയം സുസ്ഥിരമായ യൂണിറ്റുകൾ വികസിപ്പിക്കൽ, നവീകരണങ്ങൾ, മത്സരബുദ്ധിയോടുള്ള പ്രവർത്തനങ്ങൾ, വൈവിധ്യവൽക്കരണം, പുതിയ വിപണികൾ കണ്ടെത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, പരിസ്ഥിതി സൗഹൃദമായ കയർ മേഖല വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്.

## കശുവണ്ടി വ്യവസായം

2024-25 ലെ കണക്കനുസരിച്ച്, ആഗോള ട്രീ നട്ട് ഉത്പാദനത്തിൽ, ബദാം (27 ശതമാനം) മുന്നിൽ നിൽക്കുന്നു, പിസ്ത (20 ശതമാനം) രണ്ടാം സ്ഥാനത്തും കശുവണ്ടി (19 ശതമാനം) മൂന്നാം സ്ഥാനത്തുമാണ്. ഇന്റർനാഷണൽ നട്ട് ആൻഡ് ഡ്രൈ ഫ്രൂട്ട്സ് കൗൺസിലിന്റെ (ഐഎൻസി) നട്ട്സ് ആൻഡ് ഡ്രൈ ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2025 പ്രകാരം, ആഗോള തലത്തിൽ കശുവണ്ടി ഉത്പാദനം ഒരു ദശാബ്ദത്തിനിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2024-25 ൽ, ആഗോള തലത്തിൽ കശുവണ്ടിയുടെ

**പട്ടിക 4.6.7** 2024–25 ൽ കശുവണ്ടി ഉൽപ്പാദനത്തിലെ മുൻനിര രാജ്യങ്ങൾ (മെട്രിക് ടണ്ണിൽ)

| സ്ഥാനം | പ്രദേശം | ഉത്പാദനം | ശതമാനം |
|---|---|---|---|
| 1 | പടിഞ്ഞാറൻ ആഫ്രിക്ക | 5,43,814 | 51 |
| 2 | ഇന്ത്യ | 1,63,152 | 15 |
| 3 | കംബോഡിയ | 1,32,940 | 12 |
| 4 | വിയറ്റ്നാം | 89,240 | 8 |
| 5 | കിഴക്കെ ആഫ്രിക്ക | 80,388 | 8 |
| 6 | ബ്രസീൽ | 26,932 | 3 |
| 7 | മറ്റുള്ളവ | 33,960 | 3 |

**അവലംബം**: നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2025
ഐഎൻസി – ഇന്റർ നാഷണൽ നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട് കൗൺസിൽ

ഉത്പാദനം 11.66 ലക്ഷം മെട്രിക് ടണ്ണും കേർണൽ അടിസ്ഥാനത്തിൽ 53.66 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. അസംസ്കൃത കശുവണ്ടിയുടെയും കേർണലുകളുടെയും ഒരു പ്രധാന ഉൽപാദക രാജ്യമാണ് ഇന്ത്യ. കൂടാതെ തൊലികളഞ്ഞ കശുവണ്ടിയുടെ പ്രധാന ഉപഭോക്താവും, കയറ്റുമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യവുമാണ് ഇന്ത്യ. കശുവണ്ടി ഉൽപ്പാദനത്തിലെ മുൻനിര രാജ്യങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 4.6.7**–ൽ നൽകിയിരിക്കുന്നു.

2024–ൽ (ജനുവരി–ഡിസംബർ) ആഗോള കശുവണ്ടി (കേർണൽ) കയറ്റുമതിയുടെ 33 ശതമാനം കൈകാര്യം ചെയ്തിരുന്നത് (4.67 ലക്ഷം മെട്രിക് ടൺ) ഈ മേഖലയിലെ മുൻനിര കയറ്റുമതിക്കാരായ വിയറ്റ്നാം ആയിരുന്നു. ആഗോള കശുവണ്ടി കേർണലുകളുടെ രണ്ടാമത്തെ മുൻനിര കയറ്റുമതിക്കാരായിരുന്നു കോട്ട് ഡി ഐവറി, അതായത് അവരുടെ വിപണി വിഹിതം 14 ശതമാനം (1.96 ലക്ഷം മെട്രിക് ടൺ) ആയിരുന്നു. 2024 കലണ്ടർ വർഷത്തിൽ (ജനുവരി മുതൽ ഡിസംബർ വരെ), കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിൽ ഇന്ത്യക്ക് ഏഴാം സ്ഥാനമായിരുന്നു. 51,100 മെട്രിക് ടൺ കയറ്റുമതിയും ആഗോള കയറ്റുമതിയിൽ 4 ശതമാനം വിഹിതവും നേടുകയുണ്ടായി. അതേ 4 ശതമാനം പങ്കിട്ടുകൊണ്ട്, ഒരു ട്രാൻസിറ്റ് രാജ്യമെന്ന നിലയിൽ നെതർലാൻഡ്സ് (51,777 മെട്രിക് ടൺ കയറ്റുമതി ചെയ്തുകൊണ്ട്) ഇന്ത്യക്ക് മുകളിലായി ആറാം സ്ഥാനം നേടുകയുണ്ടായി.

ട്രാൻസിറ്റ് ആൻഡ് പ്രോസസ്സിംഗ് രാജ്യം എന്ന നിലയിൽ (കേർണൽ തത്തുല്യം) കശുവണ്ടി ഇറക്കുമതിയിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്, 2024 കലണ്ടർ വർഷത്തിൽ ഇന്ത്യ 2.99 ലക്ഷം മെട്രിക് ടൺ കശുവണ്ടി (കേർണൽ തത്തുല്യം) ഇറക്കുമതി ചെയ്തു. ഒരു ട്രാൻസിറ്റ് ആൻഡ് പ്രോസസ്സിംഗ് രാജ്യം എന്ന നിലയിൽ വിയറ്റ്നാം 3.98 ലക്ഷം മെട്രിക് ടൺ കശുവണ്ടി കേർണൽ ഇറക്കുമതിയുമായി ഒന്നാം സ്ഥാനത്തായിരുന്നു.

ലോക രാജ്യങ്ങളിൽ കശുവണ്ടിയുടെ ഏറ്റവും വലിയ ഉപഭോക്താവായി ഇന്ത്യ നിലകൊള്ളുന്നു. 2024 കലണ്ടർ വർഷത്തിൽ ഇന്ത്യ ഏകദേശം 3.95 ലക്ഷം മെട്രിക് ടൺ കശുവണ്ടിയുടെ (കർണലൽ) ഉപഭോഗം രേഖപ്പെടുത്തുകയുണ്ടായി. ഉപഭോഗത്തിൽ രണ്ടാമത്തെ സ്ഥാനത്ത് അമേരിക്കയായിരുന്നു; 2024 കലണ്ടർ വർഷത്തിൽ അവിടുത്തെ ഉപഭോഗം 1.74 ലക്ഷം മെട്രിക് ടണ്ണായിരുന്നു. അവലംബം: നട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട്സ് സ്റ്റാറ്റിസ്റ്റിക്കൽ ഇയർബുക്ക് 2025, (INC – ഇന്റർനാഷണൽ നട്ട്സ് ആൻഡ് ഡ്രൈഡ് ഫ്രൂട്ട് കൗൺസിൽ).

ലോകത്താകെ തന്നെ സസ്യാഹരത്തോടും വീഗൻ ഭക്ഷണരീതികളോടുമുള്ള താൽപര്യങ്ങൾ വർദ്ധിച്ചുവരുന്നതായും അതോടൊപ്പം ആരോഗ്യകരമായ ലഘുഭക്ഷണത്തോടുള്ള ഉപഭോക്താക്കളുടെ വർദ്ധിച്ച താത്പര്യങ്ങളും ആഗോള തലത്തിൽ ഗവേഷകർ ശ്രദ്ധിക്കപ്പെടുന്ന വിഷയങ്ങളാണ്. ഇതിന്റെ ഫലമായി കശുവണ്ടി അടിസ്ഥാനമാക്കിയ ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യകതയിൽ വർധനവ് ഉണ്ടായിട്ടുണ്ട്. ഇത് കശുവണ്ടി വിപണിയുടെ വളർച്ചയ്ക്ക് മികച്ച സാധ്യതകൾ സൂചിപ്പിക്കുന്നു.

**ഇന്ത്യയിലെ കശുവണ്ടി മേഖല**

ആഗോളതലത്തിൽ പ്രധാന കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. അതോടൊപ്പം തന്നെ ലോകത്തിലെ ഏറ്റവും വലിയ കശുവണ്ടി ഉപഭോക്താവായി ഇന്ത്യ തുടരുന്നു; ആഗോള കശുവണ്ടി കർണൽ ഉൽപ്പാദനത്തിന്റെ ഏകദേശം പകുതിയോളം ഇന്ത്യയിൽ സംസ്കരിക്കപ്പെടുകയും, ആഗോള ഉൽപ്പാദനത്തിന്റെ 40 ശതമാനം ഇന്ത്യയിൽ തന്നെ ഉപഭോഗം ചെയ്യപ്പെടുകയും ചെയ്യുന്നു. ആഗോള ഉപഭോഗത്തിന്റെ 10–15 ശതമാനം വിഹിതതോടെ അമേരിക്ക വളരെ പിന്നിലായി രണ്ടാം സ്ഥാനത്താണ്. അഭ്യന്തര ഉപഭോഗം കൂടിയതുമൂലം ഇന്ത്യ നിലവിൽ സ്വന്തം ഉൽപ്പാദനത്തിന്റെ വെറും 10 ശതമാനം മാത്രമാണ് കയറ്റുമതി ചെയ്യുന്നത്; കോവിഡ് മഹാമാരിക്ക് മുൻപ് ഇത് 35 ശതമാനമായിരുന്നു. ആഭ്യന്തര ആവശ്യകതയിൽ ഉണ്ടായ വൻ വർധനവാണ് കയറ്റുമതി കുറയാനുള്ള പ്രധാന കരണം. കേരളം, കർണാടക, ഗോവ, മഹാരാഷ്ട്രയുടെ പടിഞ്ഞാറൻ തീരം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷയുടെ കിഴക്കൻ തീരം എന്നിവിടങ്ങളിലും, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ്, ഗുജറാത്ത്, ജാർഖണ്ഡ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ചില പ്രദേശങ്ങൾ, എന്നിവിടങ്ങളിലാണ് ഇന്ത്യയിൽ കശുവണ്ടി കൃഷി വ്യാപകമായിട്ടുള്ളത്. കശുവണ്ടി & കൊക്കോ വികസന ഡയറക്ടറേറ്റിന്റെ (DCCD) കണക്ക് പ്രകാരം, 2024–25–ൽ ഇന്ത്യയിൽ 12.04 ലക്ഷം ഹെക്ടർ പ്രദേശത്താണ് കശുവണ്ടി കൃഷി നടത്തിയത്, അവിടങ്ങളിലെ ആകെ ഉൽപ്പാദനം 7.03 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടിയായിരുന്നു (RCN). 2023–24 നെ അപേക്ഷിച്ച് കൃഷിയിട വിസ്തീർണം നേരിയ തോതിൽ വർധിച്ചെങ്കിലും, മൊത്തം ഉൽപ്പാദനം 11 ശതമാനത്തിലധികം കുറവുണ്ടായി. മഹാരാഷ്ട്രയാണ് ഏറ്റവും വലിയ കശുവണ്ടി ഉൽപ്പാദക സംസ്ഥാനം; തുടർന്ന് ആന്ധ്രാപ്രദേശും ഒഡീഷയും. അസംസ്കൃത കശുവണ്ടിയുടെ മൊത്തം ഉൽപ്പാദനത്തിൽ കേരളം 0.65 ലക്ഷം മെട്രിക് ടണ്ണുമായി ആറാം സ്ഥാനത്താണ്. കശുവണ്ടി കൃഷിയിട വിസ്തീർണത്തിൽ

**ചിത്രം 4.6.3** ഇന്ത്യയിലെ പ്രധാന ഉത്പാദക സംസ്ഥാനങ്ങളിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനവും വിസ്തൃതിയും (2024–25)




**അവലംബം**: കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി), ഇന്ത്യാ ഗവൺമെന്റ്

ഒഡീഷ ഒന്നാം സ്ഥാനത്താണ് (2.23 ലക്ഷം ഹെക്ടർ), തുടർന്ന് ആന്ധ്രാപ്രദേശും (2.01 ലക്ഷം ഹെക്ടർ), മഹാരാഷ്ട്രയും (1.95 ലക്ഷം ഹെക്ടർ). കേരളത്തിൽ 1.10 ലക്ഷം ഹെക്ടർ പ്രദേശത്താണ് കശുവണ്ടി കൃഷി നടക്കുന്നത്; കൃഷിയിട വിസ്തീർണത്തിൽ കേരളം ആറാം സ്ഥാനത്താണ്. കശുവണ്ടി ഉൽപാദനത്തിന്റെയും വിസ്തൃതിയുടെയും സംസ്ഥാനം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.26**–ൽ നൽകിയിരിക്കുന്നു. ഇതു സംബന്ധിച്ച ലഘു വിവരണം **ചിത്രം 4.6.3** ൽ നൽകിയിരിക്കുന്നു.

കശുവണ്ടി ഉത്പാദക സംസ്ഥാനങ്ങളിലുടനീളം 2024–25–ൽ ഉത്പാദനക്ഷമതയിൽ ഗണ്യമായ ഇടിവുണ്ടായി. താരതമ്യം ചെയ്യുമ്പോൾ മഹാരാഷ്ട്രയിലാണ് ഉത്പാദനക്ഷമത ഏറ്റവും കൂടുതലുള്ളത്, തമിഴ്നാട്ടിലാണ് ഏറ്റവും കുറവ്. കേരളത്തിലും കശുവണ്ടി കൃഷിയിലെ ഉത്പാദന ക്ഷമത ഇക്കാലയളവിൽ കുറഞ്ഞതായി കാണുന്നു. പ്രധാന കശുവണ്ടി ഉൽപ്പാദക സംസ്ഥാനങ്ങളിലുടനീളമുള്ള കശുവണ്ടി കൃഷിയിലെ ഉൽപ്പാദനക്ഷമത സംബന്ധിച്ച അവലോകനം **ചിത്രം 4.6.4**–ൽ നൽകിയിരിക്കുന്നു.

കശുവണ്ടി കേർണലുകളുടെ ആകൃതി, വലിപ്പം, നിറം എന്നിവയെ ആശ്രയിച്ച് വെളുത്തതോ ഇരുണ്ടതോ ആയ മുഴുവൻ കഷണങ്ങൾ, പിളർപ്പുകൾ, മുറിഞ്ഞ കഷ്ണങ്ങൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. കയറ്റുമതി (ഗുണനിലവാര നിയന്ത്രണവും പരിശോധനയും) നിയമം 1963 പ്രകാരം 33 വ്യത്യസ്ത ഗ്രേഡുകളിലായാണ് കശുവണ്ടി കേർണലുകൾ ഉള്ളത്. W–180, W–210, W–240, W–320, W–450 എന്നിവയാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ജനപ്രിയ കശുവണ്ടി ഗ്രേഡുകളിൽ ചിലത്.

കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ) പ്രകാരം, 2019–20 മുതൽ ഇന്ത്യയിൽ

**ചിത്രം 4.6.4**, 2024–25–ൽ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ മൊത്തം കയറ്റുമതി




**അവലംബം**: കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി), ഇന്ത്യാ ഗവൺമെന്റ്

**ചിത്രം 4.6.5** ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി (2019–20 മുതൽ)




**അവലംബം:** കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ – (സിഇപിസിഐ).

നിന്നുള്ള കശുവണ്ടിപ്പരിപ്പ് കയറ്റുമതിയുടെ അളവിൽ കുറവ് ഉണ്ടായിട്ടുണ്ട്. 2024–25–ൽ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ ആകെ അളവ് 37,084 മെട്രിക് ടണ്ണായിരുന്നു 2023–24–ലെ 46,235 മെട്രിക് ടൺ കയറ്റുമതിയുമായി താരതമ്യം ചെയ്യുമ്പോൾ 19.79 ശതമാനത്തിന്റെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മൂല്യത്തിൻറെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 2021-22 മുതൽ തുടർച്ചയായി കുറഞ്ഞുവരികയാണ്. 2024–25–ൽ ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ മൊത്തം കയറ്റുമതി മൂല്യം 2,473.11 കോടി രൂപയായിരുന്നു, ഇത് 2023–24 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 5.6 ശതമാനത്തിന്റെ കുറവ് വന്നിട്ടുള്ളതായി കാണാം. വിശദാംശങ്ങൾ **ചിത്രം 4.6.5** ൽ നൽകിയിരിക്കുന്നു.

കശുവണ്ടി പരിപ്പിന്റെ വലിയൊരു പങ്ക് യു. എ. ഇ ലേക്കാണ് കയറ്റുമതിചെയ്യുന്നത്; കയറ്റുമതി ചെയ്ത പരിപ്പിന്റെ അളവ് 10,034.38 മെട്രിക് ടണ്ണാണ്. കൂടാതെ നെതർലൻഡ്സ്, ജപ്പാൻ, സൗദി അറേബ്യ, സ്പെയിൻ എന്നിവയാണ് മറ്റ് പ്രധാന കയറ്റുമതി രാജ്യങ്ങൾ. കുവൈത്ത്, ഖത്തർ, അമേരിക്ക എന്നിവയും ഇന്ത്യൻ കശുവണ്ടി പരിപ്പിന്റെ പ്രധാന വിപണികളാണ്.

2019–20 മുതൽ ഇന്ത്യയിൽ നിന്നുള്ള വറുത്തതും ഉപ്പുചേർത്തതുമായ കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. 2023-24–മായി താരതമ്യം ചെയ്യുമ്പോൾ, 2024–25–ൽ ഇന്ത്യയിൽ നിന്ന് വറുത്തതും ഉപ്പുചേർത്തതുമായ കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയിൽ, അളവിന്റെ അടിസ്ഥാനത്തിൽ 18.5 ശതമാനവും, മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 6.4 ശതമാനവും വർധിച്ചിട്ടുള്ളതായി കാണാം. 2024–25–ൽ ഇന്ത്യയിൽ നിന്ന് മൊത്തം 3,020 മെട്രിക് ടൺ വറുത്തതും ഉപ്പുചേർത്തതുമായ കശുവണ്ടി പരിപ്പ് കയറ്റുമതി ചെയ്യുകയുണ്ടായി, അതിന്റെ മൂല്യം 201.02 കോടി രൂപയാണ്. വിശദാംശങ്ങൾ **4.6.6** ൽ നൽകിയിരിക്കുന്നു.

**ചിത്രം 4.6.6** ഇന്ത്യയിൽ നിന്ന് വറുത്തതും ഉപ്പുചേർത്തതുമായ കശുവണ്ടി പരിപ്പ് കയറ്റുമതി (2019–20 മുതൽ)




**അവലംബം:** കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)

നിലവിലെ കശുവണ്ടി സംസ്കരണ വ്യവസായത്തിന്റെ ആവശ്യകതയോ, 20 ലക്ഷം മെട്രിക് ടൺ എന്ന സ്ഥാപിത സംസ്കരണ ശേഷിയോ നിറവേറ്റാൻ ഇന്ത്യയിലെ ആഭ്യന്തര കശുവണ്ടിയുൽപ്പാദനം പര്യാപ്തമല്ല, അതിനാൽ തന്നെ മറ്റ് ഉത്പാദക രാജ്യങ്ങളിൽ നിന്ന് ഇന്ത്യ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നു. 2024-25 ൽ ഇന്ത്യ മൊത്തം 11.41 ലക്ഷം മെട്രിക് ടൺ അസംസ്കൃത കശുവണ്ടി (RCN) ഇറക്കുമതി ചെയ്തിരുന്നു, അതിന്റെ മൂല്യം 13,742 കോടി രൂപയായിരുന്നു. 2023-24 ൽ ഇത് 12.51 ലക്ഷം മെട്രിക് ടൺ ആയിരുന്നു, അതിന്റെ മൂല്യം 11,633 കോടി രൂപയായിരുന്നു. 2023-24 ലെ ഇന്ത്യയുടെ കശുവണ്ടി RCN ഇറക്കുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ, അളവിൽ (8.77 ശതമാനം) കുറവുള്ളതായി കാണാം. 2024-25 സാമ്പത്തിക വർഷത്തിൽ അസംസ്കൃത കശുവണ്ടിയുടെ ശരാശരി ഇറക്കുമതി വില കിലോഗ്രാമിന് 120.38 രൂപയായിരുന്നു; മുൻ വർഷം ഇറക്കുമതി വില കിലോഗ്രാമിന് 92.96 രൂപയായിരുന്നു, ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 29.49 ശതമാനം വർദ്ധനവ് കാണിക്കുന്നു. ഐവറി കോസ്റ്റ്, ടാൻസാനിയ, ഗിനിയ ബിസാവു, ബെനിൻ, ഘാന, മൊസാംബിക്, നൈജീരിയ, സെനഗൽ എന്നിവയാണ് അസംസ്കൃത കശുവണ്ടി (ആർസിഎൻ) ഇറക്കുമതിയുടെ പ്രധാന സ്രോതസ്സുകൾ. (കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ – സിഇപിസിഐ). അസംസ്കൃത കശുവണ്ടിയുടെ കയറ്റുമതിയിലും ഇറക്കുമതിയിലും വർഷങ്ങളായി വലിയ വ്യതിയാനങ്ങൾ സംഭവിക്കുന്നത് പ്രധാനമായും സംസ്കരണ വ്യവസായത്തിലെ വ്യാപാരികളുടെ ചില പ്രവർത്തനങ്ങളാണ് അതോടൊപ്പം തന്നെ അസംസ്കൃത കശുവണ്ടിയുടെയും കശുവണ്ടി പരിപ്പിന്റെയും അന്താരാഷ്ട്ര വിലകളിലുണ്ടാവുന്ന വലിയ ഏറ്റക്കുറച്ചിലുകളും കാരണമാകുന്നുണ്ട്. മാത്രമല്ല, മറ്റ് സംസ്കരണ രാജ്യങ്ങളിലെ വിപണി സാഹചര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തെ ബാധിക്കുന്നുണ്ട്.

കയറ്റുമതി ചെയ്യുന്നതോടൊപ്പം ഇന്ത്യയും കശുവണ്ടിപ്പരിപ്പ് ഇറക്കുമതി ചെയ്യുന്നുണ്ട്. 2024-25-ൽ 340.79 കോടി രൂപ വിലമതിക്കുന്ന 6210 മെട്രിക് ടൺ കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്തു, അതിൽ മുഴവനയുള്ളതും, പിളർന്നതും മറ്റുള്ളവയും ഉൾപ്പെടുന്നു. 2023-24 നെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും വലിയ വർധനവുണ്ടായിട്ടുണ്ട്(കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ – സിഇപിസിഐ). ചില നയ മാനദണ്ഡങ്ങൾ ദുരുപയോഗം ചെയ്തുകൊണ്ട്, തെറ്റായ പ്രഖ്യാപനം നടത്തി രാജ്യാന്തരതലത്തിൽ കയറ്റുമതി ചെയ്യുന്ന ചില രാജ്യങ്ങളിൽ നിന്ന് കശുവണ്ടി പരിപ്പ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. വളരെ കുറച്ച് മാത്രം സംസ്കരിച്ചതും, കുറഞ്ഞ നിലവാരമുള്ളതും, പൂർണ്ണമായ സംസ്കരിച്ചതോ/പകുതി സംസ്കരിച്ചതോ ആയ ഇങ്ങനെയുള്ള കശുവണ്ടി പരിപ്പുകളുടെ ഇറക്കുമതി ഇന്ത്യൻ കശുവണ്ടി വ്യവസായത്തെ ആശങ്കപ്പെടുത്തുന്നുണ്ട്. വിശദാംശങ്ങൾ **ചിത്രം 4.6.7** ൽ നൽകിയിരിക്കുന്നു.

2024-25-ൽ, രാജ്യത്ത് കശുവണ്ടി തോടിൽ നിന്നുള്ള ദ്രാവകത്തിന്റെ (കശുവണ്ടി കറ) കയറ്റുമതി 8497.61 മെട്രിക് ടൺ ആയിരുന്നു (വില 60.79 കോടി രൂപ). 2023-24 ലെ കയറ്റുമതിയുമായി താരതമ്യപ്പെടുത്തുമ്പോൾ, അളവിൽ 35.73 ശതമാനവും മൂല്യത്തിൽ 21.26 ശതമാനവും കുറവുണ്ടായി, അതായത്, കയറ്റുമതി 13222.27 മെട്രിക് ടണ്ണും, മൂല്യം 77.21 കോടി രൂപയുമായിരുന്നു (കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ - സി.ഇ.പി.സി.ഐ).

### കേരളത്തിലെ കശുവണ്ടി മേഖല

കേരളത്തിലെ പ്രധാന പാരമ്പര്യ കാർഷികാധിഷ്ഠിത വ്യവസായങ്ങളിൽ ഒന്നാണ് കശുവണ്ടി വ്യവസായം. അസംസ്കൃത കശുവണ്ടിയെ വിവിധ പ്രക്രിയകൾക്ക് (വറുക്കുക/ആവികയറ്റുക, ഷെല്ലിംഗ്, പീലിംഗ് എന്നിങ്ങനെ) വിധേയമാക്കിയാണ് കശുവണ്ടി പരിപ്പുകൾ തയ്യാറാക്കുന്നത്. കേരളത്തിൽ കശുവണ്ടി സംസ്കരണ വ്യവസായം പ്രധാനമായും കൊല്ലം ജില്ലയിൽ കേന്ദ്രീകൃതമാണ്. കൊല്ലം പരമ്പരാഗതമായി ലോകത്തെ കശുവണ്ടി

**ചിത്രം 4.6.7** ഇന്ത്യയിലേക്കുള്ള കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി (2019-20 മുതൽ)




**അവലംബം**: കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ – (സിഇപിസിഐ).

വ്യാപാരത്തിന്റെ ആസ്ഥാനമായി അറിയപ്പെടുന്നു. കേരളത്തിൽ കശുവണ്ടി സംസ്കരണം എന്നത് ഒരു തൊഴിൽസാന്ദ്രിതമായ വ്യവസായമാണ്, കൂടാതെ വൻതോതിൽ സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ നല്കിവരുന്നതിൽ ദീർഘകാല പാരമ്പര്യവുമുണ്ട്. കേരളത്തിൽ നിലവിൽ ഏകദേശം 100 പ്രവർത്തനക്ഷമമായ കശുവണ്ടി സംസ്കരണ യൂണിറ്റുകളാണുള്ളത് അവയിൽ ഏകദേശം ഒരു ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. കശുവണ്ടി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ) യിൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുള്ള കശുവണ്ടി കയറ്റുമതി, സംസ്കരണ യൂണിറ്റുകളിൽ 65 ശതമാനവും കേരളത്തിൽ നിന്നാണ്. കശുവണ്ടി സംസ്കരണം പ്രധാനമായും സ്വകാര്യ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കശുവണ്ടി സംസ്കരണത്തിൽ സഹകരണ മേഖലയ്ക്ക് പരിമിതമായ സാന്നിധ്യമേ ഉള്ളൂ.

കേരളത്തിൽ കശുവണ്ടി സംസ്കരണ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സ്ഥാപനങ്ങളാണ് കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡും (കാപെക്സ്), കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷനും (കെ.എസ്.സി.ഡി.സി). ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കായി അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നത് കേരള കശുവണ്ടി ബോർഡ് (കെ. സി. ബി) ആണ്. കശുവണ്ടി കൃഷിയുടെ പ്രചാരണം, വിസ്തീർണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർധിപ്പിക്കുന്നതിനായി നവീന സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ എന്നിവയ്ക്കായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (കെഎസ്എസിസി) എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.

കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കണക്കുകൾ പ്രകാരം, 2023-24-ൽ കൊച്ചിൻ തുറമുഖം വഴി കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവ് 22,753 മെട്രിക് ടണ്ണായിരുന്നു. ഇത് 2022-23-ലെ 21,858 മെട്രിക് ടൺ കയറ്റുമതിയുമായി താരതമ്യം ചെയ്യുമ്പോൾ 4.09 ശതമാനത്തിന്റെ വളർച്ചയാണ് രേഖപ്പെടുത്തുന്നത്. എന്നാൽ 2024-25 ൽ കൊച്ചിൻ തുറമുഖം വഴി കയറ്റുമതി ചെയ്ത കശുവണ്ടി പരിപ്പിന്റെ അളവ് 15,495 മെട്രിക് ടണ്ണായി കുറഞ്ഞു; ഇത് 2023-24-ലെ 22,753 മെട്രിക് ടണ്ണുമായി താരതമ്യം ചെയ്യുമ്പോൾ 31.9 ശതമാനത്തിന്റെ ഇടിവാണ് രേഖപ്പെടുത്തുന്നത്. 2024-25-ൽ ഇന്ത്യയിൽ നിന്നുള്ള മൊത്തം കശുവണ്ടി പരിപ്പ് കയറ്റുമതി 37,084 മെട്രിക് ടണ്ണായിരുന്നു അതിൽ 41.8 ശതമാനവും (15,495 മെട്രിക് ടൺ) കൊച്ചിൻ തുറമുഖം വഴിയായിരുന്നു.

കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ഉൽപ്പാദനം 2014-15-ലെ 80,000 മെട്രിക് ടണ്ണിൽ നിന്ന് 2017-18-ൽ 88,180 മെട്രിക് ടണ്ണായി ഉയർന്നു. തുടർന്ന് വർഷംതോറും ഉൽപ്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായെങ്കിലും, അടുത്ത കാലങ്ങളിലായി ഉത്പാദനത്തിൽ മൊത്തത്തിൽ കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്; 2024-25-ൽ ഇത് 64,920 മെട്രിക് ടണ്ണിലെത്തി. അതേസമയം,

**പട്ടിക 4.6.8** കേരളത്തിലെ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം – 2014–15 മുതൽ 2024–25 വരെ , ഹെക്ടറിലും, മെട്രിക് ടണ്ണിലും.

| **വർഷം** | വിസ്തീർണ്ണം (1000 ഹെക്ടറിൽ) | **വാർഷിക വളർച്ച (ശതമാനത്തിൽ)** | അളവ് (മെട്രിക് ടണ്ണിൽ) | **വാർഷിക വളർച്ച (ശതമാനത്തിൽ)** |
|---|---|---|---|---|
| 2014–15 | 84.50 | –0.4 | 80,000 | –0.2 |
| 2015–16 | 87.00 | 2.9 | 72,000 | –10.0 |
| 2016–17 | 90.87 | 4.5 | 83,980 | 16.6 |
| 2017–18 | 92.81 | 2.1 | 88,180 | 5.0 |
| 2018–19 | 96.65 | 4.1 | 82,889 | –6.0 |
| 2019–20 | 98.82 | 2.2 | 69,624 | –16.0 |
| 2020–21 | 103.21 | 4.4 | 73,105 | 5.0 |
| 2021–22 | 106.52 | 3.2 | 71,760 | –1.8 |
| 2022–23 | 108.59 | 1.9 | 74,630 | 4.0 |
| 2023–24 | 110.26 | 1.5 | 76,380 | 2.2 |
| 2024–25 | 110.51 | 0.23 | 64920 | –15 |

**അവലംബം:** കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി.സി.സി.ഡി), ഇന്ത്യാ ഗവൺമെന്റ്

കശുവണ്ടി കൃഷിയിട വിസ്തീർണം 2014-15-ലെ 84,500 ഹെക്ടറിൽ നിന്ന് 2024-25-ൽ 1,10,510 ഹെക്ടറായി വർധിച്ചു. കശുമാവ് കൃഷിയിലെ റീപ്ലാന്റേഷനും അവയിൽ നിന്ന് ഉത്പാദനം ലഭിക്കുന്നതിനുള്ള കാലതാമസവും, കശുമാവ് കൃഷി വിസ്തൃതിയും ഉത്പാദനവും തമ്മിലുള്ള കണക്കുകളിലെ പൊരുത്തക്കേടിന് കാരണമായിട്ടുണ്ട്. മുൻപുണ്ടായിരുന്ന കശുവണ്ടി കൃഷിയിടങ്ങളിൽ ഗണ്യമായ പ്രദേശങ്ങളിലും ഇതുവരെ വ്യാപകമായുള്ള ഒരു പുനർ നടീൽ പ്രക്രിയ നടന്നിട്ടില്ല. അതോടൊപ്പം കശുവണ്ടി കൃഷിയിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനെ പരിമിതപ്പെടുത്തുന്ന പ്രധാന കാരണങ്ങളിൽ ഒന്ന്, സംസ്ഥാനത്തെ കശുമാവുകളുടെ ഏകദേശം 70 ശതമാനവും തന്നെ പ്രായമായതും തദ്ദേശിയവുമായ ഇനങ്ങളാണ് എന്നുള്ളതാണ്. ആയതിനാൽ തന്നെ തദ്ദേശിയ ഇനങ്ങളുടെ വിളവെടുപ്പ് വൈകിയാണ് തുടങ്ങുന്നത്. കൂടാതെ, അമിതമായ മഴയും ഉയർന്ന ഈർപ്പവും ഒരേ സമയം സംഭവിക്കുന്നതുപോലുള്ള കാലാവസ്ഥാ മാറ്റങ്ങളുടെ പ്രതിഫലനങ്ങൾ കശുവണ്ടി കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 4.6.8**-ൽ നൽകിയിരിക്കുന്നു.

കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനാവിശ്യമായ സ്ഥലലഭ്യതയില്ലാത്തതും, റബ്ബർ പോലുള്ള നാണ്യവിളകളിലേക്ക് മുൻകാലങ്ങളിൽ കൃഷി രീതി മാറിയതുമെല്ലാം (കശുമാവ് കൃഷിയെ തൊട്ടവിളയായി കണക്കാക്കപ്പെട്ടിട്ടില്ലാത്തതിനാൽ തന്നെ) കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രധാന വെല്ലുവിളികളാണ്. പല നാണ്യവിളകൾക്കും നീണ്ട ജെസ്റ്റേഷൻ (നടീൽ മുതൽ ഉത്പാദനം

**പട്ടിക 4.6.9** കശുവണ്ടി മേഖലയിലെ സംസ്ഥാന സർക്കാർ ഏജൻസികളുടെ പദ്ധതി വിഹിതവും ചെലവും, പതിമൂന്നാം പഞ്ചവത്സര പദ്ധതി, 2024-25, 2025-26 വാർഷിക പദ്ധതി ( രൂപ കോടിയിൽ)

| | | 13-ാം പഞ്ചവത്സര പദ്ധതി | | | 2024-25 | | | 2025-26 (31-10-2025 വരെ) | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | ഏജൻസി | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം | വിഹിതം | ചെലവ് | ശതമാനം |
| 1 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 115.20 | 100.10 | 86.89 | 40.81 | 40.81 | 100.00 | 41.00 | 41.00 | 100.00 |
| 2 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ | 98.00 | 239.55 | 244.4 | 3.05 | 1.47 | 48.20 | 3.05 | 0.80 | 26.23 |
| 3 | കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി(കെ. എസ്.എ.സി.സി) | 30.80 | 13.39 | 43.47 | 6.50 | 3.25 | 50.00 | 6.31 | 2.20 | 34.87 |
| 4 | കാപെക്സ് | 25.00 | 61.02 | 244.1 | 3.00 | 0.93 | 31.00 | 3.00 | 1.05 | 35.00 |
| | **ആകെ** | **269.00** | **414.06** | 153.93 | 53.36 | **46.46** | **87.06** | **53.36** | **45.05** | **84.43** |

**അവലംബം**: പ്ലാൻ പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

ആരംഭിക്കുന്നതുവരെയുള്ള) കാലയളവ് ഉണ്ട്, ആയതിനാൽ തന്നെ നാണ്യ വിളകളുടെ കൃഷിയിൽ നിന്നും പര്യാപ്തമായ സാമ്പത്തിക ലാഭം ലഭിക്കുന്നതിനായി താരതമ്യേന കൂടുതൽ കാലം അത് തുടരേണ്ടതുണ്ട്. ഈക്കാരാണങ്ങൾ കൊണ്ട് തന്നെ, മറ്റ് നാണ്യവിളകളിൽ നിന്ന് കശുവണ്ടിയിലേക്ക് പെട്ടെന്ന് മാറാൻ കഴിയാത്ത ഒരു സാഹചര്യവും നിലവിലുണ്ട്.

കഴിഞ്ഞ ദശകത്തിൽ തന്നെ, കശുവണ്ടി കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വികസിപ്പിക്കുന്നതിനുള്ള നടപടികൾ കേരളം ആരംഭിച്ചിട്ടുണ്ട്. നല്ല മാറ്റങ്ങൾ ദൃശ്യമാണെങ്കിലും, ഇനിയും മെച്ചപ്പെടാനുണ്ട്. ഈ അടുത്തകാലത്തായി കൂടുതൽ കർഷകർ കശുവണ്ടിയെ ലാഭകരമായ വിളയായി സ്വീകരിക്കുന്ന പ്രവണതയും കണ്ടുവരുന്നു.

### കശുവണ്ടി മേഖലയിലെ ഏജൻസികൾ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി) കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായ (കാപെക്സ്) എന്നിവയാണ് സംസ്ഥാനത്ത് കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. സംസ്ഥാനത്തെ കശുവണ്ടി കൃഷി വ്യാപനത്തിനുള്ള ഏജൻസി (കെ.എസ്.എ.സി.സി), കേരള കശുവണ്ടി ബോർഡ് (കെ.സി.ബി) എന്നിവയാണ് ഈ മേഖലയിലെ മറ്റ് രണ്ട് സംസ്ഥാന സർക്കാർ ഏജൻസികൾ. കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ), കശുവണ്ടി-കൊക്കോ വികസന ഡയറക്ടേറ്റ്(ഡി.സി.സി.ഡി) എന്നിവയാണ് കശുവണ്ടിയുടെ കൃഷി, വ്യാപാരം, വിപണനം, മാർക്കറ്റിംഗ്, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലേയും, 2024-25, 2025-26 വാർഷിക പദ്ധതികാലയളവിലേയും വിഹിതവും ചെലവും സംബന്ധിക്കുന്ന വിശദാംശങ്ങൾ **പട്ടിക 4.6.9-ൽ** നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡിസി)

കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയായി 1969-ലാണ് കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.സി.ഡി.സി.) രൂപീകരിച്ചത്. കെ.എസ്.സി.ഡി.സി യുടെ കീഴിൽ നിലവിൽ 30 ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നു, അതിൽ 20 എണ്ണം കരാർ അടിസ്ഥാനത്തിൽ കെ.എസ്.സി.ഡി.സി നടത്തുന്ന സ്വകാര്യ ഫാക്ടറികളാണ്. പ്രതിദിനം 85 മെട്രിക് ടണ്ണിൽ നിന്ന് 115 മെട്രിക് ടണ്ണായി ഉത്പാദനക്ഷമത വർദ്ധിക്കാൻ യന്ത്രവല്കരണവും നവീകരണവും സഹായകമായി. തൊഴിൽനഷ്ടം വരുത്താതെയാണ് കെഎസ്സിഡിസി ഈ ഉൽപ്പാദനക്ഷമത കൈവരിച്ചത്.

2019-20 മുതൽ കെ.എസ്.സി.ഡി.സി യുടെ തൊഴിൽ ദിനങ്ങളും വിറ്റുവരവും കുറഞ്ഞുവരുന്നു. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കോവിഡ്-19 മഹാമാരിയുടെ ഒന്നും രണ്ടും തരംഗങ്ങൾ കെഎസ്സിഡിസിയുടെ

**പട്ടിക 4.6.10** കെ.എസ്.സി..ഡി.സി യുടെ വിൽപ്പന വിറ്റുവരവ് , രൂപ കോടിയിൽ

| വർഷം | വിറ്റുവരവ് | അസംസ്കൃത വസ്തുക്കളുടെ വില | മാനവ വിഭവ ശേഷി ചെലവുകൾ | ലാഭം/ നഷ്ടം |
|---|---|---|---|---|
| 2019-20 | 173.13 | 120.13 | 75.38 | -44.56 |
| 2020-21 | 88.31 | 80.88 | 62.12 | -89.15 |
| 2021-22 | 112.24 | 76.39 | 61.64 | -77.83 |
| 2022-23 | 93.49 | 83.61 | 52.54 | -94.52 |
| 2023-24 | 134.31 | 103.16 | 57.79 | -105.86 |
| 2024-25* | 166.62 | 112.17 | 79.30 | -81.15 |

**അവലംബം**: കെ.എസ്.സി..ഡി.സി കൊല്ലം
കുറിപ്പ്: * താൽക്കാലികം, ആഡിറ്റിന് വിധേയമായിട്ടില്ല

പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. എന്നാൽ 2023–24 മുതൽ പ്രവൃത്തി ദിനങ്ങളും വിറ്റുവരവും ക്രമേണ വർദ്ധിച്ചുവരികയാണ്. 2022–23 ലെ വിറ്റുവരവ് 93.49 കോടിയായിരുന്നു, എന്നാൽ 2023–24, 2024–25 വർഷങ്ങളിൽ വിറ്റുവരവ് വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു, അതായത് യഥാക്രമം 134.31 കോടിയും 166.62 കോടിയും. വിറ്റുവരവ് വർദ്ധിക്കുന്നതിനനുസരിച്ച് സ്ഥാപനത്തിന്റെ നഷ്ടവും കുറഞ്ഞുവരുന്നതായി കാണാം. നിലവിൽ കെഎസ്‌സിഡിസി ഏകദേശം 9000 തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നു; അവരിൽ ഭൂരിഭാഗവും ഈ ജോലിയെ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്ന സ്ത്രീകളാണ്. വിശദാംശങ്ങൾ **പട്ടിക 4.6.10** ലും **അനുബന്ധം 4.6.27** ലും നൽകിയിരിക്കുന്നു.

കെ.എസ്.സി.ഡി.സി അതിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഹോൾസെയിൽ വിലപ്പന നടത്തുകയും, അതോടൊപ്പം മികച്ച ലാഭ ശതമാനം ലഭിക്കുന്ന അന്തിമ ഉപഭോക്താക്കൾക്ക് കൂടുതൽ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഗിഫ്റ്റ് ഹാംപറുകൾ (250 ഗ്രാം ടിന്നുകൾ, പ്ലാറ്റിനം, പ്രീമിയം ബോക്സുകൾ), അസോർട്ടഡ് പ്രീമിയം കശുവണ്ടി, ജംബോ കശുവണ്ടി തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ ഏജൻസി പുറത്തിറക്കിയിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങൾക്ക് ഉപഭോക്താക്കളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. വിൽപ്പന വർധിപ്പിക്കാൻ കെഎസ്‌സിഡിസി പുതിയ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെഎസ്‌സിഡിസി ഗ്രോ ബാഗുകളിൽ ഗ്രാഫ്റ്റ് ചെയ്ത കശുമാവ് തൈകൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. കെ.എസ്.സി.ഡി.സി യുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.28** ൽ നൽകിയിരിക്കുന്നു.

കോവിഡ്–19 മഹാമാരിയുടെ സാന്നിധ്യം ഉണ്ടായിരുന്ന 2020–21 ലും 2021–22 ലും തൊഴിലാളികൾക്ക് യഥാക്രമം 89 ഉം 96 ഉം പ്രവൃത്തി ദിനങ്ങൾ ലഭ്യമാക്കി. എന്നാൽ 2022–23 ൽ ലോകമെമ്പാടും അസംസ്കൃത കശുവണ്ടിയുടെ രൂക്ഷമായ ക്ഷാമം ഉണ്ടായിരുന്നിട്ടും, കെ.എസ്.സി.ഡി.സി തൊഴിലാളികൾക്ക് 71 പ്രവൃത്തി ദിനങ്ങൾ ലഭ്യമാക്കുകയുണ്ടായി. 2023–24 ലും 2024–25 ലും കെ.എസ്.സി.ഡി.സി തൊഴിലാളികൾക്ക് യഥാക്രമം 123 ഉം 127 ഉം പ്രവൃത്തി ദിനങ്ങൾ ലഭ്യമാക്കി. കശുവണ്ടി വാനില മിൽക്ക് ഷേക്ക്, കശുവണ്ടി വീറ്റ ഏലം/ചോക്ലേറ്റ്/പിസ്റ്റ/വാനില, മുളക്, വെളുത്തുള്ളി /ഉപ്പ് & കുരുമുളക്/ചുവന്ന മുളക് എന്നിവ ചേർത്ത കശുവണ്ടി പരിപ്പ് എന്നിവയുൾപ്പെടെ പല രുചിയിലുമുള്ള പുതിയ മൂല്യവർദ്ധിത കശുവണ്ടി ഉൽപ്പന്നങ്ങളും കെ.എസ്.സി.ഡി.സി വികസിപ്പിച്ചെടുത്തിട്ടുണ്ട്, ഇവയ്ക്ക് ഉപഭോക്താക്കളിൽ നിന്ന് നല്ല സ്വീകാര്യതയുമുണ്ട്. 'കേരള കശുവണ്ടി' എന്ന പേരിലുള്ള സി.ഡി.സി ബ്രാൻഡഡ് കശുവണ്ടി പാക്കറ്റുകളുടെയും കശുവണ്ടി സൂപ്പ്, കശുവണ്ടി പൊടി, കശുവണ്ടി വീറ്റ, കശുവണ്ടി ആപ്പിൾ സോഡ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിൽപ്പന വർദ്ധിപ്പിക്കാനും കെ.എസ്.സി.ഡി.സി ശ്രമിച്ചുവരുന്നു. മികച്ച സ്വീകാര്യതയ്ക്കായി കെഎസ്‌സിഡിസി അവരുടെ റീട്ടെയിൽ ഉൽപ്പന്നങ്ങളെ '**കേരള കശുവണ്ടി**' എന്ന് പുനർനാമകരണം ചെയ്തു; "ബ്രാൻഡ് മൂല്യം" ഉള്ള ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുകയും മികച്ച രീതിയിൽ വിൽക്കപ്പെടുകയും ചെയ്യുന്നു.

**കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപെക്സ്)**

കേരള സർക്കാരിന് കീഴിലുള്ള 10 പ്രാഥമിക സഹകരണ സംഘങ്ങളുടെ ഫാക്ടറികളുടെ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനായി 1984–ൽ കൊല്ലം ആസ്ഥാനമായി കാപ്പെക്സ് രൂപീകരിച്ചു. സംസ്ഥാന സർക്കാർ കാപെക്സിനായി, പ്രവർത്തനരഹിതമായ കശുവണ്ടി ഫാക്ടറികൾ വാങ്ങി പ്രവർത്തിപ്പിക്കുന്നതിനുള്ള ചട്ടക്കൂട്/നിയമം നിർമ്മിക്കുകയും അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. സംഭരണം, സഹകരണ സംഘങ്ങൾ വഴിയുള്ള പ്രോസസ്സിംഗ്, മാനേജ്മെന്റ്, മാർക്കറ്റിംഗ് എന്നിവ കാപെക്സിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. അസംസ്കൃത പരിപ്പ് സംഭരിച്ച് പ്രാഥമിക സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും, പ്രാഥമിക സൊസൈറ്റികൾ അവ സംസ്കരിച്ച് കാപെക്സിന് തിരിച്ച നൽകുകയും തുടർന്ന് കാപെക്സ് അവയുടെ വിപണനം ഏറ്റെടുക്കുകയും ചെയ്യുന്നു. പ്രോസസ്സിംഗ് ചെലവ് കുറയ്ക്കുക, തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിലും ന്യായമായ വേതനവും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് കാപെക്സ് പ്രവർത്തിക്കുന്നത്.

കാപെക്സ്, 2024–25 സാമ്പത്തിക വർഷത്തിൽ 3592 തൊഴിലാളികൾക്ക് തൊഴിൽ നൽകുകയുണ്ടായി, അതിൽ ഏകദേശം 95 ശതമാനവും സ്ത്രീ തൊഴിലാളികളാണ്. 2023–24 സാമ്പത്തിക വർഷത്തിൽ, കാപെക്സ് 155 പ്രവൃത്തി ദിനങ്ങളും 2024–25 സാമ്പത്തിക വർഷത്തിൽ 165 പ്രവൃത്തി ദിനങ്ങളും നൽകുകയുണ്ടായി. 2015–16 ലെ 16.41 കോടി രൂപയിൽ നിന്ന് 2024–25 ൽ നഷ്ടം 7.58 കോടി രൂപയായി കുറയ്ക്കാൻ കാപെക്സ് വിവിധങ്ങളായ ശ്രമങ്ങൾ നടത്തിയിരുന്നു. സ്ഥാപനത്തിന്റെ വരുമാനം വർഷം തോറും ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, അതായത്, 2022–23 ൽ 53.87 കോടി രൂപ; 2023–24 ൽ 54.37 കോടി രൂപ; 2024–25 ൽ 56.71 കോടി രൂപ എന്നിങ്ങനെ ക്രമാനുഗതമായ വർദ്ധനവ് കാണാവുന്നതാണ്. കാപെക്സിന്റെ വിൽപ്പനയും വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 4.6.11** ൽ നൽകിയിരിക്കുന്നു.

അടച്ചുപൂട്ടിയ സ്വകാര്യ ഫാക്ടറികൾക്ക് തൊഴിലവസരങ്ങൾ നൽകുന്നതിലൂടെ കാപെക്സ് ഒരു മാതൃകാ തൊഴിലുടമയായി പ്രവർത്തിക്കുന്നു, അതുവഴി നിലവിലുള്ള നിയമം അനുസരിച്ച് വേതനവും മറ്റ് ആനുകൂല്യങ്ങളും (ഇഎസ്ഐ, പിഎഫ്, ബോണസ് മുതലായവ) ഉറപ്പാക്കുന്നു. ഇ–ടെൻഡറുകൾ വഴിയാണ് കാപെക്സ് ബൾക്ക്/ഹോൾസെയിൽ വിൽപ്പന നടത്തുന്നത്, കൂടാതെ കേരള പോലീസ് കാന്റീനുകൾ, കൺസ്യൂമർഫെഡ്, സപ്ലൈകോ, ഷിപ്പ്യാർഡ് കാന്റീൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സൂപ്പർമാർക്കറ്റുകൾ, സ്വന്തം ഔട്ട്‌ലെറ്റുകൾ തുടങ്ങിയ വിവിധ സർക്കാർ ചാനലുകൾ വഴി "കാപെക്സ് കാഷ്യൂ" എന്ന ബ്രാൻഡഡ് കശുവണ്ടിയുടെ ചില്ലറ വിൽപ്പനയും വ്യാപിപ്പിച്ചുവരുന്നു. കാഷ്യൂ ബട്ടർ, കാഷ്യൂ

**പട്ടിക 4.6.11** കാപെക്സിന്റെ വിൽപ്പന വിറ്റുവരവ്, (രൂപ കോടിയിൽ)

| വർഷം | തൊഴിൽ ദിനങ്ങൾ | തൊഴിലാളികളുടെ എണ്ണം | മൊത്തം വിറ്റുവരവ് | അസംസ്കൃത വസ്തുക്കളുടെ വില | മാനവ വിഭവ ശേഷി ചെലവ് | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|
| 2019-20 | 206 | 4209 | 85.19 | 50.87 | 32.75 | -16.95 |
| 2020-21 | 142 | 4130 | 46.89 | 44.74 | 24.44 | -17.56 |
| 2021-22 | 179 | 4100 | 63.15 | 42.40 | 29.24 | -22.24 |
| 2022-23 | 93 | 3970 | 53.87 | 43.65 | 20.34 | -11.04 |
| 2023-24 | 155 | 3797 | 54.37 | 44.14 | 25.28 | -18.87 |
| 2024-25 (Provisional) | 165 | 3592 | 56.71 | 36.24 | 26.95 | -7.58 |

**അവലംബം** – കാപെക്സ്,
കുറിപ്പ്: * താൽക്കാലികം, ആഡിറ്റിന് വിധേയമായിട്ടില്ല

പൊടി, ജാം, അച്ചാറുകൾ, കാഷ്യൂ ആപ്പിൾ സിറപ്പ് തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കാപെക്സ് ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാർ പ്ലാറ്റ്ഫോമായ ഒഎൻഡിസി, കെ ഷോപ്പി, കാഷ്യൂ വെബ്സൈറ്റ് എന്നിവ വഴിയാണ് ഓൺലൈൻ വിൽപ്പന പ്രധാനമയും നടക്കുന്നത്.

പതിനാലാം പഞ്ചവർഷ പദ്ധതിയിലെ ആദ്യ നാല് വർഷങ്ങളിൽ, കാപെക്സ് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുകയും, പ്രതിവർഷമുള്ള പ്രവൃത്തി ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഭാഗിക യന്ത്രവൽക്കരണത്തിലൂടെയും ആധുനികവൽക്കരണത്തിലൂടെയും പ്രവർത്തന നഷ്ടം കുറച്ചുകൊണ്ടുവരുകയും ചെയ്തു. ഏകദേശം 90 ശതമാനം കശുവണ്ടി തല്ലുന്ന (ഷെല്ലിംഗ്) ജോലികളും 30 ശതമാനം ബോർമ ജോലികളും യന്ത്രവൽക്കരിക്കപ്പെട്ടു. സോളാർ പാനലുകൾ ഘടിപ്പിച്ചതിലൂടെ വൈദ്യുതി ചെലവ് ഗണ്യമായി കുറച്ചു കൊണ്ടുവരുന്നതിനും, കൂടാതെ എല്ലാ ഫാക്ടറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. കമ്പ്യൂട്ടർവൽക്കരണം, ശരിയായ സുരക്ഷാ നടപടികൾ നടപ്പിലാക്കൽ എന്നിവ മൂലം നിർമ്മാണ യൂണിറ്റിലെ പ്രവർത്തന അന്തരീക്ഷം മെച്ചപ്പെടുത്തുവാൻ സാധിച്ചു. ആറ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കൂടി അവതരിപ്പിച്ചതും വിപണിയിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിച്ചതും സ്ഥാപനത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. ഈ കാലയളവിലെ പ്രധാന നേട്ടങ്ങളിലൊന്ന് കാപെക്സിന്റെ ഫാക്ടറികളിൽ 252 പുതിയ തൊഴിലാളികളെ നിയമിച്ചു എന്നുള്ളതാണ്. കാപെക്സിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.6.29, 4.6.30** എന്നിവയിൽ നൽകിയിരിക്കുന്നു.

**കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള കേരള സംസ്ഥാന ഏജൻസി (കെ.എസ്.എ.സി.സി)**

കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് ഉറപ്പാക്കുന്നതിനുമായി 2007 ൽ കേരള സർക്കാർ കെ.എസ്.എ.സി.സി രൂപീകരിച്ചു. കെ.എസ്.എ.സി.സി 2007-08 മുതൽ 'ഓർഗാനിക് കശുവണ്ടി കൃഷിയും അസംസ്കൃത കശുവണ്ടി ബാങ്ക് സ്ഥാപിക്കലും' എന്ന പദ്ധതി ആരംഭിച്ചു.

2024-25 ൽ, കെ.എസ്.എ.സി.സി കർഷകർക്കും സ്ഥാപനങ്ങൾക്കുമായി 5,09,995 ഗ്രാഫ്റ്റ് ചെയ്ത കശുവണ്ടി തൈകൾ വിതരണം ചെയ്തു, ഇത് മൂലം ഏകദേശം 2009.09 ഹെക്ടറിൽ പ്രദേശത്ത് കശുമാവ് കൃഷി നടപ്പിലാക്കിയതായി കണക്കാക്കുന്നു. 2025-26 ൽ (സെപ്റ്റംബർ വരെ) ആകെ 3,15,000 ഗ്രാഫ്റ്റ് ചെയ്ത കശുമാവ് തൈകൾ വിതരണം ചെയ്യുകയും, അതോടൊപ്പം തന്നെ സർക്കാർ അംഗീകൃത നഴ്സറികളിൽ ഗ്രാഫ്റ്റ് ചെയ്ത കശുമാവ് തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. കേരളത്തിൽ രണ്ട് മാതൃകാ കശുമാവ് തോട്ടങ്ങളുണ്ട്, ഒന്ന് കേരള സംസ്ഥാന കശുമാവ് വികസന കോർപ്പറേഷന്റെ പരിസരത്തും മറ്റൊന്ന് തിരുവനന്തപുരത്തെ നെട്ടുകാൽത്തേരിലെ ഓപ്പൺ ജയിലിലുമാണ്. കെ.എസ്.എ.സി.സി അതിൻറെ പദ്ധതിയിലൂടെ സാധാരണ സാന്ദ്രതാ കൃഷി രീതി, ഉയർന്ന സാന്ദ്രതാ കൃഷി രീതി, അതി സാന്ദ്രതാ കൃഷി രീതി എന്നി തരങ്ങളിലുള്ള കശുമാവ് കൃഷി ചെയ്യുന്നതിനും വ്യാപിപ്പിക്കുന്നതിനും കർഷകരെ സഹായിച്ചുവരുന്നു. കശുമാവ് ഗ്രാഫ്റ്റുകളുടെ വിതരണം, തൈകളുടെ വളർച്ച ഉറപ്പാക്കുന്നതിനുള്ള സഹായം എന്നിവ ഉൾപ്പെടെ കർഷകർക്കുള്ള പരിശീലനവും കെ.എസ്.എ.സി.സി നടത്തിവരുന്നു. 'തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ' എന്ന പരിപാടിയിലൂടെ ഏകദേശം 10 ഹെക്ടർ വിസ്തൃതിയിൽ കർഷകർക്ക് പ്രയോജനം ലഭിക്കുകയും, അതോടൊപ്പം തന്നെ ഇതിൻറെ ഭാഗമായി 28 കർഷകർക്ക് 180 തേനീച്ച കോളനികളും 19 ഉപകരണ യൂണിറ്റുകളും നൽകുകയുമുണ്ടായി. കർഷകർക്കായി ഏകദേശം 15 പരിശീലന പരിപാടികളും ഏജൻസി ഏറ്റെടുക്കുകയുണ്ടായി. ജിപിഎസ്/ജിഐഎസ് അടിസ്ഥാനമാക്കിയുള്ള കൃഷിയിടങ്ങളുടെ ഫീൽഡ് തല നിരീക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തനങ്ങൾ ഏജൻസി ആരംഭിച്ചിട്ടുണ്ട്. കെഎസ്എസിസി യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കശുമാവ് കൃഷിയുടെ വിശദാംശങ്ങൾ അനുബന്ധം 4.6.31 ൽ നൽകിയിരിക്കുന്നു. കെ.എസ്.എ.സി.സി യുടെ സഹായം ലഭ്യമാകുന്ന കശുവണ്ടി കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കാലാവസ്ഥാ വ്യതിയാനം, വരണ്ട കാലാവസ്ഥ, മഴക്കുറവ്, വന്യമൃഗങ്ങൾ മൂലമുള്ള വിളനാശം എന്നിവയാണ്.

**പട്ടിക 4.6.12** വിവിധ രാജ്യങ്ങളിൽ നിന്നുള്ള അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതി, ലക്ഷം രൂപയിൽ

| ക്രമ നം | വർഷം | അളവ് (മെട്രിക് ടണ്ണിൽ) | ആകെ മൂല്യം ഇന്ത്യൻ രൂപയിൽ (ലക്ഷത്തിൽ) | കെസിബിക്കുള്ള സർക്കാർ സഹായം (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 2018-19 | 6668.005 | 7821.19 | 1730 |
| 2 | 2019-20 | 13634.721 | 12589.04 | 0 |
| 3 | 2020-21 | 10836.065 | 10407.71 | 5330 |
| 4 | 2021-22 | 9956.420 | 10547.95 | 3730 |
| 5 | 2022-23 | 9880.487 | 10800.17 | 6085 |
| 6 | 2023-24 | 13976.586 | 12540.19 | 7655 |
| 7 | 2024-25 | 13030.076 | 12903.05 | 4081 |
| 8 | 2025-26 (till Aug 25) | 15768.254 | 20421.53 | 4100 |

**അവലംബം** : കെസിബി

### കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് (കെസിബി)

കേരളത്തിലെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് മിതമായ വിലയ്ക്ക് അസംസ്കൃത കശുവണ്ടി സംഭരിച്ച് വിതരണം ചെയ്യുക, തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും വേതനവും ഉറപ്പാക്കുക എന്നീ പ്രധാന ലക്ഷ്യങ്ങളോടെ രൂപീകരിച്ച ഒരു എസ്. പി. വി (പ്രത്യേക അവിശ്യങ്ങൾക്കായി രൂപീകരിക്കുന്ന ഒരു സ്ഥാപനം) ആയിട്ടാണ് കേരള കാഷ്യൂ ബോർഡ് ലിമിറ്റഡിനെ(കെ.സി.ബി) സംസ്ഥാന സർക്കാർ 2017-ൽ, സ്ഥാപിച്ചത്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിനും (കെ.എസ്.സി.ഡി. സി), കാപെക്സിനും കെ.സി.ബി അസംസ്കൃത കശുവണ്ടി വിതരണം ചെയ്തുവരുന്നു, അതിലൂടെ ഈ ഏജൻസികളുടെ കീഴിലുള്ള 40 ഫാക്ടറികളെ വർഷം മുഴുവൻ തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകുന്നതിനും കഴിയുമെന്ന് ഉറപ്പുവരുത്തുന്നു. കെ.എസ്.സി.ഡി.സി, കാപ്പെക്സ് എന്നിവയുടെ ഫാക്ടറികളിൽ ഏറ്റവും മത്സരാധിഷ്ഠിതമായി മിതമായ വിലകളിൽ അസംസ്കൃത കശുവണ്ടി ലഭ്യമാണെന്ന് കേരള ക്യാഷ്യു ബോർഡ് ഉറപ്പുവരുത്തുന്നു. 2024-25ൽ വിവിധ രാജ്യങ്ങളിൽ നിന്ന് 13,030.08 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി കെ.സി.ബി ഇറക്കുമതി ചെയ്തു. 2025-26 ൽ (2025 ഓഗസ്റ്റ് വരെ), കെ.സി.ബി വിവിധ രാജ്യങ്ങളിൽ നിന്ന് 15,768.25 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കെസിബി ഇറക്കുമതി ചെയ്ത അസംസ്കൃത കശുവണ്ടിയുടെ വിശദാംശങ്ങൾ **പട്ടിക 4.6.12**-ൽ നൽകിയിരിക്കുന്നു.

വിളവെടുപ്പ് സമയങ്ങളിൽ അല്ലെങ്കിൽ അസംസ്കൃത കശുവണ്ടി കൂടുതൽ ലഭ്യമാകുന്ന സന്ദർഭങ്ങളിൽ, കുറഞ്ഞ വിലയിൽ അസംസ്കൃത കശുവണ്ടി ലഭ്യമാക്കുന്നതിനായി വേണ്ടി വരുന്ന ഫണ്ടിൻറെ അഭാവം ക്യാഷ്യ ബോർഡ് നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്. അസംസ്കൃത കശുവണ്ടി വിതരണം ചെയ്യതിന്റെ ഭാഗമായി, അസംസ്കൃത കശുവണ്ടിയുടെ മൂല്യത്തിൻറെ ഏകദേശം 50 മുതൽ 60 ശതമാനം വരെ മാത്രമെ കെ.എസ്.സി.ഡി.സി, കാപ്പെക്സ് എന്നിവയിൽ നിന്നുള്ള തിരിച്ചടവായി ലഭ്യമാകുന്നുള്ളു, ഇങ്ങനെയുള്ള വിടവ് നികത്തുന്നതിനായി കേരള സർക്കാർ പ്രവർത്തന മൂലധന വായ്പകൾ വഴി ധനസഹായം നൽകിവരുന്നു. അസംസ്കൃത കശുവണ്ടി വാങ്ങുന്നതിനായി കേരള ബാങ്കിൽ നിന്നുള്ള ക്യാഷ് ക്രെഡിറ്റ് സൗകര്യവും ഉപയോഗപ്പെടുത്തി വരുന്നു.

### കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ)

ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെയും കശുവണ്ടി തോടെണ്ണയുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1955-ൽ ഭാരത സർക്കാർ സ്ഥാപിച്ചതാണ് കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സി.ഇ.പി.സി.ഐ). കൗൺസിൽ അംഗങ്ങളായ കശുവണ്ടി പരിപ്പ് ഇറക്കുമതിക്കാർക്കും ആഭ്യന്തര കയറ്റുമതിക്കാർക്കും ഇടയിൽ ഒരു ഇടനിലക്കാരനായി സി.ഇ.പി.സി.ഐ പ്രവർത്തിക്കുന്നു.

### കശുവണ്ടി, കൊക്കോ വികസന ഡയറക്ടറേറ്റ് (ഡി. സി.സി.ഡി)

കൊച്ചിയിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് കശുവണ്ടി കൊക്കോ വികസനം ഡയറക്ടറേറ്റ് (ഡി. സി.സി.ഡി) ഭാരത സർക്കാരിന്റെ കൃഷി, സഹകരണം, കർഷക ക്ഷേമ വകുപ്പുകളുടെ കീഴിലുള്ള ഓഫീസാണ്. രാജ്യത്തെ കശുവണ്ടി, കൊക്കോ വികസന പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നോഡൽ ഏജൻസിയായ ഡി.സി.സി.ഡി യുടെ പ്രവർത്തനങ്ങൾ രാജ്യത്തുടനീളം വ്യാപിച്ച് കിടക്കുന്നു.

ഡിസിസിഡിയുടെ സാമ്പത്തിക സഹായത്തോടെ, കെഎസ്എസിസി 44 കർഷകരുടെ പങ്കാളിത്തമുണ്ടായിരുന്ന 7 ദിവസത്തെ ഫീൽഡ് സ്റ്റഡി ടൂർ നടത്തി. ഫീൽഡ് സന്ദർശനത്തിന്റെ ഭാഗമായി, ഇതിൽ പങ്കെടുത്ത കർഷകർ സിആർഎസ് മാടക്കത്തറ, സി.പി.സി.ആർ.ഐ കാസർഗോഡ്, സി.ടി.സി ഷിമോഗ, എ.എച്ച്.ആർ.എസ് ഉള്ളാൾ, ഡി.സി.ആർ പുത്തൂർ, പി.സി.കെ മുളിയാർ, ചീമേനി, സി.പി.ഒ അദ്ദൂർ തുടങ്ങിയ കശുമാവ് ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കുകയും അവരുടെ ഭാവി പരിപാടികൾ രൂപപ്പെടുത്തുന്നതിനുള്ള ഉപയോഗപ്രദമായ ഉൾക്കാഴ്ചകളും നൂതന ആശയങ്ങളും വിവരങ്ങളും നേടുകയും ചെയ്തു.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും

നിലവിലുള്ള കശുവണ്ടി ഫാക്ടറികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല സംസ്ഥാനത്തെ അസംസ്കൃത കശുവണ്ടി ഉത്പാദനം. ആഭ്യന്തര അസംസ്കൃത കശുവണ്ടിയുടെ മെച്ചപ്പെട്ട ഉപയോഗം ഉറപ്പാക്കുന്നതിന്,

സംസ്ഥാനം അവയുടെ ശേഖരണ സമാഹരണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. കൃഷിക്കാരുടെയും കശുവണ്ടി സംസ്കരണത്തിൽ ഏർപ്പെടുന്നവരുടെയും താൽപര്യം സന്തുലിതമാണെന്ന് ഉറപ്പാക്കാനായി (വില നിർണ്ണയ സമിതി) അസംസ്കൃത കശുവണ്ടി പരിപ്പ് സംഭരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന വില പുനഃപരിശോധിക്കേണ്ടതായിട്ടുണ്ട്. ഇന്ത്യയിൽ കൃഷി ചെയ്ത് ലഭ്യമാകുന്ന അസംസ്കൃത കശുവണ്ടി, ഇവിടുത്തെ കശുവണ്ടി ഫാക്ടറികളുടെ മൊത്തം ആവശ്യത്തിൻറെ മൂന്നിലൊന്ന് മാത്രമാണ്. അത്യുൽപാദനശേഷിയുള്ള കശുമാവ് ഇനങ്ങളുടെ ഉപയോഗം, ശാസ്ത്രീയ കൃഷിരീതി അവലംബിക്കൽ, കശുവണ്ടി കൃഷി വിപുലീകരണത്തിന് നൽകുന്ന സേവനങ്ങളുടെ കാര്യത്തിലുള്ള കൂടുതൽ പിന്തുണ, വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം മുതലായവയിൽ ശ്രദ്ധ പതിപ്പിച്ചാൽ സംസ്ഥാനത്തെ അസംസ്കൃത കശുവണ്ടിയുടെ ഉൽപാദനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിക്കും.

ആഗോള വിപണിയിൽ കശുവണ്ടിക്ക് നല്ല ഡിമാൻഡ് ഉള്ളതിനാൽ, കശുവണ്ടി സംസ്കരണ വ്യാപരത്തിലേർപെട്ടവർ അസംസ്കൃത പരിപ്പിന്റെ 50 ശതമാനവും ഇറക്കുമതി ചെയ്യാൻ നിർബന്ധിതരാകുന്നു. കശുവണ്ടി വ്യവസായം പ്രധാനമായും ആഫ്രിക്കൻ രാജ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു (അസംസ്കൃത വസ്തുക്കളുടെ ഏകദേശം 90 ശതമാനവും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നാണ് വരുന്നത്). കാലാവസ്ഥ, ആഗോള ആവശ്യം, ഭൗമ രാഷ്ട്രീയ സംഭവ വികാസങ്ങൾ തുടങ്ങിയ ഘടകങ്ങളുടെ സ്വാധീനത്താൽ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമെന്നതിനാൽ തന്നെ കശുവണ്ടി വിപണി അതിന്റെ ചാഞ്ചാട്ടത്തിന് പേരുകേട്ടതാണ്. കശുവണ്ടി ഇറക്കുമതിയുടെ ഉയർന്ന ചിലവ് വ്യവസായത്തിന്റെ ലാഭക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. അസംസ്കൃത പരിപ്പ് ഇറക്കുമതിക്ക് നിലവിലുള്ള 2.5 ശതമാനം ഇറക്കുമതി തീരുവ കരണം ഈ മേഖലയിലേക്കാവിശ്യമായ അസംസ്കൃത വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുകയും വ്യവസായത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇന്ത്യൻ കശുവണ്ടി മേഖലയുടെ കയറ്റുമതിയിൽ യുഎസ് 50 ശതമാനം തീരുവ ഏർപ്പെടുത്തുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നും, വിയറ്റ്നാം, ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവ പോലുള്ള എതിരാളികൾക്ക് വിപണി വിഹിതം നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നും, കയറ്റുമതി അളവിൽ കുറവുണ്ടാകുമെന്നും, തൊഴിൽ നഷ്ടമുണ്ടാകുമെന്നും കരുതുന്നു. ഇത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും അതോടൊപ്പം ആഭ്യന്തര വിപണിയിൽ കശുവണ്ടിയുടെ ലഭ്യത വർദ്ധിക്കുന്നതിനും, കശുവണ്ടിയുടെ വില കുറയുന്നതിനും കാരണമാകും.

സമീപ വർഷങ്ങളിൽ, ഇന്ത്യയിലുടനീളമുള്ള കശുവണ്ടി വിപണിയിൽ ഉപഭോഗ രീതിയിൽ ദ്രുതഗതിയിലുള്ള മാറ്റം ഉണ്ടായിട്ടുണ്ട്, പ്രധാനമായും ചില്ലറ വിപണി രംഗത്ത് രുചിയുള്ള വിവിധതരം കശുവണ്ടി ഉൽപ്പന്നങ്ങൾ വർദ്ധിച്ചുവരുന്നതിനാലാണ് ഈ ഒരു മാറ്റം കാണാനാകുന്നത്. ആരോഗ്യ അവബോധം വർദ്ധിക്കുന്നതിനനുസരിച്ച്, ഉപഭോക്താക്കൾ ആരോഗ്യകരമായ ലഘുഭക്ഷണങ്ങൾ തിരഞ്ഞെടുക്കുന്നു, അതിനാൽ തന്നെ ഇന്ത്യയിൽ രുചിയുള്ള കശുവണ്ടിയുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതനുസരിച്ച്, വറുത്തതും, ഉപ്പ് വിതറിയതും, രുചിയുള്ളതും, തേനും സുഗന്ധവ്യഞ്ജനങ്ങളും ചേർത്തതുമായ പരിപ്പുകളുടെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഭാവിയിൽ കശുവണ്ടി മേഖലയുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകളുടെ വികസനവും ഉപയോഗവും (സംസ്കരണത്തിലും മൂല്യവർദ്ധനയിലും) അത്യന്താപേക്ഷിതമാണ്. സംസ്കരണ ചെലവ് കുറയ്ക്കൽ (ഭാഗികമോ പൂർണ്ണമോ ആയിട്ടുള്ള യന്ത്രവൽക്കരണത്തിലൂടെ), കശുവണ്ടിയിൽ നിന്നുള്ള പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനം, കശുവണ്ടി പഴങ്ങളുടെ ശരിയായ ഉപയോഗം എന്നിവയിൽ ഈ മേഖല ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. 'കേരള കശുവണ്ടി' യുടെ പ്രത്യേകത നിലനിർത്താൻ കഴിയുന്ന പുതിയ വിപണികളും വിപണന തന്ത്രങ്ങളും വികസിപ്പിക്കാനുള്ള വലിയ ശ്രമങ്ങളും ഭാവിയിലേക്കുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മാറണം.

അദ്ധ്യായം

# 05

# സേവന മേഖല

# സേവന മേഖല

## 5.1 വിവരസാങ്കേതിക വിദ്യ

കേരളത്തിന്റെ വികസനത്തിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് വിവര സാങ്കേതികവിദ്യ. ഈ മേഖലയുടെ സാധ്യതകളും നിർണായക പ്രാധാന്യവും കേരള സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽ ഈ മേഖലയെ ശക്തവും, ആഗോളതലത്തിൽ മത്സരാധിഷ്ഠിതവുമാക്കുന്നതിന് ഉത്സാഹപൂർവ്വമായ ശ്രമങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. മേഖലയുടെ വളർച്ചയ്ക്കായി ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരതാ പരിപാടികൾ ഉൾപ്പെടെ വിവിധ തരം വിവര സാങ്കേതികവിദ്യ പദ്ധതികൾ കേരളം നടപ്പിലാക്കി വരുന്നു. അത്തരം വികസനത്തിന്റെ ഫലങ്ങൾ സമൂഹത്തിന് മുഴുവനും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാനും സംസ്ഥാനം പരിശ്രമിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവരസാങ്കേതികവിദ്യയുടെ (ഐടി) ഒരു പ്രധാന കേന്ദ്രമായി കേരളം ഉയർന്നുവന്നിട്ടുണ്ട്. ഈ നേട്ടത്തിന് സാങ്കേതിക മികവുള്ളവരും അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നവരുമായ തൊഴിലാളികളും, സർക്കാർ നടപ്പിലാക്കിയ നൂതന സംരംഭങ്ങളും കാരണമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട ജീവിത നിലവാരം, സുസ്ഥാപിതമായ സർക്കാർ നയങ്ങൾ, കുറഞ്ഞ പ്രവർത്തനച്ചെലവുകൾ എന്നിവ, നിക്ഷേപകരെ ആകർഷിക്കുന്ന, മികച്ച ഐടി ഹബ്ബായി കേരളത്തെ മാറ്റിയിട്ടുണ്ട്. കേരളത്തിലെ മൊബൈൽ, ടെലിഫോൺ സാന്ദ്രത ഉയർന്നതാണ്. ബ്രോഡ്ബാൻഡ്, മൊബൈൽ ഇന്റർനെറ്റ് എന്നിവയുടെ ലഭ്യതയും മികച്ചതാണ്. സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസത്തിലും സംസ്ഥാനം കൈവരിച്ച പ്രശംസനീയമായ നേട്ടങ്ങൾ കമ്പ്യൂട്ടർ സാക്ഷരത വളർത്തുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട് എന്ന് നിസംശയം പറയാം. ദേശീയ സമ്പദ്‌വ്യവസ്ഥയെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ താരതമ്യേന ചെറുതാണ് എങ്കിലും ദേശീയ തലത്തിലുള്ള ഐടി മേഖലയിൽ കേരളത്തിന്റെ സാന്നിധ്യം ശ്രദ്ധേയമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ബ്ലോക്ക് ചെയിൻ സൊല്യൂഷൻ, ഡാറ്റ അനലിറ്റിക്സ്, സൈബർ സുരക്ഷ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഐടി അധിഷ്ഠിത സേവനങ്ങൾ, ആനിമേഷൻ, ഗെയിമിംഗ്, വെർച്വൽ റിയാലിറ്റി/ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങി, വളർന്നുവരുന്ന സാങ്കേതികവിദ്യകളുടെ കേന്ദ്രമായി മാറാൻ കേരളത്തിന് വലിയ സാധ്യതയുണ്ട്. ഐടി മേഖലയിൽ കേരളം സ്വീകരിച്ച ഹബ് ആൻഡ് സ്പോക്ക് മോഡലിന്റെ ഫലമായി ഐടി വ്യവസായം പ്രാദേശികമായി വികേന്ദ്രീകരിക്കാൻ സാധിച്ചിട്ടുണ്ട്. അതിവേഗ ഫൈബർ കണക്റ്റിവിറ്റി ഏറ്റവും അധികമുള്ള സംസ്ഥാനമായി മാറാനാണ് കെഫോൺ പദ്ധതിയിലൂടെ കേരളം ശ്രമിക്കുന്നത്.

രാജ്യത്തിന്റെ ഇലക്ട്രോണിക്സ്, ഐടി മേഖലകളുടെ വികസനത്തിൽ സ്റ്റാർട്ടപ്പുകൾ നിർണായക പങ്ക് വഹിക്കുന്നു. ഒന്നിലധികം നയപരമായ ഇടപെടലുകളിലൂടെ അതിവേഗം വളരുന്ന സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഊർജ്ജസ്വലവും സമഗ്രവുമായ ഒരു സ്റ്റാർട്ടപ്പ് മേഖല സൃഷ്ടിക്കുന്നതിന് കാരണമായി. സംസ്ഥാനത്തെ സജീവമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ അതിന്റെ ശ്രമങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം നേടി. 2025-ൽ കേരളത്തിന്റെ ഐടി മേഖലയുടെ മൂല്യത്തിൽ 147 ശതമാനം വർധനവ് ഉണ്ടായതായി ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് 2025 എടുത്തുകാണിക്കുന്നു, ഇത് സ്റ്റാർട്ടപ്പ് രൂപീകരണത്തിലെ ഗണ്യമായ വർധനവിനെ കാണിക്കുന്നു. റിപ്പോർട്ട് അനുസരിച്ച്, 'ഗ്ലോബൽ ഇക്കോസിസ്റ്റം ഇൻ അഫോർഡബിൾ ടാലന്റ്' എന്ന വിഭാഗത്തിൽ കേരളം ടോപ്പ് 10-ലും 'ഏഷ്യ ഇക്കോസിസ്റ്റം ഇൻ ബാംഗ് ഫോർ ബക്ക്' എന്ന വിഭാഗത്തിൽ ടോപ്പ് 15-ലും 'ഏഷ്യ ഇക്കോസിസ്റ്റം ഇൻ പെർഫോമൻസ്'

എന്ന വിഭാഗത്തിൽ ടോപ്പ് 35-ലും ഇടം നേടിയിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം, i) അഡ്വാൻസ്ഡ് മാനുഫാക്ചറിംഗ് & റോബോട്ടിക്സ്, ii) AI, ബിഗ് ഡാറ്റ & അനലിറ്റിക്സ്, iii) ലൈഫ് സയൻസസ് എന്നിവയിലാണ് കേരളത്തിന്റെ ശക്തി. ശക്തമായ സർക്കാർ പിന്തുണ, സാങ്കേതിക കഴിവ്, ഡിജിറ്റൽ അഡോപ്ഷൻ എന്നിവ കേരളത്തിലെ ഐടി മേഖലയുടെ പ്രധാന ആകർഷണങ്ങളായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെഎസ്ഐടിഎം), കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർപാർക്ക്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് – കേരള (ഐഐഐടിഎംകെ), കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐടിഐഎൽ), ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്സ്), കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (കെഎസ്യുഎം), കെ-സ്പേസ്, കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ് (കെഫോൺ), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) എന്നിവയാണ് കേരളത്തിൽ ഐടി അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന പ്രധാന ഏജൻസികൾ.

**ഐടി മേഖലയിലെ ഏജൻസികളുടെ പ്രവർത്തനങ്ങൾ**

ഐടി മേഖലയുടെ വികസനത്തിനായി കേരള സർക്കാർ 2024-25 ബജറ്റിൽ ₹ 507.14 കോടി അനുവദിച്ചു, അതിൽ ചെലവഴിച്ചത് ₹ 206.09 കോടി (40.64 ശതമാനം). 2025-26 ൽ ഈ മേഖലയ്ക്കായി നീക്കിവച്ച വിഹിതം ₹ 517.64 കോടി ആയിരുന്നു. കഴിഞ്ഞ 3 വർഷത്തെ (2023-2026) പദ്ധതി വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ **പട്ടിക 5.1.1** ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെ.എസ്.ഐ.റ്റി.എം)**

കേരള സർക്കാരിന്റെ വിവര സാങ്കേതികവിദ്യ വകുപ്പിനുവേണ്ടി ഐടി സംരംഭങ്ങൾ നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്തമുള്ള ഒരു സ്വയംഭരണ നോഡൽ ഏജൻസിയാണ് കേരള സംസ്ഥാന ഐ ടി മിഷൻ. വിവര സാങ്കേതികവിദ്യ മേഖലയിലെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് കെ.എസ്.ഐ.ടി.എം ലക്ഷ്യമിടുന്നത്. വകുപ്പ് ഏറ്റെടുക്കുന്ന വിവിധ പദ്ധതികൾക്ക് നിർവ്വഹണത്തിലും സാങ്കേതിക വിഷയങ്ങളിലും പിന്തുണ നൽകുക എന്നതാണ് ഇതിന്റെ പ്രധാന കർത്തവ്യം. ഐ.സി.ടി നയങ്ങൾ വികസിപ്പിക്കുക, ഇ-ഗവേണൻസിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും രൂപീകരിക്കുക,

**ബോക്സ് 5.1.1** വിവര സാങ്കേതികവിദ്യ മേഖലയിലെ പ്രധാന നേട്ടങ്ങൾ

- ഇന്റർനെറ്റ് ഒരു സാർവത്രിക അവകാശമാക്കുക എന്ന സംസ്ഥാനത്തിന്റെ ദൗത്യം സാക്ഷാത്കരിക്കുന്നതിനായി ആരംഭിച്ച കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിന് (KFON) 1,13,525 സജീവ കണക്ഷനുകളുണ്ട് (2025 ഓഗസ്റ്റ് 31 വരെ). ഇതിനകം 1,350 ഉപഭോക്താക്കൾക്ക് സേവനം നൽകുന്ന സ്വന്തം OTT പ്ലാറ്റ്ഫോം വഴി KFON കണ്ടന്റ് മേഖലയിലും പ്രവേശിച്ചു. ആമസോൺ പ്രൈം ലൈറ്റ്, സോണിലിവ്, സീ5, ഡിസ്കവറി പ്ലസ് എന്നിവയുൾപ്പെടെ 29 ഡിജിറ്റൽ സേവനങ്ങളും 350-ലധികം ടിവി ചാനലുകളും പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്യുന്നു. 444 രൂപ മുതൽ ആരംഭിക്കുന്ന പ്ലാനുകളോടെ, KFON കണക്റ്റിവിറ്റി മാത്രം നൽകുന്ന നെറ്റ്‌വർക്കിൽ നിന്നും അറിവും വിനോദവും നൽകുന്ന ഒരു പൂർണ്ണ ഡിജിറ്റൽ എക്കോസിസ്റ്റം ആയി പരിണമിക്കുകയാണ്.
- 2024 ലെ ഏഷ്യൻ ടെലികോം അവാർഡുകളിൽ KFON 'ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഓഫ് ദി ഇയർ ഇന്ത്യ' അവാർഡ് നേടി.
- ഡിജിറ്റൽ പബ്ലിക് സർവീസ് എക്സലൻസ് വിഭാഗത്തിൽ ഇ-ഡിസ്ട്രിക്റ്റ് കേരള പ്രോജക്ടിനുള്ള 2025 ലെ നാഷണൽ എലൈറ്റ്സ് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് കെഎസ്ഐടിഎം നേടി.
- KFi (കേരള പബ്ലിക് വൈഫൈ പദ്ധതി)യ്ക്കായി 2025 ലെ ET ഗവൺമെന്റ് ഡിജിടെക് അവാർഡ് KSITM നേടി.
- സംസ്ഥാനത്തുടനീളം ഏകദേശം 2,986 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്, ഇവ ജനങ്ങൾക്ക് ഇ-സേവനങ്ങൾ നൽകുകയും 10,518 പേർക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു.
- 2021 ൽ 500 ൽ അധികം സേവനങ്ങളും 50 ൽ അധികം വകുപ്പുകളും ഉൾപ്പെടുന്ന ഇ-സേവനം & എം-സേവനം ആരംഭിച്ചു. നിലവിൽ, 81 വകുപ്പുകളുടെ 917 സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഇത് നൽകുന്നു.
- മൂന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ, 768.63 ഏക്കർ ഭൂമിയും 12.72 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയുമുള്ള ടെക്നോ പാർക്ക് ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി മാറി.
- കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ ആകെ ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം 2023-24 ൽ 4,681 ൽ നിന്ന് 2024-25 ൽ 6,227 ആയി വർദ്ധിച്ചു.

**പട്ടിക 5.1.1** പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| ക്രമ നം. | വകുപ്പ് / പദ്ധതി | വാർഷിക പദ്ധതി 2023-24 | | വാർഷിക പദ്ധതി 2024-25 | | വാർഷിക പദ്ധതി 2025-26 | |
|---|---|---|---|---|---|---|---|
| | | വാർഷിക പദ്ധതി 2023-24 | വാർഷിക പദ്ധതി 2024-25 | വാർഷിക പദ്ധതി 2025-26 | വാർഷിക പദ്ധതി 2023-24 | വാർഷിക പദ്ധതി 2024-25 | വാർഷിക പദ്ധതി 2025-26 |
| 1 | കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ അക്ഷയ, ഐ.റ്റി സെൽ | 131.62 | 54.24 | 121.43 | 57.57 | 138.28 | 47.86 |
| 2 | ടെക്നോപാർക്ക് | 26.60 | 12.07 | 27.47 | 13.73 | 21 | 0.35 |
| 3 | ഇൻഫോപാർക്ക് | 35.75 | 5.27 | 26.70 | 10.70 | 21.6 | 1.57 |
| 4 | സൈബർപാർക്ക് | 12.83 | 2.50 | 12.80 | 2.50 | 11.5 | 0 |
| 5 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (ഐ.ഐ.ഐ.റ്റി.എം.കെ) | 20.60 | 5.76 | 18.95 | 9.47 | 16.95 | 5.93 |
| 6 | കേരള സ്റ്റാർട്ടപ്പ് മിഷൻ | 90.52 | 34.00 | 90.52 | 41.26 | 90.52 | 31.67 |
| 7 | കേരള സ്റ്റേറ്റ് ഐ.റ്റി. ഇൻഫ്രാസ്ട്രച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ) | 201.09 | 36.55 | 119.91 | 44.65 | 24.71 | 0 |
| 8 | സി-ഡിറ്റ് | 6.00 | 0.81 | 6.00 | 1.77 | 7.32 | 2 |
| 9 | ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ | 7.99 | 6.35 | 7.35 | 3.67 | 7.45 | 3.61 |
| 10 | ഡിജിറ്റൽ യൂണിവേഴ്സിറ്റി | 26.00 | 15.02 | 23.51 | 11.75 | 25.81 | 8.15 |
| 11 | കെസ്പേസ് | | | 52.50 | 9.02 | 52.5 | 4.08 |
| 12 | കെഫോൺ | | | | | 100 | 7.43 |
| | **ആകെ** | **559.00** | **172.59** | **507.14** | **206.09** | **517.64** | **112.65** |

**അവലംബം**: അതാത് വർഷത്തെ വാർഷിക പദ്ധതിയും, പ്ലാൻ സ്പേസും

സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഐ.സി.ടി സേവനങ്ങൾ സുഗമമാക്കൽ എന്നിവയുൾപ്പെടെ നിരവധി പ്രവർത്തനങ്ങളിൽ കെ.എസ്.ഐ.ടി.എം പങ്കാളിയാണ്. "പൗരന്മാർക്ക് പ്രഥമ പരിഗണന നൽകുക" എന്ന സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പൗരന്മാർക്ക് ഉയർന്ന നിലവാരമുള്ള ഡിജിറ്റൽ സേവനങ്ങൾ നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

**കെ.എസ്.ഐ.റ്റി.എം.ന്റെ പ്രധാന നേട്ടങ്ങൾ**

**ഇ-ഗവേണൻസ് :** സേവനങ്ങൾ നൽകുന്നതിൽ സുതാര്യത, വിശ്വാസ്യത, ഉത്തരവാദിത്തം എന്നിവ കൈവരിക്കുന്നതിലൂടെ സദ്ഭരണത്തിനുള്ള ഒരു പ്രധാന ഉപകരണമായി ഇ-ഗവേണൻസ് മാറി. പ്രധാന അടിസ്ഥാന സൗകര്യങ്ങളും ഇ-സാക്ഷരതാ പരിപാടികളും പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഇ-ഗവേണൻസിലും മൊബൈൽ ഗവേണൻസിലും കേരളം മുൻപന്തിയിലാണ്.

**പബ്ലിക് വൈ ഫൈ :-** ഈ പദ്ധതിയിലൂടെ ജനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് നൽകുന്നതിനായി സംസ്ഥാനത്തുടനീളം 2,023 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചു. ബസ് സ്റ്റാൻഡുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ, ജനസേവനകേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവ ഉൾപ്പെടുന്ന ഹോട്ട്സ്പോട്ടുകൾ ജില്ലാ ഭരണകൂടം കണ്ടെത്തിയിട്ടുണ്ട്. ഈ സേവനം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

**ഇ-ഓഫീസ്:-** സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും, ഡയറക്ടറേറ്റുകളിലും, കമ്മീഷണറേറ്റുകളിലും, എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും, ആർഡിഒകളിലും, എല്ലാ താലൂക്ക് ഓഫീസുകളിലും, 1542 വില്ലേജ് സബ് ഓഫീസുകളിലും, 200 പൊതുമേഖലാ സ്ഥാപനങ്ങളിലും ഉൾപ്പെടെ 100 ശതമാനം സർക്കാർ ഓഫീസുകളിലും ഇപ്പോൾ ഇ-ഓഫീസ് പ്രവർത്തിക്കുന്നു. ഹൈക്കോടതിയിലും വിവിധ സബ് കോടതികളിലും, സംസ്ഥാനത്തെ രണ്ട് സർവകലാശാലകളിലും, കേരള നിയമസഭയിലും, കേരള ലോക് ഭവൻ (മുമ്പ് രാജ്ഭവൻ) ലും ഇ-ഓഫീസ് ഉപയോഗിച്ചുവരുന്നു.

**ഇ-ഗവേണൻസിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ :-** കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (കെസ്വാൻ), സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്(സെക്വാൻ), സ്റ്റേറ്റ് ഡാറ്റാ സെന്റർ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ(എസ്എസ്ഡിജി) കെ ഫോൺ എന്നിവയാണ് സംസ്ഥാനത്തെ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനുള്ള പ്രധാന അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ.

**KSWAN:**– സംസ്ഥാനത്തുടനീളമുള്ള എല്ലാ ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകൾ/റവന്യൂ ടവറുകളെയും ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (SII) നെട്ടെല്ലാണ് KSWAN. സർക്കാർ വകുപ്പുകളുടെ ഏകദേശം 4,000 ഓഫീസുകൾ വയർലെസ് വഴിയും കൂടുതൽ എണ്ണം ലീസ്ഡ് ലൈനുകളിലൂടെയും, LAN വഴിയും KSWAN-മായി ബന്ധിപ്പിച്ചിരിക്കുന്നു. ഭരണ ആസ്ഥാനത്ത് ITeS-ന്റെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തുക എന്ന വീക്ഷണത്തോടെ, ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഒരു അത്യാധുനിക ഒപ്റ്റിക്കൽ ഫൈബർ കമ്മ്യൂണിക്കേഷൻ അധിഷ്ഠിത നെറ്റ്‌വർക്ക് ആർക്കിടെക്ചർ സ്ഥാപിക്കാൻ KSWAN ലക്ഷ്യമിടുന്നു. സുരക്ഷിതമായ ഇൻട്രാനെറ്റ് വഴി വിവിധ സേവനങ്ങൾ ഗവൺമെന്റിൽ നിന്നും -സർക്കാർ വകുപ്പുകളിലേക്കും (G2G), ഗവൺമെന്റിൽ നിന്നും പൗരൻമാരിലേക്കും (G2C) നൽകുന്ന സംസ്ഥാന ഡാറ്റാ സെന്ററുകളുമായും (SDC1, SDC2) തടസ്സമില്ലാത്ത സംയോജനവും ഇത് നൽകുന്നു. ഒരു നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററും (എൻഒസി) ഡിപ്പാർട്ട്മെന്റൽ വൈഡ് ഏരിയ നെറ്റ്‌വർക്കും (ഡിഡബ്ല്യുഎഎൻ) സ്ഥാപിച്ചു. ജില്ലാ ആസ്ഥാനങ്ങളിലും (ഡിഎച്ച്ക്യു) മിനി പോയിന്റ് ഓഫ് പ്രെസെൻസിലും (പിഒപി) തുടർ സേവനങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം കെഎസ്‌വാൻ പ്രോജക്റ്റിനെ കെഫോണുമായി സംയോജിപ്പിക്കുന്നതും ഏറ്റെടുത്തിട്ടുണ്ട്.

**സംസ്ഥാന ഡാറ്റാ സെന്റർ:**– സംസ്ഥാന ഡാറ്റാ സെന്ററിൽ ഏകദേശം 4,000 വെർച്വൽ സെർവറുകളും, ഏകദേശം 560 ആപ്ലിക്കേഷനുകളും, വിവിധ സർക്കാർ ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകൾ സജ്ജീകരിച്ച 500 സെർവറുകളും ഉണ്ട്. സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവായി കണക്കാക്കാവുന്നതാണ് സംസ്ഥാന ഡാറ്റാ സെന്ററുകൾ (SDCs). ഇത് സർക്കാർ സ്ഥാപനങ്ങളുടെ വിവിധ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റുചെയ്യുകയും അനുബന്ധ സേവനങ്ങൾ നൽകുകയും ചെയ്യുന്നു. നിലവിൽ സംസ്ഥാന ഡാറ്റാ സെന്ററിന്റെ സംഭരണ ശേഷി 2,500 TB ആണ്. ടെക്നോപാർക്കിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്റർ -2 ൽ 4,000 ചതുരശ്ര അടിയിൽ സെർവർ ഫാം ഏരിയയുടെ വിപുലീകരണവും മറ്റ് നവീകരണ പ്രവർത്തനങ്ങളും പൂർത്തിയായി. ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രേഡുകളുടെ ഭാഗമായി, 10 സെർവറുകൾ ചേർത്തു. സുരക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിനായി ദുരന്ത നിവാരണ സൈറ്റുകളിൽ പുതിയ ഫയർവാളുകൾ നടപ്പിലാക്കുന്നു, കൂടാതെ സംസ്ഥാന ഡാറ്റാ സെന്ററുകൾക്കായി പുതിയ ഫയർവാളുകൾ വാങ്ങുന്നതിനുള്ള പ്രക്രിയയും പുരോഗമിക്കുന്നു. ഡാറ്റയുടെ ലഭ്യതയും വീണ്ടെടുക്കൽ സാധ്യതയും ഉറപ്പാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി, സംസ്ഥാന ഡാറ്റാ സെന്ററിൽ പുതിയ ബാക്കപ്പ് പരിഹാരം നടപ്പിലാക്കുന്നു.

**ഇ-ഡിസ്ട്രിക്റ്റ്:**– ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ കീഴിൽ, ഒരു സംസ്ഥാന മിഷൻ മാതൃകയിലുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ്. ജില്ലാ തലത്തിൽ ഉയർന്ന അളവിലുള്ള സേവനങ്ങൾ നൽകുന്നതിനും അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ സേവനങ്ങളിലേക്ക് ഓൺലൈൻ പ്രവേശനം സാധ്യമാക്കുന്നതിനും പൗരന്മാരുടെ വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷ നൽകുന്നതിനും അവയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രക്രിയകൾ ലളിതമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. ലഭിച്ചതും പ്രോസസ്സ് ചെയ്തതുമായ ആകെ അപേക്ഷകളുടെ എണ്ണം 10 കോടി കവിഞ്ഞു. ഇ-ഡിസ്ട്രിക്റ്റ് നിലവിൽ സംസ്ഥാനത്തുടനീളം 23 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങളും 13 ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് സർവീസുകളും ഓൺലൈനായി വാഗ്ദാനം ചെയ്യുന്നു. ഇതിലൂടെ പൗരന്മാർക്ക് അക്ഷയ സെന്ററുകൾ വഴിയോ പബ്ലിക് പോർട്ടൽ വഴിയോ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കാനും ഡിജിറ്റൽ ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാനും കഴിയുന്നു. ഇവ കൂടാതെ, കെഡബ്ല്യുഎ, ബിഎസ്എൻഎൽ എന്നിവയുള്ള യൂട്ടിലിറ്റി പേയ്മെന്റുകൾ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴിയാണ് നടത്തുന്നത്.

**ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ-ജിപി):** എല്ലാ സർക്കാർ വകുപ്പുകളും/ബോർഡുകളും/സർവകലാശാലകളും/സ്ഥാപനങ്ങളും എല്ലാ ടെൻഡറുകൾക്കും ഇ-ടെൻഡറിംഗ് സ്വീകരിക്കണമെന്ന് നിർബന്ധമാക്കികൊണ്ട് സംസ്ഥാനത്ത് ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ-ജിപി) ആരംഭിച്ചു. കേരള സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടലിനെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാന പോർട്ടലുകളിൽ ഒന്നായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള എക്സ്പെൻഡീച്ചർ വകുപ്പും, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുക്കുന്നവരിൽ നിന്ന് രജിസ്ട്രേഷൻ, പ്രോസസ്സിംഗ് ഫീസ് എന്നിവ ശേഖരിച്ച് ഇ-പ്രൊക്യൂർമെന്റ് പോർട്ടലിനായി ഒരു സ്വയംപര്യാപ്ത വരുമാന മാതൃക നടപ്പിലാക്കുന്നു.

**അക്ഷയ:**– വിവര സാങ്കേതികവിദ്യ രംഗത്തെ വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ 2002 നവംബർ 18-ന് പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ ഡിജിറ്റൽ വിഭജനം മറികടക്കാൻ ആരംഭിച്ച നൂതന പദ്ധതിയാണ് അക്ഷയ. പ്രാരംഭ ഘട്ടത്തിൽ, ഒരു കുടുംബത്തിലെ ഒരാളെയെങ്കിലും ഇ-സാക്ഷരരാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ക്രമേണ അക്ഷയയുടെ ശ്രദ്ധ പൗരസേവന കേന്ദ്രീകൃത മാതൃകയിലേക്ക് മാറി. ആധാർ എൻറോൾമെന്റ് ഏജൻസിയായി അക്ഷയ പ്രവർത്തിക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് ആധാർ എൻറോൾമെന്റ് നടത്തുന്നത്. ആഗസ്റ്റ് 31, 2025 ലെ കണക്ക് പ്രകാരം സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 2,986 അക്ഷയ കേന്ദ്രങ്ങൾ (1265 പേർ സ്ത്രീ സംരംഭകരാണ്) വഴി 10,518 പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. വയനാട് ഉരുൾപൊട്ടലിൽ നിന്ന് രക്ഷപ്പെട്ട 878 പേർക്ക് 1,690 സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കുന്നതിനായി വിവിധ വകുപ്പുകളുടെ പിന്തുണയോടെ, ഇ & ഐടി വകുപ്പിന്റെ ഏകോപനത്തോടെ, അക്ഷയ 16 ക്യാമ്പുകൾ സംഘടിപ്പിച്ചു. കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 5.1.1** ൽ നൽകിയിരിക്കുന്നു.

**ആധാർ** – കേരളം 100% ആധാർ ജനറേഷൻ കൈവരിച്ചു, കൂടാതെ ആധാർ എൻറോൾമെന്റിനും അപ്ഡേറ്റുകൾക്കും രാജ്യത്തെ മികച്ച മൂന്ന് സംസ്ഥാനങ്ങളിൽ ഒന്നായി.

UIDAI നൽകുന്ന സേവനങ്ങൾക്കുള്ള ആധികാരിക യൂസർ ഏജൻസിയായും, ഇ-കെവൈസി യൂസർ ഏജൻസിയായും കെ.എസ്.ഐ.റ്റി.എം നെ യുഐഡിഎഐ അംഗീകരിച്ചിട്ടുണ്ട്.

**വീഡിയോ കോൺഫറൻസിംഗ് (വിസി)**– എല്ലാ സർക്കാർ വകുപ്പുകളും, ബോർഡുകളും, മറ്റ് സർക്കാർ സ്ഥാപനങ്ങളും സംസ്ഥാനത്തുടനീളമുള്ള അവരുടെ സബ് ഓഫീസുകളുമായി മീറ്റിംഗുകൾ നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് (വിസി) സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. വിസി സെഷനുകളുടെ മാനേജ്മെന്റ്, വിസി ഉപകരണങ്ങളുടെയും സ്റ്റുഡിയോകളുടെയും പരിപാലനം എന്നിവ കെൽട്രോണിന്റെയും സിഡ്കോയുടെയും പിന്തുണയോടെയാണ് ചെയ്യുന്നത്. വീഡിയോ കോൺഫറൻസിംഗ് അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച്, കെഎസ്ഐടിഎമ്മി ന് പ്രതിവർഷം ഏകദേശം 10,000 വീഡിയോ കോൺഫറൻസുകൾ നടത്താൻ കഴിഞ്ഞു. കെഎസ്ഐടിഎം പ്രതിദിനം ശരാശരി 30 വീഡിയോ കോൺഫറൻസുകൾ ഹോസ്റ്റ് ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഒരു പ്രത്യേക മീറ്റിംഗ് മാനേജ്മെന്റ് സിസ്റ്റമായ KMEET വികസിപ്പിച്ചെടുത്തിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് കൺസോൾ KMEET-മായി സംയോജിപ്പിച്ച് ശക്തമായ ഒരു VC കൺസോൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഡിജിലോക്കർ സേവനം:**– ഡിജി ലോക്കർ ഒരു സുരക്ഷിത ഡിജിറ്റൽ സ്റ്റോറേജ് സേവനമാണ്. ഇത് പൗരന്മാർക്ക് പ്രധാനപ്പെട്ട രേഖകൾ ഓൺലൈനിൽ സംഭരിക്കാനും ആക്സസ് ചെയ്യാനും അനുവദിക്കുന്നു. നിലവിൽ, ഇത് വിവിധ സർക്കാർ സേവനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു. ഇത് ഉപയോക്താക്കളുടെ സൗകര്യം വർദ്ധിപ്പിക്കുന്നു. ഇനിപ്പറയുന്ന സേവനങ്ങൾ ഡിജി ലോക്കറുമായി ബന്ധിപ്പിച്ചിരിക്കുന്നു.

- എസ്എസ്എൽസി, വിഎച്ച്എസ്ഇ, എച്ച്എസ്ഇ, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, ഇ-ഡിസ്ട്രിക്റ്റ് റവന്യൂ സർട്ടിഫിക്കറ്റുകൾ (25 തരം), പിഎസ്‌സി സർട്ടിഫിക്കറ്റുകൾ എന്നിവയാണ് ഡിജിലോക്കർ സേവനവുമായി ബന്ധപ്പെടുത്തിയിട്ടുള്ള രേഖകൾ.
- നിരവധി സർവകലാശാലകളും സ്വയംഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങളും നാഷണൽ അക്കാദമിക് ഡിപോസിറ്ററി (NAD) ഡിജി ലോക്കറിൽ തിരഞ്ഞെടുത്ത വർഷങ്ങളിലെ സർട്ടിഫിക്കറ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഇ-സേവനം & എം-സേവനം:** കേരള ഇ-സേവന പോർട്ടൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരള സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും (ജി2സി &ജി2ബി) ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഒരു സദ്ഭരണ ഉദ്യമമാണ് ഇ-സേവനം. എല്ലാ മൊബൈൽ സൗഹൃദ സേവനങ്ങളും എം-സേവനം എന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ വഴിയാണ് നൽകുന്നത്. 2021-ൽ 50-ലധികം വകുപ്പുകളിൽനിന്നായി 500-ലധികം സേവനങ്ങൾ ഉൾപ്പെടുത്തിയായിരുന്നു ഇ-സേവനവും എം-സേവനവും ആരംഭിച്ചത്. നിലവിൽ ഇത് 81 വകുപ്പുകളിലെ ഏകദേശം 917 സേവനങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തുന്ന തരത്തിൽ വികസിച്ചിട്ടുണ്ട്.

**സർക്കാർ ഇമെയിൽ:** കേരളത്തിന്റെ ഡിജിറ്റൽ പരിവർത്തനത്തിൽ ശക്തമായ ഒരു സർക്കാർ ഇമെയിൽ അടിസ്ഥാന സൗകര്യം സ്ഥാപിക്കുന്നത് നിർണായക ഘടകമാണ്. വിവിധ വകുപ്പുകളിലായി 4500-ലധികം പുതിയ സർക്കാർ ഇമെയിൽ ഐഡികൾ സൃഷ്ടിച്ചിട്ടുണ്ട്, ഇത് സർക്കാർ ജീവനക്കാർക്ക് കാര്യക്ഷമതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്ന പ്രൊഫഷണൽ ആശയവിനിമയ ഉപകരണങ്ങൾ നൽകുന്നു. Meityയുടെ നയത്തിന്റെ ഭാഗമായി, മെച്ചപ്പെട്ട സുരക്ഷ, മികച്ച സംയോജന ശേഷികൾ, സർക്കാർ ഉദ്യോഗസ്ഥർക്ക് മെച്ചപ്പെട്ട ഉപയോക്തൃ അനുഭവം എന്നിവ നൽകുന്നതിനായി സംസ്ഥാനത്തെ 70,000-ത്തിലധികം സജീവ ഇമെയിലുകൾ സോഹോ പ്ലാറ്റ്ഫോമിലേക്ക് മാറ്റി. എന്നിരുന്നാലും, പുതിയ നയം, നിലവിലുള്ള ഇമെയിലുകൾ പരിപാലിക്കുന്നതിനും പുതിയ ഇമെയിലുകൾ സൃഷ്ടിക്കുന്നതിനുമുള്ള അധിക ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്ന സാഹചര്യത്തിലേക്ക് നയിച്ചേക്കാം.

**കാര്യശേഷി വർധിപ്പിക്കൽ:** പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇ-ഗവേണൻസ് (PGDeG), വെർച്വൽ ഐടി കേഡർ സംരംഭം തുടങ്ങിയ ശേഷി വികസന പരിപാടികൾക്ക് കീഴിൽ, 15,000-ത്തിലധികം സർക്കാർ ജീവനക്കാർക്ക് ഡിജിറ്റൽ ഗവേണൻസിലും വിവരസാങ്കേതികവിദ്യയിലും സമഗ്ര പരിശീലനം ലഭിച്ചു. സർക്കാർ ഉദ്യോഗസ്ഥർക്കിടയിൽ തുടർച്ചയായ നൈപുണ്യ വികസനം ഉറപ്പാക്കിക്കൊണ്ട്, 15 സർക്കാർ ഉദ്യോഗസ്ഥരുമായി ഈ വർഷത്തെ PGDeG കോഴ്സ് ആരംഭിച്ചു.

**ഏകീകൃത രജിസ്ട്രി :** ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനും തിരഞ്ഞെടുക്കുന്നതിനുമായി ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോം സ്ഥാപിച്ചുകൊണ്ട് കേരളത്തിലെ സാമൂഹിക ക്ഷേമ പദ്ധതികളുടെ ഫലപ്രാപ്തിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് ഏകീകൃത രജിസ്ട്രി പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ പൊതുവിതരണ സംവിധാനം (പിഡിഎസ്) ഡാറ്റാബേസിൽ നിന്ന് ലഭിക്കുന്ന ഏകദേശം 3.45 ദശലക്ഷം പൗരന്മാരുടെ ഡാറ്റയും സാമൂഹിക സുരക്ഷ, ക്ഷേമ പെൻഷൻ രേഖകളും ഈ ഡാറ്റാബേസിൽ സൂക്ഷിക്കുന്നു.

**കേരള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇനിഷ്യേറ്റീവ് :** കേരള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇനിഷ്യേറ്റീവ് (കെ-എഐ) ലക്ഷ്യമിടുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യകളുടെ തന്ത്രപരമായ പ്രയോഗത്തിലൂടെ പൊതു സേവന വിതരണം മെച്ചപ്പെടുത്തുന്നതിനും സർക്കാർ പ്രക്രിയകൾ ലളിതമാക്കുന്നതിനുമാണ്. പങ്കാളികളെ ഉൾപ്പെടുത്തി രണ്ട് വർക്ക്ഷോപ്പുകൾ നടത്തി. 50-ലധികം 'യൂസ് കേസുകൾ' തിരിച്ചറിഞ്ഞിട്ടുണ്ട്.

**നമ്മുടെ കേരളം :** സർക്കാർ ഭരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും പൗരകേന്ദ്രീകൃതവുമാക്കുന്നതിനായി

സമഗ്രമായ ഡിജിറ്റൽ പരിവർത്തനത്തിനുള്ള ഒരു സമഗ്ര സമീപനമായ നമ്മുടെ കേരളം (ഡിജിറ്റൽ കേരള ഇനിഷ്യേറ്റീവ്) 2025 ഓഗസ്റ്റിൽ ആരംഭിച്ചു. സേവന കേരളം, സദ്ഭരണ കേരളം, ഭാവി കേരളം, ജനകേരളം എന്നീ 4 തൂണുകളിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്.

**കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി**

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആക്ട് 2021 പ്രകാരം കേരള സർക്കാർ സ്ഥാപിച്ച ഈ യൂണിവേഴ്സിറ്റി ടെക്നോ സിറ്റി കാമ്പസിൽ നിന്നാണ് പ്രവർത്തനം ആരംഭിച്ചത്. ഐഐഐടിഎംകെ ഈ യൂണിവേഴ്സിറ്റിയിൽ ലയിച്ചിരിക്കുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ശാസ്ത്രം, ഹ്യുമാനിറ്റീസ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം, ഗവേഷണം, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ആഗോള പ്രശസ്തിയുള്ള മികവിന്റെ കേന്ദ്രമായി മാറാനാണ് സർവകലാശാല വിഭാവനം ചെയ്യുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സുരക്ഷ, കണക്റ്റഡ് സിസ്റ്റങ്ങൾ, AI ഹാർഡ്‌വെയർ, സിഗ്നൽ പ്രോസസ്സിംഗ്, മെഷീൻ ലേണിംഗ്, ഡാറ്റ അനലിറ്റിക്സ്, ജിയോസ്പേഷ്യൽ സയൻസസ്, ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ് എന്നിവയുൾപ്പെടെ ഇൻഡസ്ട്രി 4.0, 5.0 എന്നിവയുമായി ബന്ധപ്പെട്ട അത്യാധുനിക മേഖലകളിൽ മാസ്റ്റേഴ്സ്, ഡോക്ടറൽ തലത്തിലുള്ള പ്രോഗ്രാമുകൾ സർവകലാശാല വാഗ്ദാനം ചെയ്യുന്നു.

ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, 2024 ലെ പ്ലേസ്മെന്റ് സീസൺ മുൻ വർഷങ്ങളിലെ പോലെ തന്നെ തുടരുകയും, വിവിധ മേഖലകളിൽ നിന്നുള്ള നിരവധി പ്രശസ്ത കമ്പനികളെ ആകർഷിക്കുകയും ചെയ്തു. ഈ വർഷം 50-ലധികം മുൻനിര സ്ഥാപനങ്ങൾ റിക്രൂട്ട്മെന്റ് ഡ്രൈവിൽ പങ്കെടുത്തു. ഡാറ്റാ സയൻസ്, സൈബർ സുരക്ഷ, AI/ML, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലായി വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമായി. 2024 ൽ ഏകദേശം 61 ശതമാനം വിദ്യാർത്ഥികളും വിജയകരമായി പ്ലേസ്മെന്റ് നേടി. വ്യവസായങ്ങളുമായി തുടർച്ചയായ ഇടപെടലുകളും, സമഗ്രമായ പ്ലേസ്മെന്റ് പിന്തുണയും, സർവകലാശാലയുടെ ചലനാത്മകമായ പാഠ്യപദ്ധതിയും ചേർന്ന്, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന ശക്തമായ ഒരു 'ടാലെന്റ്റ് പൈപ്പ്ലൈൻ' സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ഡിജിറ്റൽ യൂണിവേഴ്സിറ്റി നടപ്പിലാക്കുന്ന വനിതാ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകൾ, സംരംഭകത്വം (WISE) പദ്ധതിയിലൂടെ വിവിധ ശാസ്ത്ര, എഞ്ചിനീയറിംഗ് വിഭാഗങ്ങളിലെ യുവ മനസ്സുകളുടെ നൂതനവും സൃഷ്ടിപരവുമായ ആശയങ്ങൾ പരിവർത്തനം ചെയ്യാനും, വിവർത്തനം ചെയ്യാനും, ഗവേഷണം, ഉൽപ്പന്നങ്ങൾ, പ്രക്രിയകൾ, സേവനങ്ങൾ എന്നിവയിൽ മികവ് കൈവരിക്കാനും, വ്യവസായത്തിലും സമൂഹത്തിലും അതിന്റെ സ്വാധീനം പരമാവധിയാക്കാനും, ഉദ്ദേശിക്കുന്നു. ഈ പരിപാടിയിലൂടെ, പുതിയ വനിതാ സംരംഭകർക്ക് സ്വന്തമായി ബിസിനസുകൾ ആരംഭിക്കാനുള്ള അവസരങ്ങൾ നൽകുന്നു. നിലവിൽ, ഈ പ്രോഗ്രാമിന് കീഴിൽ 5 സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നു. ഈ സ്കീമിന് കീഴിൽ, DUK തിങ്ക് ലാബ് സ്ഥാപിച്ചു. ഇത് മേക്കർസ്പെയ്സുകളുടെ ഒരു ശൃംഖലയാണ്. ഇവിടെ അംഗങ്ങൾക്ക് പ്രായോഗിക പരിതസ്ഥിതിയിൽ ഡിജിറ്റൽ സാങ്കേതികവിദ്യകളെക്കുറിച്ച് പഠിക്കാനും അവരുടെ ആശയങ്ങളെ പ്രവർത്തനക്ഷമമായ പ്രോട്ടോടൈപ്പുകളും പരിഹാരങ്ങളുമാക്കി മാറ്റാനും കഴിയും. ദ്രുത ഗതിയിലുള്ള പ്രോട്ടോടൈപ്പിംഗ് ചിന്താഗതി പ്രോത്സാഹിപ്പിക്കുന്നതിനാണ് തിങ്ക് ലാബ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അസ്സിസ്റ്റീവ് ടെക്നോളജി പോലുള്ള ചില പ്രത്യേക മേഖലകളിലും ചിലർക്ക് സാധിക്കും.

2022 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഡിജിറ്റൽ സയൻസ് പാർക്ക് ഡിജിറ്റൽ സർവകലാശാലയാണ് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സയൻസസ് ആൻഡ് ടെക്നോളജി മേഖലയിലെ പുരോഗതി ഉപയോഗപെടുത്തികൊണ്ട് നിരവധി പുതിയ വ്യാവസായിക സാധ്യതകൾ സൃഷ്ടിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, സ്മാർട്ട് ഹാർഡ്‌വെയർ, സസ്റ്റെനബിൾ മെറ്റീരിയൽസ് തുടങ്ങിയ മേഖലകളിലെ സാങ്കേതിക സ്റ്റാർട്ടപ്പുകളെയും വ്യവസായങ്ങളെയും ബിസിനസ് യൂണിറ്റുകളെയും, ഈ പാർക്ക് തുടക്കത്തിൽ പിന്തുണയ്ക്കുന്നതാണ്. ഡിജിറ്റൽ സയൻസ് പാർക്കിന്റെ ഓഫീസ് ടെക്നോപാർക്കിൽ പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐഐസിജി) പദ്ധതിയുടെയും 'ഗ്രാഫീൻ-അറോറ പ്രോഗ്രാമിന്റെയും' നടത്തിപ്പിലും സർവകലാശാല സജീവമായി പങ്കാളിയാണ്.

കേരളത്തിലെ സാങ്കേതികവിദ്യാധിഷ്ഠിത സാമ്പത്തിക വികസനത്തിന് ഒരു പ്രാഥമിക ഉത്തേജകമെന്ന നിലയിൽ, 2021-2025 കാലയളവിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്-കേരള (ഐഐഐടിഎംകെ) അതിന്റെ സ്ഥാനം ഉറപ്പിച്ചു. വിദ്യാഭ്യാസം, വ്യവസായം, പൊതുനയം എന്നിവയുടെ സംഗമസ്ഥാനത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം, പൊതുനിക്ഷേപത്തെ മൂർത്തമായ സാമ്പത്തിക ഫലങ്ങളാക്കി മാറ്റുന്നതിനുള്ള ശക്തമായ ഒരു മാതൃക പ്രദർശിപ്പിച്ചിട്ടുണ്ട്. മേക്കർ വില്ലേജിലൂടെ 170 ൽ അധികം ഇലക്ട്രോണിക്സ് സ്റ്റാർട്ടപ്പുകളെ ഇൻകുബേറ്റ് ചെയ്തതും, മെഡിക്കൽ ഇമേജിംഗ്, ന്യൂറോമോർഫിക് കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ ₹50 കോടിയിലധികം വിലമതിക്കുന്ന ഉയർന്ന സ്വാധീനമുള്ള ഗവേഷണ വികസന പദ്ധതികൾ നിർവഹിച്ചതും, സൈബർ സുരക്ഷയിൽ 1,700-ലധികം പ്രൊഫഷണലുകൾക്ക് പരിശീലനം നൽകിയതും, ഡിജിറ്റൽ പരിവർത്തനം കൊണ്ടുവരുന്നതിനുള്ള അടിസ്ഥാന സൗകര്യ പദ്ധതികളുടെ മേൽനോട്ട ചുമതല വഹിച്ചതും, 2021-2025 കാലയളവിലെ പ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നു. ദേശീയ ഫണ്ടുകൾ കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലേക്ക് എത്തിക്കുന്നതിനുള്ള നിർണായക പങ്ക് മേക്കർ വില്ലേജ്

**പട്ടിക 5.1.2** സംസ്ഥാന സമ്പദ്ഘടനയിൽ ടെക്നോപാർക്കിന്റെ സംഭാവന

| ഇനം | നേട്ടങ്ങൾ 2021-22 | നേട്ടങ്ങൾ 2022-23 | നേട്ടങ്ങൾ 2023-24 | നേട്ടങ്ങൾ 2024-25 |
|---|---|---|---|---|
| ആകെ വിറ്റുവരവ് (രൂപ കോടിയിൽ)(വാർഷികം) | 18,000 | 20,000 | 26,000 | 29,000 |
| ആകെ കയറ്റുമതി (രൂപ കോടിയിൽ (വാർഷികം) | 9,775 | 11,630 | 13,255 | 14,575 |
| ആകെ നിക്ഷേപം (രൂപ കോടിയിൽ)(വാർഷികം) | 5,600 | 5,600 | 5,800 | 5,825 |
| ആകെ തൊഴിലവസരങ്ങൾ (എണ്ണം)( സഞ്ചിത) | 64,000 | 71,000 | 75,000 | 80,000 |
| ആകെ കമ്പനികൾ (എണ്ണം) (സഞ്ചിത) | 465 | 479 | 490 | 500 |
| ആകെ സ്ഥലം (ഏക്കറിൽ) | 766.86 | 768.63 | 768.63 | 768.63 |
| അകെ ബിൽറ്റ്അപ് ഏരിയ (ലക്ഷം ചതുരശ്ര അടി) | 106 | 112 | 127 | 127 |

**അവലംബം:** ടെക്നോപാർക്ക്

വഹിക്കുന്നു. വിവിധ സ്രോതസ്സുകളിൽ നിന്ന് ഏകദേശം 86.22 കോടി രൂപയുടെ ഗ്രാന്റുകൾ നേടാൻ ഇത് ഏകദേശം 380 സ്റ്റാർട്ടപ്പുകളെ പ്രാപ്തമാക്കി.

**ടെക്നോപാർക്ക്**

ആഗോള നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉയർന്ന സാങ്കേതികവിദ്യ വ്യവസായങ്ങളുടെ വികസനത്തിന് ആവശ്യമായ സമ്പൂർണ പിന്തുണ നൽകുന്നതിനുമായി കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് സ്ഥാപിച്ചത്. 1995 നവംബർ 18-ന് ഇത് ഔപചാരികമായി രാജ്യത്തിന് സമർപ്പിക്കപ്പെട്ടു. അന്നു മുതൽ വലുപ്പത്തിലും ജീവനക്കാരുടെ എണ്ണത്തിലും ടെക്നോപാർക്ക് തുടർച്ചയായി വളരുകയാണ്. മൂന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ, 768.63 ഏക്കർ ഭൂമിയും 12.72 ദശലക്ഷം ചതുരശ്ര അടി നിർമ്മിത വിസ്തൃതിയുമുള്ള ടെക്നോപാർക്ക്, ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി (ഘട്ടം I, II, III എന്നിവ ഉൾപ്പെട്ട) മാറി. ഏകദേശം 389.74 ഏക്കർ സ്ഥലത്ത് ഏറ്റവും വലിയ സംയോജിത ഐടി ടൗൺഷിപ്പായി കഴക്കൂട്ടത്ത് ടെക്നോസിറ്റി പദ്ധതി ആരംഭിച്ചതോടെ, കഴക്കൂട്ടം-കോവളം (എൻഎച്ച് 66) കേരളത്തിലെ ആദ്യത്തെ ഐടി ഇടനാഴിയായി മാറി.

ജല വിതരണ ശൃംഖല, വൈദ്യുതി, മലിനജല - ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ, സുഗമമായ ഗതാഗതത്തിന് വിശാലമായ റോഡുകൾ, വിശാലമായ ഭൂപ്രകൃതി, ക്ലബ് സൗകര്യങ്ങൾ, ഓഡിറ്റോറിയങ്ങൾ, വിനോദ സൗകര്യങ്ങൾ തുടങ്ങിയ അവശ്യ പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിൽ ടെക്നോപാർക്ക് നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഈ സവിശേഷതകൾ ലോകമെമ്പാടുമുള്ള നിരവധി ഐടി കമ്പനികളെ ഈ കാമ്പസിൽ തങ്ങളുടെ ബിസിനസ്സ് സ്ഥാപിക്കാൻ ആകർഷിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു.

2024-25 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം 500 ആയി ഉയർന്നു. ഇത് മുൻ വർഷത്തെ 490 എന്ന കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 2.04 ശതമാനം വളർച്ച നേടിയതായി സൂചിപ്പിക്കുന്നു. ഐടി മേഖലയിലെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ടെക്നോപാർക്ക് നിർണായക പങ്ക് വഹിക്കുന്നു. 2024-25 ൽ ടെക്നോപാർക്ക് 80,000 ഐടി/ഐ.ടി.ഇഎസ് പ്രൊഫഷണലുകളുടെ തൊഴിലവസരം സൃഷ്ടിച്ചു. മുൻ വർഷത്തെ 75,000 തൊഴിലവസരങ്ങളെ അപേക്ഷിച്ച് 6.67 ശതമാനം വളർച്ച രേഖപ്പെടുത്തി. സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ടെക്നോപാർക്കിന്റെ സംഭാവന **പട്ടിക 5.1.2** ൽ കാണിച്ചിരിക്കുന്നു. ടെക്നോപാർക്കിന്റെ വളർച്ചയുടെയും ഭൗതിക നേട്ടങ്ങളുടെയും വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 5.1.2, 5.1.3** എന്നിവയിൽ നൽകിയിരിക്കുന്നു.

വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കിയ 768.63 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 ക്യാമ്പസുകളാണ് ടെക്നോപാർക്കിലുള്ളത്. 5 ക്യാമ്പസുകളിലായുള്ള ഭൂവിവരം സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 5.1.3** ൽ കൊടുത്തിരിക്കുന്നു.

ടെക്നോപാർക്കിലെ ബിൽറ്റ്-അപ്പ് സ്പേസ് 2018-19 ലെ 97 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 2024-25 ൽ 127 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. ടെക്നോപാർക്ക് മൂന്നാം ഘട്ട വികസനത്തിന്റെ ഭാഗമായുള്ള എംബസി ടോറസ് പ്രോജക്റ്റിൻറെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. എംബസി ടോറസ് ടെക്ക്സോണിലെ നയാഗ്ര എന്ന 15 ലക്ഷം ചതുരശ്ര അടി ഐടി കെട്ടിടം 2024 ജനുവരിയിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. 59.81 ലക്ഷം ചതുരശ്ര അടി ഐടി-സെസും, സെസ് ഇതര സ്ഥലവും ഉൾക്കൊള്ളുന്ന തരത്തിൽ ടെക്നോപാർക്കിനായി ഒരു നഗര കേന്ദ്രം

**പട്ടിക 5.1.3** ടെക്നോപാർക്കിന്റെ അധീനതയിലുള്ള ഭൂമി

| ഘട്ടങ്ങൾ | ഘട്ടം I | ഘട്ടം II | ഘട്ടം III | ടെക്നോസിറ്റി | ടെക്നോപാർക്ക് കൊല്ലം | ആകെ |
|---|---|---|---|---|---|---|
| ഭൂവിസ്തൃതി (ഏക്കറില് | 198.43 | 86 | 90.02 | 389.74 | 4.44 | 768.63 |

**അവലംബം**: ടെക്നോപാർക്ക്

**പട്ടിക 5.1.4** ഇൻഫോപാർക്കിന്റെ അധീനതയിലുള്ള ഭൂമി(ഏക്കറിൽ)

| ഘട്ടങ്ങൾ | കൊച്ചി ഘട്ടം I | കൊച്ചി ഘട്ടം II | തൃശ്ശൂർ | ചേർത്തല |
|---|---|---|---|---|
| ഭൂവിസ്തൃതി | 100.39 | 125.72 | 6.00 | 9.00 |

**അവലംബം**: ഇൻഫോ പാർക്ക്

ടോറസ് ഡൗൺ ടൌൺ വികസിപ്പിച്ചുവരികയാണ്. മൂന്ന് ടവറുകളിലായി 36.13 ലക്ഷം ചതുരശ്ര അടി ഐടിക്ക് വേണ്ടി മാത്രമുള്ള സ്ഥലവും 23.65 ലക്ഷം ചതുരശ്ര അടി ഐടി ഇതര സ്ഥലവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിലൂടെ ഐടി മേഖലയിൽ ലോകോത്തര നിലവാരത്തിലുള്ള ഓഫീസ് സ്ഥലങ്ങൾ ലഭ്യമാക്കപ്പെടുന്നു. ഇത് പൂർത്തിയാകുമ്പോൾ, 30,000 നേരിട്ടുള്ള തൊഴിലവസരങ്ങളും 90,000 പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് ഡൗൺ ടൌൺ പ്രതീക്ഷിക്കുന്നു. കൂടാതെ 175 പ്രധാന ബിസിനസ് ഹോട്ടൽ മുറികളും 300 പ്രധാന സർവീസ്ഡ് അപ്പാർട്ടുമെന്റുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2019-20 ൽ ടെക്നോപാർക്കിൽ 450 കമ്പനികൾ പ്രവർത്തിച്ചിരുന്നു. 2024-25 ൽ ഇത് 500 ആയി വർദ്ധിച്ചു. ഇത് സൂചിപ്പിക്കുന്നത് 11.11 ശതമാനം വളർച്ചയാണ്. കഴിഞ്ഞ ആറ് വർഷത്തിനിടെയുള്ള കയറ്റുമതി വരുമാന വർദ്ധനവ് കേരളത്തിലെ ഐടി മേഖലയുടെ വളർച്ചയുടെ സൂചനയാണ് കാണിക്കുന്നത്. ടെക്നോപാർക്കിന്റെ കയറ്റുമതിയിലൂടെ ലഭിച്ച വരുമാനം 2019-20 ൽ 7,890 കോടി രൂപയിൽ നിന്ന് 2024-25 ൽ 14,575 കോടി രൂപയായി വർദ്ധിച്ചു. ഇത് 84.73 ശതമാനം വളർച്ച കാണിക്കുന്നു. ടെക്നോപാർക്കിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷങ്ങളിൽ സൃഷ്ടിച്ച തൊഴിലവസരങ്ങൾ പരിശോധിക്കാവുന്നതാണ്. തൊഴിലാളികളുടെ എണ്ണം 2019-20 സാമ്പത്തിക വർഷത്തിൽ 62,000 ആയിരുന്നത് 2024-2025 സാമ്പത്തിക വർഷത്തിൽ 80,000 ആയി ഉയർന്നു.

2009-ൽ ടെക്നോപാർക്കിൽ ആരംഭിച്ച ഫ്ലാഗ്ഷിപ്പ് പദ്ധതിയാണ് ടെക്നോസിറ്റി (ടെക്നോപാർക്ക് നാലാം ഘട്ടം . ഈ പദ്ധതിയെ ഐടി ഇന്റഗ്രേറ്റഡ് ടൗൺഷിപ്പ്, നോളജ് സിറ്റി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. ഇതിൽ ജലവിതരണം, വൈദ്യുതി വിതരണം, റോഡ് ശൃംഖല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിനെ ഒരു ഐടി/ഐടി-ഇഎസ്/എമർജിംഗ് ടെക്/സ്പേസ് ടെക്/എയ്റോസ്പേസ് ഗ്രോത്ത് ക്ലസ്റ്റർ എന്നിവയ്ക്ക് അനുയോജ്യമായ ഒരു കേന്ദ്രമാക്കി മാറ്റുന്നതിൽ പങ്കുവഹിച്ച ടെക്നോസിറ്റിയിലെ പ്രധാന പദ്ധതികൾ ഇവയാണ്

- രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക്
- കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ഇന്നൊവേഷൻ ടെക്നോളജി കാമ്പസ്.
- ടെക്നോസിറ്റി കാമ്പസിലെ ആദ്യത്തെ ഐടി കെട്ടിടമായ കബനിയിൽ 2 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിലുള്ള സ്ഥലം കമ്മീഷൻ ചെയ്തിട്ടുണ്ട്, നിലവിൽ 20 സ്ഥാപനങ്ങൾക്ക് ഇത് ആസ്ഥാനമാണ്.
- ടിസിഎസ് ഐടി/ ഐടിഇഎസ് കാമ്പസ് ഐഒടി, ബ്ലോക്ക്ചെയിൻ, ഡാറ്റ അനലിറ്റിക്സ്, എഐ എന്നിവയിൽ ശ്രദ്ധാ കേന്ദ്രീകരിച്ചിരിക്കുന്നു.
- കെ സ്പേസ് (സ്പേസ് പാർക്ക്), എം.എസ്.എം.ഇ സെന്റർ എന്നിവ.
- നാലാം ഘട്ടത്തിൽ സൺടെക് ബിസിനസ് സൊല്യൂഷൻസ്, അവരുടെ തന്നെ 10 ഏക്കർ കാമ്പസിൽ, 3.10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള അവരുടെ ആദ്യത്തെ ഐടി കെട്ടിടം ഉടൻ കമ്മീഷൻ ചെയ്യും.
- എമർജിംഗ് ടെക്നോളജി ഹബ് (കേരള സ്റ്റാർട്ടപ്പ് മിഷൻ).
- യൂണിറ്റി മാൾ (ഒരു ജില്ല ഒരു ഉൽപ്പന്നം)

കേരള സർക്കാർ 18 ഹെക്ടർ ഭൂമി കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കൈമാറി, അതിൽ 10 ശതമാനം ഭൂമി കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി ലഭ്യമാണ്. ലോകോത്തര നിലവാരമുള്ള 1,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐടി കെട്ടിടമായ അഷ്ടമുടി പൂർത്തിയായി. അതുമായി ബന്ധപെട്ട ആർട്ടീരിയൽ റോഡിന്റെ പണിയും പൂർത്തിയായി. കാമ്പസിലെ തെരുവുവിളക്കുകൾ പൂർണ്ണമായും സോളാർ അധിഷ്ഠിതമായാണ് പ്രകാശിക്കുന്നത്. പൂർണ്ണമാകുമ്പോൾ ഈ കാമ്പസിൽ 700 പ്രത്യക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു. സ്റ്റാർട്ട് ബിസിനസ് സെന്റർ ഇതിനകം പ്രവർത്തനക്ഷമമാണ്, 17 കമ്പനികൾ ഈ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### ഇൻഫോപാർക്ക്

സംസ്ഥാനത്തെ ഐടി മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശാലമായ കാഴ്ചപ്പാടോടെ 2004 ലാണ് ഇൻഫോപാർക്ക് സ്ഥാപിതമായത്. 21 വർഷത്തിനിടയിൽ, സ്ഥാപനം അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ശ്രദ്ധേയമായ വിജയം കൈവരിച്ചു. 2004-ൽ ആരംഭിച്ചതു മുതൽ, ഇൻഫോപാർക്കും അതിന്റെ സഹ-ഡെവലപ്പർമാരും 10.2 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്ഥലം നിർമ്മിക്കുകയും ഏകദേശം 582 ഐടി കമ്പനികളിലൂടെ 73,500-ലധികം ഐ.ടി. പ്രൊഫഷണലുകൾക്ക് ഇവിടെ ജോലി ലഭ്യമാക്കുകയും ചെയ്തു എന്നത് ശ്രദ്ധേയമാണ്. 2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം കയറ്റുമതി വരുമാനം 11,417 കോടി രൂപയായിരുന്നത് 2024-25 ൽ 12,065 കോടി രൂപയായി വർദ്ധിച്ചു എന്നത് ശ്രദ്ധേയമാണ്. ഇത് സൂചിപ്പിക്കുന്നത് 5.67 ശതമാനം വളർച്ച കൈവരിക്കാൻ സാധിച്ചു എന്നതാണ്.

ഇൻഫോപാർക്ക് 323 ഏക്കറിൽ വ്യാപിച്ചുകിടക്കുന്നു ഇതിൽ 241.11 ഏക്കർ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇൻഫോപാർക്കിന് കൈമാറ്റം ചെയ്ത

**പട്ടിക 5.1.5** ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങളുടെ സൂചകങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2022-23 | നേട്ടങ്ങൾ 2023-24 | നേട്ടങ്ങൾ 2024-25 |
|---|---|---|---|
| ആകെ കയറ്റുമതി (രൂപ കോടിയിൽ) | 9,186 | 11,417 | 12,065 |
| ആകെ തൊഴിൽ (എണ്ണം) | 65900 | 70,000 | 73,500 |
| കമ്പനികളുടെ എണ്ണം (എണ്ണം) | 572 | 580 | 582 |
| ആകെ ഭൂമി (ഏക്കർ) | 323.00 | 323.00 | 241.11(പ്രവർത്തനസജ്ജം) (മറ്റുളളവ 81.89) |
| ആകെ ബിൽറ്റ് അപ് സ്പേസ്* (ദശലക്ഷം ചതുരശ്ര അടി). | 10.2 | 10.2 | 10.2 |

*പൊതു സൗകര്യങ്ങൾ ഉൾപ്പടെ

**അവലംബം:** ഇൻഫോപാർക്ക്

ഭൂമിയുടെ വിസ്തൃതിയുടെ വിശദാംശങ്ങൾ **പട്ടിക 5.1.4** ൽ കാണിച്ചിരിക്കുന്നു.

ഇൻഫോ പാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.4**-ൽ ചേർത്തിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ ഇൻഫോപാർക്കിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.5**ൽ നൽകിയിരിക്കുന്നു.

**2024-25 കാലയളവിൽ ഇൻഫോപാർക്കിന്റെ പ്രധാന നേട്ടങ്ങൾ**

- M/s കാസ്പിയന്റെ ആദ്യ കെട്ടിടം പൂർത്തിയായി.
- M/s ജിയോജിത്, യുഎസ്ടി, ബ്രിഗേഡ് - വേൾഡ് ട്രേഡ് സെന്റർ ടവർ III നിർമ്മാണം ആരംഭിച്ചു.
- എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനിലെ 'ഐ ബൈ ഇൻഫോപാർക്ക്' പൂർത്തിയാക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു.
- തൃശ്ശൂരിലെ ഇന്ദീവരത്ത് നാലാം നിലയുടെ സജ്ജീകരണം പൂർത്തിയായി.
- AVGC-XR അഭീന സ്ഥാപിക്കപ്പെടുകയും പ്രവർത്തനക്ഷമമാവുകയും ചെയ്തു.
- ജിസിസി അധിഷ്ഠിത കമ്പനികളായ എൻഒവി, ടിഎൻപി, എംഎസ്‌സി എന്നിവ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു.

**സൈബർ പാർക്ക്**

തിരുവനന്തപുരത്തെ ടെക്നോപാർക്ക്, കൊച്ചിയിലെ ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിലാണ് കോഴിക്കോട് സൈബർപാർക്ക് സ്ഥാപിച്ചത്. കൊച്ചി മുതൽ കാസർഗോഡ് വരെയുള്ള പടിഞ്ഞാറൻ തീരത്തെ ഐടി അടിസ്ഥാന സൗകര്യങ്ങളുടെ വിടവ് നികത്തുന്നതിനാണ് ഇത് സ്ഥാപിച്ചത്. ഐടി/ഐടി ഇഎസ് നിക്ഷേപകർക്ക് ചെലവ് കുറഞ്ഞതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും അതുവഴി സോഫ്റ്റ്‌വെയർ/സോഫ്റ്റ്‌വെയർ സേവനങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുകയും മലബാർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സൈബർപാർക്കിന്റെ ലക്ഷ്യം. സർക്കാരും വ്യവസായ മേഖലയും തമ്മിൽ ആശയവിനിമയം നടത്തുക, നിക്ഷേപ സാധ്യതയുള്ള നിക്ഷേപകരുമായുള്ള ഇടപെടൽ, ഐടി/ഐടി ഇഎസ് അടിത്തറ ശക്തിപ്പെടുത്തുക, പ്രൊമോഷണൽ കാമ്പെയ്‌നുകൾ നടത്തുക, ഐടി, ഐടി ഇഎസ് എന്നിവയ്ക്കായി മാനുഷികവിഭവശേഷി വികസിപ്പിക്കുക എന്നിവ സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് സൈബർപാർക്കിലെ 42.50 ഏക്കർ സ്ഥലത്തിന്റെ മുഴുവൻ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ് (KSITIL).

സ്മാർട്ട് ബിസിനസ് സെന്ററുകളുടെ കാര്യത്തിൽ ഉന്നത നിലവാരമുള്ള ഐടി സാധ്യത നൽകുന്ന ഒരു സവിശേഷ ബിസിനസ് മാതൃകയായാണ് സൈബർ പാർക്ക് നിലകൊള്ളുന്നത്. ഐടി/ഐടി ഇഎസ് കമ്പനികൾക്ക് സൈബർ പാർക്കിൽ അവരുടെ പ്രവർത്തനങ്ങൾ സ്ഥാപിക്കാനും ഉടൻ തന്നെ ബിസിനസ്സ് പ്രവർത്തനങ്ങൾ ആരംഭിക്കാനോ അല്ലെങ്കിൽ സെസ് യൂണിറ്റ് അംഗീകാരം നേടിയ ശേഷം അവരുടെ സ്പെസിഫിക്കേഷനുകളും നിക്ഷേപങ്ങളും അനുസരിച്ച് ഓഫീസ് സ്ഥലം രൂപകൽപ്പന ചെയ്യാനോ കഴിയും. കെ.എസ്.ഐ.ടി.ഐ.എല്ലു മായി സഹകരിച്ച് സൈബർ പാർക്ക് കെഎസ്ഐടിഐഎല്ലിന്റെ പക്കലുള്ള 42.50 ഏക്കർ കാമ്പസിൽ നിന്ന് 5 ഏക്കർ പ്രത്യേക സാമ്പത്തിക മേഖലയിലുൾപ്പെട്ട (സെസ്) ഭൂമി പാട്ടത്തിന് ലഭ്യമാക്കികൊണ്ട് ഐ.ടിയ്ക്കുള്ള ആദ്യത്തെ പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ള (സെസ്)കെട്ടിടം 'സഹ്യ' (3 ലക്ഷം ചതുരശ്ര അടി) വികസിപ്പിക്കുകയും ചെയ്തു.

**സൈബർ പാർക്കിന്റെ പ്രധാന നേട്ടങ്ങൾ.**

- നിലവിലുള്ള കെട്ടിടം (3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം) പൂർണ്ണമായും കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. നിലവിൽ 80 ഐടി കമ്പനികൾ SEZ മേഖലയിൽ ലഭ്യമായിട്ടുള്ള "സഹ്യ"യിൽ പ്രവർത്തിക്കുന്നു.
- മലബാർ മേഖലയിലെ സ്റ്റാർട്ടപ്പ് കമ്പനികളെ പിന്തുണയ്ക്കുന്നതിനായി, സെസ് ഇതര മേഖലയിൽ ഏകദേശം 12,391 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്മാർട്ട് ബിസിനസ് സെന്റർ കേരള സ്റ്റാർട്ട്-അപ് മിഷനെ ഏൽപ്പിച്ചിരിക്കുന്നു. 22 കമ്പനികൾ പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിൽ ഏകദേശം 130 ഐടി ജീവനക്കാർ ജോലി ചെയ്യുന്നു.
- സൈബർപാർക്കിലുള്ള ആകെ തൊഴിലാളികളുടെ എണ്ണം 2,300 ആയി വർദ്ധിച്ചു, കയറ്റുമതി വരുമാനത്തിൽ വർദ്ധനവുണ്ടായി, 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 130 കോടി രൂപയായി രേഖപ്പെടുത്തി.
- 'ഇഗ്നൈറ്റ്' ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി,

കേരളത്തിലെ ഐടി & ഐടിഇഎസ് കമ്പനികളിൽ അടുത്തിടെ ബിരുദം നേടിയവർക്ക് പരിശീലന അവസരങ്ങൾ നൽകി.

- മലബാർ മേഖലയിലെ മാർക്കറ്റിംഗ് സംരംഭങ്ങളുടെ പ്രചാരണത്തിനായി കാലിക്കറ്റ് ഇന്നൊവേഷൻ & ടെക്നോളജി ഇനിഷ്യേറ്റീവ് (CITI 2.0) എന്ന പേരിൽ ഒരു പ്രത്യേക സംരംഭം രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മലബാർ ചേംബർ ഓഫ് കൊമേഴ്സ് (MCC), കാലിക്കറ്റ് ഫോറം ഫോർ ഐടി (CAFIT), CREDAI, കാലിക്കറ്റ് മാനേജ്മെന്റ് അസോസിയേഷൻ (CMA), UL സൈബർപാർക്ക്, KSITIL, NIT കാലിക്കറ്റ് എന്നിവ ഉൾപ്പെടുന്നു. ഗവൺമെന്റ് സൈബർപാർക്കും ഇതിന്റെ ഭാഗമാണ്.

സൈബർപാർക്കിന്റെ ഭൗതിക നേട്ടങ്ങൾ **അനുബന്ധം 5.1.5** ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ 3 വർഷത്തെ സൈബർപാർക്കിന്റെ പ്രധാന പ്രവർത്തന നേട്ടങ്ങൾ **പട്ടിക 5.1.6** ൽ നൽകിയിരിക്കുന്നു.

**കേരള സ്റ്റേറ്റ് ഐ.റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ)**

സംസ്ഥാനത്തെ ഐടി/ഐടി ഇഎസിനായി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ). ഭൂമി ഏറ്റെടുത്ത് അതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, റോഡ്, ചുറ്റുമതിൽ, സെസ് പദവി, മറ്റു സർക്കാർ അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കി ഐ.റ്റി. (സെസ്) മേഖലകൾ, ഐ.റ്റി. പാർക്കുകൾ എന്നിവ വികസിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് നൽകുകയാണ് കമ്പനിയുടെ ബിസിനസ് മാതൃക. പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്നതിൽ കാര്യക്ഷമതയും സുസ്ഥിരതയും ഉറപ്പാക്കുന്നതിനായി കെഎസ്ഐടിഐഎൽ നിരവധി സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ (പിഎംഎസ്), ജിസ്കോർ-ഡിജിറ്റൽ പെർഫോമൻസ് അപ്രൈസൽ സിസ്റ്റം, മീറ്റിംഗ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ എന്നിവയുടെ നടപ്പാക്കൽ ഇതിൽ ഉൾപ്പെടുന്നു.

കേരളത്തിലുടനീളം ഏകദേശം ₹700 കോടിയുടെ 18 പ്രധാന പദ്ധതികൾ കെ.എസ്.ഐ.ടി.ഐ.എൽ നടപ്പിലാക്കുന്നുണ്ട്. ഇതിൽ കിഫ്ബിയിൽ നിന്നുള്ള ഏകദേശം 458 കോടി രൂപയുടെ പദ്ധതികളും ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഐ.ഐ.ഐ.ടി.എം.കെ, ഇൻഫോപാർക്ക് തുടങ്ങിയ മറ്റ് സംസ്ഥാന സ്ഥാപനങ്ങളിൽ നിന്നുള്ള ഏകദേശം 237 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. കൊച്ചിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ 2 ലക്ഷം ചതുരശ്ര അടി സ്ഥലം ഐ.ടി സൗകര്യങ്ങൾക്കായി പൂർത്തിയാക്കി. നിക്ഷേപകരെ ആകർഷിക്കുന്നതിനായി സൈബർപാർക്ക് കാമ്പസിൽ കെ.എസ്.ഐ.ടി.ഐ.എല്ലിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ആസ്തികളുടെ വിപണനവും ചെയ്യുന്നു. കൊച്ചിയിലെ എറണാകുളം സൗത്തിൽ കെ.എം.ആർ.എൽ മെട്രോ സ്റ്റേഷന് മുകളിലുള്ള കെട്ടിടത്തിന്റെ 45,417 ചതുരശ്ര അടി സ്ഥലം ഐ.ടി സൗകര്യത്തിനായി പൂർത്തീകരിച്ചു. കെഫോൺ, കേ-സ്പേസ് എന്നിവ കെ.എസ്.ഐ.ടി.ഐ.എൽ നിന്ന് വേർപെടുത്തി പ്രത്യേക സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നു.

**കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ.ഫോൺ)**

ഇ-ഗവേണൻസ് സേവനങ്ങൾ നൽകുന്നതിന് കോർ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ സൗകര്യത്തിനായി നിക്ഷേപം നടത്തുന്നതിൽ, കേരള സംസ്ഥാനം രാജ്യത്ത് മുൻപന്തിയിലാണ്. എല്ലാ സേവന ദാതാക്കൾക്കും ആക്സസ് ചെയ്യാവുന്ന ഒരു പ്രധാന നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ പ്രദാനം ചെയ്യുക, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയെ ഇൻടാനെറ്റുമായി ബന്ധിപ്പിക്കുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് നൽകുക, മൂല്യവർദ്ധിത സേവനങ്ങളിലൂടെ KFON അടിസ്ഥാന സൗകര്യങ്ങളുടെ വാണിജ്യവൽക്കരണം എന്നിവയാണ് കെ-ഫോണിന്റെ പ്രധാന ലക്ഷ്യങ്ങൾ. കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (IP) കാറ്റഗറി I, ഇന്റർനെറ്റ് സേവന ദാതാവ് (ISP) കാറ്റഗറി B, നാഷണൽ ലോംഗ് ഡിസ്റ്റൻസ് ലൈസൻസ് (NLD) എന്നിവയുടെ ലൈസൻസുകൾ ഉണ്ട്. കെഫോണിന്റെ പ്രവർത്തന വിശദാംശങ്ങൾ (31-03-2025 വരെ) **പട്ടിക 5.1.7** ൽ നൽകിയിരിക്കുന്നു.

ഫൈബർ-ടു-ദി-ഹോം (FTTH) കണക്ഷനുകൾക്കായുള്ള വർദ്ധിച്ചുവരുന്ന ആവശ്യം, സ്മാർട്ട് സിറ്റി, ഇ-ഗവേണൻസ് പദ്ധതികളുടെ സംയോജനം, ടെലികോം, ഐടി സേവനങ്ങളുടെ സംയോജനം എന്നിവയാണ് ഈ മേഖലയിലെ നിലവിലെ പ്രവണതകൾ. ഡിജിറ്റൽ പരിവർത്തനം ഭരണത്തിലും സേവന വിതരണത്തിലും കേന്ദ്രബിന്ദുവായി മാറുന്നതോടെ, സാർവത്രിക

**പട്ടിക 5.1.6** സൈബർപാർക്കിന്റെ പ്രവർത്തന നേട്ടങ്ങൾ

| വിശദാംശങ്ങൾ | നേട്ടങ്ങൾ 2022-23 | നേട്ടങ്ങൾ 2023-24 | നേട്ടങ്ങൾ 2024-25 |
|---|---|---|---|
| മൊത്തം കയറ്റുമതി (കോടി രൂപ) | 105.00 | 121.00 | 130.00 |
| മൊത്തം നിക്ഷേപം (കോടി രൂപ) | 1.42 | 0.11 | 0.68 |
| ആകെ തൊഴിൽ (എണ്ണം) | 2,078 | 2,200 | 2,300 |
| കമ്പനികളുടെഎണ്ണം (പ്രവർത്തിക്കുന്നത്) | 85 | 83 | 80 |
| ആകെ ഭൂമി (ഏക്കറിൽ) | 42.5 | 42.50 | 42.50 |
| ആകെ ബിൽറ്റ് അപ്പ് സ്പേസ് (ചതുരശ്ര അടി, ലക്ഷത്തിൽ ) | 3 lakhs | 3 lakhs | 3 lakhs |

**അവലംബം:**സൈബർപാർക്ക്

**പട്ടിക 5.1.7** KFON പദ്ധതിയുടെ നിലവിലെ സ്ഥിതി

| ഇനം | 31/03/2025 വരെ പൂർത്തിയായി |
|---|---|
| ബാക്ക്ബോൺ (കി.മീ) | 7,720 |
| അസെസ്സ് (കി.മീ) | 22,524 |
| പിഒപി നോഡുകൾ (നമ്പർ) | 375 |
| NoC & DR– നെറ്റ്‌വർക്ക് സെന്റർ | 1 |
| എൻഡ് ഓഫീസസ് -ഡിസ്കവേർഡ് | 27,494 |
| ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് | 6,601 |
| വാണിജ്യ FTTH കണക്ഷനുകൾ | 52,941 |
| ഡാർക്ക് ഫൈബർ ലീസ് – ഉപഭോക്താക്കൾ | 9 |
| ഡാർക്ക് ഫൈബർ ലീസ് – ഫൈബർ കി.മീ. | 5,173 |
| ILL കണക്ഷനുകളുടെ എണ്ണം | 49 |
| എസ്എംഇ കണക്ഷനുകൾ | 194 |
| P2P കണക്ഷനുകളുടെ എണ്ണം | 10 |
| ബോർഡിലെ എൽഎൻപി | 3,768 |

**അവലംബം**: കെ-ഫോൺ

കണക്റ്റിവിറ്റിയും ഡിജിറ്റൽ ശാക്തീകരണവും എന്ന സംസ്ഥാനത്തിന്റെ ദീർഘകാല കാഴ്ചപ്പാട് പ്രാപ്തമാക്കുന്നതിൽ കെഫോൺ നിർണായക പങ്ക് വഹിക്കാൻ ഒരുങ്ങിയിരിക്കുന്നു. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിന് (KFON) ഔദ്യോഗികമായി 1,13,525 സജീവ കണക്ഷനുകളുണ്ട്, അവയിൽ 14,194 BPL കണക്ഷനുകൾ, 73,134 വാണിജ്യ കണക്ഷനുകൾ (പണമടച്ചുള്ള വീട്), 3,034 SME കണക്ഷനുകൾ, 23,163 സർക്കാർ ഓഫീസ് കണക്ഷനുകൾ (2025 ഓഗസ്റ്റ് 31 വരെ) എന്നിവ ഉൾപ്പെടുന്നു. കൊച്ചിയിലെ നെറ്റ്‌വർക്ക് സെന്ററിൽ മെറ്റാ റെപ്ലിക്കേറ്റഡ് മോഡൽ വിജയകരമായി ഇൻസ്റ്റാൾ ചെയ്തു. സ്വന്തം OTT പ്ലാറ്റ്‌ഫോമും കെഫോണിന് ഉണ്ട്. ഇതിലൂടെ നിലവിൽ 1,350 ഉപഭോക്താക്കൾക്ക് ഇതിനകം സേവനം നൽകുന്നു.

### കെ–സ്പേസ് – പാർക്ക്

സംസ്ഥാനത്തെ അനുഭവ പരിജ്ഞാനമുള്ളവരും, അടുത്തിടെ പഠിച്ചിറങ്ങിയ ബിരുദധാരികളും ഉൾപ്പെടുന്ന മാനുഷികവിഭവശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് ബഹിരാകാശ മേഖല,എയ്റോ സ്പേസ്, പ്രതിരോധ മേഖല എന്നിവയുമായി ബന്ധപ്പെട്ട ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദന കേന്ദ്രമാക്കി കേരളത്തെ മാറ്റുന്നതിനുള്ള കേരള സർക്കാരിന്റെ സംരംഭങ്ങളിലൊന്നാണ് കേരള സ്പേസ് പാർക്ക്. 2022 ഡിസംബർ 29–ലെ G.O. (Ms) No.44/2022/ITD/ പ്രകാരം 1955–ലെ ട്രാവൻകൂർ–കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരു സൊസൈറ്റിയായാണ് കെ–സ്പേസ് സ്ഥാപിതമായത്. ഐ.എസ്.ആർ.ഒയുടെ മൂന്ന് പ്രധാന കേന്ദ്രങ്ങളായ വി.എസ്.എസ്.സി, എൽ.പി.എസ്.സി, ഐ.ഐ.എസ്.യു, അതുപോലെ തന്നെ അഭിമാനകരമായ ഐ.ഐ.എസ്.ടി എന്നിവ കേരളത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ, അതിവേഗം വളരുന്ന ഇന്ത്യൻ ബഹിരാകാശ സമ്പദ്‌വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കാൻ സംസ്ഥാനത്തിന് വളരെയധികം സാധ്യതയുണ്ട്. കേരള എയ്റോസ്പേസ് ആവാസവ്യവസ്ഥയിൽ നൂറിലധികം ചെറുകിട, ഇടത്തരം സ്പേസ്–ടെക് വ്യവസായങ്ങൾ ഉൾപ്പെടുന്നു. നിലവിലുള്ള നിരവധി സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾ ഈ വ്യവസ്ഥയിൽ ചേർന്നിട്ടുണ്ട്. വ്യാവസായിക ക്ലസ്റ്ററുകൾ, ഇൻകുബേഷൻ സെന്ററുകൾ, പങ്കാളിത്തങ്ങൾ എന്നിവയിലൂടെ 2040 ഓടെ ഇന്ത്യൻ ബഹിരാകാശ സമ്പദ്‌വ്യവസ്ഥയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും കൈവരിക്കുക എന്നതാണ് കെ സ്പേസിന്റെ ലക്ഷ്യം.

### 2025–26 കാലയളവിൽ കെ–സ്പേസിന്റെ പ്രധാന സംരംഭങ്ങളും നേട്ടങ്ങളും

- ഇന്ത്യാ ഗവൺമെന്റിന്റെ (എംഎസ്എംഇ) പിന്തുണയോടെ ഒരു അഡ്വാൻസ്ഡ് മാനുഫാക്ചറിംഗ് ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിനായി, കെ–സ്പേസ് ടെക്നോസിറ്റിയിൽ നിന്ന് 9.79 ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. (i) പ്രാദേശിക വ്യവസായങ്ങൾക്കും ഗവേഷണ വികസന സ്ഥാപനങ്ങൾക്കും വിപുലമായ നിർമ്മാണ പിന്തുണ, (ii) ഐടിഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് നൈപുണ്യ പരിശീലനം, (iii) പുതിയ സംരംഭകർക്ക് ബിസിനസ് കൺസൾട്ടൻസി എന്നിവ നൽകുന്നതിനാണ് ഈ സൗകര്യം വിഭാവനം ചെയ്തിരിക്കുന്നത്.
- 2025 ലെ കേരള എയ്റോസ്പേസ് ഇൻഡസ്ട്രിയൽ പോളിസിയുടെ കരട് ഏജൻസി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു.
- ഐഎസ്ആർഒ കേന്ദ്രങ്ങൾ (വിഎസ്എസ്സി, എൽപിഎസ്സി, ഐഐഎസ്‌യു), ഐഐഎസ്ടി, ഐസിടിഎകെ, അസാപ് കേരള, ഡിയുകെ, എസ്ടിപിഐ, എടിഎൽ എന്നിവയുമായി കെ–സ്പേസ് ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്.

### ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ഐ.സി. ഫോസ്സ്)

ഇന്ത്യയിലും വിദേശത്തുമുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ സംഘടനകളുമായി സഹകരിച്ച് കേരള സർക്കാർ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS) സ്ഥാപിച്ചിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെയും സ്വതന്ത്ര വിജ്ഞാനത്തിന്റെയും വികസനവും പ്രയോഗവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ICFOSS ന്റെ പ്രാഥമിക ലക്ഷ്യം. ഒരു നോഡൽ ഏജൻസി എന്ന നിലയിൽ, കൺസൾട്ടൻസി, ഗവേഷണ വികസനം, അക്കാദമിക്സ്, പഠനങ്ങളും സേവനങ്ങളും, പരിശീലനം, പ്രസിദ്ധീകരണം, സർട്ടിഫിക്കേഷൻ, അന്താരാഷ്ട്ര സഹകരണം, കൊളാബറേഷൻ എന്നിവയുൾപ്പെടെ സ്വതന്ത്ര, ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഐ.സി.ഫോസ്സിൽ നിക്ഷിപ്തമാണ്.

സ്വതന്ത്രവും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും അടിസ്ഥാനമാക്കി നിരവധി പരിശീലന പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, ഗവേഷണ പരിപാടികൾ, പ്രോജക്ടുകൾ, മലയാളം കമ്പ്യൂട്ടിംഗ് പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പുകളും പ്രോജക്ടുകളും, സമ്മർ

ക്യാമ്പുകൾ, ഫാക്കൽറ്റി ഡെവലപ്‌മെന്റ് പ്രോഗ്രാമുകൾ, ഫെലോഷിപ്പ് പ്രോഗ്രാമുകൾ എന്നിവ ഐ.സി. ഫോസ്സ് വിജയകരമായി നടത്തിയിട്ടുണ്ട്.

FOSS അധിഷ്ഠിത പ്രോജക്റ്റ് ഉപയോഗിക്കുന്ന വ്യത്യസ്ത മേഖലകളാണ് ICFOSS-ന് ഉള്ളത്. പ്രധാന മേഖലകളിൽ അസിസ്റ്റീവ് ടെക്നോളജി, ഓപ്പൺ IoT, OpenSDI, ലാംഗ്വേജ് ടെക്നോളജി, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, ഡ്രോൺ ടെക്നോളജി എന്നിവ ഉൾപ്പെടുന്നു. ഇവയ്ക്കായി, FOSS മൈഗ്രേഷൻ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി യോഗ്യതയുള്ള പരിശീലകരുള്ള ഒരു സുസജ്ജമായ പരിശീലന കേന്ദ്രം ICFOSS-നുണ്ട്. FOSS ഡൊമെയ്നുകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ICFOSS ഇൻകുബേഷൻ പിന്തുണയും നൽകുന്നു.

2024-25 ലെ ഐസിഫോസ്സിന്റെ പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നു.

- സഹായ സാങ്കേതികവിദ്യകൾ: 200 നൂതന ബ്രെയ്‌ലി ഉപകരണങ്ങൾ ഐസിഫോസ്സ് നിർമ്മിച്ച് സ്മാർട്ട് സിറ്റി സിഇഒയ്ക്ക് കൈമാറി. അസിസ്റ്റൻസ് സാങ്കേതികവിദ്യകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി ഐസിഫോസ്സ് നിഷ്, എസ്‌സിടിഐഎംഎസ്ടി എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.
- നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ (സ്ത്രീകൾ) നിന്നുള്ള 18 അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നീഷ്യൻ വിദ്യാർത്ഥികൾക്കും 7 ഇലക്ട്രോണിക്സ് സിസ്റ്റം ഡിസൈൻ ആൻഡ് റിപ്പയർ വിദ്യാർത്ഥികൾക്കും ഐസിഫോസ് ഓൺ ജോബ് പരിശീലനം വിജയകരമായി പൂർത്തിയാക്കി. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി ഒരു അഡാപ്റ്റീവ് പ്രൊഡക്റ്റ് ഡെവലപ്‌മെന്റ് ഇന്റേൺഷിപ്പും ഇലക്ട്രോണിക് ഇന്റേൺഷിപ്പും ഐസിഫോസ് നടത്തി.
- ഡ്രൂപ്പൽ സിഎംഎസ് ഉപയോഗിച്ച് മെഡിസിനൽ പ്ലാന്റ് ലീഫ് ഡിറ്റക്ഷൻ സംവിധാനത്തിനായി ഒരു പിഒസി മോഡൽ വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്തു, 125 സസ്യങ്ങളുമായി വിഐടി മോഡലിൽ പരിശീലനം നേടി, 222 തരം ഔഷധ സസ്യങ്ങളുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കി.
- മലയാളത്തിനായി Flask, HTML, CSS, JS എന്നിവ ഉപയോഗിച്ച് ഒരു അനോട്ടേഷൻ ടൂൾ വികസിപ്പിച്ചു. ഇതിൽ PDF അപ്‌ലോഡ്, സ്ക്യൂ കറക്ഷൻ, ത്രെഷോൾഡിംഗ്, അനോട്ടേഷൻ എന്നീ സവിശേഷതകൾ ഉൾപ്പെടുന്നു.
- ഇ-ഗവേണൻസും കൺസൾട്ടൻസിയും: ക്ഷീര വികസന വകുപ്പിന്റെ ക്ഷീരശ്രീ വെബ് പോർട്ടൽ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE – ഇന്ത്യ സ്കിൽസ് കോംപറ്റിഷൻ 2024ന്റെ ഭാഗമായി), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ എന്നിവയ്ക്ക് ഐസിഫോസ് കൺസൾട്ടൻസി പിന്തുണ നൽകി.
- ഔട്ട്റീച്ച് പ്രോഗ്രാമുകൾ: i) ഐസിഫോസ് ചുവടെ നൽകിയിരിക്കുന്ന പൊതു പരിപാടികളിലും പ്രദർശനങ്ങളിലും പങ്കെടുത്തു a) എട്ടാമത് സ്പേസ് ആപ്ലിക്കേഷൻസ് അഡോപ്ഷൻ വർക്ക്ഷോപ്പ് b) എന്റെ കേരളം എക്സ്പോ c) കേരള നിയമസഭയിലെ പ്രൊഫഷണൽ കണക്റ്റ് d) KSPACE Aeroxpo
  ii) വകുപ്പുകൾ തമ്മിലുള്ള ഡാറ്റ മാനേജ്മെന്റ് പുനർനിർമ്മിക്കുന്നതിനായി ഓപ്പൺ SDI, ജിയോനോഡ് എന്നിവ പ്രദർശിപ്പിച്ചു.
- ഓപ്പൺ ഹാർഡ്‌വെയർ: a) ഓപ്പൺ സോഴ്സ് ഡ്രോൺ അനുബന്ധ പ്രവർത്തനങ്ങൾക്കായി IIT കാൺപൂരുമായി ധാരണാപത്രം ഒപ്പുവച്ചു b) ഓപ്പൺ ഹാർഡ്‌വെയർ/ഓപ്പൺ ഡ്രോൺ/ഓപ്പൺ IoT/ML അനുബന്ധ മേഖലകളിലെ സഹകരണത്തിനായി IIHR ബാംഗ്ലൂരുമായി ധാരണാപത്രം ഒപ്പുവച്ചു c) ഓപ്പൺ സോഴ്സ് ഹാർഡ്‌വെയർ സഹകരണത്തിനായി IIT തിരുപ്പതിയുമായി ധാരണാപത്രം ഒപ്പുവച്ചു.

**കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.)**

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും അതുവഴി സംസ്ഥാനത്ത് ഒരു സാങ്കേതിക സംരംഭക സംസ്കാരം സൃഷ്ടിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് ഊർജസ്വലവും ചലനാത്മകവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നവീകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭങ്ങളുടെ വളർച്ച സുഗമമാക്കുന്നതിനും കേരള സർക്കാരിൻറെ നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) പ്രവർത്തിക്കുന്നു. സാങ്കേതികവിദ്യയും ആരോഗ്യ സംരക്ഷണവും മുതൽ സാമൂഹിക നവീകരണവും ഗ്രാമീണ സംരംഭകത്വവും വരെയുള്ള വിവിധ മേഖലകളിൽ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം.) ബഹുമുഖമായ പങ്ക് വഹിക്കുന്നു.

കെ.എസ്.യു.എംന്റെ സ്റ്റാർട്ടപ്പ് പ്രോഗ്രാമുകൾ ഗവൺമെൻറ് പിന്തുണയിലൂടെയാണ് നടപ്പിലാക്കുന്നത്, ഇത് കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. കെ.എസ്.യു.എം സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ്. യുവ സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ) എന്നീ സർക്കാർ പദ്ധതികൾ സംസ്ഥാന ബജറ്റിലൂടെ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയാണ് കെ.എസ്.യു.എം.

**യുവ സംരംഭകത്വ വികസന പരിപാടി**

കേരളത്തിലെ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ സംരംഭകത്വ കഴിവുകൾ കണ്ടെത്തുകയും വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് മിഷന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള സംരംഭകത്വ പ്രവർത്തനങ്ങൾ, സംരംഭക അടിസ്ഥാന സൗകര്യം, പരിസ്ഥിതി, വ്യവസായ സ്ഥാപനങ്ങളുടെ ബന്ധങ്ങൾ, ഗവേഷണവും വികസനവും, സംരംഭ ഇക്കോസിസ്റ്റം വികസനത്തിലെ പ്രധാന വെല്ലുവിളികൾ ആയ എന്റർപ്രൈസ് മാർക്കറ്റ്, ഉൽപ്പന്ന പരിജ്ഞാനം, എന്നിവ മനസ്സിലാക്കുകയും അവയ്ക്കുള്ള പരിഹാരങ്ങൾ നിർദേശിച്ച് ആശയവും സംസ്കാരവും

പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുകയും ചെയ്യുക. കെഎസ്‌യുഎം ഈ സ്കീമിനെ എട്ട് ഉപഘടകങ്ങൾ/ പില്ലറുകളായി വിഭജിച്ചിട്ടുണ്ട്, ഇത് സംരംഭകത്വം, സമഗ്ര വളർച്ച, നൂതനമായ ഇക്കോ സിസ്റ്റം എന്നിവയെ പരിപോഷിപ്പിക്കുന്നതിനുള്ള സമഗ്രവും സുസ്ഥിരവുമായ സമീപനം സൃഷ്ടിക്കുന്നതിനുള്ള അടിത്തറയായി വർത്തിക്കുന്നു. ആശയം മുതൽ സ്കെയിലിംഗ് വരെയും അവയുടെ സുസ്ഥിരതയിലേക്കുമുള്ള വികസനമാണ് ഓരോ പില്ലറും ലക്ഷ്യം വയ്ക്കുന്നത്. ആഗോളതലത്തിൽ വളർന്നുവരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകളിലൊന്നായി കേരളത്തെ മാറ്റുന്നത് ഇവയാണ്.

ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെൻറർ (ഐഇഡിസി) – കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (കെഎസ്‌യുഎം), 2014-15 മുതൽ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ IEDCകൾ സ്ഥാപിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ സാങ്കേതിക വിദ്യയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സഹായങ്ങളും ഒറ്റ കുടക്കീഴിൽ നൽകുക എന്നത് ഒരു പ്രധാന ഘടകമായി ഏറ്റെടുത്തുകൊണ്ട് നടപ്പിലാക്കുകയും അത് പുരോഗമിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്കിടയിൽ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ വിദ്യാർത്ഥി കൾക്കായി സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കെഎസ്‌യുഎം ശ്രമങ്ങളുടെ കേന്ദ്രബിന്ദുവായി ഐ.ഇ.ഡി. സി കൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ സംരംഭകത്വ കഴിവുകൾ വികസിപ്പിക്കുന്നതിനും ആശയങ്ങൾ സൃഷ്ടിക്കുന്നതിനും അവയെ പ്രായോഗിക ബിസിനസ്സ് മോഡലുകളായി മാറ്റുന്നതിനുമുള്ള പ്ലാറ്റ്ഫോം നൽകുന്നതിന് വിവിധ അക്കാദമിക് സ്ഥാപനങ്ങൾക്കുള്ളിൽ ഐ.ഇ.ഡി.സി കൾ സ്ഥാപിച്ചിട്ടുണ്ട്. ഐ.ഇ.ഡി.സിക്ക് 453 സ്ഥാപനങ്ങളുണ്ട്, കൂടാതെ 100000-ത്തിലധികം വിദ്യാർത്ഥികളുടെ ശൃംഖലയുമുണ്ട്.

**ഇൻകുബേഷൻ**

ഉപഭോക്തൃ കേന്ദ്രീകൃത പരിഹാരങ്ങൾ പരിഷ്കരിക്കുക, ബിസിനസ് അടിസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക, പ്രാരംഭ ഘട്ട ഫണ്ടിംഗിനും വളർച്ചയ്ക്കും അവരെ സജ്ജമാക്കുക എന്നിവയിലൂടെ ആശയ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകളെ ആശയത്തിൽ നിന്ന് പ്രോട്ടോടൈപ്പിലേക്ക് പുരോഗമിക്കാൻ സഹായിക്കുക, പ്രോട്ടോടൈപ്പ് ഘട്ടത്തിൽ നിന്ന് ആദ്യകാല വിപണി കൈവരിക്കുന്നതിലേക്ക് സ്റ്റാർട്ടപ്പുകളെ നയിക്കുക എന്നിവയാണ് ഇൻകുബേഷൻ പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ.

**ടെക്നോളജി ഇന്നൊവേഷൻ സോൺ (TIZ)**

ടെക്നോളജി ഇന്നൊവേഷൻ സോൺ നിരവധി സാങ്കേതിക മേഖലകൾക്കുള്ള ആഗോള ഇന്നൊവേഷൻ ഇൻകുബേറ്റർ ഹബ്ബാണ്. നിരവധി മേഖലകളിലുള്ള ടെക്നോളജി ഇൻകുബേറ്ററുകൾക്ക് സ്റ്റാർട്ടപ്പുകൾ ഇൻകുബേറ്റ് ചെയ്യുന്നതിനും ഗാർഹികതലത്തിലുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുമായി ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ടെക്നോളജി ഇന്നൊവേഷൻ സോൺ ഒരുക്കും. കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ 13.2 ഏക്കർ സ്ഥലത്താണ് ടിസ് സ്ഥാപിക്കുന്നത്. ബിൽറ്റ്-അപ്പ് സ്റ്റാർട്ട് അപ്പ് മൊഡ്യൂളുകൾ, ഹൈ എൻഡ് ഫാബ്രിക്കേഷൻ ലാബുകൾ, ആർ ആൻഡ് ഡി ലാബ് സൗകര്യങ്ങൾ, വാണിജ്യ ഓഫീസ് ഇടങ്ങൾ, ഡോർമിറ്ററികൾ, സ്മോൾ ഓഫീസ്/ ഹോം ഓഫീസ് (എസ്.ഒ.എച്ച്.ഒ. കൾ), മാളുകൾ എന്നിവ സോണിൽ ഉൾപ്പെടുന്നു. ഏകദേശം 5 ലക്ഷം ചതുരശ്ര അടി സൗകര്യങ്ങളുള്ള മൊത്തം ബിൽറ്റ് അപ്പ് ഏരിയ ടിസ് സൃഷ്ടിക്കും. ടെക്നോളജി ഇന്നൊവേഷൻ സോണിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിവിധ ഘട്ടങ്ങളിലായി നിർമ്മിക്കും. നിലവിൽ ഒന്നാം ഘട്ടം പ്രവർത്തനക്ഷമമാണ്.

കഴിഞ്ഞ 3 വർഷമായി കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.8** ൽ നൽകിയിരിക്കുന്നു.

2024-25 & 2025-26 ലെ കെ.എസ്.യു.എം ന്റെ നേട്ടങ്ങൾ

- 2025-ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് (GSER) പ്രകാരം കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന് ശ്രദ്ധേയമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. 6,400-ലധികം സ്റ്റാർട്ടപ്പുകൾ, 63 ഇൻക്യൂബേറ്ററുകൾ എന്നിവയെ പിന്തുണയ്ക്കുകയും, 665 മില്യൺ ഡോളർ (₹58 ബില്യൺ) ധനസഹായം

**പട്ടിക 5.1.8** 2022-23 മുതലുള്ള കെഎസ്‌യുഎമ്മിന്റെ പ്രധാന ഭൗതിക നേട്ടങ്ങൾ

| ക്രമ നം | വിശദാംശങ്ങൾ | ആകെ നേട്ടങ്ങൾ 2022-23 | ആകെ നേട്ടങ്ങൾ 2023-24 | ആകെ നേട്ടങ്ങൾ 2024-25 | ആകെ നേട്ടങ്ങൾ 2025-26 (ഓഗസ്റ്റ് വരെ) |
|---|---|---|---|---|---|
| 1 | ഇക്കോസിസ്റ്റത്തിലെ ടെക് സ്റ്റാർട്ടപ്പുകളുടെ എണ്ണം | 4318 | 4681 | 6227 | 7100 |
| 2 | ഇൻകുബേറ്ററുകൾ/ അക്സലറേറ്ററുകൾ (എണ്ണം) | 58 | 61 | 61 | 61 |
| 3 | തൊഴിൽ സൃഷ്ടിക്കൽ (എണ്ണം) | 43180 | 46800 | 63000+ | 65000+ |
| 4 | ബാഹ്യ നിക്ഷേപം (കോടി രൂപ) | 5325 | 5375 | 5790 | 6057 |
| 5 | ഇക്കോസിസ്റ്റം റാങ്കിംഗ് | മികച്ച പ്രകടനം | മൂല്യനിർണ്ണയം പുരോഗമിക്കുന്നു | മൂല്യനിർണ്ണയം പുരോഗമിക്കുന്നു | മൂല്യനിർണ്ണയം പുരോഗമിക്കുന്നു |
| 6 | ഇൻകുബേഷൻ സ്പേസ് (ചതുരശ്ര അടി) | 5.47 | 5.58 | 5.58 | 6.3 |

**അവലംബം**: കെ എസ് യു എം

സാദ്ധ്യമാക്കുകയും, 65,000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, പ്രതിവർഷം 1,00,000–ത്തിലധികം വിദ്യാർത്ഥികളെ ഉൾപ്പെടുത്തുകയും ചെയ്യുന്ന സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം രൂപപ്പെടുത്തിയതിനാണ് കേരളത്തെ റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിരിക്കുന്നത്.

- സാങ്കേതിക പ്രതിഭകളെ നിയമിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള കഴിവ് അളക്കുന്ന "അഫോർഡബിൾ ടാലെന്റ്" എന്ന വിഭാഗത്തിൽ കേരളം ഏഷ്യയിലെ മികച്ച 10 സ്ഥാനങ്ങളിൽ ഇടം നേടി.
- "ബാങ് ഫോർ ബക്ക്" എന്ന വിഭാഗത്തിൽ ഏഷ്യൻ രാജ്യങ്ങളിൽ ആദ്യ 15 സ്ഥാനങ്ങളിലും, ഏഷ്യൻ ഇക്കോസിസ്റ്റം പ്രകടനത്തിൽ ആദ്യ 35 സ്ഥാനങ്ങളിലും സംസ്ഥാനം ഇടം നേടി.
- സ്റ്റുഡന്റ് സ്റ്റാർട്ട് അപ്പ് പൈപ്പ്ലൈൻ പ്രോഗ്രാമിന് കീഴിൽ, 91 വിദ്യാർത്ഥി ടീമുകൾ (200+ വിദ്യാർത്ഥികൾ) വിജയകരമായി പ്രോഗ്രാം പൂർത്തിയാക്കി, അതിൽ 5 ടീമുകൾ അവരുടെ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തു, 4 ടീമുകൾ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്തു, 28 ടീമുകൾ പ്രോട്ടോടൈപ്പുകൾ വികസിപ്പിച്ചെടുത്തു, 41 ടീമുകൾ

**പട്ടിക 5.1.9–ൽ പ്രധാന ഭൗതിക നേട്ടങ്ങൾ.**

| ക്രമ നമ്പർ | ഘടകം | FY2024–25 | FY2025–26 |
|---|---|---|---|
| 1 | **സംരംഭകത്വ പൈപ്പ്ലൈൻ സൃഷ്ടി** | | |
| | IEDC പ്രകാരം ഇതുവരെ പിന്തുണയ്ക്കപ്പെട്ട ആശയങ്ങളുടെ എണ്ണം | 754 | 755 |
| | ഐഇഡിസിയിൽ നിന്ന് ഇതുവരെ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥി സ്റ്റാർട്ടപ്പുകളുടെ എണ്ണം | 150+ | 150+ |
| | പിന്തുണയ്ക്കുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം | 5 | 2 |
| | കേരളത്തിലെ ആകെ വനിതാ സ്റ്റാർട്ടപ്പുകളുടെ എണ്ണം | 2607 | 2975 |
| | കേരളത്തിലെ സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകളുടെ ആകെ എണ്ണം | 280 | 330 |
| | വിവിധ പരിപാടികളിൽ നിന്ന് പ്രയോജനം നേടിയ വനിതാ സ്റ്റാർട്ടപ്പുകളുടെ എണ്ണം | 101 | 120+ |
| | ഈ വർഷം മെന്റർഷിപ്പ് ലഭിച്ച വനിതാ സ്റ്റാർട്ടപ്പുകളുടെ എണ്ണം | 47 | 21 |
| | ഈ വർഷം ഫണ്ടിംഗ്/ നിക്ഷേപം ലഭിച്ച വനിതാ സ്റ്റാർട്ടപ്പുകളുടെ എണ്ണം | 4 | 0 |
| | ദേശീയ, അന്തർദേശീയ എക്സ്പോഷർ ഈ വർഷം പങ്കെടുത്ത സ്ത്രീകളുടെ എണ്ണം | 11 | 0 |
| | നടത്തിയ ഗ്രാമീണ, സാമൂഹിക പരിപാടികളുടെ എണ്ണം | 10+ | 6 |
| 2 | **പ്രാരംഭ ഘട്ട ധനസഹായം** | | |
| | ഇന്നൊവേഷൻ ഗ്രാന്റിന് കീഴിൽ പിന്തുണയ്ക്കപ്പെടുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം | 68 | 48 |
| | ഇന്നൊവേഷൻ ഗ്രാന്റ് പ്രാകരം അനുവദിച്ച അകെ തുക (Cr) | 5.22 Cr | 0.8 Cr |
| | സീഡ് ലോണിന് കീഴിൽ പിന്തുണയ്ക്കുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം | 3 | 0 |
| | സീഡ് ലോൺ പ്രകാരം അനുവദിച്ച ആകെ തുക | 0.225 Cr | 0 |
| 3 | **അടിസ്ഥാന സൗകര്യങ്ങളും സഹജോലികളും** | | |
| | സ്ഥാപിച്ച ലീപ് സെന്ററുകളുടെ എണ്ണം | 13 | 17 |
| | ലീപ് സെന്ററിൽ നിന്ന് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം | 250 | 250+ |
| | കെഎസ്‌യുഎമ്മിന്റെ ഒക്യുപെൻസിയുടെ % | 80% | 80% |
| 4 | **ഫാബ്ലാബുകളും നോളജ് ലാബുകളും** | | |
| | സേവന & ഡിസൈൻ പ്രോജക്റ്റുകളുടെ എണ്ണം | 538 | 466 |
| | ഇതുമായി ബന്ധപ്പെട്ട ഫാബ് കമ്മ്യൂണിറ്റികളുടെ എണ്ണം | 4 | 4 |
| | പരിശീലനം ലഭിച്ച ആകെ വിദ്യാർത്ഥികളുടെ എണ്ണം | 120+ | 174 |
| | വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഗവേഷണ പദ്ധതികളുടെ എണ്ണം | 4 | 4 |
| 5 | **നിക്ഷേപങ്ങളും എഫ്ഒഎഫും** | | |
| | നിക്ഷേപക ബന്ധങ്ങളുടെ എണ്ണം | 368 | 180 |
| | ബാഹ്യ നിക്ഷേപം സമാഹരിച്ച സ്റ്റാർട്ടപ്പുകളുടെ എണ്ണം | 55.9 Cr | 8 Cr |
| | ഇതുവരെ സമാഹരിച്ച ആകെ വിദേശ നിക്ഷേപം | 5790 Cr | 6057 Cr |
| | ഫണ്ട് ഓഫ് ഫണ്ടിലൂടെ ബാഹ്യ നിക്ഷേപം സമാഹരിച്ച കേരള സ്റ്റാർട്ടപ്പുകളുടെ എണ്ണം | 21 | 24 |
| | കേരളത്തിലെ സ്റ്റാർട്ടപ്പുകളിൽ എഫ്ഒഎഫിന്റെ നിക്ഷേപങ്ങൾ | 160 Cr | 224 Cr |

**ഉറവിടം:** KSUM

ബിസിനസ് പ്ലാനുകൾ പൂർത്തിയാക്കി, 9 ടീമുകൾ പ്രോട്ടോടൈപ്പ് പ്ലാനുകൾ പൂർത്തിയാക്കി.

- റിസർച്ച് പൈപ്പ്ലൈൻ പ്രോഗ്രാമിന് കീഴിൽ, 2024-25 ൽ, 80 ഗവേഷണ പദ്ധതികൾക്ക് പിന്തുണ നൽകി, അതിൽ 15 പേറ്റന്റുകൾ ഫയൽ ചെയ്യുകയും 10 സ്റ്റാർട്ടപ്പുകൾ രൂപീകരിക്കുകയും ചെയ്തു.

2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്രധാന ഭൗതിക നേട്ടങ്ങൾ **പട്ടിക 5.1.9 ൽ** കാണിച്ചിരിക്കുന്നു

**സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)**

സർക്കാർ മേഖലയിൽ ഐ.സി.ടി. സൊല്യൂഷൻസ് പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിക്കുന്നു. സി-ഡിറ്റ് ഏറ്റെടുത്ത് നടത്തുന്ന പ്രധാന പരിപാടികൾ ഇവയാണ്:

- 2024-ലെ കേരള എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകൾക്കുള്ള (KEAM) ഓൺലൈൻ പരീക്ഷയുടെ വിജയകരമായ നടത്തിപ്പിനായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തു.

- കേരള പബ്ലിക് സർവീസ് കമ്മീഷനുവേണ്ടി, പൊതുമേഖലയിലെ ഏജൻസികളുടെ ഓൺലൈൻ റിക്രൂട്ട്മെൻറ് പ്രക്രിയയ്ക്ക് സമാനമായ നൂതന സവിശേഷതകളോടെയുള്ള ഓൺലൈൻ പരീക്ഷാ സംവിധാനത്തിനുള്ള സോഫ്റ്റ്‌വെയർ സി-ഡിറ്റ് വികസിപ്പിച്ചു.

- വിവിധ സ്ഥാപനങ്ങൾക്കായി വെബ്, സോഷ്യൽ മീഡിയ ആശയവിനിമയ പദ്ധതികൾ ഏറ്റെടുത്തു.

- സി-ഡിറ്റിന് കീഴിലുള്ള മലയാളം കമ്പ്യൂട്ടിംഗ് ടീം മലയാളത്തിനായി ഒരു പുതിയ ടെക്സ്റ്റ് മൈനിംഗ് ടൂൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്, കൂടാതെ മലയാളത്തിൽ പുതിയ യൂണികോഡ് ഫോണ്ടുകൾ രൂപകല്പന ചെയ്യുന്നതിനും ലോഞ്ച് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്.

- സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ ലോട്ടറി നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണവും വാർത്താ മാസികയായ നവകേരളത്തിന്റെ പ്രസദ്ധീകരണവും തുടരുന്നു.

**ഭാവി വീക്ഷണം/ ഭാവിയിലേക്കുള്ള ചുവടുവെയ്പ്**

കേരളത്തിലെ ഐടി മേഖല ബിസിനസ്സിനും സാമ്പത്തിക വികസനത്തിനും വളരെയധികം സാധ്യതകൾ നൽകുന്ന മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഒരു ഐടി ഡെസ്റ്റിനേഷൻ എന്ന നിലയിൽ മത്സരാധിഷ്ഠിതമായി തുടരുന്നതിനും, കൂടുതൽ മൂല്യവും വരുമാനവും വർദ്ധിപ്പിക്കുന്ന സമീപകാല പുരോഗതികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി മൂല്യ ശൃംഖലയിൽ മുകളിലേക്ക് പോകാനാണ് കേരളത്തിലെ ഐടി മേഖല ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ, വ്യവസായവുമായി ബന്ധപ്പെട്ട ഗവേഷണത്തിന്, സമീപഭാവിയിൽ ഐടി മേഖലയ്ക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ അടിത്തറ പാകാൻ കഴിയും. ഐടി മേഖലയിലെ ഉയർന്നുവരുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചും സ്ഥാപിതമായ ഐടി/ഐടിഇഎസ് പ്രവർത്തനങ്ങളിൽ നിന്ന് വൈവിധ്യവൽക്കരിച്ചും ആകർഷകമായ നിക്ഷേപ കേന്ദ്രമെന്ന നിലയിൽ സംസ്ഥാനം അതിന്റെ സ്ഥാനം ഉറപ്പിക്കേണ്ടതുണ്ട്. ദേശീയ, ആഗോള ഐടി മേഖലയിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങളോടൊത്തു കേരളം മുന്നേറണം. സംസ്ഥാനത്തെ ജനങ്ങൾക്ക് ഡിജിറ്റൽ ശാക്തീകരണത്തിലും ഐടി അവബോധത്തിലുമുള്ള നേട്ടങ്ങളിൽ നിന്ന് സംസ്ഥാനം കൂടുതൽ ഗുണങ്ങൾ നേടുന്നു.

കേരളം എപ്പോഴും എല്ലാവരെയും ഉൾക്കൊള്ളുന്ന ഐടി ഇക്കോസിസ്റ്റമാണ് ലക്ഷ്യമിടുന്നത്. വികേന്ദ്രീകരണം, ശാക്തീകരണം, തുല്യത എന്നിവയിൽ അധിഷ്ഠിതമായിരിക്കും ഇത്തരമൊരു ഐടി ആവാസവ്യവസ്ഥയുടെ ഭാവി. സാമൂഹികവും ഭൂമിശാസ്ത്രപരവുമായ അതിരുകൾക്കപ്പുറം ഭൗതികവും മാനുഷികവുമായ മൂലധനത്തിൽ നിക്ഷേപിക്കുന്നതിലൂടെ, നൂതനവും കാര്യക്ഷമവും മാത്രമല്ല സമഗ്രവും, സാമൂഹ്യ ഉത്തരവാദിത്വത്തോടുകൂടിയുള്ള ഒരു ഐടി ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനാണ് കേരളം പരിശ്രമിക്കുന്നത്. സാങ്കേതികവിദ്യ വികസനത്തോടുള്ള ഈ സമഗ്ര സമീപനം, ഐടി പുരോഗതിയുടെ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും, അവരുടെ പശ്ചാത്തലമോ കഴിവുകളോ പരിഗണിക്കാതെ, പ്രാപ്യമാണെന്ന് ഉറപ്പാക്കുന്നു. സാങ്കേതിക മേഖലയിൽ വൈവിധ്യവും ഉൾപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിലൂടെ, കേരളം പൗരന്മാർക്ക് കൂടുതൽ തുല്യവും സുസ്ഥിരവുമായ ഒരു ഭാവി സൃഷ്ടിക്കുകയാണ്. അടിസ്ഥാന സൗകര്യത്തിലും, മാനവവിഭവ ശേഷിയിലും തുടർച്ചയായ നിക്ഷേപത്തിലൂടെ ഒരു സമഗ്ര ഐടി ആവാസവ്യവസ്ഥയ്ക്ക് സംസ്ഥാനം വഴിയൊരുക്കുന്നു. ഇതിലൂടെ അനുകൂലമായ സാമൂഹിക മാറ്റത്തിനും, സാമ്പത്തിക വളർച്ചയ്ക്കും വരും വർഷങ്ങളിൽ കാരണമാകും.

# 5.2 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

സാമ്പത്തിക മാറ്റത്തിലും സാമൂഹിക പുരോഗതിയിലും പൊതുവികസനത്തിലും ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം എന്നിവ നിർണായക പങ്ക് വഹിക്കുന്നു. ശാസ്ത്ര ഗവേഷണ മേഖലയിലെ വർദ്ധിച്ച നിക്ഷേപം, അന്താരാഷ്ട്ര സഹകരണം, ദ്രുത വേഗത്തിലുള്ള ഡിജിറ്റൽ പരിവർത്തനം എന്നിവയാൽ ആഗോള തലത്തിൽ ഈ മേഖല ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. നവീകരണം, ഡിജിറ്റൽ വികസനം, സമഗ്ര വളർച്ച എന്നിവയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കേരളം ഈ മേഖലയിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുകയും ഇന്നൊവേഷൻ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന സയൻസ് പാർക്കുകൾ, ഇൻകുബേറ്ററുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനം ഈ മേഖലയെ വികസിപ്പിച്ചു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ശാസ്ത്ര പുരോഗതി പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാർ ഗവേഷണവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നു.

കേരളത്തിന്റെ നവീകരണാധിഷ്ഠിത വികസന തന്ത്രം ഇന്ത്യയിലെ ശാസ്ത്ര സാങ്കേതിക മേഖലയുടെ ഒരു വളർന്നുവരുന്ന കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുന്നു. സ്പ്രിംഗർ നേച്ചർ പ്രസിദ്ധീകരിച്ച 2025 ലെ നേച്ചർ ഇൻഡെക്സിൽ കെഎസ്‌സിഎസ്ടിഇയും അതിന്റെ ഗവേഷണ വികസന സ്ഥാപനങ്ങളും ചേർന്ന് ഇന്ത്യൻ സർക്കാർ സ്ഥാപനങ്ങളിൽ 27–ാം സ്ഥാനവും ആഗോളതലത്തിൽ 1,161–ാം സ്ഥാനവും കരസ്ഥമാക്കി.

**കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏജൻസികളും സ്ഥാപനങ്ങളും**

സംസ്ഥാനത്തെ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളുടെ കഴിവ് വളർത്തുക, ഗവേഷണ–വികസന കേന്ദ്രങ്ങൾ വഴി ഗവേഷണവും വികസനവും നടത്തുക, ബയോടെക്നോളജി മേഖലയിൽ അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുകയും, അവയ്ക്ക് വേണ്ട സഹായങ്ങളും ചെയ്യുക, ജൈവ വിഭവങ്ങൾ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ കേന്ദ്രങ്ങളിലും ലബോറട്ടറിയും ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുക, യുവ പ്രതിഭകളെ പരിപോഷിപ്പിക്കുകയും ശാസ്ത്ര, സാങ്കേതികവിദ്യ മേഖലയിലെ പ്രോജക്ടുകളും പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുക, അടിസ്ഥാന തലത്തിൽ ഇന്നോവേഷനെ പ്രോത്സാഹിപ്പിക്കുകയും പൊതുജനങ്ങളുടെ പ്രയോജനത്തിനായി ഗ്രാമീണ സാങ്കേതികവിദ്യയുടെ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയെല്ലാം കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ലക്ഷ്യങ്ങളാണ്.

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.റ്റി.ഇ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐഎവി), റീജിയണൽ കാൻസർ സെന്റർ (ആർസിസി) എന്നിവയാണ് സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിൽ വരുന്ന പ്രധാന സ്ഥാപനങ്ങൾ.

**ശാസ്ത്ര സാങ്കേതിക മേഖലയിലെ ഏജൻസികളുടെ വിഹിതവും ചെലവും**

2021–22 മുതൽ 2025–26 വരെയുള്ള ശാസ്ത്ര സാങ്കേതിക മേഖലയുടെ വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ **പട്ടിക 5.2.1** ൽ നൽകിയിരിക്കുന്നു.

**എ. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ)**

അക്കാദമിക്, വ്യവസായ, ഗവേഷണ സംഘടനകളുടെ പങ്കാളിത്തത്തോടെ പഠനം, ഗവേഷണം, വികസനം എന്നിവയിലൂടെ ശാസ്ത്ര സാങ്കേതിക രംഗത്തെ മികവ് പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.റ്റി.ഇ) ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരള ബയോടെക്നോളജി കമ്മീഷൻ (കെബിസി), ബയോടെക്നോളജിയുമായി

**പട്ടിക 5.2.1** ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് കീഴിലുള്ള ഏജൻസികളുടെ 2021-22 മുതൽ 2025-26 വരെയുള്ള വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

| വർഷം | കെ.എസ്.സി.എസ്.ടി.ഇ | | | ആർസിസി | | | ഐഎവി | | |
|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % | വിഹിതം | ചെലവ് | % |
| 2021-22 | 8,164.00 | 6,033.55 | 73.90 | 7,100.00 | 4,682.11 | 65.94 | 5,000.00 | 2,400.00 | 48 |
| 2022-23 | 8,977.00 | 5,184.53 | 57.75 | 8,100.00 | 8,099.99 | 100 | 5,000.00 | 3,043.00 | 60.86 |
| 2023-24 | 9,077.00 | 3,696.23 | 40.72 | 8,100.00 | 2,999.76 | 37.03 | 5,000.00 | 2,128.35 | 60.98 |
| 2024-25 | 8,723.00 | 4,308.02 | 49.39 | 7,300.00 | 3,612.37 | 49.48 | 5,000.00 | 2,065.78 | 41.32 |
| 2025-26 | 10,083 | 2,064.71* | 20.47 | 7,500.00 | 1,279.97* | 17.06 | 5,000.00 | 1,435.00* | 28.70 |

**അവലംബം**: പ്ലാൻ സ്പേസ് കേരള, അക്കൗണ്ട്സ് *2025 നവംബർ 13 വരെയുള്ള ചെലവ്

ബന്ധപ്പെട്ട വിവിധ പദ്ധതികൾക്കും പരിപാടികൾക്കും പിന്തുണ നൽകുന്നതിനും സുഗമമാക്കുന്നതിനുമായി കൗൺസിൽ ആസ്ഥാനത്ത് പ്രവർത്തിക്കുന്നു. കെ.എസ്.സി.എസ്.റ്റി.ഇ-യ്ക്ക് കേരളത്തിലെ ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ മേഖലയിൽ ഗവേഷണം നടത്തുന്നതിനും, ഇന്നൊവേഷനെ പ്രോത്സാഹിപ്പിക്കുന്നതിനും, പുരോഗതി കൈവരിക്കുന്നതിനുമായി പ്രത്യേകം തിരഞ്ഞെടുത്ത മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന എട്ട് ഗവേഷണ വികസന (ആർ&ഡി) കേന്ദ്രങ്ങളുണ്ട്.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യുആർഡിഎം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻടിബിജിആർഐ), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെഎസ്ഒഎം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്ആർഐബിഎസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (എംബിജിഐപിഎസ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ്) എന്നിവയാണ് കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ-വികസന കേന്ദ്രങ്ങൾ. 2025 ഏപ്രിൽ മുതൽ കെഎസ്ഒഎം ഒരു മികവിന്റെ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്യപ്പെടുകയും കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഒരു സ്വതന്ത്ര സ്വയംഭരണ സ്ഥാപനമായി മാറുകയും ചെയ്തു.

### I. ഗവേഷണ വികസന കേന്ദ്രങ്ങളുടെ പ്രധാന നേട്ടങ്ങൾ

സിഡബ്ല്യുആർഡിഎം -സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (കോഴിക്കോട്)- ജലശാസ്ത്രം, നീർത്തട വികസനം, തണ്ണീർത്തട പരിപാലനം, ജലഗുണനിലവാരം, കൃഷിക്ക് വേണ്ടിയുള്ള ജലസംരക്ഷണം, വനമേഖലയും നഗരപ്രദേശവും സംബന്ധിക്കുന്ന ജലശാസ്ത്രം, ഭൂഗർഭജല വികസനം, പരിസ്ഥിതി, ജൈവവൈവിധ്യം, നൂതന മലിനജല സംസ്കരണം എന്നിവയിൽ ഗവേഷണ പദ്ധതികൾ ഇത് നടത്തി വരുന്നു. ജലവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ ലൈൻ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇത് ഗവേഷണ/കൺസൾട്ടൻസി സഹായവും നൽകുന്നു.

- 2024-25 കാലയളവിൽ സിഡബ്ല്യുആർഡിഎം 35 പദ്ധതി പ്രോജക്ടുകൾ, ബാഹ്യ ധനസഹായത്തോടെയുള്ള 17 സംരംഭങ്ങൾ, 21 കൺസൾട്ടൻസി അസൈൻമെന്റുകൾ എന്നിവ നടപ്പിലാക്കുകയും രണ്ട് കോപ്പിറൈറ്റുകളും ഒരു വ്യാവസായിക ഡിസൈൻ രജിസ്ട്രേഷനും നേടുകയും ചെയ്തു.
- 42 ഗവേഷണ പ്രബന്ധങ്ങൾ, 35 പുസ്തക അധ്യായങ്ങൾ, 7 ജനപ്രിയ ലേഖനങ്ങൾ/എഐആർ പരിപാടികൾ, 41 കോൺഫറൻസ് അവതരണങ്ങൾ എന്നിവ തയ്യാറാക്കുകയും, 98 സാങ്കേതിക, പദ്ധതി റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു.
- ജലവിഭവ മേഖലയിലെ ഗവേഷണ വികസന സംഭാവനകൾക്ക് 2024 ലെ സെൻട്രൽ ബോർഡ് ഓഫ് ഇറിഗേഷൻ ആൻഡ് പവർ -സിബിഐപി ദേശീയ അവാർഡ് സിഡബ്ല്യുആർഡിഎമ്മിന് ലഭിച്ചു.
- നവകേരളം മിഷന്റെ കീഴിൽ കേരളത്തിന്റെ ജല ബജറ്റിംഗ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും, ഒരു ജല-ബജറ്റ് ചട്ടക്കൂട് വികസിപ്പിക്കുകയും, തിരഞ്ഞെടുത്ത ബ്ലോക്കുകളിലും പഞ്ചായത്തുകളിലും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തു.
- സിഡബ്ല്യുആർഡിഎം 9 ജലവിഭവ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ് പ്രോജക്ടുകൾ (ഡബ്ല്യുആർഎംടിപി) പരിശീലനങ്ങൾ, 25 സ്പോൺസർ ചെയ്ത പരിശീലനങ്ങൾ, 12 വർക്ക്ഷോപ്പുകൾ/ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തിയിട്ടുണ്ട്, ഇത് 1,000-ത്തിലധികം പേർക്ക് പ്രയോജനം ചെയ്തു.
- 140-ലധികം മാസ്റ്റേഴ്സ് വിദ്യാർത്ഥികൾ പ്രബന്ധങ്ങളും പരിശീലനവും പൂർത്തിയാക്കി, 12 പിഎച്ച്ഡി സ്കോളർമാർക്കും 2 പോസ്റ്റ്-ഡോക്ടറൽ ഗവേഷകർക്കും ഈ കേന്ദ്രം സഹായം നൽകി.
- നദീതട പദ്ധതികളുടെ വിഭാഗത്തിൽ അംഗീകൃത പരിസ്ഥിതി ആഘാത വിലയിരുത്തൽ (ഇഐഎ) ഏജൻസിയായി സിഡബ്ല്യുആർഡിഎം-ന് QCI-NABET അക്രെഡിറ്റേഷൻ ലഭിച്ചു.
- കൗൺസിൽ ഓഫ് ഇന്റർഗവൺമെന്റൽ ഹൈഡ്രോളജിക്കൽ പ്രോഗ്രാമുമായി (UNESCO-IHP) അഫിലിയേറ്റ് ചെയ്തിട്ടുള്ള വെനീസിലെ ഗ്ലോബൽ നെറ്റ്വർക്ക് ഓഫ് വാട്ടർ മ്യൂസിയംസ് (WAMU-NET) ന്റെ പങ്കാളിയായി സിഡബ്ല്യുആർഡിഎം മാറി.
- കാട്ടാക്കട എൽഎസി (LAC) മേഖലയ്ക്കായി സിഡബ്ല്യുആർഡിഎം തയ്യാറാക്കിയ സമഗ്ര കാർബൺ

ഓഡിറ്റ് റിപ്പോർട്ട് ഔദ്യോഗികമായി പുറത്തിറക്കി.

- മലിനമായ വെള്ളത്തിൽ നിന്ന് നൈട്രേറ്റ് മാലിന്യങ്ങൾ ഫലപ്രദമായി നീക്കം ചെയ്യുന്ന ഒരു ടെർഷ്യറി നാനോകോമ്പോസിറ്റിന്റെ കണ്ടുപിടുത്തത്തിന് സിഡബ്ല്യുആർഡിഎം- ന് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു.

**ജെഎൻടിബിജിആർഐ**– ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉഷ്ണമേഖലാ സസ്യങ്ങളുടെ ജനിതക വിഭവങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ സുസ്ഥിരമായ ഉപയോഗ രീതികൾ വികസിപ്പിക്കുന്നതിനുമായി സ്ഥാപിതമായതാണ്, രാജ്യത്തിന്റെ വന്യമായ ഉഷ്ണമേഖലാ സസ്യ വൈവിധ്യം സംരക്ഷിച്ചുകൊണ്ട് 300 ഏക്കർ കൺസർവേറ്ററി ഗാർഡൻ ജെഎൻടിബിജിആർഐ പരിപാലിക്കുന്നു.

- 2024–25 കാലയളവിൽ, ദേശീയ, സംസ്ഥാന ബാംബൂ മിഷനുകളുടെ പിന്തുണയോടെ ജെഎൻടിബിജിആർഐ ഒരു ബാംബൂ മ്യൂസിയം സ്ഥാപിച്ചു, അതിൽ മുളകൊണ്ടുള്ള ഉപകരണങ്ങൾ, കരകൗശല വസ്തുക്കൾ, ഒരു പവലിയൻ, നൈപുണ്യ പരിശീലനത്തിനും വരുമാന വർദ്ധനയ്ക്കുമായി ഒരു പുതിയ ബാംബൂ കരകൗശല കേന്ദ്രം എന്നിവ പ്രദർശിപ്പിച്ചു.
- വടക്കുകിഴക്കൻ ഇന്ത്യൻ സസ്യജാലങ്ങൾക്കായി 19 സ്പീഷീസുകളെ പ്രതിനിധീകരിക്കുന്ന 81 സസ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫീൽഡ് കൺസർവേറ്ററി ജെഎൻടിബിജിആർഐ സ്ഥാപിച്ചിട്ടുണ്ട്. അതിൽ ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ (ഐ.യു.സി.എൻ) പട്ടികയിലുൾപ്പെടുത്തിയിരിക്കുന്ന വംശനാശ ഭീഷണി നേരിടുന്ന ആറ് സ്പീഷീസുകൾ ഉൾപ്പെട്ടിട്ടുണ്ട്.
- ആൻഡമാനിലെ 41 സസ്യ സ്പീഷീസുകളുടെ ഒരു ബയോ-റെപ്പോസിറ്ററി ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തു, അതിൽ ലീഫ് ടിഷ്യൂകൾ $-80^{\circ}$ താപനിലയിൽ സൂക്ഷിക്കുകയും വൗച്ചർ സ്പെസിമനുകൾ അതിന്റെ ഹെർബേറിയത്തിൽ സൂക്ഷിക്കുകയും ചെയ്തു.
- ഇന്ത്യയിൽ മാത്രം കാണപ്പെടുന്നതും വംശനാശഭീഷണി നേരിടുന്നതുമായ പിച്ചർ സസ്യമായ *Nepenthes khasiana*, ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാർണിവോറസ് സസ്യ സംരക്ഷണ കേന്ദ്രത്തിൽ വിജയകരമായി പരിപാലിക്കപ്പെടുന്നു.
- ജെഎൻടിബിജിആർഐയുടെ പുത്തൻതോപ്പ് കാമ്പസിൽ ഫൈറ്റോകെമിക്കൽ നാനോ ടെക്നോളജിയിൽ ഒരു പുതിയ മികവിന്റെ കേന്ദ്രം ആരംഭിച്ചു.
- ഈ കാലയളവിൽ ജലസസ്യ സംരക്ഷണ കേന്ദ്രത്തിൽ 36 പുതിയ സ്പീഷീസുകൾ കൂട്ടിച്ചേർക്കപ്പെട്ടു, 232 സസ്യങ്ങളുടെ വിൽപ്പനയിലൂടെ ലഭിച്ച ആകെ വരുമാനം 41940 രൂപയാണ്. അർബോറേറ്റത്തിനായി 2500 സസ്യങ്ങൾ ശേഖരിച്ചു, പുതിയ ആക്സഷനുകളിലുമായി 11 സ്പീഷീസുകൾ ചേർത്തു, കൂടാതെ 4 എണ്ണം പാൽമേറ്റത്തിൽ പുതിയതായി ചേർത്തു.
- വന്യഅലങ്കാരചെടികളുടേയും വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളുടെയും 637 തരം തൈകൾ ശേഖരിച്ചു, അതിൽ 243 എണ്ണം ജൈവ ശേഖരത്തിലേക്ക് ചേർക്കുകയും, 153 എണ്ണം വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളുടെ പാർക്കിൽ നട്ടുപിടിപ്പിക്കുകയും, 27,628 തൈകൾ വിതരണത്തിന് തയ്യാറാക്കുകയും ചെയ്തു.
- *Agaricus flocculosipes, Amanita hemibapha* എന്നീ അറിയപ്പെടാത്ത ഭക്ഷ്യയോഗ്യമായ വന്യ കൂണുകളുടെ ആദ്യ തെറാപ്യൂട്ടിക് ഇൻവെസ്റ്റിഗേഷനും മെറ്റബോളിക് പ്രൊഫൈലിംഗും ജെഎൻടിബിജിആർഐ നടത്തി.
- ഔഷധ ഉദ്യാനത്തിൽ ഒമ്പത് പുതിയ ഔഷധ സസ്യ ഇനങ്ങൾ ചേർത്തു, തിരഞ്ഞെടുത്ത സ്പീഷീസുകൾ വർദ്ധിക്കുകയും, വടക്കുകിഴക്കൻ സസ്യജാലങ്ങളുടെയും ആൻഡമാൻ സസ്യങ്ങളുടെയും ഡോക്യുമെന്റേഷനായുള്ള സംരക്ഷണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി.
- ബാംബൂസെറ്റത്തിൽ ഏഴ് പുതിയ ഇനങ്ങൾ കൂടി ചേർത്തു, അതിൽ രണ്ടെണ്ണം ജെഎൻടിബിജിആർഐ ബാംബൂസെറ്റത്തിന്റെ പുതിയ സ്പീഷീസുകളാണ്.
- ഈ കേന്ദ്രത്തിലെ നഴ്സറികളിലൂടെയുള്ള സസ്യ വിൽപ്പനയിലൂടെയും വിതരണത്തിലൂടെയും ഇൻസ്റ്റിറ്റ്യൂട്ട് 36,53,382 രൂപ വരുമാനം നേടി.
- 2024–25 കാലയളവിൽ 31/08/2025 വരെ, ഇൻസ്റ്റിറ്റ്യൂട്ട് 49 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും 26 പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

**കെഎഫ്ആർഐ** – വന പരിസ്ഥിതി, ജൈവവൈവിധ്യം, സുസ്ഥിര വിഭവ പരിപാലനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ഉഷ്ണമേഖലാ വനപരിപാലനത്തിൽ ലോകോത്തര മികവിന്റെ കേന്ദ്രമാകുക എന്നതാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം. ജൈവ സംരക്ഷണത്തിലും, പ്രകൃതിവിഭവങ്ങളുടെ പരിപാലനം സംബന്ധിച്ച വിഷയങ്ങളിലും ദേശീയ, അന്തർദേശീയ ഏജൻസികൾക്കായി ഗവേഷണ, കൺസൾട്ടൻസി പരിപാടികൾ കെഎഫ്ആർഐ ഏറ്റെടുത്തു നടത്തുന്നു.

- പിടിച്ചെടുത്ത മരത്തടികളുടെ സ്പീഷീസ് ഐഡന്റിറ്റി സ്ഥിരീകരിക്കുന്നതിനുള്ള നിർണായകവും നിയമപരവുമായ തെളിവുകൾ നൽകുന്ന 12 പ്രോജക്ടുകൾ, കെഎഫ്ആർഐയിലെ ഡിഎൻഎ ബാർകോഡിംഗ് ആൻഡ് ടിംബർ ഫോറൻസിക്സ് സെന്റർ പൂർത്തിയാക്കി. ഫോറൻസിക് ആപ്ലിക്കേഷനുകൾക്കായി കെഎഫ്ആർഐ ഒരു എഐ അധിഷ്ഠിത മെഷീൻ ലേണിംഗ് അൽഗോരിതം വികസിപ്പിച്ചെടുത്തു, മരത്തടി മോഷണ കേസുകൾ തടയുന്നത് സഹായിക്കുന്നതിനായി തേക്കിനുവേണ്ടി ഒരു സിമ്പിൾ സീക്വൻസ് റിപ്പീറ്റ് (എസ്എസ്ആർ) ഡാറ്റാബേസ് സൃഷ്ടിച്ചു.
- അധിനിവേശ സ്പീഷീസുകൾക്കായി ഇന്ത്യയിലെ ആദ്യത്തെ ഏർലി ഡിറ്റക്ഷൻ ആൻഡ് റാപ്പിഡ് റെസ്പോൺസ് (ഇഡിആർആർ) സംവിധാനം ഈ സ്ഥാപനം സ്ഥാപിക്കുകയും ശെന്തുരുണി വന്യജീവി സങ്കേതം പോലുള്ള സംരക്ഷിത പ്രദേശങ്ങളിൽ അപകടസാധ്യത വിലയിരുത്തലുകൾ നടത്തുകയും 71 അധിനിവേശ സസ്യങ്ങളെ കണ്ടെത്തുകയും ചെയ്തു.
- ഐയുസിഎൻ റെഡ് ലിസ്റ്റിൽ ഉൾപ്പെട്ട സ്പീഷീസുകൾക്കായി ഒരു എക്സ്-സിറ്റു കൺസർവേറ്ററിയും തെക്കൻ പശ്ചിമഘട്ടത്തിലെ സസ്യങ്ങൾക്കായി ഒരു

ബയോറെപ്പോസിറ്ററിയും കെ.എഫ്.ആർ.ഐ സ്ഥാപിച്ചു.

- ട്രൈബൽ ഉന്നതികളുമായി ചേർന്ന് 5,000 തടി ഇതര വന ഉൽപ്പന്നങ്ങളുടെ (എൻടിഎഫ്പി) തൈകൾ നടുന്നതിനുള്ള ഒരു പങ്കാളിത്ത പരിപാടി ആരംഭിക്കുകയും, ഭാരതപ്പുഴ, അഞ്ചരക്കണ്ടി നദികളുടെ പുനരുജ്ജീവനത്തിന് സഹായിക്കുകയും ചെയ്തു.
- നാഷണൽ ബാംബൂ മിഷന്റെ സാങ്കേതിക കേന്ദ്രമെന്ന നിലയിൽ, ബാംബൂ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് 2 ലക്ഷത്തിലധികം മുള തൈകൾ വിതരണം ചെയ്യുകയും 40 ഹെക്ടർ മുളത്തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്തു.
- കേരള ഫോറസ്റ്റ് സീഡ് സെന്റർ (കെഎഫ്എസ്സി) 61 സ്പീഷീസുകളിലായി 12.55 ടൺ സർട്ടിഫൈഡ് വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്തു. 450 പേർക്ക് പരിശീലനം നൽകുകയും, 13 സ്പീഷീസുകളുടെ വിത്ത് കൈകാര്യം ചെയ്യുന്നത് സ്റ്റാർഡേഡൈസ് ചെയ്യുകയും, ഔഷധ സസ്യ മേഖലയ്ക്കായി ഒരു മുൻനിര വിത്ത് മ്യൂസിയം സ്ഥാപിക്കുകയും ചെയ്തു.
- ചന്ദനമരങ്ങൾക്കുണ്ടാകുന്ന സ്പൈക്ക് രോഗം നേരത്തേ കണ്ടെത്തുന്നതിനും രോഗ നിയന്ത്രണത്തിനും നിർണായകമായ ലൂപ്പ് മീഡിയേറ്റഡ് ഐസോതെർമൽ ആംപ്ലിഫിക്കേഷൻ (എൽഎഎംപി) അടിസ്ഥാനമാക്കിയുള്ള മോളിക്യുലാർ ടൂളും LAMP-PCR ഡയഗ്നോസ്റ്റിക് രീതികളും കെഎഫ്ആർഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- ആയുർവേദ അസംസ്കൃത മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഡിഎൻഎ ബാർകോഡിംഗ് സഹിതമുള്ള ബയോടെക്നോളജിയും മോളിക്യുലാർ ഡയഗ്നോസ്റ്റിക്സും കെഎഫ്ആർഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- ഉയർന്ന നിലവാരമുള്ള നടീൽ വസ്തുക്കൾ (ക്യുപിഎം), ജനിതക ശേഖരണങ്ങൾ, ക്ലോണൽ ഫോറസ്ട്രി, ബയോഡീഗ്രേഡബിൾ കയർ ഫൈബർ റൂട്ട് ട്രെയിനറുകൾ (സിആർടി), സമൂഹ്യാടിസ്ഥാനത്തിലുള്ള സംരക്ഷണ രീതികൾ എന്നിവയിലൂടെ കെഎഫ്ആർഐ സുസ്ഥിര വനവൽക്കരണത്തെ പ്രോത്സാഹിപ്പിച്ചു.
- സെന്റർ ഫോർ ടിമ്പർ ഫോറൻസിക്സിൽ ഗവേഷണത്തിനും വികസനത്തിനും പിന്തുണ നൽകുന്നതിനായി കെഎഫ്ആർഐ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്, നൂതന ടിഷ്യു കൾച്ചർ സൗകര്യം, ജിഐഎസ് അധിഷ്ഠിത മാപ്പിംഗ് ഉപകരണങ്ങൾ, ഫീൽഡ് അധിഷ്ഠിത പങ്കാളിത്ത ഗവേഷണ മാതൃകകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**നാറ്റ്പാക്** – ഗതാഗത ആസൂത്രണം, ഗതാഗത, ട്രാഫിക് ഹൈവേ എഞ്ചിനീയറിംഗുകൾ, റോഡ് സുരക്ഷ, ഗ്രാമീണ റോഡുകൾ, ഉൾനാടൻ ജലഗതാഗതം, ടൂറിസം ആസൂത്രണം, ഗതാഗത മേഖലയിലെ സാമ്പത്തിക രീതികൾ, ഇന്റലിജന്റ് ഗതാഗത സംവിധാനങ്ങൾ, ജിയോമാറ്റിക്സ് എന്നിവയിൽ ഗവേഷണ-വികസന പ്രവർത്തനങ്ങൾ, വിപുലീകരണ സാധ്യതകൾ, കൺസൾട്ടൻസി, സുരക്ഷാ പഠനങ്ങൾ മുതലായവ നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) ഏറ്റെടുക്കുകയും 2024-25 ൽ 25 പദ്ധതി പ്രോജക്ടുകൾ, 34 കൺസൾട്ടൻസി പദ്ധതികൾ, നിരവധി റോഡ്-സുരക്ഷാ പരിപാടികൾ, പരിശീലന സാമഗ്രികളുടെ നിർമ്മാണം, ആവശ്യകത അടിസ്ഥാനമാക്കിയുള്ള ഏഴ് പഠനങ്ങൾ എന്നിവ പൂർത്തിയാക്കുകയും ചെയ്തു.

- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിംഗ് (ഐഐആർഎസ്) ഔട്ട്റീച്ച് പ്രോഗ്രാമിന് കീഴിലുള്ള ഒരു നെറ്റ്‌വർക്ക് ഇൻസ്റ്റിറ്റ്യൂട്ടായി നാറ്റ്പാക്കിന് അംഗീകാരം ലഭിച്ചു.
- പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി), ഭോപ്പാലിലെ മൗലാന ആസാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എംഎഎൻഐറ്റി), കേരളത്തിലെ അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം), ഐഐടി ബോംബെ, ബാംഗ്ലൂരിലെ റാസ്റ്റ സെന്റർ ഫോർ റോഡ് ടെക്നോളജി എന്നിവയുമായി വിവിധ മേഖലകളിലെ ഗവേഷണത്തിൽ സഹകരിക്കുന്നതിന് കേന്ദ്രം ധാരണാപത്രത്തിൽ ഒപ്പുവച്ചു.
- അന്താരാഷ്ട്ര തലത്തിൽ 32 ഗവേഷണ പ്രബന്ധങ്ങളും ദേശീയ സമ്മേളനങ്ങളിൽ 7 ഗവേഷണ പ്രബന്ധങ്ങളും റഫറിഡ് ജേണലുകളിൽ 11 പ്രബന്ധങ്ങളും ഒരു പുസ്തക അധ്യായവും 36-ാമത് കേരള ശാസ്ത്ര കോൺഗ്രസിൽ അവതരിപ്പിച്ച 25 പ്രബന്ധങ്ങളും നാറ്റ്പാക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കെഎസ്ഒഎം**–2008-ൽ ഭാരത സർക്കാരിന്റെ ആണവോർജ്ജ വകുപ്പിന്റെയും (ഡിഎഇ) കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും സംയുക്ത സംരംഭമായി ആരംഭിച്ച ഗണിതശാസ്ത്രത്തിലെ ഒരു ഉന്നത ഗവേഷണ സ്ഥാപനമാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്. 2025 ഏപ്രിലിൽ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി കെഎസ്ഒഎം പുനഃസ്ഥാപിച്ചു.

- 2024-25 കാലയളവിൽ കെഎസ്ഒഎം റഫറിഡ് ജേണലുകളിൽ ഒമ്പത് ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും, മൂന്ന് ദേശീയ ശാസ്ത്ര സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും, 29 ഔട്ട്റീച്ച് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.
- 2025 ജനുവരിയിൽ ട്രാൻസ്സെൻഡൻസ്, അരിത്തമെറ്റിക്, ഡയോഫാന്റൈൻ പര്യവേഷണങ്ങളെക്കുറിച്ചുള്ള ഒരു അന്താരാഷ്ട്ര സമ്മേളനം ഇൻസ്റ്റിറ്റ്യൂട്ട് നടത്തി.
- 2024 ഡിസംബറിൽ ഡൈനാമിക്സിനെക്കുറിച്ചും 2025 ജൂണിൽ സീവ് രീതികളേയും പ്രയോഗങ്ങളേയും കുറിച്ച് കെഎസ്ഒഎം വർക്ക്ഷോപ്പുകൾ നടത്തി.
- ഇന്റഗ്രേറ്റഡ് എംഎസ്സി-പിഎച്ച്ഡി പ്രോഗ്രാം ഇന്ത്യയിലെ ഏറ്റവും മികച്ച പ്രോഗ്രാമുകളിൽ ഒന്നാണ്. അതിലെ വിദ്യാർത്ഥികൾ ഐഐഎസ്സി ബാംഗ്ലൂർ, ടിഐഎഫ്ആർ മുംബൈ, ഐഐടി ജമ്മു എന്നിവിടങ്ങളിൽ ഡോക്ടറൽ ഗവേഷണം നടത്താൻ പ്ലേസ്മെന്റുകൾ നേടിയിട്ടുണ്ട്. 2024-25 ൽ മൂന്ന് വിദ്യാർത്ഥികൾക്ക് കെഎസ്ഒഎം പിഎച്ച്ഡി ബിരുദങ്ങൾ നൽകി.

**എംബിജിഐപിഎസ്** – മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ്, മലബാർ മേഖലയിലെ ജലസസ്യങ്ങൾക്കും ചെറിയ ഇനം സസ്യജാലങ്ങൾക്കും വേണ്ടിയുള്ള സുസ്ഥിര ഉപയോഗ പ്രോട്ടോക്കോളുകൾ ശേഖരിക്കുന്നതിലും സംരക്ഷിക്കുന്നതിലും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- ഇന്ത്യയിൽ കാണപ്പെടുന്ന *Crinum Malabaricum*, അനുബന്ധ *Crinum* ഇനങ്ങളുടെയും ബയോകെമിക്കൽ പ്രൊഫൈലിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുകയും അവയുടെ ബയോആക്ടീവ് സംയുക്തങ്ങൾ തിരിച്ചറിയുകയും ചെയ്തു.
- സാമ്പത്തികമായും പാരിസ്ഥിതികമായും പ്രാധാന്യമുള്ള ജലസസ്യങ്ങൾ, അലങ്കാര സസ്യങ്ങൾ, *pteridophytes* ബീജങ്ങൾ എന്നിവയുടെ പരാഗരേണുക്കളുടെ ദീർഘകാല സംരക്ഷണത്തിനായി എംബിജിഐപിഎസ് –ൽ ഒരു ക്രയോബാങ്ക് സ്ഥാപിക്കുന്നതിന് തുടക്കം കുറിച്ചു.
- പാരിസ്ഥിതിയും ആവാസ വ്യവസ്ഥയും വിലയിരുത്തുന്നതിനായി സർവേകൾ നടത്തി. ഇന്ത്യയിലുടനീളമുള്ള 12 ഇനം സസ്യങ്ങൾ ശേഖരിച്ചു.
- വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾക്കായി, ഒരു മൾട്ടി-ലൊക്കേഷൻ എക്സ്-സിറ്റു കൺസർവേഷൻ റിസർവ് സ്ഥാപിച്ചു.
- ഔഷധ ഉദ്യാനത്തിൽ 32 സസ്യ സ്പീഷീസുകൾ ചേർക്കുകയും 1,910 സസ്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു.
- പുതുതായി ഉൾപ്പെടുത്തിയവയിൽ 15 കാർണിവോറസ് സസ്യങ്ങൾ, 30 ഇനം മുളകൾ, 20 ഇഞ്ചികൾ, 15 പരമ്പരാഗത സസ്യങ്ങൾ എന്നിവ ഉൾപ്പെടുന്നു.
- എംബിജിഐപിഎസ് കാമ്പസിലെ തദ്ദേശീയവും പ്രകൃതിദത്തവുമായ പൂച്ചെടികളുടെ ഡോക്യുമെന്റേഷനും തിരിച്ചറിയലും പൂർത്തിയായി.
- ജല സംരക്ഷണ കേന്ദ്രത്തിൽ ഗുരുതരമായി വംശനാശഭീഷണി നേരിടുന്ന *Nymphoides macrospermum* ന്റെ സംരക്ഷണം വിത്ത് വികസന പഠനങ്ങളോടൊപ്പം സംയോജിപ്പിച്ചു.
- 2024-25-ൽ, എംബിജിഐപിഎസ് 18 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും, 9 വർക്ക്ഷോപ്പുകൾ/സെമിനാറുകൾ നടത്തുകയും, 5 പിഎച്ച്ഡികൾ നൽകുകയും ചെയ്തു.

**എസ്ആർഐബിഎസ്** – രസതന്ത്രം, ജീവശാസ്ത്രം, ഭൗതികശാസ്ത്രം, ഗണിതം, കമ്പ്യൂട്ടർ സയൻസ് എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങളിലായി അടിസ്ഥാന ഗവേഷണം ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് പ്രോത്സാഹിപ്പിക്കുന്നു. പ്രമുഖ ആഗോള സൈദ്ധാന്തിക ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനും ഇത് ലക്ഷ്യമിടുന്നു.

- 2024-25 കാലയളവിൽ സർക്കാരിന്റെ ഗവേഷണ വികസന ഉച്ചകോടി 2025-ൽ വ്യവസായത്തിൽ നിന്നും സ്റ്റേക്ക്ഹോൾഡർമാരിൽ നിന്നും എട്ട് താൽപ്പര്യ പ്രകടനങ്ങൾ (EOI) എസ്ആർഐബിഎസ് -ന് ലഭിച്ചു, ഇത് ഭാവിയിലെ സഹകരണ പദ്ധതികൾക്ക് വഴിയൊരുക്കുന്നു.
- ഇൻസ്റ്റിറ്റ്യൂട്ട് 15-ലധികം വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു ഇന്റേൺഷിപ്പ് പരിപാടി (Paid) രൂപകൽപ്പന ചെയ്തു, ഇതിലൂടെ ഉയർന്ന നിലവാരമുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങളും, അധിക വരുമാനവും ലഭിച്ചു.
- 2025 ലെ കേരള സയൻസ് കോൺഗ്രസ് നാഷണൽ സയൻസ് എക്സ്പോയിൽ ഈ സ്ഥാപനത്തിന് രണ്ടാമത്തെ മികച്ച സ്റ്റാളിനുള്ള അവാർഡ് ലഭിച്ചു, കൂടാതെ ഭൗതികശാസ്ത്രത്തിലും ഗണിതത്തിലും മികച്ച പ്രബന്ധത്തിനുള്ള അവാർഡുകളും ലഭിച്ചു.
- ക്വാണ്ടം സാങ്കേതികവിദ്യകളിലെ ആധുനിക ഗവേഷണം രസതന്ത്രം, മെറ്റീരിയൽ സയൻസ്, മരുന്ന് കണ്ടെത്തൽ എന്നീ മേഖലകളുടെ സാധ്യതകളുമായി മുന്നോട്ട് കൊണ്ടുപോകുന്നതിനായി എസ്ആർഐബിഎസ് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ (ഡിഎസ്ടി) നാഷണൽ ക്വാണ്ടം മിഷനുമായി (എൻക്യുഎം) യോജിച്ച് പ്രവർത്തിച്ചു.
- 2024-25 കാലയളവിൽ എസ്ആർഐബിഎസ് 24 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും 30 വർക്ക്ഷോപ്പുകൾ/സെമിനാറുകൾ നടത്തുകയും ഒരു പേറ്റന്റ് ഫയൽ ചെയ്യുകയും ചെയ്തു.
- മുംബൈയിലെ സോമയ്യ വിദ്യാവിഹാർ സർവകലാശാലയിലെ Festschrift Symposium ത്തിൽ പങ്കെടുക്കുകയും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് എസ്ആർഐബിഎസ് പ്രവർത്തിച്ചു. ഫ്രാൻസിലെ ലോറൈൻ സർവകലാശാലയിൽ പ്രഭാഷണങ്ങൾ അവതരിപ്പിക്കാൻ ക്ഷണിക്കപ്പെടുകയും ചെയ്തു.

**ഐസിസിഎസ്** – കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ വിവിധ മേഖലകളിലും ഭാഗങ്ങളിലും ചെലുത്തുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള കേന്ദ്രീകൃത ഗവേഷണം നടത്തുകയും മറ്റ് സ്ഥാപനങ്ങൾ, സർവകലാശാലകൾ, ലൈൻ വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് കാലാവസ്ഥാ വ്യതിയാനം കൈകാര്യം ചെയ്യുന്നതിനും അതിനനുസൃതമായ പ്രവർത്തനങ്ങൾക്കും ഉചിതമായ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണ് കേരളത്തിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസിന്റെ പൊതു ലക്ഷ്യങ്ങൾ.

- 2025 ഫെബ്രുവരിയിൽ നടന്ന 37-ാമത് കേരള ശാസ്ത്ര കോൺഗ്രസിൽ 2024-ലെ കേരളത്തിന്റെ വാർഷിക ക്ലൈമറ്റ് സ്റ്റേറ്റ്മെന്റ് ഐസിസിഎസ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.
- കേരളത്തിലെ പെരിയാർ, പമ്പ, ചാലിയാർ, ഭാരതപ്പുഴ നദീതടങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം വിലയിരുത്തുന്നതിനായി ഐസിസിഎസ് മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- കേരളത്തിലെ കാലാവസ്ഥാ വ്യതിയാനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് വിലയിരുത്തുകയും, എയറോസോൾ – മേഘം – മഴ പ്രതിപ്രവർത്തനത്തിനായി ഹൈ ആൾറ്റിറ്റ്യൂഡ് എയറോസോൾ സവിശേഷതകൾ അളക്കുകയും ചെയ്തു.
- സമുദ്ര കാലാവസ്ഥാ വ്യതിയാന സിഗ്നലുകളും

അനുബന്ധ അപകടസാധ്യതകളും ഡീകോഡ് ചെയ്തുകൊണ്ട് കേരളത്തിന്റെ തീരദേശ പരിസ്ഥിതി സംബന്ധിച്ച് ഐസിസിഎസ് വിലയിരുത്തൽ നടത്തി.
- 2024–25–ൽ, സ്ഥാപനം റഫറിഡ് ജേണലുകളിൽ ആറ് പ്രബന്ധങ്ങളും, രണ്ട് പുസ്തക അധ്യായങ്ങളും, കോൺഫറൻസുകളിൽ എട്ട് പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചു.

**ഐഎസിബി** – ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ്പ് ബ്രീഡിംഗ് – സാങ്കേതിക സംയോജനം, സമഗ്രമായ ജീനോമിക് സമീപനങ്ങൾ, കൃത്യമായ വിള തിരിച്ചറിയലിനായി മോളിക്യുലാർ മാപ്പിംഗ് എന്നിവക്കു ഊന്നൽ കൊടുത്തുകൊണ്ട് കാലാവസ്ഥാ വ്യതിയാനം, വിള ഉൽപ്പാദനക്ഷമത എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കെഎസ്‌സിഎസ്ടിഇയുടെ കീഴിൽ ഒരു പ്രത്യേക സ്വയംഭരണ സ്ഥാപനം സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷിയുടെ പ്രാധാന്യവും വിളകളുടെ പ്രതിരോധശേഷിയും വിളവും വർദ്ധിപ്പിക്കുന്നതിനുള്ള നൂതനമായ പരിഹാരങ്ങളുടെ ആവശ്യകതയും ഈ സംരംഭം എടുത്തു കാണിക്കുന്നു.

**II. കെ.എസ്.സി.എസ്.ടി.ഇ.യുടെ പദ്ധതികളും പരിപാടികളും**

ശാസ്ത്രത്തിന്റെ ജനകീയവൽക്കരണവും പ്രോത്സാഹനവും, ഗവേഷണവും വികസനവും, പരിസ്ഥിതിയും അന്തരീക്ഷവും, സാങ്കേതിക വികസനവും കൈമാറ്റവും, സ്ത്രീകൾക്കായുള്ള ശാസ്ത്ര പരിപാടികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിവിധ പദ്ധതികളും പരിപാടികളും കെ.എസ്.സി.എസ്.ടി.ഇ നടപ്പിലാക്കുന്നു. 2024–25 വർഷത്തിൽ കെ.എസ്.സി.എസ്.ടി.ഇ നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു.

**1. ശാസ്ത്ര സാങ്കേതിക മേഖലയിലെ മാനവ വിഭവശേഷി വികസനം**

i. ശാസ്ത്ര ഗവേഷണ പദ്ധതി (എസ്ആർഎസ്) – ശാസ്ത്ര ഗവേഷണ പദ്ധതിക്ക് കീഴിൽ, ശാസ്ത്ര–സാങ്കേതിക രംഗത്തെ വളർന്നുവരുന്ന മേഖലകളിലെ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. കേരളത്തിലെ ഇടിമിന്നലിന്റെ സ്പേഷ്യോടെമ്പറൽ പാറ്റേണുകളെക്കുറിച്ചും, ഉയർന്ന അപകടസാധ്യതയുള്ള പ്രദേശങ്ങളെയും സീസണൽ പ്രവണതകളെയും തിരിച്ചറിയുന്നതിനെക്കുറിച്ചും ഒരു പഠനം നടത്തിയിട്ടുണ്ട്. ഇത് ദുരന്തങ്ങൾക്കെതിരെ തയ്യാറെടുക്കുന്നതിനെക്കുറിച്ചും ലഘൂകരിക്കുന്നതിനുള്ള നടപടികളെക്കുറിച്ചും അറിയിക്കും. ഉയർന്ന നിലവാരമുള്ളതും, കുറഞ്ഞ തകരാറുള്ളതുമായ ഗ്രാഫീനും അതിന്റെ നാനോകോമ്പോസിറ്റുകളും ഊർജ്ജ സംഭരണ സൂപ്പർ കപ്പാസിറ്റർ ഉപകരണങ്ങൾക്കായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവ മികച്ച ചാർജ് സംഭരണ ശേഷിയും മികച്ച സൈക്ലിംഗ് സ്ഥിരതയും പ്രകടിപ്പിക്കുന്നു.

2024–25 വർഷത്തിൽ, കോൺഫറൻസുകൾ/സെമിനാറുകൾ എന്നിവയിൽ 76 പ്രബന്ധങ്ങളും, റഫറിഡ് ജേണലുകളിൽ 40 പ്രബന്ധങ്ങളും, 10 പുസ്തകങ്ങൾ/പുസ്തക അധ്യായങ്ങളും പ്രസിദ്ധീകരിച്ചു. കൂടാതെ ഈ പരിപാടിക്ക് കീഴിൽ രണ്ട് പിഎച്ച്ഡികളും നൽകി. കെ.എസ്.സി.എസ്.ടി.ഇയുടെ എസ്ആർഎസിനു കീഴിൽ, ഒരു പുതിയ സ്പീഷീസ് കണ്ടെത്തുകയും 12 ഔട്ട്റീച്ച് പ്രോഗ്രാമുകൾ നടത്തുകയും ചെയ്തു.

ii) റിസർച്ച് ഫെലോഷിപ്പ് പ്രോഗ്രാം – വളരെയധികം അർപ്പണബോധമുള്ള ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ സയൻസിൽ കരിയർ പിന്തുടരുന്നതിന് പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് പ്രോഗ്രാമിന്റെ ലക്ഷ്യം. 2024–25 ൽ, ഈ പരിപാടിയുടെ ഭാഗമായി, 33 പിഎച്ച്ഡികൾ നൽകി, 48 പ്രബന്ധങ്ങൾ കോൺഫറൻസുകളിലും സെമിനാറുകളിലും അവതരിപ്പിച്ചു, കൂടാതെ റഫറിഡ് ജേണലുകളിൽ 59 പ്രസിദ്ധീകരണങ്ങൾ, മൂന്ന് പുസ്തക അധ്യായങ്ങൾ ഒരു പുസ്തകം എന്നിവ പ്രസിദ്ധീകരിക്കുകയും, രണ്ട് പേറ്റന്റുകൾ ഫയൽ ചെയ്യുകയും ചെയ്തു.

iii) പാർട്ട്നെറിംഗ് അക്കാദമിക് ഇൻഡസ്ട്രി റിസർച്ചിന്റെ പങ്കാളിത്തം (പിഎഐആർ) – പെയർ പ്രോഗ്രാമിന്റെ കീഴിൽ കെ.എസ്.സി.എസ്.ടി.ഇ–ടിഎച്ച്ഇജെയു–കുസാറ്റ് എന്നിവ സംയുക്തമായി നടത്തിയ ഗവേഷണ പരിപാടി പൂർത്തിയായി.

**2. ആവാസവ്യവസ്ഥ, പരിസ്ഥിതി പരിപാടികൾ**

ഈ കാലയളവിൽ കെ.എസ്.സി.എസ്.ടി.ഇ മൂന്ന് പഠനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് – കേരള തീരത്തെ നെറിറ്റിക് ജെല്ലിഫിഷുകൾ, വെക്റ്റർ ഇക്കോളജി ആൻഡ് ഡിസീസ് ട്രാൻസ്മിഷൻ ഡൈനാമിക്സ്, മധുരൈ ഗ്രാനുലൈറ്റ് ബ്ലോക്കിന്റെ മെറ്റാമോർഫിക് ഇവാലുവേഷൻ എന്നിവ 2024–25 കാലയളവിൽ, ഒരു പിഎച്ച്ഡി നൽകുകയും, കോൺഫറൻസുകളിലും സെമിനാറുകളിലും 8 പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, റഫറിഡ് ജേണലുകളിൽ 13 പ്രസിദ്ധീകരണങ്ങൾ, അഞ്ച് പുസ്തക അധ്യായങ്ങൾ, ഒരു പുസ്തകം എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഗ്രീൻ കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി, ജെഎൻടിബിജിആർഐ, കെഎഫ്ആർഐ, എംബിജിഐപിഎസ് എന്നിവ ഐയുസിഎൻ ചുവപ്പ് പട്ടികയിൽ (IUCN Red List) ഉൾപ്പെടുത്തിയിട്ടുള്ള വംശനാശഭീഷണി നേരിടുന്ന അപൂർവ (ആർഇടി) സ്പീഷീസുകളിൽപ്പെട്ട 1,04,736 സസ്യങ്ങൾ ഉത്പാദിപ്പിച്ച് നടീലിനായി പ്രചരിപ്പിച്ചു.

**3. ശാസ്ത്ര പ്രചാരണം**

2025 ഓഗസ്റ്റ് 7–ന് ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥിന് 2023 ലെ കേരള ശാസ്ത്ര പുരസ്കാരം സമ്മാനിച്ചു. 2024–ൽ രണ്ട് പേർക്ക് കേരള സംസ്ഥാന യുവ ശാസ്ത്രജ്ഞർക്കുള്ള അവാർഡുകൾ (കെഎസ്‌വൈഎസ്എ) ലഭിച്ചു. 2024–25 കാലയളവിൽ ഒരു പിഎച്ച്ഡി നൽകുകയും, 24 പ്രബന്ധങ്ങൾ സമ്മേളനങ്ങളിലും സെമിനാറുകളിലും അവതരിപ്പിക്കുകയും,

റഫറിഡ് ജേണലുകളിൽ 17 പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിക്കുകയും, ഈ പരിപാടിയുടെ ഭാഗമായി രണ്ട് പുസ്തക അധ്യായങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ശാസ്ത്ര സാങ്കേതിക മേഖലയിലെ ഗവേഷണവും വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക് മേഖലയ്ക്കും ഗവേഷണ വികസനത്തിനും ഒരു സംവേദനാത്മക വേദി നൽകുന്നതിനുമായി കെഎസ്‌സിഎസ്ടിഇ നടത്തുന്ന ഒരു വാർഷിക പരിപാടിയാണ് കേരള സയൻസ് കോൺഗ്രസ്. 2025 ഫെബ്രുവരി 07 മുതൽ 10 വരെ തീയതികളിൽ തൃശ്ശൂരിലെ കേരള കാർഷിക സർവകലാശാലയിൽ 37-ാമത് കേരള സയൻസ് കോൺഗ്രസ് സംഘടിപ്പിച്ചു. "ഒരു ഹരിത ഭാവിയിലേക്കുള്ള സാങ്കേതികവിദ്യാ പരിവർത്തനം" എന്നതായിരുന്നു ഇതിന്റെ കേന്ദ്ര വിഷയം. പരിപാടിയിൽ 892 പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും 1117 ശാസ്ത്ര വിദ്യാർത്ഥികൾക്ക് ഈ കോൺഗ്രസിൽ നിന്ന് പ്രയോജനം ലഭിക്കുകയും ചെയ്തു.

കേരളത്തിൽ നാഷണൽ ചിൽഡ്രൻസ് സയൻസ് കോൺഗ്രസ് (എൻസിഎസ്സി) നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി കെഎസ്സിഎസ്ടിഇ പ്രവർത്തിക്കുകയും 10-17 വയസ് വരെയുള്ള കുട്ടികൾക്കായി 14 ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ബാലശാസ്ത്ര കോൺഗ്രസുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെമിനാറുകൾ, സിമ്പോസിയങ്ങൾ, വർക്ക്ഷോപ്പുകൾ (എസ്എസ്ഡബ്ല്യു) പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ കീഴിൽ, രണ്ട് അന്താരാഷ്ട്ര, മൂന്ന് ദേശീയ, രണ്ട് പ്രാദേശിക സമ്മേളനങ്ങൾ/ സെമിനാറുകൾ/വർക്ക്ഷോപ്പുകൾ നടത്തി.

**4. സാങ്കേതികവിദ്യ വികസനവും കൈമാറ്റവും**

1) ബൗദ്ധിക സ്വത്തവകാശ വിവര കേന്ദ്രം - കേരളം (ഐപിആർഐസി-കെ)

ബൗദ്ധിക സ്വത്തവകാശവുമായി (ഐപിആർ) ബന്ധപ്പെട്ട എല്ലാ സേവനങ്ങൾക്കും കാര്യങ്ങൾക്കുമുള്ള കേരളത്തിന്റെ നോഡൽ ഏജൻസിയാണ് ഐപിആർഐസി-കെ. 2024-25 കാലയളവിലും 31.08.2025 വരെയും 57 ഐപിആർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഏകദേശം 6,000 പേർക്ക് ബോധവൽക്കരണം നൽകുകയും ചെയ്തു. 24 പേറ്റന്റുകൾ, 4 വ്യാവസായിക ഡിസൈനുകൾ, 19 വ്യാപാരമുദ്രകൾ, രണ്ട് പകർപ്പവകാശങ്ങൾ എന്നിവ ഫയൽ ചെയ്യാൻ ഇത് സൗകര്യമൊരുക്കി. ഈ കാലയളവിൽ 5 പേറ്റന്റുകൾ അനുവദിച്ചു. ഈ കാലയളവിൽ 7 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഐപിആർ സെല്ലുകൾ സ്ഥാപിക്കുകയും 5 പേറ്റന്റ് ക്ലിനിക്കുകൾ നടത്തുകയും ചെയ്തു. ബൗദ്ധിക സ്വത്തവകാശം (ഐപിആർ) സംബന്ധിച്ച കരട് നയം കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട് (2008 ലെ സംസ്ഥാന നയം പരിഷ്കരിക്കുന്നതിനുവേണ്ടി).

**5. ശാസ്ത്ര സാങ്കേതിക മേഖലയിലെ വനിതകൾക്കായുള്ള പരിപാടി**

i) ബാക്ക്-ടു-ലാബ് റിസർച്ച് ഫെലോഷിപ്പ് പരിപാടി - ഗവേഷണ ജീവിതത്തിൽ ഇടവേള എടുക്കേണ്ടി വന്ന കേരളത്തിലെ സ്ത്രീകൾക്ക് മുഖ്യധാരയിലേക്ക് തിരിച്ചുവരുന്നതിനായി പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2024-25 കാലയളവിൽ (ഓഗസ്റ്റ് 2025 വരെ) 17 ഗവേഷണ പ്രബന്ധങ്ങൾ, 20 കമ്മ്യൂണിക്കേറ്റഡ് പ്രബന്ധങ്ങൾ, 7 പുസ്തകങ്ങൾ/പുസ്തക അധ്യായങ്ങൾ എന്നിവ വനിതാ ഗവേഷകർ പ്രസിദ്ധീകരിച്ചു. ബാക്ക്-ടു-ലാബ് പ്രോഗ്രാമിന് കീഴിൽ രണ്ട് പേറ്റന്റുകൾ ഫയൽ ചെയ്യുകയും, ഒരു പുതിയ കണ്ടുപിടിത്തം നടത്തുകയും, 10 അന്താരാഷ്ട്ര, 9 ദേശീയ സമ്മേളനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ഇതുവരെ 39 സ്ഥാപനങ്ങളിലായി 44 വനിതാ ഗവേഷകരെ ഈ പ്രോഗ്രാം പിന്തുണയ്ക്കുകയും ചെയ്തു.

ii) സ്റ്റാർസ് (സ്റ്റുഡന്റ്സ് വിത്ത് ടാലന്റ് ആൻഡ് ആപ്റ്റിറ്റ്യൂഡ് ഫോർ റിസർച്ച് ഇൻ സയൻസ്) പരിപാടി, കഴിവുള്ള വിദ്യാർത്ഥിനികളെ ബേസിക് അല്ലെങ്കിൽ അപ്ലൈഡ് സയൻസസിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് പ്രോത്സാഹിപ്പിക്കുന്നതാണ് ഈ പരിപാടി. 30 അക്കാദമിക് നേട്ടങ്ങളും 36 ഗവേഷണ വികസന നേട്ടങ്ങളും 2024-25 കാലയളവിൽ (2025 ഓഗസ്റ്റ് വരെ) നേട്ടകയുണ്ടായി. പ്രതിഭ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 146 സ്കോളർഷിപ്പുകൾ നൽകി.

**III. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കുള്ള ധനസഹായം**

i. സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്.ടി.ഐ.സി) - പരിശോധന, കാലിബ്രേഷൻ, മെറ്റീരിയൽ ക്യാരക്ടറൈസേഷൻ, നൈപുണ്യ വികസനം, കൺസൾട്ടൻസി, പരിശീലനം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾക്കായി കെ.എസ്.സി.എസ്.റ്റി.ഇ-യുടെ ഒരു ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണ് സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്.ടി.ഐ.സി). ഇത്തരത്തിലുള്ള സവിശേഷമായ ഈ സൗകര്യം കേരളസർക്കാരിന് കീഴിൽ ആദ്യത്തേതാണ്. കാലിബ്രേഷൻ ആൻഡ് ടെസ്റ്റിംഗ് സർവീസസ് (സിടിഎസ്) ഡിവിഷനിൽ ഇലക്ട്രിക്കൽ, തെർമൽ, മെക്കാനിക്കൽ മേഖലകളിൽ കാലിബ്രേഷൻ നടത്താനുള്ള സൗകര്യമുണ്ട്, കൂടാതെ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറികളുടെ (എൻഎബിഎൽ) അംഗീകാരവുമുണ്ട്. 2024-25 കാലയളവിൽ, ഈ ഡിവിഷൻ 7,060 ഉപകരണങ്ങളുടെ കാലിബ്രേഷൻ നടത്തി, 2025-26 ൽ, 31.08.2025 വരെ, 2,693 ഉപകരണങ്ങൾ കാലിബ്രേറ്റ് ചെയ്തു. ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങളിൽ നിന്ന് 2024-25 ൽ, ലബോറട്ടറി ആകെ 2,86,11,240/- രൂപയും, 2025-26 കാലയളവിൽ 31.08.2025 വരെ ആകെ 106,99,817/- രൂപയും വരുമാനം നേടി. കെ.എസ്.സി.എസ്.ടി.ഇ.യുടെ ഭക്ഷ്യ സാങ്കേതിക വികസന, പരിശോധനാ പദ്ധതിയുടെ കീഴിൽ, ഭക്ഷ്യ-ജല ഗുണനിലവാര വിശകലന ലബോറട്ടറി എൻ.എ.ബി.എൽ. അംഗീകാരത്തോടെ പൂർണ്ണമായും പ്രവർത്തനക്ഷമമായി.

ii. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി) - ഊർജ്ജ സംരക്ഷണം, ഹരിത ഊർജ്ജ പ്രചാരണം, പ്രകൃതിവിഭവ സംരക്ഷണ പരിപാടികൾ, പ്രാദേശിക

തലത്തിലുള്ള ഇടപെടലുകൾ, സാങ്കേതിക കൈമാറ്റം തുടങ്ങിയ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ബഹുമുഖ ഗവേഷണ വികസന സ്ഥാപനമാണ് ഐആർടിസി. മാലിന്യ സംസ്കരണത്തിലെ മികവിന്റെ കേന്ദ്രത്തിലൂടെയും, ഊർജ്ജം, പരിസ്ഥിതി, ജിയോസ്പേഷ്യൽ സയൻസ്, മൺപാത്ര നിർമ്മാണം, കൂൺ കൃഷി, മത്സ്യകൃഷി എന്നിവയിലെ പരിശീലന യൂണിറ്റുകൾ എന്നിവയിലൂടെയും ഉപജീവന പരിശീലനം, മാലിന്യ സംസ്കരണം, സാങ്കേതികവിദ്യ വ്യാപനം എന്നിവയ്ക്കുള്ള ഒരു പ്രധാന കേന്ദ്രമായി ഇത് വികസിച്ചു.

iii. എം. എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എംഎസ്എസ്ആർഎഫ്) & സിഎബിസി (കമ്മ്യൂണിറ്റി അഗ്രോ ബയോഡൈവേഴ്സിറ്റി സെന്റർ) പരിസ്ഥിതിയുടെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും തത്വങ്ങൾ സമന്വയിപ്പിക്കുന്ന കൃഷി രീതികൾ ജനകീയമാക്കുന്നതിനായി പ്രവർത്തിക്കുന്ന ഒരു കേന്ദ്രമാണ്.

- 10 പരമ്പരാഗത ഇനങ്ങൾക്കായി ഒരു മികച്ച റൈസ് ഡൈവേഴ്സിറ്റി ബ്ലോക്ക്, നാല് കർഷകരുടെ വയലുകളിലായി 30 കാട്ടു കിഴങ്ങുവർഗ്ഗങ്ങൾക്കുള്ള സംരക്ഷണ പ്ലോട്ടുകൾ എന്നിവ സ്ഥാപിക്കുകയും, 10 സ്കൂൾ ന്യൂട്രീഷൻ ഗാർഡനുകളുണ്ടാക്കാൻ സഹായിക്കുകയും ചെയ്തുകൊണ്ട് എംഎസ്എസ്ആർഎഫ് കാർഷിക ജൈവവൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്തി.
- 28 വൃക്ഷ ഇനങ്ങളിൽ നിന്ന്, 7 വള്ളിച്ചെടികൾ, 12 ഔഷധ സസ്യങ്ങളും ഉൾപ്പെടെ 42 അധിക വൃക്ഷ സ്പീഷീസുകൾ ഉൾപ്പെടുത്തി വന്യ ജൈവവൈവിധ്യ സംരക്ഷണ ശ്രമങ്ങൾ വികസിപ്പിച്ചു. അതോടൊപ്പം വയനാട്ടിലെ നോൺ-ടമ്പർ ഫോറസ്റ്റ് പ്രൊഡ്യൂസ് (എൻ.ടി.എഫ്.പി) ഡൈനാമിക്സിനെക്കുറിച്ചുള്ള പഠനത്തിനായുള്ള ഡാറ്റ ശേഖരണം പൂർത്തിയാക്കുകയും ചെയ്തു.
- ചൂരൽമല ഉരുൾപൊട്ടലിൽ ദുരിതമനുഭവിച്ച 30 സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി ഒരാഴ്ച നീണ്ടുനിന്ന തയ്യൽ, ബാഗ് നിർമ്മാണ പരിശീലന പരിപാടി നടന്നു.
- 2024-25 കാലയളവിൽ, എംഎസ്എസ്ആർഎഫിന്റെ ഭാഗമായി, കോൺഫറൻസുകളിലും സെമിനാറുകളിലും മൂന്ന് പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, റഫറിഡ് ജേണലുകളിൽ 9 പ്രസിദ്ധീകരണങ്ങളും മൂന്ന് പുസ്തക അധ്യായങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്തു.

**IV) ബയോടെക്നോളജി വികസനം**

കേരളത്തിലെ ബയോടെക്നോളജി മേഖല പ്രാധാന്യം നേടുകയും വളർച്ച കൈവരിക്കുകയും ചെയ്ത് വരുന്നു. ആരോഗ്യ സംരക്ഷണം, കൃഷി, മറൈൻ ബയോടെക്നോളജി എന്നിവയിൽ അക്കാദമിക് സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും സജീവമായി വ്യാപൃതരാണ്. ബയോടെക്നോളജി ഡെവലപ്മെന്റ് പ്രോഗ്രാം, യംഗ് ഇൻവെസ്റ്റിഗേറ്റേഴ്സ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (വൈഐപിബി), ഇൻഡസ്ട്രി ലിങ്ക്ഡ് ബയോടെക്നോളജി റിസർച്ച് സ്കീം (ഐബിആർഎസ്), ബയോടെക്നോളജി ഇന്നൊവേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ് (ബിഐആർഡി), ബയോടെക്നോളജി ട്രെയിനിംഗ് ആൻഡ് വർക്ക്ഷോപ്പ് പ്രോഗ്രാം (ബിടിഡബ്ല്യു), കേരള ബയോടെക്നോളജി റീ-എൻടി ഫെല്ലോഷിപ്പ് (കെ-ബിഐആർഇഫെല്ലോഷിപ്പ്), ചീഫ് മിനിസ്റ്റർ കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം ഇൻ ബയോടെക്നോളജി (സിഎബി)എന്നിവ ബയോടെക്നോളജി വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- കേരള സർക്കാരിനു കീഴിൽ കെഎസ്സിഎസ്ടിഇയുടെ കേരള ബയോടെക്നോളജി കമ്മീഷൻ (കെബിസി), സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് (സിഇഎൻ), സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം (സിഇഎം) എന്നീ രണ്ട് പ്രമുഖ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകി.
- കെബിസി സംസ്ഥാനത്തിന്റെ ബയോടെക്നോളജി നയം പുതുക്കുന്നതിനും പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയും, കൂടാതെ 2025 ജൂലൈ 28 ന് നടന്ന മാനവ വിഭവശേഷി വികസന മേഖലയിലെ കേരള ബയോടെക്നോളജി കരട് നയത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ആദ്യ സ്റ്റേക്ക്ഹോൾഡർ യോഗവും നടത്തുകയും ചെയ്തു.
- ഡിബിടി സ്കിൽ വിജ്ഞാൻ പ്രോഗ്രാമിൽ 287 വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥികൾക്കും, സാങ്കേതിക വിദഗ്ദ്ധർക്കുമുള്ള പരിശീലന പരിപാടികൾക്ക് കീഴിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, 2024 ൽ ബയോടെക്നോളജിയിൽ മനുഷ്യവിഭവശേഷി വികസനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനായി 15 പങ്കാളിത്ത സ്ഥാപനങ്ങളിലായി 51 ഫാക്കൽറ്റി അംഗങ്ങൾ പരിശീലനം നടത്തിവരുന്നു.
- ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടന്ന ഗ്ലോബൽ ബയോ-ഇന്ത്യ 2024 ൽ കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് (കെഎൽഐപി) ലിമിറ്റഡും, കെഎസ്ഐഡിസി യുമായി സഹകരിച്ച് പ്രവർത്തിച്ചത് കേരള ബയോടെക്നോളജി കമ്മീഷൻ (കെബിസി) ആയിരുന്നു.

**A.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി**

വാക്സിനുകൾ, രോഗനിർണ്ണയം, തെറാപ്പിറ്റിക്സ് എന്നിവയിലൂടെ വൈറൽ അണുബാധകൾക്കുള്ള പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനായി 2019 ൽ കേരള സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിച്ചു. എട്ട് പ്രത്യേക വകുപ്പുകൾ (ജനറൽ വൈറോളജി, വൈറൽ വാക്സിനുകൾ, ആന്റി-വൈറൽ മരുന്ന് ഗവേഷണം, വൈറൽ അപ്ലിക്കേഷൻസ്, വൈറസ് ഡയഗ്നോസ്റ്റിക്സ്, വൈറൽ എപ്പിഡെമിയോളജി, വെക്ടർ ഡൈനാമിക്സ് ആൻഡ് പബ്ലിക് ഹെൽത്ത്, വൈറസ് ജീനോമിക്സ്, ബയോഇൻഫർമാറ്റിക്സ്

ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, ക്ലിനിക്കൽ വൈറോളജി), ഫേസ് I എ കെട്ടിടത്തിലെ ആറ് ബിഎസ്എൽ 2 നിലവാരമുള്ള ലബോറട്ടറികൾ, ഒരു മോളിക്യുലാർ ഡയഗ്നോസ്റ്റിക് സൗകര്യം, ഒരു കോർ ഇൻസ്ട്രുമെന്റേഷൻ സൗകര്യം, അഡ്മിനിസ്ട്രേറ്റീവ് വകുപ്പുകൾ എന്നിവ ഐഎവിയിൽ സ്ഥാപിച്ചു.

**പ്രധാന നേട്ടങ്ങൾ**

- ഫേസ് 1 ബിയിൽ 14 ബിഎസ്എൽ–2 നിലവാരമുള്ള ഗവേഷണ ലബോറട്ടറികളിൽ, 8 എണ്ണം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി. 80 സീറ്റുകളുള്ള ഒരു സെമിനാർ ഹാൾ സ്ഥാപിക്കുകയും, ബിഎസ്എൽ–3 ലബോറട്ടറി, ട്രാൻസ്ജെനിക് എക്സ്പിരിമെന്റൽ ആനിമൽ ഫെസിലിറ്റി എന്നിവയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.
- ആധുനിക മോളിക്യുലാർ ഡയഗ്നോസ്റ്റിക് ലാബിൽ വൈറസ്–പരിശോധനാ ശേഷി വികസിപ്പിക്കുകയും, എൻഎബിഎൽ (NABL) അംഗീകാരം ലഭിച്ച ആദ്യത്തെ കേരള സർക്കാർ മോളിക്യുലാർ ലാബായി മാറുകയും ചെയ്തു.
- സംസ്ഥാന വ്യാപകമായുള്ള പകർച്ചവ്യാധി പ്രതിരോധത്തിനായി ഒരു അത്യാധുനിക മൊബൈൽ വൈറസ് വ്യാപന പരിശോധനാ യൂണിറ്റ് ആരംഭിച്ചു.
- സ്റ്റാർട്ടപ്പുകൾ, വ്യവസായ ഗവേഷണ വികസനം, സഹകരണം, പ്രായോഗിക പരിശീലനം എന്നിവയെ പിന്തുണയ്ക്കുന്നതിനായി ഒരു ഇന്നൊവേഷൻ & ട്രാൻസ്ലേഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു.
- ഫ്ലൂറസെന്റ് ആക്റ്റിവേറ്റഡ് സെൽ സോർട്ടർ (എഫ്എസിഎസ്), കോൺഫോക്കൽ ലേസർ സ്കാനിംഗ് മൈക്രോസ്കോപ്പ്, സ്പെക്ട്രോഫോട്ടോമീറ്റർ, ഓട്ടോമേറ്റഡ് പ്രോട്ടീൻ പ്യൂരിഫിക്കേഷൻ സിസ്റ്റം, പ്രോട്ടീൻ ക്രിസ്റ്റലൈസേഷൻ റോബോട്ട്, എലിസ്പോട്ട് റീഡർ, ഫെർമെന്റർ, ഗ്യാസ് ക്രോമാറ്റോഗ്രാഫി, മാസ് സ്പെക്ട്രോമെട്രി എന്നിവയുൾപ്പെടെയുള്ള ഉയർന്ന നിലവാരമുള്ള ഗവേഷണ ഉപകരണങ്ങൾ സ്ഥാപിച്ചു.
- രണ്ട് വകുപ്പുകളുടെ (വൈറസ് ജീനോമിക്സ്, ബയോഇൻഫോർമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, ക്ലിനിക്കൽ വൈറോളജി) പ്രവർത്തനങ്ങളും രോഗനിർണയത്തിലും ചികിത്സാ വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഒമ്പത് ഗവേഷണ പദ്ധതികളും ആരംഭിച്ചു.
- വൈറസ് പോലുള്ള കണികകൾ വിഎൽപി (VLP), സ്യൂഡോവൈറിയോൺ അടിസ്ഥാനമാക്കിയുള്ള നിപ പരിശോധനാ രീതികൾ സുരക്ഷിതമായ ഗവേഷണത്തിനും സീറോ–സർവയലൻസിനുമായി വികസിപ്പിച്ചെടുത്തു.
- റാബിസ് വാക്സിനേഷൻ എടുത്ത മനുഷ്യരിലും മൃഗങ്ങളിലും സംരക്ഷിത ആന്റിബോഡി പ്രതികരണം കണ്ടെത്തുന്നതിനുള്ള ചെലവ് കുറഞ്ഞ ഒരു റാപിഡ് പരിശോധന രീതി വികസിപ്പിച്ചെടുത്തു.
- വൈറോളജിയിൽ ഡോക്ടറൽ പ്രോഗ്രാമുകൾ ആരംഭിച്ചു, നിലവിൽ എട്ട് വിദ്യാർത്ഥികൾക്ക് മെന്ററിംഗ് നൽകുന്നു.
- ASAP കേരളയുമായി ചേർന്ന് ഹ്രസ്വകാല, വ്യവസായാധിഷ്ഠിത വൈറോളജി പരിശീലന പരിപാടികൾ ആരംഭിക്കുകയും, മൂന്ന് ബാച്ചുകൾ പൂർത്തിയാക്കുകയും ചെയ്തു.

**B.റീജിയണൽ കാൻസർ സെന്റർ (ആർസിസി), തിരുവനന്തപുരം**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർക്കാർ, സ്വകാര്യ മേഖലകളിൽ കാൻസർ ചികിത്സാ സൗകര്യങ്ങൾ വന്നിട്ടും, ആർസിസി രാജ്യത്തെ 28 റീജിയണൽ കാൻസർ സെന്ററുകളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഡബ്ല്യൂ എച്ച് ഒ, ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ ക്യാൻസർ (ഫ്രാൻസ്), ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസി (വിയന്ന), നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് (യുഎസ്എ), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കാൻസർ റിസർച്ച് (യുകെ), യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ് (യുകെ), ഹെൽത്ത് റിസർച്ച് ഫൗണ്ടേഷൻ (ജപ്പാൻ), കൂടാതെ മറ്റ് പ്രശസ്തമായ നിരവധി സ്ഥാപനങ്ങൾ, തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി ആർസിസി പ്രവർത്തന ബന്ധം നിലനിർത്തുന്നു. കാൻസർ നിയന്ത്രണത്തിൽ ആഗോള തലത്തിൽ ഉയർന്നുവരുക എന്നതാണ് ആർസിസിയുടെ കാഴ്ചപ്പാട്. താങ്ങാനാവുന്ന ചെലവിൽ ഉയർന്ന നിലവാരമുള്ള കാൻസർ പരിചരണം ലഭ്യമാക്കുക, പൊതുജനങ്ങൾക്കും ആരോഗ്യ വിദഗ്ധർക്കും കാൻസർ അവബോധം സൃഷ്ടിക്കുക, പരിശീലനം ലഭിച്ച മനുഷ്യവിഭവശേഷി സൃഷ്ടിക്കുക, കാൻസർ നിയന്ത്രണത്തിൽ വ്യാപക പരിപാടികൾ സംഘടിപ്പിക്കുക, നമ്മുടെ സമൂഹത്തിന് പ്രസക്തമായ കേന്ദ്രീകൃത കാൻസർ ഗവേഷണം നടത്തുക, സംസ്ഥാനത്തെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നിവയാണ് ഇത് ലക്ഷ്യമിടുന്നത്. ആർസിസിയെ കൂടാതെ സംസ്ഥാനത്ത് മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നീ രണ്ട്

**ബോക്സ് നമ്പർ 5.2.1** 2024–25 ലെ ആശുപത്രി സ്ഥിതിവിവരക്കണക്കുകൾ

| | |
|---|---|
| • കിടത്തി ചികിത്സക്കുള്ള ബെഡ്ഡുകളുടെ എണ്ണം | : 298 |
| • ഓപ്പറേഷണൽ ബെഡ്ഡുകളുടെ എണ്ണം | : 286 |
| • പ്രതിദിന ശരാശരി ഔട്ട്പേഷ്യന്റ് | : 825 |
| • പ്രതിമാസ ശരാശരി പ്രവേശനം | : 1054 |
| • ബെഡ് ഒക്യുപൻസി നിരക്ക് | : 76 ശതമാനം |

**അവലംബം**: ആർ.സി.സി., തിരുവനന്തപുരം

കാൻസർ സെന്ററുകൾ കൂടിയുണ്ട്. ഈ രണ്ട് കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ഈ വാല്യത്തിലെ ആരോഗ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആർസിസി–രൂപരേഖ**

2024–25–ൽ, ആർസിസിയിൽ ആകെ 14,770 പുതിയ കേസുകളും 2, 47,684 റിവ്യൂ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രോഗികളുടെ സന്ദർശനത്തിന്റെ പ്രതിദിന ശരാശരി എണ്ണം 863 ഉം കിടത്തിച്ചികിത്സ ലഭിച്ചവരുടെ വാർഷിക എണ്ണം 12,652 ഉം ആണ്. കഴിഞ്ഞ മൂന്ന് വർഷത്തെ ആർസിസിയുടെ രൂപരേഖ **അനുബന്ധം 5.2.1** നൽകുന്നു. കൂടാതെ ആശുപത്രിയെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ **ബോക്സ് 5.2.1**–ൽ നൽകിയിരിക്കുന്നു.

**ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

2023–24 ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ 15,131 ഉം 2024–25 ൽ 14,770 ഉം ആയിരുന്നു, ഇത് മുൻ വർഷത്തേക്കാൾ 2.38 ശതമാനം കുറവ് സൂചിപ്പിക്കുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ പ്രകാരം ഏറ്റവും കൂടുതൽ പുതിയ കേസുകൾ രജിസ്റ്റർ ചെയ്തത് 2017–18 ലാണ് (16443). ഏറ്റവും കുറവ് 2020–21 ൽ ആയിരുന്നു (11,191), ഇത് മുൻ വർഷത്തേക്കാൾ 27.67 ശതമാനം കുറവാണ്, ഇതിന് കോവിഡ്–19 മഹാമാരി കാരണമായിട്ടുണ്ട്. 2015–16 മുതൽ 2024–25 വരെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ **ചിത്രം 5.2.1** ൽ നൽകിയിരിക്കുന്നു.

2024–25 ൽ രജിസ്റ്റർ ചെയ്ത 14,770 പുതിയ കേസുകളിൽ 13,083 കേസുകൾ (88 ശതമാനം) സംസ്ഥാനത്തിനകത്തു നിന്നും, ബാക്കിയുള്ളവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ്. ഈ കാലയളവിൽ രാജ്യത്തിന് പുറത്തുനിന്നുള്ള രോഗികൾ രജിസ്റ്റർ ചെയ്തിട്ടില്ല.

**സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

ഗൈനക്, ജെനിറ്റോറിനറി, പീഡിയാട്രിക് വിഭാഗങ്ങളിൽ മനുഷ്യ ശരീരഭാഗങ്ങളിലെ കാൻസർ സംബന്ധമായ എല്ലാ കേസുകളുടെയും നിരക്ക് മുൻ വർഷത്തേക്കാൾ നേരിയ രീതിയിൽ വർദ്ധിച്ചതായി ഡാറ്റ കാണിക്കുന്നു. 70 ശതമാനത്തിലധികം സ്ത്രീകളും രോഗം മൂർച്ഛിച്ച ഘട്ടത്തിലാണ് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും വേണ്ടി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇത് അതിജീവനത്തിനുള്ള സാധ്യതകളെ കുറയ്ക്കുകയും ഉയർന്ന മരണനിരക്കിന് കാരണമാകുകയും ചെയ്യുന്നു. 2024–25 ൽ രജിസ്റ്റർ ചെയ്ത

**ചിത്രം 5.2.1** 2015–16 മുതൽ 2024–25 വരെ ആർസിസിയിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകൾ




**അവലംബം**: റീജിയണൽ കാൻസർ സെന്റർ , തിരുവനന്തപുരം

**ചിത്രം 5.2.2** 2024–25 ൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ സ്പെഷ്യാലിറ്റി ക്ലിനിക്ക് തിരിച്ചുള്ള എണ്ണം




**അവലംബം**: റീജിയണൽ കാൻസർ സെന്റർ , തിരുവനന്തപുരം

പുതിയ കാൻസർ കേസുകളിൽ ഏറ്റവും കൂടുതൽ ശതമാനം ചെസ്റ്റ്, ഗ്യാസ്ട്രോഇന്റസ്റ്റൈനൽ ക്ലിനിക്കുകളിലാണ് (3,460 കേസുകൾ) രേഖപ്പെടുത്തിയിട്ടുള്ളത്, തുടർന്ന് ഗൈനക്, ജെനിറ്റോറിനറി (2,817 കേസുകൾ), സ്തന, കേന്ദ്ര നാഡീവ്യൂഹം സ്പെഷ്യാലിറ്റി ക്ലിനിക് (2,451 കേസുകൾ) എന്നിങ്ങനെയാണ്. പീഡിയാട്രിക് ക്ലിനിക്കിലാണ് ഏറ്റവും കുറവ് കേസുകൾ രജിസ്റ്റർ ചെയ്തത് (493 കേസുകൾ). 2024-25 ൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത രോഗികളുടെ ശതമാനം കണക്കിലെടുത്ത് മനുഷ്യ ശരീരഭാഗങ്ങളിൽ ബാധിച്ച കാൻസർ സംബന്ധിക്കുന്ന വിവരങ്ങൾ **ചിത്രം 5.2.2** നൽകുന്നു.

31/08/2025 വരെയുള്ള കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ എണ്ണം **അനുബന്ധം 5.2.2** ൽ കാണിച്ചിരിക്കുന്നു.

**രജിസ്റ്റർ ചെയ്ത കേസുകൾ (പ്രായവും ലിംഗഭേദവും അനുസരിച്ച്)**

2024-25 ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ പ്രായം, ലിംഗഭേദം എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് 55-64 വയസ്സിനിടയിലുള്ള ആളുകളിൽ കാൻസർ രോഗങ്ങൾക്കുള്ള സാധ്യത കൂടുതലാണ് (പുരുഷന്മാരിൽ 28.24 ശതമാനവും സ്ത്രീകളിൽ 27.35 ശതമാനവും) എന്നതാണ്. 65-74 വയസ്സിനിടയിലുള്ളവരിൽ പുരുഷ കാൻസർ രോഗികളുടെ എണ്ണത്തിലും (27.44 ശതമാനം) വർദ്ധനവ് കാണിക്കുന്നു, അതേസമയം 45-54 വയസ്സിനിടയിലുള്ളവരിൽ സ്ത്രീ കാൻസർ രോഗികളുടെ എണ്ണത്തിലും (24.45 ശതമാനം) വർദ്ധനവ് കാണിക്കുന്നു. 2025-26 ൽ (31/08/2025 വരെയുള്ള കണക്ക് പ്രകാരം), 65-74 വയസ്സിനിടയിലുള്ള പുരുഷന്മാരിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. 2024-25 ൽ രജിസ്റ്റർ ചെയ്ത പുതിയ കേസുകളുടെ പ്രായം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.2.3** ൽ നൽകിയിരിക്കുന്നു. 2024-25 ൽ ആർസിസിയിൽ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്ത പ്രായവും ലിംഗഭേദവും തിരിച്ചുള്ള പുതിയ കാൻസർ രോഗികളുടെ എണ്ണം **ചിത്രം 5.2.3** ൽ കാണിച്ചിരിക്കുന്നു.

**കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾ**

കാൻസർ രോഗികൾക്ക് സൗജന്യമോ സബ്സിഡി നിരക്കിലുള്ളതോ ആയ ചികിത്സ ഉറപ്പാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 5.2.2** ൽ നൽകിയിരിക്കുന്നു.

**2024-25 ലെ ആർ.സി.സി.യുടെ സംരംഭങ്ങൾ**

സർക്കാർ പദ്ധതികൾക്ക് പുറമേ മറ്റ് പല സഹായ പദ്ധതികളിലൂടെയും ആർസിസി രോഗികളെ പിന്തുണയ്ക്കുന്നു. 2024-25 ൽ, സൗജന്യ മരുന്ന് ബാങ്ക് പദ്ധതിയിൽ 752 രോഗികൾക്ക് പൂർണ്ണമായോ ഭാഗികമായോ സഹായം നൽകിയിട്ടുണ്ട്. കൂടാതെ കാൻസർ കെയർ ഫോർ ലൈഫ് (സിസിഎൽ) പദ്ധതിയിൽ 968 അംഗങ്ങൾക്ക് പരിശോധനയും ചികിത്സയും ലഭിച്ചു. അക്ഷയപാത്രം സൗജന്യ ഭക്ഷണ പരിപാടിയുടെ കീഴിൽ, 2,510 ദുർബലരായ കിടപ്പുരോഗികൾക്ക് സഹായം നൽകി. ഇന്ത്യൻ കാൻസർ സൊസൈറ്റി സപ്പോർട്ട് പദ്ധതിയിൽ നിന്ന് 44 പുതിയ രോഗികൾക്ക് സാമ്പത്തിക സഹായം ലഭിച്ചു.

**കാൻസർ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

2024-25-ൽ, കാൻസർ കണ്ടെത്തുന്നതിനുള്ള 74 പരിപാടികളും 26 ബോധവൽക്കരണ പരിപാടികളും ആർസിസി നടത്തി. ഇതിലൂടെ 12 കാൻസറുകൾ, 283 ഓറൽ പ്രീ-കാൻസർ, 274 ബെനിൻ ബ്രെസ്റ്റ് ലെഷണുകൾ, 53 സെർവിക്കൽ പ്രീ-കാൻസർ എന്നിവ കണ്ടെത്തി. കാൻസർ നേരത്തെ കണ്ടെത്തുന്നതിനുള്ള ക്ലിനിക്കിന്റെ ഭാഗമായി 3,654 ആളുകളെ പരിശോധിച്ചതിൽ 450 കാൻസറുകളും 491 പ്രീ-കാൻസറുകളും കണ്ടെത്തി.

**ഗവേഷണ വികസന പ്രവർത്തനങ്ങൾ**

ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രശസ്തമായ സ്ഥാപനങ്ങളുമായി സഹകരിച്ച്, അടിസ്ഥാന ഗവേഷണം,

**ചിത്രം 5.2.3** 2024-25 ൽ രജിസ്റ്റർ ചെയ്ത പ്രായവും ലിംഗഭേദവും തിരിച്ചുള്ള പുതിയ കേസുകൾ




**അവലംബം**: റീജിയണൽ കാൻസർ സെന്റർ , തിരുവനന്തപുരം

**പട്ടിക 5.2.2** 2023-24 & 2024-25-ലെ കേന്ദ്ര - സംസ്ഥാന സർക്കാർ പദ്ധതികൾ

| പദ്ധതി | രജിസ്റ്റർ ചെയ്ത രോഗികൾ (പുതിയ കേസുകൾ | | വിതരണം ചെയ്ത തുക (രൂപയിൽ) | | ചെലവായ തുക (രൂപയിൽ) |
|---|---|---|---|---|---|
| | 2023-24 | 2024-25 | 2023-24 | 2024-25 | 2025 ആഗസ്റ്റ് 31 വരെ |
| **കേന്ദ്ര സർക്കാർ പദ്ധതികൾ** | | | | | |
| പ്രധാനമന്ത്രിയുടെ ആശ്വാസ ഫണ്ട് | 481 | 136 | 4,94,06,266 | 5,84,53,268 | 38,34,39,982 |
| **സംസ്ഥാന സർക്കാർ പദ്ധതികൾ** | | | | | |
| ക്യാൻസർ സുരക്ഷാ പദ്ധതി | 123 | 0 | 1,29,56,149 | 0 | 66,34,17,199 |
| കാരുണ്യ ബെനവലന്റ് ഫണ്ട് | 3,380 | 1,231 | 15,39,41,679 | 1,85,08,038 | 2,69,06,52,241 |
| താലോലം | 1 | 0 | 22,899 | 0 | 42,47,776 |
| പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള രോഗികൾക്കായുള്ള ഫണ്ട് | 45 | 45 | 16,46,305 | 29,92,511 | 4,80,82,436 |
| എൻഡോസൾഫൻ ബാധിതർക്കുള്ള സ്നേഹസാന്ത്വനം പരിപാടി | 1 | 0 | 1,81,887 | 70,423 | 53,10,633 |
| കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി) | 5,780 | 4,157 | 70,42,75,677 | 73,11,19,961 | 3,69,74,12,429 |

**അവലംബം**: റീജിയണൽ കാൻസർ സെന്റർ , തിരുവനന്തപുരം

എപ്പിഡെമിയോളജിക്കൽ പഠനങ്ങൾ, ക്ലിനിക്കൽ ഗവേഷണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന കാൻസർ ഗവേഷണ കേന്ദ്രമാണ് ആർസിസി. കെയുഎച്ച്എസുമായി അഫിലിയേറ്റ് ചെയ്ത ബിരുദ, ബിരുദാനന്തര, പോസ്റ്റ്-ഡോക്ടറൽ പ്രോഗ്രാമുകളിലൂടെ പൊതുജനങ്ങൾക്കിടയിലുള്ള കാൻസർ നിയന്ത്രണം, മാനവ വിഭവശേഷി വികസനം, ഓങ്കോളജി വിദ്യാഭ്യാസം എന്നിവയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2024-25 ൽ, ആർസിസി നൂതന ഗവേഷണ ഉപകരണങ്ങൾ സ്വന്തമാക്കുകയും ആർസിസിയിൽ 30 ഓളം സ്കോളർമാർ പിഎച്ച്ഡിയും, 60 റെസിഡന്റുകൾ സൂപ്പർ-സ്പെഷ്യാലിറ്റി സ്പെഷ്യലൈസേഷനും, 50 റെസിഡന്റുകൾ ബിരുദാനന്തര ബിരുദവും ചെയ്തു. 79 കാൻസർ വിദ്യാഭ്യാസ പരിപാടികളും 172 പരിശോധനാ പരിപാടികളും നടത്തി. കൂടാതെ 32 എക്സ്ട്രാമുറൽ, 25 ഇൻഡസ്ട്രി സ്പോൺസേർഡ്, 162 ഇൻ-ഹൗസ് പഠനങ്ങൾ ഉൾപ്പെടെ 219 ഗവേഷണ പ്രോജക്ടുകൾ ആർസിസി കൈകാര്യം ചെയ്തു. ഇക്കാലയളവിൽ, ആർസിസി രണ്ട് പേറ്റന്റുകൾ നേടുകയും, 10 പിഎച്ച്ഡികൾ നൽകുകയും, 157 ഗവേഷണ പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഏകദേശം 600 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ പ്രോജക്ട് പരിശീലനം ഏറ്റെടുത്തു നടത്തുകയും, പങ്കെടുത്ത 167 പേർക്ക് കാൻസർ നിയന്ത്രണത്തിൽ പരിശീലനം ലഭിക്കുകയും ചെയ്തു.

## 2024-25 കാലയളവിൽ രോഗനിർണയ, ചികിത്സാ സൗകര്യങ്ങളിലെ പ്രധാന നേട്ടങ്ങൾ

- 2024-25 കാലയളവിൽ സർഫസ് ഗൈഡഡ് റേഡിയോതെറാപ്പി സിസ്റ്റം, അനസ്തേഷ്യ വർക്ക്സ്റ്റേഷൻ, കത്തീറ്ററൈസേഷൻ ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നത് പൂർത്തിയായി.
- ഒ.ടി ലൈറ്റുകൾ, ഒ.ടി ടേബിളുകൾ, ഐസിയു വെന്റിലേറ്ററുകൾ, സ്റ്റീരിയോടാക്റ്റിക് ഇമ്മൊബിലൈസേഷൻ ഉപകരണങ്ങൾ, ഇൻ-വിവോ ഡയോഡ് ഡിറ്റക്ടറുകൾ, വെർച്വൽ ഡെസ്ക്ടോപ്പ് ഇൻഫ്രാസ്ട്രക്ചർ ഘടകങ്ങൾ, ഡിഫിബ്രില്ലേറ്ററുകൾ, ഒരു സെൻട്രൽ ഫ്ലോ മോണിറ്ററിംഗ് ഉപകരണ സംവിധാനം എന്നിവ സ്ഥാപിച്ചു.

## മുന്നോട്ടുള്ള വഴി

ശാസ്ത്ര സാങ്കേതിക വിദ്യയെ സാമ്പത്തിക ആസൂത്രണവുമായി സംയോജിപ്പിക്കുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ഗവേഷണ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക, സംയുക്ത പദ്ധതികൾ പ്രോത്സാഹിപ്പിക്കുക, പരിശീലന പരിപാടികൾ നടപ്പിലാക്കുക, ഈ മേഖലയിലെ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ ആകർഷിക്കാനും നിലനിർത്താനുമുള്ള നടപടികൾ ആരംഭിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ശാസ്ത്രബോധം പ്രോത്സാഹിപ്പിക്കുന്നതിനും, നൈപുണ്യ വികസനവും ഡിജിറ്റൽ സാക്ഷരതയും വർദ്ധിപ്പിക്കുന്നതിനും, അക്കാദമിക്-ഗവേഷണ-വ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾ ശാസ്ത്ര-സാങ്കേതിക മേഖലയെ ഊർജ്ജസ്വലവും ആകർഷകവുമാക്കുന്നതിനായി തുടരേണ്ടതുണ്ട്. സമീപ വർഷങ്ങളിൽ കൂടുതൽ പ്രതിബദ്ധതയോടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. ശാസ്ത്ര-സാങ്കേതിക മേഖലയുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിപുലമായ പരിപാടികൾ വിഭാവനം ചെയ്തിട്ടുണ്ട്. അവയിലൂടെ പ്രത്യേക ഗവേഷണ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പുതിയ സ്ഥാപനങ്ങളുടെ വികസനം ഉൾപ്പെടെ ഈ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കുന്നതിന് സംസ്ഥാനത്തിന് കഴിയുന്നുണ്ട്.

# 5.3 വിനോദ സഞ്ചാരം

സാംസ്കാരിക വിനിമയം പ്രോത്സാഹിപ്പിക്കുന്ന, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന, പൈതൃക സംരക്ഷണത്തെ പിന്തുണയ്ക്കുന്ന, സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്ന അതിവേഗം വളരുന്ന സാമ്പത്തിക മേഖലകളിൽ ഒന്നാണ് വിനോദസഞ്ചാരം. ഇന്ത്യയിൽ, പ്രത്യേകിച്ച് ഗ്രാമീണ, പൈതൃക ടൂറിസത്തിലൂടെ ഇത് സമ്പദ്‌വ്യവസ്ഥയെ ഗണ്യമായി ശക്തിപ്പെടുത്തുന്നു. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് ആഗോളതലത്തിൽ വിശേഷിക്കപ്പെടുന്ന കേരളം ഒരു മുൻനിര വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി തുടരുന്നു. പുരോഗമന നയങ്ങൾ, നൂതനമായ ആശയങ്ങൾ, വലിയതോതിലുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്നിവയിലൂടെ വിനോദസഞ്ചാര അനുഭവങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും, സുസ്ഥിര വികസനം പ്രോത്സാഹിപ്പിച്ചുകൊണ്ടും കേരളത്തിലെ വിനോദസഞ്ചാര മേഖല അടുത്തിടെ പുരോഗമിച്ചിട്ടുണ്ട്.

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അതുല്യമായ വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുക, ഇൻഫർമേഷൻ, ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുക, കര, ജല അധിഷ്ഠിത ടൂറിസം പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക എന്നിവയിലൂടെ സംസ്ഥാനം ടൂറിസം വികസനത്തിൽ സ്ഥിരമായി നിക്ഷേപം നടത്തിയിട്ടുണ്ട്. സാമൂഹ്യാധിഷ്ഠിത ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങളുടെ വിജയം, ഡിജിറ്റൽ, വെർച്ചൽ മാർക്കറ്റിംഗ് സാങ്കേതികവിദ്യകളുടെ അവലംബം, മൈസ് (MICE) ടൂറിസത്തിന്റെ (യോഗങ്ങൾ, ഇൻസെന്റീവുകൾ, സമ്മേളനങ്ങൾ, പ്രദർശനങ്ങൾ) പ്രധാന ലക്ഷ്യസ്ഥാനമായി കേരളത്തിന്റെ ഉയർച്ച, ഹോംസ്റ്റേകൾ, തീർത്ഥാടന യാത്രകൾ, സ്റ്റേക്കേഷനുകൾ എന്നിവയുടെ വർദ്ധിച്ചുവരുന്ന ജനപ്രീതി എന്നിവ കേരളത്തിന്റെ വിനോദസഞ്ചാരത്തിന്റെ വളർച്ചയ്ക്ക് തെളിവാണ്.

**ബോക്സ് 5.3.1** വിനോദസഞ്ചാരം –അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 2023 – ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | 2,18,71,641 |
| 2024 – ലെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | 2,22,46,989 |
| 2023 – ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | 6,49,057 |
| 2024 – ലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | 738374 |
| 2023 – ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | 2,25,20,698 |
| 2024 – ലെ ആകെ വിനോദ സഞ്ചാരികളുടെ എണ്ണം | 2,29,85,363 |
| 2023 – ൽ നേടിയ ആകെ വരുമാനം (നേരിട്ടുള്ളതും പരോക്ഷവുമായ)(കോടി രൂപ) | 43,621.22 |
| 2024 – ൽ നേടിയ ആകെ വരുമാനം (നേരിട്ടുള്ളതും പരോക്ഷവുമായ)(കോടി രൂപ) | 45,053.61 |
| 2023 – ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | 5,245.09 |
| 2024 – ലെ വിദേശ വിനിമയ വരുമാനം (കോടി രൂപ) | 6,631.02 |
| 2023 – ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | 28,717.46 |
| 2024 – ൽ ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (കോടി രൂപ) | 28,446.78 |

**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിലെ മലയാള സാഹിത്യകാരന്മാരുടെ ജന്മസ്ഥലങ്ങൾ, വീടുകൾ, മ്യൂസിയങ്ങൾ, സ്മാരകങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് ഒരു ലിറ്റററി ടൂറിസം സർക്യൂട്ട് – മലബാർ ലിറ്റററി സർക്യൂട്ട് – ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറി. സാംസ്കാരികവും ചരിത്രപരവുമായ വിവരണങ്ങളാൽ സമ്പന്നമാണിത്. യുഎൻ വിമൻ ഇന്ത്യയുടെ പങ്കാളിത്തത്തോടെ വിനോദസഞ്ചാര മേഖലയിൽ ജെൻഡർ ഓഡിറ്റ് നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. ഹോംസ്റ്റേകൾ, ടൂർ പ്രവർത്തനങ്ങൾ, സാമൂഹ്യാധിഷ്ഠിത നേതൃത്വ ഗ്രൂപ്പുകൾ, സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിലെ വനിതാ സംരംഭകരെ പിന്തുണയ്ക്കുന്നതിനായി സംസ്ഥാനം ഒരു ജെൻഡർ–ഇൻക്ലൂസീവ് ടൂറിസം നയം ആവിഷ്കരിച്ചു. 2024 ൽ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള ആകെ ₹45,053.61 കോടിയുടെ വരുമാനം നൽകിക്കൊണ്ട് വിനോദസഞ്ചാര മേഖല കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ മേഖലയുടെ പ്രകടനത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ **ബോക്സ് 5.3.1** ൽ നൽകിയിരിക്കുന്നു

**മേഖലയുടെ ധനകാര്യ വിശകലനം**

2021–22 മുതൽ 2025–26 വരെയുള്ള കാലയളവിൽ വിനോദസഞ്ചാര മേഖലയിലെ പദ്ധതി വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ **പട്ടിക 5.3.1**–ൽ നൽകിയിരിക്കുന്നു.

**വിദേശ വിനോദസഞ്ചാരികളുടെ വരവും സന്ദർശനങ്ങളും – ഇന്ത്യയും കേരളവും**

വിദേശ വിനോദസഞ്ചാരികളെക്കുറിച്ചുള്ള വിവരങ്ങൾ 'വരവ്'കളായും (പാസ്പോർട്ടിന്റെ ഉപയോഗത്തെയും എത്തിച്ചേരൽ രേഖപ്പെടുത്തുന്ന വിവിധ കേന്ദ്രങ്ങളെയും അടിസ്ഥാനമാക്കി) 'സന്ദർശന'ങ്ങളായും (പലപ്പോഴും ജില്ലയെ റഫറൻസ് പോയിന്റാക്കി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താമസിക്കുന്നതിനെ അടിസ്ഥാനമാക്കി) ലഭ്യമാണ്. ഇന്ത്യയിലെത്തിയ

**പട്ടിക 5.3.1** വിനോദസഞ്ചാരത്തിലെ സംസ്ഥാന പദ്ധതി വിഹിതവും ചെലവും (രൂപ കോടിയിൽ)

| വർഷം | വിഹിതം | ചെലവ് |
|---|---|---|
| 2021–22 | 320.14 | 260.84 (81.47%) |
| 2022–23 | 362.15 | 248.58 (68.64%) |
| 2023–24 | 362.15 | 258.47 (71.37%) |
| 2024–25 | 351.42 | 202.03 (57.48 %) |
| 2025–26 (2025 നവംബർ 19 വരെ) | 385.02 | 134.91 (35.04 %) |

**അവലംബം** : പ്ലാൻ സ്പേസ് കേരള, അക്കൗണ്ട്സ്

വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 2023–ലെ 95.2 ലക്ഷത്തിൽ നിന്ന് 2024–ൽ 96.57 ലക്ഷമായി മുൻ കാലയളവിനെ അപേക്ഷിച്ച് 1.4 ശതമാനം വർദ്ധിച്ചു. കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 2023–ലെ 6.49 ലക്ഷത്തിൽ നിന്ന് 2024–ൽ 7.38 ലക്ഷമായി വർദ്ധിച്ചു, മുൻ കാലയളവിനെ അപേക്ഷിച്ച് ഏകദേശം 13.76 ശതമാനം വർദ്ധനവാണ് ഇത് കാണിക്കുന്നത്. ഈ വളർച്ച ഉണ്ടായിരുന്നിട്ടും, 2019–ൽ രേഖപ്പെടുത്തിയ വിനോദസഞ്ചാരികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ 2024–ലെ കണക്കുകൾ ഇപ്പോഴും 37.94% കുറവാണെന്ന് കാണിക്കുന്നു. COVID–19 മഹാമാരി, ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, വർദ്ധിച്ചുവരുന്ന പണപ്പെരുപ്പം, ലോകമെമ്പാടുമുള്ള സാമ്പത്തിമേഖലയിലെ മന്ദഗതി തുടങ്ങിയ ആഗോള വെല്ലുവിളികൾ ഉണ്ടായിരുന്നിട്ടും, കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ ശക്തമായ തിരിച്ചുവരവിനെ കാണിക്കുന്നു. ഇന്ത്യയിലും കേരളത്തിലും സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ വാർഷിക വളർച്ചാ നിരക്ക് (2015 മുതൽ 2024 വരെ) **അനുബന്ധം 5.3.1** ൽ നൽകിയിരിക്കുന്നു.

2024–ൽ കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള കണക്കുകൾ

**ചിത്രം 5.3.1** ഇന്ത്യയിലും കേരളത്തിലും സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ വാർഷിക വളർച്ചാ നിരക്ക് (2015 മുതൽ 2024 വരെ), ശതമാനത്തിൽ




**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**പട്ടിക 5.3.2** 2023 ലും 2024 ലും വിദേശ വിനോദ സഞ്ചാരികളുടെ ഇന്ത്യയിലേക്കുള്ള വരവിന്റെയും കേരളത്തിലേക്കുള്ള സന്ദർശനത്തിന്റെയും എണ്ണം മാസാടിസ്ഥാനത്തിൽ

| ക്രമ നം | മാസം | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2023 | | വിദേശവിനോദ സഞ്ചാരികളുടെ എണ്ണം 2024 | |
|---|---|---|---|---|---|
| | | ഇന്ത്യ (ആഗമനം) | കേരളം (സന്ദർശനം) | ഇന്ത്യ (ആഗമനം) | കേരളം (സന്ദർശനം) |
| 1 | ജനുവരി | 8,91,084 | കേരളം | 9,81,609 | 95,250 |
| 2 | ഫെബ്രുവരി | 8,93,352 | ഇന്ത്യ | 10,32,301 | 94,028 |
| 3 | മാർച്ച് | 8,24,549 | കേരളം | 8,93,021 | 63,380 |
| 4 | ഏപ്രിൽ | 6,25,772 | 35,198 | 6,72,684 | 43,350 |
| 5 | മേയ് | 6,18,086 | 28,966 | 6,22,189 | 32,178 |
| 6 | ജൂൺ | 6,67,720 | 29,787 | 7,22,615 | 30,205 |
| 7 | ജൂലൈ | 7,86,486 | 57,038 | 7,99,842 | 52,986 |
| 8 | ആഗസ്റ്റ് | 6,64,155 | 60,934 | 6,61,322 | 55,792 |
| 9 | സെപ്റ്റംബർ | 6,66,946 | 41,625 | 6,91,247 | 45,622 |
| 10 | ഒക്ടോബർ | 8,32,233 | 53,751 | 8,40,330 | 59,255 |
| 11 | നവംബർ | 9,48,631 | 69,902 | 9,73,941 | 79,390 |
| 12 | ഡിസംബർ | 11,01,914 | 78,077 | 10,60,621 | 86,938 |
| | ആകെ | 95,20,928 | 6,49,057 | 99,51,722 | 7,38,374 |

**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

പ്രകാരം ഏറ്റവും കൂടുതൽ ആളുകൾ സന്ദർശിച്ചത് ജനുവരി മാസത്തിലും ഏറ്റവും കുറവ് ജൂൺ മാസത്തിലുമാണ്. 2023–ലും 2024–ലും ഇന്ത്യയിലേക്കുള്ള വിദേശ സഞ്ചാരികളുടെ വരവിന്റേയും കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ സന്ദർശനത്തിന്റേയും മാസാടിസ്ഥാനത്തിലുള്ള കണക്ക് **പട്ടിക 5.3.2**–ൽ നൽകിയിരിക്കുന്നു.

**വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ കണക്ക്**

2024–ൽ, കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളിൽ ഏറ്റവും കൂടുതൽ എത്തിയത് യുണൈറ്റഡ് കിംഗ്ഡത്തിൽ നിന്നാണ് (14.55 ശതമാനം), തുടർന്ന് യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ നിന്നും (13.33 ശതമാനം), ജർമ്മനിയിൽ നിന്നും (6.24 ശതമാനം). കഴിഞ്ഞ രണ്ട് വർഷങ്ങളിൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയായിരുന്നു മുൻനിരയിൽ. തുടർന്ന് ഫ്രാൻസ് (6.12 ശതമാനം), മലേഷ്യ (5.55 ശതമാനം), ഓസ്ട്രേലിയ (4.32 ശതമാനം), മാലിദ്വീപ് (4.1 ശതമാനം) എന്നിവിടങ്ങളിൽ നിന്നാണ് വിനോദസഞ്ചാരികൾ കൂടുതലും എത്തുന്നത്. 2024–ൽ ഒമാൻ, സൗദി അറേബ്യ, യുഎഇ തുടങ്ങിയ മിഡിൽ ഈസ്റ്റ് രാജ്യങ്ങളും കേരളത്തിലേക്ക് ഗണ്യമായി വിനോദസഞ്ചാരികളെ സംഭാവന ചെയ്തു. 2024–ൽ കേരളത്തിലേക്കെത്തിയ വിദേശ വിനോദസഞ്ചാരികളിൽ 73 ശതമാനത്തിലധികവും

**ചിത്രം 5.3.2** 2023 ലും 2024 ലും വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തിലെ പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ എണ്ണം




**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

എത്തിയത് ഈ വിഭാഗത്തിലെ ആദ്യ 12 സ്ഥാനങ്ങളിലുള്ള രാജ്യങ്ങളിൽ നിന്നാണ് എന്നത് ശ്രദ്ധേയമാണ്. വിദേശരാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തിയ വിനോദസഞ്ചാരികളുടെ കണക്ക് (കഴിഞ്ഞ മൂന്ന് വർഷവും 2025 ജൂൺ 30 വരെയും) **അനുബന്ധം 5.3.2** ൽ നൽകുന്നു. വിദേശ വിനോദസഞ്ചാരികളെ സംഭാവന ചെയ്യുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന പത്ത് രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തിയ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം **ചിത്രം 5.3.2** കാണിക്കുന്നു.

**വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ – ജില്ല തിരിച്ച്**

കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനം രേഖപ്പെടുത്തിയത് എറണാകുളത്തും തിരുവനന്തപുരത്തുമാണ്. 2023–ൽ 2.79 ലക്ഷം വിദേശ വിനോദസഞ്ചാരികൾ എറണാകുളം സന്ദർശിച്ചപ്പോൾ 2024–ൽ അത് 2.68 ലക്ഷമായിരുന്നു. അതുപോലെ, 2023 ൽ 1.48 ലക്ഷം വിദേശ വിനോദസഞ്ചാരികൾ തിരുവനന്തപുരം സന്ദർശിച്ചപ്പോൾ 2024–ൽ അത് 1.71 ലക്ഷമായി വർദ്ധിച്ചു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇടുക്കി (1,36,883), കാസർകോട് (3,775) എന്നിവിടങ്ങളിൽ വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളിൽ ഗണ്യമായ വളർച്ചയുണ്ടായി. അതേസമയം, 2024 ൽ പത്തനംതിട്ട (735), പാലക്കാട് (1,459) എന്നിവിടങ്ങളിലാണ് ഏറ്റവും കുറഞ്ഞ വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനം രേഖപ്പെടുത്തിയത്. വിശദാംശങ്ങൾ **അനുബന്ധം 5.3.3**–ൽ നൽകിയിരിക്കുന്നു.

2024 ൽ സംസ്ഥാനം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ സന്ദർശന മേഖല തിരിച്ചുള്ള കണക്കുകൾ കാണിക്കുന്നത്, മൊത്തം വിദേശ വിനോദസഞ്ചാരികളിൽ 64.33 ശതമാനം പേർ കേരളത്തിന്റെ മധ്യഭാഗവും, 30.79 ശതമാനം പേർ തെക്കൻ ഭാഗവും, 4.88 ശതമാനം പേർ വടക്കൻ ഭാഗവും സന്ദർശിച്ചു എന്നാണ്. 2024 ലും, ഏറ്റവും കൂടുതൽ വിദേശ സഞ്ചാരികളെ ആകർഷിച്ചത് മധ്യ കേരളം ആയിരുന്നുവെങ്കിലും, മുൻ വർഷത്തേക്കാൾ വളർച്ച രേഖപ്പെടുത്തിയത് തെക്കൻ മേഖലയിൽ മാത്രമാണ്. 2023 ലെ കണക്കു പ്രകാരം മധ്യ കേരളത്തിൽ 66.14 ശതമാനവും, തെക്കൻ മേഖലയിൽ 28.58 ശതമാനവും, വടക്കൻ മേഖലയിൽ 5.28 ശതമാനവുമായിരുന്നു. 2024 ൽ കേരളത്തിലെത്തിയ വിദേശ വിനോദസഞ്ചാരികളുടെ മേഖല തിരിച്ചുള്ള സന്ദർശനങ്ങൾ **ചിത്രം 5.3.3** ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**ആഭ്യന്തര വിനോദ സഞ്ചാരികൾ**

2024–ൽ കേരളത്തിലെത്തിയ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 2,22,46,989 ആയിരുന്നു, 2023 ലെ കണക്കിൽ നിന്നും (2,18,71,641) 1.72 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. 2019–ൽ രേഖപ്പെടുത്തിയ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളുടെ എണ്ണത്തെ അപേക്ഷിച്ച് 21.01 ശതമാനത്തിന്റെ ശ്രദ്ധേയമായ വർദ്ധനവ് 2024 ലെ കണക്കിൽ കാണാം. കോവിഡ്–19 ന്റെ ആഘാതത്തെ മറികടന്ന്, ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളുടെ എണ്ണം റെക്കോർഡ് ഉയരത്തിലെത്തി, ഇത് സംസ്ഥാനത്തിന്റെ ചരിത്രത്തിലെ എക്കാലത്തെയും ഉയർന്ന നിരക്കാണ്. 2015 മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.3.4** നൽകിയിരിക്കുന്നു. 2015–2024 കാലയളവിൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനത്തിലെ പ്രവണതകൾ **ചിത്രം 5.3.4** നൽകിയിരിക്കുന്നു.

**ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനം – മാസാടിസ്ഥാനത്തിൽ**

2024–ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ മാസാടിസ്ഥാനത്തിലുള്ള കണക്കുകൾ കാണിക്കുന്നത് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ സന്ദർശിച്ചത് ഡിസംബർ മാസത്തിലും ഏറ്റവും കുറവ് മാർച്ച് മാസത്തിലുമാണ് എന്നാണ്. വിശദാംശങ്ങൾ **പട്ടിക 5.3.3**–ൽ നൽകിയിരിക്കുന്നു.

**വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വിശദാംശങ്ങൾ**

കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനം സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ

**ചിത്രം 5.3.3** 2024–ൽ കേരളത്തിലെ വിദേശ വിനോദസഞ്ചാരികളുടെ മേഖല തിരിച്ചുള്ള സന്ദർശനങ്ങൾ, ശതമാനത്തിൽ




**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**ചിത്രം 5.3.4** 2015 മുതൽ 2024 വരെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിലെ വാർഷിക വളർച്ചാ നിരക്ക്, ശതമാനത്തിൽ




**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**പട്ടിക 5.3.3** കഴിഞ്ഞ മൂന്ന് വർഷത്തെ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനങ്ങൾ – മാസം തിരിച്ച്

| ക്രമ നം | മാസം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | | |
|---|---|---|---|---|
| | | 2022 | 2023 | 2024 |
| 1 | ജനുവരി | 12,33,862 | 18,28,815 | 18,28,659 |
| 2 | ഫെബ്രുവരി | 11,62,035 | 15,70,857 | 16,10,571 |
| 3 | മാർച്ച് | 13,98,917 | 15,36,602 | 15,98,077 |
| 4 | ഏപ്രിൽ | 16,11,134 | 19,27,700 | 19,10,342 |
| 5 | മേയ് | 19,10,617 | 21,73,589 | 21,80,234 |
| 6 | ജൂൺ | 15,79,028 | 16,46,080 | 17,29,298 |
| 7 | ജൂലൈ | 14,32,307 | 16,68,625 | 16,42,864 |
| 8 | ആഗസ്റ്റ് | 14,80,642 | 18,94,539 | 16,54,286 |
| 9 | സെപ്റ്റംബർ | 15,72,294 | 17,21,809 | 17,93,165 |
| 10 | ഒക്ടോബർ | 17,39,286 | 17,95,778 | 19,01,199 |
| 11 | നവംബർ | 16,82,632 | 18,74,362 | 20,46,840 |
| 12 | ഡിസംബർ | 20,64,660 | 22,32,885 | 23,51,454 |
| | **ആകെ** | **1,88,67,414** | **2,18,71,641** | **2,22,46,989** |

**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

പ്രകാരം 2024–ൽ ഏകദേശം 68.65 ശതമാനവും, 2023–ൽ ഏകദേശം 68.45 ശതമാനവും സന്ദർശകർ സംസ്ഥാനത്തിനുള്ളിൽ നിന്നുള്ളവരാണ്. കേരളത്തിലെ ത്തുന്ന ആഭ്യന്തര സഞ്ചാരികൾ കൂടുതലായി വരുന്ന മറ്റ് ഒമ്പത് സംസ്ഥാനങ്ങൾ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഡൽഹി, തെലങ്കാന, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവയാണ്. മൊത്തത്തിൽ, ഈ ഒമ്പത് സംസ്ഥാനങ്ങളിൽ നിന്നു വരുന്ന സഞ്ചാരികൾ കേരളത്തിലെ ആകെ ആഭ്യന്തര വിനോദസഞ്ചാരികളുടെ ഏകദേശം 27.6 ശതമാനമാണ്. 2024–ൽ സംസ്ഥാനത്തിന് പുറത്തു നിന്നു വരുന്ന സന്ദർശകരിൽ, മുൻ വർഷങ്ങളിലെന്നപോലെ, തമിഴ്നാട് 10.52 ശതമാനവുമായി മുൻനിരയിലാണ്, തുടർന്ന് കർണാടക (6.22 ശതമാനം), മഹാരാഷ്ട്ര (3.37 ശതമാനം) എന്നിവ തൊട്ടുപിന്നിലുണ്ട്. കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വിഹിതത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.3.5** നൽകുന്നു. 2023–ലും 2024–ലും മികച്ച 10 സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വിഹിതം **ചിത്രം 5.3.5** കാണിക്കുന്നു.

## ആഭ്യന്തര വിനോദസഞ്ചാരികളുടെ ജില്ല തിരിച്ചുള്ള സന്ദർശനം

2024–ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ എറണാകുളം ജില്ല, 43,29,536 (19.46 ശതമാനം) സന്ദർശനങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് മുന്നിലാണ്. തിരുവനന്തപുരം (39,21,054), ഇടുക്കി (38,30,186), തൃശ്ശൂർ (27,75,175), കോഴിക്കോട് (13,34,089) എന്നീ ജില്ലകളാണ് യഥാക്രമം മറ്റു സ്ഥാനങ്ങൾ കൈവരിച്ചത്. 2023–ൽ എറണാകുളം, ഇടുക്കി ജില്ലകളായിരുന്നു ഒന്നാം സ്ഥാനത്തുണ്ടായിരുന്നത്. 2024–ൽ ഏറ്റവും കുറവ് ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിച്ചത് കാസർകോഡാണ്. രണ്ടാം സ്ഥാനത്ത് പത്തനംതിട്ട ജില്ലയാണ്. വിശദാംശങ്ങൾ **അനുബന്ധം 5.3.6**–ൽ നൽകിയിരിക്കുന്നു. 2024–ൽ കൂടുതൽ ആഭ്യന്തര

**ചിത്രം 5.3.5** 2023 ലും 2024 ലും ആദ്യ പത്ത് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ്, ശതമാനത്തിൽ




**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

വിനോദസഞ്ചാരികൾ മധ്യകേരളം സന്ദർശിച്ചതായി മേഖല തിരിച്ചുള്ള വിശദാംശങ്ങൾ കാണിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷമായി ഈ പ്രവണത അതേപടി തുടരുന്നു. 2024–ൽ കേരളത്തിലെ പ്രാദേശികാടിസ്ഥാനത്തിലുള്ള ആഭ്യന്തര വിനോദസഞ്ചാര സന്ദർശനങ്ങൾ **ചിത്രം 5.3.6** ൽ കൊടുത്തിരിക്കുന്നു.

### വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ സ്വാധീനം

2024–ൽ വിനോദസഞ്ചാര മേഖലയിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും ലഭിച്ച ആകെ വരുമാനം 45,053.61 കോടി രൂപയാണ്, ഇത് 2023–നെ (43,621.22 കോടി) അപേക്ഷിച്ച് 3.28 ശതമാനം വർദ്ധനവ് കാണിക്കുന്നു. 2023–നെ അപേക്ഷിച്ച് 2024–ൽ വിദേശ വിനോദസഞ്ചാരികളിൽ നിന്നുള്ള വിദേശനാണ്യ വരുമാനം വർദ്ധിച്ചിട്ടുണ്ട്. 2024–ൽ വിദേശനാണ്യ വരുമാനവും ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്ന് നേരിട്ടുള്ള വരുമാനവും യഥാക്രമം ₹6,631.02 കോടിയും 28,446.78 കോടിയും ആയിരുന്നു. 2023–ൽ വിദേശനാണ്യ വരുമാനം ₹5,245.09 കോടിയും ആഭ്യന്തര വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം ₹28,717.46 കോടിയുമായിരുന്നു. വിശദാംശങ്ങൾ **അനുബന്ധം 5.3.7**–ൽ നൽകിയിരിക്കുന്നു 2015 മുതൽ 2024 വരെ കേരളത്തിലെ വിനോദസഞ്ചാരത്തിൽ നിന്നുള്ള പ്രത്യക്ഷവും പരോക്ഷവുമായ വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 5.3.4**–ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 5.3.6** 2024 – ൽ കേരളത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ പ്രാദേശികാടിസ്ഥാനത്തിലുള്ള സന്ദർശനങ്ങൾ, ശതമാനത്തിൽ




**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**പട്ടിക 5.3.4** 2015 മുതൽ 2024 വരെ കേരളത്തിന് വിനോദസഞ്ചാരത്തിൽ നിന്നു ലഭിച്ച ആകെ വരുമാനം (പ്രത്യക്ഷവും പരോക്ഷവുമായത്)

| വർഷം | ആകെ വരുമാനം (പ്രത്യക്ഷവും പരോക്ഷവും) | ശതമാന വ്യത്യാസം (മുൻ വർഷത്തിൽ നിന്നും) |
|---|---|---|
| 2015 | 26,689.63 | 7.24 |
| 2016 | 29,658.56 | 11.12 |
| 2017 | 33,383.68 | 12.56 |
| 2018 | 36,258.01 | 8.60 |
| 2019 | 45,010.69 | 24.13 |
| 2020 | 11,335.96 | -74.81 |
| 2021 | 12,285.91 | 8.37 |
| 2022 | 35,168.42 | 186.25 |
| 2023 | 43,621.22 | 24.04 |
| 2024 | 45,053.61 | 3.28 |

**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

**കേരളത്തിലെ താമസ സൗകര്യ യൂണിറ്റുകൾ**

2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ആകെ വിനോദസഞ്ചാര താമസ യൂണിറ്റുകളുടെ എണ്ണം 9,423 ആണ്, അവയിൽ 1,21,982 മുറികളുമുണ്ട്. മുൻ വർഷങ്ങളിലെന്നപോലെ, ഏറ്റവും കൂടുതൽ താമസ സൗകര്യ യൂണിറ്റുകൾ ഇടുക്കി ജില്ലയിലാണ് (1,963 യൂണിറ്റുകൾ). തൊട്ടുപിന്നിൽ എറണാകുളം ജില്ലയാണ് (1,409 യൂണിറ്റുകൾ). മുൻ വർഷത്തെ അപേക്ഷിച്ച് ഈ ജില്ലകളിലെ താമസ സൗകര്യ യൂണിറ്റുകളിൽ വർദ്ധനവുണ്ടാകുന്ന പ്രവണതയാണ് കണക്കുകൾ കാണിക്കുന്നത്. വിശദാംശങ്ങൾ **അനുബന്ധം 5.3.8** ൽ നൽകിയിരിക്കുന്നു. കാസർഗോഡാണ് ഏറ്റവും കുറഞ്ഞ പാർപ്പിട യൂണിറ്റുകൾ (130) ഉള്ളത്.

**2024 – 2025 വർഷങ്ങളിലെ അവാർഡുകളും അംഗീകാരങ്ങളും**

2024–25–ൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിക്ക് നിരവധി അന്താരാഷ്ട്ര, ദേശീയ അവാർഡുകൾ ലഭിച്ചു, അതിൽ ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം (ഐസിആർടി) ഇന്ത്യ ആൻഡ് സബ്–കോണ്ടിനെന്റിന്റെ ഗോൾഡ് അവാർഡും ഉൾപ്പെടുന്നു, "എംപ്ലോയിംഗ് ആൻഡ് അപ് സ്കില്ലിംഗ് ലോക്കൽ കമ്മ്യൂണിറ്റീസ്" എന്ന വിഭാഗത്തിൽ ബേപ്പൂർ ഇന്റഗ്രേറ്റഡ് ആർടി ഡെവലപ്മെന്റ് പ്രോജക്ടിനാണ് ലഭിച്ചത്. കാർഷിക ടൂറിസം വിഭാഗത്തിൽ കുമരകത്തിനും ഉത്തരവാദിത്ത ടൂറിസം വിഭാഗത്തിൽ കടലുണ്ടിക്കും 2024 ലെ കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് റൂറൽ ടൂറിസം വില്ലേജ് അവാർഡും നേടി.

കേരള ടൂറിസത്തിന് (1) പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (പിഎടിഎ) ഡിജിറ്റൽ മാർക്കറ്റിംഗ് കാമ്പെയ്നിനുള്ള ഗോൾഡ് അവാർഡ് – വാട്ട്സ്ആപ്പ് മായ ഹോളിഡേ ഹീസ്റ്റ് ഓൺലൈൻ മത്സരം 2024, (2) സുസ്ഥിര വന്യജീവി ടൂറിസത്തിലെ ശ്രമങ്ങൾക്ക് (ടി.ഒ.എഫ്.ടി) ടൈഗേഴ്സ് സാങ്ച്വറി ഏഷ്യ അവാർഡ് 2024, (3) ഐടിബി ബെർലിനിൽ കാമ്പെയ്ൻ ഇന്റർനാഷണൽ വിഭാഗത്തിൽ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡ് 2025 – 'കം ടുഗെതർ കേരള' കാമ്പെയ്നിനുള്ള സിൽവർ സ്റ്റാർ, (4) ഐടിബി ബെർലിനിൽ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡ് 2025 – 'ശുഭ മംഗല്യം – കേരളത്തിലെ വിവാഹങ്ങൾ' എന്ന മ്യൂസിക് ഇന്റർനാഷണൽ വിഭാഗത്തിൽ എക്സലന്റ് അവാർഡ് (5) മീം ലെഡ് മേക്കോവർ കാമ്പെയ്നിന് ഏറ്റവും ആകർഷകമായ സോഷ്യൽ മീഡിയ കാമ്പെയ്നിനുള്ള പിഎടിഎ ഗോൾഡ് അവാർഡ് 2025 എന്നിവയുൾപ്പെടെയുള്ള അവാർഡുകൾ ലഭിച്ചു.

(1) എക്സലൻസ് ഇൻ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് & എന്റർപ്രെണർഷിപ്പ് (പബ്ലിക്) എന്ന വിഭാഗത്തിൽ എഫ്ഐസിസിഐ (ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി) യുടെ 11–ാമത് ഹയർ എഡ്യൂക്കേഷൻ എക്സലൻസ് അവാർഡ് 2025 (2) വിദ്യാഭ്യാസ വിഭാഗത്തിലെ മികച്ച സംഭാവനയുള്ള മെട്രോ എക്സ്പെഡിഷൻ ടൂറിസം അവാർഡ് 2024 എന്നിവ കിറ്റ്സിന് (കെഐടിടിഎസ്) ലഭിച്ചു.

**അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ**

കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മികച്ച നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക, ടൂറിസം ഉൽപ്പന്നങ്ങൾ പുറത്തിറക്കുക, നിലവിലുള്ള ഉൽപ്പന്നങ്ങൾ നിലനിർത്തുക/സംരക്ഷിക്കുക, നിലവിലുള്ള ഹോട്ടലുകളിൽ താമസ സൗകര്യം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതികളുടെ നവീകരണം എന്നിവയാണ് കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിടുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം പ്രധാനമായും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ), കേരള വിനോദസഞ്ചാര ഡെവലപ്മെന്റ് കോർപ്പറേഷൻ

**ബോക്സ് 5.3.2** കേരള ഡിസൈൻ നയം

"ഡിസൈൻ ബൈ ഫ്യൂച്ചർ" എന്ന ഡിസൈൻ പോളിസി നയം സെപ്റ്റംബർ മാസം 2024 ൽ കേരളത്തിൽ ആവിഷ്കരിച്ചു. വിനോദസഞ്ചാര അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ഇന്ത്യയിലെ ആദ്യത്തെ സമഗ്ര ഡിസൈൻ നയമാണിത്. പാലങ്ങൾ, തെരുവ് കാഴ്ചകൾ, സൈനേജുകൾ, പൈതൃക നിർമ്മിതികൾ തുടങ്ങിയ പൊതു ആസ്തികൾ സൗന്ദര്യവത്കരിക്കുന്നതിനും, പ്രവർത്തനക്ഷമത, സുസ്ഥിരത, സാംസ്കാരിക തനിമ എന്നിവ മെച്ചപ്പെടുത്തുന്നതിനും ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പരിസ്ഥിതി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുകയും പൊതു ഇടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുകയും ചെയ്യുക എന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം. ഡിസൈൻ-അടിസ്ഥാനമാക്കിയുള്ള സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിനും, പൊതു-സ്വകാര്യ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും, നൂതനവും സാമൂഹിക സ്വാധീനം ചെലുത്തുന്നതുമായ രൂപകൽപനയ്ക്കുള്ള ഒരു ആഗോള കേന്ദ്രമായി കേരളത്തെ ഉയർത്തുന്നതിനും ഈ നയം സഹായിക്കുന്നു. ഈ ഡിസൈൻ നയത്തിലുള്ള ആശയങ്ങളെ പുതിയ വിനോദസഞ്ചാര പദ്ധതികളുമായി സംയോജിപ്പിക്കുന്നതിന് ഉത്തരവാദപ്പെട്ട നോഡൽ ഏജൻസിയാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ).

ഡിസൈൻ നയത്തിന്റെ നേട്ടങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:

- കൊല്ലത്ത് എസ്എൻ കോളേജിന് സമീപമുള്ള റെയിൽവേ മേൽപ്പാലത്തിന് കീഴിലുള്ള സ്ഥലം മനോഹരമാക്കുകയും, നൂതനമായ രൂപകൽപ്പനയിലൂടെ അതിനെ ഒരു വിവിധോദ്ദേശ പൊതു സൗകര്യമാക്കി മാറ്റുകയും ചെയ്തു.
- അമ്പൂരി-കുമ്പിച്ചൽ പാലം പദ്ധതിയുടെ ഡിപിആർ തയ്യാറാക്കലും ഡിസൈൻ വികസനവും.
- കേരളത്തിലുടനീളമുള്ള നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കൽ.

**അവലംബം** : വിനോദ സഞ്ചാര വകുപ്പ്, കേരള സർക്കാർ

(കെടിഡിസി), ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ (ഡിടിപിസി) എന്നിവയിൽ നിക്ഷിപ്തമായിരിക്കുന്നു.

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ)- ടൂറിസം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കൽ, പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനുള്ള മാതൃകകൾ വികസിപ്പിക്കൽ, പൊതു-സ്വകാര്യ മേഖലകളിൽ കൺസൾട്ടൻസി സേവനങ്ങൾ വാഗ്ദാനം ചെയ്യുക എന്നിവയിൽ കെ.ടി.ഐ.എൽ എർപ്പെട്ടിരിക്കുന്നു. താജ്, ഒബ്റോയ് ഹോട്ടൽസ് ഓഫ് ഇന്ത്യ തുടങ്ങിയ പ്രമുഖ വ്യവസായ ഗ്രൂപ്പുകളുമായി കെടിഐഎൽ സംയുക്ത സംരംഭ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. കേരളത്തിനായുള്ള ഡിസൈൻ നയം, ഹെലി ടൂറിസം നയം, ക്രൂയിസ് ടൂറിസം നയം എന്നിവയുൾപ്പെടെ സംസ്ഥാനത്തിനായി നിരവധി പ്രധാന നയ ചട്ടക്കൂടുകൾ കെടിഐഎൽ രൂപപ്പെടുത്തിയിട്ടുണ്ട്. മൂലധന നിക്ഷേപത്തിനായി സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായം (എസ്.എ.എസ്.സി.ഐ), ചലഞ്ച് ബേസ് ഡെസ്റ്റിനേഷൻ ഡവലപ്മെന്റ് (സിബിഡിഡി), സ്വദേശ് ദർശൻ തുടങ്ങിയ കേന്ദ്രീകൃത ടൂറിസം പദ്ധതികൾക്കായുള്ള സംസ്ഥാനത്തിന്റെ നിയുക്ത നോഡൽ ഏജൻസി എന്ന നിലയിൽ, കെടിഐഎൽ അനുയോജ്യമായ പ്രൊപ്പോസലുകൾ കണ്ടെത്തി അവയുടെ അംഗീകാരം സുഗമമാക്കുകയും അവയുടെ നിർവ്വഹണം ഏകോപിപ്പിക്കുകയും ചെയ്യുന്നു. കേരള ടൂറിസം പതിപ്പ് 1.0 ന്റെ വിജയത്തിന്റെ തുടർച്ചയായി വികസനത്തിനുള്ള ഒരു ബദൽ മാതൃകയായി കെടിഐഎൽ കേരള ടൂറിസം പതിപ്പ് 2.0 രൂപപ്പെടുത്തിയിട്ടുണ്ട്.

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി) – 2024-25 കാലയളവിൽ, ബേക്കലിലെ മൂന്നാമത്തെ റിസോർട്ടായ ഗേറ്റ്‌വേ ബേക്കൽ റിസോർട്ടിന്റെ നിർമ്മാണം ബിആർഡിസി പൂർത്തിയാക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കോർപ്പറേഷൻ ബേക്കൽ ബീച്ച് കാർണിവൽ സംഘടിപ്പിക്കുകയും 'കഫേ ഡി ബേക്കലി'ന്റെ നിർമ്മാണത്തിന് തുടക്കമിടുകയും ചെയ്തു. ടാറ്റ ഗ്രൂപ്പിന് കീഴിലുള്ള ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ് (ഐഎച്ച്സിഎൽ), 2024 ഡിസംബറിൽ 151 മുറികളുള്ള ഒരു ഹോട്ടൽ ആരംഭിച്ചുകൊണ്ട് ബേക്കലിൽ ടാറ്റയുടെ സാന്നിധ്യം വിപുലീകരിച്ചു. ഡെസ്റ്റിനേഷൻ വിവാഹങ്ങൾക്കും എംഐസിഇ (MICE) ടൂറിസത്തിനും വിപുലമായ സൗകര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഉദുമ പള്ളത്ത് 150 മുറികളുള്ള ഒരു ബജറ്റ് സൗഹൃദ ജിഞ്ചർ ഹോട്ടലും പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. വിവാഹങ്ങൾക്കും സമ്മേളനങ്ങൾക്കുമുള്ള ഒരു പ്രധാന ലക്ഷ്യസ്ഥാനമായി ബേക്കലിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കോർപ്പറേഷന്റെ നയവുമായി യോജിച്ച് കൊണ്ട് ബിആർഡിസി യിൽ നിന്ന് പാട്ടത്തിനെടുത്ത ഭൂമിയിലാണ് ഈ പ്രോപ്പർട്ടികൾ പ്രവർത്തിക്കുന്നത്. ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്കയിലുള്ള ബിആർഡിസി പ്രോപ്പർട്ടിയും പുതിയ സംരംഭകർക്ക് കൈമാറുകയുണ്ടായി.

കേരള ടൂറിസം വികസന കോർപ്പറേഷൻ (കെടിഡിസി) കുമരകത്തെ വാട്ടർസ്കേപ്പിൽ ഒരു കോൺഫറൻസ് ഹാൾ നിർമ്മിക്കുകയും ജി20 ഷെർപ്പ മീറ്റിംഗിന് ആതിഥേയത്വം വഹിക്കുകയും ചെയ്തു. ബോൾഗാട്ടി പാലസിലെ കാരവൻ പാർക്കുകളുടെ നിർമ്മാണം, തൃശ്ശൂരിലെ ടാമറിൻഡ് ഈസി ഹോട്ടൽ, നാലുകെട്ട്, ബോൾഗാട്ടിയിലെ പാലസ് റൂം & ഐലൻഡ് റിസോർട്ട് എന്നിവയുടെ മെച്ചപ്പെടുത്തലും നവീകരണവും എന്നിവയാണ് കെടിഡിസിയുടെ മറ്റ് പ്രധാന പദ്ധതികൾ. ചെന്നൈയിലെ റെയിൻ ഡ്രോപ്പ്സിന്റെ 45 മുറികളുടെ നവീകരണം, സമുദ്ര ഹോട്ടൽ ഘട്ടം III, ബോൾഗാട്ടി പാലസിലെ ഇവന്റ് സെന്ററിന്റെയും ഇന്റർനാഷണൽ മറീനയുടെയും മെച്ചപ്പെടുത്തലും

നവീകരണവും എന്നിവയാണ് കെടിഡിസിയുടെ പൂർത്തിയായിക്കൊണ്ടിരിക്കുന്ന മറ്റ് പ്രധാന പദ്ധതികൾ.

വിനോദസഞ്ചാര വകുപ്പ് – അടിസ്ഥാന സൗകര്യ പദ്ധതികളുടെ പൂർത്തീകരണ നേട്ടങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു; പാലക്കാട് ശിലാവാതിക പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ, പൊൻമുടിയിലെ പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം, ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ കീഴിൽ ചരിത്ര കെട്ടിടങ്ങളുടെ രണ്ടാം ഘട്ട ഇല്ല്യൂമിനേഷൻ, കനകക്കുന്ന് കൊട്ടാരത്തിലെ നൈറ്റ് ലൈഫ് ടൂറിസം പദ്ധതിയും ലാൻഡ്സ്കേപിംഗും, വർക്കലയിലെ കാപ്പിൽ ബീച്ചിന്റെ സൗന്ദര്യവൽക്കരണം, തിരുവനന്തപുരം പെരുമാതുറ ബീച്ചിന്റെ വികസനം, കായിക്കര ആശാൻ സ്മാരകത്തിൽ ടൂറിസം അവെയർനെസ് ഇൻഫർമേഷൻ കേന്ദ്രം സ്ഥാപിക്കൽ, ഗവി ഇക്കോ ടൂറിസത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വികസനം, ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം രണ്ടാം ഘട്ടത്തിനായുള്ള അധിക സൗകര്യങ്ങൾ, തടിക്കടവ് പാലത്തിന്റെ സൗന്ദര്യവൽക്കരണം, കാലടിയിലെ മാണിക്യമംഗലത്ത് വിനോദസഞ്ചാര കേന്ദ്രത്തിന്റെയും ഓപ്പൺ ജിമ്മിന്റെയും വികസനം, ഇടുക്കിയിലെ പീരുമേട്ടിലെ ഇക്കോ ലോഡ്ജിന്റെ അറ്റകുറ്റപ്പണികൾ, മൂന്നാർ താമസ സമുച്ചയം, പീരുമേട്ടിലെ ഗവൺമെന്റ് ഗസ്റ്റ് ഹൗസിനെ പ്രവർത്തനക്ഷമമാക്കൽ, ബേപ്പൂർ–ടൂറിസം ഒന്നാം ഘട്ടത്തിന്റെ (ബേപ്പൂർ ആൻഡ് ബിയോണ്ട്) വികസനവും നവീകരണവും, മമ്മിളിക്കടവ്, ഫറോക്ക് പഴയ പാലം എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബോട്ട് ജെട്ടി സ്ഥാപിക്കൽ, നവീകരണ പ്രവർത്തനങ്ങൾ. ബേപ്പൂർ തുറമുഖ കവാടത്തിലെ പ്രതിമയുടെ നിർമ്മാണം, കോഴിക്കോട് ടൂറിസ്റ്റ് ഇൻഫർമേഷൻ കം ജോയിന്റ് ഡയറക്ടറുടെ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം, ഓഷ്യാനസ് ചാലിയം ബീച്ച് ഒന്നും രണ്ടും ഘട്ടങ്ങൾ, കടലുണ്ടി പക്ഷി സങ്കേതത്തിന്റെ നടപ്പാത നിർമ്മാണം, തൃശ്ശൂർ സ്വരാജ് റൗണ്ടിലെ നെഹ്റു പാർക്ക്, പൂന്താനം സാംസ്കാരിക നിലയം രണ്ടാം ഘട്ടം, എന്നിവയുടെ നവീകരണം, പൊന്നാനി നിള ഹെറിറ്റേജ് മ്യൂസിയത്തിന്റെ നിർമ്മാണം.

### മാനവ വിഭവശേഷി വികസനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (എഫ്.സി.ഐ) എന്നിവയാണ് വിനോദസഞ്ചാരത്തിലെ മാനവവിഭവശേഷി വികസനത്തിനുള്ള പ്രധാന സ്ഥാപനങ്ങൾ. കിറ്റ്സ് ട്രാവൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയിൽ നിരവധി നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുന്നു. അതിന്റെ അക്കാദമിക് പ്രോഗ്രാമിൽ ഇനി പറയുന്നവ ഉൾപ്പെടുന്നു: i) ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (എഐസിടിഇ) അംഗീകരിച്ച ട്രാവൽ ആൻഡ് ടൂറിസത്തിൽ എംബിഎ; ii) മൂന്ന് വർഷത്തെ ബിബിഎ ടൂറിസം മാനേജ്മെന്റ്, iii) ട്രാവൽ ആൻഡ് ടൂറിസത്തിൽ മൂന്ന് വർഷത്തെ ബി.കോം – ബിരുദ പ്രോഗ്രാമുകൾ രണ്ടും കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളവയാണ്. 2024–25 കാലയളവിൽ, 34 എംബിഎ വിദ്യാർത്ഥികൾക്ക് വിവിധ എയർലൈനുകളിലും വിമാനത്താവളങ്ങളിലും ഹോസ്പിറ്റാലിറ്റിയിലും അനുബന്ധ മേഖലകളിലും തൊഴിൽ ലഭിച്ചു. കിറ്റ്സിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര തൊഴിലവസരങ്ങളും നേടാൻ കഴിഞ്ഞിട്ടുണ്ട്. കിറ്റ്സിന്റെ ബിരുദാനന്തര പ്രോഗ്രാമുകളുടെ തൊഴിൽ നിരക്ക് 90 ശതമാനമായിരുന്നു.

2024–25 കാലയളവിൽ, KITTS പുതിയ കോഴ്സുകൾ ആരംഭിക്കുകയും, എൻഎഎസി അക്രഡിറ്റേഷനും UNWTO TedQual സർട്ടിഫിക്കേഷനുമുള്ള പ്രക്രിയകൾ അന്തിമ ഘട്ടത്തിലാക്കുകയും ചെയ്തു. അതിന്റെ ലൈബ്രറി, ടൂറിസത്തിനായുള്ള സംസ്ഥാനതല പഠന വിഭവ കേന്ദ്രമായി മെച്ചപ്പെടുത്തി. ഐഎഫ്എസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽ നിന്ന് കിറ്റ്സിന് അംഗീകാരം ലഭിച്ചു. കൂടാതെ വനമേഖലകളിൽ ഡെസ്റ്റിനേഷൻ ആൻഡ് സേഫ്റ്റി ഓഡിറ്റ് നടത്തുന്നതിന് കേരള വനം വകുപ്പുമായി ഒരു കരാറിൽ ഒപ്പുവച്ചു. വിനോദസഞ്ചാരത്തിന്റെ പാരിസ്ഥിതിക, സാമൂഹിക, അടിസ്ഥാന സൗകര്യ ആഘാതങ്ങൾ വിലയിരുത്തുന്നതിനും സുസ്ഥിര വികസനവും പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണവും ഉറപ്പാക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വാഹക ശേഷി സർവേകൾ കിറ്റ്സ് നടത്തിവരുന്നു. വിനോദസഞ്ചാരികളുടെ വരവ് നിയന്ത്രിക്കുന്നതിനും വിഭവങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമുള്ള കേരള ഹൈക്കോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ഈ സംരംഭം നടത്തുന്നത്. വർക്കല, കോവളം, മൂന്നാർ എന്നീ സ്ഥലങ്ങളാണ് ഇത്തരം പ്രാരംഭ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷനിൽ ബിഎസ്സി ബിരുദം, ഭക്ഷ്യ ഉൽപാദനത്തിൽ ഡിപ്ലോമ തുടങ്ങിയ കോഴ്സുകളും, ഹോസ്പിറ്റാലിറ്റിയുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള പരിശീലന പരിപാടികളും എസ്ഐഎച്ച്എം നടത്തുന്നു. നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുമായി (ടൂറിസം മന്ത്രാലയം, ഭാരത സർക്കാർ) ഈ സ്ഥാപനം അഫിലിയേറ്റ് ചെയ്തിരിക്കുന്നു. ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയാണ് ബിരുദം നൽകുന്നത്. 2024–25 കാലയളവിൽ, എസ്ഐഎച്ച്എം കോഴിക്കോട് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മൊത്തം വരുമാനത്തിൽ 31.4 ശതമാനം (23.98 കോടി രൂപ) വർദ്ധനവ് രേഖപ്പെടുത്തി. എസ്ഐഎച്ച്എം കോഴിക്കോട്ട് സ്ത്രീ ശാക്തീകരണ പരിശീലന പരിപാടികൾ നടത്തുകയും, അതിൽ 75 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു. കാമ്പസ് പ്ലേസ്മെന്റിൽ എസ്ഐഎച്ച്എമ്മിലെ 59 വിദ്യാർത്ഥികൾക്ക് വിവിധ ആഡംബര ഹോട്ടലുകളിൽ നിന്നും തൊഴിൽ വാഗ്ദാനം ലഭിക്കുകയുണ്ടായി.

### ഡെസ്റ്റിനേഷൻ ചലഞ്ച്

കേരള ടൂറിസത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി, കേന്ദ്രീകൃത നിക്ഷേപത്തിലൂടെയും അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും നിർദ്ദിഷ്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള

നയപരമായ സംരംഭത്തിന്റെ ഭാഗമാണ്. ഡെസ്റ്റിനേഷൻ ചലഞ്ച് സമീപനം, പൊതു–സ്വകാര്യ പങ്കാളിത്തത്തിനും ഉത്തരവാദിത്ത ടൂറിസത്തിനും ഊന്നൽ നൽകുന്നു. കേരളത്തിന്റെ അതുല്യമായ പ്രകൃതി, സാംസ്കാരിക വിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ഒരു മികച്ച വിനോദസഞ്ചാര അനുഭവം നൽകുന്ന കേന്ദ്രമെന്ന നിലയിൽ അതിന്റെ ആകർഷണം വർദ്ധിപ്പിക്കുന്നു. തരൂരിലെ കാരമലയിലെ കുട്ടികളുടെ സാഹസിക പാർക്ക്, ചെങ്ങമനാട് മംഗലംപുഴ പാർക്ക് നവീകരണം, പാപ്പിനിമേട് വ്യൂ പോയിന്റിന്റെ സൗന്ദര്യവൽക്കരണം, വേങ്ങൂരിലെ കോടംപള്ളി ചിറ നവീകരണം, അയവനയിലെ ചെമ്പ്രംകോട്ട് ചിറ ടൂറിസം പദ്ധതി, നെടുംകുളം കടവ് എന്നിവയാണ് ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാമിന് കീഴിൽ പൂർത്തീകരിച്ച പദ്ധതികൾ.

**ഉത്തരവാദിത്ത ടൂറിസം**

ഗ്രാമീണ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം എന്നിവയ്ക്കുള്ള ഒരു ഉപാധിയായി വിനോദസഞ്ചാരത്തെ മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തം ഉൾപ്പെടെയുള്ള ഉത്തരവാദിത്ത ടൂറിസത്തിന്റെ തത്വങ്ങളിൽ അടിസ്ഥാനമാക്കിയാണ് ഇത് പ്രവർത്തിക്കുന്നത്. ഈ മിഷൻ വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി (കെആർടിഎം സൊസൈറ്റി) ആയി മാറുകയും, 2024 ഏപ്രിൽ 1 മുതൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു. ഗ്രാമീണ ടൂറിസം, സുസ്ഥിര ടൂറിസം, ഗ്രാമീണ ഹോംസ്റ്റേ സംരംഭങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി ഭാരത സർക്കാരിന്റെ വിനോദസഞ്ചാര മന്ത്രാലയം നിയോഗിച്ച സംസ്ഥാന നോഡൽ ഏജൻസിയായും ഇത് പ്രവർത്തിക്കുന്നു. കെആർടിഎം സൊസൈറ്റിയുടെ പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും താഴെ പറയുന്നവയാണ്.

തിരഞ്ഞെടുത്ത സ്ഥലങ്ങളെ 100 ശതമാനം ഉത്തരവാദിത്ത വിനോദസഞ്ചാര രീതികൾ പ്രാവർത്തികമാക്കുന്ന കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക എന്നതാണ് മോഡൽ ആർടി വില്ലേജ് പദ്ധതി ലക്ഷ്യമിടുന്നത്. അയ്മനം ആദ്യത്തെ മോഡൽ ആർടി വില്ലേജാണ്. ഇത് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അംഗീകാരം നേടിയിട്ടുണ്ട്. നിലവിൽ 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (എൽഎസ്ജി) ഈ പദ്ധതി നടപ്പിലാക്കിവരികയാണ്.

ബേപ്പൂരിനെ ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രമായി പ്രചരിപ്പിക്കുന്നതിനായി STREET (സസ്റ്റെയ്നബിൾ, ടാൻജ്യബിൾ, റെസ്പോൺസിബിൾ, എക്സ്പെരൻഷ്യൽ, എത്നിക് ടൂറിസം), PEPPER (ഉത്തരവാദിത്ത ടൂറിസത്തിലൂടെ പാർട്ടിസിപ്പേറ്ററി പ്ലാനിംഗിനും ശാക്തീകരണത്തിനും വേണ്ടിയുള്ള ജനങ്ങളുടെ പങ്കാളിത്തം) എന്നീ സംരംഭങ്ങളെ സംയോജിപ്പിച്ചാണ് ബേപ്പൂർ RT സംയോജിത വികസന പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി, കേരളത്തിനകത്തും പുറത്തുമുള്ള വിനോദസഞ്ചാരികൾ, കലാകാരന്മാർ, കരകൗശല വിദഗ്ധർ എന്നിവരുടെ പങ്കാളിത്തത്തോടെ 2024 ഫെബ്രുവരിയിൽ ടെക്സ്റ്റൈൽ ആർട്ട് ഫെസ്റ്റ് സംഘടിപ്പിച്ചു. ബേപ്പൂർ പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ പൂർത്തിയായിട്ടുണ്ട്, 2 ഘട്ടങ്ങൾ കഴിഞ്ഞതോടുകൂടി ഈ പദ്ധതിയുടെ പൂർത്തീകരണം അന്തിമഘട്ടത്തിലാണ്.

കെ.ആർ.ടി.എം സൊസൈറ്റിയുടെ എക്സ്പെരൻഷ്യൽ ടൂറിസം പാക്കേജുകളിലൂടെ വിനോദസഞ്ചാരികൾക്ക് ഗ്രാമീണ ജീവിതം, പ്രാദേശിക സംസ്കാരം, പരമ്പരാഗത താമസ സൗകര്യങ്ങൾ, സൈക്കിൾ പാതകൾ, കൃഷി പ്രവർത്തനങ്ങൾ, ഉത്സവാധിഷ്ഠിത സഞ്ചാരങ്ങൾ എന്നിവയുടെ യഥാർത്ഥ അനുഭവങ്ങൾ നൽകുന്നു. നിലവിൽ, 140 പാക്കേജുകൾ പ്രവർത്തനക്ഷമമാണ്. 850 കുടുംബങ്ങളെ അനുഭവ ടൂറിസം പ്രവർത്തനങ്ങളുമായി ഇത് ബന്ധിപ്പിക്കുന്നു. അധിക വരുമാനം ഉണ്ടാക്കുന്നതിനായി കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് കർഷകരെയും കാർഷിക രീതികളെയും വിനോദസഞ്ചാരവുമായി ബന്ധിപ്പിക്കുന്നു. ഈ പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി ആകെ 952 വ്യക്തികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്, കൂടാതെ 452 യൂണിറ്റുകൾ നിലവിൽ പ്രവർത്തനക്ഷമവുമാണ്. 103 എണ്ണം ആർ.ടി. മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. അധിക നിക്ഷേപം ആവശ്യമില്ലാതെ വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാദേശിക സ്ത്രീകളെ 'എക്സ്പീരിയൻസ് എത്നിക്/ലോക്കൽ ക്യുസിൻ നെറ്റ്‌വർക്ക്' പിന്തുണയ്ക്കുന്നു. നിലവിൽ 2,800 കുടുംബങ്ങൾ ഇതിൽ ഉൾപ്പെടുന്നു. വനിതാ സൗഹൃദ ടൂറിസം ഇനിഷ്യേറ്റീവിന് കീഴിൽ, യുഎൻ വുമൺ ഇന്ത്യയുമായി സഹകരിച്ച് കേരളം, വിനോദസഞ്ചാര മേഖലയിലെ ഒരു ജെൻഡർ ഓഡിറ്റ് നടത്തി. അതിന്റെ ഭാഗമായി 78 സ്ഥലങ്ങളിൽ സുരക്ഷാ വിലയിരുത്തലുകൾ പൂർത്തിയായി. ജെൻഡർ–ഇൻക്ലൂസീവ് ആൻഡ് റെസ്പോൺസിബിൾ ടൂറിസത്തെക്കുറിച്ചുള്ള ആദ്യത്തെ ആഗോള വനിതാ സമ്മേളനം 2024 നവംബറിൽ മൂന്നാറിൽ നടന്നു.

നിലവിൽ, ആർടി മിഷനിൽ ആകെ 25,015 വ്യക്തിഗത, ഗ്രൂപ്പ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 17,884 എണ്ണം സ്ത്രീകളുടെ ഉടമസ്ഥതയിൽ ഉള്ളതോ നേതൃത്വം നൽകുന്നതോ ആണ്. ഈ സംരംഭങ്ങളിലൂടെ, 50,030 പേർ നേരിട്ടും 1,00,060 പേർ അല്ലാതെയും ടൂറിസവുമായി ബന്ധപ്പെട്ടിരിക്കുന്നു, ഇതിലൂടെ ആകെ 1,50,000 കുടുംബങ്ങളെ വരുമാനമുണ്ടാക്കാനുള്ള അവസരങ്ങളുണ്ടാക്കുന്നു. ഓൺലൈൻ, ഓഫ്‌ലൈൻ പ്ലാറ്റ്‌ഫോമുകൾ വഴി ടൂറിസം വ്യവസായവുമായി അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ബന്ധിപ്പിച്ചുകൊണ്ട് കെആർടിഎം സൊസൈറ്റി ഈ യൂണിറ്റുകളെ പിന്തുണയ്ക്കുന്നു. നിലവിൽ ഇത്തരം അഞ്ച് ഓൺലൈൻ പ്ലാറ്റ്‌ഫോമുകൾ ആർറ്റി മിഷൻ പ്രവർത്തിപ്പിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിനുശേഷം, രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ മൊത്തം 100.76 കോടി രൂപ, 2024–25 ലെ 23.15 കോടി രൂപ ഉൾപ്പടെ, നേടുകയുണ്ടായി. ആർടി മിഷന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ പ്രശംസിക്കപ്പെടുകയും മാതൃകാപരമായ ഉത്തരവാദിത്ത ടൂറിസം രീതികൾക്ക് നിരവധി ദേശീയ, അന്തർദേശീയ അവാർഡുകൾ നേടുകയും ചെയ്തു.

**കേരളത്തിലെ ഇക്കോ ടൂറിസം**

വനത്തെആശ്രയിക്കുന്നസമൂഹങ്ങളുടെപ്രയോജനത്തിനായി പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായാണ് കേരളത്തിലെ ഇക്കോട്ടൂറിസം വികസിപ്പിച്ചെടുത്തത്. ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള വിനോദസഞ്ചാര സന്ദർശനങ്ങൾ കൂടുതലും ആഭ്യന്തര സഞ്ചാരികളാണ്. സഞ്ചാരികൾക്ക് കൂടുതൽ താൽപര്യമുള്ള വിനോദസഞ്ചാര സ്ഥലമായി തെന്മല തുടരുന്നു. 2024 ൽ ആകെ 1,70,347 വിനോദസഞ്ചാരികൾ തെന്മല സന്ദർശിച്ചു, ഇത് മുൻ വർഷത്തേക്കാൾ 5.52 ശതമാനം കൂടുതലാണ്. 2024-25 ൽ എലിവേറ്റഡ് വാക്ക്‌വേയും തൂക്കുപാലവും ഉൾപ്പെടെ തെന്മല ഇക്കോട്ടൂറിസം പദ്ധതിയുടെ നവീകരണവും സംഗീത നൃത്ത ജലധാരയുടെ പുനരുജ്ജീവനവും പൂർത്തിയായി. മുണ്ടേരിക്കടവിലെ ബേർഡ് പാർക്ക്, തുങ്ങാംപാറയിലെ കമ്മ്യൂണിറ്റി പാർക്ക് എന്നീ ഇക്കോട്ടൂറിസം പദ്ധതികൾ പുരോഗമിക്കുന്നു.

**ടൂറിസം ഹബ്ബുകൾ**

സുസ്ഥിര വികസനം, കാര്യക്ഷമമായ ഭൂവിനിയോഗം, പരിസ്ഥിതി സംരക്ഷണം, പ്രാദേശിക സമൂഹങ്ങളുമായി വിനോദസഞ്ചാര അടിസ്ഥാന സൗകര്യങ്ങളുടെ സമന്വയം എന്നിവ ഉറപ്പാക്കുന്നതിനായ സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ നിർണായകമാണ്. കേരളത്തിലുടനീളമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചുവരുന്നു. ഓരോ വിനോദസഞ്ചാര കേന്ദ്രത്തെയും ഒരു സംയോജിത വിനോദസഞ്ചാര കേന്ദ്രമാക്കുകയും, അതിന്റെയും പരിസര പ്രദേശങ്ങളെയും കുറിച്ചുള്ള സമഗ്രമായ വിവരങ്ങളും അവശ്യ അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിനും വിഭാവനം ചെയ്യുന്നു. ഇത് പ്രാദേശിക സമൂഹങ്ങൾക്ക് പ്രയോജനകരമാവുകയും പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. കാരവൻ പാർക്കുകൾ, മോട്ടലുകൾ, ഇൻഫർമേഷൻ കിയോസ്കുകൾ, ഫുഡ് കോർട്ടുകൾ, സാംസ്കാരിക പ്രകടനങ്ങൾക്കുള്ള ആംഫി തിയേറ്ററുകൾ, സുവനീർ ഷോപ്പുകൾ, ചിട്ടയോടുള്ള വാഹന പാർക്കിംഗ്, വാടക സൈക്കിൾ സേവനങ്ങൾ, ഹോംസ്റ്റേ ബുക്കിംഗ് കൗണ്ടറുകൾ, ക്ലോക്ക് റൂമുകൾ, മറ്റ് സന്ദർശക സൗകര്യങ്ങൾ തുടങ്ങിയ ശരിയായി ആസൂത്രണം ചെയ്ത സൗകര്യങ്ങളിലൂടെ തടസ്സമില്ലാത്ത സന്ദർശക അനുഭവങ്ങൾ ഉറപ്പാക്കാൻ ഈ ഹബ്ബുകൾ ലക്ഷ്യമിടുന്നു. വിനോദം, സംസ്കാരം, ചെറുകിട കച്ചവടം, താമസ സൗകര്യങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള വികസനങ്ങളിലും അവ ശ്രദ്ധ കേന്ദ്രീകരിക്കുകയും, മറ്റ് വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തിപ്പെടുന്നതിനുള്ള സൗകര്യവും ഉറപ്പുവരുത്തുന്നു. പോപ്പ്-അപ്പ് മാർക്കറ്റുകൾ, ഫാം-ടു-ടേബിൾ ഡൈനിംഗ് അനുഭവങ്ങൾ, വെൽനസ് മേഖലകൾ, സമൂഹത്തിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വർക്ക്ഷോപ്പുകൾ, കാലാവസ്ഥാ-പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഉത്തരവാദിത്ത ടൂറിസ സംരംഭങ്ങൾ തുടങ്ങിയ ആശയങ്ങൾ ടൂറിസം ഹബ്ബിൽ ഉൾപ്പെടുന്നു.

**മുന്നോട്ടുള്ള വഴി**

വർഷം മുഴുവനും നടക്കുന്ന വിനോദസഞ്ചാര സംരംഭങ്ങൾ, ഡിജിറ്റൽ നവീകരണം, പരിസ്ഥിതി സൗഹൃദ രീതികൾ എന്നിവയിലൂടെ കേരളത്തിന്റെ ടൂറിസം മേഖല ശക്തിയാർജിച്ച വരികയാണ്, വെൽനസ് ടൂറിസം, പ്രവർത്തനങ്ങൾ, സാംസ്കാരിക അനുഭവങ്ങൾ തുടങ്ങിയ ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അവ സംസ്ഥാനത്തെ സജ്ജമാക്കുന്നു. വൃത്തിയുള്ള ചുറ്റുപാടുകൾ, മതിയായ പൊതു ശൗചാലയങ്ങൾ, കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, നന്നായി പരിപാലിക്കപ്പെടുന്ന റോഡുകൾ എന്നിവ സുരക്ഷിതവും സുഖകരവും പോസിറ്റീവുമായ സന്ദർശക അനുഭവത്തിന്റെ അടിത്തറയായി മാറുന്നതിനാൽ, സർക്കാർ നയിക്കുന്ന അടിസ്ഥാന സൗകര്യ വികസനം വിനോദസഞ്ചാര വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും ടൂറിസത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നതിലൂടെയും സൃഷ്ടിപരമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഡിസൈൻ നയം സമ്പദ്‌വ്യവസ്ഥയെ കൂടുതൽ മുന്നോട്ട് നയിക്കും. വേഗത്തിലുള്ള നയനിർമ്മാണം, ശക്തമായ ഉപഭോക്തൃ സഹകരണം, വ്യാപകമായി സാങ്കേതികവിദ്യ സ്വീകരണം എന്നിവ വിനോദസഞ്ചാര മേഖലയുടെ സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സുസ്ഥിരത എന്നിവ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. ഗുണനിലവാരമുള്ള താമസസൗകര്യം, ഹോസ്പിറ്റാലിറ്റി സേവനങ്ങൾ, റെസ്റ്റോറന്റുകൾ, സേവന നിലവാരം മെച്ചപ്പെടുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന മറ്റ് സന്ദർശക കേന്ദ്രീകൃത സൗകര്യങ്ങൾ എന്നിവ നൽകുന്നതിനാൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം വർദ്ധിക്കേണ്ടത് ആവശ്യമാണ്.

വൃത്തിയുള്ളതും, ആകർഷകവും, മികച്ചരീതിയിൽ പരിപാലിക്കപ്പെടുന്നതുമായ ടൂറിസം ഹബ്ബുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് കേരളത്തിന്റെ ദീർഘകാല ലക്ഷ്യം. ഇതിലൂടെ പ്രാദേശിക പൈതൃകത്തെയും സൗന്ദര്യവൽക്കരണത്തെയും സംയോജിപ്പിച്ച് ഓരോ വിനോദസഞ്ചാര കേന്ദ്രത്തിലും സവിശേഷ അനുഭവം സന്ദർശകർക്ക് പ്രദാനം ചെയ്തുകൊണ്ട് സംതൃപ്തി വർദ്ധിപ്പിക്കും. ആഗോളതലത്തിൽ സാന്നിധ്യം ഉറപ്പാക്കുന്നതിനായി ഡിജിറ്റൽ സാക്ഷരതയും ഉപഭോക്തൃ സേവനവും ഉൾപ്പെടെയുള്ള പരിജ്ഞാനം ടൂറിസം മേഖലയ്ക്ക് ആവശ്യമാണ്. മൊബൈൽ ആപ്ലിക്കേഷന്റെ ഉപയോഗം, ഓഗ്മെന്റഡ് റിയാലിറ്റി അധിഷ്ഠിത പൈതൃക പുനരാവിഷ്കരണം, പരിസ്ഥിതി സൗഹൃദ രീതികൾ എന്നിവ ഉൾപ്പെട്ട ഡിജിറ്റൽ സൗകര്യങ്ങളോടെ സജ്ജീകരിച്ച സന്ദർശക കേന്ദ്രങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇക്കോട്ടൂറിസം സൈറ്റുകളുടെ സുസ്ഥിര വികസനവും സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഒരു സംസ്ഥാന ഇക്കോട്ടൂറിസം നയം രൂപീകരിക്കേണ്ടത് ആവശ്യമാണ്.

# 5.4 വിദേശ വ്യാപാരം

**ആമുഖം**

ലോക വ്യാപാര ശൃംഖലയിൽ 2025 വർഷം ദൂരവ്യാപകമായ ഒരു മാറ്റം അടയാളപ്പെടുത്തുന്നു. 2025 ന്റെ ആദ്യ പകുതിയിൽ ലോക വ്യാപാരം 4 ശതമാനം വർദ്ധിക്കുമെന്ന UNCTAD ന്റെ വിലയിരുത്തലിനു മങ്ങലേൽക്കാനിടയായത്, 2025-26 വർഷം ഐഎംഎഫ് (IMF) പ്രവചിച്ച ശരാശരി വളർച്ചാനിരക്ക് 2.9 ശതമാനയതിനാൽ ആണ്, ആയത് 2024-ലെ 3.5 ശതമാനം വളർച്ചാനിരക്കിനെക്കാൾ കുറവാണ്. മുൻകൂട്ടി നടപ്പാക്കിയ നിക്ഷേപങ്ങളും നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയ നിക്ഷേപങ്ങളും മൂലം, 2025-ലെ ആദ്യ പകുതിയിൽ ആഗോള വ്യാപാരം വലിയ തോതിൽ ബാധിക്കപ്പെട്ടില്ല. എന്നാൽ, രണ്ടാം പകുതിയിൽ അമേരിക്ക തന്റെ വ്യാപാര പങ്കാളികൾക്കെതിരെ വൻതോതിലുള്ള തീരുവകൾ പ്രഖ്യാപിച്ചതോടെ ആഗോള വ്യാപാര രംഗത്ത് നയപരമായ അനിശ്ചിതത്വം രൂപപ്പെട്ടു. വ്യാപാര സംവിധാനത്തിൽ നിന്നുള്ള ബഹുമുഖ നിയമാധിഷ്ഠിതമായ ഈ വ്യതിയാനം ആഗോളതലത്തിൽ ഉപഭോഗത്തെയും നിക്ഷേപത്തെയും പ്രത്യേകിച്ച് താഴ്ന്ന വരുമാനമുള്ള സമ്പദ്‌വ്യവസ്ഥകളെയും ചെറുകിട സംരംഭങ്ങളെയും ബാധിച്ചേക്കും. കഴിഞ്ഞ രണ്ട് ദശകങ്ങളായി, വടക്ക് നിന്ന് തെക്കോട്ട് ആഗോള വ്യാപാരം വൈവിധ്യവൽക്കരിക്കപ്പെടുകയും 1995 ലെ 18 ശതമാനത്തിൽ നിന്ന് തെക്കൻ മേഖല ആഗോള ഉൽപാദനത്തിന്റെ 30% ത്തിലധികമാകുകയും ചെയ്തു. (UNCTAD, വ്യാപാര വികസന റിപ്പോർട്ട്, ഒക്ടോബർ, 2025). ഈ മാറ്റത്തിന് എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സാമ്പത്തിക ഘടനയെയും ആഗോള ഭരണത്തെയും കുറിച്ചുള്ള സൃഷ്ടിപരമായ ചർച്ച ആവശ്യമാണ്.

**ഇന്ത്യയിലെ വിദേശ വ്യാപാരം**

ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതി 2022-23 ൽ 770.18 ബില്യൺ ഡോളറിൽ നിന്ന് 2023-24 ൽ 776.68 ബില്യൺ ഡോളറായി വർദ്ധിച്ചുവെന്നും 0.84 ശതമാനം വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയതെന്നും വാണിജ്യ വ്യവസായ മന്ത്രാലയം കണക്കാക്കിയിട്ടുണ്ട്. 2024-25 ലെ മൊത്തം കയറ്റുമതി 820.93 ബില്യൺ ഡോളറായിരുന്നു, 2023-24 നെ അപേക്ഷിച്ച് 5.70 ശതമാനം വളർച്ച ആയത് രേഖപ്പെടുത്തുന്നു.

2023-24-ലെ ചരക്ക് കയറ്റുമതി 437.06 ബില്യൺ ഡോളറിൽ നിന്ന് 2024-25-ൽ 437.42 ബില്യൺ ഡോളറായി. 2024-25

**പട്ടിക 5.4.1** ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതിയും ഇറക്കുമതിയും: 2018-19 മുതൽ 2024-25 വരെ, മൂല്യം ബില്യൺ യുഎസ് ഡോളറിൽ

| വർഷം | കയറ്റുമതി | | | ഇറക്കുമതി | | |
|---|---|---|---|---|---|---|
| | ചരക്ക് കയറ്റുമതി | സേവന കയറ്റുമതി | മൊത്തത്തിലുള്ള കയറ്റുമതി | ചരക്ക് ഇറക്കുമതി | സേവന ഇറക്കുമതി | മൊത്തത്തിലുള്ള ഇറക്കുമതി |
| 2018-19 | 330.1 | 208 | 538.1 | 514.1 | 126.1 | 640.2 |
| 2019-20 | 313.4 | 213.2 | 526.6 | 474.7 | 128.3 | 603 |
| 2020-21 | 291.81 | 206.1 | 497.9 | 394.44 | 117.52 | 511.96 |
| 2021-22 | 421.80 | 254.4 | 676.2 | 611.89 | 144.79 | 756.68 |
| 2022-23 | 447.46 | 322.72 | 770.18 | 714.24 | 177.94 | 892.18 |
| 2023-24 | 437.06 | 339.62 | 776.68 | 677.24 | 177.56 | 854.8 |
| 2024-25 | 437.42 | 383.51 | 820.93 | 720.24 | 194.95 | 915.19 |

**അവലംബം**: കേന്ദ്രവ്യവസായ വാണിജ്യ വകുപ്പ് മന്ത്രാലയം

ൽ സേവന കയറ്റുമതി 383.51 ബില്യൺ ഡോളറായിരുന്നു, മുൻ കാലയളവിനെ അപേക്ഷിച്ച് ഇത് 12.92 ശതമാനം വളർച്ച കാണിക്കുന്നു. 2022–23 ലെ ചരക്ക് ഇറക്കുമതി 714.24 ബില്യൺ ഡോളറായിരുന്നു, ഇത് 2023–24 ൽ 677.24 ബില്യൺ ഡോളറായി കുറഞ്ഞു പിന്നീട് അത് 2024–25 ൽ 720.24 ബില്യൺ ഡോളറായി വർദ്ധിച്ചതായി കാണാം. 2023–24 ൽ സേവന ഇറക്കുമതി 177.56 ബില്യൺ ഡോളറായിരുന്നു, ഇത് 2024–25 ൽ 194.95 ബില്യൺ ഡോളറായി വർദ്ധിച്ചു. (**പട്ടിക 5.4.1**)

ചരക്ക് കയറ്റുമതിയിലെ പ്രധാന മേഖലകൾ 2023–24 സാമ്പത്തിക വർഷത്തേക്കാൾ 2024–25 സാമ്പത്തിക വർഷത്തിൽ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി. കാപ്പി (40.37 ശതമാനം), പുകയില (36.53 ശതമാനം), ഇലക്ട്രോണിക് വസ്തുക്കൾ (32.47 ശതമാനം), അരി (19.73 ശതമാനം), തറയിൽ വിരിക്കാനുള്ള ചണ നിർമ്മിത വസ്തുക്കൾ (13.35 ശതമാനം), മാംസം, പാലുൽപ്പന്നങ്ങൾ, കോഴി ഉൽപ്പന്നങ്ങൾ (12.5 ശതമാനം), തേയില (11.84 ശതമാനം), പരവതാനി (10.46 ശതമാനം), പ്ലാസ്റ്റിക് & ലിനോലിയം (10.23 ശതമാനം), തുണിത്തരങ്ങളുടെ അസംസ്കൃത വസ്തുക്കൾ (10.03 ശതമാനം), മരുന്നുകളും ഫാർമസ്യൂട്ടിക്കലുകളും (9.39 ശതമാനം), ധാന്യ ഉൽപ്പന്നങ്ങളും മറ്റ് സംസ്കരിച്ച വസ്തുക്കളും (8.71 ശതമാനം), മൈക്ക, കൽക്കരി & മറ്റ് അയിരുകൾ, സംസ്കരിച്ച ധാതുക്കൾ (6.95 ശതമാനം), എഞ്ചിനീയറിംഗ് വസ്തുക്കൾ 6.74 ശതമാനം, പഴങ്ങളും പച്ചക്കറികളും (5.67 ശതമാനം), സുഗന്ധവ്യഞ്ജനങ്ങൾ (4.78 ശതമാനം), മനുഷ്യനിർമ്മിതം/നൂൽ/ഫാബ്/ നിർമ്മിതികൾ മുതലായവ 4.07 (ശതമാനം), പരുത്തി നൂൽ/ ഫാബ്രുകൾ/ മുതലായവ (3.19 ശതമാനം), തുകൽ, തുകൽ ഉൽപ്പന്നങ്ങൾ (2.06 ശതമാനം), സമുദ്രോത്പന്നങ്ങൾ (0.45 ശതമാനം). എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2023–24 നെ അപേക്ഷിച്ച് 2024–25 ൽ ചരക്ക് ഇറക്കുമതിയിലെ പ്രധാന മേഖലകൾ നെഗറ്റീവ് വളർച്ച രേഖപ്പെടുത്തി. ഇതിൽ കൽക്കരി, കോക്ക് & ബ്രിക്കറ്റ്സ് (20.03 ശതമാനം), വെള്ളി (–11.24 ശതമാനം), വളം, അസംസ്കൃതമായവ ഉൾപ്പെടെ (–2.2 ശതമാനം), ന്യൂസ് പ്രിന്റ് (–2.71 ശതമാനം), ഇരുമ്പ് & ഉരുക്ക് (–4.61 ശതമാനം), ഡൈയിംഗ്/ടാനിംഗ്/കളറിംഗ് മെറ്റീരിയലുകൾ (–13.42 ശതമാനം) പ്രോജക്ട് ഗുഡ്സ് (–18.45 ശതമാനം), മുത്തുകൾ, വിലയേറിയതും അർദ്ധ–വിലയേറിയതുമായ കല്ലുകൾ (–24.41 ശതമാനം). എന്നിവ ഉൾപ്പെടുന്നു.

**കേരളത്തിലെ വിദേശ വ്യാപാരം**

സമുദ്രോത്പന്നങ്ങൾ, കാപ്പി, തേയില, സുഗന്ധവ്യഞ്ജന ഉൽപന്നങ്ങൾ എന്നിവ കയറ്റുമതി ചെയ്തു കൊണ്ട് രാജ്യത്തിന്റെ കയറ്റുമതി സാധ്യതകളിൽ കേരളം ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലെ വിദേശ വ്യാപാരം പ്രധാനമായും കൊച്ചി തുറമുഖം വഴിയാണ്. കാപ്പി, തേയില, കശുവണ്ടി, സമുദ്രോൽപ്പന്നങ്ങൾ, കയറുൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാണ് കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്യുന്ന പ്രധാന ഇനങ്ങൾ. 2024–25 ൽ കൊച്ചി തുറമുഖം കൈകാര്യം ചെയ്ത മൊത്തം തീരദേശ, വിദേശ ഗതാഗതം 377.45 ലക്ഷം മെട്രിക് ടൺ ആയിരുന്നു, 2023–24 ൽ ഇത് 363.15 ലക്ഷം മെട്രിക് ടണ്ണായിരുന്നു, മുൻ വർഷത്തെ 3 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 3.9 ശതമാനം വളർച്ചയാണ് ആയത് രേഖപ്പെടുത്തുന്നത്. 2024–25 ലെ മൊത്തം ഗതാഗതത്തിൽ, മൊത്തം തീരദേശ ഗതാഗതം 0.36 ശതമാനം കുറഞ്ഞ് 125.46 ലക്ഷം മെട്രിക് ടൺ ആയി. ഇത് മുൻ വർഷത്തെ 125.92 ലക്ഷം മെട്രിക് ടണ്ണിൽ നിന്നാണ് 125.46 ലക്ഷം മെട്രിക് ടൺ ആയി മാറിയത്. മൊത്ത വിദേശ വ്യാപാരം 2023–24 ലെ 237.23 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2024–25 ൽ 6.22 ശതമാനം വർദ്ധിച്ച് 251.99 ലക്ഷം മെട്രിക് ടൺ ആയി. (**പട്ടിക 5.4.2**)

2023–24 ൽ 83.09 ലക്ഷം മെട്രിക് ടൺ ആയിരുന്ന കൊച്ചി തുറമുഖം വഴിയുള്ള തീരദേശ, വിദേശ കയറ്റുമതി 2024–25 ൽ 89.93 ലക്ഷം മെട്രിക് ടൺ ആയി, മുൻ വർഷത്തെ 13.2 ശതമാന വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ 8.2 ശതമാന വളർച്ച ആയത് രേഖപ്പെടുത്തുന്നു. ഇതിൽ, തീരദേശ കയറ്റുമതി 2023–24 ൽ 56.91 ലക്ഷം മെട്രിക് ടൺ ആയിരുന്നു, ഇത് 1.4 ശതമാനം പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി 2024–25 ൽ 57.75 ലക്ഷം മെട്രിക് ടൺ ആയി. 2024–25 ൽ വിദേശ കയറ്റുമതി മുൻ വർഷത്തെ 26.18 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 32.18 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു, ഇത് 22.9 ശതമാനം വളർച്ച രേഖപ്പെടുത്തി.

2024–25 ൽ കൊച്ചി തുറമുഖം വഴിയുള്ള ചരക്കുകളുടെ കയറ്റുമതിയിൽ വ്യാപാരത്തിന്റെ വ്യാപ്തിയിലും വളർച്ചാ നിരക്കിലും വർദ്ധനവ് കാണിക്കുന്നു. 2023–24 ൽ കയറ്റുമതി ചെയ്ത മൊത്തം അളവ് 83,09,890 മെട്രിക് ടൺ ആയിരുന്നു. 2024–25 ൽ ഇതിന്റെ വളർച്ചാ നിരക്ക് 8.2 ശതമാനം വർദ്ധിച്ച് വ്യാപാരത്തിന്റെ അളവ് 89,92,614 മെട്രിക് ടണ്ണായി. കയർ ഉൽപന്നങ്ങളുടെ വ്യാപാരത്തിൽ വളരെ പോസിറ്റീവ് വളർച്ച ദൃശ്യമാണ്, 2024–25 ൽ ഇത് 18.69 ശതമാനമായി വർദ്ധിച്ചു. തൊട്ടു പിറകിൽ സുഗന്ധവ്യഞ്ജനങ്ങൾ, പലവക എന്നിവയാണ്. കയർ ഉൽപന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മറ്റു വസ്തുക്കൾ എന്നിവ 2024–25 ൽ മെച്ചപ്പെട്ട നിലയിലാണ്. കയർ ഉൽപന്നങ്ങളുടെ വ്യാപാരം 2023–24 ലെ 2,96,137 മെട്രിക് ടണ്ണിൽ നിന്ന് 2024–25 ൽ 3,51,471 മെട്രിക് ടണ്ണായി

**പട്ടിക 5.4.2** കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക്, 2022–23 മുതൽ 2024–25 വരെ, അളവ് ലക്ഷം മെട്രിക് ടണ്ണിൽ

| വ്യാപാരം | കയറ്റുമതി | | | ഇറക്കുമതി | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | 2022–23 | 2023–24 | 2024–25 | 2022–23 | 2023–24 | 2024–25 | 2022–23 | 2023–24 | 2024–25 |
| ആഭ്യന്തരം | 43.7 | 56.91 | 57.75 | 77.36 | 69.01 | 67.71 | 121.06 | 125.92 | 125.46 |
| വിദേശം | 29.65 | 26.18 | 32.18 | 201.84 | 211.05 | 219.81 | 231.49 | 237.23 | 251.99 |
| **ആകെ** | **73.35** | **83.09** | **89.93** | **279.2** | **280.06** | **287.52** | **352.55** | **363.15** | **377.45** |

**ഉറവിടം**: കൊച്ചിൻ പോർട്ട് ട്രസ്റ്റ്

വർദ്ധിച്ചു. 2024-25 ൽ സുഗന്ധവ്യഞ്ജനങ്ങൾ 11.97 ശതമാനം പോസിറ്റീവ് വളർച്ചാ നിരക്ക് രേഖപ്പെടുത്തി. വിശദാംശങ്ങൾ **അനുബന്ധം 5.4.1**-ൽ നൽകിയിരിക്കുന്നു.

കൊച്ചി തുറമുഖം വഴിയുള്ള ഇറക്കുമതി 2023-24 ലെ 2,80,05,576 മെട്രിക് ടണ്ണിൽ നിന്ന് 2024-25 ൽ 2.67 ശതമാനം വർദ്ധിച്ച് 287,52,829 മെട്രിക് ടണ്ണായി. വളങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ഇറക്കുമതി 2024-25ൽ 17.31 ശതമാനമായി വർദ്ധിച്ചു. വളങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ഇറക്കുമതി അളവ് 2023-24 ൽ 189842 മെട്രിക് ടണ്ണും 2024-25 ൽ 222711 മെട്രിക് ടണ്ണും ആയിരുന്നു. ഇരുമ്പ്, ഉരുക്ക് എന്നിവയുടെ ഇറക്കുമതി 2024-25 ൽ 11.85 ശതമാനം വർദ്ധിച്ചു. ഇരുമ്പ്, ഉരുക്ക് എന്നിവയുടെ ഇറക്കുമതി 2023-24 ൽ 39,467 മെട്രിക് ടണ്ണും 2024-25 ൽ 44,143 മെട്രിക് ടണ്ണും ആയിരുന്നു. കൊച്ചി തുറമുഖം വഴിയുള്ള പ്രധാന ഇറക്കുമതി ഇനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 5.4.2** ൽ നൽകിയിരിക്കുന്നു.

**സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി**

ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി 2023-24-ൽ 17,81,602 മെട്രിക് ടണ്ണിൽ നിന്ന് 2024-25-ൽ 16,98,170 മെട്രിക് ടണ്ണായി കുറഞ്ഞു. എന്നാൽ, കയറ്റുമതി മൂല്യം ഇതേ വർഷത്തിൽ 60,523.89 കോടി രൂപയിൽ നിന്ന് 62408.45 കോടി രൂപയായി വർദ്ധിച്ചു. കയറ്റുമതിയുടെ അളവിൽ 5 ശതമാനം നെഗറ്റീവ് വളർച്ചാ നിരക്കും ഉൽപ്പാദനമൂല്യത്തിൽ 3.11 ശതമാനം പോസിറ്റീവ് വളർച്ചയും ഇത് കാണിക്കുന്നു.

കേരളത്തിന്റെ സമുദ്രോത്പന്ന കയറ്റുമതി 2023-24 ൽ 1,96,807 മെട്രിക് ടണ്ണിൽ നിന്ന് 2024-25 ൽ 1,79,660 മെട്രിക് ടൺ ആയി കുറയുകയും മൂല്യം 2023-24 ൽ 7231.8 കോടി രൂപയിൽ നിന്ന് 2024-25 ൽ 6941.36 കോടി രൂപയായി കുറയുകയും ചെയ്തു. ഇത് കയറ്റുമതിയുടെ അളവിൽ (–)9.5 ശതമാനത്തിന്റെയും ഉൽപാദന മൂല്യത്തിൽ (–)4.18 ശതമാനത്തിന്റെയും വളർച്ചാ നിരക്കിൽ കുറവുണ്ടായതായി കാണിക്കുന്നു. വിശദാംശങ്ങൾ **പട്ടിക 5.4.3** ൽ നൽകിയിരിക്കുന്നു.

**ഏജൻസി (എംപിഇഡിഎ)**

പൊതുവേ, 2023-24 മുതൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി അളവിലും മൂല്യത്തിലും കുറയുന്ന പ്രവണത കാണിക്കുന്നു. ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി ഇനങ്ങളിൽ അളവിൽ കേരള സംസ്ഥാനത്തിന് നിർണായക പങ്കുണ്ട്. 2022-23 ൽ ഇത് 12.6 ശതമാനവും 2023-24 ൽ 11.0 ശതമാനവും 2024-25 ൽ 10.58 ശതമാനവുമായിരുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ സമുദ്രോത്പന്ന കയറ്റുമതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. തീരുവ തടസ്സങ്ങൾ, തീരുവ ഇതര തടസ്സങ്ങളുമായി ബന്ധപ്പെട്ട ആന്റിബയോട്ടിക് ഉള്ളതിനാൽ കയറ്റുമതി നിരസിക്കുന്നത്, ജൈവസുരക്ഷയും സുസ്ഥിരത വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ ഇറക്കുമതി ചെയ്യുന്നതിന് ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസ് സ്ഥാപിക്കാത്തതിനാൽ അമേരിക്ക ഏർപ്പെടുത്തിയ വിലക്ക് തുടങ്ങിയവയാണ് സമുദ്ര കയറ്റുമതി കുറയാനുള്ള കാരണങ്ങൾ. സമുദ്രോത്പന്നങ്ങളുടെ ദേശീയ കയറ്റുമതിയിൽ രാജ്യത്തിന്റെ വിഹിതത്തോടൊപ്പം കേരളത്തിന്റെയും സമുദ്ര കയറ്റുമതിയിലെ പ്രവണതകളും **ചിത്രം 5.4.1** ചിത്രീകരിക്കുന്നു.

2024-25 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി വിപണിയിൽ ശീതീകരിച്ച ചെമ്മീൻ അളവിൽ 43.67 ശതമാനവും മൂല്യത്തിൽ 69.43 ശതമാനവുമായി ഏറ്റവും മികച്ച കയറ്റുമതി ഇനമായി തുടർന്നു എന്ന് കാണാവുന്നതാണ്. അളവിൽ 20.0 ശതമാനവും മൂല്യത്തിൽ 8.3 ശതമാനവുമായി ശീതീകരിച്ച മത്സ്യം കയറ്റുമതി വിപണിയിൽ തൊട്ടടുത്ത സ്ഥാനത്ത് നില്ക്കുന്നു. 2024-25-ൽ ഇന്ത്യ 43334.25 കോടി രൂപ വിലമതിക്കുന്ന 741529 മെട്രിക് ടൺ ശീതീകരിച്ച ചെമ്മീൻ കയറ്റുമതി ചെയ്തു (**അനുബന്ധം 5.4.3**). 2024-25-ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം **ചിത്രം 5.4.2** ൽ ചിത്രീകരിച്ചിരിക്കുന്നു.

2024-25 ൽ കേരളത്തിൽ നിന്ന് 61992 മെട്രിക് ടൺ ശീതീകരിച്ച ചെമ്മീൻ കയറ്റുമതി ചെയ്തു, ഇത് കേരളത്തിന്റെ മൊത്തം വ്യാപാരത്തിന്റെ 34.51 ശതമാനമാണ്. 2024-25 ലെ മൊത്തം വ്യാപാരത്തിന്റെ 21.66 ശതമാനവും 38915 മെട്രിക് ടൺ അളവുമുള്ള ശീതീകരിച്ച മത്സ്യമാണ് തൊട്ടടുത്ത സ്ഥാനത്ത്. 2024-25 ൽ ഉൽപ്പാദിപ്പിച്ച മൊത്തം മൂല്യത്തിന്റെ 50.46 ശതമാനം ശീതീകരിച്ച ചെമ്മീനും 9.26 ശതമാനം ശീതീകരിച്ച മത്സ്യവും ഉൾപ്പെടുന്നു. 2024-25-ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം **ചിത്രം 5.4.3** ൽ കാണിക്കുന്നു.

**പട്ടിക 5.4.3** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി, 2020-21 മുതൽ 2024-25 വരെ (അളവ് മെട്രിക് ടണ്ണിൽ, മൂല്യം രൂപ കോടിയിൽ)

| വർഷം | ഇന്ത്യ | | കേരളം | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം | അളവ് | മൂല്യം |
| 2020-21 | 1149510 | 43721.00 | 157698 | 5623.12 | 13.72 | 12.86 |
| 2021-22 | 1369264 | 57586.50 | 182430 | 6971.56 | 13.32 | 12.11 |
| 2022-23 | 1735286 | 63969.15 | 218629 | 8285.03 | 12.60 | 12.95 |
| 2023-24 | 1781602 | 60523.89 | 196807 | 7231.84 | 11.05 | 11.95 |
| 2024-25 | 1698170 | 62408.45 | 179660 | 6941.36 | 10.58 | 11.12 |

**ഉറവിടം:** സമുദ്രോത്പന്ന കയറ്റുമതി വികസന ഏജൻസി

**ചിത്രം 5.4.1** ഇന്ത്യയിലെയും കേരളത്തിലെയും സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി അളവിലെ പ്രവണത, 2023-24, 2024-25 വർഷങ്ങളിൽ




| | സമുദ്രോല്പന്ന കയറ്റുമതി വളർച്ചാ നിരക്ക്- ഇന്ത്യ,(%) | സമുദ്രോല്പന്ന കയറ്റുമതി വളർച്ചാ നിരക്ക്- കേരളം,(%) | കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം (%) |
|---|---|---|---|
| 2023-24 | 2.67 | -9.98 | 11.95 |
| 2024-25 | -4.68 | -8.71 | 10.58 |

**അവലംബം**: സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**ചിത്രം 5.4.2** 2024-25 ൽ ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ വിപണി വിഹിതം, ശതമാനത്തിൽ




**അവലംബം** : സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

2024-25 ൽ ഇന്ത്യയുടെ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി 3.9 ലക്ഷം മെട്രിക് ടൺ കയറ്റുമതി ചെയ്ത ചൈനയാണ്, തൊട്ടടുത്ത സ്ഥാനത്ത് തെക്കുകിഴക്കൻ ഏഷ്യ (3.47 ലക്ഷം മെട്രിക് ടൺ), യുഎസ്എ (3.46 ലക്ഷം മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (2.2 ലക്ഷം മെട്രിക് ടൺ), ജപ്പാൻ (1.0 ലക്ഷം മെട്രിക് ടൺ), മിഡിൽ ഈസ്റ്റ് (0.6 ലക്ഷം മെട്രിക് ടൺ) എന്നിവ വരുന്നു. ഇന്ത്യയുടെ സമുദ്രോത്പന്നങ്ങളുടെ പ്രധാന വിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.4** ൽ ചിത്രീകരിച്ചിരിക്കുന്നു.

2024-25-ൽ കേരളത്തിന്റെ സമുദ്രോത്പന്നങ്ങളുടെ ഏറ്റവും വലിയ കയറ്റുമതി വിപണി യൂറോപ്യൻ യൂണിയനാണ് (49956 മെട്രിക് ടൺ). തുടർന്ന് വരുന്ന രാജ്യങ്ങൾ തെക്കുകിഴക്കൻ ഏഷ്യ (40345 മെട്രിക് ടൺ), ചൈന

**ചിത്രം 5.4.3** 2024–25 ൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതി വിപണി യുടെ വിഹിതം ശതമാനത്തിൽ




**അവലംബം** : സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**ചിത്രം 5.4.4** 2024–25 ൽ ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി വിപണി തിരിച്ച്, ശതമാനത്തിൽ




**അവലംബം** : സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**ചിത്രം 5.4.5** 2024–25 ലെ കേരളത്തിന്റെ വിപണി തിരിച്ചുള്ള സമുദ്രോത്പന്ന കയറ്റുമതി, ശതമാനത്തിൽ




**അവലംബം** : സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

**പട്ടിക 5.4.4** 2017–18 മുതൽ 2024–25 വരെയുള്ള കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി, കോടി രൂപയിൽ

| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (മെട്രിക് ടൺ) | മൂല്യം (രൂപ കോടിയിൽ) | അളവ് (മെട്രിക് ടൺ) | മൂല്യം (രൂപ കോടിയിൽ) | അളവ് (മെട്രിക് ടൺ | മൂല്യം |
| 2017-18 | 36,930 | 2,580.40 | 84,352 | 5,871.00 | 43.8 | 44 |
| 2018-19 | 29,062 | 1,892.60 | 66,693 | 4,434.00 | 43.6 | 42.7 |
| 2019-20 | 30,478 | 1,742.50 | 67,647 | 3,867.20 | 45.1 | 45.1 |
| 2020-21 | *23,368 | NA | 49,992 | 2,907 | 46.7 | NA |
| 2021-22 | *24,299 | NA | 53,770 | 3,175.20 | 45.2 | NA |
| 2022-23 | *21,858 | NA | 44,948 | 2,718 | 48.6 | NA |
| 2023-24 | *22753 | NA | 46,235 | 2,620.20 | 49.2 | NA |
| 2024-25 | *15495 | NA | 37,087 | 2473.11 | 41.78 | NA |

**ഉറവിടം:** കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ/* കൊച്ചിൻ പോർട്ട് ട്രസ്റ്റ്

**പട്ടിക 5.4.5** 2023–24 , 2024–25 വർഷങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള പ്രധാന കശുവണ്ടി ഇനങ്ങളുടെ കയറ്റുമതിയുടെ ഘടന അളവ് കിലോഗ്രാമിലും മൂല്യം ലക്ഷം രൂപയിലും.

| ഉൽപ്പന്നങ്ങൾ | 2023-24 | | 2024-25 | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| കശുവണ്ടി പരിപ്പ്, മുഴുവൻ | 45,625907 | 258820 | 35996613 | 240572 |
| കശുവണ്ടി പുതിയത്/ഉണക്കിയത് | 18,955753 | 17839 | 27466253 | 37631 |
| ശുദ്ധീകരിച്ച് വാറ്റിയെടുത്ത കശുവണ്ടി ദ്രാവകം (CNSL), കാർഡനോൾ | 9,714102 | 6,119 | 7525914 | 5407 |
| ദ്രാവകാവസ്ഥയിലുള്ള തോടോടു കൂടിയ കശുവണ്ടി (CNSL), അസംസ്കൃതമായവ | 3,508170 | 1,602 | 971727 | 672 |
| കശുവണ്ടി പരിപ്പ്, കശുവണ്ടി പിളർന്നത് | 608592 | 3,201 | 1087573 | 6739 |
| കശുവണ്ടി, വറുത്തത് കൂടാതെ/അല്ലെങ്കിൽ ഉപ്പിട്ടത് | 2,548121 | 18,898 | 3004567 | 20102 |
| **ആകെ** | **80,960645** | **3,06,479** | **76052647** | **311123** |

**ഉറവിടം:** ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്

(29353 മെട്രിക് ടൺ), മറ്റ് രാജ്യങ്ങൾ (28497 മെട്രിക് ടൺ), യുഎസ്എ (17558 മെട്രിക് ടൺ), ജപ്പാൻ (9240 മെട്രിക് ടൺ), മിഡിൽ ഈസ്റ്റ് (4710 മെട്രിക് ടൺ) എന്നിവയാണ്. കേരളത്തിലെ സമുദ്രോത്പന്നങ്ങളുടെ പ്രധാന വിപണികളും അവയുടെ വിഹിതവും **ചിത്രം 5.4.5**-ൽ ചിത്രീകരിച്ചിരിക്കുന്നു.

### കശുവണ്ടി കയറ്റുമതി

ലോകത്തിലെ ഏറ്റവും വലിയ കശുവണ്ടി ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. 60 ലധികം രാജ്യങ്ങളിലേക്ക് ഇന്ത്യ കശുവണ്ടി കയറ്റുമതി ചെയ്യുന്നു. കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച്, 2024–25 ൽ ഇന്ത്യയിൽ നിന്നുള്ള കശുവണ്ടി കയറ്റുമതിയുടെ അളവ് 37084 മെട്രിക് ടണ്ണും മൂല്യം 2473.11 കോടി രൂപയുമാണ്. 2023–24 ൽ ഇത് 46,235 മെട്രിക് ടണ്ണും 2620.20 കോടി രൂപയുമായിരുന്നു. ഇന്ത്യൻ ഉപദ്വീപിന്റെ തീരപ്രദേശങ്ങളിൽ കശുമാവ് കൃഷി വ്യാപിച്ചു കിടക്കുന്നു. കശുവണ്ടി ഉത്പാദനത്തിലും സംസ്കരണത്തിലും കയറ്റുമതിയിലും കേരളം ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി 2023–24 ലെ 22753 മെട്രിക് ടണ്ണിൽ നിന്ന് 2024–25 ൽ 15495 മെട്രിക് ടണ്ണായി കുറഞ്ഞു, കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 31.8 ശതമാനം നെഗറ്റീവ് വളർച്ച ആയത് രേഖപ്പെടുത്തുന്നു. (**പട്ടിക 5.4.4**).

ഐവറി കോസ്റ്റിന് ശേഷം, 15 ശതമാനത്തിലധികം വിഹിതമുള്ള കശുവണ്ടിയുടെ ഏറ്റവും വലിയ രണ്ടാമത്തെ ഉത്പാദകരും കയറ്റുമതി ചെയ്യുന്ന രാജ്യവും ഇന്ത്യയാണ്, ലോകത്തിലെ കശുവണ്ടി കയറ്റുമതിയിൽ ഇന്ത്യയ്ക്ക് ശേഷം വിയറ്റ്നാമാണ്. ഇന്ത്യൻ കശുവണ്ടിയുടെ ഏറ്റവും വലിയ കയറ്റുമതി വിപണിയായി യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യുഎഇ) തുടരുന്നു. ജപ്പാൻ, നെതർലാൻഡ്സ്, സൗദി അറേബ്യ, സ്പെയിൻ, ഖത്തർ, കുവൈറ്റ്, യുഎസ്എ, ജർമ്മനി എന്നീ രാജ്യങ്ങളാണ് തുടർന്ന് വരുന്നത്. ഇന്ത്യ പ്രാഥമികമായി കയറ്റുമതി ചെയ്യുന്നത് കശുവണ്ടിയും ചെറിയ അളവിൽ കശുവണ്ടി തോടിൽ നിന്നുമുള്ള ദ്രാവകവുമാണ്. ഇന്ത്യയിൽ നിന്നുള്ള പ്രധാന കശുവണ്ടി ഇനങ്ങളുടെ കയറ്റുമതിയുടെ ഘടന **പട്ടിക 5.4.5** ൽ പ്രതിപാദിച്ചിരിക്കുന്നു.

2024–25 ൽ കശുവണ്ടി പരിപ്പ് മുഴുവനും, കശുവണ്ടി പുതിയത് / ഉണക്കിയത് കൂടിയതും ചേർന്ന് 63462866 കിലോഗ്രാം കയറ്റുമതി അളവും 278203 ലക്ഷം രൂപയുടെ മൂല്യവും സംഭാവന ചെയ്യുന്നു. 2023–24–ൽ ഇത് 64581660 കിലോഗ്രാം ആയിരുന്നു, ആയതിന്റെ മൂല്യം 276659

**പട്ടിക 5.4.6** 2023-24, 2024-25 വർഷങ്ങളിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത കശുവണ്ടി, അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും.

| ഉൽപ്പന്നങ്ങൾ | 2023-24 | | 2024-25 | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| കശുവണ്ടി പുതിയത്/ തോടോടു കൂടി ഉണക്കിയത് | 1251321856 | 1163263 | 1141577600 | 1374209 |
| കശുവണ്ടി പരിപ്പ്, മുഴവൻ | 3,526577 | 18573 | 4815423 | 28223 |
| ദ്രാവകാവസ്ഥയിലുള്ള തോടോടു കൂടിയ കശുവണ്ടി (CNSL), അസംസ്കൃതമായവ | 5,132723 | 1842 | 11203770 | 3773 |
| കശുവണ്ടി പരിപ്പ്, പിളർന്നത് | 247273 | 970 | 1259903 | 5179 |
| കശുവണ്ടി, വറുത്തത് കൂടാതെ/അല്ലെങ്കിൽ ഉപ്പിട്ടത് | 103567 | 718 | 128912 | 529 |
| ശുദ്ധീകരിച്ച് വാറ്റിയെടുത്ത കശുവണ്ടി ദ്രാവകം (CNSL), കാർഡനോൾ | 0 | 0 | 500000 | 169 |
| ആകെ | 12,60,331996 | 11,85,366 | 1159485608 | 1412082 |

**ഉറവിടം:** വാണിജ്യ വ്യവസായ മന്ത്രാലയം

ലക്ഷം രൂപയാണ്. ഇന്ത്യയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പ്, മുഴവൻ, ശുദ്ധീകരിച്ച് വാറ്റിയെടുത്ത കശുവണ്ടിത്തോടിന്റെ ദ്രാവകം (CNSL), കാർഡനോൾ, കശുവണ്ടിത്തോടിന്റെ ദ്രാവകം (CNSL), അസംസ്കൃത വസ്തുക്കൾ എന്നിവയുടെ കയറ്റുമതി അളവിലും മൂല്യത്തിലും കുറഞ്ഞുവരുന്ന പ്രവണത കാണിക്കുന്നു. 2024-25 ൽ കശുവണ്ടി പുതിയത്/ഉണക്കിയത്, കശുവണ്ടിപ്പരിപ്പ് പൊട്ടിച്ചതും കശുവണ്ടിപ്പരിപ്പ് മുഴവനും, വറുത്തത് കൂടാതെ/അല്ലെങ്കിൽ ഉപ്പിട്ടത് എന്നിവയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് കാണിക്കുന്നു.

### വാണിജ്യ വകുപ്പ്

2024-25 ൽ കശുവണ്ടി പരിപ്പ്, മുഴവനും കശുവണ്ടി പുതിയത് /തോടോടുകൂടി ഉണക്കിയത് എന്നിവയുടെ ഇറക്കുമതി 1146393023 കിലോഗ്രാം ആണ്. മുൻ വർഷം ഇത് 1254848433 കിലോഗ്രാം ആയിരുന്നു. ഇതേ ഇനങ്ങളുടെ ഇറക്കുമതി മൂല്യം 2024-25 ൽ 1402432 ലക്ഷം രൂപയും 2023-24 ൽ 1181836 ലക്ഷം രൂപയുമായിരുന്നു (**പട്ടിക 5.4.6**). കശുവണ്ടി പരിപ്പ്, മുഴവനും കശുവണ്ടി പുതിയത്/ തോടോടുകൂടി ഉണക്കിയത് എന്നിവയുടെ ഇറക്കുമതിയിൽ നെഗറ്റീവ് വളർച്ചയാണ് ഇത് കാണിക്കുന്നത്. ഐവറി കോസ്റ്റ്, ടാൻസാനിയ, ഗിനിയ ബിസാവു, ബെനിൻ, ഘാന, മൊസാംബിക്ക്, നൈജീരിയ, സെനഗൽ മുതലായവയാണ് അസംസ്കൃത കശുവണ്ടിയുടെ പ്രധാന ഇറക്കുമതി വിപണികൾ.

### കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി

ഇന്ത്യയിൽ നിന്നുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി മൂല്യം 4,34,345.15 ലക്ഷം രൂപയും അളവ് 1342843 മെട്രിക് ടണ്ണും ആണ്. മുൻ വർഷത്തെ 1232097 മെട്രിക് ടൺ കയർ, കയർ ഉല്പന്നങ്ങളുടെ കയറ്റുമതിയെ അപേക്ഷിച്ച് 8.9 ശതമാനം വളർച്ച ഇത് കാണിക്കുന്നു. 2024-25 ൽ കൊച്ചി തുറമുഖം വഴി കേരളത്തിൽ നിന്നുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതിയിൽ വർദ്ധിച്ച പ്രവണത കാണിക്കുന്നു. 2024-25 ൽ കൊച്ചി തുറമുഖം വഴി കയറ്റുമതി ചെയ്ത കയർ, കയറുൽപ്പന്നങ്ങളുടെ കയറ്റുമതി അളവ് 351471 മെട്രിക് ടൺ ആയിരുന്നു, ആയത് മുൻ വർഷത്തേക്കാൾ 18.68 ശതമാനം പോസിറ്റീവ് വളർച്ച രേഖപ്പെടുത്തി. 2023-24 ൽ കൊച്ചി തുറമുഖം വഴിയുള്ള കയർ കയറുൽപ്പന്നങ്ങളുടെ കയറ്റുമതി 296137 മെട്രിക് ടൺ ആയിരുന്നു.

2024-25 ലെ കയർ ഉൽപ്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയറ്റുമതിയുടെ ലഭ്യമായ രേഖകൾ കാണിക്കുന്നത് ഇന്ത്യയിൽ നിന്നുള്ള കയർ നൂൽ, കൈത്തറി മാറ്റ്, ടഫ്റ്റഡ് മാറ്റ്, പവർലൂം മാറ്റിംഗ്, കയർ ഭൂവസ്ത്രങ്ങൾ, കയർ കമ്പിളി/ പരവതാനികൾ, കയർ നാരിന്റെ പൊടിപദാർത്ഥം എന്നിവയുടെ കയറ്റുമതി അളവിലും മൂല്യത്തിലും വളർച്ച രേഖപ്പെടുത്തിയപ്പോൾ, ചുരുട്ടിയ കയറും മറ്റ് തരത്തിലുള്ള കയറിന്റെയും അളവിലും മൂല്യത്തിലും ഇടിവ് രേഖപ്പെടുത്തി.

**ചിത്രം 5.4.6** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള (കൊച്ചി തുറമുഖം വഴി) കയർ കയറുൽപ്പന്നങ്ങളുടെ കയറ്റുമതി പ്രവണത, 2018-19 മുതൽ 2024-25 വരെ, (അളവ് ലക്ഷം മെട്രിക് ടൺ)




**അവലംബം :** സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി (എം പി ഇ ഡി എ)

കൈത്തറി മാറ്റിംഗ് അളവിൽ പുരോഗതിയും മൂല്യത്തിൽ കുറവും കാണിക്കുന്നു. 821264.4 ലക്ഷം രൂപയുടെ കയറ്റുമതി വരുമാനമുള്ള കയർ നാരിന്റെ പൊടിപദാർത്ഥം രാജ്യത്ത് നിന്നുള്ള മൊത്തം കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയുടെ 61.15 ശതമാനമാണ്. ടഫ്റ്റഡ് മാറ്റ് ഉൽപ്പന്നങ്ങൾ അളവിൽ 5.5 ശതമാനവും മൂല്യത്തിൽ 16.73 ശതമാനവുമാണ് ഉൾപ്പെടുന്നത്. 52399.36 ലക്ഷം രൂപ കയറ്റുമതി മൂല്യമുള്ള കയർ നാരുകൾ മൊത്തം കയർ ഉല്പന്നങ്ങളുടെ അളവിൽ 27.66 ശതമാനവും മൂല്യത്തിൽ 12.06 ശതമാനവും യഥാക്രമം ഉൾക്കൊള്ളുന്നു.

2024-25 ൽ 121 രാജ്യങ്ങളിലേക്ക് ഇന്ത്യയിൽ നിന്ന് കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്തു. കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ ചൈനയാണ് അളവിൽ 37.81 ശതമാനവും മൂല്യത്തിൽ 22.1 ശതമാനവുമായി ഒന്നാമത്. ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി പ്രവണത **ചിത്രം 5.4.6** ൽ നൽകിയിരിക്കുന്നു.

### തേയില കയറ്റുമതി

2024-25 ൽ ഇന്ത്യയിൽ നിന്നുള്ള തേയില കയറ്റുമതി 257874 മെട്രിക് ടണ്ണും കയറ്റുമതി മൂല്യം 750352 ലക്ഷം രൂപയുമായിരുന്നു. ഇത് 2023-24 ലെ 250724 മെട്രിക് ടണ്ണിൽ നിന്ന് 647638 ലക്ഷം രൂപയുടെ വർദ്ധനവാണ് കാണിക്കുന്നത്. കയറ്റുമതി അളവിൽ 2.85 ശതമാനം വളർച്ചയും മൂല്യത്തിൽ 15.85 ശതമാനം വളർച്ചയും ഇത് കാണിക്കുന്നു.

പ്രധാന കയറ്റുമതി വിപണി റഷ്യൻ ഫെഡറേഷനാണ് തുടർന്ന് ഇറാൻ, സൗദി അറേബ്യ, യുഎസ്എ, യുഎഇ എന്നീ രാജ്യങ്ങൾ വരുന്നു. 2024-25 ൽ കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള തേയില കയറ്റുമതി 187097 ലക്ഷം രൂപയുടെ 81747 മെട്രിക് ടണ്ണാണ്, 2023-24 ൽ ഇത് 187766 ലക്ഷം രൂപയുടെ 87649 മെട്രിക് ടണ്ണായിരുന്നു, അളവിൽ -6.73 ശതമാനത്തിന്റെയും മൂല്യത്തിൽ -0.35 ശതമാനത്തിന്റെയും വളർച്ച ആയത് രേഖപ്പെടുത്തുന്നു. (**പട്ടിക 5.4.7**).

### കാപ്പി കയറ്റുമതി

2024-25 ൽ ഇന്ത്യയിൽ നിന്ന് 15421.87 കോടി രൂപ മൂല്യമുള്ള 3.88 ലക്ഷം ടൺ കാപ്പി കയറ്റുമതി ചെയ്തു, 2023-24 ൽ ഇത് 10380.04 കോടി രൂപ മൂല്യമുള്ള 3.83 ലക്ഷം ടൺ കാപ്പിയായിരുന്നു. ഇറ്റലി, ജർമ്മനി, റഷ്യൻ ഫെഡറേഷൻ, ബെൽജിയം എന്നിവയാണ് ഇന്ത്യയിൽ നിന്ന പ്രധാനമായും കാപ്പി ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ. 2024-25 ൽ കൊച്ചി തുറമുഖം വഴിയുള്ള കാപ്പി കയറ്റുമതി 19402 മെട്രിക് ടൺ ആയിരുന്നു, മുൻ വർഷത്തേക്കാൾ -43.29 ശതമാനം വളർച്ച കുറവ് ആയത് രേഖപ്പെടുത്തി.

**പട്ടിക 5.4.7** കേരളത്തിൽ നിന്നും ഇന്ത്യയിൽ നിന്നുമുള്ള തേയില കയറ്റുമതി 2020-21 മുതൽ 2024-25 വരെ, അളവ് മെട്രിക് ടൺ, രൂപ ലക്ഷത്തിൽ

| വർഷം | ഇന്ത്യ | | കേരളം | |
|---|---|---|---|---|
| | അളവ് | മൂല്യം | അളവ് | മൂല്യം |
| 2020-21 | 203791 | 531153 | 70398 | 156595 |
| 2021-22 | 200785 | 541577 | 64854 | 146841 |
| 2022 -23 | 228397 | 638581 | 69107 | 153179 |
| 2023-24 | 250724 | 647638 | 87649 | 187766 |
| 2024-25 | 257874 | 750352 | 81747 | 187097 |

**ഉറവിടം**: ടീ ബോർഡ്

**പട്ടിക 5.4.8** 2018-19 മുതൽ 2024-25 വരെയുള്ള ഇന്ത്യയിലും കേരളത്തിലും നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി, അളവ് മെട്രിക് ടൺ, മൂല്യം ലക്ഷം രൂപയിൽ

| വർഷം | കേരളം | | ഇന്ത്യ | | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ) | |
|---|---|---|---|---|---|---|
| | അളവ് (ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ ) | അളവ് (ടണ്ണിൽ) | മൂല്യം (ലക്ഷം രൂപയിൽ ) | അളവ് | മൂല്യം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2018-19 | 89,590.80 | 3,78,560.40 | 11,00,250 | 19,50,581.10 | 8.1 | 19.4 |
| 2019-20 | 1,00,195.80 | 4,05,421.30 | 12,08,400 | 22,06,280.00 | 8.3 | 18.4 |
| 2020-21 | 1,21,348.90 | 5,00,633.60 | 17,58,266 | 30,96,771 | 6.9 | 16.2 |
| 2021-22 | 1,23,547.93 | 5,66,643.60 | 15,30,661 | 30,32,432.40 | 8.1 | 18.5 |
| 2022-23 | 1,11,080.13 | 5,51,521.02 | 14,04,357 | 31,76,138.20 | 7.9 | 17.36 |
| 2023-24 | 1,19,433.95 | 6,41,092.88 | 15,39,692 | 36,95,880.50 | 7.75 | 17.34 |
| 2024-25 | 1,35,193.37 | 7,85,153.72 | 17,99,267 | 39,99,448.00 | 7.51 | 19.63 |

ഉറവിടം: സ്പൈസസ് ബോർഡ്

**സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി**

2024-25 ൽ, ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളുടെയും കയറ്റുമതി 39,99,448 ലക്ഷം രൂപ മൂല്യമുള്ള 17,99,267 മെട്രിക് ടൺ ആയിരുന്നു, മുൻ വർഷം ഇത് 36,95,880.50 ലക്ഷം രൂപ മൂല്യമുള്ള 15,39,692 മെട്രിക് ടൺ ആയിരുന്നു. ഇത് അളവിൽ 16.85 ശതമാനം വർധനയും മൂല്യത്തിൽ 8.2 ശതമാനം വർധനവും രേഖപ്പെടുത്തി. 2024-25 ൽ കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി 1,35,193.37 ടൺ ആയിരുന്നു, കയറ്റുമതി മൂല്യം 7,85,153.72 ലക്ഷം രൂപയായിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് അളവിൽ 13.2 ശതമാനവും മൂല്യത്തിൽ 22.47 ശതമാനവും വർദ്ധനവ് ഇത് കാണിക്കുന്നു. (**പട്ടിക 5.4.8**).

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ ഏകദേശം 225 സുഗന്ധവ്യഞ്ജനങ്ങളും അവയുടെ ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നു. മുളക്, ജീരകം, സുഗന്ധവ്യഞ്ജന എണ്ണ, സത്തുകൾ, പുതിന ഉൽപ്പന്നങ്ങൾ, മഞ്ഞൾ, കറിപ്പൊടി/പേസ്റ്റ്, ഏലം (ചെറിയത്), ഇഞ്ചി, കുരുമുളക്, പെരുംജീരകം, മല്ലി എന്നിവയുടെ കയറ്റുമതി സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നുള്ള മൊത്തം കയറ്റുമതി വരുമാനത്തിന്റെ 90 ശതമാനത്തിലധികവും സംഭാവന ചെയ്യുന്നു.

2024-25 ൽ, മല്ലി, മറ്റ് വിത്തുകൾ, ജാതിക്ക, ജാതിപത്രി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി മുൻ വർഷത്തെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും കുറവുണ്ടായി. കയറ്റുമതി അളവിൽ കുറവുണ്ടായിട്ടും വെളുത്തുള്ളി, പുതിന ഉൽപ്പന്നങ്ങൾ മൂല്യത്തിൽ വർദ്ധനവ് രേഖപ്പെടുത്തി.

ചൈനയാണ് ഏറ്റവും കൂടുതൽ സുഗന്ധവ്യഞ്ജനങ്ങൾ ഇറക്കുമതി ചെയ്യുന്നത്. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയുടെ 74 ശതമാനവും യുഎസ്എ, യുഎഇ, ബംഗ്ലാദേശ്, മലേഷ്യ, തായ്‌ലൻഡ്, യുകെ, സൗദി അറേബ്യ, ഇന്തോനേഷ്യ, ശ്രീലങ്ക, ജർമ്മനി, നെതർലാൻഡ്സ്, കാനഡ, നേപ്പാൾ എന്നീ രാജ്യങ്ങളാണ് ചെയ്യുന്നത്.

2019-20, 2020-21 കാലയളവിൽ കേരളത്തിന്റെ സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയുടെ അളവിൽ വർദ്ധനവുണ്ടായി. 2021-22 വർഷത്തിൽ ഇടിവ് രേഖപ്പെടുത്തി. 2022-23 വർഷം നെഗറ്റീവ് വളർച്ച (-)10.09 രേഖപ്പെടുത്തുകയുണ്ടായി. 2023-24 വർഷത്തിൽ 7.52 പോസിറ്റീവ് വളർച്ച രേഖപ്പെടുത്തുകയും 2024-25 ൽ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ 13.2 ശതമാനം വളർച്ച രേഖപ്പെടുത്തുകയും ചെയ്തു. 2021-22,2022-23 എന്നീ തുടർച്ചയായ രണ്ട് വർഷങ്ങളിൽ ഇന്ത്യയുടെ സുഗന്ധവ്യഞ്ജന കയറ്റുമതിയിൽ നെഗറ്റീവ് വളർച്ചയുണ്ടായി, തുടർന്ന് 2023-24 ൽ പോസിറ്റീവ് വളർച്ച (9.64 ശതമാനം) രേഖപ്പെടുത്തി. 2024-25 ൽ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിലെ വളർച്ച 16.86 ആയി വർദ്ധിച്ചു. ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയിലെ വളർച്ചാ പ്രവണത **ചിത്രം 5.4.7** ചിത്രീകരിക്കുന്നു.

2024-25 ൽ, കേരളത്തിൽ നിന്നുള്ള ജാതിക്ക/ജാതിപത്രി പോലുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി മുൻ വർഷത്തെ അപേക്ഷിച്ച് അളവിലും മൂല്യത്തിലും കുറഞ്ഞു. 2024-25 ൽ കേരളത്തിൽ നിന്ന് 97330.28 ലക്ഷം രൂപ വിലമതിക്കുന്ന 33403.21 ടൺ മുളക് കയറ്റുമതി ചെയ്തു, 2023-24 ൽ 90629.2 ലക്ഷം രൂപ വിലമതിക്കുന്ന 28867.18

**ചിത്രം 5.4.7** ഇന്ത്യയിൽ നിന്നും കേരളത്തിൽ നിന്നുമുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയിലെ വളർച്ചാ പ്രവണത, 2019-20 മുതൽ 2024-25 വരെ (അളവ് മെട്രിക് ടണ്ണിലും മൂല്യം ലക്ഷം രൂപയിലും)




ഉറവിടം: സ്പൈസസ് ബോർഡ്

ടൺ മുളകാണ് കയറ്റുമതി ചെയ്തത്. 2024-25 ൽ 3475.50 ലക്ഷം രൂപ വിലമതിക്കുന്ന 76.88 ടൺ പുതിന എണ്ണയുടെ കയറ്റുമതി മുൻ വർഷത്തെ അപേക്ഷിച്ച് 644.62 ലക്ഷം രൂപ മൂല്യമുള്ള 29.01 ടണ്ണിനെക്കാൾ വർദ്ധനവ് കാണിക്കുന്നു. 2023-24-ൽ 64981.96 ലക്ഷം രൂപ മൂല്യമുള്ള 15567.96 മെട്രിക് ടൺ കുരുമുളകിന്റെ കയറ്റുമതി 2024-25-ൽ 89290.03 ലക്ഷം രൂപ മൂല്യമുള്ള 16831.04 മെട്രിക് ടണ്ണായി വർദ്ധിച്ചു. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ, 2023-24 നെ അപേക്ഷിച്ച് 2024-25 ൽ കറിപ്പൊടി, സുഗന്ധവ്യഞ്ജന എണ്ണ, സവാള ഉൽപ്പന്നങ്ങളുടെ കയറ്റുമതി അളവിലും മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തി. 2023-24 ൽ 50447.50 ലക്ഷം രൂപ വിലമതിക്കുന്ന 18662.98 ടൺ കറിപ്പൊടി കയറ്റുമതി ചെയ്തു, ഇത് 2024-25 ൽ 62234.21 ലക്ഷം രൂപ മൂല്യമുള്ള 22499.81 ടണ്ണായി ഉയർന്നു, ഇത് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തി. 2023-24 ൽ സുഗന്ധവ്യഞ്ജന എണ്ണകളുടെയും സവാള ഉൽപ്പന്നങ്ങളുടെയും കയറ്റുമതി 263676.67 ലക്ഷം രൂപ വിലമതിക്കുന്ന 10587.22 ടണ്ണായിരുന്നു, ഇത് 2024-25 ൽ 303617.36 ലക്ഷം രൂപ വിലമതിക്കുന്ന 12347.54 ടണ്ണായി ഉയർന്നു, ഇത് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് രേഖപ്പെടുത്തി.

# 5.5 പൊതു സേവനങ്ങൾ

**സർവ്വേയും ഭൂരേഖയും**

ഫലപ്രദമായ ഭൂഭരണം സദ്ഭരണത്തിന്റെ കേന്ദ്രബിന്ദുവാണ്, കൂടാതെ ഭൂമി വാങ്ങൽ, ഉടമസ്ഥത, പണയംവയ്ക്കൽ, വിൽക്കൽ, കൈമാറ്റം എന്നിവയ്ക്ക് സുതാര്യവും കാര്യക്ഷമവുമായ സേവനങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം ഭൂമിയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. ശക്തമായ ഭൂഭരണം സാമൂഹിക തുല്യത, സാമൂഹിക ഐക്യം, സാമ്പത്തിക വികസനം എന്നിവയെ പിന്തുണയ്ക്കുന്നു. സുസ്ഥിര വികസനത്തിന് കൃത്യവും സുരക്ഷിതവുമായ ഡിജിറ്റൽ ഭൂരേഖകൾ ഒരു അടിസ്ഥാന ആവശ്യകതയാണ്.

2025 വരെ കേരളത്തിലെ ആകെ 1666 ഗ്രാമങ്ങളിൽ, 922 ഗ്രാമങ്ങളിലും റീസർവേ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ, റിയൽ ടൈം കൈനമാറ്റിക് റോവറുകൾ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചാണ് ഈ പ്രവൃത്തി നടന്നുവരുന്നത്. ഈ സാങ്കേതികവിദ്യകൾ ഭൂമി സർവേകളുടെ കൃത്യതയും കാര്യക്ഷമതയും മെച്ചപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ്സ്റ്റേഷൻ (CORS) ശൃംഖലയിൽ കേരളത്തിലുടനീളമുള്ള 28 സ്റ്റേഷനുകൾ ഉൾപ്പെടുന്നു, കൂടാതെ വേഗതയും കൃത്യതയും മെച്ചപ്പെടുത്തി സർവേ രീതികളെ പരിവർത്തനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റഫറൻസ് സ്റ്റേഷനുകളിൽ നിന്നുമുള്ള ഡാറ്റ പ്രോസസ്സിംഗ്, സംഭരണം, വിതരണം എന്നിവയെ നെറ്റ്‌വർക്ക് പിന്തുണയ്ക്കുന്നു. ഡിജിറ്റൽ സർവേകളെ പിന്തുണയ്ക്കുന്നതിനായി കേരളം ഒരു സമർപ്പിത നിയന്ത്രണ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. സർവേ ഓഫ് ഇന്ത്യയുടെ പ്രധാന നിയന്ത്രണ കേന്ദ്രം സാങ്കേതിക തടസ്സങ്ങൾ നേരിടുമ്പോൾ പോലും തടസ്സമില്ലാത്ത സർവേ പ്രവർത്തനങ്ങൾ ഈ കേന്ദ്രം ഉറപ്പുവരുത്തുന്നു.

ഭൂഭരണം ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു ഇ-ഗവേണൻസ് സംരംഭമാണ് കേരള ഡിജിറ്റൽ ലാൻഡ് സർവേ. ഭൂവുടമസ്ഥാവകാശം സംരക്ഷിക്കുക, ഉപയോക്തൃ സൗഹൃദ ഇടപാടുകൾ സാധ്യമാക്കുക, പിശകുകളില്ലാത്ത ഡിജിറ്റൽ ലാൻഡ് രേഖകൾ സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സമഗ്രമായ ഒരു ഭൂമി സർവേ നടത്തുക, പ്രീ-മ്യൂട്ടേഷൻ സ്കെച്ചുകൾ ഉൾപ്പെടെയുള്ള കൃത്യമായ ഭൂവിഭാഗങ്ങളുടെ മാപ്പുകൾ നൽകുക, ILIMS എന്ന ഒരൊറ്റ പോർട്ടൽ വഴി റവന്യൂ, സർവേ, രജിസ്ട്രേഷൻ സംവിധാനങ്ങൾ സംയോജിപ്പിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. ഭൂഅവകാശങ്ങളുടെ രേഖയോടുകൂടിയ ഒരു നിർണായക ശീർഷക സംവിധാനം സ്ഥാപിക്കുക, ദുരന്തനിവാരണം പോലുള്ള സർക്കാർ പ്രവർത്തനങ്ങൾക്കായി ഒരു മൾട്ടിപർപ്പസ് കാഡസ്ട്രൽ ഡാറ്റാബേസ് സൃഷ്ടിക്കുക എന്നിവയും ഈ പരിപാടി ലക്ഷ്യമിടുന്നു.

2021 മുതൽ 2025 വരെയുള്ള (2025 ഓഗസ്റ്റ് 31 വരെയുള്ള) റീസർവ്വേ യുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.1**-ൽ നൽകിയിരിക്കുന്നു. റീസർവ്വേ അപ്പീലുകളിലും ഭൂമി ഏറ്റെടുക്കൽ (എൽഎ) അപ്പീലുകളിലും സർവ്വേ വകുപ്പ് അതോറിറ്റിയായി പ്രവർത്തിക്കുന്നു. റീ സർവ്വേയുമായി ബന്ധപ്പെട്ട 2,22,515 അപ്പീലുകളിൽ 1,39,799 കേസുകൾ (62.83 ശതമാനം) 2024-ൽ തീർപ്പാക്കി. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചതും അന്തിമമാക്കിയതുമായ റീസർവേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 5.5.1** ൽ കാണിക്കുന്നു. 2024-ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീസർവേ അപ്പീലുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.2** ൽ കാണിച്ചിരിക്കുന്നു.

ഐ.എ.എസ് ഉദ്യോഗസ്ഥർക്കും, റവന്യൂ വകുപ്പ്, സർവേ വകുപ്പ്, ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്കും പരിശീലനം നൽകുന്നത് സർവേ വകുപ്പാണ്. 2023 മുതൽ 2025 ഓഗസ്റ്റ് 31 വരെ നൽകിയ പരിശീലനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.3** ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 5.5.1** 2024-ൽ ലഭിച്ചതും അന്തിമമാക്കിയതുമായ റീ-സർവേ അപ്പീലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം




**ഉറവിടം:** സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്

**ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിലെ (ILIMS) പുരോഗതി**

ഡിജിറ്റൽ സർവേയ്ക്ക് പുറമേ, എല്ലാ ഭൂമി ഇടപാടുകളിലും പൗരന്മാർക്ക് ഏകജാലക സേവനം നൽകുന്നതിനായി 'എന്റെ ഭൂമി' സംരംഭത്തിലൂടെ ഒരു സംയോജിത ഭൂമി വിവര മാനേജ്മെന്റ് സിസ്റ്റം (ILIMS) വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. രജിസ്ട്രേഷൻ, റവന്യൂ, സർവേ വകുപ്പുകളിലെ ഭൂസേവനങ്ങളെ ഏകോപിപ്പിച്ച്, മാനുഷിക ഇടപെടലുകൾ കുറയ്ക്കുന്ന സമഗ്രമായ ഒരു ഏകജാലക (one-stop) ഓൺലൈൻ പ്ലാറ്റ്ഫോമായി ILIMS പ്രവർത്തിക്കും. ഈ പ്ലാറ്റ്ഫോമിലൂടെ ഭൂമിയുടമകൾക്ക് സ്ഥലപരവും (spatial) ലിഖിതപരവും (textual) ആയ വിവരങ്ങൾ, ഭൂമിമാപ്പുകൾ, സ്കെച്ചുകൾ എന്നിവ ഉൾപ്പെടെ കൃത്യവും വിശ്വസനീയവും തുടർച്ചയായി പുതുക്കപ്പെടുന്ന ഭൂവിവരങ്ങളിലേക്കുള്ള സേവനങ്ങൾ ലഭ്യമാകും. ഡിജിറ്റൽ ഭൂസർവേ, ILIMS, സെറ്റിൽമെന്റ് സിസ്റ്റം, റെക്കോർഡ് ഓഫ് റൈറ്റ്സ് (RoR) എന്നിവ പോലുള്ള പ്രധാന ഘടകങ്ങൾ സംസ്ഥാനത്തിന്റെ 'നിശ്ചിതവും അന്തിമവുമായ ഭൂമിയവകാശ രേഖീകരണം' (conclusive land titling) എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നിർണായക ഘട്ടങ്ങളാണ്. ILIMS മോഡ്യൂളിന്റെ പരിശോധനാ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലെത്തിയിരിക്കുകയാണ്, അതിന്റെ ഔപചാരിക ഉദ്ഘാടനം ഉടൻ തന്നെ പ്രതീക്ഷിക്കുന്നു.

**പാരമ്പര്യ ഭൂമിരേഖകളുടെ ഡിജിറ്റലൈസേഷൻ**

ഭൂമിരേഖകളുടെ ഡിജിറ്റലൈസേഷൻ ഭൂഭരണ സംവിധാനത്തിന്റെ ആധുനികവത്കരണത്തിലേക്കുള്ള ഒരു നിർണായക ഘട്ടമാണ്. ഡിജിറ്റൽ ഭൂസർവേക്കായി പാരമ്പര്യ മാപ്പുകൾ ഒരു റഫറൻസ് ലെയറായി പ്രവർത്തിക്കുന്നു. ഈ പ്രക്രിയയ്ക്ക് പിന്തുണ നൽകുന്നതിനായി എല്ലാ കഡസ്ട്രൽ ഭൂമിരേഖകളും ഡിജിറ്റലൈസ് ചെയ്ത് 'എന്റെ ഭൂമി' പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയാണ്. ഇതുവഴി കൃത്യവും പുതുക്കിയതുമായ ഭൂവിവരങ്ങളിലേക്കുള്ള എളുപ്പത്തിലുള്ള പ്രവേശനം ഉറപ്പാക്കുന്നു. കൂടാതെ, പൊതുജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പാരമ്പര്യ മാപ്പുകൾ പോർട്ടലിലൂടെ വാങ്ങാനുള്ള സൗകര്യവും ലഭ്യമാകുന്നു. ഇതോടെ ഭൂമി ഇടപാടുകളിലും ഭൂമിപരിപാലനത്തിലും കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കപ്പെടുന്നു. സർവേ രേഖകളുടെ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം 5.5.4**-ൽ നൽകിയിരിക്കുന്നു. നിലവിലുള്ള ഭൂമിരേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ സൂക്ഷിച്ചുവരുന്നു. 2023-ലും 2024-ലും സ്കാൻ ചെയ്ത ഫീൽഡ് മെഷർമെന്റ് ബുക്ക് (FMB) കളുടെ എണ്ണം യഥാക്രമം 11,583 ഉം 2,78,973 ഉമാണ്. 2025-ൽ സ്കാൻ ചെയ്ത ഫീൽഡ് മെഷർമെന്റ് ബുക്ക് (FMB) കളുടെ എണ്ണം 3,19,444 ആണ്. കേരളത്തിൽ ഡിജിറ്റൽ സർവേ പദ്ധതി 2023 ഓഗസ്റ്റോടെ ആരംഭിച്ചു. ഡിജിറ്റൽ റീസർവേ പദ്ധതിയായ (എന്റെ ഭൂമി പദ്ധതി) പ്രകാരം 336 ഗ്രാമങ്ങളിൽ ഫീൽഡ് സർവേകൾ ഇതിനകം പൂർത്തിയാക്കി, സർവേ ആൻഡ് ബൗണ്ടറീസ് ആക്ട് 1961-ന്റെ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, 185 ഗ്രാമങ്ങളിൽ സർവേ പ്രവർത്തനങ്ങൾ വേഗത്തിൽ പുരോഗമിച്ചുവരുന്നു. ഈ

കാലയളവിൽ RTK (റിയൽ-ടൈം കൈനമാറ്റിക്)യും RETS (റോബോട്ടിക് ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ)ഉം പോലുള്ള ആധുനിക സർവേ ഉപകരണങ്ങൾ ഉപയോഗിച്ച് 8.08 ലക്ഷം ഹെക്ടർ ഭൂമിയും 59.2 ലക്ഷം ഭൂഭാഗങ്ങളും അളന്നുതീർത്തിട്ടുണ്ട്.

കേരള സർക്കാരിന്റെ ഒരു പ്രധാന സംരംഭമായ 'എന്റെ ഭൂമി' പോർട്ടൽ, ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) വികസിപ്പിച്ച 'എന്റെ ഭൂമി' പോർട്ടൽ, തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ (CORS), റിയൽ-ടൈം കൈനമാറ്റിക് (RTK) റോവറുകൾ, റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകൾ, ടാബ്‌ലെറ്റ് കമ്പ്യൂട്ടർ തുടങ്ങിയ ആധുനിക സർവേ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്ന കേരളത്തിന്റെ ഡിജിറ്റൽ സർവേ പരിപാടിയിലെ ഒരു പ്രധാന ഘടകമാണ്. മുൻ കാലങ്ങളിലെ റീസർവേ അനുഭവങ്ങളിൽ നിന്നും പാഠമുൾക്കൊണ്ട് ഐ.ടി സാങ്കേതിക വിദ്യയുപയോഗിച്ച് സർവേ രേഖകൾ സൂക്ഷ്മമായി തയ്യാറാക്കുന്നു. ഡിജിറ്റൽ സർവേയുടെ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കാൻ 'എന്റെ ഭൂമി' പോർട്ടൽ (https://entebhoomi.kerala.gov.in) ഒരു സമഗ്രമായ പരിഹാരമായി പ്രവർത്തിക്കുന്നു. ഇത് സർവേയർമാർക്ക് പഴയ സർവേ ഡാറ്റ എളുപ്പത്തിൽ ലഭ്യമാക്കുന്നു, രേഖകൾ ശേഖരിക്കാൻ ഓഫീസ് സന്ദർശിക്കേണ്ട ആവശ്യം ഒഴിവാക്കുന്നു, കൂടാതെ പേപ്പർ രഹിത പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണത്തിലും സഹായിക്കുന്നു. ഫീൽഡ് സർവേ നടക്കുന്ന സമയത്ത് ഭൂഉടമക്ക് തങ്ങളുടെ സ്വത്തുസംബന്ധിച്ച പ്രധാന വിവരങ്ങൾ തത്സമയം ലഭ്യമാക്കുന്നതിനുള്ള സൗകര്യവും ഈ പോർട്ടൽ നൽകുന്നു. സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ പൗരന്മാർക്ക് ഭൂമി രേഖകൾ ഓൺലൈനായി പരിശോധിക്കാനാകും. കൂടാതെ, ഭൂമിയുമായി ബന്ധപ്പെട്ട വ്യതിയാനങ്ങൾ പരിഹരിക്കുന്നതിനായി പരാതിനിവാരണ സംവിധാനം ഈ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണമായും ഡിജിറ്റൽ ആയതിനാൽ ഭാവിയിലെ പുതുക്കലുകൾ എളുപ്പത്തിൽ നടപ്പിലാക്കാനും ഇത് സഹായിക്കുന്നു. മറ്റ് സർക്കാർ വകുപ്പുകളുമായുള്ള സംയോജനം വകുപ്പുകൾ തമ്മിലുള്ള സഹകരണവും ഡാറ്റ പങ്കിടലും മെച്ചപ്പെടുത്തുന്നു, ഇതുവഴി സംവിധാനം കൂടുതൽ അനുസൃതവും കാര്യക്ഷമവുമാകുന്നു. "എന്റെ ഭൂമി" പോർട്ടലിന്റെ ആദ്യ രണ്ട് ഘട്ടങ്ങളിലെ പുരോഗതി **അനുബന്ധങ്ങൾ 5.5.5, 5.5.6** എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**രജിസ്ട്രേഷൻ**

രജിസ്ട്രേഷൻ നിയമത്തിന്റെ പ്രധാന ലക്ഷ്യം രേഖകളുടെ ആധികാരികത ഉറപ്പിക്കുന്ന അന്തിമ തെളിവ് നൽകുക, ഇടപാടുകൾക്ക് പൊതുജനപരിചയം നൽകുക, വഞ്ചനകൾ തടയുക, ഒരു സ്വത്ത് മുമ്പേ ഇടപാടിന് വിധേയമായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സൗകര്യം നൽകുക, കൂടാതെ അവകാശരേഖകൾക്ക് സുരക്ഷയും, മൂല രേഖകൾ നഷ്ടപ്പെടുകയോ നശിക്കുകയോ ചെയ്താൽ പകരം രേഖകൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യവും നൽകുകയെന്നതാണ്. ഇതുകൂടാതെ, രേഖകളുടെ രജിസ്ട്രേഷൻ സുഗമമാക്കുന്നതിനും, അവകാശരേഖകൾ, പ്രത്യേക വിവാഹങ്ങൾ, ചിട്ടികൾ, സഹകരണസംഘങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ സംരക്ഷിക്കുന്നതിനും വകുപ്പിന് ചുമതലയുണ്ട്. ഭാവിയിൽ ആധികാരികമായ സർട്ടിഫൈഡ് പകർപ്പുകൾ തയ്യാറാക്കുന്നതിനായി ഈ രേഖകൾ സ്ഥിരമായി സംരക്ഷിക്കുക എന്ന പ്രത്യേക ഉത്തരവാദിത്തവും വകുപ്പിനുണ്ട്. നിലവിൽ രജിസ്ട്രേഷൻ നടപടികളിലൂടെയുള്ള വരുമാനം സംസ്ഥാന ഖജനാവിലേക്കുള്ള വരുമാന സ്രോതസ്സുകളിൽ മൂന്നാമത്തെ വലിയ ഉറവിടമാണ്. രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനായി വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ വകുപ്പ് രേഖകളുടെ രജിസ്ട്രേഷൻ ഫീസിനത്തിൽ മൊത്തം 1456.64 കോടി രൂപ സമാഹരിച്ചു. ഇതിൽ 941.08 കോടി രൂപ വിൽപ്പന കൈമാറ്റത്തിലൂടെ ലഭിച്ചതാണ് (Sale Conveyance), ഇത് പ്രധാന ഘടകമായിത്തീർന്നിട്ടുണ്ട്. 2024-25 കാലയളവിൽ രജിസ്റ്റർ ചെയ്ത രേഖകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.7**-ലും, അതേ കാലയളവിൽ സമാഹരിച്ച ഫീസിന്റെ വിശദാംശങ്ങൾ **അനുബന്ധം 5.5.8**-ലും നൽകിയിരിക്കുന്നു.

നിയമപരമായ ആവശ്യങ്ങൾക്കായി രേഖകളുടെ സംരക്ഷണം, പുനഃലേഖനം, പകർപ്പുകളുടെ തയ്യാറാക്കൽ എന്നിവ നിർവഹിക്കുന്നതിനൊപ്പം വിപുലമായ രേഖകളും സൂചികകളും വകുപ്പ് പരിപാലിക്കുന്നു. നിയമ, ഭരണ, ധനകാര്യ പ്രവർത്തനങ്ങൾക്ക് സ്ഥിരമായ രേഖ സംരക്ഷണം അനിവാര്യമാണ്. രേഖപ്പെടുത്തൽ, സംഭരണം, അറ്റകുറ്റപ്പണി, ശേഖരണം (ആർക്കൈവിംഗ്) തുടങ്ങിയവയ്ക്ക് ആധികാരികത നിലനിർത്തുന്നതിനായി ക്രമബദ്ധമായ നടപടിക്രമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സർട്ടിഫൈഡ് പകർപ്പുകൾ നൽകൽ, സുരക്ഷിതവും സുതാര്യവുമായ ഇടപാടുകൾക്ക് സഹായകരമായ ബാധ്യതാ സർട്ടിഫിക്കറ്റുകൾ അനുവദിക്കൽ തുടങ്ങിയ അനിവാര്യ സേവനങ്ങൾ വകുപ്പ് നൽകുന്നു. സ്ഥിരമായ പരിശോധനയും ഉത്തരവാദിത്ത സംവിധാനങ്ങളും വഴി നിയമപരമായ ഉറപ്പുനൽകുകയും വഞ്ചനകൾ തടയുകയും രേഖകളുടെ ആധികാരികതയിലും ഉടമസ്ഥാവകാശങ്ങളിലും പൊതുജനവിശ്വാസം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**2024-25 കാലയളവിൽ രജിസ്ട്രേഷൻ മേഖലയിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു:**

- ന്യായവിധേയമല്ലാത്ത (Non-Judicial) ആവശ്യങ്ങൾക്കായി എല്ലാ ഡിനോമിനേഷനുകളിലുമുള്ള ഇ-സ്റ്റാമ്പ്സൗകര്യംനടപ്പിലാക്കി.
- സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും പണരഹിത (Cashless) പേയ്മെന്റ് സംവിധാനം സാധ്യമാക്കുന്നതിനായി പുതിയ ആൻഡ്രോയിഡ് ഇ-പോസ് മെഷീനുകളുടെ സ്ഥാപനംപൂർത്തിയാക്കി.
- കോറൽ (Coral) വെബ്സൈറ്റിലൂടെ എല്ലാ ചിട്ടി സംബന്ധമായ ഫീസുകൾക്കും ഇ-പേയ്മെന്റ്

സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്.

- കേരള സംസ്ഥാനത്ത് ചിട്ടി ഫണ്ട് / കുറി പ്രവർത്തനങ്ങളിലൂടെ വിശ്വാസ്യതയുള്ള ധനകാര്യ സേവനങ്ങളിലേക്ക് സുഗമമായ പ്രവേശനം ഉറപ്പാക്കുന്നതിനും, ഓൺലൈൻ ചിട്ടി ഫണ്ട് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി സമഗ്രമായ ഒരു വെബ് ആപ്ലിക്കേഷൻ വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്യുന്ന പുതിയൊരു പദ്ധതി നിലവിൽ പുരോഗമിക്കുകയാണ്.
- ക്ഷേമവുമായി ബന്ധപ്പെട്ട സേവനങ്ങളായ (ക്ഷേമ സ്റ്റാമ്പ് വിൽപ്പന, ക്ഷേമനിധിയിലേക്കുള്ള മാസവരി എന്നിവ) നടപടിക്രമങ്ങൾ പേപ്പർരഹിതമാക്കി മാറ്റുകയും, അവയുടെ പേയ്മെന്റുകൾ പണരഹിതമാക്കുകയും ചെയ്തിട്ടുണ്ട്.
- എന്റെ ഭൂമി പോർട്ടൽ വഴിയുള്ള ടെംപ്ലേറ്റ് അടിസ്ഥാനത്തിലുള്ള രജിസ്ട്രേഷൻ കാസർഗോഡ് ജില്ലയിലെ ബധിയടുക്ക സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലെ ഉജ്ജർ ഉൽവർ ഗ്രാമത്തിൽ വിജയകരമായി നടപ്പിലാക്കി. ഡിജിറ്റൽ സർവേ പൂർത്തിയായതും സംവിധാനം ഓപ്റ്റിമൈസ് ചെയ്തതുമായ മറ്റ് ഓഫീസുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കും.
- 1968 മുതൽ നാല് ജില്ലകളിലും, 1988 മുതൽ അഞ്ച് ജില്ലകളിലും, 1998 മുതൽ മറ്റൊരു അഞ്ച് ജില്ലകളിലുമുള്ള പഴയ രജിസ്റ്റർ ചെയ്ത രേഖകളുടെ സ്കാനിംഗ് പൂർത്തിയായിട്ടുണ്ട്. സി-ഡിറ്റ് (C-DIT) ന്റെ സാങ്കേതിക പിന്തുണയോടെ നശിച്ചുതുടങ്ങിയ പഴയ വോള്യങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.
- 1980 മുതൽ ഉള്ള രജിസ്ട്രേഷൻ വിവരങ്ങൾ പൗരന്മാർക്ക് ഓൺലൈൻ സൗകര്യം വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഓൺലൈൻ രജിസ്ട്രേഷൻ നടപടികളും ഇനി എന്റെ ഭൂമി പോർട്ടലിൽ ലഭ്യമാണ്.
- റിലിസ് (ReLIS), പാൻ (PAN) പരിശോധനാ സംവിധാനം എന്നിവയുൾപ്പെടെയുള്ള വിവിധ സംവിധാനങ്ങളുമായുള്ള സംയോജനം ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ കൂടുതൽ കാര്യക്ഷമവും സുരക്ഷിതവുമായ സേവന വിതരണം ഉറപ്പാക്കുന്നു.

**റവന്യൂ വകുപ്പ് – ഇ-ഗവേണൻസ് സംരംഭങ്ങൾ**

റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ, സംസ്ഥാന സർക്കാർ പൗരന്മാരുടെ ജീവിതത്തെ നേരിട്ട് സ്വാധീനിക്കുന്ന ഉയർന്ന പ്രാധാന്യമുള്ള വിപുലമായ പൊതുസേവനങ്ങളുടെ വിതരണവും ഭരണവും നിർവഹിക്കുന്നു. ലളിതവും സുതാര്യവും ചെലവുകുറഞ്ഞതുമായ സേവനവിതരണം നല്ല ഭരണത്തിന്റെ അടിസ്ഥാനശിലയായതിനാൽ, അതിന് കാര്യക്ഷമവും പ്രതികരണക്ഷമവും പൗരകേന്ദ്രിതവുമായ ഭരണസംവിധാനം അനിവാര്യമാണ്. ഇത് നേടിയെടുക്കുന്നതിനായി, നൂതന ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും, ഐടി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ഇ-ഗവേണൻസ് മികവിനായുള്ള കേരളത്തിന്റെ കാഴ്ചപ്പാടുമായി പൊരുത്തപ്പെടുന്ന ഭാവിയിലേക്കുള്ള തന്ത്രങ്ങൾ സ്വീകരിക്കുന്നതിനും വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. പൊതുവിഭവങ്ങൾ സംരക്ഷിക്കുന്നതിനും അവശ്യ സേവനങ്ങൾ നൽകുന്നതിനും ലാൻഡ് റവന്യൂ വകുപ്പ് (LRD), ഡയറക്ടറേറ്റ് ഓഫ് സർവേ ആൻഡ് ലാൻഡ് റെക്കോർഡ്സ് (DSLR), സ്റ്റേറ്റ് ലാൻഡ് ബോർഡ് (SLB), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) എന്നിവ യോജിച്ച് പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഏറ്റവും പഴക്കമേറിയതും സുപ്രധാനവുമായ ഭരണനിർവ്വഹണ വിഭാഗങ്ങളിലൊന്നായ കേരള റവന്യൂ വകുപ്പ്, ഭൂഭരണം, ദുരന്തനിവാരണം, പൗര സേവന വിതരണം എന്നിവയിൽ സുപ്രധാന പങ്ക് വഹിക്കുന്നു. പൊതു മുതലിന്റെ സൂക്ഷിപ്പുകാരൻ എന്ന നിലയിലും ഭൂരേഖകൾ സൂക്ഷിക്കുന്നതിനുള്ള പ്രാഥമിക ഏജൻസി എന്ന നിലയിലും, അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി സംരക്ഷണം മുതൽ ക്ഷേമവും ദുരിതാശ്വാസവും വരെയുള്ള വികസനത്തിന്റെ എല്ലാ മേഖലകളെയും പിന്തുണയ്ക്കുന്ന ഭരണത്തിന്റെ അടിത്തറയായി ഈ വകുപ്പ് പ്രവർത്തിക്കുന്നു.

ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ, ഭൂമി കൈമാറ്റം, ഭൂമി പരിവർത്തനം എന്നിവ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഭൂനികുതി പിരിവ്, സാമൂഹിക സുരക്ഷാ പെൻഷൻ (കാൻസർ/കുഷ്ഠരോഗം/ക്ഷയം) വിതരണം, ദുരന്ത നിവാരണം, പരാതി പരിഹാരം, പ്രധാന സർക്കാർ പദ്ധതികളുടെ നടത്തിപ്പ് തുടങ്ങിയ നിർണായക പൗര കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കും ഈ വകുപ്പ് മേൽനോട്ടം വഹിക്കുന്നു. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന റവന്യൂ വകുപ്പിന്റെ ലക്ഷ്യ സാക്ഷാൽക്കാരത്തിനായി ഓരോ ആശയവും ഏകോപിപ്പിച്ചിരിക്കുന്നു.

***സുസ്ഥിര വരുമാന മാതൃകയുടെ നിർമ്മാണത്തിലേക്ക്: ഡിജിറ്റൽ പരിവർത്തനവും സാമ്പത്തിക സ്വയംപര്യാപ്തതയും***

പൗരന്മാർക്ക് സാമൂഹ്യസേവന പെൻഷനുകൾക്കായി അപേക്ഷിക്കാനും, പരാതികൾ സമർപ്പിക്കാനും, കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാനും റവന്യൂ വകുപ്പ് സൗകര്യമൊരുക്കിയിട്ടുണ്ട്. www.revenue.kerala.gov.in എന്ന പോർട്ടലിലൂടെ ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും പൗരന്മാർക്ക് ഭൂമിയുടെ തൽസ്ഥിതി പരിശോധിക്കുന്നതിനു സാധിക്കും ഇതിലൂടെ ഭൂമി വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും സുതാര്യത ഉറപ്പാക്കുന്നു. സമർപ്പിത ഇന്റർനെറ്റ് കണക്ഷനുകളും ഉയർന്ന ബാൻഡ്‌വിഡ്ത്തുള്ള KFON ശൃംഖലകളും ഉപയോഗിച്ച് റവന്യൂ ഭരണ സംവിധാനത്തിൽ പൂർണ്ണമായ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ സംവിധാനം ഇപ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇത് സർക്കാരിന് വരുമാനം സൃഷ്ടിക്കുന്ന ഒരു പ്രധാന സംവിധാനമായി മാറിയിട്ടുണ്ട്. പ്രധാന ഇ-ഗവേണൻസ് പ്രവർത്തനങ്ങളിൽ ഭൂനികുതി

ഈടാക്കൽ, ഭൂമി സംരക്ഷണം, റവന്യൂ റിക്കവറി, കെട്ടിട നികുതി, അധിക നികുതി എന്നിവ ഉൾപ്പെടുന്നു. പ്രധാന പൗര ഇ-സേവനങ്ങളിൽ ദുരിതാശ്വാസം, കോവിഡ് എക്സ്-ഗ്രേഷ്യ പണമടവ്, കോവിഡ് ബി.പി.എൽ പെൻഷൻ, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള നഷ്ടപരിഹാരം, സാമൂഹ്യസുരക്ഷാ പെൻഷൻ, ഭൂമി തരംമാറ്റം, ഓൺലൈൻ മ്യൂട്ടേഷൻ, ഭൂമിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ, റവന്യൂ മിത്രം, പ്രവാസി മിത്രം, പട്ടയം മോഡ്യൂൾ എന്നിവ ഉൾപ്പെടുന്നു.

**മറ്റു സേവനങ്ങൾ**

**ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ (EMR)** എന്നത് ഭൂമി ബാങ്കുകളിൽ പണയമായി വയ്ക്കുമ്പോൾ, നിർദ്ദിഷ്ട ഫീസ് അടച്ച് വായ്പയുടെ വിവരങ്ങൾ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ ഓൺലൈൻ ആയി രേഖപ്പെടുത്തുന്ന ഒരു സംവിധാനമാണ്. ഈ സംവിധാനത്തിലൂടെ ബന്ധപ്പെട്ട ഭൂഭാഗത്തിന്റെ വായ്പയുടെ ബാധ്യത ബാങ്കുകൾക്ക് രേഖപ്പെടുത്താനും, വായ്പ തീർത്തതിന് ശേഷം രേഖപ്പെടുത്തിയ ബാധ്യത നീക്കം ചെയ്യാനും കഴിയും. ഈ മോഡ്യൂൾ പൂർത്തീകരിച്ചിട്ടുള്ളതും 10.07.2024 മുതൽ വിവിധ SLBC ബാങ്കുകൾ ഇത് ഉപയോഗിച്ചു വരുന്നതുമാണ്.

**ഭൂവിവരങ്ങൾ ആധാറുമായി ബന്ധിപ്പിക്കൽ (Aadhaar Linking of Land Parcel):** ഭൂഉടമകൾക്ക് അവരുടെ ഭൂമി സ്വന്തം ആധാർ നമ്പറുമായി ബന്ധിപ്പിക്കാനാകുന്ന ഒരു ഇ-ഗവേണൻസ് സൗകര്യമാണ് ഇത്.

**തരം മാറ്റം (Tharam Mattam):** കേരള നെൽവയൽ-ചതുപ്പ് സംരക്ഷണ നിയമം, 2008- ഉമായി ബന്ധപ്പെട്ട വിവിധ വ്യവസ്ഥകൾക്കായി പൗരന്മാർക്ക് www.revenue.kerala.gov.in എന്ന വെബ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനായി അവതരിപ്പിച്ച ഒരു സൗകര്യമാണ് ഇത്. ReLIS പോർട്ടൽ ഇപ്പോൾ ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം (www.lams.revenue.kerala.gov.in)ലോഗിൻ ചെയ്യാതെതന്നെ പൊതുജനങ്ങൾക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ തിരയാനും ലഭ്യമാക്കാനും അനുവദിക്കുന്നു.

കേരളത്തിലെ ഉയർന്ന ജനസാന്ദ്രത കണക്കിലെടുക്കുമ്പോൾ, വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ അനിവാര്യമാണ്. പൊതുപ്രയോജനങ്ങൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ സമൂഹത്തിന്റെ പുരോഗതിക്കും ദേശീയ വികസനത്തിനും നിർണായകമാണ്. റോഡുകൾ, റെയിൽവേ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, കുടിവെള്ളം എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നടത്തുന്ന ഭൂമി ഏറ്റെടുക്കൽ സമൂഹത്തിന് വലിയ ഗുണഫലങ്ങൾ നൽകുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വേഗതയും കാര്യക്ഷമതയും വർധിപ്പിക്കാനും, സുതാര്യത ഉറപ്പാക്കാനും, ഭൂമിയുടമകൾക്കും ബാധിത കുടുംബങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം കൃത്യമായി നൽകാനും ലക്ഷ്യമിട്ട് ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ (LAMS) ഭാഗമായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിലെ പുരോഗതി തത്സമയത്തിൽ അറിയാൻ കഴിയുകയും, ഭൂമിയുടമകൾക്ക് പരാതികൾ ഉന്നയിക്കാനും അവയ്ക്ക് പരിഹാരം തേടാനും സാധിക്കുകയും ചെയ്യുന്നു.

ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന പദ്ധതിയാണ്. റവന്യൂ വകുപ്പിന്റെ ReLIS, സർവേ വകുപ്പിന്റെ 'എന്റെ ഭൂമി', രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്നീ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഏകീകരിച്ച്, ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി സമഗ്രവും ഏകീകൃതവുമായ ഒരു സംവിധാനം രൂപപ്പെടുത്തുന്നതാണ് ഈ പദ്ധതി. ഭൂമി കൈമാറ്റം, രജിസ്ട്രേഷൻ ടെംപ്ലേറ്റുകൾ, ഭൂനികുതി നിർണയം, ഓട്ടോ മ്യൂട്ടേഷൻ, ന്യായവില നിർണ്ണയം എന്നിവ ഉൾപ്പെടെയുള്ള നിരവധി സേവനങ്ങൾ ഇനി ഒരൊറ്റ പോർട്ടലിലൂടെ ലഭ്യമാകും. ഇതുവഴി പൊതുജനങ്ങൾക്ക് നടത്തുന്ന ഇടപാടുകളിൽ കാര്യക്ഷമത, വേഗത, സുതാര്യത, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനൊപ്പം, പല ഓഫീസുകൾ സന്ദർശിക്കേണ്ടതിന്റെ ആവശ്യം ഒഴിവാക്കുകയും ചെയ്യുന്നു.

**എക്സൈസ് വകുപ്പ്**

സംസ്ഥാനത്തിന്റെ വരുമാന സമാഹരണത്തിൽ നിർണായക പങ്ക് വഹിക്കുന്ന ഒരു വകുപ്പാണ് സംസ്ഥാന എക്സൈസ് വകുപ്പ്. മദ്യവുമായി ബന്ധപ്പെട്ട നിയമങ്ങൾ, മയക്കുമരുന്നുകളും മനഃപ്രേരക പദാർത്ഥങ്ങളും, കൂടാതെ മദ്യവും മയക്കുമരുന്നുകളും അടങ്ങിയ ഔഷധ തയ്യാറെടുപ്പുകൾ സംബന്ധിച്ച നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം എക്സൈസ് വകുപ്പിനാണ്. സംസ്ഥാനത്ത് 69 എക്സൈസ് സർക്കിൾ ഓഫീസുകൾ, 138 എക്സൈസ് റേഞ്ച് ഓഫീസുകൾ, 39 ചെക്ക് പോസ്റ്റുകൾ, 19 പ്രത്യേക സ്ക്വാഡുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. മയക്കുമരുന്ന് ദുരുപയോഗ നിർമാർജനത്തിനായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളിലൊന്നാണ് 'വിമുക്തി'. എല്ലാ ലൈസൻസിംഗ് സേവനങ്ങളും ഇപ്പോൾ ഓൺലൈൻ ആയി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇത് ഇ-പേയ്മെന്റ് സംവിധാനവുമായി വിജയകരമായി ഏകീകരിച്ചിരിക്കുന്നു. അബ്കാരി ആക്ട്, 1950, മയക്കുമരുന്നുകളും മനഃപ്രേരക പദാർത്ഥങ്ങളും സംബന്ധിച്ച നിയമം (NDPS) 1985, സിഗരറ്റുകളും മറ്റ് പുകയില ഉൽപ്പന്നങ്ങളും (പരസ്യ നിരോധനവും വ്യാപാരം, ഉൽപാദനം, വിതരണം എന്നിവയുടെ നിയന്ത്രണം) നിയമം (COTPA) 2003 എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ കണ്ടെത്തുന്നതിനും ഈ സംവിധാനം സഹായിക്കുന്നു. എക്സൈസ് വകുപ്പ് ഇ-പേയ്മെന്റും ഇ-ലൈസൻസിംഗ് സൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. മയക്കുമരുന്ന് ദുരുപയോഗത്തിന്റെ അപകടങ്ങളെക്കുറിച്ച് കൗമാരക്കാരിലും യുവജനങ്ങളിലും ബോധവൽക്കരണം നടത്തുകയും 'ലഹരി മുക്ത കേരളം' സാക്ഷാത്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2016 ഒക്ടോബറിൽ വിമുക്തി മിഷൻ ആരംഭിച്ചു. സ്കൂളുകളിലും കോളേജുകളിലും ആന്റി-നാർക്കോട്ടിക് ക്ലബ്ബുകൾ സ്ഥാപിക്കുക, 'നേർക്കൂട്ടം', 'ശ്രദ്ധ' എന്നീ സമിതികളുടെ രൂപീകരണം, 'ഉണർവ്'

പദ്ധതി നടപ്പാക്കൽ, കൂടാതെ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ എന്നിവ ഇതിന്റെ പ്രധാന പരിപാടികളിൽ ഉൾപ്പെടുന്നു.

വിമുക്തി മിഷന്റെ പ്രധാന സവിശേഷതകൾ ചുവടെപ്പറയുന്നവയാണ്.

- 14 ജില്ലകളിലായി 14 ലഹരിവിമുക്ത കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- ഓരോ ലഹരിവിമുക്ത കേന്ദ്രവും ജില്ലാ/ താലൂക്ക് ആശുപത്രികളോട് ബന്ധിപ്പിച്ചാണ് പ്രവർത്തിക്കുന്നത്.
- ഓരോ ലഹരിവിമുക്ത കേന്ദ്രത്തിലും മെഡിക്കൽ ഓഫീസർ (എംബിബിഎസ്), ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങിയ സ്റ്റാഫിനെ നിയോഗിച്ചിരിക്കുന്നു.
- സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേകം ലഹരിവിമുക്ത സൗകര്യങ്ങൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിലും കോഴിക്കോട് ഗവൺമെന്റ് ബീച്ച് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട് .
- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മൂന്ന് സോണൽ കൗൺസലിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ നേരിട്ടും ടെലിഫോൺ വഴിയും കൗൺസലിംഗ് നൽകുന്നു.
- 21 വയസ്സിൽ താഴെയുള്ള വ്യക്തികൾ ഉൾപ്പെടുന്ന ചെറിയ തോതിലുള്ള എൻഡിപിഎസ് (NDPS) കേസുകളിൽ പ്രത്യേക ഇടപെടലുകളോടുകൂടിയ കൗൺസലിംഗിനായി 14405 എന്ന ടോൾ-ഫ്രീ നമ്പർ ലഭ്യമാണ്.
- സ്കൂളുകളിൽ 5862 ആന്റി-നാർക്കോട്ടിക് ക്ലബ്ബുകളും കോളേജുകളിൽ 890 ആന്റി-നാർക്കോട്ടിക് ക്ലബ്ബുകളും പ്രവർത്തിക്കുന്നു.
- കോളേജ് തലത്തിൽ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗസാധ്യത ഇല്ലാതാക്കുന്നതിനുള്ള ആദ്യഘട്ടമായി, എല്ലാ കോളേജുകളിലും പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "നേർക്കൂട്ടം" എന്ന കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.
- 2024-25 വർഷത്തിൽ 1020 "നേർക്കൂട്ടം" കമ്മിറ്റികളും 512 "ശ്രദ്ധ" കമ്മിറ്റികളും രൂപീകരിച്ചു.
- 'ലഹരിമുക്ത ഗ്രാമം' പദ്ധതിയിലൂടെ ലഹരി ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം, ആദിവാസി സമൂഹങ്ങളെയും തീരദേശ സമൂഹങ്ങളെയും മുഖ്യധാരാ സമൂഹവുമായി ഏകീകരിക്കുന്നതിനും ഊന്നൽ നൽകുന്നു. കായിക പരിശീലനം, ലൈബ്രറി സൗകര്യങ്ങൾ, കരിയർ മാർഗനിർദേശം, സമാന്തര വിദ്യാഭ്യാസ പ്രോത്സാഹനം എന്നിവ ഈ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ്.
- 'ലഹരിമുക്ത ഗ്രാമം' പദ്ധതിയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന "സമാന്തര വിദ്യാഭ്യാസ പ്രോത്സാഹനവും കരിയർ വികസനവും (PSC പരിശീലനം)" പദ്ധതി. പട്ടികവർഗ്ഗമേഖലയിലെയും -തീരദേശ പ്രദേശങ്ങളിലെയും വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥികൾക്ക് കരിയർ അവസരങ്ങളും തൊഴിൽ ലഭ്യതയും ഉറപ്പാക്കുന്നതിനിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക കൊണ്ടുവരികയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലെ ജനമൈത്രി എക്സൈസ് ഓഫീസുകൾ മുഖേന എക്സൈസ് വകുപ്പ്/വിമുക്തി മിഷൻ നടത്തിയ കരിയർ വികസന/PSC പരിശീലനത്തിൽ പങ്കെടുത്ത 38 പേർക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്.
- കൊല്ലം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ മിനി ഫിറ്റ്നസ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.
- ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മാതാപിതാക്കൾക്കായി "കരുതൽ" എന്ന പേരിലുള്ളതും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലുമായി രണ്ട് കൈപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 75,000 "കവചം" പകർപ്പുകളും 75,000 "കരുതൽ" പകർപ്പുകളും ഇതുവരെവിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2025-ൽ 50,000 "കരുതൽ"പകർപ്പുകളും 50,000 "കവചം"പകർപ്പുകളും അച്ചടിച്ച് വിവിധ ജില്ലകളിൽ വിതരണം ചെയ്തു.
- 'മയക്കുമരുന്നു നിരോധനം' പ്രചാരണത്തിന്റെ 5-ാം ഘട്ടത്തിന്റെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ജില്ലാതല ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുകയും, കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാറും ലഹരി വിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ, ജില്ലാതലത്തിൽ 14 ജില്ലകളിലും കോളേജ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ ഫ്ലാഷ് മോബ് മത്സരം നടത്തി.
- സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) യുമായി സഹകരിച്ച് കുട്ടികൾക്കായി "തെളിവാനം വരയ്ക്കുന്നവർ" എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കി 25,000 പകർപ്പുകൾ സ്കൂളുകളിലേക്ക് വിതരണം ചെയ്തു. ഇതിന് പുറമേ 2025-26 അക്കാദമിക് വർഷത്തിൽ പുസ്തകത്തിന്റെ 3,000 അധിക പകർപ്പുകൾ അച്ചടിച്ച് വിതരണം ചെയ്തു.

കേരള സംസ്ഥാനത്ത് മദ്യവും മയക്കുമരുന്നുകളും സംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനായി എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (EI&IB) എന്ന പ്രത്യേക വിഭാഗം കേരള എക്സൈസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. അനധികൃത മദ്യനിർമാണവും മയക്കുമരുന്നുകളുടെ അനധികൃത കടത്തും സംബന്ധിച്ച രഹസ്യവിവരങ്ങൾ ശേഖരിച്ച് സമയബന്ധിത

**ബോക്സ് 5.5.1** എക്സൈസ് വകുപ്പിന്റെ പുതിയ സംരംഭങ്ങൾ, വിജയകഥകൾ, നവീന പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ

> കേരള സർക്കാരിന്റെ ലഹരി വിരുദ്ധ പ്രചാരണമായ "നോ ടു ഡ്രഗ്സ്" ക്യാമ്പയിനിന്റെ ഭാഗമായി, എക്സൈസ് വകുപ്പും കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയും (KELSA) സംയുക്തമായി 2025 ഓഗസ്റ്റ് 30-ന് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി സംബന്ധമായ വിഷയങ്ങളിൽ നിയമബോധം, സഹകരണം, ഇടപെടൽ എന്നിവയെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് "നാശമുക്ത് ന്യായ അഭിയാൻ". വിമുക്തി മിഷന്റെ നേതൃത്വത്തിൽ ദേശീയ നിയമ സേവന അതോറിറ്റി (NELSA), കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (KeLSA), കേരള സർക്കാർ എന്നിവയുടെ സംയുക്ത പരിശ്രമമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ദേശീയ നിയമ സേവന അതോറിറ്റി (NALSA) രൂപകൽപ്പന ചെയ്ത ഈ പദ്ധതി നടപ്പാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമാണ്.

നടപടികൾ സ്വീകരിക്കുന്നതിനുള്ള ചുമതല ഈ വിഭാഗത്തിനാണ്. അനധികൃത മദ്യ നിർമ്മാണം, വിൽപ്പന, കടത്ത് എന്നിവ തടയുക, കൂടാതെ മയക്കുമരുന്നുകളും മാനസികപ്രഭാവമുള്ള വസ്തുക്കളും (നാർക്കോട്ടിക് ഡ്രഗ്സ്, സൈക്കോട്രോപിക് സബ്സ്റ്റാൻസുകൾ) സംബന്ധിച്ച നിയമങ്ങൾ നടപ്പാക്കുക എന്നിവയും ഇതിന്റെ പ്രധാന ഉത്തരവാദിത്വങ്ങളാണ്. ഇതോടൊപ്പം, എക്സൈസ് വകുപ്പിന്റെ വരുമാനസംരക്ഷണം, വർധന, ശേഖരണം എന്നിവ ഉറപ്പാക്കുകയും വരുമാന ചോർച്ച തടയുകയും ചെയ്യുന്നതും ഈ വിഭാഗത്തിന്റെ ചുമതലയാണ്.

2025-ൽ, എക്സൈസ് ഇന്റലിജൻസ് ബ്യൂറോ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 2822 കേസുകൾ കണ്ടെടുക്കുകയും 2366 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ആകെ 1555 ലിറ്റർ സ്പിരിറ്റ്, 27,121 ലിറ്റർ വാഷ്, 620 ലിറ്റർ അനധികൃത മദ്യം, 417 കിലോ കഞ്ചാവ്, 214 കഞ്ചാവ് ചെടികൾ, 1417 ഗ്രാം ലഹരി മയക്കമരുന്ന്, 3497 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ എന്നിവ കണ്ടെടുത്തു.

എക്സൈസ് ക്രൈം ബ്രാഞ്ച് സംസ്ഥാനം മുഴുവൻ ഉൾക്കൊള്ളുന്ന അന്വേഷണ പരിധിയുള്ള ഒരു അന്വേഷണ ഏജൻസിയാണ്. കേരള സർക്കാർ, എക്സൈസ് കമ്മീഷണർ, അംഗീകൃത കോടതികൾ എന്നിവ നിയോഗിച്ചിട്ടുള്ളതും എക്സൈസ് വകുപ്പിൽ കണ്ടെത്തുന്നതുമായ പ്രധാനപ്പെട്ട എക്സൈസ്/എൻഡിപിഎസ് കേസുകൾ അന്വേഷിക്കുക, സമയബന്ധിതമായി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുക, കേസുകളിൽ തുടർനടപടികൾ സ്വീകരിക്കുക എന്നിവയാണ് എക്സൈസ് ക്രൈം ബ്രാഞ്ചിന്റെ പ്രധാന കടമകൾ.

എക്സൈസ് ക്രൈം ബ്രാഞ്ച് രൂപീകരിച്ചതിനുശേഷം, എക്സൈസ് കമ്മീഷണറെ 135 കേസുകൾ അന്വേഷിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്, അതിൽ 113 കേസുകളിൽ അന്തിമ റിപ്പോർട്ടുകൾ കോടതികൾക്ക് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ടുകൾ സമർപ്പിച്ച 13 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ അന്വേഷണ ഏജൻസികളിൽ ഏറ്റവും ഉയർന്ന ശിക്ഷാ നിരക്ക് (97%) എക്സൈസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ച കേസുകളിലാണ്. സംസ്ഥാനത്ത് അബ്കാരി കേസുകളുടെ എണ്ണം 2023-ൽ 19,016 ഉം 2024-ൽ 19,419 ഉം ആയിരുന്നു, 2025-ൽ ഇത് 14,356 ആയി കുറഞ്ഞു. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത് കോട്ടയം ജില്ലയിലാണ് (1474). 2025-ൽ എൻഡിപിഎസ് കേസുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് (5.66 ശതമാനം) വർധനവുണ്ടായി. എൻഡിപിഎസ് കേസുകളിൽ 2024-നെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന കുറവ് വയനാട് ജില്ലയിലാണ് (-) 26.09 ശതമാനം. സിഒടിപിഎ കേസുകളിൽ, സംസ്ഥാനത്ത് മൊത്തത്തിൽ 20.93 ശതമാനം കുറവ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത് തിരുവനന്തപുരം ജില്ലയിലാണ് (7790). 2025-ൽ (2025 ജനുവരി 01 മുതൽ 2025 ഓഗസ്റ്റ് 31 വരെ) അബ്കാരി ആക്ട് പ്രകാരം 14,356 കേസുകളും, എൻഡിപിഎസ് ആക്ട് പ്രകാരം 8,622 കേസുകളും, സിഒടിപിഎ പ്രകാരം 57,949 കേസുകളും രജിസ്റ്റർ ചെയ്തു. 2024-ൽ ഇത് യഥാക്രമം 19,419 ഉം 8,160 ഉം 73,281 ഉം ആയിരുന്നു. 2023, 2024, 2025 വർഷങ്ങളിലെ ജില്ല തിരിച്ചുള്ള കേസ് വിശദാംശങ്ങൾ **അനുബന്ധം 5.5.9**-ൽ നൽകിയിരിക്കുന്നു. സിഒടിപിഎ, എൻഡിപിഎസ്, അബ്കാരി ആക്ട് എന്നിവ പ്രകാരം എക്സൈസ് വകുപ്പ് കണ്ടെത്തിയ കേസുകളുടെ എണ്ണത്തിൽ മുൻ വർഷത്തെ (അതായത് 2023, 2024) അപേക്ഷിച്ച് വന്നിട്ടുള്ള ശതമാന മാറ്റം **അനുബന്ധം 5.5.10**-ൽ നൽകിയിരിക്കുന്നു.

വിവിധ നിയമവിരുദ്ധ സ്രോതസ്സുകളിൽ നിന്നുള്ള ലഹരി കള്ളക്കടത്ത് സാധനങ്ങൾ വകുപ്പ് പിടിച്ചെടുക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ സ്പിരിറ്റ്, ചാരായം, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL), കള്ള്, അരിഷ്ടം, കഞ്ചാവ്, കഞ്ചാവ് പൊടി എന്നിവ ഉൾപ്പെടുന്നു. 2025-ൽ (31.08.2025 വരെ) പിടിച്ചെടുത്ത് നശിപ്പിച്ച നിരോധിത വസ്തുക്കളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.11**-ൽ നൽകിയിരിക്കുന്നു.

എക്സൈസ് വകുപ്പ് സ്കൂളുകൾ, കോളേജുകൾ, പൊതുജനങ്ങൾ എന്നിവയ്ക്കായി പൊതുജന അവബോധ കാമ്പയിൻ നടത്തുന്നു. 2025 ൽ (2025 ഓഗസ്റ്റ് 31 വരെ) ആകെ 1,07,577 ബോധവൽക്കരണ കാമ്പയിനുകൾ നടത്തി. 2024 ൽ ഇത് 91,504 ആയിരുന്നു. ജില്ല തിരിച്ചുള്ളതും മേഖല തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 5.5.12** ൽ നൽകിയിരിക്കുന്നു.

**മേഖലയിലെ വിടവുകളും വെല്ലുവിളികളും, മുന്നോട്ടുള്ള വഴിയും**

ജീവനക്കാരുടെ അഭാവം, വാഹനങ്ങളുടെ അഭാവം, വിശാലമായ അധികാരപരിധി, കാലഹരണപ്പെട്ട ആയുധങ്ങൾ, മോശം ആശയവിനിമയ സംവിധാനങ്ങൾ

തുടങ്ങിയ വെല്ലുവിളികൾ എക്സൈസ് വകുപ്പ് നേരിടുന്നു. ഇതിനു വിപരീതമായി, മയക്കുമരുന്ന്, മദ്യ മാഫിയകൾ അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കായി ആധുനിക ആയുധങ്ങളും ആശയവിനിമയ സാങ്കേതികവിദ്യകളും ഉപയോഗിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ആധുനിക സൗകര്യങ്ങളും നവീകരണങ്ങളും വകുപ്പിന് ആവശ്യമാണ്.

**പോലീസ്**

കേരളത്തിൽ ക്രമസമാധാനപാലനത്തിനും കുറ്റകൃത്യ അന്വേഷണത്തിനും ഉത്തരവാദിത്തമുള്ള നിയമ നിർവ്വഹണ ഏജൻസിയാണ് കേരള പോലീസ് വകുപ്പ്. രാജ്യത്തെ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്ന സംസ്ഥാന പോലീസ് സേനകളിൽ ഒന്നായി ഇത് പ്രശസ്തി നേടിയിട്ടുണ്ട്. ജനറൽ എക്സിക്യൂട്ടീവ് വിംഗ്, ക്രൈം ബ്രാഞ്ച്, ആംഡ് പോലീസ്, സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോ, ട്രെയിനിംഗ് വിംഗ്, സ്പെഷ്യൽ ബ്രാഞ്ച്, 11 പ്രത്യേക വിഭാഗങ്ങൾ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറി, സ്റ്റേറ്റ് വനിതാ സെൽ, ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി മാനേജ്മെന്റ് യൂണിറ്റ്, വാച്ച് ആൻഡ് വാർഡ്, കോസ്റ്റൽ സെക്യൂരിറ്റി യൂണിറ്റ്, ആന്റി ടെററിസ്റ്റ് സ്ക്വാഡ്, ടെമ്പിൾ പോലീസ്, ടൂറിസം പോലീസ്, മൗണ്ടഡ് പോലീസ് യൂണിറ്റ്, ഡോഗ് സ്ക്വാഡ്, പോലീസ് ബാൻഡ് എന്നിവ പ്രത്യേക വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ജനറൽ എക്സിക്യൂട്ടീവ് വിഭാഗം ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു, ജനറൽ എക്സിക്യൂട്ടീവ് വിഭാഗം ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നു. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ് , ഉത്തര ദക്ഷിണ മേഖലകളും നാല് പോലീസ് റേഞ്ചുകളും 20 പോലീസ് ജില്ലകളും ഒരു റെയിൽവേ ജില്ലയും ഇതിനുണ്ട്. വനിതാ സുരക്ഷയും സൈബർ സുരക്ഷയും ഉറപ്പാക്കുന്നതിലും, കമ്മ്യൂണിറ്റി പോലീസിംഗ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ്, ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാ പോർട്ട്ഫോളിയോകളിലെ പങ്കാളിത്തത്തിലും, നവീകരിച്ച പ്രൊഫഷണൽ സാങ്കേതികവിദ്യകളുടെ ഉപയോഗത്തിലും പോലീസ് സേന നിർണായക പങ്ക് വഹിക്കുന്നു. AI, പ്രവചനാത്മക വിശകലനം പോലുള്ള സ്മാർട്ട് പോലീസിംഗ് സാങ്കേതികവിദ്യകളുടെ ഉയർച്ച, കമ്മ്യൂണിറ്റി, സിവിലിയൻ അധിഷ്ഠിത തന്ത്രങ്ങളുടെ തുടർച്ചയായ പരിണാമം എന്നിവ പോലീസിംഗിലെ നിലവിലെ പ്രവണതകളിൽ ഉൾപ്പെടുന്നു.

**ജെൻഡർ സെൻസിറ്റീവ് സ്കീമുകൾ**

വകുപ്പ് ലിംഗഭേദമന്യേയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിന് 14 പിങ്ക് കൺട്രോൾ റൂമുകളും 31 കൗൺസിലിംഗ് സെന്ററുകളുമുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുക എന്നതാണ് പിങ്ക് പട്രോൾ സംവിധാനം ലക്ഷ്യമിടുന്നത്, എല്ലാ ജില്ലകളിലും പിങ്ക് കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ പോലീസ് സ്റ്റേഷനുകളെ സഹായിക്കുന്നതിന് നിർഭയ വോളണ്ടിയർമാരെ ചുമതലപ്പെടുത്തി. പൊതു, സ്വകാര്യ, ഡിജിറ്റൽ ഇടങ്ങളിൽ സ്ത്രീകളെ സംരക്ഷിക്കുന്നതിനായി, സംസ്ഥാനത്ത് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് അവതരിപ്പിച്ചു. കമ്മ്യൂണിറ്റി പോലീസിംഗ് പ്രോജക്റ്റിന് കീഴിൽ കേരള പോലീസിന്റെ ഒരു അതുല്യ സംരംഭമാണ് "വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി". വനിതകൾക്ക് ആത്മവിശ്വാസം വളർത്തുന്നതിനും അതിക്രമങ്ങൾക്കെതിരെ ആത്മവിശ്വാസത്തോടെ പോരാടുന്നതിന് സജ്ജരാക്കുന്നതിനും ജനമൈത്രി സുരക്ഷ പ്രോജക്റ്റ് (ജെഎംഎസ്പി) എല്ലാ ജില്ലകളിലും നടപ്പിലാക്കി. സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി മുന്നോട്ട് വയ്ക്കുകയും നടപ്പിലാക്കുകയും ചെയ്തു. പോലീസ് വകുപ്പുമായി ചേർന്ന് 205 നിർഭയ വോളണ്ടിയർമാരുണ്ട്. "ജനമൈത്രി" പദ്ധതിയുടെ കീഴിലുള്ള കമ്മ്യൂണിറ്റി പോലീസിംഗ് വിപുലീകരിച്ചു. പരിശീലനം ലഭിച്ച ബീറ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഗതാഗത നിയമങ്ങൾക്കായുള്ള ബോധവൽക്കരണ കാമ്പെയ്നുകൾ (ശുഭയാത്ര), മയക്കുമരുന്ന് ദുരുപയോഗം തടയൽ (നവോദയം), വനിതാ–ശിശു സുരക്ഷ (സ്ത്രീ സുരക്ഷാ സന്ദേശം) എന്നിവ ഇതിന്റെ സംരംഭങ്ങളിൽ ഉൾപ്പെടുന്നു. ജെൻഡർ സെൻസിറ്റീവ് പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.13** ൽ നൽകിയിരിക്കുന്നു.

വയനാട് ഒഴികെയുള്ള എല്ലാ റവന്യൂ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു. സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയനും സ്ഥാപിച്ചു. സംസ്ഥാനത്ത് അടിയന്തര പ്രതികരണ പിന്തുണാ സംവിധാനം (ERSS) സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അടിയന്തര സഹായത്തിനായി 112 എന്ന എമർജൻസി നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സംവിധാനത്തിലൂടെ വേഗത്തിലും ഫലപ്രദവുമായ പോലീസ് സഹായം ഉറപ്പാക്കുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നു. ആകെ 502 പോലീസ് സ്റ്റേഷനുകളിൽ 485 എണ്ണം ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ജനമൈത്രി സുരക്ഷാ സമിതിയിൽ 6,500 പുരുഷന്മാരും 2,552 സ്ത്രീകളുമുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.14** ൽ നൽകിയിരിക്കുന്നു.

**ശിശു സൗഹൃദ പദ്ധതികൾ**

കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി, കേരള പോലീസ് നിരവധി പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നു. പന്ത്രണ്ടാം ക്ലാസ് വിജയകരമായി പൂർത്തിയാക്കുന്നതിന് മുമ്പ് പഠനത്തിൽ  പരാജയപ്പെടുന്ന/സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ ആത്മവിശ്വാസം, സ്വയംപര്യാപ്തത, കഴിവുകൾ എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള കേരള പോലീസിന്റെയും സിവിൽ സൊസൈറ്റിയുടെയും സംയുക്ത ശ്രമമായാണ് "ഹോപ്പ്" പദ്ധതി വിഭാവനം ചെയ്തത്. ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 50 കുട്ടികളെ തിരഞ്ഞെടുത്ത് മാനസിക സാമൂഹിക പിന്തുണയും ദുർബല വിഷയങ്ങളിൽ ട്യൂഷനും നൽകി മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരുന്നു. ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന നൈപുണ്യ വികസനത്തിലും അവർക്ക് പരിശീലനം നൽകുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ പുനരധിവസിപ്പിക്കുന്ന ഈ പദ്ധതി 2024-25 അധ്യയന വർഷത്തിൽ വിപുലീകരിച്ചു. 1,426 വിദ്യാർത്ഥികൾക്ക് അവരുടെ ഔപചാരിക വിദ്യാഭ്യാസം പുനരാരംഭിക്കാൻ ഇത് പ്രാപ്തമാക്കുകയും 4,364 വിദ്യാർത്ഥികളെ പൊതു

പരീക്ഷകളിൽ വിജയിക്കാൻ സഹായിക്കുകയും ചെയ്തു. കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവരുടെ പെരുമാറ്റ, വൈകാരിക, വ്യക്തിപര, പഠനം, ശാരീരിക വെല്ലുവിളികൾ എന്നിവ തിരിച്ചറിയുന്നതിനും അഭിസംബോധന ചെയ്യുന്നതിനുമായി ചിൽഡ്രൻസ് ഹാപ്പിനസ് ആൻഡ് ഇന്നസെൻസ് റിജോസിംഗ് ഇനിഷ്യേറ്റീവ് (ചിരി) പദ്ധതി ആരംഭിച്ചു. കുട്ടികളുടെ പരിചരണത്തിനും സംരക്ഷണത്തിനും ഉത്തരവാദികളായ പ്രസക്തമായ പങ്കാളികളുടെ കൂട്ടായ ഇടപെടലോടെ ഒരു മാനസികാരോഗ്യ പിന്തുണാ സംവിധാനം വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഓരോ കുട്ടിക്കും ചുറ്റും ഒരു അദൃശ്യമായ സംരക്ഷണ മതിൽ സൃഷ്ടിക്കുന്നതിനായി, ചിൽഡ്രൻ ആൻഡ് പോലീസ് (CAP) പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിരിക്കുന്നു. മനോഭാവം, അന്തരീക്ഷം, അടിസ്ഥാന സൗകര്യങ്ങൾ, നടപടിക്രമങ്ങൾ, നിർവ്വഹണം എന്നിവയിൽ ശിശു സൗഹൃദം പ്രകടിപ്പിക്കുന്ന പോലീസ് സ്റ്റേഷനുകളാണ് ചൈൽഡ് ഫ്രണ്ട്ലി പോലീസ് സ്റ്റേഷനുകൾ (CFPS). അവ പങ്കാളിത്തം സുഗമമാക്കുന്നു, വിജ്ഞാന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു, കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്നു. ഇപ്പോൾ കേരളത്തിൽ 141 ചൈൽഡ് ഫ്രണ്ട്ലി പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. CFPS ന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും മൊത്തത്തിലുള്ള ഏകോപനത്തിനും CAP ഹൗസ് ഉത്തരവാദിയായിരിക്കും. ജുവനൈൽ നീതി പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന, ജില്ലാ, പോലീസ് സ്റ്റേഷൻ തലങ്ങളിൽ ഒരു ത്രിതല സംവിധാനം വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കുട്ടികൾക്ക് സുരക്ഷിതമായ സൈബർ ഇടം പ്രാപ്തമാക്കുന്നതിനായി ബച്ച്പൻ ബചാവോ ആന്ദോളന്റെ (BBA) സഹായത്തോടെ രൂപീകരിച്ച കേരള പോലീസിന്റെ അഭിമാനകരമായ ഒരു കുട്ടികളുടെ സുരക്ഷാ സംരംഭമാണ് 'കൂട്ട്'.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) പദ്ധതി**

കേരള പോലീസിന്റെ സ്കൂൾ അധിഷ്ഠിത സംരംഭമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ് പി സി) പദ്ധതി, ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ഗതാഗതം, വനം, എക്സൈസ്, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ പിന്തുണയോടെ ഇത് നടപ്പിലാക്കുന്നു. നിയമം, അച്ചടക്കം, പൗരബോധം എന്നീ മേഖലകളിൽ ഹൈസ്കൂൾ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കുടുംബം, സമൂഹം, പരിസ്ഥിതി എന്നിവയോടുള്ള പ്രതിബദ്ധത ഇത് ശക്തിപ്പെടുത്തുകയും ലഹരിവസ്തുക്കളുടെ ദുരുപയോഗം, വ്യതിചലിച്ച പെരുമാറ്റം, അസഹിഷ്ണുത, മറ്റ് സാമൂഹിക തിന്മകൾ തുടങ്ങിയ നെഗറ്റീവ് പ്രവണതകളെ ചെറുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. 2010 ഓഗസ്റ്റ് 2 ന് കേരളത്തിലുടനീളമുള്ള 127 ഹൈസ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും ഈ പദ്ധതി ആരംഭിച്ചു. എസ് പി സി പ്രോഗ്രാം 2025 ഓഗസ്റ്റിൽ അതിന്റെ പതിനഞ്ചാം വാർഷികം ആഘോഷിച്ചു, എസ് പി സി യുടെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു പ്രത്യേക ഇ-മാഗസിൻ പുറത്തിറക്കൽ ഉൾപ്പെടെ വിവിധ ചടങ്ങുകളോടെ. നിലവിൽ, എസ് പി സി നടപ്പിലാക്കുന്ന 1048 സ്കൂളുകളിലായി 87,547 കേഡറ്റുകളുണ്ട്. 1048 സ്കൂളുകളിൽ 542 എണ്ണം സർക്കാർ സ്കൂളുകളും 486 എണ്ണം എയ്ഡഡ് സ്കൂളുകളും 20 എണ്ണം അൺ എയ്ഡഡ് സ്കൂളുകളുമാണ്. എസ് പി സി ഉള്ള സ്കൂളുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.15** ലും സ്കൂളുകളിൽ നടപ്പിലാക്കിയ എസ് പി സി പദ്ധതിയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 5.5.16** ലും കാണിച്ചിരിക്കുന്നു.

അമിതമായ സ്ക്രീൻ സമയവും വർദ്ധിച്ച ഇന്റർനെറ്റ് ഉപയോഗവും മൂലം കുട്ടികളിൽ ഉണ്ടാകുന്ന അനാരോഗ്യകരമായ പെരുമാറ്റ വ്യതിയാനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി കേരള പോലീസ് 6 സിറ്റി പോലീസ് ജില്ലകളിലായി ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിനകത്തും പുറത്തും അടിയന്തര സാഹചര്യങ്ങളിൽ രക്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 2021 മുതൽ സംസ്ഥാനത്ത് 'കേരള പോലീസ് ബ്ലഡ് ബാങ്ക്' പ്രവർത്തിക്കുന്നു.

സാങ്കേതിക പുരോഗതി, കമ്മ്യൂണിറ്റി പോലീസിംഗ്, സൈബർ കുറ്റകൃത്യ അന്വേഷണം, അടിസ്ഥാന സൗകര്യ നവീകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് കേരള പോലീസ് പ്രത്യേക നേട്ടങ്ങൾ കൈവരിച്ചത്. കുറ്റവാളികളെ ട്രാക്ക് ചെയ്യുന്നതിനും ഡാർക്ക് വെബിൽ നിന്ന് ദോഷകരമായ ഉള്ളടക്കം നീക്കം ചെയ്യുന്നതിനുമുള്ള കൃത്രിമ ഇന്റലിജൻസ് (AI) ഉപകരണങ്ങൾ കേരള പോലീസ് ഹാക്കർമാരുമായി സഹകരിച്ച് വികസിപ്പിച്ചു. നിയമവിരുദ്ധ വീഡിയോകളെയും ചിത്രങ്ങളെയും എൻക്രിപ്റ്റ് ചെയ്ത ഡിജിറ്റൽ ഹാഷ് ടാഗുകളാക്കി മാറ്റുന്ന ഈ ഉപകരണങ്ങൾ, യഥാർത്ഥ ഉള്ളടക്കം ആക്സസ് ചെയ്യാതെ തന്നെ അവയെ കണ്ടെത്താനും നീക്കം ചെയ്യാനും അധികാരികളെ അനുവദിക്കുന്നു. കുറഞ്ഞത് നാല് വർഷത്തേക്ക് തുടർച്ചയായി ISO 27001 സർട്ടിഫിക്കേഷൻ ലഭിച്ച കേരള പോലീസ് സൈബർ ഡോം, ഉദ്യോഗസ്ഥർക്കായി ഒരു പ്രത്യേക പരിശീലന പരിപാടിക്ക് മേൽനോട്ടം നൽകി. പുതിയ സാങ്കേതികവിദ്യയെ "സ്മാർട്ട്" പോലീസ് സ്റ്റേഷനുകളായി സംയോജിപ്പിക്കുന്നതിന് പരിശീലനം അവരെ സജ്ജമാക്കി. പരമ്പരാഗത പോലീസ് സ്റ്റേഷനുകളെ സ്മാർട്ട്, ഡിജിറ്റൈസ്ഡ് സൗകര്യങ്ങൾ ഉള്ളതാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി 2024 ൽ ആരംഭിച്ചു. 20 സ്റ്റേഷനുകളെ മാതൃകയാക്കി ആരംഭിച്ച ഈ സംരംഭം, പരാതികൾ കൈകാര്യം ചെയ്യുന്നതിനും അന്വേഷണങ്ങൾക്കായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾക്ക് മുൻഗണന നൽകുന്നു. പാസ്പോർട്ട് പരിശോധനാ പ്രക്രിയ പൂർണ്ണമായും പേപ്പർ രഹിതമാക്കുന്നതിനായി ഇലക്ട്രോണിക് വെരിഫിക്കേഷൻ ഇന്റർഫേസ് (ഇ-വിഐഎപി) നടപ്പിലാക്കി, നിരവധി ജില്ലകളിൽ 20 ദിവസം വരെ സമയം ആവശ്യമായ ഈ പ്രക്രിയ വെറും നാല് ദിവസമായി കുറക്കുന്നതിന് ഇതിലൂടെ സാധിച്ചു.

സൈബർ സുരക്ഷ, സ്ത്രീ സുരക്ഷ, സമൂഹ ഇടപെടൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള നിരവധി നൂതനവും

സാങ്കേതികവിദ്യാധിഷ്ഠിതവുമായ സംരംഭങ്ങൾ കേരള പോലീസ് നടപ്പിലാക്കിയിട്ടുണ്ട്. 2025 മാർച്ചിൽ ആരംഭിച്ച AI– പ്രാപ്തമാക്കിയ സുരക്ഷാ ഓപ്പറേഷൻസ് സെന്റർ (SOC), പോലീസ് വകുപ്പിന്റെ നിർണായക അടിസ്ഥാന സൗകര്യങ്ങൾ സുരക്ഷിതമാക്കാൻ ഉപയോഗിക്കുന്നു. ഭീഷണികളിൽ നിന്നും വെബ്സൈറ്റുകളെ ഓട്ടോമാറ്റിക്കായി വിശകലനം ചെയ്യുന്നതിനായി ഒരു AI– അധിഷ്ഠിത ഉപകരണം വികസിപ്പിക്കുന്നതിനായി കേരള പോലീസ് കേരള സ്റ്റാർട്ടപ്പ് മിഷനുമായി (KSUM) സഹകരിച്ച് നടത്തുന്ന ഒരു സംരംഭമാണ് AI ടൂൾ ഫോർ ഫ്രോഡ് ഡിറ്റക്ഷൻ. ഐപി സീരീസ്, സോഴ്സ് കോഡ്, ട്രസ്റ്റ് സ്കോറുകൾ തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ചുകൊണ്ട് ആപ്ലിക്കേഷൻ വഞ്ചനാപരമായ സൈറ്റുകളെക്കുറിച്ച് ഉപയോക്താക്കളെ അറിയിക്കുന്നു. 2025 അവസാനത്തോടെ അവതരിപ്പിച്ച ഒരു ഓൺലൈൻ പോർട്ടലാണ് THUNA സിറ്റിസൺ പോർട്ടൽ, പോലീസ് സ്റ്റേഷൻ സന്ദർശിക്കാതെ തന്നെ പൗരന്മാർക്ക് പരാതികൾ രജിസ്റ്റർ ചെയ്യാനും, അവയുടെ പുരോഗതി ട്രാക്ക് ചെയ്യാനും, സ്വയം വെളിപ്പെടുത്താതെ വിവരങ്ങൾ സമർപ്പിക്കാനും സഹായിക്കുന്നു. സ്വഭാവ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷ സമർപ്പിക്കൽ പൊതു പരിപാടികൾക്ക് അനുമതി തേടൽ പോലുള്ള ഓൺലൈൻ സേവനങ്ങളും ഇത് നൽകുന്നു. 2024 സെപ്റ്റംബറിൽ, തിരുവനന്തപുരത്തും കൊച്ചിയിലും പഴയ അനലോഗ് സംവിധാനത്തിന് പകരമായി, പോലീസ് വകുപ്പ് ക്രമസമാധാന, ഗതാഗത യൂണിറ്റുകൾക്കായി ഒരു ഡിജിറ്റൽ മൊബൈൽ റേഡിയോ (DMR) ആശയവിനിമയ സംവിധാനം പുറത്തിറക്കി. സാമ്പത്തിക കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്ന കേസുകളുടെ അന്വേഷണത്തിനായി വകുപ്പ് സംസ്ഥാനത്ത് 'സാമ്പത്തിക കുറ്റകൃത്യ വിഭാഗം' സ്ഥാപിച്ചു. ഉത്തരവാദിത്തം മെച്ചപ്പെടുത്തുന്നതിനായി, 2025 മാർച്ചിൽ ഒരു പൊതു ഫീഡ്ബാക്ക് സംവിധാനവും ആരംഭിച്ചു. പോലീസ് സ്റ്റേഷനുകളിൽ ക്യുആർ കോഡ് സ്കാൻ ചെയ്തുകൊണ്ട് പൗരന്മാർക്ക് പോലീസ് സേവനങ്ങൾ റേറ്റ് ചെയ്യാൻ കഴിയും.

**എൻആർഐ സെൽ**

തിരുവനന്തപുരത്തെ പോലീസ് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കേരള പോലീസിന്റെ എൻ.ആർ.ഐ സെൽ, വിസ തട്ടിപ്പ്, റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ, മനുഷ്യകടത്ത്, വിദേശ ദുരുപയോഗം തുടങ്ങിയ പരാതികൾ അന്വേഷിച്ചുകൊണ്ട് പ്രവാസി മലയാളികൾക്ക് (എൻ.ആർ.കെ) സേവനം നൽകുന്നു; എൻ.ആർ.കെ.കൾക്ക് ഇമെയിൽ (spnri.pol@kerala.gov.in) വഴിയോ അവരുടെ 24/7 ഹെൽപ്പ്ലൈൻ നമ്പറുകളിൽ വിളിച്ചോ പരാതികൾ സമർപ്പിക്കാം. പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള സെൽ, വ്യക്തികളിൽ നിന്നും അധികാരികളിൽ നിന്നുമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എൻ.ആർ.കെ.കളുടെയും അവരുടെ കുടുംബങ്ങളുടെയും പരാതികൾ പരിഹരിക്കാൻ ലക്ഷ്യമിടുന്നു. എൻ.ആർ.ഐ പോലീസ് സെൽ 2024–25 ൽ 9 കേസുകൾ രജിസ്റ്റർ ചെയ്തു. ഏറ്റവും കൂടുതൽ എൻ.ആർ.ഐ കേസുകൾ റിപ്പോർട്ട് ചെയ്തത് തൃശ്ശൂർ ജില്ലയിലാണ് (8). എൻ.ആർ.ഐ സെല്ലിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.17** ൽ കാണിച്ചിരിക്കുന്നു. സൈബർ, ഹൈടെക് അന്വേഷണ സെൽ 2025–26 ൽ (2025 ഓഗസ്റ്റ് വരെ) 885 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു, 2024–25 ൽ ഇത് 2047 ആയിരുന്നു. 2019–20 മുതൽ 2024–25 വരെയുള്ള കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സൈബർ കുറ്റകൃത്യങ്ങളുടെ ട്രെൻഡ് **ചിത്രം 5.5.2** ൽ കാണിക്കുന്നു. ഓൺലൈൻ തട്ടിപ്പ്, സോഷ്യൽ മീഡിയ ദുരുപയോഗം, ബാങ്ക് അക്കൗണ്ടുകളുടെയും

**ചിത്രം 5.5.2** 2018–19 മുതൽ 2023–24 വരെ സൈബർ സെല്ലിൽ രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം




ഉറവിടം: പോലീസ് വകുപ്പ്

ഇ–മെയിൽ ഐഡികളുടെയും ഹാക്കിംഗ്, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ സൃഷ്ടിക്കൽ, പ്രസിദ്ധീകരിക്കൽ, പങ്കിടൽ, സ്മാർട്ട് ഫോണുകൾ വഴി നടത്തുന്ന സൈബർ കുറ്റകൃത്യങ്ങൾ എന്നിവയാണ് ഈ കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രധാന സൈബർ കുറ്റകൃത്യങ്ങൾ. 2024–25 കാലയളവിൽ ഏറ്റവും കൂടുതൽ കേസുകൾ ഓൺലൈൻ തട്ടിപ്പിലാണ് (1813 കേസുകൾ) റിപ്പോർട്ട് ചെയ്യപ്പെട്ടത്. വിശദാംശങ്ങൾ **അനുബന്ധം 5.5.18** ൽ നൽകിയിരിക്കുന്നു.

**കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ, (കെ–ഡിസ്ക്)**

കേരള സർക്കാർ രൂപീകരിച്ച ഒരു തന്ത്രപരമായ ചിന്താഗതിയും ഉപദേശക സമിതിയുമാണ് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ–ഡിസ്ക്). സാങ്കേതികവിദ്യ, ഉൽപ്പന്ന പ്രക്രിയ നവീകരണങ്ങൾ, സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണം, സംസ്ഥാനത്ത് നവീകരണങ്ങൾ വളർത്തുന്നതിന് ആരോഗ്യകരവും അനുകൂലവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കൽ എന്നിവയിൽ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന പാത വെട്ടിത്തുറക്കുന്ന തന്ത്രപരമായ പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് കെ–ഡിസ്കിന്റെ പ്രധാന ലക്ഷ്യം. "സാങ്കേതികവിദ്യ, ഉൽപ്പന്ന–പ്രക്രിയ നവീകരണങ്ങൾ എന്നിവയിലെ പുതിയ ദിശകളിലൂടെ പരിവർത്തനാത്മകവും ധീരവുമായ നവീകരണങ്ങൾക്കായി ആരോഗ്യകരവും അനുകൂലവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിച്ചുകൊണ്ട് മത്സരാധിഷ്ഠിതവും ഉൾക്കൊള്ളുന്നതുമായ ഒരു കേരളം" എന്ന ദർശനത്തോടെയാണ് കെ–ഡിസ്ക് സ്ഥാപിതമായത്. കേരളത്തിലെ സമഗ്രവും ഗുണമേന്മയുള്ളതുമായ മനുഷ്യവികസനം, ആഗോള ബന്ധവും നൂതനമായ അറിവിലൂടെയും സാങ്കേതികവിദ്യയിലൂടെയും മെച്ചപ്പെടുത്തിയ ഉൾപ്പെടുത്തൽ, പങ്കാളിത്തം, സ്വാശ്രയത്വം എന്നിവയുള്ള ഒരു വിജ്ഞാന കേന്ദ്രീകൃത, സാങ്കേതികവിദ്യാധിഷ്ഠിത പ്രാദേശിക സമ്പദ്‌വ്യവസ്ഥ എന്നിങ്ങനെ കെ–ഡിസ്കിന്റെ ദൗത്യത്തെ വിശാലമായി തരംതിരിക്കാം. ഇത് നേടുന്നതിനായി, ഡിസൈൻ ചിന്തയെ അടിസ്ഥാനമാക്കിയുള്ള കഴിവ് വികസന പരിപാടികൾ, കേരളത്തെ വ്യവസായവത്ക്കരണത്തിന്റെ നാലാം ഘട്ടത്തിന് സജ്ജമാക്കുന്ന സജീവമായ പഠന സംരംഭങ്ങൾ, ഉപജീവന തന്ത്രങ്ങളിലൂടെ ഉൾപ്പെടുത്തൽ, പങ്കാളിത്തം, സ്വാശ്രയത്വം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ എന്നിവ ഉൾപ്പെടുന്ന ഒരു പ്രോഗ്രാം ചട്ടക്കൂട് കെ–ഡിസ്ക് കൊണ്ടുവന്നിട്ടുണ്ട്. അക്കാദമിക്, വ്യവസായം, സർക്കാർ, സിവിൽ സമൂഹം എന്നിവയെ ഒരുമിച്ച് കൊണ്ടുവരുന്ന ഒരു ക്വാഡ്രുപ്പിൾ ഹെലിക്സ് ഇന്നൊവേഷൻ ഇക്കോസിസ്റ്റത്തിന്റെ മാതൃകയിലാണ് ഇന്നൊവേഷൻ ഫ്രെയിംവർക്ക് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട ചില തിരഞ്ഞെടുത്ത പദ്ധതികൾ താഴെ കൊടുക്കുന്നു,

**1. വിജ്ഞാന കേരളം (കേരള നോളജ് എക്കോണമി മിഷൻ)**

2024–ൽ കെ.കെ.ഇ.എം പരിപാടി അവലോകനം ചെയ്യുകയും മാറ്റങ്ങൾ ശുപാർശ ചെയ്യുകയും ചെയ്തു. 'നവ കേരള സദസ് 2024–ന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, കേരള വിജ്ഞാന സാമ്പത്തിക മിഷൻ പരിപാടി അതിന്റെ മുൻകാല പ്രോജക്ട് അധിഷ്ഠിത പരിപാടിയിൽ നിന്ന് ഒരു പുതിയ പ്രചാരണ–കേന്ദ്രീകൃത പ്രസ്ഥാനത്തിലേക്ക് മാറി, കൂടുതൽ ജനപ്രിയമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തത്തോടെ നയിക്കുന്ന വിജ്ഞാന കേരളം എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കേരളം നേരിടുന്ന വിദ്യാസമ്പന്നരായ തൊഴിലില്ലായ്മ പ്രതിസന്ധി പരിഹരിക്കുന്നതിനും, സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനും, കഴിവുകൾ വളർത്തുന്നതിനും, കേരളത്തിന്റെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള യാത്രയെ നയിക്കുന്നതിനുമുള്ള ഒരു പൊതു പരിപാടിയായ വിജ്ഞാന കേരളം. കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 35% വരുന്ന വിദ്യാസമ്പന്നരായ തൊഴിലില്ലാത്തവരെയാണ് ഈ പരിപാടി ലക്ഷ്യമിടുന്നത്. ഹാർവാഡിലെ ലബോറട്ടറി ഫോർ ഇന്നൊവേഷൻ സയൻസസുമായി സഹകരിച്ച് രൂപകൽപ്പന ചെയ്ത ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡിഡബ്ല്യുഎംഎസ് 2.0) യുമായി ബന്ധിപ്പിച്ചിരിക്കുന്ന പുതിയ സംഘടനാ രൂപങ്ങളിലൂടെ മൂല്യനിർമ്മാണത്തിനും പുനർവിതരണത്തിനുമുള്ള പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ വിജ്ഞാന കേരളം കാമ്പയിൻ ഉദ്ദേശിക്കുന്നു. വിജ്ഞാന കേരളം പരിപാടി പ്രധാനമായും നാല് പാതകളിലൂടെയാണ് മുന്നോട്ട് പോകുന്നത്.

**എ. തൊഴിലന്വേഷകരുടെ സംഘാടനവും തൊഴിൽ മേളകളുടെ നടത്തിപ്പും**

വിജ്ഞാന കേരളത്തിന്റെ ആദ്യ പാത തൊഴിലന്വേഷകരെ, പ്രത്യേകിച്ച് സ്ത്രീകൾ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ എന്നിവരെ അണിനിരത്തി തൊഴിൽ മേളകൾ നടത്തുക എന്നതാണ്. ഇതിലൂടെ, ഫിഷറീസ്, എസ്‌സി/എസ്ടി, തദ്ദേശ സ്വയംഭരണ വകുപ്പുകൾ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ എന്നിവയുമായി ഏകോപിപ്പിച്ച് 2025 അവസാനത്തോടെ 3 മുതൽ 5 ലക്ഷം വരെ ആളുകൾക്ക് തൊഴിൽ നൽകുക എന്നതാണ് ലക്ഷ്യം.

**ബി. നൈപുണ്യ വികസന പ്രവർത്തനങ്ങൾ**

വിജ്ഞാന കേരളം പരിപാടിയുടെ രണ്ടാമത്തെ പാത തൊഴിലുമായി ബന്ധപ്പെട്ട നൈപുണ്യ വികസനമാണ്. ഇതിന് രണ്ട് രീതികളുണ്ട്. എ). പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രമാക്കി ഡിമാൻഡ് ലിങ്ക്ഡ് സ്കില്ലിംഗ് നടത്തുന്നു; ബി). ഏജൻസി അധിഷ്ഠിത നൈപുണ്യത്തിന് പകരമായി മെന്റർ അധിഷ്ഠിത കമ്മ്യൂണിറ്റി അധിഷ്ഠിത നൈപുണ്യ പരിശീലനം. അടുത്ത വർഷം രണ്ട് ലക്ഷം കോളേജ്, പോളിടെക്നിക്, ഐടിഐ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനം നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. വിജ്ഞാന കേരളത്തിന്റെ ഭാഗമായ മറ്റൊരു പ്രധാന പ്രവർത്തനം വിദ്യാർത്ഥികൾക്കും വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്കും നൈപുണ്യ പരിശീലനം നൽകി അവരെ തൊഴിൽ യോഗ്യരാക്കുക എന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ,

ഐ.ടി.ഐകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ പഠിക്കുന്ന അവസാന വർഷ വിദ്യാർത്ഥികൾക്ക് അവരുടെ പഠനാവസാനം തൊഴിൽ നേടുന്നതിന് അത്യാവശ്യമായ യഥാർത്ഥ പരിശീലനത്തിൽ പരിചയം നേടാൻ പ്രാപ്തരാക്കുന്ന ഒരു സമഗ്ര പരിപാടി വിജ്ഞാന കേരളത്തിന്റെ ഭാഗമായി നടപ്പിലാക്കാനും ലക്ഷ്യമിടുന്നു. സ്ഥാപനാധിഷ്ഠിതവും ഓൺലൈൻ നൈപുണ്യ സംരംഭങ്ങളും സജീവമായി പുരോഗമിക്കുന്നു, 193 സ്ഥാപനങ്ങൾ പഠന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഇതുവരെ, പൈലറ്റ് വിദ്യാർത്ഥികൾക്കായി 14,339 പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്, ഇതിൽ LinkedIn മുഖേനെ 5,276 ഉം , Coursera മുഖേനെ 6,328 ഉം, 1,316 വ്യക്തിത്വ വികസന പരിപാടികളും, 1,419 തൊഴിൽ പരിശീലന സെഷനുകൾ എന്നിവ ഉൾപ്പെടുന്നു. എല്ലാ ജില്ലകളിലുമായി മുപ്പത്തിയേഴ് അക്കാദമിക് കോർഡിനേറ്റർമാരെ വിന്യസിച്ചിട്ടുണ്ട്, കൂടാതെ ഹയർ ഓർഡർ തിങ്കിംഗിനും റിയൽ-വേൾഡ് പ്രശ്ന പരിഹാരത്തിനുമുള്ള മൊഡ്യൂൾ വികസനം ആരംഭിച്ചിട്ടുണ്ട്.

#### സി. ഹൈപ്പർ-ലോക്കൽ തൊഴിൽ സൃഷ്ടി

വിജ്ഞാന കേരളത്തിന്റെ മൂന്നാമത്തെ പാത ഹൈപ്പർ-ലോക്കൽ തൊഴിൽ സൃഷ്ടിയാണ്. നിലവിൽ, കെയർ വർക്കർ, മൾട്ടി-ലെവൽ വർക്കർ, കൺസ്ട്രക്ഷൻ വർക്കർ, ഉത്തരവാദിത്ത ടൂറിസം എന്നിങ്ങനെയുള്ള ഹൈപ്പർ-ലോക്കൽ ജോലികളുടെ ഇനിപ്പറയുന്ന വിഭാഗങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു. ഒരു പ്രദേശത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങളിൽ നിന്ന് സമാഹരിക്കുന്ന പ്രാദേശിക ജോലികൾ ഹൈപ്പർ-ലോക്കൽ ജോലികൾ എന്നറിയപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ കരിയർ ബ്രേക്ക് ആയ സ്ത്രീകളെ അണിനിരത്തിയും വിവിധ ഹൈപ്പർ-ലോക്കൽ ജോലികൾ ഏറ്റെടുക്കാൻ തയ്യാറുള്ളവരെ പരിശീലിപ്പിച്ചും കരിയർ ബ്രേക്ക് സ്ത്രീകളുടെ എണ്ണം കുറയ്ക്കാനും സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് വർദ്ധിപ്പിക്കാനും വിജ്ഞാന കേരളം പരിപാടി ഉദ്ദേശിക്കുന്നു.

#### ഡി. ഗൾഫിലേക്കും മറ്റ് അന്താരാഷ്ട്ര റിക്രൂട്ട്മെന്റുകളിലേക്കും വിദഗ്ധ തൊഴിലാളികളെ നിയമിക്കുക

വിജ്ഞാന കേരളം പരിപാടിയുടെ നാലാമത്തെ പാത ഗൾഫിലേക്കും മറ്റ് രാജ്യങ്ങളിലേക്കും വിദഗ്ധ തൊഴിലാളികളെ നിയമിക്കുക എന്നതാണ്. കേരളത്തിൽ നിന്ന് കുടിയേറുന്ന അർദ്ധ വിദഗ്ധ തൊഴിലാളികളുടെ ജോലികൾക്ക് പകരമായി ബംഗ്ലാദേശ്, പാകിസ്ഥാൻ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ കുടിയേറ്റം മൂലം ഗൾഫിലും മറ്റ് രാജ്യങ്ങളിലും തൊഴിൽ പരിവർത്തനം ഉണ്ടായിട്ടുണ്ട്. അന്താരാഷ്ട്ര തൊഴിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനായി നോർക്കയുമായി ഒരു ധാരണാപത്രം (MoU) ഒപ്പുവച്ചു. ജി.സി.സി രാജ്യങ്ങളിൽ നിന്ന് ആകെ 2,572 വിദേശ തൊഴിലവസരങ്ങൾ ലഭിച്ചു. ചുരുക്കത്തിൽ, 2025 ഒക്ടോബർ വരെ, ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യു.എം.എസ്), അപ്രന്റീസ്ഷിപ്പുകൾ, ക്യാമ്പസ് പ്ലേസ്മെന്റുകൾ എന്നിവയിലൂടെയും കുടുംബശ്രീ ഇടപെടലുകൾ വഴിയും ആകെ 238069 പ്ലേസ്മെന്റുകൾ നടത്തിയിട്ടുണ്ട്.

#### 2. കേരള ജീനോം ഡാറ്റ സെന്റർ (കെ.ജി.ഡി.സി)

കേരളത്തിന്റെ ജൈവവൈവിധ്യത്തെ ഉപയോഗപ്പെടുത്തി കേരളത്തിലെ ജന്തുജാലങ്ങളുടെ ജനിതക വിവരങ്ങളുടെ ഒരു ശേഖരം സൃഷ്ടിക്കുന്നതിനും കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം എന്നീ മേഖലകളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും ഉദ്ദേശിച്ചാണ് സർക്കാർ പ്രഖ്യാപിച്ച കേരള ജീനോം ഡാറ്റ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. ഇതിന്റെ വിശദമായ പദ്ധതി രേഖ കിഫ്ബി അംഗീകരിച്ചു. ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് സയൻസ് പാർക്കിന്റെ ഭാഗമായി കെ.ജി.ഡി.സി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു. ഈ നിർണായക ഡാറ്റ സംഭരിക്കാനും പ്രോസസ്സ് ചെയ്യാനും ഗവേഷകർക്ക് പ്രവേശനം സുഗമമാക്കാനും പ്രാപ്തിയുള്ള, കെ.ഐ.എഫ്.ബി.യുടെ നിക്ഷേപ പിന്തുണയോടെ ഉയർന്ന ശേഷിയുള്ള ഡാറ്റാ സെന്റർ കെ.ജി.ഡി.സി. സ്ഥാപിക്കും.

#### 3. സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം (CoEM)

തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB) യുമായി സഹകരിച്ച്, മൃഗങ്ങൾ, മത്സ്യം, ജീവികൾ, മനുഷ്യർ എന്നിവയുമായി ബന്ധപ്പെട്ട അതുല്യമായ മൈക്രോ ബയോമുകളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു എക്സലൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പ്രാരംഭ ഘട്ടം പൂർത്തിയാക്കി കിഫ്ബി വഴി പ്രോജക്ട് ധനസഹായം ഉറപ്പാക്കിയ ശേഷം എക്സലൻസ് സെന്റർ വിജയകരമായി ശാസ്ത്ര വകുപ്പിന് കൈമാറി.

#### 4. ന്യൂട്രാസ്യൂട്ടിക്കൽസിലെ മികവിന്റെ കേന്ദ്രം (CoEN)

കേരളത്തിന്റെ ആരോഗ്യ പൈതൃകവും ജൈവവൈവിധ്യവും പ്രയോജനപ്പെടുത്തി, ഔഷധ മേഖലയിൽ ആരോഗ്യത്തിനും ക്ഷേമത്തിനും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ന്യൂട്രാസ്യൂട്ടിക്കൽസ് തയ്യാറാക്കുന്നതിനുള്ള ഒരു മികവിന്റെ കേന്ദ്രം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർജിസിബി), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ-ഡിസ്ക്) എന്നിവയുടെ സഹായത്തോടെ ആരംഭിച്ചു. പ്രാരംഭ ഘട്ടം പൂർത്തിയാക്കി കെഐഐഎഫ്ബി (KIIFB) വഴി പദ്ധതി ധനസഹായം ഉറപ്പാക്കിയ ശേഷം, മികവിന്റെ കേന്ദ്രം ശാസ്ത്ര വകുപ്പിലേക്ക് വിജയകരമായി കൈമാറി.

#### 5. വയനാട്ടിലെ കാർബൺ ന്യൂട്രൽ കോഫി

വയനാടിലെ കാപ്പി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാർബൺ ന്യൂട്രൽ കാപ്പി എന്ന ലക്ഷ്യത്തോടെ മികച്ച വില ഉറപ്പാക്കുന്നതിനുമാണ് ഈ പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. നെതർലാൻഡ്സിലെ ഡെൽഫ്റ്റ് സർവകലാശാല ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സർവകലാശാലകളിലെയും ദേശീയ അക്കാദമിക് സ്ഥാപനങ്ങളിലെയും വിദഗ്ധരുമായി ഒരു നോളജ് ട്രാക്ക് രൂപീകരിച്ചു. ഇത് കാപ്പിയുടെ ഉൽപാദനത്തിലും സംസ്കരണത്തിലും മികച്ച രീതികളുടെ ഒരു ശേഖരം സൃഷ്ടിക്കുകയും, അതുവഴി കാപ്പിക്കുരു അന്താരാഷ്ട്ര വിപണിയിൽ ഒരു പുതിയ ബ്രാൻഡ് നൽകുന്നു, കാപ്പിക്കുരു

സംഭരിക്കുക, മികച്ച രൂപത്തിൽ സംസ്കരിക്കുക, നിലവിലുള്ള മൂല്യ ശൃംഖലയിലെ പോരായ്മകൾ പരിഹരിക്കുക, ഇടനിലക്കാർ ഉയർന്ന വില ഈടാക്കുകയും ഉൽപ്പാദകർക്ക് കുറഞ്ഞ വില നൽകുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കുകയും ചെയ്യുന്നു. ഇതിനായുള്ള പാർക്കും വാണിജ്യ ട്രാക്കും സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കിൻഫ്രയും വ്യവസായ വകുപ്പും ആരംഭിച്ചു.

**6. കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെ.എം.ടി.സി)**

കേരളത്തിന്റെ മെച്ചപ്പെട്ട ഐടി സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട ഗവേഷണ ശൃംഖല, ഫലപ്രദമായ സ്റ്റാർട്ടപ്പ് സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിച്ചുകൊണ്ട് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം ഉദ്ദേശിക്കുന്നു. ആഗോളതലത്തിൽ ഈ മേഖലയിലെ പ്രമുഖ വ്യവസായികളുമായും ശൃംഖലകളുമായും ആശയവിനിമയം നടത്തി വിദഗ്ധ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്താൻ കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന് കഴിഞ്ഞു. ഡയഗ്നോസ്റ്റിക്സ്, ന്യൂട്രാസ്യൂട്ടിക്കൽസ്, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ റബ്ബർ എന്നിവയിലെ ഒമ്പത് തന്ത്രപരമായ പദ്ധതികളിലായി 328 കോടിയിലധികം രൂപയുടെ നിക്ഷേപങ്ങൾ കെ.എം.ടി.സി സമാഹരിച്ചു. 2032 ഓടെ കേരളം ഇന്ത്യയിലെ മുൻനിര മെഡ്ടെക് (MedTech) ഹബ്ബായി മാറുന്നതിന് കെ.എം.ടി.സി ശക്തമായ അടിത്തറ പാകി.

**7. ഊർജ്ജ മേഖലയിലെ ഇടപെടൽ**

ഭക്ഷ്യോൽപ്പന്നങ്ങൾ ഒഴികെയുള്ള മറ്റ് സ്രോതസ്സുകളിൽ നിന്ന് ബയോ-എഥനോൾ കണ്ടെത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് – നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (CSIR-NIIST) യുടെ നേതൃത്വത്തിൽ ആരംഭിച്ചു. കേരളത്തിലെ കായലുകളിലും മറ്റ് പ്രദേശങ്ങളിലും വ്യാപകമായി കാണപ്പെടുന്ന കുളവാഴ ഉപയോഗിച്ച്, NIIST വികസിപ്പിച്ചെടുത്ത ആക്സിലറേറ്ററുകളും എൻസൈമുകളും ഉപയോഗിച്ച് സെല്ലുലോസും സെമി-സെല്ലുലോസും വിവിധ തരം പഞ്ചസാര ഉൽപ്പന്നങ്ങളാക്കി മാറ്റുകയും എത്തനോൾ ഉത്പാദിപ്പിക്കുന്നതിനായി അവ സംസ്കരിക്കുകയും ചെയ്തു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ച് ഉയർന്ന മർദ്ദത്തിൽ ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനും ഗതാഗതത്തിനായി ഉപയോഗിക്കുന്നതിനുമുള്ള ഒരു നൂതന പരിപാടി ആരംഭിച്ചു. കാർഷിക, ഗാർഹിക മാലിന്യങ്ങൾ ഉപയോഗിച്ച് ഒരു മാതൃകാ ഹൈ-ത്രൂ പുട്ട് ബയോഗ്യാസ് യൂണിറ്റ് വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. പ്ലാന്റിന്റെ പ്രാഥമിക മാതൃകകൾ ഇതിനകം സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ ഇന്നൊവേഷൻ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട തിരഞ്ഞെടുത്ത പദ്ധതികൾ

**8. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP)**

സംസ്ഥാനത്തെ 13 മുതൽ 37 വയസ്സ് വരെ പ്രായമുള്ള സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി, വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിലെ വിദ്യാർത്ഥികൾക്കിടയിൽ നവീനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ് യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP). 2018 മുതൽ ഈ പ്രോഗ്രാമിലെ പ്രവേശനം ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, അതിനനുസരിച്ച് ഈ പദ്ധതി വിദ്യാർത്ഥികളിൽ വ്യാപകമായ സ്വാധീനം ചെലുത്താൻ സാധ്യതയുണ്ട്. ഇന്നത്തെ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമർത്ഥരായ യുവാക്കളെ തിരിച്ചറിയുന്നതിനും, അവർക്ക് മാർഗനിർദേശം നൽകുന്നതിനും, സ്കോളർഷിപ്പുകൾ നൽകി ഡൊമെയ്ൻ പങ്കാളി സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും, നൂതനാശയങ്ങളെ അടിസ്ഥാനമാക്കി ഒരു കരിയർ കെട്ടിപ്പടുക്കാൻ സഹായിക്കുന്നതിനും, ഗവേഷണം ചെയ്യുന്നതിനും, നവ ആശയങ്ങൾ കണ്ടെത്തുന്നതിനും, ഇൻകുബേറ്റ് ചെയ്യുന്നതിനും, നവീകരണത്തെ ത്വരിതപ്പെടുത്തുന്നതിനും ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. കഴിഞ്ഞ 7 വർഷത്തിനിടെ 7,70,000-ത്തിലധികം രജിസ്ട്രേഷനുകളുള്ള പ്രശ്നപരിഹാരകരുടെ ഒരു തലമുറയെ YIP വാർത്തെടുക്കുന്നു, കൂടാതെ 60,000-ത്തിലധികം ആശയങ്ങൾ വിദ്യാർത്ഥി ടീമുകൾ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനതല വിജയികളുടെ 7 ആശയങ്ങൾ പേറ്റന്റിനായി സമർപ്പിച്ചിട്ടുണ്ട്. ആശയനിർമ്മാണം, പ്രോട്ടോടൈപ്പിംഗ്, സ്കെയിലിംഗ് എന്നിവയിലൂടെ ഘടനാപരമായ മെന്റർഷിപ്പും പരിശീലനവും പങ്കാളികളെ നയിക്കുന്നു. 142 സ്കൂളുകളിലായി YIP ക്ലബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്.

**9. ഒരു ജില്ല ഒരു ആശയം (ODOI)**

കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭ ക്ലസ്റ്ററുകളുടെ വളർച്ചയ്ക്കുള്ള നൂതനമായ ഒരു പരിപാടിയാണിത്. ക്ലസ്റ്ററുകളുടെ വളർച്ചയ്ക്കുള്ള പരമ്പരാഗത പരിപാടിയിൽ നിന്ന് വ്യത്യസ്തമായി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പുതിയ സാങ്കേതികവിദ്യയും വിപണി വികസന പ്രവർത്തനങ്ങളും ഏറ്റെടുത്തുവരികയാണ്. സംരംഭങ്ങളുടെ ക്രമാനുഗതമായ വളർച്ചയിൽ നിന്ന് മാറി അതിവേഗ വളർച്ച ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ തയ്യാറാക്കുന്നതിനായി എന്റർപ്രൈസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (EDII), ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള എന്നിവയുടെ സഹായത്തോടെ ശ്രമങ്ങൾ നടക്കുന്നു. വിലയിരുത്തപ്പെട്ട 63 ക്ലസ്റ്ററുകളിൽ 27 എണ്ണം ലക്ഷ്യ പിന്തുണയ്ക്കായി ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ട്. കാഞ്ഞിരോട് ക്ലസ്റ്ററിന്റെ വസ്ത്ര ഗ്രാമവുമായുള്ള സംയോജനവും, കൊല്ലത്തെ കശുവണ്ടി സംസ്കരണ മേഖലയിലെ നബാർഡ് ധനസഹായത്തോടെയുള്ള സംരംഭങ്ങളും പ്രമുഖ പദ്ധതികളിൽ ഉൾപ്പെടുന്നു.

**10. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം (OLOI)**

25 വർഷത്തെ ജനകീയാസൂത്രണ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്

ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്, എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പല പ്രധാന പ്രശ്നങ്ങളും പരിഹരിക്കപ്പെടാതെ കിടക്കുന്നു. ഇത്തരം സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച്, രാജ്യത്തുടനീളമുള്ള ഗവേഷണ സ്ഥാപനങ്ങളെ ഒരുമിച്ച് കൊണ്ടുവന്ന് അവരുടെ സഹായത്തോടെ പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ നടത്തുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മാലിന്യ രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഹാക്കത്തോൺ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ പരിപാടിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. വികേന്ദ്രീകൃത മലിനജല സംസ്കരണ സംവിധാനങ്ങളിൽ നൂതനാശയങ്ങൾ നടപ്പിലാക്കുക, മിതമായ വിലയ്ക്ക് ഇലക്ട്രോണിക് മാലിന്യ ശേഖരണ വാഹനങ്ങൾ പ്രാപ്തമാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ബ്ലോക്ക് ലെവൽ ഇന്നൊവേഷൻ ക്ലസ്റ്ററുകൾ (BIC) സ്ഥാപിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

**11. വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകൾ**

'കേരളത്തിനായി ഗണിതം പഠിപ്പിക്കുക' എന്ന പ്രോഗ്രാം കുട്ടികളിൽ ഗണിത വിദ്യാഭ്യാസത്തിന്റെ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു നൂതന വിദ്യാഭ്യാസ പരിപാടിയാണ്. യഥാർത്ഥ ജീവിതത്തിൽ ഗണിതശാസ്ത്ര പരിജ്ഞാനത്തിന്റെ വിശാലവും കൂടുതൽ വ്യക്തവുമായ പ്രയോഗത്തിലൂടെ കേരളത്തിൽ കൂടുതൽ ഫലാധിഷ്ഠിതവും പ്രശ്നപരിഹാരപരവുമായ ഒരു സമൂഹമാണ് മഞ്ചാടി പരിപാടി ലക്ഷ്യമിടുന്നത്. ആഗോളതലത്തിൽ തെളിയിക്കപ്പെട്ട സാങ്കേതിക വിദ്യകളുടെ മാതൃകയിൽ സ്കൂളുകളിലെ കുട്ടികൾ ഗണിതശാസ്ത്രത്തിൽ അഡാപ്റ്റീവ് പഠനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് മഞ്ചാടി. 104 സ്കൂളുകളിൽ പ്രവർത്തിക്കുന്ന മഞ്ചാടി പദ്ധതിയിൽ 5,802 വിദ്യാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്. കേരളത്തിലുടനീളമുള്ള 2,100 ക്ലാസ് മുറികളിലേക്ക് ഇത് വ്യാപിപ്പിക്കുക, എസ്.സി.ഇ.ആർ.ടിയുടെ പാഠ്യപദ്ധതിയിൽ സംയോജിപ്പിക്കുക, "മലയാളപ്പെമ" സംരംഭത്തിലൂടെ മലയാള ഭാഷാ വികസനം വ്യാപിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ.

**12. മഴവില്ല്**

പരീക്ഷണാധിഷ്ഠിത പഠനത്തിനും അന്വേഷണാധിഷ്ഠിത പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന നൂതനവും ശിശുകേന്ദ്രീകൃതവുമായ ശാസ്ത്ര വിദ്യാഭ്യാസ സമീപനമാണ് മഴവില്ല് പദ്ധതി. ഇന്ത്യൻ ഭരണഘടനയ്ക്ക് അനുസൃതമായി ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുന്നതിനും ശാസ്ത്രത്തിന്റെ ചരിത്രപരമായ വികാസത്തെക്കുറിച്ചുള്ള ശാസ്ത്രീയ അന്വേഷണത്തിന്റെയും അറിവിന്റെയും ആത്മാവ് വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പരമ്പരാഗത അധ്യാപന രീതികളുടെ പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ട്, ശാസ്ത്രീയ ധാരണയിലെ തെറ്റിദ്ധാരണകൾ പരിഹരിക്കുന്നതിനും നിലവിലുള്ള അന്ധവിശ്വാസങ്ങളെ വെല്ലുവിളിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 12 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലായി 1,131 വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന ഈ പരിപാടി പര്യവേക്ഷണത്തിനും വിമർശനാത്മക ചിന്തയ്ക്കും പ്രാധാന്യം നൽകുന്നു. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു നിർദ്ദേശ തത്വമായ ശാസ്ത്രീയ അന്വേഷണം പ്രോത്സാഹിപ്പിക്കുന്നതിന് 37-ാമത് കേരള സയൻസ് കോൺഗ്രസിൽ ഇത് അംഗീകാരം നേടി.

**13. ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം**

വി.എസ്.എസ്.സി , സിഡിഎസി, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, ടെസ്റ്റ് പാർക്ക് എന്നിവ ഉൾപ്പെടുന്ന ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം സജീവമായി പുരോഗമിക്കുന്നു. വി.എസ്.എസ്.സിയുടെ സഹായത്തോടെ ലിഥിയം ടൈറ്റാനേറ്റ് ബാറ്ററികളുടെ ഉത്പാദനം ആരംഭിച്ചു. സ്റ്റാർട്ടപ്പുകൾക്കും മറ്റ് സംരംഭങ്ങൾക്കും സഹായകരമായ വലിയ തോതിലുള്ള സംവിധാനമായ ലിഥിയം ടൈറ്റാനേറ്റ് ബാറ്ററിയുടെ ഉത്പാദനത്തിനായുള്ള ബാറ്ററി മാനേജ്മെന്റ് സിസ്റ്റങ്ങൾ, ഡ്രൈവ്ട്രെയിൻ സിസ്റ്റങ്ങൾ, റിട്രോഫിറ്റ് ടെക്നിക്കുകൾ എന്നിവ വികസിപ്പിച്ചുകൊണ്ട് ഇലക്ട്രിക് വാഹന മേഖലയിൽ കേരളത്തിന്റെ കാൽപ്പാട് സ്ഥാപിക്കുന്നതിൽ ഈ പരിപാടി ഗണ്യമായ പുരോഗതി കൈവരിച്ചു. ഈ വർഷം ക്ലീൻ എനർജി ഇൻനോവേഷൻ ആൻഡ് ബിസിനസ് ഇൻക്യുബേഷൻ സെന്റർ (CEIBIC) ശുദ്ധ ഊർജ്ജ മേഖലയിലെ നവീന ആശയങ്ങൾ വികസിപ്പിക്കുന്നതിന് 9 പ്രതീക്ഷാജനകമായ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകി.

**14. ഗവൺമെന്റിൽ എമർജിംഗ് ടെക്നോളജി സൊല്യൂഷനുകളുടെ ത്വരിതപ്പെടുത്തിയ സ്വീകാര്യത**

മെഷീൻ ലേണിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്ച്വൽ റിയാലിറ്റി, ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ പുതിയ സാങ്കേതികവിദ്യകൾ സർക്കാർ വകുപ്പുകളിൽ സംയോജിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. നടപ്പിലാക്കിയ ചില പ്രധാന പദ്ധതികളിൽ ഇവ ഉൾപ്പെടുന്നു - വാട്ടർ അതോറിറ്റിയുടെ ഉപഭോക്തൃ ബില്ലിംഗ് ആപ്ലിക്കേഷൻ, ആൻറിബയോട്ടിക് നയം പ്രവർത്തിപ്പിക്കാനുള്ള ചാറ്റ് ബോട്ട്, കൃഷിയും ഇൻഷ്വറൻസ് സംവിധാനവും മെച്ചപ്പെടുത്തുന്നതിനുള്ള സ്മാർട്ട് ക്രോപ്പ് സിസ്റ്റം, കുടിവെള്ള വിതരണ ശൃംഖലയിലെ വരുമാന നഷ്ടം കുറയ്ക്കുന്നതിന് അതിരമലയിൽ ഏറ്റെടുത്ത പ്രോഗ്രാം. ഡയബറ്റിക് റെറ്റിനോപ്പതി അന്വേഷണം ഫലപ്രദമാക്കുന്നതിന് AI ഉപയോഗിച്ച് ഡയബറ്റിക് റെറ്റിനോപ്പതി സ്ക്രീൻ ചെയ്യുന്നതിനുള്ള പ്രോഗ്രാം, കിടപ്പ് രോഗികളുടെ പുനരധിവാസത്തിനായുള്ള റോബോട്ട് അധിഷ്ഠിത ജി-ഗൈറ്റർ പ്രോഗ്രാം, ആശുപത്രി സൗകര്യങ്ങൾ എളുപ്പത്തിൽ കണ്ടെത്തുന്നതിന് രോഗികളെ സഹായിക്കുന്ന മാപ്പിംഗ് സംവിധാനം, ടിഷ്യു കൾച്ചർ ട്രേസബിലിറ്റി പ്രോഗ്രാം, ആവശ്യാനുസരണം ഡ്രിപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് നഴ്സിംഗ് സ്റ്റേഷനുകളെ അറിയിക്കുന്നതിനുള്ള ഡ്രിപ്പോ പ്രോഗ്രാം, പ്രസവാനന്തര പരിചരണ പരിപാടിയുടെ ഭാഗമായി ശിശുക്കൾക്കും, മുതിർന്നവർക്കും ഓക്സിജൻ നൽകുന്നതിനുള്ള ഹെക-ഫ്ലോ (Heka-Flow), ട്രാഫിക് സിഗ്നൽ നിയന്ത്രണ സംവിധാനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള ട്രാഫിക് ഇന്റലിജൻസ് ടെക്നിക്കുകൾ എന്നിവയാണ് എമർജിംഗ് ടെക്നോളജി പ്രോജക്റ്റിന്റെ പ്രധാന പ്രവർത്തന

മേഖലകൾ, കൂടാതെ മുതിർന്ന പൗരന്മാർക്ക് സേവനങ്ങളുടെ വിതരണവും മെച്ചപ്പെടുത്തുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു.

2024-25 ൽ, ബ്ലഡ് ബാഗ് ട്രേസബിലിറ്റി സിസ്റ്റം, വയർലെസ് ഇൻഫ്യൂഷൻ മോണിറ്റർ എന്നിവയുൾപ്പെടെ ആരംഭിച്ച 33 പദ്ധതികൾ ശ്രദ്ധേയമായ വിജയം നേടി. കൂടാതെ, ബ്ലോക്ക്ചെയിൻ അധിഷ്ഠിത സ്മാർട്ട് വിള ഇൻഷുറൻസ്, AI-driven ഹെൽത്ത്കെയർ സൊല്യൂഷനുകൾ, തുടർച്ചയായ കുടിവെള്ള നിരീക്ഷണത്തിനായുള്ള IoT സംവിധാനങ്ങൾ എന്നിവ പുരോഗമിക്കുന്നു.

**15. ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റി (I-YwD)**

വൈകല്യമുള്ള യുവാക്കൾക്ക് ഇന്നൊവേഷൻ പ്രക്രിയയിൽ പരിശീലനം നൽകുന്ന ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റി പ്രോഗ്രാം ഇപ്പോൾ നിഷിന്റെ പിന്തുണയോടെ അതിന്റെ മൂന്നാമത്തെ ഘട്ടത്തിലാണ്. ലോകത്ത് മറ്റൊരിടത്തും ഇല്ലാത്ത ഒരു അതുല്യ സംരംഭമാണിത്. മെന്റർഷിപ്പ്, സംരംഭകത്വ പരിശീലനം, inclusive learning എന്നിവയിലൂടെ വൈകല്യമുള്ള യുവ ഇന്നവേറ്റർമാരെ I-YwD ശാക്തീകരിക്കുന്നു. മൂന്ന് സജീവ കൂട്ടായ്മകളുള്ളതിനാൽ, ലോകത്തിൽ തന്നെ പ്രത്യേക കഴിവുള്ള ആളുകളിൽ നവീകരണം വളർത്തുന്ന സമാനതകളില്ലാത്ത ഒരു പരിപാടിയാണിത്.

**16. സോഷ്യൽ ടെക്നോളജി & റിസർച്ച് ഫോർ ഇൻക്ലൂസീവ് ഡിസൈൻ എക്സലൻസ് (STRIDE)**

സോഷ്യൽ എന്റർപ്രൈസസ് ആൻഡ് ഇൻക്ലൂഷൻ ഡിവിഷന്റെ സംരംഭമായ STRIDE (സോഷ്യൽ ടെക്നോളജി & റിസർച്ച് ഫോർ ഇൻക്ലൂസീവ് ഡിസൈൻ എക്സലൻസ്) ഇന്ത്യയിലെ ആദ്യത്തെ സംയോജിത ആവാസവ്യവസ്ഥയെ ഉൾക്കൊള്ളുന്ന നവീകരണത്തിനായി സൃഷ്ടിക്കുന്നതിനുള്ള കേരളത്തിന്റെ മുൻനിര സംരംഭമാണ്, താങ്ങാനാവുന്ന വിലയ്ക്ക് താങ്ങാനാവുന്ന സഹായ സാങ്കേതിക വികസനത്തിലും ഉൽപ്പാദനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിന്റെ അതുല്യമായ ശക്തികളായ എഞ്ചിനീയറിംഗ് കഴിവുകൾ, കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകൾ, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി - സുസ്ഥിര സാമൂഹിക സ്വാധീനം സൃഷ്ടിക്കുന്നതിനൊപ്പം ജീവിതങ്ങളെ പരിവർത്തനം ചെയ്യാനും STRIDE ലക്ഷ്യമിടുന്നു. എല്ലാ മേഖലയും ഉൾക്കൊള്ളുന്ന നവീകരണത്തിലൂടെ ജീവിതങ്ങളെ ശാക്തീകരിക്കുന്ന STRIDE വികലാംഗർക്ക് സഹായകരമായ സാങ്കേതികവിദ്യയുടെ വികസനത്തെ പിന്തുണയ്ക്കുന്നു. സമൂഹ കേന്ദ്രീകൃത നവീകരണം, സുസ്ഥിര സ്വാധീന മാതൃകകൾ, എല്ലാ മേഖലയും ഉൾക്കൊള്ളുന്ന ഡിസൈൻ രീതികൾ എന്നിവ സംയോജിപ്പിച്ചാണ് ഈ സംരംഭം.

**ജയിലുകളും കറക്ഷണൽ ഹോമുകളും**

ജയിലുകളും അവയോട് ബന്ധപ്പെട്ട് നിലവിൽ നടപ്പാക്കുന്ന ജയിൽ സാഹചര്യ പ്രവർത്തനങ്ങളും തടവുകാരോടുള്ള പെരുമാറ്റം മെച്ചപ്പെടുത്താനുമുള്ള പദ്ധതികളും വഴി ലോകമെമ്പാടും ലക്ഷ്യം വെയ്ക്കുന്നത് സമൂഹത്തെ സംരക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങളുടെ ആവർത്തന പ്രവണത കുറയ്ക്കുകയുമാണ്. ആധുനിക ശിക്ഷാ തത്വശാസ്ത്രം കുറ്റവാളികളെ കേവലം ശിക്ഷിക്കുന്നതിൽ നിന്ന് മാറി, അവരുടെ തിരുത്തൽ, പരിഷ്കരണം, പുനരധിവാസം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഒരു പുതിയ ആശയത്തിലേക്ക് വഴിമാറിയിരിക്കുന്നു. ഇതിനനുസൃതമായി, സംസ്ഥാന ജയിൽ& കറക്ഷനൽ സർവ്വീസസ് തിരുത്തൽ സേവന വകുപ്പ് കുറ്റവാളികളെ സമൂഹത്തിലേക്ക് പുനഃസംയോജിപ്പിക്കാൻ പ്രവർത്തിക്കുന്നു. അതുവഴി അവർക്ക് മാന്യതയുള്ള, സ്വയംപര്യാപ്തരായ, നല്ല പൗരന്മാരായി ജീവിക്കാൻ സാധിക്കും.

കേരള സംസ്ഥാനം 1956 നവംബർ 1-ന് രൂപീകരിച്ചതിനെത്തുടർന്ന് 1956-ൽ കേരള ജയിൽ വകുപ്പ് സ്ഥാപിതമായി. 2010-ൽ കേരള ജയിൽ നിയമവും 2014-ൽ ചട്ടങ്ങളും നിലവിൽ വന്നു. രണ്ടു വിദഗ്ധ സമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016-ൽ ഒരു മാതൃകാ ജയിൽ മാന്വൽ രൂപീകരിച്ചു. ആകെ 57 ജയിലുകൾ ഉണ്ട്. അതിൽ 4 സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമുകളും, 2 ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമുകളും, 3 വിമൻ പ്രിസൺ & കറക്ഷണൽ ഹോമുകളും, 1 വിമൻ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, 1 ഹൈ സെക്യൂരിറ്റി ജയിലും, 13 ജില്ലാ ജയിലുകളും, 16 സ്പെഷ്യൽ സബ് ജയിലുകളും, 1 ബോർസ്റ്റൽ സ്കൂളും ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജയിലുകളുടെയും നിലവിലുള്ള അംഗീകൃതശേഷി 8,000 ആണ്. 2025 മാർച്ച് മാസം വരെയുള്ള കണക്കനുസരിച്ച് 10,655 തടവുകാരുണ്ട്, അതിൽ 262 പേർ സ്ത്രീകളാണ്. മൂന്ന് ഓപ്പൺ ജയിലുകളിൽ 307 തടവുകാർ, വനിതാ ജയിലുകളിൽ 168 തടവുകാർ, സ്പെഷ്യൽ സബ് ജയിലുകളിൽ 1715 തടവുകാർ എന്നിവർ ഉണ്ടായിരുന്നു. ജയിലുകളിലെ തടവുകാരുടെ വിശദാംശങ്ങൾ **അനുബന്ധം 5.5.19** ൽ നൽകിയിരിക്കുന്നു. **പട്ടിക 5.5.1** ൽ 2016 മുതൽ 2025 വരെയുള്ള (2025 മാർച്ച് 31 വരെ) തടവുകാരുടെ എണ്ണം നൽകിയിരിക്കുന്നു.

2024-25 ലെ വകുപ്പ് പദ്ധതികളുടെ അവലോകനം തടവുകാരുടെ കസ്റ്റഡി, പരിഷ്ക്കരണം, പുനരധിവാസം

**പട്ടിക 5.5.1** 2016 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിലെ തടവുകാരുടെ എണ്ണം

| തടവുകാർ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 | 2025 |
|---|---|---|---|---|---|---|---|---|---|---|
| വനിതകൾ | 213 | 200 | 196 | 181 | 193 | 148 | 163 | 185 | 217 | 262 |
| പുരുഷന്മാർ | 7,770 | 7,413 | 7,686 | 7,786 | 7,470 | 6,047 | 7,287 | 9,111 | 10,054 | 10393 |
| **ആകെ** | 7,983 | 7,613 | 7,882 | 7,967 | 7,663 | 6,195 | 7,450 | 9,296 | 10,271 | 10655 |

**ഉറവിടം:**ജയിൽ വകുപ്പ്, കേരള സർക്കാർ

എന്നിവയിൽ ജയിൽ വകുപ്പ് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ജയിലുകളുടെ ആധുനികവൽക്കരണവും തടവുകാരുടെ ക്ഷേമവും എന്നീ രണ്ട് സർക്കാർ പദ്ധതികൾക്കുകീഴിൽ ജയിൽ വകുപ്പ് വിവിധ പരിപാടികൾ നടപ്പിലാക്കുന്നു. 2024-25ൽ തടവുകാരുടെ ക്ഷേമത്തിന് 9 കോടി രൂപയും ജയിലുകളുടെ ആധുനികവൽക്കരണത്തിന് 14.5 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. കുറ്റവാളികൾക്കിടയിൽ മാന്യമായ ജീവിത സാഹചര്യം സൃഷ്ടിച്ചുകൊണ്ട് മാത്രമേ അവരെ നല്ല പൗരന്മാരായി സമൂഹത്തിലേക്ക് തിരിച്ചയക്കാൻ കഴിയുകയുള്ളൂ. ഈ സമീപനത്തെ അടിസ്ഥാനമാക്കി, അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും ആധുനികവൽക്കരണത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
2024-25 കാലയളവിൽ കേരളത്തിലെ ജയിൽ അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.

**2024-25 ലെ പ്രധാന നിർമ്മാണ, നവീകരണ പദ്ധതികൾ**

- *വനിതാ ജയിലും കറക്ഷണൽ ഹോമും, കണ്ണൂർ*: ദുർബലരായ അന്തേവാസികൾക്ക് സുരക്ഷിതവും സ്വകാര്യവുമായ ഇടങ്ങൾ ഒരുക്കുന്നതിനായി, അഞ്ച് സിംഗിൾ സെല്ലുകളുടെ നിർമ്മാണത്തിനായി 35 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ പുരോഗമിക്കുന്ന ഈ പദ്ധതി സ്വകാര്യത സംരക്ഷിക്കുന്നതിനും അന്തസ്സ് ഉറപ്പാക്കുന്നതിനും, അതുപോലെ ആരോഗ്യ-മാനസികാരോഗ്യ പ്രശ്നങ്ങളുള്ളവരെയും ഗർഭിണികളെയും ഉൾക്കൊള്ളുന്നതിനും നിർണായകമാണ്. അന്തേവാസികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മൊത്തത്തിലുള്ള സുരക്ഷ വർദ്ധിപ്പിക്കുന്നതിനും വേണ്ടി ജയിൽ മതിലുകളിൽ ലൈറ്റുകൾ സ്ഥാപിച്ചു.
- *വനിതാ ജയിൽ, വിയ്യൂർ*: വനിതാ അന്തേവാസികളുടെ ജീവിത സാഹചര്യങ്ങളും ക്ഷേമവും മെച്ചപ്പെടുത്തുന്നതിനായി 46 ലക്ഷം രൂപ ചെലവിൽ ഒരു ബാരക്ക് നവീകരിച്ചു.
- *സെൻട്രൽ ജയിലും കറക്ഷണൽ ഹോമും, തവനൂർ*: ഒരു പുതിയ ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം 1.75 കോടി രൂപ ചിലവിൽ ആരംഭിച്ചു.
- *സബ് ജയിൽ, ഒറ്റപ്പാലം*: ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി അടുക്കള ബ്ലോക്ക് നവീകരിച്ചു. ജീവനക്കാർക്കായി ഒരു വിശ്രമ മുറിയും നിർമ്മിക്കുന്നു.
- *സബ് ജയിൽ, പെരിന്തൽമണ്ണ*: സന്ദർശക മുറികളും ക്വാർട്ടേഴ്സുകളും സ്ഥാപിച്ചു.
- *സെൻട്രൽ ജയിൽ, തിരുവനന്തപുരം*: ജയിൽ ബ്ലോക്കുകളിലെ ടൈലിംഗ് ജോലികൾ പൂർത്തിയാക്കി.

സുരക്ഷ വർധിപ്പിക്കലും ആധുനികവൽക്കരണ സംരംഭങ്ങളും 2024-25-ൽ, ജയിൽ വകുപ്പ്, സുരക്ഷാ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലും നിരീക്ഷണ സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിലും കാര്യമായ പുരോഗതി കൈവരിച്ചു. സ്ഥാപനങ്ങളുടെ സുരക്ഷ, നിരീക്ഷണ ശേഷി, മൊത്തത്തിലുള്ള ജയിൽ മാനേജ്മെൻറ് എന്നിവ മെച്ചപ്പെടുത്തുന്നതിനാണ് ഈ സംരംഭങ്ങൾ ലക്ഷ്യമിട്ടത്.

- *സി.സി.ടി.വി. സ്ഥാപിക്കൽ* : വിയ്യൂരിലെ അതീവ സുരക്ഷാ ജയിലിൽ 176 കാമറകളും ആലപ്പുഴ ജില്ലാ ജയിലിൽ അധിക കാമറകളും ഉൾപ്പെടെ 12 ജയിലുകളിൽ സി.സി.ടി.വി. കാമറകൾ സ്ഥാപിച്ചു. ഈ സംവിധാനങ്ങൾ തത്സമയ നിരീക്ഷണം മെച്ചപ്പെടുത്തുകയും സുരക്ഷാ ലംഘനങ്ങൾ തടയുകയും അനിഷ്ട സംഭവങ്ങൾ നടന്നതിനു ശേഷമുള്ള അന്വേഷണങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു.
- *ഹൈ മാസ്റ്റ് ലൈറ്റുകൾ* : രാത്രികാലങ്ങളിൽ കാഴ്ച വ്യക്തമാക്കുന്നതിനും തുടർച്ചയായ നിരീക്ഷണത്തെ പിന്തുണയ്ക്കുന്നതിനുമായി തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നിവിടങ്ങളിലെ സെൻട്രൽ ജയിലുകളിൽ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു.
- *പവർ ഫെൻസിംഗ്*: വിയ്യൂർ സെൻട്രൽ ജയിലിൽ ഒരു പവർ ഫെൻസിംഗ് സംവിധാനം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി. ഈ സംവിധാനം തടവുചാടാനുള്ള ശ്രമങ്ങളും അനധികൃത പ്രവേശനവും തടയാൻ സഹായിക്കുന്നു.
- *ഉപകരണങ്ങളുടെ ആധുനികവൽക്കരണം*: സുരക്ഷാ പരിശോധന മെച്ചപ്പെടുത്തുന്നതിനായി, പ്രധാന ജയിലുകളിൽ ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറുകൾ, ഹാൻഡ്ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ, ഒരു എക്സ്-റേ ബാഗേജ് സ്കാനർ എന്നിവ ഉൾപ്പെടെയുള്ള പുതിയ ഉപകരണങ്ങൾ സ്ഥാപിച്ചു.

**ജയിൽ ക്ഷേമവും പരിഷ്കരണ പരിപാടികളും**

2024-25 സാമ്പത്തിക വർഷത്തിൽ, തടവുകാരുടെ പുനരധിവാസത്തിനും സമൂഹത്തിലേക്കുള്ള വിജയകരമായ പുനഃസംയോജനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് ജയിൽ വകുപ്പ് ലക്ഷ്യബോധത്തോടെയുള്ള നിരവധി പരിപാടികൾ നടപ്പാക്കി. ഈ പദ്ധതികൾ തടവുകാർക്ക് സമൂഹത്തിലേക്ക് വിജയകരമായി തിരിച്ചെത്താൻ കഴിയുന്നതിന് സജ്ജരാക്കുന്നതിനായി നൈപുണ്യ വികസനം, മാനസികാരോഗ്യം, മനഃശാസ്ത്രപരമായ പിന്തുണ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

- നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും: ആകെ 10.5 ലക്ഷം രൂപയുടെ ധനസഹായത്തോടെ എട്ട് ജയിലുകളിൽ തൊഴിൽപരിശീലന പദ്ധതികൾ നടപ്പാക്കി. അലുമിനിയം ഫാബ്രിക്കേഷൻ, വെൽഡിംഗ്, സിമന്റ് ഉൽപന്നങ്ങളുടെ നിർമ്മാണം, ഗാർഹിക ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയ പ്രായോഗിക മേഖലകളിലുള്ള പരിശീലനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയത്. പോളിടെക്നിക് കോളേജുകൾ, ജൻ ശിക്ഷൺ സംസ്ഥാൻ, മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് ഈ പരിശീലനങ്ങൾ നടപ്പാക്കിയത്. ശിക്ഷാ

കാലാവധിക്ക് ശേഷം തടവുകാർക്ക് തൊഴിൽ നേടാനും സ്വയംപര്യാപ്തരാകാനും ഈ പരിശീലനങ്ങൾ സഹായകമാകും.

- മാനസികാരോഗ്യവും സാമൂഹിക പിന്തുണയും : 5.04 ലക്ഷം രൂപയുടെ ധനസഹായത്തോടെ ഏഴ് ജയിലുകളിൽ മാനസികാരോഗ്യപരമായ ഇടപെടലുകൾ ശക്തിപ്പെടുത്തി. ഇതിലൂടെ, തടവുകാർക്ക് കോഗ്നിറ്റീവ് തെറാപ്പി സെഷനുകളിൽ പങ്കുചേരാൻ അവസരം ലഭിച്ചു. മാനസിക പിരിമുറുക്കങ്ങൾ ലഘൂകരിക്കുന്നതിനും സ്വഭാവ പരിഷ്കരണത്തിനും സമൂഹത്തിലേക്കുള്ള പുനഃപ്രവേശനത്തിനും ഈ ഇടപെടലുകൾ നിർണ്ണായകമാണ്. തുടർച്ചയായ പിന്തുണ ഉറപ്പാക്കുന്നതിനായി, 2025 മാർച്ച് മുതൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച ഏഴ് കൗൺസിലർമാരെ വകുപ്പ് നിയമിച്ചു. ഈ കൗൺസിലർമാർ എല്ലാ സെൻട്രൽ ജയിലുകളിലും രണ്ട് ഓപ്പൺ ജയിലുകളിലുമായി മാനസിക കൗൺസിലിംഗ്, പെരുമാറ്റ വിലയിരുത്തൽ എന്നിവ നൽകിവരുന്നു.
- സ്റ്റാഫ് പരിശീലനം : തടവുകാരുടെ മാനേജ്മെന്റിലെ മികച്ച രീതികൾ, ഫലപ്രദമായ ആശയവിനിമയം, സുരക്ഷാ പ്രോട്ടോക്കോളുകൾ എന്നിവയിൽ ജയിൽ ഉദ്യോഗസ്ഥരെ പുതിയ അറിവുകൾ നൽകി പരിചിതരാക്കുന്നതിനായി ഒരു റിഫ്രഷർ പരിശീലന കോഴ്സ് നടത്തി. കൂടുതൽ പ്രൊഫഷണലും മാനുഷികവുമായ സമീപനം ഉറപ്പാക്കാൻ ഇത് സഹായിക്കുന്നു.

ഈ സംയുക്ത ശ്രമങ്ങൾ, കസ്റ്റഡി, പരിചരണം, പരിഷ്കരണം, പുനരധിവാസം എന്നിവ ഉൾക്കൊള്ളുന്ന മാനുഷികമായ ജയിൽ പരിഷ്കരണ പ്രവർത്തനങ്ങളോടുള്ള വകുപ്പിന്റെ ഉറച്ച പ്രതിബദ്ധതയെ വ്യക്തമാക്കുന്നു

**പ്രൊബേഷനും ആഫ്റ്റർ കെയർ സേവനങ്ങളും**

കസ്റ്റഡിയിൽ നിന്ന് മോചിതരായ ശേഷം കുറ്റവാളികളെ പുനരധിവസിപ്പിക്കാനും സമൂഹത്തിലേക്ക് പുനഃക്രമീകരിക്കാനും സഹായിക്കുന്ന പരിപാടികളാണ് പ്രൊബേഷനും ആഫ്റ്റർകെയർ സേവനങ്ങളും. കുറ്റവാളികളുടെ സാമൂഹ്യ പുനഃക്രമീകരണം സുഗമമാക്കുന്നതിന് രൂപകൽപ്പന ചെയ്ത സ്ഥാപനേതര പരിപാലന രീതിയാണിത്. പ്രത്യേകമായി തെരഞ്ഞെടുത്ത കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു രീതിയാണ് പ്രൊബേഷൻ. കുറ്റവാളിയെ പ്രൊബേഷൻ ഓഫീസറുടെ വ്യക്തിപരമായ മേൽനോട്ടത്തിൽ ഉൾപ്പെടുത്തുകയും വ്യക്തിഗത പരിപാലനം നൽകുകയും ചെയ്യുമ്പോൾ ശിക്ഷയുടെ വ്യവസ്ഥയോടെയുള്ള താൽക്കാലിക ഇളവ് ഇതിൽ ഉൾപ്പെടുന്നു.

1958-ൽ ഇന്ത്യയിൽ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് നിലവിൽ വന്നു. ശിക്ഷാ കാലാവധിക്കു മുമ്പുള്ള റിപ്പോർട്ട് മജിസ്ട്രേറ്റിന് നൽകാനും കുറ്റവാളിയുടെ പ്രൊബേഷൻ കാലത്ത് മേൽനോട്ടം വഹിക്കാനും പ്രൊബേഷൻ ഓഫീസർമാരെ നിയമിക്കണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. പ്രൊബേഷൻ സേവനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമായ നിയന്ത്രണം ജയിൽ വകുപ്പിന്റെ നിയന്ത്രണത്തിലായിരുന്നു, അത് 1975-ൽ സാമൂഹ്യക്ഷേമ വകുപ്പിന് കൈമാറി.

കേരള ജയിൽ നിയമപ്രകാരം, സംസ്ഥാന സർക്കാരിന് ചില ജീവപര്യന്ത തടവുകാരെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ജയിലിൽ നിന്ന് മോചിപ്പിക്കാനും നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസറുടെ നിരീക്ഷണത്തിൽ നിലനിർത്താവുന്നതാണ്. പ്രൊബേഷൻ ഓഫീസർ അവന്റെ/അവളുടെ ദൈനംദിന ജീവിതരീതി നിരീക്ഷിക്കുകയും വ്യക്തിയെ സമൂഹത്തിലേക്ക് പുനഃക്രമീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ സംവിധാനത്തെ കേരളത്തിൽ എക്സിക്യൂട്ടീവ് പ്രൊബേഷൻ എന്ന് വിളിക്കുന്നു. 2025 മാർച്ച് വരെയുള്ള ജുഡീഷ്യൽ പ്രൊബേഷണർമാരുടെ (മുതിർന്നവർ) ജില്ല തിരിച്ചുള്ള എണ്ണം **പട്ടിക 5.5.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.5.2** 2024-25 ൽ കേരളത്തിലെ ജുഡീഷ്യൽ, എക്സിക്യൂട്ടീവ് പ്രൊബേഷണർമാരുടെ എണ്ണം

| ജില്ല | ജുഡീഷ്യൽ, എക്സിക്യൂട്ടീവ് പ്രൊബേഷണർമാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 86 |
| കൊല്ലം | 39 |
| പത്തനംതിട്ട | 35 |
| ആലപ്പുഴ | 56 |
| കോട്ടയം | 37 |
| ഇടുക്കി | 56 |
| എറണാകുളം | 69 |
| തൃശ്ശൂർ | 38 |
| പാലക്കാട് | 63 |
| മലപ്പുറം | 111 |
| വയനാട് | 23 |
| കോഴിക്കോട് | 25 |
| കണ്ണൂർ | 48 |
| കാസർഗോഡ് | 22 |
| **ആകെ** | **708** |

**ഉറവിടം:**സാമൂഹ്യനീതി വകുപ്പ്, കേരളസർക്കാർ

പ്രൊബേഷൻ സംവിധാനത്തിലെ ശേഷി വികസനത്തിന്റെ ഭാഗമായി കേരള ജുഡീഷ്യൽ അക്കാദമിയുമായി സഹകരിച്ച് ജുഡീഷ്യറി, ജയിൽ, പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു. മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിജയകരമായ നൂതന പ്രൊബേഷൻ സമ്പ്രദായങ്ങളും വകുപ്പ് നോക്കി പഠിച്ചു വരുന്നു. വകുപ്പ് ഈ കാലയളവിൽ, കുറ്റവാളികളുടെ മക്കൾക്ക് അടിസ്ഥാനപരവും തൊഴിൽപരവുമായ വിദ്യാഭ്യാസ സഹായത്തിനുള്ള പദ്ധതികളും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ദീർഘകാലം തുടരുന്ന രോഗവിമുക്തരും നിയന്ത്രിത മാനസികരോഗികളുമായ മുൻ തടവുകാർക്ക് മാനസിക-സാമൂഹിക പുനരധിവാസ പരിപാടികളും ആരംഭിച്ചു.

**പട്ടിക 5.5.3** 2024-25 ലെ ആഫ്റ്റർകെയർ സേവനങ്ങളുടെയും പുനരധിവാസത്തിന്റെയും നേട്ടങ്ങൾ

| ക്ഷേമ പദ്ധതി | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം | വിനിയോഗിച്ച തുക (ലക്ഷം ₹) |
|---|---|---|
| തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായം | 116 | 8.41 |
| കുറ്റകൃത്യങ്ങളുടെ ഇരകളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സഹായ പദ്ധതി | 18 | 0.89 |
| പ്രൊബേഷൻ ലഭിച്ചവർക്കും മുൻ തടവുകാർക്കുമുള്ള സ്വയംതൊഴിൽ സഹായം | 66 | 11.55 |
| തടവുകാരുടെ ആശ്രിതർക്കുള്ള സ്വയംതൊഴിൽ സഹായം | 63 | 18.54 |
| ജീവനം പദ്ധതി – ആശ്രിതർക്കും കുറ്റകൃത്യങ്ങളുടെ ഇരകൾക്കുമുള്ള സ്വയംതൊഴിൽ സഹായം | 13 | 2.60 |
| മിത്രം പദ്ധതി – പ്രൊബേഷൻ ലഭിച്ചവർക്കുള്ള നൈപുണ്യ പരിശീലനം (സ്കിൽ ട്രെയിനിംഗ്) | 15 | 1.76 |
| **ആകെ** | **291** | **43.75** |

**ഉറവിടം:**സാമൂഹ്യനീതി വകുപ്പ്, കേരളസർക്കാർ

**നേർവഴി – പ്രൊബേഷൻ സംവിധാനത്തിന്റെ നവീകരണവും ശക്തിപ്പെടുത്തലും**

സംസ്ഥാനത്തെ പ്രൊബേഷൻ സംവിധാനത്തെ പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്. പ്രൊബേഷന് അർഹതയുള്ള കുറ്റവാളികളെ സ്ഥിരമായി തിരിച്ചറിയുന്നതിനുള്ള ഒരു പ്രോട്ടോക്കോൾ ഈ പ്രോജക്റ്റ് നടപ്പിലാക്കുകയും, കുറ്റവാളികൾ തിരുത്തലിന് വിധേയരാണോ എന്ന് കണ്ടെത്താൻ സമഗ്രമായ അന്വേഷണങ്ങൾ നടത്തുകയും, ആവശ്യമുള്ളപ്പോഴെല്ലാം മനഃശാസ്ത്രപരമായ ചികിത്സ നൽകുകയും, പ്രൊബേഷണർമാരെ വീണ്ടും സമൂഹത്തിലേക്ക് സംയോജിപ്പിക്കപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മേൽനോട്ടം ഉറപ്പാക്കുകയും ചെയ്യാൻ ഈ പ്രോജക്റ്റ് സഹായിക്കുന്നു. കുറ്റകൃത്യങ്ങളുടെ ആവർത്തനങ്ങൾ കുറയ്ക്കാനും കുറ്റവാളികളെ മുഖ്യധാരാ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരാനും ജയിലുകളിലെ തിരക്ക് കുറയ്ക്കാനും ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഈ പ്രക്രിയ സഹായിക്കുന്നു. 2024-25 ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 93.92 ലക്ഷം രൂപ ചെലവഴിച്ചു.

**തണലിടം – പ്രൊബേഷൻ ഹോം**

ജയിൽ മോചിതരായ തടവുകാർക്ക് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു, കാരണം അവർ പലപ്പോഴും മുൻ കുറ്റവാളികളെന്ന നിലയിൽ അപകീർത്തിപ്പെടുന്നു. അവരെ തിരികെ സ്വീകരിക്കാൻ കുടുംബാംഗങ്ങൾ തയ്യാറാകണമെന്നില്ല. ജയിൽ മോചിതരായവരുടെ വിജയകരമായ സമൂഹ പുനഃസംയോജനത്തിന് ഇത് തടസ്സമാകുന്നു. 1960 ലെ കേരള പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് റൂൾസിലെ സെക്ഷൻ 20 (1) പ്രകാരം, പ്രൊബേഷൻ, പരോൾ, അകാല മോചനം, ജാമ്യം എന്നിവയ്ക്ക് അർഹതയുള്ള കുറ്റവാളികളുടെ താൽക്കാലിക താമസസ്ഥലം ഉറപ്പാക്കുന്ന സ്ഥാപനങ്ങളോ വീടുകളോ പ്രവർത്തിപ്പിക്കേണ്ടത് നിർബന്ധമാണ്. സ്ഥിരമായ താമസസ്ഥലം ഇല്ലാത്തവർക്കായി സാമൂഹ്യനീതി വകുപ്പ് "തണലിടം" പ്രൊബേഷൻ ഹോം എന്നറിയപ്പെടുന്ന സംരംഭം ആവിഷ്കരിച്ചിട്ടുണ്ട്. പ്രൊബേഷൻ ഓഫീസർമാരുടെയും ജയിൽ സൂപ്രണ്ടുമാരുടെയും സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തണലിടം പ്രൊബേഷൻ ഹോമിൽ പ്രവേശനം അനുവദിക്കുക.

**ട്രാൻസിറ്റ് ഹോം**

നിയമവിരുദ്ധമായി രാജ്യത്തേക്ക് പ്രവേശിക്കുന്ന വിദേശ പൗരന്മാർ, പാസ്പോർട്ട്/വിസ തീയതികൾ അവസാനിച്ചിട്ടും രാജ്യത്ത് തങ്ങുന്നവർ, ജയിൽ ശിക്ഷ പൂർത്തിയാക്കിയവർ, പരോളിൽ കഴിയുന്നവർ, അല്ലെങ്കിൽ ജയിൽ മോചിതർ മറ്റ് തരത്തിലുള്ള സംരക്ഷണം ആവശ്യമായവർ എന്നിവരെ താൽകാലികമായി പാർപ്പിക്കാൻ സാമൂഹിക നീതി വകുപ്പ് ഒരു ട്രാൻസിറ്റ് ഹോം സ്ഥാപിച്ചു. കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിലെ കൊട്ടിയത്ത് അത്തരത്തിലുള്ള ഒരു വീട് പ്രവർത്തിക്കുന്നു. 2024-25 കാലയളവിൽ ട്രാൻസിറ്റ് ഹോമിന്റെ പ്രവർത്തനത്തിനായി 72.68 ലക്ഷം രൂപ ചെലവഴിച്ചു.

വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, ഗുണഭോക്താക്കളുടെ മൊത്തത്തിലുള്ള ക്ഷേമം എന്നിവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന പ്രോജക്ടുകൾ വഴി തടവും കുറ്റകൃത്യങ്ങളും ബാധിച്ചവരുടെ പുനരധിവാസവും ശാക്തീകരണവും പ്രോത്സാഹിപ്പിക്കുന്നു.

**മുന്നോട്ടുള്ള വഴി**

ജയിലുകളിലെ തിരക്ക് കുറയ്ക്കുന്നതിനായി പുതിയ ജയിലുകളുടെ നിർമ്മാണവും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധനവും അനിവാര്യമാണ്. ഇതോടൊപ്പം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനങ്ങൾ, ബയോമെട്രിക് ആക്സസ്, ഡ്രോൺ നിരീക്ഷണം, ആധുനിക അതിർത്തിസുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന സമകാലിക സുരക്ഷാ സാങ്കേതികവിദ്യകൾ ജയിലുകളുടെ സുരക്ഷയെ കൂടുതൽ ശക്തിപ്പെടുത്തും. അതുപോലെതന്നെ, തടവുകാരുടെ പുനരധിവാസവും തിരുത്തൽ പ്രക്രിയകളും തൊഴിൽപരിശീലനം, വിദ്യാഭ്യാസം, ഉപജീവന സഹായം, തുടർപരിപാടികൾ എന്നിവയിലൂടെ വിപുലീകരിക്കും. പ്രൊബേഷനും, പരോൾ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതും ജയിലുകളിലെ തിരക്ക് കുറയ്ക്കാനും സമൂഹവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാനും സഹായകരമാകും. സുരക്ഷിതവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും മാനുഷികവും പരിഷ്കരണോന്മുഖവുമായ ഒരു ജയിൽ സംവിധാനം കെട്ടിപ്പടുക്കുക എന്നതാണ് ലക്ഷ്യം. തടവുകാരെ ഉത്തരവാദിത്തമുള്ള പൗരന്മാരായി സമൂഹത്തിലേക്ക് മടങ്ങാൻ പ്രാപ്തരാക്കുന്ന ഒരു അന്തരീക്ഷം ഇതിലൂടെ വിഭാവനം ചെയ്യുന്നു.

# 5.6 ജനങ്ങളിലേയ്ക്ക്

കേരള സർക്കാരിന്റെ ആശയവിനിമയ വിഭാഗമായ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ഫലപ്രദമായ ബന്ധം ഉറപ്പാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. സർക്കാരിന്റെ നയങ്ങൾ, വികസന പദ്ധതികൾ, നേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള വിശ്വസനീയമായ വിവരങ്ങൾ സമയബന്ധിതമായി ജനങ്ങളിലേക്ക് എത്തിക്കുന്നതോടൊപ്പം, ജനങ്ങളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും സ്വീകരിക്കുന്നതിനുള്ള വേദിയായും വകുപ്പ് പ്രവർത്തിക്കുന്നു. ഇത്തരം പരസ്പര ആശയവിനിമയം ഭരണനിർവ്വഹണത്തിൽ സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുകയും ജനവിശ്വാസം ആർജ്ജിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

അച്ചടി, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്ക് പുറമെ സാമൂഹ്യമാധ്യമങ്ങൾ, മൊബൈൽ ആപ്പുകൾ, ഓൺലൈൻ ക്യാമ്പെയ്നുകൾ തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ വകുപ്പ് അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചിട്ടുണ്ട്. മൊബൈൽ ജേർണലിസത്തിന്റെ ഉപയോഗം വിവരവിനിമയത്തിന്റെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ചു. ഫേസ്ബുക്ക്, എക്സ് (ട്വിറ്റർ), ഇൻസ്റ്റാഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളിലൂടെ യുവജനങ്ങളിലേക്ക് കൂടുതൽ വേഗത്തിൽ എത്താൻ വകുപ്പിന് സാധിക്കുന്നു. നൂതനമായ പ്രചാരണ രീതികളും ആകർഷകമായ ഡിജിറ്റൽ ഉള്ളടക്കവും വഴി ജനപങ്കാളിത്തം ഉറപ്പാക്കുന്ന ഒരു വിപുലമായ ആശയവിനിമയ ശൃംഖല സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഭരണ നിർവ്വഹണ പ്രക്രിയയിൽ പങ്കാളികളാകുന്നതിലൂടെ പൗരന്മാരെ ശാക്തീകരിക്കുകയും വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന ഒരു ഉത്തമ സ്ഥാപനമായി ഐ&പി.ആർ.ഡി വകുപ്പ് മാറിക്കഴിഞ്ഞു.

**പബ്ലിക് റിലേഷൻസിലെ സംസ്ഥാന സംരംഭങ്ങൾ**

**വിഷ്വൽ മീഡിയ** – വിഷ്വൽ മീഡിയ വിഭാഗത്തിൽ ന്യൂസ് വിംഗ്, പ്രോഗ്രാം പ്രൊഡക്ഷൻ, ഓഡിയോ-വീഡിയോ ഡോക്യുമെന്റേഷൻ, ഇലക്ട്രോണിക് മീഡിയ എന്നിവ ഉൾപ്പെടുന്നു. ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ വീഡിയോ വാർത്താ ക്ലിപ്പിംഗുകളുടെയും ടെലിവിഷൻ ചാനലുകളിലേക്കുള്ള പരസ്യങ്ങളുടെയും നിർമ്മാണവും വിതരണവും ഉൾപ്പെടുന്നു. ഹ്രസ്വ വീഡിയോകളുടെ നിർമ്മാണം, റേഡിയോ പരസ്യങ്ങൾ, ഡോക്യുമെന്ററികൾ, ഷോർട്ട് ഫിലിമുകൾ, ഇൻഫോ-വീഡിയോകൾ, പോസ്റ്ററുകൾ വകുപ്പ് തന്നെ നിർമ്മിച്ച് പുറത്തിറക്കിയ ഉള്ളടക്കങ്ങളുടെ ഡോക്യുമെന്റേഷൻ, ആർക്കൈവിംഗ് എന്നിവ ഉൾപ്പെടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതിവാര സംവേദനാത്മക ടെലിവിഷൻ പരിപാടിയായ നാം മുന്നോട്ട്, നവകേരളം, വാർത്താ റൗണ്ടപ്പ്- പ്രിയകേരളം എന്നീ പ്രതിവാര വികസന അധിഷ്ഠിത ടെലിവിഷൻ പരിപാടിയുടെ നിർമ്മാണവും ഈ വിഭാഗത്തിലൂടെ നടപ്പിലാക്കുന്നു. ജനപഥം എന്ന പേരിൽ ആഴ്ചതോറും റേഡിയോ അധിഷ്ഠിത പരിപാടിയും നടത്തുന്നു.

**വെബ് അധിഷ്ഠിത മാധ്യമം** – വെബ് & ന്യൂ മീഡിയ വിഭാഗം സർക്കാർ വെബ് പോർട്ടലിന്റെ ഉള്ളടക്ക മാനേജ്മെന്റ് ചെയ്തു വരുന്നു – www.kerala.gov.in. ഈ ദ്വിഭാഷാ (ഇംഗ്ലീഷ്, മലയാളം) പോർട്ടൽ ബഹുമാനപ്പെട്ട ഗവർണർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, വിവിധ വകുപ്പുകൾ, ഫീൽഡ് ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച പ്രസക്തമായ വിശദാംശങ്ങൾ നൽകുന്നു, കൂടാതെ സർക്കാരിന്റെ 40-ലധികം ഇ-സേവനങ്ങളിലേക്കുള്ള ഒരു പ്രവേശന കവാടം കൂടിയാണ് ഈ പോർട്ടൽ. സർക്കാർ ഉത്തരവുകൾ, കാബിനറ്റ് തീരുമാനങ്ങൾ, വിജ്ഞാപനങ്ങൾ, ഉത്തരവുകൾ, സി.എം.ഡി.ആർ.എഫ് സർക്കുലറുകൾ, അപേക്ഷാ ഫോമുകൾ, നയരേഖകൾ, പ്രസിദ്ധീകരണങ്ങൾ, നിയമങ്ങളും ചട്ടങ്ങളും, റിപ്പോർട്ടുകളും ടെൻഡറുകളും അടങ്ങുന്ന രേഖകളുടെ ഒരു ശേഖരം കൂടിയാണ് പോർട്ടൽ. ദിവസേനയുള്ള സർക്കാർ പത്രക്കുറിപ്പുകളും അറിയിപ്പുകളും പോർട്ടലിന്റെ ഭാഗമായി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ ജനസംഖ്യാശാസ്ത്രം, ഭൂമിശാസ്ത്രം, സാമൂഹിക-സാംസ്കാരിക, സാമ്പത്തിക, ചരിത്രപരമായ വശങ്ങളെക്കുറിച്ചുള്ള ഉപയോഗപ്രദമായ ഉള്ളടക്കവും പോർട്ടലിൽ ഉണ്ട്.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralacm.gov.in –ഉം മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റുകളും വെബ് & ന്യൂ മീഡിയ വിഭാഗം കൈകാര്യം ചെയ്യുന്നു. വിഭാഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.prd.kerala.gov.in, എക്സ്ക്ലൂസീവ് ന്യൂസ് പോർട്ടൽ – www.keralanews.gov.in എന്നിവയും നിയന്ത്രിക്കുന്നു. സർക്കാർ വെബ് പോർട്ടലിലൂടെ എസ്എസ്എൽസി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നിവയുടെ വാർഷിക ഫലങ്ങളും കൂടാതെ തെരഞ്ഞെടുപ്പ് ഫലങ്ങളും പ്രസിദ്ധീകരിക്കുന്നത് ഈ വിഭാഗം മുഖേനയാണ്. വെബ്, ന്യൂ മീഡിയ ഡിവിഷൻ ഐ&പി.ആർ.ഡി യുടെ ട്വിറ്റർ (Twitter.com/iprdkerala), ഫേസ്ബുക്ക് (Facebook.com/keralainformation), ഇൻസ്റ്റാഗ്രാം (Instagram.com/iprdkerala), YouTube (YouTube.com/iprdkerala), Dailyhunt (Dailyhunt.com/iprdkerala) എന്നീ സോഷ്യൽ മീഡിയ അക്കൗണ്ടുകളും നിയന്ത്രിക്കുന്നു.

**മാധ്യമ ബന്ധങ്ങൾ** – പ്രസ് റിലീസ് വിഭാഗം ദിനംപ്രതി സർക്കാർ പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ, അറിയിപ്പുകൾ, പ്രഖ്യാപനങ്ങൾ എന്നിവ ബഹുഭാഷാ വാർത്താ റിപ്പോർട്ടുകളുടെ രൂപത്തിൽ പ്രസിദ്ധീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. പ്രസ്മീറ്റുകൾ വിളിക്കുക, പ്രത്യേക അവസരങ്ങളിൽ മാധ്യമ കേന്ദ്രങ്ങൾ സ്ഥാപിക്കുക, മാധ്യമ അക്രഡിറ്റേഷൻ സേവനങ്ങൾ, മാധ്യമ റിപ്പോർട്ടർമാർക്ക് കവറേജിനും റിപ്പോർട്ടിംഗിനും പ്രത്യേക അവസരങ്ങളിൽ സൗകര്യമൊരുക്കുക, സംസ്ഥാന മാധ്യമ അവാർഡ് ചടങ്ങുകൾ സംഘടിപ്പിക്കുക എന്നിവ ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകളാണ്. വിഭാഗത്തിലെ ഫോട്ടോഗ്രാഫി വിഭാഗം സംസ്ഥാനത്തുടനീളമുള്ള സർക്കാർ പരിപാടികൾ കവർ ചെയ്യുന്നു. ദിവസേന ചിത്രങ്ങൾ മാധ്യമങ്ങൾക്ക് റിലീസ് ചെയ്യുന്നു, ഫോട്ടോഗ്രാഫുകൾ റെക്കോർഡുകളാക്കി സൂക്ഷിക്കുന്നു. സർക്കാർ നയങ്ങൾ, തീരുമാനങ്ങൾ, പരിപാടികൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവയിൽ സ്വാധീനം ചെലുത്തുന്ന അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വാർത്തകളുടെ ദൈനംദിന പരിശോധന സൂക്ഷ്മപരിശോധന എന്നിവ ഈ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടക്കുന്നു.

**പ്രസിദ്ധീകരണങ്ങൾ** – വകുപ്പ് ആനുകാലികങ്ങൾ പുറത്തിറക്കുന്നു: കേരള കോളിംഗ് (ഇംഗ്ലീഷ്), സമകാലിക ജനപഥം (മലയാളം). കേരള സംസ്കാരം, ചരിത്രം, കല, പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവയെക്കുറിച്ചുള്ള വാർത്താക്കുറിപ്പുകൾ, ലഘുലേഖകൾ, ബ്രോഷറുകൾ, റിപ്പോർട്ടുകൾ, പുസ്തകങ്ങൾ എന്നിവയും വിഭാഗം പ്രസിദ്ധീകരിക്കുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പ്രോത്സാഹനത്തിനായി ഒരു സർക്കുലേഷൻ വിഭാഗവും ഉണ്ട്.

**ഫീൽഡ് പ്രചാരണവും സംസ്കാരവും** – പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തും ഫീൽഡ് പ്രചാരണവും, അന്തർ സംസ്ഥാന പബ്ലിക് റിലേഷൻസിന്റെ ഭാഗമായി മെട്രോ നഗരങ്ങളിലെ വ്യാപാര സാംസ്കാരിക ഉത്സവങ്ങൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര വ്യാപാരമേള, സോഷ്യൽമീഡിയ, മൾട്ടിമീഡിയ ക്യാമ്പെയിനുകൾ, കല, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. ഗാന്ധിജയന്തി, വായനാവാരം, ഔദ്യോഗിക ഭാഷ, മലയാളംവാരം തുടങ്ങിയ ദിന – വാരാചരണങ്ങളും ആഘോഷങ്ങളും ഔട്ട്ഡോർ പബ്ലിസിറ്റി ആൻഡ് കൾച്ചറൽ വിഭാഗമാണ് ഏറ്റെടുക്കുന്നത്. തലസ്ഥാന നഗരത്തിലെ ഒരു സാംസ്കാരിക കേന്ദ്രമായി ടാഗോർ തിയേറ്ററിനെ വികസിപ്പിച്ചെടുത്തു. ദേശീയ തിയേറ്റർ ഫെസ്റ്റിവലിനും കേരളത്തിലെ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കും ആതിഥേയത്വം വഹിക്കുന്നതിനുള്ള പ്രധാന വേദിയാണിത്. ന്യൂഡൽഹിയിൽ നടക്കുന്ന വാർഷിക ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കേരള പവലിയന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ഈ വിഭാഗമാണ്. ഗവേഷണവും റഫറൻസും – പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്ക്സ് ആക്ടിലെ (പിആർബി ആക്ട്) നിർദ്ദേശങ്ങൾ അനുസരിച്ച് റിസർച്ച് ആൻഡ് റഫറൻസ് വിഭാഗം സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും രജിസ്റ്ററുകൾ പതിവായി പരിപാലിക്കുന്നു. അടിയന്തിരഘട്ടത്തിൽ ആശയവിനിമയം, പ്രചാരണ ആസൂത്രണം, ബ്രാൻഡ് നിർമ്മാണം, മൊബൈൽ ജേണലിസം, ഡാറ്റ വിശകലനം തുടങ്ങിയ പബ്ലിക് റിലേഷൻസിലെ പുതിയ പ്രവണതകളിലും പ്രവർത്തന മേഖലകളിലും ഈ ഡിവിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുകയും ജീവനക്കാരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

**കേരള മീഡിയ അക്കാദമി** – ജേർണലിസം മേഖലയിലെ പഠന–ഗവേഷണ പരിപാടികൾ നടത്തുകയും പരിശീലന പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം, മാധ്യമ അവാർഡുകളുടെ വിതരണം നടത്തുകയും, ജേർണലിസത്തിൽ അഡ്വാൻസ്ഡ് റിസർച്ച് നടത്തുന്നതിന് ഫെലോഷിപ്പ് നൽകുകയും ചെയ്യുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള മീഡിയ അക്കാദമി.

**പരസ്യം** – സർക്കാർ പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിനുള്ള ഔദ്യോഗിക ഏജൻസിയാണ് ഐ ആൻഡ് പിആർഡി. അച്ചടി, ദൃശ്യ, ശബ്ദ പരസ്യങ്ങളുടെ നിർമ്മാണം, പരസ്യങ്ങൾക്ക് സർക്കാരിന്റെ നിരക്ക് നിർണ്ണയം മാധ്യമ പട്ടികകൾ തയ്യാറാക്കി സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ വിഭാഗം ചെയ്യുന്നു.

**2024–25–ലെ പ്രധാന നേട്ടങ്ങൾ**

- 2024–25–ൽ 6,027 പ്രസ്സ് റിലീസുകൾ തയ്യാറാക്കി വിതരണം ചെയ്തു. കൂടാതെ ഇക്കാലയളവിൽ 52 പ്രസ് കോൺഫറൻസുകൾ സംഘടിപ്പിച്ച് മാധ്യമ ഏകോപന പ്രവർത്തനങ്ങളും നടപ്പാക്കിയിരുന്നു.
- ഫോട്ടോഗ്രാഫി വിഭാഗം 843 പ്രോഗ്രാമുകൾ കവർ ചെയ്യുകയും 1,28,726 ചിത്രങ്ങൾ പകർത്തുകയും ചെയ്തു. 3,619ചിത്രങ്ങൾ മാധ്യമങ്ങൾക്ക് പ്രകാശനത്തിന് നൽകുകയും കൂടാതെ, ഈ കാലയളവിൽ 285 പരിപാടികളുടെ 33,240 ചിത്രങ്ങളും ഫോട്ടോ ഡോക്യുമെന്റേഷനും ചെയ്തു.
- 25000–ൽ അധികം സർക്കാർ ഉത്തരവുകളും

സർക്കുലറുകളും സ്റ്റേറ്റ് പോർട്ടലിലേക്ക് അപ്ലോഡ് ചെയ്തു. സർക്കുലറുകൾ, വിജ്ഞാപനങ്ങൾ, ടെൻഡറുകൾ, സർക്കാർ റിപ്പോർട്ടുകൾ, സർക്കാർ നയങ്ങൾ, വാർത്തകൾ, വീഡിയോകൾ, ചിത്രങ്ങൾ, ബാനർ വാർത്തകൾ എന്നിവ സർക്കാർ ഉപ പോർട്ടലുകളിലും, noticeboard.kerala.gov.in, document.kerala.gov.in എന്നിവയിലും അപ്ലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ മന്ത്രിമാരുടെ വെബ്സൈറ്റുകൾ വഴി ഫോട്ടോകൾ സഹിതം ഏകദേശം 800-ഓളം വാർത്താ ലേഖനങ്ങളാണ് തയ്യാറാക്കി പ്രസിദ്ധീകരിച്ചത്.

- 2024-25 കാലയളവിൽ, മന്ത്രിമാരുടെ പദ്ധതികളുടെ ഡിജിറ്റൽ പ്രസിദ്ധീകരണത്തിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തി. 20 മന്ത്രിമാരുടെ വെബ്സൈറ്റുകളിലായി ആകെ 4,139 ലേഖനങ്ങളും, 10,200 ഫോട്ടോകളും, 80 ബാനറുകളും അപ്‌ലോഡ് ചെയ്തു. ഇതോടൊപ്പം, വിവിധ പദ്ധതികൾ, പരിപാടികൾ, വകുപ്പുകളുടെ നേട്ടങ്ങൾ എന്നിവയുടെ സമഗ്രമായ ഡോക്യുമെന്റേഷനും പൂർത്തിയാക്കി. സ്കൂൾ കലോത്സവത്തിനായി ഒരു പ്രത്യേക മൈക്രോപേജ് സൃഷ്ടിക്കുകയും പരിപാടിയെക്കുറിച്ച് 25-ൽ അധികം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുതിനോടൊപ്പം, ഐ&പിആർഡി സംഘടിപ്പിച്ച വനിതാ മീഡിയ കോൺക്ലേവിനായി രൂപപ്പെടുത്തിയ മൈക്രോപേജിൽ വിവിധ സെഷനുകളും ചർച്ചകളും പ്രധാന ഹൈലൈറ്റുകളും ഉൾപ്പെടുത്തി 15-ൽ അധികം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.
- ന്യൂസ് ക്ലിപ്പ് വീഡിയോ പ്രോജക്റ്റിന്റെ ഭാഗമായി, സെൻട്രൽ ന്യൂസ് ഡെസ്ക് 2024-25 ൽ 2000 പരിപാടികൾ രേഖപ്പെടുത്തുകയും എഡിറ്റ് ചെയ്യുകയും ചെയ്തു. സമഗ്രമായ പ്രാദേശിക കവറേജ് ഉറപ്പാക്കുന്നതിനായി, സെൻട്രൽ ന്യൂസ് ഡെസ്ക് വിവിധ ജില്ലകളിലെ 75 വീഡിയോ സ്ട്രിംഗർമാരുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.
- നവകേരളം പ്രതിവാര ടെലിവിഷൻ പരിപാടിയുടെ 21 എപ്പിസോഡുകൾ ഏഷ്യാനെറ്റ് ന്യൂസ്, കൈരളി ന്യൂസ് എന്നീ ടെലിവിഷൻ ചാനലുകൾ വഴി നിർമ്മിക്കുകയും സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. പ്രിയകേരളം ടെലിവിഷൻ പരിപാടിയിൽ സർക്കാരിന്റെ സംസ്ഥാനത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്രമായ പ്രതിവാര റിപ്പോർട്ടുകൾ നൽകുകയും 14 എപ്പിസോഡുകൾ ദൂരദർശനിൽ സംപ്രേക്ഷണം ചെയ്യുകയും ചെയ്തു.
- ആൾ ഇന്ത്യാ റേഡിയോയുടെ വിവിധ കേന്ദ്രങ്ങളിലായി 'ജനപഥം' റേഡിയോ പരിപാടിയുടെ 36 എപ്പിസോഡുകൾ പ്രക്ഷേപണം ചെയ്തു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാദേശികവൽക്കരിക്കുന്നതിനെക്കുറിച്ചും സംസ്ഥാനത്തിന്റെ പ്രതിബദ്ധതയെയും നേട്ടങ്ങളെയും കുറിച്ചുള്ള ഹ്രസ്വചിത്രം, സർക്കാരിന്റെ വാർഷികത്തോടനുബന്ധിച്ച് മൂന്ന് വർഷത്തെ വികസന നേട്ടങ്ങൾ കോർത്തിണക്കി തയ്യാറാക്കിയ വീഡിയോ, വ്യവസായ വകുപ്പിന്റെ നേട്ടങ്ങൾ വിവരിക്കുന്ന പ്രത്യേക വീഡിയോ എന്നിവയാണ് ഈ കാലയളവിൽ പൂർത്തിയാക്കിയ പ്രധാന പ്രവൃത്തികൾ.
- കൂടാതെ, ലോക കേരളസഭയെ പിന്തുണച്ച് നിർമ്മിച്ച ഒരു മണിക്കൂറും അരമണിക്കൂറുമുള്ള (3 എപ്പിസോഡുകൾ) വീഡിയോ കൈരളി ചാനലിൽ സംപ്രേക്ഷണം ചെയ്യുകയും, അതിന്റെ പ്രചാരണത്തിനായി 20 റീലുകളും 4 ഹ്രസ്വ വീഡിയോകളും നിർമ്മിക്കുകയും ചെയ്തു. വിവിധ വകുപ്പുകളുടെ ആവശ്യാനുസരണം പൊതുജനങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കുന്നതിനായി 81 ഇൻഫോ/ഹ്രസ്വ വീഡിയോകളും ഇക്കാലയളവിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.
- മലയാള എഡിറ്റോറിയൽ വിഭാഗം 'സമകാലിക ജനപഥം' എന്ന മാസിക മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. അതുപോലെ, ഇംഗ്ലീഷ് എഡിറ്റോറിയൽ വിഭാഗം 'കേരള കാളിംഗ്' എന്ന മാസിക ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുന്നുണ്ട്. 2025 ഫെബ്രുവരിയിൽ നടന്ന വനിതാ മാധ്യമ പ്രവർത്തക മീഡിയ കോൺക്ലേവിന്റെ ഭാഗമായി ഒരു പ്രത്യേക ലഘുലേഖ പുറത്തിറക്കുകയുണ്ടായി.
- ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2024-ൽ കേരളം സജീവമായി പങ്കെടുത്തു. 'വികസിത ഭാരത് @2047' എന്ന ആശയത്തെ അടിസ്ഥാനമാക്കി 248 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ഒരു പവിലിയൻ സജ്ജീകരിച്ചു. ഈ പവിലിയന് കീഴിൽ 24 വാണിജ്യ സ്റ്റാളുകളും ഒരു തീം സ്റ്റാളും ഒരുക്കിയിരുന്നു.

**മുന്നോട്ടുള്ള വഴി**

കേരളത്തിന്റെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റിന് തങ്ങളുടെ പ്രവർത്തനശൈലിയിൽ കാതലായ മാറ്റം വരുത്തിക്കൊണ്ട് വിജയകരവും ഭാവിയുക്തവുമായ ഒരു സമീപനം സ്വീകരിക്കാൻ സാധിക്കുന്നതാണ്. പരമ്പരാഗതമായ ഏകപക്ഷീയമായ വാർത്താവിതരണ രീതിയിൽ നിന്നും മാറി, വിവരശേഖരണത്തിൽ അധിഷ്ഠിതവും ജനങ്ങളുമായി നേരിട്ട് സംവദിക്കുന്നതുമായ ഒരു തന്ത്രപരമായ മാറ്റമാണ് ഇനി ആവശ്യമുള്ളത്. ഈ പരിവർത്തനം പ്രധാനമായും മൂന്ന് കാര്യങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ഡിജിറ്റൽ പരിവർത്തനത്തിലൂടെയുള്ള വിവരവിനിമയം, ആകർഷകമായ രീതിയിലുള്ള നൂതന കഥാഖ്യാനവും ഉള്ളടക്ക നിർമ്മാണവും, കൂടാതെ താഴെത്തട്ടിലുള്ള ജനങ്ങളെ ശാക്തീകരിക്കുന്നതിനായി സർക്കാരും ജനങ്ങളും തമ്മിലുള്ള നേരിട്ടുള്ള ആശയവിനിമയവും ഇതിൽ ഉൾപ്പെടുന്നു. ഈ വകുപ്പിന് ജനങ്ങളിലേക്ക് പൊതുവായ വിവരങ്ങൾ എത്തിക്കുന്നതിനപ്പുറം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അനലിറ്റിക്സ് എന്നിവ പ്രയോജനപ്പെടുത്തി ഓരോരുത്തർക്കും അനുയോജ്യമായ വിവരങ്ങൾ കൈമാറുന്ന രീതിയിലേക്ക് ഒരു ഡിജിറ്റൽ പരിവർത്തനത്തിന് വിധേയമാകാവുന്നതാണ്. "കേരള വികസന ഗാഥകൾ" പോലുള്ള നൂതന പരമ്പരകളിലൂടെ സങ്കീർണ്ണമായ സർക്കാർ പദ്ധതികളെ ലളിതമായും ദൃശ്യാവിഷ്കാരങ്ങളിലൂടെ ഫലപ്രദമായും ജനങ്ങളിലേക്ക് എത്തിക്കുന്ന മികച്ച ഒരു കഥാകാരന്റെ റോൾ വകുപ്പിന് ഏറ്റെടുക്കാം. കൂടാതെ, പ്രാദേശിക തലത്തിലുള്ള ആശയവിനിമയക്കാരെ ശാക്തീകരിച്ചും ജനങ്ങളുമായി നേരിട്ടുള്ള സംവാദം ഉറപ്പാക്കിയും പൊതുജനവിശ്വാസവും സുതാര്യതയും വർദ്ധിപ്പിക്കാൻ സാധിക്കും; ഇത് സുതാര്യമായ ഭരണനിർവ്വഹണത്തിന്റെ ശക്തമായൊരു സ്തംഭമായി വകുപ്പിനെ മാറ്റിത്തീർക്കും.

അദ്ധ്യായം

# 06

# മാനവ വികസനം

# മാനവ വികസനം

## 6.1 വിദ്യാഭ്യാസം

ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരത്ത് സ്ഥിതി ചെയ്യുന്ന കേരളം, കുറഞ്ഞ ദാരിദ്ര്യനിരക്കും ഉയർന്ന മാനവവികസനവും കൈവരിച്ചിട്ടുണ്ട്. ഇന്ത്യയിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം മുൻനിരയിലാണ്. സാക്ഷരത, പ്രവേശന നിരക്ക്, സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ കേരളം മുൻനിരയിൽ തുടരുന്നു. കേരളത്തിലെ സാക്ഷരതാ നിരക്ക് 94 ശതമാനമാണ്. ഇത് ദേശീയ ശരാശരിയായ 74.04 ശതമാനത്തേക്കാൾ വളരെ കൂടുതലാണ്. പ്രദേശം, സാമൂഹിക പശ്ചാത്തലം, സാമ്പത്തിക സ്ഥിതി, ലിംഗഭേദം എന്നിവ പരിഗണിക്കാതെ എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള തുല്യമായ അവസരം ഉറപ്പാക്കുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥിയുടെയും അവകാശമാണെന്ന തത്വം ഉയർത്തിപ്പിടിക്കുന്ന 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി'യിലൂടെ സാർവത്രികമായ മികച്ച വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കപ്പെടുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായം അതിന്റെ മതേതരവും പുരോഗമനപരവുമായ പാരമ്പര്യത്തെ പ്രതിഫലിപ്പിക്കുന്നതും സമത്വം, ഉൾക്കൊള്ളൽ, സാമൂഹിക നീതി തുടങ്ങിയ ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതുമാണ്. രാജ്യത്ത് ഏറ്റവും കുറഞ്ഞ സ്കൂൾ കൊഴിഞ്ഞുപോക്ക് നിരക്കുള്ള സംസ്ഥാനമാണ് കേരളം. പൊതുവിദ്യാലയങ്ങൾ ജനങ്ങളുടെ വിശ്വാസം വീണ്ടെടുക്കുകയും ഉയർന്ന പ്രവേശന നിരക്ക് കൈവരിക്കുകയും ചെയ്തിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കാരങ്ങളും സ്കൂൾ വികസന പരിപാടികളും പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ പുരോഗതിക്ക് വഴിയൊരുക്കി. അക്കാദമിക് പഠനത്തോടൊപ്പം കലകൾക്കും കായികരംഗത്തിനും ഗണ്യമായ പരിഗണന നൽകുന്നുണ്ട്. വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും അതിന്റെ സ്വാഭാവിക പ്രാധാന്യവും സാമൂഹ്യ–സാമ്പത്തിക വളർച്ചയ്ക്ക് പ്രചോദനമാകുന്ന പങ്കും കണക്കിലെടുത്ത് സംസ്ഥാനം തുടർച്ചയായി മുൻഗണന നൽകിവരുന്നു. പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, നൈപുണ്യ പരിശീലനം എന്നിവയെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് സംയോജിതവും സുശക്തവുമായ ഒരു സാഹചര്യം സൃഷ്ടിക്കുക എന്നതാണ് സംസ്ഥാനത്തിന്റെ കാഴ്ചപ്പാട്. ഇതിലൂടെ യുവാക്കളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാനും വിജ്ഞാനാധിഷ്ഠിത ആഗോള സമ്പദ് വ്യവസ്ഥയാക്കി അവരെ സജ്ജരാക്കാനും ലക്ഷ്യമിടുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തൽ, അക്കാദമിക് മികവ്, ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുക, മെച്ചപ്പെട്ട കണക്റ്റിവിറ്റി, ഡിജിറ്റൽ പഠന സാമഗ്രികളിലേക്കും ലൈബ്രറി ശൃംഖലകളിലേക്കും ഉള്ള പ്രവേശനം എന്നിവയ്ക്ക് പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നു. ഡിജിറ്റൽ വിഭജനം കുറയ്ക്കുന്നതിനും സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കുന്നതിലും കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഉയർന്ന സാക്ഷരതാ നിലവാരം വിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യത്തെ പ്രതിഫലിപ്പിക്കുകയും ജനങ്ങൾക്കിടയിൽ ഉയർന്ന ലക്ഷ്യബോധം വളർത്തുന്നതിന് സഹായിക്കുകയും ചെയ്യുന്നു.

**സാക്ഷരത**

ഒരു രാജ്യത്തിന്റെ മാനവ മൂലധനത്തിന്റെ ഗുണനിലവാരത്തിന്റെ ഏറ്റവും പ്രധാന സൂചകം സാക്ഷരതയാണ്. സമ്പൂർണ സാക്ഷരത കൈവരിക്കുന്നതിൽ ഇന്ത്യയിലെ മാതൃകാ സംസ്ഥാനമായ കേരളം, സാക്ഷരതയിലും തുടർ വിദ്യാഭ്യാസ പരിപാടികളിലും മഹത്തരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. എന്നിരുന്നാലും ഗണ്യമായ സാക്ഷരതാ നിരക്ക് നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സാക്ഷരത കണക്കിലെടുക്കുമ്പോൾ 94 ശതമാനം സാക്ഷരത നിരക്ക് നേടിക്കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ലക്ഷദ്വീപും (91.9 ശതമാനം) മിസോറാമും (91.3) കേരളത്തിന്റെ തൊട്ടു പുറകിലുണ്ട് (സെൻസസ്സ്

ഓഫ് ഇന്ത്യ 2011). 1951 ൽ 47.2 ശതമാനമായിരുന്ന കേരളത്തിലെ സാക്ഷരതാനിരക്ക് 2011 ആയപ്പോൾ ഏകദേശം ഇരട്ടിയായി. 1951 ൽ 22 ശതമാനമായിരുന്ന സ്ത്രീ–പുരുഷ സാക്ഷരതാന്തരം 2011 ൽ 4.0 ശതമാനമായി താഴ്ന്നു. സ്ത്രീ സാക്ഷരതയിൽ കേരളം 92.1 ശതമാനത്തോടെ രാജ്യത്ത് ഒന്നാമത് നിൽക്കുമ്പോൾ ബീഹാർ ആണ് ഏറ്റവും പിന്നിലുള്ളത് (51.5 ശതമാനം) (സെൻസസ് ഓഫ് ഇന്ത്യ 2011). 1951 മുതൽ 2011 വരെയുള്ള സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.1** ൽ കൊടുത്തിരിക്കുന്നു. സാക്ഷരതാ നിരക്കിന്റെ കാര്യത്തിൽ ജില്ലകൾ തമ്മിലുള്ള അന്തരം വളരെ കുറവാണ്. കേരളത്തിന്റെ സാക്ഷരതാ നിരക്ക് ജില്ലതിരിച്ച് വിശകലനം ചെയ്യുമ്പോൾ 97.2 ശതമാനത്തോടെ കോട്ടയം ജില്ലയാണ് ഏറ്റവും മുന്നിൽ. 96.6 ശതമാനത്തോടെ പത്തനംതിട്ട ജില്ലയും 95.9 ശതമാനത്തോടെ എറണാകുളവും തൊട്ടുപിന്നിലുണ്ട്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ല വയനാടാണ് (89.0 ശതമാനം). 2001, 2011 വർഷങ്ങളിലെ പുരുഷ–സ്ത്രീ വിഭാഗം തിരിച്ചുള്ള ജില്ലകളിലെ സാക്ഷരതാ നിരക്കുകൾ **അനുബന്ധം 6.1.2** ൽ കൊടുത്തിരിക്കുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) സംസ്ഥാനത്ത് സാക്ഷരത, തുടർ വിദ്യാഭ്യാസം, ആജീവനാന്ത പഠന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്നു. നിരക്ഷരർ, നവസാക്ഷരർ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നവർ, ആജീവനാന്ത വിദ്യാഭ്യാസമോ തുടർവിദ്യാഭ്യാസമോ താൽപര്യമുള്ള ആളുകൾ എന്നിവരാണ് ഈ പരിപാടികളുടെ പ്രധാന ഗുണഭോക്താക്കൾ. സ്ത്രീകൾ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ട്രാൻസ്ജെൻഡർ, തീരദേശ നിവാസികൾ, കാഴ്ച വെല്ലുവിളി നേരിടുന്നവർ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയ സമൂഹത്തിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങൾക്കായി മിഷൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. സംസ്ഥാനത്തുടനീളമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ വഴിയാണ് സാക്ഷരതാ മിഷന്റെ സേവനങ്ങൾ ഗുണഭോക്താക്കളിലേയ്ക്കെത്തിക്കുന്നത്.സാക്ഷരത എന്നാൽ വെറും എഴുത്തും വായനയും പഠിക്കുക മാത്രമല്ല മറിച്ച് ആരോഗ്യപരവും വളർച്ചാപരവുമായ ഒരു സാമൂഹിക ജീവിതം എങ്ങനെ വളർത്തിയെടുക്കാം എന്ന അവബോധം വളർത്തിയെടുക്കൽ കൂടിയാണ്. ഈ ആശയം മുന്നിൽ വച്ചുകൊണ്ട് കേരള സാക്ഷരത മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ) ആരംഭിച്ച സാമൂഹ്യ സാക്ഷരത പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ–വിദ്യാഭ്യാസം എന്നീ മേഖലകളെയാണ്.

### 1. സാക്ഷരതാ പരിപാടികൾ

നിരക്ഷരരായ ആളുകളെ സാക്ഷരരാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി വിവിധ തരത്തിലുള്ള സാക്ഷരതാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നടപ്പ് വർഷത്തെ സാക്ഷരതാ പദ്ധതി തീരദേശ, ആദിവാസി, പട്ടികജാതി പ്രദേശങ്ങളിൽ/ വാസസ്ഥലങ്ങളിൽ നിന്നുള്ള പഠിതാക്കൾക്ക് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

### 2. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികൾ

**എ. അട്ടപ്പാടി ഗോത്രവർഗ്ഗ സാക്ഷരതാ പരിപാടി:** ഇതിന്റെ ഭാഗമായി അട്ടപ്പാടിയിലെ 192 ഗോത്രവർഗ്ഗ വാസസ്ഥലങ്ങളിൽ ക്ലാസുകൾ നടത്തുകയും 1,458 പഠിതാക്കൾ സാക്ഷരത നേടുകയും ചെയ്തു. പൂർത്തിയാക്കിയ സർവേയുടെ നിലവിൽ, 2,000 പഠിതാക്കൾ ഇപ്പോൾ ക്ലാസിൽ ചേരാൻ തയ്യാറാണ്.

**ബി. വയനാട് ഗോത്രവർഗ്ഗ സാക്ഷരതാ പരിപാടി:** വയനാട്ടിലെ ഗോത്രവർഗക്കാരുടെ നിരക്ഷരത തുടച്ചുനീക്കാനാണ് ഈ പരിപാടി. ഈ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയാകുകയും 20,260–ലധികം ആദിവാസി പഠിതാക്കൾ സാക്ഷരത കൈവരിക്കുകയും ചെയ്തു. നാലാം ഘട്ടത്തിൽ സാക്ഷരതാ ക്ലാസ് IV & VII തുല്യതാ പഠനത്തിനായി 2000 പേരെ കണ്ടെത്തി.

**സി. നവചേതന (പട്ടികജാതിക്കാർക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി):** കേരളത്തിലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ വികസനം ലക്ഷ്യമിട്ട് പ്രത്യേകം രൂപകല്പന ചെയ്ത പരിപാടിയാണ് നവചേതന. 14 ജില്ലകളിലായി നടന്ന ക്ലാസ്സുകളിൽ 3,663 വിദ്യാർഥികൾ പരീക്ഷയെഴുതി. പരീക്ഷയെഴുതി വിജയിച്ച 3,573 വിദ്യാർഥികളിൽ 2,621 പേർ സ്ത്രീകളും 952 പേർ പുരുഷന്മാരുമാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ 100 ശതമാനം വിജയം കൈവരിച്ചു. പദ്ധതിയുടെ അഞ്ചാം ഘട്ടം നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പുരോഗമിക്കുകയാണ്. പദ്ധതിയുടെ നാലാം ഘട്ടം കേരള സർക്കാരിന്റെ 'നൂറുദിന കർമ്മപദ്ധതിയിൽ' ഉൾപ്പെടുത്തിയിരുന്നു.

**ഡി. ചങ്ങാതി – കുടിയേറ്റ തൊഴിലാളികൾക്കായുള്ള പ്രത്യേക സാക്ഷരതാ പരിപാടി :** കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പിലാക്കുന്ന ശ്രദ്ധേയമായ ഒരു പദ്ധതിയാണ് 'ചങ്ങാതി'. അന്തർസംസ്ഥാന തൊഴിലാളികളെ കേരളത്തിന്റെ സാമൂഹികാന്തരീക്ഷവുമായി പരിചയപ്പെടുത്തു ന്നതിനായി, മലയാള ഭാഷയിൽ എഴുതാനും വായിക്കാനുമുള്ള വൈദഗ്ധ്യവും ആശയവിനിമയ ശേഷിയും അവരിൽ വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2017–ൽ പെരുമ്പാവൂരിൽ ആരംഭിച്ച ഈ പൈലറ്റ് പദ്ധതി, ഇപ്പോൾ 14 ജില്ലകളിലുമായി നാലാം ഘട്ടം വിജയകരമായി പൂർത്തിയാക്കി. പാലക്കാട് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ പരീക്ഷയെഴുതിയ 691 പേരിൽ 687 പേരും വിജയിച്ചപ്പോൾ, മറ്റ് 13 ജില്ലകളിലായി പരീക്ഷയെഴുതിയ 2,506 വിദ്യാർത്ഥികളിൽ 2,480 പേരും വിജയം കൈവരിച്ചു. പദ്ധതിയുടെ നാല് ഘട്ടങ്ങളും വിജയകരമായി പൂർത്തീകരിച്ചു. ഇതിൽ നാലാം ഘട്ടം കേരള സർക്കാരിന്റെ 'നൂറുദിന കർമ്മപദ്ധതിയിൽ' ഉൾപ്പെടുത്തിയിരുന്നു. ഈ പദ്ധതിയുടെ അഞ്ചാം ഘട്ടം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് .ഇതിന്റെ ഭാഗമായി പുതിയ വിദ്യാർഥികൾക്കായുള്ള രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. വിവിധ ക്ലാസുകളിലെയ്ക്കായി "ഹമാരി മലയാളം" പാഠപുസ്തകം വിതരണം ചെയ്യുന്നതിനൊപ്പം,

പഠനം കൂടുതൽ ലളിതമാക്കാൻ പാഠപുസ്തകത്തെ ആസ്പദമാക്കി ഒരു പുതിയ മൊബൈൽ ആപ്പ് കൂടി വികസിപ്പിച്ചുവരികയുമാണ്.

**ഇ. സമന്വയ – ട്രാൻസ്ജെൻഡർ വ്യക്തികളുടെ തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി:** ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷൻ തുല്യതാ ക്ലാസുകളും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികളും നടത്തി. പത്തനംതിട്ടയിലെ പന്തളത്ത് നിലവിൽ "പഠനവീട്" എന്നറിയപ്പെടുന്ന ഒരു റസിഡൻഷ്യൽ സ്റ്റഡി സെന്റർ പ്രവർത്തിക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ പ്രയാണത്തിൽ വിദ്യാഭ്യാസവും പിന്തുണയും നൽകുന്നതിന് സമർപ്പിതമാണ് ഈ കേന്ദ്രം.

**3. തുല്യത പ്രോഗ്രാമുകൾ**

നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിന് തുല്യമായ ഒരു ബദൽ വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് തുല്യതാ പരിപാടികൾ സംഘടിപ്പിക്കുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പഠനം പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റിന് തുല്യമായ സർട്ടിഫിക്കറ്റ് നേടുന്നതിനും, തുടർപഠനം ആഗ്രഹിക്കുന്നവരുമായ നവസാക്ഷരരെയാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്.

**എ. നാലാം ക്ലാസ്, ഏഴാം ക്ലാസ് തുല്യതാ ക്ലാസുകൾ**

സാക്ഷരതാ പരീക്ഷയിൽ വിജയിച്ചവർക്കും പ്രൈമറി തലം മുതൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ വിദ്യാർത്ഥികൾക്കും നാലാംതരം തുല്യതാ കോഴ്സിലേക്ക് ചേരാം. നാലാംതരം തുല്യത പാസായവർക്കും അപ്പർ പ്രൈമറി തലം മുതൽ സ്കൂൾ പഠനം ഉപേക്ഷിച്ചവർക്കും ഏഴാം ക്ലാസ് തുല്യതാ പ്രോഗ്രാമിലേക്ക് പ്രവേശനം ലഭിക്കും. നാലാം ക്ലാസ് തുല്യതയ്ക്ക് 885(പതിനെട്ടാം ബാച്ച്) പേർക്ക് പ്രയോജനം ലഭിച്ചു. ഏഴാംതരം തുല്യതാ കോഴ്സിന് 1604 പഠിതാക്കൾ രജിസ്റ്റർ ചെയ്യുകയും 1043 പഠിതാക്കൾ പരീക്ഷയെഴുതുകയും ചെയ്ത പതിനേഴാം ബാച്ചിൽ (2024) 1007 പഠിതാക്കൾ ഉപരിപഠനത്തിന് അർഹരായി.

കെഎസ്എൽഎംഎയുടെ കേന്ദ്രീകൃതമായ ശ്രമങ്ങളിലൂടെ, പ്രേരകുമാർക്ക് പഠനം ആവശ്യമുള്ള വ്യക്തികളെ തിരിച്ചറിയാനും അവരെ വിവിധ തലത്തിലുള്ള തുല്യതാ പ്രോഗ്രാമുകളിലേക്ക് ചേർക്കാനും കഴിഞ്ഞു. ധാരാളം വ്യക്തികളെ പഠനത്തിലേക്ക് തിരികെ കൊണ്ടുവരാനും അവരെ പത്താം തരത്തിലേയ്ക്കും പന്ത്രണ്ടാം തരത്തിലേയ്ക്കും ചേർക്കാനും കെ. എസ്. എൽ. എം. എ. പരിശ്രമിക്കുന്നു (**പട്ടിക 6.1.1**). 2024–25ൽ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരിപാടിയിൽ നിന്ന് പ്രയോജനം നേടിയ പത്താം തരത്തിലേയും പന്ത്രണ്ടാം തരത്തിലേയും ആളുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 6.1.3**–ൽ നൽകിയിരിക്കുന്നു.

ഈ പരിപാടികളിൽ നിന്ന് പ്രയോജനം നേടുന്ന മൊത്തം വ്യക്തികളുടെ എണ്ണത്തിൽ, പട്ടികജാതിക്കാരുടെയും, പട്ടികവർഗക്കാരുടെയും എണ്ണം ഗണ്യമായി കാണപ്പെടുന്നു. പ്രോഗ്രാമുകളിലേക്ക് ട്രാൻസ്ജെൻഡർ വ്യക്തികളെ ഉൾപ്പെടുത്താൻ കഴിഞ്ഞ കുറച്ച് വർഷങ്ങളായുള്ള കെ. എസ്. എൽ. എം. എ യുടെ പ്രത്യേക ശ്രമങ്ങളുടെ ഫലമായി 2024 & 2025–ൽ ആകെ 61 ട്രാൻസ്ജെൻഡർ വ്യക്തികൾ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ പ്രോഗ്രാമുകളിലൂടെ ഗുണഭോക്താക്കളായിട്ടുണ്ട്.

**4. സാമൂഹിക സാക്ഷരതാ പരിപാടികൾ**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി അക്ഷരമാലയിലും സംഖ്യാ സാക്ഷരതയിലും മാത്രമല്ല, മറ്റ് സാമൂഹിക സാക്ഷരതാ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാമൂഹിക സുരക്ഷ, പരിസ്ഥിതി പ്രശ്നങ്ങൾ, നിയമ അവബോധം, ലിംഗസമത്വം എന്നിവയിൽ സംസ്ഥാനം സമ്പൂർണ സാക്ഷരത നേടിയിട്ടില്ലെന്ന വസ്തുത മനസ്സിലാക്കിയ കെ. എസ്. എൽ. എം. എ, വായനയിലും എഴുത്തിലും സഹായിക്കുക എന്നതിലുപരി സംസ്ഥാനത്തെ വിവിധ സാക്ഷരതാ പരിപാടികൾ സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ മുൻകൈയെടുത്തു.

**എ. പരിസ്ഥിതി സാക്ഷരതാ പരിപാടി:** സംസ്ഥാനം നേരിടുന്ന ഗുരുതരമായ പരിസ്ഥിതി മലിനീകരണത്തെ, പ്രത്യേകിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ അശാസ്ത്രീയമായി നിക്ഷേപിക്കുന്നതിലൂടെയുണ്ടാകുന്ന പ്രശ്നങ്ങളെ പ്രതിരോധിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സാക്ഷരതാ പരിപാടിയുടെ ഭാഗമായി സാക്ഷരതാ മിഷൻ പരിസ്ഥിതി സാക്ഷരതാ സർവേ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, മാലിന്യ നിർമാർജ്ജനം, ജല സാക്ഷരതാ ക്ലാസുകൾ തുടങ്ങി നിരവധി പരിപാടികൾ നടത്തി.

**ബി. പൗരധ്വനി:** മൗലികാവകാശങ്ങൾ, കടമകൾ, ലിംഗപദവി പരമായ കാഴ്ചപ്പാടുകൾ, ഇന്ത്യൻ ഭരണഘടന എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാനും അടിസ്ഥാന അവബോധം വളർത്താനും രൂപകൽപ്പന ചെയ്ത ഒരു പരിപാടിയാണ് പൗരധ്വനി. ആദ്യ ഘട്ട പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം, പാലക്കാട്, വയനാട്, മലപ്പുറം, എറണാകുളം, കാസർകോട്, ആലപ്പുഴ ജില്ലകളിലായി 7 ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു. കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, കണ്ണൂർ എന്നീ ബാക്കിയുള്ള ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കാൻ ഇപ്പോൾ ലക്ഷ്യമിടുന്നു.

**സി. ലിംഗപദവി സാക്ഷരത:** പഠിതാക്കൾക്കും പ്രേരകർക്കും അധ്യാപകർക്കും ഇടയിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, എല്ലായിടത്തും ലിംഗപദവിസമത്വം ഉറപ്പാക്കുക, സമൂഹത്തിൻറെ അടിത്തട്ടിലേയ്ക്ക് ലിംഗപദവി ബോധം എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ലിംഗപദവി സാക്ഷരതാ പദ്ധതി പ്രവർത്തിക്കുന്നത്.

**ഡി. ഉദയം:** കേരളത്തിലെ ഓരോ ജില്ലയിലും 'സോഷ്യൽ റെസ്പോൺസിബിലിറ്റി ടീം' രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഉദയം. 55 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള വിരമിച്ച ഉദ്യോഗസ്ഥരുടെയും സാമൂഹിക പ്രതിബദ്ധതയുള്ള

**പട്ടിക 6.1.1** 2024ലും 2025 ലും പന്ത്രണ്ടാം തരത്തിലും, പത്താം തരത്തിലും തുല്യതാ കോഴ്സുകളിൽ നിന്ന് പ്രയോജനം നേടിയ ആളുകളുടെ എണ്ണം

| കോഴ്സ് | | സ്ത്രീ | പുരുഷൻ | ട്രാൻസ്ജെൻഡർ | ആകെ | എസ്.സി | എസ്.റ്റി | ഭിന്നശേഷിയുള്ള വ്യക്തികൾ |
|---|---|---|---|---|---|---|---|---|
| ഹയർസെക്കൻഡറി | 2024 | 15,624 | 5,695 | 26 | 21,345 | 3,655 | 587 | 334 |
| | 2025 | 11,439 | 4,522 | 8 | 15,969 | 2,554 | 405 | 325 |
| പത്താം തരം | 2024 | 11,412 | 5,161 | 26 | 16,599 | 2,625 | 449 | 392 |
| | 2025 | 8,059 | 3,642 | 1 | 11,702 | 1,985 | 283 | 403 |

**അവലംബം:** കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

വ്യക്തികളുടെയും സേവനം പ്രയോജനപ്പെടുത്തുന്നതിനായി 'സോഷ്യൽ മാസ്റ്റേഴ്സ്ഫോറം' എന്ന പുതിയ കർമ്മപദ്ധതിക്ക് ഇതിലൂടെ രൂപം നൽകുന്നു. ഈ ഫോറത്തിലെ അംഗങ്ങളുടെ വിപുലമായ അറിവും അനുഭവസമ്പത്തും സാമൂഹിക മാറ്റത്തിനുള്ള വലിയൊരു ശക്തിയായി മാറ്റുന്നതിനും, ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഓരോ ജില്ലയിലും സാമൂഹിക ഉത്തരവാദിത്തം വളർത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ഇ. ബ്രെയിൽ സാക്ഷരതാ പരിപാടി:** കേരളത്തെ സമ്പൂർണ ബ്രെയിൽ സാക്ഷരതയുള്ള സംസ്ഥാനമാക്കി മാറ്റുക എന്ന ആത്യന്തിക ലക്ഷ്യത്തോടെ കാഴ്ച വൈകല്യമുള്ള വ്യക്തികളുടെ നിരക്ഷരത ഇല്ലാതാക്കുകയും വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് അവരെ സംയോജിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സാക്ഷരതാ മിഷൻ നടത്തിയ സമഗ്രമായ സർവ്വേയിലൂടെ സംസ്ഥാനത്ത് 2,366 കാഴ്ചപരിമിതരുണ്ടെന്ന് കണ്ടെത്തുകയും, അതിൽ 1,176 പേർ ബ്രെയിലി ലിപി പഠിക്കാൻ താൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയെ പിന്തുണയ്ക്കുന്നതിനായി പാഠപുസ്തകങ്ങളും വർക്ക്ഷീറ്റുകളും തയ്യാറാക്കുകയും എസ്.സി.ഇ.ആർ.ടി (SCERT) അംഗീകാരം നൽകുകയും ചെയ്തു. നിലവിൽ 7 ജില്ലകളിൽ ബ്രെയിലി സാക്ഷരതയുമായി ബന്ധപ്പെട്ട എഴുത്തുപരീക്ഷകളും പ്രായോഗിക പരീക്ഷകളും വിജയകരമായി പൂർത്തിയാക്കി.

**എഫ്. ദീപ്തി നൈപുണ്യ പരിശീലനം:** കാഴ്ചപരിമിതർക്ക് അവരുടെ പരിമിതികളെ മറികടന്ന് തൊഴിൽ മേഖലയിലേക്ക് പ്രവേശിക്കുന്നതിനായി പ്രത്യേക നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണ് "ദീപ്തി ബ്രെയിലി". ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട 15 ബ്രെയിലി വിദ്യാർത്ഥികൾക്ക് കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്, ഐടി സ്കിൽസ് എന്നിവയിൽ അസാപ് കേരളയുടെ നേതൃത്വത്തിൽ റെസിഡെൻഷ്യൽ പരിശീലന കോഴ്സ് നൽകുന്നു. ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

**ജി. സൈബർ സാക്ഷരതാ പരിപാടി:** കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരളത്തിലെ ഡിജിറ്റൽ വിഭജനം ഇല്ലാതാക്കുന്നതിനായി കൈറ്റുമായി സഹകരിച്ച് ഇ– മുറ്റം പദ്ധതി നടപ്പാക്കി. കേരളത്തിലെ 14 ജില്ലകളിലും (ഓരോ ജില്ലയിലും ഒരു പഞ്ചായത്ത്) പദ്ധതി നടപ്പിലാക്കി, 26,971 പേർ ഗുണഭോക്താക്കളായി.

**എച്ച്. സാമ്പത്തിക സാക്ഷരത:** വ്യക്തിഗത സാമ്പത്തിക ആസൂത്രണം സാമ്പത്തിക സേവനങ്ങൾ തിരഞ്ഞെടുക്കൽ, ബജറ്റ് തയ്യാറാക്കൽ, നിക്ഷേപം, ഇൻഷുറൻസ് പദ്ധതികൾ ആവിഷ്കരിക്കൽ, വായ്പാ മാനേജ്മെന്റ്, ഉപഭോക്തൃ വാങ്ങൽ രീതികൾ, ഉപഭോക്തൃ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ചുള്ള അവബോധം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും തീരുമാനങ്ങൾ എടുക്കാൻ കേരളത്തിലെ സാധാരണക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്

ഐ. നിയമ സാക്ഷരത: നിയമ ബോധവത്കരണ ക്ലാസുകൾ, ക്യാമ്പുകൾ, സെമിനാറുകൾ എന്നിവയിലൂടെ ജനങ്ങൾക്ക് നിയമത്തെക്കുറിച്ചുള്ള അറിവ് പകരുക എന്നതാണ് നിയമ സാക്ഷരതാ പദ്ധതിയുടെ ലക്ഷ്യം.

**ജെ. മുന്നേറ്റം:** മഹിളാ സമഖ്യ സൊസൈറ്റിയുടെ സഹകരണത്തോടെയുള്ള സ്ത്രീ ശാക്തീകരണ പദ്ധതിയാണിത്. വിദ്യാഭ്യാസം, വിമർശനാത്മക ജീവിത നൈപുണ്യങ്ങൾ, തൊഴിൽ വൈദഗ്ധ്യം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ സമൂഹത്തിലെ സ്ത്രീകളുടെ അന്തസ്സും കഴിവും വർദ്ധിപ്പിച്ച് അവരെ ശാക്തീകരിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സ്ത്രീകളുടെ അവകാശങ്ങൾ, അവർ നേരിടുന്ന പ്രശ്നങ്ങൾ, അവയ്ക്കുള്ള പരിഹാര മാർഗങ്ങൾ എന്നിവയെക്കുറിച്ച് അവബോധം നൽകുന്ന ക്ലാസുകളും ഈ പദ്ധതിയിലൂടെ സംഘടിപ്പിക്കുന്നു. സമൂഹത്തിൽ സ്ത്രീ ശാക്തീകരണം ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ഇത് കൂടുതൽ സഹായകരമാകുന്നു.

**കെ. ഒപ്പം:** കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഡിജിറ്റൽ പഠനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് അവർക്ക് വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാനും, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും, കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം ഉറപ്പാക്കാനും ഈ പദ്ധതി സഹായിക്കുന്നു.

**എൽ. ജയിൽ ജ്യോതി:** തുടർവിദ്യാഭ്യാസത്തിലൂടെ കേരളത്തിലെ ജയിൽ അന്തേവാസികളെ ശാക്തീകരിക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മടങ്ങിയെത്താൻ സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി അന്തേവാസികൾക്ക് 4, 7, 10 ക്ലാസുകളിലെയും ഹയർ

സെക്കൻഡറി തലത്തിലെയും തുല്യതാ കോഴ്സുകൾ ലഭ്യമാക്കാൻ സാക്ഷരതാ മിഷൻ പദ്ധതിയിടുന്നു.

**എം. കൂടെ:** വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ, പരിചരണ കേന്ദ്രങ്ങൾ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിൽ കഴിയുന്നവർക്കായി തുല്യതാ പഠന പരിപാടികൾ നടപ്പിലാക്കുന്ന പദ്ധതിയാണിത്. കൂടുതൽ മെച്ചപ്പെട്ടതും സ്വാശ്രയത്വമുള്ളതുമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് 'കൂടെ' എന്ന പദ്ധതിയുടെ ലക്ഷ്യം.

### 5. സർട്ടിഫിക്കറ്റ് കോഴ്സുകൾ

ഭാഷാ വൈദഗ്ധ്യം മെച്ചപ്പെടുത്താൻ താൽപര്യമുള്ളവരെ ലക്ഷ്യമിട്ട് പച്ച മലയാളം, അച്ചി ഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നീ മൂന്ന് പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ കെ. എസ്. എൽ. എം. എ ആരംഭിച്ചു. മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ ആളുകളെ പ്രാപ്തരാക്കുന്ന നാല് മാസത്തെ കോഴ്സാണിത്.

### 6. അക്ഷരശ്രീ

തിരുവനന്തപുരം നഗരസഭയുടെ സാമ്പത്തിക സഹായത്തോടെ, നഗരസഭയിലെ 100 വാർഡുകളിലും തുല്യതാ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (KSLMA) നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരശ്രീ.

**ചിത്രം 6.1.1** മാനേജ്മെന്റ് തിരിച്ച് വിദ്യാലയങ്ങളുടെ എണ്ണം 2024-25




**അവലംബം:** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### സ്കൂൾ വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രവർത്തനങ്ങളും 1 മുതൽ 10 വരെ ക്ലാസുകളിലും, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തലങ്ങളിലും ഏകോപിപ്പിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. നേരത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിലായിരുന്നു. ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് പ്രത്യേകം ഡയറക്ടറേറ്റുകളും നിലവിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ മൂന്ന് വിഭാഗങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലയിപ്പിച്ചിരിക്കുകയാണ്.

2024-25 ൽ കേരളത്തിൽ ഉണ്ടായിരുന്ന 12,945 സ്കൂളുകളിൽ, 4,700 (36.3 ശതമാനം) സർക്കാർ സ്കൂളുകളും 7,202 (55.6 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,043 (8.1 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. അപ്പർ പ്രൈമറി (യുപി) അല്ലെങ്കിൽ ഹൈസ്കൂൾ (എച്ച്എസ്) സ്കൂളുകളെ അപേക്ഷിച്ച് സർക്കാർ മേഖലയിൽ ലോവർ പ്രൈമറി (എൽപി) സ്കൂളുകളുടെ എണ്ണം കൂടുതലാണ്. എയ്ഡഡ് സ്കൂളുകൾ എല്ലാ വിഭാഗത്തിലും സർക്കാർ സ്കൂളുകളെക്കാൾ എണ്ണത്തിൽ മുന്നിലാണ്.

2024-25 ൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ മലപ്പുറം ജില്ലയിലാണ് (1,571) തൊട്ടു പിന്നാലെ കണ്ണൂരും (1,303), കോഴിക്കോടുമാണ് (1,278). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകളും (556) അൺ എയ്ഡഡ് സ്കൂളുകളും (210 എണ്ണം) ഉള്ളതും മലപ്പുറത്തുതന്നെയാണ്. എന്നാൽ കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകൾ ഉള്ളത് (963). **അനുബന്ധം 6.1.4** -ൽ ജില്ല/മാനേജ്മെന്റ്/തലം തിരിച്ച് 2024-25 ലെ കേരളത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

2024-25 ൽ സംസ്ഥാനത്തെ 1,593 സ്കൂളുകളിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ പാഠ്യപദ്ധതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇതിൽ 1,371 സി.ബി.എസ്.ഇ. സ്കൂളുകളും, 168 ഐ.സി.എസ്.ഇ. സ്കൂളുകളും, 40 കേന്ദ്രീയ വിദ്യാലയങ്ങളും, 14 ജവഹർ നവോദയ വിദ്യാലയങ്ങളും ഉണ്ട്. കേരള സർക്കാർ പാഠ്യപദ്ധതി അല്ലാത്ത പാഠ്യപദ്ധതി അനുവർത്തിക്കുന്ന, 2024-25 വർഷത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.5** -ൽ കൊടുത്തിട്ടുണ്ട്. **ചിത്രം 6.1.1.**

### സർക്കാർ സ്കൂളുകളിലെ പശ്ചാത്തല വികസനവും സൗകര്യങ്ങളും

2024-25 ലെ കണക്കനുസരിച്ച് കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളും പ്രവർത്തിക്കുന്നത് ഉറപ്പുള്ള കെട്ടിടങ്ങളിലാണ്. 114 സർക്കാർ സ്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട സൗകര്യമുള്ള സർക്കാർ സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.6** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകളുടെ പശ്ചാത്തലവികസനവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർവ്വശിക്ഷാ കേരള പോലുള്ള പരിപാടികളും വളരെയേറെ സഹായിച്ചിട്ടുണ്ട്. കിഫ്ബിക്ക് കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ വീതം യഥാക്രമം 141, 386, 446 സ്കൂളുകൾക്കായി അനുവദിച്ചിട്ടുണ്ട്. 5 കോടിയുടെ വിഭാഗത്തിൽ 139 സ്കൂളുകളിൽ കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയാക്കി. 3 കോടിയുടെ വിഭാഗത്തിൽ 213 സ്കൂളുകളിലും ഒരു കോടി രൂപ വിഭാഗത്തിൽ 246 സ്കൂളുകളിലും കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയായി. നബാർഡിന്റെ സഹായത്തോടെ 104 കോടി രൂപ

**ചിത്രം 6.1.2** 2025-26 ൽ കേരളത്തിലെ വിദ്യാർത്ഥികളുടെ മാനേജ്മെന്റ് അടിസ്ഥാനത്തിലും വിഭാഗം തിരിച്ചുമുള്ള പ്രവേശനം




**അവലംബം:** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

വിനിയോഗിച്ച് 52 സ്കൂളുകളുടെ കെട്ടിട നിർമാണം പൂർത്തീകരിച്ചു. കണക്കുപ്രകാരം 99.1 ശതമാനം സർക്കാർ സ്കൂളുകളിൽ കുടിവെള്ള സൗകര്യവും, മിക്കവാറും എല്ലാ സ്കൂളുകളിലും മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളുമുണ്ട്. കുടിവെള്ളം/മൂത്രപ്പുര/കക്കൂസ് സൗകര്യങ്ങളോട്ടുകൂടിയ സർക്കാർ സ്കൂളുകളുടെ 2024-25 ലെ ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം 6.1.7**-ൽ നൽകിയിരിക്കുന്നു.

**ചിത്രം 6.1.3** സംസ്ഥാനത്തെ കരിക്കുലം (പാഠ്യപദ്ധതി) തിരിച്ചുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെ അനുപാതം




**അവലംബം:** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

2025-26 വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 24,396 പുതിയ വിദ്യാർത്ഥികൾ പ്രവേശനം തേടി. കഴിഞ്ഞ ആറു വർഷമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികളുടെ എണ്ണം 5,51,950ആണ് (**പട്ടിക 6.1.2**).

**വിദ്യാർത്ഥികളുടെ പ്രവേശനം**

വിദ്യാർത്ഥികളുടെ പ്രവേശനം 2024-25 ലെ 36.4 ലക്ഷത്തിൽ നിന്ന് 2025-26 ൽ (താൽക്കാലികം) 35.3 ലക്ഷമായി കുറഞ്ഞു. എൽപി വിഭാഗത്തിലാണ് കുറവുണ്ടായത്. സംസ്ഥാനത്തിന്റെ കുറഞ്ഞ ജനനനിരക്ക് ഇതിന് ഒരു കാരണമായി കണക്കാക്കാം. കേരളത്തിലെ സ്കൂളുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച് 2019-20മുതൽ 2025-26 വരെ **അനുബന്ധം 6.1.8** -ൽ കൊടുത്തിരിക്കുന്നു. 2025-26-ൽ (താൽക്കാലികം) സ്കൂളുകളിൽ മാനേജ്മെന്റ് അടിസ്ഥാനത്തിലും ക്ലാസ് തിരിച്ചുമുള്ള കുട്ടികളുടെ സ്കൂൾ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 6.1.9-ൽ നൽകിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ, സർക്കാർ, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെക്കാൾ കൂടുതലാണ് (**ചിത്രം 6.1.2**). 2025-26 ൽ സംസ്ഥാനത്തെ സ്കൂളുകളിൽ ജില്ല തിരിച്ച്, ഘട്ടം തിരിച്ച്, ആൺ-പെൺ തിരിച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.10** ൽ കൊടുത്തിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും ജില്ലകളിലും പെൺകുട്ടികളേക്കാൾ ആൺകുട്ടികൾ കൂടുതലാണ്.

**പെൺകുട്ടികളുടെ സ്കൂൾ പ്രവേശനം**

2025-26 ൽ, സ്കൂളുകളിലെ ആകെയുള്ള വിദ്യാർത്ഥികളിൽ 49.1 ശതമാനം പെൺകുട്ടികളാണ്. എല്ലാ ജില്ലകളിലും

**പട്ടിക 6.1.2** 2019–20 മുതൽ 2025–26 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ പുതിയ വിദ്യാർത്ഥികൾ

| മാനേജ്മെന്റ് | സ്റ്റാൻഡേർഡ് | | | |
|---|---|---|---|---|
| | I–IV | V–VII | VIII–X | മൊത്തം I–X |
| 2019–20 മുതൽ 2020–21 വരെ | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | 53,832 | 67,503 | 7,169 | 1,28,504 |
| 2020–21 മുതൽ 2021–22 വരെ | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | 1,06,320 | 97,112 | 53,016 | 2,56,448 |
| 2021–22 മുതൽ 2022–23 വരെ | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | –11,401 | 56,158 | 37,691 | 82,448 |
| 2022–23 മുതൽ 2023–24 വരെ | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | –12,786 | 23,077 | 22,437 | 32,728 |
| 2023–24 മുതൽ 2024–25 വരെ | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | –11,185 | 17,916 | 20,695 | 27,426 |
| 2024–25 മുതൽ 2025–26 വരെ | | | | |
| സർക്കാർ & സർക്കാർ എയ്ഡഡ് | –12410 | 16,495 | 20311 | 24396 |
| **കഴിഞ്ഞ 6 വർഷത്തിനിടയിൽ ചേർന്ന ആകെ പുതിയ വിദ്യാർത്ഥികൾ** | | | | **5,51,950** |

**അവലംബം:** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്. എന്നിരുന്നാലും സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിൽ ലിംഗപദവി വ്യത്യാസം കേരളത്തിൽ തുലോം കുറവാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം**

2025–26 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെയുള്ള വിദ്യാർത്ഥികളിൽ 9.95 ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. ഇത് കഴിഞ്ഞ വർഷത്തെക്കാൾ (9.91 ശതമാനം) കൂടിയിട്ടുള്ളതായി കാണാം. സർക്കാർ എയ്ഡഡ്, പ്രൈവറ്റ് അൺ എയ്ഡഡ് സ്കൂളുകളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിലെ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ ശതമാനം കൂടുതലാണ്. സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 12.8 ശതമാനം, 9.6 ശതമാനം, 3.4 ശതമാനം എന്നിങ്ങനെയാണ്. (**പട്ടിക 6.1.3**). 2025–26 ൽ സംസ്ഥാനത്ത് ആകെ സ്കൂൾ പ്രവേശനം നേടിയ കുട്ടികളിൽ 1.9 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. 2025–26 ൽ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 3.6, 1.3, 0.5 എന്നിങ്ങനെയാണ്. 2025–26 ലെ സംസ്ഥാനത്തെ എസ്‌സി, എസ്ടി വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.11** ൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി–പട്ടികവർഗ വിദ്യാർത്ഥികളിൽ 3.6 ശതമാനം പട്ടികജാതിക്കാരും 2.9 ശതമാനം പട്ടികവർഗക്കാരും മാത്രമാണ് സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ ചേർന്നത്. ബാക്കിയുള്ളവർ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയവരാണ്. സംസ്ഥാനത്ത് ആകെയുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 58.4 ശതമാനവും പ്രവേശനം നേടിയിരിക്കുന്നത് സർക്കാർ സ്കൂളുകളിലാണ്. 39.8 ശതമാനം പട്ടിക ജാതി വിദ്യാർത്ഥികളും സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടി.

**കൊഴിഞ്ഞുപോകൽ നിരക്ക്**

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ഏറ്റവും കുറവ് കേരളത്തിലാണ്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ

**പട്ടിക 6.1.3** 2025–26 ൽ (താൽക്കാലികം) കേരളത്തിലെ സ്കൂളുകളിലെ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| മാനേജ്മെന്റ് | മറ്റുള്ളവർ | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| സർക്കാർ | 83.64 | 12.79 | 3.58 |
| സ്വകാര്യ എയ്ഡഡ് | 89.10 | 9.64 | 1.26 |
| സ്വകാര്യ അൺ എയ്ഡഡ് | 96.07 | 3.41 | 0.52 |
| ആകെ | 88.15 | 9.96 | 1.90 |

**അവലംബം:** പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**പട്ടിക 6.1.4** സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ നിരക്ക്

| | 2019-20 | 2021-22* | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| ആകെ | 0.11 | 0.04 | 0.08 | 0.08 | 0.08 |
| എൽ പി | 0.10 | 0.03 | 0.09 | 0.09 | 0.08 |
| യു പി | 0.06 | 0.02 | 0.06 | 0.05 | 0.05 |
| എച്ച്.എസ് | 0.15 | 0.05 | 0.09 | 0.09 | 0.11 |

**അവലംബം:** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

*കോവിഡ് 19 മഹാമാരി കാരണം 2021-22 വർഷവുമായി ബന്ധപ്പെട്ട ഡാറ്റ താരതമ്യപ്പെടുത്താനാവില്ല.

2018 ലെ വിദ്യാഭ്യാസ സ്ഥിതിവിവരക്കണക്ക് പ്രകാരം എൽ.പി വിഭാഗത്തിലെ ഇന്ത്യയിലെ ശരാശരി കൊഴിഞ്ഞുപോകൽ നിരക്ക് 4.1 ശതമാനവും, യു.പി, ഹൈസ്കൂൾ എന്നിവിടങ്ങളിൽ യഥാക്രമം 4.0, 17.1 ശതമാനവുമാണ്. എന്നാൽ കേരളത്തിൽ കൊഴിഞ്ഞുപോക്ക് നിരക്ക് വർഷങ്ങളായി കുറയുകയും 2023-24 ലേത് പോലെ 2024-25 ലും 0.08 ശതമാനത്തിൽ തന്നെയാണ് നിൽക്കുന്നത്. കേരളത്തിൽ അപ്പർ പ്രൈമറിയെ അപേക്ഷിച്ച് കൊഴിഞ്ഞുപോകൽ നിരക്ക് ലോവർ പ്രൈമറിയിലും ഹൈസ്കൂളിലും കൂടുതലാണ്. ഹൈസ്കൂൾ വിദ്യാർത്ഥികളിലാണ് കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലുള്ളത്. കൊഴിഞ്ഞുപോകൽ നിരക്ക് 2019-20 ലെ 0.15 ശതമാനത്തിൽ നിന്ന് 2024-25 ൽ 0.11 ശതമാനമായി കുറഞ്ഞതായി **പട്ടിക 6.1.4** ൽ നിന്നും മനസ്സിലാക്കാവുന്നതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഈ കുറയുന്ന പ്രവണത കാണാവുന്നതാണ്.

ജില്ല തിരിച്ചും ക്ലാസ്സ് തിരിച്ചും ഉള്ള 2024-25 ലെ കൊഴിഞ്ഞു പോകൽ നിരക്കുകൾ **അനുബന്ധം 6.1.12** ൽ കൊടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. (**പട്ടിക 6.1.5**). കേരളത്തിൽ 2024-25 കാലയളവിൽ പട്ടികജാതി വിഭാഗത്തിലെ കൊഴിഞ്ഞുപോകൽ നിരക്ക് 0.07 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ക് 0.92 ശതമാനവുമാണ്.

2024-25 ൽ ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് വയനാട് ജില്ലയിലും (0.43 ശതമാനം) തൊട്ടു പിന്നിൽ ഇടുക്കിയിലും (0.26 ശതമാനം) ആണ്. പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലും (0.18 ശതമാനം) കാസർഗോഡ് ജില്ലയിലും (0.16 ശതമാനം) ആണ്. പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ വയനാട് ജില്ലയിലും (1.57 ശതമാനം) പാലക്കാട് ജില്ലയിലും (1.37 ശതമാനം) ആണ്. 2024-25 ൽ കേരളത്തിലെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ ജില്ല തിരിച്ചുള്ളതും മാനേജ്മെന്റ് തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 6.1.13, 6.1.14** എന്നിവയിൽ നൽകിയിരിക്കുന്നു.

**അദ്ധ്യാപകരുടെ എണ്ണം**

2024-25 ൽ 1,55,447 അദ്ധ്യാപകരാണ് കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്നത്. ഇതിൽ 87,668 (56.4 ശതമാനം) അദ്ധ്യാപകർ എയ്ഡഡ് സ്കൂളുകളിലും 12,959 (8.3 ശതമാനം) അദ്ധ്യാപകർ അൺ-എയ്ഡഡ് സ്കൂളുകളിലുമാണ്. ശേഷിക്കുന്ന 54,820(35.3 ശതമാനം) അദ്ധ്യാപകർ സർക്കാർ സ്കൂളുകളിലാണ്. മൊത്തം അദ്ധ്യാപകരിൽ 50.2 ശതമാനം പേർ ഹൈസ്കൂളിലും, 25.6 ശതമാനം യു.പി യിലും, 24.2 ശതമാനം എൽ. പി. സ്കൂളിലുമാണ്. അതിൽ തന്നെ 76 ശതമാനം വനിതകളാണ്. 2024-25 ലെ സ്റ്റേജ് തിരിച്ചും, മാനേജ്മെന്റ് തിരിച്ചും ഉള്ള കേരളത്തിലെ അദ്ധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.15** -ൽ ചേർത്തിരിക്കുന്നു.

**സ്കൂളുകളിലെ ഇൻക്ലൂസീവ് വിദ്യാഭ്യാസം**

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം 2024-25 ൽ കേരളത്തിൽ 45 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കാലയളവിൽ സ്പെഷ്യൽ സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 2,805 ഉം അദ്ധ്യാപകരുടെ എണ്ണം 533 ഉം ആയിരുന്നു. ആകെയുള്ള 2,805 വിദ്യാർത്ഥികളിൽ 364 പേർ കാഴ്ച വൈകല്യമുള്ളവരും 2,430 വിദ്യാർത്ഥികൾ ബധിരരോ കേൾവിക്കുറവോ ഉള്ളവരും 3 പേർ മാനസിക വൈകല്യമുള്ളവരും 8 പേർ മറ്റു വൈകല്യം ഉള്ളവരുമാണ്. ഇത് കൂടാതെ 344 സ്പെഷ്യൽ സ്കൂളുകൾ, സംസ്ഥാനത്ത് വിവിധ എൻ.ജി.ഒ.കളുടെയും തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുടെയും ഡിഡിആർഎസ് (ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം)-ന്റെ കീഴിലും പ്രവർത്തിക്കുന്നുണ്ട്കൂടാതെ, 58,929 ഭിന്നശേഷിക്കാരയിട്ടുള്ള വിദ്യാർത്ഥികൾ കേരളത്തിലുടനീളമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 35,197 പേർ ആൺകുട്ടികളും 23,732 പേർ പെൺകുട്ടികളുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ എടുക്കുമ്പോൾ, ഐഇഡി വിഭാഗത്തിന് കീഴിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ മലപ്പുറം ജില്ലയിലാണ് (10,088), തൊട്ടുപിന്നിൽ കോഴിക്കോടും (6,576), പാലക്കാടും (5,116) ആണ്. സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം എന്നിവയ്ക്ക് പുറമെ യാത്ര, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള വിനോദയാത്ര തുടങ്ങിയ ചെലവുകൾക്കായി സാമ്പത്തിക സഹായവും നൽകുന്നു. വൈകല്യമുള്ളവർക്കായി തടസ്സരഹിത കാമ്പസ്, ഭിന്നശേഷി സൗഹൃദ ഉപകരണങ്ങൾ, റിസോഴ്സ് സെന്ററുകളിൽ നിന്നുള്ള സേവനങ്ങൾ, റിസോഴ്സ് ടീച്ചർമാരുടെ സേവനം തുടങ്ങി വിവിധ പരിപാടികളും സ്കൂളുകളിൽ സമഗ്രമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി നൽകുന്നുണ്ട്.

സമഗ്രശിക്ഷ കേരളയും (എസ്.എസ്.കെ) ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഭിന്നശേഷിയുള്ള

**പട്ടിക.6.1.5** ജില്ല തിരിച്ചുള്ള കൊഴിഞ്ഞുപോകൽ നിരക്ക് 2024-25

| ജില്ല | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 0.03 | 0.04 | 0.04 | 0.04 |
| കൊല്ലം | 0.09 | 1.27 | 0.02 | 0.04 |
| പത്തനംതിട്ട | 0.05 | 0.42 | 0.07 | 0.07 |
| ആലപ്പുഴ | 0.01 | 0.23 | 0.04 | 0.04 |
| കോട്ടയം | 0.06 | 0.15 | 0.05 | 0.06 |
| ഇടുക്കി | 0.18 | 0.70 | 0.23 | 0.26 |
| എറണാകുളം | 0.14 | 0.39 | 0.22 | 0.21 |
| തൃശ്ശൂർ | 0.09 | 0.25 | 0.05 | 0.05 |
| പാലക്കാട് | 0.07 | 1.37 | 0.06 | 0.09 |
| മലപ്പുറം | 0.04 | 0.81 | 0.05 | 0.05 |
| കോഴിക്കോട് | 0.06 | 0.24 | 0.06 | 0.06 |
| വയനാട് | 0.04 | 1.57 | 0.10 | 0.43 |
| കണ്ണൂർ | 0.13 | 0.65 | 0.04 | 0.05 |
| കാസർഗോഡ് | 0.16 | 0.01 | 0.03 | 0.03 |
| ആകെ | 0.07 | 0.92 | 0.06 | 0.08 |

**അവലംബം:** പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

വിദ്യാർത്ഥികൾക്കായി വിവിധ പരിപാടികൾ നടപ്പാക്കുന്നു. ഓട്ടിസം സെന്ററുകൾ സ്ഥാപിച്ച്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, അനുയോജ്യമായ പഠനരീതി, ഉപകരണങ്ങൾ എന്നിവ നൽകി എസ്.എസ്.കെ അവരെ പിന്തുണയ്ക്കുന്നു. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ, ചികിത്സാ സേവനം, റിസോഴ്സ് അധ്യാപകരുടെ ശാക്തീകരണം, സഹായ വിതരണം, അധ്യാപന പഠന രീതി വികസിപ്പിക്കൽ, റീഡർ അലവൻസ് നൽകൽ, പെൺകുട്ടികൾക്ക് സ്റ്റൈപ്പൻഡ്, രക്ഷിതാക്കളുടെ ശാക്തീകരണം തുടങ്ങിയവയെല്ലാം ഇൻക്ലൂസീവ് വിദ്യാഭ്യാസം വികസിപ്പിക്കുന്നതിന് എസ്.എസ്.കെ നൽകുന്ന മറ്റ് വ്യത്യസ്ത സേവനങ്ങളാണ്.

### കുട്ടികൾ കുറവുള്ള സ്കൂളുകൾ

2025-26 കാലയളവിൽ ശരാശരി 25 കുട്ടികളിൽ കുറവുള്ള 1,363 സ്കൂളുകളുണ്ട്. ഇതിൽ 532 എണ്ണം സർക്കാർ സ്കൂളുകളും 831 എണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 50 സർക്കാർ എൽ.പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 189 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് കുട്ടികൾ കുറവുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (240 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (189), കണ്ണൂർ (180), ജില്ലകളിലുമാണ്. കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (166) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (148) ജില്ലയുമാണ്. സർക്കാർ മേഖലയിൽ, കുറഞ്ഞ വിദ്യാർത്ഥികളുള്ള സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് കോട്ടയം ജില്ലയിലാണ് (79), തൊട്ടുപിന്നാലെ പത്തനംതിട്ട (74), ആലപ്പുഴ (59) ജില്ലകളുമാണ്. എൽ പി സ്കൂൾ മേഖലയിലാണ് ഭൂരിഭാഗവും കുറവു കുട്ടികളുള്ള സ്കൂളുകളുള്ളത്. സർക്കാർ മേഖലയിൽ ഏറ്റവും കുറവ് കുട്ടികൾ ഉള്ളത് (91.9 ശതമാനം) എൽ.പി.സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (86.4 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണ്. കേരളത്തിലെ കുട്ടികൾ കുറവുള്ള സ്കൂളുകളുടെ വിശദവിവരങ്ങൾ ജില്ല തിരിച്ച് **അനുബന്ധം 6.1.16** ൽ കൊടുത്തിരിക്കുന്നു.

### കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്)

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്). കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കൈറ്റിന്റെ പരിധിയിലുള്ള പ്രവർത്തനങ്ങളായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണയും പരിപാലന സംവിധാനവും, ഇ-ഗവേണൻസ്, സ്ക്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നിവയിലൂടെ കൈറ്റ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിച്ചു. കൈറ്റിന്റെ പരിശ്രമത്തോടെ, ഇപ്പോൾ അതിവേഗ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി, ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അധ്യാപകർ എന്നീ പിന്തുണയോടെ ഏറ്റവും പുതിയ ഐ.സി.ടി. ഗാഡ്ജെറ്റുകൾ സംസ്ഥാനത്തെ സ്ക്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്നു, അതുവഴി മൊത്തം ഐ.സി.ടി. പ്രാപ്തമായ പ്രവർത്തന സംവിധാനം ഉണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിൽ കൈറ്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സംയോജിപ്പിക്കുകയും ഇതിന്റെ ഭാഗമായി എൺപതിനായിരത്തിലധികം

**ബോക്സ് 6.1.1** പരഖ് രാഷ്ട്രീയ സർവേക്ഷൻ 2024-ലെ കേരളത്തിന്റെ പ്രകടനം

ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള സ്കൂൾ വിദ്യാഭ്യാസ സാക്ഷരതാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എൻ.സി.ഇ.ആർ.ടി (NCERT) സംഘടിപ്പിച്ച 'പരഖ് രാഷ്ട്രീയ സർവേക്ഷൻ 2024', ഇന്ത്യയിലുടനീളമുള്ള 3, 6, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ അടിസ്ഥാന പഠനശേഷി വിലയിരുത്തുകയുണ്ടായി. എല്ലാ വിഷയങ്ങളിലും വിവിധ സ്കൂൾ വിഭാഗങ്ങളിലും ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലായി മികച്ച പ്രകടനമാണ് കേരളം കാഴ്ചവെച്ചത്. ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, 29 സംസ്ഥാനങ്ങളിലും 7 കേന്ദ്രഭരണ പ്രദേശങ്ങളിലും വെച്ച് മൊത്തത്തിലുള്ള പ്രകടനത്തിൽ കേരളം രണ്ടാം സ്ഥാനത്താണ്.

മൂന്നാം ക്ലാസ്സിൽ, കേരളത്തിലെ വിദ്യാർത്ഥികൾ ഭാഷാ പഠനത്തിലും ഗണിതത്തിലും ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചത്. ഭാഷയിൽ 14 ശതമാനവും ഗണിതത്തിൽ 13 ശതമാനവും അധികം സ്കോർ നേടാൻ ഇവർക്ക് സാധിച്ചു. സർക്കാർ എയ്ഡഡ് സ്കൂളുകൾ ദേശീയ ശരാശരിയേക്കാൾ ഭാഷയിൽ 15 ശതമാനവും ഗണിതത്തിൽ 16 ശതമാനവും മുന്നിലെത്തി മികച്ച പ്രകടനം കാഴ്ചവെച്ചു.

ആറാം ക്ലാസ്സിലും കേരളത്തിലെ വിദ്യാർത്ഥികൾ തങ്ങളുടെ മികച്ച അക്കാദമിക് നിലവാരം തുടരുന്നതാണ് കണ്ടത്. സംസ്ഥാന സർക്കാർ സ്കൂളുകളിലെ പഠിതാക്കൾ ദേശീയ ശരാശരിയേക്കാൾ ഭാഷയിൽ 23 ശതമാനവും, ഗണിതത്തിൽ 16 ശതമാനവും അധികം സ്കോർ നേടി. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ ഇതിലും മികച്ച പ്രകടനം കാഴ്ചവെച്ചു. അവർക്ക് ഭാഷയിൽ 24 ശതമാനവും ഗണിതത്തിൽ 19 ശതമാനവും അധിക സ്കോർ നേടാൻ സാധിച്ചു.

ഒൻപതാം ക്ലാസ്സിലും ഇന്ത്യയിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാമെതെന്ന സ്ഥാനം കേരളം നിലനിർത്തി. സംസ്ഥാന സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾ ദേശീയ ശരാശരിയേക്കാൾ ഭാഷയിൽ 20 ശതമാനവും, ഗണിതത്തിൽ 8 ശതമാനവും, സയൻസിൽ (ശാസ്ത്രം) 13 ശതമാനവും, സോഷ്യൽ സയൻസിൽ (സാമൂഹ്യശാസ്ത്രം) 11 ശതമാനവും അധികം സ്കോർ നേടി.

കേരളത്തിന്റെ വിദ്യാഭ്യാസ മികവിനെയും ഫലപ്രദമായ അധ്യാപന രീതികളെയും ഏവർക്കും തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലെ പ്രതിബദ്ധതയെയും 'പരഖ് 2024' ഫലങ്ങൾ വീണ്ടും അടിവരയിടുന്നു. പാഠ്യപദ്ധതി പരിഷ്കരണം, സാങ്കേതികവിദ്യയുടെ സംയോജനം, അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയുടെ വിജയം സംസ്ഥാനത്തിന്റെ തുടർച്ചയായ പുരോഗതിയിൽ പ്രതിഫലിക്കുന്നുണ്ട്. ഇവ എല്ലാ തലങ്ങളിലും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു.

അധ്യാപകർക്ക് പരിശീലനം നൽകുകയും ഏഴാം ക്ലാസ്സിലെ ഐ.സി.ടി പാഠപുസ്തകത്തിൽ എ.ഐ(AI) ഉൾപ്പെടുത്തുകയും ചെയ്തു. റോബോട്ടിക് പഠനം സുഗമമാക്കുന്നതിനായി 29,000 റോബോട്ടിക് കിറ്റുകളും കൈറ്റ് വിദ്യാലയങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

## 2024-25 കാലയളവിൽ കൈറ്റിന്റെ നേട്ടങ്ങൾ/ ഹൈലൈറ്റുകൾ

- രാജ്യത്താദ്യമായി, ഏഴാം ക്ലാസ്സിലെ ഐ.സി.ടി (ICT) പാഠപുസ്തകത്തിന്റെ ഭാഗമായി കൃത്രിമ ബുദ്ധി (AI) സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. ഇതിലൂടെ നാല് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുന്നത്
- കഴിഞ്ഞ വർഷം നൽകിയ 9,000 കിറ്റുകൾക്ക് പുറമെ, 20,000 ആർഡ്വിനോ റോബോട്ടിക് കിറ്റുകൾ (Arduino Robotic Kits) കൂടി കൈറ്റ് സ്കൂളുകളിൽ വിന്യസിച്ചു. ഇതോടെ ആകെ റോബോട്ടിക് കിറ്റുകളുടെ എണ്ണം 29,000 ആയി. ഇത് വിദ്യാർത്ഥികൾക്കിടയിൽ പര്യവേക്ഷണാത്മകവും ശാസ്ത്രീയവുമായ പഠനത്തിന്, പ്രത്യേകിച്ച് സ്റ്റെം (STEM) മേഖലയിലെ സങ്കീർണ്ണവും ആഴത്തിലുള്ളതുമായ ആശയങ്ങൾ മനസ്സിലാക്കുന്നതിന് സഹായകമാകുന്നു.
- പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ബിരുദ പ്രവേശന പരീക്ഷകളിൽ ഉയർന്ന വിജയം നേടാൻ സഹായിക്കുന്നതിനായി 2024 സെപ്റ്റംബറിൽ കൈറ്റ് വിക്ടേഴ്സ് വഴി 'കീ ടു എൻട്രൻസ്' പരിപാടി സംപ്രേഷണം ചെയ്തു. സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് സ്ട്രീമുകളിൽ നിന്നുള്ള ഏകദേശം 8 ലക്ഷം വിദ്യാർത്ഥികൾക്ക് ലോഗിൻ സൗകര്യം നൽകുന്ന കേരളത്തിലെ ഏറ്റവും വലിയ പൊതു പ്രവേശന പരീക്ഷാ പരിശീലന സംവിധാനമാണിത്
- 2024-ൽ കൈറ്റ് 'E3 ഹിന്ദി ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ (പ്രയോഗശാല) വികസിപ്പിക്കുകയും സംസ്ഥാനത്തെ 163 സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്തു. 5 മുതൽ 7 വരെ ക്ലാസ്സുകളിലെ ഹിന്ദി അധ്യാപകർക്ക് ഇതിന്റെ ഭാഗമായി വിപുലമായ പരിശീലനം നൽകുകയും ചെയ്തു.
- സംസാര-ശ്രവണ വൈകല്യമുള്ള കുട്ടികളെ ആംഗ്യഭാഷയിലൂടെ ആശയവിനിമയം നടത്താൻ സഹായിക്കുന്ന കൃത്രിമ ബുദ്ധി (AI) ടൂളുകൾ നിർമ്മിക്കുന്നതിനായി, 15,600 ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായി 2024 നവംബറിൽ ഉപജില്ലാ-ജില്ലാ തലങ്ങളിൽ രണ്ടുദിവസത്തെ ക്യാമ്പുകൾ സംഘടിപ്പിച്ചു
- കീ ടു എൻട്രൻസ്, മൈൻഡ് ഇറ്റ്, എഡ്യൂ-എയിഡ്, ഹലോ കാർട്ടൂണിസ്റ്റ്, രുചി-ബൗൾ എന്നിങ്ങനെയുള്ള നിരവധി പുതിയ പരിപാടികൾ നിർമ്മിക്കുകയും കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേഷണം ചെയ്യുകയും ചെയ്തു
- പാഠ്യപദ്ധതിക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്നതിനും, പാഠഭാഗങ്ങൾ ആസൂത്രണത്തിന് സഹായിക്കുന്നതിനുമായി കൈറ്റ് സ്വന്തം എഐ എൻജിനായ 'സമഗ്ര പ്ലസ് എഐ'-യുടെ പ്രോട്ടോടൈപ്പ് വികസിപ്പിച്ചു. ഇത് എഐ അധിഷ്ഠിത ലേണിംഗ് റൂമുകളിലൂടെ വ്യക്തിഗത പഠനത്തെ പ്രോത്സാഹിപ്പിക്കുകയും, കൃത്യമായ മൂല്യനിർണ്ണയത്തിലൂടെയും നിർദ്ദേശങ്ങളിലൂടെയും വിദ്യാർത്ഥികളുടെ നേട്ടങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു.
- 2024-25 വർഷത്തിൽ 1,15,080 അധ്യാപകർക്ക് വിവിധ ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങളിൽ പരിശീലനം നൽകി.
- കൈറ്റിന്റെ കൂൾ (KOOL) പ്ലാറ്റ്ഫോം വഴി 7,326 അധ്യാപകർ പരിശീലനം നേടി.
- 31,878 അധ്യാപകർക്ക് കൃത്രിമ ബുദ്ധിയിൽ (AI) പ്രത്യേക പരിശീലനം നൽകി.
- പൊതുജനങ്ങൾക്കായി 'എഐ എസൻഷ്യൽസ്' എന്ന ഓൺലൈൻ എഐ കോഴ്സ് ആരംഭിച്ചു.
- പരിഷ്കരിച്ച പാഠ്യപദ്ധതിക്ക് അനുസൃതമായി 1 മുതൽ

**ബോക്സ് 6.1.2** സ്കൂളുകൾക്കായി കൈറ്റ് (KITE) നടപ്പിലാക്കുന്ന 'സമഗ്ര പ്ലസ്' അക്കാദമിക് മോണിറ്ററിംഗ്



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെയും വിദ്യാഭ്യാസ നിലവാരം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് ഒരു സമഗ്ര ഡിജിറ്റൽ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) വികസിപ്പിച്ചെടുത്ത സമഗ്ര പ്ലസ് അക്കാദമിക് മോണിറ്ററിംഗ്, സഹിതം, സമ്പൂർണ്ണ പ്ലസ് എന്നീ മൂന്ന് സംയോജിത ഡിജിറ്റൽ പ്ലാറ്റ്ഫോമുകളാണ് ഈ പരിവർത്തനത്തിന് നേതൃത്വം നൽകുന്നത്.

**സമഗ്ര പ്ലസ് (Samagra Plus)**

വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികൾ നേരിടുന്ന പഠന വിടവുകൾ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഫലപ്രദമായ പരിഹാര ബോധന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിലൂടെ സ്കൂളുകളിലെ പഠനപദ്ധതിക്ക് അനുസൃതമായി മൊത്തത്തിലുള്ള പഠനനിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നു. അധ്യാപകർ തയ്യാറാക്കുന്ന ടീച്ചിംഗ് മാനുവലുകൾ ഡിജിറ്റലായി സമർപ്പിക്കുന്നതിനും അംഗീകാരം നേടുന്നതിനുമുള്ള സൗകര്യം ഇതിന്റെ പ്രധാന സവിശേഷതയാണ്. വിവിധ അധ്യാപന സഹായികളും ഡിജിറ്റൽ വിഭവങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഈ മാനുവലുകൾ ഓൺലൈൻ വഴിയോ ഓഫ്‌ലൈൻ വഴിയോ സമർപ്പിക്കാവുന്നതാണ്.

**സഹിതം (Sahitham)**

വിദ്യാർത്ഥികളുടെ വ്യക്തിഗതമായ പഠനാനുഭവങ്ങളിലും അവരുടെ വളർച്ചാഘട്ടങ്ങളിലും ഊന്നൽ നൽകുന്ന പോർട്ടലാണ് 'സഹിതം'. ഓരോ വിദ്യാർത്ഥിയെയും അടുത്തറിയുക, അവരുടെ പഠനയാത്ര തുടർച്ചയായി നിരീക്ഷിക്കുക, കൃത്യമായ ഇടപെടലുകളിലൂടെ ആവശ്യമായ പിന്തുണ നൽകുക എന്നിവയാണ് ഇതിന്റെ അടിസ്ഥാന തത്വം.

**സമ്പൂർണ്ണ പ്ലസ് (Sampoorna Plus)**

ക്ലാസ് ടെസ്റ്റുകളുടെയും ടേം പരീക്ഷകളുടെയും മാർക്കുകൾ രേഖപ്പെടുത്താൻ ഈ പ്ലാറ്റ്ഫോം അധ്യാപകരെ സഹായിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് ഓരോ വിദ്യാർത്ഥിയുടെയും സമഗ്രമായ പുരോഗതി റിപ്പോർട്ടുകൾ സ്വയമേവ തയ്യാറാക്കാൻ ഇതിലൂടെ സാധിക്കുന്നു. ഇത് അധ്യാപകർക്കും രക്ഷിതാക്കൾക്കും ഉദ്യോഗസ്ഥർക്കും കുട്ടിയുടെ പഠനനിലവാരത്തെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്നു.

സംസ്ഥാനത്തെ ഏകദേശം 16,000 സ്കൂളുകളിലായി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരവും പ്രകടനവും തുടർച്ചയായി നിരീക്ഷിക്കുന്നതിനുള്ള ഒരു അടിസ്ഥാന പദ്ധതിയായി ഈ സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. ഇത് പഠനരീതിയിൽ ഏകീകൃതവും ഗുണമേന്മയുള്ളതുമായ സമീപനം ഉറപ്പാക്കുന്നു. കൂടാതെ, സ്കൂളുകളിലെ ഹാജരില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന ഉപകരണം കൂടിയാണ് സമഗ്ര പ്ലസ്. ഈ പ്ലാറ്റ്ഫോമിലൂടെ കേരളത്തിലെ എസ്ടി (ST) വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കിടയിലുള്ള സ്കൂൾ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നുണ്ട്.

**അവലംബം:** കൈറ്റ്

12 വരെയുള്ള ക്ലാസ്സുകളിലേക്ക് പുതിയ ഐ.സി.ടി പാഠപുസ്തകങ്ങൾ വികസിപ്പിച്ചു.

- സ്കൂളുകളിലെ 1,17,093 ലാപ്ടോപ്പുകൾക്കും 66,209 പ്രൊജക്ടറുകൾക്കും വാർഷിക അറ്റകുറ്റപ്പണി കരാർ വഴി പിന്തുണ ലഭ്യമാക്കി.
- കൈറ്റ് വിക്ടേഴ്സ് ചാനലിലെ 'ക്രാക്ക് ദി എൻട്രൻസ്' പരിപാടിയിലൂടെ ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ ഓരോ മണിക്കൂർ വീതമുള്ള 30 ക്ലാസ്സുകൾ (ആകെ 120 മണിക്കൂർ) സംപ്രേഷണം ചെയ്തു.
- 'സംയുക്ത ഡയറി' പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ കഥകൾ, കവിതകൾ, ചിത്രങ്ങൾ എന്നിവയുൾപ്പെടെ ഒന്നര ലക്ഷത്തിലധികം കുറിപ്പുകൾ സ്കൂൾ വിക്കി (School Wiki) പോർട്ടലിൽ അപ്‌ലോഡ് ചെയ്തു.
- ലിറ്റിൽ കൈറ്റ്സ് പദ്ധതി വിദ്യാഭ്യാസ രംഗത്തെ ഒരു ആഗോള മാതൃകയാണെന്ന് വിശേഷിപ്പിച്ചുകൊണ്ടുള്ള യൂണിസെഫിന്റെ (UNICEF) പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.
- പുതിയ പാഠപുസ്തകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള 5, 7, 9 ക്ലാസ്സുകളിലെ ഡിജിറ്റൽ വിഭവങ്ങൾ അധ്യാപകർക്കായി സമഗ്ര പ്ലസ് (Samagra Plus) പോർട്ടലിൽ പ്രത്യേക പരിശീലനം നൽകി.
- ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പിൽ വെച്ച് കൈറ്റിന്റെ സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പുതിയ പതിപ്പായ "KITE GNU Linux 22.04" പുറത്തിറക്കി.
- 2024-25 കാലയളവിൽ കൈറ്റിന്റെ ഇ-വേസ്റ്റ് നിർമ്മാർജ്ജന പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നുമായി 13 ടണ്ണിലധികം ഇ-വേസ്റ്റ് നീക്കം ചെയ്തു.

**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**
പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ ജനകീയ മാക്കുന്നതിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരള വലിയ പങ്കുവഹിച്ചു. 2018 നവംബർ 1 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ സർവ ശിക്ഷാ അഭിയാൻ (എസ്എസ്എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്എ), അധ്യാപക വിദ്യാഭ്യാസം (ടിഇ) എന്നിവ സംയോജിപ്പിച്ച് സമഗ്ര ശിക്ഷ കേരള (എസ്. എസ്. കെ) എന്ന പേരിൽ സംയോജിത സ്കൂൾ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ. പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള വിവിധ തലങ്ങളെ ഏകോപിപ്പിച്ച് വിപുലമായ മാനേജ്മെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സമഗ്ര ശിക്ഷാ കേരളയ്ക്ക് കഴിഞ്ഞു. 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബിആർസി) 1385 ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളും (സിആർസി) ശക്തിപ്പെടുത്തിയാണ് ഇക്കാലയളവിൽ പദ്ധതികളുടെ വികേന്ദ്രീകൃത നിർവ്വഹണം നടത്തിയത്. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ സമത്വവും അവസരസമത്വവും ഗുണമേന്മയും ഉറപ്പാക്കാൻ സമഗ്രശിക്ഷ കേരളം നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള, പ്രായത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും അക്കാദമിക വിടവ് നികത്തുന്നതിനുമായുള്ള പ്രവർത്തന ങ്ങളാണ് എസ്.എസ്.കെ. ഏറ്റെടുത്തിരിക്കുന്നത്.

**2024-25 ലെ സമഗ്ര ശിക്ഷ കേരളയുടെ പ്രധാന സംരംഭങ്ങൾ/നേട്ടങ്ങൾ**

**സയൻസ് പാർക്ക്:** വിദ്യാർഥികളിൽ ശാസ്ത്രീയ മനോഭാവം വർദ്ധിപ്പിക്കുന്നതിന് സമഗ്ര ശിക്ഷാ കേരളം നിരവധി പരിപാടികൾക്ക് തുടക്കം കുറിച്ചു. തെരഞ്ഞെടുത്ത സ്കൂളുകളിൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത് എസ്.എസ്.കെ യുടെ അഭിമാനകരമായ പ്രവർത്തനങ്ങളിലൊന്നാണ്. സയൻസ് പാർക്കുകൾ വഴി വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ നേരിട്ടുള്ള പ്രവൃത്തിപരിചയം ലഭിച്ചു. പാർക്കിൽ സജ്ജീകരിച്ച ഉപകരണങ്ങളുടെ പിന്തുണയോടെ അവർക്ക് ശാസ്ത്രത്തിന്റെ ആശയങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനായി ഉപകരണങ്ങൾ ശരിയായി ഉപയോഗിക്കുന്നതിന് അധ്യാപകരും പൂർണ സജ്ജരായിരുന്നു.

**പോക്സോ - ഹയർസെക്കൻഡറി അധ്യാപകർക്കായുള്ള ബോധവൽക്കരണ പരിപാടി:** പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാനത്തെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി അധ്യാപകർക്കായി സമഗ്ര ശിക്ഷ കേരള ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ലൈംഗിക അതിക്രമങ്ങളും ചൂഷണങ്ങളും തിരിച്ചറിയാനും പ്രതിരോധിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. കൂടാതെ, പോക്സോ (POCSO) നിയമങ്ങളെക്കുറിച്ചും അതിന്റെ നിയമവശങ്ങളെക്കുറിച്ചും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ഊന്നൽ നൽകി

**ബഡ്ഡിംഗ് റൈറ്റേഴ്സ് പ്രോഗ്രാം: സർഗ്ഗാത്മക മനസ്സും സാഹിത്യ പ്രേമവും വളർത്തിയെടുക്കൽ:** അപ്പർ പ്രൈമറി (യുപി), ഹൈസ്കൂൾ (എച്ച്എസ്) ക്ലാസുകളിലെ വിദ്യാർത്ഥികൾക്കിടയിൽ സർഗ്ഗാത്മക ചിന്ത വളർത്തുക എന്ന ലക്ഷ്യത്തോടെയുള്ള അതുല്യമായ ഈ പരിപാടിയിലൂടെ വിദ്യാഭ്യാസ നവീകരണത്തിൽ എസ്.എസ്.കെ വീണ്ടും ഒരു സ്ഥാനം കൈവരിച്ചിരിക്കുന്നു. "ബഡ്ഡിംഗ് റൈറ്റേഴ്സ്" എന്ന് പേരിട്ടിരിക്കുന്ന ഈ പരിപാടി വളരെ വിജയകരമായ "വായന ചങ്ങാത്തം" സംരംഭത്തിൻറെ തുടർച്ചയാണ്, ഇത് യുവ പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനുള്ള എസ്.എസ്.കെയുടെ പ്രതിബദ്ധതയെ കൂടുതൽ ദൃഢമാക്കുന്നു. സൃഷ്ടിപരമായ രചനാ വൈദഗ്ധ്യം വളർത്തിയെടുക്കുന്നതിനും, വിവിധ പുസ്തകങ്ങൾ വായിക്കുന്നതിലൂടെ നേടിയ അറിവുമായി വ്യക്തിഗത അനുഭവങ്ങൾ ഇഴചേർക്കുന്നതിനും വേണ്ടിയാണ് "ബഡ്ഡിംഗ് റൈറ്റേഴ്സ്" രൂപകല്പന ചെയ്തിരിക്കുന്നത്.

**സാക്ഷരതയിലും സംഖ്യാശാസ്ത്രത്തിലും കഴിവുകൾ വർധിപ്പിക്കുക:** 2025-ഓടെ പ്രൈമറി ക്ലാസ് വിദ്യാർത്ഥി കൾക്ക് അടിസ്ഥാന ഭാഷയിലും ഗണിതത്തിലും പ്രാവീണ്യം ഉറപ്പാക്കുകയാണ് മിഷൻ ലക്ഷ്യമിടുന്നത്. കുഞ്ഞുവായന, കുഞ്ഞു എഴുത്ത്, ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, ക്ലാസ് റൂം ലൈബ്രറി, മെഷർ ആൻഡ് ലേൺ, ഉല്ലാസഗണിതം, ഗണിതവിജയം, ഡിജി ഷോകേസ്, എസ്എം. സി. മീറ്റിംഗുകൾ, ക്വിസ് പ്രോഗ്രാമുകൾ, ഗണിത പാർക്ക്, മാതാപിതാക്കളെ ശാക്തീകരിക്കൽ, പോസ്റ്റർ നിർമ്മാണം എന്നിവ ചില പ്രവർത്തനങ്ങളാണ്.

**മൺസൂണും കുട്ടികളും:** സംസ്ഥാന സർക്കാരിന്റെ അഭിമാനകരമായ പരിപാടിയായ നൂറു ദിന കർമ്മ പരിപാടിയുമായി സഹകരിച്ച് സമഗ്ര ശിക്ഷാകേരളം "മൺസൂണും കുട്ടികളും" എന്ന പദ്ധതി നടപ്പാക്കി. കാലാവസ്ഥ പ്രവചനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കലും പ്രാദേശിക തലത്തിലുള്ള ദുരന്തനിവാരണവുമായിരുന്നു ഈ ദൗത്യത്തിനു പിന്നിലെ ലക്ഷ്യങ്ങൾ. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ റഡാർ റിസർച്ച് സെന്ററുകളിൽ 40 റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകുകയും ബാക്കി സ്കൂളുകളിലെ മറ്റ് അധ്യാപകർക്ക് മാർഗനിർദേശം നൽകുകയും ചെയ്തു. ഈ പ്രോഗ്രാമിൻറെ ഭാഗമായി വിദ്യാർത്ഥികൾ നിശ്ചിത ഇടവേളകളിൽ വിവരങ്ങൾ പതിവായി നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു, പിന്നീട് ഭൂമിശാസ്ത്ര അധ്യാപകരുടെ സഹായത്തോടെ ഡാറ്റ വിശകലനം ചെയ്യുന്നു.

**ഈ തണലിൽ ഇത്തിരി നേരം:** പരിസ്ഥിതി ദിനത്തോ ടനുബന്ധിച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ സജീവ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ഈ തണലിൽ ഇത്തിരി നേരം' എന്ന പരിപാടി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിപുലമായ രീതിയിൽ നടത്തുകയും പരിസ്ഥിതി

സംരക്ഷണത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**പ്രത്യേക പരിചരണ കേന്ദ്രങ്ങൾ:** പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രാഥമികമായി പ്രത്യേക പിന്തുണ നൽകുന്നതിൽ പ്രത്യേക പരിചരണ കേന്ദ്രങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ ചേരുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്കും ക്ലാസ് റൂം പഠനത്തിൽ പ്രവേശിക്കാൻ കഴിയാത്തവർക്കും കേന്ദ്രങ്ങൾ വഴി അക്കാദമിക് പിന്തുണ നൽകുന്നു.

**പ്രദേശിക പ്രതിഭാ കേന്ദ്രം (ലോക്കൽ റിസോഴ്സ് സെന്ററുകൾ):** പാർശ്വവത്കരിക്കപ്പെട്ട, പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമൂഹികവുമായ ഉന്നമനത്തിനായുള്ള നൂതന സംരംഭമാണ് പ്രദേശിക പ്രതിഭാ കേന്ദ്രങ്ങൾ അല്ലെങ്കിൽ പ്രാദേശിക റിസോഴ്സ് സെന്ററുകൾ. ഇത്തരം വിഭാഗങ്ങളിൽ പെട്ട കുട്ടികളുടെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ഈ കേന്ദ്രങ്ങൾ നൽകി വരുന്നു.

**വർണക്കൂടാരം:** പ്രൈമറി സ്കൂളുകളിലെ തിരഞ്ഞെടുത്ത പ്രീപ്രൈമറി വിഭാഗങ്ങളിൽ നൂതനവും സംവേദനാത്മകവുമായ ഘടകങ്ങൾ ഉൾപ്പെടുത്തി പരമ്പരാഗത അധ്യാപന രീതികൾ നവീകരിക്കുന്നതിന് സ്റ്റാർസ് പദ്ധതിയായ വർണക്കൂടാരം ഊന്നൽ നൽകി. പ്രീപ്രൈമറി കുട്ടികളുടെ സമഗ്രവികസനത്തിനായി ക്ലാസ് മുറിയിൽ പതിമൂന്ന് വ്യത്യസ്ത മേഖലകൾ സജ്ജമാക്കി.

ബാല – ബിൽഡിംഗ് ആസ് എ ലേണിംഗ് എയ്ഡ് (BaLA): സ്കൂൾ കെട്ടിടങ്ങളെയും ചുവരുകളെയും ആകർഷകവും ശിശുസൗഹൃദവുമായ പഠനോപകരണങ്ങളായി മാറ്റുക എന്നതാണ് 'BaLA' എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രീ-സ്കൂൾ പാഠ്യപദ്ധതിയിലെ ആശയങ്ങൾ കുട്ടികളിലേക്ക്, പ്രത്യേകിച്ച് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളിലേക്ക് ഫലപ്രദമായി എത്തിക്കുന്നതിനായി കെട്ടിടങ്ങളിലെ ഓരോ ഭാഗവും രൂപകൽപ്പന ചെയ്തിരിക്കുന്നു.

**ഹോം ബേസ്ഡ് എഡ്യൂക്കേഷൻ (HBE):** വിവിധ കാരണങ്ങളാൽ കിടപ്പിലായതും എന്നാൽ പഠനശേഷിയുള്ളതുമായ 7,602 കുട്ടികൾക്കായി 'ഹോം ബേസ്ഡ് എഡ്യൂക്കേഷൻ' (വീട്ടുകളിൽ നൽകുന്ന വിദ്യാഭ്യാസം) പദ്ധതി നടപ്പിലാക്കുന്നു. ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനവും വെർച്വൽ ക്ലാസ്റൂം സൗകര്യങ്ങളും ലഭ്യമാക്കി ഈ കുട്ടികളുടെ വിദ്യാഭ്യാസ പങ്കാളിത്തം ഉറപ്പാക്കുന്നു.

**സാമൂഹിക ഉൾച്ചേർക്കൽ പദ്ധതി (Social Inclusion Program):** കാഴ്ചപരിമിതിയുള്ള 2,685 കുട്ടികൾക്കായി ബ്രെയിലി സ്റ്റേഷനറി സാമഗ്രികൾ വിതരണം ചെയ്തു. ഓട്ടിസം (ASD) ബാധിച്ച 3,289 കുട്ടികൾക്ക് വ്യക്തിഗത പരിശീലനം, സെൻസറി ഇന്റഗ്രേഷൻ, സ്പീച്ച് ആൻഡ് ബിഹേവിയർ തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു. കൂടാതെ കാഴ്ചപരിമിതിയുള്ള കുട്ടികൾക്ക് പ്രീ-പ്രൈമറി തലം മുതൽ റീഡർ അലവൻസും (വായിച്ചു നൽകുന്ന സഹായിക്കുള്ള ധനസഹായം) നൽകുന്നു.

**സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി)**

പ്രീ-സ്കൂൾ മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള എല്ലാ അക്കാദമിക് പ്രോഗ്രാമുകളുടെയും ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ എന്നിവയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി). പ്രീ-പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള സ്കൂൾ ക്ലാസുകൾക്കുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, പാഠപുസ്തകങ്ങൾ വികസിപ്പിക്കുക, അധ്യാപക പാഠങ്ങൾ, മൂല്യനിർണ്ണയ തന്ത്രങ്ങൾ വികസിപ്പിക്കുക, സേവനത്തിലുള്ള അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുക, പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും വ്യാപനവും, ഗവേഷണങ്ങൾ നടത്തുക, ഗവേഷണ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക, അനൗപചാരിക വിദ്യാഭ്യാസം, പ്രത്യേക വിദ്യാഭ്യാസം, ജനസംഖ്യാ വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, ആരോഗ്യ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം എസ്.സി.ഇ.ആർ.ടിയുടെ പ്രധാന ഉത്തരവാദിത്തങ്ങളിലൊന്നാണ്. 2022-ൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. 2005-ൽ വികസിപ്പിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് ശേഷം 2007-ലാണ് സ്കൂൾ പാഠ്യപദ്ധതി ചട്ടക്കൂട് അവസാനമായി വികസിപ്പിച്ചത്. സ്റ്റിയറിംഗ് കമ്മിറ്റികൾ, കരിക്കുലം റിവിഷൻ കോർ കമ്മിറ്റി, 26 ഫോക്കസ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിച്ചുകൊണ്ട് സംസ്ഥാന സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രക്രിയ എസ്.സി.ഇ.ആർ.ടി ആരംഭിച്ചു. പൊസിഷൻ പേപ്പറുകളുടെയും ബന്ധപ്പെട്ടവരിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവർക്കുള്ള വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് (KCF -2023) വികസിപ്പിച്ചെടുത്തു. പാഠ്യപദ്ധതി ചട്ടക്കൂട് അതിന്റെ സമീപനത്തിലും നടപ്പിലാക്കലിലും ഭരണഘടനാ മൂല്യങ്ങൾ, ലിംഗനീതി, ഉൾച്ചേർക്കൽ (ഇൻക്ലൂസിവിറ്റി) എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നു. പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ, ഒന്നാം ഘട്ടത്തിൽ 1, 3, 5, 7, 9 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ വികസിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തു. അധ്യാപക-രക്ഷാകർതൃ പുസ്തകങ്ങൾ വികസിപ്പിക്കുകയും ഡിജിറ്റൽ പുസ്തകങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രക്രിയ ആരംഭിക്കുകയും ചെയ്തു.

**2024-25 ലെ ചില പ്രധാന നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്**

- മൊബൈൽ, ഐഒടി (ഇന്റർനെറ്റ് ഓഫ് തിങ്സ്), ഓഗ്മെന്റഡ് ലേണിംഗ് എൻവയോൺമെന്റ് സ്പെഷ്യൽ എജ്യുക്കേഷൻ എന്നിവയെക്കുറിച്ചുള്ള ഗവേഷണം കണ്ണൂർ സർവകലാശാലയുമായി ചേർന്ന് സംയുക്തമായി ഏറ്റെടുത്തു. ഹാർഡ്‌വെയറും

സോഫ്റ്റ്‌വെയറും അധിഷ്ഠിതമായ ഒരു പഠനാന്തരീക്ഷം പ്രത്യേകിച്ച് ഓട്ടിസം ബാധിതരായ കുട്ടികൾക്കുള്ള പ്രത്യേക വിദ്യാഭ്യാസത്തിൻറെ ആവശ്യകതകൾ പരിഹരിച്ചു കൊണ്ട് വികസിപ്പിക്കുക, സഹകരണ അടിസ്ഥാനത്തിലുള്ള പഠനാനുഭവം മെച്ചപ്പെടുത്തുന്നതിനായി യാഥാർത്ഥ്യം അടിസ്ഥാനമാക്കിയുള്ള ഒരു പഠനാന്തരീക്ഷം രൂപകൽപ്പന ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യങ്ങൾ. പാഠപുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റിങ്ങിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കുന്നതിനായി ഒരു ദേശീയ ശിൽപശാല നടത്തി. തിരഞ്ഞെടുത്ത പാഠപുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റിംഗ് പുരോഗമിക്കുകയാണ്.
- K-DISC വികസിപ്പിച്ചെടുത്ത മഞ്ചാടി എന്ന ഗണിതശാസ്ത്ര പാക്കേജിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനം ആരംഭിച്ചു.
- സ്പോർട്സ് സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനുള്ള നടപടികൾ എസ്‌സിഇആർടി കേരള ആരംഭിച്ചു.

**വിദ്യാകിരണം മിഷൻ – (പൊതുവിദ്യാഭ്യാസ പുനരുജ്ജീവന യജ്ഞത്തിൻ്റെ തുടർച്ച) നവകേരളം കർമ്മപദ്ധതി രണ്ടാം ഭാഗം**

നവകേരളം കർമ്മ പദ്ധതി II ന്റെ ഭാഗമായി വിഭാവനം ചെയ്ത മിഷൻ പരിപാടികളിൽ ഒന്നാണ് വിദ്യാകിരണം മിഷൻ (പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ). സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിന് സൗകര്യമൊരുക്കുക, എല്ലാ കുട്ടികൾക്കും തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക, സാധ്യമായ എല്ലാ ഏജൻസികളെയും വിഭവങ്ങളെയും ബന്ധിപ്പിച്ച് ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അവരുടെ മുഴുവൻ കഴിവുകളും ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ ദേശീയ വികസന പ്രക്രിയയിൽ സജീവമായും ക്രിയാത്മകമായും ഏർപ്പെടാൻ വിദ്യാഭ്യാസ വകുപ്പിന് അകത്തും പുറത്തും അവരെ പ്രാപ്തരാക്കുക. എന്നതാണ് പരിപാടിയുടെ മൊത്തത്തിലുള്ള ലക്ഷ്യം.

**പ്രധാന നേട്ടങ്ങൾ**

- പൊതുവിദ്യാലയങ്ങൾ സമൂഹത്തിനിടയിൽ, പ്രത്യേകിച്ച് രക്ഷാകർതൃ സമൂഹത്തിനിടയിൽ വിശ്വാസ്യതയും പ്രശസ്തിയും വീണ്ടെടുത്തു. വർദ്ധിച്ചുവരുന്ന ആത്മവിശ്വാസവും പ്രതീക്ഷകളും സ്കൂൾ പ്രവേശനത്തിൽ പ്രതിഫലിച്ചു. 2017-18 മുതൽ 2025-26 വരെയുള്ള അധ്യയന വർഷങ്ങളിൽ 11.5 ലക്ഷം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ എത്തിയത് പൊതുവിദ്യാഭ്യാസ സംവിധാനത്തിലുള്ള ജനങ്ങളുടെ വിശ്വാസത്തിന് വ്യക്തമായ തെളിവാണ്.
- മിഷൻ പ്രവർത്തനങ്ങളിലൂടെ ഉയർന്നുവന്ന സാമൂഹിക അന്തരീക്ഷം ആത്യന്തികമായി കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിലേക്ക് നയിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിൽ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം.
- ഗുണമേന്മയുള്ള പഠനത്തിന് അത്യന്താപേക്ഷിതമായ ഭൗതിക സാഹചര്യങ്ങൾ സർക്കാർ സ്കൂളുകളിൽ വലിയ തോതിൽ മെച്ചപ്പെട്ടു.
- ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ, പരിസ്ഥിതി സംരക്ഷണ മനോഭാവം കുട്ടികളിൽ വളർത്തുന്നതിനായി വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെ സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ വികസിപ്പിച്ചു.
- **നീതി ആയോഗ് തയ്യാറാക്കിയ SEQI (സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക) യിൽ കേരളം ഒന്നാം സ്ഥാനത്തെത്തി.**
- 8 മുതൽ 12 വരെ ക്ലാസുകളിലെ എല്ലാ ക്ലാസ് മുറികളും സാങ്കേതിക സൗഹൃദ ക്ലാസ് മുറികളാക്കി മാറ്റുകയും എല്ലാ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുകയും ചെയ്തു.
- ഹയർ സെക്കൻഡറി അധ്യാപകർക്കായി 'ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം' എന്ന പദ്ധതി ആവിഷ്കരിച്ചുകൊണ്ട് അധ്യാപക പരിശീലനത്തിൽ പുതിയൊരു രീതിശാസ്ത്രം വികസിപ്പിക്കുകയും എല്ലാ അധ്യാപകർക്കും ഡിജിറ്റൽ വിദ്യാഭ്യാസ പരിശീലനം നൽകുകയും ചെയ്തു.
- വിദ്യാകിരണം മിഷൻ, എസ്.സി.ഇ.ആർ.ടി, കെ-ഡിസ്ക് എന്നിവയുടെ പിന്തുണയോടെ മൂന്നാം ക്ലാസ് മുതൽ കുട്ടികൾക്കായി 'മഞ്ചാടി' എന്ന ശിശുസൗഹൃദ ഗണിത പഠന പരിപാടി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി.
- ശാസ്ത്രം ശാസ്ത്രീയമായ രീതിയിൽ സന്തോഷത്തോടെ പഠിക്കുന്നതിനും ശാസ്ത്രീയാഭിമുഖ്യം വളർത്തുന്നതിനുമായി 'മഴവില്ല്' എന്ന ശിശുസൗഹൃദ ശാസ്ത്ര പഠന പദ്ധതി നടപ്പിലാക്കി. മൂന്നാം ക്ലാസ്സിലെ കുട്ടികളിൽ ജിജ്ഞാസ വളർത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പദ്ധതി എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്.
- ഒന്നാം ക്ലാസ്സിലെ കുട്ടികൾ എഴുതിയ ഡയറിക്കുറിപ്പുകൾ ശേഖരിച്ച് വിദ്യാകിരണം മിഷൻ പ്രസിദ്ധീകരിച്ച പുസ്തകമാണ് 'കുരുന്നെഴുത്തുകൾ – ഒന്നിലെ എഴുത്തും ചിന്തയും'. ഇത് കുട്ടികളിലെ ഉയർന്ന നിലവാരത്തിലുള്ള ഭാഷാപഠനത്തിന് വ്യക്തമായ തെളിവ് നൽകുന്നു.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അധിക പിന്തുണ നൽകുന്നതിനായി പൊതുവിദ്യാലയങ്ങളിൽ ആകെ 1,486 സ്പെഷ്യൽ കെയർ സെന്ററുകൾ സ്ഥാപിച്ചു.
- ഭൂമിശാസ്ത്ര പഠനം കൂടുതൽ രസകരമാക്കുന്നതിനായി സ്കൂളുകളിൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചു. നിലവിൽ 200 കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.
- കേരളത്തിലുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശുചിത്വം, മാലിന്യ സംസ്കരണം, പരിസ്ഥിതി സൗഹൃദ അന്തരീക്ഷം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം' കാമ്പയിൻ നടപ്പിലാക്കി.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എൻ.എസ്.എസ് (NSS), സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) എന്നിവയുടെ നേതൃത്വത്തിൽ 'നോ ഡ്രഗ്സ്' കാമ്പയിൻ സംഘടിപ്പിച്ചു.

**ഹയർ സെക്കന്ററി വിദ്യാഭ്യാസം**

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കന്ററി വിദ്യാഭ്യാസം പുനഃക്രമീകരിക്കുന്നതിന് വേണ്ടിയാണ് ഹയർസെക്കന്ററി കോഴ്സുകൾ 1990-91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2025 ൽ സംസ്ഥാനത്ത് 2,076 ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലുണ്ട്. അതിൽ 819 എണ്ണം (39.5 ശതമാനം) സർക്കാർ സ്കൂളുകളും 845 എണ്ണം (40.7 ശതമാനം) എയ്ഡഡ് സ്കൂളുകളും ബാക്കി 412 എണ്ണം (19.8 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. ജില്ലകളിൽ ഏറ്റവും

കൂടുതൽ ഹയർ സെക്കന്ററി സ്കൂളുകൾ മലപ്പുറത്താണ് (248) തൊട്ടുപിന്നാലെ യഥാക്രമം എറണാകുളവും (209) തൃശ്ശൂരുമാണ്(204).

2025-ൽ ഹയർ സെക്കന്ററി കോഴ്സിൽ 7,223 ബാച്ചുകൾ ഉണ്ട്. 3,87,331 പേരാണ് 2024-25 ൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം നേടിയത്. ഏറ്റവും കൂടുതൽ ബാച്ചുകൾ ഉള്ള മലപ്പുറത്താണ്(1,080) ഏറ്റവും കൂടുതലായ 70,472 വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയതും. ജില്ല-മാനേജ്മെന്റ് തിരിച്ചുള്ള ഹയർ സെക്കന്ററി സ്കൂളുകളുടേയും ബാച്ചുകളുടേയും എണ്ണം **അനുബന്ധം 6.1.17** ലും ജില്ലകളിൽ പ്രവേശനം നേടിയ കുട്ടികളുടെ കണക്കുകൾ **അനുബന്ധം 6.1.18** ലും കാണാം.

2024-25 ൽ ഹയർസെക്കൻഡറി കോഴ്സുകളിലെ വിദ്യാർഥികളുടെ വിജയശതമാനം 75.3 ശതമാനമാണ്. 2025-ൽ 3,02,943 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹരായി, അതിൽ 1,72,813 പെൺകുട്ടികളും 1,30,130 ആൺകുട്ടികളുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.19** ൽ നൽകിയിരിക്കുന്നു. ഇക്കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം 57.2 ശതമാനവും പട്ടികവർഗ വിദ്യാർത്ഥികളുടേത് 59.3 ശതമാനവുമാണ്. വിശദാംശങ്ങൾ **അനുബന്ധം 6.1.20, 6.1.21** എന്നിവയിൽ നൽകിയിരിക്കുന്നു.

**വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം**

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983-84 കാലഘട്ടത്തിലാണ്. സ്വയം തൊഴിൽ/വേതന/പ്രത്യക്ഷതൊഴിലുകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. 2025-26-ൽ 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലായി സംസ്ഥാനത്ത് 1,101 ബാച്ചുകളുണ്ട്. ഇതിൽ 261 സ്കൂളുകൾ സർക്കാർ മേഖലയിലും 128 എണ്ണം എയ്ഡഡ് മേഖലയിലുമാണ്. 52 എണ്ണത്തോടെ ഏറ്റവും കൂടുതൽ വി.എച്ച്.എസ്. കൾ ഉള്ള ജില്ല കൊല്ലവും, തൊട്ടടുത്ത് 41 എണ്ണത്തോടെ തിരുവനന്തപുരവുമാണ്. 2025-26-ൽ ജില്ല തിരിച്ചുള്ള വി.എച്ച്.എസ്.എസ്.കളും കോഴ്സുകളും **അനുബന്ധം 6.1.22** ൽ കൊടുത്തിരിക്കുന്നു. മാർച്ച് 2025 ലെ വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടിയത് 70.05 ശതമാനമാണ്. 2020 മുതൽ 2025 വരെ വി.എച്ച്.എസ്.ഇ. പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും എണ്ണവും സ്കൂളിൽ പോകുന്ന കുട്ടികളുടെ റിസൽട്ടുകളും (2020-2025) **അനുബന്ധം 6.1.23, 6.1.24** എന്നിവയിൽ കൊടുത്തിരിക്കുന്നു.

**ഉന്നത വിദ്യാഭ്യാസം**

ഭാവിയിലെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ അടിത്തറയായി ഉന്നത വിദ്യാഭ്യാസത്തെ കേരളം വിഭാവനം ചെയ്തിട്ടുണ്ട്. ഈ കാഴ്ചപ്പാടിന് അനുസൃതമായി, കേരളത്തെ ഒരു വിജ്ഞാനസമൂഹമായും വിജ്ഞാനസമ്പദ്‌വ്യവസ്ഥയായും മാറ്റിയെടുക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ മേഖലയിൽ ലക്ഷ്യമിട്ട മൂലധന നിക്ഷേപങ്ങളോടൊപ്പം നിരവധി ഭരണപരമായ പരിഷ്കാരങ്ങളും അക്കാദമിക് പരിഷ്കാരങ്ങളും സംസ്ഥാനം നടപ്പിലാക്കി വരുന്നു. കഴിഞ്ഞ ദശകത്തിൽ, പാഠ്യപദ്ധതിയും അധ്യാപനവും സമ്പന്നമാക്കുന്നതിലൂടെയും, സ്ഥാപനപരമായ ഭരണം മെച്ചപ്പെടുത്തുന്നതിലൂടെയും, അന്താരാഷ്ട്ര നിലവാരത്തിലുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിലൂടെയും, നൈപുണ്യവും തൊഴിൽസാധ്യതയും വർദ്ധിപ്പിക്കുന്നതിനായി വ്യവസായ മേഖലയും അക്കാദമിക് മേഖലയും തമ്മിലുള്ള ബന്ധം ശക്തമാക്കുക എന്നിവയിലൂടെ ഉന്നതവിദ്യാഭ്യാസത്തെ മാറ്റിയെടുക്കുന്നതിനായി ശക്തമായ ഒരു വേദി സംസ്ഥാനം സ്ഥാപിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട വെല്ലുവിളികൾ നിലനിൽക്കുന്നുണ്ടെങ്കിലും, ഈ സംരംഭങ്ങൾ കൂട്ടായി ഉന്നത വിദ്യാഭ്യാസത്തെ സമഗ്രമായ വളർച്ചയുടെ ഒരു പ്രധാന ചാലകമായി പുനഃസ്ഥാപിക്കുന്നതിനുള്ള നിരന്തരമായ പരിശ്രമത്തെയാണ് ഈ പദ്ധതികൾ സൂചിപ്പിക്കുന്നത്. ഈ കാഴ്ചപ്പാടോടെ, 14-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ കേരളം ഉന്നത വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ തുടർച്ചയായി മെച്ചപ്പെടുത്തിയിട്ടുണ്ട്. പ്രവേശനം വർദ്ധിപ്പിച്ചും, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തിയും, ഗുണനിലവാരം മെച്ചപ്പെടുത്തിയും, വിദ്യാർത്ഥികൾക്ക് തുല്യ അവസരങ്ങൾ നൽകിക്കൊണ്ടും ഒരു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത് 2021-2022 ലെ ഓൾ ഇന്ത്യ സർവേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) റിപ്പോർട്ട് പ്രകാരം, ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളത്തിന്റെ ആകെ പ്രവേശന നിരക്ക് (GER) 41.3 ആണ്, ഇത് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും രാജ്യത്തെ ഏഴാമത്തെ ഉയർന്ന നിരക്കാണ്, കൂടാതെ മൊത്തത്തിലുള്ള ലിംഗ തുല്യതാ സൂചിക (GPI) 1.44 ആണ് (പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീ പ്രവേശനം).

സമീപ വർഷങ്ങളിൽ നിരവധി നൂതന സംരംഭങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുണ്ട്, നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിയത്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെയും ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും സ്ഥാപനം, പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള സഹകരണം, വിദേശ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, പൊതു ഉന്നതവിദ്യാഭ്യാസ-സാങ്കേതിക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, നൂതനാശയങ്ങൾ, സംരംഭകത്വം, വ്യവസായ-അക്കാദമിക് ബന്ധം, നൈപുണ്യ വികസനം എന്നിവയ്ക്ക് നൽകുന്ന പ്രത്യേക ഊന്നൽ കേരളത്തിന്റെ പുരോഗമനപരമായ വിദ്യാഭ്യാസ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ ക്ഷേമത്തിനും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനുമായി 'വിശപ്പ് രഹിത ക്യാമ്പസ്',മുഖ്യമന്ത്രിയുടെ പ്രതിഭ സ്കോളർഷിപ്പ്, മാനസികാരോഗ്യത്തിനായി 'ജീവനി' പദ്ധതി തുടങ്ങിയ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. ദേശീയതലത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർച്ചയായി മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്യുന്നു. NIRF 2025 റാങ്കിംഗിൽ സംസ്ഥാനത്തെ സർവകലാശാലകൾ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. രാജ്യത്തെ മികച്ച 100

**പട്ടിക 6.1.6** 2024-25 ൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും ശതമാനവും

| കോഴ്സ് | ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ബി.എ | 147005 | 95240 | 51765 | 64.8 |
| ബി എസ്.സി | 113780 | 76498 | 37282 | 67.2 |
| ബി.കോം. | 48251 | 30348 | 17903 | 62.9 |
| ആകെ | 309036 | 202086 | 106950 | 65.4 |
| എം.എ | 16939 | 11320 | 5619 | 66.8 |
| എം.എസ്.സി | 21337 | 13633 | 7704 | 63.9 |
| എം.കോം | 7099 | 4893 | 2206 | 68.9 |
| ആകെ | 45375 | 29846 | 15529 | 65.8 |
| **ആകെ മൊത്തം** | **354411** | **231932** | **122479** | **65.4** |

**അവലംബം:** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

കോളേജുകളുടെ പട്ടികയിൽ കേരളത്തിൽ നിന്നുള്ള 18 കോളേജുകൾ ഇടംനേടിയിട്ടുണ്ടെന്നും, അവയിൽ മൂന്നെണ്ണം NIRF 2025 റാങ്കിംഗ് പ്രകാരം രാജ്യത്തെ മുൻനിര 50 കോളേജുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ശ്രദ്ധേയമാണ്.

### സർവ്വകലാശാലയും ഉന്നതവിദ്യാഭ്യാസവും

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകളുണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ – കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ – പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല, കേരള മത്സ്യ, സമുദ്രോല്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തിവരുന്നു. 2020-ൽ കൊല്ലം ആസ്ഥാനമായി സ്ഥാപിതമായ കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും 2020-ൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും അത്യാധുനിക വിജ്ഞാന മണ്ഡലത്തിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ആവശ്യകതകൾ ഉൾകൊള്ളിച്ചുകൊണ്ട് പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളാണ്. ഇതുകൂടാതെ 2005 ൽ, സ്ഥാപിതമായ നുവാൽസ് അഥവാ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കാസർഗോഡ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാല എന്നിവയും പ്രവർത്തിക്കുന്നു. ഐഐടി പാലക്കാട്, ഐഐഎം കോഴിക്കോട്,എൻ.ഐ.ടി കോഴിക്കോട്, എഐഎസ്ഇആർ തിരുവനന്തപുരം എന്നിവയാണ് കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന ദേശീയതല സ്ഥാപനങ്ങൾ.

### ആർട്സ് ആന്റ് സയൻസ് കോളേജുകൾ

2024-25 ൽ, 164 സർക്കാർ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളും ഉൾപ്പെടുന്ന 230 ആർട്സ് ആൻഡ് സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ നിരവധി അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിങ്ങ് കോളേജുകളും സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉള്ളത് എറണാകുളത്തും തിരുവനന്തപുരത്തുമാണ് (26), തൊട്ടടുത്ത സ്ഥാനം കോട്ടയത്തിനാണ് (24). സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സർക്കാർ കോളേജുകളുള്ളത് (10) തിരുവനന്തപുരത്തും കോഴിക്കോടുമാണ്. 2024-25 ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 6.1.25** ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളുടെയും സ്വയംഭരണ കോളേജുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 6.1.26** ൽ നൽകിയിരിക്കുന്നു.

### വിദ്യാർത്ഥികളുടെ പ്രവേശനം

കേരളത്തിലെ നാല് സർവ്വകലാശാലകൾക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 2024-25 -ൽ 3.5 ലക്ഷം വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് (അൺ എയ്ഡഡ് കോളേജുകൾ ഒഴികെ). ഇതിൽ 2.3 ലക്ഷം (65.4 ശതമാനം) പെൺകുട്ടികളാണ്. (**പട്ടിക 6.1.6**) ബിരുദ പഠനത്തിന് പ്രവേശനം നേടിയിട്ടുള്ള കുട്ടികളിൽ 47.6 ശതമാനം പേർ ബി.എ യ്ക്കും, 36.8 ശതമാനം പേർ ബി.എസ്.സി.യ്ക്കും, 15.6 ശതമാനം പേർ ബി.കോമിനുമാണ് ചേർന്നിട്ടുള്ളത്. ബിരുദ പഠനത്തിന് പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 65.4 ശതമാനം പെൺകുട്ടികളാണ്. ആൺ-പെൺ തിരിച്ചുള്ള പ്രവേശനം വ്യക്തമാക്കുന്നത് ബി.എ, ബി.എസ്.സി കോഴ്സുകളെക്കാൾ ആൺകുട്ടികൾ തിരഞ്ഞെടുക്കുന്നത് ബി.കോം കോഴ്സാണ് എന്നാണ്. (**ചിത്രം 6.1.4**).

ബി.എ. ബിരുദ കോഴ്സിന് ആകെ 27 വിഷയങ്ങളാണുള്ളത്. സാമ്പത്തിക ശാസ്ത്രത്തിൽ ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത്. തൊട്ടു പുറകിൽ ഇംഗ്ലീഷ് വരുന്നു. ബി.എസ്.സി. കോഴ്സിനു കീഴിൽ ആകെ 31 വിഷയങ്ങൾ ആണുള്ളത്. ഇവിടെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഫിസിക്സിലാണ്.

**ചിത്രം 6.1.4** 2024-25 ൽ ഡിഗ്രി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സ്ത്രീ പുരുഷ അനുപാതം




**അവലംബം:** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തൊട്ടുപിറകിൽ ഗണിതശാസ്ത്രമാണ്. ബി.എ., ബി.എസ്.സി., ബി.കോം കോഴ്സുകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.27, 6.1.28, 6.1.29** എന്നിവയിൽ നൽകിയിരിക്കുന്നു. 2024-25ൽ 23,060 വിദ്യാർത്ഥികളാണ് ബിരുദാനന്തര ബിരുദ കോഴ്സിന് സംസ്ഥാനത്ത് പ്രവേശനം നേടിയത്. പിജി കോഴ്സുകളിൽ ചേരുന്നവരിൽ 66.2 ശതമാനവും പെൺകുട്ടികളാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ എം.എ, എം.എസ്.സി, എം.കോം കോഴ്സുകൾക്ക് പ്രവേശനം നേടിയവരുടെ വിശദമായ കണക്കുകൾ **അനുബന്ധം 6.1.30, 6.1.31, 6.1.32** എന്നിവയിൽ നൽകിയിരിക്കുന്നു.

### പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾ

2024-25ൽ സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികജാതി (എസ്സി) വിദ്യാർത്ഥികൾ 33,104 ആണ്, ഇത് മൊത്തം വിദ്യാർത്ഥികളുടെ 9.34 ശതമാനമാണ്. 2024-25ൽ സംസ്ഥാനത്ത് ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം 8,595 ആണ്, ഇത് മൊത്തം വിദ്യാർത്ഥികളുടെ 2.43 ശതമാനമാണ്.

2024-25 ൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ചേർന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കണക്കുകൾ **അനുബന്ധം 6.1.33** ൽ കാണാം. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ **പട്ടിക 6.1.7** ലും **ചിത്രം 6.1.5** ലും കാണാം.

### സ്കോളർഷിപ്പുകൾ

2024-25 ൽ കേരളത്തിലെ വിദ്യാർഥികൾക്ക് 16 തരം കേന്ദ്ര-സംസ്ഥാനതല സ്കോളർഷിപ്പുകൾ ലഭിക്കുന്നു. 48,168 വിദ്യാർത്ഥികൾ ജില്ലാ മെറിറ്റ് സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, 6,196 വിദ്യാർത്ഥികൾ സംസ്ഥാന മെറിറ്റ് സ്കോളർഷിപ്പിന് അർഹരായി. കൂടാതെ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥി കൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആകെ 1,850 പേർക്ക് ലഭിച്ചു. 2020-21 മുതൽ 2024-25 വരെയുള്ള കാലഘട്ടത്തിൽ നൽകിയിട്ടുള്ള സ്കോളർഷിപ്പുകളുടെ വിവരങ്ങൾ **അനുബന്ധം 6.1.34** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.1.7** 2024-25 ൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ എസ്.സി, എസ്.ടി വിദ്യാർത്ഥികൾ

| കോഴ്സ് | ആകെ | ശതമാനം എസ്.സി | ശതമാനം എസ്.ടി | ശതമാനം മറ്റുള്ളവർ |
|---|---|---|---|---|
| ബി.എ | 100 | 7.77 | 2.42 | 89.81 |
| ബി.എസ്.സി | 100 | 11.49 | 1.26 | 87.25 |
| ബി.കോം | 100 | 8.74 | 2.24 | 89.02 |
| ആകെ | 100 | 9.29 | 1.97 | 88.74 |
| എം.എ | 100 | 9.60 | 6.16 | 84.24 |
| എം.എസ്.സി | 100 | 9.11 | 4.12 | 86.77 |
| എം.കോം | 100 | 11.49 | 8.27 | 80.24 |
| ആകെ | 100 | 9.67 | 5.53 | 84.80 |
| **ആകെ മൊത്തം** | **100** | **9.34** | **2.43** | **88.23** |

**അവലംബം:** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

**അദ്ധ്യാപകർ**
സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2024–25 ലെ അധ്യാപകരുടെ എണ്ണം 11,160 ആണ്. ഇതിൽ 57.7 ശതമാനം സ്ത്രീകളാണ്. 2020–2021 മുതൽ 2024–25 വരെയുള്ള വർഷങ്ങളിൽ സർവ്വകലാശാല തിരിച്ച് കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ എണ്ണം **അനുബന്ധം 6.1.35** ൽ കാണാം. ഇവരിൽ 4,618 പേർ (41.4 ശതമാനം) പി.എച്ച്.ഡി. ബിരുദമുള്ളവരാണ്. വിശദവിവരങ്ങൾ **അനുബന്ധം 6.1.36** ൽ കൊടുത്തിട്ടുണ്ട്. 2024–25 ൽ സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 4,017 പേർ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയത് വരുന്നു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.37** ൽ കാണാം.

**ചിത്രം 6.1.5** 2024–25 ലെ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സിലെ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ശതമാനത്തിൽ




**ഉറവിടം:** കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

### 2024–25 ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പ്രധാന സംരംഭങ്ങൾ

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തുല്യത ഉറപ്പാക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് നിരവധി നൂതന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഡയറക്ടറേറ്റിന് കീഴിലുള്ള അത്തരം പദ്ധതികളുടെ ലഘുവിവരണം താഴെ നൽകുന്നു:

**വിശപ്പ് രഹിത കാമ്പസ്:** കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ കോളേജുകളിൽ പഠിക്കുന്ന 30,000 ത്തോളം വിദ്യാർത്ഥികൾക്ക് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷണം നൽകി ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനായി 2022–23 സാമ്പത്തിക വർഷം മുതൽ "വിശപ്പ് രഹിത ക്യാമ്പസ്" എന്ന പദ്ധതി സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നു. നിലവിൽ വകുപ്പിന് കീഴിലുള്ള കോളേജുകളിലെ കാന്റീനുകൾ കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് പ്രവർത്തിക്കുന്നത്. പ്രതികൂല ജീവിതസാഹചര്യങ്ങളിൽ നിന്ന് വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കോളേജുകൾ തിരിച്ചറിയുകയും ആ വിദ്യാർത്ഥികൾക്ക് പ്രത്യേക കൂപ്പൺ/ടോക്കൺ മുഖേന 10/- രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുകയും ചെയ്യുന്നു. കാന്റീനുകൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനാണ് ഈ തുക പദ്ധതി പ്രകാരം കാന്റീനുകൾക്ക് അനുവദിച്ചിരിക്കുന്നത്.

**മുഖ്യമന്ത്രിയുടെ പ്രതിഭ സ്കോളർഷിപ്പ് അവാർഡ്:** മുഖ്യമന്ത്രിയുടെ 100 ദിവസത്തെ പരിപാടിയുടെ ഭാഗമായി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 1000 പ്രതിഭാധനരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത നൂതന പദ്ധതിയാണ് പ്രതിഭാ ധനസഹായ പദ്ധതി. 1000 സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്

**ജീവനി – കോളേജ് മാനസിക ബോധവൽക്കരണ പരിപാടി:–** ഈ പരിപാടിയിലൂടെ ജീവനി കൗൺസിലർമാർ വഴി കോളേജുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും മാനസിക പിന്തുണ ലഭിക്കും അതുവഴി സ്ഥാപനങ്ങളിൽ നല്ല അന്തരീക്ഷം പ്രോത്സാഹിപ്പിക്കും. സർക്കാർ, എയ്ഡഡ് മേഖലയ്ക്ക് കീഴിലുള്ള എല്ലാ കോളേജുകളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**പഠനത്തോടൊപ്പം സമ്പാദ്യം:** പഠനത്തോടൊപ്പം സമ്പാദ്യം എന്നത് വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനും തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ്. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വകുപ്പ് സഹായം നൽകുന്നു.

**കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ**
ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, സംസ്ഥാനതല ആസൂത്രണത്തിന്റെയും സഹകരണത്തിന്റെയും പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, എല്ലാ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കണമെന്ന് ദേശീയ വിദ്യാഭ്യാസ നയം 1986ൽ നിർദ്ദേശിച്ചു. 2007 മാർച്ച് 16 ന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിൽ വന്നു. കൗൺസിൽ സംസ്ഥാനത്തെ പ്രധാന ഉന്നത വിദ്യാഭ്യാസ ചിന്താകേന്ദ്രമാണ്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ തുല്യത, പ്രവേശനം, മികവ് എന്നിവ കൊണ്ടുവരുന്നതിനുള്ള നയോപദേശം നൽകുന്നു. കൗൺസിലിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു.

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.
- സർക്കാരിനും, സർവ്വകലാശാലകൾക്കും, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപദേശം നൽകുക.
- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ ആശയങ്ങൾക്കും പദ്ധതികൾക്കും തുടക്കം കുറിക്കുക
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ

സ്വയംഭരണാവകാശത്തിൽ കൈകടത്താതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പൊതു സൗകര്യങ്ങൾ ലഭ്യമാക്കുക.

**2024–25 കാലയളവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ**

വിഭവ കൈമാറ്റത്തിലൂടെയും, നിരന്തരമായ ഇടപെടലുകളിലൂടെയും സംവാദങ്ങളിലൂടെയും സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ സംഘടനാ സംവിധാനങ്ങൾ രൂപീകരിച്ചുകൊണ്ട് കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ സഹായിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഒരു പ്രത്യേക സംവിധാനം കൗൺസിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു:

**കോളേജുകളുടെ ക്ലസ്റ്റർ:** എൻറോൾമെന്റും വിദ്യാഭ്യാസ നിലവാരവും വർധിപ്പിക്കുന്നതിന് ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സമീപ കോളേജുകൾക്കിടയിൽ മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ പരസ്പരം പങ്കിടുന്നതിനുള്ള ഒരു ക്രമീകരണമാണ് കോളേജുകളുടെ ക്ലസ്റ്റർ. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ക്ലസ്റ്ററുകൾ 2009 മുതൽ പ്രവർത്തിക്കുന്നു, അവയിൽ യഥാക്രമം അഞ്ച്, നാല്, അഞ്ച് അംഗ കോളേജുകൾ ഉൾപ്പെടുന്നു. 2024–25 കാലയളവിൽ തലശ്ശേരി, കാസർകോട്, പാലക്കാട് മേഖലകളിൽ ആരംഭിച്ച ക്ലസ്റ്ററുകൾ പ്രവർത്തനക്ഷമമായി. പൊതുവായ ഗവേഷണ ലാബുകൾ, ആഡ്-ഓൺ കോഴ്സുകൾ, യോഗ ക്ലാസുകൾ, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കായിക മത്സരങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, റെസിഡൻഷ്യൽ ക്യാമ്പുകൾ, ശില്പശാലകൾ, അന്താരാഷ്ട്ര കോൺഫറൻസുകൾ, സംയുക്ത പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവയാണ് 'ക്ലസ്റ്റർ ഓഫ് കോളേജസ്' പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

**സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (സാക്):** രാജ്യത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ പെടുന്ന അനേകം അഫിലിയേറ്റഡ് സ്ഥാപനങ്ങളെ വിലയിരുത്തി ഗ്രേഡിംഗ് ചെയ്യുന്നതിനുള്ള ചുമതല നിറവേറ്റുന്നതിനായി നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും സംസ്ഥാനതല അക്രഡിറ്റേഷൻ മെക്കാനിസം എന്ന ആശയം നിർദ്ദേശിച്ചിട്ടുണ്ട്. 2024–25 കാലയളവിൽ 4 കോളേജുകളുടെ മൂല്യനിർണയ പ്രക്രിയ പൂർത്തിയായി.

യു.ജി.സിയുടെ നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) നിർദ്ദേശിച്ചിട്ടുള്ള പ്രധാന സൂചികകളും മാനദണ്ഡങ്ങളും ഉൾപ്പെടുത്തി സാക് (SAAC – State Assessment and Accreditation Council) മാനുവൽ പരിഷ്കരിച്ചു. ഇതിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് സാമൂഹിക ഉൾച്ചേർക്കൽ, തുല്യത, മികവ്, ശാസ്ത്രീയാഭിമുഖ്യം, മതേതര കാഴ്ചപ്പാട് എന്നീ മൂല്യങ്ങളും നിലനിർത്തിയിട്ടുണ്ട്. സാക് (SAAC) ഇതുവരെ നാല് കോളേജുകളുടെ അക്രഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കി. ഇതിൽ മൂന്നെണ്ണം 2021-23 കാലയളവിലും ഒരെണ്ണം 2025-ലുമാണ് പൂർത്തിയാക്കിയത്. ഫാറൂഖ് ട്രെയിനിംഗ് കോളേജ് 3.39 (CGPA) പോയിന്റുമായി 'എ പ്ലസ്' (A+) ഗ്രേഡ് കരസ്ഥമാക്കി. ബിഷപ്പ് മൂർ കോളേജ് 3.21 (CGPA) പോയിന്റുമായി 'എ' (A) ഗ്രേഡും, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് (ഓട്ടോണമസ്) 3.45(CGPA) പോയിന്റുമായി 'എ പ്ലസ്' ഗ്രേഡും നേടി. തളിപ്പറമ്പ് സർ സയദ് കോളേജ് 3.30 (CGPA) പോയിന്റുമായി 'എ പ്ലസ്' ഗ്രേഡും സ്വന്തമാക്കി.

**ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്:** ഈ സ്കീമിന് കീഴിൽ, പ്രഫഷണൽ അല്ലാത്ത ബിരുദ കോഴ്സുകൾ പിന്തുടരുന്നതിന് മികച്ച വിദ്യാർത്ഥികൾക്ക് ഓരോ അധ്യയന വർഷത്തിലും 1000 പുതിയ സ്കോളർഷിപ്പുകൾ നൽകുന്നു. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന അവാർഡ് ജേതാക്കളുടെ സ്കോളർഷിപ്പുകൾ അവരുടെ ബിരുദാനന്തര ബിരുദം പൂർത്തിയാകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ പുതുക്കുന്നതാണ്. 2024–25 കാലയളവിൽ ബിരുദ, ബിരുദാനന്തര വിഭാഗങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ഗുണഭോക്താക്കളുടെ എണ്ണം യഥാക്രമം 2,301 ഉം 446 ഉം ആണ്.

**ഇ–ജേണൽ കൺസോർഷ്യം:** രാജ്യത്തെ സ്ഥാപനങ്ങളിലുടനീളമുള്ള ഇ–ജേണലുകളിലേക്ക് അക്കാദമിക് സമൂഹത്തിന് സൗജന്യ പ്രവേശനം നൽകുന്നതിനുള്ള സൗകര്യമാണിത്. ഇത് ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ്‌വർക്ക് സെന്ററുകൾ വഴിയാണ് ചെയ്യുന്നത്, അതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനാകും. ബന്ധപ്പെട്ട വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാബേസുകളും, സർക്കാർ അല്ലെങ്കിൽ സർവ്വകലാശാലകൾ പൂർണ്ണമായും ധനസഹായം നൽകി ചർച്ചകളിലൂടെ നിശ്ചയിച്ച നിരക്കിൽ വരിക്കാരാകാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടെയും പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്ത് ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. കൂടുതൽ പ്രസാധകരെയും ഇ–റിസോഴ്സസുകളെയും ഉൾപ്പെടുത്തി ഇ–കൺസോർഷ്യം വിപുലീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഡിജിറ്റൽ വിഭവങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി 'നിംബസ്' (Knimbus) സെർച്ച് പ്ലാറ്റ്‌ഫോമും ഒരുക്കിയിട്ടുണ്ട്.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്):** സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികളിലെ ശേഖരങ്ങൾ ഒരിടത്ത് ലഭ്യമാക്കുന്നതിനായി വികസിപ്പിച്ചെടുത്ത അക്കാദമിക് വിഭവങ്ങളുടെ ഒരു പ്ലാറ്റ്‌ഫോമാണ് കാൽനെറ്റ് (KALNET). 2021 ഫെബ്രുവരിയിലാണ് ഇത് പ്രവർത്തനമാരംഭിച്ചത്. 11 സർവ്വകലാശാലകളിലായി വ്യാപിച്ചുകിടക്കുന്ന 147 ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങൾ ഈ പ്ലാറ്റ്‌ഫോമിലൂടെ ഏകോപിപ്പിച്ചിരിക്കുന്നു. പുസ്തകങ്ങൾക്ക്

**ബോക്സ് 6.1.3** ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾ

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശകൾ പ്രകാരം ഗവേഷണ-വികസന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് ആരംഭിക്കുന്ന മികവിന്റെ കേന്ദ്രങ്ങളെ (Centres of Excellence – CoE) കുറിച്ചുള്ള വിവരങ്ങൾ താഴെ നൽകുന്നു:

ആദ്യഘട്ടത്തിൽ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏഴ് മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 7 മികവിന്റെ കേന്ദ്രങ്ങളും രണ്ട് ഉപകേന്ദ്രങ്ങളുമാണ് വികസിപ്പിക്കുന്നത്.

**പ്രധാന മികവിന്റെ കേന്ദ്രങ്ങൾ:**

I. സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് (CETLT–ആസ്ഥാനം –കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ): കരിക്കുലം ഡിസൈൻ, സിലബസ് തയ്യാറാക്കൽ, മൂല്യനിർണ്ണയ രീതികൾ എന്നിവയിൽ അധ്യാപകർക്ക് കൃത്യമായ പരിശീലനം നൽകുന്നു. നിരന്തരമായ ആഭ്യന്തര മൂല്യനിർണ്ണയ രീതികൾക്ക് ഇവിടെ പ്രാധാന്യം നൽകുന്നു.

II. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ (KISTI–ആസ്ഥാനം: എം.ജി. സർവ്വകലാശാല): അത്യാധുനിക ഗവേഷണങ്ങൾക്കും പ്രൊഫഷണൽ വികസനത്തിനുമായി അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ, വ്യവസായ പങ്കാളികൾ എന്നിവരെ ഈ കേന്ദ്രം ഒരുമിച്ച് കൊണ്ടുവരുന്നു.

III. കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ (KNRSHE – ആസ്ഥാനം: കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ): കണ്ണൂർ, തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങളുള്ള ഈ ശൃംഖല, സംസ്ഥാനത്തുടനീളമുള്ള ഗവേഷണ സൗകര്യങ്ങൾ പങ്കുവെക്കുന്നതിലൂടെ ഗവേഷകർക്കും അധ്യാപകർക്കും പിന്തുണ നൽകുന്നു.

IV. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് (KIAS–ആസ്ഥാനം:സി.ഇ.ടി മൂന്നാർ): ഗവേഷകവിദ്യാർത്ഥികൾക്ക് ഒത്തുചേരാനും ഗവേഷണങ്ങളിൽ ഏർപ്പെടാനുമുള്ള ഒരു സമ്പൂർണ്ണ റെസിഡൻഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടാണിത്. കേരള പഠനവുമായി ബന്ധപ്പെട്ട പ്രധാന പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുകയാണ് ഇതിന്റെ ലക്ഷ്യം.

V. സെന്റർ ഫോർ ഇൻഡിജിനസ് പീപ്പിൾസ് എഡ്യൂക്കേഷൻ (CIPE– ആസ്ഥാനം:കാലിക്കറ്റ് സർവ്വകലാശാല):ഗോത്ര വർഗ്ഗ/ ആദിവാസി വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസ പങ്കാളിത്തം ഉറപ്പാക്കുന്നതിനും അവരുടെ സംസ്കാരത്തിന് അനുയോജ്യമായ വിദ്യാഭ്യാസ പരിപാടികൾ വികസിപ്പിക്കുന്നതിനും ഈ കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

VI. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വാളിറ്റി (KIGE–ആസ്ഥാനം: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി): ഗവേഷണം, വിവരശേഖരണം, മികച്ച മാതൃകകളുടെ പ്രചാരണം എന്നിവയിലൂടെ ലിംഗസമത്വം ഉറപ്പാക്കാൻ ഈ കേന്ദ്രം പ്രവർത്തിക്കുന്നു.

VII. കേരള ലാംഗ്വേജ് നെറ്റ്‌വർക്ക് (KLN – ആസ്ഥാനം: മലയാളം സർവ്വകലാശാല, പൊന്നാനി ഉപകേന്ദ്രം): വിജ്ഞാന ഗ്രന്ഥങ്ങൾ മലയാളത്തിലേക്കും മറ്റ് ഭാഷകളിലേക്കും വിവർത്തനം ചെയ്യുക, ഭാഷാ ഗവേഷണം നടത്തുക, വികസിതമല്ലാത്തതും ന്യൂനപക്ഷ ഭാഷകളുമായവയെ രേഖപ്പെടുത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

പുറമെ, അപൂർവ്വ കൈയെഴുത്തുപ്രതികൾ, ജേണലുകൾ, പി.എച്ച്.ഡി പ്രബന്ധങ്ങൾ, ഓഡിയോ ബുക്കുകൾ, വിവിധ റിപ്പോർട്ടുകൾ എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എറുഡൈറ്റ് സ്കീം:** സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണ നിലവാരം മെച്ചപ്പെടുത്തു ന്നതിനായി അവതരിപ്പിക്കുന്ന എറുഡൈറ്റ് സർക്കാരിന്റെ ഒരു പ്രധാന പരിപാടിയാണ്. നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ ലോകമെമ്പാടുമുള്ള മികച്ച പണ്ഡിതന്മാരുമായി സംവദിക്കാൻ ഇത് അക്കാദമിക് സമൂഹത്തെ പ്രാപ്തമാക്കുന്നു. സംസ്ഥാനത്തെ വിവിധ സർവകലാശാലകളും കോളേജുകളും മുഖേന പദ്ധതി നടപ്പാക്കുന്നതിനുള്ള ഏകോപന ഏജൻസിയായി കെഎസ്എച്ച്ഇസി പ്രവർത്തിക്കുന്നു. എറുഡൈറ്റ് സ്കീമിന് കീഴിൽ സർവകലാശാലകളും കോളേജുകളും സംഘടിപ്പിച്ച വിവിധ പരിപാടികളിൽ നൊബേൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ 220 ദേശീയ അന്തർദേശീയ പണ്ഡിതന്മാർ പങ്കെടുത്തിട്ടുണ്ട്.

**കൈരളി ഗവേഷണ അവാർഡുകൾ:** സംസ്ഥാനത്തെ ഏറ്റവും പ്രഗത്ഭരായ ഗവേഷകരെയും ഗവേഷണ അദ്ധ്യാപകരെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2017–2018 മുതൽ കൈരളി ഗവേഷണ അവാർഡുകൾ ഏർപ്പെടുത്തുകയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ (KSHEC) കൈരളി ഗവേഷണ അവാർഡുകളുടെ സെക്രട്ടറിയേറ്റായി അംഗീകരിക്കുകയും ചെയ്തു. 2018 മുതൽ, കൗൺസിൽ മൂന്ന് തവണയായി അവാർഡുകൾ തിരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയാക്കുകയും ആ അവാർഡുകൾ സ്വീകർത്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

**ഡിജികോൾ (DIGICOL):** കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി സഹകരിച്ച് സംസ്ഥാനത്തെ കോളേജുകൾക്കായി 'മൂഡിൽ എൽ.എം.എസ്'' (Moodle LMS – Learning Management System) എന്ന ഓൺലൈൻ പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചു. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന ഈ പരിശീലനം പൂർത്തിയാക്കുന്ന കോളേജുകൾക്കായി സർവർ ഇൻഫ്രാസ്ട്രക്ചർ സൗകര്യം ഒരുക്കുന്നത് കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജിയാണ്. ഡിജികോൾ പദ്ധതിയുടെ ഭാഗമായി ഇതുവരെ 35

കോളേജുകൾക്ക് പ്രത്യേകമായി തയ്യാറാക്കിയ എൽ.എം.എസ് (LMS), സർവർ സൗകര്യം എന്നിവ ലഭ്യമാക്കി. ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗ് പ്രോഗ്രാമിന് കീഴിൽ ഇതുവരെ 110 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു.

**മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് പദ്ധതി (CMNPF):** സാമൂഹിക, സാമ്പത്തിക, കാർഷിക വികസനം, വ്യവസായം തുടങ്ങിയ മേഖലകളിൽ ഗുണനിലവാരമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ നവീകരണവും വികസന ആവശ്യങ്ങളും നിറവേറ്റുന്നതിനായി കേരള സർക്കാർ, 'മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ്' എന്ന അഭിമാനകരമായ പദ്ധതി അവതരിപ്പിച്ചു. ആദ്യ ഘട്ടത്തിൽ (2021-22), 77 പേർക്ക് CMNPF അവാർഡ് ലഭിച്ചു. CMNPF-ന്റെ രണ്ടാം ഘട്ടം (2022-23) 2023 ഓഗസ്റ്റിൽ 64 ഉദ്യോഗാർത്ഥികൾക്ക് നൽകുകയും 2023-24 വർഷത്തിൽ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പിനുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്കുള്ള (31 എണ്ണം) ചുരുക്കപ്പട്ടികയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെല്ലോഷിപ്പിന്റെ രണ്ടാം ഘട്ടത്തിൽ (രണ്ടാം ബാച്ച്) 68 ഫെലോകളെ (PDFs) പ്രഖ്യാപിക്കുകയും, അതിൽ 59 പേർ ഗവേഷണത്തിനായി ചേരുകയും ചെയ്തു.

**കേരള – എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (കെ-റീപ്):** വൈവിധ്യമാർന്ന കാമ്പസ് പ്രവർത്തനങ്ങളെ ഏകീകൃത സംവിധാനത്തിലേക്ക് കേന്ദ്രീകരിക്കുന്ന സോഫ്റ്റ്‌വെയർ സംവിധാനം വികസിപ്പിക്കുന്നതിനും ഇ.ആർ.പി സോഫ്റ്റ്‌വെയർ ചെയ്യുന്നതിനുമായി കേരള സർക്കാരിന്റെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയുള്ള കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൻറെ ഒരു സംരംഭമാണ് കെ-റീപ്. കെ-റീപ് പ്ലാറ്റ്ഫോം സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആസൂത്രണം, മാനെജെമെന്റ്, ഡെലിവറി, മോണിറ്ററിംഗ് പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും ഒരു ഡിജിറ്റൽ ചട്ടക്കൂട് ഉപയോഗിച്ച് ശാക്തീകരിക്കുന്നു. അതുവഴി കേരള സർക്കാർ നിയോഗിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകൾ നിർദ്ദേശിച്ച പരിവർത്തന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നു. കണ്ണൂർ, കാലിക്കറ്റ്, മലയാളം സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, മഹാരാജാസ് കോളേജ് തുടങ്ങിയ പ്രധാന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെ-റീപ് നടപ്പിലാക്കി. ഇതിനോടകം 35,000 വിദ്യാർത്ഥികൾ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF):** സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ലക്ഷ്യമിട്ട് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി രൂപീകരിച്ച സമഗ്രമായ റാങ്കിംഗ് സംവിധാനമാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF). ദേശീയ തലത്തിലുള്ള എൻ.ഐ.ആർ.എഫ് (NIRF) മാതൃകയിൽ കേരളത്തിന് മാത്രമായി തയ്യാറാക്കിയ ഒരു റാങ്കിംഗ് സൂചികയാണിത്. ഇത് സംസ്ഥാനത്തെ 1500-ലധികം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സമഗ്രമായി വിലയിരുത്താൻ സഹായിക്കും. വിലയിരുത്തലിനായി ശാസ്ത്രീയാഭിമുഖ്യം, മതേതര കാഴ്ചപ്പാട്, ഹരിത സാങ്കേതികവിദ്യയുടെ ഉപയോഗം, അക്രഡിറ്റേഷൻ, റാങ്കിംഗ് തുടങ്ങിയ കേരളത്തിന്റെ സവിശേഷമായ മാനദണ്ഡങ്ങളും സൂചകങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2024-25 കാലയളവിലെ കേരളത്തിലെ സർവ്വകലാശാലകളുടെ പ്രധാന നേട്ടങ്ങൾ**

കേരള സർവ്വകലാശാല 3.67 സി.ജി.പി.എ (CGPA) യോടെ നാക് (NAAC) അക്രഡിറ്റേഷനിൽ A++ ഗ്രേഡ് കരസ്ഥമാക്കി. സംസ്ഥാനത്തെ ഒരു സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഏറ്റവും ഉയർന്ന ഗ്രേഡും പോയിന്റുമാണിത്. 2015-ൽ സംസ്ഥാനത്തെ മികച്ച സർവ്വകലാശാലയ്ക്കുള്ള ആദ്യത്തെ ചാൻസലേഴ്സ് അവാർഡ് ഈ സർവ്വകലാശാലയ്ക്കാണ് ലഭിച്ചത്. കൂടാതെ, 2025-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്കിൽ (NIRF) സംസ്ഥാന പൊതു സർവ്വകലാശാലകളുടെ വിഭാഗത്തിൽ അഞ്ചാം സ്ഥാനവും, സർവ്വകലാശാലകളുടെ പൊതുവിഭാഗത്തിൽ 21-ാം സ്ഥാനവും, ആകെ റാങ്കിംഗിൽ 42-ാം സ്ഥാനവും സർവ്വകലാശാല നേടി. ക്യു.എസ് (QS) വേൾഡ് റാങ്കിംഗ് ഏഷ്യ 2025-ൽ, കഴിഞ്ഞ വർഷത്തെ 451-ാം സ്ഥാനത്തിൽ നിന്നും മെച്ചപ്പെട്ട് 339-ാം സ്ഥാനം സർവ്വകലാശാല കൈവരിച്ചു. ദക്ഷിണേഷ്യൻ വിഭാഗത്തിൽ 88-ാം സ്ഥാനമാണ് ഇതിനുള്ളത്. ക്യു.എസ് വേൾഡ് യൂണിവേഴ്സിറ്റി സസ്റ്റൈനബിലിറ്റി റാങ്കിംഗ് 2025-ൽ, പരിസ്ഥിതി ആഘാത വിഭാഗത്തിൽ 810-ാം സ്ഥാനവും, ഭരണനിർവ്വഹണത്തിൽ 868-ാം സ്ഥാനവും, സാമൂഹിക ആഘാതത്തിൽ 1001+ സ്ഥാനവും നേടി. മൊത്തത്തിലുള്ള പ്രകടനത്തിൽ 1181-1200 ബാൻഡിലാണ് സർവ്വകലാശാല ഇടംപിടിച്ചത്.

ഇന്ത്യാ ടുഡേയുടെ 2024-ലെ MDRA റാങ്കിംഗിൽ രാജ്യത്തെ സർക്കാർ സർവ്വകലാശാലകളിൽ 16-ാം സ്ഥാനവും, കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ (KIRF) രണ്ടാം സ്ഥാനവും കേരള സർവ്വകലാശാല കരസ്ഥമാക്കി. ഭിന്നശേഷി സൗഹൃദമായ അന്തരീക്ഷം ഒരുക്കുന്നതിനായുള്ള 'സുഗമ്യ ഭാരത അഭിയാൻ' പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവെച്ച രാജ്യത്തെ ആദ്യ 10% ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർവ്വകലാശാല ഇടംപിടിച്ചു. നിലവിൽ 218 വിദേശ വിദ്യാർത്ഥികൾ സർവ്വകലാശാലയിൽ പഠിക്കുന്നുണ്ട്; അവർക്കായി അത്യാധുനിക താമസസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ, മലയാളത്തിൽ പുസ്തകങ്ങൾ രചിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരളത്തിലെ സർവ്വകലാശാലകളുടെ നോഡൽ സർവ്വകലാശാലയായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കേരള സർവ്വകലാശാലയെ തെരഞ്ഞെടുത്തു.

നാക് (NAAC) അക്രഡിറ്റേഷന്റെ നാലാം ഘട്ടത്തിൽ 3.61 സി.ജി.പി.എ (CGPA) യോടെ ഏറ്റവും ഉയർന്ന ഗ്രേഡായ A++ മഹാത്മാഗാന്ധി സർവ്വകലാശാല കരസ്ഥമാക്കി. നാലാം ഘട്ടത്തിൽ A++ ഗ്രേഡ് നേടുന്ന കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയാണിത്. 2025-ലെ എൻ.ഐ.ആർ.എഫ് (NIRF) റാങ്കിംഗിൽ സംസ്ഥാന പൊതു സർവ്വകലാശാലകളിൽ 17-ാം സ്ഥാനവും, സർവ്വകലാശാല വിഭാഗത്തിൽ 43-ാം റാങ്കും, ആകെയുള്ള റാങ്കിംഗിൽ

**ബോക്സ് 6.1.4 "സ്റ്റഡി ഇൻ കേരള"**

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ സംവിധാനം ലിംഗഭേദമോ വൈകല്യമോ തടസ്സമാകാത്ത രീതിയിൽ എല്ലാവരെയും ഉൾക്കൊള്ളുന്നതും സാർവത്രികവുമായ ഒരു ഉന്നതവിദ്യാഭ്യാസം നൽകുന്നതിന് ഊന്നൽ നൽകുന്നു. ആഗോള നിലവാരവും ഉയർന്നുവരുന്ന പ്രവണതകളുമായി യോജിപ്പിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ പരിവർത്തനം ചെയ്യുന്നതിനായി കേരള സർക്കാർ നിരവധി സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കേരളത്തെ ഒരു ആഗോള വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി, 2024 ജനുവരിയിൽ ചേർന്ന നാലാമത് കൗൺസിലിന്റെ ഗവേണിംഗ് ബോഡിയുടെ ആദ്യ യോഗത്തിൽ 'സ്റ്റഡി ഇൻ കേരള' പദ്ധതിയുടെ ഉദ്ഘാടനം സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചു. 'സ്റ്റഡി ഇൻ കേരള' സംരംഭം അന്തർദേശീയ വിദ്യാർത്ഥികളെ ആകർഷിക്കുകയും കേരളത്തെ സമൃദ്ധമായ വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുകയും ചെയ്യാനുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. കേരളത്തിലെ സർവകലാശാലകളിലേക്കും കോളേജുകളിലേക്കും അന്തർദേശീയ വിദ്യാർത്ഥികളുടെ ഇവിടേക്കുള്ള വരവ് പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകളോടും ഈ ദർശനം യോജിച്ചുനിൽക്കുന്നു. ക്യാമ്പസുകളിൽ വൈവിധ്യം കൊണ്ടുവരുന്നതിലൂടെ കേരളത്തിലെ വിദ്യാർത്ഥികളെ ആഗോള സമൂഹത്തിൽ പ്രവർത്തിക്കാൻ അനുയോജ്യമായ രീതിയിൽ സജ്ജരാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ദേശീയ അന്തർദേശീയ വിദഗ്ധരുമായി ആലോചിച്ച് കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഒരു പ്രത്യേക സ്ട്രാറ്റജി റിപ്പോർട്ടിനു അന്തിമ രൂപം നൽകിവരികയാണ്.

79-ാം സ്ഥാനവും സർവ്വകലാശാല നേടി. ടൈംസ് ഹയർ എഡ്യൂക്കേഷൻ പ്രസിദ്ധീകരിച്ച ലോക സർവ്വകലാശാലാ റാങ്കിംഗിൽ, ആഗോള മൂല്യനിർണ്ണയ പ്രകാരം ഇന്ത്യൻ സർവ്വകലാശാലകളിൽ ഒമ്പതാം സ്ഥാനം എം.ജി സർവ്വകലാശാലയ്ക്കുണ്ട്. 2025-ൽ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏർപ്പെടുത്തിയ 'മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്' നൽകി സർവ്വകലാശാലയെ ആദരിച്ചു. ക്യാമ്പസിലെ ജൈവവൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിലെ മികവിന് 2025-ലെ 'ജൈവവൈവിധ്യ സംരക്ഷണ പുരസ്കാരവും' സർവ്വകലാശാലയ്ക്ക് ലഭിച്ചു. സാമൂഹിക നീതിയുടെ അടയാളമായി, ട്രാൻസ്ജെൻഡർ വിഭാഗത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന താമസസൗകര്യം ഒരുക്കുന്നതിനായി കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ സ്റ്റുഡന്റ്സ് ഹോസ്റ്റൽ സർവ്വകലാശാല സ്ഥാപിച്ചു.

ഇരുപത്തിയഞ്ചിലധികം ബിരുദാനന്തര പഠന-ഗവേഷണ വകുപ്പുകളുള്ള കാലിക്കറ്റ് സർവ്വകലാശാല കേരളത്തിലെ ഏറ്റവും വലിയ സർവ്വകലാശാലയാണ്. നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) അടുത്തിടെ നടത്തിയ നാലാം ഘട്ട മൂല്യനിർണ്ണയത്തിൽ 4-ൽ 3.45 പോയിന്റുകൾ നേടി സർവ്വകലാശാല 'A+' ഗ്രേഡിലേക്ക് നിലവാരം മെച്ചപ്പെടുത്തി. കൂടാതെ, 2025-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) റാങ്കിംഗിൽ സംസ്ഥാന പൊതു സർവ്വകലാശാലകളുടെ വിഭാഗത്തിൽ 38-ാം സ്ഥാനവും സർവ്വകലാശാല കരസ്ഥമാക്കി. എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം ലക്ഷ്യമിട്ട്, ശിശുക്കൾ, കൗമാരക്കാരായ പെൺകുട്ടികൾ, വയോധികർ, ഭിന്നശേഷിയുള്ള കുട്ടികൾ എന്നിവർക്കായി ഡേ കെയർ സെന്റർ സൗകര്യങ്ങളും സർവ്വകലാശാല നിർമ്മിച്ചിട്ടുണ്ട്. 2021-ൽ നടന്ന രണ്ടാമത്തെ നാക് (NAAC) അക്രഡിറ്റേഷൻ ഘട്ടത്തിൽ 2.85 പോയിന്റുകളോടെ B++ ഗ്രേഡാണ് കണ്ണൂർ സർവ്വകലാശാല കരസ്ഥമാക്കിയത്. ഹൈദരാബാദ് സർവ്വകലാശാലയുടെ നേതൃത്വത്തിലുള്ള എ.എൻ.ആർ.എഫ്-പെയർ (ANRF-PAIR) എന്ന ഉന്നത ഗവേഷണ പദ്ധതിയിലെ ആറ് "സ്പോക്ക്" (Spoke) സ്ഥാപനങ്ങളിൽ ഒന്നായി കണ്ണൂർ സർവ്വകലാശാല തിരഞ്ഞെടുക്കപ്പെട്ടു. മെറ്റബോളിക് രോഗങ്ങൾ, പകർച്ചവ്യാധികൾ, അർബുദം എന്നിവയെ പ്രതിരോധിക്കുന്നതിനുള്ള വിവിധ വിജ്ഞാനശാഖകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ബയോമെഡിക്കൽ ഗവേഷണമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. രോഗങ്ങളെ നേരത്തെ കണ്ടെത്താനും പ്രതിരോധിക്കാനുമുള്ള ദേശീയ മുൻഗണനാ ഗവേഷണങ്ങളിലാണ് സർവ്വകലാശാല ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. രാജ്യമെമ്പാടും സമർപ്പിക്കപ്പെട്ട 32 അപേക്ഷകളിൽ നിന്നാണ് ഈ പദ്ധതിക്കായി സർവ്വകലാശാല തിരഞ്ഞെടുക്കപ്പെട്ടത്. കൂടാതെ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ (KSUM) ലീപ്പ് (LEAP) സെന്റർ ആരംഭിക്കുന്ന കേരളത്തിലെ ആദ്യത്തെ സംസ്ഥാന സർവ്വകലാശാലയായും കണ്ണൂർ സർവ്വകലാശാല മാറി. മറ്റ് സർവ്വകലാശാലകൾക്കൊപ്പം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. നാക് (NAAC) അക്രഡിറ്റേഷനിൽ 3.24 സി.ജി.പി.എ (CGPA) യോടെ 'A' ഗ്രേഡാണ് സർവ്വകലാശാല കരസ്ഥമാക്കിയിരിക്കുന്നത്.

നാക് (NAAC) അക്രഡിറ്റേഷനിൽ 3.39 പോയിന്റോടെ A+ ഗ്രേഡ് കരസ്ഥമാക്കിയ കുസാറ്റ് (CUSAT), 2025-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്കിൽ (NIRF) ഇന്ത്യൻ സർവ്വകലാശാലകൾക്കിടയിൽ 32-ാം സ്ഥാനം നേടി. സംസ്ഥാന പൊതു സർവ്വകലാശാലകളിൽ ആറാം സ്ഥാനവും, ആകെയുള്ള റാങ്കിംഗിൽ 50-ാം സ്ഥാനവുമാണ് സർവ്വകലാശാലയ്ക്കുള്ളത്. 2024-ലെ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ (KIRF) കേരളത്തിലെ ഏറ്റവും മികച്ച സർവ്വകലാശാലയായി കുസാറ്റ് തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ, ഇന്ത്യാ ടുഡേയുടെ 2025-ലെ മികച്ച പൊതു സർവ്വകലാശാലകളുടെ റാങ്കിംഗിൽ ഏഴാം സ്ഥാനം കരസ്ഥമാക്കിയത് രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കുസാറ്റിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെ അടിവരയിടുന്നു. ടൈംസ് ഹയർ എഡ്യൂക്കേഷൻ (THE) ഇംപാക്ട് റാങ്കിംഗ് 2025-ൽ, ആഗോളതലത്തിൽ 401-600 ബാൻഡിൽ ഉൾപ്പെട്ട സർവ്വകലാശാല, "ലൈഫ് ബിലോ വാട്ടർ" (SDG 14) വിഭാഗത്തിൽ ലോകതലത്തിൽ തന്നെ 58-ാം സ്ഥാനം എന്ന അസാധാരണ നേട്ടം കൈവരിച്ചു. വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ് 2026-ൽ 1001-1200 ബാൻഡിലും, ക്യു.എസ് (QS) വേൾഡ്

യൂണിവേഴ്സിറ്റി സസ്റ്റൈനബിലിറ്റി റാങ്കിംഗ് 2025-ൽ 971-980 ബാൻഡിലുമാണ് സർവ്വകലാശാല ഇടംപിടിച്ചത്. ചെന്നൈയിലെ യു.എസ് കോൺസുലേറ്റ് ജനറലുമായി സഹകരിച്ച് കേരളത്തിലെ ആദ്യത്തെ 'അമേരിക്കൻ കോർണർ' 2024 ഡിസംബർ 3-ന് കുസാറ്റിൽ ഉദ്ഘാടനം ചെയ്തു. സാംസ്കാരിക വിനിമയം, പഠനം, സഹകരണം എന്നിവയ്ക്കുള്ള ഒരു കേന്ദ്രമായി പ്രവർത്തിക്കുന്ന ഇവിടെ യു.എസ് സംബന്ധമായ പഠന വിഭവങ്ങൾ സൗജന്യമായി ലഭ്യമാണ്.

**കേരള ചരിത്ര ഗവേഷണ കൗൺസിൽ (കെ.സി.എച്ച്.ആർ)**

ചരിത്രത്തിലും പുരാവസ്തുഗവേഷണത്തിലും മറ്റ് സാമൂഹ്യ ശാസ്ത്രവിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2001 ൽ സ്ഥാപിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് കെ.സി.എച്ച്.ആർ. ഇൻ-ഹൗസ്, ഫണ്ടഡ് പ്രോജക്ടുകൾ ഉൾപ്പെടെയുള്ള ഗവേഷണം, ലൈബ്രറികളും റിസോഴ്സ് സെന്ററുകളും പരിപാലിക്കൽ, ഡോക്യുമെന്റേഷൻ, പ്രസിദ്ധീകരണം, പരിശീലനം, വൈവിധ്യമാർന്ന ഫെലോഷിപ്പ് പ്രോഗ്രാമുകൾ നടത്തൽ എന്നിവ കെ.സി.എച്ച്.ആർ-ന്റെ പ്രവർത്തനങ്ങളുടെ പ്രധാന മേഖലകളിൽ ഒന്നാണ്. കെ.സി.എച്ച്.ആർ അതിന്റെ പ്രവർത്തനങ്ങളിലൂടെ നൂതന ഗവേഷണവും സ്കോളർഷിപ്പും ചരിത്രപരമായ സാമൂഹിക അവബോധവുമായി സമന്വയിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന് രണ്ട് വ്യത്യസ്ത കാമ്പസുകൾ ഉണ്ട് – ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് പട്ടണത്തും.

**2024-25 കാലയളവിൽ കെ.സി.എച്ച്.ആർ-ന്റെ പ്രധാന പ്രവർത്തനങ്ങൾ**

ചരിത്രത്തിലെ മധ്യ കാലത്തിന്റെ ഉയർച്ചയും തകർച്ചയും മനസിലാക്കാവുന്ന കേരളത്തിൻറെ ചരിത്രപരമായ ഭൂമിശാസ്ത്രം, പുരാവസ്തു പര്യവേക്ഷണങ്ങൾ, സർവേകളും ഉത്ഖനനങ്ങളും, കേരളത്തിൻറെ വിദ്യാഭ്യാസ ചരിത്രം, ദൃശ്യപരത, നഗരദൃശ്യങ്ങൾ, പൊതു ചരിത്രം: സമകാലിക കേരളത്തിന്റെ ചിന്താരീതികൾ, വയനാട്ടിലെ ശിലാകലകളുടെ അപകടസാധ്യതയും ദുർബലതയും വിലയിരുത്തൽ തുടങ്ങിയവ കൗൺസിൽ ഏറ്റെടുത്തിട്ടുള്ള വിവിധ ഗവേഷണ പദ്ധതികളിൽ ഉൾപ്പെടുന്നു. കെ.സി.എച്ച്.ആർ, 2021 ഫെബ്രുവരി 12-ന് പട്ടണം കാമ്പസിൽ ഒരു സ്കൂൾ ഓഫ് എപ്പിഗ്രാഫിക്കൽ സ്റ്റഡീസ് ആരംഭിച്ചു. ആദ്യ ബാച്ച് 2024 ഫെബ്രുവരിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കി. ഇടുക്കി ജില്ലയിലെ കൊച്ചറയ്ക്ക് സമീപമുള്ള ആനപ്പാറ എന്ന ഇരുമ്പുയുഗ/പുരാതന ചരിത്രകാലത്തെ (Iron Age/Early Historic) ജനവാസ കേന്ദ്രത്തിൽ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് പുരാവസ്തു ഖനനം നടത്തി. ആനപ്പാറ പാറയുടെ ചരിവുകളിൽ പുരാതന ചരിത്രകാലത്തെ ജനവാസത്തിന്റെ വ്യക്തമായ തെളിവുകൾ ഈ ഖനനത്തിലൂടെ പുറത്തുവന്നു.

**കേരള സംസ്ഥാന നൈപുണ്യ വികസന പ്രോജക്ട് (അസാപ്)**

എ.ഡി.ബി ധനസഹായത്തോടെയുള്ള പദ്ധതിയുടെ തുടർച്ചയായി ആരംഭിച്ച അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം 2021-മുതൽ കേരള, ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒരു സെക്ഷൻ 8 കമ്പനിയാണ്. കേരളത്തിൽ എൻ.സി.വി.ഇ.ടി (NCVET) അംഗീകരിച്ച ഏക അസസ്സിംഗ് ബോഡിയും അവാർഡിംഗ് ഏജൻസിയുമായ അസാപ് കേരളയ്ക്ക് അടുത്തിടെ അന്താരാഷ്ട്ര അംഗീകാരമുള്ള ISO 21001:2018 സർട്ടിഫിക്കേഷൻ ലഭിച്ചു. വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനം ഈ കമ്പനി നൽകുന്നു. ഓൺലൈൻ വഴിയും സ്കൂളുകൾ, കോളേജുകൾ, അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവ വഴിയുമാണ് ഈ പരിശീലനം ലഭ്യമാക്കുന്നത്.

**2024-25 കാലയളവിൽ അസാപിന്റെ പ്രധാന നേട്ടങ്ങൾ/ പ്രകടനങ്ങൾ**

കേരളത്തിലെ യുവാക്കൾക്ക് തൊഴിലധിഷ്ഠിത നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനും അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും നൽകുന്ന മികച്ച സംഭാവനകൾ പരിഗണിച്ച് 'ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024'-ൽ അസാപ് (ASAP) കേരളയെ പ്രത്യേകം അംഗീകരിച്ചു. 18-21 പ്രായപരിധിയിലുള്ള യുവാക്കളുടെ തൊഴിൽക്ഷമതയുടെ കാര്യത്തിൽ കേരളം രാജ്യത്ത് രണ്ടാം സ്ഥാനത്തെത്തി. കൂടാതെ, രാജ്യത്തെ ഏറ്റവും കൂടുതൽ പ്രതിഭകളുള്ള ആദ്യ 10 നഗരങ്ങളുടെ പട്ടികയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങൾ ഇടംപിടിച്ചു. 2025 മാർച്ച് 31-ലെ കണക്കനുസരിച്ച് അസാപ് കേരള വഴി ആകെ 11,892 പേർക്ക് ജോലി ലഭിച്ചു. ഇതിൽ 983 ഉദ്യോഗാർത്ഥികൾ പ്രമുഖ മൾട്ടി നാഷണൽ കമ്പനികളിലാണ് നിയമിതരായത്.

- അസാപ് കേരളയുടെ പാർട്ണർ റിമോട്ട് പൈലറ്റ് ട്രെയിനിംഗ് ഓർഗനൈസേഷന് ഡി.ജി.സി.എ (DGCA) അംഗീകാരം ലഭിച്ചു. ഡ്രോൺ പൈലറ്റിംഗ്, മാപ്പിംഗ്, യു.എ.വി സർവേ, ഏരിയൽ സിനിമറ്റോഗ്രഫി എന്നിവയിൽ 20 പോലീസ് ഉദ്യോഗസ്ഥർക്കും 10 പട്ടികജാതി ഉദ്യോഗാർത്ഥികൾക്കും പരിശീലനം നൽകി.
- വിവിധ ഏജൻസികളുമായി സഹകരിച്ച് സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. മത്സ്യത്തൊഴിലാളികൾക്കായി 'ഡൈവ് മാസ്റ്റർ' കോഴ്സ് (Powergrid), ഭിന്നശേഷിക്കാർക്കായി 'ഡിജിറ്റൽ മാർക്കറ്റിംഗ്' (Terumo Penpol), അട്ടപ്പാടിയിലെ ഗോത്രവർഗ്ഗ പെൺകുട്ടികൾക്കായി 'STEM' വിദ്യാഭ്യാസം (Rubfila International) എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- 25 വനിതകൾക്ക് ഗെയിം ഡെവലപ്മെന്റ് ലക്ഷ്യമിട്ടുള്ള 'യൂണിറ്റി സർട്ടിഫൈഡ് യൂസർ വി.ആർ ഡെവലപ്പർ' പരിശീലനം നൽകുകയും അവർക്ക് ജോലി ഉറപ്പാക്കുന്നതിനുള്ള പിന്തുണ നൽകുകയും ചെയ്തു.
- യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി (KSIDC) യുമായി സഹകരിച്ച് കോളേജ് വിദ്യാർത്ഥികൾക്കായി 'ഡ്രീംവെസ്റ്റർ 2.0' പദ്ധതി ആരംഭിച്ചു.
- തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ കെ.എസ്.ഐ.ഡി.സി യുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയിൽ പങ്കെടുത്ത 358 പേരിൽ 84 പേർ സ്വന്തമായി ബിസിനസ് ആരംഭിക്കുകയോ വികസിപ്പിക്കുകയോ ചെയ്തു. ഇതിൽ 23 എണ്ണം എം.എസ്.എം.ഇ (MSME) ആയി രജിസ്റ്റർ ചെയ്തു.

- 'ഐ-ലൈക്ക്( iLike) പ്രോഗ്രാം: തൊഴിൽക്ഷമതയും സംരംഭകത്വവും വർദ്ധിപ്പിക്കുന്നതിനായി 'ഐ-ലൈക്ക്' (Incredible Learning Innovations for Knowledge Empowerment) പദ്ധതി ആരംഭിച്ചു. ഇതുവരെ 47 കോഴ്സുകളിലായി 618 പഠിതാക്കൾ ഇതിൽ ചേർന്നു.
- സംസ്ഥാനത്തുടനീളം 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (CSPs) സ്ഥാപിച്ചു. ഈ പാർക്കുകളിലെ ഫോറിൻ ലാംഗ്വേജ് സെന്ററുകൾ വഴി ജർമ്മൻ, ജാപ്പനീസ്, ഇംഗ്ലീഷ് (IELTS) ഭാഷകളിൽ പരിശീലനം നൽകുന്നു.
- ആർ.സി.സി.എസ് പ്രൈവറ്റ് ലിമിറ്റഡ്(RCCS Pvt Ltd), അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കിറ്റ്സ് (KITTS), സി-ഡിറ്റ് (C-DIT) തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നു.

**നാഷണൽ കേഡറ്റ് കോർപ്സ് (എൻസിസി)**

ഇന്ത്യയിലെ യൂണിഫോം ധരിച്ച ഏറ്റവും വലിയ യുവജന സംഘടനയായി 1948-ലാണ് എൻസിസി സ്ഥാപിതമായത്. "ഐക്യവും അച്ചടക്കവും" എന്നതാണ് എൻസിസിയുടെ മുദ്രാവാക്യം. വിദ്യാർത്ഥികളിലും യുവാക്കളിലും നല്ല സ്വഭാവവും അച്ചടക്കവും നേതൃത്വഗുണവും വളർത്തിയെടുക്കുകയാണ് എൻസിസി ലക്ഷ്യം. സംസ്ഥാനത്ത് എൻസിസിയുടെ അഞ്ച് ആസ്ഥാന മന്ദിരങ്ങളും 42 ബറ്റാലിയനുകളും ഒരു ഡയറക്ടറേറ്റും ഉണ്ട്. 406 കോളേജുകളിലും 699 സ്കൂളുകളിലുമായി 96,895 കേഡറ്റുകളാണ് 2024-25 കാലയളവിൽ സംസ്ഥാനത്തുള്ളത്. ഇതിൽ 43,605 പേർ പെൺകുട്ടികളാണ്.

2024-25 ലെ എൻസിസി ഡയറക്ടറേറ്റിൻറെ പ്രധാന നേട്ടങ്ങൾ/സംരംഭങ്ങൾ ഇവയാണ് i) ഇടുക്കി പീരുമേട്ടിലെ മഞ്ചുമ്മലിൽ എൻ.സി.സി സംസ്ഥാനത്തെ ആദ്യത്തെ എയർസ്ട്രിപ്പ് നിർമ്മിച്ചു. ഇതിലൂടെ 1000 കേഡറ്റുകൾക്ക് സൗജന്യ ഫ്ലൈയിംഗ് പരിശീലനം നൽകാൻ സാധിക്കുന്നു ii) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ കേന്ദ്ര ങ്ങൾ ആരംഭിച്ച് നാവിക സേനാ വിഭാഗത്തിന്റെ പരിശീലന സൗകര്യങ്ങൾ വിപുലീകരിച്ചു. iii) നെടുമങ്ങാട്ടും കാലിക്കറ്റ് സർവ്വകലാശാലാ കാമ്പസിലും ദേശീയ നിലവാരത്തിലുള്ള റെസിഡൻഷ്യൽ പരിശീലന കേന്ദ്രങ്ങൾ എൻ.സി.സി കേരള വികസിപ്പിച്ചെടുത്തു iv) 2025-ൽ യു.കെ, വിയറ്റ്നാം, സിംഗപ്പൂർ, നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിൽ നടന്ന അന്താരാഷ്ട്ര 'യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിൽ' പങ്കെടുക്കാൻ കേരളത്തിൽ നിന്നുള്ള 6 കേഡറ്റുകൾക്ക് അവസരം ലഭിച്ചു. V) 2024-ൽ രാജ്യത്തെ ഏറ്റവും മികച്ച നേട്ടങ്ങൾ കൈവരിച്ച ഡയറക്ടറേറ്റിനുള്ള ട്രോഫി കേരള ലക്ഷദ്വീപ് ഡയറക്ടറേറ്റ് കരസ്ഥമാക്കി vi) വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്ത സമയത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ നൽകിയ നിസ്വാർത്ഥ സേവനം പരിഗണിച്ച് കേരള ബറ്റാലിയൻ എൻ.സി. സിക്ക് കേഡറ്റുകൾക്ക് ലഭിക്കാവുന്ന ഏറ്റവും ഉയർന്ന ബഹുമതിയായ 'രക്ഷാ മന്ത്രി പദക് ലഭിച്ചു.

**രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)**

ആസൂത്രിതമായ വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവേശനം, തുല്യത, നിലവാരം എന്നിവ സംസ്ഥാന തലത്തിൽ മെച്ചപ്പെടുത്തുക എന്നതാണ് റൂസയുടെ പ്രധാന ലക്ഷ്യങ്ങൾ. പുതിയ അക്കാദമിക് സ്ഥാപനങ്ങൾ സൃഷ്ടിക്കുക, നിലവിലുള്ളവ വികസിപ്പിക്കുക, നവീകരിക്കുക, പ്രൊഫഷണലായി നിയന്ത്രിക്കുന്നതും ഗവേഷണോന്മുഖമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന രീതിയിലുള്ള സ്വാശ്രയ സ്ഥാപനങ്ങൾ വികസിപ്പിക്കുക, ദേശീയമായിത്തന്നെ പ്രസക്തിയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുക എന്നിവയാണ് റൂസയുടെ ലക്ഷ്യങ്ങൾ.

റൂസ ഒന്നാം ഘട്ടം 2014-ൽ ആരംഭിക്കുകയും 199.57 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകരിച്ചതിൽ 2024 വരെ 187.80 കോടി രൂപ അനുവദിച്ചു. മൊത്തം തുകയിൽ 112.6 കോടി കേന്ദ്ര വിഹിതമായി അനുവദിച്ചു. റൂസയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി, 6 സർവകലാശാലകൾക്കും 28 കോളേജുകൾക്കും അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, നിലവിലുള്ള കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളാക്കി ഉയർത്തൽ, മറ്റ് നിരവധി കോളേജുകൾക്കുള്ള ഇക്വിറ്റി സംരംഭങ്ങൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു. ആകെ റിലീസ് ചെയ്തതിൽ 182.9 കോടി രൂപ വിനിയോഗിച്ചു (97.4 ശതമാനം).

റൂസ രണ്ടാം ഘട്ടം 2018-ൽ ആരംഭിക്കുകയും 366.00 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിൽ 2024 വരെ 257.43 കോടി രൂപ അനുവദിച്ചു. ഇതിൽ കേന്ദ്ര വിഹിതം 154.00 കോടിയും സംസ്ഥാന വിഹിതം 103.00 കോടിയുമാണ്. വയനാട് മാനന്തവാടിയിൽ ഒരു റൂസ മോഡൽ ഡിഗ്രി കോളേജ്, 5 സ്വയംഭരണ കോളേജുകൾക്ക് (രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് - എറണാകുളം, സെന്റ് ജോസഫ് കോളേജ്, ദേവഗിരി കോളേജ് - കോഴിക്കോട്, മരിയൻ കോളേജ്, കുട്ടിക്കാനം - ഇടുക്കി, എം.എ കോളേജ് - കോതമംഗലം, ഫാറൂഖ് കോളേജ് - കോഴിക്കോട്) ഗുണനിലവാരവും മികവും വർദ്ധിപ്പിക്കൽ, 113 കോളേജുകൾക്ക് അടിസ്ഥാന സൗകര്യ ഗ്രാന്റുകൾ, 2 സർവ്വകലാശാലകൾക്ക് ഗവേഷണം, നവീകരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചു. ആകെ അനുവദിച്ച ഫണ്ടുകളെല്ലാം പൂർണ്ണമായും വിനിയോഗിച്ചു.

റൂസ ഫണ്ട് പ്രയോജനപ്പെടുത്തിയ ആകെ 156 സ്ഥാപനങ്ങളിൽ 100-ലധികം സ്ഥാപനങ്ങൾ പദ്ധതിയുടെ ഭൗതിക സാഹചര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു. ഒന്നാം ഘട്ടത്തിൽ 21 സർക്കാർ കോളേജുകളെയാണ് ഉൾപ്പെടുത്തിയിരുന്നത്. രണ്ടാം ഘട്ടത്തിൽ ഇത് സർക്കാർ, എയ്ഡഡ്, ഓട്ടോണമസ് വിഭാഗങ്ങളിലായി 126 കോളേജുകളിലേക്ക് വ്യാപിപ്പിച്ചു. നൂതന ഗവേഷണങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് റൂസ 2.0-ന് കീഴിൽ 35 കോടി രൂപ ചെലവഴിക്കുന്ന 24 പ്രധാന ഗവേഷണ പദ്ധതികൾ കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാല നടപ്പിലാക്കി വരുന്നു. ഗവേഷണ മേഖലയിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, നാനോ ടെക്നോളജി, ഊർജ്ജം, മറൈൻ സയൻസ്, ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ് എന്നീ വിഭാഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. 2024-ലെ കണക്കനുസരിച്ച് 986 പ്രസിദ്ധീകരണങ്ങൾ, 11 പേറ്റന്റുകൾ, 205 പിഎച്ച്.

ഡികൾ എന്നിവ സർവ്വകലാശാലയുടെ നേട്ടങ്ങളിൽ ഉൾപ്പെടുന്നു. നിലവിൽ 51.55 കോടി രൂപയുടെ 105 സ്പോൺസർഡ് പ്രോജക്ടുകൾ അവിടെ നടന്നുവരുന്നു. റൂസയുടെ തുല്യതാ ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 26 സർക്കാർ കോളേജുകളിൽ പെൺകുട്ടികൾക്കായി അമെനിറ്റി സെന്ററുകൾ (Girls' Amenity Centres) നിർമ്മിച്ചു.

### സാങ്കേതിക വിദ്യാഭ്യാസം

ആധുനിക ജീവിതത്തിന് ആവശ്യമായ പ്രായോഗിക നൈപുണ്യങ്ങളും സാങ്കേതിക അറിവും സാങ്കേതിക വിദ്യാഭ്യാസം വ്യക്തികൾക്ക് പ്രദാനം ചെയ്യുന്നു. തൊഴിലധിഷ്ഠിതമായ കഴിവുകൾ നേടിയെടുക്കാനും അതുവഴി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും വിവിധ തൊഴിൽ മേഖലകളിലേക്കുള്ള വാതിലുകൾ തുറക്കാനും ഇത് പഠിതാക്കളെ സഹായിക്കുന്നു. പ്രായോഗിക പഠനത്തിന് മുൻഗണന നൽകുന്നതിലൂടെ പ്രശ്നപരിഹാര ശേഷി, സർഗ്ഗാത്മകത, ശാസ്ത്രീയ തത്വങ്ങൾ യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ പ്രയോഗിക്കാനുള്ള കഴിവ് എന്നിവ സാങ്കേതിക വിദ്യാഭ്യാസം വളർത്തുന്നു.സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു ജനത ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുകയും സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. പുതിയ സാങ്കേതികവിദ്യകളും നൂതനാശയങ്ങളും സ്വീകരിച്ചുകൊണ്ട് സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രാഥമിക ലക്ഷ്യം. വിദ്യാർത്ഥികൾക്കിടയിൽ നൂതനമായ ചിന്താഗതിയും സംരംഭകത്വ വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പായി പ്രവർത്തിച്ചു വരുന്നത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്. പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ആഗോളതലത്തിൽ വ്യാപകമായ അംഗീകാരം ഉറപ്പാക്കുന്നതിനായി ഡയറക്ടറേറ്റ് വിവിധ ഗുണനിലവാര നിയന്ത്രണ നടപടികൾ നടപ്പിലാക്കി വരുന്നു. ലോകമെമ്പാടുമുള്ള പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിക്കാനും വിദഗ്ധരുമായും അക്കാദമിക് പണ്ഡിതരുമായും സംവദിക്കാനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അവസരങ്ങൾ ഒരുക്കുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം ഉറപ്പാക്കുന്നതോടൊപ്പം വിവിധ സാമൂഹിക സേവന പ്രവർത്തനങ്ങളും ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണത്തിനു കീഴിലുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 6.1.38** ൽ കൊടുത്തിരിക്കുന്നു.

### എഞ്ചിനീയറിംഗ് കോളേജുകൾ

2024–25 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള 166 എഞ്ചിനീയറിംഗ് കോളേജുകളിലായി 52,118 അനുവദിക്കപ്പെട്ട സീറ്റുകൾ നിലവിലുണ്ട്. ഇതിൽ 154 എണ്ണം (92.8 ശതമാനം) സ്വാശ്രയകോളേജുകളും (അൺ എയ്ഡഡ്), 9 എണ്ണം (5.4 ശതമാനം) സർക്കാർ കോളേജുകളും, 3 എണ്ണം (1.8 ശതമാനം) ഗവൺമെന്റ് എയ്ഡഡ് കോളേജുകളുമാണ്. ഏറ്റവും കൂടുതൽ അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉള്ളത് എറണാകുളം ജില്ലയിലാണ് (28 എണ്ണം). അതു കഴിഞ്ഞാൽ തിരുവനന്തപുരം (26 എണ്ണം) ജില്ലയിലാണ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോഡ് ജില്ലകളിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ ഇല്ല. ജില്ല തിരിച്ചും, മാനേജ്മെന്റ് തിരിച്ചുമുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെയും, അനുവദിച്ചിട്ടുള്ള സീറ്റുകളുടെയും എണ്ണം **അനുബന്ധം 6.1.39** ൽ ചേർത്തിട്ടുണ്ട്. 2024–25 ൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം സർക്കാർ കോളേജുകളിൽ 4,050 ആണ് (7.8 ശതമാനം), ഇത് എയ്ഡഡ് കോളേജുകളിൽ 2,240 (4.3 ശതമാനം) ഉം, അൺഎയ്ഡഡ് കോളേജുകളിൽ 45,828 (87.9 ശതമാനം) ഉം ആണ്.

2025–26 വർഷത്തിൽ ഏറ്റവും കൂടുതൽ സീറ്റുകൾ കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് (13,635) വിഭാഗത്തിലാണ് രേഖപ്പെടുത്തിയത്. ഇതിന് പിന്നാലെ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് (6,632), മെക്കാനിക്കൽ എഞ്ചിനീയറിംഗ് (5,817), സിവിൽ എഞ്ചിനീയറിംഗ് (5,709) എന്നീ വിഭാഗങ്ങളും വരുന്നു. 2024–25 വർഷത്തിലും ഏറ്റവും കൂടുതൽ സീറ്റുകൾ കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ (12,264) തന്നെയായിരുന്നു. 2025–26 ലെ ശാഖ തിരിച്ചുള്ള സീറ്റ് വിഭാഗത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1.40** ൽ ചേർത്തിരിക്കുന്നു. 2024–25 വർഷത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിലാണ്. തൊട്ടുപിന്നാലെ സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിലുമാണ് കൂടുതൽ വിദ്യാർത്ഥികൾ ചേർന്നത്.

**ലിംഗ പദവിയുമായി ബന്ധപ്പെട്ട വസ്തുതകൾ:** 2024–25 വർഷത്തിൽ സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 46.4 ശതമാനം പെൺകുട്ടികളാണ്. ബിരുദ തലത്തിൽ ഏറ്റവും കൂടുതൽ പെൺകുട്ടികൾ ചേർന്നത് സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലാണ്. ഇതിന് പിന്നാലെ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളും വരുന്നു. സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലായി 1,491 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു. ബിരുദാനന്തര ബിരുദ പഠനത്തിന് ചേർന്ന ആകെ വിദ്യാർത്ഥികളിൽ 60.1 ശതമാനവും പെൺകുട്ടികളാണ്. പി.ജി തലത്തിലും ഏറ്റവും കൂടുതൽ പെൺകുട്ടികൾ പ്രവേശനം നേടിയത് സിവിൽ എഞ്ചിനീയറിംഗിലാണ്. തൊട്ടുപിന്നാലെ എം.സി.എ (MCA), ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളാണുള്ളത്.വിശദാംശങ്ങൾ **അനുബന്ധം 6.1.41 ലും 6.1.42** ലും ചേർത്തിരിക്കുന്നു.

### എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ്

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക്

**പട്ടിക 6.1.8** ബി.ടെക് ഫലം, 2025

| മാനേജ് മെന്റ് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
| സർക്കാർ | 2,305 | 1,525 | 66.16 | 1,704 | 1,454 | 85.33 | 4,009 | 2,979 | 74.31 |
| ഗവൺമെന്റ് എയ്ഡഡ് | 1,208 | 871 | 72.1 | 819 | 740 | 90.35 | 2,027 | 1,611 | 79.48 |
| സർക്കാർ സ്വയംഭരണം | 2,668 | 1,531 | 57.38 | 1,952 | 1,593 | 81.61 | 4,620 | 3,124 | 67.62 |
| സ്വകാര്യ സ്വയംഭരണവും സ്വകാര്യ സ്വാശ്രയവും | 9,849 | 4,292 | 43.57 | 5,179 | 3,654 | 70.55 | 15,028 | 7,946 | 52.87 |
| **ആകെ** | **16,030** | **8,219** | **51.27** | **9,654** | **7,441** | **77.08** | **25,684** | **15,660** | **60.97** |

**അവലംബം:** കേരള സാങ്കേതിക സർവകലാശാല, 2025

മികവ് ഉയർന്നതും പ്രശംസനീയവുമാണ്, ഉയർന്ന വിജയശതമാനവും പ്രശസ്ത സ്ഥാപനങ്ങളിലെ മികച്ച ജോലി ലഭിച്ച വിദ്യാർത്ഥികളുടെ കണക്കുമാണ് ഇതിന് കാരണം.

സർക്കാർ എയ്ഡഡ് കോളേജ് മറ്റെല്ലാവിഭാഗത്തേക്കാളും (സർക്കാർ, സർക്കാർ സ്വാശ്രയ, സ്വകാര്യ സ്വാശ്രയ ധനസഹായം) നല്ല പ്രകടനം കാഴ്ചവച്ച് 79.5 ശതമാനം വിജയവും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ 74.3 ശതമാനവും സർക്കാർ സ്വയംഭരണ കോളേജുകൾ 67.6 ശതമാനവും സ്വകാര്യ സ്വയംഭരണ, സ്വാശ്രയ കോളേജുകൾ 53 ശതമാനവും വിജയം നേടി. സർക്കാർ സ്വയംഭരണ കോളേജുകളുടെ വിജയശതമാനം (67.6 ശതമാനം), 53 ശതമാനം നേടിയ സ്വകാര്യ സ്വയംഭരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളേക്കാൾ മുകളിലാണ്. ആൺകുട്ടികളുമായി താരതമ്യം ചെയ്യുമ്പോൾ 77.08 ശതമാനം പെൺകുട്ടികൾ വിജയം നേടി. രജിസ്റ്റർ ചെയ്ത ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളെക്കാൾ കൂടുതലാണെങ്കിലും ആൺകുട്ടികളുടെ വിജയശതമാനം പെൺകുട്ടികളെ അപേക്ഷിച്ച് കുറവാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ് **(പട്ടിക 6.1.8)**. എസ്.സി,എസ്.ടി വിദ്യാർത്ഥികളുടെ വിജയ ശതമാനം (യഥാക്രമം 34.62 ശതമാനവും 28.33 ശതമാനവും) സംസ്ഥാന ശരാശരിയെക്കാൾ താഴെയാണ് എന്നുള്ളത് ആശങ്കാജനകമാണ് **(പട്ടിക 6.1.9)**.

വിവിധ സർക്കാർ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെൻറ് റെക്കോർഡും താരതമ്യേന ഉയർന്നതാണ്. ഗേറ്റ്, കാറ്റ് മുതലായ മത്സരപരീക്ഷകളിലൂടെ ധാരാളം വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടുന്നു. മിക്ക വിദ്യാർത്ഥികൾക്കും വിപ്രോ, മഹീന്ദ്ര, ടി.സി.എസ്, ബോഷ് തുടങ്ങിയ ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നു. 2024–25 കാലയളവിൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകളുടെ എണ്ണം 71 ആയിരുന്നു. 2024–25 വർഷത്തിൽ 2011 വിദ്യാർത്ഥികൾക്ക് വിവിധ കമ്പനികളിലായി ജോലി ലഭിച്ചു. 2024–25 കാലഘട്ടത്തിൽ വിവിധ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടികളും പ്ലേസ്മെൻറ് വിശദാംശങ്ങളും **അനുബന്ധം 6.1.43** ലും **6.1.44** ലും നൽകിയിരിക്കുന്നു.

**പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും**

നൈപുണ്യ അധിഷ്ഠിതമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിൽ പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂളുകളും വലിയ പങ്കുവഹിക്കുന്നു.

**പട്ടിക 6.1.9** എസ്.സി, എസ്.ടി ബി.ടെക് വിദ്യാർത്ഥികളുടെ വിജയശതമാനം, 2025

| | എസ്സ്.സി | | | എസ്സ്.ടി | | |
|---|---|---|---|---|---|---|
| മാനേജ് മെന്റ് | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | വിജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
| സർക്കാർ | 326 | 122 | 37.42 | 31 | 8 | 25.81 |
| ഗവൺമെന്റ് എയ്ഡഡ് | 127 | 52 | 40.94 | 11 | 2 | 18.18 |
| സർക്കാർ സ്വയംഭരണം | 170 | 58 | 34.12 | 13 | 5 | 38.46 |
| സ്വകാര്യ സ്വയംഭരണവും സ്വകാര്യ സ്വാശ്രയവും | 180 | 46 | 25.56 | 5 | 2 | 40.0 |
| **ആകെ** | **803** | **278** | **34.62** | **60** | **17** | **28.33** |

**അവലംബം:** കേരള സാങ്കേതിക സർവകലാശാല, 2025

സമീപവർഷങ്ങളിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ കാര്യത്തിൽ ശ്രദ്ധേയമായ പുരോഗതിയാണ് ഈ സ്ഥാപനങ്ങൾ കൈവരിച്ചിരിക്കുന്നത്.കേരളത്തിൽ 46 സർക്കാർ പോളിടെക്നിക്കുകളും, 6 സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളും ആണ് 2023-24 ൽ നിലവിലുള്ളത്. ഇതിൽ ഏഴ് എണ്ണം വനിതാ പോളിടെക്നിക് കോളേജുകളാണ്. ഇവിടങ്ങളിലെ പ്രവേശനം 2024-25-ൽ യഥാക്രമം 10,636 ഉം, 1,342 ഉം ആണ്. 2024-25-ൽ 29,988 വിദ്യാർത്ഥികൾ ഗവൺമെന്റ് പോളിടെക്നിക്കുകളിലും, 4,404 വിദ്യാർത്ഥികൾ സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിലും പഠിക്കുന്നുണ്ട്. 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ പോളിടെക്നിക്കുകളിലെ വാർഷിക പ്രവേശനവും വിദ്യാർത്ഥികളുടെ എണ്ണവും **അനുബന്ധം 6.1.45, 6.1.46** എന്നിവയിൽ കാണാം.

2025-26 വർഷത്തിൽ പോളിടെക്നിക്കുകളിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ ട്രേഡ് തിരിച്ചുള്ള വിശദവിവരങ്ങൾ **അനുബന്ധം 6.1.47** ൽ കാണാം. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയത് മെക്കാട്രോണിക്സ് (4,500) വിഭാഗത്തിലാണ്. തൊട്ടുപിന്നാലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് – ഹിയറിംഗ് ഇംപയർഡ് (3,800), സിവിൽ എഞ്ചിനീയറിംഗ് ആൻഡ് പ്ലാനിംഗ് (3,640), ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (3,600), ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് (2,190) എന്നീ വിഭാഗങ്ങളാണുള്ളത്.

പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 25.2 ശതമാനം പെൺകുട്ടികളാണ്. എന്നാൽ 2024-25-ൽ സർക്കാർ, സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ ഇത് 26.8 ഉം, 14.1 ശതമാനവുമാണ്. 2024-25-ൽ 1,119 അദ്ധ്യാപകരാണ് സംസ്ഥാനത്തെ പോളിടെക്നിക്കുകളിലുള്ളത്. അധ്യാപികമാരുടെ അനുപാതം 45 ശതമാനം ആണ്. സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളിൽ അധ്യാപികമാരുടെ എണ്ണം 39.5 ശതമാനമാണ്. എന്നിരുന്നാലും സർക്കാർ മേഖലയിൽ ഇത് 45.8 ശതമാനമാണ്, അത് താരതമ്യേന കൂടുതലാണ്. പോളിടെക്നിക്കുകളിലെ അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ, **അനുബന്ധം 6.1.48** ൽ കാണാം.

2022-23 മുതൽ 2024-25 വരെ പോളിടെക്നിക്കുകളിലെ പട്ടികജാതി, പട്ടികവർഗ്ഗ (**പട്ടിക.6.1.10**) വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം **അനുബന്ധം 6.1.49** -ൽ കാണാം.

കേരളത്തിൽ 39 ടെക്നിക്കൽ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 2024-25 കാലഘട്ടത്തിൽ ഇവിടെ ആകെ 7,228 വിദ്യാർത്ഥികളും 584 അധ്യാപകരും ഉണ്ടായിരുന്നു. അധ്യാപകരിൽ 34.8 ശതമാനം സ്ത്രീകളാണ്. ടെക്നിക്കൽ സ്കൂളുകളിലെ 2019-20 മുതൽ, 2024-25 വരെയുള്ള വർഷങ്ങളിലെ അധ്യാപക-വിദ്യാർത്ഥി വിവരങ്ങൾ **അനുബന്ധം 6.1.50** ൽ കാണാം. 2024-25 വർഷത്തിൽ, ടെക്നിക്കൽ ഹൈസ്കൂളുകളിലെ എസ്‌സി, എസ്ടി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 11.5 ശതമാനവും 1.4 ശതമാനവുമാണ്. ഇതിന്റെ വിശദവിവരങ്ങൾ **അനുബന്ധം 6.1.51** ലും **6.1.52** ലും ചേർത്തിരിക്കുന്നു.

**എപിജെ അബ്ദുൾ കലാം കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും സംസ്ഥാനത്തിന്റെ എൻജിനീയറിങ് പ്ലാനിംഗിനും നേതൃത്വം നൽകുകയെന്ന ലക്ഷ്യത്തോടെ 2014 ജൂലൈയിൽ കേരള സർക്കാർ കേരള സാങ്കേതിക സർവകലാശാല സ്ഥാപിച്ചു. എഞ്ചിനീയറിംഗ് സയൻസ്, ടെക്നോളജി, മാനേജ്മെന്റ് എന്നിവയിലെ ബിരുദ, ബിരുദാനന്തര, ഗവേഷണ പ്രോഗ്രാമുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ കോളേജുകളുടെയും അക്കാദമിക് നിലവാരം നിയന്ത്രിക്കുന്നതിനും ഊന്നൽ നൽകുന്നു. ഗവേഷണം, വികസനം, നവീകരണം എന്നിവയാണ് സർവകലാശാലയുടെ പ്രധാന ഊന്നൽ മേഖലകൾ. 2024-25 വർഷത്തിൽ സർക്കാർ, എയ്ഡഡ്, സർക്കാർ സ്വാശ്രയ സ്വകാര്യ മേഖലകളിലായി ആകെ 142 കോളേജുകൾക്ക് അഫിലിയേഷൻ നൽകി.

**2024-25 ലെ എപിജെ അബ്ദുൾ കലാം കേരള സാങ്കേതിക സർവകലാശാലയുടെ പ്രധാന നേട്ടങ്ങൾ**

എഞ്ചിനീയറിംഗ് ഗവേഷണവും വിദ്യാഭ്യാസവും അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, സർക്കാർ വിഭാവനം ചെയ്ത മുൻകൂട്ടി നിശ്ചയിച്ച പദ്ധതികൾ സർവ്വകലാശാല നടപ്പിലാക്കി.പ്രധാന നേട്ടങ്ങളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു:

**അബ്ദുൾ കലാം കേരള സാങ്കേതിക സർവകലാശാലയുടെ വിവർത്തന ഗവേഷണ കേന്ദ്രം:** വിവർത്തന ഗവേഷണ കേന്ദ്രം പദ്ധതി സുഗമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനായി എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചു. എം/എസ് വാപ്കോസ് ലിമിറ്റഡ്, പേട്ട, തിരുവനന്തപുരം-നെ വിളപ്പിൽശാലയിൽ പ്രവർത്തിക്കുന്ന ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി സർവകലാശാല തിരഞ്ഞെടുത്തു.

**സർവ്വകലാശാലയുടെ മികവിന്റെ കേന്ദ്രങ്ങൾ:** സാങ്കേതിക വിദ്യയുടെ ഉയർന്നുവരുന്ന മണ്ഡലങ്ങളിൽ ഉന്നത നിലവാരമുള്ള ഗവേഷണം നടത്തുന്നതിന് സ്ഥാപനങ്ങളുമായി ആഗോള ബന്ധം ഉറപ്പാക്കുന്നതിന് സർവകലാശാല ആരംഭിച്ച ഒരു പദ്ധതിയാണ് മൾട്ടി ഡിസിപ്ലിനറി അപ്ലൈഡ് റിസർച്ചിന് വേണ്ടിയുള്ള മികവിന്റെ കേന്ദ്രങ്ങൾ. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള മൂന്ന് മികവിന്റെ കേന്ദ്രങ്ങളുടെ മണ്ഡലങ്ങൾ 1) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സുസ്ഥിര എഞ്ചിനീയറിംഗും കാർബൺ ന്യൂട്രാലിറ്റിയും, 2) കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ എമർജിംഗ് മെറ്റീരിയലുകളും അടിസ്ഥാന സൗകര്യങ്ങളും, 3) എറണാകുളത്തെ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ

**പട്ടിക.6.1.10** പോളിടെക്നിക്കുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ അനുപാതം

| സ്ഥാപനം | 2022-23 | | | | 2023-24 | | | | 2024-25 | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്. സി | എസ്.ടി | മറ്റുള്ളവർ | ആകെ | എസ്.സി | എസ്.ടി | മറ്റുള്ളവർ | ആകെ |
| സർക്കാർ | 7.54 | 0.93 | 91.53 | 100.00 | 9.41 | 1.33 | 89.26 | 100.00 | 9.90 | 1.49 | 88.61 | 100.00 |
| ഗവൺമെന്റ് എയ്ഡഡ് | 6.14 | 0.47 | 93.39 | 100.00 | 5.77 | 0.36 | 93.87 | 100.00 | 8.31 | 0.68 | 91.01 | 100.00 |
| ആകെ | 7.54 | 0.93 | 91.53 | 100.00 | 9.41 | 1.33 | 89.26 | 100.00 | 9.90 | 1.49 | 88.61 | 100.00 |

**അവലംബം:** കേരള സാങ്കേതിക സർവകലാശാല

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ എന്നിവയാണ്.

**സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഗവേഷണ സഹായ സൗകര്യങ്ങൾ:** എപിജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലായി 920 ഗവേഷണ പണ്ഡിതന്മാരെ ഉൾക്കൊള്ളുന്ന 44 ഗവേഷണ കേന്ദ്രങ്ങളുണ്ട്. അവരുടെ ഗവേഷണത്തിനും അക്കാദമിക് പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനായി 2024-25 കാലയളവിൽ എൽസെവിയർ ജേണൽ ഡാറ്റാബേസ്, നിംബസ് ലൈബ്രറി, ടർണിറ്റിൻ പ്ലാജിയാരിസം ചെക്കിംഗ് ടൂൾ തുടങ്ങിയ സൗകര്യങ്ങളും ഉപകരണങ്ങളും നൽകി.

**ഗവേഷണ സ്കോളർഷിപ്പുകൾ:** 2024-25 വർഷത്തിൽ എ.പി.ജെ. അബ്ദുൾ കലാം ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ച പി.എച്ച്.ഡി. ഗവേഷകരുടെ എണ്ണം 100 ആയി ഉയർത്തി. പ്രതിമാസം 25,000 രൂപ വീതമാണ് ഫെലോഷിപ്പ് തുകയായി നൽകിയത്.

**സ്റ്റുഡൻ്റ് സപ്പോർട്ട് സ്കീം സുരക്ഷ:** അപകടങ്ങൾ, മെഡിക്കൽ എമർജൻസികൾ, മരണം അല്ലെങ്കിൽ അപ്രതീക്ഷിതമായ മറ്റ് സാഹചര്യങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ സാധാരണക്കാരായ വിദ്യാർത്ഥികൾക്കും അവരുടെ കുടുംബങ്ങൾക്കും ഉടനടി സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2024-25 അധ്യയന വർഷത്തിൽ ഏകദേശം 1.40 ലക്ഷം വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ചേർന്നു.

**ഓൺ-സ്ക്രീൻ മാർക്കിംഗ് (OSM) സംവിധാനം:** ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ പരീക്ഷാ മൂല്യനിർണ്ണയ പ്രക്രിയയിൽ വിപ്ലവകരമായ മാറ്റം വരുത്താനാണ് ഓൺ-സ്ക്രീൻ മാർക്കിംഗ് (OSM) സംവിധാനം വിഭാവനം ചെയ്തിരിക്കുന്നത്. മനുഷ്യസഹജമായ തെറ്റുകൾ കുറച്ച് കൃത്യത ഉറപ്പാക്കുക, വേഗത്തിലുള്ള പരിശോധനയിലൂടെയും ഫലപ്രഖ്യാപനത്തിലൂടെയും കാര്യക്ഷമത വർദ്ധിപ്പിക്കുക, വ്യക്തമായ ഓഡിറ്റിലൂടെ പക്ഷപാതങ്ങൾ ഒഴിവാക്കി സുതാര്യത ഉറപ്പാക്കുക, ഉത്തരക്കടലാസുകൾ നഷ്ടപ്പെടാനോ കേടുപാടുകൾ സംഭവിക്കാനോ അനധികൃതമായി കൈവശപ്പെടുത്താനോ ഉള്ള സാധ്യതകൾ ഒഴിവാക്കി അവയുടെ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ

**GDC AI വർക്ക്ഫോഴ്സ് ഇന്റേൺഷിപ്പ് പ്രോഗ്രാം:** AICTE-യുടെ GDC സ്കീമുമായും നാഷണൽ ഹെൽത്ത് മിഷനുമായും സഹകരിച്ച്, കേരളത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനൊപ്പം വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിചയം ലഭ്യമാക്കുന്നതിനുമായി കെ.ടി.യു ഒരു ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിച്ചു.

**ഐ.പി.ആർ സെൽ (IPR Cell):** ആരോഗ്യകരമായ മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ട്-അപ്പ് ഗ്രാന്റുകൾ, ഇൻകുബേറ്റർ റാങ്കിംഗ് ചട്ടക്കൂട് തുടങ്ങിയ പിന്തുണാ സംവിധാനങ്ങൾ ഒരുക്കി നവീന ആശയങ്ങളെ വളർത്താനാണ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ ഐ.പി.ആർ സെൽ ലക്ഷ്യമിടുന്നത്.

**അന്താരാഷ്ട്ര കോൺഫറൻസ് - ETIS 2025:** IEEE കേരള സെക്ഷന്റെയും IEEE ഇൻഡസ്ട്രി ആപ്ലിക്കേഷൻസ് സൊസൈറ്റിയുടെയും സഹകരണത്തോടെ 'എമർജിംഗ് ടെക്നോളജീസ് ഫോർ ഇന്റലിജന്റ് സിസ്റ്റംസ്' (ETIS 2025) എന്ന വിഷയത്തിൽ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ഒരു അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിച്ചു. ലോകമെമ്പാടുമുള്ള മുന്നൂറിലധികം ഗവേഷകരും അധ്യാപകരും വ്യവസായ പ്രമുഖരും ഈ പരിപാടിയിൽ പങ്കെടുത്തു.

**സ്റ്റാർട്ട്-അപ്പ് സെൽ:** സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായമേഖലയും അക്കാദമിക് മേഖലയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനുമായി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല മൂന്ന് ദിവസത്തെ 'സ്റ്റാർട്ട്-അപ്പ് ബൂട്ട് ക്യാമ്പ്' സംഘടിപ്പിച്ചു.

**എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി**

1955ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XII പ്രകാരം രജിസ്റ്റർ ചെയ്ത കമ്പ്യൂട്ടർ പരിശീലനത്തിന്റെയും

കൺസൾട്ടൻസിയുടെയും പ്രധാന സ്ഥാപനമായി 1976-ൽ കേരള സർക്കാർ സ്ഥാപിച്ചതാണ് തിരുവനന്തപുരത്തെ എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി. വ്യവസായങ്ങളും സാങ്കേതിക സ്ഥാപനങ്ങളും തമ്മിലുള്ള പരസ്പര സഹകരണത്തിലൂടെ സമൂഹത്തിന് പ്രയോജനം ലഭിക്കുന്നതിനായി ഒരു കണ്ണിയായി പ്രവർത്തിക്കുമെന്ന പ്രധാന ലക്ഷ്യങ്ങളുള്ള ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കേരള സർക്കാർ സ്ഥാപിച്ചതാണ് ഈ കേന്ദ്രം. കേരള സർവകലാശാലയുടെ ഗവേഷണ പഠന കേന്ദ്രമാണ് എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി. എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി 1992-93 കാലഘട്ടത്തിൽ കാസർകോട് ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചു. 2001-02 കാലഘട്ടത്തിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ സ്ത്രീകൾക്കായി മറ്റൊരു എഞ്ചിനീയറിംഗ് കോളേജും ആരംഭിച്ചു.

### 2024-25 ലെ എൽബിഎസിന്റെ പ്രധാന നേട്ടങ്ങൾ

- ഐ.ഐ.ടി മദ്രാസ്, വിപ്രോ ഫൗണ്ടേഷൻ എന്നിവയുടെ I2I ഇനിഷ്യേറ്റീവിന് കീഴിൽ എൽ.ബി. എസ് രണ്ട് പ്രധാന പദ്ധതികൾക്കായി ധനസഹായം നേടി. ട്രാൻസ്മിഷൻ ലൈനുകളിലെയും സ്വിച്ച് ഗിയറുകളിലെയും തകരാറുകൾ വേഗത്തിൽ കണ്ടെത്തുന്നതിനുള്ള "AI അടിസ്ഥാനമാക്കിയുള്ള യു.എ.വി തെർമൽ ഇമേജിംഗ്" പദ്ധതിക്കും, സെക്കൻഡ് ലൈഫ് ബാറ്ററികൾ ഉപയോഗിച്ചുള്ള "സുസ്ഥിര ഇലക്ട്രിക് വാഹന ചാർജിംഗ്" പദ്ധതിക്കുമാണ് ഈ ഗ്രാന്റുകൾ ലഭിച്ചത്.
- എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ എൻജിനീയറിംഗ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിൽ (CERD) നിന്ന് രണ്ട് പ്രോജക്റ്റുകൾക്കായി എൽ.ബി.എസ് ധനസഹായം കൈപ്പറ്റി. ആശുപത്രി സ്ട്രെച്ചറുകൾക്കായുള്ള "പേഷ്യന്റ് പ്ലാറ്റ്ഫോം സ്റ്റെബിലൈസേഷൻ", "അസിസ്റ്റീവ് പ്രൊപ്പൽഡ് ഇലക്ട്രിക് വീൽബാരോ" എന്നിവയാണ് ആ പദ്ധതികൾ.
- കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജ് "സ്മാർട്ട് ഇന്ത്യ ഇന്റേണൽ ഹാക്കത്തോൺ 2024" വിജയകരമായി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ സാങ്കേതിക നൈപുണ്യവും സർഗ്ഗാത്മകതയും പ്രകടിപ്പിക്കാൻ മികച്ച ഒരു വേദിയാണ് ഇതിലൂടെ ഒരുങ്ങിയത്.
- അന്തർ-കോളേജ് സാങ്കേതിക ഉത്സവമായ 'പ്രയാഗ്' നാലിന്റെ നാലാം പതിപ്പ് 2024 സെപ്റ്റംബർ 28, 29 തീയതികളിൽ നടന്നു. മെച്ചപ്പെട്ട ഭാവിക്ക് അനുയോജ്യമായ "സുസ്ഥിരതയും ഹരിത സാങ്കേതികവിദ്യയും" എന്നതായിരുന്നു ഈ വർഷത്തെ മുഖ്യപ്രമേയം.
- ഐ.എസ്.ആർ.ഒ-യുമായി സഹകരിച്ച് പൂർണ്ണമായും വനിതകൾ വികസിപ്പിച്ച 'വിസാറ്റ്' ഉപഗ്രഹം ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിച്ചു. എൽ.ബി. എസ് വനിതാ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥിനികളും അധ്യാപകരും ഈ സംരംഭത്തിൽ പങ്കാളികളായി. കൂടാതെ, 2025-ലെ കെ.ടി.യു ഫലങ്ങളിൽ എൽ.ബി.എസ് വനിതാ കോളേജ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.
- 2024-25 കാലയളവിലെ പ്ലേസ്മെന്റ് പ്രക്രിയയിലൂടെ മികച്ച ശമ്പള പാക്കേജുകളോടെ ആകെ 72 വിദ്യാർത്ഥികൾക്ക് വിവിധ കമ്പനികളിൽ ജോലി ലഭിച്ചു.

### ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (ട്രെസ്റ്റ്) റിസർച്ച് പാർക്ക്

തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (ട്രെസ്റ്റ്) റിസർച്ച് പാർക്ക് വ്യവസായ-അക്കാദമിയ ബന്ധത്തിൽ മാതൃക സൃഷ്ടിച്ച സംസ്ഥാനത്തെ ആദ്യത്തെ ശാസ്ത്ര സാങ്കേതിക ഗവേഷണ പാർക്കാണ്. മൈക്രോപ്രൊസസർ ഡിസൈൻ, ഇലക്ട്രിക് വെഹിക്കിൾ ഗവേഷണം, മറ്റ് നൂതന സാങ്കേതികവിദ്യകൾ എന്നിവയിൽ സഹകരണ ഗവേഷണം മുതലായവ സ്ഥാപനം പ്രോത്സാഹിപ്പിക്കുന്നു. ഫാക്കൽറ്റി, അംഗങ്ങൾ, വിദ്യാർത്ഥികൾ, വ്യവസായം എന്നിവയുടെ സംയുക്ത ഗവേഷണത്തിന് ട്രെസ്റ്റ് പാർക്ക് സൗകര്യമൊരുക്കുന്നു.

### 2024 -25 ലെ ട്രെസ്റ്റ് പാർക്കിന്റെ പ്രധാന നേട്ടങ്ങൾ

- ഇ.വി -കൺസോർഷ്യം യാഥാർത്ഥ്യമാക്കുന്നതിന് K-DISC, TTPL, VSSC, C-DAC, TrEST റിസർച്ച് പാർക്ക് എന്നിവ തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവച്ചു. K-DISC, TTPL, VSSC, C-DAC, TrEST Park എന്നിവയ്ക്കിടയിലുള്ള K-DISC EV കൺസോർഷ്യം ഇലക്ട്രിക് വെഹിക്കിൾ പവർ സിസ്റ്റം ഘടകങ്ങളിൽ ഗവേഷണ-വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- അക്കാദമിക് സ്ഥാപനങ്ങളിൽ ട്രെസ്റ്റ് സാറ്റലൈറ്റ് സെന്ററുകൾ സ്ഥാപിക്കൽ: അക്കാദമിക് സ്ഥാപനങ്ങളുടെ കാമ്പസിനടുത്തുള്ള പ്രദേശത്തും പരിസരത്തും സ്റ്റാർട്ടപ്പുകളെ ഇൻകുബേറ്റ് ചെയ്യുന്നതിനുള്ള അവസരങ്ങൾ കൊണ്ടുവരാൻ ഇത് ലക്ഷ്യമിടുന്നു. ഇത് ആത്യന്തികമായി കൂടുതൽ ഇന്റേൺഷിപ്പിനും തൊഴിലവസരങ്ങൾക്കും വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനും മറ്റും വഴിയൊരുക്കും.
- (എ) ഇലക്ട്രിക് വാഹനങ്ങൾ, (ബി) മൈക്രോപ്രൊസസർ ചിപ്പ് വികസനം എന്നിങ്ങനെ ട്രെസ്റ്റ് പാർക്ക് രണ്ട് എക്സലൻസ് കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- കിഫ്ബി ധനസഹായത്തോടെ വിളപ്പിൽശാലയിൽ നടപ്പിലാക്കുന്ന കേരള ഇലക്ട്രിക് വെഹിക്കിൾ ഇൻഡസ്ട്രിയൽ പാർക്കിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ട്രെസ്റ്റ് പാർക്കിനെ ചുമതലപ്പെടുത്തി.
- സെമികണ്ടക്ടർ, പ്രതിരോധം, ക്വാണ്ടം ടെക്നോളജി, ഇലക്ട്രിക് എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ള 10 സ്റ്റാർട്ട്-അപ്പ് കമ്പനികൾ ട്രെസ്റ്റ് പാർക്ക് കാമ്പസിൽ പ്രവർത്തനം ആരംഭിച്ചു.
- വ്യവസായ മേഖലയും അക്കാദമിക് മേഖലയും തമ്മിലുള്ള സഹകരണം ശക്തമാക്കുന്നതിനായി കിഫ്ബിയുടെ പിന്തുണയോടെ സെമികണ്ടക്ടർ രംഗത്ത് 'ട്രെസ്റ്റ്-സെമികോൺ' എന്ന പേരിൽ ഒരു പുതിയ ആവാസവ്യവസ്ഥയും സാറ്റലൈറ്റ് സെന്ററും ട്രെസ്റ്റ് പാർക്ക് വികസിപ്പിക്കുന്നു.
- സെമികണ്ടക്ടർ ഗവേഷണത്തിനും എംബഡഡ് സിസ്റ്റംസ് വികസനത്തിനുമായി എഫ്.പി.ജി.എ (FPGA) പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങൾ ട്രെസ്റ്റ് പാർക്കിൽ സജ്ജീകരിച്ചു.
- ക്വാണ്ടം സെൻസിംഗ്, AI/ML SoC, എംബഡഡ് സിസ്റ്റംസ്, ഇലക്ട്രിക് വാഹനങ്ങൾ, റോബോട്ടിക്സ്, 3D പ്രിന്റിംഗ്, കാലാവസ്ഥാ പ്രവചനം, പുനരുപയോഗ ഊർജ്ജം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് ട്രെസ്റ്റ് പാർക്ക് കാമ്പസിൽ ഇൻകുബേഷൻ സൗകര്യം നൽകുന്നു.
- ഡിസൈൻ/സിമുലേഷൻ ടൂളുകളിൽ 500-ലധികം

വിദ്യാർത്ഥികൾക്കും ഇലക്ട്രിക് വാഹന (EV) മോഡ്യൂളുകളിൽ 200-ലധികം വിദ്യാർത്ഥികൾക്കും പരിശീലനം നൽകി. കൂടാതെ, പ്രതിവർഷം 75-ലധികം ബിരുദ/ബിരുദാനന്തര ഇന്റേൺഷിപ്പുകൾ നൽകുന്നതിനൊപ്പം ANSYS, Altair, Cadence തുടങ്ങിയ ടൂളുകൾ ഉപയോഗിക്കുന്നതിന് നൂറോളം എഞ്ചിനീയർമാർക്ക് പിന്തുണയും നൽകുന്നു

**കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം (കെ.എസ്.എസ്.ടി.എം)**

പൊതുജനങ്ങൾക്കിടയിൽ ശാസ്ത്രപ്രചാരണം നടത്തുന്നതിനും വിദ്യാർത്ഥികളിൽ ശാസ്ത്രബോധവും ശാസ്ത്രീയ മനോഭാവവും വളർത്തുന്നതിനുമായി 1984-ൽ കേരള സർക്കാരിന് കീഴിൽ സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും അടിസ്ഥാനപരവും നൂതനവുമായ ശാസ്ത്രവിദ്യാഭ്യാസം അനൗപചാരികമായ രീതിയിൽ പകർന്നു നൽകുന്നതിലാണ് ഈ മ്യൂസിയം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ലോകമെമ്പാടുമുള്ള സയൻസ് മ്യൂസിയങ്ങളിലെ മികച്ച മാതൃകകൾ പിന്തുടർന്ന്, കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഒരുപോലെ ആകർഷിക്കുന്ന വിനോദത്തിലൂടെയുള്ള വിജ്ഞാന വ്യാപന പരിപാടികൾക്കും മ്യൂസിയം മുൻഗണന നൽകിവരുന്നു. തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ലോകപ്രശസ്തമായ പ്രിയദർശിനി പ്ലാനറ്റേറിയം ആണ് ഈ മ്യൂസിയത്തിന്റെ പ്രധാന ആകർഷണം. ജ്യോതിശാസ്ത്രം, ബഹിരാകാശ ഗവേഷണം, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, പോപ്പുലർ സയൻസ്, ഗണിതം, ഓട്ടോമൊബൈൽസ്, കമ്പ്യൂട്ടറുകൾ, റോബോട്ടിക്സ് എന്നീ വിഷയങ്ങൾക്കായി പ്രത്യേക ഗാലറികൾ ഇവിടെയുണ്ട്. ഇവയ്ക്ക് പുറമെ, വിദ്യാഭ്യാസപരമായ കളിയുപകരണങ്ങളുള്ള സയൻസ് പ്ലേ പാർക്ക്, 3D തിയേറ്റർ, 'സയൻസ് ഓൺ സ്ഫിയർ' ഷോ, എനർജി ബോൾ, വി.ആർ സ്റ്റുഡിയോ, ലേസറിയം, മ്യൂസിക്കൽ ഫൗണ്ടൻ എന്നിവയും മ്യൂസിയത്തിന്റെ പ്രത്യേകതകളാണ്.

കുട്ടികൾക്കായുള്ള സയൻസ് പാർക്ക്, ഡൈനോസർ പ്രദർശനം, ഇന്നൊവേഷൻ ഹബ്ബ് എന്നീ അധിക സൗകര്യങ്ങളും മ്യൂസിയം വാഗ്ദാനം ചെയ്യുന്നുണ്ട്. സജ്ജീകരണങ്ങളോട് കൂടിയ ഒരു ലൈബ്രറിയും മ്യൂസിയത്തിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്താണ് ഇതിന്റെ പ്രധാന കാമ്പസ് സ്ഥിതി ചെയ്യുന്നത്. നിലവിൽ പ്രതിവർഷം ഏകദേശം 5 ലക്ഷം പേർ മ്യൂസിയം സന്ദർശിക്കുന്നുണ്ട്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ ഉൾപ്പെടെ, കേരളത്തിലെ 10 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കെ.എസ്.എസ്.ടി.എമ്മിന്റെ വിവിധ സൗകര്യങ്ങളിലൂടെയും പദ്ധതികളിലൂടെയും നേരിട്ടോ അല്ലാതെയോ പ്രയോജനം ലഭിക്കുന്നു.കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടം പൂർത്തിയായതോടെ ശാസ്ത്രലോകത്തെ അടുത്തറിയാനുള്ള അവസരങ്ങൾ സംസ്ഥാനത്ത് കൂടുതൽ വിപുലമായിട്ടുണ്ട്. നിരവധി സന്ദർശകരെയും ശാസ്ത്രപ്രേമികളെയുമാണ് ഇവിടം ആകർഷിച്ചുകൊണ്ടിരിക്കുന്നത്. യുവതലമുറയിൽ യുക്തിചിന്ത വളർത്തുന്നതിനും ശാസ്ത്രീയ അന്വേഷണത്തിന്റെ അത്ഭുതകരമായ അനുഭവം പൊതുജനങ്ങൾക്ക് പകർന്നുനൽകുന്നതിനും ഇത്തരം സ്ഥാപനങ്ങൾ മികച്ച വേദികളാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. സ്വയംപര്യാപ്തവും സുസ്ഥിരവുമായ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും ഒരു വിജ്ഞാനസമൂഹത്തെ വാർത്തെടുക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. കോട്ടയം സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടത്തിൽ മൂന്ന് സയൻസ് ഗാലറികളുള്ള സയൻസ് സെന്റർ, 3D തിയേറ്റർ, സയൻസ് പാർക്ക്, ഡൈനോസർ എൻക്ലേവ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ ഒരു ജൈവവൈവിധ്യ പാർക്കിന്റെ വികസനവും നടന്നുവരുന്നു. ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്ററിൽ പുതിയ ഡിജിറ്റൽ അഡ്വഞ്ചർ ഗാലറി, ഇന്നൊവേഷൻ ഹബ്ബ്, 'സീഡ്സ് ഓഫ് കൾച്ചർ' ഗാലറി എന്നിവയാണ് പ്രധാന വികസന പ്രവർത്തനങ്ങൾ.

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ സംവിധാനം സമഗ്രത, നവീകരണം, ആഗോള പ്രസക്തി എന്നീ ലക്ഷ്യങ്ങളിലേക്ക് ഒരു പരിവർത്തന ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. പ്രവേശന സൗകര്യം വിപുലപ്പെടുത്തുകയും സമത്വം ഉറപ്പാക്കുകയും ഗുണനിലവാരം നിലനിർത്തുകയും ചെയ്യുന്നതിലൂടെ, പ്രത്യേകിച്ച് സമീപപ്രദേശങ്ങളിലും ദൂരപ്രദേശങ്ങളിലുമുള്ളതുമായ പശ്ചാത്തലങ്ങളിൽ നിന്നുള്ള എല്ലാ പഠിതാക്കളെയും ശക്തരാക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. സർക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങളിലൂടെ, തുടർച്ചയായ പാഠ്യപദ്ധതി പരിഷ്കാരങ്ങളും ശക്തമായ അധ്യാപക പരിശീലനവും സംയോജിപ്പിച്ച്, 21-ാം നൂറ്റാണ്ടിലെ കഴിവുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ചലനാത്മകവും പഠിതാക്കളെ കേന്ദ്രീകരിച്ചുള്ളതുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നു. ഈ പുരോഗമനപരമായ സമീപനം അക്കാദമിക്-വ്യവസായ പങ്കാളിത്തങ്ങളെ ശക്തിപ്പെടുത്തുകയും, തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുകയും, ശാസ്ത്രീയവും യുക്തിസഹവുമായ ചിന്തകളുമായും യഥാർത്ഥ ലോക ആവശ്യങ്ങളുമായും വിദ്യാഭ്യാസത്തെ കൂടുതൽ സമന്വയിപ്പിക്കുകയും ചെയ്യുന്നു. ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളിലെ നിക്ഷേപം, പാഠ്യപദ്ധതി പരിഷ്കാരങ്ങൾ, ഗുണഭോക്താക്കളുടെ പങ്കാളിത്തം എന്നിവ ഈ ലക്ഷ്യം കൈവരിക്കുന്നതിൽ നിർണ്ണായകമാകും.

ഈ സംയോജിത പരിശ്രമങ്ങളിലൂടെ സർഗ്ഗാത്മകത, വിമർശനാത്മക ചിന്ത, സാമൂഹിക ഉത്തരവാദിത്തം എന്നിവ പരിപോഷിപ്പിക്കുന്ന ഒരു ഭാവികാല ഉന്നതവിദ്യാഭ്യാസ സംവിധാനമാണ് കേരളം കെട്ടിപ്പടുക്കുന്നത്. പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ആഗോള വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ മികച്ച വിജയം കൈവരിക്കാൻ ഈ സംവിധാനം വിദ്യാർത്ഥികളെ സജ്ജരാക്കുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരു അന്താരാഷ്ട്ര ഹബ്ബായി മാറുന്നതിനുള്ള സജീവമായ പ്രവർത്തനങ്ങളിലാണ് കേരളം ഇപ്പോൾ. സാർവത്രിക സാക്ഷരതയിലും ലിംഗസമത്വത്തിലും അധിഷ്ഠിതമായ കേരളത്തിന്റെ വിജ്ഞാനസമൂഹമെന്ന

കരുത്ത് പ്രയോജനപ്പെടുത്തിക്കൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആഗോളതലത്തിൽ അംഗീകാരം നേടിയെടുക്കുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം.

അതേസമയം, ജനാധിപത്യപരവും മതനിരപേക്ഷവും ഭരണഘടനാപരവുമായ മൂല്യങ്ങൾ പ്രചരിപ്പിക്കാനും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല ലക്ഷ്യമിടുന്നു. പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയെ പരസ്പരം യോജിപ്പിച്ചുകൊണ്ട്, സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക പുരോഗതിക്കും സംഭാവന നൽകാൻ പ്രാപ്തിയുള്ള ബഹുമുഖ വൈദഗ്ധ്യമുള്ള, സാമൂഹിക ഉത്തരവാദിത്തമുള്ള, തൊഴിൽ സജ്ജരായ പൗരന്മാരെ വളർത്തിയെടുക്കുക എന്നതാണ് കേരളം ലക്ഷ്യമിടുന്നത്.

# 6.2 വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും

എല്ലാവരെയും ഉൾക്കൊള്ളുന്നതും, ഉയർന്ന ഗുണനിലവാരമുള്ളതും, ജനകേന്ദ്രീകൃതവുമായ ഒരു ആരോഗ്യസംരക്ഷണ സംവിധാനം കെട്ടിപ്പടുക്കുന്നതിൽ കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പ്രാഥമിക, ദ്വിതീയ, തൃതീയ പരിചരണ സൗകര്യങ്ങളുടെ സുസംഘടിത ശൃംഖലയിലൂടെ, പ്രാപ്യവും താങ്ങാനാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ സംസ്ഥാനം നൽകുന്നു. പരിശീലനം ലഭിച്ച പ്രൊഫഷണലുകളുടെ മതിയായ ലഭ്യതയും ഏകോപിത സേവനങ്ങളും കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ മാതൃമരണനിരക്ക്, സന്തുലിതമായ ലിംഗാനുപാതം, ഉയർന്ന ആയുർദൈർഘ്യം എന്നിവയുൾപ്പെടെ ശക്തമായ ആരോഗ്യ സൂചകങ്ങൾക്ക് കാരണമായിട്ടുണ്ട്.

സാംക്രമികേതര രോഗങ്ങൾ, ജീവിതശൈലിയുമായി ബന്ധപ്പെട്ട രോഗാവസ്ഥകൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, ലഹരിവസ്തുക്കളുടെ ദുരുപയോഗം, വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ തുടങ്ങിയ നൂതന വെല്ലുവിളികളെ നേരിടാൻ സംസ്ഥാനം നയങ്ങൾ സ്വീകരിച്ചിട്ടുണ്ട്. രോഗ നിരീക്ഷണം, പ്രതിരോധ ആരോഗ്യ സംരക്ഷണം, സാമൂഹ്യാടിസ്ഥാനത്തിലുള്ള ഇടപെടലുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് പ്രവർത്തനങ്ങൾ. പട്ടികജാതി, പട്ടികവർഗ, കുടിയേറ്റ തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവർക്കായി ലക്ഷ്യമിടുന്ന ആരോഗ്യ പരിപാടികൾ, സമഗ്രതയോടെയുള്ള ഉൾക്കൊള്ളലിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത പ്രകടമാക്കുന്നു.

ഉയർന്നുവരുന്ന പകർച്ചവ്യാധികൾ, ജനസംഖ്യാ പരിണാമങ്ങൾ, ജീവിതശൈലിയിലെ മാറ്റങ്ങൾ എന്നിവ കാരണം ആരോഗ്യ മേഖല സങ്കീർണ്ണമായ വെല്ലുവിളികൾ നേരിടുന്നു. സുസജ്ജമായ ആരോഗ്യ സംവിധാനങ്ങളുടെ ആവശ്യകതയാണ് ഇവ എടുത്തുകാണിക്കുന്നത്. ജനസംഖ്യയിലെ വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ നിരക്ക്, കൗമാരക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ, മാനസികസമ്മർദ്ദങ്ങൾ എന്നിവയ്ക്ക് ഏകോപിതവും സമഗ്രവുമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ആരോഗ്യ മേഖലയുടെ വികസനത്തിനായി 13-ഉം, 14-ഉം പഞ്ചവത്സര പദ്ധതികൾ സംയോജിതവും ജനകേന്ദ്രീകൃതവുമായ ഒരു സമീപനമാണ് മുന്നോട്ടുവെച്ചത്.

**കേരളത്തിന്റെ ആരോഗ്യ സൂചകങ്ങൾ**

**ആയുർദൈർഘ്യം** – ജനങ്ങളുടെ ജീവിത നിലവാരവും ക്ഷേമവും വിലയിരുത്തുന്നതിനുള്ള ഒരു പ്രധാന മാനദണ്ഡമാണ് ആയുർദൈർഘ്യം. സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന ആയുർദൈർഘ്യം (ജനനസമയത്തും 5-10 വയസ്സ് വരെയും) കേരളത്തിലാണ്, ദേശീയ ശരാശരിയായ 70.3 വർഷത്തിൽ നിന്ന് ഇത് 75.1 വർഷമാണ്. പുരുഷന്മാരുടെയും (71.9) സ്ത്രീകളുടെയും (78.4) ആയുർദൈർഘ്യത്തിൽ കേരളം ഒന്നാം സ്ഥാനം നിലനിർത്തുന്നു, അതേസമയം ദേശീയ തലത്തിൽ ഇത് യഥാക്രമം 68.5 ഉം 72.5 ഉം ആണ് (**പട്ടിക 6.2.1**). കേരളത്തിൽ, സ്ത്രീകളുടെ ആയുർദൈർഘ്യം (78.4) പുരുഷന്മാരേക്കാൾ (71.9) കൂടുതലാണ്.

**മാതൃ ആരോഗ്യ സംരക്ഷണം** – മാതൃ ആരോഗ്യത്തിന്റെ പ്രാഥമിക സൂചകം മാതൃമരണ അനുപാതം (MMR)

**പട്ടിക 6.2.1** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ സാമൂഹിക, ആരോഗ്യ, ജനസംഖ്യ സൂചകം

| ക്രമനം. | സൂചകങ്ങൾ | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ആകെ ജനസംഖ്യ (കോടിയിൽ) (സെൻസസ് 2011) | 3.34 | 121.06 |
| 2 | ദശവർഷ വളർച്ച (ശതമാനത്തിൽ) (സെൻസസ് 2011) | 4.90 | 17.7 |
| 3 | ലിംഗഅനുപാതം സെൻസസ്(2011) | 1084 | 943 |
| 4 | ശിശുലിംഗ അനുപാതം സെൻസസ്(2011) | 964 | 919 |
| 5 | ജനനനിരക്ക് # | 12.3 | 18.4 |
| 6 | മരണനിരക്ക്* | | |
| | എ) കുട്ടികൾ (0–4) | 1.6 | 6.7 |
| | ബി) കുട്ടികൾ (5–14) | 0.4 | 0.6 |
| | സി) വ്യക്തികൾ (15–59) | 2.2 | 2.9 |
| | ഡി) വ്യക്തികൾ (60 ഉം മുകളിലും) | 37.6 | 40.2 |
| 7 | സാധാരണവളർച്ചാനിരക്ക് # | 5.0 | 12.0 |
| 8 | വൈദ്യശുശ്രൂഷ ലഭ്യമായ മരണങ്ങളുടെ ശതമാനം * | | |
| | സർക്കാർ | 26.8 | 24.4 |
| | സ്വകാര്യം | 30.7 | 15.5 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 15.4 | 14.4 |
| | പരിശീലനം ലഭിക്കാത്തവർ/മറ്റുള്ളവര് | 27.2 | 45.7 |
| 9 | ചാപിള്ളയുടെ ജനനനിരക്ക്* | 5 | 7 |
| 10 | ക്രൂഡ് ബർത്ത് റേറ്റ്* | 12.3 | 18.4 |
| 11 | മാതൃമരണ അനുപാതം ** | 30 | 88 |
| 12 | പ്രതീക്ഷിതആയുർദൈർഘ്യം *** | 75.1 | 70.3 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***– പുരുഷൻ | 71.9 | 68.5 |
| | പ്രതീക്ഷിതആയുർദൈർഘ്യം ***– സ്ത്രീ | 78.4 | 72.5 |

**ഉറവിടം:** # SRS 2025 സെപ്റ്റംബർ/ * SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023
** 2021-23 ലെ MMR പ്രത്യേക ബുള്ളറ്റിൻ / ***SRS ലൈഫ് ടേബിൾ 2019-23

ആണ്. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ MMR (30) കേരളത്തിലാണുള്ളത്, അതേസമയം ദേശീയ തലത്തിൽ MMR 88 ആണ് (**പട്ടിക 6.2.1**).

സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ മരണത്തിന് മുമ്പ് വൈദ്യസഹായം ലഭിച്ച മരണങ്ങളുടെ ശതമാനം 57.5 ആണ്, ഇത് ഇന്ത്യയിൽ 39.9 ശതമാനമാണ്. ഫെർട്ടിലിറ്റി നിരക്കും ദേശീയ കണക്കുകളേക്കാൾ കുറവാണ്. യോഗ്യതയുള്ള പ്രൊഫഷണലുകളുടെ വൈദ്യസഹായം ലഭിക്കാത്ത പ്രസവങ്ങളുടെ ശതമാനം കേരളത്തിൽ 0.1 ആണ്, ദേശീയ തലത്തിൽ ഇത് 0.5 ആണ്.

**വിവിധ തലങ്ങളിലുള്ള ശിശു മരണനിരക്ക്**

ശിശുമരണ നിരക്ക് (ഐ.എം.ആർ) – ഒറ്റ അക്ക ശിശുമരണനിരക്ക് (5) ഉള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. അതേസമയം അഖിലേന്ത്യാ തലത്തിൽ ഇത് 25 ആണ്. സംസ്ഥാനത്തെ നവജാത ശിശുക്കളുടെ മരണനിരക്ക് (എൻ.എൻ.എം.ആർ.) 4 ആണ്. ഇത് ദേശീയ ശരാശരിയുടെ (19) അഞ്ചിലൊന്നാണ്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 8 ആണ്, ഇത് അഖിലേന്ത്യാ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ (29) നാലിലൊന്നാണ്. പ്രസവത്തിനു നിശ്ചിതദിവസങ്ങൾക്കു മുൻപോ പ്രസവത്തിനുശേഷം ഒരാഴ്ച്ചക്കകത്തുള്ള ശിശുമരണനിരക്ക് (പിഎൻഎംആർ), ആദ്യ ഘട്ടത്തിലുള്ള നവജാത ശിശു മരണനിരക്ക് (ഏർളി നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), അവസാനപാദ നവജാത ശിശു മരണനിരക്ക് (ലേറ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ്), പോസ്റ്റ് നിയോനേറ്റൽ മോർട്ടാലിറ്റി റേറ്റ് (പിഎൻഎൻഎംആർ) എന്നിവയും അഖിലേന്ത്യാ കണക്കുകളേക്കാൾ കുറവാണ്. വിവിധ തലങ്ങളിലെ ശിശുമരണ നിരക്ക് ദേശീയ ശരാശരിയേക്കാൾ മികച്ചതാണ്. ഈ നേട്ടങ്ങളുടെ ഒരു പ്രധാന കാരണം കേരളത്തിലെ 99.7 ശതമാനം അമ്മമാർക്കും പ്രസവസമയത്ത് സർക്കാർ ആശുപത്രിയിലോ സ്വകാര്യ ആശുപത്രിയിലോ യോഗ്യതയുള്ള പ്രൊഫഷണലുകളുടെ

**പട്ടിക 6.2.2** ഇന്ത്യയുമായി താരതമ്യംചെയ്തുള്ള കേരളത്തിന്റെ ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ

| ക്രമനം. | സൂചകങ്ങൾ | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | ശിശുമരണ നിരക്ക് # | 5 | 25 |
| | ശിശുമരണ നിരക്ക് # –പുരുഷ | 9 | 26 |
| | ശിശുമരണ നിരക്ക് # –സ്ത്രീ | 2 | 25 |
| 2 | നവജാത ശിശു മരണനിരക്ക്* | 4 | 19 |
| 3 | പെരിനാറ്റൽ മോർട്ടാലിറ്റി നിരക്ക്* | 9 | 21 |
| 4 | ശിശുമരണ നിരക്ക് (5 വയസ്സിൽ താഴെ) * | 2 | 7 |
| 5 | 5 വയസ്സിനു താഴെയുള്ള മരണ നിരക്ക്* | 8 | 29 |
| 6 | ഏർളി നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 3 | 13 |
| 7 | ലേറ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 0 | 5 |
| 8 | പോസ്റ്റ് നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ്* | 2 | 7 |
| 9 | ക്രൂഡ് ഡെത്ത് റേറ്റ്* | 7.2 | 6.4 |
| 10 | അമ്മമാർക്ക് ലഭിക്കുന്ന വൈദ്യസഹായത്തിന്റെ തരം അനുസരിച്ച് ജനനങ്ങളുടെ ശതമാനം* | | |
| | സർക്കാർ | 30.5 | 71.5 |
| | സ്വകാര്യ | 69.2 | 23.4 |
| | നിർദ്ദിഷ്ടയോഗ്യതയുള്ളവർ | 0.1 | 2.7 |
| | പരിശീലനം ലഭിക്കാത്തവർ/മറ്റുള്ളവർ | 0.2 | 2.0 |
| | വൈദ്യസഹായം ലഭിച്ചിട്ടില്ല | 0.1 | 0.5 |

**ഉറവിടം:** # SRS 2025 സെപ്റ്റംബർ/ * SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023

വൈദ്യസഹായം ലഭിക്കുന്നു എന്നതാണ്, ഇത് ഇന്ത്യയിൽ 94.9 ശതമാനമാണ്. ഇന്ത്യയിലെയും കേരളത്തിലെയും ശിശുമരണനിരക്കിന്റെ വിവിധ സൂചകങ്ങൾ, അമ്മമാർക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്ന ജനനത്തിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 6.2.2** ൽ നൽകിയിരിക്കുന്നു.

### പ്രത്യുല്പാദനക്ഷമത

നാഷണൽ ഫാമിലി ഹെൽത്ത് സർവേ 2019–20 (എൻ. എഫ്.എച്ച്.എസ്.– 5) പ്രകാരം 25–49 വയസ് പ്രായമുള്ള സ്ത്രീകൾക്കിടയിൽ ആദ്യ വിവാഹത്തിന്റെ ശരാശരി പ്രായം 21.5 വയസ്സാണ്. 20–24 വയസ് പ്രായമുള്ള ആറ് ശതമാനം സ്ത്രീകൾ നിയമപരമായ കുറഞ്ഞ പ്രായമായ 18 വയസ്സ് തികയുന്നതിന് മുമ്പ് വിവാഹിതരായവരാണ്. 20–49 വയസ് പ്രായമുള്ള സ്ത്രീകളിൽ 10.2 ശതമാനം മാത്രമാണ് വിവാഹിതരായിട്ടില്ലാത്തതെങ്കിൽ 20–49 വയസ് പ്രായമുള്ള 35.9 ശതമാനം പുരുഷന്മാരും വിവാഹിതരായിട്ടില്ല. മൊത്തം ഫെർട്ടിലിറ്റി റേറ്റ് (TFR) കേരളത്തിൽ 1.5 ആണ്, ദേശീയതലത്തിൽ ഇത് 1.9 ആണ്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഉള്ള പ്രധാന പ്രത്യുല്പാദന സൂചകങ്ങളുടെ താരതമ്യ കണക്കുകൾ **പട്ടിക 6.2.3** ൽ നൽകിയിരിക്കുന്നു.

കുറഞ്ഞ ജനനനിരക്കും ഉയർന്ന വിവാഹ പ്രായവും ഉള്ള ഒരു പക്വമായ ജനസംഖ്യാ രൂപരേഖ കേരളം പ്രദർശിപ്പിക്കുന്നു. മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ലിംഗ അവബോധം എന്നിവ ഈ പ്രവണതകൾ പ്രതിഫലിപ്പിക്കുന്നു.

### ആർദ്രം മിഷൻ

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ എന്ന പദ്ധതി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചു. സർക്കാർ ആശുപത്രികളിലെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ന്യായമായ ചെലവിലും സമയത്തിലും സംതൃപ്തിയിലും ചികിത്സ നൽകുന്നതിനും മിഷൻ ലക്ഷ്യമിടുന്നു. മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു – 1. മെഡിക്കൽ കോളേജ് ആശുപത്രികളുടെയും മറ്റ് ഗവൺമെന്റ് ആശുപത്രികളുടെയും ഔട്ട്പേഷ്യന്റ് (ഒ.പി.) വിഭാഗങ്ങളുടെ രോഗി സൗഹൃദ പരിവർത്തനം, 2. ജില്ലാ–താലൂക്ക് തല ആശുപത്രികളെ മാതൃകാനിലവാരത്തിലേക്കുയർത്തൽ 3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഘട്ടം ഘട്ടമായി വികസിപ്പിക്കുക 4. ആശുപത്രികളിലെ രോഗികളുടെ പരിചരണത്തിൽ പ്രോട്ടോക്കോൾ അടിസ്ഥാനത്തിലുള്ള ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്തുക. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമികാ രോഗ്യ കേന്ദ്രങ്ങൾ (പിഎച്ച്സികൾ) എന്നിവിടങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷൻ നടപ്പിലാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളായി മാറ്റിയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയും മതിയായ മരുന്ന് വിതരണം, ഉറപ്പായ

പ്രോട്ടോക്കോളുകൾ എന്നിവയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തി പൊതുജനാരോഗ്യവ്യവസ്ഥയിൽ അവരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ കഴിയും. നവകേരള കർമ്മ പദ്ധതി II–ന്റെ ഭാഗമായി ആർദ്രം മിഷൻ II 2022–ൽ ആരംഭിച്ചു.

**പട്ടിക 6.2.3** പ്രധാന പ്രത്യുല്പാദന സൂചകങ്ങൾ, കേരളവും ഇന്ത്യയും

| ക്രമ നം. | സൂചകങ്ങൾ | കേരളം | ഇന്ത്യ |
|---|---|---|---|
| 1 | പ്രത്യുൽപാദനനിരക്ക്(TFR) * | 1.5 | 1.9 |
| 2 | സാധാരണ പ്രത്യുൽപാദനനിരക്ക്* | 44.6 | 64.3 |
| 3 | ആകെ വൈവാഹിക പ്രത്യുൽപാദന നിരക്ക് * | 4.3 | 5.0 |
| 4 | പൊതു വൈവാഹിക പ്രത്യുൽപാദന നിരക്ക്* | 65.4 | 104.4 |
| 5 | ഗ്രോസ് റീപ്രൊഡക്ഷൻറേറ്റ്* | 0.7 | 0.9 |
| 6 | സ്ത്രീകളിലെവിവാഹപ്രായം * | | |
| | എ) 18–നുമ്പ് | 16.2 | 16.5 |
| | ബി) 18–20 | 19.1 | 19.2 |
| | സി) 21–നുമുകളിൽ | 25.7 | 24.4 |
| | ഡി) എല്ലാവരും | 24.4 | 22.9 |

**ഉറവിടം:** * എസ്ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

14 ജില്ലകളിലായി 885 പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ തെരഞ്ഞെടുത്തു. ഇതിൽ 740 എഫ്.എച്ച്.സി.കൾ ഇതിനകം പ്രവർത്തനക്ഷമമാക്കി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണ്. ഇതിനുപുറമെ സി.എച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് 152 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തെരഞ്ഞെടുത്തു, അതിൽ 105 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 2016 മുതൽ വിവിധ ഘട്ടങ്ങളിലായി ഡിഎച്ച്എസിനു കീഴിൽ ആകെ 4330 തസ്തികകൾ സൃഷ്ടിച്ചു.

**സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം**

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിധാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ, ഒ.പി. കമ്പ്യൂട്ടർവൽക്കരണം, നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

**ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജനസൗഹൃദ ഒ.പി. പരിവർത്തനം**

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്. ഇതിൽ 17 സ്ഥാപനങ്ങളെ മാത്രമാണ് ഒ.പി. വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത്. പതിനാല് ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനത്തിന്റ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 43 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തെരഞ്ഞെടുത്തതിൽ 24 എണ്ണം പൂർത്തിയായി.

**മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ**

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി. ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽകുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് നിർമ്മാണം / നവീകരണം, എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും ഒ.പി. മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു. ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി **പട്ടിക 6.2.4**–ൽ നൽകിയിരിക്കുന്നു.

**നവകേരള കർമ്മ പദ്ധതി II – ആർദ്രം മിഷൻ**

സേവനങ്ങളിലും പ്രവർത്തന മികവിലും ഗുണനിലവാര വർദ്ധനയിലും ഊന്നൽ നൽകാനും വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾക്കുമാണ് ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കുക, ജനസൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ സൃഷ്ടിക്കുക, ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, ചികിത്സാ

**ബോക്സ് 6.2.1** ആരോഗ്യ മേഖലയുടെ പ്രധാന നേട്ടങ്ങൾ

| | |
|---|---|
| സർക്കാർ ആശുപത്രികളിലെ ആകെ ഡോക്ടർമാരുടെ എണ്ണം | 14,139 |
| മോഡേൺ മെഡിസിനിലെ ആകെ ഡോക്ടർമാരുടെ എണ്ണം | 11,107 |
| ആയുഷിലെ ആകെ ഡോക്ടർമാരുടെ എണ്ണം | 3032 |
| സർക്കാർ ആശുപത്രികളിലെ ആകെ കിടക്കകളുടെ എണ്ണം | 60,689 |
| ആയുഷ് (സർക്കാർ) ആകെ കിടക്കകളുടെ എണ്ണം | 5755 |
| സർക്കാർ ആശുപത്രികളിലെ ആധുനിക വൈദ്യശാസ്ത്ര വിഭാഗത്തിലെ ആകെ കിടക്കകളുടെ എണ്ണം | 54,934 |
| കിടക്കകളുള്ള സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണം | 1471 |
| ഡിഎച്ച്എസിന് കീഴിലുള്ള മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ എണ്ണം | 28,700 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ യുജി സീറ്റുകളുടെ എണ്ണം | 4053 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ പിജി /സ്പെഷ്യാലിറ്റി സീറ്റുകളുടെ എണ്ണം (മോഡേൺ മെഡിസിൻ) | 1389 |
| സർക്കാർ മെഡിക്കൽ കോളേജുകളിലെ പാരാമെഡിക്കൽ ഡിപ്ലോമ സീറ്റുകളുടെ എണ്ണം (മോഡേൺ മെഡിസിൻ) | 1085 |
| ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുള്ള ആളുകളുടെ എണ്ണം (ഇ-ഹെൽത്ത്) | 2,59,55,998 |
| മൊത്തം സർക്കാർ ചെലവിലേക്കുള്ള ആരോഗ്യ ചെലവിന്റെ ശതമാനം (2023-24 ACC) | 7.90 |
| എസ്.ഡി.പി യിലേക്കുള്ള ആരോഗ്യ ചെലവിന്റെ ശതമാനം (2023-24 ACC) | 2.02 |
| കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ എൻറോൾ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം | 42.09 lakh |
| കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ് -ൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ ആകെ എണ്ണം | 384 |
| ഒരു വർഷത്തിൽ കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ്സയൻസസ് -ൽ അഫിലിയേറ്റ് ചെയ്ത മൊത്തം വിദ്യാർത്ഥികളുടെ എണ്ണം | 29540 |
| സംസ്ഥാനത്തെ എൻക്യുഎഎസ് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ (എണ്ണം) | 255 |
| സംസ്ഥാനത്തെ കാഷ് അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ (എണ്ണം) | 208 |
| ലക്ഷ്യ-സർട്ടിഫൈഡ് സ്ഥാപനങ്ങളുടെ എണ്ണം | 16 |
| ദേശീയ 'മുസ്കാൻ' അംഗീകൃത ആശുപത്രികൾ | 6 |

**ഉറവിടം:** വിവിധ ആരോഗ്യ വകുപ്പുകൾ / സ്ഥാപനങ്ങൾ

ചിലവുകൾ കുറയ്ക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളെയും ജനസൗഹൃദ നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു. മുഴുവൻ നഗരാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതാണ്. നിലവിലുള്ള ഉപകേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനും നഗര പ്രദേശങ്ങളിലെ ഓരോ ഡിവിഷനിലും വ്യത്യസ്ത പൊതുജനാരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവിടെ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും ചെയ്യുന്നതാണ്. ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യവിവരങ്ങൾ ശേഖരിക്കുകയും

**പട്ടിക 6.2.4** ആർദ്രം മിഷന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ സ്ഥിതി

| ആശുപത്രികളുടെ തരം | മൊത്തം സ്ഥാപനങ്ങൾ | പ്രവർത്തി പൂർത്തിയായത് | പ്രവർത്തി പുരോഗമിക്കുന്നത് | പ്രവർത്തി ആരംഭിക്കേണ്ടത് |
|---|---|---|---|---|
| പി.എച്ച്.സി.കൾ എഫ്എച്ച്സികളാക്കി മാറ്റുന്നത് | 885 | 740 | 53 | 92 |
| സിഎച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് | 152 | 105 | 17 | 30 |
| ജില്ലാ / ജനറൽ ആശുപത്രികളുടെ ഒപി.കൾ | 17 | 14 | 1 | 2 |
| താലൂക്ക് ആശുപത്രികളിലെ ഒപി.കൾ | 43 | 24 | 10 | 9 |
| മെഡിക്കൽ കോളേജുകൾ | 8 | 8 | 0 | 0 |

**അവലംബം:** ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലീരോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യുന്നു. 2016 ലും 2025 ലും ആരോഗ്യ സൗകര്യങ്ങളുടെ സ്ഥിതി **പട്ടിക 6.2.5** ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.5** 2016–ലെയും 2025–ലെയും ആരോഗ്യ സംവിധാനങ്ങളുടെ സ്ഥിതി

| ആരോഗ്യ സംവിധാനം | 2016 | 2025 |
|---|---|---|
| മെഡിക്കൽ കോളേജ് | 8 | 14 |
| ജനറൽ ആശുപത്രി | 18 | 18 |
| ജില്ലാ ആശുപത്രി | 18 | 18 |
| താലൂക്ക് ആശുപത്രി | 79 | 88 |
| സ്പെഷ്യാലിറ്റി ആശുപത്രി (സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, ടിബി ആശുപത്രി, കുഷ്ഠരോഗ ആശുപത്രികൾ) | 20 | 27 |
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ | 234 | 185* |
| പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (എഫ്എച്ച്സി, പിഎച്ച്സി, 24x7 പിഎച്ച്സി) | 852 | 890 |
| ടിബി സെന്റർ | 17 | 14 |
| മറ്റുള്ളവ (ആരോഗ്യ ക്ലിനിക്കുകൾ, മൊബൈൽ ക്ലിനിക്കുകൾ, ഡിസ്പെൻസറികൾ) | 49 | 49 |
| ജനകീയ ആരോഗ്യ കേന്ദ്രം (2023 ന് മുമ്പുള്ള ഉപ കേന്ദ്രങ്ങൾ) | 5403 | 5415 |
| **ആകെ** | **6698** | **6718** |

* 41 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി.
**അവലംബം: ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ പ്രധാനമായും നേടിയെടുക്കാൻ ആരോഗ്യ സംരക്ഷണ സൗകര്യങ്ങളുടെ പരിവർത്തനം, വാർഷിക ആരോഗ്യ പരിശോധന, കാൻസർ കെയർ പ്രോഗ്രാം, 'നിർണ്ണയ' ലാബ് ശൃംഖല, വയോജന – പാലിയേറ്റീവ് കെയർ, വൺ ഹെൽത്ത് ഇനിഷ്യേറ്റീവ്, രോഗ നിർമാർജനം, സാംക്രമിക രോഗ പരിചരണ സൗകര്യങ്ങൾ, ഹെൽത്തി ലൈഫ് കാമ്പെയ്ൻ, ഇന്റഗ്രേറ്റീവ് മെഡിസിൻ & റിസർച്ച് എന്നീ പത്ത് തീമാറ്റിക് മേഖലകൾക്ക് കീഴിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് സജ്ജീകരിച്ചിരിക്കുന്നത്.

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സാസൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകളേയും മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകളേയും ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം നടപ്പാക്കുകയും പാലിയേറ്റീവ് കെയർ നെറ്റ്വർക്കുകൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. പകർച്ചവ്യാധി രോഗനിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

**വയോജന–പാലിയേറ്റീവ് കെയർ**

പാലിയേറ്റീവ് കെയർ നയത്തെ അടിസ്ഥാനമാക്കി പാലിയേറ്റീവ് കെയറിനായുള്ള ഒരു സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആക്ഷൻ പ്ലാൻ അനുസരിച്ച്, 'അരികെ' എന്ന പേരിൽ ഒരു സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. നിലവിൽ, സംസ്ഥാനത്തെ പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളിലും സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റുകളിലും പാലിയേറ്റീവ് കെയർ നൽകിവരുന്നു. ഭാരതീയ ചികിത്സാ വകുപ്പിന്റെ (ISM) കീഴിൽ 44 സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ 18 സെക്കൻഡറി പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു. എട്ട് മെഡിക്കൽ കോളേജുകളിലും റീജിയണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ടത്തിൽ, 31/08/2025 വരെ 1,38,69,099 (77%) വ്യക്തികളുടെ സർവേ പൂർത്തിയായി, അതിൽ 1,28,156 (0.93%) പേർ കിടപ്പിലായവരും, 2,13,576 (1.5%) പേർ വീട്ടുകളിൽ കഴിയുന്നവരും, 45,30,894 (32.7%) പേർ അറുപത് വയസ്സിന് മുകളിലുള്ളവരുമാണ്.

- 2025 സെപ്റ്റംബർ 1 മുതൽ കേരളത്തിലെ എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും (താലൂക്ക്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്, ജില്ലാ, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ) മുതിർന്ന പൗരന്മാർക്കായി പ്രത്യേക ഒ.പി കൗണ്ടറുകൾ ആരംഭിച്ചു. സംസ്ഥാനത്തെ സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെറിയാട്രിക്സ് (വയോജന ചികിത്സ) വിഭാഗം പ്രവർത്തനമാരംഭിച്ചു. ഇതിനുപുറമെ, 227 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി സ്റ്റാഫ് നഴ്സിന്റെയും ഫിസിയോതെറാപ്പിസ്റ്റിന്റെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- പാലിയേറ്റീവ് കെയർ ഏകോപിപ്പിക്കുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് 'കേരള കെയർ' പാലിയേറ്റീവ് ഗ്രിഡ് രൂപീകരിച്ചു. പാലിയേറ്റീവ് കെയർ മേഖലയിലെ എല്ലാ സന്നദ്ധ സംഘടനകളെയും അസോസിയേഷനുകളെയും ഗ്രിഡിന്റെ ഭാഗമാക്കും. 2025 ഓഗസ്റ്റ് വരെ 2,06,199 രോഗികൾ ഗ്രിഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,387 സർക്കാർ സ്ഥാപനങ്ങളും 1,227 എൻജിഒകളും പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ഭാഗമാണ്.

**നിർണയ ലാബ് നെറ്റ്വർക്ക് സിസ്റ്റം:** ഹബ് ആൻഡ് സ്പോക്ക് മോഡലിൽ ലാബുകളെ ബന്ധിപ്പിക്കുന്ന ഒരു ഡയഗ്നോസ്റ്റിക് ലാബ് നെറ്റ്വർക്കിംഗ് സിസ്റ്റം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. കാൻസർ സ്ക്രീനിംഗ്, ക്ഷയരോഗ സ്ക്രീനിംഗ്, നവജാത ശിശു സ്ക്രീനിംഗ്, ആന്റിമൈക്രോബയൽ റെസിസ്റ്റൻസ് (എഎംആർ) സർവൈലൻസ്, സങ്കീർണ്ണമായ ലാബ് പരിശോധനകൾ തുടങ്ങിയവ ഈ സംവിധാനത്തിലൂടെയാണ് നടത്തുന്നത്.

**ആരോഗ്യകരമായ ജീവിതശൈലി പ്രചാരണം :** ആരോഗ്യകരമായ ജീവിതശൈലി, മാനസികാരോഗ്യം, ക്ഷേമം എന്നിവയ്ക്കായുള്ള ശീലങ്ങൾ വളർത്തിയെടുക്കുന്ന ലക്ഷ്യത്തോടെ വിവിധ ജില്ലകളിൽ വ്യത്യസ്തങ്ങളായ പ്രചാരണ പരിപാടികൾ നടത്തിവരുന്നു. പ്രമേഹവും അമിത രക്തസമ്മർദ്ദവും നിയന്ത്രിക്കുന്നതിനായി പിയർ ഗ്രൂപ്പുകളുടെ (സമാന പ്രായത്തിലുള്ളവരുടെ കൂട്ടായ്മ) സഹായത്തോടെയുള്ള സ്ട്രക്ചേർഡ് ലൈഫ്സ്റ്റൈൽ മോഡിഫിക്കേഷൻ (ക്രമീകൃത ജീവിതശൈലീ പരിഷ്കരണ) പദ്ധതി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

**സംയോജിത വൈദ്യശാസ്ത്രവും ഗവേഷണവും**

വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും വകുപ്പുകളുമായും സഹകരിച്ച് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ ആരോഗ്യ മേഖലയിൽ ഗവേഷണങ്ങൾ നടത്തിവരുന്നു. സാംക്രമിക രോഗ പ്രതിരോധം, ജീവിതശൈലീ രോഗ പ്രതിരോധം, പാലിയേറ്റീവ് കെയർ, മാനസികാരോഗ്യം, വയോജന ആരോഗ്യം തുടങ്ങിയ മേഖലകളിലാണ് ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നത്. ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി എസ്.എച്ച്.എസ്.ആർ.സി–യിൽ ഒരു എത്തിക്സ് സമിതിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. സംസ്ഥാനത്തെ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമിക്–മെഡിക്കൽ ഗവേഷണങ്ങൾ നടത്തുക, നയരൂപീകരണത്തിൽ സർക്കാരിനെ സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ 'സെന്റർ ഫോർ ഡിസീസ് കൺട്രോൾ – കേരള' സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ ഒന്നിലധികം തവണ നിപ്പ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രത്യേക സാഹചര്യവും, നിപ്പയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരിയായി പടരാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത് 'കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ്പ റിസർച്ച് ആൻഡ് റെസിലിയൻസ്' കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും സഹകരിച്ച് ഇത്തരം വൈറസുകളെക്കുറിച്ചുള്ള പഠന–ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും പ്രതിരോധം തീർക്കുന്നതിനുമാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. ആധുനിക ബയോ–ടെക്നോളജിയുടെ സഹായത്തോടെയുള്ള പഠനങ്ങളിലൂടെ ആയുർവേദത്തിലെ അറിവുകളെ കൂടുതൽ തെളിവധിഷ്ഠിതമാക്കാനും പൊതുജനാരോഗ്യ രംഗത്ത് അത് കാര്യക്ഷമമായി പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുള്ള 'ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ' കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കണ്ണൂരിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ജനകീയ ആരോഗ്യ കേന്ദ്രം**

കേരളത്തിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രദേശത്തെ ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യത്തോടെ ജീവിക്കാൻ സഹായകമായ ആരോഗ്യദായക പ്രവർത്തനങ്ങൾ നടത്തി രോഗാതുരത കുറയ്ക്കുക എന്നതാണ് ആർദ്രം മിഷൻ മുന്നോട്ട് വയ്ക്കുന്ന നയസമീപനം. ആരോഗ്യവർദ്ധക സേവനങ്ങൾ, രോഗ പ്രതിരോധം, രോഗ നിരീക്ഷണം, രോഗനിയന്ത്രണം, മാതൃ–ശിശു ആരോഗ്യം മുതലായ മേഖലകളിലെ ഇടപെടലുകളുടെ ഒരു കേന്ദ്രബിന്ദുവായി ആരോഗ്യ ഉപകേന്ദ്രങ്ങളെ മാറ്റുന്നതിനും അവയെ ജനകീയ ആരോഗ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തമാക്കുന്ന രീതിയിൽ കാലാനുസൃതമായി ശാക്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഓരോ വ്യക്തിയും ആരോഗ്യത്തോടെ ജീവിക്കുന്നു എന്ന് ഉറപ്പ് വരുത്താനുള്ള ഉത്തരവാദിത്തം സമൂഹം ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ടതുണ്ട്. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, വ്യായാമം മുതലായ ആരോഗ്യദായക ശീലങ്ങൾ അനുവർത്തിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിലൂടെ മാത്രമേ രോഗാതുരത കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ജനപങ്കാളിത്തം ആവശ്യമാണ്. പൊതുജനാരോഗ്യ മേഖലയിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തിയത് ഈ സാഹചര്യത്തിലാണ്. സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ താഴെ തട്ടിൽ എത്തിക്കുക എന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യം. ഇതിനായി ആർദ്രം മിഷനിലൂടെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി നവീകരിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ജനസൗഹൃദ സ്ഥാപനങ്ങളായി മാറ്റുകയും ചെയ്യുന്നു. 2025 നവംബർ 15 ലെ കണക്കനുസരിച്ച് 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. NHM–ന് കീഴിലുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4765 മിഡ്‌ലെവൽ സേവന ദാതാക്കളെ (MLSP) നിയമിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗിൽ ജോലി ചെയ്യുന്ന യോഗ്യതയുള്ള നഴ്സുമാരാണ് ഇവർ.

ഐക്യരാഷ്ട്രസഭ നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യമേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആദിവാസി വിഭാഗങ്ങൾ, തീരദേശത്ത് വസിക്കുന്നവർ, LGBTIQA+, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. പുതിയ ജന്തുജന്യ രോഗങ്ങൾ അടക്കമുള്ള പുതുരോഗങ്ങൾ ആരംഭത്തിൽത്തന്നെ പരിശോധിക്കുകയും കണ്ടെത്തുകയും ഇടപെടുകയും ചെയ്യുന്ന 'ഏകാരോഗ്യ' പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

കോവിഡിന്റെ മൂന്നാം ഘട്ടത്തെയും, തുടർ പ്രശ്നങ്ങളെയും നേരിടാനും പുതുരോഗങ്ങളുടെ ചികിത്സയ്ക്കും ആവശ്യമായി വരുന്ന ഐസോലേഷൻ വാർഡുകൾ എല്ലാ അസംബ്ലി

**പട്ടിക 6.2.6** 2016-ലെയും 2025-ലെയും മനുഷ്യവിഭവശേഷി (എണ്ണം) സംബന്ധിച്ച വിശദാംശങ്ങൾ

| വിഭാഗം / വർഷം | 2016 | | | | 2025 | | | |
|---|---|---|---|---|---|---|---|---|
| | സ്ഥിരം ജീവനക്കാർ | | കരാർ ജീവനക്കാർ | ആകെ | സ്ഥിരം ജീവനക്കാർ | | കരാർ ജീവനക്കാർ | ആകെ |
| | ഡി. എച്ച്. എസ്സ്. | ഡി. എം. ഇ. | | | ഡി. എച്ച്. എസ്സ്. | ഡി. എം. ഇ. | | |
| ജനറൽ ഡോക്ടർമാർ | 3283 | 639 | 691 | 4613 | 4168 | 796 | 1207 | 6171 |
| സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ | 2011 | 197 | 109 | 2317 | 2202 | 679 | 304 | 3185 |
| നഴ്സുമാർ | 8098 | 665 | 1106 | 9869 | 9247 | 1681 | 2647 | 13575 |
| മറ്റ് ജീവനക്കാർ | 2311 | 1655 | 1106 | 5022 | 3868 | 1825 | 1916 | 7609 |

**അവലംബം:** ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

മണ്ഡലങ്ങളിലും ഒന്നു വീതം സജ്ജമാക്കുകയും പുതുരോഗങ്ങളുടെ ആരംഭം, വ്യാപനം തുടങ്ങിയവ കണ്ടെത്താനും നിയന്ത്രണത്തിനും സഹായകമായ കൊളാബറേറ്റീവ് റിസർച്ച് സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം വഴി ശക്തിപ്പെടുത്തുന്നു. ആദ്യ ഘട്ടത്തിൽ, സംസ്ഥാനത്തെ 85 സ്ഥലങ്ങളിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം ആരംഭിച്ചു, അതിൽ 55 എണ്ണം പൂർത്തിയായി. ആരോഗ്യ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യങ്ങൾ എല്ലാ തലങ്ങളിലും സജ്ജമാക്കുന്നതിനായി സംസ്ഥാന തലത്തിൽ എസ്.എച്ച്.എസ്.ആർ.സി യുടെ നേതൃത്വത്തിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചു.

സാമ്പിളുകളെടുത്ത് ആരോഗ്യ വകുപ്പിന്റെ മേലേത്തട്ടിലുള്ള ലാബുകളിലേക്ക് അയച്ച് പരിശോധന നടത്തുന്ന "ഹബ്ബ് ആന്റ് സ്പോക്ക് രീതിയിലുള്ള ലാബ്സർവ്വീസുകൾ ഏകോപിപ്പിക്കുന്നതിനും റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. വയോജനങ്ങളുടെ സ്വാസ്ഥ്യത്തിനായി മാനസികാരോഗ്യം, വീഴ്ചകൾ, ഡിമെൻഷ്യ, തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്തും. ആയുഷുമായി ചേർന്ന് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പഞ്ചായത്തുകൾ വയോജന സൗഹൃദമാക്കും. ജീവിതശൈലി രോഗങ്ങൾ, മാനസികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും, പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ ഘടകങ്ങൾക്ക് ഊന്നൽ നൽകി ക്യാമ്പയിനുകൾ നടത്തുന്നു.

### മനുഷ്യവിഭവശേഷി

ആരോഗ്യ മേഖലയിലെ മനുഷ്യവിഭവശേഷി 2016 മുതൽ വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2016-നും 2025-നും ഇടയിൽ കേരളത്തിലെ ആരോഗ്യമേഖലയിലെ ജീവനക്കാരുടെ എണ്ണത്തിൽ എല്ലാ വിഭാഗങ്ങളിലും ശ്രദ്ധേയമായ വർദ്ധനവുണ്ടായി. ജനറൽ ഡോക്ടർമാരുടെ എണ്ണം 4,613-ൽ നിന്ന് 6,171 ആയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എണ്ണം 2,317-ൽ നിന്ന് 3185 ആയും ഉയർന്നു. ഇത് മെഡിക്കൽ വൈദഗ്ധ്യം ശക്തിപ്പെടുത്തുന്നതിലുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. നഴ്സിംഗ് ജീവനക്കാരുടെ എണ്ണം 9,869-ൽ നിന്ന് 13,575 ആയി ഗണ്യമായി വർദ്ധിച്ചു, ഇത് രോഗീപരിചരണ സേവനങ്ങളിലെ വിപുലീകരണത്തെ സൂചിപ്പിക്കുന്നു. അതുപോലെ, മറ്റ് ജീവനക്കാരുടെ എണ്ണം 5,022-ൽ നിന്ന് 7,609 ആയി വർദ്ധിച്ചു, ഇത് മൊത്തത്തിലുള്ള സേവന ലഭ്യത മെച്ചപ്പെടുത്തി. ഗുണനിലവാരമുള്ളതും എല്ലാവർക്കും ലഭ്യമാകുന്നതുമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിന് ആരോഗ്യപ്രവർത്തകർക്കായി കേരളം നടത്തുന്ന സുസ്ഥിരമായ നിക്ഷേപങ്ങളെയാണ് ഈ സ്ഥിരമായ വളർച്ച ഉയർത്തിക്കാട്ടുന്നത്. 2016-ലെയും 2025-ലെയും മനുഷ്യവിഭവശേഷി സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 6.2.6**-ൽ നൽകിയിട്ടുണ്ട്.

### ആരോഗ്യ മേഖലയിലെ തസ്തിക സൃഷ്ടിക്കൽ

2016-2025 കാലയളവിൽ കേരളത്തിലെ വിവിധ ആരോഗ്യ വകുപ്പുകളിലായി ആകെ 10,382 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. ആരോഗ്യ മേഖലയിലെ പ്രവർത്തനസജ്ജരായ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ ആരോഗ്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സുസ്ഥിരമായ നീക്കത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ആരോഗ്യ പരിരക്ഷാ സേവനങ്ങളും അനുബന്ധ സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാർ തുടരുന്ന പ്രതിജ്ഞാബദ്ധത ഈ വിപുലീകരണം അടിവരയിടുന്നു. 2016-21, 2021-2025 കാലയളവിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.7**-ൽ നൽകിയിട്ടുണ്ട്.

### വൺ ഹെൽത്ത്

വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്കായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ വൺ ഹെൽത്ത് പ്രവർത്തനങ്ങൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ), ലോകബാങ്ക് എന്നിവയുടെ സഹായം ലഭ്യമാണ്. ഈ നാല് ജില്ലകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ഒരു ആരോഗ്യ കേന്ദ്രവും ജില്ലാതലത്തിൽ ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് & സപ്പോർട്ട് യൂണിറ്റും (DPSU) സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. താഴെ പറയുന്ന

**പട്ടിക 6.2.7** 2016–21 ലും 2021–2025 ലും സൃഷ്ടിച്ച പോസ്റ്റുകൾ

| വകുപ്പ് | 2016–2021 | 2021–2025 |
|---|---|---|
| ആരോഗ്യ സേവന വകുപ്പ് | 3378 | 952 |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 4232 | 813 |
| ആയുഷ് | 259 | 124 |
| ഔഷധ ഗുണനിലവാര നിയന്ത്രണ വകുപ്പ് | 24 | 44 |
| ഭക്ഷ്യ സുരക്ഷാ വകുപ്പ് | 5 | 32 |
| ആരോഗ്യ സർവകലാശാല | 176 | 53 |
| മറ്റുള്ളവ | 46 | 244 |
| **ആകെ** | **8120** | **2262** |

**അവലംബം:** ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

സംവിധാനങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു. 1. സംസ്ഥാനതല വൺ ഹെൽത്ത് സമിതി, 2. ജില്ലാതല വൺ ഹെൽത്ത് സമിതി 3. തദ്ദേശ ഭരണ തല വൺ ഹെൽത്ത് കമ്മിറ്റി, 4. ലൈൻ ഡിപ്പാർട്ട്മെന്റ് ലെവൽ വൺ ഹെൽത്ത് കമ്മിറ്റിയും നോഡൽ ഓഫീസർമാരും.

### നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (NQAS)

2013ൽ എൻക്യുഎഎസ് ആരംഭിച്ചെങ്കിലും എൻക്യുഎഎസ് ചെക്ക് ലിസ്റ്റുകളിലെ ചില ചെക്ക് പോയിന്റുകൾ കാരണം കേരളത്തിന് പല സ്ഥാപനങ്ങൾക്കും അംഗീകാരം നൽകാനായില്ല. അതനുസരിച്ച്, 2017–ൽ, നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ കേരള നിലവാരത്തിന് അനുസൃതമായി എൻക്യുഎഎസ് ചെക്ക് ലിസ്റ്റ് കസ്റ്റമൈസ് ചെയ്തു. കേരളത്തിലെ സാഹചര്യങ്ങളുമായി അപ്രസക്തമായ ചില ഇനങ്ങൾ നീക്കം ചെയ്യുകയും പാലിയേറ്റീവ് കെയർ ചെക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് ഇത് ചെയ്തത്. കസ്റ്റമൈസേഷനുശേഷം, NQAS അക്രഡിറ്റേഷനിൽ കേരളം വൻ പുരോഗതി കൈവരിച്ചു. 2025 ഒക്ടോബർ വരെ, സംസ്ഥാനത്ത് നിന്നുള്ള 1289 സ്ഥാപനങ്ങളിൽ 255 എണ്ണം [ജില്ലാ ആശുപത്രികൾ (8), താലൂക്ക് ആശുപത്രികൾ (8), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (13), കുടുംബാരോഗ്യ കേന്ദ്രം (163), അർബൻ പിഎച്ച്സി (46), ജനകീയ ആരോഗ്യ കേന്ദ്രം 17 എന്നിവ ദേശീയതല സർട്ടിഫിക്കേഷൻ പൂർത്തിയാക്കി. 'ലക്ഷ്യ' അംഗീകാരം ലഭിച്ച 16 സ്ഥാപനങ്ങൾ ഉണ്ട്. ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ച ആശുപത്രികളിൽ 3 മെഡിക്കൽ കോളേജുകൾ, 9 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ എന്നിവ ഉൾപ്പെടുന്നു. പ്രസവസമയത്തും പ്രസവാനന്തരവും ഉണ്ടാകുന്ന സങ്കീർണതകൾ മൂലമുണ്ടാകുന്ന മാതൃ–നവജാതശിശു മരണനിരക്കും രോഗാവസ്ഥയും കുറയ്ക്കുക, പ്രസവസമയത്ത് പരിചരണത്തിന്റെ ഗുണനിലവാരം, പ്രസവാനന്തര പരിചരണം എന്നിവ മെച്ചപ്പെടുത്തുക, ആരോഗ്യ സൗകര്യങ്ങൾ സന്ദർശിക്കുന്ന ഗുണഭോക്താക്കളുടെ സംതൃപ്തി വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ ടു–വേ ഫോളോ–അപ്പ് സംവിധാനം പ്രാപ്തമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് 'ലക്ഷ്യ' ആരംഭിച്ചത്. 6 ആശുപത്രികൾക്ക് (രണ്ട് മെഡിക്കൽ കോളേജുകളും 4 ജില്ലാ ആശുപത്രികളും) ദേശീയ 'മുസ്കാൻ' അംഗീകാരം ലഭിച്ചു. കേരളത്തിലെ കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റലുകൾ) അംഗീകൃത സ്ഥാപനങ്ങളുടെ എണ്ണം 208 ആണ്.

### ഇ–ഹെൽത്ത് പദ്ധതി

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് ഇ–ഹെൽത്ത് പ്രോജെക്റ്റ് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇത് മൂലം ആവർത്തിച്ചു വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്കു കുറയ്ക്കാനും കഴിയും. തിരുവനന്തപുരം പൈലറ്റ് ജില്ലയായി ആരംഭിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 964 ആശുപത്രികളിൽ ഇ–ഹെൽത്ത് പൂർത്തിയായി, അതിൽ 200 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഇ–ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 2,59,55,998 വ്യക്തികളുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ഇതിൽ 68,35,747 വീടുകളും 1,26,83,801 പുരുഷന്മാരും 1,32,71,381 സ്ത്രീകളും 816 ട്രാൻസ്ജെൻഡറുകളും ഉൾപ്പെടുന്നു. വിശദാംശങ്ങൾ **പട്ടിക 6.2.8** ൽ നൽകിയിരിക്കുന്നു.

### പദ്ധതിക്കാലത്തെ ആരോഗ്യമേഖലയ്ക്കുള്ള ധനസഹായം

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനബജറ്റിൽ നിന്നും വലിയ തുക നീക്കി വയ്ക്കുന്ന ഒരു പ്രധാന മേഖലയാണ് ആരോഗ്യം. അടുത്ത കാലത്തായി സർക്കാരിന്റെ ആരോഗ്യ സംരക്ഷണ ചെലവ് നിരന്തരമായി വർദ്ധിക്കുന്നതായികാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സംഭാവനയെ ഒഴിച്ചുനിർത്തിയാൽ തന്നെ മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ (2025–26 കാലയളവിൽ 32500 കോടി) 6.62 ശതമാനത്തോളമാണ് (2025–26 കാലയളവിൽ 2150.19 കോടി) ആരോഗ്യ സംരക്ഷണത്തിന് കേരളം

**പട്ടിക 6.2.8** ഇ–ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ ജില്ല തിരിച്ചുള്ള ജനസംഖ്യാസർവേ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് | ക്രമ നമ്പർ | ജില്ല | ജനസംഖ്യ സർവേ നടത്തിയത് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24,06,760 | 8 | Thrissur | 23,01,629 |
| 2 | കൊല്ലം | 21,68,789 | 9 | Palakkad | 23,44,974 |
| 3 | പത്തനംതിട്ട | 10,26,328 | 10 | Malappuram | 38,44,650 |
| 4 | ആലപ്പുഴ | 15,21,575 | 11 | Kozhikode | 25,00,494 |
| 5 | കോട്ടയം | 15,22,289 | 12 | Wayanad | 6,23,272 |
| 6 | ഇടുക്കി | 8,67,546 | 13 | Kannur | 19,41,501 |
| 7 | എറണാകുളം | 18,70,452 | 14 | Kasaragod | 10,15,739 |
| | **ആകെ** | | | | **2,59,55,998** |

**ഉറവിടം:** ഇ-ഹെൽത്ത് കേരള, DHS- നവംബർ 11, 2025

ചെലവഴിക്കുന്നത് എന്നതാണ് വസ്തുത. ആറാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശകൾ അനുസരിച്ച്, മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 28 ശതമാനം (9100 കോടി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (എൽഎസ്ജിഐ) നീക്കിവച്ചിരിക്കുന്നു. എൽ.എസ്ജി.ഐ.–കൾ അവരുടെ ചെലവിന്റെ ഗണ്യമായ ശതമാനം ആരോഗ്യ സംരക്ഷണത്തിനായി ചെലവഴിക്കുന്നു. ഇതിനുപുറമെ, കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കിഫ്ബിയും നബാർഡും വഴി സർക്കാർ ഈ മേഖലയിൽ വലിയ തുക നിക്ഷേപിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് നീക്കിവച്ചിരുന്ന തുക 3,31,888.00 ലക്ഷം രൂപ (ബജറ്റ് എസ്റ്റിമേറ്റ്) ആയിരുന്നു. പദ്ധതി കാലയളവിൽ റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 3,00,600.50 ലക്ഷം (ബജറ്റ് എസ്റ്റിമേറ്റിന്റെ 90.57%) രൂപയാണ്. 13–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരോഗ്യമേഖലയ്ക്ക് 7,19,929 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ ചെലവ് റിപ്പോർട്ട് ചെയ്തത് 910077 ലക്ഷം രൂപയാണ് (126.4%). 13–ാം പഞ്ചവത്സര പദ്ധതിയുടെ അവസാന വാർഷിക പദ്ധതി കാലയളവിലെ വകുപ്പനുസരിച്ചുള്ള പദ്ധതി വിഹിതവും ചെലവും കൂടാതെ 14–ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വർഷത്തെ 2025 ഒക്ടോബർ വരെ (2025–26) ആകെ പദ്ധതി വിഹിതവും ചെലവും **പട്ടിക 6.2.9** ൽ കൊടുത്തിട്ടുണ്ട്.

ആരോഗ്യരംഗത്തെ പദ്ധതികളും പദ്ധതിയേതര ചെലവുകളും ഈ അഞ്ച് വർഷത്തിനിടയിൽ വർധിച്ചു. ആരോഗ്യ

**പട്ടിക 6.2.9** 2017–22 ലെ 13–ാം പദ്ധതിയുടെ അവസാന വർഷത്തെ വകുപ്പടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും, 2025 ഒക്ടോബർ വരെയുള്ള 14–ാം പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിലെ മൊത്തം അടങ്കലും ചെലവും (രൂപ കോടിയിൽ).

| വകുപ്പ് | വാർഷികപദ്ധതി 2021–22 | | വാർഷികപദ്ധതി 2022–23 | | വാർഷികപദ്ധതി 2023–24 | | വാർഷികപദ്ധതി 2024–25 | | വാർഷികപദ്ധതി 2025–26 (ഒക്ടോബർ 31 വരെ) | |
|---|---|---|---|---|---|---|---|---|---|---|
| | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം | വിഹിതം | ചിലവ് ശതമാനം |
| ആരോഗ്യ സേവനം | 991.40 | 206 | 1297.76 | 159.30 | 1416.46 | 119.98 | 1463.52 | 128.16 | 1490.98 | 67.93 |
| മെഡിക്കൽ വിദ്യാഭ്യാസം | 420.60 | 111 | 463.75 | 75.26 | 463.75 | 88.43 | 462.34 | 70.05 | 532.84 | 20.68 |
| ഭാരതീയ ചികിത്സാ വകുപ്പ് | 41.95 | 91 | 44.05 | 84.86 | 49.05 | 79.50 | 50.93 | 87.04 | 50.93 | 46.32 |
| ആയുർവേദ വിദ്യാഭ്യാസം | 43.20 | 62 | 47.52 | 31.63 | 47.52 | 41.39 | 43.72 | 37.42 | 43.72 | 8.28 |
| ഹോമിയോപ്പതി | 23.75 | 104 | 25.15 | 73.57 | 25.15 | 84.09 | 23.54 | 157.35 | 23.54 | 61 |
| ഹോമിയോ വിദ്യാഭ്യാസം | 8.65 | 129 | 8.90 | 81.27 | 8.90 | 78.00 | 8.18 | 74.33 | 8.18 | 25.18 |
| **ആകെ** | **1529.55** | **170** | **1887.13** | **132.18** | **2010.83** | **109.23** | **2052.23** | **112.24** | **2150.19** | **54.25** |

**അവലംബം:** പ്ലാൻ സ്പെയിസ്

കുടുംബക്ഷേമത്തിൽ 2012-13 മുതൽ 2025-26 വരെയുള്ള പദ്ധതി പദ്ധതിയേതര നിക്ഷേപങ്ങൾ റവന്യൂ ചെലവിലും മൂലധന ചെലവിലും ആരോഗ്യച്ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ അടിസ്ഥാനത്തിലും ആരോഗ്യച്ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിലും **പട്ടിക 6.2.10** ൽ നൽകിയിരിക്കുന്നു.

മറ്റ് വകുപ്പുകളുടെ പദ്ധതിച്ചെലവിൽ എക്സൈസ്, വ്യവസായം, ശാസ്ത്ര സാങ്കേതിക വിദ്യ, മത്സ്യബന്ധനം, സാംസ്കാരികകാര്യം, കായിക-യുവജനകാര്യം, സാമൂഹികനീതി, വനിതാ-ശിശു വികസനം, പട്ടികജാതി വികസനം, പട്ടികവർഗ വികസനം, തൊഴിൽ വകുപ്പ്, എൽ.എസ്.ജി.ഡി. തുടങ്ങിയ വിവിധ വകുപ്പുകൾ ഉൾപ്പെടുന്നു.

**കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി – KIIFB)**

ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ 12,324.91 കോടി രൂപ അനുവദിച്ചതിൽ 102 പ്രധാന പദ്ധതികളാണ് കിഫ്ബി ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ 6,648.90 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി ലഭിക്കുകയും, 2,609.41 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ആകെ അനുവദിച്ച തുകയുടെ 21.2 ശതമാനവും, സാമ്പത്തിക അനുമതി ലഭിച്ച തുകയുടെ 39.2 ശതമാനവും വിനിയോഗിച്ചതായി കാണിക്കുന്നു.

മെഡിക്കൽ കോളേജുകളുടെ ആധുനികവൽക്കരണം, ക്യാൻസർ സെന്ററുകൾ, ജില്ലാ/താലൂക്ക് ആശുപത്രികളുടെ നവീകരണം എന്നിവയ്ക്കൊപ്പം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതും ഐസൊലേഷൻ വാർഡുകളിൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതും ഈ പദ്ധതികളിൽ ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിലും രോഗപ്രതിരോധ സജ്ജീകരണത്തിലും സംസ്ഥാനത്തിനുള്ള ശക്തമായ ശ്രദ്ധയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

**കേരളത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ**

**സാംക്രമികേതര രോഗങ്ങൾ**

പ്രമേഹം, രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ, കാൻസർ, ശ്വാസകോശ രോഗങ്ങൾ എന്നിവയാണ് ആരോഗ്യകരമായ ജീവിതത്തിന് വലിയ ഭീഷണി സൃഷ്ടിക്കുന്ന സാംക്രമികേതര രോഗങ്ങൾ.

**പട്ടിക 6.2.10** ആരോഗ്യ കുടുംബക്ഷേമത്തിനുള്ള നിക്ഷേപം (രൂപ കോടിയിൽ)

| വർഷം | മൊത്തം സർക്കാർ ആരോഗ്യ ചെലവ് | | | | | | | |
|---|---|---|---|---|---|---|---|---|
| | ആരോഗ്യ വകുപ്പുകളുടെ ആരോഗ്യ മേഖലയിലെ ചെലവ് | കിഫ്ബിയുടെ ആരോഗ്യ മേഖലയിലെ ചെലവ് | തദ്ദേശ സ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളും നടത്തുന്ന ആരോഗ്യ ചെലവുകൾ | മറ്റ് വകുപ്പുകൾ ഉൾപ്പെടെ ആരോഗ്യ മേഖലയുടെ ആകെ പദ്ധതി ചെലവ് | മൊത്തം സർക്കാർ ചെലവ് | ആരോഗ്യ ചെലവിന്റെ ശതമാനം മൊത്തം സർക്കാർ ചെലവിന്റെ അടിസ്ഥാനത്തിൽ | ജിഎസ്ഡിപി കോടിയിലും സ്ഥിര വിലയിലും | ആരോഗ്യ ചെലവിന്റെ ശതമാനം ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിൽ |
| 2012-13 (കണക്ക്) | 3870.49 | | 123.73 | 3994.22 | 59228.18 | 6.74 | 387693.46 | 1.03 |
| 2013-14 (കണക്ക്) | 4279.97 | | 188.42 | 4468.39 | 66244.00 | 6.75 | 402781.33 | 1.11 |
| 2014-15 (കണക്ക്) | 4977.37 | | 227.60 | 5204.97 | 76744.12 | 6.78 | 419955.55 | 1.24 |
| 2015-16 (കണക്ക്) | 5823.93 | | 268.7 | 6092.63 | 87031.76 | 7.00 | 451210.02 | 1.35 |
| 2016-17 (കണക്ക്) | 7132.39 | | 304.82 | 7437.21 | 102382.55 | 7.26 | 485301.54 | 1.53 |
| 2017-18 (കണക്ക്) | 7499.31 | 0.35 | 425.95 | 7925.61 | 110237.81 | 7.19 | 516189.76 | 1.54 |
| 2018-19 (കണക്ക്) | 8051.79 | 79.69 | 760.50 | 8891.98 | 120,069.82 | 7.41 | 554,228.31 | 1.60 |
| 2019-20 (കണക്ക്) | 8144.62 | 109.67 | 664.99 | 8919.28 | 114,384.94 | 7.80 | 559,194.18 | 1.60 |
| 2020-21 (കണക്ക്) | 10354.86 | 117.92 | 1142.61 | 11615.39 | 138,884.49 | 8.36 | 511,702.00 | 2.27 |
| 2021-22 (കണക്ക്) | 14472.04 | 218.49 | 1258.87 | 15949.4 | 163,225.53 | 9.77 | 571,982.00 | 2.79 |
| 2022-23 (കണക്ക്) | 12206.61 | 460.27 | 1331.08 | 13997.96 | 161,529.36 | 8.67 | 596,236.00 | 2.35 |
| 2023-24(കണക്ക്) | 11046.41 | 521.13 | 1286.38 | 12853.92 | 162,802.23 | 7.90 | 635,136.00 | 2.02 |
| 2024-25 (പരിഷ്കരിച്ച എസ്റ്റിമേറ്റ്) | 11210.84 | 756.81 | 1651.28 | 13618.93 | 181,348.14 | 7.51 | * | * |
| 2025-26 (ബജറ്റ് എസ്റ്റിമേറ്റ്) | 12172.88 | 319.09 | 1587.99 | 14079.96 | 200,750.52 | 7.01 | * | * |

**അവലംബം:** ബജറ്റ് ഇൻ ബ്രീഫ്, ഡി.ഇ.എസ്.

സാംക്രമികേതര രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഇടപെടലുകൾ നടത്തിയില്ലെങ്കിൽ, പ്രായമായവരുടെ ജനസംഖ്യയും ജീവിതശൈലിയിലെ മാറ്റങ്ങളും കാരണം ഭാവിയിൽ ചെലവ് ഗണ്യമായി വർദ്ധിക്കാൻ സാധ്യതയുണ്ട്. മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സയുടെ ദൈർഘ്യവും കണക്കിലെടുക്കുമ്പോൾ, ഇത് താഴ്ന്ന വരുമാനമുള്ള വിഭാഗങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്. ജീവിതശൈലിയിലെ ക്രമരഹിതമായ മാറ്റങ്ങൾ, മദ്യത്തോടും പുകയിലയോടുമുള്ള അമിതമായ ആസക്തി, വൈറ്റ് കോളർ ജോലികളോടുള്ള ആഭിമുഖ്യം, അനാരോഗ്യകരമായ ഭക്ഷണരീതികൾ, ശാരീരിക വ്യായാമത്തിന് കുറഞ്ഞ മുൻഗണന, ജനസംഖ്യയുടെ എല്ലാ വിഭാഗക്കാരിലും കണ്ടുവരുന്ന ഉയർന്ന മാനസിക സമ്മർദ്ദം എന്നിവയാണ് സംസ്ഥാനത്ത് സാംക്രമികേതര രോഗങ്ങളുടെ വ്യാപനത്തിന് കാരണമായത്.

എൻ.സി.ഡി. കൺട്രോൾ പ്രോഗ്രാം സംസ്ഥാനം മുഴുവൻ എല്ലാ ജില്ലകളിലുമായി വ്യാപിച്ചുകിടക്കുന്നു, കൂടാതെ എല്ലാ ജില്ലാ/ജനറൽ ആശുപത്രികൾ, ഉപജില്ലാതല ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കൂടാതെ അയ്യായിരം ജനസംഖ്യയുള്ള ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെയും നൽകുന്ന സേവനങ്ങൾ ഉൾക്കൊള്ളുന്നു. മുഴുവൻ ആരോഗ്യ സംവിധാനത്തിലും എൻസിഡി സ്ക്രീനിംഗ് പ്രോഗ്രാം ഉള്ള ഏക സംസ്ഥാനമാണ് കേരളം.

**അമൃതം ആരോഗ്യം**

അമൃതം ആരോഗ്യം സംസ്ഥാനം നടത്തുന്ന സാംക്രമികേതര രോഗ നിയന്ത്രണ പരിപാടിയാണ്. പരിപാടിയുടെ ലക്ഷ്യങ്ങൾ ഇവയാണ്: 1. ജനങ്ങളിലെ അപായ ഘടകങ്ങൾ ലഘൂകരിക്കുക 2. ആരോഗ്യകരമായ ഭക്ഷണക്രമം, വ്യായാമം, ആസക്തിയുടെ ദൂഷ്യഫലങ്ങൾ എന്നിവയെക്കുറിച്ച് അറിവ് പകരുക 3. മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാവർക്കും രോഗാവസ്ഥകൾ പരിഗണിക്കാതെ സാംക്രമികേതര രോഗങ്ങൾക്കുള്ള പരിശോധനയും രോഗം കണ്ടെത്തിയ എല്ലാവർക്കും സൗജന്യമായി മരുന്നുവിതരണവും 4. സങ്കീർണതകളുടെ തുടക്കത്തിൽ തന്നെ മാനേജ്മെന്റും ചികിത്സയും. എല്ലാ ജില്ലകളിലും വ്യാപിച്ചുകിടക്കുന്ന അമൃതം ആരോഗ്യം പരിപാടി, ജില്ലാ/ജനറൽ ആശുപത്രികൾ, ഉപജില്ലാതല ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കൂടാതെ അയ്യായിരം ജനസംഖ്യയുള്ള 5415 ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെയും സേവനങ്ങൾ നൽകുന്നു. 30 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അമൃതം ആരോഗ്യം ക്ലിനിക്കുകളിൽ എൻസിഡി പരിശോധനയ്ക്ക് വിധേയമാക്കുന്നു.

**കേരള സി.ഒ.പി.ഡി. പ്രതിരോധ നിയന്ത്രണ പരിപാടി – ശ്വാസ്**

ലോകവ്യാപകമായി രോഗാവസ്ഥക്കും മരണത്തിനും നിദാനമായ പ്രമുഖ കാരണങ്ങളിലൊന്നാണ് ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമൊണറി ഡിസീസ് (സി.ഒ.പി.ഡി.). ഇന്ത്യയെ സംബന്ധിച്ച 'ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ്' (വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹെൽത്ത് മെട്രിക്സ് ആൻഡ് ഇവാലുവേഷൻ (ഐ.എച്ച്.എം.ഇ.) കണക്കനുസരിച്ച് ഇന്ത്യയിലെ മരണനിരക്കിന്റെ രണ്ടാമത്തെ പ്രധാന കാരണം സി.ഒ.പി.ഡി. യാണ്. അടുത്തിടെ ഇന്ത്യയിലെ എൻ.സി.ഡി. പ്രോഗ്രാമിൽ മുൻഗണനയുള്ള എൻ.സി.ഡി.കളിൽ സി.ഒ.പി.ഡി. യും കടുത്ത വൃക്കരോഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ സി.ഒ.പി.ഡി.ക്കായുള്ള ഒരു പ്രത്യേക പൊതുജനാരോഗ്യ പദ്ധതിയാണ് ശ്വാസ്. ഇത് ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ (എഫ്.എച്ച്സി.) തലം മുതൽ നടപ്പിലാക്കുന്നു. 685 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 49 ഉപജില്ല / ജില്ലാ ആശുപത്രികളിലും ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 2025–2026 (ഒക്ടോബർ 31 വരെ) കണക്കുകൾ പ്രകാരം, ശ്വാസ് ക്ലിനിക്കുകൾ വഴി രോഗലക്ഷണങ്ങളുള്ള 2,04,149 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. ഇതിൽ 22,429 പേർ സ്പൈറോമെട്രി പരിശോധനയ്ക്ക് വിധേയരാവുകയും, അതിന്റെ ഫലമായി 16,440 പേർക്ക് സി.ഒ.പി.ഡി രോഗവും 12,728 പേർക്ക് ആസ്ത്മയും സ്ഥിരീകരിക്കുകയും ചെയ്തു.

**ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് (ഐഎച്ച്എംഐ)**

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, കേരള സർക്കാർ, ലോകാരോഗ്യ സംഘടന, റിസോൾവ് ടു സേവ് ഇനിഷ്യേറ്റീവ് ഓഫ് വൈറ്റൽ സ്ട്രാറ്റജീസ് എന്നിവയുടെ സഹകരണത്തോടെയുള്ള പദ്ധതിയാണ് ഇന്ത്യാ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ്. ഐഎച്ച്എംഐക്കൊപ്പം പ്രമേഹ നിയന്ത്രണവും നിരീക്ഷണവും കേരള സംസ്ഥാനവും ലക്ഷ്യം വയ്ക്കുന്നു. എല്ലാ ജില്ലകളിലും ഈ സംരംഭം നടപ്പിലാക്കിയിട്ടുണ്ട്. ഡബ്ലിയു.എച്ച്.ഒ. ഹാർട്ട്സ് പാക്കേജിനെ അടിസ്ഥാനമാക്കി ഹൈപ്പർടെൻഷൻ അളക്കാൻ കഴിയുന്ന ചികിത്സയുടെ അഞ്ച് അവശ്യഘടകങ്ങളിൽ ഐഎച്ച്എംഐ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. 2025 ഒക്ടോബർ 31–വരെയുള്ള പദ്ധതിവിവര പ്രകാരം, രക്തസമ്മർദ്ദ നിയന്ത്രണ നിരക്ക് 13 ശതമാനത്തിൽ നിന്ന് 41 ശതമാനമായി ഗണ്യമായി മെച്ചപ്പെട്ടു. ചികിത്സാ ക്രമം തെറ്റിക്കുന്നവരുടെ നിരക്ക് പകുതിയോളം കുറയുകയും (55 ശതമാനത്തിൽ നിന്ന് 27.6 ശതമാനമായി) ചെയ്തു. രോഗം സ്ഥിരീകരിച്ച എല്ലാവരെയും പേഷ്യന്റ് കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ വഴിയും ഫീൽഡ് സ്റ്റാഫിന്റെ തുടർനിരീക്ഷണം മുഖേനയും കൃത്യമായി നിരീക്ഷിച്ചുവരുന്നു.

**നയനാമൃതം– ഡയബറ്റിക് റെറ്റിനോപ്പതി പരിശോധന**

ഡയബറ്റിക് റെറ്റിനോപ്പതി ദീർഘനാളായി തുടരുന്ന ഡയബറ്റിസ് മെലിറ്റസിൽ സാധാരണ കണ്ടുവരുന്ന ഒരു സങ്കീർണതയാണ്. ഇത് കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെടുത്തിയേക്കാം. ഡയബറ്റിക് റെറ്റിനോപ്പതിയുടെ ആദ്യഘട്ടത്തിൽ തന്നെ രോഗാവസ്ഥ കണ്ടെത്തിയാൽ പൂർണ്ണമായും ഫലപ്രദമായ ചികിത്സ ലഭ്യമാണ്. ഇ–ഹെൽത്ത് നൽകുന്ന സാങ്കേതിക പിന്തുണയോടെ കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ പ്രാഥമിക കേന്ദ്രങ്ങൾ, ദ്വിതീയ കേന്ദ്രങ്ങൾ, തൃതീയ പരിചരണ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന പൊതുജനാരോഗ്യ സംവിധാനത്തിൽ ആരോഗ്യ സേവന വകുപ്പ് ഒരു പരിചരണ പദ്ധതി നടപ്പിലാക്കി. കേരളത്തിലെ 172 എഫ്എച്ച്സികൾ

ഉൾപ്പെടെ എല്ലാ ജില്ലകളിലും ഈ പരിപാടി നടപ്പിലാക്കുന്നു. സമൂഹത്തിലെ പ്രമേഹ രോഗികളെ കണ്ടെത്തുന്നതിലും സ്ക്രീനിംഗ് പ്രോഗ്രാമിൽ പങ്കെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിലും ആശാ പ്രവർത്തകരും മറ്റ് ഫീൽഡ് വർക്കർമാരും സജീവ പങ്ക് വഹിക്കുന്നു. 2025 ഓഗസ്റ്റ് 31 വരെ AI സിസ്റ്റത്തിന്റെ സഹായത്തോടെ രണ്ടാം ഘട്ടത്തിൽ 313 ഡയബറ്റിക് റെറ്റിനോപ്പതി / എഎംഡി കേസുകളും 118 ഗ്ലോക്കോമ രോഗികളെയും കണ്ടെത്തി.

**ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ്**

കേരളത്തിൽ സാംക്രമികേതര രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച് ക്ലിനിക്ക് അടിസ്ഥാനമാക്കിയുള്ള ഡാറ്റ ഉണ്ടെങ്കിലും ജനസംഖ്യാടിസ്ഥാനത്തിലുള്ള രജിസ്ട്രി ഇല്ല. സംസ്ഥാനം നാല് ജില്ലകളിൽ സാംക്രമികേതര രോഗങ്ങളുടെ ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് ആരംഭിച്ചിട്ടുണ്ട്. ആശ വൊളന്റിയർ അവരുടെ പരിധിയിലുള്ള വീടുകൾ സന്ദർശിച്ച് സാംക്രമികേതര രോഗങ്ങളുടെ അവസ്ഥയും അതിന്റെ അപകട ഘടകങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കും. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവരവരുടെ എൻസിഡി നിലയെക്കുറിച്ച് അറിയാത്തവർക്കായി ക്യാമ്പ് അടിസ്ഥാനത്തിലും ഗൃഹാടിസ്ഥാനത്തിലും സ്ക്രീനിംഗ് നടത്തുകയും ആരോഗ്യ കേന്ദ്ര തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിവരശേഖരം തയ്യാറാക്കുകയും ചെയ്യും. ആശാ പ്രവർത്തകർക്ക് വിവരശേഖരണത്തിന് ഉപയോഗിക്കുന്നതിനായി ഇ ഹെൽത്ത് ഒരു ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു.

**ശൈലി ആപ്പ്**

കേരളത്തിലെ ജനങ്ങൾക്കിടയിലെ ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്പ് പുറത്തിറക്കി. നവകേരളം കർമപദ്ധതി പ്രകാരം ആരോഗ്യവകുപ്പ് ആരംഭിച്ച ജനസംഖ്യാടിസ്ഥാനത്തിലുള്ള പരിശോധന പദ്ധതിയുടെ ഭാഗമായാണ് ആപ്പ് സജ്ജീകരിച്ചിരിക്കുന്നത്. അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ് (ആശ) പ്രവർത്തകരെ അതത് പ്രദേശങ്ങളിലെ 30 വയസ്സിന് മുകളിലുള്ള വ്യക്തികളിൽ നിന്ന് ഏതെങ്കിലും ജീവിതശൈലി രോഗങ്ങളെക്കുറിച്ചോ അപകടസാധ്യത ഘടകങ്ങളെക്കുറിച്ചോ വിവരങ്ങൾ ശേഖരിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-ഹെൽത്ത് സംരംഭത്തിന് കീഴിലാണ് ആപ്പ് സജ്ജീകരിച്ചത്. ആപ്പ് പ്രാഥമികമായി പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ, മറ്റ് ജീവിതശൈലി സംബന്ധമായ അസുഖങ്ങൾ, ക്യാൻസർ എന്നിവയെ കുറിച്ചുള്ള വിവരങ്ങളാണ് ശേഖരിക്കുക. വ്യക്തികളുടെ ആരോഗ്യനില സ്കോർ ചെയ്യുകയും നാലിന് മുകളിൽ സ്കോർ ഉള്ളവരോട് ജീവിതശൈലീ രോഗങ്ങൾ പരിശോധിക്കുന്നതിനായി അടുത്തുള്ള ആരോഗ്യ കേന്ദ്രം സന്ദർശിക്കാൻ ആവശ്യപ്പെടുകയും ചെയ്യും.

ശൈലി 1 സർവേയിൽ സർവേ നടത്തിയ രോഗങ്ങൾക്ക് പുറമെ മാനസികാരോഗ്യം, അന്ധത, ബധിരത, കുഷ്ഠരോഗം എന്നിവയും ശൈലി 2 സർവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശൈലി 1 (2024 ഫെബ്രുവരി 15 വരെ), ശൈലി 2 (2024 ഫെബ്രുവരി 15-ന് ശേഷം) എന്നിവയ്ക്ക് ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ ഭാഗമായി നടത്തിയ സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.11**-ൽ നൽകിയിരിക്കുന്നു.

**സ്ട്രോക്ക് മാനേജ്മെന്റ് (എസ്.ഐ.ആർ.എ.എസ്- സ്ട്രോക്ക് ഐഡന്റിഫിക്കേഷൻ റീഹാബിലിറ്റേഷൻ അവയർനസ്സ് ആൻഡ് സ്റ്റബിലൈസേഷൻ പ്രോഗ്രാം)**

രക്തസമ്മർദ്ദത്തിന്റെ ഒരു സങ്കീർണതയാണ് സ്ട്രോക്ക്. ഇതിൽ രക്തസ്രാവം മൂലം രക്തക്കുഴലുകൾ അടഞ്ഞുപോകുന്നു. സ്ട്രോക്ക് മാനേജ്മെന്റ് സമയ ബന്ധിതമാണ്. ഇത് രോഗി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന സമയപരിധിയെ ആശ്രയിച്ചിരിക്കുന്നു. ഇത് സാധാരണഗതിയിൽ 4 മണിക്കൂർ ആണ്. സ്ട്രോക്ക് നിയന്ത്രണത്തിനായി പ്രത്യേക വൈദഗ്ധ്യവും അടിസ്ഥാന സൗകര്യങ്ങളും വിലകൂടിയ മരുന്നുകളും ആവശ്യമായതിനാൽ സ്ട്രോക്ക് മാനേജ്മെന്റ് സങ്കീർണ്ണമാണ്. എസ്.സി.ടി.ഐ.എം.എസ്.ടി -യിൽ സ്ട്രോക്ക് മാനേജ്മെന്റിൽ ഫിസിഷ്യൻമാരെ പരിശീലിപ്പിച്ചും സി. ടി. സ്കാൻ, ടെലി റേഡിയോളജി സേവനങ്ങളുള്ള ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ഐ.സി.യു. സജ്ജീകരിച്ചും ആരോഗ്യവകുപ്പ് എസ്.ഐ.ആർ.എ.എസ് എന്ന സ്ട്രോക്ക് മാനേജ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. പന്ത്രണ്ട് ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ള ജില്ലകളിൽ സ്ട്രോക്ക് ഐസിയു പൂർത്തിയാക്കുകയുമാണ്. 2025-26 കാലയളവിൽ (ഒക്ടോബർ വരെ) 406 ത്രോംബോളിസിസ് നടപടിക്രമങ്ങൾ നടത്തി.

**ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ (പാദസ്പർശം)**

നീണ്ടുനിൽക്കുന്ന പ്രമേഹത്തിന്റെ ഒരു പ്രധാന സങ്കീർണതയാണ് പ്രമേഹ പാദം, പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തിയില്ലെങ്കിൽ കൈകാലുകൾ നഷ്ടപ്പെടാം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് ഡയബറ്റിക് ഫൂട്ട് മാനേജ്മെന്റിനെക്കുറിച്ച് മെഡിക്കൽ ഓഫീസർമാർക്ക് പരിശീലനം നൽകി. 84 ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

**360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ്**

ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കാനുള്ള ദൗത്യത്തിന്റെ ഭാഗമായി, ബാഹ്യ പിന്തുണയോടെ കേരള സർക്കാർ എറണാകുളം ജനറൽ ആശുപത്രിയിൽ 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ് എന്ന പേരിൽ ഒരു മാതൃകാ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ രോഗിക്ക് ഒരു ഐഡി ലഭിക്കും. അപ്പോൾ രോഗിയുടെ ഉയരം, ഭാരം, രക്തസമ്മർദ്ദം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന പ്രീ-ക്ലിനിക്കൽ ഏരിയയിലേക്ക് അവർക്ക് നീങ്ങാൻ കഴിയും. അഡ്വാൻസ്ഡ് പോയിന്റ് ഓഫ് കെയർ (പിഒസി) ഉപകരണങ്ങളുടെ സഹായത്തോടെ രോഗിക്ക് ലാബിൽ നിന്ന് ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശോധനാ ഫലങ്ങൾ ലഭിക്കും. ലാബ് റിപ്പോർട്ടുകൾ വിശകലനം ചെയ്ത ശേഷം, ആവശ്യമെങ്കിൽ, പോഷകാഹാര കൗൺസലിംഗ്,

**പട്ടിക 6.2.11** ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഘടകം | ശൈലി 1 (2024 ഫെബ്രുവരി 15 വരെ) നമ്പരിൽ (പൂർത്തിയായത്) | ശൈലി 2 (2024 ഫെബ്രുവരി 15-ന് ശേഷം) നമ്പരിൽ (12.10.2025 വരെ) |
|---|---|---|---|
| 1 | 30 വയസ്സിനു മുകളിലുള്ള ജനസംഖ്യ | 17730149 | 18111775 |
| 2 | ജനസംഖ്യാടിസ്ഥാനത്തിലുള്ള എൻസിഡി സർവേ നടത്തിയത് | 15378166 | 14103605 |
| 3 | സി. ബി. എ. സി. സ്കോർ > 4 | 2783391 | 6063139 |
| 4 | കാൻസർ സ്ക്രീനിംഗിന് റഫർ ചെയ്തത് | 910964 | 261630 |
| 5 | ഓറൽ ക്യാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 41546 | 50054 |
| 6 | സ്തനാർബുദ പരിശോധനയ്ക്കായി റഫർ ചെയ്തത് | 790858 | 162713 |
| 7 | സെർവിക്കൽ ക്യാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 96959 | 59279 |
| 8 | ടിബി സ്ക്രീനിംഗിനായി റഫർ ചെയ്തത് | 112817 | 147573 |
| 9 | ശ്വസന മൂല്യനിർണയത്തിനായി റഫർ ചെയ്തത് | 437397 | 477037 |
| 10 | ഹൈപ്പർടെൻഷൻ മാത്രം കണ്ടെത്തിയ രോഗികൾ | 1649597 | 1804190 |
| 11 | പ്രമേഹം മാത്രം കണ്ടെത്തിയ രോഗികൾ | 1332775 | 1219978 |
| 12 | രക്തസമ്മർദ്ദവും പ്രമേഹവും കണ്ടെത്തിയ രോഗികൾ | 623864 | 811230 |
| 13 | കിടപ്പിലായ രോഗികൾ | 109031 | 55485 |
| 14 | വീട്ടിൽ നിന്നും പുറത്തുപോകാൻ കഴിയാത്ത രോഗികൾ | 190428 | 86621 |
| 15 | 60 വയസ്സിനുമുകളിൽ ജനസംഖ്യ സർവേ നടത്തിയത് | 4750594 | 4603317 |
| 16 | ലെപ്രസി സ്ക്രീനിംഗിനായി റഫർ ചെയ്തത് | 0 | 147440 |
| 17 | വിഷൻ സ്ക്രീനിംഗിനായി റഫർ ചെയ്തത് | 0 | 1616893 |
| 18 | ഹിയറിങ് സ്ക്രീനിങ്ങിനായി റഫർ ചെയ്തത് | 0 | 232946 |
| 19 | പ്രായാധിക്യം മൂലമുള്ള ആരോഗ്യപ്രശ്നങ്ങളോട് കൂടിയവർ | 0 | 276744 |
| 20 | മാനസികാരോഗ്യ മൂല്യനിർണ്ണയത്തിനായി റഫർ ചെയ്തവർ | 0 | 72755 |

**അവലംബം :** shaili.ehealth.kerala.gov.in 12.10.2025 പ്രകാരം

ഫിസിയോതെറാപ്പി, പൾമണറി ഫംഗ്ഷൻ ടെസ്റ്റ്, റെറ്റിനൽ സ്കാനിംഗ്, ഡയബറ്റിക് ഫൂട്ട് അസസ്മെന്റ് തുടങ്ങിയ തുടർ പരിശോധനകൾക്കും നടപടികൾക്കും ഡോക്ടർ രോഗിയെ നയിക്കും. പരിശോധനാ ഫലങ്ങൾ, രോഗനിർണയം മുതലായവ ഉൾപ്പെടെയുള്ള ചികിത്സാ സംഗ്രഹം ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് ശേഖരിക്കുകയും ഭാവിയിലെ റഫറൻസിനായി സംരക്ഷിക്കുകയും ചെയ്യുന്നു. കേന്ദ്രത്തിൽ നിന്ന് പുറത്തുപോകുമ്പോൾ രോഗിക്ക് പൂർണ്ണമായ ചികിത്സാ സംഗ്രഹം ലഭിക്കും. ടെലി കോളിംഗ് സൗകര്യം ഉപയോഗിക്കുന്ന രോഗിക്ക് ഷെഡ്യൂൾ ചെയ്ത ഫോളോ അപ്പ് തീയതിക്ക് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഒരു റിമൈൻഡർ കോൾ ലഭിക്കുന്നു. 2025-26 കാലയളവിൽ, ഈ പദ്ധതി 11 ജില്ലാ/ജനറൽ/താലൂക്ക് ആസ്ഥാന ആശുപത്രികളിൽ കൂടി ആരംഭിച്ചു.

**ആരോഗ്യം ആനന്ദം - അകറ്റാം അർബുദം**

ലോക അർബുദ ദിനത്തിൽ (2025 ഫെബ്രുവരി 4) കേരളത്തിൽ ആരംഭിച്ച ഏറ്റവും വലിയ ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പയിനാണ് 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം'. ഇതിന്റെ ഒന്നാം ഘട്ടത്തിൽ 30 വയസ്സിനു മുകളിലുള്ള സ്ത്രീകളിലെ സ്തനാർബുദം, ഗർഭാശയമുഖ അർബുദം എന്നിവ കണ്ടെത്തുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ പുരുഷന്മാരിലെ വായിലെ അർബുദം വൻകുടലിലെ അർബുദം എന്നിവ കണ്ടെത്തുകയാണ് ലക്ഷ്യം. 2025 ഒക്ടോബർ 7 വരെയുള്ള 'ആരോഗ്യം ആനന്ദം' ക്യാമ്പയിന്റെ ഭാഗമായി നടന്ന ക്യാൻസർ പരിശോധനകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.12**-ൽ നൽകിയിട്ടുണ്ട്.

**പട്ടിക 6.2.12** ആരോഗ്യം ആനന്ദത്തിൽ കാൻസർ പരിശോധന നടത്തിയ വിവരങ്ങൾ

| കാൻസർ തരം | പരിശോധനയ്ക്ക് വിധേയരായ വ്യക്തികളുടെ എണ്ണം | രോഗനിർണ്ണയത്തിനായി റഫർ ചെയ്തു | രോഗനിർണയം നടത്തിയ കേസുകൾ |
|---|---|---|---|
| സ്തനം | 15,19,799 | 25,831 | 259 |
| ഗർഭാശയമുഖം | 12,48,822 | 30,626 | 84 |
| വായ് | 13,75,586 | 3,925 | 62 |
| വൻകുടൽ | 3,45,067 | 656 | 12 |

**ഉറവിടം:** ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് 07.10.2025 പ്രകാരം.

## ഹൃദയപൂർവ്വം (സി.പി.ആർ. പരിശീലനം)

അകാല മരണത്തിനുള്ള പ്രധാന കാരണങ്ങളിലൊന്നായി ഹൃദയസംബന്ധമായ അസുഖങ്ങൾ തുടരുകയാണ്. അഞ്ചിൽ ഒരാൾ വീതം ഇത്തരം രോഗങ്ങൾ മൂലം നേരത്തെ മരണപ്പെടുന്നു. ഹൃദയസംബന്ധമായ രോഗങ്ങളുടെയും സ്ട്രോക്കിന്റെയും 80 ശതമാനം കേസുകളും കൃത്യസമയത്തുള്ള അവബോധത്തിലൂടെയും പ്രതിരോധ നടപടികളിലൂടെയും തടയാനാകുമെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു. പെട്ടെന്നുണ്ടാകുന്ന കുഴഞ്ഞുവീഴലും തുടർന്നുള്ള അപ്രതീക്ഷിത മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ, കാർഡിയോപൾമണറി റെസ്സിറ്റേഷൻ (CPR) എന്ന ലളിതവും എന്നാൽ ജീവൻരക്ഷാകരവുമായ ഇടപെടലിന്റെ അടിയന്തര പ്രാധാന്യം കൂടുതൽ വ്യക്തമാകുന്നു. നിലവിൽ 26,864-ലധികം ആളുകൾക്ക് ഇതിനോടകം പരിശീലനം നൽകിക്കഴിഞ്ഞു.

## ഹൃദ്യം

18 വയസ്സുവരെയുള്ള കുട്ടികളിലെ ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ നേരത്തെ കണ്ടെത്താനും ചികിത്സിക്കാനും നിരന്തരമായ തുടർനിരീക്ഷണം ഉറപ്പാക്കാനുമായി 2017 ഓഗസ്റ്റിൽ ആരംഭിച്ച ഒരു വെബ് അധിഷ്ഠിത പ്ലാറ്റ്ഫോമാണ് 'ഹൃദ്യം'. സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ഹൃദ്രോഗ പരിശോധന ഉറപ്പാക്കുന്നതിനൊപ്പം, ജനനം മുതൽ 18 വയസ്സുവരെ വെബ് പ്ലാറ്റ്ഫോമിലൂടെ അവരെ നിരീക്ഷിക്കാനും ഈ പദ്ധതി സഹായിക്കുന്നു. അംഗീകൃത സർക്കാർ-സ്വകാര്യ ആശുപത്രികൾ വഴി ശസ്ത്രക്രിയകൾക്കുള്ള സൗകര്യം ഇത് ഒരുക്കുന്നു. ഇതുവരെ 25,980 കുട്ടികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 8,516 ശസ്ത്രക്രിയകളോ മറ്റ് ഇടപെടലുകളോ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സയ്ക്കും മാത്രമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണിത്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിൽ, 2001 ലാണ് ഐ.ഐ.ഡി. പ്രവർത്തനം ആരംഭിച്ചത്. പ്രമേഹത്തിന്റെ ജനിതക അടിത്തറയെക്കുറിച്ച് അന്വേഷിക്കുക, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനം നൽകുക, ചികിത്സാ രീതികൾ വികസിപ്പിക്കുന്നതിന് ഗവേഷണ സഹായം നൽകുക, അക്കാദമിക് തലത്തിൽ പ്രാധാന്യം നൽകുക, കൂടാതെ പ്രമേഹ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അത്യാധുനിക കോൺഫറൻസുകൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ഐ.ഐ.ഡി. യിൽ ലഭ്യമായ കിടക്കകളുടെ എണ്ണം 40 ആണ്. ശരാശരി ഓരോ വർഷവും കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം 6000 ആണ്. 2024-25ൽ ചികിത്സിച്ച രോഗികൾ 74409, ഐപി 341, പുതിയ കേസുകൾ 8664. 2025-26ൽ (ഓഗസ്റ്റ് 31 വരെ ) ഐപി, ഒപി, പുതിയ കേസുകൾ എന്നിവ യഥാക്രമം 187, 33388, 3704 എന്നിങ്ങനെയാണ്. 2024-25 കാലയളവിൽ നടത്തിയ കമ്മ്യൂണിറ്റി മെഡിക്കൽ ക്യാമ്പുകളുടെ എണ്ണം 22 ആയിരുന്നു, 2025-26 ൽ (ഓഗസ്റ്റ് 31 വരെ) 7 ആണ്.

## അർബുദം

കേരളത്തിലെ ഒരു പ്രധാന സംക്രമികേതര രോഗമാണ് അർബുദം. മെഡിക്കൽ കോളേജുകൾ കൂടാതെ റീജണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ ആൻഡ് റിസേർച്ച് സെന്റർ എന്നീ സർക്കാർ മേഖലയിലുള്ള ആശുപത്രികളും അർബുദത്തിന് ചികിത്സ നൽകി വരുന്നു. ഈ സ്ഥാപനങ്ങൾ കൂടാതെ എല്ലാ പ്രധാന സർക്കാർ ആശുപത്രികളും ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. രോഗം കണ്ടുപിടിക്കുന്നതിലെ കാലതാമസം, ഭീമമായ ചികിത്സാ ചെലവ്, തുച്ഛമായ ചികിത്സാ സൗകര്യങ്ങൾ, അവബോധമില്ലായ്മ എന്നീ കാര്യങ്ങൾ ഈ രോഗം വന്ന് മരിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നു.

ആരോഗ്യ കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കാനും തടസ്സമില്ലാത്ത പരിചരണം ഉറപ്പാക്കാനുമായി കേരളം സമഗ്രമായ ഒരു ക്യാൻസർ ഗ്രിഡ് സജ്ജമാക്കിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ തലങ്ങളിലും ക്യാൻസർ പരിശോധനാ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ ഓരോ ആരോഗ്യ കേന്ദ്രത്തിലും പ്രത്യേക ക്യാൻസർ സ്ക്രീനിംഗ് ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ക്യാൻസർ പരിശോധന, രോഗനിർണ്ണയം, ചികിത്സ, തുടർനിരീക്ഷണം എന്നിവയുൾപ്പെടെയുള്ള എല്ലാ ഘട്ടങ്ങളെയും പിന്തുണയ്ക്കുന്നതിനായി ഒരു ഡിജിറ്റൽ 'ക്യാൻസർ കെയർ സ്യൂട്ട്' നിലവിലുണ്ട്. ഇതിനോടൊപ്പം ചിട്ടയായ വിവരശേഖരണത്തിനായി 'കേരള ക്യാൻസർ രജിസ്ട്രി'യും പ്രവർത്തിക്കുന്നു. ഗർഭാശയമുഖ അർബുദം തടയുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി ഉടൻ തന്നെ എച്ച്.പി.വി വാക്സിനേഷൻ ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുകയാണ്.

കാൻസർ സ്ക്രീനിംഗും ചികിത്സയും നടത്തുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് വികേന്ദ്രീകൃത കാൻസർ ചികിത്സാ പദ്ധതി ആരംഭിച്ചു. കാൻസർ നിർണയിക്കാനും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ തീരുമാനങ്ങൾ നൽകാനും ജില്ലാ ആശുപത്രികളും തിരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളും സജ്ജമാണ്. സംസ്ഥാനത്തെ 28 ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുകൂടാതെ സ്തനാർബുദം, ശ്വാസകോശാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയ അർബുദങ്ങൾ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പ്രോഗ്രാമുകളും എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിലുള്ള കാൻസർ രോഗികളെ കണ്ടെത്താൻ ആശാ വർക്കർമാർ മുഖേന ആരോഗ്യവകുപ്പ് സർവേ നടത്തി. പ്രധാന കേന്ദ്രങ്ങളിൽ രോഗനിർണയം നടത്തിയ രോഗികൾക്ക് ഫോളോ-അപ്പ് കീമോതെറാപ്പി ചികിത്സ നൽകുന്നതിനായി ഡേകെയർ കീമോതെറാപ്പിയുടെ

**പട്ടിക 6.2.13** ജില്ലാ കാൻസർ കെയർ റിപ്പോർട്ട് 2024-25 (ഒക്ടോബർ 31 വരെ)

| | |
|---|---|
| കീമോതെറാപ്പി യൂണിറ്റുകളുടെ എണ്ണം | 28 |
| കണ്ടെത്തിയ പുതിയ കേസുകളുടെ എണ്ണം | 4972 |
| കീമോതെറാപ്പികളുടെ എണ്ണം | 1.28 ലക്ഷം |

**ഉറവിടം:** ആരോഗ്യ സേവന ഡയറക്ടറേറ്റ്

28 യൂണിറ്റുകളുണ്ട്. ജില്ലാ കാൻസർ കൺട്രോൾ പ്രോഗ്രാം റിപ്പോർട്ട് 2024-25 (ഒക്ടോബർ 31 വരെ) **പട്ടിക 6.2.13** ൽ നൽകിയിരിക്കുന്നു.

### മലബാർ ക്യാൻസർ സെന്റർ

വടക്കൻ കേരളത്തിലെ ജനങ്ങൾക്ക് അർബുദചികിത്സ നൽകുന്നതിനായി സ്ഥാപിതമായ കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. ഇവിടെ 353 പേരെ കിടത്തി ചികിത്സിക്കാൻ സാധിക്കും. അർബുദരോഗികളെ ചികിത്സിക്കുന്നതിനായി ഏറ്റവും പുതിയ സംവിധാനങ്ങൾ ഇവിടെയുണ്ട്. 2024-25 ൽ മലബാർ ക്യാൻസർ സെന്ററിൽ ചികിത്സ ലഭിച്ചതിൽ 6406 പേർ കിടത്തി ചികിത്സ ലഭ്യമായവരും 120205 പേർ ഔട്ട്പേഷ്യന്റ്സുമാണ്. ഇതിൽ പുതിയ കേസുകൾ 5633 ആണ്. 2025-26ൽ (31.08.2025 വരെ), ഐപിയുടെയും ഒപിയുടെയും എണ്ണം യഥാക്രമം 2883 ഉം 67166 ഉം പുതിയ കേസുകൾ 2459 ഉം ആണ്. കേന്ദ്രത്തിൽ ഓരോ വർഷവും കണ്ടെത്തുന്ന പുതിയ കേസുകളുടെ ശരാശരി എണ്ണം 5253 ആണ് (കഴിഞ്ഞ അഞ്ച് വർഷത്തെ വിവരങ്ങൾ അടിസ്ഥാനമാക്കി). 2024-25 കാലയളവിൽ 3334 ശസ്ത്രക്രിയകളും 2025-26 കാലയളവിൽ (2025 ഓഗസ്റ്റ് വരെ) 1614 എണ്ണവുംനടത്തി.

### മലബാർ ക്യാൻസർ സെന്ററിന്റെ അതുല്യ നേട്ടങ്ങൾ

- കണ്ണിലെ കാൻസറിനുള്ള പ്ലാക്ക് ബ്രാച്ചിതെറാപ്പി കേരളത്തിൽ ആദ്യമായി ആരംഭിച്ചു. ഇന്ത്യയിൽ വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ഈ ചികിത്സ നടത്തുന്നത്. കണ്ണിലെ കാൻസറുകളുടെ കാര്യത്തിൽ ഇത് കണ്ണിനെ സംരക്ഷിക്കാൻ സഹായിക്കുന്നു.
- റോബോട്ടിക് സർജിക്കൽ സിസ്റ്റംസ്: 200-ലധികം സങ്കീർണ്ണമായ റോബോട്ടിക് കാൻസർ ശസ്ത്രക്രിയകൾ നടത്തി.
- NABH ഡിജിറ്റൽ ഹെൽത്ത് സ്റ്റാൻഡേർഡ്സ്-സിൽവർ ലെവൽ അക്രഡിറ്റേഷൻ
- CAR-T സെൽ തെറാപ്പി നടപടിക്രമം: ഈ ഏറ്റവും പുതിയ കാൻസർ ചികിത്സ നടത്തുന്ന രാജ്യത്തെ രണ്ടാമത്തെ സർക്കാർ സ്ഥാപനമാണ് മലബാർ ക്യാൻസർ സെന്റർ
- പുതിയ ചികിത്സ-അക്കാദമിക് ബ്ലോക്കും ഉദ്ഘാടനം ചെയ്തു
- സ്റ്റാർട്ട്-അപ്പുകൾക്കായുള്ള മലബാർ കാൻസർ സെന്റർ ഇന്നൊവേഷൻ ഇൻകുബേഷൻ നെസ്റ്റ് (MIINT): സംസ്ഥാനത്ത് ഇന്നൊവേഷൻ, ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്ന ആദ്യത്തെ സർക്കാർ ആരോഗ്യ സംരക്ഷണ കേന്ദ്രമാണിത്.
- നവീകരിച്ച ലാബുകൾ, ബ്ലഡ് ബാങ്ക്, ഫാർമസി, ഓപ്പറേഷൻ തിയേറ്ററുകൾ
- കാൻസറിൽ മോളിക്യുലാർ ട്യൂമർ ബോർഡും വ്യക്തിഗത മെഡിസിൻ സൗകര്യവും സ്ഥാപിച്ചു.

### അർബുദ വ്യാപനം

2022-ൽ ലോകമെമ്പാടുമായി ഏകദേശം 20 ദശലക്ഷം പുതിയ അർബുദ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും 9.7 ദശലക്ഷം പേർ മരണപ്പെടുകയും ചെയ്തു. കേരളത്തിൽ സാമൂഹിക-ജനസംഖ്യാപരമായ മാറ്റങ്ങളും രോഗവ്യാപന രീതിയിലുണ്ടായ മാറ്റങ്ങളും, രോഗസാധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളുടെ ഉയർന്ന സാന്നിധ്യവും കാരണം അർബുദം ഒരു പ്രധാന പൊതുജനാരോഗ്യ ആശങ്കയായി മാറിക്കൊണ്ടിരിക്കുകയാണ്. 3.34 കോടി ജനസംഖ്യയുള്ള കേരളത്തിൽ പ്രതിവർഷം 66,000-ത്തിലധികം പുതിയ അർബുദ കേസുകൾ ഉണ്ടാകുമെന്ന് പ്രവചിക്കപ്പെടുന്നു. കേരളത്തിൽ 0 മുതൽ 74 വയസ്സുവരെയുള്ള കാലയളവിൽ അർബുദം വരാനുള്ള സാധ്യത പുരുഷന്മാരിൽ ഏഴിൽ ഒരാൾക്കും സ്ത്രീകളിൽ ഒൻപതിൽ ഒരാൾക്കും വീതമാണ്. വടക്കൻ കേരളത്തിലെ മലബാർ ക്യാൻസർ സെന്ററിന്റെ (MCC-PGIOSR) ഹോസ്പിറ്റൽ ബേസ്ഡ് ക്യാൻസർ രജിസ്ട്രി (HBCR) പത്തുവർഷത്തെ ട്രെൻഡ് അടിസ്ഥാനമാക്കി നൽകുന്ന വിവരങ്ങൾ പ്രകാരം പുരുഷന്മാരിൽ സാധാരണയായി കാണപ്പെടുന്ന അഞ്ച് കാൻസറുകൾ (n=20,829) ശ്വാസകോശം 4337 (20.8%), വായ 1524 (7.3%), ആമാശയം 1422 (6.8%), നാവ് 1076 (5.2%), ശ്വാസനാളം 982 (4.7%) എന്നിവയാണ്. സ്ത്രീകളിൽ (n=18,017) സ്തനാർബുദം 5509 (30.6%), സെർവിക്സ് 1395 (7.7%), അണ്ഡാശയം 1177 (6.5%), വായ 1009 (5.6%), ശ്വാസകോശാർബുദം 714 (4%) എന്നിവയാണ് സാധാരണ കാൻസറുകൾ. രോഗബാധിതരിൽ ഗണ്യമായ ഒരു വിഭാഗം, അതായത് 19,786 (50.9%) പേരും അർബുദത്തിന്റെ മൂന്നാം ഘട്ടത്തിലോ നാലാം ഘട്ടത്തിലോ എത്തിയപ്പോഴാണ് രോഗനിർണ്ണയം നടത്തിയത്. വെറും 10,182 (26.2%) പേർക്ക് മാത്രമാണ് ആദ്യ രണ്ട് ഘട്ടങ്ങളിൽ (Early Stage) രോഗം കണ്ടെത്താനായത്. 2010 മുതൽ 2020 വരെയുള്ള കാലയളവിൽ സ്ത്രീകളിലും പുരുഷന്മാരിലും ശ്വാസകോശ അർബുദം വർദ്ധിച്ചുവരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. (അവലംബം: മലബാർ കാൻസർ സെന്റർ)

### കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു തൃതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. സി.സി.ആർ.സി. എന്നത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയാണ്. സി.സി.ആർ.സി. യിൽ നിലവിൽ ലഭ്യമാകുന്ന കിടക്കകളുടെ എണ്ണം 20 ആണ്. കൂടാതെ 100 കിടക്കകളുള്ള സൗകര്യം 2025-26 സാമ്പത്തിക വർഷത്തിൽ സജ്ജമാകും. ഓരോ വർഷവും കണ്ടെത്തുന്ന

പുതിയ രോഗികളുടെ ശരാശരി എണ്ണം 1200 ആണ്. 2024–25–ൽ ഔട്ട്പേഷ്യന്റ് ചികിൽസ ലഭ്യമായവരുടെ എണ്ണം 10026, ഐപി 184, പുതിയ കേസുകൾ 1153. 2025–26ൽ (ഓഗസ്റ്റ് 31 വരെ) ഒപിയുടെ എണ്ണം യഥാക്രമം 7395 ഉം പുതിയ കേസുകൾ 883 ഉം ആയിരുന്നു. 2025–26–ൽ (ഓഗസ്റ്റ് 31 വരെ) ഐപികളുടെ എണ്ണം 120 ആയിരുന്നു. ഈ കാലയളവിൽ നടത്തിയ ആകെ ശസ്ത്രക്രിയകളുടെ എണ്ണം യഥാക്രമം 173 ഉം 107 ഉം ആയിരുന്നു.ഈ കാലയളവിൽ നടത്തിയ ഡേ കെയർ കീമോതെറാപ്പിയുടെ എണ്ണം യഥാക്രമം 2558 ഉം 1149 ഉം ആയിരുന്നു.

### റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി.)

കേരളത്തിൽ ക്യാൻസർ രോഗനിർണയത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമായുള്ള സമ്പൂർണ സമർപ്പിത കേന്ദ്രമാണ് ആർ.സി.സി., തിരുവനന്തപുരം. രാജ്യത്തെ ഏറ്റവും മികച്ച 28 ആർ.സി.സി. കളിൽ ഒന്നായ ആർ.സി.സി., തിരുവനന്തപുരം അന്താരാഷ്ട്ര സ്ഥാപനങ്ങളുമായുള്ള പ്രവർത്തന ബന്ധവും നിലനിർത്തുന്നു. 2024–25 ൽ ആർ.സി.സിയിൽ ദിവസേനയുള്ള ശരാശരി രോഗി സന്ദർശനങ്ങൾ 863 ആണ്. കഴിഞ്ഞ മുപ്പത്തിയൊൻപതു വർഷങ്ങളായി കേരളത്തിന്റെയും തമിഴ്നാട്ടിലെയും കർണാടകത്തിലെയും ചില പ്രദേശങ്ങളിലെയും ജനങ്ങളുടെ വർധിച്ച വരുന്ന കാൻസർ പരിചരണ ആവശ്യങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ നിർവഹിക്കുന്നു. 2024–25ൽ 14770 പുതിയതായി കേസുകൾ കണ്ടെത്തുകയും 247684 കേസുകൾ അവലോകനം ചെയ്യുകയും 12652 ഇൻ–പേഷ്യന്റ് അഡ്മിഷനുകളും ആർ.സി.സിയിൽ നടത്തി. നിലവിൽ പ്രതിദിന ശരാശരി രോഗികളുടെ സന്ദർശനം 879 ആണ്. ആർ.സി.സി.യുടെ കിടക്കകളുടെ എണ്ണം 298 ആണ്. ആർ.സി.സി.–യെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ഈ അവലോകനത്തിന്റെ സെക്ഷൻ 5.2–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### മാനസികാരോഗ്യം

ഭാരതസെൻസസ് 2011 പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.20 ശതമാനം മാനസിക രോഗങ്ങളുള്ളവരും 0.20 ശതമാനം മാനസികവൈകല്യമുള്ളവരുമാണ്. ദേശീയശരാശരി യഥാക്രമം 0.06 ശതമാനം വും 0.12 ശതമാനം വുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഈ നിരക്ക് വളരെ കൂടുതലാണെങ്കിലും അതിനനുസരിച്ച് വേണ്ടത്ര പ്രാധാന്യം കേരളത്തിൽ നൽകിയിട്ടില്ല. ഒരു മാനസികാരോഗ്യനയത്തിന് സംസ്ഥാനസർക്കാർ 2013 മെയ് മാസം രൂപം നൽകി അംഗീകരിച്ചു. ഈ നയത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന കാര്യങ്ങൾ ഇവയാണ്. മാനസികാസ്വാസ്ഥ്യത്തിന്റെ ചികിത്സ തുടങ്ങേണ്ടത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നാണ്. സൈക്യാട്രിക് മെഡിസിൻ വകുപ്പും മനോരോഗാശുപത്രികളും റഫറൽ സംവിധാനങ്ങളാക്കണം. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ചികിത്സയിൽ 'ആശ്വാസം' വിഷാദരോഗ മാനേജ്മെന്റ് സംസ്ഥാനത്തൊട്ടാകെയുള്ള 471 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ചു. കേരളത്തിൽ ആകെ 2.66 ലക്ഷം പേരെ വിഷാദരോഗ പരിശോധനയ്ക്ക് വിധേയരാക്കി. ഇതിൽ 30,775 വ്യക്തികളിൽ രോഗം കണ്ടെത്തുകയും അവർക്ക് ആവശ്യമായ മാനസിക–സാമൂഹിക പിന്തുണയും ഔഷധചികിത്സയും നൽകുകയും ചെയ്തു.

### സമ്പൂർണ മാനസികാരോഗ്യം

സമൂഹത്തിൽ തിരിച്ചറിയപ്പെടാത്ത മനസിക രോഗാവസ്ഥയുടെ വ്യാപ്തി കണ്ടെത്തുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിലുള്ള ബോധവൽക്കരണം, മാനസികാരോഗ്യ പരിശീലനം, പരിശോധനാ കാമ്പെയ്നുകൾ, ക്യാമ്പുകൾ എന്നിവയുടെ സമഗ്രമായ മാതൃകയാണ് സമ്പൂർണ മാനസികാരോഗ്യം. പ്രാഥമിക പരിചരണ ക്ലിനിക്കുകളുമായി അവരെ ബന്ധിപ്പിക്കുന്നതിലൂടെ തുടർചികിത്സ പ്രാപ്തമാക്കുകയും ചികിത്സാ വിടവുകൾ മറികടക്കുകയും ചെയ്യുന്നതിലൂടെ മാനസികാരോഗ്യ സംരക്ഷണത്തിലേക്ക് എത്തിപ്പെടുകയും ചെയ്യുന്നു. 2025 ഓഗസ്റ്റ് 31 വരെ 642 ഗ്രാമപഞ്ചായത്തുകളിൽ ഇത് നടപ്പാക്കി. ആകെ 19,161 ആശാ പ്രവർത്തകർക്ക് ഇതുവരെ പരിശീലനം നൽകി. പുതിയതായി 37,847 പേരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തു. നിലവിൽ 60,205 വ്യക്തികൾ ചികിത്സയിലുണ്ട്. ഇത് ശക്തമായ പ്രാദേശികതല ഇടപെടലുകളെയും ചികിത്സാ സേവനങ്ങളുടെ തുടർച്ചയെയും പ്രതിഫലിപ്പിക്കുന്നു.

കേരളത്തിൽ മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലായി 1366 കിടക്കകൾ നിലവിലുണ്ട്. മാസംതോറും 10000 ഔട്ട്പേഷ്യൻസുമായി എല്ലാ ജില്ലകളിലും ജില്ലാമാനസികാരോഗ്യപരിപാടി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ പുനരധിവാസ സൗകര്യവും നല്കിവരുന്നു. അവബോധമില്ലായ്മ, പൊതുമനോഭാവം, കുടുംബാംഗങ്ങളുടെ ശ്രദ്ധക്കുറവ്, തുടർ നടപടികളുടെ അഭാവം തുടങ്ങിയവയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പ്രധാന പ്രശ്നങ്ങൾ. സംസ്ഥാനസർക്കാർ 31 പകൽവീടുകൾ ആരംഭിച്ചിട്ടുണ്ട്. രോഗം ഭേദമായ 502 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

ഗർഭിണികളിലും പ്രസവാനന്തരം സ്ത്രീകളിലുമുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനുമുള്ള ഒരു മാതൃ മാനസികാരോഗ്യ പദ്ധതിയാണ് 'അമ്മ മനസ്സ്'. 2019–20 കാലഘട്ടത്തിൽ 18 ആയിരുന്ന ആത്മഹത്യകളുടെ എണ്ണം 2024–25–ൽ വെറും 4 ആയി കുറയ്ക്കുന്നതിൽ ഈ പദ്ധതി വലിയ പങ്കുവഹിച്ചു.

### ജില്ലാ മാനസികാരോഗ്യ പരിപാടി

സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി) പ്രവർത്തിക്കുന്നു. ജില്ലയിലെ എല്ലാ പി.എച്ച്.സികളിലും സി.എച്ച്.സികളിലും ബന്ധപ്പെട്ട ആശുപത്രികളിലെ പരിശീലനം ലഭിച്ച ഡോക്ടർമാർ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു. തങ്ങളുടെ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കും. സംസ്ഥാനത്ത് ഡിഎംഎച്ച്പിയിൽ നിന്ന് ഓരോ മാസവും 50,000 രോഗികൾ ചികിത്സ തേടുന്നുണ്ട്. പൊതു ജനങ്ങൾക്ക അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന

വിനിമയ പ്രവർത്തനങ്ങൾ, മാനസികാരോഗ്യവും പ്രാഥമികാരോഗ്യവും ശരിയായി ബന്ധപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും നഴ്സുമാർക്കും ഫാർമസിസ്റ്റുകൾക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദ നിയന്ത്രണം എന്നിവ പ്രവർത്തനങ്ങളാണ്. സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി മാനസിക വൈകല്യമുള്ളവർക്കായി പകൽ പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇപ്പോൾ സംസ്ഥാനത്ത് 31 പരിചരണ കേന്ദ്ര ങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയ മാനസികാരോഗ്യ പരിപാടി എൻഎച്ച്എം സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)**

1982 ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്) കോഴിക്കോട്. കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സൈക്ക്യാട്രിക് സോഷ്യൽ വർക്ക് (8 സീറ്റ്), ക്ലിനിക്കൽ സൈക്കോളജി (8 സീറ്റ്), പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്ക്യാട്രിക് നഴ്സിങ് (10 സീറ്റ്) എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. കൂടാതെ പിഎച്ച്ഡിക്ക് 3 സീറ്റുകളും ഉണ്ട്. ക്ലിനിക്കൽ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ കമ്മ്യൂണിറ്റി സൈക്ക്യാട്രി, ചൈൽഡ് സൈക്ക്യാട്രി, പുനരധിവാസ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇംഹാൻസിന് നിലവിൽ കിടത്തിച്ചികിത്സയ്ക്കുള്ള സൗകര്യമില്ല. 2024-25 കാലഘട്ടത്തിൽ ഒപി കേസുകളുടെ എണ്ണം 24818 ഉം പുതിയ ഒപി കേസുകൾ 8915 ഉം ആയിരുന്നു. 2025-26 കാലയളവിൽ ഇത് യഥാക്രമം 10011 കേസുകളും 3875 കേസുകളും ആയിരുന്നു (ഓഗസ്റ്റ് 31 വരെ).

**ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)**

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്-ഓർഡർ (എസ്.ആർ. സി.സി.ഡി). കമ്മ്യൂണിക്കേറ്റീവ്, കോഗ്നിറ്റീവ് ന്യൂറോ സയൻസ്, ഡിസെബിലിറ്റി എന്നീ മേഖലകളിൽ ശാസ്ത്രീയ ഗവേഷണം, ക്ലിനിക്കൽ സേവനങ്ങൾ, നൂതന വിദ്യാഭ്യാസം, പരിശീലനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എസ്.ആർ.സി.സി.ഡി തിരുവനന്തപുരത്തും ഷൊർണ്ണൂരിലും ഐക്കോൺസ് സ്ഥാപിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്) ഓട്ടിസം, പഠന വൈകല്യം, ബുദ്ധിമാന്ദ്യം, മസ്തിഷ്ക പക്ഷാഘാതം, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, അപസ്മാരം, പക്ഷാഘാതബാധിതർ, മാരകമായ അപകടബാധിതർ തുടങ്ങിയ നാഡീവ്യവസ്ഥയെ ബാധിക്കുന്ന വിവിധ ഡീജനറേറ്റീവ് ഡിസോർഡേഴ്സും ശൈശവം മുതൽ പ്രായമായവർ വരെയുള്ള വളർച്ചാ വൈകല്യങ്ങളുടെ സമഗ്രമായ മാനേജ്മെന്റ്, പുനരധിവാസം, വിദ്യാഭ്യാസം, ഗവേഷണം, വികസനം എന്നിവയ്ക്കായി ഗവൺമെന്റിന് കീഴിലുള്ള ഒരു പ്രധാന സ്ഥാപനമാണ്. വൈജ്ഞാനികം, ഭാഷ, ചലന പ്രവർത്തനങ്ങൾ എന്നിവയെ തടസ്സപ്പെടുത്തുന്ന അവസ്ഥകൾക്കു കേന്ദ്രം പ്രത്യേക ഊന്നൽ നൽകുന്നു. ന്യൂറോളജിസ്റ്റുകൾ, പീഡിയാട്രീഷ്യൻമാർ, ഇഎൻടി വിദഗ്ധർ, ഓഡിയോളജിസ്റ്റുകൾ, സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, ഫിസിയോതെറാപ്പിസ്റ്റുകൾ, പ്രത്യേക അധ്യാപകർ എന്നിവരടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി ടീം സ്ഥാപനത്തിന്റെ പുനരധിവാസ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ രോഗികളുടെ ഗ്രൂപ്പിന് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിരമായി ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് സേവനങ്ങൾ, സ്പീച്ച് തെറാപ്പി, ബിഹേവിയറൽ ട്രെയിനിംഗ്, ഫിസിയോതെറാപ്പി, ഭാഷാശാസ്ത്ര പരിശീലനം തുടങ്ങിയ പുനരധിവാസ പരിപാടികൾ നൽകുന്നു. ഐക്കോൺസ് ഷൊർണ്ണൂരിൽ അടിയന്തര സേവനങ്ങൾക്കായി ന്യൂറോ-ഐ.സി.യു. ഉള്ള 60 കിടക്കകളുള്ള ഇൻപേഷ്യന്റ് വാർഡും രോഗികളുടെ സേവനത്തിനായി വിപുലമായ പൂർണ്ണ ഓട്ടോമേറ്റഡ് ന്യൂറോ-എൻഡോക്രൈൻ മെറ്റബോളിക് ലാബും ഇലക്ട്രോ ഫിസിയോളജി ലാബും ഉണ്ട്. ഓട്ടിസം, ബുദ്ധിമാന്ദ്യം, സെറിബ്രൽ പാൾസി, ജന്മനാലുള്ള സിംഗിൾ/ മൾട്ടിപ്പിൾ വൈകല്യങ്ങൾ, പക്ഷാഘാതബാധിതർ, പോസ്റ്റ് മെന്റൽ ട്രോമാറ്റിക് സിൻഡ്രോം, മുതിർന്നവരിലെ അഫാസിയ, ഡിമെൻഷ്യ തുടങ്ങിയ വിവിധ വളർച്ചാ വൈകല്യങ്ങളുള്ള കുട്ടികൾക്കും മുതിർന്നവർക്കും പ്രായമായവർക്കും ഈ കേന്ദ്രം ചികിത്സ നൽകുന്നു. ഐക്കോൺസ് ഷൊർണ്ണൂരിൽ ഗ്രാജ്വേറ്റ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജിയിൽ (ബിഎഎസ്എൽപി) നാല് വർഷത്തെ കോഴ്സ് നടത്തുന്നു. ഇത് കെയുഎച്ച്എസുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. കൂടാതെ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവുമുണ്ട്. വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം 20 ആണ്. 2024-25 കാലയളവിൽ തിരുവനന്തപുരം സെന്ററിൽ ചികിത്സ തേടിയവരുടെ എണ്ണം 20820 ഉം ഷൊർണ്ണൂർ സെന്ററിൽ 25601 ഉം ആണ്. പുതിയ രജിസ്ട്രേഷൻ 2024-25 ൽ 1167 ഉം 2025-26 ൽ ഇത് 504ഉം (ഓഗസ്റ്റ് 31 വരെ) ആണ്.

**വിളർച്ചയുടെ വ്യാപനം**

എൻ.എഫ്.എച്ച്.എസ്.-4, 2015-16 നെ അപേക്ഷിച്ച് സ്ത്രീകളിലും കുട്ടികളിലും വിളർച്ചയുടെ വ്യാപനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് എൻ.എഫ്.എച്ച്.എസ്.-5 (2019-2021) ന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. പഠനം നടത്തിയ എല്ലാ പ്രായക്കാരിലും 40 ശതമാനത്തിൽ താഴെ വ്യാപനം രേഖപ്പെടുത്തിയ ഏക സംസ്ഥാനമാണ് കേരളം. കുട്ടികൾ, പ്രത്യുൽപാദന പ്രായത്തിലുള്ള സ്ത്രീകൾ, കൗമാരക്കാർ, എന്നിവരിൽ വിളർച്ചയുടെ വ്യാപനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2018 ൽ അനീമിയ മുക്ത് ഭാരത് (എഎംബി) പ്രവർത്തനം ആരംഭിച്ചു. അനീമിയ മുക്ത ഭാരതിന്റെ ഭാഗമായി നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വിളർച്ച നേരിടുന്നതിനുള്ള സംസ്ഥാന കേന്ദ്രീകൃതമായ പുതിയ തന്ത്രങ്ങൾ പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് അനീമിയ ഫ്രീ കേരളയുടെ ലക്ഷ്യം. എൻ.എഫ്.എച്ച്.എസ് 4 നെ അപേക്ഷിച്ച് എൻ.എഫ്.എച്ച്.

എസ്. 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.14**–ൽ നൽകിയിരിക്കുന്നു.

അനീമിയ ലഘൂകരിക്കാൻ സംസ്ഥാന–കേന്ദ്ര സർക്കാരുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും, അത് ഇപ്പോഴും പൂർണമായും തുടച്ചുനീക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ സംസ്ഥാനവ്യാപകമായി പ്രചാരണം നടത്താൻ കേരള സർക്കാർ തീരുമാനിച്ചു, അത് പുരോഗമിക്കുകയാണ്.

**പട്ടിക 6.2.14** NFHS 4 മായി താരതമ്യം ചെയ്ത് NFHS 5 അനുസരിച്ച് കേരളത്തിൽ വിളർച്ച വ്യാപനത്തിന്റെ വിശദാംശങ്ങൾ

| സൂചകം | എൻ. എഫ്. എച്ച്. എസ് 4 | എൻ. എഫ്. എച്ച്. എസ് 5 |
|---|---|---|
| വിളർച്ചയുള്ള 6–59 മാസം പ്രായമുള്ള കുട്ടികൾ (<11.0 g/dl) 22 (%), 11 g/dL–ൽ താഴെ ഹീമോഗ്ലോബിൻ സാന്ദ്രതയുള്ള പ്രസ്തുത പ്രായത്തിലുള്ള കുട്ടികളുടെ ശതമാനം | 35.7 | 39.4 |
| അനീമിയ ഉള്ള 15–49 വയസ്സ് പ്രായമുള്ള ഗർഭിണികളല്ലാത്ത സ്ത്രീകൾ (<12.0 g/dl) 22 (%) | 34.7 | 36.5 |
| വിളർച്ചയുള്ള 15–49 വയസ്സ് പ്രായമുള്ള ഗർഭിണികൾ (<11.0 g/dl) (%) ഹീമോഗ്ലോബിൻ സാന്ദ്രത 11 g/dL–ൽ താഴെയുള്ള സ്ത്രീകളുടെ ശതമാനം | 22.6 | 31.4 |
| വിളർച്ചയുള്ള 15–49 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും (%) ഒരു ഡെസിലിറ്ററിന് 12 ഗ്രാമിൽ താഴെ (g/dL) ഹീമോഗ്ലോബിൻ സാന്ദ്രത ഉള്ള സ്ത്രീകളുടെ ശതമാനം | 34.3 | 36.3 |
| വിളർച്ചയുള്ള 15–19 വയസ്സ് പ്രായമുള്ള എല്ലാ സ്ത്രീകളും 22 (%) | 37.8 | 32.5 |
| വിളർച്ചയുള്ള 15–49 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | 11.8 | 17.8 |
| വിളർച്ചയുള്ള 15–19 വയസ്സ് പ്രായമുള്ള പുരുഷന്മാർ (<13.0 g/dl) 22 (%) | 14.3 | 27.4 |

**അവലംബം:** എൻ. എഫ്. എച്ച്. എസ് 4,എൻ. എഫ്. എച്ച്. എസ് 5

### വിവ പദ്ധതി
വിവ (വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്) 18–02–2023–ന് ആരംഭിച്ച വിളർച്ച പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ്. കേരള സർക്കാരിന്റെ ആരോഗ്യ–കുടുംബക്ഷേമ വകുപ്പും വനിതാ–ശിശു വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 15 നും 59 നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്കും സ്ത്രീകൾക്കും അനീമിയ പരിശോധന, ചികിത്സ, ബോധവൽക്കരണം എന്നിവ ലക്ഷ്യമിടുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ലോകത്ത് അഞ്ചുവയസിൽ താഴെയുള്ള 42 ശതമാനം കുട്ടികൾക്കും 40 ശതമാനം ഗർഭിണികൾക്കും വിളർച്ചയുണ്ട്. 2022 ലെ ഇന്ത്യയിൽ ദേശീയ ആരോഗ്യ കുടുംബാരോഗ്യ സർവേ–5 പ്രകാരം ഇന്ത്യയിലെ 5 വയസിൽ താഴെയുള്ള കുട്ടികളിലും, ഗർഭിണികളിലും, മുലയൂട്ടുന്ന അമ്മമാരിലും വിളർച്ചയുടെ അളവ് യഥാക്രമം 40 ശതമാനം, 32 ശതമാനം, 40 ശതമാനം ആണ്. ദേശീയ കുടുംബാരോഗ്യ സർവേ അനുസരിച്ച് ഇന്ത്യയിൽ അനീമിയയുടെ തോത് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. എങ്കിലും ഫലപ്രദമായ ഇടപെടലുകളിലൂടെ വിളർച്ച മുക്ത കേരളമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ ക്യാമ്പയിന്റെ ഒന്നാം ഘട്ടത്തിൽ 54,79,889 സ്ത്രീകൾ പരിശോധനയ്ക്ക് വിധേയരായി.

### സാംക്രമിക രോഗങ്ങൾ
കേരളത്തിൽ സാംക്രമിക–സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നു. കേരളത്തിൽ ഒരുകാലത്ത് സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കപ്പെട്ടിരുന്നുവെങ്കിലും ഡെങ്കി, എലിപ്പനി, മലേറിയ, ഹെപ്പറ്റൈറ്റിസ്, എച്ച്1എൻ1, സ്ക്രബ് ടൈഫസ്, കോവിഡ്–19 തുടങ്ങിയവയുടെ വ്യാപനം അടുത്ത കാലത്തായി രോഗനിരക്കും മരണനിരക്കും വർദ്ധിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഡെങ്കി, മലേറിയ, സ്ക്രബ് ടൈഫസ് മുതലായ കൊതുകുജന്യ രോഗങ്ങൾ പല ജില്ലകളിലും ഗണ്യമായി വർധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള വയറിളക്കരോഗങ്ങൾ, ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ ജലജന്യ അണുബാധകൾ പല ജില്ലകളിലും നിരന്തരമായി കണ്ടുവരുന്നു.

### പ്രധാന സാംക്രമിക രോഗങ്ങളുടെ വ്യാപനം
കഴിഞ്ഞ അഞ്ച് വർഷമായി പ്രധാന പകർച്ചവ്യാധികളുടെ വ്യാപനത്തിന്റെ താരതമ്യ വിശകലനം **പട്ടിക 6.2.15** ൽ നൽകിയിരിക്കുന്നു.

### ഡെങ്കിപ്പനി
ഇപ്പോൾ ഏറ്റവും വലിയ കൊതുക്ജന്യ രോഗമായി മാറിയിരിക്കുന്ന ഡെങ്കിപ്പനി കേരളത്തിൽ 1998 ലാണ് പടർന്നു പിടിച്ചത്. 2015 വരെ രോഗം കൂടുതലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ വ്യാപകമായിരുന്നു. എന്നാൽ 2017 ൽ എല്ലാ ജില്ലകളിലും ഡെങ്കിപ്പനി വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ജില്ലകളിൽ കുറഞ്ഞ നിരക്കിലും മറ്റുള്ള ജില്ലകളിൽ കൂടുതലായും കാണപ്പെട്ടു. ഗ്രാമീണ പശ്ചാത്തലത്തിൽ മുൻകാലങ്ങളിൽ കണ്ടുവന്നിരുന്ന ഈ കൊതുക് ഇപ്പോൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപിച്ചു. 2021 മുതൽ 2025 വരെ (2025 സെപ്റ്റംബർ 15 വരെ) ഡെങ്കിപ്പനി ബാധിച്ച് ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള എണ്ണവും മരണങ്ങളും **പട്ടിക 6.2.15** ൽ നൽകിയിരിക്കുന്നു.

### എലിപ്പനി
സംസ്ഥാനം നേരിടുന്ന മറ്റൊരു പൊതുജനാരോഗ്യ വെല്ലുവിളിയാണ് എലിപ്പനി. 1980 കളുടെ തുടക്കത്തിൽ ഇത് അപൂർവ രോഗമായി കണക്കാക്കപ്പെട്ടിരുന്നുവെങ്കിലും പിന്നീട് ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിച്ചു. എലികൾ പരത്തുന്ന അണുബാധയായാണ് ഈ രോഗം ആദ്യം കണ്ടത്. രോഗം ബാധിച്ച എലികളുടെ മൂത്രത്തിലൂടെ പടരുകയും അതുമൂലം പരിസ്ഥിതി മലിനീകരണം സംഭവിക്കുകയും ചെയ്തു. കാലക്രമേണ, പശുക്കൾ, നായ്ക്കൾ, പന്നികൾ തുടങ്ങിയ പല വളർത്തുമൃഗങ്ങളിലും ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിനാൽ കാർഷിക ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്

ഇത് ഒരു തൊഴിൽ അപകടമായി മാറിയിരിക്കുന്നു. ഓടകൾ വൃത്തിയാക്കുന്നതിൽ ഏർപ്പെട്ടിരുന്നവർക്കാണ് രോഗം ബാധിച്ചത്. ഈയിടെയായി എലിപ്പനി മൂലമുള്ള മരണനിരക്കും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ രോഗത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വെറ്റിനറി, മൃഗസംരക്ഷണ വകുപ്പുകളുടെ സംയുക്ത പരിശ്രമം അത്യന്താപേക്ഷിതമാണ്. 2024–ലും 2025–ലും (2025 ഓഗസ്റ്റ് 31 വരെ) എലിപ്പനി ബാധിച്ച് ചികിത്സിച്ച രോഗികളുടെ ജില്ല തിരിച്ചുള്ള എണ്ണവും മരണങ്ങളും **അനുബന്ധം 6.2.1**–ലും 2021 മുതൽ 2025 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണങ്ങളുടെയും എണ്ണം (സെപ്റ്റംബർ 15 വരെ, 2025) **പട്ടിക 6.2.15** ൽ നൽകിയിരിക്കുന്നു.

**ചിക്കൻഗുനിയ**

2005–06 കാലഘട്ടത്തിൽ അറബിക്കടലിലെ വിദൂര ദ്വീപുകളിൽ നിന്ന് ഉത്ഭവിച്ച ഈ രോഗം അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളം മുഴുവൻ അതിവേഗം വ്യാപിക്കുകയും നമ്മുടെ ജനസംഖ്യയുടെ 80 ശതമാനത്തിലധികം ആളുകളെ ബാധിക്കുകയും ചെയ്തു. ഇത് രോഗബാധിതരായ ജനങ്ങൾക്ക് ആജീവനാന്ത പ്രതിരോധശേഷി ഉണ്ടാക്കുന്നു. 2022ൽ കേരളത്തിൽ 66 കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ഇവിടെയും രോഗം പകരാൻ കാരണമായ വെക്റ്റർ ഈഡിസ് കൊതുകുകളാണ്. ഡെങ്കിപ്പനിയും ചിക്കൻഗുനിയയും ഒരേ കൊതുകിലൂടെ പകരുന്നതിനാലും സിക വൈറസ്, മഞ്ഞപ്പനി എന്നിവയുടെ ഭീഷണിയും പകരാൻ ഒരേ കൊതുകുകൾ കാരണമാകുമെന്നതിനാൽ, ആരോഗ്യ സംവിധാനം ജാഗ്രതയിലാണ്. 2024ൽ 29 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ 15 കേസുകൾ തിരുവനന്തപുരം ജില്ലയിൽ നിന്നാണ്. 2025–ൽ (ഓഗസ്റ്റ് 31 വരെ) 35 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു, അതിൽ 29 എണ്ണം തിരുവനന്തപുരത്ത് നിന്ന് മാത്രമായിരുന്നു. ചിക്കുൻഗുനിയ ബാധിച്ച് ചികിത്സിച്ച ജില്ല തിരിച്ചുള്ള രോഗികളുടെയും 2024–ലും 2025–ലും (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം 6.2.2**–ലും 2021 മുതൽ 2025 വരെ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണങ്ങളുടെയും എണ്ണം **പട്ടിക 6.2.15** ലും നൽകിയിട്ടുണ്ട്.

2024ൽ കേരളത്തിൽ ആകെ 2879108 വൈറൽ പനി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. 2025ൽ (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 18,56,136 ആയിരുന്നു. 2024–ലും 2025ലും (ഓഗസ്റ്റ് 31 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട വൈറൽ പനി ബാധിച്ച് ചികിത്സിച്ച ജില്ല തിരിച്ചുള്ള രോഗികളുടെ വിശദാംശങ്ങൾ അനുബന്ധം 6.2.2–ലും 2021 മുതൽ 2025 വരെ (സെപ്റ്റംബർ 15 ,2025 വരെ) റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെയും മരണങ്ങളുടെയും എണ്ണം. **പട്ടിക 6.2.15** ൽ നൽകിയിരിക്കുന്നു.

**മലേറിയ**

കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി നമ്മുടെ രാജ്യത്തിന്റെ പൊതുജനാരോഗ്യ മേഖല നേരിടുന്ന ഒരു പ്രധാന വെല്ലുവിളി അനോഫിലസ് കൊതുകുകളിലൂടെ പകരുന്ന മലേറിയ രോഗമാണ്. ഇതിന്റെ നിർമാർജ്ജനം ലക്ഷ്യമിടുന്ന വിവിധ ദേശീയ പരിപാടികൾ പരിമിതമായ വിജയമേ നേടിയിട്ടുള്ളൂ. എഴുപതുകളുടെ ആരംഭത്തിൽ കേരളത്തിൽ നിന്നും മലേറിയ രോഗം നിർമാർജനം ചെയ്തെങ്കിലും ഒരു പൊതുജനാരോഗ്യ വെല്ലുവിളിയായി ഈ രോഗം ഇപ്പോൾ ഉയർന്നു വരുന്നു. മലേറിയ രോഗബാധിത സംസ്ഥാനങ്ങളിൽ നിന്നുള്ള വൻതോതിലുള്ള കുടിയേറ്റം കാരണം അടുത്തകാലത്തായി പ്രശ്നം കൂടുതൽ വഷളായി. ഏറ്റവും ഗുരുതരമായ ഫാൽസിപിയം മലേറിയയും കേരളത്തിൽ നിലവിലുണ്ട്. തദ്ദേശീയമായി മലേറിയ നീക്കം ചെയ്യൽ സംസ്ഥാനത്തെ എസ്.ഡി.ജി. ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് നിറവേറ്റുന്നതിനുള്ള പ്രശ്നങ്ങൾ പലതാണ്. ദ്രുത നഗരവൽക്കരണം, ജില്ലകളിലെ വിപുലമായ അടിസ്ഥാന സൗകര്യ വികസനം, നഗര പ്രദേശത്ത് അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാനം നിമിത്തം കൊതുകുകളുടെ ജീവിത പരിണാമത്തിൽ ഉണ്ടായ മാറ്റം എന്നിവയാണ് എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കുന്നതിൽ വലിയ തടസം. കേരളത്തിലെ മലേറിയയുടെ വാർഷിക കണക്കുകൾ 500 ൽ താഴെയും മരണനിരക്ക് വളരെ കുറവുമാണ്. കർണാടകയിലെ വളരെ ഉയർന്ന മലമ്പനി നിരക്കുള്ള ജില്ലകളുടെ സമീപത്താകയാൽ കാസർകോട് ജില്ലയിൽ വർഷങ്ങളായി വളരെയധികം മലമ്പനി രോഗം ഉണ്ട്. കേരളത്തിന്റെ പടിഞ്ഞാറൻ തീരദേശ മേഖലയിലൂടെയുള്ള മത്സ്യതൊഴിലാളികളുടെ സഞ്ചാരം തീരദേശ ജില്ലകളിലെ മലേറിയ വ്യാപന സാധ്യത വളരെ വർധിപ്പിക്കുന്നു. 2024–ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 952, മരണം 6 ഉം ആണ്. 2025–ൽ ഓഗസ്റ്റ് വരെ 788 കേസുകളും 2 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. കേരളത്തിൽ മലേറിയ ബാധിതരുടെ എണ്ണവും മരണവും വർഷങ്ങളായി വർധിച്ചുവരികയാണ്. 2021 മുതൽ 2025 (സെപ്റ്റംബർ 15 ,2025 വരെ) വരെയുള്ള കേസുകളുടെയും മരണങ്ങളുടെയും എണ്ണം **പട്ടിക 6.2.15** ൽ നൽകിയിരിക്കുന്നു.

**ജപ്പാൻ ജ്വരം**

ഇത് കൊതുക് പരത്തുന്നതും മസ്തിഷ്കത്തിന്റെയും അതിന്റെ ആവരണങ്ങളെയും ബാധിക്കുന്ന കോശജ്വലന മസ്തിഷ്ക ജ്വരത്തിന്റെ ഒരു രൂപമാണ്. നെൽവയലുകളുടെ സാന്നിധ്യം മൂലം കേരളത്തിൽ ഈ രോഗ സാധ്യത കൂടുതലാണ് കാരണം ഈ രോഗം പരത്തുന്ന വൈറസ് വാഹകരായ കൊതുകുകൾ നെൽവയലുകളിലെ വെള്ളക്കെട്ടുകളിൽ പടർന്ന് കിടക്കുന്നു. മലിനമായ വെള്ളത്തിൽ മുട്ടയിടുന്ന ക്യൂലെക്സ് കൊതുകിന്റെ ഈ പ്രത്യേകമായ സ്വഭാവം മൂലം മറ്റ് മേഖലകളിലും രോഗ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു. ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെ.ഇ.) ദേശാടന പക്ഷികളുടെ സാന്നിധ്യം വഴി കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് അധിക അപകടമാണ്. കാരണം നമ്മുടെ നാട്ടിൽ ദേശാടന പക്ഷികളെ ആകർഷിക്കുന്ന നിരവധി സങ്കേതങ്ങളുണ്ട്. എന്നാൽ ജെ.ഇ.ക്കെതിരെ ഫലപ്രദമായ വാക്സിൻ ഉള്ളതിനാൽ വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിലൂടെ അതിന്റെ നിയന്ത്രണ പരിപാടിയിൽ നമുക്ക് ശുഭാപ്തി വിശ്വാസമുണ്ട്. 2024ൽ പത്ത് കേസുകളും നാല് മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. 2025ൽ കേസുകളോ മരണങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല(ഓഗസ്റ്റ് 31 വരെ). 2021 മുതൽ 2025 സെപ്റ്റംബർ 15 ,2025 വരെയുള്ള കേസുകളുടെയും മരണങ്ങളുടെയും വിശദാംശങ്ങൾ **പട്ടിക 6.2.15**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.15** കേരളത്തിലെ സാംക്രമിക രോഗങ്ങളുടെ വ്യാപനം

| വർഷം | 2021 | | 2022 | | 2023 | | 2024 | | 2025 (സെപ്റ്റംബർ 15 വരെ) | |
|---|---|---|---|---|---|---|---|---|---|---|
| രോഗം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം | രോഗികൾ | മരണം |
| ഡെങ്കിപ്പനി | 3251 | 27 | 4468 | 58 | 16766 | 153 | 20674 | 128 | 8502 | 32 |
| ഡെങ്കിപ്പനി (സ്ഥിരീകരിക്കാത്തത്) | 9878 | 4 | 13355 | 11 | 41599 | 12 | 53536 | 13 | 24461 | 19 |
| മലേറിയ | 309 | 1 | 439 | 0 | 566 | 7 | 952 | 6 | 788 | 2 |
| സ്ഥിരീകരിച്ച ചിക്കൻഗുനിയ | 334 | 0 | 66 | 0 | 31 | 0 | 29 | 2 | 35 | 0 |
| ജാപ്പനീസ് എൻസെഫലൈറ്റിസ് (ജെഇ) | 0 | 0 | 2 | 0 | 6 | 1 | 10 | 4 | 0 | 0 |
| ലെപ്റ്റോസ്പൈറോസിസ് | 1745 | 97 | 2482 | 121 | 2417 | 133 | 3552 | 251 | 2208 | 133 |
| ലെപ്റ്റോസ്പൈറോസിസ് (സ്ഥിരീകരിക്കാത്തത്) | 2565 | 250 | 2833 | 169 | 2769 | 149 | 2428 | 143 | 1546 | 103 |
| ഹെപ്പറ്റൈറ്റിസ് – എ | 114 | 0 | 231 | 2 | 1073 | 14 | 7967 | 89 | 8609 | 58 |
| ഹെപ്പറ്റൈറ്റിസ് എ (സ്ഥിരീകരിക്കാത്തത്) | 398 | 0 | 894 | 1 | 3508 | 1 | 20445 | 7 | 14424 | 9 |
| കോളറ | 1 | 0 | 0 | 0 | 26 | 0 | 36 | 1 | 2 | 1 |
| ടൈഫോയ്ഡ് | 30 | 0 | 55 | 0 | 103 | 1 | 171 | 1 | 295 | 0 |
| എഡിഡി (വയറിളക്കം) | 238227 | 3 | 466211 | 2 | 486266 | 2 | 517618 | 12 | 371373 | 9 |
| സ്ക്രബ് ടൈഫസ് | 438 | 6 | 727 | 24 | 614 | 17 | 981 | 19 | 578 | 11 |
| കാല അസർ | 1 | 1 | 13 | 0 | 15 | 2 | 0 | 0 | 2 | 0 |
| കൈസാനൂർ ഫോറസ്റ്റ് ഡിസീസ് | 4 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 |
| എച്ച്1എൻ1 | 1 | 0 | 94 | 11 | 1036 | 68 | 2837 | 61 | 802 | 9 |
| പനി OP | 1463517 | 0 | 3285392 | 6 | 2979054 | 4 | 2879108 | 8 | 1856136 | 9 |
| പനി IP | 12458 | | 25257 | | 49099 | | 43294 | | 26931 | |
| വയറിളക്ക രോഗങ്ങൾ | 238227 | 3 | 466211 | 2 | 486266 | 2 | 517618 | 12 | 371373 | 9 |
| എൻടെറിക് പനി | 30 | 0 | 55 | 0 | 103 | 1 | 171 | 1 | 295 | 0 |
| അഞ്ചാംപനി | 3 | 0 | 183 | 0 | 1666 | 5 | 256 | 0 | 17 | 0 |
| ചിക്കൻപോക്സ് | 3457 | 2 | 9927 | 14 | 26390 | 4 | 27106 | 16 | 19120 | 6 |

**അവലംബം:** ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

**ജലജന്യ രോഗങ്ങൾ**

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് ആദിവാസി തീരദേശ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യതയില്ലെന്നതു ജലജന്യ രോഗങ്ങൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. കിണറുകൾ, പമ്പ്, ടാങ്കർ ലോറിയിലൂടെ വിതരണം ചെയ്യു വെള്ളം, പൊതു ജലവിതരണ പൈപ്പിലെ തകരാറുകൾ നിമിത്തം കുടിവെള്ളത്തോടൊപ്പം അഴുക്കുചാൽ വെള്ളം കലരുന്നത്, ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുള്ള ഐസ് ഉപയോഗിച്ച് ശീതള പാനീയങ്ങൾ തയ്യാറാക്കുന്നത്, മലിനമായ ജലം ഉപയോഗിച്ച് വെൽക്കം ഡ്രിങ്ക് തയ്യാറാക്കുന്നത് തുടങ്ങിയ സുരക്ഷിതമല്ലാത്ത ജല സ്രോതസ്സുകൾ ജല ജന്യ രോഗങ്ങൾക്കു കാരണമാകുന്നു. സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും 2017 നവംബർ മുതൽ "ജാഗ്രത" എന്ന പേരിൽ ഒരു പ്രവർത്തന പദ്ധതി ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. 2021 മുതൽ കേരളത്തിൽ ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ്–എ, കോളറ, എഡിഡി (വയറിളക്കം) എന്നിവകളിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ട്. ജലജന്യ രോഗങ്ങളായ അക്യൂട്ട് ഡയറിയൽ ഡിസീസ് (എഡിഡി), ടൈഫോയ്ഡ്, ഹെപ്പറ്റൈറ്റിസ് എന്നിവ മൂലമുണ്ടാകുന്ന കേസുകളുടെയും മരണങ്ങളുടെയും വിശദാംശങ്ങൾ 2021 മുതൽ 2025 (സെപ്റ്റംബർ 15 ,2025 വരെ) **പട്ടിക 6.2.16** ൽ നൽകിയിരിക്കുന്നു.

**എച്ച്.ഐ.വി / എയ്ഡ്സ്**

കേരളത്തിലെ എച്ച്.ഐ.വി യുടെ വ്യാപനം നിയന്ത്രിക്കുക, എച്ച്.ഐ.വി/എയ്ഡ്സ് രോഗത്തിനോട് പ്രതികരിക്കാനുള്ള

**പട്ടിക 6.2.16** കേരളത്തിലെ ജലജന്യരോഗങ്ങളുടെ വ്യാപനം

| ക്രമ നം | രോഗം | 2021 | | 2022 | | 2023 | | 2024 | | 2025 (Sep 15) | |
|---|---|---|---|---|---|---|---|---|---|---|---|
| | | രോഗി കൾ | മരണം | രോഗി കൾ | മരണം | രോഗി കൾ | മരണം | രോഗി കൾ | മരണം | രോഗി കൾ | മരണം |
| 1 | ഹെപ്പറ്റൈറ്റിസ് – എ | 114 | 0 | 231 | 2 | 1073 | 14 | 7967 | 89 | 8609 | 58 |
| 2 | ഹെപ്പറ്റൈറ്റിസ് – എ (സ്ഥിരീകരിക്കാത്തത്) | 398 | 0 | 894 | 1 | 3508 | 1 | 20445 | 7 | 14424 | 9 |
| 2 | കോളറ | 1 | 0 | 0 | 0 | 26 | 0 | 36 | 1 | 2 | 1 |
| 3 | ടൈഫോയ്ഡ് | 30 | 0 | 55 | 0 | 103 | 1 | 171 | 1 | 295 | 0 |
| 4 | എ.ഡി.ഡി. (വയറിളക്കം) | 238227 | 3 | 466211 | 2 | 486266 | 2 | 517618 | 12 | 371373 | 9 |

**അവലംബം:** ആരോഗ്യ വകുപ്പ്ഡയറക്ടറേറ്റ്

സംസ്ഥാനത്തിന്റെ കഴിവ് ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മുൻനിര സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടപ്പാക്കാനാണ് ഈ സ്ഥാപനം രൂപീകരിച്ചത്. എയ്ഡ്സ് നിയന്ത്രണ പരിപാടിയുടെ (NACP-V) നിലവിലെ ഘട്ടം 2021 മുതൽ 2026 വരെയാണ്. 2030-ലെ എസ്ഡിജി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നിർണായക ലക്ഷ്യങ്ങൾ, എച്ച്ഐവി ബാധിതരായ 95 ശതമാനം ആളുകൾക്കും അവരുടെ എച്ച്ഐവി നില അറിയുക, എച്ച്ഐവി നില അറിയുന്ന 95 ശതമാനം ആളുകൾക്ക് ചികിത്സ നേടുക, 2025-ഓടെ 95 ശതമാനം ആളുകൾക്ക് എച്ച്ഐവി പകരുന്നത് കുറയ്ക്കുക എന്നിവയാണ്. സംസ്ഥാനത്ത് വ്യാപന നിരക്ക് 2008-09-ൽ 0.21 ശതമാനത്തിൽ നിന്ന് 2010-11-ൽ 0.13 ആയി കുറഞ്ഞു. 2021-ൽ 0.06 ശതമാനവും ആയി. 2021-ൽ ഇന്ത്യയിലെ വ്യാപന നിരക്ക് 0.21 ശതമാനമാണ്. കേരളത്തിൽ എച്ച്ഐവി/എയ്ഡ്സിന്റെ വ്യാപനം 0.41 ശതമാനമാണ് (2011ൽ 4.95 ശതമാനം) മയക്കുമരുന്ന് ഉപയോഗിക്കുന്നവരിൽ (ഐഡിയു) ദേശീയ തലത്തിൽ ഇത് 6.26 ശതമാനമാണ്. പുരുഷന്മാരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന്മാരിൽ ഇത് 0.23 ശതമാനമാണ് (2011 ൽ 0.36 ശതമാനം) (എംഎസ്എം) ഇത് ദേശീയ തലത്തിൽ 2.69 ശതമാനവും സ്ത്രീ ലൈംഗിക തൊഴിലാളികളിൽ (എഫ്എസ്ഡബ്ല്യു) 0.10 ശതമാനവും (2011 ൽ 0.73 ശതമാനം) ആണ്. 2017ൽ ഇത് ഇന്ത്യയിൽ 1.56 ശതമാനമാണ് ട്രാൻസ്ജെൻഡർ വിഭാഗത്തിൽ, കേരളത്തിലെ എച്ച്ഐവി വ്യാപന നിരക്ക് 0.16 ശതമാനവും ദേശീയ തലത്തിൽ 3.14 ശതമാനവുമാണ്. ഇന്ത്യയിലെ കുടിയേറ്റക്കാർക്കിടയിൽ എച്ച്ഐവി വ്യാപനം 0.51 ശതമാനമാണ് (ഉറവിടം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി). 2023-ലെ ഇന്ത്യയുടെ എച്ച്ഐവി എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി ഇന്ത്യയിലും കേരളത്തിലും ഉള്ള എച്ച്ഐവി കണക്കുകൾ **അനുബന്ധം 6.2.3**-ൽ നൽകിയിരിക്കുന്നു.

### കൊറോണ വൈറസ് രോഗം (കോവിഡ് -19)

ഇന്ത്യയിലെ ആദ്യ കോവിഡ്-19 രോഗം കേരളത്തിൽ 2020 ജനുവരി 30 ന് തിരിച്ചറിഞ്ഞു. ആദ്യത്തെ കോവിഡ് -19 സ്ഥിരീകരിക്കുന്നതിന് മുന്നേതന്നെ പകർച്ചവ്യാധിയെ നേരിടാൻ കേരളം ബഹുമുഖ തന്ത്രങ്ങൾ അവലംബിച്ചു. ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ (ഡബ്ല്യു.എച്ച്.ഒ.) കോവിഡ്-19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്ന മാർച്ച് 11, 2020 ന് വളരെ മുമ്പുതന്നെ കോവിഡ്-19 നുള്ള കേരളത്തിന്റെ പ്രതിരോധം ആരംഭിച്ചു. ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ദിവസം മുതൽ സംസ്ഥാനത്തെ നിയന്ത്രണ തന്ത്രങ്ങൾ നന്നായി നടന്നിരുന്നു. കോവിഡ് -19 നിയന്ത്രണ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ സ്വകാര്യ ആശുപത്രികളുമായി ഇടപെടാൻ നിയോഗിക്കപ്പെട്ട സംഘം ജില്ലാ സ്വകാര്യ ആശുപത്രി നോഡൽ ഓഫീസർമാരുമായും, സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ, ഐ.എം.എ. എന്നിവരുമായും നിരന്തരമായി ബന്ധം പുലർത്തിയിരുന്നു. കോവിഡ്-19 സംശയിക്കപ്പെടുന്നവരെയും രോഗികളെയും അവരുടെ വീടുകളിൽ നിന്ന്/എക്സിറ്റ് പോയിന്റുകളിൽ നിന്ന്/ ഐസോലെഷൻ സൗകര്യങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കനിവ് -108' ആംബുലൻസുകൾ വഴി കെ.എം.എസ്. സി.എൽ. നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തിൽ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്വാറന്റൈനിലും / ഐസോലെഷനിലും ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 'ഒറ്റക്കല്ല ഒപ്പമുണ്ട്' എന്ന പേരിൽ മാനസിക-സാമൂഹിക പിന്തുണ നൽകുന്നു. ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരെയും സമൂഹത്തിലെ പല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രവും വിശാലവുമായ രീതിയിൽ സംസ്ഥാനതല പരിശീലനം നടത്തുവാൻ കഴിഞ്ഞു. എല്ലാ പഞ്ചായത്തിലും വാർഡ് തല സംഘങ്ങൾ സജീവമാവുകയും വയോജനങ്ങളുടെ വീടുകളിലേക്ക് ദിവസേനയുള്ള കോളുകളും സന്ദർശനങ്ങളും ഉറപ്പു വരുത്തുകയും ചെയ്തു. കോവിഡ്-19 അവബോധത്തിനായി 2020 ന്റെ തുടക്കം മുതൽ തന്നെ നിരവധി മാധ്യമ പ്രചരണങ്ങൾ നടക്കുന്നു. കേരളത്തിൽ ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 2020 ജൂൺ 10-ന് ആരംഭിച്ചു. കേന്ദ്രീകൃതമായ രീതിയിലാണ് ഇതിൽ സേവനങ്ങൾ നൽകുന്നത്. സംസ്ഥാനത്തിനായുള്ള ടെലിമെഡിസിൻ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് 'ദിശ'യാണ്.

### പബ്ലിക് ഹെൽത്ത് ലബോറട്ടറീസ്

സംസ്ഥാനത്ത് ആകെ 9 പബ്ലിക്ക് ഹെൽത്ത് ലാബുകളാണുള്ളത്. തിരുവനന്തപുരത്തുള്ള സംസ്ഥാന പൊതുജനാരോഗ്യ ലാബും, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കണ്ണൂർ എന്നിവിടങ്ങളിലുള്ള റീജിയണൽ ഹെൽത്ത് ലബോറട്ടറികളും കൂടാതെ ആലപ്പുഴ, മലപ്പുറം, വയനാട്, കൊല്ലം ജില്ലകളിലും പബ്ലിക്ക് ഹെൽത്ത്

ലാബുകളും പ്രവർത്തിക്കുന്നു. ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബാണ് എല്ലാ പി.എച്ച്. ലാബുകളിലേക്കുമുള്ള സാങ്കേതിക മാർഗ നിർദ്ദേശവും മെറ്റീരിയലുകളും നൽകുന്നത്. വിവിധ ലാബ് പരിശോധനകൾക്കായി പ്രതിദിനം ശരാശരി 200 രോഗികളാണ് ലബോറട്ടറികളിൽ എത്തുന്നത്. പ്രതിദിനം ശരാശരി 1300 ലാബ് പരിശോധനകൾ നടക്കുന്നു. വാക്സിനാൽ തടയാൻ കഴിയുന്ന രോഗങ്ങളുടെ (VPD) ലോകാരോഗ്യ സംഘടനയുടെ റഫറൽ ലബോറട്ടറിയാണ് സ്റ്റേറ്റ് PH ലാബ്. രണ്ട് വർഷത്തെ ഡിപ്ലോമ MLT കോഴ്സ് 15 വിദ്യാർത്ഥികൾക്ക് / ബാച്ചിൽ പതിവായി നടത്തുന്നു.

### ന്യൂ ബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം (2013–23)

2013 മാർച്ചിൽ ആരംഭിച്ച ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) പ്രോഗ്രാം 2017 സെപ്റ്റംബറിൽ പ്രസവം നടത്തുന്ന എല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു. നവജാത ശിശുക്കളുടെ രക്ത സാമ്പിളുകൾ സംസ്ഥാന പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ മൂന്ന് പ്രാദേശിക ലാബോറട്ടറികളിലും പരിശോധിക്കുന്നു. കൺജനിറ്റൽ ഹൈപ്പോതൈറോയിഡിസം, കൺജനിറ്റൽ അഡ്രിനാൾ ഹൈപ്പർപ്ലാസിയ, ഫീനൽ കെറ്റോണൂറിയ, ജി 6 പി.ഡി യുടെ കുറവ് എന്നീ രോഗങ്ങൾക്കാണ് സ്ക്രീനിംഗ് പരിശോധന നടത്തുന്നത്. 2013 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ നാല് പി.എച്ച്. ലാബുകളിലായി എൻ.ബി. എസിനായി ലഭിച്ച മൊത്തം സാമ്പിളുകളുടെ എണ്ണം 1242347 ശിശുക്കളുടെതാണ്. അതിൽ പോസിറ്റീവ് കൺജെനിറ്റൽ ഹൈപ്പോതൈറോയിഡിസം (684 കേസുകൾ), കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർപ്ലാസിയ (181 കേസുകൾ), ജി6പിഡി കുറവ് (465 കേസുകൾ), ഗാലക്ടോസെമിയ (31 കേസുകൾ) എന്നിവ കണ്ടെത്തി.

### കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (കെ–സിഡിസി)

പുതിയതും പഴയതുമായ പകർച്ചവ്യാധികൾക്കൊപ്പം തന്നെ വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളും കേരളം വലിയ വെല്ലുവിളിയായി നേരിട്ടുകൊണ്ടിരിക്കുകയാണ്. സമീപകാലത്ത് നിപ്പ വൈറസ്, സിക്ക, അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം), കോവിഡ്–19 തുടങ്ങിയ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സംസ്ഥാനം നേരിട്ടു. കേരളത്തിലെ ജനങ്ങളുടെ ഉയർന്ന തോതിലുള്ള വിദേശയാത്രകളും ഇടയ്ക്കിടെയുണ്ടാകുന്ന പ്രളയം പോലുള്ള പ്രകൃതിക്ഷോഭങ്ങളും മൃഗങ്ങളിൽ നിന്ന് പടരുന്ന രോഗങ്ങളും പകർച്ചവ്യാധികൾക്കും പൊതുജനാരോഗ്യ പ്രതിസന്ധികൾക്കുമുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.ഈ വെല്ലുവിളികളെ നേരിടുന്നതിനായി കേരള സർക്കാർ കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (K–CDC) സ്ഥാപിച്ചു. ശാസ്ത്രീയമായ തെളിവുകളുടെയും പ്രാദേശികമായ സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ പൊതുജനാരോഗ്യ ഭീഷണികളെ നേരിടാൻ പ്രാപ്തിയുള്ള ഒരു ശാസ്ത്രീയ സ്ഥാപനമായാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ ഏകോപിപ്പിച്ച്, രോഗങ്ങൾ മുൻകൂട്ടി പ്രവചിക്കാനും അവ പടരുന്നത് തടയാനും നിയന്ത്രിക്കാനുമുള്ള തന്ത്രങ്ങൾ ഈ കേന്ദ്രം വികസിപ്പിക്കും. നിലവിലുള്ള സർക്കാർ വകുപ്പുകളുമായി സഹകരിച്ചായിരിക്കും ഇതിന്റെ പ്രവർത്തനം. ഏകോപനത്തിലൂടെയും വിവരവിശകലനത്തിലൂടെയുള്ള തീരുമാനങ്ങളിലൂടെയും മുൻകൂട്ടിയുള്ള ആരോഗ്യ പരിപാലനത്തിലൂടെയും കേരളത്തിന്റെ ആരോഗ്യസംവിധാനത്തെ ശക്തിപ്പെടുത്തുകയും നിലവിലുള്ളതും ഭാവിയിലുണ്ടാകാൻ ഇടയുള്ളതുമായ ആരോഗ്യ വെല്ലുവിളികളെ പ്രതിരോധിക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുകയുമാണ് കെ–സിഡിസിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് പ്രധാന ഘടകങ്ങളിലൂടെയാണ് കെ–സിഡിസി പ്രവർത്തിക്കുക: 1. സമഗ്രമായ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി വൺ ഹെൽത്ത് ആശയം പ്രയോജനപ്പെടുത്തുക 2. ദ്രുത പ്രതികരണങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു പൊതുജനാരോഗ്യ അടിയന്തര പ്രവർത്തന കേന്ദ്രം സ്ഥാപിക്കുക 3. കേന്ദ്രീകൃതവും ഫലപ്രദവുമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് പതിനാല് പ്രത്യേക ഡിവിഷനുകൾക്ക് കീഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

### കുടുംബക്ഷേമ പരിപാടികൾ

നിരവധി പദ്ധതി കാലയളവുകളിൽ കുടുംബക്ഷേമ പരിപാടികൾ 100 ശതമാനം കേന്ദ്രവിഷ്കൃത പദ്ധതി ആയിരുന്നു. കൂടാതെ 2016–17 സാമ്പത്തിക വർഷം മുതൽ കേന്ദ്രവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതിയും ധനസഹായ ഘടകങ്ങളും മാറ്റിയിട്ടുണ്ട്. സംസ്ഥാനത്ത് കുടുംബക്ഷേമ പരിപാടി നടപ്പിലാക്കുന്ന സ്ഥിരം ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. നാഷണൽ ഹെൽത്ത് മിഷന്റെയും (എൻഎച്ച്എം) ഡിഎച്ച്എസിന്റെയും ഭാഗമായാണ് ഇപ്പോൾ ഈ പരിപാടി നടപ്പിലാക്കുന്നത്.

### പ്രസവവും മാതൃമരണ അനുപാതവും

കഴിഞ്ഞ 10 വർഷത്തെ ഡിഎച്ച്എസ് ഡാറ്റയുടെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിലെ പ്രസവങ്ങൾ ഏകദേശം 30 ശതമാനമാണ്. കേരളത്തിലെ മാതൃമരണ അനുപാതം 30 ആണ്, ഇന്ത്യയിൽ ഇത് 88 ആണ് (ഉറവിടം: MMR 2021–23–ലെ പ്രത്യേക ബുള്ളറ്റിൻ). 2012–13 മുതൽ പൊതു–സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 6.2.17**–ൽ നൽകിയിരിക്കുന്നു.

### രോഗപ്രതിരോധവ്യാപനം

മരുന്നും പ്രതിരോധകുത്തിവയ്പ്പും കൊണ്ട് ഒഴിവാക്കാനാകുന്നതും ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതുമായ വ്യാധികൾ, വൈകല്യം, മരണം തുടങ്ങിയവയിലേക്ക് നയിക്കുന്ന രോഗങ്ങളായ ഡിഫ്റ്റീരിയ, ഹെപ്പറ്റൈറ്റിസ് എയും ബിയും, അഞ്ചാം പനി, മുണ്ടിനീര്, ന്യൂമോണിയയും അനുബന്ധരോഗങ്ങളും, പോളിയോ, അതിസാരം, ടെറ്റനസ് തുടങ്ങിയവ ചെറുക്കുന്നതിന് ഏറ്റവും ഫലപ്രദവും ചെലവ് കുറഞ്ഞതുമായ ഇടപെടലാണ് പ്രതിരോധകുത്തിവയ്പ്പുകൾ. 2020–21 മുതലുള്ള 5 വർഷങ്ങളിലെ രോഗപ്രതിരോധ വ്യാപന പരിപാടി **അനുബന്ധം 6.2.4**ൽ കാണാം.

**പട്ടിക 6.2.17** 2012-13 മുതൽ കേരളത്തിലെ പൊതു സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങളുടെ വിശദാംശങ്ങൾ

| വർഷം | പൊതു ആശുപത്രി | സ്വകാര്യ ആശുപത്രി | ആകെ | പൊതു ആശുപത്രി % | സ്വകാര്യ ആശുപത്രി % |
|---|---|---|---|---|---|
| 2012-13 | 135941 | 358563 | 494504 | 27 | 73 |
| 2013-14 | 151277 | 344980 | 496257 | 30 | 70 |
| 2014-15 | 151524 | 342112 | 493636 | 31 | 69 |
| 2015-16 | 139808 | 340841 | 480649 | 29 | 71 |
| 2016-17 | 124115 | 332293 | 456408 | 27 | 73 |
| 2017-18 | 138510 | 313617 | 452127 | 31 | 69 |
| 2018-19 | 143847 | 339989 | 483836 | 30 | 70 |
| 2019-20 | 146174 | 314209 | 460383 | 32 | 68 |
| 2020-21 | 131599 | 288187 | 419786 | 31 | 69 |
| 2021-22 | 134284 | 291737 | 426021 | 32 | 68 |
| 2022 - 23 | 128150 | 286430 | 414580 | 31 | 69 |
| 2023-24 | 109542 | 259873 | 369415 | 30 | 70 |
| 2024-25 | 90275 | 231832 | 322107 | 28 | 72 |
| 2025-26 ഓഗസ്റ്റ് 31 വരെ | 33940 | 87741 | 121681 | 28 | 72 |

**അവലംബം:** ആരോഗ്യ സേവന ഡയറക്ടറേറ്റ്

### ആധുനിക വൈദ്യശാസ്ത്രം

കേരളത്തിൽ ആധുനിക വൈദ്യശാസ്ത്രസേവനങ്ങൾ ചെയ്യുന്നത് ആരോഗ്യസേവന ഡയറക്ടറേറ്റും (ഡി. എച്ച്.എസ്.) അതുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ മേഖലകൈകാര്യം ചെയ്യുന്നത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റു (ഡി.എം.ഇ.) യുമാണ്.

### ആരോഗ്യവകുപ്പിനു കീഴിലുള്ള ആരോഗ്യപരിരക്ഷാസ്ഥാപനങ്ങൾ

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,289 ആരോഗ്യ പരിരക്ഷാസ്ഥാപനങ്ങളിലായി 38,525 കിടക്കകളും 6582 ഡോക്ടർമാരും, 14528 നഴ്സിംഗ് ജീവനക്കാരും 7590 പാരാമെഡിക്കൽ ജീവനക്കാരും ഉണ്ട്. ഇതിൽ 849 പിഎച്ച്സി/എഫ്എച്ച്സികൾ, 226 സിഎച്ച്സികൾ/ ബ്ലോക്ക് എഫ്എച്ച്സികൾ, 88 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ, 18 ജില്ലാ ആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികാരോഗ്യ ആശുപത്രികൾ, 10 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗ ആശുപത്രികൾ, 14 ടിബി ആശുപത്രികൾ, / ക്ലിനിക്കുകൾ, 2 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 58 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. രോഗപ്രതിരോധവും രോഗശമനവുമുൾടെയുള്ള സമഗ്രമായ പ്രാഥമികതല സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാ രോഗ്യകേന്ദ്രങ്ങൾ. സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും, താലൂക്ക് ആസ്ഥാന ആശുപത്രികളും ദ്വിദീയതലപരിചരണം ലഭിക്കുന്നയിടങ്ങളാണ്. ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്ത്രീകളുടെ ആശുപത്രികൾ എന്നിവ സ്പെഷ്യാലിറ്റി സേവനങ്ങളും ചില സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും നൽകുന്നു. 2024-25, 2025-26 കാലയളവിൽ കേരളത്തിലെ പ്രധാന ആരോഗ്യസ്ഥാപനങ്ങളും കിടക്കകളും ഇനം തിരിച്ച്, ഇൻപേഷ്യന്റ്, ഔട്ട് പേഷ്യന്റ് വിവരങ്ങൾ ചെറുതും വലുതുമായി നടത്തിയ ശാസ്ത്രക്രിയകൾ, ഡി.എച്ച്. എസിനു കീഴിലുള്ള മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകൾ, എന്നിവ **അനുബന്ധം 6.2.5, 6.2.6, 6.2.7** എന്നിവയിൽ കൊടുത്തിരിക്കുന്നു.

### കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം

കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള **ചിത്രം 6.2.1** ൽ നൽകിയിരിക്കുന്നു. മറ്റ് ജില്ലകളെ അപേക്ഷിച്ച് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കൂടുതൽ കിടക്കകളുണ്ട്. എന്നാൽ കാസറഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ കിടക്കകളുടെ എണ്ണം കുറവാണ്. കേരളത്തിലെ കിടക്ക ജനസംഖ്യ അനുപാതം 1:594 ആണ്, ഇത് ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രം 1:656 ആണ്. കേരളത്തിലെ ശരാശരി ഡോക്ടർ ബെഡ് അനുപാതം 1:4 ഉം ആധുനിക വൈദ്യശാസ്ത്രത്തിന് മാത്രമായി 1:5 ഉം ആണ്. കേരളത്തിലെ ഡോക്ടർ ജനസംഖ്യാ അനുപാതം 1:2585 ആണ്. 2021 ലെ എസ്ടിമേറ്റഡ് ജനസംഖ്യയാണ് ഇവിടുത്തെ ജനസംഖ്യ. ഈ കണക്കുകൾ സർക്കാർ മേഖലയുടെ മാത്രം സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നതാണ്, സ്വകാര്യ മേഖലയും പരിഗണിക്കുകയാണെങ്കിൽ ഈ കണക്കുകൾ കൂടുതൽ മെച്ചപ്പെട്ടതായിരിക്കും.

### ആരോഗ്യ ഇൻഷുറൻസ്

#### സംസ്ഥാന ആരോഗ്യ ഏജൻസി (SHA)

സംസ്ഥാനത്ത് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സംസ്ഥാന ആരോഗ്യ ഏജൻസി.

#### കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി)

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെഎഎസ്പി) എന്നത് കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ഇതിൽ പ്രധാനമന്ത്രി

**ചിത്രം 6.2.1** കേരളത്തിലെ ആശുപത്രി കിടക്കകളുടെ ജില്ല തിരിച്ചുള്ള വിതരണം




**അവലംബം:** വിവിധ ആരോഗ്യ വകുപ്പുകൾ / സ്ഥാപനങ്ങൾ

ജൻ ആരോഗ്യ യോജന (പി.എം–ജെ.എ.വൈ.) ഉൾപ്പെടുന്നു. സർക്കാർ സ്പോൺസർ ചെയ്ത ആരോഗ്യ ഇൻഷുറൻസ് പദ്ധതികളായ രാഷ്ട്രീയ സ്വസ്ത്യ ഭീമ യോജന (ആർഎസ്ബിവൈ), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്), സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (എസ്ചിസ്) എന്നിവ കെഎഎസ്പി സംയോജിപ്പിക്കുന്നു.

തുടക്കത്തിൽ, 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ വരെ ഒരു കുടുംബത്തിന് 5 ലക്ഷം രൂപയുടെ മുഴുവൻ പരിരക്ഷയും ഇൻഷുറൻസ് മോഡിൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി. 2020 ജൂലൈ 1 മുതൽ, ഒരു കുടുംബത്തിന് 5 ലക്ഷം രൂപയുടെ കവറേജുള്ള അതേ പദ്ധതി അഷ്വറൻസ് മോഡിൽ നടപ്പിലാക്കുന്നു. മൊത്തം 42.03 ലക്ഷം കുടുംബങ്ങൾ കെഎഎസ്പി പദ്ധതിയിൽ ഉൾപ്പെടുന്നു, അതിൽ 23.98 ലക്ഷം കുടുംബങ്ങൾ PMJAY, SECC വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. പിഎംജെഎവൈ, എസ്ഇസിസി എന്നിവയ്ക്ക് കീഴിൽ വരുന്ന കുടുംബങ്ങൾക്ക് മാത്രമായി കേന്ദ്ര സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. ഓരോ കുടുംബത്തിനും പ്രീമിയം പരിധി 900 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. അതിൽ 60 ശതമാനം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി നൽകും. അതിനാൽ, എൻറോൾ ചെയ്ത ഓരോ പി.എം–ജെ.എ.വൈ. (ആർഎസ്ബിവൈ) കുടുംബത്തിനും കേന്ദ്ര സർക്കാർ 631.20 രൂപ നൽകുന്നു. അതിനാൽ പ്രതീക്ഷിക്കുന്ന കേന്ദ്രസഹായം 151 കോടി രൂപ (23,97,610 കുടുംബങ്ങൾ * 631.20) ആയിരിക്കും. ഇതുവരെ 597 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്, ഇതിൽ 394 സ്വകാര്യ ആശുപത്രികളും 203 പൊതു ആശുപത്രികളും 5 കേന്ദ്ര സർക്കാർ ആശുപത്രികളും ഉൾപ്പെടുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിയും ഇതേ മിഷനു കീഴിൽ സംസ്ഥാനത്ത് പ്രത്യേകം പ്രവർത്തിക്കുന്നു.

പി.എം–ജെ.എ.വൈ./ കെഎഎസ്പി എന്നിവയുടെ പുരോഗതി **പട്ടിക 6.2.18** ൽ നൽകിയിരിക്കുന്നു. പി.എം –ജെ.എ.വൈ./ കെഎഎസ്പി എന്നിവയുടെ മേഖലാതല ഉപഭോഗം **അനുബന്ധം 6.2.8** ൽ നൽകിയിരിക്കുന്നു.

### കാരുണ്യ ബെനവലന്റ് ഫണ്ട്

ചില മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി 2012 ഫെബ്രുവരിയിൽ കേരള സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ട് (കെബി.എഫ്) പദ്ധതി ആരംഭിച്ചു. എ.പി.എൽ. നില കണക്കിലെടുക്കാതെ റേഷൻ കാർഡ് അനുസരിച്ച് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള ഓരോ കുടുംബത്തിനും സാമ്പത്തിക സഹായം ലഭിക്കും. എന്നിരുന്നാലും ഈ വരുമാന പരിധി ഹീമോഫീലിയ ചികിത്സയിൽ ഏർപ്പെടുത്തിയിട്ടില്ല. ഓരോ കുടുംബത്തിനും വൃക്കരോഗങ്ങളുടെ ചികിത്സയ്ക്കായി 3 ലക്ഷം രൂപ വരെയും മറ്റ് നിർദ്ദിഷ്ട രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും ധനസഹായം ലഭിക്കും. ഒന്നോ അതിലധികമോ ആളുകൾക്ക് മുകളിൽ നിർദ്ദേശിച്ച പരിധിക്ക് വിധേയമായി ഒരേ റേഷൻ കാർഡിൽ

**പട്ടിക 6.2.18** 2020–21 മുതൽ 2025–26 (2025 ഓഗസ്റ്റ് 31 വരെ) വരെയുള്ള കാലയളവിൽ പി.എം–ജെ.എ.വൈ./ കെഎഎസ്പി യുടെ പുരോഗതി

| വർഷം | അംഗമാക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | നഷ്ടപരിഹാരം നൽകിയതിന്റെ എണ്ണം | നഷ്ടപരിഹാരം നൽകിയ തുക (കോടിയിൽ) | നഷ്ടപരിഹാരം നൽകിയത് (കോടിയിൽ) |
|---|---|---|---|---|
| 2020–21 (ജൂലൈ 2020 മുതൽ മാർച്ച് 2021 വരെ) | 4142182 | 807772 | 626.8 | 599.6 |
| 2021–22 | 4162609 | 1524613 | 1469.9 | 1326.8 |
| 2022–23 | 4186868 | 1121181 | 1547.8 | 1472.8 |
| 2023–24 | 4198301 | 987335 | 1574.7 | 1144.0 |
| 2024–25 | 4208676 | 896550 | 1465.9 | 145.6 |
| 2025–26 (2025 ഓഗസ്റ്റ് 31 വരെ) | 4208676 | 337193 | 554.7 | 0.21 |

**അവലംബം:** സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള

നിന്ന് പ്രയോജനം നേടാം. സംസ്ഥാന ലോട്ടറി വകുപ്പ് വഴിയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. 2020 സെപ്റ്റംബർ 1 മുതൽ ഇത് സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പാക്കുന്നു. 2025 ഒക്ടോബർ 31 (2020 ജൂലൈ മുതൽ 2025 ഒക്ടോബർ വരെ) വരെ ക്ലെയിം ചെയ്ത ആകെ തുക 580.56 കോടി രൂപയാണ്.

### ആരോഗ്യകിരണം

കേരളസർക്കാരിന്റെ പ്രധാന ആരോഗ്യ പദ്ധതികളിലൊന്നാണ് ആരോഗ്യകിരണം. ജനനം മുതൽ 18 വയസ്സ് വരെയുള്ള അർഹതപ്പെട്ട എല്ലാരോഗികൾക്കും പദ്ധതി സൗജന്യചികിത്സയും അനുബന്ധവൈദ്യസേവനങ്ങളും നല്കുന്നു. ഒ.പി. രജിസ്ട്രേഷൻ ചെലവ്, രോഗനിർണ്ണയം/ മരുന്നുകൾ/ഇംപ്ലാന്റുകൾ ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ എന്നീ ചെലവുകളാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്. മേൽപ്പറഞ്ഞ ചെലവുകൾ നിർവഹിക്കുന്നത് ഓരോ ജില്ലയ്ക്കും നൽകുന്ന കോർപ്പസ് ഫണ്ടിൽ നിന്നാണ്. 2022–23 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ആരോഗ്യ ഏജൻസിയാണ് പദ്ധതി നടപ്പാക്കുന്നത്. 2025 ഒക്ടോബർ 31 വരെയുള്ള കണക്കനുസരിച്ച് ക്ലെയിം ചെയ്ത ആകെ തുക 60.27 കോടി രൂപയാണ്.

### ശ്രുതി തരംഗം

ശ്രുതിതരംഗം കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയക്കും അതിന്റെ തുടർചികിത്സക്കും വേണ്ടിയുള്ളതാണ്. 0–5 വയസ്സിനിടയിലുള്ള കുട്ടികൾക്ക് ഈ പദ്ധതിക്ക് അർഹതയുണ്ട്. എന്നിരുന്നാലും, 5 വയസ്സിന് മുകളിലുള്ള കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനാൽ, പോസ്റ്റ് മെനിഞ്ചൈറ്റിസ് പരിക്ക് കാരണം അഗാധമായ കേൾവിക്കുറവ് സംഭവിക്കുന്ന സന്ദർഭങ്ങളിലും 5 വയസ്സിന് മുകളിലുള്ള കുട്ടികളെ പരിഗണിക്കും. ചികിത്സയുടെ ചെലവ് 5.2 ലക്ഷം രൂപയാണ്. ഓരോ വർഷവും ശരാശരി 200 അപേക്ഷകൾ തീർപ്പാക്കുകയും 300 അപ്ഗ്രേഡേഷനുകളും തീർപ്പാക്കുകയും ചെയ്യുന്നു. ഇതുവരെ (2025 ഒക്ടോബർ 31 വരെ) നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.19** ൽ നൽകിയിരിക്കുന്നു.

### താലോലം

കിഡ്നി രോഗങ്ങൾ, ഹൃദയ സംബന്ധമായ അസുഖങ്ങൾ, സെറിബ്രൽ പാൾസി, അസ്ഥി രോഗം, ഹീമോഫീലിയ, തലസീമിയ, സിക്കിൾ സെൽ അനീമിയ, ഓർത്തോപീഡിക് വൈകല്യങ്ങൾ, മറ്റ് ന്യൂറോ ഡെവലപ്മെന്റൽ ഡിസെബിലിറ്റികൾ, ജന്മനായുള്ള അപാകതകൾ (എൻഡോസൾഫാൻ ഇരകൾ), ശസ്ത്രക്രിയ ആവശ്യമായ അപകട കേസുകൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകാനാണ് താലോലം പദ്ധതി ലക്ഷ്യമിടുന്നത്.

**പട്ടിക 6.2.19** ശ്രുതിതരംഗം പദ്ധതി പ്രകാരം നൽകുന്ന സഹായത്തിന്റെ വിശദാംശങ്ങൾ (2025 ഒക്ടോബർ 31 വരെ)

| ക്രമ നമ്പർ | വിഭാഗം | സഹായം നൽകിയതിന്റെ എണ്ണം |
|---|---|---|
| 1 | കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ | 186 |
| 2 | കോക്ലിയർ ഇംപ്ലാന്റേഷൻ സ്പെയറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണി | 1309 |
| 3 | സൗണ്ട് പ്രോസസർ നവീകരണം | 352 |
| | **ആകെ** | **1847** |

Source: State Health Agency Kerala

### കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാപദ്ധതി

18 വയസ്സിന് താഴെയുള്ള കാൻസർ ബാധിതരായ, ചികിത്സ താങ്ങാൻ കഴിയാത്തവിധം ദരിദ്രരായ കുട്ടികൾക്ക് അടിയന്തര സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, 2008 നവംബർ 1 ന് സംസ്ഥാനം കാൻസർ സുരക്ഷാ പദ്ധതി ആരംഭിച്ചു.

### ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം)

ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) പരിപാടിയിൽ എൻആർഎച്ച്എം, എൻയുഎച്ച്എം എന്നീ രണ്ട് ഉപമിഷനുകൾ ഉൾപ്പെടുന്നു. ദേശീയ ആരോഗ്യമിഷന് അഞ്ച് ധനസഹായഘടകങ്ങൾ ഉണ്ട്. ഇവ: 1) എൻ.ആർ.എച്ച്.എം/ ആർ.സി.എച്ച് ഫ്ലെക്സി

പൂൾ 2) എൻ.യു.എച്ച്.എം ഫ്ലെക്സി പൂൾ 3) സാംക്രമിക രോഗങ്ങൾക്കുള്ള ഫ്ലെക്സി പൂൾ 4) സാംക്രമികേതര രോഗങ്ങൾ, അപകടങ്ങൾ, അടിയന്തിര വൈദ്യസഹായം എന്നിവയ്ക്കുള്ള ഫ്ലെക്സി പൂൾ 5)ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്നിവയാണ്. ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന ഘടകത്തിന് വിവിധ പദ്ധതി കാലയളവുകളിൽ ധനസഹായം ലഭ്യമായിട്ടുണ്ട്. ഭരണവും നടത്തിപ്പും (സംസ്ഥാന ജില്ലാതലങ്ങളിൽ കുടുംബക്ഷേമ ബ്യൂറോകൾ) സാബ് സെന്ററുകൾ, നഗര കുടുംബക്ഷേമകേന്ദ്രങ്ങൾ, അർബൻ റീവാംബിംഗ് സ്കീം (ഹെൽത്ത് തസ്തികകൾ), എ.എൻ.എം./എൽ.എച്ച്.വി പരിശീലന സ്കൂളുകൾ, ആരോഗ്യകുടുംബക്ഷേമ ട്രെയിനിംഗ് സെന്റർ, പുരുഷതൊഴിലാളികളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങൾക്ക് ശമ്പളം നൽകുന്നതിനാണ് തുക അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ ധനസഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം സംസ്ഥാനത്ത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് പ്രവർത്തിക്കുന്നത്. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നല്കുന്ന ആകെ വിഹിതത്തിന്റെ 40 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായി നൽകുന്നു. ഹെൽത്ത് സർവ്വീസസ് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആയുഷ് എന്നിവയ്ക്ക് എൻ.എച്ച്.എം. ധനസഹായം നൽകുന്നു. ഒറ്റപ്പെട്ടതും വിദൂരവുമായ പ്രദേശങ്ങളിലുള്ള പാവപ്പെട്ടവർക്ക് നിലവാരമുള്ളതും അഭികാമ്യമായതും താങ്ങാൻ കഴിയുന്നതും ഉത്തരവാദിത്തത്തോട് കൂടിയതുമായ ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് മിഷൻ ലക്ഷ്യം വയ്ക്കുന്നത്. എൻആർഎച്ച്എം. ഗ്രാമതലത്തിൽ നിന്ന് ജില്ലയിലേക്കുള്ള ഒരു സജീവ ആരോഗ്യ സംവിധാനമാണ്. എൻ.എച്ച്.എം നു 102 നഗര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഉണ്ട്. 2019-20 മുതൽ 2025-26 വരെ (ഒക്ടോബർ 31 വരെ) സംസ്ഥാനത്തിനു ലഭിച്ച മൊത്തം കേന്ദ്ര വിഹിതം പട്ടിക 6.2.20 ൽ നൽകിയിരിക്കുന്നു. മെഡിക്കൽ, പാരാമെഡിക്കൽ, മറ്റുള്ള വിഭാഗങ്ങൾ എന്നിവയിലായി എൻഎച്ച്എം ന്റെ മൊത്തം ജീവനക്കാരുടെ എണ്ണം 17221 ആണ് (2025 ഓഗസ്റ്റ് വരെ).

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമറ്റ്)**

സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്(സിമറ്റ്) മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പരിപോഷിപ്പിക്കുന്നതിന് 2008 ൽ ആരംഭിച്ച സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കീഴിൽ 11 നഴ്സിംഗ് കോളേജുകളിലായി 60 കുട്ടികൾ വീതം വാർഷിക പ്രവേശനം നേടുന്നു. 2025 ഒക്ടോബർ -ൽ സിമറ്റിന് കീഴിലുള്ള നഴ്സിംഗ് കോളേജുകളിൽ ആകെ 1920 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സി-മെറ്റിന് കീഴിൽ ആകെ 141 അധ്യാപക ജീവനക്കാരും 155 അനധ്യാപക ജീവനക്കാരും ജോലി ചെയ്യുന്നു.

**ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി)**

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാരപരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ്വ കൗൺസലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 2024-25 ൽ ചികിത്സിച്ച രോഗികളുടെ എണ്ണം 25429 ആണ്. ഇവിടെ ഔട്ട് പേഷ്യന്റ് സേവനങ്ങൾ മാത്രമേ

**പട്ടിക 6.2.20** 2019-20 to 2025-26 വരെ (ഓഗസ്റ്റ് 31 വരെ) എൻ.എച്ച്.എം-നുള്ള കേന്ദ്രസഹായം (രൂപ കോടിയിൽ)

| വർഷം | എൻ.എച്ച്.എം പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം | കൈന്റ് ഗ്രാന്റ് | കോവിഡ് പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര റിലീസ് | അടിസ്ഥാന സൗകര്യ പരിപാലനത്തിനുള്ള കേന്ദ്ര റിലീസ് | മൊത്തം കേന്ദ്ര റിലീസ് | സംസ്ഥാന വിഹിതം |
|---|---|---|---|---|---|---|
| 2019-20 | 373.32 | 41.57 | 74.21 | 430.26 | 919.36 | 430.29 |
| 2020-21 | 341.95 | 41.58 | 583.04 | 404.69 | 1371.26 | 957.51 |
| 2021-22 | 327.25 | 62.79 | 226.45 | 381.42 | 997.91 | 724.99 |
| 2022-23 | 416.42 | 58.79 | 0 | 381.42 | 856.63 | 684.65 |
| 2023-24 | 0 | 85.99 | 0 | 103.15 | 189.19 | 480.20 |
| 2024-25 | 567.48 | 61.62 | 0 | 722.88 | 1351.98 | 424.83 |
| 2025-26 | 245.29 | 13.85 | 0 | 447.45 | 706.59 | 676.65 |
| **ആകെ** | **2271.71** | **366.19** | **883.7** | **2871.27** | **6392.92** | **4379.12** |

**അവലംബം:** എൻ.എച്ച്.എം. കേരള

ലഭിക്കും. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ലഭ്യമല്ല. വിദ്യാർത്ഥികളുടെ എണ്ണം രണ്ടാണ് (പിജി).

### ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം ഓഫ് ഇന്ത്യ, സംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള രാജ്യത്തെ ആദ്യത്തെ സംയോജിത മൾട്ടി–ഡൈമൻഷണൽ സോഷ്യൽ സെക്യൂരിറ്റി സ്കീമാണ്. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് മുഖേനയാണ് ഈ പദ്ധതിക്ക് കീഴിലുള്ള മെഡിക്കൽ പരിചരണം കേരളത്തിൽ നടപ്പിലാക്കുന്നത്. ഈ വകുപ്പ് തൊഴിൽ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ്, ഇതിന് മുമ്പ് സംസ്ഥാന ആരോഗ്യ സേവന വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും സമഗ്രമായ വൈദ്യ പരിചരണ സേവനങ്ങൾ നൽകുന്നതിനും വേതനം നഷ്ടപ്പെടുത്തുന്നതിനോ വരുമാനം നേടുന്നതിന് തടസം നേരിടുന്നതിനോ കാരണമാകുന്ന സംഭവങ്ങളിൽ നിന്ന് സംരക്ഷിക്കുക എന്ന സുപ്രധാനവും സാമൂഹികമായി പ്രയോജനകരവുമായ ദൗത്യവുമായി ഇഎസ്ഐ സ്കീം നടപ്പിലാക്കിയിരിക്കുന്നു. തൊഴിൽ പരിക്കോ തൊഴിൽപരമായ രോഗമോ മൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ ശാരീരിക വൈകല്യമുള്ള തൊഴിലാളികളെയും അവരുടെ ആശ്രിതരെയും ധനസഹായത്തോടെ പരിപാലിക്കുകയും ചെയ്യുന്നു. മെഡിക്കൽ കെയർ അഡ്മിനിസ്ട്രേഷൻ സംസ്ഥാന സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്തമാണ്, ഇത് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡിപ്പാർട്ട്മെന്റ് വഴിയാണ് നടപ്പിലാക്കുന്നത്. 9 ആശുപത്രികളും 147 ഡിസ്പെൻസറികളും വഴിയാണ് മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നത്. വകുപ്പിലെ ആകെ ഡോക്ടർമാരുടെ എണ്ണം 515 ആണ്. ഇഎസ്ഐ ഗുണഭോക്താക്കൾക്ക് അലോപ്പതി, ആയുർവേദ, ഹോമിയോപ്പതി സംവിധാനങ്ങളിലുള്ള ചികിത്സ നൽകുന്നു. ഇഎസ്ഐസി ഫണ്ടുകളുടെ സമാഹർത്താവും സൂക്ഷിപ്പുകാരനുമാണ്. കൂടാതെ അക്കൗണ്ടന്റ് ജനറലിൽ നിന്നുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 7:1 എന്ന അംഗീകൃത അനുപാതത്തിൽ കേരള സർക്കാരിന് ചെലവ് തിരികെ നൽകുന്നു. ജില്ല തിരിച്ചുള്ള ഇഎസ്ഐ ഡിസ്പെൻസറികൾ, ആശുപത്രികൾ, കിടക്കകളുടെ എണ്ണം എന്നിവ **പട്ടിക 6.2.21**–ൽ നൽകിയിരിക്കുന്നു.

### ഡ്രഗ്സ് കൺട്രോൾ വകുപ്പ്

ഗുണനിലവാരമുള്ള മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, നിലവാരമില്ലാത്ത മരുന്നുകളിൽ നിന്ന് വിപണി മുക്തമാക്കുക രേഖപ്പെടുത്തിയിരിക്കുന്ന ചില്ലറ വിലയേക്കാൾ കൂടുതൽ വില മരുന്നുകൾക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതലകൾ. വകുപ്പിന് കീഴിൽ 6 മേഖലാ ഓഫീസുകൾ, 11 ജില്ലാ ഓഫീസുകൾ, 4 ആയുർവേദ വിഭാഗങ്ങൾ, 4 മരുന്ന് പരിശോധനാലബോറട്ടറികൾ (തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ)എന്നിവയുണ്ട്. പ്രതിവർഷം 11,500 സാമ്പിളുകളുടെ വിശകലന ശേഷിയുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ള മരുന്ന് പരിശോധനാലബോറട്ടറികൾ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്നു. കണ്ണൂരിൽ ഒരു ലബോറട്ടറി കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ

**പട്ടിക 6.2.21.** 2024–25–ലെ ഇ എസ് ഐ ഡിസ്പൻസറികൾ, ആശുപത്രികൾ, കിടക്കകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള എണ്ണം

| ക്രമ നം | ജില്ല | ഇ എസ് ഐ ഡിസ്പൻസറികളുടെ എണ്ണം | ഇ എസ് ഐ ആശുപത്രികളുടെ എണ്ണം | കിടക്കകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 12 | 1 | 137 |
| 2 | കൊല്ലം | 30 | – | 0 |
| 3 | പത്തനംതിട്ട | 4 | – | 0 |
| 4 | ആലപ്പുഴ | 14 | 1 | 55 |
| 5 | കോട്ടയം | 9 | 1 | 65 |
| 6 | എറണാകുളം | 20 | 1 | 65 |
| 7 | ഇടുക്കി | 2 | – | 0 |
| 8 | തൃശ്ശൂർ | 16 | 2 | 212 |
| 9 | പാലക്കാട് | 8 | 1 | 50 |
| 10 | മലപ്പുറം | 7 | – | 0 |
| 11 | കോഴിക്കോട് | 12 | 1 | 100 |
| 12 | വയനാട് | 1 | – | 0 |
| 13 | കണ്ണൂർ | 11 | 1 | 50 |
| 14 | കാസറഗോഡ് | 1 | – | 0 |
| | **ആകെ** | **147** | **9** | **734** |

**അവലംബം:** ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡിപ്പാർട്ട്മെൻറ്

പുരോഗമിക്കുന്നു. സംസ്ഥാനത്ത് ഏകദേശം 25,000 മെഡിക്കൽ ഷോപ്പുകളും/ഡീലർമാരും ഫാർമസികളും ഉണ്ട്. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ്, 1945 ലെ റൂൾ 51 പ്രകാരം ഡ്രഗ്സ് ഇൻസ്പെക്ടർ വർഷത്തിൽ ഒരിക്കലെങ്കിലും അവർക്ക് നിയോഗിക്കപ്പെട്ട പ്രദേശത്തിനുള്ളിൽ മരുന്നുകൾ വിൽക്കാൻ ലൈസൻസുള്ള എല്ലാ സ്ഥാപനങ്ങളും പരിശോധിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണുള്ളത്. വകുപ്പിന്റെ 2024-25-ലെ പ്രധാനനേട്ടങ്ങൾ **പട്ടിക 6.2.22** ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6.2.22** 2024-25-ലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ

| | |
|---|---|
| നടത്തിയ പരിശോധനകളുടെ എണ്ണം | 15984 |
| പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചതിന്റെ എണ്ണം | 23 |
| വിൽപ്പന ലൈസൻസ് സസ്പെന്റ് ചെയ്യുവരുടെ എണ്ണം | 388 |
| ടെസ്റ്റ് ചെയ്ത സാമ്പിളുകളുടെ എണ്ണം | 1164 |
| പുതിയ നിർമ്മാണലൈസൻസുകൾ (അലോപ്പതി / കോസ്മെറ്റിക്സ്) വിതരണം ചെയ്തവയുടെ എണ്ണം | 45 |
| വില ലംഘനങ്ങൾ കണ്ടെത്തി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്തതിൻറെ എണ്ണം | 18 |
| പുതിയതായി അനുവദിച്ച ബ്ലഡ് ബാങ്ക് ലൈസൻസുകളുടെ എണ്ണം | 7 |
| പുതിയ രക്ത സംഭരണ കേന്ദ്രങ്ങളുടെ എണ്ണം | 24 |
| അംഗീകൃത മെഡിക്കൽ സ്ഥാപനങ്ങളുടെ എണ്ണം | 24 |

**അവലംബം:** ഡ്രഗ്സ് കൺട്രോൾ വകുപ്പ്

### ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന ഭക്ഷ്യപരിശോധന ലബോറട്ടറി എന്നിവയാണ്. വെള്ളം, പാൽ, സാധാരണയിൽ കവിഞ്ഞ കളർ ചേർക്കൽ, കൃത്രിമ മധുരം ചേർക്കൽ, ബാഹ്യവസ്തുക്കൾ, ഫംഗസ് വളർച്ച തുടങ്ങിയവയുടെ പരിശോധനകളാണ് ഈ ലബോറട്ടറികളിൽ നടക്കുന്നത്. തിരുവനന്തപുരം, ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളത്തും കോഴിക്കോട്ടും ഉള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിങ്ങനെ മൂന്ന് അനലിറ്റിക്കൽ ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചു. 2024-25, 2025-26 ലും ഭക്ഷ്യാസുരക്ഷാ വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ **പട്ടിക 6.2.23**-ൽനൽകിയിരിക്കുന്നു.

### കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്

കേരള സർക്കാരിന്റെ ആഭ്യന്തര വകുപ്പിന്റെ കീഴിലാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ജുഡീഷ്യറി, എക്സൈസ്, പോലീസ്, മെഡിക്കോ-ലീഗൽ വിദഗ്ധർ എന്നിവർക്ക് നേരിട്ടും അല്ലാതെയും ക്രിമിനൽ കേസുകളുടെ വിചാരണക്കും സഹായിക്കുന്നു. ഈ വകുപ്പ് ക്രിമിനൽ നീതി ഭരണ സംവിധാനത്തിന് ശാസ്ത്രീയ അടിത്തറ നൽകുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വിഭാഗത്തിൽ തിരുവനന്തപുരത്ത് ഒരു സെൻട്രൽ ലബോറട്ടറിയും എറണാകുളത്തും കോഴിക്കോട്ടും റീജിയണൽ ലബോറട്ടറികളും പ്രവർത്തിക്കുന്നു. കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ഡിപ്പാർട്ട്മെന്റ് കൊലപാതകം, ലൈംഗിക

**പട്ടിക 6.2.23** 2024-25 ലെയും 2025-26 ലെയും ഭക്ഷ്യ സുരക്ഷാ കമ്മിഷണറേറ്റിന്റെ പ്രധാന നേട്ടങ്ങൾ

| പരിപാടികൾ | 2024-25 | 2025-26 (ഓഗസ്റ്റ് 31 വരെ) |
|---|---|---|
| ദ്രുത പ്രതികരണ സംഘം നടത്തിയ പരിശോധനകളുടെ എണ്ണം | 22276 | 9145 |
| ദ്രുത പ്രതികരണ സംഘം നടപടി സ്വീകരിച്ച ഭക്ഷ്യ വിഷ കേസുകളുടെ എണ്ണം | 46 | 26 |
| നൽകിയ ലൈസൻസിന്റെ എണ്ണം | 20394 | 6508 |
| മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ച് നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ എണ്ണം | 2381 | 2483 |
| FoSTaC പരിശീലന സംരംഭത്തിന് കീഴിൽ പരിശീലനം നേടിയ ഭക്ഷണം കൈകാര്യം ചെയ്യുന്നവരുടെ എണ്ണം | 42600 | 16467 |
| ശുചിത്വ റേറ്റിംഗ് ഓഡിറ്റുകൾ നടത്തിയത് | 1905 | 592 |
| സ്കൂളുകളിൽ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം പരിപാടി (സ്കൂളുകളുടെ എണ്ണം) | 24 | 4 |
| സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പരിപാടി (ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം) | 1 | 0 |
| ഈറ്റ് റൈറ്റ് കാമ്പസ് | 49 | - |

**അവലംബം:** ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

**പട്ടിക 6.2.24** 2022–23 മുതൽ 2024–25 വരെ കെമിക്കൽ എക്സാമിനറുടെ ലബോറട്ടറിയിൽ ലഭിച്ച, വിശകലനം ചെയ്ത, തീർപ്പാക്കാത്ത കേസുകളുടെ വിശദാംശങ്ങൾ

| വർഷം | ലഭിച്ചവ | | വിശകലനം ചെയ്തവ | | ശേഷിക്കുന്നവ | |
|---|---|---|---|---|---|---|
| | കേസ് | വസ്തുക്കൾ | കേസ് | വസ്തുക്കൾ | കേസ് | വസ്തുക്കൾ |
| 2022–23 | 33909 | 90599 | 28026 | 75126 | 51139 | 147325 |
| 2023–24 | 38172 | 93854 | 26545 | 69573 | 62522 | 169187 |
| 2024–25 | 39790 | 100240 | 29419 | 76875 | 72861 | 192550 |

**അവലംബം:** ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡിപ്പാർട്ട്മെൻറ്

കുറ്റകൃത്യങ്ങൾ, മനുഷ്യവിഷബാധകൾ, അബ്കാരി നിയമപ്രകാരമുള്ള മദ്യ സാമ്പിളുകൾ, എൻഡിപിഎസ് നിയമത്തിന് കീഴിലുള്ള മയക്കുമരുന്ന്, സൈക്കോട്രോപിക് വസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട വസ്തുക്കൾ വിശകലനം ചെയ്യുന്നു. വിശദമായ രാസ വിശകലന റിപ്പോർട്ടുകൾ ബന്ധപ്പെട്ട അധികാരികൾക്കും നിയമ നിർവ്വഹണ ഏജൻസികൾക്കും നൽകുന്നു. ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിനും കെമിക്കൽ അനാലിസിസ് സർട്ടിഫിക്കേഷനിൽ കൃത്യതയുടെയും സൂക്ഷ്മതയുടെയും ഉയർന്ന നിലവാരം ഉറപ്പാക്കുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മൂന്ന് ലബോറട്ടറികളും എൻ.എ.ബി. എൽ അംഗീകാരമുള്ളതാണ്. ലഭിച്ച, വിശകലനം ചെയ്ത, തീർപ്പാക്കാത്ത കേസുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.24**–ൽ നൽകിയിരിക്കുന്നു.

**മെഡിക്കൽ വിദ്യാഭ്യാസം**

കേരളത്തിൽ 14 ജില്ലകളിലായി 14 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്.നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി എല്ലാ ജില്ലകളിലുമായി 14 നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ 6 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. എല്ലാ ജില്ലകളിലും എംബിബിഎസ് പ്രവേശനമുള്ള സർക്കാർ മെഡിക്കൽ കോളേജുകൾ ഉള്ള രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. 2016 നും 2025 നും ഇടയിൽ, ബിരുദ എംബിബിഎസ് സീറ്റുകൾ 1,200 ൽ നിന്ന് 1,855 ആയും ബിരുദാനന്തര സീറ്റുകൾ 692 ൽ നിന്ന് 898 ആയും സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾ 100 ൽ നിന്ന് 161 ആയും വർദ്ധിച്ചു, ഇത് മെഡിക്കൽ വിദ്യാഭ്യാസ ശേഷിയിലെ ഗണ്യമായ വികാസത്തെ പ്രതിഫലിപ്പിക്കുന്നു.

വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ. എഫ്) റാങ്ക് ചെയ്ത മികച്ച 50 മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് 42–ാം സ്ഥാനത്താണ്. ഡെന്റൽ കോളേജ് വിഭാഗത്തിൽ, തിരുവനന്തപുരം സർക്കാർ ഡെന്റൽ കോളേജ് എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ 21–ാം സ്ഥാനം നേടി. രാജ്യത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആറാം സ്ഥാനത്തും, തിരുവനന്തപുരം സർക്കാർ ഡെന്റൽ കോളേജ് അഞ്ചാം സ്ഥാനത്തും എത്തി.

2025 ഓഗസ്റ്റ് 31–ന് ഡി.എം.ഇ.യ്ക്ക് കീഴിലുള്ള ആകെ ഫാക്കൽറ്റികളുടെ എണ്ണം 3,712 ആണ്. 2025–26 ലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ, പാരാ മെഡിക്കൽ കോഴ്സുകളുടെ വാർഷിക പ്രവേശനകണക്കുകൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽകോളേജുകളിലെ ക്ലിനിക്കൽ, നോൺക്ലിനിക്കൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.9** ലും **6.2.10** ലും കൊടുത്തിരിക്കുന്നു. 2024–25 & 2025–26 വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും അനുബന്ധ സ്ഥാനങ്ങളുടെയും ഒരു താരതമ്യ വിശകലനം **അനുബന്ധം 6.2.11** ൽ കാണാം. 2025–26 കാലഘട്ടത്തിൽ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളിലെ കിടക്കകളുടെ എണ്ണം മുൻവർഷത്തെ 15237 ൽ നിന്ന് 873 എണ്ണം വർധിച്ചു.

**കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്.എസ്.)**

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. 2010–11 അധ്യയന വർഷത്തിലാണ് സർവകലാശാലയിൽ അദ്ധ്യയന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സർവ്വകലാശാലയ്ക്ക് കീഴിൽ 2025 ഒക്ടോബർ വരെ 384 പ്രൊഫഷണൽ കോളേജുകളാണ് ചേർക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 55 സർക്കാർ കോളേജുകൾ, 5 സർക്കാർ ധനസഹായമുള്ള കോളേജുകൾ, 11 സ്വാശ്രയ സഹകരണ കോളേജുകൾ, 313 സ്വാശ്രയ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു. അലോപ്പതി, ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ തുടങ്ങി കേരളത്തിലെ എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലേയും പ്രൊഫഷണൽ കോളേജുകൾ ഈ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി അഫിലിയേറ്റ്

**പട്ടിക 6.2.25** വിവിധ വിഭാഗങ്ങളിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ വിവരങ്ങൾ (ഒക്ടോബർ 2025 ലെ എണ്ണം)

| വിഭാഗം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് (സഹകരണം) | അൺഎയ്ഡഡ് (പ്രൈവറ്റ്) | ആകെ |
|---|---|---|---|---|---|
| മോഡേൺമെഡിസിൻ | 16 | | | 20 | 36 |
| ഡെന്റൽ | 6 | | | 20 | 26 |
| ആയുർവേദമെഡിസിൻ | 3 | 2 | | 12 | 17 |
| ഹോമിയോ മെഡിസിൻ | 3 | 3 | | 0 | 6 |
| സിദ്ധ മെഡിസിൻ | | | | 1 | 1 |
| നഴ്സിംഗ് | 15 | | 7 | 139 | 161 |
| ഫാർമസി | 5 | | 1 | 58 | 64 |
| പാരാമെഡിക്കൽ | 7 | | 3 | 62 | 72 |
| യുനാനി മെഡിസിൻ | | | | 1 | 1 |
| **ആകെ** | 55 | 5 | 11 | 313 | 384 |

**അവലംബം:** കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ വിശദാംശങ്ങൾ **പട്ടിക 6.2.25** ൽ കൊടുത്തിരിക്കുന്നു.

2025 ഒക്ടോബർ വരെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആൻഡ് അലൈഡ് സയൻസസുമായി (കെയുഎച്ച്എസ്) അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളുടെ ഗ്രാഫിക്കൽ പ്രാതിനിധ്യം **ചിത്രം 6.2.2** ൽ നൽകിയിരിക്കുന്നു. കെ.യു. എച്ച്.എസുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മൊത്തം കോളേജുകളുടെ 15 ശതമാനം മാത്രമാണ് സർക്കാർ, സർക്കാർ എയ്ഡഡ് കോളേജുകൾ.

വിവിധ ആരോഗ്യശാസ്ത്ര വിഭാഗങ്ങളിലായി 2024-25 -ൽ ഏകദേശം 29540 (5684 വിദ്യാർത്ഥികളും 23856 വിദ്യാർത്ഥിനികളും) വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെയും ഓരോ വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ പുരുഷ/സ്ത്രീ എണ്ണത്തിന്റെയും വിശദാംശങ്ങൾ **പട്ടിക 6.2.26** ൽ നൽകിയിരിക്കുന്നു

**ആയുഷ് (ആയുർവേദം, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)**

**ഭാരതീയ വൈദ്യശാസ്ത്രസമ്പ്രദായം**

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദം, സിദ്ധ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസികരോഗാശുപത്രി (1), പഞ്ചകർമ്മ(1), പ്രകൃതി ചികിത്സ(1), സിദ്ധ(1), വിഷ(3), സ്പോർട്സ് ആയുർവേദ(1),

**ചിത്രം 6.2.2** കെയുഎച്ച്എസിന് കീഴിലുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകൾ ശതമാനം




**അവലംബം:** കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

**പട്ടിക 6.2.26** ഓരോ പഠനശാഖയിലെയും വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ, പുരുഷ/സ്ത്രീ വിദ്യാർത്ഥികളുടെ എണ്ണം, 2025 മാർച്ച്

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| മെഡിസിൻ | 2130 | 4214 | 6344 |
| ഡെന്റൽ | 362 | 1957 | 2319 |
| ആയുർവേദ മെഡിസിൻ | 219 | 1101 | 1320 |
| ആയുർവേദ നഴ്സിംഗ് | 2 | 19 | 21 |
| ആയുർവേദ ഫാർമസി | 3 | 5 | 8 |
| ഹോമിയോ മെഡിസിൻ | 32 | 361 | 393 |
| സിദ്ധ മെഡിസിൻ | 9 | 24 | 33 |
| നഴ്സിംഗ് | 1536 | 8622 | 10158 |
| ഫാർമസി | 842 | 4560 | 5402 |
| പാരാമെഡിക്കൽ | 519 | 2962 | 3481 |
| യുനാനി മെഡിസിൻ | 30 | 31 | 61 |
| **ആകെ** | **5684** | **23856** | **29540** |

**അവലംബം:** കേരളയൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് ആന്റ് അലൈഡ് സയൻസസ്

മർമ്മ(1) തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ഐ.എസ്.എം.ന്റെ കീഴിൽ ഇപ്പോൾ 130 ആശുപത്രികളും 818 ഡിസ്പെൻസറികളുമുണ്ട്. ഇതിൽ ആയുർവേദം (806), വിഷ (4), സിദ്ധ (6), പ്രകൃതി ചികിത്സ (1), യുനാനി (1) എന്നിവ ഉൾപ്പെടുന്നു. ഈ ആശുപത്രികളിലെ കിടക്കകളുടെ ആകെ എണ്ണം 3,154 ആണ്. ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണം, വികസനം, വ്യാപനം, എന്നിവ സംസ്ഥാന ഔഷധ സസ്യ ബോർഡ് ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. 2023–24 ലും 2024–25 ലും ഐ.എസ്.എം.ന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ, കിടക്കകൾ, രോഗികൾ എന്നിവ ജില്ല തിരിച്ച് **അനുബന്ധം 6.2.12** ൽ കൊടുത്തിരിക്കുന്നു.

സാധാരണ വൈദ്യചികിത്സയ്ക്കുപുറമേ സ്പെഷ്യൽ പ്രോജക്ടുകളും ഭാരതീയ ചികിത്സാവകുപ്പ് 2024–25, 2025–26 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. അത്തരം പ്രോജക്ടുകളാണ്; ദൃഷ്ടി, ജീവനി, പുനർനവ, സ്നേഹധാര, ജറിയാട്രിക് കെയർ, യോഗ, സ്പോർട്സ് മെഡിസിൻ, പഞ്ചകർമ്മ, ക്ഷാരസൂത്ര, മാനസികം, കൗമാരഭൃത്യം, പ്രസൂതിതന്ത്ര, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം, സിക്കിൾ സെൽ, നിർവിഷ, സിദ്ധ, കുട്ടികളുടെയും കൗമാരക്കാരുടെയും പരിചരണം മുതലായവ. പ്രത്യേക പ്രോജക്ടുകൾ, നടപ്പാക്കിയ ജില്ലകൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 6.2.13 ൽ** നൽകിയിരിക്കുന്നു.

### ആയുഷ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി)

മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കാൻ ഭാരതസർക്കാർ രണ്ട് റെഗുലേറ്ററി ബോഡികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ആദ്യത്തേത് ആയുർവേദം, യുനാനി, സിദ്ധ എന്നീ വൈദ്യശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടേയും നിയന്ത്രണത്തിനായുള്ള ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ (ഐ.എം.സി.സി.) ആക്ട് 1970 ന് കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ (സി.സി.ഐ.എം) ആണ്. രണ്ടാമത്തേത് ഹോമിയോ മെഡിക്കൽ സംവിധാനത്തിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രാക്ടീഷണർമാരുടെയും നിയന്ത്രണത്തിനുള്ള ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 കീഴിൽ ആരംഭിച്ച സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയാണ്. നിലവിൽ യോഗയും പ്രകൃതി ചികിത്സയും പ്രത്യേകം മരുന്നുകൾ ഉപയോഗിക്കാത്തതിനാൽ ഇവയെ പൂർണ്ണമായും നിയന്ത്രിക്കുന്നില്ല.

### ദേശീയ ആയുഷ് മിഷൻ

കേന്ദ്രസർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള ആയുഷ് വകുപ്പ് (ആയുർവ്വേദ, യോഗ, പ്രകൃതിചികിത്സ, സിദ്ധ, യുനാനി, ഹോമിയോപ്പതി) ദേശീയതലത്തിൽ ആയുഷ്മിഷൻ ആരംഭിച്ചിരിക്കുന്നു. ചെലവ് കുറഞ്ഞ രീതിയിൽ ആയുഷ്സേവനങ്ങൾ, വിദ്യാഭ്യാസ സംവിധാനം ശക്തിപ്പെടുത്തൽ, ആയുർവേദ സിദ്ധ–യുനാനി–ഹോമിയോ മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കൽ, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ ആയുഷ് സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് ദേശീയ ആയുഷ് മിഷന്റെ ലക്ഷ്യം. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ 60:40 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വകയിരുത്തും. ഓഗസ്റ്റ് 08, 2015 ന് സംസ്ഥാനത്ത് കേരള സർക്കാർ ആയുഷ് വകുപ്പ് ആരംഭിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തെ കേന്ദ്ര ഫണ്ട് റിലീസ് **പട്ടിക 6.2.27**–ൽ നൽകിയിരിക്കുന്നു.

ദേശീയ ആയുഷ് മിഷന്റെ കേരളത്തിലേക്കുള്ള കേന്ദ്ര റിലീസ് വിവിധ സാമ്പത്തിക വർഷങ്ങളിൽ വർദ്ധിച്ചു.

**പട്ടിക 6.2.27** ദേശീയ ആയുഷ് മിഷൻ കേരളയുടെ വർഷം തിരിച്ചുള്ള വിഭവ വിഹിതം (തുക ലക്ഷത്തിൽ)

| വർഷം | ദേശീയ ആയുഷ് മിഷൻ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതം | അടിസ്ഥാന സൗകര്യ പരിപാലനത്തിനുള്ള കേന്ദ്ര വിഹിതം | കേന്ദ്ര വിഹിതം ലഭിച്ചത് | സംസ്ഥാന വിഹിതം ലഭിച്ചത് |
|---|---|---|---|---|
| 2018-19 | 2597.84 | 541.80 | 2597.84 | 1731.89 |
| 2019-20 | 1540.54 | 60.00 | 1540.54 | 1027.03 |
| 2020-21 | 2337.59 | 275.00 | 2337.59 | 1558.39 |
| 2021-22 | 1153.39 | 0 | 1153.39 | 768.93 |
| 2022-23 | 4399.83 | 205.02 | 4399.83 | 2933.16 |
| 2023-24 | 7989.40 | 1079.54 | 7989.40 | 5326.34 |
| 2024-25 | 11037.96 | 1533.76 | 11037.96 | 7358.64 |
| **ആകെ** | **31056.55** | **3695.12** | **31056.55** | **20704.38** |

**അവലംബം:** ആയുഷ് മിഷൻ കേരള

### ആയുഷ് യോഗ ക്ലബ്ബുകൾ

പതിവായുള്ള യോഗാ പരിശീലനം, ആരോഗ്യ ബോധവൽക്കരണം, ജീവിതശൈലീ രോഗ പ്രതിരോധം, സാമൂഹിക ആരോഗ്യം എന്നിവ ലക്ഷ്യമിട്ടുള്ള പരിപാടികളാണ് ആയുഷ് യോഗ ക്ലബ്ബുകൾ വാഗ്ദാനം ചെയ്യുന്നത്. കേരളത്തിലുടനീളം ആകെ 10,132 ആയുഷ് യോഗ ക്ലബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 7,581 പൊതു യോഗ ക്ലബ്ബുകളും 2,551 വനിതാ യോഗ ക്ലബ്ബുകളും ഉൾപ്പെടുന്നു. ഈ ക്ലബ്ബുകൾ വഴി 1,51,191 പൊതു പങ്കാളികളും 49,988 വനിതാ പങ്കാളികളും ഉൾപ്പെടെ ആകെ 2,01,179 വ്യക്തികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

### ആയുർവ്വേദ മരുന്ന് നിർമ്മാണം–ഔഷധി

ഇന്ത്യയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണ് ഔഷധി. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണിത്. ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ആയുർവേദമരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുന്ന സ്ഥാപനം ഔഷധിയാണ്. ഔഷധി കേരളത്തിൽ ആയുർവേദ വകുപ്പിന് മരുന്നുകൾ നൽകുന്നത് മാർക്കറ്റ് വിലയേക്കാൾ 30 ശതമാനം വിലക്കുറവിലാണ്. ഐ.എസ്.എം ഈ മരുന്നുകൾ സംസ്ഥാനത്തെ ദരിദ്രരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. സംസ്ഥാനത്തുടനീളവും സംസ്ഥാനത്തിന് പുറത്തുമുള്ള 865 പ്രത്യേക ഏജൻസികളിലൂടെ പൊതുജനത്തിനും കമ്പനി മരുന്ന് എത്തിക്കുന്നു. 2023-24 കാലയളവിൽ നികുതിക്കു മുൻപുള്ള സ്ഥാപനത്തിന്റെ ലാഭം 62.27 കോടി രൂപയായിരുന്നത് 2024-25 ൽ 63.27 കോടി രൂപയായി. 2024-25 കാലയളവിൽ ഔഷധി 197 കോടി രൂപയുടെ റെക്കോർഡ് വിറ്റുവരവ് കൈവരിച്ചു. കൂടാതെ, ഔഷധി പഞ്ചകർമ്മ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അതിന്റെ ഏറ്റവും ഉയർന്ന വിറ്റുവരവ് ഈ വർഷം രേഖപ്പെടുത്തി.

### ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം – ആയുർവ്വേദകോളേജുകൾ

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1385 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജുകളുണ്ട്. 2024-25 ൽ 9244 ഇൻപേഷ്യൻസിനും 427992 ഔട്ട്പേഷ്യൻസിനും ചികിത്സ നൽകുകയുണ്ടായി. ഇത് 2025-26ൽ (ഓഗസ്റ്റ് 31 വരെ) യഥാക്രമം 4390ഉം 180764 ഉം ആണ്. തിരുവനന്തപുരം ആയുർവ്വേ മെഡിക്കൽകോളേജിന് കീഴിൽ പഞ്ചകർമ്മാശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുമുണ്ട്. 2 എയ്ഡഡ് ആയുർവേദകോളേജുകളും, 12 സ്വാശ്രയ ആയുർവേദകോളേജുകളും, ഒരു സ്വാശ്രയസിദ്ധ കോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയകോളേജുകളും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. സർക്കാർ തലത്തിൽ ബിരുദകോഴ്സിന് 226, ബിരുദാനന്തരബിരുദകോഴ്സിന് 162, പാരാമെഡിക്കൽ പിജി ഡിപ്ലോമ കോഴ്സുകൾക്ക് 30 എന്നിങ്ങനെ വിദ്യാർത്ഥികൾ വാർഷിക പ്രവേശനം നേടുന്നുണ്ട്. 2024-25, 2025-26 കാലയളവിൽ (ഓഗസ്റ്റ് 31 വരെ) കേരളത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് കീഴിൽ ചികിത്സിച്ച രോഗികളുടെയും കിടക്കകളുടെയും കോളേജ് തിരിച്ചുള്ള വിതരണം **അനുബന്ധം 6.2.14**-ൽ നൽകിയിരിക്കുന്നു. കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വകാര്യ കോളേജുകളിലെ ഐ.എസ്.എം വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 6.2.28** ൽ നൽകിയിരിക്കുന്നു.

### ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA)

കണ്ണൂർ ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ആയുർവേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി സർക്കാർ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചു. ഇത്തരത്തിലുള്ള രാജ്യത്തെ ആദ്യത്തെ സംരംഭമാണിത്. പദ്ധതിക്കായി കണ്ണൂരിലെ കല്ല്യാട് പ്രദേശത്ത് ആകെ 311.76 ഏക്കർ ഭൂമി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. 69.05 കോടി രൂപയുടെ അടങ്കൽ തുകയുള്ള ഒന്നാം ഘട്ട ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. പദ്ധതിക്കായി കണ്ടെത്തിയ ആകെ ഭൂമിയിൽ 115.21 ഏക്കർ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കഴിഞ്ഞു.ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ IRIA 100 കിടക്കകളുള്ള ആശുപത്രി, IRIA മെഡിസിനൽ പ്ലാന്റ് നഴ്സറി, IRIA മാനുസ്ക്രിപ്റ്റ് സെന്റർ ഇവ ഉൾപ്പെടുന്നു. ഒന്നാം ഘട്ട നിർമ്മാണം പുരോഗമിക്കുന്നു,

**പട്ടിക 6.2.28** കേരളത്തിലെ സർക്കാർ, എയ്ഡഡ്, സ്വകാര്യ കോളേജുകളിലെ ഐ.എസ്.എം വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം

| കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|
| ആയുർവേദാചാര്യ ബിരുദ കോഴ്സ് (ബി.എ.എം.എസ്) | |
| ബാച്ചിലർ ഓഫ് സിദ്ധ മെഡിസിൻ ആൻഡ് സർജറി (ബി.എസ്.എം.എസ്) | 50 |
| ആയുർവേദ വാചസ്പതി (ആയുർവേദ ബിരുദാനന്തര ബിരുദ കോഴ്സ്) എം.ഡി (ആയുർവേദം | 186 |
| ബാച്ചിലർ ഓഫ് യുനാനി മെഡിസിൻ (ബി.യു.എം.എസ്) | 60 |
| ആയുർവേദ പി.ജി ഡിപ്ലോമ | 40 |
| ആയുർവേദ നഴ്സ് സർട്ടിഫിക്കറ്റ് കോഴ്സ് (ഒരു വർഷം) | 160 |
| ആയുർവേദ ഫാർമസി സർട്ടിഫിക്കറ്റ് കോഴ്സ് (ഒരു വർഷം) | 130 |
| ആയുർവേദ തെറാപ്പിസ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് (ഒരു വർഷം) | 160 |

**ഉറവിടം:** ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

75 ശതമാനം പൂർത്തിയായി, ബാക്കിയുള്ളവ 2025-26 ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഗവൺമെന്റ് ആയുർവേദ കോളേജ്, ഉടുമ്പൻചോല, ഇടുക്കി**
ഉടുമ്പൻചോല ഗവൺമെന്റ് ആയുർവേദ കോളേജ് സ്ഥാപിക്കുന്നതിനായി 20.82 ഏക്കർ ഭൂമി സർക്കാർ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറി. കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. ഇതിനിടയിൽ ഒരു താൽക്കാലിക കെട്ടിടത്തിൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇടുക്കി പാക്കേജിൽ 10 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.

**ഹോമിയോപ്പതി**
സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 709 ഹോമിയോപ്പതി ഡിസ്പെൻസറികൾ 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്സ് ആശുപത്രികൾ, ഒരു ആശുപത്രി എന്നിവയിലായി 1000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി ഹോംകോ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2024-25 കാലയളവിൽ ഹോംകോയുടെ മൊത്തലാഭം 13.19 കോടിയാണ്. 2024 ലും 2025 ലും ഹോമിയോപ്പതി വകുപ്പിന് കീഴിൽ ജില്ല തിരിച്ചുള്ള സ്ഥാപനങ്ങൾ, കിടക്കകൾ, ചികിത്സ നേടിയ രോഗികളുടെ എണ്ണം എന്നിവ **അനുബന്ധം 6.2.15** ൽ കൊടുത്തിട്ടുണ്ട്.

സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള സീതാലയം, കൗമാരക്കാരുടെ പരിചരണത്തിനായുള്ള സദ്ഗമയ, വന്ധ്യതാ ചികിത്സയ്ക്കായുള്ള ജനനി, ജീവിതശൈലീ രോഗ നിയന്ത്രണത്തിനായുള്ള ആയുഷ്മാൻ ഭവ, പാലിയേറ്റീവ് കെയർ, പകർച്ചവ്യാധി നിയന്ത്രണത്തിനായുള്ള RAECH എന്നിങ്ങനെ നിരവധി നൂതന പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ വിവിധ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും പ്രവർത്തിക്കുന്നു.ആയുഷ് ഹോമിയോപ്പതി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AHiMS) പോലുള്ള ഡിജിറ്റൽ സംരംഭങ്ങളും NABH അംഗീകാരവും ആരോഗ്യ സേവനങ്ങളെ ആധുനികവൽക്കരിക്കാൻ സഹായിച്ചിട്ടുണ്ട്. 2024-25 കാലയളവിൽ ഹോമിയോപ്പതി ആശുപത്രികളിലായി 575 ട്രാൻസ്ജെൻഡർ ഒ.പി (OP) കേസുകളും 37 ഫോളോ-അപ്പ് കേസുകളും ചികിത്സ തേടിയിട്ടുണ്ട്.

**ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം**
സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. ഇവ കൂടാതെ 3 എയ്ഡഡ് കോളേജുകളും, ഒരു അൺഎയ്ഡഡ് പരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഉം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ആകെ കിടക്കകൾ 116 ഉം കോഴിക്കോട് 100 ഉം ആണ്. 2023-24 ൽ ഈ രണ്ടു മെഡിക്കൽകോളേജുകളിലായി ചികിത്സ ലഭിച്ച ഇൻപേഷ്യന്റ്സ് 27925 ഉം ഔട്ട് പേഷ്യന്റ്സ് 154976 ഉം ആണ്. 2024-25 ൽ (ഓഗസ്റ്റ് 31 വരെ) 10750 ഐപി, 110692 ഒപി, എന്നിങ്ങനെയായിരുന്നു കണക്കുകൾ. ഹോമിയോപ്പതി വകുപ്പിലെ സ്പെഷ്യാലിറ്റി പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 6.2.29**-ൽ നൽകിയിരിക്കുന്നു.

ഹോമിയോപ്പതി മേഖലയിലെ സേവനങ്ങളുടെ വിതരണവും മാനേജ്മെന്റും മെച്ചപ്പെടുത്തുന്നതിനായി ഹോമിയോപ്പതി വകുപ്പ് 2019-ൽ രൂപകൽപ്പന ചെയ്ത വെബ്/മൊബൈൽ ആപ്പ് അധിഷ്ഠിത സോഫ്റ്റ്‌വെയർ സൊല്യൂഷനാണ് AHiMS (ആയുഷ് ഹോമിയോപ്പതി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം). AHiMS 2.0 ലെ പ്രധാന മൊഡ്യൂളുകളിൽ ജീവനക്കാരുടെ മൊഡ്യൂൾ, OP മൊഡ്യൂൾ, റിയൽ ടൈം സ്റ്റോക്ക് മാനേജ്മെന്റ്, മെഡിസിൻ പ്രൊക്യുർമെന്റ്, അസറ്റ് മൊഡ്യൂൾ, ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റം, പനി & പ്രോഫൈലാക്റ്റിക് മൊഡ്യൂൾ, അക്കൗണ്ട് മൊഡ്യൂൾ തുടങ്ങിയവ ഉൾപ്പെടുന്നു. ആറ് ഹോമിയോ മെഡിക്കൽ കോളേജുകളിലെയും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെയും കോഴ്സുകളുടെയും കോഴ്സുകളിലെ വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനം, കിടക്കകളുടെയും ചികിത്സിക്കുന്ന രോഗികളുടെയും വിതരണം എന്നിവ **അനുബന്ധം 6.2.16**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.2.29** ഹോമിയോപ്പതി വകുപ്പിലെ സ്പെഷ്യാലിറ്റി പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | 2024–25 കാലയളവിൽ ചികിത്സിച്ച രോഗികളുടെ എണ്ണം |
|---|---|---|
| 1 | കൗമാര ആരോഗ്യ സംരക്ഷണം (സദ്ഗമയ) | പുതിയ കേസുകളുടെ എണ്ണം 5655<br>ഫോളോ–അപ്പ് കേസുകൾ 26147<br>ഔട്ട്റീച്ച് പ്രവർത്തനങ്ങൾ – 368 ഉം 14643 ഗുണഭോക്താക്കളും |
| 2 | സ്ത്രീകളുടെ ആരോഗ്യം, ക്ഷേമം, ശാക്തീകരണ പരിപാടി (സീതാലയം) | പുതിയ കേസുകളുടെ എണ്ണം 4976<br>ഫോളോ–അപ്പ് കേസുകൾ 18755<br>ഔട്ട്റീച്ച് പ്രവർത്തനങ്ങൾ – 130 ഉം 2739 ഗുണഭോക്താക്കളും |
| 3 | ആധുനിക ജീവിതശൈലി രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് ചികിത്സാ കേന്ദ്രങ്ങൾ (ആയുഷ്മാൻ ഭവ) | പുതിയ കേസുകളുടെ എണ്ണം 22466<br>ഫോളോ–അപ്പ് കേസുകൾ 94789<br>മെഡിക്കൽ ക്യാമ്പുകൾ 144 ഉം 6469 ഗുണഭോക്താക്കളും<br>ഡയഗ്നോസ്റ്റിക് സ്ക്രീനിംഗ് ക്യാമ്പുകൾ 53 ഉം 2570 ഗുണഭോക്താക്കളും<br>ബോധവൽക്കരണ ക്ലാസുകൾ 201 ഉം 17061 ഗുണഭോക്താക്കളും<br>പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ 161 ഉം 7140 ഗുണഭോക്താക്കളും |
| 4 | വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ (ജനനി) | ആകെ പോസിറ്റീവ് പ്രെഗ്നൻസി – 5296<br>ആകെ ജനനങ്ങൾ – 3567 |
| 5 | സാന്ത്വന പരിചരണ പദ്ധതി | പ്രൈമറി പാലിയേറ്റീവ് കെയർ<br>സന്ദർശിച്ച രോഗികളുടെ എണ്ണം: 24,086<br>മരുന്ന് നൽകിയ പാലിയേറ്റീവ് രോഗികളുടെ എണ്ണം: 12,134<br><br>സെക്കൻഡറി പാലിയേറ്റീവ് കെയർ<br>മരുന്ന് നൽകിയ പാലിയേറ്റീവ് രോഗികളുടെ എണ്ണം: 12,621<br>ഐ.പി ചികിത്സ നൽകിയ പാലിയേറ്റീവ് രോഗികളുടെ എണ്ണം: 456 സന്ദർശിച്ച അന്തേവാസികളുടെ ആകെ എണ്ണം: 5,867 |
| 6 | എൻഡോക്രൈൻ ഡിസോർഡർ കെയർ സെന്റർ | പുതിയ കേസുകളുടെ എണ്ണം 1682<br>തുടർ കേസുകൾ 15014 |
| 7 | സാംക്രമിക രോഗ നിയന്ത്രണ പരിപാടി RAECHControl Programme REACH | മെഡിക്കൽ ക്യാമ്പുകൾ 459<br>ബോധവൽക്കരണ ക്ലാസുകൾ 114 |
| 8 | വയോജന പരിചരണ യൂണിറ്റുകൾ | 20750 കേസുകൾ |
| 9 | ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ | 9541 കേസുകൾ |
| 10 | താത്കാലിക ഡിസ്പെൻസറികൾ | 13895 കേസുകൾ |

**സ്രോതസ്സ്:** ഹോമിയോപ്പതി ഡയറക്ടറേറ്റ്

**ഭാവി വീക്ഷണം**

2031–ഓടെ കേരളത്തിന്റെ ആരോഗ്യ പരിപാലന സംവിധാനത്തെ വികേന്ദ്രീകൃതവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതവും രോഗീസൗഹൃദവുമായ ഒരു മാതൃകയാക്കി മാറ്റുന്നതിനുള്ള സമഗ്രമായ ഒരു മാർഗരേഖയാണ് 'വിഷൻ 2031' വിഭാവനം ചെയ്യുന്നത്. കാൻസർ ചികിത്സ പോലുള്ള പ്രത്യേക സേവനങ്ങളെ വികേന്ദ്രീകരിക്കുക എന്നതാണ് ഈ കാഴ്ചപ്പാടിന്റെ കാതൽ. ഇതിനായി ജില്ലാതലത്തിൽ സമഗ്രമായ ചികിത്സാ സൗകര്യങ്ങൾ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ) സ്ഥാപിക്കുകയും അതുവഴി പ്രധാന മെഡിക്കൽ കോളേജുകളിലെയും മറ്റ് ഉന്നത സ്ഥാപനങ്ങളിലെയും തിരക്ക് കുറയ്ക്കുകയും ചെയ്യും. സംസ്ഥാനം ഒരു ശക്തമായ കാൻസർ നയം നടപ്പിലാക്കാനും 'പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ 2023'–ന്റെ ലക്ഷ്യങ്ങൾ നിറവേറ്റാനും ലക്ഷ്യമിടുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരിലൂടെയും ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനങ്ങളിലൂടെയും മികച്ച നിലവാരമുള്ള ഗൃഹാധിഷ്ഠിത പരിചരണം ഇത് ഉറപ്പാക്കുന്നു.

ജീവിതശൈലീ രോഗങ്ങളുടെ കാര്യത്തിൽ, വ്യക്തിഗതമായ ചികിത്സ എന്നതിലുപരി ജനസമൂഹത്തെയാകെ ഉൾക്കൊള്ളുന്ന പ്രതിരോധ പ്രവർത്തനങ്ങളിലേക്ക് തന്ത്രപരമായ മാറ്റം നിർദ്ദേശിക്കുന്നു. പ്രധാന പദ്ധതികളിൽ സ്കൂൾ ആരോഗ്യ പദ്ധതി, കുട്ടിക്കാലം മുതൽക്കേ ആരോഗ്യകരമായ ഭക്ഷണരീതിയും വ്യായാമശീലവും വളർത്തിയെടുക്കുന്നതിനായി "സ്കൂളുകൾക്കായി ഒരു ആരോഗ്യ നയവും" സിലബസും അവതരിപ്പിക്കുന്നു. "ശിരസ്സ് പദ്ധതി" വിപുലീകരിക്കുന്നതിലൂടെ ഓരോ ജില്ലയിലും പ്രൈമറി സ്ട്രോക്ക് യൂണിറ്റുകൾ ഉറപ്പാക്കുന്ന സ്ട്രോക്ക് കെയർ (പക്ഷാഘാത ചികിത്സ). ഇത് 'ഗോൾഡൻ അവർ' (Golden Hour)–നുള്ളിൽ 'ത്രോംബോലിസിസ്' പോലുള്ള ജീവൻരക്ഷാ ചികിത്സകൾ നൽകാൻ സഹായിക്കും. രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ് തുടങ്ങിയ ആരോഗ്യ സൂചികകൾ സ്വയം നിരീക്ഷിക്കാൻ പൗരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനായി "നോ യുവർ നമ്പർ" പോലുള്ള പ്രചാരണ പരിപാടികളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുക.

കൂടാതെ, മെഡിക്കൽ കോളേജുകളിൽ സെന്റേഴ്സ് ഓഫ് എക്സലൻസും ഒരു നാഷണൽ ഹെൽത്ത് കെയർ റിസർച്ച് ഫ്രെയിംവർക്കും സ്ഥാപിച്ചുകൊണ്ട് മെഡിക്കൽ ഗവേഷണത്തിനും നവീകരണത്തിനും ഊന്നൽ നൽകുന്നു. രോഗനിർണ്ണയത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടുത്തുന്നതും കേരളത്തിന് മാത്രമായുള്ള റിസ്ക് അസസ്മെന്റ് ടൂളുകൾ വികസിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. പൊതു–സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും സാംക്രമിക രോഗ നിയന്ത്രണത്തിനായി 'വൺ ഹെൽത്ത്' പ്രോട്ടോക്കോളുകൾ ശക്തിപ്പെടുത്തിക്കൊണ്ടും, വ്യക്തിപരമായ ഉത്തരവാദിത്തവും സർക്കാർ സംവിധാനങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്ന ശക്തമായ ഒരു ആരോഗ്യ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ വിഷൻ 2031 ലക്ഷ്യമിടുന്നു. ഇത് സംസ്ഥാനത്തെ ജനങ്ങളുടെ ആയുർദൈർഘ്യവും ജീവിതനിലവാരവും മെച്ചപ്പെടുത്താൻ സഹായിക്കും.

കേരളത്തിന്റെ മനുഷ്യവിഭവ വികസനത്തിലും സാമ്പത്തിക പുരോഗതിയിലും പൊതുജനാരോഗ്യ സംവിധാനം നിർണ്ണായക പങ്കുവഹിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ മുന്നേറുമ്പോൾ, നീതിയുക്തവും സുസ്ഥിരവുമായ ആരോഗ്യ ഫലങ്ങൾ ഉറപ്പാക്കാൻ ഈ സംവിധാനത്തെ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഗ്രാമീണ, ഗോത്രവർഗ്ഗ, നഗര ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുക; സ്ത്രീകൾ, കുട്ടികൾ, അതിഥി തൊഴിലാളികൾ എന്നിവരുടെ ആവശ്യങ്ങൾ പരിഹരിക്കുക; ചികിത്സാ ചെലവ് കുറയ്ക്കുന്നതിനായി ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ വ്യാപിപ്പിക്കുക എന്നിവയാണ് മുൻഗണനാ മേഖലകൾ. അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യ, വിദഗ്ധരായ മനുഷ്യവിഭവശേഷി എന്നിവയിലെ തുടർച്ചയായ നിക്ഷേപം ഇതിന് അനിവാര്യമാണ്. പ്രതിരോധ ചികിത്സയും സാമൂഹിക പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പൊതുജനാരോഗ്യ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാകാൻ കേരളത്തിന് സാധിക്കും.

## 6.3 ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ

കേരളത്തിന്റെ ജനസംഖ്യാ ഘടന അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വാർദ്ധക്യത്തിലേക്ക് നീങ്ങുന്ന ജനസംഖ്യകളിലൊന്നാണ് കേരളത്തിലേത്. ഈ മാറ്റം സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ടെന്നത് നയരൂപീകരണത്തിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാക്കുന്നു. വയോജനങ്ങളിൽ സ്ത്രീകളുടെ അനുപാതം കൂടുതലായതിനാൽ, അവർക്കിടയിൽ ദാരിദ്ര്യത്തിനും സാമൂഹിക ഒറ്റപ്പെടലിനുമുള്ള സാധ്യത വർധിക്കുന്നു. പ്രത്യേകിച്ചും 80 വയസ്സും അതിനു മുകളിലുമുള്ളവരിലെ ലിംഗാനുപാതം ഓരോ 1,000 പുരുഷന്മാർക്കും 1,416 സ്ത്രീകൾ എന്ന നിലയിലെത്തിയിരിക്കുന്നു. ശാരീരികക്ഷമത നിലനിർത്തുന്നതിനും 'സജീവ വാർദ്ധക്യം' പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന ആഗോള ആരോഗ്യ ചട്ടക്കൂടുകൾ നമ്മുടെ നയങ്ങളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. വയോജനങ്ങളുടെ ആരോഗ്യം, സുരക്ഷ, സാമൂഹിക പങ്കാളിത്തം എന്നിവ മെച്ചപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

നയപരമായ ഇടപെടലുകൾ വയോജനങ്ങൾക്ക് തങ്ങൾക്കു പരിചിതമായ അന്തരീക്ഷത്തിൽ സ്വതന്ത്രമായി ജീവിക്കാൻ പ്രാപ്തരാക്കുന്ന തരത്തിലായിരിക്കണം. വയോജനങ്ങളുടെ ആത്മാഭിമാനം ഉറപ്പാക്കുന്നതിനോടൊപ്പം, അവരെ സമൂഹത്തിന്റെ സജീവ അംഗങ്ങളായും മാർഗദർശകരായും പരിഗണിക്കുന്ന നടപടികൾ ഉണ്ടാകണം. ഈ പരിവർത്തന ഘട്ടത്തിൽ, വേതനമുള്ളതും അല്ലാത്തതുമായ വയോജന പരിചരണ സേവനങ്ങളെ ഉൾക്കൊള്ളുന്ന 'കെയർ ഇക്കണോമി'ക്ക് ശക്തമായ പിന്തുണ നൽകേണ്ടതുണ്ട്. കൂടാതെ, വയോജനങ്ങളുടെ സവിശേഷമായ ആവശ്യങ്ങൾ നിറവേറ്റുന്ന 'സിൽവർ ഇക്കണോമി'യുടെ വികസനവും അത്യന്താപേക്ഷിതമാണ്.

മുതിർന്ന പൗരന്മാരുടെ വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു വയോജന വെബ് പോർട്ടൽ ആരംഭിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. സമഗ്രമായ ജീരിയാട്രിക് സർവേ നടത്തുക, സായംപ്രഭ ഹോമുകൾ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ നിരീക്ഷിക്കുക, വയോജന സംരക്ഷണ നിയമങ്ങളുടെ പാലനം ഉറപ്പാക്കുക, വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക എന്നിവയ്ക്കുള്ള ഏകജാലക സംവിധാനമായി ഈ പോർട്ടൽ പ്രവർത്തിക്കും. കൂടാതെ, സംസ്ഥാന ആസൂത്രണ ബോർഡിന്റെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിന്റെയും പിന്തുണയോടെ ഒരു സംയുക്ത പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ട്. പരിശീലനം, കൗൺസലിംഗ്, ചികിത്സാ സേവനങ്ങൾ എന്നിവയ്ക്കൊപ്പം വയോജന പരിപാലന സ്ഥാപനങ്ങൾക്കായുള്ള കൃത്യമായ നിയമചട്ടക്കൂടും ഇതിന്റെ ഭാഗമാകും. വയോജനങ്ങൾക്ക് വീടുകളിൽത്തന്നെ പരിചരണം ഉറപ്പാക്കുന്ന രീതിയിലാകും ഈ പദ്ധതി നടപ്പിലാക്കുക.

ആഗോളതലത്തിൽ സർക്കാരുകൾ, സിവിൽ സമൂഹം, അന്താരാഷ്ട്ര ഏജൻസികൾ, വിദഗ്ധർ, മാധ്യമങ്ങൾ, സ്വകാര്യ മേഖല എന്നിവ തമ്മിലുള്ള സഹകരണം ശക്തമാക്കുന്നതിനായി ഐക്യരാഷ്ട്രസഭ 2021 മുതൽ 2030 വരെയുള്ള കാലയളവിനെ 'ആരോഗ്യകരമായ വാർദ്ധക്യത്തിന്റെ ദശകം' ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ആരോഗ്യകരമായ വാർദ്ധക്യം എന്നത് രോഗങ്ങളുടെ അഭാവം മാത്രമല്ലെന്നും, ഒരു വ്യക്തിയുടെ ജീവിത സാഹചര്യം അവരുടെ ക്ഷേമത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ടെന്നും ഈ സംരംഭം ഊന്നിപ്പറയുന്നു. വർധിച്ചുവരുന്ന വയോജന ജനസംഖ്യ, ആരോഗ്യ അടിസ്ഥാനസൗകര്യങ്ങളിലും സേവനങ്ങളിലും—പ്രത്യേകിച്ച് വിട്ടുമാറാത്ത രോഗങ്ങൾക്കും വയോജന പരിചരണത്തിനുമായി—കൂടുതൽ നിക്ഷേപം ആവശ്യപ്പെടുന്നുണ്ട്. ആരോഗ്യസംരക്ഷണത്തിനായുള്ള ഈ ഉയർന്ന ചെലവുകൾ വ്യക്തികൾക്കും സർക്കാരുകൾക്കും ഒരുപോലെ സാമ്പത്തിക വെല്ലുവിളി സൃഷ്ടിക്കാൻ സാധ്യതയുണ്ട്.

വാർദ്ധാക്യകാലത്തെ ക്ഷേമം ഉറപ്പാക്കുന്ന രീതിയിൽ ഒരു വ്യക്തിയുടെ പ്രവർത്തനക്ഷമത വികസിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്ന പ്രക്രിയയെയാണ് 'ആരോഗ്യകരമായ വാർദ്ധാക്യം' എന്ന് വിശേഷിപ്പിക്കുന്നത്. കേവലം പ്രായം മാത്രം ഒരാളുടെ ശേഷിയെ പ്രതിഫലിപ്പിക്കുന്നില്ല. അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുക, പുതിയ കാര്യങ്ങൾ പഠിക്കുക, സ്വയം തീരുമാനങ്ങളെടുക്കുക, ചലനക്ഷമത നിലനിർത്തുക, സാമൂഹിക ബന്ധങ്ങൾ കാത്തുസൂക്ഷിക്കുക, സമൂഹത്തിന് ഉതകുന്ന സംഭാവനകൾ നൽകുക എന്നിവയെല്ലാമാണ് പ്രവർത്തനക്ഷമത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു വ്യക്തിയുടെ കാര്യ ശേഷിയും അവർ ജീവിക്കുന്ന പരിസ്ഥിതിയും സാമൂഹിക സാഹചര്യങ്ങളും തമ്മിലുള്ള പരസ്പര ഇടപെടലിലൂടെയാണ് ഈ കഴിവുകൾ രൂപപ്പെടുന്നത്.

**ജനസംഖ്യാ പരിവർത്തനം – ഇന്ത്യയും കേരളവും**

2011 ലെ സെൻസസ് പ്രകാരം, ഇന്ത്യയിൽ ഏകദേശം 104 ദശലക്ഷം വയോധികരുണ്ട് (60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർ), അതിൽ 52.8 ദശലക്ഷം സ്ത്രീകളും 51.1 ദശലക്ഷം പുരുഷന്മാരുമാണ്. 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരുടെ ജനസംഖ്യയുടെ ശതമാനം ഇന്ത്യയിൽ 8.6 ഉം കേരളത്തിൽ 12.6 ഉം ആയിരുന്നു. ഇന്ത്യയിലെ വാർദ്ധാക്യത്തിന്റെ വളർച്ചാ നിരക്ക് ദക്ഷിണേഷ്യൻ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മിതമായ തോതിലാണ്. പ്രായമായവരുടെ അനുപാതം 2021 ൽ 10.1 ശതമാനമായും 2031 ൽ 13.1 ശതമാനമായും 2036 ൽ 15 ശതമാനമായും വർദ്ധിക്കുമെന്ന് പ്രവചിക്കപ്പെടുന്നു. കേരളത്തിലെ അനുബന്ധ കണക്കുകൾ യഥാക്രമം 16.5 ശതമാനം, 20.9 ശതമാനം, 22.8 ശതമാനം എന്നിങ്ങനെയാണ് ഇത് ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നത് ആണ്. കേരളത്തിൽ 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരുടെ ആകെ ജനസംഖ്യ 2036 ൽ 8.4 ദശലക്ഷമാകുമെന്ന് കണക്കാക്കപ്പെടുന്നു. (ഇന്ത്യ ഏജിംഗ് റിപ്പോർട്ട് 2023; ദി എൽഡേർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021; 2011-36 കാലയളവിലെ ജനസംഖ്യാ പ്രൊജക്ഷൻ, ഓഫീസ് ഓഫ് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (RGI)).

2011-2021 കാലയളവിൽ ജനസംഖ്യ വളർച്ചാ നിരക്ക് 12.4 ശതമാനമായിരുന്നുവെന്നും അതേ കാലയളവിൽ വയോജന ജനസംഖ്യയുടെ വളർച്ചാ നിരക്ക് 36 ശതമാനമാണെന്നും 'ദി എൽഡേർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021' എടുത്തുകാണിക്കുന്നു. വയോജന ജനസംഖ്യയുടെ വാർഷിക വളർച്ചാ നിരക്ക് ദേശീയ തലത്തിൽ 3.3 ശതമാനവും കേരളത്തിൽ 4.0 ശതമാനവുമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2031-ൽ ഇന്ത്യയിലെ പ്രായമായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. 2031-ൽ ജനസംഖ്യ 194 ദശലക്ഷം ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ, അതിൽ 101 ദശലക്ഷം സ്ത്രീകളും 93 ദശലക്ഷം പുരുഷന്മാരുമായിരിക്കും. 2031-ലെ ജനസംഖ്യാപ്രവചന കണക്കനുസരിച്ച്, പൊതു ജനസംഖ്യയ്ക്കും വയോധികർക്കുമിടയിലുള്ള സ്ത്രീ പുരുഷാനുപാതം യഥാക്രമം 955 ഉം 1,085 ഉം ആയിരിക്കും.

**വയോധികരുടെ സാമ്പത്തിക സ്ഥിതി**

കേരളത്തിൽ വാർധക്യ ആശ്രിതാനുപാതം (ഒ.എ.ഡി.ആർ) വർധിച്ചുവരുന്ന പ്രവണതയാണ് കാണപ്പെടുന്നത്. 20 മുതൽ 64 വയസ്സ് വരെ പ്രായമുള്ള, തൊഴിലെടുക്കാൻ ശേഷിയുള്ള 100 പേർക്ക് ആനുപാതികമായി 65 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവർ എത്രപേരുണ്ട് എന്നതിനെയാണ് ഈ സൂചിക സൂചിപ്പിക്കുന്നത്. ജനസംഖ്യയുടെ പ്രായഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കാൻ ഏറ്റവും സാധാരണയായി ഉപയോഗിക്കുന്ന മാനദണ്ഡമാണിത്. 2011-ൽ 14.2 ശതമാനമായിരുന്ന അനുപാതം 2021-ൽ 15.7 ശതമാനമായി വർദ്ധിച്ചു, 2031-ൽ അഖിലേന്ത്യാ തലത്തിൽ ഇത് 20.1 ശതമാനമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ഒ.എ.ഡി. ആർ 19.6 ശതമാനമായിരുന്നു, 2021-ൽ 26.1 ശതമാനവും 2031-ൽ 34.3 ശതമാനവുമാകുമെന്ന് പ്രവചിക്കപ്പെടുന്നു.

2031-ൽ ഇന്ത്യയിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വാർദ്ധാക്യ ആശ്രിത അനുപാത പ്രവചനങ്ങൾ യഥാക്രമം 21.5 ശതമാനവും 18.8 ശതമാനവുമാണ്. കേരളത്തിലെ ലിംഗഭേദവും വാസസ്ഥലവും അനുസരിച്ചുള്ള വാർദ്ധാക്യ ആശ്രിത അനുപാതം സൂചിപ്പിക്കുന്നത് സ്ത്രീകളുടെ നിരക്ക് പുരുഷന്മാരെക്കാൾ വളരെ ഉയർന്നതാണെന്നതാണ്, 2021-ൽ പുരുഷന്മാരിൽ ഇത് 24.3 ശതമാനവും സ്ത്രീകളിൽ 27.8 ശതമാനവുമാണ്. 2031 ആകുമ്പോഴേക്കും ഇത് പുരുഷന്മാരിൽ 30.1 ശതമാനമായും സ്ത്രീകൾക്ക് 38.4 ശതമാനമായും വർദ്ധിക്കുമെന്ന് പ്രവചിക്കപ്പെടുന്നു.

2017-18-ൽ ഇന്ത്യയിലെ ആരോഗ്യത്തിന്മേലുള്ള സാമൂഹിക ഉപഭോഗത്തെക്കുറിച്ച് നടത്തിയ നാഷണൽ സാമ്പിൾ സർവ്വേ (75-ാം റൗണ്ട്) പ്രകാരം, പ്രായമായ സ്ത്രീകളുടെയും പുരുഷന്മാരുടെയും സാമ്പത്തിക സ്ഥിതിയിൽ വലിയ അന്തരമുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 10 ശതമാനവും നഗരപ്രദേശങ്ങളിൽ 11 ശതമാനവും മാത്രമേ മുതിർന്ന സ്ത്രീകൾ സാമ്പത്തികമായി സ്വതന്ത്രരായുള്ളൂ. എന്നാൽ മുതിർന്ന പുരുഷന്മാരിൽ ഈ അനുപാതം യഥാക്രമം 48 ശതമാനവും 57 ശതമാനവുമാണ്.

**ആരോഗ്യവും സാമൂഹിക പദവിയും**

ആരോഗ്യാവസ്ഥയുടെ വിഭിന്ന സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഒരു കാലഘട്ടമാണ് വാർദ്ധാക്യം. വിട്ടുമാറാത്ത രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, വാർദ്ധാക്യം, ശാരീരിക വൈകല്യങ്ങൾ, മറ്റ് അനുബന്ധ രോഗങ്ങൾ എന്നിവയിൽ നിന്ന് ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ ആരോഗ്യമേഖലയിലെ സാമൂഹിക ഉപഭോഗം 75-)ാ റൗണ്ട് (ജൂലൈ 2017 മുതൽ ജൂൺ 2018 വരെ) നാഷണൽ സാമ്പിൾ സർവ്വേയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 2021 ലെ എൽഡർലി റിപ്പോർട്ട് വൃദ്ധജനങ്ങളുടെ ആരോഗ്യനിലവാരം എടുത്തുകാണിക്കുന്നു. 2004ലും 2017-18ലും ഗ്രാമങ്ങളിലും നഗരങ്ങളിലും 60-64 വയസ്സിനിടയിലുള്ള ശാരീരിക

ചലനശേഷിയുള്ള വയോധികരുടെ അനുപാതം ഏതാണ്ട് സമാനമാണ്. 2004ൽ ഇത് 94.7 ശതമാനവും (ഗ്രാമനഗര പ്രദേശങ്ങളിൽ) 2017-18ൽ 96.4 ശതമാനവുമായിരുന്നു. കേരളത്തിൽ, ശാരീരിക ചലനശേഷി അനുസരിച്ച് പ്രായമായവരുടെ ശതമാനം പുരുഷന്മാരിൽ 92 ഉം സ്ത്രീകളിൽ 87 ഉം ആണ്. നഗര-ഗ്രാമ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനത്തിൽ നഗരത്തിൽ 91 ശതമാനവും ഗ്രാമത്തിൽ 88 ശതമാനവുമാണ്.

ദേശീയ തലത്തിൽ, പ്രായമായവരിൽ ഏറ്റവും കൂടുതലുള്ള വൈകല്യം ചലന വൈകല്യമാണ് (5.5 ശതമാനം), തുടർന്ന് വരുന്നത് ശ്രവണ വൈകല്യം (1.6 ശതമാനം), കാഴ്ച വൈകല്യം (1.4ശതമാനം) എന്നിവയാണ്. (NSS 76-ാം റൗണ്ട്, ജൂലൈ - ഡിസംബർ 2018 - ഇന്ത്യയിലെ ഭിന്നശേഷിക്കാർ).

**കേരള സർക്കാരിന്റെ ഇടപെടലുകൾ**

കേരള സർക്കാർ വയോജനങ്ങളുടെ ആരോഗ്യകരമായ വാർദ്ധക്യവും ക്ഷേമവും സംരക്ഷിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇവ കേരളത്തിന് അന്താരാഷ്ട്രതലത്തിൽ അംഗീകാരം നേടിക്കൊടുത്തിട്ടുണ്ട്. ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ നിർണ്ണായക മേഖലകളിൽ ഒരു സമഗ്രമായ സമീപനം സ്വീകരിക്കുകയും നിരവധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. വാർദ്ധക്യ പെൻഷനുകൾ, ഡേ കെയർ സെന്ററുകൾ, മൊബൈൽ മെഡികെയർ യൂണിറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കി. കേരള സംസ്ഥാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുള്ള വിപുലമായ സ്ഥാപന ശൃംഖലയിലൂടെ സമഗ്രമായ വയോജന പരിപാലന സംവിധാനം നടപ്പാക്കി. ഇതിൽ സാമൂഹ്യനീതി വകുപ്പ് സംസ്ഥാനതല പദ്ധതികളുടെ രൂപകൽപ്പനയ്ക്കും സർക്കാർ നടത്തുന്ന വയോജന ഭവനങ്ങളുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, 'വയോമിത്രം' പോലുള്ള ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾ ഏകോപിപ്പിക്കുമ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സേവന ലഭ്യത ഉറപ്പാക്കുന്നു. കൂടാതെ, ഓർഫനേജ് കൺട്രോൾ ബോർഡ് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വയോജന ഭവനങ്ങളെ നിയന്ത്രിക്കുകയും, കുടുംബശ്രീ മുതിർന്ന പൗരന്മാരുടെ സാമൂഹിക ഉൾക്കൊള്ളലിനായി 'എൽഡർലി എൻ.എച്ച്.ജി.' കളും 'സ്നേഹിത കോളിംഗ് ബെൽ' പോലുള്ള ഇടപെടലുകളും നടപ്പാക്കുകയും ചെയ്യുന്നു. വയോജന പെൻഷൻ, ഡേ കെയർ കേന്ദ്രങ്ങൾ, മൊബൈൽ മെഡിക്കെയർ യൂണിറ്റുകൾ തുടങ്ങി വിവിധ പദ്ധതികളും സേവനങ്ങളും സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം, സംസ്ഥാന സർക്കാർ നേതൃത്വത്തിലുള്ള കമ്മ്യൂണിറ്റി അധിഷ്ഠിത ആരോഗ്യ ശൃംഖലയായ കേരള പാലിയേറ്റീവ് കെയർ ഗ്രിഡ്ന്റെ സേവനങ്ങൾ പ്രാഥമികാരോഗ്യ സംരക്ഷണ സംവിധാനത്തിൽ സമന്വയിപ്പിക്കുകയും അതുവഴി വയോജനങ്ങൾക്ക് ലഭിക്കുന്ന പിന്തുണ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ സമഗ്ര ശൃംഖലയിൽ, പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരും മെഡിക്കൽ പ്രൊഫഷണലുകളും ചേർന്ന് വയോജനങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കുമായി അത്യാവശ്യമായ ചികിത്സാ, സാമൂഹിക, മാനസിക പിന്തുണ ഉൾക്കൊള്ളുന്ന ഭവനാധിഷ്ഠിത പരിചരണം നൽകുന്നു.

**വയോജനനയം**

60 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാരുടെയും പ്രത്യേകിച്ച് പ്രായമായ സ്ത്രീകളുടെയും ക്ഷേമത്തിനായി പദ്ധതികൾ രൂപപ്പെടുത്തുന്നതിനുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയായി കേരള ഗവൺമെന്റിന്റെ വയോജനനയം വർത്തിക്കുന്നു. സംസ്ഥാനത്ത് മുതിർന്നവർക്ക് മികച്ച സാമൂഹികവും സാമ്പത്തികവും ആരോഗ്യകരവുമായ ജീവിതം പ്രദാനം ചെയ്യുന്നതിനാണ് നയം ലക്ഷ്യമിടുന്നത്. നിലവിലെ വിവിധ പ്രശ്നങ്ങളും ആവശ്യങ്ങളും അഭിസംബോധന ചെയ്യുന്നതിനായി, 2013-ലെ വയോജന നയം പരിഷ്കരിക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ 'കേരള സംസ്ഥാന വയോജന നയരേഖ - കരട് 2025', വയോജനങ്ങളുടെ പ്രശ്നങ്ങളെ വിവിധ വകുപ്പുകളുമായും ബജറ്റുകളുമായും സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു 'ലൈഫ് കോഴ്സ്' സമീപനമാണ് വിഭാവനം ചെയ്യുന്നത്. മാഡ്രിഡ് ഇന്റർനാഷണൽ പ്ലാൻ ഓഫ് ആക്ഷൻ ഓൺ ഏജിംഗ്, ഐക്യരാഷ്ട്രസഭയുടെ ഹെൽത്തി ഏജിംഗ് ദശകം (2021-2030), ഇന്ത്യയുടെ നാഷണൽ പോളിസി ഫോർ സീനിയർ സിറ്റിസൺസ് (2011) തുടങ്ങിയ ആഗോള-ദേശീയ നയങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ കരട് നയം രൂപീകരിച്ചിരിക്കുന്നത്. വികേന്ദ്രീകൃത ആസൂത്രണം, ഗ്രാമസഭകളിൽ വയോജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കൽ, വിവിധ തലങ്ങളിലുള്ള പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ (Intersectional vulnerabilities) എന്നിവയ്ക്ക് ഈ നയം ഊന്നൽ നൽകുന്നു. കൂടാതെ, ദുരന്തനിവാരണം, കാലാവസ്ഥാ വ്യതിയാനം, ഡിജിറ്റൽ സാക്ഷരതാ പദ്ധതികൾ എന്നിവയിൽ വയോജനങ്ങളെക്കൂടി ഉൾപ്പെടുത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ഈ കരട് നയം ലക്ഷ്യമിടുന്നു.

**മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമം (MWPSC), 2007**

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമം (MWPSC), 2007 ജില്ലാതല ട്രൈബ്യൂണലുകൾ വഴി കേരളത്തിലുടനീളം നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും, ഗണ്യമായ കേസുകൾ കെട്ടിക്കിടക്കുന്നതും തത്സമയ നിരീക്ഷണത്തിന്റെ അഭാവവും കാരണം നിയമപാലനത്തിലെ പോരായ്മകൾ തുടരുന്നു. ഇത് പരിഹരിക്കുന്നതിനായി, നിർദ്ദേശിക്കപ്പെട്ട വയോജന കമ്മീഷൻ ബിൽ (2025) ഒരു സ്വതന്ത്ര നിയമപരമായ സമിതി സ്ഥാപിക്കാൻ ശുപാർശ ചെയ്യുന്നു. സ്ഥാപനങ്ങളെ നിയന്ത്രിക്കുക, നയങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുക, വയോജന അവകാശങ്ങൾ സംരക്ഷിക്കുക എന്നിവയായിരിക്കും ഈ സമിതിയുടെ ചുമതല.

**വയോജന കമ്മീഷൻ**

**കേരള സംസ്ഥാന വയോജന കമ്മീഷൻ 2025-ൽ സ്ഥാപിതമായി** – കേരള സംസ്ഥാന സീനിയർ സിറ്റിസൺസ് കമ്മീഷൻ, വയോജന കമ്മീഷൻ എന്ന

പേരിലും അറിയപ്പെടുന്നു. 2025-ൽ സ്ഥാപിതമായ ഈ കമ്മീഷൻ, ഇത്തരമൊരു കമ്മീഷൻ രൂപീകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റുന്നു. അവഗണിക്കൽ, ചൂഷണം, ഉപേക്ഷിക്കൽ തുടങ്ങിയ പ്രശ്നങ്ങളെ സജീവമായി പരിഹരിച്ചുകൊണ്ട് മുതിർന്ന പൗരന്മാരുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഒരു അർദ്ധ-നീതിന്യായ സമിതിയായി പ്രവർത്തിക്കുന്ന ഈ കമ്മീഷന്, വയോജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും ശുപാർശകൾ നൽകാനും അധികാരമുണ്ട്. ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും ഉൾപ്പെടുന്ന കമ്മീഷൻ, സർക്കാരുമായി ഏകോപിപ്പിച്ചുകൊണ്ട് പുനരധിവാസത്തിന് സൗകര്യമൊരുക്കുകയും ആവശ്യാനുസരണം നിയമസഹായം നൽകുകയും ചെയ്യും. കമ്മീഷൻ നൽകുന്ന ശുപാർശകൾ, ആവശ്യമായ ഇടപെടലുകൾക്കും തർക്കപരിഹാരത്തിനുമായി സർക്കാർ നടപടി സ്വീകരിക്കുന്നു.

### വാർദ്ധക്യകാല പെൻഷൻ പദ്ധതി

60 വയസ്സോ അതിൽ കൂടുതലോ ഉള്ള താഴ്ന്ന വരുമാനക്കാരായ പൗരന്മാർക്ക് വേണ്ടിയുള്ള ഒരു നോൺ-കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണിത്. ഐ.ജി.എൻ.ഒ.എ.പി.എസ്സ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ പെൻഷനുകളുടെ ഗുണഭോക്താക്കൾക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ ലഭിക്കുന്നു. 2025 ഒക്ടോബറിൽ സാമൂഹിക സുരക്ഷാ പെൻഷൻ പ്രതിമാസം ₹2000/- ആയി വർദ്ധിപ്പിച്ചു. 2024 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്, 28.8 ലക്ഷം മുതിർന്നവർ വാർദ്ധക്യ പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കേന്ദ്ര വിഹിതം (ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ പദ്ധതി വഴി) 60-79 വയസ് പ്രായമുള്ളവർക്ക് പ്രതിമാസം 200 രൂപയും 80 വയസും അതിൽ കൂടുതലുമുള്ളവർക്ക് പ്രതിമാസം 500 രൂപയും മാത്രമാണ്. ഈ വ്യക്തികൾക്കു പെൻഷൻ നല്കുന്നതിനാവശ്യമായ ശേഷിക്കുന്ന തുകയും ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയില്ലാത്തവർക്കുള്ള മുഴുവൻ പെൻഷൻ തുകയും സംസ്ഥാനം നൽകുന്നു.

തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിൽ 2025 ഒക്ടോബർ വരെയുള്ള വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ **പട്ടിക 6.3.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.3.1** പെൻഷൻ ഗുണഭോക്താക്കൾ (തദ്ദേശഭരണസ്ഥാപനം തിരിച്ച്)

| തദ്ദേശഭരണ സ്ഥാപനങ്ങൾ | 2025 ഒക്ടോബർ വരെയുള്ള വർദ്ധാക്യ കാല പെൻഷന് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|
| ഗ്രാമ പഞ്ചായത്ത് | 23.3 |
| മുനിസിപ്പാലിറ്റി | 3.5 |
| കോർപ്പറേഷൻ | 2.0 |
| ആകെ | 28.8 |

**ഉറവിടം**: സേവന പെൻഷൻ, ഐ.കെ.എം

ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വഴി കേരള സർക്കാർ സേവന പെൻഷൻ എന്ന ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം വികസിപ്പിച്ചെടുത്തു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി പെൻഷനുകൾ വിതരണം ചെയ്യുന്നു. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ എന്ന സംവിധാനം സംസ്ഥാനം വിജയകരമായി നടപ്പിലാക്കി.

### വയോജന പരിചരണത്തിനുള്ള സ്ഥാപനങ്ങൾ

സാമൂഹ്യനീതി വകുപ്പ് വൃദ്ധസദനങ്ങളുടെ നടത്തിപ്പ്, സർക്കാർ ഇതര ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കൽ എന്നിവയും വയോജനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ 16 സർക്കാർ വൃദ്ധസദനങ്ങൾ, ഡിമെൻഷ്യ കെയർ സെന്ററുകൾ, ഭിന്നശേഷിക്കാർക്കുള്ള വൃദ്ധസദനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

വകുപ്പ് നടത്തുന്ന 16 വൃദ്ധസദനങ്ങൾ കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത ഏകദേശം 680 വൃദ്ധസദനങ്ങളുണ്ട്. **പട്ടിക 6.3.2**-ൽ കാണുന്നത് പോലെ 2024-25-ൽ വൃദ്ധസദനങ്ങളിലുള്ളവരുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട്.

**പട്ടിക 6.3.2** 2016-17 മുതൽ 2024-25 വരെയുള്ള കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം

| വർഷം | അന്തേവാസികളുടെ എണ്ണം |
|---|---|
| 2016-17 | 19,149 |
| 2017-18 | 27,272 |
| 2018-19 | 28,029 |
| 2019-20 | 28,021 |
| 2020-21 | 28,788 |
| 2021-22 | 30,105 |
| 2022-23 | 25,945 |
| 2023-24 | 32,032 |
| 2024-25 | 37,895 |

**ഉറവിടം**: സാമൂഹിക നീതി ഡയറക്ടറേറ്റ്, കേരള സർക്കാർ

ഇതുകൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച്, വയോജനങ്ങൾക്ക് ഡേ കെയർ സൗകര്യങ്ങൾ നൽകുന്നതിനായി വകുപ്പ് "സായംപ്രഭ ഹോമുകൾ" നടത്തുന്നു. പ്രായമായവരുടെ പകൽ സമയത്തുള്ള പരിചരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'പകൽ വീട്' (ഡേ കെയർ ഹോമുകൾ) നടപ്പാക്കിയിരുന്നു. പിന്നീട് ഇവയെ വിനോദം, ആരോഗ്യം, പരിചരണം, പോഷകാഹാരം എന്നീ ഘടകങ്ങൾ കൂടി സംയോജിപ്പിച്ചുകൊണ്ട് അവയെ വയോജനങ്ങളുടെ ഹോമുകളായി ഉയർത്തുകയാണ് ചെയ്തത്. വൃദ്ധരുടെ വിവിധ ആവശ്യങ്ങൾക്കായി തിരുവനന്തപുരം, കോഴിക്കോട്

ജില്ലകളിൽ "മാതൃകാ സായംപ്രഭ ഹോമുകളെ" വിവിധ സേവനങ്ങൾ നല്കുന്ന ഡേകെയർ സെന്ററുകളായി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.

സർക്കാർ വൃദ്ധസദനങ്ങളിൽ വയോജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി "രണ്ടാം ഇന്നിംഗ്സ് പദ്ധതി" ആരംഭിച്ചു. താമസം, ഭക്ഷണം, വൈദ്യസഹായം, വിനോദ അവസരങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇതുപ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. 2024-25 കാലയളവിൽ ഈ പദ്ധതിക്കായി 14.54 ലക്ഷം രൂപ ചെലവഴിച്ചു.

ഡിമെൻഷ്യ പരിചരണ പരിപാടി- ഡിമെൻഷ്യ പരിചരണത്തിന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച ഒരു പദ്ധതിയാണ് 'സ്മൃതിപഥം'. സാമൂഹ്യനീതി വകുപ്പും അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുമാണ് ഈ സംരംഭം ഏറ്റെടുത്തിരിക്കുന്നത്. പദ്ധതി പ്രകാരം കുന്നംകുളത്ത് ഒരു ഡേകെയർ സൗകര്യവും എറണാകുളം എടവനക്കാട്ട് മുഴുവൻ സമയ ഡേകെയർ സെന്ററും ലഭ്യമാണ്. 2024-25 -ൽ ഈ പദ്ധതിക്കായി 18.85 ലക്ഷം രൂപ ചെലവഴിച്ചു.

**കേരള സർക്കാർ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

സാമൂഹിക പിന്തുണയുടെ അഭാവമാണ് പ്രായം കൂടുമ്പോൾ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. വയോജനങ്ങളുടെ ഒരു കൂട്ടായ്മ ഇല്ലാത്തതിനാൽ, കേരളത്തിലെ വാർദ്ധക്യത്തിന്റെ ജനസംഖ്യാശാസ്ത്രവും അവരുടെ ആരോഗ്യം, വൈകല്യം, ജീവിത ക്രമീകരണങ്ങൾ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയെ സ്വാധീനിക്കുന്ന ഘടകങ്ങളും അറിയുന്നതിലൂടെ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം രൂപപ്പെടുത്തേണ്ടത് നിർണ്ണായകമാണ്. 80 വയസ്സിനു മുകളിൽ പ്രായമുള്ളവർ, വിധവ/അവിവാഹിതർ/ കുട്ടികളില്ലാത്ത സ്ത്രീകൾ, അംഗവൈകല്യമുള്ളവർ, ദുർബലർ, അടുത്ത ബന്ധുക്കളില്ലാത്തവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, നിരാലംബർ, ഗുരുതരവും മാരകവുമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ എന്നീ വിവിധ വിഭാഗക്കാർ നേരിടുന്ന പ്രത്യേക ആവശ്യങ്ങളും വെല്ലുവിളികളും പരിഗണിക്കേണ്ടതായിട്ടുണ്ട്.

വയോജനങ്ങൾക്കായുള്ള സാമൂഹിക സുരക്ഷയും സാമൂഹിക സംരക്ഷണ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുന്നു. വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ വകുപ്പാണ് സാമൂഹിക നീതി വകുപ്പ്. കേരള സാമൂഹിക സുരക്ഷാ മിഷനും വയോജനങ്ങൾക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വയോജന സ്വയം സഹായ സംഘങ്ങളും വയോജന പരിചരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ, നിരവധി എൻജിഒകളും ചാരിറ്റബിൾ സംഘടനകളും വയോജനങ്ങൾക്കായി പ്രവർത്തിക്കുന്നു.

**കേരള സംസ്ഥാന സർക്കാർ വയോജന ക്ഷേമത്തിനായി ആവിഷ്കരിച്ച ചില പരിപാടികൾ**

**സായംപ്രഭ പദ്ധതിയിലെ പരിപാടികൾ** – വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് വയോജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം സുസ്ഥിരമായി കൈവരിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്രമായ പാക്കേജാണിത്. സായംപ്രഭ പദ്ധതിക്ക് കീഴിൽ താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കുന്നു:

മോഡൽ സായംപ്രഭ ഹോമുകൾ, നിരവധി സേവനങ്ങൾ നൽകുന്ന ഡേ കെയർ കേന്ദ്രങ്ങളായി പ്രവർത്തിച്ച് മുതിർന്നവർക്ക് പരിചരണം, സാമൂഹിക ഇടപെടൽ, വിവിധ പിന്തുണാ സേവനങ്ങൾ എന്നിവ നൽകുന്നു. ആയുർവേദ ചികിത്സയെ അടിസ്ഥാനമാക്കി, സർക്കാർ വയോജന ഹോമുകളിലെ നിവാസികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി ആയുർവേദ വകുപ്പിന്റെ സഹകരണത്തോടെ വയോ അമൃതം പദ്ധതി നടപ്പാക്കുന്നു. ദരിദ്രരും ഉപേക്ഷിക്കപ്പെട്ടവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തര ചികിത്സ, ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം എന്നിവ നൽകുന്ന അടിയന്തര സഹായ പദ്ധതിയാണ് വയോരക്ഷ പദ്ധതി.

മുതിർന്നവരുടെ പരിപാലനം, കലാകായിക മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ സംഘടനകളെയും വ്യക്തികളെയും ആദരിക്കുന്നതാണ് വയോ സേവന അവാർഡ്, കൂടാതെ സംസ്ഥാനത്ത് വയോജനദിനാചരണവും ഇതിലൂടെ നടത്തപ്പെടുന്നു. അതുപോലെ മന്ദഹാസം പദ്ധതി മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമപ്പല്ല് നൽകുകയും, വയോമധുരം പദ്ധതി ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പ്രമേഹ ബാധിതരായ മുതിർന്നവർക്ക് സൗജന്യ ഗ്ലൂക്കോമീറ്ററുകൾ നൽകുകയും ചെയ്യുന്നു. ഇതുവഴി അവരുടെ ആരോഗ്യസംരക്ഷണം ശക്തിപ്പെടുത്തുന്നു.

2024-25 വർഷത്തിൽ, സായംപ്രഭ പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ആകെ 150.53 ലക്ഷം രൂപ ചെലവഴിച്ചു. ഇതിലൂടെ 1,363-ൽ അധികം മുതിർന്ന പൗരന്മാർക്ക് സേവനം ലഭ്യമായിട്ടുണ്ട്.

**വയോമിത്രം** – കേരളത്തിലെ കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്ന വയോമിത്രം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണ്. നിലവിൽ, 95 വയോമിത്രം യൂണിറ്റുകൾ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇത് കേരളത്തിൽ 6 കോർപ്പറേഷൻ ഏരിയകളിലും 85 മുനിസിപ്പൽ ഏരിയകളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നു. മൊബൈൽ ക്ലിനിക്കുകൾ വഴി സൗജന്യ വൈദ്യപരിശോധനയും ചികിത്സയും നടത്തി ആരോഗ്യ പരിരക്ഷയും പിന്തുണയും പദ്ധതിയിലൂടെ നൽകുന്നു. 2017-18 മുതൽ 2023-24 വരെയുള്ള കാലയളവിൽ വയോമിത്രം പദ്ധതിയുടെ

**പട്ടിക 6.3.3** 2017–18 മുതൽ 2024–25 വരെയുള്ള കാലയളവിൽ വയോമിത്രത്തിന്റെ ഗുണഭോക്താക്കൾ

| വർഷം | 2017–18 | 2018–19 | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 | 2024–25 |
|---|---|---|---|---|---|---|---|---|
| വയോജന ഗുണഭോക്താക്കളുടെ എണ്ണം | 2,53,503 | 2,62,845 | 2,79,635 | 2,80,165 | 2,78,623 | 2,89,030 | 2,90,030 | 2,90,590 |

**ഉറവിടം:** കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സർക്കാർ

ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 6.3.4** ൽ നൽകിയിരിക്കുന്നു.

**നവജീവൻ:** 50–65 വയസ്സിനിടയിലുള്ള മുതിർന്ന പൗരന്മാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി നവജീവൻ പദ്ധതി തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. മൊത്തം വായ്പ തുകയുടെ 25 ശതമാനം സ്ത്രീകൾക്കായി നീക്കിവച്ചിരിക്കുന്നു. മുതിർന്ന പൗരന്മാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് ഈ പദ്ധതി സൗകര്യമൊരുക്കുന്നു. പരമാവധി 12,500 രൂപ എന്ന രീതിയിൽ ബാങ്ക് വായ്പയുടെ 25 ശതമാനം സർക്കാർ സബ്സിഡി നൽകുന്നു. 2024–25 ൽ ഈ പദ്ധതിക്കായി 49.9 ലക്ഷം രൂപ ചെലവഴിക്കുകയും 408 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു.

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക്

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവരുടെ മൊത്തം വികസന ഫണ്ടിന്റെ 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും സാന്ത്വന പരിചരണത്തിനുമായി മാത്രം നീക്കിവയ്ക്കുന്നു. ആശുപത്രികളിൽ പ്രത്യേക ക്യൂ, ഇരിപ്പിടങ്ങൾ, ഓഫീസുകളിൽ റാമ്പ് സൗകര്യം, വയോജന സൗഹൃദ ടോയ്‌ലറ്റുകളും കുളിമുറികളും, വയോജന സൗഹൃദ വിനോദസഞ്ചാര കേന്ദ്രം തുടങ്ങി എല്ലാ സ്ഥാപനങ്ങളേയും വയോജന സൗഹൃദമാക്കുന്നതിനുള്ള പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. വയോക്ലബ്ബുകൾ, വൃദ്ധസദനങ്ങൾ, പകൽവീടുകൾ എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വയോജനങ്ങൾക്കായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. ചികിത്സ, മരുന്നുകൾ, പോഷകാഹാരം, പാലിയേറ്റീവ് കെയർ എന്നിവയും നൽകുന്നു.

കേരളത്തിലെ വയോജന സൗഹൃദ പഞ്ചായത്തുകൾ എന്ന പദ്ധതി പ്രാദേശിക ഭരണത്തിൽ മുതിർന്ന പൗരന്മാരുടെ ക്ഷേമം, അന്തസ്സ്, പങ്കാളിത്തം എന്നിവയ്ക്ക് കേന്ദ്രീകൃതമായ പരിഗണന നൽകാനുള്ള സമഗ്രമായ ഒരു കാഴ്ചപ്പാട് ആണ്. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, അതത് പഞ്ചായത്തുകൾ എന്നിവയും ചേർന്ന് ഏകോപിപ്പിക്കുന്ന ഈ പദ്ധതി, ക്ഷേമം കേന്ദ്രീകരിച്ചുള്ള നിലവിലെ മാതൃകയിൽ നിന്ന് മാറി, പ്രായമായവർക്ക് വേണ്ടി അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതും. ഈ സംരംഭത്തിന്റെ ഭാഗമായി, പ്രാദേശിക സ്ഥാപനങ്ങൾ "പകൽവീടുകൾ" (ഡേ കെയർ, മുതിർന്ന പൗരന്മാർക്കായുള്ള വിഭവ കേന്ദ്രങ്ങൾ) സ്ഥാപിക്കുകയും വയോജന സൗഹൃദ പാർക്കുകൾ നിർമ്മിക്കുകയും ചെയ്യുന്നു. ഇത് സാമൂഹ്യ ഇടപെടലുകൾക്കും വിനോദ പ്രവർത്തനങ്ങൾക്കും ഒറ്റപ്പെടൽ ഒഴിവാക്കുന്നതിനുമായി സുരക്ഷിതവും പ്രാപ്യവുമായ പൊതു ഇടങ്ങൾ വാഗ്ദാനം ചെയ്യുന്നു. പ്രാദേശിക ആസൂത്രണത്തിലും തീരുമാനമെടുക്കലിലും അവരുടെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മുതിർന്ന പൗരന്മാർക്ക് മാത്രമായുള്ള പ്രത്യേക ഗ്രാമസഭകൾ, ജെറിയാട്രിക് ക്ലബ്ബുകൾ, സ്വാശ്രയ സംഘങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ, പ്രായമായവരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ പിന്തുണയ്ക്കുന്നതിനായി വയോജന സൗഹൃദ ആരോഗ്യ-പാലിയേറ്റീവ് കെയർ സേവനങ്ങൾ, പ്രാപ്യമായ അടിസ്ഥാന സൗകര്യങ്ങൾ (റാമ്പുകൾ, തടസ്സമില്ലാത്ത സൗകര്യങ്ങൾ), ജീവിതോപാധി സംരംഭങ്ങൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. മൊത്തത്തിൽ, ഈ സംരംഭം വയോജനങ്ങളുടെ ആവശ്യകതകളും അന്തസ്സും ഉൾച്ചേർക്കുന്നു—അതായത്, പരിചരണവും സുരക്ഷയും മാത്രമല്ല, സമൂഹ ജീവിതത്തിൽ അർത്ഥവത്തായ പങ്കാളിത്തവും ഉൾപ്പെടുത്തലും ഉറപ്പാക്കുന്നു.

### കുടുംബശ്രീയും വയോജന സംരംഭങ്ങളും

വയോജനങ്ങളെ സഹായിക്കാൻ കുടുംബശ്രീ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആശ്രയ പരിപാടിയിലൂടെ പാർശ്വവൽക്കരിക്കപ്പെട്ട പ്രായമായ വ്യക്തികൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ ആയ ആരോഗ്യ സംരക്ഷണവും ഭക്ഷണവും പാർപ്പിടവും നൽകുന്നു. സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിലൂടെ, ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്നവരെ സന്നദ്ധപ്രവർത്തകർ പരിശോധിക്കുകയും സുരക്ഷ ഉറപ്പാക്കുകയും അവരുടെ സമീപനം വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. വയോജന അയൽപക്ക ഗ്രൂപ്പുകളിലൂടെ (NHGs) മുതിർന്ന പൗരന്മാർക്കിടയിൽ സാമൂഹിക ഇടപെടലും പരസ്പര പിന്തുണയും വളർത്തിയെടുക്കുകയും സാമൂഹിക ഇടപഴകൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വയോമൈത്രി പരിപാടി, കേരളത്തിലെ വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യയുടെ പരിചരണത്തിലും പ്രത്യേക ശ്രദ്ധ നൽകുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ച് കുടുംബശ്രീയെ കൂടുതൽ വയോജന സൗഹൃദമാക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, കുടുംബശ്രീ നൈപുണ്യ വികസനവും മൈക്രോ-എന്റെർപ്രൈസ് അവസരങ്ങളും വാഗ്ദാനം ചെയ്യുന്നു, ഇത് പ്രായമായവരെ സജീവമായും സാമ്പത്തികമായും സ്വതന്ത്രമായി തുടരാൻ പ്രാപ്തരാക്കുന്നു. "കെ ഫോർ കെയർ" എന്നത് മുതിർന്നവർക്കും രോഗബാധിതർക്കും വൈകല്യമുള്ള വ്യക്തികൾക്കും ഗർഭിണികൾക്കും പരിചരണ സേവനങ്ങൾ നൽകുന്നതിനായി കുടുംബശ്രീ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. കേരള സർക്കാരിന്റെ ദാരിദ്ര്യ ലഘൂകരണവും വനിതാ ശാക്തീകരണ ദൗത്യവും ഉൾക്കൊള്ളുന്ന ഈ സാമൂഹ്യാധിഷ്ഠിത പദ്ധതി, പരിശീലനം ലഭിച്ച അംഗങ്ങളിലൂടെ പ്രൊഫഷണൽ പരിചരണ സേവനങ്ങൾ നൽകാനാണ് ലക്ഷ്യമാക്കുന്നത്. ഈ

പരിപാടികൾ വയോജനങ്ങളുടെ ജീവിതനിലവാരം കൂട്ടുകയും അന്തസ്സും ക്ഷേമവും ഉറപ്പാക്കുകയും ചെയ്യുന്നു.

**കേരളത്തിലെ ഉയർന്ന് വരുന്ന സിൽവർ ഇക്കോണമിയും പരിചരണ സമ്പദ്‌വ്യവസ്ഥയും**

കേരളത്തിന്റെ സവിശേഷമായ ജനസംഖ്യാപരമായ മാറ്റം, മുതിർന്ന പൗരന്മാർക്കായുള്ള പരിചരണ സേവനങ്ങളിലേക്കുള്ള ആവശ്യം അതിവേഗം വർദ്ധിപ്പിക്കുകയാണ്. ഇത് ഇന്ത്യയിലെ പ്രായാധിക്യ വ്യതിയാനത്തിന്റെ മുൻനിരയിൽ സംസ്ഥാനത്തെ എത്തിക്കുന്നു. നിലവിൽ സംസ്ഥാനത്ത് 60 വയസും അതിൽ കൂടുതലുമുള്ള 51 ലക്ഷം പേരുണ്ട്. ഇത് 2036-ഓടെ 84 ലക്ഷമായി ഉയരുമെന്നാണ് കണക്കാക്കപ്പെടുന്നത് – അതായത് ആകെ ജനസംഖ്യയുടെ 22.8 ശതമാനം എന്നതിൽ എത്തുകയും രാജ്യത്തെ ഏറ്റവും ഉയർന്ന അനുപാതമായി മാറുകയും ചെയ്യും. ഈ പ്രവണതയെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നത് ഉയർന്ന് വരുന്ന വയോജന ആശ്രിതത്വ അനുപാതം ആണ്. ഇത് പ്രവർത്തനക്ഷമമായ ജനസംഖ്യയ്ക്ക് വരും കാലത്ത് ഉണ്ടാകുന്ന ബാധ്യത സൂചിപ്പിക്കുന്നു. ഇതിലൂടെ, ലിംഗപരമായ സംവേദനക്ഷമതയുള്ള ഭവനാധിഷ്ഠിത പരിചരണവും പ്രതിരോധപരമായ ആരോഗ്യപരിപാലനവുമുള്ള സംവിധാനങ്ങൾ അത്യാവശ്യമാണെന്ന് വ്യക്തമാക്കുന്നു.

**മുന്നോട്ടുള്ള വഴി**

കേരളത്തിലെ വർധിച്ചുവരുന്ന വയോജന ജനസംഖ്യയുടെ വെല്ലുവിളികൾ കാര്യക്ഷമമായി നേരിടുന്നതിനായി, സംസ്ഥാനം അഞ്ച് മുഖ്യ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഒന്നാമതായി, ജീവിതഘട്ടത്തിൽ ഉണ്ടാകുന്ന വെല്ലുവിളികളെ കുറയ്ക്കുകയും പ്രവർത്തനക്ഷമത നിലനിർത്തുകയും ചെയ്യുന്ന ആരോഗ്യകരമായ വാർദ്ധക്യം ഒപ്പം സജീവമായ വാർദ്ധക്യം എന്നീ ആശയങ്ങളെ ശക്തമായി പ്രോത്സാഹിപ്പിക്കണം. രണ്ടാമതായി, വാർദ്ധക്യത്തിന്റെ സ്ത്രീവൽക്കരണം മൂലം മുതിർന്ന സ്ത്രീകൾ നേരിടുന്ന പ്രത്യേക ദുർബലതകളെ പരിഹരിക്കുന്ന ലിംഗപരമായ സംവേദനക്ഷമതയുള്ള പദ്ധതികൾ നടപ്പിലാക്കണം. മൂന്നാമതായി, ഏജിംഗ് ഇൻ പ്ലേസ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി, തടസ്സരഹിതവും പിന്തുണ നൽകുന്നതുമായ സമൂഹങ്ങളും വികേന്ദ്രീകൃത ഹോം ഹെൽത്ത് സർവീസുകളും വികസിപ്പിക്കണം. നാലാമതായി, സംസ്ഥാനത്ത് പരിചരണ സമ്പദ്‌വ്യവസ്ഥയിൽ നിക്ഷേപവും ഔപചാരിക ഘടനയും ഉറപ്പുവരുത്തുന്നതോടൊപ്പം, മുതിർന്നവർക്കായി രൂപകൽപ്പന ചെയ്ത സേവനങ്ങളും ഉൽപ്പന്നങ്ങളും വഴി വളർച്ച സൃഷ്ടിക്കുന്ന സിൽവർ സമ്പദ്‌വ്യവസ്ഥയും ശക്തിപ്പെടുത്തണം. മുതിർന്നവർ മെന്റെറിംഗ് പ്രവർത്തനങ്ങളിലൂടെയും സമൂഹത്തിൽ സജീവമായി പങ്കാളികളാകുന്നതിലൂടെയും സംഭാവന ചെയ്യാൻ കഴിയുന്ന ജനറേറ്റിവിറ്റി പ്രോത്സാഹിപ്പിക്കുന്ന വേദികൾ സൃഷ്ടിക്കുന്നത് അവരുടെ നിർണ്ണായകവും ഉത്പാദനപരവുമായ സാമൂഹിക പങ്ക് കൂടുതൽ ശക്തിപ്പെടുത്തും.

അദ്ധ്യായം

# 07

# തൊഴിലും സാധ്യതകളും

# തൊഴിലും സാധ്യതകളും

## 7.1 തൊഴിലും തൊഴിലാളിക്ഷേമവും

**തൊഴിൽ സേന**
സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനത്തിനായുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്കായി അധ്വാനം (labour) നൽകുന്നതോ അല്ലെങ്കിൽ നൽകാൻ തയ്യാറുള്ളതോ ആയ ജനസംഖ്യയുടെ ഒരു വിഭാഗത്തെയാണ് 'തൊഴിൽ സേന' എന്ന് വിളിക്കുന്നത്. അതിനാൽ, ഇതിൽ 'തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും' 'തൊഴിൽരഹിതരും' ഉൾപ്പെടുന്നു. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ (NSSO) നടത്തുന്ന പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) തൊഴിൽ ശക്തിയെ കണക്കാക്കാൻ രണ്ട് രീതികൾ ഉപയോഗിച്ച് വരുന്നു. സാധാരണ നില (ps+ss), അതായത് സാധാരണ പ്രിൻസിപ്പൽ, സബ്സിഡിയറി പ്രവർത്തനവും നിലവിലെ പ്രതിവാര നിലയും ഒരുമിച്ച് പരിഗണിച്ച്. സാധാരണ നിലയിലുള്ള (ps+ss) തൊഴിലാളികളിൽ (a) സർവേ തീയതിക്ക് മുമ്പുള്ള 365 ദിവസങ്ങളിൽ താരതമ്യേന നീണ്ട ഒരു ഭാഗം ജോലി ചെയ്ത വ്യക്തികളും (b) സർവ്വെ തീയതിക്ക് മുമ്പുള്ള 365 ദിവസത്തെ റഫറൻസ് കാലയളവിലെ ദിവസങ്ങളിൽ 30 ദിവസമെങ്കിലും ജോലി ചെയ്ത ബാക്കിയുള്ള ജനസംഖ്യയിൽ നിന്നുള്ള വ്യക്തികളും ഉൾപ്പെടുന്നു. നിലവിലെ പ്രതിവാര സ്റ്റാറ്റസിൽ (CWS) അടിസ്ഥാനമാക്കി കണക്കാക്കുന്ന തൊഴിൽശക്തി, സർവ്വെ കാലയളവിൽ ഒരാഴ്ചയുള്ളിലെ തൊഴിലാളികളുടെ ശരാശരി ചിത്രം നൽകുന്നു. സർവേ തീയതിക്ക് മുമ്പുള്ള 7 ദിവസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ കുറഞ്ഞത് 1 മണിക്കൂറെങ്കിലും ജോലി ചെയ്തവരെ പരിഗണിച്ചാണ് നിലവിലെ പ്രതിവാര നിലയിലുള്ള തൊഴിലാളികളുടെ കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

**തൊഴിൽസേന പങ്കാളിത്ത നിരക്ക് (LFPR)**
സാധാരണ നിലയിലും നിലവിലെ പ്രതിവാര നിലയിലും 2017-18 മുതൽ 2023-24 വരെയുള്ള പി.എൽ.എഫ്.എസ് (PLFS) കണക്കുകൾ പ്രകാരം, ഇന്ത്യയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് (LFPR – എല്ലാ പ്രായത്തിലുമുള്ളവർ, ഗ്രാമവും നഗരവും ഉൾപ്പെടെ) വർഷങ്ങളായി വർദ്ധിച്ചു വരുന്നതായി കാണാം. സാധാരണ നിലയിലുള്ള കണക്കുകളിലും (2021-22-ൽ ഉണ്ടായ നേരിയ കുറവ് ഒഴികെ), കറന്റ് വീക്ക്ലി സ്റ്റാറ്റസിലും (CWS) ഈ വർദ്ധനവ് പ്രകടമാണ്. പി.എൽ.എഫ്.എസ് ഡാറ്റ പ്രകാരം 2017-18 മുതൽ 2023-24 വരെയുള്ള (വിവിധ പ്രായക്കാർ ഗ്രമം+നഗരം) തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) **അനുബന്ധം 7.1.1, 7.1.2** എന്നിവയിൽ കാണിച്ചിരിക്കുന്നു. **പട്ടിക 7.1.1** ൽ 2017-18, 2023-24 എന്നീ വർഷങ്ങളിലെ സാധാരണ നിലയിലുള്ള (Usual Status - PS+SS) കണക്കുകൾ പ്രകാരമുള്ള ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽസേന പങ്കാളിത്ത നിരക്ക് (LFPR) കാണിക്കുന്നു.

കേരളത്തിലെ നഗരമേഖലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (15 വയസ്സും അതിനുമുകളിലും) 27.3 ശതമാനത്തിൽ നിന്ന് 37.0 ശതമാനമായി വർധിച്ചു, അതായത് 9.7 ശതമാനത്തിന്റെ വർധനവ്. '15 വയസ്സും അതിനുമുകളിലും, വ്യക്തി, ഗ്രാമം+നഗരം' വിഭാഗത്തിലും 9.7 ശതമാനത്തിന്റെ വർധനവുണ്ടായി, ഇത് 46.5 ശതമാനത്തിൽ നിന്ന് 56.2 ശതമാനമായാണ് ഉയർന്നത്. 2023-24 വർഷത്തെ 'എല്ലാ പ്രായക്കാരും' (all ages) എന്ന വിഭാഗത്തിൽ, നഗരമേഖലയിലെ പുരുഷന്മാരുടെ നിരക്ക് ഒഴികെ മറ്റെല്ലാ മേഖലകളിലും കേരളത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. 2024-25 വർഷത്തെ കണക്കുകൾ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (MoSPI) ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

**തൊഴിലാളി ജനസംഖ്യാ അനുപാതം (ഡബ്ല്യു.പി.ആർ)**
തൊഴിൽ സാഹചര്യം വിശകലനം ചെയ്യുന്നതിനും സമ്പദ്‌വ്യവസ്ഥയിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിൽ സജീവമായി സംഭാവന ചെയ്യുന്ന

**പട്ടിക 7.1.1.** 2017–18, 2023–24 എന്നീ വർഷങ്ങളിലെ സാധാരണ നിലയിലുള്ള കണക്കുകൾ പ്രകാരമുള്ള ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽ പങ്കാളിത്ത നിരക്ക് (LFPR)

| വയസ്സ് | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | | ഗ്രാമം | | | നഗരം | | | ഗ്രാമം + നഗരം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | ഇന്ത്യ 2017-18 | | | | | | | | | കേരളം 2017-18 | | | | | | | | |
| 15-29 വയസ്സ് | 58.9 | 15.9 | 38.1 | 58.5 | 17.5 | 38.5 | 58.8 | 16.4 | 38.2 | 55.1 | 20.8 | 37.2 | 48.4 | 27.6 | 37.8 | 52.2 | 23.6 | 37.4 |
| 15-59 വയസ്സ് | 80.2 | 26.6 | 53.6 | 80.1 | 22.3 | 51.6 | 80.2 | 25.3 | 53 | 79.5 | 31.1 | 53.6 | 78.1 | 33 | 53.6 | 78.9 | 31.9 | 53.6 |
| 15 വയസ്സിനു മുകളിൽ | 76.4 | 24.6 | 50.7 | 74.5 | 20.4 | 47.6 | 75.8 | 23.3 | 49.8 | 71.1 | 25.9 | 46.6 | 68.9 | 27.3 | 46.4 | 70.1 | 26.5 | 46.5 |
| എല്ലാ പ്രായ ത്തിലും (0+) | 54.9 | 18.2 | 37 | 57 | 15.9 | 36.8 | 55.5 | 17.5 | 36.9 | 54.1 | 20.7 | 36.4 | 53.6 | 22.1 | 36.8 | 53.9 | 21.3 | 36.6 |
| | ഇന്ത്യ 2023-24 | | | | | | | | | കേരളം 2023-24 | | | | | | | | |
| 15-29 വയസ്സ് | 65.1 | 30.8 | 48.1 | 59.9 | 23.8 | 42.6 | 63.5 | 28.8 | 46.5 | 51.50 | 30.50 | 40.90 | 51.00 | 30.20 | 40.30 | 51.20 | 30.30 | 40.60 |
| 15-59 വയസ്സ് | 84.3 | 51.2 | 67.6 | 81.9 | 31.2 | 57 | 83.5 | 45.2 | 64.3 | 80.50 | 48.40 | 63.30 | 80.30 | 43.40 | 60.40 | 80.40 | 46.00 | 61.90 |
| 15 വയസ്സിനു മുകളിൽ | 80.20 | 47.60 | 63.70 | 75.60 | 28.00 | 52.00 | 78.80 | 41.70 | 60.10 | 75.30 | 44.20 | 58.60 | 73.50 | 37.00 | 53.70 | 74.40 | 40.80 | 56.20 |
| എല്ലാ പ്രായ ത്തിലും (0+) | 57.90 | 35.50 | 46.80 | 59.00 | 22.30 | 41.00 | 58.20 | 31.70 | 45.10 | 59.70 | 36.20 | 47.30 | 58.40 | 30.30 | 43.30 | 59.10 | 33.40 | 45.40 |

**ഉറവിടം**: പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) 2017-18, 2023-24,

ജനസംഖ്യയുടെ അനുപാതം അറിയുന്നതിനും ഉപയോഗിക്കുന്ന ഒരു സൂചകമാണ് ഡബ്ല്യു.പി.ആർ. ജനസംഖ്യയിൽ ജോലി ചെയ്യുന്ന ആളുകളുടെ ശതമാനമാണിത്. 2017–18 മുതൽ 2023–24 വരെയുള്ള തൊഴിലാളി ജനസംഖ്യാ അനുപാതം പരിശോധിച്ചാൽ (എല്ലാ പ്രായ വിഭാഗങ്ങളിലും) ഇന്ത്യയും, കേരളവും പുരോഗതി കൈവരിച്ചതായി കാണാം (**പട്ടിക 7.1.2**).

ഇന്ത്യയിലെ (എല്ലാ പ്രായത്തിലുമുള്ളവരുടെ) സാധാരണ നിലയിലുള്ള (usual status – ps+ss) തൊഴിലാളി ജനസംഖ്യാ അനുപാതം (Worker Population Ratio – WPR) 2017–18 മുതൽ 2023–24 വരെയുള്ള കാലയളവിൽ വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ തൊഴിലാളി ജനസംഖ്യാ അനുപാതവും 2017–18 മുതൽ 2023–24 വരെ തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് (32.4 ശതമാനത്തിൽ നിന്ന് 42.1 ശതമാനത്തിലേക്ക്). 2017–18 മുതൽ 2023–24 വരെയുള്ള WPR വിവരങ്ങൾ **അനുബന്ധം 7.1.3**–ൽ നൽകിയിട്ടുണ്ട്.

**വേതന നിരക്ക് കേരളത്തിൽ**

ഉയർന്ന മാനവിക വികസന സൂചിക, സാമൂഹിക ചുറ്റുപാടുകൾ, രാഷ്ട്രീയ കാഴ്ചപ്പാടുകൾ, ശക്തമായ ട്രേഡ് യൂണിയൻ, തൊഴിലാളി ക്ഷേമ ബോർഡുകളുടെ ആവിർഭാവം എന്നിവയാണ് കേരളത്തിലെ ഉയർന്ന കൂലി നിരക്കിന്റെ കാരണങ്ങൾ. കേരളത്തിലെ പുരുഷ–സ്ത്രീ അവിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്, കൂടാതെ സംസ്ഥാനത്ത് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനവും ഉയർന്നതാണ്. കേരളത്തിൽ 85 ഓളം തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കിയിട്ടുണ്ട്. **പട്ടിക 7.1.3 (എ)** ഗ്രാമീണ ഇന്ത്യയിലെ പ്രധാന 16 സംസ്ഥാനങ്ങളിലെ (പുരുഷ കർഷകേതര തൊഴിലാളികൾ) ശരാശരി പ്രതിദിന വേതന നിരക്ക് കാണിച്ചിരിക്കുന്നു, കൂടാതെ **പട്ടിക 7.1.3 (ബി)** ഗ്രാമീണ ഇന്ത്യയിലെ (പുരുഷ – കർഷകത്തൊഴിലാളികൾ) ശരാശരി പ്രതിദിന വേതന നിരക്ക് കാണിക്കുന്നു.

**പട്ടിക 7.1.2** തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) (ശതമാനത്തിൽ) സാധാരണ നില (ps+ss) അനുസരിച്ച്

| വയസ്സ് | ഇന്ത്യ ഗ്രാമീണ+നഗര | | | കേരളം ഗ്രാമീണ+നഗര | | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | വ്യക്തി | പുരുഷൻ | സ്ത്രീ | വ്യക്തി |
| | പി.എൽ.എഫ്.എസ് 2017-18 | | | പി.എൽ.എഫ്.എസ് 2017-18 | | |
| 15-29 വയസ്സ് | 48.3 | 13.5 | 31.4 | 40.1 | 8.6 | 23.8 |
| 15-59 വയസ്സ് | 74.9 | 23.8 | 49.5 | 73.4 | 24 | 46.8 |
| 15 വയസ്സിനു മുകളിൽ | 71.2 | 22 | 46.8 | 65.8 | 20.4 | 41.2 |
| എല്ലാ പ്രായത്തിലും (0+) | 52.1 | 16.5 | 34.7 | 50.5 | 16.4 | 32.4 |
| | പി.എൽ.എഫ്.എസ് 2023-24 | | | പി.എൽ.എഫ്.എസ് 2023-24 | | |
| 15-29 വയസ്സ് | 57.3 | 25.6 | 41.7 | 41.3 | 16 | 28.5 |
| 15-59 വയസ്സ് | 80.6 | 43.7 | 62.1 | 76.1 | 39.6 | 56.5 |
| 15 വയസ്സിനു മുകളിൽ | 76.3 | 40.3 | 58.2 | 71.1 | 36 | 52.2 |
| എല്ലാ പ്രായത്തിലും (0+) | 56.4 | 30.7 | 43.7 | 56.5 | 29.5 | 42.1 |

**ഉറവിടം:** ആനുകാലിക ലേബർ ഫോഴ്സ് സർവേ 2017-18, 2023-24

**പട്ടിക 7.1.3** (എ) ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ – കാർഷികേതര തൊഴിലാളികൾ)

| സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|
| ആന്ധ്രപ്രദേശ് | 232.4 | 247.5 | 271.2 | 291.3 | 305.3 | 337.7 | 374.5 | 405.4 | 477.4 |
| ആസ്സാം | 233.8 | 245.5 | 258.3 | 263.6 | 299.3 | 306.4 | 333.3 | 364.2 | 469.8 |
| ബീഹാർ | 228.6 | 237.2 | 250.9 | 268.5 | 289.3 | 299.1 | 313.1 | 337.3 | 450.5 |
| ഗുജറാത്ത് | 204.3 | 216.1 | 224.1 | 234.5 | 239.3 | 252.5 | 273.1 | 285.7 | 388.1 |
| ഹരിയാന | 352.7 | 355.5 | 362.3 | 376.9 | 384.4 | 409.3 | 451.0 | 471.2 | 634.6 |
| ഹിമാചൽ പ്രദേശ് | 303.4 | 330.4 | 336.4 | 344.1 | 342.1 | 389.8 | 416.3 | 437.4 | 638.2 |
| ജമ്മു & കാശ്മീർ | 408.8 | 417.3 | 433.9 | 452.8 | 483.0 | 500.8 | 517.9 | 538.9 | 714.5 |
| കർണാടക | 238.5 | 242.4 | 261.1 | 263.4 | 279.2 | 297.9 | 336.2 | 352.1 | 500.7 |
| കേരളം | 615.6 | 625.6 | 657.2 | 670.4 | 677.6 | 681.8 | 696.6 | 735.0 | 917.0 |
| മദ്ധ്യ പ്രദേശ് | 184.4 | 198.1 | 202.4 | 205.9 | 232.6 | 230.3 | 246.3 | 262.3 | 354.8 |
| മഹാരാഷ്ട്ര | 215.9 | 226.7 | 229.6 | 240.2 | 262.3 | 277.2 | 293.7 | 309.9 | 441.9 |
| പഞ്ചാബ് | 300.5 | 313.1 | 319.2 | 331.9 | 344.2 | 356.9 | 375.3 | 392.9 | 525.9 |
| രാജസ്ഥാൻ | 300.1 | 301.2 | 316.3 | 312.1 | 329.0 | 338.6 | 354.3 | 380 | 547.9 |
| തമിഴ്നാട് | 389.6 | 401.7 | 414.3 | 438.6 | 449.5 | 462.3 | 481.5 | 519.1 | 686.9 |
| ഉത്തർ പ്രദേശ് | 222.7 | 244.7 | 261.1 | 272.3 | 286.8 | 302.9 | 323.6 | 354.8 | 475.8 |
| വെസ്റ്റ് ബംഗാൾ | 259.9 | 279.3 | 287.0 | 291.1 | 305.8 | 320.7 | 338.0 | 354 | 396.2 |

**ഉറവിടം:** ഇന്ത്യൻ ലേബർ ജേണൽ, ലേബർ ബ്യൂറോ, ഭാരത സർക്കാർ, വിവിധ പതിപ്പുകൾ.പ്രതിമാസ ശരാശരി വേതന നിരക്കുകളിൽ നിന്നാണ് വാർഷിക ശരാശരി വേതന നിരക്ക് കണക്കാക്കിയിരിക്കുന്നത്.2020 ഏപ്രിലിലെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, 2020-21 വർഷത്തെ അഖിലേന്ത്യാ ഡാറ്റ 11 മാസത്തെ ശരാശരിയാണ്.2024-25 വർഷത്തെ നിരക്ക് https://labourbureau.gov.in/rural-wages എന്ന വെബ്സൈറ്റിലെ പ്രതിമാസ റിപ്പോർട്ടിൽ നിന്നാണ് കണക്കാക്കിയിരിക്കുന്നത്.

2024-25 ലെ എസ്റ്റിമേറ്റ് പ്രകാരം, ഗ്രാമീണ മേഖലയിലെ കാർഷികേതര തൊഴിലുകൾക്കുള്ള പ്രതിദിന വേതന നിരക്കിൽ 917 രൂപയുമായി സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ് (ഗ്രാമീണ ഇന്ത്യയിലെ പുരുഷന്മാരായ കാർഷികേതര തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതന നിരക്ക്). തൊട്ടുപിന്നാലെ 714.50 രൂപയുമായി ജമ്മു കശ്മീരും 686.90 രൂപയുമായി തമിഴ്നാടും വരുന്നു.

2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ കാർഷികേതര ജോലികളിലെന്നപോലെ കാർഷിക ജോലികൾക്കുള്ള വേതന നിരക്കിലും കേരളം മറ്റ്

**പട്ടിക 7.1.3** (ബി) ഇന്ത്യയിലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള (ഗ്രാമീണ മേഖല) ശരാശരി പ്രതിദിന വേതന നിരക്ക് (പുരുഷ – കാർഷിക തൊഴിലാളികൾ)

| സംസ്ഥാനം /കേന്ദ്ര ഭരണ പ്രദേശം | 2016–17 | 2017–18 | 2018–19 | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 | 2024–25 |
|---|---|---|---|---|---|---|---|---|---|
| ആന്ധ്രപ്രദേശ് | 249.1 | 269.5 | 282.0 | 302.6 | 318.6 | 340.5 | 384.4 | 437.8 | 462.63 |
| ആസ്സാം | 229.3 | 237.5 | 248.5 | 252.1 | 277.4 | 307.6 | 344.1 | 365.7 | 381.94 |
| ബീഹാർ | 212.7 | 223.0 | 240.3 | 258.4 | 272.6 | 290.3 | 308.7 | 337.9 | 377.69 |
| ഗുജറാത്ത് | 184.0 | 187.9 | 199.3 | 208.6 | 213.1 | 220.3 | 241.9 | 256.1 | 298.47 |
| ഹരിയാന | 359.3 | 361.4 | 391.9 | 389.5 | 384.8 | 395.0 | 424.8 | 452.7 | 513.59 |
| ഹിമാചൽ പ്രദേശ് | 339.8 | 368.3 | 388.6 | 419.0 | 421.7 | 457.6 | 473.3 | 492.2 | 536.23 |
| ജമ്മു & കാശ്മീർ | 409.8 | 436.0 | 443.6 | 451.6 | 501.1 | 524.6 | 550.4 | 566.1 | 637.71 |
| കർണാടക | 251.9 | 267.3 | 288.7 | 292.0 | 312..5 | 335.2 | 379.5 | 415.4 | 470.94 |
| കേരളം | 644.0 | 659.8 | 682.4 | 700.9 | 706.5 | 726.8 | 764.3 | 807.2 | 871.00 |
| മധ്യ പ്രദേശ് | 173.1 | 191.3 | 196.3 | 198.6 | 217.6 | 217.8 | 229.2 | 242.2 | 270.21 |
| മഹാരാഷ്ട്ര | 196.8 | 207.4 | 213.7 | 231.8 | 267.7 | 284.2 | 303.5 | 325.0 | 385.15 |
| പഞ്ചാബ് | 319.3 | 324.6 | 337.7 | 349.2 | 357.0 | 372.5 | 393.3 | 409.2 | 415.18 |
| രാജസ്ഥാൻ | 285.5 | 287.1 | 292.9 | 298.1 | 327.1 | 358.3 | 366.4 | 388.8 | 420.29 |
| തമിഴ് നാട് | 378.7 | 385.9 | 398.7 | 410.4 | 434.2 | 445.6 | 470.0 | 540.6 | 642.08 |
| ഉത്തർ പ്രദേശ് | 211.8 | 229.8 | 247.1 | 258.8 | 274.5 | 288.0 | 309.3 | 334.4 | 367.50 |
| വെസ്റ്റ് ബംഗാൾ | 237.6 | 255.9 | 263.1 | 267.5 | 288.6 | 305.3 | 323.7 | 335.3 | 411.20 |

**ഉറവിടം:** ഇന്ത്യൻ ലേബർ ജേണൽ, ലേബർ ബ്യൂറോ, ഭാരത സർക്കാർ, വിവിധ പതിപ്പുകൾ.പ്രതിമാസ ശരാശരി വേതന നിരക്കുകളിൽ നിന്നാണ് വാർഷിക ശരാശരി വേതന നിരക്ക് കണക്കാക്കിയിരിക്കുന്നത്.2020 ഏപ്രിലിലെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, 2020-21 വർഷത്തെ അഖിലേന്ത്യാ ഡാറ്റ 11 മാസത്തെ ശരാശരിയാണ്.2024-25 വർഷത്തെ നിരക്ക് https://labourbureau.gov.in/rural-wages എന്ന വെബ്സൈറ്റിലെ പ്രതിമാസ റിപ്പോർട്ടിൽ നിന്നാണ് കണക്കാക്കിയിരിക്കുന്നത്.

സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലാണെന്ന് **പട്ടിക 7.1.3 (B)** പ്രകാരം വ്യക്തമാകുന്നു.

2024–25 ലെ കണക്കുകൾ പ്രകാരം, കേരളത്തിലെ കാർഷിക മേഖലയിലെ വേതന നിരക്ക് തൊട്ടുപിന്നാലെയുള്ള തമിഴ്നാടിനേക്കാൾ 35.65 ശതമാനം കൂടുതലാണ്.

**കേരളത്തിലെ തൊഴിൽ, തൊഴിലാളി ക്ഷേമം**

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, നൈപുണ്യ വികസനത്തിനായി പദ്ധതികൾ വിഭാവനം ചെയ്യുക, ലിംഗസമത്വം ഉറപ്പാക്കുക, കുറഞ്ഞ വേതനവും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക, അതുവഴി മികച്ച തൊഴിലിട അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. വേതന സംരക്ഷണവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിലൂടെ എല്ലാ മേഖലകളിലുമുള്ള തൊഴിലാളികളുടെ സമഗ്രമായ ക്ഷേമം സർക്കാർ ഉറപ്പുവരുത്തുന്നു.

**തൊഴിലാളി ക്ഷേമ ബോർഡുകൾ**

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും തൊഴിലുടമയും തൊഴിലാളികളും തമ്മിലുള്ള ഐക്യം നിലനിർത്തി ആരോഗ്യകരമായ ഒരു തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും തൊഴിൽ വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് 28 ലേബർ വെൽഫെയർ ബോർഡുകളുണ്ട്. നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുകയും അതത് തൊഴിൽ മേഖലയ്ക്ക് ക്ഷേമ സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു. ബാക്കിയുള്ള 12 ബോർഡുകൾ കൃഷി, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

തൊഴിൽ വകുപ്പിന് കീഴിലുള്ള വെൽഫെയർ ബോർഡുകളും രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണം **അനുബന്ധം 7.1.4** ൽ കാണിച്ചിരിക്കുന്നു. തൊഴിൽ വകുപ്പിനു കീഴിലുള്ള 16 ലേബർ വെൽഫെയർ ബോർഡുകളിലായി 31.08.2025 വരെ 60,19,951 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16 ബോർഡുകളിൽ, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലാണ് ഏറ്റവും കൂടുതൽ തസമയ അംഗങ്ങൾ ഉള്ളത്, അതായത് 31.08.2025 ൽ 19,83,896 അംഗങ്ങൾ.

**ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡിഇപിസി)**

എംപ്ലോയ്മെന്റ് ആൻഡ് സ്കിൽസ് വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി വിദേശ റിക്രൂട്ട്മെന്റ് രംഗത്ത് പ്രശംസനീയമായ പ്രകടനമാണ് കാഴ്ചവെക്കുന്നത്. വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്കും, വിദഗ്ധരും അവിദഗ്ധരും അർദ്ധ വിദഗ്ധരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ കുറഞ്ഞ ചെലവിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. IATA – അംഗീകൃത ട്രാവൽ ഡിവിഷനും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ

കൺസൾട്ടന്റ്സ് ലിമിറ്റഡ്ന് കീഴിൽ പ്രവർത്തിക്കുന്നു. പാക്കേജ്ഡ് ടൂറുകൾ, പരിശീലനം, വിദേശ പഠനം തുടങ്ങിയ മേഖലകളിൽ ODEPC സജീവമായി ഏർപ്പെട്ടിട്ടുണ്ട്.

**പട്ടിക 7.1.4** ODEPC നടത്തുന്ന റിക്രൂട്ട്മെന്റുകളുടെ വിശദാംശങ്ങൾ

| സാമ്പത്തിക വർഷം | വിദേശ രാജ്യങ്ങളിലെ ആകെ തൊഴിൽ |
|---|---|
| 2016-17 | 650 |
| 2017-18 | 325 |
| 2018-19 | 347 |
| 2019-20 | 284 |
| 2020-21 | 646 |
| 2021-22 | 475 |
| 2022-23 | 157 |
| 2023-24 | 553 |
| 2024-25 | 726 |
| 2025-26 | 90 |
| **ആകെ** | **4253** |

**ഉറവിടം:** ഒഡിഇപിസി, കേരള സർക്കാർ

**നേട്ടങ്ങൾ**

വിദേശ റിക്രൂട്ട്മെന്റ്: ഒഡിഇപിസി പ്രധാനമായും വിദേശ രാജ്യങ്ങളിലെ ഗവൺമെന്റ് സ്ഥാപനങ്ങളിലേക്ക് മാനവശേഷിയുടെ റിക്രൂട്ട്മെന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ODEPC 2016 മുതൽ 2025 വരെ വിവിധ വിദേശ രാജ്യങ്ങളിലേക്കായി 4253 റിക്രൂട്ട്മെന്റുകൾ നടത്തിയിട്ടുണ്ട് (പട്ടിക 7.1.4), പ്രധാനമായും ഗൾഫ് രാജ്യങ്ങൾ, ജർമ്മനി, ബെൽജിയം, ഉസ്ബെക്കിസ്ഥാൻ എന്നിവിടങ്ങളിലേക്ക്. സൗദി അറേബ്യയിലെ ആരോഗ്യ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ ആശുപത്രികളിലേക്ക് ഒഡിഇപിസി ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരെയും റിക്രൂട്ട് ചെയ്തിട്ടുണ്ട്.

ഒഡെപെക് ഇതുവരെ 178 നേഴ്സുമാരെ ബെൽജിയത്തിലേക്ക് റിക്രൂട്ട് ചെയ്തിട്ടുണ്ട്. 22 നേഴ്സുമാർ അടങ്ങുന്ന ആദ്യ സംഘത്തെ 2022 മാർച്ചിലും, 37 പേരുടെ രണ്ടാം സംഘത്തെ 2023 ജനുവരിയിലും, 35 പേരുടെ മൂന്നാം സംഘത്തെ 2024 ജനുവരിയിലും, 84 പേരുടെ നാലാം സംഘത്തെ 2025 ജനുവരിയിലും അയച്ചു. ഈ പദ്ധതിയുടെ അഞ്ചാം ഘട്ടം നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്; 75 നേഴ്സുമാർക്ക് ഇപ്പോൾ ഡച്ച് ഭാഷയിൽ പരിശീലനം നൽകിവരുന്നു. ഭാഷാ പരിശീലനം പൂർത്തിയാക്കിയ ശേഷം 2026 ജനുവരിയിൽ ഇവരെ ബെൽജിയത്തിലേക്ക് കൊണ്ടുപോകും. ഈ കോഴ്സിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 15,000 രൂപ സ്റ്റൈപ്പൻഡായി നൽകുന്നുണ്ട്.

ഒഡെപെക് ജർമ്മനിയിലേക്ക് നേഴ്സുമാരുടെ സൗജന്യ റിക്രൂട്ട്മെന്റ് ആരംഭിച്ചു. ഈ പദ്ധതി പ്രകാരം, ഒന്നാം ബാച്ചിൽ പരിശീലനം ലഭിച്ച 100 നേഴ്സുമാരെ ജർമ്മനിയിൽ നിയമിച്ചു കഴിഞ്ഞു. ഏകദേശം 500 നേഴ്സുമാരുടെ ജർമ്മൻ ഭാഷാ പരിശീലനവും യാത്രാ ക്രമീകരണങ്ങളും നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഒഡെപെക് (ODEPC) മലേഷ്യ, സ്ലൊവാക്യ, ഗ്രീസ് എന്നീ രാജ്യങ്ങളിലേക്കും സൗജന്യ റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്.

ഒഡിഇപിസി മുഖേന ഉസ്ബക്കിസ്ഥാനിലെ സർക്കാർ സ്കൂളുകളിൽ 100 ഇംഗ്ലീഷ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. ദുബായ് വേൾഡ് സെക്യൂരിറ്റിയിൽ (Dubai World Security) 400 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിച്ചു. ലേബർ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസുമായി (KASE) സഹകരിച്ച് 2022 സെപ്റ്റംബറിൽ സൗദി അറേബ്യയിലെ റിയാദിലും യു.എ.ഇയിലെ ദുബായ്, അബുദാബി എന്നിവിടങ്ങളിലും തൊഴിലുടമകളുടെ സംഗമം (Employer Meets) സംഘടിപ്പിച്ചു. ദുബായിൽ നിന്ന് 78 കമ്പനികളും അബുദാബിയിൽ നിന്ന് 46 കമ്പനികളും സൗദി അറേബ്യയിൽ നിന്ന് 67 കമ്പനികളും ഇതിൽ പങ്കെടുത്തു.

പരിശീലനം: യുകെ, അയർലൻഡ് എന്നിവയുൾപ്പെടെ ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ നിയമനം ആഗ്രഹിക്കുന്ന നഴ്സുമാർക്ക് ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിന് ഒഡിഇപിസി തിരുവനന്തപുരം, എറണാകുളം, അങ്കമാലി, കോഴിക്കോട്, ന്യൂഡൽഹി എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു. ഈ കേന്ദ്രങ്ങൾ 5000 തൊഴിലന്വേഷകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ODEPC 2024 ഡിസംബറിൽ ജർമ്മൻ ഭാഷാ പരീക്ഷകൾക്കായി TELK പരീക്ഷാ കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്.

ഏഷ്യയിലെ ഏറ്റവും വലിയ ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റ് (OET) പരീക്ഷാ കേന്ദ്രം ഒഡിഇപിസി 2021 ജനുവരിയിൽ കേരളത്തിലെ അങ്കമാലിയിൽ ആരംഭിച്ചു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഇന്ത്യയിലെ ആദ്യത്തെ പരീക്ഷാ കേന്ദ്രമാണിത്. ഈ പരീക്ഷാകേന്ദ്രത്തിൽ ഇതുവരെ ഏകദേശം 12,000 പേർ പരീക്ഷ എഴുതിയിട്ടുണ്ട്.

ട്രാവൽ ഡിവിഷൻ: 1990 മുതൽ IATA-അക്രഡിറ്റഡ് ട്രാവൽ ഡിവിഷൻ ODEPC ന് കീഴിൽ പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര യാത്രയ്ക്കുള്ള ടിക്കറ്റുകൾ ഇപ്പോൾ ഇവിടെ പ്രോസസ്സ് ചെയ്യുന്നു. റഷ്യ-ഉക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, ഉക്രെയ്നിൽ നിന്ന് വിദ്യാർത്ഥികളെ തിരികെ കൊണ്ടുവരാൻ സംസ്ഥാന സർക്കാർ ഒഡിഇപിസിയുടെ ട്രാവൽ ഡിവിഷന്റെ സേവനം ഉപയോഗപ്പെടുത്തി.

ടൂർ ഡിവിഷൻ: പ്രമുഖ ടൂർ ഓപ്പറേറ്ററായ തോമസ് കുക്കുമായി സഹകരിച്ച് ടൂർ പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ട്രാവൽ ഡിവിഷന്റെ കീഴിൽ 2018-ൽ ഒരു ടൂർ ഡിവിഷൻ ആരംഭിച്ചു. ആഭ്യന്തരമായും വിദേശത്തും യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് വിവിധ തരത്തിലുള്ള ടൂർ പാക്കേജുകൾ ലഭ്യമാണ്. ലക്ഷ്വറി ക്രൂയിസ് പാക്കേജുകളും പ്രവർത്തിക്കുന്നു. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക ഇളവുകൾ നൽകി വരുന്നു.

വിദേശ പഠനം (Study Abroad): വിദേശത്ത് ഉന്നത ബിരുദങ്ങൾ നേടാനും ജോലി ഉറപ്പാക്കാനും ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനുള്ള പദ്ധതിയാണിത്. അമേരിക്ക, കാനഡ, ഓസ്ട്രേലിയ, യുകെ, ന്യൂസിലാൻഡ്, ചെക്ക് റിപ്പബ്ലിക്, ഉക്രെയ്ൻ തുടങ്ങിയ രാജ്യങ്ങളിൽ പഠിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

വിദേശ രാജ്യങ്ങളിൽ ഉപരിപഠനം നടത്താൻ ആഗ്രഹിക്കുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി ഒഡിഇപിസിയും പട്ടികജാതി പട്ടികവർഗ വികസന വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് "ഓവർസീസ് സ്റ്റഡീസിനുള്ള ഉന്നതി സ്കോളർഷിപ്പ്". വിദ്യാർത്ഥിയുടെ കുടുംബ വാർഷിക വരുമാനം അനുസരിച്ച് 25 ലക്ഷം രൂപ വരെയാണ് സ്കോളർഷിപ്പ് നൽകുന്നത്. ഇത് വരെ (ഒക്ടോബർ 2025), 400 വിദ്യാർത്ഥികൾ ഈ പദ്ധതിയിലൂടെ വിദേശ സർവകലാശാലകളിൽ പഠിക്കാൻ പോയിട്ടുണ്ട്.

**ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്**

തൊഴിൽ, നൈപുണ്യ മന്ത്രാലയത്തിന് കീഴിലാണ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് സ്ഥിതി ചെയ്യുന്നത്. 1948–ലെ ഫാക്ടറി നിയമവും, 1923–ലെ ഇന്ത്യൻ ബോയിലർ നിയമവും ഫാക്ടറികളിൽ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് വകുപ്പിന്റെ പ്രധാന ഉത്തരവാദിത്തം. കേരളത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട ഫാക്ടറികളിൽ ജോലി ചെയ്യുന്ന ഏകദേശം 7 ലക്ഷത്തോളം തൊഴിലാളികളുടെയും, അപകടസാധ്യതയുള്ള ഫാക്ടറികൾക്ക് സമീപമുള്ള പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിന് 20 വ്യത്യസ്ത നിയമങ്ങളിലൂടെയും നിയമപരമായ നിർവ്വഹണ അധികാരങ്ങൾ വകുപ്പിൽ നിക്ഷിപ്തമാണ്. അതുപോലെ തന്നെ തൊഴിൽപരമായ അപകടങ്ങൾ, തൊഴിൽപരമായ രോഗങ്ങൾ, വ്യാവസായിക ദുരന്തങ്ങൾ എന്നിവ ഒഴിവാക്കുന്നതിലും വകുപ്പ് ശ്രദ്ധ ചെലുത്തുന്നു.

**റിമോട്ട് സെൻസിംഗ്–പ്രാപ്തമാക്കിയ ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS)**

എൻആർഎസ്എ (നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ), ഹൈദരാബാദ്, ഐജിസിഎആർ (ഇന്ദിരാഗാന്ധി സെൻറർ ഫോർ ആറ്റോമിക് റിസർച്ച്), കൽപ്പാക്കം, തമിഴ്നാട് എന്നിവയുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ അമ്പലമുഗളിൽ റിമോട്ട് സെൻസിംഗ്–എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS) പദ്ധതിയുടെ ആദ്യ ഘട്ടം നടപ്പാക്കി.

ഒരു വ്യാവസായിക ദുരന്തം സംഭവിച്ചാൽ, സമീപവാസികൾ, ദുരന്തനിവാരണ ഏജൻസികൾ, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, റവന്യൂ എന്നിവയുൾപ്പെടെയുള്ള അധികാരികൾ എന്നിവർക്ക് ജിയോസ്പേഷ്യൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ മുന്നറിയിപ്പ് നൽകുന്നു. ഈ അലേർട്ടുകൾ മുൻകൂട്ടിയുള്ളതും മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും ഓഫ്‌ലൈനിലൂടെയും വിതരണം ചെയ്യുന്നതുമാണ്.

**ഇ–സഞ്ജീവനി സ്കീമും കോഷെ സ്കീമും**

കേരള സർക്കാരിന്റെ ടെലിമെഡിസിൻ പദ്ധതിയായ ഇ–സഞ്ജീവനിയിലൂടെ ഒക്യുപേഷണൽ ഹെൽത്ത് വകുപ്പിന്റെ ഔട്ട്–പേഷ്യന്റ് സേവനം ആരംഭിക്കുകയും വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. ഫാക്ടറി തൊഴിലാളികൾക്ക് അവരുടെ ജോലിസ്ഥലങ്ങളിൽ നിന്ന് ഓൺലൈനായി ഡിപ്പാർട്ട്മെന്റിലെ ഡോക്ടർമാരുമായി ബന്ധപ്പെടാനും രോഗനിർണയവും മരുന്നു കുറിപ്പുകളും സ്വീകരിക്കാനും തൊഴിൽപരമായ രോഗത്തെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കാനും കഴിയും.

തുടർ തൊഴിൽ സുരക്ഷയും ആരോഗ്യ വിദ്യാഭ്യാസവും (COSHE) പ്രകാരം ഫാക്ടറീസ് ആക്ടിൽ പറഞ്ഞിരിക്കുന്ന 28 രോഗങ്ങൾ കണ്ടെത്തുന്നതിന് ഫാക്ടറികളിലെ ഡോക്ടർമാർക്ക് വകുപ്പ് സൗജന്യ ഓൺലൈൻ പരിശീലനവും നൽകുന്നു. ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യ പദ്ധതിയാണ് കോഷെ.

എൻഫോഴ്സ്മെന്റ് സ്ട്രാറ്റജി: എൻഫോഴ്സ്മെന്റ് സ്ട്രാറ്റജിയുടെ ഭാഗമായി, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഉദ്യോഗസ്ഥർ അപകടസാധ്യതയുള്ളതും അല്ലാത്തതുമായ ഫാക്ടറികളിൽ മുൻഗണനാ പരിശോധനയും നടത്തുന്നു. "കേരള – സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം" (കെ–സിഐഎസ്) അനുസരിച്ച്, പരിശോധനയിൽ ലംഘനങ്ങൾ കണ്ടെത്തിയാൽ, ഫാക്ടറി മാനേജ്മെന്റിനെതിരെ നിയമനടപടി സ്വീകരിക്കുകയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

തൊഴിൽപരമായ രോഗങ്ങൾ കണ്ടെത്തുന്നതിനായി ഇന്ത്യയിൽ തൊഴിൽ ആരോഗ്യ സർവേ ആരംഭിച്ചു. കൊല്ലത്ത് സ്ഥാപിതമായ ഒക്യുപേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിന്റെ (OHRC) സഹായത്തോടെ, കയർ, കശുവണ്ടി, മത്സ്യ സംസ്കരണം, ക്രഷർ, പാക്കിംഗ്, ടെക്സ്റ്റൈൽ, തേയില ഫാക്ടറികളിലെ തൊഴിലാളികൾ എന്നിവർക്കിടയിൽ ഒരു തൊഴിൽ രോഗ സർവേ പഠനം പൂർത്തിയാക്കി.

വ്യാവസായിക ശുചിത്വ ലബോറട്ടറിയുടെ സഹായത്തോടെ, തൊഴിൽപരമായ രോഗങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ തിരിച്ചറിയുന്നതിനായി തൊഴിൽ സ്ഥലങ്ങളിൽ വ്യാവസായിക ശുചിത്വ നിരീക്ഷണ പഠനങ്ങൾ നടത്തുന്നു, ബന്ധപ്പെട്ട ഫാക്ടറി നിയമം ഭേദഗതി ചെയ്തുകൊണ്ട് തൊഴിൽ രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നു.

**ഫാബ് സേഫ് (FAB SAFE)**

ഫാക്ടറികളിൽ നിന്ന് അപകടകരമായ രാസവസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങൾ അപകടത്തിൽപെടുന്ന സാഹചര്യത്തിൽ, FAB SAFE എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി കെമിക്കൽ ഗ്യാസ് ചോർച്ചയോ തീപിടുത്തമോ വളരെ വേഗത്തിൽ അറിയിക്കാം. ഈ അറിയിപ്പുകൾ അടുത്തുള്ള ഫാക്ടറികളിൽ നിന്നുള്ള എമർജൻസി ക്രൂ അംഗങ്ങളുടെ വേഗത്തിലുള്ള വരവ് സുഗമമാക്കുന്നതിനും അപകടത്തിന്റെ ആഘാതവും തീവ്രതയും കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും സഹായിക്കുന്നു.

## കേരളത്തിലെ ഫാക്ടറി തൊഴിലാളികൾ

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ എണ്ണം വർഷങ്ങളായി വർദ്ധിച്ചുവെങ്കിലും തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു. (**പട്ടിക 7.1.5**)

**പട്ടിക 7.1.5** ഫാക്ടറികളിലെ തൊഴിലാളികളുടെ എണ്ണം (31.08.2025വരെ)

| വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|
| 2016 | 7,02,129 |
| 2017 | 6,78,058 |
| 2018 | 6,98,679 |
| 2019 | 7,26,195 |
| 2020 | 7,02,901 |
| *2021 | 6,52,875 |
| *2022 | 6,78,586 |
| *2023 | 6,02,493 |
| *2024 (As on 31.08.2024) | 6,41,701 |
| *2024 (31.12.2024 ലെ പുതുക്കിയ കണക്ക്) | 5,90,432 |

**ഉറവിടം:** ലേബർ കമ്മീഷണറേറ്റ് (2020 വരെ)* ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകിയ ഡാറ്റ ഫാക്ടറികളുടെ പുതിയ രജിസ്ട്രേഷൻ, സസ്പെൻഷൻ, ഒഴിവാക്കൽ എന്നിവ മൂലമാണ് തൊഴിലാളികളുടെ എണ്ണത്തിൽ മാറ്റം വരുന്നത്

## ഫാക്ടറി തൊഴിലാളികളുടെ സുരക്ഷ

ഫാക്ടറി തൊഴിലാളികളുടെയും ഫാക്ടറികളുടെ പരിസരത്ത് താമസിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള നിയമപരമായ അധികാരമുള്ള വകുപ്പ് എന്ന നിലയിൽ തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് വിവിധ പരിപാടികൾ നടത്തുന്നുണ്ട്. 2025-26ൽ (31.08.2025 വരെ), മേജർ ആക്സിഡന്റ് ഹസാർഡ് (MAH) ഫാക്ടറികളിൽ 10 മുൻഗണനാ പരിശോധനകളും, അപകടകരമായ ഫാക്ടറികളിൽ 8 പരിശോധനകളും സ്പെഷ്യലിസ്റ്റ് ഇൻസ്പെക്ടർമാർ നടത്തിയിട്ടുണ്ട്. ഫാക്ടറി തൊഴിലാളികൾക്കും ജീവനക്കാർക്കും മാത്രമല്ല, സ്കൂൾ കുട്ടികൾക്കും ഫാക്ടറി പരിസരത്തുള്ള പൊതുജനങ്ങൾക്കുമായി ഡിപ്പാർട്ട്മെന്റ് പരിശീലന പരിപാടികൾ നടത്തിവരുന്നു. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 7.1.6**-ൽ നൽകിയിരിക്കുന്നു.

## കേരളത്തിലെ വ്യാവസായിക അപകടങ്ങൾ

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള വ്യവസായശാലകളിൽ മാരകവും അല്ലാത്തതുമായ അപകടങ്ങളുടെ എണ്ണം 2019 മുതൽ തുടർച്ചയായി കുറഞ്ഞുവരികയാണ്. ഒരു പരിധി വരെ വകുപ്പിന്റെ ഇടപെടലുകൾ വഴിയാണിത്. 2016 മുതൽ 2025 വരെയുള്ള (ഒക്ടോബർ വരെ) അപകട വിശദാംശങ്ങൾ **പട്ടിക 7.1.6** കാണിക്കുന്നു.

## വ്യാവസായിക തർക്കങ്ങൾ

സംസ്ഥാനത്ത് സമാധാനപരമായ തൊഴിൽ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള പരാതികൾ ഉന്നയിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒരു വേദി അത്യന്താപേക്ഷിതമാണ്. 1947-ലെ വ്യാവസായിക തർക്ക നിയമം, സംഘടിത മേഖലയ്ക്ക് മാത്രം ബാധകമാണെങ്കിലും അതിനുള്ള നിയമ ചട്ടക്കൂട് ലേ ഓഫ്, റിട്രെഞ്ച്മെന്റ് എന്നിവയും നിയന്ത്രിക്കുന്നു.

2024-25 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പാക്കാത്ത തർക്കങ്ങളുടെ എണ്ണം 2206 ആയിരുന്നു, 2024-25 ൽ ഉടലെടുത്ത തർക്കങ്ങളുടെ എണ്ണം 2,260 ആണ്. 2024-25 വർഷത്തിൽ കൈകാര്യം ചെയ്ത ആകെ തർക്കങ്ങളുടെ എണ്ണം 4,466 ആണ്. 2024-25 വർഷത്തിൽ തീർപ്പാക്കിയ തർക്കങ്ങളുടെ എണ്ണം 3,178 ആയിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഒത്തുതീർപ്പുകളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. 2016-2017 മുതൽ 2025-26 വരെയുള്ള (31.08.2025 വരെ) തർക്കങ്ങളുടെയും ഒത്തുതീർപ്പുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 7.1.7** ൽ കാണിച്ചിരിക്കുന്നു.

## പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളും കാരണം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം

പണിമുടക്കുകളും ലോക്കൗട്ടുകളും പിരിച്ചുവിടലുകളും ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തുന്നു. 2024-25ൽ വിവിധ കാരണങ്ങളാൽ കേരളത്തിൽ നഷ്ടപ്പെട്ട തൊഴിൽദിനങ്ങളുടെ എണ്ണം 7,43,140 ആയിരുന്നു. വിവിധ കാരണങ്ങളാൽ നഷ്ടപ്പെട്ടതായി പറയുന്ന തൊഴിൽ നഷ്ടത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 7.1.8, 7.1.9, 7.1.10** എന്നിവയിൽ കാണിച്ചിരിക്കുന്നു.

## ലേബർ കമ്മീഷണറേറ്റ്

തൊഴിലാളികൾക്കിടയിൽ അവരുടെ അവകാശങ്ങളെയും കടമകളെയും കുറിച്ച് അവബോധം സൃഷ്ടിച്ച് നല്ല തൊഴിൽ-തൊഴിലാളി ബന്ധം വളർത്തിയെടുക്കാൻ ലേബർ കമ്മീഷണറേറ്റ് ഊന്നൽ നൽകുന്നു, തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാതെ കാര്യക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികൾക്കും സമൂഹത്തിനും തൊഴിൽ നിയമങ്ങളുടെ പ്രയോജനം ഉറപ്പാക്കാനും വകുപ്പ് ലക്ഷ്യമിടുന്നു. കേരളത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയ്ക്ക് കമ്മീഷണറേറ്റ് അർഹമായ പ്രാധാന്യം നൽകുന്നുണ്ട്. ലിംഗസമത്വം കേരളത്തിന്റെ തൊഴിൽ മേഖലയുടെ ഒരു പ്രത്യേകതയാണ്.

## കേരളത്തിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷയും ക്ഷേമ പ്രവർത്തനങ്ങളും

### ലേബർ കമ്മീഷണറേറ്റിന് കീഴിലുള്ള പ്രധാന തൊഴിലാളി ക്ഷേമ പദ്ധതികൾ

**1. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം**

ലേബർ കമ്മീഷണറേറ്റിന്റെ പ്രധാന പദ്ധതിയാണിത്. സംസ്ഥാനത്ത് ബീഡി, ഖാദി, ഈറ്റ, മുള, ചൂരൽ,

**പട്ടിക 7.1.6** കേരളത്തിലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ പരിധിയിലുള്ള ഫാക്ടറികളിലെ വ്യാവസായിക അപകടങ്ങൾ – 2016 മുതൽ 2025 വരെ (എണ്ണത്തിൽ)

| അപകടങ്ങൾ | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 | 2025 (ഒക്ടോബർവരെ) |
|---|---|---|---|---|---|---|---|---|---|---|
| *മാരകമായവ | 14 | 16 | 22 | 26 | 14 | 12 | 9 | 22 | 17 | 12 |
| *മരകമല്ലാത്തവ | 192 | 236 | 129 | 121 | 58 | 117 | 67 | 62 | 59 | 32 |
| **ആകെ** | **206** | **252** | **151** | **147** | **72** | **129** | **76** | **84** | **76** | **44** |

**ഉറവിടം:** ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, കേരള സർക്കാർ

മത്സ്യബന്ധനം, മത്സ്യ സംസ്കരണം, കയർ തുടങ്ങിയ പരമ്പരാഗത മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അവരുടെ കൂലിയിലെ വിടവ് (wage gap) നികത്തുന്നതിനായി 1250 രൂപ സാമ്പത്തിക സഹായം നൽകുന്നതിനായി 2010–11 കാലയളവിലാണ് ഈ പദ്ധതി ആരംഭിച്ചത്. കയർ, ഫിഷറീസ്, ഖാദി, കൈത്തറി വകുപ്പുകൾ മറ്റ് തൊഴിലാളി ക്ഷേമ ബോർഡുകൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. 2024–25ൽ ഇൻകം സപ്പോർട്ട് സ്കീം വഴി 69.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**2. തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കലും, നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിയും**

തോട്ടം മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ, വേതന വ്യവസ്ഥ, സൗകര്യങ്ങളുടെ അഭാവം, മോശം അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിഗണിച്ച് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് പാർപ്പിടം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഭവനം പദ്ധതിയുടെ തറക്കല്ലിടൽ 2019 ഫെബ്രുവരി 14–ന് ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി നിർവഹിക്കുകയും, ഇതുവരെ 9 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഭവനം ഫൗണ്ടേഷൻ കേരള (ബിഎഫ്കെ) കുളത്തുപ്പുഴ എസ്റ്റേറ്റിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ (ആർപിഎൽ) ഏറ്റെടുത്ത 5 ഏക്കർ സ്ഥലത്ത് ഭൂരഹിതർക്കും ഭവനരഹിതർക്കും വേണ്ടി ഭവനം പദ്ധതി – സ്വന്തം ഭവനം എന്ന പദ്ധതി നടപ്പാക്കുന്നു. ഒന്നാം ഘട്ടത്തിൽ 6 യൂണിറ്റുകളുടെ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയായി.

**3.അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണം**

ഈ സ്കീമിന് ഇനിപ്പറയുന്ന മൂന്ന് ഘടകങ്ങൾ ഉണ്ട്:

**(എ)അസംഘടിത ദിവസ വേതന തൊഴിലാളി കൾക്കുള്ള ആശ്വാസ നിധി**

2007–08 വർഷത്തിൽ നിലവിൽ വരികയും തൊഴിൽ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ പദ്ധതിയിലൂടെ ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ, ദിവസ വേതന തൊഴിലാളികളുടെ നിർവചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽ പരിക്ക് പറ്റിയാൽ അപേക്ഷയിന്മേൽ ഒറ്റത്തവണ 2000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**(ബി) അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി**

മരംകയറ്റ തൊഴിലാളി ക്ഷേമസ്കീം വഴി ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ പെൻഷൻ നൽകുന്ന കേരള മരംകയറ്റ തൊഴിലാളി പെൻഷൻ പദ്ധതി 1–1–2012–ലാണ് നിലവിൽ വന്നത്.

**സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ**

വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യ സഹായനിധി ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും, അർഹമായ മിനിമം വേതനം ലഭിക്കുന്നതിനുമായി 2011–12 വർഷത്തിലാണ് ഗവൺമെന്റ് പ്രസവാനുകൂല്യ പദ്ധതി നടപ്പിലാക്കിയത്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയാണ് പ്രസവാനുകൂല്യ തുക തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പദ്ധതിയിലൂടെ 2024–25ൽ 3,771 ഗുണഭോക്താക്കൾക്കായി 5.44 കോടി രൂപ ചെലവഴിച്ചു.

**4. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (ഇഎസ്ഐ) പദ്ധതി**

അസുഖം, പ്രസവം, അംഗവൈകല്യം, തൊഴിൽ ക്ഷതം മൂലമുള്ള മരണം എന്നിവയിൽ ജീവനക്കാർക്ക് സഹായം നൽകാനും ഇൻഷ്വർ ചെയ്ത വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും വൈദ്യസഹായം നൽകാനും ഇന്ത്യ ഗവണ്മെന്റിന്റെ ഇഎസ്ഐ സ്കീം ലക്ഷ്യമിടുന്നു. സമഗ്രമായ സാമൂഹ്യ സുരക്ഷാ വ്യവസ്ഥകൾ, 1948–ലെ ഇഎസ്ഐ നിയമത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പത്തോ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന വൈദ്യുതി ലഭ്യമായ നോൺ–സീസൺ ഫാക്ടറികളിലും, 20–ഓ അതിലധികമോ ആളുകൾക്ക് തൊഴിൽ നൽകുന്ന വൈദ്യുതി ഉപയോഗിക്കാത്ത ഫാക്ടറികളിലും തൊഴിലെടുക്കുന്ന എല്ലാ ജീവനക്കാരെയും ഈ സ്കീം പരിരക്ഷിക്കുന്നു ( കേന്ദ്ര സർക്കാരിന്റെ പുതിയ തൊഴിൽ കോഡ് പ്രകാരം തൊഴിലാളികളുടെ സംഖ്യയിൽ മാറ്റം വന്നിട്ടുണ്ട്). കടകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സിനിമാശാലകൾ, റോഡ് മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നു. ഇൻഷ്വർ ചെയ്ത ഓരോ ജീവനക്കാരനും അവരുടെ തൊഴിലുടമയും

അവരുടെ വേതനത്തിന്റെ ഒരു നിശ്ചിത ശതമാനം എല്ലാ മാസവും ഇഎസ്ഐസി യിലേക്ക് സംഭാവന ചെയ്യേണ്ടതുണ്ട്. കാലാകാലങ്ങളിൽ സീലിംഗ് വേതന നിരക്ക് പരിഷ്കരിക്കുന്നു. മിക്ക സാമൂഹിക സുരക്ഷാ പദ്ധതികളെയും പോലെ ഇഎസ്ഐ സ്കീമും പ്രവർത്തിക്കുന്നു. ഇത് ഒരു സ്വാശ്രയ ആരോഗ്യ ഇൻഷുറൻസ് സ്കീമാണ്, കൂടാതെ ശമ്പളത്തിന്റെ ഒരു നിശ്ചിത ശതമാനമായി പരിരക്ഷിത ജീവനക്കാരിൽ നിന്നും അവരുടെ തൊഴിലുടമകളിൽ നിന്നും സംഭാവനകൾ സമാഹരിക്കുന്നു. പേയ്മെന്റുകൾ മാസാടിസ്ഥാനത്തിൽ നൽകണം. കേരളത്തിൽ 147 ഇഎസ്ഐ ഡിസ്പെൻസറികളും 9 ഇഎസ്ഐ ആശുപത്രികളുമുണ്ട്. ഇ.എസ്.ഐ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം** 7.1.11–ൽ നൽകിയിരിക്കുന്നു.

### കേരളത്തിലെ അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

അതിഥി തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അഭാവമാണ് കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രധാന തടസ്സം. ഡോ. പരിദയുടെയും ഡോ. രവിരാമന്റെയും 2021 ലെ പഠനമനുസരിച്ച്, അതിഥി തൊഴിലാളികളുടെ എണ്ണം ഏകദേശം 31 ലക്ഷമാണ്, എന്നാൽ ലേബർ കമ്മീഷണറേറ്റിന്റെ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 5 ലക്ഷത്തിന് മുകളിൽ മാത്രമാണ്. ചുരുങ്ങിയ കാലം കേരളത്തിൽ താമസിച്ച് ജോലി ചെയ്ത് സ്വന്തം നാട്ടിലേക്ക് മടങ്ങുക എന്നതാണ് അതിഥി തൊഴിലാളികളുടെ ഇപ്പോഴത്തെ കുടിയേറ്റത്തിന്റെ രീതി. അതിനാൽ, ഇത്തരത്തിലുള്ള കുടിയേറ്റ പ്രവാഹത്തെക്കുറിച്ച് കൃത്യമായ കണക്ക് ലഭിക്കാൻ പ്രയാസമാണ്. 2001 വരെ കേരളത്തിലേക്കുള്ള കുടിയേറ്റക്കാർ പ്രധാനമായും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ, കുടിയേറ്റക്കാർ കൂടുതലും പശ്ചിമ ബംഗാൾ, അസം, ഒഡീഷ, ബിഹാർ എന്നിവിടങ്ങളിൽ നിന്നാണ്. നിർമ്മാണ മേഖലയിലാണ് ഏറ്റവും കൂടുതൽ കുടിയേറ്റ തൊഴിലാളികൾ ഉള്ളത്, 17.5 ലക്ഷം പേർ. ഉൽപന്ന നിർമ്മാണ മേഖലയിൽ 6.3 ലക്ഷം അതിഥി തൊഴിലാളികളും ജോലി ചെയ്യുന്നു. കുടിയേറ്റ വെൽഫെയർ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ എണ്ണം **അനുബന്ധം 7.1.12, 7.1.13** എന്നിവയിൽ കാണിച്ചിരിക്കുന്നു.

### കേരളത്തിലെ അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

#### 1.അതിഥി പോർട്ടൽ വഴിയുള്ള അതിഥി തൊഴിലാളികളുടെ ഏകീകൃത രജിസ്ട്രേഷൻ

കേരളത്തിലെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും ക്ഷേമപ്രവർത്തനങ്ങളും സുഗമമാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) വികസിപ്പിക്കുകയും, 2023 ഓഗസ്റ്റിൽ കേരള ലേബർ ഡിപ്പാർട്ട്മെന്റ് സമാരംഭിക്കുകയും ചെയ്തതാണ് അതിഥി പോർട്ടൽ. അതിഥി തൊഴിലാളികളുടെ ഒരു കേന്ദ്രീകൃത ഡാറ്റാബേസ് തയ്യാറാക്കുക, ഓരോ തൊഴിലാളിക്കും തനതായ തിരിച്ചറിയൽ രേഖ (Unique ID) നൽകുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇതിലൂടെ തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കാനും, സാമൂഹിക സുരക്ഷാ പദ്ധതികൾ അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാനും, സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ജനസംഖ്യയെ അതിഥിസൗഹൃദമാക്കാനും സാധിക്കുന്നു. 20.11.2025 വരെ 4,31,975 അതിഥി തൊഴിലാളികൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും എത്തി കേരളത്തിലെ വിവിധ ജില്ലകളിലായി അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ **അനുബന്ധം 7.1.14**–ൽ നൽകിയിട്ടുണ്ട്.

#### 2. അപ്നാഘർ

അപ്നാഘർ എന്ന സ്കീമിന് കീഴിൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കുടിയേറ്റ തൊഴിലാളികൾക്കായി കേരള സർക്കാർ ഡോർമിറ്ററി സൗകര്യങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട് (സമാനമായ പദ്ധതി 2024–25 ലെ കേന്ദ്ര ബജറ്റിൽ പരാമർശിച്ചിട്ടുണ്ട്). പങ്കിട്ട് ഉപയോഗിക്കാവുന്ന മുറികൾ, ഒന്നിലധികം അടുക്കളകൾ, മെസ് ഏരിയകൾ, കുളിമുറി, ടോയ്ലറ്റുകൾ, വിനോദ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെയാണ് ഈ ഹോസ്റ്റലുകൾ രൂപകൽപന ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ മലിനജല ശുദ്ധീകരണ പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സിസിടിവി സംവിധാനങ്ങൾ എന്നിവയും ഉണ്ടായിരിക്കും. പാലക്കാട് ജില്ലയിൽ അപ്നാഘറിന് കീഴിൽ 620 കിടക്കകളുള്ള ഡോർമിറ്ററി സൗകര്യവും, കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ 100 കിടക്കകളുള്ള സൗകര്യവും (ഘട്ടം 1) 2023ൽ പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ 'അപ്നാ ഘർ' പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്

#### 3.അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷുറൻസ് (AWAAZ)

അതിഥി തൊഴിലാളികൾക്കായി കേരള ഗവൺമെന്റ് ഒരു ഹെൽത്ത് കം ഡെത്ത് ഇൻഷുറൻസ് സ്കീം അവതരിപ്പിച്ചു, അതിൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 25,000 രൂപ വരെയുള്ള ആരോഗ്യ ഇൻഷുറൻസിനും 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് ക്ലെയിമിനും അർഹതയുണ്ട്. 5,16,320 അതിഥി തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ കുടിയേറ്റ തൊഴിലാളികളിലേക്ക് ഈ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

#### 4.അതിഥി തൊഴിലാളികൾക്കുള്ള ബോധവൽക്കരണ പരിപാടി

കുടിയേറ്റ തൊഴിലാളികളുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കുന്നതിനുമായി ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ മറ്റ് ഫീൽഡ് വകുപ്പുകളുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പുകൾ, കോൺടാക്റ്റ് ക്ലാസുകൾ, ആരോഗ്യ അവബോധത്തെയും തൊഴിൽ അവകാശങ്ങളെയും കുറിച്ചുള്ള പരസ്യങ്ങൾ, ഹ്രസ്വചിത്രങ്ങൾ മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

കേന്ദ്ര സർക്കാർ നാല് പുതിയ തൊഴിൽ നിയമങ്ങൾ (Labour Codes) പാസാക്കിയ സാഹചര്യത്തിൽ, സംസ്ഥാന സർക്കാർ ദേശീയതലത്തിൽ ഒരു തൊഴിൽ കോൺക്ലേവ് സംഘടിപ്പിച്ചു. പുതിയ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകൾ പരിഗണിക്കുമ്പോൾ തൊഴിലാളി ക്ഷേമം സംരക്ഷിക്കുന്നതിലെ വെല്ലുവിളികൾ നേരിടുവാനുള്ള പ്രതിബദ്ധത സംസ്ഥാന സർക്കാർ ആവർത്തിച്ച് വ്യക്തമാക്കുന്നു. കാര്യക്ഷമത വർധിപ്പിക്കുന്നതിനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുതിയതും സുതാര്യമായതുമായ തൊഴിൽ സംസ്കാരം വികസിപ്പിക്കുന്നതിനുമായി തൊഴിൽ മേഖലയിൽ സമാധാനവും വ്യാവസായിക ഐക്യവും ഉറപ്പാക്കുകയാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുന്നതിനും ജീവനക്കാർക്കിടയിൽ അവകാശങ്ങൾ മാത്രമല്ല കടമകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിലും തൊഴിൽ വകുപ്പ് ഊന്നൽ നൽകുന്നു

# 7.2ആഗോള തൊഴിൽ വീക്ഷണം

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ വേൾഡ് എംപ്ലോയ്മെന്റ് ആൻഡ് സോഷ്യൽ ഔട്ട്ലുക്ക്: ട്രെൻഡ്സ് 2025 പ്രകാരം, ആഗോള തൊഴിൽ വിപണികൾ ഒന്നിലധികം വെല്ലുവിളികൾ നേരിടുന്നു, അതിൽ മന്ദഗതിയിലുള്ള തൊഴിൽ സൃഷ്ടി, തുടർച്ചയായി രേഖപ്പെടുത്തുന്ന യുവാക്കളുടെ ഉയർന്ന തൊഴിലില്ലായ്മ, കൃത്രിമബുദ്ധി പോലുള്ള സാങ്കേതിക പുരോഗതിയിൽ നിന്നുള്ള വർദ്ധിച്ചുവരുന്ന തൊഴിൽ തടസ്സങ്ങൾ എന്നിവ ഉൾപ്പെടുന്നു. 2024 ൽ, ആഗോള തൊഴിൽ വളർച്ച തൊഴിൽ ശക്തിയുടെ വികാസവുമായി പൊരുത്തപ്പെട്ടു, അതിന്റെ ഫലമായി ആഗോള തൊഴിലില്ലായ്മ നിരക്ക് 2023 ലെ അതേ നിലവാരത്തിൽ തന്നെ മാറ്റമില്ലാതെ 5 ശതമാനമായി തുടരുന്നു.

സ്ഥിരമായ തൊഴിലില്ലായ്മ നിരക്കുകൾ ഉണ്ടായിരുന്നിട്ടും, ആഗോള തൊഴിൽ വിടവ് – തൊഴിൽ അന്വേഷിക്കുന്ന എല്ലാവർക്കും തൊഴിൽ അവസരങ്ങൾ നൽകുന്നതിന് ആവശ്യമായ ആകെ ജോലികളുടെ എണ്ണം എന്ന് ഐഎൽഒ നിർവചിച്ചിരിക്കുന്നത് – 2024 ൽ ഏകദേശം 402.4 ദശലക്ഷമായി ഗണ്യമായി തുടർന്നു. ഈ വിടവിൽ ഏകദേശം 186 ദശലക്ഷം തൊഴിലില്ലാത്ത വ്യക്തികളും, തൊഴിൽ സാധ്യതാ സേനയുടെ ഭാഗമായ 137 ദശലക്ഷം ആളുകളും, നിരുത്സാഹപ്പെടുത്തിയ തൊഴിലാളികളും, ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവരും എന്നാൽ പരിചരണ ഉത്തരവാദിത്തങ്ങൾ പോലുള്ള നിയന്ത്രണങ്ങൾ കാരണം തൊഴിൽ ചെയ്യാൻ കഴിയാത്തവരുമായ ഏകദേശം 79 ദശലക്ഷം വ്യക്തികളും ഉൾപ്പെടുന്നു.

2024–ൽ യുവാക്കളുടെ തൊഴിലില്ലായ്മ 12.6 ശതമാനമായി ഉയർന്നു, ഇത് സൂചിപ്പിക്കുന്നത് സാമ്പത്തിക തിരിച്ചുവരവിൽ നിന്ന് യുവാക്കൾക്ക് മൊത്തത്തിലുള്ള തൊഴിൽ ശക്തിയേക്കാൾ കുറഞ്ഞ നേട്ടമാണുണ്ടായത് എന്നാണ്. തൊഴിൽ വിപണിയിൽ ഗണ്യമായ ലിംഗ അസമത്വം നിലനിൽക്കുന്നു, പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള തൊഴിൽ വിടവ് നിരക്ക് ഏകദേശം 4.5 ശതമാനം വ്യത്യാസപ്പെട്ടിരിക്കുന്നു. ഉയർന്ന വരുമാനമുള്ള രാജ്യങ്ങൾ കുറഞ്ഞ തൊഴിൽ വിടവ് നിരക്കുകൾ രേഖപ്പെടുത്തുന്നു, പുരുഷന്മാർക്ക് 7.1 ശതമാനവും സ്ത്രീകൾക്ക് 9.3 ശതമാനവും. ഇതിനു വിപരീതമായി, വികസ്വര, വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകളിൽ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ, ഗണ്യമായി ഉയർന്ന തൊഴിൽ വിടവുകൾ അനുഭവപ്പെടുന്നു. താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിൽ, പുരുഷന്മാരുടെ തൊഴിൽ വിടവ് നിരക്കായ 15.2 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകളുടെ തൊഴിൽ വിടവ് നിരക്ക് 22.5 ശതമാനമാണ്. ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾ ഒരു ഇന്റർമീഡിയറ്റ് പാറ്റേൺ കാണിക്കുന്നു, സ്ത്രീകളുടെ തൊഴിൽ വിടവ് സ്ഥിരമായി പുരുഷന്മാരേക്കാൾ വളരെ ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്നു.

**തൊഴിൽ സാഹചര്യം: ഇന്ത്യയും കേരളവും**

**തൊഴിലില്ലായ്മ നിരക്ക്**

തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് കേരളത്തിലെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിൽ സർക്കാർ വിജയിച്ചു. 2017-18 നെ അപേക്ഷിച്ച്, 2023-24 ൽ തൊഴിലില്ലായ്മ നിരക്ക് 4.2 ശതമാനം പോയിന്റ് കുറഞ്ഞ് 11.4 ശതമാനത്തിൽ നിന്ന്, 7.2 ശതമാനമായി. 2023-24 വർഷത്തിൽ കേരളത്തിൽ 15 വയസ്സിനും അതിനുമുകളിലും പ്രായമുള്ളവരുടെ യൂഷ്വൽ സ്റ്റാറ്റസ് (ps+ss) പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്ക്

**ചിത്രം 7.2.1** കഴിഞ്ഞ ഏഴ് വർഷമായി കേരളത്തിലെ തൊഴിലില്ലായ്മയുടെ പ്രവണത




**ഉറവിടം:** എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

അഖിലേന്ത്യാ ശരാശരിയായ 3.2 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ 7.2 ശതമാനമാണ്. NSO, MoSPI ഇതുവരെ 2024-25 ലെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. 2025 മുതൽ, ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ജൂലൈ മുതൽ ജൂൺ വരെയുള്ള വാർഷിക PLFS ഫലങ്ങളുടെ റിപ്പോർട്ടിംഗ് ചക്രം മാറ്റി ജനുവരി മുതൽ ഡിസംബർ വരെയാക്കി. 2023-24 ലെ അഖിലേന്ത്യാ ശരാശരിയായ 3.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പുരുഷന്മാരുടെ തൊഴിലില്ലായ്മാ നിരക്ക് 4.4 ശതമാനമാണ്, സ്ത്രീകൾക്ക് ഇത് യഥാക്രമം 11.6 ശതമാനവും 3.2 ശതമാനവുമാണ്. ഗ്രാമപ്രദേശങ്ങളിൽ, കേരളത്തിലെ പുരുഷന്മാരുടെ തൊഴിലില്ലായ്മാ നിരക്ക് അഖിലേന്ത്യാ ശരാശരിയായ 2.7 ശതമാനത്തിൽ നിന്ന് 4.6 ഉം സ്ത്രീകൾക്ക് ഇതേ കാലയളവിൽ അഖിലേന്ത്യാ ശരാശരിയായ 2.1 ശതമാനത്തിൽ നിന്ന് 12.1 ഉം ആണ്. നഗരപ്രദേശങ്ങളിൽ ഇത് പുരുഷന്മാർക്ക് 4.2 ശതമാനവും സ്ത്രീകൾക്ക് 10.9 ശതമാനവുമാണ്, അഖിലേന്ത്യാ ശരാശരി 44 ശതമാനവും 7.1 ശതമാനവുമാണ് . കഴിഞ്ഞ ഏഴ് വർഷമായി കേരളത്തിലെ തൊഴിലില്ലായ്മയുടെ പ്രവണത **ചിത്രം 7.2.1** ൽ നൽകിയിരിക്കുന്നു.

മൊത്തത്തിൽ, കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഈ കാലയളവിൽ കുറഞ്ഞുവെന്ന് വ്യക്തമാണ്. സംസ്ഥാന സർക്കാർ വിവിധ രീതികളിലൂടെ തൊഴിൽ സൃഷ്ടിക്കുന്നതിൽ സജീവമായി ഇടപെട്ടിട്ടുണ്ട്. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ (പിഎസ്‌സി) വഴി നടത്തിയ നിയമനങ്ങൾ ഈ ശ്രമത്തെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നു. 2016 മെയ് മാസം മുതൽ 2025 ജൂലൈ വരെ, കേരള പിഎസ്‌സി 289434 ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചു, 2024 മുതൽ 2025 ജൂലൈ വരെയുള്ള കാലയളവിൽ

**ബോക്സ് 7.2.1**

നഗരപ്രദേശങ്ങളിലെ പ്രധാന തൊഴിൽ, തൊഴിലില്ലായ്മ സൂചകങ്ങൾ (ഉദാ. തൊഴിലാളി ജനസംഖ്യാ അനുപാതം, തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്, തൊഴിലില്ലായ്മ നിരക്ക്) നിലവിലെ വീക്കിലി സ്റ്റാറ്റസിൽ (CWS) മൂന്ന് മാസത്തെ കുറഞ്ഞ സമയത്തിനുള്ളിൽ കണക്കാക്കുന്നതിനും ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും സാധാരണ സ്റ്റാറ്റസിലും (ps+ss) CWS-ലും തൊഴിൽ, തൊഴിലില്ലായ്മ സൂചകങ്ങൾ വാർഷികമായി കണക്കാക്കുന്നതിനുമായി 2017-ൽ PLFS ആരംഭിച്ചു. വർദ്ധിച്ച കവറേജോടുകൂടിയ ഉയർന്ന ആവൃത്തിയിലുള്ള തൊഴിൽ ശക്തി സൂചകങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) യുടെ സാമ്പിൾ രീതിശാസ്ത്രം 2025 ജനുവരി മുതൽ പുതുക്കിയിട്ടുണ്ട്. പുതുക്കിയ PLFS രൂപകൽപ്പന, അഖിലേന്ത്യാ തലത്തിൽ നിലവിലെ വീക്ക്‌ലി സ്റ്റാറ്റസിൽ (CWS1) ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പ്രധാന തൊഴിൽ, തൊഴിലില്ലായ്മ സൂചകങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കുന്നതിനും, PLFS ന്റെ ത്രൈമാസ ഫലങ്ങളുടെ കവറേജ് ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും അതുവഴി നിലവിലെ വീക്ക്‌ലി സ്റ്റാറ്റസിൽ (CWS) ഇന്ത്യയിലെ ഗ്രാമീണ, നഗരപ്രദേശങ്ങളെ ഉൾക്കൊള്ളുന്ന ത്രൈമാസ എസ്റ്റിമേറ്റുകൾ നിർമ്മിക്കുന്നതിനും, ഗ്രാമീണ, നഗരപ്രദേശങ്ങളിലെ സാധാരണ സ്റ്റാറ്റസിലും CWS ലും പ്രധാനപ്പെട്ട തൊഴിൽ, തൊഴിലില്ലായ്മ സൂചകങ്ങൾ വർഷം തോറും കണക്കാക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. അതിനാൽ, ത്രൈമാസ ബുള്ളറ്റിൻ പ്രധാന തൊഴിൽ ശക്തി സൂചകങ്ങളായ ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക് (LFPR), തൊഴിലാളി ജനസംഖ്യാ അനുപാതം (WPR), തൊഴിലില്ലായ്മ നിരക്ക് (UR), നിലവിലെ വീക്ക്‌ലി സ്റ്റാറ്റസിൽ (CWS) തൊഴിൽ, തൊഴിൽ വ്യവസായം എന്നിവയിലെ വിശാലമായ സ്റ്റാറ്റസ് അനുസരിച്ച് തൊഴിലാളികളുടെ വിതരണം എന്നിവ ഗ്രാമപ്രദേശങ്ങൾ, നഗരപ്രദേശങ്ങൾ, ഗ്രാമപ്രദേശങ്ങൾ, നഗരപ്രദേശങ്ങൾ എന്നിവയ്ക്കായി പ്രത്യേകം അവതരിപ്പിക്കുന്നു.

**ചിത്രം 7.2.2** കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ (ലക്ഷത്തിൽ).




**ഉറവിടം:** എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

മാത്രം 55,296 ആണ്. യുപിഎസ്‌സി വാർത്താക്കുറിപ്പുകൾ (87 & 88 ലക്കം), 2024 കാണിക്കുന്നത് കെപിഎസ്‌സി വഴി ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം ഇന്ത്യയിലുടനീളമുള്ള എല്ലാ പിഎസ്‌സി നിയമനങ്ങളുടെയും പകുതിയിലധികമാണ്. 'ഇയർ ഓഫ് എന്റർപ്രൈസസ് 1.0' ന്റെ ഭാഗമായി, 2022-23 ൽ, 3,00,049 പേർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു, 2023-24 ലെ 'ഇയർ ഓഫ് എന്റർപ്രൈസസ് 2.0' സംസ്ഥാനത്ത് 2,18,179 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. 2024-25 വർഷത്തിൽ ആരംഭിച്ച 'സംരംഭങ്ങളുടെ വർഷം 3.0', 2025 നവംബർ 20 വരെ 2,48,810 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. നോളജ് ഇക്കണോമി മിഷന് കീഴിൽ, 2,38,069 നിയമനങ്ങൾ നടന്നിട്ടുണ്ട്.

2017-18 മുതൽ 2023-24 വരെയുള്ള കാലയളവിൽ കേരളത്തിലെ തൊഴിൽ ശക്തി പങ്കാളിത്തം (LFPR) 46.5 ശതമാനത്തിൽ നിന്ന് 56.2 ശതമാനമായി വർദ്ധിച്ചു. അതുപോലെ, ഇതേ കാലയളവിൽ തൊഴിലാളി ജനസംഖ്യാ അനുപാതം (WPR) 32.4 ശതമാനത്തിൽ നിന്ന് 42.01 ശതമാനമായി വർദ്ധിച്ചു.

**കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിൽ**

കേരളത്തിൽ, സംഘടിത മേഖലയിലെ തൊഴിൽ 2015-ൽ 11.4 ലക്ഷത്തിൽ നിന്ന് 2025-ൽ 12.6 ലക്ഷമായി വർദ്ധിച്ചു (2025 മാർച്ച് 31 വരെ).സ്വകാര്യ, പൊതു മേഖലകൾ ഉൾപ്പെടുന്ന സംഘടിത മേഖലയാണിത്. 2020 വരെ സ്വകാര്യ സംഘടിത മേഖലയിലെ തൊഴിൽ വർദ്ധനവ് പ്രകടമായിരുന്നു, 2021-ൽ നേരിയ കുറവ് അനുഭവപ്പെട്ടു, പിന്നീട് വർദ്ധിച്ചു എന്നത് ശ്രദ്ധേയമാണ്. 2025-ൽ, സംഘടിത മേഖലയിൽ ജോലി ചെയ്യുന്ന 12.6 ലക്ഷം പേരിൽ 5.6 ലക്ഷം (44.4 ശതമാനം) പേർ പൊതുമേഖലയിലും 7.0 ലക്ഷം (55.5 ശതമാനം) പേർ സ്വകാര്യ മേഖലയിലുമാണ്. ഒഴിവുകളുടെ സമയബന്ധിതമായ റിപ്പോർട്ടിംഗും തൊഴിൽ നിയമനത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ സജീവമായ ഇടപെടലും, കേരളത്തിലെ പൊതുമേഖലയിലെ തൊഴിൽ വർദ്ധനവിന് കാരണമാണ്. സംഘടിത മേഖലയിലെ തൊഴിൽ (**അനുബന്ധം** 7.2.2, **ചിത്രം** 7.2.2) എന്നിവയിൽ കാണിച്ചിരിക്കുന്നു.

2024-25 ൽ പൊതുമേഖലയിൽ 46.6 ശതമാനം പേർ സംസ്ഥാന സർക്കാരിലും, 10.8 ശതമാനം പേർ കേന്ദ്ര സർക്കാരിലും, 23.6 ശതമാനം പേർ സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും, 4.5 ശതമാനം പേർ തദ്ദേശ സ്വയംഭരZണ സ്ഥാപനങ്ങളിലും, 14.5 ശതമാനം പേർ കേന്ദ്ര അർദ്ധ സർക്കാർ സ്ഥാപനങ്ങളിലുമാണ് ജോലി ചെയ്യുന്നത്. കേരളത്തിലെ പൊതുമേഖലയിലെ വിവിധ ശാഖകളിലെ തൊഴിൽ വിതരണം വിശദമായി (**ചിത്രം 7.2.3** ഉം **അനുബന്ധം 7.2.3** ഉം) ൽ പ്രതിപാദിച്ചിരിക്കുന്നു. 2025 മാർച്ച് വരെയുള്ള ജില്ല തിരിച്ചുള്ള സംഘടിത മേഖലയിലെ തൊഴിൽ ഡാറ്റ കാണിക്കുന്നത് യഥാക്രമം ഏറ്റവും ഉയർന്നതും ഏറ്റവും കുറഞ്ഞതുമായ തൊഴിൽ എറണാകുളം വയനാട് ജില്ലകളിലാണ്. എറണാകുളം ജില്ലയിൽ ഇത് 2,68,460 ആളുകളാണ്, ഇത് സംസ്ഥാനത്തിന്റെ ആകെ തൊഴിലിന്റെ 21.3 ശതമാനമാണ്. വയനാട്ടിൽ സംഘടിത മേഖലയിലെ തൊഴിൽ 35,411 ആളുകളാണ്, ഇത് മൊത്തം തൊഴിലിന്റെ 2.8 ശതമാനമാണ്. കേരളത്തിലെ പൊതു, സ്വകാര്യ മേഖലകളിലെ വിവിധ മേഖലകളിലെ ജില്ല തിരിച്ചുള്ള തൊഴിൽ വിവരങ്ങൾ (**അനുബന്ധം 7.2.4**) ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

സംഘടിത മേഖലയിലെ, പൊതുമേഖലയിൽ ജോലി ചെയ്യുന്ന പുരുഷന്മാരുടെ എണ്ണം സ്ത്രീകളുടെ എണ്ണത്തെക്കാൾ കൂടുതലാണ്. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, പൊതുമേഖലയിൽ 3,63,970 പുരുഷന്മാരും 1,94,667 സ്ത്രീകളും ജോലി ചെയ്യുന്നു. എന്നിരുന്നാലും, സംഘടിത സ്വകാര്യ മേഖലയിൽ പുരുഷന്മാരേക്കാൾ അല്പം കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നു – യഥാക്രമം 3,59,979 ഉം 3,40,988 ഉം (**അനുബന്ധം 7.2.2**). 2024-25 ൽ,

**ചിത്രം 7.2.3** 2025-ൽ പൊതുമേഖലയിലെ വിവിധ ശാഖകളിലെ തൊഴിൽ വിതരണം




**ഉറവിടം**: എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

പൊതുമേഖലയിൽ പുരുഷന്മാരുടെ തൊഴിൽ വിഹിതം 65.1 ശതമാനമായിരുന്നു, അതേസമയം സ്ത്രീകളുടെ തൊഴിൽ വിഹിതം 34.9 ശതമാനമായിരുന്നു. പൊതുമേഖലയിൽ ഏറ്റവും ഉയർന്നതും ഏറ്റവും കുറഞ്ഞതുമായ വനിതാ ജീവനക്കാർ യഥാക്രമം തിരുവനന്തപുരത്തും (30,714) ഇടുക്കിയിലുമാണ്(3,464) ഉള്ളത്. പൊതുമേഖലയിൽ സ്ത്രീ പങ്കാളിത്തം (**അനുബന്ധം 7.2.5**) ൽ കാണിച്ചിരിക്കുന്നു. സംഘടിത മേഖലയിലെ പുരുഷ/സ്ത്രീ തൊഴിൽ ശക്തി പങ്കാളിത്തത്തിന്റെ വിഹിതം ശതമാനത്തിൽ **പട്ടിക 7.2.1** ൽ കാണിച്ചിരിക്കുന്നു.

കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിലാളികളുടെ വ്യവസായാടിസ്ഥാനത്തിലുള്ള വിതരണത്തെക്കുറിച്ചുള്ള സമീപകാല സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് സേവന മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും കൃഷിയെ ആശ്രയിക്കുന്നവരുടെ എണ്ണം നിലവിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും ആണ്. ദ്വിതീയ മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം നേരിയ വർദ്ധനവ് കാണിക്കുന്നു. വിദ്യാഭ്യാസ മേഖലയിലും ഉൽപ്പാദന മേഖലയിലും തൊഴിലിന്റെ വിഹിതം വർദ്ധിച്ചു. 2025-ൽ കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിലിന്റെ പ്രധാന മേഖലാ വിതരണം **അനുബന്ധം 7.2.6** ലും **ചിത്രം 7.2.4** ലും വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### അസംഘടിത മേഖലയിലെ തൊഴിൽ

തൊഴിൽ, മൊത്ത ആഭ്യന്തര ഉൽപ്പാദനം, സമ്പാദ്യം, മൂലധന രൂപീകരണം എന്നിവയിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ അസംഘടിത മേഖല നിർണ്ണായക പങ്ക് വഹിക്കുന്നു. ഇന്ത്യയിലും കേരളത്തിലും, സമൂഹത്തിലെ സാമ്പത്തികമായും

**പട്ടിക 7.2.1** സംഘടിത പൊതുമേഖലയിലെ പുരുഷ/സ്ത്രീ തൊഴിൽ സേനയുടെ പങ്കാളിത്തത്തിന്റെ വിഹിതം (%)

| ക്രമ നം | വിഭാഗം | തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം | തൊഴിൽ ചെയ്യുന്ന പുരുഷൻമാരുടെ എണ്ണം | ആകെ പുരുഷന്മാരും സ്ത്രീകളും | സ്ത്രീകളുടെ വിഹിതം (%) | പുരുഷന്മാരുടെ വിഹിതം (%) |
|---|---|---|---|---|---|---|
| എണ്ണം | സംസ്ഥാന സർക്കാർ | 105906 | 154145 | 260051 | 40.73 | 59.27 |
| എണ്ണം | സംസ്ഥാന അർദ്ധ സർക്കാർ | സ്ത്രീകളുടെ വിഹിതം (%) | പുരുഷന്മാരുടെ വിഹിതം (%) | 131867 | 29.75 | 70.25 |
| 3 | കേന്ദ്ര സർക്കാർ | 14797 | 45623 | 60420 | 24.49 | 75.51 |
| 4 | കേന്ദ്ര അർദ്ധ സർക്കാർ | 25451 | 55523 | 80974 | 31.43 | 68.57 |
| 5 | തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങൾ | 9283 | 16042 | 25325 | 36.66 | 63.34 |
| | **ആകെ** | **194667** | **363970** | **558637** | **34.80** | **65.20** |

**ഉറവിടം**: എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

**ചിത്രം 7.2.4 2025 മാർച്ചിൽ കേരളത്തിലെ സംഘടിത മേഖലയിലെ തൊഴിലിന്റെ പ്രധാന മേഖലാ വിതരണം, (ശതമാനത്തിൽ)**




**ഉറവിടം:** എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

സാമൂഹികമായും ദുർബലരായ വിഭാഗങ്ങളിൽ വലിയൊരു വിഭാഗം അസംഘടിത സാമ്പത്തിക പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു.

അസംഘടിത മേഖലയിലെ തൊഴിൽ സംരംഭങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞ തൊഴിൽ സുരക്ഷയും, കുറഞ്ഞ സാമൂഹിക സംരക്ഷണവുമാണ്, ഉയർന്ന മേഖലയിലേക്കുള്ള വളർച്ചക്ക് ഇതിൽ സാധ്യത കുറവാണ്, ശമ്പളത്തോടുകൂടിയ അവധി ദിനങ്ങളില്ല. കേരളത്തിൽ, അസംഘടിത മേഖലയിലെ അന്യായമായ രീതികൾ കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചിരിക്കുന്ന നോഡൽ വകുപ്പാണ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്. സമീപ വർഷങ്ങളിൽ,

**ചിത്രം 7.2.5** കേരളത്തിലെ തൊഴിലന്വേഷകർ, (ലക്ഷത്തിൽ)




**ഉറവിടം**: എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ നൽകുന്നതിനായി കേരള സർക്കാർ നിരവധി നടപടികൾ ആരംഭിച്ചു, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതി (KSSWSS) വഴി അസംഘടിത തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ, കരകൗശല തൊഴിലാളികൾ, വീട്ടുജോലിക്കാർ, ബാർബർമാർ തുടങ്ങിയവരുടെ വിവിധ ക്ഷേമ ഫണ്ടുകൾ ഏകീകരിക്കൽ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) വഴി പെൻഷനുകൾ, വിവാഹം, പ്രസവാനുകൂല്യങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. ഇതോടൊപ്പം കാർഷിക, തോട്ടം തൊഴിലാളികൾക്കുള്ള പ്രത്യേക പദ്ധതികളും വിഭാവനം ചെയ്യുന്നു.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും അവയുടെ സേവനങ്ങളും

#### രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ തത്സമയ രജിസ്റ്ററുകൾ പ്രകാരം, 2017 ഡിസംബർ 31-ന് ആകെ തൊഴിലന്വേഷകരുടെ എണ്ണം 35.03 ലക്ഷമായിരുന്നു, 2024 ഡിസംബർ 31-ന് ഇത് 23.86 ലക്ഷമായി കുറഞ്ഞു. 2025 ഓഗസ്റ്റ് 31 വരെയുള്ള തൊഴിലന്വേഷകരുടെ എണ്ണം 22.98 ലക്ഷമാണ്. വിവിധ വർഷങ്ങളിലെ തൊഴിലന്വേഷകരുടെ വിശദാംശങ്ങൾ **അനുബന്ധം 7.2.7** ലും **ചിത്രം 7.2.5** ലും നൽകിയിരിക്കുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ തത്സമയ രജിസ്റ്ററുകൾ സൂചിപ്പിക്കുന്നത് തൊഴിലന്വേഷകരിൽ പുരുഷന്മാരുടെ എണ്ണത്തെക്കാൾ കൂടുതൽ വനിതാ തൊഴിൽ അന്വേഷകരാണെന്നാണ്. മൊത്തം തൊഴിലന്വേഷകരിൽ (2025 ഓഗസ്റ്റ് 31 വരെ) 63.89 ശതമാനം സ്ത്രീകളാണ്. വിദ്യാഭ്യാസ നിലവാരം അനുസരിച്ച് തൊഴിലന്വേഷകരുടെ വിഭജനം സൂചിപ്പിക്കുന്നത് 5.47 ശതമാനം പേർക്ക് മാത്രമേ എസ്എസ്എൽസിക്ക് താഴെയുള്ള വിദ്യഭ്യാസ യോഗ്യതയുള്ളൂ എന്നാണ്. ഏകദേശം 94.47 ശതമാനം തൊഴിലന്വേഷകർക്കും എസ്എസ്എൽസിയും അതിനുമുകളിലും യോഗ്യതയുള്ളവരാണ്. വിദ്യാഭ്യാസ

**ചിത്രം 7.2.6** വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയുള്ള കേരളത്തിലെ തൊഴിലന്വേഷകരുടെ വിതരണം (2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്)




**ഉറവിടം**: എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

**ചിത്രം 7.2.7** കേരളത്തിലെ തൊഴിലന്വേഷകർ, 2025–ൽ പുരുഷന്മാരും സ്ത്രീകളും (ലക്ഷത്തിൽ)




**ഉറവിടം:** എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

നിലവാരം അനുസരിച്ച് കേരളത്തിലെ തൊഴിലന്വേഷകരുടെ ഘടന **ചിത്രം 7.2.6** ലും **അനുബന്ധം 7.2.8** ലും വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് പ്രൊഫഷണൽ, സാങ്കേതിക തൊഴിലന്വേഷകരുടെ എണ്ണം 1.31 ലക്ഷമാണ്. ഇതിൽ ഐടിഐ സർട്ടിഫിക്കറ്റ് ഉടമകൾ, ഡിപ്ലോമ ഉടമകൾ, എഞ്ചിനീയറിംഗ് ബിരുദധാരികൾ എന്നിവർ ചേർന്ന് മൊത്തം പ്രൊഫഷണൽ, സാങ്കേതിക തൊഴിലന്വേഷകരുടെ 88.53 ശതമാനമാണ്.

2025–ൽ (ഓഗസ്റ്റ് 31 വരെയുള്ള കണക്കനുസരിച്ച്) തൊഴിലന്വേഷകരിൽ 29,583 പേർ എഞ്ചിനീയറിംഗ് ബിരുദധാരികളും 5,514 പേർ മെഡിക്കൽ ബിരുദധാരികളും 96,189 പേർ മറ്റ് പ്രൊഫഷണൽ ഉദ്യോഗാർത്ഥികളുമാണ്. വിദ്യാഭ്യാസ നിലവാരം അനുസരിച്ച് കേരളത്തിലെ തൊഴിലന്വേഷകരുടെ വിതരണം **അനുബന്ധം 7.2.9**–ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. കേരളത്തിലെ ജില്ല തിരിച്ചുള്ള തൊഴിലന്വേഷകരുടെ വിശദാംശങ്ങൾ **ചിത്രം 7.2.7**–ൽ കാണിച്ചിരിക്കുന്നു.

2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള തൊഴിലന്വേഷകരുടെ വിവരങ്ങൾ കാണിക്കുന്നത് ഏറ്റവും കൂടുതൽ തൊഴിലന്വേഷകരുള്ളത് തിരുവനന്തപുരം ജില്ലയിലാണ്, തൊട്ടുപിന്നിൽ കൊല്ലം ജില്ലയാണ്. തിരുവനന്തപുരം ജില്ലയിലെ ആകെ തൊഴിലന്വേഷകരുടെ എണ്ണം 3,77,846 ആണ്, അതിൽ 2,41,305 പേർ സ്ത്രീകളും 1,36,541 പേർ പുരുഷന്മാരുമാണ്. ഏറ്റവും കുറവ് രജിസ്റ്റർ ചെയ്തിരിക്കുന്നത് വയനാട് ജില്ലയിലാണ് – 60,794 പേർ. തൊഴിലന്വേഷകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 7.2.10** ൽ നൽകിയിരിക്കുന്നു.

**കൈവല്യ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗരുടെ പുനരധിവാസവും ക്ഷേമവും)**

2016 മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വികലാംഗ ഉദ്യോഗാർത്ഥികൾക്കായി കൈവല്യ എന്ന പേരിൽ ഒരു തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു. വികലാംഗരുടെ പ്രാപ്യത, സംയോജനം, പൂർണ്ണ പങ്കാളിത്തം എന്നിവയ്ക്ക് അനുകൂലമായ ഒരു സാമൂഹികവും ഭൗതികവുമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. കൈവല്യയിൽ ഇനിപ്പറയുന്ന നാല് ഘടകങ്ങൾ ഉൾപ്പെടുന്നു;

1. തൊഴിലധിഷ്ഠിതവും കരിയർ മാർഗ്ഗനിർദ്ദേശവും
2. ശേഷി വർദ്ധിപ്പിക്കൽ
3. മത്സര പരീക്ഷകൾക്കുള്ള പരിശീലനം
4. സ്വയം തൊഴിൽ വായ്പാ പദ്ധതികൾ.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ, തൊഴിൽ അവസരങ്ങളെയും സേവനങ്ങളെയും കുറിച്ചും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ഈ പദ്ധതി നൽകുന്നു. കൈവല്യയുടെ വിതരണം ചെയ്ത തുകയുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ **അനുബന്ധം 7.2.11** ൽ നൽകിയിരിക്കുന്നു.

**സ്വയം തൊഴിൽ പദ്ധതികൾ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി മൂന്ന് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നു.

**1. രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവർക്കുള്ള കേരള സ്വയം തൊഴിൽ പദ്ധതി (KESRU):** 1999 മുതൽ KESRU നടപ്പിലാക്കിവരുന്നു. 21 നും 50 നും ഇടയിൽ പ്രായമുള്ള, വാർഷിക കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ കവിയാത്ത, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ തത്സമയ രജിസ്റ്ററുകളിൽ ഉൾപ്പെട്ട തൊഴിൽരഹിതർക്കായി ഉദ്ദേശിച്ചുള്ളതാണ് ഇത്. പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിലില്ലായ്മ ആനുകൂല്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും മുൻഗണന നൽകുന്നു. വിദ്യാർത്ഥികൾക്ക് KESRU-വിന് അപേക്ഷിക്കാൻ അർഹതയില്ല. സർക്കാർ സബ്സിഡിയായി 20 ശതമാനം തിരികെ ലഭിക്കുന്ന വ്യവസ്ഥയിൽ 1,00,000 രൂപ വരെയുള്ള ബാങ്ക് വായ്പകൾ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യക്തികൾക്ക് നൽകുന്നു.

**2. മൾട്ടി പർപ്പസ് സർവീസ് സെന്ററുകൾ/ജോബ് ക്ലബ്ബുകൾ (എം.പി.എസ്.സി/ജെ.സി):** അസംഘടിത മേഖലയിലെ സംരംഭങ്ങളുടെ വികസനത്തിനായുള്ള ഒരു ഗ്രൂപ്പ് അധിഷ്ഠിത സ്വയം തൊഴിൽ പദ്ധതിയാണിത്. സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ ബാങ്ക് വായ്പ നൽകുന്നു, 25 ശതമാനം സബ്സിഡിയാണ് (പരമാവധി 2 ലക്ഷം രൂപ വരെ). 21 നും 45 നും ഇടയിൽ പ്രായമുള്ള, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ തത്സമയ രജിസ്റ്ററിൽ തൊഴിലില്ലാത്തവരായി രജിസ്റ്റർ ചെയ്തിട്ടുള്ള, രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങളുടെ ഗ്രൂപ്പുകൾക്ക് അർഹതയുണ്ട്. പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിലില്ലായ്മ ആനുകൂല്യ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും മുൻഗണന നൽകുന്നു. പദ്ധതി ക്രെഡിറ്റ് ഗ്യാരണ്ടി ഉറപ്പ് നൽകുന്നു.

**3. ശരണ്യ:** വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ, 30 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ, ശാരീരിക വൈകല്യമുള്ള സ്ത്രീകൾ, കിടപ്പ് രോഗികളുടെ ഭാര്യമാർ തുടങ്ങിയ സംസ്ഥാനത്തെ സ്ത്രീകളുടെ സ്ഥാനം ഉയർത്തുക എന്നതാണ് ഈ തൊഴിൽ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ വരെ പലിശരഹിത ബാങ്ക് വായ്പകൾ, 50 ശതമാനം സബ്സിഡിയോടെ നൽകുന്നു.

**മോഡൽ കരിയർ സെന്റർ**

ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ, തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗിന്റെയും കേരള സർക്കാരിന്റെ ദേശീയ തൊഴിൽ സേവന വകുപ്പിന്റെയും സംയുക്ത സംരംഭമാണ് മോഡൽ കരിയർ സെന്റർ. യുവാക്കൾക്ക് അവരുടെ യോഗ്യതകൾക്കും കഴിവുകൾക്കും അനുയോജ്യമായ കരിയർ കണ്ടെത്തുന്നതിന് ആവശ്യമായ എല്ലാ സഹായങ്ങൾക്കുമുള്ള ഒരു വൺ-സ്റ്റോപ്പ് സൊല്യൂഷൻ സെന്ററായി ഈ കേന്ദ്രം പ്രവർത്തിക്കുന്നു. സ്കിൽ മാപ്പിംഗ്, കരിയർ കൗൺസിലിംഗ്, പ്ലേസ്മെന്റ് ഡ്രൈവുകൾ തുടങ്ങിയവയാണ് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ രാജ്യത്തെ സാധ്യമായ എല്ലാ തൊഴിലവസരങ്ങളുമായും സുതാര്യവും ഫലപ്രദവുമായ രീതിയിൽ ഈ കേന്ദ്രം യുവാക്കളെ ബന്ധിപ്പിക്കുന്നു. കാട്ടാക്കട, തിരുവനന്തപുരം, ആറ്റിങ്ങൽ, മാവേലിക്കര, കോട്ടയം, നോർത്ത് പറവൂർ, ആലുവ, മൂവാറ്റുപുഴ, കൊച്ചി, കോതമംഗലം, തലപ്പള്ളി, ഇരിഞ്ഞാലക്കുട, കണ്ണൂർ എന്നിവിടങ്ങളിൽ ഇപ്പോൾ 13 മോഡൽ കരിയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

**നവജീവൻ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ നേടാൻ കഴിയാത്ത 50 നും 65 നും ഇടയിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ ഉപജീവനമാർഗങ്ങൾ നൽകുന്നതിലൂടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പാക്കുക എന്നതാണ് തൊഴിൽ വകുപ്പ് വഴി നടപ്പിലാക്കുന്ന നവജീവൻ പദ്ധതി ലക്ഷ്യമിടുന്നത്. 50,000 രൂപ വരെയുള്ള വായ്പകൾ നൽകുന്നു, അതിൽ 25 ശതമാനം (12,500 രൂപ വരെ) സബ്സിഡിയായും, 75 ശതമാനം ബാങ്ക് യുംവായ്പയാ നൽകുന്നു. അപേക്ഷകർക്ക് ഒരു ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഉണ്ടാകരുത്, കൂടാതെ വായ്പ എടുക്കുന്നതിന് ഈട് (security) ആവശ്യമില്ല.

**സമന്വയ**

സംസ്ഥാനമെമ്പാടുമുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള സമഗ്ര തൊഴിൽ, തൊഴിൽക്ഷമതാ വികസന പദ്ധതിയാണിത്. മത്സര പരീക്ഷകൾക്കുള്ള പരിശീലന ക്ലാസുകൾ (ഓൺലൈൻ/ഓഫ്‌ലൈൻ), നൈപുണ്യ വികസന പരിപാടികൾ, സ്വയം തൊഴിൽ പിന്തുണ, അഭിമുഖത്തിനും ഗ്രൂപ്പ് ചർച്ചയ്ക്കുമുള്ള പ്രായോഗിക പരിശീലനം, മത്സര പരീക്ഷകൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള സഹായം, സംരംഭകത്വ വികസനം, കരിയർ മാർഗ്ഗനിർദ്ദേശം, കരിയർ സെമിനാറുകൾ തുടങ്ങിയ വിവിധ സേവനങ്ങൾ. തൊഴിലന്വേഷകരെ തൊഴിൽ നേടുന്നതിനോ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ പ്രാപ്തരാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

**നിയുക്തി മെഗാ ജോബ് ഫെയർ**

2015 മുതൽ ദേശീയ തൊഴിൽ സേവന വകുപ്പ് കേരളത്തിലുടനീളം നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. സാധ്യതയുള്ള തൊഴിലന്വേഷകർക്ക് അനുയോജ്യമായ ജോലികൾ കണ്ടെത്തുന്നതിനുള്ള ഒരു വേദിയായി നിയുക്തി പ്രവർത്തിക്കുന്നു. തൊഴിലുടമകളും ഉദ്യോഗാർത്ഥികളും തമ്മിലുള്ള തടസ്സരഹിതമായ സമ്പർക്കം ഈ ജോബ് ഫെയറുകൾ സുഗമമാക്കുന്നു. 2024-25 കാലയളവിൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് ജോബ് ഫെയറുകൾ നടത്തി.

### എംപ്ലോയബിലിറ്റി സെന്റർ
കേരള സർക്കാരിന്റെ ദേശീയ തൊഴിൽ സേവന വകുപ്പിന്റെ ഒരു പ്രധാന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ആഗോള നിലവാരം പുലർത്തുന്നതിനായി യുവാക്കളുടെ കഴിവുകൾ സുസ്ഥിരമായി വികസിപ്പിക്കുക, അതുവഴി അവർക്ക് ലോകത്തെവിടെയും എളുപ്പത്തിൽ തൊഴിൽ ലഭിക്കുന്നതിന് സജ്ജരാക്കുക. കോർപ്പറേറ്റ് മേഖലയുടെ യോഗ്യതാ ആവശ്യകതകൾ നിറവേറ്റുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സ്വകാര്യ മേഖലയിൽ തൊഴിലില്ലാത്ത യുവാക്കളെ നിയമിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എംപ്ലോയബിലിറ്റി സെന്ററുകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഭാഗമാണ്. നിലവിൽ, സംസ്ഥാനത്തെ 11 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നു.

### കരിയർ ഡെവലപ്മെന്റ് സെന്ററുകൾ
കരിയർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാരിന്റെ ദേശീയ തൊഴിൽ സേവന വകുപ്പിന്റെ ഒരു സംരംഭമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ (സിഡിസി). പ്രധാനമായും ഗ്രാമീണ വിദ്യാർത്ഥികളെ ലക്ഷ്യം വച്ചുള്ള സിഡിസി വാഗ്ദാനം ചെയ്യുന്ന സേവനങ്ങളിൽ റെസ്യൂമെ തയ്യാറാക്കൽ, അഭിമുഖത്തിന് മുമ്പുള്ള പരിശീലനം, സോഫ്റ്റ് സ്കിൽ പരിശീലനം, വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉൾപ്പെടുന്നു. സിഡിസിയുടെ സേവനങ്ങൾ സൗജന്യമാണ്. അത്തരം ഏഴ് കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

### സ്വകാര്യ ജോബ് പോർട്ടൽ
സ്വകാര്യ മേഖലയിലെ ഒഴിവുകളിലേക്ക്, സ്വകാര്യ ജോലികൾക്കായി മാത്രമുള്ള ഒരു ഓൺലൈൻ പോർട്ടൽ വഴി, കേരളത്തിലെ വൈദഗ്ധ്യമുള്ളതും വൈദഗ്ധ്യമില്ലാത്തതുമായ തൊഴിലന്വേഷകരെ നിയമിക്കാൻ സ്വകാര്യ ജോബ് പോർട്ടൽ സഹായിക്കും.

### മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ
നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി അപ്ഗ്രേഡ് ചെയ്യുന്ന പ്രക്രിയയിലാണ് തൊഴിൽ വകുപ്പ്. തിരുവനന്തപുരത്തും തൃശ്ശൂരിലും ഇത് പൂർത്തിയായി. രജിസ്റ്റർ ചെയ്യുന്നവർക്കായി ക്യൂആർ കോഡുള്ള സ്മാർട്ട് ഐഡന്റിറ്റി കാർഡ്, രജിസ്ട്രേഷൻ വിവരങ്ങൾ/സേവനങ്ങൾ, രജിസ്ട്രേഷൻ, പുതുക്കൽ, മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ഏകജാലക സംവിധാനം പോലുള്ള സേവനങ്ങൾ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നൽകും.

### തൊഴിലില്ലായ്മ വേതനം പദ്ധതി
1982–ൽ കേരള സർക്കാർ ഒരു തൊഴിലില്ലായ്മ സഹായ പദ്ധതി അവതരിപ്പിച്ചു. ഈ പദ്ധതി പ്രകാരം, 18 വയസ്സിന് മുകളിലുള്ള തൊഴിൽരഹിതരായ യുവാക്കൾക്ക്, എസ്.എസ്.എൽ.സി പാസായ (എസ്.സി/എസ്.ടി, വികലാംഗ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതിയാൽ മതി), കുടുംബ വരുമാനം 12,000 രൂപയിൽ താഴെ, പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിൽ താഴെ, മൂന്ന് വർഷത്തിൽ കൂടുതൽ ലൈവ് രജിസ്റ്ററിൽ തുടരുന്ന (വികലാംഗർക്ക് രണ്ട് വർഷം) എന്നിവർക്ക് 35 വയസ്സ് വരെ പ്രതിമാസം 120 രൂപയുടെ തൊഴിലില്ലായ്മ സഹായത്തിന് അർഹതയുണ്ട്. കേരള പഞ്ചായത്തിരാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രാബല്യത്തിൽ വന്നതോടെ, തൊഴിലില്ലായ്മ സഹായ പദ്ധതി ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ഈ പദ്ധതി പ്രകാരം, യോഗ്യരായ ഉദ്യോഗാർത്ഥികൾ തൊഴിലില്ലായ്മ വേതനത്തിനായുള്ള അപേക്ഷ നിർദ്ദിഷ്ട ഫോമിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കണം.

### കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം
2015 മുതൽ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള മൊത്തം നിയമനത്തിൽ ഏറ്റക്കുറച്ചിലുകൾ

**ചിത്രം 7.2.8** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം




**ഉറവിടം:** എംപ്ലോയ്മെന്റ്,ഡയറക്ടറേറ്റ്, കേരള സർക്കാർ 2025

ഉണ്ടായിട്ടുണ്ട്. 2023–ൽ 14,900 ആയിരുന്നത് 2024–ൽ 12,565 ആയി കുറഞ്ഞു. 2025–ൽ, ഓഗസ്റ്റ് 31 വരെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം 8,742 ആണ്. 2015 മുതൽ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനം **അനുബന്ധം 7.2.12**–ലും **ചിത്രം 7.2.8**–ലും നൽകിയിരിക്കുന്നു.

## 7.3 നൈപുണ്യ വികസനം

നൈപുണ്യ വികസനം വ്യക്തികളുടെ തൊഴിൽ ഉൽപ്പാദനക്ഷമത, കരിയർ പുരോഗതി എന്നിവ മെച്ചപ്പെടുത്തുകയും തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്നു. ആധുനിക തൊഴിൽ മേഖലയിൽ നൈപുണ്യ വികസനം അത്യന്താപേക്ഷിതമാണ്. ഇന്ത്യയുടെ വിദഗ്ദ തൊഴിലാളികളുടെ കേന്ദ്രം (Skilled-labour hub) ആയി മാറാൻ കേരളത്തിന് വലിയ സാധ്യതകളുണ്ട്. കേരളത്തിലെ വിദഗ്ധ തൊഴിലാളികൾക്ക് ഇന്ത്യയിലും വിദേശത്തും തൊഴിലുടമകൾക്കിടയിൽ വലിയ മുൻഗണന ലഭിക്കാറുണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ നയവും വിവരസാങ്കേതിക നയവും വിവിധ മേഖലകളിൽ ദ്രുതഗതിയിലുള്ള നിക്ഷേപ വർദ്ധനവാണ് വിഭാവനം ചെയ്യുന്നത്. കേരള സമ്പദ്‌വ്യവസ്ഥയിലെ ഘടനാപരമായ മാറ്റങ്ങളിൽ പങ്കാളികളാകാൻ യുവാക്കൾക്ക് ഉന്നത നിലവാരത്തിലുള്ള നൈപുണ്യ വികസനവും പരിശീലനവും നൽകേണ്ടത് അത്യാവശ്യമാണ്. നൈപുണ്യ പരിശീലന പരിപാടികൾ ശാക്തീകരണത്തിന്റെയും സാമൂഹിക മാറ്റത്തിന്റെയും ഉപകരണങ്ങളായി ഉപയോഗിക്കണം. ഉദാഹരണത്തിന്, സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയുവാക്കൾക്കും വളർന്നുവരുന്ന പുതിയ മേഖലകളിൽ പ്രത്യേക പരിശീലനം നൽകേണ്ടതുണ്ട്. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) പ്രധാനമായും മൂന്ന് കാര്യങ്ങളാണ് നിർദ്ദേശിക്കുന്നത്, (i) നിലവിലെ തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിശീലനം നൽകുക, ഒപ്പം ഭാവിയിലെ തൊഴിലുകൾക്ക് ആവശ്യമായ പ്രാപ്തി മുൻകൂട്ടി കണ്ട് വികസിപ്പിക്കുക. (ii) ഗുണമേന്മയുള്ള അപ്രന്റിസ്ഷിപ്പ് സംവിധാനങ്ങൾ ഒരുക്കുകയും യുവാക്കളുടെ പരിശീലനത്തിൽ അടിസ്ഥാന നൈപുണ്യങ്ങൾ (core skills) ഉൾപ്പെടുത്തുകയും ചെയ്യുക. (iii) സ്ത്രീകളെയും പുരുഷന്മാരെയും ഔദ്യോഗിക തൊഴിൽ മേഖലയിൽ (formal economy) ജോലി ചെയ്യാൻ പ്രാപ്തരാക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനങ്ങളിലേക്കുള്ള ലഭ്യത വിപുലീകരിക്കുക. ഈ മേഖലകൾ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്.

തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം 2025 ഓടെ 47.5 ശതമാനമായി ഉയരുമെന്ന് (CII-Wheebox India Skills Report 2026) പ്രവചിക്കുന്നു. തൊഴിൽ മേഖല നിർണായകമായ ഒരു പുനഃസജ്ജീകരണത്തിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. സാങ്കേതികവിദ്യ, ജനസംഖ്യാപരമായ മാറ്റങ്ങൾ, കാലാവസ്ഥാ വ്യതിയാനം, നിർമ്മിത ബുദ്ധി (AI ) അടിസ്ഥാനമാക്കിയുള്ള പുതിയ ഉൽപ്പാദന മാതൃകകൾ എന്നിവ നിയമന രീതികളും വേതന പ്രവണതകളും നൈപുണ്യ വൈവിധ്യങ്ങളും പുതുക്കിപ്പണിയുന്നു. നിർമ്മിത ബുദ്ധി, വലിയ ഡാറ്റ വിശകലനങ്ങൾ എന്നിവയുടെ വേഗതയേറിയ വളർച്ച കാരണം ക്ലറിക്കൽ, പതിവ്-പ്രക്രിയാത്മക ജോലികൾ കുറഞ്ഞുവരികയാണ്. വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ 'ദ ഫ്യൂച്ചർ ഓഫ് ജോബ്സ് റിപ്പോർട്ട് 2025' പ്രകാരം, ഇന്നത്തെ വിപണിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഗവൺമെന്റുകൾ തങ്ങളുടെ പ്രവർത്തന തന്ത്രങ്ങൾ, നൈപുണ്യങ്ങൾ, സംവിധാനങ്ങൾ (Systems) എന്നിവ സമന്വയിപ്പിക്കേണ്ടതുണ്ട്. വേഗത, വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ, മാറുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള കഴിവ് എന്നിവയ്ക്ക് വിപണിയിൽ ഇപ്പോൾ പ്രാധാന്യം വർദ്ധിച്ചുവരികയാണ്.

ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2026 പ്രകാരം, ഇന്ത്യയിലെ യുവജന തൊഴിലവസര മേഖലയിൽ കേരളം ശക്തമായ സ്ഥാനം ഉറപ്പിക്കുകയും ഇന്ത്യയിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിൽ നാലാം സ്ഥാനത്തേക്ക് ഉയരുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ യുവാക്കളുടെ തൊഴിൽ നിരക്ക് 72.16 ശതമാനം ആയി കണക്കാക്കിയിയിട്ടിണ്ട്. വനിതാ പ്രൊഫഷണലുകൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട 10 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു കൂടാതെ കേരളത്തിലെ ലിംഗസമത്വം ഉൾക്കൊള്ളുന്ന തൊഴിൽ ആവാസവ്യവസ്ഥയെ റിപ്പോർട്ട് അടിവരയിടുന്നു. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നഗരങ്ങളിൽ, ഡൽഹി, ഹൈദരാബാദ് തുടങ്ങിയ പ്രധാന മെട്രോ നഗരങ്ങളെ മറികടന്ന് ശരാശരി തൊഴിൽക്ഷമതാ സ്കോർ 76.56 ശതമാനം ഉള്ള കൊച്ചി നാലാം സ്ഥാനത്താണ്. കൊച്ചി, ലഖ്നൗ (79.45 ശതമാനം), പൂനെ (78.92 ശതമാനം) തുടങ്ങിയ ടയർ-2 നഗരങ്ങൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കേന്ദ്രങ്ങളായി ഉയർന്നുവരുമെന്ന് റിപ്പോർട്ട് അടയാളപ്പെടുത്തുന്നു, ഇത് നഗര-ഗ്രാമ നൈപുണ്യ വിടവ് കുറയ്ക്കുന്നു.

2026 ൽ രാജ്യത്തെ സ്ത്രീകളുടെ തൊഴിൽ സാധ്യത 54 ശതമാനം വർദ്ധിക്കുമെന്നും പുരുഷന്മാരെ (51.5 ശതമാനം) മറികടക്കുമെന്നും പ്രതീക്ഷിക്കുന്നു. ഉത്തർപ്രദേശ്, തെലങ്കാന എന്നിവയ്ക്കൊപ്പം കേരളവും, ബാങ്കിംഗ്, ധനകാര്യ സേവനങ്ങൾ, ഇൻഷുറൻസ് മേഖല (ബിഎഫ്എസ്ഐ), ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസ മേഖലകളിൽ ശക്തമായ സ്ത്രീ പങ്കാളിത്തം റിപ്പോർട്ട് ചെയ്തുകൊണ്ട് ഈ മാറ്റത്തിന് നേതൃത്വം നൽകുന്നു. ഇവിടെ മാറാൻ പറ്റുന്നതും വിദൂരവുമായ തൊഴിൽ മാതൃകകൾ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നു (ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2026 ) .

ഇന്ത്യ ലോകത്തിലെ തന്നെ ഏറ്റവും വലിയ യുവജനസംഖ്യ ഉള്ള രാജ്യമായതിനാൽ, നൈപുണ്യ വികസനം വളരെയധികം പ്രാധാന്യമർഹിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിന് അനുസൃതമായി ഇന്ത്യൻ യുവാക്കൾ അന്താരാഷ്ട്ര മത്സരക്ഷമതയ്ക്കും ദീർഘകാല സാമ്പത്തിക വളർച്ചയ്ക്കും അനുയോജ്യമായ രീതിയിൽ പൊരുത്തപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥ കളിലൊന്നാണെങ്കിലും, പ്രാഥമികമായി വൈദഗ്ദ്ധ്യക്കുറവ് മൂലം തൊഴിലില്ലായ്മയുടെയും അപര്യാപ്തമായ തൊഴിലവസരങ്ങളുടെയും പ്രശ്നങ്ങൾ ഇന്ത്യ അഭിമുഖീകരിക്കുന്നു,. നൈപുണ്യ സംരംഭങ്ങൾ ഈ അന്തരം നികത്താനും വിപണി ആവശ്യങ്ങളുമായി തൊഴിൽ ശക്തികളെ യോജിപ്പിക്കാനും ലക്ഷ്യമിടുന്നു.

വിദ്യാസമ്പന്നരായ യുവജനങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന ഒരു വലിയ വിഭാഗം പ്രവാസികളും ഉള്ളതിനാൽ, തൊഴിൽ നൈപുണ്യമുള്ള യുവജനങ്ങളെ തൊഴിലിന് സജ്ജരാക്കുന്നതിന് കേരളം ഉയർന്ന മുൻഗണന നൽകുന്നു. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ പരമ്പരാഗത മേഖലകളിൽ നിന്നും ഇൻഫർമേഷൻ ടെക്നോളജി (ഐടി), ടൂറിസം, ആരോഗ്യ സംരക്ഷണം, പുനരുപയോഗ ഊർജം തുടങ്ങിയ ആധുനിക വ്യവസായങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ ആവശ്യകതയെ ഈ മാറ്റം അടിവരയിടുന്നു. കൂടാതെ, ഐടി, മാനുഫാക്ചറിംഗ്, ഹെൽത്ത്കെയർ തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ആഗോള ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ, വിദഗ്ദ്ധരായ പ്രൊഫഷണലുകളുടെ ദാതാവാകാനുള്ള സാധ്യതയും കേരളത്തിനുണ്ട്.

### മനുഷ്യ ബുദ്ധിയുടെയും ഡിജിറ്റൽ ബുദ്ധിയുടെയും സംയോജനം

സാങ്കേതിക പുരോഗതിയുടെ ത്വരിതഗതിയിലുള്ള മാറ്റം തൊഴിലവസരങ്ങളെ മാത്രമല്ല, മനുഷ്യ പരിശ്രമത്തിന്റെ അടിത്തറകളെയും പുനർനിർമ്മിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഓട്ടോമേഷൻ, അൽഗോരിതമിക് തീരുമാന സംവിധാനങ്ങൾ എന്നിവ വ്യക്തികൾ പഠിക്കുന്ന, ആശയവിനിമയം നടത്തുന്ന രീതികളെ മാറ്റിമറിക്കുന്നു. ഈ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായിരിക്കുമ്പോൾ പോലും, മനുഷ്യ നൈപുണ്യത്തിന്റെ മാറ്റാനാവാത്ത മൂല്യം അവ വീണ്ടും ഉറപ്പിക്കുന്നു. AI യുഗത്തിൽ തൊഴിലവസരങ്ങളുടെ സാരാംശം എന്നത് യന്ത്രങ്ങളുമായി മത്സരിക്കുന്നതിലല്ല, മറിച്ച് അവയെ പൂരകമാക്കുന്നതിലാണ്. വൈകാരിക ഉൾക്കാഴ്ച, ധാർമ്മിക യുക്തി, ഭാവനാത്മകമായ പ്രശ്നപരിഹാരം എന്നീ ബുദ്ധിപരമായ സംവിധാനങ്ങളിലൂടെ കമ്പ്യൂട്ടേഷണൽ കൃത്യതയുമായി സംയോജിപ്പിക്കുന്നതിലുമാണ്. 2025-ഓടെ ലോകമെമ്പാടുമുള്ള 40 ശതമാനത്തിലധികം ജോലികൾക്കും വിപുലമായ ഡിജിറ്റൽ, ചിന്താപരമായ കഴിവുകൾ ആവശ്യമായി വരും (വേൾഡ് ഇക്കണോമിക് ഫോറം, ഫ്യൂച്ചർ ഓഫ് ജോബ്സ് റിപ്പോർട്ട് 2025). എന്നിരുന്നാലും, പൊരുത്തപ്പെടാനുള്ള കഴിവ്, സർഗ്ഗാത്മകത, ആശയവിനിമയം, നേതൃപാടവം, വിമർശനാത്മക ചിന്ത എന്നിവ മനുഷ്യസഹജമായ ഗുണങ്ങളായി തന്നെ നിലനിൽക്കുന്നു.

### ദേശീയ നൈപുണ്യ വികസന മിഷൻ (NSDM)

ദേശീയ നൈപുണ്യ നയത്തിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങൾക്കായി രാജ്യത്ത് എല്ലാ നൈപുണ്യ ശ്രമങ്ങളും നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2015-ൽ ഇന്ത്യാ ഗവൺമെന്റ് ദേശീയ നൈപുണ്യ വികസന മിഷൻ (എൻഎസ്ഡിഎം) ആരംഭിച്ചു. ഉന്നത തല തീരുമാനമെടുക്കൽ ചട്ടക്കൂടിലൂടെ ഒത്തുചേരൽ സൃഷ്ടിക്കാനും വിവിധ മേഖലകളിൽ തമ്മിലുള്ള തീരുമാനങ്ങൾ വേഗത്തിലാക്കാനും ഇത് ലക്ഷ്യമിടുന്നു. പാൻ-ഇന്ത്യ അടിസ്ഥാനത്തിൽ നൈപുണ്യ പ്രവർത്തനങ്ങൾ ഒത്തുചേരാനും ഏകോപിപ്പിക്കാനും നടപ്പിലാക്കാനും നിരീക്ഷിക്കാനുമുള്ള ചുമതല ഇതിന് ഉണ്ട്. നയ നിർദ്ദേശങ്ങൾ നൽകുക, മൊത്തത്തിലുള്ള പുരോഗതി അവലോകനം ചെയ്യുകയും ദൗത്യ ലക്ഷ്യങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും ചെയ്യുക എന്നിങ്ങനെ മൂന്ന് തലത്തിലുള്ള സ്ഥാപന ഘടന ഇതിൽ നിക്ഷിപ്തമാണ്.

### ഇന്ത്യയിലെ നൈപുണ്യത്തിലും സംരംഭകത്വത്തിലും ഉള്ള വെല്ലുവിളികൾ

2030 ആകുമ്പോഴേക്കും ആഗോളതലത്തിൽ തൊഴിൽ ക്ഷാമം 85 ദശലക്ഷത്തിലെത്തുമെന്ന് പ്രവചിക്കപ്പെടുന്നു, അതേസമയം ഇന്ത്യ 45 ദശലക്ഷം വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ അധികമായി നൽകുമെന്നും ഇത് ഇന്ത്യയെ ലോകത്തെ പ്രാഥമിക പ്രതിഭാ കേന്ദ്ര സ്ഥാനമാക്കുമെന്നും പ്രവചിക്കപ്പെടുന്നു. ഉഭയകക്ഷി മൊബിലിറ്റി ചട്ടക്കൂടുകൾ, യോഗ്യതകളുടെ പരസ്പര അംഗീകാരം, ക്രെഡൻഷ്യൽ ട്രാക്കിംഗിനുള്ള പുതിയ ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവ രാജ്യങ്ങൾ വൈദഗ്ധ്യമുള്ള പ്രതിഭകളെ എങ്ങനെ കൈമാറ്റം ചെയ്യുന്നുവെന്ന് പുനർനിർവചിക്കുന്നു (ഇന്ത്യ സ്കിൽ റിപ്പോർട്ട് 2026). ഉയർന്ന മികവിലും, നിലവാരത്തിലും നൈപുണ്യവുമുള്ള രാജ്യങ്ങൾ ആഭ്യന്തര, അന്തർദ്ദേശീയ തൊഴിൽ വിപണികളിലെ വെല്ലുവിളികളോടും അവസരങ്ങളോടും കൂടുതൽ ഫലപ്രദമായി യോജിച്ച് പോകുന്നു. NSSO, 2020-21 (78-ആം റൗണ്ട്) റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ മൾട്ടിപ്പിൾ ഇൻഡിക്കേറ്റർ സർവ്വേയിൽ, ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും കഴിഞ്ഞ 12 മാസങ്ങളിൽ 15-35 വയസ്സ് പ്രായമുള്ള വ്യക്തികളുടെ ശതമാനം അഖിലേന്ത്യാ തലത്തിൽ ഗ്രാമങ്ങളിലും നഗരങ്ങളിലും യഥാക്രമം 25.6 ശതമാനവും 29.6 ശതമാനവുമാണ്.

മികച്ച പരിശീലനം ലഭിച്ചവരും വൈദഗ്ധ്യമുള്ളവരുമായ തൊഴിലാളികളുടെ രൂക്ഷമായ ക്ഷാമമാണ് ഇന്ത്യ ഇപ്പോൾ നേരിടുന്നത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2023-24 പ്രകാരം, 4.9 ശതമാനം പേർ (പ്രായം 15-59), (നഗര-ഗ്രാമീണ,) ഔപചാരിക തൊഴിൽ/സാങ്കേതിക പരിശീലനം നേടിയിട്ടുണ്ട്. നമ്മുടെ രാജ്യത്തെ നൈപുണ്യ വികസനത്തിന്റെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്, (പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ 2023-24 പ്രകാരം) 73.2 ശതമാനം തൊഴിലാളികളും അനൗപചാരിക/ അസംഘടിത മേഖലയിൽ ഏർപ്പെട്ടിരിക്കുന്നു എന്നതാണ്. തൽഫലമായി, അസംഘടിത മേഖലയിൽ നിലവിലുള്ള നൈപുണികൾ മാപ്പ് ചെയ്യാനും മേഖലയിലെ നൈപുണ്യ ആവശ്യകത നിർണ്ണയിക്കാനും പ്രയാസമാണ്.

ജനസംഖ്യാപരമായ വിഹിതത്തിന്റെ പകുതിയോളം സ്ത്രീകളാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന തൊഴിൽ ശക്തിയിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് ഇവിടെ പ്രധാന വെല്ലുവിളി. പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ ജൂലായ്-സെപ്റ്റംബർ 2025 ത്രൈമാസ ബുള്ളറ്റിൻ( തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിലെ എല്ലാ പ്രായത്തിലും പെട്ട, നിലവിലെ പ്രതിവാര നില) അനുസരിച്ച്, ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 28.2 ശതമാനവും നഗരപ്രദേശങ്ങളിൽ 20.7 ശതമാനവുമാണ്. കേരളത്തിൽ ഇത് യഥാക്രമം 27.8 ശതമാനവും 24.9 ശതമാനവുമാണ്.

### 24 മേഖലകളിലെ വർദ്ധിച്ചുവരുന്ന മാനവ വിഭവശേഷി ആവശ്യകതകൾ (2017-22)

നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (എൻ.എസ്.ഡി.സി) മാനവശേഷി ആവശ്യകതയെ കുറിച്ചുള്ള റിപ്പോർട്ടുകൾ പുറത്തിറക്കിയിട്ടുള്ളത്. 2013-17 നും 2017-22 നും ഇടയിൽ 24 ഉയർന്ന മുൻഗണനയുള്ള മേഖലകളിലുടനീളം വർദ്ധിച്ചുവരുന്ന നൈപുണികൾ വർദ്ധിപ്പിക്കുന്നതിന്റെ മേഖലാ - ഭൂമിശാസ്ത്രപരമായ വ്യാപനം മനസ്സിലാക്കാനാണ് റിപ്പോർട്ടുകൾ ലക്ഷ്യമിടുന്നത്. 2016 ൽ 24 മേഖലകളിലുമുള്ള മാനവ വിഭവ ആവശ്യകതയും 2022 ലെ പ്രതീക്ഷിത എസ്റ്റിമേറ്റും **അനുബന്ധം 7.3.1** ൽ കൊടുത്തിട്ടുണ്ട്.

### കേരളത്തിലെ നൈപുണ്യ വികസന മുന്നേറ്റങ്ങൾ

കേരളത്തിലെ യുവാക്കൾക്ക് മാന്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം വേഗത്തിലുള്ളതും സുസ്ഥിരവും സമഗ്രവുമായ വളർച്ച ഉറപ്പാക്കുന്നതിൽ നൈപുണ്യ വികസനം നിർണായക പങ്ക് വഹിക്കുന്നു. ശക്തമായ സാമൂഹിക വികസനവും ഉയർന്ന മാനവ മൂലധന സൂചകങ്ങളും ഉള്ളതിനാൽ, ഇന്ത്യയുടെ വികസിച്ചുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു മാത്രമല്ല, ആഗോള ആവശ്യകത നിറവേറ്റുന്നതിനും സാങ്കേതികമായി വൈദഗ്ധ്യമുള്ള ഒരു തൊഴിൽ ശക്തിയെ നൽകുന്ന കാര്യത്തിൽ കേരളം മികച്ച നിലയിലാണ്.

2011 ലെ സെൻസസ് പ്രകാരം, രാജ്യത്തെ ഏറ്റവും സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം, ഇന്ത്യയിലെ ശരാശരി 74.0 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സാക്ഷരത 94 ശതമാനമാണ്. കേരളത്തിലെ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 96.1 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 92.1 ശതമാനവുമാണ്. ഇതിൽ 95.1 ശതമാനം നഗര സാക്ഷരതയും 93 ശതമാനം ഗ്രാമീണ സാക്ഷരതാ നിരക്കുമാണ് ഉള്ളത്. എന്നിരുന്നാലും, ആഭ്യന്തരവും അന്തർദ്ദേശീയവുമായ തൊഴിൽ വിപണികൾക്ക് അനുയോജ്യമായ നൈപുണ്യത്തിന്റെ കാര്യത്തിൽ കേരളത്തിൽ വലിയ അന്തരമുണ്ട്.

വിവിധ വകുപ്പുകളുടെ നൈപുണ്യ പ്രവർത്തനങ്ങളുടെ സംയോജനം, ഇരട്ടിപ്പ് തടയുന്നതിനും വ്യത്യസ്ത സംരംഭങ്ങൾക്കിടയിൽ ഏകോപനം കൊണ്ടുവരുന്നതിനും അത്യാവശ്യമാണ്. ഇതിനായി, ഇന്ത്യാ ഗവൺമെന്റ് സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO), സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനെസ് ഫോർ ലൈവ്‌ലിഹുഡ് പ്രൊമോഷൻ (SANKALP) എന്ന പദ്ധതി ആരംഭിച്ചു. ഇത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പാൻ-ഇന്ത്യ ചട്ടക്കൂട് നൽകുന്നു. ഈ പദ്ധതി പ്രകാരം, നൈപുണ്യ സംരംഭങ്ങളുടെ ഏകീകൃത ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം എന്നിവ ഉറപ്പാക്കുന്നതിന് ഓരോ സംസ്ഥാനവും ഒരു സംസ്ഥാന നൈപുണ്യ വികസന മിഷൻ (SSDM) സ്ഥാപിക്കാൻ ബാധ്യസ്ഥരാണ്.

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ഥാപനപരമായ ശാക്തീകരണത്തിനായി, തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്)നെ സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്.എസ്ഡി.എം) ആയി നിയമിച്ചിട്ടുണ്ട്.

**വിവിധ വകുപ്പുകൾ മുഖേനയുള്ള നൈപുണ്യ പരിശീലന പരിപാടികൾ**

**1. പോളിടെക്‌നിക് കോളേജുകൾ**

കേരളത്തിലെ പോളിടെക്‌നിക് കോളേജുകൾ പ്രായോഗിക പരിശീലനത്തിന് മുൻഗണന നൽകുന്ന പ്രൊഫഷണൽ സാങ്കേതിക കോഴ്സുകളാണ് നൽകിവരുന്നത്. ഇത് തൊഴിൽ മേഖലയിലേക്ക് വേഗത്തിൽ പ്രവേശിക്കാൻ സഹായിക്കുന്നതോടൊപ്പം, നൈപുണ്യമുള്ള ജോലികൾ നേടുന്നതിനുള്ള ചെലവ് കുറഞ്ഞതും എളുപ്പത്തിൽ പ്രാപ്യവുമായ ഒരു മാർഗ്ഗം കൂടിയാണ്.സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ എൻജിനീയറിങ് തുടങ്ങിയ പരമ്പരാഗത മേഖലകൾക്ക് പുറമെ കെമിക്കൽ, ഓട്ടോമൊബൈൽ, എയറോനോട്ടിക്കൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റ സയൻസ് തുടങ്ങിയ നൂതന കോഴ്സുകളും ഇവിടെ നടത്തുന്നുണ്ട്. കൂടാതെ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫാഷൻ ഡിസൈൻ, ടൂറിസം മാനേജ്മെന്റ് തുടങ്ങിയ നോൺ-എൻജിനീയറിങ് ഡിപ്ലോമകളും ചില സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. 2024-25 കാലയളവിൽ കേരളത്തിൽ 46 സർക്കാർ പോളിടെക്‌നിക്കുകളും ആറ് എയ്ഡഡ് പോളിടെക്‌നിക്കുകളും പ്രവർത്തിച്ചിരുന്നു. ഇതിൽ ഏഴെണ്ണം വനിതാ പോളിടെക്‌നിക് കോളേജുകളാണ്. 2024-25-ൽ സർക്കാർ പോളിടെക്‌നിക്കുകളിലെ വാർഷിക പ്രവേശന ശേഷി 10,636-ഉം, എയ്ഡഡ് പോളിടെക്‌നിക്കുകളിലേത് 1,342-ഉം ആയിരുന്നു. 2024-25 വർഷത്തിൽ സർക്കാർ പോളിടെക്‌നിക്കുകളിൽ പഠിക്കുന്ന ആകെ വിദ്യാർത്ഥികളുടെ എണ്ണം 29,988-ഉം, എയ്ഡഡ് പോളിടെക്‌നിക്കുകളിലേത് 4,404-ഉം ആയിരുന്നു. (കൂടുതൽ വിവരങ്ങൾക്ക് **അധ്യായം 6.1** കാണുക).

**2. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) കേരള**

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ISO 21001:2018 സർട്ടിഫിക്കേഷൻ ലഭിച്ച പൊതുമേഖലാ സ്ഥാപനമായ ASAP കേരള (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം), വളർന്നുവരുന്ന മേഖലകളിൽ വലിയ തോതിലുള്ള നൈപുണ്യ വികസനം നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രധാന സ്ഥാപനമായി പ്രവർത്തിക്കുന്നു. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കുള്ളിൽ സ്ഥാപിതമായ കേരളത്തിലെ ഇലക്ട്രിക് വെഹിക്കിൾസ് (EV) ലെ എക്സലൻസ് സെന്ററുകൾ (CoEs), ഓഗ്മെന്റഡ് ആൻഡ് വെർച്വൽ റിയാലിറ്റി (AR/VR) എന്നിവ വ്യവസായ പരിതസ്ഥിതികളെ അനുകരിക്കുന്ന മൈക്രോ ഇന്നൊവേഷൻ ഹബ്ബുകളായി പ്രവർത്തിക്കുന്നു. നൂതന സാങ്കേതിക റോളുകളിലേക്കോ സംരംഭക സംരംഭങ്ങളിലേക്കോ സുഗമമായി മാറാൻ പഠിതാക്കളെ പ്രാപ്തരാക്കുന്ന ഗവേഷണ, വികസനബന്ധിത, പ്രോജക്റ്റ് അധിഷ്ഠിത പഠനം ഈ കേന്ദ്രങ്ങൾ നൽകുന്നു. സ്കൂളുകൾ, കോളേജുകൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവ വഴി നേരിട്ടും ഓൺലൈനായും നൈപുണ്യ പരിശീലനം നൽകിവരുന്നു. (കൂടുതൽ വിവരങ്ങൾക്ക് അധ്യായം 6.1 കാണുക)

**നേട്ടങ്ങൾ**

'സിഐഐ-വീബോക്സ് ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024' ന്റെ 9-ാമത് പതിപ്പിൽ ASAP കേരളയുടെ ബഹുമുഖ നൈപുണ്യ പ്രവർത്തന പദ്ധതി അംഗീകരിക്കപ്പെട്ടു. ആളില്ലാ ആകാശ വാഹന (UAV) സാങ്കേതികവിദ്യയിൽ ഒരു റിമോട്ട് പൈലറ്റ് പരിശീലന സ്ഥാപനം (RPTO) ആരംഭിക്കുന്നതിന് ASAP കേരളയ്ക്ക് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനിൽ (DGCA) നിന്ന് അനുമതി ലഭിച്ചു.

- വിദേശകാര്യ മന്ത്രാലയം (MEA) ASAP കേരളയെ അന്താരാഷ്ട്ര മൊബിലിറ്റി ലൈസൻസുള്ള റിക്രൂട്ട്മെന്റ് ഏജൻസിയായി (RA) അംഗീകരിച്ചു.
- വിദ്യാർത്ഥികളുടെ പ്രവേശനം, പരീക്ഷ, ജീവിതചക്ര മാനേജ്മെന്റ് എന്നിവയ്ക്കുള്ള ഇ-ഗവേണൻസ് പ്ലാറ്റ്ഫോമായ K-REAP നടപ്പിലാക്കുന്നതിനായി, ASAP കേരളയും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ഒരു കരാറിൽ ഒപ്പുവച്ചു.
- അണ്ണാ സർവകലാശാലയ്ക്ക് കീഴിലുള്ള സെന്റർ ഫോർ എയ്റോ സ്പേസ് റിസർച്ചുമായി (സിഎഎസ്ആർ) സഹകരിച്ച് അൺമാൻഡ് ഏരിയൽ വെഹിക്കിൾ (യുഎവി) സാങ്കേതികവിദ്യയ്ക്കായി ഡിജിസിഎ അംഗീകരിച്ച ഒരു സെന്റർ ഓഫ് എക്സലൻസ് (സിഇഒ) സ്ഥാപിച്ചു.
- മിൽമയുമായി സഹകരിച്ച് പുതുതായി നിയമിതരായ ഉദ്യോഗസ്ഥർക്കായി മൂന്ന് ദിവസത്തെ ഇൻഡക്ഷൻ പരിശീലന പരിപാടി നടത്തി.
- 2024-25 സാമ്പത്തിക വർഷത്തിൽ പ്രമുഖ ബഹുരാഷ്ട്ര കമ്പനികളിൽ 983 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കാൻ അസാപ് (ASAP) കേരളയ്ക്ക് സാധിച്ചു. ഇതോടെ 31.03.2025 വരെയുള്ള ആകെ പ്ലേസ്മെന്റുകളുടെ എണ്ണം 11,892 ആയി ഉയർന്നു

**3. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നൈപുണ്യ വികസന പരിപാടികൾ**

പട്ടികവർഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ തീവ്രത കുറയ്ക്കുന്നതിന്, ആധുനിക നൈപുണി കളിൽ നൈപുണ്യ പരിശീലനം നൽകി പ്രസ്തുത കുടുംബങ്ങളെ സഹായിക്കാനും വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സഹായം നൽകി ഉപജീവനമാർഗം കണ്ടെത്താനും വകുപ്പ് ഇടപടലുകൾ നടത്തുന്നു. പട്ടികവർഗ്ഗക്കാരുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ നൈപുണ്യ പരിശീലന പരിപാടികളും കരിയർ ഗൈഡൻസ് ക്യാമ്പെയ്‌നുകളും സംഘടിപ്പിച്ചു. കഴിഞ്ഞ 5 വർഷമായി പട്ടികവർഗ്ഗ യുവാക്കൾക്കായി പ്രാബല്യത്തിൽ വന്ന നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ **പട്ടിക 7.3.1**-ൽ പരാമർശിച്ചിരിക്കുന്നു.

**പട്ടിക 7.3.1** പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള നൈപുണ്യ പരിശീലനത്തിന്റെയും പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ

| **വർഷം** | **നടത്തിയ നൈപുണ്യ പരിശീലന കോഴ്സുകളുടെ എണ്ണം** | **പങ്കെടുത്തവരുടെ എണ്ണം** | **പ്ലേസ്മെന്റ്** |
|---|---|---|---|
| 2021-22 | 2 | 100 | 84 |
| 2022-23 | 2 | 150 | 140 |
| 2023-24 | 7 | 374 | 330 |
| 2024-25 | 8 | 260 | 200 |
| 2025-26 (31.08.2025 വരെ) | 9 | 117 | പരിശീലനം പുരോഗമിക്കുന്നു |
| ആകെ | 28 | 1001 | 754 |

**ഉറവിടം**: പട്ടികവർഗ വികസന ഡയറക്ടറേറ്റ്

കഴിഞ്ഞ 5 വർഷത്തിനിടെ വകുപ്പ് 28 നൈപുണ്യ പരിശീലന കോഴ്സുകൾ നടത്തി, 1001 പേർ പങ്കെടുത്തു. ഇതിന്റെ ഫലമായി 754 ഉദ്യോഗാർത്ഥികൾ ഇന്ത്യയിൽ തൊഴിൽ നേടുകയും ചെയ്തു.

### 4. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷിതത്വം നൽകുന്നതിന് മാനവ വിഭവശേഷി വികസന പരിശീലനവും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും ഉൾപ്പെടെ വിവിധ തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്നു.

മറ്റ് ഏജൻസികളുമായി സഹകരിച്ച് ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യങ്ങൾ നൽകുന്നതിനു പുറമേ, ഒരു ചെറുകിട സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അതിനുതകുന്ന നൈപുണ്യ പരിശീലനവും നൽകുന്നു. നൈപുണ്യ പരിശീലനങ്ങളിൽ നിന്നും സ്വയം തൊഴിൽ പദ്ധതികളിൽ നിന്നുമുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **പട്ടിക 7.3.2** ൽ നൽകിയിരിക്കുന്നു.

സ്വയം തൊഴിൽ പദ്ധതിക്ക് കീഴിലുള്ള പട്ടികജാതി ഗുണഭോക്താക്കളുടെ 2024-25, 2025-26 വർഷങ്ങളിലെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2025 ഒക്ടോബർ വരെ) **പട്ടിക 7.3.2**-ൽ നൽകിയിരിക്കുന്നു. വകുപ്പ് നടത്തിയ സ്വയം തൊഴിൽ പരിശീലന പരിപാടിയിലൂടെ 2024-25 കാലയളവിൽ 273 പേർക്കും 2025-26 ൽ (ഒക്ടോബർ 31 വരെ) 84 പേർക്കും ജോലി ലഭിച്ചു.

### 5. കുടുംബശ്രീയുടെ കീഴിൽ നൈപുണ്യ പരിശീലന പരിപാടികൾ

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമാർജ്ജനം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന ദൗത്യമായ കുടുംബശ്രീ രൂപീകരിച്ചത്. സ്ത്രീകൾക്കിടയിലെ നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഈ ഏജൻസി നിരവധി പരിശീലന പരിപാടികൾ നടത്തുന്നു. ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം [DAY-NRLM] എന്ന കേന്ദ്രാവിഷ്കൃത പരിപാടിയുടെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ. ഈ സ്കീമിന് കീഴിൽ, ഗ്രാമീണ ദരിദ്രർക്ക് ഒരു ചെലവും കൂടാതെ ഡിമാൻഡ്-ലെഡ് നൈപുണ്യ പരിശീലനം എന്ന ലക്ഷ്യത്തോടെ, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന [DDU GKY] സ്ത്രീകൾക്കും പുരുഷന്മാർക്കും നൈപുണ്യ അധിഷ്ഠിത പരിശീലനം നൽകുന്നു, അവരിൽ വലിയൊരു വിഭാഗം കുടുംബശ്രീ അംഗങ്ങളാണ്.

**പട്ടിക 7.3.2** 2024-25, 2025-26 കാലയളവിൽ സ്വയം തൊഴിൽ പദ്ധതിയിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം

| ക്രം | ജില്ല | 2024-25 | 2025-26* |
|---|---|---|---|
| | | **ഗുണഭോക്താക്കളുടെ എണ്ണം** | (31.08.25 വരെ) |
| 1 | തിരുവനന്തപുരം | 26 | 1 |
| 2 | കൊല്ലം | 12 | 11 |
| 3 | പത്തനംതിട്ട | 7 | 2 |
| 4 | ആലപ്പുഴ | 13 | 2 |
| 5 | കോട്ടയം | 27 | 2 |
| 6 | ഇടുക്കി | 6 | 2 |
| 7 | എറണാകുളം | 30 | 4 |
| 8 | തൃശ്ശൂർ | 21 | 8 |
| 9 | പാലക്കാട് | 34 | 12 |
| 10 | മലപ്പുറം | 46 | 17 |
| 11 | കോഴിക്കോട് | 12 | 6 |
| 12 | വയനാട് | 3 | 2 |
| 13 | കണ്ണൂർ | 22 | 11 |
| 14 | കാസറഗോഡ് | 14 | 4 |
| **ആകെ** | | 273 | 84 |

**ഉറവിടം**: പട്ടികജാതി വികസന ഡയറക്ടറേറ്റ്* (31.08.2025 വരെ)

ഗ്രാമവികസന മന്ത്രാലയവും (MORD) കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതിയാണ് DDU-GKY. ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള 15 നും 35 നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവാക്കളിൽ DDU-GKY പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. 2025 ഒക്ടോബർ വരെ, 78104 പേർ പരിശീലനം പൂർത്തിയാക്കി അവരിൽ 55801 പേർക്ക് നിയമനം ലഭിച്ചു, 46131 പേർ ജോലിയിൽ 3 മാസം പൂർത്തിയാക്കി.

**പട്ടിക 7.3.3** കേരളത്തിലെ DDU GKY നില

| DDU GKY സ്റ്റാറ്റസ് | | | | |
|---|---|---|---|---|
| | ആരംഭിച്ചവ | പൂർത്തീകരിച്ചവ | നിയമനം | 3 മാസത്തെ ജോലി പൂർത്തിയാക്കി |
| ക്യുമുലേറ്റീവ് | 86423 | 78,104 | 55,801 | 46,131 |
| 2025-26 (as of October 2025) | 19 | 333 | 254 | 334 |
| 2024-25 | 1802 | 2389 | 1861 | 2368 |
| 2023-24 | 3,584 | 5,146 | 3,404 | 3,422 |
| 2022-23 | 7,020 | 8,234 | 6,124 | 4,326 |
| 2021-22 | 5,664 | 5,718 | 1,568 | 3,143 |
| 2020-21 | 3,358 | 3,152 | 1,787 | 2,931 |
| 2019-20 | 15,221 | 12,812 | 9,957 | 9,100 |
| 2018-19 | 16,428 | 13,736 | 10,972 | 9,656 |
| 2017-18 | 12,998 | 10,693 | 9,196 | 5,093 |
| 2016-17 | 10,722 | 11,630 | 8,232 | 5,077 |
| 2015-16 | 9,607 | 4,261 | 2,446 | 681 |

**ഉറവിടം:** കുടുംബശ്രീ

### 6. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)

സംസ്ഥാനത്ത് ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രാഥമിക ഏജൻസിയാണ് കെ-ഡിസ്ക്. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനം സുഗമമാക്കുന്നതിനുള്ള അധിക ചുമതലയും കെ-ഡിസ്കിന് നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മുൻഗണന നൽകുന്നു.

കെ-ഡിസ്കിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്, നൈപുണ്യത്തെയും വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലെ പ്രതിഭാ സമ്പത്തിന്റെ, പ്രത്യേകിച്ച് യുവാക്കളുടെ കഴിവുകൾ, പെരുമാറ്റങ്ങൾ, മനോഭാവങ്ങൾ എന്നിവ ശാക്തീകരിച്ച് നൈപുണികളും പെരുമാറ്റരീതികളും മനോഭാവവും ശക്തിപ്പെടുത്തുക എന്നതാണ്

### കേരള നോളജ് ഇക്കണോമി മിഷൻ

കേരളത്തിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നൽകുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) ആരംഭിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) ചുമതലപ്പെടുത്തി. കേരള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി, പ്രാദേശിക ഡിമാൻഡ് സൃഷ്ടിക്കുന്നതിലൂടെയും തൊഴിൽ സൗകര്യങ്ങളിലൂടെയും തൊഴിലന്വേഷകർക്ക് ലാഭകരമായ തൊഴിലവസരങ്ങൾ പ്രാദേശികവും അന്തർദ്ദേശീയവുമായ തലങ്ങളിൽ സൃഷ്ടിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നു.

കേരള നോളജ് ഇക്കണോമി മിഷന്റെ പൊതുപരിപാടിയായ വിജ്ഞാന കേരളം പദ്ധതി, സമൂഹത്തെ ശാക്തീകരിച്ചും നൈപുണ്യ വിടവുകൾ നികത്തിയും വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിന് കരുത്തുപകർന്നുകൊണ്ട് സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ലക്ഷ്യമിടുന്നു. തൊഴിലന്വേഷകരെ, പ്രത്യേകിച്ച് സ്ത്രീകൾ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ എന്നിവരെ സജ്ജരാക്കി തൊഴിൽ മേളകൾ സംഘടിപ്പിക്കുകയാണ് വിജ്ഞാന കേരളം പദ്ധതിയുടെ ട്രാക്ക് 1. ഫിഷറീസ്, പട്ടികജാതി-പട്ടികവർഗ വികസനം, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് 2025 അവസാനത്തോടെ 3 മുതൽ 5 ലക്ഷം പേർക്ക് തൊഴിൽ നൽകാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 2025 ഒക്ടോബർ വരെ, ഒന്നാം ഘട്ടത്തിന് കീഴിൽ 60,097 ഉദ്യോഗാർത്ഥികൾക്ക് ഡി.ഡബ്ല്യു.എം.എസ് വഴി നേരിട്ടും, 26,837 പേർക്ക് അപ്രന്റീസ്ഷിപ്പിലൂടെയും ക്യാമ്പസ് പ്ലേസ്മെന്റിലൂടെയും തൊഴിൽ ലഭിച്ചു. പ്രാദേശികമായ തൊഴിൽ സൃഷ്ടിയാണ് വിജ്ഞാന കേരളത്തിന്റെ ട്രാക്ക് 3. നിലവിൽ പരിചരണ സഹായികൾ, ബഹു വൈദഗ്ധ്യ തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ഉത്തരവാദിത്ത ടൂറിസം എന്നീ വിഭാഗങ്ങളിലെ അതിപ്രാദേശിക തൊഴിലവസരങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഒരു നിശ്ചിത പ്രദേശത്തെ ചെറുകിട, ഇടത്തരം, വൻകിട സംരംഭങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന തൊഴിലവസരങ്ങളെയാണ് അതിപ്രാദേശിക തൊഴിലുകൾ എന്ന് വിളിക്കുന്നത്. ട്രാക്ക് 3 പ്രകാരം, കുടുംബശ്രീ ഇടപെടലുകൾ വഴി 75,312 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകി. ആകെ 2,38,235 പ്ലേസ്മെന്റുകൾ നേടിയിട്ടുണ്ട്. കേരള നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 7.3.4**-ൽ കൊടുത്തിരിക്കുന്നു.

### 7. വ്യാവസായിക പരിശീലന വകുപ്പ്

നൈപുണ്യവും അപ്രന്റിസ്ഷിപ്പ് പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ തൊഴിലും

**പട്ടിക 7.3.4** കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) നേട്ടങ്ങൾ

| ക്രമ നം. | ഘടകങ്ങൾ | നേട്ടങ്ങൾ (ഒക്ടോബർ. 2025) വരെ |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത തൊഴിലുടമകൾ | 8239 |
| 2 | രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ | 20,60,095 |
| 3 | DWMS മുഖാന്തിരം സമാഹരിക്കപ്പെട്ട ഒഴിവുകൾ | 32,58,302 |
| 4 | കുടുംബശ്രീ ക്യാമ്പയിൻ | 1,09,029 |
| 5 | ആകെ സമാഹരിക്കപ്പെട്ട ഒഴിവുകൾ | 33,67,331 |
| 6 | DWMS മുഖാന്തിരം നേരിട്ട് നൽകിയ തൊഴിലുകൾ | 60,097 |
| 7 | മൂന്നാം കക്ഷി (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കെയ്സ്, അസാപ്, നോർക്ക, ODEPC കുടുംബശ്രീ) | 75,989 |
| | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 21,107 |
| | കുടുംബശ്രീ | 43,087 |
| | കെയ്സ് | 4,961 |
| | അസാപ് | 1,847 |
| | നോർക്ക | 3,274 |
| | ODEPC | 1,713 |
| 8 | അപ്രന്റീസ്ഷിപ്പ്, ക്യാമ്പസ് നിയമനങ്ങൾ | 26,837 |
| 9 | കുടുംബശ്രീ ക്യാമ്പയിൻ | 75,312 |
| 10 | വിജ്ഞാന കേരളം മുഖാന്തിരം ആകെ നൽകിയ നിയമനങ്ങൾ | 2,38,235 |
| 11 | തൊഴിലന്വേഷകർ– DWMS വഴി വൈദഗ്ധ്യം നൽകിയവരുടെ എണ്ണം – | 1,17,054 |

**ഉറവിടം:** കേരള നോളജ് ഇക്കണോമി മിഷൻ

നൈപുണ്യവും വകുപ്പിന് കീഴിലാണ് വ്യാവസായിക പരിശീലന വകുപ്പ് (ഐ.ടി.ഡി) പ്രവർത്തിക്കുന്നത്. വകുപ്പ് സംസ്ഥാനത്തെ വ്യാവസായിക പരിശീലന സ്ഥാപനങ്ങളിൽ വൈവിധ്യമാർന്ന നൈപുണ്യ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളിലുടനീളമുള്ള യുവജനങ്ങൾ അപ്രന്റിസ്ഷിപ്പ് പരിശീലനത്തിനായി ഇവിടെ രജിസ്റ്റർ ചെയ്യുന്നു.

ഇന്ത്യാ ഗവൺമെന്റിന്റെ നൈപുണ്യ വികസന–സംരംഭകത്വ മന്ത്രാലയത്തിന്റെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണിത്. ഡിജിടി നടപ്പാക്കിയ പ്രധാന രണ്ട് പദ്ധതികളായ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം, അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് സ്കീം എന്നിവ സംസ്ഥാനത്തെ നഗര, അർദ്ധ നഗര, ഗ്രാമ പ്രദേശങ്ങളിൽ പല സ്ഥലങ്ങളിലുള്ള വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ വഴി വകുപ്പ് നടപ്പിലാക്കുന്നു. ട്രെയിനികൾക്ക് നൽകുന്ന സൗജന്യ പരിശീലനവും മറ്റ് സഹായങ്ങളും സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളെ സാങ്കേതിക പുരോഗതിയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സഹായിക്കുന്നു. പരിശീലനം നൽകുന്നതിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ വകുപ്പ് ട്രെയിനികളുടെ തൊഴിൽ ക്ഷമത വർദ്ധിക്കുന്നു. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും സംഭാവന നൽകുന്ന നൈപുണ്യവും സാങ്കേതിക യോഗ്യതയുള്ളതുമായ ഒരു തൊഴിൽ സേനയെ സൃഷ്ടിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം.

### a) ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി (CTS)

1950–ൽ ഇന്ത്യാ ഗവൺമെന്റ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം നടപ്പാക്കിയത് ഗാർഹിക വ്യവസായത്തിനായി വിവിധ ട്രേഡുകളിൽ വിദഗ്ദ്ധ തൊഴിലാളികളുടെ സ്ഥിരമായ ലഭ്യത ഉറപ്പാക്കുന്നതിനും ചിട്ടയായ പരിശീലനത്തിലൂടെ വ്യാവസായിക ഉൽപ്പാദനം അളവിലും ഗുണപരമായും ഉയർത്തുന്നതിനും തൊഴിൽ യോഗ്യമായ പരിശീലനം നൽകിക്കൊണ്ട് അഭ്യസ്തവിദ്യരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും വേണ്ടിയാണ്. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ് പദ്ധതിയുടെ നടത്തിപ്പിനുള്ള രാജ്യത്തെ പരമോന്നത അതോറിറ്റി. പദ്ധതി പ്രകാരം, ഒരു പ്രത്യേക ട്രേഡിൽ പരിശീലനം പൂർത്തിയാക്കി അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്ന ട്രെയിനിക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻടിസി) നൽകും. 2014–15 മുതൽ 2024–25 വരെയുള്ള കാലയളവിൽ കേരളത്തിൽ സി.ടി.എസ് പദ്ധതിക്ക് കീഴിൽ 3,57,298 പരിശീലനാർത്ഥികൾ എൻറോൾ ചെയ്തിട്ടുണ്ട്.

### b) അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി (ATS)

1961ലെ അപ്രന്റീസ് ആക്റ്റിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചാണ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം നടത്തുന്നത്. വ്യവസായത്തിനാവശ്യമായ വൈദഗ്ധ്യമുള്ള മാനവശക്തിയുടെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള ഒരു കാഴ്ചപ്പാട് വിപുലമാക്കുന്നതിനാണ് 1961ലെ അപ്രന്റീസ് ആക്ട് നിലവിൽ വന്നത്. വ്യവസായത്തിലെ അപ്രന്റീസുകളുടെ പരിശീലന പരിപാടി നിയന്ത്രിക്കുകയും അതിലൂടെ ഒരു സ്റ്റാൻഡേർഡ് സിലബസ്, പരിശീലന കാലയളവ്,

നൈപുണ്യ സെറ്റുകൾ മുതലായവ സ്ഥിരീകരിക്കുകയും വ്യവസായത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പ്രായോഗിക പരിശീലനം നൽകുകയും ചെയ്യുന്നു. 1961 ലെ അപ്രന്റീസ് ആക്റ്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റൈപ്പൻഡ് നൽകുന്നതിന് ഒരു അപ്രന്റീസും തൊഴിലുടമയും തമ്മിലുള്ള കരാറാണ് അപ്രന്റീസ്ഷിപ്പ്. ഈ പ്രക്രിയ നിയന്ത്രിക്കുന്നതിലും നിരീക്ഷിക്കുന്നതിലും കേന്ദ്ര/സംസ്ഥാന സർക്കാർ മൂന്നാം കക്ഷിയായി പ്രവർത്തിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള അപ്രന്റീസുകളുടെ വിശദാംശങ്ങൾ **അനുബന്ധം 7.3.7** ൽ കാണിച്ചിരിക്കുന്നു.

### c) വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ

സംസ്ഥാനത്ത് 108 സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, മൊത്തം 33,000 സീറ്റുകളാണുള്ളത് (ഒന്നാം വർഷവും രണ്ടാം വർഷവും), ഇതിൽ 30 ശതമാനം സീറ്റുകൾ വനിതാ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവ കൂടാതെ സർക്കാർ മേഖലയിൽ 14 വനിതാ ഐടിഐകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

ഗവൺമെന്റ്, പ്രൈവറ്റ് ഐടിഐകളുടെ ലിസ്റ്റ്, വർഷം തിരിച്ചുള്ള എൻറോൾമെന്റ് വിശദാംശങ്ങൾ, ട്രേഡ് തിരിച്ചുള്ള വിശദാംശങ്ങൾ (ഒന്നാം വർഷ, രണ്ടാം വർഷ കോഴ്സുകൾ), സ്ഥാപനം തിരിച്ചുള്ള അപ്രന്റീസുകളുടെ വിശദാംശങ്ങൾ, പ്ലേസ്മെന്റ് വിശദാംശങ്ങൾ എന്നിവ **അനുബന്ധം 7.3.2, 7.3.3, 7.3.4,7.3.5, 7.3.6, 7.3.7, 7.3.8** എന്നിവയിൽ കാണിച്ചിരിക്കുന്നു.

2024-25 ൽ സർക്കാർ ഐടിഐ കളിലെ ആകെ സീറ്റ് 23801 ഉം വിദ്യാർത്ഥികളുടെ ആകെ എൻറോൾമെന്റ് 22483 ഉം ആണ് അനുബന്ധം 7.3.2 പ്രകാരം. 2024-25 ലെ മൊത്തം എൻറോൾമെന്റിൽ 5409 പെൺകുട്ടികളാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം യഥാക്രമം 5020 ഉം 1099 ഉം ആണ്. പെൺകുട്ടികളുടെ എണ്ണത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് നേരിയ വർധനവുണ്ടായിട്ടുണ്ട്. അനുബന്ധം 7.3.8 ൽ സർക്കാർ, സ്വകാര്യ ഐടിഐകളിൽ നിന്നുള്ള കഴിഞ്ഞ 9 വർഷങ്ങളിലായുള്ള ഐടിഐ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് വിശദാംശങ്ങൾ സൂചിപ്പിക്കുന്നു. 2024, 2025 വർഷങ്ങളിൽ സർക്കാർ ഐടിഐകളിൽ നിന്ന് 3033 പേരും 2024 ൽ സ്വകാര്യ ഐടിഐകളിൽ നിന്ന് 4508 കുട്ടികളും ജോലിയിൽ പ്രവേശിച്ചു. മൊത്തം പ്ലെയ്സ്മെന്റുകളിൽ 1467 പെൺകുട്ടികളും 202 എസ്സി/എസ്ടി വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

### d) സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് (SUIIT)

ഇൻസ്ട്രക്ഷണൽ സ്റ്റാഫിന്റെയും മറ്റുള്ളവരുടെയും വൈദഗ്ധ്യവും അറിവും സാങ്കേതിക വികാസത്തിനനുസരിച്ച് അപ്ഡേറ്റ് ചെയ്യുന്നതിനായി 1999-ൽ തിരുവനന്തപുരം കഴക്കൂട്ടത്ത് സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കേരള ആരംഭിച്ചു. 2024-25 ൽ 2132 പേർ പങ്കെടുത്ത 55 പരിശീലന പരിപാടികൾ SUIIT നടത്തി. കൂടാതെ കേന്ദ്ര സർക്കാർ സ്പോൺസർ ചെയ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) നടത്തിയ 25 പരിശീലന പരിപാടികൾക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തു.

### പ്രധാന നേട്ടങ്ങൾ

പുതിയ ട്രേഡുകളിലുള്ള നാല് പുതിയ ഐടിഐകൾക്ക് അനുമതി നൽകിയതും മൂന്ന് ഐടിഐകൾക്കായി ഭൂമി ഏറ്റെടുത്തതും പ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നു. രണ്ട് ഐടിഐകളിൽ ഉൽപാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും എട്ട് സ്ഥാപനങ്ങളിൽ ഗ്രീൻ കാമ്പസ് പദ്ധതി നടപ്പിലാക്കുന്നതിനും പത്ത് സ്ഥാപനങ്ങളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകി. 104 സർക്കാർ ഐടിഐകളിലായി ഏകദേശം 32,000 പരിശീലനാർത്ഥികൾക്ക് പോഷകാഹാരം നൽകിയിട്ടുണ്ട്. നാല് സ്ഥാപനങ്ങൾക്ക് (ആർഐഎസി പാലക്കാട്, ഐടിഐ നെന്മാറ, ഐടിഐ തിരുവമ്പാടി, ഐടിഐ മലമ്പുഴ) പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

### 8. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ)

കേരള സംസ്ഥാന നൈപുണ്യ വികസന മിഷനായി (SSDM) പ്രവർത്തിക്കുന്ന കെയ്സ് (കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്), കേരളത്തിൽ നൈപുണ്യ വികസന സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ ഒരു മുൻനിര സ്ഥാപനമായി ഉയർന്നുവന്നിട്ടുണ്ട്. കഴിവുകളെ പരിപോഷിപ്പിക്കുക വിദ്യാഭ്യാസത്തിനും വ്യവസായത്തിനും ഇടയിലുള്ള വിടവ് നികത്തുകയും ചെയ്യുക എന്ന കാഴ്ചപ്പാടോടെ സ്ഥാപിതമായ ഇത്, സംസ്ഥാനത്ത് നൈപുണ്യ വികസനത്തിന്റെയും ശാക്തീകരണത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നു. വ്യവസായത്തിന്റെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങളുമായി അതിന്റെ സംരംഭങ്ങളെ വിന്യസിച്ചുകൊണ്ട്, സാമൂഹിക-സാമ്പത്തിക വളർച്ചയ്ക്കും, ജീവിതങ്ങളെ പരിവർത്തനം ചെയ്യുന്നതിനും, കേരളത്തെ ശോഭനമായ ഭാവിയിലേക്ക് നയിക്കുന്നതിനും KASE ഒരു ഉത്തേജകമായി മാറിയിരിക്കുന്നു.

വ്യത്യസ്ത വ്യാവസായിക ഡൊമെയ്നുകൾക്കായി കേന്ദ്രീകൃത നൈപുണ്യ വികസനം ആരംഭിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു സ്ഥാപനമായി പ്രവർത്തിക്കുന്നതിനാണ് കെയ്സ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ എല്ലാ നൈപുണ്യ പരിശീലന സംരംഭങ്ങളുടെയും സംയോജനത്തിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്എസ്ഡിഎം) ആയി കെയ്സിനെ നിയോഗിച്ചിട്ടുണ്ട്. വികസനത്തിനായുള്ള നൈപുണ്യ മികവിനായി സ്ഥാപനങ്ങളെയും അക്കാദമികളെയും പ്രോത്സാഹിപ്പിക്കുക, സ്ഥാപിക്കുക, സജ്ജീകരിക്കുക, നിരീക്ഷിക്കുക, നിയന്ത്രിക്കുക, എന്നിവയാണ് സംസ്ഥാന നൈപുണ്യ വികസന മിഷ ന്റെ പ്രധാന ലക്ഷ്യങ്ങൾ.

### നൈപുണ്യ സംയോജനം കേരളത്തിൽ

വിവിധ വകുപ്പുകൾക്ക് അവരുടേതായ നൈപുണ്യ പരിപാടികൾ ഉണ്ട്, ഇത് സംസ്ഥാന തലത്തിൽ ഒരു

മിഷന്റെ കീഴിലുള്ള വകുപ്പുകളിലുടനീളമുള്ള പദ്ധതികളുടെ എകോപനത്തിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നു. കെയ്സിന്റെ (KASE) പ്രധാന സംരംഭങ്ങളെക്കുറിച്ചുള്ള ഒരു ഹ്രസ്വ അവലോകനം താഴെ പറയും പ്രകാരമാണ്; ജില്ലാതല നൈപുണ്യ വികസനവും സാമൂഹിക ഇടപെടലും വിവിധ പ്രദേശങ്ങളുടെ തനതായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ്, നൈപുണ്യ വികസനത്തിന് കേരളം വികേന്ദ്രീകൃത സമീപനമാണ് സ്വീകരിച്ചത്. ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലാ നൈപുണ്യ സമിതികൾ രൂപീകരിക്കുന്നതിലൂടെ, കെയ്സ് തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ ജില്ലകളിലെ നൈപുണ്യ ആവശ്യകതകൾ തിരിച്ചറിയാൻ അവസരം നൽകുന്നു. ഈ കമ്മിറ്റികൾ പ്രാദേശിക ആവശ്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ ശേഖരിക്കുകയും പ്രത്യേക വൈദഗ്ധ്യ വിടവുകൾ നികത്തുന്നതിനുള്ള ജില്ലാ അധിഷ്ഠിത ഏജൻസികളിൽ നിന്നുള്ള നിർദേശങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

### ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ

മുമ്പ് കൗശൽ കേന്ദ്രങ്ങൾ എന്നറിയപ്പെട്ടിരുന്ന ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ (ഡിഎസ്ഡിസി) ഗ്രാമീണ മേഖലയിലെ യുവാക്കളെ പ്രത്യേകം കേന്ദ്രീകരിച്ചുള്ള ഗ്രാമീണ നൈപുണ്യ കേന്ദ്രങ്ങളാണ്. ജില്ലാ നൈപുണ്യ വികസന കേന്ദ്രം (ഡിഎസ്ഡിസി) ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നുള്ളവരുൾപ്പെടെ ജനസംഖ്യയിലെ വിവിധ വിഭാഗങ്ങൾക്ക് നൈപുണ്യ വികസന അവസരങ്ങൾ വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്നു.

നൈപുണ്യ വിതരണ കേന്ദ്രമെന്ന നിലയിൽ അതിന്റെ പ്രവർത്തനത്തിന് പുറമെ നൈപുണ്യ/ തൊഴിലധിഷ്ഠിത പരിശീലനത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളുടെയും ഏകജാലകമായി ഡിഎസ്ഡിസി പ്രവർത്തിക്കുന്നു. എല്ലാ പങ്കാളികൾക്കും ഗുണഭോക്തൃ ഗ്രൂപ്പുകൾക്കും സമഗ്രമായ വിവരങ്ങൾ നൽകാൻ ഡിഎസ്ഡിസി കൾ വിഭാവനം ചെയ്യുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട്, കാസർകോട്, പത്തനംതിട്ട തുടങ്ങി വിവിധ ജില്ലകളിലായി ആറ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ഡിഎസ്ഡിസി കൾ ആരംഭിക്കാൻ കെയ്സ് പദ്ധതിയിടുന്നു.

2024-25 വർഷത്തെ പ്രധാന നേട്ടങ്ങളിൽ ആലപ്പുഴയിലും കൊട്ടാരക്കരയിലും നടത്തിയ ഓരോ ബാച്ച് ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ് കോഴ്സ് ഉൾപ്പെടുന്നു. ഇതിൽ ആലപ്പുഴയിൽ നിന്നുള്ള 10 വിദ്യാർത്ഥികൾക്ക് നിയമനം ലഭിച്ചുകഴിഞ്ഞു, കൊട്ടാരക്കരയിൽ കോഴ്സ് പൂർത്തിയാക്കിയവർക്കായുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, കൊട്ടാരക്കരയിൽ രണ്ടാം ബാച്ചിലേക്കും തിരുവനന്തപുരത്ത് ഒന്നാം ബാച്ചിലേക്കുമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡി.എസ്.ഡി.സി-യിൽ രണ്ട് ബാച്ച് ഡിപ്ലോമ ഇൻ വെയർഹൗസ് മാനേജ്മെന്റും ഒരു ബാച്ച് ലാഷർ കോഴ്സും വിജയകരമായി നടത്തുകയും, ഇതിൽ പങ്കെടുത്ത ഭൂരിഭാഗം വിദ്യാർത്ഥികൾക്കും പ്ലേസ്മെന്റ് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

### ഉപജീവന പ്രോത്സാഹനത്തിനുള്ള നൈപുണ്യ സമ്പാദനവും വിജ്ഞാന അവബോധവും (SANKALP)

ലോകബാങ്ക് സഹായത്തോടെ നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ (എംഎസ്ഡിഇ) സംരംഭമായ സങ്കൽപ്, മൊത്തം ഫണ്ട് വിഹിതത്തിന്റെ 60 ശതമാനം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതം 40 ശതമാനവുമാണ്. ദേശീയ നൈപുണ്യ യോഗ്യതാ ഫ്രെയിം വർക്കിന്റെ (NSQF) സാർവത്രികവൽക്കരണം, സർട്ടിഫിക്കേഷനുകളുടെയും മൂല്യനിർണ്ണയങ്ങളുടെയും ഏകീകരണം, വിവിധ നൈപുണ്യ പദ്ധതികളുടെ ഏകോപനം, തൊഴിൽ വിപണിക്കനുയോജ്യമായ രീതിയിൽ ഗുണനിലവാരമുള്ള പരിശീലനം ഉറപ്പാക്കൽ, ഹ്രസ്വകാല പരിശീലന മേഖലയിൽ സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ വെല്ലുവിളികൾ പരിഹരിക്കാനാണ് സങ്കൽപ് (SANKALP) ലക്ഷ്യമിടുന്നത്. കേരളത്തിൽ ജില്ലാ നൈപുണ്യ സമിതികളുടെ സഹകരണത്തോടെ കേരളീയം, എന്റെ കേരളം മേളകൾ, ഫ്രീഡം ഫെസ്റ്റ് തുടങ്ങിയ പരിപാടികളിലൂടെ സങ്കൽപിന്റെ പ്രചാരണ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്നു.

ജില്ലാ നൈപുണ്യ സമിതി: സങ്കൽപ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാ നൈപുണ്യ സമിതികൾ രൂപീകരിച്ചു. ജില്ലയിലെ വിവിധ നൈപുണ്യ വികസന സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ജില്ലാ നൈപുണ്യ സമിതികൾ ഒരു ഗ്രൂപ്പായി പ്രവർത്തിക്കുന്നു.

ജില്ലാ നൈപുണ്യ വികസന പദ്ധതി: ജില്ലാ നൈപുണ്യ സമിതികളുമായി ചേർന്ന് തയ്യാറാക്കിയ ജില്ലാ നൈപുണ്യ വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് പരിശീലന പരിപാടികൾ പുരോഗമിക്കുന്നു. ജില്ലകൾ സമർപ്പിച്ച ജില്ലാ നൈപുണ്യ വികസന പദ്ധതികൾ കെയ്സ് വികസിപ്പിച്ച പ്രോജക്ട് ഇവാലുവേഷൻ മട്രിക്സ് ഉപയോഗിച്ചാണ് വിലയിരുത്തിയത്. ആദ്യഘട്ടത്തിൽ 1792 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും രണ്ടാം ഘട്ടത്തിൽ 1295 ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ ജില്ലകളിൽ നിക്ഷിപ്തമാക്കി.

ഉൾപ്പെടുത്തൽ (Inclusive) ഘടകത്തിന് കീഴിലുള്ള ഹ്രസ്വകാല പരിശീലനം: സമർപ്പിക്കപ്പെട്ട ജില്ലാ നൈപുണ്യ വികസന പദ്ധതികളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള ആളുകൾക്ക് നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പദ്ധതിയുടെ ഉൾപ്പെടുത്തൽ ഘടകത്തിന് കീഴിൽ, ഇതുവരെ 675 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി, 451 ഉദ്യോഗാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് ലഭിച്ചു, കൂടാതെ 43 ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്നവർക്കായി നൈപുണ്യ പരിശീലന സംരംഭങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

തൊഴിൽ മേളകളും അപ്രന്റീസ്ഷിപ്പ് പ്രൊമോഷൻ പ്രവർത്തനങ്ങളും: കേരള സ്റ്റേറ്റ് ജോബ് പോർട്ടൽ വഴി

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ നടത്തി. പൊതുജനങ്ങൾക്കും ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടികൾ പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനാണ് തൊഴിൽ മേളകൾ ലക്ഷ്യമിടുന്നത്. 3233 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേളകളിലൂടെ നിയമനം ലഭിച്ചു. തൊഴിൽ മേളകളോടൊപ്പം സംസ്ഥാനത്തുടനീളം അപ്രന്റീസ്ഷിപ്പ് ബോധവൽക്കരണ പരിപാടികളും നടത്തി.

**പരിശീലന സേവന ദാതാക്കളുടെ ഉച്ചകോടി 2024–2025**
കേരളത്തിലെ 14 ജില്ലകളിലും പരിശീലന സേവന ദാതാക്കളുടെ ഉച്ചകോടി (TSP Summit) വിജയകരമായി സംഘടിപ്പിച്ചു. പൊതു–സ്വകാര്യ പങ്കാളിത്തത്തോടുള്ള ശക്തമായ പ്രതിബദ്ധത വ്യക്തമാക്കിക്കൊണ്ട്, 1,851 പരിശീലന ദാതാക്കൾ ഉൾപ്പെടെ 2,800–ലധികം പങ്കാളികൾ ഈ ഉച്ചകോടിയിൽ പങ്കെടുത്തു.

**സ്ത്രീ ശാക്തീകരണത്തിനായുള്ള നൈപുണ്യ പരിശീലന പരിപാടികൾ**
സംസ്ഥാന നൈപുണ്യ വികസന മിഷന് കീഴിലുള്ള സെന്റർ ഓഫ് എക്സലൻസ് ആയ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) വഴി സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള വിവിധ നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കി. ഈ സാമ്പത്തിക വർഷത്തിൽ, സ്ത്രീ ശാക്തീകരണ സംരംഭത്തിന്റെ ഭാഗമായി 4 കോഴ്സുകളിലായി ആകെ 23 വനിതാ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുകയും, ആ 23 പേരും വിജയകരമായി ജോലി ഉറപ്പാക്കുകയും ചെയ്തു.

**പട്ടികജാതി (SC) യുവാക്കൾക്കായുള്ള "ഉന്നതി" പരിശീലന പരിപാടി**
പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ 'ഉന്നതി' (Unnathi) പരിശീലന പദ്ധതിയിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ ഉന്നമനത്തിനായി വിവിധ മേഖലകളിൽ നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന നൈപുണ്യ വികസന മിഷന്റെ പങ്കാളിത്ത സ്ഥാപനങ്ങളായ ടൂൺസ് ആനിമേഷൻ (Toonz Animation), എസ്പോയർ (ESPOiR), ഐ.ഐ.ബി (IIB) എന്നിവ വഴിയാണ് ആനിമേഷൻ, നഴ്സിംഗ്, ലോജിസ്റ്റിക്സ് എന്നീ മേഖലകളിൽ പരിശീലനം സംഘടിപ്പിക്കുന്നത്. ഇതുവരെ ആനിമേഷൻ മേഖലയിൽ 19 പേരും നഴ്സിംഗ് മേഖലയിൽ 35 പേരും പരിശീലനം പൂർത്തിയാക്കി. കൂടാതെ 100 ഉദ്യോഗാർത്ഥികൾ ലോജിസ്റ്റിക്സ് മേഖലയിൽ ഇപ്പോൾ പരിശീലനം നേടിവരുന്നു.

**നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ**
നൈപുണ്യ പരിശീലന രംഗത്തെ പ്രശസ്തമായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സേവനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനും ഉദ്യോഗാർത്ഥികളെ ആകർഷിക്കുന്നതിനുമായി കെയ്സ് –ൽ നിന്ന് അക്രഡിറ്റേഷൻ നേടാൻ സാധിക്കുന്നതാണ്. iSTEP–ന് കീഴിലുള്ള സെന്റർ ഓഫ് എക്സലൻസുകൾ വഴിയും അക്രഡിറ്റേഷൻ ലഭിച്ച സ്ഥാപനങ്ങൾ വഴിയുമാണ് പരിശീലനവും പ്ലേസ്മെന്റ് വിവരങ്ങളും ലഭ്യമാക്കുന്നത്. 2024–25 കാലയളവിൽ iSTEP–ലൂടെ 465 ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചു.

സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിൽ നൈപുണ്യ പരിശീലനവും അതിന്റെ വികസനവും നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേരള സർക്കാർ തിരിച്ചറിയുന്നു. വിദ്യാസമ്പന്നരും വൈദഗ്ദ്ധ്യമുള്ളവരുമായ തൊഴിലാളികളുടെ ആപേക്ഷിക ലഭ്യത, സംരംഭകത്വത്തിന്റെ ചരിത്രം, വിശാലമായ ലോകവുമായുള്ള സമ്പർക്കം എന്നിവയാണ് കേരളത്തിന്റെ ശക്തി. ആഗോള ഉൽപ്പാദനം കൂടുതൽ യാന്ത്രികവും വിജ്ഞാന തീവ്രവുമാകുമ്പോൾ, സ്കൂൾ, ഉന്നത വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ കരുത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുതിയ വെല്ലുവിളികളെ നേരിടാൻ മികച്ച രീതിയിൽ സജ്ജീകരിച്ചിരിക്കുന്നു.

അദ്ധ്യായം

# 08

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

# സാമൂഹിക ഉൾച്ചേർക്കൽ – ഉദ്യമങ്ങൾ

## 8.1 ലിംഗ പദവിയും വികസനവും

ദൃഢവും സുസ്ഥിരവുമായ സമൂഹങ്ങൾ രൂപപ്പെടുത്തുന്നതിൽ സ്ത്രീ ശാക്തീകരണം നിർണായക പങ്ക് വഹിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പുരോഗതി: ലിംഗ അവലോകനം 2025 റിപ്പോർട്ട് പ്രകാരം, സ്ത്രീകളെ ശാക്തീകരിക്കുന്നത് സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും സമൂഹാരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. സുസ്ഥിര വികസന ലക്ഷ്യം 5 (SDG 5) കൈവരിക്കുന്നതിനായി തിരിച്ചറിഞ്ഞിരിക്കുന്ന പ്രധാന മേഖലകൾ ഡിജിറ്റൽ സേവനങ്ങളുടെ ലഭ്യത, സുരക്ഷിതമായ തൊഴിൽ അന്തരീക്ഷങ്ങൾ, തീരുമാനമെടുക്കൽ പ്രക്രിയകളിൽ തുല്യ പങ്കാളിത്തം, ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽ നിന്ന് സംരക്ഷണം എന്നിവയാണ്. സ്ത്രീ ശാക്തീകരണം വേഗത്തിലാക്കുന്നത് ഒരു വികസന തന്ത്രം മാത്രമല്ല, അടിസ്ഥാന മനുഷ്യാവകാശമാണെന്നും 2030 അജണ്ട കൈവരിക്കുന്നതിന് അത്യാവശ്യമായ ഒരു നിബന്ധനയാണെന്നും ഐക്യരാഷ്ട്രസഭ ഊന്നിപ്പറയുന്നു.

യുണൈറ്റഡ് നേഷൻസ് ഡെവലപ്‌മെന്റ് പ്രോഗ്രാം വികസിപ്പിച്ച് സാധാരണയായി ഉപയോഗിക്കുന്ന രണ്ട് പ്രധാന ലിംഗപദവി സംബന്ധിയായ സൂചികകളാണ് ലിംഗപദവി വികസന സൂചികയും (GDI) ലിംഗപദവി ശാക്തീകരണ അളവും (GEM). അടിസ്ഥാന ശേഷികളും ജീവിത നിലവാരവുമാണ് ജിഡിഐ സൂചിപ്പിക്കുന്നത്. ഇതിനായി മാനവ വികസന സൂചികയുടെ (എച്ച്ഡിഐ) അതേ സൂചകങ്ങൾ ഉപയോഗിക്കുന്നു. പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അസമത്വത്തിനും ജനങ്ങളുടെ ശരാശരി നേട്ടത്തിനും ഊന്നൽ നൽകുന്നു. 2023 ൽ എച്ച് ഡി ഐ മൂല്യം 0.685 ആയിരുന്നു. ഇത് 193 രാജ്യങ്ങളിൽ ഇന്ത്യയെ 130–ാം സ്ഥാനത്താക്കുന്നു. വിവിധ രാജ്യങ്ങൾ തമ്മിൽ താരതമ്യങ്ങൾ നടത്തുന്നതിൽ ലിംഗപദവി വികസന സൂചികയുടെ (ജിഡിഐ) വിശ്വാസ്യതയും ഉപയോഗവും സംബന്ധിച്ച് നിരവധി ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും, ലിംഗപദവി അവബോധവും ലിംഗപദവിയിലൂന്നിയ വികസനവും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കുള്ള വഴികാട്ടിയാണിത്. മാനവ വികസന സൂചികയിലെ ലിംഗസമത്വത്തിൽ നിന്നുള്ള വ്യതിയാനത്തെ അടിസ്ഥാനമാക്കി രാജ്യങ്ങളെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു, ലിംഗ നീതി വികസന സൂചികയുടെ ഗ്രൂപ്പിൽ അഞ്ചാമതാണ് ഇന്ത്യയുടെ സ്ഥാനം. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള എച്ച്.ഡി.ഐ നേട്ടങ്ങളിൽ തുല്യത ഇന്ത്യയിൽ വളരെ കുറവാണെന്നുള്ളത് ഇത് സൂചിപ്പിക്കുന്നു. (മാനവ വികസന റിപ്പോർട്ട് 2023–2024).

വേൾഡ് ഇക്കണോമിക് ഫോറം പ്രസിദ്ധീകരിച്ച 2025–ലെ ഗ്ലോബൽ ജെൻഡർ ഗ്യാപ് റിപ്പോർട്ട് പ്രകാരം, ലിംഗസമത്വത്തിന്റെ കാര്യത്തിൽ 148 രാജ്യങ്ങളിൽ ഇന്ത്യ 131–ാം സ്ഥാനത്താണ്. ആരോഗ്യം, ശാക്തീകരണം, തൊഴിൽ പങ്കാളിത്തം തുടങ്ങിയ മേഖലകളിൽ ഇന്ത്യയിൽ നിലനിൽക്കുന്ന ലിംഗപരമായ വേർതിരിവുകളെ ലിംഗ അസമത്വ സൂചിക (Gender Inequality Index – GII) അടിവരയിടുന്നു. ഈ സൂചികയുടെ മൂല്യം കുറയുന്നത് സ്ത്രീപുരുഷ അസമത്വം കുറവാണെന്നതിന്റെ സൂചനയാണ്. ലിംഗവിവേചനവുമായി ബന്ധപ്പെട്ട മനുഷ്യവികസന സൂചികകളിൽ കേരളത്തിന്റെ പ്രകടനം ശ്രദ്ധേയമാണ്. അഖിലേന്ത്യാ തലത്തിലുള്ള പൊതുസാഹചര്യത്തിൽ നിന്ന് തികച്ചും വ്യത്യസ്തവും മികച്ചതുമായ ഒരു ചിത്രമാണ് കേരളം കാഴ്ചവെക്കുന്നത്.

**കേരളത്തിലെ സ്ത്രീ വികസന സൂചികകൾ: ഇന്ത്യയുമായുള്ള ഒരു തരതമ്യ പഠനം**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സീറ്റുകൾ സംവരണം ചെയ്യാനുള്ള നിയമനിർമ്മാണം വഴി 2010 മുതൽ തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പുകളിൽ ചരിത്രപരമായ ഒരു ചുവടുവെപ്പായിരുന്നു കേരളം നടത്തി വരുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പദ്ധതികളിലൊന്നായ കുടുംബശ്രീ മിഷൻ

**പട്ടിക 8.1.1** ഇന്ത്യയിലും കേരളത്തിലും വിവിധ തലങ്ങളിലെ സാക്ഷരതയുടെ ശതമാനം(വയസ്സ് 15–49)

| നഗരം/ഗ്രാമം | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | നഗരം | ഗ്രാമം | ആകെ | നഗരം | ഗ്രാമം | ആകെ |
| ആൺ സാക്ഷരത | 99.2 | 97.4 | 98.2 | 89.6 | 81.5 | 84.4 |
| പെൺ സാക്ഷരത | 99.1 | 97.5 | 98.3 | 83.0 | 65.9 | 71.5 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള പുരുഷൻ | 78.3 | 74.2 | 76.1 | 72.5 | 48.7 | 57.1 |
| ഇന്റർനെറ്റ് എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുള്ള സ്ത്രീ | 64.9 | 57.5 | 61.1 | 51.8 | 24.6 | 33.3 |

**അവലംബം:** ദേശീയ കുടുംബാരോഗ്യ സർവ്വേ (എൻ.എഫ്.എച്ച്.എസ്) 5, 2019-20

കേരളത്തിന്റെ വനിതാ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. പ്രാദേശിക ഭരണകൂടങ്ങളിലെ ഗണ്യമായ സ്ത്രീ പ്രാതിനിധ്യം, പരിശീലനം, സംരംഭകത്വ പിന്തുണ, വിദ്യാഭ്യാസം എന്നിവയിലൂടെ ലക്ഷക്കണക്കിന് സ്ത്രീകളെ ശാക്തീകരിക്കുന്നത് കുടുംബശ്രീയുടെ നിരന്തരമായ ഇടപെടലിന്റെയും പ്രാദേശിക തലത്തിൽ സ്ത്രീകളുടെ രാഷ്ട്രീയവൽക്കരണം വർദ്ധിച്ചതിന്റേയും കൂടി പ്രതിഫലനം ആയി കാണേണ്ടതുണ്ട്. കേരള സംസ്ഥാനത്തിന്റെ സാമൂഹിക ചെലവ് ഇപ്പോഴും ലിംഗ പദവിസമത്വ വികസന മേഖലകളിൽ ശ്രദ്ധേയമാണ്. ലിംഗപദവി സമത്വ സമൂഹത്തിലേക്കുള്ള പാതയൊരുക്കുന്നതിൽ കേരള സർക്കാരും അതിന്റെ വിവിധ ഏജൻസികളും നേതൃത്വപരമായ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1,084 എന്നത് ദേശീയ കണക്കായ 940-മായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 52 ശതമാനം സ്ത്രീകളാണ്. 0-14 വയസ്സ് പ്രായമുള്ള കുട്ടികൾ കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 23.4 ശതമാനത്തെ പ്രതിനിധീകരിക്കുന്നു, അവരിൽ 48.9 ശതമാനം പെൺകുട്ടികളാണ്. ദേശീയ ശരാശരിയായ 11 ശതമാനത്തിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ മൊത്തം കുടുംബങ്ങളിൽ 22 ശതമാനവും സ്ത്രീകൾ നയിക്കുന്നതാണ്. അടുത്തിടെ, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ സ്ത്രീകളുടെ തൊഴിലവസരങ്ങളിൽ പ്രശംസനീയമായ വർധനയുണ്ടായി. 2025 ൽ 197 വനിതാ പോലീസുകാരെയാണ് നിയമിച്ചത്. 2025 ൽ എക്സൈസ് വകുപ്പിൽ 678 സ്ത്രീകളെ പട്രോളിംഗിനായി ഉൾപ്പെടുത്തി. വനംവകുപ്പിലെ 3126 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ 756 പേർ വനിതകളാണ്. ആരോഗ്യ പ്രവർത്തകരുടെ നിയമനം മഹാമാരിക്കു ശേഷം ഗണ്യമായ തോതിൽ നടന്നതിൽ; വലിയൊരു വിഭാഗം സ്ത്രീകളാണ്.

### വിദ്യാഭ്യാസവും ലിംഗപദവിസമത്വവും

സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക വികസനത്തിന് അതിന്റെ ഉയർന്ന സ്ത്രീ സാക്ഷരതയും വിദ്യാഭ്യാസവും കാരണമായി കണക്കാക്കാം. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സ്ത്രീ സാക്ഷരതാ നിരക്ക് ഉള്ളത് കേരളത്തിലാണ്, 92 ശതമാനം. ഇതിലെ ലിംഗപദവി വ്യത്യാസം വളരെ ചെറുതുമാണ് (സെൻസസ്, 2011). കേരളത്തിൽ ഈ ആറു പതിറ്റാണ്ടിനിടെ ലിംഗപദവി വ്യത്യാസം കുറഞ്ഞിട്ടുള്ളതായി കാണുന്നു (കൂടുതൽ വിവരങ്ങൾക്ക് ഈ അവലോകനത്തിന്റെ 6-ാം അധ്യായം കാണുക). NFHS-5, 2019-20 സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, കേരളത്തിലെ സ്ത്രീകളുടെ (പ്രായം 15-49) സാക്ഷരതാ നിരക്ക് 97.4 ശതമാനമായി വർദ്ധിച്ചു. എന്നാൽ കമ്പ്യൂട്ടർ സാക്ഷരത, അടിസ്ഥാന ഇന്റർനെറ്റ് പരിജ്ഞാനം തുടങ്ങിയ സാക്ഷരതയുടെ മറ്റ് തലങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. ഇത് ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ പ്രകടമാണ്. സാക്ഷരതയുടെ വിവിധ തലങ്ങളിലെ ലിംഗപദവിഭേദവും ഗ്രാമ-നഗര വ്യത്യാസങ്ങളും **പട്ടിക 8.1.1** ൽ നൽകിയിരിക്കുന്നു.

പൊതു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്കൂൾ പ്രവേശനം പ്രാഥമിക തലത്തിൽ സാർവത്രികമാണ്, കൂടാതെ സ്ത്രീ-പുരുഷ തുല്യത കൈവരിക്കുകയും ചെയ്തു. സ്കൂളുകളിലെ മൊത്തം വിദ്യാർത്ഥികളുടെ 49.1 ശതമാനം പെൺകുട്ടികളാണ്. ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിൽ 50.5 ശതമാനത്തോടെ ആൺകുട്ടികളേക്കാൾ പെൺകുട്ടികൾ കൂടുതൽ ആണ്. തൃതീയ തലത്തിലും പെൺകുട്ടികളുടെ പ്രവേശനം ആൺകുട്ടികളേക്കാൾ കൂടുതലാണ്, എന്നാൽ ടെക്നിക്കൽ സ്കൂളുകളിലെ പെൺകുട്ടികളുടെ എണ്ണം 6.4 ശതമാനം മാത്രമാണ്. വിശദാംശങ്ങൾ **പട്ടിക 8.1.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 8.1.2** വിവിധ തലങ്ങളിലുള്ള പെൺകുട്ടികളുടെ പ്രവേശനം, കേരളം 2024-25

| മേഖല | ആകെ | പെൺകുട്ടികൾ | ശതമാനം |
|---|---|---|---|
| എൽ.പി | 11,87,517 | 5,84,664 | 49.2 |
| യു.പി | 10,94,072 | 5,38,161 | 49.2 |
| എച്ച്.എസ് | 12,53,113 | 6,13,040 | 48.9 |
| *എച്ച്.എസ്.എസ് | 3,86,393 | 1,95,180 | 50.5 |
| വി.എച്ച്.എസ്.എസ് | 53,904 | 21,194 | 39.3 |
| ടെക്നിക്കൽ ഹൈസ്കൂൾ | 7,228 | 463 | 6.4 |

* 2024-25 ഡാറ്റ പ്രകാരം
**അവലംബം:** ഡി.ജി.ഇ, ഡി.വി.എച്ച്.എസ്.ഇ, ഡി.ടി.ഇ, ഡി.എച്ച്.എസ്.ഇ

കേരളത്തിലെ വിവിധ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ ശതമാനം 2024-25 ൽ 65.4 ആണ്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പെൺകുട്ടികളുടെ വാർഷിക പ്രവേശനം പരിഗണിക്കുമ്പോൾ സ്ഥിതി

**പട്ടിക 8.1.3** ഉന്നത വിദ്യാഭ്യാസ മേഖലയിലെ പെൺകുട്ടികളുടെ വാർഷിക പ്രവേശനം (സർക്കാരും എയ്ഡഡും) 2024–25

| മേഖല | പെൺകുട്ടികൾ | ആൺകുട്ടികൾ | ആകെ | ശതമാനം |
|---|---|---|---|---|
| ബിരുദ,ബിരുദാനന്തരം (ആർട്സ് & സയൻസ്) | 2,31,932 | 1,22,480 | 3,54,412 | 65.4 |
| പോളിടെക്നിക്* | 2,766 | 7,870 | 10,636 | 26.0 |
| ബി.ടെക് & എം.ടെക്* | 4,058 | 4,251 | 8,309 | 48.8 |
| ബിരുദ,ബിരുദാനന്തരം (KAU) | 893 | 249 | 1142 | 78.2 |
| ബിരുദ,ബിരുദാനന്തരം (KUFOS) | 361 | 133 | 494 | 73.1 |
| ബിരുദ,ബിരുദാനന്തരം (KVASU) | 363 | 175 | 538 | 67.5 |
| ആരോഗ്യവും അനുബന്ധ ശാസ്ത്രവും | 23856 | 5684 | 29540 | 80.8 |

*വാർഷിക പ്രവേശന വിശദാംശങ്ങൾ

**പട്ടിക 8.1.4** 2024–25 ലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനത്തിന്റെ അനുപാതം (2025 ആഗസ്റ്റ് പ്രകാരം)

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പെൺകുട്ടികളുടെ ശതമാനം |
|---|---|---|---|---|
| ആധുനിക വൈദ്യശാസ്ത്രം | 2130 | 4214 | 6344 | 66 |
| ദന്ത ചികിത്സ | 362 | 1957 | 2319 | 84 |
| ഹോമിയോ | 32 | 361 | 393 | 91 |
| ആയുർവേദം | 219 | 1101 | 1320 | 83 |
| യുനാനി | 30 | 31 | 61 | 51 |
| സിദ്ധ | 9 | 24 | 33 | 73 |

**അവലംബം**: കേരള ആരോഗ്യ സർവ്വകലാശാല (കെ.യു.എച്ച്.എസ്)

വ്യത്യസ്തമാണ്. മൊത്തം വിദ്യാർത്ഥികളിൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 48.8 ശതമാനവും പോളിടെക്നിക്കുകളിൽ 26.0 ശതമാനവും മാത്രമാണ് പെൺകുട്ടികൾ. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കാർഷിക കോഴ്സുകളിൽ പെൺകുട്ടികളുടെ വാർഷിക പ്രവേശനം 78.2 ശതമാനമാണ്. 2024–25 ൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയിൽ ചേർന്ന വിദ്യാർത്ഥികളിൽ 60 ശതമാനത്തിലധികം പെൺകുട്ടികളാണ്. അതുപോലെ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിലെ (കുഫോസ്) 70 ശതമാനത്തിലധികം വിദ്യാർത്ഥികളും പെൺകുട്ടികളാണ്. **(പട്ടിക 8.1.3)**

മെഡിക്കൽ സയൻസുമായി ബന്ധപ്പെട്ട കോഴ്സുകളിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ 80 ശതമാനത്തിലധികം പെൺകുട്ടികളാണെന്നാണ് മെഡിക്കൽ വിദ്യാഭ്യാസത്തിലെ വാർഷിക പ്രവേശനം കാണിക്കുന്നത്. **(പട്ടിക 8.1.4)**

**കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം**

മാതൃമരണനിരക്ക്, ആയുർദൈർഘ്യം, ലിംഗാനുപാതം തുടങ്ങിയ സ്ത്രീകളുടെ ചില ആരോഗ്യ സൂചകങ്ങളിൽ കേരളം ഉയർന്ന പദവി നേടിയിട്ടുണ്ട്. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം(ജനനത്തെ ആധാരമാക്കിയുള്ള) 78.4 വയസ്സ്, എന്നത് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്. ഇന്ത്യയിലെ മൊത്തത്തിലുള്ള സ്ത്രീകളുടെ ആയുർദൈർഘ്യ നിരക്ക് 72.5 വയസ്സ് എന്നതിനേക്കാൾ വളരെ ഉയർന്നതാണിത്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ള സ്ത്രീകളേക്കാൾ കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യനില സംസ്ഥാനത്തിന്റെ ആകെയുള്ള സാമൂഹിക വികസനത്തിന്റെ പ്രതിഫലനമാണ്. മിക്ക ആരോഗ്യ സൂചകങ്ങളും സംസ്ഥാനത്തെ സ്ത്രീകൾക്ക് വളരെ അനുകൂലമാണ്. രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം, എല്ലാ ജനസംഖ്യാ സൂചകങ്ങളും കേരളത്തിലെ സ്ത്രീകൾക്ക് അനുകൂലമാണ് **(പട്ടിക 8.1.5)**.

സംസ്ഥാനത്ത് മാതൃ പരിചരണത്തിനുള്ള വിപുലമായ പൊതുസംവിധാനം കൊണ്ടുവന്നതിന്റെ ഫലമാണ് കേരളത്തിലെ കുറഞ്ഞ മാതൃമരണ നിരക്കും ഉയർന്ന സ്ത്രീ ആയുർദൈർഘ്യവും. എസ്.ആർ.എസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023 അനുസരിച്ച്, കേരളത്തിലെ 15–49 വയസ്സിനിടയിലുള്ള നിരക്ഷരരായ സ്ത്രീകളുടെ മൊത്തം പ്രത്യുല്പ്പാദനക്ഷമത നിരക്ക് 2.1 ഉം മൊത്തം സാക്ഷരരായ സ്ത്രീകളുടേത് 1.5 ഉം ആണ്. ദേശീയ തലത്തിൽ ഇത് യഥാക്രമം 3.3 ഉം 1.8 ഉം ആണ്. ആരോഗ്യ പരിപാലന സ്ഥാപനങ്ങളിലേക്കുള്ള സാർവത്രിക പ്രവേശനം മാതൃ പരിചരണവും ആശുപത്രിയിലെ പ്രസവവും എല്ലാവർക്കും

**പട്ടിക 8.1.5** ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീകളുടെ ആരോഗ്യസ്ഥിതി

| ക്രമ നം. | സൂചകങ്ങൾ | | കേരളം | ഇന്ത്യ |
|---|---|---|---|---|
| 1 | ശിശുമരണ നിരക്ക്# | ആകെ | 5.0 | 25.0 |
| | | പുരുഷന്മാർ | 9.0 | 26.0 |
| | | സ്ത്രീകൾ | 2.0 | 25 |
| 2 | ശരാശരി വിവാഹ പ്രായം സ്ത്രീകൾ * | | | |
| | | 18 വയസിന് താഴെ ഉള്ളവർ | 16.2 | 16.5 |
| | | 18-20 | 19.1 | 19.2 |
| | | 21 വയസിന് മുകളിൽ ഉള്ളവർ | 25.7 | 24.4 |
| | | എല്ലാ പ്രായക്കാരിലും | 24.4 | 22.9 |
| 3 | മാതൃ മരണ നിരക്ക്** | | 18.0 | 88.0 |
| 4 | ജനനത്തെ അടിസ്ഥാനമാക്കിയുള്ള ആയുർദൈർഘ്യം *** | ആകെ | 75.1 | 70.3 |
| | | പുരുഷൻമാർ | 71.9 | 68.5 |
| | | സ്ത്രീകൾ | 78.4 | 72.5 |

**അവലംബം**: # എസ്.ആർഎസ് ബുള്ളറ്റിൻ ഒക്ടോബർ 2023
*എസ്.ആർഎസ് സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023
**എം.എം.ആർ നെ ക്കുറിച്ചുള്ള പ്രത്യേക ബുള്ളറ്റിൻ 2020-22
***എസ്.ആർഎസ് ലൈഫ് ടേബിൾ 2019-23

ഉറപ്പാക്കാൻ സഹായിക്കുന്നു. കേരളത്തിലെ മാതൃ പരിചരണ സൂചകങ്ങളുടെ കൂടുതൽ വിവരങ്ങൾക്ക് **പട്ടിക 8.1.6** കാണുക. കേരള സംസ്ഥാനം രൂപീകരിച്ചതു മുതൽ ദശാബ്ദങ്ങളായുള്ള പരിശ്രമത്തിന്റെ ഫലമാണ് പൊതുജനാരോഗ്യ സംരക്ഷണം നൽകുന്നതിലുള്ള ഈ നേട്ടങ്ങൾ.

ഉയർന്ന സാക്ഷരത, വിദ്യാഭ്യാസ നിലവാരം, അനുകൂലമായ ആരോഗ്യ സൂചകങ്ങൾ എന്നിവ കേരളത്തിലെ ജീവിതശൈലി ആരോഗ്യ സൂചകങ്ങളിൽ പ്രതിഫലിക്കുന്നില്ല. എൻഎഫ്എച്ച്എസ് 2019-20-ന്റെ റിപ്പോർട്ടുകൾ പ്രകാരം ശരീര ഭാര സൂചിക, പൊണ്ണത്തടി, അനീമിയ എന്നിവയുടെ കാര്യത്തിൽ സ്ത്രീകളുടെ സ്ഥാനം മെച്ചമല്ല. കേരളത്തിലും ഇന്ത്യയിലും, ശരീര ഭാര സൂചിക, നിശ്ചിത അളവിലും കുറവായ സ്ത്രീകളുടെ ശതമാനം പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്നതാണ്, എന്നിരുന്നാലും കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് മികച്ചവരാണ്. എന്നാൽ പൊണ്ണത്തടിയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ശതമാനം ഇന്ത്യയിലേതിനേക്കാൾ കൂടുതലാണ്, കൂടാതെ സംസ്ഥാനത്തെ പുരുഷന്മാരുടെതിനേക്കാൾ കൂടുതലാണ്. വിളർച്ചയുടെ കാര്യത്തിൽ, 2015-16 മുതൽ 2019-20 വരെ അതിന്റെ ശതമാനം വർദ്ധിച്ചതായി കാണുന്നു,

**പട്ടിക 8.1.6** മാതൃ പരിചരണത്തിന്റെ സൂചകങ്ങൾ

| സൂചകങ്ങൾ | ഇന്ത്യ | | | കേരളം | | |
|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്-3 (2005-06) | എൻ.എഫ്.എച്ച്.എസ്-4 (2015-16) | എൻ.എഫ്.എച്ച്.എസ്-5 (2019-20) | എൻ.എഫ്.എച്ച്.എസ്-3 (2005-06) | എൻ.എഫ്.എച്ച്.എസ്-4 (2015-16) | എൻ.എഫ്.എച്ച്.എസ്-5 (2019-20) |
| കൗമാര പ്രായക്കാരിലെ ഗർഭധാരണം | 16.0 | 7.9 | 6.8 | 5.8 | 3.0 | 2.4 |
| അമ്മമാരുടെ പ്രസവ പൂർവ പരിശോധനകൾ | 43.9 | 58.6 | 70.0 | 91.9 | 95.1 | 93.6 |
| ആശുപത്രികളിലെ ജനനങ്ങൾ (ശതമാനം) | 38.7 | 78.9 | 88.6 | 99.3 | 99.8 | 99.8 |
| മാതൃ ശിശു സംരക്ഷണം(എം.സി.പി കാർഡ് ഉടമ) (ശതമാനം) | ലഭ്യമല്ല | 89.3 | 95.9 | ലഭ്യമല്ല | 84.2 | 91.3 |
| ആകെ പ്രത്യുല്പാദന നിരക്ക് (ഓരോ സ്ത്രീകൾക്കുമുള്ള കുട്ടികൾ) | 2.7 | 2.2 | 2.0 | 1.9 | 1.6 | 1.8 |
| സമ്പൂർണ്ണ പ്രസവ പൂർവ പരിചരണം (ശതമാനം) | 11.6 | 21.0 | ലഭ്യമല്ല | 66.7 | 61.2 | ലഭ്യമല്ല |
| അമ്മമാരുടെ പ്രസവാനന്തര പരിചരണം ലഭിച്ചത് (ശതമാനം) | 34.6 | 62.4 | 78.0 | 84.6 | 88.7 | 93.3 |
| സിസേറിയനിലൂടെയുള്ള പ്രസവം (ശതമാനം) | 8.5 | 17.2 | 21.5 | 30.1 | 35.8 | 38.9 |
| കൗമാര പ്രായക്കാരിലെ വിളർച്ച (ശതമാനം) | 55.3 | 53.1 | 57.0 | 32.8 | 34.3 | 36.3 |
| ഗർഭാവസ്ഥയിൽ അനുഭവിച്ച അക്രമം (ശതമാനം) | ലഭ്യമല്ല | 3.9 | 3.1 | ലഭ്യമല്ല | 1.2 | 0.5 |

**അവലംബം**: ദേശീയ കുടുംബ ആരോഗ്യ സർവ്വേ

എന്നിരുന്നാലും കേരളത്തിന്റെ സ്ഥിതി അഖിലേന്ത്യാ ശരാശരിയേക്കാൾ മികച്ചതാണ് (**അനുബന്ധം 8.1.1**). കൗമാരക്കാരുടെ ഗർഭധാരണവും കേരളത്തിൽ വളരെ കുറവാണ്. കേരളത്തിൽ വയോജനങ്ങളുടെ അനുപാതം കൂടുതലായതിനാൽ രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദയ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയ സാംക്രമികേതര രോഗങ്ങളും വർധിച്ചുവരികയാണ്. കായികാധ്വാനങ്ങളുടെ അഭാവം സ്ത്രീകൾക്കിടയിൽ അമിതവണ്ണം, സാംക്രമികേതര രോഗങ്ങൾ വർദ്ധിക്കൽ പോലുള്ള നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എൻ.എഫ്.എച്ച്.എസ്–5 കണക്കുകൾ പ്രകാരം കേരളത്തിലെ 24.8 ശതമാനം സ്ത്രീകൾക്ക് പ്രമേഹവും 30.9 ശതമാനം പേർക്ക് രക്ത സമ്മർദ്ദവുമുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാര നില മെച്ചപ്പെടുത്തുന്നതിനായി അനുബന്ധ പോഷകാഹാര പരിപാടി, പോഷൻ അഭിയാൻ, ആദ്യ 1,000 ദിന പരിപാടി തുടങ്ങിയ വിവിധ പദ്ധതികൾ വനിതാ ശിശു വികസന വകുപ്പ് (ഡബ്ല്യുസിഡി) നടപ്പിലാക്കിയിട്ടും, എൻഎഫ്എച്ച്എസ്–4 നെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും വിളർച്ച വർധിച്ചതായി എൻഎഫ്എച്ച്എസ്–5 റിപ്പോർട്ട് പ്രകാരം കാണുന്നു. ഇതിനുപുറമെ, 2024–25 കാലയളവിൽ, എല്ലാ അംഗൻവാടി കേന്ദ്രങ്ങളിലും ആഴ്ചയിൽ മൂന്ന് ദിവസം മുട്ടയോ പാലോ വിതരണം ചെയ്യുന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കമിട്ടു. പോഷകാഹാരക്കുറവിന്റെ പ്രശ്നം പരിഹരിക്കുന്നതിന്, സാമൂഹ്യ തലത്തിൽ ആരോഗ്യ–പോഷകാഹാര പരിപാടികളുടെ കൂടുതൽ സംയോജനവും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കലും ആവശ്യമാണ്. സ്ത്രീകൾക്കിടയിലെ വിളർച്ച പരിഹരിക്കുന്നതിനുള്ള 'വിവ' (വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്) പ്രോഗ്രാം 2021 ജനുവരി 12–ന് ആരംഭിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെയും ഡബ്ല്യുസിഡിയുടെയും സഹകരണത്തോടെ ആരോഗ്യവകുപ്പാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.

കുടുംബാസൂത്രണത്തെ സംബന്ധിച്ചിടത്തോളം ഗർഭനിരോധനത്തെക്കുറിച്ചുള്ള അറിവ് കേരളത്തിൽ ഏറെക്കുറെ സാർവത്രികമാണ്. വിവാഹ–വിവാഹേതര ബന്ധങ്ങളിൽ ഗർഭനിരോധന മാർഗ്ഗങ്ങളുടെ ഉപയോഗം ഗൗരവമുള്ള കാര്യമാണ്. എൻഎഫ്എച്ച്എസ്–5 വിവരങ്ങൾ പ്രകാരം ഗർഭനിരോധന മാർഗ്ഗങ്ങളിൽ പുരുഷ പങ്കാളിത്തം തുച്ഛമാണ്. കേരളത്തിൽ സ്ത്രീകളുടെ വന്ധ്യംകരണ നിരക്ക് 46.6 ശതമാനവും പുരുഷൻമാരുടേത് 0.1 ശതമാനവും ആണെന്ന് വിവരങ്ങൾ സൂചിപ്പിക്കുന്നു. ദേശീയ തലത്തിൽ ഇത് സ്ത്രീകളിൽ 37.9 ശതമാനവും പുരുഷന്മാരിൽ 0.3 ശതമാനവുമാണ്.

### സമ്പദ് വ്യവസ്ഥയിലെ പങ്കാളിത്തം

ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് പല വികസന സൂചകങ്ങൾ എന്നിവയുടെ കാര്യത്തിൽ, കേരളത്തിലെ സ്ത്രീകൾ അവരുടെ പുരുഷ പങ്കാളികളേക്കാൾ മികച്ചവരാണ്; എന്നാലും സാമ്പത്തിക മേഖലയിൽ അവരുടെ പങ്കാളിത്തം ഇനിയും മെച്ചപ്പെടാനുണ്ട്. എൻഎസ്എസ്ഒയുടെ മുൻ റൗണ്ടുകളിൽ, തൊഴിൽ സേനാ പങ്കാളിത്ത നിരക്കിലും (എൽ എഫ് പി ആർ) തൊഴിൽ പങ്കാളിത്ത നിരക്കിലും (ഡബ്ല്യുപിആർ) പുരുഷന്മാരും സ്ത്രീകളും തമ്മിൽ വലിയ വിടവുകൾ ഉണ്ടായിരുന്നു. സമകാലിക കേരള സമൂഹത്തിലെ ലിംഗ പരമായ വൈരുദ്ധ്യങ്ങൾ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കിലും ആനുപാതികമല്ലാത്ത ഉയർന്ന തൊഴിലില്ലായ്മ നിരക്കിലും പ്രതിഫലിക്കുന്നുണ്ട്. ഒരു സാക്ഷര സംസ്ഥാനത്തിന്റെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് എല്ലായ്പ്പോഴും കേരളത്തിൽ വളരെ കൂടുതലാണ്. ഈയിടെ നടന്ന ആനുകാലിക ലേബർ ഫോഴ്സ് സർവേകൾ (പിഎൽഎഫ്എസ്) കാണിക്കുന്നത് ഇക്കാര്യത്തിൽ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള അന്തരം ഒരു പരിധിവരെ കുറഞ്ഞിട്ടുണ്ടെന്നാണ്. അതുപോലെ, 2021–22ൽ അവർ ഇന്ത്യയിലെ സ്ത്രീകളുടെ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട സ്ഥാനത്തെത്തിയിട്ടുണ്ട്. (**അനുബന്ധം 8.1.2**). 2018–19 ലെ പിഎൽഎഫ്എസ് അനുസരിച്ച്, ദേശീയ തലത്തിലുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ പുരുഷന്മാരുടെയും സ്ത്രീകളുടെയും എൽ എഫ് പി ആർ, ഡബ്ല്യൂപിആർ എന്നിവ ചെറുതായി വർദ്ധിച്ചു. എന്നാൽ 2020–21ൽ ഇത് വീണ്ടും കുറഞ്ഞത് സാമ്പത്തിക മേഖലയിൽ കോവിഡ്–19 മഹാമാരിയുടെ പ്രഭാവം കാരണമാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (ഡബ്ല്യൂ.പി.ആർ) എല്ലാ പ്രായത്തിലുള്ളവരുടെ ശരാശരി 2018–19ൽ 20.4 ശതമാനത്തിൽ നിന്ന് 2023–24–ലെ 29.5 ശതമാനമായി വർദ്ധിച്ചു. ഉല്പാദന ക്ഷമതയുള്ള 15–59 വയസ് വിഭാഗത്തിൽ, കേരളത്തിലെ സ്ത്രീകളുടെ ഡബ്ല്യൂപിആർ 39.6 ആണ്, അതേ സമയം ഇതിന്റെ അഖിലേന്ത്യാ ശരാശരി 43.7 ആണ്. ഇത് **ചിത്രം 8.1.1** ൽ കാണിച്ചിരിക്കുന്നു.

ഡബ്ല്യുപിആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും പുരുഷന്മാരുടെയും സ്ത്രീകളുടെയും തൊഴിൽ പങ്കാളിത്ത നിരക്ക് **ചിത്രം 8.1.2** ൽ കാണിച്ചിരിക്കുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്ക് ഉയർന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും, പ്രത്യേകിച്ചും ഗ്രാമ പ്രദേശങ്ങളിൽ സ്വയം തൊഴിലിലും കാഷ്വൽ ജോലിയിലുമാണ് ഈ വർദ്ധനവുള്ളത്. എൽ.എഫ്.പി.ആർ, ഡബ്ല്യുപിആർ എന്നിവയെക്കുറിച്ച് വിശദമായി ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിലും തൊഴിലാളി ക്ഷേമവും എന്ന വിഭാഗത്തിൽ നൽകിയിരിക്കുന്നു.

### വേതന നിരക്കിലെ അസമത്വം

വേതനത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ, സംസ്ഥാനത്തും ദേശീയ തലത്തിലും ലിംഗപദവിപരമായ അസമത്വം സാരമായി നിലനിൽക്കുന്നു. ഈ അവലോകനത്തിന്റെ ഏഴാം അധ്യായത്തിലെ തൊഴിലും തൊഴിലാളി ക്ഷേമവും എന്ന വിഭാഗത്തിൽ, ശമ്പളമുള്ള ജോലി, സ്വയം തൊഴിൽ, കൂലിപ്പണി എന്നിവയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും ഇടയിലുള്ള വേതന നിരക്കുകളിലെ അസമത്വം നിലനിൽക്കുന്നതിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വേതന നിരക്കിലെ ലിംഗപദവിപരമായ അസമത്വം അനൗപചാരികമോ അസംഘടിതമോ ആയ മേഖലയിൽ മാത്രമല്ല, അനുബന്ധം8.1.3ൽ കാണിച്ചിരിക്കുന്നതുപോലെ

**ചിത്രം 8.1.1** കേരളത്തിലെയും ഇന്ത്യയിലെയും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം (എല്ലാ പ്രായക്കാർക്കും)




**അവലംബം**: പീരിയോഡിക് ലേബര് ഫോര്സ് സര്വ്വേ 2023-24

**ചിത്രം 8.1.2** ഡബ്ല്യൂ പി ആറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും തൊഴിലവസരങ്ങളുടെ തലത്തിലുള്ള ലിംഗ പദവി വ്യത്യാസം




അവലംബം: പീരിയോഡിക് ലേബര് ഫോര്സ് സര്വ്വേ 2023–24

സ്ഥിരം വേതനം/ശമ്പളമുള്ള ജോലികളിലും വ്യാപകമാണ്. വരുമാനത്തിലെ ലിംഗപദവിപരമായ വ്യത്യാസം ശമ്പളമുള്ള ജോലികളേക്കാളും സ്വയം തൊഴിലിനേക്കാളും കൂലിപ്പണിയിലാണ് കൂടുതൽ. കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും കൂലിപ്പണിയിൽ ദേശീയ തലത്തിലുള്ളവരേക്കാൾ ഉയർന്ന വേതനം ലഭിക്കുന്നുണ്ടെങ്കിലും, വേതന നിരക്കിലെ ലിംഗപദവിപരമായ വ്യത്യാസം കേരളത്തിലും നിലനിൽക്കുന്നു (**പട്ടിക 8.1.7**).

തൊഴിൽ സേനയുടെ അവിഭാജ്യ ഘടകമായി മാറുകയും വീട്ടുജോലികളുടെയും പരിപാലനത്തിന്റെയും ഉത്തരവാദിത്തങ്ങളുടെ മുഴുവൻ ഭാരവും സ്ത്രീകൾ മാത്രമായി വഹിക്കാതെ മികച്ച തൊഴിൽ നേടുകയും ചെയ്യുമ്പോഴാണ് സ്ത്രീകൾ സാമ്പത്തിക ശാക്തീകരണം കൈവരിക്കുന്നത്. വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന ഗാർഹികവും പരിചരണവുമായ ജോലിയുടെ മൂല്യം തിരിച്ചറിയുക എന്നത് വികസനത്തിനും ലിംഗ പദവി സമത്വം കൈവരിക്കുന്നതിനും ഉൽപാദനത്തിൽ സ്ത്രീകളുടെ പങ്കാളിത്തത്തെ പുനർനിർവചിക്കുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവെപ്പാണ്. 14–ാം പഞ്ചവത്സര പദ്ധതി സ്ത്രീകളുടെ മേൽ ഗാർഹിക വേലയുടെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടികളെ പിന്തുണയ്ക്കുന്നുണ്ട്.

**ഉൽപ്പാദന മേഖലകളിലെ സ്ത്രീ തൊഴിലാളികളുടെ വിന്യാസം**

പിഎൽഎഫ്എസ് 2023–24 അനുസരിച്ച്, ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം, അഖിലേന്ത്യാതലവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉയർന്നതാണ് (**ചിത്രം 8.1.3**). വലിയൊരു വിഭാഗം സ്ത്രീകൾ കുറഞ്ഞ ഉൽപ്പാദനക്ഷമതയുള്ളതും, അത്യദ്ധ്വാനം ആവശ്യ മുള്ളതും ആയ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, കയർ, കശുവണ്ടി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതിനാലാകാം ഇത്. കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ സ്ത്രീകളുടെ അംഗത്വത്തിൽ നിന്ന്, കുറഞ്ഞ വരുമാനമുള്ള വ്യവസായങ്ങളിലെ സ്ത്രീകളുടെ കേന്ദ്രീകരണം വ്യക്തമാകുന്നു.

**പട്ടിക 8.1.7** പൊതു ജോലികളല്ലാതെ കൂലിപ്പണിയിൽ നിന്നുള്ള ശരാശരി ദിവസ വേതനം/ശമ്പളം/വരുമാനം എന്നിവയിലെ ലിംഗപദവിപദവി വ്യത്യാസം

| കാലയളവ് | കേരളം/ഇന്ത്യ | ഗ്രാമം | | നഗരം | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| ജൂലൈ– സെപ്റ്റംബർ –2019 | കേരളം | 667.7 | 372.0 | 744.5 | 385.7 |
| | ഇന്ത്യ | 297.3 | 185.0 | 375.0 | 243.4 |
| ഒക്ടോബർ– ഡിസംബർ 2019 | കേരളം | 721.4 | 395.6 | 736.5 | 369.4 |
| | ഇന്ത്യ | 305.4 | 193.1 | 384.3 | 244.1 |
| ജൂലൈ– സെപ്റ്റംബർ –2021 | കേരളം | 758.4 | 439.8 | 812.6 | 490.2 |
| | ഇന്ത്യ | 381.0 | 260.7 | 450.4 | 317.4 |
| ഒക്ടോബർ– ഡിസംബർ 2021 | കേരളം | 824.5 | 452.0 | 821.0 | 412.1 |
| | ഇന്ത്യ | 387.0 | 260.8 | 466.1 | 322.1 |
| ജനുവരി– മാർച്ച്–2023 | കേരളം | 834.5 | 431.5 | 881.0 | 440.8 |
| | ഇന്ത്യ | 413.2 | 280.2 | 506.7 | 343.0 |
| ഏപ്രിൽ–ജൂൺ 2023 | കേരളം | 845.6 | 418.9 | 903.3 | 493.5 |
| | ഇന്ത്യ | 416.1 | 286.7 | 515.3 | 332.8 |
| ജൂലൈ– സെപ്റ്റംബർ –2023 | കേരളം | 858.0 | 363.0 | 906.0 | 553.0 |
| | ഇന്ത്യ | 423.0 | 289.0 | 520.0 | 345.0 |
| ഒക്ടോബർ– ഡിസംബർ 2023 | കേരളം | 855.0 | 434.0 | 914.0 | 508.0 |
| | ഇന്ത്യ | 435.0 | 287.0 | 530.0 | 348.0 |
| ജനുവരി– മാർച്ച്–2024 | കേരളം | 889.0 | 440.0 | 914.0 | 540.0 |
| | ഇന്ത്യ | 437.0 | 286.0 | 529.0 | 358.0 |
| ഏപ്രിൽ–ജൂൺ 2024 | കേരളം | 884.0 | 454.0 | 932.0 | 505.0 |
| | ഇന്ത്യ | 444.0 | 299.0 | 537.0 | 364.0 |

**അവലംബം**: പി.എൽ.എഫ്.എസ് 2023-24, സി.ഡബ്ല്യൂ.എസ്

**ചിത്രം 8.1.3** ഉൽപ്പാദനമേഖലയിലെ സ്ത്രീകളുടെ അനുപാതം




**അവലംബം**: പി.എൽ.എഫ്.എസ് 2023-24

**പട്ടിക 8.1.8** കേരളത്തിലും ഇന്ത്യയിലുമുള്ള സ്ത്രീ തൊഴിലാളികൾ ശതമാനത്തിൽ (സിഡബ്ല്യൂഎസ്)

| തൊഴിൽ വിഭാഗം | | 2022–23 | | 2023–24 | |
|---|---|---|---|---|---|
| | | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം |
| എല്ലാ സ്വയം തൊഴിലുകളും | സ്വന്തം നിലയിലെ തൊഴിലാളി, തൊഴിൽ ദാതാവ് കുടുംബ സംരംഭങ്ങളിലെ സഹായി | 64.3 | 35.9 | 66.6 | 33.9 |
| സ്ഥിരം വേതനമുള്ളവർ | | 18.6 | 47.4 | 18.5 | 49.7 |
| ദിവസ കൂലിക്കാർ | | 17.1 | 16.7 | 14.9 | 16.4 |

**അവലംബം**: പി.എൽ.എഫ്.എസ്

**തൊഴിൽ നില**

**പട്ടിക 8.1.8** ൽ കാണിച്ചിരിക്കുന്നതു പോലെ സ്ത്രീ തൊഴിലിന്റെ സ്ഥിതി വ്യക്തമാക്കുന്നത് കേരളത്തിലെ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ പകുതിയോളം പേരും സ്ഥിര വരുമാനമുള്ള ജോലിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഇത് ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളിലുള്ളതിന്റെ ഏതാണ്ട് ഇരട്ടിയോളം വരും. അതു പോലെ, ഇത് കേരളത്തിലെ എല്ലാ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളേക്കാളും കൂടുതലാണ്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഭൂരിഭാഗം സ്ത്രീ തൊഴിലാളികളും ഗാർഹിക സംരംഭങ്ങളിലെ സഹായികളാണെങ്കിലും കേരളത്തിൽ ഇത് 10.1 ശതമാനം മാത്രമാണ്. സംസ്ഥാനത്തിന് അതിന്റെ സ്ത്രീ തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന മികച്ച തൊഴിൽ നിലവാരത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. 2022–23 ലും 2023–24 ലും അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ സ്ഥിരമായി ശമ്പളം വാങ്ങുന്ന വനിതാ ജീവനക്കാരുടെ പങ്ക് താരതമ്യേന വലുതാണ്. അഖിലേന്ത്യാ തലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ ദിവസ കൂലിക്കാരായ വനിതാ തൊഴിലാളികളുടെ എണ്ണം കുറവാണ്.

**സംഘടിത മേഖലയിലെ സ്ത്രീകൾ**

2024–ൽ കേരളത്തിലെ സംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അനുപാതം (44 ശതമാനം) പുരുഷന്മാരുമായി (56 ശതമാനം) താരതമ്യപ്പെടുത്തുമ്പോൾ കുറവാണ്. എന്നാൽ സംഘടിത മേഖലയിലെ മൊത്തം സ്ത്രീ തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ പത്ത് വർഷത്തിനിടെ വർദ്ധിച്ചു (അനുബന്ധം 8.1.4). എന്നാൽ സംഘടിത മേഖലയിലെ മൊത്തം സ്ത്രീ തൊഴിലാളികളിൽ (554646) ഭൂരിഭാഗവും സ്വകാര്യമേഖലയിൽ (64.9 ശതമാനം) ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. (**പട്ടിക 8.1.9**)

സംഘടിത മേഖലയിലെ തൊഴിൽ സ്ഥിതിവിവര ക്കണക്കുകളുടെ മേഖല തിരിച്ചുള്ള ശതമാന വിഹിതം പരിശോധിച്ചാൽ, പൊതുമേഖലയിലെ പുരുഷന്മാരും അവരോടോപ്പമുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ പിന്നാക്കാവസ്ഥയിലാണെന്ന് വെളിപ്പെടുത്തുന്നു. പൊതുമേഖലയിലെ സ്ത്രീകളുടെ തൊഴിൽ വിഹിതം 2025 ൽ 1.9 ലക്ഷവും 34.8 ശതമാനവുമാണ്. 3.6 ലക്ഷം സ്ത്രീകൾ (51.4 ശതമാനം) ജോലി ചെയ്യുന്ന സ്വകാര്യമേഖലയുടെ കാര്യത്തിൽ സ്ഥിതി മെച്ചമാണ്.
പൊതുമേഖലയിലും സ്വകാര്യമേഖലയിലും കഴിഞ്ഞ 6 വർഷമായി സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ വർധിച്ചുവരികയാണ്. (ചിത്രം 8.1.4). 2024–ലും 2025 ലും പൊതുമേഖലയിലെ തൊഴിലവസരങ്ങളേക്കാൾ കൂടുതലാണ് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങളിലെ വർദ്ധനവ്. **ചിത്രം 8.1.4** സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ

**പട്ടിക 8.1.9** സംഘടിത മേഖലയിലെ തൊഴിൽ എണ്ണത്തിലും ശതമാനത്തിലും

| വർഷം | പൊതു മേഖല | | സ്വകാര്യ മേഖല | | ആകെ | |
|---|---|---|---|---|---|---|
| | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ | സ്ത്രീകൾ | ആകെ |
| 2020 | 1,93,224 | 5,54,919 | 3,68,153 | 6,99,447 | 5,61,377 | 12,54,366 |
| ശതമാനം | 34.8 | 100 | 52.6 | 100 | 44.7 | 100 |
| 2021 | 1,94,080 | 5,56,634 | 3,49,978 | 6,91,134 | 5,44,058 | 12,47,768 |
| ശതമാനം | 34.9 | 100 | 50.6 | 100 | 43.6 | 100 |
| 2022 | 1,94,191 | 5,56,933 | 3,51,822 | 6,93,146 | 5,46,013 | 12,50,079 |
| ശതമാനം | 34.9 | 100 | 50.7 | 100 | 43.7 | 100 |
| 2023 | 1,94,323 | 5,57,495 | 3,54,098 | 6,95,293 | 5,48,421 | 12,52,788 |
| ശതമാനം | 34.9 | 100 | 50.9 | 100 | 43.8 | 100 |
| 2024 | 1,94,473 | 5,58,079 | 3,56,415 | 6,97,480 | 5,50,888 | 12,55,559 |
| ശതമാനം | 34.8 | 100 | 51.1 | 100 | 43.9 | 100 |
| 2025 | 1,94,667 | 558637 | 3,59,979 | 7,00,967 | 5,54,646 | 12,59,604 |
| ശതമാനം | 34.8 | 100 | 51.4 | 100 | 44.0 | 100 |

**അവലംബം**: തൊഴില് ഡയറക്ടറേറ്റ്.

**ചിത്രം 8.1.4** സംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ




**അവലംബം**: തൊഴില് ഡയറക്ടറേറ്റ്

**പട്ടിക 8.1.10**–ൽ കാണിച്ചിരിക്കുന്നതുപോലെ വിവിധ തരത്തിലുള്ള സർക്കാർ സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പൊതുമേഖലാ തൊഴിൽ വിതരണം പരിശോധിച്ചാൽ 2023-24 ലും 2024-25 ലും സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീകളുടെ അനുപാതം ആണ് കൂടുതൽ എന്ന് കാണാം.

വിവിധ തലങ്ങളിലെ സർക്കാർ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 8.1.5 ൽ കൊടുത്തിരിക്കുന്നു. പൊതുമേഖലയിലെ ജീവനക്കാരിൽ വനിതകളുടെ എണ്ണവും അനുപാതവും ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ്. തുടർന്ന് വയനാട് ജില്ലയിലും. എന്നാൽ സംസ്ഥാന സർക്കാരിൽ ഏറ്റവും കൂടുതൽ വനിതാ ജീവനക്കാരുള്ളത് തിരുവനന്തപുരത്തും രണ്ടാമതായി തൃശ്ശൂരുമാണ്. കേന്ദ്രസർക്കാർ ജീവനക്കാരുടെ കണക്കെടുത്താൽ വനിതാ പ്രാതിനിധ്യം കൂടുതൽ തിരുവനന്തപുരവും രണ്ടാമതായി എറണാകുളവുമാണ്.

**നൈപുണ്യവും സംരംഭകത്വ വികസനവും**

മതിയായ വിദ്യാഭ്യാസ പശ്ചാത്തലമോ വൈദഗ്ധ്യമോ ഇല്ലാത്ത സമർത്ഥരായ വനിതാ സംരംഭകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വകുപ്പ്, കുടുംബശ്രീ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി നിരവധി സർക്കാർ വകുപ്പുകൾ സംരംഭകത്വ വികസന പരിപാടികൾ (ഇഡിപി) ഉൾപ്പെടെ വിവിധ പരിപാടികൾ നടത്തുന്നു. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ സർക്കാരിന്റെ മറ്റ് നിരവധി പദ്ധതികളും ഉണ്ട്, അവ നിർദ്ധനരായ സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കുന്നതിനായി പരിശീലനവും വരുമാനവും നേടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹായവും നൽകുന്നു. ചില ബാങ്കുകളും നബാർഡ് പോലുള്ള ധനകാര്യ സ്ഥാപനങ്ങളും വനിതാ സംരംഭകർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വനിതാ സംരംഭകർക്കുള്ള പ്രത്യേക പദ്ധതികൾക്ക് പുറമേ, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ-കൗശല്യ യോജന

**പട്ടിക 8.1.10** സർക്കാരിന്റെ വിവിധ തലങ്ങളിലെ വനിതാ ജീവനക്കാരുടെ വിന്യാസം

| **വർഷം** | 2024-25 | | | 2023-24 | | |
|---|---|---|---|---|---|---|
| **ഗവൺമെന്റിന്റെ തരം** | **ആകെ** | **വനിതകൾ** | **ശതമാനം** | **ആകെ** | **വനിതകൾ** | **ശതമാനം** |
| കേന്ദ്ര സർക്കാർ | 60420 | 14797 | 24.5 | 60,360 | 14,782 | 24.5 |
| സംസ്ഥാന സർക്കാർ | 260051 | 105902 | 40.7 | 2,60,353 | 1,05,802 | 40.6 |
| കേന്ദ്ര അർദ്ധ സർക്കാർ | 80974 | 25451 | 30.2 | 80,893 | 25,424 | 31.4 |
| സംസ്ഥാന അർദ്ധ സർക്കാർ | 131867 | 39230 | 29.7 | 1,31,173 | 39,191 | 29.9 |
| എൽ.എസ്.ജി.ഐ | 25325 | 9283 | 36.7 | 25,300 | 9,274 | 36.7 |
| **ആകെ** | 558637 | 194663 | 34.8 | 5,58,079 | 1,94,473 | 34.8 |

**അവലംബം**: തൊഴിൽ ഡയറക്ടറേറ്റ്.

**പട്ടിക 8.1.11** കേരളത്തിലെ വിവര സാങ്കേതിക (ഐറ്റി) മേഖലയിലെ തൊഴിൽ സൃഷ്ടിക്കൽ

| ഐറ്റി പാർക്കുകൾ | 2022–23 | | | 2023–24 | | |
|---|---|---|---|---|---|---|
| | ആകെ | സ്ത്രീകൾ | ശതമാനം | ആകെ | സ്ത്രീകൾ | ശതമാനം |
| ടെക്നോ പാർക്ക് | 75,000 | 33,750 | 45.0 | 80,000 | 36,000 | 45 |
| ഇൻഫോ പാർക്ക് | 70,000 | 28,000 | 40.0 | 73,500 | 29,400 | 40 |
| സൈബർ പാർക്ക് | 2,200 | 900 | 40.0 | 2300 | 920 | 40 |

**അവലംബം**: : ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്

(ഡിഡിയു–ജികെവൈ), നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻആർഎൽഎം), കുടുംബശ്രീയുടെ എംഎസ്എംഇ പദ്ധതികളും, വ്യവസായ വകുപ്പിന്റെ സംരംഭ സഹായ പദ്ധതി തുടങ്ങിയ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്കായുള്ള വിവിധ സർക്കാർ പദ്ധതികളും വനിതാ സംരംഭകർക്ക് ചില പ്രത്യേക പ്രോത്സാഹനങ്ങളും ഇളവുകളും നൽകുന്നു. ഈ പദ്ധതിയിൽ സ്ത്രീ ഗുണഭോക്താക്കളുടെ പങ്കാളിത്തം സുഗമമാക്കുന്നതിന് സ്ത്രീകൾക്ക് സർക്കാർ നിരവധി ഇളവുകൾ വരുത്തിയിട്ടുണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ), കേരള സ്റ്റാർട്ട് അപ് മിഷൻ, ലേബർ ഡിപ്പാർട്ട്മെന്റുകൾ എന്നിവയിൽ സ്കിൽഡ് വനിതാ തൊഴിൽ സേനയെ സൃഷ്ടിക്കുന്നതിനും സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ നൈപുണ്യ പരിപാടികൾ നടത്തുന്നു.

### ഐ ടി മേഖലയിലെ സ്ത്രീകൾ

ഐടി മേഖലയിൽ (ടെക്നോ പാർക്ക്, സൈബർ പാർക്ക്, ഇൻഫോ പാർക്ക്) 2023–24, 2024–25 വർഷങ്ങളിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചു. ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ വനിതാ ജീവനക്കാരുടെ അനുപാതം ഈ കാലഘട്ടത്തിൽ സ്ഥിരമായിരുന്നു. (**പട്ടിക 8.1.11**). കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി–വുമൺ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകളും എന്റർപ്രണർഷിപ്പ് സ്കീം(WISE) സംരംഭകത്വത്തിലൂടെ സ്ത്രീകളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള സ്റ്റാർട്ടപ്പ് മിഷൻ വഴി 60,000 പേർക്ക് തൊഴിൽ ലഭിച്ചതിൽ 22,400 പേരും സ്ത്രീകളാണ്.

### കുടുംബശ്രീ വഴിയുള്ള സ്ത്രീകളുടെ സാമ്പത്തിക പങ്കാളിത്തം

സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യമായി 1998–ൽ സ്ഥാപിതമായ സ്ത്രീ അയൽക്കൂട്ടങ്ങളുടെ (എൻ.എച്ച്.ജി) സാമൂഹ്യ സംഘടനയായ കുടുംബശ്രീ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. സ്ത്രീ ശാക്തീകരണമാണ് കുടുംബശ്രീയുടെ പ്രഖ്യാപിത ലക്ഷ്യം. തുടക്കത്തിൽ മിതവ്യയ, വായ്പാ പ്രവർത്തനങ്ങളിൽ തുടങ്ങി, ആരോഗ്യം, പോഷകാഹാരം, കൃഷി, സാമൂഹിക വികസനം തുടങ്ങിയ മറ്റ് നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമെ, വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിലൂടെയും മൈക്രോ–ക്രെഡിറ്റിലൂടെയും സ്ത്രീകളെ ശാക്തീകരിക്കുന്നതിൽ അയൽക്കൂട്ടങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു. ദരിദ്രരായ സ്ത്രീകളുടെ സാമ്പത്തിക ഉൾപ്പെടുത്തലിൽ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ അതിന്റെ ത്രിഫ്റ്റ്, വായ്പാ പദ്ധതികളിലൂടെയും സ്ത്രീകളുടെ സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തിയിട്ടുണ്ട്. അർഹരായ അംഗങ്ങൾക്ക് അയൽക്കൂട്ടങ്ങളുടെ ചെറിയ സ്ഥിരമായ സമ്പാദ്യത്തിൽ നിന്ന് (തുക) ആഭ്യന്തര വായ്പ നൽകുന്നു. അയൽക്കൂട്ടങ്ങൾക്ക് സ്വയംഭരണാധികാരവും സാമ്പത്തിക പ്രവർത്തനങ്ങളിൽ വിവേചനാധികാരവുമുണ്ടെങ്കിലും ഓരോ അയൽക്കൂട്ടവും കുടുംബശ്രീ നിയമം അനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. പ്രവർത്തനങ്ങൾ പ്രാദേശിക വികസന സൊസൈറ്റി (എഡിഎസ്), സാമൂഹ്യ വികസന സൊസൈറ്റി (സിഡിഎസ്) എന്നിവയിൽ റിപ്പോർട്ട് ചെയ്യണം. 2024–25 ൽ അയൽക്കൂട്ടങ്ങൾ സമാഹരിച്ച മൊത്തം മിച്ച തുക 626.69 കോടിയിലധികം ആയിരുന്നു, ഈ തുകയിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര വായ്പ മിച്ച തുകയുടെ രണ്ടിരട്ടിയിലധികം വരും (**പട്ടിക 8.1.12**).

**പട്ടിക 8.1.12** അയൽക്കൂട്ടങ്ങളിലൂടെയുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ

| വർഷം | 2019–20 | 2020–21 | 2021–22 | 2022–23 | 2023–24 | 2024–25 |
|---|---|---|---|---|---|---|
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 2,87,723 | 2,94,436 | 3,06,551 | 3,17,226 | 3,17,526 | 3,17,724 |
| അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | 45.1 | 45.8 | 45.9 | 48.0 | 48.1 | 48.08 |
| വരിസംഖ്യ (കോടിയിൽ) | 443.7 | 406.7 | 514.0 | 532.0 | 707.5 | 626.69 |
| ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം | 73,522 | 2,50,018 | 52,837 | 93,080 | 63,579 | 58283 |
| വിതരണ തുക മൊത്തത്തിൽ (കോടിയിൽ) | 2,670 | 4,070.3 | 3,436.0 | 6,550.8 | 4,634.0 | 5412.1 |
| ആഭ്യന്തര വായ്പ (കോടിയിൽ) | 1,778.4 | 1,323.1 | 2510.0 | 2,660.0 | 2,438.7 | 1303.4 |

അവലംബം: കുടുംബശ്രീ

**പട്ടിക 8.1.13** കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെ.എൽ.ജി) സൂക്ഷ്മ സംരംഭങ്ങളും

| വർഷം | കുടുംബശ്രീയുടെ കീഴിലുള്ള കൂട്ടുത്തരവാദിത്ത സംഘങ്ങൾ | |
|---|---|---|
| | 2023-24 | 2024-25 |
| ജെ എൽ ജികളുടെ എണ്ണം | 87,323 | 94594 |
| ജെ എൽ ജി അംഗങ്ങളുടെ എണ്ണം | 4,03,809 | 432667 |
| കൃഷിയിടത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ) | 16,417.1 | 17997.02 |
| തരിശു നിലത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | 47 | 624 |
| | കുടുംബശ്രീയുടെ കീഴിലുള്ള വനിതാ സംരംഭങ്ങൾ | |
| സംരംഭങ്ങളുടെ എണ്ണം | 1,41,407* | 1,78,864 |
| സംരംഭത്തിലെ സ്ത്രീകളുടെ എണ്ണം | 3,22,576 | 3,42,802 |

* സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി) ഉൾപ്പെടെ
**അവലംബം**: കുടുംബശ്രീ

2018ൽ കേരളത്തിലെ സേവനമേഖലയിൽ നിലവിലുള്ള അവസരങ്ങൾ മനസ്സിലാക്കി കുടുംബശ്രീ "ഹർഷം" എന്ന പരിപാടി ആരംഭിച്ചു. സ്ത്രീകൾക്ക് 15 ദിവസത്തെ തീവ്രപരിശീലനം നൽകി. വയോജന പരിചരണ മേഖലയിൽ സേവനം നൽകാൻ അവരെ സജ്ജരാക്കുക എന്നതാണ് ഹർഷം പരിപാടിയുടെ ലക്ഷ്യം. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ആശുപത്രി മാനേജ്മെന്റിന്റെയും സഹായത്തോടെയാണ് പരിചരിക്കുന്നവർക്ക് പരിശീലനം നൽകിയത്. വയോജനങ്ങൾക്ക് സംരംഭക മാതൃകയിൽ മുഴുവൻ സമയ പ്രൊഫഷണൽ പരിചരണം നൽകാനും പകൽ സമയ സംരക്ഷണം നൽകാനും ആശുപത്രികളിൽ കൂട്ടിരിപ്പുകാരായി സേവനം നൽകാനും വൃദ്ധ സദനങ്ങളിലെ വയോജനങ്ങൾക്ക് കെയർടേക്കറായി സേവനം വ്യാപിപ്പിക്കാനും ഹർഷം ടീം തയ്യാറാണ്. പരിശീലനം ലഭിച്ച 636 പേരിൽ 198 പേർക്ക് ഇതിനകം തന്നെ വിവിധ സ്ഥാപനങ്ങൾ/സുരക്ഷാ ഭവനം/ വീടുകളിൽ പ്രതിമാസ ശമ്പള അടിസ്ഥാനത്തിൽ സേവനത്തിനുള്ള അവസരം ലഭിച്ചു.

കൂട്ടുത്തരവാദിത്ത സംഘങ്ങളും (ജെഎൽജി) സംരംഭങ്ങളുമാണ് കുടുംബശ്രീയുടെ കീഴിലുള്ള പ്രധാന വരുമാനദായക പ്രവർത്തനങ്ങൾ. സ്ത്രീകളെ കൂട്ടുത്തരവാദിത്ത സംഘം എന്ന് വിളിക്കുന്ന ചെറുകിട കർഷക ഗ്രൂപ്പുകളായി സംയോജിപ്പിച്ചിരിക്കുന്നു, കൂടാതെ ജില്ലാ മിഷനുകൾ വഴിയുള്ള പരിശീലനം, സാമ്പത്തിക സഹായം, ഒത്തുചേരാനുള്ള അവസരങ്ങൾ തുടങ്ങിയവയിലൂടെയും വരുമാന വർദ്ധനയ്ക്കായി ഉപജീവന സംരംഭങ്ങളുടെ വിപുലമായ രംഗം തുറന്നു കൊടുക്കുന്നതിലൂടെയും സ്ത്രീകളെ കുടുംബശ്രീ പിന്തുണയ്ക്കുന്നു. കൂട്ടുകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം സ്ത്രീകൾക്കും കൂലിപ്പണിക്കാരോ തൊഴിലാളികളോ കുടുംബ ഫാമുകളിൽ സഹായികളോ കാർഷികമേഖലയിലെ താൽക്കാലിക തൊഴിലാളികളോ ആയി കൃഷിയിൽ മുൻ പരിചയമുണ്ടായിരുന്നു. ഇപ്പോൾ ഈ പദ്ധതി അവരെ തൊഴിലാളി എന്ന നിലയിൽ നിന്ന് സ്ത്രീ കർഷകരാക്കി മാറ്റി. സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്കും ജീവിത നിലവാരത്തിനും, മുകളിൽ പറഞ്ഞവയ്ക്ക് പുറമെ പിന്തുണയായി യാതൊരു ഈടും കൂടാതെ പൂജ്യം ശതമാനം പലിശയ്ക്ക് ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ലിങ്കേജ് വായ്പകളും, കൂടാതെ മാസ്റ്റർ ഫാർമേഴ്സ് എന്ന് വിളിക്കപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ വർഷം മുഴുവനുമുള്ള തുടർച്ചയായ സേവനവും ഉൾപ്പെടുന്നതാണ്. **പട്ടിക 8.1.13**ൽ കാണിച്ചിരിക്കുന്നതുപോലെ, 4 ലക്ഷത്തിലധികം സ്ത്രീ കർഷകർ കൃഷിയിൽ സജീവമായി ഏർപ്പെടുകയും, അവർ 2024-25 കാലയളവിൽ 17000 ഹെക്ടറിലധികം സ്ഥലത്ത് കൃഷി ചെയ്യുകയും ചെയ്തു.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി. എൻ.ആർ.ഇ.ജി.എ)

കേരളത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എയിലെ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. 2023-24 നെ അപേക്ഷിച്ച് 2024-25 ൽ തൊഴിൽ ദിനങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ട്, കൂടാതെ എം.ജി.എൻ.ആർ.ഇ.ജിഎ വഴി സൃഷ്ടിക്കപ്പെട്ട സ്ത്രീകളുടെ വ്യക്തിഗത ദിനങ്ങളുടെ ശതമാനം 89.1 ശതമാനമാണ് (**പട്ടിക 8.1.14**).

### സ്ത്രീ ശാക്തീകരണവും തീരുമാനങ്ങൾ എടുക്കുന്നതിലെ പങ്കാളിത്തവും

ഗാർഹിക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലും സംസ്ഥാനത്തിന്റെ നയപരമായ തീരുമാനങ്ങളിലും സ്ത്രീകൾ സജീവമായ പങ്ക് വഹിക്കേണ്ടതുണ്ട്. ഇത് വികസന പ്രക്രിയയിലും നീതിയുക്തമായ ലിംഗപദവിയുള്ള ഒരു സമൂഹം വികസിപ്പിക്കുന്നതിലും അവരുടെ ആവശ്യങ്ങളുടെയും താൽപ്പര്യങ്ങളുടെയും ഒരു സംയോജനം ഉറപ്പാക്കും. കേരളത്തിൽ, 30-39 വയസ്സിനിടയിലുള്ള 72.7 ശതമാനം സ്ത്രീകളും 20-24 വയസ്സിനിടയിലുള്ള 56.5 ശതമാനം സ്ത്രീകളും ആരോഗ്യ സംരക്ഷണം, പ്രധാന വീട്ടുസാധനങ്ങൾ വാങ്ങൽ, അവരുടെ കുടുംബത്തിനേയോ ബന്ധുക്കളെയോ സന്ദർശിക്കൽ തുടങ്ങിയ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ പങ്കെടുക്കുന്നു. 73.1 ശതമാനം ജോലിയുള്ള സ്ത്രീകളും അവരുടെ ദൈനംദിന തീരുമാനങ്ങൾ എടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു, അതേസമയം തൊഴിലില്ലാത്ത സ്ത്രീകളിൽ ഇത് 67.8 ശതമാനമാണ്. വിദ്യാഭാസം വർദ്ധിക്കുന്നതിനനുസരിച്ച് തീരുമാനമെടുക്കാനുള്ള ശേഷിയും വർദ്ധിക്കുന്നു. 5 വർഷത്തിൽ താഴെ വിദ്യാഭ്യാസമുള്ള സ്ത്രീകളിൽ 65 ശതമാനം പേർ മാത്രമേ തീരുമാനമെടുക്കുന്നതിൽ

**പട്ടിക 8.1.14** കേരളത്തിൽ നൽകിയിട്ടുള്ള എം.ജി. എൻ. ആർ. ഇ. ജി. എ തൊഴിൽ നില, 2019–20 മുതൽ 2024–25 വരെ

| വർഷം | സജീവ തൊഴിൽ കാർഡുകളുടെ എണ്ണം (ലക്ഷത്തിൽ) | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | സൃഷ്ടിക്കപ്പെട്ട വനിതാ തൊഴിൽ ദിനങ്ങൾ (ശതമാനത്തിൽ) | സൃഷ്ടിക്കപ്പെട്ട വ്യക്തി തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ഓരോ വ്യക്തിക്ക് ഓരോ ദിനത്തിലും ലഭിച്ച ശരാശരി വേതന നിരക്ക് (രൂപയിൽ) | കുടുംബങ്ങൾക്ക് തൊഴിൽ നൽകിയ ശരാശരി ദിനങ്ങൾ | 100 ദിനം പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 2019–20 | 20.0 | 14.4 | 89.8 | 802.3 | 274.3 | 55.7 | 2,51,141 |
| 2020–21 | 20.4 | 16.2 | 90.5 | 1023 | 294.6 | 63.2 | 4,70,410 |
| 2021–22 | 21.6 | 16.4 | 89.6 | 1059.7 | 294.9 | 64.4 | 5,12,823 |
| 2022–23 | 21.8 | 15.5 | 89.8 | 955.01 | 310.5 | 62.3 | 4,49,638 |
| 2023–24 | 21.6 | 14.69 | 89.3 | 979.6 | 331.8 | 67.7 | 5,69,108 |
| 2024–25 | 22.7 | 13.72 | 89.1 | 895.2 | 344.24 | 66.17 | 5,19,619 |

**അവലംബം**: എൻ ആർ ഇ ജി എ ഡാറ്റാ ബേസ്

പങ്കെടുക്കുന്നുള്ളൂ, എന്നാൽ 12 വർഷം അല്ലെങ്കിൽ അതിലധികം വിദ്യാഭ്യാസമുള്ള 70 ശതമാനം സ്ത്രീകളും തീരുമാനമെടുക്കുന്നതിൽ പങ്കാളികളാണ്.

15–49 വയസ് പ്രായമുള്ള സ്ത്രീകളുടെ പേരിൽ ബാങ്ക് അക്കൗണ്ടുള്ളവരുടെ ശതമാനം 76.5 ആണ്. 40–49 പ്രായമുള്ളവരിൽ 61.4 ശതമാനവും 30–39 പ്രായത്തിലുള്ള 62.6 ശതമാനവും ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് ബോധമുള്ളവരാണ്. എന്നാൽ 15–19 വയസ്സിനിടയിൽ ചെറുകിട വായ്പാ പരിപാടിയെക്കുറിച്ച് അറിയാവുന്ന സ്ത്രീകൾ 35.9 ശതമാനം മാത്രമാണ്. 15.4 ശതമാനം തൊഴിൽ ചെയ്യുന്ന സ്ത്രീകളും 7.8 ശതമാനം തൊഴിലില്ലാത്ത സ്ത്രീകളും ചെറുകിട വായ്പാ പരിപാടികളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്. 15–49 വയസ് പ്രായമുള്ള സ്ത്രീകളിൽ 24.5 ശതമാനം പേർക്ക് സ്വന്തം പേരിലോ അവരുടെ പങ്കാളികളുടെകൂടെയോ ഒരു വീട് സ്വന്തമായി ഉണ്ട്. എന്നാൽ ഒറ്റയ്ക്കോ കൂട്ടായോ ഭൂമി സ്വന്തമായുള്ള സ്ത്രീകൾ 11.5 ശതമാനം മാത്രമാണ്. 15–49 വയസ്സിനിടയിലുള്ള സ്ത്രീകളിൽ 86.5 ശതമാനം പേർക്കും മൊബൈൽ ഫോണുണ്ട്.

എൻഎഫ്എച്ച്എസ് 2019–20ൽ ശേഖരിച്ച മൂന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം ഇവിടെ പരിഗണിക്കുന്നു. സാധാരണയായി ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകളുടെ ശതമാനവും അവർ തന്നെ കൈകാര്യം ചെയ്യുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉള്ള സ്ത്രീകളുടെ ശതമാനവും അവർ സ്വയം ഉപയോഗിക്കുന്ന മൊബൈൽ ഫോൺ കൈവശമുള്ള സ്ത്രീകളുടെ ശതമാനവുമാണ് അവ. **പട്ടിക 8.1.15**ൽ കാണിച്ചിരിക്കുന്നതുപോലെ, തീരുമാനമെടുക്കൽ പ്രക്രിയയിൽ കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ തലത്തിലുള്ള സ്ത്രീകളേക്കാൾ കൂടുതൽ സജീവമായി പങ്കെടുക്കുന്നു.

ലോക്സഭാ തെരഞ്ഞെടുപ്പിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം 1962ലെ മൂന്നാം ലോക്സഭാ തെരഞ്ഞെടുപ്പിലെ 46.6 ശതമാനത്തിൽ നിന്ന് 18–ാം ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ 65.78 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. അഖിലേന്ത്യാ ശരാശരിയെ അപേക്ഷിച്ച് കേരളത്തിലെ വനിതാ വോട്ടർമാരുടെ പങ്കാളിത്തം വളരെ കൂടുതലാണ്.

**പട്ടിക 8.1.15** തീരുമാനമെടുക്കുന്നതിലെ വനിതാ പങ്കാളിത്തം– ഇന്ത്യയിലും കേരളത്തിലും

| സൂചികകൾ | ഇന്ത്യ | | | | കേരളം | | | |
|---|---|---|---|---|---|---|---|---|
| | എൻ.എഫ്.എച്ച്.എസ്–5 (2019–20) | | | എൻ എഫ് എച്ച് എസ്–4 (2015–16) | എൻ എഫ് എച്ച് എസ്–5 (2019–20) | | | എൻഎഫ്എച്ച്എസ്–4 (2015–16) |
| | നഗരം | ഗ്രാമം | ആകെ | ആകെ | നഗരം | ഗ്രാമം | ആകെ | ആകെ |
| ഇപ്പോൾ വിവാഹം കഴിഞ്ഞ, സാധാരണ ഗാർഹിക തീരുമാനങ്ങളിൽ പങ്കെടുക്കുന്ന സ്ത്രീകൾ (ശതമാനത്തിൽ) | 91.0 | 87.7 | 88.7 | 84.0 | 93.6 | 94.6 | 94.0 | 92.1 |
| സ്വയം ഉപയോഗിക്കുന്ന ബാങ്ക്/ സേവിംഗ്സ് അക്കൗണ്ടുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 80.9 | 77.4 | 78.6 | 53.0 | 78.9 | 78.2 | 78.5 | 70.6 |
| സ്വന്തമായി മൊബൈൽ ഫോണുള്ള സ്ത്രീകൾ (ശതമാനത്തിൽ) | 69.4 | 46.6 | 54.0 | 45.9 | 86.2 | 86.9 | 86.6 | 81.2 |

**അവലംബം**: എൻ.എഫ്.എച്ച്.എസ്

എന്നാൽ പാർലമെന്റിലും നിയമസഭയിലും വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്. 18-ാം ലോക്സഭയിൽ, പാർലമെന്റിലെ മൊത്തം അംഗങ്ങളുടെ 13.6 ശതമാനം സ്ത്രീകളാണെങ്കിൽ, കേരളത്തിൽ നിന്ന് ഒരു വനിതാ എംപിക്ക് (5 ശതമാനം) മാത്രമേ പാർലമെന്റിൽ എത്താൻ കഴിഞ്ഞുള്ളൂ. അതുപോലെ സംസ്ഥാന അസംബ്ലിയിലും സ്ത്രീ പ്രാതിനിധ്യം കുറവാണ്. എന്നാൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾ എടുക്കുന്ന സ്ഥാനങ്ങളിൽ പകുതിയും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. സാമൂഹികവും രാഷ്ട്രീയവും മതപരവുമായ പ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ താഴേത്തട്ടിൽ മതിയായ പ്രാതിനിധ്യം ഉണ്ടെങ്കിലും, ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം തുച്ഛമാണ്. നിലവിലെ കേരള നിയമസഭയിൽ വനിതാ എം.എൽ.എമാരുടെ എണ്ണം കേവലം 12 മാത്രമാണ്. എന്നാൽ, സംസ്ഥാന ചരിത്രത്തിലാദ്യമായി നിലവിലെ മന്ത്രിസഭയിൽ മൂന്ന് വനിതാ മന്ത്രിമാരുണ്ട് എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്

**സ്ത്രീ സുരക്ഷ കേരളത്തിൽ: അതിക്രമങ്ങൾക്കെതിരെയുള്ള പ്രതിരോധം**

കഴിഞ്ഞ രണ്ട് വർഷമായി സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ നേരിയ രീതിയിൽ കുറഞ്ഞുവെങ്കിലും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ കേരളത്തിൽ വലിയ ഭീഷണിയായി തന്നെ തുടരുകയാണ്. ബലാത്സംഗം, പീഡനം, തട്ടിക്കൊണ്ടുപോകൽ, പൂവാല ശല്യം, സ്ത്രീധന മരണം, ഭർത്താവ്/ബന്ധുക്കൾ എന്നിവരിൽ നിന്നുള്ള ക്രൂരത, മറ്റ് കുറ്റകൃത്യങ്ങൾ എന്നിങ്ങനെ താഴെപ്പറയുന്ന വിഭാഗങ്ങളിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ ഡാറ്റ കേരളത്തിലെ ക്രൈം റെക്കോർഡ് ബ്യൂറോ നൽകുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ ഭൂരിഭാഗം കേസുകളിലും; കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട 33 ശതമാനവും മറ്റ് കുറ്റകൃത്യങ്ങളുടെ വിഭാഗത്തിലാണ്. 24.1 ശതമാനം ഭർത്താവ്/ബന്ധുക്കളുടെ ക്രൂരത എന്ന വിഭാഗകത്തിലാണ്. 2011-2025 കാലയളവിൽ കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ **അനുബന്ധം 8.1.6** ൽ കാണിച്ചിരിക്കുന്നു. 2018-19 ലെ നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS-5) കണക്കുകൾ പ്രകാരം, കേരളത്തിലെ 9 ശതമാനം സ്ത്രീകൾ ശാരീരിക പീഡനങ്ങളും ഒരു ശതമാനം ലൈംഗികാതിക്രമവും അനുഭവിച്ചിട്ടുണ്ട്.

**ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പരിപാടികൾ:**

ലിംഗ പദവി അധിഷ്ഠിത അതിക്രമങ്ങൾ തടയുക, നേരിടുക, അതിനെ അതിജീവിച്ചവരെ പുനരധിവസിപ്പിക്കുക എന്നിവ വനിതാ വികസനത്തിൽ വളരെ പ്രധാനമാണ്. നോഡൽ ഏജൻസിയായ വനിതാ ശിശുവികസന വകുപ്പും പോലീസും ജുഡീഷ്യറിയും ഉൾപ്പടെ നിർണ്ണായകമായ നിരവധി വകുപ്പുകൾ വഴിയാണിത്. സ്ഥിര സംവേദനം, പൊതുബോധവൽക്കരണം, സമൂഹാധിഷ്ഠിത കുറ്റകൃത്യങ്ങളുടേയും ദുർബലതയുടേയും മാപ്പിംഗ്, കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള കൗൺസിലിംഗ്, സ്വയം പ്രതിരോധ പരിശീലനം, പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ, ഷെൽട്ടർ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, വൺ സ്റ്റോപ്പ് അടിയന്തിര കേന്ദ്രം, അക്രമത്തിനിരയായവർക്കുള്ള വൈദ്യ ശുശ്രൂഷ തുടങ്ങി ധാരാളം നടപടികൾ ഈ പരിപാടിയുടെ ഭാഗമാണ്.

**വനിതാ ശിശുവികസന വകുപ്പ്**

സർക്കാരിന്റെ ഒരു സുപ്രധാന നേട്ടം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണവും സാമൂഹ്യ പിന്തുണയും എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി, 2017 ജൂണിൽ വനിതാ ശിശുവികസന വകുപ്പ് (ഡബ്ല്യൂസിഡി) സ്ഥാപിച്ചതാണ്. സംസ്ഥാന വനിതാ കമ്മീഷൻ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ജെൻഡർ പാർക്ക്, നിർഭയ പദ്ധതി, സ്ത്രീകളുടെയും കുട്ടികളുടെയും അഭയ കേന്ദ്രങ്ങൾ, ഐ.സി.ഡി.എസ്, അങ്കണവാടികൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ഘടനയാണ് ഇത്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായുള്ള 44 ക്ഷേമ സ്ഥാപനങ്ങളുടെ (16 സ്ത്രീകൾക്കും 28 കുട്ടികൾക്കും) നടത്തിപ്പമായി ബന്ധപ്പെട്ടതാണ് അതിന്റെ പ്രവർത്തനത്തിന്റെ വലിയൊരു ഭാഗം. ദുർബലരായ ജനങ്ങൾക്ക് സ്ഥാപനങ്ങളിലൂടെ പരിചരണം നൽകുന്നതിൽ എൻജിഒകളും സന്നദ്ധ സംഘടനകളും ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവും ശാരീരികവും മാനസികവും ബോധപരവും വൈകാരികവുമായ വികാസങ്ങളും ലിംഗ പദവി ബോധം പുലർത്തുന്ന കുടുംബം, സമൂഹം, എന്നിവ ഉറപ്പുവരുത്തുന്നതിനാണ് വനിതാ ശിശുവികസന വകുപ്പ് പ്രവർത്തിക്കുന്നത്.

**നിർഭയ നയം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനും ചൂഷണത്തിനായി കടത്തി കൊണ്ടു പോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. നിർഭയ സെൽ ഇപ്പോൾ വനിതാ ശിശു വികസന ഡയറക്ടറേറ്റിന്റെ കീഴിലാണ്. നിർഭയ പദ്ധതിയിൽ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടുന്ന സ്ത്രീകൾക്കുള്ള അഭയകേന്ദ്രങ്ങൾ ഉൾപ്പെടുന്നു, അവിടെ അവർക്ക് ഉപജീവനം നേടാനും തൊഴിൽ നേടാനുമായി ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകി വരുന്നു. നിർഭയ സെൽ സംസ്ഥാനത്തുടനീളം ഇരുപത്തിമൂന്ന് ശിശു സംരക്ഷണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ പതിനാല് എൻടി ഹോമുകൾ, മൂന്ന് എസ്ഒഎസ് ഹോമുകൾ, ഒരു മോഡൽ ഹോം, ഒരു മാനസികാരോഗ്യ കേന്ദ്രം, ഒരു തേജോമയ ആഫ്റ്റർ കെയർ ഹോം, ഒരു ഇന്റഗ്രേറ്റഡ് കെയർ സെന്റർ, രണ്ട് ആഫ്റ്റർ കെയർ ഹോമുകൾ (18 വയസ്സിന് മുകളിലുള്ള സിഎസ്എ അതിജീവിച്ചവരുടെ പുനരധിവാസത്തിനായി) എന്നിവ ഉൾപ്പെടുന്നു.

**വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ:** പൊതു-സ്വകാര്യ സ്ഥലങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് വനിതാ ശിശുവികസന വകുപ്പിന്റെ ഈ കേന്ദ്രങ്ങൾ പിന്തുണ നൽകുന്നു. ഗതാഗതം,

വൈദ്യസഹായം, പോലീസുമായി ഇടപെടുന്നതിനുള്ള സൗകര്യം, നിയമസഹായം, മാനസിക സാമൂഹ്യ കൗൺസിലിംഗ്, ആവശ്യമെങ്കിൽ താൽകാലിക അഭയം എന്നിവ ഉൾപ്പെടെയുള്ള സംയോജിത സേവനങ്ങളുടെ ഒരു ശ്രേണി ഈ കേന്ദ്രങ്ങൾ നൽകും. എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് കേന്ദ്രങ്ങൾ ഉള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനങ്ങളിലൊന്നായി 2019-20 - ൽ കേരളം മാറി. 2024-25 ൽ 4127 ഗുണഭോക്താക്കൾക്ക് വൺ സ്റ്റോപ്പ് സെന്ററുകളിലൂടെ സഹായം ലഭിച്ചു.

**ആശ്വാസനിധി:** ലൈംഗിക കുറ്റകൃത്യങ്ങളുടെയും ഹീനമായ ലിംഗ പദവി അധിഷ്ഠിത അക്രമങ്ങളുടെയും ഇരകൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, ഇത്തരം ഇരകൾക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് 300 ലക്ഷം രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുമെന്ന് സർക്കാർ 2018-19-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചു. ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമം എന്നിവയുടെ ഇരകൾക്ക് വനിതാ ശിശു വികസന വകുപ്പ് ഈ ഫണ്ട് നല്കി വരുന്നു. 2024-25 ൽ 256 ഗുണഭോക്താക്കൾക്കായി 3 കോടിയാണ് ചെലവഴിച്ചത്.

**ധീര:** ആത്മവിശ്വാസവും ധൈര്യവും വളർത്തുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും സ്വയം പ്രതിരോധം സാധ്യമാക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് പോലീസ് വകുപ്പിന്റെ സഹായത്തോടെ നിർഭയ സെൽ മുഖേന പെൺകുട്ടികൾക്കായി "ധീര" എന്ന പദ്ധതി നടപ്പിലാക്കുന്നു. ഓരോ ജില്ലയിലും 3 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ഓരോ പഞ്ചായത്തിൽ നിന്നും 30 കുട്ടികൾക്ക് വീതം കരാട്ടെ, തായ്ക്വോണ്ടോ, കളരിപ്പയറ്റ് തുടങ്ങിയവയിൽ മുഖ്യ പരിശീലകർ പരിശീലനം നൽകി വരുന്നുണ്ട്.

**സ്ത്രീധന നിരോധനം:** 2019-2020 കാലഘട്ടത്തിൽ സ്ത്രീധനം ഇല്ലാതാക്കുന്നതിനുള്ള ഒരു ജനകീയ പ്രചാരണം വകുപ്പ് ആരംഭിച്ചു. അവബോധ സൃഷ്ടിയിലൂടേയും ശാക്തീകരണത്തിലൂടേയും സ്ത്രീധനം പൂർണമായി ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ അഞ്ചുവർഷത്തെ ഒരു കർമപദ്ധതി തയാറാക്കിയിട്ടുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസം, സാമ്പത്തിക സ്വാതന്ത്ര്യം, പുരുഷന്മാരുടെ ചിന്താഗതി എന്നിവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിലൂടെ സ്ത്രീകളെ അപമാനിക്കുന്ന ഈ പഴയ ആചാരത്തോട് സമഗ്രമായ ഒരു സമീപനം ഉറപ്പാക്കാൻ കഴിയേണ്ടതാണ്. പ്രധാനമായും യുവജനങ്ങൾ ഇന്റർനെറ്റ് വഴി ഉപയോഗിക്കുന്ന മീമുകൾ പോലുള്ള നൂതനമായ മാർഗ്ഗങ്ങളിലൂടെ പ്രചാരണത്തിന്റെ പ്രാരംഭ ഘട്ടം വിജയിച്ചു. അടുത്ത 3 വർഷത്തേക്ക് പ്രചാരണം തുടരും. കേരള സ്ത്രീധന നിരോധന നിയമങ്ങളുടെ ഭേദഗതി (ജൂലൈ 13, 2021) പ്രകാരം, സ്ത്രീധനത്തിന്റെ മോശമായ സ്വാധീനത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സ്ത്രീധനത്തിനെതിരായി ജില്ലകളിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുമായി ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരെ (ഡിഡിപിഒകൾ) നിയമിച്ചു.

സ്ത്രീധന പരാതി പോർട്ടൽ: സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പ് സ്ത്രീധന പരാതി പോർട്ടൽ ആരംഭിച്ചു. ഈ പോർട്ടൽ വഴി വ്യക്തികൾക്കോ പൊതുജനങ്ങൾക്കോ സംഘടനകൾക്കോ സ്ത്രീധനം വാങ്ങുന്നതോ നൽകുന്നതോ ശ്രദ്ധയിൽപെട്ടാൽ പരാതിയായി സമർപ്പിക്കാം.

**വൺ ഡേ ഹോം:** ഒറ്റയ്ക്ക് യാത്ര ചെയ്ത് വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കെട്ടിടത്തിന്റെ എട്ടാം നിലയിൽ തിരുവനന്തപുരം കോർപ്പറേഷന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും സംയുക്ത സംരംഭമായി ഒരു വൺഡേ ഹോം ആരംഭിച്ചു. മിതമായ നിരക്കിൽ സുരക്ഷിതമായ താമസവും ഭക്ഷണവും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020 മാർച്ച് 7 മുതൽ വൺ ഡേ ഹോം പ്രവർത്തനം ആരംഭിച്ചു. 2024-25 ൽ വൺ ഡേ ഹോം പ്രോജക്ടിനായി 1538002/- രൂപ ചെലവഴിച്ചു.

**തേജോമയ ആഫ്റ്റർ കെയർ ഹോം:** എറണാകുളത്ത് എടയ്ക്കാട്ടുവയലിൽ തേജോമയ ആഫ്റ്റർ കെയർ ഹോം സ്ഥാപിച്ചു. ഇത് പോക്സോ അതിജീവിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിലെ പഠനം പൂർത്തിയാക്കി വിവിധ തൊഴിലുകളിൽ താൽപ്പര്യമുള്ളവർക്കായി ഉദ്ദേശിച്ചുള്ളതാണ്. എച്ച്.എൽ.എഫ്.പി.പി.റ്റി (ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റ്) യുടെ സഹായത്തോടെ ഒരു കരിയർ അസസ്മെന്റ് പരിപാടി നടത്തുകയും കാറ്ററിംഗ്, ടൈലറിംഗ്, ബ്യൂട്ടീഷ്യൻ, ഡ്രൈവിംഗ് തുടങ്ങിയ വിവിധ തൊഴിലുകൾക്കായി 42 അന്തേവാസികളെ തെരഞ്ഞെടുക്കുകയും ചെയ്തു. 26 അന്തേവാസികൾക്കായി മനഃശാസ്ത്രപരമായ ഇടപെടൽ പരിപാടി/ക്ഷേമ പരിപാടി നടത്തി. 2024-25 ൽ തൊഴിൽ പരിശീലനത്തിന് ശേഷം 31 കുട്ടികളെ വിവിധ സ്ഥാപനങ്ങളിൽ നിയമിച്ചു.

**മാനസികാരോഗ്യത്തിനുള്ള ഭവനം:** വനിതാ ശിശുവകുപ്പിന്റെ സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിൽ താമസിക്കുന്ന മാനസിക പ്രശ്നങ്ങളുള്ള അന്തേവാസികളെ ഉദ്ദേശിച്ചുള്ളതാണ്. തൃശ്ശൂരിൽ മാനസികാരോഗ്യ ഭവനം ആരംഭിക്കുന്നതിന് 39.9 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ഇത് തുടങ്ങുന്നതിനായി ഗാന്ധിഭവൻ അന്താരാഷ്ട്ര ട്രസ്റ്റിനെ ഏൽപ്പിക്കുകയും ചെയ്തു. 2019-20 കാലയളവിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. 2024-25 ൽ 36 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

കാതോർത്ത്: സ്ത്രീകൾക്കായി വനിതാ ശിശുവികസന വകുപ്പിന്റെ ഈ ഓൺലൈൻ കൺസൾട്ടേഷൻ പരിപാടി 2021 ഫെബ്രുവരിയിൽ ആരംഭിച്ചു, കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവയിലൂടെ അവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് ലക്ഷ്യമിടുന്നു. kathorthu.wcd.kerala.gov.in എന്ന

വെബ്സൈറ്റ് വഴി പരാതികൾ സമർപ്പിക്കാം. 2024-25 കാലയളവിൽ 166 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

**എസ്.ഒ.എസ് മോഡൽ ഹോം:** 12 വയസ്സിന് താഴെയുള്ള പോക്സോയെ അതിജീവിച്ച പെൺകുട്ടികൾക്കായി തിരുവനന്തപുരം ജില്ലയിലാണ് ഈ മാതൃകാ ഷെൽട്ടർ ഹോം ആരംഭിച്ചത്. 2024-25 കാലയളവിൽ 12 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

**കൂടെ നിർത്താം:** തീരദേശ, ആദിവാസി, തോട്ടം മേഖലകളിൽ വസിക്കുന്നവരുടെ പ്രശ്നങ്ങൾ നേരിട്ടറിഞ്ഞ് പരിഹരിക്കുന്നതിനായി സംഘടിപ്പിക്കുന്ന ക്യാമ്പാണ്.

**തുറന്നുപറച്ചിൽ :** തൊഴിൽ മേഖലയിലും വ്യക്തിജീവിതത്തിലും കടുത്ത സമ്മർദ്ദവും പ്രയാസങ്ങളും അനുഭവിക്കുന്ന വിവിധ വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനായി സംഘടിപ്പിക്കുന്ന പൊതുവായി പറയാനുള്ള (Public Hearing) പരിപാടിയാണിത്.

**ഉണർവ് :** കൗമാരക്കാർക്ക് കൃത്യമായ മാർഗനിർദേശങ്ങൾ നൽകുകയും അവരിൽ ലിംഗസമത്വബോധം വളർത്തുകയും ചെയ്യുന്ന പദ്ധതിയാണ്. 2024-25 കാലയളവിൽ 62 പരിപാടികൾ സംഘടിപ്പിച്ചു

**വനിതാ ശിശുവികസന വകുപ്പ് ഏറ്റെടുത്ത പ്രധാന പദ്ധതികൾ**

കേരളത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എണ്ണത്തിലും ആയുസ്സിലും കൂടുതലാണ്. സ്ത്രീകൾക്ക് കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ലഭിക്കുന്ന പിന്തുണയുടെയും സാമ്പത്തിക സുരക്ഷയുടെയും മൊത്തത്തിലുള്ള തലത്തെ അവരുടെ വൈവാഹിക നില സ്വാധീനിച്ചേക്കാം. കേരളത്തിലെ മൊത്തം പുരുഷ ജനസംഖ്യയുടെ 3.5 ശതമാനം മാത്രമാണ് ഭാര്യ മരിച്ച പുരുഷൻമാരെന്നും ജനസംഖ്യയുടെ 11.6 ശതമാനം വിധവകൾ ആണെന്നും സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. ഈ ലിംഗപദവി വ്യത്യാസം ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ "മംഗല്യ" എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്. വിധവകൾ/വിവാഹമോചിതർ എന്നിവർക്ക് പുനർവിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്നതാണ് പദ്ധതി. നിരാലംബരും ഭവനരഹിതരുമായ വിധവകൾക്ക് സുരക്ഷിതവും മെച്ചപ്പെട്ടതുമായ ജീവിത സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ, അഭയകിരണം പദ്ധതിയിൽ നിർധനരായ വിധവകൾക്ക് സംരക്ഷണവും പാർപ്പിടവും നൽകുന്ന അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നു. വിധവകളുടെ കുടുംബങ്ങളിൽ ഭൂരിഭാഗവും പരിതാപകരമായ അവസ്ഥയിലാണ് കഴിയുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഈ കുടുംബങ്ങൾക്ക് സഹായഹസ്തം നീട്ടാൻ സഹായഹസ്തം പദ്ധതി നിർദ്ദേശിക്കുന്നു. 3,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതിയാണ് "പടവുകൾ".

**സ്നേഹിത:** കുടുംബശ്രീ ജെൻഡർ ഹെൽപ്പ് ഡെസ്ക് ആയ സ്നേഹിത ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനങ്ങൾ നൽകുന്നു. മറ്റ് വകുപ്പുകളുമായും എൻജിഒകളുമായും ഒത്തുചേർന്നു കൊണ്ട് അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി ഷോർട്ട് സ്റ്റേ ഹോമുകൾ, വ്യക്തികൾ, കൗമാരക്കാർ, വിവാഹം കഴിക്കേണ്ടവർ എന്നിവർക്കായുള്ള കൗൺസിലിംഗ്, ബോധവൽക്കരണ കൂട്ടായ്മകൾ, നിയമ-വൈദ്യ സഹായങ്ങൾ, പുനരധിവാസം എന്നിവ ഈ സേവനങ്ങളിൽ ഉൾപ്പെടുന്നു.

**വിവ പ്രോഗ്രാം:** കേരളത്തിലെ സ്ത്രീകൾക്കിടയിലെ വിളർച്ചയുടെ പ്രശ്നം പഠിക്കുന്നതിനും വിളർച്ച ഇല്ലാതാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിനുമായി സ്ത്രീകൾക്കിടയിലെ വിളർച്ച പരിഹരിക്കുന്നതിനുള്ള വിവ പ്രോഗ്രാം 2021 ജനുവരി 12 ന് ആരംഭിച്ചു. വിളർച്ച സംബന്ധിച്ച ബോധവൽക്കരണം പൊതുസഞ്ചയത്തിൽ പ്രചരിപ്പിക്കുന്നതിനായി സാമൂഹമാധ്യമങ്ങളിലൂടെ സന്ദേശം പ്രചരിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെയും വനിതാശിശുവികസന വകുപ്പിന്റെയും സഹകരണത്തോടെ ആരോഗ്യവകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്.

**ഭൂമിക:** ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ (എൻ.ആർ.എച്ച്.എം) പിന്തുണയോടെ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ/സാമൂഹിക ദുരുപയോഗങ്ങൾ എന്നിവയ്ക്ക് ഇരയായവർക്കായി വൈദ്യശാസ്ത്ര, മനഃശാസ്ത്ര പരിചരണം നൽകുന്ന പരിപാടികൾ സർക്കാർ നടപ്പിലാക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന കേന്ദ്രമായ "ഭൂമിക" ഇരകൾക്ക് സാമൂഹികവും മാനസികവുമായ പിന്തുണ നൽകുന്നു.

**മിത്ര-181 ഹെൽപ്പ് ലൈൻ:** കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആരംഭിച്ച ഈ ഹെൽപ്പ് ലൈൻ സഹായം ആവശ്യമുള്ള സ്ത്രീകൾക്കായി 24x7 ലഭ്യമാകുന്ന ഒരു അടിയന്തിര പ്രതികരണ സേവനമായി വിജയകരമായി പ്രവർത്തിച്ചു വരുന്നു.

**അപരാജിത ഈസ് ഓൺലൈൻ:** സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള പീഡനങ്ങളുടെ പരാതി പരിഹാരത്തിനുള്ള ദ്രുത പ്രതികരണ സംവിധാനമാണ്. ഇത് പോലീസ് വകുപ്പാണ് പ്രവർത്തിപ്പിക്കുന്നത്.

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (കെഎസ്ഡബ്ല്യൂഡിസി)**

സംസ്ഥാനത്തിലെ സ്ത്രീകളെ സാമൂഹിക വികസനത്തിലും പുരോഗതിയിലും സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ അവരുടെ സർവോൻമുഖമായ

വികസനമാണ് കെഎസ്ഡബ്ല്യൂഡിസി ലക്ഷ്യമിടുന്നത്. കോർപ്പറേഷൻ വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലും പരിശീലനങ്ങളിലും ലിംഗപദവി ബോധവൽക്കരണ പരിപാടികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കോർപ്പറേഷൻ സംസ്ഥാനത്തുടനീളമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പെൺകുട്ടികൾക്കായി 2016 മുതൽ "ഷീ പാഡ്" പദ്ധതി നടപ്പിലാക്കിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ, 67 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGIs) സംസ്ഥാനത്തുടനീളമുള്ള 397 സ്കൂളുകളിൽ പദ്ധതി വിജയകരമായി നടപ്പിലാക്കുകയും ഏകദേശം 11 ലക്ഷം വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. "ഷീ പാഡ്" പദ്ധതി നടപ്പിലാക്കിയ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി കേരള വനിതാ വികസന കോർപ്പറേഷൻ ആർത്തവ ശുചിത്വ ബോധവൽക്കരണ പരിപാടി നടത്തുന്നു. ഈ പരിപാടിക്ക് കീഴിൽ, 25 സ്കൂളുകളിൽ കോർപ്പറേഷൻ വിജയകരമായി ഈ പദ്ധതി നടപ്പിലാക്കി, ഇത് 3750 വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്തു. 18 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് സൗജന്യമായി ആർത്തവ കപ്പുകൾ വിതരണം ചെയ്യുന്നതിനായി 2021-22 വർഷത്തിൽ കോർപ്പറേഷൻ എം കപ്പ് പരിപാടി ആരംഭിച്ചു. ഗുണഭോക്താക്കൾക്കായി മെൻസ്ട്രൽ കപ്പുകളുടെ ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണ സെഷനുകൾ സംഘടിപ്പിക്കുന്നത് ഈ പരിപാടിയിൽ ഉൾപ്പെടുന്നു. കോർപ്പറേഷനിലൂടെ സംസ്ഥാനത്തുടനീളം 5433 ആർത്തവ കപ്പുകൾ വിതരണം ചെയ്തു.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനു കീഴിൽ നിലവിൽ വിവിധ ജില്ലകളിലായി പന്ത്രണ്ട് 'വനിതമിത്ര കേന്ദ്ര' വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. 2024-25 കാലയളവിൽ ഇടുക്കിയിലും ആലപ്പുഴയിലും പുതിയ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സ്ത്രീ യാത്രക്കാർക്ക് സുരക്ഷിതവും വിശ്വസനീയവും താങ്ങാനാവുന്നതുമായ ഹ്രസ്വകാല സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനാണ് സേഫ് സ്റ്റേ പദ്ധതി. "സേഫ് സ്റ്റേ" എന്ന പേരിൽ ഒരു സമഗ്രമായ ആപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്, കൂടാതെ പ്രോഗ്രാമിനായി കോർപ്പറേഷൻ 30 വനിതാ ഹോസ്റ്റലുകളെ പങ്കാളികളാക്കിയിട്ടുണ്ട്. 2024-25 ൽ ഈ സേവനം വഴി 200-ലധികം സ്ത്രീകൾക്ക് പ്രയോജനം ലഭിച്ചു.

**ബോധ്യം - പോലീസ് ഉദ്യോഗസ്ഥർക്കുള്ള ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം:** പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗ പദവി ബോധവൽക്കരണം ഓൺലൈൻ പരിശീലന പരിപാടി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2019 സെപ്റ്റംബർ 4ന് ആരംഭിച്ചു. തിരുവനന്തപുരം, കേരള പോലീസ് ട്രെയിനിംഗ് കോളേജിലും (പിടിസി) തൃശ്ശൂർ കേരള പോലീസ് അക്കാദമി (കെഇപിഎ) യിലുമാണ് പരിശീലനം നൽകിയത്. സ്ത്രീകൾക്കുള്ള അടിയന്തിര പ്രതികരണ സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്ത് ലിംഗപദവിസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം. കേരളത്തിലുടനീളമുള്ള പോലീസ് ബറ്റാലിയനുകളിൽ നിന്നുള്ള 902 പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലനം 2024-25 ൽ കോർപ്പറേഷൻ പൂർത്തിയാക്കി.

**വിമൻസ് കോളേജുകളിൽ വനിതാ സെല്ലുകൾ:** ലിംഗ പദവി ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളേജുകളിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതാ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത വനിതാ കോളേജുകളിൽ ലിംഗ പദവി ബോധവൽക്കരണ പരിശീലനങ്ങൾ, തുറന്ന ചർച്ചകൾ, സാംസ്കാരിക പരിപാടികൾ, കൈയ്യെഴുത്ത് പ്രസിദ്ധീകരണം, ഐടി/സോഫ്റ്റ് സ്കിൽ പരിശീലനം, ക്രിയാത്മക ശില്പശാലകൾ, സാമൂഹ്യ ഇടപെടൽ പരിപാടികൾ എന്നിങ്ങനെയുള്ള വിവിധ പരിപാടികൾക്ക് തുടക്കമിട്ടു. സമൂഹത്തിൽ ഉൾപ്പെട്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുകയും ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ മാനേജ്മെന്റ് കഴിവുകളോടെ അവരെ സജ്ജമാക്കുകയും ചെയ്യുക എന്നതാണ് വനിതാ സെല്ലിന്റെ പ്രധാന ലക്ഷ്യം. 2024-25 ൽ 102 കോളേജുകളിൽ നിന്നും 25000 വിദ്യാർഥികൾ വനിതാ സെൽ പ്രവർത്തനങ്ങളുടെ ഭാഗമായി. ലിംഗസമത്വം എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്ത് ലിംഗസൗഹൃദ കാമ്പസുകൾ സൃഷ്ടിക്കുന്നതിനുമായി മിശ്ര കോളേജുകളിൽ വനിതാ സെല്ലുകൾ ആരംഭിച്ചു.

**സ്ത്രീകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ:** സ്ത്രീകളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ച് തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഡബ്ല്യൂ.ഡി.സി, റീച്ച് (ആർഇഎസിഎച്ച്) പദ്ധതി ആരംഭിച്ചു. 2024-25 കാലയളവിൽ 2925 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. നഴ്സുമാർക്കുള്ള അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പരിപാടിയിലൂടെ (എഎസ്ഇപിഎൻ) 175 പ്രൊഫഷണലുകൾക്ക് പരിശീലനം നൽകി.

**പ്രോജക്ട് കൺസൾട്ടൻസി വിംഗ്:** "വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി 2024-25 ൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ) രൂപീകരിച്ച ഒരു പ്രോജക്ടാണ് കൺസൾട്ടൻസി വിംഗ് .

**ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം:** കോളേജുകളിലെ കെ.എസ്.ഡബ്ല്യൂ.ഡി.സി (KSWDC) വനിതാ സെല്ലുകൾ നാമനിർദേശം ചെയ്യുന്ന വിദ്യാർത്ഥിനികൾക്കായി സംഘടിപ്പിക്കുന്ന നേതൃത്വ വികസന പരിശീലന പരിപാടിയാണിത്.

**ലീഡ് (Learn, Empower, Achieve, Develop):** പോളിടെക്നിക് കോളേജുകളിലെ അവസാന വർഷ വിദ്യാർത്ഥിനികൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാമാണിത്. കേരളത്തിലുടനീളമുള്ള പോളിടെക്നിക് വിദ്യാർത്ഥിനികളെ ശാക്തീകരിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഈ പദ്ധതി പ്രകാരം, 2024-25 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ 37 പേർക്ക് 'റീച്ച് (REACH) ഫിനിഷിംഗ് സ്കൂൾ വഴി പരിശീലനം നൽകി.

**ജെൻഡർ പാർക്ക്:** വിവിധ പദ്ധതികൾ, സാംസ്കാരിക, അക്കാദമിക് പരിപാടികൾ എന്നിവയുടെ സംയോജന കേന്ദ്രമായി കോഴിക്കോട് സ്ഥിതി ചെയ്യുന്ന പ്രധാന കാമ്പസിലൂടെ സംസ്ഥാനത്ത് ലിംഗപദവിസമത്വത്തിനും ശാക്തീകരണത്തിനും തുടക്കമിടാനുള്ള വനിതാ-ശിശു വികസന വകുപ്പിന്റെ സംരംഭമാണിത്. ഇതിൽ ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ (ഐസിസി), ആംഫി തിയേറ്റർ, ലൈബ്രറി, ഹെറിറ്റേജ് മ്യൂസിയം എന്നിവ ഉൾപ്പെടുന്നു. ലിംഗ പദവി പഠനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ അടുക്കി വയ്ക്കുന്നതിനായി ഒരു ലൈബ്രറി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നു. രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യത്തെ ലിംഗ പദവിയിൽ അധിഷ്ഠിത സംരംഭമെന്ന നിലയിൽ, ഗവേഷണവും പഠനവും മെച്ചപ്പെടുത്താനും ലിംഗ അവബോധം പ്രോത്സാഹിപ്പിക്കാനും സമൂഹത്തിലെ വ്യത്യസ്ത ലിംഗ വിഭാഗങ്ങളുടെ ശാക്തീകരണം പ്രോത്സാഹിപ്പിക്കാനും ലൈബ്രറി ലക്ഷ്യമിടുന്നു. യുഎൻ വനിതകളുമായി സഹകരിച്ച് ഒരു ജെൻഡർ ഡാറ്റാ ഹബ് സ്ഥാപിച്ചു. ഹെറിറ്റേജ് മ്യൂസിയം, ലൈബ്രറി എന്നിവയ്ക്കൊപ്പം ജെൻഡർ പാർക്കിനെ ലിംഗപരമായ പ്രവർത്തനങ്ങളുടെ സൗത്ത് ഏഷ്യൻ ഹബ്ബാക്കി മാറ്റും. ദക്ഷിണേഷ്യൻ മേഖലയിലെ ലിംഗസമത്വത്തെ അഭിസംബോധന ചെയ്യുന്നതിനായി തുല്യ പങ്കാളികളായി ഒത്തുചേരുന്നതിന് 2020 ഡിസംബറിൽ ജെൻഡർ പാർക്കും യുഎൻ വനിതകളും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. യുഎൻ വനിതകളുമായി സഹകരിച്ചുള്ള ജെൻഡർ പാർക്ക് നഗര ആസൂത്രണ പ്രക്രിയയിലെ വിടവുകൾ പരിശോധിക്കാൻ ലക്ഷ്യമിടുന്നു. ഭൂവിനിയോഗ ആസൂത്രണം ഉൾപ്പെടെയുള്ള നഗര ഇടങ്ങളുടെ ആസൂത്രണവും വികസനവും എങ്ങനെയെന്ന് പരിശോധിക്കുക എന്നതാണ് ഈ പദ്ധതിയുടെ പിന്നിലെ വിശാലമായ ആശയം. പ്രാദേശിക/നഗര/മേഖലാ ആസൂത്രണം, പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ വ്യക്തികളുടെ പൊതു ഇടങ്ങളിലേക്കുള്ള പ്രവേശനത്തെ ബാധിക്കുന്നു. സ്ത്രീകളുടെയും ട്രാൻസ്ജെൻഡർ വ്യക്തികളുടെയും വൈവിധ്യവും സർഗ്ഗാത്മകതയും ആഘോഷിക്കുന്ന ഒരു ഉത്സവം പോലെയാണ് ആർപ്പോ. ഈ നൂതനമായ പ്ലാറ്റ്ഫോം കലയിലൂടെയും സംസ്കാരത്തിലൂടെയും അവരുടെ തനതായ കഴിവുകളും കാഴ്ചപ്പാടുകളും പ്രദർശിപ്പിച്ചുകൊണ്ട് അവരുടെ ചിന്തകളും ആശയങ്ങളും പ്രകടിപ്പിക്കാൻ അവരെ പ്രാപ്തരാക്കുന്നു.

**ലിംഗപദവി സ്വയം പഠന പരിപാടി (ജിഎസ്എൽപി):** ലിംഗപദവിപരമായ പ്രശ്നങ്ങൾ സ്വയം മനസിലാക്കാനും പഠിക്കാനും സ്ത്രീകളെ പ്രാപ്തരാക്കുന്നതിനായി 2007ൽ കുടുംബശ്രീ ജി.എസ്.എൽ.പി ആരംഭിച്ചു. "അയൽക്കൂട്ടങ്ങളിലെ സ്ത്രീകൾ ലിംഗപദവി ഭേദങ്ങളെ അവരുടെ ജീവിതാനുഭവത്തിലെ സന്ദർഭങ്ങൾ വച്ച് മനസിലാക്കുന്ന ഒരു പങ്കാളിത്ത വിദ്യാഭ്യാസ പദ്ധതിയാണിത്." സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ കാഴ്ചപ്പാടുകൾ എങ്ങനെ പ്രകടിപ്പിക്കുമെന്നതിനെക്കുറിച്ചും ഒരു കൂട്ടായ ബോധം വളർത്തിയെടുക്കാൻ ഈ പഠന പ്രക്രിയ സ്ത്രീകളെ സഹായിക്കുന്നു. ഈ പരിപാടിയിൽ അയൽക്കൂട്ടങ്ങളുടെ തലം വരെയുള്ള റിസോഴ്സ്പേഴ്സൺമാരായി ആകെ 86,307 സ്ത്രീകളെ പരിശീലിപ്പിച്ചു, റിസോഴ്സ്പേഴ്സൺമാരും 3,47,006 സപ്പോർട്ട് ടീം അംഗങ്ങളും ഉൾപ്പെടെ ആകെ 4,33,313 സ്ത്രീകൾ പരിശീലനത്തിന് വിധേയരായി. സംസ്ഥാനത്തിലെ 35 ലക്ഷം സ്ത്രീകൾ ഈ പദ്ധതിയിൽ ഉൾപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. പഠന പ്രക്രിയയ്ക്കായി തിരഞ്ഞെടുത്ത അഞ്ച് വിഷയങ്ങൾ ഇവയാണ്: (1) സ്ത്രീകളും തൊഴിലും, (2) സ്ത്രീകളും ആരോഗ്യവും, (3) സ്ത്രീകളും ചലനാത്മകതയും, (4) ലിംഗനീതിയും സമത്വവും, (5) സ്ത്രീധനത്തിനും ലിംഗാധിഷ്ഠിത അക്രമത്തിനും എതിരായ പ്രമേയം. സ്ത്രീധനത്തിനും ലിംഗാധിഷ്ഠിത അക്രമത്തിനുമെതിരെയുള്ള പ്രതിപാദ്യം 2021-ൽ "സ്ത്രീപക്ഷനവകേരളം പ്രോഗ്രാം" എന്ന പേരിൽ ആരംഭിച്ചു. കുടുംബശ്രീ ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാർഥികൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കായി വിവിധ തലങ്ങളിൽ ലിംഗ പദവി ബോധവത്കരണ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. ഈ അടുത്ത കാലത്തായി കിലയിൽ തൃശ്ശൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ലിംഗ പദവി വികസന പ്രവർത്തനങ്ങളെക്കുറിച്ചും കോവിഡിന് ശേഷമുള്ള സാഹചര്യങ്ങളെക്കുറിച്ചും "റിവൈറ്റലൈസ്" എന്ന ഒരു അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. നിലവിൽ ജെൻഡർ വിഷയവുമായി ബന്ധപ്പെട്ട വ്യക്തികളെ എൻഎച്ച്ജി, എഡിഎസ്, സിഡിഎസ് തലങ്ങളിൽ നിന്ന് തെരഞ്ഞെടുത്തു, ലഭ്യമായ മൊഡ്യൂളുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി തിയേറ്റർ ആക്റ്റിവിറ്റി, എഐ ആക്റ്റിവിറ്റി എന്നിവ അടിസ്ഥാനമാക്കിയാണ് പരിശീലനം ആസൂത്രണം ചെയ്തിരിക്കുന്നത്.

**കേരള വനിതാ കമ്മീഷൻ** : ലിംഗപദവി ബോധവൽക്കരണ പരിപാടി- കേരള വനിതാ കമ്മീഷന്റെ ഒരു പ്രധാന പ്രവർത്തന ജാഗ്രത സമിതി (താഴ്ന്ന തലത്തിലുള്ള ഒരു കാവൽ സ്ഥാപനം) അംഗങ്ങളുടെ പരിശീലനമാണ്, ഇതിന് സാമൂഹ്യ പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. കമ്മീഷൻ സെമിനാറുകൾ/നിയമ ശിൽപശാലകൾ, പഞ്ചായത്ത് ജാഗ്രതാ സമിതികൾക്കായി സ്ത്രീകളുമായി ബന്ധപ്പെട്ടതും മറ്റുള്ളതുമായ വിവിധ നിയമ നടപടികളെക്കുറിച്ചും അദാലത്തുകളെക്കുറിച്ചും പരിശീലന പരിപാടികൾ എന്നിവ നടത്തുന്നു. നമ്മുടെ സംസ്ഥാനത്തെ യുവാക്കളെ കൗമാരകാലത്ത് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുന്നതിനായി കമ്മീഷൻ ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടി "കൗമാരം കരുത്താക്കൂ" നടത്തുകയുണ്ടായി. 2011 മുതൽ 2025 വരെ (മാർച്ച് 31, 2025 വരെ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, സ്വത്ത് സംബന്ധമായ പ്രശ്നങ്ങൾ, ഗാർഹിക പീഡനം, കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങി സ്ത്രീകൾക്കെതിരായ വിവിധ കേസുകളുമായി ബന്ധപ്പെട്ട് മൊത്തം 83276 പരാതികൾ വനിതാ കമ്മീഷന് ലഭിച്ചു. ഏറ്റവും കൂടുതൽ പരാതികളുമായി തിരുവനന്തപുരം ഒന്നാമതും (29904 പരാതികൾ) 7782 പരാതികളുമായി കൊല്ലം ജില്ല തൊട്ടുപിന്നാലെയുമാണ്. ആകെയുള്ള പരാതികളിൽ 14308 കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും 8243 ഗാർഹിക പീഡന കേസുകളും 6862 സ്വത്ത് സംബന്ധമായ

കേസുകളുമാണ്. 2025 മാർച്ച് വരെ ലഭിച്ച പരാതികളുടെ വിഭാഗം തിരിച്ചുള്ളതും ജില്ല തിരിച്ചുള്ളതുമായ വിശദാംശങ്ങൾ **അനുബന്ധം 8.1.7** ൽ കൊടുത്തിരിക്കുന്നു.

**ശരണ്യപദ്ധതി, കൈവല്യ പദ്ധതി:** തൊഴിലില്ലാത്ത വിധവകൾ, ഉപേക്ഷിക്കപ്പെട്ട / വിവാഹമോചിതരായ / അവിവാഹിതരായ സ്ത്രീകൾ / അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി സഹായിക്കുന്നതിനുള്ള ഒരു സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. തൊഴിൽ വകുപ്പാണ് ഇത് നടപ്പാക്കുന്നത്. 2024-25 കാലയളവിൽ 1399 സ്ത്രീകൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചു. തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരുടെ പുനരധിവാസവും ക്ഷേമവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'കൈവല്യ' പദ്ധതിയിലൂടെ 2024-ൽ 61 സ്ത്രീകൾക്കും 2025-ൽ (സെപ്റ്റംബർ 2025 വരെ) 40 സ്ത്രീകൾക്കും ധനസഹായം ലഭിച്ചു.

ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS) ജെൻഡർ, ടെക്നോളജി ഹാക്കത്തോൺ, ബാക്ക് ടു വർക്ക്, വിന്റർ സ്കൂൾ, സമ്മർ സ്കൂൾ, വെർച്വൽ പരിശീലനം, കാമ്പെയ്നുകൾ, ഫെലോഷിപ്പുകൾ എന്നിവയിലൂടെ ജെൻഡർ ടെക്നോളജി സംരംഭത്തിനു പിന്തുണ നൽകുന്നു.

**കേരളത്തിലെ ട്രാൻസ്ജെൻഡർ സമൂഹം**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് (ടിജികൾ) തുല്യതയ്ക്കും തുല്യ സംരക്ഷണത്തിനുമുള്ള അവകാശം ദൃഢമായി സ്ഥാപിച്ച 2014 ലെ സുപ്രീം കോടതിയുടെ സുപ്രധാന വിധിക്ക് ശേഷം സംസ്ഥാന സർക്കാർ 2015 ലെ അവകാശാടിസ്ഥാനത്തിലുള്ള ട്രാൻസ്ജെൻഡർ നയം പുറത്തിറക്കി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) നിയമം, 2019, ഇന്ത്യയിലെ ട്രാൻസ്ജെൻഡറുകളുടെ അവസ്ഥയെക്കുറിച്ച്, പ്രത്യേകിച്ച് സ്വയം തിരിച്ചറിയാനുള്ള അവകാശവുമായി ബന്ധപ്പെട്ട് നിരവധി ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. കേരളത്തിൽ പൊതു ഇടങ്ങളിൽ ട്രാൻസ്ജെൻഡറുകളുടെ ദൃശ്യപരതയും കഴിഞ്ഞ കുറച്ച് വർഷങ്ങളായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ലൈംഗിക സ്വത്വങ്ങളുള്ള ആളുകളുടെ പ്രശ്നങ്ങൾ ഇപ്പോഴും ആ രീതിയിൽ എടുത്തുകാണിക്കുന്നില്ല. ക്ഷേമവും അന്തസ്സും നിറഞ്ഞ ജീവിതത്തിന് ആവശ്യമായ അടിസ്ഥാന കഴിവുകൾ പോലും സ്വായത്തമാക്കാൻ ഇവർക്ക് കഴിയുന്നില്ലെന്ന് സാമൂഹ്യനീതി വകുപ്പ് നടത്തിയ സർവേയിൽ കണ്ടെത്തി. അതിനാൽ, ടിജികളെ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ കേവലം സാമ്പത്തിക നടപടികളിൽ മാത്രമായി പരിമിതപ്പെടുത്താനാവില്ല.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ പ്രാഥമികമായി സാമൂഹ്യനീതി വകുപ്പിലൂടെയും കൂടാതെ മറ്റു വകുപ്പുകളിലൂടെയും, നടപ്പിലാക്കുന്നു. അതുപോലെ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ എൽജിബിടികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ/ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ലിംഗമാറ്റ ശസ്ത്രക്രിയകൾക്കുള്ള നടപടികൾ ഡിഎച്ച്എസ് ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡറുകൾക്കുള്ള കൗൺസിലിങ്ങിനും മരുന്നിനുമായി ഹോമിയോപ്പതി ഡയറക്ടറേറ്റ് 'നിസർഗ' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെഎസ്എൽഎംഎ) അനുവദിച്ച പ്രത്യേക സാക്ഷരതാ പരിപാടിയിൽ, സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സൗജന്യവും തുടർ വിദ്യാഭ്യാസവും നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമന്വയ പരിപാടിയുടെ ഭാഗമായി, അവർ കെഎസ്എൽഎംഎ യുടെ 4, 7, 10, 12 തുല്യതാ പ്രോഗ്രാമുകളിൽ ചേർന്നിട്ടുണ്ട്. 2024-25 കാലയളവിൽ സ്കോളർഷിപ്പ് പദ്ധതി ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നതോടെ, വിവിധ തുല്യതാ (Equivalency) കോഴ്സുകൾക്കായി 145 ട്രാൻസ്ജെൻഡർ വ്യക്തികൾ രജിസ്റ്റർ ചെയ്തു. തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി, ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിൽ നിന്നുള്ള 918 പേർക്കിടയിൽ കെഎസ്എൽഎംഎ ഒരു സർവേ നടത്തി, അതിൽ 20.3 ശതമാനം പേർ തൊഴിലില്ലാത്തവരാണെന്നും 16.7 ശതമാനം പേർ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരാണെന്നും 1.6 ശതമാനം പേർക്ക് സർക്കാർ ജോലിയുണ്ടെന്നും 5.9 ശതമാനം പേർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെന്നും കണ്ടെത്തി. 30 ശതമാനത്തിലധികം പേർ ഏതെങ്കിലും തരത്തിലുള്ള സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്നു. ജോലി ചെയ്തിരുന്ന ഭൂരിഭാഗം ആളുകളും തങ്ങളുടെ വ്യതിരിക്തമായ ലൈംഗിക സ്വത്വം ഏതെങ്കിലും ഔദ്യോഗിക രേഖകളിൽ സമൂഹത്തിന് മുന്നിൽ വെളിപ്പെടുത്തിയിരുന്നില്ല. 100 ട്രാൻസ്ജെൻഡറുകളിൽ ആറ് പേർ ഭിക്ഷാടനത്തിലും എട്ട് പേർ ലൈഗിംക തൊഴിലിലും ഏർപ്പെട്ടിരിക്കുന്നതായും സർവേ കണ്ടെത്തി. നാല് ശതമാനത്തിലധികം ആളുകൾക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കാനുള്ള രേഖകളൊന്നും ഉണ്ടായിരുന്നില്ല. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർ വ്യക്തികളിൽ 1.2 ശതമാനം പേർക്ക് മാത്രമേ എഴുതാനും വായിക്കാനും അറിയാതെയുള്ളൂ. ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിൽ ഉയർന്ന ക്ലാസിലെത്തുമ്പോൾ കൂടുതലും സാമൂഹിക അവഹേളനം കാരണം സ്കൂൾ ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. 10.6 ശതമാനം പേർ iv നും vii നും ക്ലാസ്സുകൾക്കിടയിൽ സ്കൂൾ വിട്ടു പോയപ്പോൾ 40 ശതമാനം പേർ vii -നും x -നും ഇടയിൽ പഠനം ഉപേക്ഷിച്ചു. സർവേയിൽ പങ്കെടുത്ത ട്രാൻസ്ജെൻഡർ വ്യക്തികളിൽ 26.5 ശതമാനം പേർ പ്ലസ് ടു പാസായിരുന്നു. 13.6 ശതമാനം പേർ ബിരുദധാരികളും 2.1 ശതമാനം ബിരുദാനന്തര ബിരുദധാരികളും. സർവേയിൽ പങ്കെടുത്തവരിൽ 67.1 ശതമാനം പേരും കെഎസ്എൽഎംഎയുടെ തുടർവിദ്യാഭ്യാസ പരിപാടികളിൽ ചേരാൻ താൽപ്പര്യമുള്ളവരായിരുന്നു.

2018-19ൽ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ സ്വന്തം ആസൂത്രണത്തിന് സഹായിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സാമൂഹിക നീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ചു. അതിനുശേഷം, സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായുള്ള എല്ലാ പദ്ധതികളും മഴവില്ല് എന്ന

സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സാമൂഹ്യ തല പരിപാടി, സ്ഥാപനപരമായ ഇടപെടൽ, ഗവേഷണവും സർവേയും, അവബോധനവും ശിൽപശാലകളും, നൈപുണ്യ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. റ്റിജികളുടെ കലോത്സവം സംഘടിപ്പിക്കുകയും, വിവാഹ സഹായം നൽകുകയും, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ മുൻഗണനാ വിഭാഗമായി അവരെ ഉൾപ്പെടുത്തുകയും ചെയ്തു. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഹെൽപ്പ്ലൈൻ സ്ഥാപിച്ചു. വിദ്യാഭ്യാസം (സ്കൂൾ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന്), തൊഴിലധിഷ്ഠിത പരിശീലനം, സ്വയം തൊഴിൽ, മത്സര പരീക്ഷകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. വൈദ്യോപദേശത്തെ അടിസ്ഥാനമാക്കി ആശുപത്രികളിലെ ലിംഗമാറ്റ ശസ്ത്രക്രിയ (എസ്ആർഎസ്) യുടെ തുക 2019-ൽ 2 ലക്ഷം രൂപയായും 2020-ഓടെ 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡുകൾക്കും സർട്ടിഫിക്കറ്റുകൾക്കും ഓൺലൈനായി അപേക്ഷിക്കാനും സ്വീകരിക്കാനും അനുവദിക്കുന്ന ഒരു പ്ലാറ്റ്ഫോമാണ് നാഷണൽ പോർട്ടൽ ഫോർ ട്രാൻസ്ജെൻഡർ പേഴ്സൺസ് (NPTP).

ഹോസ്റ്റൽ സൗകര്യം, ബ്യൂട്ടീഷ്യൻ കോഴ്സ്, തുടർ വിദ്യാഭ്യാസ പദ്ധതി, തയ്യൽ മെഷീൻ വിതരണം, സംരംഭകത്വ വികസന പരിപാടികൾ, ടിജി ഷോർട്ട് സ്റ്റേ/ഷെൽട്ടർ ഹോമുകൾ, എസ്ആർഎസ് ശസ്ത്രക്രിയക്ക് ശേഷമുള്ള തുടർ ചികിത്സ, എച്ച്ഐവി സീറോ നിരീക്ഷണ കേന്ദ്രം (കെഎസ്എസ്ഡബ്ല്യുബി), ഡ്രൈവിംഗ് പരിശീലനം, ടിജി സൗഹൃദ , സ്വയം തൊഴിൽ സഹായം, വർണം (ടിജി ഉത്സവം), വിവിധ ഉദ്യോഗസ്ഥർ, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവർക്കിടയിലും സ്കൂൾ/കോളേജുകളിലും ബോധവൽക്കരണം എന്നിവ സാമൂഹ്യനീതി വകുപ്പ്, ടിജികൾക്കായി നടപ്പിലാക്കുന്ന മറ്റ് പദ്ധതികളാണ്. 'യത്നം' പദ്ധതിയുടെ ഭാഗമായി പി.എസ്.സി, യു.പി. എസ്.സി, ബാങ്കിംഗ്, ആർ.ആർ.ബി, യു.ജി.സി നെറ്റ്/ ജെ.ആർ.എഫ്, കാറ്റ് (CAT), മാറ്റ് (MAT) തുടങ്ങിയ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വകുപ്പ് വിദ്യാഭ്യാസ ധനസഹായം നൽകുന്നു. കൂടാതെ, ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ക്യാമ്പസിൽ സുരക്ഷിതവും ഗുണമേന്മയുള്ളതുമായ താമസം ഉറപ്പാക്കുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല ഈ വർഷം ഒരു പ്രത്യേക ഹോസ്റ്റൽ നിർമ്മിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം തൊഴിലിലൂടെ സ്വയം പര്യാപ്തരാക്കാൻ സഹായിക്കുന്നതിനായി കേരള വനിതാ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പദ്ധതി 2020-21 ൽ ആരംഭിച്ചു. സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ ഘട്ട വായ്പ വിതരണത്തിനായി 30 ലക്ഷം രൂപ അനുവദിക്കുകയും 22 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമായി 34 ഗുണഭോക്താക്കൾക്കായി 7,55,000 രൂപ വിനിയോഗിച്ചു.

ഇതേ കാലയളവിൽ തന്നെ എസ്.ആർ.എസ് (SRS), ആഫ്റ്റർ കെയർ പദ്ധതികൾ വഴി 97 വ്യക്തികൾക്ക് ധനസഹായം ലഭിച്ചു.

### ലിംഗപദവി ബജറ്റ്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വനിത ഘടക പദ്ധതി (ഡബ്ല്യുസിപി) നിർബന്ധമായി ഉൾപ്പെടുത്തികൊണ്ട് ഒൻപതാം പദ്ധതിയുടെ സമയത്ത് പ്രാദേശിക സർക്കാർ തലത്തിൽ ഒരു ലിംഗപദവി പ്രതികരണ ബജറ്റ് കേരളത്തിൽ അവതരിപ്പിച്ചു. സംസ്ഥാനത്ത് നിന്ന് 35-40 ശതമാനം വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് (എൽ.എസ്.ജി.ഐകൾ) വിഭജിച്ചതോടെ, ഓരോ പഞ്ചായത്തിനും അവരുടെ വികസന പദ്ധതി രേഖയിൽ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് ഒരു അധ്യായം തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും ലിംഗപദവി ബജറ്റിന്റെ ആദ്യരൂപം 1996ൽ സംസ്ഥാനത്ത് ഉണ്ടാകുകയും ചെയ്തു. 9-ാം പദ്ധതി സമയത്ത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടേയോ, സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്ക വേണ്ടിയോ നീക്കി വച്ചിരുന്നു. അവ വനിതാ ഘടക പദ്ധതി (ഡബ്ല്യു.സി.പി) എന്നറിയപ്പെട്ടു.

ലിംഗപദവി ബജറ്റിംഗ് പ്രക്രിയ സ്ഥാപനവൽക്കരിക്കുന്നതിന് 2005-06 ലെ കേന്ദ്ര ബജറ്റിലാണ് ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ സംസ്ഥാന ബജറ്റിൽ ലിംഗപദവി പ്രതികരണ ബജറ്റ് ആക്കുന്നതിന് കാര്യമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. 11-ാം പദ്ധതിയിലാണ് ലിംഗപദവി ബജറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയത്. വകുപ്പുകളിലുടനീളം പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി വിഭാവനം ചെയ്ത വിഭവങ്ങൾ ഉൾപ്പെടുത്തി പ്രത്യേക രേഖയായി 2017-18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്.

2024-25 ൽ, സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ) 2291.69 കോടി രൂപയും (10.5 ശതമാനം) പാർട്ട് ബിയിലെ കോമ്പോസിറ്റ് പദ്ധതികൾക്കായി 2369.82 കോടി രൂപയും (10.85 ശതമാനം) സ്ത്രീകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. മൊത്തം തുകയുടെ 21.35 ശതമാനമായ 4661.51 കോടി രൂപ സ്ത്രീകൾക്കായി നീക്കിവച്ചിട്ടുണ്ട്. ഈ തുകയിൽ 6.21 കോടി രൂപ ട്രാൻസ്ജെൻഡറുകൾക്കുള്ള വിദ്യാഭ്യാസം, ഭവന സഹായ സബ്സിഡി, ഉപജീവനം, ക്ഷേമം എന്നിവയ്ക്കായി വകയിരുത്തിയിട്ടുണ്ട്-. 2025-26 സാമ്പത്തിക വർഷത്തിൽ 4840.12 കോടി രൂപയാണ് സംസ്ഥാനത്തെ ജെൻഡർ ബജറ്റിങ്ങിന്റെ ആകെ അടങ്കൽ. ആകെ പ്ലാൻ ബജറ്റിന്റെ 20.8 ശതമാനമാണിത്. മുൻവർഷത്തെ അപേക്ഷിച്ച് അടങ്കൽ തുകയിൽ 3.8 ശതമാനം വർധനവ് ഇതിൽ രേഖപ്പെടുത്തുന്നു. ഈ വകയിരുത്തൽ പാർട്ട് എ (സ്ത്രീകൾക്ക് മാത്രമായുള്ള പദ്ധതികൾ 2521.20 കോടി), പാർട്ട് ബി (സ്ത്രീകൾക്ക് പ്രാധാന്യമുള്ള പൊതുപദ്ധതികൾ 2318.92 കോടി രൂപ) എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ഇതിനുപുറമെ, ശിശുക്ഷേമത്തിനായി രൂപ 1713.26 കോടി രൂപയും ട്രാൻസ്ജെൻഡർ ക്ഷേമ മേഖലയിലെ നൂതന പദ്ധതികൾക്കായി രൂപ 6.93 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**മുന്നോട്ട്**

ലിംഗസമത്വം ഉറപ്പാക്കുന്നതിനായി നിലവിലെ നേട്ടങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം ഘടനാപരമായ തടസ്സങ്ങൾ നീക്കുന്നതിനുള്ള ലക്ഷ്യബോധമുള്ള ഇടപെടലുകൾ നടപ്പിലാക്കേണ്ടതുണ്ട്. മാനവ വികസന സൂചികകളിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ മുന്നിലാണെങ്കിലും, സ്ത്രീകളുടെ വേതനത്തിലെ വിവേചനവും കുറഞ്ഞ വരുമാനമുള്ള ജോലികളിൽ സ്ത്രീകൾ കേന്ദ്രീകരിക്കപ്പെടുന്ന സാഹചര്യവും അടിയന്തിരമായി പരിഹരിക്കപ്പെടണം. ഇതിനായി നൂതനവും ഉയർന്ന മൂല്യമുള്ളതുമായ നൈപുണ്യ വികസന പരിപാടികളും ശക്തമായ നയരൂപീകരണവും അനിവാര്യമാണ്. അതേസമയം, ലിംഗാധിഷ്ഠിത അതിക്രമങ്ങൾ പ്രതിരോധിക്കുന്നത് സമൂഹത്തിന്റെ ഉത്തരവാദിത്തമായതിനാൽ സമഗ്രമായ സാമൂഹിക ഇടപെടലുകളും മെച്ചപ്പെട്ട പിന്തുണ സംവിധാനങ്ങളും ആവശ്യമാണ്. നിയമസഭയും പാർലമെന്റും പോലുള്ള തീരുമാനമെടുക്കുന്ന ഉന്നതതല വേദികളിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കേണ്ടത് ഘടനാപരമായ ഒരു ആവശ്യമാണ്. ഇതിനായി സംവരണം ഉൾപ്പെടെയുള്ള ക്രിയാത്മക നടപടികളും പ്രത്യേക റിക്രൂട്ട്മെന്റ് ഡ്രൈവുകളും പരിഗണിക്കേണ്ടതുണ്ട്. സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യവും അതുവഴി അവരുടെ സമ്പൂർണ്ണ സാമ്പത്തിക-സാമൂഹിക പങ്കാളിത്തവും ഉറപ്പാക്കുന്നതിന് സുരക്ഷിതമായ ഒരു പൊതുസാഹചര്യം സൃഷ്ടിക്കേണ്ടത് അടിസ്ഥാനപരമായ ആവശ്യമാണ്.

# 8.2 സാമൂഹ്യ-സാമ്പത്തിക ദുർബലതകളെ അഭിമുഖീകരിക്കൽ

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ**

കേരളത്തിന്റെ ജനസംഖ്യയിൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ യഥാക്രമം 9.10 ശതമാനവും 1.45 ശതമാനവുമാണ്. ജില്ല അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.1**-ലും, **8.2.2**-ലും നൽകിയിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാക്ഷരത നിരക്ക്, ലിംഗാനുപാതം എന്നിവയുടെ കേരളത്തിലെയും ദേശീയതലത്തിലെയും കണക്കുകളുടെ താരതമ്യം **അനുബന്ധം 8.2.3**-ൽ നൽകിയിരിക്കുന്നു.

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് 1958-ലെ റൂൾ 14(എ) പ്രകാരം, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവുമടക്കം, 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം സംവരണം ചെയ്തിട്ടുണ്ട്. ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ഇത് ബാധകമാണ്. പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പിന്റെ വാർഷിക അവലോകന കണക്കനുസരിച്ച്, 2024 ജനുവരി 1-ന്, 86 സംസ്ഥാന സർക്കാർ വകുപ്പുകളിൽ 78 എണ്ണത്തിൽ നിന്നുള്ള കണക്കുകൾ പ്രകാരം, ആകെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം, 9.65 ശതമാനം പട്ടികജാതി പ്രാതിനിധ്യവും 3.10 ശതമാനം പട്ടികവർഗ്ഗ പ്രാതിനിധ്യവുമടക്കം, 12.75 ശതമാനമാണ്. ഇതേ കണക്കുകൾ സൂചിപ്പിക്കുന്നത് പോലെ, 2023 ജനുവരി 1-ന്, 89 വകുപ്പുകളിൽ 86 എണ്ണത്തിന്റെ കണക്കുകൾ പ്രകാരം പട്ടികജാതിക്കാർക്ക് 9.60 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2.90 ശതമാനവുമാണ് പ്രാതിനിധ്യമുള്ളത്.

സർക്കാർ സർവീസുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ബാക്ക് ലോഗ് ഒഴിവുകൾ കേരള സർക്കാർ വിജയകരമായി കുറച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ ബാക്ക് ലോഗ് ഒഴിവുകൾ 2017-ൽ 1,120 ആയിരുന്നതിൽ നിന്നും 2025-ൽ 203 ആയും (ജൂൺ 30, 2025 വരെ) പട്ടികവർഗ്ഗ വിഭാഗങ്ങളുടേത് ഇതേ കാലയളവിൽ 1,148-ൽ നിന്ന് 157 ആയി കുറയ്ക്കുന്നതിനും കഴിഞ്ഞു. 2016-നും 2024-നും ഇടയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ 3,334 ബാക്ക് ലോഗ് ഒഴിവുകൾ സർക്കാർ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രക്രിയയിലൂടെ നികത്തി. വിശദമായ കണക്കുകൾ **അനുബന്ധം 8.2.4**-ൽ നൽകിയിരിക്കുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള വികസന പരിപാടികൾ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും വികസനത്തിനായി, ആകെ വാർഷിക പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ വിഹിതം പട്ടികജാതി ഉപപദ്ധതിയ്ക്കായും (എസ്.സി.എസ്.പി) പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കായും (ടി.എസ്.പി) നീക്കിവയ്ക്കുന്നത് സംസ്ഥാന സർക്കാരിന്റെ നയമാണ്. നിലവിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും 2.83 ശതമാനം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായും വകയിരുത്തിയിട്ടുണ്ട്. വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കും പ്രാദേശിക സർക്കാരുകൾക്കും പദ്ധതി വിഹിതം വകയിരുത്തുന്നുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരും ഫണ്ട് അനുവദിക്കുന്നുണ്ട്. ആകെ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി ഉപപദ്ധതിയ്ക്കായി (എസ്.സി.എസ്.പി) വകയിരുത്തുന്ന ഫണ്ടിന്റെ ഏകദേശം 45 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ (ടി.എസ്.പി) വകയിരുത്തുന്ന ഫണ്ടിന്റെ ഏകദേശം 23 ശതമാനവും വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ബാക്കി തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി നീക്കി വയ്ക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലായ 32,500 കോടി രൂപയിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനായി യഥാക്രമം 3,188.25

കോടി രൂപയും 920 കോടി രൂപയുമാണ് 2025-26-ൽ നീക്കിവെച്ചിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2017-18 മുതൽ 2025-26 വരെ പ്രതിവർഷം വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ **പട്ടിക 8.2.1**-ൽ നൽകിയിരിക്കുന്നു.

### പട്ടികജാതി വിഭാഗക്കാരുടെ വികസനം

കേരളത്തിലെ പട്ടികജാതി ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 30.39 ലക്ഷം ആണ്. ഇവർ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 9.10 ശതമാനത്തോളം വരുന്നു. സംസ്ഥാനത്ത് 26,342 പട്ടികജാതി നഗറുകളും[1] പട്ടികജാതി വിഭാഗത്തിൽ 53 സമുദായങ്ങളുമാണുള്ളത്. ഇതിൽ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളായി കണക്കാക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരും ഈ ദുർബല വിഭാഗങ്ങളിലെ ജനങ്ങൾ.

പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി 2024-25-ലെ ബജറ്റിൽ 2,979.40 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 1,638.10 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 1,341.30 കോടി രൂപ തദ്ദേശ സ്വയംഭരണ സർക്കാരുകൾക്കുമാണ് വകയിരുത്തിയിട്ടുള്ളത്. അനുവദിച്ച ബജറ്റ് വിഹിതത്തിൽ നിന്നും പട്ടികജാതി വികസന വകുപ്പ് 1,346.26 കോടി രൂപയും (82.18 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1,141.25 കോടി രൂപയും (85.09 ശതമാനം) ചെലവഴിക്കുകയുണ്ടായി. പട്ടികജാതി ക്ഷേമത്തിനായി 2025-26 ബജറ്റിൽ വകയിരുത്തിയ 3,188.25 കോടി രൂപയിൽ നിന്നും പട്ടികജാതി വികസന വകുപ്പിന് 1,753 കോടി രൂപയും തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് 1,435.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആകെ പദ്ധതി അടങ്കലിൽ നിന്നും 2017-18 മുതൽ 2025-26 വരെ വകയിരുത്തിയ പട്ടികജാതി ഉപപദ്ധതി വിഹിതവും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.5**-ൽ നൽകിയിരിക്കുന്നു. അതുപോലെ പട്ടികജാതി വികസന വകുപ്പ്, 2024-25, 2025-26 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതിക നേട്ടങ്ങൾ എന്നിവ യഥാക്രമം **അനുബന്ധം 8.2.6, 8.2.7** എന്നിവയിൽ നൽകിയിരിക്കുന്നു. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പ് വിവിധതരം പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നു. അവയിൽ പ്രധാനപ്പെട്ട ചില പദ്ധതികളും പരിപാടികളും ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

### പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രധാന വികസന പരിപാടികൾ

#### ഭൂമിയും പാർപ്പിടവും

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി, സംസ്ഥാന സർക്കാർ 'ഭൂരഹിതരായ

**പട്ടിക 8.2.1** 2017-18 മുതൽ 2025-26 വരെ പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയ വിഹിതം (തുക കോടിയിൽ)

| വർഷം | ആകെ സംസ്ഥാന പദ്ധതി അടങ്കൽ | എസ്.സി.എസ്.പി വിഹിതം | | | | ടി.എസ്.പി വിഹിതം | | | |
|---|---|---|---|---|---|---|---|---|---|
| | | പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടികജാതി ഉപപദ്ധതിയിലേയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം | പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച വിഹിതം | പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വിഹിതം | ആകെ | പട്ടിക വർഗ്ഗ ഉപ പദ്ധതിയിലേയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം |
| 2017-18 | 26,500 | 1,427.60 | 1,172.05 | 2,599.65 | 9.81 | 575.08 | 176.00 | 751.08 | 2.83 |
| 2018-19 | 29,150 | 1,570.36 | 1,289.26 | 2,859.62 | 9.81 | 632.59 | 193.60 | 826.19 | 2.83 |
| 2019-20 | 30,610 | 1,649.00 | 1,353.84 | 3,002.84 | 9.81 | 663.27 | 202.99 | 866.26 | 2.83 |
| 2020-21 | 27,610 | 1,487.39 | 1,221.15 | 2,708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2021-22 | 27,610 | 1,487.39 | 1,221.15 | 2,708.54 | 9.81 | 598.26 | 183.10 | 781.36 | 2.83 |
| 2022-23 | 30,370 | 1,638.10 | 1,341.30 | 2,979.40 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| 2023-24 | 30,370 | 1,638.10 | 1,341.30 | 2,979.40 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| 2024-25 | 30,370 | 1,638.10 | 1,341.30 | 2,979.40 | 9.81 | 657.95 | 201.55 | 859.50 | 2.83 |
| 2025-26 | 32,500 | 1,753.00 | 1,435.25 | 3,188.25 | 9.81 | 704.26 | 215.74 | 920.00 | 2.83 |
| **ആകെ** | **2,65,090** | **14,289.04** | **11,716.60** | **26,005.64** | **9.81** | **5,745.57** | **1,759.18** | **7,504.75** | **2.83** |

**അവലംബം**: ബഡ്ജറ്റ് രേഖകൾ, കേരള സർക്കാർ.

[1] 'പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിലെ ജനങ്ങളുടെ താമസ പ്രദേശങ്ങളെ സൂചിപ്പിക്കാൻ 'കോളനി', 'സെറ്റിൽമെന്റ്', 'ഊര്' എന്നിവയ്ക്ക് പകരം 'നഗർ', 'ഉന്നതി', 'പ്രകൃതി' തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാൻ, 18/06/2024 തീയതിയിലെ ജി.ഒ(എം.എസ്)നം:16/2024/എസ്.സി.എസ്.ടി.ഡി മുഖേന കേരള സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചിത്രം 8.2.1: 2017–18** മുതൽ 2024–25 വരെ ഭൂമി ലഭ്യമാക്കിയ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം




**അവലംബം**: പട്ടികജാതി വികസന വകുപ്പ്

കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി' എന്ന പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു. ഈ പദ്ധതിയിലൂടെ 2024–25–ൽ 1,756 ഭൂരഹിത കുടുംബങ്ങളെയും 2025–26–ൽ (ആഗസ്റ്റ് 31, 2025 വരെ) 1,060 കുടുംബങ്ങളെയും ഭൂമി വാങ്ങുന്നതിന് സഹായിച്ചു. ഈ പദ്ധതി പ്രകാരം 2017–18 മുതൽ 2024–25 വരെ പ്രയോജനം ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം **ചിത്രം 8.2.1**–ൽ നൽകിയിരിക്കുന്നു.

ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം, 2023–24 മുതൽ 2025–26 വരെ (ആഗസ്റ്റ് 31, 2025 വരെ) പട്ടികജാതിക്കാർക്ക് ഭൂമി നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.8**–ൽ നൽകിയിരിക്കുന്നു.

ഭവന നിർമ്മാണ പദ്ധതിയിൽ, 2007–08 മുതൽ 2016–17 വരെ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്തതിൽ പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണവും പുതിയ വീടുകളുടെ നിർമ്മാണവും ലൈഫ് മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 2017–18 മുതൽ ലൈഫ് മിഷൻ വഴി മൂന്ന് ഘട്ടങ്ങളിലായാണ് പുതിയ ഭവന നിർമ്മാണം നടപ്പിലാക്കുന്നത്. പട്ടികജാതി ഗുണഭോക്താക്കളുടേതായി 1,25,360 വീടുകളുടെ നിർമ്മാണം മൂന്ന് ഘട്ടങ്ങളിലും അധിക ഗുണഭോക്തൃ ലിസ്റ്റുകളിലും ലൈഫ് 2020–ലും, അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിലുമായി (ഈ.പി.ഈ.പി.) ഇതുവരെ (ഒക്ടോബർ 31, 2025 വരെ) പൂർത്തിയാക്കാൻ കഴിഞ്ഞു. കൂടാതെ, 30,575 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഒക്ടോബർ 31, 2025 വരെയുള്ള പട്ടികജാതിക്കാരുടെ ഭവന നിർമ്മാണത്തിലെ പുരോഗതി **പട്ടിക 8.2.2**–ൽ നൽകിയിരിക്കുന്നു.

ലൈഫ് മിഷന്റെ ആദ്യ ഘട്ടത്തിൽ (അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം) ഉൾപ്പെട്ട 19,566 അപൂർണ്ണമായ വീടുകളിൽ 19,153 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

രണ്ടാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്ന ഘട്ടം) അർഹരായി കണ്ടെത്തിയ 71,577 ഗുണഭോക്താക്കളിൽ 65,068 കുടുംബങ്ങൾ

**ബോക്സ് 8.2.1** പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭൂമി

പട്ടികജാതി വിഭാഗങ്ങളിലെ ഭൂരഹിതരും ഭവനരഹിതരുമായ ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് കേരള സർക്കാർ അതീവ പ്രാധാന്യമാണ് നൽകുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ 'ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി' എന്ന പദ്ധതിയിലൂടെ, ലൈഫ് മിഷന്റെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഗ്രാമപഞ്ചായത്തുകളിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകുന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 4.50 ലക്ഷം രൂപയും 6 ലക്ഷം രൂപയുമാണ് സാമ്പത്തിക സഹായമായി നൽകുന്നത്. പട്ടികജാതി സമുദായങ്ങളിലെ ദുർബല വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ആളുകൾക്ക് ഭവന നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ, മുനിസിപ്പാലിറ്റിയിൽ 6 ലക്ഷം രൂപ, കോർപ്പറേഷനിൽ 7.5 ലക്ഷം രൂപ എന്നിങ്ങനെ സർക്കാർ നൽകുന്നു. ഇതിനുപുറമെ, ദുർബല വിഭാഗങ്ങൾക്ക് കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിനായി 10 ലക്ഷം രൂപ സഹായം നൽകുന്നു. 2016–17 മുതൽ 2024–25 വരെയുള്ള ഒമ്പത് വർഷ കാലയളവിൽ, 'ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി' എന്ന പദ്ധതിയ്ക്കായി ആകെ 1,664.97 കോടി രൂപ നീക്കിവയ്ക്കുകയും അനുവദിച്ച ഫണ്ടിന്റെ 78.26 ശതമാനം (1,302.99 കോടി രൂപ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് അവരുടെ വീട് നിർമ്മിക്കുന്നതിനുള്ള ഭൂമി നൽകുന്നതിനായി വിനിയോഗിയ്ക്കുകയും ചെയ്തു. 2016–17 മുതൽ 2024–25 വരെ ആകെ 33,102 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകിയിട്ടുണ്ട്.

**അവലംബം**: പട്ടികജാതി വികസന വകുപ്പ്

**പട്ടിക 8.2.2.** ലൈഫ് മിഷന് കീഴിൽ പട്ടികജാതി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം (എല്ലാ ഘട്ടങ്ങളും ചേർത്ത്)

| ഭവന നിർമ്മാണ ഘട്ടങ്ങൾ | ആകെ ഭവനനങ്ങളുടെ/ ഗുണഭോക്താക്കളുടെ എണ്ണം (ഒക്ടോബർ 31, 2025) |
|---|---|
| കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | 1,55,935 |
| പൂർത്തീകരിച്ച വീടുകൾ | 1,25,360 |
| നിർമ്മാണം പുരോഗമിക്കുന്നവ | 30,575 |

**അവലംബം**: ലൈഫ് മിഷൻ, കേരള സർക്കാർ

വീടുനിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും 53,642 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ, 11,426 വീടുകളുടെ നിർമാണം പുരോഗമിക്കുന്നു. മൂന്നാം ഘട്ടത്തിൽ (ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീട് നൽകുന്ന ഘട്ടം) ലൈഫ് മിഷൻ അർഹരായി കണ്ടെത്തിയ 22,570 ഗുണഭോക്താക്കളിൽ 8,523 കുടുംബങ്ങൾ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെടുകയും, ഇതിൽ 6,618 കുടുംബങ്ങൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 1,905 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

'ഭൂമിയുള്ള ഭവനരഹിതർക്ക് വീട്' നൽകുന്ന അധിക ഗുണഭോക്തൃ പട്ടികയിലെ, യോഗ്യരായ 32,870 ഗുണഭോക്താക്കളിൽ 21,987 പേർ കരാറിൽ ഏർപ്പെടുകയും അവരിൽ 19,621 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2,366 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അതുപോലെ 'ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീട്' നൽകുന്ന അധിക ഗുണഭോക്തൃ പട്ടികയിൽ അർഹരായ 17,709 ഗുണഭോക്താക്കളിൽ 3,120 പേർ കരാറിൽ ഏർപ്പെടുകയും 1,692 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. നിലവിൽ 1,428 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

ഭൂമിയുള്ള ഭവനരഹിതർക്കായുള്ള ലൈഫ് 2020–ന്റെ കാര്യത്തിൽ യോഗ്യരായ 68,147 ഗുണഭോക്താക്കളിൽ 35,010 പേർ കരാറിൽ ഏർപ്പെടുകയും അവരിൽ 24,136 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10,874 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അതുപോലെ ഭൂരഹിതരും ഭവനരഹിതരുമായവർക്കുള്ള ലൈഫ് 2020–ൽ അർഹരായ ഗുണഭോക്താക്കളിലെ 2,661 പേർ കരാറിൽ ഏർപ്പെട്ടിട്ടുള്ളതിൽ 498 പേർ നിർമ്മാണം പൂർത്തീകരിക്കുകയും 2,163 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. ലൈഫ് മിഷന്റെ കീഴിലുള്ള ഭവന നിർമ്മാണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.9**–ൽ കൊടുത്തിരിക്കുന്നു.

2010–ന് ശേഷം സാങ്കേതികമായി പണിതീർത്തതും എന്നാൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, പൂർത്തീകരണം, നവീകരണം എന്നിവയ്ക്കായി 'സേഫ്' (സെക്യൂർ അക്കോമോഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) എന്ന പേരിൽ ഒരു പുതിയ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി വീടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2 ലക്ഷം രൂപ അനുവദിച്ചുവരുന്നു. ഈ പരിപാടിയിലൂടെ ആകെ 3,273 പേർക്ക് 2024–25–ൽ സഹായം ലഭിച്ചു.

### വിദ്യാഭ്യാസം

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികജാതി വികസന വകുപ്പ് 87 നഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 86 പ്രീ–മെട്രിക് ഹോസ്റ്റലുകൾ, 19 പോസ്റ്റ്–മെട്രിക് ഹോസ്റ്റലുകൾ, 7 സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ, നാല് പ്രീ–എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാം ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്), വടക്കാഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജ്, കോഴിക്കോട്ടുള്ള സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി.ആർ.ഇ.എസ്.റ്റി.), പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ് എന്നിവ നടത്തുന്നുണ്ട്. പ്രതിവർഷം ഏകദേശം 70 പട്ടികജാതി വിദ്യാർത്ഥികൾക്ക് എംബിബിഎസ് കോഴ്സിന് പഠിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജ്, പട്ടികജാതി വികസന വകുപ്പിന്റെ ഒരു മുൻനിര സംരംഭമാണ്. എൻ.സി.വി.ടി.–യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള 44 ഐ.ടി.ഐ.–കളിൽ, 11 ട്രേഡുകളിൽ പരിശീലനം നൽകുകയും പ്രതിവർഷം ഏകദേശം 1600 ട്രെയിനികൾക്ക് പ്രവേശനം നൽകുകയും ചെയ്യുന്നു. 2020–21–ൽ കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ രണ്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പുതുതായി ആരംഭിക്കുകയുണ്ടായി. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക/സെക്കന്ററി വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ–ഇമ്പേഴ്സ്മെന്റ്, പ്രത്യേക പ്രോത്സാഹനം, മെഡിക്കൽ–എഞ്ചിനീയറിംഗ് കോച്ചിംഗ് സഹായം, പ്രീ മെട്രിക്–പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശ പഠന സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങളും സർക്കാർ നൽകുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 2024–25–ൽ നൽകിയ പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **ബോക്സ് 8.2.2**–ൽ നൽകിയിരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ട എല്ലാ പ്രീ–മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 'ഇ–ഗ്രാന്റ്സ് സിസ്റ്റം' എന്ന ഓൺലൈൻ കേന്ദ്രീകൃത സംവിധാനം നിലവിലുണ്ട്. ഇ–ഗ്രാൻറ്സ് പ്രീ മെട്രിക് പ്ലാറ്റ്ഫോം പ്രതിവർഷം 3.5 ലക്ഷത്തിലധികം പട്ടികജാതി വിദ്യാർത്ഥികളെയും, പോസ്റ്റ്–മെട്രിക് പ്ലാറ്റ്ഫോം പ്രതിവർഷം ഏകദേശം 1.5 ലക്ഷം പട്ടികജാതി വിദ്യാർത്ഥികളെയും ഉൾക്കൊള്ളുന്നു. പ്രീ മെട്രിക്, പോസ്റ്റ് മെട്രിക്, പ്രൊഫഷണൽ കോഴ്സുകൾക്കായി, പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ ധനസഹായ നിരക്ക് 2019–20–ൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് 2024–25–ലും 2025–26–ലും (ആഗസ്റ്റ് 31, 2025 വരെ) നൽകിയ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി തുടങ്ങിയവയുടെ വിശദാംശങ്ങൾ

**ബോക്സ് 8.2.2** പട്ടികജാതി വിദ്യാർത്ഥികൾക്ക് 2024-25-ൽ നൽകിയ പ്രധാന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| **വിദ്യാഭ്യാസ ആനുകൂല്യങ്ങൾ** | **വിദ്യാർത്ഥികളുടെ എണ്ണം** |
|---|---|
| പ്രീ മെട്രിക് സ്കോളർഷിപ്പ് | 3,73,769 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1,34,662 |
| പ്രാഥമിക വിദ്യാഭ്യാസ സഹായം | 2,35,903 |
| പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം | 1,56,140 |
| വിദേശത്ത് പഠനത്തിനുള്ള സഹായം | 211 |
| മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്നതിനുള്ള സഹായം | 406 |
| ലാപ് ടോപ് വാങ്ങുന്നതിനുള്ള സഹായം | 1,265 |
| സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം | 278 |
| അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 6,500 |
| പ്രത്യേക പ്രോത്സാഹനം (എസ്എസ്എൽസി മുതൽ പിജി വരെയുള്ള ക്ലാസ്സുകളിലും മറ്റ് പ്രൊഫഷണൽ കോഴ്സുകളിലും വാർഷിക പരീക്ഷകളിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്) | 13,682 |
| എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയവരുടെ പ്രാരംഭ ചെലവുകൾ | 728 |
| വിഷൻ-2013 മെഡിക്കൽ ആൻഡ് എഞ്ചിനീയറിംഗ് കോച്ചിംഗ് | 549 |
| പഠന യാത്ര | 5,884 |

**അവലംബം**: പട്ടികജാതി വികസന വകുപ്പ്

അനുബന്ധം 8.2.10-ൽ നൽകിയിരിക്കുന്നു. അതുപോലെ, 2019-20 മുതൽ 2025-26 (ആഗസ്റ്റ് 31, 2025 പ്രകാരം) വരെ അനുവദിച്ച വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകളും സഹായങ്ങളും ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം **അനുബന്ധം 8.2.11**-ൽ കൊടുത്തിരിക്കുന്നു.

കേരളത്തിലെ വിവിധ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഏകദേശം 6 ലക്ഷം പട്ടികജാതി വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ ആരംഭിച്ച ഒന്നാണ് 'പഠനമുറികളുടെ നിർമ്മാണം' എന്ന പദ്ധതി. മാതാപിതാക്കളുടെ സാമ്പത്തിക സ്ഥിതി, കുട്ടികൾക്ക് പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം വീട്ടിൽ ഒരുക്കുന്നതിന് തടസ്സമാകുമെന്നതിനാൽ അത്തരം സൗകര്യങ്ങൾ കുട്ടികൾക്കായി ഒരുക്കി നൽകേണ്ടത് അത്യാവശ്യമാണ്. അതിനാൽ, സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, ടെക്നിക്കൽ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളും അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന, വാർഷിക കുടുംബ വരുമാനം/രക്ഷിതാവിന്റെ വരുമാനം ഒരു ലക്ഷം രൂപ കവിയാത്ത, പട്ടികജാതി വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിന് 120 ചതുരശ്ര അടി വിസ്തീർണമുള്ള അധിക മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. കൂടാതെ, പുസ്തക ഷെൽഫ്, കസേര, മേശ, ഫാനും ലൈറ്റും, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പട്ടികജാതി കുടുംബങ്ങളിൽ നിന്നുള്ള ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി 6,622 പഠനമുറികളുടെ നിർമാണം 2024-25-ൽ പൂർത്തീകരിച്ചു. അതുപോലെ, 2025-26-ൽ (ആഗസ്റ്റ് 31, 2025 വരെ), ആകെ 334 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസ വികസനത്തിനായുള്ള മറ്റൊരു പ്രധാന സർക്കാർ ഇടപെടലാണ് 'ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്' പദ്ധതി. പ്രശസ്തമായ വിദേശ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദതല (അല്ലെങ്കിൽ അതിനു മുകളിലുള്ള) കോഴ്സുകളിൽ പഠനം തുടരാൻ ആഗ്രഹിക്കുന്ന കഴിവും യോഗ്യതയുമുള്ളവരായ പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ അഭിലാഷങ്ങൾ നിറവേറ്റുന്ന മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പാണിത്. അറിവിന്റെ വിശാലമായ മേഖലയിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനും ശോഭനമായ കരിയർ സാധ്യതകൾ ഉറപ്പുവരുത്തുന്നതിനുമൊപ്പം അവരുടെ ആഗോള എക്സ്പോഷർ വിപുലീകരിക്കാനും അതുവഴി സാമൂഹിക ചലനാത്മകത ഉറപ്പാക്കുന്നതിലും സ്കോളർഷിപ്പ് സഹായിക്കുന്നു. പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (01/08/2023 തീയതിയിലെ ജി.ഒ(പി) നം.5/2023/ എസ്.സി.എസ്.ടി.ഡി.ഡി) അനുസരിച്ച്, സ്കീമിന് കീഴിൽ ഉൾപ്പെടുന്ന കോഴ്സുകളിൽ ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് തത്തുല്യമായി പരിഗണിക്കപ്പെടുന്ന ബിരുദാനന്തര ബിരുദ ഡിപ്ലോമ, എംഫിൽ, എംഫിലിന് തത്തുല്യമായ പ്രോഗ്രാമുകൾ, പിഎച്ച്ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ എന്നിവ ഉൾപ്പെടുന്നു. വിദ്യാർത്ഥികളുടെ ചുവടെ കൊടുത്തിട്ടുള്ള മൂന്ന് വാർഷിക കുടുംബ വരുമാന സ്ലാബുകളുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് തുക നിർണ്ണയിക്കുന്നത്.

- കുടുംബ വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ള വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപ മുഴുവൻ സ്കോളർഷിപ്പായി നൽകും. പ്രതിവർഷം ആകെ 175 സ്കോളർഷിപ്പുകളാണ് നൽകുക.

- 12 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് ആകെ 20 ലക്ഷം രൂപ സ്കോളർഷിപ്പായി ലഭിക്കാൻ അർഹതയുണ്ട് (ട്യൂഷൻ ഫീസായി 15 ലക്ഷം രൂപയും താമസത്തിനും ജീവിതച്ചെലവിനും വിസ ചാർജ്, വിമാന നിരക്ക് മുതലായവയ്ക്ക് 5 ലക്ഷം രൂപയും ഉൾപ്പെടെ). പ്രതിവർഷം ആകെ 25 സ്കോളർഷിപ്പുകൾ നൽകും.
- കുടുംബ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ കൂടുതലുള്ള വിദ്യാർത്ഥികൾക്ക് 15 ലക്ഷം രൂപ വരെ ട്യൂഷൻ ഫീസ് സഹായമായി ലഭിക്കും. പ്രതിവർഷം 25 സ്കോളർഷിപ്പുകൾ ഈ വിഭാഗത്തിൽ നൽകും.

മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പുറമേ, 20 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക കുടുംബ വരുമാനമുള്ള 25 വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പലിശരഹിത വിദ്യാഭ്യാസ വായ്പ നൽകുകയും ചെയ്യുന്നു. പ്രസ്തുത വായ്പയുടെ പലിശ ഘടകം സർക്കാർ വഹിക്കുന്നു. 2024-25-ൽ മാത്രം, 211 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്തമായ വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിനായി സർക്കാർ പിന്തുണ നൽകി.

**ആരോഗ്യം**

ആരോഗ്യ പരിരക്ഷാ പദ്ധതിയ്ക്ക് കീഴിൽ, 'ഇ-ഗ്രാന്റ്സ്' സൈറ്റിലൂടെ അർഹരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നു. പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകന്റെ മരണത്തിന് സമാശ്വാസമായി 2 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിക്ക് കീഴിൽ 2024-25-ൽ സംസ്ഥാനത്ത് 13,183 പേർക്ക് വിവിധ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം നൽകുകയുണ്ടായി. ആഗസ്റ്റ് 31, 2025-ലെ കണക്കനുസരിച്ച് 2025-26-ൽ ഇതുവരെ 4,223 വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം നല്കിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകന്റെ മരണത്തിനുള്ള ആശ്വാസ ധനസഹായത്തിന്റെ കാര്യത്തിൽ, 2024-25-ൽ 1,716 കുടുംബങ്ങൾക്കും 2025-26-ൽ 492 കുടുംബങ്ങൾക്കും (ആഗസ്റ്റ് 31, 2025 വരെ) സഹായം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, പട്ടികജാതി നഗറുകളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ 2024-25-ൽ 64.56 കോടി രൂപയും 2025-26-ൽ (സെപ്റ്റംബർ 27, 2025 വരെ) 20.89 കോടി രൂപയും ചെലവഴിച്ചു. കഴിഞ്ഞ ആറ് വർഷക്കാലം ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള വിഹിതം, ചെലവ് എന്നിവയുടെ വിശദാംശങ്ങളും അനുവദിച്ചിട്ടുള്ള ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങളും **അനുബന്ധം 8.2.12** ൽ നൽകിയിരിക്കുന്നു.

**നൈപുണ്യ പരിശീലനവും തൊഴിലും**

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2024-25-ൽ 52.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിന് വായ്പയുടെ മൂന്നിലൊന്ന് സബ്സിഡിയായി വ്യക്തികൾക്കും/സ്വയം സഹായ ഗ്രൂപ്പുകൾക്കും ധനസഹായം നൽകിവരുന്നു. 2024-25-ൽ, 273 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിനായി സബ്സിഡി നൽകിയിട്ടുണ്ട്. സ്വയംതൊഴിൽ പദ്ധതി പ്രകാരം, 2024-25, 2025-26 (ആഗസ്റ്റ് 31, 2025 വരെ) വർഷങ്ങളിൽ ആനുകൂല്യങ്ങൾ നേടിയവരുടെ എണ്ണം **അനുബന്ധം 8.2.13** ൽ നൽകിയിരിക്കുന്നു. വാർഷിക കുടുംബ വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെയുള്ള, തൊഴിലില്ലാത്ത പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ജോലി നേടുന്നതിനായി ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. വിദേശത്ത് തൊഴിൽ തേടുന്നതിന് 2024-25-ൽ 2,798 പേർക്കും 2025-26-ൽ (ആഗസ്റ്റ് 31, 2025 വരെ) 593 പേർക്കും ധനസഹായം നൽകുകയുണ്ടായി. വിദേശ തൊഴിൽ സഹായത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.14**-ൽ നൽകിയിരിക്കുന്നു. പട്ടികജാതി വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായിക്കുന്നതിനായി, കെൽട്രോൺ, കെ.എ.എസ്.ഇ (K.A.S.E.), അസാപ് (A.S.A.P.), സി.ഐ.പി.ഇ.റ്റി. (CIPET), കുറ്റക്കാരൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ മുഖേന ഇൻഫർമേഷൻ ടെക്നോളജി, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ഹെൽത്ത് കെയർ, പ്രിന്റിംഗ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തി.

പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്ക് കൊമേഴ്സ്യൽ പൈലറ്റ് പരിശീലനത്തിൽ സ്കോളർഷിപ്പ് അവസരങ്ങൾ വിപുലീകരിക്കുന്നതിനും അതിലൂടെ അവർക്ക് ആ മേഖലയിൽ ജോലി ഉറപ്പാക്കുന്നതിനുമായാണ് 'വിംഗ്സ്' എന്ന പദ്ധതി നടപ്പിലാക്കിയത്. മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്ക് രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിൽ പഠിക്കുന്നതിനായി ഈ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. പട്ടികജാതി യുവാക്കൾക്ക് ഇന്ത്യയിലുടനീളമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സിവിൽ സർവീസ് പരീക്ഷ കോച്ചിംഗ് നേടുന്നതിനായി സ്കോളർഷിപ്പ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'ലക്ഷ്യ' എന്ന പദ്ധതി ആരംഭിച്ചത്. നിലവിൽ, 60 പേർക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്ന പദ്ധതിയിൽ, കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, ബുക്ക് അലവൻസ്, ടെസ്റ്റ് സീരീസിനുള്ള സഹായം തുടങ്ങിയവ സ്കോളർഷിപ്പിൽ ഉൾപ്പെടുന്നു.

പട്ടികജാതി യുവതീ-യുവാക്കൾക്ക് ഇന്റേൺഷിപ്പുകൾ/ അപ്രന്റീസ്ഷിപ്പുകൾ/ പ്ലെയ്സ്മെന്റ് പരിശീലനം എന്നിവ നൽകുന്നതിനും, അതുവഴി അവർക്ക് മതിയായ പ്രൊഫഷണൽ പരിചയം നേടുന്നതിന് സഹായിക്കുന്നതിനുമായി 'ട്രേസ്' (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള യോഗ്യരായുള്ള യുവതീ-യുവാക്കൾക്ക് സർക്കാർ സംവിധാനത്തിലും സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന പ്രക്രിയയിലും നൽകുന്ന 2 വർഷത്തെ അപ്രന്റീസ്ഷിപ്പ്/തൊഴിൽ പരിശീലനത്തിലൂടെ നൈപുണ്യ വികസനവും തൊഴിൽ പരിചയം നേടാനുള്ള അവസരവും 'ട്രേസ്' പദ്ധതി വാഗ്ദാനം ചെയ്യുന്നു. 2024-25-ൽ 279 ബി.ടെക്, എം.ടെക് ബിരുദധാരികളെയും സിവിൽ എൻജിനീയറിങ് ഡിപ്ലോമയുള്ളവരെയും അക്രഡിറ്റഡ് എൻജിനീയർമാരായും ഓവർസിയർമാരായും നിയമിച്ചു. അതോടൊപ്പം 223 അപ്രന്റിസ് ക്ലർക്കുകൾ, 1,215 എസ്.സി. പ്രൊമോട്ടർമാർ, 53 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാർ, ജസ്റ്റിസ്, വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ് (JWALA) പദ്ധതിയിലെ നിയമബിരുദധാരികളായ 68 പേർ നിലവിൽ ജോലി ചെയ്തു വരുന്നു. സർക്കാർ

**ബോക്സ് നം. 8.2.3** സമൃദ്ധി കേരളം–പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംരംഭകത്വ വികസന പരിപാടി

പട്ടികജാതി സമുദായങ്ങളിൽ നിന്നുള്ള സംരംഭകർക്ക് അവരുടെ ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കുന്നതിനുള്ള സഹായം നൽകുന്നതിനാണ് 'സമൃദ്ധി കേരളം' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയിലൂടെ, ഒരു പട്ടികജാതി സംരംഭകന്റെയോ/പട്ടികജാതി സംരംഭകരുടെ സംഘത്തിന്റെയോ മാത്രം ഉടമസ്ഥതയിലുള്ളതും ഇതിനകം പ്രവർത്തിക്കുന്നതുമായ ബിസിനസ്സ് സംരംഭങ്ങൾ/സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയ്ക്ക് അവയുടെ പ്രവർത്തനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും/ബിസിനസ്സ് സംരംഭങ്ങൾ വിപുലീകരിക്കുന്നതിനുമായി 3 ശതമാനം പലിശയോടെയോ പ്രോജക്റ്റ് ചെലവിന്റെ 20 ശതമാനം ഫ്രണ്ട്എൻഡ് സബ്സിഡിയോടെയോ (പരമാവധി 2 ലക്ഷം രൂപ) ടേം ലോൺ/വർക്കിംഗ് ക്യാപിറ്റൽ ലോൺ രൂപത്തിൽ സഹായം നൽകും. ഓരോ വ്യക്തിഗത ബിസിനസ് സംരംഭത്തിനും അനുവദിക്കുന്ന പരമാവധി വായ്പ തുക 10 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ വായ്പ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ് അനുവദിക്കുന്നത്. സംരംഭങ്ങളുടെ വിജയം ഉറപ്പാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ആവശ്യമായ പിന്തുണ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു.

**അവലംബം**: പട്ടികജാതി വികസന വകുപ്പ്

സംവിധാനത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയം നേടാൻ ഈ അപ്രന്റീസ്ഷിപ്പ് പരിപാടികൾ അവരെ സഹായിക്കും.

'ഉന്നതി–കേരള എംപവർമെന്റ് സൊസൈറ്റി'–യുടെ ആരംഭമാണ് തൊഴിൽ മേഖലയിലെ ഒരു പ്രധാന മുന്നേറ്റം. സമൃദ്ധമായ ഉപജീവന മാർഗ്ഗങ്ങൾ ഒരുക്കിക്കൊണ്ട് ദുർബലരായ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളെ ശാക്തീകരിക്കുന്ന, അഭിവൃദ്ധിപ്പെടുന്നതും ഉൾക്കൊള്ളുന്നതുമായ ഒരു ആവാസവ്യവസ്ഥ അവർക്കായി വിഭാവനം ചെയ്യുന്നതിനോടൊപ്പം, വിദ്യാസമ്പന്നരായ പട്ടികജാതി, പട്ടികവർഗ്ഗ യുവതീ–യുവാക്കളെ സംരംഭകരും തൊഴിലുടമകളും ആക്കി മാറ്റാൻ 'കേരള എംപവർമെന്റ് സൊസൈറ്റി' ലക്ഷ്യമിടുന്നു. മാറുന്ന ആധുനിക ലോകത്ത് സാമൂഹിക–സാമ്പത്തിക വികസനം എന്ന വിശാലമായ ലക്ഷ്യത്തോടെ അവർക്ക് ആവശ്യമായ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ/സംരംഭകത്വ അവസരങ്ങൾ എന്നിവ നൽകിക്കൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കേണ്ടത്. എംപവർമെന്റ് സൊസൈറ്റി, പട്ടികജാതി–പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾ/സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരെ അവരുടെ സംരംഭകത്വ ശ്രമങ്ങളിലും ഉപജീവന അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിലും സഹായിക്കുന്നതാണ്. പട്ടികജാതി വികസന വകുപ്പിന്റെ തൊഴിൽ, സംരംഭകത്വം, ഉപജീവന പരിപാടികൾ എന്നിവ പുനഃക്രമീകരിക്കുന്നതിനും പട്ടികജാതി വിഭാഗങ്ങളുടെ രണ്ടാം തലമുറ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ/പരിപാടികൾ ആവിഷ്കരിക്കുന്നതിലും എംപവർമെന്റ് സൊസൈറ്റിയ്ക്ക് മികച്ച പങ്ക് വഹിക്കാനാകും.

**പട്ടികജാതി നഗറുകളിലെ അടിസ്ഥാന സൗകര്യ വികസനം**

പട്ടികജാതി നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി, ഇരുപത്തിഅഞ്ചിൽ അധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ 'ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി' നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം, കുടിവെള്ളം, കക്കൂസ്, ശുചിത്വം, മാലിന്യ നിർമാർജനം, റോഡ് കണക്റ്റിവിറ്റി, വൈദ്യുതീകരണം, സംരക്ഷണ ഭിത്തി നിർമ്മാണം, ജലസേചനം, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, വീട് നവീകരണം, വരുമാനദായക പ്രവർത്തനങ്ങൾക്ക് ധനസഹായം, നഗറുകൾക്കുള്ളിൽ/നഗറുകളോട് ചേർന്നുള്ള ശ്മശാനങ്ങളുടെ നവീകരണം എന്നിവക്കെല്ലാമായി ഓരോ നഗറിനും, ഒരു കോടി രൂപ വീതം നൽകുന്നുണ്ട്. പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (16/01/2025 തീയതിയിലെ സ.ഉ.(കൈ) നം.4/2025/SCSTD) ആവശ്യമായ കുടുംബങ്ങളുടെ എണ്ണം 25–ൽ കുറവുള്ള ഏതെങ്കിലും ഗ്രാമം/നഗർ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സാഹചര്യമുണ്ടെങ്കിൽ അതേ വാർഡിലെയോ തൊട്ടടുത്തുള്ള വാർഡുകളിലെയോ മറ്റൊരു നഗറിനെ കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 25 കുടുംബങ്ങളുടെ ഒരു ക്ലസ്റ്റർ സൃഷ്ടിച്ച് 1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ട് പദ്ധതി പ്രാവർത്തികമാക്കാം. കുടുംബങ്ങളുടെ എണ്ണം 25–ൽ കുറവും ക്ലസ്റ്ററായി പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യവുമാണെങ്കിൽ ആനുപാതികമായി തുക കുറവ് ചെയ്ത് ഡി.പി.ആർ. തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി, കുടുംബങ്ങളുടെ എണ്ണം 20–നും 24–നും ഇടയിലാണെങ്കിൽ 75 ലക്ഷം രൂപ വരെയും 15–നും 19–നും ഇടയിലാണെങ്കിൽ 50 ലക്ഷം രൂപ വരെയും വിനിയോഗിക്കാവുന്നതാണ്. അതിനാൽ കുറഞ്ഞത് 15 പട്ടികജാതി കുടുംബങ്ങളുള്ള നഗറുകളുടെ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2024–25–ൽ 61 നഗറുകളിൽ വികസന പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.15**–ൽ നൽകിയിരിക്കുന്നു. 2025–26–ൽ, ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടാത്ത പട്ടികജാതി നഗറുകൾക്കായി കേരള സർക്കാർ 'അടിസ്ഥാന സൗകര്യങ്ങളിലെ നിർണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (ഐശ്വര്യ ഗ്രാമം)' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു **(ബോക്സ് 8.2.4)**.

## മറ്റ് സാമൂഹിക വികസന പരിപാടികൾ

### വിവാഹ ധനസഹായം

വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതിവഴി പട്ടികജാതി കുടുംബങ്ങൾക്ക് പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകി വരുന്നുണ്ട്. ഈ പദ്ധതി മുഖേന 2024–25–ൽ 4,083 പട്ടികജാതി കുടുംബങ്ങൾക്ക് സഹായം നൽകുകയും, 49.96 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2025–26–ൽ 29.79 കോടി രൂപ (ആഗസ്റ്റ് 31, 2025 വരെ) ചെലവഴിച്ച് 2,150 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിവാഹ ധനസഹായ നിരക്ക് 2016–17–ൽ 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തുകയുണ്ടായി. 2021–22–ലെ ബജറ്റ് പ്രസംഗ പ്രഖ്യാപനത്തെ തുടർന്ന് ഇത് 1,25,000 രൂപയായി ഉയർത്തി.

**ബോക്സ് നം. 8.2.4** അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (ഐശ്വര്യ ഗ്രാമം)

പട്ടികജാതി നഗറുകളുടെയും നഗറുകൾക്ക് പുറത്ത് ചിതറിക്കിടക്കുന്ന കുടുംബങ്ങളായി താമസിക്കുന്ന പട്ടികജാതിക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളിലെ നിർണായക വിടവുകൾ നികത്തുന്നതിനുള്ള സഹായം നൽകുന്നതിനായി 'അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (ഐശ്വര്യ ഗ്രാമം)' ആരംഭിച്ചു. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം (06/11/2025 തീയതിയിലെ സ.ഉ.(സാധാ)നം.899/2025/എസ്.സി.എസ്.റ്റി.ഡി.ഡി.), 5 മുതൽ 15 വരെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിലെ സുരക്ഷിതമായ കുടിവെള്ള ലഭ്യത, വൈദ്യുതി, മാലിന്യ സംസ്കരണം, റോഡ് കണക്റ്റിവിറ്റി, ശുചിത്വ സൗകര്യങ്ങൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി, പഴക്കമുള്ള വീടിന്റെയോ/അടുക്കളയുടെയോ നവീകരണം (സേഫ് പദ്ധതി മാർഗ്ഗരേഖ പ്രകാരം), വീടുകൾക്കും/നഗറുകൾക്കും സമീപമുള്ള സംരക്ഷണ ഭിത്തി/ഭൂമി സംരക്ഷണ മതിൽ, പരമ്പരാഗത ആരാധനാ ഇടങ്ങളുടെ നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**അവലംബം**: പട്ടികജാതി വികസന വകുപ്പ്

പ്രസ്തുത പദ്ധതി മുഖേന കഴിഞ്ഞ ആറ് വർഷത്തിൽ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം **ചിത്രം 8.2.2**-ൽ നൽകിയിരിക്കുന്നു. വിവാഹ ധനസഹായ പദ്ധതിയുടെ പദ്ധതിവിഹിതം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 8.2.16**-ൽ നൽകിയിരിക്കുന്നു.

**ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ്**

വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ എന്നീ സമുദായങ്ങൾ പട്ടികജാതിക്കാർക്കിടയിലെ ദുർബല സമുദായങ്ങളായി കണക്കാക്കപ്പെടുന്നു. ഈ സമുദായങ്ങളിലെ ജനങ്ങൾ, സംസ്ഥാനത്തെ ആകെ പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരുന്നു. ഈ ദുർബല സമുദായങ്ങളുടെ വികസനത്തിനും ക്ഷേമത്തിനും കേരള സർക്കാർ അങ്ങേയറ്റം മുൻഗണന നൽകുന്നു. പട്ടികജാതി ഉപപദ്ധതിയിൽ (എസ്.സി.എസ്.പി) ഈ സമുദായങ്ങൾക്കായി ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുള്ളതും പ്രസ്തുത പദ്ധതിക്കായി ഗണ്യമായ ഫണ്ട് വകയിരുത്തുന്നതും ഈ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു. ദുർബല വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി 'പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ' എന്ന പദ്ധതിയിലൂടെ സർക്കാർ അവരെ സഹായിക്കുന്നു. 'പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ' എന്ന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (19/10/2024 തീയതിയിലെ ജി.ഒ.(എം.എസ്.)നം.33/2024/എസ്.സി.എസ്.ടി.ഡി) അനുസരിച്ച്, കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വീട് നിർമ്മാണത്തിന് യഥാക്രമം 5 ലക്ഷം രൂപ, 6 ലക്ഷം രൂപ , 7.5 ലക്ഷം രൂപ, ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപ, ഭവന നവീകരണത്തിന് 2.5 ലക്ഷം രൂപ, പഠനമുറി നിർമ്മാണത്തിന് 3 ലക്ഷം രൂപ, ശൗചാലയ നിർമ്മാണത്തിന് 40,000 രൂപ, വ്യക്തിഗത അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപ, സംഘാടിസ്ഥാനത്തിലുള്ള സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ എന്നിങ്ങനെ കേരള സർക്കാർ സഹായങ്ങൾ നൽകുന്നു. വ്യക്തിഗത സഹായങ്ങൾക്ക് പുറമെ, ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതിക്ക് സമാനമായി വിവിധ നഗറുകളിലെ പൊതുവായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന 'നഗർ തലങ്ങളിലെ ദുർബലരുടെ പുനരധിവാസം' നടപ്പിലാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. ദുർബല വിഭാഗങ്ങൾക്കുള്ള വികസന പ്രവർത്തനങ്ങൾക്കായി 2024-25-ൽ 51 കോടി വകയിരുത്തുകയുണ്ടായി. ആകെ 51 ഗുണഭോക്താക്കൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും 130 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനും 2024-25-ൽ സഹായം നൽകുകയുണ്ടായി. ഇതുകൂടാതെ 255

**ചിത്രം 8.2.2:** വിവാഹ ധനസഹായ പദ്ധതിയിലൂടെ പ്രയോജനം ലഭിച്ച കുടുംബങ്ങളുടെ എണ്ണം




**അവലംബം**: പട്ടികജാതി വികസന വകുപ്പ്

പഠനമുറികൾ, 571 വീട്ടുകൾ, 203 ശൗചാലയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും സഹായം നൽകുകയുണ്ടായി. കൂടാതെ, 2024–2025–ൽ 801 കുടുംബങ്ങൾക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി സഹായം ലഭിച്ചു. കഴിഞ്ഞ പത്ത് വർഷത്തിൽ 'പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങൾക്കുള്ള വികസന പരിപാടികൾ' എന്ന പദ്ധതി പ്രകാരം സഹായം ലഭിച്ച ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.17**–ൽ നൽകിയിരിക്കുന്നു.

പട്ടികജാതി വിഭാഗങ്ങളിലെ ദുർബല സമുദായങ്ങളിൽ നിന്നുള്ള കുടുംബങ്ങളുടെ സമഗ്രമായ വികസനത്തിനായി 'ഹോം' എന്ന പേരിൽ ഒരു മൈക്രോ പ്ലാനിംഗ് പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ ദുർബല സമുദായങ്ങളിലെ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വികസനം ലക്ഷ്യമാക്കിയാണ് 'ഹോം' എന്ന പരിപാടി രൂപീകരിച്ചിട്ടുള്ളത്. ഈ സമുദായങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരമായി സാമൂഹ്യക്ഷേമ പരിപാടികളും സുസ്ഥിര വരുമാനം വർധിപ്പിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനിങ്ങിലൂടെ ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ വിലയിരുത്തുകയും ഈ കുടുംബങ്ങളുടെ പൂർണ പങ്കാളിത്തത്തോടെ അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ സമീപനം. 4 ഘട്ടങ്ങളിലായാണ് ഇത് നടപ്പിലാക്കുന്നത്, അതായത് (1) അതിദാരിദ്ര്യ സർവ്വേ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അതിദുർബല കുടുംബങ്ങളുടെ ഭവന സന്ദർശന–വിവര ശേഖരണം, (2) ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ, (3) സൂക്ഷ്മതല പദ്ധതി രൂപീകരണം (4) പദ്ധതി നിർവഹണവും അവലോകനവും.

**നിയമപരമായ സേവനങ്ങൾ**

പട്ടികജാതി വിഭാഗക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സംസ്ഥാന സർക്കാർ തികഞ്ഞ പ്രതിബദ്ധത പുലർത്തുന്നു. 1955–ലെ പൗരാവകാശ സംരക്ഷണ നിയമം, 1989–ലെ പട്ടികജാതി–പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ കർശനമായി നടപ്പിലാക്കുന്നതിലും അതിനായി ആവശ്യമായ വിഭവങ്ങൾ വകയിരുത്തുന്നതിലും സർക്കാർ അതീവ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കും അതിക്രമങ്ങൾക്ക് ഇരയായവർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനും പ്രത്യേക കോടതികൾ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. 2024–25–ൽ 812 ദമ്പതികൾക്ക് മിശ്ര വിവാഹ ധനസഹായം നൽകുകയുണ്ടായി. ഇതുകൂടാതെ അതിക്രമങ്ങൾക്ക് ഇരയായ 154 പേർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷങ്ങളിൽ മിശ്രവിവാഹ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.18**–ൽ നൽകിയിരിക്കുന്നു. പട്ടികജാതി–പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പരാതികൾ കേൾക്കുക, അവയ്ക്ക് പരിഹാരങ്ങൾ കാണുക, നഷ്ടപരിഹാര സഹായം കൃത്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഇരകൾക്ക് ആവശ്യമായ നിയമ സഹായം നൽകുക, അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുക എന്നിവയെല്ലാം ലക്ഷ്യമാക്കി ഓരോ ജില്ലയിലും ഒരു ലീഗൽ കൗൺസിലർ, ഒരു നിയമോപദേഷ്ടാവ്, സംസ്ഥാന തലത്തിൽ മൂന്ന് കോൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

**പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായകമായ വിടവ് നികത്തൽ)**

പട്ടികജാതി ഉപപദ്ധതിയുടെ (എസ്.സി.എസ്.പി.) കീഴിലെ വിവിധ പദ്ധതികളിലെ നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികജാതി വികസന വകുപ്പ് ബഡ്ജറ്റിൽ കോർപ്പസ് ഫണ്ടായി പ്രതിവർഷം തുക നീക്കിവയ്ക്കുന്നു. പട്ടികജാതി ഉപപദ്ധതിയുടെ കീഴിലുള്ള വിവിധ പദ്ധതികളിൽ ഉണ്ടാവുന്ന നിർണ്ണായക വിടവുകൾ നികത്തുന്നതിനായി, സാമൂഹ്യ–സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകി പ്രോജക്ട് അടിസ്ഥാനത്തിൽ ഫണ്ട് നൽകാനാണ് കോർപ്പസ് ഫണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. കോർപ്പസ് ഫണ്ട് പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്ന ആകെ തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് പദ്ധതി നടത്തിപ്പിനായി നൽകുന്നു. 25 ലക്ഷം രൂപ വരെയുള്ള പ്രോജക്റ്റുകൾക്ക്, ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ജില്ലാതല കമ്മറ്റിയ്ക്ക് ഭരണാനുമതി നൽകാവുന്നതും 25 ലക്ഷത്തിന് മുകളിലുള്ള പ്രോജക്റ്റുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കാവുന്നതുമാണ്. ഈ പദ്ധതിയിലൂടെ 2024–25–ൽ 19.09 കോടി രൂപ ചെലവഴിച്ച് 87 പ്രോജക്റ്റുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, സാംസ്കാരിക കേന്ദ്രങ്ങൾ, പട്ടികജാതിക്കാരുടെ വീടുകൾക്ക് സംരക്ഷണ മതിൽ നിർമ്മാണം എന്നിവയാണ് ഈ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാറുള്ള ചില പ്രധാന പ്രവർത്തികൾ. 2019–20 മുതൽ 2025–26 വരെ (സെപ്റ്റംബർ 27, 2025 വരെ) പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച വിഹിതവും ചെലവും **അനുബന്ധം 8.2.19**–ൽ നൽകിയിരിക്കുന്നു.

**ഹോം സർവ്വേ**

കേരളത്തിലെ പട്ടികജാതി ജനതയുടെ സമഗ്രവും കൃത്യവുമായ വിവരശേഖരണം നടത്താനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടികജാതി വികസന വകുപ്പിന്റെ മുൻനിര പരിപാടിയായ ഹോം സർവ്വേ. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനും ക്ഷേമത്തിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യേണ്ടത് കൃത്യമായ കണക്കുകളെ അടിസ്ഥാനപ്പെടുത്തി ആകണമെന്നതിനാൽ, അവരുടെ ജനസംഖ്യാപരവും, സാമൂഹിക–സാമ്പത്തിക–സാംസ്കാരിക അവസ്ഥകളെക്കുറിച്ച് വിശ്വസനീയവും കൃത്യവുമായ വിവരങ്ങൾ ശേഖരിക്കുക എന്നതാണ് സർവ്വേയുടെ പ്രധാന ലക്ഷ്യം. ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ സാധ്യമാക്കുന്ന പ്രസ്തുത സർവ്വേ, ജനങ്ങളുടെ യഥാർത്ഥ ആവശ്യം മനസിലാക്കുന്നതിനും അവരുടെ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനൊപ്പം വളരെ വേഗത്തിലും സമയബന്ധിതമായും അവ അപ്ഡേറ്റ് ചെയ്യുന്നതിനും അവസരമൊരുക്കുന്നു. ഹോം സർവ്വേയുടെ വിവരശേഖരണ പ്രക്രിയ മാർച്ച് 5, 2024–ന് ഔദ്യോഗികമായി ആരംഭിക്കുകയുണ്ടായി. നവംബർ 5, 2025 വരെ 5,74,258 പട്ടികജാതി കുടുംബങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കിയ സർവ്വേ ഇപ്പോൾ അതിന്റെ അവസാന ഘട്ടത്തിലാണ്.

**കേരളത്തിലെ പട്ടികജാതി ഉപപദ്ധതിയ്ക്കുള്ള കേന്ദ്രസഹായം**

പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ. റ്റു എസ്.

സി.എസ്.പി.) ലഭിച്ചിരുന്നു. കേന്ദ്ര, സംസ്ഥാന, തദ്ദേശഭരണ സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ നിർണ്ണായക വിടവുകൾ നികത്തുന്നതിന് ഇത് സഹായകരമായിരുന്നു. പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്. സി.എ. റ്റു എസ്.സി.എസ്.പി.), മറ്റ് രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആദർശ് ഗ്രാം യോജന (പി. എം.എ.ജി.വൈ.), ബാബു ജഗജീവൻറാം ഛാത്രാവാസ് യോജന (ബി.ജെ.ആർ.സി.വൈ.) എന്നിവ ലയിപ്പിച്ച് പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (പി. എം.എ.ജെ.എ.വൈ.) എന്ന പേരിൽ പുതിയ കേന്ദ്രപദ്ധതി 2022-23-ൽ രൂപീകരിച്ചു. പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്, (എ) നൈപുണ്യ വികസനത്തിലൂടേയും വരുമാനദായക പദ്ധതികളിലൂടേയും, മറ്റ് സംരംഭങ്ങളിലൂടേയും അധിക തൊഴിലവസരങ്ങൾ സൃഷ്ടിച്ച് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം കുറയ്ക്കുക, (ബി) പട്ടികജാതി ഭൂരിപക്ഷമുള്ള ഗ്രാമങ്ങളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സേവനങ്ങളും ഉറപ്പാക്കിക്കൊണ്ട് സാമൂഹിക-സാമ്പത്തിക വികസന സൂചകങ്ങൾ മെച്ചപ്പെടുത്തുക (സി) ആസ്പിരേഷണൽ ജില്ലകളിലും പട്ടികജാതി ഭൂരിപക്ഷമുള്ള ബ്ലോക്കുകളിലും ഇന്ത്യയിലെ മറ്റിടങ്ങളിലുമുള്ള നിലവാരമുള്ള സ്ഥാപനങ്ങളിൽ മതിയായ റസിഡൻഷ്യൽ സൗകര്യങ്ങളും, ആവശ്യമുള്ളിടത്ത് റസിഡൻഷ്യൽ സ്കൂളുകളും നൽകിക്കൊണ്ട്, പട്ടികജാതി വിഭാഗങ്ങളുടെ സാക്ഷരത വർധിപ്പിക്കുകയും, സ്കൂളുകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവരുടെ എൻറോൾമെന്റ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയാണ്. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം, 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം എന്നിവ നടപ്പാക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പിന്തുണയ്ക്കുന്നു. എന്നിരുന്നാലും, സമീപ വർഷങ്ങളിൽ, 'പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്', 'ഒമ്പതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്', 'ശുചീകരണം ഉൾപ്പെടുന്ന, ആരോഗ്യത്തിന് ഹാനികരമാകാൻ സാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്' തുടങ്ങിയ പ്രധാന പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ, 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്നതിൽ നിന്ന് 40 ശതമാനം തുക സംസ്ഥാനം വഹിക്കേണ്ടിവരുന്ന 60 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി എന്ന രീതിയിൽ മാറ്റിക്കൊണ്ട് പട്ടികജാതി വിഭാഗങ്ങളുടെ വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കുള്ള പിന്തുണ കേന്ദ്ര സർക്കാർ കുറയ്ക്കുകയാണ്. കേന്ദ്ര സർക്കാർ മുൻപ് കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധന സഹായത്തിന്റെ ഒരു ഭാഗം കേന്ദ്ര ബജറ്റിലൂടെ നൽകിയിരുന്നു. എന്നാൽ, 'സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനുകൾക്കുള്ള സഹായം' എന്ന കേന്ദ്രപദ്ധതി നിർത്തലാക്കിയതിനെത്തുടർന്ന്, ഈ സഹായം നൽകേണ്ട ഉത്തരവാദിത്തം ഇപ്പോൾ സംസ്ഥാന സർക്കാരിനാണുള്ളത്.

## പട്ടികവർഗ്ഗ വിഭാഗം

സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ ഒരു പ്രധാന വിഷയമായി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം നിലകൊള്ളുന്നു. ആഴത്തിൽ വേരൂന്നിയ അസമത്വങ്ങൾ കുറയ്ക്കുന്നതിലും പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ആധുനിക ആരോഗ്യ സംരക്ഷണം, മാന്യമായ തൊഴിൽ, സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ എന്നിവ പൂർണ്ണമായും ഉറപ്പുവരുത്തണം എന്ന ഉറച്ച പ്രതിബദ്ധതയാണ് കേരളത്തിന്റെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തെ നയിക്കുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്സ്.പി), പ്രത്യേകിച്ച് പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള (പി.വി.റ്റി.ജി) പരിപാടികൾ തുടങ്ങിയ പ്രധാനമായ ഇടപെടലുകൾ ഓരോ പട്ടികവർഗ്ഗ കുടുംബത്തിന്റെയും സമൂഹത്തിന്റെയും പ്രശ്നപരിഹാരത്തിലേക്കും ശാക്തീകരണത്തിലേക്കും നയിക്കാനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു.

പട്ടികവർഗ്ഗക്കാർക്കായുള്ള ഔദ്യോഗിക സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെയും സാംസ്കാരികസ്വത്വം സംരക്ഷിക്കുന്നതിലൂടെയും നൈപുണ്യവികസനത്തിനും തൊഴിൽ സംരംഭകത്വത്തിനുള്ള അവസരങ്ങൾ വികസിപ്പിക്കുന്നതിലൂടെയും വ്യവസ്ഥാപിത തടസ്സങ്ങൾ ഇല്ലാതാക്കാനും ഇവരുടെ യഥാർത്ഥ സാമൂഹ്യ ഉൾപ്പെടുത്തൽ ശക്തിപ്പെടുത്താനും സംസ്ഥാനം ശ്രമിക്കുന്നു. ആധുനിക പുരോഗതിക്കൊപ്പം പാരമ്പര്യ അറിവുകളെയും വിലമതിക്കുന്ന ഒരു വികസന സമീപനമാണ് കേരളം അവലംബിക്കുന്നത്. അതുവഴി, പട്ടികവർഗ്ഗക്കാർ കേവലം പദ്ധതി ഗുണഭോക്താക്കളല്ല, മറിച്ച് കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിൽ അവരും പ്രധാന പങ്കാളികളാണെന്ന് സർക്കാർ ഉറപ്പാക്കുന്നു. ഈ സമഗ്രവും അവകാശാധിഷ്ഠിതവും ആയ കാഴ്ചപ്പാട് വ്യക്തമാക്കുന്നത് ഒരു പട്ടികവർഗ്ഗ സമൂഹവും പിന്തള്ളപ്പെടാതെ, സാമൂഹിക-സാമ്പത്തിക നീതി ഉറപ്പുവരുത്താൻ ശ്രമിക്കുന്ന പ്രതിജ്ഞാബദ്ധമായ ഒരു സർക്കാരിനെയാണ്.

സംസ്ഥാന ജനസംഖ്യയുടെ 1.45 ശതമാനം വരുന്ന (2011 സെൻസസ് പ്രകാരം) 37 പട്ടികവർഗ്ഗ സമൂഹങ്ങൾ അധിവസിക്കുന്ന സംസ്ഥാനമാണ് കേരളം. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ ഏറ്റവും പുതിയ പട്ടികവർഗ്ഗ സർവേ പ്രകാരം, 147,868 കുടുംബങ്ങളിലായി 488,386 ആണ് മൊത്തം പട്ടികവർഗ്ഗ ജനസംഖ്യ. ഇവർ പ്രധാനമായും 6,578 ഉന്നതികളിലായി അധിവസിക്കുന്നു. പട്ടികവർഗ്ഗ ജനസംഖ്യ ഏറ്റവും കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത് വയനാട് (34 ശതമാനം), കാസർഗോഡ് (17 ശതമാനം) എന്നീ ജില്ലകളിലായാണ്. ഈ 37 സമുദായങ്ങളിൽ, അഞ്ചെണ്ണം പ്രാക്തന ഗോത്ര വർഗ്ഗക്കാരായി (പി.വി.റ്റി.ജി) കണ്ടെത്തിയിട്ടുണ്ട്. കാടർ, കുറുമ്പർ, കാട്ടുനായ്ക്കൻ, കൊറഗ, ചോലനായ്ക്കൻ എന്നിവരാണ് ആ അഞ്ചു വിഭാഗക്കാർ. സംസ്ഥാനത്തെ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ (പി.വി.റ്റി.ജി) വിശദാംശങ്ങൾ **അനുബന്ധം 8.2.20** ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

പട്ടികവർഗ്ഗ ജനസംഖ്യാ അനുപാതമായ 1.45 ശതമാനത്തേക്കാൾ കൂടുതലായി സംസ്ഥാന സർക്കാർ തുടർച്ചയായി പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്സ്.പി) യ്ക്കായി തുക വകയിരുത്തുന്നു. 2017 മുതൽ, സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 2.83 ശതമാനമായി പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം സ്ഥിരമായി വകയിരുത്തി വരുന്നു.

പട്ടികവർഗ്ഗ വികസനത്തിനുള്ള പ്രധാന ധനസ്രോതസ്സുകളിൽ താഴെപറയുന്നവ ഉൾപ്പെടുന്നു.
(i) സംസ്ഥാന പദ്ധതി വിഹിതം, ടി.എസ്.പി
(ii) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടകങ്ങൾ(ടി.എസ്സ്.പി)
(iii) ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പ്രകാരം നൽകുന്ന ഗ്രാന്റുകൾ

2024–25 കാലയളവിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ആകെ ₹859.50 കോടി നീക്കിവച്ചിരിക്കുന്നു. ഇതിൽ ₹657.95 കോടി പട്ടികവർഗ്ഗ വികസന വകുപ്പിനും ₹201.55 കോടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (LSGIs) അനുവദിച്ചു. ഈ വിഹിതത്തിൽ നിന്ന് ₹460.88 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പും ₹145.69 കോടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചെലവഴിച്ചു.

2025–26 വർഷത്തേക്ക്, പട്ടികവർഗ്ഗ വികസനത്തിനായുള്ള മൊത്തം സംസ്ഥാന പദ്ധതി വിഹിതം ₹920.00 കോടിയാണ്. ഇതിൽ ₹704.26 കോടി (76.55 ശതമാനം) പട്ടികവർഗ്ഗ വികസന വകുപ്പിനായി നീക്കിവച്ചിട്ടുണ്ട്. അതേസമയം ₹215.74 കോടി (23.45 ശതമാനം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ എയിഡായും നൽകിയിട്ടുണ്ട്.

2017–18 മുതൽ 2024–25 വരെയുള്ള സംസ്ഥാന പദ്ധതിയുടെ വിഹിതവും ചെലവും കേന്ദ്ര വിഹിതവും **അനുബന്ധം 8.2.21**–ൽ നൽകിയിരിക്കുന്നു. 2024–25 ലും 2025–26–ലും (2025 ഓഗസ്റ്റ് 31–ലെ കണക്കനുസരിച്ച്) വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.22–ലും അനുബന്ധം 8.2.23–ലും നൽകിയിരിക്കുന്നു.**

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഏറ്റെടുത്തിരിക്കുന്ന പ്രധാന വികസന പരിപാടികൾ താഴെ കൊടുക്കുന്നു.

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ മിഷൻ**

2001–ൽ സ്ഥാപിതമായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം) ഭൂരഹിതരായ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിലും പുനരധിവാസ മേഖലകളുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ലാൻഡ് ബാങ്ക് പദ്ധതി വഴിയുള്ള ഭൂമി വിതരണം, നിക്ഷിപ്ത വനഭൂമി അനുവദിക്കൽ, വനാവകാശ നിയമം നടപ്പിലാക്കൽ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ഏറ്റവും പുതിയ ടി.ആർ. ഡി.എം കണക്കുകളനുസരിച്ച്, സംസ്ഥാനത്തുടനീളം 6,242 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരായി തുടരുന്നു. 2025–26 വർഷത്തെ (ഓഗസ്റ്റ് 31 വരെ) ഭൂരഹിത കുടുംബങ്ങളെക്കുറിച്ചുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.23**–ൽ നൽകിയിരിക്കുന്നു.

2024–25 ലെ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.

- 2024–25 ൽ, ടി.ആർ.ഡി.എം മുഖേന 191 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 187.62 ഏക്കർ ഭൂമി വിതരണം ചെയ്തു.
- ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം, കാസർഗോഡ് ജില്ലയിലെ 19 കുടുംബങ്ങൾക്ക് ആകെ 5.81 ഏക്കർ ഭൂമി വിതരണം ചെയ്തു.
- വനാവകാശ നിയമപ്രകാരം, അട്ടപ്പാടിയിലെയും വയനാട് ജില്ലയിലെയും 172 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 181.81 ഏക്കർ ഭൂമി വിതരണം ചെയ്തു. ഇതിൽ, അട്ടപ്പാടിയിൽ 60 ഗുണഭോക്താക്കൾക്ക് 173.57 ഏക്കർ ഭൂമിയും, വയനാട് ജില്ലയിലെ 112 ഗുണഭോക്താക്കൾക്ക് 8.24 ഏക്കർ ഭൂമിയും വിതരണം ചെയ്തു. വനാവകാശ നിയമ പ്രകാരം വിതരണം ചെയ്ത മൊത്തം ഭൂമിയുടെ 95.46% ഭൂമിയും അട്ടപ്പാടിയിലാണ് വിതരണം ചെയ്തത്.
- 2025–26 ലെ (2025 ഓഗസ്റ്റ് 31 വരെയുള്ള) ഈ പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.
- ശേഷിക്കുന്ന ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, 2025–26 കാലയളവിൽ 243 കുടുംബങ്ങൾക്ക് ആകെ 107.46 ഏക്കർ ഭൂമി വിതരണം ചെയ്തു.
- കൂടാതെ, ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം, വയനാട് ജില്ലയിലെ 20 പട്ടികവർഗ്ഗക്കാരുടെ കുടുംബങ്ങൾക്ക് ആകെ 2.34 ഏക്കർ ഭൂമി വിതരണം ചെയ്തു.
- കൂടാതെ, തിരുവനന്തപുരത്തും തൃശ്ശൂർ ജില്ലയിലും വനാവകാശ നിയമപ്രകാരം 223 കുടുംബങ്ങൾക്ക് 105.12 ഏക്കർ ഭൂമി വിതരണം ചെയ്തു.

വിവിധ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് നൽകിയ ഭൂമി വിതരണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.24**–ൽ നൽകിയിരിക്കുന്നു. 2019–20 മുതൽ 2025–26 വരെയുള്ള ഭൂമി വിതരണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.25**–ൽ നൽകിയിരിക്കുന്നു. വിവിധ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് നൽകിയ ഭൂമി വിതരണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.26**–ൽ നൽകിയിരിക്കുന്നു. ടി.ആർ. ഡി.എം പ്രകാരം വർഷം തിരിച്ചുള്ള വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ **അനുബന്ധം 8.2.27**–ൽ നൽകിയിരിക്കുന്നു.

**പുനരധിവസിപ്പിക്കപ്പെട്ട പ്രദേശങ്ങളിലെ മറ്റ് പ്രധാന വികസന പ്രവർത്തനങ്ങൾ**

2024–25 ൽ വയനാട് ജില്ലയിൽ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി 1.23 കോടി രൂപ ചെലവഴിച്ചു. പട്ടികവർഗ്ഗ പുനരധിവാസ മേഖലകളിൽ പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിക്ക് 6.13 കോടി രൂപ അനുവദിച്ചു. ഈ പദ്ധതിയുടെ ഭാഗമായി 103 വീടുകളുടെ നിർമ്മാണം പൂർത്തിയായി, 1025 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. വിവിധ ജില്ലകളിലെ ഭൂമി സർവേകൾക്കായി 14.66 ലക്ഷം രൂപയും വയനാട് ജില്ലകളിൽ വൈദ്യുതീകരണത്തിനായി 9.98 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ, വയനാട്, കണ്ണൂർ ജില്ലകളിലെ കുടിവെള്ള വിതരണ പദ്ധതികൾക്കായി യഥാക്രമം 21.75 ലക്ഷം രൂപയും 7.02 ലക്ഷം രൂപയും അനുവദിച്ചു. കണ്ണൂർ ജില്ലയിലെ ആറളത്തുള്ള സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് 34.36 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ, ജീവനക്കാരുടെ വായ്പാ തുക തിരിച്ചടയ്ക്കുന്നതിനായി ആറളം ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡിന് 1.64 കോടി രൂപ അനുവദിച്ചു.

2025–26 ൽ (2025 ഓഗസ്റ്റ് 31 വരെ) വയനാട് ജില്ലയിൽ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി 96.17 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, പട്ടികവർഗ്ഗ പുനരധിവാസ മേഖലകളിൽ ടി.ആർ.ഡി.എം നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിക്ക് 4.69 കോടി രൂപ അനുവദിച്ചു (44 വീടുകൾ പൂർത്തിയായി, 957 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു), വിവിധ ജില്ലകളിലെ

ഭൂമി സർവേയ്ക്ക് 13.76 ലക്ഷം രൂപ അനുവദിച്ചു. കോട്ടയം ജില്ലയിൽ മണ്ണ് സംരക്ഷണത്തിന് 13.02 ലക്ഷം രൂപ അനുവദിച്ചു. കണ്ണൂർ ജില്ലയിലെ ആറളത്തുള്ള ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് 11.96 ലക്ഷം രൂപ അനുവദിച്ചു. കോഴിക്കോട്, വയനാട് ജില്ലകളിൽ കുടിവെള്ള പദ്ധതിക്ക് 83.00 ലക്ഷം രൂപയും 10.00 ലക്ഷം രൂപയും അനുവദിച്ചു. 2000–ത്തിലധികം പട്ടികവർഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് മരിയനാട് എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി വയനാട് വികസന പാക്കേജിന് കീഴിൽ 2025–26 ൽ 5.00 കോടി രൂപ അനുവദിച്ചു.

**പാർപ്പിടം**

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പാർപ്പിടം നൽകുന്നതിന് കേരള സർക്കാർ മുൻതൂക്കം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും ഭവന നിർമ്മാണത്തിനായി സഹായം നൽകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രധാനമന്ത്രി ആവാസ് യോജനയുടെയും പിന്തുണയോടെ, 2017–18 മുതൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന സുരക്ഷ ഉറപ്പാക്കുന്നതിൽ ലൈഫ് മിഷൻ ഒരു നിർണ്ണായക ശക്തിയായി ഉയർന്നുവന്നിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ, ലൈഫിന് മുമ്പ് ഏറ്റെടുത്തതും പൂർത്തിയാകാത്തതുമായ 17,400 വീടുകൾ പൂർത്തിയാക്കി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ ഭവനസുരക്ഷ ഉറപ്പാക്കി.

രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, മിഷൻ 17,127 വീടുകൾ വിജയകരമായി പൂർത്തിയാക്കി, അധിക പട്ടികയിലൂടെ 7,304 വീടുകൾ കൂടി നിർമ്മിച്ചു നൽകി. ലൈഫ് 2020 + അതിദരിദ്രരുടെ ലിസ്റ്റിൽ 3,204 വീടുകൾ കൂടി പൂർത്തിയാക്കിയപ്പോൾ മെച്ചപ്പെട്ട പുരോഗതി കൈവരിച്ച് പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു.

മൂന്നാം ഘട്ടത്തിൽ, ഭൂരഹിതരും ഭവനരഹിതരുമായ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളെ കേന്ദ്രീകരിച്ച്, 630 വീടുകൾ പൂർത്തിയാക്കി. അധിക പട്ടികയിൽ നിന്ന് 280 വീടുകളും ലൈഫ് 2020 + അതിദരിദ്രരുടെ ലിസ്റ്റ് പ്രകാരം 31 വീടുകളും കൂടി പൂർത്തിയാക്കി.

സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയുടെയും, സമയബന്ധിതമായ ഇടപെടലുകളിലൂടെയും സംയോജിത ധനസഹായം എന്നിവയിലൂടെയും ലൈഫ് മിഷൻ 45,976 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ളതും സുരക്ഷിതവുമായ വീടുകൾ സ്വന്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യ നീതിയിൽ അധിഷ്ഠിതമായ വികസനത്തിന്റെയും ഒരു സുപ്രധാന നേട്ടമായി അടയാളപ്പെടുത്തുന്നു. കൂടാതെ, 7,298 വീടുകൾ നിലവിൽ നിർമ്മാണത്തിലാണ്. ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും സുരക്ഷിതമായ ഭവനം നൽകുന്നതിനുള്ള മിഷന്റെ അചഞ്ചലമായ പ്രതിബദ്ധത വ്യക്തമാക്കുന്നു.

'സേഫ്' (സെക്യൂർ അക്കോമഡേഷൻ ആന്റ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) പരിപാടിയിലൂടെ പട്ടികവർഗ്ഗ ഉന്നതികളിലെ ജീർണ്ണിച്ച വീടുകൾ പുതുക്കിപ്പണിയുന്നതിനും ഭാഗികമായി നിർമ്മിച്ച വീടുകൾ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, 2006 ഏപ്രിൽ 1 ന് ശേഷം ഭവനനിർമ്മാണം പൂർത്തിയാക്കിയവർ, 2018 ഏപ്രിൽ–1 ന് ശേഷം വീട് പുതുക്കിപ്പണിയുന്നതിനോ പൂർത്തീകരിക്കുന്നതിനോ സർക്കാർ സഹായം ലഭിക്കാത്തവർ, വാർഷിക കുടുംബ വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള കുടുബങ്ങൾ എന്നിവർ സേഫ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കാൻ അർഹരാണ്. അംഗീകൃത എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ ഒരു വീടിന് 2.5 ലക്ഷം രൂപ വരെ സഹായം നൽകുന്നു. വെള്ളപ്പൊക്ക ബാധിതരായ കുടുംബങ്ങൾ, 2021–22 ലെ അതിദാരിദ്ര്യ ലിസ്റ്റിൽപ്പെട്ട കുടുംബങ്ങൾ, മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി ഏറ്റെടുത്ത ഇ–സർവേയിലൂടെ പട്ടികപ്പെടുത്തിയവർ എന്നിവർക്കാണ് മുൻഗണന. 2025–26 സാമ്പത്തിക വർഷത്തിൽ (ഓഗസ്റ്റ് 31 വരെ), 3,450 വീടുകൾ പുതുക്കിപ്പണിയാനും പൂർത്തിയാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ ഗുണഭോക്താക്കളുമായി കരാർ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

2024–25 കാലയളവിൽ, പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ഭവന പദ്ധതികൾക്കായി 5,244.62 ലക്ഷം രൂപ ചെലവഴിച്ച് 3,576 കുടുംബങ്ങൾക്ക് ധനസഹായം നൽകി. 2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്, 2025–26 കാലയളവിൽ 3,450 കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനായി 2,917.85 ലക്ഷം രൂപ ചെലവഴിച്ചു.

ലൈഫ് മിഷന്റെ കീഴിലുള്ള ഭവന നിർമ്മാണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.28**–ൽ നൽകിയിരിക്കുന്നു. ലൈഫ് മിഷന്റെ ലിസ്റ്റിലുള്ള പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ഓരോ ഘട്ടത്തിലുമുള്ള ഭവന നിർമ്മാണത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 8.2.29**–ൽ നൽകിയിരിക്കുന്നു. ലൈഫ് മിഷൻ ആരംഭിക്കുന്നതിന് മുമ്പ് ആരംഭിച്ച വകുപ്പിന്റെ ഭവന പദ്ധതിയുടെ 2019–20 മുതൽ 2025–26 വരെയുള്ള (ഓഗസ്റ്റ് 31, 2025 വരെ) വിഹിതവും ചെലവും വർഷം തിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണവും, ഏറ്റവും പുതിയ 'സേഫ്' പദ്ധതി വിവരങ്ങൾ ഉൾപ്പെടെ, **അനുബന്ധം 8.2.30**–ൽ നൽകിയിരിക്കുന്നു.

**ഉന്നതികളിലെ വൈദ്യുതീകരണം**

സർക്കാർ 2017–18 ൽ ആരംഭിച്ച പട്ടികവർഗ്ഗ ഉന്നതികളിലെ സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, എല്ലാ ഉന്നതികളിലും 100 ശതമാനം വൈദ്യുതീകരണം കൈവരിക്കാനാണ് കേരളം ലക്ഷ്യമിടുന്നത്. ആകെയുള്ള 6,578 ഉന്നതികളിൽ 6,523 എണ്ണത്തിലും ഇതിനകം വൈദ്യുതീകരണം പൂർത്തിയായി. പത്ത് ജില്ലകളിലെ എല്ലാ ഉന്നതികളിലും സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായി. നിലവിൽ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ) അതിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ നീക്കത്തിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ കെ.എസ്.ഇ.ബി.എൽ–ന്റെ അടിസ്ഥാന സൗകര്യ വികസനം അപ്രാപ്യമായ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഉന്നതികളിൽ ഏജൻസി ഫോർ ന്യൂ ആന്റ് റിന്യൂവബിൾ എനർജി റിസർച്ച് ആന്റ് ടെക്നോളജി (അനർട്ട്) നടപ്പിലാക്കിയ പുനരുപയോഗ

ഊർജ്ജ സ്രോതസ്സുകൾ (സോളാർ) വഴി വൈദ്യുതീകരണം നടത്തുന്നു. വൈദ്യുതീകരിച്ച ഉന്നതികളിലെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.31** ൽ കൊടുത്തിരിക്കുന്നു.

**വിദ്യാഭ്യാസ പരിപാടികൾ**

വിദ്യാഭ്യാസ മേഖലയിലെ അസമത്വങ്ങൾ പരിഹരിക്കുകയും ഓരോ പട്ടികവർഗ്ഗ വിദ്യാർത്ഥിയെയും വളർന്നുവരുന്ന വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ പൂർണ്ണമായും പങ്കാളികളാക്കാൻ പ്രാപ്തമാക്കുന്ന ഒരു പരിവർത്തിത വിദ്യാഭ്യാസ വ്യവസ്ഥയാണ് കേരള സർക്കാർ വിഭാവനം ചെയ്യുന്നത്. സമത്വവും സുസ്ഥിരതയും ലക്ഷ്യം വച്ച്, ഐ.സി.ടി സംയോജനം, നൈപുണ്യ വികസനം, സംരംഭകത്വ പ്രോത്സാഹനം എന്നിവയോടൊപ്പം തന്നെ പ്രൈമറി തലം മുതൽ ഉന്നതവിദ്യാഭ്യാസതലം വരെ ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിലേക്കുള്ള സാർവത്രിക പ്രവേശനം ഉറപ്പാക്കി സാംസ്കാരിക തനിമയുള്ളതും സാമൂഹിക ഉത്തരവാദിത്തമുള്ളതും സാമ്പത്തിക സ്വയംപര്യാപ്തമുള്ളതുമായ ഒരു തലമുറയെ വളർത്തിയെടുക്കാൻ സംസ്ഥാനം ശ്രമിക്കുന്നു.

**2024–25-ൽ വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു**

- 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീമിന്റെ' ഭാഗമായി 2024–25–ൽ 557 പ്രതിഭാധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം ലഭിച്ചു. 2025–26–ൽ 2025 ഓഗസ്റ്റ് 31 വരെ 621 വിദ്യാർത്ഥികൾക്ക് സഹായം ലഭിച്ചു.
- 2024–25–ൽ 7557 വിദ്യാർത്ഥികൾക്ക് പ്രീ–മെട്രിക് സ്കോളർഷിപ്പുകളും 14,438 വിദ്യാർത്ഥികൾക്ക് പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പുകളും ലഭിച്ചു. 2025–26–ൽ (2025 ഓഗസ്റ്റ് 31 വരെ) 9,293 വിദ്യാർത്ഥികൾക്ക് പ്രീ–മെട്രിക് സ്കോളർഷിപ്പും 10,934 വിദ്യാർത്ഥികൾക്ക് പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പും നൽകി.
- 2024–25 ൽ ആകെ 2,320 മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ ലഭിച്ചു. 2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച് 2025–26 കാലയളവിൽ 1,647 വിദ്യാർത്ഥികൾക്ക് ഈ പ്രോത്സാഹനങ്ങൾ ലഭിച്ചു.
- 2024–25 ൽ 56 വിദ്യാർത്ഥികൾക്കും 2025–26 ൽ 75 വിദ്യാർത്ഥികൾക്കും വിദേശത്തും പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ നൽകി (2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്).
- 2024–25 ൽ 420 അനാഥരായ കുട്ടികൾക്ക് പ്രത്യേക സഹായം നൽകി. 2025–26 ൽ, 2025 ഓഗസ്റ്റ് വരെ, ആകെ 343 അനാഥ കുട്ടികൾക്ക് ഈ പിന്തുണ ലഭിച്ചു.
- 2024–25 ൽ 202 വിദ്യാർത്ഥികൾക്കും 2025–26 ൽ 217 വിദ്യാർത്ഥികൾക്കും ലാപ്ടോപ്പുകൾ വിതരണം ചെയ്തു (2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്).
- പട്ടികവർഗ്ഗ വികസന വകുപ്പ് 2024–25–ൽ ഏകദേശം 1,26,903 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 2025–26–ൽ ഏകദേശം 1,01,912 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും (2025 ഓഗസ്റ്റ് 31 വരെ) ലംപ്സം ഗ്രാന്റുകൾ, സ്റ്റൈപ്പൻഡുകൾ, പോക്കറ്റ് മണി തുടങ്ങിയ പ്രത്യേക വിദ്യാഭ്യാസ സഹായം നൽകി.
- **സിവിൽ സർവീസ് കോച്ചിംഗ്:** ഇന്ത്യയിലുടനീളമുള്ള അംഗീകൃത കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിലൂടെ സിവിൽ സർവീസ് ആഗ്രഹിക്കുന്ന പട്ടികവർഗ്ഗ യുവാക്കളെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതുവരെ, രണ്ട് ബാച്ചുകൾ പരിശീലനം പൂർത്തിയാക്കി (2022-23, 2023-24), ഓരോ ബാച്ചിലും 30 വിദ്യാർത്ഥികൾ. 2024–25 കാലയളവിൽ, വിവിധ സ്ഥാപനങ്ങളിൽ പരിശീലനത്തിനായി 29 പട്ടികവർഗ്ഗ യുവതീ യുവാക്കളെ ചേർത്തു. 2023-24 ബാച്ചിലെ ഒരു വിദ്യാർത്ഥി യു.പി.എസ്.സി പ്രിലിമിനറി പാസായി, ഇപ്പോൾ മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണ് എന്നത് ശ്രദ്ധേയമാണ്. സിവിൽ സർവീസ് പരിശീലനം പൂർത്തിയാക്കിയതിനുശേഷം, മിക്ക വിദ്യാർത്ഥികളും പഠനം തുടർന്നു, അതേസമയം എട്ട് പേർക്ക് ഓവർസിയർ, പോലീസ്, ക്ലാർക്ക്, ടീച്ചർ, സീനിയർ അസിസ്റ്റന്റ് പ്രിസണർ, കെ.എസ്.എഫ്.ഇയിലെ ജൂനിയർ അസിസ്റ്റന്റ് തുടങ്ങി വിവിധ തസ്തികകളിൽ പ്ലേസ്മെന്റ് ലഭിച്ചു. പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, എച്ച്.എസ്.എ, ക്ലാർക്ക്, ടീച്ചർ, പോലീസ് തുടങ്ങിയ തസ്തികകളിലേക്ക് 12 വിദ്യാർത്ഥികൾ വ്യത്യസ്ത പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. അത്തരം പരീക്ഷകളിൽ വിജയിക്കാൻ പലപ്പോഴും രണ്ടോ മൂന്നോ ശ്രമങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, വകുപ്പ് എല്ലാ ഉദ്യോഗാർത്ഥികളുമായി നിരന്തരം സമ്പർക്കം പുലർത്തി. തുടർച്ചയായ മാർഗ്ഗനിർദ്ദേശവും പ്രചോദനവും നൽകുന്നു.
- **പട്ടികവർഗ്ഗ ഊരുകളിലെ സാമൂഹ്യ പഠനമുറി:** പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി, വിവിധ ഉന്നതികളിലായി 343 കമ്മ്യൂണിറ്റി പഠന കേന്ദ്രങ്ങൾ (സാമൂഹ്യ പഠനമുറി) സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ ട്യൂഷൻ സൗകര്യവും ഇ-ലേണിംഗ് സൗകര്യങ്ങളും സ്കൂൾ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും, റിറ്റൻഷൻ മെച്ചപ്പെടുത്തുന്നതിനും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും സഹായിക്കുന്നു. കൂടാതെ, പട്ടികവർഗ്ഗങ്ങൾക്കിടയിലെ ഡിജിറ്റൽ വിടവ് പരിഹരിക്കുന്നതിന്, ആവശ്യമുള്ളിടത്തെല്ലാം ഊരുകളെ ഡിജിറ്റൽ ബന്ധിതമാക്കുന്നതിനുള്ള കേന്ദ്രങ്ങളായി ഈ പഠനമുറികൾ പ്രവർത്തിക്കുന്നു.
- എസ്.എസ്.എൽ.സി പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയതും പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഭാരത്ദർശൻ പഠന യാത്രാ പരിപാടി സംഘടിപ്പിക്കുന്നു. പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള ഈ വിദ്യാർത്ഥികൾക്ക് ഇന്ത്യയിലുടനീളമുള്ള പ്രധാന സ്ഥലങ്ങൾ സന്ദർശിക്കാനുള്ള അവസരം ഈ പരിപാടി നൽകുന്നു. അതുവഴി രാജ്യത്തെയും അതിന്റെ വൈവിധ്യമാർന്ന സംസ്കാരങ്ങളെയും കുറിച്ചുള്ള അവരുടെ അവബോധം വർദ്ധിപ്പിക്കുന്നു.

2019–20 മുതൽ 2025–26 (2025 ഓഗസ്റ്റ് 31 വരെയുള്ള) മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് വിതരണം ചെയ്ത വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.32**–ൽ നൽകിയിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.33**–ൽ നൽകിയിരിക്കുന്നു.

**ആരോഗ്യ പരിപാടികൾ**

പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് ആരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്

**ബോക്സ് 8.2.5** സ്മാർട്ട് സ്റ്റഡി റൂം

മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന സാമൂഹിക പഠന മുറികൾക്ക് പുറമേ വ്യക്തിഗത ആനുകൂല്യമായി ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് സ്റ്റഡി റൂം അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിനും വിദ്യാഭ്യാസ വിടവ് നികത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ പരിപാടി പ്രകാരം, സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ ടെക്നിക്കൽ സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവയിൽ എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു സ്മാർട്ട് സ്റ്റഡി റൂം നിർമ്മിക്കുന്നതിന് പരമാവധി 2.50 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു. 1000 ഗുണഭോക്താക്കളെ ഈ സാമ്പത്തിക വർഷം പരിഗണിക്കും. അടിയ, പണിയ, മറ്റ് പി.വി.ടി.ജി കമ്മ്യൂണിറ്റികളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും, സ്ഥലപരിമിതിയുള്ള വീടുകൾ, ഒന്നിലധികം വിദ്യാർത്ഥികൾ ഉള്ള കുടുംബങ്ങൾ, മാരകരോഗികളോ കിടപ്പിലായ മാതാപിതാക്കളോ സഹോദരങ്ങളോ ഉള്ള കുടുംബങ്ങൾ, മുൻവർഷത്തിൽ മികച്ച അക്കാദമിക് പ്രകടനം കാഴ്ചവച്ച വിദ്യാർത്ഥികൾ എന്നിവർക്കും മുൻഗണന നൽകും

**അവലംബം:** പട്ടികവർഗ്ഗ വികസന വകുപ്പ്. കേരള സർക്കാർ

**ബോക്സ് നമ്പർ 8.2.6** ത്രൈവ് പ്രോജക്റ്റ് (പട്ടികവർഗ്ഗ ഉന്നത വിദ്യാഭ്യാസവും മികവിനായുള്ള സംവേദനാത്മക സംരംഭങ്ങളും)

കേരളത്തിലെ മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരവും അഭിലാഷപരവുമായ വിടവുകൾ നികത്തുക എന്ന ഉയർന്ന ലക്ഷ്യത്തോടെ 2024–ൽ ആരംഭിച്ച പരിപാടിയാണ് ത്രൈവ് പ്രോജക്റ്റ് (ട്രൈബൽ ഹയർ എഡ്യൂക്കേഷൻ ആൻഡ് ഇന്ററാക്ടീവ് വെഞ്ച്വേഴ്സ് ഫോർ എക്സലൻസ്). പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ്, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി എന്നിവ സംയുക്തമായി ആരംഭിച്ച ഈ പരിപാടി, പഠനപ്രവർത്തനങ്ങളിലെ സജീവമായ ഇടപെടൽ, നേതൃത്വശേഷി വികസനം, പ്രായോഗിക ജീവിതപരിചയം, സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിലുള്ള മെന്റർഷിപ്പ് എന്നിവയ്ക്കാണ് ഊന്നൽ നൽകുന്നത്. കേരളത്തിലെ 19 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നടപ്പിലാക്കിയിരിക്കുന്ന ത്രൈവ് പദ്ധതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഏകദേശം 72 കോളേജുകളുടെ വൈവിധ്യമാർന്ന ഒരു സംഘം ഈ പദ്ധതിയുമായി സഹകരിച്ച്, ശക്തമായ ഒരു സന്നദ്ധപ്രവർത്തക കൂട്ടം രൂപവത്കരിക്കാൻ സഹായിച്ചു. എല്ലാ ശനിയാഴ്ചയും പട്ടികവർഗ്ഗ വിദ്യർത്ഥികൾക്ക് ഈ കോളേജുകളിൽ നിന്നുള്ള ഏകദേശം 900 പേരോളം സന്നദ്ധപ്രവർത്തകർ ക്രമീകരിച്ച സെഷനുകൾ നൽകുന്നു. വിദ്യാഭ്യാസപരവും അഭിലാഷപരവുമായ വിടവുകൾ നികത്തുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന, ദൈനംദിന ജീവിതത്തിൽ ആവശ്യമായ നൈപുണ്യങ്ങളായ ഭാഷ, ഗണിതം, പൊതു അവബോധം, നേതൃത്വം എന്നിവയിൽ ഊന്നൽ നൽകുന്ന സംവേദനാത്മക പഠന രീതികൾ ഈ സെഷനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൽഫലമായി, ആയിരക്കണക്കിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ പ്രോഗ്രാമിൽ നിന്ന് നേരിട്ട് പ്രയോജനം ലഭിച്ചു, സംസ്ഥാനവ്യാപകമായി 1,360 ഗുണഭോക്താക്കൾ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, സന്നദ്ധപ്രവർത്തകരുടെ ശേഷി വർദ്ധിപ്പിക്കുക, മാറ്റത്തിനായുള്ള കാഴ്ചപ്പാടും പ്രചോദനവും സൃഷ്ടിക്കുക, ഉത്തരവാദിത്തം വർദ്ധിപ്പിക്കുക എന്നീ പരിപാടികളിൽ ഊന്നി ആയിരിക്കും പദ്ധതി നടപ്പിലാക്കുക.

**അവലംബം:** പട്ടികവർഗ്ഗ വികസന വകുപ്പ്. കേരള സർക്കാർ

നിരവധി ആരോഗ്യ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്ര ആരോഗ്യ പരിപാടി, സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സാമ്പത്തിക സഹായം, ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റുന്ന 'ജനനി ജന്മരക്ഷ' എന്നിവ പ്രധാന പരിപാടികളിൽ ഉൾപ്പെടുന്നു. പാരമ്പര്യ ഗോത്ര വൈദ്യന്മാർക്കും പിന്തുണ നൽകുന്നു. കൂടാതെ വിദൂരവും എത്തിച്ചേരാനാകാത്തതുമായ പ്രദേശങ്ങളിൽ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. 'കൈതാങ്ങ്' പദ്ധതി അനാഥരായ പട്ടികവർഗ്ഗ കുട്ടികൾക്ക് പരിചരണവും സംരക്ഷണവും നൽകുന്നു, അതേസമയം കാറ്റാടി (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് ആന്റ് ഇൻക്ലൂഷൻ ഇനിഷ്യേറ്റീവ്) പട്ടികവർഗ്ഗ സമൂഹങ്ങളിലെ ഭിന്നശേഷിക്കാർക്ക് വീൽചെയറുകൾ, ശ്രവണസഹായികൾ തുടങ്ങിയ സഹായ ഉപകരണങ്ങൾ നൽകുന്നു.

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റൊരു പ്രധാന സംരംഭമാണ് ഊരിന്റെ താരാട്ട് എന്ന പദ്ധതി. ഗർഭധാരണത്തെയും മുലയൂട്ടലിനെയും കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കൗമാര ഗ്രൂപ്പുകൾ രൂപീകരിക്കുക, ഗർഭിണികൾക്ക് നവജാത ശിശു കിറ്റുകൾ നൽകുക, അവശ്യ ശിശുസംരക്ഷണ രീതികളിൽ പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നവജാത ശിശു സംരക്ഷണത്തെക്കുറിച്ചുള്ള അറിവ് ശക്തിപ്പെടുത്തുന്നതിനും അതുവഴി പട്ടികവർഗ്ഗ ഉന്നതികളിലെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും ഈ സംരംഭം ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ സമൂഹങ്ങളിൽ നിന്നുള്ള വിദ്യാസമ്പന്നരായ സ്ത്രീകളെ അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകരായി (ആശ) സേവിക്കുന്നതിനായി തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിലൂടെ പട്ടികവർഗ്ഗ ജനതയുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനായി കേരള സർക്കാർ ആരംഭിച്ച ഒരു

പ്രത്യേക സംരംഭമാണ് ഊരുമിത്രം ആശ പരിപാടി. ദേശീയ ആരോഗ്യ ദൗത്യവുമായി (എൻ.എച്ച്.എം) സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് (എസ്.റ്റി.ഡി.ഡി) വഴിയാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. 2024–25 ൽ ആരോഗ്യ മേഖലയിൽ നൽകുന്ന സഹായം **ബോക്സ് 8.2.7** ൽ വിശദീകരിച്ചിരിക്കുന്നു.

2024–25 ൽ ആരോഗ്യ മേഖലയ്ക്കായി വകയിരുത്തിയ 32.00 കോടിയിൽ 31.53 കോടി ആരോഗ്യ പരിപാടികൾക്കായി ചെലവഴിച്ചു (2025 ഓഗസ്റ്റ് 31 വരെ). 2025–26 ലെ വകയിരുത്തലിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിക്ക് കീഴിൽ 8.08 കോടി ചെലവഴിച്ചു. ആരോഗ്യ മേഖലയ്ക്ക് കീഴിലുള്ള വിഹിതം, ചെലവ്, ഭൗതിക നേട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.34** ൽ കാണിച്ചിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന പ്രധാന ആരോഗ്യ സ്ഥാപനങ്ങൾ **അനുബന്ധം 8.2.35** ൽ നൽകിയിരിക്കുന്നു.
നൈപുണ്യ വികസനം, തൊഴിൽ, ഉപജീവന പരിപാടി

പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിനായി, പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി കരിയർ ഗൈഡൻസ് പരിപാടികളും നൈപുണ്യ വികസന പരിപാടികളും നടപ്പിലാക്കി. ഈ ഇടപെടലുകളിലൂടെ വിദേശത്തുള്ള ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ ഉൾപ്പെടെ സർക്കാർ, സ്വകാര്യ മേഖലകളിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിജയകരമായ നിയമനത്തിന് അവസരം ലഭിച്ചു.

2024–25 ൽ, ആകെ മൊത്തം 8 നൈപുണ്യ പരിശീലന കോഴ്സുകൾ നടത്തി. 260 പേർ പങ്കെടുത്തതിൽ 200 പേർ ഇന്ത്യയ്ക്കുള്ളിൽ തന്നെ തൊഴിൽ നേടി.

2025–26 സാമ്പത്തിക വർഷത്തിൽ ആറ് നൈപുണ്യ വികസന കോഴ്സുകൾക്കായി 310.65 ലക്ഷം അനുവദിച്ചിട്ടുണ്ട്. മൾട്ടി-സ്കിൽഡ് ടൂറിസം/ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് ഡിപ്ലോമ, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ, ഫുഡ് ആൻഡ് ബിവറേജ് സർവീസിൽ ഡിപ്ലോമ, ഫുഡ് പ്രൊഡക്ഷൻ ഡിപ്ലോമ, ആംഡ് ഫോഴ്സ് പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം (പുരുഷ ലെവൽ), സോളാർ പാനൽ ഇൻസ്റ്റാളേഷൻ ടെക്നീഷ്യൻ എന്നീ പരിപാടികൾ 210 പട്ടികവർഗ്ഗ യുവാക്കൾക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. വകുപ്പ് നടത്തിയ വിവിധ നൈപുണ്യ പരിശീലനങ്ങളുടെയും നേടിയ പ്ലേസ്മെന്റിന്റെയും വിശദാംശങ്ങൾ **അനുബന്ധം 8.2.36** ൽ നൽകിയിരിക്കുന്നു.

കരിയർ മികവിനുള്ള പരിശീലനം (TRACE) പരിപാടിയിലൂടെ പട്ടികവർഗ്ഗ യുവാക്കൾക്ക് ചിട്ടയായ തൊഴിൽ പരിശീലനം, നൈപുണ്യ വികസനം, സർക്കാർ വകുപ്പുകളിൽ രണ്ട് വർഷം വരെ പ്രവൃത്തി പരിചയം എന്നിവയിലൂടെ അവരുടെ തൊഴിൽക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സവിശേഷ സാഹചര്യം സൃഷ്ടിക്കുന്നു. ഈ സംരംഭം ഒന്നിലധികം വകുപ്പുകളിൽ വിജയകരമായ നിയമനങ്ങൾ സാധ്യമാക്കി, പങ്കെടുക്കുന്നവർക്ക് പ്രായോഗിക പരിചയവും പ്രൊഫഷണൽ കഴിവും ഉറപ്പുവരുത്തുന്നു. പട്ടികജാതി, പട്ടികവർഗ്ഗ യുവാക്കളുടെ ജോലി സാധ്യത ഉറപ്പാക്കുന്നതിലൂടെ ഈ പദ്ധതി അവരുടെ സാമ്പത്തിക ശാക്തീകരണത്തിനും വിശാലമായ സാമൂഹിക ഉൾപ്പെടുത്തലിനും നിർണ്ണായക സംഭാവന നൽകിയിട്ടുണ്ട്.

'വിംഗ്സ്' എന്ന പരിപാടിയിലൂടെ, കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും അനുബന്ധ വ്യോമയാന മേഖലകളിലും രാജ്യവ്യാപകമായി തൊഴിലവസരങ്ങൾ നേടാൻ സഹായിക്കുന്ന പൈലറ്റ് പരിശീലന സ്കോളർഷിപ്പുകൾ നൽകുന്നു. സംസ്ഥാനത്തെ ആദ്യത്തെ പട്ടികവർഗ്ഗ കാബിൻ-ക്രൂ പ്രൊഫഷണലിനെ പരിശീലിപ്പിക്കുന്നതിലൂടെ ഈ സംരംഭം ഒരു സുപ്രധാന നാഴികക്കല്ല് പിന്നിട്ടു.

പട്ടികവർഗ്ഗങ്ങളിൽ നിന്നുള്ള നിയമ ബിരുദധാരികൾക്ക് പ്രായോഗിക നിയമ പരിശീലനം നൽകുന്നതിൽ 'ജ്വാല' (ജസ്റ്റിസ്, വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ്) പരിപാടി നിർണായക പങ്ക് വഹിച്ചിട്ടുണ്ട്, ഇത് ഈ സമൂഹങ്ങൾക്കുള്ളിൽ നിയമപരമായ ശേഷി ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയെ അടിവരയിടുന്നു. ഈ സംരംഭത്തിലൂടെ, നിരവധി പട്ടികവർഗ്ഗ നിയമ ബിരുദധാരികൾക്ക് പ്രമുഖ നിയമ സ്ഥാപനങ്ങളിൽ മൂന്ന് വർഷത്തെ ഇന്റേൺഷിപ്പിന് പ്രവേശനം ലഭിച്ചു. ഓരോരുത്തർക്കും പ്രതിമാസം 18,000 രൂപ ഓണറേറിയം ലഭിക്കും.

### ഭക്ഷ്യസുരക്ഷയും പോഷകാഹാര ലഭ്യതയ്ക്കുള്ള പരിപാടികളും

പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി, സർക്കാർ നിരവധി ഭക്ഷ്യസുരക്ഷാ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

**ബോക്സ് നമ്പർ 8.2.7** 2024–25 ൽ ആരോഗ്യ മേഖലയിൽ നൽകിയ സഹായം

- 930 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2,500 രൂപ നിരക്കിൽ ധനസഹായം നൽകി.
- പട്ടികവർഗ്ഗക്കാർക്ക് അവരുടെ വീട്ടുപടിക്കൽ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ വഴി ഏകദേശം 3,555 മെഡിക്കൽ ക്യാമ്പുകൾ ക്രമീകരിച്ചു.
- 'ജനനി ജന്മരക്ഷ' പദ്ധതി പ്രകാരം 6,747 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 2,000 രൂപ ധനസഹായം നൽകി.
- പാരമ്പര്യ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം' എന്ന പദ്ധതി പ്രകാരം 930 പാരമ്പര്യ വൈദ്യൻമാർക്ക് വാർഷിക ഗ്രാന്റ് നൽകി.
- 2024–25 ൽ സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതി മുഖേന 24680 ഗുണഭോക്താക്കൾക്ക് ചികിത്സാ സഹായം നൽകി.

**അവലംബം**: പട്ടികവർഗ്ഗ വികസന വകുപ്പ്, കേരള സർക്കാർ

**ബോക്സ് നമ്പർ 8.2.8** പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന ദൗത്യവും പട്ടികവർഗ്ഗ ഉന്നതികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജും

**പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന ദൗത്യം**

കേരളത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, മെച്ചപ്പെട്ട പിന്തുണാ സംവിധാനങ്ങളിലൂടെ ഗാർഹിക വരുമാനം വർദ്ധിപ്പിക്കുകയും വികസനം ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയായ 'പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന ദൗത്യം' സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് സ്ഥിര വരുമാനം സൃഷ്ടിക്കുന്നതിന് പ്രാപ്തമായ വിവിധ ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി പിന്തുണ നൽകുന്നതിലൂടെ പട്ടികവർഗ്ഗ സമൂഹങ്ങളുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**പട്ടികവർഗ്ഗ ഉന്നതികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്**

പട്ടികവർഗ്ഗ പ്രദേശങ്ങളിൽ അവശ്യ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും സമഗ്ര വികസനത്തിലൂടെ പട്ടികവർഗ്ഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പുതിയ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടാത്തതും പിന്തുണ ആവശ്യമുള്ളതുമായ പട്ടികവർഗ്ഗ പ്രദേശങ്ങളിലെ കുടിവെള്ളം, വൈദ്യുതി കണക്ഷനുകൾ,അടിസ്ഥാന സൗകര്യങ്ങൾക്ക് എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന റോഡുകൾ, അംഗൻവാടികൾ, ക്രഷുകൾ തുടങ്ങിയ ശിശു സംരക്ഷണ സൗകര്യങ്ങൾ, ശ്മശാനങ്ങൾ, ശുചിത്വ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്.

**അവലംബം:** പട്ടികവർഗ്ഗ വികസന വകുപ്പ്, കേരള സർക്കാർ

മൺസൂൺകാലത്ത് ഭക്ഷ്യധാന്യങ്ങളുടെ വിതരണം, ദുർബല വിഭാഗങ്ങൾക്കായി കമ്മ്യൂണിറ്റി അടുക്കളകൾ സ്ഥാപിക്കൽ, വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. മില്ലറ്റ് വില്ലേജ് സംരംഭം, അട്ടപ്പാടിയിലെ പോഷകാഹാര പര്യാപ്തതാ പരിപാടി തുടങ്ങിയ പ്രത്യേക ഉദ്ദേശ പരിപാടികൾ പോഷകാഹാര ലഭ്യത മെച്ചപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകുന്നു. കൂടാതെ, 60 വയസ്സിനു മുകളിലുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ പോഷണ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി അവശ്യവസ്തുക്കൾ അടങ്ങിയ ഭക്ഷണ കിറ്റുകൾ നൽകിയിട്ടുണ്ട്. ഇടുക്കിയിലും വയനാട്ടിലും നടപ്പിലാക്കുന്ന നൂതനമായ 'ഹരിത രശ്മി' പദ്ധതി ഈ പട്ടികവർഗ്ഗ മേഖലകളിലെ ഭക്ഷ്യസുരക്ഷയും പോഷകാഹാര ലഭ്യതയും ശക്തിപ്പെടുത്തുന്നതിനാണ് നടപ്പിലാക്കിവരുന്നത്. ഹരിതരശ്മി

പട്ടികവർഗ്ഗ വികസന വകുപ്പ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റുമായി (സി.എം.ഡി) സഹകരിച്ച് ആരംഭിച്ച ഹരിതരശ്മി പദ്ധതി, ഇടുക്കിയിലെയും വയനാട്ടിലെയും ഉപയോഗശൂന്യമായ ഭൂമിയിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. 376 പട്ടികവർഗ്ഗ ഉന്നതികളിലെയും 163 കർഷക ഗ്രൂപ്പുകളിലെയും 4,113 വ്യക്തികൾക്ക് ഈ സംരംഭം പ്രയോജനം ചെയ്യുന്നു. ബോധവൽക്കരണ പരിപാടികൾ, പ്രായോഗിക പരിശീലനം, വിത്ത് വിതരണവും വിപണി ബന്ധങ്ങളും ഉൾപ്പെടെ തുടർച്ചയായ പിന്തുണാ സംവിധാനം എന്നിവ നൽകുന്നു. വൈവിധ്യമാർന്ന വിള കൃഷി, ജൈവ വിപണികൾ, വിളവെടുപ്പ് ഉത്സവങ്ങൾ, കമ്മ്യൂണിറ്റി വിപണികൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന സവിശേഷതകൾ. ഓണം, വിഷു സമയങ്ങളിലെ ജൈവ വിപണികൾ പോലുള്ള സംരംഭങ്ങൾ, സ്വർണ്ണ വെള്ളരി, ചെണ്ടുമല്ലി തുടങ്ങിയ പ്രത്യേക വിളകളുടെ കൃഷി എന്നിവയ്ക്കൊപ്പം, ഇടനിലക്കാരെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്തു. പദ്ധതിയുടെ വികേന്ദ്രീകൃതവും ആവശ്യകത അടിസ്ഥാനമാക്കിയുള്ളതുമായ സമീപനം, പങ്കെടുക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളെയും സാമ്പത്തിക സ്വാശ്രയത്വത്തെയും ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്.

**മില്ലറ്റ് വില്ലേജ് പ്രോഗ്രാം**

2017 ൽ ആരംഭിച്ച മില്ലറ്റ് വില്ലേജ് പ്രോഗ്രാം, പരമ്പരാഗത ഭക്ഷ്യ ഉൽപ്പന്നമായ തിനയുടെ (മില്ലറ്റ്) കൃഷിയും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ ലക്ഷ്യമിടുന്നു. കൃഷി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 7.41 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പരമ്പരാഗതമായി, അട്ടപ്പാടിയിലെ എല്ലാ പട്ടികവർഗ്ഗ വിഭാഗങ്ങളും തിന (മില്ലറ്റ്) വളർത്തുകയും ഉപഭോഗം നടത്തുകയും ചെയ്തിരുന്നു. എന്നാൽ, കൃഷി വലിയതോതിൽ കുറഞ്ഞു പോയിരുന്നു. ചുരുക്കം ചില കുറുമ്പ ഉന്നതികളിൽ മാത്രമേ നിലനിന്നിരുന്നുള്ളൂ. എന്നാൽ ഈ പരിപാടി ആരംഭിച്ചതിനുശേഷം, ഇരുള, മുഡുഗ, കുറുമ്പ ഗോത്രങ്ങൾ ഉൾപ്പെടെ 96 പട്ടികവർഗ്ഗ വാസസ്ഥലങ്ങളിൽ ഈ പരിപാടി വഴി വിജയകരമായി തിന കൃഷി പുനരുജ്ജീവിപ്പിച്ചു. അതുവഴി ഈ സമൂഹങ്ങളുടെ ദൈനംദിന ഭക്ഷണത്തിലേക്ക് തിനയെ പുനഃസംയോജിപ്പിച്ചു.

കമ്മ്യൂണിറ്റി കിച്ചൺ: **പോഷകാഹാര ലഭ്യത** ഉറപ്പാക്കുന്നതിനായി സ്ഥാപിച്ച കമ്മ്യൂണിറ്റി കിച്ചണുകൾ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ അഗളി, ഷോളയാർ, പുതൂർ പഞ്ചായത്തുകളിലായി 192 പട്ടികവർഗ്ഗ ഉന്നതികളിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറ് മാസം മുതൽ 12 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാർ, മാനസികമോ ശാരീരികമോ ആയ വൈകല്യമുള്ള വ്യക്തികൾ, കിടപ്പുരോഗികൾ, മുതിർന്ന പൗരന്മാർ, വിധവകൾ എന്നിവരാണ് ഗുണഭോക്താക്കൾ. 2025-26 വർഷത്തിൽ, പരിപാടിയുടെ ചെലവ് വഹിക്കുന്നതിനായി 272.88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

### കേരള ട്രൈബൽ പ്ലസ്

സംസ്ഥാന സർക്കാർ 2017-18 ൽ ആരംഭിച്ച പദ്ധതിയാണ് കേരള ട്രൈബൽ പ്ലസ് പദ്ധതി. എം.ജി.എൻ.ആർ.ഇ. ജി.എസിന് കീഴിലുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ ജോലി പൂർത്തിയാക്കുമ്പോൾ 100 ദിവസത്തെ അധിക തൊഴിൽ സംസ്ഥാന സർക്കാർ ഉറപ്പാക്കുന്നു. ഗ്രാമവികസനത്തിൽ കേരളം ഒരു മുൻനിര സംസ്ഥാനമായി ഉയർന്നുവന്നിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 ദിവസത്തെ വേതന തൊഴിൽ നൽകുക വഴി ദേശീയ ശരാശരിയെ മറികടന്നിട്ടുണ്ട്. റോഡ് നിർമ്മാണം, ഉപജീവന ആസ്തികൾ സൃഷ്ടിക്കൽ, ഭൂമി വികസനം എന്നിവയിൽ പ്രധാന ഇടപെടലുകൾ നടത്തി പട്ടികവർഗ്ഗ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ പദ്ധതി ഊന്നൽ നൽകുന്നു.

തൊഴിൽ ദിനങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ച് പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗ സമൂഹങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്നതിലൂടെ, കേരളം ഗ്രാമവികസനത്തിലും സാമൂഹിക ക്ഷേമത്തിലും വലിയ നേട്ടം കൈവരിച്ചു. സമഗ്ര വളർച്ചയ്ക്കുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത ഇതിലൂടെ പ്രതിഫലിക്കുന്നു. കൂടാതെ, ദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്നതിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ, 34,843 പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തത്തോടെ ആകെ 12,41,429 വ്യക്തി ദിനങ്ങൾ സൃഷ്ടിച്ചു, അതിൽ 3,513 കുടുംബങ്ങൾ 200 ദിവസം പൂർത്തിയാക്കി, ₹41.54 കോടി ചെലവഴിച്ചു.

2019-20 മുതൽ 2024-25 വരെ (2025 ഓഗസ്റ്റ് വരെ) കേരള ട്രൈബൽ പ്ലസ് സ്കീമിന് കീഴിൽ നേടിയ പുരോഗതി **അനുബന്ധം 8.2.37**-ലും 2024-25 വർഷത്തിലെ ട്രൈബൽ പ്ലസ് സ്കീമിന്റെ ജില്ലാ തിരിച്ചുള്ള പുരോഗതി **അനുബന്ധം 8.2.38**-ലും നൽകിയിരിക്കുന്നു.

### പട്ടികവർഗ്ഗ വിഭാഗവും കുടുംബശ്രീയും

പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിൽ സമൂഹിക വികസനവും വിദ്യാഭ്യാസവും ശക്തിപ്പെടുത്തുന്നതിൽ കുടുംബശ്രീയുടെ സാമൂഹിക ഇടപെടലുകൾ വഴി ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ സ്പെഷ്യൽ ട്രൈബൽ പ്രോജക്ട് വഴിയുള്ള പ്രത്യേക ഇടപെടലുകളിലൂടെ 98% അംഗങ്ങളെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തി. ഓരോ പരിപാടിയും ആനിമേറ്റർമാർ എന്നറിയപ്പെടുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ വഴിയാണ് ഉന്നതികളിലേയ്ക്ക് എത്തുന്നത്. കുടുംബശ്രീ ഏറ്റെടുക്കുന്ന പദ്ധതികളുടെ പ്രാഥമിക ലക്ഷ്യം പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഒരു സ്ഥിരമായ സംവിധാനം സ്ഥാപിക്കുക എന്നതാണ്. പ്രധാനമായും ഉന്നതികളിൽ തുടർച്ചയായ ശേഷി വർദ്ധിപ്പിക്കൽ പരിപാടിയാണ്. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) പിന്തുണയോടെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ വഴി ഓരോ പരിപാടിയും ഉന്നതികളിലേയ്ക്ക് എത്തുന്നു. പട്ടികവർഗ്ഗ എൻ.എച്ച്.ജികളെ ശക്തിപ്പെടുത്തുന്നതിന് കുടുംബശ്രീ സിഡിഎസും ആനിമേറ്റർമാരും മുൻകൈയെടുത്തു. അവരുടെ പ്രധാന പരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

### 2024-25 ലെ പ്രധാന നേട്ടങ്ങൾ

- ഏകദേശം 111 സ്വാശ്രയ അയൽക്കൂട്ടങ്ങളെ (NHGs) കണ്ടെത്തി. 64 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകി. പഞ്ചസൂത്രത്തിൽ അധിഷ്ഠിതമായ ശാക്തീകരണ പരിപാടിയിൽ എല്ലാ കാർഷിക അയൽക്കൂട്ടങ്ങളെയും ഉൾപ്പെടുത്തിയ പരിശീലന പരിപാടികൾക്കായി 15.00 ലക്ഷം രൂപയുടെ മൊത്തം ബജറ്റിൽ നിന്ന് 9.43 ലക്ഷം രൂപ ചെലവഴിച്ചു.
- 316 ആട് വളർത്തൽ യൂണിറ്റുകളും 167 പിന്നാമ്പുറത്തെ കോഴി യൂണിറ്റുകളും ആരംഭിച്ചു. കാർഷിക പ്രവർത്തനങ്ങൾക്കായി 122 പുതിയ പട്ടികവർഗ്ഗ അംഗ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (JLG) രൂപീകരിച്ചു. ഈ ഇടപെടലുകൾക്കായി, 72.48 ലക്ഷം രൂപ ചെലവഴിച്ചു.
- പട്ടികവർഗ്ഗ കുടുംബങ്ങൾ 28 ഗ്രൂപ്പ് സംരംഭങ്ങളായും 80 വ്യക്തിഗത യൂണിറ്റുകളായും പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു, അവരുടെ ഉൽപ്പന്നങ്ങൾ കുടുംബശ്രീ ബസാർ വഴി വിപണനം ചെയ്തു.
- ആകെ 94 പട്ടികവർഗ്ഗ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് 4,000 രൂപ വീതം കോർപ്പസ് ഫണ്ട് വിതരണത്തിലൂടെ പിന്തുണ ലഭിച്ചു.
- 191 കേന്ദ്രങ്ങളിലായി പട്ടികവർഗ്ഗ സ്കൂളുകളിൽ പോകുന്ന വിദ്യാർത്ഥികൾക്കായി ബ്രിഡ്ജ് കോഴ്സ് തുടർന്നു. 4016 വിദ്യാർത്ഥികൾക്ക് ഉന്നതികളിൽ റെഗുലർ ട്യൂഷൻ പ്രോഗ്രാമിന് പ്രയോജനം ലഭിച്ചു.
- 20 പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്ക് അവരുടെ സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ട് നൽകി. ഓരോ പട്ടികവർഗ്ഗ അയൽക്കൂട്ടത്തിനും 15000 രൂപ വീതം നൽകി.
- 17 പട്ടികവർഗ്ഗ യുവജന ക്ലബ്ബുകൾ പുതുതായി ആരംഭിച്ചു. നിലവിലുള്ള യുവജന ക്ലബ്ബുകൾക്ക് കായികവുമായി ബന്ധപ്പെട്ട പിന്തുണയും ഉറപ്പാക്കി.
- പ്രത്യേക ഇടപെടലുകളുടെ ഫലമായി, 298 പി.വി.ടി.ജി കൾക്കുമാത്രമായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്, തൃശ്ശൂർ ജില്ലകളിലെ 4,115 കുടുംബങ്ങളുടെ കവറേജ് ഉറപ്പാക്കുകയും ചെയ്തു.
- നിലവിൽ, പട്ടികവർഗ്ഗ ഉന്നതികളിൽ പ്രവർത്തിക്കുന്ന 6,741 കുടുംബശ്രീ അയൽക്കൂട്ടങ്ങളുണ്ട്, ഇതിൽ 14 ജില്ലകളിലായി 95,507 അംഗങ്ങളാണുള്ളത്. ഈ ഗ്രൂപ്പുകളിൽ 6,069 എണ്ണം പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ മാത്രമായി രൂപീകരിച്ചവയാണ്.
- 14 ജില്ലകളിലായി 6,741 അയൽക്കൂട്ടങ്ങളിൽ 2779 എണ്ണം നിലവിൽ ബാങ്ക് ലിങ്കേജ് ചെയ്തിട്ടുള്ളതാണ്. ഇത് അയൽക്കൂട്ടങ്ങളിലെ മൊത്തം അയൽക്കൂട്ടങ്ങളുടെ 41.23 ശതമാനമാണ്. ഈ ഗ്രൂപ്പുകൾക്ക് ആകെ 253.49 കോടി വായ്പ നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞു.
- ഉപജീവന വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, കുടുംബശ്രീ 14 ജില്ലകളിലായി 478 ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുകയും 1.96 കോടിയുടെ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ല ഏറ്റവും കൂടുതൽ പ്രവർത്തനക്ഷമമായ യൂണിറ്റുകൾ ഉള്ള ജില്ലയാണ്. ഇവിടെ 187 പ്രവർത്തനക്ഷമമായ യൂണിറ്റുകൾ

ഉണ്ട്. എന്നാൽ ഏറ്റവും കുറവ് മലപ്പുറം ജില്ലയിൽ ആണ്. ഈ ജില്ലയിൽ ഒരു യൂണിറ്റ് മാത്രമാണ് പ്രവർത്തനക്ഷമമയുള്ളത്.

**2025-26 ലെ നേട്ടങ്ങൾ (2025 ഓഗസ്റ്റ് 31 വരെ)**

- പട്ടികവർഗ്ഗ മേഖലയിൽ, 57 പുതിയ എൻ.എച്ച്.ജികൾ രൂപീകരിച്ചു. 646 കുടുംബങ്ങളെ സി.ബി.ഒ സംവിധാനത്തിലേക്ക് കൊണ്ടുവന്നു. കൂടാതെ, 51 പുതിയ ബാലസഭകളിൽ 768 പട്ടികവർഗ്ഗ കുട്ടികൾ ഉൾപ്പെടുന്നു. 26 ട്രൈബൽ യൂത്ത് ക്ലബ്ബുകൾ 408 യുവാക്കളെ അണിനിരത്തി. ഇരുപത്തിയഞ്ച് പുതിയ പട്ടികവർഗ്ഗ എൻ.എച്ച്.ജി കൾക്ക് പഞ്ചസൂത്രത്തിലും അനുബന്ധ വികസന പരിപാടികളിലും സമഗ്ര പരിശീലനം ലഭിച്ചു.
- ഉപജീവന ഇടപെടലുകളുടെ കീഴിൽ, 48 പുതിയ പട്ടികവർഗ്ഗ ജെ.എൽ.ജികൾ പ്രവർത്തനക്ഷമമാക്കി. 225 പട്ടികവർഗ്ഗ കുടുംബങ്ങൾ കൃഷിയിൽ ഏർപ്പെട്ടിരുന്നു. ഇതിൽ ഓണം അടിസ്ഥാനമാക്കിയുള്ള പച്ചക്കറി കൃഷിയും പുഷ്പകൃഷിയും ഉൾപ്പെടെയുള്ളവയായിരുന്നു ഈ കാലയളവിൽ പ്രധാന വിളകൾ.
- സംസ്ഥാനവ്യാപകമായി ആകെ 15 ജനറൽ ഓറിയന്റേഷൻ പരിശീലനങ്ങളും 2 സംരംഭകത്വ വികസന പരിപാടികളും (ഇ.ഡി.പി) നടത്തി, പട്ടികവർഗ്ഗ കുടുംബങ്ങൾ തുടർച്ചയായ നൈപുണ്യ പരിശീലന പരിപാടികളിൽ പങ്കെടുത്തു. കൂടാതെ, 73 വ്യക്തിഗത, 13 ഗ്രൂപ്പ് നോൺ-ഫാം ഉപജീവന ഇടപെടലുകൾ നടപ്പിലാക്കാൻ തയ്യാറാണ്.

- പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ/പരിപാടികൾ
- ബ്രിഡ്ജ് കോഴ്സ്: പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥിരം വിദ്യാഭ്യാസ സഹായത്തിനായി പട്ടികവർഗ്ഗ ഉന്നതികളിൽ ആകെ 270 ബ്രിഡ്ജ് കോഴ്സുകൾ ആരംഭിച്ചു. ഇതിലൂടെ 3424 പട്ടികവർഗ്ഗ കുട്ടികൾക്ക് പിന്തുണ ലഭിച്ചു.
- കെ-ടി.ഐ.സി-കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസസ് ആൻഡ് ഇന്നൊവേഷൻ സെന്റർ പട്ടികവർഗ്ഗ യുവാക്കൾക്കിടയിൽ നൂതന സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു സംരംഭമാണ്. കെ-ടി.ഐ.സിക്ക് കീഴിൽ, 84 ഡി.പി.ആറുകൾ സമർപ്പിച്ചു. 2 യൂണിറ്റുകൾ ഇതിനകം പ്രവർത്തനക്ഷമമാണ്, ബാക്കിയുള്ളവ അംഗീകൃത സബ്സിഡികൾ ലഭിച്ചതിന് ശേഷം ആരംഭിക്കും.
- കമ്യൂണിക്കോർ – പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കാരായ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് ഒരു പ്രത്യേക പ്രദേശത്ത് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനുള്ള പട്ടികവർഗ്ഗ മേഖലയിലെ ഒരു പുതിയ സംരംഭം. 497 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഈ ഇടപെടലുകളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.
- ജന ഗലസ- പട്ടികവർഗ്ഗ സാംസ്കാരിക കലാരൂപ വികസനത്തിനും സാംസ്കാരിക രംഗത്തെ ഉപജീവനമാർഗം വികസിപ്പിക്കുന്നതിനുള്ള ടീം രൂപീകരിക്കുന്നതിനുള്ള ഒരു പരിപാടി ഈ കാലയളവിൽ ആരംഭിച്ചു.
- പട്ടികവർഗ്ഗ യുവാക്കൾക്കായി കോമ്പാസ് – കരിയർ ഗൈഡൻസ് പ്രോഗ്രാം: സംസ്ഥാനത്തുടനീളം 13 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ നടത്തി.
- വയനാട്ടിലെ തിരുനെല്ലി, നൂൽപ്പുഴ പഞ്ചായത്തുകളിലെ കുട്ടികൾക്കായി കുടുംബശ്രീയും എച്ച്.എൽ.എൽ ലൈഫ് കെയറും സംയുക്തമായി സംഘടിപ്പിച്ച 'ധ്രുവ്' പദ്ധതി, കൗമാരക്കാരുടെ ആത്മവിശ്വാസവും ജീവിത നൈപുണ്യവും വളർത്തുക, വിദ്യാഭ്യാസ ചിന്ത, കായിക പ്രതിരോധശേഷി, ആത്മവിശ്വാസം, ജീവിത നൈപുണ്യ വികസനത്തിലൂടെ ലക്ഷ്യബോധം എന്നിവ വളർത്തുക എന്നിവ ലക്ഷ്യമിടുന്നു.
- കുടുംബശ്രീ നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ ഒരു മുൻനിര സംരംഭമാണ് കനസ്ജഗ. പഠനം, സർഗ്ഗാത്മകത, നേതൃത്വം എന്നിവയ്ക്കായി വേദികൾ നൽകുന്നതിലൂടെയും, സാമൂഹിക, സാംസ്കാരിക, പരിസ്ഥിതി, അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിലൂടെയും, പട്ടികവർഗ്ഗ കുട്ടികളുടെ സമഗ്ര വികസനവും ശാക്തീകരണവും പ്രോത്സാഹിപ്പിക്കുകയും, അതുവഴി സമഗ്രവും ശിശു കേന്ദ്രീകൃതവുമായ വികസനത്തിനായുള്ള സർക്കാരിന്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.
- പദ്ധതിയുടെ ഭാഗമായി, പട്ടികവർഗ്ഗ കുട്ടികൾ 102 ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ചു, 3000+ പേർ പങ്കെടുത്ത സംസ്ഥാനതല മേളയിൽ ഇവ പ്രദർശിപ്പിച്ചു, ഒരേസമയം തദ്ദേശീയരായ കുട്ടികൾ നിർമ്മിച്ച് ഏറ്റവും കൂടുതൽ സിനിമകൾ പ്രദർശിപ്പിക്കുന്നതിനുള്ള ടാലന്റ് വേൾഡ് റെക്കോർഡ് നേടുകയും ചെയ്തു.
- പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളെക്കുറിച്ചുള്ള വിശദമായ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 8.2.39-ലും പട്ടികവർഗ്ഗ മേഖലകളിലെ ബാങ്ക് ലിങ്കേജുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.40**-ലും നൽകിയിരിക്കുന്നു. ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റുകളുടെ ജില്ലാ തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 8.2.41**-ലും നൽകിയിരിക്കുന്നു.

**സാമൂഹിക വികസന പരിപാടികൾ**

- ഈ സമൂഹങ്ങൾ നേരിടുന്ന വ്യത്യസ്തങ്ങളായ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനായി പട്ടികവർഗ്ഗക്കാർക്കുള്ള സാമൂഹിക സുരക്ഷാ പരിപാടികൾ പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നു. വിവാഹ സഹായം, സാമ്പത്തിക സഹായം, അടിയ, പണിയ, മറ്റ് പ്രാക്തന ഗോത്ര വിഭാഗങ്ങൾ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക വികസന പാക്കേജുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കുടുംബം-ഉന്നതി അധിഷ്ഠിത മൈക്രോ പ്ലാനുകൾ, അംബേദ്കർ ഗ്രാമവികസന പദ്ധതി തുടങ്ങിയ പ്രധാന പരിപാടികൾ അടിസ്ഥാന സൗകര്യ ഉപജീവന അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിലും പട്ടികവർഗ്ഗ മേഖലകളിലെ മൊത്തത്തിലുള്ള ജീവിത നിലവാരം ഉയർത്തുന്നതിലും നിർണായക പങ്ക് വഹിക്കുന്നു.

**സാമൂഹിക വികസന പദ്ധതികളുടെ പ്രധാന ഭൗതിക നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു.**

2024-25 കാലയളവിൽ 330 പട്ടികവർഗ്ഗ സ്ത്രീ ഗുണഭോക്താക്കൾക്ക് 1.50 ലക്ഷം രൂപ നിരക്കിൽ വിവാഹ സഹായം നൽകി. 2019-20 മുതൽ 2025-26 വരെ (31.08.2025 വരെ) വിവാഹ സഹായവും മിശ്ര വിവാഹ സഹായവും

ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം **അനുബന്ധം 8.2.42** ൽ നൽകിയിരിക്കുന്നു.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം, 2017-18 ൽ തിരഞ്ഞെടുത്ത 94 ഉന്നതികളിൽ 77 എണ്ണത്തിലും 2021-22 ൽ തിരഞ്ഞെടുത്ത 62 ഉന്നതികളിൽ 4 എണ്ണത്തിലും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയായി. 2022-23 ൽ തെരഞ്ഞെടുത്ത 76 ഉന്നതികളിൽ, പദ്ധതി നിലവിൽ പുരോഗമിക്കുന്നു. ഈ പരിപാടിയുടെ കീഴിൽ 2024-25 വർഷത്തേക്ക് 29 ഉന്നതികളെയും 2025-26 വർഷത്തിൽ 34 ഉന്നതികളെയും തിരഞ്ഞെടുത്തു (2025 ഓഗസ്റ്റ് 31 വരെ). വനങ്ങളിൽ താമസിക്കുന്ന അടിയ, പണിയ, പ്രാക്തന ഗോത്ര വിഭാഗങ്ങൾ എന്നിവർക്കായുള്ള പ്രത്യേക പരിപാടിക്ക് കീഴിൽ 2025-26 വർഷത്തിൽ (2025 ഓഗസ്റ്റ് 31 വരെ) 185 ഗുണഭോക്താക്കൾക്ക് സഹായം നൽകി.

മൈക്രോപ്ലാൻ - കമ്മ്യൂണിറ്റി അധിഷ്ഠിത ശാക്തീകരണ തന്ത്രമായ മൈക്രോ പ്ലാൻ, പട്ടികവർഗ്ഗ ഉന്നതികളുടെ വികസനത്തിനും പരിപാലനത്തിനുമുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുന്നു. കേരളത്തിൽ 6,578 പട്ടികവർഗ്ഗ ഉന്നതികളുണ്ട്. ഓരോന്നിനും അതിന്റെ പ്രത്യേക ആവശ്യങ്ങൾ അടിസ്ഥാനമാക്കി ഒരു മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി, 2023-24 കാലയളവിൽ 54 നഗറുകളിൽ ഡാറ്റാ ശേഖരണം നടത്തി.

ഇടമലക്കുടി പ്രത്യേക പാക്കേജ് - ഇടമലക്കുടി പ്രത്യേക പാക്കേജിന് കീഴിൽ, 7.2 കിലോമീറ്റർ പെട്ടിമുടി-ഇടലിപ്പാറക്കുടി റോഡിന്റെ നിർമ്മാണത്തിനായി ₹13.70 കോടി അനുവദിച്ചു, അതിൽ 4.5 കിലോമീറ്റർ പൂർത്തിയായി. കൂടാതെ, കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ് കണക്റ്റിവിറ്റി, അധിക റോഡ് ശൃംഖലകൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം ഇടമലക്കുടിയിൽ പുരോഗമിക്കുന്നു.

**ആറളം ഫാം**

1970-ൽ കണ്ണൂരിൽ 7,000 ഏക്കർ വിസ്തൃതിയുള്ള ഒരു കേന്ദ്ര സംസ്ഥാന ഫാമായി സ്ഥാപിതമായ ആറളം ഫാം, പട്ടികവർഗ്ഗ ക്ഷേമം ഉറപ്പുവരുത്തുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഭൂമിയുടെ പകുതി 3,500 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ചു, ബാക്കിയുള്ളത് കാർഷിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നു. നിലവിൽ, പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ കാർഷിക പരിപാടികളിലൂടെ 3,000 പട്ടികവർഗ്ഗ കുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കാർഷിക വികസന പദ്ധതി നടത്തിവരുന്നു.

**അട്ടപ്പാടി ഫാമിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (എ.സി.എഫ്.എസ്)**

1975-ൽ സ്ഥാപിതമായ അട്ടപ്പാടി ഫാമിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിയുക്ത കൃഷിഭൂമിയിൽ കൂട്ടായ കൃഷി പ്രോത്സാഹിപ്പിക്കുക, വിപണന പ്രവർത്തനങ്ങൾ സുഗമമാക്കുക എന്നീ പ്രാഥമിക ലക്ഷ്യത്തോടെയാണ് സ്ഥാപിതമായത്. ഏകദേശം 1092.79 ഹെക്ടർ ഭൂമിയിലുള്ള 420 കുടുംബങ്ങളെ സൊസൈറ്റി വിജയകരമായി പുനരധിവസിപ്പിക്കുകയും, ചിണ്ടക്കി, കരുവാര, പൊട്ടുപടി, വരടിമല എന്നീ നാല് സജീവ ഫാമുകൾ ഉൾക്കൊള്ളുന്ന ഒരു കാർഷിക സമൂഹമായി അവരെ സംഘടിപ്പിച്ചു. നിലവിൽ ഇരുള, മുഡുഗ, കുറുമ്പ സമുദായങ്ങളിൽ നിന്നുള്ള 816 രജിസ്റ്റർ ചെയ്ത പട്ടികവർഗ്ഗ അംഗങ്ങൾ സൊസൈറ്റിയിലുണ്ട്. കാർഷിക, സാമ്പത്തിക സംരംഭങ്ങൾക്ക് പുറമേ, പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി അട്ടപ്പാടി ട്രൈബൽ ഹൈസ്കൂൾ-ചിണ്ടക്കി എന്ന വിദ്യാഭ്യാസ സ്ഥാപനവും സൊസൈറ്റി നടത്തുന്നു.

2020-ൽ, കേരള കാർഷിക സർവകലാശാല പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള അട്ടപ്പാടി ഫാമിനായി 10 വർഷത്തെ നവീകരണ പദ്ധതി വികസിപ്പിച്ചെടുത്തു, തൈകൾ നടൽ, വിള പരിപാലനം, വേലി കെട്ടൽ, സംഭരണ നിർമ്മാണം എന്നിവയ്ക്കായി അട്ടപ്പാടി സഹകരണ കൃഷി സൊസൈറ്റിക്ക് (എ.സി.എഫ്.എസ്) ഫണ്ട് അനുവദിച്ചു, ഇത് പട്ടികവർഗ്ഗ വരുമാനം വർദ്ധിപ്പിച്ചു. 2025-26 കാലയളവിൽ, ചിണ്ടക്കി, വരടിമല, കരുവാര, പോത്തുപ്പാടി ഫാമുകളിലെ കാപ്പിത്തോട്ട പുനരുജ്ജീവനത്തിനും വരടിമല ഫാമിലെ ഏലം തോട്ട പുനരുജ്ജീവനത്തിനും ചിണ്ടക്കി, കരുവാര ഫാമുകളിൽ കുരുമുളക് നടീലിനും 292.29 ലക്ഷം രൂപ അനുവദിച്ചു.

**പ്രിയദർശിനി ടീ എസ്റ്റേറ്റ്, പ്രിയദർശിനി ടീ ഫാക്ടറി**

വയനാട് ജില്ലയിലെ ബോണ്ടഡ് പട്ടികവർഗ്ഗ സമൂഹങ്ങളെ പിന്തുണയ്ക്കുന്നതിനായി 1984-ൽ സ്ഥാപിതമായതാണ് പ്രിയദർശിനി ടീ എസ്റ്റേറ്റ് എന്നും അറിയപ്പെടുന്ന മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓപ്പറേഷൻ ലിമിറ്റഡ്. തേയില കൃഷിക്കായുള്ള 402.10 ഏക്കറും തേയില, കാപ്പി, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന 593.13 ഏക്കറും മേൽനോട്ടം വഹിക്കുന്ന സൊസൈറ്റി 38 വർഷമായി എസ്റ്റേറ്റ് കൈകാര്യം ചെയ്യുന്നു. അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി, പ്രിയദർശിനി കാർഷിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനുള്ള പ്രവർത്തനവും എസ്റ്റേറ്റിൽ ആരംഭിച്ചു. എസ്റ്റേറ്റ് തൊഴിലാളികളുടെ തൊഴിലും ഉപജീവനമാർഗവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള രണ്ട് പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ആദ്യത്തേത് തേയിലച്ചെടികൾ നട്ടുപിടിപ്പിക്കൽ, കാപ്പിത്തോട്ട വികസനം, പഴവർഗ്ഗങ്ങൾ വളർത്തൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രണ്ടാമത്തേത് കുരുമുളക് നടീലും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നു.

നിയമപരമായ സംരക്ഷണ നടപടികൾ: പൗരാവകാശ സംരക്ഷണവും അതിക്രമങ്ങൾ തടയൽ നിയമവും നടപ്പിലാക്കൽ

പൗരാവകാശ സംരക്ഷണ നിയമവും 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമവും നടപ്പിലാക്കി. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അംഗങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് ലക്ഷ്യമിട്ടുള്ള വ്യവസ്ഥകൾ ഈ നിയമങ്ങളിൽ അടങ്ങിയിരിക്കുന്നു.

2024-25 കാലയളവിൽ, അതിക്രമങ്ങൾക്ക് ഇരയായ ഏകദേശം 104 പേർക്ക് ദുരിതാശ്വാസ ഫണ്ടുകൾ നൽകി. അതേ വർഷം, 40 മിശ്രവിവാഹ ദമ്പതികൾക്ക് സഹായം ലഭിച്ചു. 2025-26 ൽ, 17 ഗുണഭോക്താക്കൾക്ക് (2025

ഓഗസ്റ്റ് വരെ) മിശ്ര വിവാഹ സഹായം നൽകി. 2019-20 മുതൽ 2025-26 വരെ (2025 ഓഗസ്റ്റ് 31 വരെ) വിവാഹ സഹായവും മിശ്ര വിവാഹ ധന സഹായവും ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.43**-ൽ നൽകിയിരിക്കുന്നു.

**ടി.എസ്.പി യ്ക്കുള്ള കോർപ്പസ് ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്)**

പട്ടികവർഗ്ഗ ഉപപദ്ധതി പദ്ധതികളിൽ കണ്ടെത്തിയിരിക്കുന്ന നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വാർഷിക ബജറ്റിന്റെ ഒരു പ്രത്യേക ഭാഗം നീക്കിവയ്ക്കുന്നു. 2024-25 വർഷത്തേക്ക്, ₹40.00 കോടി വിഹിതം നീക്കിവച്ചിരുന്നു. അതിൽ ₹ 27.68 കോടി വിവിധ വകുപ്പുതല പദ്ധതികൾക്കായി വിനിയോഗിച്ചു. 2018-19 മുതൽ 2025-26 വരെയുള്ള കാലയളവിലെ വിഹിതവും ചെലവും (2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്) **അനുബന്ധം 8.2.43** ൽ അവതരിപ്പിച്ചിരിക്കുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വികസനത്തിനായുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (കിർത്താഡ്സ്)**

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഒരു സർക്കാർ ഗവേഷണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ട്രൈബ്സ് (കിർത്താഡ്സ്), ഒരു സ്വതന്ത്ര ഡയറക്ടറേറ്റായി പ്രവർത്തിക്കുന്നു. 1972-ൽ ട്രൈബൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ (റ്റി.ആർ&റ്റി.സി) എന്ന പേരിൽ സ്ഥാപിതമായ ഈ സ്ഥാപനം 1979-ൽ കിർത്താഡ്സ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കേരളത്തിലെ പട്ടികവർഗ്ഗ സമൂഹങ്ങളുടെ വികസനത്തെ പിന്തുണയ്ക്കുന്ന ഗവേഷണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ആവശ്യങ്ങളും വെല്ലുവിളികളും തിരിച്ചറിയുകയും അവരുടെ മൊത്തത്തിലുള്ള വികസനത്തിനുള്ള പരിഹാരങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

**ബോക്സ് നമ്പർ 8.2.9** 2024-25 ൽ കിർത്താഡ്സ് നടത്തിയ പ്രധാന പദ്ധതികൾ/പരിപാടികളും പഠനങ്ങളും

**പ്രധാന പദ്ധതികൾ/പരിപാടികൾ:**

- ദേശീയതല അമ്പെയ്ത്ത് മത്സരം
- 2024-ലെ ജനജാതിയ ഗൗരവ് ദിവസ് ആഘോഷങ്ങളുടെ ഭാഗമായി, കോഴിക്കോട് ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി ഒരു ക്വിസ് മത്സരം.
- പട്ടികവർഗ്ഗ എഴുത്തുകാർക്ക് മാത്രമായി ഒരു സാഹിത്യ ക്യാമ്പ് സംഘടിപ്പിച്ചു.
- കോട്ടുമരാമസ് എന്നറിയപ്പെടുന്ന എരവാളൻ സമൂഹത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെ ഒരു പ്രകടന വേദി

**പരിപാടിയാക്കി മാറ്റുന്നതിനുള്ള വർക്ക്ഷോപ്പ്.**

- പാരമ്പര്യ വൈദ്യൻമാർക്കുള്ള മൂന്ന് ദിവസത്തെ വർക്ക്ഷോപ്പ്.
- കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ ഭരണസമിതി അംഗങ്ങൾക്കുള്ള മൂന്ന് ദിവസത്തെ വർക്ക്ഷോപ്പ്.
- കേരളത്തിലെ ഗോത്രങ്ങളുടെ പരമ്പരാഗത ആഭരണങ്ങൾ, വസ്ത്രധാരണരീതി, അനുബന്ധ വാമൊഴി സാഹിത്യം എന്നിവയുടെ ഓഡിയോ വിഷ്വൽ ഡോക്യുമെന്റേഷൻ.
- നേരത്തിങ്ക-2024 ദേശീയ ഗോത്ര കലാമേള
- വന്യജീവി സങ്കേതതലത്തിൽ രണ്ട് ദിവസത്തെ ആരോഗ്യ വിദ്യാഭ്യാസ ക്ലാസും മെഡിക്കൽ ക്യാമ്പും.
- കോളേജുകളുടെയും സർവകലാശാലകളുടെയും സഹകരണത്തോടെ വികസന പഠന വിഭാഗം സംഘടിപ്പിച്ച പട്ടികവർഗ്ഗ കോൺഗ്രസ്.
- കിർത്താഡ്സ് ഡിജിറ്റൽ ആർക്കൈവുകൾ സൃഷ്ടിക്കൽ

**പരിശീലന പരിപാടികൾ :**

- പട്ടികവർഗ്ഗ സമുദായങ്ങളിലെ യുവാക്കൾക്ക് വെബ് (വെബ് ബ്രൗസർ) അധിഷ്ഠിത പരിശീലനം.
- പട്ടികവർഗ്ഗ സമുദായങ്ങളിലെ യുവാക്കൾക്ക് അവരുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയ്ക്കായി തദ്ദേശീയ ഭക്ഷ്യവസ്തുക്കളെ സംബന്ധിച്ച പരിശീലനം

**. പഠനങ്ങൾ:**

- വനാവകാശ നിയമത്തെക്കുറിച്ച് ഒരു വിലയിരുത്തൽ പഠനം, നിയമങ്ങൾ കൂടുതൽ ഫലപ്രദമായും സൃഷ്ടിപരമായും എങ്ങനെ നടപ്പിലാക്കാമെന്ന് കണ്ടെത്തുന്നതിനായി പഠനങ്ങൾ നടത്തി.
- കേരളത്തിലെ പട്ടികവർഗ്ഗ സ്വാതന്ത്ര്യ സമര സേനാനികളെ തിരിച്ചറിയുന്നതിനുള്ള ഗവേഷണ പഠനം.

**പ്രസിദ്ധീകരണങ്ങൾ**

- 'മലവേടൻ ട്രൈബൽ സമൂഹത്തിന്റെ ഇന്നലെകളും ഇന്ന്: സാഹിത്യം, ഭാഷ, കലാരൂപങ്ങൾ'.
- 'തച്ചണ്ടൻ മൂപ്പൻ ട്രൈബൽ സമൂഹം, ജീവിത സാഹചര്യങ്ങൾ & സാമൂഹിക-സാംസ്കാരിക സവിശേഷതകൾ'.

കിർത്താഡ്സിന്റെ പദ്ധതി തിരിച്ചുള്ള വിഹിതവും ചെലവും **അനുബന്ധം 8.2.44**-ൽ നൽകിയിരിക്കുന്നു. 2018-19 മുതൽ 2025-26 വരെ കേരളത്തിൽ സംശയാസ്പദമായ ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് കിർത്താഡ്സ് നടത്തിയ നരവംശശാസ്ത്ര അന്വേഷണ കേസുകളുടെ എണ്ണം (2025 ഓഗസ്റ്റ് 31 വരെ) **അനുബന്ധം 8.2.45**-ൽ നൽകിയിരിക്കുന്നു.

**അവലംബം**: കിർത്താഡ്സ്, കേരള സർക്കാർ

ഗവേഷണം, പരിശീലനം, വികസന പഠനങ്ങൾ എന്നീ മൂന്ന് പ്രധാന വിഭാഗങ്ങൾ കിർത്താഡ്സിൽ ഉൾപ്പെടുന്നു. കൂടാതെ പരിശീലന പരിപാടികൾക്കുള്ള ഒരു ഹോസ്റ്റൽ, ഒരു എത്നോളജിക്കൽ മ്യൂസിയം, ഒരു ആദികലാകേന്ദ്രം (സമൂഹ കലാരൂപങ്ങൾക്കായുള്ള ഒരു ഡോക്യുമെന്റേഷൻ സെന്റർ), ഒരു ലൈബ്രറി എന്നിവയും കിർത്താഡ്സിൽ ഉണ്ട്.

## കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി നിരവധി വരുമാനദായക പദ്ധതികളും ഒപ്പം മറ്റ് ക്ഷേമ പരിപാടികളും രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നു. കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെ (i) സ്വന്തം വായ്പാ പദ്ധതികൾ (ii) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനുമായി (എൻ.എസ്.എഫ്.ഡി.സി.) സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ, (iii) ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.എസ്.ടി.എഫ്.ഡി.സി) നടപ്പിലാക്കുന്ന പദ്ധതികൾ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വരുമാനം സൃഷ്ടിക്കുന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുമായുള്ള പദ്ധതികളിൽ ഗുണഭോക്താധിഷ്ഠിത പദ്ധതികൾ, വിവിധോദ്ദേശ്യ യൂണിറ്റ് വായ്പ, ഗതാഗത പദ്ധതി, സ്റ്റാർട്ട് അപ്പ് സംരംഭകർക്കായുള്ള വായ്പ, മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് സിസ്റ്റം, ലഘു വ്യവസായ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പ, വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള സ്ത്രീ ശാക്തീകരണ പരിപാടി, മഹിളാസമൃദ്ധി യോജന, പ്രൊഫഷണൽ സേവന പദ്ധതികൾ, കർഷക തൊഴിലാളികൾക്കായുള്ള ഭൂമി വാങ്ങൽ പദ്ധതി, പെട്രോളിയം ഡീലർമാർക്കുള്ള പ്രവർത്തന മൂലധന വായ്പ തുടങ്ങിയവ ഉൾപ്പെടുന്നു. വിദ്യാഭ്യാസ വായ്പ, വിദേശ വിദ്യാഭ്യാസ വായ്പ, വിവാഹ സഹായം, ഭവന വായ്പ, ഭവന നവീകരണ വായ്പ തുടങ്ങിയവ സാമൂഹ്യക്ഷേമ പദ്ധതികളും കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2024-25-ൽ കോർപ്പറേഷൻ പട്ടികജാതിക്കാരെ സഹായിക്കുന്നതിനുള്ള പദ്ധതികളിലൂടെ 109.15 കോടി രൂപ ചെലവഴിക്കുകയും 5,445 പേർക്ക് അതിൻറെ പ്രയോജനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളിലൂടെ ആകെ 14.19 കോടി രൂപ ചെലവഴിക്കുകയും 767 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2025-26-ൽ 2,043 പട്ടികജാതി ഗുണഭോക്താക്കൾക്കും 343 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും (ആഗസ്റ്റ് 31, 2025 വരെ) കോർപ്പറേഷൻ സഹായം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ 2024-25 ലെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

### വരുമാനദായക/സ്വയം തൊഴിൽ പദ്ധതികൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വ്യക്തിഗത പദ്ധതിയിലൂടെ തൊഴിലില്ലാത്ത യുവതീ-യുവാക്കൾക്ക് പദ്ധതിച്ചെലവിന്റെ പരമാവധി 3 ലക്ഷം രൂപ വരെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്നു. ഈ പദ്ധതിയിലൂടെ 2024-25-ൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് യഥാക്രമം 73 പേർക്കും 11 പേർക്കും സഹായം ലഭിച്ചിട്ടുണ്ട്. മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ പദ്ധതിയിൽ, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകരുടെ പ്രായോഗികവും കുറഞ്ഞ സമയം ആവശ്യമുള്ളതുമായ ചെറുതും ഇടത്തരവുമായ പ്രോജക്റ്റുകൾക്ക് ധനസഹായം നൽകുന്നു. 2024-25-ൽ 22 പട്ടികജാതി സംരംഭകർക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാക്കി. സ്റ്റാർട്ടപ്പ് സംരംഭകർക്ക് വായ്പ നൽകുന്ന പദ്ധതിയിൽ യുവ പട്ടികജാതി സംരംഭകരുടെയും നൂതന ആശയങ്ങൾ ഉള്ളവരുടേയും ചെറുകിട, ഇടത്തരം സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ 50 ലക്ഷം രൂപയിൽ അധികരിക്കാത്ത പദ്ധതികൾക്ക് ഏഴ് ശതമാനം പലിശ നിരക്കിൽ വായ്പാ നൽകുന്നു. ഇതിൽ പുതുതായി പ്രൊഫഷണൽ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകുന്നത്. അതുപോലെ, കൃഷി, വ്യാപാരം ഉൾപ്പെടെയുള്ള മേഖലകളിൽ ചെറുകിട പദ്ധതികൾ ആരംഭിക്കുന്നതിന് പാവപ്പെട്ട പട്ടികവർഗ്ഗ യുവാക്കളെ സഹായിക്കാൻ 'ആദിവാസി സംരംഭകർക്ക് വായ്പ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള 130 സംരംഭകരെ സഹായിക്കുകയുണ്ടായി. അതുപോലെ, ലഘു വ്യവസായ യോജന വഴി 2024-25-ൽ 1,442 പട്ടികജാതി സംരംഭകർക്ക് സഹായം ലഭിച്ചു. 'മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള ലോൺ' പദ്ധതി വഴി, നോർക്ക റൂട്ട്സ് കണ്ടെത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് ലാഭകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആവശ്യകത അടിസ്ഥാനമാക്കിയുള്ള വായ്പയായി പരമാവധി 20 ലക്ഷം രൂപ നൽകുന്നു. പദ്ധതിയുടെ 15 ശതമാനം മൂലധന സബ്സിഡിയായി നോർക്ക അനുവദിക്കുകയും ചെയ്യുന്നു.

ഗ്രാമീണ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കുന്ന വനിതാ ശാക്തീകരണ പരിപാടിയിൻ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ വനിതാ സംരംഭകരുടെ ഗ്രൂപ്പുകൾക്കാണ് വായ്പ നൽകുന്നത്. 2024-25-ൽ 146 പട്ടികജാതി ഗുണഭോക്താക്കൾക്കും, 6 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചു. ഇതുകൂടാതെ, പട്ടികജാതി വനിതാ സംരംഭകർക്ക് സോഫ്റ്റ് ലോൺ സഹായം ലഭ്യമാക്കുന്ന മഹിളാ സമൃദ്ധി യോജനയും പട്ടികവർഗ്ഗ വനിതകൾക്കായി ആദിവാസി മഹിളാ സശാക്തികരൺ യോജനയും (എൻ.എസ്.ടി.എഫ്.ഡി.സി) കോർപ്പറേഷൻ നടപ്പിലാക്കുന്നു. 2024-25-ൽ മഹിളാ സമൃദ്ധി യോജനയിലൂടെ 61 പട്ടികജാതിക്കാർക്കും, മഹിളാ സശാക്തികരൺ യോജനയിലൂടെ 79 പട്ടിക വർഗ്ഗക്കാർക്കും അവരുടെ സ്വയം തൊഴിൽ സംരംഭത്തിന് സഹായം ലഭിക്കുകയുണ്ടായി.

### സാമൂഹ്യക്ഷേമ പദ്ധതികൾ

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക ക്ഷേമത്തിനായുള്ള നിരവധി കാര്യങ്ങൾക്കായി കോർപ്പറേഷൻ വായ്പകളും സഹായങ്ങളും വാഗ്ദാനം ചെയ്യുന്നു. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള വിദ്യാഭ്യാസ വായ്പ, 10 ലക്ഷം രൂപ വരെയുള്ള വിദേശ വിദ്യാഭ്യാസ വായ്പ, 2.50 ലക്ഷം രൂപ വരെ വിവാഹ സഹായം, ഭവന വായ്പ, ഭവന പുനരുദ്ധാരണ വായ്പ തുടങ്ങിയവ അത്തരം ചില പദ്ധതികളാണ്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ 2024-25, 2025-26 (ആഗസ്റ്റ് 31, 2025 വരെ) വർഷങ്ങളിലെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.46**-ൽ നൽകിയിരിക്കുന്നു.

## മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

കേരളത്തിൽ, ജനസംഖ്യയുടെ 65 ശതമാനം മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ (ഒ.ബി.സി) ഉൾപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു. ഇത് അവരുടെ ജനസംഖ്യാപരമായ പ്രാധാന്യവും സംസ്ഥാനത്തിന്റെ സമഗ്ര വികസന അജണ്ടയിൽ അവരുടെ കേന്ദ്ര പങ്കിനേയും സൂചിപ്പിക്കുന്നു. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ഇത്തരം വിഭാഗങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട്, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ കേരളത്തിൽ തിരുവിതാംകൂർ സംസ്ഥാനം ദുർബലരായ സമുദായങ്ങളെ ഉയർത്തുന്നതിനുള്ള നടപടികൾക്ക് തുടക്കംകുറിച്ചുകൊണ്ടു അവരുടെ ക്ഷേമം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. സ്വാതന്ത്ര്യത്തിനു ശേഷം, ഈ സമൂഹങ്ങൾ നേരിടുന്ന ചരിത്രപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുള്ള നിരവധി പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കി. വിദ്യാഭ്യാസത്തിലും പൊതുതൊഴിലിലും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക വ്യവസ്ഥകളും സംവരണ നയങ്ങളും അനുവദിക്കുന്ന ആർട്ടിക്കിൾ 15 (4), 16 (4) എന്നിവയിലൂടെ ഇന്ത്യൻ ഭരണഘടന ഈ ഇടപെടലുകൾക്ക് ദൃഢമായ നിയമ അടിത്തറ നൽകി.

ഭരണഘടനയുടെ 340-ാം അനുച്ഛേദത്തിനും, മണ്ഡൽ കമ്മീഷന്റെ ശിപാർശകൾക്കും അനുസൃതമായി, സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി കേരള സർക്കാർ 2011 നവംബറിൽ ഒരു പ്രത്യേക വകുപ്പ് സ്ഥാപിച്ചു. ഈ സമുദായങ്ങൾക്ക് കൂടുതൽ ഘടനാപരമായ പിന്തുണ, സമഗ്ര വികസന പരിപാടികൾ, ലക്ഷ്യമിട്ട് നയപരമായ ഇടപെടലുകൾ എന്നിവ ഉറപ്പാക്കുന്നതിനാണ് വകുപ്പ് സ്ഥാപിച്ചത്.

സർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിന്നാക്ക വിഭാഗത്തിന് സംവരണം നടപ്പിലാക്കിയ ആദ്യ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഈ നടപടികൾ സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി ഗണ്യമായി മെച്ചപ്പെടുത്തുകയും കേരളത്തിലെ പിന്നാക്ക വിഭാഗ ജനതയെ ഇന്ത്യയുടെ മറ്റ് പല ഭാഗങ്ങളേക്കാളും താരതമ്യേന മെച്ചപ്പെട്ട സ്ഥിതിയിലാക്കുകയും ചെയ്തു.

കേരളത്തിലെ ഒ.ബി.സി പട്ടികയിൽ 90 സമുദായങ്ങളും സംസ്ഥാന സാമ്പത്തിക പിന്നാക്ക വിഭാഗങ്ങളുടെ (എസ്.ഇ.ബി.സി) പട്ടികയിൽ 93 വിഭാഗങ്ങളും ഉൾപ്പെടുന്നു. ഈഴവരും നിരവധി മുസ്ലീം വിഭാഗങ്ങളും സംസ്ഥാനത്തെ പ്രമുഖ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുന്നു. ലാറ്റിൻ കത്തോലിക്കർ, വിശ്വകർമ്മർ, ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി, ഹിന്ദു നാടാർ, എസ്.ഐ.യു.സി നാടാർ, ധീവരർ തുടങ്ങിയ മറ്റ് പ്രധാന സമുദായങ്ങളും കേരളത്തിലെ പിന്നാക്ക വിഭാഗ ജനസംഖ്യയുടെ ഗണ്യമായ ഭാഗമാണ്.

ഏറ്റവും പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ നൽകി സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾക്ക് സമഗ്രവും സുസ്ഥിരവുമായ സാമൂഹിക പുരോഗതി വളർത്തുക എന്നതാണ് പിന്നാക്ക വിഭാഗ വികസന വകുപ്പ് (ബി.സി.ഡി.ഡി) ലക്ഷ്യമിടുന്നത്. ഇത് നേടുന്നതിനായി, പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ, ഉൾപ്പെടെയുള്ള ഒന്നിലധികം വിദ്യാഭ്യാസ പിന്തുണാ ഉദ്യമങ്ങളും, അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, നൈപുണ്യ വികസനം, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കുള്ള സഹായം എന്നീ പരിപാടികളും നടപ്പിലാക്കുന്നു. കേന്ദ്രീകൃത ഇടപെടലുകളിലൂടെയും വികസന പരിപാടികളിലൂടെയും പരമ്പരാഗത തൊഴിലാളിവർഗ്ഗ സമൂഹങ്ങളുടെ, പ്രത്യേകിച്ച് ഏറ്റവും ദുർബല വിഭാഗങ്ങളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത നിരവധി പദ്ധതികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ സഹായങ്ങൾ**

സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പ്രസിദ്ധീകരിച്ച 2024 ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേയിൽ റിപ്പോർട്ട് ചെയ്തതുപോലെ, കേരളത്തിലെ പിന്നാക്ക വിഭാഗങ്ങൾക്കിടയിലെ സാക്ഷരതാ നിരക്ക് ഏകദേശം 96 ശതമാനമാണ്. താരതമ്യത്തിനായി, **ചിത്രം 8.2.3**-ൽ അയൽ സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ സാക്ഷരതാ നിരക്കുകൾ അവതരിപ്പിക്കുന്നു.

പിന്നാക്ക വിഭാഗ വികസന വകുപ്പ് പോലുള്ള വിവിധ സ്ഥാപനങ്ങളിലൂടെ കേരള സംസ്ഥാന സർക്കാർ നടപ്പാക്കിയ നിരവധി വിദ്യാഭ്യാസ ഇടപെടലുകളാണ് സാക്ഷരതയിലെ ഈ ശക്തമായ പ്രകടനത്തെ പിന്തുണയ്ക്കുന്നത്. വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുള്ള വിദേശ സ്കോളർഷിപ്പുകൾ ഉൾപ്പെടെ പിന്നാക്ക വിഭാഗങ്ങൾക്ക് നിരവധി വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് നൽകുന്നു. മറ്റ് അർഹരായ സമുദായങ്ങളിലെ (ഒ.ഇ.സി) വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ നൽകുന്നു. നിലവിൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക്, പട്ടികജാതി, പട്ടികവർഗക്കാർക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസ സഹായവും വരുമാന പരിധിയില്ലാതെ നൽകുന്നു.

2024-25-ലെ ഒ.ബി.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്കുള്ള പ്രധാന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ വിവരിച്ചിരിക്കുന്നു.

- 1,61,964 ഒ.ഇ.സി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സഹായവും 1,81,113 ഒ.ഇ. സി വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സഹായവും നൽകി.
- 38, 792 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പും 97,904 ഒ.ബി.സി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും നൽകി.
- വിദേശ സർവകലാശാലകളിൽ ഉന്നത പഠനത്തിനായി 32 ഒ.ബി.സി വിദ്യാർത്ഥികൾക്ക് വിദേശ സ്കോളർഷിപ്പ്

**ചിത്രം 8.2.3** കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും പിന്നാക്ക വിഭാഗങ്ങൾക്കിടയിലെ സാക്ഷരതാ നിരക്ക്




**അവലംബം**: പീരിയോഡിക് ലേബർ ഫോഴ്സ് സർവേ, 2024

നൽകി. ഒരു വിദ്യാർത്ഥിയ്ക്ക് പരമാമധി പത്തു ലക്ഷം രൂപവരെ അനുവദിക്കാവുന്നതാണ്.

കേരളത്തിന് പുറത്തുള്ള ദേശീയ സ്ഥാപനങ്ങളിലും കേന്ദ്ര സർവകലാശാലകളിലും പഠനം നടത്തുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ നൽകുന്നു. കൂടാതെ, സർക്കാർ, സർക്കാർ എയ്ഡഡ് കോളേജുകളിൽ മെഡിക്കൽ, അനുബന്ധ ആരോഗ്യസംരക്ഷണ മേഖലയിലെ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന ഒ.ബി.സി വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്ക് 'മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ട മറ്റു പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്' എന്ന പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നു.

**തൊഴിൽദായക പദ്ധതികൾ**

പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള വ്യക്തികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്, 'തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടി/പരിശീലനം' എന്ന പദ്ധതി മുഖേന മെഡിസിൻ, എഞ്ചിനീയറിംഗ്, സിവിൽ സർവീസസ് തുടങ്ങിയ മേഖലകളിലെ പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കും പ്രമുഖ സ്ഥാപനങ്ങളിൽ യു.ജി.സി/നെറ്റ്/ജെ.ആർ.എഫ്/ഗേറ്റ്/മാറ്റ് എന്നിവയുൾപ്പെടെയുള്ള മറ്റ് മത്സര പരീക്ഷകൾക്കും വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 1,629 പേർക്ക് പ്രയോജനം ലഭിച്ച 'തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന പരിപാടി' വഴി പങ്കെടുക്കുന്നവർക്ക് സ്വന്തമായി ബിസിനസുകൾ ആരംഭിക്കാനുമുള്ള പിന്തുണ പ്രാപ്തമാക്കുന്നു.

കൂടാതെ, 'പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ഓട്ടോമൊബൈൽ വ്യവസായത്തിലെ തൊഴിലുകൾ ലഭ്യമാക്കൽ' എന്ന പദ്ധതിയുടെ ഭാഗമായി ഓട്ടോമോട്ടീവ്, ലോജിസ്റ്റിക്സ്, ട്രാവൽ ആൻഡ് ടൂറിസം, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവേയിംഗ്, പോളിമർ ടെക്നോളജി തുടങ്ങിയ മേഖലകളിൽ പ്രത്യേക തൊഴിൽ അധിഷ്ഠിത പരിശീലനവും നൽകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിലൂടെ 585 ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചു. കൂടാതെ, ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിന്, ഒ.ബി.സി അഭിഭാഷകർക്ക് അവരുടെ സനദ് (പ്രാക്ടീസ് ചെയ്യാനുള്ള ലൈസൻസ്) ലഭിച്ചതിന് ശേഷം ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഒരു അഡ്വക്കേറ്റ് ഗ്രാന്റ് നൽകുന്നു. നിരവധി ഒ.ബി.സി സമൂഹങ്ങൾ മൺപാത്ര നിർമ്മാണം, മത്സ്യബന്ധനം, നെയ്ത്ത്, അലക്ക്, എണ്ണ ഉൽപാദനം, കേശാലങ്കാരം എന്നിവയുൾപ്പെടെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. 2024-25-ൽ മൺപാത്ര നിർമ്മാതാക്കൾ, ബാർബർമാർ, വൈദഗ്ധ്യമുള്ള കരകൗശല വിദഗ്ധർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകി. ഇതിൽ 79 മൺപാത്ര നിർമ്മാതാക്കൾക്കും 72 പരമ്പരാഗത ബാർബർമാർക്കും സഹായം ലഭിച്ചു. കരകൗശല തൊഴിലാളികൾക്ക് അവരുടെ ജോലിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പണി ആയുധങ്ങൾ വാങ്ങാനും വകുപ്പ് സഹായിച്ചു.

പിന്നാക്ക വിഭാഗങ്ങളിൽപെട്ട കുംഭാരൻ, കുശവൻ, കുലാലൻ, ഓടൻ, വേളാൻ തുടങ്ങിയ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അധിവസിക്കുന്ന കേരളത്തിലെ ജനസാന്ദ്രതയേറിയ കുംഭാര കോളനികളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് 'കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം'. കുംഭാരാ സമുദായങ്ങൾ സാമൂഹികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നു, അവരുടെ പാർപ്പിട പ്രദേശങ്ങളിൽ പലപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. ഈ അടിയന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സുരക്ഷിതമായ കുടിവെള്ളം, വൈദ്യുതി, മികച്ച രീതിയിൽ പരിപാലിക്കപ്പെടുന്ന റോഡുകളും നടപ്പാതകളും, കമ്മ്യൂണിറ്റി സെന്ററുകൾ, ലൈബ്രറികൾ, മറ്റ് ആവശ്യ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ, മെച്ചപ്പെട്ട തൊഴിലിടങ്ങൾ നൽകുന്നതിലൂടെയും, ചിമ്മിനികൾ സ്ഥാപിക്കുന്നതിലൂടെയും, കരകൗശല വിദഗ്ധരെ വിശാലമായ വിപണികളിൽ എത്തുവാൻ സഹായിക്കുന്നതിന് ഗതാഗത പിന്തുണ നൽകുന്നതിലൂടെയും

**ബോക്സ് 8.2.10– മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി**

പിന്നാക്ക വിഭാഗങ്ങളിലെ വിധവകളെ പിന്തുണക്കുന്നതിനായി 2024–25 വാർഷിക ബജറ്റിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. വിധവകളുടെ ഉപജീവനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നൽകുന്ന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1.00 ലക്ഷം രൂപ വരെയോ സബ്സിഡി നൽകാനാണ് ലക്ഷ്യമിടുന്നത്. ലാഭകരമായി നടത്താവുന്ന ഏത് തരത്തിലുള്ള സംരംഭങ്ങൾക്കും അതിന്റെ സാധ്യതകളെ അടിസ്ഥാനമാക്കി വായ്പ നൽകുന്നതാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശിപാർശ ചെയ്യുകയും കോർപ്പറേഷനുകളിൽ നിന്ന് വായ്പ നൽകുകയും ചെയ്യുന്നു. 2024–25–ൽ ഈ പദ്ധതിക്ക് 26 ഗുണഭോക്താക്കളുണ്ടായിരുന്നു.

മൺപാത്ര മേഖലയെ നവീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര നഗറിൽ കുംഭാര നഗറിന്റെ ഒന്നാം ഘട്ട നവീകരണം പൂർത്തിയായി. 2023–24 ൽ മലപ്പുറം ജില്ലയിൽ സ്ഥിതിചെയ്യുന്ന പൊന്നാനി മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള അരുവക്കോട് (നിലമ്പൂർ താലൂക്ക്) കുംഭാര നഗർ, കുംഭാര നഗർ വാർഡ് 8 എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തി. രണ്ട് കുംഭാര നഗറുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിക്കുകയാണ്. 2025–26 വർഷത്തിൽ ഈ പദ്ധതിക്കായി 100 ലക്ഷം രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ഓട്ടോ–ടാക്സി മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി സമുദായത്തിൽ പെട്ടവർക്ക് പുതുതലമുറ ഇലക്ട്രിക്, സിഎൻജി വാഹനങ്ങളിലേക്ക് മാറാൻ സഹായിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു. വാഹന വായ്പ തുകയുടെ 20% സബ്സിഡി പരമാവധി 1.00 ലക്ഷം രൂപ വരെ ഈ പദ്ധതി നൽകുന്നു. 2024–25 സാമ്പത്തിക വർഷത്തിൽ 28 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

കഠിനമായ കാലാവസ്ഥയെ അഭിമുഖീകരിക്കുന്ന തെരുവ് കച്ചവടക്കാർക്കും പിന്തുണ നൽകുന്നു. അവരുടെ ജോലി എളുപ്പവും കൂടുതൽ സുരക്ഷിതവുമാക്കുന്നതിനും ബിസിനസ്സ് കൂടുതൽ ഫലപ്രദമായി നടത്താൻ സഹായിക്കുന്നതിനായും വെൻഡിംഗ് കാർട്ടുകൾ നൽകുന്നു.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഒ.ബി.സി വിഭാഗത്തിൽ നിന്നുള്ള നിരവധി പേർക്ക് വിപണിയിൽ ശക്തമായ മത്സരം നേരിടേണ്ടി വരുന്നു. ഈ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന്, വിപണന പരിമിതികൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് 2023–24 ൽ 'പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ' എന്ന പദ്ധതി ആരംഭിച്ചു.

കൂടാതെ, 'പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്കുള്ള ധനസഹായവും' എന്ന പദ്ധതിയിലൂടെ 2024–25 ൽ 552 വ്യക്തികൾക്ക് പ്രയോജനം ലഭിച്ചു.

2023–24 മുതൽ, പിന്നാക്ക വിഭാഗത്തിൽ പെട്ട കുട്ടികൾക്കുള്ള പ്രീ–മെട്രിക് സ്കോളർഷിപ്പ് സഹായം കേന്ദ്രസർക്കാർ പിൻവലിക്കുകയും ഒൻപതാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ മാത്രം സ്കോളർഷിപ്പ് പരിമിതപ്പെടുത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ പിന്നാക്ക വിഭാഗവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നത് തുടരുന്നതിനായി 2024–25 ൽ 1500.00 ലക്ഷം രൂപ വകയിരുത്തി. പിന്നാക്ക വിഭാഗർക്ക് ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ 'കെടാവിളക്ക്–പ്രീ–മെട്രിക് സ്കോളർഷിപ്പ്' എന്ന പേരിൽ സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു. 2024–25ൽ, ഈ പദ്ധതി പ്രകാരം 99834 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ ലഭിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 23,49,815 ഗുണഭോക്താക്കൾക്ക് സഹായം നൽകാൻ 731.19 കോടി രൂപ ചെലവഴിച്ചു. 2024–25 ൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന് 477.66 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചതിൽ 421.78 കോടി രൂപ ചെലവഴിച്ചു. 2024–25, 2025–26 വർഷങ്ങളിലെ (2025 ഓഗസ്റ്റ് 31 വരെയുള്ള) വകുപ്പ് നടപ്പിലാക്കിയ പരിപാടികളുടെ പദ്ധതി തിരിച്ചുള്ള വിഹിതം, ചെലവ്, ഭൗതികനേട്ടം എന്നിവ **അനുബന്ധങ്ങൾ 8.2.47, 8.2.48** എന്നിവയിൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി) ലിമിറ്റഡ്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം 1956 ലെ കമ്പനീസ് ആക്ട് പ്രകാരം 1995 ഫെബ്രുവരി 28 ന് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരത്ത് രജിസ്റ്റേഡ് ഓഫീസുള്ള കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയാണ്. ദേശീയ ധനകാര്യ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി), നാഷണൽ സഫായി കരംചാരീസ് ഫിനാൻസ് ആന്റ് ഡെവലപ്പ്മെന്റ് (എൻ.എസ്.കെ.എഫ്.ഡി) എന്നീ മൂന്ന് ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ പ്രധാന സംസ്ഥാനതല ചാലക ഏജൻസിയായി പ്രവർത്തിക്കുന്നത് കെ.എസ്.ബി.സി.ഡി.സി ആണ്.

പിന്നാക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകുക വഴി പിന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യവും പിന്നോക്കാവസ്ഥയും ഇല്ലാതാക്കുകയെന്നതാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള

പിന്നാക്ക വിഭാഗക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ കോർപ്പറേഷൻ ധനസഹായം നൽകിവരുന്നുണ്ട്.

കേന്ദ്ര സർക്കാർ ധനസഹായം നൽകുന്ന പദ്ധതികൾക്ക് പുറമേ കോർപ്പറേഷൻ ,സംസ്ഥാന സർക്കാർ വിഹിതവും കോർപ്പറേഷന്റെ സ്വന്തം സാമ്പത്തിക സ്രോതസ്സുകളും ഉപയോഗിച്ച് സ്വയം തൊഴിൽ വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ, മൈക്രോഫിനാൻസ് സംരംഭങ്ങൾ എന്നിവയുൾപ്പെടെ നിരവധി ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നു. കൂടാതെ വിവാഹ സഹായം, ഭവന നിർമ്മാണം/ അറ്റകുറ്റ പണികൾക്കുള്ള ധനസഹായം, വ്യക്തിഗത വായ്പകൾ എന്നിവയുൾപ്പെടെ വിവിധ തരത്തിലുള്ള സാമൂഹിക സഹായങ്ങളും നൽകി വരുന്നു. കമ്പനിയുടെ ഓതറൈസ്ഡ് ഓഹരി മൂലധനം 200 കോടി രൂപയും പെയ്ഡ് അപ്പ് ഓഹരി മൂലധനം 152.53 കോടി രൂപയുമാണ്. 20.09.2023-ലെ സർക്കാർ ഉത്തരവ് (Ms)18/2023/P&EA-ൽ പരാമർശിച്ചിരിക്കുന്ന ആകെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, കോർപ്പറേഷനെ ഒരു 'ഡയമണ്ട്' വിഭാഗ കമ്പനിയായി തരംതിരിച്ചിട്ടുണ്ട്. ദേശീയ ധനകാര്യ ഏജൻസികൾ വഴി നടപ്പാക്കുന്ന പദ്ധതികളും കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളും ജനകീയമാക്കുന്നതിനായി വർഷങ്ങളായി കെ.എസ്.ബി.സി.ഡി.സിയുടെ ജില്ലാ ഓഫീസുകളും സബ് ഓഫീസുകളും മുഖേന ബോധവൽക്കരണവും പ്രീ-ഡിസ്ബർസ്മെന്റ് കൗൺസിലിംഗ് ക്യാമ്പുകളും നടത്തിവരുന്നു. ഈ ക്യാമ്പുകളിലൂടെ ഗുണഭോക്താക്കൾക്ക് അക്കൗണ്ടിങ്ങിനെ സംബന്ധിച്ചും കൃത്യമായ വായ്പ തിരിച്ചടവിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

കോർപ്പറേഷൻ സ്വന്തമായി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിലൂടെയും സംസ്ഥാന സർക്കാരും ദേശീയ ധനകാര്യ ഏജൻസികളും സംഘടിപ്പിക്കുന്ന പ്രദർശന വ്യാപാര മേളകളിലൂടെയും അതിന്റെ ഗുണഭോക്താക്കൾക്ക് വിപണന അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

ഗുണഭോക്താവിന്റെ മരണം, സ്ഥിരമായ വൈകല്യം, അപകടം, അല്ലെങ്കിൽ ഗുരുതര രോഗം തുടങ്ങിയ ഘട്ടങ്ങളിൽ ഗുണഭോക്താവിനെയോ അവന്റെ കുടുംബത്തെയോ സഹായിക്കുന്നതിനായി കോർപ്പറേഷൻ 'ലോണേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്' (എൽ.ഡി.ആർ.എഫ്) എന്ന പദ്ധതി ആരംഭിച്ചു.

കോർപ്പറേഷനിൽ നിന്ന് വായ്പയെടുക്കുന്നവരിൽ കൃത്യമായ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ 'ഗ്രീൻ കാർഡ് ബെനിഫിറ്റ്' എന്ന പേരിൽ ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് കീഴിൽ, നിശ്ചിത തീയതിക്കോ അതിന് മുമ്പോ എല്ലാ തവണകളും കൃത്യമായി അടയ്ക്കുന്ന വായ്പക്കാർക്ക് തിരിച്ചടച്ച മൊത്തം പലിശയുടെ 5% തുക തിരികെ നൽകുന്നതാണ്. ഗ്രീൻ കാർഡ് ബെനിഫിറ്റ്, ലോണേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട് (എൽ.ഡി.ആർ.എഫ്) എന്നിവയ്ക്കൊപ്പം നോർക്കയുടെ പിന്തുണയോടെയുള്ള റീ-ടേൺ ലോൺ സ്കീം, സ്റ്റാർട്ടപ്പ് ലോൺ സ്കീം, ഗ്രീൻ വീൽ സെൽഫ് എംപ്ലോയ്മെന്റ് ലോൺ സ്കീം, പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹായത്തോടെ പുനർജനി സ്വയം തൊഴിൽ വായ്പാ പദ്ധതി പോലെയുള്ള സബ്സിഡിയോടുകൂടിയുള്ള വിവിധ ലോണുകളും മികച്ച പദ്ധതികളിൽ ഉൾപ്പെടുന്നു.

നാളിതുവരെ കോർപ്പറേഷൻ കേരളത്തിലെ പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട 9 ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് 7870.00 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. 2024-25 ൽ 815.79 കോടി രൂപയുടെ വായ്പ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 73475 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2024 ആഗസ്റ്റ് 31, വരെയുള്ള കണക്ക് അനുസരിച്ച് 298.50 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്യുകയും അതുവഴി 18690 പേർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2024-25, 2025-26 (ആഗസ്റ്റ് 31, 2025 വരെ) വർഷങ്ങളിൽ കോർപ്പറേഷന്റെ സ്രോതസ്സ് അടിസ്ഥാനത്തിലുള്ള ചെലവുകളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.49** ൽ നൽകിയിരിക്കുന്നു. 2024-25, 2025-26 (ആഗസ്റ്റ് 31, 2025 വരെ) വർഷങ്ങളിലെ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഘടകങ്ങൾ അനുസരിച്ചുള്ള സാമ്പത്തിക നേട്ടങ്ങളും ഭൗതിക നേട്ടങ്ങളും **അനുബന്ധം 8.2.50** ൽ നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് ഇന്ത്യൻ കമ്പനീസ് ആക്ട് 1956 അനുസരിച്ച്, 1980-ലാണ് രൂപീകരിച്ചത്. ആകെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി സമഗ്രമായ നയതന്ത്രം സ്വീകരിച്ചുകൊണ്ട് പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മറ്റ് ശുപാർശിത വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ വിഭാഗത്തിലേക്ക് പരിവർത്തിതപ്പെട്ടവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനവും അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതുമാണ് കോർപ്പറേഷന്റെ പ്രധാന ലക്ഷ്യം. കേരള സർക്കാർ വാർഷികാടിസ്ഥാനത്തിൽ അനുവദിക്കുന്ന ഓഹരി മൂലധന സഹായവും ഗ്രാന്റുകളുമാണ് കോർപ്പറേഷന്റെ പ്രധാന ധനസ്രോതസ്സ്.

കോർപ്പറേഷൻ വിവിധ ക്ഷേമ വികസന പരിപാടികൾ നടപ്പിലാക്കുന്നു. കൃഷിസ്ഥലം വാങ്ങുന്നതിനുള്ള വായ്പ, സ്വയം തൊഴിൽ വായ്പകൾ, പാർപ്പിട നിർമ്മാണത്തിനും നവീകരണത്തിനുമുള്ള വായ്പകൾ, വിവാഹ വായ്പ, കൃഷിയും അനുബന്ധ മേഖലകളിലുമുള്ള സഹായം, ചെറുകിട കച്ചവട വായ്പകൾ, ഉന്നത വിദ്യാഭ്യാസ വായ്പ എന്നിവ കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന വായ്പ പദ്ധതികളിൽ ഉൾപ്പെടുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ മൊത്തം 548 ഗുണഭോക്താക്കൾക്ക് ഈ വായ്പ പദ്ധതികൾ ലഭിച്ചു.

ഈ വായ്പാ പദ്ധതികൾക്ക് പുറമേ, ഇൻസെന്റീവ് ഗ്രാന്റ്, സ്ലോട്ട് ദി ടാലന്റ്, കരിയർ ഗൈഡൻസ് പ്രോഗ്രാം പോലെയുള്ള പദ്ധതികളിലൂടെ ഗ്രാന്റുകളും സ്കോളർഷിപ്പുകളും, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവീസ്, പിഎസ്.സി തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് സഹായങ്ങളും ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കോർപ്പറേഷൻ നൽകുന്നുണ്ട്. ഈ വിഭാഗങ്ങളിലെ ദരിദ്രരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി കോർപ്പറേഷൻ കുറഞ്ഞ പലിശ നിരക്കിൽ ഒരു വിദേശ വിദ്യാഭ്യാസ വായ്പ പദ്ധതി ആരംഭിച്ചു.

2024–25 സാമ്പത്തിക വർഷത്തിൽ, കോർപ്പറേഷന്റെ അതേ വർഷത്തെ ലാഭത്തിൽ നിന്ന് സംസ്ഥാനത്തുടനീളമുള്ള യോഗ്യരായ 1,180 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകളും മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ഗ്രാന്റും ആയി ആകെ 42,32,900 രൂപ കോർപ്പറേഷൻ വിതരണം ചെയ്തു.
കോർപ്പറേഷൻ ലക്ഷ്യമിടുന്ന വിഭാഗങ്ങളിലെ യുവതി–യുവാക്കൾക്ക് അവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തെ പിന്തുണയ്ക്കുന്നതിനായി തൊഴിൽ അധിഷ്ഠിത പരിശീലന പരിപാടികൾ നടപ്പിലാക്കുന്നു. 2024–25 വർഷത്തിൽ, ഈ പദ്ധതി പ്രകാരം ഗവൺമെന്റ് പോളിടെക്നിക്കുകളും കെൽട്രോണും വഴി 71 യുവാക്കൾക്ക് പരിശീലനം നൽകി.

2024–25 ൽ വിവിധ പരിപാടികൾക്കായി കോർപ്പറേഷന് 4.00 കോടി രൂപ അനുവദിച്ചു, അതിൽ ചെലവ് 18.37 കോടി രൂപയായിരുന്നു, ഇത് ഈ കാലയളവിലെ ഏറ്റവും ഉയർന്ന നിരക്കാണ്. 2024–25 ലെ അംഗീകൃത വിഹിതത്തേക്കാൾ അധിക ചെലവ് വർഷത്തിൽ ലഭിച്ച വായ്പ തിരിച്ചടവുകൾ വഴി നൽകിയ പുതിയ വായ്പകൾ മുഖാന്തിരം ഉണ്ടായതാണ്. 2020–21 മുതൽ 2025–26 വരെ (2025 ആഗസ്റ്റ് 31 വരെ) സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള വായ്പ പദ്ധതികൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ **അനുബന്ധം 8.2.51** ൽ നൽകുന്നു. കോർപ്പറേഷന്റെ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.2.52** ൽ നൽകിയിരിക്കുന്നു.

### കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്

2016–ൽ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ, വിപണന ക്ഷേമ വികസന കോർപ്പറേഷൻ (കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി) രൂപീകരിച്ചത് സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര മേഖലയുടെ ആധുനികവത്കരണം സാധ്യമാക്കുകയും, അതുവഴി ഈ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2020–21 സാമ്പത്തിക വർഷത്തിലാണ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചത്. മൺപാത്ര നിർമ്മാണത്തിനും വിപണനത്തിനുമുള്ള വായ്പ, വിവാഹ സഹായം, സ്വയം സഹായ സംഘങ്ങൾക്കുള്ള പിന്തുണ, വിദ്യാഭ്യാസം എന്നിവ ഇതിന്റെ പ്രധാന ഉദ്യമങ്ങളിൽ ഉൾപ്പെടുന്നു. വിവിധ പ്രദർശനങ്ങളിലും മേളകളിലും കോർപ്പറേഷൻ സ്റ്റാളുകളും മൊബൈൽ മാർക്കറ്റിംഗ് യൂണിറ്റുകളും നടത്തുന്നു.

ധനസഹായ പദ്ധതികൾക്കൊപ്പം, കേരള മൺപാത്ര നിർമ്മാണ കോർപ്പറേഷൻ ഒരു സർക്കാർ വിപണന ഏജൻസിയായി പ്രവർത്തിച്ച് മൺപാത്ര നിർമ്മാതാക്കൾക്ക് വിപണി അവസരങ്ങളും നൽകുന്നു. 2024–25 സാമ്പത്തിക വർഷം മുതൽ കോർപ്പറേഷൻ വ്യാപാര പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടക്കമായി മൺപാത്രങ്ങൾ സംഭരിച്ച് കാർഷിക വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിലുള്ള കാർഷിക ഫാമുകളിലേക്കും നഴ്സറികളിലേക്കും വിതരണം ചെയ്യുന്നു. 2024–25 കാലയളവിൽ മൊത്തം വിറ്റുവരവ് 112.49 ലക്ഷം രൂപയാണ്. 2025–26 കാലയളവിൽ 500.00 ലക്ഷം രൂപ ലക്ഷ്യമിട്ടുന്നു. ഇതിനായി നിലവിൽ 6 ജില്ലകളിലായി 17 കാർഷിക ഓഫീസുകളാണുള്ളത്. ഈ ആറ് ജില്ലകളിൽ ഏറ്റവും കൂടുതൽ വിൽപ്പന നടന്നത് കണ്ണൂരിലാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള മാലിന്യ സംസ്കരണ മേഖലയിലെ മണ്ണിന്റെ ജൈവ ഡൈജസ്റ്റർ യൂണിറ്റുകളുടെ അംഗീകൃത വിതരണക്കാരായി കോർപ്പറേഷൻ സംസ്ഥാന ശുചിത്വ മിഷനുമായി സഹകരിക്കാൻ തുടങ്ങിയിട്ടുണ്ട്. മൺപാത്ര ക്ലബ്ബുകളിലൂടെയും സ്റ്റുഡിയോകളിലൂടെയും മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനും വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഇടയിൽ മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങൾ വിനോദവും സൃഷ്ടിപരവുമായ പ്രവർത്തനമായി പ്രോത്സാഹിപ്പിക്കുന്നതിനും കോർപ്പറേഷൻ മുൻകൈയെടുത്തിട്ടുണ്ട്. റീട്ടെയിൽ വ്യാപാര പ്രവർത്തനങ്ങളുടെ ഭാഗമായി, 2025–26 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ ചില്ലറ വിൽപ്പന ആരംഭിച്ചു, 'മൺകുരൽ' എന്ന ഓൺലൈൻ പോർട്ടലിലൂടെയും എറണാകുളം ട്രൈബൽ കോംപ്ലക്സിലെ 'കൈതോലം' റീട്ടെയിൽ സ്റ്റോറിലൂടെയും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും കരകൗശല വസ്തുക്കളും പ്രദർശിപ്പിച്ചു.

പരീക്ഷണാടിസ്ഥാനത്തിൽ, കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ മൺപാത്ര നിർമ്മാണ യൂണിറ്റുകളിൽ നിന്ന് സംഭരിക്കുന്ന മൺപാത്ര ഉൽപ്പന്നങ്ങൾ കാർഷിക സർവകലാശാല, കാർഷിക ബസാർ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിതരണം ചെയ്തുവരുന്നു. കോർപ്പറേഷന്റെ പദ്ധതി തിരിച്ചുള്ള ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 8.2.53** ൽ നൽകിയിരിക്കുന്നു.

### ന്യൂനപക്ഷ ക്ഷേമം

ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ സമുദായങ്ങളുടെ മതം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സമത്വത്തിനും അവകാശ സംരക്ഷണത്തിനും ഉറപ്പ് നൽകി. അതുപോലെതന്നെ, ന്യൂനപക്ഷ വിഭാഗങ്ങളുടെ വ്യക്തിത്വവും (Identity) അവകാശങ്ങളും സംരക്ഷിക്കാൻ 1992–ലെ ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനം രാജ്യങ്ങളോട് അനുശാസിക്കുന്നു. 2011–ലെ സെൻസസ് പ്രകാരം, ഇന്ത്യയിലെ ജനസംഖ്യയുടെ 79.8 ശതമാനം ഹിന്ദുമതസ്ഥരും, 14.2 ശതമാനം ഇസ്ലാം മതസ്ഥരും, 2.3 ശതമാനം ക്രിസ്ത്യൻ മതസ്ഥരും, 1.7 ശതമാനം സിഖ് മതസ്ഥരും, 0.7 ശതമാനം ബുദ്ധമതസ്ഥരും, 0.4 ശതമാനം ജൈന മതസ്ഥരും, 0.006 ശതമാനം പാഴ്സി മതസ്ഥരുമാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ചതുപോലെ, ജനസംഖ്യയുടെ 14.2 ശതമാനം വരുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷ സമുദായമാണ് മുസ്ലീങ്ങൾ.

കേരളത്തിൽ, ജനസംഖ്യയുടെ ഏകദേശം 45% ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ടവരാണ്, അതിൽ 26.56% മുസ്ലീങ്ങളും 18.38% ക്രിസ്ത്യാനികളും, ബുദ്ധമതക്കാർ, ജൈനന്മാർ, സിഖുകാർ, പാർസികൾ എന്നിവരുടെ ചെറിയ ശതമാനവും ഉൾപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30 എന്നിവയിൽ വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾക്ക് അവർ അർഹരാണ്. ഈ ന്യൂനപക്ഷ വിഭാഗങ്ങളിൽ മുസ്ലീങ്ങൾ, ലത്തീൻ കാത്തോലിക്കർ, പരിവർത്തിത ക്രിസ്ത്യാനികൾ, നവ ബുദ്ധിസ്റ്റുകൾ എന്നിവരെ കേരളത്തിലെ പിന്നാക്ക സമുദായങ്ങളായി കണക്കാക്കുന്നു.

**ചിത്രം 8.2.4:** മതം അനുസരിച്ച് കേരളത്തിലെ കുടിയേറ്റ ജനസംഖ്യ




**അവലംബം:** കേരള മൈഗ്രേഷൻ സർവേ, 2023

വിവിധ മതവിഭാഗങ്ങളിലെ വിദേശ കുടിയേറ്റം പരിശോധിക്കുമ്പോൾ താരതമ്യേന കൂടുതൽ വിദേശത്ത് കുടിയേറുന്നവരിൽ അധികവും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ആണെന്ന് കാണാം. കേരള മൈഗ്രേഷൻ സർവേ 2023 അനുസരിച്ച്, മുസ്ലീങ്ങളും ക്രിസ്ത്യാനികളും പോലുള്ള മതന്യൂനപക്ഷങ്ങൾ കേരളത്തിലെ ജനസംഖ്യയിൽ അവരുടെ അനുപാതത്തേക്കാൾ കൂടുതൽ അനുപാതത്തിൽ വിദേശത്തേക്ക് കുടിയേറുന്നു. കേരളത്തിലെ ജനസംഖ്യയുടെ 29.3 ശതമാനം മുസ്ലീങ്ങളാണെങ്കിലും കുടിയേറിയവരിൽ 41.9 ശതമാനവും മുസ്ലീങ്ങളാണ്. അതുപോലെ, ക്രിസ്ത്യാനികൾ ജനസംഖ്യയുടെ 16.9% ആകുന്നു. എന്നിട്ടും അവർ കുടിയേറ്റക്കാരുടെ 22.3% പ്രതിനിധീകരിക്കുന്നു. ഈ ക്രമം **ചിത്രം 8.2.4** ൽ കാണിച്ചിരിക്കുന്നു.

ഈ സമുദായങ്ങൾക്കിടയിൽ തൊഴിൽ, വരുമാനം സൃഷ്ടിക്കൽ, ഉയർച്ച എന്നിവയ്ക്കുള്ള ഒരു പ്രധാന പാതയായി കുടിയേറ്റം മാറിയിരിക്കുന്നു. ഇത് കേരളത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന്, പ്രത്യേകിച്ച് പണമയയ്ക്കലിലൂടെ ഗണ്യമായ സംഭാവന നൽകുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പോലുള്ള ദേശീയതല വിലയിരുത്തലുകളിൽ ഊന്നിപ്പറഞ്ഞ ന്യൂനപക്ഷങ്ങളുടെ വ്യതിരിക്തമായ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളും വികസന ആവശ്യങ്ങളും തിരിച്ചറിഞ്ഞ് കേരള സർക്കാർ ലക്ഷ്യമിട്ട നയപരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതിനുള്ള ശിപാർശകൾ പഠിക്കാനും അവതരിപ്പിക്കാനും അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ കേരള സർക്കാർ ഒരു സമിതി രൂപീകരിച്ചു. കമ്മിറ്റിയുടെ ശിപാർശകൾക്കനുസൃതമായി ന്യൂനപക്ഷ ക്ഷേമ വകുപ്പും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റും രൂപീകരിച്ചു. മദ്രസാ അധ്യാപക ക്ഷേമനിധി (പിന്നീട് ബോർഡ്), ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയാണ് ന്യൂനപക്ഷ ക്ഷേമ മേഖലയിൽ പിന്നീട് നിലവിൽ വന്ന മറ്റ് പങ്കാളിത്ത ഏജൻസികൾ.

ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, തൊഴിൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതികൾ ന്യൂനപക്ഷ ക്ഷേമ വകുപ്പ് വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളിൽ വിദ്യാഭ്യാസ സഹായം, വിവാഹമോചിതർ, വിധവകൾ, ന്യൂനപക്ഷ സമുദായങ്ങളിലെ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഭവന പദ്ധതി, 60 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം, കരിയർ ഗൈഡൻസും വിവാഹപൂർവ കൗൺസിലിംഗ് സെന്ററുകളും, ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സർവകലാശാലകളിലെ ന്യൂനപക്ഷ ഗവേഷണ വിഭാഗം എന്നിവ ഉൾപ്പെടുന്നു. വിവിധ പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു

- സംസ്ഥാനത്തുടനീളമുള്ള വിവിധ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിലൂടെ വകുപ്പ് ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പിഎസ്സി/യുപിഎസ്സി/സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ/റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്/ബാങ്കിംഗ് മേഖലയിലെ മത്സര പരീക്ഷകൾക്കായുള്ള സൗജന്യ പരിശീലനം നൽകുന്നു. 2016 നും 2025 നും ഇടയിൽ ആകെ 75,525 വിദ്യാർത്ഥികൾക്ക് പരിശീലനം ലഭിച്ചു, ഈ കാലയളവിൽ 4,330 വിദ്യാർത്ഥികൾക്ക് സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ സ്ഥിരം തൊഴിൽ ലഭിച്ചു.
- 2024–25 കാലയളവിൽ, വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കായുള്ള ഇംബിച്ചി ബാവ ഭവന പദ്ധതിക്ക് കീഴിൽ 710 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു, തിരഞ്ഞെടുത്ത എല്ലാ ഗുണഭോക്താക്കൾക്കും ഫണ്ട് വിതരണം ചെയ്തു. ഇതിൽ 380 വീടുകൾ 2024–25 ൽ നവീകരിച്ചു, മുൻ വർഷത്തിൽ ഏറ്റെടുത്തതും പൂർത്തീകരണ ഘട്ടത്തിലായിരുന്നതുമായ 330 വീടുകൾ 2025–26 ന്റെ തുടക്കത്തിൽ പൂർത്തിയായി.
- 2024–25 വർഷത്തിൽ സംസ്ഥാനത്തുടനീളമുള്ള 5000 യുവ ഗുണഭോക്താക്കൾക്ക് വിവാഹപൂർവ കൗൺസിലിംഗ് പരിപാടി വിജയകരമായി നൽകി.
- 384 വിദ്യാർത്ഥികൾക്ക് സിഎ/സിഎംഎ/സിഎസ് കോഴ്സുകൾക്കുള്ള സ്കോളർഷിപ്പുകൾ നൽകി.
- 2024–25–ൽ, പിന്നാക്ക വിഭാഗ വികസന വകുപ്പ് 56,192 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ നൽകി.
- സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് 4,815 വിദ്യാർത്ഥികൾക്ക് നൽകി.

- ന്യൂനപക്ഷ വിദ്യാർത്ഥികൾക്കിടയിൽ നൈപുണ്യ പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനായി അംഗീകൃത ഐ.ടി.സികളിൽ സാങ്കേതിക കോഴ്സുകളോ ട്രേഡുകളോ പഠിക്കുന്ന 3,943 വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചടവ് നൽകി.
- സർക്കാർ/സർക്കാർ-എയ്ഡഡ് പോളിടെക്നിക് കോളേജുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്ന 677 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകി.
- നഴ്സിംഗ് ഡിപ്ലോമ/പാരാ മെഡിക്കൽ കോഴ്സുകൾ പഠിക്കുന്ന 402 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി.

പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2010-ൽ കേരള സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ വിവിധ ജില്ലകളിലായി ആരംഭിച്ചു. നിലവിൽ, ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള 24 പരിശീലന കേന്ദ്രങ്ങളും 32 സബ് സെന്ററുകളും കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സൗജന്യ മത്സര പരീക്ഷാ പരിശീലനവും അനുബന്ധ പരിപാടികളും ഉറപ്പാക്കുക എന്നതാണ് ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളുടെ ലക്ഷ്യം. ന്യൂനപക്ഷ സമുദായങ്ങളെ ശാക്തീകരിച്ചു കൊണ്ട് അവരുടെ നൈപുണ്യവും തൊഴിൽക്ഷമതയും മെച്ചപ്പെടുത്തുന്നതിനാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങൾ മുഖേന മുസ്ലീം, ക്രിസ്ത്യൻ, മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയിലെ യുവജനങ്ങൾക്ക് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, കേരള പബ്ലിക് സർവീസ് കമ്മീഷൻ, ബാങ്കിംഗ് സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് മറ്റ് ഏജൻസികൾ എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്കുള്ള സൗജന്യ പരിശീലന ക്ലാസുകൾ നൽകുന്നു. 2024-25 കാലയളവിൽ 24 കോച്ചിംഗ് സെന്ററുകളിലുടനീളമുള്ള സൗകര്യങ്ങളുടെ നവീകരണത്തിനായി 80.73 ലക്ഷം രൂപ വിനിയോഗിച്ചു.

'കരിയർ ഗൈഡൻസും വ്യക്തിത്വ വികസന പരിപാടിയും' എന്ന പദ്ധതിയുടെ കീഴിൽ 2024-25 കാലയളവിൽ 180 "ട്യൂണിംഗ് സ്റ്റേജ് II" ക്യാമ്പുകളിലായി 18,000 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. ട്യൂണിംഗ്, ഫ്ലവറിംഗ്, എക്സ്പ്ലോറിംഗ് എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് ഈ പരിപാടി നടത്തുന്നത്. 2025 ജനുവരി 31 നകം പൂർത്തിയായ ഫ്ലവറിംഗ് സ്റ്റേജ് ക്യാമ്പുകളിൽ ആകെ 1280 വിദ്യാർത്ഥികൾ പങ്കെടുത്തു.

കൂടാതെ, 2023-24 ബാച്ചിൽ നിന്ന് തിരഞ്ഞെടുത്ത 100 വിദ്യാർത്ഥികൾക്കായി 2024 സെപ്റ്റംബർ 19 മുതൽ 25 വരെ ബെംഗളൂരുവിൽ ഒരു എക്സ്പ്ലോറിംഗ് ഇന്ത്യ ക്യാമ്പ് സംഘടിപ്പിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ബാംഗ്ലൂർ (ഐഐഎം-ബി) ഇന്തോ അമേരിക്കൻ ഹൈബ്രീഡ് സീഡ്സ് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിലെ സന്ദർശനങ്ങളും പ്രസ്തുത ക്യാമ്പിൽ ഉൾപ്പെടുത്തി.

**പ്രധാനമന്ത്രി ജൻ വികാസ് പരിപാടി-പി.എം.ജെ.വി.കെ**

വികസന വിടവുകൾ നിലനിൽക്കുന്നതായി കണ്ടെത്തിയ പ്രദേശങ്ങളിലെ സാമൂഹിക സാമ്പത്തിക വികസനത്തിനായി ആ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ പദ്ധതികൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. നിലവിലുണ്ടായിരുന്ന ബഹുമേഖലാ വികസന പരിപാടികൾ എന്ന പദ്ധതിയെ ന്യൂനപക്ഷ കാര്യ മന്ത്രാലയം 2018-19 ൽ പുനഃസംഘടിപ്പിച്ച് കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ അനുപാതം 60:40 എന്ന തോതിൽ പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) എന്ന് പുനർ നാമകരണം ചെയ്യുകയുണ്ടായി. 15 കിലോമീറ്റർ ചുറ്റളവിൽ ന്യൂനപക്ഷ ജനസംഖ്യ 25 ശതമാനത്തിൽ കൂടുതലുള്ള തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ പി.എം.ജെ.വി.കെ നടപ്പാക്കും. വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളാണ് പിഎംജെവികെയുടെ കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളിൽ പ്രധാനമായും ഉൾപ്പെടുന്നത്, കൂടാതെ ന്യൂനപക്ഷ സമുദായങ്ങളുടെയും നിയുക്ത പ്രദേശത്ത് താമസിക്കുന്ന മറ്റ് സമുദായങ്ങളുടെയും സാമൂഹിക-സാമ്പത്തിക, ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, അധിക ക്ലാസ് മുറികൾ, സ്കൂളുകളിലെ ശൗചാലയങ്ങൾ എന്നിവ ശ്രദ്ധേയമായ നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

2017നും 2022നും ഇടയിൽ പ്രധാനമന്ത്രി ജൻ വികാസ് പരിപാടി (പി. എം. ജെ. വി. കെ) പദ്ധതിക്ക് കീഴിൽ 64 യൂണിറ്റുകൾ ഏറ്റെടുത്തു. 2022 മാർച്ച് വരെ ഈ 64 യൂണിറ്റുകളിൽ 47 എണ്ണം പൂർത്തിയായി. ഈ പദ്ധതിക്ക് കീഴിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 8.2.54 ൽ നൽകിയിരിക്കുന്നു.

2024-25 ൽ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ 73.63 കോടി വകയിരുത്തിയിരുന്നു, അതിൽ 42.44 കോടി ചെലവഴിച്ചു. വകുപ്പ് 2024-25, 2025-26 (ആഗസ്റ്റ് 31, 2025 വരെ) നടപ്പിലാക്കിയ പദ്ധതികളുടെ വിഹിതം, ചെലവ്, ഭൗതിക സാമ്പത്തിക നേട്ടങ്ങൾ എന്നിവ **അനുബന്ധം 8.2.55**ലും **അനുബന്ധം 8.2.56** ലും നൽകിയിരിക്കുന്നു.

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്**

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധമതക്കാർ, ജൈനർ, സിഖ്, പാഴ്സി തുടങ്ങിയ ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2013 മാർച്ച് 22 ന് സ്ഥാപിതമായ ഒരു സർക്കാർ പൊതുമേഖലാ സ്ഥാപനമാണ്. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (എൻഎംഡിഎഫ്സി) ഫണ്ട് ഉപയോഗിച്ചുള്ള വായ്പാ പദ്ധതികളും കേരള സർക്കാർ നൽകുന്ന ഓഹരി മൂലധനം ഉപയോഗിച്ച് സ്വന്തം പദ്ധതികളും നടപ്പിലാക്കി വരുന്നു. സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് വികസന വായ്പ, വിദ്യാഭ്യാസ വായ്പ, വിസയുള്ള വായ്പ, പ്രവാസി വായ്പ, ജീവനക്കാർക്കുള്ള വിവിധോദ്ദേശ വായ്പ, മദ്രസ്സ/പൊതുവിഭാഗ അദ്ധ്യാപകർക്കുള്ള ഭവനവായ്പ മുതലായവയാണ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന

**പട്ടിക 8.2.3** വായ്പാ വിതരണത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ

| വർഷം | തുക (കോടിയിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2014-15 | 21.45 | 919 |
| 2015-16 | 23.79 | 870 |
| 2016-17 | 13.21 | 581 |
| 2017-18 | 21.07 | 766 |
| 2018-19 | 27.77 | 766 |
| 2019-20 | 17.78 | 454 |
| 2020-21 | 9.84 | 201 |
| 2021-22 | 25.51 | 628 |
| 2022-23 | 53.17 | 875 |
| 2023-24 | 28.96 | 281 |
| 2024-25 | 26.78 | 299 |
| 2025 (2025 ആഗസ്റ്റ് 31 വരെ) | 11.76 | 338 |
| **ആകെ** | **281.09** | **6978** |

**അവലംബം :** കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്

പ്രധാന പദ്ധതികൾ. കോർപ്പറേഷൻ നടപ്പിലാക്കുന്ന 'സുമിത്രം' പദ്ധതിയിൽ വിവാഹ വായ്പ, ചികിത്സാ വായ്പ, ഗുരുതര രോഗവുമായി ബന്ധപ്പെട്ട വായ്പ എന്നിവ ഉൾപ്പെടുന്നു. 2014 മുതൽ 2025 ഓഗസ്റ്റ് വരെ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ്, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 6,978 ഗുണഭോക്താക്കൾക്ക് 281.09 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ വായ്പ വിതരണത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുത്ത **പട്ടിക 8.2.3** ൽ നൽകിയിരിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ള 299 ഗുണഭോക്താക്കൾക്ക് 2024-25 വർഷത്തേക്ക് 26.78 കോടി രൂപയുടെ വായ്പയാണ് കെ.എസ്.എം.ഡി.എഫ്.സി വിതരണം ചെയ്തിട്ടുള്ളത്. 2025-26 കാലയളവിൽ (2025 ഓഗസ്റ്റ് 31 വരെ) 338 ഗുണഭോക്താക്കൾക്കായി 11.77 കോടി രൂപ വിതരണം ചെയ്തു. ദേശീയ ന്യൂനപക്ഷ വികസന, ധനകാര്യ കോർപ്പറേഷനിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കെ.എസ്.എം.ഡി.എഫ്.സി ഗ്യാരണ്ടി കവർ 50 കോടി രൂപയിൽ നിന്ന് 150 കോടി രൂപയായി സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചു. കോർപ്പറേഷന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ **അനുബന്ധം 8.2.57** ൽ നൽകിയിരിക്കുന്നു.

### മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം

പരമ്പരാഗത ജാതി അടിസ്ഥാനമാക്കിയുള്ള സംവരണ നയങ്ങളുടെ പരിധിയിൽ വരാത്ത 164 മുന്നാക്ക സമുദായങ്ങൾക്ക് സംസ്ഥാന സർക്കാർ കരുതൽ നൽകുന്നു. ഈ സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ പിന്തുണയ്ക്കുന്നതിനായി കേരള സർക്കാർ 2012 നവംബർ 8 ന് സമുന്നതി എന്ന ബ്രാൻഡോടെ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഡബ്ല്യു.സി.എഫ്.സി) സ്ഥാപിച്ചു. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി ദുർബലരായ അംഗങ്ങളുടെ വിദ്യാഭ്യാസ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെയും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെയും അവരുടെ സാമൂഹിക-സാമ്പത്തിക പുരോഗതി സുഗമമാക്കുന്നതിലൂടെയും സമഗ്ര വികസനവും ക്ഷേമവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കോർപ്പറേഷൻ സ്ഥാപിതമായത്.

കേരള സർക്കാരിൽ നിന്ന് ഗ്രാന്റ്-ഇൻ എയ്ഡായി ലഭിക്കുന്ന തുക ഉപയോഗിച്ച് കോർപ്പറേഷൻ വിദ്യാസമുന്നതി മെറിറ്റ് സ്കോളർഷിപ്പുകൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന സഹായം, സംരംഭ സമുന്നതി ടേം ലോൺ പദ്ധതി, നൈപുണ്യ സമുന്നതി-നൈപുണ്യ സംരംഭകത്വ വികസനം, മംഗല്യസമുന്നതി, ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങളുടെ നവീകരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സാധാരണക്കാർക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം തയ്യാറാക്കി നൽകുക എന്ന ഉദ്ദേശത്തോടെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ കൂട്ടുത്തരവാദിത്വ സംഘങ്ങളിലൂടെ കെ.എസ്.ഡബ്ല്യു.സി.എഫ്.സി 'സമുന്നതി തുശനില മിനി കഫേ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. സംസ്ഥാനത്തുടനീളം ഇത്തരം നിരവധി മിനി കഫേകൾ പ്രവർത്തിക്കുന്നുണ്ട്. സ്വയംതൊഴിലും സംരംഭക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ തൊഴിലില്ലാത്ത അംഗങ്ങളുടെ സ്വയംതൊഴിൽ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് കൊടുക്കുന്ന വായ്പകൾക്ക് കോർപ്പറേഷൻ 3 ശതമാനം പലിശ സബ്സിഡി നൽകുന്നു. 2024-25 ലെ കോർപ്പറേഷന്റെ വിവിധ ഘടകങ്ങളുടെ ഭൗതിക നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് പഠനത്തിനായി 11,309 വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പുകൾ നൽകി.
- മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ, ബാങ്ക് ടെസ്റ്റുകൾ, സിവിൽ സർവീസ് പരീക്ഷകൾ തുടങ്ങിയ മത്സര പരീക്ഷകൾക്കായി 840 വിദ്യാർത്ഥികൾക്ക് കോച്ചിംഗ് സഹായം നൽകിയിട്ടുണ്ട്.
- 945 സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾക്ക് വായ്പകൾക്കുള്ള പലിശ സബ്സിഡി നൽകി.

- 71 പെൺകുട്ടികൾക്ക് വിവാഹത്തിന് സാമ്പത്തിക സഹായം നൽകി.
- 'ജീർണ്ണാവസ്ഥയിലുള്ള അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം' എന്ന പദ്ധതിയിലൂടെ 185 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.
- 2024–25 ൽ, കോർപ്പറേഷൻ 'ക്ഷീര സമുന്നതി വനിതകൾക്ക് സംരംഭകത്വ പരിപാടിക്കുള്ള മൂലധന സബ്സിഡി (ക്ഷീരോൽപാദനം)', സമുന്നതി ഇ – യാത്ര–വനിതകൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള മൂലധന സബ്സിഡി തുടങ്ങിയ രണ്ട് പുതിയ പദ്ധതികൾ ആരംഭിച്ചു.

2024–25 ൽ വിവിധ പരിപാടികൾക്കായി 18.5 കോടി രൂപ കോർപ്പറേഷന് അനുവദിച്ചതിൽ 19 കോടി രൂപ ചെലവഴിക്കുകയുണ്ടായി . 2025–26 ൽ കോർപ്പറേഷന് 35.00 കോടി രൂപ അനുവദിച്ചു. 2024–25, 2025–26 വർഷങ്ങളിൽ (2025 ആഗസ്റ്റ് 31 വരെ) കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളുടെ ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ അനുബന്ധം 8.2.58 ൽ നൽകിയിരിക്കുന്നു.

# 8.3 സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ

സാമൂഹ്യ സുരക്ഷയും പൗരക്ഷേമവും കേരള സർക്കാരിന്റെ വികസന അജണ്ടയിലെ നിർണ്ണായകവും അവിഭാജ്യവുമായ ഘടകങ്ങളാണ്. സാമ്പത്തിക സഹായങ്ങൾക്കപ്പുറം, ആരോഗ്യസംരക്ഷണം, പോഷകാഹാരം, പാലിയേറ്റീവ് കെയർ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ജീവനോപാധി മെച്ചപ്പെടുത്തൽ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ ഇടപെടലുകളിലൂടെ പൗരന്മാരെ ശാക്തീകരിക്കാനും അവരുടെ ജീവിതനിലവാരം ഉയർത്താനുമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. സങ്കീർണ്ണമായ ജനസംഖ്യാപരമായ വെല്ലുവിളികൾ നേരിടുന്ന കേരളത്തിന് ഇത്തരം സുശക്തമായ സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണ്. വിപുലമായ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിലൂടെ മുതിർന്നവർ, ഭിന്നശേഷിക്കാർ, വിധവകൾ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവർക്ക് കൃത്യമായ സാമൂഹിക-സാമ്പത്തിക സുരക്ഷാവലയം ഉറപ്പാക്കാൻ ഇതിലൂടെ സാധിക്കുന്നു.
സാമൂഹിക സുരക്ഷയും, ക്ഷേമ പദ്ധതികളും നടപ്പിലാക്കുന്നതിൽ സാമൂഹ്യനീതി വകുപ്പ് (എസ്ജെഡി), വനിതാ ശിശു വികസന വകുപ്പ് (ഡബ്ല്യുസിഡി), ഈ വകുപ്പുകൾക്ക് കീഴിലുള്ള മറ്റ് ഏജൻസികൾ മുൻപന്തിയിലാണ്. ഈ ഏജൻസികളുടെ പ്രവർത്തനങ്ങളുടെ വിശദമായ അവലോകനം അനുബന്ധം 8.3.1 ൽ കാണാം. കേരളത്തിന്റെ സാമൂഹ്യ സുരക്ഷാ പരിപാടികളെ പ്രധാനമായും സ്ഥാപനപരമായ പരിചരണം, സാമൂഹിക സഹായ പരിപാടികൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. ഈ പദ്ധതികൾ, ദാരിദ്ര്യം, വൈകല്യം, മറ്റ് സാമൂഹിക സാമ്പത്തിക വെല്ലുവിളികൾ എന്നിവ ലഘൂകരിക്കാൻ ലക്ഷ്യമിട്ട്, അർഹരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും സാമ്പത്തിക സഹായം, സബ്സിഡികൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നു.

**സ്ഥാപനപരമായ പരിചരണം**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സ്ഥാപനപരമായ പരിചരണം നൽകുന്നതിൽ സർക്കാർ സ്ഥാപനങ്ങളും, സർക്കാരിതര സംഘടനകളും (എൻജിഒകൾ) നിർണായക പങ്ക് വഹിക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ 17 വൃദ്ധസദനങ്ങളും, ഭിന്നശേഷിക്കാർക്കായി 6 ഭവനങ്ങളും, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി 8 ഭവനങ്ങളും മറ്റ് 3 ഭവനങ്ങളും ഉണ്ട്. വനിതാ ശിശു വികസന വകുപ്പിൽ 47 ചിൽഡ്രൻസ് ഹോമുകളും 14 വനിതാ ഹോമുകളും 4 സ്പെഷ്യലൈസ്ഡ് ഹോമുകളും പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിനും വനിതാ ശിശു വികസന വകുപ്പിനും കീഴിലുള്ള സ്ഥാപനങ്ങളുടെ എണ്ണം **പട്ടിക 8.3.1**-ൽ നൽകിയിരിക്കുന്നു. സർക്കാർ സ്ഥാപനങ്ങളുടെ വിഭാഗത്തെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ **അനുബന്ധം 8.3.2** ൽ നൽകിയിരിക്കുന്നു.

2024-2025 കാലയളവിൽ സാമൂഹ്യ നീതി വകുപ്പിനും വനിതാ ശിശുക്ഷേമ വകുപ്പിനും കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധം 8.3.3**-ൽ നൽകിയിരിക്കുന്നു. 2024-25-ൽ ഈ സ്ഥാപനങ്ങളുടെ ആകെ അംഗീകൃത അംഗബലം 4,251 ഉം ആകെ അന്തേവാസികൾ 2,812 ഉം ആയിരുന്നു. ഡേ കെയർ സെന്റർ, വൃദ്ധസദനങ്ങൾ, പ്രതീക്ഷാ ഭവൻ, പ്രത്യാശ ഭവൻ, എൻടി ഹോം, സംയോജിത പരിചരണ കേന്ദ്രം, മാനസികാരോഗ്യ കേന്ദ്രം, ട്രാൻസിറ്റ് ഹോം, പ്രിയ ഹോം എന്നിവിടങ്ങളിലെ താമസക്കാരുടെ എണ്ണം അന്തേവാസികളുടെ അംഗീകൃത എണ്ണത്തേക്കാൾ കൂടുതലാണ്. ചില സ്ഥാപനങ്ങളിൽ ആകെ താമസക്കാരുടെ എണ്ണം അംഗീകൃത അംഗബലത്തേക്കാൾ കുറവാണ്. മരണം, ബന്ധുക്കൾക്കൊപ്പം മടങ്ങൽ, പുതിയ പ്രവേശനം തുടങ്ങിയ കാരണങ്ങളാലാണ് അന്തേവാസികളുടെ എണ്ണത്തിൽ മാറ്റമുണ്ടായത്.

**പട്ടിക 8.3.1** സർക്കാർ ക്ഷേമ സ്ഥാപനങ്ങൾ

| വകുപ്പ് | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| സാമൂഹ്യനീതി വകുപ്പ് | വൃദ്ധാസദനങ്ങൾ * | 17 |
| | ഭിന്നശേഷിക്കാർക്കായി ഉള്ള ഭവനങ്ങൾ | 6 |
| | ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായുള്ള ഭവനങ്ങൾ | 8 |
| | മറ്റ് ഭവനങ്ങൾ | 3 |
| വനിതാ ശിശു വികസന വകുപ്പ് | ചിൽഡ്രൻസ് ഹോം | 47 |
| | വനിതാ ഹോം | 14 |
| | സ്പെഷ്യലൈസ്ഡ് ഹോമുകൾ | 4 |

**അവലംബം**: സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും

*കിടപ്പിലായ വയോധികർക്കുള്ള വീടും വൃദ്ധാസദനങ്ങളിൽ ഉൾപ്പെടുന്നു.

ഈ വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളും കെയർ ഹോമുകൾ നടത്തുന്നുണ്ട്. 2024–2025 കാലയളവിൽ സാമൂഹ്യനീതി വകുപ്പിനു കീഴിലും വനിതാശിശു വികസന വകുപ്പിനു കീഴിലും രജിസ്റ്റർ ചെയ്ത എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 8.3.4 ൽ നൽകിയിരിക്കുന്നു. 2024–25 കാലയളവിൽ ഈ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും ആകെ അന്തേവാസികൾ 63,164 ആണ്. വൃദ്ധാസദനങ്ങളിലാണ് ഏറ്റവും കൂടുതൽ അന്തേവാസികളുള്ളത് – 32,425 അന്തേവാസികൾ. രണ്ടാമത് കൂടുതൽ അന്തേവാസികളുള്ളത് ഭിന്നശേഷിക്കാരുടെ സ്ഥാപനത്തിലാണ് – 14,385 അന്തേവാസികൾ
.

**പട്ടിക 8.3.2** ൽ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെയും വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം നൽകിയിരിക്കുന്നു. ഏറ്റവും കൂടുതൽ അന്തേവാസികൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് എറണാകുളത്താണ് (10,628), ഏറ്റവും കുറവ് കാസർഗോഡ് (1,296) ആണ്. സംസ്ഥാനത്തുടനീളം, സാമൂഹിക നീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിലുള്ള സ്ഥാപനങ്ങളിൽ 2,812 അന്തേവാസികളും അവയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ 63,164 അന്തേവാസികളും ഉണ്ട്.

## സാമൂഹ്യ സഹായ പരിപാടികൾ

### സാമൂഹ്യസുരക്ഷാ പെൻഷൻ

കർഷകത്തൊഴിലാളികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർ, വിധവകൾ എന്നിവർക്കുള്ള പെൻഷൻ പദ്ധതികളാണ്

**പട്ടിക 8.3.2** വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെയും വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ജില്ല തിരിച്ചുള്ള എണ്ണം

| ക്രമ നം | ജില്ല | സാമൂഹിക നീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ എണ്ണം | സാമൂഹിക നീതി വകുപ്പിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലെയും അന്തേവാസികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 473 | 4903 |
| 2 | കൊല്ലം | 271 | 4368 |
| 3 | പത്തനംതിട്ട | 110 | 3808 |
| 4 | ആലപ്പുഴ | 157 | 3134 |
| 5 | കോട്ടയം | 176 | 8983 |
| 6 | ഇടുക്കി | 95 | 3590 |
| 7 | എറണാകുളം | 229 | 10628 |
| 8 | തൃശ്ശൂർ | 279 | 9560 |
| 9 | പാലക്കാട് | 87 | 3638 |
| 10 | മലപ്പുറം | 252 | 1594 |
| 11 | കോഴിക്കോട് | 299 | 2198 |
| 12 | വയനാട് | 111 | 1481 |
| 13 | കണ്ണൂർ | 190 | 3983 |
| 14 | കാസർഗോഡ് | 83 | 1296 |
| **ആകെ അന്തേവാസികളുടെ എണ്ണം** | | **2812** | **63164** |

**അവലംബം**: സാമൂഹിക നീതി വകുപ്പും വനിതാ ശിശു വികസന വകുപ്പും

സംസ്ഥാന സർക്കാരിന്റെ പ്രധാന പെൻഷൻ പദ്ധതികൾ. ഒരു ഗുണഭോക്താവിനുള്ള ക്ഷേമ പെൻഷൻ 2016 ൽ 600 രൂപയായിരുന്നത് 2021 ൽ 1,600 രൂപയായി വർദ്ധിപ്പിച്ചു. 2025 നവംബർ മാസം മുതൽ ക്ഷേമ പെൻഷൻ 2,000 രൂപയായി സർക്കാർ വർദ്ധിപ്പിച്ചു. 2015-16 ൽ 34 ലക്ഷമായിരുന്ന സാമൂഹിക സുരക്ഷാ പെൻഷൻകാരുടെ എണ്ണം, 2023 നവംബറിൽ 46.8 ലക്ഷമായി ഉയർന്നു, 2024 ഒക്ടോബറിൽ ഇത് 50.4 ലക്ഷമായി. ഇതുകൂടാതെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും അർഹതപ്പെട്ടവർക്ക് നൽകി വരുന്നു. 2015 ഏപ്രിൽ മാസം മുതൽ തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) ആയി വിതരണം ചെയ്തു വരുന്നു. 53.56 ശതമാനം ഗുണഭോക്താക്കൾക്കും ബാങ്ക് ട്രാൻസ്ഫർ ആയി പെൻഷൻ ലഭിക്കുന്നു. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ ഒരു വലിയ ശൃംഖലയിലൂടെ 'വീടുകളിൽ നേരിട്ട് നൽകുന്ന' വിജയകരമായി നടപ്പിലാക്കിയ രീതിയിലൂടെയാണ് പെൻഷൻ നൽകിയത്. ഗുണഭോക്താക്കൾ അവരുടെ ആരോഗ്യവും സൗകര്യവും അനുസരിച്ച് പെൻഷൻ വാങ്ങൽ രീതി തെരഞ്ഞെടുക്കുന്നു.

2025 ഒക്ടോബർ മാസം വരെയുള്ള കണക്കനുസരിച്ച് ആകെ 49.74 ലക്ഷം പെൻഷൻകാരിൽ 31.08 ലക്ഷം പേരും (62.49 ശതമാനം) സ്ത്രീകളാണ്. 58 ശതമാനം ഗുണഭോക്താക്കളും വാർദ്ധക്യ പെൻഷനും 27 ശതമാനം വിധവ പെൻഷനും, 8 ശതമാനം ഭിന്നശേഷി പെൻഷൻകാരും 6 ശതമാനം കർഷകത്തൊഴിലാളി പെൻഷൻകാരുമാണ്. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ 81,964 ഗുണഭോക്താക്കൾക്ക് നൽകുന്നു. ജില്ല തിരിച്ച് നോക്കിയാൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ളത് മലപ്പുറത്തും ഏറ്റവും കുറവ് വയനാട്ടുമാണ്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 8.3.5** ൽ നൽകിയിരിക്കുന്നു.

**ഭിന്നശേഷിക്കാർക്കായുള്ള പരിചരണ പ്രവർത്തനങ്ങൾ**

ശാരീരികം, മാനസികം, ബൗദ്ധികം അല്ലെങ്കിൽ ഇന്ദ്രിയ സംബന്ധമായ വിവിധ പരിമിതികളെ ഉൾക്കൊള്ളുന്ന വിപുലമായ ഒരു ആശയമാണ് വൈകല്യം. ലോകാരോഗ്യ സംഘടനയുടെ നിർവചനപ്രകാരം, ഒരു വ്യക്തിയുടെ ആരോഗ്യസ്ഥിതിയും ആ വ്യക്തി ജീവിക്കുന്ന ചുറ്റുപാടിലെ തടസ്സങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ ഇടപെടലിന്റെ ഫലമായാണ് വൈകല്യം രൂപപ്പെടുന്നത്. അതായത്, ഒരു വ്യക്തിയുടെ ശാരീരികമോ വൈകാരികമോ ബൗദ്ധികമോ ആയ പ്രവർത്തന പരിമിതികൾ ബാഹ്യമായ തടസ്സങ്ങളുമായി ഒത്തുചേരുമ്പോൾ അത് ഭിന്നശേഷിയായി മാറുന്നു.

1995 ലെ ഭിന്നശേഷി നിയമത്തിന് കീഴിലുള്ള ഏഴ് തരം വൈകല്യങ്ങൾക്കുപരി വിവിധങ്ങളായ 22 തരം വൈകല്യങ്ങളെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ (ആർപിഡബ്ല്യൂഡി) നിയമം, 2016 വ്യവസ്ഥ ചെയ്യുന്നു. കേരളത്തിൽ, സാമൂഹ്യനീതി വകുപ്പ്, 2015-ൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഒരു ഭിന്നശേഷി സെൻസസ് നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച വൈകല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 8.3.6-ൽ നൽകിയിരിക്കുന്നു. ഭിന്നശേഷി സെൻസസ് പ്രകാരം ഭിന്നശേഷിക്കാരുടെ എണ്ണം 7,93,937 ആണ്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ (3.3 കോടി) 2.4 % ആണ്. അതായത്, കേരളത്തിലെ 8.7% വീടുകളിലും ഭിന്നശേഷിയുള്ളവരുണ്ടെന്ന് സെൻസസിൽ കണ്ടെത്തുകയുണ്ടായി. വൈകല്യങ്ങളുടെ 22 വിഭാഗങ്ങളിൽ, ഏറ്റവും കൂടുതൽപേർ ലോക്കോമോട്ടർ വൈകല്യമുള്ളവരാണ്, 2,61,087 പേർ അതായത് 32.9% ശതമാനം. ഈ വൈകല്യത്തിന്റെ വ്യാപനം 10000 പേർക്ക് 78 എന്ന ക്രമത്തിലാണ്. ഒന്നിലധികം വൈകല്യങ്ങൾ ഉള്ള വിഭാഗം രണ്ടാം സ്ഥാനത്താണ്, അതായത് 17.3 ശതമാനമാണ് (1,37,441) ഈ വിഭാഗം വൈകല്യത്തിന്റെ വ്യാപനം 10,000 പേർക്ക് 41 എന്ന ക്രമത്തിലാണ്. വൈകല്യത്തിന്റെ 22 വിഭാഗങ്ങളിൽ ഏറ്റവും കുറവ് കാണപ്പെടുന്നത് മൾട്ടിപ്പിൾ സ്ലിറോസിസ് ആണ്. സംസ്ഥാനത്ത് ആകെ 515 പേർക്ക് മാത്രമാണ് ഈ വൈകല്യം ഉള്ളത്.

**ഭിന്നശേഷിയുടെ കാരണങ്ങൾ**

സർവേ കണക്കുകൾ പ്രകാരം, ഭിന്നശേഷിയുള്ള വ്യക്തികളിൽ ഭൂരിഭാഗം പേർക്കും (57.13 ശതമാനം) ജീവിതത്തിന്റെ ഏതെങ്കിലും ഘട്ടത്തിലാണ് വൈകല്യം ബാധിച്ചത്. അതേസമയം, സെറിബ്രൽ പാൾസി, ബൗദ്ധിക വൈകല്യം, ഓട്ടിസം തുടങ്ങിയ ജന്മനായുള്ള വൈകല്യങ്ങളോടെ ജനിച്ചവർ 42.87 ശതമാനം മാത്രമാണ്. ജീവിതത്തിനിടയിൽ ഭിന്നശേഷിയുണ്ടാകാനുള്ള പ്രധാന കാരണം ബാല്യകാല രോഗങ്ങളാണെന്ന് (11.95 ശതമാനം) സർവേ വ്യക്തമാക്കുന്നു. ഇതിന് തൊട്ടുപിന്നാലെ റോഡപകടങ്ങൾ, വീട്ടിലുണ്ടാകുന്ന വീഴ്ചകൾ, കൃഷിയിടങ്ങളിലെ അപകടങ്ങൾ എന്നിവ (10.68 ശതമാനം) വരുന്നു. ജന്മനായുള്ള ഭിന്നശേഷി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ 7.9 ശതമാനം പേരുടെ മാതാപിതാക്കൾ തമ്മിൽ രക്തബന്ധമുള്ളവരായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം വൈകല്യങ്ങൾ ഉണ്ടാകുന്നതിൽ ജനിതക ഘടകങ്ങൾക്കുള്ള സ്വാധീനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

2016-ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമ പ്രാബല്യത്തിലൂടെ, ഭിന്നശേഷിക്കാരുടെ (PwD) അവകാശങ്ങളെക്കുറിച്ചുള്ള ഐക്യരാഷ്ട്ര കൺവെൻഷന്റെ ഓപ്ഷണൽ പ്രോട്ടോക്കോൾ പ്രാബല്യത്തിൽ വന്നു. ഭിന്നശേഷിക്കാരുടെ ആവശ്യങ്ങളോടുള്ള അവകാശാധിഷ്ഠിത സമീപനം ഇത് ഉയർത്തിപ്പിടിക്കുന്നു. RPwD ആക്ട് 2016-ന്റെ നിയമനിർമ്മാണത്തെത്തുടർന്ന്, സംസ്ഥാന ഗവൺമെന്റ് ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് മറ്റുള്ളവരുമായുള്ള അന്തരം നികത്തുന്നതിനുമുള്ള പുതിയ പദ്ധതികൾ ആരംഭിച്ചു. തടസ്സരഹിത കേരളം പദ്ധതി, വ്യക്തിഗത പരിചരണ പദ്ധതി, ഭിന്നശേഷിക്കാർക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ (അനുയാത്ര) എന്നിവ ഇതിനായി ഏറ്റെടുത്ത പദ്ധതികളിൽപ്പെടുന്നു. ഭിന്നശേഷികൾക്കാർക്ക് ഗുണമേന്മയുള്ള പരിചരണവും പിന്തുണയും നൽകുന്ന സർക്കാർ ഇതര സംഘടനകളുടെ പരിശ്രമങ്ങളെ സർക്കാർ പിന്തുണയ്ക്കുന്നു. സംസ്ഥാന സർക്കാർ സർവീസുകളിൽ ഭിന്നശേഷിക്കാർക്ക് ഒഴിവുകളുടെ 4 ശതമാനം സംവരണം ചെയ്യുന്നതും അത്തരം സംവരണത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്താൻ കഴിഞ്ഞതും

ഈ മേഖലയിലെ മറ്റൊരു നാഴികക്കല്ലായിരുന്നു. 2030 ലെ സുസ്ഥിര വികസന അജണ്ട, യുഎൻ ആഗോള പ്രതിബദ്ധതാ പ്രോട്ടോക്കോളുകൾക്ക് അനുസൃതമായി ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, കാഴ്ചപ്പാടുകൾ, ക്ഷേമം എന്നിവയുടെ ആവശ്യകത തിരിച്ചറിയുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**അംഗപരിമിതർക്കുള്ള മേഖലയിൽ സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളും ഏജൻസികളും**

സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്ന നോഡൽ ഏജൻസിയാണ് സാമൂഹിക നീതി ഡയറക്ടറേറ്റ്. പ്രത്യേക സാമൂഹിക സുരക്ഷാ പരിപാടികൾ നടപ്പിലാക്കുന്ന ഒരു സമർപ്പിത ഏജൻസിയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM). ഭിന്നശേഷിക്കാർക്കായി ക്ഷേമ പദ്ധതികൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ (KSHPWC) മുഖേനയും നടപ്പിലാക്കിവരുന്നു. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിരീക്ഷിക്കുന്നതിലും വാദിക്കുന്നതിലും പിന്തുണയ്ക്കുന്നതിലും ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയായ സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (SCPwD) നിർണ്ണായക പങ്ക് വഹിക്കുന്നു. ഉൾപ്പെടുത്തലും ശാക്തീകരണവും പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണ ക്യാമ്പെയ്നുകളും നിയമസഹായവും ഗവേഷണവും നടത്തുന്നു.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)**

പ്രാരംഭ ഇടപെടൽ, ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസം, അവർക്കു വേണ്ട പുനരധിവാസ സേവനങ്ങൾ, കഴിവുകൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ എന്നിവ ഉൾപ്പെടെ വൈകല്യത്തിന്റെയും പുനരധിവാസത്തിന്റെയും മേഖലയിൽ പ്രവർത്തിക്കുന്ന, ദേശീയ പ്രശസ്തി നേടിയ ഒരു സ്ഥാപനമാണ് നിഷ്. ഭിന്നശേഷിക്കാർക്ക് ഉപരിപഠനത്തിനുള്ള മികച്ച അന്തരീക്ഷവും ഈ സ്ഥാപനം പ്രദാനം ചെയ്യുന്നു. BSc കമ്പ്യൂട്ടർ സയൻസ് (ശ്രവണ വൈകല്യം – HI), ബാച്ചിലേഴ്സ് ഇൻ ഫൈൻ ആർട്സ് (HI), ബി.കോം (HI), എം.എസ്.സി ഓഡിയോളജി, എം.എസ്.സി സ്പീച്ച് ലാംഗ്വേജ് പാത്തോളജി എന്നിങ്ങനെ ബധിരർക്കും കേൾവിക്കുറവുള്ളവർക്കും മാത്രമായി വിവിധ ബിരുദ കോഴ്സുകൾ നിഷ് നടത്തുന്നു. മേൽപ്പറഞ്ഞ കോഴ്സുകൾ കൂടാതെ, ഹയർ എജ്യുക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം (HEFP) RCI ഡിപ്ലോമ കോഴ്സുകളും നടത്തുന്നു. DISLI, DECSE, DTISL എന്നിവയും ഇന്ത്യൻ ആംഗ്യഭാഷയിലും വ്യാഖ്യാനത്തിലുമുള്ള ഡിപ്ലോമയും നിഷിൽ നടത്തപ്പെടുന്നു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസുമായി (KUHS) അഫിലിയേറ്റ് ചെയ്തു കൊണ്ട് ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (BOT) പ്രോഗ്രാം 2020–ൽ സ്ഥാപനം ആരംഭിക്കുകയുണ്ടായി. 2024–25–ൽ നിഷ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു, അതിൽ 10,768 വിദ്യാർത്ഥികൾ ഏർലി ഇന്റർവെൻഷൻ പരിപാടികളിൽ പങ്കെടുത്തു, 16,975 പേർ ഓഡിയോളജിയിലും, ഒക്യുപേഷണൽ തെറാപ്പി യൂണിറ്റുകൾ വഴി 520 പേർക്ക് ചികിത്സ ലഭ്യമാക്കി, 1,285 പേർ സ്പീച്ച്–ലാംഗ്വേജ് പാത്തോളജി വിഭാഗത്തിലും പങ്കെടുത്തു, 4,944 പേർ മെഡിക്കൽ, സൈക്കോളജി, അനുബന്ധ സേവനങ്ങൾ എന്നിവയിൽ പങ്കെടുത്തു. 2024–25 – ൽ വിവിധ അക്കാദമിക് പ്രോഗ്രാമുകളുടെ പ്രയോജനം 786 വിദ്യാർത്ഥികൾക്ക് ലഭിച്ചു.

**കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ**

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ. കാഴ്ച വൈകല്യം, ശ്രവണ–സംസാര വൈകല്യം, ചലന വൈകല്യം, മാനസിക വൈകല്യം തുടങ്ങിയവ നേരിടുന്നവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുകയും പ്രോത്സാഹിപ്പിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക, പ്രസ്തുത വിഭാഗക്കാർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായവും നൽകുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യം.

2024–25 ൽ കോർപ്പറേഷൻ മുഖേന നൽകിയ സേവനങ്ങൾ ഇവയെല്ലാമാണ്.

- 893 പേർക്ക് വിവിധ ഭിന്നശേഷി സൗഹൃദ ഉപകരണങ്ങൾ വിതരണം ചെയ്തു.
- 269 ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിനുള്ള വായ്പ വിതരണം ചെയ്തു.
- "ഹസ്തദാനം" പദ്ധതിയിലൂടെ 62 കുട്ടികൾക്ക് സ്ഥിരനിക്ഷേപമായി 20,000 രൂപയുടെ ധനസഹായം നൽകി.
- സ്വയം തൊഴിൽ ലോൺ ലഭ്യമാക്കുന്നതിന് ജാമ്യം ഒന്നും തന്നെ നൽകാനില്ലാത്ത ഭിന്നശേഷിക്കാരായ 140 പേർക്ക് 25,000 രൂപ നിരക്കിൽ ധനസഹായം നൽകി.
- ലോട്ടറി ടിക്കറ്റ് വിൽപ്പന ആരംഭിക്കുന്നതിന് 179 പേർക്ക് 5,000 രൂപ നിരക്കിലുള്ള സാമ്പത്തിക സഹായം നൽകി.
- ഭിന്നശേഷിക്കാരായ 24 പേർക്ക് മോട്ടോറൈസ്ഡ് സ്കൂട്ടർ സബ്സിഡിയായി 15,000 രൂപ നിരക്കിൽ നൽകി.
- ഭിന്നശേഷിക്കാരായ 664 എസ്എസ്എൽസി, ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് 5000 രൂപ നിരക്കിൽ ക്യാഷ് അവാർഡ് നൽകി
- കോർപ്പറേഷന്റെ ശുപാർശപ്രകാരം ദേശസാൽക്കൃത ബാങ്കുകളിൽ നിന്ന് വായ്പ ലഭിച്ച 64 ഭിന്നശേഷിക്കാർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ സബ്സിഡി നൽകി.
- വായ്പാ തിരിച്ചടവ് കാലാവധിക്കുള്ളിൽ മരണപ്പെട്ട 78 ഗുണഭോക്താക്കളുടെ എൻ.ഡി.എഫ്.ഡി.സി വായ്പ കുടിശ്ശിക എഴുതിത്തള്ളി.
- വായ്പാ തിരിച്ചടവ് മുടങ്ങിയവർക്കായി പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. കൂടാതെ, നിശ്ചിത സമയത്തിനകം വായ്പ തിരിച്ചടയ്ക്കുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സബ്സിഡി ആനുകൂല്യവും നൽകി.

• പാറശ്ശാലയിൽ 21 അന്തേവാസികളുമായി 'സാഫല്യം' വൃദ്ധസദനം വിജയകരമായി പ്രവർത്തിപ്പിച്ചു വരുന്നു.

**ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണറേറ്റ്**

പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്ടിന്റെ സെക്ഷൻ 63 പ്രകാരം, ഒരു സിവിൽ കോടതിയുടെ അധികാരം വിനിയോഗിക്കാൻ കഴിയുന്ന ഒരു അർദ്ധ ജുഡീഷ്യൽ ബോഡിയാണ് സംസ്ഥാനതലത്തിൽ ഭിന്നശേഷിക്കാർക്ക്വേണ്ടി പ്രവർത്തിക്കുന്ന കമ്മീഷണറേറ്റ്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി രൂപകൽപ്പന ചെയ്ത വിവിധ പരിപാടികളുടെയും, പദ്ധതികളുടെയും മേൽനോട്ടം, ബോധവൽക്കരണ ക്യാമ്പുകളും അദാലത്തുകളും സംഘടിപ്പിക്കുക, ഭിന്നശേഷിക്കാർക്ക് സൗജന്യ നിയമസഹായം നൽകുക, അവരുടെ പുനരധിവാസത്തിനായി ഗവേഷണവും വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുക തുടങ്ങിയവയാണ് കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ. ഭിന്നശേഷിയുള്ള വ്യക്തികൾക്ക് നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതും, നിയമം നടപ്പിലാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങളോ അപാകതകളോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും കമ്മീഷനിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങളാണ്.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ)**

ഭിന്നശേഷിക്കാരുടെ പരിചരണത്തിന്റെയും, പുനരധിവാസത്തിന്റെയും മികവിന്റെ കേന്ദ്രമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (നിപ്മർ). പ്രാരംഭ ഇടപെടൽ, തെറാപ്പി, അക്കാദമിക് പരിപാടികൾ തുടങ്ങിയ പതിവ് പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി ചേർന്ന് നിരവധി പ്രോജക്ടുകളും സ്ഥാപനം നടപ്പിലാക്കുന്നു. ബാച്ചിലർ ഓഫ് ഒക്യുപേഷണൽ തെറാപ്പി (ബോട്ട്) കോഴ്സ്, ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർഗിവിംഗ് എന്നിവയാണ് എൻഐപിഎംആർ നടത്തുന്ന അക്കാദമിക് പ്രോഗ്രാമുകൾ. മെഡിക്കൽ, ചികിത്സാ സേവനങ്ങൾ നൽകുന്നതിനായി ഈ സ്ഥാപനത്തിന് വിവിധ ചികിത്സാ വകുപ്പുകളും യൂണിറ്റുകളും ഉണ്ട്. ഡെവലപ്മെന്റൽ ആൻഡ് ബിഹേവിയറൽ പീഡിയാട്രിക്സ് വകുപ്പിന് കീഴിൽ രക്ഷാകർത്താക്കൾക്കായുള്ള പ്രത്യേക പരിശീലനവും ശാക്തീകരണ പരിപാടിയിലൂടെ (സ്റ്റെപ്സ്) പ്രാരംഭ ഇടപെടലുകൾക്കും ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷാകർത്താക്കളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. "റിഹാബ് ഓൺ വീൽസ്" എന്ന മൊബൈൽ ഔട്ട്റീച്ച് പദ്ധതിയിലൂടെ, പ്രത്യേകം രൂപകൽപ്പന ചെയ്ത ലോ ഫ്ലോർ ബസുകൾ ഉപയോഗിച്ച് ഫീൽഡ് തലത്തിൽ ആവശ്യമായ ഇടപെടലുകൾ, വിലയിരുത്തൽ, ആരോഗ്യ സംരക്ഷണം, സഹായകരമായ പരിഹാരങ്ങൾ എന്നിവ നിപ്മർ നടത്തി വരുന്നു. ഭിന്നശേഷിക്കാർക്ക് ഗതാഗത സൗകര്യത്തിനായി "വീൽ ട്രാൻസ്" എന്ന പദ്ധതിയും സ്ഥാപനം നടത്തിവരുന്നു. നിപ്മറിന് കീഴിലുള്ള സെന്റർ ഫോർ മൊബിലിറ്റി ആൻഡ് അസിസ്റ്റീവ് ടെക്നോളജിയിലൂടെ (സി–മാറ്റ്), ഭിന്നശേഷിക്കാരുടെ

പട്ടിക 8.3.3: നിപ്മർ (NIPMR) സേവന വിതരണ സ്ഥിതിവിവരക്കണക്കുകൾ (ഏപ്രിൽ 2024 – മാർച്ച് 2025)

| ക്രമ നമ്പർ | വകുപ്പ് / സേവനം | സെഷനുകളുടെ / കൺസൾട്ടേഷനുകളുടെ എണ്ണം |
|---|---|---|
| 1 | ഫിസിയോതെറാപ്പി (PT) | 17,706 |
| 2 | ഓഡിയോളജി & സ്പീച്ച് ലാംഗ്വേജ് പതോളജി (ASLP) | 18,335 |
| 3 | ഒക്യുപേഷണൽ തെറാപ്പി (OT) | 14,940 |
| 4 | ബിഹേവിയറൽ തെറാപ്പി (BT) | 11,668 |
| 5 | ഡെവലപ്മെന്റൽ തെറാപ്പി (DT) | 6,287 |
| 6 | ഡയറ്ററി സേവനങ്ങൾ | 1,469 |
| 7 | മെഡിക്കൽ സേവനങ്ങൾ (കൺസൾട്ടേഷനുകൾ) | 6,358 |
| 8 | പ്രോസ്തെറ്റിക്സ് & ഓർത്തോട്ടിക്സ് (P&O) | 391 |
| 9 | സ്പെഷ്യൽ സ്കൂളുകൾ (CP, ASD, IDD) | 14,163 |
| 10 | ദന്തചികിത്സാ സേവനങ്ങൾ | 990 |
| 11 | വൊക്കേഷണൽ ട്രെയിനിംഗ് (PM-Voc) | 4,014 |
| 12 | നേത്രചികിത്സ | 264 |
| 13 | സോഷ്യൽ വർക്ക് സേവനങ്ങൾ | 1,258 |
| 14 | ഇ.എൻ.ടി (ENT) സേവനങ്ങൾ | 164 |
| | **ആകെ** | **98,007** |

**ഉറവിടം:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR)

ചലനത്തിന് സഹായകമാകുന്ന ഉപകരണങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. സുഷുമ്ന നാഡിക്ക് പരിക്കേറ്റവരെ പുനരധിവസിപ്പിക്കുന്ന യൂണിറ്റാണ് മറ്റൊരു പ്രധാന സംരംഭം. സുഷുമ്ന നാഡിക്ക് പരിക്കേറ്റവരെ പുനരധിവസിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ഇത് വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. 2024-25-ൽ നിപ്മർ ആകെ 98,007 കൺസൽട്ടൻസി സേവനങ്ങൾ നൽകി. ഈ സേവനങ്ങളുടെ പകുതിയിലധികം വരുന്ന, ഓഡിയോളജി സ്പീച്ച് ലാംഗ്വേജ് പാത്തോളജി (ASLP), ഫിസിയോതെറാപ്പി (PT), ഒക്യുപേഷണൽ തെറാപ്പി (OT) എന്നീ മേഖലകളിൽ യഥാക്രമം 18,335, 17,7061, 14,940 സേവനങ്ങൾ നൽകി. നിപ്മറിന്റെ സേവന സ്ഥിതിവിവരക്കണക്കുകൾ (2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ) **പട്ടിക 8.3.3**-ൽ നൽകുന്നു.

### സാമൂഹ്യനീതി ഡയറക്ടറേറ്റ്

പാർശ്വവത്കരിക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗുണഭോക്താക്കൾക്കുള്ള പ്രധാന പരിപാടികൾ **പട്ടിക 8.3.4** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ജീവനോപാധി എന്നിവയ്ക്ക് ധനസഹായം നൽകിക്കൊണ്ട് സാമൂഹികനീതി വകുപ്പ് ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നു.

**കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (കെ.എസ്.എസ്.എം)**

കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന ഒരു സംരംഭമാണ്. സാമൂഹിക സുരക്ഷ വർദ്ധിപ്പിക്കുകയും ജീവിത നിലവാരം മെച്ചപ്പെടുത്തുകയും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സമഗ്രമായ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. യൂണിവേഴ്സൽ ഡിസെബിലിറ്റി ഐഡന്റിറ്റി (യുഡിഐഡി) കാർഡ് നൽകുന്നതിനുള്ള നോഡൽ ഏജൻസിയാണ് കെഎസ്എസ്എം. ഭിന്നശേഷിക്കാർക്ക് ഭിന്നശേഷിസർട്ടിഫിക്കറ്റും യുഡിഐഡി കാർഡും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാനത്തുടനീളം ഭിന്നശേഷി സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 2024-25 - ൽ കെഎസ്എസ്എം 53,867 യുഡിഐഡി കാർഡുകൾ നൽകി.

100 ശതമാനം കാഴ്ച വൈകല്യമുള്ളവർ, കാൻസർ, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസികരോഗം, ബൗദ്ധിക വൈകല്യങ്ങൾ എന്നിവയാൽ ബുദ്ധിമുട്ടുന്ന മുഴുവൻ സമയ പരിചരണം ആവശ്യമുള്ള രോഗികൾ, കിടപ്പിലായ വയോജനങ്ങൾ എന്നിവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിലൂടെ കെ.എസ്സ്.എസ്സ്.

**പട്ടിക 8.3.4** സാമൂഹ്യനീതി വകുപ്പിന്റെ 2024-25 ലെ പ്രധാന പരിപാടികൾ

| പദ്ധതി | വിഭാഗം/മാനദണ്ഡം | ആകെ തുക (രൂപയിൽ) |
|---|---|---|
| പരിണയം | ഭിന്നശേഷിയുള്ള പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കും വിവാഹധന സഹായം | 79,80,000 |
| സ്കോളർഷിപ്പ് | കുടുംബ വാർഷിക വരുമാനം 36,000 രൂപയിൽ താഴെയുള്ള ഭിന്നശേഷിക്കാരായ (40% ഭിന്നശേഷിയുള്ള) വിദ്യാർത്ഥികൾ. | 80,095 |
| മാതൃജ്യോതി | ഭിന്നശേഷിക്കാരായ അമ്മമാർക്ക് അവരുടെ കുഞ്ഞിനെ പരിപാലിക്കാൻ | 14,56,922 |
| വിദ്യാകിരണം | 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ഭിന്നശേഷിക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം | 2,19,56,998 |
| വിദ്യാ ജ്യോതി | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം സഹായം | 10,61,104 |
| സ്വാശ്രയ | ഭിന്നശേഷിയുള്ള കുട്ടികളുള്ള സിംഗിൾ മദറിന് സ്വയം തൊഴിലിനായി | 23,10,000 |
| വിജയാമൃതം | ബിരുദം/തത്തുല്യ കോഴ്സുകൾ, പിജി/ പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉയർന്ന മാർക്ക് നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ | 4,30,339 |
| ഇംപ്രെസ്റ്റ് മണി | പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട അനാഥരുടെ പുനരധിവാസം | 1,49,747 |
| പരിരക്ഷ | അടിയന്തര ചികിൽസകൾക്കും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോഴും ഭിന്നശേഷിക്കാർക്കുള്ള സാമ്പത്തിക സഹായം | 26,60,285 |
| പ്രത്യാശ | പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികളെ സ്വന്തം സംസ്ഥാനങ്ങളിലേക്ക് തിരിച്ചയക്കൽ. എം. എച്ച്. സി കളിലും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലും ഇതര സംസ്ഥാന അന്തേവാസികളുടെ പുനരധിവാസം | 21,19,173 |
| സഹചാരി | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിലും മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിലും സഹായം | 1,63,204 |
| സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് | സൈക്കോ സോഷ്യൽ പദ്ധതിക്ക് കീഴിൽ സർക്കാർ അംഗീകാരത്തോടെ ആളുകളെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്കുള്ള സഹായം | 4,66,69,601 |
| അതിജീവനം | പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ, പുനരധിവാസം ഉറപ്പാക്കുന്നതിനായി സർക്കാർ ഇതര സംഘടനകളുമായുള്ള സഹകരണം | 1,07,26,032 |
| ബാരിയർ ഫ്രീ കേരള | ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ, പൊതു സ്ഥലങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഐടി അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ഭിന്നശേഷി സൗഹൃദമാക്കുക | 31,00,000 |

**ഉറവിടം**: സാമൂഹ്യ നീതി വകുപ്പ്

എം പ്രതിമാസം 600 രൂപ സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം 28,385 ഗുണഭോക്താക്കൾക്ക് 3764 ലക്ഷം രൂപ ധനസഹായം നൽകി. കാസർകോട് ദുരിതബാധിതരെ സഹായിക്കാൻ സ്നേഹസാന്ത്വനം, പ്രത്യേക ആശ്വാസകിരണം, എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം തുടങ്ങിയ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

മാതാപിതാക്കൾ രണ്ടുപേരോ ഒരാളോ നഷ്ടപ്പെട്ട സാമ്പത്തിക പരാധീനതകൾ ഉള്ള കുട്ടികൾക്ക് ഏറ്റവും മികച്ച രീതിയിൽ വളരുന്നതിന് സ്നേഹപൂർവം പദ്ധതി സാമ്പത്തിക സഹായം നൽകുന്നു. ബന്ധുക്കൾ, സുഹൃത്തുക്കൾ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരുടെ കുടുംബത്തിൽ വസിക്കുന്ന അനാഥരെ ഈ പദ്ധതി പിന്തുണയ്ക്കുന്നു. സ്നേഹപൂർവം പദ്ധതി പ്രകാരം 2024-25 -ൽ 44,018 ഗുണഭോക്താക്കൾക്ക് 1291 ലക്ഷം രൂപയുടെ ധനസഹായം നൽകി.

വൈകല്യങ്ങൾ തടയുന്നതിനും പ്രാരംഭ ഇടപെടലുകൾ നടത്തുന്നതിനും, അവയെ കൈകാര്യം ചെയ്യുന്നതിനുമായി ഒരു സംഘടിത ശൃംഖലാ സമ്പ്രദായവും സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനുള്ള തന്ത്രപരമായ ചട്ടക്കൂട്, ഇടപെടലുകൾ, ഏകീകൃത പദ്ധതി എന്നിവ ഉൾക്കൊള്ളുന്ന ഒരു കുടക്കീഴിൽ വരുന്ന പദ്ധതിയാണ് അനുയാത്ര. 5 മെഡിക്കൽ കോളേജുകളിൽ സ്ഥാപിതമായ റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകളും (REICs) വൈകല്യങ്ങളുടെ പ്രാരംഭ നിർണ്ണയം ഉറപ്പാക്കുന്നതിനും ഉചിതമായ സേവനങ്ങൾ നൽകുന്നതിനുമായി സ്ഥാപിച്ചിട്ടുള്ള ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററുകളും (DEIC) അനുയാത്രയിൽ ഉൾപ്പെടുന്നു. ശ്രവണവൈകല്യം കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ജീവിതചക്ര സമീപനമാണ് കാതോരം പദ്ധതി.

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള വൈകല്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **പട്ടിക 8.3.5** ൽ നൽകിയിരിക്കുന്നു.

**ഇൻക്ലൂസീവ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ**

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിന് പേരുകേട്ടതാണ്. സ്കൂളുകളിൽ വിവിധ തെറാപ്പികൾ നടത്തുന്നതിനായി റിസോഴ്സ് ടീച്ചറും ജീവനക്കാരും കൂടാതെ റിസോഴ്സ് സെന്ററും പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾക്ക് കീഴിൽ ഓരോ ഉപജില്ലയിലും ഒരു റിസോഴ്സ് സെന്റർ പ്രവർത്തിക്കുന്നു. പ്രത്യേക ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള മാതൃകാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് ചില ജനറൽ സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള മോഡൽ ഇൻക്ലൂസീവ് സ്കൂൾ പ്രോഗ്രാമും വകുപ്പ് നടപ്പിലാക്കുന്നു. മാനസിക ഭിന്നശേഷിയുള്ള കുട്ടികൾക്ക് പരിചരണം നൽകുന്ന സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യസഹായത്തിനുമുള്ള സൗകര്യങ്ങൾ തുടങ്ങിയവയ്ക്കായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിനും വകുപ്പ് സഹായം

**പട്ടിക 8.3.5:** കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന ഇടപെടലിലെ വിവിധ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളുടെ എണ്ണം

| ക്രമ നമ്പർ | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻന്റെ കീഴിലുള്ള ഭിന്നശേഷിക്കാർക്കായുള്ള സംരംഭത്തിന്റെ വിവിധ പ്രവർത്തനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഗവൺമെന്റ് മെറ്റേണിറ്റി ഹോസ്പിറ്റലുകളിൽ നവജാത ശിശുക്കൾക്കുള്ള ഹിയറിംഗ് സ്ക്രീനിംഗ് | 66075 |
| 2 | ശ്രവണ വൈകല്യമുണ്ടെന്ന് സംശയിക്കുന്ന കുട്ടികൾക്കായി BERA ടെസ്റ്റുകൾ | 954 |
| 3 | ശ്രവണ വാചിക ചികിത്സ കേന്ദ്രങ്ങളിൽ പരിചരണം കൊടുക്കുന്നു | 1903 |
| 4 | പ്രത്യേക അങ്കണവാടികൾ വഴി കുട്ടികളെ പിന്തുണയ്ക്കുന്നു | 439 |
| 5 | പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ ജനറൽ സ്കൂളുകളിൽ ചേർത്തു | 338 |
| 6 | റീജിയണൽ എർലി ഇന്റെർവെൻഷൻ സെന്റെറുകളിലൂടെ കുട്ടികളെ പിന്തുണയ്ക്കുന്നു | 4636 |
| 7 | ഓട്ടിസം ഉണ്ടെന്ന് സംശയിക്കുന്ന കുട്ടികൾക്ക് ഓട്ടിസം സെന്റെറുകൾ വഴി പിന്തുണ നൽകുന്നു | 4504 |
| 8 | മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റുകൾ വഴി കുട്ടികളെ പിന്തുണയ്ക്കുന്നു | 12316 |
| 9 | ഭിന്നശേഷിക്കാരെ കോൾ സെന്റെറുകൾ വഴി പിന്തുണയ്ക്കുന്നു | 16023 |
| 10 | ഹോർട്ടികൾച്ചറൽ തെറാപ്പി പ്രോഗ്രാമിലൂടെ ബൗദ്ധിക വൈകല്യമുള്ള വ്യക്തികളെ പിന്തുണയ്ക്കുന്നു | 441 |
| 11 | അങ്കിലോസിംഗ് സ്പോണ്ടിലൈറ്റിസ് ഉള്ളവർക്ക് മരുന്നുകൾ നൽകി | 111 |
| 12 | മൾട്ടിപ്പിൾ സ്ലിറോസിസ് ഉള്ളവർക്ക് മരുന്നുകൾ നൽകി | 90 |
| **ആകെ** | | **107830** |

**ഉറവിടം**: കേരള സാമൂഹ്യ സുരക്ഷാ മിഷൻ

നൽകുന്നുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികളുടെ പെരുമാറ്റത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ടും അവരുടെ സാമൂഹിക പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയ വിനിമയ നിലവാരം ഉയർത്തിക്കൊണ്ടും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ഓട്ടിസം പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

**മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സി. എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് ബൗദ്ധിക വൈകല്യമുള്ളവർക്ക് പ്രത്യേക വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസ സേവനങ്ങൾ എന്നിവ നൽകുന്നു. ബൗദ്ധിക വൈകല്യമുള്ള കുട്ടികൾക്കായി പ്രത്യേക സ്കൂളുകൾ, ക്ലിനിക്കൽ സേവനങ്ങൾ, ഫിസിയോതെറാപ്പി സെന്റർ, ഏർലി ഇന്റർവെൻഷൻ സെന്റർ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം, പ്രത്യേക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഡിപ്ലോമ കോഴ്സുകൾ എന്നിങ്ങനെ ബൗദ്ധിക വൈകല്യ മേഖലയിൽ വിവിധ സേവനങ്ങൾ സ്ഥാപനം നല്കുന്നു. ഓമെന്റെഷൻ ആൻഡ് ഡോക്യുമെന്റെഷൻ സ്കീമിന് കീഴിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഒരു അക്കാദമിക് സെന്റർ വികസിപ്പിച്ചെടുക്കുകയും ലൈബ്രറിയിൽ ഓഡിയോ–വിഷ്വൽ സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തു, 150 വിദ്യാർത്ഥികൾക്ക് ഇതുവഴി പ്രയോജനം ലഭിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് തൊഴിൽപരിശീലനം പൂർത്തിയാക്കിയ മുപ്പതിലധികം പ്രായപൂർത്തിയായ ഭിന്നശേഷിക്കാരെ (മാനസിക വെല്ലുവിളികൾ നേരിടുന്നവർ) എസ്.ഐ.എം.സി (SIMC) നേരിട്ട് വിവിധ തൊഴിലുകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, കേരളത്തിലെ സ്പെഷ്യൽ സ്കൂളുകൾക്കായി എസ്.സി.ഇ.ആർ.ടി (SCERT) തയ്യാറാക്കിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ, എല്ലാ ജില്ലകളിലെയും സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കായി (പ്രത്യേക അധ്യാപകർ) പുനർപരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു.

**തൊഴിൽ വകുപ്പ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ഒരു പുനരധിവാസ പാക്കേജ് (കൈവല്യ) തൊഴിൽ വകുപ്പ് നൽകുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 50,000 രൂപ വായ്പ നൽകുകയും, തൊഴിൽ അവസരങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സോഫ്റ്റ് സ്കിൽ പരിശീലനം തുടങ്ങിയവയും നൽകുന്നു. 2024–25–ൽ 1 കോടി രൂപ വിതരണം ചെയ്തതിലൂടെ കൈവല്യ പദ്ധതിയുടെ പ്രയോജനം 200 പേർക്ക് ലഭിച്ചു.

**ഭിന്നശേഷി മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്**

കേരളത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ്, ജനപങ്കാളിത്തത്തോടെയുള്ള ഭരണസംവിധാനത്തിലൂടെ ഭിന്നശേഷിയുള്ള വ്യക്തികളുടെ സാമൂഹിക ഉൾപ്പെടുത്തലും ശാക്തീകരണവും ഉറപ്പാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. പഞ്ചായത്തുകളും നഗരസഭകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി ക്ഷേമപദ്ധതികളുടെ പ്രധാന നടപ്പാക്കൽ ഏജൻസികളാണ്. ഓരോ തദ്ദേശ സ്ഥാപനവും തങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 5 ശതമാനം തുക ഭിന്നശേഷിക്കാർ, കുട്ടികൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി നീക്കിവയ്ക്കാൻ ബാധ്യസ്ഥരാണ്. സാമൂഹ്യസുരക്ഷാ പെൻഷനുകൾ, വീൽചെയർ, ശ്രവണസഹായ ഉപകരണങ്ങൾ തുടങ്ങിയ സഹായോപകരണങ്ങളുടെ വിതരണം, ഭിന്നശേഷി സൗഹൃദപരമായ ഭവന പരിഷ്കാരങ്ങൾ എന്നിവയ്ക്കായി ഈ ഫണ്ട് വിനിയോഗിക്കുന്നു. പൊതുസ്ഥലങ്ങളിൽ തടസ്സരഹിത അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നൈപുണ്യ വികസന–ഉപജീവന പദ്ധതികൾ നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവാദിത്വങ്ങളാണ്. പ്രാദേശിക വികസന പദ്ധതികളിൽ ഭിന്നശേഷി സൗഹൃദ സമീപനം ഉറപ്പാക്കുന്നതിലൂടെ, താഴെത്തട്ടിലുള്ള വ്യക്തികളുടെ അവകാശങ്ങളും ആവശ്യങ്ങളും ഫലപ്രദമായി പരിഗണിക്കപ്പെടുന്നു എന്ന് ഈ വകുപ്പ് ഉറപ്പുവരുത്തുന്നു.

**വയോജന പരിചരണം**

ഉയർന്ന സാമൂഹിക വികസന നിലവാരമുള്ള കേരളം, ജനസംഖ്യാപരമായ ഒരു ഗണ്യമായ പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്, ഇത് ജനസംഖ്യയെ വേഗത്തിൽ വാർദ്ധക്യത്തിലേക്ക് നയിക്കുന്നു. പ്രത്യുൽപാദന നിരക്കിലെ കുറവ്, മരണനിരക്ക് കുറയൽ, ആയുർദൈർഘ്യം വർദ്ധിക്കൽ എന്നിവയാൽ സവിശേഷതയുള്ള ഈ ജനസംഖ്യാപരമായ മാറ്റം, പൊതുജനാരോഗ്യത്തിലും സാമൂഹിക ക്ഷേമത്തിലും സംസ്ഥാനത്തിന്റെ നേട്ടങ്ങളുടെ ഒരു തെളിവാണ്. എന്നിരുന്നാലും, വയോജന ജനസംഖ്യ, സാമൂഹിക പിന്തുണയുടെ കുറവ്, ആരോഗ്യ പ്രശ്നങ്ങൾ, വയോജനങ്ങളെ ചൂഷണം ചെയ്യൽ, പ്രാപ്യതക്കുള്ള തടസ്സങ്ങൾ, ഡിജിറ്റൽ വിടവ്, പരിമിതമായ തൊഴിലവസരങ്ങൾ, അപര്യാപ്തമായ സാമൂഹിക സുരക്ഷ, ഏകാന്തത എന്നിവയുൾപ്പെടെ നിരവധി വെല്ലുവിളികൾ ഉയർത്തുന്നു. ഈ വെല്ലുവിളികളെ നേരിടാൻ, കേരളം അതിന്റെ വയോജനങ്ങളുടെ ക്ഷേമവും സാമൂഹിക സംരക്ഷണവും ഉറപ്പാക്കുന്നതിന് മുൻകൈയെടുക്കുന്ന നയങ്ങളും നടപടികളും രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്.

2007 ലെ മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പേരന്റ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് കാര്യക്ഷമമായി നടത്തുന്നതിനും വയോജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിനും സംസ്ഥാന സർക്കാർ വളരെയധികം ശ്രദ്ധിക്കുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളെ ശക്തിപ്പെടുത്തുന്നതും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാർ ഇതര സംഘടനകൾ എന്നിവയുമായി സഹകരിച്ച് വാതിൽപ്പടി സേവനം, സായംപ്രഭ ഹോമുകൾ– ഡേകെയർ സൗകര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള സാമൂഹിക സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 2024–25 കാലയളവിൽ 86 ഡേ കെയർ സെന്ററുകൾക്കായി 67,87,313/– രൂപ ചെലവഴിച്ചു.

എന്നിരുന്നാലും വാർദ്ധക്യത്തോടുള്ള സമൂഹത്തിന്റെയും മുതിർന്നവരുടെയും കാഴ്ചപ്പാടിൽ 'സജീവമായ വാർദ്ധക്യം' എന്ന നിലയിൽ ഒരു മാറ്റത്തിനായി സംസ്ഥാന സർക്കാർ നിലകൊള്ളുന്നു. 2002-ലെ ലോകാരോഗ്യ സംഘടനയുടെ നയം അനുസരിച്ച്, ആളുകളുടെ പ്രായം കൂടുന്നതനുസരിച്ച് ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആരോഗ്യം, പങ്കാളിത്തം, സുരക്ഷ എന്നിവയ്ക്കുള്ള അവസരങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്ന ഒരു പ്രക്രിയയായി 'സജീവമായ വാർദ്ധക്യത്തെ' നിർവചിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായുള്ള നോഡൽ വകുപ്പെന്ന നിലയിൽ സാമൂഹ്യനീതി വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, പ്രാദേശിക കമ്മ്യൂണിറ്റികൾ എന്നിവയുൾപ്പെടെ വയോജനങ്ങളുടെ പരിചരണത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന മറ്റ് നിരവധി വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടത് അനിവാര്യമാണ്.

താഴ്ന്ന വരുമാനക്കാരായ 28.8 ലക്ഷം മുതിർന്ന പൗരന്മാർക്ക് കേരള സർക്കാർ വാർദ്ധക്യ പെൻഷൻ നൽകുകയും അവരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യ പരിരക്ഷയും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങളും നല്കുകയും ചെയ്യുന്നു. പ്രാദേശിക സർക്കാരുമായി സഹകരിച്ച് സാമൂഹികാടിസ്ഥാനത്തിലുള്ള പിന്തുണാ പരിപാടികളും ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം പദ്ധതി പോലുള്ള നിരവധി പരിപാടികൾ സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും ചേർന്ന് നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ വയോജനങ്ങൾക്ക് തുടർച്ചയായുള്ള വൈദ്യപരിശോധന ലഭിക്കുന്നു. 2024-25 കാലയളവിൽ 2,90,590 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെട്ടു. വയോരക്ഷ പദ്ധതി; ബുദ്ധിമുട്ടുകൾ, അക്രമം, ചൂഷണം എന്നിവ നേരിടുന്ന മുതിർന്ന വ്യക്തികൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിലൂടെയും സുസ്ഥിരവും സന്തുഷ്ടവുമായ ജീവിത സാഹചര്യങ്ങൾ നൽകുന്നതിലൂടെയും അവരെ പിന്തുണയ്ക്കുന്നു. അടിയന്തര പ്രഥമശുശ്രൂഷ, ശസ്ത്രക്രിയകൾ, ആംബുലൻസ് സേവനങ്ങൾ, പുനരധിവാസം, സഹായം, അവശ്യ ഉപകരണങ്ങൾ തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതി വയോജനങ്ങൾക്ക് നൽകുന്നു . മൊത്തം 59 ഗുണഭോക്താക്കൾക്കായി 4,90,096 രൂപയുടെ സഹായം നൽകി. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും മുതിർന്ന പൗരന്മാർക്കുള്ള സഹായ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഒരു അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

വയോജന സംരക്ഷണ ഹോമുകളുടെ പ്രത്യേകിച്ചും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ഹോമുകളുടെ രജിസ്ട്രേഷൻ, പ്രവർത്തനം, നിരീക്ഷണം എന്നിവയ്ക്കായി വകുപ്പ് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (എസ്ഒപി) തയ്യാറാക്കിവരുന്നു. സമൂഹത്തിലെ മുതിർന്നവരെ വിവിധ പരിപാടികളിലൂടെ സമൂഹവുമായി ഇടപഴകാനും അവരുടെ വ്യക്തിത്വവും ആത്മാഭിമാനവും നിലനിർത്താനും അവരുടെ അറിവും അനുഭവസമ്പത്തും സമൂഹത്തിന്റെ അത്യന്താപേക്ഷിതമായ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ തയ്യാറാക്കിവരുന്നു. വയോജന പരിപാലന പരിപാടികൾ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ മാനവവികസനം-ജനസംഖ്യ ഘടനയിലെ മാറ്റങ്ങൾ എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമം**

2015-ൽ ട്രാൻസ്ജെൻഡർ നയം അവതരിപ്പിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി മാറിയ കേരളം ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിൽ മുൻനിരയിലാണ്. മഴവില്ല് എന്ന പദ്ധതിക്ക് കീഴിൽ സംസ്ഥാന സർക്കാർ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ മുഖ്യധാരയ്ക്കായി വിവിധ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ തൊഴിൽ പരിശീലനം, ലിംഗമാറ്റ ശസ്ത്രക്രിയ, ശസ്ത്രക്രിയാനന്തര പരിചരണം, വിവാഹ സഹായം, സ്കോളർഷിപ്പുകൾ, പെൻഷനുകൾ, ഇൻഷുറൻസ് എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം എന്നിവ ഉൾപ്പെടുന്നു. കൂടാതെ, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർക്കാർ ഐഡി കാർഡുകൾ നൽകുകയും ഒരു സമർപ്പിത ടിജി സെല്ലും ക്രൈസിസ് മാനേജ്മെന്റ് സെന്റർ സ്ഥാപിക്കുകയും 24/7 ഹെൽപ്ലൈൻ ആരംഭിക്കുകയും ചെയ്തു. ഒരു സമഗ്ര സമൂഹം കെട്ടിപ്പടുക്കാൻ, വികസനവും പുനരധിവാസ പരിപാടികളും നടത്തുന്നതിന് എൻ.ജി.ഒകളെയും സി.ബി. ഒകളെയും സർക്കാർ പിന്തുണച്ചു. കൂടാതെ, ട്രാൻസ്ജെൻഡർ വ്യക്തികളെ മനസ്സിലാക്കുന്നതും അംഗീകരിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക്, കുടുംബാംഗങ്ങൾക്ക്, അധ്യാപകർക്ക്, ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് എന്നിവർക്ക് ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും സംഘടിപ്പിച്ചു. സാമ്പത്തിക ശാക്തീകരണത്തെ പിന്തുണയ്ക്കുന്നതിനായി, സർക്കാർ സ്വയംതൊഴിൽ വായ്പകൾക്ക് സൗകര്യ മൊരുക്കുകയും ഷെൽട്ടർ ഹോമുകളും ഷോർട്ട് സ്റ്റേ ഹോമുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സമഗ്രമായ സംരംഭങ്ങൾ നടപ്പിലാക്കുന്നതിലൂടെ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി കൂടുതൽ ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഒരു സമൂഹം സൃഷ്ടിക്കാനുമാണ് കേരളം ലക്ഷ്യമിടുന്നത്.

2024-25 വർഷം ട്രാൻസ്ജെൻഡറുകൾക്കായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെ പറയുന്നു.

- സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2,000 രൂപയും സ്കോളർഷിപ്പായി വിദ്യാഭ്യാസ സഹായം നൽകുന്നു. ഇതിനായി സംസ്ഥാനത്തുടനീളമുള്ള 34 ഗുണഭോക്താക്കൾക്ക് 7,55,000 രൂപ ചെലവഴിച്ചു.
- സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഇത് പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,000 രൂപ ലഭിക്കുന്നു. പദ്ധതി പ്രകാരം 45 ഗുണഭോക്താക്കൾക്കായി മൊത്തം 14,04,000 രൂപ ചെലവഴിച്ചു.
- ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ നിയമപരമായി വിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000

രൂപ നിരക്കിൽ വിവാഹ സഹായം നൽകുന്നു. 2024-25 ൽ ഇത്തരത്തിലുള്ള 4 ഗുണഭോക്താക്കൾക്കായി 1,20,000 രൂപ ധനസഹായം നൽകി.

- ബിരുദം, ഡിപ്ലോമ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സഫലം പദ്ധതി പ്രകാരം പ്രതിവർഷം 1 ലക്ഷം രൂപ ധനസഹായം നൽകുന്നു. 2024-25 ൽ 5 ഗുണഭോക്താക്കൾക്കായി മൊത്തം 3,17,000 രൂപ ചെലവഴിച്ചു.
- അതിക്രമങ്ങളും അക്രമങ്ങളും പോലുള്ള പ്രതിസന്ധികൾ അഭിമുഖീകരിക്കുമ്പോൾ അടിയന്തര പിന്തുണ ആവശ്യമുള്ള നിർധനരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കരുതൽ പദ്ധതി സഹായം നൽകുന്നു. 21 ഗുണഭോക്താക്കൾക്കായി 6,82,130 രൂപ ചെലവഴിക്കുകയും ചെയ്തു.
- ട്രാൻസ്ജെൻഡറുകൾക്കുള്ള മറ്റൊരു പ്രധാന സംരംഭം ലിംഗമാറ്റ ശസ്ത്രക്രിയയും തുടർ പരിചരണ സഹായവുമാണ്. ട്രാൻസ് സ്ത്രീകൾക്ക് 2.5 ലക്ഷം രൂപയും ട്രാൻസ് പുരുഷന്മാർക്ക് 5 ലക്ഷം രൂപയും ഈ ശസ്ത്രക്രിയയ്ക്കായി വകുപ്പ് നൽകുന്നു. പരിചരണ സഹായത്തിനായി പ്രതിമാസം 3,000 രൂപ എന്ന നിശ്ചിത തുക 12 മാസം വരെ നൽകും. 2024-25 ൽ 142 ഗുണഭോക്താക്കൾക്കായി എസ്. ആർ. എസിനായി 27.84 ലക്ഷം രൂപയും 97 ഗുണഭോക്താക്കൾക്കായി എസ്. ആർ. എസ് ശസ്ത്രക്രിയയ്ക്കായി 102.93 ലക്ഷം രൂപയും പദ്ധതിയിലൂടെ ചെലവഴിച്ചു.
- സ്വയംതൊഴിൽ സഹായം: സാമൂഹ്യനീതി വകുപ്പ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി (KSWDC) ചേർന്ന് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നു. വ്യക്തികളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കാനും മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ലക്ഷ്യമിടുന്ന ഈ പദ്ധതിയിലൂടെ, 2024-25 വർഷത്തിൽ 44 ഗുണഭോക്താക്കൾക്കായി 52,51,500 രൂപ അനുവദിച്ചു.
- സകല്യം: ട്രാൻസ്ജെൻഡർ വ്യക്തികളുടെ കഴിവിനും അഭിരുചിക്കും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകി അവരെ ശാക്തീകരിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണിത്. 2024-25 കാലയളവിൽ ഈ പദ്ധതിക്കായി 14,55,000 രൂപ ചെലവഴിച്ചു.
- ടി.ജി. ഷോർട്ട് സ്റ്റേ ഹോം: 'റെയിൻബോ' സമഗ്ര പദ്ധതിയുടെ ഭാഗമായി, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് താൽക്കാലിക താമസസൗകര്യം ഒരുക്കുന്ന എൻ.ജി.ഒ-കൾക്ക് സാമ്പത്തിക സഹായം നൽകുന്നു. 2024-25 വർഷത്തിൽ ഈ പദ്ധതിക്കായി 14,99,109 രൂപ വിനിയോഗിച്ചു.
- വർണ്ണപ്പകിട്ട്: ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല കലോത്സവമാണ് 'വർണ്ണപ്പകിട്ട്'. 2024-25-ൽ തൃശ്ശൂരിൽ വെച്ച് നടന്ന കലോത്സവത്തിനായി 16,62,366 രൂപ ചെലവഴിച്ചു.
- അനന്യം: ട്രാൻസ്ജെൻഡർ സമൂഹത്തിലെ കലാപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും അവർക്ക് സ്ഥിരമായ വരുമാന മാർഗ്ഗം ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ഗുരു ഗോപിനാഥ് നടനഗ്രാമം വഴി പരിശീലനം ലഭിച്ച 30 അംഗ ട്രാൻസ്ജെൻഡർ കലാസംഘം വിവിധ സംസ്ഥാനതല പരിപാടികളിലൂടെ ഉപജീവനം കണ്ടെത്തുന്നുണ്ട്. 2024-25 വർഷത്തിൽ ഈ പദ്ധതിക്കായി 20,95,569 രൂപ ചെലവഴിച്ചു.
- മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് യത്നം പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നു.

**സ്ത്രീ ശാക്തീകരണവും സാമൂഹ്യക്ഷേമവും**

സാമൂഹിക, രാഷ്ട്രീയ, പൊതു കാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നിരവധി ഇടപെടലുകൾ വർഷങ്ങളായി കേരളത്തിൽ നടന്നിട്ടുണ്ട്. എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനും, സംസ്ഥാനത്തെ പൊതു ഇടങ്ങളിൽ അവർക്ക് തുല്യമായ പ്രവേശനം സുഗമമാക്കുന്നതിനും, നിരവധി നയ നടപടികളിലൂടെ സംസ്ഥാന സർക്കാർ ഗണ്യമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അടിസ്ഥാന കഴിവുകളായ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും, 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്ന അനുകൂല ലിംഗാനുപാതത്തിലും (2011 ലെ സെൻസസ്), മറ്റ് നിരവധി സൂചികകളിലും ലിംഗഭേദം വളരെ കുറവാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

അഞ്ച് വർഷത്തെ കർമ്മ പദ്ധതിക്ക് രൂപം നൽകിക്കൊണ്ട് വനിതാ ശിശു വികസന വകുപ്പ് 2019-20 ൽ സ്ത്രീധന വിരുദ്ധ ക്യാമ്പയിൻ ആരംഭിച്ചു, 2004 ലെ കേരള സ്ത്രീധന നിരോധന നിയമം ഭേദഗതി ചെയ്തു, ഉദ്യോഗസ്ഥരെ നിയമിച്ചു, ജില്ലാ ഉപദേശക ബോർഡ് രൂപീകരിച്ചു, സ്ത്രീധന പരാതി പോർട്ടൽ ആരംഭിച്ചു, ഗാർഹിക പീഡനവും സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ നൽകി.

ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനം, ആസിഡ് ആക്രമണങ്ങൾ, ലിംഗാധിഷ്ഠിത അക്രമങ്ങൾ എന്നിവയ്ക്ക് ഇരയായവർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് മറ്റ് വ്യവസ്ഥാപിത സഹായങ്ങൾക്കുപരിയായി 300 ലക്ഷം രൂപയുടെ ആശ്വാസനിധി കോർപ്പസ് ഫണ്ടായി സർക്കാർ രൂപീകരിച്ചു. ഇതുകൂടാതെ, സ്വകാര്യ ഇടങ്ങളിലും പൊതു ഇടങ്ങളിലും കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തും അക്രമത്തിനിരയായവർക്കായി സർക്കാർ എല്ലാ ജില്ലകളിലും വൺ സ്റ്റോപ്പ് സെന്ററുകൾ ആരംഭിച്ചു. വൈദ്യസഹായം, എഫ്ഐആർ/എൻസിആർ/ഡിഐആർ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സഹായം, മാനസിക-സാമൂഹിക പിന്തുണയും കൗൺസിലിംഗും, നിയമസഹായം, അഭയം, റഫറൽ സേവനങ്ങൾ എന്നിവ ഉൾപ്പെടെ 24 മണിക്കൂർ പ്രത്യേക സേവനങ്ങൾ വൺ സ്റ്റോപ്പ് സെന്ററുകൾ നൽകുന്നു.

സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ കാലം ജീവിക്കുന്നു എന്നത് ഒരു ആഗോള പ്രതിഭാസമാണ്. 2021–25 ലെ ജനസംഖ്യാ പ്രവചനമനുസരിച്ച് കേരളത്തിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം 73.49 വയസ്സും സ്ത്രീകളുടേത് 79.15 വയസ്സുമാണ് (ദേശീയ ജനസംഖ്യ കമ്മീഷൻ, MoHFW 2020) ആയുർദൈർഘ്യത്തിലെ വർദ്ധനവും അനുകൂലമായ ലിംഗാനുപാതവും കേരളത്തിലെ വിധവാ ജനസംഖ്യയിലെ വർദ്ധനവിന് പ്രധാന കാരണമാണ്. ഈ സാഹചര്യത്തിലാണ് കേരള സർക്കാർ വിധവകൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. സഹായഹസ്തം പദ്ധതിയിലൂടെ 172 പേർക്ക് സ്വയം തൊഴിൽ ചെയ്യാൻ 30,000 രൂപ ഒറ്റത്തവണ ധനസഹായമായി 51,6000 രൂപ ചിലവഴിച്ചു, പടവുകൾ പദ്ധതിയിലൂടെ അവരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നതിന് വിദ്യാഭ്യാസ സഹായമായി 36 പേർക്ക് 48.27 ലക്ഷം രൂപ ചിലവഴിച്ചു, നിരാലംബരായവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം നല്കുന്ന അഭയകിരണം പദ്ധതിയിലൂടെ 576 പേർക്ക് 53.22 ലക്ഷം രൂപ ധനസഹായം നൽകി. കൂടാതെ വിധവ/വിവാഹമോചിതർക്ക് പുനർവിവാഹത്തിന് സാമ്പത്തിക പ്രോത്സാഹനം നൽകുന്നതിനായി മംഗല്യ എന്ന പദ്ധതി വഴിയായി 216 പേർക്ക് 54.00 ലക്ഷം രൂപ ധനസഹായം നൽകി.

ദുർബലരായ സ്ത്രീകൾക്ക് പിന്തുണ നൽകുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയാണ് ശരണ്യ. ഇത് തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ടവർ, വിവാഹമോചിതർ, അല്ലെങ്കിൽ അവിവാഹിതരായ സ്ത്രീകൾ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകുന്നു. 2024–25 – ൽ 1,399 സ്ത്രീകൾക്ക് ശരണ്യയിലൂടെ പ്രയോജനം ലഭിച്ചു. കൂടാതെ, 2024–ൽ 61 സ്ത്രീകളും 2025–ൽ 40 സ്ത്രീകളും (സെപ്റ്റംബർ 2025 വരെ) ഭിന്നശേഷിക്കാരായ തൊഴിലന്വേഷകർക്കുള്ള പുനരധിവാസ–ക്ഷേമ പദ്ധതിയായ കൈവല്യയിലൂടെ സാമ്പത്തിക സഹായം ലഭിച്ചു.

"പൊൻവാക്ക്", തേജോമയ ആഫ്റ്റർ കെയർ ഹോം തുടങ്ങിയ ജനപ്രിയ സംരംഭങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹിക പങ്കാളിത്തത്തിലൂടെ കേരള സമൂഹത്തിൽ നിന്ന് ശൈശവ വിവാഹം ഇല്ലാതാക്കുക എന്നതാണ് ആദ്യത്തെ സംരംഭത്തിന്റെ ലക്ഷ്യം. സ്ത്രീകളുടെയും കുട്ടികളുടെയും ഹോമുകളിലെ അന്തേവാസികളെ പഠനം പൂർത്തിയാക്കിയ ശേഷം സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരുന്ന പ്രക്രിയ സുഗമമാക്കുന്നതിനുള്ള വകുപ്പിന്റെ മറ്റൊരു പുരോഗമന ആശയമാണ് തേജോമയ ആഫ്റ്റർ കെയർ ഹോം.

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

വനിതാ വികസന കോർപ്പറേഷൻ (ഡബ്ല്യുഡിസി) സാമ്പത്തിക പിന്തുണയും പരിശീലനവും ബോധവൽക്കരണ പരിപാടികളും നൽകി സ്ത്രീകളെ ശാക്തീകരിക്കുന്നു. വായ്പകൾ, നൈപുണ്യ വികസനം, സംരംഭകത്വ പരിപാടികൾ എന്നിവയിലൂടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനുള്ള തടസ്സങ്ങൾ മറികടക്കാൻ കോർപ്പറേഷൻ സ്ത്രീകളെ സഹായിക്കുന്നു. 2024–25 ൽ ഡബ്ല്യുഡിസി 31,000–ലധികം വനിതകൾക്ക് വായ്പ നൽകി. ആയിരക്കണക്കിന് സ്ത്രീകൾക്ക് പരിശീലനം നൽകി. കൂടാതെ കോർപ്പറേഷന്റെ വിവിധ പദ്ധതികൾ വഴി മൂന്ന് ലക്ഷത്തിലധികം വനിതകൾക്കും വിദ്യാർത്ഥിനികൾക്കും നേരിട്ടും പരോക്ഷമായും പ്രയോജനം ലഭിച്ചു. സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ സംരംഭങ്ങൾ നടപ്പിലാക്കി. കൂടുതൽ വിവരങ്ങൾക്ക് ലിംഗ പദവിയും വികസനവും എന്ന ഭാഗം കാണുക.

**കേരള വനിതാ കമ്മീഷൻ**

1990 ലെ കേരള വനിതാ കമ്മീഷൻ നിയമപ്രകാരം സ്ഥാപിതമായ കേരള വനിതാ കമ്മീഷൻ സ്ത്രീകൾക്ക് നേരെയുള്ള അന്യായമായ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുക, അവകാശങ്ങൾ സംരക്ഷിക്കുക, ലിംഗസമത്വം പ്രോത്സാഹിപ്പിക്കുക, ബോധവൽക്കരണ പരിപാടികൾ, നിയമ ശിൽപശാലകൾ, പബ്ലിക് ഹിയറിംഗുകൾ, 'ഫേസ് ടു ഫേസ്' പോലുള്ള പദ്ധതികൾ വഴി സ്ത്രീകളുമായി ഇടപഴകുക എന്നിവയിലൂടെ സ്ത്രീകളുടെ നിലവാരം ഉയർത്തുന്നതിനായി പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ലിംഗ പദവിയും വികസനവും എന്ന ഭാഗം കാണുക.

**ജെൻഡർ പാർക്ക്**

ലിംഗപദവി സമത്വത്തിനായുള്ള ഒരു കേന്ദ്രമായി ജെൻഡർ പാർക്ക് പ്രവർത്തിക്കുന്നു. ഗവേഷണം, സംവാദം, നയ ഇടപെടലുകൾ, ബോധവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുകയും ജെൻഡർ ലൈബ്രറി, ഹെറിറ്റേജ് മ്യൂസിയം, അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ തുടങ്ങിയ സൗകര്യങ്ങളിലൂടെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ലിംഗ പദവിയും വികസനവും എന്ന ഭാഗം കാണുക.

**കുട്ടികളുടെ ക്ഷേമം**

ശിശുക്ഷേമം എന്നത് കുട്ടികളുടെ, പ്രത്യേകിച്ച് ദാരിദ്ര്യം അനുഭവിക്കുന്നതോ, മാതാപിതാക്കളുടെ സാധാരണ പരിചരണവും മേൽനോട്ടവും ലഭിക്കാത്തതോ ആയ കുട്ടികളുടെ ശാരീരികവും സാമൂഹികവും മാനസികവുമായ ക്ഷേമവുമായി ബന്ധപ്പെട്ടതാണ്. കുട്ടികൾ സുരക്ഷിതരാണെന്നും കുടുംബങ്ങൾക്ക് അവരുടെ കുട്ടികളെ പരിപാലിക്കാൻ ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്ന തുടർ സേവനങ്ങളാണ് ശിശുക്ഷേമത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ജാതി, ദേശീയത, മതം തുടങ്ങിയ എല്ലാ പരിഗണനകൾക്കും അതീതമായി കുട്ടികൾക്ക് നല്കാവുന്നതിൽ ഏറ്റവും മികച്ചവ നല്കാൻ മനുഷ്യർ കടപ്പെട്ടിരിക്കുന്നുവെന്ന തത്വം പ്രഖ്യാപിക്കേണ്ടതും സ്വീകരിക്കേണ്ടതും നൽകേണ്ടതുമാണെന്ന് 1989–ലെ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ അംഗീകരിച്ചിട്ടുണ്ട്.

കുട്ടികളോടുള്ള അവഗണനയും ചൂഷണവും തടയുക, സംഭവിക്കാൻ സാധ്യതയുള്ള ചൂഷണവും അവഗണനയും സംബന്ധിച്ച് റിപ്പോർട്ടുകൾ സ്വീകരിക്കുകയും അന്വേഷിക്കുകയും ചെയ്യുക, അവരെ സംരക്ഷിക്കുന്നതിനും

പരിപാലിക്കുന്നതിനും സഹായം ആവശ്യമുള്ള കുടുംബങ്ങൾക്ക് സേവനങ്ങൾ നൽകുക, കുട്ടികളുടെ ആവശ്യങ്ങൾ, കഴിവുകൾ, ലഭ്യമായ സൗകര്യങ്ങൾ എന്നിവ വിലയിരുത്തുക, കുടുംബങ്ങൾ, ബന്ധുക്കൾ അല്ലെങ്കിൽ വളർത്തു കുടുംബങ്ങൾ എന്നിവിടങ്ങളിൽ കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുക എന്നിവയ്ക്ക് ശിശുക്ഷേമപരിപാടികൾ പിന്തുണ നൽകുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ലഭിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക, അവരുടെ വ്യക്തിത്വം വികസിപ്പിക്കുക, സന്തോഷകരമായ അന്തരീക്ഷത്തിൽ വളർത്തുക, അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉറപ്പാക്കൽ എന്നിവ പ്രസ്തുത പരിപാടികളിൽ ഉൾപ്പെടുന്നു.

NFHS-5 റിപ്പോർട്ട് അനുസരിച്ച് കേരളത്തിലെ ശിശുമരണ നിരക്ക് (IMR) 4.4 ആണ്. NFHS-4-ൽ 5.6 ആയിരുന്നു. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് (U5MR) NFHS-4ലെ 7.1 ൽ നിന്ന് NFHS-5ൽ 5.2 ആയി കുറഞ്ഞിട്ടുണ്ട്. എങ്കിലും, വിളർച്ചാ നിരക്ക് കുട്ടികളുടെ ആരോഗ്യനിലവാരം കുറയുന്നതായി വെളിപ്പെടുത്തുന്നു. 6-59 മാസം പ്രായമുള്ള കുട്ടികളിൽ വിളർച്ചാ നിരക്ക് 35.7 (NFHS-4) ശതമാനത്തിൽ നിന്ന് 39.4 ശതമാനമായി വർദ്ധിച്ചതായി NFHS-5 ഡാറ്റ കാണിക്കുന്നു. NFHS-5 പ്രകാരം കുട്ടികളുടെ പോഷകാഹാര നിലയെക്കുറിച്ചുള്ള കണക്കുകളും വളരെ ആശ്വാസജനകമാണ്. NFHS-4 ലെ 16.1-നെ അപേക്ഷിച്ച്, 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഭാരക്കുറവ് 19.7 ശതമാനമായി ഉയർന്നതായി കണക്കുകൾ വെളിപ്പെടുത്തുന്നു. അതുപോലെ, വളർച്ച മുരടിച്ച 5 വയസ്സിന് താഴെയുള്ള കുട്ടികൾ 19.7 ശതമാന (NFHS-4) ത്തിൽ നിന്ന് 23.4 ശതമാനം (NFHS-5) ആയി വർദ്ധിച്ചിട്ടുണ്ട്.

18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രമായ വികസനത്തിൽ അവരുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികസനം ഉൾക്കൊള്ളുന്നു. കേരളത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളിലൂടെയും സൗജന്യ വിദ്യാഭ്യാസവും ചികിത്സാസേവനവും നൽകി വരുന്നു. ശൈശവ വിവാഹം കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കുകയും അവരുടെ ആരോഗ്യത്തെയും ക്ഷേമത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അവഗണന, അക്രമം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്ന് മുക്തരാക്കി എല്ലാ കുട്ടികൾക്കും സുരക്ഷിതവും കരുതലുള്ളതുമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, ബാലാവകാശ സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങൾ പുനരവലോകനം ചെയ്യുകയും ബാലാവകാശ ലംഘന കേസുകൾ അന്വേഷിക്കുകയും ആ അവകാശങ്ങൾ ലഭ്യമാകുന്നതിന് തടസമായിട്ടുള്ള ഘടകങ്ങൾ പരിശോധിക്കുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നത് തുടർന്നു വരുന്നു.
കേരളത്തിൽ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയും 14 പ്രത്യേക അഡോപ്ഷൻ ഏജൻസികളും പ്രവർത്തിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തോടെ ആകെ 1535 ആഭ്യന്തര ദത്തെടുക്കലുകളും 161 അന്തർദ്ദേശീയ ദത്തെടുക്കലുകളും നടന്നു. 2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ 154 കുട്ടികളെ ദത്തെടുത്തു (138 ആഭ്യന്തരവും 16 അന്തർദ്ദേശീയവുമായ ദത്തെടുപ്പുകൾ). ദത്തെടുക്കപ്പെട്ട കുട്ടികളുടെ എണ്ണം **അനുബന്ധം 8.3.7** ൽ നൽകിയിരിക്കുന്നു.

കുട്ടികൾ നേരിടുന്ന പെരുമാറ്റപരവും വൈകാരികവും പഠനപരവും മാനസികവുമായ വെല്ലുവിളികൾ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമാണ് സ്കൂളുകളിൽ നടപ്പിലാക്കുന്ന 'കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം' എന്ന പരിപാടി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിൽ നിലവിൽ ഈ പദ്ധതി പ്രവർത്തിക്കുന്നുണ്ട്. സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്കും കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം അതിജീവിച്ചവർക്കും മാനസിക സാമൂഹിക സമീപനത്തിലൂടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസത്തിലും പുനർ സമന്വയത്തിലും 'കാവൽ പ്ലസ്'' പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ സംരക്ഷണ നിയമം, 2012:** ലൈംഗികാതിക്രമം, അശ്ലീലം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനും ഈ കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി ഒരു ശിശു സൗഹൃദ സംവിധാനം നൽകുന്നതിനുമാണ് പോക്സോ നിയമം നടപ്പിലാക്കിയത്.

**നിർഭയ നയം:** സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങളെ ചെറുക്കുന്നതിനും, ചൂഷണത്തിനായി കുട്ടികളെ കടത്തിക്കൊണ്ടുപോകുന്നതിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമായി കേരള സർക്കാർ നിർഭയ നയം രൂപീകരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ തടയൽ, ലൈംഗികാതിക്രമത്തിന് ഇരയായവരുടെ സംരക്ഷണം, ലൈംഗികാതിക്രമം നടത്തുന്നവരെ വിചാരണ ചെയ്യൽ, ലൈംഗികാതിക്രമത്തെ അതിജീവിച്ചവരുടെ പുനരധിവാസം, ലൈംഗികാതിക്രമത്തെ അതിജീവിച്ചവരുടെ സാമൂഹിക സംയോജനം എന്നിവയാണ് നയം ലക്ഷ്യമിടുന്നത്. നിർഭയ പരിപാടി ഏകോപിപ്പിക്കുന്നതിനായി വനിതാശിശു വികസന ഡയറക്ടറേറ്റിന് കീഴിൽ ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്.

ഒരു വ്യക്തിയുടെ വികാസത്തിന്റെ ഏറ്റവും പ്രാധാന്യമേറിയതാണ് ബാല്യകാലം. ഒരു സ്ത്രീയുടെ ഗർഭധാരണത്തിന്റെയും (270 ദിവസം) കുട്ടികളുടെ രണ്ടാം ജന്മദിനത്തിന്റെയും ഇടയിലുള്ള (730 ദിവസം) ആദ്യ 1,000 ദിവസങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സർക്കാർ 1,000 ദിന പരിപാടി നടപ്പിലാക്കി. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കുമായി പതിവായി മെഡിക്കൽ ക്യാമ്പുകൾ, ചികിത്സ, ശരിയായ പോഷകാഹാര വിതരണം, ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവ പരിപാടിയിൽ ഉൾപ്പെടുന്നു. പരീക്ഷണാടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി 2024-25 കാലയളവിൽ തീരദേശ,

മലയോര മേഖലയിലെ 57 ഐസിഡിഎസ് – കളിലേക്ക് വ്യാപിപ്പിക്കുകയും 1,61,45,046 രൂപ ചിലവഴിക്കുകയും ചെയ്തു.

ഇൻറഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസസ് (ഐസിഡിഎസ്) ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്ന ഒരു പ്രധാന സർക്കാർ പരിപാടിയാണ്. സംസ്ഥാനത്ത് 33,120 അംഗൻവാടികൾ (മാർച്ച് 2025 വരെ) പ്രവർത്തിക്കുന്നുണ്ട്. ഐസിഡിഎസ് ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കവറേജ് അനുബന്ധം 8.3.8 ൽ നൽകിയിരിക്കുന്നു.

വനിതാശിശുവികസന വകുപ്പ്, വേൾഡ് ഫുഡ് പ്രോഗ്രാമുമായി (WFP) സഹകരിച്ച്, അങ്കണവാടികളിലെ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പാകം ചെയ്ത ഭക്ഷണമായി വിളമ്പുന്ന ഫോർട്ടിഫിക്കേഷൻ ഓഫ് റൈസ് എന്ന പരിപാടി ആരംഭിച്ചു. ഈ പദ്ധതി പ്രകാരം അരിയിൽ 8 മൈക്രോ ന്യൂട്രിയന്റുകൾ (ഇരുമ്പ്, ഫോളിക് ആസിഡ്, സിങ്ക്, വിറ്റ്. എ, വിറ്റ്.ബി 12, നിയാസിൻ, വിറ്റ്.ബി6, തയാമിൻ) ഉപയോഗിക്കുന്നു. അസംസ്കൃത അരി 100:1 എന്ന അനുപാതത്തിൽ ഫോർട്ടിഫൈഡ് നെല്ലിന്റെ വിത്തുമായ കേർണലുമായി കലർത്തുന്നു. ഇതിനുപുറമെ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് ടേക്ക് ഹോം റേഷനായി നൽകുന്ന അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോ ന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ വയനാട് ജില്ലയിൽ ആരംഭിക്കുകയും പിന്നീട് മറ്റെല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. ഇത് കൂടാതെ, 2024–25 കാലയളവിൽ എല്ലാ അങ്കണവാടികളിലും ആഴ്ചയിൽ എല്ലാ ദിവസം മുട്ടയോ പാലോ നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി.

പോഷകാഹാര വിദഗ്ധരുടെ സഹായത്തോടെ പോഷകാഹാര കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, റഫറലുകൾ, മറ്റ് സാമൂഹിക പിന്തുണ എന്നിവയിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ന്യൂട്രീഷൻ ക്ലിനിക്കുകൾ ആരംഭിച്ചു. ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ആരോഗ്യകരമായ ഭക്ഷണരീതി പരിശോധിക്കുകയും പോഷകാഹാരക്കുറവിന്റെ അപകടസാധ്യത പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുകയും, വ്യക്തിക്ക് പോഷകാഹാരക്കുറവ് നേരിടുന്നതിന് മുമ്പ് ഇടപെടുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും പോഷകാഹാര ക്ലിനിക്കുകൾ സ്ഥാപിച്ചു.

ക്ലാസ് മുറികൾ, ഡൈനിംഗ് ഹാൾ, അടുക്കള, സ്റ്റോർ റൂം, ക്രിയേറ്റീവ് സോൺ, ഇൻഡോർ, ഔട്ട്ഡോർ പ്ലേ ഏരിയകൾ എന്നിവയ്ക്ക് മതിയായ സ്ഥല സൗകര്യമുള്ള അങ്കണവാടി കെട്ടിടങ്ങളെ സ്മാർട്ട് അങ്കണവാടികളാക്കി വകുപ്പ് പരിഷ്ക്കരിച്ചുവരികയാണ്. ആദ്യത്തേത് തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുകയും ഇപ്പോൾ 189 സ്മാർട്ട് അങ്കണവാടികൾ പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ തീം അടിസ്ഥാനമാക്കിയുള്ള പ്രീസ്കൂൾ പ്രവർത്തന പോസ്റ്ററുകൾ വികസിപ്പിക്കുകയും കുട്ടികൾക്ക് അവ വിതരണം ചെയ്യുകയും ചെയ്തു.

**ആരോഗ്യ സംരക്ഷണത്തിലൂടെ കുട്ടികളുടെ സാമൂഹിക സുരക്ഷ**

ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കായുള്ള സോഷ്യൽ സപ്പോർട്ട് സ്കീം (മിഠായി) സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ള മിഠായി ക്ലിനിക്കുകൾ വഴി ടൈപ്പ്-1 പ്രമേഹമുള്ള കുട്ടികൾ/ കൗമാരക്കാർ എന്നിവർക്ക് സമഗ്രമായ പരിചരണം നൽകുന്നു. കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്നേഹസാന്ത്വനം പദ്ധതിയിൽ, കിടപ്പിലായ എൻഡോസൾഫാൻ ഇരകൾക്ക് മാസം 2,200 രൂപയും, ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും സാമ്പത്തിക സഹായം ലഭിക്കും. 2024–25 സാമ്പത്തിക വർഷത്തിൽ 5,250 പേർക്ക് ഈ പദ്ധതിയിൽ നിന്ന് സഹായം ലഭിച്ചു. കൂടാതെ, പ്രത്യേക ആശ്വാസകിരണം പദ്ധതിയിൽ, പൂർണ്ണമായും കിടപ്പിലായതോ ബൗദ്ധിക വെല്ലുവിളി നേരിടുന്നതോ ആയ എൻഡോസൾഫാൻ ഇരകളുടെ പരിചാരകർക്ക് മാസം 700 രൂപ വീതം നൽകുന്നു. ഇതിൽ 771 ഗുണഭോക്താക്കൾ ഉണ്ട്. 1 മുതൽ 12 വരെ ക്ലാസുകളിലെ എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം യഥാക്രമം 2000 രൂപ, 3000 രൂപ, 4000 രൂപ എന്നിങ്ങനെയാണ്. ഈ പദ്ധതിയിൽ 2024–25 ൽ 356 കുട്ടികൾക്ക് സഹായം ലഭിച്ചു.

**ഭാവി വീക്ഷണം**

കേരളത്തിലെ സാമൂഹ്യസുരക്ഷാ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അവയുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനും, അവകാശാധിഷ്ഠിതവും ഫലപ്രാപ്തിയിൽ അധിഷ്ഠിതവുമായ ഒരു സമീപനമാണ് സ്വീകരിക്കേണ്ടത്. ഇതിനായുള്ള പ്രവർത്തനങ്ങളും സേവനങ്ങളും നടപ്പാക്കുന്നതിന് ചുമതലയുള്ള സ്ഥാപനങ്ങളെ സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ നവീകരിക്കേണ്ടത് അനിവാര്യമാണ്. പുതുതായി ഉയർന്നുവരുന്ന സാമൂഹിക വെല്ലുവിളികളെ നേരിടാൻ സുരക്ഷാ വലയം വിപുലീകരിക്കുകയും, സ്ഥാപനങ്ങളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുകയും, വിവിധ വകുപ്പുകൾക്കിടയിൽ കാര്യക്ഷമമായ ഏകോപനം ഉറപ്പാക്കുകയും വേണം. ഇത്തരം തന്ത്രപരമായ മാറ്റങ്ങൾ കേരളത്തിന്റെ സാമൂഹ്യസുരക്ഷാ ഘടനയെ കൂടുതൽ കരുത്തുറ്റതാക്കുകയും, ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആവശ്യങ്ങൾ കൃത്യമായി നിറവേറ്റപ്പെടുന്ന, നീതിപൂർണ്ണവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ സഹായിക്കുകയും ചെയ്യും.

അദ്ധ്യായം

# 09

# കല, സംസ്കാരം, കായികരംഗം

# കല, സംസ്കാരം, കായികരംഗം

## 9.1 കലയും സംസ്കാരവും

കേരളത്തിന്റെ കലാ-സാംസ്കാരിക ചുറ്റുപാട് സമ്പന്നമായ പരമ്പരാഗത വൈവിധ്യത്തിന്റെയും ആധുനികവും പുരോഗമനപരവുമായ തത്വങ്ങളുടെയും ചലനാത്മകമായ സംയോജനമാണ്. അതിന്റെ തനതായ സ്ഥാനം, ആഗോള വിനിമയങ്ങളുടെ നീണ്ട ചരിത്രം, സജീവമായ സാമൂഹിക, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയാൽ രൂപപ്പെട്ടതാണ്. വൈവിധ്യമാർന്ന തദ്ദേശീയ, ഗോത്ര, തീരദേശ സാംസ്കാരിക പാരമ്പര്യങ്ങളെ ഉൾക്കൊള്ളുന്ന കേരളത്തിന്റെ ദൃശ്യകലകൾ, കരകൗശല വസ്തുക്കൾ, ഭാഷകൾ, ഉത്സവങ്ങൾ, ആയോധനകലകൾ, സാംസ്കാരിക രീതികൾ എന്നിവ കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിന്റെ ജനാധിപത്യപരവും മതേതരവുമായ മനോഭാവത്തെ സ്വാധീനിച്ചു കൊണ്ടാണ് കാലക്രമേണ പരിണമിച്ചു വന്നത്.

സാമൂഹിക ഐക്യം നിലനിർത്തുന്നതിനും പുരോഗമനപരമായ കാഴ്ചപ്പാട് വളർത്തുന്നതിനും കലയും സംസ്കാരവും വഹിക്കുന്ന നിർണ്ണായക പങ്ക് തിരിച്ചറിഞ്ഞ്, പരമ്പരാഗത കലാരൂപങ്ങളെയും കലാകാരന്മാരെയും പിന്തുണയ്ക്കുകയും, ഉൾച്ചേർക്കൽ മനോഭാവവും സാംസ്കാരിക വിനിമയവും പ്രോത്സാഹിപ്പിക്കുകയും, സാംസ്കാരിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും, കലാപ്രകടനത്തിനുള്ള വേദികളെ വിപുലീകരിക്കുകയും ചെയ്യുന്ന വിവിധ പദ്ധതികളിലൂടെ ഈ മേഖലയെ കേരള ഗവൺമെന്റ് സജീവമായി പ്രോത്സാഹിപ്പിച്ചു വരുന്നു. അതോടൊപ്പം സ്ഥാപന ഭരണസംവിധാനങ്ങളുടെ നവീകരണങ്ങൾക്കും സർക്കാർ മുൻഗണന നൽകുന്നു. കേരളത്തിന്റെ സംസ്കാരത്തെ സജീവവും, ചലനാത്മകവും, ആധുനിക ലോകത്ത് പ്രസക്തവുമായി നിലനിർത്തുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഈ സംരംഭങ്ങളെല്ലാം പ്രതിഫലിപ്പിക്കുന്നത്.

**സാംസ്കാരിക ഡയറക്ടറേറ്റ്**

സാംസ്കാരിക വകുപ്പിന് കീഴിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന എല്ലാ കലാ, സാഹിത്യ, സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിച്ചു.

കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി, സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, മഹാകവി മോയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെൻറ് കോർപ്പറേഷൻ, ചലച്ചിത്ര അക്കാദമി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, സെൻറർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തുഞ്ചൻ സ്മാരക ട്രസ്റ്റ്, കഥകളി ഇൻസ്റ്റിറ്റ്യൂട്ട് - മാർഗി, വാസ്തു വിദ്യാ ഗുരുകുലം, ഭാരത് ഭവൻ, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, ശ്രീനാരായണ ഇൻറർനാഷണൽ സ്റ്റഡി സെൻറർ തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങളുടെയും അക്കാദമികളുടെയും ജവഹർ ബാലഭവൻ, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ കുട്ടികളുടെ സ്ഥാപനങ്ങൾ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്(സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്), മലയാളം മിഷൻ തുടങ്ങിയ ഭാഷാ പ്രോത്സാഹന സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഡയറക്ടറേറ്റ് സുഗമമാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു.

വാർഷിക പദ്ധതിയിൽ സഹായം ലഭിക്കാത്ത എല്ലാ സാംസ്കാരിക സ്ഥാപനങ്ങൾക്കുമുള്ള വാർഷിക ഗ്രാന്റുകളുടെ വിതരണവും ഡയറക്ടറേറ്റ് ഏകോപിപ്പിക്കുന്നു. ഡയറക്ടറേറ്റിന്റെ മറ്റ് പ്രധാന ചുമതലകളിൽ, കലാ-സാഹിത്യ-സാംസ്കാരിക പ്രതിഭകളുടെ സ്മാരകങ്ങളിലെ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സഹായ വിതരണം; പ്രമുഖ കലാകാരന്മാരുടെയും എഴുത്തുകാരുടെയും ആശ്രിതർക്ക് പ്രതിമാസ പെൻഷൻ വിതരണം, കേരളത്തിലെ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ ഉൾപ്പെടുന്നു.

സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ഡയറക്ടറേറ്റ് നടപ്പാക്കിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കലാകാരന്മാരെ സഹായിക്കാനുള്ള ഉത്തരവാദിത്തവും സാംസ്കാരിക ഡയറക്ടറേറ്റിനുണ്ട്. ഇതനുസരിച്ച്, കലാകാരന്മാർക്കും, മരണമടഞ്ഞ കലാകാരന്മാരുടെ ആശ്രിതർക്കും, പ്രശസ്തരായ എഴുത്തുകാർക്കും പ്രതിമാസ പെൻഷൻ നൽകുന്നു. സാംസ്കാരിക ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും താഴെ കൊടുക്കുന്നു:

**സാംസ്കാരിക ഡയറക്ടറേറ്റിന്റെ നേട്ടങ്ങൾ**

*1. 1,000 യുവ കലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് പദ്ധതി*

സാംസ്കാരിക വകുപ്പ്, പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ക്ലാസിക്കൽ, നാടൻ അനുഷ്ഠാന കലാരൂപങ്ങൾ പരിശീലിപ്പിക്കുന്നതിനും വിവിധ കലാരൂപങ്ങൾ കണ്ടെത്തുന്നതുവരെ യുവകലാകാരന്മാരെ ഹ്രസ്വകാലത്തേക്ക് പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ തനതായ കലാ-സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അവരുടെ മേഖലയിൽ സ്ഥാനമുറപ്പിക്കുന്നതിനുമായി വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. കേരളത്തിന്റെ തനതായ കലാ-സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനായി ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പിലാക്കുന്നു.

വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ 45-ലധികം കലാ വിഷയങ്ങളിൽ നല്ല ഘടനാപരമായ സിലബസുകളെ അടിസ്ഥാനമാക്കിയുള്ളതിനാൽ പരിശീലനം നിലവാരമുള്ളതും ഏകീകൃതവുമാണ്. രണ്ടര മണിക്കൂർ വീതമുള്ള നാല് ക്ലാസുകളെങ്കിലും ഒരു കലാകാരൻ കൈകാര്യം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.
നിലവിൽ 818 വജ്രജൂബിലി കലാകാരന്മാരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നിയമിക്കുകയും പതിനായിരത്തോളം വിദ്യാർത്ഥികൾക്ക് കലാ പരിശീലനം നൽകുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം പ്രാദേശിക കലാപരിപാടികൾക്കും ജില്ലാതല മത്സരങ്ങൾക്കും ഈ കലാകാരന്മാർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകിയിരുന്നു. സംസ്ഥാനത്തുടനീളമുള്ള കലാകാരന്മാരെ ഫലപ്രദമായി സഹായിക്കുന്നതിനുള്ള ഒരു നൂതന പരിപാടി എന്ന നിലയിൽ ഈ കൂട്ടായ്മയുടെ സ്ഥാപനം പരക്കെ പ്രശംസിക്കപ്പെട്ടു. ഡയമണ്ട് ജൂബിലി ഫെലോഷിപ്പിന്റെ വിശദാംശങ്ങൾ **അനുബന്ധം 9.1.1** ൽ നൽകിയിരിക്കുന്നു.

*2. ഗ്രാമീണ കലാ കേന്ദ്ര പദ്ധതി*

നാടൻ കലകളുടെയും കരകൗശല വിദഗ്ധരുടെയും സമ്പന്നമായ സാംസ്കാരിക പൈതൃകം കേരളത്തിനുണ്ടെങ്കിലും പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ജീവിതം സാമ്പത്തികമായി സുരക്ഷിതമല്ല, ഇത് അത്തരം പരമ്പരാഗത കലാരൂപങ്ങൾ ഉപേക്ഷിക്കുന്നതിലേക്ക് നയിച്ചേക്കാം. ഈ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നു. നാടോടി കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും അവരുടെ കഴിവുകൾ മെച്ചപ്പെടുത്താനും ആഗോള വിപണിയിൽ എത്താനും അവരുടെ ഉപജീവനമാർഗം ശക്തിപ്പെടുത്താനും ഈ പദ്ധതി സഹായിക്കുന്നു. ശേഷി വർദ്ധിപ്പിക്കുന്നതിനും നേരിട്ടുള്ള വിപണി ബന്ധത്തിനും മുൻഗണന നൽകും. റൂറൽ ആർട്ട് ഹബ്ബിന്റെ വിശദാംശങ്ങൾ **അനുബന്ധം 9.1.2** ൽ നൽകിയിരിക്കുന്നു.

*3. നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ*

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്. കൊല്ലത്തെ ശ്രീനാരായണ ഗുരു സമുച്ചയം, പാലക്കാട് സമുച്ചയം, കാസർകോട് സമുച്ചയം എന്നീ മൂന്ന് നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കി. സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ ഭൂമി ഏറ്റെടുത്തു. ശേഷിക്കുന്ന ജില്ലകളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു.

*4. "സമം" - സ്ത്രീ സമത്വത്തിനായുള്ള ഒരു സാംസ്കാരിക പ്രസ്ഥാനം*

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾക്കെതിരെ, എല്ലാ മേഖലകളിലും ലിംഗസമത്വം എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് സമം. സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളിലൂടെ പൊതുജനങ്ങളുടെ സാംസ്കാരിക ഉന്നമനം പ്രോത്സാഹിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. ഈ പ്രോഗ്രാം അന്ധവിശ്വാസങ്ങളുടെയും മയക്കുമരുന്ന് ആസക്തിയുടെയും പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയും അതിന്റെ അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

*5.എഴുത്തുകാർക്കും കലാകാരന്മാർക്കും സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി*

എഴുത്തുകാർക്കും കലാകാരന്മാർക്കും പ്രതിമാസം സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. കലാകാരന്മാരുടെ പെൻഷൻ നൽകുന്നതിനായി 3,93,25,680/- രൂപ (മൂന്ന് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടായിരത്തോളം കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 'സംസ്കൃതി' എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് കലാകാരന്മാരുടെ പെൻഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്.

*6. മഴമിഴി - ന്യൂ മീഡിയ ആർട്സ് പ്രോഗ്രാം*

ഗോത്രകലകൾ, അനുഷ്ഠാന കലകൾ, നാടോടി കലകൾ, ക്ലാസിക്കൽ-സെമി-ക്ലാസിക്കൽ കലകൾ, നാടകം, മറ്റ് പ്രകടന കലകൾ, ശിൽപം, ചിത്രകല, കരകൗശല വസ്തുക്കൾ, സാഹിത്യ അവതരണങ്ങൾ തുടങ്ങിയ കലാ-സാംസ്കാരിക മേഖലകളിലെ എല്ലാ വിഭാഗം ജനങ്ങൾക്കും

കലാപരമായ ആവിഷ്കാരങ്ങൾ പ്രദർശിപ്പിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനുമായി ഈ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി, ഭാരത് ഭവനുമായി സഹകരിച്ച്, കേരളത്തിലെ വിവിധ ജില്ലകളിലെ സമൂഹത്തിന്റെ മുൻനിരയിലേക്ക് വരാൻ കഴിയാത്ത ആദിവാസി കലാകാരന്മാർ, ഭിന്നശേഷിക്കാർ, തീരദേശ കലാകാരന്മാർ എന്നിവരെ അവരുടെ കല അവതരിപ്പിക്കാനും പദ്ധതിയിലൂടെ അവർക്ക് ഒരു വേദി നൽകാനും വകുപ്പിന് കഴിഞ്ഞു.

**സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള അനാവർത്തന ഗ്രാന്റുകൾ**

സാംസ്കാരിക സംഘടനകൾക്കും അസോസിയേഷനുകൾക്കും അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ക്രിയാത്മകമായ സംരംഭങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. മാനദണ്ഡമനുസരിച്ച്, ഒരു സ്ഥാപനത്തിന് അഞ്ച് വർഷത്തിനുള്ളിൽ മൂന്ന് തവണ സാമ്പത്തിക സഹായം നൽകും. പദ്ധതിയുടെ ഭാഗമായി, അതായത്, സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തിക്കാത്ത ഗ്രാന്റുകൾ, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന 15 സ്ഥാപനങ്ങൾക്കും സാംസ്കാരിക പ്രവർത്തനങ്ങൾക്കുമായി 50,00,000/- രൂപ അനുവദിച്ചു. 2024-25 കാലയളവിൽ ഗ്രാന്റുകൾ ലഭിച്ച സ്ഥാപനങ്ങളുടെ പട്ടിക ചുവടെ നൽകിയിരിക്കുന്നു:

1. കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗം,
2. പൂക്കാട് കോളേജ് (പൂക്കാട് കലാലയം,കോഴിക്കോട്)
3. കല്ലേക്കുളങ്ങര കഥകളി ഗ്രാമം
4. സദ്ഗുരു ചെമ്പൈ വൈദ്യനാഥ് ഭാഗവതർ വിദ്യാപീഠം
5. വി.സാംബശിവൻ ഫൗണ്ടേഷൻ കൊല്ലം
6. കളിയരങ്ങ്, കോട്ടയം
7. ബൈറ്റർ ആർട്സ് ഫൗണ്ടേഷൻ, തൃശ്ശൂർ
8. ജീവകല കലാസാംസ്കാരിക മണ്ഡലം
9. ലളിതമാബിക അന്തർജനം കേന്ദ്രം
10. ഓർമ ഫൗണ്ടേഷൻ
11. ശ്രീ ചിത്തിര തിരുനാൾ സംഗീത നാട്യ കലാകേന്ദ്രം
12. ഡയലോഗ് ഫിലിം സൊസൈറ്റി
13. തളിപ്പറമ്പ് ഡെസ്റ്റിനേഷൻ
14. ശങ്കരാടി അനുസ്മരണം
15. പത്തനംതിട്ട കഥകളി ക്ലബ്ബ്

**സാംസ്കാരിക കാര്യ ഡയറക്ടറേറ്റിന് കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ**

ഡയറക്ടറേറ്റിന് കീഴിൽ വാർഷിക പദ്ധതി ഫണ്ട് വിനിയോഗിക്കുന്ന 23 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരികകാര്യ വകുപ്പ് മുഖേന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അവരുടെ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ അക്കാദമികൾ, സ്ഥാപനങ്ങൾ, സ്മാരക മന്ദിരങ്ങൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങൾ **അനുബന്ധം 9.1.3** ൽ കൊടുത്തിരിക്കുന്നു.

ഈ സ്ഥാപനങ്ങൾക്ക് പുറമേ, പുരാവസ്തു വകുപ്പ്, മ്യൂസിയം, മൃഗശാല, ആർക്കൈവ്സ് വകുപ്പ് എന്നിവയും സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

**കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC)**

മലയാള സിനിമയുടെ നിർമ്മാണവും, പ്രോൽസാഹനവും സുഗമമാക്കുന്നതിനും, ഗുണനിലവാരവും മികവും അംഗീകരിക്കുന്നതിനും അഭിനന്ദിക്കുന്നതിനുമുള്ള ഒരു സംസ്കാരം വികസിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ 1975 ജൂലൈ 23 നാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) സ്ഥാപിതമായത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 17 ആഗോള നിലവാരമുള്ള തിയേറ്ററുകൾ കെ.എസ്.എഫ്.ഡി.സി ക്ക് കീഴിൽ സ്വന്തമായി പ്രവർത്തിക്കുന്നുണ്ട്.

മലയാള സിനിമാ നിർമ്മാണ വ്യവസായത്തെ മദ്രാസിൽ നിന്ന് നമ്മുടെ സ്വന്തം സംസ്ഥാനത്തേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ കെ.എസ്.എഫ്.ഡി.സി സ്ഥാപിച്ചതാണ് തിരുവനന്തപുരത്തെ തിരുവല്ലത്ത് ചിത്രാഞ്ജലി സ്റ്റുഡിയോ. ചിത്രാഞ്ജലി സ്റ്റുഡിയോ, നൂതന ഡിജിറ്റൽ സാങ്കേതികവിദ്യ സ്വീകരിച്ചുകൊണ്ട് ഒരു പ്രധാന ആധുനികവൽക്കരണത്തിന് വിധേയമായി. നവീകരണത്തിൽ ഡോൾബി 3D സൗകര്യങ്ങൾ, അത്യാധുനിക നിർമ്മാണ, പോസ്റ്റ്-പ്രൊഡക്ഷൻ അടിസ്ഥാന സൗകര്യങ്ങൾ, ഇന്ത്യൻ, അന്തർദേശീയ ചലച്ചിത്ര പ്രവർത്തകരെ പിന്തുണയ്ക്കുന്നതിനായി മെച്ചപ്പെടുത്തിയ കലാ-സാങ്കേതിക സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ആഭ്യന്തര ചലച്ചിത്ര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി, ചിത്രാഞ്ജലിക്ക് കീഴിൽ നിർമ്മിക്കുന്ന ഫീച്ചർ ഫിലിമുകൾക്കും കുട്ടികളുടെ സിനിമകൾക്കും സബ്സിഡി നൽകുന്ന ഒരു പദ്ധതിയേതര പരിപാടി കെ.എസ്.എഫ്.ഡി.സി നടത്തുന്നു. കേരള സർക്കാർ നൽകുന്ന സബ്സിഡി ഉപയോഗിച്ച് പ്രതിവർഷം 40-45 സിനിമകൾ നിർമ്മിക്കപ്പെടുന്നുണ്ട്. തിരുവനന്തപുരത്ത് വഴുതക്കാട് കലാഭവൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.എസ്.എഫ്.ഡി.സി തിയേറ്ററുകളാണ് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ (ഐ.എഫ്.എഫ്.കെ) പ്രധാന വേദി. എട്ട് ദേശീയ ചലച്ചിത്ര അവാർഡുകളും 24 സംസ്ഥാന ചലച്ചിത്ര അവാർഡുകളും നേടിയ കോർപ്പറേഷൻ, ചലച്ചിത്ര മേഖലയിൽ ശ്രദ്ധേയമായ സാന്നിധ്യം നിലനിർത്തുന്നു.

മലയാള സിനിമയുടെ പിതാവിനോടുള്ള നന്ദി സൂചകമായി ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥാപിച്ചിരിക്കുന്ന ജെ സി ഡാനിയേലിന്റെ പ്രതിമ 2025 ൽ അനാച്ഛാദനം ചെയ്തു.

കേരള സർക്കാരിന്റെ ബജറ്റ് പിന്തുണയോടെ, തൃശ്ശൂരിലെ കൈരളി/ശ്രീ തിയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ കെഎസ്എഫ്ഡിസി പൂർത്തിയാക്കി. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കെഎസ്എഫ്ഡിസി കേരളത്തിലുടനീളം 100 ആധുനിക തിയേറ്ററുകൾ

നിർമ്മിക്കുന്നു, വൈക്കം, പയ്യന്നൂർ, കായംകുളം, പായം, അളഗപ്പ നഗർ എന്നിവിടങ്ങളിൽ സമുച്ചയങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

*OTT പ്ലാറ്റ്ഫോമും ഇ–ടിക്കറ്റിംഗ് ആപ്പും*

കലാപരവും സാംസ്കാരികവുമായ മൂല്യങ്ങളുള്ള ഗുണനിലവാരമുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്ന 'സി സ്പേസ്' എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള OTT പ്ലാറ്റ്ഫോം കേരളത്തിൽ ആരംഭിച്ചു. മലയാള സൃഷ്ടികൾ ആഗോളതലത്തിൽ പ്രചരിപ്പിക്കാൻ സഹായിച്ചുകൊണ്ട് മലയാള സിനിമയെയും സംസ്കാരത്തെയും പ്രോത്സാഹിപ്പിക്കാനാണ് 'സി സ്പേസ്' ഉദ്ദേശിക്കുന്നത്. ഇത് ഇന്ത്യയിലെ ആദ്യത്തെ സർക്കാർ ഉടമസ്ഥതയിലുള്ള OTT പ്ലാറ്റ്ഫോമാണ് എന്നത് വളരെ ശ്രദ്ധേയമാണ്.

ടിക്കറ്റ് വിൽപ്പനയുടെ തത്സമയ നിരീക്ഷണം ഉറപ്പാക്കുന്നതിനും സുതാര്യത മെച്ചപ്പെടുത്തുന്നതിനും ഉപഭോക്തൃ സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി കെഎസ്എഫ്ഡിസി കേരളത്തിലുടനീളം ഒരു കേന്ദ്രീകൃത ഡിജിറ്റൽ സിനിമാ ടിക്കറ്റ് ബുക്കിംഗ് സംവിധാനം വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വരുമാന ശേഖരണം കാര്യക്ഷമമാക്കുക, നികുതി വെട്ടിപ്പ് തടയുക, സേവന നിരക്കുകൾ, സിനിമാ ക്ഷേമ സെസ്, മറ്റ് പ്രസക്തമായ നികുതികൾ എന്നിവ ഓട്ടോമേറ്റ് ചെയ്യുക എന്നിവയാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. ഇ–ടിക്കറ്റിംഗ് സംവിധാനത്തിന്റെ ആദ്യ ഘട്ടം ഉടൻ പൂർത്തിയാകും.

*പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടപ്പെട്ടവരുടെയും, വനിതാ സംവിധായകരുടെയും സിനിമകൾ:*

ചലച്ചിത്ര സംവിധാനത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനായി 2019–20 സാമ്പത്തിക വർഷത്തിൽ 'സ്ത്രീകൾ സംവിധാനം ചെയ്ത സിനിമയ്ക്കുള്ള സഹായം' എന്ന പേരിൽ കേരള സർക്കാർ ഒരു പദ്ധതി ആരംഭിച്ചു. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെൻറ് കോർപ്പറേഷനാണ് ഈ ചിത്രങ്ങളുടെ നിർമ്മാണ ചുമതല. പദ്ധതിയുടെ ഭാഗമായി, താര രാമാനുജൻ സംവിധാനം ചെയ്ത 'നിഷിദ്ധോ' എന്ന ചിത്രം 2022 നവംബർ 11–ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. 'നിഷിദ്ധോ' കേരളത്തിലെ 26–ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച നവാഗത സംവിധായകയ്ക്കുള്ള അവാർഡ് നേടുകയും കേരള സ്റ്റേറ്റ് ഫിലിം അവാർഡിനായി മികച്ച രണ്ടാമത്തെ ചലച്ചിത്രമായി തെരഞ്ഞെടുക്കുകയും ചെയ്തു. മിനി ഐ ജി സംവിധാനം ചെയ്ത 'ഡിവോഴ്സ്' 2023 ഫെബ്രുവരി 24–ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. 2020–21 സാമ്പത്തിക വർഷത്തിൽ രണ്ട് ചിത്രങ്ങൾ: ശ്രുതി ശരണ്യം സംവിധാനം ചെയ്ത 'ബി 32 മുതൽ 44', ഇന്ദു ലക്ഷ്മി സംവിധാനം ചെയ്ത 'നിള' എന്നീ സിനിമകൾക്ക് ധനസഹായം നൽകി. അവ യഥാക്രമം 2023 ഏപ്രിൽ 6–നും 2023 ഓഗസ്റ്റ് 4–നും പുറത്തിറങ്ങി.

ശ്രുതി ശരണ്യം സംവിധാനം ചെയ്ത 'B32 to 44' എന്ന സിനിമ പ്രത്യേക വിഭാഗത്തിൽ മികച്ച വനിതാ/ട്രാൻസ്ജെൻഡർ ചിത്രത്തിനുള്ള 2022–ലെ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയത് സന്തോഷകരമാണ്. 2021–22ൽ ശിവരഞ്ജിനി, ഫർസാന എന്നീ രണ്ട് ഡയറക്ടർമാരെ ഈ പദ്ധതിക്ക് കീഴിൽ തിരഞ്ഞെടുത്തു. ശിവരഞ്ജിനിയുടെ 'വിക്ടോറിയ'യുടെ നിർമ്മാണം പൂർത്തിയായി, ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുന്നു. ഫർസാനയുടെ 'മുമ്ത്' എന്ന ചിത്രം പ്രീ പ്രൊഡക്ഷനിലാണ്. ആതിര ടി.എൻ. (കഫേ അൺലിമിറ്റഡ്), മിനി പൂങ്ങാട്ട് (കൂത്ത്) എന്നിവരാണ് 2022–23 സാമ്പത്തിക വർഷത്തേക്ക് തിരഞ്ഞെടുത്ത വനിതാ ഡയറക്ടർമാർ.

2020–21 മുതൽ എസ്സി/എസ്ടി വിഭാഗത്തിൽപ്പെട്ട ഡയറക്ടർമാരെ പിന്തുണയ്ക്കുന്നതിനുള്ള സംരംഭവും സർക്കാർ ആരംഭിച്ചു. 2020–21 സാമ്പത്തിക വർഷത്തിൽ, വി എസ് സനോജ് സംവിധാനം ചെയ്ത 'അരിക്' പൂർത്തിയായി, അരുൺ ജെ മോഹൻ സംവിധാനം ചെയ്ത 'ചുരുൾ' 2024 ഓഗസ്റ്റ് 30–ന് കേരളത്തിലുടനീളം റിലീസ് ചെയ്തു. 2021–22 കാലയളവിൽ മനോജ് കുമാറിന്റെ 'പ്രളയശേഷം ഒരു ജലകന്യക', സന്തോഷ് വടക്കുംപാടന്റെ 'കാട് എന്നിവ ഈ പദ്ധതിക്ക് കീഴിൽ തിരഞ്ഞെടുത്തു. 'പ്രളയശേഷം ഒരു ജലകന്യക', 'കാട് എന്നിവയുടെ നിർമ്മാണം പൂർത്തിയായി, ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പോസ്റ്റ് പ്രൊഡക്ഷൻ പുരോഗമിക്കുന്നു. 2022–23 സാമ്പത്തിക വർഷത്തിൽ എസ്സി/എസ്ടി വിഭാഗത്തിൽ തെരഞ്ഞെടുത്ത ഡയറക്ടർമാർ അജിത് വി (ആറ്റമാലി), സുമേഷ് സി എസ് (ബ്രേക്ക് സുകുമാരൻ) എന്നിവരാണ്.

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ, സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി. സംസ്ഥാനത്ത് സിനിമയെ പ്രോത്സാഹിപ്പിക്കുന്നതിനായി 1998 ഓഗസ്റ്റിലാണ് ഇത് സ്ഥാപിതമായത്. വ്യക്തികൾ എന്ന നിലയിലും സമൂഹമെന്ന നിലയിലും ആളുകളുടെ വളർച്ചയെ സിനിമകൾ പിന്തുണയ്ക്കണം എന്ന മുദ്രാവാക്യമാണ് ഇത് ഉയർത്തുന്നത്. ചലച്ചിത്ര അക്കാദമിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ താഴെ പറയുന്നു:

*സാങ്കേതിക മേഖലകളിലെ സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലനം*

മലയാള സിനിമയിലെ സാങ്കേതിക മേഖലയിലെ സ്ത്രീകളുടെ സാന്നിധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 സെപ്റ്റംബർ 27 മുതൽ 29 വരെ തിരുവനന്തപുരം വൈലോപ്പിള്ളിയിലെ സംസ്കൃതി ഭവനിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 30 സ്ത്രീകൾക്കായി ഒരു ഓറിയന്റേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. ഇതിന്റെ പ്രായോഗിക പരിശീലന ശില്പശാല 2025 ഏപ്രിൽ 2 മുതൽ 4 വരെ തിരുവനന്തപുരത്തെ ഗുരുഗോപിനാഥ് നടനഗ്രാമത്തിൽ നടന്നു.

*കേരള സംസ്ഥാനത്തിനായുള്ള ചലച്ചിത്ര നയം*

സിനിമാ മേഖലയിലെ സർക്കാർ ഇടപെടലിനും പിന്തുണയ്ക്കുമുള്ള ചട്ടക്കൂട് നിർവചിക്കുന്നതിനായി കെഎസ്എഫ്ഡിസി ഒരു കരട് ചലച്ചിത്ര നയം തയ്യാറാക്കിവരികയാണ്. ചലച്ചിത്ര നയ രൂപീകരണത്തിന്റെ ഭാഗമായി, 2025 ഓഗസ്റ്റ് 2, 3 തീയതികളിൽ നിയമസഭാ

സമുച്ചയത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ഒരു അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിച്ചു.

നല്ല നാളേക്കായി ഒരു നല്ല സിനിമ എന്ന ലക്ഷ്യത്തോടെ മലയാള സിനിമയ്ക്കായി സമഗ്രവും പുരോഗമനപരവുമായ ഒരു ചലച്ചിത്ര നയം രൂപീകരിക്കുന്നതിനായി സംഘടിപ്പിച്ച ഏറ്റവും വിശാലമായ ജനാധിപത്യ വേദിയായിരുന്നു കേരള ചലച്ചിത്ര നയ കോൺക്ലേവ്.

മലയാള സിനിമയുടെ എല്ലാ വിഷയങ്ങളും കോൺക്ലേവിൽ ആഴത്തിലുള്ള ചർച്ചയ്ക്ക് വിഷയമായി. മലയാള ചലച്ചിത്ര വ്യവസായത്തിലെ പ്രശസ്തരായ കലാകാരന്മാർ, മന്ത്രിമാർ, സർക്കാർ പ്രതിനിധികൾ, ചലച്ചിത്ര സംഘടനാ അംഗങ്ങൾ, നയ വിദഗ്ധർ എന്നിവർ സർഗ്ഗാത്മക സെഷനുകൾക്ക് നേതൃത്വം നൽകി. ഓപ്പൺ ഫോറത്തിൽ ഏകദേശം 600 പ്രതിനിധികൾ അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. ജനാധിപത്യപരവും പങ്കാളിത്തപരവുമായ കേരള ചലച്ചിത്ര നയം എന്ന കാഴ്ചപ്പാടോടെ നടന്ന രണ്ട് ദിവസത്തെ സമ്മേളനം ഒരു അക്കാദമിക് പ്രക്രിയ കൂടിയായിരുന്നു.

*ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള*

ലോകമെമ്പാടും അറിയപ്പെടുന്ന ഒരു ശ്രദ്ധേയമായ പരിപാടിയാണ് കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം. സിനിമയുടെ കലയെയും അതിന്റെ സമ്പന്നമായ സംസ്കാരത്തെയും ഉയർത്തിപ്പിടിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ പ്രമുഖ ചലച്ചിത്ര മേളകളിലൊന്നായ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK), കേരള സർക്കാരിന്റെ സാംസ്കാരിക കാര്യ വകുപ്പിന് വേണ്ടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയാണ് ആതിഥേയത്വം വഹിക്കുന്നത്. വർഷങ്ങളായി, IFFK ഏഷ്യയിലെ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നതും ഒരുപക്ഷേ ലോകത്തെ ഏറ്റവും കൂടുതൽ ആളുകളെ കേന്ദ്രീകരിച്ചുള്ളതുമായ ചലച്ചിത്രമേളയായി അറിയപ്പെടുന്നു. ലോകമെമ്പാടുമുള്ള മികച്ച സിനിമകൾ, പ്രശസ്ത സംവിധായകർ, സാങ്കേതിക വിദഗ്ധർ, പ്രേക്ഷകർ എന്നിവരെ മേള ആകർഷിക്കുന്നത് കൂടാതെ ഇത് ഇന്ത്യയിലെ പ്രമുഖ സാംസ്കാരിക പരിപാടികളിലൊന്നായി അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.

*29-ാമത് IFFK*

സ്ത്രീ പ്രാതിനിധ്യത്തിന് മുൻതൂക്കം നൽകിയ 29-ാമത് IFFK 2024 ഡിസംബർ 13 മുതൽ 20 വരെ നടന്നു. 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകൾ പ്രദർശിപ്പിച്ചു. ഇതിൽ 40-ലധികം സിനിമകൾ സ്ത്രീകൾ സംവിധാനം ചെയ്തവയാണ്. 14 ജൂറി അംഗങ്ങളിൽ 8 പേർ സ്ത്രീകളായിരുന്നു. മേളയോടനുബന്ധിച്ച് നടന്ന ചടങ്ങിൽ, മുതിർന്ന സിനിമാ നടിമാരെ സാംസ്കാരിക മന്ത്രി സജി ചെറിയാൻ ആദരിച്ചു. ചലച്ചിത്രമേളയിൽ സ്ത്രീകളുടെ സാന്നിധ്യത്തിന് മേള നൽകുന്ന പ്രാധാന്യത്തിന്റെ മറ്റൊരു അടയാളമായിരുന്നു അത്.

അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ 14 സിനിമകളും മലയാളം സിനിമ ഇന്ന് വിഭാഗത്തിൽ 12 സിനിമകളും പ്രദർശിപ്പിച്ചു. ലോക സിനിമാ വിഭാഗത്തിൽ 63 സിനിമകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഹോങ്കോങ്ങ് സംവിധായകയും തിരക്കഥാകൃത്തും നിർമ്മാതാവും നടിയുമായ ആൻ ഹുയിക്ക് സമ്മാനിച്ചു.

**കേരള സാഹിത്യ അക്കാദമി**

1956-ൽ സ്ഥാപിതമായ കേരള സാഹിത്യ അക്കാദമി മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വികസനവും വളർച്ചയും സുഗമമാക്കുക എന്നതാണ് ലക്ഷ്യമിടുന്നു. 2024-25 സാമ്പത്തിക വർഷത്തിലെ പ്രധാന പ്രവർത്തനങ്ങൾ പുസ്തക പ്രസിദ്ധീകരണം, പ്രശസ്ത പ്രസിദ്ധീകരണങ്ങളുടെ വാർഷികങ്ങളിൽ സെമിനാറുകൾ നടത്തൽ, വിവിധ മലയാള എഴുത്തുകാരെ അനുസ്മരിക്കൽ, ലൈബ്രറിയുടെ ഡിജിറ്റലൈസേഷൻ എന്നിവയായിരുന്നു, കൂടാതെ തിരഞ്ഞെടുക്കപ്പെട്ട എഴുത്തുകാരെ അവാർഡുകൾ, ഫെലോഷിപ്പുകൾ, ലൈഫ് ടൈം അച്ചീവ്മെന്റ് അംഗീകാരങ്ങൾ, യുവകവിത അവാർഡ് എന്നിവ നൽകി ആദരിക്കുന്നു.

*2024-25 ലെ കേരള അന്താരാഷ്ട്ര സാഹിത്യോത്സവം*

കേരള സാഹിത്യ അക്കാദമി കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പുമായി സഹകരിച്ച് 2025 ഓഗസ്റ്റ് 17 മുതൽ 21 വരെ സംഘടിപ്പിച്ച അന്താരാഷ്ട്ര സാഹിത്യോത്സവത്തിന്റെ (ILFK) രണ്ടാം പതിപ്പ്, ഇന്ത്യയിലും വിദേശത്തുമുള്ള എഴുത്തുകാർ, കവികൾ, ചിന്തകർ എന്നിവരെ പാനൽ ചർച്ചകൾ, വായനകൾ, സാംസ്കാരിക ഇടപെടലുകൾ എന്നിവയ്ക്കായി ഒരുമിച്ച് കൊണ്ടുവന്നു. സാഹിത്യത്തെ ബന്ധിപ്പിക്കുന്നതിനും ചോദ്യം ചെയ്യുന്നതിനും പ്രചോദിപ്പിക്കുന്നതിനുമുള്ള ഒരു മാർഗമായി ഈ ഉത്സവം സാഹിത്യത്തെ ആഘോഷിച്ചു. നേപ്പാൾ, പലസ്തീൻ, ടിബറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള കവികൾ മലയാളത്തിലും ഇംഗ്ലീഷിലും പ്രേക്ഷകരുമായി ഇടപഴകുന്ന "ഇന്ന് ദക്ഷിണേഷ്യൻ കവിത", "എന്താണ് പുതിയത്?" തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള സെഷനുകൾ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പശ്ചാത്തലത്തിൽ, ILFK 2025 വായനക്കാർക്കും എഴുത്തുകാർക്കും കണ്ടുമുട്ടാനും ആശയങ്ങൾ പങ്കിടാനും സാഹിത്യത്തെ അതിന്റെ ജീവസുറ്റ രൂപത്തിൽ അനുഭവിക്കാനും ഊഷ്മളവും ഉൾക്കൊള്ളുന്നതുമായ ഒരു ഇടം നൽകി.

**കേരള ലളിതകലാ അക്കാദമി**

ദൃശ്യകലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 1962-ൽ സ്ഥാപിതമായ കേരള ലളിതകലാ അക്കാദമി, കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സാംസ്കാരിക സംഘടനയാണ്. തിരുവനന്തപുരം, കിളിമാനൂർ, കായംകുളം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാലടി, മലമ്പുഴ, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, പയ്യന്നൂർ, മാനന്തവാടി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ കേരള ലളിതകലാ അക്കാദമിക്ക് ആർട്ട് ഗാലറികളുണ്ട്. ഈ കാലയളവിൽ ലളിതകലാ അക്കാദമി ഏറ്റെടുക്കുകയും ആരംഭിക്കുകയും ചെയ്തിട്ടുള്ള നിരവധി പരിപാടികൾ ചുരുക്കത്തിൽ താഴെ വിവരിച്ചിരിക്കുന്നു:

*യൂസഫ് അറക്കലിന്റെ ഒരു റിട്രോസ്പെക്റ്റീവ് എക്സിബിഷൻ – എറണാകുളം – 'ഏകാന്തതയുടെയും മനുഷ്യത്വത്തിന്റെയും ആഘോഷം'*

കേരള ലളിതകലാ അക്കാദമി സംഘടിപ്പിക്കുന്ന റിട്രോസ്പെക്റ്റീവ് എക്സിബിഷനുകളുടെ ഭാഗമായി, "ഏകാന്തതയുടെയും മനുഷ്യത്വത്തിന്റെയും ആഘോഷം" എന്ന പേരിൽ യൂസഫ് അറക്കലിന്റെ ചിത്രങ്ങളുടെയും ശിൽപങ്ങളുടെയും ഒരു റിട്രോസ്പെക്റ്റീവ് എക്സിബിഷൻ 2025 ജൂൺ 5 മുതൽ 24 വരെ എറണാകുളം ദർബാർ ഹാൾ ആർട്ട് സെന്ററിൽ സംഘടിപ്പിച്ചു. പ്രൊഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്ത ചടങ്ങിൽ അക്കാദമി ചെയർമാൻ ശ്രീ. മുരളി ചീരോത്ത് അധ്യക്ഷത വഹിച്ചു.

*ഗ്രാമകം' കലാ ക്യാമ്പ്*

കേരള ലളിതകലാ അക്കാദമി വേലൂർ, ഇഫ്ക്രിയേഷൻസ് കൾച്ചറൽ ഓർഗനൈസേഷനുമായി സഹകരിച്ച് 2025 ഏപ്രിൽ 5, 6, 7 തീയതികളിൽ തൃശ്ശൂരിലെ വെല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ഗ്രാമകം നാടകോത്സവത്തോടനുബന്ധിച്ച് 'ഗ്രാമകം' കലാ ക്യാമ്പ് സംഘടിപ്പിച്ചു.

രാജാ രവിവർമ്മയുടെ 177–ാം ജന്മദിനാഘോഷം, കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 123–ാം ജന്മദിനാഘോഷം, കലാകാരൻ നമ്പൂതിരിയുടെ ശതാബ്ദി ആഘോഷം, രേഖ ചിത്രങ്ങളുടെ ഒറിജിനൽ രചനകൾ സ്വീകരിക്കൽ

പ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ 177–ാം ജന്മദിനം അദ്ദേഹത്തിന്റെ ജന്മനാടായ കിളിമാനൂരിൽ ആഘോഷിച്ചു. 2025 ഏപ്രിൽ 28–ന്, കിളിമാനൂരിലെ രാജാ രവിവർമ്മ സ്മാരക സാംസ്കാരിക കേന്ദ്രത്തിൽ, രവിവർമ്മയുടെ പേരിൽ, 10 പ്രാദേശിക കലാകാരന്മാർ പങ്കെടുത്ത രണ്ട് ദിവസത്തെ ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചു.

കാർട്ടൂൺ കലയുടെ സ്ഥാപകനായ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 123–ാം ജന്മവാർഷിക ആഘോഷങ്ങളുടെ ഭാഗമായി, കേരള ലളിതകലാ അക്കാദമിയും കേരള കാർട്ടൂൺ അക്കാദമിയും സംയുക്തമായി ജൂലൈ 31 ന് കായംകുളം കൃഷ്ണപുരത്തുള്ള ശങ്കർ മെമ്മോറിയൽ കാർട്ടൂൺ മ്യൂസിയത്തിൽ അനുസ്മരണ ചടങ്ങും പുഷ്പാർച്ചനയും സംഘടിപ്പിച്ചു.

ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റും കേരള ലളിതകലാ അക്കാദമിയും സംയുക്തമായി സംഘടിപ്പിച്ച 'അയം ചിത്ര ചിത്ര' എന്ന പേരിൽ ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ശതാബ്ദി ആഘോഷങ്ങൾ 2025 സെപ്റ്റംബർ 13 ന് പൊന്നാനിയിലെ നടുവട്ടത്ത് ആരംഭിച്ചു. സാംസ്കാരിക പരിപാടികൾ അരങ്ങേറി. പ്രമുഖ വ്യക്തികൾ പങ്കെടുത്തു. മന്ത്രി സജി ചെറിയാന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ നമ്പൂതിരിയുടെ ചിത്രങ്ങളുടെ ഒറിജിനൽ അദ്ദേഹത്തിന്റെ മകൻ കെ.എം. വാസുദേവൻ സാംസ്കാരിക വകുപ്പിന് കൈമാറി. കേരളത്തിലുടനീളം ഈ കൃതികൾ പ്രദർശിപ്പിക്കുകയും പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയത്തിലെ സ്ഥിരം ഗാലറിയിൽ സൂക്ഷിക്കുകയും ചെയ്യും.

*എ.രാമചന്ദ്രൻ മ്യൂസിയം ഉദ്ഘാടനം*

കൊല്ലം ശ്രീ നാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ എ.രാമചന്ദ്രൻ മ്യൂസിയം 2025 ഒക്ടോബർ 5 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. കേരള ലളിതകലാ അക്കാദമി, സാംസ്കാരിക വകുപ്പ്, രാമചന്ദ്രന്റെ കുടുംബം എന്നിവ സംയുക്തമായി സ്ഥാപിച്ച ഈ മ്യൂസിയത്തിൽ 6,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള എയർ കണ്ടീഷൻ ചെയ്ത ഗാലറിയുണ്ട്, അതിൽ 52 പെയിന്റിംഗുകളും നിരവധി ശിൽപങ്ങളും ഉൾപ്പെടുന്നു. രാമചന്ദ്രന്റെ കുടുംബം ഏകദേശം 300 കോടി രൂപയുടെ കലാസൃഷ്ടികൾ സംസ്ഥാനത്തിന് സംഭാവന ചെയ്തു. വിസ്പേഴ്സ് ഓഫ് എർത്ത് ക്യാമ്പിൽ നിന്നുള്ള ശിൽപങ്ങളും രാമചന്ദ്രന്റെ കലാസൃഷ്ടികൾ ഉൾക്കൊള്ളുന്ന ഒരു മെർച്ചൻഡൈസിംഗ് ഷോപ്പും മ്യൂസിയത്തിൽ ഉൾപ്പെടുന്നു.

**കേരള സംഗീത നാടക അക്കാദമി**

1958–ൽ സ്ഥാപിതമായ കേരള സംഗീത നാടക അക്കാദമി, സംഗീതം, നൃത്തം, നാടകം എന്നിവയുൾപ്പെടെ സംസ്ഥാനത്തെ പ്രകടന കലകളെ സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും നിർണായക പങ്ക് വഹിക്കുന്നു. കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സാംസ്കാരിക സ്ഥാപനമെന്ന നിലയിൽ, ഇത് കലാകാരന്മാരെ പിന്തുണയ്ക്കുകയും ഉത്സവങ്ങൾ സംഘടിപ്പിക്കുകയും സാംസ്കാരിക ഭൂപ്രകൃതിയെ സമ്പന്നമാക്കുക മാത്രമല്ല, ടൂറിസം, പരിപാടികൾ, സൃഷ്ടിപരമായ മേഖലയിലെ നൈപുണ്യ വികസനം എന്നിവയിലൂടെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നൽകുകയും ചെയ്യുന്ന പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

2024–25 വർഷത്തിൽ കേരള സംഗീത നാടക അക്കാദമിയുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു:

1. പ്രശസ്ത സംഗീതജ്ഞർക്കുള്ള സ്വാതി സംഗീത അവാർഡും നാടക കലകളിലെ ആജീവനാന്ത നേട്ടത്തിനുള്ള എസ്. എൽ. പുരം സദാനന്ദൻ നാടക അവാർഡും സമ്മാനിച്ചു.

2. സംസ്ഥാനതല പ്രൊഫഷണൽ നാടക മത്സരവും അമച്വർ നാടക മത്സരവും മെയ്, ജനുവരി മാസങ്ങളിൽ യഥാക്രമം വ്യത്യസ്ത വേദികളിലായി നടന്നിട്ടുണ്ട്.

3. ആർട്ടിസ്റ്റ് ഡാറ്റ ബാങ്ക്

കേരള സംഗീത നാടക അക്കാദമിയുടെ പരിധിയിൽ വരുന്ന 18 വയസ്സിന് മുകളിലുള്ള വിവിധ കലാ മേഖലകളിൽ പ്രശംസനീയമായ സംഭാവനകൾ നൽകിയ കലാകാരന്മാരെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഇന്ത്യയിലെ ആദ്യത്തെ ആർട്ടിസ്റ്റ് ഡാറ്റ ബാങ്കായ കേരള ആർട്ടിസ്റ്റ് ഡാറ്റ ബാങ്ക് 2024 ജൂലൈ 20 ന് അക്കാദമി വെബ്സൈറ്റ് വഴി ആരംഭിച്ചു. ഇതുവരെ 600 കലാകാരന്മാരുടെ വിവരങ്ങൾ ആർട്ടിസ്റ്റ് ഡാറ്റ ബാങ്കിൽ ശേഖരിച്ചിട്ടുണ്ട്.

4. വർക്ക്ഷോപ്പുകൾ
ഇനിപ്പറയുന്നവയിൽ വിവിധ വർക്ക്ഷോപ്പുകൾ നടത്തിയിട്ടുണ്ട്:

- ദേശീയ മേക്കപ്പ് വർക്ക്ഷോപ്പ്
- ദേശീയ നാടക രചനാ വർക്ക്ഷോപ്പ്
- ചമയം പരിശീലന ക്യാമ്പ്/വർക്ക്ഷോപ്പ്
- കഥപറച്ചിൽ ഉത്സവവും വർക്ക്ഷോപ്പും

5. കലാകാരന്മാർക്കുള്ള അപകട മെഡിക്കൽ ഇൻഷുറൻസ് പദ്ധതി
പ്രൊഫഷണൽ നാടകം, ഉപകരണ കല, കഥപറച്ചിൽ, മാജിക് തുടങ്ങിയ മേഖലകളിലെ കലാകാരന്മാർക്ക് അപകട മെഡിക്കൽ ഇൻഷുറൻസ് നൽകുന്നതിന്റെ ഭാഗമായി, 2021–22 സാമ്പത്തിക വർഷം മുതൽ സർക്കാരുമായി സഹകരിച്ച് ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി വഴി അക്കാദമി ഇത് നൽകിവരുന്നു. എണ്ണം താഴെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2021–22 | 911 |
| 2022–23 | 1069 |
| 2023–24 | 1253 |
| 2024–25 | 840 |
| 2025–26 (ആഗസ്റ്റ് 31 2025 വരെ) | 686 |

**കേരള ഫോക്ലോർ അക്കാദമി**
സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഒരു സ്വതന്ത്ര കേന്ദ്രമായ കേരള ഫോക്ലോർ അക്കാദമി 1995 ജൂൺ 28 ന് സ്ഥാപിതമായി. കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രോജക്റ്റ് ചെയ്യുകയുമാണ് അക്കാദമിയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ കണ്ണൂരിലാണ് കേരള ഫോക്ലോർ അക്കാദമി സ്ഥിതി ചെയ്യുന്നത്. ഫോക്‌ലോർ അക്കാദമി സമഗ്രവും വൈവിധ്യപൂർണ്ണവുമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളത്തിന്റെയും അതിന്റെ വിവിധ വിഭാഗങ്ങളുടെയും നാടോടി സാഹിത്യത്തെ സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക, നാടോടി കലാകാരന്മാർക്ക് അവാർഡുകൾ നൽകുക, നാടോടി കലകളിൽ അഭിരുചിയുള്ള കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുകയും അവർ കൈകാര്യം ചെയ്യുന്ന നാടോടി കലാരൂപങ്ങളിൽ അവരെ പഠിപ്പിക്കുകയും ചെയ്യുക, നാടോടി കലാകാരന്മാരുടെ ക്ഷേമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, പിന്നാക്കം നിൽക്കുന്ന നാടോടി കലാകാരന്മാർക്ക് വൈദ്യസഹായം നൽകുക എന്നിവയാണ് അക്കാദമിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. വംശനാശഭീഷണി നേരിടുന്ന നാടോടി കലാരൂപങ്ങളെയും നാടോടി സംസ്കാരത്തെയും തിരിച്ചറിയൽ, രേഖപ്പെടുത്തൽ, സംരക്ഷിക്കൽ, കേരള ഫോക്‌ലോർ അക്കാദമിയുടെ മ്യൂസിയം വേണ്ടത്ര സജ്ജീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നിവയും അക്കാദമി വിഭാവനം ചെയ്യുന്നു.

*പുസ്തക പ്രസിദ്ധീകരണം*
അക്കാദമിയുടെ ത്രൈമാസികയായ 'പൊലി'യുടെ 45–ാം ലക്കം, ശ്രീ. ബാലകൃഷ്ണൻ കൊയ്യലിന്റെ 'നമ്മുടെ നാടൻകലകൾ', പത്മശ്രീ എസ്.ആർ.ഡി. പ്രസാദിന്റെ 'മെയ്പയറ്റ്' എന്നിവ പുനഃപ്രസിദ്ധീകരിച്ചു. ഇബ്രാഹിം വെങ്ങര പ്രസിദ്ധീകരിച്ച 'പരശുരാമൻ', പാലക്കാട് മൂരിലെ യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് പ്രസിദ്ധീകരിച്ച 'സമകാലിക ഫോക്ലോർ, കേരളീയ പ്രസംഗവും', അക്കാദമിയുടെ ഐഎസ് ബിഎൻ നമ്പർ ഉപയോഗിച്ച് 'കേരള ഫോക്ലോർ ആൻഡ് കൾച്ചറിന്റെ റൂട്ട്സ് ആൻഡ് റിഥംസ് എക്സ്പ്രഷനുകൾ' എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

**ബോക്സ് 9.1.1** കേരള ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ (ITFOK 2025)

2025 ഫെബ്രുവരി 23 മുതൽ മാർച്ച് 2 വരെ തൃശ്ശൂരിൽ നടന്ന 15–ാമത് ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള (ITFOK) നാടകങ്ങൾ, സംഗീത പ്രകടനങ്ങൾ, സംവേദനാത്മക സെഷനുകൾ, സെമിനാറുകൾ എന്നിവയുൾപ്പെടെ എട്ട് ദിവസത്തെ വൈവിധ്യമാർന്ന പരിപാടികൾ ഉൾക്കൊള്ളുന്നു.

2008–ൽ ആരംഭിച്ച 15–ാം പതിപ്പിന്റെ പ്രമേയം "പ്രതിരോധത്തിന്റെ സംസ്കാരങ്ങൾ" എന്നതായിരുന്നു. ഇറാഖ്, ഈജിപ്ത്, റഷ്യ, ഹംഗറി, ശ്രീലങ്ക, വിവിധ ഇന്ത്യൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള നാടകങ്ങൾ പ്രധാന ഉത്സവ വേദികളായ കെ.ടി. മുഹമ്മദ് തിയേറ്റർ, മുരളി തിയേറ്റർ, ബ്ലാക്ക്ബോക്സ് (തോപ്പിൽ ഭാസി നാട്യഗൃഹം), ഫാവോസ് തിയേറ്റർ (രാമനിലയം കാമ്പസ്) എന്നിവിടങ്ങളിൽ അരങ്ങേറി.

എട്ട് വനിതാ സംവിധായകരുടെ പങ്കാളിത്തം ശ്രദ്ധേയമായ ഒരു പ്രത്യേകതയായിരുന്നു, ഇത് ഫെസ്റ്റിവലിന്റെ ഉൾക്കൊള്ളലിനും ലിംഗ പ്രാതിനിധ്യത്തിനുമുള്ള പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. മാധ്യമങ്ങൾ, സന്നദ്ധപ്രവർത്തകർ, സാങ്കേതിക സംഘം, ഹോസ്പിറ്റാലിറ്റി വിഭാഗം, ഡോക്യുമെന്റേഷൻ യൂണിറ്റ് എന്നിവയുടെ ഫലപ്രദമായ ഏകോപനം ITFOK 2025 ന്റെ അന്തസ്സും പ്രൊഫഷണലിസവും വർദ്ധിപ്പിച്ചു. അഞ്ച് അന്താരാഷ്ട്ര പ്രൊഡക്ഷനുകളും പത്ത് ഇന്ത്യൻ പ്രൊഡക്ഷനുകളും ഉൾപ്പെടെ 34 പ്രകടനങ്ങൾ ഉൾപ്പെടെ ആകെ 15 നാടകങ്ങൾ അവതരിപ്പിച്ചു.

ബോഡി, ടീത്ത് & വിഗ് – സിഫ്റ്റി മീഡിയ പ്രൊഡക്ഷൻ – ഈജിപ്ത്, സർക്കിൾ റിലേഷൻസ് – ഹംഗറി, ഡിയർ ചിൽഡ്രൻ സിൻസിയർലി – 7 ഡിക്കേഡ്സ് ശ്രീലങ്ക, അമൽ – ഡിപ്പാർട്ട്മെന്റ് ഓഫ് സിനിമ & തിയേറ്റർ, ഇറാഖ്, പുവർ ലിസ – ബ്രയാൻസേവ് തിയേറ്റർ ഫോർ യംഗ് സ്പെക്ടേറ്റേഴ്സ്, റഷ്യ എന്നിവയായിരുന്നു മേളയിലെ പ്രധാന

അന്താരാഷ്ട്ര നാടകങ്ങൾ, ചടങ്ങിൽ അവതരിപ്പിച്ച ഇന്ത്യൻ നാടകങ്ങൾ ഹയവദന – ഭൂമിജ ട്രസ്റ്റ്, ബെംഗളൂരു, ദി നൈറ്റ്സ് – കൊൽക്കത്ത പപ്പറ്റ് ആർട്സ് ട്രസ്റ്റ്, ന്യൂഡൽഹി, പ്രോജക്റ്റ് ഡാർലിംഗ് – ഡ്രാമനോൺ, ബെംഗളൂരു, അബോറിജിനൽ ക്രൈ – അശോക തിയേറ്റർ, മണിപ്പൂർ, ചായ് ഖരം – ഓർക്കിഡ് തിയേറ്റർ, അസം, ഐറ്റം – അസിത്വ ആർട്ട് ഫൗണ്ടേഷൻ, ഗുജറാത്ത്, ബി–ലവ്ഡ് – തമാഷ തിയേറ്റർ, മുംബൈ. ഭൂതങ്ങൾ – അത്‌ലറ്റ് സ്പോർട്സ് തിയേറ്റർ, പാലക്കാട്, നെയ്ത്ത് – മാമാങ്കം ആർട്സ് കളക്റ്റീവ്, എറണാകുളം, ആറമേ വൈറൽ – സ്കൂൾ ഓഫ് ലെറ്റേഴ്സ്, കോട്ടയം എന്നിവയും കളിച്ചിട്ടുണ്ട്.

സംഗീത, സാംസ്കാരിക പ്രകടനങ്ങൾ

ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക വൈവിധ്യത്തെ ആഘോഷിക്കുന്ന നിരവധി സംഗീത, നാടോടി കലാ പരിപാടികളും ഫെസ്റ്റിവലിൽ ഉണ്ടായിരുന്നു. മഗേഷ് ടി.എമ്മും സംഘവും അവതരിപ്പിച്ച ഫോക്ക് റോക്ക് സംഗീതം, ദി ബാൻഡിന്റെ ശങ്ക ട്രൈബ്, ബിഷോയ്സ് ഗാരേജ് മ്യൂസിക്കിന്റെ ബാംബൂ ബാൻഡ് പ്രകടനം, അവിട്ടത്തൂർ, ശരത്, പ്രകാശ് ഉള്ളിയേരി എന്നിവരുടെ ശരത്ഗാന നൈറ്റ്, ഷിഹാബ് സിയുടെ ഗസൽ, സൂഫി, ഖവാലി നൈറ്റ്, ശാന്തിപ്രിയയുടെ ബൗൾ സംഗീതം എന്നിവയായിരുന്ന പ്രധാന സംഗീത പരിപാടികൾ. ഫെബ്രുവരി 25 ന് കെ.ടി. മുഹമ്മദ് തിയേറ്ററിന് മുന്നിൽ കലാഭൈരവേശ്വര യൂത്ത് ആർട്ട് അസോസിയേഷൻ അവതരിപ്പിച്ച കർണാടകയിൽ നിന്നുള്ള പൂജകുനിത നാടോടി നൃത്തം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പരമ്പരാഗത നാടോടി നൃത്തങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഈ നൃത്തരൂപം പരമ്പരാഗതമായി കർണാടകയിലെ മാണ്ഡ്യ, മൈസൂർ, കോലാർ, തുംകൂർ എന്നിവിടങ്ങളിലെ ഗ്രാമപ്രദേശങ്ങളിൽ അവതരിപ്പിക്കപ്പെടുന്നു. ഫെബ്രുവരി 28 ന്, മഹാരാഷ്ട്രയിൽ നിന്നുള്ള സോംഗി മുഖവതെ എന്ന നാടോടി നൃത്തം ചബിൽദാസ് വിഷ്ണുവും സംഘവും അവതരിപ്പിച്ചു.

സമകാലിക നാടകരംഗത്തെ വികസിച്ചുകൊണ്ടിരിക്കുന്ന കാഴ്ചപ്പാടുകളെയും വെല്ലുവിളികളെയും കേന്ദ്രീകരിച്ച് 2025 ഫെബ്രുവരി 25 ന് "അരങ്ങും വേല" എന്ന പേരിൽ ഒരു പാനൽ ചർച്ച സംഘടിപ്പിച്ചു.

*ചിറക്കൽ പെരുങ്കളിയാട്ടം തെയ്യം ഗാലറി ഉദ്ഘാടനം ചെയ്തു*

45 വർഷങ്ങൾക്ക് ശേഷം ചിറക്കൽ കോവിലകത്ത് നടന്ന പെരുങ്കളിയാട്ടം 2025 ഫെബ്രുവരി 21 ന് രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാവസ്തു വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. തുടർന്ന്, കാർഷിക സർവകലാശാലയുമായി സഹകരിച്ച്, 100 കാവുകൾക്ക് കവുങ്ങിൻതൈ വിതരണം ചെയ്യുന്നതിന്റെ ഉദ്ഘാടനം നടന്നു.

*പൊന്ന്യത്തങ്കം പരിപാടി*

കതിരൂർ ഗുരിക്കളും തച്ചോളി ഒതേനനും അങ്കം അവതരിപ്പിച്ചതായി കരുതപ്പെടുന്ന പൊന്ന്യം ഏഴരക്കത്ത് ഏഴ് ദിവസം നീണ്ടുനിന്ന പൊന്ന്യത്തങ്കം പരിപാടിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിവിധ നാടൻ കലാ മത്സരങ്ങളും കളരിപ്പയറ്റുകളും സംഘടിപ്പിച്ചു.

*കേരള ഫോക്ലോർ അക്കാദമി–സമം:* മനുഷ്യ സമത്വ സാംസ്കാരിക പ്രസ്ഥാന പദ്ധതി നടപ്പിലാക്കി. കോളേജ് വിദ്യാർത്ഥികൾക്കായി മയക്കുമരുന്ന് രഹിത ബോധവൽക്കരണ ശില്പശാല, വിവിധ മേഖലകളിൽ നിന്നുള്ള നേട്ടക്കാരെ ആദരിക്കുന്ന സമം–സമദാരം അനുമോദന പരിപാടി, 1,800 കലാകാരന്മാരെ ഒരു വേദിയിൽ ഒരുമിച്ച് കൊണ്ടുവന്ന സമം–സമാഗമം കേരള കലാ മഹാസംഗമം എന്നിവ പരിപാടിയിൽ ഉൾപ്പെട്ടിരുന്നു.

**കേരള കലാമണ്ഡലം**

കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമുള്ള രാജ്യത്തെ പ്രമുഖ പൊതുസ്ഥാപനമാണ് കേരള കലാമണ്ഡലം. അതിന്റെ തുടക്കം മുതൽ, ലോകമെമ്പാടുമുള്ള കലാകാരന്മാർ, കലാ–പണ്ഡിതർ, ചരിത്രകാരന്മാർ, നാടക–കലാകാരന്മാർ/സംവിധായകർ, നൃത്തസംവിധായകർ, കലാപ്രേമികൾ എന്നിവരെ ആകർഷിക്കുന്ന പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമാണ് ഇത്.

കേരള കലാമണ്ഡലത്തെ കലാ സാംസ്കാരിക മേഖലയിലെ ഡീംഡ് യൂണിവേഴ്സിറ്റിയായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പ്രഖ്യാപിച്ചു. 2006 മാർച്ച് 14–ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഉപദേശപ്രകാരം ഇന്ത്യ ഗവൺമെന്റും കേരള സർക്കാരും അതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആൻഡ് റൂൾസ് 2007 മെയ് 15–ന് അംഗീകരിച്ചു.

2025–26 കാലയളവിൽ, കേരള കലാമണ്ഡലത്തിന്റെ അക്കാദമിക്, അടിസ്ഥാന സൗകര്യ പരിസ്ഥിതി ശക്തിപ്പെടുത്തുന്നതിന് നിരവധി സുപ്രധാന സംരംഭങ്ങൾ ഏറ്റെടുത്തു. 34,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മുകുന്ദരാജ അക്കാദമിക് ബ്ലോക്ക് പൂർത്തീകരിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി. ക്ലാസ് മുറികൾ, സെമിനാർ ഹാളുകൾ, എച്ച്ഒഡി ഓഫീസുകൾ, സമഗ്രമായ അക്കാദമിക് സൗകര്യങ്ങൾ നൽകുന്ന ഫാക്കൽറ്റി മുറികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളെ ആഗോളതലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്റ്റഡി ഇൻ കേരള പരിപാടി ആരംഭിച്ചിട്ടുണ്ട്. കാമ്പസ് സൗന്ദര്യവൽക്കരണത്തിന്റെയും ലാൻഡ്സ്കേപ്പിംഗിന്റെയും ആദ്യ ഘട്ടം വിജയകരമായി പൂർത്തിയാക്കി, കാമ്പസിന്റെ സൗന്ദര്യാത്മകവും പാരിസ്ഥിതികവുമായ ഗുണനിലവാരം ഗണ്യമായി വർദ്ധിപ്പിച്ചു. സർഗ്ഗാത്മക മേഖലയിൽ, ശ്രീ ഭരത് ശർമ്മയുടെ മാർഗ്ഗനിർദ്ദേശത്തിൽ വികസിപ്പിച്ചെടുത്ത ഒരു പുതിയ നൃത്തസംവിധാന നിർമ്മാണം, കലാപരമായ നവീകരണത്തിനും മികവിനുമുള്ള കേരള കലാമണ്ഡലത്തിന്റെ തുടർച്ചയായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു.

**ഭാരത് ഭവൻ കേരളം**

സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള ഒരു ഔദ്യോഗിക സാംസ്കാരിക വിനിമയ കേന്ദ്രമാണ് ഭാരത് ഭവൻ കേരളം. 1984 ൽ സ്ഥാപിതമായ ഇത് കേരളവും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും വിദേശ രാജ്യങ്ങളും തമ്മിലുള്ള സാംസ്കാരിക ഇടപെടലിനുള്ള ഒരു പാലമായി വർത്തിക്കുന്നു. സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രധാന പരിപാടികൾ ചുവടെ കൊടുക്കുന്നു:

*പത്മവിഭൂഷൺ ഡോ. കപില വാത്സ്യായൻ ദേശീയ ഇന്ത്യൻ ക്ലാസിക്കൽ നൃത്തോത്സവം:* പ്രശസ്ത പണ്ഡിതയും ഇന്ത്യൻ കലകളുടെ ആഗോള അംബാസഡറുമായ ഡോ. കപില വാത്സ്യായന്റെ പാരമ്പര്യത്തെ ആദരിക്കുന്ന ഈ അഭിമാനകരമായ ഉത്സവത്തിന്റെ രണ്ടാം പതിപ്പ് 2024 സെപ്റ്റംബർ 22 മുതൽ 26 വരെ നടന്നു. പത്മശ്രീ, പത്മവിഭൂഷൺ അവാർഡ് ജേതാക്കൾ ഉൾപ്പെടെയുള്ള ദേശീയതല കലാകാരന്മാർ അഞ്ച് ദിവസത്തെ പരിപാടിയിൽ പങ്കെടുത്തു.

*കടൽമിഴി: തീരദേശ ക്രിയേറ്റീവ് ജേണി:*
തീരദേശ കലാകാരന്മാർക്ക് ഒരു വേദി നൽകുന്നതിനും ഭാവി തലമുറകൾക്കായി തീരദേശ കലകളും വാമൊഴി പാരമ്പര്യങ്ങളും ശേഖരിക്കുന്നതിനുമാണ് ഈ പദ്ധതി ആരംഭിച്ചത്. പങ്കെടുക്കുന്ന ഓരോ കലാകാരനും 3,000 രൂപ സാമ്പത്തിക പ്രതിഫലം നൽകി. ആദ്യ ഘട്ടം ആലപ്പുഴ സെൻട്രൽ ബീച്ചിൽ ആരംഭിച്ചു, ശ്ലാമകരോൾ, ദേവസ്തവിളി, ചവിട്ടുനാടകം തുടങ്ങിയ അപൂർവ കലകൾ ഇതിൽ ഉൾപ്പെടുന്നു. എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവയുൾപ്പെടെ ഏഴ് ജില്ലകളിലൂടെ യാത്ര തുടർന്ന ഈ യാത്ര 2025 മാർച്ചിൽ അവസാനിച്ചു.

*ടാഗോർ ഫെസ്റ്റ്:ഏക്ല ചലോ രേ*
2025 മാർച്ച് 24, 25 തീയതികളിൽ നടന്ന ടാഗോർ ഫെസ്റ്റ്:ഏക്ല ചലോ രേ, അക്കാദമിക് പ്രഭാഷണങ്ങൾ, ഹിന്ദുസ്ഥാനി സംഗീതം, ബംഗാളി നൃത്തം, ഒരു ഡോക്യുമെന്ററി പ്രദർശനം എന്നിവ ഉൾപ്പെടുന്ന ഒരു കോൺക്ലേവ് അവതരിപ്പിച്ചു. ഫെസ്റ്റിനിടെ, മന്ത്രി സജി ചെറിയാൻ ഭാരത് ഭവൻ വിവർത്തന മികവ് അവാർഡുകളും ഗ്രാമീണ നാടക അവാർഡുകളും വിശിഷ്ടാതിഥികൾക്ക് സമ്മാനിച്ചു.

*തിയേറ്റർ ഫാർമേ: വിത്ത് വിതയ്ക്കൽ ഉത്സവം* – ഈ നൂതന സാംസ്കാരിക സംരംഭം കലയെയും ജൈവകൃഷിയെയും സംയോജിപ്പിക്കുന്നു, പ്രമുഖ സാംസ്കാരിക വ്യക്തികളും അന്താരാഷ്ട്ര അതിഥികളും ഉൾപ്പെടുന്ന പിറവന്തൂരിൽ നടന്ന ഒരു കൂട്ടായ വിത്ത് വിതയ്ക്കൽ പരിപാടി ഇതിൽ ഉൾപ്പെടുന്നു.

**വാസ്തു വിദ്യാ ഗുരുകുലം**

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആറന്മുളയിലെ വാസ്തു വിദ്യാ ഗുരുകുലം താഴെപ്പറയുന്ന പ്രകാരം വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.

1. ആർക്കിടെക്ചറൽ കൺസൾട്ടൻസി
2. ഗ്രീൻ ബിൽഡിംഗ് ടെക്നോളജി കൺസൾട്ടൻസി
3. മ്യൂറൽ കോമ്പോസിഷൻ വിഭാഗം
4. അക്കാദമിക് സെൻറർ
5. പൈതൃക കെട്ടിടങ്ങളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷൻ
6. റൂറൽ ആർട്ട് ഹബ് പ്രോജക്റ്റ്

കേരളത്തിന്റെ ബൃഹത്തായ ശില്പകല, കരകൗശല പാരമ്പര്യങ്ങൾ, ചുമർചിത്രകലാ പൈതൃകം, ദാരുശില ശിൽപങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഒപ്പം കലാപരവും പ്രകൃതി സൗഹൃദവുമായ നിർമാണരീതികൾ പ്രചരിപ്പിക്കാനും വാസ്തു വിദ്യാ ഗുരുകുലം മൂന്ന് പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്നു

പുരാവസ്തു വകുപ്പിന് കീഴിലുള്ള 15 സംരക്ഷിത സ്മാരകങ്ങളുടെ 2D ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ പ്രോജക്റ്റ് 2023–24 കാലയളവിൽ പൂർത്തിയായി. ട്രൈബൽ സ്കൂൾ വിദ്യാർഥികൾക്ക് മ്യൂറൽ പെയിന്റിങ് പരിശീലനം നൽകി. ഏറ്റുമാനൂർ ക്ഷേത്രത്തിലെ തനത് പുരാതന ചുമർചിത്രങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

വാസ്തുവിദ്യ ഗുരുകുലം റൂറൽ ആർട്ട് ഹബ് സ്കീം വഴി ഏകദേശം 2,000 പാരമ്പര്യവും ശിൽപകലാ കലാകാരന്മാരുടെ ജീവിതോപാധികളെ പിന്തുണച്ചു. അതോടൊപ്പം, ഗ്രാമീണ കലാ കേന്ദ്രം പദ്ധതിയുടെ ഭാഗമായി 58 ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

**വൈലോപ്പിള്ളി സംസ്കൃതി ഭവൻ**

തിരുവനന്തപുരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഒരു സാംസ്കാരിക സ്ഥാപനമായി പ്രവർത്തിക്കുന്ന ഒരു മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സാണ് (എംപിസിസി).

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെയും സി-ഡിറ്റിന്റെയും സഹകരണത്തോടെ വികസിപ്പിച്ച സ്വാതിതിരുനാൾ മഹാരാജാവിനെക്കുറിച്ച് നവീകരിച്ച വെബ്സൈറ്റ് *'swathithirunal.in'* സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു.

വിദ്യാർത്ഥികളിൽ പൗരബോധം, സഹിഷ്ണുത, സർഗ്ഗാത്മകത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാരിന്റെ പുതിയ പദ്ധതിയാണ് ബാലകേരളം. വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ നേതൃത്വത്തിൽ, 14 ജില്ലകളിൽ നിന്നുള്ള ഒരു ലക്ഷം വിദ്യാർത്ഥികളെ 100 മണിക്കൂർ ദൈർഘ്യമുള്ള ഒരു സിനിമയിൽ ഉൾപ്പെടുത്തും.

സാംസ്കാരിക ഒത്തുചേരലുകൾ പ്രോത്സാഹിപ്പിക്കുന്നതിനും മുതിർന്ന പൗരന്മാരുടെ മാനസികവും ശാരീരികവുമായ ക്ഷേമം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു പരിപാടിയാണ് ഉണർവ്. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച നടക്കുന്ന ഈ പരിപാടിയിൽ നൂറിലധികം മുതിർന്ന പൗരന്മാർ പങ്കെടുക്കുന്നു. പരിപാടിയുടെ ഭാഗമായി, ആരോഗ്യ വിദഗ്ധരുമായുള്ള സംവേദനാത്മക സെഷനുകളും ഉണർവ് അംഗങ്ങളുടെ സാംസ്കാരിക പ്രകടനങ്ങളും പതിവായി സംഘടിപ്പിക്കാറുണ്ട്.

ലൈബ്രറി സയൻസ് പോലുള്ള മേഖലകിൽ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ അവതരിപ്പിച്ചും, സാംസ്കാരിക പരിപാടികൾ, വിവിധ ചടങ്ങുകൾ, ചിത്രീകരണം എന്നിവയ്ക്കായി വിവിധ ഏജൻസികൾ, വ്യക്തികൾ, സർക്കാർ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേദികൾ വാടകയ്ക്ക് നൽകിയും സ്ഥാപനം വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.

**ഗുരു ഗോപിനാഥ് നടനഗ്രാമം**

1995-ൽ സ്ഥാപിതമായ ഗുരു ഗോപിനാഥ് നടന ഗ്രാമം, കേരള നടനം, ശാസ്ത്രീയ സംഗീതം, ലൈറ്റ് മ്യൂസിക്, വീണ, തബല എന്നിവയിൽ പരിശീലനം നൽകുന്നു. സ്ഥാപനം കേരള നടനത്തെക്കുറിച്ച് സെമിനാറുകളും ശിൽപത്തെക്കുറിച്ച് വർക്ക്ഷോപ്പുകളും നടത്തി. പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, നൃത്ത മ്യൂസിയത്തിന്റെ പരിപാലനം, നിലവിൽ പുരോഗമിക്കുന്ന 270 ഡിഗ്രി 'മോഹനം' ഡിജിറ്റൽ തിയേറ്റർ ഡാൻസ് ഗാലറി സ്ഥാപിക്കൽ എന്നിവയാണ് മറ്റ് സംരംഭങ്ങൾ.

**മാർഗി**

കേരളത്തിന്റെ ക്ലാസിക്കൽ കലാരൂപങ്ങളായ കഥകളി, കൂടിയാട്ടം എന്നിവ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുന്ന ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമാണ് മാർഗി. കഥകളി (അഭിനയം, സംഗീതം, ചെണ്ട, മദ്ദളം), കൂടിയാട്ടം (വേഷം, മിഴാവ്, തിമില, എടക്ക), പെൺകുട്ടികൾക്ക് നങ്ങ്യാർകൂത്ത് എന്നിവയിൽ ഇത് ഉന്നത പരിശീലനം നൽകുന്നു, കേരള കലാമണ്ഡലം ഇതിനെ കൂടിയാട്ടം ഗവേഷണത്തിനുള്ള ഒരു റിസോഴ്സ് സെന്ററായി അംഗീകരിച്ചിട്ടുണ്ട്. മാർഗി പതിവായി ചൊല്ലിയാട്ടം നടത്തുന്നു, അവധിക്കാലത്ത് സൗജന്യ പരിശീലനം നൽകുകയും, ക്ഷണപ്രകാരം പരിപാടികൾ അവതരിപ്പിക്കുകയും ചെയുന്നു. അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത അതിന്റെ കൂടിയാട്ട അവതരണങ്ങൾ, അദൃശ്യമായ പൈതൃകത്തിന്റെ മാസ്റ്റർപീസ് ആയി കലയെ യുനെസ്കോ അംഗീകരിക്കുന്നതിന് സംഭാവന നൽകി. എല്ലാ മാർഗി പരിപാടികളും പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും സൗജന്യമാണ്.

**പൈതൃക പഠന കേന്ദ്രം**

സാംസ്കാരിക വിഭവ മാനേജ്മെന്റിന്റെ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഗവേഷണ പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും പുരാവസ്തുശാസ്ത്രം, പുരാവസ്തു പഠനം, മ്യൂസിയോളജി, സംരക്ഷണം എന്നിവയിൽ പതിവായി ഒരു വർഷത്തെ പി.ജി. ഡിപ്ലോമ കോഴ്സുകൾ നൽകുന്നതിനുമായി ഒരു നൂതന ഗവേഷണ കേന്ദ്രം വികസിപ്പിക്കുന്നതിനായി സാംസ്കാരികകാര്യ വകുപ്പ് 2000ൽ എറണാകുളം തൃപ്പൂണിത്തുറയിലെ ഹിൽ പാലസ് മ്യൂസിയം പരിസരത്ത് പൈതൃക പഠന കേന്ദ്രം സ്ഥാപിച്ചു. 52 ഏക്കർ വരുന്ന ഹിൽ പാലസിൽ ആർക്കിയോളജിക്കൽ മ്യൂസിയം കാമ്പസ്, റോയൽ ഗാർഡൻ, കുട്ടികളുടെ പാർക്ക്, 100-ലധികം മാനുകളുള്ള ഒരു മാൻ പാർക്ക് എന്നിവ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

**മലയാളം മിഷൻ**

പ്രവാസി മലയാളികൾക്ക് മലയാളം പഠിക്കാൻ അവസരം നൽകുന്നതിനായി 2005-ൽ കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് മലയാളം മിഷൻ. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഇന്ത്യയിലും വിദേശത്തുമായി വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് മലയാളം മിഷന്റെ പ്രധാന ലക്ഷ്യം.
മലയാളം മിഷന് 30 രാജ്യങ്ങളിലായി മുപ്പതിനായിരത്തിലധികം വിദ്യാർത്ഥികളുണ്ട്, അതത് സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പഠന കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയാണ് അതിന്റെ പ്രവർത്തനങ്ങൾ. 'ഭൂമി മലയാളം ന്യൂസ് പേപ്പർ, പൂക്കളം വെബ് മാസിക, റേഡിയോ മലയാളം, സുവനീർ ഷോപ്പ് എന്നിവയാണ് മലയാളം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

2016-ൽ, മലയാളം മിഷൻ ഇന്ത്യയിലെ ചെന്നൈ, ബാംഗ്ലൂർ, ഡൽഹി, മുംബൈ, പുതുച്ചേരി, ഗോവ, പൂനെ തുടങ്ങിയ പരിമിതമായ സ്ഥലങ്ങളിലും വിദേശത്ത് ബഹ്റൈനിലും സിംഗപ്പൂരിലും ഒരു പഠന കേന്ദ്രമായും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ, അതിന്റെ പ്രവർത്തനങ്ങൾ 70 രാജ്യങ്ങളിലും 24 സംസ്ഥാനങ്ങളിലുമായി 105 ചാപ്റ്ററുകളായി വികസിപ്പിച്ചിരിക്കുന്നു.

*കേവി മലയാളം*

കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മലയാളത്തിൽ പ്രാവീണ്യം തുല്യമാക്കുക എന്ന ലക്ഷ്യത്തോടെ മലയാളം മിഷൻ മലയാളം ക്ലാസുകൾ ആരംഭിച്ചു. ഇതിലൂടെ കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി തുടങ്ങിയ മലയാളം മിഷൻ കോഴ്സുകൾ പഠിക്കാം.

*അനന്യ മലയാളം*

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ തേടി കേരളത്തിലെത്തുന്ന അതിഥി തൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ രണ്ടാമത്തെ 100 ദിവസത്തെ കർമ്മ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് അനന്യ മലയാളം. പദ്ധതിയുടെ ഭാഗമായി, റിസോഴ്സ് അധ്യാപകർക്കുള്ള മാനുവലും പരിശീലനവും പൂർത്തിയാക്കി, കഴക്കൂട്ടത്ത് ആദ്യത്തെ പഠന കേന്ദ്രം ഉദ്ഘാടനം ചെയ്തു.

*വിശ്വമലയാളം*

മലയാളികളെ മാതൃഭാഷയിൽ സമ്പൂർണ സാക്ഷരത കൈവരിക്കുന്ന ആദ്യത്തെ പ്രവാസി സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

*സമം-ഷീ റേഡിയോ*

സാംസ്കാരിക വകുപ്പിന്റെ സമം പദ്ധതിയുമായി സഹകരിച്ച് റേഡിയോ മലയാളം സമം ഷീ റേഡിയോ എന്ന പേരിൽ ഒരു പ്രത്യേക പ്രക്ഷേപണ പരിപാടി ആരംഭിച്ചു. ഗോത്ര പെൺകവിത, പെൺകോത്സവം, മനസ്സുതുറന്ന് – സ്ത്രീ പ്രതിഭകളെ പരിചയപ്പെടുത്തൽ, റേഡിയോ നാടകങ്ങൾ,

സ്ത്രീകൾക്കുള്ള അവബോധം, പ്രചോദനാത്മക ചിന്തകൾ എന്നിവ സമം ഷീ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്നു.

*BMOOC*
ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സിന് ഇ-ലേണിംഗ് വിഭാഗത്തിൽ കേരള സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു. കേരളത്തിനകത്തും പുറത്തും താമസിക്കുന്ന മലയാളം അറിയാത്ത നിരവധി മലയാളികളുണ്ട്. കൂടാതെ, തൊഴിൽ തേടി കേരളത്തിലേക്ക് വരുന്ന ലക്ഷക്കണക്കിന് അതിഥി തൊഴിലാളികളുമുണ്ട്. പ്രസ്തുത പാഠ്യപദ്ധതി പ്രായോഗികമായി പഠിക്കാൻ കഴിയാത്തവർക്കായി ഭാഷാ സാങ്കേതികവിദ്യയുടെയും ആധുനിക വിവര സാങ്കേതിക വിദ്യയുടെയും സഹായത്തോടെയാണ് ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് തയ്യാറാക്കിയിരിക്കുന്നത്. നിലവിൽ, bhoomimalayalam.kerala.gov.in എന്ന പോർട്ടലിലും ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ വഴിയും പത്ത് മൊഡ്യൂളുകൾ ലഭ്യമാണ്.

### സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
1968-ൽ സ്ഥാപിതമായ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആധുനിക അറിവിന്റെ പ്രചാരണത്തിനുള്ള ഫലപ്രദമായ മാധ്യമമായി മലയാളത്തെ വികസിപ്പിക്കുക, വിവിധ ഇന്ത്യൻ ഭാഷകൾക്കിടയിൽ അർത്ഥവത്തായതും പ്രയോജനകരവുമായ ഇടപെടൽ വളർത്തുക, സാമൂഹികവും വൈകാരികവുമായ സംയോജനത്തിനുള്ള ഒരു സുപ്രധാന ഉപകരണമായി പ്രാദേശിക ഭാഷയെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ എന്നിവയുടെ ഓർഗനൈസേഷൻ, പുസ്തകമേളകളുടെയും പ്രദർശനങ്ങളുടെയും നടത്തിപ്പ്, അക്കാദമിക്, കോളേജ് തലത്തിലുള്ള പാഠപുസ്തകങ്ങളുടെയും റഫറൻസ് മെറ്റീരിയലുകളുടെയും പ്രസിദ്ധീകരണം എന്നിവയുൾപ്പെടെ വിവിധ അക്കാദമിക സാംസ്കാരിക പ്രവർത്തനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുക്കുന്നു.

'ശബ്ദതാരാവലി' എന്ന മഹത്തായ നിഘണ്ടുവിന്റെ ഡിജിറ്റൈസേഷൻ ഏകോപിപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തി. വിദഗ്ധരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, അത് "മലയാളം നിഘണ്ടു" എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. 2023 മെയ് 31 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈൻ പതിപ്പ് പുറത്തിറക്കി, 2024 ഫെബ്രുവരി 21 ന് അന്താരാഷ്ട്ര മാതൃഭാഷാ ദിനത്തിൽ മൊബൈൽ ആപ്പ് പുറത്തിറക്കി.

എൻ.വി. കൃഷ്ണ വാര്യർ മെമ്മോറിയൽ സ്കോളറി അവാർഡ്, ഡോ. കെ.എം. ജോർജ് മെമ്മോറിയൽ റിസർച്ച് അവാർഡ്, എം.പി. കുമാരൻ മെമ്മോറിയൽ ട്രാൻസ്ലേഷൻ അവാർഡ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി പണ്ഡിത സാഹിത്യത്തിനായി 2023-2024 ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡുകൾ ഏർപ്പെടുത്തി. ഓരോ അവാർഡിലും 100,000 ഇന്ത്യൻ രൂപ, പ്രശസ്തി പത്രവും ശിൽപവും ഉൾപ്പെടുന്നു.

ഓൺലൈൻ പുസ്തക വിൽപ്പന, ഇ-ബുക്കുകൾ, 'വിജ്ഞാന കൈരളി' മാസിക, ലൈബ്രറി തിരയൽ സൗകര്യങ്ങൾ എന്നിവ നൽകുന്നതിനായി സി-ഡിറ്റിന്റെ സഹായത്തോടെ ഒരു ദ്വിഭാഷാ വെബ് പോർട്ടൽ വികസിപ്പിച്ചെടുത്തു.

### സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ പബ്ലിക്കേഷൻസ്
1961-ൽ കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിൽ സ്ഥാപിതമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ് (SIEP), മലയാളത്തിൽ അറിവ് പ്രചരിപ്പിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്നു. പ്രശസ്തമായ സർവവിജ്ഞാനകോശം, ദ്രാവിഡ സംസ്കാരത്തിന്റെ വിജ്ഞാനകോശം എന്നിവയുൾപ്പെടെയുള്ള വിജ്ഞാനകോശങ്ങൾ മാത്രം പ്രസിദ്ധീകരിക്കുന്ന ഇന്ത്യയിലെ ഏക സ്ഥാപനമാണിത്. സാംസ്കാരിക പ്രദർശനങ്ങളിലൂടെയും ഐടി അധിഷ്ഠിത ഭാഷാ ഉപകരണങ്ങളിലൂടെയും SIEP മലയാളത്തെ പ്രോത്സാഹിപ്പിക്കുന്നു. സർവവിജ്ഞാനകോശം വാല്യം 19 പുറത്തിറങ്ങി, മലയാള സർവകലാശാലയുമായി സഹകരിച്ച് നിർമ്മിച്ച 13 മിനി എൻസൈക്ലോപീഡിയകളിൽ മൂന്നെണ്ണം – സോഷ്യൽ സയൻസ് തിങ്കേഴ്സ്, ഹാൻഡ്റൈറ്റൺ നോളജ്, ബേസിക് ഫിലിം തിയറി എന്നിവ 2025-ൽ പ്രസിദ്ധീകരിച്ചു.

### കുമാരനാശൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ
കേരള സംസ്ഥാന സർക്കാർ ഏറ്റെടുത്ത ആദ്യത്തെ കവി വസതിയായ തോന്നയ്ക്കൽ ആശാൻ സ്മാരകം പ്രവർത്തനം ആരംഭിച്ചതിന്റെ 59 വർഷങ്ങൾ ആഘോഷിച്ചു. 1999 ൽ സംസ്ഥാന സർക്കാർ ഈ സ്ഥാപനത്തെ കുമാരനാശൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ ആയി ഉയർത്തി. ദേശീയ സാംസ്കാരിക സ്ഥാപനമായി ഉയർത്തപ്പെട്ടതോടെ, അതിന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തി വികസിക്കുകയും ആശന്റെ ദർശനങ്ങളെ സാംസ്കാരിക പഠനങ്ങളുമായി സംയോജിപ്പിച്ച് പുതിയ പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്തു. 2024-25 ലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനങ്ങളിൽ മഹാകവി കുമാരനാശാന്റെ 152-ാം ജന്മവാർഷികം, വീണപൂവ് ശതാബ്ദി സമ്മാനം, കുമാരൻ കവി പുരസ്കാരം തുടങ്ങിയ അവാർഡുകളുടെ വിതരണം, വിദ്യാരംഭ മഹോത്സവത്തിന്റെ നടത്തിപ്പ്, ആശാൻ പള്ളിക്കൂടത്തിന്റെ പ്രവർത്തനം, ആശാൻ ഡോക്യുമെന്ററിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കൃതികൾ എന്നിവ ഉൾപ്പെടുന്നു.

### മ്യൂസിയം മൃഗശാല ഡയറക്ടറേറ്റ്
സാംസ്കാരിക കാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് മ്യൂസിയം, മൃഗശാല എന്നിവയുടെ വകുപ്പ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മ്യൂസിയവും മൃഗശാലയും, ആർട്ട് ഗാലറി, തൃശ്ശൂർ മൃഗശാല, കോഴിക്കോട്ടെ കൃഷ്ണമേനോൻ മ്യൂസിയം എന്നിവയാണ് വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രങ്ങൾ. മ്യൂസിയങ്ങളും മൃഗശാലകളും വകുപ്പ് വന്യജീവികളെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും അവസരങ്ങൾ നൽകുന്നു. പ്രകൃതിദത്തവും കലാ പരവും, ചരിത്രപരവുമായ വസ്തുക്കളുടെ ഗണ്യമായ ശേഖരം വികസിപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും

പ്രദർശിപ്പിക്കുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചു. തിരുവനന്തപുരം സുവോളജിക്കൽ ഗാർഡനെ കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കാൻ സ്ഥാപനത്തിന് 'ട്രിവാൻഡ്രം സൂ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉണ്ട്. മ്യൂസിയം വകുപ്പിന് കീഴിലുള്ള കേരളത്തിലെ അവശ്യ മ്യൂസിയങ്ങളുടെ പട്ടിക **അനുബന്ധം 9.1.4** ൽ നൽകിയിരിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മ്യൂസിയം ആൻഡ് മൃഗശാല വകുപ്പിന് കീഴിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- രണ്ട് പുതിയ മ്യൂസിയങ്ങൾ – കണ്ണൂരിലെ കൈത്തറി മ്യൂസിയവും വയനാട്ടിലെ ഹെറിറ്റേജ് മ്യൂസിയവും സ്ഥാപിച്ചു.
- തിരുവനന്തപുരത്തെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിനായി ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിൽ ഗൈഡഡ് ടൂർ ആപ്ലിക്കേഷന്റെ വികസനം.

1964 ൽ സ്ഥാപിതമായ തിരുവനന്തപുരത്തെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം രാജ്യത്തെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയങ്ങളിൽ ഏറ്റവും സമഗ്രമായ ശേഖരങ്ങളിലൊന്നാണ്. ഈ ശേഖരങ്ങൾ തെളിയിക്കുന്നതിനായി, ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിൽ കെൽട്രോൺ വഴി സന്ദർശകർക്കായി ഒരു ഗൈഡഡ് ടൂർ ആപ്ലിക്കേഷൻ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

**കേരള സംസ്ഥാന പുരാവസ്തു വകുപ്പ്**

തിരുവിതാംകൂർ പുരാവസ്തു വകുപ്പും പഴയ കൊച്ചിയിലെ പുരാവസ്തു ഗവേഷണ കേന്ദ്രവും സംയോജിപ്പിച്ച് 1962–ലാണ് കേരള സംസ്ഥാന പുരാവസ്തു വകുപ്പ് രൂപീകരിച്ചത്. വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയ ശിലാശാസനങ്ങളുടെ വാല്യങ്ങൾ പ്രസിദ്ധീകരിക്കുക, ചെമ്പ് തകിടുകളിലെ രചനകൾ പകർത്തുക, ഖനനങ്ങളും പര്യവേക്ഷണങ്ങളും നടത്തുക, ബിസി 200 മുതൽ വിവിധ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന പുരാതന ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

തമിഴ്നാട്ടിലെ തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരം ഉൾപ്പെടെ കേരളത്തിലെ നിരവധി മ്യൂസിയങ്ങൾ പുരാവസ്തു വകുപ്പിന്റെ കീഴിലാണ്. അവയിൽ പ്രധാനപ്പെട്ട മ്യൂസിയങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- പഴശ്ശി ടോംബ് മ്യൂസിയം, മാനന്തവാടി, വയനാട്
- കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം, കോട്ടക്കൽ, വടകര
- പഴശ്ശി രാജ മ്യൂസിയം, ഈസ്റ്റ് ഹിൽ, കോഴിക്കോട്
- ഗാന്ധി സ്മൃതി മ്യൂസിയം, പയ്യന്നൂർ, കണ്ണൂർ
- റീജിയണൽ ഹിസ്റ്ററി മ്യൂസിയം, കണ്ണോത്തർ, കണ്ണൂർ.
- പാലക്കാട് ജില്ലാ ഹെറിറ്റേജ് മ്യൂസിയം, കൽപ്പാത്തി, പാലക്കാട്
- തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം, തൃശ്ശൂർ
- ആർക്കിയോളജിക്കൽ മ്യൂസിയം, ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശ്ശൂർ.
- എറണാകുളം ജില്ലാ ഹെറിറ്റേജ് മ്യൂസിയം, ബാസ്റ്റ്യൻ ബംഗ്ലാവ്, ഫോർട്ട് കൊച്ചി.
- ഹിൽ പാലസ് ആർക്കിയോളജിക്കൽ മ്യൂസിയം, തൃപ്പൂണിത്തുറ, എറണാകുളം
- ഇടുക്കി ജില്ലാ ഹെറിറ്റേജ് മ്യൂസിയം, പൈനാവ്, ഇടുക്കി.
- പുരാവസ്തു മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം, കായംകുളം
- കൊട്ടാരക്കര തമ്പുരാൻ മെമ്മോറിയൽ ക്ലാസിക്കൽ ആർട്ട്സ് മ്യൂസിയം, കൊട്ടാരക്കര, കൊല്ലം
- വേലുത്തമ്പി ദളവ മെമ്മോറിയൽ മ്യൂസിയം, മണ്ണടി, പത്തനംതിട്ട
- കോയിക്കൽ പാലസ് മ്യൂസിയം, നെടുമങ്ങാട്, തിരുവനന്തപുരം
- പദ്മനാഭപുരം പാലസ് മ്യൂസിയം, തക്കല, കന്യാകുമാരി, തമിഴ്നാട്

പൊതുജനങ്ങൾക്കായി തുറന്നിരിക്കുന്ന പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടെയും സ്മാരകങ്ങളുടെയും വിശദാംശങ്ങൾ **അനുബന്ധം 9.1.5** നൽകിയിരിക്കുന്നു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെയും കേരള പുരാവസ്തു വകുപ്പിന്റെയും കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ പട്ടിക യഥാക്രമം **അനുബന്ധം 9.1.6, അനുബന്ധം 9.1.7** എന്നിവയിൽ നൽകിയിരിക്കുന്നു.

മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടർകുളത്തുള്ള കുടക്കല്ല് തുറന്ന് പുരാവസ്തു അന്വേഷണത്തിന് വിധേയമാക്കി, പിന്നീട് ശ്രദ്ധാപൂർവ്വം ഉയർത്തി ഇന്നത്തെ സ്ഥാനത്ത് പുനഃസ്ഥാപിച്ചു.

കേരള മേഖലയിൽ കണ്ടെത്തിയ മുമ്പ് പ്രസിദ്ധീകരിക്കാത്ത ലിഖിതങ്ങൾ പ്രസിദ്ധീകരിക്കാൻ ലക്ഷ്യമിടുന്ന കേരള പുരാവസ്തു പരമ്പരയുടെ മൂന്നാം വാല്യം പൂർത്തിയായി.

പദ്മനാഭപുരം കൊട്ടാരത്തിലെ ലോകപ്രശസ്തമായ പുരാവസ്തു മ്യൂസിയത്തിന്റെ സമഗ്രമായ നവീകരണം പൂർത്തിയായി. തിരുവിതാംകൂറിന്റെ പൈതൃകവും ചരിത്രവും മ്യൂസിയം പ്രദർശിപ്പിക്കുന്നു.

കേന്ദ്ര ധനസഹായത്തോടെ നവീകരിച്ച തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ആധുനിക മ്യൂസിയം ആശയങ്ങൾക്കനുസൃതമായി ശിലായുഗം മുതൽ കൊളോണിയൽ കാലഘട്ടം വരെയുള്ള വിവിധ പുരാവസ്തുക്കൾ ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു.

തിരുവിതാംകൂറിൽ നിന്ന് മലബാറിലേക്കുള്ള കുടിയേറ്റത്തിന്റെ കഥ പറയുന്ന ബിഷപ്പ് വൈലോപ്പിള്ളി മെമ്മോറിയൽ മൈഗ്രേഷൻ മ്യൂസിയം, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ ചെമ്പന്തൊട്ടിയിലിൽ പൊതുജനങ്ങൾക്കായി തുറന്നു.

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത പൈതൃകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ഘടനകളുടെ പ്രാഥമിക 2D ഡോക്യുമെന്റേഷനും 9 ഘടനകളുടെ വിശദമായ 2D ഡോക്യുമെന്റേഷനും വാസ്തുവിദ്യാ ഗുരുകുലം വഴി പൂർത്തിയാക്കി.

**കേരള സംസ്ഥാന പുരാ രേഖ വകുപ്പ്**

സംസ്ഥാന ആർക്കൈവ്സ് വകുപ്പ് 1962-ൽ രൂപീകൃതമായി. സംസ്ഥാന സർക്കാരിന്റെയും അതിന്റെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സ്ഥിരമായ മൂല്യത്തിന്റെ നിലവിലുള്ള എല്ലാ രേഖകളുടെയും സംരക്ഷകനാണ് ആർക്കൈവ്സ് വകുപ്പ്. സർക്കാർ രേഖകൾ, താളിയോല കൈയെഴുത്തുപ്രതികൾ തുടങ്ങിയ ചരിത്രപരമായ മൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പുകാരായും വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പ് അത്തരം രേഖകൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി സംരക്ഷിക്കുകയും ചെയ്യുന്നു, അങ്ങനെ അവ റഫറൻസ് ആവശ്യങ്ങൾക്കായി സംരക്ഷിക്കപ്പെടുന്നു.

*1. അന്താരാഷ്ട്ര ആർക്കൈവ്സ് & ഹെറിറ്റേജ് സെന്ററിന്റെ നിർമ്മാണം*

സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെയും കേരള സർവകലാശാലയുടെയും സംയുക്ത സംരംഭമായ ഇന്റർനാഷണൽ ആർക്കൈവ്സ് & ഹെറിറ്റേജ് സെന്റർ, കാര്യവട്ടം കാമ്പസിൽ പഠനത്തിനും ഗവേഷണത്തിനുമുള്ള ലോകോത്തര കേന്ദ്രമായി സ്ഥാപിക്കപ്പെടുന്നു.

*2. പാം ലീഫ് മാനുസ്ക്രിപ്റ്റ് മ്യൂസിയം, കേരളം*

തിരുവനന്തപുരത്തെ സംസ്ഥാന ആർക്കൈവ്സ് വകുപ്പിൽ 2022 ഡിസംബറിൽ ഉദ്ഘാടനം ചെയ്ത പാം ലീഫ് മാനുസ്ക്രിപ്റ്റ് മ്യൂസിയം, താളിയോല രേഖകൾക്കായി സമർപ്പിച്ചിരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ മ്യൂസിയമാണ്. കേരള മ്യൂസിയം ഓഫ് ഹിസ്റ്ററി ആൻഡ് ഹെറിറ്റേജുമായി സഹകരിച്ച് സംസ്ഥാന ആർക്കൈവ്സ് വകുപ്പ് വികസിപ്പിച്ചെടുത്ത ഇത് 17 മുതൽ 19 വരെ നൂറ്റാണ്ടുകളിലെ കൈയെഴുത്തുപ്രതികൾ പ്രദർശിപ്പിച്ചിരിക്കുന്നു.

ഡിജിറ്റൽ ഡിസ്പ്ലേകളുള്ള തീം ഗാലറികളിലൂടെ കേരളത്തിന്റെ ചരിത്രം, ഭരണം, സംസ്കാരം എന്നിവ വെളിപ്പെടുത്തുന്ന 1.5 ലക്ഷത്തിലധികം രേഖകൾ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. കേരളത്തിന്റെ ഡോക്യുമെന്ററി പൈതൃകം ആധുനികവും സംവേദനാത്മകവുമായ ഫോർമാറ്റിൽ സംരക്ഷിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന ഒരു അതുല്യ കേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു.

കേരളത്തിന്റെ സാമൂഹിക പുരോഗതിയിലും സാമ്പത്തിക വികസനത്തിലും കലാ-സാംസ്കാരിക മേഖല നിർണായക പങ്ക് വഹിക്കുന്നു. സാംസ്കാരിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡിജിറ്റൽ ആക്സസ് വികസിപ്പിക്കുന്നതിനും കലാകാരന്മാരെ പിന്തുണയ്ക്കുന്നതിനുമുള്ള തുടർച്ചയായ ശ്രമങ്ങൾ പരമ്പരാഗത കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പുതിയ സൃഷ്ടിപരമായ ആവിഷ്കാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. സാംസ്കാരിക വ്യവസായങ്ങൾ, ഉത്സവങ്ങൾ, ടൂറിസം എന്നിവയുടെ വളർച്ച തൊഴിലവസരങ്ങൾക്കും സംരംഭകത്വത്തിനും കൂടുതൽ അവസരങ്ങൾ നൽകിയിട്ടുണ്ട്.

മുന്നോട്ട് പോകുമ്പോൾ, സ്ഥാപനങ്ങളും കലാകാരന്മാരും തമ്മിലുള്ള ഉൾപ്പെടുത്തൽ, നവീകരണം, സഹകരണം എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഈ മേഖലയെ കൂടുതൽ ഉയരങ്ങളിലെത്താൻ സഹായിക്കും. സാംസ്കാരിക വിദ്യാഭ്യാസം, സൃഷ്ടിപരമായ കഴിവുകൾ, ആഗോള വിനിമയങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നത് കലയുടെയും സർഗ്ഗാത്മകതയുടെയും കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തും. അതിന്റെ പൈതൃകം സംരക്ഷിക്കുന്നതിലൂടെയും പുതിയ സാധ്യതകളുമായി പൊരുത്തപ്പെടുന്നതിലൂടെയും, സംസ്ഥാനത്തിനകത്തും പുറത്തും പ്രചോദനം നൽകുന്ന ഒരു ഊർജ്ജസ്വലവും സുസ്ഥിരവും ഭാവിയിലേക്കുള്ളതുമായ ഒരു സാംസ്കാരിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ കേരളത്തിന് കഴിയും.

# 9.2 കായികവും യുവജനകാര്യവും

കായികവും യുവജനകാര്യവും വ്യക്തിവികാസത്തിനും സാമൂഹിക പുരോഗതിക്കും വലിയ സംഭാവനകളാണ് നൽകുന്നത്. സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ, മറ്റ് കായിക സൗകര്യങ്ങൾ എന്നിവ സംസ്ഥാനത്തുടനീളം വ്യവസ്ഥാപിതമായി വിപുലീകരിക്കുന്നതിലൂടെ കായിക വികസനത്തിൽ കേരളം സുസ്ഥിരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. യുവാക്കളുടെ സ്വഭാവരൂപീകരണത്തിലും അവരുടെ കഴിവുകൾ വളർത്തുന്നതിലും കായികരംഗത്തിനുള്ള പങ്ക് തിരിച്ചറിഞ്ഞ്, ശക്തമായ ഒരു കായിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നിരന്തരമായ പരിശ്രമങ്ങൾ നടത്തിവരുന്നു. ഈ ശ്രമങ്ങൾ കേരളത്തിന്റെ കായിക പാരമ്പര്യത്തെയും സമഗ്ര വികസനത്തോടുള്ള പ്രതിബദ്ധതയെയും പ്രതിഫലിപ്പിക്കുന്നു. സാമ്പത്തിക പിന്തുണ, അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, പ്രതിഭകളെ കണ്ടെത്തൽ പരിപാടികൾ എന്നിവയിലൂടെ ഈ മേഖല കൂടുതൽ ശക്തിപ്പെടുകയാണ്.

കേരളത്തിൽ ഏറ്റവും ജനപ്രിയമായ കായിക ഇനങ്ങളിൽ ഒന്നായി ഫുട്ബോൾ തുടരുന്നു. 1948-ൽ സ്ഥാപിതമായ കേരള ഫുട്ബോൾ അസോസിയേഷൻ ഈ കായിക ഇനം പ്രോത്സാഹിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. 1985-1995 കാലഘട്ടത്തിൽ സന്തോഷ് ട്രോഫി മത്സരങ്ങളിൽ കേരളം കാഴ്ചവെച്ച മികച്ച പ്രകടനം ദേശീയ തലത്തിൽ ശ്രദ്ധ നേടുകയും, അതിന്റെ പ്രചോദനമായി "മൈതാനം – ദി സ്റ്റോറി ഓഫ് ഫുട്ബോൾ ഇൻ കേരള" എന്ന ചിത്രം നിർമ്മിക്കാൻ ഫിഫയെ പ്രേരിപ്പിക്കുകയും ചെയ്തു. കേരള ബ്ലാസ്റ്റേഴ്സ്, ഗോകുലം കേരള എന്നീ ക്ലബ്ബുകൾ അടുത്തകാലത്തെ ടൂർണമെന്റ് വിജയങ്ങളിലൂടെ ദേശീയ ഫുട്ബോളിൽ കേരളത്തിന്റെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

ക്രിക്കറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും കായികതാരങ്ങളുടെ വികാസത്തിനും പ്രത്യേക ശ്രദ്ധ ലഭിച്ചിട്ടുണ്ട്. കായിക വിദ്യാഭ്യാസം, സ്കോളർഷിപ്പ് പദ്ധതികൾ, കായികതാരങ്ങളുടെ സമഗ്രമായ വികസനം എന്നിവ സംസ്ഥാനം പ്രോത്സാഹിപ്പിക്കുന്നു. ബാഡ്മിന്റൺ, ഹോക്കി, അത്ലറ്റിക്സ് തുടങ്ങിയ വിവിധ കായിക ഇനങ്ങളിൽ മികച്ച പ്രതിഭകളെ കേരളം തുടർച്ചയായി സംഭാവന ചെയ്യുന്നു. ബോധവൽക്കരണ പരിപാടികൾ, മത്സരങ്ങൾ, കായിക ഉത്സവങ്ങൾ എന്നിവയിലൂടെ പരമ്പരാഗത കായിക ഇനങ്ങളും യുവജനങ്ങളുടെ ശാരീരികക്ഷമതയും പ്രോത്സാഹിപ്പിക്കപ്പെടുന്നു.

കേരളത്തിലെ കായിക യുവജന കാര്യ വകുപ്പിന് കീഴിലുള്ള പ്രധാന കായിക സ്ഥാപനങ്ങൾ ഇവയാണ്:

1. കായിക യുവജനകാര്യ ഡയറക്ടറേറ്റ്
2. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ
3. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്
4. കേരള സംസ്ഥാന യുവജന കമ്മീഷൻ

**1.കായിക യുവജന കാര്യ ഡയറക്ടറേറ്റ്**

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് (ഡി.എസ്.വൈ.എ) 1987 ൽ സ്ഥാപിതമായി. ഉയർന്ന നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്ത് കായിക വിനോദങ്ങളുടെ പ്രോത്സാഹനവും വികസനവും, കായിക വിനോദങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പൊതുജന അവബോധം വളർത്തുക, അന്താരാഷ്ട്ര നിലവാരം കൈവരിക്കുന്നതിനായി കായിക താരങ്ങളുടെ ഫലപ്രദമായ പരിശീലനത്തിനും പരിചരണത്തിനും സൗകര്യങ്ങൾ നൽകുക എന്നിവ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. യുവജനക്ഷേമവുമായി ബന്ധപ്പെട്ട പരിപാടികളും ഡയറക്ടറേറ്റ് നടപ്പിലാക്കുന്നു. കൂടാതെ കേരളത്തിലെ കായികതാരങ്ങൾക്ക് മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യയും നൂതനാശയങ്ങളും കായിക മേഖലയിൽ അവലംബിക്കുന്നു. 'എല്ലാവർക്കും കായികം', 'ആരോഗ്യത്തിനായുള്ള കായികം' എന്നീ തത്വങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ടും ഫിറ്റ്നസ്, ശാരീരിക പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള പൊതുജന

അവബോധം വർദ്ധിപ്പിച്ചുകൊണ്ടും ഊർജ്ജസ്വലമായ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് നയത്തിന്റെ പ്രധാന ലക്ഷ്യം.

**കായിക വികസന നിധി**

2011–12 ലെ ബജറ്റിൽ ഒരു പുതിയ പദ്ധതിയായി സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് (SDF) ആരംഭിച്ചു. കഴിവുള്ള കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും, കായികതാരങ്ങളുടെ മൊത്തത്തിലുള്ള പ്രകടനം വർദ്ധിപ്പിക്കുന്നതിനും, ഉയർന്ന തലത്തിലുള്ള പ്രകടനത്തിൽ മികവ് കൈവരിക്കുന്നതിന് അവരെ സജ്ജരാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് ഈ ഫണ്ട് പദ്ധതി പ്രകാരം രൂപീകരിച്ചിരിക്കുന്നത്.

**അടിസ്ഥാന സൗകര്യങ്ങൾ**

കഴിഞ്ഞ 9 വർഷത്തിനിടെ കായിക വകുപ്പിന്റെയും കിഫ്ബിയുടെയും ഫണ്ടുകൾ ഉൾപ്പെടെ ആകെ 3500 കോടി രൂപ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരളം അതിന്റെ കായിക അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി നവീകരിച്ചു. ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം തുടങ്ങിയ പ്രധാന സ്റ്റേഡിയങ്ങൾ നവീകരിച്ചു. 2015 ജനുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടതും കേരള സർവകലാശാലയുടെ ഉടമസ്ഥതയിലുള്ളതുമായ തിരുവനന്തപുരത്തെ കാര്യവട്ടത്തുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം കേരളത്തിലെ പ്രധാന കായിക വേദികളിൽ ഒന്നാണ്. ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണമായും പരിസ്ഥിതി സൗഹൃദ സ്റ്റേഡിയമായ പ്രസ്തുത വേദിക്ക് ഏകദേശം 50,000 കാണികളെ ഉൾക്കൊള്ളാൻ കഴിയും. ക്രിക്കറ്റ്, ഫുട്ബോൾ, അത്‌ലറ്റിക്സ്, സാംസ്കാരിക പരിപാടികൾ എന്നിവയ്ക്ക് ആതിഥേയത്വം വഹിക്കുന്ന വിവിധോദ്ദേശ്യ സൗകര്യത്തിൽ മഴവെള്ള സംഭരണം, സൗരോർജ്ജ സംവിധാനങ്ങൾ, 2,000–ത്തിലധികം വാഹനങ്ങൾക്കുള്ള പാർക്കിംഗ് എന്നിവ ഉൾപ്പെടുന്നു. ജില്ലകളിൽ പുതിയ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കുകൾ, ഹോക്കി ടർഫുകൾ, ഫിഫ നിലവാരമുള്ള ഫുട്ബോൾ മൈതാനങ്ങൾ എന്നിവ സ്ഥാപിച്ചു. അത്‌ലറ്റ് വികസനത്തെ പിന്തുണയ്ക്കുന്നതിനായി ഉയർന്ന പ്രകടന പരിശീലന കേന്ദ്രങ്ങളും വിവിധ കായിക ഇനങ്ങളിനായുള്ള പ്രത്യേക അക്കാദമികളും വികസിപ്പിച്ചെടുത്തു. സംസ്ഥാനത്തെ സ്റ്റേഡിയത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 2021–22 ൽ കേരള സർക്കാർ ഒരു പൊതുമേഖലാ സംരംഭം (പിഎസ്‌ഇ), സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചു. ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി സഹകരിച്ച് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3 ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു.

കിഫ്ബി പദ്ധതി പ്രകാരം, സ്പോർട്സ് വകുപ്പ് വഴി ആകെ 58 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും നിരവധി പ്രാദേശിക സ്റ്റേഡിയങ്ങളുടെയും വികസനം ഉൾപ്പെടുന്നു. ഇതിൽ 19 പദ്ധതികൾ പൂർത്തിയായി, 11 എണ്ണം നിലവിൽ മുൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV), KITCO യ്ക്ക് കീഴിൽ പുരോഗമിക്കുന്നു.

**ഗ്രാമീണ കളിസ്ഥലങ്ങൾ**

**ഒരു പഞ്ചായത്ത്, ഒരു കളിസ്ഥലം**

ഓരോ ഗ്രാമത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിച്ചുകൊണ്ട് അമച്വർ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രധാന സംരംഭമാണ് "ഒരു പഞ്ചായത്ത്, ഒരു കളിസ്ഥലം". "എല്ലാവർക്കും ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പരിപാടികൾ, പരിശീലനം, കമ്മ്യൂണിറ്റി മാനേജ്മെന്റ് എന്നിവയിലൂടെ കളിസ്ഥലങ്ങൾ പരിപാലിക്കുന്നതിലും സജീവമാക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. ആദ്യ ഘട്ടത്തിൽ 124 കളിസ്ഥലങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. രണ്ടാം ഘട്ടത്തിൽ 19 കളിസ്ഥലങ്ങളും 2025–26 ൽ 36 കളിസ്ഥലങ്ങളും ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു. സംസ്ഥാന ബജറ്റ് വിഹിതം, എംഎൽഎ മാരുടെയും എംപിമാരുടെയും ആസ്തി വികസന ഫണ്ടുകൾ, സഹകരണ സ്ഥാപനങ്ങളുടെ സിഎസ്ആർ ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ തുടങ്ങി വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഓരോ പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ 20 കളിസ്ഥലങ്ങളുടെ നിർമ്മാണം പൂർത്തിയായി. നിലവിൽ, 179 പദ്ധതികൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സമൂഹത്തിന്റെയും ശക്തമായ പിന്തുണയോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

**സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ**

ഓരോ പൗരന്റെയും സമഗ്ര വികസനത്തിൽ കായിക വിനോദങ്ങളും, ശാരീരികക്ഷമതയും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ടീം സ്പിരിറ്റിനെ വളർത്തികൊണ്ട്, തന്ത്രപരവും വിശകലനപരവുമായി ചിന്തിക്കാനും, നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കാനും, ലക്ഷ്യങ്ങളിൽ ഊന്നി നിൽക്കാനും, വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുന്നതിനും സാധിക്കുന്നു. അന്താരാഷ്ട്ര നിലവാരമുള്ള എയർ കണ്ടീഷൻ ചെയ്ത സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ഇതിനകം സംസ്ഥാനത്ത് ഒമ്പത് സ്ഥലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും അത്തരമൊരു കേന്ദ്രമെങ്കിലും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രദേശത്തെ ജനങ്ങൾക്കിടയിൽ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുമെന്നും ആരോഗ്യകരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഭാവിയിലെ കായികതാരങ്ങൾക്ക് ഒരു അടിത്തറ കെട്ടിപ്പടുക്കുന്നതിനും, കായികരംഗത്ത് മത്സരപരവും വിനോദപരവുമായ പങ്കാളിത്തത്തിന് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമൊപ്പം

ഈ സംരംഭം ജനസംഖ്യയുടെ മൊത്തത്തിലുള്ള ഫിറ്റ്നസ് ലെവലുകൾ മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

### സ്റ്റേഡിയങ്ങൾ

കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുന്നതിനും, കുട്ടികളുടെയും യുവാക്കളുടെയും ആത്മവിശ്വാസം വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്റ്റേഡിയങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. 36 സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ട്. കേരളത്തിലെ പ്രധാന 10 സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച, വിവരങ്ങൾ **പട്ടിക. 9.2.1** ലും പൂർണ്ണമായ വിവരങ്ങൾ **അനുബന്ധം 9.2.1**–ലും നൽകിയിരിക്കുന്നു.

### കേരള ഒളിമ്പിക് ടാലന്റ് പാത്ത്‌വേ (KOTP)

2036 ഓടെ ഒളിമ്പിക് മെഡൽ ജേതാക്കളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, കേരളത്തിലെ 14 ജില്ലകളിലുമുള്ള യുവ കായിക പ്രതിഭകളെ തിരിച്ചറിയുകയും വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് കായിക യുവജന കാര്യ ഡയറക്ടറേറ്റിന്റെ ഒരു സംരംഭമായ കേരള ഒളിമ്പിക് ടാലന്റ് പാത്ത്‌വേ (KOTP) ലക്ഷ്യമിടുന്നത്. 12–18 വയസ്സിനിടയിലുള്ള പ്രതിഭകളെ കണ്ടെത്തലും 18–24 വയസ്സിനും അതിനുമുകളിലും പ്രായമുള്ള കായികതാരങ്ങൾക്ക് ഉയർന്ന പ്രകടന പരിശീലനവും പിന്തുണയും നൽകിക്കൊണ്ട്, പ്രധാന ഒളിമ്പിക് വിഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ പരിപാടി കായികതാരങ്ങൾക്ക് സ്ഥാപനപരവും നിലനിൽക്കുന്നതുമായ കായിക പാത നൽകുന്നു.

### കോളേജ് സ്പോർട്സ് ലീഗ്

കോളേജ് കാമ്പസുകളിൽ ഊർജ്ജസ്വലമായ ഒരു കായിക സംസ്കാരം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള കേരള സർക്കാരിന്റെ ഒരു മുൻനിര സംരംഭമാണ് കോളേജ് സൂപ്പർ ലീഗ് കേരള (CSLK). മത്സര കായിക ഇനങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിലൂടെ വിദ്യാർത്ഥികൾക്ക് അർത്ഥവത്തായ ജീവിതാനുഭവങ്ങൾ നൽകാനാണ് പരിപാടി ലക്ഷ്യമിടുന്നത്. ഹോം–ആൻഡ്–എവേ മത്സരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലീഗ് ഫോർമാറ്റിൽ സംഘടിപ്പിച്ചിരിക്കുന്ന CSLK, കോളേജ് സ്പോർട്സ് കൗൺസിലുകളാണ് നിയന്ത്രിക്കുന്നത്. വിദ്യാർത്ഥി കായികതാരങ്ങൾക്കിടയിൽ തുടർച്ചയായ ഇടപെടൽ ഉറപ്പാക്കിക്കൊണ്ട്, ഒന്നിലധികം കായിക വിഭാഗങ്ങളിലായി ലീഗ് ഇടയ്ക്കിടെയുള്ള മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. അത്‌ലറ്റുകൾക്ക് പുറമേ, പ്രവർത്തന പിന്തുണയും മാധ്യമ കവറേജും ഉൾപ്പെടെ പരിപാടികളുടെ ഓർഗനൈസേഷനിലും മാനേജ്മെന്റിലും വിദ്യാർത്ഥി വളണ്ടിയർമാർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ലീഗിന്റെ സുഗമമായ നടത്തിപ്പും മൊത്തത്തിലുള്ള ഏകോപനവും സംസ്ഥാനതല ഭരണസമിതിയും ജില്ലാതല കമ്മിറ്റികളും മേൽനോട്ടം വഹിക്കുന്നു. ഇത് സ്ഥാപനങ്ങളിലുടനീളം ഫലപ്രദമായ നിരീക്ഷണവും ഏകീകൃത നടപ്പാക്കലും ഉറപ്പാക്കുന്നു.

### ഹെൽത്തി കിഡ്സ്

കേരളത്തിലെ കുട്ടികളുടെ ശാരീരികവും ബൗദ്ധികവുമായ വികസനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച്, കായിക യുവജന കാര്യ ഡയറക്ടറേറ്റിന്റെ സംസ്ഥാനവ്യാപകമായ ഒരു സംരംഭമാണ് ഹെൽത്തി കിഡ്സ്. മുമ്പ് 25 സ്കൂളുകളിൽ നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് പരിപാടിയുടെ അടിസ്ഥാനത്തിൽ, പുതിയ ഹെൽത്തി കിഡ്സ് എന്ന ബാനറിൽ ഈ സംരംഭം ഇപ്പോൾ 55 സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു.

### ഗോൾ

സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഒരു അതുല്യമായ ഫുട്ബോൾ പരിശീലന സംരംഭമായ ഗോൾ പ്രോജക്റ്റ്, സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും

പട്ടിക 9.2.1. ഉപയോഗവും ഇരിപ്പിട ശേഷിയും അനുസരിച്ച് കേരളത്തിലെ പത്ത് പ്രധാന സ്റ്റേഡിയങ്ങൾ.

| ക്രമ നമ്പർ | സ്റ്റേഡിയത്തിന്റെ പേര് | ഉപയോഗം | ഇരിപ്പിട ശേഷി (ഏകദേശ എണ്ണം) |
|---|---|---|---|
| 1 | കാര്യവട്ടം സ്റ്റേഡിയം | ഗ്രീൻഫീൽഡ് സ്റ്റേഡിയം (ക്രിക്കറ്റ്/ ഫുട്ബോൾ) | 50,000 |
| 2 | മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയം | ഔട്ട്ഡോർ – ഫുട്ബോൾ | 10,000 |
| 3 | ഹോക്കി സ്റ്റേഡിയം, കൊല്ലം | ഔട്ട്ഡോർ സ്റ്റേഡിയം (ഹോക്കി) | 5,000 |
| 4 | ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | ഇൻഡോർ സ്റ്റേഡിയം (മൾട്ടി–സ്പോർട്സ്) | 5,000 |
| 5 | ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | ഇൻഡോർ സ്റ്റേഡിയം (മൾട്ടി–സ്പോർട്സ്) | 3,500 |
| 6 | സ്വിമ്മിംഗ് പൂൾ, പിരപ്പൻകോട്, തിരുവനന്തപുരം | നീന്തൽക്കുളം | 3,000 |
| 7 | ജി.എച്ച്.എസ്.എസ് കുന്നംകുളം ഗ്രൗണ്ട്, തൃശ്ശൂർ | ഔട്ട്ഡോർ സ്റ്റേഡിയം (പോപ്പ് അപ്പ് സ്പ്രിംഗ്ലർ സംവിധാനമുള്ള ഫുട്ബോൾ ടർഫ്) | 3000 |
| 8 | ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | ഇൻഡോർ സ്റ്റേഡിയം (മൾട്ടി–സ്പോർട്സ്) | 2,000 |
| 9 | ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | ഇൻഡോർ സ്റ്റേഡിയം (ബോക്സിംഗ് / മൾട്ടി–സ്പോർട്സ്) | 2,000 |
| 10 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | നീന്തൽ | 1,800 |

**ഉറവിടം:** കായിക യുവജനകാര്യ ഡയറക്ടറേറ്റ്

**ബോക്സ് 9.2.1** കായിക സമ്പദ്‌വ്യവസ്ഥ

കേരളത്തിലെ കായിക സമ്പദ്‌വ്യവസ്ഥ, കായിക മേഖലകളിലൂടെ സൃഷ്ടിക്കപ്പെടുന്ന വിപുലമായ ധനപരവും, സാമ്പത്തികവുമായ പ്രവർത്തനങ്ങളെ ഉൾക്കൊള്ളുന്നു. വൈവിധ്യമാർന്ന മേഖലകളെ അതിന്റെ മൊത്തത്തിലുള്ള വളർച്ചയിൽ സംയോജിപ്പിക്കുക, ഊർജ്ജസ്വലവും പുരോഗമനപരവുമായ ഒരു കേരളത്തെ രൂപപ്പെടുത്തുന്നതിൽ ഒരു പ്രധാന ചാലകമായി കായിക മേഖലയെ നിയോഗിക്കുക എന്ന സംസ്ഥാനത്തിന്റെ കാഴ്ചപ്പാടിനെ സ്പോർട്സ് ഇക്കണോമി മിഷൻ പ്രതിഫലിപ്പിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, പ്രതിഭാ പരിപോഷണം, ആഗോള സഹകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള തന്ത്രപരമായ സമീപനങ്ങളിലൂടെ കായിക മേഖലയുടെ സംഭാവന സംസ്ഥാനത്തിന്റെ ജിഡിപിയുടെ 1% ൽ നിന്ന് 3-4% ആയി വർദ്ധിപ്പിക്കുക എന്നതാണ് ദൗത്യത്തിന്റെ ലക്ഷ്യം. ശക്തമായ ഒരു കായിക പാരമ്പര്യം, വർദ്ധിച്ചുവരുന്ന ഡിജിറ്റൽ വ്യവർഷിപ്പ്, പുതിയ ബിസിനസ്സ് അവസരങ്ങൾ എന്നിങ്ങനെയുള്ള ശക്തികൾ ഈ വളർന്നുവരുന്ന മേഖലയിൽ സ്ഥിരമായി കേരളത്തിൽ വളരാൻ സഹായിക്കുന്നു. കേരള സ്പോർട്സ് ഫൗണ്ടേഷൻ 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരത്ത് ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024 (ISSK 2024) സംഘടിപ്പിച്ചു. കേരളത്തിന്റെ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ (GSDP) കായിക മേഖലയെ സംയോജിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് ഉച്ചകോടി. കായിക സമ്പദ്‌വ്യവസ്ഥയിലെ ഒരു പ്രധാന നാഴികക്കല്ല് കേരള സ്പോർട്സ് ഇക്കണോമി ഡെവലപ്മെന്റ് പ്രോജക്ടുകൾ നടപ്പിലാക്കിയതായിരുന്നു. ഇത് സ്പോർട്സിനെ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിലേക്ക് (ജിഎസ്ഡിപി) സംയോജിപ്പിച്ചു. സ്പോർട്സ് സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുന്നതിനായി ഒരു സമർപ്പിത ചട്ടക്കൂട് ഔപചാരികമായി സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റി

ആരംഭിക്കാൻ പോകുന്നു. തുടക്കത്തിൽ 4,200 കുട്ടികളെ പരിശീലിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഈ പദ്ധതിക്ക് കീഴിൽ ആകെ 500,000 കുട്ടികൾക്ക് പരിശീലനം നൽകും. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് ദേശീയ, അന്തർദേശീയ കളിക്കാരായി വളരുന്നതിന് വിപുലമായ പരിശീലനം ലഭിക്കും.

**ജൂഡോക്ക**

അന്താരാഷ്ട്ര തലത്തിലുള്ള ജൂഡോ കളിക്കാരെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ സംസ്ഥാനത്തുടനീളമുള്ള 10 കേന്ദ്രങ്ങളിൽ (തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, ആലപ്പുഴ, മലപ്പുറം, കണ്ണൂർ) പദ്ധതി നടപ്പിലാക്കുന്നു. 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായാണ് പരിശീലന പരിപാടി നടത്തുന്നത്. ഒരു സ്കൂളിൽ 40 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്.

**പഞ്ച്**

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ബോക്സിംഗ് എന്ന കായിക വിനോദം പരിചയപ്പെടുത്തുന്നതിനും, സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മെഡലുകൾ നേടുന്നതിനും, ഗ്രാസ്റൂട്ട് തലത്തിൽ പ്രതിഭകളെ വളർത്തിയെടുക്കുന്നതിനായി കേരളത്തിലെമ്പാടുമുള്ള 5 കേന്ദ്രങ്ങളിലായി പഞ്ച് എന്ന പേരിൽ ഒരു ഗ്രാസ്റൂട്ട് പരിശീലന പരിപാടി നടക്കുന്നു. കേരളത്തിലുടനീളം ബോക്സിംഗിന്റെ അറിവും മൂല്യങ്ങളും പ്രചരിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കൊല്ലം, എറണാകുളം, കണ്ണൂർ, കോഴിക്കോട്, കോട്ടയം ജില്ലകളിലെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഇരുപത്തിയഞ്ച് സ്കൂൾ വിദ്യാർത്ഥികളെ ഓപ്പൺ സെലക്ഷനിലൂടെ തിരഞ്ഞെടുത്ത് പരിശീലനം നൽകി.

**ഹൂപ്സ്**

സ്കൂൾ വിദ്യാർത്ഥികളെ ലോകോത്തര കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ അവർക്ക് ബാസ്കറ്റ് ബോൾ പരിശീലനം വാഗ്ദാനം ചെയ്യുന്ന ഒരു പരിപാടിയാണ് ഹൂപ്സ്. ഓപ്പൺ സെലക്ഷൻ പ്രക്രിയയിലൂടെ തിരഞ്ഞെടുക്കപ്പെട്ട 4 മുതൽ 8 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. നിലവിൽ, സംസ്ഥാനത്തൊട്ടാകെയുള്ള 10 കേന്ദ്രങ്ങളിലാണ് പരിപാടി നടത്തുന്നത്. അടുത്ത ഘട്ടം കെ.എസ്.എസ്.സി.യുമായി സഹകരിച്ച് നടപ്പിലാക്കും.

**സ്പ്രിന്റ്**

ചെറുപ്പം മുതലേ ലോകോത്തര കായികതാരങ്ങളെ തിരിച്ചറിയുകയും കേരളത്തിന്റെ അന്താരാഷ്ട്ര കായിക പ്രശസ്തി പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്നതാണ് സ്പ്രിന്റ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ, കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിലെ കേന്ദ്രങ്ങളിൽ ഈ പദ്ധതി സജീവമാണ്. ഓപ്പൺ സ്കൂൾ സെലക്ഷനിലൂടെ ആകെ 298 കുട്ടികളെ തിരഞ്ഞെടുത്തു, അവർ ഈ ആറ് കേന്ദ്രങ്ങളിൽ വിദഗ്ധ പരിശീലകരുമായി ആദ്യ ഘട്ട പരിശീലനം നടത്തും.

**കേരളത്തിൽ സ്പോർട്സ് സ്റ്റാർട്ടപ്പ് ഹാക്കത്തോൺ**

സ്പോർട്സ് മേഖലയിലെ നവീകരണം, സംരംഭകത്വം, സാങ്കേതിക പുരോഗതി എന്നിവ വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള ഒരു ഭാവിയിലേക്കുള്ള സംരംഭമാണ് സ്പോർട്സ് സ്റ്റാർട്ടപ്പ് ഹാക്കത്തോൺ കേരള 2025. കായികരംഗത്തെ യഥാർത്ഥ വെല്ലുവിളികൾക്ക് ചെലവ് കുറഞ്ഞതും കാര്യക്ഷമവുമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾ, ഡെവലപ്പർമാർ, കായിക പ്രേമികൾ എന്നിവരെ ഇത് ഒരുമിച്ച് കൊണ്ടുവരുന്നു. പ്രധാന പ്രശ്ന മേഖലകൾ തിരിച്ചറിയുക, നൂതന ആശയങ്ങൾ

കണ്ടെത്തുക, സാങ്കേതികവിദ്യകൾ പരീക്ഷിക്കുക, അവ നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ തയ്യാറാക്കുക എന്നിവയിൽ ഹാക്കത്തോൺ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിന്റെ സ്പോർട്സ്, സ്റ്റാർട്ടപ്പ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി, ധനസഹായത്തിനായി വകുപ്പുമായി സഹകരിക്കുന്നതിനുമുള്ള ഒരു വേദി കൂടിയാണിത്.

**കിക്ക് ഡ്രഗ്സ് – റോഡ് ഷോയും സംസ്ഥാനവ്യാപക പ്രചാരണവും**

സംസ്ഥാന സർക്കാരിന്റെ "ലഹരി വിമുക്ത കേരളം" പരിപാടിയുടെ കീഴിൽ, സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റിന്റെയും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സംയുക്ത സംരംഭമാണ് "കിക്ക് ഡ്രഗ്സ് – റോഡ് ഷോയും സംസ്ഥാനവ്യാപക പ്രചാരണവും". കേരളത്തിലെ യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ദുരുപയോഗ ഭീഷണിയെ ചെറുക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പ്രചാരണം, ആരോഗ്യകരമായ, മയക്കുമരുന്ന് രഹിത ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിന് സ്പോർട്സിനെ ഒരു പരിവർത്തന ഉപകരണമായി ഉപയോഗിക്കും. ബോധവൽക്കരണ പരിപാടികൾ, ഉപയോഗിക്കാത്ത കളിസ്ഥലങ്ങളുടെ പുനരുജ്ജീവനം, സ്പോർട്സ് കിറ്റുകളുടെ വിതരണം, മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ബഹുജന സമ്പർക്കം എന്നിവ ഈ സംരംഭത്തിൽ ഉൾപ്പെടുന്നു.

**വിഷൻ 2031**

വിഷൻ 2031 ന്റെ ഭാഗമായി, ഒളിമ്പിക് തല പ്രകടനം ഉൾപ്പെടെ അന്താരാഷ്ട്ര കായിക മികവ് കൈവരിക്കാനും, ശ്രദ്ധാവും സുതാര്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു കായിക ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കാനും കേരളം ലക്ഷ്യമിടുന്നു. നൂതന ആശയങ്ങൾ , സുതാര്യമായ ഭരണം , ആഗോള നിക്ഷേപം എന്നിവയുടെ കരുത്തിൽ ശക്തമായ ഒരു കായിക–വിനോദ വ്യവസായം കെട്ടിപ്പടുക്കുന്നതിനും, അതോടൊപ്പം തന്നെ താഴെത്തട്ടിലുള്ള ജനപങ്കാളിത്തവും പൊതുജനങ്ങളുടെ ശാരീരിക സാക്ഷരതയും ഉറപ്പുവരുത്തുന്നതിനുമാണ് ഈ കാഴ്ചപ്പാട് ഊന്നൽ നൽകുന്നത്.

**കായിക കേരളം (കായിക മേഖലയിലൂടെ സമൂഹ ഇടപെടൽ)**

യുവത്വത്തിന്റെ ഊർജ്ജത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുക, അച്ചടക്കം, ടീം വർക്ക്, കമ്മ്യൂണിറ്റി ഇടപെടൽ എന്നിവ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്രമപ്പെടുത്തിയിട്ടുള്ളതും ഉൾക്കൊള്ളുന്നതുമായ വാർഡ് തല കായിക മേളകളാണ് ഈ സംരംഭം സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾ, പരിശീലകർ, യുവ നേതാക്കൾ, വിരമിച്ച കായികതാരങ്ങൾ എന്നിവരുൾപ്പെടെയുള്ള പ്രാദേശിക സന്നദ്ധപ്രവർത്തകരാണ് ഇത് നയിക്കുന്നത്. കായിക മേഖലയിലൂടെ പൗര ഉത്തരവാദിത്തവും നേതൃത്വവും ഇത് വളർത്തിയെടുക്കുന്നു. ആരോഗ്യം, ശാരീരികക്ഷമത, കൂട്ടായ സേവനം എന്നിവയിലൂടെ സമൂഹങ്ങളെ ഒന്നിപ്പിക്കാൻ 'കായിക കേരളം' പരിപാടി പ്രാപ്തരാക്കുന്നു.

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

സംസ്ഥാനത്തെ സ്റ്റേഡിയത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി, 2021–22 ൽ കേരള സർക്കാർ ഒരു പൊതുമേഖലാ സംരംഭം (പിഎസ്‌യു) ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചു. സ്വയം സുസ്ഥിരവും വരുമാനം ഉണ്ടാക്കുന്നതുമായ കായിക ആസ്തികൾ വികസിപ്പിക്കുന്നതിലും കേരളത്തിലെ കായിക വികസനത്തിനായി വിവിധ പഞ്ചാത്തല പരിപാടികളും പദ്ധതികളും നടത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ആസ്തി നിർമ്മാണ, മാനേജ്മെന്റ് കമ്പനി എന്ന ഇരട്ട ലക്ഷ്യങ്ങളോടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഇത് പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള നോഡൽ ഏജൻസിയായും ഇത് പ്രവർത്തിക്കുന്നു. കഴിഞ്ഞ ദശകത്തിൽ, കേരളം 1000 കോടി രൂപ നിക്ഷേപിച്ചു. സ്റ്റേഡിയങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി സ്പോർട്സ് സൗകര്യങ്ങൾ എന്നിവയുടെ ശക്തമായ ശൃംഖല വികസിപ്പിക്കുന്നതിന് 3500 കോടി രൂപ ചെലവഴിച്ചു.

**2. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ**

2000–ലെ കേരള സ്പോർട്സ് ആക്റ്റ് (2001–ലെ ആക്ട് 2) പ്രകാരം രൂപീകരിച്ച ഒരു നിയമാനുസൃത സ്ഥാപനമാണ്

ബോക്സ് 9.2.2 അന്താരാഷ്ട്ര സഹകരണം

2036 ഒളിമ്പിക്സിന്റെ ഭാഗമായി, കായിക വികസനത്തിൽ അന്താരാഷ്ട്ര സഹകരണത്തിന് കേരളം ശക്തമായ ഊന്നൽ നൽകിയിട്ടുണ്ട്, അത്‌ലറ്റിക് മികവ് പരിപോഷിപ്പിക്കുന്നതിൽ ആഗോള പങ്കാളിത്തത്തിന്റെ പ്രാധാന്യം ഇത് തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ക്യൂബയുടെ ദീർഘകാല ഒളിമ്പിക് അനുഭവവും കായിക പരിശീലനം, അത്‌ലറ്റ് വികസനം എന്നിവയിലെ വൈദഗ്ധ്യവും പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരളം ക്യൂബയുമായി ഒരു സുപ്രധാന സഹകരണത്തിന് തുടക്കമിട്ടു. കേരള ഇന്റർനാഷണൽ ചെസ് ഫെസ്റ്റിവൽ, പരിശീലകരുടെയും കളിക്കാരുടെയും കൈമാറ്റ പരിപാടികൾക്കായുള്ള ധാരണാപത്രങ്ങൾ (എംഒയു), അത്‌ലറ്റിക്സ്, വോളിബോൾ, ബോക്സിംഗ് എന്നിവയിലെ പ്രത്യേക സഹകരണങ്ങൾ എന്നിവയുൾപ്പെടെ നിരവധി സംരംഭങ്ങൾ ഈ പങ്കാളിത്തത്തിൽ ഉൾപ്പെടുന്നു. ഈ സംരംഭങ്ങളിലൂടെ, 2036 ഓടെ ഒളിമ്പിക് നിലവാരമുള്ള അത്‌ലറ്റുകളെ സൃഷ്ടിക്കുക എന്ന സംസ്ഥാനത്തിന്റെ ദീർഘകാല കാഴ്ചപ്പാടുമായി പൊരുത്തപ്പെടുന്ന ശക്തമായ, ശാസ്ത്രീയമായി നയിക്കപ്പെടുന്ന ഒരു കായിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാനും, സാങ്കേതിക കഴിവുകൾ വർദ്ധിപ്പിക്കാനും, ഉയർന്ന പ്രകടനമുള്ള കായിക സംസ്കാരം വളർത്തിയെടുക്കാനും കേരളം ശ്രമിക്കുന്നു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ. 1954-ൽ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സ്ഥാപിതമായ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്ന പേരിൽ കേരളത്തിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി 1974-ൽ പുനഃസ്ഥാപിച്ചു.

**സ്പോർട്സ് അക്കാദമികൾ**

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലവിൽ 28 ജില്ലാ സ്പോർട്സ് അക്കാദമികളും 40 കോളേജുകളും 15 സ്കൂൾ സ്പോർട്സ് അക്കാദമികളും നടത്തുന്നു. ജില്ലാ സ്പോർട്സ് അക്കാദമികൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് നേരിട്ട് പരിപാലിക്കുന്നത്, അതേസമയം കോളേജ്, സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ അതത് മാനേജ്മെന്റുകളാണ് പരിപാലിക്കുന്നത്. ബോർഡിംഗ് & ലോഡ്ജിംഗ്, വിദഗ്ദ്ധ പരിശീലകരുടെ കീഴിൽ പരിശീലനം, വൈദ്യചികിത്സ, ടിഎ, ഡിഎ, പഠന സൗകര്യങ്ങൾ, കണ്ടീഷനിംഗ് സൗകര്യങ്ങൾ തുടങ്ങിയവ ഈ പദ്ധതി പ്രകാരം ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് നൽകുന്നു. സെലക്ഷൻ ട്രയൽസിന് ശേഷം മെറിറ്റ് അടിസ്ഥാനമാക്കിയാണ് കളിക്കാരെ തിരഞ്ഞെടുക്കുന്നത്. ഏകദേശം 2500 വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ താമസിക്കുന്നു.

**ഗ്രാമീണ പരിശീലന കേന്ദ്രങ്ങളും ഡേ ബോർഡിംഗ് സെന്ററുകളും**

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് ഒമ്പത് ഗ്രാമീണ കായിക പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിലെ പരിശീലകർക്ക് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രതിഫലം നൽകുകയും ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം 25 രൂപ ഗ്രാന്റും നൽകുകയും ചെയ്യുന്നു. 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിലായി 61 ദിവസത്തെ ബോർഡിംഗ് സെന്ററുകളുണ്ട്. പരിശീലകർക്ക് ആവശ്യമായ കായിക ഉപകരണങ്ങളും ലഘുഭക്ഷണവും കൗൺസിൽ നൽകുന്നു. ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേനയാണ് ഡേ ബോർഡിംഗ് പദ്ധതിക്കുള്ള ധനസഹായം നൽകുന്നത്.

**മികവിന്റെ കേന്ദ്രങ്ങൾ (എലൈറ്റ് പരിശീലന കേന്ദ്രം – അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ)**

കായിക പ്രതിഭകളായ യുവതാരങ്ങളിൽ കായിക വൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനും ഏഷ്യൻ, കോമൺവെൽത്ത്, ഒളിംപിക് ഗെയിംസുകളിൽ മെഡലുകൾ നേടുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ വിവിധ മേഖലകളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് സ്കീം നടപ്പാക്കിയിട്ടുണ്ട്. മികച്ച കായിക താരങ്ങളെ സെലക്ഷൻ ട്രയലുകൾക്ക് ശേഷം മെറിറ്റിൽ തെരഞ്ഞെടുക്കുകയും അവർക്ക് വിദഗ്ധ പരിശീലകരുടെ കീഴിൽ പരിശീലനം, വൈദ്യചികിത്സ, പഠന സൗകര്യങ്ങൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവ നൽകുകയും ചെയ്യുന്നു. നിലവിൽ എലൈറ്റ് സ്കീമിന് കീഴിൽ 4 മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

**പ്രധാന നേട്ടങ്ങൾ**

1. വിവിധ സ്ഥലങ്ങളിലായി 26 സ്പോർട്സ് കോംപ്ലക്സുകൾ പൂർത്തിയായി.
2. മുഴുവൻ പഞ്ചായത്തിലും ഗുണനിലവാരമുള്ള കളിസ്ഥലങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി "ഒരു പഞ്ചായത്ത്, ഒരു കളിസ്ഥലം" പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ 124 പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
3. സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിലായി 20 ആധുനിക ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിച്ചു. 23 കേന്ദ്രങ്ങളിൽ ഓപ്പൺ ജിമ്മുകൾ ആരംഭിച്ചു.
4. വയനാട്, തൃശ്ശൂർ, കാസർകോട് എന്നിവിടങ്ങളിൽ 3 ജില്ലാ സ്റ്റേഡിയങ്ങൾ പൂർത്തിയായി.
5. സ്പോർട്സ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കളിസ്ഥലങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനുമായി സ്പോർട്സ് വകുപ്പിന് കീഴിൽ 2021 ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്‌കെഎഫ്) രൂപീകരിച്ചു.
6. കേരളത്തിൽ നിന്നും ഉയർന്ന നിലവാരമുള്ള കായികതാരങ്ങളെ വാർത്തെടുക്കുന്നതിനായി 2023 ൽ കേരളത്തിലെ ആദ്യത്തെ സമഗ്ര കായിക നയം അവതരിപ്പിച്ചു. "എല്ലാവർക്കും കായികം, കായിക വികസനം" എന്നതാണ് മുദ്രാവാക്യം.
7. സ്പോർട്സ് ലീഗുകൾ – സ്പോർട്സ് സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിന്റെ ഭാഗമായി, സർക്കാരിന്റെ പിന്തുണയോടെ ഫുട്ബോൾ, ക്രിക്കറ്റ് ലീഗുകൾ നടക്കുന്നു. കോളേജ് തലത്തിൽ രാജ്യത്ത് ആദ്യമായി സ്പോർട്സ് ലീഗ് കേരളം ആരംഭിച്ചു.
8. ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള (ISSK) – ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് (ISSK) സംഘടിപ്പിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. കായികരംഗത്തെ കേരളത്തിന്റെ മികവും സാധ്യതയും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയും ലോകത്തിലെ ഏറ്റവും മികച്ച സ്പോർട്സ് മാതൃകകളെ അനുകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ആദ്യ ഉച്ചകോടി തിരുവനന്തപുരത്ത് സംഘടിപ്പിച്ചത്.
9. സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിച്ചു – കേരള കായിക ചരിത്രത്തിൽ ആദ്യമായി, സ്പോർട്സ് കൗൺസിലുകൾ പൂർണ്ണമായും ജനാധിപത്യ രീതിയിൽ പുനഃസംഘടിപ്പിച്ചു. ഇന്ത്യയിൽ ആദ്യമായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. കൂടുതൽ കായിക പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം ഈ തദ്ദേശ കൗൺസിലുകൾക്ക് നൽകി.
10. ലോവർ പ്രൈമറി വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമത പരിപോഷിപ്പിക്കുന്നതിനും അവരെ കായിക പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനുമായി 55 എൽപി സ്കൂളുകളിൽ "ആരോഗ്യമുള്ള കുട്ടികൾ" എന്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.
11. ലഹരി ഉപേക്ഷിക്കൂ, കായികരംഗത്തെ ചേർത്തുപിടിക്കൂ– കായിക മന്ത്രിയുടെ നേതൃത്വത്തിൽ, എല്ലാ

ജില്ലകളിലും ഒരു മാസം നീണ്ടുനിന്ന മയക്കുമരുന്ന് വിരുദ്ധ പ്രചാരണം സംഘടിപ്പിച്ചു. "മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ കായിക വിനോദങ്ങൾ" എന്ന മുദ്രാവാക്യം.

12. സർക്കാർ വിവിധ സ്ഥലങ്ങളിൽ 22 പുതിയ സിന്തറ്റിക് ട്രാക്കുകൾ നിർമ്മിച്ചു.

**വിവിധ അവാർഡുകൾ**

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ തരം അവാർഡുകൾ **പട്ടിക 9.2.2** ൽ നൽകിയിരിക്കുന്നു.

**ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി**

നമ്മുടെ സംസ്ഥാനത്തെ പ്രമുഖ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്നതാണ് ഡോ.എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി. ഈ പദ്ധതി പ്രകാരം, 14 നും 20 നും ഇടയിൽ പ്രായമുള്ള 11 കായികതാരങ്ങൾക്ക് പ്രതിവർഷം 10,000/– രൂപ സ്കോളർഷിപ്പ് നൽകുന്നു. അതാത് വർഷത്തെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് അർഹരായ കായികതാരങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്നത്. ഓരോ വർഷവും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 24 വയസ്സ് തികയുന്നതുവരെ അല്ലെങ്കിൽ പരമാവധി അഞ്ച് വർഷം വരെ അത്‌ലറ്റിന് സ്കോളർഷിപ്പ് ലഭിക്കും.

**വനിതാ ഫുട്ബോൾ അക്കാദമി**

രാജ്യത്തെ ഏറ്റവും മികച്ച ഫുട്ബോൾ പാരമ്പര്യമാണ് കേരളത്തിനുള്ളത്. എന്നാൽ സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് പരിമിതമായ പദ്ധതികൾ മാത്രമാണുള്ളത്. താമസത്തിനും പരിശീലനത്തിനും അനുയോജ്യമായ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള ഒരു അതുല്യ അക്കാദമി സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. പരിശീലന കാലയളവ് 8–)0 ക്ലാസ് മുതൽ 12–)0 ക്ലാസ് വരെ 5 വർഷമാണ്. മൂന്ന് വർഷത്തിന് ശേഷം (8,9,10), ഉയർന്ന തലത്തിലുള്ള കഴിവുകൾ പ്രകടിപ്പിക്കുന്നവരെ അടുത്ത വർഷങ്ങളിലേക്ക് (+1,+2 ക്ലാസ്) സ്ഥാനക്കയറ്റം നൽകും. ഇരുപത്തിയഞ്ച് പെൺകുട്ടികളെ അക്കാദമിയിലേക്ക് തിരഞ്ഞെടുക്കും. 2021 നവംബർ 19 ന് എറണാകുളം പനമ്പിള്ളി നഗറിലാണ് അക്കാദമി സ്ഥാപിതമായത്. എറണാകുളം പനമ്പിള്ളി നഗർ സ്റ്റേഡിയത്തിൽ പരിശീലനം നടത്തുന്ന 15 കുട്ടികൾ കഴിഞ്ഞ സുബ്രതോ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ചു.

**കേരള സംസ്ഥാന സ്കൂൾ സ്പോർട്സും ഗെയിമുകളും**

പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വർഷവും സ്കൂൾ കുട്ടികൾക്കായി സ്പോർട്സ്, ഗെയിംസ് ഇവന്റുകൾ നടത്തുന്നു. എല്ലാ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലും സ്കൂൾ തല മത്സരങ്ങൾ നടത്തുന്നു. സീനിയേഴ്സ് (19 വയസ്സിന് താഴെ), ജൂനിയേഴ്സ് (17 വയസ്സിന് താഴെ), സബ് ജൂനിയേഴ്സ് (14 വയസ്സിന് താഴെ), കിഡ്ഡിസ് (12 വയസ്സിന് താഴെ), എൽപി കിഡ്ഡിസ് (10 വയസ്സിന് താഴെ), എൽപി മിനി (8 വയസ്സിന് താഴെ) എന്നിങ്ങനെ ആറ് പ്രായ വിഭാഗങ്ങളിലായാണ് അക്വാട്ടിക്സ്, അത്‌ലറ്റിക്സ്, മറ്റ് 17 വിഭാഗങ്ങൾ എന്നിവയ്ക്കായി ഇന്റർ സ്കൂൾ മത്സരങ്ങൾ നടക്കുന്നത്. റെഗുലർ സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ട്. ഉപജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിലാണ്

പട്ടിക 9.2.2 കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിവിധ കായിക അവാർഡുകൾ

| ക്രമ നമ്പർ | അവാർഡ് | വിവരണം |
|---|---|---|
| 1 | ജി.വി. രാജ അവാർഡ് | കായികതാരങ്ങൾക്ക് നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണ് ജി.വി. രാജ അവാർഡ്. കേരളത്തിലെ ഏറ്റവും മികച്ച പുരുഷ–വനിതാ കായികതാരങ്ങൾക്ക് ലെഫ്റ്റനന്റ് കേണൽ ഗോദവർമ്മ രാജയുടെ പേരിൽ കൗൺസിൽ സ്ഥാപിച്ചതാണ് ഇത്. മൂന്ന് ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകും. |
| 2 | ഒളിമ്പ്യൻ സുരേഷ് ബാബു സ്മാരക ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് | ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ഈ അവാർഡ് ദേശീയ–അന്തർദേശീയ കായിക മേഖലയിൽ സമഗ്ര സംഭാവനകൾ നൽകിയ വ്യക്തികൾക്കാണ് നൽകുന്നത്. ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകും. |
| 3 | മികച്ച കായിക പരിശീലകൻ | കേരളത്തിലെ ഏറ്റവും മികച്ച കായിക പരിശീലകന് ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും സമ്മാനമായി നൽകുന്നു. |
| 4 | മറ്റ് കായിക അവാർഡുകൾ | മികച്ച കായിക അധ്യാപകൻ (സ്കൂൾ തലം)<br>മികച്ച കായിക അധ്യാപകൻ (കോളേജ് തലം)<br>മികച്ച കായിക നേട്ടങ്ങളുള്ള കോളേജ്<br>മികച്ച കായിക നേട്ടങ്ങളുള്ള സ്കൂൾ<br>മികച്ച കായിക അക്കാദമി – സ്കൂൾ തലം (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും)<br>മികച്ച കായിക അക്കാദമി – കോളേജ് തലം (പുരുഷന്മാർക്കും സ്ത്രീകൾക്കും)<br>50,000 രൂപയും ഫലകവും പ്രശംസാപത്രവും അവാർഡ് ജേതാവിന് നൽകും. |
| 5 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മീഡിയ അവാർഡുകൾ | മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർ<br>മികച്ച വിഷ്വൽ മീഡിയ ഫീച്ചർ<br>മികച്ച സ്പോർട്സ് പുസ്തകം<br>മികച്ച സ്പോർട്സ് ജേണലിസ്റ്റ് എന്നീ വിഭാഗങ്ങളിൽ 50,000 രൂപ ക്യാഷ് പ്രൈസും, ഫലകവും, പ്രശംസാപത്രവും പുരസ്കാര ജേതാവിന് നൽകും. |

**ഉറവിടം:** കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

സ്പോർട്സും ഗെയിമുകളും നടത്തുന്നത്. അക്വാട്ടിക്സിന്റെയും അത്‌ലറ്റിക്സിന്റെയും പ്രകടന വിശദാംശങ്ങൾ **അനുബന്ധം 9.2.2** ലും **അനുബന്ധം 9.2.3** ലും നൽകിയിരിക്കുന്നു.

**ദേശീയ- അന്തർദേശീയ മത്സരങ്ങളിലെ കേരളത്തിന്റെ പ്രകടനം**

ദേശീയ-അന്തർദേശീയ തലത്തിൽ കായികതാരങ്ങൾ ഉയർന്ന് വരുന്നതിന് പേരുകേട്ട കായിക മേഖലയിലെ ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിലൊന്നായി കേരളം ഉയർന്നുവന്നിട്ടുണ്ട്. ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മെഡലുകൾ നേടുന്നതിൽ സംസ്ഥാനത്തെ കളിക്കാരുടെ പ്രകടനം ശ്രദ്ധേയമാണ്. 2024 ലെ പാരീസ് ഒളിമ്പിക്സിൽ, ഇന്ത്യയിൽ നിന്ന് 117 അംഗ സംഘം 16 കായിക ഇനങ്ങളിൽ പങ്കെടുത്തു. കേരളത്തിൽ നിന്ന് 7 കളിക്കാർ 2024-ലെ പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്തു. അതിൽ അഞ്ച് പേർ ട്രാക്ക് ആൻഡ് ഫീൽഡിലായിരുന്നു. 2024-ലെ പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ പുരുഷ ഹോക്കി ടീമിന്റെ ഗോൾകീപ്പറായിരുന്നു ശ്രീ പി.ആർ. ശ്രീജേഷ്. 2021-ലെ ടോക്കിയോ ഒളിമ്പിക്സിന് ശേഷം തുടർച്ചയായ രണ്ടാം തവണയാണ് ഇന്ത്യ ഹോക്കിയിൽ ഒളിമ്പിക് മെഡൽ നേടുന്നത്.

2025 ജനുവരി 28 മുതൽ ഫെബ്രുവരി 14 വരെ ഉത്തരാഖണ്ഡ് സംസ്ഥാനത്ത് നടന്ന 38-ാമത് ഇന്ത്യൻ ദേശീയ ഗെയിംസിൽ കേരളം 13 സ്വർണ്ണവും 17 വെള്ളിയും 24 വെങ്കലവും നേടി. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ (കെ.ഐ.വൈ.ജി) ഏഴാമത് പതിപ്പ് 2025 മെയ് 4 മുതൽ മെയ് 15 വരെ ബിഹാറിൽ വച്ച് നടന്നു. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിലെ ആകെ നടന്ന 28 കായിക ഇനങ്ങളിൽ നിന്നായി 12 സ്വർണ്ണവും, 5 വെള്ളിയും, 8 വെങ്കലവും ഉൾപ്പെടെ 25 മെഡലുകൾ കേരളം നേടി. മെഡൽ പട്ടികയിൽ മൊത്തത്തിൽ എട്ടാം സ്ഥാനത്താണ് കേരളം എത്തിയത്.

**3. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**

1985-ലാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്ഥാപിതമായത്. സംസ്ഥാനത്തെ തൊഴിൽ രഹിതരായ യുവാക്കൾക്കായി പരിശീലന പരിപാടികളും സ്വയംതൊഴിൽ സംരംഭങ്ങളും നടത്തുന്നതിന് യൂത്ത് ക്ലബ്ബുകൾക്കും മറ്റ് സംഘടനകൾക്കും ബോർഡ് സഹായം നൽകി വരുന്നു.

2024-25-ൽ ബോർഡ് ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ ഇവയാണ്.

- **യൂത്ത് ഫോറം:** ഹൈസ്കൂൾ തലം, ജില്ല തലം, സംസ്ഥാന തലം തുടങ്ങി വിവിധ തലങ്ങളിലായി ശാസ്ത്ര ക്വിസ്, സാഹിത്യ ക്യാമ്പുകൾ, കലാ മത്സരങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ യൂത്ത് ഫോറം ഏറ്റെടുക്കുന്നു. സംസ്ഥാനത്തുടനീളമുള്ള 1,545 സ്കൂളുകളിൽ നിന്നുള്ള ആകെ 47,873 കുട്ടികൾ ഹൈസ്കൂൾ തല ക്വിസിൽ പങ്കെടുത്തു. യുവകേരളം ക്ലബ്ബുകളുമായി സഹകരിച്ചാണ് ഹൈസ്കൂൾ തല മത്സരങ്ങൾ സംഘടിപ്പിച്ചത്. സംസ്ഥാനത്തെ 14 ജില്ലാ യുവജനകേന്ദ്രങ്ങളിലും നാടൻപാട്ട് മത്സരവും നടത്തി. ഇതിഹാസ നാടോടി ഗായകൻ 'കലാഭവൻ മണി'യുടെ സ്മരണാർത്ഥം എല്ലാ വർഷവും ജില്ലാ-സംസ്ഥാനതല മത്സരം 'മണിനാദം' നടത്തിവരുന്നു. സംസ്ഥാന യുവജന – യുവ – യുവതി ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെയാണ് മത്സരം സംഘടിപ്പിക്കുന്നത്. കൂടാതെ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2025 സെപ്റ്റംബറിൽ ഇടുക്കി ജില്ലയിലെ വാഗമണിൽ 'മഞ്ഞ്' എന്ന പേരിൽ സംസ്ഥാനതല യുവ സാഹിത്യ ക്യാമ്പ് സംഘടിപ്പിച്ചു. 13 ജില്ലകളിൽ നിന്നുള്ള 30 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.
- **ടീം കേരള-കേരള യുവജന സേന:** താഴെത്തട്ടിൽ യുവാക്കളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെ, അവർക്കിടയിൽ സന്നദ്ധസേവന സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് ടീം കേരള എന്നറിയപ്പെടുന്ന കേരള യുവജന സേനയ്ക്ക് തുടക്കമിട്ടു. ദുരന്ത നിവാരണത്തിനും പകർച്ചവ്യാധി പ്രതികരണത്തിനുമായി യുവ വളണ്ടിയർമാരെ സജ്ജമാക്കുക മാത്രമല്ല, യുവാക്കൾക്കിടയിലെ ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിനെതിരെ പോരാടുന്നതിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങളിൽ അവരെ പങ്കാളികളാക്കുക എന്നതും ഈ സംരംഭത്തിന്റെ ലക്ഷ്യമാണ്. സംസ്ഥാനത്തിന്റെ വികസന അജണ്ട മുന്നോട്ട് കൊണ്ടുപോകുന്നതിൽ നിർണായക പങ്ക് വഹിക്കാൻ യുവാക്കളെ പ്രാപ്തരാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. കോവിഡ് -19 മഹാമാരിയുടെ സമയത്ത് ടീം കേരളയുടെ പ്രശംസനീയമായ ശ്രമങ്ങൾക്ക് പുറമേ, തടാകങ്ങളും നദികളും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശുചിത്വ കാമ്പെയ്ൻ, ബീച്ച് വൃത്തിയാക്കൽ, ആശുപത്രി പരിസരങ്ങൾ വൃത്തിയാക്കൽ, ലഹരി വിരുദ്ധ കാമ്പെയ്നുകൾ എന്നിവയുൾപ്പെടെ നിരവധി പ്രവർത്തനങ്ങളും ടീം ഏറ്റെടുക്കുന്നു.
- **ദേവികുളം ദേശീയ സാഹസിക അക്കാദമി:** സാഹസികത ഇഷ്ടപ്പെടുന്ന യുവാക്കൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനും സമൂഹത്തിന്റെ നന്മയ്ക്കായി അവരെ ഉപയോഗിക്കുന്നതിനുമായി, യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ദേശീയ സാഹസിക അക്കാദമി ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്നു. നിലവിൽ, ബോർഡിന്റെ സന്നദ്ധസേനയായ 'ടീം കേരള' അംഗങ്ങൾക്ക് ദുരന്തനിവാരണം, റോക്ക് ക്ലൈംബിംഗ് (പാറകയറ്റം), റിവർ ക്രോസിംഗ് (പുഴ കടക്കൽ), മൗണ്ടനീറിംഗ് (മലകയറ്റം), റോപ്പ് ക്ലൈംബിംഗ്, ട്രെക്കിംഗ്, സ്കൂബ ഡൈവിംഗ് എന്നിവയിൽ പരിശീലനം നൽകാൻ ഈ അക്കാദമിക്ക് സാധിക്കുന്നു.സാഹസിക ടൂറിസത്തിന് അനുയോജ്യമായ ഒരു സ്ഥാപനമാണ് ഈ സാഹസിക അക്കാദമി.
- **ക്ലബ്ബുകൾ:** ബോർഡുമായി ബന്ധപ്പെട്ടതും ബോർഡ് നേരിട്ട് കൈകാര്യം ചെയ്യുന്നതുമായ വിവിധ ക്ലബ്ബുകൾ വഴി വിവിധ ബോധവൽക്കരണ പരിപാടികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സംസ്ഥാനത്തെ യുവാക്കളെ ശാക്തീകരിക്കുക എന്നതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലക്ഷ്യമിടുന്നത്. ബോധവൽക്കരണ പരിപാടികൾ, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, പരിസ്ഥിതി

പ്രവർത്തനങ്ങൾ, സ്പോർട്സ് കിറ്റുകളുടെ വിതരണം എന്നിവയാണ് പരിപാടികളിൽ ഉൾപ്പെടുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ ക്ലബ്ബുകളുടെ വിശദാംശങ്ങൾ **പട്ടിക 9.2.3** ൽ നൽകിയിരിക്കുന്നു.

- **കേരളോത്സവം:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഒരു പ്രധാന പരിപാടിയാണ് കേരളോത്സവം, ഇത് ധാരാളം ആളുകളെ ആകർഷിക്കുന്നു. നഗര-ഗ്രാമീണ യുവാക്കൾക്ക് അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള ഒരു വേദി ഒരുക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ, സംസ്ഥാന തലങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്. ഗ്രാമ, ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ, ജില്ലാ, സംസ്ഥാന തലങ്ങളിലായി 5 ലക്ഷത്തിലധികം യുവ കലാ-കായിക പ്രതിഭകൾ കേരളോത്സവത്തിൽ പങ്കെടുക്കുന്നു. സംസ്ഥാനതല പരിപാടിയിൽ 14 ജില്ലകളിൽ നിന്ന് 58 കലാ പരിപാടികളിലായി 2,000-ത്തിലധികം പേരും 118 കായിക പരിപാടികളിലായി 3,000-ത്തിലധികം പേരും പങ്കെടുത്തു.

- **മറ്റ് യുവജന വികസന പരിപാടികൾ:** കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സർക്കാർ, അർദ്ധ സർക്കാർ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് മത്സര പരീക്ഷകൾക്കുള്ള പരിശീലനം, സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ, ചലച്ചിത്രമേളകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. 2024-25-ൽ സിനിമയെക്കുറിച്ചുള്ള സംസ്ഥാനതല ശിൽപശാലയും നടത്തി. 14 ജില്ലകളിൽ നിന്നുള്ള 35 പേർ പങ്കെടുത്തു.
- **യുവശക്തി:** പ്രതിമാസ ഓണറേറിയം അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജില്ലാ കോർഡിനേറ്റർമാരാണ് യുവശക്തി പരിപാടി ഏകോപിപ്പിക്കുന്നത്. യുവജന ക്ലബ്ബുകൾ സംഘടിപ്പിക്കുകയും സാമൂഹിക വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക, സന്നദ്ധപ്രവർത്തനങ്ങൾ നടത്തുക, സാമൂഹിക വളർച്ചയ്ക്കായി മറ്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, കേരളോത്സവത്തിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കുക, ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള വിവിധ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ താഴെ തലത്തിലേക്ക് കൊണ്ടുവരിക എന്നിവയാണ് യൂത്ത് കോർഡിനേറ്റർമാരുടെ പ്രധാന ചുമതലകൾ.

**4. കേരള സംസ്ഥാന യുവജന കമ്മീഷൻ**

2014 ലെ കെ.എസ്.വൈ.സി ആക്ട് പ്രകാരം രൂപീകരിച്ച ഒരു അർദ്ധ-ജുഡീഷ്യൽ സ്ഥാപനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കേരള സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമാണിത്. കൂടാതെ കേരളത്തിലെ യുവാക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവരെ സ്വയംപര്യാപ്തരാക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു ഏജൻസിയായി ഇത് പ്രവർത്തിക്കുന്നു. 2024-25 ൽ കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്:

- **ബോധവൽക്കരണ പരിപാടികളും സർവേകളും:** സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കമ്മീഷൻ വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. യുവാക്കളുടെ മാനസികാരോഗ്യവും ശാരീരികക്ഷമതയും ഉറപ്പുവരുത്തുക, മയക്കുമരുന്ന് ആസക്തിയിൽ നിന്ന് യുവാക്കളെ സംരക്ഷിക്കുക, യുവാക്കളെ ബാധിക്കുന്ന വിഷയങ്ങളിൽ കർമ്മ പദ്ധതികൾ തയ്യാറാക്കുക എന്നിവ ലക്ഷ്യമിട്ട് സംസ്ഥാന യുവജന കമ്മീഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഒരു വിദഗ്ദ്ധ സംഘത്തിന്റെ സഹായത്തോടെ യുവാക്കളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കമ്മീഷൻ ഒരു റിപ്പോർട്ടും തയ്യാറാക്കി. ജോലിസ്ഥലങ്ങളിൽ യുവാക്കൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളും ജോലി സംബന്ധമായ സമ്മർദ്ദങ്ങളും വിലയിരുത്തുന്നതിനായി കമ്മീഷൻ "ജോലിസ്ഥലത്തെ യുവാക്കളുടെ മാനസികാരോഗ്യം" എന്ന പേരിൽ ഒരു ശാസ്ത്രീയ പഠനവും നടത്തിയിട്ടുണ്ട്. ഐ.ടി, ഗിഗ് ഇക്കണോമി, മീഡിയ, ഇൻഷുറൻസ്/ബാങ്കിംഗ്, റീട്ടെയിൽ/വ്യാവസായിക മേഖലകളിൽ ജോലി ചെയ്യുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള 1548 യുവാക്കളുടെ പങ്കാളിത്തത്തോടെയാണ് സർവേ നടത്തിയത്.
- **അദാലത്തുകൾ:** സംസ്ഥാനത്തെ യുവാക്കളുടെ താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിൽ കമ്മീഷൻ നിർണായക പങ്ക് വഹിക്കുന്നു. കമ്മീഷന് ലഭിച്ച നിവേദനങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാ തലത്തിൽ അദാലത്തുകൾ/വിചാരണകൾ/സന്ദർശനങ്ങൾ നടത്തി. 2024-25 ൽ കമ്മീഷന് 265 പരാതികൾ ലഭിച്ചു, അതിൽ 74 എണ്ണം പരിഹരിച്ചു.
- **ദേശീയ സെമിനാറുകൾ:** യുവാക്കളുടെ അവകാശങ്ങൾ, ലിംഗ നീതി, സമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും അതുവഴി രാജ്യത്തെയും പ്രത്യേകിച്ച് സംസ്ഥാനത്തെയും യുവാക്കളെ ശാക്തീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷൻ "യുവജന ശാക്തീകരണം, മാനസിക ക്ഷമത, സന്തോഷം : വെല്ലുവിളികളും സാധ്യതകളും" എന്ന വിഷയത്തിൽ ഒരു ദേശീയ സെമിനാർ നടത്തി. 2025 മാർച്ച് 3, 4 തീയതികളിൽ തിരുവനന്തപുരത്തെ ടെക്നോ പാർക്ക് കാമ്പസിൽ "ആധുനിക തൊഴിൽ ലോകവും യുവജന മാനസികാരോഗ്യവും" എന്ന വിഷയത്തിൽ ഒരു ദേശീയ യുവജന സെമിനാർ സംഘടിപ്പിച്ചു. ജോലിസ്ഥലങ്ങളിലെ യുവാക്കളുടെ മാനസികാരോഗ്യത്തെക്കുറിച്ച് അടിസ്ഥാനപരമായ ഒരു ധാരണ നൽകിക്കൊണ്ട് ഏകദേശം 200 പ്രതിനിധികളും വിദഗ്ധരും പങ്കെടുത്തു.

**യൂത്ത് ഐക്കൺ പ്രോഗ്രാം:** സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണായക സ്വാധീനം ചെലുത്തുകയും കല, സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹിക സേവനം, വ്യവസായം അല്ലെങ്കിൽ സാങ്കേതികവിദ്യ

പട്ടിക 9.2.3. വിവിധ ക്ലബ്ബുകൾ

| ക്രമ നമ്പർ | ക്ലബ്ബുകളുടെ പേര് | ക്ലബ്ബുകളുടെ / ഗുണഭോക്താക്കളുടെ എണ്ണം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1 | കൃഷി ക്ലബ്ബുകൾ (കതിർ) | 140 / 7,000 | കൃഷിയിൽ താല്പര്യമുള്ള യുവാക്കളെ പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക, അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും യുവജന ഗ്രൂപ്പുകൾക്ക് അവസരങ്ങൾ നൽകാനും സഹായിക്കുന്നു. | പരിശീലന പരിപാടികൾ, കാർഷികോൽപ്പന്നങ്ങളുടെ പ്രദർശനങ്ങൾ, കർഷകരുമായുള്ള കൂടിക്കാഴ്ചകൾ, കാർഷിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. |
| 2 | വനിതാ ക്ലബ്ബുകൾ (അവളിടം) | 1,040 / 52,000 | സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി, യുവതികളെ സ്വയംപര്യാപ്തരാക്കുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് അവബോധമുള്ളവരാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള പരിശീലനങ്ങൾ നൽകി വരുന്നു | സ്ത്രീധനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചുള്ള പരിപാടികൾ, സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനം, ആരോഗ്യ മുൻനിര സേവനങ്ങൾ. |
| 3 | ഭിന്നശേഷി കാർക്കുള്ള ക്ലബ്ബുകൾ (യെസ്) | 14 /1,400 | ബുദ്ധിപരമായി വൈകല്യമുള്ളവരുടെ സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുകയും അവരിലെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക | യാത്രകൾ സംഘടിപ്പിക്കുക, പ്രമുഖരുമായി ആശയവിനിമയം നടത്തുക, വിവിധ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക |
| 4 | ട്രാൻസ്ജെൻ ഡർ ക്ലബ്ബുകൾ (മാരിവില്ല്) | 14 /1,400 | ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക, അവരെ സ്വയംപര്യാപ്തരാക്കുക, കൂടാതെ അവർക്കിടയിലുള്ള കഴിവുകളെ പ്രോത്സാഹിപ്പിക്കുക | ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ക്യാമ്പുകൾ തുടങ്ങിയവ നടത്തുന്നു. |
| 5 | യൂത്ത് ക്ലബ്ബുകൾ (യുവ) | 290 / 50,000 | സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും സാമൂഹിക പ്രവർത്തന രംഗത്ത് അവരെ സജീവമായി ഉൾപ്പെടുത്തുകയും ചെയ്യുക. | യുവജനങ്ങൾക്ക് പ്രയോജനകരമായ വിവിധ പ്രവർത്തനങ്ങൾ നടത്തി. |

**അവലംബം**: കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

എന്നീ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത യുവതീ യുവാക്കൾക്ക് കമ്മീഷൻ "യൂത്ത് ഐക്കൺ അവാർഡ്" നൽകുന്നു. 2024–25 വർഷത്തെ യൂത്ത് ഐക്കൺ , യുവ പ്രതിഭ പുരസ്കാരങ്ങൾ 2025 മാർച്ച് 26 ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വെച്ച് കമ്മീഷൻ സംഘടിപ്പിച്ചു.

**യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ:** യുവാക്കൾക്ക് നിയമ സാക്ഷരത നൽകുന്നതിനായി, സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന നിയമസഹായം ആവശ്യമുള്ള യുവാക്കൾക്ക് 1800 123 5310 എന്ന ടോൾ ഫ്രീ നമ്പർ വഴി സേവനങ്ങൾ നൽകുന്നു. ഇതിനായി നിയമ വിദഗ്ധരുടെ ഒരു പാനൽ രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക സഹായത്തിനും യൂത്ത് ലീഗൽ സപ്പോർട്ട് സെന്ററിലെ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുമായി ഒരു സാങ്കേതിക വിദഗ്ധനെയും നിയമിച്ചിട്ടുണ്ട്.

**പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളെ ശാക്തീകരിക്കൽ:** ആരോഗ്യം, പ്രതിരോധം എന്നിവയെ കുറിച്ചുള്ള അവബോധം നൽകുന്നതിനായി കമ്മീഷൻ സാമൂഹ്യനീതി വകുപ്പിന്റെയും ആദിവാസി ക്ഷേമ വകുപ്പിന്റെയും സഹകരണത്തോടെ യുവതികൾക്കായി ആരോഗ്യ ക്യാമ്പുകളും ആയോധനകല പരിശീലനവും നടത്തി.

**ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ:** ഹരിത യുവജന പരിപാടി, യുവ കർഷക സംഗമം, ജോബ് ഫെസ്റ്റ്, മാലിന്യ നിർമാർജനം, വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയാണ് കമ്മീഷൻ നടത്തുന്ന ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ. ഒരു കൂട്ടായ പരിശ്രമത്തിലൂടെ യുവാക്കൾക്കിടയിൽ സാമൂഹികവും, പൗരബോധവും, ജനസംഖ്യാപരവും, പാരിസ്ഥിതികവുമായ അവബോധം വളർത്തിയെടുക്കാനും, ആരോഗ്യകരമായ ജീവിതം ഉറപ്പാക്കാനും ഹരിത യുവജന പരിപാടി ലക്ഷ്യമിടുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും കേരള സംസ്ഥാന യുവജന കമ്മീഷനും യുവാക്കളുടെ ആശയങ്ങൾ പ്രവർത്തനത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിലൂടെ അവരെ ശാക്തീകരിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. ഫലപ്രദമായ കൗൺസിലിംഗിലൂടെയും മാർഗ്ഗനിർദ്ദേശത്തിലൂടെയും, യുവാക്കളെ സാമ്പത്തികമായി ഉൽപ്പാദനക്ഷമയുള്ളവരും സാമൂഹികമായി ഉത്തരവാദിത്തമുള്ള പൗരന്മാരുമായി മാറാൻ ഈ സംഘടനകൾ

സഹായിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി പുതിയ നൈപുണ്യങ്ങൾ നേടിയെടുക്കുന്നതിനും, പരമ്പരാഗതമായ അറിവുകൾ പുനരാർജ്ജിക്കുന്നതിനും, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കുന്നതിനും ഇവർ പ്രോത്സാഹനം നൽകുന്നു.

നൈപുണ്യ വികസനത്തിന് പുറമേ, യുവാക്കളുടെ ശാരീരികവും മാനസികവുമായ ക്ഷേമം ഉറപ്പാക്കുന്നതിലും, വിശാലമായ പരിപാടികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അവരുടെ സമഗ്രമായ വളർച്ച വളർത്തുന്നതിലും രണ്ട് സംഘടനകളും ശക്തമായ ഊന്നൽ നൽകുന്നു.

ചുരുക്കത്തിൽ, കായികരംഗവും യുവജനക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സംസ്ഥാനം പ്രശംസനീയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളിലെ തന്ത്രപരമായ നിക്ഷേപം, ഗ്രാസ്റൂട്ട് തലത്തിലുള്ള വികസന പരിപാടികൾ, പ്രാദേശിക പ്രതിഭകളെ പരിപോഷിപ്പിക്കൽ എന്നിവ കേരളത്തെ കായിക പ്രേമികളുടെയും വളർന്നു വരുന്ന കായികതാരങ്ങളുടെയും അഭിവൃദ്ധി പ്രാപിക്കുന്ന ഒരു കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. സമീപ വർഷങ്ങളിൽ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും പ്രധാന കായിക മേളകളുടെ വിജയകരമായ നടത്തിപ്പിന്റെയും പിന്തുണയോടെ സംസ്ഥാനത്തെ കായിക ടൂറിസം മേഖല ശ്രദ്ധേയമായ വളർച്ച കൈവരിച്ചു. കായിക മേഖലയെ സുസ്ഥിര വികസനത്തിന്റെയും പൗരന്മാരുടെ ആരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും പ്രധാന ചാലകശക്തിയായി അംഗീകരിച്ചുകൊണ്ട്, ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനം സുപ്രധാനമായ ചുവടുവെപ്പുകളാണ് നടത്തിയിട്ടുള്ളത്.

ശ്രദ്ധേയമായ നവീകരണത്തിലൂടെ, കേരള സ്പോർട്സ് ഇക്കണോമി മിഷൻ വഴി സ്പോർട്സ് സമ്പദ്‌വ്യവസ്ഥയെ സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനവുമായി (ജിഡിപി) സംയോജിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സർക്കാരായി കേരള സർക്കാർ മാറി. കായിക മേഖലയെ സാമ്പത്തിക വളർച്ചയുടെ ഒരു പ്രധാന ഘടകമായി അംഗീകരിക്കുന്നതിലേക്കുള്ള സുപ്രധാനമായ ഒരു ചുവടുവെപ്പാണിത്. ആഗോള കായിക രംഗത്തെ പുതിയ പ്രവണതകളെ ഉൾക്കൊള്ളാനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന ഇ-സ്പോർട്സ് പ്രോത്സാഹനമാണ് ശ്രദ്ധേയമായ മറ്റൊരു മുന്നേറ്റം. കായികരംഗത്തും ശാരീരികക്ഷമതയിലും ജനങ്ങൾക്കിടയിലുള്ള വർദ്ധിച്ചുവരുന്ന താൽപ്പര്യവും സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള സമീപനവും വഴി, വരും വർഷങ്ങളിൽ കായിക വികസനം, സാമ്പത്തിക സംയോജനം, യുവജന ശാക്തീകരണം എന്നീ മേഖലകളിൽ പുതിയ നാഴികക്കല്ലുകൾ കൈവരിക്കാൻ കേരളം സജ്ജമാണ്.

അദ്ധ്യായം

# 10

# പ്രവാസി മലയാളികൾ

# പ്രവാസി മലയാളികൾ

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക ഘടനയിലെ ഒരു നിർണ്ണായക ഘടകമാണ് കുടിയേറ്റം. വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ താമസിക്കുന്ന മലയാളികൾ സംസ്ഥാനവുമായി ശക്തമായ ബന്ധം നിലനിർത്തുകയും അതിന്റെ വികസനത്തിന് ഗണ്യമായ സംഭാവനകൾ നൽകുകയും ചെയ്യുന്നു. പ്രവാസികളിൽ നിന്നുള്ള പണമയയ്ക്കൽ (Remittances) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GSDP) വലിയൊരു പങ്കാണ്. ഇത് സാമ്പത്തിക വളർച്ചയുടെ പ്രധാന ചാലകശക്തിയായി പ്രവർത്തിക്കുന്നു. ഇത്തരത്തിലുള്ള പണമൊഴുക്ക് കുടുംബങ്ങളുടെ വരുമാനത്തെ പിന്തുണയ്ക്കുകയും, വിപണികൾ വികസിപ്പിക്കുകയും, സംസ്ഥാനത്തിനുള്ളിലെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കുമുള്ള ആവശ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. വാർത്താവിനിമയ രംഗത്തെയും ഡിജിറ്റൽ സാങ്കേതികവിദ്യയിലെയും പുരോഗതി പ്രവാസികൾക്ക് കേരളവുമായുള്ള സാംസ്കാരികവും വൈകാരികവുമായ ബന്ധം വർദ്ധിപ്പിക്കുകയും സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ജീവിതങ്ങളിൽ സജീവമായി പങ്കെടുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. കുടിയേറ്റവും പ്രവാസികളിൽ നിന്നുള്ള വരുമാനവും കേരളത്തിന്റെ ആധുനിക വ്യക്തിത്വത്തെയും സാമ്പത്തിക ഊർജ്ജസ്വലതയെയും രൂപപ്പെടുത്തുന്നത് തുടരുകയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്താണ് ലോക കേരള സഭ സ്ഥാപിതമായത്. പ്രവാസികൾക്ക് കുടിയേറ്റത്തെക്കുറിച്ചും മറ്റ് വികസന സംബന്ധിയായ വിഷയങ്ങളെക്കുറിച്ചും ചർച്ചകളിൽ പങ്കുചേരാനുള്ള ഒരു വേദി ഒരുക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. പതിനാലാം പഞ്ചവത്സര പദ്ധതിയും ഈ സ്ഥാപനത്തിന് തുടർച്ചയായ പിന്തുണ നൽകുന്നുണ്ട്.

2020-ലെയും 2024-ലെയും ലോക കുടിയേറ്റ റിപ്പോർട്ടുകൾ കുടിയേറ്റ പ്രവണതകളിൽ വലിയ മാറ്റങ്ങൾ സംഭവിച്ചതായി കാണിക്കുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ ആഗോള കുടിയേറ്റത്തിൽ 87 ശതമാനത്തിന്റെ വർധനവുണ്ടായി. 150 ദശലക്ഷമായിരുന്ന അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണം 2024-ൽ 281 ദശലക്ഷമായി ഉയർന്നു. ഈ വർഷങ്ങളിൽ യഥാക്രമം ആഗോള ജനസംഖ്യയുടെ 2.8 ശതമാനവും 3.6 ശതമാനവുമാണ് അന്താരാഷ്ട്ര കുടിയേറ്റക്കാർ. 'ഇന്റർനാഷണൽ മൈഗ്രന്റ് സ്റ്റോക്ക് 2024' (International Migrant Stock 2024) പ്രകാരം അന്താരാഷ്ട്ര കുടിയേറ്റക്കാരിൽ 48 ശതമാനവും സ്ത്രീകളാണ്. ഏറ്റവും കൂടുതൽ അന്താരാഷ്ട്ര കുടിയേറ്റക്കാർ താമസിക്കുന്നത് യുണൈറ്റഡ് അറബ് എമിറേറ്റ്സിലാണ്. 2000-നെ അപേക്ഷിച്ച് 2024-ൽ അന്താരാഷ്ട്ര പണമൊഴുക്ക് (Remittances) 549 ശതമാനം വർധിച്ചു.

**അന്താരാഷ്ട്ര പണമയയ്ക്കൽ** (international Remittance)
കുടിയേറ്റക്കാർ അവരുടെ മാതൃരാജ്യങ്ങളിലെ കുടുംബങ്ങളുമായോ സമൂഹവുമായോ നേരിട്ട് നടത്തുന്ന സാമ്പത്തികമോ സാധനങ്ങളോ സേവനങ്ങളോ ആയ കൈമാറ്റങ്ങളാണ് പണമയയ്ക്കൽ. 2024-ലെ വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് പ്രകാരം, കോവിഡ് മൂലമുണ്ടായ 2020-ലെ ഇടിവിൽ നിന്ന് അന്തർദേശീയ പണമയയ്ക്കൽ വളരെയധികം വർദ്ധിച്ചതായി കാണാം. 2022-ൽ ആഗോളതലത്തിൽ 831 ബില്യൺ ഡോളർ അന്താരാഷ്ട്ര പണമയച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-ലെ 791 ബില്യൺ ഡോളറിൽ നിന്നും, 2020-ലെ 717 ബില്യൺ ഡോളറിൽ നിന്നുമുള്ള വലിയ വർദ്ധനവ് ആണിത്. ഇന്ത്യ, മെക്സിക്കോ, ചൈന, ഫിലിപ്പീൻസ്, ഫ്രാൻസ് എന്നീ രാജ്യങ്ങളാണ് 2022 ലെ (അവരോഹണ ക്രമത്തിൽ) പണമയയ്ക്കൽ സ്വീകർത്താക്കളിൽപ്പെടുന്ന ആദ്യ അഞ്ച് രാജ്യങ്ങൾ. 2022-ൽ ഇന്ത്യയ്ക്ക് 111 ബില്യൺ യുഎസ് ഡോളറിലധികം ലഭിച്ചതായി കണക്കാക്കപ്പെടുന്നതിനാൽ, ലോകത്തിലെ ഏറ്റവും വലിയ അന്താരാഷ്ട്ര പണമയക്കൽ സ്വീകർത്താവും ആ കണക്കിലെത്തിയ ആദ്യ രാജ്യവുമാണ് ഇന്ത്യ. ലോകത്തിലെ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര കുടിയേറ്റക്കാരും (ഏകദേശം 18 ദശലക്ഷം) ഇന്ത്യയിൽ നിന്നുള്ളവരാണ്. യുണൈറ്റഡ് അറബ് എമിറേറ്റ്സ്, യുണൈറ്റഡ് സ്റ്റേറ്റ്സ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലാണ് കൂടുതൽ പ്രവാസികൾ താമസിക്കുന്നത്.

2025 ലെ ആർ.ബി.ഐ. ബുള്ളറ്റിൻ പ്രകാരം ഇന്ത്യയുടെ ചരക്ക് വ്യാപാര കമ്മിയുടെ ഏകദേശം പകുതിയോളം സംഭാവന ചെയ്യുന്നതോടൊപ്പം, ഈ കാലയളവിലെ ബാഹ്യ ആഘാതങ്ങളെ (external shocks) ചെറുക്കുന്ന ഒരു പ്രധാന ഘടകമായും വിദേശനാണ്യ വരവുകൾ സഹായിച്ചിട്ടുണ്ട്. അതിലുപരിയായി, ഇന്ത്യയുടെ പണമയയ്ക്കൽ വരവുകൾ പൊതുവെ ഇന്ത്യയുടെ മൊത്തം നേരിട്ടുള്ള വിദേശ നിക്ഷേപ വരവിനേക്കാൾ (gross inward foreign direct investment (FDI) flows) കൂടുതലായിരുന്നു, ഇത് ബാഹ്യ ധനസഹായത്തിന്റെ (external financing) ഒരു സ്ഥിരതയുള്ള സ്രോതസ്സ് എന്ന നിലയിൽ അവയുടെ പ്രാധാന്യം പ്രകടമാക്കുന്നു. കൂടാതെ 2020-21 കാലയളവിൽ കോവിഡ് പാൻഡെമിക് മൂലം ഉണ്ടായ 3.6 ശതമാനത്തിന്റെ ഇടിവിനെ തുടർന്ന്, കോവിഡാനന്തര കാലഘട്ടത്തിൽ (2021-22 മുതൽ 2023-24 വരെ) ഇന്ത്യയിലേക്കുള്ള പണമയയ്ക്കൽ ശരാശരി 14.3 ശതമാനം വാർഷിക വളർച്ചയോടെ തിരിച്ചുവരവ് രേഖപ്പെടുത്തി.

**ഇന്ത്യയിലേക്കും കേരളത്തിലേക്കും ഉള്ള പണമയയ്ക്കൽ**

വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട് 2024 അനുസരിച്ച്, ഇന്ത്യക്കാരായ ഏകദേശം 18 ദശലക്ഷം ആളുകൾ വിദേശത്ത് താമസിക്കുന്നു. ഇത് ആഗോളതലത്തിൽ ഇന്ത്യയെ ഏറ്റവും ഉയർന്ന കുടിയേറ്റ പ്രഭവ കേന്ദ്ര രാജ്യമാക്കി മാറ്റുന്നു. ഇന്ത്യൻ പ്രവാസികളിൽ ഗണ്യമായ വിഭാഗം യു.എ.ഇ, യു.എസ്.എ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലാണ് താമസിക്കുന്നത്. ഏകദേശം 11 ദശലക്ഷമുള്ള കുടിയേറ്റക്കാർ ഉള്ള മെക്സിക്കോ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ രാജ്യമാണ്. ആർ.ബി.ഐ. സർവേയുടെ ആറാം റൗണ്ട് പ്രധാനമായും എടുത്തു കാണിക്കുന്നത്, ഇന്ത്യയിലേക്കുള്ള പണമയയ്ക്കലിൽ ജി.സി.സി. രാജ്യങ്ങളിൽ (GCC countries) നിന്നുള്ള ആധിപത്യത്തിൽ നിന്ന് യു.എസ്.എ, യു.കെ., സിംഗപ്പൂർ, കാനഡ, ഓസ്ട്രേലിയ മുതലായ രാജ്യങ്ങളിലേക്ക് ഒരു ക്രമാനുഗതമായ മാറ്റം ഉണ്ടാവുകയും ഈ രാജ്യങ്ങളിൽ നിന്നുള്ള പണമയക്കൽ 2023-24-ൽ ഇന്ത്യയിലേക്കുള്ള മൊത്തം പണമയയ്ക്കലിന്റെ പകുതിയിലധികമായതായും കണക്കാക്കപ്പെട്ടിട്ടുണ്ട്. ഭാരതത്തിലേക്കുള്ള മൊത്തം പ്രവാസി പണമയക്കലിൽ അമേരിക്കയുടെ വിഹിതം ഏറ്റവും വലുതായി തുടരുന്നു; ഇത് 2020-21-ലെ 23.4 ശതമാനത്തിൽ നിന്ന് 2023-24-ൽ 27.7 ശതമാനമായി വർധിച്ചു ( **പട്ടിക 10.1.1**). കൂടാതെ, യു.എസ്.എ.യിലുള്ള 78 ശതമാനം ഇന്ത്യൻ കുടിയേറ്റക്കാരും മാനേജ്മെന്റ്, ബിസിനസ്, സയൻസ്, ആർട്സ് തുടങ്ങിയ ഉയർന്ന വരുമാനമുള്ള മേഖലകളിലാണ് ജോലി ചെയ്ത് വരുന്നത്.

2023-24-ൽ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങൾ തിരിച്ചുള്ള പണമയയ്ക്കൽ നോക്കുമ്പോൾ, ഏറ്റവും ഉയർന്ന വിഹിതമായ 20.5 ശതമാനം ലഭിച്ചത് മഹാരാഷ്ട്രയ്ക്കാണ്. ഇത് 2020-21 നുമായി (35.2 ശതമാനം) താരതമ്യം ചെയ്യുമ്പോൾ കുറവാണ്. ഇതേ കാലയളവിൽ ഏകദേശം 10 ശതമാനത്തിൽ നിന്ന് 19.7 ശതമാനമായി വർദ്ധിച്ച കേരളം തൊട്ടുപിന്നിലാണ്.

ആതിഥേയ രാജ്യത്തിന്റെ സാഹചര്യങ്ങൾക്കു പുറമെ, വേതന വ്യത്യാസങ്ങളിലെ കുറവ്, ജിസിസി മേഖലയിലേക്കുള്ള വൈറ്റ് കോളർ കുടിയേറ്റ തൊഴിലാളികളുടെ വർദ്ധനവ്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഏഷ്യൻ രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വേതനമുള്ള വൈദഗ്ധ്യം കുറഞ്ഞ തൊഴിലാളികളുടെ വരവും ഈ സംസ്ഥാനങ്ങളിലെ തൊഴിൽ ക്രമങ്ങളിലെ മാറ്റങ്ങൾ എന്നിവ ഈ ഘടനാപരമായ മാറ്റത്തിന് കാരണമാവാം. വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾക്കുമായി വിദേശത്തേക്ക് കുടിയേറുന്ന ഇന്ത്യൻ വിദ്യാർത്ഥികളിൽ മഹാരാഷ്ട്ര, തെലങ്കാന, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് മുൻനിരയിൽ. ഇന്ത്യയുടെ ഇൻവേഡ് റെമിറ്റൻസിൽ ഈ സംസ്ഥാനങ്ങളുടെ

**പട്ടിക 10.1.1** ഇന്ത്യയിലേക്കുള്ള പണമയക്കലിന്റെ രാജ്യാടിസ്ഥാനത്തിലുള്ള വിഹിതം (ബാങ്കുകൾ വഴി)

| ഉറവിട രാജ്യം | 2016-17 %ൽ | 2020-21 %ൽ | 2023-24 %ൽ |
|---|---|---|---|
| യുണൈറ്റഡ് സ്റ്റേറ്റ്സ് | 22.9 | 23.4 | 27.7 |
| യുണൈറ്റഡ് അറബ് എമിറേറ്റ്സ് | 26.9 | 18.0 | 19.2 |
| യുണൈറ്റഡ് കിംഗ്ഡം | 3.0 | 6.8 | 10.8 |
| സൗദി അറേബ്യ | 11.6 | 5.1 | 6.7 |
| സിംഗപ്പൂർ | 5.5 | 2.4 | 6.6 |
| കുവൈറ്റ് | 6.5 | 1.5 | 3.9 |
| ഖത്തർ | - | 5.7 | 4.1 |
| കാനഡ | 3.0 | 1.6 | 3.8 |
| ഒമാൻ | 1.0 | 0.6 | 2.5 |
| ഓസ്ട്രേലിയ | - | - | 2.3 |
| ബഹ്റൈൻ | 0.7 | 0.7 | 1.5 |
| ഹോങ്കോംഗ് | - | - | 1.3 |
| ജർമ്മനി | 0.6 | 0.6 | 1.0 |
| മറ്റുള്ളവ | 18.3 | 33.6 | 8.6 |

ഉറവിടം: ആർ.ബി.ഐ. ബുള്ളറ്റിൻ മാർച്ച് 2025

**പട്ടിക 10.1.2** 2023–24 ലെ ഇന്ത്യയുടെ ഇൻവേർഡ് റെമിറ്റൻസ് സംസ്ഥാനം /കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള വിഹിതം

| സംസ്ഥാനം / കേന്ദ്രഭരണ പ്രദേശം | 2016-17 %ൽ | 2020-21 %ൽ | 2023-24 %ൽ |
|---|---|---|---|
| മഹാരാഷ്ട്ര | 16.7 | 35.2 | 20.5 |
| കേരളം | 19.0 | 10.2 | 19.7 |
| തമിഴ്‌നാട് | 8.0 | 9.7 | 10.4 |
| തെലങ്കാന | - | - | 8.1 |
| കർണാടക | 15.0 | 5.2 | 7.7 |
| ആന്ധ്രാപ്രദേശ് | 4.0 | 4.4 | 4.4 |
| ഡൽഹി എൻ.സി.ടി | 5.9 | 9.3 | 4.3 |
| പഞ്ചാബ് | 1.7 | 3.0 | 4.2 |
| ഗുജറാത്ത് | 2.1 | 3.2 | 3.9 |
| ഉത്തർ പ്രദേശ് | 3.1 | 3.7 | 3.0 |
| ഹരിയാന | 0.8 | 1.2 | 2.9 |
| പശ്ചിമ ബംഗാൾ | 2.7 | 1.4 | 2.3 |
| രാജസ്ഥാൻ | 1.2 | 1.2 | 1.5 |
| ബീഹാർ | 1.3 | 1.4 | 1.3 |
| ഉത്തരാഖണ്ഡ് | 0.2 | 0.7 | 1.1 |
| മറ്റ് സംസ്ഥാനങ്ങൾ / കേന്ദ്രഭരണ പ്രദേശങ്ങൾ | 18.3 | 10.2 | 4.7 |

**ഉറവിടം**: Sixth Round of India's Remittances Survey of RBI 2025 March

വർദ്ധിച്ചുവരുന്ന വിഹിതം ഈ പ്രവണത പ്രതിഫലിക്കുന്നു. കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം 2023-ൽ കേരളത്തിൽ നിന്നുള്ള മൊത്തം കുടിയേറ്റക്കാരിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വിദേശത്തേക്ക് കുടിയേറുന്ന ചെറുപ്പക്കാരുടെ ഉയർന്നുവരുന്ന പ്രവണത ഇതിലൂടെ വ്യക്തമാകുന്നു.

**കേരളത്തിലെ കുടിയേറ്റത്തിൻറെ സ്ഥിതി**

"കുടിയേറ്റക്കാരെ നിർവ്വചിക്കുന്നത് കണക്കെടുപ്പിന്റെ വേളയിൽ താമസിക്കുന്ന സ്ഥലങ്ങളിൽ നിന്ന് മാറി മറ്റ് സ്ഥലങ്ങളിൽ താമസിക്കുന്നവർ" എന്നാണ്. ആ വ്യക്തി 6 മാസമോ അതിൽ കൂടുതലോ തുടർച്ചയായി താമസിച്ച അല്ലെങ്കിൽ 6 മാസമോ അതിൽ കൂടുതലോ താമസിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലമാണ് (ഗ്രാമം/നഗരം) സാധാരണ താമസസ്ഥലം" (Migration in India 2020-21, Periodic Labour Force Survey).

2018 ലെ കേരള മൈഗ്രേഷൻ സർവേയുടെ അവസാന റൗണ്ടിന് ശേഷം, കേരളത്തിൽ അഭൂതപൂർവമായ വെള്ളപ്പൊക്കം ഉണ്ടാകുകയും ഗുരുതരമായ നാശം വിതക്കുകയുമുണ്ടായി. 2020-ലും 2021-ലും COVID-19 പാൻഡെമിക് കാരണം ആഗോള ലോക്ക്ഡൗൺ ഉണ്ടായി. ഇത് വലിയ തോതിലുള്ള പ്രവാസികളുടെ തിരിച്ച് വരവ്, തൊഴിൽ നഷ്ടം, നിർബന്ധിത തിരിച്ചയക്കൽ, കാലാവധി കഴിഞ്ഞ വിസകൾ ഉള്ളവരെ നാടുകടത്തൽ, സാമ്പത്തിക തടസ്സങ്ങൾ, വേതന ശോഷണം എന്നിവയിലേക്ക് നയിച്ചു. കേരള മൈഗ്രേഷൻ സർവേ 2023 അനുസരിച്ച്, കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ എണ്ണം 22 ലക്ഷമായി കണക്കാക്കപ്പെടുന്നു, ഇത് 2018 ലെ കേരള മൈഗ്രേഷൻ സർവേയിൽ രേഖപ്പെടുത്തിയ 21 ലക്ഷവുമായി പൊരുത്തപ്പെടുന്ന കണക്കാണ്.

കേരള മൈഗ്രേഷൻ സർവ്വേയുടെ മുൻ റൗണ്ടുകളിൽ കഴിഞ്ഞ ദശകത്തിൽ നിരീക്ഷിക്കപ്പെട്ട മൊത്തത്തിലുള്ള കുറവ് ( 2013 ലെ കേരള മൈഗ്രേഷൻ സർവ്വേയിലെ 24 ലക്ഷത്തിൽ നിന്ന്) കണക്കിലെടുക്കുമ്പോൾ, കഴിഞ്ഞ അഞ്ച് വർഷമായി അന്താരാഷ്ട്ര കുടിയേറ്റത്തിലെ ഈ സ്ഥിരത ആവേശമുണർത്തുന്നതാണ്. 2023-ൽ 32,388 കുടിയേറ്റക്കാരുടെ നേരിയ വർധനയുണ്ടായെങ്കിലും, കേരളത്തിലെ 14 ജില്ലകളിൽ 9 എണ്ണത്തിലും 2018-നെ അപേക്ഷിച്ച് പ്രവാസികളുടെ എണ്ണത്തിൽ ഗണ്യമായ

**ചിത്രം 10.1.1** കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർ, 1998, 2013, 2023




**ഉറവിടം**: കേരള മൈഗ്രേഷൻ സർവേ 2023, നോർക്ക റൂട്ട്സ്

**പട്ടിക: 10.1.3** കേരളത്തിൽ നിന്നുള്ള വനിതാ പ്രവാസികളുടെ താമസ രാജ്യാടിസ്ഥാനത്തിൽ (ശതമാനം)

| രാജ്യം | ശതമാനം |
|---|---|
| യുണൈറ്റഡ് അറബ് എമിറേറ്റ്സ് (UAE) | 31.6 |
| സൗദി അറേബ്യ | 8.8 |
| ഒമാൻ | 4.9 |
| ഖത്തർ | 5.2 |
| കുവൈത്ത് | 5.9 |
| ബഹ്റിൻ | 3.1 |
| **ജി.സി.സി രാജ്യങ്ങൾ (ആകെ)** | **59.5** |
| യൂറോപ്പ് (യു.കെ ഒഴികെ) | 5.3 |
| യുണൈറ്റഡ് കിംഗ്ഡം | 14.7 |
| യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക | 4.6 |
| കനഡ | 4.6 |
| ആസ്ട്രേലിയ | 3.0 |
| ന്യൂസിലാൻഡ് | 1.9 |
| റഷ്യ | 0.6 |
| മലേഷ്യ | 0.2 |
| ദക്ഷിണാഫ്രിക്ക | 0.1 |
| സിംഗപ്പൂർ | 1.2 |
| ഇസ്രായേൽ | 1.2 |
| ചൈന | 0.2 |
| മാലിദ്വീപ് | 0.2 |
| മറ്റ് രാജ്യങ്ങൾ | 2.4 |
| **ജി.സി.സി ഒഴികെയുള്ള രാജ്യങ്ങൾ (ആകെ)** | **40.5** |
| ആകെ | 100.0 |

**ഉറവിടം:** കേരള മൈഗ്രേഷൻ സർവേ 2023, നോർക്ക റൂട്സ്

കുറവുണ്ടായി, ഇത് അന്താരാഷ്ട്ര കുടിയേറ്റത്തിന്റെ ലക്ഷ്യപ്രാപ്തിയെ (saturation) സൂചിപ്പിക്കുന്നു. കൂടാതെ കേരളത്തിലെ പ്രവാസികൾ തിരിച്ചുവരവിന്റെ പൊതുവായ പ്രവണതയും കൂടി ഉണ്ട്.

1998 മുതൽ 2023 വരെ കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിന്റെ പ്രവണത **അനുബന്ധം 10.1.1** ൽ കാണിച്ചിരിക്കുന്നു. 1998 മുതൽ 2023 വരെയുള്ള ജില്ല തിരിച്ചുള്ള കുടിയേറ്റം സംബന്ധിച്ച വിശദവിവരങ്ങൾ **അനുബന്ധം** (Appendix) **10.1.2** ലും **10.1.3** ലും നൽകിയിട്ടുണ്ട്

### സ്ത്രീ പ്രവാസികൾ

വിദ്യാഭ്യാസവും മികച്ച അവസരങ്ങളും മുൻ നിർത്തി കേരളത്തിൽ നിന്നുള്ള സ്ത്രീ കുടിയേറ്റം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്; കൂടാതെ ഇവരുടെ ലക്ഷ്യസ്ഥാനങ്ങൾ ജി.സി.സി (GCC) രാജ്യങ്ങളിൽ നിന്ന് യൂറോപ്പിലേക്കും മറ്റ് പാശ്ചാത്യ രാജ്യങ്ങളിലേക്കും മാറിക്കൊണ്ടിരിക്കുന്നു. സ്ത്രീ കുടിയേറ്റക്കാരിൽ 40.5 ശതമാനം പേരും ജി.സി.സി ഇതര രാജ്യങ്ങളിലേക്കാണ് പോകുന്നത്. എന്നാൽ പുരുഷന്മാരുടെ കാര്യത്തിൽ ഇത് 14.6 ശതമാനം മാത്രമാണ്. കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തിൽ പുരുഷന്മാരാണ് ഇപ്പോഴും മുന്നിൽ. സ്ത്രീ-പുരുഷ കുടിയേറ്റക്കാർ തമ്മിലുള്ള വ്യത്യാസം ഏറ്റവും കുറവ് കോട്ടയം ജില്ലയിലും ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലുമാണ്. വിവിധ രാജ്യങ്ങളിലെ സ്ത്രീ കുടിയേറ്റക്കാരുടെ ശതമാനം തിരിച്ചുള്ള വിവരങ്ങൾ **പട്ടിക 10.1.3**-ൽ നൽകിയിട്ടുണ്ട്.

2018-ൽ 15.8 ശതമാനമായിരുന്ന സ്ത്രീ കുടിയേറ്റക്കാരുടെ അനുപാതം 2023-ൽ 19.1 ശതമാനമായി വർദ്ധിച്ചതായി 2023-ലെ കേരള മൈഗ്രേഷൻ സർവേ (KMS) വ്യക്തമാക്കുന്നു., യുണൈറ്റഡ് അറബ് എമിറേറ്റ്സിലാണ് (UAE) ഏറ്റവും കൂടുതൽ സ്ത്രീ കുടിയേറ്റക്കാരുള്ളത് (31.6 ശതമാനം). ഇതിനു പിന്നാലെ യുണൈറ്റഡ് കിംഗ്ഡം (14.7 ശതമാനം), സൗദി അറേബ്യ (8.8 ശതമാനം) എന്നീ രാജ്യങ്ങളാണുള്ളത്. ജി.സി.സി രാജ്യങ്ങൾ, അമേരിക്ക, യൂറോപ്പ് എന്നിവയാണ് സ്ത്രീ കുടിയേറ്റക്കാരുടെ പ്രധാന ലക്ഷ്യസ്ഥാനങ്ങൾ.

2018, 2023 എന്നീ വർഷങ്ങളിലെ സ്ത്രീ കുടിയേറ്റക്കാരുടെ വൈവാഹിക നില, വിദ്യാഭ്യാസ യോഗ്യത, പ്രധാന തൊഴിൽ എന്നിവ താരതമ്യം ചെയ്തുകൊണ്ടും 2023-ലെ തൊഴിൽ സേനയിലെ പങ്കാളിത്തം തൊഴിലില്ലായ്മ നിരക്ക് എന്നിവ നൽകിക്കൊണ്ടുമുള്ള ഉള്ള വിവരങ്ങൾ **പട്ടിക 10.1.4** കൊടുത്തിട്ടുണ്ട്.

2023-ൽ സ്ത്രീ കുടിയേറ്റക്കാരിൽ 71.5 ശതമാനം പേരും ബിരുദതലം പൂർത്തിയാക്കിയവരാണ്. 2018-നെ അപേക്ഷിച്ച് ഇതിൽ 18.4 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 61.50 ശതമാനം പേർ വിവാഹിതരാണ്. 2018-ലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ഇതിൽ 4 ശതമാനത്തിന്റെ നേരിയ കുറവ് ഉണ്ടായിട്ടുണ്ട്. സ്ത്രീ കുടിയേറ്റക്കാരിൽ 26.6 ശതമാനം പേർ വിദ്യാർത്ഥിനികളാണ്. ആകെ കുടിയേറ്റ വിദ്യാർത്ഥികളിൽ 45.60 ശതമാനം പേരും സ്ത്രീകളാണ്.

സ്ത്രീ കുടിയേറ്റക്കാരുടെ പ്രധാന തൊഴിലുകളിൽ മുൻപന്തിയിൽ നിൽക്കുന്നത് നഴ്സിംഗ് മേഖലയാണെന്ന് **പട്ടിക 10.1.5** ൽ നിന്ന് വ്യക്തമാകുന്നു. ഏകദേശം 51.6 ശതമാനം പേർ നഴ്സ് അല്ലെങ്കിൽ നഴ്സിംഗ് അസിസ്റ്റന്റ് ആയി ജോലി ചെയ്യുന്നു. എഞ്ചിനീയറിംഗ് മേഖലയിൽ 4.3 ശതമാനം പേർ മാത്രമാണുള്ളത്.

### വിദ്യാർത്ഥി കുടിയേറ്റം

കേരള മൈഗ്രേഷൻ സർവ്വേ 2023 പ്രകാരം, ഇന്ത്യയിൽ നിന്നുള്ള അന്തർദ്ദേശീയ വിദ്യാർത്ഥി കുടിയേറ്റം വർദ്ധിച്ചുവരുന്ന പ്രവണതയാണ് കാണിക്കുന്നത്, കൂടാതെ വിദേശത്ത് വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ കേരളം മുൻനിര സംസ്ഥാനങ്ങളിലൊന്നായി മാറുകയും ചെയ്തിട്ടുണ്ട്. കുടിയേറ്റത്തിന് പരിഗണിക്കപ്പെടുന്ന ലക്ഷ്യസ്ഥാനങ്ങളിൽ, ഒന്നാം സ്ഥാനത്ത് ബ്രിട്ടൻ ആയിരുന്നു. ഇതിന് തൊട്ടുപിന്നാലെ കാനഡയും മറ്റ് യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുമാണ് പട്ടികയിലുള്ളത്. വിദ്യാർത്ഥി കുടിയേറ്റത്തിലുണ്ടായ ഗണ്യമായ വർദ്ധനവ് 2023-ലെ മൊത്തം പ്രവാസ നിരക്ക് നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. കെ.എം.എസ് 2023 അനുസരിച്ച്, കേരളത്തിൽ നിന്ന് ഏകദേശം 2.5 ലക്ഷം വിദ്യാർത്ഥി കുടിയേറ്റക്കാരാണ് ഉള്ളത്, എറണാകുളത്താണ് ഏറ്റവും കൂടുതൽ എമിഗ്രേഷൻ

**പട്ടിക: 10.1.4** വനിതാ പ്രവാസികളുടെ വിശദാംശങ്ങൾ 2018, 2023 എന്നീ വർഷങ്ങളിൽ ശതമാനത്തിൽ

| വിവരങ്ങൾ | 2018 (%) | 2023 (%) |
|---|---|---|
| ആകെ കുടിയേറ്റക്കാരിൽ സ്ത്രീകളുടെ അനുപാതം | 15.8 | 19.10 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ വിവാഹിതരല്ലാത്തവരുടെ അനുപാതം | 33 | 36.80 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ വിവാഹിതരായവരുടെ അനുപാതം | 65.5 | 61.50 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ വിദ്യാഭ്യാസ യോഗ്യത ബിരുദവും അതിനുമുകളിലും ഉള്ളവരുടെ അനുപാതം | 53.1 | 71.50 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ ജി.സി.സി (GCC) രാജ്യങ്ങളിൽ താമസിക്കുന്നവരുടെ അനുപാതം | 74.20 | 59.5 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ നഴ്സിംഗ് ജോലി ചെയ്യുന്നവരുടെ അനുപാതം | 45.9 | 51.6 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ തൊഴിൽ സേനയിലെ പങ്കാളിത്തത്തിന്റെ അനുപാതം | - | 46.70 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ തൊഴിലില്ലായ്മ നിരക്കിന്റെ അനുപാതം | - | 5.2 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ തൊഴിൽ സേനയിൽ ഉൾപ്പെടാത്തവരുടെ അനുപാതം | | 21.5 |
| ആകെ സ്ത്രീ കുടിയേറ്റക്കാരിൽ വിദ്യാർത്ഥികളുടെ അനുപാതം | - | 26.60 |
| ആകെ കുടിയേറ്റ വിദ്യാർത്ഥികളിലെ പെൺകുട്ടികൾ | - | 45.60 |

ഉറവിടം: കേരള മൈഗ്രേഷൻ സർവേ 2023

**പട്ടിക: 10.1.5** സ്ത്രീ കുടിയേറ്റക്കാരുടെ പ്രധാന തൊഴിലുകൾ

| തൊഴിൽ (Occupation) | (%) |
|---|---|
| നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് | 51.6 |
| എഞ്ചിനീയർ | 4.3 |
| അധ്യാപികമാർ | 3.6 |
| കാഷ്യർ, ടിക്കറ്റ് ക്ലർക്ക്, അക്കൗണ്ടന്റ് | 2.9 |
| വീട്ടുജോലിക്കാർ | 2.8 |
| ചാർട്ടേഡ് അക്കൗണ്ടന്റ് | 2.7 |
| ഡോക്ടർ | 2.2 |
| സെയിൽസ്പേഴ്സൺ | 1.9 |
| ഫാർമസിസ്റ്റ് | 1.4 |
| ചൈൽഡ് കെയർ വർക്കർ | 1.2 |
| പാചകക്കാർ | 1.1 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1.1 |
| ലബോറട്ടറി / എക്സ്-റേ ടെക്നീഷ്യൻ | 1.0 |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 1.0 |
| മറ്റുള്ളവ | 21.2 |
| **ആകെ** | **100.0** |

**ഉറവിടം**: കേരള മൈഗ്രേഷൻ സർവേ 2023, നോർക്ക റൂട്ട്സ്

വിദ്യാർത്ഥികളുള്ളത്, 43,990. യഥാക്രമം 35,873, 35,382 എണ്ണം വിദ്യാർത്ഥികളുമായി തൃശ്ശൂരും കോട്ടയവും തൊട്ടു പിന്നാലെയുണ്ട്. കേരളത്തിൽ ഏറ്റവും കുറവ് വിദ്യാർത്ഥി കുടിയേറ്റക്കാർ വയനാട്ടിൽ നിന്നുമാണ്, 3750. **അനുബന്ധം 10.1.4** കേരളത്തിൽ നിന്നുള്ള അന്താരാഷ്ട്ര വിദ്യാർത്ഥി കുടിയേറ്റ നില കാണിക്കുന്നു.

### റിട്ടേൺ മൈഗ്രേഷൻ (പ്രവാസികളുടെ തിരിച്ചു വരവ്)

1998 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ തിരിച്ചെത്തിയ പ്രവാസികളുടെ (REM) എണ്ണത്തിൽ വർഷം തോറും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായി. റിട്ടേൺ എമിഗ്രേഷന്റെ ഏറ്റവും വലിയ വർദ്ധനവ് 2018-നും 2023-നും ഇടയിലാണ് അതായത് 495,962 വ്യക്തികൾ. ആഗോള ആരോഗ്യ പ്രതിസന്ധി സൃഷ്ടിച്ച സാമ്പത്തിക തടസ്സങ്ങൾ, കർശനമായ കുടിയേറ്റ നയങ്ങൾ, തൊഴിലവസരങ്ങളിലെ കുറവ് എന്നിവ കാരണം കഴിഞ്ഞ കുറച്ച് വർഷങ്ങളായി (പ്രവാസികൾ) തിരിച്ചുവരുന്നത് വർദ്ധിക്കുമെന്നത് പ്രതീക്ഷിച്ചിരുന്ന ഒരു പ്രതിഭാസമാണ്. **അനുബന്ധം 10.1.5** പ്രവാസികൾ തിരിച്ചുവരുന്നതിലെ പ്രവണതകളെ കാണിക്കുന്നു. **അനുബന്ധം 10.1.6** ൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ കാണിക്കുന്നു.

### സർക്കാരിന്റെ ഇടപെടലുകൾ

കേരളത്തിൽ, പ്രവാസികൾക്കായി സർക്കാർ വിവിധ ഏജൻസികൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു, പ്രധാനമായും നോർക്ക റൂട്ട്സ്, പ്രവാസി വെൽഫെയർ ബോർഡ് തുടങ്ങിയ ഏജൻസികളിലൂടെയാണ് ഇവ ഏകോപിപ്പിക്കുന്നത്. ഈ ഏജൻസികളുടെ പ്രധാന പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

**നോർക്ക റൂട്ട്സ്**
മുൻപ് നോൺ റെസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി എന്നറിയപ്പെട്ടിരുന്ന നോർക്ക റൂട്സ്, 2002 മുതൽ നോർക്ക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു ഫീൽഡ് ഏജൻസിയാണ്. പ്രവാസി ക്ഷേമം ഉറപ്പാക്കുകയും അവരെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങൾക്കും ഒരൊറ്റ കിയോസ്കായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഏജൻസിയുടെ പ്രധാന ലക്ഷ്യം.

**നോർക്ക റൂട്ട്സിന്റെ പ്രധാന പദ്ധതികൾ**
**സാന്ത്വന പദ്ധതി**
സാന്ത്വന പദ്ധതിക്ക് അപേക്ഷിക്കുന്ന പ്രവാസി രണ്ട് വർഷത്തിൽ കുറയാതെ വിദേശത്ത് ജോലി ചെയ്തിരിക്കണം. അപേക്ഷകന്റെ/ ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 1.5 ലക്ഷം രൂപയിൽ കവിയരുത്. ചികിത്സാ സഹായങ്ങൾ (50,000 രൂപ വരെ), മരണാനന്തര ധന സഹായം (1,00,000/- രൂപ വരെ) വിവാഹ ധന സഹായം (15,000 രൂപ വരെ), വൈകല്യത്തെ ചെറുക്കുന്നതിനുള്ള ശാരീരിക സഹായ ഉപകരണങ്ങൾ വിതരണം ചെയ്യൽ (10,000 രൂപ വരെ) എന്നിവയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുന്നു.

സാന്ത്വന പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 4748 ഗുണഭോക്താക്കൾക്ക് 24.15 കോടി രൂപയും 2025-26 സാമ്പത്തിക വർഷത്തിൽ (31.08.2025 വരെ) 1036 ഗുണഭോക്താക്കൾക്കായി 5.21 കോടി രൂപയും അനുവദിച്ചു.

**മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം (എൻ.ഡി.പി.ആർ.ഇ.എം)**
മടങ്ങിയെത്തിയ കുടിയേറ്റക്കാരുടെ പുനരധിവാസത്തിന് പിന്തുണ നല്കുന്നതിന്റെ ഭാഗമായി, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മടങ്ങിവരുന്ന പ്രവാസികൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം പ്രദാനം ചെയ്യുന്നതിനായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.ഇ.എം)' എന്നൊരു പദ്ധതി കേരള സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി, അഗ്രി-ബിസിനസ്, ട്രേഡിംഗ്, സർവീസ്, മാനുഫാക്ചറിംഗ് എന്നീ മേഖലകളിൽ സ്വന്തമായി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന മടങ്ങി വന്ന പ്രവാസികളിൽ നിന്നുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്കീമിന് കീഴിൽ, ഓരോ അപേക്ഷകനും 30 ലക്ഷം വരെ മൂലധന ചെലവുള്ള പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡി ( പരമാവധി 3.00 ലക്ഷം രൂപ) അനുവദിക്കും. യൂണിറ്റ് പ്രവർത്തിക്കുന്ന ആദ്യത്തെ 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡി നൽകാനുള്ള വ്യവസ്ഥയുണ്ട്.

മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസം പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 858 സംരംഭങ്ങൾ ആരംഭിക്കുയും 17 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി മുഖാന്തരം 7400-ലധികം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പ്രവാസികളുടെ പുനരധിവാസം, പുനർ സംയോജനം, ഏകോപനം**
പ്രവാസികളെ പുനരധിവസിപ്പിക്കാനും പുനഃസംയോജിപ്പിക്കാനും പുതിയതും വിജയകരവുമായ ഒരു ജീവിതത്തിലേക്ക് ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

കോവിഡ്-19 മൂലം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങിയവർക്കും സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്കും വേണ്ടി 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് **പ്രവാസി ഭദ്രത.** പേൾ, മൈക്രോ, മെഗാ എന്നിങ്ങനെ മൂന്ന് ഉപപദ്ധതികളിലൂടെയാണ് ധനസഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ആകെ 13906 സംരംഭങ്ങൾ ആരംഭിക്കുകയും 2024-25 സാമ്പത്തിക വർഷത്തിൽ 9.00 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പാസ്പോർട്ട്, വിസ, തൊഴിൽ, സാമൂഹിക കാര്യങ്ങൾ, നിയമപരമായ കേസുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിടുന്ന ദുരിതബാധിതരായ പ്രവാസികൾക്ക്, പ്രത്യേകിച്ച് ഗൾഫ് സഹകരണ കൗൺസിൽ (ജി.സി.സി) രാജ്യങ്ങളിൽ മനഃപൂർവ്വമല്ലാതെയുള്ള കുറ്റങ്ങൾമൂലം തടവിലാക്കപ്പെട്ടവർക്ക് നിയമസഹായവും ഉപദേശവും നൽകാനാണ് **പ്രവാസി ലീഗൽ എയ്ഡ് സെൽ (PLAC)** സ്ഥാപിച്ചത്. സെൽ നിയമ ബോധവൽക്കരണ പരിപാടികൾ നടത്തുകയും, ഭാഷാ വിവർത്തന സഹായം നൽകുകയും, ദുരിതബാധിതരായ പ്രവാസികളെ സഹായിക്കുന്നതിന് മലയാളി സാംസ്കാരിക സംഘടനകളുമായി സഹകരിക്കുകയും ചെയ്യുന്നു. നിലവിൽ സൗദി അറേബ്യ, യുഎഇ, കുവൈറ്റ് എന്നിവിടങ്ങളിൽ പ്രവാസി ലീഗൽ എയ്ഡ് സെൽ സ്കീമിന് കീഴിൽ ഏഴ് ലീഗൽ കൺസൾട്ടന്റ്മാരെ നിയമിച്ചിട്ടുണ്ട്. ഈ സ്കീമിന് കീഴിൽ ആകെ 235 അപേക്ഷകൾ ലഭിച്ചു, 31.08.2025 വരെ 70 കേസുകൾ വിജയകരമായി തീർപ്പാക്കിയിട്ടുണ്ട്.

3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി/തിരികെ വന്ന പ്രവാസി കേരളീയരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുക എന്നതാണ് **നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് സ്കീം** പദ്ധതിയുടെ ലക്ഷ്യം. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് സ്കീമിന് കീഴിലുള്ള ഫണ്ടിന്റെ ഭൂരിഭാഗവും നോർക്ക റൂട്ട്സ് ഡയറക്ടർമാർ സന്മനസാൽ സംഭാവന ചെയ്യുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ 170 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു, പദ്ധതിക്കായി 30.00 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം വിനിയോഗിച്ചു.

സംസ്ഥാനത്തെ ഒരു നിക്ഷേപ കേന്ദ്രമാക്കി മാറ്റുന്നതിൽ തങ്ങളുടെ അനുഭവം പ്രയോജനപ്പെടുത്തുന്നതിനായി NRK നിക്ഷേപകർക്ക് വേണ്ടിയുള്ള ഒരു ഏകജാലക സംവിധാനമാണ് **നോർക്ക വാണിജ്യ സൗകര്യ കേന്ദ്രം.** നിക്ഷേപകരായ പ്രവാസികൾക്കും തിരികെയെത്തിയവർക്കും വിദഗ്ധ അറിവും പ്രത്യേക മാർഗ്ഗനിർദ്ദേശവും

നൽകിക്കൊണ്ട്, കേരളത്തിൽ ബിസിനസ്സ് ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഉള്ള സഹായം ഈ കേന്ദ്രം നൽകി വരുന്നു. 2024–25 സാമ്പത്തിക വർഷത്തിൽ, 415 പേർ പങ്കെടുത്ത 10 സംരംഭകത്വ വികസന പരിപാടികൾ (EDP-കൾ) നടത്തുകയും അതിന്റെ ഫലമായി 233 പുതിയ പദ്ധതികൾ ഉണ്ടാവുകയും ചെയ്തു. 2025 ഓഗസ്റ്റ് 31 വരെ, 466 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 3 റെസിഡൻഷ്യൽ സംരംഭകത്വ പരിപാടികൾ, മൂന്ന് ഓൺലൈൻ EDP, ഒരു പ്രവാസി സഹകരണ പരിശീലനം, ഒരു ബോധവൽക്കരണ പരിപാടി എന്നിവ നടത്തുകയും ഇത് 64 പുതിയ പ്രോജക്റ്റുകളിലേക്കും നിരവധി ബിസിനസ് വിപുലീകരണങ്ങളിലേക്കും നയിക്കുകയും ചെയ്തു.

നോർക്കയുടെ വിവിധ പദ്ധതികളെയും ക്ഷേമ പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പ്രവാസി കേരളീയർക്കിടയിൽ (NRKs) പ്രചരിപ്പിക്കുകയും അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നതിൽ **പ്രവാസി സംഘങ്ങൾ** നിർണ്ണായക പങ്ക് വഹിക്കുന്നു. പ്രവാസികൾ വിദേശത്താണോ, ജോലിക്കുശേഷം നാട്ടിലേക്ക് മടങ്ങിയവരാണോ എന്നത് പരിഗണിക്കാതെ അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്വാധീനമുള്ള വേദികളാണ് ഈ സംഘങ്ങൾ. പ്രവാസി കേരളീയരുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക വളർച്ചയാണ് ഈ അസോസിയേഷനുകളുടെ പ്രധാന ലക്ഷ്യം. പ്രവാസികളുടെ എല്ലാ ആശങ്കകളും നേരിട്ട് പരിഹരിക്കുന്നതിൽ വകുപ്പ് ഇടയ്ക്ക് വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ, നോർക്കയ്ക്കും NRK-കൾക്കും ഇടയിൽ ഉള്ള ആശയവിനിമയ വിടവ് നികത്തുകയും ഫലപ്രദമായ പരാതി പരിഹാര സംവിധാനങ്ങളായി പ്രവാസി സംഘങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു.കേരളത്തിൽ ഏകദേശം 100 സംഘങ്ങൾ ഈ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിട്ടുണ്ട്. ഇതുവരെയായി 81 സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധന സഹായം ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ വിമാനത്താവളങ്ങളിൽ എത്തിച്ചേരുന്ന പ്രവാസി രോഗികൾക്ക് ആശുപത്രികളിലേക്കോ അവരുടെ വീട്ടിലേക്കോ സൗജന്യ ആംബുലൻസ് സേവനം നൽകുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് **അടിയന്തിര ആംബുലൻസ് സഹായം**ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ച് നോർക്ക-റൂട്ട്സ് ഈ സൗജന്യ ആംബുലൻസ് സേവനം സാധ്യമാക്കുന്നു. മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേക്കും ഈ സേവനം വ്യാപിപ്പിച്ചിട്ടുണ്ട്. വിദേശത്ത് മരിച്ച പ്രവാസികളുടെ മൃതദേഹങ്ങൾ ഈ വിമാനത്താവളങ്ങളിൽ നിന്ന് അവരുടെ വീടുകളിലേക്കോ / നാട്ടിലേക്കോ കൊണ്ടുപോകുന്നതിനും ഈ സൗജന്യ ആംബുലൻസ് സേവനം സഹായിക്കുന്നു. ഈ സേവനം ലഭിക്കുന്നതിന് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും അസോസിയേഷനുകൾക്കും നോർക്ക-റൂട്ട്സിനെ ബന്ധപ്പെടാവുന്നതാണ്. ഈ പദ്ധതി പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ 580 ഗുണഭോക്താക്കൾക്ക് 53.00 ലക്ഷം രൂപയും 2025-26 ൽ (31.08.2025 ലെ തീയതി വരെ) 256 ഗുണഭോക്താക്കൾക്ക് 24.19 ലക്ഷം രൂപയും അനുവദിച്ചു.

വളരെ ദുരിതമനുഭവിക്കുന്ന സാഹചര്യങ്ങളിലുള്ള പ്രവാസികളെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിനാണ് **അടിയന്തര റീപാട്രിയേഷൻ ഫണ്ട്** സ്കീം ഉപയോഗിക്കുന്നത്. സംഘർഷഭരിതമായ രാജ്യങ്ങളിൽ നിന്നുള്ള കൂട്ട കുടിയൊഴിപ്പിക്കലും ഇതിൽ ഉൾപ്പെടുന്നു. ദുരിതബാധിതരെ നാട്ടിലെത്തിക്കുന്നതിനും മൃതദേഹങ്ങൾ കൊണ്ടുപോകുന്നതിനും ഈ സ്കീം പരിരക്ഷ നൽകുന്നു. ഈ പദ്ധതി പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ 17 ഗുണഭോക്താക്കൾക്ക് 20.74 ലക്ഷം രൂപയും 2025-26 ൽ (31.08.2025 വരെ) 72 ഗുണഭോക്താക്കൾക്ക് 18.68 ലക്ഷം രൂപയും അനുവദിച്ചു.

നോർക്ക വകുപ്പിന്റെ സജീവ പങ്കാളിത്തത്തിലൂടെ ഭൗതികവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ കൈവരിച്ചുകൊണ്ട്, നൈപുണ്യ വികസനത്തിലൂടെ തൊഴിലക്ഷമത മെച്ചപ്പെടുത്തി തൊഴിൽ നിയമനം ത്വരിതപ്പെടുത്തുകയും സാമ്പത്തിക സ്ഥിരത ഉറപ്പാക്കുകയും അപകടസാധ്യത കുറയ്ക്കുകയും ചെയ്തുകൊണ്ട്, മടങ്ങിയെത്തുന്ന പ്രവാസി മലയാളികളുടെ ജീവിത നിലവാരം ഗണ്യമായി ഉയർത്തുക എന്നതാണ് **നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME)** ഈ പദ്ധതിയുടെ ലക്ഷ്യം. തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കൽ, പ്രവാസി മലയാളികളുടെ സംരംഭകത്വത്താൽ സമ്പദ്‌വ്യവസ്ഥയെ വൈവിധ്യവൽക്കരിക്കൽ, നിക്ഷേപം വർദ്ധിപ്പിക്കൽ, സാമൂഹിക സാമൂഹ്യ ബാധ്യതകൾ കുറയ്ക്കൽ, നൈപുണ്യ കൈമാറ്റവും നൂതനത്വവും പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെ ഈ പദ്ധതി കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്ക് വലിയ പ്രേരകശക്തിയായി പ്രവർത്തിക്കുന്നു.പരിപാടി വിജയകരമായി നടപ്പാക്കുന്നത് മുഖാന്തിരം വ്യക്തികളുടെ ശാക്തീകരണത്തിലും പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിലും നേരിട്ടുള്ള മാറ്റം സൃഷ്ടിക്കുന്നു.

ഇന്ത്യയിലെ ഏത് പ്രവിശ്യയിൽ നിന്നും ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യാനുള്ള അധികാരം നോർക്ക റൂട്ട്സിനുണ്ട്. നോർക്ക റിക്രൂട്ട്മെന്റ് പദ്ധതി പ്രകാരം GCC രാജ്യങ്ങൾ, യുണൈറ്റഡ് കിംഗ്ഡം, ജർമ്മനി, കാനഡ എന്നിവയുൾപ്പെടെ വിവിധ രാജ്യങ്ങളിൽ കൺസൾട്ടന്റ്മാർ, നഴ്സുമാർ, പരിചരണ ദാതാക്കൾ, സാങ്കേതിക വിദഗ്ധർ, വീട്ടുജോലിക്കാർ എന്നിവരുൾപ്പെടെ 3,500-ലധികം ആരോഗ്യ ശുശ്രൂഷാ പ്രൊഫഷണലുകളെ നോർക്ക വിജയകരമായി റിക്രൂട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ ഏത് പ്രവിശ്യയിൽ നിന്നും ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യാനുള്ള അധികാരം നോർക്ക റൂട്ട്സിനുണ്ട്.

നിലവിൽ സൗദി അറേബ്യ, യുഎഇ, കുവൈറ്റ്, ബ്രിട്ടൺ, ജർമ്മനി, കാനഡ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് നോർക്ക റൂട്ട്സ് വഴി വിവിധ തൊഴിൽ റിക്രൂട്ട്മെന്റുകൾ വിജയകരമായി നടക്കുന്നുണ്ട്. യുകെ, ജർമ്മനി, കാനഡ റിക്രൂട്ട്മെന്റുകൾ ഉദ്യോഗാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യമാണ്.

സാധുവായ നോർക്ക ഐഡി കാർഡുള്ള പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് സമഗ്ര ആരോഗ്യ-വ്യക്തിഗത

**പട്ടിക 10.1.6** കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് (കെ.എൻ.ആർ.കെ.ഡബ്ല്യു.ബി) 2021-22, മുതൽ 2025-26 (2025 ഒക്ടോബർ 15 വരെ) വരെ അനുവദിച്ച പെൻഷന്റെ വിശദാംശങ്ങൾ (2025 ഒക്ടോബർ 15 വരെ)

| വർഷം | രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം | പെൻഷൻകാരുടെ എണ്ണം | തുക (കോടി) |
|---|---|---|---|
| 2021-22 | 64,210 | 23,117 | 52.60 |
| 2022-23 | 90,550 | 35,112 | 124.39 |
| 2023-24 | 71,771 | 49,765 | 191.74 |
| 2024-25 | 68,476 | 67,425 | 280.95 |
| 2025-26 (15.10.2025) | 50,419 | 72,112 | 163.97 |

**ഉറവിടം**: കെ.എൻ.ആർ.കെ.ഡബ്ല്യു.ബി, കേരള സർക്കാർ

അപകട ഇൻഷുറൻസ് പദ്ധതിയാണ് നോർക്ക കെയർ (5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസും 10 ലക്ഷം രൂപയുടെ ഗ്രൂപ്പ് വ്യക്തിഗത അപകട പരിരക്ഷയും).

പ്രവാസി കേരളീയരുടെ (എൻ.ആർ.കെ) ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം അനുസരിച്ച് രൂപീകരിച്ച കേരള സർക്കാരിന്റെ നിയമപരമായ ബോർഡാണ് **കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്.** നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്ത 2009 ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്ത പദ്ധതികളാണ് ബോർഡ് നടപ്പിലാക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആക്റ്റിന്റെയും സ്കീമിന്റെയും വ്യവസ്ഥകൾ അനുസരിച്ച് ഒരു ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, അസാധു പെൻഷൻ, മരണാനന്തര സഹായം, ചികിത്സാ സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം എന്നിങ്ങനെ വിവിധ സഹായങ്ങൾ ബോർഡ് നൽകുന്നു. ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും പ്രവാസി ക്ഷേമനിധിയിൽ പേര് ചേർക്കുന്നതിനും കുടിശ്ശിക അടയ്ക്കുന്നതിനും സുതാര്യവും സുരക്ഷിതവുമായ ഓൺലൈൻ സംവിധാനം നിലവിലുണ്ട് 2024-25 വർഷത്തിൽ 67425 അംഗങ്ങൾക്കായി 280.95 കോടി രൂപ പെൻഷൻ ഇനത്തിൽ നോർക്ക വെൽഫെയർ ബോർഡ് വഴി ചെലവഴിച്ചതായി പട്ടികയിൽ നിന്ന് വ്യക്തമാണ്. 2025 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്, 2025-26 ൽ 72,112 അംഗങ്ങൾക്കായി പെൻഷൻ ഇനത്തിൽ 15.10.2025 വരെ 163.97 കോടി രൂപ ചിലവഴിച്ചു കഴിഞ്ഞു **(പട്ടിക 10.1.6)**.

ലോകത്തെവിടെ നിന്നും പ്രവാസി ക്ഷേമനിധിയിൽ എൻറോൾ ചെയ്യാനും കുടിശ്ശിക അടയ്ക്കാനും സുതാര്യവും സുരക്ഷിതവുമായ ഓൺലൈൻ സൗകര്യവുമുണ്ട്.

കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ് കിഫ്ബിയുമായി സഹകരിച്ച് **പ്രവാസി ലാഭവിഹിത പദ്ധതി** നടപ്പിലാക്കുന്നു. ഇത് ജന്മനാടിന്റെ വികസനത്തിനായി പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ്.

പ്രവാസി ഡിവിഡന്റ് സ്കീം പ്രവാസികൾക്കും അവരുടെ പങ്കാളികൾക്കും ആജീവനാന്ത സാമ്പത്തിക സാമൂഹിക സുരക്ഷ വാഗ്ദാനം ചെയ്യുന്നു. ഈ വരുമാന ഗ്യാരന്റി പദ്ധതിക്ക് പ്രവാസി കമ്മ്യൂണിറ്റികളിൽ നിന്ന് മികച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്. ഈ സ്കീമിന് കീഴിൽ ഇതുവരെ 330 കോടിയിലധികം രൂപ സമാഹരിച്ച് കിഫ്ബിയിലേക്ക് മാറ്റിയിട്ടുണ്ട്. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ ആകെ 2,356 നിക്ഷേപകരും 3,767 നിക്ഷേപങ്ങളും ഉണ്ട്

കേരളത്തിന്റെ വികസനത്തിന് പ്രവാസികൾ നൽകുന്ന സംഭാവനകൾ സാമ്പത്തികമായി മാത്രം അളക്കാനാവില്ല. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി കേരള സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ, ഇതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ഉണ്ട്. കേരളത്തിൽ ഒരു വിജ്ഞാനാധിഷ്ഠിത സമ്പദ്വ്യവസ്ഥയുടെ രൂപീകരണമാണ് മടങ്ങിവരുന്ന പ്രവാസികൾ പ്രതീക്ഷിക്കുന്നത്. അതുപോലെ, ഈ സർക്കാർ കേരളത്തിലെ മൂലധന വളർച്ച ത്വരിതപ്പെടുത്തുന്നതിന് പ്രവാസികൾക്ക് വിവിധ നിക്ഷേപ അവസരങ്ങൾ ഉറപ്പാക്കുന്നുമുണ്ട്.

അദ്ധ്യായം

# 11

# പശ്ചാത്തല സൗകര്യം

# പശ്ചാത്തല സൗകര്യം

## 11.1 ഗതാഗതം

ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് ശൃംഖലയാണ് ഇന്ത്യയിലുള്ളത്. ഏതു പ്രദേശത്തേക്കും നേരിട്ടുള്ള കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനാൽ ചരക്ക് നീക്കത്തിനും യാത്രകൾക്കുമായി ആളുകൾ പ്രധാനമായും ആശ്രയിക്കുന്നത് റോഡ് ഗതാഗതത്തെയാണ്. രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയിലും സാമൂഹിക ഒരുമയിലും ഈ മേഖല വലിയ പങ്ക് വഹിക്കുന്നു. റെയിൽ, കപ്പൽ, വ്യോമ ഗതാഗത സംവിധാനങ്ങളെ സഹായിക്കുന്ന ഒരു അനുബന്ധ സേവനമായും റോഡ് ഗതാഗതം വർത്തിക്കുന്നു.

**ഇന്ത്യയിലെ റോഡ് ശൃംഖല**

കഴിഞ്ഞകുറെ വർഷങ്ങളായി നഗരങ്ങളെയും, ഗ്രാമങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭാരതത്തിന്റെ റോഡ് ശൃംഖല വളർന്നുകൊണ്ടിരിക്കുകയാണ്. ദേശീയ പാതകൾ, എക്സ്പ്രസ് വേകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ, ഗ്രാമീണ, നഗര റോഡുകൾ, മറ്റ് ജില്ലാ റോഡുകൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ റോഡ് ശൃംഖലയാണ് ഇന്ത്യയുടേത്. ഇന്ത്യയിലെ റോഡ് ശൃംഖലയുടെ വിശദാംശങ്ങൾ **പട്ടിക 11.1.1**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.1 ഇന്ത്യയിലെ റോഡ് ശൃംഖല**

| ക്രമ നം. | ഇനങ്ങൾ | റോഡിന്റെ നീളം (കിലോമീറ്ററിൽ) |
|---|---|---|
| 1 | ദേശീയപാതകൾ/ എക്സ്പ്രസ് വേകൾ | 1,46,195 |
| 2 | സംസ്ഥാന പാതകൾ | 1,79,535 |
| 3 | മറ്റ് ജില്ലാ റോഡുകൾ | 60,19,723 |
| **ആകെ** | | **63,45,453** |

ഉറവിടം: വാർഷിക റിപ്പോർട്ട് 2024-25, റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം (മോർത്ത്), ഇന്ത്യാ ഗവൺമെന്റ്

രാജ്യത്തിന്റെ നാഡീവ്യൂഹമായി പ്രവർത്തിക്കുന്ന ദേശീയ പാതകളുടെ പാതയുടെ ആകെ നീളം 1,46, 195 കിലോമീറ്ററാണ്. ഇവയുടെ വികസനവും പരിപാലനവും പ്രാഥമികമായി കേന്ദ്രസർക്കാരിന്റെ ഉത്തരവാദിത്തമാണ്. ദേശീയപാത (എൻ എച്ച്) ശൃംഖലയുടെ നീളം 2014–ലെ 91,287 കിലോമീറ്ററിൽ നിന്ന് 2025–ൽ 1,46,195 കിലോമീറ്ററായി, 60 ശതമാനം വർദ്ധിച്ചു. ദേശീയപാത ശൃംഖലയിലെ പ്രവർത്തനക്ഷമമായ ഹൈ–സ്പീഡ് കോറിഡോറുകളുടെ (എച്ച്എസ്സി കൾ) നീളം 2014–ലെ 93 കിലോമീറ്ററിൽ നിന്ന് 2025–ൽ 2,474 കിലോമീറ്ററായി വർദ്ധിച്ചു. 'നാലുവരിപ്പാതയും അതിൽ കൂടുതലുമുള്ള' ദേശീയപാതകളുടെ (ഹൈ–സ്പീഡ് കോറിഡോറുകൾ ഒഴികെ) നീളം 2014–ലെ 18,278 കിലോമീറ്ററിൽ നിന്ന് 2025–ൽ 45,947 കിലോമീറ്ററായി, 2.5 മടങ്ങ് വർദ്ധിച്ചു. സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിലെ ഗതാഗതം സുഗമമാക്കുക എന്നതാണ് സംസ്ഥാന പാതകളിലെ (എസ്.എച്ച്) വികസനം കൊണ്ട് ലക്ഷ്യമിടുന്നത്. പ്രധാന ജില്ല റോഡുകൾ സംസ്ഥാനത്തെ പ്രധാന റോഡുകളെയും ഗ്രാമീണ പാതകളെയും ബന്ധിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നു.

**കേരളത്തിലെ ഗതാഗത മേഖല : വികസനത്തിന്റെ സുപ്രധാന സൂചികകൾ (2021–2025)**

2021 മുതൽ 2025 വരെയുള്ള കാലയളവിൽ കേരളത്തിലെ ഗതാഗത മേഖലയിലെ വികസന സൂചകകളിൽ പലതിലും നേട്ടം കൈവരിച്ചു. വിശദാംശങ്ങൾ **അനുബന്ധം 11.1.1**–ൽ നൽകിയിരിക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ (പി.ഡബ്ല്യു.ഡി.) റോഡുകളുടെ നീളം തുടർച്ചയായി വർദ്ധിച്ച് 2025–ൽ 30,000 കിലോമീറ്റർ (പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ്, ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ ഉൾപ്പെടെ) കടന്നത് റോഡ് അടിസ്ഥാനസൗകര്യങ്ങളുടെ വികാസത്തെ സൂചിപ്പിക്കുന്നു. ഈ വർദ്ധനവ്, 2025–ഓടെ വാഹനങ്ങളുടെ എണ്ണം 1.8 കോടി കടന്നത് ജനങ്ങളുടെയും വാണിജ്യ മേഖലയുടെയും വർദ്ധിച്ചുവരുന്ന വാഹന ഉപയോഗത്തെ വ്യക്തമാക്കുന്നു. ഇത് വ്യക്തിഗത, വാണിജ്യ

**പട്ടിക 11.1.2** സംസ്ഥാനത്തെ വിവിധ ഏജൻസികൾ പരിപാലിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന റോഡുകളുടെ ദൈർഘ്യം

| ക്രമ നം | വകുപ്പ് പരിപാലിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന റോഡുകൾ | 2025 ഓഗസ്റ്റ് വരെയുള്ള നീളം കിലോമീറ്ററിലും ശതമാനത്തിലും |
|---|---|---|
| | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽ എസ്ജി ഡി) | 1,58,078.79 കിലോമീറ്റർ (ആകെ റോഡുകളുടെ നീളത്തിന്റെ 80.06%) |
| 2. | ദേശീയ പാതകൾ (എൻ എച്ച്) | 1,858 കിലോമീറ്റർ (ആകെ റോഡുകളുടെ നീളത്തിന്റെ 1%) |
| 3. | പൊതുമരാമത്ത് വകുപ്പ് (പി ഡബ്ലിയു ഡി) | 29,573 കിലോമീറ്റർ (ആകെ റോഡുകളുടെ നീളത്തിന്റെ 14.97%) |
| a. | സംസ്ഥാന പാതകൾ (എസ് എച്ച് കൾ) | 4,128 കിലോമീറ്റർ (13.96% പൊതുമരാമത്ത് റോഡുകൾ) [898 കിലോമീറ്റർ നാലുവരി, 3,193 കിലോമീറ്റർ രണ്ടുവരി, 37 കിലോമീറ്റർ ഒറ്റവരി] |
| b. | പ്രധാന ജില്ലാ റോഡുകൾ(എം ഡി ആർ കൾ) | 25,445 കിലോമീറ്റർ (പൊതുമരാമത്ത് റോഡുകളുടെ 86.04%) [52 കിലോമീറ്റർ നാലുവരി, 10,593 കിലോമീറ്റർ രണ്ടുവരി, 14,800 കിലോമീറ്റർ ഒറ്റവരി] |
| 4. | വനം വകുപ്പ് | 5189.35 കിലോമീറ്റർ (ആകെ റോഡുകളുടെ നീളത്തിന്റെ 2.62%) |
| 5. | മറ്റ് റോഡുകൾ* | 2749.04 കിലോമീറ്റർ (ആകെ റോഡുകളുടെ നീളത്തിന്റെ 1.39 %) |
| **ആകെ റോഡുകളുടെ നീളം** | | **1,97,448.34 കിലോമീറ്റർ** |

**ഉറവിടം**: പൊതുമരാമത്ത് വകുപ്പ്, റോഡുകൾ, ദേശീയപാത, വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്.
* റെയിൽവേ, ജലസേചനം, കെഎസ്ഇബി, ദേവസ്വം വകുപ്പ് എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന റോഡുകളാണ് മറ്റ് റോഡുകൾ എന്നതിൽ ഉൾപ്പെടുന്നത്.

വാഹനങ്ങളുടെ ഉയർന്ന ഉപയോഗത്തെ സൂചിപ്പിക്കുന്നു. കേരളത്തിന് ശക്തമായ ഒരു മൾട്ടിമോഡൽ പൊതുഗതാഗത സംവിധാനമുണ്ട്. കെ.എസ്.ആർ.ടി.സി ബസുകൾ സർവീസ് നടത്തുകയും ചെയ്യുന്നതോടൊപ്പം അവയുടെ പ്രവർത്തനം കാര്യക്ഷമമായി നിയന്ത്രിക്കുകയും ചെയ്യുന്നു. കൂടാതെ, സംസ്ഥാന ജലഗതാഗത വകുപ്പ് തങ്ങളുടെ നിയന്ത്രണത്തിലുള്ള ബോട്ടുകളും ജങ്കാറുകളും ഉപയോഗിച്ച് ജലഗതാഗതമേഖലകളിൽ സേവനം നൽകി വരുന്നു.

**കേരളത്തിലെ റോഡുകൾ**

സംസ്ഥാനത്തെ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ ആസൂത്രണം, രൂപീകരണം, നിർവ്വഹണം, സംരക്ഷണം എന്നിവയുടെ ചുമതല വഹിക്കുന്ന സുപ്രധാന സർക്കാർ വകുപ്പാണ് കേരള പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യുഡി). സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയോടൊപ്പം നിരവധി പാലങ്ങളും സർക്കാർ ഉടമസ്ഥതയിലുള്ള ആശുപത്രികൾ, ഓഫീസുകൾ തുടങ്ങിയ വിവിധ കേരള പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ, ദേശീയപാതകൾ (കേന്ദ്ര സർക്കാർ ഏൽപ്പിച്ച ചുമതലകൾ) എന്നിങ്ങനെ പ്രത്യേക വിഭാഗങ്ങളായി തിരിഞ്ഞാണ് പൊതുമരാമത്ത് വകുപ്പ് പ്രവർത്തിക്കുന്നത്. ഇതുവഴി കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ മികച്ച കണക്റ്റിവിറ്റിയും ഉറപ്പുള്ള നിർമ്മാണവും ഈ വകുപ്പ് ഉറപ്പാക്കുന്നു.

സംസ്ഥാനത്തുള്ള റോഡുകളുടെ ആകെ നീളം 1,97,448.34 കിലോമീറ്റർ ആണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള ക്ലാസിഫൈഡ് റോഡുകളും നോൺ-ക്ലാസിഫൈഡ് റോഡുകളും ഇതിൽ ഉൾപ്പെടുന്നു. കേരളത്തിലെ വിവിധ ഏജൻസികൾ പരിപാലിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന റോഡുകളുടെ ദൈർഘ്യം സംബന്ധിക്കുന്ന വിശദാംശങ്ങൾ **പട്ടിക 11.1.2** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്ത് ആകെ 1,858 കിലോമീറ്റർ നീളമുള്ള 12 ദേശീയപാതകൾ (എൻഎച്ച്) ഉണ്ട്. ഇതിൽ 548 കിലോമീറ്റർ (29.5 ശതമാനം) ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗമാണ് നടത്തുന്നത്. ബാക്കി 1310 കിലോമീറ്റർ (വിഴിഞ്ഞം തുറമുഖവുമായി നാവായിക്കുളം എൻഎച്ച്-66 നെ ബന്ധിപ്പിക്കുന്ന എൻഎച്ച്-866 ഉൾപ്പെടെ) റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച്എഐ) പരിപാലിക്കുന്നു. സംസ്ഥാനത്തെ ദേശീയ പാതകളുടെ ദൈർഘ്യം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 11.1.2** ൽ നൽകിയിരിക്കുന്നു.

റോഡുകളുടെ നിർമ്മാണത്തിനു പുറമേ, പൊതുമരാമത്ത് വകുപ്പിന്റെ റോഡ് വിഭാഗം റോഡ് മെച്ചപ്പെടുത്തലുകൾ, നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ, റോഡുകളുടെ പുനർനിർമ്മാണവും നവീകരണവും, ജംഗ്ഷനുകൾ മെച്ചപ്പെടുത്തൽ എന്നിവയിലും മികച്ച യാത്രാ സൗകര്യത്തിനും, റോഡു സുരക്ഷയ്ക്കും ശ്രദ്ധ നൽകുന്നു. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാനം റണ്ണിംഗ് കോൺട്രാക്റ്റുകൾ നൽകിവരുന്നു. കേരളത്തിലെ ബി.എം. ആന്റ് ബി.സി. റോഡുകൾക്ക് അമിതഭാരമുള്ള വാഹനങ്ങളെയും വർദ്ധിച്ച ഗതാഗത തിരക്കിനെയും പ്രതിരോധിക്കാനുള്ള ഗുണനിലവാരമുണ്ട്. കൂടാതെ കുറഞ്ഞ ചെലവിലുള്ള അറ്റകുറ്റപ്പണി, മികച്ച ദൃഢത, ദീർഘകാല ഈട് എന്നിവയും ഇവയുടെ സവിശേഷതകളാണ്. കൂടാതെ, വെള്ളംകടക്കാത്ത ഉപരിതലമായതിനാൽ മികച്ച ഉപരിതല ഡ്രെയിനേജ് സംവിധാനവും ഇവ ഉറപ്പാക്കുന്നു. 2024-25-ൽ, ബിറ്റുമെൻ

**പട്ടിക 11.1.3** വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകൾ (കിലോമീറ്ററിൽ)

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ടാറിട്ട റോഡ്(ബ്ലാക്ക് ടോപ്പ്) | കോൺക്രീറ്റ് / സിമന്റ് റോഡ് | മൺ റോഡ് | ആകെ |
|---|---|---|---|---|---|
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 5823.67 | 2582.62 | 789.14 | 9309.74 |
| 2 | ജില്ലാ പഞ്ചായത്ത് | 336.35 | 17.78 | 16.96 | 371.09 |
| 3 | ഗ്രാമപഞ്ചായത്ത് | 68674.98 | 29105.03 | 32247.92 | 130228.16 |
| 4 | മുനിസിപ്പാലിറ്റി | 11181.39 | 4263.53 | 2641.09 | 18169.8 |
| **ആകെ** | | **86,016.39** | **35,968.96** | **35,695.11** | **1,58,078.79** |

**ഉറവിടം**: തദ്ദേശ സ്വയംഭരണ വകുപ്പ്.
കുറിപ്പ്: കഴിഞ്ഞ വർഷങ്ങളിൽ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന റോഡുകളുടെ ആകെ ദൈർഘ്യത്തിൽ റോഡ് ഉപരിതലത്തിലുണ്ടായ മാറ്റങ്ങൾ കാരണം ആവർത്തനങ്ങൾ കടന്നു കൂടുകയു വിവരങ്ങൾ കൃത്യമല്ലാതാകുകയും ചെയ്തിരുന്നു. ഈ പോരായ്മ പരിഹരിച്ച്കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ഇ.സി, ജി.ഐ.എസ് മാപ്പിംഗ് സോഫ്റ്റ് വെയർ സജ്ജമാക്കിയിട്ടുണ്ട്.

മെക്കാഡം (ബിഎം), ബിറ്റുമെൻ കോൺക്രീറ്റ് (ബിസി) എന്നിവ ഉപയോഗിച്ച് റോഡ് വിഭാഗം മൊത്തം 17,749.11 കിലോമീറ്റർ(കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ആകെ റോഡുകളിൽ 60 ശതമാനവും ബി.എം. ആന്റ് ബി.സി. (BM & BC) നിലവാരത്തിലുള്ളതാണ്) റോഡുകൾ പരിപാലിച്ച് വരുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ ഏറ്റവും കൂടുതൽ കോട്ടയം ജില്ലയിലാണ്, 3,311 കിലോമീറ്റർ (11 ശതമാനം). ഏറ്റവും കുറവ് 877 കിലോമീറ്റർ (3 ശതമാനം) (വയനാട് ജില്ലയാണ് ). പൊതുമരാമത്ത് വകുപ്പ് (റോഡുകൾ) പരിപാലിക്കുന്ന റോഡുകളുടെ ജില്ലാ തിരിച്ചുള്ള വിഭാഗത്തിന്റെയും വിശദാംശങ്ങളും അവയുടെ ദൈർഘ്യവും **അനുബന്ധം 11.1.3** ലും **അനുബന്ധം 11.1.4** ലും നൽകിയിരിക്കുന്നു.

2024–25–ൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകളുടെ ആകെ നീളം 1,58,078.79 കിലോമീറ്ററാണ്. ഇതിൽ 1,30,599.25 കിലോമീറ്റർ (82.61 ശതമാനം) റോഡുകൾ ജില്ലാ, ഗ്രാമ പഞ്ചായത്തുകളും 18,169.8 കിലോമീറ്റർ (11.49 ശതമാനം) മുനിസിപ്പാലിറ്റികളും, 9,309.75 കിലോമീറ്റർ (5.88 ശതമാനം) കോർപ്പറേഷനുകളുമാണ് പരിപാലിക്കുന്നത്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന റോഡുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ (കിലോമീറ്ററിൽ) **പട്ടിക 11.1.3**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാന പാതകളിൽ 550 പാലങ്ങളും, പ്രധാന ജില്ലാ റോഡുകളിൽ 2,145 പാലങ്ങളും, 154 പാലങ്ങൾ മറ്റ് ജില്ലാ റോഡുകൾ, ഗ്രാമീണ റോഡുകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ (ആർഒബികൾ) എന്നിവയുൾപ്പെടെ ആകെ 2,849 പാലങ്ങൾ പിഡബ്ല്യുഡി (പാലങ്ങൾ) വിഭാഗം പരിപാലിക്കുന്നു. എക്സ്ട്രാഡോസ്ഡ് പാലങ്ങൾ (ആലപ്പുഴയിലെ നാലുചിറ പാലം പോലെ, ഇത്തരത്തിലുള്ള പാലങ്ങളിൽ കേരളത്തിലെ ആദ്യത്തേത്), ബൗസ്ട്രിംഗ്, ഇന്റഗ്രൽ പാലങ്ങൾ (ആലപ്പുഴയിലെ പെരുമ്പളം പാലം പോലെ, സംസ്ഥാനത്തെ ഏറ്റവും നീളം കൂടിയ കായൽ പാലം, മൂന്ന് ബൗസ്ട്രിംഗ് സ്പാനുകളും ഇരുപത്തിയേഴ് ഇന്റഗ്രൽ സ്പാനുകളും ഉണ്ട്) തുടങ്ങിയ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സൗന്ദര്യാത്മക പാലങ്ങളുടെ നിർമ്മാണത്തിലാണ് ബ്രിഡ്ജസ് ഡിസൈൻ യൂണിറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കേരളത്തിലെ ആദ്യത്തെ നെറ്റ്‌വർക്ക് ടൈഡ് സ്റ്റീൽ ആർച്ച് പാലമായ മലമ്പുഴ റിംഗ് റോഡ് പാലം, ഡെക്ക് ഡിസൈനിൽ കേരള ശൈലിയിലുള്ള വാസ്തുവിദ്യ ഉൾപ്പെടുത്തിയിട്ടുള്ള പടഹാരം പാലം എന്നിവയാണ് മറ്റ് ശ്രദ്ധേയമായ പദ്ധതികൾ. 2024–25 ൽ, പാലങ്ങളുടെ വിഭാഗം 12 പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി.

ട്രൈബൽ ഉന്നതികൾ, ദ്വീപുകൾ തുടങ്ങിയ ആവാസ വ്യവസ്ഥകളിലേക്ക് കണക്റ്റിവിറ്റി നൽകുന്നതിനും തകർന്ന പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും പൊതുമരാമത്ത് (പാലം) വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കാലഹരണപ്പെട്ട പാലങ്ങളെ വിശ്രമയിടങ്ങളായും വിനോദ സഞ്ചാരികൾക്ക് ആകർഷകമായ രീതിയിൽ മാറ്റുകയും, കേരളത്തിലുടനീളം അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രകാശപൂരിതമായ പാലങ്ങൾ നിർമ്മിക്കുക എന്നിവയാണ് വകുപ്പിന്റെ നൂതന പദ്ധതികൾ. 2025 ഓഗസ്റ്റ് 31–ന് പിഡബ്ല്യുഡി (പാലങ്ങൾ) വിഭാഗം നിർമ്മിച്ച പാലങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.5**–ൽ നൽകിയിരിക്കുന്നു.

### തീരദേശ ഹൈവേയും മലയോര ഹൈവേയും

തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ ഹൈവേ സംസ്ഥാനത്തിന്റെ തീരദേശ മേഖലയിൽ കേരള സർക്കാർ വിഭാവനം ചെയ്ത ഒരു അഭിമാനകരമായ പദ്ധതിയാണ്. തീരദേശ ഹൈവേ നാഷണൽ ഹൈവേ 66–ന് (NH 66) ഒരു ബദൽ പാതയായി പ്രവർത്തിക്കുന്നതിനൊപ്പം, ഏതെങ്കിലും തരത്തിലുള്ള അടിയന്തര സാഹചര്യങ്ങൾ ഉണ്ടായാൽ ജനങ്ങളെ സുരക്ഷിതമായി മാറ്റി പാർപ്പിക്കുന്നതിനും പ്രധാന മാർഗമായും ഉപയോഗപ്പെടും. മറ്റ് ചെറിയ തുറമുഖങ്ങളെ കൂടാതെ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നിവയും തീരദേശ ഹൈവേ ബന്ധിപ്പിക്കും. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ഉദ്ദേശ്യ സംവിധാനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി). കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) അംഗീകരിച്ച തീരദേശ ഹൈവേ സ്ട്രെച്ചുകളുടെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.6** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ഏറ്റവും നീളം കൂടിയ സംസ്ഥാന ഹൈവേ ആയ എസ് എച്ച് 59നെ ഹിൽ ഹൈവേ അല്ലെങ്കിൽ മലയോര ഹൈവേ ആയി കേരള സർക്കാർ പ്രഖ്യാപിച്ചു, ഇത് ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ എല്ലാ ജില്ലകളെയും ബന്ധിപ്പിക്കുന്നു. കാസർഗോഡിലെ നന്ദരപടവിൽ നിന്ന് ആരംഭിച്ച് തിരുവനന്തപുരത്തെ പാറശ്ശാലയിൽ അവസാനിക്കുന്നു. കേരളത്തിലെ സുഗന്ധദ്രവ്യങ്ങളുടെയും മറ്റ് ഹൈറേഞ്ച് ഉൽപ്പന്നങ്ങളുടെയും വ്യാപാരത്തിലും കൃഷിയിലും ഏർപ്പെട്ടിരിക്കുന്ന മിക്കവാറും എല്ലാ പ്രദേശങ്ങളെയും ബന്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ നിർദ്ദിഷ്ട ഹിൽ ഹൈവേയെ "കേരള സ്പൈസസ് റൂട്ട്" എന്നും വിളിക്കുന്നു. ഹൈറേഞ്ചുകളിലെ സുഗന്ധദ്രവ്യങ്ങളുടെയും കാർഷിക ഉൽപ്പന്നങ്ങളുടെയും വ്യാപാരവും ഗതാഗതവും വർദ്ധിപ്പിക്കുന്നതിനോടോപ്പം കേരളത്തിലെ പ്രധാന മധ്യമേഖലാ റോഡിലെ ഗതാഗത തീവ്രത കുറയ്ക്കുകയുമാണ് അത്തരമൊരു ഹൈവേ രൂപീകരിക്കുന്നതിന്റെ ലക്ഷ്യം. മലയോര ഹൈവേയ്ക്കുള്ള പ്രത്യേക ഉദ്ദേശ്യ സംവിധാനമായി കേരള റോഡ് ഫണ്ട് ബോർഡ് കെ (കെആർഎഫ്ബി) നിയുക്തമാക്കിയിട്ടുണ്ട്. 4 സ്ട്രെച്ചുകളിൽ പ്രവൃത്തികൾ പൂർത്തിയായി, മറ്റ് സ്ട്രെച്ചുകളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ ഹൈവേയുടെ ആദ്യ ഘട്ടമായ കോടഞ്ചേരി–കക്കാടംപൊയിൽ റോഡ് 2025 ഫെബ്രുവരി 25 ന് ഗതാഗതത്തിനായി തുറന്നുകൊടുത്തു. കിഫ്ബി അംഗീകരിച്ച മലയോര ഹൈവേ സ്ട്രെച്ചുകളെക്കുറിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.7** ൽ കാണിച്ചിരിക്കുന്നു.

**കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ എച്ച് ആർ ഐ)**

സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഏക ഗവേഷണ സ്ഥാപനമാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ എച്ച് ആർ ഐ). സുസ്ഥിരമായ റോഡ്–അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഗവേഷണം, ഗുണനിലവാര ഉറപ്പാക്കൽ, ശേഷി വികസനം എന്നിവയ്ക്കായുള്ള ഈ സ്ഥാപനം 2020 ജൂണിൽ ഒരു 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തി. ഡിസൈൻ നവീകരണം, റോഡ് ആസ്തി–സുരക്ഷാ മാനേജ്മെന്റ്, ഗുണനിലവാരം ഉറപ്പാക്കൽ, കരാർ മാനേജ്മെന്റ്, തദ്ദേശീയമായ ഗവേഷണ–വികസന പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 2021 ഫെബ്രുവരിയിൽ നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അംഗീകാരം KHRI–ക്ക് ലഭിച്ചു. കൂടാതെ, മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിക്കുകയും സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾക്കും ഏജൻസികൾക്കും കൺസൾട്ടൻസി സേവനങ്ങൾ നൽകുകയും ചെയ്യുന്നു.

**കേരളത്തിലെ റോഡ് വികസനത്തിനും ഗുണമേന്മ ഉറപ്പാക്കുന്നതിനുമുള്ള മറ്റ് ഏജൻസികൾ.**

- നാറ്റ്പാക് (നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ): ഗതാഗത ആസൂത്രണത്തിനായുള്ള ഗവേഷണാധിഷ്ഠിത ഉൾക്കാഴ്ചകൾ നൽകുന്നതോടൊപ്പം, ഗതാഗത മാനേജ്മെന്റ്, നഗര മൊബിലിറ്റി, കേരളത്തിലെ റോഡ് സുരക്ഷ എന്നിവയെക്കുറിച്ചുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ പ്രത്യേക പങ്ക് വഹിക്കുന്നു.
- കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെഎസ്ടിപി): ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ, സുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതിയാണിത്. കെആർഎസ്എ, പിഡബ്ല്യുഡി, കെഎസ്ടിപി എന്നിവ ഉൾപ്പെടുന്ന ചലഞ്ച് ഫണ്ട് പ്രോഗ്രാം വഴി 2025 ഓടെ പ്രധാന ഹൈവേ നവീകരണങ്ങൾ കൈവരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.
- കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി): സംസ്ഥാനത്തിന്റെ ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു നിയമാനുസൃത ബോർഡാണ് കെആർഎഫ്ബി. കൊച്ചിയിലെ ഗതാഗതം സുഗമമാക്കാൻ ആസൂത്രണം ചെയ്ത കുമ്പളം–തേവര പാലം പോലുള്ള, ഡിബിഎഫ്ഒടി (ഡിസൈൻ–ബിൽഡ്–ഫിനാൻസ്–ഓപ്പറേറ്റ്–ട്രാൻസ്ഫർ) പിപിപി (പൊതു–സ്വകാര്യ പങ്കാളിത്തം) മോഡലുകൾ ഉപയോഗിച്ച് നഗര റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നു.
- റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ആർ. ബി.ഡി.സി.കെ): റെയിൽവേ ഓവർ ബ്രിഡ്ജുകൾ (ആർ ഒ ബി കൾ), ഫ്ലൈ ഓവറുകൾ തുടങ്ങിയ പ്രധാന ടേൺകീ അല്ലെങ്കിൽ ബിൽഡ്–ഓപ്പറേറ്റ്–ട്രാൻസ്ഫർ അടിസ്ഥാന സൗകര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു പൊതുമരാമത്ത് വകുപ്പ് കമ്പനിയാണ്, പൊതുവിപണിയിൽ നിന്നുള്ള വായ്പകളെ ആശ്രയിച്ചാണ് ഇത്തരം പദ്ധതികളുടെ സാമ്പത്തിക സമാഹരണം നടക്കുന്നത്.
- റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (റിക്ക്): സംസ്ഥാന പാതകളും, പ്രധാന ജില്ലാ റോഡുകളും വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും കെ.ആർ.എഫ്. ബി–യുടെ കീഴിൽ പ്രവർത്തിക്കുന്നു, കണക്റ്റിവിറ്റിയും സുരക്ഷയും മെച്ചപ്പെടുത്തുന്നതിന് പ്രധാനമായും ഡിസൈൻ–ബിൽഡ്–ഫിനാൻസ്–മെയിന്റെയിൻ–ട്രാൻസ്ഫർ ആന്വിറ്റി മോഡലുകൾ ഉപയോഗിക്കുന്നു.
- കേരള റോഡ് സേഫ്റ്റി അതോറിറ്റി (കെ.ആർ.എസ്. എ): അപകടങ്ങൾ കുറയ്ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വിവിധ വകുപ്പുകളുടെ ശ്രമങ്ങളെ ഏകോപിപ്പിക്കുന്നു. ബ്ലാക്ക് സ്പോട്ട് തിരുത്തൽ, പൊതുജന അവബോധ കാമ്പെയ്നുകൾ, "സേഫ് കേരള" പ്രോജക്റ്റ് പോലുള്ള സാങ്കേതികവിദ്യാധിഷ്ഠിത നിർവ്വഹണം എന്നിവ പ്രധാന പ്രവർത്തനങ്ങൾ.

**റോഡ് ഗതാഗതം**

2025 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 182 ലക്ഷം നിയമാനുസൃത രജിസ്ട്രേഷനുള്ള മോട്ടോർ വാഹനങ്ങളുണ്ട്. മുൻവർഷം ഇത് 174 ലക്ഷം ആയിരുന്നു. മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ, മുൻ വർഷത്തെ അപേക്ഷിച്ച് 4.55 ശതമാനം വാർഷിക വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നു. 2025 മാർച്ചിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ ഇരുചക്ര വാഹനങ്ങളുടെ (മോട്ടോർ സൈക്കിളുകൾ/സ്കൂട്ടറുകൾ/മോപ്പെഡുകൾ) എണ്ണം 118.67 ലക്ഷമാണ്. സംസ്ഥാനത്ത് 9.1 ലക്ഷം ഓട്ടോറിക്ഷകളും 42.71 ലക്ഷം കാറുകളുമുണ്ട്. 2025 മാർച്ചിലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 1.44 ലക്ഷം ബസുകളും (വിദ്യാഭ്യാസ സ്ഥാപന ബസുകൾ ഉൾപ്പെടെ) 1.32 ലക്ഷം സ്വകാര്യ

**ചിത്രം 11.1.1** 2015 മുതലുള്ള മോട്ടോർ വാഹനങ്ങളുടെ എണ്ണം




**ഉറവിടം:** മോട്ടോർ വാഹന വകുപ്പ്, കേരള സർക്കാർ

സർവ്വീസ് വാഹനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2024-25 ൽ പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം 7.89 ലക്ഷമാണ്. വിശദാംശങ്ങൾ **അനുബന്ധം 11.1.8** ൽ നൽകിയിരിക്കുന്നു. 2015 വർഷം മുതൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വളർച്ച **ചിത്രം 11.1.1** ൽ കാണിച്ചിരിക്കുന്നു.

2015 നും 2025 നും ഇടയിലുള്ള മോട്ടോർ വാഹന രജിസ്ട്രേഷൻ കണക്കുകൾ പരിശോധിച്ചാൽ, ഈ കാലയളവിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് പ്രകടമാണ്. രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം 2015-ലെ 94,21,245-ൽ നിന്ന് 2025-ൽ 1,81,97,585 ആയി ഏതാണ്ട് രണ്ടിരട്ടിയായി വർധിച്ചു. ഈ ഒമ്പത് വർഷ കാലയളവിലെ മൊത്തം വർധനവ് 93.1 ശതമാനമാണ്. ഏറ്റവും കൂടുതൽ വാഹനങ്ങളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത് എറണാകുളം ജില്ലയിലാണ് (23.72 ലക്ഷം വാഹനങ്ങൾ, അതായത് 13 ശതമാനം). ഇതിനു പിന്നാലെ തിരുവനന്തപുരം ജില്ലയിൽ 21.9 ലക്ഷം (11.9 ശതമാനം) വാഹനങ്ങളുണ്ട്. ഏറ്റവും കുറവ് വാഹനങ്ങൾ ഉള്ളത് വയനാട് ജില്ലയിലാണ്, 3.4 ലക്ഷം വാഹനങ്ങൾ (1.8 ശതമാനം). കേരളത്തിൽ രജിസ്റ്റർ ചെയ്ത ട്രാൻസ്പോർട്ട്, നോൺ-ട്രാൻസ്പോർട്ട് മോട്ടോർ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ളതും വിഭാഗം തിരിച്ചുള്ളതിന്റെയും എണ്ണം **അനുബന്ധം 11.1.9**-ലും, 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ (2011-12 അടിസ്ഥാന വർഷമായി കണക്കാക്കി) മോട്ടോർ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള വളർച്ച **അനുബന്ധം 11.1.10**-ലും നൽകിയിരിക്കുന്നു.

### ഇ-മൊബിലിറ്റി

പുരോഗമനപരമായ സംസ്ഥാന നയങ്ങളും പരിസ്ഥിതി സൗഹൃദമായ പൊതുജനങ്ങളുടെ കാഴ്ചപ്പാടും നിമിത്തം ഇലക്ട്രിക് വാഹനങ്ങൾ (ഇ വികൾ) ഉപയോഗിക്കുന്നതിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ഇ-മൊബിലിറ്റി പ്രോത്സാഹനം പ്രധാനമായും അന്തരീക്ഷവായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും പൊതുഗതാഗതത്തിൽ ശുചിത്വം ഉറപ്പുവരുത്താനുമാണ് ലക്ഷ്യമിടുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 81,019 ഇലക്ട്രിക് വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തതെങ്കിൽ, 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 83,064 ആയി ഉയർന്നു, ഇത് ഏകദേശം 2.5 ശതമാനം വാർഷിക വളർച്ചയാണ് രേഖപ്പെടുത്തിയത്. കേരളത്തിലെ ഇ-വാഹന രജിസ്ട്രേഷൻ 2024 ലെയും 2025 ഓഗസ്റ്റ് വരെയുള്ളതിന്റെയും വിശദാംശങ്ങൾ **അനുബന്ധം 11.1.11**-ൽ നൽകിയിട്ടുണ്ട്.

ഹൈബ്രിഡ് വാഹനങ്ങളുടെ രജിസ്ട്രേഷനിലും ഗണ്യമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ 20,939 വാഹനങ്ങളിൽ നിന്ന് ഇത് 2024-25-ൽ 28,334 ആയി വർദ്ധിച്ചു, ഏകദേശം 35 ശതമാനം വളർച്ചാ നിരക്കാണ് ഇതിലൂടെ രേഖപ്പെടുത്തിയത്. ആഗോള മൊബിലിറ്റി പ്രവണതകൾക്ക് അനുസൃതമായി, ഇന്ധനക്ഷമതയുള്ളതും സുസ്ഥിരവുമായ ഗതാഗത മാർഗ്ഗങ്ങളോടുള്ള ഉപഭോക്താക്കളുടെ വർധിച്ചുവരുന്ന താൽപ്പര്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. മോട്ടോർ വാഹന വകുപ്പിന്റെ മൊത്തം വരുമാന സമാഹരണം 2023-24-ലെ 6,065.24 കോടി രൂപയിൽ നിന്ന് ഏകദേശം 6.4 ശതമാനം വളർച്ച രേഖപ്പെടുത്തി 2024-25-ൽ 6,451.76 കോടി രൂപയായി ഉയർന്നു. ഇതിൽ, മോട്ടോർ വാഹന വകുപ്പ് നികുതി ഇനത്തിൽ കഴിഞ്ഞ വർഷത്തെ 5,184.29 കോടി രൂപയെ അപേക്ഷിച്ച് 2024-25-ൽ 5,516.78 കോടി രൂപയാണ് സമാഹരിച്ചത്.

സംസ്ഥാന സർക്കാർ ഓഫീസുകളിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വലിയ രീതിയിൽ

പ്രോത്സാഹിപ്പിക്കുന്നുണ്ട്. വൈദ്യുതി മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (ഇ.ഇ.എസ്. എൽ) നിന്ന് നോൺ–കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി ഏജൻസി(അനർട്ട്) മുഖേന മോട്ടോർ വാഹന വകുപ്പും (എംവിഡി) മറ്റ് വകുപ്പുകളും ഡ്രൈ–ലീസിന് 'പ്ലഗ്–ഇൻ ഇലക്ട്രിക് വാഹനങ്ങൾ' ലഭ്യമാക്കി ഉപയോഗിക്കുന്നു.

**റോഡ് സുരക്ഷ**

ചുരുക്കത്തിൽ, നല്ല രീതിയിൽ പരസ്പര ബന്ധിതമാണെങ്കിലും, വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും ശരിയായ ആസൂത്രണമില്ലാത്ത വികസന രീതികളും കാരണം കേരളത്തിലെ പ്രധാന റോഡ് ശൃംഖല രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്നു. നഗര വ്യാപനവും വഴിയിലുടനീളമുള്ള അടുക്കും ചിട്ടയുമില്ലാത്ത നിർമ്മാണങ്ങളും, റോഡുകളുടെ ശേഷിക്ക് അപ്പുറമുള്ള ഗതാഗത തിരക്കും ഈ പ്രതിസന്ധി വർദ്ധിപ്പിക്കുന്നു. പരിമിതമായ പ്രവേശന മാർഗ്ഗങ്ങളും ഭൂമി ഏറ്റെടുക്കലിലെ തടസ്സങ്ങളുമാണ് നിലവിലുള്ള റോഡുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാന വെല്ലുവിളിയായി നിൽക്കുന്നത്.

സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ (എസ്.സി.ആർ,ബി) പ്രകാരം 2024 ൽ (ജനുവരി – ഡിസംബർ) കേരളത്തിൽ 48,834 റോഡപകടങ്ങളിൽ നിന്ന് 3,880 മരണങ്ങളും 54,796 പരിക്കുകളും രേഖപ്പെടുത്തിയിട്ടുണ്ട്. 2025 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഏറ്റവും കൂടുതൽ മരണങ്ങൾ (484) തിരുവനന്തപുരം ജില്ലയിലാണ് റിപ്പോർട്ട് ചെയ്തതെങ്കിൽ ഏറ്റവും കുറവ് അപകടം രേഖപ്പെടുത്തിയിരിക്കുന്നത്(67) വയനാട് ജില്ലയിലാണ്. എസ്‌സിആർബിയുടെ രേഖകൾ പ്രകാരം, 2025 ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 32,664 മോട്ടോർ വാഹന അപകടങ്ങൾ മൂലം സംസ്ഥാനത്ത് 2,407 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു.

2025 ജനുവരി മുതൽ ഓഗസ്റ്റ് വരെ സംസ്ഥാനത്ത് നടന്ന അപകടങ്ങളിൽ 37.9 ശതമാനവും ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടുന്നതാണ്. എസ്‌സിആർബി കണക്കുകൾ പ്രകാരം 2025 ജനുവരി മുതൽ ഓഗസ്റ്റ് വരെ കേരളത്തിൽ നടന്ന ആകെ അപകടങ്ങളുടെ എണ്ണം 32,664 ആണ്. 2024–ൽ ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ട വാഹനാപകടങ്ങളുടെ എണ്ണം 19,004 (38.9 ശതമാനം) ആയിരുന്നു, 2025 ജനുവരി മുതൽ ഓഗസ്റ്റ് വരെ ഇത് 12,377 ആണ്. കേരളത്തിൽ 2025 ജനുവരി മുതൽ ഓഗസ്റ്റ് വരെ നടന്ന വാഹന അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള ശതമാന കണക്കുകൾ **ചിത്രം 11.1.2** ൽ കാണിച്ചിരിക്കുന്നു.

2024–കാലയളവിൽ സംസ്ഥാനത്ത് ആകെ 3,755 ബസ്സ് അപകടങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ 771 കെഎസ്ആർടിസി ബസ്സ് അപകടങ്ങളും, മറ്റ് ബസ്സുകളിൽ നിന്നുമുള്ള അപകടങ്ങൾ 2,984 ആണ്. 2019 മുതൽ 2025 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മോട്ടോർ വാഹന അപകടങ്ങൾ, പരിക്കുകൾ, മരണങ്ങൾ എന്നിവയുടെ പ്രവണത **ചിത്രം 11.1.3**–ൽ നല്കിയിരിക്കുന്നു.

2019 മുതൽ 2024 വരെയുള്ള സംസ്ഥാനത്തെ മോട്ടോർ വാഹന അപകടങ്ങളുടെ പ്രവണതകൾ ചിത്രത്തിൽ നൽകിയിരിക്കുന്നു. അപകടങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും, മരണ സൂചിക (ഓരോ അപകടത്തിലും സംഭവിക്കുന്ന മരണം) 2019–ലെ ഏകദേശം 10.8 ശതമാനത്തിൽ നിന്ന് 2024–ൽ ഏകദേശം 7.95 ആയി കുറഞ്ഞത് ഒരു നല്ല സൂചനയാണ്. കൂടാതെ, രജിസ്റ്റർ ചെയ്ത ഒരു ലക്ഷം വാഹനങ്ങളുടെ അപകട നിരക്ക് 2019–ൽ 308 ആയിരുന്നത് 2024–ൽ 281 ആയി കുറഞ്ഞത് റോഡ് സുരക്ഷാ പ്രവർത്തനങ്ങളിലെ അനുകൂലമായ മാറ്റത്തെ ചൂണ്ടിക്കാണിക്കുന്നു. വാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടും റോഡുകളുടെ ദൈർഘ്യം

**ചിത്രം 11.1.2** 2025 കേരളത്തിൽ 2025 ജനുവരി മുതൽ ഓഗസ്റ്റ് വരെ നടന്ന വാഹന അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള ശതമാനം




**ഉറവിടം**: സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

**ചിത്രം 11.1.3** 2019 മുതൽ 2024 വരെയുള്ള കേരളത്തിൽ മോട്ടോർ വാഹന അപകടങ്ങൾ, മരണങ്ങൾ, പരിക്കേറ്റവരുടെ എണ്ണം എന്നിയുടെ പ്രവണത




**ഉറവിടം:** സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ

നേരിയ തോതിൽ മാത്രമേ വർദ്ധിച്ചിട്ടുള്ളൂ എന്ന വസ്തുത നിലനിൽക്കെയാണ് ഈ കുറവ് ഉണ്ടായിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

അലക്ഷ്യമായ ഡ്രൈവിംഗ്, റോഡിന്റെ ശോചനീയവസ്ഥ, ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ, പ്രതികൂലമായ കാലാവസ്ഥ എന്നിവ കരണമാണ് റോഡ് അപകടങ്ങൾ പ്രധാനമായും സംഭവിക്കുന്നത്. റോഡ് സുരക്ഷ ഒരു സങ്കീർണ്ണമായ പ്രശ്നമായതിനാൽ, ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിൽ നിന്നും സുസ്ഥിരവും സുദീർഘവും ഏകോപിതാവുമായ ശ്രമങ്ങൾ ആവശ്യമാണ്. നിയമങ്ങളും അച്ചടക്കവും പാലിക്കാൻ മോട്ടോർ വാഹന വകുപ്പും പോലീസും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും റോഡപകടങ്ങൾ( പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങളിൽ നിന്നുള്ള റോഡ് അപകടങ്ങൾ) വർദ്ധിച്ചുവരുന്ന പ്രവണത ആശങ്കാജനകമാണ്. 2024 ജനുവരി മുതൽ ഡിസംബർ വരെയുള്ള കേരളത്തിലെ മോട്ടോർ വാഹന അപകടങ്ങളും റോഡപകടങ്ങളിൽ ഉൾപ്പെട്ട മോട്ടോർ വാഹനങ്ങളുടെ ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 11.1.12, അനുബന്ധം 11.1.13** എന്നിവയിൽ നൽകിയിരിക്കുന്നു.

**അപകടങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ**

കേരള സർക്കാർ ഗതാഗത അപകടങ്ങൾ കുറയ്ക്കുന്നതിനായി, കേരള റോഡ് സുരക്ഷാ അതോറിറ്റി (കെആർഎസ്എ) വഴി, സമഗ്രവും വിവിധ തലങ്ങളിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. മോട്ടോർ വാഹന വകുപ്പ്, പോലീസ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സഹകരണത്തോടെയുള്ള ഈ പദ്ധതികൾ നടപ്പിലാകുന്നതോടൊപ്പം, എൻഫോഴ്സ്മെന്റ്, വിദ്യാഭ്യാസം, റോഡ് എഞ്ചിനീയറിംഗ് എന്നീ മൂന്ന് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**പ്രധാന സംവിധാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പങ്ക്:**

- കേരളത്തിലെ സമഗ്ര റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കേരള റോഡ് സുരക്ഷാ അതോറിറ്റി (കെ.ആർ. എസ് എ) ആണ്. 2030 ഓടെ റോഡപകട മരണങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ "മിഷൻ സീറോ" യുടെ കീഴിൽ പ്രധാന ഏജൻസികളെ ഒന്നിപ്പിക്കുന്നതിന് പ്രത്യേക ഫണ്ട് ഉപയോഗിക്കുന്നു.
- "സേഫ് കേരള" പദ്ധതിക്കായി എഐ ക്യാമറകൾ ഉപയോഗിക്കുകയും പൊതുഗതാഗതത്തിനായി ജിപിഎസ്/പാനിക് ബട്ടണുകൾ പോലുള്ള സാങ്കേതികവിദ്യകൾ വിന്യസിക്കുകയും അതേസമയം വിപുലമായ പൊതുജന അവബോധ ക്യാമ്പെയ്നുകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നതോടൊപ്പം മോട്ടോർ വാഹന വകുപ്പ് (എം. വി.ഡി) ഈ മേഖലയിൽ പ്രധാന ഏജൻസിയായി പ്രവർത്തിക്കുന്നു.
- ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാറ്റ്പാക്): ഗതാഗത രംഗത്ത് അത്യാവശ്യമായ സാങ്കേതിക പിന്തുണ നൽകുകയും ബ്ലാക്ക് സ്പോട്ടുകളും ദുർബലമായ റോഡ് സ്ട്രെച്ചുകളും കണ്ടെത്തുകയും അപകടങ്ങൾ കുറയ്ക്കുന്നതിലേക്ക് വേണ്ട ഇടപെടലിനായി മുൻഗണന നൽകുകയും ചെയ്യുന്നു.
- പൊതുമരാമത്ത് വകുപ്പ് (പി ഡബ്ല്യു ഡി): ആവശ്യമായ എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ, നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയിലൂടെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നു. അഞ്ച് കാര്യങ്ങൾ ഉൾപ്പെടുന്ന സമീപനമാണ് (എഞ്ചിനീയറിംഗ്, എൻഫോഴ്സ്മെന്റ്, വിദ്യാഭ്യാസം & ഇടപെടൽ, അടിയന്തര ട്രോമ കെയർ, നിയമനിർമ്മാണം/മൂല്യനിർണ്ണയം) പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്.

സേഫ് കേരള പദ്ധതിയിൽ ആകെ 726 ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇവയിൽ 632 എണ്ണം പ്രവർത്തനക്ഷമമാണെന്ന് റിപ്പോർട്ട് ചെയ്യുന്നു;

**ബോക്സ് 11.1.1** വിഷൻ സീറോ: 2030-ഓടെ റോഡ് അപകടങ്ങൾ ഇല്ലാതാക്കുക

വിഷൻ സീറോ' എന്ന ആഗോള തത്വത്തിലധിഷ്ഠിതമായ കേരള സർക്കാരിന്റെ സമഗ്ര റോഡ് സുരക്ഷാ നയം, 'മിഷൻ സീറോ ആക്സിഡന്റ്സ്' എന്ന മിഷൻ-മോഡ് പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത്. 2030-ഓടെ റോഡ് അപകട മരണങ്ങൾ പൂർണ്ണമായും ഒഴിവാക്കുക, 2025-ഓടെ അപകടങ്ങളും പരിക്കുകളും 50 ശതമാനമായി കുറയ്ക്കുക എന്നിവ ലക്ഷ്യമിടുന്ന ഈ പദ്ധതി. മനുഷ്യർക്ക് തെറ്റുകൾ സംഭവിക്കാം എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട്, അത്തരം തെറ്റുകൾ മരണത്തിലോ ഗുരുതരമായ അപകടത്തിലോ അവസാനിക്കാത്ത വിധം ഗതാഗത സംവിധാനങ്ങൾ ഒരുക്കുക എന്നതാണ് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട 'സേഫ് സിസ്റ്റം' രീതി. ഈ കാഴ്ചപ്പാടിലൂന്നിയാണ് പ്രസ്തുത പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. ഇതിനായി അപകടസാധ്യതയുള്ള 'ബ്ലാക്ക് സ്പോട്ടുകൾ' പരിഹരിക്കുന്ന എഞ്ചിനീയറിംഗ് രീതികളും, 'സേഫ് കേരള' പദ്ധതിയിലൂടെ എ.ഐ ക്യാമറകൾ ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള എൻഫോഴ്സ്മെന്റും സർക്കാർ ശക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ ബോധവൽക്കരണ പരിപാടികളിലൂടെയും, അപകടം നടന്നാലുടൻ 'ഗോൾഡൻ അവറിനുള്ളിൽ' മികച്ച ചികിത്സ ഉറപ്പാക്കുന്ന ട്രോമ കെയർ സംവിധാനങ്ങളിലൂടെയും റോഡ് സുരക്ഷയെ ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമായി കണ്ടുകൊണ്ടുള്ള സമഗ്രമായ നീക്കമാണ് സർക്കാർ നടത്തുന്നത്.

Source: Motor Vehicle Department

56 ക്യാമറകൾ റോഡ് പണികൾ/അപകടങ്ങൾ കാരണവും 38 എണ്ണം സാങ്കേതിക തകരാറുകൾ മൂലവും പ്രവർത്തനരഹിതമാണ്. 2025 ഒക്ടോബർ 6 വരെ കെൽട്രോൺ മുഖേനയുള്ള ഐ.ടി.എം.എസ്.-വാഹൻ സംവിധാനം വഴി ആകെ 1,18,73,014 നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും 1,16,87,068 ഇ-ചെല്ലാനുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. മൊത്തം ചുമത്തിയ പിഴത്തുക 759.52 കോടി രൂപ ആണെങ്കിലും, ഇതിൽ 233.54 കോടി രൂപ മാത്രമാണ് ഇതുവരെ പിഴ ഇനത്തിൽ ലഭിച്ചത്. അതായത്, മൊത്തത്തിലുള്ള പിഴ ശേഖരണ നിരക്ക് 30.75ശതമാനം മാത്രമാണ്.

### കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി)

കേരളത്തിലെ പൊതുഗതാഗത സംവിധാനത്തിന്റെ കരുത്തായ കെ.എസ്.ആർ.ടി.സി, വിപുലമായ യാത്രാ സൗകര്യങ്ങളിലൂടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ആയിരക്കണക്കിന് റൂട്ടുകളിലായി സർവീസ് നടത്തുന്ന കോർപ്പറേഷൻ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുഗതാഗത സേവനദാതാവാണ്. ഗതാഗത മേഖലയിലെ പ്രവർത്തനങ്ങൾ നേരിടുന്ന ഉയർന്ന അപകടസാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ട്, കോർപ്പറേഷൻ ശക്തമായ സുരക്ഷാ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഡ്രൈവർമാരുടെ അമിതമായ ക്ഷീണം മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി 'ക്രൂ-ചേഞ്ച്' സംവിധാനം നിലവിൽ വരുത്തി. കൂടാതെ, ദീർഘദൂര ബസുകളിൽ ഡ്രൈവർമാരുടെ ശാരീരിക ക്ഷീണം തിരിച്ചറിയാൻ സഹായിക്കുന്ന കൃത്രിമ ബുദ്ധി (AI) അധിഷ്ഠിത ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട് കൂടാതെ, കെഎസ്ആർടിസി അപകട നിരീക്ഷണ സംവിധാനം സ്ഥാപിക്കുകയും, പൊതുജനങ്ങൾക്കും ജീവനക്കാർക്കും സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി പ്രധാന ഡിപ്പോകളിൽ 24/7 എമർജൻസി മെഡിക്കൽ യൂണിറ്റുകൾ സജ്ജീകരിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ, സംസ്ഥാനത്തുടനീളം 18 ഡ്രൈവിംഗ് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2025 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച്, സംസ്ഥാനത്ത് 5,087 പൊതുഗതാഗത ബസുകളുണ്ട്. ഇതിൽ 4,625 ബസുകൾ കെഎസ്ആർടിസിയുടെ ഉടമസ്ഥതയിലുള്ളതും, ശേഷിക്കുന്ന 462 ബസസുകൾ കെ-സ്വിഫ്റ്റ് ലിമിറ്റഡിന്റെ കീഴിലുള്ളതുമാണ്. കെഎസ്ആർടിസിയുടെ ഉടമസ്ഥതയിലുള്ള ബസുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.1.14**-ലും, വാഹനങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.15**-ലും, പ്രധാന ആഭ്യന്തര സൂചകങ്ങൾ **അനുബന്ധം 11.1.16**-ലും നൽകിയിരിക്കുന്നു. കെ.യു.ആർ.ടി.സി.യുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 11.1.17**-ൽ ലഭ്യമാണ്.

**ബോക്സ് 11.1.2** പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കെ.എസ്.ആർ.ടി.സിയുടെ പദ്ധതികൾ

ചെലവ് കുറയ്ക്കുന്നതിനും, ബസുകളുടെ ഓഫ് റോഡു ടൈം പരമാവധി കുറയ്ക്കുന്നതിനുമായി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനൊപ്പം, ഗതാഗതക്കുരുക്കുള്ള റൂട്ടുകൾ ഒഴിവാക്കി ബസ് ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനഃക്രമീകരിക്കുകയും ചെയ്യുന്നു. വാഹനങ്ങളുടെ തകരാറുകൾ മുൻകൂട്ടി കണ്ടെത്തുന്നതിനായി കമ്പ്യൂട്ടർവൽകൃത സംവിധാനങ്ങൾ ഉപയോഗിച്ചുള്ള കൃത്യമായ അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നുണ്ട്. കൂടാതെ, സ്പെയർ പാർട്സുകളുടെ സംഭരണം ഏകീകൃതമാക്കിയും ഡിപ്പോകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കിയും അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നു. വർക്ക്ഷോപ്പുകളുടെ ആധുനികവൽക്കരണവും ജീവനക്കാരുടെ നൈപുണ്യ വികസനവും വഴി സർവീസുകളുടെ കൃത്യനിഷ്ഠയും വരുമാനവും വർദ്ധിപ്പിക്കാൻ കോർപ്പറേഷന് സാധിക്കുന്നു.

**ഉറവിടം:** കെ എസ് ആർ ടി സി

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബസുകളിൽ 60.3 ശതമാനവും പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണെന്ന് കെ.എസ്.ആർ.ടി.സിയുടെ പ്രകടന സൂചകം ചൂണ്ടിക്കാട്ടുന്നു. നിലവിലുള്ള 5,087 ബസുകളിൽ 3,066 എണ്ണവും പത്ത് വർഷം പിന്നിട്ടവയാണ്. 2024-25 ൽ ശരാശരി 4,609 ബസ്സുകളാണ് കെഎസ്ആർടിസി പ്രവർത്തിപ്പിച്ചത്. ഇവയുടെ ശരാശരി കാലപഴക്കം 12.50 വർഷമാണ്. 2024-25 ലെ കണക്കനുസരിച്ച് കെ.എസ്. ആർ.ടി.സി യിൽ 22,368 ജീവനക്കാരാണ് ഉള്ളത്. ഒരു ബസിലെ ഡ്രൈവർ-കണ്ടക്ടർ അനുപാതം യഥാക്രമം 1.71 ഉം 1.76 ഉം ആണ്. മിനിസ്റ്റീരിയൽ മെക്കാനിക്കൽ-ജീവനക്കാർ തമ്മിലുള്ള അനുപാതം യഥാക്രമം 0.23 ഉം 0.85 ഉം ആണ്. 2024-25 ൽ ഒരു ബസിലെ ശരാശരി പ്രതി മാസ ഒക്കുപെൻസി നിരക്ക് 73.40 ശതമാനവും ആണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനക്ഷമത വ്യക്തമാക്കുന്ന പ്രധാന സൂചികകളും, ജില്ല തിരിച്ചുള്ള പ്രവർത്തന കണക്കുകളും യഥാക്രമം **അനുബന്ധം 11.1.18, അനുബന്ധം 11.1.19** എന്നിവയിൽ നൽകിയിരിക്കുന്നു.

കെ.എസ്.ആർ.ടി.സി.യുടെ മൊത്ത വരുമാനം 2023-24-ലെ 2,347.94 കോടി രൂപയിൽ നിന്ന് 2024-25-ൽ 2,512.20 കോടിരൂപയായി വർദ്ധിച്ചു, കോർപ്പറേഷന്റെ വരുമാന വർദ്ധനവാണ് സൂചിപ്പിക്കുന്നത്. 2025 ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള മാസങ്ങളിൽ കോർപ്പറേഷന് 1021.81 കോടിരൂപ വരുമാനം നേടാൻ സാധിച്ചു. മൊത്തം വരുമാനച്ചെലവ് 2023-24-ലെ 2,650.35 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2024-25-ൽ ഇത് 2,756.20 കോടി രൂപയാണ്. അതുപോലെ, 2023-24-ലെ 302.41 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2024-25 കാലയളവിലെ പ്രവർത്തന നഷ്ടം 244.02 കോടി രൂപയാണ്.

**മറ്റ് വരുമാന സ്രോതസ്സുകൾ**

സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. (KSRTC) യുടെ വരുമാന സ്രോതസ്സുകൾ സജീവമായി വൈവിധ്യവൽക്കരിച്ചു വരികയാണ്. ബസുകളിലെയും ഡിപ്പോകളിലെയും പരസ്യങ്ങൾ, നെയ്മിംഗ് റൈറ്റ്സ് എന്നിവയ്ക്ക് പുറമെ, കോർപ്പറേഷന്റെ ഭൂമിയും കെട്ടിടങ്ങളും വാണിജ്യ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയും പഴയ ബസുകളെ 'ഷോപ്പ് ഓൺ വീൽസ്' (Shops on Wheels) ആയി മാറ്റിയും അധിക വരുമാനം കണ്ടെത്തുന്നുണ്ട്. 'കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ്' വഴിയുള്ള പാഴ്സൽ സേവനങ്ങൾ, പൊതുജനങ്ങൾക്ക് ഇന്ധനം ലഭ്യമാക്കുന്ന 'യാത്ര ഫ്യുവൽസ്' ഔട്ട്ലെറ്റുകൾ എന്നിവയും സാമ്പത്തിക അടിത്തറ ശക്തമാക്കുന്നു. കൂടാതെ, ജനപ്രിയമായ ബജറ്റ് ടൂറിസം പാക്കേജുകൾ, ചാർട്ടർ സർവീസുകൾ, ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപന എന്നിവയിലൂടെ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കാൻ കോർപ്പറേഷന് സാധിക്കുന്നു.

**ശ്രദ്ധേയമായ നേട്ടം**

- യാത്രക്കാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ബസ് സ്റ്റേഷനുകളിലും യാത്രാവേളയിലും യാത്രക്കാർക്ക് സൗകര്യങ്ങൾ, സുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- ആധുനികവൽക്കരിച്ച ബസ് സ്റ്റേഷനുകൾ: യാത്രക്കാർക്ക് ലഗേജ് സൂക്ഷിക്കുന്നതിനായി ആധുനികവും സുരക്ഷിതവുമായ സൗകര്യങ്ങൾ ഒരുക്കി കൊണ്ട് ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ ക്ലോക്ക് റൂമുകൾ ആരംഭിച്ചു.
- സേവന തടസ്സങ്ങൾ ലഘൂകരിക്കൽ: ഓഫ്-റോഡ് സൂപ്പർ ക്ലാസ് ബസുകളുടെ എണ്ണം 324 ൽ നിന്ന് 147 ആയി കുറച്ചുകൊണ്ട് ബസ്സുകളുടെ ലഭ്യത മെച്ചപ്പെടുത്തി, ഇത് സേവന തടസ്സങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനു സാധിച്ചു.
- ശുചിത്വവും പരിസ്ഥിതിയും: 92 ഡിപ്പോകൾക്ക് ഹരിത മിഷൻ അംഗീകാരം ലഭിക്കുകയും, ഇതിന്റെ ഭാഗമായി തിരുവനന്തപുരം, ഇടുക്കി ജില്ലകൾക്ക് ശുചിത്വ അവാർഡുകൾ ലഭിക്കുകയും ചെയ്തു.

**പുതിയ സർവീസ്, ടൂറിസം സംരംഭങ്ങൾ**

- ടൂറിസവും യാത്രാ ഓപ്ഷനുകളും വർദ്ധിപ്പിക്കുന്നതിനായി പുതിയതും ,അതുല്യവും, പ്രത്യേകവുമായ യാത്രാ പാക്കേജുകളുടെയും ബസ് സർവീസുകളുടെയും ആരംഭം.
- ഡബിൾ ഡെക്കർ സേവനങ്ങൾ: തേയിലത്തോട്ടങ്ങളുടെയും താഴ്വരകളുടെയും സുതാര്യവും മനോഹരവുമായ കാഴ്ചകൾ നൽകുന്നതിനായി മൂന്നാറിൽ (ദേവികുളം മുതൽ പെരിയ കനാൽ വരെ) "റോയൽ വ്യൂ ഡബിൾ ഡെക്കർ" ബസ് സർവീസ് ആരംഭിച്ചു. കൊച്ചിയിൽ (എറണാകുളം) ഒരു പ്രത്യേക ഡബിൾ ഡെക്കർ ബസ് സിറ്റി ടൂർ സർവീസ് കെഎസ്ആർടിസി നടത്തുന്നു. ഈ സർവീസ് ഒരു ഓപ്പൺ-ടോപ്പ് ബസ് ആണ്, കൊച്ചി സിറ്റി റൈഡ് അല്ലെങ്കിൽ സിറ്റി ടൂർ എന്നാണ് ഇത് അറിയപ്പെടുന്നത്.
- ഇലക്ട്രിക് സിറ്റി ടൂർ: തിരുവനന്തപുരത്ത് നഗര സഞ്ചാരങ്ങൾക്കായി ഒരു ഇലക്ട്രിക് ഡബിൾ ഡെക്കർ ബസ് പ്രവർത്തനമാരംഭിച്ചു, വിവാഹ ഷൂട്ടുകൾ, പാർട്ടികൾ, ഫിലിം/പരസ്യ ഷൂട്ടുകൾ തുടങ്ങിയ പരിപാടികൾക്കായി പ്രത്യേക വാടക പാക്കേജുകളും ഉൾപ്പെടുന്നു.
- ബജറ്റ്-സൗഹൃദ പാക്കേജുകൾ: തീർത്ഥാടനം, തീരദേശ, അന്തർസംസ്ഥാന യാത്രകൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങൾക്ക് (യാത്രക്കാർ, കുടുംബങ്ങൾ, ഗ്രൂപ്പുകൾ) ബജറ്റ്-സൗഹൃദ ടൂർ പാക്കേജുകൾ ആരംഭിച്ചു.
- ഇന്റർമോഡൽ യാത്ര: നെഫെർട്ടിറ്റി കപ്പലും ഭാരത് ടൂറിസം കോർപ്പറേഷനുമായി സഹകരിച്ച് ഒരു ബസ്-ബോട്ട് ടൂർ പാക്കേജ് നടത്തുന്നുണ്ട്.

**വരുമാനം ആർജിക്കലും സാമ്പത്തിക പ്രകടനവും**

- ടിക്കറ്റ് ഇതര വരുമാനം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആരംഭിച്ചു.
- ടിക്കറ്റ് ഇതര റവന്യൂ പദ്ധതി ('യാത്ര ഇന്ധനം'): ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് കെഎസ്ആർടിസിയുടെ ഡീസൽ പമ്പുകൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള ഒരു പദ്ധതിയായ 'യാത്ര ഫ്യുവൽസ്' ആരംഭിച്ചു. 2025 ഒക്ടോബർ വരെ, 93 ഡിപ്പോകളിൽ 72 എണ്ണത്തിലും പ്രവർത്തനക്ഷമമായ പൊതു പമ്പുകളുണ്ട്.
- സംരംഭങ്ങളുടെ സാമ്പത്തിക വിജയം (നിർദ്ദിഷ്ട കാലയളവ് വരെ):
- 2025 ജനുവരി 1 മുതൽ 2025 സെപ്റ്റംബർ 15 വരെയുള്ള കാലയളവിൽ, ബജറ്റ് ടൂറിസം സെൽ 25.47 കോടി രൂപ വരുമാനം നേടി. ഇതിൽ ചെലവഴിച്ച 14.55

**ബോക്സ് 11.1.3.** കെ.എസ്.ആർ.ടി.സി.യിലെ സ്ഥാപനപരമായ പുനഃക്രമീകരണം: വാഹനശൃംഖലയുടെ നവീകരണവും ഡിജിറ്റലൈസേഷനും

ബസ്സുകളുടെ നവീകരണം, ആധുനികവും ഇന്ധനക്ഷമതയുള്ളതുമായ ബി.എസ്–6 (BS–6) മാനദണ്ഡങ്ങൾ പാലിക്കുന്ന നൂറുകണക്കിന് പുതിയ ബസുകൾ ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി. തങ്ങളുടെ വാഹനശൃംഖല വിപുലീകരിച്ചു. അന്തർസംസ്ഥാന യാത്രകൾക്കായി 'ഗജരാജ്' (എ.സി. സ്ലീപ്പർ), അന്തർജില്ലാ യാത്രകൾക്കായി 'ഓർമ്മ എക്സ്പ്രസ്', അത്യാധുനിക സൗകര്യങ്ങളോടു കൂടിയ എ.സി. സീറ്റർ–കം–സ്ലീപ്പർ ബസുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പുതിയ പ്രീമിയം സൂപ്പർഫാസ്റ്റ് ബസുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ (ESC), എ.ഐ അധിഷ്ഠിത ഡ്രൈവർ മോണിറ്ററിംഗ് സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ ബസുകൾ വാങ്ങുന്നതിനോടൊപ്പം തന്നെ, നിലവിലുള്ള മിന്നൽ, വോൾവോ ലോ ഫ്ലോർ ബസുകൾ നവീകരിച്ച് പ്രവർത്തനകാലാവധി വർദ്ധിപ്പിച്ചു. കൂടാതെ, പ്രാദേശിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമീണ മേഖലകളെ ബന്ധിപ്പിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതിയും, മത്സ്യത്തൊഴിലാളികൾക്കായി 'സമുദ്ര' സൗജന്യ യാത്രാ സർവീസും നടപ്പിലാക്കി വരുന്നു.

ഡിജിറ്റൽ പരിവർത്തനവും സ്ഥാപനപരമായ പരിഷ്കരണങ്ങളും പ്രവർത്തനക്ഷമതയും യാത്രക്കാരുടെ സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിനായി വിപുലമായ ഡിജിറ്റൽ പരിഷ്കരണങ്ങളാണ് കോർപ്പറേഷൻ നടപ്പിലാക്കുന്നത്. ബസുകളുടെ തത്സമയ വിവരങ്ങൾ അറിയുന്നതിനും ഡിജിറ്റൽ ടിക്കറ്റിംഗിനുമായി 'ചലോ ആപ്പ്' സജ്ജമാക്കി. വരുമാനവും സർവീസുകളും കൃത്യമായി നിരീക്ഷിക്കുന്നതിന് 'ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്ററും' (ICCC), സുതാര്യമായ സ്റ്റോക്ക് മാനേജ്മെന്റിനായി 'ഇ–സുതാര്യം' സോഫ്റ്റ്‌വെയറും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഭരണപരമായ പരിഷ്കരണങ്ങളുടെ ഭാഗമായി കടലാസ് രഹിത പ്രവർത്തനങ്ങൾക്കായി "ഇ–ഓഫീസ്" സംവിധാനം നടപ്പിലാക്കി. കൂടാതെ, യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി എ.ഐ അധിഷ്ഠിത ടൂളുകളും, ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി ബയോമെട്രിക് ഫേസ് റെക്കഗ്നിഷൻ സംവിധാനവും ഏർപ്പെടുത്തി.

**ഉറവിടം**: കെ.എസ്.ആർ.ടി.സി.

കോടി രൂപ കുറച്ചതിനുശേഷം 10.92 കോടി രൂപ ലാഭം രേഖപ്പെടുത്തി..

**ജീവനക്കാരുടെ ശേഷി വർദ്ധനവും വിദ്യാഭ്യാസ വ്യാപനവും**

- ജീവനക്കാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതികൾക്കും, യാത്രയെ അറിവും വിദ്യാഭ്യാസവുമായി കോർത്തിണക്കുന്ന ബാഹ്യ പരിപാടികൾക്കുമാണ് ഇത്തരം സംരംഭങ്ങൾ ഊന്നൽ നൽകിയിട്ടുള്ളത്.
- ജീവനക്കാർക്കുള്ള പ്രചോദന ശില്പശാല: ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും പ്രോത്സാഹനം നൽകുന്നതിനായി ഹരിത കേരളം മിഷനുമായി സഹകരിച്ച് 2025 ഓഗസ്റ്റ് 6 ന് ഒരു ദിവസത്തെ വർക്ക്ഷോപ്പ് 'ഹരിത സംഗമം' സംഘടിപ്പിച്ചു,
- വിദ്യാഭ്യാസ യാത്ര ('സാങ്കേതികവിദ്യയിലേക്കുള്ള യാത്ര'): സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് ടെക്നോപാർക്ക്/ഇൻഫോപാർക്ക് ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിച്ചുകൊണ്ട് വിനോദവും അറിവും സംയോജിപ്പിച്ച് 'സാങ്കേതികവിദ്യയിലേക്കുള്ള യാത്ര' പദ്ധതി ആരംഭിച്ചു, ആരോഗ്യ സംരക്ഷണത്തിൽ താൽപ്പര്യമുള്ളവർക്ക് ആശുപത്രി സന്ദർശനവും ഇതിൽ ഉൾപ്പെടുന്നു.

### റെയിൽ ഗതാഗതം

കേരളത്തിന്റെ റെയിൽവേ ശൃംഖല 1,257 കിലോമീറ്റർ റൂട്ട് ദൈർഘ്യവും 1,588 കിലോമീറ്റർ ട്രാക്കും ഉൾക്കൊള്ളുന്നു, ഇവ പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളുടെ കീഴിൽ 200 സ്റ്റേഷനുകളിലാണ് കൈകാര്യം ചെയ്യുന്നത്. തൈക്കാട് ആസ്ഥാനമായുള്ള തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ 625 റൂട്ട് കിലോമീറ്ററുകളും 103 സ്റ്റേഷനുകളും ഉൾപ്പെടുന്നു. കേരളത്തിലെ വള്ളത്തോൾ നഗർ മുതൽ തമിഴ്നാട്ടിലെ മേലപ്പാളയം വരെ നീളുന്ന പാലക്കാട് ഡിവിഷൻ കേരളം, തമിഴ്നാട്, കർണാടക, പുതുച്ചേരി എന്നിവിടങ്ങളിലായി 582.7 കിലോമീറ്റർ വ്യാപിച്ചുകിടക്കുന്നു. കേരളത്തിലെ ആറ് ജില്ലകൾ, തമിഴ്നാട്ടിലും കർണാടകയിലും ഓരോന്നും, പുതുച്ചേരിയിലെ മാഹി എന്നിവയുൾപ്പെടെ എട്ട് ജില്ലകൾക്ക് സേവനം നൽകുന്നു. കേരളത്തിന്റെ റെയിൽവേ വികസന മേഖലയിൽ രണ്ട് പ്രധാന പദ്ധതികൾക്കാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നത്. കേന്ദ്രാനുമതി കാത്തിരിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയായ 'സിൽവർ ലൈൻ', തീർത്ഥാടന–മേഖലാ വികസനം ലക്ഷ്യമിട്ട് കേന്ദ്രവുമായി സംയുക്തമായി ഫണ്ട് ചെയ്യുന്ന 110 കിലോമീറ്റർ ദൈർഘ്യമുള്ള അങ്കമാലി-ശബരി റെയിൽവേ ലൈൻ എന്നിവയാണ് ഈ പദ്ധതികൾ.

### കൊച്ചി മെട്രോ റെയിൽ

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നടത്തിപ്പ്, പ്രവർത്തനം, പരിപാലനം എന്നിവയുടെ ചുമതലയുള്ള പ്രത്യേക ഉദ്ദേശ്യ സംവിധാനമാണ് (SPV) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL). ഭാരത സർക്കാരും കേരള സർക്കാരും തുല്യ പങ്കാളിത്തത്തോടെ (50:50) രൂപീകരിച്ച സംയുക്ത സംരംഭമാണിത്. ആലുവ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെയുള്ള 28 കിലോമീറ്റർ ഫേസ് I (ബ്ലൂ ലൈൻ) വിജയകരമായി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. 25 സ്റ്റേഷനുകളോടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഇത് ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കപ്പെട്ട മെട്രോ പദ്ധതികളിൽ ഒന്നായി മാറി. റെയിൽ, റോഡ്, ജലഗതാഗത സംവിധാനങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള സംയോജിത സമീപനത്തിലൂടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ശ്രദ്ധേയമാണ്. കൂടാതെ, പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജത്തിന്റെ ഗണ്യമായ ഭാഗം സൗരോർജ്ജത്തിലൂടെ കണ്ടെത്തുന്നതിലൂടെയും ഈ സ്ഥാപനം വേറിട്ടുനിൽക്കുന്നു. നിലവിൽ, ബ്ലൂ ലൈൻ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്,

ജെഎൽഎൻ സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക്/ കാക്കനാട് വരെയുള്ള രണ്ടാം ഘട്ട (പിങ്ക് ലൈൻ) വിപുലീകരണം സജീവമായി നിർമ്മാണത്തിലാണ്. പദ്ധതി പൂർത്തീകരണത്തിനുള്ള പുതുക്കിയ തീയതി 2027 ഡിസംബറാണ്. നേരത്തെ ഇത് 2026 നവംബറിൽ പൂർത്തിയാക്കാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും, മൺസൂൺ കാലത്തെ വെല്ലുവിളികളും വാട്ടർ/ഇലക്ട്രിക് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിലെ കാലതാമസവും കാരണം സമയപരിധി പുനർനിശ്ചയിക്കേണ്ടി വന്നു.

**സാമ്പത്തിക പ്രകടനം**

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) അതിന്റെ സാമ്പത്തിക പ്രകടനത്തിൽ വലിയ പുരോഗതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുടക്കകാലത്തെ പ്രവർത്തന നഷ്ടത്തിൽ നിന്ന് പ്രവർത്തന ലാഭം കൈവരിച്ചു. 2020–21 കാലഘട്ടത്തിലുണ്ടായ താൽക്കാലിക ഇടിവ് ഒഴിച്ചുനിർത്തിയാൽ, കൊച്ചി മെട്രോയുടെ വരുമാനം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2024–25 സാമ്പത്തിക വർഷത്തിൽ വരുമാനം 182.38 കോടി രൂപയായി ഉയർന്നു. ഈ വരുമാന വർദ്ധനവ് കൊച്ചി മെട്രോയെ സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലെത്തിച്ചു. 2017–18–ൽ 43.29 കോടി രൂപയും 2020–21–ൽ 72.39 കോടി രൂപയുമായിരുന്ന പ്രവർത്തന നഷ്ടം മറികടന്ന്, മെട്രോ ഇപ്പോൾ ലാഭകരമായ പാതയിലാണ്. 2022–23–ൽ 5.35 കോടി രൂപയും, 2023–24–ൽ 22.95 കോടി രൂപയും, 2024–25–ൽ 33.35 കോടി രൂപയും പ്രവർത്തന ലാഭം കൈവരിക്കാൻ സാധിച്ചു. ഇത് കൊച്ചി മെട്രോയുടെ മികച്ച പ്രവർത്തനക്ഷമതയെയും വളർച്ചാ സാധ്യതകളെയും പ്രതിഫലിപ്പിക്കുന്നു. **അനുബന്ധം 11.1.20** ൽ കൊച്ചി മെട്രോയുടെ പ്രവർത്തന കാര്യക്ഷമത കാണിക്കുന്ന പ്രധാന സൂചകങ്ങൾ നൽകിയിരിക്കുന്നു.

കൊച്ചി മെട്രോയുടെ പ്രവർത്തനക്ഷമതയിൽ ശ്രദ്ധേയമായ പുരോഗതിയാണ് രേഖപ്പെടുത്തുന്നത്. 2020–21 കാലയളവിലെ താൽക്കാലിക ഇടിവിന് ശേഷം, മെട്രോ സർവീസുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. സർവീസുകളുടെ ഈ വർദ്ധനവ് യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വളർച്ച കൈവരിക്കാൻ സഹായിച്ചു. ഇതോടൊപ്പം, ഒരു യാത്രക്കാരന് വേണ്ടിയുള്ള പ്രതിമാസ ശരാശരി ചെലവ് കുറഞ്ഞുവരുന്നത് പ്രവർത്തനക്ഷമത വർദ്ധിച്ചതിന്റെ സൂചനയാണ്. 2017–18–ൽ 2,620 രൂപയായിരുന്ന ഈ ചെലവ് 2024–25–ൽ 1,255 രൂപയായി കുറഞ്ഞു. ട്രെയിനുകളിലെ ശരാശരി പ്രതിമാസ യാത്രികരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മെട്രോയുടെ ശേഷി കൂടുതൽ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്നതിന് സൂചനയാണ്. കൊച്ചി മെട്രോയുടെ ഓരോ വർഷത്തെയും ആകെ വരുമാനവും ചെലവും സൂചിപ്പിക്കുന്ന **ചിത്രം 11.1.4**–ൽ നൽകിയിട്ടുണ്ട്.

**യാത്രക്കാരുടെ എണ്ണം**

കൊച്ചി മെട്രോയിലെ യാത്രക്കാരുടെ എണ്ണത്തിൽ തുടർച്ചയായി ശ്രദ്ധേയമായ വർദ്ധനവാണ് രേഖപ്പെടുത്തുന്നത്. അടുത്ത കാലത്തായി ശരാശരി പ്രതിദിന യാത്രക്കാരുടെ എണ്ണം പലപ്പോഴും ഒരു ലക്ഷം പിന്നിടുന്നുണ്ട്. യാത്രക്കാരുടെ ഈ വർദ്ധനവ് മെട്രോയുടെ വിജയത്തെ സൂചിപ്പിക്കുന്നു എന്ന് മാത്രമല്ല, തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തന ലാഭം കൈവരിക്കാൻ കൊച്ചി മെട്രോയെ സഹായിക്കുകയും ചെയ്തു. നഗരഗതാഗതത്തിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സംവിധാനമായി കൊച്ചി മെട്രോ മാറിക്കഴിഞ്ഞു എന്നതിനെ ഇത് അടിവരയിടുന്നു. 2017

**ചിത്രം 11.1.4** കൊച്ചി മെട്രോ വർഷം തിരിച്ചുള്ള മൊത്ത വരുമാന വരുമാനവും ചെലവും (കോടി രൂപയിൽ)




**ഉറവിടം:** കെ എം ആർ എൽ

**ചിത്രം 11.1.5** കൊച്ചി മെട്രോയുടെ വർഷം തിരിച്ചുള്ള യാത്രക്കാരുടെ എണ്ണം (2017 മുതൽ) (ലക്ഷങ്ങളിൽ)




**ഉറവിടം**: കെ എം ആർ എൽ

മുതലുള്ള കൊച്ചി മെട്രോയിലെ യാത്രക്കാരുടെ എണ്ണം വർഷം തിരിച്ച് **ചിത്രം 11.1.5**–ൽ നൽകിയിട്ടുണ്ട്.

### കൊച്ചി വാട്ടർ മെട്രോ

2023 ഏപ്രിലിൽ പ്രവർത്തനം ആരംഭിച്ച കൊച്ചി വാട്ടർ മെട്രോ, കേരളത്തിന്റെ ജലഗതാഗത സംവിധാനത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. അത്യാധുനികവും പരിസ്ഥിതി സൗഹൃദവുമായ ഇലക്ട്രിക്–ഹൈബ്രിഡ് ബോട്ടുകൾ ഉപയോഗിച്ചുള്ള ഇന്ത്യയിലെ ആദ്യത്തെ വാട്ടർ മെട്രോ സംവിധാനമാണിത്. വൈറ്റിലയിൽ നിന്ന് ഇൻഫോപാർക്കിനെ ബന്ധിപ്പിക്കുന്ന കാക്കനാട് റൂട്ടും, ഹൈക്കോടതിയിൽ നിന്ന് വൈപ്പിനിലേക്കുള്ള റൂട്ടുമാണ് ഇതിലെ പ്രധാന പാതകൾ. ദ്വീപ് നിവാസികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി അടുത്ത കാലത്തായി സർവീസുകൾ കൂടുതൽ വ്യാപിപ്പിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ നിന്ന് ബോൾഗാട്ടി, മൂലമ്പിള്ളി വഴി സൗത്ത് ചിറ്റൂരിലേക്കും, അവിടെ നിന്ന് ഏലൂർ വഴി ചേരാനല്ലൂരിലേക്കും പുതിയ പാതകൾ തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ ഏലൂരിൽ നിന്ന് ഹൈക്കോടതിയിലേക്ക് നേരിട്ടുള്ള സർവീസും ലഭ്യമാണ്. കുറഞ്ഞ നിരക്കിലുള്ള ടിക്കറ്റുകളും (20 രൂപ മുതൽ), കൊച്ചി മെട്രോയിൽ ഉപയോഗിക്കുന്ന 'കൊച്ചി വൺ കാർഡ്' (Kochi1 Card) ഇതിലും ഉപയോഗിക്കാം എന്നതും ഈ സംവിധാനത്തെ കൂടുതൽ ജനപ്രിയമാക്കുന്നു.

### പ്രധാന നേട്ടങ്ങൾ

സാമ്പത്തിക വർഷത്തിൽ നിന്ന് 2024–25 ലേക്ക് വരുമ്പോൾ വാട്ടർ മെട്രോയുടെ പ്രവർത്തന കണക്കുകളിൽ ശ്രദ്ധേയമായ വളർച്ചയും വിപുലീകരണവും കാണിക്കുന്നു. സർവീസ് നടത്തുന്ന റൂട്ട് ദൈർഘ്യം 8.65 കി.മീറ്ററിൽ നിന്ന് 25.11 കി.മീറ്ററായി ഇരട്ടിയിലധികം വർദ്ധിച്ചു. ബോട്ടുകളുടെ എണ്ണം 12–ൽ നിന്ന് 18 ആയി ഉയർന്നു. ഇത് ഷെഡ്യൂൾ ചെയ്ത ട്രിപ്പുകളുടെ എണ്ണം (39,770 ൽ നിന്ന് 54,408 ആയി) ഗണ്യമായി ഉയർത്തുന്നതിനും അതിലൂടെ യാത്രക്കാരുടെ എണ്ണം (18.44 ലക്ഷം നിന്ന് 21.03 ലക്ഷം ആയി) വർദ്ധിപ്പിക്കുന്നതിനും കാരണമായി. ഇതിലൂടെ, ഉൾനാടൻ ജലഗതാഗതത്തിൽ നിന്നുള്ള മൊത്ത വരുമാനം 413.2 ലക്ഷം രൂപയിൽ നിന്നും 813.55 ലക്ഷം രൂപയായി ഇരട്ടിയാക്കുന്നതിന് സാധിച്ചു. 2025–26 കാലയളവിൽ (ഓഗസ്റ്റ് 2025 വരെ) 25.3 കിലോമീറ്റർ ദൂരമുള്ള റൂട്ടിൽ 20 ബോട്ടുകൾ ഉപയോഗിച്ച് സംവിധാനത്തിന്റെ ശേഷി വിപുലീകരണം തുടർന്ന് കൊണ്ടിരിക്കുകയാണെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ ഈ ഭാഗിക കാലയളവിലെ യാത്രക്കാരുടെയും വരുമാനത്തിന്റെയും കണക്കുകൾ യഥാക്രമം 9.38 ലക്ഷം യാത്രക്കാരും 413.89 ലക്ഷം രൂപ ഉൾനാടൻ ഗതാഗത വരുമാനവുമാണ്. ഈ പ്രവർത്തന കണക്കുകൾ **അനുബന്ധം 11.1.21** ൽ നൽകിയിരിക്കുന്നു.

### വ്യോമയാനം

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലൂടെ കേരളം മികച്ച ആഭ്യന്തര–അന്തർദ്ദേശീയ കണക്റ്റിവിറ്റി ഉറപ്പാക്കുന്നു. 2015 മുതൽ 2019 വരെ സ്ഥിരമായ വളർച്ച രേഖപ്പെടുത്തിയ ഈ മേഖലയിൽ 2020–21 കാലയളവിലെ കോവിഡ് പ്രതിസന്ധിയെത്തുടർന്ന് വലിയ ഇടിവുണ്ടായെങ്കിലും, നിലവിൽ യാത്രക്കാരുടെ എണ്ണത്തിലും വിമാന സർവീസുകളിലും വൻ തിരിച്ചുവരവ് പ്രകടമാണ്. പല വിമാനത്താവളങ്ങളും കോവിഡിന് മുൻപുള്ള വളർച്ചാ നിരക്കിനെ മറികടന്നു കഴിഞ്ഞു. കേരളത്തിലെ ഏറ്റവും തിരക്കേറിയ വിമാനത്താവളമായി കൊച്ചി (CIAL) തുടരുമ്പോൾ, 2018–ൽ പ്രവർത്തനമാരംഭിച്ച കണ്ണൂർ വിമാനത്താവളം വടക്കൻ കേരളത്തിലെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ വലിയ

പങ്ക് വഹിക്കുന്നു. ശബരിമല തീർത്ഥാടകർക്കും മധ്യതിരുവിതാംകൂറിലെ വിനോദസഞ്ചാര മേഖലയ്ക്കും ഗുണകരമാകുന്ന രീതിയിൽ കോട്ടയം ജില്ലയിൽ ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളം സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സൈറ്റ്, പ്രതിരോധം, സുരക്ഷാ ക്ലിയറൻസുകൾ എന്നിവ 2023 ഏപ്രിൽ മുതൽ 2025 മെയ് വരെയുള്ള കാലയളവിൽ ലഭിച്ചു കഴിഞ്ഞു. 2025 ജൂലൈ 8-ന് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) സമർപ്പിച്ചതിനെത്തുടർന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ In-Principle അംഗീകാരത്തിനായി കാത്തിരിക്കുകയാണ്. ഭാവിയിൽ പ്രാദേശിക എയർസ്ട്രിപ്പുകൾ വികസിപ്പിക്കാനും പരിസ്ഥിതി സൗഹൃദപരമായ അടിസ്ഥാന സൗകര്യങ്ങളിലൂടെ ദക്ഷിണേന്ത്യയിലെ വ്യോമയാന ഹബ്ബായി കേരളത്തെ മാറ്റാനുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

**കേരളത്തിലെ വിമാനത്താവളങ്ങളിലെ യാത്രക്കാരുടെ എണ്ണം**

താഴെ നൽകിയിരിക്കുന്ന **ചിത്രം11.1.6** കേരളത്തിലെ വിമാനത്താവളങ്ങളിലെ യാത്രക്കാരുടെ എണ്ണം കാണിക്കുന്നു

കേരളത്തിലെ വിമാനത്താവളങ്ങളിലെ യാത്രക്കാരുടെ എണ്ണത്തിൽ 2020 വരെ വൻ വർധനവ് രേഖപ്പെടുത്തിയിരുന്നെങ്കിലും, ആ വർഷം വലിയ തോതിലുള്ള ഇടിവ് നേരിട്ടു. എന്നാൽ പിന്നീട് ശക്തമായ തിരിച്ചുവരവ് പ്രകടമാവുകയും, 2023-24 ഓടെ മിക്ക വിമാനത്താവളങ്ങളും മുൻപുണ്ടായിരുന്ന നിരക്കിനേക്കാൾ വളർച്ച കൈവരിക്കുകയും ചെയ്തു. ഇന്ത്യൻ വ്യോമയാന മേഖലയിലുണ്ടായ മൊത്തത്തിലുള്ള പുരോഗതിയെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

**കേരളത്തിലെ വിമാന ഗതാഗതം**

യാത്രക്കാരുടെ എണ്ണത്തിലെന്നപോലെ, രാജ്യത്തെ വിമാനത്താവളങ്ങളിലെ വിമാന സർവീസുകളിലും പാൻഡെമിക് കാലത്തിന് മുൻപ് മികച്ച മുന്നേറ്റം ദൃശ്യമായിരുന്നു. 2020-21-ൽ വലിയ തകർച്ച നേരിട്ടെങ്കിലും പിന്നീട് ശക്തമായ തിരിച്ചുവരവും വളർച്ചയും കൈവരിക്കാൻ സാധിച്ചു. വിശദാംശങ്ങൾ **ചിത്രം 11.1.7** ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ വിമാനത്താവളങ്ങളിലെ ചരക്ക് നീക്കം**

യാത്രക്കാരുടെയും വിമാനങ്ങളുടെയും എണ്ണത്തിലുണ്ടായ മാറ്റങ്ങൾക്ക് സമാനമായി, കേരളത്തിലെ ഭൂരിഭാഗം വിമാനത്താവളങ്ങളിലൂടെയുള്ള ചരക്ക് നീക്കത്തിലും ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെട്ടു. ആഗോള സാമ്പത്തിക മാന്ദ്യത്തിന് അനുസൃതമായി 2020-21 കാലയളവിൽ ഇതിൽ ശ്രദ്ധേയമായ കുറവുണ്ടായി. തുടർവർഷങ്ങളിൽ ഇതിൽ തിരിച്ചുവരവിന്റെ ലക്ഷണങ്ങൾ പ്രകടമാണ്. കൂടുതൽ വിവരങ്ങൾ **ചിത്രം 11.1.8**-ൽ നൽകിയിരിക്കുന്നു. **ചിത്രം 11.1.8** കേരളത്തിലെ വിമാനത്താവളങ്ങളിലെ ചരക്ക് നീക്കം ( മില്യൻ ടണ്ണിൽ).

**വിമാനത്താവളങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ**

**കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ)**

നൂതനാശയങ്ങളുടെയും വിപുലീകരണത്തിന്റെയും പാത തുടരുന്നു. 2025 അവസാനത്തോടെ കൂടുതൽ യാത്രക്കാരെ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും തിരക്ക് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട്, കൂടുതൽ എയറോബ്രിഡ്ജുകളുള്ള ഒരു വലിയ ഏപ്രണും ടെർമിനൽ കെട്ടിടവും ഉൾപ്പെടെ അതിന്റെ അന്താരാഷ്ട്ര ടെർമിനൽ 3 (T3) ഗണ്യമായ വികസനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ ഭൗതിക വളർച്ചയ്ക്ക് അനുബന്ധമായി, വിമാനത്താവള പ്രവർത്തനങ്ങളുടെ പൂർണ്ണ ഡിജിറ്റലൈസേഷൻ ലക്ഷ്യമിട്ട്,

**ചിത്രം11.1.6** കേരളത്തിലെ വിമാനത്താവളങ്ങളിലെ യാത്രക്കാരുടെ എണ്ണം




**ഉറവിടം:** എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

**ചിത്രം11.1.7** കേരളത്തിലെ വിമാനത്താവളങ്ങളിലെ വിമാന ഗതാഗതം (എണ്ണത്തിൽ)




**ഉറവിടം:** എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

**ചിത്രം11.1.8** കേരളത്തിലെ വിമാനത്താവളങ്ങളിലെ ചരക്ക് നീക്കം ( മില്യൻ ടണ്ണിൽ)




**ഉറവിടം:** എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

2025 മെയ് മാസത്തിൽ 200 കോടി രൂപയുടെ "സിയാൽ 2.0" പദ്ധതി സിയാൽ ആരംഭിച്ചു. സുരക്ഷ, കാര്യക്ഷമത, യാത്രക്കാരുടെ ഒഴുക്ക് എന്നിവ വർദ്ധിപ്പിക്കുന്നതിനായി 4,000 ക്യാമറകളുള്ള എഐ- പവർഡ് സർവൈലൻസ്, ഓട്ടോമേറ്റഡ് സ്ക്രീനിംഗ്, ഫുൾ-ബോഡി സ്കാനറുകൾ, ഓട്ടോമേറ്റഡ് ബാഗേജ് സംവിധാനങ്ങൾ എന്നിവ ഈ സംരംഭത്തിൽ ഉൾപ്പെടുന്നു. ഒരു അത്യാധുനിക ബിസിനസ് ജെറ്റ് ടെർമിനൽ കമ്മീഷൻ ചെയ്തും വാണിജ്യ മേഖലകൾ, റീട്ടെയിൽ ഔട്ട്ലറ്റുകൾ, വിമാനത്താവള പരിസരത്ത് ഒരു 5-സ്റ്റാർ ഹോട്ടൽ എന്നിവ വികസിപ്പിച്ചും സിയാൽ അതിന്റെ വരുമാന സ്രോതസ്സുകൾ വൈവിധ്യവൽക്കരിച്ചിട്ടുണ്ട്, "ദി സോൺ" പദ്ധതി 2025 ന്റെ തുടക്കത്തിൽ കമ്മീഷൻ ചെയ്യാൻ സജ്ജമാക്കിയിട്ടുണ്ട്.

**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം** (TRV) അദാനിയുടെ മാനേജ്മെന്റിന് കീഴിൽ ഒരു വലിയ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. "പ്രോജക്റ്റ് അനന്ത" എന്നറിയപ്പെടുന്ന ടെർമിനൽ 2 (അന്താരാഷ്ട്ര ടെർമിനൽ) ന്റെ ഗണ്യമായ വിപുലീകരണം 5,500 കോടി രൂപയുടെ ഗണ്യമായ നിക്ഷേപത്തോടെ

ആസൂത്രണം ചെയ്തിട്ടുണ്ട്, ഇത് വാർഷിക യാത്രക്കാരുടെ ശേഷി 4.5 ദശലക്ഷത്തിൽ നിന്ന് 12 ദശലക്ഷമായി ഉയർത്തുക എന്നതാണ് ലക്ഷ്യം. 2034 ജനുവരിയിൽ പൂർത്തീകരിക്കാനുള്ള പ്രാരംഭ ലക്ഷ്യം ആയിരുന്നെങ്കിലും, പരിസ്ഥിതി അനുമതി വൈകുന്നതിനാൽ പ്രക്രിയ വേഗത്തിലാക്കാൻ മാസ്റ്റർ പ്ലാൻ പരിഷ്കരിക്കുകയാണ്. അതേസമയം, ടെർമിനൽ 1 (ആഭ്യന്തര) ന്റെ നവീകരണം പുരോഗമിക്കുന്നു, അതിൽ പുതിയ മേൽക്കൂര സ്ഥാപിക്കുന്നതിനും കൂടുതൽ പാർക്കിംഗ് സൗകര്യവും ഉൾപ്പെടുന്നു. വിമാനത്താവളം അത്യാധുനിക ക്ലീനിംഗ് സാങ്കേതികവിദ്യ നടപ്പിലാക്കുന്നു, ചെക്ക്-ഇൻ കൗണ്ടറുകളും ഇ-ഗേറ്റുകളും വർദ്ധിപ്പിക്കുന്നു, സൗജന്യ വൈ-ഫൈ കൂപ്പൺ കിയോസ്കുകൾ സ്ഥാപിക്കുന്നു, മെച്ചപ്പെട്ട യാത്രാ അനുഭവത്തിനായി നഗര ഗതാഗതം മെച്ചപ്പെടുത്തുന്നു.

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം (കിയാൽ)** വ്യോമയാന മേഖലയിൽ നയപരമായ സ്ഥാനമുണ്ട്. യാത്രാ സേവനങ്ങൾക്ക് പുറമേ, രാജീവ് ഗാന്ധി ഫ്ലൈയിംഗ് ട്രെയിനിംഗ് അക്കാദമി (RAGAAT) യുമായുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (MoU) പോലുള്ള പങ്കാളിത്തങ്ങൾ ഇതിന് ഉദാഹരണമാണ്. വ്യോമയാന പ്രതിഭകളെ വികസിപ്പിക്കുന്നതിനും വിശാലമായ എയ്റോസ്പേസ് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുമുള്ള ഭാവിയിലേക്കുള്ള സമീപനത്തെ ഇത് സൂചിപ്പിക്കുന്നു.

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനക്ഷമത വിപുലീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കാണ് നിലവിൽ മുൻഗണന നൽകുന്നത്. റൺവേയുടെ സുരക്ഷാ മേഖല അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി വികസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 12.54 ഏക്കർ ഭൂമി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് (AAI) കൈമാറി. ഇതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2024 ഫെബ്രുവരിയിൽ ആരംഭിച്ചു. വിമാനത്താവളത്തിന്റെ ഭാവി വികസനം ലക്ഷ്യമിട്ട് റൺവേയുടെ നീളം 3500 മീറ്ററായി ഉയർത്തുന്നതിനും വലിയ വിമാനങ്ങൾക്ക് സുഗമമായി ഇറങ്ങുന്നതിനായി റൺവേയുടെ ഇരുവശങ്ങളിലും 75 മീറ്റർ വീതിയുള്ള സ്ട്രിപ്പുകൾ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിനായി അധികമായി 96 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്. വലിയ വിമാനങ്ങൾ വീണ്ടും സർവീസ് നടത്തുന്നതിനും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ നടപടികൾ അത്യന്താപേക്ഷിതമാണ്.

**വെല്ലുവിളികൾ/ മുന്നോട്ടുള്ള വഴി**

**റോഡ് ഗതാഗതം**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി) : കാര്യക്ഷമതയും യാത്രക്കാരുടെ അനുഭവവും വർദ്ധിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി) റിയൽ-ടൈം ട്രാക്കിംഗ്, ഡിജിറ്റൽ പേയ്മെന്റുകൾ, എഐ അധിഷ്ഠിത റൂട്ട് ഒപ്റ്റിമൈസേഷൻ എന്നിവയുൾപ്പെടെയുള്ള ആധുനികവൽക്കരണത്തിനും സാങ്കേതിക സംയോജനത്തിനും കൂടുതൽ ഊന്നൽ നൽകണം. അതേസമയം, സാമ്പത്തിക പുനർനിർമ്മാണവും വരുമാന വൈവിധ്യവൽക്കരണവും നിർണായകമാണ്, പെൻഷൻ ബാധ്യതകൾക്ക് സർക്കാർ പിന്തുണയും ബസ് സ്റ്റാൻഡുകളിലെ വാണിജ്യ സമുച്ചയങ്ങൾ അല്ലെങ്കിൽ ഡിപ്പോ സ്ഥലങ്ങൾ പാട്ടത്തിനെടുക്കൽ പോലുള്ള നോൺ-ഫെയർ ബോക്സ് വരുമാന സ്രോതസ്സുകളുടെ പര്യവേക്ഷണവും ആവശ്യമാണ്.

മോട്ടോർ വാഹന വകുപ്പ്: വേഗത്തിൽ വളരുന്ന വാഹന ജനസംഖ്യയ്ക്കിടയിൽ ഫലപ്രദമായ റോഡ് സുരക്ഷാ നിർവ്വഹണത്തിനും സമയബന്ധിതമായ സേവന വിതരണത്തിനും തടസ്സമാകുന്ന കാലഹരണപ്പെടുന്ന എൻഫോഴ്സ്മെന്റ് വാഹനങ്ങളുടെ എണ്ണം ഉൾപ്പെടെയുള്ള വെല്ലുവിളികൾ മോട്ടോർ വാഹന വകുപ്പ് (എംവിഡി) നേരിടുന്നു. എംവിഡിയുടെ മുന്നോട്ടുള്ള വഴിയിൽ അതിന്റെ മാനവവിഭവശേഷി വർദ്ധിപ്പിക്കുകയും ജീവനക്കാരെ ശക്തീകരിക്കുകയും ചെയ്യുക, ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് ത്വരിതപ്പെടുത്തുക, ഓൺലൈൻ ലൈസൻസുകളും രജിസ്ട്രേഷനുകളും പോലുള്ള പൗര കേന്ദ്രീകൃത സേവനങ്ങൾക്കായി ഡിജിറ്റൽ പരിവർത്തനം പൂർണ്ണമായും പ്രയോജനപ്പെടുത്തുക എന്നിവയാണ്. "സേഫ് കേരള" പദ്ധതി പോലുള്ള സംരംഭങ്ങളിലൂടെയും തുടർച്ചയായ പൊതുജന അവബോധ കാമ്പെയ്നുകളിലൂടെയും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നത് റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തുടനീളമുള്ള അപകടങ്ങളും പരിക്കുകളും കുറയ്ക്കുന്നതിനും നിർണായകമാണ്.

കേരളം ഗുരുതരമായ റോഡ് സുരക്ഷാ വെല്ലുവിളികളെ നേരിടുന്നു, പ്രത്യേകിച്ച് "അപകടസാധ്യതയുള്ള" ഹൈവേകളിൽ, ഡ്രൈവർമാരുടെ പിഴവ്, മോശം റോഡ് രൂപകൽപ്പന, വർദ്ധിച്ചുവരുന്ന ഗതാഗതം തുടങ്ങിയ ഘടകങ്ങൾ കാരണം ഉയർന്ന തോതിലുള്ള അപകടങ്ങളും മരണങ്ങളും ഇതിൽ ഉൾപ്പെടുന്നു. 4,500-ലധികം "ബ്ലാക്ക് സ്പോട്ടുകൾ" തിരിച്ചറിഞ്ഞിട്ടുണ്ട്, അവയ്ക്ക് അടിയന്തര ഇടപെടൽ ആവശ്യമാണ്. കർശനമായ നിയമപാലനം, റോഡ് എഞ്ചിനീയറിംഗ് മെച്ചപ്പെടുത്തലുകൾ, പൊതുജന അവബോധ കാമ്പെയ്നുകൾ, നിർബന്ധിത സുരക്ഷാ വിദ്യാഭ്യാസം, മെച്ചപ്പെട്ട അപകടാനന്തര പരിചരണം എന്നിവ ഉൾക്കൊള്ളുന്ന ഒരു സമഗ്ര തന്ത്രമാണ് മുന്നോട്ടുള്ള പാതയിൽ ഉൾപ്പെടുന്നത്. 2030 ആകുമ്പോഴേക്കും അപകടങ്ങളിലും മരണങ്ങളിലും ഗണ്യമായ കുറവ് ലക്ഷ്യമിട്ട് ഒരു റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിനും ഉത്തരവാദിത്തമുള്ള റോഡ് ഉപയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുമുള്ള ഈ ശ്രമങ്ങൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി നേതൃത്വം നൽകേണ്ടതാണ്. ഉയർന്ന ജനസാന്ദ്രത, വർദ്ധിച്ചുവരുന്ന വാഹന ഗതാഗതം, പരിമിതമായ ഫണ്ടിംഗ്, ഗവേഷണ നയങ്ങൾ സംയോജിപ്പിക്കുന്നതിലെ ബുദ്ധിമുട്ടുകൾ, ഭൂമി ഏറ്റെടുക്കലിലെ തടസ്സങ്ങൾ എന്നിവ കാരണം കേരളത്തിലെ റോഡ് ഗതാഗത മേഖല ഗണ്യമായ ഗവേഷണ-വികസന വെല്ലുവിളികൾ നേരിടുന്നു. ഇവ മറികടക്കാൻ, ഗതാഗത മാനേജ്മെന്റിനും അപകട പ്രതിരോധത്തിനുമായി

ഡാറ്റാധിഷ്ഠിത ഗവേഷണത്തിന് മുൻഗണന നൽകുക, ഇലക്ട്രിക് വാഹനങ്ങൾ, പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലുള്ള സുസ്ഥിര പരിഹാരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, IoT, AI എന്നിവയിലൂടെ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റങ്ങൾ (ITS) സംയോജിപ്പിക്കുക തുടങ്ങിയ ബഹുമുഖ സമീപനം അത്യാവശ്യമാണ്. നിർണായകമായി, സ്ഥിരമായ നയങ്ങളുടെയും ധനസഹായത്തിന്റെയും പിന്തുണയോടെ, അക്കാദമിക് മേഖല, സർക്കാർ ഏജൻസികൾ, സ്വകാര്യ മേഖല എന്നിവയ്ക്കിടയിൽ ശക്തമായ സഹകരണം വളർത്തിയെടുക്കുന്നത് കേരളത്തിൽ കാര്യക്ഷമവും സുരക്ഷിതവും സുസ്ഥിരവുമായ ഒരു റോഡ് ഗതാഗത സംവിധാനത്തിന് വഴിയൊരുക്കും.

**റെയിൽ ഗതാഗതം**

കേരളത്തിലെ റെയിൽ ഗതാഗതത്തിൽ റെയിൽ കണക്റ്റിവിറ്റി അത്യന്താപേക്ഷിതമാണെങ്കിലും, സംസ്ഥാനത്തിന്റെ തനതായ ഭൂമിശാസ്ത്രപരവും ഉയർന്ന ജനസാന്ദ്രതയും കാരണം ഗണ്യമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. നിലവിലുള്ള ഇരട്ടപ്പാതകൾ പര്യാപ്തമല്ല, അതിനാൽ പതിവായ സമയനഷ്ടങ്ങൾക്കും, യാത്രാ-ചരക്ക് നീക്കങ്ങൾ പരിമിതപ്പെടുത്തുന്നതിനും കാരണമാകുന്നു. പുതിയ പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ മറ്റൊരു വലിയ തടസ്സമാണ്. ജനവാസ കേന്ദ്രങ്ങളുടെ സാന്ദ്രതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം ഇത് പലപ്പോഴും നീണ്ട കാലതാമസത്തിനും പൊതുജന എതിർപ്പിനും ഇടയാക്കുന്നു. കൂടാതെ, പാതയിലെ നിരവധി വളവുകളും ലെവൽ ക്രോസിംഗുകളും ട്രെയിനുകളുടെ വേഗതയെ നിയന്ത്രിക്കുന്നു, ഇത് ആധുനിക ട്രെയിനുകളുടെ പൂർണ്ണമായ പ്രയോജനം ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുന്നു.

കേരളത്തിലെ റെയിൽ മേഖലയ്ക്ക് അത്യാവശ്യമായ ശേഷി വർദ്ധനവും നയപരമായ പദ്ധതി നിർവ്വഹണവും ആവശ്യമാണ്. നിലവിലുള്ള ഇടനാഴികളിലൂടെ മൂന്നാമത്തെയും നാലാമത്തെയും സമാന്തര പാതകൾ കൂട്ടിച്ചേർക്കാനുള്ള പദ്ധതികൾ ശൃംഖലയുടെ തിരക്ക് കുറയ്ക്കുന്നതിനും, വേഗത്തിലുള്ള യാത്രാ-ചരക്ക് സേവനങ്ങൾക്കായി പ്രത്യേക ട്രാക്കുകൾ അനുവദിക്കുന്നതിനും നിർണ്ണായകമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾ പരിഗണിച്ച് റെയിൽവേ പൂർണ്ണമായും ധനസഹായം നൽകിക്കൊണ്ട് റെയിൽവേ ഓവർ ബ്രിഡ്ജുകളും (ആർ ഒ ബി-കൾ) അണ്ടർ ബ്രിഡ്ജുകളും (ആർ യു ബി-കൾ) നിർമ്മിക്കുന്നതിന് മുൻഗണന നൽകുന്നത് ഗതാഗത തടസ്സങ്ങൾ ഒഴിവാക്കുകയും സുരക്ഷ വർദ്ധിപ്പിക്കുകയും ചെയ്യും. കൂടാതെ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളെ സിഗ്നലിങ് നവീകരണത്തിലൂടെയും വളവുകൾ നിവർത്തിയും ഒപ്റ്റിമൈസ് ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, കൂടുതൽ പ്രായോഗികവും പാരിസ്ഥിതികമായി നിലനിൽക്കുന്നതുമായ ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താൻ ശക്തമായ ഊന്നൽ നൽകേണ്ടത് വേഗതയും പ്രവർത്തനക്ഷമതയും മെച്ചപ്പെടുത്താൻ അത്യാവശ്യമാണ്.

**വ്യോമ ഗതാഗതം**

നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളും അഞ്ചാമതൊന്ന് നിർദ്ദിഷ്ട പട്ടികയിലുമുള്ള കേരളത്തിന്റെ വ്യോമയാന മേഖല ഗതാഗത രംഗത്ത് നിർണ്ണായകമാണെങ്കിലും നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. വർദ്ധിച്ചുവരുന്ന യാത്രക്കാരുടെയും കാർഗോയുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തിരുവനന്തപുരം, കൊച്ചി തുടങ്ങിയ പ്രധാന വിമാനത്താവളങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരം വിപുലീകരണ പ്രവർത്തനങ്ങൾക്കും ശബരിമല വിമാനത്താവളം പോലുള്ള ഗ്രീൻഫീൽഡ് പദ്ധതികൾക്കും ആവശ്യമായ ഭൂമി ഏറ്റെടുക്കൽ കേരളം പോലുള്ള ജനസാന്ദ്രതയേറിയ സംസ്ഥാനത്ത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. ഇത് പദ്ധതികൾ വൈകുന്നതിനും ചെലവ് വർദ്ധിക്കുന്നതിനും കാരണമാകുന്നു. കൂടാതെ, പുതിയ വിമാനത്താവളങ്ങളുടെ സാമ്പത്തിക സുസ്ഥിരതയും ആശങ്കാജനകമാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ (KIAL) വിമാന സർവീസുകളുടെ പരിമിതിയും യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും ഇതിന് ഉദാഹരണമാണ്. കൃത്യമായ തന്ത്രപരമായ ആസൂത്രണമില്ലാതെ പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഈ മേഖലയുടെ സാമ്പത്തിക ഭദ്രതയെ ബാധിച്ചേക്കാം.

ബഹുതലങ്ങളിലൂന്നിയുള്ള ഒരു വികസന മാതൃകയാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. നിലവിലുള്ള വിമാനത്താവളങ്ങളുടെ തന്ത്രപരമായ വിപുലീകരണവും ആധുനികവൽക്കരണവുമാണ് ഇതിൽ പ്രധാനം. തിരുവനന്തപുരം വിമാനത്താവളത്തിലെ രണ്ടാം ടെർമിനലിന്റെ (T2) വികസനവും, കൊച്ചി വിമാനത്താവളത്തിന്റെ (CIAL) 'ഫ്ലൈയിംഗ് ഇൻടു ടുമാറോ' പദ്ധതിയുടെ ഭാഗമായുള്ള രണ്ടാം റൺവേ ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങളും ഈ ലക്ഷ്യത്തിലേക്കുള്ള നിർണ്ണായക ചുവടുവെപ്പുകളാണ്. കൂടാതെ, കേരളത്തിന്റെ കയറ്റുമതി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി എല്ലാ അന്താരാഷ്ട്ര വിമാനത്താവളങ്ങളെയും എയർ കാർഗോ ഹബ്ബുകളായി വികസിപ്പിക്കേണ്ടതുണ്ട്. വേഗത്തിൽ നശിച്ചുപോകുന്ന ഉൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള അത്യാധുനിക കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളും വിപുലമായ കസ്റ്റംസ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നത് വഴി വിദേശ വിപണികളിലേക്ക് കാർഷിക-മത്സ്യ ഉൽപ്പന്നങ്ങൾ കൂടുതൽ കാര്യക്ഷമമായി എത്തിക്കാൻ സാധിക്കും.

**ജലഗതാഗതം**

ഗതാഗത സംവിധാനത്തിന്റെ അവിഭാജ്യ ഘടകമാണ് ജലഗതാഗതം. ഏറ്റവും ഊർജ്ജക്ഷമതയുള്ളതും, ചെലവ് കുറഞ്ഞതും, പരിസ്ഥിതി സൗഹൃദപരവുമായ ഗതാഗത മാർഗ്ഗങ്ങളിലൊന്നായതിനാൽ, ഇത് പ്രദേശങ്ങളിലുടനീളം വ്യാപാരം, ആശയവിനിമയം, എന്നിവ സുഗമമാക്കുന്നതിലും വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിലും, നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. നദികൾ, കനാലുകൾ, കായലുകൾ, അരുവികൾ, വേലിയേറ്റതടാകങ്ങൾ എന്നിവയുടെ രൂപത്തിൽ ഉൾനാടൻ ജലപാതകളുടെ വ്യാപകമായ ശൃംഖല ഇന്ത്യയിലുണ്ട്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരത്ത് സ്ഥിതി ചെയ്യുന്ന കേരളം,

രാജ്യത്തിന്റെ ജലഗതാഗത ഭൂപ്രകൃതിയിൽ സവിശേഷവും പ്രധാനപ്പെട്ടതുമായ സ്ഥാനം വഹിക്കുന്നു. കായലുകൾ, നദികൾ, കനാലുകൾ, തടാകങ്ങൾ എന്നിവയുടെ വിപുലമായ ശൃംഖല സംസ്ഥാനത്തിനുണ്ട്. മെച്ചപ്പെട്ട ഗതാഗതസൗകര്യം പ്രദാനം ചെയ്യുന്നതിലും, ജീവനോപാധിക്കും ഇത് അവിഭാജ്യ ഘടകമാണ്. കേരളത്തിന്റെ സുസ്ഥിര വികസനത്തിന് ജലഗതാഗതത്തിന് വർദ്ധിച്ച സാധ്യതയുണ്ട്. ആധുനിക സാങ്കേതികവിദ്യ, പരിസ്ഥിതി സംരക്ഷണം, സാമൂഹിക പങ്കാളിത്തം എന്നിവ സംയോജിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തിലെ പരമ്പരാഗത ജലപാതകളെ പരിസ്ഥിതി സൗഹൃദമാക്കിക്കൊണ്ട് സമഗ്രമായ വളർച്ച കൈവരിക്കുന്നതിൽ ഒരു മാതൃകയാക്കാൻ സാധിക്കും.

### തുറമുഖ മേഖല

ആഗോളതല വ്യാപാരത്തിന്റെയും ഉൽപ്പാദന വിതരണ ശൃംഖലയുടെയും നട്ടെല്ലാണ് സമുദ്ര ഗതാഗതം. തുറമുഖങ്ങൾ, ഷിപ്പിംഗ്, കപ്പൽ നിർമ്മാണം, കപ്പൽ അറ്റകുറ്റപ്പണികൾ, ഉൾനാടൻ ജലഗതാഗത സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഇന്ത്യയിലെ സമുദ്രഗതാഗതമേഖല. തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഇന്ത്യയ്ക്ക് സർക്കാർ ഉടമസ്ഥതയിലുള്ള 12 വൻകിട തുറമുഖങ്ങളും ഏകദേശം 217 നോൺ-മേജർ തുറമുഖങ്ങളും ഉണ്ട്. മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് 2024-25 പ്രകാരം, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഗതാഗത മേഖലയിൽ ഇന്ത്യൻ ഷിപ്പിംഗ് വ്യവസായം വർഷങ്ങളായി നിർണായക പങ്ക് വഹിച്ചു വരുന്നു. ഇന്ത്യയുടെ വ്യാപാരത്തിന്റെ അളവിൽ 95 ശതമാനവും, മൂല്യത്തിന്റെ 68 ശതമാനവും മാരിടൈം ട്രാൻസ്പോർട്ട് വഴിയാണ് നടക്കുന്നത്. അതിനാൽ, ഷിപ്പിംഗ്, സമുദ്ര വിഭവങ്ങൾ, കപ്പലിന്റെ രൂപകൽപ്പനയും നിർമ്മാണവും, തുറമുഖങ്ങളും ഹാർബറുകളും, മാനവ വിഭവശേഷി വികസനം, ധനകാര്യം, അനുബന്ധപ്രവർത്തനങ്ങൾ, പുതിയ സാങ്കേതികവിദ്യകൾ എന്നിവ മാറ്റങ്ങൾക്കനുസൃതമായി വികസിപ്പിക്കേണ്ടതുണ്ട്. നൂറ്റാണ്ട് പഴക്കമുള്ള 1908 ലെ ഇന്ത്യൻ തുറമുഖ നിയമത്തിന് പകരമായി, 2025 ഓഗസ്റ്റിൽ പാർലമെന്റ് പാസാക്കിയ ഇന്ത്യൻ തുറമുഖ നിയമം, 2025, ഇന്ത്യയുടെ സമുദ്ര ഭരണത്തിലെ ഒരു പരിവർത്തന നാഴികക്കല്ലാണ്. ഇത് ആധുനിക സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾക്കനുസൃതമായി ഭാവിയിലേക്കുള്ളതും സംയോജിതവുമായ ഒരു ചട്ടക്കൂടാണ്. ഇന്ത്യൻ തുറമുഖ മേഖലയ്ക്ക് പ്രതിവർഷം 2690 ദശലക്ഷം മെട്രിക് ടൺ (എംടിപിഎ) ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട് (1630 എംടിപിഎ വൻകിട തുറമുഖങ്ങളും + 1060 എംടിപിഎ നോൺ-മേജർ തുറമുഖങ്ങളും). 2024-25 ൽ, ഇന്ത്യയിലെ വൻകിട ചെറുകിട തുറമുഖങ്ങൾ ഏകദേശം 1593 ദശലക്ഷം മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്തു (ഉറവിടം: തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്).

### സാഗർമാല പ്രോഗ്രാം

രാജ്യത്തിന്റെ 11,098 കിലോമീറ്റർ നീളമുള്ള തീരപ്രദേശം, 14,500 കിലോമീറ്റർ സഞ്ചാരയോഗ്യമായ ജലപാതകൾ, പ്രധാന അന്തർദേശീയ സമുദ്ര വ്യാപാര പാതകളിലെ തന്ത്രപ്രധാനമായ സ്ഥാനം എന്നിവ പ്രയോജനപ്പെടുത്തുന്നതിനുള്ള ഭാരത സർക്കാരിന്റെ തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ ഒരു പ്രധാന സംരംഭമാണ് സാഗർമാല പ്രോഗ്രാം. ആഭ്യന്തര, അന്തർദേശീയ വ്യാപാരത്തിനായുള്ള ലോജിസ്റ്റിക് ചെലവുകൾ കുറയ്ക്കുന്നതിലൂടെ, ലോജിസ്റ്റിക്ക്സ് വ്യവസായത്തിന്റെ പ്രകടനവും കാര്യക്ഷമതയും മെച്ചപ്പെടുത്താൻ കഴിയുമെന്ന് ഈ പ്രോഗ്രാമിലൂടെ മന്ത്രാലയം പ്രതീക്ഷിക്കുന്നു. പുതിയ തുറമുഖങ്ങളുടെ നവീകരണത്തിലൂടെയും വികസനത്തിലൂടെയും രാജ്യത്ത് തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള വികസനം പ്രോത്സാഹിപ്പിക്കൽ, കണക്റ്റിവിറ്റി വിപുലീകരിക്കൽ, തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കൽ, തീരദേശ സമൂഹ വികസനം, ഇന്ത്യയിലെ തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജലപാതകൾ എന്നിവയുടെ വികസനം മുതലായവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**പട്ടിക 11.1.4** സാഗർമാല പ്രോഗ്രാമിന് കീഴിലുള്ള പദ്ധതികളുടെ സംഗ്രഹം

| ക്രമനം | പ്രോജക്റ്റ് തീം | പൂർത്തീകരിച്ചത് | | നടപ്പിലാക്കി കൊണ്ടിരിക്കുന്നത് | | വികസനത്തിന്റെ കീഴിൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|
| | | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) | പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് (കോടി രൂപ) |
| 1 | തുറമുഖ ആധുനികവത്ക്കരണം | 103 | 32,635 | 56 | 74,744 | 75 | 1,83,900 | 234 | 2,91,279 |
| 2 | കണക്റ്റിവിറ്റി വർദ്ധിപ്പിക്കൽ | 92 | 58,031 | 56 | 67,976 | 131 | 80,366 | 279 | 2,06,373 |
| 3 | തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം | 9 | 45,865 | 3 | 9,247 | 2 | 625 | 14 | 55,737 |
| 4 | തീരദേശ സമൂഹ വികസനം | 23 | 1,997 | 32 | 5,875 | 26 | 3,701 | 81 | 11,572 |
| 5 | തീരദേശ ഷിപ്പിംഗും ഉൾനാടൻ ജലപാതകളും | 45 | 2,971 | 67 | 4,846 | 119 | 6,783 | 231 | 14,601 |
| | **ആകെ** | **272** | **1,41,499** | **214** | **1,62,688** | **353** | **2,75,374** | **839** | **5,79,562** |

**ഉറവിടം**: വാർഷിക റിപ്പോർട്ട് 2024-25, തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

നിലവിൽ സാഗർമാല പ്രോഗ്രാമിന് കീഴിൽ 5.79 ലക്ഷം കോടി രൂപയുടെ നിക്ഷേപത്തോടുകൂടി മൊത്തം 839 പദ്ധതികളാണുള്ളത്. ഇതിൽ 1.41 ലക്ഷം കോടി രൂപയുടെ 272 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 1.63 ലക്ഷം കോടി രൂപയുടെ 214 പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള 2.75 ലക്ഷം കോടി രൂപയുടെ 353 പദ്ധതികൾ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയം, സംസ്ഥാന ഗവൺമെന്റുകൾ, പ്രധാന തുറമുഖങ്ങൾ, മറ്റ് ഏജൻസികൾ എന്നിവരാണ് പ്രധാനമായും ഈ പദ്ധതികൾ സ്വകാര്യപങ്കാളിത്തത്തോടെ അല്ലെങ്കിൽ പിപിപി മാതൃകയിൽ നടപ്പിലാക്കുന്നത്. സാഗർമാല പ്രോഗ്രാമിന് കീഴിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ ഒരു സംഗ്രഹം **പട്ടിക 11.1.4** ൽ നൽകിയിരിക്കുന്നു.

ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും തുറമുഖ വികസന പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുമായി ഇന്ത്യാ ഗവൺമെന്റ് സാഗർമാല ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് (എസ് ഡി സി എൽ) രൂപീകരിച്ചു. പദ്ധതി ആവശ്യകതകൾ അനുസരിച്ച്, എസ് ഡി സി എൽ ഇന്ത്യാ ഗവൺമെന്റും മൾട്ടി-ലാറ്ററൽ, ബൈ-ലാറ്ററൽ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന ധനസഹായം പ്രയോജനപ്പെടുത്തി കടം അല്ലെങ്കിൽ ഓഹരി (ദീർഘകാല മൂലധനമായി) ഫണ്ട് സ്വരൂപിക്കും. സാഗർമാല പ്രോഗ്രാമിന്റെ അംഗീകൃത ഘടന അനുസരിച്ച്, അനുബന്ധ മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ/ സംസ്ഥാന മാരിടൈം ബോർഡുകൾ (എസ്എംബികൾ), എസ്.പി.വികൾ എന്നിവയിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കേണ്ടത്. എസ്ഡിസിഎൽ ഒരു ധനസഹായ ജാലകമായി പ്രവർത്തിക്കുകയും മറ്റേതെങ്കിലും മാർഗ്ഗം/ മാതൃക വഴി ഫണ്ടിംഗ് ലഭ്യമല്ലാത്ത ശേഷിക്കുന്ന പദ്ധതികൾ മാത്രം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

## ഇന്ത്യയിലെ തുറമുഖങ്ങളിലൂടെയുള്ള ചരക്ക് ഗതാഗതം

### ഇന്ത്യയിലെ പ്രധാന വൻകിട തുറമുഖങ്ങൾ

വിദേശവാണിജ്യത്തിന് അനുകൂലമായ സാഹചര്യം സമുദ്ര മേഖലയിലൂടെ സാധ്യമാകുന്നു. അത് ആദായാകരമായതിനാലും ആഗോളതലത്തിൽ മെച്ചപ്പെട്ട കണക്റ്റിവിറ്റി സാധ്യമായതിനാലും ലോക സമ്പദ്‌വ്യവസ്ഥയ്ക്ക് വളരെ പ്രധാനമാണ്. ആഗോള സമ്പദ്‌വ്യവസ്ഥയിലെ വികസനങ്ങൾ, പ്രത്യേകിച്ച് ആഗോള ഉൽപ്പാദനത്തിന്റെയും വ്യാപാരത്തിന്റെയും വിപുലീകരണം എന്നിവ സമുദ്ര ഗതാഗത പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്ന ഘടകങ്ങളാണ്. അതിനാൽ, തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിന്റെ അളവ് പ്രധാനമായും രൂപപ്പെടുന്നത് ആഗോളവും ആഭ്യന്തരവുമായ പ്രവർത്തനങ്ങളിലെ മാറ്റങ്ങൾ അനുസരിച്ചാണ്. വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം 2023-24 ലെ 819.00 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 4.22 ശതമാനം വർദ്ധിച്ച് 2024-25 ൽ 853.57 ദശലക്ഷം മെട്രിക് ടണ്ണായി. എന്നിരുന്നാലും വളർച്ചാ നിരക്ക് മുൻ വർഷത്തെ അപേക്ഷിച്ച് കുറവാണ്.

വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ നിരക്ക് **ചിത്രം 11.1.09**-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്തതിൽ ഗണ്യമായ വളർച്ച രേഖപ്പെടുത്തിയത് 2022-23 വർഷത്തിലാണ് (8.8 ശതമാനം), ഏറ്റവും കുറവ് രേഖപ്പെടുത്തിയത് 2020-21 വർഷത്തിലും (-4.6 ശതമാനം).

**ചിത്രം 11.1.09** 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ നിരക്ക്




**ഉറവിടം**: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

2024–25ൽ വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത ചരക്കുഗതാഗതത്തിൽ ദീൻദയാൽ തുറമുഖം (ഡിപിഎ) ഏറ്റവും ഉയർന്ന വളർച്ച രേഖപ്പെടുത്തി (13.4 ശതമാനം). ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (7.4 ശതമാനം), കാമരാജർ തുറമുഖം (6.9 ശതമാനം), ചെന്നൈ തുറമുഖം (6.5 ശതമാനം), കൊച്ചിൻ തുറമുഖം (3.6 ശതമാനം), പാരദീപ് തുറമുഖം (3.5 ശതമാനം), മുംബൈ തുറമുഖം (2.0 ശതമാനം), വിശാഖപട്ടണം തുറമുഖം (വിപിഎ) (1.0 ശതമാനം), വി ഒ ചിദംബരം തുറമുഖം, തൂത്തുക്കുടി (0.8 ശതമാനം), ന്യൂ മാംഗളൂർ തുറമുഖ അതോറിറ്റി (എൻഎംപിഎ) (0.7 ശതമാനം) എന്നിങ്ങനെ വളർച്ച രേഖപ്പെടുത്തുകയുണ്ടായി. വൻകിട തുറമുഖങ്ങളിൽ 2024–25ൽ മോർമുഗാവോ തുറമുഖം (–12.5 ശതമാനം), ശ്യാമ പ്രസാദ് മുഖർജി തുറമുഖം (–2.8 ശതമാനം), ഹൽദിയ ശ്യാമ പ്രസാദ് മുഖർജി തുറമുഖം, കൊൽക്കത്ത (–4.3 ശതമാനം) എന്നിവ നെഗറ്റീവ് വളർച്ചാ നിരക്ക് രേഖപ്പെടുത്തി.

2024–25ൽ, വൻകിട തുറമുഖങ്ങളിൽ, പാരദീപ് തുറമുഖം 150.41 ദശലക്ഷം മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് ദീൻദയാൽ തുറമുഖം (150.16 എംഎംറ്റി), ജവഹർലാൽ നെഹ്റു പോർട്ട് അതോറിറ്റി (ജെഎൻപിഎ) (92.12 എംഎംറ്റി), വിശാഖപട്ടണം തുറമുഖം (വിപിഎ) (82.62 എംഎംറ്റി), മുംബൈ തുറമുഖം (68.64 എംഎംറ്റി), ചെന്നൈ തുറമുഖം (54.95 എംഎംറ്റി), കാമരാജർ തുറമുഖം (48.41 എംഎംറ്റി), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (46.45 എംഎംറ്റി), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (46.02 എംഎംറ്റി), വി ഒ ചിദംബരം തുറമുഖം (41.72 എംഎംറ്റി), കൊച്ചിൻ തുറമുഖം (37.61 എംഎംറ്റി), മോർമുഗാവോ തുറമുഖം (18.05 എംഎംറ്റി)), ശ്യാമ പ്രസാദ് മുഖർജി പോർട്ട്, കൊൽക്കത്ത (16.43 എംഎംറ്റി) എന്നിങ്ങനെയാണ്. പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.10** ൽ കാണിച്ചിരിക്കുന്നു.

2024–25ൽ, 12 വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം 4.7 ശതമാനം വർദ്ധിച്ച് 657.75 ദശലക്ഷം മെട്രിക് ടൺ (എംഎംടി) ആയിരുന്നു. വൻകിട തുറമുഖങ്ങളിൽ, 2024–25ൽ ദീൻദയാൽ തുറമുഖമാണ് (ഡിപിഎ) ഏറ്റവും അധികം വിദേശ ചരക്ക് കൈകാര്യം ചെയ്തത്, 20.6 ശതമാനം വിഹിതത്തോടെ 135.46 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് പാരദീപ് തുറമുഖം (13.2 ശതമാനം), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (12.9 ശതമാനം), വിശാഖപട്ടണം തുറമുഖം (വിപിഎ) (9.6 ശതമാനം), ചെന്നൈ തുറമുഖം (7.4 ശതമാനം), മുംബൈ തുറമുഖം (7.0 ശതമാനം), ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (6.5 ശതമാനം), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (5.7 ശതമാനം), വി ഒ ചിദംബരം തുറമുഖം, തൂത്തുക്കുടി (4.5 ശതമാനം), കാമരാജർ തുറമുഖം (4.4 ശതമാനം), കൊച്ചിൻ തുറമുഖം (3.8 ശതമാനം), ശ്യാമ പ്രസാദ് മുഖർജി പോർട്ട് കൊൽക്കത്ത (2.3 ശതമാനം) മോർമുഗാവോ തുറമുഖം (2.0 ശതമാനം), എന്നിങ്ങനെ ആണ്. വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ വിഹിതം **ചിത്രം 11.1.11** ൽ കാണിച്ചിരിക്കുന്നു. 2024–25ൽ, 12 വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം 2.6 ശതമാനം വർദ്ധിച്ച് 195.82 ദശലക്ഷം മെട്രിക് ടൺ (എംഎംടി) ആയിരുന്നു. വൻകിട തുറമുഖങ്ങളിൽ, പാരദീപ് തുറമുഖം 32.5 ശതമാനം വിഹിതത്തോടെ 63.69 ദശലക്ഷം മെട്രിക് ടൺ തീരദേശ ചരക്ക് കൈകാര്യം ചെയ്തു, തുടർന്ന് മുംബൈ തുറമുഖം (11.4 ശതമാനം), കാമരാജർ തുറമുഖം (10.0 ശതമാനം),

**ചിത്രം 11.1.10** 2024–25 കാലയളവിൽ വൻകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതങ്ങളുടെ തുറമുഖം തിരിച്ചുള്ള ശതമാന വിഹിതം




**ഉറവിടം:** തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

**ചിത്രം 11.1.11.** 2023–24 ലും 2024–25 ലും കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ)




**ഉറവിടം:** തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

വിശാഖപട്ടണം തുറമുഖം (10.1 ശതമാനം), ദീൻദയാൽ തുറമുഖം (ഡിപിഎ) (7.5 ശതമാനം), കൊച്ചിൻ തുറമുഖം (6.4 ശതമാനം), വി.ഒ. ചിദംബരം തുറമുഖം (6.1 ശതമാനം), ന്യൂ മംഗളൂരു തുറമുഖ അതോറിറ്റി (എൻഎംപിഎ) (4.5 ശതമാനം), ജവഹർലാൽ നെഹ്റു തുറമുഖ അതോറിറ്റി (ജെഎൻപിഎ) (3.5 ശതമാനം), ചെന്നൈ തുറമുഖം (3.1 ശതമാനം), മോർമുഗാവോ തുറമുഖം (2.3 ശതമാനം) ശ്യാമ പ്രസാദ് മുഖർജി തുറമുഖം, ഹാൽദിയ (1.9 ശതമാനം), ശ്യാമ പ്രസാദ് മുഖർജി പോർട്ട് കൊൽക്കത്ത (0.6 ശതമാനം) എന്നിങ്ങനെയാണ്. 2024–25ൽ വൻകിട തുറമുഖങ്ങൾ കൈകാര്യം ചെയ്ത തീരദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം **ചിത്രം 11.1.12** ൽ കാണിച്ചിരിക്കുന്നു.

2023–24, 2024–25 വർഷങ്ങളിലെ വൻകിട തുറമുഖങ്ങളിലെ

**ചിത്രം 11.1.12.** 2023–24 ലും 2024–25 ലും കൈകാര്യം ചെയ്ത വിദേശ ചരക്കുകളുടെ തുറമുഖം തിരിച്ചുള്ള വിഹിതം (ടണ്ണിൽ)




എച്ച്ഡിസി-ഹാൽദിയ ഡോക്ക് കോംപ്ലക്സ്, കെഎസ്ഡി- കൊൽക്കത്ത ഡോക്ക് സിസ്റ്റം, എൻഎംപിഎ-ന്യൂ മംഗളൂരു
**ഉറവിടം:** തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

ചരക്കു ഗതാഗതം തുറമുഖം തിരിച്ച് **അനുബന്ധം 11.1.22** ൽ നൽകിയിരിക്കുന്നു.

**ഇന്ത്യയിലെ നോൺ– മേജർ തുറമുഖങ്ങളിലൂടെയുള്ള ചരക്ക് ഗതാഗതം**

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നോൺ– മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ പ്രവണത **ചിത്രം 11.1.13**–ൽ രേഖപ്പെടുത്തിയിരിക്കുന്നു.

2015–16 മുതൽ 2024–25 വരെയുള്ള കാലയളവിൽ, നോൺ– മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്കുകളുടെ കണക്കിൽ, ഏറ്റവും ഉയർന്ന വളർച്ച 2023–24 വർഷത്തിലും (11.2 ശതമാനം), ഏറ്റവും കുറവ് 2020–21 വർഷത്തിലും (–6.1 ശതമാനം) രേഖപ്പെടുത്തി.

2024–25ൽ നോൺ–മേജർ തുറമുഖങ്ങളിലൂടെ ചരക്ക് ഗതാഗതം 2023–24ൽ കൈകാര്യം ചെയ്ത 723.41 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2.2 ശതമാനം വർദ്ധിച്ച് 739.47 ദശലക്ഷം മെട്രിക് ടണ്ണായി. സംസ്ഥാന മാരിടൈം ബോർഡുകൾ (എസ്എംബി), തുറമുഖ ഡയറക്ടറേറ്റുകൾ (ഡിഒപി) എന്നിവയിൽ ഗുജറാത്ത് മാരിടൈം ബോർഡാണ് ഏറ്റവും അധികം ചരക്ക് ഗതാഗതം കൈകാര്യം ചെയ്തത്, 65.9 ശതമാനം വിഹിതത്തോടെ 487.68 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (104.12 എംഎംടി), മഹാരാഷ്ട്ര മാരിടൈം ബോർഡ് (67.95 എംഎംടി), ഡയറക്ടറേറ്റ് ഓഫ് പോർട്ട്സ്, ഒഡീഷ (52.08 എംഎംടി), ഡയറക്ടറേറ്റ് ഓഫ് പോർട്ട്സ്, പുതുച്ചേരി (12.79 എംഎംടി), തമിഴ്നാട് മാരിടൈം ബോർഡ് (11.89 എംഎംടി), മറ്റുള്ളവ (2.95 എംഎംടി) എന്നിങ്ങനെയാണ്. ഇതിൽ മറ്റുള്ളവയിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, കർണാടക, ഗോവ, കേരള, ലക്ഷദ്വീപ് എന്നിവിടങ്ങളിലെ നോൺ– മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ ഉൾപ്പെടുന്നു. നോൺ–മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന മൊത്തം ചരക്കു ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.14**–ൽ കാണിച്ചിരിക്കുന്നു.

2024–25 ഏപ്രിൽ–മാർച്ച് കാലയളവിൽ നോൺ–മേജർ തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതം 2023–24ലെ ഏപ്രിൽ–മാർച്ച് കാലയളവിലെ 581.60 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 3.94 ശതമാനം വർദ്ധിച്ച് 604.49 ദശലക്ഷം മെട്രിക് ടണ്ണായി. എസ്എംബി/ഡിഒപി എന്നിവയിൽ, ഏറ്റവും അധികം വിദേശ ചരക്ക് ഗതാഗതം കൈകാര്യം ചെയ്തത് ഗുജറാത്ത് മാരിടൈം ബോർഡ് ആണ്, 72.5 ശതമാനം വിഹിതവുമായി 437.98 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (11.5 ശതമാനം), ഒഡീഷയിലെ തുറമുഖ ഡയറക്ടറേറ്റ് (7.2 ശതമാനം), മഹാരാഷ്ട്ര മാരിടൈം ബോർഡ് (4.8 ശതമാനം), പുതുച്ചേരി തുറമുഖ ഡയറക്ടറേറ്റ്, (2.1 ശതമാനം), തമിഴ്നാട് മാരിടൈം ബോർഡ് (1.9 ശതമാനം), മറ്റുള്ളവ (0.09 ശതമാനം) എന്നിങ്ങനെയാണ്. ഇതിൽ മറ്റുള്ളവയിൽ ആൻഡമാൻ നിക്കോബാർ ദ്വീപ്, കർണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിലെ നോൺ–മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്ക് ഉൾപ്പെടുന്നു. നോൺ–മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത വിദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.15** ൽ കാണിച്ചിരിക്കുന്നു.

2024–25ൽ നോൺ–മേജർ തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം 2023–24ലെ 134.98 ദശലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 4.8 ശതമാനം വർദ്ധിച്ച്

**ചിത്രം 11.1.13.** 2015–16 മുതൽ 2024–25 വരെയുള്ള കാലയളവിൽ നോൺ– മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വളർച്ചാ പ്രവണത




**ഉറവിടം**: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

**ചിത്രം 11.1.14.** 2024–25 ൽ നോൺ– മേജർ തുറമുഖങ്ങളിൽ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതത്തിന്റെ എസ്എംബി/ഡിഒപി തിരിച്ചുള്ള ശതമാനം വിഹിതം




**ഉറവിടം**: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

141.81 ദശലക്ഷം മെട്രിക് ടണ്ണായി. എസ്എംബി/ഡിഒപി എന്നിവയിൽ, ഏറ്റവും അധികം തീരദേശ ചരക്ക് ഗതാഗതം കൈകാര്യം ചെയ്തത് ഗുജറാത്ത് മാരിടൈം ബോർഡ് ആണ്, 36.8 ശതമാനം വിഹിതത്തോടെ 49.70 ദശലക്ഷം മെട്രിക് ടൺ. തുടർന്ന് മഹാരാഷ്ട്ര മാരിടൈം ബോർഡ് (28.9 ശതമാനം), ആന്ധ്രാപ്രദേശ് മാരിടൈം ബോർഡ് (25.8 ശതമാനം), തുറമുഖങ്ങളുടെ ഡയറക്ടറേറ്റ്, ഒഡീഷ (6.5 ശതമാനം), മറ്റുള്ളവ (0.6 ശതമാനം) എന്നിങ്ങനെയാണ്. ഇതിൽ മറ്റുള്ളവയിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, തമിഴ്നാട് മാരിടൈം ബോർഡ് (ടി എൻ എം ബി), ഗോവ, കേരളം, കർണാടക എന്നിവിടങ്ങളിലെ നോൺ–മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്ക് ഉൾപ്പെടുന്നു. നോൺ–മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതത്തിന്റെ പങ്ക് **ചിത്രം 11.1.16** ൽ കാണിച്ചിരിക്കുന്നു.

2023–24, 2024–25 വർഷങ്ങളിലെ നോൺ മേജർ തുറമുഖങ്ങളിലൂടെ ചരക്ക ഗതാഗതം എസ്എംബി/ഡിഒപി തിരിച്ച് **അനുബന്ധം 11.1.23** നൽകിയിരിക്കുന്നു.

**ചിത്രം 11.1.15.** 2023–24 ലും 2024–25 ലും എസ്എംബി/ഡിഒപി വഴി കൈകാര്യം ചെയ്ത വിദേശ ചരക്കിന്റെ വിഹിതം (ടണ്ണിൽ)




**ഉറവിടം**: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്
* ഈ കാലയളവിൽ ഗോവയും ലക്ഷദ്വീപും വിദേശ ചരക്കുകൾ കൈകാര്യം ചെയ്തില്ല.

**ചിത്രം 11.1.16.** 2023–24 ലും 2024–25 ലും എസ്എംബി/ഡിഐപി വഴി കൈകാര്യം ചെയ്ത തീരദേശ ചരക്ക് ഗതാഗതം (ടണ്ണിൽ)




**ഉറവിടം:** തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം
* 2024-25 കാലയളവിൽ പുതുച്ചേരി തീരദേശ ചരക്ക് കൈകാര്യം ചെയ്തില്ല

### കേരളത്തിലെ തുറമുഖങ്ങൾ

കേരളത്തിന്റെ തീരദേശത്തിനു ഏകദേശം 590 കിലോമീറ്റർ നീളമുണ്ട്. ഇവിടെ കൊച്ചിയിൽ ഒരു വൻകിട തുറമുഖവും 17 നോൺ–മേജർ തുറമുഖങ്ങളുമുണ്ട്. കേരളത്തിലെ 17 നോൺ–മേജർ തുറമുഖങ്ങളിൽ വിഴിഞ്ഞം, ബേപ്പൂർ–കോഴിക്കോട്, അഴീക്കൽ, കൊല്ലം തുറമുഖങ്ങൾ എന്നിങ്ങനെ നാലെണ്ണം മാത്രമാണ് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുള്ളത്. കൂടാതെ കോട്ടയത്ത് നാട്ടകത്ത് ഒരു ഉൾനാടൻ തുറമുഖവുമുണ്ട്. മലബാർ പ്രദേശത്ത് (അഴീക്കൽ ആസ്ഥാനമായുള്ള) ഒരു തുറമുഖം നിർമ്മിക്കുന്നതിനായി രൂപീകരിച്ച കമ്പനിയാണ് മലബാർ പോർട്ട് & സെസ്.

### കേരള മാരിടൈം ബോർഡ് (കെ എം ബി )

2017 സെപ്റ്റംബറിൽ കേരള മാരിടൈം ബോർഡ് ആക്ടിന് അംഗീകാരം ലഭിച്ചതിന് ശേഷമാണ് കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. ഈ നിയമം അനുസരിച്ച്, കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾക്കായിട്ടാണ് കെഎംബി രൂപീകരിച്ചത്, കൂടാതെ ഈ നോൺ മേജർ തുറമുഖങ്ങളുടെ ഭരണനിർവ്വഹണം, നിയന്ത്രണം, മാനേജ്മെന്റ് എന്നിവ കെ എം ബി യിൽ നിക്ഷിപ്തമാണ്. ഡയറക്ടറേറ്റ് ഓഫ് പോർട്ട്സ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള മാരിടൈം സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ സംയോജിപ്പിച്ചാണ് സർക്കാർ കെഎംബി രൂപീകരിച്ചത്. ഒരു ചെയർമാൻ, ഒരു വൈസ് ചെയർമാൻ, 6 എക്സ് ഒഫീഷ്യോ അംഗങ്ങൾ നാല് നോമിനേറ്റഡ് അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ബോർഡ്. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും തുറമുഖങ്ങളുടെ നവീകരണവും ഷിപ്പിംഗ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തലും കേരള മാരിടൈം ബോർഡിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

### കേരള മാരിടൈം ബോർഡിന്റെ പ്രധാന നേട്ടങ്ങൾ

- ഇൻലാൻഡ് വെസ്സൽ നിയമം നടപ്പാക്കൽ– യന്ത്രവൽകൃത ഉൾനാടൻ കപ്പലുകളുടെ രജിസ്ട്രേഷനും സർവേയുമായി ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള മാരിടൈം ബോർഡിനെയാണ് സംസ്ഥാന സർക്കാർ നിയമിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി കെ. എം. ബി പരിശോധനകൾ നടത്തുകയും കപ്പലുകളുടെ രജിസ്ട്രേഷൻ സുഗമമാക്കുകയും ചെയ്യുന്നു. കപ്പൽ രജിസ്ട്രേഷനും സർവേയ്ക്കും വേണ്ടി "കേരള നൗക– ദി ഐ വി കണക്റ്റ്" എന്ന ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു.
- പിപിപി മോഡിൽ വൻകിട തുറമുഖങ്ങളുടെ കീഴിലുള്ള ഭൂമിയുടെയും മറ്റ് ആസ്തികളുടെയും വികസനം – വൻകിട തുറമുഖങ്ങളുടെ കീഴിൽ വരുന്ന ഭൂമിയും കെട്ടിടങ്ങൾ, ബംഗ്ലാവുകൾ, ഗോഡൗണുകൾ, വെയർഹൗസുകൾ, ലൈറ്റ് ഹൗസുകൾ തുടങ്ങിയ വിവിധ ആസ്തികളും പിപിപി രീതിയിൽ വികസിപ്പിക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംരംഭത്തിന് കീഴിൽ, 13 പദ്ധതികൾക്ക് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (ഇ. ഒ. ഐ) പുറത്തിറക്കുകയും 11 പദ്ധതികൾ ടെൻഡർ ഘട്ടത്തിലുമാണ്.
- തുറമുഖ അടിസ്ഥാന സൗകര്യ വികസനം – തുറമുഖ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി, സാഗർമല പദ്ധതിക്ക് കീഴിൽ അംഗീകാരത്തിനായി കെ. എം. ബി 8 പദ്ധതികൾ സമർപ്പിച്ചു.
- മറ്റുള്ളവ – എല്ലാ പ്രവർത്തനക്ഷമമായ തുറമുഖങ്ങളിലും കപ്പൽ പ്രവർത്തനങ്ങൾക്ക് (വിദേശ കപ്പലുകൾ ഉൾപ്പെടെ) സർട്ടിഫിക്കേഷനും അടിസ്ഥാന

സൗകര്യങ്ങളും സ്ഥാപിച്ചു. ക്രൂ ലൈസൻസിംഗിനായി ഐവി (മാനിംഗ്) നിയമങ്ങൾ -2022 പ്രകാരം പരിശീലന കോഴ്സുകൾ ആരംഭിച്ചു. എല്ലാ കെഎംബി ആസ്തികളുടെയും ഡിജിറ്റലൈസേഷൻ ആരംഭിച്ചു.

**രജിസ്റ്റർ ചെയ്ത വെസ്സലുകൾ**

രാജ്യത്തെ എല്ലാ യന്ത്രവൽകൃത ഉൾനാടൻ വെസ്സലുകളുടെയും രജിസ്ട്രേഷനും സർവേയും നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ ഇൻലാൻഡ് വെസ്സൽ നിയമം-2021 നടപ്പിലാക്കി. 'ഒരു രാഷ്ട്രം ഒരു രജിസ്ട്രേഷൻ'എന്ന ആശയം പുതിയ നിയമത്തിലൂടെ പ്രവത്തികമാക്കി. രാജ്യവ്യാപകമായി ഉൾനാടൻ കപ്പൽ രജിസ്ട്രേഷൻ, സർട്ടിഫിക്കേഷൻ, സ്പെസിഫിക്കേഷനുകൾ എന്നിവ ഏകീകരിക്കുന്നതിനായി പതിനൊന്ന് നിയമങ്ങൾ വിജ്ഞാപനം ചെയ്തു.

പാസഞ്ചർ വെസ്സൽ, സ്പീഡ് ബോട്ട്, ഹൗസ് ബോട്ട്, ചരക്ക് കപ്പൽ, ഫ്ലോട്ടിംഗ് റിസോർട്ട്, മോട്ടോർ ബോട്ട്, കട്ടർ സെക്ഷൻ ഡ്രെഡ്ജർ, ജങ്കാർ, ഷിക്കാരകൾ, ടഗ്, റെസ്ക്യൂ ബോട്ട്, ക്രൂയിസ് ബോട്ട് എന്നിവയാണ് രജിസ്റ്റർ ചെയ്ത വെസ്സലുകൾ. 2024-25ൽ 1091 വെസ്സലുകൾ പരിശോധിച്ചതിൽ 866 വെസ്സലുകൾ തികച്ചും മെച്ചമായതും 225 എണ്ണം തകരാറിലായവയാണെന്നും കണ്ടെത്തുകയുണ്ടായി. വിശദാംശങ്ങൾ **പട്ടിക 11.1.5, 11.1.6** എന്നിവയിൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം**

കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്ത ചരക്കുകളുടെ വിശദാംശങ്ങൾ **പട്ടിക 11.1.7** ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ പ്രധാന നോൺ-മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ അളവിൽ വലിയ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു. ഈ അഞ്ച് വർഷങ്ങളിലും, കയറ്റുമതി ചരക്ക് (തീരദേശവും വിദേശവും) ഇറക്കുമതി ചരക്കുകളേക്കാൾ (തീരദേശവും വിദേശവും) കൂടുതലാണ്. കേരളത്തിൽ നിന്നുള്ള മൊത്തം ചരക്ക കയറ്റുമതി 2023-24 ൽ 77,307 ടണ്ണിൽ നിന്ന് 2024-25 ൽ 90,608 ടണ്ണായി വർദ്ധിച്ചു.

17 നോൺ-മേജർ തുറമുഖങ്ങളിൽ, 4 തുറമുഖങ്ങളിൽ (ബേപ്പൂർ, കൊല്ലം, അഴീക്കൽ, വിഴിഞ്ഞം) മാത്രമാണ് വ്യാപാരം നടക്കുന്നത്. 2024-25 ൽ ബേപ്പൂർ തുറമുഖത്തിനും (കോഴിക്കോട്) അഴീക്കൽ തുറമുഖത്തിനും മാത്രമാണ് ചരക്ക് ഗതാഗതം ഉണ്ടായിരുന്നത്, എന്നാൽ കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ വ്യാപാര പ്രവർത്തനങ്ങൾ ഉണ്ടായിരുന്നില്ല. നോൺ-മേജർ തുറമുഖങ്ങൾ വഴിയുള്ള തീരദേശ ചരക്ക് നീക്കത്തിന്റെ അളവിൽ വലിയ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു, എന്നിരുന്നാലും 2023-24 ലെ 84,750 ടണ്ണിൽ നിന്ന് 2024-25 ൽ 1,01,479 ടണ്ണായി വർദ്ധിക്കുകയുണ്ടായി. വിശദാംശങ്ങൾ **അനുബന്ധം 11.1.24** ൽ നൽകിയിരിക്കുന്നു.

**കേരളത്തിലെ തുറമുഖങ്ങളിൽ നിന്നുള്ള വരുമാനം**

2020-21 മുതൽ 2024-25 വരെ കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.1.8** ൽ നൽകിയിരിക്കുന്നു. കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ 2024-2025ൽ വിവിധ തുറമുഖ സംബന്ധമായ പ്രവർത്തനങ്ങളിൽ നിന്ന് 40.49 കോടി രൂപ സമാഹരിച്ചു. തുറമുഖങ്ങളുടെ പ്രധാന പ്രവർത്തനമായി ചരക്ക് ഗതാഗതത്തെ കണക്കാക്കപ്പെടുന്നുണ്ടെങ്കിലും, ഈ വർഷങ്ങളിൽ മൊത്തം വരുമാനത്തിൽ കയറ്റുമതി ഇറക്കുമതി തീരുവയുടെ പങ്ക് വളരെ കുറവാണെന്ന് വിവരങ്ങൾ കാണിക്കുന്നു. തുറമുഖ വരുമാനത്തിന്റെ പ്രധാന പങ്ക് (28.17 കോടി രൂപ) ഡ്രഡ്ജിംഗിലൂടെയുള്ള വസ്തുക്കളിൽ നിന്നാണ് ലഭിച്ചത്.

**പട്ടിക 11.1.5** ഐവി നിയമം നടപ്പിലാക്കുന്നതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ

| ക്രമ നം | ഇനങ്ങൾ | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| 1 | പരിശോധിച്ച വെസ്സലുകളുടെ എണ്ണം | 580 | 651 | 1120 | 1145 | 1091 |
| 2 | മികച്ചതായി കണ്ടെത്തിയ വെസ്സലുകളുടെ എണ്ണം | 435 | 485 | 830 | 904 | 866 |
| 3 | പോരായ്മകൾ കണ്ടെത്തിയ വെസ്സലുകളുടെ എണ്ണം | 145 | 166 | 290 | 241 | 225 |
| 4 | നൽകിയ ഡിറ്റൻഷൻ ഉത്തരവുകളുടെ എണ്ണം | 16 | 17 | 45 | 19 | 1 |

**ഉറവിടം**: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.6** കേരളത്തിൽ രജിസ്റ്റർ ചെയ്ത വെസ്സലുകളുടെ എണ്ണം

| ക്രമ നം | ഇനങ്ങൾ | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| 1 | കാറ്റഗറി എ | 6 | 1 | 5 | 0 | 0 |
| 2 | കാറ്റഗറി ബി | 158 | 192 | 224 | 36 | 210 |
| 3 | പുതിയതായി നിർമ്മിച്ച വെസ്സലുകൾ | 37 | 56 | 80 | 52 | 28 |
| 4 | രജിസ്ട്രേഷൻ പേര് മാറ്റിയവ | 73 | 109 | 122 | 149 | 65 |
| | **ആകെ** | **274** | **358** | **431** | **237** | **303** |

**ഉറവിടം**: കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.7** കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിൽ 2020-21 മുതൽ 2024-25 വരെ കൈകാര്യം ചെയ്ത ചരക്ക ഗതാഗതം (അളവ് ടണ്ണിൽ)

| വർഷം | ഇറക്കുമതി | | | കയറ്റുമതി | | | ആകെ |
|---|---|---|---|---|---|---|---|
| | തീരദേശ | വിദേശ | ആകെ | തീരദേശ | വിദേശ | ആകെ | |
| 2020-21 | 8,074 | 119 | 8,193 | 41,118 | 69 | 41,187 | **49,380** |
| 2021-22 | 57,253 | 0 | 57,253 | 2,64,989 | 549 | 2,65,538 | **3,22,791** |
| 2022-23 | 7,648 | 0 | 7,648 | 2,33,216 | 0 | 2,33,216 | **2,40,864** |
| 2023-24 | 7,443 | 0 | 7,443 | 77,307 | 0 | 77,307 | **84,750** |
| 2024-25 | 10,871 | 0 | 10,871 | 90,608 | 0 | 90,608 | **1,01,479** |
| **ആകെ** | **91,289** | **119** | **91,408** | **7,07,238** | **618** | **7,07,856** | **7,99,264** |

**ഉറവിടം:** കേരള മാരിടൈം ബോർഡ്

**പട്ടിക 11.1.8** കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങളിലൂടെ ലഭിച്ച വരുമാനം (2020-21 മുതൽ 2024-25 വരെ) (തരം തിരിച്ച്)

| വർഷം | തുറമുഖ ഡ്യൂസ് | | കയറ്റുമതി ഇറക്കുമതി ഡ്യൂസ് | | വ്യാപാരി ഓവർടൈം ചാർജ്ജുകൾ | | ഡ്രഡ്ജിംഗിലൂടെയുള്ള വസ്തുക്കൾ | | മറ്റുള്ളവ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| | കോടി | ശതമാനത്തിൽ | കോടി | ശതമാനത്തിൽ | കോടി | ശതമാനത്തിൽ | കോടി | ശതമാനത്തിൽ | കോടി | ശതമാനത്തിൽ | |
| 2020-21 | 0.04 | 0.10 | 0.37 | 0.90 | 10.15 | 24.66 | 25.78 | 62.6 | 4.81 | 11.69 | 41.16 |
| 2021-22 | 0.12 | 0.23 | 0.55 | 1.05 | 0.74 | 1.42 | 39.51 | 75.7 | 11.28 | 21.62 | 52.17 |
| 2022-23 | 0.06 | 0.13 | 0.17 | 0.37 | 0.33 | 0.72 | 35.58 | 77.33 | 9.87 | 21.45 | 46.01 |
| 2023-24 | 0.002 | 0.08 | 0.013 | 0.40 | 0.007 | 0.23 | 25.62 | 76.47 | 7.65 | 77.17 | 33.50 |
| 2024-25 | 0.06 | 0.16 | 0.37 | 0.92 | 0.15 | 0.37 | 28.17 | 69.58 | 11.73 | 28.97 | 40.49 |

**ഉറവിടം:** കേരള മാരിടൈം ബോർഡ്

ഇത് മൊത്തം വരുമാനത്തിന്റെ 69 ശതമാനമാണ്. കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ വഴി ലഭിക്കുന്ന വരുമാനം കാറ്റഗറി തിരിച്ച് **അനുബന്ധം 11.1.25**-ൽ നൽകിയിരിക്കുന്നു.

### തുറമുഖ പദ്ധതികളും പ്രവർത്തനങ്ങളും (കേരളത്തിലെ നോൺ-മേജർ തുറമുഖങ്ങൾ)

2024-25ൽ 542 വെസ്സലുകളാണ് (ഇതിൽ ബ്രേക്ക് ബൾക്ക് ഷിപ്പ്, മിനി കണ്ടെയ്നർ വെസ്സൽ, പാസഞ്ചർ വെസ്സൽ, മിനി ബൾക്ക് വെസ്സൽ, ഉരുക്കൾ, റിസർച്ച് വെസ്സലുകൾ, ബാർജ്ജുകൾ, യാച്ചുകൾ എന്നിവ ഉൾപ്പെടുന്നു) സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ തുറമുഖങ്ങളിൽ എത്തി ചേർന്നത്. ഇതിൽ 264 സ്റ്റീമറുകളും 278 വെസ്സലുകളും ഉൾപ്പെടുന്നു. കേരളത്തിലെ നാല് പ്രവർത്തനക്ഷമമായ തുറമുഖങ്ങളിൽ, ഏറ്റവും കൂടുതൽ കപ്പലുകൾ എത്തിയത് (372 എണ്ണം) ബേപ്പൂർ (കോഴിക്കോട്) തുറമുഖത്താണ്. തുടർന്ന് വിഴിഞ്ഞത്ത് 148 എണ്ണവും, കൊല്ലത്ത് 12 എണ്ണവും അഴീക്കലിൽ ഒരു വെസ്സലും എത്തിചേർന്നു. മറ്റ് തുറമുഖങ്ങളെ അപേക്ഷിച്ച് വിഴിഞ്ഞം തുറമുഖത്ത് എത്തിയ സ്റ്റീമറുകളുടെ എണ്ണം കൂടുതലാണ് (148 എണ്ണം). വിശദാംശങ്ങൾ **അനുബന്ധം 11.1.26** ൽ കാണിച്ചിരിക്കുന്നു. ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.27**-ൽ നൽകിയിരിക്കുന്നു.

### കൊച്ചി തുറമുഖം

കേരളത്തിലെ ഏക വൻകിട തുറമുഖമാണ് കൊച്ചി തുറമുഖം. ഇത് 827 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്നു. ഇതിന് 7.5 കിലോമീറ്റർ ജലഭാഗമുണ്ട്. റെയിൽവേ സൗകര്യത്തിനു പുറമെ (കൊങ്കൺ, ദക്ഷിണ റെയിൽവേ), എൻ എച്ച് 544, എൻ എച്ച് 66, എൻ എച്ച് 185 എന്നിവയിലൂടെ തുറമുഖം ഉൾപ്രദേശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കൊല്ലത്തെയും കോട്ടപ്പുറത്തെയും ബന്ധിപ്പിക്കുന്ന ഒരു ഉൾനാടൻ ജലപാത ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ ഇരുവശത്തും വികസിപ്പിച്ച് വരികയാണ്. യൂറോപ്പ്, ഫാർ ഈസ്റ്റ് രാജ്യങ്ങൾ, ഓസ്ട്രേലിയ എന്നിവയെ ബന്ധിപ്പിക്കുന്ന അന്തർദേശീയ കടൽ പാതയുമായുള്ള സാമീപ്യം കാരണം, കൊച്ചിക്ക് ധാരാളം കണ്ടെയ്നർ ലൈനുകൾ ആകർഷിക്കാൻ കഴിയും. ഇതുവഴി വലിയതോതിലുള്ള വാണിജ്യസാധ്യതകൾ പ്രദാനം ചെയ്യാൻ സാധിക്കും.

വല്ലാർപാടം ടെർമിനൽ എന്നറിയപ്പെടുന്ന കൊച്ചി ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ്

(ഐസിടിടി) സെസിൽ (സ്പെഷ്യൽ ഇക്കണോമിക് സോൺ) പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് ടെർമിനലാണ്. കൊച്ചിയിലുള്ള കൊച്ചി തുറമുഖത്തിന്റെ ഭാഗമാണിത്. ടെർമിനലിന്റെ ആദ്യഭാഗം 2011 ഫെബ്രുവരി 11–ന് കമ്മീഷൻ ചെയ്തു. ടെർമിനലിന് പ്രതിവർഷം ഒരു ദശലക്ഷം ടിഇയു (ട്വന്റി ഫൂട്ട് ഈക്വലന്റ് യൂണിറ്റ്) വരെയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ കഴിയും. ദുബായ് പോർട്ട് വേൾഡ് (ഡിപിഡബ്ല്യു) ആണ് ഇത് പ്രവർത്തിപ്പിക്കുന്നത്. കൊച്ചിയിലെ വല്ലാർപാടം ദ്വീപിലാണ് ടെർമിനൽ സ്ഥിതി ചെയ്യുന്നത്. 2024–25ൽ, 8.35 ലക്ഷം ടിഇയു കണ്ടെയ്നറുകൾ ഐസിടിടിയിൽ കൈകാര്യം ചെയ്തു, ഇത് 2023–24 നെ അപേക്ഷിച്ച് 10.7 ശതമാനം വർദ്ധിച്ചു.

കൊച്ചിൻ തുറമുഖത്തിന് 80.50 എം എം ടി പി എ ശേഷിയുള്ള 1 സിംഗിൾ പോയിന്റ് മൂറിംഗ് എസ് പി എം ഉൾപ്പെടെ 22 ബെർത്തുകളുണ്ട്. 2024–25 ഏപ്രിൽ മുതൽ മാർച്ച് വരെ, ഇന്ത്യയിലെ 12 പ്രധാന തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്കിന്റെ 4.4 ശതമാനം കൊച്ചി തുറമുഖമാണ് കൈകാര്യം ചെയ്തത്. വിശദാംശങ്ങൾ **പട്ടിക 11.1.9** ൽ നൽകിയിരിക്കുന്നു.

**വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ)– കേരളത്തിലെ തുറമുഖ അടിസ്ഥാന സൗകര്യങ്ങളിലെ സുപ്രധാന നാഴികക്കല്ല്**

ഒരു തുറമുഖം എന്നതിനപ്പുറം ഇന്ത്യയുടെ സമുദ്ര മേഖലയുടെ മികച്ച നേട്ടങ്ങളുടെ പ്രതീകമാണ് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. അറബിക്കടലിനോട് ചേർന്നുള്ള സവിശേഷമായ സ്ഥാനം കൊണ്ട്, ഈ ആഴക്കടൽ വാട്ടർ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ഹബ് രാജ്യത്തിന്റെ സമുദ്ര ഭൂപ്രകൃതിയിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ഒരുങ്ങുകയാണ്. വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, പ്രതിവർഷം 1 മില്യൺ ടിഇയു ശേഷിയുള്ള ഇന്ത്യയിലെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ ആണ്. ഇത് 2024 ഡിസംബർ 3–ന് കമ്മീഷൻ ചെയ്തു. ടി തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കേരള സർക്കാർ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (വിസിൽ) എന്ന പ്രത്യേക ഉദ്ദേശ്യ സ്ഥാപനം രൂപീകരിച്ചു. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ കാര്യങ്ങൾ കേരള സർക്കാരിനുവേണ്ടി വിസിൽ ചെയ്യുന്നു. തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം അതിന്റെ വിഷൻ ഡോക്യുമെന്റായ മാരിടൈം ഇന്ത്യ വിഷൻ (എംഐവി) 2030 ൽ തെരഞ്ഞെടുത്തതും മുൻഗണന നൽകിയിട്ടുള്ളതുമായ കേരള സർക്കാരിന്റെ ഏക പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം.

ഒന്നാം ഘട്ടത്തിലെ ആകെ നിക്ഷേപമായ 8667.00 കോടി രൂപയിൽ, കേരള സർക്കാരിന്റെ വിഹിതമായ 5,395 കോടി രൂപയിൽ (62.25 ശതമാനം) നിന്ന് നാളിതുവരെയായി സംസ്ഥാന സർക്കാർ 3474.88 കോടി രൂപ ചെലവഴിച്ചു. കേന്ദ്ര സർക്കാരിൽ നിന്നുള്ള വി ജി എഫ് ആയി ലഭിച്ച 817.8 കോടി രൂപ (9.4 ശതമാനം), 2034 ന് ശേഷം കൺസഷൻ ഫീസിൽ നിന്നുള്ള വരുമാനത്തിന്റെ 20 ശതമാനം പങ്കിട്ട് പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെയാണ് നൽകിയിരിക്കുന്നത്. വിസിലിന് ഇതുവരെ നബാർഡ് നിന്നും വായ്പയായി 890 കോടി രൂപയും മൂലധന നിക്ഷേപത്തിനായുള്ള സംസ്ഥാനങ്ങളുടെ പ്രത്യേക സഹായ പദ്ധതി (എസ് എ എസ് സി ഐ) പ്രകാരം വായ്പയായി 1504 കോടി രൂപയും (2023–24– 145 കോടി രൂപ, 2024–25– 1134 കോടി രൂപ, 2025–26– 225 കോടി രൂപ) ലഭിച്ചു. ഒന്നാം ഘട്ടത്തിലെ കൺസെഷനറുടെ (അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്) നിക്ഷേപ വിഹിതം ഏകദേശം 2,454 കോടി രൂപ (28.31 ശതമാനം) ആണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള പുരോഗതിയുടെ വിശദാംശങ്ങൾ **അനുബന്ധം 11.1.28** ൽ നൽകിയിരിക്കുന്നു.

**നാളിതുവരെയുള്ള നേട്ടങ്ങൾ**

- ആദ്യത്തെ അന്താരാഷ്ട്ര ചരക്ക് കപ്പൽ 'ഷെൻഹുവ 15', 2023 ഒക്ടോബർ 15 ന് ഇന്ത്യയുടെ ആദ്യത്തെ മദർ പോർട്ട് ആയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തി.
- 24,116 ടിഇയു ശേഷിയുള്ള അൾട്രാ ലാർജ് കണ്ടെയ്നർ വെസ്സൽ (യുഎൽസിവി) വിഭാഗത്തിലുള്ള എംഎസ്‌സി ക്ലോസ് ഗിറാർഡെറ്റ് എന്ന പേരിലുള്ള ഒരു കണ്ടെയ്നർ വെസ്സൽ 2024 സെപ്റ്റംബർ 13–ന് തുറമുഖത്ത് എത്തിച്ചേർന്നു. ദക്ഷിണേഷ്യൻ തുറമുഖങ്ങളിൽ നങ്കൂരമിട്ടതിൽ ഏറ്റവും വലിയ കണ്ടെയ്നർ വെസ്സലാണിത്.
- ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിംഗ് കമ്പനിയായ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി (എംഎസ്‌സി) വിഴിഞ്ഞം തുറമുഖത്തെ അവരുടെ 2 ഷിപ്പിംഗ് സേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് –(എ) യൂറോപ്പിനെയും ഏഷ്യയെയും ബന്ധിപ്പിക്കുന്ന ജേഡ് സർവീസും, (ബി) ഏഷ്യയെയും മെഡിറ്ററേനിയനെയും ബന്ധിപ്പിക്കുന്ന ഡ്രാഗൺ സർവീസും. ഈ പുതിയ റൂട്ടുകൾ വിഴിഞ്ഞത്ത് അടുക്കുന്ന കപ്പലുകളുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടിക 11.1.9** കൊച്ചി തുറമുഖത്ത് കൈകാര്യം ചെയ്ത ചരക്ക് ഗതാഗതം (വർഷം തിരിച്ച്) (ആയിരം ടണ്ണിൽ)

| | സാമ്പത്തിക വർഷം (2023–24) | | സാമ്പത്തിക വർഷം (2024–25) | |
|---|---|---|---|---|
| | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളിലേക്കുള്ള വിഹിതം(ശതമാനത്തിൽ) | കൈകാര്യം ചെയ്ത ചരക്ക് | മൊത്തം വൻകിട തുറമുഖങ്ങളിലേക്കുള്ള വിഹിതം(ശതമാനത്തിൽ) |
| ഓവർസീസ് | 23,724 | 3.78 | 25,159 | 3.82 |
| കോസ്റ്റൽ | 12,592 | 6.60 | 12,447 | 6.36 |
| **ആകെ** | **36,315** | **4.43** | **37,606** | **4.41** |

ഉറവിടം: പോർട്ട് ഡാറ്റ മാനേജ്മെന്റ് പോർട്ടൽ (പി.ഡി.എം.പി), തുറമുഖ, ഷിപ്പിംഗ് & ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ് പോർട്ടൽ- താൽക്കാലിക കണക്ക്

- 2025 നവംബർ 30 വരെ, 611 കപ്പലുകളിൽ നിന്നായി കൈകാര്യം ചെയ്ത 13,13,609 ടിഇയു (ട്വന്റി ഫൂട്ട് ഈക്വലന്റ് യൂണിറ്റ്) കണ്ടെയ്നറുകളിൽ നിന്നും ആകെ വരുമാനമായി 534.59 കോടി രൂപയും ജിഎസ്ടി തുകയായി 96.23 കോടി രൂപയും ലഭിക്കുകയുണ്ടായി. നിലവിൽ തുറമുഖത്തിന്റെ വാഹകശേഷി 137 ശതമാനമാണ്.
- റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി വിസിലിനെയും ബാലരാമപുരം റെയിൽവേ സ്റ്റേഷനെയും ബന്ധിപ്പിക്കുന്ന 10.77 കിലോമീറ്റർ (9.00 കിലോമീറ്റർ ഭൂഗർഭ തുരങ്കം ഉൾപ്പെടെ) റെയിൽപ്പാതയ്ക്ക് 1,485 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി നടത്തുന്നതിന് കൊങ്കൺ റെയിൽ വികസന കോർപ്പറേഷന് കൈമാറിയിട്ടുമുണ്ട്. 2028 ഡിസംബറിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഒരു നിയുക്ത ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് (ഐസിപി) ആയി കേന്ദ്ര മന്ത്രാലയം ഔദ്യോഗികമായി പ്രഖ്യാപിച്ചു. യാത്രക്കാർക്കും ക്രൂ അംഗങ്ങൾക്കും പ്രത്യേക ഇമിഗ്രേഷൻ ക്ലിയറൻസുകൾ നടത്താൻ ഈ പദവി തുറമുഖത്തെ പ്രാപ്തമാക്കുകയും, കൂടാതെ തുറമുഖത്തിനുള്ളിലേക്കും പുറത്തേക്കും കടക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്യും.

**ഭാവി വികസനം**

2024 നവംബർ 28-ന് സംസ്ഥാന സർക്കാർ കൺസെഷനറുമായി പദ്ധതിയുടെ കൺസെഷൻ കാലാവധി അഞ്ച് വർഷം കൂടി നീട്ടികൊണ്ട് ഒരു സപ്ലിമെന്ററി കൺസെഷൻ കരാറിൽ ഏർപ്പെട്ടു. എന്നിരുന്നാലും, കൺസെഷനറുമായുള്ള വരുമാനം പങ്കിടൽ ഷെഡ്യൂൾ ഇപ്പോഴും യഥാർത്ഥ ഉടമ്പടി പ്രകാരം മാറ്റമില്ലാതെ തുടരുകയും ഇത് വരുമാനം പങ്കിടൽ നേരത്തെ ആരംഭിക്കുന്നത് ഉറപ്പാക്കുകയും ചെയ്യുന്നു. തുറമുഖത്തിന്റെ ചരക്കു വാഹക ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ബാക്കിയുള്ള ഘട്ടങ്ങൾ 2028-ഓടെ പൂർത്തിയാക്കണമെന്ന് അനുബന്ധ കരാർ അനുശാസിക്കുന്നു, ഇത് യഥാർത്ഥ കരാറിൽ നിശ്ചയിച്ചിരുന്ന 2045 എന്ന സമയപരിധിയേക്കാൾ നേരത്തെയാണ്. ഈ വികസനത്തിലൂടെ കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിൽ തുറമുഖത്തിന്റെ ശേഷി നിലവിലെ 10 ലക്ഷം ടിഇയുവിൽ നിന്ന് 30 ലക്ഷം ടിഇയു ആയി വർദ്ധിക്കും. നിലവിൽ തുറമുഖം ട്രാൻസ്ഷിപ്പ്മെന്റ് ചരക്ക് കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും, ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് 2025 ഡിസംബറോടെ ഗേറ്റ്‌വേ ഗതാഗതം സ്ഥാപിക്കുന്നതിലാണ്.

**മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (അഴീക്കൽ തുറമുഖം)**

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (എം ഐ പി എസ് ലിമിറ്റഡ്) എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഒരു അന്തർദേശീയ, തീരദേശ ഷിപ്പിംഗ് തുറമുഖമായിട്ടാണ് അഴീക്കൽ തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്. ഇത് മലബാർ പ്രദേശത്തെ സാധ്യതയുള്ള മേഖലകളിലേക്ക് തുറമുഖത്തേക്കുള്ള ചരക്കുകളും സംരംഭക വിഭവങ്ങളും എത്തിക്കാൻ കഴിയുന്നതും പ്രത്യേക സാമ്പത്തിക മേഖലകൾ/വ്യാവസായിക പാർക്കുകൾ എന്നിവയുമായി ഇന്റർ മോഡൽ കണക്റ്റിവിറ്റിയുള്ളതുമായിരിക്കും.

അഴീക്കലിൽ ആഭ്യന്തര, അന്തർദേശീയ ചരക്കുകൾക്കായി ഒരു പുതിയ തുറമുഖം വികസിപ്പിക്കുന്നത് 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പനാമാക്സ് വലുപ്പമുള്ള കപ്പലുകൾ വരെ (4000 മുതൽ 4500 കണ്ടെയ്നറുകൾ വരെ) കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിലാണിത്. ഒന്നാം ഘട്ടത്തിൽ 500 മീറ്റർ ബെർത്തും, രണ്ടാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും, മൂന്നാം ഘട്ടത്തിൽ 300 മീറ്റർ ബെർത്തും ആസൂത്രണം ചെയ്തിട്ടുണ്ട്. തുറമുഖ തടത്തിൽ 14.1 മീറ്റർ ആഴത്തിൽ ഡ്രെഡ്ജ് ചെയ്ത് തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായാൽ, 5000 റ്റി ഇ യു പനാമാക്സ് കപ്പലുകൾ വരെ കൈകാര്യം ചെയ്യാനും, തുറമുഖത്തിന് കണ്ടെയ്നറുകൾ, ലിക്വിഡ് ബൾക്ക്, പെട്രോളിയം ഉൽപ്പന്നങ്ങൾ, ഡ്രൈ ബൾക്ക്, ബ്രേക്ക്-ബൾക്ക് ചരക്ക് മുതലായവ കൈകാര്യം ചെയ്യാൻ കഴിയും.

ടെക്നിക്കൽ കൺസൾട്ടന്റ് എം/എസ്. ഹോവേ നടത്തിയ ഏറ്റവും പുതിയ സാമ്പത്തിക വിലയിരുത്തൽ പ്രകാരം കണക്കാക്കിയ പദ്ധതിയുടെ ആകെച്ചെലവ് (ഭൂമി ഏറ്റെടുക്കൽ ചെലവ് ഉൾപ്പെടെ) 5,047 കോടി രൂപയാണ്: 3 ഘട്ടങ്ങളിലായി (യഥാക്രമം. 3,742 കോടി രൂപ +375 കോടി രൂപ +930 കോടി രൂപ) എന്നിങ്ങനെയാണ്. ടെക്നിക്കൽ കൺസൾട്ടന്റ് പദ്ധതിയുടെ കരട് ഡിപിആർ അംഗീകാരത്തിനായി 2023 സെപ്റ്റംബറിൽ കേരള സർക്കാരിന് സമർപ്പിച്ചു. ജി.ഒ.(എം.എസ്) നമ്പർ 27/2025/ എഫ്&പി തീയതി: 07-11-2025 പ്രകാരം, സി.എം.ഡി സമർപ്പിച്ച സാമ്പത്തിക മാതൃകയോടൊപ്പം ഡി.പി. ആറും സർക്കാർ അംഗീകാരം നൽകി. പരിസ്ഥിതി ആഘാത വിലയിരുത്തൽ (ഇ.ഐ.എ) റിപ്പോർട്ട് കെ.എസ്. പി.സി.ബിയ്ക്ക് 30.01.2025 ന് സമർപ്പിക്കുകയും പരിസ്ഥിതി അനുമതിക്കുള്ള അപേക്ഷ പരിവേഷ് പോർട്ടലിൽ 10.04.2025 ന് സമർപ്പിക്കുകയും ചെയ്തു.

**കോട്ടയം തുറമുഖവും കണ്ടെയ്നർ ടെർമിനൽ സർവീസസും (കെപിഎസിടി)**

സംസ്ഥാന വിജ്ഞാപനം ചെയ്തതും കോട്ടയത്ത് സ്ഥിതി ചെയ്യുന്നതുമായ ചെറുകിട തുറമുഖമായ കോട്ടയം തുറമുഖവും കണ്ടെയ്നർ ടെർമിനൽ സർവീസസും ഒരു പൂർണ്ണ കസ്റ്റംസ് സ്റ്റേഷനായി 2012 ൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. കെപിഎസിടി കസ്റ്റംസ് വിജ്ഞാപനം ചെയ്ത ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോ (ഐസിഡി) ആയും (കെപിഎസിടി) പ്രവർത്തിക്കുന്നു. നിലവിൽ കേരള സംസ്ഥാനത്തിനുള്ളിലെ ഏക ഐസിഡിയാണിത്. കെപിഎസിടിന്റെ കസ്റ്റോഡിയൻഷിപ്പിലുള്ള ഐസിഡി, വേമ്പനാട് തടാകവുമായി ബന്ധിപ്പിക്കുന്ന കോഡൂർ നദിയുടെ (എൻഡബ്ല്യു 9) തീരത്താണ് സ്ഥിതി ചെയ്യുന്നത്.

ഉൾനാടൻ ജലപാത വഴി എക്സിം കണ്ടെയ്നറുകൾ ട്രാൻസ്ഷിപ്പ് ചെയ്യാൻ സജ്ജീകരിച്ചിരിക്കുന്ന രാജ്യത്തെ ആദ്യത്തെയും ഏകവുമായ ഐസിഡി എന്ന പ്രത്യേകതയും കോട്ടയം തുറമുഖത്തിനുണ്ട്. ദേശീയ ജലപാത 3 ഉം 9 ഉം വഴി കൊച്ചി തുറമുഖ ഗേറ്റ്‌വേയിലേക്കുള്ള ഈ അതുല്യമായ

കണക്റ്റിവിറ്റി ചെലവ് കുറഞ്ഞ ഗതാഗത മാർഗ്ഗം പ്രദാനം ചെയ്യുന്നു. മധ്യ തിരുവിതാംകൂർ പ്രദേശത്തിന്റെ ഇറക്കുമതി/ കയറ്റുമതി വ്യാപാരത്തിൽ ചരക്കുകളുടെ ചുറ്റിവരുന്നതിനുള്ള സമയം നല്ലരീതിയിൽ ക്രമീകരിക്കുന്നതിനും ഗതാഗത ചെലവ് കുറയ്ക്കുന്നതിനും കോട്ടയം തുറമുഖ പോർട്ട് നിർണായക പങ്ക് വഹിക്കുന്നു. 2024-25 വർഷത്തിൽ തുറമുഖം 60,575 ടൺ ചരക്ക് കൈകാര്യം ചെയ്തു.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി)**

ഫിഷറീസ്, തുറമുഖ വകുപ്പുകളുടെ വികസന പദ്ധതികൾക്കായുള്ള പര്യവേഷണം, ആസൂത്രണം, രൂപകൽപന, വിലയിരുത്തൽ, നിർവ്വഹണം, പ്രവർത്തനം, ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും പരിപാലനം, അനുബന്ധ മറൈൻ എഞ്ചിനീയറിംഗ്, സാങ്കേതിക പ്രവർത്തനങ്ങൾ എന്നിവ എച്ച്ഇഡി നിർവഹിക്കുന്നു. ടൂറിസം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവന വകുപ്പായും എച്ച്ഇഡി പ്രവർത്തിക്കുന്നു. കേരളത്തിലെ സംസ്ഥാന ഉടമസ്ഥതയിലുള്ള തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങളും എച്ച്ഇഡി ഏറ്റെടുക്കുന്നു. തുറമുഖ മേഖലയിലെ എല്ലാ തരത്തിലുള്ള പ്രത്യേക നിർമ്മാണ പ്രവർത്തനങ്ങൾക്കും കേരള മാരിടൈം ബോർഡ് എച്ച്ഇഡിയെ ചുമതലപ്പെടുത്താറുണ്ട്.

**2024-25 ലെ എച്ച്ഇഡി യുടെ പ്രധാന നേട്ടങ്ങൾ**

- എച്ച്ഇഡിയുടെ വിവിധ പദ്ധതികളുടെ ഡോക്യുമെന്റേഷൻ പൂർത്തിയായി.
- വകുപ്പുതല ജീവനക്കാർക്ക് സിഡബ്ല്യുപിആർഎസ് പൂനെ, ഐഐഐസി കൊല്ലം എന്നിവയിലൂടെ ഒരു ഇൻ-ഹൗസ് പരിശീലനം നടപ്പിലാക്കി.
- വിവിധ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം - (1) കോഴിക്കോട് പുതിയനിരത്തിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, (2) തിരുവനന്തപുരം ഡിവിഷൻ ഓഫീസിനുവേണ്ടി ഓഫീസ് കെട്ടിട സമുച്ചയം, (3) കമലേശ്വരത്തെ കുളം നവീകരണം എന്നിവ പൂർത്തികരിച്ചു.

**ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്(എച്ച് എസ് ഡബ്ല്യു)**

കേരളത്തിലെ എല്ലാ ജലാശയങ്ങളുടെയും ഉൾനാടൻ നാവിഗേഷൻ വികസനത്തിനായുള്ള ഹൈഡ്രോഗ്രാഫിക് സർവ്വെ വിവരങ്ങളുടെ അന്വേഷണവും ശേഖരണവും ലക്ഷ്യമാക്കി 1967-ൽ ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് (എച്ച്എസ്ഡബ്ല്യു) സ്ഥാപിതമായി. തുറമുഖ മേഖലയിലെ സംസ്ഥാന ഏജൻസിയായ എച്ച്എസ്ഡബ്ല്യു, പര്യവേഷണങ്ങൾ നടത്തുകയും ഡിജിറ്റലിലും പ്രിന്റഡ് ഫോർമാറ്റിലും ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നു. അത്തരം ഹൈഡ്രോഗ്രാഫിക് ചാർട്ടുകൾ മൊത്തത്തിലുള്ള വാട്ടർ മാസ്സിന്റെ ആഴം, വെള്ളത്തിനടിയിലെ ഭൂപ്രകൃതി, രൂപരേഖകൾ, തീരത്തിന്റെയും കരയുടെയും സവിശേഷതകൾ, ജലത്തിന്റെ അടിഭാഗത്തിന്റെ സ്വഭാവം എന്നിവയെക്കുറിച്ചുള്ള നേരിട്ടുള്ള വിവരങ്ങൾ നൽകുന്നു. എല്ലാ ഹൈഡ്രോഗ്രാഫിക് വിവരങ്ങൾ ശേഖരിക്കുകയും നാവിഗേഷൻ ചാർട്ടുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസിലേക്ക് കൈമാറുകയും ചെയ്യുന്നു. ഏഴ് സർവേ വെസ്സലുകളുടെ ഒരു വ്യൂഹം വിംഗിന് കീഴിൽ സജ്ജീകരിച്ചിരിക്കുന്നു. അക്കാദമിക് കോഴ്സുകൾ നടത്തി ഓഫീസർമാരെ സജ്ജരാക്കുന്നതിനായി, ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗത്തിന് കീഴിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രഫി ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ (കിഹാസ്) സ്ഥാപിച്ചിട്ടുണ്ട്.

2024-25 ൽ ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് മൊത്തം 77 സർവേകൾ നടത്തി. സർവേയുടെ വിശദാംശങ്ങൾ **പട്ടിക 11.1.10** ചുവടെ നൽകിയിരിക്കുന്നു.

**പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തെ എച്ച്എസ്ഡബ്ല്യുവിന്റെ പ്രധാന പ്രവർത്തനങ്ങൾ**

1. ഉപഭോക്താക്കൾക്ക് സർവ്വെയുമായി ബന്ധപ്പെട്ട സേവനങ്ങൾ/അഭ്യർത്ഥനകൾ ഓൺലൈനിൽ സുഗമമായി ലഭ്യമാക്കുന്നതിനുള്ള ഒരു വെബ് അധിഷ്ഠിത പ്ലാറ്റ്ഫോം സംവിധാനമായ 'ജലനേത്ര-ഹൈഡ്രോഗ്രാഫിക് സർവ്വെ മാനേജ്മെന്റ് സിസ്റ്റം' വികസിപ്പിച്ചെടുത്തു.
2. ആന്തരിക ആശയവിനിമയങ്ങൾക്കും, പ്രവർത്തന പ്രക്രിയകൾ കൈകാര്യം ചെയ്യുന്നതിനും എച്ച് എസ് ഡബ്ല്യു മറൈൻ സർവേയർമാർക്ക് ഉപയോഗപ്രദമാകുന്ന ഒരു ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനായ 'തീരം ആപ്' വികസിപ്പിച്ചെടുത്തു. എല്ലാ പ്രാഥമിക / സാധ്യതാപഠന സർവ്വെ കളും ഇതുവഴി നിയന്ത്രിക്കാനാകും.
3. ഹൈഡ്രോഗ്രാഫിക് ഡാറ്റ മാനേജ്മെന്റ് പ്രക്രിയയെ ഡിജിറ്റൽ മോഡലിലേക്ക് മാറ്റുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ യൂണിവേഴ്സിറ്റി ഒരു ഓപ്പൺ സോഴ്സ് വെബ് അധിഷ്ഠിത ജിഐഎസ് പ്ലാറ്റ്ഫോമായ 'ഹൈഡ്രോഗ്രാഫിക് ഡാറ്റ മാനേജ്മെന്റ് സിസ്റ്റം' (എച്ച് വൈ എം എസ് വൈ എസ്) വികസിപ്പിച്ചെടുത്തു.
4. സ്മാർട്ട് ഫോണുകൾ ഉപയോഗിച്ച് കപ്പലിലെ ക്യൂആർ കോഡ് സ്കാൻ ചെയ്തുകൊണ്ട് യാത്രക്കാരുടെ സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കാൻ സഹായിക്കുന്ന 'ബോൺ വോയേജ്, ക്യൂആർ കോഡ് അടിസ്ഥാനമാക്കിയുള്ള വെസൽ ഇൻഫർമേഷൻ ആൻഡ് ട്രാക്കിംഗ് സിസ്റ്റം വികസിപ്പിച്ചെടുത്തു.
5. തീരദേശ ഭൂപ്രകൃതി, നാവിഗേഷൻ മുതലായവയുടെ പ്രാധാന്യം കൂടുതൽ മനസ്സിലാക്കുന്നതിനായി നിലവിലുള്ള തീരദേശ ഭൂപ്രകൃതിയെ 3D ആക്കി മാറ്റുന്ന ഒരു പ്രോജക്റ്റായ 'ഓഗ്മെന്റഡ് റിയാലിറ്റി-വെർച്വൽ റിയാലിറ്റി' വികസിപ്പിച്ചെടുത്തു.
6. 590 കിലോമീറ്റർ ദൈർഘ്യമുള്ള കേരള തീരപ്രദേശത്തിന്റെ മുഴുവൻ വിശദമായ ടോപ്പോഗ്രാഫിക്, ഹൈഡ്രോഗ്രാഫിക് സർവേ ജില്ല തിരിച്ച് നടത്തുകയും വിശദമായ ഹൈഡ്രോഗ്രാഫിക് റിപ്പോർട്ടും ചാർട്ടുകളും തയ്യാറാക്കുകയും ചെയ്തു. ഇതിന് നിരവധി ഉപയോഗങ്ങളുണ്ട്:

   i. തീരദേശ ഷിപ്പിംഗ്, തീരദേശ ടൂറിസം,

**പട്ടിക 11.1.10 ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം നടത്തിയ സർവ്വെയുടെ വിശദാംശങ്ങൾ**

| ക്രമ നം | വകുപ്പ് | സർവ്വെകളുടെ എണ്ണം |
|---|---|---|
| 1 | സി എസ് എൽ (കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡ്) | 24 |
| 2 | എച്ച് ഇ ഡി (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്) | 21 |
| 3 | കെ എം ബി (കേരള മാരിടൈം ബോർഡ്) | 2 |
| 4 | ജലസേചന വകുപ്പ് | 4 |
| 5 | കെ എം ആർ എൽ (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്) | 4 |
| 6 | സി പി ടി (കൊച്ചിൻ പോർട്ട് ട്രസ്റ്റ്) | 1 |
| 7 | ഹരിതകേരളം | 5 |
| 8 | എൻ എച്ച് എ ഐ (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ | 3 |
| 9 | പിഡബ്ല്യുഡി പാലങ്ങൾ | 1 |
| 10 | ലക്ഷദ്വീപ് | 5 |
| 11 | സിയാൽ | 2 |
| 12 | ഡിടിപിസി | 2 |
| 13 | ആപ്കോൺ (പ്രൈവറ്റ്) | 1 |
| 14 | കെസിസി ബിൽഡ്കോൺ (പ്രൈവറ്റ്) | 1 |
| 15 | താമര പ്രോജക്ട്സ് (പ്രൈവറ്റ്) | 1 |
| | **ആകെ** | 77 |

**ഉറവിടം:** ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ്

അക്വാ കൾച്ചർ, കേരള ഐവി നിയമങ്ങൾ ഫലപ്രദമായിനടപ്പിലാക്കുക, തീരദേശ സുരക്ഷ എന്നിവയ്ക്ക് സഹായകരമാകും.

ii. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി ഗവേഷണത്തിനും ന്യൂമെറിക്കൽ മോഡൽ പഠനങ്ങൾക്കുമായി ചാർട്ടുകളും ഡാറ്റയും ഉപയോഗിക്കുന്നു.

iii. കേരളത്തിലെ ദുർബലമായ തീരപ്രദേശങ്ങളെക്കുറിച്ചുള്ള പ്രത്യേക പഠനത്തിനും എൻ. സി. സി. ആറിന്റെയും ജലസേചന വകുപ്പിന്റെയും തീരദേശ സംരക്ഷണ പ്രവർത്തനങ്ങളുടെ രൂപകൽപ്പനയ്ക്കും പരിഹാരത്തിനും ഉപയോഗിക്കുന്നു.

iv. വെള്ളത്തിനടിയിലായ പാറകൾ, കപ്പൽ അവശിഷ്ടങ്ങൾ തുടങ്ങിയ നാവിഗേഷൻ മേഖലയിലെ അപകടകരമായ തടസ്സങ്ങൾ തിരിച്ചറിയുന്നതിനും ഉപയോഗിക്കുന്നു.

7. തുറമുഖ നേതൃത്വത്തിലുള്ള വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, ലക്ഷദ്വീപ് ദ്വീപുകളായ കൽപേനി, ആൻഡ്രോത്ത്, കാദ്മത്ത്, കിൽത്താൻ, ചെർത്തല്ലറ്റ് ദ്വീപ് എന്നിവിടങ്ങളിൽ എച്ച്എസ്ഡബ്ല്യു ബാത്തിമെട്രിക് സർവേ പൂർത്തിയാക്കി.
8. ദുർബല പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും അവിടെ തീരദേശ സംരക്ഷണം നിർമ്മിക്കുന്നതിനുമായി കേരളത്തിലെ 10 ഹോട്ട് സ്പോട്ടുകളിൽ എച്ച്എസ്ഡബ്ല്യു തീരദേശ മണ്ണൊലിപ്പ് സർവേ ജലസേചന വകുപ്പിനുവേണ്ടി നടത്തി.
9. സർവേ ആവശ്യത്തിനായി ഒരു ഇൻഫ്ലറ്റബിൾ റബ്ബർ ബോട്ട്, രണ്ട് ഡിജിപിഎസ്, രണ്ട് ഇക്കോ സൗണ്ടർ തുടങ്ങിയ ഉപകരണങ്ങൾ എച്ച്എസ്ഡബ്ല്യു വാങ്ങി.
10. 185 വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല അടിസ്ഥാന ഹൈഡ്രോഗ്രാഫിക് സർവേ കോഴ്സുകൾ (ബിഎച്ച്സി), ഓട്ടോകാഡ്, ജിപിഎസ് കോഴ്സുകൾ എന്നിവ നടത്തി. ഈ വിദ്യാർത്ഥികൾ വിദേശത്തും അകത്തുമുള്ള വിവിധ സർവേ ഓർഗനൈസേഷനുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**വെല്ലുവിളികളും അവസരങ്ങളും**

കഴിഞ്ഞ വർഷങ്ങളിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, കേരളത്തിന്റെ സമുദ്രമേഖല ഘടനാപരവും, പാരിസ്ഥിതികവും, സാമ്പത്തികവുമായ നിരവധി വെല്ലുവിളികളെ നേരിടേണ്ടി വന്നിട്ടുണ്ട്. ഈ വെല്ലുവിളികൾ മനസ്സിലാക്കുന്നതിലൂടെ വരും വർഷങ്ങളിൽ കൂടുതൽ ശക്തവും, സമഗ്രമായ വളർച്ച ഉറപ്പാക്കുന്നതിനു മേഖലയുടെ വികസന ദിശ പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.

തുറമുഖ വികസനത്തെ സാമ്പത്തിക വളർച്ചയുടെ മറ്റ് മേഖലകളുമായി സംയോജിപ്പിക്കുന്നത് ഭാവിയിലെ സാമ്പത്തിക വികസനത്തിൽ പ്രധാന പങ്ക് വഹിക്കുവാൻ സാധിക്കും. തുറമുഖങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, തുറമുഖങ്ങൾ യന്ത്രവൽക്കരിക്കുക, കണക്റ്റിവിറ്റിയും ലോജിസ്റ്റിക്സും മെച്ചപ്പെടുത്തുക എന്നിവയിലൂടെ തുറമുഖ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നിരവധി

മുൻകൈ എടുത്തിട്ടുണ്ട്. തുറമുഖ അടിസ്ഥാന സൗകര്യ വികസനത്തിന് വലിയ നിക്ഷേപം ആവശ്യമാണ്.

തീരദേശമേഖലയായതിന്റെ ഗുണഫലം, വൈദഗ്ധ്യമുള്ള തൊഴിൽ ശക്തി, സമഗ്ര വികസനം എന്നിവ പ്രയോജനപ്പെടുത്തി കേരളത്തെ ആഗോളതലത്തിൽ മത്സരാധിഷ്ഠിതവും പരിസ്ഥിതി സുസ്ഥിരവും സാങ്കേതികമായി പുരോഗമി കൈവരിച്ച, സമുദ്ര സമ്പദ്വ്യവസ്ഥയാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. കേരളത്തിലെ തുറമുഖങ്ങളുടെ ഭാവി ചരക്ക് അല്ലെങ്കിൽ ക്രൂയിസ് ടൂറിസത്തിനുള്ള ഒരു ഗതാഗത കേന്ദ്രമായി സ്ഥിതി ചെയ്യുകയെന്നത് മാത്രമല്ല. കൂടാതെ തുറമുഖങ്ങൾ, ലോജിസ്റ്റിക്സ്, വ്യവസായം, തൊഴിൽ ശക്തി, ജനങ്ങൾ എന്നിവയെ സമന്വയിപ്പിച്ച് ഒരു സുസ്ഥിരവും ഭാവിയിലേക്കുള്ളതുമായ ചട്ടക്കൂടിലേക്ക് ഒരു സമഗ്രമായ സമുദ്ര ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിലാണ് കേരളത്തിന്റെ ഭാവി നിക്ഷിപ്തമായിരിക്കുന്നതെന്ന് തിരിച്ചറിവിലാണ്.

ട്രാൻസിറ്റ് പോയിന്റ് എന്ന നിലയിൽ മാത്രമല്ല, തുറമുഖങ്ങൾ, ലോജിസ്റ്റിക്സ്, വ്യവസായം, തൊഴിൽശക്തി, കമ്മ്യൂണിറ്റികൾ എന്നിവയെ സ്ഥിരതയുള്ളതും മുന്നോട്ടുള്ളതുമായ ചട്ടക്കൂടിലേക്ക് സംയോജിപ്പിക്കുന്ന സമഗ്രമായ സമുദ്ര ആവാസവ്യവസ്ഥ.

### ഉൾനാടൻ ജലഗതാഗതം

നദികൾ, കനാലുകൾ, കായലുകൾ, അരുവികൾ എന്നിവയുടെ രൂപത്തിലുള്ള ഉൾനാടൻ ജലഗതാഗതം (ഐ ഡബ്ല്യു ടി) ഗതാഗത ശൃംഖലയുടെ മൊത്തത്തിലുള്ള പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ചരക്ക് ഗതാഗതത്തിനും യാത്രക്കാർക്കും അനുയോജ്യമായ പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗമാണിത്. റോഡുകളെയും റെയിൽവേയെയും അപേക്ഷിച്ച് ഉൾനാടൻ ജലഗതാഗത പാതകൾക്ക് അതിന്റേതായ സ്വാഭാവിക ഗുണങ്ങളുണ്ട്, അതിനാൽ, ഉൾനാടൻ ജലഗതാഗത മേഖല വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. ഇന്ത്യയുടെ ഉൾനാടൻ കണക്റ്റിവിറ്റി പ്രധാനമായും ആഭ്യന്തര ജലപാതകളുമായിട്ടുള്ള റോഡ്, റെയിൽ കണക്റ്റിവിറ്റിയെ അടിസ്ഥാനമാക്കിയുള്ളതാണ്. തിരക്കുള്ള റെയിൽപ്പാതകൾക്കും റോഡുകൾക്കും പകരമായി ചരക്കുകൾ നീക്കം ചെയ്യുന്നതിനുള്ള ശേഷി ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തിനുണ്ട്. ചരക്ക് നീക്കത്തിന് പുറമേ, വാഹനങ്ങൾ കൊണ്ടുപോകുന്നതിന് റോൾ-ഓൺ-റോൾ-ഓഫ് (റോ-റോ) രീതിയിലുള്ള കടത്തുവള്ളം, വിനോദസഞ്ചാരം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളിലും ഉൾനാടൻ ജലഗതാഗത മേഖല സൗകര്യം നൽകി വരുന്നു.

ഷിപ്പിംഗും നാവിഗേഷനും പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്തെ 111 ഉൾനാടൻ ജലപാതകൾ 2016-ലെ ദേശീയ ജലപാത നിയമ പ്രകാരം, 'ദേശീയ ജലപാതകൾ' (എൻ ഡബ്ല്യു) ആയി പ്രഖ്യാപിക്കുകയുണ്ടായി. ദേശീയ ജലപാത നിയമം, 2016 പ്രകാരം ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുള്ള ജലപാതകളുടെ വികസനം, പരിപാലനം, നിയന്ത്രണം എന്നിവയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ഷിപ്പിംഗ് തുറമുഖ, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് (ഐ ഡബ്ല്യു എ ഐ) നടപ്പിലാക്കുന്നത്.

### ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തിലൂടെയുള്ള ചരക്ക് ഗതാഗതം

ദേശീയ ജലപാതകളിലെ ചരക്ക് നീക്കം 2023-24 ലെ 133.03 മില്ല്യൻ മെട്രിക് ടൺ (എംഎംടി) ആയിരുന്നതിൽ നിന്നും 2024-25 വർഷത്തിൽ ഇതേ കാലയളവിൽ 9.3 ശതമാനം വളർച്ചയോടുകൂടി 145.50 മില്ല്യൻ മെട്രിക് ടൺ (എംഎംടി) ആയി വർദ്ധിച്ചു. മാരിടൈം ഇന്ത്യ വിഷൻ (എംഐവി) 2030 രേഖ പ്രകാരം, ദേശീയ ജലപാതകളിലെ ചരക്ക് നീക്കം 2030 ഓടെ 200 എംഎംടിയായി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

### കേരളത്തിലെ ദേശീയ ജലപാതകൾ

ഇരുപതാം നൂറ്റാണ്ടിന്റെ പകുതി വരെ യാത്രക്കാരുടെയും വാണിജ്യ ഗതാഗതത്തിന്റെയും പ്രധാന മാർഗ്ഗം ഉൾനാടൻ ജലഗതാഗതം ആയിരുന്നു. ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ അധീനതയിലുള്ള ദേശീയ ജലപാതകളും കേരള സംസ്ഥാനത്തിന്റെ തീരദേശ ഷിപ്പിംഗ്, ഉൾനാടൻ നാവിഗേഷൻ/ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പരിപാലിക്കുന്ന മറ്റ് ഫീഡർ, ലിങ്ക് കനാലുകൾ എന്നിവ ഉൾപ്പെടുന്ന സംസ്ഥാനത്തെ ഉൾനാടൻ ജലപാത ശൃംഖലയുടെ ആകെ നീളം 1687 കി.മീ ആണ്.

ജലപാത വികസിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയുടെ ഭാഗമായി, 1993-ൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡലം, ചമ്പക്കര കനാലുകളും ദേശീയ ജലപാത 3 ആയി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 2016 ലെ ജലപാത നിയമ പ്രകാരം ദേശീയജല പാത-3 കോഴിക്കോട് വരെ നീട്ടിയിട്ടുണ്ട്. 2016 ലെ ജലപാത നിയമം നിലവിൽ വന്നതിനു ശേഷം 2.20 മീറ്റർ ഡ്രാഫ്റ്റ്, 6.0 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ്, 32-40 മീറ്റർ വീതി എന്നിങ്ങനെ ക്ലാസ് 3 സ്പെസിഫിക്കേഷനുള്ള മൂന്ന് കനാലുകൾ കൂടി ദേശീയ ജലപാതകളിലേക്ക് ചേർത്തിട്ടുണ്ട്. കേരളത്തിലെ ദേശീയ ജലപാതകൾ **പട്ടിക 11.1.11** ൽ ചേർത്തിയിട്ടുണ്ട്.

വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി) യുടെ ആകെ നീളം 616 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെയും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളെയും ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകൾ ഉണ്ട്. ഡബ്ല്യുസിസിയെ (1) കോവളം-കൊല്ലം (74.18 കി.മീ), (2) കൊല്ലം-കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കി.മീ), (3) കോട്ടപ്പുറം-കോഴിക്കോട് (160 കി.മീ), (4) കോഴിക്കോട്-നീലേശ്വരം (187.82 കി.മീ), (5) നീലേശ്വരം-ബേക്കൽ (26 കി.മീ) എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിക്കാം. ആകെയുള്ള 616 കിലോമീറ്ററിൽ മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ നീളമുള്ള മൂന്ന് അൺ കട്ട് പോർഷൻ ഉണ്ട്. നീലേശ്വരം മുതൽ കാസർഗോഡ് വരെ 41 കിലോമീറ്റർ നീട്ടുന്നതും പരിഗണനയിലാണ്.

**പട്ടിക 11.1.11** കേരളത്തിലെ ദേശീയ ജലപാതകൾ

| ക്രമ നം | റൂട്ട് | നീളം (കിലോമീറ്ററിൽ) | ദേശീയ ജലപാത നമ്പർ |
|---|---|---|---|
| 1 | ഉദ്യോഗമണ്ഡൽ കനാലും ചമ്പക്കര കനാലും ചേരുന്ന ഡബ്ല്യുസിസിയുടെ കൊല്ലം – കോട്ടപ്പുറം ഭാഗം– 205 കിലോമീറ്റർ | 375 | NW–3 ഡബ്ല്യുസിസിയുടെ കൊല്ലം – കോട്ടപ്പുറം ഭാഗം– 205 കിലോമീറ്റർ |
| | ഡബ്ല്യുസിസിയുടെ കോട്ടപ്പുറം–കോഴിക്കോട് ഭാഗം –170 കിലോമീറ്റർ | | ദേശീയ ജലപാത –3 (വിപുലീകരണം) |
| 2 | ആലപ്പുഴ –ചങ്ങനാശ്ശേരി കനാൽ | 28 | ദേശീയ ജലപാത –8 |
| 3 | ആലപ്പുഴ– കോട്ടയം– അതിരമ്പുഴ | 38 | ദേശീയ ജലപാത –9 |
| 4 | അനന്ത–വിക്ടോറിയ–മാർത്താണ്ഡം (എവിഎം) കനാൽ–(പൂവാർ–എരയുമാന്തുറൈ) | 11 | ദേശീയ ജലപാത –13 |
| 5 | കോട്ടയം–വൈക്കം കനാൽ | 28 | ദേശീയ ജലപാത –59 |
| | **ആകെ നീളം** | **480 കിലോമീറ്റർ** | |

**ഉറവിടം**: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

സംസ്ഥാനത്തെ ഭൂരിഭാഗം കനാലുകളും ആഴം കുറഞ്ഞതും വീതി കുറഞ്ഞതും മണൽമൂടിക്കിടക്കുകയും ചെയ്യുന്നു. കൂടാതെ തീരത്തെ മണ്ണൊലിപ്പും, അടിസ്ഥാന സൗകര്യങ്ങളായ ജെട്ടികളുടെയും ടെർമിനലുകളുടെയും അഭാവം ഗതാഗത സംവിധാനങ്ങളുടെ അഭാവവും തുടങ്ങി നിരവധി പരിമിതികൾ അനുഭവിക്കുന്നു. ആയതിനാൽ വികസനം ആവശ്യമാണ്. കോഴിക്കോട്–വടകര പാത ഭാഗികമായി സഞ്ചാരയോഗ്യമാണ്. കൊല്ലത്തിനും കോട്ടപ്പുറത്തിനുമിടയിലുള്ള ദേശീയ ജലപാത–3 ഉം ചമ്പക്കര, ഉദ്യോഗമണ്ഡല് എന്നീ ഫീഡർ കനാലുകളും ക്ലാസ്–3 നിലവാരത്തിൽ വികസിപ്പിച്ചെടുത്ത് ബാർജ് സർവീസുകൾ നടത്തുന്നുണ്ട്. ഡബ്ല്യുസിസിയുടെ വിവിധ റീച്ചുകളുടെ നിലവിലെ പുരോഗതിപട്ടിക **അനുബന്ധം 11.1.29**ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.1.12** കഴിഞ്ഞ 5 വർഷത്തിനിടെ ദേശീയ ജലപാത–3 ലെ (കൊല്ലം – കോട്ടപ്പുറം ഭാഗം) ചരക്ക് നീക്കം – മെട്രിക് മില്യൺ ടണ്ണിൽ (എം എം ടി)

| സാമ്പത്തിക വർഷം | ചരക്കു നീക്കം (എം എം ടി യിൽ) |
|---|---|
| 2020–21 | 0.73 |
| 2021–22 | 1.7 |
| 2022–23 | 3.23 |
| 2023–24 | 3.29 |
| 2024–25 | 3.49 |

**ഉറവിടം**: തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

ഓവർ ഡൈമൻഷണൽ കാർഗോയുടെ (ഒഡിസി) ഗതാഗതത്തിന് ഇൻലാൻഡ് വാട്ടർവേ ട്രാൻസ്‌പോർട്ട് (ഐഡബ്ല്യുടി) രീതിയാണ് റോഡ് ഗതാഗതത്തെക്കാൾ പല കാരണങ്ങളാലും മെച്ചം. റൂട്ട്, സമയ നിയന്ത്രണങ്ങൾ, ഒന്നിലധികം അനുമതികളുടെ ആവശ്യകത എന്നിവ പോലുള്ളവയുടെ വെല്ലുവിളികൾ റോഡ് ഗതാഗതം അഭിമുഖീകരിക്കേണ്ടി വരുന്നു. വാഗണുകൾ സ്റ്റാൻഡേർഡ് വലുപ്പം ആയതിനാൽ ഒ ഡി സി കൾ കൊണ്ടുപോകാൻ റെയിൽവേയ്ക്ക് കഴിയുന്നില്ല. ഉൾനാടൻ ജലഗതാഗത രീതി താരതമ്യേന സൗകര്യപ്രദമായ രീതിയിൽ ഒഡിസി ചരക്ക് നീക്കാൻ സാധിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ദേശീയ ജലപാത 3–ലെ ചരക്ക് നീക്കത്തിന്റെ വിശകലനം **പട്ടിക 11.1.12**–ൽ നൽകിയിരിക്കുന്നു.

### തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി എസ് ഐ എൻ ഡി)

കേരളത്തിലെ ജലപാതകളുടെ വികസനവും ഉൾനാടൻ നാവിഗേഷന്റെ പ്രോത്സാഹനവുമാണ് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൻറെ സുപ്രധാന ലക്ഷ്യങ്ങൾ. സംസ്ഥാന ജലപാതകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. അവലോകന കാലയളവിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു –

- മുളവുകാട് പഞ്ചായത്തിലെ സിസിലി ബോട്ട് ജെട്ടി, ആശുപത്രി ബോട്ട് ജെട്ടി, പോഞ്ഞിക്കര ബോട്ട് ജെട്ടി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ.
- വടകര–മാഹിയിലെ മൂന്ന് റോഡ് പാലങ്ങൾ (കല്ലേരി, കാളിയംവള്ളി, വെങ്ങോലി).
- മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമാണം
- കഠിനംകുളം, അരിവാളം, കാപ്പിൽ, അഷ്ടമുടി–വള്ളക്കടവ്, നെല്ലേറ്റിൽകടവ്, കാപ്പിൽക്കടവ്, ഗുഹാനന്ദപുരം, ചേരിക്കടവ്, തോളുകടവ് എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ
- ചിലക്കൂർ തുരങ്കത്തിന്റെ ടണൽ ശുചീകരണ പ്രവർത്തനങ്ങൾ
- മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ വെളിയംകോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം
- നടന്നുകൊണ്ടിരിക്കുന്ന ചില പദ്ധതികൾ – (1) കൊല്ലം തോട് ഇടതുകര കഞ്ഞിക്കടവ് മുതൽ മുണ്ടക്കൽ വരെയുള്ള ഭാഗത്തെ പാർശ്വ സംരക്ഷണ പ്രവർത്തനങ്ങൾ, (2) കടമക്കുടി പഞ്ചായത്തിലെ കോതാട് ബോട്ട് ജെട്ടിയുടെ നവീകരണം, (3) തിരുവനന്തപുരം ജില്ലയിലെ സെന്റ് ആൻഡ്രൂസ് പാലം നിർമ്മാണം, (4 ) പാർവതി പുത്തനാറിന് കുറുകെയുള്ള ഉരുക്ക് പാലത്തിന്റെ നിർമ്മാണം, (5) കൊച്ചിൻ കോർപ്പറേഷന്റെ കീഴിലുള്ള താൻതോന്നിത്തുരുത്ത് ബോട്ട് ജെട്ടിയിൽ പ്ലാറ്റ്ഫോമിന്റെ നിർമ്മാണവും

അനുബന്ധ ജോലികളും, (6) അഞ്ചുതെങ്ങ് കായലിനു സമീപം കടകം, തെക്കേഅറയത്തുരുത്ത്, വടക്കേഅറയത്തുരുത്ത് എന്നിവിടങ്ങളിൽ പാലം നിർമാണത്തിന് സ്ഥലം ഏറ്റെടുക്കൽ, (7) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ലോക്ക് കം ബ്രിഡ്ജ് നിർമാണം, (8) തൃശ്ശൂർ ജില്ലയിലെ ഡാണക്കടവ്, തൃപ്രയാർ, ഏനമാവ് എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികളുടെ നിർമ്മാണം, (9) വർക്കലയിലെയും കഠിനംകുളത്തിലെയും ഡബ്ല്യുസിസിയുടെ വികസനം, (10) വർക്കലയിലെ താഴെവെട്ടൂർ മുതൽ രാമന്തളി വരെയുള്ള രണ്ട് തുരങ്കങ്ങളുടെ പുനരുജ്ജീവനം ഉൾപ്പെടെ അഞ്ചുതെങ്ങ് കായൽ മുതലുള്ള ചരിത്രപ്രധാനമായ ജലപാതയുടെ വികസനവും പുനരുജ്ജീവനവും (11) കോഴിക്കോട് ജില്ലയിലെ വടകര-മാഹി കനാലിൽ മൂഴിക്കലിലും കരിനാലിമുക്കിലും 2 ലോക്ക് കം ബ്രിഡ്ജുകളുടെ നിർമ്മാണം.

ജലപാതകളുടെ വികസനത്തിനായി, സംസ്ഥാന സർക്കാരും സിയാൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും (സിയാൽ) തുല്യ ഓഹരികൾ നൽകുന്ന കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കെഡബ്ല്യുഐഎൽ) എന്ന പേരിൽ ഒരു പ്രത്യേക ഉദ്ദേശ്യ വാഹനം 2017 ൽ സംസ്ഥാനം രൂപീകരിച്ചു. കോവളം മുതൽ ബേക്കൽ വരെയുള്ള നിർദ്ദിഷ്ട വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ട്, കൂടാതെ ഉൾനാടൻ നാവിഗേഷൻ വകുപ്പ് ഏറ്റെടുത്തിരിക്കുന്ന വിവിധ ജോലികളും ഇതിൽ ഉൾപ്പെടുന്നു.

**കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ എസ് ഐ എൻ സി)**

കേരളത്തിലെ ഉൾനാടൻ ജലഗതാഗത മേഖലയിൽ മുൻപന്തിയിലുള്ള ഒരു സ്ഥാപനമാണ് ആണ് കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(കെഎസ്ഐഎൻസി). ഇത് കേരള സർക്കാരിന്റെ കീഴിൽ വരുന്ന സ്ഥാപനമാണ്. ചെറിയ ജലയാനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കെഎസ്ഐഎൻസിയ്ക്ക് രണ്ട് യാർഡുകൾ ഉണ്ട്. ഉപഭോക്തൃ ആവശ്യങ്ങൾക്ക് അനുസൃതമായി ജലയാനങ്ങൾ നിർമ്മിക്കുന്നതിലും പരിപാലിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും കെഎസ്ഐഎൻസി ഉയർന്ന നിലവാരം പുലർത്തുന്നു. കെ എസ് ഐ എൻ സിയുടെ സ്വന്തം ക്രൂയിസ് വെസ്സലുകളായ പ്രീമിയർ സാഗരറാണി (Iും II ഉം) ആഡംബര കപ്പലായ നെഫെർറ്റിറ്റിയും ഇതിൽ പ്രധാനമാണ്.

കെഎസ്ഐഎൻസി 2005-ൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിച്ചു. വിനോദസഞ്ചാരികളെ 'സാഗരറാണി'യിൽ കടലിലേക്ക് കൊണ്ടുപോകുന്നു. ഇതിനായി നിലവിൽ രണ്ട് ജലയാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ യന്ത്രവൽകൃത ചരക്ക് നീക്കത്തിന്റെ മുൻപന്തിയിലാണ് കെഎസ്ഐഎൻസി. കെഎസ്ഐഎൻസിയ്ക്ക് ഇപ്പോൾ രണ്ട് കാർഗോ ബാർജുകൾ, ആറ് പെട്രോളിയം ബാർജുകൾ, രണ്ട് ആസിഡ് ബാർജുകൾ, രണ്ട് ആർഒ-ആർഒ എന്നിവയുണ്ട്. 2024-25 കാലയളവിൽ കെഎസ്ഐഎൻസി 87.98 ലക്ഷം രൂപ അറ്റാദായവും 30.47 കോടി രൂപ വിറ്റുവരവും നേടി. കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.30**-ൽ നൽകിയിരിക്കുന്നു.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലെ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുക എന്ന പ്രധാന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ രൂപീകരിച്ച ഒരു അവശ്യ സേവനവകുപ്പാണ് സംസ്ഥാന ജലഗതാഗത വകുപ്പ്. 2024-25 സാമ്പത്തിക വർഷത്തിൽ മരം/ഉരുക്ക്/സോളാർ അധിഷ്ഠിത ഫൈബർ ഗ്ലാസ് പാസഞ്ചർ ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് 128 റൂട്ടുകളിലായി ഏകദേശം 106.05 ലക്ഷം യാത്രക്കാരുടെ ഗതാഗത ആവശ്യങ്ങൾ വകുപ്പിന് നിറവേറ്റാനായിട്ടുണ്ട്. പ്രവർത്തക്ഷമമായ 66 ബോട്ടുകൾ ഉപയോഗിച്ചുകൊണ്ട് പ്രതി വർഷം ഏകദേശം 2, 96,075 ട്രിപ്പുകൾ സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിവരുന്നു (ഉറവിടം: സംസ്ഥാന ജലഗതാഗത വകുപ്പ്). വകുപ്പിന്റെ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ **അനുബന്ധം 11.1.31** ൽ നൽകിയിരിക്കുന്നു.

**വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ (എസ്. ഡബ്ലിയു. റ്റി.ഡി) അടിസ്ഥാന സൗകര്യങ്ങളും ബോട്ടുകളും ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, പഴയ തടിബോട്ടുകൾക്ക് പകരമായി സൗരോർജ്ജ-വൈദ്യുത ബോട്ടുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നത് വകുപ്പിന്റെ ശ്രദ്ധേയമായ ഒരു നേട്ടമാണ്. 2017-ൽ സർവീസ് ആരംഭിച്ച, ഇന്ത്യയിലെ ആദ്യത്തെ സോളാർ ഫെറിയായ 'ആദിത്യ' ഈ മാറ്റത്തിന് ഒരു ഉത്തമ ഉദാഹരണമാണ്. 'ആദിത്യ' എട്ട് വർഷത്തിനിടെ ഏകദേശം 38.6 ലക്ഷം യാത്രക്കാരെ എത്തിക്കുകയും, തൽഫലമായി ഏകദേശം 3.5 ലക്ഷം ലിറ്റർ ഇന്ധനം ലാഭിക്കുകയും (ഇത് സർക്കാരിന് ഏകദേശം 2.8 കോടി രൂപയുടെ ലാഭമാണ്), 946 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ഇതിന്റെ പ്രവർത്തനക്ഷമത ശ്രദ്ധേയമാണ്. ഒരു സോളാർ ഫെറിയുടെ പ്രതിദിന ചിലവ് (ഏകദേശം 12,000 രൂപ) ഒരു ഡീസൽ ഫെറിയുടെ ചിലവിനെക്കാൾ വളരെ കുറവായതിനാൽ, 2.5 വർഷം കൊണ്ട് തന്നെ മുതൽമുടക്ക് തിരിച്ചുപിടിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദ ബോട്ടുകളുടെ എണ്ണം കൂട്ടുതൽ വികസിപ്പിച്ചുകൊണ്ട്, 100 യാത്രക്കാർക്കായി രൂപകൽപ്പന ചെയ്ത, ഇന്ത്യയിലെ ഏറ്റവും വലിയ സോളാർ-ഇലക്ട്രിക് ക്രൂയിസ് കപ്പലായ 'ഇന്ദ്ര'യെ സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്. ഡബ്ലിയു.റ്റി.ഡി) അവതരിപ്പിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ 22 ലക്ഷം രൂപ വരുമാനം നേടുകയും, പ്രതിദിനം ശരാശരി 24,100 രൂപയുടെ മികച്ച ലാഭം നേടുകയും ചെയ്തുകൊണ്ട് ഈ കപ്പൽ ലാഭകരമായ സംരംഭമാണെന്ന് തെളിയിച്ചു. 'ഇന്ദ്ര'യ്ക്ക്

പുറമെ, ജലഗതാഗത വകുപ്പ് യാത്രക്കാർക്ക് സേവനം നൽകുന്നതോടൊപ്പം ടൂറിസത്തിന് ഊന്നൽ നൽകുന്ന പുതിയ യാത്രാബോട്ടുകൾ പുറത്തിറക്കുകയും, ഇത് ജല ടൂറിസത്തിന് വലിയ പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ട്. 'വേഗ-2' (ഇതുവരെ 522 ലക്ഷം രൂപ സഞ്ചിത വരുമാനം നേടുകയും പ്രതിദിനം ശരാശരി 19,900 രൂപ ലാഭം നേടുകയും ചെയ്യുന്നു), 'സീ കുട്ടനാട്' (ഇതുവരെ 163 ലക്ഷം രൂപ വരുമാനം നേടി), 'സീ അഷ്ടമുടി' (2025 ഓഗസ്റ്റ് വരെ 226.36 ലക്ഷം രൂപ വരുമാനം നേടി) എന്നിവ പ്രധാന ഉദാഹരണങ്ങളാണ്. കൂടാതെ, ഐ.ആർ.എസ്. (IRS) ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കിക്കൊണ്ട്, 31 യാത്രാ ബോട്ടുകൾ ഉൾപ്പെടെയുള്ള ബോട്ടുകളുടെ സമഗ്രമായ ആധുനികവൽക്കരണവും നടന്നുവരുന്നു.

ആധുനികവൽക്കരിച്ച ബോട്ടുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ജലഗതാഗത വകുപ്പ് (എസ് ഡബ്ലിയു.റ്റി.ഡി) അതിന്റെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിച്ചു. ഇതിന്റെ ഭാഗമായി ആലപ്പുഴ, പൊഞ്ഞിക്കരയിൽ പണി കഴിപ്പിച്ച നൂതനമായ ഡ്രൈ ഡോക്കിന്റെ പൂർത്തീകരണം ഒരു സുപ്രധാന നേട്ടമാണ്. ബോട്ടുകൾ സ്വകാര്യ ഡോക്കുകളിൽ കയറ്റുന്നതിനുള്ള ഉയർന്ന ചിലവ് ഒഴിവാക്കി, വലിയ തോതിലുള്ള അറ്റകുറ്റപ്പണികളും സർവീസിനിടയിലെ അറ്റകുറ്റപ്പണികളും ഈ കേന്ദ്രം കൈകാര്യം ചെയ്യുന്നു, ഇത് വലിയ സാമ്പത്തിക ലാഭത്തിന് കാരണമാക്കുകയും ചെയ്യുന്നു. ഇതിന് അനുബന്ധമായി മലബാർ മേഖലയിലെ പയ്യന്നൂരിൽ ഒരേസമയം രണ്ട് ബോട്ടുകൾ നന്നാക്കാൻ സൗകര്യമുള്ള ആധുനിക സംവിധാനമായ ആയിറ്റി സ്ലിപ്പ് വേയും സജ്ജമാണ്. കൂടാതെ, അഞ്ച് അത്യാധുനിക റെസ്ക്യൂ ബോട്ടുകൾ വാങ്ങി വകുപ്പ് അതിന്റെ രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു. 2018-19 വർഷങ്ങളിലെ കുട്ടനാട് വെള്ളപ്പൊക്ക സമയത്ത് യാത്രക്കാരെയും അപകടത്തിൽപ്പെട്ടവരെയും ഒഴിപ്പിക്കുന്നതിലും, അടുത്തിടെയുള്ള മൂന്ന് മാസക്കാലയളവിൽ ഏകദേശം 200 മെഡിക്കൽ എമർജൻസി ട്രിപ്പുകൾ കൈകാര്യം ചെയ്യുന്നതിലും ഈ ബോട്ടുകൾ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

ഡിജിറ്റലൈസേഷനിലേക്കുള്ള മാറ്റത്തിലൂടെ സംസ്ഥാന ജലഗതാഗത വകുപ്പ് ആധുനികവൽക്കരണം, സാങ്കേതികപരമായ നവീകരണങ്ങൾ, പ്രവർത്തനക്ഷമത എന്നിവയ്ക്ക് ലക്ഷ്യമിടുന്നു. വകുപ്പിനുള്ളിലെയും പുറമേ നിന്നുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കാൻ ലക്ഷ്യമിട്ട് പ്രധാനപ്പെട്ട ഡിജിറ്റൽ സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ, ഇ-ഓഫീസ് സംവിധാനം ആരംഭിച്ചത് ഫയൽ നീക്കം വേഗത്തിലാക്കാനും രേഖകൾ നഷ്ടപ്പെടാനുള്ള സാധ്യത കുറയ്ക്കാനും ഔദ്യോഗിക പ്രവർത്തനങ്ങൾക്കുള്ള ഡാറ്റാ സുരക്ഷ ശക്തിപ്പെടുത്താനും സഹായിച്ചു. ഭിന്നശേഷിക്കാർക്കായി വകുപ്പ് ഒരു ഓൺലൈൻ പാസ് സംവിധാനം നടപ്പിലാക്കി. ഈ സംവിധാനം സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഉള്ള യാത്ര പോലുള്ള പ്രത്യേകാനുകൂല്യങ്ങൾ നൽകുന്നു, ഇത് കൈകാര്യം ചെയ്യാനുള്ള രേഖകളുടെ ആവശ്യം ഫലപ്രദമായി ഇല്ലാതാക്കുകയും ഭിന്നശേഷിക്കാരായ യാത്രക്കാർക്ക് തടസ്സരഹിതവും എളുപ്പവുമായ പ്രവേശനം ഉറപ്പാക്കുകയും ചെയ്യുന്നു.

**വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

കേരളത്തിലെ ഉൾനാടൻ ജലപാതകളുടെ വികസനം പരസ്പരം ബന്ധിതമായ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. ഗുരുതരമായ മണ്ണടിയലും ഖരമാലിന്യങ്ങളുടെ തുടർച്ചയായ നിക്ഷേപവുമാണ് പ്രധാന തടസ്സങ്ങളിലൊന്ന്. ഇത് കനാലുകളുടെ സഞ്ചാരയോഗ്യമായ ആഴവും വീതിയും ഗണ്യമായി കുറയ്ക്കുന്നതിനാൽ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയാതെ വരികയും പ്രളയജലം വഹിക്കാനുള്ള ശേഷിയെപ്പോലും ബാധിക്കുകയും ചെയ്യുന്നു. കൂടാതെ, ജലപാതകൾ ആധുനികവൽക്കരിക്കാനും പുതിയ രൂപരേഖ നൽകാനുമുള്ള ശ്രമങ്ങൾ പലപ്പോഴും സംസ്ഥാനത്തെ സ്ഥലമെടുപ്പ് ബുദ്ധിമുട്ടുകൾ കാരണം തടസ്സപ്പെടാറുണ്ട്. വികസിത റോഡ്, റെയിൽ ശൃംഖലകൾ ഉൾപ്പെടെയുള്ള മറ്റ് ഗതാഗത മാർഗ്ഗങ്ങളിൽ നിന്നുള്ള മത്സരം ഈ മേഖല നേരിടുന്ന മറ്റൊരു പ്രധാന വെല്ലുവിളിയാണ്. വ്യവസായ സ്ഥാപനങ്ങളും യാത്രക്കാരും വേഗത്തിൽ എത്തിച്ചേരാൻ സാധിക്കുന്നതുമായ റോഡ്/റെയിൽ മാർഗ്ഗങ്ങളെ ആശ്രയിക്കുന്നതിനാൽ, ചരക്ക് നീക്കത്തിനായി ചെലവ് കുറഞ്ഞ ജലപാതകളെ ഉപയോഗിക്കുന്നതിന്റെ തോത് പരിമിതപ്പെടുത്തുന്നു.

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ദ്രുതഗതിയിലുള്ള പൂർത്തീകരണമാണ് മുന്നോട്ടുള്ള വഴിയിലെ പ്രധാന ലക്ഷ്യം. കനാൽ വികസനം, നിശ്ചിത ആഴം നിലനിർത്തുന്നതിനുള്ള മണ്ണെടുപ്പ്, കപ്പലുകൾക്ക് സുഗമമായി കടന്നുപോകാൻ ആവശ്യമായ ഉയരം ഉറപ്പുവരുത്തിക്കൊണ്ട് പാലങ്ങൾ പുനർനിർമ്മിക്കൽ തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾക്ക് കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (ക്വിൽ) പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. സുപ്രധാനമായി, കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് (സി.എസ്.ഐ.എൻ.ഡി) സഹായകരമായ നയങ്ങൾ രൂപീകരിക്കുന്നതിനും വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിനും, സംസ്ഥാനത്തുടനീളമുള്ള പ്രധാന തുറമുഖങ്ങളുമായും ലോജിസ്റ്റിക്സ് ഹബ്ബുകളുമായും ഉൾനാടൻ ജലഗതാഗതത്തെ സംയോജിപ്പിക്കുന്നതിനുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും പ്രധാന പങ്ക് വഹിക്കേണ്ടതാണ്. ജലഗതാഗത ടെർമിനലുകളെ നിലവിലുള്ള റോഡ്-റെയിൽ ശൃംഖലകളുമായി ബന്ധിപ്പിച്ചു കൊണ്ട് ഒരു 'മൾട്ടിമോഡൽ' ഗതാഗത ശൃംഖല രൂപപ്പെടുത്തിയാൽ മാത്രമേ കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ വികസനം സാദ്ധ്യമാകൂ. ഇത് യാത്രക്കാർക്കും ചരക്കുനീക്കത്തിനും ആവശ്യമായ സുഗമമായ കണക്റ്റിവിറ്റി ഉറപ്പാക്കാൻ സഹായിക്കും. കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെ.എസ്.ഐ.എൻ.സി), എസ് ഡബ്ലിയു.റ്റി.ഡി തുടങ്ങിയ ഓപ്പറേറ്റിങ് ഏജൻസികളുടെ കൂട്ടായ പരിശ്രമത്തെ ആശ്രയിച്ചാണ് സേവനങ്ങളുടെ പുനരുജ്ജീവനവും സാമ്പത്തിക ഭദ്രതയും നിലനിൽക്കുന്നത്. ഈ ഏജൻസികൾ ചരക്കുകളെയും യാത്രക്കാരെയും ആകർഷിക്കുന്നതിനായി റോ-റോ ഫെറികൾ, സോളാർ ഫെറികൾ എന്നിവപോലുള്ള പരിസ്ഥിതി സൗഹൃദ ബോട്ടുകൾ

ഉപയോഗിച്ച് അവരുടെ ബോട്ടുകൾ ആധുനീകരിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ആധുനിക ടെർമിനലുകളുടെ വികസനം, പൊതു–സ്വകാര്യ പങ്കാളിത്തം, തടസ്സമില്ലാത്ത 'ലാസ്റ്റ്–മൈൽ' കണക്റ്റിവിറ്റി എന്നിവ ഉറപ്പാക്കുന്നതിലൂടെ കേരളത്തിന്റെ ഗതാഗത മേഖലയിലെ സുസ്ഥിരവും അവിഭാജ്യവുമായ ഒരു ഘടകമായി ഉൾനാടൻ ജലഗതാഗതത്തെ മാറ്റുവാൻ സാധിക്കും.

# 11.2 ഊർജ്ജം

ആഗോള തലത്തിൽ ഊർജ്ജ മേഖല കൂടുതൽ ശുദ്ധവും ഈട് നിൽക്കുന്നതുമായ സ്രോതസ്സുകളിലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഗതാഗത മേഖലയുടെ വൈദ്യുതീകരണം, ഡാറ്റാ സെന്ററുകളുടെ വിപുലീകരണം, വർദ്ധിച്ചുവരുന്ന ശീതീകരണ ആവശ്യങ്ങൾ എന്നിവ കാരണം ആഗോളതലത്തിൽ വൈദ്യുതി ആവശ്യകത പ്രതിവർഷം 3 ശതമാനത്തിലധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പുനരുപയോഗ ഊർജ്ജ സ്രോതസുകളിലൂടെ ഈ അധിക ആവശ്യകത ഭൂരിഭാഗവും നിറവേറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. (ഇന്റർനാഷണൽ എനർജി ഏജൻസിയുടെ Electricity Mid-Year Update,2025).

ആഗോള ഊർജ്ജ പരിവർത്തനത്തിലും ആഗോളതാപനവുമായി ബന്ധപ്പെട്ട ആഗോള ശ്രമങ്ങളിലും ഇന്ത്യ ഒരു പ്രധാന പങ്ക് വഹിക്കുന്നു. 2070 ഓടെ നെറ്റ് സീറോ എമിഷൻ കൈവരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.

### ഇന്ത്യയിലെ ഊർജ്ജ മേഖല

വർദ്ധിച്ചുവരുന്ന വ്യാവസായ പ്രവർത്തനങ്ങൾ, ശീതീകരണ ആവശ്യങ്ങൾ, തുടർച്ചയായ സാമ്പത്തിക വളർച്ച എന്നിവ കാരണം 2026 -ഓടെ ദ്രുതവേഗത്തിൽ വൈദ്യുതി ആവശ്യം വർധിക്കുന്ന രാജ്യം ഇന്ത്യയായിരിക്കും (ഇന്റർനാഷണൽ എനർജി ഏജൻസിയുടെ Electricity Mid-Year Update,2025). 2024 ഡിസംബർ 31 പ്രകാരം നാഷണൽ ഗ്രിഡിന് 4,62,002 മെഗാവാട്ട് സ്ഥാപിത ശേഷിയുണ്ട്. ഇന്ത്യയിൽ, താപോർജ്ജത്തിൽ നിന്നുള്ള വൈദ്യുതിയാണ് പ്രധാന ഊർജ്ജ സ്രോതസ്സ്. രാജ്യത്തെ മൊത്തം സ്ഥാപിത ശേഷിയുടെ ഏകദേശം 53 ശതമാനമാണിത്. വിവിധ സ്രോതസ്സുകളിലൂടെയുള്ള വൈദ്യുതി ഉൽപ്പാദനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 11.2.1** ൽ നൽകിയിരിക്കുന്നു. അടുത്തകാലത്ത്, പുനരുപയോഗ സ്രോതസ്സുകൾ രണ്ടാമത്തെ വലിയ വൈദ്യുതി സ്രോതസ്സായി ഉയർന്നുവന്നിട്ടുണ്ട്. ജല വൈദ്യുതി ഉൽപാദനത്തിനു മൂന്നാം സ്ഥാനമാണ്.

**പട്ടിക 11.2.1** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട്) 31.12.2024 പ്രകാരം

| ക്രമ നമ്പർ | ഇന്ധനം | സ്ഥാപിത ശേഷി (മെഗാവാട്ട്) 31.12.2024 പ്രകാരം | ശതമാനം |
|---|---|---|---|
| 1 | താപവൈദ്യുതി | 2,44,377 | 53 |
| 2 | പുനരുപയോഗ ഊർജ്ജം | 1,62,477 | 35 |
| 3 | ജലവൈദ്യുതി | 46,968 | 10.2 |
| 4 | ആണവോർജ്ജം | 8,180 | 1.8 |
| | **ആകെ** | **4,62,002** | |

**അവലംബം:** വാർഷിക റിപ്പോർട്ട് 2024-25, ഊർജ്ജ മന്ത്രാലയം , ഭാരതസർക്കാർ

ഊർജ്ജോൽപ്പാദനത്തിന്റെ മേഖല തിരിച്ചുള്ള കണക്കുകൾ **പട്ടിക 11.2.2**ൽ നൽകിയിരിക്കുന്ന പ്രകാരം ഇന്ത്യയിൽ 2024 ഡിസംബർ 31 ആയപ്പോഴേക്കും സംസ്ഥാന മേഖലയിൽ നിന്നുള്ള മൊത്തം ഊർജ്ജ ഉല്പാദനം 1,09,007 മെഗാവാട്ട് (23.6 ശതമാനം), കേന്ദ്ര മേഖലയിൽ നിന്ന് 1,05,113 മെഗാവാട്ട് (22.8 ശതമാനം) , സ്വകാര്യ മേഖലയിൽ നിന്ന് 2,47,882 മെഗാവാട്ട് (53.6 ശതമാനം) എന്നിങ്ങനെയാണ്.

**പട്ടിക 11.2.2** ഇന്ത്യയുടെ മൊത്തം സ്ഥാപിതശേഷി (മെഗാവാട്ട് ) 31.12.2024 പ്രകാരം, മേഖല തിരിച്ച്

| ക്രമ നമ്പർ | മേഘല | സ്ഥാപിതശേഷി (മെഗാവാട്ട് 31.12.2024 പ്രകാരം | ശതമാനം |
|---|---|---|---|
| 1 | കേന്ദ്ര മേഖല | 1,05,113 | 22.8 |
| 2 | സംസ്ഥാന മേഖല | 1,09,007 | 23.6 |
| 3 | സ്വകാര്യ മേഖല | 2,47,882 | 53.6 |
| | **ആകെ** | **4,62,002** | |

**അവലംബം:** വാർഷിക റിപ്പോർട്ട് 2024-25, ഊർജ്ജ മന്ത്രാലയം ,ഭാരതസർക്കാർ

**കേരളത്തിലെ ഊർജ്ജ മേഖല**

കേന്ദ്ര സർക്കാരിന്റെ വൈദ്യുതി മന്ത്രാലയത്തിലെ ഊർജ്ജ കാര്യക്ഷമതാ ബ്യൂറോ പ്രസിദ്ധീകരിച്ച 2024 ലെ സംസ്ഥാന ഊർജ്ജ കാര്യക്ഷമതാ സൂചിക (SEEI) പ്രകാരം കേരളത്തെ 'അച്ചീവർ' വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 74 ശതമാനം കാർഷിക പമ്പുകളും ഊർജ്ജക്ഷമതയുള്ളതോ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്നതോ ആണ്. ഈ മേഖലയിൽ ശുദ്ധമായ ഊർജ്ജം സ്വീകരിക്കുന്നതിനുള്ള ശക്തമായ പ്രതിബദ്ധതയാണ് ഇത് പ്രകടമാക്കുന്നത്. 2040-ഓടെ പൂർണ്ണമായും പുനരുപയോഗ ഊർജ്ജത്തെ ആശ്രയിക്കാനും 2050-ഓടെ 'നെറ്റ്-കാർബൺ-ന്യൂട്രൽ' സംസ്ഥാനമായി മാറാനും കേരളം ലക്ഷ്യമിടുന്നു.

കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഊർജ മേഖലയ്ക്ക് കേന്ദ്രസ്ഥാനമാണുള്ളത്. ഊർജ്ജ സുരക്ഷ, ഗുണനിലവാരം, കാര്യക്ഷമത, ശാസ്ത്രീയമായ മാനേജ്മെന്റ്, സുരക്ഷ എന്നിവയ്ക്കാണ് പ്രധാന മുൻഗണന. ഹരിത ഊർജ്ജത്തിലേക്കുള്ള മാറ്റത്തിനായി ഊർജ്ജ മേഖല കൃത്യമായ ഇടപെടലുകൾ നടത്തിവരികയാണ്. പുനരുപയോഗ ഊർജ്ജം ഉപയോഗപ്പെടുത്തുന്നതും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതടക്കമുള്ള സംസ്ഥാനത്തിന്റെ സജീവമായ നടപടികൾ സുസ്ഥിരമായ വൈദ്യുതി വിതരണത്തിന് പ്രധാനമാണ്. വർദ്ധിച്ചുവരുന്ന ആവശ്യകത, അപര്യാപ്തമായ ഉൽപാദനം, അടിസ്ഥാന സൗകര്യ വെല്ലുവിളികൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, സാമ്പത്തിക സമ്മർദ്ദങ്ങൾ തുടങ്ങി കേരളത്തിലെ വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധികൾക്കിടയിലും ഈ മുന്നേറ്റം ഒരു പ്രത്യാശയുടെ കിരണമാണ്. വിശ്വസനീയവും ചെലവ് കുറഞ്ഞതും വികേന്ദ്രീകൃതവും പരിസ്ഥിതി സൗഹൃദവുമായ ഊർജ്ജം ഉറപ്പാക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. കേരളത്തിലെ വൈദ്യുതി സംവിധാനത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ വളർച്ച **അനുബന്ധം 11.2.1**-ൽ നൽകിയിരിക്കുന്നു.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്), എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നീ നാല് ഏജൻസികൾ മുഖേനയാണ് സംസ്ഥാനത്തെ ഊർജ്ജ വികസന പ്രവർത്തനങ്ങൾ മുഖ്യമായും നടപ്പിലാക്കി വരുന്നത്.

**ഊർജ്ജ ലഭ്യത**

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസേഴ്സ് (ഐപിപി), ക്യാപ്റ്റീവ് പവർ പ്ലാന്റുകൾ (സിപിപി), പ്രൊസ്യൂമർ എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്റ്റേഷനുകൾ ഉൾപ്പെടുന്ന ആന്തരിക സ്രോതസ്സുകൾ, കേന്ദ്ര സ്റ്റേഷനുകൾ, സ്വകാര്യ ഉല്പാദകർ, പവർ എക്സ്ചേഞ്ചുകൾ എന്നിവിടങ്ങളിൽ നിന്നാണ് സംസ്ഥാനത്ത് വൈദ്യുതി ലഭ്യമാകുന്നത്. വിശദാംശങ്ങൾ **പട്ടിക 11.2.3** ൽ കൊടുത്തിരിക്കുന്നു.

**വൈദ്യുതി ആവശ്യകത**

20th ഇലക്ട്രിക് പവർ സർവേ ഇന്ത്യ പ്രകാരം 2023-24 മുതൽ 2029-30 വരെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ വർധനവ് CAGR നിരക്കിൽ 5.1 ശതമാന നിരക്കിൽ വൈദ്യുതി ആവശ്യകത വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. (ഉറവിടം: സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, ഊർജ്ജ മന്ത്രാലയം, ഭാരത സർക്കാർ )

2024-25 വർഷത്തിൽ സംസ്ഥാനത്തെ എക്കാലത്തെയും

**പട്ടിക 11.2.3** 2024-25 കാലയളവിൽ സംഭരിച്ച ഊർജ്ജത്തിന്റെ അളവും സ്രോതസ്സും

| ക്രമ നം | വിശദാംശങ്ങൾ | | വൈദ്യുതി(മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി.എൽന്റെ മൊത്തം ഊർജ്ജ ഉത്പാദനം | എ | 7,393.77 |
| 2 | കേരള പെരിഫറിയിൽ സിജിഎസ്സിൽ നിന്ന് വൈദ്യുതി വാങ്ങൽ | ബി | 11,565.82 |
| 3 | കേരള പെരിഫറിൽ ദീർഘകാല/ഇടക്കാല/ഹ്രസ്വകാല കരാറുകൾ /സ്വാപ്പ് വഴിയുള്ള വൈദ്യുതി വാങ്ങൽ. | സി | 13,129.84 |
| 4 | സംസ്ഥാനത്തിനുള്ളിലെ ഐപിപി / സിപിപിയിൽ നിന്നുള്ള മൊത്തം വൈദ്യുതി വാങ്ങൽ | ഡി | 1,590.65 |
| 5 | കേരള പെരിഫറിയിൽ മൊത്തം വൈദ്യുതി വാങ്ങൽ | ഇ = ബി+സി+ഡി | 26,286.3 |
| 6 | ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്നതിനു സ്വകാര്യ ഐപിപി വഴിയുള്ള വൈദ്യുതി | എഫ് | 77.16 |
| 7 | കേരള ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി ലഭിച്ച ഊർജ്ജം | ജി | 453.64 |
| 8 | ആക്സിലറി കൺസംഷൻ | എച്ച് | 115.08 |
| 9 | EXPORT- കെ എസ് ഇ ബി എൽ -ന്റെ ഊർജ്ജ വിൽപ്പന, KSEBL-ന്റെ SWAP റിട്ടേൺ, KSEB ചുറ്റളവിൽ ഓപ്പൺ ആക്സസ് വഴി സംസ്ഥാനത്തിന് പുറത്ത് വിൽക്കുന്നതിലേക്കായി സ്വകാര്യ IPP-കൾ പ്രദാനം ചെയ്യുന്ന ഊർജ്ജം | ഐ | 1,789.64 |
| 10 | സംസ്ഥാനത്തിന്റെ ഉപഭോഗം നിറവേറ്റുന്നതിനായി ഓപ്പൺ ആക്സസ് വഴിയുള്ള ഊർജ്ജം ഉൾപ്പെടെ കേരളത്തിലേക്കുള്ള മൊത്തം ഇൻപുട്ട് | ജെ= എ +ഇ+ എഫ്+ ജി-എച്ച്-ഐ | 32,306.15 |

**അവലംബം**: കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.1** 2020-21 മുതൽ 2024-25 വരെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം




**അവലംബം**: കെ.എസ്.ഇ.ബി.എൽ

ഉയർന്ന വൈദ്യുതി ആവശ്യകതയും ഉപഭോഗവും റിപ്പോർട്ട് ചെയ്യപ്പെട്ടും, ഏറ്റവും ഉയർന്ന പ്രതിദിന ഉപഭോഗം 115.95 മില്യൺ യൂണിറ്റായി രേഖപ്പെടുത്തി. 2023-24 ൽ സംസ്ഥാനത്ത് ഏറ്റവും കൂടിയ വൈദ്യുതി ആവശ്യകത 5,301 മെഗാവാട്ട് ആയിരുന്നത് 9.3 ശതമാനം വർധനവ് രേഖപ്പെടുത്തിക്കൊണ്ട് 2024-25 ൽ (മെയ് 2, 2024) 5,797 മെഗാവാട്ട് ആയിരുന്നു. 2024-25 ൽ പ്രഭാത സമയത്തെ ഏറ്റവും കൂടിയ ആവശ്യകത 4,515 മെഗാവാട്ടും, പകൽ സമയത്തെ ആവശ്യകത 5,111 മെഗാവാട്ടും ആയിരുന്നു.

**ഊർജ്ജ ഉപഭോഗത്തിന്റെ രീതി**

സംസ്ഥാനത്തെ വൈദ്യുതോർജ്ജ ഉപഭോഗം (ക്യാപ്റ്റീവ് ജനറേഷന് ആനുപതികമായ ഉപഭോഗം ഉൾപ്പെടെയും ഓപ്പൺ ആക്സസ് ഉപഭോക്താക്കൾ ഉൾപ്പെടെയും ) 2023-24 ൽ 28,360.25 മില്യൺ യൂണിറ്റ് ആയിരുന്നത് 2024-25 ൽ 29,311.76 മില്യൺ യൂണിറ്റ് ആയി. 3.36 ശതമാനം വർദ്ധനവാണിത് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തുടനീളമുള്ള സാമ്പത്തിക വികസനവും വർദ്ധിച്ച ഉപഭോക്തൃ ഉപയോഗവും ഇതിലൂടെ പ്രതിഫലിക്കുന്നു. വൈദ്യുതി ആവശ്യകതയിലെ സുസ്ഥിര വളർച്ചയാണ് ഇത് സൂചിപ്പിക്കുന്നത്. 2020-21 മുതൽ 2024-25 കാലയളവിലെ കേരളത്തിലെ വൈദ്യുതോർജ്ജ ഉപഭോഗം, **ചിത്രം 11.2.1** ൽ നൽകിയിരിക്കുന്നു.

2025 മാർച്ച് 31 ലെ കണക്കനുസരിച്ച് 1,06,18,663 ഗാർഹിക എൽ.ടി ഉപഭോക്താക്കളും (75.5 ശതമാനം) 26,78,406 വാണിജ്യ എൽ.ടി ഉപഭോക്താക്കളും (19.03 ശതമാനം) ഉൾപ്പെടെ മൊത്തം ഉപഭോക്താക്കളുടെ എണ്ണം 1,40,71,621 ആയിരുന്നു. കെ എസ് ഇ ബിയുടെ ഉപഭോക്താക്കൾ, സംസ്ഥാനത്തിന് പുറത്തുള്ള വിതരണം, മറ്റ് ലൈസൻസികൾക്കുള്ള വിതരണം എന്നിവ ഉൾപ്പെടെ കെഎസ്ഇബി 28,544.05 മില്യൺ യൂണിറ്റ് വൈദ്യുതി വിറ്റഴിച്ചു. മൊത്തം ഉപഭോഗത്തിന്റെ 48.6 ശതമാനം ഗാർഹിക എൽ.ടി മേഖലയിൽ നിന്നും 17.5 ശതമാനം വാണിജ്യ എൽ.ടി സ്ഥാപനങ്ങളിൽ നിന്നുമാണ്. മൊത്തം ഉപഭോക്താക്കളുടെ എണ്ണത്തിന്റെ 1.1 ശതമാനം വരുന്ന വ്യാവസായിക എൽ.ടി വിഭാഗത്തിൽ നിന്ന് 4.6 ശതമാനം ഉപഭോഗവും എച്ച്.ടി, ഇ.എച്ച്.ടി എന്നിവ 21.29 ശതമാനം ഉപഭോഗവുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2024-25ൽ വിവിധ വിഭാഗങ്ങളിലേയ്ക്കുള്ള വൈദ്യുതി വിതരണത്തിലൂടെ 20,861.21 കോടി രൂപ വരുമാനമായി ലഭിച്ചു. ഗാർഹിക എൽ.ടി, വ്യവസായ എൽ.ടി, വാണിജ്യ എൽ.ടി മേഖലകളിൽ നിന്നുള്ള വരുമാനം യഥാക്രമം 37.9 ശതമാനം, 5.1 ശതമാനം, 26.3 ശതമാനം എന്നിങ്ങനെയാണ്. 2024-25 ലെ വിവിധ വിഭാഗങ്ങളുടെ വൈദ്യുതി ഉപഭോഗത്തിന്റെയും വരുമാനത്തിന്റെയും വിശദാംശങ്ങൾ **അനുബന്ധം 11.2.2**-ൽ നൽകിയിട്ടുണ്ട്.

**മൊത്തം സാങ്കേതിക വാണിജ്യ (AT&C) നഷ്ടങ്ങളുടെ കണക്കുകൾ**

സമീപ വർഷങ്ങളിൽ പ്രസരണ വിതരണ (ട്രാൻസ്മിഷനും ഡിസ്ട്രിബ്യൂഷനും) നഷ്ടം കുറയ്ക്കുന്നതിൽ കേരളം പ്രശംസനീയമായ വിജയം കൈവരിച്ചു. കാര്യക്ഷമമായ ഊർജ്ജ സംരക്ഷണ സംവിധാനത്തെയും അടിസ്ഥാന സൗകര്യ പരിപാലനത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. കാര്യക്ഷമത വർധിപ്പിക്കുന്നതിലൂടെ എടി & സി, ടി&ഡി നഷ്ടങ്ങളിൽ കേരളം ഗണ്യമായ കുറവ് കൈവരിച്ചിട്ടുണ്ടെങ്കിലും, ആവശ്യകതയിലുണ്ടാകുന്ന വർദ്ധനവ്, പീക്ക് ലോഡ് അവസ്ഥകൾ, സിസ്റ്റം ലോഡിംഗ് എന്നിവയിൽ വർഷം തോറും ഇതിൽ വ്യതിയാനങ്ങൾ ഉണ്ടാകുന്നു. ഇത് വൈദ്യുതി വാങ്ങുന്നതിന്റെ അളവിനെയും ചെലവിനെയും ബാധിക്കുകയും ചെയ്യുന്നു. T&D നഷ്ടം 2020-21-ലെ 10.32 ശതമാനത്തിൽ നിന്ന് 2022-23-ൽ 9.27 ശതമാനമായി കുറഞ്ഞിരുന്നു. എന്നാൽ വൈദ്യുതി ആവശ്യകതയിലെ ഗണ്യമായ വർദ്ധനവ് കാരണം, 2023-24-ൽ ഇത് 9.7 ശതമാനമായി വർദ്ധിച്ചു. എന്നാൽ കാര്യക്ഷമമായ ഊർജ്ജ സംരക്ഷണ സംവിധാനവും ശക്തമായ അടിസ്ഥാന സൗകര്യ പരിപാലനത്തിന്റെ നിരന്തരമായ ശ്രമങ്ങളെ പ്രതിഫലിപ്പിച്ചുകൊണ്ട് 2024-25 ൽ ഇത് 9.27 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സാങ്കേതിക വാണിജ്യ

**ചിത്രം 11.2.2.** പ്രസരണ വിതരണ (റ്റി & ഡി )നഷ്ടം (2020–21 മുതൽ 2024–25 വരെ ), ശതമാനത്തിൽ




**അവലംബം:** കെ.എസ്.ഇ.ബി.എൽ

**ചിത്രം 11.2.3.** 2024–25 ൽ കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി (ശതമാനത്തിൽ)




**അവലംബം**: കെ.എസ്.ഇ.ബി.എൽ

നഷ്ടം കുറഞ്ഞതിന്റെ ഗുണം **അനുബന്ധം 11.2.3**–ൽ നൽകിയിരിക്കുന്നു, കൂടാതെ 2020–21 മുതൽ 2024–25 വരെയുള്ള പ്രസരണ വിതരണ നഷ്ടം **ചിത്രം 11.2.2**ൽ കൊടുത്തിരിക്കുന്നു.

**ഉല്പാദനം**

സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനമേഖലയിൽ ജലവൈദ്യുതി, തെർമൽ, കാറ്റ്, സൗരോർജ്ജ പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു. 2025 മാർച്ച് 31 പ്രകാരം കേരളത്തിലെ മൊത്തം ഊർജ്ജ സ്ഥാപിത ശേഷി 4,412.14 മെഗാവാട്ട് ആണ്. ഇതിൽ ഏറ്റവും അധികം ഉൽപാദനം, അതായത് 2,284.42 മെഗാവാട്ട് (51.8 ശതമാനം), ജല വൈദ്യുത പദ്ധതികളിൽ നിന്നുമാണ്. എന്നാൽ സൗരോർജ്ജം, താപവൈദ്യുത പദ്ധതികൾ, കാറ്റ് എന്നിവയിലൂടെയുള്ള ഉത്പാദനം യഥാക്രമം 1,519.66 മെഗാവാട്ട് (34.4 ശതമാനം), 536.54 മെഗാവാട്ട് (12.2 ശതമാനം), 71.53 മെഗാവാട്ട് (1.6 ശതമാനം) എന്നിങ്ങനെയാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ ഊർജ്ജ സ്രോതസ്സിന്റെയും അതിന്റെ സ്ഥാപിത ശേഷിയുടെയും വിശദാംശങ്ങൾ **അനുബന്ധം 11.2.4**ലും മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.5** ലും കൊടുത്തിരിക്കുന്നു. ജലം, തെർമൽ, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം സ്ഥാപിത ശേഷി **ചിത്രം 11.2.3** ൽ കൊടുത്തിരിക്കുന്നു.

2024–25ലെ മൊത്തം സ്ഥാപിത ശേഷിയായ 4,412.14 മെഗാവാട്ടിൽ സംസ്ഥാന മേഖലയുടെ സംഭാവന 2409.8 മെഗാവാട്ട് (54.6 ശതമാനം), കേന്ദ്ര മേഖല 359.6

**ചിത്രം 11.2.4** കേരളത്തിലെ മൊത്തം സ്ഥാപിത ശേഷി 2024-25 ( മെഗാ വാട്ട്), മേഖല തിരിച്ചുള്ള സംഭാവന (ശതമാനത്തിൽ)




**അവലംബം**: കെ.എസ്.ഇ.ബി.എൽ

മെഗാവാട്ട് (8.1 ശതമാനം), സ്വകാര്യ മേഖല 1642.7 മെഗാവാട്ട് (37.2 ശതമാനം) എന്നിങ്ങനെയാണ്. സ്ഥാപിത ശേഷി സംബന്ധിക്കുന്ന മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **ചിത്രം 11.2.4** ലും കഴിഞ്ഞ 5 വർഷത്തെ മിച്ചം വൈദ്യുതിയുടെ വിശദാശങ്ങൾ **അനുബന്ധം 11.2.6** ലും കൊടുത്തിരിക്കുന്നു.

2025 മാർച്ച് 31 പ്രകാരം കെഎസ്ഇബി എൽ ന്റെ മൊത്തം ആഭ്യന്തര ഉല്പാദന ശേഷി 2,409.8 മെഗാ വാട്ട് ആണ്. 44 ജലവൈദ്യുത പദ്ധതികൾ (2196.4 മെഗാവാട്ട്), 2 താപ വൈദ്യുത നിലയങ്ങൾ (160 മെഗാവാട്ട്), സൗരോർജ്ജ പ്ലാന്റുകൾ (51.4 മെഗാവാട്ട് ), 2.0 മെഗാവാട്ടിന്റെ ഒരു കാറ്റാടി പാടം എന്നിവ ഇതിൽ ഉൾപ്പെടുന്നു. വൈദ്യുതി ഉൽപാദനവുമായി ബന്ധപ്പെട്ട ഉയർന്ന ഉൽപാദനച്ചെലവ് കാരണം, കെഎസ്ഇബി ദൈനംദിന വൈദ്യുതി ആവശ്യങ്ങൾക്കായി താപവൈദ്യുത നിലയങ്ങളെ ആശ്രയിക്കുന്നില്ല. വിശദാംശങ്ങൾ **പട്ടിക 11.2.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.2.4** കെ എസ് ബി എല്ലിന്റെ ആഭ്യന്തര ഉൽപാദന ശേഷി

| ക്രമ നമ്പർ | ഇനം | 31.3.2025 ൽ സ്ഥാപിത ശേഷി (മെഗാ വാട്ട്) | 2024-25 ൽ ആകെ ഉല്പാദനം (മില്യൺ യൂണിറ്റ്) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ജല വൈദ്യുതി | 2,196.4 | 7,343.8 |
| 2 | താപവൈദ്യുതി | 160 | 1.5 |
| 3 | സൗരോർജ്ജം | 51.4 | 47.38 |
| 4 | കാറ്റ് | 2.0 | 1.0 |
| | **ആകെ** | **2,409.8** | **7,393.77** |

**അവലംബം**: കെ.എസ്.ഇ.ബി.എൽ

നിർമ്മാണത്തിലിരിക്കുന്ന കെ എസ് ഇ ബി എൽ ന്റെ 127.54 മെഗാ വാട്ട് സ്ഥാപിത ശേഷിയോടു കൂടിയ 9 ജല വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.2.7** ലും കെഎസ്ഇബിയുടെ ഉടമസ്ഥതയിൽ നിലവിലുളള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് **അനുബന്ധം 11.2.8** ലും നൽകിയിരിക്കുന്നു.

**പ്രസരണം**

2025 മാർച്ച് 31 ആയപ്പോൾ കേരളത്തിൽ 14,803.44 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും 26,551.6 MVA ട്രാൻസ്ഫോർമേഷൻ കപ്പാസിറ്റിയോടു കൂടിയതുമായ 435 ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളാണുള്ളത്, അവയിൽ 6 സ്റ്റേഷനുകൾ (1,813.9 സർക്യൂട്ട് കിലോമീറ്റർ)പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (പിജിസിഐഎൽ ) ഉടമസ്ഥതയിലുള്ളവയാണ്.

2024-25-ൽ, 110 kV(മൂന്നെണ്ണം), 33 kV (മൂന്നെണ്ണം) സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന ആറ് സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു, ഇത് പ്രസരണ ശൃംഖലയിലേക്ക് 79.29 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും 199.4 നെറ്റ് MVA ശേഷിയും അധികമായി കൂട്ടിച്ചേർത്തു.

**ട്രാൻസ് ഗ്രിഡ് 2.0**

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യം നിറവേറ്റുന്നതിനായി കേരളത്തിലെ ഊർജ്ജ പ്രസരണ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, ഗ്രിഡ് വിശ്വസനീയത മെച്ചപ്പെടുത്തുക, പ്രസരണ നഷ്ടങ്ങൾ കുറയ്ക്കുക, അതുവഴി പവർ ഗ്രിഡിന്റെ മൊത്തത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ (2017-23) ആദ്യ ഘട്ടത്തിൽ ലക്ഷ്യമിട്ട 12 സബ്സ്റ്റേഷനുകളും ഏകദേശം 1,766 സർക്യൂട്ട് കിലോമീറ്റർ ലൈനുകൾ പൂർത്തിയാക്കിക്കൊണ്ട് കമ്മീഷൻ ചെയ്തു.

**ബോക്സ് 11.2.1 "വെഹിക്കിൾ-ടു-ഗ്രിഡ് (V2G)" സംരംഭം**

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEBL) ബോംബെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി (ഐഐടി ബോംബെ) സഹകരിച്ച് ഒരു 'വെഹിക്കിൾ-ടു-ഗ്രിഡ് (വി2ജി) പൈലറ്റ് പഠനം' ആരംഭിച്ചു. ഇലക്ട്രിക് വാഹനങ്ങൾ (ഇവി) ഗ്രിഡിൽ നിന്ന് വൈദ്യുതി എടുക്കുന്നതിനൊപ്പം തിരിച്ച് ഗ്രിഡിലേക്ക് വൈദ്യുതി നൽകാനും സാധിക്കുന്ന ബൈഡയറക്ഷണൽ ചാർജിംഗ് സംവിധാനങ്ങളുടെ സാധ്യതകൾ പരിശോധിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പീക്ക് ലോഡ് മാനേജ്മെന്റ്, പുനരുപയോഗ ഊർജ്ജ സംയോജനം, ഫ്രീക്വൻസി റെഗുലേഷൻ, മൊത്തത്തിലുള്ള ഗ്രിഡ് സുരക്ഷ എന്നിവ മെച്ചപ്പെടുത്തി കൂടുതൽ സൗകര്യപ്രദവും സുസ്ഥിരവുമായ ഒരു ഊർജ്ജ സംവിധാനത്തിന് ഈ നൂതന സംരംഭം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്:

- ഘട്ടം I: സാധ്യതയുള്ള V2G ആപ്ലിക്കേഷനുകൾ, അനുയോജ്യമായ സ്ഥലങ്ങൾ, റെഗുലേറ്ററി ആവശ്യകതകൾ എന്നിവ കണ്ടെത്തുന്നതിനായി സമഗ്രമായ സാങ്കേതിക സാധ്യതാ പഠനം നടത്തുക.
- ഘട്ടം II: V2Gയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുക , വിതരണ ശൃംഖലയുമായുള്ള സംയോജനം, പ്രവർത്തനം വിലയിരുത്തൽ

കേരളത്തിലും ഇന്ത്യയിലുടനീളവും V2G മാതൃക സ്വീകാര്യമാകുന്നതിന് ഇതിന്റെ ഫലങ്ങൾ സഹായകമാകും.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ധാരണാപത്രം (MoU) 2025 ജൂലൈ 11 ന് തിരുവനന്തപുരം വൈദ്യുതി ഭവനത്തിൽ വെച്ച് കെഎസ്ഇബിഎല്ലും ഐഐടി ബോംബെയും തമ്മിൽ ഒപ്പുവച്ചു. ഈ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ കൊണ്ടുവരുന്നതിനും സുസ്ഥിരത ഉറപ്പാക്കുന്നതിനുമുള്ള കെഎസ്ഇബിഎല്ലിന്റെ പ്രതിബദ്ധതയാണ് ഈ സഹകരണം സൂചിപ്പിക്കുന്നത്.

സമാനമായ മാതൃക ANERT-ഉം സ്വീകരിക്കുന്നുണ്ട്. ഇന്ത്യ സ്മാർട്ട് ഗ്രിഡ് ഫോറവുമായി (ISGF) ചേർന്ന് 2025 മെയ് മാസത്തിൽ ANERT-ൽ ഒരു പൈലറ്റ് പ്രോജക്റ്റ് ആരംഭിക്കുകയും 2025 ജൂലൈയിൽ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി അത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഒരു ഇലക്ട്രിക് കാർ V2G മോഡിൽ പ്രവർത്തിക്കുന്ന രീതിയിലേക്ക് മാറ്റുകയും ANERT ആസ്ഥാനത്ത് ആവശ്യമായ ഗ്രിഡ് ഇന്റർഫേസ് ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

**അവലംബം**: കെ എസ് ഇ ബി/ അനർട്ട്

കേരളത്തിന്റെ പ്രസരണ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിക്കുന്ന 2025 മാർച്ച് 31 വരെയുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.9** ലും 2024-25 ൽ പൂർത്തിയാക്കിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 11.2.10** ലും നൽകിയിരിക്കുന്നു.

**വിതരണം**

2025 മാർച്ച് 31 ആയപ്പോൾ വിതരണ ശൃംഖലയിൽ 68,576 സർക്യൂട്ട് കിലോമീറ്റർ 11 kV, 22 kV ലൈനുകളും, 3,07,674 സർക്യൂട്ട് കിലോമീറ്റർ LT ലൈനുകളും, 11,323 MVA സ്റ്റെപ്പ് ഡൗൺ കപ്പാസിറ്റിയുള്ള 92,203 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും ഉണ്ട്.

2024-25ൽ വിതരണ മേഖലയിൽ 856 കിലോമീറ്റർ HTലൈനുകളും, 3751 കിലോമീറ്റർ LTലൈനുകളും നിർമ്മിക്കുകയും, 2554 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു. ഈ വർഷത്തെ പുതിയ സർവീസ് കണക്ഷനുകളുടെ എണ്ണം 3,19,338 ആണ്. 2024-25ൽ വിതരണ മേഖലയിൽ ലക്ഷ്യമിട്ടിരുന്ന അടിസ്ഥാന സൗകര്യങ്ങളും നേട്ടങ്ങളും **അനുബന്ധം 11.2.11** ൽ കൊടുത്തിരിക്കുന്നു.

**2024-25-ൽ വൈദ്യുതി മേഖലയിലെ ഏജൻസികളുടെ പ്രവർത്തന നിലവാരം**

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)**

ഇന്ത്യൻ കമ്പനീസ് ആക്ട് 1956 (കേന്ദ്ര നിയമം 1956 ന്റെ ആക്ട് 1) പ്രകാരം സംയോജിക്കപ്പെട്ട പവർ യൂട്ടിലിറ്റി കമ്പനിയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ). 2003 ലെ ഇലക്ട്രിസിറ്റി ആക്ട്, വകുപ്പ് 131 പ്രകാരം കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ളതാണ് ബോർഡ് എങ്കിലും വകുപ്പ് 131, 133 എന്നിവയുടെ ഉപവകുപ്പ് 2 പ്രകാരം മുൻപുണ്ടായിരുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷിപ്തമായിരുന്ന പ്രവർത്തനങ്ങളും, അവകാശങ്ങളും, ബാധ്യതകളും, ഉത്തരവുകളും നിക്ഷിപ്തമാണ്. ഗാർഹിക, കാർഷിക, വ്യാവസായിക ആവശ്യങ്ങൾക്ക് താങ്ങാവുന്ന വിലയിൽ വൈദ്യുതി നൽകുന്നതിന് ചുമതലയുള്ള ബോർഡ് സംസ്ഥാനത്തെ വൈദ്യുതിയുടെ ഉത്പാദനം, പ്രസരണം,വിതരണം എന്നിവ നടത്തുകയും ചെയ്യുന്നു.

**കെ എസ് ഇ ബി യുടെ 2024-25 ലെ പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു:**

- 40 മെഗാവാട്ട് ശേഷിയുള്ള തോട്ടിയാർ ജലവൈദ്യുത പദ്ധതി 2024-25 ൽ കമ്മീഷൻ ചെയ്തു.
- പ്രതിവർഷം 153.90 മില്യൺ യൂണിറ്റ് വാർഷിക ഉൽപ്പാദന ശേഷിയുള്ള 60 മെഗാവാട്ട് പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം ഗ്രിഡുമായി ബന്ധിപ്പിച്ചു.
- വിതരണ മേഖലയിൽ, 856 കിലോമീറ്റർ എച്ച്.ടി (HT) ലൈനുകളും 3,751 കിലോമീറ്റർ എൽ.ടി (LT) ലൈനുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു.

- കെഎസ്ഇബിഎൽ 566.63 മെഗാവാട്ട് സൗരോർജ്ജ ശേഷി ഗ്രിഡിലേക്ക് കൂട്ടിച്ചേർത്തു.
- 14,167 ബിപിഎൽ കണക്ഷനുകൾ നൽകുകയും ആറ് ആദിവാസി നഗറുകളിൽ വൈദ്യുതീകരണം നടത്തുകയും ചെയ്തു.
- 2024–25 കാലയളവിൽ 6 സബ്സ്റ്റേഷനുകളും (110 കെവിയുടെ 3 എണ്ണവും 33 കെവിയുടെ 3 എണ്ണവും) 93.588 സർക്യൂട്ട് കിലോമീറ്റർ ലൈനുകളും ചാർജ് ചെയ്തു.
- ആകെ 250 MW/1000 MWh ശേഷിയുള്ള അഞ്ച് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പ്രോജക്ടുകൾ കെഎസ്ഇബിഎൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ, കാസർഗോഡ് മൈലാട്ടിയിലെ 220 kV സബ്സ്റ്റേഷനിൽ 125 MW/500 MWh ശേഷിയുള്ള BESS പദ്ധതി 2024–25 ൽ അനുവദിച്ചു. 125 MW/500 MWh പദ്ധതികൾക്കായി നാല് സ്ഥലങ്ങളിൽ ടെൻഡറുകൾ ക്ഷണിച്ചു.
- 2024–25 ൽ കെഎസ്ഇബി 571.22 കോടി രൂപയുടെ ലാഭം കൈവരിച്ചു.
- ഈ വർഷത്തെ വൈദ്യുതി ആവശ്യകത മുൻകൂട്ടി പ്രവചിക്കുന്നതിനായി (demand forecasting) സംസ്ഥാന ലോഡ് ഡിസ്പാച്ച് സെന്റർ (SLDC) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) മെഷീൻ ലേണിംഗ് (ML) അധിഷ്ഠിത ഉപകരണങ്ങൾ ഉപയോഗിച്ചു.
- ഇലക്ട്രിക് വെഹിക്കിൾ (ഇവി) ആക്സിലറേറ്റർ സെൽ 2024 ഡിസംബറിൽ ഔദ്യോഗികമായി സ്ഥാപിച്ചു. കേരളത്തിലുടനീളമുള്ള വിവിധ ഇവി ചാർജിംഗ് സംരംഭങ്ങളെ ഇത് ഏകോപിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു.

**ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)**

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി(അനർട്ട്). സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ, ഗ്രാമീണ സാങ്കേതിക വിദ്യകൾ എന്നിവ നടപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായ അനെർട്ട്, പുനരുപയോഗ ഊർജവും ഇ–മൊബിലിറ്റിയും ഉൾപ്പെടെ സർക്കാർ സ്ഥാപനങ്ങളിൽ കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന ആശയം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാർ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ.ഇ) കേരളത്തിലെ നോഡൽ ഏജൻസി കൂടിയാണ് ഈ സ്ഥാപനം. അനർട്ടിന്റെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്:

**I. പൊതുജനങ്ങൾക്കുള്ള സോളാർ പദ്ധതികൾ**

- ഗ്രീൻ ഇൻകം പദ്ധതി:– സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഗ്രിഡുമായി ബന്ധിപ്പിച്ച സോളാർ പവർ പ്ലാന്റുകൾ സൗജന്യമായി നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഗ്രീൻ ഇൻകം പദ്ധതിക്ക് കീഴിൽ 1700 ലൈഫ് മിഷൻ വീടുകൾ സൗരോർജ്ജവൽക്കരിച്ചു. ഓരോ വീടിലും 2–3 kW ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ വിഭാഗത്തിലുള്ള കുടുംബങ്ങളുടെ വീടുകളിൽ സൗജന്യമായി വൈദ്യുതി നൽകുന്നതോടൊപ്പം, അധികം വരുന്ന വൈദ്യുതി ഗ്രിഡിലേക്ക് വിൽക്കുന്നതിലൂടെ കുടുംബങ്ങൾക്ക് ചെറിയൊരു വരുമാനം ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.
- വൈദ്യുതീകരിക്കാത്ത ട്രൈബൽ ഉന്നതികളെ സൗരോർജ്ജം ഉപയോഗിച്ച് കൊണ്ടുള്ള വൈദ്യുതീകരണം:– പാലക്കാട് ജില്ലയിലെ 3 ഉന്നതികളിലും വയനാട് ജില്ലയിലെ 1 ഉന്നതിയിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഓരോ വീട്ടിലും 1 കിലോവാട്ട് ശേഷിയുള്ള സോളാർ പാനലുകളും 500 കിലോവാട്ട് ശേഷിയുള്ള കാറ്റാടി ടർബൈനുകളും ഉൾപ്പെടുന്ന ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചു. ഇതിലൂടെ പാലക്കാട് 60 കുടുംബങ്ങൾക്കും വയനാട് 10 കുടുംബങ്ങൾക്കും വൈദ്യുതി ലഭ്യമാക്കി. കൂടാതെ, പാലക്കാട്ടെ ഉന്നതികളിൽ 30 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു.
- പിഎം കുസും പ്രോജക്റ്റ്: പിഎം കുസും പദ്ധതിയുടെ ഭാഗമായി, കാർഷിക പമ്പുകൾ സോളറൈസ് ചെയ്യാൻ അനർട്ട് ലക്ഷ്യമിടുന്നു. ആകെ 2,425 ഇൻസ്റ്റാളേഷനുകൾ പൂർത്തിയായി. 2024–25 ൽ, 4.554 മെഗാവാട്ട് ഉൽപ്പാദന ശേഷിയുള്ള 1,517 കാർഷിക പമ്പുകൾ സോളറൈസ് ചെയ്തു.

**II. പൊതു കെട്ടിടങ്ങൾക്കായുള്ള സോളാർ പദ്ധതികൾ**

- റെസ്കോ പ്രോജക്റ്റ്: റെസ്കോ പദ്ധതി പ്രകാരം കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള നാല് സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ (600 കിലോവാട്ട് ശേഷി) സ്ഥാപിച്ചു.
- സോളാർ സിറ്റി പദ്ധതി: സ്മാർട്ട് സിറ്റിയുടെ ധനസഹായത്തോടെ സോളാർ സിറ്റി പദ്ധതിക്ക് കീഴിൽ, തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ 514 പൊതു കെട്ടിടങ്ങളിൽ മൊത്തം 17.1 മെഗാവാട്ട് ശേഷിയോടുകൂടിയ പ്ലാന്റുകൾ സ്ഥാപിച്ചു.
- ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിന്റെ പൈലറ്റ് ഇൻസ്റ്റാളേഷൻ: അനർട്ടിന്റെ കേന്ദ്ര ഓഫീസിൽ പൈലറ്റ് പ്രൊജക്റ്റിന്റെ ഭാഗമായി 100 കിലോവാട്ട് / 150 കിലോവാട്ട് ശേഷിയുള്ള ഒരു ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിച്ചു.
- അങ്കണവാടികളുടെ സൗരോർജ്ജവൽക്കരണം: പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജക മണ്ഡലത്തിലെ 90 അങ്കണവാടികളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

- 254 സ്ഥാപനങ്ങളിലായി 5.315 മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ അനർട്ട് ഡെപ്പോസിറ്റ് വർക്ക് ആയി സ്ഥാപിച്ചു. ഇതിൽ ഓഫ്-ഗ്രിഡ്, ഹൈബ്രിഡ്, ഗ്രിഡ്-കണക്റ്റഡ് പവർ പ്ലാന്റുകൾ എന്നിവ ഉൾപ്പെടുന്നു. കൂടാതെ, 320 സോളാർ തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

**III.ഹരിത ഹൈഡ്രജൻ പദ്ധതികൾ**

- ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ (HVIC):- കാർബൺ-ന്യൂട്രാലിറ്റി ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്നതിനായി ഗ്രീൻ ഹൈഡ്രജൻ ഇൻഫ്രാസ്ട്രക്ചറും പൈലറ്റ് പദ്ധതികളും വികസിപ്പിക്കുന്നതിന് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ (DST) ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്ററിന് കീഴിലുള്ള നാല് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ തിരഞ്ഞെടുത്തു.
- ഗതാഗത മേഖലയിലെ പൈലറ്റ് പദ്ധതികൾ: ദേശീയ ഗ്രീൻ ഹൈഡ്രജൻ മിഷന്റെ കീഴിൽ കേരളത്തിൽ അനർട്ട് നടപ്പിലാക്കുന്ന പൈലറ്റ് പദ്ധതിയിലൂടെ കേരളത്തിൽ ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ അവതരിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ ഹൈഡ്രജൻ ഇന്റേണൽ കംബഷൻ എൻജിൻ (HICE) വാഹനങ്ങളും ഹൈഡ്രജൻ ഫ്യൂവൽ സെൽ ഇലക്ട്രിക് വാഹനങ്ങളും (FCEV) ഉൾപ്പെടുന്നു. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (BPCL) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) എന്നിവയുമായി സഹകരിച്ച് രണ്ട് റീഫ്യൂവലിംഗ് സ്റ്റേഷനുകളും ഇതിന്റെ ഭാഗമായി സ്ഥാപിക്കും.
- കൊച്ചിയിൽ ഗ്രീൻ ഹൈഡ്രജൻ ഹബ്: കൊച്ചി ഗ്രീൻ ഹൈഡ്രജൻ ക്ലസ്റ്ററിനായുള്ള റോഡ്മാപ്പ് ജർമ്മൻ ഏജൻസിയായ GIZ-ന്റെ സഹകരണത്തോടെ തയ്യാറാക്കി. 18,542 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**IV. ഇ-മൊബിലിറ്റി പ്രോജക്ടുകൾ**

- ഇ-കാർ പ്രോജക്ടിന്റെ പാട്ടക്കരാർ പ്രകാരം 25 വകുപ്പുകളിലും 50 ഓഫീസുകളിലുമായി ആകെ 216 വാഹനങ്ങൾ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.
- ഇലക്ട്രിക് ബാറ്ററികളിൽ നിന്ന് ഗ്രിഡിലേക്ക് വൈദ്യുതി തിരികെ എത്തിക്കാൻ പ്രാപ്തമാക്കുന്ന ഒരു പൈലറ്റ് വെഹിക്കിൾ-ടു-ഗ്രിഡ് (V2G) പദ്ധതി നടപ്പിലാക്കി.
- പ്രധാന റോഡുകളിൽ 17 പുതിയ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചതോടെ ആകെ സ്റ്റേഷനുകളുടെ എണ്ണം 37 ആയി. ഇതിൽ 4 എണ്ണം സോളാർ ചാർജിംഗ് സ്റ്റേഷനുകളാണ്, ഇതോടെ ആകെയുള്ള സോളാർ ചാർജിംഗ് സ്റ്റേഷനുകളുടെ എണ്ണം 17 ആയി.

**എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)**

സംസ്ഥാനത്ത് ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നിയോഗിച്ചിട്ടുള്ള ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ എം സി). ചെറുകിട/ ഇടത്തരം/ സൂക്ഷ്മ ജല വൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതും ഇഎംസി ആണ്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വൈദ്യുതി വകുപ്പിന് കീഴിൽ രൂപീകരിച്ച സ്മാൾ ഹൈഡ്രോ പ്രൊമോഷൻ (എസ്.എച്ച്.പി.)സെൽ ഇ.എം.സിയുമായി ചേർന്ന് പ്രവർത്തിക്കുന്നു. 2024-25 ലെ ഇ എം സി യുടെ പ്രധാന നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- ഇ എം സി യുടെ പ്രവർത്തനഫലമായി ഊർജ്ജ കാര്യക്ഷമത സൂചികയിൽ ദേശീയ തലത്തിൽ സംസ്ഥാനത്തിന് രണ്ടാം സ്ഥാനം നേടാൻ സാധിച്ചു.
- 91 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി (LSGs) 2,387 അങ്കണവാടികളിൽ "അംഗൻ ജ്യോതി" പദ്ധതി വിജയകരമായി നടപ്പിലാക്കി, അടിസ്ഥാന തലത്തിൽ സുസ്ഥിര വികസനത്തിലും ശുദ്ധമായ ഊർജ്ജ പരിവർത്തനത്തിലും ഇത് ഒരു പുതിയ മാതൃക സൃഷ്ടിച്ചു. കമ്മ്യൂണിറ്റി സ്ഥാപനങ്ങളിലെ കാർബൺ രഹിത സ്വയംപര്യാപ്തതയുള്ള ഒരു മാതൃകയായി ഈ പദ്ധതി ആഗോള അംഗീകാരം നേടിയിട്ടുണ്ട്.
- "ഗോ ഇലക്ട്രിക്" കാമ്പയിന്റെ ഭാഗമായുള്ള ഗ്രാമീണ സംരംഭകർക്ക് "ഇലക്ട്രിക് സൈക്കിളിലൂടെ (STREE) സുസ്ഥിര ഗതാഗതം" എന്ന പദ്ധതിയിലൂടെ പാലക്കാട്, കണ്ണൂർ ജില്ലകളിലെ സ്വയം സഹായ സംഘത്തിലെ വനിത സംരഭകർക്ക് ഇലക്ട്രിക് വാഹങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി നിരക്കിൽ 600 ഇലക്ട്രിക് സൈക്കിളുകൾ വിതരണം ചെയ്തു.
- സ്മാർട്ട് ഇലക്ട്രിക് കിച്ചൺ സംരംഭത്തിന്റെ ഭാഗമായി, സർക്കാർ സ്കൂളിൽ കൂടുതൽ അളവിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള ഇന്ത്യയിലെ ആദ്യത്തെ കാർബൺ-ന്യൂട്രൽ ഇലക്ട്രിക് കിച്ചൺ പദ്ധതി വിജയകരമായി നടപ്പിലാക്കി. 500 വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.
- കെട്ടിടങ്ങൾക്കുള്ളിലെ ചൂടും ഊർജ്ജ ഉപയോഗവും കുറയ്ക്കുന്നതിനായി “കുളിർമ” സംരംഭം കൂൾ റൂഫിംഗ് സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നു. 32 അങ്കണവാടികളിലും ഒരു സർക്കാർ സ്കൂളിലും കോട്ടിംഗുകൾ പ്രയോഗിച്ചു.
- “ഊർജ്ജയാൻ” പദ്ധതിയുടെ ഭാഗമായി, സെക്രട്ടറിയറ്റ് അനെക്സ്1 ഉൾപ്പെടെ 13 സർക്കാർ കെട്ടിടങ്ങൾ ഇ.എം.സി ഊർജ്ജ കാര്യക്ഷമമാക്കി. കൂടാതെ 160 സർക്കാർ കെട്ടിടങ്ങളിലും 4 പൊതുമേഖലാ സ്ഥാപനങ്ങളിലും (PSUs) ഓഡിറ്റുകൾ പൂർത്തിയാക്കുകയും ചെയ്തു.

- “ചൈതന്യം” സംരംഭത്തിന്റെ കീഴിൽ, വാമനപുരം നിയമസഭാ മണ്ഡലത്തിലെ 31 സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ കാര്യക്ഷമതയേറിയ ഉപകരണങ്ങൾ ഘടിപ്പിക്കുകയും മറ്റ് സൗകര്യങ്ങളിൽ ഊർജ്ജ ഓഡിറ്റുകൾ നടത്തുകയും ചെയ്തു.
- എം.എസ്.എം.ഇ-കൾക്കിടയിൽ ഊർജ്ജ കാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനായി എറണാകുളത്തെ എട്ട് പ്ലാസ്റ്റിക് യൂണിറ്റുകളിൽ ഇൻവെസ്റ്റ്മെന്റ്-ഗ്രേഡ് ഊർജ്ജ ഓഡിറ്റുകൾ നടത്തി.
- പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾക്കായി (പിഎസ്പി) സാധ്യതയുള്ള 10 സ്ഥലങ്ങൾ കണ്ടെത്തുകയും കേരളത്തിലെ ഊർജ്ജ സ്ഥിരത ശക്തിപ്പെടുത്തുന്നതിനായി അഞ്ച് സ്ഥലങ്ങളിൽ പ്രീ-ഫീസിബിലിറ്റി പഠനങ്ങൾ നടത്തുകയും ചെയ്തു.
- ഇഎംസി യുടെ എനർജി മീറ്റർ കാലിബ്രേഷൻ ലാബ് മൊത്തം 5,399 വ്യത്യസ്ത തരം ഊർജ്ജ മീറ്ററുകൾ കാലിബ്രേറ്റ് ചെയ്തു.

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പും മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയും (എംടിഎസ്എൽ) സംസ്ഥാനത്തെ എല്ലാ ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ, മീഡിയം വോൾട്ടേജ് ഇൻസ്റ്റലേഷനുകൾക്കും സുരക്ഷാ പരിശോധനകൾ നടത്തുകയും പ്രവർത്തനാനുമതി നൽകുകയും ചെയ്യുന്നു. വിവിധ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധന, കാലിബറേഷൻ എന്നിവ നടത്തുക എന്നതാണ് മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി (എംടിഎസ്എൽ) യുടെ ലക്ഷ്യം. സംസ്ഥാനത്ത് സംഭവിക്കുന്ന എല്ലാ ഇലക്ട്രിക്കൽ അപകടങ്ങളും ഈ വകുപ്പ് പരിശോധിക്കുകയും ചെയ്യുന്നു.

**വൈദ്യുത അപകടങ്ങൾ**

2024-25ൽ സംസ്ഥാനത്ത് ആകെ 455 മനുഷ്യ/മൃഗ ബാധിത വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ **പട്ടിക 11.2.5** ൽ കൊടുത്തിരിക്കുന്നു.

സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷത്തെ വൈദ്യുത അപകടങ്ങളുടെ താരതമ്യം **അനുബന്ധം 11.2.12**-ലും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.2.13**-ലും നൽകിയിരിക്കുന്നു

**2024-25 ലെ നേട്ടങ്ങൾ**

- സംസ്ഥാനത്തുടനീളം വൈദ്യുത സുരക്ഷാ അവബോധ പരിപാടികൾ സംഘടിപ്പിച്ചു.
- ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (BIS) ഏർപ്പെടുത്തിയിരിക്കുന്ന IS 15700:2018 പ്രകാരമുള്ള “സേവോത്തം” സർട്ടിഫിക്കേഷൻ വകുപ്പിന് 2024-25 ലും ലഭിച്ചു.
- ഒമ്പത് റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾക്ക് ഊർജ്ജ പാരാമീറ്ററുകളിൽ ഇലക്ട്രോ ടെക്നിക്കൽ കാലിബ്രേഷൻ വേണ്ടി NABL അക്രഡിറ്റേഷൻ ലഭിച്ചു.
- സംസ്ഥാനത്തുടനീളം വൈദ്യുത സുരക്ഷാ വാരം-2025 സംഘടിപ്പിച്ചു. സുരക്ഷാ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വൈദ്യുത സുരക്ഷയെക്കുറിച്ച് വിവിധ മത്സരങ്ങൾ വകുപ്പ് സംഘടിപ്പിച്ചു.
- 'എന്റെ കേരളം' പദ്ധതിയുടെ ഭാഗമായും വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായും സംസ്ഥാനത്തുടനീളം എക്സിബിഷനുകൾ സംഘടിപ്പിച്ചു.
- മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയിൽ നിന്നും റീജിയണൽ ലാബുകളിൽ നിന്നും 3.40 കോടി രൂപ പരിശോധനാ ഫീസായി ലഭിച്ചിട്ടുണ്ട്.
- 2024-25-ൽ 12,022 പുതിയ വൈദ്യുത ഇൻസ്റ്റാളേഷനുകൾ പരിശോധിക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. കൂടാതെ

**പട്ടിക 11.2.5** 2024-25 ൽ വൈദ്യുത അപകടങ്ങൾ സംഭവിച്ച മനുഷ്യർ/മൃഗങ്ങളുടെ എണ്ണം

| ക്രമ നം | കാരണങ്ങൾ | മനുഷ്യർ | | മൃഗങ്ങൾ | | ആകെ |
|---|---|---|---|---|---|---|
| | | മാരകം | മാരകമല്ലാത്തവ | മാരകം | മാരകമല്ലാത്തവ | |
| 1 | വൈദ്യുത കമ്പി പൊട്ടൽ | 12 | 8 | 35 | 0 | 55 |
| 2 | ഇലക്ട്രിക് വയർ/ഉപകരണങ്ങളുമായി സമ്പർക്കം | 116 | 71 | 16 | 1 | 204 |
| 3 | സുരക്ഷാ മാർഗ്ഗങ്ങൾ ലംഘിക്കൽ/മേൽനോട്ടത്തിന്റെ അഭാവം | 29 | 35 | 2 | 0 | 66 |
| 4 | തകരാർ സംഭവിച്ച വീട്ടുപകരണങ്ങൾ | 26 | 3 | 4 | 0 | 33 |
| 5 | അപര്യാപ്തമായ അറ്റകുറ്റപ്പണികൾ | 2 | 0 | 4 | 0 | 6 |
| 6 | അംഗീകൃതമല്ലാത്ത പ്രവർത്തനങ്ങൾ | 8 | 8 | 1 | 0 | 17 |
| 7 | മറ്റുള്ളവ(താൽക്കാലിക എക്സ്റ്റൻഷനുകൾ, പിഴ്റ്റി ക്രോസിംഗ്, ദുരുപയോഗം ) | 48 | 15 | 11 | 0 | 74 |
| | **ആകെ*** | **241** | **140** | **73** | **1** | **455** |

*കണക്കുകൾ സൂചിപ്പിക്കുന്നത് അപകടത്തിൽപ്പെട്ടമനുഷ്യരുടെ/മൃഗങ്ങളുടെ എണ്ണമാണ്, അപകടങ്ങളുടെ എണ്ണമല്ല
**അവലംബം:** ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

നിലവിലുള്ള 1,12,101 ഇൻസ്റ്റാളേഷനുകളിൽ ആനുകാലിക പരിശോധനകൾ നടത്തുകയും ചെയ്തു. പരിശോധന ഫീസ് ഇനത്തിൽ 47.62 കോടി രൂപ വരുമാനമായി ലഭിച്ചു.

- 2024-25ൽ വകുപ്പിൽ നിന്ന് 90.02 കോടി രൂപ വരുമാനമായി ലഭിച്ചു(കെ എസ്ഇബിഎല്ലിൽ നിന്നുള്ള തീരുവകൾ ഒഴികെ).

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC)**

സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ സുതാര്യവും വസ്തുനിഷ്ഠവുമായ ഒരു നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിന് ഉത്തരവാദിത്തമുള്ള ഒരു അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ. സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം, ചില്ലറ വിൽപ്പന എന്നിവയ്ക്കുള്ള ലൈസൻസുകൾ നൽകുകയും താരിഫുകൾ നിർണ്ണയിക്കുകയുമാണ് കമ്മിഷന്റെ പ്രധാന ചുമതല. വൈദ്യുതി വാങ്ങുന്നതിലും സംഭരിക്കുന്നതിലും നിയന്ത്രണം ഏർപ്പെടുത്തുക, സംസ്ഥാനത്തിനകത്ത് വൈദ്യുതി പ്രക്ഷേപണം, വിതരണം എന്നിവ സുഗമമാക്കുക, സംസ്ഥാനത്തെ വിതരണ ലൈസൻസികളുടെ പവർ പർച്ചേസ്, കരാറുകളുടെ അംഗീകാരം, ലൈസൻസികൾ/ ഉൽപ്പാദക കമ്പനികൾ എന്നിവ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കൽ, താരിഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, 2003 ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കൽ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങളും കമ്മിഷനിൽ നിക്ഷിപ്തമാണ്.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

ഉപഭോക്തൃ പരാതി പരിഹാര ഫോറം അവരുടെ പരാതികൾ പരിഹരിക്കാത്തതിനാൽ ബുദ്ധിമുട്ടുന്ന ഉപഭോക്താക്കളുടെ പരാതികൾ തീർപ്പാക്കാൻ 2003 ലെ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 42-ലെ ഉപവകുപ്പ് (6) പ്രകാരം കമ്മീഷൻ നിയമിച്ചിട്ടുള്ള അധികാരിയാണ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ. 2024-25 കാലയളവിൽ ആകെ 147 ഹർജികളാണ് തീർപ്പാക്കിയത്.

**ഉപഭോക്തൃ പരാതി പരിഹാര ഫോറങ്ങൾ (CGRF)**

സംസ്ഥാനത്തെ എല്ലാ വിതരണ ലൈസൻസികളും ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി 2003 ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം CGRF രൂപീകരിച്ചു. ഉപഭോക്താക്കളുടെ തർക്കങ്ങളും പരാതികളും പരിഹരിക്കുന്നതിനായി കെഎസ്ഇബി മൂന്ന് ഉപഭോക്തൃ പരാതി പരിഹാര ഫോറങ്ങൾ രൂപീകരിച്ചിരുന്നു. 2024-25 കാലയളവിൽ (2025 ഓഗസ്റ്റ് വരെ) ഈ ഫോറങ്ങൾ തീർപ്പാക്കിയത് 525 ഹർജികളാണ്.

**ഉപഭോക്തൃ അഭിഭാഷക സെൽ (CAC)**

വൈദ്യുതി മേഖലയെക്കുറിച്ചും, നിയന്ത്രണ പ്രക്രിയയെക്കുറിച്ചും ഉപഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഉപഭോക്തൃ അഭിഭാഷക സെൽ രൂപീകരിച്ചു, അതുവഴി വൈദ്യുതി നിയന്ത്രണ പ്രക്രിയയിൽ ഉപഭോക്തൃ പങ്കാളിത്തം ഉറപ്പാക്കുന്നു. നിയന്ത്രണ പ്രക്രിയയിൽ ഫലപ്രദമായി പങ്കെടുക്കാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുക, വൈദ്യുതി പ്രശ്നങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ ഒരു ക്ലിയറിങ് ഹൗസായി പ്രവർത്തിക്കുക, ഉപഭോക്തൃ ഗ്രൂപ്പുകൾക്കായി വർക്ക്ഷോപ്പുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുക, ലഘുലേഖകളും വിവര സാമഗ്രികളും തുടങ്ങിയവ പ്രസിദ്ധീകരിക്കുക എന്നതാണ് CAC ലക്ഷ്യമിടുന്നത്. കമ്മീഷന്റെ ഉപഭോക്തൃ വാദങ്ങൾ, ഉപഭോക്തൃ സംരക്ഷണം, കമ്മിഷന്റെ ബോധവൽക്കരണ സംരംഭങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ കംപ്ലയൻസ് എക്സാമിനറെ ഏൽപ്പിച്ചിരിക്കുന്നു.

**ഊർജ്ജ മേഖലയിലെ വെല്ലുവിളികൾ**

- കാലാവസ്ഥാ വ്യതിയാനവും ദുരന്ത പ്രതിരോധശേഷിയും : പ്രകൃതിദുരന്തങ്ങളും പാരിസ്ഥിതിക പരിമിതികളും പദ്ധതി ചെലവ് വർദ്ധിപ്പിക്കുകയും കാലാവസ്ഥാ പ്രതിരോധ ആസൂത്രണത്തിന്റെ ആവശ്യകതയെ ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.
- പുനരുപയോഗ ഊർജ്ജ സംയോജനം: പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ സംയോജിപ്പിക്കുന്നത് സാങ്കേതികവും സാമ്പത്തികവും ഗ്രിഡ് സ്ഥിരതയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ ഉയർത്തുന്നു.
- ഉൽപാദന ശേഷി വർധിപ്പിക്കൽ: വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ഉൽപാദന ശേഷി വർധിപ്പിക്കുകയും തൃപ്തികരമായ വൈദ്യുതി വിതരണം ഉറപ്പാക്കുകയും വേണം.
- കാര്യനിർവ്വഹണ നടപടിക്രമങ്ങളും മാനവ വിഭവശേഷിയിൽ നേരിടുന്ന വിടവുകളും : കാര്യനിർവ്വഹണ നടപടിക്രമങ്ങളിലെ കാലതാമസവും മാനവ വിഭവശേഷിയിൽ നേരിടുന്ന വിടവുകളും പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും തടസ്സമാകുന്നു.

**മുന്നോട്ട്**

സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച കേരളം ഇപ്പോൾ ഊർജ്ജ സുരക്ഷ ശക്തിപ്പെടുത്തുന്നതിലും പുനരുപയോഗ ഊർജ്ജം വിപുലീകരിക്കുന്നതിലും പാരിസ്ഥിതിക സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഗ്രിഡ് നവീകരണം, ഗ്രീൻ ഹൈഡ്രജൻ വികസനം, വികേന്ദ്രീകൃത ഊർജ്ജ ഉൽപ്പാദനം, വിവിധ മേഖലകളിൽ ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തൽ എന്നിവയാണ് പ്രധാന മുൻഗണനകൾ. 2040 ഓടെ 100 ശതമാനം പുനരുപയോഗ ഊർജ്ജം; 2050 ഓടെ കാർബൺ ന്യൂട്രാലിറ്റി എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പരിസ്ഥിതിസൗഹൃത ഊർജ്ജ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി നൂതന സാങ്കേതികവിദ്യയിലും വൈദഗ്ധ്യമുള്ള മാനവ വിഭവ ശേഷിയിലും നിക്ഷേപം നടത്തേണ്ടതും നിർണായകമാണ്.

# 11.3 വാർത്താവിനിമയം

**ടെലികമ്മ്യൂണിക്കേഷൻ**

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ശബ്ദം, ഡാറ്റ, ദൃശ്യങ്ങൾ (വീഡിയോ) എന്നിവ കൈമാറ്റം ചെയ്യാൻ സഹായിക്കുന്ന ശൃംഖലകൾ, ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നതാണ് ടെലികമ്മ്യൂണിക്കേഷൻ മേഖല. ഫൈബർ ഒപ്റ്റിക്സ്, വയർലെസ്സ്, സാറ്റലൈറ്റ് സംവിധാനങ്ങളിലൂടെ ജനങ്ങളെയും, ബിസിനസുകളെയും, സർക്കാരുകളെയും ബന്ധിപ്പിക്കുന്ന ഈ മേഖല സാമ്പത്തിക-സാമൂഹിക വികസനത്തിന്റെ ചാലകശക്തിയാണ്. 4G-യിൽ നിന്ന് 5G-യിലേക്കും 6G-യിലേക്കും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്.

ലോകത്തിലെ രണ്ടാമത്തെ വലിയ ടെലികോം ശൃംഖലയാണ് ഇന്ത്യയിലുള്ളത്. ട്രായ് (TRAI) കണക്കുകൾ പ്രകാരം 2025 മാർച്ചിൽ ഇന്ത്യയിലെ വരിക്കാരുടെ എണ്ണം 1.20 ബില്യൺ ആണ്. രാജ്യത്തെ ടെലി ഡെൻസിറ്റി (100 പേർക്ക് എത്ര കണക്ഷൻ എന്നത്) 85.04 ശതമാനമാണ്. ഇതിൽ നഗരങ്ങളിലെ ടെലി ഡെൻസിറ്റി 131.45 ശതമാനവും ഗ്രാമങ്ങളിലുടേത് 59.06 ശതമാനവുമാണ്.

**ടെലിഫോൺ വരിക്കാരുടെ വിവരങ്ങൾ**

ടെലിഫോൺ വരിക്കാരുടെ എണ്ണത്തിൽ വയർലെസ് (മൊബൈൽ) കണക്ഷനുകൾ ആധിപത്യം പുലർത്തുന്നു. ഇത് രാജ്യത്തെ മൊബൈൽ ഉപയോഗത്തിന്റെ വിജയത്തെ ഉയർത്തിക്കാട്ടുന്നു.

ഇന്ത്യയിൽ, 2025 മാർച്ച് അവസാനത്തോടെ നഗര മേഖലയിലെ ടെലിഫോൺ വരിക്കാരുടെ എണ്ണം 666.11 ദശലക്ഷമായി വർദ്ധിച്ചു, മുൻ വർഷം ഇത് 665.38 ദശലക്ഷമായിരുന്നു. ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിന്റെ കാര്യത്തിലും വർദ്ധനവുണ്ട്. അതായത്, 2024 മാർച്ചിൽ 533.90 ദശലക്ഷം ഗ്രാമീണ വരിക്കരുണ്ടായിരുന്നത് 2025 മാർച്ച് അവസാനത്തോടെ 534.69 ദശലക്ഷമായി വർദ്ധിച്ചു. ഇപ്രകാരം, നഗര, ഗ്രാമീണ ടെലിഫോൺ വരിക്കാരുടെ എണ്ണത്തിലെ വാർഷിക വളർച്ചാനിരക്ക് യഥാക്രമം 0.11 ശതമാനവും 0.13 ശതമാനവുമാണ്. 2024 മാർച്ചിൽ 85.69 ആയിരുന്ന ഇന്ത്യയുടെ ആകെ ടെലി സാന്ദ്രത 2025 മാർച്ചോടുകൂടി 84.04 ശതമാനമായി കുറഞ്ഞു. നഗര ടെലി സാന്ദ്രതയും ഇതേ കാലയളവിൽ 2024 മാർച്ചിലെ 133.72 ശതമാനത്തിൽ നിന്ന് 2025 മാർച്ചിൽ 131.45 ശതമാനമായും ഗ്രാമീണ ടെലി സാന്ദ്രത 2024 മാർച്ചിൽ 59.19 ശതമാനത്തിൽ നിന്ന് 2025 മാർച്ചിൽ 59.06 ശതമാനമായും കുറഞ്ഞിട്ടുണ്ട്.

**കേരളത്തിലെ ടെലികമ്മ്യൂണിക്കേഷന്റെയും ഇന്റർനെറ്റിന്റെയും വളർച്ച**

2025 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിലെ ആകെ ടെലിഫോൺ കണക്ഷനുകൾ 43.1 ദശലക്ഷം ആണ്, ഇത് രാജ്യത്തെ മൊത്തം കണക്ഷനുകളുടെ 3.59 ശതമാനമാണ്. സംസ്ഥാനത്തെ വയർലൈൻ കണക്ഷനുകൾ 2024 മാർച്ചിലെ 1.54 ദശലക്ഷത്തിൽ നിന്ന് 13 ശതമാനം വാർഷിക വളർച്ചയോടെ 2025 മാർച്ചിൽ 1.74 ദശലക്ഷമായി നേരിയ വർദ്ധനവ് രേഖപ്പെടുത്തി. അതോടൊപ്പം, മൊബൈൽ (വയർലെസ്) കണക്ഷനുകൾ ഇതേ കാലയളവിൽ 41.3 ദശലക്ഷത്തിൽ നിന്ന് 42.2 ദശലക്ഷമായി ഉയർന്നു. 2025 മാർച്ച് വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ ടെലി-ഡെൻസിറ്റി (ടെലിഫോൺ വ്യാപന നിരക്ക്) 119.51 ശതമാനമാണ്. (അവലംബം : ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2024,2025 ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ(ട്രായ്).

സംസ്ഥാനത്ത് ഇന്റർനെറ്റ്, ബ്രോഡ്ബാൻഡ് വളർച്ചയ്ക്ക് സർക്കാർ ഗണ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇന്റർനെറ്റിന്റെ ഉപയോഗത്തിലും വേഗത്തിലുള്ള വളർച്ചയുണ്ടായി. ഓരോ 100 ആളുകൾക്കും വേണ്ടിയുള്ള ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 2024 മാർച്ചിലെ 89.00 ദശലക്ഷത്തിൽ നിന്ന് 2025 മാർച്ചിൽ 99.94 ദശലക്ഷമായി ഉയർന്നു. ഇത് 12 ശതമാനം വളർച്ച

**ചിത്രം 11.3.1.** 31.03.2025 ലെ കണക്കനുസരിച്ച്, വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം




**ഉറവിടം**: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം, 2025

രേഖപ്പെടുത്തുന്നു. ഗ്രാമീ മേഖലയിൽ ഓരോ 100 പേരിൽ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 2024 മാർച്ചിൽ 197.69 ആയിരുന്നത് 2025 മാർച്ചിൽ 248.13 ദശലക്ഷമായി വർദ്ധിച്ചു. (ഉറവിടം : ഇന്ത്യൻ ടെലികോം സേവന പ്രകടന സൂചകങ്ങൾ, മാർച്ച് 2024,2025 ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ(ട്രായ്)).

2025 മാർച്ച് വരെ കേരളത്തിലെ മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം 41.44 ദശലക്ഷം ആണ്, അതിൽ 12.92 ദശലക്ഷം ഉപഭോക്താളുള്ള വോഡഫോൺ ഐഡിയ(VI) യാണ് ഏറ്റവും വലിയ വയർലെസ് കണക്ഷൻ ദാതാവ്. 10.81 ദശലക്ഷം വരിക്കാരുള്ള റിലയൻസ് ജിയോ ആണ് രണ്ടാം സ്ഥാനത്ത്. ബി.എസ്.എൻ.എൽ–ന് 8.78 ദശലക്ഷം വരിക്കാരും ഭാരതി എയർടെല്ലിന് (ടാറ്റ ടെലി സേവനങ്ങൾ ഉൾപ്പെടെ) 8.93 ദശലക്ഷം വരിക്കാരുമാണുള്ളത്. വിവിധ വയർലെസ് സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.1.** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ ആകെ വയർലൈൻ വരിക്കാരുടെ എണ്ണം 2025 മാർച്ച് വരെയുള്ള കണക്കുകൾ അനുസരിച്ച് 17.4 ദശലക്ഷം ആണ്. 12.3 ദശലക്ഷം കണക്ഷനുകളുള്ള ബി.എസ്.എൻ.എൽ ആണ് ഏറ്റവും വലിയ വയർലൈൻ സേവന ദാതാവ്. 0.36 ദശലക്ഷം വരിക്കാരുള്ള റിലയൻസ് ജിയോ ആണ് രണ്ടാം സ്ഥാനത്ത്. 2,401 കണക്ഷനുകൾ മാത്രമുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻസ് ആണ് ഏറ്റവും കുറഞ്ഞ വരിക്കാരുള്ള വയർലൈൻ ടെലികോം സേവന ദാതാവ്. വിവിധ വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം **ചിത്രം 11.3.2.** ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.3.2.** 31.03.2025 ലെ കണക്കനുസരിച്ച്, വയർലൈൻ സേവന ദാതാക്കളുടെ വിപണി വിഹിതം




**ഉറവിടം**: ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) പ്രസിദ്ധീകരണം, 2025

**കെ-ഫോൺ, കെ-സ്വാൻ സംയോജനം: കേരളത്തിന്റെ ഡിജിറ്റൽ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

സംസ്ഥാനത്തിന്റെ പ്രധാന ഡിജിറ്റൽ ആശയവിനിമയ അടിസ്ഥാന സൗകര്യങ്ങളെ കേന്ദ്രീകൃതമാക്കുന്നതിനും ഗണ്യമായി നവീകരിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ നിർണായകവും നയപരവുമായ നടപടിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിന്റെയും (കെ-ഫോൺ) കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്കിന്റെയും (കെ-സ്വാൻ) സംയോജനം. സർക്കാരിന്റെ നിലവിലെ ശൃംഖലയായ കെസ്വാൻ (KSWAN) വഴി ഏകദേശം 3,800 ഓഫീസുകളെ ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും, ഇതിന്റെ സേവനം എല്ലായിടങ്ങളിലും ലഭ്യമാക്കാൻ സാധിക്കാത്തതും പുറമെ നിന്നുള്ള ഏജൻസികളെ അമിതമായി ആശ്രയിക്കേണ്ടി വരുന്നതും വലിയൊരു വെല്ലുവിളിയാണ്. നിലവിലുള്ള പോരായ്മകൾ പരിഹരിച്ച്, കൂടുതൽ കാര്യക്ഷമവും സുരക്ഷിതവുമായ ഒരു വിവരവിനിമയ സംവിധാനം ഉറപ്പാക്കുന്നതിനാണ് കെ-ഫോൺ (KFON) പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക മാത്രമല്ല, എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുമാണ് കെ-ഫോൺ (KFON) വിഭാവനം ചെയ്തിരിക്കുന്നത്. കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകൾ പോലുള്ള നിലവിലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി 30,000 കിലോമീറ്ററിലധികം ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചാണ് ഈ ശൃംഖല രൂപകൽപ്പന ചെയ്തിരിക്കുന്നത്. സർക്കാർ സംവിധാനങ്ങൾ തമ്മിലുള്ളതും (G2G), സർക്കാരും ജനങ്ങളും തമ്മിലുള്ളതുമായ (G2C) എല്ലാ ഇടപെടലുകളും ലളിതമാക്കുന്നതിനും, അതുവഴി നൂതനമായ ഇ-ഗവേണൻസ് സേവനങ്ങളും മികച്ച സേവന നിലവാരവും എല്ലാ ഗുണഭോക്താക്കൾക്കും ഉറപ്പാക്കുന്നതിനുമാണ് ഈ ലയനം ലക്ഷ്യമിടുന്നത്.

കെ-ഫോൺ പദ്ധതി വിന്യാസത്തിൽ കൈവരിച്ച ഭൗതിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ, അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2023 ജൂണിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ച് സംസ്ഥാനമൊട്ടാകെ നിലവിൽ വന്ന കെ-ഫോൺ (KFON) ശൃംഖല, ചുരുങ്ങിയ കാലയളവിനുള്ളിൽ അതിന്റെ വ്യാപ്തി അതിവേഗം വർദ്ധിപ്പിച്ചിട്ടുണ്ട്. കെ-ഫോണിന്റെ (KFON) പ്രധാന ലക്ഷ്യത്തിന്റെ ഭാഗമായി മുപ്പതിനായിരത്തിലധികം സർക്കാർ സ്ഥാപനങ്ങളെ ഇതിനോടകം ശൃംഖലയുമായി ബന്ധിപ്പിച്ചു കഴിഞ്ഞു. ഇതിലൂടെ കെസ്വാന്റെ (KSWAN) ദൗത്യം ഏറ്റെടുക്കുക മാത്രമല്ല, അത് കൂടുതൽ വിപുലീകരിക്കുന്നതിനും കെ-ഫോണിന് സാധിച്ചു. കേരളത്തിന്റെ ഇന്റർനെറ്റ് വിപ്ലവം നിർണ്ണായകമായ ഒരു നാഴികക്കല്ല് പിന്നിട്ടിരിക്കുകയാണ്. കേരളത്തിലെ എല്ലാ ജനങ്ങൾക്കും ഇന്റർനെറ്റ് ലഭ്യമാക്കുക എന്ന ദൗത്യത്തിൽ അഭിമാനകരമായ നേട്ടം കൈവരിച്ചുകൊണ്ട്, കെ-ഫോൺ സജീവ കണക്ഷനുകളുടെ എണ്ണം 1,31,561 (2025 ഓഗസ്റ്റ് വരെ) പിന്നിട്ടിരിക്കുന്നു. ആകെ കണക്ഷനുകളിൽ 90,114 എണ്ണം വീടുകളിലേക്കുള്ള നേരിട്ടുള്ള ഫൈബർ കണക്ഷനുകളാണ് (FTTH). ഇത് സംസ്ഥാനത്തെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നു. സാങ്കേതികവിദ്യ എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ, ബി.പി.എൽ വിഭാഗത്തിലുള്ള 14,194 വീടുകളിൽ ഇതിനോടകം സൗജന്യമായി കെ-ഫോൺ കണക്ഷനുകൾ ലഭ്യമാക്കിയത്. കേരളത്തിന്റെ വളർന്നു വരുന്ന ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്തേകിക്കൊണ്ട്, ഉയർന്ന ശേഷിയുള്ള കണക്ഷനുകൾ വഴി 27,000-ത്തിലധികം ബിസിനസ് സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും കെ-ഫോൺ (KFON) സേവനം ലഭ്യമാക്കുന്നുണ്ട്. നിലവിൽ ഈ പ്രക്രിയ കൃത്യമായി ഏകോപിപ്പിച്ചുകൊണ്ട് കെസ്വാന്റെ പ്രവർത്തനങ്ങൾ കെ-ഫോണിലേക്ക് പൂർണ്ണമായി മാറ്റുന്നതും നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതും ഉൾപ്പെടെയുള്ള ലയന നടപടികൾ ഘട്ടം ഘട്ടമായി പുരോഗമിച്ചുവരികയാണ്.

**കേരളത്തിന്റെ ഡിജിറ്റൽ മുന്നേറ്റത്തിന് കരുത്തായി ബി.എസ്.എൻ.എൽ (കേരള ടെലികോം സർക്കിൾ)**

കേരളം, കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപ്, പുതുച്ചേരിയിലെ മാഹി എന്നിവിടങ്ങളിലുടനീളം ബി.എസ്.എൻ.എൽ-ന്റെ കേരള ടെലികോം സർക്കിൾ സേവനം ലഭ്യമാണ്. ഈ സർക്കിളിന് കീഴിൽ 11 പ്രധാന സെക്കൻഡറി സ്വിച്ചിംഗ് ഏരിയകളും (എസ്എസ്എകൾ) ലക്ഷദ്വീപിലെ ഒരു മൈനർ എസ്എസ്എയുമുണ്ട്. 5,88,294 ഡയറക്ട് എക്സ്ചേഞ്ച് ലൈനുകൾക്ക് ശേഷിയുള്ള 316 ടെലിഫോൺ എക്സ്ചേഞ്ചുകളാണ് നിലവിൽ സർക്കിളിന് കീഴിൽ പ്രവർത്തിക്കുന്നത്. സർക്കിളിന് കീഴിലുള്ള ആകെ കണക്ഷനുകളുടെ എണ്ണം 97,16,233 ആണ്. ഇതിൽ 89,31,207 മൊബൈൽ കണക്ഷനുകളും, 77,479 ലാൻഡ്‌ലൈൻ കണക്ഷനുകളും, 7,07,537 എഫ്.ടി.ടി.എച്ച് (FTTH) കണക്ഷനുകളും ഉൾപ്പെടുന്നു. ജനസംഖ്യാനുപാതികമായി (ഓരോ 1,000 പേർക്കും) ഏറ്റവും കൂടുതൽ ബി.എസ്.എൻ.എൽ ഫോണുകളുള്ള ജില്ല ഇടുക്കിയാണ് എന്നത് ശ്രദ്ധേയമാണ്. 2025 ഓഗസ്റ്റ് വരെയുള്ള ബി.എസ്.എൻ.എൽ കേരള സർക്കിളിന്റെ ജില്ലാടിസ്ഥാനത്തിലുള്ള ടെലിഫോൺ ശൃംഖലയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.3.1**ൽ നൽകിയിട്ടുണ്ട്.

**തപാൽ ശൃംഖല**

കേരളം, കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, പുതുച്ചേരിയുടെ ഭാഗമായ മാഹി എന്നിവ ഉൾപ്പെടുന്നതാണ് കേരള തപാൽ സർക്കിൾ. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഒരു പോസ്റ്റ് ഓഫീസെങ്കിലും പ്രവർത്തിക്കുന്നുണ്ട്. 2025 ആഗസ്റ്റ് വരെയുള്ള കണക്കുകൾ പ്രകാരം, കേരള തപാൽ സർക്കിളിൽ 5,056 തപാൽ ഓഫീസുകളും, 1504 ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് ഓഫീസുകളും 3,552 എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റ് (ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ) ഓഫീസുകളുമാണുള്ളത്. ദേശീയ ശരാശരിയുമായി (21.21 ച.കി.മീ. വിസ്തൃതി, 7,175 ജനങ്ങൾ) താരതമ്യം ചെയ്യുമ്പോൾ, കേരളത്തിൽ ഓരോ പോസ്റ്റ് ഓഫീസും ശരാശരി 7.7 ച.കി.മീ. വിസ്തൃതിയിലും 6,622 ജനങ്ങൾക്കുമാണ് സേവനം ലഭ്യമാകുന്നത്. സംസ്ഥാനത്തെ തപാൽ ഓഫീസുകളിൽ 82.4 ശതമാനവും ഗ്രാമീണ മേഖലകളിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. 2025, ആഗസ്റ്റ് മാസം വരെയുള്ള കണക്കനുസരിച്ച് കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ

**പട്ടിക 11.3.1.** 2025, ആഗസ്റ്റ്മാസം വരെയുള്ള കണക്കനുസരിച്ച് കേരള തപാൽ സർക്കിളിൽ പ്രവർത്തിക്കുന്ന തപാൽ ഓഫീസുകളുടെ ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള എണ്ണം

| ക്രമ. നമ്പർ | ജില്ല/ കേന്ദ്ര ഭരണ പ്രദേശം | പോസ്റ്റ് ഓഫീസികളുടെ എണ്ണം |
|---|---|---|
| 1 | കാസർകോട് | 231 |
| 2 | കണ്ണൂർ | 378 |
| 3 | വയനാട് | 163 |
| 4 | കോഴിക്കോട് | 404 |
| 5 | മലപ്പുറം | 438 |
| 6 | പാലക്കാട് | 455 |
| 7 | തൃശ്ശൂർ | 483 |
| 8 | എറണാകുളം | 391 |
| 9 | ഇടുക്കി | 296 |
| 10 | കോട്ടയം | 410 |
| 11 | ആലപ്പുഴ | 300 |
| 12 | പത്തനംതിട്ട | 312 |
| 13 | കൊല്ലം | 367 |
| 14 | തിരുവനന്തപുരം | 414 |
| 15 | കേന്ദ്രഭരണ പ്രദേശം – ലക്ഷദ്വീപ് | 10 |
| 16 | കേന്ദ്രഭരണ പ്രദേശം – പുതുച്ചേരി (മാഹി മാത്രം) | 4 |
| | **ആകെ** | **5,056** |

**ഉറവിടം** : ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം

ജില്ല/കേന്ദ്രഭരണ പ്രദേശം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.3.1**–ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ പോസ്റ്റൽ സർക്കിളിന് കീഴിൽ 52 ഹെഡ് പോസ്റ്റ് ഓഫീസുകളും (പ്രധാന തപാൽ ഓഫീസുകൾ), 1452 ഡിപ്പാർട്ട്മെന്റൽ സബ് ഓഫീസുകളും (വകുപ്പിന് കീഴിലുള്ള ഉപ തപാൽ ഓഫീസുകൾ), 3552 ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളും ഉൾപ്പെടുന്നു. ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് ഒരു പോസ്റ്റ് ഓഫീസ് എങ്കിലും ഉണ്ട് എന്നതാണ് ഈ സർക്കിളിന്റെ അതുല്യമായ നേട്ടം. 2024–25 കാലയളവിലെ കേരളത്തിലെ തപാൽ ഓഫീസുകളുടെ എണ്ണം, നഗര–ഗ്രാമ തപാൽ ഓഫീസുകളുടെ എണ്ണം, സർക്കിളിനു കീഴിലെ ഡിവിഷൻ/ഇനം തിരിച്ചുള്ള തപാൽ ഓഫീസുകളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 11.3.2, 11.3.3, 11.3.4, 11.3.5** എന്നിവയിൽ നൽകിയിരിക്കുന്നു.

തപാൽ ഓഫീസുകളെ മെയിൽ ഓഫീസുകളുമായി ബന്ധിപ്പിച്ചുകൊണ്ട് എല്ലാ പോസ്റ്റ് ഓഫീസുകളിലും ഒരേ ദിവസം തന്നെ സ്പീഡ് പോസ്റ്റ് സൗകര്യം നൽകുന്ന ഇന്ത്യയിലെ ഒരേയൊരു സർക്കിളാണ് കേരളം. സംസ്ഥാനത്തെ പല ആർ.എം.എസ് ഓഫീസുകളിലും 24 മണിക്കൂറും സ്പീഡ് പോസ്റ്റ് ബുക്കിംഗ് നടത്താനുള്ള സൗകര്യമുണ്ട്. ദേശീയ നയത്തിന്റെ ഭാഗമായി, സാധാരണ തപാൽ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിനുള്ള ശൃംഖലയും മെച്ചപ്പെട്ട സേവന നിലവാരം ഉറപ്പാക്കുന്നതിനായി ഈ സർക്കിൾ നവീകരിച്ചിട്ടുണ്ട്. കേരള തപാൽ സർക്കിളിന്റെ പുതിയ ഇ–അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ **പട്ടിക 11.3.2**–ൽ നൽകിയിരിക്കുന്നു.

### ഫിലാറ്റലി

ഫിലാറ്റലി ഒരു ഹോബിയായി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള പോസ്റ്റൽ സർക്കിൾ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോസ്റ്റൽ സർക്കിളിൽ 45 "മൈ സ്റ്റാമ്പ് സെന്ററുകൾ" ഉണ്ട്. 2024–25 സാമ്പത്തിക വർഷത്തിലെ ഫിലാറ്റലി വരുമാനം 1.06 കോടി രൂപയും 2025 ഓഗസ്റ്റ് 31 വരെയുള്ള വരുമാനം 18.29 ലക്ഷം രൂപയുമാണ്. 2025 ഒക്ടോബർ 15, 16 തീയതികളിൽ ജില്ലാതല ഫിലാറ്റലിക് പ്രദർശനമായ 'കണ്ണൂർപെക്സ് 2025', കണ്ണൂർ ജില്ലയിൽ വെച്ച് സംഘടിപ്പിച്ചു. ഇതിനു പിന്നാലെ നവംബർ 20, 21 തീയതികളിൽ തിരുവനന്തപുരം ജില്ലയിലും പ്രദർശനം സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനതല ഫിലാറ്റലിക് പ്രദർശനം 2026 ജനുവരി 20 മുതൽ 23 വരെ എറണാകുളത്ത് വെച്ച് സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

### ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐ.പി.പി.ബി)

1934 ലെ ആർ.ബി.ഐ നിയമത്തിന്റെ ഷെഡ്യൂൾ 2–ൽ ചേർത്ത ഇന്ത്യയിലെ ആദ്യത്തെ പേയ്മെന്റ് ബാങ്കാണ് ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (ഐ.പി.പി.ബി). ആധാർ അധിഷ്ഠിത പേയ്മെന്റ് സിസ്റ്റം (എ.ഇ.പി.എസ്) സേവനങ്ങൾ ആരംഭിച്ചതോടെ, ഏത് ബാങ്കിന്റെയും ഉപഭോക്താക്കൾക്ക് ബാങ്കിംഗ് സേവനങ്ങൾ തടസ്സം കൂടാതെ ലഭ്യമാക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ഏക പ്ലാറ്റ്ഫോമായി ഐ.പി.പി.ബി മാറി. 2025 ഏപ്രിൽ 1 മുതൽ 2025 ഓഗസ്റ്റ് 26 വരെ 52,118 പേർ ഐപിപിബി അക്കൗണ്ടുകൾ ആരംഭിച്ചതിൽ 30,813 പേർ പുരുഷൻമാരും 21,305 പേർ സ്ത്രീകളുമാണ്.

### ലൈഫ് ഇൻഷുറൻസ്

ഇന്ത്യാ പോസ്റ്റ് പൗരന്മാർക്ക് പോസ്റ്റൽ ലൈഫ് ഇൻഷുറൻസ്, ഗ്രാമീണ തപാൽ ലൈഫ് ഇൻഷുറൻസ് എന്നീ പദ്ധതികളിലൂടെ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. തപാൽ ലൈഫ് ഇൻഷുറൻസ് എന്നത് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, പ്രതിരോധ മേഖലയിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകൾ മുതലായവയിലെ ജീവനക്കാർക്ക് നൽകുന്ന ഇൻഷുറൻസ് പദ്ധതിയാണ്. ഇപ്പോൾ, ഇത് എല്ലാ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപക/അനധ്യാപക ജീവനക്കാർ, പ്രൊഫഷണലുകൾ തുടങ്ങിയവരിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി അവർക്ക് ഗ്രാമീണ ജീവൻ ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ഒരു പ്രത്യേക പദ്ധതി കേരള തപാൽ വകുപ്പ് ആരംഭിച്ചു. പോളിസി ഉടമകളിൽ പുരുഷൻമാരെക്കാളും വനിതകളാണ് കൂടുതൽ (2024–25–ലും 2025 ഓഗസ്റ്റ് 31–നും ഇടയിൽ കേരള സർക്കിളിനു കീഴിലുള്ള ആകെ തപാൽ പോളിസി ഉടമകളിൽ 1, 59,733 പോളിസി ഉടമകൾ സ്ത്രീകളും 2, 88,459 പേർ പുരുഷന്മാരുമാണ്).

**പട്ടിക 11.3.2** കേരള തപാൽ സർക്കിളിന്റെ ഇ-അധിഷ്ഠിതവും മൂല്യവർദ്ധിതവുമായ സേവനങ്ങൾ.

| ക്രമ നമ്പർ | സേവനം | പ്രവർത്തനം |
|---|---|---|
| 1 | ഇ-പോസ്റ്റ് | ഭൗതികമായ കൈമാറ്റം ഒഴിവാക്കിക്കൊണ്ട് ആശയവിനിമയങ്ങൾ അതിവേഗം ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനായി ഇന്ത്യ പോസ്റ്റ് നടപ്പിലാക്കിയ സേവനമാണ് ഇ-പോസ്റ്റ്. ഈ സംവിധാനത്തിലൂടെ സന്ദേശങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ കൈമാറുകയും, ലക്ഷ്യസ്ഥാനത്തുള്ള പോസ്റ്റ് ഓഫീസിൽ വെച്ച് അത് പ്രിന്റ് എടുത്ത് പോസ്റ്റ്മാൻ വഴി വിലാസക്കാരന് നേരിട്ട് എത്തിച്ചുനൽകുകയും ചെയ്യുന്നു. 2025 ഓഗസ്റ്റ് 31-ലെ കണക്കനുസരിച്ച് ഇന്ത്യയിലെ 1344 പോസ്റ്റ് ഓഫീസുകളിൽ ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്; ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വേഗതയും പോസ്റ്റ്മാന്റെ നേരിട്ടുള്ള സേവനവും ഒരുപോലെ പ്രയോജനപ്പെടുത്താൻ ഇതിലൂടെ സാധിക്കുന്നു. |
| 2 | മെനി ടു വൺ | ഒന്നിലധികം പ്രേഷിതരിൽ നിന്നും ഇ-പോസ്റ്റ് സന്ദേശം ഒരു സ്വീകർത്താവിന്റെ ഇമെയിൽ ഇൻബോക്സിലേയ്ക്ക് അയയ്ക്കാൻ സഹായിക്കുന്നു. |
| 3 | വൺ ടു മെനി | ഒരേ ഇ-പോസ്റ്റ് സന്ദേശം ഒരാളിൽനിന്നും അനേകം സ്വീകർത്താക്കൾക്ക് അയയ്ക്കാൻ ഇത് സഹായിക്കുന്നു. |
| 4 | ഇലക്ട്രോണിക് മണി ഓർഡർ | 2008- ലാണ് ഇ-മണി ഓർഡർ സംവിധാനം രാജ്യത്ത് നിലവിൽ വന്നത്. നിലവിൽ കേരള സർക്കിളിലെ എല്ലാ ഹെഡ് ഓഫീസുകളിലും, ഡിപ്പാർട്ട്മെൻറ് സബ് ഒഫ്ഫികകളിലും ഈ സേവനം ലഭ്യമാണ്. |
| 5 | ഇ-പേയ്മെന്റ് | വിവിധ സേവനദാതാക്കൾക്കായി ബില്ലുകൾ സ്വീകരിക്കുന്നതിനും ശേഖരിച്ച തുക കേന്ദ്രീകൃതമായി സ്ഥാപനങ്ങൾക്ക് നൽകുന്നതിനും തപാൽ വകുപ്പ് സൗകര്യമൊരുക്കുന്നു. കേരളത്തിലെ എല്ലാ ഹെഡ് പോസ്റ്റ് ഓഫീസുകളിലും സബ് പോസ്റ്റ് ഓഫീസുകളിലും ഈ സേവനം ലഭ്യമാണ്. കമ്പ്യൂട്ടർ സംവിധാനമുള്ള എല്ലാ ഓഫീസുകളിലൂടെയും ഉപഭോക്താക്കൾക്ക് തങ്ങളുടെ ബില്ലുകൾ അടയ്ക്കാവുന്നതാണ്. |
| 6 | അന്താരാഷ്ട്ര സ്പീഡ് പോസ്റ്റ് അഥവാ ഇ.എം.എസ് | ഇന്ത്യയിൽ നിന്ന് 99 രാജ്യങ്ങളിലേക്ക് ഈ സൗകര്യം ലഭ്യമാണ് |
| 7 | ഡയറക്ട് പോസ്റ്റ് | ബിസിനസ് സ്ഥാപനങ്ങൾക്ക് തങ്ങളുടെ വിപണന സാമഗ്രികൾ കൃത്യമായ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ 'ഡയറക്ട് പോസ്റ്റ്' സഹായിക്കുന്നു. മേൽവിലാസമില്ലാത്ത തപാൽ ഉരുപ്പടികളായിട്ടാണ് ഇവ അയക്കുന്നത്. ഉപഭോക്താവിന്റെ താൽപ്പര്യപ്രകാരം തപാൽ വകുപ്പ് നിശ്ചയിക്കുന്ന പ്രത്യേക സ്ഥലങ്ങളിൽ ഇവ കൃത്യമായി വിതരണം ചെയ്യപ്പെടുന്നു. |
| 8 | പാർസൽ, ലോജിസ്റ്റിക് സേവനങ്ങൾ | ബിസിനസ്സ് ഉപഭോക്താക്കളുടെ ആവശ്യത്തിന് അനുയോജ്യമായ സ്പീഡ് പോസ്റ്റ് പാഴ്സൽ, രജിസ്റ്റർ ചെയ്ത പാഴ്സൽ എന്നീ പാഴ്സൽ സേവനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ചെലവു കുറഞ്ഞതും വിശ്വാസയോഗ്യവുമായ വിതരണ സംവിധാനമാണ് ബിസിനസ് പാർസൽ. ബിസിനസ് പാർസൽ രാജ്യത്തുടനീളം ലഭ്യമാണ്. സർക്കിളിലുടനീളം 181 പാഴ്സൽ പാക്കേജിംഗ് യൂണിറ്റുകളും 6 ലോജിസ്റ്റിക് പോസ്റ്റ് സെന്ററുകളും പ്രവർത്തിക്കുന്നു |

**ഉറവിടം**: ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം.

ശക്തമായ തപാൽ-ടെലികോം സേവനങ്ങളാൽ പിന്താങ്ങപ്പെടുന്ന വിനിമയ മേഖല, കേരളത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. വിവരങ്ങൾ എല്ലാവരിലേക്കും എത്തിക്കുന്നതിലൂടെ കൈവരിക്കുന്ന ഈ നേട്ടം സംസ്ഥാനത്തിന്റെ മാനവ വികസനത്തിന് ആക്കം കൂട്ടുന്നു.

## 11.4 കുടിവെള്ളം

സുസ്ഥിര വികസനത്തിന്റെ ആധാരശിലയാണ് ജലം. സാമൂഹിക-സാമ്പത്തിക പുരോഗതിക്കും, ഊർജ്ജ-ഭക്ഷ്യ സുരക്ഷയ്ക്കും, ആരോഗ്യകരമായ പരിസ്ഥിതിക്കും, മനുഷ്യന്റെ നിലനിൽപ്പിനും ജലം അത്യന്താപേക്ഷിതമാണ്. പരിസ്ഥിതിയെയും സമൂഹത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ജലം, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിൽ (Climate Change Adaptation) നിർണായക പങ്ക് വഹിക്കുന്നു. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്കും പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്കും ശാസ്ത്രീയമായ ജലസംരക്ഷണവും ജലമാനേജ്മെന്റും അനിവാര്യമാണ്. ശുദ്ധജല സ്രോതസ്സുകളുടെ കാര്യക്ഷമമായ നിലനിൽപ്പിനായി ജലത്തിന്റെ മിതവും യുക്തിസഹവുമായ ഉപയോഗം ഉറപ്പാക്കേണ്ടതുണ്ട്. ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ സുസ്ഥിരമായ ഉപയോഗത്തെക്കുറിച്ചും അവബോധം വളർത്തുന്നതിനായി എല്ലാ വർഷവും മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നു. “ഹിമാനികളുടെ സംരക്ഷണം (Glacier Preservation)” എന്നതാണ് 2025-ലെ ലോക ജലദിന പ്രമേയം. കാലാവസ്ഥാ വ്യതിയാനം മൂലം ഹിമാനികൾ അതിവേഗം ഉരുകുന്നതും, ഇത് ജലചക്രത്തിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നതും, തീവ്രമായ പ്രകൃതിക്ഷോഭങ്ങൾക്ക് കാരണമാകുന്നതും പരിഗണിക്കുമ്പോൾ, സുസ്ഥിര വികസന ലക്ഷ്യം 6-മായി (SDG 6) ഈ പ്രമേയത്തിന് വലിയ ബന്ധമുണ്ട്. ഹിമാനികളുടെ നാശം മൂലം വെള്ളപ്പൊക്കം, വരൾച്ച, മണ്ണിടിച്ചിൽ, സമുദ്രനിരപ്പ് ഉയരൽ തുടങ്ങിയ പ്രതിസന്ധികൾ ഉണ്ടാവുകയും ഇത് കോടിക്കണക്കിന് ആളുകളുടെ ജീവനും ഉപജീവനത്തിനും ഭീഷണിയാവുകയും ചെയ്യുന്നു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ജലസംരക്ഷണവും വിനിയോഗവും ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി നിതി ആയോഗ് "കമ്പോസിറ്റ് വാട്ടർ മാനേജ്മെന്റ് ഇൻഡക്സ് (CWMI) വികസിപ്പിച്ചിട്ടുണ്ട്. 2019-ലെ റിപ്പോർട്ട് പ്രകാരം, 2030-ഓടെ ഇന്ത്യയിലെ നഗരജനസംഖ്യ 60 കോടിയായി (600 ദശലക്ഷം) വർധിക്കുമെന്നും ഇവരുടെ ജലാവശ്യങ്ങൾ നിറവേറ്റുക എന്നത് രാജ്യം നേരിടുന്ന വലിയൊരു വെല്ലുവിളിയായിരിക്കുമെന്നും ചൂണ്ടിക്കാട്ടുന്നു. ലോകജനസംഖ്യയുടെ 17 ശതമാനം ഇന്ത്യയിലാണെങ്കിലും, ലോകത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ വെറും 4 ശതമാനം മാത്രമാണ് ഇന്ത്യയ്ക്കുള്ളത് എന്ന വസ്തുതയും ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു.

നിലവിലുള്ള സാമൂഹിക മാനദണ്ഡങ്ങളും മെച്ചപ്പെട്ട പൊതു ശുചിത്വത്തിനും ശുചീകരണത്തിനും വേണ്ടിയുള്ള ആവശ്യവും കാരണം ദേശീയ ശരാശരിയേക്കാൾ ഉയർന്ന ജല ആവശ്യകതയാണ് കേരളത്തിലുള്ളത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെ 62 ശതമാനവും കിണറുകളെയാണ് പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. ജനസംഖ്യയുടെ 29 ശതമാനം പേർക്ക് പൈപ്പ് ജലവിതരണം ലഭ്യമാണ്. അതേസമയം 78 ശതമാനം കുടുംബങ്ങൾക്ക് ചുറ്റുവട്ടത്തിൽ തന്നെ ജലസ്രോതസ്സുകളുള്ളപ്പോൾ 14 ശതമാനം കുടുംബങ്ങൾ വീടിനു സമീപത്തുള്ള ജലസ്രോതസ്സുകളാണ് ഉപയോഗിക്കുന്നത്. 2011-ലെ സെൻസസ് അടിസ്ഥാനമാക്കിയുള്ള സംസ്ഥാന സാനിറ്റേഷൻ കവറേജ് കാണിക്കുന്നത് 67 ശതമാനം കുടുംബങ്ങൾക്ക് ടോയിലെറ്റുകളുണ്ടെന്നും 95 ശതമാനത്തിന് ചുറ്റുവട്ടത്തിൽ തന്നെ ടോയിലെറ്റ് സൗകര്യമുണ്ടെന്നുമാണ്. ആഗസ്റ്റ് 31, 2025 പ്രകാരം പൊതു ടാപ്പുകൾ ഉൾപ്പെടെ കേരള ജനസംഖ്യയുടെ 69.31 ശതമാനം പേർക്ക് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ജലവിതരണം ലഭിക്കുന്നു. കുടിവെള്ളവും മലിനജല നിവാരണവും എന്നിവയെക്കുറിച്ച് 14-ാം പഞ്ചവത്സര പദ്ധതി രൂപികരിച്ച കർമ്മ സമിതി സംസ്ഥാനത്തെ ജല-ശുചീകരണ മേഖലയുടെ വികസനത്തിനും സംയോജിത ജല മാനേജ്മെന്റ് സൂചിക (സി.ഡബ്ല്യു.എം.ഐ) റാങ്കിംഗുമായി ബന്ധപ്പെട്ട് അതിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും വ്യക്തമായ ഒരു ദിശാസൂചിക രൂപപ്പെടുത്താൻ ലക്ഷ്യമിടുന്നു.

കേരള വാട്ടർ അതോറിറ്റിയും (കെ.ഡബ്ല്യൂ.എ) കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസിയുമാണ്

(കെ.ആർ.ഡബ്ല്യൂ.എസ്.എ) കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ പ്രധാന നിർവ്വഹണ ഏജൻസികൾ. പ്രാദേശിക സർക്കാരുകളും ഒരു പ്രധാന പങ്ക് വഹിക്കുന്നു.

**കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)**

കേരള വാട്ടർ സപ്ലൈ ആന്റ് വേസ്റ്റ് വാട്ടർ ഓർഡിനൻസ്, 1984–ന് കീഴിൽ കേരളത്തിലെ ജലവിതരണത്തിന്റെ വികസനത്തിനും മലിനജല ശേഖരണത്തിനും നീക്കം ചെയ്യലിനുമായി പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിനെ പരിവർത്തനം ചെയ്തുകൊണ്ട് കെ.ഡബ്ല്യൂ.എ 1984 ൽ സ്ഥാപിതമായി. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, പ്രോജക്ടുകൾ, പ്രോജക്ട് ആസൂത്രണം, വികസനം, ഗുണനിലവാര നിയന്ത്രണം, കൺസൾട്ടൻസി, സിവറേജ് വെർട്ടിക്കൽസ് എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തന യൂണിറ്റുകൾ.

കേരള വാട്ടർ അതോറിറ്റിക്ക് വിപുലീകരിച്ച ജലഗുണനിലവാര പരിശോധനയ്ക്കായി കൊച്ചിയിൽ ഒരു സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും, 14 ജില്ലാ ലാബുകളും 71 സബ് ഡിവിഷണൽ ലാബുകളും ഉണ്ട്. കെ.ഡബ്ല്യൂ.എ യുടെ കീഴിലുള്ള 85 ലാബുകൾക്ക് ഐ.എസ്.ഒ/ ഐ.ഇ.സി /17025:2017 മാനദണ്ഡങ്ങൾക്കനുസൃതമായി എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറീസ്) അംഗീകാരം ലഭിച്ചിട്ടുണ്ട്.

**മലിന ജലനിവാരണം**

മലിനജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. ഇത് തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ലൈനുകൾ ആവശ്യാനുസരണം വർദ്ധിപ്പിക്കുക, മലിനജലം കവിഞ്ഞൊഴുകുന്നത് ഒഴിവാക്കാൻ കേടായ മാൻഹോളുകൾ നന്നാക്കുക, മലിനജല നിർമ്മാർജ്ജന സംവിധാനത്തിന് മറ്റ് ഉറവിടങ്ങളില്ലാത്ത പ്രദേശങ്ങളിൽ ചെറിയ വിപുലീകരണങ്ങളിലൂടെ മലിനജല നിർമ്മാർജ്ജന സൗകര്യം നൽകുക എന്നിവയാണ് നിലവിൽ ഏറ്റെടുക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. പാരിസ്ഥിതിക നാശത്തിന്റെ ഭീഷണി മറികടക്കാൻ, നിലവിലുള്ള മലിനജല നിർമ്മാർജന സംവിധാനം ശക്തിപ്പെടുത്തുന്നതിന് മതിയായ ശ്രദ്ധ അത്യാവശ്യമാണ്. മലിനജല മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. എന്നിരുന്നാലും ധനവിഹിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മലിനജല മാനേജ്മെന്റ് പ്ലാന്റുകൾ, പമ്പ് ഹൗസുകൾ എന്നവയ്ക്കെതിരായ ജനങ്ങളുടെ പ്രതിഷേധം, ഭൂമി ലഭിക്കുന്നതിലും റോഡ് മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുമുള്ള കാലതാമസം എന്നിവ മലിനജല മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുമ്പ് പരിശോധിക്കേണ്ടതുണ്ട്. ചെറിയ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ ലഭ്യമാക്കുന്നതിനായി 2 മുതൽ 3 വാർഡുകൾക്ക് പര്യാപ്തമായ പുതിയ ചെറുകിട പദ്ധതികൾ ഏറ്റെടുക്കാൻ കെ.ഡബ്ല്യൂ.എ വിഭാവനം ചെയ്യുന്നു. 2024–25 ൽ 21 പ്രവൃത്തികളും 2025–26ൽ 19 പ്രവൃത്തികളും പൂർത്തിയാക്കി. പഴയ മലിനജല പൈപ്പുകൾ (Sewer lines) മാറ്റിസ്ഥാപിക്കൽ, മലിനജല ശൃംഖലയുടെ വിപുലീകരണം, പഴയ മാൻഹോളുകളുടെ പുനരുദ്ധാരണം, പുതിയ മാൻഹോളുകളുടെ നിർമ്മാണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2024–25 ൽ 1,571.20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

**ജലവിതരണ കവറേജ്**

കെ.ഡബ്ല്യൂ.എ 2025 സെപ്റ്റംബർ 31 വരെ 3634 എം.എൽ.ഡി ഉൽപ്പാദിപ്പിക്കുന്ന 853 ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ക്രമാനുഗതമായ വികസനത്തിന്റെ ഭാഗമായി, പ്രാദേശികമായ ചെറിയ ജലവിതരണ പദ്ധതികൾ ഘട്ടംഘട്ടമായി നിർത്തലാക്കുകയും അവയെ സമഗ്ര കുടിവെള്ള വിതരണ പദ്ധതികളുമായി സംയോജിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമായാണ് പദ്ധതികളുടെ ആകെ എണ്ണത്തിൽ കുറവുണ്ടായത്. 45.73 ലക്ഷം കണക്ഷനുകളിലൂടെയും 90492 പൊതു ടാപ്പുകളിലൂടെയും കെ.ഡബ്ല്യൂ.എ കേരളത്തിലെ ഏകദേശം 2.58 കോടി ജനങ്ങൾക്ക് ജലവിതരണം ലഭ്യമാക്കുന്നു. പൈപ്പ് വെള്ളത്തിന്റെ ശരാശരി പ്രതിശീർഷ ലഭ്യത പ്രതിദിനം 94.76 ലിറ്ററാണ് (എല്ലാ ജില്ലകളിലേയും വാസ സ്ഥലങ്ങളിൽ പ്രതിശീർഷ ലഭ്യത വ്യത്യസ്തമാണ്). കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകളുടെയും പദ്ധതികളുടെയും (ജെ.ജെ.എം, നബാർഡ്, സംസ്ഥാന പദ്ധതി, എൻ.ആർ.ഡി.ഡബ്ല്യൂ.പി, കിഫ്ബി, അമൃത്, ആർകെഐ മുതലായവ) സഹായത്തോടെ നടപ്പിലാക്കിയ വിവിധ ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തു കൊണ്ട് ഗ്രാമീണ നഗര ജലവിതരണ മേഖലകളിൽ ഇത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. 19,700 കോടിയിലധികം രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരികയാണ്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ അടുത്ത 3 വർഷത്തിനുള്ളിൽ 1,400 എം.എൽ.ഡി (പ്രതിദിനം ദശലക്ഷം ലിറ്റർ) വെള്ളം അധികമായി വിതരണത്തിന് ലഭ്യമാകും.

2024–25 ൽ അമൃത് 1.0ന് കീഴിൽ 25 പുതിയ പ്രവൃത്തികളും അമൃത് 2.0ന് കീഴിൽ 67 ഉപപ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന പദ്ധതിക്ക് കീഴിലുള്ള 223 പദ്ധതികളും നബാർഡിന് കീഴിൽ 3 പദ്ധതികളും ആർ.കെ.ഐയുടെ കീഴിലുള്ള 9 പദ്ധതികളും കിഫ്ബിയുടെ കീഴിലുള്ള 27 ജലവിതരണ പദ്ധതികളും 5 റീപ്ലേസ്മെന്റ് പ്രവർത്തികളും 2024–25 കാലയളവിൽ പൂർത്തിയായിട്ടുണ്ട്. ആഗസ്റ്റ് 31, 2025 പ്രകാരം പൊതു ടാപ്പുകൾ ഉൾപ്പെടെ കേരള ജനസംഖ്യയുടെ 69.31 ശതമാനം (65.22 ശതമാനം ഗ്രാമത്തിലും 83.14 ശതമാനം നഗരത്തിലും) പേർക്ക് കെ.ഡബ്ല്യൂ.എ യുടെ നിലവിലുള്ള പദ്ധതികളിൽ നിന്ന് പൈപ്പ് ജലവിതരണം ലഭിക്കുന്നു. 2025 ആഗസ്റ്റ് 31 ലെ കണക്കനുസരിച്ച് ജലവിതരണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള, ജനസംഖ്യ ശതമാനത്തിന്റെ ജില്ല തിരിച്ചുള്ള **ചിത്രം 11.4.1**–ൽ കാണിച്ചിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിൽ 91.85 ശതമാനത്തോടെ എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജുള്ളത്. 88.74 ശതമാനത്തോടെ ആലപ്പുഴ ജില്ല പിന്നിൽത്തന്നെയുണ്ട്. കാസർഗോഡ് ജില്ലയിലാണ് കവറേജ് ഏറ്റവും കുറവ് (39.82 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 11.4.1** ൽ നൽകിയിട്ടുണ്ട്.

2025 ആഗസ്റ്റ് 31 വരെയുള്ള വിശദാംശങ്ങൾ പ്രകാരം ജില്ലാതലത്തിലും ഇനം തിരിച്ചുമുള്ള വിശകലനം കാണിക്കുന്നത് എറണാകുളത്താണ് ഏറ്റവും കൂടുതൽ ജലവിതരണ പദ്ധതികളെന്നും (91), വയനാട് ഏറ്റവും കുറവ് ജലവിതരണ പദ്ധതികളെന്നും (21) ആണ്. ഏറ്റവും

**ചിത്രം 11.4.1** ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന കുടുംബങ്ങളുടെ (2025 ആഗസ്റ്റ് 31 വരെ) ജില്ലതിരിച്ചുള്ള അനുപാതം




**ഉറവിടം**: കേരള വാട്ടർ അതോറിറ്റി

കൂടുതൽ നഗര ജലവിതരണ പദ്ധതികൾ കോഴിക്കോടും (12 ) വയനാട് ഏറ്റവും കുറവും (1 ) ആണ് **അനുബന്ധം 11.4.2.**

ഗാർഹിക സേവന കണക്ഷനുകൾ (എച്ച്.എസ്.സി), പൊതു പൈപ്പുകൾ എന്നിവയിലൂടെ കെ.ഡബ്ല്യൂ.എ കുടിവെള്ളം വിതരണം ചെയ്യുന്നു. ഗാർഹിക, ഗാർഹികേതര (പ്രത്യേക കണക്ഷനുകൾ ഉൾപ്പെടെ), വ്യാവസായിക കണക്ഷനുകളുടെ ആകെ എണ്ണം യഥാക്രമം 43,71,535, 199639, 2121 എന്നിവയാണ്. 2025 ആഗസ്റ്റ് 31 വരെ ആകെ ഉള്ള 90,492 പൊതു പൈപ്പ് കണക്ഷനുകളിൽ 55662 എണ്ണം പഞ്ചായത്തിലും 21482 എണ്ണം മുൻസിപ്പാലിറ്റികളിലും 13,348 എണ്ണം കോർപ്പറേഷനുകളിലുമാണ്. (**അനുബന്ധം**

**ചിത്രം 11.4.2** 2025 ആഗസ്റ്റ് 31 ലെ ജില്ല തിരിച്ചുള്ള ആളോഹരി ജലലഭ്യത




**ഉറവിടം**: കേരള വാട്ടർ അതോറിറ്റി

11.4.3). 2025 ആഗസ്റ്റ് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റിയ കെ.ഡബ്ല്യൂ.എ യുടെ ഗ്രാമീണ ജലവിതരണ പദ്ധതികളുടെ എണ്ണം 200 ഉം 14 ജില്ലകളിലേയും ആകെ ജനസംഖ്യാ കവറേജ് 3,45,366 ഉം ആണ്. പ്രാദേശിക സർക്കാരുകളിലേക്ക് കൈമാറിയ ജലവിതരണ പദ്ധതികളുടെ ജില്ലാതല വിശദാംശങ്ങൾ **അനുബന്ധം 11.4.4**-ൽ കൊടുത്തിരിക്കുന്നു. **ചിത്രം 11.4.2**-ൽ കാണിച്ചിരിക്കുന്ന 2025 ആഗസ്റ്റ് 31 ലെ ജല ലഭ്യതാ ഡാറ്റ പ്രകാരം പത്തനംതിട്ട ജില്ലയിലാണ് ഏറ്റവും കൂടുതൽ ലഭ്യത (142.09 എൽ.പി.സി.ഡി), കാസർഗോഡ് ഏറ്റവും കുറഞ്ഞ ലഭ്യത (64.07 എൽ.പി.സി.ഡി). പൈപ്പ് വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ പ്രതിദിന ശരാശരി ലഭ്യത ഒരാൾക്ക് 93.82 ലിറ്റർ ആണ്. (എല്ലാ ജില്ലകളിലെയും വിവിധ വാസസ്ഥലങ്ങളിലെ കണക്കനുസരിച്ച് പ്രതിദിനം ഒരാൾക്ക് ലഭിക്കുന്ന ലിറ്റർ) വിശദാംശങ്ങൾ **അനുബന്ധം 11.4.5** നൽകിയിരിക്കുന്നു.

**വരുമാനം**

കെ.ഡബ്ല്യൂ.എ യുടെ പ്രധാന വരുമാനം ജലവില്പനയിൽ നിന്നാണ്. കൂടാതെ 100 ശതമാനവും മീറ്റർ റീഡ് ചെയ്യുന്ന ജല കണക്ഷനുകളുള്ള, രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. ബ്ലോക്ക് താരിഫ് ഘടനയോടു കൂടിയ (ഉപഭോഗം കൂടുന്നതിനനുസരിച്ച് നിരക്ക് വർദ്ധിക്കുന്നു) ജലതാരിഫ് സംസ്ഥാനത്തുടനീളം ഒരുപോലെയാണ്. 2023-24 ൽ 1165.77 കോടി രൂപയായിരുന്നു വരുമാനം ലഭിച്ചത്. എന്നാൽ പ്രതീക്ഷിച്ച വരുമാനം പിഴയുൾപ്പെടെ 1694.34 കോടി രൂപയായിരുന്നു. 2024-25 ൽ 1908.51 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. എന്നാൽ പ്രതീക്ഷിച്ച വരുമാനം പിഴയുൾപ്പെടെ 1721.06 കോടി രൂപയാണ്. ഗാർഹിക കണക്ഷനുകൾക്ക് 5000 ലിറ്റർ വരെ 14.41/KL രൂപയും, ഗാർഹികേതര കണക്ഷനുകൾക്ക് 10,000 ലിറ്റർ വരെ 26.54/KL രൂപയും വ്യാവസായിക കണക്ഷനുകൾക്ക് 54.10/KL രൂപയും ബൾക്ക് വിതരണത്തിന് 16.62/KL രൂപയുമാണ് ഗാർഹിക കണക്ഷനുകൾക്കുള്ള കുറഞ്ഞ നിരക്ക്.

46.63 ലക്ഷം ഉപഭോക്താക്കളിൽ (പൊതു പൈപ്പുകൾ ഉൾപ്പെടെ), 43.72 ലക്ഷം കണക്ഷനുകൾ ഗാർഹിക വിഭാഗത്തിലും (92.86%), 2.01 ലക്ഷം ഉപഭോക്താക്കൾ ഗാർഹികേതര/വ്യാവസായിക/പ്രത്യേക വിഭാഗങ്ങളിലും ഉൾപ്പെടുന്നു. കൂടാതെ 90492 പൊതു പൈപ്പുകളിലൂടെ കേരള വാട്ടർ അതോറിറ്റി വെള്ളം നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തെ 8.69 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 15,000 ലിറ്റർ കുടിവെള്ളം കെ.ഡബ്ല്യൂ.എ സൗജന്യമായി വിതരണം ചെയ്യുന്നു. 2024-25 ൽ ഇതിന്റെ ചെലവ് 94.28 കോടി രൂപയാണ്.

ഗാർഹിക ഗാർഹികേതര വ്യാവസായിക പദ്ധതികളുടെ ജല നിരക്കുകളിൽ നിന്നുള്ള വരുമാനം, 2024-25, 2025-26 വർഷങ്ങളിൽ (2025 ഓഗസ്റ്റ് 31 വരെ) യഥാക്രമം 108943 ലക്ഷം രൂപയും 34530 ലക്ഷം രൂപയും പൊതു പൈപ്പുകളിൽ നിന്ന് ലഭിച്ചത് 81909 ലക്ഷം രൂപയും 2786 ലക്ഷം രൂപയുമാണ്. (**അനുബന്ധം 11.4.6**).

**സംസ്ഥാന പദ്ധതികൾ**

1. **ഗ്രാമീണ മേഖലയിലെ ജലവിതരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്**

ഗ്രാമീണ മേഖലയിലെ ജലവിതരണ വെല്ലുവിളികൾ നേരിടാൻ നിരവധി പരിപാടികളും പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ രണ്ട് പ്രധാന പദ്ധതികൾ ഉൾപ്പെടുന്നു: നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടും ഗ്രാമീണ ജല വിതരണ പദ്ധതികളും) നബാർഡിന്റെ വായ്പാ സഹായത്തോടെ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ജലവിതരണ പദ്ധതികൾ കെ.ഡബ്ല്യൂ.എ നടപ്പിലാക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 3 പദ്ധതികൾ പൂർത്തിയാക്കുകയും ഇതിലൂടെ ഏകദേശം 2.11 ലക്ഷം ആളുകൾക്ക് ഗുണഫലം ലഭ്യമാക്കുകയും ചെയ്തു. അഗളിയും അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള വിതരണ പദ്ധതി, വിതുര, തൊളിക്കോട് ഗ്രാമങ്ങൾക്കായുള്ള രണ്ടാം ഘട്ട സമഗ്ര കുടിവെള്ള വിതരണ പദ്ധതി, കുളക്കട പഞ്ചായത്തിനായുള്ള കുടിവെള്ള വിതരണ പദ്ധതി എന്നിവ പൂർത്തിയാക്കിയ പദ്ധതികളിൽ ഉൾപ്പെടുന്നു. 2024-25 കാലയളവിൽ ഈ പദ്ധതികൾക്കായി ആകെ 4,922.96 ലക്ഷം രൂപ ചെലവഴിച്ചു.

2020 ഏപ്രിൽ 1 ലെ കണക്കുകൾ പ്രകാരം ഏകദേശം 34 ശതമാനം ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് ജലവിതരണമുണ്ടായിരുന്നത്. രണ്ട് വർഷത്തിനുള്ളിൽ എല്ലാ വീടുകളിലും പൈപ്പ് ജലവിതരണം ലക്ഷ്യമിട്ടുള്ള ജൽ ജീവൻ മിഷൻ ആരംഭിച്ചതോടെ ഈ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. പുതിയ ഗ്രാമീണ പദ്ധതികൾ, തുടർന്നു വരുന്ന ഗ്രാമീണ പദ്ധതികളുടെ പൂർത്തീകരണം, നിലവിലുള്ള സ്കീമുകളുടെ നവീകരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 2024-25 ൽ 16 പ്രവൃത്തികളും 2025-26 ൽ (31.08.2025 വരെ) 3 പ്രവൃത്തികളും പൂർത്തിയാക്കി. 2024-25 കാലയളവിൽ ഈ പദ്ധതികൾക്കായി ആകെ 494.22 ലക്ഷം രൂപ ചെലവഴിച്ചു.

2. **സേവന ഗുണനിലവാരവും ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിലെ പ്രവർത്തനക്ഷമത സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്**

വിശ്വാസ്യയോഗ്യമായ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും ജലം പാഴാക്കുന്നത് കുറയ്ക്കാനും ജലസ്രോതസ്സ് പരമാവധി ഉപയോഗപ്രദമാക്കാനും നിലവിലുള്ള ജല വിതരണ പദ്ധതികളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുവരികയാണ്. കെ.ഡബ്ല്യൂ.എ യുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണം, നൂതന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും, മാനവ വിഭവ ശേഷി, ഗവേഷണവും,

വികസനവും ഗുണനിലവാര നിയന്ത്രണവും പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി, ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തുക എന്നിവയാണ് പ്രധാന പദ്ധതികൾ. സമയബന്ധിതമായ അറ്റകുറ്റപ്പണികൾ, സംരക്ഷണം, നവീകരണം എന്നിവയുടെ അഭാവം മൂലം കേട്പാടുകൾ സംഭവിച്ച നിർമ്മിതികളെ നവീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2024 ഏപ്രിൽ മുതൽ 2025 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ വിവിധ ജില്ലകളിലായി സ്ഥിതി ചെയ്യുന്ന ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ, ടാങ്കുകൾ, പമ്പ് ഹൗസുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടുന്ന 31 പ്രവൃത്തികളും 2025-26 ൽ 6 പ്രവൃത്തികളും പൂർത്തീകരിച്ചു.

നെറ്റ് വർക്ക് കവറേജ് മെച്ചപ്പെടുത്താനും ജലവിതരണ സംവിധാനത്തിലെ വരുമാന രഹിതജലം (എൻ.ആർ.ഡബ്ല്യൂ) കുറയ്ക്കാനും, ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ചെലവുകൾ കുറയ്ക്കാനും പരമാവധി വരുമാനം ഉണ്ടാക്കുന്നതുമായ കാര്യക്ഷമമായ ജലവിതരണ സംവിധാനം സൃഷ്ടിക്കുന്നതിനും നൂതന സാങ്കേതികവിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും വഴി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും മീറ്ററുകൾ സ്ഥാപിച്ച് അവയെ സ്കാഡ (SCADA) സംവിധാനവുമായി സംയോജിപ്പിക്കുക, ജലചോർച്ച കണ്ടെത്തുന്നതിനുള്ള അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുക, പമ്പ് ഹൗസുകൾ ഓട്ടോമേറ്റ് ചെയ്യുക എന്നിവയാണ് ലക്ഷ്യമിടുന്നത്. കൂടാതെ, ജലശുദ്ധീകരണ പ്ലാന്റുകളുടെ (WTP) ശേഷി വർദ്ധിപ്പിക്കുന്നതിനായി ഡ്യുവൽ മീഡിയ സംവിധാനം നടപ്പിലാക്കാനും ഊർജ്ജക്ഷമത മെച്ചപ്പെടുത്താനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ജലവിതരണ പദ്ധതികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും ശുദ്ധീകരിച്ച ജലത്തിന്റെ ദുരുപയോഗം കുറയ്ക്കാനും അതുവഴി വരുമാന സമാഹരണം മെച്ചപ്പെടുത്താനും ഇത്തരം ഇടപെടലുകൾ സഹായിക്കും. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷത്തിൽ 9 പ്രവൃത്തികളും 2025-26 കാലയളവിൽ (31.08.2025 വരെയുള്ള കണക്ക് പ്രകാരം) 2 അധിക പ്രവൃത്തികളും പൂർത്തിയാക്കി.

മാനവ വിഭവ ശേഷി, ഗവേഷണവും വികസനവും ഗുണനിലവാര നിയന്ത്രണം എന്നിവ മൊത്തത്തിലുള്ള മെച്ചപ്പെട്ട പ്രവർത്തനത്തിനും പുരോഗതിക്കും കാരണമാകുന്ന അവിഭാജ്യ പ്രവർത്തനങ്ങളാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പുതിയ ഹൈടെക് സംവിധാനങ്ങൾ പരിപാലിക്കുന്നതിനും വേണ്ടി ആധുനിക മാനേജ്മെന്റ് രീതികളും വിദ്യകളും പരിശീലിപ്പിച്ചുകൊണ്ട് എഞ്ചിനിയർമാരേയും മറ്റ് സ്റ്റാഫിനേയും സജ്ജരാക്കേണ്ടതുണ്ട്. 2024-25 ൽ 1,987 ഉദ്യോഗസ്ഥർക്കും 2025-26 ൽ (2025 ഓഗസ്റ്റ് 31 വരെ) 488 ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി.

മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ഗ്രാമീണ സ്കൂളുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ നിയുക്ത സ്ഥാപനങ്ങളിലേക്കും സ്ഥലങ്ങളിലേക്കും തുടർച്ചയായി ജലവിതരണം ഉറപ്പാക്കുന്നതിനാണ് നിർദ്ദിഷ്ട സ്ഥാപനങ്ങൾ/സ്ഥലങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. സിവിൽ സ്റ്റേഷൻ പരിസരം, ജയിലുകൾ, കറക്ഷൻ ഹോമുകൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾക്ക് കുടിവെള്ളം നൽകുന്നതും ഇതിൽ ഉൾപ്പെടുന്നു. നിലവിലുള്ള ജലവിതരണ സംവിധാനങ്ങൾ നവീകരിക്കുന്നതിനൊപ്പം ശബരിമല പോലുള്ള പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലും പൊതുജന ആവശ്യകത കൂടുതലുള്ള മറ്റ് പ്രദേശങ്ങളിലും സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 2024-25 ൽ 3 പ്രവൃത്തികളും 2025-26 ൽ (2025 ഓഗസ്റ്റ് 31 വരെ) ഒരു അധിക പ്രവൃത്തിയും പൂർത്തിയാക്കി.

**3. നഗര ജലവിതരണ പദ്ധതികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്:**

നഗരങ്ങളിലും ഗ്രാമങ്ങളിലും പ്രധാന സേവനദാതാവാണ് കേരള വാട്ടർ അതോറിറ്റി. നഗര ജലവിതരണ പദ്ധതി, എ.ഡി.ബി സഹായത്തോടെ കേരള നഗര ജലവിതരണ മെച്ചപ്പെടുത്തൽ പദ്ധതി - (കെ.യു.ഡബ്ല്യൂ.എസ്.ഐ.പി)എന്നിവയുടെ പുനരധിവാസവും മെച്ചപ്പെടുത്തലും പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു. നഗര പ്രദേശങ്ങളിൽ 100 ശതമാനം കവറേജ് നേടുക, പരിധിയിലുൾപ്പെടാത്ത നഗര തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുക, ഉൽപാദന ഘടകങ്ങൾ പൂർത്തീകരിച്ച പദ്ധതികളിൽ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവയാണ് നഗര ജലവിതരണ പദ്ധതിയുടെ പുനരധിവാസം, മെച്ചപ്പെടുത്തൽ, പ്രവർത്തനങ്ങൾ വഴി ലക്ഷ്യമിടുന്നത്. 2024-25 ൽ 16 പ്രവൃത്തികളും 2025-26ൽ (2025 ഓഗസ്റ്റ് 31 വരെ) 8 പ്രവൃത്തികളും പൂർത്തീകരിക്കുകയുണ്ടായി.

എൻ.ആർ.ഡബ്ല്യൂ (വരുമാന രഹിതജലം) ഗണ്യമായി കുറയ്ക്കുകയും കാര്യക്ഷമതയുടെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലും വഴി പഴയ ഉൽപ്പാദന ഘടകങ്ങളെയും ശൃംഖലയെയും പുനരധിവസിപ്പിച്ച് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിലെ ജലവിതരണം മെച്ചപ്പെടുത്തുകയും മേൽപ്പറഞ്ഞ മേഖലകളിൽ 24*7 വിതരണം നേടുകയുമാണ് എ.ഡി.ബി സഹായത്തോടെയുള്ള കെ.യു.ഡബ്ല്യൂ.എസ്.ഐ.പി ലക്ഷ്യമിടുന്നത്.

**4. ജലസംരക്ഷണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്:** പരമ്പരാഗത അറിവുകളും ജലസംരക്ഷണ സാങ്കേതിക വിദ്യകളും ഉറവിട സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും പുതിയ സ്രോതസ്സുകൾ സൃഷ്ടിക്കുന്നതിനും സഹായകരമാകും. വേനൽക്കാലത്തും വരൾച്ചാ കാലാവസ്ഥയിലും മതിയായ വെള്ളം ഉറവിടത്തിൽ ലഭ്യമാണെന്ന് ഉറപ്പാക്കുകയും ജല സ്രോതസ്സുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഉറവിടം മെച്ചപ്പെടുത്തൽ, ജലസംരക്ഷണം എന്നിവയിൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം. 2024-25 കാലയളവിൽ ജലസ്രോതസ്സുകളുടെ ഉറവിടം ശക്തിപ്പെടുത്തുന്നതിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കി. ഈ പ്രവർത്തനത്തിലൂടെ വേനൽക്കാലത്തെ ജല സമ്മർദ്ദം വലിയൊരളവിൽ ലഘൂകരിക്കാനാകും. 2024-25 ൽ 1 ഉം 2025-26 ൽ 3 പ്രവൃത്തികളും പൂർത്തീകരിച്ചു.

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളും മുൻകൂട്ടി പ്രതീക്ഷിക്കാത്ത അടിയന്തിര ഇടപെടലുകളും 'കുടിവെള്ളം-വരൾച്ച ലഘൂകരണം' എന്ന പദ്ധതിയിൽ ഏറ്റെടുക്കുന്നു. പ്രകൃതിക്ഷോഭങ്ങൾക്ക് പുറമേ വലിയ വ്യാസമുള്ള പൈപ്പ് പൊട്ടുമ്പോൾ വസ്തുവകകൾക്കും ജലവിതരണ സംവിധാനങ്ങൾക്കും നാശ നഷ്ടങ്ങൾ സംഭവിക്കുന്ന ദുരന്ത സാഹചര്യങ്ങളിലും പ്രകൃതിദുരന്ത സമയത്ത് അടിയന്തിര ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ജലവിതരണം എന്നിവയും ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്നുണ്ട്. വരൾച്ചാ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വിപുലീകരണം, വരൾച്ചാക്കാലത്ത് അധിക പമ്പിംഗ്, ശേഷി വർദ്ധിപ്പിക്കൽ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച 121 പ്രവൃത്തികളിൽ 55 എണ്ണം പൂർത്തീകരിച്ചു.

**5. ജലത്തിന്റെ ഗുണനിലവാരം പരിഹരിക്കുന്നതിനും പ്രവർത്തനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി:** പതിവായി ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം നടത്തുക, ഫലപ്രദമായ ശുദ്ധീകരണ പ്രക്രിയകൾ നടപ്പിലാക്കുക, അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്രത നിലനിർത്തുക, സുരക്ഷിതമായ വെള്ളം കൈകാര്യം ചെയ്യുന്ന രീതികളെക്കുറിച്ച് ജീവനക്കാരെ ബോധവൽക്കരിക്കുക, ഉറവിട നിയന്ത്രണ നടപടികളിലൂടെ മലിനീകരണ സാധ്യതയുള്ള ഉറവിടങ്ങൾ സജീവമായി കൈകാര്യം ചെയ്യുക എന്നിവ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും പ്രവർത്തന സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള പ്രധാന തന്ത്രങ്ങളിൽ ഉൾപ്പെടുന്നു. കെ.ഡബ്ല്യു.എ യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ, ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യു.ടി.പി കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷാ ഉറപ്പാക്കൽ എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരവും നിരീക്ഷണവും കെ.ഡബ്ല്യു.എ യുടെ ക്വാളിറ്റി കൺട്രോൾ വിംഗാണ് നടത്തുന്നത്. നദീ സ്രോതസ്സുകൾ, കിണറുകൾ, സ്വകാര്യ സാമ്പിളുകൾ തുടങ്ങിയവയിലെ വെള്ളത്തിന്റെ ഗുണ നിലവാരവും ക്വാളിറ്റി കൺട്രോൾ വിംഗിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധിക്കുന്നുണ്ട്. 14 ജില്ലകൾക്കും ജില്ലാതല ലബോറട്ടറികളുണ്ട്. കൂടാതെ NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ നെട്ടൂരിൽ 2009-ൽ സ്ഥാപിതമായ സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റി (SRI), ജലഗുണനിലവാര പരിശോധനകളുടെയും മേൽനോട്ടത്തിന്റെയും സ്ഥാപനമായി പ്രവർത്തിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തുകയും രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും 2024-25 ൽ 104.97 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇതോടൊപ്പം, ഊർജ സംരക്ഷണ നടപടികളുടെ ഭാഗമായി പഴകിയ പമ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിച്ചും, സ്റ്റാറ്റിക് കപ്പാസിറ്ററുകൾ സ്ഥാപിച്ചും, ഡിമാൻഡ് കണക്ഷനുകൾ ഹൈ ടെൻഷൻ (HT) കണക്ഷനുകളാക്കി മാറ്റുകയും ചെയ്യുക മുഖേന വൈദ്യുതി കാര്യക്ഷമത വർധിപ്പിക്കാനുള്ള നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഇത്തരം ശാസ്ത്രീയമായ ഇടപെടലുകളിലൂടെ വാർഷിക വൈദ്യുതി ഉപഭോഗവും അനുബന്ധ ചെലവുകളും ഗണ്യമായി കുറയ്ക്കാൻ സാധിച്ചു.

പമ്പ് ഹൗസുകളും ജലശുദ്ധീകരണ പ്ലാന്റുകളും ജനങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം ഉറപ്പാക്കുന്നതിനുള്ള സുപ്രധാന അടിസ്ഥാന സൗകര്യങ്ങളാണ്. സമൂഹത്തിന് ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം നൽകുന്നതിൽ അവർ നിർണായക പങ്ക് വഹിക്കുന്നു. പ്രവർത്തനത്തിലെ അപാകതകൾ, ഘടനാപരമായ അസ്ഥിരത, കെമിക്കൽ എക്സ്പോഷർ, ജോലിയിലെ സുരക്ഷ എന്നിവയെല്ലാം അപകടസാധ്യതകളാണ്. പ്ലാന്റുകൾക്കുള്ള ഐഎസ്ഒ സർട്ടിഫിക്കേഷന് ശരിയായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടുന്ന ആധുനിക രീതികൾ ആവശ്യമാണ്. സുരക്ഷ ഉറപ്പാക്കുന്നതിനായി ഡബ്ല്യു.ടി.പികളിലും കെ.ഡബ്ല്യു.എ യുടെ പമ്പ് ഹൗസുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. 2024-25, 2025-26 കാലയളവിൽ (2025 ഓഗസ്റ്റ് 31 വരെ) 19 പ്രവൃത്തികൾ പൂർത്തിയായി.

**എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി), ഇ-ഗവേണൻസ്, ജി.ഐ.എസ്, ഇൻഫർമേഷൻ മാനേജ്മെന്റ്**

കേരള വാട്ടർ അതോറിറ്റിയിൽ (KWA) സമ്പൂർണ്ണ വെബ് അധിഷ്ഠിത മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2024-25 കാലയളവിൽ ഇ-ഗവേണൻസ്, ജി.ഐ.എസ് (GIS), ഇൻഫർമേഷൻ മാനേജ്മെന്റ് എന്നീ മേഖലകളിൽ കേരള വാട്ടർ അതോറിറ്റി ഗണ്യമായ പുരോഗതി കൈവരിച്ചു. ഐ.ടി. വിഭാഗത്തിന്റെ നേതൃത്വത്തിൽ നിരവധി സംവിധാനങ്ങൾ ഈ കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ താഴെ പറയുന്നവയാണ്:

- **പ്രവാഹക്** - Project Analysis and Evaluation in a Holistic Approach for KWA)
  കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന വിവിധ ജലവിതരണ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി വികസിപ്പിച്ചെടുത്ത ഒരു കേന്ദ്രീകൃത സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമാണ് പ്രവാഹക്. ജൽ ജീവൻ മിഷൻ (JJM), നാബാർഡ്, കിഫ്ബി തുടങ്ങി വിവിധ ഏജൻസികളുടെ ധനസഹായത്തോടെയുള്ള പദ്ധതികളുടെ പുരോഗതി തത്സമയം നിരീക്ഷിക്കാനും കൃത്യമായി മാനേജ് ചെയ്യാനും ഈ സംവിധാനം സഹായിക്കുന്നു.

- **ജെ.ജെ.എം ഡാഷ്ബോർഡ്:**
  ജൽ ജീവൻ മിഷൻ (JJM) പദ്ധതികൾക്കായി പ്രത്യേകമായി വികസിപ്പിച്ചെടുത്ത പ്ലാറ്റ്ഫോമാണിത്. പദ്ധതികളുടെ ഭൗതിക പുരോഗതി, വർക്ക് പാക്കേജുകളുടെ നിരീക്ഷണം, സാമ്പത്തിക അവലോകനം, എഫ്.എച്ച്. ടി.സി (FHTC - Functional Household Tap Connection) കവറേജ്, വിവിധ ഘടകങ്ങളുടെ പ്രവർത്തന പുരോഗതി എന്നിവയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ഈ ഡാഷ്ബോർഡിലൂടെ തത്സമയം ലഭ്യമാക്കുന്നു.

- **ഇ അബാക്കസ്:** റവന്യൂ മോണിറ്ററിംഗ് സെല്ലിന്റെയും (ആർഎംസി) ഫീൽഡ് ഓഫീസർമാരുടെയും അഭ്യർത്ഥന പ്രകാരം സീവേജ് റിപ്പോർട്ടുകൾ, റവന്യൂ റിക്കവറി റിപ്പോർട്ടുകൾ, ബി.പി.എൽ റിപ്പോർട്ടുകൾ എന്നിവയിൽ നിരവധി മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ സർക്കാർ വകുപ്പുകൾക്കും കേന്ദ്രീകൃത ബില്ലിംഗ് നടപ്പിലാക്കി.

- **പാം-ഹെൽഡ് മെഷീനുകൾ** : പൊതുസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മീറ്റർ റീഡിംഗ്, സ്പോട്ട് ബില്ലിംഗ്, സ്പോട്ട് പേയ്മെന്റ് തുടങ്ങിയ വാതിൽപ്പടി സേവനങ്ങൾ സുഗമമാക്കുന്നതിനുമായി 1060 പാം-ഹെൽഡ് മെഷീനുകൾ വാങ്ങി. കെ-ഡിസ്ക് വികസിപ്പിച്ചെടുത്ത ബില്ലിംഗ് ആപ്ലിക്കേഷനാണ് ഈ മെഷീനുകളിൽ സജ്ജീകരിച്ചിരിക്കുന്നത്.

- **എൽ.എസ്.ജി.ഡി വർക്ക് ട്രാക്കിംഗ് സിസ്റ്റം:** വർക്ക് ഓർഡറുകളുടെ ലൈഫ് സൈക്കിൾ ട്രാക്കുചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് വർക്ക് ട്രാക്കിംഗ് സിസ്റ്റം ഓരോ ടാസ്കിനും തത്സമയ സ്റ്റാറ്റസ് അപ്ഡേറ്റ് നൽകുകയും ഭരണപരമായ അവലോകനത്തിനും തീരുമാനങ്ങൾ എടുക്കുന്നതിനുമായി റിപ്പോർട്ടുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പൂർത്തിയാക്കിയ ജോലികളുടെ ചരിത്രരേഖകളും ഇത് പരിപാലിക്കുന്നു.

- **അക്വാലൂം:** നിലവിലുള്ള ഉപഭോക്തൃ പരാതി പരിഹാര സംവിധാനം, പരാതികൾ രജിസ്റ്റർ ചെയ്യാൻ ഉപയോഗിക്കുന്ന അക്വാലൂം, രജിസ്റ്റർ ചെയ്യുന്നതിൽ നിന്ന് സ്റ്റാറ്റസ് ചെക്ക് സൗകര്യം വരെയുള്ള സമ്പൂർണ്ണ വർക്ക്ഫ്ലോ ഉൾപ്പെടുത്തുന്നതിനായി നവീകരിച്ചു. ഈ സംവിധാനം ഉപയോഗിക്കുന്നതിലൂടെ, പരാതികളിൽ വേഗത്തിലുള്ള നടപടിയും പരിഹാരവും കൈവരിക്കാനാകും. അക്വാലൂമിൽ ഇതുവരെ രണ്ട് ലക്ഷത്തിലധികം പരാതികൾ ലഭിച്ചു. ഇതിൽ 98.37 ശതമാനം പരാതികളും പരിഹരിക്കപ്പെട്ടു.

- **വെബ്സൈറ്റ് നവീകരണം** : 2024-25 കാലയളവിൽ കേരള വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റ് സമഗ്രമായ നവീകരണത്തിന് വിധേയമാക്കി. അനധികൃത ലോഗിൻ ശ്രമങ്ങൾ നിരീക്ഷിക്കാനുള്ള സുരക്ഷാ സംവിധാനങ്ങൾ, പ്ലഗിനുകൾ, തീമുകൾ, സി.എം.എസ് (CMS), ഡി.സി.ബി (DCB) റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പുതിയ ഡിസൈൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പുനർരൂപകൽപ്പന ചെയ്ത ഡാഷ്ബോർഡ്, ജനറൽ ട്രാൻസ്ഫർ നടപടികൾക്കായി പ്രത്യേകം തയ്യാറാക്കിയ പേജുകളും ടെംപ്ലേറ്റുകളും എന്നിവയും ഈ പരിഷ്കരണത്തിലൂടെ നടപ്പിലാക്കി.

- **പ്രോജക്റ്റ് മോണിറ്ററിംഗ് ടൂൾ (PASK) :** പദ്ധതികളുടെ പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ച വിപുലമായ സംവിധാനമാണ് PASK. പദ്ധതികളുടെ ഷെഡ്യൂൾ, ബജറ്റ്, ഗുണനിലവാരം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ഡാഷ്ബോർഡ് വഴി റിയൽ-ടൈം അവലോകനങ്ങൾ നൽകാൻ ഈ ടൂളിന് സാധിക്കും. പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കാനും നിലവിലുള്ള പദ്ധതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.

- **ജി ഐ എസുമായി ബന്ധപ്പെട്ടത്:**

**a.കെ.ഡബ്ല്യൂ.എ അസറ്റ് മാപ്പിംഗും മോണിറ്ററിംഗും:**
ജൽ ജീവൻ മിഷൻ (JJM) പദ്ധതിയുടെ ഭാഗമായി നടന്ന പൈപ്പ്ലൈൻ പ്രവൃത്തികളുടെ 90 ശതമാനവും ജി.ഐ.എസ് സെൽ ട്രാക്ക് ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾ പോർട്ടലിൽ ലഭ്യമാണ്. കൂടുതൽ സ്ഥലംപരമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയും കുസാറ്റും സംയുക്തമായി വികസിപ്പിച്ച

ആൻഡ്രോയിഡ് ആപ്ലിക്കേഷൻ നിലവിൽ അന്തിമ പരിഷ്കരണ ഘട്ടത്തിലാണ്. കെ.ഡബ്ല്യു. എയുടെ ആസ്തിവിവരങ്ങൾ ശേഖരിക്കുന്നതിനായി ഈ ആപ്പ് ഉടൻ സജ്ജമാകും.

b. **പ്രധാനമന്ത്രി ഗതി ശക്തി- ദേശീയ മാസ്റ്റർ പ്ലാൻ:** ദേശീയ ജൽ ജീവൻ മിഷന്റെ (NJJM) നിർദ്ദേശാനുസരണം, ജല അതോറിറ്റിയിലെ ജി.ഐ.എസ് (GIS) സെൽ നിലവിൽ നോഡൽ ഓഫീസായി പ്രവർത്തിക്കുകയും ജി.ഐ.എസ് സംബന്ധമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച പൈപ്പ്ലൈൻ ശൃംഖലയുടെ വിവരങ്ങൾ ഓരോ പദ്ധതി അടിസ്ഥാനത്തിലും പി.എം. ഗതിശക്തി പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നു . കൂടാതെ, എൻ.ജെ.ജെ.എം (NJJM) ഏകോപനത്തിനായുള്ള നോഡൽ ഓഫീസായി പ്രവർത്തിച്ചുകൊണ്ട് നിർണ്ണായകമായ ഭൗമവിവരങ്ങളുടെ ഏകീകരണത്തിലും ഈ വിഭാഗം പ്രധാന പങ്കുവഹിക്കുന്നു.

- **ഇ-ടാപ്പ്:** വാട്ടർ കണക്ഷൻ അപേക്ഷകർക്ക് നോൺ-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഒരു ഓപ്ഷൻ ഇ-ടാപ്പിൽ ചേർത്തിരിക്കുന്നു.

- **ബി.പി.എൽ അപേക്ഷ:** യോഗ്യരായ ഉപഭോക്താക്കളിൽ നിന്ന് ബിപിഎൽ അപേക്ഷകൾ ക്ഷണിക്കുന്നതിനായി പുതിയ ഓൺലൈൻ ആപ്ലിക്കേഷൻ ആരംഭിച്ചു. ഈ വർഷം 10 ലക്ഷം ഉപഭോക്താക്കളാണ് ഈ പുതിയ ആപ്ലിക്കേഷൻ വഴി അപേക്ഷിച്ചത്.

- **മെറ്റീരിയൽ മാനേജ്മെന്റ് സിസ്റ്റം (MMS) :** മെറ്റീരിയൽ മാനേജ്മെന്റ് സിസ്റ്റം എന്നത് വിവിധ വകുപ്പുകളിലേക്കും പ്രവർത്തന സ്ഥലങ്ങളിലേക്കും ആവശ്യമായ സാമഗ്രികളുടെ വാങ്ങൽ, വിതരണം, പിന്തുടർച്ച എന്നിവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി രൂപകൽപ്പന ചെയ്ത സമഗ്രമായ ഫുൾ-സ്റ്റാക്ക് വെബ് ആപ്ലിക്കേഷനാണ്. സാമഗ്രികൾ ആവശ്യപ്പെടൽ, അംഗീകാരം, വിതരണം, നിരീക്ഷണം എന്നിവ ക്രമബദ്ധവും സുതാര്യവുമായ രീതിയിൽ നടപ്പാക്കുന്നതിന് ഈ സംവിധാനം സഹായിക്കുന്നു.

**കിഫ്ബി പദ്ധതികൾ**

കിഫ്ബിയുടെ കീഴിൽ കെ.ഡബ്ല്യു.എ യുടെ 77 കുടിവെള്ള പദ്ധതികൾക്ക് കേരള സർക്കാർ അനുമതി നൽകിയിരുന്നു. 77 പദ്ധതികൾക്ക് 5406.95 കോടി രൂപയുടെ ധനസഹായം നൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 4976.72 കോടി രൂപയുടെ 66 ജലവിതരണ പദ്ധതികളും 11 സർക്കിളുകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, കൊച്ചി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 430.23 കോടി രൂപയുടെ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കലും ഉൾപ്പെടുന്നു. ഇതിൽ 935.85 കോടി രൂപയുടെ 27 ജലവിതരണ പദ്ധതികളും 160.39 കോടി രൂപയുടെ 5 പുനഃസ്ഥാപന പ്രവൃത്തികളും 2025 മാർച്ച് വരെ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

**അടൽ മിഷൻ ഫോർ റിജുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (എ.എം.ആർ.യു.റ്റി-അമൃത്)**

**അമൃത് 1.0**

അമൃത് 1.0ന് കീഴിൽ ജലവിതരണ മേഖലയിൽ 1376.62 കോടി രൂപയുടെയും (206 പ്രവൃത്തികൾ) മലിനജല നിവാരണ മേഖലയിൽ 246.18 കോടി രൂപയുടെയും (131 പ്രവൃത്തികൾ) അനുവദിച്ചിട്ടുണ്ട്, ഇതിൽ 1137.14 കോടി രൂപയുടെ 180 ജലവിതരണ പദ്ധതികളും 111 മലിനജല നിവാരണ പദ്ധതികളും പൂർത്തീകരിച്ചു. ബാക്കിയുള്ള ജോലികൾ പുരോഗമിക്കുകയാണ്.

അരുവിക്കരയിൽ 75 എം.എൽ.ടി ഡബ്ല്യു.ഡി.പി, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 5 എം.എൽ.ടി മലിനജല ശുദ്ധീകരണ പ്ലാന്റ്, പീച്ചിയിൽ 20 എം.എൽ.ടി ഡബ്ല്യു.ഡി.പി, പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 45 എം.എൽ.ടി ഡബ്ല്യു.ഡി.പി, കൊച്ചിയിലെ എളംകുളത്ത് 5 എം.എൽ.ടി എസ്.ടി.പി, തുടങ്ങിയവയാണ് അമൃത് 1.0ന് കീഴിൽ പൂർത്തിയാക്കിയ പ്രധാന പ്രവൃത്തികൾ. കൊല്ലം ജില്ലയിലെ വസൂരിച്ചിറയിൽ 100 എംഎൽഡി ഡബ്ല്യു.ടി.പിയും കൊല്ലം ജില്ലയിലെ കരീപ്പുഴയിൽ 12 എം.എൽ.ഡി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തികളും അന്തിമഘട്ടത്തിലാണ്. എല്ലാ ജോലികളും 2025 ഡിസംബറിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

**അമൃത് 2.0**

ഗാർഹിക വാട്ടർ ടാപ്പ് കണക്ഷനോടൊപ്പം സാർവത്രിക പൈപ്പ് ജലവിതരണം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് അമൃത് 2.0 ആരംഭിക്കുകയുണ്ടായി. എല്ലാ 4800 നിയമാനുസൃത പട്ടണങ്ങളിലും ജലവിതരണത്തിന്റെ സാർവത്രിക കവറേജും 500 അമൃത് നഗരങ്ങളിൽ 100 ശതമാനം മലിനജല/സെപ്റ്റേജ് മാനേജ്മെന്റും നൽകുക എന്നതാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ഏകദേശം 3500 കോടി രൂപ വിഹിതത്തിൽ ഉൾപ്പെടുത്തി കേരളത്തിൽ 93 യുഎൽബികൾക്ക് ജലവിതരണത്തിന്റെ സാർവത്രിക കവറേജും 9 അമൃത് നഗരങ്ങളിൽ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റും നടപ്പാക്കേണ്ടതുണ്ട്. ഇതിൽ 2449.56 കോടി രൂപ ജലവിതരണത്തിനും 902.16 കോടി രൂപ മലിനജല/സെപ്റ്റേജ് മാനേജ്മെന്റിനും ബാക്കി തുക ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനും ഹരിത ഇടങ്ങളും പാർക്ക് പദ്ധതികളും വികസിപ്പിക്കുന്നതിനും നീക്കിവച്ചിരിക്കുന്നു. അമൃത് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി (SWAP 1 & 2) ആകെ 1674.80 കോടി രൂപ മൂല്യമുള്ള 157 കുടിവെള്ള വിതരണ പദ്ധതികൾക്കും, 457.80 കോടി രൂപയുടെ 14 മലിനജല സംസ്കരണ (സെവറേജ്) പദ്ധതികൾക്കും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളിൽ 67 ഉപപദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചു. 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷമാണ് പദ്ധതിയുടെ കാലയളവ്. (കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും എന്ന അധ്യായം കാണുക)

**റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (ആർ.കെ.ഐ)**
റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു (ആർ.കെ.ഐ) കീഴിൽ 303.75 കോടി രൂപയുടെ പതിനേഴ് ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകി. പുതിയ ജലസംഭരണികളുടെ നിർമ്മാണം, വിതരണ സംവിധാനം, പുതിയ ജല കണക്ഷനുകളും ജലവിതരണ മേഖലയിൽ നിലവിലുള്ള വിതരണ സംവിധാനത്തിന്റെ പുനരുദ്ധാരണവും പുതിയ ഇൻടേക്ക് വെൽ, ജലവിതരണ മേഖലയ്ക്ക് കീഴിലുള്ള ജലശുദ്ധീകരണ പ്ലാന്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം കോർപ്പറേഷനുവേണ്ടി നിലവിലുള്ള സംവിധാനത്തിന്റെ പുനരുദ്ധാരണത്തിനും മലിനജല/സെപ്റ്റേജ് മാനേജ്മെന്റ് സംവിധാനം ലഭ്യമാക്കുന്നതിനുമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ഊർജ്ജം ഒപ്റ്റിമൈസേഷൻ, കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനം മാറ്റിസ്ഥാപിക്കൽ, തിരഞ്ഞെടുത്ത 28 നഗര തദ്ദേശ സ്ഥാപനങ്ങളിലെ (യു.എൽ.ബി) ടോപ്പോഗ്രാഫിക്കൽ സർവ്വേ, പുതിയ 7 യു.എൽ.ബികൾക്ക് ഡി.ഇ.ആർ തയ്യാറാക്കൽ, റൂറൽ പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, കൊച്ചി എളംകുളം -എസ്.ടി.പിയിലെ നെറ്റ് വർക്കിംഗ് തുടങ്ങിയവയും ആർ.കെ.ഐ വർക്കുകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ ടിവി പുരം പഞ്ചായത്തിലേക്കും എരുമേലി പഞ്ചായത്തിലേക്കുമുള്ള ജലവിതരണ പദ്ധതി (ഡബ്ല്യു.എസ്.എസ്), കൊച്ചിയിലെ ചേരാനല്ലൂർ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി, ചക്കംകണ്ടത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റിനായി ഡൈല്യൂഷൻ ടാങ്ക് നിർമ്മാണം, എനർജി ഒപ്റ്റിമൈസേഷൻ, കാര്യക്ഷമമല്ലാത്ത പമ്പിംഗ് സംവിധാനം, എന്നിവയെക്കുറിച്ചുള്ള പഠനം, ഡി ഇ ആർ തയ്യാറാക്കൽ എന്നിവ ഉൾപ്പെടെ 9 പ്രവർത്തികൾ പൂർത്തിയാക്കി. മറ്റെല്ലാ ജോലികളും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**ജപ്പാൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക) യുടെ സഹായത്തോടെയുള്ള കേരള ജലവിതരണ പദ്ധതി**

തിരുവനന്തപുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ അഞ്ച് ജലവിതരണ പദ്ധതികൾ നടപ്പാക്കാനാണ് ജെ.ഐ.സി.എ (ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി) യുടെ സഹായത്തോടെയുള്ള ജലവിതരണ പദ്ധതി വിഭാവനം ചെയ്യുന്നത്.
അഞ്ച് പദ്ധതികളും കമ്മീഷൻ ചെയ്യുകയും ഗുണഭോക്താക്കൾക്ക് ജലവിതരണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നിവിടങ്ങളിൽ വിഭാവനം ചെയ്ത വിതരണ ശൃംഖലകൾ പൂർണമായും സജ്ജമായി. തിരുവനന്തപുരത്ത് രണ്ട് ഡബ്ല്യുഡിപികളുടെ പുനഃസ്ഥാപിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോഴിക്കോട് മീനാട് പദ്ധതികൾക്കായി, വിതരണ സംവിധാനത്തിന്റെ ഒരു ഭാഗം ഒഴികെയുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുകയും പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചെയ്തു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ 5 ജില്ലകളിലായി ഏകദേശം 41 ലക്ഷം ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**ജൽജീവൻ മിഷൻ (ജെ.ജെ.എം)**
രണ്ട് വർഷത്തിനുള്ളിൽ ഗ്രാമീണ ഇന്ത്യയിലെ എല്ലാ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും സുലഭവുമായി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് ജൽജീവൻ മിഷൻ (ജെ.ജെ.എം). എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തോടുകൂടിയതും മതിയായ അളവിലുള്ള കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം. കേന്ദ്രവും സംസ്ഥാനവും തമ്മിൽ

**പട്ടിക 11.4.1** 2025 ഒക്ടോബർ 31 വരെയുള്ള ജൽ ജീവൻ മിഷന്റെ (ജെ.ജെ.എം) സാമ്പത്തിക പുരോഗതി (രൂപ കോടിയിൽ)

| വർഷം | ജെ.ജെ. എം. വിഹിതം | ഓപ്പണിംഗ് ബാലൻസ് | കേന്ദ്ര സർക്കാർ അനുവദിച്ചത് ( കേന്ദ്ര വിഹിതം) | സംസ്ഥാന സർക്കാർ അനുവദിച്ചത് (സംസ്ഥാന വിഹിതം) | ആകെ ലഭ്യമായ ഫണ്ടുകൾ | ചെലവ് ( കേന്ദ്ര വിഹിതം) | ചെലവ് (സംസ്ഥാന വിഹിതം) | ആകെ ചെലവ് (കേന്ദ്ര, സംസ്ഥാന വിഹിതം) | ഭൗതിക നേട്ടം (കണക്ഷനുകളുടെ എണ്ണം/ എഫ്.എച്ച്.ടി.സി) |
|---|---|---|---|---|---|---|---|---|---|
| 2019-20 | 497.52 | 0 | 101.29 | 101.29 | 202.58 | 62.26 | 63.7 | 125.96 | 0 |
| 2020-21 | 808.84 | 76.62 | 303.18 | 303.18 | 682.98 | 304.29 | 317.61 | 621.9 | 404464 |
| 2021-22 | 3609.18 | 61.08 | 1353.44 | 1353.44 | 2767.96 | 957.44 | 1059.57 | 2017.01 | 663874 |
| 2022-23 | 4413.08 | 750.95 | 2206.56 | 1616.28 | 4573.79 | 1741.93 | 1741.67 | 3483.6 | 529487 |
| 2023-24 | 2653.4 | 1090.17 | 671.18 | 1207.15 | 2968.5 | 1465.42 | 1448.53 | 2913.95 | 352208 |
| 2024-25 | 3853.23 | 54.55 | 974.68 | 1451.94 | 2481.17 | 1233.62 | 1233.61 | 2467.23 | 137550 |
| **ആകെ** | **15835.25** | | **5610.33** | **6033.28** | | **5764.96** | **5864.69** | **11629.65** | **2087583** |

**ഉറവിടം** : കേരള വാട്ടർ അതോറിറ്റി
*കേന്ദ്ര സർക്കാരിന്റെ വിഹിതത്തെ അടിസ്ഥാനമാക്കിയുള്ള വിഹിതം മാത്രം. എന്നാൽ പൂർണമായി റിലീസ് ചെയ്തിട്ടില്ല

50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. 50 ശതമാനം സംസ്ഥാന വിഹിതത്തിൽ 15 ശതമാനം പഞ്ചായത്ത് വഹിക്കുകയും 10 ശതമാനം ഗുണഭോക്തൃ വിഹിതമായി ഉറപ്പാക്കുകയും വേണം. ജൽ ജീവൻ മിഷന്റെ (ജെ.ജെ.എം) തുടക്കം മുതലുള്ള സാമ്പത്തിക പുരോഗതി **പട്ടിക 11.4.1** ൽ കാണിച്ചിരിക്കുന്നു. തുടക്കം മുതലുള്ള സാമ്പത്തിക പുരോഗതി പട്ടിക 11.4.1 ൽ കാണിച്ചിരിക്കുന്നു.

2019–20 മുതൽ 2024–25 വരെയുള്ള കാലയളവിൽ സംസ്ഥാന മാച്ചിംഗ് ഷെയർ ഉൾപ്പെടെ ജെ.ജെ. എമ്മിന് കീഴിൽ ഉപയോഗിച്ച മൊത്തം ഫണ്ട് 11629.65 കോടി രൂപയാണ്. 2024–25 ൽ, സംസ്ഥാന മാച്ചിംഗ് ഷെയർ ഉൾപ്പെടെ ജെ.ജെ.എമ്മിന് കീഴിൽ ഉപയോഗിച്ച മൊത്തം ഫണ്ട് 2481.17 കോടി രൂപയാണ്. 2024–25ൽ ജെ.ജെ.എമ്മിന് കീഴിൽ 1,38,000 ഗ്രാമീണ ഗാർഹിക കണക്ഷനുകൾ നൽകുകയുണ്ടായി. ജെ.ജെ.എമ്മിന് കീഴിൽ 20,87,583 എഫ്.എച്ച്.ടി.സി കൾ നാളിതുവരെ (ഒക്ടോബർ 31,2025) നൽകിയിട്ടുണ്ട്.

**ജലനിധി**

ലോകബാങ്ക് സഹായത്തോടെ ജലനിധി പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു പ്രത്യേകോദ്ദേശ്യമായാണ് കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ) രൂപീകരിച്ചത്. 2000–2008 കാലയളവിൽ ജലനിധി ഘട്ടം 1, 2012–2019 കാലയളവിൽ ഘട്ടം 2 എന്നിങ്ങനെ ജലനിധിയുടെ രണ്ട് ഘട്ടങ്ങൾ കെ.ആർ.ഡബ്ല്യൂ.എസ്.എ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. ജലനിധിയുടെ കീഴിൽ സമൂഹാധിഷ്ഠിത ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്ക് നിർണ്ണായക പങ്കുണ്ട്. പങ്കാളിത്ത, സാമൂഹിക നിയന്ത്രിത ജലവിതരണവും ശുചിത്വ സൗകര്യങ്ങളും അവരുടെ തന്നെ ഉടമസ്ഥതയിലുള്ളതും പരിപാലിക്കപ്പെടുന്നതുമായ രീതിയിൽ നടപ്പിലാക്കുന്നതിനായി കെ.ആർ.ഡബ്ല്യൂ. എസ്എ എൻജിഓകളുടെ വിപുലമായ ഒരു ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളിലെ പ്രധാനമായും പട്ടികജാതി, പട്ടികവർഗ്ഗ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഏകീകൃതവും ഉപയോഗപ്രദമായതും വികേന്ദ്രീകൃതവുമായ ഒരു വിതരണ സംവിധാനം ഈ പദ്ധതി മാതൃകയിൽ ജലനിധി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി കൂടിയാണ് കെ.ആർ.ഡബ്ല്യൂ.എസ്എ. കൂടാതെ, സംസ്ഥാനത്ത് മഴവെള്ള സംഭരണ പദ്ധതിയും (ആർ.ഡബ്ല്യൂ.എച്ച്) ഭൂഗർഭ ജല റീചാർജ് (ജി.ഡബ്ല്യൂ.ആർ) പ്രോത്സാഹിപ്പിക്കുന്നതിനായി 2004–ൽ 'മഴകേന്ദ്രം' രൂപീകരിച്ചു. സംസ്ഥാനത്തെ ജനങ്ങൾ, പ്രത്യേകിച്ച് മലയോര, തീരദേശ, വിദൂര പ്രദേശങ്ങളിലെ കുടിവെള്ള ലഭ്യതകുറവുള്ളവർ ഈ പരിപാടിക്ക് നല്ല സ്വീകാര്യതയാണ് നൽകുന്നത്. പല ഗ്രാമപഞ്ചായത്തുകളും, പ്രത്യേകിച്ച് മലയോര മേഖലകളിലും തീരപ്രദേശങ്ങളിലുമുള്ളവ,

**പട്ടിക 11.4.2.** 2025 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജല വിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ

| ക്രമ നം | ജില്ല | ഗാർഹിക കണക്ഷനുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 4,572 |
| 2 | കൊല്ലം | 22,663 |
| 3 | പത്തനംതിട്ട | 5,977 |
| 4 | ആലപ്പുഴ | 0 |
| 5 | കോട്ടയം | 58,247 |
| 6 | ഇടുക്കി | 41,677 |
| 7 | എറണാകുളം | 2,173 |
| 8 | തൃശ്ശൂർ | 66,632 |
| 9 | പാലക്കാട് | 50,771 |
| 10 | മലപ്പുറം | 95,770 |
| 11 | കോഴിക്കോട് | 51,110 |
| 12 | വയനാട് | 41,086 |
| 13 | കണ്ണൂർ | 24,416 |
| 14 | കാസർഗോഡ് | 23,831 |
| | **ആകെ** | **4,88,925** |

**ഉറവിടം:** കെ.ആർ.ഡബ്ല്യൂ.എസ്.എ

തങ്ങളുടെ കുടിവെള്ള വെല്ലുവിളികൾ നേരിടുന്നതിനുള്ള സാങ്കേതിക പരിഹാരമായി മഴവെള്ള സംഭരണം സജീവമായി സ്വീകരിക്കുന്നു. 10,000 ലിറ്റർ ശേഷിയുള്ള 12,186 മഴവെള്ള സംഭരണികളും 2,936 കിണർ റീചാർജ് ഘടനകളും 2025 ഓഗസ്റ്റ് 31 വരെ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമായ "ജൽ ജീവൻ മിഷന്റെ" ഒരു നിർവ്വഹണ ഏജൻസി കൂടിയാണ് നിലവിൽ കെ.ആർ. ഡബ്ല്യൂ.എസ്.എ. കേരളത്തിൽ നടപ്പാക്കിയ ജലനിധി മാതൃകയോട് ഏറെ സാമ്യമുള്ളതാണ് ജലജീവൻ മിഷനിൽ പിന്തുടരുന്ന ആശയവും നടപ്പാക്കൽ നടപടിക്രമങ്ങളും. 2025 ആഗസ്റ്റ് 31 പ്രകാരം ജലനിധിയുടെ ജലവിതരണ കണക്ഷനുകളുടെ ജില്ലാ തല വിവരങ്ങൾ **പട്ടിക 11.4.2**–ൽ നൽകിയിട്ടുണ്ട്.

**പദ്ധതി നേട്ടങ്ങൾ**

പദ്ധതി തയ്യാറാക്കൽ, രൂപകൽപന, ഗുണനിലവാരം, നിർവഹണ ക്രമീകരണങ്ങൾ, നിരീക്ഷണവും വിലയിരുത്തലും, പരിസ്ഥിതി, സാമൂഹിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കൽ, വിശ്വസ്ത മാനേജ്മെന്റ്, സംഭരണം എന്നീ മേഖലകളിൽ ജലനിധി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 227 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 4.52 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഘട്ടം–1 ഉം 2 ഉം പദ്ധതികളിലായി 5884 പദ്ധതികൾ കെ.ആർ.ഡബ്ല്യൂ.എസ്.എ നടപ്പാക്കിയിട്ടുണ്ട്. 1.04 ലക്ഷം വ്യക്തിഗത ശൗചാലയങ്ങൾ, 24,194 കക്കൂസ് കൺവർഷൻ, 96,703 പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ യൂണിറ്റുകൾ (സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ്, വെർമിൻ കമ്പോസ്റ്റ് മുതലായവ) 1,916 ബയോ ഗ്യാസ് യൂണിറ്റുകൾ ഇതിൽ ഉൾപ്പെടും. ഒന്നാം ഘട്ടത്തിലെ പദ്ധതികൾ 20 വർഷത്തിലേറെയായി പ്രവർത്തനക്ഷമമാണ്. പ്ലാൻ സ്കീമിന് കീഴിലും ജലനിധി 1, 2 ഘട്ടങ്ങളിലും ഒരുമിച്ച്

40,600 മഴവെള്ള സംഭരണികൾ നിർമ്മിച്ചുകൊണ്ട് കെ.ആർ.ഡബ്ല്യു.എസ്.എ സംസ്ഥാനത്ത് മഴവെള്ള സംഭരണ പരിപാടി ജനകീയമാക്കി. 2024–25 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ട 900 മഴവെള്ള സംഭരണ (RWH)/ ഭൂഗർഭജല റീചാർജിംഗ് (GWR) സംവിധാനങ്ങളിൽ 740 എണ്ണം പൂർത്തിയായി (31.03.2025 വരെ). ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പരിധിയിൽ വരുന്ന ജില്ലതിരിച്ചുള്ള ഗ്രാമീണ ജനസംഖ്യ കണക്കിലെടുക്കുമ്പോൾ തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കവറേജ് ഉള്ളത് (26.32 ശതമാനം). കോഴിക്കോട് ഏറ്റവും കൂടുതൽ പദ്ധതികൾ (1,052) ഉള്ളപ്പോൾ ആലപ്പുഴയ്ക്ക് പദ്ധതികളൊന്നുമില്ല. 2025 ആഗസ്റ്റ് 31 പ്രകാരം 5,926 പദ്ധതികളുടെ പരിധിയിൽ ആകെ 23,68,162 ഗ്രാമീണർ ഉൾപ്പെടുന്നു. ആഗസ്റ്റ് 31, 2025 വരെയുള്ള മൊത്തം 4,88,925 ജലവിതരണ ഗാർഹിക കണക്ഷനുകളിൽ മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ കണക്ഷനുകളുള്ളത് (95,770 കണക്ഷനുകൾ). 66,632 കണക്ഷനുകളുള്ള തൃശ്ശൂരാണ് തൊട്ടു പിന്നാലെ. ജലനിധി പ്രോജക്ട് മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, പദ്ധതികൾ കമ്മീഷൻ ചെയ്തതിനുശേഷം, മുഴുവൻ പ്രവർത്തനങ്ങളും പരിപാലനവും (ഓ&എം) ഗുണഭോക്തൃ സമൂഹങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. അതിനാൽ, അതത് പദ്ധതി മാനേജ്മെന്റ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ഒരോ പദ്ധതിക്കും ജലനിരക്കുകൾ വ്യത്യസ്തപ്പെടുന്നു. മിക്ക പദ്ധതികളിലും ഓരോ കുടുംബങ്ങൾക്കും 10,000 ലിറ്ററിന് പ്രതിമാസം ഈടാക്കുന്നത് ശരാശരി 100 രൂപയാണ്. എല്ലാ ജില്ലകളിലേയും ജലനിധിയുടെ ജലവിതരണ പദ്ധതികളുടെ പ്രതിശീർഷ പ്രതിദിന (എൽ പി സി ഡി) ജല ലഭ്യത 70 എൽ പി സി ഡി യാണ്.

നടപ്പാക്കിയ പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി, ഭാഗികമായോ പൂർണ്ണമായോ മുടങ്ങിക്കിടക്കുന്ന സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് വേണ്ടി കേരള സർക്കാർ അനുവദിച്ച പദ്ധതിയാണ് സുസ്ഥിര പിന്തുണ പദ്ധതി. ഈ പദ്ധതിയ്ക്കായി 2018 മുതൽ ബഡ്ജറ്റ് വിഹിതം നീക്കിവെയ്ക്കാറുമുണ്ട്. ഈ പ്രോജക്റ്റിന് കീഴിൽ 2025 ഓഗസ്റ്റ് 31-ന് കെ.ആർ.ഡബ്ല്യു.എസ്.എയ്ക്ക് 1451 പദ്ധതികൾ പുനഃസ്ഥാപിക്കാനാകും. 297 പദ്ധതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഭാവിയിലെ ജലസുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നത് വളരെ പ്രധാനമാണ്. കിണറുകൾ ഭൂഗർഭ ജലം റീചാർജ് ചെയ്യുന്നതിനുള്ള മികച്ച മാർഗ്ഗമാണ്. ശരിയായി സംരക്ഷിച്ച് റീചാർജ് ചെയ്താൽ, കിണറുകൾ വിശ്വസനീയമായ കുടിവെള്ള സ്രോതസ്സുകളായി വർത്തിക്കുകയും അതേ സമയം കുറഞ്ഞു വരുന്ന ഭൂഗർഭ ജല വിതാനം നികത്തുകയും ചെയ്യും. 2025 ഓഗസ്റ്റ് 31-ലെ കണക്കനുസരിച്ച് ആകെ 502 ഗാർഹിക കിണറുകൾ മഴവെള്ള റീചാർജ് സംവിധാനത്തിലൂടെ സംരക്ഷിക്കുകയും സുസ്ഥിര കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുകയും ചെയ്തു. കമ്മ്യൂണിറ്റി നിയന്ത്രിത ചെറിയ ജലവതരണ പദ്ധതികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനത്തിന്റെ അഭാവം. ഒരു പൊതു ജലവിതരണം, ശേഷിയിൽ ചെറുതാണെങ്കിലും, ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പതിവ് നിരീക്ഷണവും സമയബന്ധിതമായ ലഘൂകരണവും ആവശ്യമാണ്. മലിനജല ശേഖരണത്തിന്റെയും സംസ്കരണത്തിന്റെയും അഭാവം സംസ്ഥാനത്തെ പൊതു ജനാരോഗ്യത്തിന് വലിയ ഭീഷണിയായി ഉയർന്നു വരുന്നു. വീട്ടുവളപ്പിൽ നിന്ന് ശേഖരിക്കുന്ന പുനരുപയോഗയോഗ്യമാക്കിയ മലിന ജലം പൂന്തോട്ട പരിപാലനത്തിനും മറ്റ് ഗാർഹികമല്ലാത്ത ആവശ്യങ്ങൾക്കും വീണ്ടും ഉപയോഗിക്കാം. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ജലക്ഷാമം പരിഹരിക്കാനും ജലത്തിനായുള്ള ചെലവ് കുറച്ച് സാമ്പത്തിക ലാഭമുണ്ടാക്കാനും സാധിക്കും. ഇത് സ്വാഭാവിക ജലസ്രോതസ്സുകളെ സംരക്ഷിക്കാനും വളരെയധികം സഹായകരമാണ്. 2025 ഓഗസ്റ്റ് 31-ലെ കണക്കനുസരിച്ച്, ആകെ ലക്ഷ്യമിട്ട 104 ജല ഗുണനിലവാര ലഘൂകരണ യൂണിറ്റുകളിൽ (Water Quality Mitigation Units) 67 എണ്ണം സ്ഥാപിച്ചു. കൂടാതെ, ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിലെ ദുർബല വാസസ്ഥലങ്ങളിലും വയനാട് ജില്ലയിലെ നൂൽപ്പുഴയിലുള്ള ഒരു ഗോത്രവർഗ്ഗ റെസിഡൻഷ്യൽ സ്കൂളിലുമായി 100 ഗ്രേവാട്ടർ മാനേജ്മെന്റ് സംവിധാനങ്ങളും പൂർത്തീകരിച്ചു.

കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളിൽ സോളാർ അധിഷ്ഠിത പമ്പിംഗ് സംവിധാനം നടപ്പിലാക്കി കെ.ആർ.ഡബ്ല്യു.എസ്.എ ഒരു നാഴികക്കല്ല് കൈവരിച്ചു. വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾ താമസിക്കുന്ന ആലത്തൂർ, രാമ്പിള്ളി മേഖലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ നൂതന സംവിധാനം വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ തിരഞ്ഞെടുത്ത സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ മഴവെള്ള സംഭരണികൾ (RWH) നിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന 'ജലസൗഹൃദ വിദ്യാലയം' പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി 840 മഴവെള്ള സംഭരണികൾ ഇതിനകം പൂർത്തീകരിച്ചു. 2025 മാർച്ച് 31-ലെ കണക്കനുസരിച്ച്, സംസ്ഥാനത്തൊട്ടാകെ 11,346 മേൽക്കൂര മഴവെള്ള സംഭരണികളും 2,936 തുറന്ന കിണർ റീചാർജിംഗ് സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ, ഇതേ കാലയളവിനുള്ളിൽ 467 ഗൃഹ കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുകയും ചെയ്തു.

നമ്മുടെ സംസ്ഥാനത്ത് ജലസംരക്ഷണവും ജലഗുണനിലവാരം മെച്ചപ്പെടുത്തലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗം ജല സാക്ഷരതാ പ്രോത്സാഹന പരിപാടികളാണ്. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലസംരക്ഷണത്തിന് ഉയർന്ന മുൻഗണന നൽകുന്നു. ജല സാക്ഷരതാ യജ്ഞം ആരംഭിക്കേണ്ടത് സ്കൂളിൽ നിന്നാണ്. ജലസംരക്ഷണത്തിന്

ഊന്നൽ നൽകി കാമ്പെയ്‌നുകൾ, സർവേകൾ, ക്യാമ്പുകൾ, ഫീൽഡ് ട്രിപ്പുകൾ, റാലികൾ തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ജലശ്രീ ക്ലബ്ബുകൾ സംഘടിപ്പിക്കുന്നു. വീടുകളിലും പരിസര പ്രദേശങ്ങളിലും പ്രായോഗിക ജലത്തിന്റെ ഗുണനിലവാര പരിശോധനയിൽ ക്ലബ് ഏർപ്പെടുകയും, സുരക്ഷിതമായ കുടിവെള്ളത്തിന്റെയും ശുചിത്വത്തിന്റെയും പ്രാധാന്യം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ജീവിത നൈപുണ്യ വികസനം, രക്ഷിതാക്കൾ, സമൂഹങ്ങൾ, സർക്കാരുകൾ, സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് ജലസംരക്ഷണ സാങ്കേതിക വിദ്യകളിലൂടെ ഭൂഗർഭജലനിരപ്പ് മെച്ചപ്പെടുത്തുന്നതിനും മികച്ച രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ശുചിത്വവും പരിസര ശുചീകരണവും മെച്ചപ്പെടുത്തുന്നതിനും ജലശ്രീ ക്ലബ് ഊന്നൽ നൽകുന്നു. നിലവിൽ കെ.ആർ.ഡബ്ല്യു.എസ്.എ ജൽ ജീവൻ മിഷന്റെയും ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസികളുടെയും (ഐ.എസ്.എ) സഹായത്തോടെ സ്കൂളുകളിൽ 858 ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചു.

വിവിധ മേഖലകളിൽ കെ.ഡബ്ല്യു.എ ശുചീകരണ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെടുന്നുണ്ടെങ്കിലും കെ.ആർ.ഡബ്ല്യു.എസ്.എയും ശുചീകരണ പ്രവർത്തന ങ്ങളിലും കാര്യമായ സംഭാവനകൾ നൽകുന്നുണ്ട്. ശുചീകരണ പ്രവർത്തനങ്ങളുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ജില്ല തിരിച്ചുള്ള നേട്ടങ്ങൾ കാണിക്കുന്നത് മലപ്പുറം ജില്ലയിൽ 26,385 മീറ്റർ ഡ്രെയിനേജ് കവറേജ് ഉള്ളതിൽ 14 ജില്ലകളിൽ വച്ച് ഏറ്റവും ഉയർന്നതാണ്. ആഗസ്റ്റ് 31, 2025 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾ (557) കോട്ടയത്താണ് (**അനുബന്ധം 11.4.7**). ഓഗസ്റ്റ് 31, 2025 ലെ കണക്കനുസരിച്ച് ഭൂഗർഭജല റീചാർജ് (ജി ഡബ്ല്യൂ ആർ) സംവിധാനങ്ങളുടെ ആകെ എണ്ണം 2,912 ആണ്. ആഗസ്റ്റ് 31, 2025 വരെയുള്ള ഭൂഗർഭ ജലറീച്ചാർജ്ജ് (ജി ഡബ്ല്യൂ ആർ) ഘടനകളുടെ ഭൂരിഭാഗവും (988) കോട്ടയത്താണ്. അതുപോലെ കെ.ആർ.ഡബ്ല്യൂ. എസ്.എ സംസ്ഥാനത്ത് സ്ഥാപിച്ച മൊത്തം മഴവെള്ള സംഭരണ (ആർ.ഡബ്ല്യൂ.എച്ച്) ടാങ്കുകളുടെ എണ്ണം ആഗസ്റ്റ് 31, 2025 വരെ 35576 ആണ്. ഇത് ഏറ്റവും കൂടുതൽ എണ്ണം (10897) ഇടുക്കിയിലും ഏറ്റവും കുറവ് (251) വയനാട്ടുമാണ് (**അനുബന്ധം 11.4.8**). കെ.ആർ.ഡബ്ല്യൂ.എസ്.എ യുടെ കണക്കനുസരിച്ച് ആഗസ്റ്റ് 31, 2025 പ്രകാരം 5926 പദ്ധതികളിൽ, 5033 ചെറുകിട ജലവിതരണ പദ്ധതികളും 39 വൻകിട ജലവിതരണ പദ്ധതികളും 4 മൾട്ടി ഗ്രാമപഞ്ചായത്ത് പദ്ധതികളും പ്രവർത്തനക്ഷമമാണ്. കൂടാതെ ഇതിന്റെ ഭാഗമായി 488925 കുടുംബങ്ങൾക്ക് ഈ പദ്ധതികളിൽ നിന്ന് പ്രയോജനം ലഭിക്കുകയും ചെയ്യുന്നു. (**അനുബന്ധം 11.4.9**)

**മുന്നോട്ട്**

നഗരവത്കരണവും കാലാവസ്ഥാ വ്യതിയാനവും ഗുണമേന്മയുള്ള ജലലഭ്യതയെ ഗൗരവമായി ബാധിക്കുന്നതിനാൽ പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത വർധിച്ചിട്ടുണ്ട്. പൈപ്പ് കുടിവെള്ള വിതരണത്തിന്റെ വ്യാപനം, ചെറുകിട ജലവിതരണ പദ്ധതികളുടെ ആധുനികവത്കരണവും ഓട്ടോമേഷനും, പ്രവർത്തന-പരിപാലന സംവിധാനങ്ങളുടെ നവീകരണം, മലിനജല ശുചീകരണ സേവനങ്ങളുടെ ശക്തീകരണം, നിരീക്ഷണവും സുരക്ഷാ സംവിധാനങ്ങളും നടപ്പിലാക്കൽ, ഐ.ടി.യും ജിഐഎസ് അടിസ്ഥാനസൗകര്യങ്ങളും ശക്തിപ്പെടുത്തൽ എന്നിവ ജലസുരക്ഷ ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. ജലഗുണനിലവാര നിരീക്ഷണവും സർവെയ്ലൻസ് സംവിധാനങ്ങളും ജലജന്യ രോഗങ്ങൾ തടയുന്നതിന് സഹായകരമായിരിക്കും. മേൽക്കൂര മഴവെള്ള സംഭരണവും ഭൂഗർഭജല ശേഖരണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ജലക്ഷാമം കുറയ്ക്കാൻ കഴിയും. ഐഇസി പ്രവർത്തനങ്ങൾ, കാര്യക്ഷമതവർദ്ധിപ്പിക്കൽ, ജലശ്രീ ക്ലബ്ബുകൾ പോലുള്ള പദ്ധതികളിലൂടെ ജലസംരക്ഷണത്തെക്കുറിച്ചുള്ള ഉപഭോക്തൃ ബോധവൽക്കരണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

# 11.5 ഭവനനിർമ്മാണം

ജീവിത നിലവാരത്തിന്റെയും മാനവ വികസനത്തിന്റെയും പ്രധാന സൂചികകളാണ് ഭവന ഗുണനിലവാരവും ലഭ്യതയും. കേരളം അതിന്റെ വികസന തന്ത്രത്തിന്റെ ഭാഗമായി ദരിദ്രർക്കും താഴ്ന്നവരുമാനക്കാർക്കും വേണ്ടിയുള്ള ഭവന നിർമ്മാണത്തിന് മുൻഗണന നൽകിയിട്ടുണ്ട്. സുരക്ഷിതവും പര്യാപ്തവുമായ ഭവനം ഒരടിസ്ഥാന അവകാശമായി ഉറപ്പാക്കുന്നതിന് സംസ്ഥാനം നിരവധി ഭവന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശ സമിതി മതിയായ പാർപ്പിടം എന്നതിനെ ഭൗതികവാസ സ്ഥലം എന്നതിലുപരിയായി സുരക്ഷ, സമാധാനം, മാന്യത എന്നിവ കൂടി ഉൾചേർത്തുകൊണ്ടാണ് നിർവചിച്ചിട്ടുള്ളത്. ഇന്ത്യൻ ഭരണഘടന പാർപ്പിടത്തിനും ഉപജീവനത്തിനുമുള്ള അവകാശത്തെ അംഗീകരിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) സുരക്ഷിതവും, പ്രതിരോധശേഷിയുള്ളതും, സുസ്ഥിരവുമായ ജനവാസകേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

കേരളം സാമൂഹിക ഭവന നിർമ്മാണത്തിന് സ്ഥിരമായി മുൻഗണന നൽകുകയും നൂതനമായ ഭവന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. 1970-കളുടെ അവസാനത്തോടെ ഭവനനിർമ്മാണത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തവും വർദ്ധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾ വരുന്നതിന് മുൻപ് തന്നെ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പാർപ്പിടം നൽകുന്നതിൽ സംസ്ഥാനം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരുന്നു.

സമീപ വർഷങ്ങളിൽ, ഭവനരഹിതരായ ആളുകൾക്ക് മെച്ചപ്പെട്ട വീടുകൾ നൽകുന്നതിൽ കേരള സർക്കാർ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങൾക്ക് സമഗ്ര ഭവന പിന്തുണ നൽകുന്ന പ്രധാന പദ്ധതിയാണ്.

**ഉപജീവനം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം (ലൈഫ്) മിഷൻ**

പാർപ്പിട പ്രതിസന്ധി ലഘൂകരിക്കുക എന്ന ധീരമായ ദൗത്യം ഏറ്റെടുത്തുകൊണ്ട് ആരംഭിച്ച ഒരു സമഗ്ര പാർപ്പിട പദ്ധതി എന്ന രീതിയിൽ ലൈഫ് പദ്ധതി വേറിട്ട് നിൽക്കുന്നു. കേവലം പാർപ്പിട ആവശ്യങ്ങൾ പരിഹരിക്കുന്നതിനപ്പുറം വിവിധ ക്ഷേമ, സാമൂഹികസുരക്ഷാ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരങ്ങളും ലൈഫ് പദ്ധതി അതിന്റെ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഭൂരഹിതർക്കും ഭവനരഹിതർക്കും ഉള്ള ഈ സമഗ്ര പുനരധിവാസ പദ്ധതി വിവിധ സർക്കാർ പദ്ധതികളുടെ പ്രയോജനം ഏകോപിപ്പിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് സാമൂഹികവും സാമ്പത്തികവുമായ സ്ഥിരതയും ഉറപ്പാക്കുന്നു. അതോടൊപ്പം ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൈപുണ്യ വികസനവും ഉറപ്പാക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ പ്രാദേശിക സവിശേഷതകളിലൊന്നാണ് പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തം. സംസ്ഥാനത്തുടനീളമുള്ള ഭവന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ലൈഫ് മിഷൻ നിർണ്ണായക പങ്ക് വഹിക്കുന്നു.

ലൈഫിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ രണ്ട് സുപ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്നു. (എ) ഭൂമിയോ പാർപ്പിടമോ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും മാന്യവും സുരക്ഷിതവുമായ വീടുകൾ അഞ്ച് വർഷം കൊണ്ട് നിർമ്മിക്കുക (ബി) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ടുകൾ, ജീവകാരുണ്യ ധനസഹായങ്ങൾ കൂടാതെ മറ്റ് സാധ്യമായ ധനസ്രോതസ്സുകൾ ഉൾപ്പെടെ വിവിധ മാർഗ്ഗങ്ങളിലൂടെ ആവശ്യമായ വിഭവങ്ങൾ സമാഹരിച്ച് ഈ ലക്ഷ്യം കൈവരിക്കുക. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി, തദ്ദേശ സ്വയംഭരണ വകുപ്പ് (എൽ. എസ്.ജി.ഡി) വഴിയും പട്ടികജാതി, പട്ടികവർഗ വകുപ്പുകൾ വഴിയും പദ്ധതി വിഹിതം വകയിരുത്തപ്പെടുന്നു. ഇതുകൂടാതെ, ലൈഫ്

പദ്ധതി നടപ്പാക്കുന്നതിനു പിന്തുണ നൽകുന്നതിനായി സർക്കാർ ഗ്യാരണ്ടിയോടെ ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹഡ്കോ) ൽ നിന്ന് വായ്പകൾ സ്വീകരിച്ച് പ്രവർത്തിക്കുന്ന കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിനും (കെ.യു.ആർ.ഡി.എഫ്.സി) പദ്ധതിവിഹിതം വകയിരുത്തുന്നു.

സംസ്ഥാന പദ്ധതി വിഹിതത്തിന് പുറമേ, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സാധാരണ വിഹിതം (ജനറൽ ഫണ്ട്) പട്ടികജാതി ഉപപദ്ധതി ( എസ്.സി.എസ്.പി), പട്ടികവർഗ ഉപപദ്ധതി (ടി.എസ്.പി) എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം പാർപ്പിട മേഖലയ്ക്കായി നീക്കിവെക്കുന്നു. ഇങ്ങനെ വകയിരുത്തുമ്പോൾ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 20 ശതമാനത്തിൽ കുറയാതെ നീക്കിവയ്ക്കുന്നുവെന്ന് ഉറപ്പാക്കണം.

ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണത്തിനായി കരാർ ഒപ്പുവച്ച ഗുണഭോക്താക്കൾക്ക് ഭവനത്തിന്റെ നിർമ്മാണ പുരോഗതിയെ അടിസ്ഥാനമാക്കി നാല് ഗഡുക്കളായി 4.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ഉൾപ്രദേശങ്ങളിലുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഉപഭോക്താക്കൾക്ക് അഞ്ച് ഗഡുക്കളായി 6.00 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

മൂന്ന് ഘട്ടങ്ങളായിട്ടാണ് ലൈഫ് മിഷൻ പദ്ധതി പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഭാഗികമായി നിർമ്മിച്ചതും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്. ഈ വിഭാഗത്തിൽ, 54,116 വീടുകളിൽ 52,680 വീടുകളുടെയും (97.35 ശതമാനം) നിർമ്മാണം പൂർത്തിയാക്കിയെന്ന ശ്രദ്ധേയമായ നേട്ടം ലൈഫ് മിഷൻ കൈവരിച്ചു. പൂർത്തീകരിച്ച മൊത്തം വീടുകളിൽ 42,850 വീടുകൾ ഗ്രാമപ്രദേശങ്ങളിലും 9,830 വീടുകൾ നഗരപ്രദേശങ്ങളിലും ആണ്. ആദ്യഘട്ടത്തിൽ 19,153 പട്ടികജാതി ഗുണഭോക്താക്കളും, 17,400 പട്ടികവർഗ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കി.

രണ്ടാംഘട്ടത്തിൽ, സ്വന്തമായി ഭൂമിയുള്ള എന്നാൽ വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് നൽകുന്നത്. രണ്ടാം ഘട്ടത്തിൽ 1,02,448 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഒക്ടോബർ 31,2025 ഓടെ 98,576 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു (96.22 ശതമാനം). പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ്, ന്യൂനപക്ഷ വകുപ്പുകളുടെ ഭവന പദ്ധതികൾ ലൈഫ് മിഷനുമായി ലയിപ്പിച്ചതിനാൽ പട്ടികജാതി (എസ്‌സി), പട്ടികവർഗ്ഗ (എസ്ടി), ഫിഷറീസ്, ന്യൂനപക്ഷ വകുപ്പുകളിൽ നിന്നും ഭൂരഹിത ഭവനരഹിതരായവരുടെ അധിക ഗുണഭോക്തൃ പട്ടികകൾ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി. കൂടാതെ, പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രിആവാസ് യോജന (ഗ്രാമം) പദ്ധതികളും ലൈഫ് മിഷനുമായി സംയോജിപ്പിച്ചു. ആയതിനാൽ, രണ്ടാം ഘട്ടത്തിലെ ലൈഫ് മിഷന്റെ നേട്ടത്തിൽ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാനമന്ത്രിആവാസ് യോജന (ഗ്രാമം), പട്ടികജാതി വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ന്യൂനപക്ഷ വകുപ്പ് എന്നിവയിലൂടെ പൂർത്തിയാക്കിയ വീടുകളും ഉൾപ്പെടുന്നു. പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ്, ന്യൂനപക്ഷ വകുപ്പുകൾ യഥാക്രമം 21,386, 10,692, 6,009, 2,363 വീടുകളാണ് ലക്ഷ്യമിട്ടത്, ഈ ലക്ഷ്യങ്ങൾ പൂർണമായും കൈവരിക്കാനായി. പി.എം.എ.വൈ (ഗ്രാമം) പദ്ധതിക്കു കീഴിൽ 76,700 വീടുകൾ ലക്ഷ്യം വച്ചതിൽ, 34,602 വീടുകൾ പൂർത്തീകരിച്ചു. പി.എം.എ.വൈ (നഗരം) പദ്ധതിയിൽ 2025 ഒക്ടോബർ 31-ലെ കണക്കു പ്രകാരം 93,634 വീടുകൾ പൂർത്തിയായി.

കേരളത്തിലെ ഭൂരഹിതരെയും ഭവനരഹിതരെയും പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായിരുന്നു ലൈഫ് മിഷന്റെ മൂന്നാം ഘട്ടം. ഭൂരഹിതരെയും ഭവനരഹിതരെയും കണ്ടെത്തുന്നതിനായി 2017 ൽ ഒരു സർവേ നടത്താൻ കുടുംബശ്രീയെ ചുമതലപ്പെടുത്തുകയുണ്ടായി. സർവേ പ്രകാരം ഏകദേശം 3.37 ലക്ഷം ഭൂരഹിത ഭവനരഹിതരെ കണ്ടെത്തുകയുണ്ടായി. സമഗ്രമായ പരിശോധനയ്ക്ക് ശേഷം, 1,57,775 ഗുണഭോക്താക്കൾ അർഹരാണെന്ന് കണ്ടെത്തി. ഇതിൽ ഗ്രാമപ്രദേശങ്ങളിൽ 33,015 ഉം നഗരപ്രദേശങ്ങളിൽ 1,306 ഉം ഉൾപ്പെടെ 34,321 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചു. ഭൂമി നൽകിയവരിൽ 28,363 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കി.

ഇതുകൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളും ഫിഷറീസ് വകുപ്പും ഭൂമിയുള്ള ഭവനരഹിതരുടെ അധിക പട്ടികകൾ സമർപ്പിച്ചു. ഇവയിൽ നിന്നും 29,475 വീടുകളുടെ നിർമ്മാണം പൂർത്തിയായി. അതോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളും ഫിഷറീസ് വകുപ്പും നൽകിയ ഭൂരഹിത ഭവനരഹിതരുടെ അധിക പട്ടികകളിൽ നിന്ന് 2,054 വീടുകളും പൂർത്തിയാക്കി. ലൈഫ് 2020 പട്ടിക പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്കായി 83,768 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ഭൂരഹിത ഭവനരഹിതർക്കായുള്ള ലൈഫ് 2020 പട്ടികയിൽ നിന്നായി 1,492 വീടുകൾ കൂടി പൂർത്തിയായി. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം 64,006 കുടുംബങ്ങളെ അതിദരിദ്ര കുടുംബങ്ങളായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ 7,484 ഗുണഭോക്താക്കളെ ഭൂരഹിത-ഭവനരഹിതരായും 8,629 ഗുണഭോക്താക്കളെ ഭവനരഹിതരായും തിരിച്ചറിഞ്ഞിട്ടുണ്ട്. അതിദരിദ്ര ഭവനരഹിത വിഭാഗത്തിൽ 4,005 വീടുകളും, അതിദാരിദ്ര ഭൂരഹിത-ഭവനരഹിത വിഭാഗത്തിൽ 1,417 വീടുകളും പൂർത്തിയാക്കി. ലൈഫ് മിഷനു കീഴിൽ സംസ്ഥാനത്ത് 2025 ഒക്ടോബർ 31 വരെ ലൈഫ് ടവറുകൾ ഉൾപ്പടെ 4,71,442 വീടുകൾ പൂർത്തീകരിച്ചു (**പട്ടിക 11.5.1**). നിർമ്മിച്ച മൊത്തം വീടുകളിൽ 1,25,360 വീടുകൾ പട്ടികജാതി ഗുണഭോക്താക്കൾക്കും, 45,976 വീടുകൾ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുമുള്ളതാണ്. കൂടാതെ, 2025 ഒക്ടോബർ-31 ലെ കണക്കനുസരിച്ച് 1,26,660 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവരുകയും ചെയ്യുന്നു.

**പട്ടിക– 11.5.1** ലൈഫ് മിഷൻ പുരോഗതി ഒറ്റനോട്ടത്തിൽ – പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൂർത്തീകരിച്ച വീടുകൾ (2017 മുതൽ 31.10.2025 വരെ)

| ക്രമ നം | ലൈഫ് മിഷൻ/വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | |
|---|---|---|---|
| | | എസ്.സി | എസ്.ടി |
| 1 | ലൈഫ് – ഘട്ടം I (ഭാഗികമായി പൂർത്തീകരിച്ച വീടുകളുടെ പൂർത്തീകരണം) | 19153 | 17400 |
| 2 | ലൈഫ് – ഘട്ടം II (ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം) | 53642 | 17127 |
| 3 | ലൈഫ്– ഘട്ടം III (ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം) | 6618 | 630 |
| 4 | അധിക പട്ടിക (ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം) | 19621 | 7304 |
| 5 | അധിക പട്ടിക (ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം) | 1692 | 280 |
| 6 | ലൈഫ് 2020 +ഇപിഇപി (ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം) | 24136 | 3204 |
| 7 | ലൈഫ് 2020 +ഇപിഇപി (ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന നിർമ്മാണം) | 498 | 31 |
| | **ആകെ** | **125360** | **45976** |

**അവലംബം:** ലൈഫ് മിഷൻ

പി.എം.എ.വൈ (നഗരം), പി.എം.എ.വൈ (ഗ്രാമീൺ), പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ, ഫിഷറീസ് വകുപ്പ് തുടങ്ങിയ മറ്റ് പദ്ധതികളുമായി സഹകരിച്ച് ഒക്ടോബർ 31, 2025 വരെ നിർമ്മിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.5.2** ൽ നൽകിയിരിക്കുന്നു.

കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്ര സർക്കാർ ഭവന പദ്ധതികളിലെ പിന്തുണ കൂടുതൽ ശക്തമാകേണ്ടതുണ്ട്. പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ പദ്ധതിയുടെ ഭാഗമായി ഒരു വീടിന് ഗ്രാമവികസന മന്ത്രാലയം നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് സഹായധനം 1.20 ലക്ഷം രൂപ മാത്രമാണ്. ഇത് കേന്ദ്രവും സംസ്ഥാനവും തമ്മിൽ 60:40 എന്ന അനുപാതത്തിൽ (72,000 + 48,000) പങ്കിടുന്നതാണ്. എന്നാൽ സംസ്ഥാന സർക്കാർ ഈ പദ്ധതി ലൈഫ് മിഷനുമായി സംയോജിപ്പിക്കാൻ തീരുമാനിച്ചതോടെ, ഓരോ വീടിനുമുള്ള സഹായധനം 4.00 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2.80 ലക്ഷം രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ തമ്മിൽ 25:40:35 എന്ന അനുപാതത്തിൽ പങ്കിടുന്നു. പ്രധാനമന്ത്രി ആവാസ് യോജന – അർബൻ 1.0 പദ്ധതിയിൽ വീടുനിർമ്മാണത്തിനുള്ള യൂണിറ്റ് സഹായധനം 1.50 ലക്ഷം രൂപയാണ്. കേന്ദ്ര സർക്കാർ ഈ തുക മൂന്ന് ഘട്ടങ്ങളിലായി (40 ശതമാനം, 40 ശതമാനം, 20 ശതമാനം) അനുവദിക്കുന്നു. അഫോർഡബിൾ ഹൗസിംഗ് പ്രോജക്ട് പ്രകാരം ഓരോ വാസ യൂണിറ്റിനുമുള്ള ശരാശരി ചെലവ് 10.50 ലക്ഷം രൂപയായിരിക്കെ, ഈ ഘടകത്തിലെ കേന്ദ്ര വിഹിതം വെറും 1.50 ലക്ഷം രൂപ മാത്ര മാണ്. ബെനിഫിഷ്യറി–ലെഡ് കൺസ്ട്രക്ഷൻ ഘടകത്തിൽ ഓരോ വീടിനും കേന്ദ്ര സർക്കാരിന്റെ വിഹിതം 1.50 ലക്ഷം രൂപയാണ്. ശേഷിക്കുന്ന 2.50 ലക്ഷം രൂപ സംസ്ഥാന സർക്കാരും നഗര തദ്ദേശ സ്ഥാപനങ്ങളും സംയുക്തമായി വഹിക്കേണ്ടതുണ്ട്.

ഭൂമിയില്ലാത്തതും വീടില്ലാത്തതുമായ ഗുണഭോക്താക്കളെ ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കുന്നതും മിഷന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതുവരെ ലൈഫ് ടവർ പദ്ധതിയുടെ ഭാഗമായി 926 വാസ യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 380 യൂണിറ്റുകൾ ഗ്രാമപ്രദേശങ്ങളിലും 546 യൂണിറ്റുകൾ നഗരപ്രദേശങ്ങളിലുമാണ്. ഇവയിൽ 857 യൂണിറ്റുകൾ (ഗ്രാമപ്രദേശങ്ങളിൽ 354 ഉം നഗരപ്രദേശങ്ങളിൽ 503 ഉം) ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ഉയർന്ന ഡിമാന്റും കാരണം ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ ഭൂമിയും സ്ഥലവും കണ്ടെത്തുകയെന്നത് ക്ലേശകരമാണ്. ഇതിനു പരിഹാരമെന്നോണമാണ് സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനായി ഭൂമി സംഭാവന പ്രോത്സാഹിപ്പിക്കുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' എന്ന സന്നദ്ധ ക്യാമ്പയിന് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചത്. 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിനിലൂടെ 3042.214 സെന്റ് ഭൂമി ലഭ്യമാകുകയും 2743.14 സെന്റ് ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

## സ്പോൺസർഷിപ്പ് പ്രോജക്ടുകൾ–ലൈഫ് മിഷനിലെ മികച്ച മാതൃകകൾ

### ചിറ്റിലപ്പിള്ളി ഭവന പദ്ധതി

ഒരു കുടുംബത്തിന് 2.50 ലക്ഷം രൂപ നിരക്കിൽ 1,000 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനുള്ള പിന്തുണയ്ക്കായി 25.00 കോടി ധനസഹായം നൽകുന്നതിനു കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സർക്കാരുമായി ധാരണാപത്രം ഒപ്പിട്ടു. ഈ പദ്ധതിയുടെ ഭാഗമായി 1,000 ഗുണഭോക്താക്കൾ വിജയകരമായി ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തു. അതിദാരിദ്ര്യ ഗുണഭോക്താക്കളിൽ ഭൂരഹിതരായ 1,000 കുടുംബങ്ങൾക്ക് കൂടി ഭൂമി വാങ്ങുന്നതിനുള്ള സമാന സാമ്പത്തിക സഹായം നൽകുന്നതിനായി ഫൗണ്ടേഷൻ ലൈഫ് മിഷനുമായി ഒരു അധികാര കരാറിലും ഒപ്പു വച്ചിട്ടുണ്ട്.

### ലയൺസ് ലൈഫ് വില്ലേജ്

ലൈഫ് മിഷൻ പദ്ധതികളുടെ നിർവ്വഹണത്തിനായി, സംസ്ഥാന സർക്കാർ ജീവകാരുണ്യ പ്രവർത്തകരുമായും സന്നദ്ധ സംഘടനകളുമായും സഹകരിച്ചുകൊണ്ട് വിവിധ

**പട്ടിക 11.5.2** ലൈഫ് മിഷൻ പൂർത്തീകരിച്ച വീടുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ (2025 ഒക്ടോബർ 31 വരെ)

| ജില്ല | ഭാഗികമായി പൂർത്തീകരിച്ച വീടുകളുടെ പൂർത്തീകരണം | ഭൂമിയുള്ള ഭവനരഹിതർ | | | | | | | ഭൂരഹിത ഭവനരഹിതർ | | | | ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചവർ | ആകെ പൂർത്തീകരിച്ച വീടുകൾ | നിർമ്മാണം പുരോഗമിക്കുന്ന വീടുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഘട്ടം II | പി.എം.എ.വൈ (അർബൻ) | പി.എം.എ.വൈ (ഗ്രാമീൺ) | അഡീഷണൽ ലിസ്റ്റ് എസ്. സി/ എസ്.റ്റി/ഫിഷറീസ്) ഭൂമിയുള്ള ഭവനരഹിതർ | അഡീഷണൽ ലിസ്റ്റ് എസ്. സി/ എസ്.റ്റി/ഫിഷറീസ്) ഭൂമിയുള്ള ഭവനരഹിതർ | ലൈഫ് 2020 (ഭൂമിയുള്ള ഭവനരഹിതർ) | ഇ.പി.ഇ.പി ഭവനരഹിതർ | ഘട്ടം III | അഡീഷണൽ ലിസ്റ്റ് എസ്. സി/ എസ്.റ്റി. /ഫിഷറീസ്) ഭൂരഹിത ഭവനരഹിതർ | ലൈഫ് 2020 (ഭൂരഹിത ഭവനരഹിതർ) | ഇ.പി.ഇ.പി (ഭൂരഹിത ഭവനരഹിതർ) | | | |
| തിരുവനന്തപുരം | 6050 | 15823 | 14215 | 5325 | 4909 | 1868 | 7138 | 290 | 2436 | 87 | 166 | 125 | 24 | 58456 | 15116 |
| കൊല്ലം | 3618 | 8546 | 7179 | 3041 | 3069 | 2331 | 6915 | 220 | 4972 | 43 | 246 | 147 | 37 | 40364 | 9706 |
| പത്തനംതിട്ട | 1176 | 2056 | 1786 | 1429 | 1337 | 1322 | 3622 | 57 | 1012 | 125 | 47 | 13 | | 13982 | 4443 |
| ആലപ്പുഴ | 2728 | 9487 | 5532 | 1881 | 2428 | 2112 | 8203 | 221 | 1389 | 36 | 60 | 51 | | 34128 | 8258 |
| കോട്ടയം | 1102 | 4334 | 2693 | 961 | 1205 | 772 | 5273 | 67 | 2198 | 166 | 58 | 50 | 40 | 18919 | 5316 |
| ഇടുക്കി | 3138 | 10495 | 1930 | 1858 | 1963 | 1878 | 1920 | 202 | 1675 | 108 | 60 | 36 | 246 | 25509 | 7651 |
| എറണാകുളം | 1059 | 5830 | 12647 | 1379 | 2571 | 2287 | 6693 | 259 | 2888 | 200 | 199 | 146 | 101 | 36259 | 5661 |
| തൃശ്ശൂർ | 2997 | 5193 | 9041 | 2767 | 2612 | 1160 | 7403 | 318 | 2721 | 196 | 101 | 198 | 34 | 34741 | 9407 |
| പാലക്കാട് | 7628 | 14651 | 6919 | 4799 | 3518 | 2712 | 6585 | 440 | 3031 | 156 | 23 | 112 | | 50574 | 19076 |
| മലപ്പുറം | 2735 | 6783 | 12359 | 3956 | 6842 | 5410 | 13473 | 579 | 2694 | 523 | 209 | 189 | 400 | 56152 | 19073 |
| കോഴിക്കോട് | 6484 | 5147 | 8561 | 2365 | 2192 | 1971 | 6860 | 579 | 688 | 181 | 44 | 162 | | 35234 | 7384 |
| വയനാട് | 8440 | 4091 | 3105 | 2244 | 3699 | 2177 | 1868 | 276 | 900 | 0 | 12 | 17 | | 26829 | 6285 |
| കണ്ണൂർ | 2645 | 2544 | 5725 | 1109 | 2023 | 1465 | 4782 | 392 | 736 | 140 | 228 | 121 | 44 | 21954 | 3860 |
| കാസർകോട് | 2880 | 3596 | 1942 | 1488 | 2082 | 2010 | 3033 | 105 | 1023 | 93 | 39 | 50 | | 18341 | 5424 |
| **ആകെ** | **52680** | 98576 | 93634 | 34602 | 40450 | 29475 | 83768 | 4005 | 28363 | 2054 | 1492 | 1417 | 926 | 471442 | 126660 |

അവലംബം: ലൈഫ് മിഷൻ

പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പരിശ്രമങ്ങളുടെ ഭാഗമായി ലൈഫ് ഗുണഭോക്താക്കൾക്ക് 100 വീടുകൾ നിർമ്മിക്കാൻ സന്നദ്ധ സംഘടനയായ ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318-എ, സഹായം വാഗ്ദാനം ചെയ്തിരിക്കുന്നു. ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നുള്ള ഭവനരഹിതരായ 100 വ്യക്തികൾക്ക് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318-എ സ്പോൺസർഷിപ്പിന് കീഴിൽ ഭവന സഹായം ലഭ്യമാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തും കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തും പരവൂർ മുനിസിപ്പാലിറ്റിയും നൽകിയ സ്ഥലത്താണ് വീടുകൾ നിർമ്മിക്കുന്നത്. നിർമ്മാണച്ചെലവ് ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്റ്റ് 318-എ പൂർണമായും വഹിക്കും.

ഭവന നിർമ്മാണ സാമഗ്രികളുടെ ഉയർന്നവില ലൈഫ് ഗുണഭോക്താക്കൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ്. ലൈഫ് മിഷൻ ഈ വിഷയം പരിഹരിക്കുന്നതിനായി വിവിധ വെണ്ടർമാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉല്പന്നത്തിന്റെ പരമാവധി വിൽപ്പന വിലയേക്കാളും 20 മുതൽ 60 ശതമാനം വരെ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. തത്ഫലമായി ഇലക്ട്രിക്കൽ ഫിറ്റിങ്ങുകൾ, വയറിങ്ങ് സാമഗ്രികൾ, പെയിന്റ്, സെറാമിക് മെറ്റീരിയൽ, ടാപ്പ് ഫിറ്റിങ്ങുകൾ, വാട്ടർ ടാങ്കുകൾ, സിമന്റ് എന്നിവ കുറഞ്ഞ നിരക്കിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. കൂടാതെ, അനർട്ടുമായി സഹകരിച്ച്, 'ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ' ഭാഗമായി ലൈഫ് ഭവനങ്ങളിൽ പുരപ്പുറ സോളാർ പാനലുകൾ സ്ഥാപിച്ച് വരികയാണ്.

വിവിധ സ്ഥലങ്ങളിലെ ഭൂവിനിയോഗത്തിനുള്ള നിയമപരമായ നിയന്ത്രണങ്ങൾ പദ്ധതി നടപ്പാക്കുന്നതിന് കാര്യമായ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണത്തിന് സ്വന്തമായി ഭൂമിയുള്ള ധാരാളം ഗുണഭോക്താക്കളുടെ ഭൂമി സി.ആർ.ഇസഡ്/തണ്ണീർത്തട മേഖലയ്ക്ക് കീഴിൽ വരുന്നതിനാൽ ആ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം നടത്തുന്നതിന് നിയന്ത്രണമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ആവശ്യമായ നിയമഭേദഗതികൾ നടപ്പിലാക്കുന്നതിനായി മിഷൻ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ലൈഫ് മിഷൻ കേരളത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ ജനവിഭാഗങ്ങൾക്ക് സുരക്ഷിതമായ വാസസ്ഥലങ്ങൾ നൽകുന്നതിനും സുസ്ഥിരമായ ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിലും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ സ്ഥാപന സംവിധാനങ്ങളെയും പദ്ധതികളെയും ഏകോപിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്തു കൊണ്ട് ദുർബല വിഭാഗങ്ങൾക്ക് വീട് നൽകുന്നതിൽ വേറിട്ടതും അനുകരണീയവുമായ മാതൃക സൃഷ്ടിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ഭവനരഹിതർക്കും വീട് നൽകുക എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള നൂതന സമീപനമെന്ന നിലയിൽ ലൈഫ് പദ്ധതി ദേശീയ തലത്തിലും ആഗോളതലത്തിലും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് വലിയ കുതിച്ചു ചാട്ടം തന്നെ നടത്താൻ ലൈഫ് മിഷൻ വഴി സാധിക്കുമെന്നും കരുതുന്നു. ഇത് പ്രസ്തുത മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ഒരു നിർണ്ണായക മുന്നേറ്റത്തെ അടയാളപ്പെടുത്തുന്നു.

ഇത് കൂടാതെ, i) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, ii) ഹൗസിംഗ് (ടെക്നിക്കൽ സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്), iii) കേരള സംസ്ഥാന നിർമിതി കേന്ദ്രം. പട്ടികജാതി വികസന വകുപ്പ്, കുടുംബശ്രീ, ഗ്രാമവികസന കമ്മീഷണറേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളും സംസ്ഥാനത്ത് ഭവന പദ്ധതികൾ നടപ്പാക്കുന്നതിൽ പങ്കാളികളാണ്.

### മറ്റ് ഭവന നിർമ്മാണ പദ്ധതികൾ

സംസ്ഥാനത്ത് വികേന്ദ്രീകൃത ആസൂത്രണ സംവിധാനം നടപ്പിലാക്കിയതോടെ, പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ഭവന പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനുമുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഈ മാറ്റം, പ്രത്യേകിച്ച് ലൈഫ് മിഷന്റെ കീഴിൽ, ഭവന വികസനത്തിൽ കൂടുതൽ ജനകീയവും പ്രാദേശികവുമായ ഇടപെടലുകൾക്ക് വഴിയൊരുക്കി. ഇതിനോടൊപ്പം തന്നെ, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പൂരകമാകുന്ന രീതിയിലും പ്രവർത്തനങ്ങളിലെ ആവർത്തനം ഒഴിവാക്കുന്നതിനുമായി ഭവന നിർമ്മാണ വകുപ്പ് തങ്ങളുടെ ചുമതലകൾ പുനർനിർവചിച്ചിട്ടുണ്ട്. മധ്യവർഗക്കാർക്കുള്ള ഭവനങ്ങൾ, സർക്കാർ ജീവനക്കാർക്ക് മിതമായ നിരക്കിലുള്ള വാടക വീടുകൾ, നിലവിലുള്ള വീടുകളുടെ നവീകരണം, മുതിർന്ന പൗരന്മാർക്കും ജോലി ചെയ്യുന്ന സ്ത്രീകൾക്കുമുള്ള പിന്തുണ തുടങ്ങിയ മേഖലകളിലാണ് ഭവന നിർമ്മാണ വകുപ്പ് ഇപ്പോൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രസ്തുത ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ സമഗ്രവും സുസ്ഥിരവുമായ ഭവന വികസനം എന്ന കേരളത്തിന്റെ കാഴ്ചപ്പാട് ഭവന നിർമ്മാണ വകുപ്പ് യാഥാർത്ഥ്യമാക്കുന്നു.

ഈ മേഖലയിലെ പ്രത്യേക ഏജൻസികൾ വഴി ഭവന നിർമ്മാണ വകുപ്പ് സംസ്ഥാനത്ത് നിരവധി ഭവന പദ്ധതികൾ നടപ്പിലാക്കുന്നു. ഏജൻസികൾ ചുവടെ പറയുന്നു:

i. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്,
ii. ഹൗസിംഗ് (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്),
iii. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

### I. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

കേരള സർക്കാരിന്റെ കീഴിലുള്ള ഭവന നിർമ്മാണ മേഖലയിലെ പ്രധാന നിർവ്വഹണ ഏജൻസികളിലൊന്നായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെഎസ്എച്ച്ബി) പൊതു ഭവന പദ്ധതികളിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്നുണ്ട്. ഗൃഹശ്രീ ഭവന പദ്ധതി, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ, സാമ്പത്തികമായി

പിന്നാക്കം നിൽക്കുന്നതും (ഇ.ഡബ്ല്യു.എസ്)/താഴ്ന്ന വരുമാനക്കാർക്കുമുള്ള (എൽ.ഐ.ജി) ഭവന പദ്ധതി, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള ആശ്വാസ് വാടക ഭവന പദ്ധതി എന്നിവയാണ് 2024-25 ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ. ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ വീടുകൾ ലഭിക്കാൻ അർഹതയില്ലാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുവാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെഎസ്എച്ച്ബി) വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നു.

ഗൃഹശ്രീ ഭവന പദ്ധതി വഴി 2024-25 ൽ 141 വീടുകൾ ഉൾപ്പെടെ 2018-19 മുതൽ ആകെ 1,585 വീടുകൾ നിർമ്മിച്ചു. ലക്ഷംവീട് പദ്ധതി പ്രകാരം മലപ്പുറത്തെ മാറഞ്ചേരിയിൽ ഒരു വീടും, തൃശ്ശൂരിലെ പുത്തൂർ (മരത്താക്കര) 14 വീടുകളും, മാടക്കത്തറയിൽ (മാറ്റംപുറം) 4 വീടുകളും നിർമ്മാണം പൂർത്തിയാക്കി. ബാക്കിയുള്ള വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ, ജീർണ്ണാവസ്ഥയിലായ ലക്ഷംവീടുകൾ ആധുനികവൽക്ക രിക്കുന്നതിനുള്ള 'എം. എൻ. സുവർണ്ണ ഭവനം' പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി കണ്ണൂരിലെ പട്ടുവത്ത് 36 അപ്പാർട്ടുമെന്റുകളും വയനാട് ജില്ലയിലെ തൃക്കൈപ്പറ്റയിൽ 11 സ്വതന്ത്ര വീടുകളുടെയും നിർമാണം കെഎസ്എച്ച്ബി പൂർത്തിയാക്കി. കോഴിക്കോട് മുക്കത്ത് 36 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. ലൈഫ് മിഷനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പരിഗണിക്കാത്ത മധ്യവരുമാന വിഭാഗങ്ങളെ (എം.ഐ.ജി) ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന വായ്പാ അധിഷ്ഠിത സബ്സിഡി പദ്ധതിയിൽ ബാങ്ക് വായ്പയും കൃത്യമായ സബ്സിഡി സഹായവും സംയോജിപ്പിച്ച് കുറഞ്ഞ ചെലവിൽ വീട് സ്വന്തമാക്കാൻ അവസരമൊരുക്കുന്നു. 2025 ഓഗസ്റ്റ് 31-ലെ കണക്കനുസരിച്ച്, പദ്ധതിയുടെ ഭാഗമായി 60 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു വിതരണം ചെയ്തു.

സ്ത്രീ ശാക്തീകരണവും സാമൂഹ്യ സുരക്ഷയും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വനിതാ ഹോസ്റ്റൽ SASCI പദ്ധതിയുടെ ഭാഗമായി, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് (കെഎസ്എച്ച്ബി) തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, കോട്ടയം, ഇടുക്കി, കോഴിക്കോട്, കണ്ണൂർ എന്നീ ഏഴ് ജില്ലകളിൽ ജോലി ചെയ്യുന്ന വനിതകൾക്കായി വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ നടപ്പിലാക്കി.

അർഹരായ കുടുംബങ്ങൾക്ക് സുരക്ഷിതവും മിതമായ നിരക്കിലുള്ളതുമായ പാർപ്പിടം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്ന നൂതനമായ ഒരു ഭവന നിർമ്മാണ പദ്ധതിയാണ് 'സ്വപ്നക്കൂട്'. ആദ്യഘട്ടത്തിൽ ഈ പദ്ധതി പ്രകാരം 75 വീടുകളുടെ നിർമ്മാണത്തിന് അംഗീകാരം ലഭിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും സഹകരണത്തോടെ 60:40 അനുപാതത്തിൽ ചെലവ് പങ്കിട്ടുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, പത്തനംതിട്ടയിലെ റാന്നി, തൃശ്ശൂരിലെ മുളങ്കുന്നത്തുകാവ്, കോട്ടയത്തെ ഗാന്ധിനഗർ, കണ്ണൂരിലെ മട്ടന്നൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു; ഇതോടൊപ്പം തന്നെ സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന ഭവന പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കുറഞ്ഞ നിരക്കിൽ താമസസൗകര്യം ഒരുക്കുന്ന 'ആശ്വാസ വാടക ഭവന പദ്ധതി' പ്രകാരമുള്ള തൃശ്ശൂരിലെ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാവുകയും ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ, കോട്ടയം, ഇടുക്കി ജില്ലകളിൽ മെഡിക്കൽ കോളേജ് അധികൃതർ പദ്ധതിക്കായി ഭൂമി അനുവദിക്കുകയും ഇതുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പിടുകയും ചെയ്തു.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ. എസ്.എച്ച്.ബി) മുഖേന കേരള സർക്കാർ നടപ്പാക്കുന്ന ഒരു നൂതന പദ്ധതിയാണ് 'തന്റെയിടം' (എന്റെ സ്വന്തം ഇടം). സർക്കാരോ സർക്കാരിതര സംഘടനകളോ നടത്തുന്ന ക്ഷേമ ഭവനങ്ങളിൽ താമസിച്ചിരുന്ന, എന്നാൽ പതിനെട്ട് വയസ്സ് തികയുമ്പോൾ പുറത്തു പോകേണ്ടി വരുന്ന ഭവനരഹിതരായ യുവജനങ്ങൾക്ക് വീട് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ ശിശു ക്ഷേമ വകുപ്പുമായി സഹകരിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന പദ്ധതികളിലൊന്നും പട്ടികപ്പെടുത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ഭവനം നൽകുന്നതിനായുള്ള പദ്ധതിയാണിത്. ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ, സ്ത്രീകൾക്ക്, പ്രത്യേകിച്ച് കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം അതിജീവിച്ചവർക്ക് മുൻഗണന നൽകുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത. 2022-23 മുതൽ, ഈ പദ്ധതി ഒരു സവിശേഷമായ നടപ്പാക്കൽ രീതി പിന്തുടരുന്നു. വനിതാ ശിശുവികസന വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം (ഇ.ഡബ്ല്യു.എസ്)/ താഴ്ന്ന വരുമാനക്കാർക്കുള്ള (എൽ.ഐ.ജി) പദ്ധതി പ്രകാരം ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച വീടുകൾ/ഫ്ലാറ്റുകൾ നൽകുന്നു. 'തന്റെയിടം' പദ്ധതിക്കായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ 2.00 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

വാടക വീട് പദ്ധതിയുടെ (ആർ.എച്ച്.എസ്സ്.) കീഴിൽ കാസർഗോഡ് ജില്ലയിലെ വെള്ളരികുണ്ട്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ സർക്കാർ ജീവനക്കാർക്കായി

ഭവന നിർമ്മാണം പുരോഗമിക്കുന്നു. കോഴിക്കോട് പദ്ധതിയുടെ നിർമാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. വയനാട് ജില്ലയിലെ മാനന്തവാടിയിലെയും പാലക്കാട് ജില്ലയിലെ എരിമയൂരിലെയും പദ്ധതികൾക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2025-26 ൽ എരിമയൂരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി സാധ്യതാ പഠനം ഉൾപ്പെടെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

**II.ഭവന (സാങ്കേതിക സെൽ) വകുപ്പ് (ഹൗസിംഗ് കമ്മീഷണറേറ്റ്)**

ഭവന (സാങ്കേതിക സെൽ) വകുപ്പ് കേരള സംസ്ഥാനത്തിന്റെ ഭവന നിർമ്മാണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള സംസ്ഥാനതല സാങ്കേതിക സെൽ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നു. ഭവന നിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ഏകോപനത്തിനും ഭവന നിർമ്മാണ പരിപാടികളിൽ സാങ്കേതിക മികവ് കൈവരിക്കുന്നതിനുമായാണ് 1980 ൽ ഈ വകുപ്പ് രൂപീകരിച്ചത്.

വിവരങ്ങൾ ലഭ്യമാക്കുകയും, സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുകയും, നയങ്ങളുടെയും പ്രോഗ്രാമുകളുടെയും അവലോകനം, ലക്ഷ്യങ്ങൾ നിശ്ചയിക്കൽ, ഭവനനിർമ്മാണ മേഖലയിൽ തീരുമാനമെടുക്കൽ സുഗമമാക്കാനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികൾക്കും ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതികമായും മറ്റുമുള്ള പിന്തുണയും, ഭവന നിർമ്മാണ മേഖലയിലെ ഉയർന്നുവരുന്ന ആവശ്യങ്ങളും സാങ്കേതികവിദ്യകളും ഈ വകുപ്പ് മുഖേന ലഭ്യമാക്കുന്നു. ഭവന നിർമ്മാണ മേഖലയിൽ സ്ഥലമാന അധിഷ്ഠിത വിവര സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളാണ് വകുപ്പ് നടത്തിയത്. 'ഇ-ഗൃഹ' മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും ഹോസ്റ്റിംഗും എന്ന പദ്ധതിക്ക് കീഴിൽ 2023-24, 2024-25 സാമ്പത്തിക വർഷത്തിൽ ആദ്യഘട്ടത്തിൽ വെബ്/മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. സംസ്ഥാനത്ത് നിലവിൽ നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങളും യോഗ്യതാ മാനദണ്ഡങ്ങളും വിവിധ പൊതുമേഖലാ-സ്വകാര്യ ബാങ്കുകളും നൽകുന്ന ഭവന വായ്പകളുടെ വിശദാംശങ്ങളും ഈ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൻറെ വിവിധ പദ്ധതികളുടെ ഓൺലൈൻ നിരീക്ഷണത്തിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിന്റെ വികസനം ആരംഭിച്ചിരിക്കുകയാണ്. ടെൻഡർ ക്ഷണിക്കുന്നത് മുതൽ പദ്ധതി പൂർത്തീകരണം വരെ നീളുന്ന പദ്ധതികളുടെ നടത്തിപ്പിനായി കൺസൾട്ടന്റുമാർ, കോൺട്രാക്ടർമാർ, ഏജൻസികൾ എന്നിവർ തമ്മിൽ ഈ ആപ്ലിക്കേഷൻ വഴി ഇന്റർഫേസ് സംവിധാനം വികസിപ്പിക്കുവാൻ തീരുമാനിച്ചു. ജിയോഫെൻസിംഗ് സാങ്കേതികവിദ്യ, സമയം, ഹാജർ ട്രാക്കിംഗ്, ഉപകരണങ്ങൾ, അസറ്റ് മാനേജ്മെന്റ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

റെന്റ് ആൻഡ് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് മാനേജ്മെന്റ് സിസ്റ്റം' എന്ന പദ്ധതി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ്. കേരള കെട്ടിടങ്ങൾ (വാടകയും ലീസ് നിയന്ത്രണവും) നിയമപ്രകാരം വാടകകരാറുകൾ രജിസ്റ്റർ ചെയ്യുന്നതിനും, കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് നിയമപ്രകാരം അലോട്ടിമാരുടെ അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുമായി ഏകജാലക സംവിധാനമാണ് ഈ പ്ലാറ്റ്ഫോം. കൂടാതെ ഭൂവുടമകൾക്കും വാടകക്കാർക്കും ഉപയോഗിക്കാവുന്ന കരാർ മാതൃകകളും നിബന്ധനകളും വ്യവസ്ഥകളും ഈ പ്ലാറ്റ്ഫോം വഴി ലഭ്യമാണ്. ഇതുവഴി കരാറുകൾ ഏകീകൃതവും നിയമപരമായി ബാധകമാവുകയും, കുറഞ്ഞ ചെലവിൽ രജിസ്ട്രേഷൻ ഉറപ്പാക്കുകയും ചെയ്യുന്നു.

**III കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം**

1989-ൽ സ്ഥാപിതമായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്) കേരള സർക്കാരിന്റെ ഭവന വകുപ്പിന് കീഴിലുള്ള ഒരു അംഗീകൃത ഏജൻസിയാണ്. ഭവന നിർമ്മാണ മേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ ഇത് ഏർപ്പെട്ടിരിക്കുന്നു

- നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കൽ
- തൊഴിൽ രഹിതരായ യുവാക്കൾക്കും പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും നിർമ്മാണ സാങ്കേതികവിദ്യകളിലും അനുബന്ധ ട്രേഡുകളിലും നൈപുണ്യ വികസനത്തിന് പരിശീലനം നൽകുക
- ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം
- കലവറ വഴി സബ്സിഡി നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിൽപ്പന
- ഭവന നിർമ്മാണ മേഖലയിൽ മാനവ വിഭവശേഷി വികസന പരിപാടികൾ ഏറ്റെടുക്കുക, ഭവന നിർമ്മാണത്തിലും അനുബന്ധ മേഖലകളിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുക
- കൂടാതെ അതിന്റെ ടെസ്റ്റിംഗ് ലാബുകൾ മുഖേന നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി നിർമ്മാണ സാമഗ്രികൾ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

സർക്കാർ, സ്വകാര്യ ഉപഭോക്താക്കൾക്കായി നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്ന ഒരു സർക്കാർ ഏജൻസിയാണ് കെസ്നിക്. തൊഴിൽരഹിതരായ യുവാക്കൾക്ക് വിവിധ നിർമ്മാണ മേഖലകളിൽ നൈപുണ്യ വികസനം ഉറപ്പാക്കുന്നതിനായി 'കെസ്നിക്' കൃത്യമായ ഇടവേളകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തുടനീളമുള്ള പ്രാദേശിക കേന്ദ്രങ്ങളിലൂടെ കേന്ദ്രം വൻതോതിലുള്ള പരിശീലന പരിപാടികൾ നടപ്പാക്കി വിശ്വസനീയമായ തൊഴിലാളി വിഭാഗത്തെ സൃഷ്ടിക്കുന്നു. പ്രധാനമായും കൽപ്പണി, കാർപെന്ററി, പ്ലംബിംഗ്, പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, ലാൻഡ്സ്കേപ്പിംഗ്, ഹോർട്ടികൾച്ചർ, പ്രീഫാബ് നിർമ്മാണം, ടെറാക്കോട്ട തുടങ്ങിയ മേഖലകളിലാണ് കെസ്നിക്കിന് കീഴിലുള്ള പരിശീലന വിഭാഗം പ്രായോഗിക പരിശീലനം നൽകിവരുന്നത്.

സർക്കാർ വാസവ്യവസ്ഥാ പദ്ധതികളുടെ ഭാഗമായി വീടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി ബി.പി.എൽ.ഉം ലൈഫ് മിഷനും ഉൾപ്പെടെയുള്ള

ഗുണഭോക്താക്കൾക്ക് 15 ശതമാനം സബ്സിഡിയോടെ 'കലവറ' എന്ന പദ്ധതിയിലൂടെ കെസ്നിക് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നു. പൊതുജനങ്ങൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കെസ്നിക് സ്വന്തമായി ഉത്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. വിപണിയിലെ ആവശ്യകതയും പുതിയ പ്രവണതകളും മുൻനിർത്തി വൈവിധ്യമാർന്ന നിർമ്മാണ സാമഗ്രികളാണ് ഈ കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ചു വരുന്നത്.

55 ലക്ഷം രൂപയുടെ പ്ലാൻ പദ്ധതിവിഹിതം വിനിയോഗിച്ച് വട്ടിയൂർക്കാവിൽ അത്യാധുനികമായ ഒരു കാർപെന്ററി യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. പരമ്പരാഗതവും ആധുനികവുമായ ഫർണിച്ചറുകൾക്ക് പുറമെ, നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ വാതിലുകൾ, ജനാലകൾ, വെന്റിലേറ്ററുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള വിപുലമായ വർക്ക്സ്റ്റേഷൻ സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഉത്പാദനത്തിന് പുറമെ, ഉദ്യോഗാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികളും ഈ യൂണിറ്റ് കേന്ദ്രീകരിച്ച് വിജയകരമായി നടത്തിവരുന്നു.

നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന ഉറപ്പാക്കുന്നതിനായി കെസ്നിക് സംസ്ഥാനത്തെ എട്ട് പ്രാദേശിക കേന്ദ്രങ്ങളിലായി മെറ്റീരിയൽ ടെസ്റ്റിംഗ് ആൻഡ് ക്വാളിറ്റി കൺട്രോൾ ലാബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളും സ്വകാര്യ നിർമ്മാണ ഏജൻസികളും തങ്ങളുടെ നിർമ്മാണ സാമഗ്രികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി ഈ ലബോറട്ടറികളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.

കെസ്നിക് സാങ്കേതിക വിഭാഗത്തിന് കീഴിൽ എല്ലാ പ്രാദേശിക നിർമ്മിതി കേന്ദ്രങ്ങളോടും അനുബന്ധമായി ഹൗസിംഗ് ഗൈഡൻസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കുറഞ്ഞ ചെലവില്ലുള്ളതും പരിസ്ഥിതി സൗഹൃദവുമായ (സി.ഇ.ഇ.എഫ്.) നിർമ്മാണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുക എന്നതാണ് ഈ കേന്ദ്രങ്ങളുടെ പ്രധാന ലക്ഷ്യം. വീട് നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശങ്ങൾ, പ്ലാനുകൾ, ഇതര നിർമ്മാണ മാർഗങ്ങൾ തുടങ്ങി ആവശ്യമായ എല്ലാ വിവരങ്ങളും ഈ കേന്ദ്രങ്ങൾ വഴി ഗുണഭോക്താക്കൾക്ക് ലഭ്യമാണ്.

നിർമ്മാണ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, കെസ്നിക് 14 പ്രാദേശിക കേന്ദ്രങ്ങളിലൂടെയും ഹെഡ് ഓഫീസിലൂടെയുമായി 120 യുവാക്കൾക്ക് പ്രയോജനം ലഭിക്കുന്ന 8 തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ, പഠനം പൂർത്തിയാക്കിയ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിൽ നാല് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സും വിജയകരമായി പൂർത്തിയാക്കി. പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ ബദൽ നിർമ്മാണ സാങ്കേതികവിദ്യകളും മികച്ച നിർമ്മാണ രീതികളും പരിചയപ്പെടുത്തുന്ന ഒരു നൂതന തൊഴിൽ നൈപുണ്യ വികസന പദ്ധതിയായാണ് ഈ കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്.

2024-25 സാമ്പത്തിക വർഷത്തിൽ കെസ്നിക്, ഹെഡ് ഓഫീസിൽ വെർച്വൽ റിയാലിറ്റി സ്റ്റുഡിയോ ഉൾപ്പെടെയുള്ള അത്യാധുനിക ഹൗസിംഗ് ഗൈഡൻസ് സെന്റർ സജ്ജമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ ആർക്കിടെക്റ്റുകൾക്കും എഞ്ചിനീയർമാർക്കും തങ്ങളുടെ ഡിസൈനുകൾ വിലയിരുത്തുവാനും ഇതുവഴി ഡിസൈനിലെ പോരായ്മകൾ മുൻകൂട്ടി കണ്ടെത്താനും ആവശ്യമായ തിരുത്തലുകൾ വരുത്താനും സാധിക്കുന്നു. കൂടാതെ, നിർമ്മാണത്തൊഴിലാളികൾക്ക് അപകടസാധ്യതകളില്ലാത്ത സുരക്ഷിതമായ സാഹചര്യത്തിൽ പുതിയ തൊഴിൽ നൈപുണ്യങ്ങൾ ആർജ്ജിക്കാനുള്ള പരിശീലന കേന്ദ്രമായും ഈ വി.ആർ. സ്റ്റുഡിയോ പ്രയോജനപ്പെടുത്താവുന്നതാണ്.

ചെലവുകുറഞ്ഞതും ഗുണമേന്മയുള്ളതുമായ വീടുകളുടെ നിർമ്മാണത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകുന്നതിനായി കെസ്നിക്കിന്റെ പ്രാദേശിക ഓഫീസുകളിൽ ഹൗസിംഗ് ഗൈഡൻസ് സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. അക്കാദമിക് രംഗത്തെ പുരോഗതി ലക്ഷ്യമിട്ട് കേരള സർക്കാർ കെസ്നിക്കിൽ ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) സ്ഥാപിച്ചു. അക്കാദമിക് രംഗത്തെ പുരോഗതി ലക്ഷ്യമിട്ട് കേരള സർക്കാർ കെസ്നിക്കിൽ ലോറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) സ്ഥാപിച്ചു. ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ (CEEF) നിർമ്മാണ സാങ്കേതികവിദ്യകൾ ഉൾപ്പെടെ ഭവനനിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ അക്കാദമിക് കോഴ്സുകൾ, ഗവേഷണങ്ങൾ, ഹ്രസ്വകാല പരിശീലനങ്ങൾ എന്നിവ ഈ സ്ഥാപനം വഴി നടത്തിവരുന്നു. കൂടാതെ, നഗരത്തിലെ പ്രമുഖ ആർക്കിടെക്ചർ വിദ്യാഭ്യാസ സ്ഥാപനമായ തിരുവനന്തപുരം കോളേജ് ഓഫ് ആർക്കിടെക്ചറുമായി (CAT) ചേർന്ന് 2018-ൽ CAT-LaBISHaS ഡിസൈൻ ലാബ് (CLDL) എന്ന സംയുക്ത സംരംഭത്തിനും തുടക്കം കുറിച്ചു. വിശദമായ ആർക്കിടെക്ചറൽ ഡിസൈനുകൾ വികസിപ്പിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് ഈ ലാബ് പ്രവർത്തിക്കുന്നത്.

### IV. കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ

കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് അതിന്റെ കീഴിലുള്ള സംസ്ഥാനത്തെ പ്രാഥമിക സഹകരണ ഹൗസിംഗ് സൊസൈറ്റികളിലെ അംഗങ്ങൾക്ക് ലളിതമായ തിരിച്ചടവ് വ്യവസ്ഥയിൽ സാധ്യമായ ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള അപ്പക്സ് ബോഡിയാണ്. (i) അംഗ സംഘങ്ങളിൽ നിന്നും കേരള സർക്കാരിൽ നിന്നുമുള്ള ഓഹരി മൂലധന സംഭാവനയും (ii) എൽ.ഐ.സി, നാഷണൽ ഹൗസിംഗ് ബാങ്ക്, മറ്റ്

വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നുള്ള വായ്പയുമാണ് ഫെഡറേഷന്റെ പ്രധാന ഫണ്ടുകളുടെ ഉറവിടങ്ങൾ.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിനും (ഇ.ഡബ്ല്യു.എസ്), ഇടത്തരം വരുമാന വിഭാഗത്തിനും (എം.ഐ.ജി) കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ വീടിന്റെ അറ്റകുറ്റപ്പണികൾക്കുമായി ഭവനവായ്പ നൽകി വരുന്നു. 2019–20 മുതൽ 2025–26 വരെ (2025 ഓഗസ്റ്റ് 31 വരെ) കേരള സംസ്ഥാന കോ–ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ 7156 ഗുണഭോക്താക്കൾക്ക് ഭവന വായ്പ അനുവദിക്കുകയും 38777 ലക്ഷം രൂപ വായ്പയായി നൽകുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 11.5.1**–ൽ നൽകിയിരിക്കുന്നു.

### V. ഹൗസിംഗ് ഫിനാൻസ്

ഭവനനിർമ്മാണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ചെലവു വഹിക്കാൻ സഹായകമായ ഒരു പ്രധാന മാർഗ്ഗമാണ് വീട് നിർമ്മാണത്തിനുള്ള ധനസഹായം. ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, സബ്സിഡികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള ഗ്രാന്റുകൾ, സംസ്ഥാന പദ്ധതികൾ, പ്രാദേശിക സർക്കാർ വിഹിതം, വായ്പകൾ എന്നിവ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിൽ ഉൾപ്പെടുന്നു.

ആർ.ബി.ഐ നിയമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ പ്രധാന ഷെഡ്യൂൾഡ് ബാങ്കുകളും വിവിധ ബാങ്ക് സ്കീമുകളിലൂടെ ഭവനവായ്പ നൽകി വരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം, താഴ്ന്ന വരുമാനക്കാർ, ഇടത്തരം വരുമാനക്കാർ, ഉയർന്ന വരുമാനക്കാർ എന്നിവർക്ക് സർക്കാരിന്റെ വിവിധ ഭവന പദ്ധതികളിലൂടെ ബാങ്കുകൾ വായ്പ നൽകി വരുന്നു. ദേശസാൽകൃത ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, സ്വകാര്യ മേഖലയിലെ വാണിജ്യ ബാങ്കുകൾ, കേരള സംസ്ഥാന കോ–ഓപ്പറേറ്റീവ് ബാങ്കുകൾ, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് (കെ.എസ്.സി.ആർ.ഡി), ചെറുകിട ധനകാര്യ ബാങ്കുകളായ ഹൗസ്ഫെഡ്, ഹഡ്കോ, എച്ച്.ഡി.എഫ്.സി എന്നിവയാണ് സംസ്ഥാനത്തെ സർക്കാർ ഏജൻസികൾക്കൊപ്പം വീട് നിർമ്മാണത്തിന് വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ. കേന്ദ്ര ഗവൺമെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ പ്രഖ്യാപനങ്ങൾക്കനുസരിച്ച് ഭവന വായ്പകളുടെ പലിശ നിരക്കുകൾ മാറുന്നു.

### മുന്നോട്ടുള്ള വഴി

ഭവന നിർമ്മാണ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിനായി സമഗ്രവും ഏകോപിതവുമായ കർമ്മപദ്ധതി അനിവാര്യമാണ്. ലാൻഡ് പൂളിംഗ്, സംയുക്ത വികസനം, നഗര പരിഷ്കരണ നയങ്ങൾ തുടങ്ങിയ ഭൂമി സംബന്ധിച്ച നൂതന സമീപനങ്ങൾ, ഭൂമിയുടെ അപര്യാപ്തത ഫലപ്രദമായി കുറയ്ക്കുകയും സുസ്ഥിര നഗര വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. മൈക്രോഫിനാൻസ് ലഭ്യത വിപുലീകരിക്കുക, സബ്സിഡി പദ്ധതികളുടെ നടപ്പാക്കൽ ശക്തിപ്പെടുത്തുക, പൊതുമേഖല-സ്വകാര്യ പങ്കാളിത്തങ്ങൾ (PPP) പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക പോരായ്മകൾ മറ്റും പരിഹരിക്കുന്നതിനുമായി ധനസ്രോതസ്സുകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുക എന്നിവ സാമ്പത്തിക പരിമിതികൾ മറികടന്ന് പദ്ധതികളുടെ പ്രായോഗികത വർധിപ്പിക്കാനും സഹായകരമാകും. ഭവന നിർമ്മാണ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജലവിതരണം, ശുചിത്വം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം ആവശ്യമാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് റവന്യൂ, ആരോഗ്യം തുടങ്ങിയ പ്രധാന വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനായി ഒരു ഔദ്യോഗിക സംവിധാനം രൂപീകരിക്കുന്നത് പദ്ധതികൾ സുതാര്യമായും സമയബന്ധിതമായും നടപ്പിലാക്കാനും ഭരണപരമായ കാലതാമസം ഒഴിവാക്കാനും നിർണ്ണായകമാണ്.

# 11.6 റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം

പ്രളയത്തിൽ തകർന്ന കേരളത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ആണ് കേരള സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോഗ്രാം (ആർകെഐപി) നടപ്പിലാക്കിയത്. 1924– ന് ശേഷമുള്ള ഏറ്റവും വലിയ വെള്ളപ്പൊക്കത്തെ കേരളം നേരിട്ടത് 2018 ലും 2019 ലും ആയിരുന്നു. പ്രളയവും തുടർന്നുണ്ടായ മണ്ണിടിച്ചിലുകളും കേരള ജനസംഖ്യയുടെ ആറിലൊന്നിനെ നേരിട്ട് ബാധിച്ചു. "പുനരുദ്ധാരണത്തിനും പുനർനിർമ്മാണത്തിനുമായി ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്വീകരിച്ചുകൊണ്ട് പൗരന്മാരുടെ ജീവിതത്തിലും ഉപജീവനമാർഗ്ഗത്തിലും പ്രകടമായ മാറ്റം കൊണ്ടുവരികയും, പുനഃക്രമീകരിച്ച ആസ്തികൾക്ക് ഭാവിയിൽ വെള്ളപ്പൊക്കത്തെ ഫലപ്രദമായി നേരിടാൻ കഴിയുന്ന തരത്തിൽ പാരിസ്ഥിതികവും സാങ്കേതികവുമായ സുരക്ഷാ സംവിധാനങ്ങൾ നിർമ്മിക്കുകയും ചെയ്യുക" എന്ന ലക്ഷ്യത്തോടെയാണ് ആർകെഐ ആരംഭിച്ചത്. കേരളത്തിന്റെ വീണ്ടെടുക്കലിനും നവകേരളത്തിലേക്കുള്ള മുന്നേറ്റത്തിനുമുള്ള ദർശനമാണ് ആർ.കെ.ഐ വിഭാവനം ചെയ്യുന്നത്. സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ, ജീവിത നിലവാരം മെച്ചപ്പെടുത്തൽ, ഭാവിയിലെ ദുരന്തങ്ങളിൽ നിന്ന് ജനങ്ങളെയും ആസ്തികളെയും സംരക്ഷിക്കുന്നതിനും ദീർഘകാല പ്രതിരോധശേഷി ഉറപ്പാക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന പ്രധാന വികസന പദ്ധതികൾ എന്നിവയിലൂടെ ഹരിതവും പ്രതിരോധശേഷിയുള്ളതുമായ ഒരു കേരളമാണ് ആർകെഐ വിഭാവനം ചെയ്യുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാവിയിലെ ദുരന്തങ്ങളുടെയും ആഘാതങ്ങൾ ഉൾപ്പെടെ വെള്ളപ്പൊക്കത്തിന്റെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും എല്ലാ പ്രധാന ഘടകങ്ങളെയും ആർകെഐ അഭിസംബോധന ചെയ്യുന്നു.

**ആർകെഡിപിയുടെ ലക്ഷ്യങ്ങൾ**

താഴെപ്പറയുന്ന ലക്ഷ്യങ്ങൾ ഉദ്ദേശിച്ചിട്ടാണ് റീബിൽഡ് കേരള വികസന പരിപാടി പ്രവർത്തിക്കുന്നത്:

- ഭാവിയിലെ ഏത് ദുരന്തങ്ങളെയും നേരിടുന്നതിന് ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആസ്തികൾ, ഉപജീവനമാർഗങ്ങൾ എന്നിവ ഉറപ്പാക്കുന്ന വിധത്തിൽ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.
- പ്രകൃതിദുരന്തങ്ങളെ നേരിടാൻ വ്യക്തിപരവും സമൂഹപരവും സ്ഥാപനപരവുമായ പ്രതിരോധശേഷി വളർത്തിയെടുക്കുന്നതിനൊപ്പം, മികച്ച രീതിയിൽ തിരിച്ചുവരാൻ സഹായിക്കുന്ന നീതിപൂർവകവും, സമഗ്രവും പങ്കാളിത്ത പ്രവർത്തനത്തിൽ അധിഷ്ഠിതവുമായ പുനർനിർമ്മാണം പരിപോഷിപ്പിക്കുക.

ആർകെഡിപിയുടെ പ്രധാന മേഖലകളിൽ ഇവ ഉൾപ്പെടുന്നു: i) ജലവിഭവ മാനേജ്മെന്റ്, ii) ജലവിതരണം iii) ശുചിത്വം, iv) നഗരം, v) റോഡുകളും പാലങ്ങളും, vi) ഗതാഗതം vii) വനം, viii) മൃഗസംരക്ഷണം, ix) മത്സ്യബന്ധനം, x) ഉപജീവനമാർഗ്ഗം, xi) ഭൂമി. ആർകെഡിപിയിലെ ക്രോസ്-കട്ടിംഗ് മേഖലകളിൽ i) ദുരന്തസാധ്യതാ മാനേജ്മെന്റും പ്രതിരോധശേഷിയും, ii) പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, iii) സ്ഥാപന കാര്യക്ഷമത ശക്തിപ്പെടുത്തൽ, iv) പ്രതിരോധശേഷിയുള്ള ഓപ്പൺ ഡാറ്റ സൃഷ്ടിക്കലും. നിലവിൽ നവകേരളം (നവ കേരളം) വഴി പദ്ധതികൾ നടപ്പിലാക്കുന്നതിലും ആർകെഐ പങ്കാളിയാണ്. നവകേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആർകെഐയുടെ വീണ്ടെടുക്കൽ പ്രക്രിയയുടെ നാല് തത്വങ്ങൾ ഇവ ആണ്: i) സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) –നദിയെ സംരക്ഷിക്കുന്നതിനായുള്ള 'creating room for the river' എന്ന പദ്ധതിയും, ജലത്തെ സംരക്ഷിക്കുന്നതിനായുള്ള 'living with water' എന്ന പദ്ധതിയും, ii) പരിസ്ഥിതി ദുർബലത (eco–sensitive) തിരിച്ചറിയുന്നതും അപകട സാധ്യത മുൻകൂട്ടി അറിയിക്കുന്നതുമായ ഭൂവിനിയോഗവും കുടിയേറ്റ സമീപനവും, iii) ആരേയും ഒഴിവാക്കാതെയുള്ള സമഗ്രവും ജനങ്ങളെ കേന്ദ്രീകരിച്ചുള്ളതുമായ സമീപനം,

iv) അറിവ്, ഇന്നോവേഷൻ, സാങ്കേതികവിദ്യ എന്നിവ പ്രോത്സാഹിപ്പിക്കൽ. 2021–ൽ, 4 വികസന ദൗത്യങ്ങളെ അടിസ്ഥാനമാക്കിയാണ് ആർ.കെ.ഐ.യുമായി ചേർന്ന് നവകേരളം കർമ്മ പദ്ധതി–2 (നവ കേരളം) എന്ന പദ്ധതി സർക്കാർ അവതരിപ്പിച്ചത്. നാല് വികസന ദൗത്യങ്ങളായ 1) ജനസൗഹൃദ പൊതുജനാരോഗ്യ സംവിധാനം സൃഷ്ടിക്കുന്നതിനുള്ള 'ആർദ്രം', 2) കേരളത്തിലെ എല്ലാ ഭവനരഹിത കുടുംബങ്ങൾക്കും ഭവനവും സുസ്ഥിരമായ ഉപജീവനമാർഗ്ഗവും നൽകുന്നതിനുള്ള ലൈഫ് മിഷൻ. 3) മാലിന്യ സംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി സൗഹൃദ കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കൽ എന്നിവ ലക്ഷ്യമിടുന്ന ഹരിത കേരളം. 4) വിദ്യാകിരണം (മുമ്പ് ഉണ്ടായിരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ ദൗത്യം) നൂതന സാങ്കേതികവിദ്യയും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നിവ ആണ് ലക്ഷ്യമിടുന്നത്. മേൽ വിവരിച്ച 4 വികസന ദൗത്യങ്ങൾ കൂടാതെ രണ്ടാം ഘട്ട നവകേരളം കർമ്മ പദ്ധതിയുടെ അഞ്ചാമത്തെ ദൗത്യമാണ് ആർ.കെ.ഐ. വെള്ളപ്പൊക്ക പുനർനിർമ്മാണ പ്രവർത്തനങ്ങളെ ദീർഘകാല സാമൂഹിക വികസന ലക്ഷ്യങ്ങളുമായി ഏകോപിപ്പിച്ച് രണ്ട് പരിപാടികളും പരസ്പരം ശക്തിപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

### റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (ആർകെഡിപി) ധനസഹായം

2019 മുതൽ 2027 വരെയുള്ള കാലയളവിൽ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിനായി (ആർകെഡിപി) ആകെ 36,500 കോടി രൂപയുടെ ആവശ്യമുണ്ടെന്നാണ് കണക്കാക്കൽ. ആർകെഐ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി, കേരള സർക്കാർ 2019–20 ലും 2020–21 ലും 1,000 കോടി രൂപ വീതവും, 2021–22 ൽ 1,830 കോടി രൂപയും, 2022–23 ൽ 1,600 കോടി രൂപയും, 2023–24 ൽ 904.83 കോടി രൂപയും, 2024–25 ൽ 1,000 കോടി രൂപയും, 2025–26 ൽ 1,000 കോടി രൂപയും പ്ലാൻ ഫണ്ടായി നീക്കി വെച്ചിരുന്നു. വകുപ്പുകളുടേയും നിർവ്വഹണ ഏജൻസികളുടെയും ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് ഫണ്ട് അനുവദിക്കുന്നത്. 2025–26 ലെ സംസ്ഥാന ബജറ്റിൽ ₹1,00,000 ലക്ഷം വകയിരുത്തി, അതിൽ ₹63289.54 ലക്ഷം (63.28 ശതമാനം) ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. 2025–26 ൽ ആർ.കെ.ഐ.ക്ക് കീഴിലുള്ള പദ്ധതികളുടെ വിഹിതത്തിന്റെയും ചെലവിന്റെയും സംസ്ഥാന ബജറ്റ് വിശദാംശങ്ങൾ **പട്ടിക 11.6.1**–ൽ നൽകിയിരിക്കുന്നു. കൂടാതെ 2019–20 മുതൽ 2025–26 വരെയുള്ള കാലയളവിലെ ആർകെഐ വകുപ്പിന്റെ പദ്ധതി തിരിച്ചുള്ള വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ **അനുബന്ധം 11.6.1** ൽ നൽകിയിരിക്കുന്നു.

താഴെ പറയുന്ന സംരംഭങ്ങളിലൂടെയാണ് കേരള സർക്കാർ പുനർനിർമ്മാണ കേരള വികസന പരിപാടിക്ക് ധനസഹായം നൽകുന്നത്:

1. സംസ്ഥാന ബജറ്റിൽ പദ്ധതി, പദ്ധതിയേതര വിഹിതങ്ങൾ ഉൾപ്പെടുന്നു. ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB), ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) എന്നിവയുൾപ്പെടെയുള്ള ബഹുരാഷ്ട്ര ഏജൻസികളിൽ നിന്നും ജർമ്മൻ ഡെവലപ്മെന്റ് ബാങ്ക് (KfW), ഫ്രഞ്ച് ഡെവലപ്മെന്റ് ഏജൻസി (AFD), ജപ്പാൻ ഇന്റർനാഷണൽ കോ–ഓപ്പറേഷൻ ഏജൻസി (JICA) തുടങ്ങിയ മറ്റ് ഉഭയകക്ഷി ഏജൻസികളിൽ നിന്നുമുള്ള സഹായം ഇതിൽ ഉൾപ്പെടുന്നു.
2. കേന്ദ്ര ഗവൺമെന്റ് പദ്ധതികൾക്ക് കീഴിലുള്ള ഫ്ലെക്സി–ഫണ്ടിന്റെ ഉപയോഗം
3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) വഴി ഫണ്ട് സമാഹരണം.
4. നബാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (NIDA) വഴിയുള്ള ധനസഹായം.
5. ഹഡ്കോയും മറ്റ് വായ്പാ മാർഗങ്ങളും
6. മസാല ബോണ്ടുകൾ, ഡയസ്പോറ ബോണ്ടുകൾ, മറ്റ് സ്വകാര്യ മേഖലയിലെ സാമ്പത്തിക സ്രോതസ്സുകൾ എന്നിവയുൾപ്പെടെയുള്ള സ്ഥാപനപരവും റീട്ടെയിൽ ധനസഹായത്തിന്റെയും സ്വകാര്യവും പാരമ്പര്യേതരവുമായ സ്രോതസ്സുകൾ.

### ആർ.കെ.ഐയുടെ സമഗ്രമായ ധനസഹായത്തിന്റെ ഘടന

2019 മുതൽ 2027 വരെയുള്ള കാലയളവിൽ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ മൊത്തത്തിലുള്ള

**പട്ടിക 11.6.1.** ആർകെഐക്ക് കീഴിലുള്ള പദ്ധതികളുടെ വിഹിതവും ചെലവും, 2025–26, രൂപ ലക്ഷത്തിൽ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം | ചെലവ് (01.12.2025 വരെ) | ചെലവ് (ശതമാനത്തിൽ) |
|---|---|---|---|---|
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ(ആർകെഐ) | 12875.54 | 2866.81 | 22.27 |
| 2 | ഉപജീവന സഹായം (RKI) | 2145.92 | 431.02 | 20.09 |
| 3 | പിഡബ്ല്യുഡി റോഡുകളും പാലങ്ങളും (ആർകെഐ)* | 51502.15 | 40668.4 | 78.96 |
| 4 | പൊതു കെട്ടിടങ്ങൾ–പ്രധാന അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും (RKI) | 8583.69 | 7038.74 | 82 |
| 5 | ജലവിതരണം (ആർകെഐ) | 6437.77 | 4133.56 | 64.21 |
| 6 | ജലവിതരണം (RKI) – ലോകബാങ്ക് സഹായത്തോടെ | 17167.38 | 7181.17 | 41.83 |
| 7 | ദുരന്ത തയ്യാറെടുപ്പ് (RKI) | 1287.55 | 969.84 | 75.32 |
| | **ആകെ** | **100000** | **63289.54** | **63.28** |

**അവലംബം:** പ്ലാൻ സ്പേസ്, 2025, * കെഎഫ്ഡബ്ല്യൂ എയ്ഡഡ് പിഡബ്ല്യുഡി റോഡുകളുടെയും പാലങ്ങളുടെയും 19872.39 ലക്ഷം രൂപ ഇതിൽ ഉൾപ്പെടുന്നു.

ബജറ്റ് ആവശ്യകത 36,500 കോടി രൂപയാണ്. സാമ്പത്തിക സഹായത്തിനായി തിരുവനന്തപുരത്ത് 15-7-2019 ന് സംഘടിപ്പിച്ച 'ഡെവലപ്മെന്റ് പാർട്ണേഴ്സ് കോൺക്ലേവിൽ' ആർകെഡിപിയുടെ മുൻഗണന അവതരിപ്പിച്ചു. പ്രളയക്കെടുതിയിൽ നിന്ന് കേരളത്തിന്റെ പ്രതിരോധശേഷി വീണ്ടെടുക്കലിനായി ഡെവലപ്മെന്റ് പോളിസി ലോൺ (ഡിപിഎൽ) വഴി ലോകബാങ്ക് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തു. രണ്ട് ഡെവലപ്മെന്റ് പോളിസി ഓപ്പറേഷൻസ് (ഡിപിഒ) വഴിയാണ് ഇത് നടപ്പിലാക്കിയത്. DPO1 മാത്രമേ പ്രവർത്തനക്ഷമമായിരുന്നുള്ളൂ, COVID-19 പാൻഡെമിക് കാരണം DPL2 നുള്ള അഭ്യർത്ഥന ഇന്ത്യാ ഗവൺമെന്റ് നിരസിച്ചു. DPO1 ന് കീഴിലുള്ള നയ നടപടികളെ ഫലങ്ങളാക്കി മാറ്റുന്നതിനാണ് പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) ഉദ്ദേശിക്കുന്നത്. അഞ്ച് വർഷ കാലയളവിലാണ് (2021-26) ഈ പരിപാടി നടപ്പിലാക്കുന്നത്. ഐബിആർഡി 125 മില്യൺ യുഎസ് ഡോളറും എഐഐബി 125 മില്യൺ യുഎസ് ഡോളറും എഎഫ്ഡി 120 മില്യൺ യുഎസ് ഡോളറും ഇതിന് ധനസഹായം നൽകുന്നു.ആകെ തുക 370 മില്യൺ ഡോളറാണ്.

**ആർ.കെ.ഐ.ക്ക് കീഴിലുള്ള പദ്ധതികളുടെ പുരോഗതി**

2019-20 മുതൽ 2025-26 വരെ ആർകെഐക്ക് കീഴിൽ 124 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്, ഇവയ്ക്ക് 8993.16 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.6.2** ൽ നൽകിയിരിക്കുന്നു. നിലവിൽ ആർ.കെ.ഐ.ക്ക് കീഴിൽ 27 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്, 9 പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലും 2 പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ആണ്. പൂർത്തിയായ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 11.6.3** ൽ നൽകിയിരിക്കുന്നു.

**2025-26 വരെയുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേട്ടങ്ങൾ**

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ, 2025 ഒക്ടോബർ വരെ കെഎസ്ടിപി/പിഡബ്ല്യുഡിയുടെ ആകെ 18 പ്രവൃത്തികൾ വിജയകരമായി പൂർത്തിയാക്കി. എൽഎസ്ജിഡി റോഡ് വിഭാഗത്തിൽ, ഏകദേശം 460 പ്രവൃത്തികൾ അനുവദിച്ചു, അതിൽ 346 എണ്ണം പൂർത്തിയായി. സംസ്ഥാനത്തെ ഡിജിറ്റൽ റീസർവേയുടെ ഭാഗമായി, ഒന്നാം ഘട്ടത്തിൽ ആർകെഐയുടെ പിന്തുണയോടു കൂടി 312 ഗ്രാമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജിഐഎസ്, ജിപിഎസ് സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സമഗ്രമായ ഒരു സ്ട്രീം മാപ്പിംഗ് എക്സെർസൈസ് വിജയകരമായി ഏറ്റെടുത്തു, കൂടാതെ, പരിസ്ഥിതി സംരക്ഷണം, നീർത്തടം പരിപാലിക്കൽ, ദുരന്ത സാധ്യത കുറയ്ക്കൽ എന്നിവയിൽ ഗുണപരമായ സ്വാധീനം സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. പൊതു ആസ്തികളുടെ വെള്ളപ്പൊക്കാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി, സംസ്ഥാനത്തുടനീളമുള്ള 254 വില്ലേജ് ഓഫീസുകളുടെയും 37 മറ്റ് റവന്യൂ കെട്ടിടങ്ങളുടെയും പുനർനിർമ്മാണം ആർകെഐ ഏറ്റെടുത്തു, അതിൽ 239 വില്ലേജ് ഓഫീസുകളുടെയും 22 റവന്യൂ കെട്ടിടങ്ങളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

**പ്രധാന നയങ്ങൾ**

പ്രധാന വകുപ്പുകൾക്കായുള്ള നയരൂപീകരണത്തിനും നയവികസനത്തിനും സൗകര്യമൊരുക്കിക്കൊണ്ട്, ആർകെഐ ഇനിപ്പറയുന്ന നയങ്ങൾ രൂപപ്പെടുത്തി അംഗീകരിച്ചു:

1. സംസ്ഥാനത്തിനായുള്ള ഒരു പുനർനിർമ്മാണ തന്ത്രം ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ചുമതല സംസ്ഥാന സർക്കാർ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനെ (ആർകെഐ) ഏൽപ്പിക്കുകയും ആർകെഐയുടെ പ്രവർത്തന തന്ത്രത്തിനും സ്ഥാപന ചട്ടക്കൂടിനും സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.
2. സാമ്പത്തിക സുസ്ഥിരത ശക്തിപ്പെടുത്തുന്നതിനായി, കേരള സർക്കാർ ഇപ്രകാരമാണ് പ്രവർത്തിച്ചത്, (എ) കേരള സ്റ്റാമ്പ് ആക്ട് പ്രകാരം ഭൂമിയുടെ മൂല്യനിർണ്ണയം നൂറു ശതമാനം (100 ശതമാനം) വർദ്ധിപ്പിച്ചുകൊണ്ട് ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു, (ബി) കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു; (സി) ഡയസ്പോറ ബോണ്ട് വഴി സ്വകാര്യ റീട്ടെയിൽ ധനസഹായം വീണ്ടെടുക്കൽ ശ്രമങ്ങൾക്കായി സമാഹരിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കാൻ KIIFB-യെ നിയമിച്ചുകൊണ്ട് ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
3. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ (2017-2022) നാലാം വാർഷിക പരിപാടി (2020-21) അനുസരിച്ച് കാർഷിക പാരിസ്ഥിതിക മേഖലകളെയും കാർഷിക പാരിസ്ഥിതിക യൂണിറ്റുകളെയും അടിസ്ഥാനമാക്കി വികസനം, ആസൂത്രണം, ബജറ്റ് എന്നിവ കൃഷി വകുപ്പിനെ ഏൽപ്പിച്ചുകൊണ്ട് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
4. കേരള സർക്കാർ (എ) കോർ റോഡ് നെറ്റ്‌വർക്കിനായി ഒരു പ്രകടനാധിഷ്ഠിത മാനേജ്മെന്റ് കരാർ മാതൃക സ്വീകരിച്ചു, അതിൽ ഡിസൈൻ, പ്രകടന മാനദണ്ഡങ്ങൾ, ദുരന്തവുമായി ബന്ധപ്പെട്ട അടിയന്തര പ്രതികരണ മൊഡ്യൂൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്, (ബി) ചില അത്യാവശ്യമല്ലാത്ത റോഡ് മേഖലയിലെ ഏജൻസികളെ ലിക്വിഡേറ്റ് ചെയ്തും അവരുടെ മാൻഡേറ്റും ആസ്തികളും പൊതുമരാമത്ത് വകുപ്പിന് കൈമാറിയും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുനഃസംഘടിപ്പിച്ചുകൊണ്ട് റോഡ് മേഖലയിൽ ഒരു പുതിയ മികവിന്റെ കേന്ദ്രം വികസിപ്പിച്ചും റോഡ് മേഖലയിൽ സ്ഥാപനപരമായ കാര്യക്ഷമതയ്ക്ക് തുടക്കമിട്ടു.
5. ചെലവ് കുറഞ്ഞ സെപ്റ്റേജ്, മാലിന്യ സംസ്കരണ മാതൃകകൾ ഉൾപ്പെടുത്തി സംസ്ഥാന ശുചിത്വ, മാലിന്യ സംസ്കരണ തന്ത്രം കേരള സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനായി ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, സംഭരണം,

ഗതാഗതം, ഉപയോഗം എന്നിവ നിരോധിച്ചുകൊണ്ട് കേരള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു; (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യത്തിന്റെ സുസ്ഥിര മാനേജ്മെന്റിനായി ഒരു സംയോജിത ഖരമാലിന്യ മാനേജ്മെന്റ് തന്ത്രം അംഗീകരിച്ചു; (സി) സംസ്ഥാനത്തിനായുള്ള ഒരു കരട് ദ്രാവക മാലിന്യ സംസ്കരണ നയം തയ്യാറാക്കി പങ്കാളികളുടെ കൂടിയാലോചനയ്ക്ക് ശേഷം അംഗീകാരത്തിനായി സർക്കാരിന് സമർപ്പിച്ചു.

6. (i) മന്ത്രിമാരുടെ കൗൺസിൽ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് (ടിസിപി) നിയമത്തിന്റെ കരട് ഭേദഗതി അംഗീകരിച്ചതിലൂടെയും (ii) മുൻഗണനാ ബഹുവർഷ മുനിസിപ്പൽ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള വാർഷിക ആസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിലൂടെയും കേരള സർക്കാർ സുസ്ഥിര അപകടസാധ്യതാ വിവരമുള്ള നഗര ആസൂത്രണവും ബഹുവർഷ മുനിസിപ്പൽ അടിസ്ഥാന സൗകര്യ ആസൂത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.
7. ആർകെഐ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പിഎംയു) ആയ റെസിലന്റ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം ഫോർ റിസൾട്ട്സിന്റെ (പിഎഫ്ഒആർ) ഭാഗമായി, ഗവൺമെന്റ് താഴെപ്പറയുന്ന സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

**ബാധ്യതാ നിവാരണ നിർവ്വഹണ പദ്ധതി സ്വീകരിക്കൽ:** പ്രകൃതിദുരന്തങ്ങളും രോഗവ്യാപനങ്ങളും മൂലമുണ്ടാകുന്ന ആകസ്മിക ബാധ്യതകൾ കൈകാര്യം ചെയ്യാനുള്ള കേരള സർക്കാരിന്റെ കഴിവ് ശക്തിപ്പെടുത്തുന്നതിനായി, ധനകാര്യ വകുപ്പ് ഒരു ഡെബ്റ്റ് മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിനും സംസ്ഥാനത്തിന്റെ കടം-മൊത്ത ആഭ്യന്തര ഉൽപ്പാദനവുമായുള്ള അനുപാതം സുസ്ഥിരമായ ഒരു പാതയിലേക്ക് കുറയ്ക്കുന്നതിനുമായി ഒരു ബാധ്യതാ നിവാരണ നിർവ്വഹണ യൂണിറ്റ് സ്ഥാപിക്കുന്നതിനുമായുള്ള ആരംഭം കുറിച്ചു.

**ഏകീകൃത ഡാറ്റാബേസ്:** സർക്കാരിന്റെയും സമൂഹങ്ങളുടെയും സാമ്പത്തിക പ്രതിരോധശേഷി ശക്തിപ്പെടുത്തുന്ന ഒരു സമഗ്ര ദുരന്ത നിവാരണ ധനസഹായ (DRF) ചട്ടക്കൂട് വികസിപ്പിക്കുന്നതിന്റെ ഭാഗമായി, ദുർബലരായ കുടുംബങ്ങളുടെ ഏകീകൃത ഡാറ്റാബേസും യോഗ്യരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ദുരന്താനന്തര സുരക്ഷാ നെറ്റ് പേയ്മെന്റുകൾ കൃത്യസമയത്ത് എത്തിക്കുന്ന ഒരു പേയ്മെന്റ് പ്ലാറ്റ്ഫോമും കേരള സർക്കാർ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

**ഫോർവേഡ് വർക്ക്സ് പ്രോഗ്രാം:** പമ്പാ തടത്തിലെ ഏകദേശം 6,000 കിലോമീറ്റർ റോഡിന്റെ (കോർ റോഡ് നെറ്റ്‌വർക്ക്) അറ്റകുറ്റപ്പണികൾക്കായി ഒരു ഫോർവേഡ് വർക്ക്സ് പ്രോഗ്രാം (FWP) നടപ്പിലാക്കാൻ കേരള സർക്കാർ ലക്ഷ്യമിടുന്നു. സർവ്വേ ചെയ്ത റോഡിന്റെ അവസ്ഥ, വിലയിരുത്തൽ തുടങ്ങിയ ഡാറ്റ ഉപയോഗിച്ചാണ് ഇത് നടപ്പിലാക്കുന്നത്. ഇത് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് (RMMS) ഫീഡ് ചെയ്യുന്നു. അതനുസരിച്ച്, ഫോർവേഡ് വർക്ക്സ് പ്രോഗ്രാമിലൂടെ (FWP) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ബജറ്റ് തുക അനുവദിക്കാൻ കേരള സർക്കാർ പദ്ധതിയിടുന്നു.

**സംയോജിത ആരോഗ്യ സമീപനം:** രോഗബാധ കണ്ടെത്തുന്നതിനും, ട്രാക്ക് ചെയ്യുന്നതിനും, പ്രതികരിക്കുന്നതിനുമുള്ള ഒരു സംയോജിത വൺ ഹെൽത്ത് അപ്രോച്ച് സംസ്ഥാനവ്യാപകമായി നടപ്പിലാക്കിവരികയാണ്.ജന്തുജന്യ രോഗങ്ങൾ മൂലം ജനസംഖ്യയിലും മൃഗങ്ങളുടെ ആരോഗ്യത്തിലും ഉണ്ടാകുന്ന പ്രതികൂല പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനാണ് ഇത് ഉദ്ദേശിക്കുന്നത്.

**ദുരന്ത നിവാരണ ധനസഹായവും ഇൻഷുറൻസും:** സംസ്ഥാന സർക്കാരിന്റെയും കേരളത്തിലെ ദുർബല കുടുംബങ്ങളുടെയും ദുരന്ത നിവാരണ ധനസഹായവും ഇൻഷുറൻസ് ശേഷിയും മെച്ചപ്പെടുത്തുന്നതിന്, സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിനും (SDRF) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കും (CMDRF) പൂരകമായി വിപണി അധിഷ്ഠിത വിഭവങ്ങൾ ഒരു ദുരന്ത നിവാരണ ധനസഹായ ഉപകരണമായി സമാഹരിക്കാൻ കേരള സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ, പമ്പ നദീതട ജില്ലകളിൽ നിന്നുള്ള ഏകദേശം 33,922 കർഷകരും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അപകടസാധ്യതയെക്കുറിച്ച് അറിവ് നൽകുന്ന നഗര മാസ്റ്റർ പ്ലാനുകൾ:** കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (കെഎസ്ഡിഎംഎ) യുമായി ഏകോപിപ്പിച്ച് കൺട്രി ആൻഡ് ടൗൺ പ്ലാനിംഗ് വകുപ്പും (എൽഎസ്ജിഡി-സിടിപി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) കാലാവസ്ഥാ മാതൃകകൾ കുറയ്ക്കുകയും സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (യുഎൽബി) വിവരങ്ങൾ നൽകുകയും ചെയ്തു. കൂടാതെ, ഫലപ്രദമായ അപകടസാധ്യതയെക്കുറിച്ച് അറിവ് നൽകുന്ന മാസ്റ്റർ പ്ലാനുകൾ (ആർഐഎംപി) വികസിപ്പിക്കുന്നതിനുള്ള ആർഐഎംപികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രകടന ഗ്രാന്റുകളുടെ രൂപത്തിൽ യുഎൽബികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദുരന്തനിവാരണ പ്രവർത്തന ട്രാക്കർ (ഡിസിഎടി) ഉപകരണവും കേരള സർക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. യുഎൽബികൾക്കായി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്.

**വെള്ളപ്പൊക്ക പ്രവചനവും സംയോജിത ജലസംഭരണി പ്രവർത്തന സംവിധാനങ്ങളും:** കെഎസ്ഡിഎംഎ വഴി പൊതുജനങ്ങൾക്ക് മുൻകൂട്ടി വെള്ളപ്പൊക്ക മുന്നറിയിപ്പുകൾ നൽകുന്നതിനായി പമ്പാ തടത്തിനായി ജലവിഭവ വകുപ്പ് ഒരു വെള്ളപ്പൊക്ക പ്രവചനവും സംയോജിത ജലസംഭരണി പ്രവർത്തന സംവിധാനവും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

**തീരദേശ പരിപാലന പദ്ധതി:** ജല പ്രതിരോധശേഷി ഉറപ്പാക്കുന്നതിനായി തീരദേശ പരിപാലനത്തിനായുള്ള സമഗ്രമായ ഒരു സമീപനം വികസിപ്പിക്കുന്നതിനായി, ജലവിഭവ വകുപ്പ് തീരദേശ പരിപാലന പദ്ധതി (SMP) രൂപീകരിക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിലാണ്.

**പരിസ്ഥിതി ബജറ്റ് ടാഗിംഗ്:** കാലാവസ്ഥാ പരിവർത്തനത്തിനും ദുരന്ത പ്രതിരോധത്തിനും വേണ്ടിയുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിനായി, 2022–23 വർഷത്തേക്കും തുടർന്ന് 2024–25, 2025–26 സാമ്പത്തിക വർഷങ്ങളിലേക്കും ഗവൺമെന്റ് 'പരിസ്ഥിതി ബജറ്റ് അവതരിപ്പിച്ചു.

# 11.7 കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്(കിഫ്ബി)

വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിഭവസമാഹരണം നടത്തുന്ന സാമ്പത്തിക സ്ഥാപനമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി). 1999–ൽ സ്ഥാപിതമായ ഈ സ്ഥാപനം റോഡുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ വൻകിട പദ്ധതികളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി 2016–ൽ പുനരുജ്ജീവിപ്പിച്ചു. നൂതനമായ സാമ്പത്തിക മാർഗങ്ങളിലൂടെ ഫണ്ട് സ്വരൂപിക്കുന്ന ബോർഡ്, പ്രത്യേക ഉദ്ദേശ്യ സംവിധാനങ്ങളായി (എസ്.പി.വികൾ) പ്രവർത്തിക്കുന്ന സംസ്ഥാന–കേന്ദ്ര പൊതുമേഖലാ ഏജൻസികൾ വഴിയാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

**പദ്ധതികളുടെ വൈവിധ്യം**

കേരളത്തിലുടനീളമുള്ള ഭൗതിക, സാമൂഹിക അടിസ്ഥാന സൗകര്യ മേഖലകളിലെ നിർണ്ണായകവും വലുതുമായ നിരവധി പദ്ധതികൾക്ക് കിഫ്ബി ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തിന്റെ പരിവർത്തനാത്മകമായ തീരദേശ–മലയോര ഹൈവേകൾ, ട്രാൻസ്ഗ്രിഡ് 2.0 പവർ ട്രാൻസ്മിഷൻ പദ്ധതി, പെട്രോ കെമിക്കൽ, ഫാർമസ്യൂട്ടിക്കൽ പാർക്കുകൾ, വൻകിട വ്യവസായ പാർക്കുകൾ എന്നിവ ഭൗതിക രംഗത്തെ പ്രധാന സംരംഭങ്ങളിൽ ഉൾപ്പെടുന്നു. ജലവിഭവങ്ങൾ, ഉൾനാടൻ ജലഗതാഗതം, വിവര സാങ്കേതിക മേഖലയിലെ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെഫോൺ) പോലുള്ള പദ്ധതികൾക്കൊപ്പം, ഹൈടെക് സ്കൂൾ പദ്ധതിയ്ക്ക് (സ്മാർട്ട് ക്ലാസ് മുറികൾ സൃഷ്ടിക്കൽ) ധനസഹായം നൽകിക്കൊണ്ടും ആരോഗ്യ സംരക്ഷണ സംവിധാനത്തിൽ ഗണ്യമായ നവീകരണങ്ങൾ വരുത്തിക്കൊണ്ടും സാമൂഹിക രംഗത്ത് കിഫ്ബി പൊതു സേവനങ്ങളിൽ വിപ്ലവം സൃഷ്ടിച്ചു.

വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും ഭൂമി ഏറ്റെടുക്കലിനായുള്ള പദ്ധതികൾക്കും കിഫ്ബി ധനസഹായം നൽകുന്നു. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡുകളും ഗതാഗതവും, ജലസേചനം, വൈദ്യുതി, തുറമുഖങ്ങൾ, ഉൾനാടൻ ജലഗതാഗതം, ഖരമാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിലായി 88,070.26 കോടി രൂപയുടെ 1,149 അടിസ്ഥാന സൗകര്യ പദ്ധതികൾക്കും 7 ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്കും 2025 മാർച്ച് വരെയുള്ള കണക്ക് പ്രകാരം, കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ വിഭാഗത്തിൽ, 20,000 കോടി രൂപയുടെ 7 വലിയ പദ്ധതികൾക്ക് ഇതുവരെ അംഗീകാരം ലഭിച്ചു. 2024–25 ൽ, 1,079.10 കോടി രൂപയുടെ 46 അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ക്രോഡീകരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 11.7.1**–ലും പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 11.7.1**–ലും (2025 മാർച്ച് 31 വരെ) നൽകിയിരിക്കുന്നു.

കിഫ്ബി ധനസഹായത്തിലൂടെയുള്ള നൽകുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പുമായി (പി.ഡബ്ല്യു.ഡിയുമായി) ബന്ധപ്പെട്ട് 33,460.74 കോടി രൂപയുടെ 513 പദ്ധതികൾ ഉൾപ്പെടുന്നു. വകുപ്പിന്റെ പ്രധാന പദ്ധതികളിൽ മലയോര ഹൈവേ, തീരദേശ ഹൈവേ പദ്ധതികൾ, ആനക്കാംപൊയിൽ – കല്ലടി–മേപ്പാടി (എഎം) ടണൽ റോഡ് (കോഴിക്കോട് ജില്ലയിലെ ആനക്കാംപൊയിലിനും കേരളത്തിലെ വയനാട് ജില്ലയിലെ മേപ്പാടിക്കും ഇടയിൽ കണക്റ്റിവിറ്റി നൽകുന്നതിനായി ഇരുവശത്തുമുള്ള അപ്രോച്ച് റോഡുകൾ ഉൾപ്പെടെ 8.735 കിലോമീറ്റർ നീളമുള്ള നാലുവരി തുരങ്കമാണിത്) എന്നിവ ഉൾപ്പെടുന്നു. താമരശ്ശേരി ഘട്ട് റോഡിന് ബദലായിട്ടുള്ളതും, കൂടാതെ സുരക്ഷിതവും, എല്ലാ കാലാവസ്ഥയിലും

**പട്ടിക 11.7.1.** 2025 മാർച്ച് 31 വരെ കിഫ്ബി അംഗീകരിച്ച പദ്ധതി, വിശദാംശങ്ങൾ (രൂപ കോടിയിൽ)

| പദ്ധതി ഇനം | സാമ്പത്തിക വർഷം 2022–23 | | സാമ്പത്തിക വർഷം 2023–24 | | സാമ്പത്തിക വർഷം 2024–25 | | ആകെ (സാമ്പത്തിക വർഷം 2016–24) | |
|---|---|---|---|---|---|---|---|---|
| | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി വിഹിതം | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി വിഹിതം | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി വിഹിതം | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി വിഹിതം |
| അടിസ്ഥാന സൗകര്യ പദ്ധതികൾ | 94 | 8,392.75 | 50 | 2,541.66 | 46 | 1,079.10 | 1149 | 68,070.26 |
| 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 0 | 0.00 | 0 | 0.00 | 0 | 0.00 | 7 | 20,000.00 |
| **ആകെ** | **94** | **8,392.75** | **50** | **2,541.66** | **46** | **1,079.10** | **1156** | **88,070.26** |

**ഉറവിടം:** കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള സർക്കാർ

സഞ്ചാരയോഗ്യമാക്കാവുന്നതുമായിരിക്കും എം.എം. ടണൽ. ഈ പദ്ധതിക്കായി 2,134.50 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്.

സംസ്ഥാനത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിൽ അർത്ഥവത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് പുറത്തിറക്കിയ വ്യാവസായിക നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട്, കണ്ണൂർ ജില്ലകളിലായി വ്യവസായ അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു. ഈ ബൃഹത്തായ പദ്ധതിക്കായി കിഫ്ബി മൊത്തം 12,710.00 കോടി രൂപയുടെ പദ്ധതി വിഹിതത്തിന് അംഗീകാരം നൽകിയിട്ടുണ്ട്, നിലവിൽ ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി, എറണാകുളം ജില്ലയിലെ അങ്കമാലിയിൽ 840.00 കോടി രൂപ ചെലവിൽ 'ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ് (ഗ്ലോബൽ) സിറ്റി' എന്ന പേരിൽ ഒരു നിർമ്മാണ ഇതര ക്ലസ്റ്റർ ആയി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു.

കിഫ്ബി ഫണ്ടിന്റെ ഒരു വലിയ പങ്ക് റോഡുകൾക്കും റോഡ് ഗതാഗത മേഖലകൾക്കുമായി നീക്കിവച്ചിരിക്കുന്നു. 2025 മാർച്ച് 31 വരെ ഈ മേഖലയ്ക്കായി ആകെ 40,830.73 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പദ്ധതികൾക്കായി ബോർഡ് 24,586.63 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. റോഡ്, റോഡ് ഗതാഗത മേഖലയിൻ കീഴിലെ അംഗീകൃത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ **പട്ടിക 11.7.2.**–ൽ നല്കിയിരിക്കുന്നു.

ഭൂമി ഏറ്റെടുക്കലിനാവശ്യമായ ഭീമമായ ചെലവായിരുന്നു സംസ്ഥാനത്തെ ദേശീയപാത വികസനത്തിന്റെ പ്രധാന വെല്ലുവിളി. ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ (ദേശീയപാത 66) ഒരു ഭാഗം കിഫ്ബി വഴി വഹിച്ചതിലൂടെ സംസ്ഥാന സർക്കാരിന് ഈ പ്രശ്നം പരിഹരിക്കാൻ സാധിച്ചു. ആകെ അനുവദിച്ച 6,769.01 കോടി രൂപയിൽ, 5,580.74 കോടി രൂപ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക്(എൻ.എച്ച്.എ.ഐ) കൈമാറിയിട്ടുണ്ട്. കിഫ്ബി മലയോര ഹൈവേ പദ്ധതിക്കായി ആകെ 3,538.00 കോടി രൂപ അനുവദിച്ചു. കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി) മുഖേന ഇടുക്കി, കൊല്ലം, കാസർഗോഡ് ജില്ലകളിലെ മലയോര ഹൈവേയുടെ ചില ഭാഗങ്ങൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് അനുവദിച്ചതിൽ റോഡ് ഗതാഗത മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വിഹിതം നീക്കിവച്ചിരിക്കുന്നത്

**പട്ടിക 11.7.2.** 2025 മാർച്ച് 31 വരെ റോഡ്, റോഡ് ഗതാഗത മേഖലയിൽ കിഫ്ബി അംഗീകാരം നല്കിയ പ്രൊജക്ടുകൾ (രൂപ കോടിയിൽ)

| ക്രമ. നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | തീരദേശ ഹൈവേ | 3,201.61 |
| 2 | മലയോര ഹൈവേ | 3,538.00 |
| 3 | ആനക്കാംപൊയിൽ–കള്ളാടി–മേപ്പാടി(എ.എം) തുരങ്കപാത | 2,134.50 |
| 4 | മറ്റ് റോഡ്/പാലം പദ്ധതികൾ | 24,586.63 |
| 5 | റോഡ് ഗതാഗത പദ്ധതികൾ | 600.98 |
| 6 | ദേശീയപാത വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ | 6,769.01 |
| **ആകെ** | | **40,830.73** |

**ഉറവിടം:** കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള സർക്കാർ

**ചിത്രം 11.7.1** മേഖല തിരിച്ചുള്ള അംഗീകൃത പ്രോജക്ട്ടുകൾക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ




**ഉറവിടം:** കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള സർക്കാർ

ജലവിഭവ മേഖലയ്ക്കും (6,911.99 കോടി), ആരോഗ്യ കുടുംബക്ഷേമ മേഖലയ്ക്കുമാണ് (6,503.88 കോടി). ജലവിഭവ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികളിലൊന്ന് ആലപ്പുഴയിലെ വിവിധ സ്ഥലങ്ങളിൽ 262.48 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന കടൽഭിത്തി (ഗ്രോയിൻ ഫീൽഡ്) നിർമ്മാണ പദ്ധതിയാണ്. ഇതുകൂടാതെ, റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവും ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും കുടിവെള്ള പദ്ധതികളും കിഫ്ബി ഏറ്റെടുത്തിട്ടുണ്ട്. മേഖല തിരിച്ചുള്ള അംഗീകൃത പ്രോജക്ട്ടുകൾക്കുള്ള കിഫ്ബി ധനസഹായത്തിന്റെ വിശദാംശങ്ങൾ **ചിത്രം 11.7.1** ൽ നൽകിയിരിക്കുന്നു.

വൈദ്യുതി വിതരണ സംവിധാനത്തിന്റെ വിശ്വാസ്യതയും സുരക്ഷയും വർദ്ധിപ്പിക്കാനും, പരിസ്ഥിതിക്കും പൊതുജനങ്ങൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതും പ്രസരണനഷ്ടം കുറഞ്ഞതും കാര്യക്ഷമവുമായ ഒരു ഊർജ്ജ വിതരണ സംവിധാനമെന്ന കാഴ്ചപ്പാടോടെയാണ് കെ.എസ്.ഇ.ബി.എൽ 'ട്രാൻസ്ഗ്രിഡ് 2.0' പദ്ധതിക്ക് തുടക്കമിട്ടത്. ഇതിനായി 5,200 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്.

ആയുഷ് പദ്ധതി ഉൾപ്പെടെ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിലെ പദ്ധതികൾക്കായി 6,503.88 കോടി രൂപ കിഫ്ബി അനുവദിച്ചു. കിഫ്ബി അംഗീകരിച്ച മൊത്തം പദ്ധതികളുടെ 9.5 ശതമാനമാണിത്. താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, കൂടാതെ സ്പെഷ്യാലിറ്റി ആശുപത്രികളായ കൊച്ചിൻ കാൻസർ സെന്റർ, മട്ടന്നൂരിലെ സ്പെഷ്യാലിറ്റി ആശുപത്രി എന്നിവയുൾപ്പെടെ സംസ്ഥാനത്തുടനീളമുള്ള 55 ആശുപത്രികളുടെ വികസനത്തിനുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുഷ് (ഘട്ടം 1) സ്ഥാപിക്കുന്നതിന് 69.06 കോടി രൂപ അനുവദിച്ചു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആകെ 45 ഡയാലിസിസ് സെന്ററുകൾ, 49 സ്ഥലങ്ങളിലായി ഐസൊലേഷൻ വാർഡുകൾ, 9 കാർഡിയാക് കെയർ യൂണിറ്റുകൾ, 9 കാത്ത് ലാബുകൾ എന്നിവ പൂർത്തിയാക്കി. വിദ്യാഭ്യാസ മേഖലയ്ക്ക് കിഫ്ബി 5,152.78 കോടി രൂപ അനുവദിച്ചു, ഇതിൽ 3,217.58 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയ്ക്കും 1,935.20 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾക്കുമായി നീക്കിവച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ ഹൈടെക് ക്ലാസ് മുറികളുടെ പൂർത്തീകരണത്തിനായി 493.50 കോടി രൂപ ചെലവഴിച്ചു. 34 കോളേജ് കെട്ടിടങ്ങളുടെ പൂർത്തീകരണത്തിനായി 299.49 കോടി രൂപ ചെലവഴിച്ചു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ, 55 ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നവീകരണത്തിനുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകി. ഇതിൽ 5 കോളേജുകൾ പൈതൃക കോളേജ് വികസന പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കും. വികസനത്തിനായി ഏറ്റെടുക്കുന്ന 5 കോളേജുകളിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്കാണ് (കുസാറ്റ്) കൂടുതൽ തുക ലഭിച്ചത്. ഗവേഷണ മേഖലയിലെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനായി 241.72 കോടിരൂപ ലഭിച്ചിട്ടുണ്ട്. കേരളത്തിലെ (പാലക്കാട്, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, തിരുവനന്തപുരം) വികസന പദ്ധതിയിൽ ഉൾപ്പെട്ട പൈതൃക കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 93.61 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

2017-18-ൽ 1061.73 കോടി രൂപ ചെലവിൽ കിഫ്ബി അംഗീകരിച്ച കെ-ഫോൺ (കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്) പദ്ധതി പുരോഗമിക്കുകയാണ്. പദ്ധതി പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം പൂർത്തിയായതോടെ, 2025 ജൂലൈ വരെയുള്ള കണക്കനുസരിച്ച് 14,115 സാമ്പത്തിക പിന്നാക്ക കുടുംബങ്ങളിലേക്ക് കണക്ഷനുകൾ എത്തിക്കാൻ സാധിച്ചു. ഈ നേട്ടം ഡിജിറ്റൽ വിടവ് കുറയ്ക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലേക്ക് മികച്ച നെറ്റ്‌വർക്ക് കണക്റ്റിവിറ്റി നൽകുന്നതിനാണ് ഈ പദ്ധതി

**ബോക്സ് 11.7.1.** കിഫ്ബി @ 25: കേരളത്തിന്റെ ഭാവിയിലേക്കുള്ള കവാടം

1999-ൽ സ്ഥാപിതമാവുകയും 2016-ൽ ഘടനാപരമായി നവീകരിക്കുകയും ചെയ്ത, കിഫ്ബി അതിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്നു. ഈ നൂതന ധനസഹായ മാതൃകയിലൂടെ, സാമൂഹിക, ഭൗതിക അടിസ്ഥാന സൗകര്യ മേഖലകളിലായി പദ്ധതികൾക്ക് അംഗീകാരം നൽകിയതിലൂടെ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വലിയ ഉത്തേജനം നൽകുകയും ചെയ്തു. ദീർഘകാലമായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ചുകൊണ്ട്, വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി മാറാനുള്ള കേരളത്തിന്റെ ലക്ഷ്യത്തിലേക്ക് കിഫ്ബി ഒരു പരിവർത്തന കവാടമായി വർത്തിക്കുന്നു. 524 സ്കൂൾ കെട്ടിടങ്ങൾ, 56,000-ത്തിലധികം ഹൈടെക് ക്ലാസ് റൂമുകളും ലാബുകളും, 3 താലൂക്ക് ആശുപത്രികളും 2 ജനറൽ ആശുപത്രികളും, 20 സ്റ്റേഡിയങ്ങൾ, 49 സബ് രജിസ്ട്രാർ ഓഫീസുകൾ തുടങ്ങിയവ പൂർത്തിയാക്കിയ പദ്ധതികളിൽപ്പെടുന്നു. റോഡ് ശൃംഖലകളും പൊതു ആസ്തികളും നവീകരിക്കുന്നതിലുള്ള ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ, പൊതുമരാമത്ത് വകുപ്പിനാണ് ഏറ്റവും ഉയർന്ന ധനവിഹിതം ലഭിച്ചത്, തുടർന്ന് വ്യവസായ, ജലവിഭവ മേഖലകൾക്കും ഗണ്യമായ വിഹിതം നീക്കിവച്ചിട്ടുണ്ട്. കണക്റ്റിവിറ്റി, വ്യാവസായിക ശേഷി തുടങ്ങിയ സുപ്രധാന സാമ്പത്തിക ഘടകങ്ങൾക്ക് കിഫ്ബി മുൻഗണന നൽകുന്നു എന്നതാണ് ഇതിലൂടെ പ്രത്യക്ഷമാകുന്നത്. വിഴിഞ്ഞം-കൊല്ലം-പുനലൂർ ഗ്രോത്ത് ട്രയാങ്കിൾ പോലുള്ള ബഹുമുഖ വ്യാവസായിക, ലോജിസ്റ്റിക് ഇടനാഴികൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ഈ സംയോജിത വികസന സമീപനത്തിന് ഉദാഹരണമാണ്. ഇത്, ഉയർന്ന വൈദഗ്ധ്യമുള്ളതും നവീകരണാധിഷ്ഠിതവുമായ ഒരു ഭാവി സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ മാറ്റത്തിന് അടിത്തറയിടാൻ സഹായിക്കുന്നു.

**ഉറവിടം:** കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള സർക്കാർ

വിഭാവനം ചെയ്തിരിക്കുന്നത്, കൂടാതെ കാര്യക്ഷമമായ സേവന വിതരണം, ഉറപ്പായ സേവന നിലവാരം (QoS), വിശ്വാസ്യത, സുരക്ഷിതത്വം, ഭാവിയിലെ ബാൻഡ്‌വിഡ്ത്ത് ആവശ്യകതകൾ നിറവേറ്റാനുള്ള ശേഷി എന്നിവ ഉറപ്പാക്കുന്ന ഒരു സംസ്ഥാനവ്യാപകമായ കോർ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് സ്ഥാപിക്കും. എല്ലാ സേവന ദാതാക്കൾക്കും ഇത് പ്രാപ്യമാക്കുകയും 30,000-ത്തിലധികം സർക്കാർ സ്ഥാപനങ്ങളെ ബന്ധിപ്പിക്കുകയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സേവനവും ലഭ്യമാക്കുകയും ചെയ്യും. ഇതുകൂടാതെ, ഇൻഫർമേഷൻ ടെക്നോളജി (ഐ.റ്റി) മേഖലയിൽ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജിക്ക് കീഴിൽ 212.87 കോടി രൂപ ചെലവിൽ ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനും കിഫ്ബി ധനസഹായം നൽകുന്നുണ്ട്.

കായിക മേഖലയിൽ, 14 ജില്ലകളിലെ മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ, പഞ്ചായത്ത് സ്റ്റേഡിയങ്ങൾ, ജി.വി. രാജ സെന്റർ ഓഫ് എക്സലൻസിലെ കായിക സൗകര്യ കേന്ദ്രം എന്നിവ ഉൾപ്പെടെ 41 പദ്ധതികൾക്കായി കിഫ്ബി 879.50 കോടി രൂപയുടെ ധനസഹായം നൽകിവരുന്നു. 2025 മാർച്ച് വരെയുള്ള കണക്ക് പ്രകാരം, 618.96 കോടി രൂപയുടെ ടൂറിസം പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്, ഇതിൽ 117.51 കോടി ചെലവിൽ ആക്കുളം തടാകത്തിന്റെയും അതിന്റെ നീർത്തടത്തിന്റെയും പുനരുജ്ജീവനം, ആലപ്പുഴ പൈതൃക പദ്ധതി (97.47 കോടി രൂപ), 20 ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി (ആലപ്പുഴയും കണ്ണൂരും), തലശ്ശേരി പൈതൃക പദ്ധതി (62.91 കോടി രൂപ) എന്നിവയും ഉൾപ്പെടുന്നു. 9 തിയേറ്റർ സമുച്ചയങ്ങളുടെയും 7 സാംസ്കാരിക സമുച്ചയങ്ങളുടെയും നിർമ്മാണം, ചിത്രാഞ്ജലി സ്റ്റുഡിയോ ഒരു ഫിലിം സിറ്റിയായി വിപുലീകരിക്കൽ എന്നിവയുൾപ്പെടെ സാംസ്കാരിക മേഖലയിലെ പദ്ധതികൾക്കും (499.12 കോടി രൂപ) ധനസഹായം നൽകുന്നു.

**പദ്ധതി നിർവ്വഹണ പുരോഗതി**

2025 മാർച്ച് 31 വരെ 21,881.42 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി പൂർത്തിയാക്കി. അടിസ്ഥാന സൗകര്യ പദ്ധതികൾക്കും ഭൂമി ഏറ്റെടുക്കലിനും ധനസഹായം നൽകുന്നതിനായി കിഫ്ബി 6,467.12 കോടി അനുവദിച്ചു. 2025 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച്, ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ വിവിധ കിഫ്ബി അംഗീകൃത പദ്ധതികൾക്കുള്ള ധന വിനിയോഗ വിശദാംശങ്ങൾ **പട്ടിക 11.7.3** – ൽ നൽകിയിരിക്കുന്നു.

**പട്ടിക 11.7.3.** അടിസ്ഥാന സൗകര്യവികസനത്തിനും ലാൻഡ് അക്വിസിഷൻ പൂളിനും കീഴിലുമായി കിഫ്ബി അംഗീകരിച്ച പദ്ധതികൾക്ക് വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ (2016 –17 മുതൽ 2024 –25 വരെ) (രൂപ കോടിയിൽ)

| ക്രമ. നം. | പദ്ധതികൾ | വിതരണം ചെയ്ത തുക* |
|---|---|---|
| 1 | അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ | 23,421.24 |
| 2 | ലാൻഡ് അക്വിസിഷൻ പൂളിന് കീഴിലുള്ള പദ്ധതികൾ | 11,402.37 |
| | **ആകെ** | **34,823.61*** |

* 31.03.2025 വരെയുള്ള കണക്കുകൾ പ്രകാരം
**ഉറവിടം:** കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള സർക്കാർ

ഭൂമി ഏറ്റെടുക്കൽ പദ്ധതികൾക്ക് മാത്രമായി കിഫ്ബി 11,402.37 കോടി രൂപ അനുവദിച്ചിട്ടുണ്ട്, ഇത് മൊത്തം വിതരണത്തിന്റെ 32.7 ശതമാനമാണ്. ഇതിൽ ദേശീയ പാതയുടെ ഭൂമി ഏറ്റെടുക്കലിനായി 5,580.74 കോടി രൂപയും 10 സ്ഥലങ്ങളിലെ ട്രാൻസ്ഗ്രിഡ് 2.0-നുള്ള 1,708.83 കോടി രൂപയ്ക്കു പുറമേ, പെട്രോ കെമിക്കൽ പാർക്ക്, വ്യാവസായിക പാർക്ക്, കൊച്ചി-ബംഗളൂരു വ്യാവസായ ഇടനാഴിയുടെ ഭാഗമായുള്ള ഗ്ലോബൽ സിറ്റിയുടെ വികസനം (ഭൂമി ഏറ്റെടുക്കൽ), തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക് എന്നിവയുടെ വികസനത്തിനുമായി 1,479.23 കോടി രൂപയും കിഫ്ബി ധനസഹായം നൽകുന്നു. 2025 മാർച്ച് 31 വരെ കിഫ്ബി വിതരണം ചെയ്ത ആകെ തുക **ചിത്രം 11.7.2** ൽ നൽകിയിരിക്കുന്നു.

**ചിത്രം 11.7.2.** 2025 മാർച്ച് വരെയുള്ള കിഫ്ബിയുടെ സാമ്പത്തിക പ്രകടനം, രൂപ കോടിയിൽ




**ഉറവിടം:** കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള സർക്കാർ

കേരളത്തിലെ പൊതു മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ അധിക വിഭവസമാഹരണത്തിൽ കിഫ്ബി വിജയം കൈവരിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസന പദ്ധതികളിലൂടെ സംസ്ഥാനത്തിന്റെ ഉൽപ്പാദനക്ഷമതയും മാനവ വികസന സൂചികകളും മെച്ചപ്പെടുത്തുന്നതിനും, ഹ്രസ്വ-ദീർഘകാല സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിനും കിഫ്ബി ഗണ്യമായ സംഭാവനകൾ നൽകുന്നു.

# 11.8 പ്രാദേശിക വികസന പാക്കേജുകൾ

**കാസറഗോഡ് വികസന പാക്കേജ്**

കാസർഗോഡ് ജില്ലയിലെ സമഗ്ര വികസനം ബഹുമേഖലയും ഏകീകൃതവുമായ സമീപനത്തിലൂടെ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കാസർഗോഡ് വികസന പാക്കേജ് രൂപകൽപ്പന ചെയ്തതാണ്. കാസർഗോഡ് ജില്ല നേരിടുന്ന പ്രത്യേക വികസന വെല്ലുവിളികൾ പരിഗണിച്ച് ദീർഘകാല വികസന പദ്ധതി തയ്യാറാക്കുന്നതിനായി കേരള സർക്കാർ ഡോ. പി. പ്രഭാകരൻ കമ്മീഷനെ രൂപീകരിച്ചു. കമ്മീഷൻ ജില്ലയിലെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി പഠിക്കുകയും പിന്നാക്ക മേഖലകൾ തിരിച്ചറിയുകയും സമഗ്ര പാക്കേജിന്റെ അടിസ്ഥാനമായ ഇടപെടലുകളെ സംബന്ധിച്ച പദ്ധതികൾ ശിപാർശ ചെയ്യുകയും ചെയ്തു.

**പദ്ധതിയുടെ സാമ്പത്തിക വകവിഹിതം**

പാക്കേജിൽ 11,123.07 കോടി രൂപയുടെ മൊത്തം നിക്ഷേപം ലക്ഷ്യമിടുകയും, വിവിധ മേഖലകളിൽ നിന്ന് താഴെപ്പറയുന്ന തരത്തിൽ തുക വിതരണം ചെയ്യുകയും ചെയ്തു:

- കേരള സർക്കാർ – 2,524.56 കോടി രൂപ
- ഇന്ത്യാ സർക്കാർ – 756.19 കോടി രൂപ
- ബാഹ്യ ഏജൻസികൾ – 543.00 കോടി രൂപ
- കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ – 7,264.16 കോടി രൂപ
- മറ്റ് ഏജൻസികൾ – 35.16 കോടി രൂപ

**പാക്കേജ് രൂപകൽപ്പന, ഭരണനിർവഹണം & നടപ്പിലാക്കൽ**

13.08.2014 തീയതിയിലെ സ.ഉ (ആർ.ടി)നം. 373/2014/ പ്ലാനിംഗ് പ്രകാരം കാസർഗോഡ് വികസന പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ 5.00 കോടി രൂപയ്ക്ക് താഴെ അടങ്കൽ തുകയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി 25.07.2019 തീയതിയിലെ സ.ഉ (ആർ.ടി) നം.337/2019/ P&EA, പ്രകാരം ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാതല കമ്മിറ്റി രൂപീകരിച്ചു.

സംസ്ഥാന തലത്തിൽ, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് മുഖ്യ അംഗമായിരിക്കുന്ന ഈ കമ്മിറ്റി, നടപ്പിലാക്കൽ, പുരോഗതി എന്നിവ നിരീക്ഷിക്കുകയും 5.00 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസന നയങ്ങൾക്കും പ്രാഥമികതകൾക്കും അനുയോജ്യമാണെന്ന് ഉറപ്പാക്കുന്നതിനായി പദ്ധതികളിന്മേൽ സംസ്ഥാന പദ്ധതി ബോർഡിന്റെ അഭിപ്രായങ്ങൾ ലഭിച്ച ശേഷം മാത്രമാണ്, രണ്ട് കമ്മിറ്റികളിലും (സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി/ ജില്ലാതല കമ്മിറ്റി) ഭരണാനുമതി നൽകുന്നത്.

സംസ്ഥാന ആസൂത്രണ ബോർഡ് കാസർഗോഡ് വികസന പാക്കേജിലെ എല്ലാ പദ്ധതികളും പരിശോധിക്കുകയും ഏകോപിപ്പിക്കുകയും മാർഗനിർദ്ദേശം നൽകുകയും ചെയ്യുന്ന മുഖ്യ സ്ഥാപനമാണ്. ഓരോ നിർദ്ദേശവും സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ബോർഡ് ഉറപ്പാക്കുന്നു.

2013-14 മുതൽ 2024-25 വരെയുള്ള കാലയളവിൽ, പാക്കേജ് നടപ്പിലാക്കുന്നതിന് സംസ്ഥാന ബജറ്റിൽ 1,00,195.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ, 97,595.01 ലക്ഷം രൂപയുടെ 741 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 540 പദ്ധതികൾ പൂർത്തിയായി, ബാക്കി 201 പദ്ധതികൾ നടപ്പിലാക്കലിന്റെ വിവിധ ഘട്ടത്തിലാണ്. പദ്ധതികളുടെ പൂർത്തീകരണ വേഗതയും, നടപ്പിലാക്കിയ പദ്ധതികളുടെ സ്വഭാവവും കാരണം വർഷാവർഷങ്ങളിലെ ചെലവും, ഭൗതിക ലക്ഷ്യങ്ങളിലും വ്യതിയാനമുണ്ടായി.

**മേഖല തിരിച്ചുള്ള നേട്ടങ്ങൾ**

**1. ആരോഗ്യ മേഖല**

- പബ്ലിക് ഹെൽത്ത് സെന്ററുകൾ, ഫാമിലി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവക്ക് പുതിയ കെട്ടിട സൗകര്യങ്ങൾ, ആധുനിക മെഡിക്കൽ ഉപകരണങ്ങൾ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങൾ, മാലിന്യം നീക്കം സംവിധാനം എന്നിവ ഉൾപ്പെടുത്തി നവീകരണം നടത്തി.
- ആരോഗ്യ സ്ഥാപനങ്ങളിൽ വൈദ്യുതി സൗകര്യങ്ങൾ സ്ഥാപിക്കൽ, ചുറ്റു മതിൽ നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- ഈ ഇടപെടലുകൾ ആരോഗ്യ സേവനങ്ങളുടെയും ചികിൽസാ ലഭ്യതയുടെയും നിലവാരത്തെ ഗണ്യമായി മെച്ചപ്പെടുത്തുകയും, പ്രത്യേകിച്ച് ജില്ലയുടെ ഗ്രാമീണ, ദൂരപ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു.

**2. വിദ്യാഭ്യാസ മേഖല**

- പല സർക്കാർ സ്കൂളുകൾക്കും ആധുനിക അടിസ്ഥാന സൗകര്യങ്ങൾ അഭാവം ഉണ്ടായിരുന്നില്ല, ഇത് വിദ്യാഭ്യാസ നിലവാരത്തെ ബാധിച്ചു.
- ക്ലാസ്സ് റൂമുകൾ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, ലബോറട്ടറികൾ, ശൗചാലയങ്ങൾ, അസംബ്ലി ഹാളുകൾ, ചുറ്റു മതിലുകൾ, ഫർണിച്ചർ എന്നിവ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി.
- ഈ പ്രവർത്തനങ്ങൾ പഠനോത്സാഹകരമായ പരിസ്ഥിതി സൃഷ്ടിക്കാനും ജില്ലയിൽ ഒട്ടാകെ ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിനും സഹായിച്ചു.

**3. കായിക മേഖല**

- ജില്ലയിൽ ഗുണമേൻമയുള്ള കായിക അടിസ്ഥാന സൗകര്യങ്ങൾ കുറവായിരുന്നു.
- സിന്തറ്റിക് സ്റ്റേഡിയങ്ങൾ, മൾട്ടി പർപ്പസ് സ്പോർട്സ് കോർട്ടുകൾ, പരിശീലന സൗകര്യങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി.
- ആധുനിക പരിശീലന സൗകര്യങ്ങളും യോഗ്യരായ പരിശീലകരും വഴി പ്രതിഭാ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകി, ഇതിലൂടെ യുവാക്കൾക്ക് സംസ്ഥാനതലത്തിലും ദേശീയതലത്തിലും മത്സരിക്കാൻ അവസരം സൃഷ്ടിച്ചു.

**4. കാർഷികവും ജലസമ്പത്തുമായി ബന്ധപ്പെട്ട മേഖല**

- പ്രധാന പ്രവർത്തനങ്ങളിൽ ചെക്ക് ഡാമുകൾ, വി.സി.ബി കൾ, എസ്.ഡബ്ല്യൂ.ഇ.സി.ബി കൾ, റിംഗ് ചെക്ക് ഡാമുകൾ, ഷീറ്റ് ചെക്ക് ഡാമുകൾ, നദീ പുനർജീവന പദ്ധതികൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെടുന്നു.
- ഈ പ്രവർത്തനങ്ങൾ ഭൂജല പരിധി ഉയർത്തുന്നതിനും, കൃഷി പ്രദേശങ്ങൾ വികസിപ്പിക്കുന്നതിനും, ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക ഉത്പാദന ശേഷി വർധിപ്പിക്കുന്നതിനും സഹായിച്ചു.

**5. മറ്റ് മേഖലകൾ**

- മൃഗസംരക്ഷണം, ഹാർബർ എൻജിനീയറിങ്, വ്യവസായം, സാമൂഹ്യനീതി, വിനോദസഞ്ചാരം എന്നീ മേഖലയിലെ നിക്ഷേപം സാധ്യമാക്കി.
- ഈ ഇടപെടലൂടെ ജീവിത മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ജില്ലയിൽ സമതുലിത വികസനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടു.

**ഫലപ്രാപ്തി**

കാസർഗോഡ് വികസന പാക്കേജ്, ദീർഘകാല അടിസ്ഥാനസൗകര്യ മേഖലങ്ങളുടെ വികസനത്തിലൂടെയും സാമൂഹ്യ മേഖലയിലെ പരിമിതികൾ പരിഹരിക്കുന്നതിലൂടെയും സമഗ്ര വികസനത്തിന് പ്രേരകമായി പ്രവർത്തിച്ചു. റോഡുകൾ, ഡാമുകൾ,

**കാസറഗോഡ് വികസന പാക്കേജ്** – സാമ്പത്തിക പുരോഗതി (31.08.2025 വരെ) (രൂപ ലക്ഷത്തിൽ)

| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം | ഭരണാനുമതി തുക | ചെലവ് |
|---|---|---|---|
| 2013–14 | 2500.00 | 2790.67 | 2390.81 |
| 2014–15 | 7500.00 | 9332.94 | 6210.80 |
| 2015–16 | 8500.00 | 9751.49 | 5711.93 |
| 2016–17 | 8798.00 | 14299.84 | 8243.30 |
| 2017–18 | 9000.00 | 7629.72 | 3307.33 |
| 2018–19 | 9500.00 | 7882.22 | 275.27 |
| 2019–20 | 9065.00 | 9048.73 | 2102.91 |
| 2020–21 | 7500.00 | 7500.00 | 4932.17 |
| 2021–22 | 7832.00 | 7892.57 | 6480.64 |
| 2022–23 | 7500.00 | 7477.77 | 5305.78 |
| 2023–24 | 7500.00 | 6315.74 | 7172.12 |
| 2024–25 | 7500.00 | 6999.44 | 6958.97 |
| 2025–26 | 7500.00 | 673.88 | 1374.64 |
| **ആകെ** | **100195.00** | **97595.01** | **60466.67** |

**അവലംബം** – കാസറഗോഡ് ജില്ലാ ഭരണകൂടം.

**കാസറഗോഡ് വികസന പാക്കേജ്** – ഭൗതിക പുരോഗതി (31.08.2025 വരെ)

| സാമ്പത്തിക വർഷം | പദ്ധതികൾ അനുവദിച്ചത് | പദ്ധതികൾ പൂർത്തിയാക്കിയത് | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ |
|---|---|---|---|
| 2013–14 | 28 | 28 | 0 |
| 2014–15 | 24 | 23 | 1 |
| 2015–16 | 76 | 75 | 1 |
| 2016–17 | 81 | 80 | 1 |
| 2017–18 | 62 | 58 | 4 |
| 2018–19 | 78 | 74 | 4 |
| 2019–20 | 54 | 49 | 5 |
| 2020–21 | 69 | 58 | 11 |
| 2021–22 | 62 | 41 | 21 |
| 2022–23 | 60 | 32 | 28 |
| 2023–24 | 61 | 12 | 49 |
| 2024–25 | 84 | 10 | 74 |
| 2025–26 | 2 | 0 | 2 |
| **ആകെ** | **741** | **540** | **201** |

**അവലംബം** – കാസറഗോഡ് ജില്ലാ ഭരണകൂടം.

കെട്ടിടങ്ങൾ, ആരോഗ്യസൗകര്യങ്ങൾ തുടങ്ങിയ ഭൗതിക അടിസ്ഥാന സൗകര്യങ്ങളിലും, സ്കൂളുകൾ, ആരോഗ്യസംവിധാനങ്ങൾ, കായിക സൗകര്യങ്ങൾ, സാമൂഹ്യനീതി തുടങ്ങിയ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളിലും ശ്രദ്ധ കൊടുത്ത് കാസർഗോഡ് പാക്കേജ് ജനങ്ങളുടെ ജീവിത നിലവാരം ഗണ്യമായി ഉയർത്തി.

## പ്രമുഖ പദ്ധതികൾ

### കാസർഗോഡ് മെഡിക്കൽ കോളേജ്

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനം 2014 ൽ നടന്നു. ഇതുവരെ ഈ സ്ഥാപനത്തിനായി 71.38 കോടി ചെലവ് വരുന്ന ഏഴ് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിന്റെ സാമ്പത്തിക പിന്തുണയോടെ സ്ഥാപിതമായ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം നടപ്പ് വർഷം ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുന്നതും ശ്രദ്ധേയ കാര്യമാണ്. ഇത് പാക്കേജിന്റെ ഭാഗമായി കൈവരിച്ച ഒരു പ്രധാന നേട്ടമായി പരിഗണിക്കാവുന്നതാണ്.

### മിഷൻ അങ്കണവാടി

ജില്ലയിൽ പ്രവർത്തിക്കുന്ന മൊത്തം 1,378 അങ്കണവാടികളിൽ 145 കേന്ദ്രങ്ങൾക്ക് സ്വന്തമായ കെട്ടിടങ്ങൾ ഇല്ലായിരുന്നു. ഈ കേന്ദ്രങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി "മിഷൻ അങ്കണവാടി" എന്ന പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ഈ സംരംഭം വിജയകരമായി നടപ്പിലാക്കിയതിന്റെ ഫലമായി, വനിതാ-ശിശുവികസന വകുപ്പിന്റെ പ്രവർത്തന മികവിനുള്ള സംസ്ഥാന സർക്കാർ പുരസ്കാരം ജില്ലയ്ക്ക് ലഭിച്ചിട്ടുണ്ട്.

### മുന്നോട്ട് പദ്ധതി

പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങളിൽ ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ പങ്കാളിത്തം കുറവായതിനാൽ സർക്കാർ സർവീസിൽ ഉദ്യോഗസ്ഥരുടെ ക്ഷാമം ഉണ്ടാകുന്നതുമൂലം കാസർഗോഡ് ജില്ല ഭരണപരമായ തടസ്സങ്ങൾ നേരിടുന്നുണ്ട്. ഈ അപാകത പരിഹരിക്കുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിന്റെ പിന്തുണയോടെ "മുന്നോട്ട്" എന്ന പദ്ധതി രൂപകൽപന ചെയ്ത് നടപ്പിലാക്കി. പി.എസ്.സി. പരീക്ഷകൾക്ക് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ മത്സരക്ഷമത വർധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടപ്പിലാക്കിയതിലൂടെ ഈ മേഖലയിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

### ശബരിമല മാസ്റ്റർ പ്ലാൻ

2007 ൽ അംഗീകാരം ലഭ്യമായ ശബരിമല മാസ്റ്റർ പ്ലാൻ, പ്രധാനമായും പെരിയാർ വനപരിസരത്തിൽ സ്ഥിതിചെയ്യുന്ന ശബരിമല ക്ഷേത്രവും അതിന്റെ ചുറ്റുപാടും സമഗ്രമായി വികസിപ്പിക്കാനുള്ള പദ്ധതിയാണ്. പരിസ്ഥിതി സംരക്ഷണത്തോടൊപ്പം പദയാത്രികർക്ക് സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും, പ്രദേശവാസികളുടെ ഉപജീവന സംരക്ഷണവും പ്രദാനം ചെയ്യുന്നത് മാസ്റ്റർ പ്ലാന്റെ പ്രധാന ലക്ഷ്യമാണ്. പാദയാത്രികരുടെ സൗകര്യം, ശുചിത്വം, സുരക്ഷ എന്നിവ മൂന്ന് പ്രധാന ആശങ്കകളാണ്. മാസ്റ്റർ പ്ലാനിലെ വിവിധ പദ്ധതികളെ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനായി കേരളാ ഹൈക്കോടതി ഒരു ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പമ്പ, സന്നിധാനം, നിലക്കൽ എന്നിവ പ്രധാനമായി വികസിപ്പിക്കേണ്ട കേന്ദ്രങ്ങളാണ്.

ശബരിമല മാസ്റ്റർ പ്ലാനിന്റെ കീഴിൽ, ദർശൻ കോംപ്ലക്സ്, പ്രസാദ സാധനങ്ങൾ സൂക്ഷിക്കുന്ന ഗോഡൗൺ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, അന്നദാനം ബ്ലോക്ക്, ക്യൂ കോംപ്ലക്സ്, ജല സംഭരണ ടാങ്കുകൾ തുടങ്ങിയ പ്രധാന പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പോലീസ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, പമ്പ മുതൽ സന്നിധാനം വരെ സാധനങ്ങൾക്കൊണ്ടുവരുന്നതിനുള്ള റോപ്പ്‌വേ സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ഭാവി വികസന പ്രവർത്തനങ്ങളിൽ, നിലക്കലിലെ കോർ ഏരിയ വികസനവും ഒരു റെസ്ക്യൂ ബ്രിഡ്ജ് നിർമ്മാണവും ഉൾപ്പെടുന്നു. സന്നിധാനം, പമ്പ, ട്രെക്ക് റൂട്ട് വികസനത്തിനുള്ള ലേയൗട്ട് പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന് 1,033.62 കോടി രൂപ മൊത്തം ചെലവ് കണക്കാക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ വിവിധ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2760 ലക്ഷം രൂപ അനുവദിച്ചിരുന്നു.

### ഇടുക്കി വികസന പാക്കേജ്

ഇടുക്കി ജില്ല നേരിടുന്ന പ്രത്യേക വികസന വെല്ലുവിളികൾ പരിഹരിക്കുന്നതിനും സുസ്ഥിരമായ വികസനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഒരു പ്രത്യേക വികസന പാക്കേജ് അനുവദിച്ചിട്ടുണ്ട്. സന്തുലിതമായ, സാമൂഹിക, സാമ്പത്തിക, പരിസ്ഥിതിക സുസ്ഥിരത കേന്ദ്രീകരിച്ച് എല്ലാ മേഖലകളേയും ഉൾക്കൊള്ളുന്നതുമായ വികസനമാണ് ലക്ഷ്യമിടുന്നത്. 2022-23 മുതൽ, ഈ പാക്കേജിന്റെ കീഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വർഷം തോറും 7,500.00 ലക്ഷം രൂപ അനുവദിച്ച് വരുന്നു. കേരള സർക്കാർ G.O. (Rt) No. 08/2023/P&EA, 23.03.2023 പ്രകാരം ഇടുക്കി വികസന പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാനും നിരീക്ഷിക്കാനും വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം, G.O. (Rt) No. 09/2023/P&EA, 25.03.2023 പ്രകാരം, പാക്കേജിലെ 5.00 കോടി രൂപ താഴെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ തല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന തലത്തിൽ, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ, സംസ്ഥാന ആസൂത്രണ ബോർഡിലെ മെംബർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡിലെ കാർഷിക വിഭാഗം ചീഫ് എന്നിവർ അംഗങ്ങളായി സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കുന്നു. ഈ കമ്മറ്റി, പദ്ധതികളുടെ നടപ്പിലാക്കൽ പുരോഗതി നിരന്തരം അവലോകനം ചെയ്യുകയും, 5.00 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്യുന്നു.

കൂടാതെ, G.O. (Ms) No. 11/2024/P&EA, 20.07.2024 പ്രകാരം, ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാ തല സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റി, പാക്കേജിലെ പ്രവൃത്തികൾക്ക് സാമ്പത്തിക പരിധിയില്ലാതെ സാങ്കേതിക അനുമതി നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ട്.

പാക്കേജ് ആരംഭിച്ചതിനുശേഷം, 108.88 കോടി രൂപയുടെ 27 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്, ഇതിൽ എല്ലാ പദ്ധതികളും നിലവിൽ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു. ഇതിനായി 2.916 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

ഇടുക്കി വികസന പാക്കേജ് ജില്ലയുടെ സാമൂഹ്യ-സാമ്പത്തിക നില മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യവും സാമൂഹ്യ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ ഉൾക്കൊള്ളുന്നു. ഇതിൽ പ്രധാനപ്പെട്ടവയാണ് വണ്ടിപ്പെരിയാർ കനാൽ പുനർജീവനവും വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനങ്ങളും. ഇത് മുഖേന, ആവർത്തിച്ച് വരുന്ന വെള്ളപ്പൊക്ക അപകടങ്ങൾ കുറക്കുകയും സുസ്ഥിര ജലസംഭരണം ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ സർക്കാർ സ്കൂളുകൾ, എൻജിനീയറിംഗ് കോളേജുകൾ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം, മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം എന്നിവ ഉയർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും അക്കാദമിക് മികവും ക്ലിനിക്കൽ അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കുന്നതിനും സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിന്റെ വികസനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പൈനാവിലെ വനിതാ, പുരുഷ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിലൂടെ ജില്ലാ ആസ്ഥാനത്ത് ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ താമസ സൗകര്യം ലഭ്യമാക്കുന്നു.

കൂടാതെ, മനുഷ്യ-മൃഗ സംഘർഷ പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നത് ഗ്രാമീണ സമൂഹത്തെയും കാർഷിക ഭൂമിയേയും വന്യജീവി ഇടപെടലിൽ നിന്നും സംരക്ഷിക്കുന്നതിനും, സഹവാസവും ഉപജീവന സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഇതോടൊപ്പം, വിദൂരപ്രദേശങ്ങളിലേയ്ക്കുള്ള പാലങ്ങളുടെ നിർമ്മാണത്തിലൂടെ കണക്ടിവിറ്റി മെച്ചപ്പെടുത്തൽ, കട്ടപ്പന ഗവൺമെന്റ് കോളേജിൽ ആധുനിക ലബോറട്ടറികളുടെ സ്ഥാപനം, വിദ്യാഭ്യാസത്തിനും ശിശുവികാസ പരിചരണം ശക്തിപ്പെടുത്തുന്നതിന് മോഡൽ അങ്കണവാടികളുടെ നിർമ്മാണം, നെടുകണ്ടം ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം സ്റ്റാഫ് താമസ സൗകര്യങ്ങൾ ഉറപ്പാക്കാനും സ്ഥാപന പ്രവർത്തനക്ഷമത മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യുന്നു.

ഈ പദ്ധതികൾ സാമൂഹിക, സാമ്പത്തിക, പരിസ്ഥിതി സുസ്ഥിരതയോടും എല്ലാ മേഖലകളും ഉൾക്കൊള്ളുന്നവയും ഇടുക്കി ജില്ലയുടെ വികസനത്തിനുള്ള സമഗ്ര സമീപനത്തെ പ്രതിഫലിപ്പിക്കുന്നു, അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, സമൂഹ്യക്ഷേമ മേഖല എന്നിവയിലുള്ള നിർണായക അപാകതകൾ പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഇത് നടപ്പിലാക്കുന്നത്.

### വയനാട് വികസന പാക്കേജ്

വയനാട് ജില്ലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി രൂപകൽപ്പന ചെയ്ത പ്രത്യേക വികസന പാക്കേജാണ്

വയനാട് വികസന പാക്കേജ്. പ്രദേശത്തിന്റെ ദീർഘകാല പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി, 2022-23 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം 75.00 കോടി രൂപ വീതം അധികമായി വയനാട് വികസന പാക്കേജിന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, പ്രധാനവും മുൻഗണന നൽകേണ്ടതുമായ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിവരുന്നു. മുന്നോട്ടും പിന്നോട്ടുമായ ബന്ധങ്ങൾ ഉറപ്പാക്കുന്നതിനും, നിർണായക അപാകതകൾ പരിഹരിക്കുന്നതിനും, കർഷകർക്ക് ഉചിതമായ വില ലഭ്യതയും വിപണി പ്രവേശനവും മെച്ചപ്പെടുത്തുന്നതിനും, വരുമാനവും ഉപജീവന സാധ്യതകളും വർധിപ്പിക്കുന്നതിനും, ഗുണമേൻമയുള്ള സേവന വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും, പരിസ്ഥിതി പുനഃസ്ഥാപനം പ്രോത്സാഹിപ്പിക്കുന്നതിനും, ഗവേഷണവും വികസനവും പിന്തുണയ്ക്കുന്നതിനുമായി ഏകീകൃത സമീപനം സ്വീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ ഫലപ്രദമായ നടപ്പിലാക്കൽ ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർ കോഓർഡിനേറ്ററായും, ജില്ലാ വികസന കമ്മീഷണർ പ്രത്യേക ഓഫീസറായും ചുമതല വഹിക്കുന്നു.

വയനാട് വികസന പാക്കേജിന്റെ ഭാഗമായി 5.00 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാ തല കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡിലെ മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡിലെ കാർഷിക വിഭാഗം മേധാവി എന്നിവർ അംഗങ്ങളായിരിക്കുന്ന ഈ കമ്മറ്റി, പദ്ധതികളുടെ നടപ്പിലാക്കൽ പുരോഗതി എന്നിവ നിരന്തരം അവലോകനം ചെയ്യുകയും 5.00 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്ത് വരുന്നു. ഇതുകൂടാതെ, ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ തല സാങ്കേതിക കമ്മിറ്റി പാക്കേജിന്റെ കീഴിലുള്ള പ്രവൃത്തികൾക്ക് സാമ്പത്തിക പരിധിയില്ലാതെ സാങ്കേതിക അനുമതി നൽകുന്നതിനായി അധികാരപ്പെടുത്തിയിട്ടുണ്ട്.

അതനുസരിച്ച്, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ മൊത്തം 124.43 കോടി രൂപ ചെലവുള്ള 45 നിർദേശങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്, മറ്റുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലായി വരുന്നു.

**2022 മുതൽ വയനാട് വികസന പാക്കേജിന്റെ കീഴിൽ മേഖലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ക്രമ നമ്പർ | മേഖല | ആകെ | | പൂർത്തിയായവ | | നടപ്പാക്കി വരുന്നവ | |
|---|---|---|---|---|---|---|---|
| | | പ്രോജക്ട്കളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രോജക്ട്കളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രോജക്ട്കളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) |
| 01 | കൃഷി | 3 | 710.00 | 0 | 0 | 3 | 710.00 |
| 02 | ജലസേചനം | 1 | 373.00 | 0 | 0 | 1 | 373.00 |
| 03 | മൃഗസംരക്ഷണം, ഡയറി | 3 | 1000.50 | 0 | 0 | 3 | 1000.50 |
| 04 | പൊതു സേവന സംവിധാനം ശക്തിപ്പെടുത്തൽ | 4 | 1984.77 | 0 | 0 | 4 | 1984.77 |
| 05 | ആരോഗ്യം | 5 | 1582.31 | 1 | 250.00 | 4 | 1332.31 |
| 06 | സ്കൂൾ വിദ്യാഭ്യാസം | 8 | 1878.70 | 0 | 0 | 8 | 1878.70 |
| 07 | ഉന്നത വിദ്യാഭ്യാസം | 3 | 2272.70 | 0 | 0 | 3 | 2272.70 |
| 08 | സാങ്കേതിക വിദ്യാഭ്യാസം | 2 | 515.47 | 0 | 0 | 2 | 515.47 |
| 09 | എസ്.സി/എസ്.ടി വികസനം | 4 | 673.50 | 0 | 0 | 4 | 673.50 |
| 10 | ടൂറിസം | 2 | 232.50 | 2 | 232.50 | 0 | 0 |
| 11 | വനം, വന്യജീവി | 4 | 594.23 | 0 | 0 | 4 | 594.23 |
| 12 | സ്ത്രീകളുടേയും കുട്ടികളുടേയും വികസനം | 5 | 125.00 | 0 | 0 | 5 | 125.00 |
| 13 | റീസെറ്റിൽമെന്റ് | 1 | 500.00 | 0 | 0 | 1 | 500.00 |
| | **ആകെ** | **45** | **12442.68** | **3** | **482.5** | **42** | **11960.20** |

**അവലംബം** – വയനാട് ജില്ലാ ഭരണകൂടം

### ഭൗതിക പുരോഗതി

| വയനാട് വികസന പാക്കേജ് – ഭൗതിക പുരോഗതി 31.08.2025 വരെ | | | |
|---|---|---|---|
| സാമ്പത്തിക വർഷം | അംഗീകാരം നൽകിയ പ്രോജക്ടുകളുടെ എണ്ണം | പൂർത്തിയായ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ എണ്ണം |
| 2022-23 | 11 | 2 | 9 |
| 2023-24 | 4 | 0 | 4 |
| 2024-25 | 29 | 1 | 28 |
| 2025-26 | 1 | 0 | 1 |
| **ആകെ** | 45 | 3 | 42 |

**അവലംബം** – വയനാട് ജില്ലാ ഭരണകൂടം

### സാമ്പത്തിക പുരോഗതി

| വയനാട് വികസന പാക്കേജ് – സാമ്പത്തിക പുരോഗതി 31.08.2025 വരെ | | | |
|---|---|---|---|
| സാമ്പത്തിക വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ഭരണാനുമതി തുക (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) |
| 2022-23 | 7500.00 | 2109.00 | 0.00 |
| 2023-24 | 7500.00 | 3536.48 | 0.00 |
| 2024-25 | 7500.00 | 6297.20 | 706.65 |
| 2025-26 | 8500.00 | 500.00 | 653.14 |
| **ആകെ** | **31000.00** | **12442.68** | **1359.79** |

**അവലംബം** – വയനാട് ജില്ലാ ഭരണകൂടം

### പ്രമുഖ പദ്ധതികൾ

- ഈ പാക്കേജിന്റെ ഭാഗമായി, ജില്ലയിലെ ഏക കാൻസർ ചികിത്സാ കേന്ദ്രമായ നല്ലൂർനാട് ആദിവാസി പ്രത്യേക ആശുപത്രിയിൽ 6.86 കോടി രൂപ ചെലവിൽ സി.ടി-സിമുലേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ, ആരോഗ്യ മേഖലയിൽ ഒരു പ്രധാന മുന്നേറ്റം സാധ്യമായതോടൊപ്പം, ഈ സൗകര്യം ലഭിക്കുന്നതിനായി രോഗികൾക്ക് ഇനി ജില്ലയ്ക്ക് പുറത്തേക്ക് യാത്ര ചെയ്യേണ്ട സാഹചര്യം ഒഴിവാകുകയും ചെയ്തു.
- ഈ പാക്കേജിന്റെ ഭാഗമായി മാനന്തവാടി ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി 1.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ഈ പദ്ധതി ഉടൻ പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തനം ആരംഭിക്കുന്നതോടെ, ജില്ലയിലെ തന്നെ ആധുനിക അടിസ്ഥാന സൗകര്യങ്ങളോടെ വിവിധ ഓൺലൈൻ പരീക്ഷകൾ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് ഇത് വലിയ സൗകര്യം പ്രദാനം ചെയ്യുകയും, വയനാട് ജില്ലയിലെ വിദ്യാഭ്യാസ പരിസ്ഥിതി ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.
- ഈ പാക്കേജിന്റെ ഭാഗമായി നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്ററിൽ G-Gaiter റോബോട്ടിക് ഗെയ്റ്റ് ട്രെയിനർ 2.5 കോടി രൂപ ചെലവിൽ സ്ഥാപിച്ചിട്ടുണ്ട്. തികച്ചും ആധുനികമായ ഈ ഉപകരണം ആരോഗ്യ മേഖലയിൽ, പ്രത്യേകിച്ച് ശാരീരികമായി അശക്തരായതും, ചലന ക്ഷമത കുറവുള്ള രോഗികൾക്ക് ഏറെ വിലപ്പെട്ട സമ്പത്ത് ആണ്. വയനാട് പോലുള്ള പിന്നാക്ക ജില്ലയിൽ ഈ ഉപകരണം ലഭ്യമാകുന്നതിലൂടെ രോഗികൾക്ക് ചികിത്സ മെച്ചപ്പെടുത്താനും, ജില്ലയ്ക്ക് പുറത്തേക്ക് പ്രത്യേക ചികിത്സ തേടേണ്ട ആവശ്യം കുറയ്ക്കാനും, വലിയ അളവിൽ സഹായിക്കും.
- വയനാട് ജില്ലയിലെ മനുഷ്യ-മൃഗ സംഘർഷം ഇപ്പോഴും ഗുരുതരമായ പ്രശ്നമായാണ് നിലനിൽക്കുന്നത്. ഈ പ്രശ്നത്തെ ഫലപ്രദമായി നേരിടുന്നതിനായി സോളാർ പവർ ഫെൻസിംഗുകൾ ഒരു ശാശ്വത പ്രതിരോധ നടപടിയായി ഒരുക്കിയിട്ടുണ്ട്. ഈ പാക്കേജിന്റെ ഭാഗമായി 5.94 കോടി രൂപ അനുവദിച്ചിരിക്കുന്നത്, മനുഷ്യ ജീവൻ സംരക്ഷിക്കാനും, കർഷിക സമ്പത്തുകൾ രക്ഷിക്കാനും, വന്യജീവികളുമായി സഹവാസം പ്രോത്സാഹിപ്പിക്കാനും ഒരു പ്രധാന ഇടപെടലായിട്ടാണ്. ഈ സംരംഭം ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷത്തെ പ്രതിരോധിക്കാനും ജില്ലയുടെ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിനും ദീർഘകാല, പരിസ്ഥിതി, സാമൂഹ്യ-സാമ്പത്തിക സ്ഥിരതക്ക് സംഭാവന ചെയ്യുന്നതുമാണ്.
- വിനോദസഞ്ചാരം ജില്ലയുടെ പ്രധാന വരുമാന സ്രോതസാണ്. ഈ പാക്കേജിന്റെ ഭാഗമായി വിനോദസഞ്ചാര മേഖലയുടെ വികസനത്തിനും പ്രോത്സാഹനത്തിനും 2.35 കോടി രൂപ

അനുവദിച്ചിട്ടുണ്ട്. ഇത് ജില്ലയുടെ വിനോദസഞ്ചാര വ്യവസായത്തിന് ഗണ്യമായ പ്രയോജനം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- 2025-26 സാമ്പത്തിക വർഷത്തേക്കായി വയനാട് ജില്ലയിലെ മരിയനാട് പുനരധിവാസ പദ്ധതിക്ക് പ്രത്യേകമായി 5.00 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതവും ഫലപ്രദവുമായ നടപ്പിലാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും ദ്രുതഗതിയിൽ സ്വീകരിച്ചിട്ടുണ്ട്.

അദ്ധ്യായം

# 12

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

# പ്രാദേശിക സർക്കാരുകളും വികേന്ദ്രീകൃത ആസൂത്രണവും

## 12 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികേന്ദ്രീകൃത ആസൂത്രണവും

സംസ്ഥാന രൂപീകരണം മുതൽ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ പങ്ക് ഉറപ്പാക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും കേരളം മുൻനിരയിലാണ് . ഭരണപരമമായ പരിഷ്കാരങ്ങൾ അധികാരവും വിഭവങ്ങളും വർദ്ധിപ്പിക്കുക വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയിട്ടുണ്ട്. 1996–ൽ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വികസന ആസൂത്രണത്തിന്റെ കേന്ദ്രമായി പ്രതിഷ്ഠിച്ചുകൊണ്ട് ഒരു പ്രധാന മാറ്റത്തിന് വഴിയൊരുക്കി. പ്രവർത്തനങ്ങൾ, ഫണ്ടുകൾ, ജീവനക്കാർ എന്നിവയുടെ വികേന്ദ്രീകരണം പങ്കാളിത്തപരവും ആവശ്യാധിഷ്ഠിതവുമായ ആസൂത്രണത്തെ പിന്തുണച്ചിട്ടുണ്ട്.

കേന്ദ്ര കൈമാറ്റങ്ങൾ കുറയുകയും വൈകുകയും ചെയ്തതിനാൽ 2024–25 കാലയളവിൽ സാമ്പത്തിക പരിമിതികൾ ഉണ്ടായിട്ടുണ്ട്. ഈ വെല്ലുവിളികൾക്കിടയിലും, മൂലധന നിക്ഷേപം, മേഖലാ പുനരുജ്ജീവിപ്പിക്കൽ, സംരംഭകത്വ പിന്തുണ, സാമൂഹിക സുരക്ഷാ നടപടികൾ എന്നിവയിലൂടെ സംസ്ഥാനം വളർച്ചയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ തദ്ദേശതലത്തിൽ വികസനം നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു. കൈമാറിക്കിട്ടിയ ഫണ്ടുകളുടെ ഫലപ്രദമായ ഉപയോഗം, ക്ഷേമവും ഉപജീവനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം, സംസ്ഥാന കേന്ദ്ര പദ്ധതികളുമായുള്ള ഏകോപനം എന്നിവ തൊഴിലവസരം സൃഷ്ടിക്കാം ദാരിദ്ര്യ ലഘൂകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സഹായകമായി.

14–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രധാന പദ്ധതികളെ ഈ അദ്ധ്യായം വിലയിരുത്തുന്നു. പ്രത്യേകിച്ചും 2024–25 വർഷത്തെ നേട്ടങ്ങളും ആകെ പദ്ധതിയുടെ പ്രകടനവും ഇതിൽ വിശദമായി പ്രതിപാദിക്കുന്നു.

### 14–ാം പദ്ധതിയിലെ പ്രധാന നടപടികൾ

14–ാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണനകൾക്ക് അനുസൃതമായി, പ്രധാന പദ്ധതികൾ രൂപപ്പെടുത്താനും നടപ്പാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ പ്രക്രിയ സുഗമമാക്കുന്നതിനും നിർബന്ധിത വകയിരുത്തൽ, സാധ്യമായ വിഭവ സംയോജനം നിർദ്ദേശിക്കുക, ആവശ്യമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവ ഉൾപ്പെടുന്ന വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

പ്രാദേശിക സാമ്പത്തിക വികസനം (എൽ.ഇ.ഡി) പദ്ധതി പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും തൊഴിൽ സൃഷ്ടിക്കുന്ന സംരംഭങ്ങൾക്ക് സബ്സിഡി, റിവോൾവിങ്

ഫണ്ട്, പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുന്നതിനായിരുന്നു ഊന്നൽ നൽകിയിരുന്നത്. എന്നാൽ തൊഴിൽ സൃഷ്ടി കൂടുതൽ ത്വരിതപ്പെടുത്തുന്നതിനായി സമഗ്രമായ ഒരു സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതോടെ, സംരംഭകർക്ക് സാമ്പത്തിക സഹായവും ഉപദേശ പിന്തുണയും ഉൾപ്പെടുന്ന രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് വിപുലീകരിച്ചിട്ടുണ്ട്.

പ്രാദേശിക തലത്തിൽ സംരംഭക വികസനം ശക്തിപ്പെടുത്തുന്നതിനായി പലവിധ പിന്തുണാ സംവിധാനങ്ങൾ—പലിശ സബ്സിഡികൾ, സാങ്കേതിക വിദ്യ കൈമാറ്റവും അപ്ഗ്രഡേഷനും നടത്താനുള്ള ഫണ്ടുകളും, ഇന്നൊവെട്ടിവ്-ഇൻക്യൂബേഷൻ ഫണ്ടുകളും, പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനുള്ള ഫണ്ടുകൾ, സീഡ് സപ്പോർട്ട് പദ്ധതികൾ എന്നിവ—ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ രൂപീകരണം സുഗമമാക്കുന്നതിനായി സംരംഭകത്വവും തൊഴിൽ സൗകര്യ കേന്ദ്രങ്ങളും, പദ്ധതികളുടെ പ്രായോഗികത പരിശോധിക്കുന്നതിനുള്ള ജില്ലാ തല സാങ്കേതിക സമിതികളും, ഹെൽപ് ഡെസ്കുകളും ഉൾപ്പെടെയുള്ള പുതിയ സ്ഥാപന ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

ഈ നടപടികളിലൂടെ സംരംഭകത്വ വികസനം, നൈപുണ്യ വികസനം, സ്വയംതൊഴിൽ, തൊഴിൽ സൃഷ്ടി എന്നിവയെ ഏകോപിപ്പിക്കുന്ന ഏകജാലക സൗകര്യ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ തദ്ദേശഭരണത്തിൽ ഇതൊരു ശ്രദ്ധേയമായ പുരോഗതിയാണ്.

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷത്തെ സംരംഭകത്വ വർഷമായി പ്രഖ്യാപിച്ച് സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSMEs) ആരംഭിക്കുന്നതിനായി തീരുമാനിച്ചു. ഈ ക്യാമ്പെയ്ന് വലിയ ശ്രദ്ധ ലഭിക്കുകയും 245 ദിവസങ്ങൾക്കുള്ളിൽ തന്നെ ലക്ഷ്യം കൈവരിക്കപ്പെടുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 1,19,839 പുതിയ എം.എസ്.എം.ഇകൾ ആരംഭിക്കുകയും 3,00,049 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിൽ മറ്റൊരു ഒരു ലക്ഷം സംരംഭങ്ങൾ (1,03,596 സംരംഭങ്ങൾ) കൂടി ആരംഭിക്കുകയും 2.18 ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. 'സംരംഭങ്ങളുടെ വർഷം 3.0' കേരള സർക്കാർ വ്യവസായ വകുപ്പിന്റെ പ്രധാന സംരംഭകത്വ പദ്ധതിയുടെ മൂന്നാം പതിപ്പാണ്. 2024-2025 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് കുറഞ്ഞത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് ഈ മഹത്തായ പദ്ധതിയുടെ ലക്ഷ്യം. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി രൂപപ്പെടുത്തിയ വിജയകരമായ സംവിധാനങ്ങളെ അടിസ്ഥാനമാക്കി, സംരംഭക രൂപീകരണ സൗകര്യവത്കരണം കൂടുതൽ ശക്തിപ്പെടുത്തുകയും സംസ്ഥാനത്ത് സജീവവും ശക്തവുമായ സംരംഭക ഇക്കോസിസ്റ്റം വളർത്തുന്നതിനായി വിവിധ ആകർഷകമായ പിന്തുണാ നടപടികൾ അവതരിപ്പിക്കുകയും ചെയ്യുകയാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്.

2026 ജനുവരി 12 വരെ, സംസ്ഥാനത്ത് 3,82,011 എം.എസ്.എം.ഇ കൾ സ്ഥാപിക്കപ്പെടുകയും അവയിലൂടെ 8,14,627 പേർക്ക് തൊഴിൽ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ നിയമിക്കുകയും വിന്യസിക്കുകയും ചെയ്തു – ഓരോ ഗ്രാമപഞ്ചായത്തിലും ഒരാൾ, മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ഓരോ 20 വാർഡുകളിലും ഒരാൾ. ലൈസൻസുകൾ, സബ്സിഡികൾ, വായ്പകൾ എന്നിവ നേടുന്നതിലും, ബാങ്കബിൾ പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, പ്രസക്തമായ ഏജൻസികളുടെ സഹായത്തോടെ സാങ്കേതികവിദ്യ ആക്സസ് ചെയ്യുന്നതിലും അവർ സംരംഭകരെ പിന്തുണയ്ക്കുന്നു. ജില്ലാ, താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർമാർ അവരെ ഏകോപിപ്പിക്കും. പൊതുജനങ്ങളെയും സംരംഭകരെയും പിന്തുണയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടനീളം ഹെൽപ്പ് ഡെസ്കുകളും സ്ഥാപിച്ചിട്ടുണ്ട്.

മാർക്കറ്റിംഗ്, ധനകാര്യം, ജിഎസ്ടി, കയറ്റുമതി, ബാങ്കിംഗ്, ലൈസൻസിംഗ്, നിയമ, സാങ്കേതിക കാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി വ്യവസായ വകുപ്പ് 168 എംപാനൽ ചെയ്ത വിഷയ വിദഗ്ധരുടെ പിന്തുണയോടെ എംഎസ്എംഇ ക്ലിനിക്കുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിലുള്ള സൗകര്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും പ്രൊഫഷണലായി യോഗ്യതയുള്ള റിസോഴ്സ് പേഴ്സൺമാരുള്ള എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ ഈ സംരംഭങ്ങളെല്ലാം ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിതമായ സംരംഭകത്വ വികസനത്തിനായുള്ള പുതിയ സ്ഥാപന സംവിധാനങ്ങളിലൂടെ പൂരകമാക്കാനും ശക്തിപ്പെടുത്താനും കഴിയുമെന്ന് ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്, അതുവഴി പ്രാദേശിക സാമ്പത്തിക വികസനം കൂടുതൽ വ്യവസ്ഥാപിതമായി വർദ്ധിപ്പിക്കാൻ കഴിയും.

**ശുചിത്വമാലിന്യ സംസ്കരണം**

കഴിഞ്ഞ ഒരു ദശാബ്ദമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (എൽ.എസ്.ജി.ഐകൾ) പ്രധാന ശ്രദ്ധാകേന്ദ്രം മാലിന്യസംസ്കരണമായിരുന്നു. 2017-ൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച നവകേരളം കർമ്മപദ്ധതി ശാസ്ത്രീയവും സുസ്ഥിരവുമായ മാലിന്യസംസ്കരണം ലക്ഷ്യമിട്ടിരുന്നു. 2022-ൽ തയ്യാറാക്കിയ നവകേരളം വൃത്തിയുള്ള കേരളം സംസ്ഥാന പ്രവർത്തന പദ്ധതി 2025-ഓടെ കേരളത്തെ മാലിന്യരഹിതവും മാലിന്യമുക്തവുമായ സംസ്ഥാനമാക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ടുവച്ചത്. ഇതിന്റെ ഭാഗമായി വാർഷികമായി പ്രീ-മൺസൂൺ ശുചീകരണ പ്രവർത്തനങ്ങളും അനുബന്ധ നടപടികളും നടപ്പിലാക്കി.

എന്നാൽ ബ്രഹ്മപുരം മാലിന്യക്കൂമ്പാര തീപിടിത്തവും അതെ തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശങ്ങളും കാരണം, മാലിന്യമുക്ത നവകേരളം എന്ന

ക്യാമ്പയിൻ പ്രവർത്തനങ്ങൾ വലിയ തോതിൽ വേഗത കൈവരിച്ചു. ഈ ക്യാമ്പയിൻ മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പാക്കിയത്. ഒന്നാം ഘട്ടം (2023 മാർച്ച് 15 മുതൽ ജൂൺ 5 വരെ) മാലിന്യങ്ങളുടെ ഉറവിടതലത്തിലുള്ള 100% വേർതിരിക്കൽ ഉറപ്പാക്കുക, അജൈവ മാലിന്യങ്ങളുടെ സമ്പൂർണ്ണ വാതിൽപ്പടി ശേഖരണം, ജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, എല്ലാ പൊതുസ്ഥലങ്ങളുടെയും ശുചിത്വവും ആരോഗ്യ സുരക്ഷയും, മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യുക, ജലാശയങ്ങളുടെ ശുചീകരണവും പരിസ്ഥിതി പ്രവാഹം പുനഃസ്ഥാപിക്കുകയുമാണ് ലക്ഷ്യമിട്ടത്.

രണ്ടാം ഘട്ടം (2023 നവംബർ 30-ന് സമാപിച്ചു) ഒന്നാം ഘട്ടത്തിന്റെ ഫലമായി വർധിച്ച മാലിന്യം കൈകാര്യം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും ഉറപ്പാക്കുന്നതിലും കൈവരിച്ച പുരോഗതി സ്ഥാപനവൽക്കരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

മൂന്നാം ഘട്ടം (2024 മാർച്ച് 31 വരെ) ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനോടൊപ്പം ഗൃഹാതുര അപകടകര മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ, നിർമ്മാണ മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിനുള്ള ശക്തമായ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലും ഊന്നൽ നൽകി.

ഈ ക്യാമ്പയിൻ ഉറവിടതല വേർതിരിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ, അപകടകരമായ മാലിന്യങ്ങൾ, നിർമാണ, ലെഗസി ഡമ്പ്സൈറ്റുകൾ ഉൾപ്പെടെ എല്ലാ തരത്തിലുള്ള എല്ലാ മാലിന്യ സ്രോതസുകളുടെയും സുസ്ഥിര മാനേജ്മെന്റ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. നിലവിൽ സംസ്ഥാനത്ത് 5 തദ്ദേശ സ്ഥാപനങ്ങളിൽ സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകളും, 33 തദ്ദേശ സ്ഥാപനങ്ങളിൽ സാനിറ്ററി മാലിന്യ ശേഖരണവും സംസ്കരണ കേന്ദ്രങ്ങളിലേക്ക് ഗതാഗത സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

സംക്ഷിപ്തമായി പറഞ്ഞാൽ, മാലിന്യസംസ്കരണ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്ന സമഗ്രമായ സംവിധാനമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം മിനി-എംസിഎഫുകൾ (Mini MCFs), എംസിഎഫുകൾ (MCFs), ആർആർഎഫുകൾ (RRFs) എന്നിവ ഉൾപ്പെടുന്ന വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2025 ഓഗസ്റ്റ് 31-നുള്ള നിലയിൽ 1,350 എംസിഎഫുകൾ, 20,051 മിനി എംസിഎഫുകൾ, 205 ആർആർഎഫുകൾ സംസ്ഥാനത്ത് പ്രവർത്തനക്ഷമമായി. 2025-ജൂൺ വരെ പൊതുസ്ഥലങ്ങളിൽ 50,042 ബിന്നുകളും 26,967 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ മേഖലയിലെ പദ്ധതികൾ വേഗത്തിൽ അംഗീകരിക്കുന്നതിനായി സംസ്ഥാന-ജില്ലാതല സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

കുടുംബശ്രീയുടെ പിന്തുണയോടെ ഹരിത കർമ്മ സേനകൾ അജൈവ മാലിന്യങ്ങളുടെ വീട്ടുമുറ്റ ശേഖരണവും വേർതിരിക്കലും നേതൃത്വം നൽകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുകയോ സഹസംസ്കരണം നടത്തുകയോ റോഡ് നിർമാണത്തിൽ ഉപയോഗിക്കുകയോ ചെയ്യുന്നു. 1,034 തദ്ദേശ സ്ഥാപനങ്ങളിലായി 37,765 ഹരിത കർമ്മ സേനാംഗങ്ങൾ വിന്യസിച്ചിരിക്കുന്നു. നിർബന്ധിത ഉപയോക്തൃ ഫീസ് ശേഖരണം വ്യാപകമായി നടപ്പിലാക്കിയതോടെ ഗൃഹങ്ങളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം നിരവധി തദ്ദേശ സ്ഥാപനങ്ങളിൽ ഉയർന്നു. ജൈവ മാലിന്യങ്ങളുടെ ഉറവിടതല സംസ്കരണം ഗൃഹകമ്പോസ്റ്റിംഗ് വ്യാപകമായി പ്രോത്സാഹിപ്പിക്കുകയും ബയോഗ്യാസ് പ്ലാന്റുകൾ, കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, കോഴിമാലിന്യ സംസ്കരണ യൂണിറ്റുകൾ തുടങ്ങിയ 1,574 സമൂഹതല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യുതിലൂടെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശ സ്ഥാപന പരിധിയിലെ മാലിന്യത്തിന് അതീവ സാധ്യതയുള്ള കേന്ദ്രങ്ങൾ (ഗാർബേജ് വൾനറബിൾ പോയന്റുകൾ) കണ്ടെത്തി ജിയോ-ടാഗ് ചെയ്ത് ശുചീകരിക്കുകയും ശക്തമായ നിയമനടപടികളും ജനപങ്കാളിത്തവും വഴി ശുചിത്വം നിലനിർത്തുകയും ചെയ്തു. സാമൂഹ്യ ഓഡിറ്റുകൾ, ഹരിതസഭകൾ, കുട്ടികളുടെ ഹരിതസഭകൾ, എൻഎസ്എസ് പങ്കാളിത്തം, യുവ പ്രൊഫഷണലുകളുടെ വിന്യാസം എന്നിവ സുതാര്യതയും സമൂഹ പങ്കാളിത്തവും കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ മാലിന്യ നിയന്ത്രണം, പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ഉപനിയമങ്ങൾ, പഞ്ചായത്ത്-മുനിസിപ്പാലിറ്റി നിയമഭേദഗതികൾ എന്നിവ ഉൾപ്പെടെ മാലിന്യസംസ്കരണത്തെ പിന്തുണയ്ക്കുന്നതിനായി നയങ്ങളും നിയമപരവുമായ പരിഷ്കാരങ്ങളും സർക്കാർ നടപ്പാക്കിയിട്ടുണ്ട്. 90,438 പരിശോധനകൾ നടത്തി നിയമലംഘനങ്ങൾ കണ്ടെത്തിയതോടൊപ്പം 8.55 കോടി രൂപ പിഴയായി ഈടാക്കി. ഏകദേശം 5,410 സ്ഥലങ്ങൾ ക്യാമറ നിരീക്ഷണത്തിന് കീഴിൽ കൊണ്ടുവന്നു.

പൊതു-സ്വകാര്യ പങ്കാളിത്തം, ഗ്രീൻ സംരംഭങ്ങൾ, വിപുലമായ നിർമ്മാതൃ ഉത്തരവാദിത്വം (ഇ.പി.ആർ), പ്രത്യേകതയുള്ള മാലിന്യ പ്രവാഹങ്ങളുടെ മെച്ചപ്പെട്ട നിയന്ത്രണം എന്നിവയിലാണ് പുതിയ സംരംഭങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം നിലനിർത്തുന്നതിനും "എന്റെ മാലിന്യം – എന്റെ ഉത്തരവാദിത്വം" എന്ന സന്ദേശത്തിലൂടെ പൊതുജന ഉത്തരവാദിത്വം വളർത്തുന്നതിനും പ്രത്യേക പ്രാധാന്യം നൽകി.

ക്യാമ്പയിന്റെ ഭാഗമായി, ദ്രവമാലിന്യ സംസ്കരണം, സാനിറ്ററി മാലിന്യം തുടങ്ങിയ മേഖലകളിൽ സൗകര്യങ്ങൾ സ്ഥാപിക്കാനും ഖരമാലിന്യ സംസ്കരണത്തിലൂടെ ഇതിനകം രൂപപ്പെടുത്തിയ സംവിധാനങ്ങൾ വിപുലീകരിക്കുവാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി. ദ്രവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 32 എസ്ടിപികൾ, 7 എഫ്എസ്ടിപികൾ, 11 മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ ഹരിതകേരളം മിഷൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളം മാലിന്യസംസ്കരണ രംഗത്ത് ഇതുവരെ കാണാത്ത മുന്നേറ്റമാണ് കൈവരിച്ചിരിക്കുന്നത്. മാലിന്യകൂമ്പാരങ്ങൾ നീക്കം ചെയ്യുകയും നിരീക്ഷണവും പിഴയും വഴി മാലിന്യം തടയുകയും തെരുവുകളും പൊതുസ്ഥലങ്ങളും ശുചിയായി നിലനിർത്തുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ അസാധാരണമായ പ്രതിബദ്ധതയാണ് കാണിച്ചിട്ടുള്ളത്. കുട്ടികളെ ഉൾപ്പെടെ ജനങ്ങളിൽ ശീലമാറ്റം, പ്രോത്സാഹന സംവിധാനങ്ങൾ, കൂട്ടായ സ്വാധീനം എന്നിവയെ കേന്ദ്രീകരിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങളും ശക്തമായി നടപ്പാക്കി. വീട്ടുമുറ്റ മാലിന്യ ശേഖരണവും വലിയ തോതിൽ മെച്ചപ്പെട്ടു.

മാലിന്യസംസ്കരണം സംരംഭകത്വത്തിന്റെയും തൊഴിൽ സൃഷ്ടിയുടെയും ഒരു അവസരമായി കാണുകയും അതിനായി സർക്കാർ പ്രത്യേക നയ നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ഈ സംസ്ഥാനവ്യാപകമായ ശ്രമങ്ങളുടെ ഫലമായി, സ്വച്ഛ് സർവേക്ഷണിൽ കേരളം ചരിത്രപരമായ നേട്ടം കൈവരിച്ചു. ആദ്യമായി എട്ട് നഗരങ്ങൾ ദേശീയ തലത്തിലെ ആദ്യ 100 നഗരങ്ങളിൽ ഇടം നേടി. മുൻ റാങ്കിംഗിൽ നിന്നുള്ള വലിയ കുതിപ്പോടെ കൊച്ചി (റാങ്ക് 50) മുന്നിൽ എത്തി നിൽക്കുന്നു. ഇതോടൊപ്പം മട്ടന്നൂർ, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ, ഗുരുവായൂർ, തിരുവനന്തപുരം, കൊല്ലം എന്നിവയും മുൻ നിരയിൽ എത്തി നിൽക്കുന്നു. 93 നഗരഭരണ സ്ഥാപനങ്ങളിൽ 82 എണ്ണം ആദ്യ ആയിരം നഗങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

**അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

സംസ്ഥാനത്തെ അതി ദാരിദ്ര്യം പൂർണമായി ഇല്ലാതാക്കുക എന്ന സർക്കാരിന്റെ ദൃഢനിശ്ചയത്തിന്റെ ഭാഗമായി, ജനപങ്കാളിത്തത്തോടെ അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 64,006 കുടുംബങ്ങളെ അതി ദരിദ്രരായി തിരിച്ചറിഞ്ഞു.

തിരിച്ചറിഞ്ഞ ഓരോ കുടുംബത്തിൽ നിന്നുമുള്ള ദാരിദ്ര്യ നിലയും മറ്റ് പ്രധാന വിവരങ്ങളും അടിസ്ഥാനമാക്കി, ഭക്ഷണം, പാർപ്പിടം, ഉപജീവനം, നിയമപരമായ അവകാശങ്ങൾ, ആരോഗ്യ പിന്തുണ എന്നിവ ഉറപ്പാക്കുന്നതിനുള്ള വിശദമായ മൈക്രോ പദ്ധതികൾ തയ്യാറാക്കി. വിവിധ വികസന വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും (എൽ.എസ്.ജി.ഐ കൾ) സംയുക്തമായി ഈ മൈക്രോ പദ്ധതികൾ ശക്തമായ ഇടപെടലുകളോടെ നടപ്പിലാക്കി.

ഇതിന്റെ ഫലമായി, 2025 നവംബർ 1–ന് ബഹു. മുഖ്യമന്ത്രി ഔദ്യോഗികമായി കേരളം അതി ദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചു. അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ രണ്ടാം അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാലാവസ്ഥാ പ്രതികരണക്ഷമവും ദുരന്ത പ്രതിരോധ ശേഷിയുള്ളതുമായ ആസൂത്രണം**

ദുരന്തനിവാരണ രംഗത്ത് തദ്ദേശ സർക്കാരുകൾ ആദ്യ പ്രതികരണ സംഘങ്ങളായാണ് പ്രവർത്തിക്കുന്നത്. സമൂഹതലത്തിൽ ദുരന്തങ്ങൾ തടയൽ,ദുരന്ത നിവാരണം, തയ്യാറെടുപ്പ്, പ്രതികരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കുന്നതിൽ അവർക്കാണ് പ്രധാന ഉത്തരവാദിത്വം. കഴിഞ്ഞ കുറെ വർഷങ്ങളായി വെള്ളപ്പൊക്കം, തീരശോഷണം, വരൾച്ച, മണ്ണിടിച്ചിൽ തുടങ്ങിയ ആവർത്തിച്ചുള്ള പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തെ ബാധിച്ച് വരികയാണ്. ഇതു സാധാരണ ജനങ്ങളുടെ ഉപജീവന സുരക്ഷക്കും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വികസനത്തിനും ഗുരുതരമായ വെല്ലുവിളികൾ സൃഷ്ടിക്കുന്നു.

ഇത്തരം ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും ദുരന്തനിവാരണ മുന്നൊരുക്കങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക ആസൂത്രണ പ്രക്രിയകളിൽ കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങളും ദുരന്തനിവാരണത്തിനും ലഘൂകരണത്തിനുമുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം എന്ന് നിർദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി, ജലവിഭവങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, കൃഷി തുടങ്ങിയ മേഖലകളിൽ അപകടസാധ്യതകൾ പരിഗണിച്ചുള്ള, ദുരന്ത സാദ്ധ്യത കുറയ്ക്കുകയും അനുയോജ്യമായ പ്രതിരോധ ശേഷി വർധിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ ഉൾപ്പെടുത്തുന്നു. നിർത്തട പുനരുദ്ധാരണം, മണ്ണുസംരക്ഷണം, ഹരിതവൽക്കരണം തുടങ്ങിയ പ്രകൃതി അധിഷ്ഠിത പരിഹാരങ്ങൾക്ക് മുൻഗണന നൽകുകയും പരിസ്ഥിതി പ്രതിരോധ ശേഷി ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, മുൻകരുതൽ മുന്നറിയിപ്പ് സംവിധാനങ്ങൾ, സമൂഹതല തയ്യാറെടുപ്പ് നടപടികൾ, ദുരന്തത്തിൽ അകപ്പെട്ടവരെ ഒഴിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ആസൂത്രണം ചെയ്യുക എന്നിവയും തദ്ദേശ വികസന പദ്ധതികളിൽ ഉൾപ്പെടുത്തുന്നു. കാലാവസ്ഥാനുബന്ധ വിഷയങ്ങളെ നേരിടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജന ബോധവൽക്കരണം സൃഷ്ടിക്കുന്നതിൽ കേരളം വലിയ തോതിൽ വിജയിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന പദ്ധതിയുടെ ഭാഗമായി, 2021-2026 കാലയളവിലായി കേരള സർക്കാർ ലോകബാങ്കുമായി ഒരു കരാർ ഒപ്പുവെച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, ലോകബാങ്കിന്റെ പിന്തുണയോടെ വിവിധ അന്താരാഷ്ട്ര ഏജൻസികളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന പ്രോഗ്രാം ഫോർ റിസൽറ്റുകൾ (പി ഫോർ ആർ) ധനസഹായ പദ്ധതി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രധാനമായി കേന്ദ്രീകരിക്കുന്നത്.

ലക്ഷ്യങ്ങളും നേട്ടങ്ങളും കൈവരിക്കുന്നതിനായി തദ്ദേശഭരണസ്ഥപാനങ്ങൾ നയിക്കുകയും ശേഷി വർധിപ്പിക്കുകയും പുരോഗതി നിരീക്ഷിക്കുകയും ചെയ്യുന്നതിന് കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ഡി.സി.എ.റ്റി (ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആന്റ് ക്ലൈമെറ്റ് ആക്ഷൻ ട്രാക്കർ എന്ന സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ, ഡികാറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ പെർഫോർമൻസ് ഇൻസെന്റീവ് ഗ്രാന്റായി 247 ഗ്രാമപഞ്ചായത്തുകൾക്കും 18 മുനിസിപ്പാലിറ്റികൾക്കും 49.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**വിനോദ സഞ്ചാരം**

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ മഹാമാരിക്കു ശേഷമുള്ള സാമ്പത്തിക പുനരുജ്ജീവനത്തിനുള്ള പ്രധാന ചാലകശക്തിയായിട്ടാണ് ടൂറിസം മേഖലയെ കണക്കാക്കിയിരിക്കുന്നത്. ഇതനുസരിച്ച്, ടൂറിസം വകുപ്പുമായി സഹകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെസ്റ്റിനേഷൻ ചലഞ്ച്, റസ്പോൺസിബിൾ ടൂറിസം, സസ്റ്റെയനബിൾ, റ്റാഞ്ചിബിൾ, റെസ്പോൺസിബിൾ, എക്സ്പിരിമെന്റൽ, എത്തനിക് ടൂറിസം ഹബ്സ് (എസ്.ടി.ആർ.ഇ.ഇ.ടി) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സംരംഭങ്ങൾ പരിസ്ഥിതിയിലുണ്ടാകുന്ന ദോഷഫലങ്ങൾ കുറയ്ക്കുന്നതിനൊപ്പം, പ്രത്യേകിച്ച് ഗ്രാമീണവും വിദൂര പ്രദേശങ്ങളിലുമുള്ള പ്രാദേശിക സമൂഹങ്ങൾക്ക് ഉപജീവന അവസരങ്ങൾ ഉറപ്പാക്കുന്ന ഉത്തരവാദിത്വപരവും സുസ്ഥിരവുമായ ടൂറിസം പ്രോത്സാഹിപ്പിക്കുന്നു. ടൂറിസത്തെ മറ്റ് പ്രാദേശിക വികസന പദ്ധതികളുമായി ഏകീകരിക്കുകയും, മഹാമാരിക്കുശേഷം ശക്തി പ്രാപിച്ച ആഭ്യന്തര ടൂറിസം കൂടുതൽ വളർത്തുകയും ചെയ്യുന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം.

2024–ൽ, കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങൾ വീണ്ടും ദേശീയ ശ്രദ്ധ നേടി. ലോക ടൂറിസം ദിനത്തിൽ, കടലുണ്ടിയിലെ സംരംഭത്തിന് മികച്ച ഉത്തരവാദിത്ത ഗ്രാമം എന്നതും കുമരകത്തിലെ സംരംഭത്തിന് മികച്ച കൃഷി–ടൂറിസം ഗ്രാമം എന്നതുമായ രണ്ട് ദേശീയ പുരസ്കാരങ്ങൾ കേരളം നേടി. ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമം കഴിഞ്ഞ വർഷം ഗോൾഡ് അവാർഡ് നേടിയതിന് പിന്നാലെ, ടൂറിസം വില്ലേജ് അവാർഡുകളിൽ തുടർച്ചയായ രണ്ടാം വർഷവും കേരളം ഉന്നത ബഹുമതികൾ കൈവരിച്ചിരിക്കുകയാണ്.

**തൊഴിൽ സൃഷ്ടി**

യുവജനങ്ങൾക്ക് തൊഴിലും സംരംഭകത്വത്തിനുമുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി കേരളം നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതിലൊരു പ്രധാന പദ്ധതിയാണ് തൊഴിൽ സഭ. യുവാക്കൾക്ക് തൊഴിലവസരങ്ങളും സംരംഭകത്വത്തിനുള്ള അവസരങ്ങളും ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് തൊഴിൽ സഭ ആരംഭിച്ചത്. തൊഴിലന്വേഷകരെ വാർഡ് അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും ഗ്രാമസഭാ മാതൃകയിൽ സംഘടിപ്പിക്കുന്നതിനും തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ തൊഴിൽ ആസൂത്രണം സാധ്യമാക്കുന്നതിനുമുള്ള മൈക്രോ ലെവൽ പ്ലാറ്റ്ഫോമുകളാണ് തോഴിൽ സഭകൾ .തൊഴിൽ സംരംഭകത്വ പദ്ധതികളും വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും പരിപാടികൾ തൊഴിലന്വേഷകരിലേക്കും പുതുതലമുറ സംരംഭകരിലേക്കും നേരിട്ട് എത്തിക്കുന്നതിനുള്ള വേദിയാണ് ഇത്. കെ–ഡിസ്കിന്റെ കീഴിലുള്ള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി പരിശീലനം നൽകി കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് കേരളത്തിനകത്തും പുറത്തും ജോലി കണ്ടെത്താൻ വഴികാട്ടുകയാണ് തൊഴിൽ സഭയുടെ ലക്ഷ്യം. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ–ഡിസ്ക്) കീഴിൽ പ്രവർത്തിക്കുന്ന നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി പരിശീലനം നൽകുന്നതിനിലൂടെ, സംസ്ഥാനത്തിനകത്തും സംസ്ഥാനത്തിന് പുറത്തുമായി തൊഴിൽ ലഭ്യമാക്കുന്നതിലും ഈ പദ്ധതി സഹായകരമായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകത്വ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിനായി കുടുംബശ്രീയുടെ ഷീ–സ്റ്റാർട്ട്സ് എന്ന പുതിയ സംരംഭകത്വ സംവിധാനവും തൊഴിൽ സഭകളിൽ അവതരിപ്പിക്കും.

വിജ്ഞാന കേരളം എന്ന പദ്ധതിയിലൂടെ തൊഴിൽ സഭാ പരിപാടി കൂടുതൽ ശക്തിപ്പെടുത്തി. യുവജനങ്ങളുടെ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തി സംസ്ഥാനത്തെ ഒരു വിജ്ഞാന അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയായി മാറ്റുകയും, വലിയ തോതിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ സംരംഭവും തദ്ദേശ സർക്കാരുകളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.

കേരള നോളജ് ഇക്കണോമി മിഷന്റെ (കെ.കെ.ഇ.എം) കീഴിൽ കെ.ഡിസ്ക് മുഖാന്തിരം ഏകോപിപ്പിക്കുന്ന ഈ പദ്ധതിയിലൂടെ, സംസ്ഥാനത്തുടനീളം വിദ്യാർത്ഥികൾക്കും തൊഴിൽ തേടുന്നവർക്കുമായി ഇന്റേൺഷിപ്പുകൾ, തൊഴിൽ അധിഷ്ഠിത പരിശീലനങ്ങൾ, നൈപുണ്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. തൊഴിൽരഹിതരായ യുവജനങ്ങളെ കണ്ടെത്തി പങ്കെടുപ്പിക്കുക, രജിസ്ട്രേഷൻ സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ സഹായിക്കുക എന്നിവയാണ് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്തങ്ങൾ.

**ആരോഗ്യം**

ഗ്രാമപഞ്ചായത്തുകളിലേക്കും ബ്ലോക്ക്പഞ്ചായത്തുകളിലേക്കും പ്രാഥമിക ആരോഗ്യ പരിപാലനം നൽകുന്ന എല്ലാ സ്ഥാപനങ്ങളും കൈമാറ്റം ചെയ്യപ്പെട്ടതോടെ, സ്വന്തം പരിധിയിലുള്ള പ്രാഥമിക ആരോഗ്യ സേവനങ്ങൾ നിയന്ത്രിക്കുന്നതിലും ഏകോപിപ്പിക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽ.എസ്.ജി.ഐ കൾ) നിർണ്ണായക നേതൃത്വ പങ്ക് വഹിക്കുന്നു. ആരോഗ്യവുമായി നേരിട്ട് ബന്ധപ്പെട്ട വിഷയങ്ങൾക്കൊപ്പം പരിസ്ഥിതി ശുചിത്വം, കുടിവെള്ള ലഭ്യത, അവശ്യ പോഷകങ്ങൾ ലഭ്യമാക്കൽ, പാർപ്പിട സൗകര്യങ്ങൾ തുടങ്ങിയ ആരോഗ്യത്തിന്റെ സാമൂഹിക നിർണായക ഘടകങ്ങളെയും തദ്ദേശഭരണസ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നു. കുടുംബാരോഗ്യ കേന്ദ്രം (എഫ്. എച്ച് സി) ടീമിന്റെ സാങ്കേതിക പിന്തുണയോടെ ജനങ്ങളുടെ ആരോഗ്യ നില റിപ്പോർട്ട് (ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്നു.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ തുടങ്ങിയ നിലവിലുള്ള പൊതുആരോഗ്യ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനൊപ്പം, പബ്ലിക് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾ സ്ഥാപിച്ച് ആരോഗ്യസംവിധാനം അടിത്തട്ടിലേക്കെത്തിക്കുന്നതിന് സർക്കാർ ശക്തമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധം, സ്ക്രീനിംഗ്

ക്ലിനിക്കുകൾ സ്ഥാപിക്കൽ, വയോജന പരിചരണം, പാലിയേറ്റീവ് കെയർ എന്നിവയ്ക്കും പ്രത്യേക പ്രാധാന്യം നൽകി.

ആർദ്രം മിഷൻ ആരംഭിച്ചതിന് ശേഷം പ്രാഥമിക ആരോഗ്യ രംഗത്തെ മെച്ചപ്പെടുത്തുന്നതിൽ തദ്ദേശ പങ്കാളിത്തം ശ്രദ്ധേയമായി വർദ്ധിച്ചു. കേരളത്തിലെ തദ്ദേശ സർക്കാരുകളുടെ ഇപ്പോൾ പി.എച്ച്.സി.കളുടെയും സബ് സെന്ററുകളുടെയും കെട്ടിടങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും, മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനും, കരാറടിസ്ഥാനത്തിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ നിയമിക്കുന്നതിനും, ആശാ പ്രവർത്തകരുടെ ഹോണറേറിയം കൂട്ടിച്ചേർക്കുന്നതിനും അധിക തുക നൽകുന്നതിനുമുള്ള ചുമതല വഹിക്കുന്നു.

പാലിയേറ്റീവ് കെയർ സംഘടനകൾ, സന്നദ്ധ ഭക്ഷ്യപദ്ധതികൾ, കുടുംബശ്രീ ആരോഗ്യ സന്നദ്ധ പ്രവർത്തകർ തുടങ്ങിയ സിവിൽ സമൂഹ സംഘടനകളുമായും ആരോഗ്യവകുപ്പുമായും ബന്ധിപ്പിക്കുന്ന കണ്ണിയായും തദ്ദേശ സർക്കാരുകൾ പ്രവർത്തിക്കുന്നു. വയോജന പരിചരണം, ഭിന്നശേഷിയുള്ളവർക്കുള്ള പിന്തുണ, കൊഗ്നിറ്റീവ് വൈകല്യങ്ങളുള്ള കുട്ടികൾക്കായുള്ള പ്രത്യേക സ്കൂളുകൾക്ക് ധനസഹായം എന്നിവയിലും അവർക്ക് പ്രധാന പങ്കുണ്ട്. ജന്തുജന്യവും ജലജന്യവുമായ പകർച്ചവ്യാധികൾ തടയുന്നതിനും തദ്ദേശ ഭരണസർക്കാരുകൾക്ക് ഉത്തരവാദിത്തമുണ്ട്. ആരോഗ്യ മേഖലയിലും അനുബന്ധ മേഖലകളിലും തദ്ദേശ ഭരണകൂടങ്ങളുടെ ശക്തമായ ഇടപെടൽ കണക്കിലെടുത്താൽ, കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സർക്കാർ നിർണായക പങ്ക് വഹിച്ചു.

പകർച്ചവ്യാധികളുടെ വ്യാപനം നിയന്ത്രിക്കുന്നതിനായി എല്ലാ തദ്ദേശ മെഡിക്കൽ ക്യാമ്പുകൾ ആരംഭിച്ചു. നിലവിൽ "എന്റെ ടി.ബി. രഹിത [തദ്ദേശസ്ഥാപനത്തിന്റെ പേര്]" എന്ന ആശയവുമായാണ് കേരള ക്ഷയരോഗ (ടി.ബി) സ്ഥാപനങ്ങൾ വഴി നിർമ്മാർജ്ജന മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന തല അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ ക്ഷയ രോഗ നിർമ്മാർജ്ജന ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പുമായി സഹകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതികൾ ആരോഗ്യ മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ ആരോഗ്യ മേഖലാപദ്ധതികൾ ഏറ്റെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും, അനുബന്ധ വകുപ്പുകളെയും ജനപ്രതിനിധികളെയും ഒന്നിച്ചു കൊണ്ടുവരുന്നതിനുമായി ആർദ്ര കേരളം അവാർഡുകൾ ആരംഭിച്ചു. ആരോഗ്യ ബജറ്റ്, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, ശുചിത്വം, ആരോഗ്യസംരക്ഷണം, അണുബാധ നിയന്ത്രണം എന്നിവയെ പ്രതിഫലിപ്പിക്കുന്ന കായകല്പ സ്കോർ, ആരോഗ്യ ഗ്രാന്റുകളുടെ വിനിയോഗം, പ്രതിരോധ കുത്തിവയ്പ്പ് വ്യാപ്തി, വാർഡ് തല പ്രവർത്തനങ്ങൾ, വെള്ളം-ശുചിത്വം-മാലിന്യ നിയന്ത്രണം-വെക്ടർ നിയന്ത്രണം തുടങ്ങിയ സാമൂഹിക നിർണായക ഘടകങ്ങൾ, ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് തദ്ദേശ ഭരണകൂടങ്ങളെ വിലയിരുത്തുന്നത്. 2023-24-ൽ, സംസ്ഥാനതലത്തിൽ പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ലയിലെ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി ജില്ലാ പഞ്ചായത്ത്, ഗുരുവായൂർ മുനിസിപ്പാലിറ്റി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ ഒന്നാം സ്ഥാനം നേടി.

പോഷകാഹാര സൂചികകളുടെ അടിസ്ഥാനത്തിൽ കേരളം ഇന്ത്യയിലെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ്. ഏറ്റവും പുതിയ ദേശീയ കുടുംബാരോഗ്യ സർവേ (എൻ.എഫ്.എച്ച്.എസ്-5) പ്രകാരം, കേരളത്തിൽ അഞ്ചു വയസിന് താഴെയുള്ള കുട്ടികളിൽ 23.4% വളർച്ചക്കുറവ് (സ്റ്റണ്ടിംഗ്), 15.8% ക്ഷീണം (വെയ്സ്റ്റിംഗ്), 19.7% തൂക്കക്കുറവ് (അണ്ടർവെയ്റ്റ്) അനുഭവപ്പെടുന്നു. ഇത് ദേശീയ ശരാശരികളായ 35.5%, 19.3%, 32.1% എന്നിവയേക്കാൾ കുറവാണ്. എൻ.എഫ്.എച്ച്.എസ്-3, 4, 5 ഉൾക്കൊള്ളുന്ന 15 വർഷ കാലയളവിൽ പോഷണത്തിന്റെ അടിസ്ഥാനപരവും തത്സമയവുമായ നിർണായക ഘടകങ്ങളിൽ സംസ്ഥാനത്ത് വ്യക്തമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ പോഷണ ഇടപെടലുകൾ നടപ്പിലാക്കുന്നതിലും ഏകോപിപ്പിക്കുന്നതിലും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണായക പങ്കാണ് വഹിക്കുന്നത്.

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി മാർഗനിർദ്ദേശങ്ങൾ, പൂരക പോഷകാഹാര പദ്ധതി ശക്തിപ്പെടുത്തൽ, ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ചികിത്സാ പോഷകാഹാരം നൽകൽ, അങ്കണവാടി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, മാതാപിതൃ -വിവാഹപൂർവ്വ കൗൺസലിംഗ്, സ്മാർട്ട് അങ്കണവാടി കേന്ദ്രങ്ങളുടെ വികസനം, ഗതാഗത സൗകര്യങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികൾക്കായുള്ള പ്രത്യേക അങ്കണവാടികൾ, പച്ചക്കറി ലഭ്യത ഉറപ്പാക്കുന്നതിനുള്ള ന്യൂട്രിഗാർഡൻ, ബേബി ജിം, യോഗ പരിശീലന പരിപാടികൾ, വിളർച്ച സ്ക്രീനിംഗ് ക്യാമ്പുകൾ തുടങ്ങിയവ ശക്തിപ്പെടുത്തണമെന്ന് നിർദേശിക്കുന്നു. വിവിധ മേഖലകളിൽ ആവശ്യമായ നവീന ഇടപെടലുകൾക്ക് ഈ മാർഗനിർദേശങ്ങൾ ദിശാസൂചകങ്ങളായി പ്രവർത്തിക്കുന്നു.

**വയോധികപരിചരണം:**

വയോധിക പരിചരണവും പാലിയേറ്റീവ് കെയറും നടപ്പിലാക്കുന്നതിനായി, ജനറൽ സെക്ടർ ഫണ്ടുകൾ, എസ്.സി.പി, റ്റി.എസ്.പി എന്നിവയുടെ മൊത്തം വിഹിതത്തിൽ നിന്ന് അഞ്ച് ശതമാനം തുക നിർബന്ധമായും നീക്കിവയ്ക്കണം. പാലിയേറ്റീവ് കെയർ പദ്ധതികൾ വയോധികർക്കു മാത്രമായി ലക്ഷ്യമിട്ടതല്ലെങ്കിലും, ഗുണഭോക്താക്കളിൽ ഭൂരിഭാഗവും വയോധികരാണ്. മുതിർന്ന പൗരന്മാർക്കായുള്ള മെഡിക്കൽ ക്യാമ്പുകൾ, പകൽവീട് പോലുള്ള ഡേ ഹോമുകളുടെ

നിർമ്മാണവും പരിപാലനവും, ഭക്ഷ്യകിറ്റുകളും മരുന്നുകളുടെ വിതരണം, പി.എച്ച്.സി.കളിൽ വയോധികർക്കായി കാത്തിരിപ്പ് മുറികളുടെ നിർമ്മാണം, ആയുർവേദ മരുന്നുകളുടെ വിതരണം, പ്രത്യേക ക്ലിനിക്കുകളുടെ സ്ഥാപനം, വീൽചെയർ, കിടക്ക മുതലായ സഹായ ഉപകരണങ്ങളുടെ വിതരണം, വൃദ്ധസദനങ്ങളും ഡിമെൻഷ്യ കെയർ കേന്ദ്രങ്ങളും നവീകരിക്കൽ, ഡിമെൻഷ്യ സ്ക്രീനിംഗ് ക്യാമ്പുകൾ, ജില്ലാ ആശുപത്രികളിൽ വയോധികർക്കായുള്ള വാർഡുകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾക്ക് തദ്ദേശഭരണ പദ്ധതി ഫണ്ടുകൾ വിനിയോഗിക്കുന്നു.

കൂടാതെ, വയോജനങ്ങളുടെ മാനസികവും സാമൂഹികവുമായ ക്ഷേമം ഉറപ്പാക്കുന്നതിനായി പകൽവീട്, സായംപ്രഭ ഹോമുകൾ, സെക്കന്റ് ഇന്നിങ്സ് ഹോം പോലുള്ള മറ്റ് വൃദ്ധസദനങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനും ഫണ്ടുകൾ വിനിയോഗിക്കുന്നു.

**പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ**

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ, സന്നദ്ധ സംഘടനകളുടെയും, വ്യക്തികളുടെയും പങ്കാളിത്തത്തോടെ പാലിയേറ്റീവ് കെയർ നടപ്പിലാക്കുന്നു. കാൻസർ, ഹൃദയ-ശ്വാസകോശ-വൃക്ക രോഗം, പക്ഷാഘാതം തുടങ്ങിയ മാരകവും ദീർഘകാലവുമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്കും, മറ്റുള്ളവരിൽ നിന്ന് (പ്രായമായവരും വികലാംഗർ ഉൾപ്പെടെ) സഹായം ആവശ്യമുള്ളവർക്കും മാത്രമല്ല, അവരുടെ പരിചാരകരായ കുടുംബാംഗങ്ങൾക്കും പിന്തുണ നൽകുക എന്നതാണ് പാലിയേറ്റീവ് കെയറിന്റെ ലക്ഷ്യം. പാലിയേറ്റീവ് കെയർ വേദന കൈകാര്യം ചെയ്യുന്നതിലും രോഗിക്കും അവരുടെ കുടുംബത്തിനും വൈകാരിക പിന്തുണ നൽകുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പാലിയേറ്റീവ് കെയറിനായി ഒരു പ്രാഥമിക പരിചരണ യൂണിറ്റ് ഉണ്ട്. 2008 ൽ പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിച്ച രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായിരുന്നു കേരളം. പ്രാദേശിക ആരോഗ്യ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ, പാലിയേറ്റീവ് കെയർ നഴ്സ് , സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരുടെ പങ്കാളിത്തത്തോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ പാലിയേറ്റീവ് കെയർ നടപ്പിലാക്കാൻ തീരുമാനിച്ചു. നൂതന പാലിയേറ്റീവ് കെയർ സേവനങ്ങൾ ഉൾപ്പെടുത്തി 2019 ൽ കേരള സംസ്ഥാന പാലിയേറ്റീവ് കെയർ നയം പരിഷ്കരിച്ചു. നിലവിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പാലിയേറ്റീവ് കെയർ സേവനങ്ങൾ വ്യവസ്ഥാപിതമായ രീതിയിലാണ് നൽകുന്നത്. കൂടാതെ, സിഎച്ച്സി/ബ്ലോക്ക് എഫ്എച്ച്സി/ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രി കേന്ദ്രീകൃത അഡ്വാൻസ്ഡ് പാലിയേറ്റീവ് കെയർ സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നു. എന്നിരുന്നാലും, സമയബന്ധിതമായ ആവശ്യകതകൾ ഉൾപ്പെടുത്തുന്നതിനായി 2019 ലെ നയം നിലവിൽ പരിഷ്കരിച്ചിട്ടുണ്ട്.

2025 ൽ, കേരളം യൂണിവേഴ്സൽ പാലിയേറ്റീവ് കെയർ പദ്ധതിയും കേരള പാലിയേറ്റീവ് കെയർ ഗ്രിഡും ആരംഭിച്ചു – സംസ്ഥാനത്തുടനീളമുള്ള ആരോഗ്യ സംരക്ഷണ ശ്രമങ്ങളെ ഏകീകരിക്കാനും പ്രായമാകുന്ന ജനസംഖ്യയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളോട് പ്രതികരിക്കാനും ലക്ഷ്യമിടുന്ന ഒരു സാങ്കേതികവിദ്യാധിഷ്ഠിത സംരംഭമാണിത്. സന്നദ്ധപ്രവർത്തകർ, എൻജിഒകൾ, ആരോഗ്യ പ്രവർത്തകർ, ആശുപത്രികൾ എന്നിവയെ ഒരു ഡിജിറ്റൽ, അഡ്മിനിസ്ട്രേറ്റീവ് ചട്ടക്കൂടിന് കീഴിൽ കൊണ്ടുവരുന്ന അനുകമ്പാപൂർണമായ ഭരണസംവിധാനത്തിന്റെ ഒരു പുതിയ മാതൃകയാണിത്. ആരോഗ്യ വകുപ്പുകളും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ചു. പുതിയ ഗ്രിഡ് രോഗികളെയും പരിചാരകരെയും കുറിച്ചുള്ള തത്സമയ ഡാറ്റ സൃഷ്ടിക്കും, ഇത് സമയബന്ധിതമായ ഇടപെടലുകൾക്കും ആവശ്യമായ പിന്തുണനല്കുന്നതിനും സഹായിക്കും. നിലവിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളും, സന്നദ്ധ സംഘടനകൾ നടത്തുന്ന 500-ലധികം ഹോം കെയർ യൂണിറ്റുകളും, 1,000-ത്തിലധികം ചാരിറ്റബിൾ, സോഷ്യൽ സർവീസ് ഗ്രൂപ്പുകളും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും വൈദ്യസഹായം മാത്രമല്ല, മാനസികവും സാമ്പത്തികവുമായ പിന്തുണയും നല്കുന്നു. പാലിയേറ്റീവ് കെയർ ഗ്രിഡ് ഉപയോഗിച്ച് ഈ സേവനങ്ങളെല്ലാം ഒരു കുടക്കീഴിൽ സംയോജിപ്പിക്കുക എന്നതായിരുന്നു സർക്കാരിന്റെ ലക്ഷ്യം. രോഗികളെ ക്രമാനുഗതമായി രജിസ്റ്റർ ചെയ്യുന്നതിനും, ഗൃഹസന്ദർശനങ്ങൾ ഷെഡ്യൂൾ ചെയ്യുന്നതിനും, ചികിത്സകൾ ട്രാക്ക് ചെയ്യുന്നതിനും, പരിചരണം നൽകുന്നവരെ പിന്തുണയ്ക്കുന്നതിനുമായി ഗ്രിഡ് രൂപകൽപ്പന ചെയ്തിരിക്കുന്നു. നിലവിൽ, 1.58 ലക്ഷത്തിലധികം രോഗികൾ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1.58 കിടപ്പു രോഗികളും 4 ലക്ഷം ഗുരുതര ആരോഗ്യ പ്രശ്നമുള്ളവരും 2000-ൽ പരം ഹോം കെയർ യൂണിറ്റുകളും 1 ലക്ഷം സന്നദ്ധ പ്രവർത്തകരും ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിപാടികൾ**

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനിതാ ഘടക പദ്ധതി നടപ്പിലാക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പദ്ധതി ഫണ്ടിന്റെ 10 ശതമാനം സ്ത്രീകൾക്ക് മാത്രമുള്ള പദ്ധതികൾക്കായി നീക്കിവയ്ക്കേണ്ടത് നിർബന്ധമാണ്. വനിതാ ഘടക പദ്ധതിയുടെ കീഴിലുള്ള പദ്ധതികൾ പൊതുവായ പദ്ധതികളല്ല, മറിച്ച് സ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം അവബോധം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, ജില്ലാ പഞ്ചായത്ത് തലത്തിലും ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിലും ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൂടാതെ, ജെൻഡർ ഡെസ്ക്, ജാഗ്രത സമിതി തുടങ്ങിയ മറ്റ് പ്ലാറ്റ്ഫോമുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകളുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക്,

പ്രത്യേകിച്ച് സംരംഭകത്വ വികസനത്തിന് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്.

അതുപോലെ, പദ്ധതി ഫണ്ടുകളുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി നിർബന്ധമായും നീക്കിവയ്ക്കേണ്ടതാണ്. കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിന്, വിവിധ സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കുട്ടികളിലെ ഏതെങ്കിലും തരത്തിലുള്ള വൈകല്യം പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുന്നതിനായി ഡെയ്ലി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, പതിനാലാം പദ്ധതിയിൽ ഭിന്നശേഷിക്കാർക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. ഈ വിഭാഗങ്ങളിൽ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക സഹായം, ചികിത്സാ സഹായം, സഹായ ഉപകരണങ്ങൾ വിതരണം എന്നിവയിലൂടെ വികലാംഗർക്ക് പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ശാരീരിക വൈകല്യമുള്ളവർക്ക് ശസ്ത്രക്രിയാ ഷൂസ്, ഓർത്തോപീഡിക് ഉപകരണങ്ങൾ, കൃത്രിമ കൈകാലുകൾ തുടങ്ങിയ സഹായ ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. കേൾവി വൈകല്യമുള്ളവർക്ക്, കോക്ലിയർ ഇംപ്ലാന്റേഷനുശേഷം ആവശ്യമായ ശ്രവണസഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നു. കൂടാതെ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വർഷം തോറും 50000 രൂപ നൽകുന്നു. കാഴ്ച വൈകല്യമുള്ളവർക്ക് വൈറ്റ് കെയ്ൻ, ബ്രെയ്ലി മെഷീനുകൾ തുടങ്ങിയ സഹായ ഉപകരണങ്ങളും നൽകുന്നു. ട്രാൻസ്ജെൻഡർ വ്യക്തികളെ സംബന്ധിച്ചിടത്തോളം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനമായും ഭിന്നലിംഗക്കാരുടെ ഉപജീവന സുരക്ഷയ്ക്കായി പദ്ധതികൾ രൂപീകരിക്കുവാൻ തുടങ്ങി.

**ഡിജിറ്റൽ സാക്ഷരത:**

ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളം ചരിത്രം സൃഷ്ടിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 'ഡിജി-കേരളം' കാമ്പെയ്നിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. ഡിജിറ്റൽ നിരക്ഷരരായ പൗരന്മാരെ കണ്ടെത്തി സ്മാർട്ട്ഫോണുകൾ ഉപയോഗിക്കാനും സർക്കാർ സേവനങ്ങൾ ഉപയോഗപ്പെടുത്തുവാനും അവരെ പരിശീലിപ്പിച്ചു. പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ നടത്തിയ മുൻനിര ഡിജി-പുല്ലമ്പാറ മാതൃകയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, 14 വയസ്സിന് മുകളിലുള്ള ഓരോ പൗരനും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത നേടുന്നുവെന്ന് ഉറപ്പാക്കുവാൻ 2023- ൽ സംസ്ഥാനവ്യാപകമായി കാമ്പെയ്ൻ ആരംഭിച്ചു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകടനം - 2024-25**

2024-25 വർഷത്തെ വികസന ചെലവുകൾക്കായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് വ്യവസ്ഥ (വികസന ഫണ്ട്) ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം, 2024-25 വർഷത്തെ ബജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി (വികസന ഫണ്ട്) 8352.00 കോടി രൂപ വകയിരുത്തി. തദ്ദേശ തല വികസനത്തിനായുള്ള പദ്ധതി വിഹിതത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി അവരുടെ മുൻഗണനകൾ തീരുമാനിക്കുന്നതിലും പദ്ധതികൾ രൂപപ്പെടുത്തുന്നതിലും അവ നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണ സ്വയംഭരണാവകാശമുണ്ട്. വികസന ഫണ്ടിൽ ജനറൽ സെക്ടർ (സാധാരണ വിഹിതം) പ്രകാരം 4171.87 കോടി രൂപയും, പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന് കീഴിൽ 2637.28 കോടി രൂപയും, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) പ്രകാരം 1341.30 കോടിരൂപയും, പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) പ്രകാരം 201.55 കോടിരൂപയും ഉൾപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ വിഹിതം 8352.00 കോടിരൂപയാണ്. കൂടാതെ, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബാഹ്യ സഹായത്തോടെയുള്ള കേരള ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി 180 കോടി രൂപയും ലഭ്യമാക്കി.

2024-25 ൽ, ആകെ റിലീസ് ചെയ്ത തുക 7,746.29 കോടി രൂപയും, ആയതിന്റെ ചെലവ് 6,792.60 കോടി രൂപയുമായിരുന്നു,.ഇത് റിലീസ് തുകയുടെ 87.69 ശതമാനമാണ്. ഗ്രാമപഞ്ചായത്തുകളുടെ മൊത്തത്തിലുള്ള ചെലവ് 91.98 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും ചെലവ് യഥാക്രമം 90.40 ശതമാനവും 80.71 ശതമാനവുമായിരുന്നു. മുനിസിപ്പാലിറ്റികൾ 86.72 ശതമാനവും കോർപ്പറേഷനുകൾ 74.93 ശതമാനവും ചെലവഴിച്ചു. തലം തിരിച്ചുള്ള ചെലവ് വിശദാംശങ്ങൾ **ചിത്രം 12.1.1** ൽ നൽകിയിരിക്കുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളുടെ വിനിയോഗത്തെക്കുറിച്ചുള്ള വിശദവും ഇനം തിരിച്ചതുമായ റിപ്പോർട്ട് ചുവടെ നൽകിയിരിക്കുന്നു:

**വിഭാഗം തിരിച്ചുള്ള ചെലവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ടുകളുടെ വിഹിതം മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു: പൊതുവിഭാഗം, പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി), പട്ടികവർഗ ഉപപദ്ധതി (ടി.എസ്.പി). ആകെ ചെലവഴിച്ച 6,792.60 കോടി രൂപയിൽ 5,479.74 കോടി രൂപ പൊതുവിഭാഗത്തിലും (സാധാരണ വിഹിതം, ധനകാര്യകമ്മീഷൻ (ഗ്രാന്റ് ഉൾപ്പെടെ) 1,141.25 കോടി രൂപ എസ്സിപിയിലും 171.60 കോടി രൂപ ടിഎസ്പിയിലും ആയിരുന്നു.

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ മൂന്ന് തരത്തിലുള്ള ഫണ്ടുകളുടെയും വിനിയോഗത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചു, 80 ശതമാനത്തിലധികം ചെലവഴിച്ചു. ജില്ലാ പഞ്ചായത്തുകൾ അവരുടെ പൊതു വിഭാഗം ഫണ്ടുകളുടെ 80

**ചിത്രം 12.1.1** 2024–25 ലെ ബജറ്റ് തുകയ്ക്കെതിരായ വികസന ഫണ്ട്-തലം തിരിച്ചുള്ള ചെലവ് (ശതമാനം)




**അവലംബം:** ഇൻഫർമേഷൻ കേരള മിഷൻ 2025

ശതമാനത്തിലധികവും എസ്‌സിപി, ടിഎസ്‌പി ഫണ്ടുകളുടെ 60 മുതൽ 80 ശതമാനം വരെയുമാണ് ചെലവഴിച്ചത്. മറുവശത്ത്, കോർപ്പറേഷനുകൾ ജനറൽ, എസ്‌സിപി ഫണ്ടുകളുടെ 70 മുതൽ 80 ശതമാനം വരെ ചെലവഴിച്ചപ്പോൾ, ടിഎസ്‌പി ഫണ്ടുകൾ ചെലവഴിക്കുന്നതിൽ മോശം പ്രകടനം കാഴ്ചവച്ചു (20 ശതമാനത്തിൽ താഴെ). വിശദാംശങ്ങൾ **ചിത്രം** 12.1.2 ലും **അനുബന്ധം** 12.1.1 ലും നൽകിയിരിക്കുന്നു

**ചെലവുകളുടെ മേഖലാ വിശകലനം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, നിർദ്ദിഷ്ട മേഖലാ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി, ഉത്പാദനം, സേവനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി ഫണ്ട് അനുവദിക്കണം. അതനുസരിച്ച്, ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ കുറഞ്ഞത് 30 ശതമാനം ഉൽപാദന മേഖലയ്ക്ക് അനുവദിക്കണം. എന്നിരുന്നാലും, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ടുകളുടെ സാധാരണ വിഹിതത്തിൽ നിന്ന് ഉൽപാദന മേഖലയ്ക്ക് 10 ശതമാനം മാത്രമേ അനുവദിക്കാവൂ. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള മൊത്തം

**ചിത്രം 12.1.2** 2024–25 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലം തിരിച്ചുള്ള ചെലവ് (ശതമാനത്തിൽ)




**അവലംബം:** ഇൻഫർമേഷൻ കേരള മിഷൻ 2025

വികസന ഫണ്ടിന്റെ കുറഞ്ഞത് 10 ശതമാനമെങ്കിലും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വനിതാ ഘടക പദ്ധതിക്കായി നീക്കിവയ്ക്കണം, 5 ശതമാനം കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർമാർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും, കുറഞ്ഞത് 5 ശതമാനം വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും വേണ്ടി നീക്കിവയ്ക്കണം. ഗ്രാമപഞ്ചായത്തുകൾ പൊതുവികസന ഫണ്ടിലെ സാധാരണ വിഹിതത്തിന്റെ 30 ശതമാനത്തിൽ കൂടുതൽ അടിസ്ഥാന സൗകര്യ മേഖലയ്ക്ക് വകയിരുത്തരുത്. അടിസ്ഥാന സൗകര്യ മേഖലയിലെ വിഹിതത്തിന്റെ പരിധി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 25 ശതമാനവും 45 ശതമാനവുമാണ്. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് 50 ശതമാനവുമാണ്. മേഖല തിരിച്ചുള്ള പ്രകടനം **ചിത്രം 12.1.3** ൽ നൽകിയിരിക്കുന്നു. 6792.60 കോടി രൂപയുടെ ആകെ ചെലവിൽ 986.31 കോടി രൂപ ഉൽപാദന മേഖലയിലും (15 ശതമാനം), 4718.33 കോടി രൂപ സേവന മേഖലയിലും (69 ശതമാനം) 1087.95 കോടി രൂപ പശ്ചാത്തല സൗകര്യ മേഖലയിലുമാണ് (16 ശതമാനം). വിശദാംശങ്ങൾ **അനുബന്ധം 12.1.2** ൽ നൽകിയിരിക്കുന്നു.

**ചിത്രം** 12.1.3 2024–25 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ മൊത്തം ചെലവിന്റെ മേഖലാ വിഹിതം




**അവലംബം:** ഇൻഫർമേഷൻ കേരള മിഷൻ 2025

### ഉൽപ്പാദന മേഖല

ഉൽപ്പാദനമേഖലയിൽ ചെലവഴിച്ച ആകെ തുകയുടെ, ഏറ്റവും കൂടുതൽ വിഹിതം കൃഷിക്കും (39.25 ശതമാനം), തുടർന്ന് മണ്ണ്, ജല സംരക്ഷണം (16.22 ശതമാനം), മൃഗസംരക്ഷണം (14.66 ശതമാനം), ക്ഷീര വികസനം (14.76 ശതമാനം) എന്നിവയുമാണ്. വ്യവസായം, ചെറുകിട വ്യവസായങ്ങൾ, മത്സ്യബന്ധനം തുടങ്ങിയ മറ്റ് ഉൽപാദന മേഖലകളുടെ, ചെലവ് 6 ശതമാനത്തിൽ താഴെയായിരുന്നു എന്നത് ഈ മേഖലകൾക്ക് അനുവദിച്ചിരിക്കുന്ന വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ടെന്ന് സൂചിപ്പിക്കുന്നു. **ചിത്രം 12.1.4** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉൽപ്പാദന മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് കാണിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 12.1.3** ൽ നൽകിയിരിക്കുന്നു.

### സേവന മേഖല

സേവന മേഖലയിലെ വിവിധ മേഖലകളിൽ ഭവന നിർമ്മാണം, വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം, ശുചിത്വം, മാലിന്യ സംസ്കരണം, ആരോഗ്യം, എന്നിവ ഉൾപ്പെടുന്നു. സേവന മേഖലയിലെ മൊത്തം ചെലവിൽ 38.24 ശതമാനം ഭവന നിർമ്മാണത്തിനും ഭവന വൈദ്യുതീകരണത്തിനുമായി ചെലവഴിച്ചു, 10.68 ശതമാനം സാമൂഹിക ക്ഷേമത്തിനും സാമൂഹിക സുരക്ഷയ്ക്കും, 8.83 ശതമാനം വിദ്യാഭ്യാസത്തിനും, 7.36 ശതമാനം കുടിവെള്ള മേഖലയ്ക്കും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭവന നിർമ്മാണത്തിനായി നിർബന്ധിതമായി തുക വകയിരുത്തിയിരിക്കുന്നത് ഭവന നിർമ്മാണത്തിലെ ഉയർന്ന ചെലവിനെ വിശദീകരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുവികസന ഫണ്ടിന്റെ സാധാരണ വിഹിതം, എസ്‌സിപി, ടിഎസ്പി എന്നിവയുടെ കീഴിൽ ഭവന നിർമ്മാണത്തിനായി മൊത്തം ഫണ്ടിന്റെ 20 ശതമാനം നിർബന്ധമായും നീക്കിവയ്ക്കണം. ഇതിനുപുറമെ, പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ യൂണിറ്റ് ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള ചെലവുകളും ഭവന നിർമ്മാണത്തിൽ ഉൾപ്പെടുന്നു. പോഷകാഹാരം, ഭവന നിർമ്മാണം, വൈദ്യുതീകരണം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് ചെലവ് കണക്കുകൾ വ്യക്തമാക്കുന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം കുടിവെള്ളത്തിനും ശുചിത്വത്തിനുമുള്ള ചെലവ് ഈ മേഖലകളിലെ നിർബന്ധിത ചെലവുകളെ പ്രതിഫലിപ്പിക്കുന്നു. സേവന മേഖലയിലെ വിവിധ മേഖലകളിലെ ഉപമേഖലാ ചെലവുകളുടെ വിതരണം **ചിത്രം** 12.1.5 ൽ കാണിച്ചിരിക്കുന്നു. വിശദാംശങ്ങൾ **ചിത്രം 12.1.5** ലും **അനുബന്ധം 12.1.4** ലും നൽകിയിരിക്കുന്നു.

### പശ്ചാത്തല മേഖല

ഗതാഗതം, പൊതു കെട്ടിടങ്ങൾ, തെരുവ് വിളക്കുകൾ എന്നിവയുൾപ്പെടെ അടിസ്ഥാന സൗകര്യ മേഖലയിൽ 7 ഉപമേഖലകളുണ്ട്. 2024–25 ൽ അടിസ്ഥാന സൗകര്യ മേഖലയിലെ മൊത്തം ചെലവിന്റെ ഒരു പ്രധാന ഭാഗം (70 ശതമാനം) റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ള ഗതാഗതത്തിനായി വിനിയോഗിച്ചു. അടുത്ത് ഏറ്റവും ഉയർന്ന ചെലവുകൾ 15 ശതമാനം പൊതു കെട്ടിടങ്ങളും 12 ശതമാനം തെരുവ് വിളക്കുകളും വൈദ്യുതീകരണവുമാണ്. 2024–25 ലെ അടിസ്ഥാന സൗകര്യ മേഖലയ്ക്ക് കീഴിലുള്ള ഉപമേഖല തിരിച്ചുള്ള ചെലവ് വിശദാംശങ്ങൾ **ചിത്രം 12.1.6** ലും **അനുബന്ധം 12.1.5** ലും നൽകിയിരിക്കുന്നു.

### പ്രത്യേക മേഖല പദ്ധതികൾ പ്രകാരമുള്ള പ്രകടനം

മുൻപ് പറഞ്ഞതുപോലെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടക പദ്ധതി പ്രത്യേക വിഭാഗങ്ങൾക്കായുള്ള (പ്രായമായവർ, കുട്ടികൾ,

**ചിത്രം 12.1.4** 2024–25 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ഉപമേഖല തിരിച്ചുള്ള ഉൽപ്പാദന മേഖല ചെലവ് (ശതമാനത്തിൽ)




**അവലംബം:** ഇൻഫർമേഷൻ കേരള മിഷൻ 2025

**ചിത്രം 12.1.5** 2024–25 ൽ സേവന മേഖലയുടെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (ശതമാനം)




**അവലംബം:** ഇൻഫർമേഷൻ കേരള മിഷൻ 2025

**ചിത്രം 12.1.6** 2024–25 ലെ അടിസ്ഥാന സൗകര്യ മേഖലയിലെ ഉപമേഖല തിരിച്ചുള്ള ചെലവ് വിഹിതം (ശതമാനം)




**അവലംബം:** ഇൻഫർമേഷൻ കേരള മിഷൻ 2025

ഭിന്നശേഷിക്കാർ, പാലിയേറ്റീവ് കെയർ, ട്രാൻസ്ജെൻഡർ) പദ്ധതികളും കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ശ്രദ്ധേയമായ സവിശേഷതകളാണ്. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം സാധാരണ വിഹിതതം എസ്.സി.പി, ടി.എസ്.പി എന്നിവയുടെ മൊത്തം വിഹിതത്തിന്റെ 10 ശതമാനം വനിതാ ഘടക പദ്ധതിയിലേക്ക് നീക്കിവയ്ക്കണം, 5 ശതമാനം കുട്ടികൾ, വികലാംഗർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്കും, മറ്റൊരു 5 ശതമാനം വയോജന, പാലിയേറ്റീവ് കെയർ പദ്ധതികളുടെ വികസനത്തിനും നീക്കിവയ്ക്കണം. 2024–25 ൽ വനിത ഘടക പദ്ധതി–യുടെ ചെലവ് 258.46 കോടി രൂപയായിരുന്നു. കുട്ടികൾക്കായുള്ള പ്രത്യേക പരിപാടിക്ക് 204.56 കോടി രൂപയും ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിപാടിക്ക് 90.77 കോടി രൂപയും ചെലവഴിച്ചു. വയോജനങ്ങൾക്കായുള്ള പദ്ധതികൾക്കായി 132.80 കോടി രൂപയും പാലിയേറ്റീവ് കെയറിനായി 110.35 കോടി രൂപയും ചെലവഴിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള പദ്ധതികൾക്കായി 0.41 കോടി രൂപയും ചെലവഴിച്ചു. 2024–25 ലെ പ്രത്യേക മേഖലാ പദ്ധതികൾക്കായുള്ള ചെലവുകളുടെ വിശദാംശങ്ങൾ **പട്ടിക 12.1.1** ലും **അനുബന്ധം 12.1.6** ലും നൽകിയിരിക്കുന്നു.

**പട്ടിക:** 12.1.1 2024–25 ലെ പ്രത്യേക മേഖലാ പദ്ധതിക്കുള്ള ചെലവ് (രൂപ ലക്ഷത്തിൽ)

| ക്രമ നം. | പ്രത്യേക മേഖലകൾ | ചെലവ് |
|---|---|---|
| 1 | വനിത ഘടക പദ്ധതി | 25846.22 |
| 2 | കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതി | 20456.03 |
| 3 | വയോജനങ്ങൾക്കുള്ള പ്രത്യേക പദ്ധതി | 13280.45 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പദ്ധതി | 9077.32 |
| 5 | പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ | 11035.59 |
| 6 | ഭിന്നലിംഗക്കാർക്കുള്ള പ്രത്യേക പദ്ധതി | 41.12 |

**അവലംബം:** ഇൻഫർമേഷൻ കേരള മിഷൻ 2025

2024-25 കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ വികസന ഫണ്ട് വിഹിതത്തിന്റെയും വിനിയോഗത്തിന്റെയും വിശകലനം സ്ഥിരതയും പ്രധാന വികസന മേഖലകളിൽ തുടർച്ചയായ ശ്രദ്ധയും വെളിപ്പെടുത്തുന്നു. ഇത് ഏകോപനം കെട്ടിപ്പടുക്കുന്നതിനും വികസന ഇടപെടലുകളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും സഹായിച്ചു, പ്രത്യേകിച്ച് സംസ്ഥാനത്തിന് സാമ്പത്തിക പരിമിതികളുടെ ഘട്ടത്തിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഗണ്യമായ പങ്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതും ഏകദേശം 88 ശതമാനം ഉയർന്ന ചെലവ് നിരക്കും ഉള്ളതിനാൽ, വിവിധ തലങ്ങളിലുള്ള ആസൂത്രണത്തിലും നിർവ്വഹണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധേയമായ കഴിവ് പ്രകടിപ്പിച്ചു. ഭവന നിർമ്മാണം, സാമൂഹിക ക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മനുഷ്യവികസന ഘടകങ്ങളോടുള്ള സംസ്ഥാനത്തിന്റെ സുസ്ഥിരമായ പ്രതിബദ്ധതയാണ് സേവന മേഖലയിലെ ചെലവുകളിലെ ഊന്നൽ പ്രതിഫലിപ്പിക്കുന്നത്, അതേസമയം അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സ്ഥിരമായ വിഹിതം പ്രാദേശിക കണക്റ്റിവിറ്റിക്കും പൊതു ആസ്തികൾക്കും നൽകുന്ന പ്രാധാന്യത്തെ അടിവരയിടുന്നു. എന്നിരുന്നാലും, ചില ഉൽപാദന മേഖലകളിലെ ചെലവിന്റെ വിഹിതവും ടിഎസ്പി ഫണ്ടിന്റെ കുറഞ്ഞ ഉപയോഗവും, പ്രത്യേകിച്ച് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, കൂടുതൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രത്യേക മേഖല പദ്ധതികൾക്ക് കീഴിലുള്ള ലക്ഷ്യ വിഹിതം, സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ, സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന വ്യക്തികൾ എന്നിവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലൂടെ വികസനത്തിനായുള്ള കേരളത്തിന്റെ സമഗ്രമായ സമീപനത്തെ കൂടുതൽ ഉറപ്പിക്കുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ അവലോകനം**

പ്രാദേശിക ആവശ്യങ്ങളെ പരിഗണിച്ചുകൊണ്ട് വികസനപദ്ധതികൾ നടപ്പിലാക്കുകവഴി കേരളത്തിന്റെ വികസനത്തെ മുന്നോട്ട് നയിക്കുന്ന മുഖ്യ ഏജൻസികളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സംസ്ഥാന സർക്കാർ അവർക്കു കൈമാറുന്ന വികസന ഫണ്ടുകൾ വിനിയോഗിച്ച്, തങ്ങൾക്ക് കൈമാറിക്കിട്ടിയ എല്ലാ മേഖലകളിലും വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. ഈ മേഖലകൾക്കുപുറമേ, വിവിധ മേഖലകളിൽ കേന്ദ്ര സംസ്ഥാനവിഷ്കൃത പദ്ധതികളിലും അവർ പങ്കാളികളാണ്.

ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ച, വിഭവങ്ങളുടെ നീതിപൂർവകമായ വിതരണം, കാര്യക്ഷമമായ സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ, ശക്തമായ സേവന വിതരണ സംവിധാനങ്ങൾ എന്നിവയിലൂടെ വിവിധ മേഖലകളിൽ സംസ്ഥാനത്തിന്റെ വികസനനേട്ടങ്ങൾ നിലനിർത്തുകയും ജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനു പതിന്നാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, സംസ്ഥാനം വിവിധ വികസന മേഖലകളിൽ നിക്ഷേപം ആകർഷിക്കുകയും ഉൽപ്പാദനശേഷി പുനരുജ്ജീവിപ്പിക്കുകയും സ്ഥാപനങ്ങളുടെ മികച്ച നിർവഹണ സംവിധാനങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യുന്നു. ഏവരെയും ഉൾക്കൊള്ളുന്ന ക്ഷേമ സംസ്ഥാനമെന്ന നിലയ്ക്കും അക്കാദമിക, ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് നവീനാശയങ്ങൾ വളർത്താനും അവയെ ശക്തിപ്പെടുത്തുന്ന ഒരു വിജ്ഞാനസമ്പദ് വ്യവസ്ഥയിലേക്ക് മാറുകയെന്നതാണ് സംസ്ഥാനത്തിന്റെ പ്രഖ്യാപിത ലക്ഷ്യം.

കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ ചട്ടക്കൂട് കേന്ദ്ര, സംസ്ഥാന, പദ്ധതികളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിക്കാനുള്ള സാധ്യത നൽകുന്നു. ഇതിന്റെ ഭാഗമായി കേന്ദ്രസർക്കാറിന്റെ വികസനപദ്ധതികൾ ഉൾപ്പടെ ലഭ്യമായ പരമാവധി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കേണ്ട സാഹചര്യമാണ്. ഇതുവഴി വികസനഇടപെടലുകളിൽ സഹകരണം സാധ്യമാകുന്നു. സാധ്യമാകുന്നിടത്തെല്ലാം, സാമ്പത്തികവും മാനവവിഭവശേഷിയും പ്രയോജനപ്പെടുത്തുന്നതിനും സംയോജിത പ്രവർത്തനം സൃഷ്ടിക്കുന്നതിനും സമാന വ്യവസ്ഥകളുള്ള പദ്ധതികളെയും പ്രോജക്റ്റുകളെയും സംയോജിപ്പിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ വ്യക്തമാക്കുന്നു.

നഗര അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക, ഗ്രാമീണ മേഖലയിലെ ഗതാഗത സൗകര്യങ്ങൾ(കണക്റ്റിവിറ്റി) വർധിപ്പിക്കുക, ശുചിത്വ, മാലിന്യ സംസ്കരണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗ്രാമ-നഗര മേഖലകളിലെ ഭവനനിർമാണം, തൊഴിലവസരങ്ങളും ഉപജീവനമാർഗങ്ങളും സൃഷ്ടിക്കൽ തുടങ്ങിയവയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ. മുകളിൽ സൂചിപ്പിച്ചതുപോലെ, സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും അവരവരുടെ പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്ത് എല്ലാവർഷവും പദ്ധതികളും പ്രോജക്ടുകളും ആവിഷ്കരിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിർബന്ധിതമായും സംസ്ഥാനത്തിന്റെ വിഹിതം വകയിരുത്തേണ്ടതായിട്ടുണ്ട്. സംസ്ഥാന വിഹിതം മുൻകൂറായി വകയിരുത്തിയിട്ടുണ്ടെന്ന മുൻവ്യവസ്ഥയിൽ മാത്രമാണ് കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതം നിശ്ചയിച്ചിട്ടുള്ള ട്രാൻഷേകളിൽ (ഭാഗങ്ങളിൽ) അനുവദിക്കുന്നത്. കേന്ദ്രവിഹിതം അനുവദിക്കുന്നതിലെ കർശനമായ വ്യവസ്ഥകൾ ഇത്തരം പരിപാടികൾ നടപ്പിലാക്കുമ്പോൾ ഗുരുതരമായ പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു, പ്രത്യേകിച്ചും സംസ്ഥാനങ്ങൾക്ക് വിഭവ പരിമിതികളുള്ളപ്പോൾ. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതും സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ കൃത്യമായി നിറവേറ്റുന്നില്ലെങ്കിലും, വിവിധ മേഖലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അനുബന്ധമായി കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉപയോഗിക്കാൻ സംസ്ഥാന സർക്കാർ താൽപര്യപ്പെടുന്നു. വിവിധ വികസന മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചർച്ചചെയ്യുന്നു.

### അടിസ്ഥാന സൗകര്യ വികസനം

സംസ്ഥാനം സ്വീകരിച്ച വികേന്ദ്രീകൃതാസൂത്രണ സമീപനം ഗ്രാമ നഗര അടിസ്ഥന സൗകര്യങ്ങൾ, പൗരസേവനങ്ങൾ, സാമൂഹിക സുരക്ഷ, സേവന മേഖല എന്നിവയിൽ പൊതുനിക്ഷേപം വർധിപ്പിച്ചു. പാർപ്പിടം, ഗതാഗത സൗകര്യങ്ങൾ (റോഡ് കണക്റ്റിവിറ്റി), ശുദ്ധജല ലഭ്യത, ശുചിത്വം, ഡ്രെയിനേജ് സംവിധാനങ്ങൾ തുടങ്ങി പ്രധാന മേഖലകളിലെല്ലാം പ്രാദേശിക സർക്കാരുകൾ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ പുരോഗതി ജീവിത ഗുണനിലവാരം ഉയർത്തുന്നതിനും മാന്യമായ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും നിർണായകമാണ്. കൂടാതെ, വികസിത രാജ്യങ്ങളുടേതിനോട് കിടപിടിക്കുന്ന നിരവധി മാനവവികസന സൂചികകൾ കൈവരിക്കുന്നതിനും ഈ മുന്നേറ്റങ്ങൾക്കു നിസ്സംശയമായും പങ്കുണ്ട്.

### ഭവന നിർമ്മാണം

പുരോഗമനപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ നയങ്ങളുടെയും സർക്കാർ ഇടപെടലുകളുടെയും ഫലമായി, പതിറ്റാണ്ടുകളായി കേരളം ഭവന നിർമ്മാണത്തിൽ ഗണ്യമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭവനപദ്ധതികൾ വാസയോഗ്യമായ പാർപ്പിടത്തിനും ഗുണനിലവാരമുള്ള ജീവിത ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകുകയും വിവിധ സാമൂഹിക വിഭാഗങ്ങൾക്കിടയിലുള്ള തുല്യത പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കേരളത്തിൽ പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് വീട് എന്നത് അവശ്യമായ ഭൗതിക ആസ്തിയായും സാമ്പത്തിക സ്ഥിരത, ആരോഗ്യം, ക്ഷേമം എന്നിവ വർധിപ്പിക്കുന്നതിനുള്ള അടിത്തറയായും കണക്കാക്കപ്പെടുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പാർപ്പിടം നൽകുന്നതിൽ കേരളം കൈവരിച്ച വിജയം സമഗ്രമായ വളർച്ചയ്ക്കുള്ള സംസ്ഥാനത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്.

സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന വിഭാഗങ്ങളുടെ ഭവനരാഹിത്യം പരിഹരിക്കുന്നതിനായി കേരള സർക്കാർ തങ്ങളുടെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ ലൈഫ് മിഷൻ മുഖേന സജീവമായി ഇടപെടുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ഭവനപദ്ധതികളെ സംയോജിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭവന പദ്ധതികളിൽനിന്ന് ലഭ്യമായ സാമ്പത്തിക സ്രോതസ്സുകളെ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ധനവിടവ് നികത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനങ്ങളുടെ ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിന് കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളിൽ നിന്നുള്ള പിന്തുണ തീർത്തും അപര്യാപ്തമായതിനാലാണ് ഈ നടപടി ആവശ്യമായി വന്നത്. കൂടാതെ, ഭവനരഹിതരായ വ്യക്തികൾക്ക് അവരുടെ ഉപജീവനമാർഗ്ഗം നിലനിർത്തുന്നതിനും ദാരിദ്ര്യം മൂലമുള്ള തടസ്സങ്ങൾ മറികടക്കുന്നതിനും പാർപ്പിടവും പിന്തുണയും ആവശ്യമാണെന്ന് ഈ പദ്ധതി തിരിച്ചറിയുന്നു. ഈ ബോധ്യത്തെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ ഭവനരഹിത ജനവിഭാഗങ്ങളുടെ ഉപജീവനം, സാമൂഹിക ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം എന്നിവ ഉറപ്പാക്കുന്നതിനുള്ള സമഗ്രതന്ത്രമായി സംസ്ഥാന സർക്കാർ ലൈഫ് മിഷൻ രൂപകൽപ്പന ചെയ്തത്.

### പ്രധാൻ മന്ത്രി ആവാസ് യോജന-ഗ്രാമീൺ

ഗ്രാമവികസന മന്ത്രാലയം 2016 ഏപ്രിൽ 1 മുതൽ നടപ്പാക്കിവരുന്ന പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയിലൂടെ, അർഹതയുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പക്കാ വീടുകൾ നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുന്നു. അർഹതയുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് വിവിധ സാമൂഹിക വിഭാഗങ്ങളിലെ ഭവന സൗകര്യങ്ങളുടെ അഭാവം കണക്കിലെടുക്കുന്നതാണ്. സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (എസ്ഇസിസി)-2011 അടിസ്ഥാനമാക്കിയുള്ള ഭവനനിർമ്മാണ മാനദണ്ഡങ്ങളും, ഒഴിവാക്കൽ മാനദണ്ഡങ്ങളും പരിഗണിച്ച്, പ്രാഥമിക അർഹതാ പട്ടിക തയ്യാറാക്കുന്നു. അതത് ഗ്രാമസഭകൾ ഗുണഭോക്തൃ പട്ടിക കൃത്യമായ പരിശോധനയ്ക്കും അംഗീകരത്തിനും വിധേയമാക്കുകയും, അപ്പീൽ പ്രക്രിയ പൂർത്തിയാക്കുകയും ചെയ്യുന്നു. ഈ ക്രിയാത്മക നടപടികൾ പൂർത്തിയാക്കിയ ശേഷമാണ് പിഎംഎവൈ-ജിയുടെ ഭാഗമായി ഗുണഭോക്താക്കളെ അന്തിമമായി കണ്ടെത്തുന്നത്.

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതി പ്രകാരം ശുചിത്വമുള്ള പാചക സ്ഥലം ഉൾപ്പെടെ കുറഞ്ഞത് 25 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാനുള്ള നിർദേശമാണ് നൽകിയിരിക്കുന്നത്. അനുവദിച്ച തീയതി മുതൽ 12 മാസത്തിനുള്ളിൽ വീടിന്റെ നിർമ്മാണം പൂർത്തിയാക്കണം. ഗ്രാമ വികസന മന്ത്രാലയം നിശ്ചയിച്ച, പി എം എ വൈ -ഗ്രാമീൺ പ്രകാരമുള്ള ഒരു വീടിന്റെ യൂണിറ്റ് സഹായം 1.20 ലക്ഷം രൂപ ആണ്. ഇത് 60:40 എന്ന അനുപാതത്തിൽ യഥാക്രമം 72,000 രൂപയും, 48,000 രൂപയുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പങ്കിടുന്നു.

കേരളത്തിൽ, ഈ പദ്ധതി ലൈഫ് മിഷനുമായി സംയോജിപ്പിച്ചതിന്റെ ഭാഗമായി, വീടിന്റെ യൂണിറ്റ് സഹായം 4.00 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ ബാക്കി തുകയായ 2.8 ലക്ഷം രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ വകയിരുത്തുന്നു. ആവാസ് സ്സോഫ്റ്റ് എം ഐ എസിൽ രജിസ്റ്റർ ചെയ്ത, ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടുകൾ/പോസ്റ്റ് ഓഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് മൂന്ന് ഗഡുക്കളായി ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനു ചെലവാകുന്ന തുക വിതരണം ചെയ്യുന്നു.

ഗ്രാമീണ മേസൺ പരിശീലനത്തിന്റെ (ആർഎംടി) ഭാഗമായി, പിഎംഎവൈ-ജി പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ പരിശീലനം ലഭിച്ച മേസൺമാരുടെ കുറവ് പരിഹരിക്കുന്നു. ഹ്രസ്വകാല പരിശീലനം (എസ്. ടി. ടി) മുഖേനയും റെക്കഗ്നിഷൻ ഓഫ് പ്രയർ ലേണിംഗ് (ആർപിഎൽ) മുഖേനയും പരിശീലനം നൽകുന്നു. ഹ്രസ്വകാല പരിശീലനത്തിൽ 45 ദിവസത്തെയും ആർപിഎൽ രീതിയിൽ അനൗപചാരിക മേഖലയിലെ തൊഴിലാളികൾക്കായുള്ള 10 ദിവസത്തെ പരിശീലനവുമാണ് നൽകുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 90 തൊഴിൽ ദിനങ്ങൾക്ക് ഗുണഭോക്താവിന് അർഹതയുണ്ട്. ശൗചാലയ നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), തൊഴിലുറപ്പ് പദ്ധതി അല്ലെങ്കിൽ മറ്റ് ഫണ്ടുകൾ എന്നിവയുടെ സംയോജനത്തിലൂടെ ലഭ്യമാക്കേണ്ടതാണ്. പൈപ്പ് വഴിയുള്ള കുടിവെള്ളം, വൈദ്യുതി കണക്ഷൻ, പാചകവാതക കണക്ഷൻ തുടങ്ങിയവയും വിവിധ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് ഗുണഭോക്താവിന് ലഭ്യമാക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

പി എം എ വൈ- ജി പദ്ധതി പ്രകാരം, 2011-ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ്,, അവാസ് പ്ലസ് പട്ടികകളിൽ നിന്നായി ആകെ 35,136 വീടുകൾ അനുവദിച്ചു. ഇതിൽ 34,195 വീടുകൾ 2025 മാർച്ച് 31-ഓടെ പൂർത്തിയായി. ഗ്രാമവികസന മന്ത്രാലയം പി എം എ വൈ- ജി പദ്ധതി 2024-25 സാമ്പത്തിക വർഷം മുതൽ 2028-29 വരെ ദീർഘിപ്പിച്ചിട്ടുള്ളതിനാൽ നിലവിലുള്ള ധനസഹായമായ ₹1.2 ലക്ഷം മാറ്റമില്ലാതെ തുടരും. 2011-ലെ സെൻസസ് പട്ടികയും 2021 മുതൽ ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ അവാസ് പ്ലസ് പട്ടികയും അടിസ്ഥാനമാക്കിയായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.അവാസ് പ്ലസ് പട്ടികയിൽ ബാക്കിയുള്ള എല്ലാ ഗുണഭോക്താക്കൾക്കും വീട് ഉറപ്പാക്കുന്നതിനായി, കേന്ദ്ര സർക്കാർ 2024-25 വർഷത്തേക്ക് 1,94,697 വീടുകൾ ലക്ഷ്യമിട്ട് അനുമതി നൽകി. ഇതിൽ 1,59,925 വീടുകൾ ജനറൽ വിഭാഗത്തിനും 34,772 വീടുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമാണ്. 2024-ലെ അവാസ് പ്ലസ് സർവേയിലൂടെ 1,154 ഗുണഭോക്താക്കളെ കൂടി അധികമായി കണ്ടെത്തി. 2025 സെപ്റ്റംബർ 17-ലെ കണക്കനുസരിച്ച്, നിശ്ചിത ലക്ഷ്യത്തിൽ നിന്ന് 71,000 അർഹരായ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞു. ഇതിൽ 61,397 പേരെ എം.ഐ,എസ്സ്-ൽ രജിസ്റ്റർ ചെയ്യുകയും 40,909 പേർക്ക് വീടുകൾ അനുവദിക്കുകയും ചെയ്തു.

2024-25 വർഷത്തിൽ പി എം എ വൈ- ജി പദ്ധതിക്കായി ₹110.03 കോടി രൂപ അനുവദിച്ചതിൽ കേന്ദ്ര വിഹിതം ₹66.02 കോടി രൂപയും സംസ്ഥാന വിഹിതം ₹44.01 കോടി രൂപയുമാണ്. 2025-26 വർഷത്തിൽ ₹160.50 കോടി രൂപ അനുവദിച്ചതിൽ കേന്ദ്ര വിഹിതം ₹96.30 കോടി രൂപയും സംസ്ഥാന വിഹിതം ₹64.20 കോടി രൂപയുമാണ്. 2024-25, 2025-26 (2025 ഓഗസ്റ്റ് 31 വരെയുള്ള കണക്ക്) വർഷങ്ങളിലെ പദ്ധതിയുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.7, 12.1.8** എന്നിവയിൽ നൽകിയിട്ടുണ്ട്.

**പ്രധാൻ മന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം.എ.വൈ -ജൻമൻ)**

പ്രാക്തന ഗോത്രവർഗ വിഭാഗങ്ങളുടെ' ക്ഷേമത്തിലുള്ള പോരായ്മകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് പി.എം.എ.വൈ ജൻമൻ കേരളത്തിലെ നിശ്ചിത ജില്ലകളിൽ താമസിക്കുന്ന ഇത്തരം ഗോത്രവർഗ വിഭാഗങ്ങളെക്കുറിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സർവ്വേ നടത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് കീഴിൽ കേരളത്തിലെ 6 ജില്ലകൾക്ക് ഭാരത സർക്കാർ അംഗീകാരം നൽകി. തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിൽ നിലവിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

ഇതിന്റെ ഭാഗമായി, ആവാസ് പ്ലസ് ആപ്പ് വഴി 3,337 കുടുംബങ്ങളെ സർവ്വേ ചെയ്യുകയും, അർഹരായ 1,637 കുടുംബങ്ങളെ പദ്ധതിക്കായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇതിൽ 766 വീടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പി.എം.എ.വൈ -ജൻമൻ പദ്ധതിയുടെ ആദ്യ ഗഡുവായ 3.516 കോടി രൂപ അനുവദിച്ചു. ഇതിൽ കേന്ദ്ര വിഹിതമായ 2.1 കോടി രൂപയും സംസ്ഥാന വിഹിതമായ 1.4 കോടി രൂപയും ഉൾപ്പെടുന്നു. അനുവദിച്ച തുകയിൽ 3.515 കോടി രൂപ (99.79%) ഇതിനകം ചിലവഴിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ യൂണിറ്റ് സഹായമായി ഗുണഭോക്താക്കൾക്ക് ലഭിക്കും. കൂടാതെ, തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഏകദേശം 33,210 രൂപ അദദ്ധാ തൊഴിൽ വേതനമായും, സ്വച്ഛ് ഭാരത് മിഷന്റെ കീഴിൽ ശൗചാലയ നിർമ്മാണത്തിനായി 12,000 രൂപയും അധിക സഹായമായി ലഭിക്കും.

ലൈഫ് മിഷന് കീഴിൽ, വിദൂര മേഖലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള വീട് നിർമ്മാണത്തിനുള്ള

യൂണിറ്റ് സഹായം 6 ലക്ഷം രൂപയായി സംസ്ഥാന സർക്കാർ ഉയർത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 75,000 രൂപ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 1,20,000 രൂപ, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് 1,05,000 രൂപ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായി 1,00,000 രൂപ എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വകുപ്പുകളിൽ നിന്നുമാണ് ഇതിനാവശ്യമായ തുക കണ്ടെത്തുന്നത്.

**പ്രധാൻമന്ത്രി ആവാസ് യോജന (അർബൻ)**

പ്രധാനമന്ത്രി ആവാസ് യോജന (അർബൻ), 2015 ജൂൺ മുതൽ രാജ്യത്ത് നടപ്പിലാക്കിവരുന്നു. നഗരപ്രദേശങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഏതു കാലാവസ്ഥയിലും ജീവിക്കുവാൻ അനുയോജ്യമായ വീടുകൾ 2022-ഓടെ നൽകുകയെന്ന ലക്ഷ്യത്തിൽ ആരംഭിച്ച ഒരു ഭവന പദ്ധതിയാണിത്. ഈ പദ്ധതിയുടെ കാലാവധി 2025 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. പി.എം.എ.വൈ (അർബൻ) പദ്ധതിക്ക് നാലു ഘടകങ്ങളാണുള്ളത്.

- ഭൂമി ഒരു വിഭവമായി കണ്ട് സ്വകാര്യ ഡെവലപ്പർമാരുടെ പങ്കാളിത്തത്തോടെ ചേരി പുനരധിവാസം.
- ക്രെഡിറ്റ്-ലിങ്ക്ഡ് സബ്സിഡി വഴി ദുർബല വിഭാഗങ്ങൾക്ക് താങ്ങാനാവുന്ന ഭവനനിർമാണത്തെ പ്രോത്സാഹിപ്പിക്കുക.
- പൊതു-സ്വകാര്യ മേഖലകളുമായി സഹകരിച്ച് ചെലവു കുറഞ്ഞ ഭവനനിർമാണം.
- വ്യക്തിഗത ഭവന നിർമാണത്തിനുള്ള സബ്സിഡി.

ഗുണഭോക്തൃപങ്കാളിത്തത്തോടെയുള്ള ഈ പദ്ധതിയിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം അപര്യാപ്തമായതിനാൽ, കേരള സർക്കാർ ഈ പദ്ധതിയെ ലൈഫ് മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് വീടിനുള്ള (ഒരു യൂണിറ്റ്) ധനസഹായം വർധിപ്പിച്ചു. ലൈഫ് മിഷൻ പദ്ധതിപ്രകാരം വിദൂര പട്ടികവർഗ ഉന്നതികളിലെ ഭവന രഹിത പട്ടികവർഗ ഗുണഭോക്താക്കൾക്ക് 6.00 ലക്ഷം രൂപയും മറ്റ് എല്ലാ ഗുണഭോക്താക്കൾക്കും 4.00 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകുന്നത്. സാമ്പത്തിക അവലോകനത്തിന്റെ 11.5 (ഭവനനിർമ്മാണം) അധ്യായത്തിൽ വിശദാംശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

നഗര, ഗ്രാമ, പട്ടികജാതി, പട്ടികവർഗ്ഗവികസന വകുപ്പുകൾ, കെ.യു.ആർ.ഡി.എഫ്.സി. എന്നിവ വഴി ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനു സർക്കാർ മുൻ വർഷങ്ങളിലാകെ 4,767.06 കോടി രൂപ ചെലവഴിച്ചു. മൊത്തം ലൈഫ് ഗുണഭോക്താക്കളിൽ 19 ശതമാനം പ്രധാൻ മന്ത്രി ആവാസ് യോജന-അർബൻ (പി.എം.എ.വൈ-അർബൻ) പട്ടികയിൽനിന്നും 7.3 ശതമാനം പ്രധാൻ മന്ത്രി ആവാസ് യോജന-റൂറൽ (PMAY-G) പട്ടികയിൽ നിന്നുള്ളവരാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

കുടുംബശ്രീയാണ് പി.എം.എ.വൈ-അർബൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന തല നോഡൽ ഏജൻസി.

കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച്, ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബിഎൽസി) ഘടകത്തിന് കീഴിലുള്ള ഒരു യൂണിറ്റിന്റെ ചെലവ് 2.5 ലക്ഷം രൂപയാണ്. ഇതിൽ, 1.5 ലക്ഷം രൂപ കേന്ദ്രസർക്കാരിന്റെ വിഹിതമാണ്. ഫണ്ട് മൂന്ന് ഗഡുക്കളായാണ് (40 ശതമാനം, 40 ശതമാനം, 20 ശതമാനം) അനുവദിക്കുന്നത്. ബാക്കി തുക സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്.

അഫോർഡബിൾ ഭവന പദ്ധതി (എഎച്ച്പി) പ്രകാരം, ഒരു പാർപ്പിട യൂണിറ്റിന്റെ ശരാശരി ചെലവ് 10.50 ലക്ഷം രൂപയാണ്. ഈ ഘടകത്തിന്റെ കേന്ദ്രവിഹിതം 1.5 ലക്ഷം രൂപയും സംസ്ഥാന വിഹിതം 6.50 ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 2.50 ലക്ഷം രൂപയുമാണ്. പി.എം.എ.വൈ-അർബൻ പദ്ധതിയുടെ എല്ലാ ഘടകങ്ങളിലും ഗുണഭോക്താക്കൾക്കുള്ള സഹായത്തിന്റെ പ്രധാന പങ്കം സംസ്ഥാനമാണ് വഹിക്കുന്നതെന്നത് ശ്രദ്ധേയമാണ്.

2024-25 സാമ്പത്തിക വർഷത്തിൽ, പി.എം.എ.വൈ (നഗരം) പദ്ധതിക്ക് 532.00 കോടി രൂപയാണ് വകയിരുത്തിയത്; അതിൽ 399 കോടി രൂപ കേന്ദ്രവിഹിതവും 133.00 കോടി രൂപ സംസ്ഥാന വിഹിതവുമായിരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ, ആകെ വിഹിതം 120.00 കോടി രൂപയായിരുന്നു, ഇതിൽ കേന്ദ്രവിഹിതം 90.00 കോടി രൂപയും സംസ്ഥാന വിഹിതം 30.00 കോടി രൂപയും ആയിരുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ 2025 ഓഗസ്റ്റ് 31 വരെ, കേന്ദ്രവിഹിതമായി 563.14 കോടി രൂപയും പദ്ധതിക്ക് കീഴിലുള്ള എല്ലാ ഘടകങ്ങൾക്കും സംസ്ഥാന വിഹിതമായി 149.04 കോടി രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. 2022-23 മുതൽ 2025-26 (2025 ഓഗസ്റ്റ് 31,) വരെ പി.എം.എ.വൈ (നഗരം) പദ്ധതിയുടെ സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.9** ൽ നൽകിയിരിക്കുന്നു. മുൻപ് സൂചിപ്പിച്ചതു പോലെ, കേന്ദ്ര സഹായത്തിനാനുപാതികമായ സംസ്ഥാനവിഹിതം ഉണ്ടായിരുന്നിട്ടും, ഗ്രാമപ്രദേശങ്ങളിലെയും നഗരങ്ങളിലെയും ദരിദ്രർക്കുള്ള വീടുകളുടെ നിർമ്മാണത്തിനുള്ള അധിക ആവശ്യകത സംസ്ഥാന ഫണ്ടുകളിൽ നിന്നാണ് നിറവേറ്റുന്നത്.

കേന്ദ്ര സർക്കാരിന്റെ ഭവനനഗരകാര്യ മന്ത്രാലയം (MoHUA), ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (BLC) ഘടകത്തിന് കീഴിൽ, സ്വന്തമായി ഭൂമിയുള്ള ഗുണഭോക്താക്കൾക്കായി 1,27,048 വീടുകൾ അനുവദിച്ചു. ഗുണഭോക്തൃ നേതൃത്വത്തിലുള്ള നിർമ്മാണം (പുതിയത്) എന്ന ഘടകത്തിൽ 1,13,279 വീടുകളുടെ നിർമ്മാണം ആരംഭിച്ചു, 95,359 വീടുകൾ പൂർത്തിയായി. 2025 നവംബർ 30 വരെ, ആകെ 9,819 വീടുകൾ പട്ടികജാതി (എസ്സി) ഗുണഭോക്താക്കൾക്കും 343 വീടുകൾ പട്ടികവർഗ (എസ്ടി) ഗുണഭോക്താക്കൾക്കും അനുവദിച്ചു. 2025 നവംബർ 30 വരെ പി.എം.എ.വൈ അർബൻ പദ്ധതി വഴി പൂർത്തീകരിച്ച വീടുകളുടെ വിശദാംശങ്ങൾ, ജില്ലയും സാമൂഹ്യ വിഭാഗവും തിരിച്ച് **പട്ടിക 12.1.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 12.1.2** പി.എം.എ.വൈ അർബൻ പദ്ധതി പ്രകാരം ജില്ല തിരിച്ച് അംഗീകാരം നൽകി പൂർത്തിയാക്കിയ വീടുകൾ (30.11.2025 വരെ) എണ്ണത്തിൽ

| ജില്ല | അംഗീകരിച്ച വീടുകൾ | | | | | പൂർത്തിയാക്കിയ വീടുകൾ | | | | |
|---|---|---|---|---|---|---|---|---|---|---|
| | ജനറൽ | ഒ.ബി.സി | എസ്.സി | എസ്.ടി | ആകെ | ജനറൽ | ഒ.ബി.സി | എസ്.സി | എസ്.ടി | ആകെ |
| തിരുവനന്തപുരം | 3991 | 12217 | 3902 | 20 | 20130 | 3160 | 9359 | 1911 | 13 | 14443 |
| കൊല്ലം | 1888 | 6888 | 2198 | 16 | 10990 | 1387 | 4949 | 928 | 3 | 7267 |
| പത്തനംതിട്ട | 977 | 1236 | 785 | 5 | 3003 | 710 | 801 | 334 | 3 | 1848 |
| ആലപ്പുഴ | 1162 | 5566 | 539 | 5 | 7272 | 928 | 4414 | 232 | 3 | 5577 |
| കോട്ടയം | 1144 | 2689 | 399 | 20 | 4252 | 815 | 1715 | 181 | 7 | 2718 |
| ഇടുക്കി | 821 | 1324 | 217 | 24 | 2386 | 685 | 1126 | 125 | 9 | 1945 |
| എറണാകുളം | 3589 | 11086 | 1423 | 38 | 16136 | 2892 | 9119 | 901 | 24 | 12936 |
| തൃശ്ശൂർ | 2709 | 6385 | 2358 | 0 | 11452 | 2398 | 5291 | 1499 | 0 | 9188 |
| പാലക്കാട് | 1147 | 6758 | 1676 | 3 | 9584 | 899 | 5232 | 900 | 2 | 7033 |
| കോഴിക്കോട് | 451 | 13473 | 2466 | 27 | 16417 | 376 | 10787 | 1487 | 11 | 12661 |
| മലപ്പുറം | 803 | 8382 | 1315 | 19 | 10519 | 723 | 7286 | 721 | 16 | 8746 |
| വയനാട് | 1353 | 2493 | 480 | 1028 | 5354 | 1013 | 1796 | 238 | 212 | 3259 |
| കണ്ണൂർ | 1334 | 4622 | 528 | 55 | 6539 | 1236 | 4163 | 339 | 30 | 5768 |
| കാസർഗോഡ് | 281 | 2616 | 93 | 24 | 3014 | 205 | 1732 | 23 | 10 | 1970 |
| **ആകെ** | **21650** | **85735** | **18379** | **1284** | **127048** | **17427** | **67770** | **9819** | **343** | **95359** |

**അവലംബം:** കുടുംബശ്രീ മിഷൻ

അഫോർഡബൾ ഭവന പദ്ധതി (എ.എച്ച്പി) എന്ന ഘടകത്തിന് കീഴിൽ, 970 പാർപ്പിട യൂണിറ്റുകൾക്ക് അംഗീകാരം ലഭിച്ചു. ഈ വിഭാഗത്തിൽ, 936 യൂണിറ്റുകളുടെ നിർമാണം ആരംഭിച്ചു, അവയിൽ 530 ഭവനയൂണിറ്റുകൾ പൂർത്തീകരിച്ചു.

'ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം' (സിഎൽ എസ്എസ്) എന്ന ഘടകത്തിനു കീഴിൽ, അർഹരായ നഗര ദരിദ്രർക്ക് ഭൂമി ഏറ്റെടുക്കുന്നതിനോ വീട് വയ്ക്കുന്നതിനോ ഉള്ള വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്നു. 2025 ആഗസ്റ്റ് 31 വരെ 32,651 ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുകയും എല്ലാ വീടുകളും പൂർത്തീകരിക്കുകയും ചെയ്തു. നഗരത്തിലെ ദരിദ്രരായവരുടെ ഭവന ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള ഈ ഘടകം 2021 മാർച്ച് 31, മുതൽ കേന്ദ്രസർക്കാർ നിർത്തലാക്കി.

പിഎംഎവൈ (നഗരം) പദ്ധതിയുടെ ഗുണഭോക്തൃ നേതൃത്വത്തിലുള്ള നിർമ്മാണ ഘടകത്തിന്റെ 2025 നവംബർ 30 വരെയുള്ള നഗര തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള പുരോഗതി **അനുബന്ധം 12.1.10**-ലും ഗുണഭോക്തൃനേതൃത്വത്തിലുള്ള നിർമ്മാണഘടകത്തിന്റെ അനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ ഭവനങ്ങളുടെ 2022–23 മുതൽ 2025–26 (2025–26 നവംബർ 30 ) വരെയുള്ള ഭൗതിക പുരോഗതി **അനുബന്ധം 12.1.11** ലും 2025 ഓഗസ്റ്റ് 31 വരെയുള്ള അഫോഡബിൾ ഭവന ഘടകത്തിന്റെ ഭൗതിക പുരോഗതി **അനുബന്ധം 12.1.12**-ൽ നൽകിയിരിക്കുന്നു.

ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഉപജീവനമാർഗം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികളുമായി ഈ പദ്ധതിയെ സംയോജിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി.എസ്) എന്നിവയുമായി സംയോജിപ്പിച്ച് ഭവനപദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഉപജീവന പിന്തുണ നൽകുന്നു. നൈപുണ്യ നവീകരണത്തിലൂടെയും സ്വയം തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിലൂടെയും നഗര ഭവനരഹിതരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ വ്യവസ്ഥകൾ ഉപയോഗിക്കാം. സംസ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി (എ.യു.ഇ.ജി.എസ്) സംയോജിപ്പിച്ച്, പിഎംഎവൈ (നഗരം) ഗുണഭോക്താക്കൾക്ക് 90 തൊഴിൽ ദിനങ്ങൾ നൽകി.

**ശുചിത്വവും മാലിന്യം സംസ്കരണവും**

കഴിഞ്ഞ ദശകത്തിൽ സംസ്ഥാന സർക്കാർ മാലിന്യ സംസ്കരണത്തെ ഒരു നിർണായക വികസന അജണ്ടയായിക്കണ്ട് മുൻഗണന നൽകി സംസ്ഥാന, തദ്ദേശ സ്വയംഭരണ തലങ്ങളിൽ തന്ത്രപരമായ ഇടപെടലുകൾ നടത്തി. കേന്ദ്രാവിഷ്കൃത പദ്ധതികൾ (CSS), ബാഹ്യ സഹായത്തോടെയുള്ള പദ്ധതികൾ, സംസ്ഥാന ധനസഹായത്തോടെയുള്ള പരിപാടികൾ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് മാലിന്യ സംസ്കരണ സംരംഭങ്ങളുടെ പ്രാഥമിക നിർവ്വഹണ ഏജൻസികളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരളത്തിലുടനീളം ഖര, ദ്രവ മാലിന്യ സംസ്കരണത്തിനുള്ള നയരൂപീകരണം, ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതിക പിന്തുണ എന്നിവയിൽ സാങ്കേതിക വിഭാഗമായി പ്രവർത്തിക്കുന്ന ശുചിത്വ മിഷൻ ഈ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

മാലിന്യസംസ്കരണം സംസ്ഥാന വ്യാപകമായ പ്രചാരണങ്ങൾക്കും പ്രവർത്തനങ്ങൾക്കും പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ബാഹ്യസഹായ പദ്ധതികൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. ഖര, ദ്രവ മാലിന്യ സംസ്കരണ നയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സാങ്കേതിക പിന്തുണ നൽകുന്നതിലും നിർവ്വഹണ തന്ത്രങ്ങൾ വികസിപ്പിക്കുന്നതിലും ശുചിത്വ മിഷൻ നിർണായക പങ്ക് വഹിക്കുന്നു.

കേരളത്തിൽ ഒരു ദിവസം 10,129 ടൺ ഖരമാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരളം ഒരു വികേന്ദ്രീകൃത സമീപനം സ്വീകരിച്ചിട്ടുണ്ട്. ചെറുതും വലുതുമായ ഗാർഹിക, സ്ഥാപന, സമൂഹ്യ തലങ്ങളിൽ വിവിധ കമ്പോസ്റ്റിങ്ങ് ഉപകരണങ്ങളും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളും നടപ്പിലാക്കുന്നു. മാലിന്യം അതിന്റെ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്നത് കേരളത്തിലെ മാലിന്യ സംസ്കരണ മാനേജ്മെന്റിന്റെ ഒരു നിർണായക രീതിയായി മാറിയിട്ടുണ്ട്. ഉറവിടത്തിൽ തന്നെ മാലിന്യത്തെ ജൈവം, അജൈവം എന്നിങ്ങനെ തരംതിരിക്കാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സമൂഹങ്ങളുടെയും വർദ്ധിച്ചുവരുന്ന പ്രതിബദ്ധതയാണ് ഒരു പ്രധാന നേട്ടം.

കൂടാതെ, അജൈവ മാലിന്യങ്ങൾ പ്ലാസ്റ്റിക്, തുകൽ, ഗ്ലാസ്, ഇലക്ട്രോണിക്, ഇലക്ട്രിക്കൽ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ പ്രത്യേകമായി വേർതിരിക്കപ്പെടുകയും ഇവ നിശ്ചിത കലണ്ടർ ദിവസങ്ങളിൽ ശേഖരിച്ച് അംഗീകൃത സംസ്കരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. ഉറവിടതലത്തിൽ മാലിന്യം വേർതിരിക്കുന്നതിൽ മികച്ച പുരോഗതി കാണപ്പെടുന്നു. ഉറവിടതലത്തിൽ മാലിന്യം വേർതിരിക്കുന്നത് 2023-ൽ 47 ശതമാനമായിരുന്നത് 2025-ഓടെ 94 ശതമാനമായി വർദ്ധിച്ചു. ഇത് വ്യാപകമായ പെരുമാറ്റ പരിവർത്തനത്തെയും ഫലപ്രദമായ നിർവ്വഹണ സംവിധാനങ്ങളെയും സൂചിപ്പിക്കുന്നു. 2023-24 മാർച്ചിൽ 1,138 ആയിരുന്ന എൻഫോഴ്സ്മെന്റ് പരിശോധനകൾ 2025 ജൂണിൽ 90,438 ആയി വർദ്ധിച്ചു, അതേ കാലയളവിൽ പിഴത്തുക 2.9 ലക്ഷം രൂപയിൽ നിന്ന് 8.55 കോടി രൂപയായി വർദ്ധിച്ചു. ഇത് നിർദേശങ്ങൾ പാലിക്കപ്പെടുന്ന ഭരണസംവിധാനത്തിലേക്കുള്ള നിർണ്ണായക മാറ്റത്തിലേക്ക് വിരൽചൂണ്ടുന്നു. മോണിറ്ററിങ്ങ് ശക്തിപ്പെടുത്തുന്നതിനായി ഏകദേശം 5,410 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

"എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്തം" എന്ന തത്വത്താൽ നയിക്കപ്പെടുകയും, ഉറവിടതല സംസ്കരണത്തിന് മുൻഗണന നൽകുകയും ചെയ്യുന്നതാണ് സംസ്ഥാനത്തിന്റെ ജൈവ മാലിന്യ സംസ്കരണ നയം. കേരളത്തിൽ, ജൈവ മാലിന്യങ്ങളിലധികവും വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തല കേന്ദ്രങ്ങളിലുമാണ് സംസ്കരിക്കുന്നത്. കേന്ദ്രീകൃത മാലിന്യ സംവിധാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിലൂടെ, ജൈവ മാലിന്യങ്ങൾ അതിന്റെ ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുന്നതിന് കമ്പോസ്റ്റിംഗ് ഉപകരണങ്ങളുടെയും ബയോഗ്യാസ് പ്ലാന്റുകളുടെയും ഉപയോഗം ഈ സമീപനം പ്രോത്സാഹിപ്പിക്കുന്നു. ഗാർഹികതലത്തിൽ മാലിന്യസംസ്കരണം പര്യാപ്തമല്ലാത്ത സാഹചര്യങ്ങളിൽ, അധിക മാലിന്യം കൈകാര്യം ചെയ്യുന്നതിന് സമൂഹ്യാടിസ്ഥാനത്തിലുള്ള സൗകര്യങ്ങൾ പ്രവർത്തിക്കുന്നു. ഇതിലൂടെ ഗതാഗത ആവശ്യകത കുറയ്ക്കുകയും, ലാൻഡ്ഫില്ലുകളിലേക്കുള്ള മാലിന്യനിക്ഷേപം കുറയ്ക്കുകയും, കമ്പോസ്റ്റ്, ബയോഗ്യാസ് പോലുള്ള പുനരുപയോഗിക്കാവുന്ന വിഭവങ്ങളുടെ ഉത്പാദനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്ന ഒരു സുസ്ഥിര സംവിധാനമാണ് രൂപപ്പെടുന്നത്.

ഈ തന്ത്രം സമൂഹത്തിന്റെ ഇടപെടൽ വർദ്ധിപ്പിക്കുകയും മാലിന്യ സംസ്കരണ വെല്ലുവിളികളെ നേരിടുന്നതിന് പ്രാദേശികമായി രൂപകൽപ്പന ചെയ്ത പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഉറവിടം തിരിച്ചുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള വീടുകളുടെ എണ്ണം 2016-17-ൽ 25.8 ലക്ഷത്തിൽ നിന്ന് 2025-26-ൽ 28.86 ലക്ഷമായി ക്രമമായി വർദ്ധിച്ചു (**പട്ടിക 12.1.3** കാണുക), വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിരന്തരമായ

**പട്ടിക 12.1.3** മാലിന്യ സംസ്കരണത്തിലെ ഭൗതിക നേട്ടങ്ങൾ, 2016-17 മുതൽ 2025-26 വരെ

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2016-17 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|---|
| 1 | ഉറവിടത്തിൽ മാലിന്യം സംസ്കരിക്കാൻ സംവിധാനമുള്ള വീടുകൾ (ലക്ഷത്തിൽ) | 25.8 | 28.1 | 28.7 | 28.79 | 28.86 |
| 2 | ഉത്പാദിപ്പിച്ച ഖര മാലിന്യത്തിന്റെ അളവ് (റ്റി.പി.ഡി) | 9666.86 | 9971.23 | 10023.5 | 10076.17 | 10129.31 |
| 3 | സംസ്കരണം നടത്തിയ മാലിന്യത്തിന്റെ അളവ് (റ്റി.പി.ഡി) | 7350 | 9893 | 9853 | 9868.8 | 10072 |
| 4 | പുനരുപയോഗത്തിനായി കൈമാറിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ (ടണ്ണിൽ) | 740 | 1060 | 1069 | 1071 | 1072 |

**അവലംബം:** ശുചിത്വ മിഷൻ

ശ്രമങ്ങളെ ഇത് പ്രതിഫലിപ്പിക്കുന്നു. വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിന് സംസ്ഥാനം നൽകുന്ന ഊന്നൽ നൽകുന്നതോടൊപ്പം 1,574 സാമൂഹ്യ തല സംസ്കരണ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

2016-17 ൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെട്ട മൊത്തം ഖരമാലിന്യം പ്രതിദിനം 9,666 ടണ്ണായിരുന്നത് 2025-26 ആയപ്പോൾ 10,129 ആയി വർദ്ധിച്ചു. ജനസംഖ്യാ വളർച്ചയുടെയും നഗരവൽക്കരണത്തിന്റെയും പരിണതഫലത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഈ വർധനവ്. മൊത്തം ഖരമാലിന്യത്തിന്റെ അളവ് അതിവേഗം വർദ്ധിച്ചെങ്കിലും, സംസ്കരിച്ച ഖരമാലിന്യത്തിന്റെ അളവ് 2016-17 ൽ പ്രതിദിനം 7,350 ടണ്ണായിരുന്നത് 2025-26 ൽ 10,072 ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. ഇത് സംസ്കരണ ശേഷിയിലുള്ള ഗണ്യമായ പുരോഗതിയുടെയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ, പ്രവർത്തന ശേഷിയുടെയും മികവു മൂലമാണ്. അനുകൂലമായ പ്രവണതയാണ് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിലും കാണുന്നത്. പ്ലാസ്റ്റിക് മാലിന്യം പുനരുപയോഗിക്കുന്നതിന്റെ അളവ് 740 ടണ്ണിൽ നിന്ന് 1,072 ടണ്ണായി ഉയർന്നത് ശേഖരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തും പുനരുപയോഗ വ്യവസായങ്ങളുമായി ബന്ധം മെച്ചപ്പെടുത്തുകൊണ്ടുമാണെന്ന് സൂചിപ്പിക്കുന്നു.

2017 ൽ, കേരള സർക്കാർ നടപ്പിലാക്കിയ ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി, ഹരിത കർമ്മസേനകൾ രൂപീകരിക്കപ്പെട്ടു. വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള അജൈവ മാലിന്യങ്ങളും ചില സന്ദർഭങ്ങളിൽ ജൈവ മാലിന്യങ്ങളും ശേഖരിക്കുന്നത് ഹരിത കർമ്മ സേനാംഗങ്ങളാണ്. 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാകെ 2017-ൽ 5,000 ആയിരുന്ന ഹരിതകർമ്മ സേനകൾ 2025 ആകുമ്പോഴേക്കും 37,765 ആയി വർദ്ധിച്ചു. ഗ്രാമപ്രദേശങ്ങളിൽ വീട്ടുകളിൽ നിന്ന് 50 രൂപയും നഗര പ്രദേശങ്ങളിൽ 100 രൂപയും ഉപയോക്തൃ ഫീസ് ഈടാക്കുമ്പോൾ, വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് അവ ഉൽപ്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനമാക്കിയാണ് നിരക്ക് ഈടാക്കുന്നത്. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാണ് ഹരിതമിത്രം എന്ന മൊബൈൽ ആപ്പ് നിർമ്മിച്ചത്. 2025 ഓഗസ്റ്റ് 17-ന് ആരംഭിച്ച ഹരിതമിത്രം 2.0 എന്ന പുതിയ പതിപ്പ്, ഡിജിറ്റൽ പേയ്മെന്റുകൾ എന്ന ഒരു പ്രധാന സവിശേഷത അവതരിപ്പിച്ചു, ഇതിലൂടെ വീട്ടുകൾക്കും സ്ഥാപനങ്ങൾക്കും യു.പി.ഐ വഴി പ്രതിമാസ സേവന നിരക്കുകൾ അടയ്ക്കാൻ കഴിയുന്നു. ഹരിതമിത്ര 2.0 ആപ്ലിക്കേഷന് മുഖ്യമന്ത്രിയുടെ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു. ഹരിതമിത്ര ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം 2023-24 ൽ 11.24 ലക്ഷത്തിൽ നിന്ന് 2025 ജൂണിൽ 90 ലക്ഷമായി ഗണ്യമായി വർദ്ധിച്ചു എന്നതും ശ്രദ്ധേയമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ മാത്രം, ഹരിതകർമ്മ സേന 1.5 കോടി ടണ്ണിലധികം അജൈവ മാലിന്യങ്ങൾ ശേഖരിച്ചു. ഈ സംവിധാനമില്ലായിരുന്നെങ്കിൽ, മാലിന്യത്തിന്റെ ഭൂരിഭാഗവും കത്തിക്കുകയോ വിവേചനരഹിതമായി വലിച്ചെറിയുകയോ ചെയ്യുമായിരുന്നു.

വീട്ടുകളിൽനിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ താൽക്കാലികമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലും (എംസിഎഫ്) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന മിനി എംസിഎഫുകളിലും സൂക്ഷിക്കുന്നു, ഇതിലൂടെ പരിസ്ഥിതി സൗഹൃദപരമായ ഒരു സംസ്കരണ രീതി ആവിഷ്കരിച്ചിരിക്കുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനം അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനായി ഗണ്യമായ അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വാർഡിലും കുറഞ്ഞത് ഒരു എംസിഎഫും ഒരു പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ഓരോ ബ്ലോക്കിലും കുറഞ്ഞത് ഒരു റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും (ആർആർഎഫ്) ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. 2025 ഒക്ടോബർ 31 വരെ, 1,350 എംസിഎഫുകളും 20,051 മിനി എംസിഎഫുകളും 205 ആർആർഎഫുകളും ഉണ്ട്. 2025 ജൂൺ വരെ, പൊതുവിടങ്ങളിൽ 50,042 ബിന്നുകളും 26,967 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. ഇത് മാലിന്യ നിർമാർജനത്തിനുള്ള പ്രവേശനക്ഷമത വർദ്ധിപ്പിക്കുന്നു. 2025 ഓഗസ്റ്റ് 31 വരെയുള്ള ഹരിതകർമ്മസേന, എംസിഎഫുകൾ, മിനിഎംസിഎഫുകൾ, ആർആർഎഫുകൾ എന്നിവയുടെ ജില്ലാ തിരിച്ചുള്ള വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 12.1.13, 12.1.14** എന്നിവയിൽ നൽകിയിരിക്കുന്നു.

പുനരുപയോഗിക്കാവുന്ന മാലിന്യങ്ങൾ പുനരുപയോഗ കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുന്നു, അതേസമയം പുനരുപയോഗിക്കാനാവാത്ത മാലിന്യങ്ങൾ ഊർജ്ജ വീണ്ടെടുക്കലിനായി സിമന്റ് പ്ലാന്റുകൾ പോലുള്ള സഹ-സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്നു.

ആകെ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിൽ നിന്ന് ജൈവമാലിന്യവും അജൈവ മാലിന്യവും വേർതിരിച്ചശേഷം, ശേഷിക്കുന്ന ഭാഗം, നിഷ്ക്രിയ മാലിന്യം എന്നറിയപ്പെടുന്നു. ഇവ താഴ്ന്ന പ്രദേശങ്ങൾ നികത്താൻ ഉപയോഗിക്കുന്നു. അജൈവ മാലിന്യ സംസ്കരണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയുടെ മാലിന്യം കൈകാര്യം ചെയ്യാനുള്ള ശേഷി 2022-23 - ൽ 30,217 ടണ്ണായിരുന്നത് ഇരട്ടിയിലധികം വർദ്ധിപ്പിച്ച് 2024-25 ൽ 61,682 ടണ്ണായി, അതോടൊപ്പം, 2025 ഫെബ്രുവരിയോടെ 90,922 ടൺ മാലിന്യം സ്വകാര്യ ഏജൻസികൾ മുഖേന സംസ്കരണം നടത്തി.

പുനരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ച് റോഡുകൾക്കായി ടാറിൽ കലർത്തുന്നു. 2016-2025 കാലയളവിൽ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സി.കെ.സി.എൽ) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ), പി.ഡബ്ല്യു.ഡി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ ഏജൻസികൾക്ക് 3864.42 മെട്രിക് ടൺ ഷ്രെഡഡ് പ്ലാസ്റ്റിക് വിതരണം ചെയ്തു. സി.കെ.സി.എല്ലിന്റെ കണക്കനുസരിച്ച്, ഈ കാലയളവിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച പോളിമറൈസ്ഡ് റോഡിന്റെ ആകെ നീളം 6663.88 കിലോമീറ്ററായിരുന്നു (**പട്ടിക 12.1.4**).

**പട്ടിക 12.1.4** 2016–2025 കാലയളവിൽ റോഡ് നിർമ്മാണത്തിനുപയോഗിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിശദാംശങ്ങൾ

| വർഷം | എൻ. എച്ച്.എ.ഐ/ മറ്റുള്ളവ | പൊതുമരാമത്ത് വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പ് | ആകെ | ആകെ നിർമിച്ച റോഡുകളുടെ നീളം |
|---|---|---|---|---|---|
| | മെ.ടൺ | മെ.ടൺ | മെ.ടൺ | മെ.ടൺ | കി.മി |
| 2016–2017 | 0.00 | 5.11 | 18.71 | 23.82 | 51.89 |
| 2017–2018 | 0.00 | 52.40 | 122.38 | 174.78 | 358.35 |
| 2018–2019 | 0.00 | 136.09 | 143.86 | 279.95 | 495.74 |
| 2019–2020 | 5.03 | 303.92 | 305.92 | 614.87 | 1073.75 |
| 2020–2021 | 6.15 | 379.80 | 529.80 | 915.75 | 1710.45 |
| 2021–2022 | 2.53 | 370.66 | 361.58 | 734.77 | 1277.13 |
| 2022–2023 | 0.23 | 273.70 | 96.17 | 370.09 | 514.35 |
| 2023–2024 | 0.00 | 107.94 | 92.64 | 200.58 | 339.54 |
| 2024–2025 | 0.00 | 222.32 | 172.18 | 394.50 | 652.77 |
| 2025–2026 (ആഗസ്റ്റ് വരെ) | 1.18 | 131.06 | 23.07 | 155.31 | 189.91 |
| **ആകെ** | **15.12** | **1983.00** | **1866.31** | **3864.42** | **6663.88** |

**അവലംബം:** ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

ഒരു പ്രധാന മാലിന്യ സ്രോതസ്സാണെങ്കിലും, സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇ–മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് കൃത്യമായ കണക്കുകളൊന്നുമില്ല. സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് പ്രധാന സ്ഥാപനങ്ങൾ എന്നിവയിൽ ഉൽപ്പാദിപ്പിക്കുന്ന ഇ–മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത ഇ–മാലിന്യ ഏജൻസികൾക്കും/പുനരുപയോഗിക്കുന്നവർക്കും കൈമാറി സംസ്കരിക്കുന്നതിന് കേരള സർക്കാർ സി.കെ.സി.എല്ലിനെ നിയമിച്ചിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വാർഷിക റിപ്പോർട്ടുകൾ പ്രകാരം 2019–20 മുതൽ 2023–24 വരെ സംസ്ഥാനത്ത് ശേഖരിച്ച ഇ–മാലിന്യത്തിന്റെ അളവ് **പട്ടിക 12.1.5** ൽ കാണിച്ചിരിക്കുന്നു.

**ശുചിത്വ കേരളം (ഗ്രാമവും നഗരവും)**

സംസ്ഥാന സർക്കാർ ധനസഹായത്തോടെ ശുചിത്വ മിഷൻ നടത്തുന്ന ശുചിത്വ കേരളം (ഗ്രാമ–നഗര) പദ്ധതികളാണ് നഗര–ഗ്രാമ പ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിനുള്ള പ്രധാന ചുമതല നിർവഹിക്കുന്നത്. ഇതിലൂടെ സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കും ഭാഗികമായി ധനസഹായം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, നാഷണൽ ഹെൽത്ത് മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

ദൃശ്യ–ശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള അവബോധം വളർത്തുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനു ശുചിത്വ കേരളം (ഗ്രാമീണ, നഗര) പദ്ധതികളിലൂടെ കഴിയുന്നു. കൂടാതെ വീടുകളുടെയും സ്ഥാപനങ്ങളുടെയും മാലിന്യ സംസ്കരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഗാർഹിക, സ്ഥാപന, കമ്യൂണിറ്റി തലങ്ങളിൽ ചെറുകിട, ഇടത്തരം, വൻകിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാനും ഈ പദ്ധതി വഴി കഴിയും.

ശുചിത്വ കേരളം (നഗരം) പദ്ധതി പ്രകാരം, ദ്രവ മാലിന്യ സംസ്കരണം, ഐ.ഇ.സി പ്രവർത്തനങ്ങൾ, ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റുകൾ, മഴക്കാലപൂർവ ശുചീകരണം, പൊതു ടോയ്‌ലറ്റുകൾ, സെപ്റ്റിക് ടാങ്കുകൾ, സാനിറ്ററി നാപ്കിൻ ഡിസ്ട്രോയറുകൾ, ഉറവിട മാലിന്യ സംസ്കരണം എന്നിവയുൾപ്പെടെ വിവിധ ഘടകങ്ങളിലായി 2024–25 കാലയളവിൽ ആകെ 728.09 ലക്ഷം രൂപ ചെലവഴിച്ചു. ശുചിത്വകേരളം (റൂറൽ) പദ്ധതിയിൽ ഇതേ കാലയളവിൽ 1227.07 ലക്ഷം രൂപയും ചെലവഴിച്ചു. കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടെ മാലിന്യ സംസ്കരണത്തിൽ നിരവധി നൂതന സംരംഭങ്ങൾ ആരംഭിച്ചു. എറണാകുളം–ഇടയാറിൽ പിപിപി മോഡലിൽ കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് പ്രോസസിങ്ങ് പ്ലാന്റ് ആരംഭിച്ചത് പരമ്പരാഗത രീതിയിൽ നിന്നും മാറി കേരളത്തിലെ ഭരണസംവിധാനം എങ്ങനെയാണ് മാലിന്യ സംസ്കരണത്തിലേക്ക് വികസിക്കുന്നതെന്നു പ്രതിഫലിപ്പിക്കുന്നു. 2015 ലെ ദേശീയ ഗെയിംസിൽ അവതരിപ്പിച്ച ഹരിത പ്രോട്ടോക്കോൾ ഇപ്പോൾ എല്ലാ പ്രധാന സർക്കാർ പരിപാടികളിലും, നിരവധി സ്വകാര്യ പരിപാടികളിലും, ഉത്സവങ്ങളിലും, കായിക മേളകളിലും, വിവാഹങ്ങളിലും പിന്തുടരുന്നു. ഒറ്റതവണ ഉപയോഗിക്കുന്ന വസ്തുക്കളുടെ ഉപയോഗം പൂർണമായും ഒഴിവാക്കുകയെന്നതാണ് ഹരിത പ്രോട്ടോക്കോളിന്റെ പ്രധാന തത്വം, കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, മാലിന്യം കുറയ്ക്കുന്നതിനായി അതത് സ്ഥലങ്ങളിൽ ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റിങ്ങ്

**പട്ടിക 12.1.5** സംസ്ഥാനത്ത് 2019-20മുതൽ 2023-24 വരെ ശേഖരിച്ച ഇ-മാലിന്യത്തിന്റെ അളവ്

| വർഷം | ശേഖരിച്ച ഇ-മാലിന്യത്തിന്റെ വിഭാഗം തിരിച്ചുള്ള അളവ് | | | ആകെ ശേഖരിച്ച ഇ-വേസ്റ്റ് (ടണ്ണിൽ) |
|---|---|---|---|---|
| | ഇൻഫർമേഷൻ ടെക്നോളജി/ ടെലികമ്മ്യൂണിക്കേഷൻ (ടണ്ണിൽ) | ഉപഭോക്തൃ ഇലക്ട്രിക്കൽ- ഇലക്ട്രോണിക്സ് (ടണ്ണിൽ) | മറ്റുള്ളവ (ടണ്ണിൽ) | |
| 2019-20 | 108.4 | 82.2 | 1098.6 | 1289.2 |
| 2020-21 | 27.7 | 88.3 | 1378.1 | 1494.0 |
| 2021-22 | 55.6 | 18.0 | 1175.9 | 1249.6 |
| 2022-23 | 1465.3 | | | 1465.3 |
| 2023-24 | 6023.54 | | | 6023.54 |

**അവലംബം:** വാർഷിക റിപ്പോർട്ട്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

വഴി വളമാക്കി മാറ്റുക എന്നിവയാണ് ഇതിലൂടെ പ്രോൽസാഹിപ്പിക്കുന്നത്. ശുചിത്വ മിഷൻ സ്വീകരിച്ച് നടപ്പിലാക്കിയ സ്വാപ്പ് ഷോപ്പ് ആശയം പുനരുപയോഗ അവസരങ്ങൾ പ്രോത്സാഹിപ്പിക്കാൻ സഹായിച്ചു. ഈ ആശയത്തിലൂടെ, വ്യക്തികൾ സ്വന്തം ആവശ്യങ്ങൾ നിറവേറ്റിയ ശേഷം ഉപയോഗിച്ച വസ്തുക്കൾ വലിച്ചെറിയുന്നതിനുപകരം, മറ്റൊരാൾക്ക് വേണ്ടി കൈമാറ്റം ചെയ്യുന്നു.

തിരുവനന്തപുരത്തെ മുട്ടത്തറ മലിനജല സംസ്കരണ പ്ലാന്റിന്റെ നവീകരണമാണ് ദ്രവ മാലിന്യ സംസ്കരണത്തിലെ ഒരു പ്രധാന ചുവടുവയ്പ്. ശുദ്ധീകരണ പ്ലാന്റിൽ സ്ഥാപിച്ചിരിക്കുന്ന പുതിയ ശുദ്ധീകരണ സൗകര്യം, നിർമ്മാണം, വ്യാവസായിക ആവശ്യങ്ങൾ, മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്കായി ശുദ്ധീകരിച്ച വെള്ളം പുനരുപയോഗം ചെയ്യാൻ പ്രാപ്തമാക്കുന്നു, ജലസംരക്ഷണത്തെ പിന്തുണയ്ക്കുകയും മലിനീകരണം കുറയ്ക്കുകയും ചെയ്യുന്നു. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ, റീബിൽഡ് കേരള സംരംഭത്തിന്റെ ഭാഗമായി ഒരു അത്യാധുനിക ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റും നിർമ്മിച്ചു.

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)**

ഗ്രാമീണ ഇന്ത്യയിലെ വൃത്തിയും ശുചിത്വവും മെച്ചപ്പെടുത്തുക എന്നതാണ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടത്തിന്റെ ലക്ഷ്യം. 2020-21 ൽ ആരംഭിച്ച ഈ പദ്ധതി, ഒന്നാംഘട്ടത്തിന്റെ നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്, വെളിയിട വിസർജ്ജന രഹിത (ODF) പദവി നിലനിർത്തുന്നതിലും ഖര, ദ്രവ മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിലും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

എസ്ബിഎം (ജി) ഡാഷ്ബോർഡ് പ്രകാരം, 2025 നവംബർ 23 വരെ സംസ്ഥാനത്താകെ 2,72,315 വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ (ഐ.എച്ച്.എച്ച്.എൽ) നിർമ്മിച്ചു.

സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ എസ്.ബി.എം (ജി) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ (ബി.പി.എൽ), അർഹരായ എ.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് ഒരു വ്യക്തിഗത ടോയിലറ്റ് (ഐ.എച്ച്.എച്ച്.എൽ) നിർമിക്കുന്നതിന് 70 ശതമാനം തുക എസ്.ബി.എം ഗ്രാമീൺ വഴിയും 30 ശതമാനം തുക കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും ചേർത്ത് 12,000 രൂപ വരെയാണ് പ്രോത്സാഹന ധനസഹായമായി നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതമായി 7,200 രൂപയും (60 ശതമാനം) സംസ്ഥാന വിഹിതമായി 4,800 രൂപയും (40 ശതമാനം) സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീൺ പദ്ധതിയിലൂടെ പ്രോത്സാഹന ധനസഹായമായി ശുചിത്വ മിഷൻ നൽകുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംഭാവനയായ 3,400 രൂപ കൂടി ചേരുമ്പോൾ ഒരു യൂണിറ്റിന് മൊത്തം 15,400 രൂപ ലഭിക്കും.

**ബോക്സ് 12.1.1** വൃത്തി 2025 – ക്ലീൻ കേരള കോൺക്ലേവ്

"മാലിന്യമുക്ത നവകേരളം" ക്യാമ്പയിന്റെ ഫലമായി സംസ്ഥാനത്തുടനീളം സ്വീകരിച്ച മാലിന്യ സംസ്കരണത്തിന്റെ അത്യാധുനിക സാങ്കേതികവിദ്യകളും രീതികളും പ്രചരിപ്പിക്കുന്നതിനായി നടത്തിയ "വൃത്തി കോൺക്ലേവ്" സമഗ്രവും സമ്പൂർണ്ണവുമായ മാലിന്യ സംസ്കരണത്തിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രയാണത്തിലെ പ്രധാന നാഴികക്കല്ലുകളെ എടുത്തുകാട്ടി. അഞ്ച് ദിവസത്തെ കോൺക്ലേവിൽ സ്മാർട്ട് ബിന്നുകൾ, എ.ഐ അധിഷ്ഠിത മാലിന്യ പരിഹാരങ്ങൾ, വികേന്ദ്രീകൃത ബയോഗ്യാസ് സംവിധാനങ്ങൾ എന്നിവയുൾപ്പെടെയുള്ള സാങ്കേതിക കണ്ടുപിടുത്തങ്ങൾ പ്രദർശിപ്പിച്ചു, അതേസമയം ഹാക്കത്തോണുകളിലൂടെയും ഔട്ട്റീച്ച് പ്രോഗ്രാമുകളിലൂടെയും യുവാക്കളുടെ പങ്കാളിത്തം സാധ്യമാക്കുകയും ചെയ്തു. ഈ ദിശയിലുള്ള അവരുടെ ശ്രമങ്ങളുടെ വ്യാപ്തി മനസ്സിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംരംഭങ്ങളും പ്രദർശിപ്പിച്ചു. മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾക്കായി 3,000 കോടി രൂപയിലധികമുള്ള നിക്ഷേപം സമാഹരിക്കാൻ ബിസിനസ് സെഷനുകൾ സഹായിച്ചു. പരിസ്ഥിതി സൗഹൃദപരമായ സംരംഭകത്വത്തിന്റെ പങ്കിനെക്കുറിച്ചും പരിഷ്കാരങ്ങൾ നിലനിർത്തുന്നതിൽ ഉൽപ്പാദകരുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും കോൺക്ലേവ് ഊന്നിപ്പറഞ്ഞു.

**പട്ടിക 12.1.6** എസ്.ബി.എം ഗ്രാമങ്ങളുടെ ODF പ്ലസ് ,ഖര, ദ്രവ മാലിന്യ സംസ്കരണ വിശദാംശങ്ങൾ (2025 ഡിസംബർ 1 ലെ കണക്കുകൾ പ്രകാരം)

| ക്രമ നമ്പർ | ജില്ല | ബ്ലോക്ക് | | | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ | | ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ | | |
|---|---|---|---|---|---|---|---|---|---|
| | | ആകെ | ഉൾപ്പെട്ടവ | ആകെ എസ്.ബി.എം. വില്ലേജുകൾ | മാർക്ക് ചെയ്തവ | ഉൾപ്പെട്ട വില്ലേജുകളുടെ ശതമാനം | മാർക്ക് ചെയ്തവ | ഉൾപ്പെട്ടവില്ലേജുകളുടെ ശതമാനം | ഒ.ഡി.എഫ് പ്ലസ് വില്ലേജുകൾ |
| 1 | ആലപ്പുഴ | 12 | 12 | 83 | 77 | 92.77 | 77 | 92.77 | 77 |
| 2 | എറണാകുളം | 14 | 14 | 103 | 93 | 90.29 | 93 | 90.29 | 93 |
| 3 | ഇടുക്കി | 8 | 8 | 68 | 66 | 97.06 | 65 | 95.59 | 66 |
| 4 | കണ്ണൂർ | 11 | 11 | 105 | 102 | 97.14 | 102 | 97.14 | 102 |
| 5 | കാസറഗോഡ് | 6 | 6 | 119 | 116 | 97.48 | 116 | 97.48 | 116 |
| 6 | കൊല്ലം | 11 | 11 | 91 | 91 | 100 | 91 | 100 | 91 |
| 7 | കോട്ടയം | 11 | 11 | 91 | 87 | 95.6 | 87 | 95.6 | 87 |
| 8 | കോഴിക്കോട് | 12 | 12 | 92 | 84 | 91.3 | 84 | 91.3 | 84 |
| 9 | മലപ്പുറം | 15 | 15 | 116 | 112 | 96.55 | 109 | 93.97 | 112 |
| 10 | പാലക്കാട് | 13 | 13 | 148 | 144 | 97.3 | 144 | 97.3 | 144 |
| 11 | പത്തനംതിട്ട | 8 | 8 | 65 | 63 | 96.92 | 63 | 96.92 | 63 |
| 12 | തിരുവനന്തപുരം | 11 | 11 | 94 | 93 | 98.94 | 93 | 98.94 | 93 |
| 13 | തൃശ്ശൂർ | 16 | 16 | 214 | 208 | 97.2 | 208 | 97.2 | 208 |
| 14 | വയനാട് | 4 | 4 | 46 | 45 | 97.83 | 45 | 97.83 | 45 |
| | **ആകെ** | **152** | **152** | **1435** | **1381** | **96.24** | **1377** | **95.96** | **1381** |

**അവലംബം:** എസ്.ബി.എം ഗ്രാമീൺ ഡാഷ് ബോർഡ്

കേന്ദ്രസർക്കാരിന്റെ ഡ്രിങ്കിങ്ങ് വാട്ടർ ആന്റ് സാനിറ്റേഷൻ വകുപ്പ് നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഒ. ഡി. എഫ് പ്ലസ് പദവി ലഭിക്കാനാണ് ഗ്രാമപഞ്ചായത്തുകൾ ഇപ്പോൾ ശ്രമിക്കുന്നത്. ഒ. ഡി. എഫ് പ്ലസിനായുള്ള വ്യവസ്ഥകളിൽ ഇനിപറയുന്നവ ഉൾപ്പെടുന്നു. എല്ലാവർക്കും ശൗചാലയങ്ങൾ ലഭ്യമാകണം, ശൗചാലയങ്ങളുടെ ശരിയായ ഉപയോഗം, ഖര ദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ പരിപാലനം, പൊതു ശുചിത്വ സൗകര്യങ്ങൾ മുതലായവ. ദ്രവമാലിന്യം കാര്യക്ഷമമായി സംസ്കരിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ഒഡിഎഫ് പ്ലസ് പദവി കൈവരിക്കാൻ കഴിയൂ. 2025 ഡിസംബർ 1 ലെ കണക്കനുസരിച്ച്, 1,381 എസ് ബി. എം ഗ്രാമങ്ങളിൽ ഖരമാലിന്യ സംസ്കരണ ക്രമീകരണങ്ങളും 1,377 ഗ്രാമങ്ങളിൽ ദ്രവ മാലിന്യ സംസ്കരണ ക്രമീകരണങ്ങളുമുണ്ട്. 1,435 എസ് ബി എം ഗ്രാമങ്ങളിൽ 1,381 എണ്ണം ഒ.ഡി.എഫ് പ്ലസ് പദവിയിലാണ്, 1,372 എണ്ണം മോഡൽ വിഭാഗത്തിൽ പെടുന്നു. സംസ്ഥാനത്തെ ഒ.ഡി.എഫ് പ്ലസ് നിലയുടെ വിശദാംശങ്ങൾ **പട്ടിക 12.1.6** ൽ കാണിച്ചിരിക്കുന്നു.

ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഓരോ ഗ്രാമത്തിലും കുറഞ്ഞത് ഒരു കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സെങ്കിലും ഉണ്ടായിരിക്കണമെന്ന് എസ് ബി എം (ജി) പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്. ഒരു കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സിന്റെ യൂണിറ്റ് ചെലവ് 3.00 ലക്ഷം രൂപയാണ്. എസ്.ബി.എം ഗ്രാമീൺ ഡാഷ്ബോർഡിൽ നിന്നുള്ള ഡാറ്റ പ്രകാരം, 2025 ഡിസംബർ 1 വരെ സംസ്ഥാനത്ത് 2,079 കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ നിർമ്മിച്ചു.

### ഗോബർധൻ (ഗാൽവനൈസിംഗ് ഓർഗാനിക് ബയോ-അഗ്രോ റിസോഴ്സസ് ധൻ) പദ്ധതി

എസ്.ബി.എം (ജി) പദ്ധതിയുടെ രണ്ടാംഘട്ടത്തിലെ പ്രധാനഘടകമായ ഗോബർധനിലൂടെ ചാണകം, അടുക്കള മാലിന്യം, മറ്റ് ജൈവ മാലിന്യങ്ങൾ എന്നിവ ബയോഗ്യാസും ബയോ സ്ലറിയുമാക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടത്തിനു കീഴിൽ, 2020-21 മുതൽ 2025-26 വരെയുള്ള മുഴുവൻ പരിപാടി കാലയളവിലും ഗ്രാമങ്ങളിലും ബ്ലോക്കുകളിലും ജില്ലകളിലും കമ്മ്യൂണിറ്റി, ക്ലസ്റ്റർ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഓരോ ജില്ലയ്ക്കും

50 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭ്യമാണ്. 2025-26 ൽ, സംസ്ഥാനത്ത് 35 ഗോബർധൻ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാണ്.

### സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

ശുചിത്വം, മാലിന്യസംസ്കരണം എന്നിവ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതി ആരംഭിച്ചത്. വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ, പൊതു ടോയിലറ്റുകൾ, ഖരമാലിന്യ സംസ്കരണം, കാര്യശേഷി വർധിപ്പിക്കൽ, വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ എന്നിങ്ങനെ അഞ്ച് ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. എസ്.ബി.എം നഗരം പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ 2023-24 മുതൽ 2025-26 (2025 ഓഗസ്റ്റ് 31) വരെയുള്ള വിഹിതവും ചെലവും **അനുബന്ധം 12.1.15** ൽ നൽകിയിരിക്കുന്നു. ഉറവിടതല മാലിന്യം 100 ശതമാനം വേർതിരിക്കപ്പെടുന്നുവെന്നു ഉറപ്പാക്കുക, വീടുകൾ തോറുമുള്ള മാലിന്യ ശേഖരണം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, കാലങ്ങളായി കുന്നുകൂടി കിടക്കുന്ന (ലെഗസി മാലിന്യം) മാലിന്യങ്ങളുടെ നിർമാർജനം, ഉപയോഗിച്ച വെള്ളത്തിന്റെ സംസ്കരണവും പരിപാലനവും എന്നീ ലക്ഷ്യങ്ങളോടെയാണ് സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0, 2021 ഒക്ടോബർ 01ന് ആരംഭിച്ചത്. നഗര ഖരമാലിന്യ സംസ്കരണം, നഗര ശുചിത്വം, ഉപയോഗിച്ച വെള്ളത്തിന്റെ സംസ്കരണം, വിവരവിദ്യാഭ്യാസ വിനിമയ പ്രവർത്തനങ്ങൾ, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് രണ്ടാംഘട്ടത്തിലെ ഘടകങ്ങൾ.

എസ്ബിഎം (യു) കണക്കുകൾ പ്രകാരം, 2025 ഡിസംബർ 1 വരെ 13 ലക്ഷം ടൺ ലെഗസി മാലിന്യങ്ങളിൽ 9 ലക്ഷം ടൺ ലെഗസി മാലിന്യങ്ങൾ സംസ്കരിക്കുകയും 78.01 ഏക്കർ ഭൂമി തിരിച്ചുപിടിക്കുകയും ചെയ്തു. സംസ്ഥാനം 6 ബയോ-മെത്തനേഷൻ പ്ലാന്റുകളും മാലിന്യത്തിൽ നിന്ന് കമ്പോസ്റ്റ് ഉണ്ടാക്കുന്ന 49 പ്ലാന്റുകളും ആരംഭിച്ചിട്ടുണ്ട്. എസ്ബിഎം (യു) പദ്ധതിയുടെ ഭാഗമായി, 1169 കമ്മ്യൂണിറ്റി പൊതു ശൗചാലയങ്ങൾ നിർമ്മിച്ചു.

രണ്ടാംഘട്ടത്തിൽ ഏറ്റെടുക്കേണ്ട ഘടകങ്ങൾക്കായി ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എസ്.ബി.എം രണ്ടാംഘട്ടത്തിന് 2024-25 സാമ്പത്തിക വർഷം 47.44 കോടി രൂപ ചെലവഴിച്ചു. 2025-26 , (2025 ഓഗസ്റ്റ് 31 വരെ), ചെലവ് 5.60 കോടി രൂപയാണ്. 2022-23 മുതൽ 2025-26 വരെ (2025 ഓഗസ്റ്റ് 31 വരെ) എസ്.ബി.എം (യു) 2.0 ന്റെ സാമ്പത്തിക വിശദാംശങ്ങൾ **അനുബന്ധം 12.1.16**-ൽ നൽകിയിരിക്കുന്നു.

### കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി)

ഖരമാലിന്യ സംസ്കരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്, ലോക ബാങ്കും (IBRD), ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും, കേരള സർക്കാരും സംയുക്തമായി ധനസഹായം നൽകുന്ന കേരള ഖരമാലിന്യ സംസ്കരണ പദ്ധതി (കെഎസ്ഡബ്ല്യുഎംപി) 2022 ജനുവരിയോടെയാണ് പ്രവർത്തനം ആരംഭിച്ചത്. 300 മില്യൺ യുഎസ് ഡോളറാണ് (ഏകദേശം 2,400 കോടി രൂപ) പദ്ധതിചെലവ്. സംയോജിത സേവന വിതരണ മൂല്യ ശൃംഖലാ സമീപനം സ്വീകരിച്ച്, ഉചിതമായ സാങ്കേതിക സഹായത്തിലൂടെയും നൈപുണ്യ വർധന ഇടപെടലുകളിലൂടെയും നഗര പ്രാദേശിക സർക്കാരുകളിലും പ്രാദേശിക തലങ്ങളിലും ഖരമാലിന്യ പരിപാലന (എസ്.ഡബ്ല്യു.എം) മൂല്യ ശൃംഖലാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. കെ.എസ്.ഡബ്ല്യു.എം.പി പദ്ധതിയുടെ സാമ്പത്തിക വിശകലനം **പട്ടിക 12.1.7** ൽ അവതരിപ്പിച്ചിരിക്കുന്നു.

### 2024-25 ദേശീയ സ്വച്ഛ് സർവേക്ഷൻ റാങ്കിങ്ങിലെ കേരളത്തിന്റെ നേട്ടങ്ങൾ

ശുചിത്വത്തിലും ഖരമാലിന്യ സംസ്കരണത്തിലുമുള്ള നിരന്തര പരിശ്രമങ്ങളുടെ ഫലമായി, 2024-25 ലെ ദേശീയ സ്വച്ഛ് സർവേക്ഷൻ റാങ്കിങ്ങിൽ കേരളം ശ്രദ്ധേയമായ ഒരു നാഴികക്കല്ല് കൈവരിച്ചു. ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള 100 നഗരങ്ങളുടെ പട്ടികയിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ ആദ്യമായി ഇടം നേടി. മുൻ വർഷത്തെ അപേക്ഷിച്ച് ഇത് ഗണ്യമായ പുരോഗതിയാണ്. മുൻ വർഷങ്ങളിൽ കേരളത്തിൽ നിന്നുള്ള ഒരു മുനിസിപ്പാലിറ്റിയും ആദ്യ 1,000 റാങ്കിൽ ഇടം നേടിയിട്ടില്ല. മാലിന്യ സംസ്കരണ മേഖലയിൽ കേരളം ചരിത്രപരമായ പുരോഗതി കൈവരിച്ചുകൊണ്ട് കേരളത്തിലെ 93 മുനിസിപ്പാലിറ്റികളിൽ 82 എണ്ണം ആദ്യ 1000 സ്ഥാനങ്ങളിൽ എത്തി.

മാതൃകാപരമായ പ്രകടനം ഉയർത്തിക്കാട്ടിക്കൊണ്ട് മട്ടന്നൂർ മുനിസിപ്പാലിറ്റിക്ക് പ്രത്യേക വിഭാഗത്തിൽ മിനിസ്റ്റീരിയൽ അവാർഡ് ലഭിച്ചു. വെളിയിട വിസർജന മുക്ത (ഒഡിഎഫ്) പ്രോട്ടോക്കോൾ പ്രകാരമുള്ള ഏറ്റവും ഉയർന്ന ഗ്രേഡായ വാട്ടർ പ്ലസ് സർട്ടിഫിക്കേഷൻ തിരുവനന്തപുരം മുനിസിപ്പാലിറ്റി നേടിയിട്ടുണ്ട്. ഈ ബഹുമതി നേടിയ കേരളത്തിലെ ആദ്യത്തെ നഗരമായി തിരുവനന്തപുരം മാറി. കൂടാതെ, 13 മുനിസിപ്പാലിറ്റികൾ ഒഡിഎഫ് പദവി നേടി, 77 എണ്ണം ഒഡിഎഫ് പ്ലസ് ആയി സാക്ഷ്യപ്പെടുത്തി, 3 എണ്ണം ഒഡിഎഫ് പ്ലസ് പ്ലസ് റേറ്റിങ്ങുകൾ നേടി, ഇത് സുസ്ഥിരമായ ശുചിത്വ അടിസ്ഥാന സൗകര്യങ്ങളെയും ജനങ്ങളുടെ മെച്ചപ്പെട്ട പെരുമാറ്റത്തെയും സൂചിപ്പിക്കുന്നു.

മാലിന്യ രഹിത നഗര (ജി.എഫ്.സി) റേറ്റിങ്ങുകളുടെ കാര്യത്തിൽ, മൂന്ന് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ത്രീ സ്റ്റാർ റേറ്റിങ്ങ് നേടി. അതു പോലെ 20 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൺ സ്റ്റാർ റേറ്റിങ്ങും നേടി. ഇതിനു മുൻപ് കേരളത്തിലെ ഒരു നഗര പ്രാദേശിക സർക്കാരുകൾക്കും ഇത്തരം സ്റ്റാർ റേറ്റിങ്ങ് ലഭിച്ചിട്ടില്ല എന്നത് കണക്കിലെടുക്കുമ്പോൾ ശ്രദ്ധേയമായ പുരോഗതിയാണിത്. സർക്കാർ ആരംഭിച്ച മാലിന്യ മുക്ത ക്യാമ്പയിനിന്റെ ഫലപ്രാപ്തിയെ ഈ പുരോഗതി അടിവരയിടുന്നു.

ദേശീയതലത്തിൽ മികച്ച 100 നഗരങ്ങളിൽ ഇടം നേടിയ കേരളത്തിലെ തിരഞ്ഞെടുത്ത നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംഗ്രഹം, വീട്ടുതോറുമുള്ള മാലിന്യ ശേഖരണം, ഉറവിട വേർതിരിവ്, സംസ്കരണ കാര്യക്ഷമത, മാലിന്യ രഹിത നഗര സ്റ്റാറ്റസ്, ഒ.ഡി.എഫ് സർട്ടിഫിക്കേഷൻ തുടങ്ങിയ പ്രധാന പ്രകടന സൂചകസംഗ്രഹം **പട്ടിക 12.1.8** ചേർത്തിരിക്കുന്നു.

**പട്ടിക 12.1.7** കെ.എസ്.ഡബ്ല്യു.എം.പി പദ്ധതിയുടെ സാമ്പത്തിക പുരോഗതി (രൂപ ലക്ഷത്തിൽ)

| ഘടകം–1 , 3 : സ്ഥാപന വികസനം, ശേഷി വികസനം, പ്രോജക്ട് മാനേജ്മെന്റ്, പ്രാദേശിക ഖരമാലിന്യ സൗകര്യങ്ങളുടെ വികസനം | | | | | | | |
|---|---|---|---|---|---|---|---|
| വർഷം | ബജറ്റ് വിഹിതം | | | ചെലവ് | | | ചെലവ് (ശതമാനത്തിൽ) |
| | സംസ്ഥാന വിഹിതം | ഇ.എ.പി | ആകെ | സംസ്ഥാന വിഹിതം | ഇ.എ.പി | ആകെ | |
| 2022–23 | 780.00 | 1,820.00 | 2,600.00 | 361.07 | 842.50 | 1,203.57 | 46.291 |
| 2023–24 | 3,956.33 | 9,231.43 | 13,188.00 | 1,351.88 | 3,154.39 | 4,506.27 | 34.170 |
| 2024–25 | 3,600.15 | 8,399.85 | 12,000.00 | 1,391.17 | 3,246.06 | 4,637.23 | 38.644 |
| 2025–26 (സെപ്റ്റംബർ വരെ) | 5,550.00 | 12,950.00 | 18,500.00 | 618.21 | 2,472.84 | 3,091.05 | 16.708 |
| **ഘടകം–2 എസ്.ഡബ്ല്യു.എം നായി നഗര പ്രാദേശിക സർക്കാരുകൾക്കുള്ള പിന്തുണ** | | | | | | | |
| വർഷം | ബജറ്റ് വിഹിതം | | | ചെലവ് | | | ചെലവ് (ശതമാനത്തിൽ) |
| | സംസ്ഥാന വിഹിതം | ഇ.എ.പി | ആകെ | സംസ്ഥാന വിഹിതം | ഇ.എ.പി | ആകെ | |
| 2022–23 | 2,220.00 | 5,180.00 | 7,400.00 | 0 | 0 | – | 0.000 |
| 2023–24 | 6,321.61 | 14,678.75 | 21,000.36 | 79.03 | 205.79 | 284.82 | 1.356 |
| 2024–25 | 5,400.00 | 12,600.00 | 18,000.00 | 99.31 | 231.71 | 331.02 | 1.839 |
| 2025–26 (സെപ്റ്റംബർ വരെ) | 3,450.00 | 8,050.00 | 11,500.00 | 3.91 | 15.64 | 19.55 | 0.170 |

**അവലംബം:** കെ.എസ്.ഡബ്ല്യു.എം.പി

**പട്ടിക 12.1.8** സ്വച്ഛ് സർവേക്ഷൻ 2024–25 ൽ കേരളത്തിൽ നിന്നും തിരഞ്ഞെടുത്ത നഗര തദ്ദേശ സ്ഥാപനങ്ങളുടെ പ്രകടനം

| നഗര പ്രാദേശിക സർക്കാർ | ജനസംഖ്യ | വീട് വീടാന്തരമുള്ള മാലിന്യ ശേഖരണം (ശതമാനം) | മാലിന്യം ഉറവിട ത്തിൽ വേർതിരിക്കുന്നതിന്റെ ശതമാനം | മാലിന്യ സംസ്കരണം (ശതമാനം) | മാലിന്യ രഹിത നഗരങ്ങളുടെ പദവി (ജി.എഫ്.സി സ്റ്റാറ്റസ്) | ഒ.ഡി.എഫ് നില | ദേശീയ റാങ്ക് |
|---|---|---|---|---|---|---|---|
| കൊച്ചി | വലിയ നഗരങ്ങൾ (3 ലക്ഷം 10 ലക്ഷം ജനസംഖ്യ) | 100 | 48 | 56 | 1 സ്റ്റാർ | ഒ.ഡി. എഫ്++ | 50 |
| മട്ടന്നൂർ | ചെറിയ നഗരങ്ങൾ (20000 – 50000 ജനസംഖ്യ) | 31 | 51 | 95 | 1 സ്റ്റാർ | ഒ.ഡി. എഫ്+ | 53 |
| തൃശ്ശൂർ | വലിയ നഗരങ്ങൾ (3 ലക്ഷം – 10 ലക്ഷം ജനസംഖ്യ) | 56 | 55 | 58 | 1 സ്റ്റാർ | ഒ.ഡി. എഫ് + | 58 |
| കോഴിക്കോട് | വലിയ നഗരങ്ങൾ (3 ലക്ഷം – 10 ലക്ഷം ജനസംഖ്യ) | 33 | 24 | 93 | സ്റ്റാർ ഇല്ല | ഒ.ഡി. എഫ് + | 70 |
| ആലപ്പുഴ | മീഡിയം ജനസംഖ്യ (50000 – 3 ലക്ഷം ജനസംഖ്യ) | 97 | 77 | 94 | 3 സ്റ്റാർ | ഒ.ഡി. എഫ് + | 80 |
| ഗുരുവായൂർ | മീഡിയം ജനസംഖ്യ (50000 – 3 ലക്ഷം ജനസംഖ്യ | 26 | 46 | 50 | 1 സ്റ്റാർ | ഒ.ഡി. എഫ് ++ | 82 |
| തിരുവനന്തപുരം | വലിയ നഗരങ്ങൾ (3 ലക്ഷം – 10 ലക്ഷം ജനസംഖ്യ) | 23 | 28 | 30 | സ്റ്റാർ ഇല്ല | വെള്ളം+ | 89 |
| കൊല്ലം | വലിയ നഗരങ്ങൾ (3 ലക്ഷം – 10 ലക്ഷം ജനസംഖ്യ) | 66 | 4 | 0 | സ്റ്റാർ ഇല്ല | ഒ.ഡി. എഫ് | 93 |

**അവലംബം:** https://ss2024.sbmurban.org/#/statedetails

**നഗര അടിസ്ഥാന സൗകര്യങ്ങൾ**

സംസ്ഥാനം അതിവേഗം നഗരവൽക്കരണത്തിന് വിധേയമാകുന്നതിനാൽ, അതിന്റെ സാമ്പത്തിക വികസനം പ്രധാനമായും നഗര അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള കഴിവിനെ ആശ്രയിച്ചിരിക്കും. പുതിയ പങ്കാളിത്ത മാതൃകകളിൽ പ്രവേശിക്കാൻ കഴിയുന്ന വൈവിധ്യമാർന്ന സ്രോതസ്സുകളെയും പങ്കാളികളെയും ഉപയോഗപ്പെടുത്തി മാത്രമേ മികച്ച നഗര അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കാൻ കഴിയൂ. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ പൊതു, സ്വകാര്യ, സാമൂഹിക,സാമൂഹ്യ പങ്കാളികളും ഉൾപ്പെട്ടേക്കാം.

നഗരപ്രദേശങ്ങളെ കൂടുതൽ താമസയോഗ്യവും ആകർഷകവുമാക്കാൻ കഴിയുന്ന വിപുലമായ സംരംഭങ്ങൾ നഗര അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുന്നു. മെച്ചപ്പെട്ട ഉപജീവനമാർഗ്ഗങ്ങൾക്കും മികച്ച പൗരസേവനങ്ങൾക്കും വേണ്ടിയുള്ള നഗരവാസികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതായിരിക്കണം അത്. നഗര അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഏതൊരു സംരംഭത്തിലും ജലവിതരണ സംവിധാനങ്ങൾ, മാലിന്യ നിർമാർജന സംവിധാനങ്ങൾ, നഗര ശുചിത്വ ആസൂത്രണം എന്നിവ മെച്ചപ്പെടുത്തൽ; പൊതുസൗകര്യങ്ങൾ സ്ഥാപിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക; മലിനജല, മഴവെള്ള ഡ്രെയിനേജ് സംവിധാനങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക; ആധുനിക യന്ത്രവൽകൃത പാർക്കിങ് പരിഹാരങ്ങൾക്കൊപ്പം ഫലപ്രദമായ പാർക്കിംഗ് നയങ്ങൾ സ്വീകരിക്കുക; നഗര സൗന്ദര്യവൽക്കരണം; പരിസ്ഥിതി സൗഹൃദ നഗര ഇടങ്ങൾ സൃഷ്ടിക്കുക, മോട്ടോർ ഇതര നഗര ഗതാഗതം പ്രോത്സാഹിപ്പിക്കുക എന്നിവ ഉൾപ്പെടും.

ഇത് മനസ്സിൽ വെച്ചുകൊണ്ട്, സംസ്ഥാന സർക്കാർ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, സംസ്ഥാന പദ്ധതികൾ, കേന്ദ്ര സർക്കാർ പരിപാടികൾ എന്നിവ ഉപയോഗിച്ച് നിരവധി പരിപാടികൾ ആരംഭിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തിരശ്ചീനവും ലംബവുമായ പരസ്പര പൂരക പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിന് ഈ സംരംഭങ്ങൾ തന്ത്രപരമായി സംയോജിപ്പിച്ചിരിക്കുന്നു. സംസ്ഥനത്ത് നടന്നുകൊണ്ടിരിക്കുന്ന പ്രധാന അടിസ്ഥന സൗകര്യ വികസന പരിപാടികളെക്കുറിച്ച് തുടർന്നു വരുന്ന ഭാഗത്തിൽ ചർച്ച ചെയ്യുന്നു.

**അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ 1.0 (അമൃത് 1.0)**

2015 ജൂണിൽ കേന്ദ്രസർക്കാർ ആരംഭിച്ചതും 2025 ഡിസംബർ വരെ നീട്ടിയതുമായ അടൽ മിഷൻ ഫോർ റീജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത് 1.0) കേരളത്തിലെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും (ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ) ജലവിതരണം, മലിനജല, സെപ്റ്റേജ് മാനേജ്മെന്റ്, മഴവെള്ള ഡ്രെയിനേജ്, നഗര ഗതാഗതം, ഹരിത ഇടങ്ങൾ എന്നീ അഞ്ച് മേഖലകളിലായി നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്രം, സംസ്ഥാനം, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (യുഎൽബി) 50:30:20 അനുപാതത്തിലാണ് ധനസഹായം പങ്കിടുന്നത്.

അമൃത് 1.0 പദ്ധതിയിൽ, 2,357.00 കോടി ചെലവ് വരുന്ന 1,108 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്, അതിൽ 2,229.00 കോടി ചെലവഴിച്ച്, 1,055 പദ്ധതികൾ പൂർത്തിയായി; ശേഷിക്കുന്ന 53 പദ്ധതികൾ പുരോഗമിക്കുകയും 2025 ഡിസംബറോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ജലവിതരണവും മലിനജല സംസ്കരണവും മെച്ചപ്പെടുത്തുന്നതിൽ അടൽ മിഷൻ ഗണ്യമായ പുരോഗതി കൈവരിച്ചു. 265 എം.എൽ.ഡി ശുദ്ധീകരണ ശേഷിയുള്ള ആറ് ജലശുദ്ധീകരണ പ്ലാന്റുകളും 165 എം.എൽ.ഡി ശേഷിയുള്ള അഞ്ച് ജലശുദ്ധീകരണ പ്ലാന്റുകളും നിർമിച്ചു. ലക്ഷ്യമിട്ട 89,508 ഗാർഹിക പൈപ്പ് കണക്ഷനുകളിൽ 88,004 (98.31%) കണക്ഷനുകൾ നൽകി. 2036.9 കിലോമീറ്റർ ജലവിതരണ പൈപ്പ്ലൈനുകൾ പൂർത്തിയായി. 19 ഓവർഹെഡ് സർവീസ് റിസർവോയറുകളും ഒരു ഗ്രൗണ്ട് ലെവൽ സർവീസ് റിസർവോയറും ഉൾപ്പെടെ ആസൂത്രണം ചെയ്ത 20 ജലസംഭരണികളും 365.5 ലക്ഷം ലിറ്റർ സംയോജിത ശേഷിയോടെ പൂർത്തിയായി. 21 വാട്ടർ കിയോസ്ക്കുകൾ സ്ഥാപിച്ചു. സ്വീവറേജ് മേഖലയിൽ, 28.2 എം.എൽ.ഡി ശേഷിയുള്ള ഏഴ് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (എസ്.ടി.പി–കൾ), മൊത്തം 20 കെ.എൽ.ഡി ശുദ്ധീകരണ ശേഷിയുള്ള രണ്ട് മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, 79.5 കിലോമീറ്റർ മലിനജല ശൃംഖലകൾ എന്നിവ പൂർത്തിയാക്കി. പാലക്കാട് ജില്ലയിൽ 100 കിലോലിറ്റർ ശേഷിയുള്ള ഒരു എഫ്എസ്.ടി.പി പൂർത്തിയായി. കൂടാതെ, 1,725 പുതിയ മലിനജല കണക്ഷനുകൾ സ്ഥാപിക്കുകയും 1,19,325 വീടുകളെ സെപ്റ്റേജ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് സംയോജിപ്പിക്കുകയും ചെയ്തു.

ജലവിതരണ ഘടകത്തിന് കീഴിൽ, 1,082.98 കോടി രൂപ ചെലവ് വരുന്ന 217 പദ്ധതികൾക്ക് അനുമതി നൽകി. 2025 ഓഗസ്റ്റ് 31 വരെ 200 പദ്ധതികൾ പൂർത്തിയാക്കി, 1360.71 കോടി രൂപ ചെലവഴിച്ചു. മലിനജല ഘടകത്തിന് കീഴിലുള്ള 152 പദ്ധതികൾക്ക് 628.87 കോടി രൂപ യുടെ ഭരണാനുമതി നൽകി, 131 പദ്ധതികൾ പൂർത്തിയാക്കി. ഈ ഘടകത്തിന് കീഴിൽ, 2025 ഓഗസ്റ്റ് 31 വരെ 334.87 കോടി രൂപ (53.24 ശതമാനം) ചെലവഴിച്ചു.

മഴവെള്ള മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ ദൗത്യം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആകെ 330.8 കിലോമീറ്റർ മഴവെള്ള ഡ്രെയിനുകൾ സ്ഥാപിച്ചു, 1387 വെള്ളക്കെട്ട് പ്രദേശങ്ങൾ വെള്ളക്കെട്ട് മുക്തമാക്കി. മഴവെള്ള ഡ്രെയിനേജ് ഘടകത്തിനു കീഴിൽ 385.21 കോടി രൂപ ചിലവു വരുന്ന 535 പദ്ധതികൾ ഉൾപ്പെടുന്നു. ഇതിൽ 527 പദ്ധതികൾ പൂർത്തിയായി. ഇതിനായി 320.63 കോടി രൂപ ചെലവഴിച്ചു. നഗരഗതാഗത സംവിധാനങ്ങൾ (അർബൻ മൊബിലിറ്റി) മെച്ചപ്പെടുത്തുന്നതിനു 7 മൾട്ടി ലെവൽ കാർ പാർക്കിങ് സൗകര്യങ്ങൾ, 78 കിലോമീറ്റർ ഫുട്പാത്തുകൾ, 6.5

കിലോമീറ്റർ സൈക്കിൾ ട്രാക്കുകൾ, 25 ഫുട്-ഓവർ-ബ്രിഡ്ജുകൾ, രണ്ട് നടപ്പാതകൾ (ഒരു സ്കൈവാക്കും ഒരു സബ്‌വേയും) എന്നിവയുടെ നിർമ്മാണം ഉൾപ്പെടുന്നു. നഗര ഗതാഗത മേഖലയ്ക്ക് കീഴിൽ, 212.04 കോടി രൂപയുടെ 126 പദ്ധതികളാണുള്ളത്. ഇതിൽ 119 പദ്ധതികൾ പൂർത്തിയായി. ഇതിനായി 2025 ഓഗസ്റ്റ് 31 വരെ 171.05 കോടി രൂപ ചെലവഴിച്ചു.

ഹരിത ഇടങ്ങളുടെയും പാർക്കുകളുടെയും മേഖലയ്ക്ക് കീഴിൽ, കുട്ടികൾക്ക് അനുയോജ്യമായ ഘടകങ്ങൾക്കായി പ്രത്യേക വ്യവസ്ഥകളോടെ ഹരിത ഇടങ്ങളും പാർക്കുകളും വികസിപ്പിക്കുന്നതിന് 48.59 കോടി രൂപ ചെലവ് വരുന്ന 78 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 41.74 കോടി രൂപ ചെലവഴിച്ച് 78 പദ്ധതികൾ പൂർത്തിയായി. 2025 ഓഗസ്റ്റ് 31 വരെയുള്ള അമൃത്.1.0 പദ്ധതികളുടെ സാമ്പത്തിക പുരോഗതി **അനുബന്ധം 12.1.17**-ൽ നൽകിയിരിക്കുന്നു. ഒമ്പത് നഗരങ്ങളിലെ അമൃത് 1.0 പദ്ധതിയുടെ പുരോഗതി **അനുബന്ധം 12.1.18**-ലും അമൃത് 1.0 ന്റെ മേഖല തിരിച്ചുള്ള സ്ഥിതി **അനുബന്ധം 12.1.19**-ലും കാണിച്ചിരിക്കുന്നു.

കൂടാതെ, രണ്ട് ലക്ഷം തെരുവുവിളക്കുകൾക എൽ.ഇ.ഡി ആയി പരിവർത്തിപ്പിച്ചുകൊണ്ട് അമൃത് മിഷൻ ഊർജ്ജ കാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നു. കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഘടകത്തിലൂടെ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും നഗര തദ്ദേശ സ്ഥാപനങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഉൾപ്പെടെ 2,493 പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഭൗതിക പുരോഗതിക്കപ്പുറം, നഗരഭരണ പരിഷ്കാരങ്ങളിൽ കേരളം ശക്തമായ പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷമായി സംസ്ഥാനത്തിന് തുടർച്ചയായി പരിഷ്കരണ പ്രോത്സാഹനങ്ങൾക്കായി 59.8 കോടി രൂപ പരിഷ്കരണ ഇൻസെന്റീവ് ആയി ലഭിച്ചു. ശരാശരി 82.5 ശതമാനം സ്കോറുള്ള കേരളം, നഗരപരിഷ്കരണ നിർവഹണത്തിൽ (MoHUA റാങ്കിംഗിൽ) ഏഴാം സ്ഥാനത്താണ്.

**അമൃത് 1.0 പദ്ധതിയിലെ നഗര ഗതാഗത മേഖലയ്ക്ക് കീഴിലുള്ള മികച്ച മാതൃക-ശക്തൻ നഗറിലെ സ്കൈവാക്ക് – തൃശ്ശൂർ കോർപ്പറേഷൻ**

തൃശ്ശൂർ ശക്തൻ നഗറിലെ സ്കൈവാക്ക് കാൽനട യാത്രക്കാർക്കുള്ള സവിശേഷമായ നഗര ട്രാഫിക് ക്രോസ്ഓവറാണ്, ഇത് ഹഡ്കോയുടെ മികച്ച മാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 279 മീറ്റർ ചുറ്റളവിൽ വൃത്താകൃതിയിൽ രൂപകല്പന ചെയ്ത ഈ ഘടന കേരളത്തിലെ ഏറ്റവും നീളമേറിയ സ്കൈവാക്കാണ്. അമൃത് 1.0-ന്റെ അർബൻ ട്രാൻസ്പോർട്ട് ഘടകത്തിനു കീഴിൽ നിർമ്മിച്ച ഈ നിർമിതി 2023 ഓഗസ്റ്റിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. സ്റ്റീൽ സ്കൈവാക്ക് പ്രതിദിനം ഏകദേശം 50,000 കാൽനടയാത്രക്കാർക്ക് ഉപയോഗിക്കാം. ശക്തൻ നഗറിലെ വാഹന ഗതാഗതം അനായാസമായി ഒഴിവാക്കാൻ ഇതു സഹായിക്കും. ശക്തൻ ബസ് സ്റ്റാൻഡ്, പച്ചക്കറി മാർക്കറ്റ്, ഫിഷ് മാർക്കറ്റ്, മുനിസിപ്പൽ എക്സിബിഷൻ ഗ്രൗണ്ട് തുടങ്ങിയ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതാണ് സ്കൈവാക്ക്. മേൽക്കൂരയുള്ളതും എയർകണ്ടീഷൻ ചെയ്തതുമാണ് ഈ നിർമിതി, അതിനാൽ തന്നെ ഇത് എല്ലാ സീസണുകൾക്കും അനുയോജ്യമാകുന്നു. കണക്റ്റിങ് പോയിന്റുകളിലായി നാല് ലിഫ്റ്റുകൾ ഉള്ളതുകൊണ്ടു എളുപ്പത്തിലുള്ള പ്രവേശനക്ഷമതയും ഉറപ്പാക്കുന്നു. ഈ ഘടനയെ 'നെറ്റ് സീറോ എനർജി' സൗകര്യമായി കണക്കാക്കുന്നു, കാരണം ഇതിലെ സൗരോർജ്ജ സംവിധാനം 160 കിലോവാട്ട് ഉത്പാദിപ്പിക്കുകയും ഇതിൽ ആവശ്യമായ വൈദ്യുതി ആവശ്യകതകൾ നിറവേറ്റുകയും ചെയ്യുന്നു.

**അമൃത് 2.0**

2021 ഒക്ടോബർ 1 ന് ആരംഭിച്ച അമൃത് 2.0, അമൃത് 1.0 ന്റെ ഒരു വിപുലീകരണമാണ്. ജലക്ഷാമം പരിഹരിക്കുക, നഗര തദ്ദേശ സ്ഥാപനങ്ങളിൽ (യുഎൽബി) ജല വിതരണം വർദ്ധിപ്പിക്കുക, ശുദ്ധജലത്തിലേക്കുള്ള സുസ്ഥിരമായ ലഭ്യത പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. അഞ്ച് വർഷത്തെ പദ്ധതി കാലയളവിൽ (2021-2026) കേരളത്തിലെ 93 നഗരതദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പരിപാടി നടപ്പിലാക്കുന്നു, അമൃത് നഗരങ്ങളിൽ (ആറ് കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളും) ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുക, മലിനജല സംവിധാനം/ മലിനജല ശുദ്ധീകരണ മാനേജ്മെന്റ് മെച്ചപ്പെടുത്തുക, ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുക, ഹരിതഇടങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അമൃത് 2.0 പ്രകാരം കേന്ദ്രസഹായം നൽകുന്നത്. ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾക്ക്, പദ്ധതി ചെലവിന്റെ 50 ശതമാനം കേന്ദ്ര സർക്കാർ നൽകുന്നു. ഒരു ലക്ഷത്തിനും പത്ത് ലക്ഷത്തിനും ഇടയിൽ ജനസംഖ്യയുള്ള പട്ടണങ്ങൾക്ക്, കേന്ദ്ര വിഹിതം 33.3 ശതമാനവും, പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങൾക്ക് ഇത് 25 ശതമാനവുമാണ്. അമൃത് 2.0 പ്രകാരം ആകെ 737 പദ്ധതികൾ ആരംഭിച്ചു, അതിൽ 132 എണ്ണം പൂർത്തിയായി. അമൃത് പ്രകാരമുള്ള മൊത്തം ചെലവ് 572.00 കോടി രൂപയാണ്. ജലവിതരണം, സ്വീവറേജ് സെപ്റ്റേജ്, ജലാശയ പുനരുജ്ജീവനം, പാർക്കുകൾ എന്നിങ്ങനെ നാല് പ്രധാന മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ 1127.68 കിലോമീറ്റർ ജലവിതരണ ശൃംഖല സ്ഥാപിക്കുകയും, 87,046 പുതിയ ടാപ്പ് കണക്ഷനുകൾ നൽകുകയും, നിലവിലുള്ള 1.15 ലക്ഷത്തിലധികം ടാപ്പ് കണക്ഷനുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തുവെന്നതാണ് പ്രധാന നേട്ടങ്ങൾ. സ്വീവറേജ് സെപ്റ്റേജ് പദ്ധതികളിൽ, 12.5 കിലോമീറ്റർ പുതിയ ലൈനുകൾ സ്ഥാപിക്കുകയും 39 പുതിയ മലിനജല കണക്ഷനുകൾ നൽകുകയും ചെയ്തു. ഈ ഘടകത്തിൽ 31 പഴയ കണക്ഷനുകളുടെ പുനരുദ്ധാരണവും പൂർത്തിയായി. ജലാശയ പുനരുജ്ജീവന ഘടകത്തിന് കീഴിൽ 371 പ്രോജക്ടുകളിൽ 3.38 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 98 എണ്ണം പൂർത്തിയായി. അതോടൊപ്പം 0.36 ചതുരശ്ര കിലോമീറ്റർ പാർക്ക് ഏരിയ വികസിപ്പിച്ചെടുത്തു, ഇത് നഗര പാരിസ്ഥിതിക പുരോഗതിക്ക് സംഭാവന നൽകി. ജലവിതരണ ഘടകത്തിന് കീഴിൽ, 2412.79 കോടി രൂപയുടെ 248 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു, 2025 ഓഗസ്റ്റ് 31

**പട്ടിക 12.1.9** അമൃത് 2.0 പ്രകാരമുള്ള ഭൗതിക പുരോഗതി

| ക്രമ നമ്പർ | മേഖല | യൂണിറ്റ് | പൂർത്തിയാക്കിയവ |
|---|---|---|---|
| 1 | **ജലവിതരണം** | | |
| | ജല വിതരണ പൈപ്പുകൾ (പുതിയത്) | എണ്ണം | 87046 |
| | ജല വിതരണ പൈപ്പുകൾ (മാറ്റി സ്ഥാപിച്ചത്) | എണ്ണം | 115438 |
| | ജലവിതരണ ശൃംഖല സ്ഥാപിച്ചത് | കി.മി | 1127.68 |
| 2 | **സ്വീവറേജ് സെപ്പറ്റേജ്** | | |
| | മലിനജല ശൃംഖല | കി.മി | 12.5 |
| | മലിനജല കണക്ഷനുകൾ (പുതിയത്) | എണ്ണം | 39 |
| | മലിനജല കണക്ഷനുകൾ (മാറ്റി സ്ഥാപിച്ചത്) | എണ്ണം | 31 |
| 3 | **ജലാശയ പുനരുജ്ജീവനം** | | |
| | ജലാശയ പുനരുജ്ജീവനം | ച.കി.മി | 3.38 |

**ഉറവിടം:** അമൃത് മിഷൻ

വരെ 13 പദ്ധതികൾ പൂർത്തിയായി. മലിനജല, സെപ്റ്റേജ് മാനേജ്മെന്റ് ഘടകത്തിൽ, 1147.34 കോടി രൂപയുടെ 45 പദ്ധതികൾ പുരോഗമിക്കുന്നു. ആറ് പദ്ധതികൾ ഇതിനകം പൂർത്തിയായി. ജലാശയ പുനരുജ്ജീവനത്തിൽ, 146.64 കോടി രൂപയുടെ ചെലവുപ്രതീക്ഷിക്കുന്ന 371 പദ്ധതികൾക്ക് അനുമതി ലഭിച്ചു, ഇതിനായി 26.40 കോടി രൂപ ചെലവഴിച്ചു. അമൃത് 2.0 ന്റെ ഓരോ ഘടകത്തിനും കീഴിലുള്ള ഭൗതിക പുരോഗതിയുടെ വിശദമായ വിവരണം **പട്ടിക 12.1.9** ൽ നൽകുന്നു. സുസ്ഥിര നഗര ജല മാനേജ്മെന്റും ആവാസവ്യവസ്ഥ പുനരുജ്ജീവനവും എന്ന ദൗത്യത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത ഈ പുരോഗതി അടിവരയിടുന്നു.

**അമൃത് 2.0 നടപ്പിലാക്കുന്നതിൽ കേരളത്തിന്റെ നേട്ടങ്ങൾ**

അമൃത് 2.0 പ്രകാരം നിരവധി പുരോഗമന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പരിഷ്കരണ പ്രോത്സാഹനമായി കേരളത്തിന് 22.00 കോടി ലഭിച്ചു. 85 ശതമാനത്തിലധികം ഗാർഹിക ടാപ്പ് കണക്ഷനുകൾ നേടിയതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് 10.00 കോടിയും വിജയകരമായ നഗര ആസൂത്രണ പരിഷ്കാരങ്ങൾക്ക് 12.00 കോടിയും ലഭിച്ചു. മൂലധനനിക്ഷേപത്തിനുള്ള പ്രത്യേക സഹായത്തിന് കീഴിൽ നഗരാസൂത്രണപരിഷ്കരണത്തിന്, 2022-23 ൽ 60.00 കോടി രൂപയും, 2023-24 ൽ 282.5 കോടി രൂപയും, 2024-25 ൽ 124.00 കോടി രൂപയും ഉൾപ്പെടെ 466.56 കോടി രൂപ കേരളത്തിനു ലഭിച്ചു. 49 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജിഐഎസ് അധിഷ്ഠിത മാസ്റ്റർ പ്ലാനുകളും എട്ട് സാങ്കേതിക സ്റ്റാർട്ടപ്പുകളും ജലവുമായി ബന്ധപ്പെട്ട സേവനങ്ങളിൽ പരിശീലനം ലഭിച്ച സ്വയം സഹായ സംഘ സ്ത്രീകളെ ഉൾപ്പെടുത്തി അമൃത് മിത്ര സംരംഭവും അമൃത് 2.0പദ്ധതിയിൽ ആരംഭിച്ചു. ശബരിമലയിൽ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ വിന്യസിച്ചതാണ് മറ്റൊരു നൂതന ഇടപെടൽ.

അമൃത് പദ്ധതിക്ക് നിരവധി ദേശീയ അംഗീകാരങ്ങളും ലഭിച്ചു. പ്രോജക്റ്റ് മോണിറ്ററിംഗ് ആൻഡ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റത്തിനുള്ള 2025ലെ സിൽവർ നാഷണൽ ഇ-ഗവേണൻസ് അവാർഡ്, ജലം ജീവൻ ഐ.ഇ.സി ക്യാമ്പയിനിനുള്ള പ്ലാറ്റിനം ഇ.ഇ.എഫ് അവാർഡ്, 2020 ലെ ഇ.ടി ഗ്ലോബൽ സ്മാർട്ട് സിറ്റീസ് ഫോറത്തിൽ ഗോൾഡ് ഡബ്ല്യു.ഇ. റ്റി (വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ) സംരംഭത്തിനുള്ള അവാർഡ് എന്നിവയുൾപ്പെടെ അമൃത് പിന്തുണയുള്ള നഗര പരിഷ്കാരങ്ങൾക്ക് ദേശീയ അവാർഡുകൾ ലഭിച്ചു. 2025-ലെ പതിനെട്ടാമത് അർബൻ മൊബിലിറ്റി ഇന്ത്യ കോൺഫറൻസിൽ സ്കൈവാക്ക് പദ്ധതിക്ക് പ്രത്യേക പരാമർശം ലഭിച്ചു. അമൃത് ഇടപെടലുകൾ വഴി സാധ്യമാക്കിയ പരിസ്ഥിതി മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുജ്ജീവനം, മാലിന്യക്കൂമ്പാരങ്ങളെ ഹരിത ഇടങ്ങളാക്കി മാറ്റൽ എന്നിവയ്ക്ക് ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്ലാറ്റിനം അവാർഡ് 2025 ലഭിച്ചു. അമൃത് 2.0 ന്റെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 12.1.20**-ൽ നൽകിയിരിക്കുന്നു.

**സ്മാർട്ട് സിറ്റി മിഷൻ**

പൗരൻമാർക്ക് അടിസ്ഥാനസൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ, വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതിയും, സ്മാർട്ട് സൊല്യൂഷനുകളും ഉറപ്പാക്കിക്കൊണ്ട് നഗരങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി ഭവന നഗരകാര്യ മന്ത്രാലയം 2015-ൽ ആരംഭിച്ച അടിസ്ഥാന സൗകര്യ വികസന പരിപാടിയാണ് സ്മാർട്ട് സിറ്റി മിഷൻ. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി കോർപ്പറേഷനെയും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം കോർപ്പറേഷനെയും തെരഞ്ഞെടുത്തിട്ടുണ്ട്.

**സ്മാർട്ട് സിറ്റി, കൊച്ചി (സി.എസ്.എം.എൽ)**

ഈ പദ്ധതിയിൽ 1032.04 കോടി രൂപ അടങ്കലുള്ള 98 പദ്ധതികളാണ് (ഉപേക്ഷിച്ച അഞ്ച് പദ്ധതികൾ ഉൾപ്പെടെ) ആവിഷ്കരിച്ചിട്ടുള്ളത്. 2025 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച്, 610.82 കോടി രൂപയുടെ 65 പദ്ധതികൾ പൂർത്തീകരിച്ചു. 404.12 കോടി രൂപ വകയിരുത്തിയിട്ടുള്ള 27 പദ്ധതികളുടെ പണി നിലവിൽ പുരോഗമിക്കുന്നു.

ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ ആന്റ് കമ്യൂണിക്കേഷൻ സെന്റർ, എറണാകുളത്ത് സ്മാർട്ട് റോഡുകൾ, ആശുപത്രി റോഡിൽ ആധുനിക രീതിയിലുള്ള നടപ്പാതകൾ, സർക്കാർ കെട്ടിടത്തിലെ ഗ്രിഡ് കണക്റ്റഡ് റൂഫ് ടോപ്പ് സംവിധാനം, ഇന്റലിജന്റ് ട്രാഫിക്ക് മാനേജ്മെന്റ് സംവിധാനം, സർക്കാർ കെട്ടിടത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, ജനറൽ ഹോസ്പിറ്റലിൽ ഇ-ഹെൽത്ത് സംവിധാനം, വീട്ടുകളിലെയും തെരുവുകളിലേയും ബിന്നുകൾ, ഡച്ച് പാലസിന്റെ പ്രവേശന കവാടത്തിന്റെ നവീകരണം, ഫോർട്ട് കൊച്ചിയിലെ ഓപ്പൺ എയർ തിയേറ്റർ, വാസ്കോ സ്ക്വയറിലെ ബീച്ച് കം ഫ്രണ്ട് നവീകരണം, ഹെൽത്ത് എ.ടി.എം, പോലീസ് കിയോസ്കുകൾ, ഡർബാർഹാൾ മുതൽ മംഗളവനം വരെ ബന്ധിപ്പിക്കുന്ന പൊതു ഇടനാഴി എന്നിവയാണ് പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പ്രധാനമായും ഉൾപ്പെടുന്നത്.

ബഹുനില യന്ത്രവൽകൃത പാർക്കിംഗ്, കനാൽ പുനരുദ്ധാരണം, എൽ.ഇ.ഡി. ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. കൊച്ചിയെ സുസ്ഥിരവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ ഒരു നഗരകേന്ദ്രമാക്കി മാറ്റുന്നതിൽ നിർണ്ണായകമായ ഒരു മുന്നേറ്റമാണിത്

### സ്മാർട്ട് സിറ്റി, തിരുവനന്തപുരം

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് (എസ്സിടിഎൽ) 1,242.48 കോടി രൂപയുടെ 79 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ, 27 പ്രധാന പദ്ധതികൾക്ക് കീഴിലുള്ള ഉപപദ്ധതികൾ ഉൾപ്പെടെ, 938.03 കോടി രൂപ അടങ്കൽ തുകയുള്ള 69 പദ്ധതികളാണ് എസ്.സി.ടി.എല്ലിന് (SCTL) ഉള്ളത്. ഇവയിൽ 847.83 കോടി രൂപയുടെ 65 പദ്ധതികൾ പൂർത്തീകരിച്ചു. 90.2 കോടി രൂപയുടെ 4 പദ്ധതികൾ പുരോഗമിക്കുന്നു

കെ.എസ്.ആർ.ടി.സി.ക്കായി ഇ ബസുകൾ വാങ്ങൽ, ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും, തമ്പാനൂരിലും പാളയത്തും മൾട്ടി ലെവൽ കാർ പാർക്കിംഗ്, പുരപ്പുറ സോളാർ-അനെർട്ട് പ്രോജക്ടിന്റെ ഒന്നാം ഘട്ടം മുതൽ ആറ് വരെ, സ്മാർട്ട് റോഡുകളുടെ നിർമ്മാണം, മലിനജല ലൈനുകളുടെ പുനക്രമീകരണം ഇഷ്ടിക കൊണ്ടുള്ള മാൻഹോളിന്റെ പുനർനിർമ്മാണവും, പുത്തരിക്കണ്ടം മൈതാനത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമ്മാണം, അഞ്ച് സ്ഥലങ്ങളിൽ ഗ്രിഡ്-കണക്റ്റഡ് റൂഫ് മൗണ്ടഡ് സോളാർ ഫോട്ടോവോൾട്ടെയ്ക് (പിവി) പവർ പ്ലാന്റുകൾ, ട്രാഫിക് സിഗ്നലിന്റെ വികസനം, 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്ക്കുകൾ സ്ഥാപിക്കൽ, ആർ.കെ. വി. റോഡിൽ വെൻഡിംഗ് സോൺ നിർമ്മാണം, ശ്രീ ചിത്ര പാർക്ക് ഉൾപ്പെടെയുള്ള അർബൻ സ്ട്രീറ്റ് ഹാട്ട് - ചരിത്ര വീഥി, കുട്ടികളുടെ പാർക്കിന്റെ പുനർവികസനം, കെ.ഡബ്ല്യൂ.എ.യുമായി ബന്ധിപ്പിച്ചിരിക്കുന്ന ഹരിത പ്രവർത്തനം, സാംസ്കാരിക തെരുവുകൾ - മാനവീയം വീഥി, രാജാജിയിലെ പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം, പൊന്നറ ശ്രീധർ പാർക്കിന്റെ പുനർവികസനവും ലാൻഡ്സ്കേപ്പിംഗും, പുത്തൻചന്ത ശ്രീകണ്ഠേശ്വര ക്ഷേത്ര ടാങ്കുകളുടെ മെച്ചപ്പെടുത്തൽ, തിരുവനന്തപുരം കോർപ്പറേഷനിൽ ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെയും അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണം, പാളയത്തും ചാലയിലും പൈതൃക മാലിന്യങ്ങളുടെ ബയോമൈനിംഗ് എന്നിവയാണ് പൂർത്തീകരിച്ച പ്രധാന പദ്ധതികൾ. ആറ് സ്ഥലങ്ങളിൽ സ്മാർട്ട് ബസ് ഷെൽട്ടറുകൾ, മൂന്ന് സ്ഥലങ്ങളിൽ പൊതു ശൗചാലയങ്ങളുടെ പുനർനിർമ്മാണം, കൊതുക് സാന്ദ്രതാ അളക്കുന്നതിനുള്ള സംവിധാനം, ആറ് സ്ഥലങ്ങളിൽ പൊതു ശൗചാലയങ്ങളുടെ നവീകരണം, 15 ഇ-ഓട്ടോകൾ വാങ്ങൽ, അവസാന മൈൽ കണക്റ്റിവിറ്റി, സംവേദനാത്മക വിവര കിയോസ്ക്കുകളുടെ നിർമ്മാണം, വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, അങ്കണവാടിയുടെ നവീകരണം - ഒന്നാം ഘട്ടം, ഓപ്പൺ എയർ ജിം സ്ഥാപിക്കൽ, മൂന്ന് സ്ഥലങ്ങളിൽ കുട്ടികളുടെ കളി ഉപകരണങ്ങൾ സ്ഥാപിക്കൽ, അഞ്ച് സ്ഥലങ്ങളിൽ പ്രതിമകൾ സ്ഥാപിക്കൽ, സ്മാർട്ട് ഇവി ചാർജറുകൾ വാങ്ങൽ എന്നിവ പൂർത്തിയാക്കിയ പ്രോജക്ടുകളിൽപ്പെടുന്നവയാണ്.

### ബി. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കൽ

ഗ്രാമങ്ങൾ തമ്മിൽ റോഡ് മാർഗ്ഗമുള്ള ബന്ധിപ്പിക്കൽ ഗ്രാമീണ വികസനത്തിന്റെ ഒരു പ്രധാന ഘടകമാണ്, കാരണം ഇത് സാമ്പത്തികവും സാമൂഹികവുമായ സേവനങ്ങളിലേക്കു ആക്കം കൂട്ടുകയും അതുവഴി കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും ഉൽപാദനപരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമാകുന്നു. ഗ്രാമീണ റോഡുകൾ, സാധന സാമഗ്രികളുടെ വിതരണം സുഗമമാക്കുകയും, വിപണന കേന്ദ്രങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും, വിപണനം വർധിപ്പിച്ച് വരുമാനം വർധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കുകയും ചെയ്യുന്നു. സംയോജിത റോഡ് ശൃംഖല, കാർഷിക യന്ത്ര വൽക്കരണം, തൊഴിൽ ശക്തിയുടെ മികച്ച സമാഹരണം, വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കൽ എന്നിവയ്ക്കും സഹായകമാകുന്നു. കേരളത്തിൽ മൂന്നു ദശാബ്ദങ്ങളായി നടപ്പിലാക്കിയ വികേന്ദ്രീകൃതാസൂത്രണം വിദൂര പ്രദേശങ്ങൾ ഉൾപ്പെടെ ഗ്രാമീണ മേഖലകളിൽ മെച്ചപ്പെട്ട റോഡ് കണക്റ്റിവിറ്റി സാധ്യമാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ, കേന്ദ്ര പിന്തുണയുള്ള പദ്ധതികൾ പ്രധാനമായും സംസ്ഥാനത്തെ നിലവിലുള്ള റോഡ് കണക്റ്റിവിറ്റി സംവിധാനങ്ങളെ പിന്തുണയ്ക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി വിനിയോഗിച്ചു. കേരളത്തിലെ റോഡ് കണക്റ്റിവിറ്റി ഉറപ്പാക്കുന്ന പ്രധാന പരിപാടികൾ ചുവടെ പറയുന്നവയാണ്.

### പ്രധാനമന്ത്രി ഗ്രാമീണ സടക് യോജന (പി.എം.ജി. എസ്.വൈ)

ഗ്രാമീണ വികസന മന്ത്രാലയത്തിന് കീഴിൽ 2000 ഡിസംബർ 25-ന് ആരംഭിച്ച പ്രധാനമന്ത്രി ഗ്രാം സഡക് യോജന, സാമൂഹിക-സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രാമീണ കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന പരിപാടിയാണ്. കേരളത്തിൽ, റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ശ്രമങ്ങളെ പി.എം.ജി.എസ്. വൈ പിന്തുണക്കുന്നു. ഇത് ഗ്രാമീണ പ്രദേശങ്ങളിൽ അർഹതയുള്ള വാസസ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിനായി

എല്ലാ കാലാവസ്ഥയിലും സഞ്ചരിക്കാവുന്ന റോഡുകൾ (ആവശ്യമായ കൽവർട്ടുകൾ, ക്രോസ്-ഡ്രെയിനേജ് ഘടനകൾ എന്നിവയുൾപ്പെടെ) നിർമ്മിക്കുവാൻ സഹായിക്കുന്നു. സമതല പ്രദേശങ്ങളിൽ 500-ലധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളിലാണ് പദ്ധതി ലക്ഷ്യമിടുന്നത്, എന്നാൽ കുന്നിൻപ്രദേശങ്ങളിലും മരുഭൂമിയിലും പട്ടിക വർഗ പ്രദേശങ്ങളിലും ജനസംഖ്യാ പരിധി 250 ആയി കുറയ്ക്കുന്നു. തുടക്കത്തിൽ, പി.എം.ജി.എസ്.വൈ പദ്ധതിക്ക് പൂർണ്ണമായും കേന്ദ്ര സർക്കാർ ധനസഹായം നൽകിയിരുന്നു, എന്നാൽ 2015 നവംബർ മുതൽ, പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കേന്ദ്രവും (60 ശതമാനം) സംസ്ഥാനവും (40 ശതമാനം) സംയുക്തമായി ധനസഹായം നൽകുന്നു.

കേരളത്തിൽ പി.എം.ജി.എസ്.വൈ നടപ്പിലാക്കുന്നതിനുള്ള നോഡൽ അതോറിറ്റി തദ്ദേശ സ്വയംഭരണ വകുപ്പാണ്. കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസി (കെഎസ്ആർആർഡിഎ) സംസ്ഥാന തലത്തിലുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

പി.എം.ജി.എസ്.വൈ പ്രകാരം കേന്ദ്ര വിഹിതം പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക വഹിക്കാൻ മാത്രമേ ഉപയോഗിക്കാവൂ. അധിക ടെൻഡർ, യൂട്ടിലിറ്റികൾ മാറ്റൽ, പൂർത്തിയാക്കിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ഫണ്ട് കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിലില്ല. ഇത്തരം പ്രവർത്തികളുടെ നടത്തിപ്പിന് ആവശ്യമായ അധികച്ചെലവുകൾ നിറവേറ്റുന്നതിനായി, സംസ്ഥാന സർക്കാർ പി.എം.ജി.എസ്.വൈ യ്ക്ക് സംസ്ഥാന പിന്തുണാ പദ്ധതി വഴി 40 ശതമാനത്തിന്റെ നിശ്ചിത വിഹിതത്തിന് പുറമേ ആവശ്യമായ ഫണ്ട് നീക്കിവയ്ക്കുന്നു.

പി.എം.ജി.എസ്.വൈ. പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് പുരോഗമിച്ചിട്ടുള്ളത്: ഒറ്റപ്പെട്ട ഗ്രാമീണ ജനവാസ കേന്ദ്രങ്ങളിലേക്ക് എല്ലാ കാലാവസ്ഥയെയും പ്രതിരോധിക്കുന്ന റോഡ് സൗകര്യം ലഭ്യമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഒന്നാം ഘട്ടത്തിൽ 3,308.4 കിലോമീറ്റർ റോഡ് അനുവദിക്കുകയും അതിൽ 3,241.09 കിലോമീറ്റർ പൂർത്തിയാക്കുകയും ചെയ്തു. ജില്ലാ ഗ്രാമീണ റോഡ് പ്ലാനിലൂടെ കണ്ടെത്തിയ പ്രധാന ഗ്രാമീണ റോഡുകളുടെ നിലവാരം ഉയർത്തുക എന്നതായിരുന്നു പി.എം.ജി.എസ്.വൈരണ്ടാം ഘട്ടത്തിന്റെ ലക്ഷ്യം; ഈ ഘട്ടത്തിൽ അനുവദിച്ച 582.9 കിലോമീറ്ററിൽ 562.41 കിലോമീറ്റർ റോഡും മൂന്ന് പാലങ്ങളും നിർമ്മിച്ചു. വിപണികൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയെ ബന്ധിപ്പിക്കുന്ന പ്രധാന ഗ്രാമീണ പാതകൾ ശക്തിപ്പെടുത്തുന്നതിലാണ് പി.എം.ജി.എസ്.വൈ മൂന്നാം ഘട്ടം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതിനോടകം 1,421.1 കിലോമീറ്റർ റോഡുകൾ അനുവദിച്ചതിൽ 760.34 കിലോമീറ്റർ പൂർത്തിയാക്കി, 189.1 കിലോമീറ്ററിന്റെ പ്രവൃത്തികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

2022-23 മുതൽ 2025-26 (2025 ഓഗസ്റ്റ് 31 വരെയുള്ള കണക്ക് പ്രകാരം) വർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതിക്ക് കീഴിൽ നിർമ്മിച്ച റോഡുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 12.1.21**-ൽ നൽകിയിട്ടുണ്ട്

2011-ലെ സെൻസസ് പ്രകാരം പുതുതായി അർഹത നേടിയ 25,000 ഗ്രാമീണ ജനവാസ കേന്ദ്രങ്ങളിലേക്ക് എല്ലാ കാലാവസ്ഥയെയും പ്രതിരോധിക്കുന്ന റോഡ് സൗകര്യം ലഭ്യമാക്കുകയാണ് പി.എം.ജി.എസ്.വൈ.-IV ലക്ഷ്യമിടുന്നത്. ഇതിനുമുമ്പ് ഒരിക്കൽ പോലും ഇത്തരം റോഡ് സൗകര്യം ലഭിച്ചിട്ടില്ലാത്ത പ്രദേശങ്ങൾക്കു മാത്രമാണ് നാലാം ഘട്ടത്തിൽ അർഹതയുള്ളത്. പരിഷ്കരിച്ച ഗ്രാമ സഡക് സർവേ ആപ്പ് ഉപയോഗിച്ച് പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ റോഡ് അലൈൻമെന്റുകൾ കണ്ടെത്തുകയും മാപ്പ് ചെയ്യുകയും ചെയ്യുന്നു. ഇവ ആദ്യം സംസ്ഥാന സർക്കാരും തുടർന്ന് നാഷണൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡിസ്ട്രിക്റ്റ് ഏജൻസിയും അംഗീകരിച്ചതിന് ശേഷം മാത്രമേ ഓൺലൈൻ മാനേജ്മെന്റ്, മോണിറ്ററിംഗ് ആൻഡ് അക്കൗണ്ടിംഗ് സിസ്റ്റത്തിൽ രേഖപ്പെടുത്തുകയുള്ളൂ. അംഗീകൃത സർവേയിലൂടെ പ്രദേശം റോഡ് സൗകര്യമില്ലാത്തതാണെന്ന് സ്ഥിരീകരിക്കുക, പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യാ വിവരങ്ങൾ പുതുക്കുക, നിർദ്ദേശിക്കപ്പെട്ട റോഡുകൾക്ക് അന്തിമരൂപം നൽകുക, ഓരോ അർഹമായ ജനവാസ കേന്ദ്രത്തിനും ചുരുങ്ങിയത് ഒരു അംഗീകൃത റോഡ് അലൈൻമെന്റ് എങ്കിലും കണ്ടെത്തുക എന്നിവ പൂർത്തിയായാൽ മാത്രമേ പുതിയ മുൻഗണനാ പട്ടിക തയ്യാറാക്കാൻ സാധിക്കൂ. പി.എം.ജി.എസ്.വൈ.-IV-ന് കീഴിൽ, മൊബൈൽ ട്രാക്കിംഗ് സിസ്റ്റം വഴി ആകെ 2,367 ജനവാസ കേന്ദ്രങ്ങളിൽ സർവേ നടത്തുകയും സംസ്ഥാനതല അംഗീകാരം നൽകുകയും ചെയ്തു. ഇതിൽ 2,004 കേന്ദ്രങ്ങൾക്ക് പിന്നീട് എൻ.ആർ.ഐ.ഡി.എ-യുടെ അംഗീകാരവും ലഭിച്ചു.

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും ഉയർന്ന ജനസാന്ദ്രതയും കാരണം പി.എം.ജി.എസ്.വൈ. പദ്ധതി നടപ്പിലാക്കുന്നതിൽ വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. റോഡുകളുടെ ചരിവ്, നീളം എന്നിവ സംബന്ധിച്ച കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ സംസ്ഥാനത്തെ ഭൂപ്രകൃതിയുമായി പൊരുത്തപ്പെട്ടു പോകുന്നതിലെ പ്രയാസങ്ങൾ ഇതിൽ പ്രധാനമാണ്. റോഡ് ഉപരിതലം മിനുസപ്പെടുത്തുന്നതിനുള്ള യന്ത്രസാമഗ്രികളുടെ ലഭ്യതക്കുറവ്, ജൽ ജീവൻ മിഷൻ പ്രവൃത്തികൾ മൂലമുണ്ടാകുന്ന കാലതാമസം, പാർശ്വഭിത്തികൾക്കും ഓടകൾക്കുമുള്ള ഡി.പി.ആർ വ്യവസ്ഥകളിലെ സാമ്പത്തിക നിയന്ത്രണങ്ങൾ എന്നിവയും പദ്ധതിയുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. എന്നിരുന്നാലും, 'ഫുൾ-ഡെപ്ത് റീക്ലമേഷൻ' , കയർ ഉപയോഗിച്ചുള്ള സബ്ഗ്രേഡ് ബലപ്പെടുത്തൽ, പ്ലാസ്റ്റിക് മാലിന്യ പുനരുപയോഗം തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ പി.എം.ജി.എസ്.വൈ.ക്ക് കീഴിൽ സ്വീകരിച്ചു വരുന്നു. 10 വർഷത്തെ ആയുസ്സ് ലക്ഷ്യമിട്ടാണ് ഈ റോഡുകൾ രൂപകൽപ്പന ചെയ്യുന്നത്. നിർമ്മാണത്തിനു ശേഷമുള്ള തകരാറുകളുടെ ബാധ്യതാ കാലയളവ് 5 വർഷമാണ്. നിർമ്മാണച്ചെലവിന്റെ ഏകദേശം 9 ശതമാനത്തോളം വരുന്ന അറ്റകുറ്റപ്പണിയ്ക്ക് ആവശ്യമായ ഫണ്ട് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. അഞ്ച് വർഷത്തെ കാലാവധി കഴിഞ്ഞാലുള്ള അറ്റകുറ്റപ്പണികൾ അതത് ജില്ലാ പഞ്ചായത്തുകളാണ് നിർവ്വഹിക്കേണ്ടത്.

### സി. നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ്

ഈ മേഖലയിലെ പദ്ധതികളെ പരിശോധിക്കുമ്പോൾ പ്രകൃതി വിഭവ പരിപാലനത്തിനു കൂടുതൽ ഊന്നൽ നൽകേണ്ടതിന്റെ പ്രാധാന്യം വർദ്ധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന സംയോജിത നീർത്തട വികസന പ്രോഗ്രാം (ഐഡബ്ല്യൂഎംപി), 2015–16–ൽ പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി എം കെ എസ് വൈ) യുമായി ഇന്ത്യാ ഗവൺമെന്റ് ലയിപ്പിക്കുകയും പി എം കെ എസ് വൈ യുടെ നീർത്തട വികസന ഘടകമായി (വാട്ടർ ഡെവലപ്മെന്റ് കംപോണെന്റ്) നടപ്പിലാക്കുകയും ചെയ്തു വരുന്നു.

### പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന – നീർത്തട വികസന ഘടകം

2015–16 ൽ ആരംഭിച്ച പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പിഎംകെഎസ്.വൈ) യിൽ മണ്ണൊലിപ്പ് തടയൽ, പ്രകൃതിദത്ത സസ്യജാലങ്ങളുടെ പുനരുജ്ജീവനം, മഴവെള്ള സംഭരണം, ഭൂഗർഭജലം റീചാർജ് ചെയ്യൽ, വനവൽക്കരണം, തരിശുഭൂമിയെ കൃഷിയോഗ്യമാക്കൽ എന്നിവയാണ് വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ. ചെക്ക്ഡാമുകൾ, പെർകോളേഷൻ ടാങ്കുകൾ, ഫാം കുളങ്ങൾ, ഡ്രെയിനേജ് ലൈൻ ട്രീറ്റ്മെന്റ് പ്രവർത്തനങ്ങൾ എന്നിവയുടെ നിർമ്മാണവും പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നു. ഗ്രാമവികസന വകുപ്പ് ആണ് പി.എം.കെ.എസ്.വൈ നീർത്തട വികസന ഘടകത്തിന്റെ നോഡൽ വകുപ്പ്. സംസ്ഥാന തലത്തിൽ സംസ്ഥാന തല നോഡൽ ഏജൻസി (എസ് എൽ എൻ എ), ജില്ലാ തലത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിൽ രൂപീകരിച്ച വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്റർ (ഡബ്ലിയു സി ഡി സി) വഴിയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി (പി ഐ എ) മുഖേനയും ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലോ നീർത്തട തലത്തിലോ ഇതിനായി പ്രത്യേകം രൂപീകരിച്ച തണ്ണീർത്തട സമിതികൾ മുഖേനയാണ് നിർവഹണം നടത്തുന്നത്. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പദ്ധതിയുടെ തുക വിനിയോഗം 60:40 എന്ന അനുപാതത്തിലാണ്.

പ്രസ്തുത ഇടപെടലുകൾക്ക് മിശ്രിത വിളകൾ കൃഷി ചെയ്യാനും വിവിധ കാർഷിക അധിഷ്ഠിത പ്രവർത്തനങ്ങൾ ആരംഭിക്കാനും സാധ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു, ഇത് നീർത്തട പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ നൽകാൻ സഹായിക്കും. പുതിയ തലമുറ നീർത്തട വികസന പരിപാടിയായി 2021–22 കാലയളവിലാണ് പി.എം.കെ.എസ്.വൈ. 2.0 ആരംഭിച്ചത്. ഇതിന്റെ ഭാഗമായി, 26,163 ഹെക്ടർ പ്രോജക്ട് വിസ്തീർണ്ണമുള്ള 37 മൈക്രോ നീർത്തടങ്ങൾക്കായി 73.3 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. ഈ പദ്ധതിയിലെ പ്രവൃത്തികളെ പ്രധാനമായും മൂന്നായി തരംതിരിച്ചിരിക്കുന്നു: എ) പ്രകൃതിവിഭവ മാനേജ്മെന്റ്, ബി) ഉൽപ്പാദന സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, സി) ഉപജീവന സഹായവും സൂക്ഷ്മ സംരംഭങ്ങളും. 2024–25 വർഷത്തിൽ, കേന്ദ്ര വിഹിതമായ 15 കോടി രൂപയും സംസ്ഥാന വിഹിതമായ 10 കോടി രൂപയും ഉൾപ്പെടെ 25 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയത്. ഈ വർഷം കേന്ദ്രം 4.17 കോടി രൂപയും സംസ്ഥാനം 2.78 കോടി രൂപയും അനുവദിച്ചു. മുൻ വർഷത്തെ ബാക്കി തുക കൂടി ചേർത്താൽ ആകെ 7.30 കോടി രൂപ ലഭ്യമായി. ഇതിൽ 6.44 കോടി രൂപ ചിലവഴിച്ചു (88.2 ശതമാനം വിനിയോഗം). 2024–25 കാലയളവിൽ ഈ പദ്ധതിക്ക് കീഴിൽ 18 പുതിയ ജലസംഭരണികൾ നിർമ്മിക്കുകയും നിലവിലുള്ള 284 എണ്ണം നവീകരിക്കുകയും ചെയ്തു. പദ്ധതിയിലൂടെ ലഭ്യമായ ജലസേചന സൗകര്യങ്ങൾ പരമ്പരാഗത കൃഷിക്കും ഗുണകരമാകുന്നുണ്ട്. ഇതിന്റെ ഫലമായി 5,283 കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിച്ചു. കൂടാതെ, പദ്ധതിയിലൂടെ 18,227 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ഹോർട്ടികൾച്ചർ ഉൾപ്പെടെ 87.67 ഹെക്ടർ പ്രദേശം തോട്ടവിള കൃഷിയുടെ പരിധിയിൽ കൊണ്ടുവരുകയും ചെയ്തു.

പി.എം.കെ.എസ്.വൈ. പ്രധാനമായും ഇടുക്കി, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം, വയനാട് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. സാമ്പത്തികമായി, 2025 സെപ്റ്റംബർ 30 വരെയുള്ള കണക്കനുസരിച്ച്, ആകെ 56.04 കോടി രൂപ അനുവദിച്ചിട്ടുണ്ട് (കേന്ദ്ര വിഹിതമായ 33.62 കോടി രൂപയും സംസ്ഥാന വിഹിതമായ 22.40 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു). ഇതിൽ 47.68 കോടി രൂപ ചിലവഴിച്ചു, ഇത് ആകെ തുകയുടെ 85.1 ശതമാനം വിനിയോഗത്തെ സൂചിപ്പിക്കുന്നു.

### ഡി. തൊഴിൽ സൃഷ്ടിക്കലും ഉപജീവന സഹായവും

രാജ്യത്ത് ആവശ്യാനുസരണം തൊഴിൽ ഉറപ്പാക്കുന്ന ഒരു തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത് ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് ഉപജീവന സഹായ പദ്ധതികളുടെയും വിശദാംശങ്ങൾ താഴെ നൽകുന്നു.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്)

2005ലെ എം.ജി.എൻ.ആർ.ഇ.ജി.എ നിയമത്തിന് കീഴിൽ ആരംഭിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്) ഗ്രാമീണ കുടുംബങ്ങളിലെ മുതിർന്ന അംഗങ്ങൾക്ക് പ്രതിവർഷം 100 ദിവസത്തെ തൊഴിൽ നൽകാൻ ലക്ഷ്യമിടുന്നു, ഇത് അവിദഗ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കുന്നു. ഈ പദ്ധതി തൊഴിൽ മേഖലയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നു. ഇത് സ്ത്രീ ശാക്തീകരണത്തിന് സംഭാവന നൽകുകയും ഗ്രാമീണ തൊഴിലിലെ ലിംഗ വിവേചനത്തെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വൈവിധ്യമാർന്ന വികസന പദ്ധതികളെ അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കേരളം എംജിഎൻആർഇജിഎസിന്റെ വ്യവസ്ഥകൾ ക്രിയാത്മകമായി ഉപയോഗിച്ചു. തദ്ദേശ ഭരണത്തിന്റെ വികേന്ദ്രീകൃത സംവിധാനമാണ് ഈ പദ്ധതിയുടെ കാര്യക്ഷമമായ നടപ്പാക്കലിന് നിർണായകമായി സഹായിച്ചതെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

**പട്ടിക: 12.1.10 എംജിഎൻആർഇജിഎസ് – 2024–25 ലെ ദേശീയ തലവുമായി താരതമ്യപ്പെടുത്തിയുള്ള കേരളത്തിന്റെ സ്ഥിതി**

| സൂചകങ്ങൾ | ദേശീയ ശരാശരി | കേരളാ ശരാശരി | സംസ്ഥാനങ്ങൾക്കിടയിൽ കേരളത്തിന്റെ സ്ഥാനം |
|---|---|---|---|
| ശരാശരി വ്യക്തി ദിനങ്ങൾ | 50.23 | 66.17 | 5 |
| ശരാശരി വ്യക്തി ദിനങ്ങൾ (എസ്‌സി) | 48.06 | 66.89 | 1 |
| ശരാശരി വ്യക്തി ദിനങ്ങൾ (എസ് ടി) | 55.03 | 92.25 | 2 |
| സ്ത്രീകൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങൾ | 58.08 | 89.06 | 1 |
| 100 ദിവസത്തെ വേതനം ലഭിച്ച കുടുംബങ്ങളുടെ ശതമാനം | 7.4 | 37.88 | 2 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച എസ്‌സി കുടുംബങ്ങളുടെ ശതമാനം | 6.01 | 36.81 | 1 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച എസ് ടി കുടുംബങ്ങളുടെ ശതമാനം | 10.76 | 46.96 | 2 |

**അവലംബം:** പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

എംജിഎൻആർഇജിഎസ് പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തികളുടെ പട്ടിക താഴെ പറയുന്ന വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

വിഭാഗം എ: പ്രകൃതി വിഭവ പരിപാലനം സംബന്ധിച്ച പൊതുവായ പ്രവൃത്തികൾ.
വിഭാഗം ബി: ദുർബല വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (പട്ടികജാതി, പട്ടികവർഗ്ഗം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, സ്ത്രീ നയിക്കുന്ന കുടുംബങ്ങൾ, ശാരീരിക വൈകല്യമുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ തുടങ്ങിയവർ).
വിഭാഗം സി: എൻആർഎൽഎം–ന് അനുസൃതമായ സ്വയം സഹായ സംഘങ്ങൾക്കുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ.
വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

ദേശീയ തലത്തിൽ, 2024–25 സാമ്പത്തിക വർഷത്തിൽ 286.19 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. സൃഷ്ടിക്കപ്പെട്ട മൊത്തം തൊഴിൽ ദിനങ്ങളിൽ, സ്ത്രീകൾക്ക് 58.08 ശതമാനവും പട്ടികജാതി വിഭാഗത്തിന് 18.63 ശതമാനവും പട്ടികവർഗ്ഗം വിഭാഗത്തിന് 18.09 ശതമാനവും ലഭിച്ചു. ഒരു കുടുംബത്തിന് ശരാശരി 50.24 ദിവസങ്ങൾ എന്ന നിലയിൽ ആകെ 5.78 കോടി കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു. മൊത്തം 40.70 ലക്ഷം കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. പ്രകൃതിവിഭവ പരിപാലനം , കൃഷി, അനുബന്ധ മേഖലകൾ എന്നിവയിൽ ഏറ്റവും കൂടുതൽ തൊഴിൽ ശതമാനമുള്ളത് കേരളത്തിലാണ്. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനായി 26.56 ലക്ഷം രൂപയും, പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 47.71 ലക്ഷം രൂപയും ചെലവഴിച്ചു.

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും ഗ്രാമീണ ദരിദ്രർക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കാനുമുള്ള ഫലപ്രദമായ പദ്ധതിയായാണ് കേരളം എക്കാലവും തൊഴിലുറപ്പ് പദ്ധതിയെ കണക്കാക്കുന്നത്. 2024–25 ൽ, സംസ്ഥാനം 8.95 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു, അതിൽ 17.54 ശതമാനം പട്ടികജാതിക്കാർക്കും 7.53 ശതമാനം പട്ടികവർഗക്കാർക്കുമായിരുന്നു. കേരളത്തിൽ ഗുണഭോക്താക്കളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്, മൊത്തം തൊഴിൽ ദിനങ്ങളിൽ 89.06 ശതമാനം സ്ത്രീകൾക്ക് ലഭിച്ചു (ദേശീയ ശരാശരി 58.08 ശതമാനം), ഇത് രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണ്. കേരളത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി ദേശീയ ശരാശരിയുമായുള്ള താരതമ്യം **പട്ടിക 12.1.10**–ൽ നൽകിയിരിക്കുന്നു.

2024–25 കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പ്രകടനം താരതമ്യം ചെയ്തുകൊണ്ടുള്ള വിവരങ്ങൾ (**ചിത്രം 12.1.7**)–ൽ നൽകിയിരിക്കുന്നു.

2024–25 സാമ്പത്തിക വർഷത്തിൽ, 4,011.53 കോടി രൂപ ചെലവഴിച്ചു, അതിൽ 3,107.91 കോടി രൂപ (77.47 ശതമാനം) അവിദഗ്ധ തൊഴിലാളി വേതനമായും 713.05 കോടി രൂപ (18.66 ശതമാനം) മെറ്റീരിയൽ ഘടകങ്ങൾക്കും അർദ്ധ–വിദഗ്ദ്ധ/വിദഗ്ദ്ധ തൊഴിലാളികളുടെ വേതനമായും ചെലവഴിച്ചു. 2024–25, 2025–26 (2025 ഓഗസ്റ്റ് 31 വരെ) എന്നീ വർഷങ്ങളിലെ തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി യഥാക്രമം **അനുബന്ധം 12.1.22, 12.1.23, 12.1.24, 12.1.25** എന്നിവയിൽ നൽകിയിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിൽ എംജിഎൻജിഎസ്സ് പ്രകാരം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളെയും അതിന്റെ പ്രകടനത്തെയും കുറിച്ച് **പട്ടിക 12.1.11**–ൽ വിവരിക്കുന്നു.

മുൻ വർഷങ്ങളുമായി താരതമ്യം ചെയ്താൽ, 2024–25 കാലയളവിൽ അംഗീകരിച്ച ലേബർ ബജറ്റിലെ തൊഴിൽ ദിനങ്ങളിൽ ക്രമാനുഗതമായ കുറവ് കാണപ്പെടുന്നു. ഇതിലൂടെ തൊഴിൽ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായതിനെ സൂചിപ്പിക്കുന്നു.

2024–25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 4,459.71 കോടി രൂപയാണ് വകയിരുത്തിയത്. ഇതിൽ 3,130.77 കോടി രൂപ കേന്ദ്രം അനുവദിച്ചു. 2024–25 വർഷത്തെ പ്രാരംഭബാക്കി ഉൾപ്പെടെയുള്ള ആകെ ചിലവ് 4,029.69 കോടി രൂപയായിരുന്നു. ലഭ്യമായ മൊത്തം ഫണ്ടിന്റെ 116.26 ശതമാനം വിനിയോഗിച്ചതായി **പട്ടിക 12.1.12** വ്യക്തമാക്കുന്നു.

**ചിത്രം12.1.7** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകടനം-ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളുടെതാരതമ്യം (2024-25)




**അവലംബം:** എംജിഎൻആർഇജിഎസ് വെബ്സൈറ്റ്

**പട്ടിക 12.1.11** തൊഴിൽ സൃഷ്ടിക്കലിന്റെയും പ്രകടനത്തിന്റെയും അവലോകനം

| **സൂചകങ്ങൾ** | 2025-26 (നവംബർ 30) | 2024-25 | 2023-24 | 2022-23 | 2021-22 | 2020-21 |
|---|---|---|---|---|---|---|
| ലേബർ ബജറ്റ് പ്രകാരമുള്ള അംഗീകൃത വ്യക്തി ദിനങ്ങൾ(ലക്ഷത്തിൽ) | 500 | 600 | 1050 | 950 | 1000 | 1000 |
| കേന്ദ്ര ബാധ്യതയുമായി ബന്ധപ്പെട്ട വ്യക്തി-ദിനങ്ങൾ (ഇതുവരെ) (ലക്ഷങ്ങളിൽ) | 552.67 | 895.15 | 979.60 | 955.01 | 1059.66 | 1011.08 |
| മൊത്തം ലേബർ ബഡ്ജറ്റിനു മുകളിലുണ്ടായ നേട്ടം ശതമാനത്തിൽ | 110.73 | 151.26 | 94.7 | 101.7 | 106 | 102.3 |
| സ്ത്രീകൾക്ക വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 88.41 | 89.06 | 89.3 | 89.8 | 89.4 | 90.5 |
| പട്ടികജാതി കുടുംബങ്ങൾക്ക് വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 17.3 | 17.54 | 17.9 | 18.2 | 18.3 | 18.4 |
| പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടി ഉൽപ്പാദിപ്പിക്കപ്പെട്ട വ്യക്തിദിനങ്ങളുടെ ശതമാനം | 6.85 | 7.53 | 7.5 | 7 | 6.3 | 6.5 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി വ്യക്തി ദിനങ്ങൾ | 46.64 | 66.17 | 67.7 | 62.3 | 64.3 | 63.2 |
| 100 തൊഴിൽ ദിനങ്ങൾ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 51,722 | 5,19,619 | 5,69,108 | 4,49,638 | 5,12,823 | 4,70,410 |

**അവലംബം:** എം എൻ ആർ ജി എസ് വെബ് സൈറ്റ്

**സംയോജനം**

ഗ്രാമപ്രദേശങ്ങളിൽ, പ്രത്യേകിച്ച് ഉൽപ്പാദന മേഖലയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തിന് വളരെയധികം സഹായകമാണ്. കൃഷി, സാമൂഹിക നീതി, ക്ഷീരവികസനം, വനം വന്യജീവി, പട്ടികജാതി പട്ടികവർഗ്ഗ വികസനം വിവിധ മിഷനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി ഒന്നിലധികം വകുപ്പുകൾ സംയോജനത്തിൽ ഉൾപ്പെടുന്നു. ഈ പരിപാടികൾ, വിഭവങ്ങൾ, പ്രാദേശിക വിജ്ഞാനം, പുതിയ തന്ത്രങ്ങൾ എന്നിവ സംയോജിപ്പിച്ച് ഒരു പൊതുവായ ലക്ഷ്യത്തിനായി സംസ്ഥാന/ തദ്ദേശഭരണസ്ഥാപനതല വികസന പദ്ധതികൾക്ക് ശക്തവും ശാശ്വതവുമായ ഫലങ്ങൾ സൃഷ്ടിക്കുന്നു.

**സുഭിക്ഷ കേരളം**

കൃഷിയിലും അനുബന്ധ മേഖലകളിലും ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി ആരംഭിച്ചു. ഈ പദ്ധതി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമീണ പ്രദേശങ്ങളിൽ ഉപജീവന ആസ്തികൾ സൃഷ്ടിക്കപ്പെട്ടു, ഇത് വഴി ഗ്രാമീണ ജനതയ്ക്ക് ദിവസേനയുള്ള ചെലവുകൾ നിറവേറ്റാനുള്ള ഒരു സ്ഥിരമായ വരുമാനം ഉണ്ടാക്കാൻ സഹായിക്കുന്നു. 2024–25 കാലയളവിൽ 3,270 കന്നുകാലി തൊഴുത്തുകൾ, 2,473 ആട്ടിൻ കൂടുകൾ, 3,713 കോഴിക്കൂടുകൾ, 1,171 ഫാം പോണ്ടുകൾ (കുളങ്ങൾ), 766 അസോള ടാങ്കുകൾ, 86 എസ്എച്ച്ജി വർക്ക് ഷെഡുകൾ എന്നിവ നിർമ്മിച്ചു.

**ശുചിത്വ കേരളം**

ഗ്രാമപ്രദേശങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 'ശുചിത്വ കേരളം' പദ്ധതി ആവിഷ്കരിച്ചു. തൊഴിലുറപ്പ് പദ്ധതി യുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതി, കമ്പോസ്റ്റ് പിറ്റുകൾ , സോക് പിറ്റുകൾ , മിനി എം.സി. എഫുകൾ എന്നിവയുടെ നിർമ്മാണത്തിലൂടെ ഗ്രാമീണ മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിലാണ് പ്രധാന ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 1,117 കമ്പോസ്റ്റ് കുഴികളും 766 സോക് പിറ്റുകളും നിർമ്മിച്ചു. ഇതിലൂടെ ഗ്രാമപ്രദേശങ്ങളിലെ ശുചിത്വ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരമായ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിച്ചു.

**വൃക്ഷത്തൈകൾ നടൽ**

വനം വകുപ്പിന്റെ സഹകരണത്തോടെ സോഷ്യൽ ഫോറസ്ട്രിയും തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി നടപ്പിലാക്കിയ വനവൽക്കരണ പദ്ധതികളുടെ ഭാഗമായി നഴ്സറികൾ സ്ഥാപിക്കുകയും വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുകയും ചെയ്തു. 2024–25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുടനീളം ആകെ 14.36 ലക്ഷം വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചു.

**നീരുറവ് പദ്ധതി**

ഹരിതകേരളം മിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന 'നീരുറവ്' പദ്ധതിക്ക് കീഴിൽ, വിഭവസമാഹരണവും ജലസംരക്ഷണവും മെച്ചപ്പെടുത്തുന്നതിനായി ജി.ഐ.എസ് അധിഷ്ഠിത നീർത്തട ആസൂത്രണം നടപ്പിലാക്കിവരുന്നു. അടുത്ത 4–5 വർഷത്തേക്ക് വ്യവസ്ഥാപിതവും സുസ്ഥിരവുമായ പ്രവർത്തനങ്ങൾ ഉറപ്പാക്കിക്കൊണ്ട്, 941 ഗ്രാമപഞ്ചായത്തുകളിൽ സമഗ്ര ജിഐഎസ് അധിഷ്ഠിത നീർത്തട പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

**അംഗൻവാടികളുടെ നിർമ്മാണം**

തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ, വനിത ശിശുവികസന വകുപ്പുമായി സഹകരിച്ച് 720 അംഗൻവാടികളുടെ നിർമ്മാണം ഏറ്റെടുക്കുകയുണ്ടായി. തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് 8 ലക്ഷം രൂപയും, ഐ.സി.ഡി.എസ് ൽ നിന്ന് 2 ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധിക ധനസഹായവും ലഭ്യമാക്കിയാണ് ഇവ നിർമ്മിക്കുന്നത്. ഇതിൽ 535 അംഗൻവാടികളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു; ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**കേരള ട്രൈബൽ പ്ലസ്**

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി പുതിയ അനുബന്ധ ഘടകങ്ങളും പദ്ധതികളും ഉൾപ്പെടുത്താൻ

**പട്ടിക 12.1.12** 2024–25, 2025–26( അഗസ്റ്റ് 31) വരെയുമുള്ള സാമ്പത്തിക പുരോഗതി (തുക കോടികളിൽ)

| സാമ്പത്തിക വർഷം | അടങ്കൽ | | | പ്രാരംഭബാക്കി | നൽകിയ തുക | | | ആകെ ലഭ്യമായ തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | ആകെ | | കേന്ദ്രം | സംസ്ഥാനം | ആകെ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9=5+8 | 10 | 11= (10/9* 100) |
| 2024–25 | 4459.71 | 230.10 | 4689.81 | 181.82 | 3130.77 | 153.61 | 3284.39 | 3466.21 | 4029.69 | 116.26 |
| 2025–26 (31.08.25) | 4838.97 | 230.10 | 5069.07 | 15.67 | 1727.03 | 41.58 | 1768.61 | 1784.28 | 1716.32 | 96.19 |

**അവലംബം:** പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

കേരള സർക്കാർ എപ്പോഴും അതീവ ശ്രദ്ധാലുവാണ്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ഉറപ്പാക്കുന്നതിനായി 2017-18 വർഷത്തിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി ആവിഷ്കരിച്ചു. പൂർണ്ണമായും സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ 2024-25 കാലയളവിൽ 12,41,429 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. കൂടാതെ, ഇതേ കാലയളവിൽ 34,843 കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. അവലോകന റിപ്പോർട്ടിലെ അധ്യായം 8.2 (സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥകൾ പരിഹരിക്കൽ) എന്ന വിഭാഗത്തിൽ വിവരങ്ങൾ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

2024 ജൂലൈ 30-നുണ്ടായ വിനാശകരമായ ഉരുൾപൊട്ടലിനും പ്രളയത്തിനും ശേഷം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നിർണ്ണായക പങ്കുവഹിച്ചു. 128 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതും 22 വാർഡുകൾ ഉൾപ്പെട്ടതുമായ ഈ പഞ്ചായത്തിലെ മുണ്ടക്കൈ-പുഞ്ചിരിമട്ടം മേഖലയിലുള്ള 10, 11, 12 വാർഡുകളിൽ വലിയ നാശനഷ്ടങ്ങളാണ് സംഭവിച്ചത്. കർമ്മപദ്ധതിയുടെ ഭാഗമായി, മെറ്റീരിയൽ പ്രവൃത്തികൾക്കായി 28.68 കോടി രൂപയും ആസ്തി നിർമ്മാണത്തിനായി 6.46 കോടി രൂപയും വകയിരുത്തി. ഇതുവഴി 352 പദ്ധതികൾ ആവിഷ്കരിക്കുകയും അതിൽ 158 എണ്ണം 2025 മാർച്ച് 31-ഓടെ പൂർത്തിയാക്കുകയും ചെയ്തു. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിലൂടെ 2024-25 കാലയളവിൽ ആകെ 12.11 കോടി രൂപ ചിലവഴിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേപ്പാടിയിലെ അടിസ്ഥാന സൗകര്യങ്ങളും ഉപജീവനമാർഗങ്ങളും പുനഃസ്ഥാപിക്കുന്നതിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഫലപ്രദമായ ഇടപെടലാണ് ഈ പ്രവർത്തനങ്ങൾ തെളിയിക്കുന്നത്.

**ഡി. തൊഴിൽ സൃഷ്ടിക്കലും ഉപജീവനമാർഗ്ഗ പിന്തുണയും**

ഡിമാന്റിനനുസൃതമായി തൊഴിൽ നൽകുന്ന തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് നടപ്പിലാക്കുന്നത് ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് ഉപജീവന സഹായ പദ്ധതികളുടെയും നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS)**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്) അന്തസത്തയും തത്വങ്ങളും ഉൾക്കൊണ്ട്, നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയായാണ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാനം ആരംഭിച്ചത്. അവിദഗ്ധ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള നഗരപ്രദേശത്തെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസത്തെയെങ്കിലും തൊഴിൽ നൽകിക്കൊണ്ട് ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ഒരു സംസ്ഥാന പദ്ധതിയാണിത്. 2009-10 ലാണ് സംസ്ഥാന സർക്കാർ എം.ജിഎൻ.ആർ.ഇ.ജി.എസിന്റെ മാതൃകയിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. നഗരതദ്ദേശ സ്ഥാപനങ്ങളിൽ സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് ഫണ്ട് വിനിയോഗിക്കുന്നത്.

കേരളത്തിലെ നഗരങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള അവകാശാധിഷ്ഠിത പരിപാടിയായാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്തത്. പ്രാഥമികമായും അർദ്ധ വൈദഗ്ധ്യവും അവിദഗ്ധവുമായ പ്രവർത്തനങ്ങളുടെ, പ്രകൃതിവിഭവ മാനേജ്മെന്റ്, പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കും വികലാംഗർക്കും വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കൽ, പൊതു ആസ്തികളുടെ നിർമ്മാണവും പരിപാലനവും, പൊതു ഇടങ്ങളുടെ വികസനം, നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ഉത്പാദനം മുതലായവ ഉൾപ്പെടെ അനുവദനീയമായ ജോലികളുടെ സമഗ്രമായ ഒരു പട്ടിക പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2010-11 ലെ, ആദ്യ വർഷത്തെ ബജറ്റ് വിഹിതം 20.00 കോടി ആയിരുന്നു, എന്നാൽ ഇതിൽ 17 ശതമാനം മാത്രമേ വിനിയോഗിച്ചുള്ളൂ. തുടർന്നുള്ള അഞ്ച് വർഷങ്ങളിൽ, പദ്ധതിക്കുള്ള ബജറ്റ് വിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായി, മൊത്തം ചെലവ് ക്രമേണ വർദ്ധിച്ചു. എന്നിരുന്നാലും, ഫണ്ട് വിനിയോഗം 50 ശതമാനത്തിൽ താഴെയായിരുന്നു. എന്നാൽ 2016-17 ലെ സർക്കാർ മാറിയതോടെ, ബജറ്റ് വിഹിതം, വിനിയോഗം, തൊഴിലവസര സൃഷ്ടി എന്നിവയിൽ സ്ഥിരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ, വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 26,89,283 വ്യക്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഈ കാലയളവിൽ, 68,864 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു, ഇതിൽ 54,384 പൊതുവിഭാഗ കുടുംബങ്ങളും 13,650 പട്ടികജാതി കുടുംബങ്ങളും 830 പട്ടികവർഗ കുടുംബങ്ങളും ഉൾപ്പെടുന്നു.

2024-25 ൽ, പദ്ധതിക്കായി 165.00 കോടി വകയിരുത്തി, 159.77 കോടി ചെലവഴിച്ചു. ഈ പരിപാടി വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 27,26,184 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു, ഇത് 2023-24 നെ അപേക്ഷിച്ച് നാമമാത്രമായ വർദ്ധനവാണ് കാണിക്കുന്നത്. ഈ കാലയളവിൽ, 13,631 പട്ടികജാതി കുടുംബങ്ങളും 828 പട്ടികവർഗ്ഗ കുടുംബങ്ങളും 47768 മറ്റുള്ളവരും ഉൾപ്പെടെ 62,227 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു. 23,25,589 സ്ത്രീകൾക്ക് തൊഴിൽ നൽകിയതിൽ 6,05,238 തൊഴിലാളികൾ പട്ടികജാതിക്കാരിൽ നിന്നുള്ളവരും 27,224 പേർ പട്ടികവർഗ്ഗക്കാരുമായിരുന്നു. 2024-25 ൽ 5225 കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. 2025-26 ൽ ബജറ്റ് വിഹിതം 180.00 കോടി രൂപയായി വർദ്ധിപ്പിച്ചു, 2025 ഓഗസ്റ്റ് വരെയുള്ള പദ്ധതിയുടെ ചെലവ് 28.18 കോടി ആയിരുന്നു. 2025-26 ൽ, 2025 ഓഗസ്റ്റ് 31 വരെ, വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 42826 കുടുംബങ്ങൾക്ക് തൊഴിൽ നൽകി.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2024-25 വർഷത്തെ തൊഴിലാളികളുടെ പ്രായം തിരിച്ചുള്ള കണക്കുകൾ കാണിക്കുന്നത് ഈ പദ്ധതി പ്രയോജനപ്പെടുത്തിയ തൊഴിലാളികളിൽ ഭൂരിഭാഗവും മധ്യവയസ്കരായിരുന്നു എന്നാണ്. 51-60 പ്രായത്തിലുള്ള തൊഴിലാളികളാണ് ഏറ്റവും കൂടുതൽ (21,789 തൊഴിലാളികൾ), തുടർന്ന് 41-50 (14,508) ഉം 61-65 (11,208) ഉം പ്രായമുള്ളവർ. 65 വയസ്സിനു മുകളിലുള്ള തൊഴിലാളികളും (6,349) ഒരു വലിയ വിഭാഗമാണ്. ഉപജീവന സുരക്ഷയ്ക്കായി വയോജനങ്ങൾക്ക് തൊഴിൽ നൽകുന്നതിൽ പദ്ധതിയുടെ പ്രാധാന്യത്തെ അടിവരയിടുന്നു (**പട്ടിക 12.1.13**). പ്രായമായവർക്കും സാമ്പത്തികമായി ദുർബലരായവർക്കും പദ്ധതി ഒരു സുപ്രധാന സുരക്ഷാവലയമായി പ്രവർത്തിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ, ജലസംരക്ഷണം, വന വൽക്കരണം, പി.എം.എ.വൈ പദ്ധതിയുടെ കീഴിലുള്ള ഭവന നിർമാണം എന്നിവയാണ് തൊഴിലുറപ്പ് പദ്ധതി യില് എടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ. 2019-20 സാമ്പത്തിക വർഷം മുതൽ ക്ഷീരകർഷകരെയും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഗുണഭോ ക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പിഎംഎവൈ ഗു ണഭോക്താക്കൾക്കുള്ള ഭവന നിർമാണ സാമഗ്രികൾ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകുന്നു.

**പട്ടിക 12.1.13** 2024-25 സാമ്പത്തിക വർഷത്തിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ പ്രായവിഭാഗം അനുസരിച്ചുള്ള വിഭജനം

| തമ്മിലുള്ള പ്രായം | ജോലിക്കാരുടെ എണ്ണം |
|---|---|
| 18-30 | 1647 |
| 31-40 | 6122 |
| 41-50 | 14508 |
| 51-60 | 21789 |
| 61-65 | 11208 |
| 65 ന് മുകളിൽ | 6349 |

**അവലംബം:** എൽഎസ്ജിഡി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 2024-25,2025-26 (2025 ആഗസ്റ്റ് 31വരെ) വർഷങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനം തിരിച്ചുള്ള ഫണ്ട് വിതരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 12.1.26**-ൽ നൽകിയിരിക്കുന്നു. പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 12.1.27**-ൽ നൽകിയിരിക്കുന്നു.

### ദരിദ്രർക്കായുള്ള ഉപജീവനമാർഗ വികസനം

ഉപജീവന പദ്ധതികളായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് എന്നിവ മുഖേന വേതനമുള്ള തൊഴിൽ ഉറപ്പാക്കുന്നതിന് സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ ഉപജീവനം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട പദ്ധതികളാണ് ഗ്രാമീണ മേഖലകളിൽ ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷനും നഗര മേഖലകളിൽ ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന മിഷനും. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ധനസഹായം പങ്കിടുന്നത്.

### ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡേ-എൻആർഎൽഎം)

ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡേ-എൻആർഎൽഎം) ഗ്രാമീണ ദരിദ്രർക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്ന ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ), സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി), മഹിളാ കിസാൻ സശക്തികരൺ പരിയോജന (എം.കെ.എസ്.പി) എന്നിവയാണ് ഡേ-എൻ.ആർ.എൽ.എം-എൻആർഎൽഎമ്മിന്റെ ഉപഘടകങ്ങൾ.

ഡി.ഡി.യു.ജി.കെ.വൈ, മുൻപ് 'ആജീവിക സ്കിൽസ്' എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ കുടുംബശ്രീയെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. വ്യവസായ മേഖലയുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് വ്യക്തികൾക്ക് നൂതന നൈപുണ്യങ്ങൾ പരിശീലിപ്പിക്കുന്നതിനായി, 2025-2028 കാലയളവിലേക്ക് ഡി.ഡി.യു.ജി.കെ.വൈ 2.0 എന്ന പേരിൽ ഈ പദ്ധതി പുനരാരംഭിച്ചിട്ടുണ്ട്. ആധുനിക മേഖലകളിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡിജിറ്റൽ സ്കിൽസ്, ഗ്രീൻ ടെക്നോളജി തുടങ്ങിയ പുത്തൻ മേഖലകളിലെ പരിശീലനത്തിന് ഇത് ഊന്നൽ നൽകുന്നു. കൂടാതെ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഉറപ്പാക്കുന്നതിനായി പദ്ധതിയുടെ വ്യാപ്തി കൂടുതൽ വിപുലീകരിച്ചിട്ടുമുണ്ട്. ഡി.ഡി.യു.ജി.കെ.വൈ 2.0 പദ്ധതിയുടെ ഭാഗമായി 2025-26 വർഷത്തേക്കായി 3,272 ലക്ഷ്യങ്ങൾ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള ഏജൻസികളെ തിരഞ്ഞെടുക്കുന്ന നടപടികൾ നിലവിൽ പുരോഗമിക്കുകയാണ്. ആകെ ആറ് ഏജൻസികളിൽ നിന്നുള്ള 12 പ്രോജക്റ്റുകൾ ഗുണനിലവാര പരിശോധനയിൽ ഇതിനകം തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ പുതിയ ഘട്ടം 2025 നവംബർ 10-ന് മുൻപായി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കാർഷിക മേഖലയിലെ ലിംഗവിവേചനം കുറയ്ക്കുന്നതിനായി സ്ത്രീ കർഷകരുടെ ജോലിഭാരം ലഘൂകരിക്കുന്ന സംവിധാനങ്ങളും സുസ്ഥിരമായ കാർഷിക രീതികളും പ്രോത്സാഹിപ്പിക്കുന്നതിൽ മഹിളാ കിസാൻ സശക്തികരണ പരിയോജന ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരളത്തിൽ കുടുംബശ്രീയുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ ശൃംഖല വഴിയാണ് എം.കെ.എസ്.പി നടപ്പിലാക്കുന്നത്. 2025 നവംബർ 1-ലെ കണക്കുകൾ പ്രകാരം, 98,455 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലായി 4,49,323 സ്ത്രീകൾ കൃഷി രംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. 44,470.60 ഏക്കർ ഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2023-24 സാമ്പത്തിക വർഷം മുതൽ, ദീൻദയാൽ അന്ത്യോദയ യോജന—ദേശീയ ഗ്രാമീണ ഉപജീവന

മിഷന്റെ കൃഷി ഇതര ഉപജീവന പദ്ധതികളെ എസ്‌വിഇപി അമ്പ്രെല്ല പദ്ധതിയ്ക്ക് കീഴിൽ പുനസംഘടിപ്പിച്ചു. ഈ ഏകീകൃത ചട്ടക്കൂട് മൈക്രോ എന്റർപ്രൈസ് ഡെവലപ്‌മെന്റ് പ്രോഗ്രാം, സ്റ്റാർട്ട്-അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം , വൺ സ്റ്റോപ്പ് ഫെസിലിറ്റി , ക്ലസ്റ്ററുകൾ, ഇൻകുബേറ്ററുകൾ, ആജീവിക ഗ്രാമീൺ എക്സ്പ്രസ് യോജന എന്നിവയുൾപ്പെടെ വിവിധ പരിപാടികളെ ഏകീകരിച്ചിരിക്കുന്നു. ബ്ലോക്ക് തലത്തിലുള്ള സ്റ്റാർട്ട്-അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി, 2025 ഒക്ടോബർ 31 വരെയുള്ള കണക്കനുസരിച്ച്, 549 സജീവമായ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സഹായത്തോടെ 49091 സംരംഭങ്ങളെ പിന്തുണയ്ക്കുന്നു.

**ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന ദൗത്യം (ഡേ-എൻ.യു.എൽ.എം.)**

നഗരദരിദ്രർക്കിടയിലെ ദാരിദ്ര്യം ലഘൂകരിക്കാനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് ഡേ-എൻ.യു.എൽ.എം. സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. എൻ.യു.എൽ.എം പദ്ധതി കേരളത്തിൽ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നു.

ഡേഎൻ.യു.എൽ.എം ന്റെ സോഷ്യൽ മൊബിലൈസേഷൻ ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്‌മെന്റ് (SM&ID) ഘടകത്തിന് കീഴിൽ, അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നു. 2025 ഓഗസ്റ്റ് 31 വരെ, 27,575 അയൽക്കൂട്ടങ്ങൾ (NHG-കൾ) രൂപീകരിച്ചു, കൂടാതെ 36,351 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതമുള്ള ഒരു റിവോൾവിംഗ് ഫണ്ടും നൽകിയിട്ടുണ്ട്. കൂടാതെ, 3,360 എ.ഡി.എസുകൾക്ക് 50,000 നിരക്കിൽ ഒരു റിവോൾവിംഗ് ഫണ്ട് നൽകി പിന്തുണ നൽകിയിട്ടുണ്ട്. നഗരത്തിലെ ദരിദ്രർക്ക് മാർക്കറ്റിംഗ് പിന്തുണ നൽകുന്നതിനായി 11 സിറ്റി ലൈവ്‌ലിഹുഡ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 2024-25 ൽ 836 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു, 948 അയൽക്കൂട്ടങ്ങളെ പിന്തുണയ്ക്കുകയും ഓരോ യൂണിറ്റിനും 10,000 രൂപ റിവോൾവിംഗ് ഫണ്ട് നൽകുകയും ചെയ്തു. 2025-26 ൽ, (2025 ഓഗസ്റ്റ് 31 വരെ), 158 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. പദ്ധതിയുടെ സ്വയം തൊഴിൽ പരിപാടി (SEP) പ്രകാരം, 2024-25 ൽ 620 വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങളും 322 ഗ്രൂപ്പ് സംരംഭങ്ങളും സ്ഥാപിതമായി.

2022-23 മുതൽ 2025-26 വരെയുള്ള കാലയളവിലെ ഡേ-എൻ.യു.എൽ.എം പദ്ധതിയുടെ 2025 ഓഗസ്റ്റ് 31 വരെയുള്ള സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ, വിശദാംശങ്ങൾ യഥാക്രമം **അനുബന്ധം 12.1.28, 12.1.29** എന്നിവയിൽ നൽകിയിരിക്കുന്നു. ജില്ല തിരിച്ചുള്ള സൂക്ഷ്മ സംരംഭങ്ങളുടെ പട്ടികയും അയൽക്കൂട്ടങ്ങളുടെ ബാങ്ക് ലിങ്കേജ് വായ്പകളുടെ വിശദാംശങ്ങളും യഥാക്രമം **അനുബന്ധം 12.1.30, 12.1.31** എന്നിവയിൽ നൽകിയിരിക്കുന്നു.

**കുടുംബശ്രീ**

1998-ൽ കേരള സർക്കാർ ആരംഭിച്ച സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീ, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി ആഗോളതലത്തിൽ പ്രശംസ നേടിയ ഒരു പദ്ധതിയാണ്. സ്ത്രീ കേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടെയുള്ളതുമായ ഈ ദൗത്യം ഇപ്പോൾ 3.2 ലക്ഷം അയൽക്കൂട്ടങ്ങളിലായി 48 ലക്ഷത്തിലധികം സ്ത്രീകളെ സംഘടിപ്പിച്ചു കൊണ്ട് സംസ്ഥാനത്തുടനീളമുള്ള സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഗണ്യമായ സംഭാവന നൽകുന്നു. 2025 മെയ് 31 വരെയുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 12.1.32**-ൽ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ കമ്മ്യൂണിറ്റി അധിഷ്ഠിത സംഘടനകൾ രൂപീകരിക്കുക വഴി ഈ നേട്ടം കൈവരിക്കുകയും പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിച്ചുകൊണ്ടും വിവിധ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടും കുടുംബശ്രീ ഇന്ന് വലിയ വളർച്ച കൈവരിച്ചിട്ടുണ്ട്. താഴെത്തട്ടിൽ അയൽക്കൂട്ടങ്ങളും വാർഡ് തലത്തിൽ ഏരിയ ഡെവലപ്‌മെന്റ് സൊസൈറ്റികളും തദ്ദേശ ഭരണ തലത്തിൽ കമ്മ്യൂണിറ്റി ഡെവലപ്‌മെന്റ് സൊസൈറ്റികളും ഉൾപ്പെടുന്ന ത്രിതല ഘടനയിലൂടെയുള്ള പ്രവർത്തനം കുടുംബശ്രീയെ ലോകത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ സ്ത്രീ കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകളിൽ ഒന്നായി മാറ്റിയിരിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ 1,599 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 20,857 സ്ത്രീകളെ പുതുതായി അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുകയും ചെയ്തു. 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതികളുടെ സാമൂഹിക-സാംസ്കാരിക, വിദ്യാഭ്യാസ, ഉപജീവന വികസനത്തെ പിന്തുണയ്ക്കുന്നതിനായി വാർഡ് തലത്തിൽ ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇതിലൂടെ ഏകദേശം 3 ലക്ഷം അംഗങ്ങളെ ഉൾപ്പെടുത്തി 19,472 ഗ്രൂപ്പുകൾ സൃഷ്ടിച്ചു.ഈ സഹായ ഗ്രൂപ്പുകളെ കൂടുതൽ ശാക്തീകരിക്കുന്നതിനായി 2024-25 കാലയളവിൽ മീറ്റ് ദി ന്യൂ, ഓക്സോ മീറ്റ്, ഓക്സില്ലോ കാമ്പെയ്ൻ തുടങ്ങിയ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തി. കൂടാതെ, ഭരണം ശക്തിപ്പെടുത്തുന്നതിലും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കേരളത്തിലെ 941 ഗ്രാമീണ സി.ഡി.എസ്സുകളിൽ 319 എണ്ണത്തെ മാതൃകാ സി.ഡി.എസ്സുകളായി മാറ്റുന്നതിനായി കുടുംബശ്രീ പ്രവർത്തിച്ചുവരുന്നു. സ്ത്രീശാക്തീകരണത്തിലും അടിസ്ഥാന വികസനത്തിലുമുള്ള കുടുംബശ്രീയുടെ നിരന്തരമായ പ്രതിബദ്ധതയെയാണ് ഈ കൂട്ടായ ശ്രമങ്ങൾ തെളിയിക്കുന്നത്.

ഡേ-എൻ.ആർ.എൽ.എം., ഡേ-എൻ.യു.എൽ.എം., പ്രധാനമന്ത്രി ആവാസ് യോജന - അർബൻ എന്നിവയുൾപ്പെടെ നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയാണ് കുടുംബശ്രീ. ഇവയ്ക്ക് പുറമെ, സംസ്ഥാനത്തെ വിവിധ വികസന പദ്ധതികളുമായി സഹകരിച്ചും കുടുംബശ്രീ സജീവമായി പ്രവർത്തിക്കുന്നു. കുടുംബശ്രീ ഏറ്റെടുത്ത് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ നൽകുന്നു:

**കുടുംബശ്രീയുടെ ഉപജീവന സംരംഭങ്ങൾ**

സ്ത്രീകളുടെ, പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിലെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെയും സ്ത്രീകളുടെ, സുസ്ഥിരമായ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിൽ

കുടുംബശ്രീ വലിയ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. സൂക്ഷ്മസംരംഭങ്ങൾ, കൃഷി, മൃഗസംരക്ഷണം, നൈപുണ്യ പരിശീലനം എന്നിവയിലൂടെ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ മുതൽ, ഗോത്രവർഗ്ഗ/കാർഷിക-അധിഷ്ഠിത സംരംഭങ്ങൾ വരെയുള്ള വൈവിധ്യമാർന്ന അവസരങ്ങൾ കുടുംബശ്രീ ഒരുക്കി. സാമൂഹികവും സാമ്പത്തികവുമായ വികസനത്തെ ജനകീയ ഇടപെടലുകളുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട്, ദശലക്ഷക്കണക്കിന് ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാനും കേരളത്തിലുടനീളമുള്ള സ്ത്രീകളിൽ സംരംഭകത്വവും സ്വാശ്രയത്വവും വളർത്താനും കുടുംബശ്രീ സഹായിച്ചിട്ടുണ്ട്.

***കാർഷിക പ്രവർത്തനങ്ങൾ:*** വരുമാനം വർധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ഗ്രാമീണ ഉപജീവന മാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സ്ത്രീകളുടെ നേതൃത്വത്തിലുള്ളതും, കാലാനുസൃതവും, സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ കൃഷിരീതികളിലാണ് കേരളത്തിലെ കുടുംബശ്രീയുടെ കാർഷിക പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഓണക്കണി, നിറപൊലിമ, ഹരിതസമൃദ്ധി, വേനൽ മധുരം തുടങ്ങിയ പദ്ധതികളിലൂടെ പച്ചക്കറികൾ, പഴവർഗങ്ങൾ, പൂക്കൾ എന്നിവ കൃഷി ചെയ്യുന്നതിനായി ജെ.എൽ.ജികൾക്ക് പിന്തുണ നൽകുകയും അതുവഴി ഗണ്യമായ വിൽപന വരുമാനം സൃഷ്ടിക്കുകയും ചെയ്യുന്നു. കുടുംബശ്രീയുടെ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം, അയൽക്കൂട്ടങ്ങൾ, പ്രൊഡ്യൂസർ ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, എന്നിവയെ ആധുനിക ഉപകരണങ്ങളാൽ സജ്ജമാക്കുകയും മൂല്യവർധിത ഉൽപ്പന്ന നിർമ്മാണം, സ്മാർട്ട് ഫാമിംഗ്, മികച്ച വിപണന സാധ്യതകൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ജെ.എൽ.ജികൾ വഴിയുള്ള കൂട്ടായ കൃഷിക്ക് പരിശീലനം, പ്രോത്സാഹനങ്ങൾ, പലിശ സബ്സിഡി എന്നിവ നൽകുന്നതോടൊപ്പം 'നാട്ടുചന്ത', 'നേച്ചേഴ്സ് ഫ്രഷ് കിയോസ്കുകൾ എന്നിവയിലൂടെ വിപണന സഹായവും ലഭ്യമാക്കുന്നു. എം.കെ.എസ്.പി-ഐ.എഫ്.സി ഫണ്ടിംഗും നബാർഡ് സബ്സിഡിയും കൂടാതെ സംസ്ഥാന-ദേശീയ നയങ്ങളും ഇതിന് കരുത്തുപകരുന്നു. 2025 നവംബർ മാസത്തെ കണക്കുപ്രകാരം, 17,997 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്ന 4,49,323 വനിതാ കർഷകർ അംഗങ്ങളായുള്ള 98,455 സജീവ ജെ.എൽ.ജികൾ പ്രവർത്തിക്കുന്നുണ്ട്. ഏരിയ ഇൻസെന്റീവ്, പലിശ സബ്സിഡി പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായം ആയിരക്കണക്കിന് ജെ.എൽ. ജികൾക്ക് പ്രയോജനപ്പെട്ടു. ഇതിന് അനുബന്ധമായി നടപ്പിലാക്കിയ 'അഗ്രി ന്യൂട്രി ഗാർഡൻ' കാമ്പെയ്നിലൂടെ 1,50,566 വീടുകളിലായി 1,44,127 ഉദ്യാനങ്ങൾ സ്ഥാപിക്കുക വഴി മികച്ച പോഷകാഹാരവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുകയും ചെയ്തു.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നഴ്സറികൾ, ഔഷധ ഉൽപ്പന്നങ്ങൾ എന്നിവയിലൂടെ കുടുംബശ്രീക്ക് കീഴിലുള്ള വനിതാ കാർഷിക സംരംഭങ്ങൾ വലിയ വളർച്ച കൈവരിച്ചിട്ടുണ്ട്. ജൈവിക പ്ലാന്റ് നഴ്സറിയിൽ 801 യൂണിറ്റുകളും, ഇടത്തരം, ചെറുകിട മൂല്യവർദ്ധിത സംരംഭങ്ങളിൽ 256 യൂണിറ്റുകളും ചെറുകിട സംരംഭങ്ങളിൽ 1,090 യൂണിറ്റുകളും പ്രവർത്തിക്കുന്നു. മൊത്തത്തിൽ, 2025 ജൂൺ മാസത്തോടെ കുടുംബശ്രീ 2,647 കാർഷിക സംരംഭങ്ങൾ സ്ഥാപിക്കുക വഴി കേരളത്തിലുടനീളം സ്ത്രീ ശാക്തീകരണം, കാർഷിക ഉൽപ്പാദനക്ഷമത, ഗ്രാമീണ ഉപജീവനമാർഗങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിന് കാരണമായി.

***കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗം:*** പശു/ആട്/കോഴി വളർത്തൽ തുടങ്ങിയ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, പരിശീലനം നൽകുക, കർഷക ഗ്രൂപ്പുകൾ രൂപീകരിക്കുക, സ്ത്രീകൾക്ക് സ്ഥിരമായ വരുമാനം നേടാൻ പ്രാപ്തരാക്കുന്നതിലൂടെ കുടുംബശ്രീ ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തി. 2024-25 ലെ മൃഗസംരക്ഷണ പദ്ധതിക്കായി 5.87 കോടി രൂപ വകയിരുത്തി കന്നുകാലി അധിഷ്ഠിത ഉപജീവനമാർഗ്ഗം ശക്തിപ്പെടുത്തി. ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ശേഷി വികസനത്തിനുമായി 48 ഗുണഭോക്താക്കൾക്ക് ₹18.09 ലക്ഷം രൂപയും, സി.ഡി. എസ് ഉദ്യമങ്ങൾ വഴി 415 ഗുണഭോക്താക്കളെ പിന്തുണച്ചു. ₹3.29 കോടി രൂപയും നൽകി. കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് വഴി ഡയറി, ആട്, കോഴി വളർത്തൽ തുടങ്ങിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 1,467 കർഷകർക്ക് ₹3.29 കോടി രൂപ അനുവദിച്ചു. 'അലൈവ്' ക്യാമ്പയിന്റെ ഭാഗമായി 1,61,246 അയൽക്കൂട്ടങ്ങളിൽ അവലോകനം നടത്തുകയും അതുവഴി മൃഗസംരക്ഷണ മേഖലയിലെ അവസരങ്ങളെക്കുറിച്ച് അവബോധം നൽകുകയും ചെയ്തു. സുസ്ഥിരമായ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി മൂന്ന് ജില്ലകളിൽ മത്സ്യബന്ധന ക്ലസ്റ്ററുകൾ സ്ഥാപിച്ചു. പൗൾട്രി പദ്ധതിക്ക് കീഴിൽ 800 ഗുണഭോക്താക്കൾക്ക് മുട്ടയിടാറായ കോഴികളെയും അവയുടെ വളർത്തലിനാവശ്യമായ മറ്റ് പിന്തുണകളും നൽകി. കൂടാതെ, ഉൽപ്പന്നങ്ങളുടെ സംഭരണം ശക്തിപ്പെടുത്തുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനായി 350 പുതിയ ഉൽപാദക ഗ്രൂപ്പുകൾ രൂപീകരിച്ചു. ലോക മുട്ട ദിനത്തോടനുബന്ധിച്ച് 426 സി.ഡി.എസ് യൂണിറ്റുകളിലായി 32,960 മുട്ടകൾ വിതരണം ചെയ്തു.

കമ്മ്യൂണിറ്റി എന്റർപ്രണർഷിപ്പ് ഫണ്ട് വഴിയുള്ള സാമ്പത്തിക-സംരംഭകത്വ പിന്തുണയിലൂടെ ഗ്രാമീണ മേഖലയിലെ 18,909 പേർക്കും നഗര മേഖലയിലെ 1,822 പേർക്കും പ്രയോജനം ലഭിച്ചു. ഇതിനായി 863 ഗ്രാമീണ സി.ഡി.എസ്സുകൾ വഴി ₹35.5 കോടി രൂപയും, 112 നഗര സി.ഡി.എസ്സുകൾ വഴി ₹5.14 കോടി രൂപയും വിതരണം ചെയ്തു. മൂല്യവർധിത യൂണിറ്റുകൾ വഴി കന്നുകാലി അധിഷ്ഠിത വരുമാനം വർദ്ധിച്ചതിലൂടെ 123 അംഗങ്ങൾക്ക് പ്രയോജനം ലഭിച്ചു. 4,321 കന്നുകാലി സിആർപികളുടെ പിന്തുണയോടെ നൈപുണ്യ വികസനത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങളുടെയും ഭാഗമായി 30,083 അംഗങ്ങളുള്ള 598 ക്ലസ്റ്ററുകൾ രൂപീകരിച്ചു. കൂടാതെ, 3,082 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 550 പ്രൊഡ്യൂസർ ഗ്രൂപ്പുകൾ ഉൽപ്പാദനം, വിപണനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ സജീവമായി ഇടപെടുന്നു. ഈ പദ്ധതികൾ സ്ത്രീകളുടെ നേതൃത്വത്തിലുള്ള മൃഗസംരക്ഷണ ഉപജീവനമാർഗങ്ങളെ ശക്തിപ്പെടുത്തുകയും, സുസ്ഥിരമായ രീതികൾ പ്രോത്സാഹിപ്പിക്കുകയും, വരുമാന വർദ്ധനവിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

***കേരള ചിക്കൻ:*** 2019-ൽ ആരംഭിച്ച 'കുടുംബശ്രീ കേരള ചിക്കൻ' പദ്ധതി, കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ

ചെറുകിട കോഴി വളർത്തലിലൂടെയും വിപണനത്തിലൂടെയും കേരളത്തിലെ പോൾട്രി മേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരുന്ന സ്ത്രീകളുടെ ഒരു കൂട്ടായ സംരംഭമാണ്. 13 ജില്ലകളിലായി 498 കോഴി കർഷകരും 140 ഔട്ട്‌ലെറ്റുകളും ഈ പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്നു. ഉയർന്ന ഗുണമേന്മയുള്ളതും ശുചിത്വമുള്ളതുമായ ചിക്കൻ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനൊപ്പം, കോഴി വളർത്തൽ, സംസ്ക്കരണം, വിപണനം എന്നിവയിലൂടെ അവർക്ക് സുസ്ഥിരമായ ഉപജീവനമാർഗവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുക വഴി സ്ത്രീകളെ ശാക്തീകരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സബ്സിഡി, കറിനംകുളത്തെ പ്ലാന്റ്, ആനയറയിലെ മിനി പ്ലാന്റ് തുടങ്ങിയ സംസ്ക്കരണ സംവിധാനങ്ങൾ എന്നിവയുടെ സഹായത്തോടെ, കർഷകർക്ക് ഓരോ 45 ദിവസത്തിലും 2.6 ലക്ഷം രൂപ വരെയും, ഔട്ട്‌ലെറ്റ് നടത്തിപ്പുകാർക്ക് പ്രതിമാസം ഒരു ലക്ഷം രൂപ വരെയും വരുമാനം ലഭിക്കുന്നു. പ്രതിദിനം ഏകദേശം 58 മെട്രിക് ടൺ ബ്രോയിലർ ഇറച്ചി ഉൽപ്പാദിപ്പിക്കുന്ന ഈ സംരംഭം, വിപണിയിലെ വിതരണവും ആവശ്യകതയും തമ്മിലുള്ള അന്തരം കുറയ്ക്കാനും വില നിയന്ത്രിക്കാനും ശ്രമിക്കുന്നതിലൂടെ സാമൂഹിക-സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. 2024–25 സാമ്പത്തിക വർഷത്തിൽ 'കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്' 410 കോടി രൂപയുടെ വിൽപന രേഖപ്പെടുത്തി. വാർഷിക ശരാശരി വിറ്റുവരവ് 105 കോടി രൂപയായിരിക്കെ, ഈ സാമ്പത്തിക വർഷം ഇതുവരെ 53 കോടി രൂപയിൽ എത്തിനിൽക്കുന്നു. ഇത് പദ്ധതിയുടെ വളർച്ചയും സുസ്ഥിരതയും ഭക്ഷ്യസുരക്ഷയിലും ഗ്രാമീണ ഉപജീവനത്തിലും ഉണ്ടാക്കിയ വലിയ സ്വാധീനവുമാണ് വെളിപ്പെടുത്തുന്നത്.

**സാമ്പത്തിക ഉൾപ്പെടുത്തലും മൈക്രോഫിനാൻസും:** കുടുംബശ്രീയുടെ സാമ്പത്തിക ഉൾപ്പെടുത്തലും സൂക്ഷ്മ ധനകാര്യ സംരംഭങ്ങളും സംയുക്തമായി ചേർന്ന് സംസ്ഥാനത്തുടനീളമുള്ള അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങളെ ഗണ്യമായി ശാക്തീകരിച്ച ശക്തവും സുതാര്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സാമ്പത്തിക ആവാസവ്യവസ്ഥ സൃഷ്ടിച്ചു. പരീക്ഷ 'ഗ്രേഡിംഗ് കാമ്പയിൻ,' 'സ്റ്റാർ അയൽക്കൂട്ടം' അംഗീകാരം, എഫ്.ഐ ക്ലിനിക്കുകൾ , സുസ്ഥിര സമ്പാദ്യ വായ്പാ കാമ്പയിൻ, തുടങ്ങിയ പ്രധാന ഇടപെടലുകളിലൂടെ സംഘടനാപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാനും, സാമ്പത്തിക ക്രമക്കേടുകൾ പരിഹരിക്കാനും, പ്രവർത്തനരഹിതമായ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കാനും, ആഭ്യന്തര വായ്പാ സംവിധാനം മെച്ചപ്പെടുത്താനും മിഷന് സാധിച്ചു. ഗോത്രവർഗ മേഖലകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വിപുലമായ സാമ്പത്തിക സാക്ഷരതാ കാമ്പയിനുകളിലൂടെ 15 ലക്ഷത്തിലധികം അംഗങ്ങളെ സാമ്പത്തിക ആസൂത്രണം, സമ്പാദ്യം, വായ്പാ മാനേജ്മെന്റ്, ഇൻഷുറൻസ്, സാമൂഹിക സുരക്ഷാ പദ്ധതികൾ എന്നീ നിർണ്ണായക നൈപുണ്യങ്ങളോടെ ശാക്തീകരിക്കാൻ കഴിഞ്ഞു.

അയൽക്കൂട്ടങ്ങൾ ആകെ 9,870.77 കോടി രൂപ സമ്പാദ്യമായി സമാഹരിക്കുകയും, 29,278.01 കോടി രൂപ ആഭ്യന്തര വായ്പകളായി അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്ത് മൈക്രോഫിനാൻസ് പ്രോഗ്രാം കൂടുതൽ മികച്ച പ്രകടനം കാഴ്ചവച്ചു. നിലവിൽ 87,245 അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വഴി 9,157.78 കോടി രൂപ വായ്പ ലഭിച്ചിട്ടുണ്ട്. ഇതുവരെയുള്ള കണക്കുകൾ പ്രകാരം ആകെ 3,06,970 അയൽക്കൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് വഴി 46,754.83 കോടി രൂപ വായ്പയായി കൈപ്പറ്റിയിട്ടുണ്ട്. 760 ബി.സി സഖിമാർ 426 കാസ് അംഗങ്ങൾ, വിപുലമായ ഓഡിറ്റിംഗ് സംവിധാനം, മെച്ചപ്പെട്ട ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവയിലൂടെ വായ്പ തിരിച്ചടവിലെ അച്ചടക്കം, സാമ്പത്തിക സുതാര്യത, സേവന വിതരണം എന്നിവ എല്ലാ തലങ്ങളിലും മെച്ചപ്പെടുത്താൻ കുടുംബശ്രീക്ക് സാധിച്ചു. ആർ.എഫ്; വി.ആർ.എഫ്, സി.ഐ.എഫ്, മൊത്ത വായ്പകൾ എന്നിവ വഴിയുള്ള അധിക സാമ്പത്തിക സഹായം ഉപജീവനമാർഗ്ഗം വർദ്ധിപ്പിക്കുകയും അനൗദ്യോഗിക പണമിടപാടുകാരെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്തു. കൂടാതെ, 'ജീവൻ ദീപം ഒരുമ' ഇൻഷുറൻസ് പദ്ധതിയിലൂടെ 13.66 ലക്ഷം അംഗങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കി. ഈ നേട്ടങ്ങളെല്ലാം സാമ്പത്തിക ഉൾപ്പെടുത്തൽ പ്രക്രിയയെ ആഴത്തിലാക്കുകയും, വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, താഴെത്തട്ടിലുള്ള ശാക്തീകരണം ഉറപ്പാക്കുകയും ചെയ്തു. ഇത് ജനകീയ സാമ്പത്തിക വികസനത്തിന്റെ മുൻനിര മാതൃകയായി കുടുംബശ്രീയെ മാറ്റിയിരിക്കുന്നു.

**സൂക്ഷ്മ സംരംഭങ്ങൾ:** കൗൺസിലിംഗ്, നൈപുണ്യ പരിശീലനം, വിപണന സഹായം, തുടർച്ചയായ മെന്ററിംഗ് എന്നിവ നൽകിക്കൊണ്ട് സമഗ്രമായ സംരംഭ വികസനത്തിലൂടെ കുടുംബശ്രീ ഉപജീവന സുരക്ഷ ശക്തിപ്പെടുത്തുന്നു. നിലവിൽ 342,802 അംഗങ്ങളോടെ സൂക്ഷ്മ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 1,24,909 വ്യക്തിഗത സംരംഭങ്ങളും 53,955 ഗ്രൂപ്പ് സംരംഭങ്ങളും ഉൾപ്പെടുന്നു. ഉൽപ്പാദന മേഖലയിൽ 78,324 യൂണിറ്റുകളും സേവന മേഖലയിൽ 54,339 യൂണിറ്റുകളും വ്യാപാര മേഖലയിൽ 46,741 യൂണിറ്റുകളും ആയി ഇവ പ്രവർത്തിക്കുന്നു. 2016-17 മുതൽ 2025-26 വരെ (ഓഗസ്റ്റ് 31 വരെ) കാലയളവിൽ കുടുംബശ്രീയുടെ കീഴിലുള്ള മൈക്രോ എന്റർപ്രൈസുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 12.1.33**-ൽ നൽകിയിട്ടുണ്ട്. 2024–25 വർഷത്തിൽ, ഭക്ഷ്യ സംസ്കരണം, വസ്ത്രനിർമ്മാണം, കരകൗശല വസ്തുക്കൾ, സേവനങ്ങൾ, കാർഷികാധിഷ്ഠിത ഉൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിലായി 46,405 സംരംഭകർക്ക് തൊഴിൽ നൽകി. 34,421 പുതിയ സംരംഭങ്ങൾ ആരംഭിച്ചു. 2025-26 വർഷത്തിൽ (രണ്ടാം പാദം വരെ), 18,927 സംരംഭകർ ഉൾപ്പെട്ട 15,406 പുതിയ സൂക്ഷ്മ സംരംഭങ്ങൾക്ക് പിന്തുണ നൽകി. 2024–25 വർഷത്തിൽ രൂപീകരിച്ച മൈക്രോ എന്റർപ്രൈസുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **ചിത്രം 12.1.8**-ൽ താഴെ നൽകുന്നു.

പ്രധാനപ്പെട്ട വിവിധ പദ്ധതികളിലൂടെ കുടുംബശ്രീ സ്ത്രീശാക്തീകരണത്തിനും പൊതുക്ഷേമത്തിനും മുൻതൂക്കം നൽകുന്നു. ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങളും ഹരിത കർമ്മ സേനയും യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വികേന്ദ്രീകൃത മാലിന്യസംസ്കരണം ശക്തിപ്പെടുത്തുകയും

**ചിത്രം 12.1.8** 2024–25 വർഷത്തിൽ ആരംഭിച്ച ജില്ലാടിസ്ഥാനത്തിലുള്ള സൂക്ഷ്മ സംരംഭങ്ങളുടെ വിശദാംശങ്ങൾ (2024–25)




**അവലംബം:** കുടുംബശ്രീ

ചെയ്യുന്നു. സംസ്ഥാനത്തുടനീളം 206 ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങളും 36,000–ത്തിലധികം ഹരിത കർമ്മ സേന അംഗങ്ങളും പ്രവർത്തിക്കുന്നു. ആതിഥേയത്വ മേഖലയിൽ 723 ജനകീയ ഹോട്ടലുകൾ മിതമായ നിരക്കിൽ ഭക്ഷണം നൽകുമ്പോൾ, സ്ത്രീകൾ നയിക്കുന്ന 12 പ്രീമിയം കഫേകൾ പ്രൊഫഷണൽ രീതിയിലുള്ള ഭക്ഷണ സേവനങ്ങൾ ലഭ്യമാക്കുന്നു. വൺ സി.ഡി.എസ് വൺ എം.ഇ.സി, മൈക്രോ എന്റർപ്രൈസ് ഇൻഷുറൻസ്, ബിസിനസ് പിന്തുണയും ശേഷിവികസനവും നൽകുന്ന 31 എം.ഇ.ആർ. സികൾ എന്നിവ വഴി സാമ്പത്തിക ശാക്തീകരണം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തിയവർക്കായി പലിശരഹിത വായ്പകളും മാർഗനിർദേശങ്ങളും നൽകി സ്ഥിരതയുള്ള ഉപജീവനം പുനഃസ്ഥാപിക്കാൻ പേൾ പദ്ധതി പിന്തുണ നൽകിവരുന്നു.

**അമൃതം ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ പദ്ധതി:** സാമൂഹ്യനീതി വകുപ്പും യുഎൻഡബ്ല്യുഎഫ് പിയും സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന അമൃതം ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ പദ്ധതി, അംഗൻവാടികളിലൂടെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്കായി പോഷകസമൃദ്ധമായ ഭക്ഷണം ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിലൂടെ സൂക്ഷ്മപോഷകക്കുറവുകൾ പരിഹരിക്കുന്നു. ഇതിന്റെ ഭാഗമായി സ്ത്രീകൾ നടത്തുന്ന 242 യൂണിറ്റുകൾ നവീകരിക്കുകയും, 1,680 സംരംഭകർക്ക് ഫോർട്ടിഫിക്കേഷൻ, ശുചിത്വം, ഗുണനിലവാര മാനദണ്ഡങ്ങൾ എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തു. കുട്ടികളുടെ പോഷണം മെച്ചപ്പെടുത്തുന്നതിനൊപ്പം സ്ത്രീകൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പാക്കി അവരെ ശാക്തീകരിക്കാനും ഈ പദ്ധതി സഹായിക്കുന്നു.

***പ്രത്യാശ പദ്ധതി:*** പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളെ സാമ്പത്തിക സഹായം, നൈപുണ്യ പരിശീലനം, സംരംഭകത്വ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയിലൂടെ കുടുംബശ്രീ പദ്ധതിയായ 'പ്രത്യാശ' ശാക്തീകരിക്കുന്നു. 2024–25 കാലയളവിൽ ഈ പദ്ധതിയിലൂടെ 2,046 സംരംഭങ്ങൾ സ്ഥാപിച്ചു. 2025-26 വർഷത്തിൽ 374 സംരംഭകർ ഉൾപ്പെട്ട 308 പുതിയ സംരംഭങ്ങൾ കൂടി ആരംഭിച്ചു. സ്ത്രീകളുടെ നേതൃത്വത്തിലുള്ള

സുസ്ഥിരമായ ഉപജീവനമാർഗങ്ങളും സാമൂഹിക ഉൾച്ചേർക്കലും പ്രോത്സാഹിപ്പിക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

***തീരദേശ സൂക്ഷ്മ സംരംഭങ്ങൾ:*** കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതിയാണ് 'തീരദേശ സൂക്ഷ്മ സംരംഭ പദ്ധതി' തീരദേശ മേഖലയിലെ സ്ത്രീകൾക്ക് സാമ്പത്തിക സഹായം, നൈപുണ്യ വികസനം, വിപണന സൗകര്യം എന്നിവ ലഭ്യമാക്കും. 2024–25 കാലയളവിൽ ഈ പദ്ധതിയിലൂടെ 1,283 സംരംഭങ്ങൾ സ്ഥാപിച്ചു. 2025 ഓഗസ്റ്റ് 31 വരെ 661 സംരംഭകർ ഉൾപ്പെട്ട 482 പുതിയ സംരംഭങ്ങൾ ആരംഭിച്ചു, മത്സ്യബന്ധനം, കരകൗശലവസ്തുക്കൾ, വ്യാപാരം, സേവന മേഖല എന്നിവയിൽ സുസ്ഥിരമായ ഉപജീവനമാർഗങ്ങൾ വളർത്തിയെടുക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

***ഷീ-സ്റ്റാർട്ട്സ് – ഓക്സിലറി ഗ്രൂപ്പ് എന്റർപ്രൈസസ്:*** കുടുംബശ്രീയുടെ പദ്ധതിയാണ് 'ഷീ സ്റ്റാർട്ട്സ്' പരിശീലനം, സാമ്പത്തിക സഹായം, മാർഗനിർദ്ദേശം എന്നിവ നൽകിക്കൊണ്ട് സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നു. 2024–25 കാലയളവിൽ 578 സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ ആരംഭിച്ചു. 2025–26 വർഷത്തിൽ (ഓഗസ്റ്റ് 31 വരെ), ഭക്ഷ്യസംസ്കരണം, കരകൗശലവസ്തുക്കൾ, റീട്ടെയിൽ, സേവന മേഖല തുടങ്ങി വിവിധ മേഖലകളിൽ 239 സ്ത്രീകൾ ഉൾപ്പെട്ട 161 പുതിയ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. സുസ്ഥിരമായ ഉപജീവനമാർഗങ്ങളും എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയും ഉറപ്പാക്കാൻ ഈ സംരംഭം സഹായിക്കുന്നു.

***പിഎംഎഫ്എംഇ (സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളെ ഔപചാരികവൽക്കരിക്കുന്നതിനുള്ള പ്രധാനമന്ത്രിയുടെ പദ്ധതി):*** കേരളത്തിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പിഎംഎഫ്എംഇ പദ്ധതി, സീഡ് ക്യാപിറ്റൽ (Seed Capital), സബ്സിഡി, പരിശീലനം, സാങ്കേതിക സഹായം എന്നിവ നൽകിക്കൊണ്ട് സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകളുടെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനും പിന്തുണ നൽകുന്നു. ഇതുവരെ 1,533 സംരംഭങ്ങൾക്ക് 10.68 കോടി രൂപ സീഡ് ക്യാപിറ്റൽ ലഭിച്ചു. ആകെ 6,592 സംരംഭകർ ഉൾപ്പെടുന്ന 3,109 സംരംഭങ്ങൾക്ക് ഈ പദ്ധതിയിലൂടെ പിന്തുണ നൽകാൻ സാധിച്ചു. ഇത് ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ നേതൃത്വത്തിലുള്ള ബിസിനസ്സുകളെ ശക്തിപ്പെടുത്തി.

***കെ ഫോർ കെയർ – കേരളത്തിൽ ഒരു ശക്തമായ പരിചരണ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കൽ:*** കുടുംബശ്രീ ആരംഭിച്ച കെ ഫോർ കെയർ സംരംഭം, വയോജന പരിചരണം, ബേബി സിറ്റിംഗ്, ആരോഗ്യ സംരക്ഷണ സഹായം എന്നിവയിലൂടെ പരിചരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. തൊഴിൽ നൈപുണ്യത്തെ വിപണിയിലെ ആവശ്യകതയുമായി ബന്ധിപ്പിച്ചും സ്ത്രീകളെ ശാക്തീകരിച്ചും കേരളത്തിലെ കമ്മ്യൂണിറ്റി കെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടും 891 എക്സിക്യൂട്ടീവുകൾക്ക് പരിശീലനം നൽകുകയും അതിൽ 650 പേർക്ക് ജോലി ലഭ്യമാക്കുകയും ചെയ്തു.

**ഇൻകുബേഷൻ സെന്ററുകൾ:**
പുതിയ സംരംഭകർക്ക് ആവശ്യമായ പരിശീലനം, മാർഗനിർദ്ദേശം പിന്തുണ എന്നിവ നൽകുന്നതിനായി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകളെ ഇൻകുബേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 2024–25 കാലയളവിൽ ഇത്തരത്തിലുള്ള അഞ്ച് കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, വളർന്നുവരുന്ന സംരംഭകർക്കായി കൃത്യമായ ശേഷി വികസന പരിപാടികൾ വാഗ്ദാനം ചെയ്തുകൊണ്ട് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

***കുടുംബശ്രീ മാ കെയർ സെന്ററുകൾ:*** കുടുംബശ്രീയും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് 2025–26 വർഷത്തിൽ ആരംഭിച്ച മാ കെയർ സെന്ററുകൾ വനിതാ സംരംഭകർ നടത്തുന്ന സ്കൂൾ അധിഷ്ഠിത കിയോസ്കുകളാണ്. പോഷകഗുണമുള്ള ലഘുഭക്ഷണങ്ങൾ, പാനീയങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, സാനിറ്ററി ഉൽപ്പന്നങ്ങൾ എന്നിവയാണ് ഇവ ലഭ്യമാക്കുന്നത്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ തുടക്കം കുറിച്ച ഈ പദ്ധതി സംസ്ഥാനവ്യാപകമായി വിപുലീകരിക്കുകയും 2025 ഓഗസ്റ്റ് 31-നകം 368 കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു. സ്കൂൾ പരിസരത്ത് തന്നെ ആരോഗ്യകരവും ശുചിത്വവുമുള്ള ഉൽപ്പന്നങ്ങൾ ഉറപ്പാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ ക്ഷേമവും സ്ത്രീകളുടെ ഉപജീവനവും ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു.

**മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ:** വിവിധ തലങ്ങളിലുള്ള വ്യാപാര മേളകളിലും വൻകിട വിപണികളിലും സജീവമായി പങ്കെടുത്തുകൊണ്ട് കുടുംബശ്രീ തങ്ങളുടെ സൂക്ഷ്മ സംരംഭ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നത് തുടർന്നു. 2024–25 കാലയളവിൽ കുടുംബശ്രീ 189 വ്യാപാര മേളകളിൽ പങ്കെടുക്കുകയും, 2,455 പ്രതിമാസ ചന്തകൾ നടത്തുകയും ചെയ്തു. കൂടാതെ വിഷു, ഓണം, ക്രിസ്മസ് മേളകളും സരസ് മേളകളും സംഘടിപ്പിച്ചു. ഇതിലൂടെ ഉത്സവ വിപണികളിൽ നിന്ന് 34.52 കോടി രൂപയും സരസ് മേളകളിൽ നിന്ന് 17.25 കോടി രൂപയും വിറ്റുവരവ് നേടി. 2025–26 വർഷത്തിൽ (ഓഗസ്റ്റ് 31 വരെ), മിഷൻ 34 വ്യാപാര മേളകളും 213 പ്രതിമാസ ചന്തകളും 2,900-ലധികം ഉത്സവ വിപണികളും സംഘടിപ്പിച്ചു. ഇതിന് പുറമെ 1.22 ലക്ഷം ഓണസദ്യകളും 93,510 ഗിഫ്റ്റ് ഹാംപറുകളും വിതരണം ചെയ്തു. കോഴിക്കോട് നടന്ന സരസ് മേള 11 കോടി രൂപയുടെ വിറ്റുവരവ് നേടിയത് വിപണന മേഖലയിലെ സുസ്ഥിരമായ വളർച്ചയെ പ്രതിഫലിപ്പിക്കുന്നു. സംസ്ഥാനത്തുടനീളം സ്ഥിരമായ വിപണന കേന്ദ്രങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് കുടുംബശ്രീ അതിന്റെ വികേന്ദ്രീകൃത വിപണന ശൃംഖലയെ ശക്തിപ്പെടുത്തി. നാനോ മാർക്കറ്റുകൾ 380-ൽ നിന്ന് 431 യൂണിറ്റുകളായി വർദ്ധിക്കുകയും പ്രതിവർഷം 2 കോടിയിലധികം രൂപയുടെ വിറ്റുവരവ് നേടുകയും ചെയ്തു. എട്ട് ജില്ലകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ബസാറുകൾ ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ വിപണി ഉറപ്പാക്കുന്നു. മാർക്കറ്റിംഗ് കിയോസ്കുകൾ 136-ൽ നിന്ന് 147 ഔട്ട്ലെറ്റുകളായി ഉയർന്നു, ഇവയുടെ വാർഷിക വിൽപന 3 കോടി രൂപ കവിഞ്ഞു. കൂടാതെ, മാർക്കറ്റിംഗ് ഔട്ട്ലെറ്റുകളുടെ എണ്ണം 75-ൽ നിന്ന് 79 ആയി വർദ്ധിച്ചു.

ഇതോടൊപ്പം 11 പിങ്ക് കഫേകളുടെ പ്രവർത്തനം സ്ത്രീ സംരംഭകർക്ക് കൂടുതൽ വിപണി സാന്നിധ്യവും ഉപജീവന അവസരങ്ങളും നൽകുന്നു.

വീട്ടുപടിക്കൽ ഉൽപ്പന്നങ്ങൾ എത്തിക്കുന്ന 'ഹോം ഷോപ്പ്' വിപണന ശൃംഖല ഇപ്പോൾ 14 ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 7,021 ഹോം ഷോപ്പർമാരും 51 അംഗ മാനേജ്മെന്റ് ടീമും ജോലി ചെയ്യുന്നു. 2024–25 കാലയളവിൽ 19.64 കോടി രൂപയും, 2025 ഓഗസ്റ്റ് 31 വരെ (2025–26 വർഷത്തിൽ) 6.5 കോടി രൂപയും വിറ്റുവരവ് നേടിയ ഈ സംവിധാനം കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിതരണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നു.ഔദ്യോഗിക ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ 'പോക്കറ്റ്മാർട്ട്' വഴി കുടുംബശ്രീ ഡിജിറ്റൽ വിപണന പ്രവർത്തനങ്ങൾ വിപുലീകരിച്ചു. 1,459 സംരംഭക ഗ്രൂപ്പുകളെയും 1,500-ലധികം ഉൽപ്പന്നങ്ങളെയും ഉൾപ്പെടുത്തിയ ഈ പ്ലാറ്റ്ഫോം 2025-ലെ ഓണം സീസണിൽ മാത്രം 49.00 ലക്ഷം രൂപയുടെ വിൽപ്പന രേഖപ്പെടുത്തി. കൂടാതെ, ഓൺലൈൻ വിപണിയിലെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായി ആമസോൺ, ഫ്ലിപ്കാർട്ട്, മീഷോ, ഒ.എൻ.ഡി.സി എന്നിവയിൽ ഉൽപ്പന്നങ്ങൾ ലിസ്റ്റ് ചെയ്തു. ഭക്ഷണം, കൈത്തറി, കരകൗശലവസ്തുക്കൾ, പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ എന്നീ മേഖലകളിൽ ബ്രാൻഡിംഗും ഡിജിറ്റൽ സൗകര്യങ്ങളും ലഭ്യമാക്കി ദേശീയ തലത്തിൽ വിപണി കണ്ടെത്താൻ മിഷൻ മുൻകൈയെടുത്തു. ഇതിനൊപ്പം, ന്യൂഡൽഹിയിലെ ഇന്ത്യ ഗേറ്റിന് സമീപം ആരംഭിച്ച കുടുംബശ്രീ ഫുഡ് കിയോസ്ക് കേരളീയ വിഭവങ്ങളും സ്ത്രീ സംരംഭകത്വവും ഒരു പ്രമുഖ ദേശീയ പ്ലാറ്റ്ഫോമിൽ പ്രദർശിപ്പിക്കാൻ സഹായിച്ചു.

**സാമൂഹിക വികസനം:** കുടുംബശ്രീയുടെ സാമൂഹിക വികസന പദ്ധതികൾ കുട്ടികൾ, ഗോത്രസമൂഹങ്ങൾ, വയോധികർ, ഭിന്നശേഷിക്കാർ എന്നിവരടങ്ങുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ സമഗ്രമായ ഉന്നമനത്തിന് പിന്തുണ നൽകുന്നു. അതിദരിദ്രരായ 4,341 കുടുംബങ്ങളെ സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിച്ച 'ഉജ്ജീവനം', ബാലസഭയിലെ കുട്ടികളിലൂടെ മാലിന്യ സംസ്കരണ അവബോധം പ്രോത്സാഹിപ്പിക്കുന്ന 'ശുചിത്വോത്സവം', ഗോത്രവർഗ്ഗ കുട്ടികൾക്കിടയിൽ ദുരന്തനിവാരണ ബോധവൽക്കരണം ശക്തമാക്കിയ 'സജ്ജം', അൻപതിനായിരത്തിലധികം കുട്ടികളിൽ സർഗ്ഗാത്മകവും സംരംഭകത്വപരവുമായ കഴിവുകൾ വളർത്തിയ 'മൈൻഡ് ബ്ലോവേഴ്സ്' എന്നിവ ഇതിലെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഈ പദ്ധതികളെല്ലാം ചേർന്ന് കേരളത്തിലുടനീളം സാമൂഹിക ഉൾച്ചേർക്കൽ, ശാക്തീകരണം, സുസ്ഥിരമായ കമ്മ്യൂണിറ്റി വികസനം എന്നിവ ഉറപ്പാക്കുന്നു.

**അഗതി രഹിത കേരളം:** തദ്ദേശതലത്തിലുള്ള ആവശ്യങ്ങൾ വിലയിരുത്തി പ്രോജക്ട് അടിസ്ഥാനത്തിലുള്ള പിന്തുണയിലൂടെ തിരിച്ചറിയപ്പെട്ട നിരാലംബരായ വ്യക്തികളുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിടുന്ന പദ്ധതിയാണ് അഗതിരഹിത കേരളം പദ്ധതി. ഇതിനായി കുടുംബശ്രീ ഒരു 'ചലഞ്ച് ഫണ്ട്' നൽകുന്നു. പദ്ധതി ചെലവിന്റെ 40 ശതമാനമാണ് (പൊതു പ്രോജക്റ്റുകൾക്ക് 40 ലക്ഷം രൂപ വരെയും എസ്.ടി പ്രോജക്റ്റുകൾക്ക് 50 ലക്ഷം രൂപ വരെയും) ഇത്തരത്തിൽ നൽകുന്നത്. തുകയുടെ വിനിയോഗം അനുസരിച്ച് മൂന്ന് ഗഡുക്കളായാണ് ഇത് അനുവദിക്കുന്നത്.ഇതുവരെയുള്ള കണക്കുകൾ പ്രകാരം 1,034 പൊതു പ്രോജക്റ്റുകൾക്കും 170 ഗോത്രവർഗ്ഗ പ്രോജക്റ്റുകൾക്കും ഫണ്ട് അനുവദിച്ച് അനുവദിച്ചിട്ടുണ്ട്. 2024-25 കാലയളവിൽ ഭക്ഷണം, മരുന്ന്, വിദ്യാഭ്യാസം എന്നിവയുൾപ്പെടെയുള്ള അത്യാവശ്യ സേവനങ്ങൾക്കായി 5.09 കോടി രൂപ കുടുംബശ്രീ ചലഞ്ച് ഫണ്ടായി വിതരണം ചെയ്തു.സംസ്ഥാനത്തെ ദാരിദ്ര്യ ലഘൂകരണത്തിൽ ഈ പദ്ധതി നിർണ്ണായക പങ്ക് വഹിക്കുന്നു.

**ബഡ്സ് സ്ഥാപനം:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ബഡ്സ് സ്ഥാപനങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെയാണ് നിരീക്ഷിക്കുന്നത്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിൽ ആകെ 405 ബഡ്സ് സ്ഥാപനങ്ങളാണുള്ളത്. ഇതിൽ 187 ബഡ്സ് സ്കൂളുകളും 218 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളും ഉൾപ്പെടുന്നു. ഇവയിലൂടെ ആകെ 15,718 കുട്ടികൾക്ക് പിന്തുണ ലഭിക്കുന്നു.പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്ക് ഗുണമേന്മയുള്ള പരിചരണവും നൈപുണ്യ വികസനവും ഉറപ്പാക്കുന്നതിനായി, 2024–25 വർഷത്തിൽ ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകർക്കും ആയാമാർക്കും കുടുംബശ്രീ പ്രത്യേക പരിശീലനം നൽകി. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കുടുംബശ്രീ 'ബഡ്സ്ഫെസ്റ്റ്' സംഘടിപ്പിക്കുന്നു. കൂടാതെ, അവരുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2024-25 വർഷത്തിൽ കുടുംബശ്രീ 'ബഡ്സ് ഒളിമ്പിയ'ക്കും തുടക്കം കുറിച്ചു.

ബഡ്സിലെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും കൗമാരക്കാരായതിനാൽ, അവരുടെ സാമൂഹിക ജീവിത നൈപുണ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശേഷി വികസന പരിശീലനങ്ങൾ കുടുംബശ്രീ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള 131 വയോധികർക്ക് സാമ്പത്തിക സഹായം നൽകി. ഭിന്നശേഷിക്കാർക്കായി പ്രത്യേക സംരംഭകത്വ പിന്തുണയും പരിശീലനവും നൽകുന്നതിലൂടെ അവരുടെ ഉപജീവന അവസരങ്ങളെ കുടുംബശ്രീ പ്രോത്സാഹിപ്പിക്കുന്നു. 2024-25 കാലയളവിൽ സംസ്ഥാനത്തുടനീളമുള്ള 97 ഗുണഭോക്താക്കൾക്ക് ഇതിനായി സാമ്പത്തിക സഹായം നൽകി.

**ആദിവാസി മേഖലകളിലെ പ്രവർത്തനങ്ങൾ:** കുടുംബശ്രീയുടെ ആദിവാസി മേഖലയിലെ ഇടപെടലുകളിലൂടെ ഗോത്രവർഗ്ഗ അംഗങ്ങളെ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിൽ 96.8 ശതമാനം നേട്ടം കൈവരിക്കാൻ സാധിച്ചു. പദ്ധതികൾ ഊരുകളിൽ എത്തുന്നുവെന്ന് ഉറപ്പാക്കുന്ന കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെയും ആനിമേറ്റർമാരുടെയും സഹായത്തോടെയാണ് ഇത് സാധ്യമായത്. ഗോത്രവിഭാഗങ്ങളുടെ വികസന

പ്രവർത്തനങ്ങൾക്ക് സുസ്ഥിരമായ ഒരു അടിത്തറ പാകുക എന്നതാണ് ഈ ഇടപെടലുകളുടെ പ്രധാന ലക്ഷ്യം. പഠനപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനും സ്കൂളുകളിൽ കൃത്യമായ ഹാജർ ഉറപ്പാക്കുന്നതിനുമായി 'ബ്രിഡ്ജ് കോഴ്സ്' വഴി വിദ്യാഭ്യാസ പിന്തുണ നൽകുന്നു. 2024-25 കാലയളവിൽ 111 സ്വയംപര്യാപ്ത അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും 64 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയും ചെയ്തു. ഈ അയൽക്കൂട്ടങ്ങൾ 316 ആട് വളർത്തൽ യൂണിറ്റുകളും 167 വീട്ടുമുറ്റത്തെ കോഴി വളർത്തൽ യൂണിറ്റുകളും ആരംഭിച്ചു.കാർഷിക പ്രവർത്തനങ്ങൾക്കായി 122 പുതിയ ഗോത്രവർഗ്ഗ ജെ.എൽ.ജി ഗ്രൂപ്പുകൾ രൂപീകരിച്ചത് ഈ മേഖലയിലെ വലിയൊരു നേട്ടമാണ്. അതുപോലെ, ഗോത്ര കുടുംബങ്ങൾ 28 ഗ്രൂപ്പ് സംരംഭങ്ങളും 80 വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങളും പുതുതായി ആരംഭിച്ചു. ഇവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കുടുംബശ്രീ ബസാറിലൂടെ വിപണനം ചെയ്യുന്നു. കൂടാതെ, ഒരു ജെഎൽജിക്ക് 4,000 രൂപ വീതം വിതരണം ചെയ്യുന്നതിലൂടെ 94 ആദിവാസി ജെഎൽജികളെ പിന്തുണയ്ക്കുന്നു. 2024-25 വർഷത്തിൽ 20 അയൽക്കൂട്ടങ്ങൾക്ക് സ്റ്റാർട്ട്-അപ്പ് പ്രവർത്തനങ്ങൾക്കായി പിന്തുണ നൽകുകയും 17 ട്രൈബൽ യൂത്ത് ക്ലബ്ബുകൾ ആരംഭിക്കുകയും ചെയ്തു.

**ലിംഗാധിഷ്ഠിത ഇടപെടലുകൾ:** സംസ്ഥാനത്തിന്റെ വികസന പദ്ധതികളിൽ ഊന്നൽ നൽകുന്ന ലിംഗസമത്വത്തോടുള്ള പ്രതിബദ്ധതയും സ്ത്രീ ശാക്തീകരണവും അടിസ്ഥാനമാക്കി, ബോധവൽക്കരണം, സാമൂഹ്യ ബോധവത്കരണം, അക്രമ പ്രതിരോധം, വിവിധ വകുപ്പുകളുമായുള്ള ശക്തമായ ഏകോപനം എന്നിവയിലൂടെ കുടുംബശ്രീ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 2024-ലെ പ്രധാന പ്രവർത്തനങ്ങളിൽ വിപുലമായ ശേഷി വികസനം, 17 മോഡ്യൂളുകളിലൂടെ 'ജെൻഡർ പോയിന്റ് പേഴ്സൺ'മാർക്കുള്ള പരിശീലനം, ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികളുടെ ശക്തിപ്പെടുത്തൽ കൂടാതെ, രംഗശ്രീ നാടക ഗ്രൂപ്പുകളിലൂടെയും 19,284 വിജിലന്റ് ഗ്രൂപ്പുകളിലൂടെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. 'നയീ ചേതന' കാമ്പെയ്ൻ, 'ധീരം' സ്വയം പ്രതിരോധ പരിശീലന പരിപാടി, സംസ്ഥാന ജെൻഡർ റിസോഴ്സ് സെന്റർ സ്ഥാപിക്കൽ, 84 സി.ഡി.എസുകളിൽ നടപ്പിലാക്കിയ ക്രൈം മാപ്പിംഗ്, ജെൻഡർ സ്വയം പഠന പ്രക്രിയ തുടങ്ങിയ സുപ്രധാന പദ്ധതികൾ സംസ്ഥാനത്തുടനീളം ശക്തമായ സമൂഹാധിഷ്ഠിത ലിംഗ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ സഹായിച്ചു.

2024-25 കാലയളവിൽ കേരളത്തിലുടനീളം സജീവമായി പ്രവർത്തിച്ച സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ, 1,692 സ്ത്രീകൾക്കും കുട്ടികൾക്കും താൽക്കാലിക അഭയം നൽകുകയും കൗൺസിലിംഗ്, നിയമസഹായം, പുനരധിവാസം എന്നിവയിലൂടെ 6,605 കേസുകൾ കൈകാര്യം ചെയ്യുകയും ചെയ്തു. 2025 ഓഗസ്റ്റ് ആയപ്പോഴേക്കും, ഹെൽപ്പ് ഡെസ്കുകളും പുതുതായി ആരംഭിച്ച 84 പോലീസ് എക്സ്റ്റൻഷൻ സെന്ററുകളും ചേർന്ന് 2,673 കേസുകൾ കൈകാര്യം ചെയ്യുകയും അടിയന്തര മാനസിക പിന്തുണ ലഭ്യമാക്കുകയും ചെയ്തു. സംസ്ഥാനത്ത് നിലവിൽ 888 ജെൻഡർ റിസോഴ്സ് സെന്ററുകൾ 19,370 വിജിലന്റ് ഗ്രൂപ്പുകളുടെയും 476 കമ്മ്യൂണിറ്റി കൗൺസിലർമാരുടെയും പിന്തുണയുമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഒരു സ്റ്റേറ്റ് ജെൻഡർ റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും 28 പഞ്ചായത്തുകളിൽ 'ക്രൈം മാപ്പിംഗ്' നടത്തുന്നതിനുള്ള പ്രവർത്തങ്ങൾ പുരോഗമിച്ചുവരുന്നു. എഫ്എൻഎച്ച്ഡബ്ല്യു മേഖലയിൽ വിഭവസമാഹരണം ശക്തിപ്പെടുത്തുകയും മെഡിക്കൽ ക്യാമ്പുകൾ, ഫുഡ് ഫെസ്റ്റിവലുകൾ, യോഗ പരിപാടികൾ, പോഷകാഹാര ബോധവൽക്കരണം എന്നിവയുൾപ്പെടെ വിപുലമായ ശേഷി വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഹാപ്പി കേരളം പദ്ധതി 154 ഗ്രാമീണ മോഡൽ സി.ഡി.എസുകളിലേക്കും 14 നഗര സി.ഡി.എസുകളിലേക്കും വ്യാപിപ്പിച്ചു. ഇതിന്റെ ഭാഗമായി 154 'ഇടങ്ങൾ' രൂപീകരിക്കുകയും കുടുംബ മൈക്രോ പ്ലാനുകൾ പൂർത്തിയാക്കുകയും കുടുംബങ്ങളുടെ ക്ഷേമം വിലയിരുത്തുന്നതിനായി 'ഹാപ്പിനസ് ഇൻഡക്സ്' സർവ്വേ നടത്തുകയും ചെയ്തു.

**മറ്റ് സംഘടനകളുമായുള്ള സംയോജനം:** കുടുംബശ്രീ അംഗങ്ങൾക്ക് പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കില , കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് , മോട്ടോർ വാഹന വകുപ്പ്, സാമൂഹിക നീതി വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, വാട്ടർ അതോറിറ്റി, സപ്ലൈകോ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും ചേർന്ന് കുടുംബശ്രീ പ്രവർത്തിക്കുന്നു.

**അടിയന്തരഘട്ട പ്രതികരണം:** വയനാട്ടിലെ ദുരന്ത ബാധിത സമൂഹങ്ങളെ പിന്തുണയ്ക്കുന്നതിനായി കുടുംബശ്രീ സുപ്രധാനമായ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി. 'ഞങ്ങൾ കൂടെയുണ്ട് എന്ന കാമ്പെയ്നിലൂടെ അയൽക്കൂട്ടങ്ങളും ഓക്സിലറി ഗ്രൂപ്പുകളും ചേർന്ന് രണ്ട് ദിവസത്തിനുള്ളിൽ 20.5 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ചു.അതിജീവനത്തിന് ഒരു കൈത്താങ്ങ് (അതിജീവനത്തിനുള്ള പിന്തുണ) പരിപാടിയുടെ കീഴിൽ, മാനസികാരോഗ്യ പിന്തുണ, കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ, മാനസിക പരിചരണം ആവശ്യമുള്ള വ്യക്തികൾക്ക് റഫറലുകൾ എന്നിവ നൽകുന്നതിനായി ദുരിതാശ്വാസ ക്യാമ്പുകളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. 'കമ്മ്യൂണിറ്റി മെന്ററിംഗ് പ്രോഗ്രാമി'ലൂടെ പരിശീലനം ലഭിച്ച 20 മെന്റർമാരെ ദുരന്തബാധിത കുടുംബങ്ങൾക്ക് വ്യക്തിഗത പുനരധിവാസ പിന്തുണ നൽകാനായി നിയോഗിച്ചു. ഏകദേശം 100 കുടുംബശ്രീ പ്രവർത്തകർ ദുരിതാശ്വാസ ക്യാമ്പുകളിലെ ഭക്ഷണ തയ്യാറാക്കലിലും വിതരണത്തിലും പങ്കു വഹിച്ചു. കൂടാതെ, ഓരോ ബാധിത കുടുംബത്തിന്റെയും തിരിച്ചുവരവിനും ഉപജീവന മാർഗങ്ങൾ വീണ്ടെടുക്കുന്നതിനുമായി പ്രത്യേക മൈക്രോ പ്ലാനുകൾ തയ്യാറാക്കി. അടിയന്തര സഹായവും ദീർഘകാല പുനരധിവാസവും ഒരുപോലെ ഉറപ്പാക്കുന്ന കുടുംബശ്രീയുടെ സമഗ്രമായ സമീപനമാണ് ഈ ഇടപെടലുകൾ പ്രതിഫലിപ്പിക്കുന്നത്.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് – എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം :** റീബിൽഡ്കേരള ഇനിഷ്യേറ്റീവ്–എന്റർപ്രണർഷിപ്പ്ഡെവലപ്മെന്റ്പ്രോഗ്രാം എന്ന പേരിൽ കുടുംബശ്രീ സമർപ്പിച്ച എസ്സ്.വി.ഇ.പി മോഡൽ പദ്ധതിക്ക് കേരള സർക്കാർ അംഗീകാരം നൽകി. പാവപ്പെട്ടവർക്കായി കൃഷി, കൃഷി അനുബന്ധ മേഖലകൾ, കൃഷി ഇതര ഉപജീവന മാർഗങ്ങൾ എന്നിവ വികസിപ്പിക്കാനും നിലനിർത്താനും സഹായിക്കുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. എട്ട് ജില്ലകളിലായി 14 ബ്ലോക്കുകളെ ലക്ഷ്യമിട്ട് ഈ പദ്ധതിയിലൂടെ 16,800 സംരംഭങ്ങൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. വളർന്നുവരുന്ന സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും നൽകുന്നതിനായി 200–ലധികം മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർക്ക് പരിശീലനം നൽകി. 2025 ജൂൺ 30–നകം, പ്രാരംഭ ലക്ഷ്യത്തെ മറികടന്നുകൊണ്ട് 21,549 സംരംഭങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിൽ സംസ്ഥാന പിന്തുണയുള്ള പദ്ധതികൾ വൈവിധ്യപൂർണ്ണമാണെന്നും ഒന്നിലധികം വികസന മുൻഗണനകളെ അഭിസംബോധന ചെയ്യുന്നുണ്ടെന്നും അവലോകനം കാണിക്കുന്നു. സംസ്ഥാനത്തിന്റെ വികേന്ദ്രീകൃത തദ്ദേശ ഭരണ സംവിധാനം കേന്ദ്രീകൃത പദ്ധതികളുടെ അടിസ്ഥാന തലത്തിൽ ഫലപ്രദമായ സംയോജനം സാധ്യമാക്കുകയും, ഗണ്യമായ സംയുക്ത ഫലങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

# ശബ്ദാവലി

## അടിസ്ഥാന വില
ഒരു ഉൽപാദകന് അയാളുടെ ഉൽപാദനത്തിന്റെയോ വിൽപ്പനയുടെയോ ഫലമായി തന്റെ ഉല്പന്നത്തിന്റെ ഒരു യൂണിറ്റിന് (സാധനത്തിന്റെയോ സേവനത്തിന്റെയോ) വാങ്ങുന്ന ആളിൽ നിന്നും ലഭ്യമാക്കുന്ന തുകയിൽ നിന്നും അടക്കേണ്ട നികുതികൾ കിഴിച്ചും , ലഭിക്കേണ്ട സബ്സിഡികൾ സംയോജിപ്പിച്ചും ഉള്ളതാണ് അടിസ്ഥാന വില. ഉൽപാദകൻ പ്രത്യേകമായി വരുത്തുന്ന ഗതാഗത ചെലവുകൾ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു

## കാഷ്വൽ ലേബർ
മറ്റുള്ളവരുടെ കൃഷി അല്ലെങ്കിൽ കൃഷി ഇതര സംരംഭങ്ങളിൽ (ഗാർഹിക, ഗാർഹിക-ഇതര)ഏർപ്പെട്ടിരിക്കുന്ന ഒരാൾക്ക് അതിലൂടെ ദിവസ അടിസ്ഥാനത്തിൽ അല്ലെങ്കിൽ നിശ്ചിത ഇടവേളകളിലോ തൊഴിൽ കരാറിന്റെ നിബന്ധനകൾക്കനുസൃതമായി വേതനം ലഭിച്ചു എങ്കിൽ, ഇത് ഒരു കാഷ്വൽ ലേബർ ആയി കണക്കാക്കപ്പെടുന്നു.

## നിലവിലെ ദൈനംദിന പ്രവർത്തന നില
(സി.ഡി.എസ്):റഫറൻസ് ആഴ്ചയിലെ ഓരോ ദിവസവും ഓരോ വ്യക്തിയുടെയും മുൻഗണനയും പ്രധാന പ്രവർത്തന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്ന പ്രവർത്തന നിലയുടെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തിയുടെ നിലവിലെ ദൈനംദിന പ്രവർത്തന നില (സി.ഡി.എസ്) നിർണ്ണയിക്കുന്നത്.

## ഉപഭോക്തൃവില സൂചിക (സിപിഐ)
ഒരു നിശ്ചിത കാലയളവിനുള്ളിൽ നിശ്ചിത ഇനങ്ങളിൽപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും ചില്ലറ വില്പന വിലയിൽ ഉണ്ടാകുന്ന വ്യതിയാനമാണ് ഉപഭോക്തൃവില സൂചിക സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്തെ, പ്രത്യേകം നിർദ്ദേശിക്കപ്പെട്ട ജനങ്ങളുടെ സംഘങ്ങളിൽ നിന്നും ഒരു ശരാശരി കുടുംബം ഒരു നിശ്ചിത കാലയളവിൽ ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്.

## നിലവിലെ പ്രതിവാര നില (സി.ഡബ്ല്യു.എസ്)
സർവേ തീയതിക്ക് മുമ്പുള്ള ഏഴു ദിവസത്തെ കാലയളവിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന പ്രവർത്തന നിലയെയാണ് ഒരു വ്യക്തിയുടെ നിലവിലെ പ്രതിവാര പ്രവർത്തന നില (സി.ഡബ്ല്യു.എസ്) എന്ന് കണക്കാക്കപ്പെടുന്നത്. ഒരു നിശ്ചിത മുൻഗണനാക്രമവും പ്രധാന സമയവും മാനദണ്ഡമാക്കി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിക്കുന്നത്. മുൻഗണനാ മാനദണ്ഡമനുസരിച്ച്, ജോലി ചെയ്യുന്ന നിലയ്ക്ക്, ജോലി ചെയ്യുന്നില്ല, പക്ഷെ ജോലി അന്വേഷിക്കുന്നു അല്ലെങ്കിൽ ജോലി ലഭ്യമാണ് എന്ന നിലയേക്കാൾ മുൻഗണന ലഭിക്കുന്നു, ഇത് ജോലി ചെയ്യുന്നില്ല അല്ലെങ്കിൽ ജോലി ലഭ്യമല്ല എന്ന നിലയെക്കാൾ മുൻഗണന നൽകുന്നു.

## ജനസാന്ദ്രത
ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ മനസ്സിലാക്കുന്ന സൂചകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജനസാന്ദ്രത. ഒരു ചതുരശ്ര കിലോമീറ്ററിൽ അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസാന്ദ്രത എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. വാർഡ്, ടൗൺ, ജില്ല, സംസ്ഥാനം എന്നിവയാണ് ഇതിന്റെ ഭൂമിശാസ്ത്രപരമായ യൂണിറ്റ്.

## മൊത്തം ദേശീയ വരുമാനം (ജിഎൻ.ഐ)
മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു നിർമ്മാണത്തിനും ഇറക്കമതിക്കുമുള്ള നികുതികളും തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരവും മറ്റു രാജ്യങ്ങൾക്കു നൽകേണ്ട ആസ്തി വരുമാനവും കുറവ് ചെയ്തതിനു ശേഷം മറ്റു രാജ്യങ്ങളിൽ നിന്ന് ലഭിക്കേണ്ട വരുമാനം കൂട്ടിച്ചേർത്താൽ ലഭിക്കുന്ന സംഖ്യയാണ് മൊത്തം ദേശീയ വരുമാനം. മറ്റൊരു രീതിയിൽ പറഞ്ഞാൽ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ നിന്നു പ്രവാസി യൂണിറ്റുകൾക്ക് നൽകേണ്ട പ്രാഥമിക വരുമാനം കിഴിവ് ചെയ്ത് പ്രവാസി യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന പ്രാഥമിക വരുമാനം കൂട്ടിച്ചേർക്കുമ്പോൾ ലഭിക്കുന്നതാണ് മൊത്തം ദേശീയ വരുമാനം. ഇത് കണക്കാക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം എല്ലാ മേഖലയിലെയും മൊത്തം പ്രാഥമിക വരുമാനത്തിന്റെ ആകെ മൂല്യം കണക്കാക്കി നിശ്ചയിക്കുക എന്നതാണ്. (മൊത്തം ദേശീയ വരുമാനം മുമ്പ് ദേശീയ കണക്കുകളിൽ ഉപയോഗിച്ചിരുന്ന മൊത്തം ദേശീയ ഉൽപ്പന്നത്തിന് (ജിഎൻപി) സമാനമാണെന്ന് ശ്രദ്ധിക്കുക)

## മൊത്തം സംയോജിത മൂല്യം (ജി.വി.എ.)
സമ്പദ് വ്യവസ്ഥയിലെ ഒരു പ്രദേശത്തോ, വ്യവസായത്തിലോ ഒരു മേഖലയിലോ ഉല്പാദിപ്പിച്ച സാധനങ്ങളുടെയും സേവനങ്ങളുടെയും മൂല്യമാണ് സാമ്പത്തിക ശാസ്ത്രത്തിലെ മൊത്തം സംയോജിത മൂല്യം (ജി.വി.എ). ദേശീയ കണക്കിൽ ഉല്പന്നത്തിൽ നിന്ന് ഇന്റർമീഡിയറ്റ് ഉപഭോഗം കുറച്ചാണ് ജി.വി.എ കണക്കാക്കുന്നത്, ഇത് ദേശിയ കണക്കിലെ പ്രൊഡക്ഷൻ കണക്കുകളുടെ ബാലൻസിങ് ഇനമാണ്.

## അടിസ്ഥാന വിലയിലെ -മൊത്തം സംയോജിത മൂല്യം
അടിസ്ഥാന വിലയിൽ ഉല്പന്നത്തിന്റെ മൂല്യത്തിൽ നിന്ന് വാങ്ങുന്ന ആളിന്റെ വിലയിൽ ഇടക്കുള്ള ഉപഭോഗത്തിന്റെ മൂല്യം കുറച്ചതിനെ അടിസ്ഥാന വിലയിൽ മൊത്തം സംയോജിത മൂല്യം എന്ന് നിർവചിച്ചിരിക്കുന്നു. ഉല്പന്നത്തിന്റെ മൂല്യം കണക്കാക്കുന്ന വിലയാണ് ഇവിടെ ജി വി എ എന്ന് അറിയപ്പെടുന്നത്. ഉൽപാദകന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാൽ ഇൻപുട്ടുകൾ വാങ്ങുന്നവരുടെ വിലയും ഉൽപ്പന്നത്തിന്റെ അടിസ്ഥാന വിലയുമാണ് യഥാർത്ഥത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്ത വിലയെ പ്രതിനിധാനം ചെയ്യുന്നത്. അവയുടെ ഉപയോഗം മൊത്തം സംയോജിത മൂല്യം കണക്കാക്കുന്നതിലേയ്ക്ക് നയിക്കുകയും ആയത് പ്രത്യേകിച്ച് ഉൽപാദകന് സഹായകമാക്കുകയും ചെയ്യുന്നു.

## ശിശു മരണ നിരക്ക്
ഓരോ ആയിരം ശിശു ജനനത്തിലും ഉണ്ടാകുന്ന ശിശു മരണ (ഒരു ശിശുവിന്റെ ഒരു വയസു തികയുന്നതിനു മുൻപുള്ള മരണം) കണക്കിനെയാണ് ശിശു മരണ നിരക്ക് എന്ന് പറയുന്നത്.

## വാർധക്യ ആശ്രയ നിരക്ക്
60-നും അതിനുമുകളിലും പ്രായമുള്ളവരും 15 മുതൽ 59 പ്രായമുള്ളവരും തമ്മിലുള്ള അനുപാതമാണ് ആശ്രയ നിരക്ക്.

## സമത്വ സൂചിക
സമ്പത് വ്യവസ്ഥയിലെ വിലയുടെ അസ്ഥിരതകളുടെ പരിണത ഫലമായി കർഷകർക്ക് ഉണ്ടായ നേട്ടങ്ങളുടെയും നഷ്ടങ്ങളുടെയും ആനുപാതികമായ കണക്കാണ് സമത്വ സൂചിക.

## ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട്, 2012
ഈ ആക്ട് കുട്ടികൾക്ക് നേരെ ഉണ്ടാവുന്ന അധിക്ഷേപങ്ങളെക്കുറിച്ചു പ്രതിപാദിക്കുകയും ലൈംഗിക കയ്യേറ്റം, ലൈംഗിക പീഡനം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാനുള്ള രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## തൊഴിൽ ശക്തി
ഒന്നുകിൽ ജോലി ചെയ്യുന്ന (അല്ലെങ്കിൽ തൊഴിൽ ഉള്ള) അല്ലെങ്കിൽ തൊഴിൽ അന്വേഷിക്കുന്ന അല്ലെങ്കിൽ ജോലിയ്ക്കായി ലഭ്യമായ വ്യക്തികൾ (അല്ലെങ്കിൽ തൊഴിലില്ലാത്തവർ) തൊഴിൽ ശക്തിയായി കണക്കാക്കപ്പെടുന്നു.

## തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ.)
രാജ്യത്തെ ഒരു സമപ്രായത്തിൽപ്പെട്ട ജനസംഖ്യയും തൊഴിൽ ശക്തിയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക്.

## സാക്ഷരതാ നിരക്ക്
ആറു വയസിനും അതിന് മുകളിലും പ്രായമുള്ള ജനങ്ങളിൽ നിത്യ ജീവിതത്തിൽ ഉപയോഗിക്കേണ്ടി വരുന്ന ഭാഷയിൽ എഴുതാനും വായിക്കാനും, ചെറിയ ലളിതമായ സ്റ്റേറ്റ്മെന്റുകൾ മനസിലാക്കാനും കഴിയുന്നവരുടെ ശതമാനമാണ് സാക്ഷരതാ നിരക്ക്.

## ചില്ലറ വില്പന വില
ചില്ലറ വില്പന വിലയെന്നത് ഉപഭോക്താക്കൾ ഒരു സാധനം ചെറിയ അളവിൽ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന വിലയാണ്.

## മൊത്തവ്യാപാര വില സൂചിക (ഡബ്ല്യൂപിഐ)
ഇടപാടിന്റെ ആദ്യഘട്ട തലത്തിൽ ബൾക്ക് (മൊത്ത) വിൽപനയ്ക്കുള്ള ചരക്കുകളുടെ വിലയുടെ ശരാശരി മാറ്റങ്ങളെ അളക്കുന്നു.

## തൊഴിലാളി ജനസംഖ്യ നിരക്ക് (വർക്ക് പോപുലേഷൻ റേഷ്യോ, (ഡബ്ല്യൂപിആര്))
മൊത്ത ജനസംഖ്യയുടെ തൊഴിലിലേർപ്പെട്ട വ്യക്തികളുടെ ശതമാനമായി ഡബ്ല്യൂപിആർ നിർവചിക്കപ്പെടുന്നു

# ചുരുക്കെഴുത്തുകൾ

**എഎവൈ:**
അന്ത്യോദയ അന്ന യോജന

**എഡിബി:**
ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്

**എ.എച്ച്.ഐ.ഡി.എഫ്:**
അനിമൽ ഹസ്ബൻഡറി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

**എ.ഐ:**
ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ

**എ.ഐ.ഐ.ബി:**
ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്

**എ.കെ.സി:**
അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റേഴ്സ്

**അമുൽ:**
ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്

**അനെർട്ട് :**
ഏജൻസി ഫോർ
നോൺ–കണവെൻഷനൽ എനർജി ആന്റ് റൂറൽ ടെക്നോളജി

**എഎൻപി :**
അന്നപൂർണ്ണ സ്കീം

**ആപ്കോസ്:**
ആനന്ദ് പാറ്റേൺ കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ്

**എ.പി.ഇ.ഡി.എ:**
അഗ്രിക്കൾച്ചറൽ ആന്റ് പ്രോസ്സ്ഡ് ഫുഡ് പ്രോഡക്ട്സ്
എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി

**എപിഎൽ:**
എബൗ പോവർട്ടി ലൈൻ

**എആർഡി :**
ഓതറൈസ്ഡ് റീട്ടെൽ ഡിസ്ട്രിബ്യൂട്ടേഴ്സ്

**ആംസ്:**
അനിമൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം

**എ.എസ്.സി:**
അഗ്രോ സർവ്വീസ് സെന്റേഴ്സ്

**എ.എസ്.സി.എ.ഡി:**
അസിസ്റ്റന്റ്സ് ടു സ്റ്റേറ്റ്സ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസസ്

**ആസിയാൻ:**
അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ്

**ബി.എം.സി:**
ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ

**ബി.എം.ഡബ്ല്യു:**
ബയോമെഡിക്കൽ വേസ്റ്റ്

**ബി.ഒ.ഡി:**
ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ്

**ബി.ഒ.ക്യു.സി.എൽ:**
ബയോ ഫെർട്ടിലൈസർ ആന്റ് ഓർഗാനിക് മന്യുവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി

**ബി.പി.എൽ:**
ബിലോ പോവെർട്ടി ലൈൻ (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ)

**സി.എ.എ.ക്യു.എം.എസ്:**
കണ്ടിന്യുവസ് ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ്
സ്റ്റേഷനുകൾ

**സി.എ.ജി.ആർ:**
കോമ്പൗണ്ട് ആന്വൽ ഗ്രോത്ത് റേറ്റ്

**സി.എ.എം.പി.എ:**
കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ്
പ്ലാനിംഗ് അതോറിറ്റി

**സി.എ.പി.ഇ:**
കോ–ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ

**കാപെക്സ് :**
കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് കോ–ഓപ്പറേറ്റീവ്
സൊസൈറ്റി

**സി.ബി.ഡി:**
ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള കൺവെൻഷൻ

**സി.ബി.ഡബ്ല്യു.റ്റി.ഡി.എഫ്:**
കോമൺ ബയോമെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് ആൻഡ് ഡിസ്പോസൽ ഫെസിലിറ്റി

**സി–ഡാക്:**
സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ്

**സി.എച്ച്.സി:**
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**സി.എച്ച്.സി:**
കസ്റ്റം ഹയറിംഗ് സെന്റേഴ്സ്

**സി.എച്ച്.ഐ.എസ്:**
കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് സ്കീം

**കോട്പാ:**
സിഗരറ്റും മറ്റ് പുകയില ഉല്പന്നങ്ങളുടെയും നിയന്ത്രണം സംബന്ധിച്ച നിയമം

**സി.പി.സി:**
സെന്റർലൈസ്ഡ് പ്രോസസിംഗ് സെന്റർ

**സി.പി.സി:**
കോക്കോനട്ട് പ്രൊഡ്യൂസർ കമ്പനീസ്

**സി.പി.എഫ്:**
കോക്കോനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻസ്

**സി.പി.ഐ:**
കൺസ്യൂമർ പ്രൈസ് ഇൻഡക്സ്

**സി.പി.എസ്:**
കോക്കോനട്ട് പ്രൊഡ്യൂസർ സൊസൈറ്റീസ്

**സി.എസ്.ഒ:**
സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്

**സി.ഡബ്ല്യൂ.ആർ.ഡി.എം:**
സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ്

**സി.ഇസഡ്.എം.പി:**
തീരദേശപരിപാലന പദ്ധതി

**ഡി.സി.എസ്:**
ഡയറി കോ–ഓപ്പറേറ്റീവ് സൊസൈറ്റി

**ഡി.ഇ.എസ്:**
ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്

**ഡി.ഒ.ഇ.സി.സി:**
ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ച്

**ഡി.പി.എൽ:**
വികസന നയ വായ്പ

**ഡി.ആർ.എഫ്.ഐ:**
ഡിസാസ്റ്റർ റിസ്ക് ഫൈനാൻസിംഗ് ആൻഡ് ഇൻഷുറൻസ്

**ഇ.ഡി.സി:**
പരിസ്ഥിതി വികസന സമിതികൾ

**ഇ.ഇ.എ:**
യൂറോപ്യൻ എൻവയോൺമെന്റ് ഏജൻസി

**ഇ.ഇ.ഇസഡ്:**
എക്സ്ക്ലൂസീവ് ഇക്കോണമിക് സോൺ

**ഇ.പി.ഐ:**
പരിസ്ഥിതി പ്രകടന സൂചിക

**ഇ.റ്റി.എസ്:**
ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ

**ഇ–പോസ്:**
ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ

**ഇ ആർ എസ് എസ്:**
എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം

**എഫ്.എ.ഒ:**
ഫുഡ് ആന്റ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ

**എഫ് സി ഐ:**
ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

**എഫ് ഡി എ:**
വന വികസന ഏജൻസി

**എഫ്.എഫ്.ഇ.ഡബ്ല്യൂ.എസ്:**
ഫ്ലഡ് ഫോർകാസ്റ്റിംഗ് ആന്റ് ഏർളി വാണിംഗ് സിസ്റ്റം

**എഫ്.പി.എം.എസ്:**
ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് സ്കീം

**എഫ്.പി.ഒ:**
ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

**എഫ്.എസ്.ഐ:**
ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ

**എഫ്.എസ്.എസ്:**
ഫാർമേഴ്സ് സർവ്വീസ് സൊസൈറ്റീസ്

**എഫ്.ടി.എ:**
ഫ്രീ ട്രേഡ് എഗ്രിമെന്റ്

**ജി.ഡി.ഐ:**
ജെൻഡർ ഡെവലപ്മെന്റ് ഇൻഡക്സ്

**ജി.ഡി.പി:**
മൊത്തം ആഭ്യന്തര ഉൽപ്പാദനം

**ജി.എച്ച്.ജി:**
ഹരിത ഗൃഹ വാതകങ്ങൾ

**ജി.ഐ.എം:**
ഗ്രീൻ ഇന്ത്യ മിഷൻ

**ജി.ഐ.എസ്:**
ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം

**ജി.എൽ.സി:**
ഗ്രൗണ്ട് ലെവൽ ക്രെഡിറ്റ്

**ജി.എൻ.ഐ:**
മൊത്തം ദേശീയ വരുമാനം

**ജി.പി.എസ്:**
ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം

**ജി.എസ്.ഡി.പി:**
മൊത്തം സംസ്ഥാന ആഭ്യന്തരോൽപ്പന്നം

**ജി.എസ്.വി.എ:**
ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ്

**ജിവിഎ :**
ഗ്രോസ് വാല്യൂ ആഡഡ്

**ജി ഒ ഐ :**
ഗവൺമെന്റ് ഓഫ് ഇന്ത്യ

**എച്ച്.എ.സി.സി.പി:**
ഹസാഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ്

**എച്ച് ഡി സി കെ :**
ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ഹഡ്കോ:**
ഹൗസിംഗ് ആന്റ് അർബൻ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**എച്ച്.ഡബ്ല്യൂ.എ:**
മനുഷ്യ വന്യജീവി സംഘർഷം

**ഐ.ഐ.ഐ.റ്റി.എംകെ:**
ഇന്ത്യൻ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

**ഐ.പി.സി.സി:**
ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയിഞ്ച്

**ഐ.പി.ബി.ഇ.എസ്:**
ഇന്റർ ഗവൺമെന്റൽ സയൻസ് – പോളിസി പ്ലാറ്റ്ഫോം ഓൺ ബയോഡൈവേഴ്സിറ്റി ആന്റ് ഇക്കോസിസ്റ്റം സർവ്വീസസ്

**ഐ.ഡബ്ല്യൂ.ആർ.എം:**
ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്

**ജെ.ഐ.സി.എ:**
ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി

**ജെ.ജെ:**
ജുവനൈൽ ജസ്റ്റിസ്

**ജെ.ജെ.എസ്:**
ജന ജാഗ്രതാ സമിതി

**ജെ.എൻ.റ്റി.ബി.ജി.ആർ.ഐ:**
ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എ.ഐ.സി.ഒ:**
കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എ.എൽ.എൻ.ഇ.റ്റി:**
കേരള അക്കാഡമിക് ലൈബ്രറി നെറ്റ് വർക്ക്

**കെ.എ.എം.സി.ഒ:**
കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ

**കെ.എ.ആർ.എസ്.എ.പി:**
കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ

**കെ.എ.എസ്.പി:**
കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

**കാവിൽ:**
കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്

**കെ.സി.സി:**
കിസാൻ ക്രെഡിറ്റ് കാർഡ്

**കെ. സി .ഇ. എം .എസ്:**
കേരള ക്യാപ്റ്റീവ് എലിഫെന്റ് മാനേജ്മെന്റ് സിസ്റ്റം

**കെ.സി.എം.എം.എഫ്:**
കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

**കെ.സി.ഇസഡ്.എം.എ:**
കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

**കെ.ഇ.എസ്.ആർ.യു:**
കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്

**കെ.എഫ്.എൽ:**
കേരള ഫീഡ്സ് ലിമിറ്റഡ്

**കെ.എഫ്. ആർ.ഐ:**
കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കെ.എഫ്.ഡബ്ല്യൂ.എഫ്.ബി:**
കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്

**കെ.ഐ.ഐ.എഫ്.ബി:**
കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്

**കിൻഫ്ര:**
കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെഐറ്റിറ്റിഎസ്:**
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്

**കൈറ്റ്:**
കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ

**കെ.കെ.എസ്:**
കാർഷിക കർമ്മ സേന

**കെ.എൽ.ഡി.ബി:**
കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

**കെ.എം.എം.എൽ:**
കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്

**കെ-ഫോൺ:**
കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക്

**കെ.ആർ.ഡി.സി.എൽ:**
കേരള റെയിൽ വികസന കോർപ്പറേഷൻ

**കെ.ആർ.എഫ്.ബി:**
കേരള റോഡ് ഫണ്ട് ബോർഡ്

**കെ.എസ്.എ.എം.എം:**
കേരളാ സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മിഷൻ

**കെ എസ് ബി ബി:**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കെ.എസ്.സി.എ.ഡി.സി:**
കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.ഇ.ബി.എൽ:**
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

**കെ.എസ്.ഇ.ആർ.സി:**
കേരള സംസ്ഥാന വൈദ്യുതി നിയന്ത്രണ കമ്മീഷൻ

**കെ.എസ്.ഐ.ഡി.സി:**
കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

**കെ.എസ്.ഐ.ഇ:**
കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

**കെ.എസ്.ഐ.എൻ.സി:**
കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.ഐ.എൽ:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

**കെ.എസ്.ഐ.ടി.എം:**
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ

**കെ.എസ്.എൽ.എം.എ:**
കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

**കെ.എസ്.ഒ.എം:**
കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

**കെ. എസ് .പി .സി. ബി:**
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

**കെ.എസ്.പി.ഡി.സി:**
കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

**കെ.എസ്.എൽ.എം.എ:**
കേരള സാക്ഷരത മിഷൻ അതോറിറ്റി

**കെ.സ്വിഫ്റ്റ് :**
വേഗതയേറിയതും സുതാര്യവുമായ ഓൺ ലൈൻ ഏകജാലക ക്ലിയറൻസ് സംവിധാനം

**കെ.യു.എഫ്.ഒ.എസ്:**
കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

**കെ.വി.എ.എസ്.യു:**
കേരള വെറ്റിറിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

**എൽ.ബി.എച്ച്.എസ്:**
ലോക്കൽ ബയോ ഡൈവേഴ്സിറ്റി ഹെറിട്ടേജ് സൈറ്റ്സ്

**എൽ.എഫ് .പി.ആർ:**
ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക്

**എൽ.ജിഎസ്:**
ലോക്കൽ ഗവൺമെന്റുകൾ

**ലൈഫ് :**
ലൈവ് ലിഹുഡ് ഇൻക്ലൂഷൻ ആൻഡ് ഫൈനാൻഷ്യൽ എംപ്പവർമെന്റ്

**എൽപിജി:**
ദ്രവീകൃത പെട്രോളിയം ഗ്യാസ്

**എൽ.എസ്.ജി.ഡി:**
ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്

**എൽ.റ്റി.ആർ.സി.എഫ്:**
ലോംങ് ടേം റൂറൽ ക്രെഡിറ്റ് ഫണ്ട്

**എം.ബി.ജി.ഐ.പി.എസ്:**
മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാൻ സയൻസസ്

**എം.ഡി.ഡി.റ്റി:**
മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം

**എം.എഫ്.പി:**
ചെറുകിട വന ഉൽപ്പന്നങ്ങൾ

**എം.ജി.എൻ.ആർ.ഇ.ജി.എസ്:**
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

**എം.പി.സി:**
മോണിറ്ററി പോളിസി കമ്മിറ്റി

**എം.പി.ഐ:**
മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

**എം .എം.ആർ:**
മാതൃമരണ നിരക്ക്

**എം.എസ്.എം.ഇ:**
മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ്

**എം.റ്റി:**
മെട്രിക് ടൺ

**നബാർഡ്:**
ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക്

**എൻ.എ.ബി.എൽ:**
നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്

**എൻ.എ.എഫ്.ഇ.ഡി:**
നാഷണൽ അഗ്രിക്കൾച്ചറൽ കോ–ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

**എൻ.എ.എം.പി:**
നാഷണൽ ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എൻ.എ.പി സി.സി:**
കാലാവസ്ഥാ വ്യതിയാനത്തിനായുള്ള ദേശീയ കർമ്മ പദ്ധതി

**എൻ.എ.എസ്:**
നാഷണൽ അക്കൗണ്ട് സ്റ്റാറ്റിസ്റ്റിക്സ്

**നാറ്റ്പാക്:**
നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ

**എൻ.സി.ഡി.സി:**
നാഷണൽ കോ–ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ

**എൻ.ഡി.ഡി.ബി:**
നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്

**എൻ.ഡി.പി:**
അറ്റ ആഭ്യന്തരോൽപ്പന്നം

**എൻ.ഡി.പി.ആർ.ഇ. എം:**
പ്രവാസി പുനരധിവാസ പദ്ധതി

**എൻഡി.പി.എസ്:**
നർക്കോട്ടിക്ക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ്

**എൻഇറ്റിഎഫ്.ഐഎസ്എച്ച്:**
നെറ്റ്‌വർക്ക് ഫോർ ഫിഷ് ക്വാളിറ്റി മാനേജ്മെന്റ് ആന്റ് സസ്റ്റൈനബിൾ ഫിഷിംഗ്

**എൻഎഫ്എച്ച്എസ്:**
ദേശീയ കുടുംബ ആരോഗ്യ സർവേ

**എൻഎഫ്എസ്എ:**
ദേശീയ ഭക്ഷ്യസുരക്ഷാ നിയമം

**എൻഎച്ച്എഐ:**
നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ

**എൻഎച്ച്എം:**
ദേശീയ ആരോഗ്യ ദൗത്യം

**എൻഎൻഐ:**
അറ്റ ദേശീയ വരുമാനം

**നോർക്ക:**
പ്രവാസി കേരളകാര്യങ്ങൾ

**എൻ.പി.സി.എ:**
അക്വാട്ടിക് ഇക്കോസിസ്റ്റംസ് സംരക്ഷണത്തിനുള്ള ദേശീയ പദ്ധതി

**എൻപിഎസ്:**
മുൻഗണനേതര സബ്സിഡി

**എൻ.ആർ.സി.ബി:**
നാഷണൽ റിസർച്ച് സെന്റർ ഫോർ ബനാന

**എൻ.എസ്.ഒ:**
നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

**എൻ.എസ്.എസ്:**
നാഷണൽ സാമ്പിൾ സർവേ

**എൻഎസ്എസ്ഒ:**
നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ

**എൻ.റ്റി.എഫ്.പി:**
തടി ഇതര വന ഉൽപ്പന്നം

**എൻ.യു.എ.എൽ.എസ്:**
നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്

**എൻ.യു.എൽ.എം:**
ദേശീയ നഗര ഉപജീവന ദൗത്യം

**എൻ.ഡബ്ല്യൂ.എം.പി:**
നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**ഒ.എഫ്.പി:**
ഓപ്പറേഷൻ ഫ്ലഡ് പ്രോഗ്രാം

**പി.എ.സി.എസ്:**
പ്രൈമറി അഗ്രികൾച്ചർ ക്രഡിറ്റ് സൊസൈറ്റീസ്

**പി.ബി.ആർ:**
പീപ്പിൾസ് ജൈവവൈവിധ്യ രജിസ്റ്റർ

**പി.ഡി.എസ്:**
പൊതു വിതരണ സമ്പ്രദായം

**പി.എഫ്.എം.എസ്:**
പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

**പി.എഫ്.ആർ:**
പ്രോഗ്രാം ഫോർ റിസൾട്ട്

**പി.എച്ച്.എച്ച്:**
മുൻഗണനാ കുടുംബം

**പി.എൽ.എഫ്.എസ്:**
ആനുകാലിക ലേബർ ഫോഴ്സ് സർവേ

**പി.എം.എഫ്.ബി.വൈ:**
പ്രധാനമന്ത്രി ഫസൽ ബീമ യോജന

**പി.പി.സി:**
പ്രൈമറി പ്രോസസ്സിംഗ് സെന്റേഴ്സ്

**പ്രൗഡ്:**
പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്

**പി.ആർ.ടി:**
പ്രൈമറി റെസ്പോൺസ് ടീംസ്

**പി.എസ്.എ:**
പ്രയോറിട്ടി സെക്ടർ അഡ്വാൻസ്

**പി.എസ്.യു:**
പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്

**ആർ.ബി.സി.എംഎ:**
റിവർ ബേസിൻ കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി

**ആർ.ബി.ഡി.സി.കെ:**
റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

**ആർ.സി.സി:**
പ്രാദേശിക കാൻസർ സെന്റർ

**ആർ.സി.ഇ.പി:**
റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ്

**ആർ.സി.എസ്:**
രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

**ആർ.കെ.ഡി.പി:**
കേരള പുനർനിർമ്മാണ വികസന പരിപാടി

**ആർ.കെ.ഐ:**
റീബിൽഡ് കേരള ഇനിഷിയേറ്റീവ്

**ആർ.ആർ.ടി:**
റാപിഡ് റെസ്പോൺസ് ടീംസ്

**ആർ.ടി:**
ഉത്തരവാദിത്ത ടൂറിസം

**റൂസ:**
രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ

**ആർ.ഡബ്ല്യൂ.ബി.സി.ഐ.എസ്:**
റീസ്ട്രക്ച്ചേർഡ് വെതർ ബെയ്സ്ഡ് ക്രോപ്പ് ഇൻഷ്വറൻസ് സ്കീം

**എസ്.എ.സി.സി.**
സ്റ്റുഡന്റ് അഫയേഴ്സ് ആന്റ് കൗൺസിലിംഗ് സെന്റർ

**എസ്.എ.എഫ്:**
സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമൺ

**എസ്.എ.എം.പി:**
സംസ്ഥാന ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്.എ.പി.സി.സി:**
കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി

**എസ്.ഡി.ജി:**
സസ്റ്റെയിനബിൾ ഡവലപ്മെന്റ് ഗോൾ

**എസ്.എഫ്.എ.സി :**
സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർട്ടിയം

**എസ്എഫ്സി:**
സംസ്ഥാന ധനകാര്യ കമ്മീഷൻ

**ഷീ:**
സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ

**എസ്.എച്ച്.ജി സ്:**
സെൽഫ് ഹെൽപ് ഗ്രൂപ്പ്

**എസ്.എച്ച്.എം:**
സ്റ്റേറ്റ് ഹോർട്ടീക്കൾച്ചർ മിഷൻ

**എസ് ഐ-എം ഇ റ്റി:**
സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി

**എസ്.ജെ.ഡി:**
സാമൂഹിക നീതി വകുപ്പ്

**എസ് എൽ ബി സി:**
സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

**എസ്.എൽ.ബി.പി:**
സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം

**എസ്എൽഇസി:**
സംസ്ഥാനതല എംപവേർഡ് കമ്മിറ്റി

**എസ്.എം.പി:**
സ്കിംഡ് മിൽക്ക് പൗഡർ

**എസ് ഒ എൻ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി ഇതര വരുമാനം

**എസ് ഒ റ്റി ആർ:**
സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

**എസ്പിബി:**
സംസ്ഥാന ആസൂത്രണ ബോർഡ്

**എസ്.ആർ.ഐ.ബി.എസ്:**
ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്സ്

**സപ്ലൈകോ:**
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്

**എസ്.ഡബ്ല്യൂ.എം.പി:**
സ്റ്റേറ്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം

**എസ്ഡബ്ല്യൂടിഡി:**
സംസ്ഥാന ജലഗതാഗത വകുപ്പ്

**ടിഡിഎസ്:**
ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

**ടി എസ് ജി:**
സാങ്കേതിക പിന്തുണ ഗ്രൂപ്പുകൾ

**ടി.ടി.ഡി.ഐ:**
ട്രാവൽ ആന്റ് ടൂറിസം ഡവലപ്മെന്റ് ഇൻഡക്സ്

**യുഎൻ ഡിഇഎസ്എ:**
യുണൈറ്റഡ് നേഷൻസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആന്റ്സോഷ്യൽ അഫയേഴ്സ്

**യു.എൻ.ഇ.പി:**
യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം

**യു.പി.എ.എസ്.ഐ:**
യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ

**വി.എ.റ്റി:**
മൂല്യവർധിത നികുതി

**വി.ഡി.വി.കെ :**
വൻ ധൻ വികാസ് കേന്ദ്ര

**വി.എഫ്.പി.സി.കെ:**
വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള

**വി.എസ്.എസ്:**
വനസംരക്ഷണ സമിതികൾ

**ഡബ്ല്യു.എച്ച് ഒ:**
ലോകാരോഗ്യ സംഘടന

**ഡബ്ല്യു.എം.ഒ:**

വേൾഡ് മിറ്റിയറോളജിക്കൽ ഓർഗനൈസേഷൻസ്

**ഡബ്ല്യു.പി.ഐ:**
മൊത്ത വില സൂചിക

**ഡബ്ല്യു.പി.ആർ:**
തൊഴിലാളി ജനസംഖ്യാ അനുപാതം

**ഡബ്ല്യു.ഡബ്ല്യു.എഫ്:**
വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്

**ഇസഡ്.എസ്.ഐ:**
സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ

കേരള സർക്കാർ

# സാമ്പത്തിക അവലോകനം 2025

## വാല്യം 1

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

രൂപകല്പന : സിഡിറ്റ്, www.cdit.org
സർക്കാർ മുദ്രണാലയം